TPL
STOCK VERIFIED
1995

തിരുവിതാംകൂർ നിയമസഭ.

തിങ്കളാഴ്ച, 7-ാം ആഗസ്റ്റ് 1950.

അദ്ധ്യക്ഷൻ മി: ഇഗ്നേഷിമുത്തു

ന. മി: എ. ഹഗാർഫ് (നിയമിതൻ): ഗവണ്മെന്റ് ഉദ്ദേശിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുമോ?

(എ) ഡോക്ടർ ഇഗ്നേഷ്യസ്സിൽനിന്നും ചേർക്കേട്ടയ്ക്ക് സ്ഥലംമാറ്റപ്പെട്ട ഇഗ്നേഷിമുത്തുവിന്റെ അദ്ധ്യയനരീതിയെക്കുറിച്ച് നാഗർകോവിൽ പൊതുജനങ്ങളും, ആ സ്ഥലംമാറ്റത്തെസംബന്ധിച്ച് നാഗർകോവിലുകൂടിയ പ്രതിഷേധയോഗവും അടിസ്ഥാനമില്ലാത്തതായി ഗവണ്മെന്റിന് അറിവുണ്ടോ?

(ബി) ഇഗ്നേഷിമുത്തുവിനെക്കുറിച്ച് ഡോക്ടർ ക്ലിക്കും മി: പ്രൈഡും, കോട്ടാർഹൈസ്കൂളിൽ മുൻപിന്നെ ഹെഡ്മാസ്റ്റർമാരും വളരെ പ്രശംസിച്ചു പറഞ്ഞിട്ടുള്ളത് വാസ്തവമാണോ?

(സി) രണ്ടുകൊല്ലത്തിൽകുറയാതെ സർവീസുള്ള മി: ടി. എസ്സ്. പിച്ചു അയ്യങ്കാർക്കും, ഏകദേശം നാലുകൊല്ലം സർവീസ് തികഞ്ഞതിനുശേഷം മെസേഴ്സ് ജി. ശ്രീനിവാസതാതാചാരിക്കും എസ്സ്. വി. രാമസ്വാമി അയ്യങ്കാർക്കും കൊല്ലത്തെ സർവീസ്തികഞ്ഞതിനുശേഷം വേറെ അനേകംപേർക്കും ഒന്നാംഗ്രേഡിലേക്ക് കയറാതെ കൊട്ടത്തിരിക്കെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ പല കൊല്ലവും സർവീസുള്ള ഇഗ്നേഷിമുത്തുവിന് ഒന്നാംഗ്രേഡിൽ കയറാതെ കൊട്ടക്കാതിരുന്നതു എന്തുകൊണ്ടാണ്?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ്സിക്രട്ടറി). ചോദ്യത്തിന്റെ ക്രമാംഗോത്തിലുള്ള മറുപടി "ഇല്ല" എന്നാണ്. രണ്ടാംഭാഗത്തിനെ സംബന്ധിച്ച്, കൻഫർമേഷൻ ക്രമപ്രകാരം ഡിസംബർ മാസത്തിൽ നടക്കുന്ന സംയുക്തയോഗത്തിൽ മി: പോൾ വി. ഡാനിയൽ ചോദിച്ചതായ 8 കണക്കാം നമ്പർ (സ്റ്റാർ 8) ചോദ്യത്തിന്റെ മറുപടി നോക്കുക.

(ബി) ഡോക്ടർ ക്ലാക്കും, മെസേഴ്സ് പ്രൈഡും രാമകൃഷ്ണകിഡിയയും മി: ഇഗ്നേഷിമുത്തുവിന്റെ അദ്ധ്യയനവേലയെപ്പറ്റി പ്രശംസിച്ചുപറഞ്ഞിട്ടുണ്ട്.

(സി) ക്രമാംഗ്രേഡിലേക്ക് കയറാതെകൊട്ടക്കുന്നതു സബ്ജീസിന്റെ കൂട്ടത്തൽകുറവിനെയോ അടിസ്ഥാനപ്പെടുത്തിയല്ല. മി: ടി. എസ്സ്. പിച്ചു അയ്യങ്കാരുടെ കാര്യത്തിൽ, 1949 ജനവരി കൻഫർമേഷൻ കൂടിയ സംയുക്തയോഗത്തിൽ മി: ടി. എം. ചിദംബരതാണുപിള്ള ചോദിച്ചിട്ടുള്ള 8 ഇ നമ്പർ (സ്റ്റാർ) ചോദ്യത്തിന്റെ മറുപടി നോക്കുക. അടുത്ത മേലധികാരികളുടെ ഉദ്യോഗക്കയറ്റത്തിന് യോഗ്യനെന്ന് ശുപാർശചെയ്യപ്പെട്ടതുകൊണ്ട് മി: ജി. ശ്രീനിവാസതാതാചാരിക്ക് ക്രമാംഗ്രേഡിലേക്ക് കയറാതെകൊട്ടത്തിട്ടുള്ളതാണ്. ഡിപ്പാർട്ടുമെന്റിൽ എസ്സ്. വി. രാമസ്വാമിഅയ്യർ എന്നൊരുദ്യോഗസ്ഥൻ ഇല്ല.

മി: ഹഗാർഫ് (നിയമിതൻ): വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ റേമൻകണക്കുപരീക്ഷയിൽ വളരെകുറച്ചുപേരുള്ളവരിൽ ഒരാളാണ് മി: ഇഗ്നേഷിമുത്തുവെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ്സിക്രട്ടറി): അറിയാം.

മി: എ. ഹഗാർഫ് (നിയമിതൻ) അദ്ദേഹം കൻഫർമേഷൻ ബി. എക്ക് ക്രാംക്ലാസ്സിൽ ജയിച്ചതായിട്ടും കൻഫർമേഷൻ ബന്ധനിലെ എ. സി. പി. ബിരുതിന് അർഹനായിത്തീർന്നിട്ടുള്ളതായിട്ടും കൻഫർമേഷൻ തിരുവനന്തപുരം ട്രയിനിംഗ്കോളേജിൽനിന്നും എൽ. റ്റി. പരീക്ഷയിൽ രണ്ടു ബഹുമതികളോടുകൂടി ഒന്നാമതായി ജയിച്ചിട്ടുള്ളതും ഗവണ്മെൻറിന് അറിയാമോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ്സിക്രട്ടറി): ആ ചോദ്യം ഒരിക്കൽകൂടി കേട്ടാൽ കൊള്ളാമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതു അനേകം വിദേശങ്ങൾ അടങ്ങിയതാണ്.

മി: എ. ഹഗാർഫ് (നിയമിതൻ) അദ്ദേഹം കൻഫർമേഷൻ ബി-എക്ക് ക്രാംക്ലാസ്സിൽ ജയിച്ചതായി ഗവണ്മെൻറിനറിയാമോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ്സിക്രട്ടറി): അറിയാം.

മി: എ. ഹഗാർഫ് (നിയമിതൻ): അദ്ദേഹം കൻഫർമേഷൻ ബന്ധനിലെ എ. സി. പി. ബിരുദത്തിന് അർഹനായി എന്നുള്ളതു ഗവണ്മെൻറിന് അറിയാമോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ്സിക്രട്ടറി): അറിയാം.

മി: എ. ഹഗാർഫ് (നിയമിതൻ): കൻഫർമേഷൻ അദ്ദേഹം തിരുവനന്തപുരം ട്രയിനിംഗ്കോളേജിൽ നിന്ന് എൽ. റ്റി. പരീക്ഷയിൽ രണ്ടു ബഹുമതികളോടുകൂടി ഒന്നാമതായി ജയിച്ചു എന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ്സിക്രട്ടറി): അറിയാം.

മി: ഹഗാർഫ് (നിയമിതൻ): അദ്ദേഹം ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഏറ്റവും സമർത്ഥനായ അദ്ധ്യാപകനാണെന്നു, ആ കാലത്തു ഇംഗ്ലീഷ് പള്ളിക്കൂടങ്ങളുടെ ഇൻസ്പെക്ടരായിരുന്ന മി: പ്രൈഡ് അഭിപ്രായപ്പെട്ടതായി ഗവണ്മെൻറിനു അറിയാമോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ്സിക്രട്ടറി): മറുപടി അവിടെയുണ്ട്. അദ്ദേഹത്തിന്റെ അദ്ധ്യയനവേലയെപ്പറ്റി മി: പ്രൈഡ് വളരെ നന്നായി പറഞ്ഞിട്ടുണ്ട്.

മി: എ. ഹഗാർഫ് (നിയമിതൻ): എന്നാൽ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് ഏറ്റവും സമർത്ഥനായ അദ്ധ്യാപകനാണെന്ന് മി: ഇഗ്നേഷിമുത്തുവിനെപ്പറ്റി മി: പ്രൈഡ് കൻഫർമേഷൻ ബുക്കിൽ എഴുതിട്ടുള്ളതായി ഗവണ്മെൻറിനറിവുണ്ടോ എന്നാണ് എന്റെ ചോദ്യം?

G. P. T. 1109. 150. 12-9-101.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി): എനിക്ക് അതിനെപ്പറ്റി അറിവില്ല.

മി: എ. ഹൂഗർഫ് (നിയമിതൻ): അല്ലേഹം ഗവണ്മെന്റ് സർവീസിൽ ചേർന്നതിൽപിന്നീട് ഇംഗ്ലീഷ് രണ്ടു, ഏറ്റവും പ്രധാനപ്പെട്ട വിഷയമായ ഇംഗ്ലീഷ് വിഷയത്തെ സ്റ്റാറ്റൈറ്റൻ ക്ലാസ്സിൽ പഠിപ്പിക്കുകയായിരുന്നുവെന്നുള്ളവിവരം ഗവണ്മെന്റിനറിയാമോ?

അദ്ധ്യക്ഷൻ: ഇംഗ്ലീഷാണ് ഏറ്റവും പ്രധാനപ്പെട്ടവിഷയം. നിങ്ങൾ പറയാൻ ഉദ്ദേശിക്കുന്നത് അതുതന്നെയോ?

മി. എ. ഹൂഗർഫ് (നിയമിതൻ): അതെ, സർ! ഞാൻ അങ്ങനെ വിചാരിക്കുന്നു.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി): അല്ലേഹം കോട്ടയം ഇംഗ്ലീഷ്മൈനർ സ്കൂളിൽ സ്കൂൾ ഫൈനലിൽ ഇംഗ്ലീഷ് പഠിപ്പിക്കുകയായിരുന്നു.

മി: എ. ഹൂഗർഫ് (നിയമിതൻ): ചെങ്കോട്ടയിൽ താഴ്ന്നക്ലാസ്സുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് അദ്ദേഹത്തെ നിയമിച്ചിട്ടുള്ളവസ്തുതയെന്തെങ്കിലുമുണ്ടോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി): ചെങ്കോട്ടയിൽ സ്കൂൾഫൈനലിൽക്കൂടി ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മി: എ. ഹൂഗർഫ് (നിയമിതൻ): വിദ്യാഭ്യാസവകുപ്പിന് അദ്ദേഹം സംകടഹർജ്ജികൾ സമർപ്പിച്ചിട്ടുണ്ടെന്ന് ഗവണ്മെന്റിന് അറിവുണ്ടോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി): എന്തിനെസംബന്ധിച്ച്?

മി: എ. ഹൂഗർഫ് (നിയമിതൻ): അദ്ദേഹത്തിന്റെ അവകാശങ്ങളെ പല അവസരങ്ങളിലും അവഗണിച്ചിട്ടുള്ളതിനെസംബന്ധിച്ച.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി): എനിക്ക് അറിവില്ല.

മി: എ. ഹൂഗർഫ് (നിയമിതൻ): മി: ഇഗ്നേഷിമുത്തുവിന്റെ അവകാശങ്ങളെ പല അവസരങ്ങളിലും അവഗണിച്ചിട്ടുള്ളതിനെസംബന്ധിച്ച് അദ്ദേഹം വിദ്യാഭ്യാസവകുപ്പധികാരികൾക്ക് സംകടഹർജ്ജികൾ അയച്ചിട്ടുണ്ടോ എന്ന് ഡയറക്ടരുടെ അടുക്കലോ നേരിട്ട് മി: ഇഗ്നേഷിമുത്തുവിന് എഴുതി അയച്ചോ ഗവണ്മെന്റ് അന്വേഷണം നടത്തുമോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി): അതിനെപ്പറ്റി അന്വേഷണം നടത്തുന്നതിന് ഗവണ്മെന്റ് കാരണം കാണുന്നില്ല.

മി: എ. ഹൂഗർഫ് (നിയമിതൻ): (സി) പ്രതിവിധിയുള്ള മറുപടിയിൽ ഉദ്യോഗകയറ്റം സർവീസിന്റെ കാലത്തെയ്ക്കുത്തെ അടിസ്ഥാനപ്പെടുത്തിയാണോ എന്നു കാണുന്നു.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി). "ക്ലാംഗ്രേഡിലേക്കുള്ള കയറ്റം സർവീസിന്റെ കാലത്തെയ്ക്കുത്തെമാത്രം അടിസ്ഥാനപ്പെടുത്തിയല്ല" എന്നാണ് പറഞ്ഞിട്ടുള്ളത്.

മി: എ. ഹൂഗർഫ് (നിയമിതൻ): മി: ഡാനിയൽ ചോദിച്ച ചോദ്യത്തിന്റെ മറുപടിയിൽ എന്താണ് പറയുന്നത്.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി): മെംബർതന്നെ ആ മറുപടി നോക്കേണ്ടിയിരിക്കുന്നു.

മി: എ. ഹൂഗർഫ് (നിയമിതൻ): ക്ലാംഗ്രേഡിലേക്കുള്ള കയറ്റം ക്ലാംഗ്രേഡിലുള്ള സർവീസിന്റെ കാലത്തെയ്ക്കുത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് ആ മറുപടിയിൽ പറഞ്ഞിട്ടില്ലയോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി): ഉദ്യോഗകയറ്റം സർവീസിന്റെ കാലത്തെയ്ക്കുത്തെമാത്രം ആശ്രയിച്ചിരിക്കുന്നില്ല.

മി: എ. ഹൂഗർഫ് (നിയമിതൻ): എന്നാൽ പിന്നെ മറ്റെന്തിനെ ആണ്?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി): ക്ലാംഗ്രേഡിൽ ഒഴിവുണ്ടാകുന്ന അവസരത്തിൽ ക്ലാംഗ്രേഡിൽ ആ അദ്ധ്യാപകൻ വാങ്ങിവന്നിരുന്ന ശമ്പളം മറ്റൊരു തോതാണ്. ഇത് വളരെ സാരമായ ഒരു സംഗതിയാണ്.

മി: എ. ഹൂഗർഫ് (നിയമിതൻ): മി: ഇഗ്നേഷിമുത്തു ഒന്ന് ആ ഗ്രേഡിൽ കൂട്ടുതൽ ശമ്പളം വാങ്ങിയിരുന്നില്ലയോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഇല്ല. വാങ്ങിവന്നില്ല. ഇപ്പോൾ അദ്ദേഹത്തിന്റെ ശമ്പളം എൺപതു രൂപമാത്രമാണ്.

മി: എ. ഹൂഗർഫ് (നിയമിതൻ): അന്ന് അദ്ദേഹത്തിന്റെ ശമ്പളം എന്തായിരുന്നു?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ്സെക്രട്ടറി): അതു കുറവായിരിക്കണം. നൂറ അല്ലെങ്കിൽ ൯൦.

മി: എ. ഹൂഗർഫ് (നിയമിതൻ): ക്ലാംഗ്രേഡിൽനിന്നും ക്ലാംഗ്രേഡിലേക്കുള്ള കയറ്റത്തിന് വേറെ എത്രയെല്ലാം സംഗതികളാണ് അടിസ്ഥാനങ്ങളായിട്ടുള്ളത്.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): സർവീസിന്റെ കാലത്തെയ്ക്കുത്തെക്കുടാതെ ക്ലാംഗ്രേഡിൽ ഒഴിവുണ്ടാകുമ്പോൾ ഒരദ്ധ്യാപകൻ ആ സമയം ക്ലാംഗ്രേഡിൽ എന്തു ശമ്പളം വാങ്ങിവന്നുവെന്നുള്ള സംഗതിയും ആലോചിക്കപ്പെടുന്നുവെന്ന് ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. അദ്ധ്യാപകന്റെ പരീക്ഷായോഗ്യത മറ്റൊരു തോതാണ്. അദ്ധ്യാപകൻ ഒരു എം. എ. യോ അല്ലെങ്കിൽ ബി. എ. ആണോ ഓണേഴ്സോ ആയിരിക്കാം. അങ്ങനെയുള്ള സംഗതികളിൽ ഉയന്പരീക്ഷായോഗ്യതകളെ പരിഗണിക്കാറുണ്ട്.

മി: എ. ഹൂഗർഫ് (നിയമിതൻ): ഇഗ്നേഷിമുത്തുവിനെക്കാൾ ഉയന്പടിയിലെക്ക് കയറ്റം കൊടുക്കപ്പെട്ടിട്ടുള്ള എല്ലാപേർക്കും അദ്ദേഹത്തെക്കാൾ കൂടുതൽ അവകാശങ്ങൾ അതായത്, കൂടുതൽ സർവീസും ശമ്പളവും ഉണ്ടെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): ആരെങ്കിലും അല്ലേഹത്തെക്കാൾ മെയറാണ് കിട്ടിട്ടുണ്ടെങ്കിൽ അവരുടെ പ്രസംഗിച്ചു കേൾക്കുവാൻ ഒരു ക്ഷണം ഉണ്ടായിരുന്നിരിക്കണം.

മി: എ. ഹഗ് ർഫ് (നിയമിതൻ): മി: ഭട്ടഡിന്റെ സർട്ടിഫിക്കറ്റിനെപ്പറ്റി എന്തുപറയുന്നു?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): മി: ഇഗോങ്കിന്റെ ഡിപ്പാർട്ടുമെന്റിൽ വച്ചു ചെയ്തതും പ്രവർത്തിയുള്ള അന്യായമെന്നാണെന്നു മി: ഭട്ടഡ് ഏപ്പോഴെങ്കിലും പറഞ്ഞിട്ടുള്ളതായി എനിക്കറിയില്ല.

മി: എ. ഹഗർഫ് (നിയമിതൻ). മി: ഭട്ടഡ് അപ്രകാരം പറഞ്ഞിട്ടുണ്ടോ എന്ന അന്വേഷിക്കാൻ ഗവണ്മെന്റിനു ഉദ്ദേശമുണ്ടോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി). അങ്ങനെ ചെയ്യണമെന്നു ഗവണ്മെന്റ് വിചാരിക്കുന്നില്ല.

മി: എ. ഹഗർഫ് (നിയമിതൻ): മി: ഇഗോങ്കിന്റെ ഗുണത്തിനായി അപ്രകാരം ഒരന്വേഷണം നടത്തണമെന്നു ഭട്ടഡ് ഗവണ്മെന്റിനോടപേക്ഷിക്കുന്നു.

കോട്ടർ ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്ററെ സംബന്ധിച്ചുള്ള പരാതികൾ.

നമ്പ. മി: എ. ഹഗർഫ് (നിയമിതൻ): കോട്ടർ ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്ററുടെ പേരിലുള്ള പരാതികളെപ്പറ്റിച്ചു അറിവുണ്ടോ എന്ന ഗവണ്മെന്റ് ദയവുചെയ്തു പറയുമോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): കോട്ടർ ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്ററുടെ പേരിൽ ചിലപരാതികൾ ഉണ്ടായിട്ടുള്ളതായി ഗവണ്മെന്റിനറിയാം. പരാതികളെപ്പറ്റി അന്വേഷണം നടത്തുകയും ഒരു അടിസ്ഥാനരഹിതങ്ങളെന്നു കാണുകയും ചെയ്തു.

മി: എ. ഹഗർഫ് (നിയമിതൻ): ഹെഡ്മാസ്റ്ററുടെ പേരിലുള്ള പരാതികളുടെ സ്വഭാവം എന്താണിപ്പോൾ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): പരാതികളുടെ സ്വഭാവം അറിയണമെന്നുണ്ടെങ്കിൽ മെമ്പർ ആവശ്യപ്പെടണം.

അദ്ധ്യക്ഷൻ: ശരിക്കുകേൾക്കുന്നതായാൽ മുൻ ചോദ്യത്തിൽ നിന്നും ഇതു ഉദ്ഭവിക്കുന്നതായി ഞാൻ വിചാരിക്കുന്നില്ല. എന്നാലും നിങ്ങൾ ഉപകരിപ്പെടുന്നതിൽ വിരോധമില്ല.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): അല്ലേഹത്തിന്റെ അനുഭവം ഇല്ലെന്നും, അല്ലേഹം അന്യരുമായി ശത്രുതയിൽ നിൽക്കുന്നവരെന്നും അവിടെയുള്ള അഭ്യൂഹങ്ങളെ എതിരായിട്ടുള്ള നിലയെ അല്ലേഹം സ്വീകരിച്ചുവരുന്നുവെന്നും പള്ളിക്കൂടം കുട്ടികളുടെ രക്ഷകന്മാരോടു അഗണ്യമായിപെരുമാറിവരുന്നുവെന്നുമാണ് ഹർജിയിൽ പറഞ്ഞിട്ടുള്ളത്. പരാതിയിൽ ആരോപിക്കപ്പെട്ടിട്ടുള്ള സംഗതികളും ഇവകളുണ്ട്.

മി: എ. ഹഗർഫ് (നിയമിതൻ): ഈ പരാതി അയച്ചിട്ടുള്ളതാരാണ്?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): മി: കുമാരസ്വാമിപിള്ളയാണ്.

മി: എ. ഹഗർഫ് (നിയമിതൻ): അല്ലേഹം ആരാണെന്നു എന്നെ അറിയിക്കുമോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): മി: കുമാരസ്വാമിപിള്ള ഒരു പ്രജാസംഘടനയുടെ സെക്രട്ടറിയായിരുന്നു. എന്നാൽ, അന്വേഷണത്തിൽ അല്ലേഹം ഹർജി എഴുതുകയോ ഹർജിയിൽ ഒപ്പിടുകയോ ചെയ്തിട്ടില്ലെന്നറിയുന്നു.

മി: എ. ഹഗർഫ് (നിയമിതൻ): അന്വേഷണം എങ്ങനെയുള്ളതായിരുന്നു? അന്വേഷണം ആരുടെ മുഖാന്തരം ആരാൽ നടത്തപ്പെട്ടു.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): ഇംഗ്ലീഷ്പള്ളിക്കൂടം ഇൻസ്പെക്ടരാൽ അന്വേഷണം നടത്തപ്പെട്ടു.

മി: എ. ഹഗർഫ് (നിയമിതൻ): അല്ലേഹം മുഖാന്തരമല്ലാതെ പ്രത്യേകമായ അന്വേഷണം ഒന്നും നടത്തിയില്ലെന്നാണോ ഗവൺമെന്റ് മനസ്സിലാക്കേണ്ടത്?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): ആരു മുഖാന്തരമല്ലാതെ?

മി: എ. ഹഗർഫ് (നിയമിതൻ): ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ മുഖാന്തരമല്ലാതെ.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): പരാതികൾ അടിസ്ഥാനരഹിതങ്ങളാണെന്നു കാണപ്പെട്ടതുകൊണ്ടു അങ്ങനെ ചെയ്തില്ല.

മി: എ. ഹഗർഫ് (നിയമിതൻ). മി: കുമാരസ്വാമിപിള്ള യെ വിളിച്ചുവരുത്തി അല്ലേഹം ആ ഹർജി അയച്ചിട്ടുണ്ടോ ഇൻസ്പെക്ടർ അന്വേഷിച്ചറിഞ്ഞോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): അല്ലേഹത്തെ ഇൻസ്പെക്ടർ വിളിച്ചുവരുത്തിയിരിക്കും. എനിക്കറിവില്ല. ആ സംഗതിയെപ്പറ്റി തീർച്ചവരുത്തുന്നതിനു ആ ഒരു ചോദ്യമെയുള്ളൂ.

അദ്ധ്യാപകനിയമനങ്ങൾ.

നമ്പ. മി: എ. ഹഗർഫ് (നിയമിതൻ): (എ). അദ്ധ്യാപകന്മാരുടെ നിയമനത്തിൽ സ്വീകരിച്ചിട്ടുള്ള നയം എന്താണ്?

(ബി). സയൻസും, ഗണിതശാസ്ത്രവും, ഫെഫ്സിക്കായി പഠിപ്പിച്ചിട്ടുള്ള അദ്ധ്യാപകരാരെ ആണ് അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള അദ്ധ്യാപകന്മാരെ ഇംഗ്ലീഷ്സ്കൂളുകളിൽനിന്നും ഡിപ്പാർട്ടുമെന്റിലെ മലയാളമധ്യകൂപ്പിൽ അസിസ്റ്റൻറ് ഇൻസ്പെക്ടർമാരായിട്ടും ട്രെയിനിംഗ്സ്കൂൾഹെഡ്മാസ്റ്റന്മാരായിട്ടും പെഴ്സണൽ അസിസ്റ്റൻറന്മാരായിട്ടും അഡ്രസ്സുണ്ടാക്കുന്നതെങ്ങനെകൊണ്ടാണ്?

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സിക്രട്ടറി): (എ). അദ്ധ്യാപകന്മാരുടെ നിയമനത്തിൽ സ്വീകരിച്ചിട്ടുള്ള തത്വം പള്ളിക്കൂടങ്ങളിലുള്ള ആവശ്യം നിറവേറുകയെന്നുള്ളതാണ്.

(ബി) [illegible] അദ്ധ്യാപകരുടെ [illegible] അദ്ധ്യാപകരെയും ആവശ്യമായി വരുന്നതുപോലെ അങ്ങനെയുള്ളവരെ നിയമിക്കണം. അങ്ങനെയുള്ള അദ്ധ്യാപകന്റെ ഡിപ്പാർട്ടുമെന്റിന്റെ നന്മയെ ഉദ്ദേശിച്ചും ഡിപ്പാർട്ടുമെന്റ് ആപ്പോഴപ്പോഴുണ്ടാകുന്ന ആവശ്യവും സൗകര്യവും അനുസരിച്ചും വെളിയിൽ നിന്നു ജോലിയ്ക്കായി അപേക്ഷിക്കുവാനുള്ള, അസിസ്റ്റന്റ് ഇൻസ്പെക്ടർമാരും അദ്ധ്യാപകന്മാരും ഒരേനിലയിലുള്ള ഉദ്യോഗസ്ഥന്മാരായിരുന്നതുകൊണ്ടു അവരെ അസിസ്റ്റന്റ് ഇൻസ്പെക്ടർമാരായി നിയമിച്ചുവരുന്നതുമാകുന്നു.

മി: എ. ഹൂഗ്വർഫ് (നിയമിതൻ): ഒരു പള്ളിക്കൂടത്തിൽ സയൻസും ഗണിതശാസ്ത്രവും അദ്ധ്യാപകരുടെ അഭാവത്തിൽ ആ വിഷയങ്ങളിൽ ബി. എ. ബിരുദധാരികൾക്ക് മറ്റുള്ളവരെ അപേക്ഷിച്ചു കൂടുതൽ ആനുകൂല്യങ്ങൾ നൽകപ്പെടുന്നുണ്ടോ?

മി: എഡ്യൂക്കേഷൻ ഡയറക്ടർ (ഗവൺമെന്റ് സിക്കുടി): ഫ്രഞ്ചുഡിപ്പാർട്ടുമെന്റിലുള്ള ആനുകൂല്യങ്ങൾ.

മി: എ. ഹൂഗ്വർഫ് (നിയമിതൻ): സയൻസിനെ സംബന്ധിച്ചുള്ളതുകൊണ്ടു ചോദിച്ചതാണ്.

മി: എഡ്യൂ. ഡയറക്ടർ (ഗവൺമെന്റ് സിക്കുടി): ഡിപ്പാർട്ടുമെന്റ് നിയമനങ്ങൾക്കു മുമ്പുള്ളതിനെപ്പറ്റിയാണോ ഉദ്ദേശിക്കുന്നത്?

മി: എ. ഹൂഗ്വർഫ് (നിയമിതൻ): അതെ.

മി: എഡ്യൂ. ഡയറക്ടർ (ഗവൺമെന്റ് സിക്കുടി): ഫിസിക്സിലും മാത്തമാറ്റിക്സിലും എടുത്തു ജയിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ ആവശ്യമുള്ളപ്പോൾ മാത്രമേ അങ്ങനെയുള്ളവരെ എടുക്കാറുള്ളൂ.

മി: എ. ഹൂഗ്വർഫ് (നിയമിതൻ): അവർക്കു മേലാളും സംസ്കൃതം ഈ വിഭാഗങ്ങളിൽ കയറാറുണ്ടോ? കയറുന്നവർക്കു ഫിസിക്സിലും മാത്തമാറ്റിക്സിലും കയറാറുണ്ടോ എന്നതിനെപ്പറ്റി എനിക്കു അറിയിക്കാമോ?

അദ്ധ്യക്ഷൻ: മറുപടി അവിടെ വച്ചുതന്നെ.

മി: എഡ്യൂ. ഡയറക്ടർ (ഗവർണ്മെന്റ് സിക്കുടി): മറുപടിയുടെ (ബി) പിരിവിനോടു ചേർത്തു തരാം.

സ്ത്രീകൾക്കുള്ള കോളേജ്.

*മി: എൻ. രാമകൃഷ്ണപിള്ള (വൈയ്യൂവും ഫിനാൻസും മന്ത്രി): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവർമെന്റ് ദയവുചെയ്തു മറുപടി പറയുമോ?

(എ) സ്ത്രീകൾക്കുള്ള കോളേജിലെ സംസ്കൃതപണ്ഡിതരുടെ ജോലിക്ക് ബി. എ. ജയിച്ചിട്ടുള്ള രണ്ടു സ്ത്രീകളും ഈ ആണ്ടിലും. കഴിഞ്ഞ ആണ്ടിലും അപേക്ഷിച്ചിട്ടുണ്ടായിരുന്ന എന്നുള്ളതു ശരിയാണെന്നോ?

(ബി) അതു വാസ്തവമാണെങ്കിൽ ഇപ്പോൾ ഇരിക്കുന്ന സംസ്കൃതപണ്ഡിതർക്കുള്ള യോഗ്യതയിൽത്തന്നെ അവർക്കും ഉണ്ടായിരുന്നില്ലെ?

(സി) സ്ത്രീകൾക്കുള്ള കോളേജിൽ ആൺപദ്ധ്യാപകർക്കുപകരം പെൺപദ്ധ്യാപകരെ നിയമിക്കണമെന്നുള്ള നയം ഗവർമെന്റ് അംഗീകരിക്കുന്നുണ്ടോ?

(ഡി) കോളേജിലെ ഇപ്പോഴത്തെ സംസ്കൃതപണ്ഡിതർക്ക് പകരം എവിടെയെങ്കിലും ജോലിയുണ്ടാക്കിക്കൊടുക്കാൻ ഗവർമെന്റ് ശ്രമിയ്യുയില്ലയെന്നോ?

മി: എഡ്യൂ. ഡയറക്ടർ (ഗവർമെന്റ് സിക്കുടി): (എ) സ്ത്രീകൾക്കുള്ള കോളേജിൽ സംസ്കൃതപണ്ഡിതരുടെ ജോലിയ്ക്കായി ഒരു സ്ത്രീമാത്രമേ അപേക്ഷിച്ചിട്ടുണ്ടായിരുന്നുള്ളൂ.

(ബി) അപേക്ഷിച്ചിട്ടുള്ള സ്ത്രീയും ഇപ്പോൾ ഉള്ള പണ്ഡിതരും ഒരുപരീക്ഷതന്നെ ഒരു ക്ലാസിൽ ജയിച്ചിട്ടുള്ളവരാണ്. ജോലിക്കുള്ള അവരുടെ യോഗ്യതയെപ്പറ്റി അന്വേഷിച്ചറിയുവാനുള്ള അറിവ് ഗവർമെന്റിന് ഇല്ല.

(സി) ഉണ്ട്.

(ഡി) ഇതിനെപ്പറ്റി അന്വേഷണം നടത്തുന്നതാണ്.

മി: എൻ. രാമകൃഷ്ണപിള്ള (വൈയ്യൂവും ഫിനാൻസും മന്ത്രി): സ്ത്രീകൾക്കുള്ള കോളേജിൽ അദ്ധ്യാപികമാരായി സ്ത്രീകളെത്തന്നെ നിയമിക്കുന്നനയത്തെ ഗവർമെന്റിൽനിന്നു സ്വീകരിക്കുന്നവെങ്കിൽ ഈ ഒരു സംഗതിയിൽ മാത്രം ആ നയം വിട്ടുപ്പിൽ കൊണ്ടുവരാത്തതു എന്താണെന്ന് ഞാൻ ചോദിച്ചുകൊള്ളട്ടെ?

മി: എഡ്യൂ. പരമേശ്വരയ്യർ (ഗവർമെന്റ് സിക്കുടി): ചോദ്യത്തിന്റെ (ബി) പിരിവിനുള്ള മറുപടിയിൽ ആ കാര്യത്തെപ്പറ്റി അന്വേഷണം നടത്തുന്നതുണ്ടെന്ന് ഗവർമെന്റ് പറഞ്ഞിട്ടുണ്ട്.

മി: എൻ. രാമകൃഷ്ണപിള്ള (വൈയ്യൂവും ഫിനാൻസും മന്ത്രി): "കോളേജിലുള്ള സംസ്കൃതപണ്ഡിതർക്കു പകരം എവിടെ എങ്കിലും ജോലി ഉണ്ടാക്കിക്കൊടുത്തുകൂടെയോ" എന്നാണ് ചോദ്യത്തിന്റെ (ഡി) പിരിവ്.

മി: എഡ്യൂ. പരമേശ്വരയ്യർ (ഗവർമെന്റ് സിക്കുടി): ബി. എ. പാസായിട്ടുള്ള പ്രസ്തുതസ്ത്രീകൾക്കു ജോലികൊടുക്കുന്നതിനായി ഇപ്പോൾ ഇരിക്കുന്ന ആളുടെ പകരം എവിടെ എങ്കിലും സ്ഥലംമാറ്റുന്നതിന് സാധിയ്ക്കുയില്ലയോ എന്നാണ് അന്വേഷിക്കേണ്ടതു.

മി: എൻ. രാമകൃഷ്ണപിള്ള (വൈയ്യൂവും ഫിനാൻസും മന്ത്രി): ഇപ്പോൾ ഇരിക്കുന്ന ആളിന്റെ നിയമനത്തിൽ, എപ്പോഴെങ്കിലും ബിരുദധാരിണിയായ സ്ത്രീകൾ ആരെങ്കിലും ആ ജോലിക്കുവേണ്ടി സമയം അയാൾ ഒഴിഞ്ഞുകൊടുക്കണമെന്ന് കരാർ ഇല്ലേ?

മി: എഡ്യൂ. പരമേശ്വരയ്യർ (ഗവർമെന്റ് സിക്കുടി): ഉണ്ട്. സ്ത്രീകൾക്കുള്ള കോളേജിലേക്കുള്ള നിയമനങ്ങളും മറ്റും ആലോചിക്കുമ്പോഴുള്ളവയാണ്. എപ്പോഴെങ്കിലും പരീക്ഷാവിജയികളായ സ്ത്രീകളുണ്ടാകുന്ന സമയം ഈ ജോലിക്കാർ ഒഴിഞ്ഞുകൊടുക്കണം.

മി: എൻ. രാമകൃഷ്ണപിള്ള (വൈയ്യൂവും ഫിനാൻസും മന്ത്രി): ബിരുദധാരിയായ ഒരു സ്ത്രീ മലയാളപണ്ഡിതരുടെ ജോലിക്ക് അപേക്ഷിച്ചിട്ടുണ്ടായിരുന്നോ. എന്ന് എനിക്കു അറിയിക്കാമോ?

അദ്ധ്യക്ഷൻ: സ്ത്രീകൾക്കുള്ള കോളേജിലോ?

ശ്രീ: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെൻറ്സിക്രട്ടറി): ശ്രമിക്കാം. എന്നാൽ ശരിക്കുള്ള ഉത്തരം ഈ ചോദ്യത്തിന് ഇവിടെ അവകാശപ്പെടുന്നില്ല.

അദ്ധ്യക്ഷൻ: ഈ ചോദ്യത്തിന് ഇവിടെ അവകാശപ്പെടുന്നില്ല. സംസ്കൃതപേണ്ഡിതരുടെയും മറ്റുമാണ് ഇവിടെ പറയുന്നത്.

ശ്രീ: എൻ. രാമകൃഷ്ണപിള്ള (വൈദ്യുതിയും ഖനനവകുപ്പുമന്ത്രി): ഈ പരീക്ഷയ്ക്കു ജയിക്കുന്ന സ്ത്രീകൾക്കു മറ്റു ജോലിയൊന്നും കിട്ടുകയില്ലെങ്കിലും ഗവർണ്മെൻറ് ആലോചിക്കുമോ എന്ന്, പിന്നെ അറിയിക്കുമോ?

അദ്ധ്യക്ഷൻ: മറുപടി അവിടെത്തന്നെയുണ്ട്.

നാടകശാലകളിലെ ഗ്രാമഫോൺ റിക്കാർഡുകൾ

നമ്പർ. 2: എ. ഹഗാർഫ് (നിയമത്തൻ): വിദ്യാലയങ്ങളിൽ ഗ്രാമഫോൺ റിക്കാർഡുകൾ വയ്ക്കുന്നതിനെ സംബന്ധിച്ച് ഈ സഭയിൽ ചോദ്യമുണ്ടായിരുന്നുവല്ലോ. അതിനെപ്പറ്റി ഗവർണ്മെൻറ് ഒന്നും ചെയ്തിട്ടില്ലെന്നു കാണുന്നു. ഈ കാര്യത്തിൽ ഗവർണ്മെൻറ് ഉടനെ നടപടി സ്വീകരിക്കുമോ?

(എ) ഈ കൊല്ലത്തിനകം ആരംഭിച്ച പള്ളിക്കൂടങ്ങളിൽ ഗ്രാമഫോൺ വ്യവസായം നടപ്പിൽ വരുത്തിയിട്ടുണ്ടോ?

(ബി) ഗവർണ്മെൻറിൽനിന്നും അങ്ങനെ നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിൽ ആ പള്ളിക്കൂടങ്ങളുടെ പേരുകളും അവ ഏതു ജില്ലകളിലാണെന്നും പറയുമോ?

(സി) (എ) ചിരിവിനെക്കുറിച്ചുള്ള നിരോധനം നിലനിൽക്കുന്നതുകൊണ്ട്, ഈ സ്ഥിതിവിശേഷം തുടരുന്നിടത്തോളം അങ്ങനെ നടപ്പിൽ വരുത്താൻ വിചാരിക്കുന്നുണ്ടോ എന്നും അങ്ങനെ ഉണ്ടെങ്കിൽ ആ പള്ളിക്കൂടങ്ങളുടെ പേരുകളും അറിയിക്കുമോ?

(ഡി) ഗ്രാമഫോൺ റിക്കാർഡുകൾ തെരഞ്ഞെടുക്കുന്നതിനു വിചക്ഷണരായ ഒരു കമ്മിറ്റിയുടെ അഭിപ്രായമല്ലേ അതിന്റെ പ്രമേയത്തിൽ ഉദ്ദേശിച്ചിരുന്നത്?

(ഇ) ആ പ്രമേയത്തിനുശേഷം, ഗ്രാമഫോൺ ഉപയോഗിക്കുന്നതു കുറേകൂടി ലാഭകരമാണെന്ന് ഗവർണ്മെൻറ് നിശ്ചയിച്ചിട്ടില്ലേ?

ശ്രീ: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെൻറ്സിക്രട്ടറി): (എ) (ബി) (സി) മി: മാധവവാര്യർ ചോദിച്ചിട്ടുള്ള ചോദ്യത്തിനുള്ള മറുപടിനോക്കുക.

(ഡി) ഫെബ്രുവരി മാസം—പന്ത്രണ്ടാം നിയമസഭാനടപടിനോക്കുക.

(ഇ) ഇല്ല. എന്നാണ് മറുപടി.

മി: എ. ഹഗാർഫ് (നിയമിതൻ): എന്നാൽ ഈ വിഷയത്തിൽ അതിനെ നടപ്പിൽ വരുത്തിയിരുന്നുവോ എന്നുകൂടെ അറിയാമോ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെൻറ്സിക്രട്ടറി): അതിന് ആവശ്യമായ പ്രാരംഭനടപടികൾക്കു പ്രിൻസിപ്പാളെ ഏർപ്പാടുചെയ്യേണ്ടതായിട്ടുണ്ടായിരുന്നു.

അതിനു ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടില്ലായിരുന്നു.

മി: എ. ഹഗാർഫ് (നിയമിതൻ): വേറെ പലവിഷയങ്ങളെസംബന്ധിച്ചു ചെയ്യുന്നതുപോലെ വീണ്ടും പണത്തിനാവശ്യപ്പെടേണ്ടതായിരുന്നില്ലല്ലോ?

ശ്രീ: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെൻറ്സിക്രട്ടറി): പ്രാരംഭ ഏർപ്പാടുകൾ തയ്യാറായിട്ടില്ലായിരുന്നു.

മി: എ. ഹഗാർഫ് (നിയമിതൻ): ഏതെല്ലാം ഇനത്തിലുള്ള ആട്ടനടപടികൾ ആണ് തയ്യാറില്ലാതിരുന്നത്?

മി: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെൻറ്സിക്രട്ടറി): ഉന്നതോദ്യോഗസ്ഥയുള്ള ഒരു അദ്ധ്യാപകനെക്കിട്ടുന്നതിന് കഴിഞ്ഞില്ല. ഒരു യോഗ്യതയുള്ള അദ്ധ്യാപകനെ കിട്ടുമോ എന്ന് ഡിപ്പാർട്ടുമെൻറ് കഴിയുന്നത്ര ശ്രമിച്ചു. ആൺസ്കൂളിന് ശരിയായ ഒരു അദ്ധ്യാപകനെ പറയാമോ എന്ന് നെയിത്തുവ്യവസായവിശേഷനായ മി: എൻ. കെ. പത്മനാഭപിള്ളയോട് ഗവർണ്മെൻറ് ചോദിച്ചു. ഒരാളെ കിട്ടുന്നതിന് സാധിയ്ക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. ഈ വിധമുള്ള എഴുത്തുകുത്തുകൾ നടത്തേണ്ടതായിട്ടുണ്ടായിരുന്നു.

മി: എ. ഹഗാർഫ് (നിയമിതൻ): മറുപടിയുടെ (ഇ) ചിരിവിൽ മറുപടി നിഷേധമാണെന്ന് പറഞ്ഞിരിക്കുന്നു. വൈക്കത്തുള്ള ചില സത്യഗ്രഹികളുടെ പക്കൽനിന്നും പോലീസുകാർ ചക്കാ എടുക്കുകയുണ്ടായില്ലേ?

മി: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെൻറ്സിക്രട്ടറി): അങ്ങനെ പോലീസുകാർ ചെയ്തുട്ടുണ്ടെന്നാണെന്നു തോന്നുന്നു. ഗവർണ്മെൻറാജ്ഞ അനുസരിച്ചാണെന്നാണെന്നു തോന്നുന്നു എന്റെ സ്നേഹിതൻ സൂചിപ്പിക്കുന്നത്.

മി: എ. ഹഗാർഫ് (നിയമിതൻ): ആരുടെ ആജ്ഞ അനുസരിച്ചാണ് അങ്ങിനെ ചെയ്തത് എന്നുള്ളത് അത്രവലിയ കാര്യമായിട്ടുള്ളതല്ല.

മി: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെൻറ്സിക്രട്ടറി). (ഇ) ചിരിവിന് മറുപടിയായി "മറുപടിനിഷേധമാണ്" എന്നുപറഞ്ഞിട്ടുണ്ട്. അപ്പോൾ ചക്കാ എടുക്കുന്നതിന് പോലീസുകാരോട് ഗവർണ്മെൻറ് ആജ്ഞാപിച്ചിട്ടുണ്ടെന്ന് എന്റെ സ്നേഹിതൻ പറയുന്നതെന്തേ?

മി: എ. ഹഗാർഫ് (നിയമിതൻ): പോലീസുദ്യോഗസ്ഥന്മാർ ഗവർണ്മെൻറുദ്യോഗസ്ഥന്മാരാണെന്ന് ഞാൻ കരുതുന്നു. അവർ അങ്ങനെ ചെയ്തപ്പോൾ അതു ഗവർണ്മെൻറാജ്ഞയനുസരിച്ചാണെന്നും ഞാൻ അനുമാനിക്കുന്നു.

അദ്ധ്യക്ഷൻ: ചോദ്യം അവിടെയുണ്ട്. ഉത്തരവും അവിടെത്തന്നെയുണ്ട്. അവയിൽനിന്നും അനുമാനങ്ങളും ചെയ്യേണ്ട ആവശ്യമൊന്നുമില്ല.

മി: എ. ഹഗാർഫ് (നിയമിതൻ): അദ്ദേഹം ഒരു ചോദ്യം ചോദിക്കുകയാണ്. ഞാൻ അതിനു മറുപടിപറകയും ആണ്.

മി: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെൻറ്സെക്രട്ടറി): ആ ചോദ്യത്തിൽനിന്നും അതിനുള്ള മറുപടിയിൽ നിന്നും തമ്പർ, അദ്ദേഹത്തിനു തൃപ്തനായതായ അർത്ഥത്തെ എടുത്തുകൊള്ളാം.

മി: എ. ഫ്രാൻഡ് (നിയമിതൻ): ഒരു ഗവർണ്മെൻറുദ്യോഗസ്ഥൻ എപ്പോഴെങ്കിലും പ്രവർത്തിക്കുമ്പോൾ അദ്ദേഹം ഗവർണ്മെൻറാജ്ഞക്ക് വിരുദ്ധമായും മതറായിട്ടുള്ളതും ആയിരുന്നാൽ ആ ഉദ്യോഗസ്ഥനെ ശിക്ഷിക്കാം എന്ന് അദ്ദേഹം ഊഹിക്കുന്നു.

മി: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെൻറ്സെക്രട്ടറി): പോലീസുകാർ അതു ചെയ്തിട്ടുള്ളതു പോലീസു നിയമത്തിലെ നിബന്ധന അനുസരിച്ചാണ്.

ഒരനുബന്ധം.

മലയാളപള്ളിക്കൂടങ്ങളിൽ നൽനൂല്പ് നടപ്പാക്കുക.

മി: എം. ആർ. മാധവയ്യർ (ചെങ്ങന്നൂരും പത്തനംതിട്ടയും): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഗവർണ്മെൻറ് ദയവുചെയ്ത് മറുപടിപറയുമോ?

(എ) ഗവർണ്മെൻറ് ഈ സ്ഥാനാരോഹണം മുതൽ ഈ രാജ്യത്തിലെ ഏതെങ്കിലും മലയാളസ്കൂളുകളിൽ നൽനൂല്പ് ഒരു കൈത്തൊഴിൽ വ്യവസായമായിനടപ്പിൽ വരുത്തീട്ടുണ്ടോ? അങ്ങിനെയുണ്ടെങ്കിൽ ഏതു പള്ളിക്കൂടങ്ങളിൽ?

(ബി) നൂൽനൂല്പിനപ്രാപ്തരായ വിദ്യാഭ്യാസസഹായകർ വല്ലാഫീസിട്ടുള്ള പദ്ധതി ഗവർണ്മെൻറ് ദേശമേൽവയ്ക്കുമോ?

മി: എസ്സ്. പരമേശ്വരയ്യർ: (ഗവർണ്മെണ്ട് സെക്രട്ടറി) (എ) ഇല്ല. ഇപ്പോൾ പരിഗണിച്ചുവരുന്ന വിദ്യാഭ്യാസസഹായകർ ഇതിനെ സംബന്ധിച്ച് ചില അഭിപ്രായങ്ങൾ ഗവണ്മെൻറിലേക്കയച്ചിട്ടുള്ള കാര്യം ശരിയായ്യാണെങ്കിലും ഇതിനു വേണ്ടുന്ന ആലോചനകൾ നീക്കിവച്ചിട്ടുള്ളതുമാകുന്നു.

(ബി) ആകപ്പാടെ വിദ്യാഭ്യാസസഹായകർ അയച്ചിട്ടുള്ള നിർദ്ദേശങ്ങളെ മേശമേൽ വയ്ക്കുന്നു.

നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ നൽനൂല്പ് വ്യവസായം നടപ്പിലാക്കുക.

I. (എ) നല്ലപരിപ്പും യോഗ്യതയുമുള്ള ഒരു അദ്ധ്യാപകനെ ആവശ്യമുള്ളിടമായി പരസ്യം ചെയ്യുമ്പോൾ തക്കതായ അപേക്ഷകന്മാർ ഉണ്ടാകുമ്പോൾ ഒരാളെ നിയമിയ്ക്കയും ചെയ്യണം. ശമ്പളം ഗവണ്മെൻറിൽ നിന്നു നിശ്ചയിക്കയോ അല്ലെങ്കിൽ അപേക്ഷകന്മാർ എപ്പോൾ ശമ്പളത്തിനു വരാൻ തയാറാണെന്നുള്ള വിവരം അറിയിക്കണമെന്നു അവരോടു ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്. പരസ്യം ചെയ്തതിനുശേഷം ഉദ്യോഗത്തെയുള്ളവനും ന്യായമായ ശമ്പളത്തിൽ വരാൻ തയ്യാറുള്ളവനുമായി ഒരാളെ കിട്ടാത്തപക്ഷം ഞാൻ താഴെക്കാണുന്ന പ്രകാരം ശുപാർശചെയ്യുന്നു.

(ബി) കരപരിശീലനത്തിൽ പ്രത്യേക പരിശീലനം കഴിച്ചിട്ടുള്ളവരായി നാട്ടുഭാഷാ വിദ്യാലയങ്ങളിൽ ഉള്ള അദ്ധ്യാപകന്മാരിൽ ഒരാളെ തിരഞ്ഞെടുത്തു് നൂൽനൂല്പിനെ സംബന്ധിച്ചുള്ള പരിഷ്കൃതരീതികളും മരവില്ലാവിവരങ്ങളും പഠിച്ചു വരുന്നതിനായി നൽനൂല്പ് വ്യവസായം ധാരാളം നടത്തപ്പെട്ടവരുന്ന ഗ്രൂണേരി അല്ലെങ്കിൽ ബൈസ്പടോയിലെ ഗവണ്മെൻറ് പരിചയിത്തിലേൽ മൂന്നുമാസക്കാലത്തേക്ക് അയയ്ക്കണം. നൽനൂല്പ് വ്യവസായത്തിൽ വേണ്ടതായ പ്രത്യേകപരിജ്ഞാനം തനിക്കില്ലാത്തതുകൊണ്ട്, മി: സുബ്രഹ്മണ്യൻസ്പിന്നിങ്ങിപ്രായപ്പെട്ടതുപോലെ, ആ വ്യവസായത്തിൽ അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിന് സാധ്യപ്പെടുന്നില്ലെന്ന് വ്യവസായഡിപ്പാർട്ടുമെൻറിലെ നൽനൂല്പുവിദഗ്ധൻ മി: എസ്. കെ: പത്മനാഭപിള്ള എന്നെ അറിയിച്ചിരിക്കുന്നു. നിയമിക്കപ്പെടുന്ന അദ്ധ്യാപകനെ (പ്രത്യേകം പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകനെ) പ്രത്യേകപരിശീലനം കഴിഞ്ഞു തിരിച്ചു വരുമ്പോൾ നാട്ടുഭാഷാവിദ്യാലയങ്ങളിൽ കരപരിശീലനം ശീലിപ്പിച്ചുവരുന്ന അദ്ധ്യാപകന്മാരിൽ നിന്നും ഒരു പേരെ തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് കോളേജ് കെട്ടിടത്തിൽവച്ചു രണ്ടുമാസക്കാലം പരിശീലിപ്പിക്കാനായി, നിയമിക്കണം.

ഓരോ ഒരു അദ്ധ്യാപകന്മാരിൽ ഓരോ പേരെ ഓരോ നാട്ടുഭാഷാ വിദ്യാലയങ്ങളിലെ നിയമിക്കയും ബാക്കി ഈ പേരെമേൽ പറഞ്ഞ ഓരോ പേരിൽ ആരെയെങ്കിലും അവധി എടുക്കുന്ന അവസരങ്ങളിലൊ ഈ പ്രത്യേക ജോലിയ്ക്കായിട്ടുള്ള അവരുടെ നിയമനം താല്ക്കാലികമായൊ സ്ഥിരമായൊ അവസാനിക്കുമ്പോഴൊ ആ ജോലിയ്ക്ക് നിയമിക്കുന്നതിന് ഒരു കരുതലായി വയ്ക്കുന്നതുമാണ്. ഈ ഓരോ അദ്ധ്യാപകന്മാർക്കും മുൻപറഞ്ഞ നിബന്ധനപ്രകാരം നാട്ടുഭാഷാവിദ്യാലയങ്ങളിൽ കരപരിശീലനം പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരായി ഉടനാവുന്നതാണ്.

നാട്ടുഭാഷാ വിദ്യാലയങ്ങളിൽ മാനുവൽ ട്രെയിനിംഗ് പരിശീലിപ്പിക്കുന്നതിനു നിയമിക്കപ്പെട്ടിട്ടുള്ള എല്ലാ അദ്ധ്യാപകന്മാരും നൽനൂല്പിൽ പരിശീലനം കഴിഞ്ഞു, ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള എല്ലാമലയാളം ഹയർ ഗ്രേഡ് സ്കൂളുകളിലും, മിഡിൽ സ്കൂളുകളിലും നൽനൂല്പുവ്യവസായം നടപ്പിൽ വരുത്തുന്നതു വരെ, ഇതുപോലെ ഓരോ കൊല്ലവും ഓരോ അദ്ധ്യാപകന്മാരെ നൽനൂല്പുപരിശീലനത്തിനു നിയോഗിക്കുവേണ്ടതും; ഓരോ കൊല്ലവും അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിൽ നിന്നും വിരമിക്കുന്നതായിരിക്കുന്ന സമയം ആളുമായി നിയമിച്ചിട്ടുള്ള അദ്ധ്യാപകൻ, നൽനൂല്പുവ്യവസായം ഏർപ്പെടുത്തപ്പെട്ടിട്ടുള്ള പള്ളിക്കൂടങ്ങളിൽ ആ വ്യവസായം അഭ്യസിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ ജോലി പരിശോധിക്കാവുന്നതുമാണ്. ഇപ്രകാരം പരിശീലനം കഴിച്ചിട്ടുള്ള അദ്ധ്യാപകന്മാർ മാനുവൽ ട്രെയിനിംഗും നൽനൂല്പും പഠിപ്പിക്കുന്ന പ്രത്യേകഅദ്ധ്യാപകന്മാരായിരിക്കുകയും ചെയ്യും.

നൽനൂല്പുവ്യവസായം ആരംഭമായി നാട്ടുഭാഷാവിദ്യാലയങ്ങളിൽ 8-ാം ക്ലാസിലും പിന്നീട് 7-ാം ക്ലാസ് മുതൽ തമ്മിലേട്ടു കൊല്ലംതോറും ഓരോക്ലാസിലും തുടങ്ങിൽ വരുത്താവുന്നതാണ്.

8-ാം ക്ലാസിന് താഴെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളും, ഈ നൽനൂല്പു പഠനത്തിൽ നിന്നും പ്രത്യേകം ഫീസൊന്നും സിലിക്കാത്തവിധം അത്രമാത്രം പ്രായക്കുറവുള്ളവരാകയാൽ ഇതിനെ പ്രൈമറിപള്ളിക്കൂടങ്ങളിലും, മലയാളം ഹയർഗ്രേഡ് സ്കൂളുകളിലും മിഡിൽ സ്കൂളുകളിലുമുള്ള പ്രൈമറിക്ലാസുകളിലും ഏർപ്പെടുത്തേണ്ട ആവ

ശ്രീ. മി: സുബ്രഹ്മണ്യശാസ്ത്രിയുടെ അഭിപ്രായം, നൽതുല്യ വ്യവസായം പഠിപ്പിക്കണമെന്നാണ്. എന്നാൽ ഉടൻതന്നെ ഉദ്യോഗവിഷയത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള ആഗ്രഹക്കുറവുകൊണ്ടും ൪-ാം ക്ലാസിലെ പഠിത്തം പൂർത്തിയാക്കുന്നതുവരെ കുട്ടികൾ വിട്ടുപോകുന്ന സ്ഥിതിക്ക് ൪-ാം ക്ലാസിൽ നൽതുല്യവ്യവസായം ഏർപ്പെടുത്തണമെന്നില്ല. മാനുവൽ ട്രയിനിംഗിനപ്പോലെ നിർബന്ധിതമാക്കണമോ എന്നുള്ള ചോദ്യം ഉണ്ടാകുന്നു. നിർബന്ധിതമാക്കുന്നതു് അദ്ധ്യാപകർക്ക് ഒരു ശിക്ഷയായി തീരാവുന്നതും വൈമുഖ്യവിഷയമാകുന്നതുകൊണ്ടു പാഠവിഷയമാക്കിത്തീർക്കുന്നതു പ്രയാസകരമായിരിക്കുന്നുമാകുന്നു. എന്നാൽ, മറ്റുള്ള മാനുവൽ ട്രയിനിംഗിനെ നിശ്ചയിച്ചിട്ടുള്ള സമയത്തിൽ യാതൊരു ഭേദഗതിയും ചെയ്യാതെ ഇതിനെ പരീക്ഷാസ്ഥാനം ഏറ്റുന്നതിൽ ഒരു പാഠ്യവിഷയം (സമയവിഭാഗം) വീതം നിർബന്ധിതമാകുന്നതു് നന്നായിരിക്കും. ൬ അദ്ധ്യാപകന്മാരെ നിയമനംചെയ്തുതുടങ്ങുന്നതിനുള്ള ചിലവു് ഉദ്ദേശമായിട്ടു പോലും കണക്കാക്കുന്നതു പ്രയാസമാണ്. വൻവ്യവസായപ്രാധാന്യമുള്ള ചിലവായും അതിൽ തന്നെ വ൦ രൂ. കൊല്ലംതോറും ആവർത്തിക്കുന്ന ചിലവായും. മി: സുബ്രഹ്മണ്യശാസ്ത്രി കണക്കാക്കിയിരിക്കുന്നു. ഇതു പക്ഷേ വളരെ കൂട്ടുതലായിരിക്കാം, ആവർത്തിക്കാത്തചിലവിന് ൪൦൦ രൂപയും ആവർത്തിക്കുന്നതിനായി ൪൦ രൂപയും വേണ്ടിവരുമെന്നാണ് എന്റെ അഭിപ്രായം മേല്പറഞ്ഞതു കൂടാതെ അദ്ധ്യാപകന്മാരെ ൨ മാസത്തേക്കു തിരുവനന്തപുരത്തു് അയക്കുന്നതിൽ വച്ചുണ്ടാകുന്ന ചിലവിനുള്ള ഇനം ആവശ്യമായിവരുന്നു.

(എ) തിരുവനന്തപുരത്തു് പോയിട്ടു. തിരിച്ചു വരുന്നതിനുള്ള യാത്രാച്ചിലവു് ഒരാൾക്കു ശരാശരി ൬൫ രൂപാ വീതം ൫൭൫ രൂപ.

(ബി) ഓരോ അദ്ധ്യാപകനും മാസം ഒന്നിന് ൪൫ രൂ. വീതം രണ്ടു മാസത്തേക്ക് ൨൫ അദ്ധ്യാപകർക്ക് പടി ൨൪൦ രൂ. ആകെ ൨൭൫ രൂപ.

ഈ അദ്ധ്യാപകന്മാരെ പരിശീലനംകഴിഞ്ഞ് നൽതുല്യവ്യവസായം പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകന്മാരായി നിയമിക്കപ്പോഴും അവർക്ക് ഓരോരുത്തർക്കും മാസം ൫൦ രൂ. വീതം വിശേഷാൽ പടി കൊടുക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

ഒരു നാട്ടുപള്ളിക്കൂടത്തിൽ നൽതുല്യവ്യവസായം ഏർപ്പെടുത്തുന്നതിനുള്ള ചിലവു് ആവർത്തിക്കാത്ത ഇനത്തിലേ ൪൦ രൂപയും ആവർത്തിക്കുന്ന ഇനത്തിൽ ൨൦ രൂപയും ആയി മി: ശ്രീനം, ആവർത്തിക്കാത്തഇനത്തിൽ ൨൭൦ രൂപയും ആവർത്തിക്കുന്ന ഇനത്തിൽ ൯൦ രൂപയും ആയി മി: സുബ്രഹ്മണ്യശാസ്ത്രിയും കണക്കാക്കിയിരിക്കുന്നു. ആവർത്തിക്കാത്ത ഇനത്തിൽ ൫൨൦ രൂപയും ആവർത്തിക്കുന്ന ഇനത്തിൽ ൩൦ രൂപയും കരുതിവച്ചിരുന്നതു ധാരാളമായിരിക്കുമെന്നു് എനിക്കു തോന്നുന്നു. ഓരോ കണക്കനുസരിച്ചു് ൨൦ പള്ളിക്കൂടങ്ങൾക്കു ആവർത്തിക്കാത്ത ഇനത്തിൽ ൨൦൦൦ രൂപയും ആവർത്തിക്കുന്ന ഇനത്തിൽ ൯൨൦ രൂപയും ചിലവു വരുന്നു

ഒരു അദ്ധ്യാപകന്റെ ശമ്പളമോ, ഇവിടെ നിന്നു് ഒരു അദ്ധ്യാപകനെ ഉണ്ടൂരിലൊ ബസ്വാഡായിലൊ അയച്ചു പരിശീലിപ്പിക്കുന്നതിനുള്ള ചിലവോ കൂട്ടിച്ചേർത്തിട്ടില്ല. എന്നാൽ ഒരു മൊത്തത്തുകയായി ൫൦൦ രൂ. ഇതിലേക്കു നീക്കിവയ്ക്കേണ്ടതാണ്.

ഓരോ മേല്പറഞ്ഞ അഭിപ്രായങ്ങളെ ഗവണ്മെന്റ് അംഗീകരിക്കുന്നപക്ഷം ൧൯൨൯-൩൦ വരെയുള്ള സ്കീം പരിഷ്കരത്തിൽ ഒരു അദ്ധ്യാപകനെ നിയമിക്കുന്നതിനോ ഒരദ്ധ്യാപകനെ ഉണ്ടൂരിലൊ ബസ്വാഡായിലൊ അയച്ചു് പരിശീലിപ്പിക്കുന്നതിനോർപ്പാടു ചെയ്യുന്നതിനോ സാധിക്കുന്നതല്ല കൂടാതെ അല്ലത്തെ ൩൦ അദ്ധ്യാപകന്മാർ അടങ്ങിയ സംഘത്തെ തിരുവനന്തപുരത്തയച്ചു് പഠിപ്പിക്കുന്നതിനും, ൧൯൨൯-൩൦നു സ്കീം പരിഷ്കാരത്തിൽ ൨൦ പള്ളിക്കൂടത്തങ്ങളിൽ നൽതുല്യ വ്യവസായം ഏർപ്പെടുത്തുന്നതിനും സാധിക്കാവുന്നതാണ്. ൧൯൩൦-൩൧നേക്കു വേണ്ടിവരുന്ന ചിലവിന്റെ കണക്കു താഴെ കൊടുത്തിരിക്കുന്ന പ്രകാരമായിരിക്കും.

(എ) അദ്ധ്യാപകന്റെ ശമ്പളത്തിനോ, അവരെ ഉണ്ടൂരിലൊ ബസ്വാഡായിലൊ അയച്ചു് പഠിപ്പിക്കുന്നതിനോ ഉള്ള ചിലവു് നു൦൦ രൂപ,

(ബി) ൩൫ അദ്ധ്യാപകന്മാരെ തിരുവനന്തപുരത്തയച്ചു് പഠിപ്പിക്കുന്നതിനു:—

(എ) സാധനസാമഗ്രികൾക്കുള്ള ചിലവു് — രൂ. ൪൪൦

(ബി) ൩൫ അദ്ധ്യാപകന്മാർക്ക് യാത്രച്ചിലവും പടിയും — രൂ. നു൩൫

(സി) ൧൧൦൦ ഇടവം മിഥുനം ൨ മാസകാലത്തേക്കു ൩൫ അദ്ധ്യാപകന്മാർക്ക്, ഒരാൾക്ക് മാസം ൨ രൂപാ വീതം, വിശേഷാൽ പടി — രൂ. ൧൧൦൦

(ഡ) ൨൦ പള്ളിക്കൂടങ്ങളിൽ നൽതുല്യ വ്യവസായം ഏർപ്പെടുത്തുന്നതിനുള്ള ആവർത്തിക്കാത്ത ചിലവു് — രൂ. ൨൦൦൦

ആകെ രൂപാ നു,൭നു൫

എനാൽ ഇതിലേക്ക് ൪൦൦൦ രൂപ കരുതുന്നതു് നന്നായിരിക്കും.

ബഡ്ജറിനെ സംബന്ധിച്ചുള്ള വാദപ്രതിവാദം—

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല): സർ മഹാരാജാവിതാംകൂറിനേയും ഉത്തര തിരുവിതാംകൂറിനേയും പല ഭാഗങ്ങളേയും നശിപ്പെടുത്തിയ ആ വലുതായ ആപത്തിനെപ്പറ്റി എന്റെ മുൻഗാമികളായ പ്രാസംഗികന്മാർ പറഞ്ഞിട്ടുള്ള എല്ലാ സംഗതികളിലും ഞാൻ പൂർണ്ണമായി യോജിക്കുന്നു. ൧൦൪൨-ൽ ആ ഭാഗങ്ങളിൽ ഉണ്ടായ ജല പ്രവാഹത്തെപ്പറ്റി എനിക്ക അല്പമായ ഒരു ഓർമ്മ തോന്നുന്നുണ്ട്. എന്നാൽ ജീവനാശത്തിലും ധനനാശത്തിലും ജനങ്ങൾക്കുണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങളിലും കവിഞ്ഞിപ്പോകുവാൻ ഇപ്പോഴുണ്ടായിട്ടുള്ള വെള്ളപ്പൊക്കവും തമ്മിൽ യാതൊരു സാദൃശ്യവുമില്ലെന്നാണ പറയപ്പെട്ടുന്നതു്. നാനാപ്രദേശങ്ങളിൽനിന്നും കിട്ടിവ

ങ്ങനെ ചിലരങ്ങൾകൊണ്ടു ജപപ്രവാഹം ഇനിയും പൂർത്തിയായി ശമിച്ചിട്ടില്ലെന്നും താൽക്കാലികമായിട്ടുള്ള സഹായ ഏർപ്പാടുകളുടെ ആവശ്യക്കുറവ് ഇല്ലാതെ വന്നിട്ടില്ലെന്നുമാണറിയുന്നതു്. ന്യൂനീകരണങ്ങളിൽ അയഞ്ഞുപ്രവർത്തിച്ചിട്ടുള്ളവർ ഇനിയും സ്വഭവനങ്ങളിലേക്കുമടങ്ങി പോയിട്ടില്ലെന്നറിയുന്നു. വളരെ അളുകൾക്കും തിരിച്ചു പോകുന്നതിനു പിടിയതന്നെ ഇല്ലെന്നും പറയപ്പെടുന്നു. ആ ഉദ്യോഗങ്ങളിൽ ഉള്ള ധനികന്മാർ അവരുടെ ധർമ്മകൃത്യം വേണ്ടുംവണ്ണം നിർവ്വഹിച്ചിട്ടുണ്ടെന്നും സങ്കടനിവാരണത്തിൽ ഗവണ്മെൻറും ഒട്ടും ഉപേക്ഷ കാണിച്ചിട്ടില്ലെന്നും അറിയുന്നതു തൃപ്തികരമത്രെ. എന്നാൽ പ്രധാനമായിട്ടുള്ള വേല അതായതു് പുനരുദ്ധാരണവേല, ഇനിയും നടന്നേതീരൂ. ഈ നിലയിൽ വേണ്ടതു പ്രവർത്തിക്കുന്നതിനു മുടൻതന്നെ സന്നദ്ധരായിരിക്കുന്നു. ഈ വേലയുടെ ഗൗരവത്തിനെ ഓർമ്മിപ്പിച്ചുകൊണ്ടു ജനങ്ങളുടെ ഉത്സാഹത്തെയും അനുകമ്പയെയും ആശ്രയിച്ചിരിക്കാം. ആ ഗുണങ്ങൾ ഇവിടെയില്ലെന്നതിനെ വകയിലെന്നും ഞാൻ വിശ്വസിക്കുന്നു.

ഈ അവിചാരിതമായ സംഭവം നമ്മുടെ ഉദ്യോഗങ്ങളെയെല്ലാം ശിഥിലമാക്കിയിട്ടുണ്ടെന്നും ബഹുഭൂരിപക്ഷത്തിനെ കുഴപ്പത്തിലാക്കിയെന്നും പറയപ്പെടുന്നു. അതിൽ അല്പമായ പോരുവും ഉണ്ടെന്നുവരികിലും അതു മുഴുവനും ധാരാളമായി സ്വീകരിക്കുന്നതിനു ഞാൻ തയ്യാറില്ല. അതുപോലെതന്നെ രാജ്യത്തിൻറെ അഭിവൃദ്ധിക്കായുള്ള ഏർപ്പാടുകളെ നടത്തിക്കാണ്ടു പോകുന്നതിനു ഇതു തടസ്ഥമായി വരുമെന്നും ഞാൻ വിചാരിക്കുന്നില്ല. നേരെ മറിച്ചു ധനകാര്യശുദ്ധിയെപ്പോലെ, ശുഭമായ ഭാവിയെപ്പറ്റിയുള്ള വിശ്വാസത്തിൽനിന്നും പങ്കുകൊള്ളുന്നു. ഈ നമ്മുടെ കൈവശത്തിൽ ഇപ്പോഴുള്ള കെട്ടിയിരിപ്പും ബാങ്കുകളിൽ അല്പകാലത്തേക്കുമാത്രമായി നിക്ഷേപിച്ചിട്ടുള്ള തുകകളും ഗവണ്മെൻറു ഉറപ്പുപത്രക്കാരുമുള്ള നിക്ഷേപങ്ങളും നമ്മുടെ ആവശ്യങ്ങൾക്കു ധാരാളം മതിയാകുമെന്നു'' അദ്ദേഹം വിചാരിക്കുന്നു ഇപ്പോഴത്തെ ആവശ്യങ്ങൾക്കു ഉപയോഗിക്കത്തക്കവയായി വേറെ ചില ആളുകളുടെ ധനകാര്യശാലികൾ ഞാൻ കാണിച്ചുകൊടുക്കട്ടെയോ? നമ്മുടെ ദേവസ്വംവക കരുതൽധനം അതുലക്ഷം രൂപയാണ്. പ്രധാനമായി മുദ്രപത്രം ഇല്ലാത്തതുകൊണ്ടു, വരുന്നകൊല്ലം ദേവസ്വം ഡിപ്പാർട്ടുമെൻറിൻറെ ചിലവു ഈയാണ്ടത്തെ പൂർത്തിയായ കണക്കിൽനിന്നും രണ്ടുലക്ഷം രൂപ കുറവായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ ഇടയെ സ്ഥിരമായ പുനരുദ്ധാരണവേലകൾ ചെയ്യുന്നതിനു പല്ലവച്ചു വായ്പ കൊടുക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. സർക്കാർ ധർമ്മസ്ഥാപനങ്ങളുടെ ചിലവു ഏകദേശം രണ്ടുലക്ഷം രൂപായോളം വരുന്നു.

മി: കെ. ജാള്ളു (ഗവണ്മെൻറു ധനകാര്യശാലി). ദേവസ്വം ഡിപ്പാർട്ടുമെൻറിലെ ചിലവുകഴിച്ചുള്ള മിച്ചം ഇപ്പോഴും നമ്മുടെ കൈവശത്തെന്നെയാണ്.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല). അതെ, കായബലമുള്ള മടിയന്മാരെ പോറ്റിവരുന്നതിനു പകരം ഈ ജനയുടെ ഐശ്വര്യം ഭാഗമെങ്കിലും കഷ്ടതയിൽപ്പെട്ടിട്ടുള്ളവരെ താല്ക്കാലികമായി സഹായിക്കുന്നതിനോ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയിട്ടുള്ള വീടുകൾ കെട്ടുന്നതിനു സാധുക്കൾക്കു ധനസഹായം ചെയ്യുന്നതിനോ ഉപയോഗപ്പെടുത്തുവാനുണ്ട്.

ഇങ്ങനെ ചെയ്യുന്നതായാൽ ജനങ്ങളുടെ സ്ഥിതി നന്നാക്കുന്നതിനുള്ള സ്ഥിരമായ ശ്രമങ്ങളെ നിർത്തിവയ്ക്കണമെന്നായ ആവശ്യം നേരിടുന്നതല്ല.

മറ്റുള്ള വിഷയങ്ങളിലേക്കു പ്രവേശിക്കുന്നതിനുമുൻപു ഗവണ്മെൻറിൻറെ ശ്രദ്ധക്കു വിഷയീഭവിക്കേണ്ടതായി അത്യാവശ്യവും പ്രധാനവുമായ മറ്റൊരു സംഗതിയെപ്പറ്റി ഞാൻ പറഞ്ഞുകൊള്ളട്ടെ. വളരെ മുമ്പ് ക്രി. പി. ൧൮൫-മാണ്ടുതന്നെ എല്ലാ പബ്ലിക്ക റോഡുകളും മഹാരാജാവു തിരുമനസ്സിലെ എല്ലാ ജാതിയിലുമുള്ള പ്രജകൾക്കും സഞ്ചരിക്കുന്നതിനു തുറന്നിടപ്പെട്ടതായി ഗവണ്മെൻറിൽനിന്നും ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്, പൊതു മുതലുകൊണ്ടു സംരക്ഷിച്ചുപോരുന്ന സ്ഥിതിക്കു വൈരുദ്ധം ക്ഷേത്രത്തിനു ചുറവുമുള്ള റോഡുകളും പബ്ലിക്ക റോഡുകളാണെങ്കിലും അവയിൽക്കൂടി സധൈരണയായി എല്ലാ ജനങ്ങൾക്കും സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടുന്നില്ല. തടയപ്പെട്ടിട്ടുള്ള ജാതിക്കാർ ആ വഴിയിൽക്കൂടി സഞ്ചരിക്കുന്നതിനു ചെയ്യുന്ന ന്യായമായ ശ്രമങ്ങളെ ഗവണ്മെൻറു ബലം പ്രയോഗിച്ചു തടയുകയാണ് ചെയ്തിട്ടുള്ളതു്. ഇതു ആ ജാതിക്കാർ സത്യാഗ്രഹം സ്വീകരിക്കുന്നതിനു കാരണമായിത്തീർന്നു. പബ്ലിക്ക റോഡുകളിൽ സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ളതായ മേൽ പറഞ്ഞ ഉത്തരവിൽ സാധാരണജനങ്ങൾ ചെയ്യുന്നതായാൽ ഗവണ്മെൻറിൻറെ കഠിനമായ അപ്രീതിക്കു കാരണമാകുന്നതായി വിവരിച്ചിട്ടുള്ളതു ഏതു പ്രവൃത്തിയെ ആ പ്രവൃത്തിതന്നെ ഗവണ്മെൻറു ചെയ്യുന്നതിനായി പൊതുമുതൽ ഉപയോഗപ്പെടുത്തിവരുന്നതു വിധിവിശേഷംതന്നെ. ആത്മപരിത്യാഗികളും ജനക്ഷേമകാംക്ഷികളുമായ മന്ത്രിമാരെ രജയിയിൽ അയച്ചും അവർ അവിടെ കിടന്നു ചത്തുപ്പെടുന്നു. പ്രജാസുഖം തന്നെമൂലം ജനങ്ങൾക്കുവേണ്ടി വേലചെയ്യുന്നവനുമായ മി: രാമസ്വാമിനായ്ക്കരെ ഈ ധർമ്മരാജ്യത്തിൽവന്നു ഇവിടെയുള്ള അധഃകൃതവർഗ്ഗക്കാരുടെ നന്മക്കുവേണ്ടി അനുവരതം വേലചെയ്തു എന്നുള്ളതൊഴികെ വേറെ യാതൊരു കുറവുമില്ലാതെ കഴിനതടവിനു വിധിച്ചു. ഇതു് ഒരു തരത്തിൽ നിയമവിരുദ്ധമാണ്. (തി. ശി. നി. കൃഷ്ണപിള്ള നോക്കുക). ഈ സംഗതികളെക്കുറിച്ചു ഗവണ്മെൻറു ഔനിക്കുന്നതായി തോന്നുന്നില്ല. സങ്കടനിവൃത്തിക്കുള്ള ന്യായമായ മാർഗ്ഗങ്ങൾ എല്ലാം അവസാനിച്ചുതായിട്ടാണ തോന്നുന്നതു്. സത്യാഗ്രഹസമരം ആരംഭിക്കുന്നതിനുമുമ്പായി ഗവണ്മെൻറിനോടു പലതവണയും സങ്കടം ചെയ്തുകൊണ്ടായി. അതിനുശേഷം നായർ സമാജത്തിൻറെയും എസ്. എൻ. ഡി. പി. യോഗത്തിൻറെയും ഒരു സമ്മിശ്രസമ്മേളനത്തിൽ നിയമിക്കപ്പെട്ട ഒരു സ്പെഷ്യൽ ദിവാൻജിയെ സന്ദർശിക്കുകയും ഉടനെതന്നെ ഏതെങ്കിലും പ്രവൃത്തിക്കേണ്ടതാണെന്നുള്ള വിവരം ബോധമായി ധരിപ്പിക്കുകയും ചെയ്തു. അടുത്തകാലത്തുതന്നെ വളരെ സവർണ്ണഹിന്ദുക്കളും ചേർന്നു ചെങ്ങന്നൂർ വച്ചുകൂടിയ യോഗത്തിൽ ഈ റോഡുകളെ സംബന്ധിച്ചു അവർണ്ണഹിന്ദുക്കൾക്കുള്ള സഞ്ചാരസ്വാതന്ത്ര്യാവകാശത്തെ അനുകൂലിച്ചു ഒരു പ്രമേയം പാസ്സാക്കി.

പഴയ മുതിർന്നവരെ വിടാതെ പിടികൂടിക്കൊണ്ടിരിക്കുന്ന പല നാടൻ രോഗങ്ങളും മറ്റു മഹാമാരികളും ഈ യോഗത്തിൽ പങ്കെടുത്തവരിൽ എന്നെപ്പോലും അവരിൽ ഒരുത്തനായി ചേർത്തുകൊണ്ട് ഈ പ്രദേശത്തിനു വിപത്തായി വരുകയോ പറഞ്ഞിട്ടില്ലാത്തവരുമുണ്ട്. ഇവിടെ പ്രസ്താവയോഗ്യമാണ്. ഈ ഉള്ളുരുകുന്നതിനു എതിരുണ്ടെന്നു പറയപ്പെടുന്ന വൈകല്യങ്ങളുള്ള ഒരു മനുഷ്യസംഘം സവർണ്ണഹിന്ദുക്കളും ക്ഷേത്രസംബന്ധികളുമാണെന്നും അവിടെ ഉള്ള ഉദ്യോഗസ്ഥന്മാരുടെ പിടിയിൽ കിടക്കുന്നവരുമാണെന്നും നല്ലതുപോലെ അറിയപ്പെട്ടിട്ടുള്ളതാണ്. അവിടെയുള്ള സ്ഥല നിവാസികളിൽ പ്രധാനികളും ഈയ്യിടെ എസ്. എൻ. ഡി. പി. യോഗം ഹാളിൽ കൂടുകയും ആ റെസലൂഷനുകളും എല്ലാ ജാതിക്കാരും സഞ്ചരിക്കുന്നതിനു തുറന്നിടണമെന്നും ഗവണ്മെന്റിനോടു അപേക്ഷിക്കുന്നതായി ഒരു പ്രമേയം പാസാക്കുകയും ചെയ്തു. സവർണ്ണഹിന്ദുക്കളുടെ തടസ്സം എന്നു പറയുന്നതു കേവലം ഒരു ഒഴികഴിവു മാത്രമാണ്. വാസ്തവമറിയുള്ള കാരണം വേറെയാണ്. ഈ അനീതിയെ പരിഹരിച്ചു രാജ്യത്തിന്റെ നഷ്ടപ്പെട്ടുപോയ കീർത്തിയെ വീണ്ടെടുക്കുന്നതിനു ഗവണ്മെന്റ് വേഗത്തിൽ നടപടി എന്തെങ്കിലും സ്വീകരിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു.

ഇനി എനിക്കു പറയാനുള്ളതു വിദ്യാഭ്യാസവകുപ്പിനെ സംബന്ധിച്ചുള്ള കണക്കുകളെപ്പറ്റി മാത്രമാണ്. ൽ-ാം വരുത്തു കാണിച്ചിട്ടുള്ള ചുരുക്കത്തിൽനിന്നും വിദ്യാഭ്യാസവകുപ്പിലേക്കു വരവു കഴിച്ചുള്ള ചിലവു രൂ. ൦൨,൭൦,൦൦൦ രൂപാ ആയിരിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതിനെ താഴെ കാണിച്ചിരിക്കുന്നപ്രകാരം വീതിച്ചിരിക്കുന്നു.

രൂ. ൧൭ ലക്ഷം ശമ്പളാദികൾക്കും.

രൂ. ൨൨ ലക്ഷം കോളേജ് വിദ്യാഭ്യാസം.

രൂ. ൨൭ ലക്ഷം ഇംഗ്ലീഷ് വിദ്യാഭ്യാസം.

രൂ. ൧൪ ലക്ഷം നാട്ടുഭാഷാ വിദ്യാഭ്യാസം.

രൂ. ൫൦൦൦൦ സ്ത്രീകൾപാഠശാലാവിദ്യാഭ്യാസം.

രൂ. ൧൬ ലക്ഷം പലവക ചിലവു്.

പലവക ചിലവിൽ പ്രധാനമായ ഇനം സഹായധനമാണ്. അതു വു ലക്ഷത്തോളം വരുന്നു. വിദ്യാഭ്യാസവകുപ്പിലേയ്ക്കുള്ള ചിലവു ആകെയുള്ള മുതലെടുപ്പിന്റെ ൧൫ ശതമാനം ആണ്.

വിദ്യാഭ്യാസവകുപ്പിലേക്കു ചിലവിടുന്ന ഈ തുക മുകളിലുള്ള മുതലെടുപ്പിന്റെ ഒരു ന്യായമായ ഓഹരിയാണെന്നുള്ള വസ്തുത നിഷേധിക്കുന്നതുകൊണ്ടല്ല. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും സ്വീകരിച്ചിട്ടുള്ള ആദർശംപോലെ സാധ്യതികമായ പൊതുജനവിദ്യാഭ്യാസത്തിന്റെ നിലയിൽ എന്തെങ്കിലും സാധിക്കണമെങ്കിൽ ഈ ചിലവു വർദ്ധിച്ചുവരികയെയുള്ളുവെന്ന ഇപ്പോൾതന്നെ ഞാൻ കാണിക്കാം. എന്നാൽ, ഉർദ്ധോദ്ഗമങ്ങൾ ആളായം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗം കാണുന്നില്ല. രാജ്യത്തിന്റെ ആളായം എത്രമാത്രം ഉച്ചത്തിൽ എത്താമോ അത്രയും, അതായതു ൨ കോടി ൫൦ ലക്ഷം-ൽ എത്തുകയും അതു ൫൦ ലക്ഷം-ൽ കൂടുകയും ചെയ്യും. ൫൦ ലക്ഷം-ൽ കവിഞ്ഞ ലക്ഷമായി കുറയുകയും പിന്നെയും ൫൦ ലക്ഷം-ൽ ൨ കോടിയായി കൂടുകയും ചെയ്യും. ൫൦ ലക്ഷമായി കുറയുമെന്നു വിചാരിക്കപ്പെട്ടിരിയ്ക്കുന്നു. ഈ അടുത്ത കാലത്തു രാജ്യത്തിന്റെ പല ഭാഗങ്ങളിലും നഷ്ടം പറ്റുത്തിക്കൂട്ടിയ ആ ആപത്തിനെ വിചാരിച്ചാൽ ഈ അനുമാനംതന്നെയും എത്രമാത്രം സാധുവാകുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിയ്ക്കുന്നു. അങ്ങനെയായാലും രാജ്യത്തിൽനിന്നും കൂടുതലായി കിട്ടാവുന്ന ആളായം ൨ കോടിയാണെന്നു വയ്ക്കാം. ചില വകുപ്പുകളിൽ ആളായവർദ്ധനയ്ക്കുള്ള മാർഗ്ഗങ്ങൾ ഉണ്ടെങ്കിൽ മറ്റു ചിലതിൽ ആളായക്കുറവിനുള്ള സൂക്ഷ്മമായ ലക്ഷ്യങ്ങൾ കാണുന്നുണ്ട്. മധുവർഷനത്രുമം ഫലപ്രാപ്തിയിൽ വരുന്നതായ-ആ അരുകാലപരിക്കത്തിൽ അങ്ങിനെ വരുന്നതിനെ തരമുള്ളൂ. ഇപ്പോൾ ൨൫ ലക്ഷം രൂപാ ആളായംവരുന്ന കാലത്തു വകുപ്പിലെ ആളായം ഇല്ലാതെ ആകുന്നതാണ്. കൊച്ചീ തുറമുഖത്തിന്റെ ആവിർഭാവം നമ്മുടെ ചുങ്കനികുതിയെ സാരമായി തട്ടാതെ തരമില്ല. ഉപ്പിന്റെ നികുതിയും ഒരു സ്ഥിരമായ ആളായമാർഗ്ഗമായി തണിക്കുന്നതിൽ പാടില്ല. അവസാനിക്കാത്ത ആളായമാർഗ്ഗമായി ഒരു കാലത്തു വിചാരിക്കപ്പെട്ടിരുന്ന വനവും നമ്മുടെ വ്യാമോഹത്തെ വളരെ ഇല്ലാതാക്കിട്ടുണ്ട്. മൈസൂർ ദിവാൻ യഥാർത്ഥമായി അഭിപ്രായപ്പെട്ടതുപോലെ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളുടെ ആളായമാർഗ്ഗങ്ങളും പരിമിതങ്ങളും അവയുടെ ധനസ്ഥിതി അവ്യവസ്ഥിതവുമാകുന്നു. എന്നാൽ നമുക്ക് അതേ സമത്തിൽ വിദ്യാഭ്യാസത്തെപ്പോലെ ജനങ്ങളുടെ ക്ഷേമകരങ്ങളായ മറ്റു വകുപ്പുകളെ പട്ടിണി ഇടുന്നതിനു പാടുള്ളതല്ല. ൫൦ ലക്ഷം-ൽ രാജ്യത്തിന്റെ ആകെയുള്ള ആളായം ൫൫ ലക്ഷവും വിദ്യാഭ്യാസവകുപ്പിലേക്ക് ആളായം കഴിച്ചുള്ള ചിലവു ക്രമ ലക്ഷവുമായിരുന്നു. അപ്രകാരം നോക്കുമ്പോൾ ഈ പത്തുകൊല്ലത്തിനിടക്ക് ആളായം ൨൨ ശതമാനം വർദ്ധിക്കയും വിദ്യാഭ്യാസവകുപ്പിലേക്കുള്ള ചിലവു ൫൫ ശതമാനം വർദ്ധിക്കയും ചെയ്തിട്ടുണ്ട്. നമ്മുടെ നില വളരെ ശോചനീയമായിട്ടുണ്ടെന്നും മറ്റുള്ള വകുപ്പുകളുടെ ശ്രേയോന്മുഖമായ ഭരണകർത്തൃബാധിക്കാതെ വിദ്യാഭ്യാസവകുപ്പിലെ ചിലവു് ഏതുപ്രകാരമാണ് നിറവേറ്റണ്ടതെന്നു ആലോചിക്കേണ്ട സമയം ആസന്നമായിരിക്കുന്നു എന്നും ഇതു കാണിക്കുന്നു.

നമ്മുടെ ഇതുവരെയുള്ള പണം വിദ്യാഭ്യാസത്തിനു ചിലവാക്കുന്നുണ്ടെങ്കിലും ചിലവിനെ വീതിച്ചിട്ടുള്ളതിൽ നിന്നു ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരും നാം കരിപിരുന്നു വാസ്തവമായ പ്രാഥമികവിദ്യാഭ്യാസത്തിനു വു,൫൫,൭൦൦ രൂപാ മാത്രമേ ചിലവാക്കുന്നുള്ളൂ എന്നു കാണാം, എന്തെന്നാൽ നാട്ടുഭാഷാവിദ്യാഭ്യാസംകൊണ്ടു ൫൫ ലക്ഷം രൂപാ ചിലവാക്കുന്നുണ്ടെങ്കിലും, ബാക്കിയുള്ള ഭൂരിഭാഗം ബാലികാബാലന്മാർക്കു നാട്ടുഭാഷയിൽ ഉയർന്ന വിദ്യാഭ്യാസത്തിനായി ഉപയോഗപ്പെടുത്തിവരുന്നു. ആകെയുള്ള ജനസംഖ്യയിൽ ഉദ്ദേശം ൫൫ ശതമാനം വിദ്യാലയങ്ങളിൽ പോകേണ്ട പ്രായത്തിലുള്ള കുട്ടികളായി കണക്കാക്കപ്പെടുന്നതായാൽ, വിദ്യാലയങ്ങളിൽ പോകേണ്ടതായ കുട്ടികളുടെ എണ്ണം ൨൨ ലക്ഷമാണ്.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ഒടുവിൽ ഉണ്ടായിട്ടുള്ള റിപ്പോർട്ടുകൊണ്ടു് അംഗീകരിക്കപ്പെട്ടിട്ടുള്ള എല്ലാപാഠശാലകളിലുമായി ൫൦൦-ൽ ൫൫ ശതമാനവും അംഗീകരിക്കപ്പെട്ടതിലും അല്പമധികത്തിലും

ചേന്ന സൂചിപ്പിച്ചിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ സമുദായങ്ങൾ എത്രമാത്രം പിന്നോക്കമാണെന്നുള്ളതിന് ഈ കണക്കുകൾ തന്നെ മതിയായ തെളിവാണ്. ഈ സമുദായങ്ങളിൽ ഹാജരാകുന്ന കുട്ടികളുടെ ആകെത്തുക മാത്രമാണല്ലോ കാണിച്ചിരിക്കുന്നത്. പ്രാഥമികവിദ്യാഭ്യാസം പൂർത്തിയായി കിട്ടുന്നില്ല. ക്ലാസ്സിൽ ഹാജരാകുന്ന കുട്ടികളിൽ ശതമാനം മാത്രമേ ക്ലാസ്സിൽ എത്തുന്നുള്ളൂ എന്നു കാണപ്പെട്ടിരിക്കുന്നു. കുട്ടികൾ ഈ ശതമാനത്തെ എല്ലാ സമുദായത്തിനും ബന്ധിച്ചിട്ടുള്ളതല്ല. പല സമുദായത്തിന്റെയും വിദ്യാഭ്യാസനിലയേയും ഇതു കാണിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പല സമുദായങ്ങളും തമ്മിലുള്ള വലയ വ്യത്യാസത്തെ കാണിക്കുന്നതിനായി കൂടുതൽ പ്രാധാന്യമുള്ള സമുദായങ്ങളിലെ വിദ്യാലയങ്ങളിൽ പോകുന്നതിന് തക്കപ്രായമുള്ള കുട്ടികളിൽ യാഥാവമായി സ്കൂളിൽ ഹാജരാകുന്ന കുട്ടികളുടെ ശതമാനത്തെ താഴെ കൂടുന്നു.

സമുദായങ്ങൾ.	സ്കൂളിൽ ഹാജരാകുന്ന ശതമാനം.
നായന്മാർ	ൽ൩
ക്രിസ്ത്യാനികൾ	ൽ൩
ഈഴവർ	൨൬
മഹമ്മദീയർ	൩൩
പുലയർ	൩൩
പറയർ	൪
നാടാന്മാർ	൪൩

ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ഭിന്നമായ നില ബലക്കുറവുള്ള സമുദായങ്ങൾക്കു ദോഷകരമായിട്ടുള്ളതാണ്. ഈ വ്യത്യാസത്തെ ഇല്ലാതാക്കേണ്ടതിന് ഗവണ്മെന്റിന്റെ എന്തെങ്കിലും പ്രധാനമായ ചുമതലയുണ്ടെന്നു തോന്നുന്നു. അടുത്തകാലത്തു ഗവണ്മെന്റിനു നേരിട്ടോ അല്ലാതെയോ വന്നിട്ടുള്ള സാമുദായികവും സമ്പത്തികവുമായ കാര്യങ്ങളിൽ ചിലതെല്ലാം ഈ വിദ്യാഭ്യാസപ്രചാരണത്തിനുള്ള വ്യത്യാസത്തിന്റെ ഫലങ്ങളാണ്. രാജ്യത്തിലുള്ള കാർഷികസമുദായത്തിന്റെ നട്ടെല്ലായ പുലയപറയസമുദായങ്ങളെപ്പോലെയുള്ള സമുദായങ്ങളിൽ വിദ്യാഭ്യാസത്തിനു പ്രായേണുള്ളവരിൽ ൧൦ ശതമാനവും വിദ്യാലയങ്ങളിൽ പോകുന്നില്ലെന്നുള്ള സംഗതി ഏതു നവഭരണത്തിനും ചിന്താവിഷയമാകേണ്ടതാണ്; ഈ സംഗതി ഗവണ്മെണ്ടിന്റെ മനോവേഗമായ ആലോചനക്കു വിഷയീകരിക്കേണ്ട സമയം ആസന്നമായിരിക്കുന്നു എന്നു ഞാൻ പറയേണ്ടതില്ലല്ലോ.

ഈ അധഃകൃതവർഗ്ഗക്കാർക്കു എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്തുകൊടുത്താലും നിർബന്ധത്തിന്റെ ഒരു ലേശംകൂടി ഇല്ലാതെ ഈ സമുദായങ്ങളിലെ എല്ലാ കുട്ടികളേയും പള്ളിക്കൂടങ്ങളിൽ അയക്കുന്നതിന് അവരെ പ്രേരിപ്പിക്കാൻ സാധിക്കുകയില്ലെന്നുള്ളതു സ്പഷ്ടമാണ്. ഒരു രാജ്യത്തിലും യൂറോപ്പിലുള്ള പരിഷ്കൃതരാജ്യങ്ങളിൽപോലും—നിർബന്ധംകൂടാതെ സാർവ്വത്രികമായ പൊതുജനവിദ്യാഭ്യാസം സാധിച്ചിട്ടില്ല. ഇൻഡ്യയിൽ തന്നെയും ഈ തത്വത്തെ പല നാട്ടരാജ്യങ്ങളിലും ബ്രിട്ടീഷ് ഇൻഡ്യയുടെ പല ഭാഗങ്ങളിലും അംഗീകരിച്ചിട്ടുണ്ട്. എത്രതന്നെ വാദിച്ചാലും തിരുവിതാംകൂറിനും അതിൽനിന്നും ഒഴിയാൻ സാധിക്കുന്നതല്ല. ഏകദേശം പത്തുകൊല്ലത്തിനു മുമ്പ് നിർബന്ധിതമായ പ്രാഥമികവിദ്യാഭ്യാസത്തിനെ സംബന്ധിച്ച് ഒരു പ്രത്യേക ഒരു അനുഭാവസ്ഥാസാമാജികനാൽ ഈ സഭയിൽ ഹാജരാക്കപ്പെട്ട, എന്നാൽ അഭൂത പൂർവ്വോത്സാഹരഹിതപക്ഷത്താൽ രണ്ടുകാരണങ്ങളാൽ വളർപ്പെട്ടുപോയ്, ആ കാരണങ്ങൾ ഇവയാണ്. നിർബന്ധത്തിനു കയ്യുമില്ലാത്ത മാതിരിയിൽ രാജ്യത്തിൽ വിദ്യാഭ്യാസത്തിനുള്ള ആസക്തി അത്രമാത്രം അധികമാണെന്നും രാജ്യത്തിന്റെ കോടതിസ്ഥിതി നിർബന്ധിതവിദ്യാഭ്യാസം നടപ്പിൽവരുത്തുന്നതിനു അനുവദിക്കത്തക്കതല്ലെന്നുമായിരുന്നു. ഒന്നാമത്തെ കാരണത്തെ സംബന്ധിച്ചിടത്തോളം ഞാൻ മുൻകൂട്ടിച്ചു കണക്കുകൊണ്ടു ചില പരിഷ്കൃതസമുദായങ്ങളെ സംബന്ധിച്ചിടത്തോളം ആ വാദം ഏറെക്കുറെ വാസ്തവമായിരുന്നാലും മറ്റുള്ളവയെ സംബന്ധിച്ചു വിശേഷിച്ചും അധഃകൃതവർഗ്ഗക്കാരെ സംബന്ധിച്ചു വാസ്തവമായിട്ടുള്ളതല്ലെന്നു കാണാം. ധനസ്ഥിതി ഒരു യഥാർത്ഥമായ തടസ്ഥമാണ്. അതിനെപ്പറ്റി ഞാൻ പിന്നീടു പറയാം. ഫൻഫ്രവ് ആഗസ്റ്റ് ൧൦-നു-യിലെ ഗവണ്മെണ്ടുത്തരവ് അനുസരിച്ചു നിയമിക്കപ്പെട്ട വിദ്യാഭ്യാസകമ്മിറ്റി ഈ സംഗതിയെപ്പറ്റി ആലോചിക്കയും നിർബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനു ശിപാർശചെയ്കയും ചെയ്തിട്ടുണ്ട്. അവരുടെ റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു. ഖണ്ഡിക (൨൯-൩൦-൩൧-൩൨-൩൩-൩൪-൩൫).

"൨൯. പ്രാഥമികനാട്ടുപോഷിപ്പിദ്യാഭ്യാസം സകലക്കും സിദ്ധിക്കേണ്ടതിന്."

"ജനങ്ങളുടെ ആവശ്യത്തിനതകന്നതായി, തരിയായ പ്രാഥമികവിദ്യാഭ്യാസം നാട്ടുപോഷിയിൽ വേണ്ടതു എന്നതും പ്രധാനമായ ഒരു സംഗതിയാണ്. ഇതു അപരുടെ അജ്ഞാനത്തെ നശിപ്പിക്കയും ജീവിതത്തെപ്പറ്റിയുള്ള ബോധത്തെ വിസ്തൃതമാക്കുകയും, രാജ്യകാര്യങ്ങളിൽ ബുദ്ധിപൂർവം പങ്കുകൊള്ളുന്നതിന് അവരെ പ്രാപ്തിയുള്ളവരാക്കിത്തീർക്കയും, അവരുടെ ശോശസ്ഥിതിയെ ബഹുപ്പെടുത്തുകയും ചെയ്യും. അതുകൊണ്ട് രാജ്യത്തിലുള്ള എല്ലാ ബാലികാബാലന്മാർക്കും ഈ മുഴുങ്ങിയ വിദ്യാഭ്യാസമെങ്കിലും കിട്ടേണ്ടതു അത്യാവശ്യമാണ്. വളരെ രാജ്യങ്ങളിൽ ജനങ്ങളും ഇതിന്റെ പ്രാധാന്യത്തെ വിചാരിച്ചു പ്രാഥമികവിദ്യാഭ്യാസത്തെ നിർബന്ധിതമാക്കീട്ടുണ്ട്. തിരുവിതാംകൂറിലാകട്ടെ, ഫൻഫ്രവ സെക്രട്ടറിയുടെ നിർബന്ധിതത്വത്തെ സ്വീകരിച്ചുള്ള ഒരു പ്രാഥമികവിദ്യാഭ്യാസനിയമം നിയമസഭയിൽ ഹാജരാക്കിയപ്പോൾ, ജനങ്ങളും വിദ്യാഭ്യാസത്തിൽ വളരെ ഉൽസുകരാണെന്നും, നിർബന്ധിതമാക്കേണ്ട ആവശ്യമില്ലെന്നും വിദ്യാഭ്യാസത്തിനുവേണ്ടി കരം കൊടുക്കുവാൻ സ്വയമായും കൊടുക്കുന്നതിനായി ചാരിറ്റബിൾ എണ്ണം വർദ്ധിപ്പിക്കേണ്ട ആവശ്യം മാത്രമേയുള്ളൂ എന്നും ചിലർ വാദിച്ചു. ഈ വാദം ശരിയാണോ അല്ലയോ എന്നു പറയേണ്ടതു ഞങ്ങളുടെ കൃത്യമല്ല. രാജ്യത്തിൽ എല്ലാ ജനങ്ങളുടെയും നാട്ടുപോഷിയിൽ പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിന്റെ ആവശ്യകതയേയും അതു എത്രയും വേഗത്തിൽ ചെയ്യേണ്ടതിനേയും പറ്റി മാത്രം ഞങ്ങൾ ഇവിടെ ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു.

൩൦. ജനങ്ങളുടെ ഇടയിൽ പ്രാഥമികവിദ്യാഭ്യാസം ഏർപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും പരിപ്പിക്കുകയും ചെയ്യേണ്ടതു സംസ്ഥാനത്തിന്റെ ആദ്യമായിട്ടുള്ള ഒരു കടമയാണെന്നുള്ള തത്വം സർവ്വസാധാരണ

ഞാൻ സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്. തിരുവിതാംകൂറിൽ ബഹുജനവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൽ ഗവൺമെണ്ടു പ്രധാനമായ ഒരു പങ്കുകൊടുത്തിട്ടുണ്ട്. ഈ സംഗതിയിലും ഇപ്പോൾ സാദ്ധ്യമായിട്ടുള്ളതിൽ ഏറിയാളവും ഗവൺമെൻറിൻറെ ഈ വഴിക്കുള്ള ഉത്സാഹത്തോടുകൂടിയ ശ്രമത്തിൻറെ ഫലം തന്നെ ആണ്. വിദ്യാലയങ്ങളിൽ പോകുന്നതിനു പ്രായമായ കുട്ടികളിൽ, ഇപ്പോൾ നാട്ടുഭാഷാപ്രാഥമികവിദ്യാഭ്യാസം സിദ്ധിച്ചവരുടെ എണ്ണം ഒരു സംഖ്യാശതമാനം മാത്രമാണെന്നു ഞങ്ങൾ ഇതിനുമുമ്പിൽതന്നെ കണ്ടിരിക്കുന്നു. സ്ഥിതിക്കു, പ്രാഥമിക വിദ്യാഭ്യാസം പൊതുവെ പ്രചാരപ്പെട്ടുത്തണമെങ്കിൽ ഒരു ഭീമമായ ജോലി ഇനിയും ഗവൺമെണ്ടിനു ചെയ്തിതുണ്ടു. ബഹുജനവിദ്യാഭ്യാസം ക്ഷിപ്രസാധ്യമാക്കുന്നതിനു ഗവൺമെണ്ടു പൂർവ്വാധികം ശ്രമിക്കേണ്ടതാണെന്നു ഞങ്ങൾ കരുതുന്നു.''

ഈ ശിപാർശയെ ഗവൺമെൻറു ഗൗനിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഈ സംഗതിയുടെ ധനസംബന്ധമായ നിലയെപ്പറ്റി ഇനി ഞാൻ പരിശോധിക്കാം. ഫാമിൻ-ഡ് ഡിപ്പാർട്ടുമെൻറുവക പ്രാഥമികവിദ്യാഭ്യാസത്തിനുവേണ്ടി ൧൯൧൫ ലക്ഷം രൂപാ ഗവൺമെണ്ടു ചിലവു ചെയ്തിട്ടുണ്ട്. ഇതു് ആവത്തിക്കുന്നതായ ചിലവിനെപ്പറ്റിയും നാം നിരീക്കുന്നു. ഡിപ്പാർട്ടുമെൻറുവക പ്രാഥമികവിദ്യാലയങ്ങളിൽ ഹാജരാകുന്ന കുട്ടികളുടെ എണ്ണം ൧,൩൦,൪൩൦ ആയിരുന്നു. സ്കൂളിൽ പോകുന്നതിനു തക്ക വയസ്സുള്ളവരായും എന്നാൽ, ഡിപ്പാർട്ടുമെൻറുവക പള്ളിക്കൂടങ്ങളിലെ സഹായധനം വാങ്ങുന്നതോ അല്ലാത്തതോ ആയ മറ്റു ചില പള്ളിക്കൂടങ്ങളിലെ നിലവാരത്തിനു ഹാജരാകാതെയും ഉള്ളവരുടെ എണ്ണം ഏകദേശം ൧൫ ലക്ഷമായിരുന്നു. ഇവരെ എല്ലാവരും പള്ളിക്കൂടങ്ങളിൽ പോകുന്നതിനു നിർബന്ധിക്കുന്നപക്ഷം പ്രാഥമികവിദ്യാഭ്യാസം വകയാക്കുന്നതിനു ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയിൽ ഉള്ള ചിലവിനു പുറമെ ഏകദേശം ൨൫ ലക്ഷം രൂപാവരെ വേണ്ടിവരുന്നതാണ്. ഇതുകൂടാതെ, കെട്ടിടങ്ങൾക്കും മറ്റു സാധനസാമഗ്രികൾക്കുമായി സ്ഥിരമായ ചിലവിനത്തിൽ വേണ്ടിവരുന്ന വലുതായ തുകയും ഉണ്ടാകേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതിനു വേണ്ടിവരുന്ന ഈ തുകയിൽ ചിലവിനെപ്പറ്റി വിദ്യാഭ്യാസച്ചിലവുകമ്മിറ്റിക്കാർ കണക്കാക്കീട്ടുണ്ട്. അവരുടെ കണക്കിൻപ്രകാരം ജനങ്ങളുടെ ശ്രമങ്ങളെ പ്രോത്സാഹിപ്പിച്ചു ഈ സംഗതിയിലുള്ള ഗവൺമെൻറുശ്രമങ്ങളെ വർദ്ധിപ്പിക്കുന്ന പക്ഷം, ആവത്തിക്കാത്ത ചിലവു ൪൦,൨൦,൦൦൦ രൂപായും ആവത്തിക്കുന്ന ചിലവു ൧൭,൨൦,൦൦൦ രൂപായുമായിരിക്കുന്നതാണ്.

ഈ ചിലവ് എങ്ങിനെ വഹിക്കുന്നു എന്നാണ് ഇനിയും ആലോചിക്കേണ്ടതു്. ഈ വകയെ നിശ്ചയിച്ചിട്ടുള്ള തുകയെ ബുദ്ധിപൂർവ്വമായി കരുതി സൂക്ഷിക്കയും പ്രാഥമികപാഠശാലകളിലെ ജോലിയെ വീണ്ടും രീതിപ്പെടുത്തുകയും ചെയ്യുന്നതായാൽ ഇതുകൂടാതെ ചിലവു അധികമാകാതെ ഈ കാര്യം നിർവ്വഹിക്കാവുന്നതാണ്. ഈ സന്ദർഭത്തിൽ ഗവൺമെണ്ടിൻറെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞിട്ടുണ്ടെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. സ്വാംബേഗവൺമെൻറു വിദ്യാഭ്യാസമന്ത്രിയായിരുന്ന മി: പരഞ്ജപെ പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ചു് അടിപ്പുണ്ടയപ്പെട്ടിട്ടുള്ള മാറിമാറി പഠിപ്പിക്കുന്ന രീതിയെ (ഷിഫ്റ്റ്-സിസ്റ്റം) ഗവൺമെണ്ടു് അനുകൂലിക്കുകയും ഈ രീതിയെ ഡിപ്പാർട്ടുമെൻറു വക പത്തു തെയിനിങ്ങ് പള്ളിക്കൂടങ്ങളിൽ താൽക്കാലികമായി പരീക്ഷിച്ചുനോക്കുന്നതിനു് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ രീതി വിജയകരമായിത്തീരുന്നപക്ഷം ഗവൺമെണ്ടു ഉദ്ദേശിച്ചിട്ടുള്ളതുപോലെ ചിലവിനത്തിൽ വലിയമിച്ചം ഉണ്ടാകേണ്ടതാണ്. താല്പര്യമുണ്ടു ബുദ്ധിപൂർവ്വമായുംനടപ്പിൽ വരുത്തുന്നതായാൽ ഈ രീതി വിജയകരമാകാതിരിക്കുന്നതിനു ഞാൻ ഒരു കാരണവും കാണുന്നില്ല. പാഠശാലകൾ ഒന്നും തന്നെ ഇല്ലാത്ത ദിക്കിലൊഴികെ കൂട്ടുതൽ പാഠശാലകളുടെ ആവശ്യം ഈ ഏർപ്പാടു കൊണ്ടു ഇല്ലാതെ ആകുമെന്നതാണ്. എന്നാൽ ഇതിനെറ ഫലപ്രാപ്തിക്കായി അദ്ധ്യാപകന്മാർക്കു ശമ്പളക്കൂട്ടുതൽ എന്ന നിലയിൽ എന്തെങ്കിലും പ്രോത്സാഹനം നൽകേണ്ടതാണ്. ഇരട്ടിപ്പ് ഷിഫ്റ്റ്-സിസ്റ്റം—വിജയകരമാകുന്നപക്ഷം, ഇപ്പോൾ ഉള്ളപാഠശാലകളിലെ സ്ഥലസൌകര്യം ഇപ്പോൾ ഉള്ളതിൽ ഇരട്ടി വിദ്യാർത്ഥികൾക്കു മതിയാകുന്നതും ഇപ്പോഴുള്ള ജീവനക്കാർതന്നെ ഇരുപതു കുട്ടികൾക്ക് മതിയാകുന്നതുമാണ്. അതുകൊണ്ടു ഗവൺമെൻറിന് അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ അരലക്ഷമോ ആറു ലക്ഷമോ കൂട്ടുന്നതിന് സാധിക്കുന്നതാണ്. ഏതായാലും പ്രാഥമികവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം അപമാനകരമാകുംവണ്ണം ഉച്ചനീചമായി അതിനെ വേഗത്തിൽ പുതുക്കേണ്ടിയിരിക്കുന്നു. ഇതു് ഗവൺമെൻറിനു രണ്ടുലക്ഷം രൂപാ കൂട്ടുതൽ ചിലവ് വരുത്തിയേക്കാം. എന്നാൽ ഈ അധികച്ചിലവുതന്നെയാണു് കൂട്ടുതലായി ൧,൨൦,൦൦൦ കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിനു് ഗവൺമെൻറിനു സാധിക്കുന്നതാണ്. ഹാജരാകേണ്ടസമയത്തെ സംബന്ധിച്ചു് ഒരു ഭേദഗതി ചെയ്യണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു. പള്ളിക്കൂടങ്ങളിൽ കാലത്തു എട്ടുമണിക്കു ഹാജരാകാൻ കുട്ടികളോടു് ആവശ്യപ്പെടാൻ പാടില്ലാത്തതായ എന്തുകൊണ്ടാണെന്നു ഞാൻ അറിയുന്നില്ല. പണ്ടു് നാട്ടുപുറങ്ങളിലെ ആശാന്മാരുടെ പാഠശാലകളിൽ അവർ രാവിലെ ആറുമണിക്കു ഹാജരായിക്കൊണ്ടിരുന്നു. ഇപ്പോൾ എട്ടുമണിക്കു ഹാജരാകുന്നതിനു ധാരാളമായി അവരോടു് ആവശ്യപ്പെടാവുന്നതാണ്. രാവിലെ ൬ മണിമുതൽ ൧൧ മണിവരെയും, ഉച്ചതിരിഞ്ഞു രണ്ടുമണിമുതൽ അഞ്ചുമണിവരെയും ഹാജരാകുന്നതുകൊണ്ടു അദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും ഉള്ളാധിക്യമുള്ള മധ്യാഹ്നസമയത്തു ൧൧-മുതൽ ൨-വരെ വേലചെയ്യാതെ മുഴുപ്പട്ടിണിയാവുന്നതാണ്. അദ്ധ്യാപകന്മാർക്ക് ജോലിസമയങ്ങളുടെ ഇടയിൽ മധ്യാഹ്നത്തിൽ മൂന്നുമണിക്കൂർ സമയം വിശ്രമം കിട്ടുന്നു എന്നുള്ള കൂട്ടുതൽ സൌകര്യവുമുണ്ടു്.

ഈ സന്ദർഭത്തിൽ ധേരാളം സംഗതിയെപ്പറ്റി എനിക്കു് അഭിപ്രായപ്പെടുവാനുള്ളതു് സഹായധനങ്ങളെപ്പറ്റിയാണ്. ഗവൺമെൻറിൽനിന്നും ഇപ്പോൾ ൫,൦൭,൨൦൦ രൂപാ വിദ്യാലയങ്ങൾക്കു് സഹായധനമായി ചിലവുചെയ്യുന്നുണ്ടു്. ഈ സഹായധനത്തെ വീതിച്ചുകൊടുക്കുന്നതിൽ വളരെ ശ്രദ്ധയും വിവേകവും ഞാൻ ആഗ്രഹിപ്പെടുന്നു. ഈ സഹായധനത്തെ ശരിയായവിധത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘങ്ങൾക്കല്ലാതെ സ്വകാര്യസ്ഥാപനങ്ങൾക്കു കൊടുക്കുന്നിടത്തോളംകാലം ഈ ശ്രദ്ധയും ഇടൻകൊണ്ടിരിക്കുന്നതാണ്. സഹായധനം കൊടുക്കുന്നതു് നിയമത്താൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സഭകൾക്കോ, ദേശീയസംഘങ്ങൾക്കോ മാത്രമെ ആകാവു എന്നാണ് എൻറെ അഭിപ്രായം. ഈ സഭകളെ അല്ലെങ്കിൽ ദേശീയസംഘങ്ങളെ താഴെ വിവരിക്കുന്ന ജോലികളെ ചുമതലപ്പെടുത്തി ഏർപ്പാടുചെയ്യേണ്ടതാണ്.

(ക) വിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങൾ ആ സ്ഥലത്ത് എത്രമാത്രമുണ്ടെന്ന കണക്കെടുക്കൽ. അതാത് ആവശ്യത്തിനു മതിയാകുകയുണ്ടോ പാഠശാലകൾ ഉണ്ടോ എന്നും അവ സമമായി വീതിച്ചു സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ എന്നും അറിയുക.

(ഖ) ആവശ്യം അനുസരിച്ചു പാഠശാലകളെ മാറ്റിസ്ഥാപിക്കുക.

(ഗ) ആവശ്യം നേരിട്ടിടത്തുപോലെ പുതിയപാഠശാലകൾ സ്ഥാപിക്കുകയും ക്ലാസ്സുകൾ കൂട്ടുകയും കുറക്കുകയും ചെയ്യുക.

(ഘ) ഈ പാഠശാലകൾക്ക് കെട്ടിടങ്ങളും സാധനസാമഗ്രികളും ഉണ്ടാക്കുകയും അദ്ധ്യാപകന്മാർ തുടങ്ങിയുള്ള ജീവനക്കാരെ നിയമിക്കയും ചെയ്യുക.

(ങ) ആ ദേശത്തേക്ക് ഗവണ്മെന്റിൽനിന്നും കിട്ടുന്ന സഹായധനത്തെ വാങ്ങി വീതിച്ചു കൊടുക്കുക.

(ന്ത) ആ ദേശത്തുള്ള എല്ലാ പാഠശാലകളേയും അതിന്റെ ആധീനത്തിൽ കൊണ്ടുവരിക.

(ഠ) അതിന്റെ അധികാരാതിർത്തിക്കുള്ളിൽ വിദ്യാഭ്യാസം നിർബന്ധിതമാക്കുക.

(ച) കൂടുതൽ വേണ്ടിവരുന്ന ചിലവിലേക്കായി ആവശ്യംപോലെ നികുതികൾ ഏർപ്പെടുത്തുക.

ഒരു ജില്ലാകാലത്തിനുള്ളിൽ പത്തുശതമാനമെന്ന വച്ചുകൊണ്ട് അവയുടെ അധികാരാതിർത്തിക്കുള്ളിൽ വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതിന് ഈ ദേശീയസംഘങ്ങളെ നിർബന്ധിക്കണം; ആ കാലത്തിനകം അവർ അങ്ങനെ ചെയ്യാത്തപക്ഷം ഗവണ്മെന്റുതന്നെ ആ സ്ഥലത്തു വിദ്യാഭ്യാസം നിർബന്ധിതമാക്കി ചെയ്യണം.

ഈ ബോർഡിനെ ചുമതലപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്ന ജോലികളിൽ ഒന്നാമത്തേതിനെ സംബന്ധിച്ചു പറയുന്നതായാൽ, ഇപ്പോൾ പല ജില്ലാക്കുടങ്ങളും തമ്മിൽ ഒന്നിനൊന്നടുത്തും ഒന്നിന്റെ അതിർത്തിക്കുള്ളിൽതന്നെ മറ്റൊന്നിന്റെ അതിർത്തിയും കയറിക്കിടക്കുന്നതായി ആരുംകണ്ടുപിടിച്ചിരിക്കുന്നതിനാൽ വിദ്യാഭ്യാസസൌകര്യം നടത്തേണ്ടതിന് വളരെ അത്യാവശ്യമായിരിക്കുന്ന, സ്കൂളിൽപ്പോകുന്നതിനു തക്ക പ്രായമായിട്ടുള്ള എല്ലാകുട്ടികൾക്കും ഹാജരാകുന്നതിനു അത്രമാത്രം സ്കൂളുകൾ ഇല്ലാതെ വളരെ സ്ഥലങ്ങളും ഉണ്ടായിരിക്കെ, അനവധിച്ചിട്ടുള്ള എണ്ണം കുട്ടികൾ ഇല്ലാതെ വളരെ കുറച്ചു കുട്ടികളെവച്ചു സ്കൂളുകൾ നടത്തിപ്പോരുന്നതായി മറ്റു സ്ഥലങ്ങളും ഉണ്ടായിരിക്കാം. ഇപ്പോഴത്തെ വിദ്യാലയങ്ങളെത്തന്നെ, ശരിയായും ബുദ്ധിപൂർവമായും വീണ്ടും വീതിച്ചു സ്ഥാപിക്കുന്നതായാൽ കൂടുതൽ ചിലവുകൂടാതെ ഇപ്പോൾ ഉള്ളതിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം കൊടുക്കാവുന്നതാണ്. വളരെ മുമ്പ് ക ാ വു ഷ-ൽതന്നെ, ഓരോ പകുതിയിലുമുള്ള വിദ്യാഭ്യാസസ്ഥിതിനെ സ്ഥിതിസൌകര്യങ്ങളെക്കുറിച്ച് ഒരു സർവെ നടത്തേണ്ടതാണെന്നുള്ളതത്വത്തെ ഗവണ്മെന്റംഗീകരിച്ചിട്ടുണ്ട്. ഡാക്ടർ മിച്ചിനിന്റെ ക ാ വു ഷ-ലെ റിപ്പോർട്ടിൽനിന്നും വിദ്യാഭ്യാസച്ചിലവുകമ്മിറ്റിക്കാർ താഴെപറയുന്ന ഭാഗത്തെ ഉദ്ധരിച്ചിരിക്കുന്നു.

"ഓരോ പാഠശാലയും ശരാശരി ദ ാ ച ചതുരശ്രമൈൽ സ്ഥലത്തേക്കു ഉപയോഗപ്രദമായി വരുന്നതുപോലെ പാഠശാലകളെ ഒന്നുപോലെ വീതിച്ചു സ്ഥാപിക്കുന്നപക്ഷം രാജ്യത്തിന്റെ ആവശ്യത്തിനു ധാരാളം മതിയാകുന്നതാണെന്നും എന്നാൽ പാഠശാലകളെ വീതിച്ചിട്ടുള്ളതിൽ പല അബദ്ധങ്ങളുണ്ടെന്നും കഴിഞ്ഞകൊല്ലത്തെ റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്. പാഠശാലകളുടെ എണ്ണവും മൻകുണിച്ച വിസ്തീർണ്ണവും തമ്മിലുള്ള അനുപാതം ആസ്ഥിതിയിൽതന്നെയിരിക്കുന്നതും പാഠശാലകളെ വീതിച്ചിട്ടുള്ളതിലുള്ള വ്യത്യാസങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമാകുന്നു. പാഠശാലകളെ വീതിക്കുന്നതിൽ ഏതെങ്കിലും മട്ടു പദ്ധതി സ്വീകരിക്കേണ്ടതാണെന്ന റിപ്പോർട്ടിൽ പറയുന്നുണ്ട്. ക ാ വു ഷ-ൽ ഡിപ്പാർട്ടുമെന്റിന്റെ ജോലി അസാധാരണമായി കൂടുതലായിരുന്നതും അതിനാൽ ഈ സംഗതിയെ ആലോചനയ്ക്കെടുക്കുന്നതിന് സാധിച്ചിട്ടില്ലെന്നും ഞാൻ ഈയാണ്ടിൽ ചെയ്യുന്നതിനു വിചാരിക്കുന്നുണ്ട്. തെക്കൻ താലൂക്കുകളിൽ ഏതാനും ചിലതിൽ അപ്പിടെയുള്ള ജനങ്ങളുടെ ആവശ്യത്തിൽ കൂടുതലായി പാഠശാലകൾ ഉള്ളതുകൊണ്ട് ആ തെക്കൻ താലൂക്കുകളിൽ ഈ ജോലി ആരംഭിക്കുമെന്നാണ്. ഈ താലൂക്കുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുതുടങ്ങിയിരിക്കുന്നു. എന്നാൽ അതു ഒരു രീതിയിൽ ആയിട്ടില്ല. ഓരോ താലൂക്കുകളും വിദ്യാഭ്യാസാവിശ്യങ്ങളായി ഭാഗിക്കപ്പെടുന്ന, ഓരോ വിഭാഗത്തിന്റെയും ആവശ്യങ്ങളെക്കുറിച്ച് അതിന്റെ ജനസംഖ്യ, ഗതാഗതസൌകര്യങ്ങൾ എന്നിങ്ങനെയുള്ളവയെ ആസ്പദമാക്കി അന്വേഷണം നടത്തുന്നതും ആവശ്യം ഇല്ലെന്നു കാണുന്ന സ്കൂളുകളെ നിറുത്തുന്നതിനു ഏർപ്പാടുകൾ ചെയ്യുന്നതുമാകുന്നു. ഈ പദ്ധതിയുടെ പ്രാധാന്യം ആക്ഷേപിക്കപ്പെടാവുന്നതല്ല. ഈ ജോലി വളരെ കൊല്ലത്തേക്ക് നീണ്ടുകിടക്കാമെങ്കിലും ഇതിന്റെ വിപുലതയെ ഇതേസംബന്ധിച്ച് ആക്ഷേപങ്ങളുണ്ടാകുവാനുള്ള അവകാശത്തെപ്പറ്റിയുള്ള ചിന്തയോ ഇതിന്റെ നിർവഹണത്തിനു തടസ്ഥങ്ങളായി വരാൻ പാടുള്ളതല്ല. അപ്രകാരമുള്ള "ഒരു സർവെ" ആരംഭിക്കുകയോ അവലംബങ്ങൾ ഇല്ലാതെ ആയി എന്ന് പിന്നീട് ഒരു കൊല്ലത്തിലെങ്കിലും റിപ്പോർട്ടു ചെയ്യപ്പെടുകയൊ ഉണ്ടായിട്ടില്ലെന്നു കമ്മിറി പറയുന്നു. സൂക്ഷ്മത്തിൽ അവ തുടർന്നുകൊണ്ടുതന്നെ ഇരിക്കുന്നു. അങ്ങനെ ആണെങ്കിൽ ക ാ വു ഷ-ൽ ഉദ്ദേശിച്ചിരുന്ന അന്വേഷണത്തെ നടപ്പിൽവരുത്തേണ്ടതാണെന്നും അതാതു ദേശത്തിന്റെ വാസ്തവമായ ആവശ്യം അനുസരിച്ച് പാഠശാലകളെ വീണ്ടും വീതിക്കേണ്ടതാണെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഒരുസ്ഥലത്തുതന്നെ അടുത്തടുത്ത് രണ്ടിപ്പാർട്ടുമെന്റുവക പള്ളിക്കൂടവും പ്രൈവറ്റുസ്കൂളും ഉണ്ടായിരിക്കുകയും അതിൽ ഒന്ന് ആവശ്യമില്ലെന്നും കാണുന്ന വിഷയത്തിൽ പ്രൈവറ്റുസ്കൂളിനു ഗവണ്മെന്റ് സ്കൂളിനെക്കാൾ ചിലവു കുറഞ്ഞിരിക്കുമെന്നുള്ളതുകൊണ്ട് ഗവണ്മെന്റ് സ്കൂൾ നിറുത്തൽചെയ്യാവുന്നതാണ്."

ഇതാണ് വിദ്യാഭ്യാസച്ചിലവുകമ്മിറിയുടെ അഭിപ്രായം. ഒരു വിദ്യാഭ്യാസബോർഡ് ഏർപ്പെടുത്തുന്നതിനെ ഞാൻ അഭിപ്രായപ്പെടുന്നു. അവരാൽ ഈ സർവെ നടത്തപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കയും ചെയ്യുന്നു. ദേശീയസ്ഥാപനങ്ങളെ ഉണ്ടാക്കുന്നതുകൊണ്ട്, രാജ്യത്തിലുള്ള സാമുദായികസ്ഥാപനങ്ങളുടെ ദോഷത്തെ അവ ഇല്ലാതെ ആക്കുന്നു എന്നുള്ള വലുതായ മറ്റൊരു ഗുണം ഉണ്ടാകുന്നു. രാജ്യത്തിൽ പല സമുദായങ്ങളും ഉള്ളസ്ഥിതിക്ക് കൂടിവരുന്നസ്ഥാപനങ്ങൾവഴിയുള്ള വിദ്യാഭ്യാസത്തിന്റെ ഒരു പ്രത്യേകസമുദായത്താൽ മാത്രമുള്ള നിയന്ത്രണം മാറുമല്ലോ സമുദായങ്ങളാൽ അവിശ്വസിക്കപ്പെടുകയും, സഹജമായി സ്വന്തമായ സ്ഥാപനങ്ങളെ ആരംഭിച്ച് നടത്തുന്നതിനു അവർ ആഗ്രഹിക്കയും ചെയ്യുന്ന. ഇതു അസൂയകരമായ മത്സരത്തിനു വഴിയാക്കുകയും, സമുദായങ്ങൾ തമ്മിൽ നീരസത്തെ ഉണ്ടാക്കി, പല അവസരങ്ങളിലും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെ

വിഷയവിഭാഗങ്ങളിൽ പഠിപ്പിക്കുകയും ചെയ്യുന്നു. എല്ലാ സമുദായങ്ങളുടേയും പ്രതിനിധികൾ അടങ്ങിയ ഇപ്പോൾ ഉള്ള ഒരു കമ്മിറ്റി ഈ ദിശയിലെ പഠിപ്പിക്കുന്നു. പൊതുജനവിദ്യാഭ്യാസസംഗതിയിലുള്ള് ഇത് ഒരു സമാധാനമുണ്ടാക്കുകയും ചെയ്യുന്നു. എന്റെ അഭിപ്രായത്തിൽ എല്ലാവിദ്യാഭ്യാസസ്ഥാപനങ്ങളും, പ്രത്യേകസമുദായങ്ങൾക്കല്ലാതെ, രാജ്യനിവാസികളുടെയും ആയിരിക്കണമെന്നാകുന്നു. ഈ ആഗ്രഹിക്കുന്നകാര്യം ഫലപ്രാപ്തിയിൽ വരുത്തുന്നതിനുള്ള മാർഗ്ഗം ഒരു പരിഷ്കരിക്കപ്പെട്ടിട്ടുള്ള ദേശീയസ്ഥാപനങ്ങൾക്കായി എല്ലാ പ്രൈവറ്റുപാഠശാലകളേയും വിട്ടുകൊടുക്കേണ്ടതാകുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്ക് തിരിച്ചിട്ടുള്ള തുകയെ, കോളേജ്വിദ്യാഭ്യാസം, സെക്കൻഡറിവിദ്യാഭ്യാസം, പ്രാഥമികവിദ്യാഭ്യാസം ഇവയ്ക്കായി വീതിച്ചുകൊടുക്കുന്നത് ന്യായമായിട്ടുള്ള രീതിയിലല്ല. അനുപാതമുകയിൽ കൂടുതലായ ഒരു ശതമാനം പ്രാഥമികവിദ്യാഭ്യാസത്തിനായി പ്രത്യേകമായി നീക്കിവയ്ക്കുന്നതാണ്. ജനങ്ങളുടെ അഭിപ്രായത്തിൽ ആവശ്യത്തിൽ വളരെ കൂടിയിരിക്കുന്ന അഭ്യാപേക്ഷകന്മാരെ കുറച്ചു കോളേജുവിദ്യാഭ്യാസത്തിനുള്ള ചിലവുകുറയ്ക്കുന്നതാകുന്നു. ഇതെല്ലാം ചെയ്യുന്നതിൽ, നിർബന്ധിതപ്രാഥമികവിദ്യാഭ്യാസത്തിനുള്ള ഗവണ്മെന്റിന്റെ കടപ്പാടുകൾ നിറവേറ്റുന്നതിനുള്ള മാർഗ്ഗം ഉണ്ടാക്കുവാൻ വേണ്ടതാണെന്നു ഞാൻ പറയുന്നു.

കൊച്ചിൻ സംസ്ഥാനത്തിന്റെ തലസ്ഥാനമായ എറണാകുളത്തുള്ള ഗവണ്മെന്റ് സംസ്കൃതകോളേജിൽ ഈ വർഷത്തിൽ ചേർന്നിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം നൂറ് ആണ്. ഈ സ്ഥാപനത്തിനുള്ള ആകെ ചിലവ്, ക ൈ,൨൭൦ രൂപയായിരുന്നു. ആ തുകയിലുള്ളതിലേക്കുള്ള വരവ് സ, ൭൫൫ രൂപയാണ്. വരവുകഴിച്ചുള്ള ചിലവ് വ, ൫൧൫ രൂപയായിരുന്നു. ഓരോ കുട്ടിയും അയാളുടെ ആഹാരച്ചിലവിലേക്ക് എത്രയോ ഇരുപതുരൂപാ കൊടുക്കേണ്ടതായി വന്നിട്ടുണ്ട്. ഒരു കൊല്ലത്തിൽ പുസ്തകസംഖ്യം കണക്കാക്കി നോക്കുമ്പോൾ ഗവണ്മെന്റ് ഓരോ കുട്ടിക്കും ൨൫ രൂപാവീതം ചിലവഴിച്ചിട്ടുണ്ട്. അങ്ങനെ ഒരു കുട്ടിക്കുള്ള ആകെച്ചിലവ് ൪൫ രൂപാ ആകുന്നു. ഇതു് അമിതവ്യയമാണ്. ഇപ്പോൾ പുതുതായി പണികഴിക്കപ്പെട്ടുന്ന സംസ്കൃതഹോസ്റ്റൽ ൧൦൦ കുട്ടികൾക്ക് താമസിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതു്. മേൽക്കാണിച്ച കണക്കനുസരിച്ചു ൧൦൦ വിദ്യാർത്ഥികൾക്കായി ഈ പുതിയ ഹോസ്റ്റൽ തുറക്കപ്പെടുമ്പോൾ ഗവണ്മെന്റിൽ നിന്നും ഏകദേശം ൩,൫൦൦ രൂപാ ചിലവാകേണ്ടിവരുന്നു. കൂടാതെ കെട്ടിടത്തിനു, ക,൭൫,൦൦൦ രൂപാ ചിലവാകുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു; അതായത് ഒരു വിദ്യാർത്ഥിയുടെ കെട്ടിടച്ചിലവ് ൭൫൦ രൂപാ വരുന്നു. ഗവർണ്മെന്റു ഈ ചിലവ് വഹിക്കുന്നു് ഓരോ കുട്ടിക്കും ൨൫ അടി വീതിയുമുള്ള ഓരോ മുറി ഉണ്ടാക്കിക്കൊടുക്കുന്നതിനായിട്ടാണ്. ഈ തുക്കുന്നു് ൨൦ വിദ്യാർത്ഥികൾക്ക് താമസിക്കത്തക്കതായ ഒരു ചെറിയകെട്ടിടം പണികഴിക്കാവുന്നതാണ്. ശില്പിശാസ്ത്രീയമായ നോക്കുന്നതുകൊണ്ടും ഈ കെട്ടിടം ഇച്ചിലവാക്കുന്നതിനു വകയായിട്ടാണ് അവസാനിച്ചിട്ടുള്ളതു്. മേൽക്കൂര വെച്ചുതോട്ടുകൂടി ഇതിനു ഒരു ബീഭത്സമായകാഴ്ചയുണ്ട്. ജനലുകൾ കെട്ടിടത്തിന്റെ നിലയ്ക്കു വളരെ ചെറുതും വെളിച്ചം വളരെ കുറവുമായിരിക്കുന്നു.

സ്ത്രീകൾക്കുള്ള വിദ്യാർത്ഥിമന്ദിരത്തിൽ ൧൦൦ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. അതിലേക്കുള്ള ചിലവ് വ,൫൫൦ രൂപയും, വരവ്, ൨,൦൦൦ രൂപയും ആയിരുന്നു. ഓരോ വിദ്യാർത്ഥിയും ൯ രൂപാവീതം മാത്രം കൊടുത്തിട്ടുള്ളതും, ഓരോ വിദ്യാർത്ഥിക്കും വേണ്ടി ഗവർണ്മെന്റിനുള്ള അധികചിലവ്, ൧൦ രൂപാവീതം ആയിട്ടുള്ളതും ആകുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള വിദ്യാർത്ഥിമന്ദിരങ്ങളിൽ ഉള്ള ചിലവിൽ ഇത്രവളരെ വ്യത്യാസംവരുന്നു എന്തുകൊണ്ടാണെന്നുള്ളതിനു തക്കസമാധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ആൺകുട്ടികൾ പെൺകുട്ടികളെക്കാൾ ഇരട്ടി ആഹാരം കഴിയ്ക്കുമായിരിക്കുമോ?

മലയാളബ്രാഹ്മണക്കുടുംബത്തിലെ പെൺകുട്ടികൾക്കു ഒരു സ്പെഷ്യൽ പള്ളിക്കൂടവുമുണ്ട്. ഇതിലേക്കുള്ള ചിലവ് ഗവർണ്മെന്റിൽ നിന്നും വഹിച്ചുവരുന്നു; എന്നാൽ ഇതിനെ ബന്ധപ്പെട്ടിരിക്കുന്ന ഒരുദ്യോഗസ്ഥനും പ്രത്യുത്കമായി പറഞ്ഞുകേൾക്കുന്നില്ല. ഇതിനെ ഏവിടെ എന്തിനായി ഒളിച്ചുവച്ചിരിക്കുന്നു എന്നു വിദ്യാഭ്യാസഡയരക്ടർ പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. മലയാളബ്രാഹ്മണരെ സംബന്ധിച്ചിടത്തോളം അവരുടെ ഇടയിൽ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നു് ഞാൻ സമ്മതിക്കുന്നു, എന്നാൽ ഇപ്രത്യേകസമുദായത്തിനായാലും പ്രത്യേകപരിഗണവേണമെന്നുള്ള അഭിപ്രായത്തെ ഞാൻ എതിർക്കുന്നു. രണ്ടാമതു് മലയാളബ്രാഹ്മണർക്ക് സ്പെഷ്യൽ സ്കൂൾ ആവശ്യപ്പെടുന്നപക്ഷം അതിനുള്ള ചിലവ് പൊതുഖജനാവിൽ നിന്നും വഹിക്കാതെ ദേവസ്വം മുതലിൽനിന്നൊ ഊട്ടുപുരമുതലിൽനിന്നൊ വഹിക്കേണ്ടതാണ്.

വിദ്യാഭ്യാസകേന്ദ്രം വളരെ പഴയതും അതിലെ പല ഭാഗങ്ങളും പുതുക്കേണ്ടതുമാകുന്നു. തെഴിൽവിദ്യാഭ്യാസം, മഹാപാഠശാലാസ്ഥലസൌകര്യം തുടങ്ങിയ മറ്റു സംഗതികളെ പറ്റിയും എനിയ്ക്ക് വിമർശിക്കേണ്ടതായുണ്ട്; എന്നാൽ സമയപരിമിതത്താൽ ഇനിയും ഒരു അവസരത്തിനായി അങ്ങിനെ ചെയ്യുകൊള്ളാമെന്നു വിചാരിക്കുന്നു.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു്. വിശേഷിച്ചും ഇംഗ്ലീഷ്വിഭാഗം—ബ്രാഹ്മണർക്ക് പ്രത്യേകം അള്ള പ്രേമയിട്ടാണ് ഇരിക്കുന്നതു്. മി. എം. എൻ. പിള്ളയുടെ ഒരു ചോദ്യത്തിനു മറുപടിയായി, ഗവർണ്മെന്റു ഹാജരാക്കിയ ഒരു സ്റ്റേറ്റുമെന്റിൽനിന്നും ആൺകുട്ടികൾക്കുള്ള ഇംഗ്ലീഷും മലയാളവും പള്ളിക്കൂടങ്ങളിൽ കഴിഞ്ഞ മുന്നുകൊല്ലങ്ങളിൽ പകരമായി നിയമിക്കപ്പെട്ടിട്ടുള്ള ബി. എ. ക്കാരായ അദ്ധ്യാപകന്മാരിൽ ആകെ, ൯൨ മനുഷ്യരിൽ, ൪൯-ം ബ്രാഹ്മണരാൽ വഹിക്കപ്പെട്ടിട്ടുണ്ടെന്നു. കൂടാതെ, ൨൩, അസിസ്റ്റന്റു ഇൻസ്പെക്ടന്മാരിൽ, ൫-ം ബ്രാഹ്മണരാണ്. ഇംഗ്ലീഷ്സ്കൂളുകളിലെ, ൨൦, ഹെഡ്മാസ്റ്റർമാരിൽ ൧൩, ബ്രാഹ്മണരാണ്. കോളേജിൽ, പ്രഫസർമാരും അസിസ്റ്റന്റു പ്രഫസർമാരും ആകെ ൧൩ പേർ ഉള്ളതിൽ ൧൨ ബ്രാഹ്മണരാണ്; ൨൭, ട്യൂട്ടർമാരിൽ ൧൪-ബ്രാഹ്മണരാണ്, ൨൦-ബ്രുപയൊ അതിൽ കൂടുതലൊ ശമ്പളം ഉള്ള, ൩൭ ഉദ്യോഗങ്ങളിൽ, ൨൪-എണ്ണം ബ്രാഹ്മണരാൽ വഹിക്കപ്പെട്ടിരുന്നു. മുൻകാലങ്ങളിലെ സ്ഥിതി എന്തുതന്നെയായിരുന്നാലും ഇതു മറുമ്മിസമുദായങ്ങളുടെ ന്യായപ്പെട്ട അപേക്ഷകന്മാരുടെ ന്യായലഭ്യംകൊണ്ടാണെന്നു് ഇപ്പോൾ വാദിക്കപ്പെടാവുന്നതല്ല. ഉയർന്ന ഉദ്യോഗങ്ങളിലിരിക്കുന്ന ബ്രാഹ്മണർ സ്വസമുദായത്തിലുൾപ്പെട്ട ആളുകൾക്കു സഹായമായി അവരുടെ ഉദ്യോഗനിലയെ ഉപയോഗിക്കുന്നതുണ്ട് ഇതിനു് കാരണമായിട്ടുള്ളതു്.

സമ്പദ്ഘടനയിൽനിന്നും ഉയിർത്തുന്ന വിരുദ്ധതകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. ഇതിന് പരിഹാരം കാണുന്നതിന് ഗവർണ്മെന്റിന്റെ ഭാഗത്തുനിന്ന് ഒരു ചിന്താവിഷയമായിത്തീർന്നിരിക്കുന്നു. ഗവർണ്മെന്റിലേക്ക് ആളുകളെ എടുക്കുന്നതിനു ജനങ്ങൾക്ക് തുല്യനിരക്കാകുന്നില്ലെന്നു ബന്ധപ്പെട്ടിടത്തിനെ പരിശോധിച്ചു ചിലർ ആക്ഷേപം എപ്പോഴുമെന്നവണ്ണം പറയുകയുണ്ടായി. ഈ സംഗതിയെ പറ്റി, ഇക്കഴിഞ്ഞ നവംബറിൽ ചെല്ലങ്കോട്ടയിൽ പ്രത്യേകമായി നടത്തിയ ദർബാറിൽ കൂടിയിരുന്നു, എന്നിട്ടും ഗവർണ്മെന്റിന്റെ ഭാവത്തിൽ യാതൊരു മാറ്റവും ഉണ്ടായില്ല. ഇത് ഒരുവനോടുമാത്രമായിരുന്നു. മി: കുമാരപിള്ളയുടെ പ്രസംഗത്തിൽ അടങ്ങിയ സൂചനകൾ അടിസ്ഥാനമുള്ളവയെന്നു വരുന്നപക്ഷം, ഈ സമുദായസ്പന്ദനിയമനസംഗതികളിൽ കുന്നിക്കുന്നുകൂടുതൽ ഉദ്യോഗകയറ്റങ്ങളിലും, തിരുകലുകളിലും, കൂടി ക്രമേണവ്യാപിച്ചുവരുന്നു. കോവൻകുന്ന സമ്പ്രദായത്തെ മനക്കരുത്തും മിന്ന സമുദായത്തിൽപ്പെട്ട കുറെക്കാക്ക് മിന്നശിക്ഷണം നൽകുകയും ചെയ്യുന്നു അറിയുന്നിടത്തോളം ഉള്ളവിവരങ്ങൾകൊണ്ട് ഈ വിഷയത്തിൽ വധിയകൂറെക്കാൻ പീഫ്എഞ്ചിനീയർക്കുണ്ടെന്നാണ്. അദ്ദേഹത്തിന്റെ മേൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾക്ക് അദ്ദേഹം തക്കസമാധാനം പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സംഗതിയിൽ കഴിയുന്നതും വേഗം നടപടികടന്നുകിട്ടേണ്ടതിനു ഇങ്ങനെ, ഇപ്പോഴിലയിൽ ഇങ്ങനെ മാസിയെ അഭ്യൂഹങ്ങൾക്ക് സകാരമായുണ്ടായിരുന്ന മട്ടിലും ഇവിടെയും ഉണ്ടെന്നു ഞാൻ ഈ അവസരത്തിൽ ഗവർണ്മെന്റിനെ ഓർമ്മിപ്പിച്ചു കൊള്ളുന്നു. ദേവസ്വംവകുപ്പിനെ ഞങ്ങൾ ഏതിനെ ഉപയോഗിക്കുന്നതിനെ ഇതിനെന്നതല്ല, ഗവർണ്മെന്റ് ഞങ്ങളെ ആ പദവിയിലേക്കു ഒട്ടിച്ചു, കഴിപ്പതെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഞാൻ വിശ്വസിക്കുന്നു, എണ്ണത്തിന്റെ തോതനുസരിച്ച് നിയമനങ്ങളിൽ കഴിവിന്റെ ശതമാനമേ ബ്രാഹ്മണർക്ക അവകാശപ്പെട്ടുള്ളൂ. എന്നാൽ അവരിപ്പോൾ ചില ഡിപ്പാർട്ടുമെന്റുകളിൽ ഭൂരിപക്ഷമാനം ഉദ്യോഗങ്ങളും കൈവശപ്പെടുത്തിട്ടുണ്ട്.

മി: കമ്മത്തിന് തൊണ്ണൂറ് (ശരിക്കുപറഞ്ഞാൽ—പിൻതോടം) അതുപൂർവ്വമായ വെള്ളപൊക്കത്താൽ കഷ്ടപ്പെടുന്ന മലബാറിലെ കുടിയാൻമാരുടെ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നതിലേയും, ജനങ്ങളുടെ ഗവർണ്മെന്റ് കാണിച്ച അനുകമ്പയ്ക്ക് ഞാൻ ആത്മാർത്ഥമായി നന്ദിപറയുന്നു കൊള്ളുന്നു. ഈ ജലപ്രവാഹം രാജ്യത്തുണ്ടായ അസാധാരണമായ വർഷത്തിന്റെ ഫലമാണ്. എന്നാൽ പെരിയാറിന്റെ ഇക്കരകളിലും ഉണ്ടായിട്ടുള്ള നാശങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ സ്ഥിതി മുന്നറിവു കൊടുക്കാതെ പെരിയാറണയുടെ ചില്പുകളെ താഴ്ത്തുകാണം, വളരെ കൂടുതൽ കഷ്ടമാക്കി ചെയ്യപ്പെട്ടു. ഈ സമയത്തുണ്ടായിട്ടുള്ള പോലെ പെരിയാർ കായലിനു വടക്കുഭാഗത്തുള്ള ഉള്ളടങ്ങിയും (വിസ്തീർണ്ണമുള്ളതും) കൂടുതൽ ക്രമാനുഗതമായും അടി ആഴമുള്ളതുമാകുന്നു. അവിടെ കെട്ടിനിൽക്കുന്നുള്ള വെള്ളത്തിന്റെ പരിമാണം വൈമനാട്ടുകായലിലെ വെള്ളത്തിന്റെ പരിമാണത്തെക്കാൾ വളരെ അധികമാണെങ്കിലും ഈ വെള്ളം മുഴുവനും സമുദ്രനിരപ്പിൽ നിന്നും വളരെ അടി ഉയരത്തിൽ ഇരിക്കുന്നതുകൊണ്ടും, ശേഖരിച്ചിട്ടുള്ള ഈ വമ്പിച്ച ശക്തിയെ വേണ്ടതു പോലെ സൂക്ഷിച്ചിട്ടില്ലെങ്കിൽ തിരുവിതാംകൂറിലും കൊച്ചിയിലും വളരെ ഭൂവിഭാഗങ്ങളുടെ ഉന്മൂലനാശത്തിന് ഇത് കാരണമായി തീരുന്നതാണ്. വെള്ളം ഒരു നിശ്ചിതനിരപ്പിനുമുകളിൽ പോകാതെ ഇരിയ്ക്കുന്നതിനായിട്ടാണ് ചില്പുകൾ ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. വെള്ളം തടഞ്ഞു നിൽക്കുന്നസ്ഥലത്തുള്ള വസ്തുവിന്റെ ഏറ്റവും കുറഞ്ഞവില നിരപ്പിൽ നിന്നും വെള്ളം മേൽപ്പോട്ടു പോകുന്നതിനു മുടയുണ്ടെന്ന് കാണുമ്പോൾ, ഈ ചില്പുകളെ താഴ്ത്തി വെള്ളത്തെ വെളിയിൽ വിടുന്നു. ഈ കൊല്ലം താഴ്ത്തുന്നതിനു മുന്നമെന്നതിനെ കൊടുക്കാതെ ചില്പുകളെ താഴ്ത്തരുതെന്ന് ഇത് കാരണമായി തീരുന്നതാണ്. വെള്ളം ഒരു നിശ്ചിതനിരപ്പിനുമുകളിൽ പോകാതെ ഇരിയ്ക്കുന്നതിനായിട്ടാണ് ചില്പുകൾ ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. വെള്ളം തടഞ്ഞു നിൽക്കുന്നസ്ഥലത്തുള്ള വസ്തുവിന്റെ ഏറ്റവും കുറഞ്ഞവില നിരപ്പിൽ നിന്നും വെള്ളം മേൽപ്പോട്ടു പോകുന്നതിനു മുടയുണ്ടെന്ന് കാണുമ്പോൾ, ഈ ചില്പുകളെ താഴ്ത്തി വെള്ളത്തെ വെളിയിൽ വിടുന്നു. ഈ കൊല്ലം താഴ്ത്തുന്നതിനു മുന്നമെന്നതിനെ കൊടുക്കാതെ ചില്പുകളെ താഴ്ത്തരുതെന്ന് ഇത് കാരണമായി തീരുന്നതാണ്. ഉപരിവും തട്ടിയപ്രദേശങ്ങളിൽ നിന്നും കിട്ടിയവിവരങ്ങളും ഈ അഭിപ്രായത്തെ ഉറപ്പിക്കുന്നു. കോട്ടയത്തു മി: പി ജോണിന്റെ വകയായി 10 വണ്ടി അരിയും നാലു വണ്ടി വസ്ത്രസാമാനങ്ങളും കരിങ്കുളം തോട്ടത്തിലേക്കുള്ള വഴിയിൽ വച്ച് ഒഴുക്കിൽ കൊട്ടി മുങ്ങിച്ച് കൊണ്ടു പോകപ്പെട്ട പെരിയാർ തോട്ടത്തിൽ നിന്നും കിട്ടിയ അറിവുകൊണ്ടും വെള്ളപ്പൊക്കം പെട്ടെന്നുണ്ടായതാണെന്നും ജീവനാശവും, ധനനാശവും അപാരമായിരുന്നു എന്നും കാണുന്നു. അതുകൊണ്ട് ഇനിയും ചില്പുകളെ ഇറക്കുന്നതിനു മുന്നറിവു കൊടുക്കുന്നതിനെപ്പറ്റി മദ്രാസ് ഗവർണ്മെന്റുമായി വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന് ഞാൻ അപേക്ഷിക്കുന്നു. ക്രമാതീതമായ ഈ ശക്തിസഞ്ചയത്തെ കൈകൊണ്ടും ചെയ്യുന്നതിൽ അശ്രദ്ധകാണിക്കുന്നതുകൊണ്ട് അധികം കാലത്തേക്കിലും പെരിയാറിന്റെ താഴ്വാരനിവാസികളിൽ താമസിക്കുന്ന ജനങ്ങൾക്ക് ഇതിൽ കൂടുതലായ ആപത്തുണ്ടാക്കുന്നതാണെന്നുള്ള സംഗതി ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തി കൊള്ളുന്നു.

വെള്ളപ്പൊക്കം കൊണ്ട് കഷ്ടപ്പെട്ട ജനങ്ങൾക്കു വേണ്ടി ഗവർണ്മെന്റ് ചെയ്തു വരുന്ന ധാരാളമായ സഹായത്തെക്കുറിച്ച് എനിയ്ക്ക് പറയാനുള്ളതു്. ആ സഹായം വാസ്തവമായി അർഹിക്കുന്ന ആളുകൾക്ക് എത്തിച്ചേരുന്നുണ്ടോ എന്ന സൂക്ഷിക്കേണ്ടതാണ്. കഷ്ടനിവാരണത്തിനുള്ള ഉത്തമമായ മാർഗ്ഗം ആ ജോലി മാൻ റവന്യൂകമ്മിഷണരെ ഏല്പിക്കുകയാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. അദ്ദേഹം ഒരേഡിവിഷന്റെയും അവശ്യം അനുസരിച്ചു ആ ജോലിയെ പോഷ്ടരെന്മാർക്ക് വീതിച്ചു കൊടുത്തു കൊള്ളുകയും ചെയ്യും. വെള്ളപ്പൊക്കം കൊണ്ട് ഉപദ്രവം തട്ടിട്ടുള്ള ഓരോ താലൂക്കിലേയും തഹശിൽദാരന്മാരും ഓരോ പകുതികളിലും ഉള്ള ഗ്രാമോദ്യോഗസ്ഥന്മാരെ മുൻപ്പെട്ട കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് ആ സംഖ്യയെ ചിലവാക്കുന്നതിനു ഡിവിഷൻ പേഷ്കാരോട് ആവശ്യപ്പെടുകയും ചെയ്യും.

ഉപദ്രവം ഏറ്റിട്ടുള്ള എല്ലാസ്ഥലങ്ങളിലേയും ഹരസ്സുധനസഹായസംഘങ്ങളെ ഈവക മുതൽ എടുപ്പിക്കുന്നതിന് ഒരു അഭിപ്രായമുള്ളതായി ഞാൻ അറിയുന്നു. അപ്രകാരം പേർപോയപ്പെടുന്ന സംഘങ്ങളിൽ ചിലവർ നാമമാത്രം ജീവിക്കുന്നവരും അവയെതൊരു ജോലിയും ചെയ്യുന്നില്ലാത്തവരുമാകുന്നു. അങ്ങനെയുള്ള സംഘത്തിൽ ഉൾപ്പെടാത്ത അന്യന്മാർക്ക് വേണ്ടി ധർമ്മപ്രവൃത്തിയും ചെയ്യുന്നത് അവയുടെ ജോലിയിൽ ഉൾപ്പെട്ടതല്ല. നമ്മുടെ രാജ്യത്തിൽ അവയുടെ ബാല്യദശയിലിരിക്കുന്ന ഈ സംഘങ്ങളും പൊട്ടുന്നതിനു സമയത്തിനു തക്കവണ്ണം വളർന്നുകഷ്ടപ്പെടുന്നവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുമെന്നതിനു വിശ്വാസം ഇല്ല.

ഇനിയും ബന്ധുറിയേയ്ക്കു പ്രവേശിക്കുമ്പോൾ ഗവർണ്മെന്റ് ഭൂമിയെ വിറ്റിട്ടു വസൂൽചെയ്യുന്നതിനു ഉഴലുശിച്ചിട്ടുള്ള രണ്ടു ലക്ഷം രൂപായുടെ ഒരു ഇനം ഞാൻ കാണുന്നു. ഈ ആദായത്തിന്റെ ഏറിയ ഭാഗവും തൊണ്ണൂറിലുള്ള തീയതിയ്ക്കു വിറ്റു കിട്ടുമെന്ന് പ്രതീക്ഷിക്കപ്പെട്ടിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നു. കൂടുതൽ കൊള്ളാവുന്നതായി ഒരു പരിമിതമായ ഭൂവിഭാഗം മാത്രമേ ഇനിയും വില്പനക്ക് നമ്മുടെ കൈവശത്തിൽ ഇരി

പുള്ള എന്നുള്ളതുകൊണ്ട് ഇനിമേൽ പരിഷ്കരിച്ചിട്ടുള്ള കൂലിപ്രകാരം കൂട്ടിക്കൊടുക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. അടുത്തകാലം വരെ ഗവണ്മെന്റിന്റെ പ്രത്യേക അനുവാദം കൂടാതെ ഡിയർനസ് അലവൻസിന്റെ വർദ്ധനവിനുവേണ്ടി സമ്പാദിക്കാൻ പാടില്ലാത്ത ഒരു കാര്യമായിരുന്നു. എല്ലാ ഗവണ്മെന്റുകളും ഈ ചട്ടം ഉപേക്ഷിക്കപ്പെട്ടു. സർ. തിരുവിതാംകൂറിലെ ഭരണതന്ത്രജ്ഞന്മാരുടെ ശ്രദ്ധയിലേയ്ക്ക് ഈ ചട്ടത്തെ പുനർജ്ജീവിപ്പിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ മനഃസാക്ഷിയെ ചൊല്ലി നടത്തുന്ന പ്രസ്താവനകൾ ഈയവസരത്തിൽ വിട്ടുകളയുന്നതിനു ഞാനിഷ്ടപ്പെടുന്നില്ല. പല രാഷ്ട്രങ്ങളിലും ഈവിധമായ, അർത്ഥശൂന്യങ്ങളായ ഈ സഭയുടെ സമയത്തെ പാഴാക്കിയിട്ടുള്ള പ്രസ്താവനകൾ ഇതിനുമുമ്പു നടത്തിയിട്ടുള്ളതായി ചരിത്രം പ്രസ്താവിക്കുന്നു. ഈ രാജ്യത്തിലെ ഉദ്യോഗസ്ഥന്മാരുടെ വിനിയോഗക്രമത്തിൽ ഹേ. ഉദ്യോഗസ്ഥന്മാരുടെ എല്ലാപ്രവൃത്തികളിലും സമൂഹനന്മയെന്നുള്ള അവരുടെ പ്രത്യേക ആദർശങ്ങളുണ്ടെന്നു പറയുവാൻ സമൂഹത്തിൽപ്പെട്ട ചില മെമ്പർമാർ ഈ സഭയിൽവച്ചു നടത്തിയ ചരിത്രാസ്പദമായി കണക്കാക്കുന്നു പ്രസ്താവിച്ചിട്ടും ഗവണ്മെന്റുദ്യോഗം ഒരു ജാതിക്കോ ഒരു സമുദായത്തിനോ പ്രത്യേകമായി നിശ്ചയപ്പെട്ടതോ ജന്മസിദ്ധമായിട്ടോ ഉള്ള ഒരു അവകാശമല്ലെന്നും ഈ അവകാശവാദം ന്യായം നടത്തണമെന്നുള്ളതുകൊണ്ടു തന്നെ അനുകൂല്യം തരണമെന്നുമല്ലെന്നും, ഇപ്പോൾ ധാരാളമായി സമ്മതിക്കപ്പെട്ടിട്ടുള്ളതായിട്ടാണ് കാണുന്നു. എന്നാൽ ഈ തത്വം അംഗീകരിക്കപ്പെട്ടു എന്നുള്ളതല്ലാതെ, നടപ്പു മുനിലത്തേയ്ക്കുപോലെ നടന്നുവരുന്നു. ഈ വിഷയത്തെ സംബന്ധിച്ചു പല ചോദ്യങ്ങൾക്കും ഇനിയും മറുപടി പറഞ്ഞിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ചുള്ള കണക്കുകളും വിവരങ്ങളും എനിക്കു കൈവശം ഇല്ല. ഇതുവരെ തന്നിട്ടുള്ള മറുപടികളിൽനിന്നും പല ഡിപ്പാർട്ടുമെന്റുകളിലുമായി എനിക്കു നേരിട്ടുള്ള അറിവിൽനിന്നും നാം താഴ്ന്ന ഉദ്യോഗങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതായാൽ രാജ്യത്തിലെ ന്യൂനപക്ഷമായ ഉദ്യോഗങ്ങളും സവർണ്ണഹിന്ദുക്കളാൽ വഹിക്കപ്പെട്ടുവരുന്നു എന്നു എനിക്കു പറയുവാൻ കഴിയും. സർ; ഈ സംഗതി ഗവണ്മെന്റിന്റെ ഔദാര്യമായ ആലോചനക്കു വിഷയീഭവിക്കേണ്ട കാര്യമൊന്നുമാണെന്നു ഞാൻ പറയേണ്ടതില്ലല്ലൊ. ഈ അസമത്വത്തെ ഉദ്യോഗത്തിനുള്ള പ്രാഗ്വിധിയെ അടിസ്ഥാനമാക്കി ചിലർ അനുകൂലിച്ചു വാദിക്കുന്നുണ്ട്. ഈ വാദത്തെ സൂക്ഷിച്ചു പരിശോധിക്കുന്നതായാൽ തിരുവിതാംകൂറിലുള്ള ഓരോ സമുദായത്തിലും ജാതിയിലും ഉൾപ്പെട്ട ഡിപ്പാർട്ടുമെന്റുമേലദ്ധ്യക്ഷന്മാരും ഉദ്യോഗസ്ഥന്മാരും അവരവരുടെ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ മാത്രമെ ഉദ്യോഗപ്രാപ്തി വരുത്തുള്ള നിലകളിൽ നടപ്പാക്കിയിട്ടുണ്ടെന്നു കാണാവുന്നതാണ്.

ഈ നാട്ടിലെ അഴിമതികളെപ്പറ്റി ഈയ്യിടെ നാം ധാരാളമായി കേട്ടുവരുന്നു. ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരിലെ അഴിമതികളെ ഒഴുവാക്കുന്നതിനുള്ള മാർഗ്ഗങ്ങളെന്നപേരിൽ കാണിക്കപ്പെട്ടിട്ടുള്ള സംഗതികളെപ്പറ്റി അനവധി ചർച്ചകൾ നടക്കുകയുണ്ടായി. ഈ സഭയിലും പത്രമാസികകളിലും ഈ വിഷയം ധാരാളമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതിലേക്കു ഈ സഭയിൽ ഇന്നലെ അഭിപ്രായപ്പെട്ട ഒരു മാർഗ്ഗം ഒഴികെയുള്ള ഒരു വർത്തമാനപ്പത്രവും ഒരു ഉദ്യോഗസ്ഥനിൽ അഴിമതിക്കുറ്റം ആരോപിക്കുന്ന എങ്കിൽ ആ ഉദ്യോഗസ്ഥനോടു ആ പത്രത്തെ പ്രോസിക്യൂട്ടുചെയ്യുന്നതിനു ആവശ്യപ്പെടേണ്ടതാണെന്നും അങ്ങനെ തന്നെയുള്ള ഒരു നിന്ദ്യതയ്ക്കോടെന്ന് ആ ഉദ്യോഗസ്ഥന്റെ സ്വാതന്ത്ര്യസമ്പാദ്യത്തെയും പത്രപ്രസ്താവനയുടെ വാസ്തവത്തെയും സ്ഥാപിച്ചു വിധി പ്രസ്താവിക്കുന്നതാണെന്നുമാണ്. ഈ അഭിപ്രായത്തിന്റെ ഔചിത്യത്തെപ്പറ്റി ഞാൻ ഇവിടെ വാദിക്കണമെന്നു വിചാരിക്കുന്നില്ല. എന്നാൽ അഴിമതികളെ കണ്ടുപിടിക്കുന്നതിനു ഇതു വളച്ചുകെട്ടിയ മാർഗ്ഗത്തെ ഇടയാക്കുമെന്നില്ലെന്നാണ് എന്റെ അഭിപ്രായം. ഈ സഭയിൽ ചോദിക്കപ്പെട്ടിട്ടുള്ള ചോദ്യങ്ങളുടെ മറുപടികളിൽനിന്നും അഴിമതി അതിന്റെ ഏറ്റവും നഗ്നമായും സ്തൂലമായും ഉള്ള രൂപത്തിൽ വെളിപ്പെട്ടിട്ടുണ്ട്. ചില മറുപടികളിൽ ചില ഉദ്യോഗസ്ഥന്മാരാൽ ചെയ്യപ്പെട്ടിട്ടുള്ള നിയമനങ്ങളും തിക്കുവാനും അവരുടെ ജാതിയിൽനിന്നോ സമുദായത്തിൽനിന്നോ മറ്റുമാണെന്ന പറയപ്പെട്ടിട്ടുണ്ട്. ആ ഉദ്യോഗസ്ഥന്മാർ അവരുടെ ജാതിക്കാരോടു പക്ഷപാതികളാണെന്നും ഉദ്യോഗനിയമനങ്ങളിൽ അവർ മനസ്സാക്ഷിക്കനുരൂപമായി പ്രവർത്തിക്കുന്നവരല്ലെന്നും അതുമൂലം ഉദ്യോഗനിയമനങ്ങളെ സംബന്ധിച്ചു അവർ അഴിമതിക്കാരാണെന്നും ഇതു തെളിയിക്കുന്നു. ഒരു സംഗതിയിൽ അഴിമതി കാണിക്കുന്നവർ മറ്റുള്ളവയിലും അഴിമതി കാണിക്കുമെന്നുള്ളതു ന്യായമായ ഊഹമാണ്. ജാതിമതഭേദങ്ങളോ അന്യായപക്ഷപാതങ്ങളോ അവരുടെ ജോലിയെ നടത്തരുതെന്നുള്ള ഈ ഉദ്യോഗസ്ഥന്മാരുടെ കടമയാണ് ഈ മഹാന്മാരേറിയപുരുഷ അവരെ ഏർപ്പെടുത്തുന്നതിനു അവർ യോഗ്യന്മാരല്ലെന്നു അവരുടെ പ്രവൃത്തി കണ്ണിക്കുന്നു. അഴിമതിയെ ഉൻമൂലനാശം ചെയ്യുന്നതിനുള്ള ശ്രമം ഈമാതിരി സംഗതികളിൽ ആരംഭിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. ജനങ്ങളുടെ പ്രയത്നത്തിന്റെ ഫലമായി ശിക്ഷിച്ചു വിടുന്നും എന്നാൽ തന്റെ സ്വജനങ്ങളേയും ബന്ധുക്കളേയും മാത്രം കയറ്റുകയും ചെയ്യുന്ന ഈ കൂട്ടരെ ഒരു ദൃഷ്ടാന്തമാക്കിക്കാണിക്കേണ്ടതാണ്. ഈ മാതിരി അഴിമതികളെ ഇല്ലായ്മചെയ്യുന്നതിൽ ഗവണ്മെന്റു വളരെ സ്ഥിരപ്രയത്നമായിരിക്കുമെന്നു കാണിക്കുന്നതായാൽ ഇപ്പോൾ ഉള്ള പല ആക്ഷേപങ്ങൾക്കും ഇടയുണ്ടാകുന്നതല്ലെന്നുള്ളതിനു എനിയ്ക്കു യാതൊരു സംശയവുമില്ല.

അനുഗ്രഹീതരല്ലാത്ത സമുദായക്കാരോടു ഈ വിഷയത്തിൽ എന്റെ സ്നേഹിതൻ ശ്രീ. ടി. കെ. വേലപ്പൻ ഉള്ള യോജിക്കുന്നില്ലെന്നു തോന്നുന്നു. എന്റെ സ്നേഹിതൻ ഡാർവിൻ ചെട്ടിക്കുള്ളിൽ ഇന്നലെ പറയുകയുണ്ടായതു രവന്യൂദേവസ്വം വിഭജനത്തിനുശേഷവും രവന്യൂ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗങ്ങളും അധികമായും സവർണ്ണഹിന്ദുക്കൾക്കായി കൊടുക്കപ്പെടുന്നു എന്നും ദേവസ്വം ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാർക്ക് രവന്യൂഡിപ്പാർട്ടുമെന്റിലേയ്ക്കു കയറാൻകൊടുക്കുന്നതു അനുഗ്രഹീതരല്ലാത്ത സമുദായക്കാർക്കു ആ ഡിപ്പാർട്ടുമെന്റിൽ കിട്ടിവരുന്നതിനു തടസ്സമായിത്തീർന്നിരിക്കുന്നുവെന്നുമാണ്. രവന്യൂ ഡിപ്പാർട്ടുമെന്റിലേക്കുള്ള നിയമനങ്ങളെസംബന്ധിച്ചിടത്തോളം അനുഗ്രഹീതരല്ലാത്ത സമുദായത്തിൽപ്പെട്ടവർ അനുഗ്രഹിത സമുദായക്കാരോടു തുല്യനിലയിൽ എത്തുന്നതുവരെ രണ്ടോമൂന്നു പതിറ്റാണ്ടുകൾ ആ ഡിപ്പാർട്ടുമെന്റിൽനിന്നും ഒഴിച്ചുനിർത്തുന്നതുകൊണ്ടു തരക്കേടില്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. മറ്റുള്ള സമുദായക്കാർക്കു ന്യായമായി കിട്ടേണ്ടുന്ന സവർണ്ണഹിന്ദുക്കൾ കൈക്കലാക്കുന്നതിന് അനുവദിക്കപ്പെട്ടു. കഴിവുള്ളിടത്തോളം

ഇപ്പോൾ വകയിരുത്തിയിരിക്കുന്നത് എന്നുള്ളതിനെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല.

ദേവസ്വം കമ്മീഷണറെപ്പറ്റി എനിക്കു പറയുവാൻ ഉള്ളതു ദേവസ്വം ഡിപ്പാർട്ടുമെന്റിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു റവന്യൂഡിപ്പാർട്ടുമെന്റിലേയ്ക്കു കയറാറാക്കുന്ന സമ്പ്രദായത്തെപ്പറ്റിയാണ്. അവർണ്ണഹിന്ദുക്കൾക്കും ഹിന്ദുക്കളല്ലാത്തവർക്കും പ്രവേശനം ഇല്ലാത്തതായ ദേവസ്വം വകുപ്പിലുള്ള സർവ്വസാധാരണമായ ഉദ്യോഗസ്ഥന്മാർക്കുവേണ്ടി, പൊതുജനങ്ങളിൽനിന്നും ഒരു വലുതായ തുക ചിലവുചെയ്യുന്നതു ഒരു അനീതിയാണ്. ദേവസ്വം ഡിപ്പാർട്ടുമെന്റിൽനിന്നും റവന്യൂവകുപ്പിലെക്കു ഉദ്യോഗസ്ഥന്മാരെ കയറ്റംചെയ്യുന്നതു ഈ അനീതിയെ വർദ്ധിപ്പിക്കുകയാണ്. ഇപ്രകാരമുള്ള ഉദ്യോഗക്കയറ്റംകൊണ്ടു അവർണ്ണഹിന്ദുക്കൾക്കും ഹിന്ദുക്കളല്ലാത്തവർക്കും ദേവസ്വങ്ങളെപ്പറ്റി ഗവണ്മെന്റിലുള്ള അവകാശമുള്ള ന്യായമായ ഉദ്ഘോഷം കിട്ടുന്നതിനു ഒരിക്കലും സാധിക്കുന്നതല്ല. റവന്യൂ ദേവസ്വം ഡിപ്പാർട്ടുമെന്റുകളിലുള്ള ഉദ്യോഗസ്ഥന്മാരുടെ തമ്മിലുള്ള ചാരത്തെ അനുവദിക്കുന്നതു ന്യായമായ വിധമല്ല കണ്ടുവരുന്നതായും ഞാൻ കാണുന്നില്ല. അതുകൊണ്ടു അപ്രകാരമുള്ള കയറ്റങ്ങളും വെട്ടുമാറ്റങ്ങളും നിർത്തേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഉദ്യോഗസ്ഥന്മാരിൽ കാണിക്കപ്പെടുന്ന ഈ വ്യത്യാസം ദേവസ്വത്തിൽ വരുത്തിയ മറ്റുപോരായ്മയും അസംതൃപ്തിയും ഉണ്ടാക്കുന്നുണ്ടെന്നു ഞാൻ ഗവണ്മെന്റിനെ അറിയിച്ചുകൊള്ളുന്നു. ഇപ്പോൾ ഉള്ള എല്ലാ ഗവണ്മെന്റുകളും ജനങ്ങളോടു് ആലോചിച്ചു പ്രവർത്തിക്കുന്നതിനായി ശ്രമിക്കുന്നുണ്ട്. ഈ ദൃഷ്ടിയോടുള്ള ഒരു ഗവണ്മെന്റു ഗൌരവമായ അതൃപ്തിക്കുള്ള കാരണങ്ങളെ ദൂരീകരിക്കേണ്ടതാണ്. ഉദ്യോഗസ്ഥന്മാർ കാണിക്കപ്പെടുന്ന ഈ വ്യത്യാസംകൊണ്ടു വേറെയൊന്നും ഇത്രമാത്രം അതൃപ്തിയെ ഉണ്ടാക്കുന്നില്ലെന്നും ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ നിഷ്പക്ഷത അധികമായി എന്നു വരുന്നതല്ലെന്നും ഞാൻ ഗവണ്മെന്റിനോടു് ഉറപ്പുപറയുന്നു. ഈ പ്രതിഷേധത്തെ പരിഹരിക്കുന്നതിനായി ഉടൻ പോണ്ടുള്ള പ്രവർത്തിക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു് അപേക്ഷിക്കുന്നു. എല്ലാവരുടെയും നിന്ദയ്ക്കുള്ള ഒരു ഉദ്ദേശ്യം സിദ്ധിപ്പിക്കുന്നതിനായി ഞാൻ ഗവണ്മെന്റിനോടു് അപേക്ഷിക്കുന്നു.

എന്നാൽ ഞാനിപ്പോൾ ചില അടിയന്തരാവശ്യങ്ങളിലുള്ള വളരെ ഞെരുക്കം സങ്കടത്തെപ്പറ്റിയുണ്ടാക്കുന്നതായ ഒരു സംഗതിയെപ്പറ്റി അറിയാൻ കഴിഞ്ഞ കാരണത്തിൽ നിശ്ചയിച്ചിട്ടുള്ള ഈ തുക ഇപ്പോൾ പൂജിക്കുന്നതിനുവേണ്ടിയിട്ടുള്ളതാണെന്നു എനിക്കു ചിലതു പറയേണ്ടതായുണ്ട്. ചെലവുകൾ കണക്കെഴുത്തു് ഓഫീസർ മുതലായവർ പൂർത്തിയാക്കപ്പെട്ടിട്ടുള്ളതല്ല. ഈ അടുത്തകഴിഞ്ഞ ഇപ്പോൾ ഏഴു വർഷമായി അയിട്ടുള്ളൂ. കണക്കെഴുത്തു് ഡിപ്പാർട്ടുമെന്റിന്റെ സ്ഥാപനമുണ്ടാക്കുന്നതിൽ കണക്കെഴുത്തു മുപ്പതുകൊല്ലത്തേക്കു സ്ഥിരപ്പെടുത്തണമെന്നുള്ള മഹാരാജശ്രീ തിരുമനസ്സുകൊണ്ടു ദയവായി ആജ്ഞാപിച്ചിട്ടുണ്ട്. ആ കല്പനയിൽ ഉള്ള ചേർക്കൽ ഭേദഗതികൾ കണക്കെഴുത്തു ചട്ടങ്ങൾ അനുസരിച്ചുണ്ടാക്കുന്നതിനും കാരണമായിത്തീർന്നിട്ടുള്ളതാണ്. ആ കണക്കെഴുത്തിനെ ഗവണ്മെന്റു വർദ്ധിപ്പിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്തു. എന്നാൽ വളരെ കോപ്പുകളിൽ കടിഞ്ഞൂൽ മുതലായി ചിലവുകൾ നികുതി ചുമത്തപ്പെടുന്ന വസ്തു ഇനങ്ങളിൽ ഉൾപ്പെടുത്തേണ്ടതിനും, പണമായിട്ടുള്ള ഇനങ്ങളായി ഗണിക്കപ്പെടുകയും പാട്ടത്തിൽ ഏതാനുംഭാഗം മാത്രം നികുതിയായി ചുമത്തേണ്ടതിനും പകരം കണക്കെഴുത്തിൽ നിശ്ചയിച്ചിട്ടുള്ളതായ മുഴുവൻ പാട്ടവും നികുതിയായി ചുമത്തുന്നതിന് ഇടയായിട്ടുള്ളതുമാകുന്നു. അതുപോലെതന്നെ മുഴുവൻ നികുതി ചുമത്തപ്പെടുന്ന ഏതെങ്കിലും വസ്തുവിനങ്ങളിൽ പെട്ട കടിയാന്മാരുടെ വസ്തുക്കളെ സർക്കാർ മിക്കപ്പോഴും ചിലരുടെ നേരെ ചിലരിൽനിന്നുള്ളതിൽ ഉൾപ്പെടുത്തുന്നതിനും ഇടയായി. ഇവയ്ക്കെല്ലാറ്റിനും ആ സമയത്തു നടപ്പിൽ ഇരുന്ന ചട്ടം അനുസരിച്ചുള്ള നികുതി നിശ്ചയിക്കപ്പെട്ടു. ഗവണ്മെന്റു വസ്തുക്കളെ വേറെ വസ്തു ഇനങ്ങളായിട്ടോ സർക്കാർ വകയായിട്ടോ ചേർത്തു കണക്കെഴുത്തധികാരികൾ തീർച്ച ചെയ്യുന്നതിൽ സങ്കടമുള്ളവർക്കു വല്ല അപ്പീലോ സർക്കാരിനെ പ്രതിചേർത്തു വ്യവഹാരമോ ഉണ്ടാക്കുന്നതിനും വസ്തുവിനെ സംബന്ധിച്ചുള്ള അവകാശത്തു സ്ഥാപിച്ചു വിധിക്കപ്പെട്ടു. സിവിൽക്കോടതിവിധിക്കനുസരണമായി അതുമുതലായ ചിലരുടെ പട്ടയങ്ങളും തിരുത്തേണ്ടതായി വന്നു. നികുതി വസൂൽചെയ്യുന്നതിൽ ന്യായമായി ചേർക്കേണ്ടതായ കണക്കെഴുത്തിൽ നിശ്ചയിച്ചിട്ടുള്ള പാട്ടത്തെ സംബന്ധിച്ചു ചട്ടപ്രകാരം അതിന്റെ ഒഹരിമാത്രം നികുതി ചുമത്തുകയാണ്. എന്നാൽ വളരെ സംഗതികളിലും ഇപ്പോൾ ചെയ്യുവരുന്നതു തോന്നിയതുപോലെ ഒരു ഏർപ്പാടും നിശ്ചയിച്ച് അതിന്റെ ഒരുഭാഗം വസൂൽചെയ്യുകയാണ്. ഇതിന് ഒരു ദൃഷ്ടാന്തം ഞാൻ ഇവിടെ പറയാം. ഒരാൾ ഒരു സ്ഥലം അയാളുടെ ജന്മമാണെന്നു അവകാശപ്പെട്ടു; അതിൽ മുക്കാൽഭാഗംമാത്രം ജന്മമാണെന്നും മറ്റൊരു പണ്ടാരവകയാണെന്നും കണക്കെഴുത്തധികൃതന്മാർ തീർച്ചചെയ്തു. പണ്ടാരവകയായിട്ടുള്ള ഭാഗത്തിന് അന്നു നടപ്പിലിരുന്ന ചേരിക്കൽ ചട്ടങ്ങളും അനുസരിച്ച് അയാൾ വസ്തുക്കണക്കു നിശ്ചയിച്ചുപോരുകയും മുഴുവൻ പാട്ടമായി ഏക്കറൊന്നിനു മൂന്നുപണം ചുമത്തപ്പെട്ടു. വസ്തുവകമസ്ഥന്റെ തക്കം മുഴുവൻ വസ്തുവും ജന്മമാണെന്നും അതിനായി വ്യവഹാരപ്പെടുകയും സിവിൽകോടതി മുഴുവൻവസ്തുവും ജന്മമാണെന്നു തീർച്ചചെയ്യുകയും ചെയ്തു. ആദ്യകണക്കെഴുത്തിൽ നിശ്ചയിക്കപ്പെട്ട പാട്ടത്തിന്റെ പകുതിമാത്രമേ വസൂലധികൃതന്മാർ വസൂലാക്കുവാൻ പാടുണ്ടായിരുന്നുള്ളൂ. എന്നാൽ പോസ്റ്റാർ തോന്നിയതുപോലെ ഏക്കറൊന്നിനു ഏഴുപണം പാട്ടം നിശ്ചയിക്കുകയും മുഴുവൻ വസ്തുവും ജന്മത്തിനത്തിൽ പെട്ടതാണെന്നു സിവിൽകോടതി തീരുമാനിച്ചസ്ഥിതിക്ക്, ആ പാട്ടമായ ഏഴുപണത്തിന്റെ പകുതി ഒടുക്കുന്നതിനു കക്ഷിയോടു് ആജ്ഞാപിക്കുകയും ചെയ്തു. ആദ്യമുണ്ടായിരുന്ന നികുതി മൂന്നുപണം മാത്രമായിരുന്നു. ഇപ്പോൾ മുഴുവൻ ഭൂമിയും ചില്വായ നികുതി ചുമത്തപ്പെട്ടതിനെ ജന്മമായിത്തീർന്നതിൽ കവിച്ചതാണെന്നു വിധിക്കിടിയതിനുശേഷം വസ്തുവകമസ്ഥൻ മൂന്നരപണം കണക്കുകൊടുക്കുന്നതിനാജ്ഞാപിക്കപ്പെട്ടിട്ടുണ്ടു്. ഇതു രാജകീയവിളംബരത്തിനും കരമടച്ചരസീതിന്റെ ഉദ്ദേശത്തിനും വിപരീതമാണ്. ഇവിടെ കണക്കെഴുത്തിൽ നിശ്ചയിക്കപ്പെട്ട പാട്ടം, തെറ്റായിട്ടുള്ളതെന്നോ ആ വസ്തുവിനു നിശ്ചയിക്കപ്പെടേണ്ടതിലധികമെന്നോ പാട്ടത്തിൽനിന്നും കുറവുണ്ടെന്നോ തർക്കമുണ്ടായിട്ടില്ല. ഗവണ്മെന്റിന്റെ ഈ പ്രവൃത്തി ഇതിനെസംബന്ധിച്ചുള്ള എല്ലാചട്ടത്തിനും രൂഢിസിനും വിപരീതമായിട്ടുള്ളതാണ്. ഗവണ്മെന്റിന്റെ ഈവിധമുള്ള പ്രവൃത്തി സങ്കടക്കാരെ സിവിൽകോടതിയിൽപോയി പരിഹാരം നേടുന്നതിനു നിർബന്ധിതനാക്കുകയും കക്ഷികൾക്കും ഗവ

സർക്കാരിനെ ചെയ്യുവാൻ നിർബന്ധിക്കുകയും ചെയ്യുന്നതാണ്. വളരെ ജനങ്ങൾക്ക് ഉപദ്രവത്തെയും സങ്കടത്തെയുണ്ടാക്കുന്ന ഈ സമ്പ്രദായത്തെ സംബന്ധിച്ചു പൂർണ്ണമായ അന്വേഷണം നടത്തണമെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: ശിവ്കുമാർ ചാറ്റർജി (ഭരണി): രാജ്യത്തുള്ള പൗരവിഭാഗങ്ങളുടെയെല്ലാം അഭിനന്ദനത്തിനു പാത്രമായ ചില കാര്യങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. നമുക്കുണ്ട് ജനങ്ങളിൽനിന്നും കരംപിരിച്ചാൽ അതുകൊണ്ടു പ്രജാക്ഷേമത്തിനായിത്തന്നെ ചിലവഴിക്കണമെന്നുള്ള തത്വം പരിഷ്കൃതഗവണ്മെണ്ടുകളെല്ലാം സ്വീകരിച്ചിരിക്കുന്ന ഒന്നാണ്. കൊല്ലത്തിൽ എത്ര സംഖ്യ ചിലവിനു വേണ്ടിവരുമെന്ന് ആദ്യമായി കണക്കാക്കണം. ജനങ്ങളുടെമേൽ പുതിയ കരങ്ങൾ ചുമത്തുന്നതിനെ ഇടപ്പോൾ ചുമത്തിട്ടുള്ള കരങ്ങളെത്തന്നെ കുറവുചെയ്യുക എന്നുള്ളതാണ് ഏറ്റവും പരിഷ്കൃതഗവണ്മെണ്ടുകളും സ്വീകരിച്ചിരിക്കുന്ന നയം. ഓരോരുത്തരിൽ ചിലവിൽ അധികം വരുവാണെന്നുണ്ടെങ്കിൽ പുതിയതായി ചുമത്തിയ കരത്തെ കുറവുചെയ്യുകൊടുക്കുന്നതിന് ഏതൊരു ഗവണ്മെണ്ടും മടികാണിക്കയില്ല. അനാഥശാലകളിലെ പ്രജകളുടെ പണം ബങ്കുകളിൽ കെട്ടിവയ്ക്കുന്ന നയം ഒരു ഗവണ്മെണ്ടും സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു. യൂറോപ്പിലുള്ള ഓരോരാജ്യങ്ങളിൽ പലവിധം കരം പ്രജകളുടെമേൽ ചുമത്തപ്പെട്ടിരുന്നു. യുദ്ധം അവസാനിച്ചതിൽപിന്നത്തേക്കും ചിലവു ചുരുങ്ങി എന്നു കാണുമ്പോൾ പല കരങ്ങളും കുറച്ചു കൊടുത്തിട്ടുള്ളതായി കാണുന്നുണ്ട്. ഏതുകൊണ്ടും കുഴപ്പമൊന്നും ഈ നാട്ടിലുള്ള കരങ്ങൾ കുറച്ചുകൊടുത്തിട്ടുള്ളതായി ദൃഷ്ടാന്തങ്ങൾ പറയുന്നതിനും കാണുന്നില്ല. സർക്കാർ പണപേഹരണം ചെയ്യുന്നവർക്ക് ശരിയായി ശിക്ഷകൊടുക്കുന്നില്ലെന്നു ഏതൊരു സ്നേഹിതനും മി: കുമാരപിള്ള പറഞ്ഞതു പരമാർത്ഥമാണെന്ന് എനിക്കും അഭിപ്രായമുണ്ട്. ഇവിടത്തെ മുൻസിപ്പാലിറ്റിയിൽനിന്ന് പണച്ചുമതലയുള്ള ചിലരും പണം അപഹരിച്ചിട്ടുള്ളതായും അവരെ ശരിയായി ശിക്ഷിച്ചിട്ടില്ലെന്നതാണ് അറിയുന്നതു്. അതുപോലെ ഡിപ്പാർട്ടുമെന്റിൽനിന്നു പണാപഹരണം ധാരാളം നടന്നുവരുന്നുണ്ട്. അങ്ങിനെയുള്ളവരെ ശിക്ഷിക്കയോ സസ്പെൻഡുചെയ്കയോ പണം കെട്ടിവയ്പിക്കയോ ചെയ്യാതെ ക്ലർക്കുമാർ ചുമതലയുള്ള ജോലിയിൽത്തന്നെ വച്ചു ശമ്പളത്തിൽനിന്നും ഈടാക്കിവരുന്നുണ്ട്. പണാപഹരണംചെയ്ത ഇന്റിനെ ഇവിടത്തെ ആഫീസിൽ ചുമതലജോലിയിൽവച്ച് ശമ്പളത്തിൽനിന്നു അപഹരിച്ച പണം ഈടാക്കിവരുന്നതായി അറിയുന്നു. ആയുർവേദകൂപ്പിൽനിന്നു സർക്കാർ പണം അനവധി അനാവശ്യച്ചിലവുകൾക്കായി ചിലവാകുന്നതുകൊണ്ട് ഈ വിഷയത്തിൽ ഇപ്പോഴത്തേതിലും കൂടുതൽ കായ്കശ്രമമായ ഏർപ്പാടുകൾ ചെയ്യുന്നതാണെന്നു ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു.

ആളുകൾക്കായി ഉദ്യോഗം സൃഷ്ടിക്കുന്ന നയം വിട്ട പല ഉദ്യോഗങ്ങൾക്കും ക്ലിപ്തമായ ശമ്പളം നിശ്ചയിച്ചു കൂടുതൽ ഉള്ള ശമ്പളങ്ങളെ കുറയ്ക്കുണ്ടതാണ്. കൃഷിക്കാർക്ക് ആവശ്യമുള്ള പണം പലിശകൂടാതെ കൊടുക്കണം. പല ഉദ്യോഗസ്ഥന്മാർക്കും മോട്ടോർ വണ്ടിവാങ്ങുന്നതിനുള്ള പണം പലിശകൂടാതെ കൊടുക്കുന്നുണ്ടല്ലോ. കൃഷിക്കാർക്ക് ഇപ്പോൾ നേരിട്ടിട്ടുള്ള നഷ്ടത്തിനു പകരം പരിഹാരം ഉണ്ടാക്കികൊടുക്കേണ്ടതു ഗവണ്മെണ്ടിന്റെ ശരിയായ ഒരു ചുമതലയാണ്. കൃഷിചെയ്യുന്നതിനു ആവശ്യമുള്ള വിത്തും കന്നുകാലി മുതലായതും വാങ്ങുന്നതുള്ള പണം പലിശകൂടാതെ കൃഷിക്കാർക്ക് ഗവണ്മെന്റിൽനിന്നും കൊടുക്കേണ്ടതാണ്.

രാജ്യത്തിലെ ചിലവു ചുരുക്കേണ്ടതു അത്യാവശ്യമാകയാൽ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെ കുറച്ചുകാലത്തേക്കെങ്കിലും ഒന്നു കുറയ്ക്കേണ്ടതാണ് എന്നു എനിക്കഭിപ്രായമുണ്ട്. ഇപ്പോൾ വൈക്കത്തുനടക്കുന്ന സത്യാഗ്രഹം സംബന്ധിച്ചു കുറെ പണം ഗവണ്മെൻറിൽനിന്നും ചിലവാക്കിട്ടുണ്ട്. ധർമ്മസംരക്ഷണാർത്ഥം ഗവണ്മെണ്ടിനു ഇതിലധികവും ചിലവുചെയ്യേണ്ടിവരും. ഈ സത്യാഗ്രഹത്തെ പൊതുജനങ്ങളും വൈക്കത്തെ ഭൂരിപക്ഷം ജനങ്ങളും എതിർക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടു അവർക്കുള്ള ചിലവു അത്യാവശ്യച്ചിലവായിത്തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ ഈ കാൺഗ്രസ്സ്സ്ഥാപനത്തിന്റെ ആവശ്യമില്ല. കാൺഗ്രസ്സാണ് സത്യാഗ്രഹം നടത്തുന്നതെങ്കിൽ അവരിൽനിന്നുതന്നെ അതുസംബന്ധമായി ഗവണ്മെണ്ടിനുണ്ടാകുന്ന ചിലവിനെ ഈടാക്കേണ്ടതാണ്, ഒരു ട്രൈബ്യൂണലിലേക്കാവശ്യമുള്ളപണം ഇടതൊൺനിവാസികളിൽനിന്നും ഈടാക്കിവരുന്നതുപോലെ ഈ വകയ്ക്കു ചിലവാകുന്ന പണം സത്യാഗ്രഹികളിൽ നിന്നുതന്നെ ഈടാക്കേണ്ടതാണ്. എന്നാൽ ഈ സത്യാഗ്രഹം ഗവണ്മെണ്ടിനെ എതുകൊണ്ടതിനു ജനങ്ങളെ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നതു്. സത്യാഗ്രഹികൾ ഗവർണ്മെണ്ടാജ്ഞയെ സ്വീകരിക്കാതെ പ്രസംഗത്രയേണ ഗവണ്മെണ്ടിനേയും പൊതുവേലിയേയും ആക്ഷേപിക്കുന്നു. മഹാത്മാഗാന്ധിയുടെ തത്വമല്ല ഈ ക്ലർക്കർ സ്വീകരിച്ചിരിക്കുന്നതെന്നതു്. അക്രമരാഹിത്യമാണ്, അദ്ദേഹത്തിന്റെ മതം. അവർ അക്രമമാണ് ചെയ്യുവരുന്നതു്. ഇപ്പോൾ വൈക്കത്തു പോലീസുകാർ സത്യാഗ്രഹികളെ തടയുന്നുണ്ട് കഴിച്ചുകൂട്ടുന്നുണ്ട്. ഈ സത്യാഗ്രഹികളുടെ അടുത്തുള്ളടി ഒരു പട്ടിയൊ പൂച്ചയൊ പോകുകയുണ്ടെങ്കിൽ അതെല്ലാം പോലീസുകാർ സത്യാഗ്രഹികളെ ഉപദ്രവിക്കാനായിട്ടയച്ചിരിക്കുകയാണെന്നു പറഞ്ഞു നടക്കും. അതിനൊക്കെ പോലീസുകാർ സമാധാനം പറയണം. ഈ വഴിക്കാണ് പോലീസുകാർ തടയുന്നിരിക്കുന്നു എന്നു ഞാൻ പറഞ്ഞതു്. പത്രപ്രസ്താവനകളിൽ ചിലതിനെപ്പറ്റി ഞാൻ തന്നെ സ്ഥലത്തുചെന്നു അന്വേഷണം നടത്തിട്ടുണ്ട്. ഒരുവർഗ്ഗക്കാരിൽനിന്നും ഉണ്ടാകുന്ന ഉപദ്രവങ്ങളിൽ നിന്നും പൊതുജനങ്ങളെ രക്ഷിക്കുന്നതിനു വേണ്ടിവരുന്ന പണം പൊതുഖജനാവിൽനിന്നും വ്യയം ചെയ്യുന്നതു് ഒരിക്കലും ന്യായമായിവരുന്നതല്ല.

മി: ടി. ലക്ഷ്മണൻപിള്ള (നിയമിതൻ) ഇപ്പോൾ ഉണ്ടായ കഠിനമായ വെള്ളപ്പൊക്കം കൊണ്ടുണ്ടായ ആപത്തിൽ കഷ്ടപ്പെട്ട ജനങ്ങളെ ഉടനടി സഹായിക്കുന്നതിന് ഗവർണ്മെന്റിനെ പ്രേരിപ്പിച്ചു അനുകമ്പയിൽ ഞാനും പങ്കുകൊള്ളുന്നു എന്നല്ലാതെ, ധനാഭ്യർത്ഥനയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ഫാമിനെപ്പറ്റി എനിക്കധികമൊന്നും പറയാനില്ല. പ്രകൃതിയുടെ ഈ അപ്രതീക്ഷിതമായ ആക്രമണത്താൽ ഉണ്ടായിട്ടുള്ള കഷ്ടതയകറ്റുന്നതിനു മതിവരിയ ഗവണ്മെൻറും ജനങ്ങളും ഒട്ടുതന്നെ മോടിപിടിച്ചിട്ടില്ല. ഗവണ്മെൻറിന്റെ അനുകമ്പയും ജാഗ്രതയും പ്രശംസാർഹമാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ദയവുചെയ്തു കുറച്ചുകൂടി ഉച്ചത്തിൽ പറയുക, അങ്ങേക്കു പറയുന്നതു മുഴുവൻ തന്നെ കേൾക്കാൻ പാടില്ല.

അദ്ധ്യക്ഷൻ. അദ്ദേഹത്തിന്റെ ശബ്ദം ഇങ്ങനെയാണോ അതിരമ്പുഴ എന്നു ചെയ്യാം?

മി: ടി. ലക്ഷ്മണൻപിള്ള (നിയമിതൻ): എന്റെ ശബ്ദത്തിനു തരക്കേടു പറഞ്ഞിരിക്കുകയാണു. അതിനെ സഭ ഭേദഗതിചെയ്യുമെന്നു വിശ്വസിക്കുന്നു.

ധനകാര്യമന്ത്രിയുടെ വിശദീകരണം സംബന്ധിച്ചു :—

മി: ഫ്ലൂ. ഫ്ലുഗാർഫ് (നിയമിതൻ) ഇപ്പോൾ അദ്ദേഹത്തിന്റെ ശബ്ദം മുമ്പിലത്തേതിലും മോശമാണ്.

അദ്ധ്യക്ഷൻ. മി: ലക്ഷ്മണൻ പിള്ള നിങ്ങൾക്കു വേണ്ടി നിങ്ങൾ പുഴതിട്ടുള്ളതിനെ വായിക്കുന്നതിനു ഞാൻ വേറെ ഏതെങ്കിലും മെമ്പറോടു് അപേക്ഷിക്കട്ടെയോ?

മി: ടി. ലക്ഷ്മണൻപിള്ള (നിയമിതൻ) ഞാൻ എഴുതികൊണ്ടുവന്നിട്ടുള്ളതിനെ വേറെ ഒരാൾക്കു നല്ല വേഗത്തിൽ വായിക്കാൻ സാധിക്കുകയില്ല. (മെമ്പർമാർ ചിരിക്കുന്നു). ഞാൻ കുറെക്കൂടി ഉച്ചത്തിൽ വായിക്കുന്നതിനു ശ്രമിക്കാം.

മി: ഫ്ലൂ. ഫ്ലുഗാർഫ് (നിയമിതൻ): അദ്ദേഹത്തിന്റെ മുമ്പിലത്തെ ശബ്ദംപോലെതിലും ഭേദമായിരുന്നു.

മി: ടി. ലക്ഷ്മണൻപിള്ള (നിയമിതൻ): ഈ ആപത്തിന്റെ ഫലമായി ഏതെല്ലാം വഴികളിൽ നമുടെ വരുമാനം കുറയുമെന്നും, എത്രമാത്രവും ഏതെല്ലാം വഴികളിലും വിനിയോഗം ചെയ്യേണ്ടതായി വരുമെന്നും നിശ്ചയമില്ലാത്തതുകൊണ്ടു, വരുന്ന കൊല്ലത്തെ പറയുള്ള ധനകാര്യമന്ത്രിയുടെ അഭിപ്രായം സന്തോഷാവഹമായിരിക്കുന്നതിനു തരമില്ല. അതുകൊണ്ടു വരുമാനവിനിയോഗങ്ങളെപ്പറ്റി ഈ ഘട്ടത്തിൽ ഞാൻ അഭിപ്രായം പറയുവാൻ തുനിയുന്നതു ബുദ്ധിപൂർവ്വമായിരിക്കുകയില്ല.

എന്നാൽ ഗവർണ്മെന്റു വക നീക്കിയിട്ടില്ലാത്തതോ ഇല്ലെങ്കിൽ അല്പമായി മാത്രം വക നീക്കിയിട്ടുള്ളതോ ആയ ഒന്നോ രണ്ടോ ചെറിയ സംഗതികളെപ്പറ്റി എനിക്കുള്ള അഭിപ്രായത്തെ പറയേണ്ടതു് എന്റെ കടമയാണെന്നു ഞാൻ വിചാരിക്കുന്നു. ഈ സംഗതികളെ എല്ലാംകൂടി കലാവിദ്യയെന്ന ഇനത്തിൽ ചേർത്തു വിശേഷിച്ചും, ചിത്രമെഴുത്തു്, സംഗീതം എന്ന തലക്കെട്ടിൽ, ചേർത്തു പറയുന്നതിനു തരക്കേടില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ശാസ്ത്രസംബന്ധമായും പ്രയോഗത്തെയുമുള്ള ഡിപ്പാർട്ടുമെന്റുകളുടെ കൂട്ടത്തിൽ, ഫോട്ടോഗ്രാഫ് ഡിപ്പാർട്ടുമെന്റു, പബ്ലിക് ലൈബ്രറി, പുരാതനരേഖാസംരക്ഷണഡിപ്പാർട്ടുമെന്റു, പുരാതനഗ്രന്ഥങ്ങളെ സൂക്ഷിക്കുന്ന ഡിപ്പാർട്ടുമെന്റു് ഇവകളെ ഗവർണ്മെന്റുപ്പെടുത്തിയിരിക്കുന്നു. കലാവിദ്യകളിൽമേൽപറഞ്ഞതുപോലെ പ്രധാനമായ, ചിത്രമെഴുത്തു, സംഗീതം എന്ന വകുപ്പുകൾക്കു ഗവർണ്മെന്റു എന്തോർപ്പാടാണ്ടു് ചെയ്യിട്ടുള്ളതെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ? ജനങ്ങളുടെ ജീവിതത്തിൽ ഈ കലാവിദ്യകൾ എപ്രകാരമാണോ ഗുണം ചെയ്യുന്നതു എന്നു ചോദിച്ചേക്കാം. എന്റെ മറുപടി, കവിതയെപ്പോലെതന്നെ, ചരിത്രമോ കൊണ്ടുണ്ടാക്കുന്ന ഉപയോഗത്തിൽ നിന്നും ഒട്ടും കുറവല്ല ചിത്രമെഴുത്തിൽനിന്നും സംഗീതത്തിൽ ഉണ്ടാകുവുന്നു ഉപയോഗം എന്നാണു്. കലാവിദ്യകൾ സൽപ്രവൃത്തികൾക്കു പ്രേരകങ്ങളായ മനോഹരങ്ങളായ വികാരങ്ങളെ മനസ്സിൽ ഉണ്ടാക്കുന്നു. ജനങ്ങളുടെ ഇടയിൽ അനുകമ്പയെ ഉണ്ടാക്കുന്നു. ഹെർബർട്ടസ്പെൻസർ സംഗീതത്തെ കലാവിദ്യകളിൽ ഏറ്റവും മെച്ചമായിട്ടുള്ളതാണെന്നു പറയുകയും, മനുഷ്യനെ മനുഷ്യനു തമ്മിൽ അനുകമ്പ ഉണ്ടാക്കിവരുത്തുന്നതിനു അതുപോലെ ഫലപ്രദമായ ഒരു വഴിയില്ലെന്നും അദ്ദേഹം പറയുന്നു. റസ്കിൻ പറയുന്നതു്.—

"ഗ്രീക്കുകാരുടെ ഇടയിൽ വിദ്യാഭ്യാസത്തിനു് ഒന്നാമതായി സ്വീകരിക്കപ്പെട്ടിട്ടുള്ള മാധ്യം സംഗീതം തന്നെ ആയിരുന്നു എന്നു പക്ഷെ നിങ്ങൾക്കറിവില്ലായിരിക്കാം. അവർക്കു സംഗീതത്തിന്റെ ദേവതതന്നെ, പ്രാതകർമ്മങ്ങളെ ശിക്ഷിച്ചു നടത്തിപ്പിച്ചു, ദീക്ഷിപ്പിക്കുന്നവനായ അപ്പൊളൻ എന്ന രൂപത്തിൽ കാണിക്കപ്പെട്ടിരിക്കുന്ന ചെയ്തതാനോട്ടമല്ലിട്ടന്നു, സത്യത്തിന്റെ ദേവതയുമായിരുന്നു, അത്രമാത്രം അവരുടെ ധർമ്മശാസ്ത്രവും മനഃസംസ്കരണവും തമ്മിൽ ഇടകലർത്തപ്പെട്ടിരുന്നു. ഈ വിഷയത്തിൽ അവർ നിരാക്ഷേപമായി ശരിതന്നെയായിരുന്നു. കായികസുഖാനുഭവങ്ങളിൽ വച്ചു, സംഗീതം ഏറ്റവും സ്വാധീനത്തിൽ ഉള്ളതും, ഏറ്റവും ക്രമീകരിച്ചിട്ടുള്ളതും ഏറ്റവും ചിലവും ഏറ്റവും മെച്ചമായിട്ടുള്ളതുമാണു്. മനുഷ്യന്റെ ഏതുപ്രായത്തിലും ഉപകരിക്കുന്നതായിട്ടുള്ളതും അതു് തന്നെയാത്രമാണു്. കഞ്ഞിനെയുട്ടേശിച്ചുള്ള വളർത്തമ്മയുടെ താലോലപ്പാട്ടുമുതൽ തുടങ്ങി, അന്ത്യനാരാൽ കേൾക്കാൻപാടില്ലാത്തതും പുണ്യാത്മാക്കളുടെ മരണശയ്യയെ അത്ര ധാരാളമായിട്ടില്ലെങ്കിലും കൂടെക്കൂടെ അനുഗമനം ചെയ്യുന്നതുമായ സംഗീതംവരെ എല്ലാം ഘട്ടങ്ങളിലും അതു് നമുക്കുപകരിക്കുന്നു. ഈ കാലത്തു് നമ്മുടെയിടയിലുള്ള വഞ്ചകവും കൈശാചികവുമായുള്ള ശക്തിയുടെ പ്രവൃത്തി, വിദ്യാഭ്യാസത്തിനുള്ള മാധ്യമായി സംഗീതത്തെ തീരെ സ്വീകരിക്കാതെയാക്കിത്തീർക്കുന്നതിനു സാധിച്ചിട്ടുള്ളതിൽ നിന്നു് വിശേഷമായി വെളിപ്പെടുന്നതുപോലെ, ഉറെന്നിൽനിന്നും—നമ്മുടെ വാണിജ്യസംബന്ധമായ അസത്യങ്ങളിൽ നിന്നോ സാമൂഹ്യമായ കുമ്മീരുള്ള കിറിനപ്രവൃത്തികളിൽ നിന്നോ തരത്തിലും വെളിവാകുന്നില്ല.

ഇവിടെയുള്ള കലാപഠനശാലയിലെ പൂജ്യനായ പ്രഫസ്സറും പ്രിൻസിപ്പാളുമായിരുന്ന ഡാക്ടർ ഹാർവ്—അദ്ദേഹത്തിന്റെ കീഴിൽ പഠിക്കുന്നതിനു് എനിക്കു ഭാഗ്യമുണ്ടായിരുന്നു—സ്കോട്ടലന്റിലെ നാട്ടുപുറങ്ങളിൽ ജനങ്ങളുടെ ഇടയിൽ സ്നേഹമുണ്ടാക്കുന്നതിനും അക്രമങ്ങൾ കുറയ്ക്കുന്നതിനുമായി പ്രത്യേകം ഉദ്ദേശിച്ചു് സംഗീതം ധർമ്മമായി നടപ്പാക്കപ്പെട്ടിരുന്നു എന്നും അതുകൊണ്ടു് ക്രിമിനൽ വകുപ്പിലേക്കുള്ള ചിലവിൽ സാരമായ കുറവു വരുന്നതിനിടയായി എന്നും പറയുകയുണ്ടായി.

ഈ കാരണത്താൽ ജയിൽ സൂപ്രണ്ടിന്റെ ശമ്പളത്തിൽനിന്നും ഏതുസംഖ്യ മിച്ചമുണ്ടാക്കി സംഗീതയ്യാപകനു കൊടുക്കുന്നതിനു് ഇടയായാൽ നമ്മൾക്കു് അതിശയം തോന്നേണ്ടയാവശ്യം ഇല്ല.

ഈ കലാവിദ്യകളെ പുഷ്ടിപ്പെടുത്തുന്നതിനു് തിരുവിതാംകൂറിൽ എന്തു സൌകര്യമുണ്ടെന്നു ചോദിച്ചേക്കാം. തിരുവിതാംകൂറിൽ ചിത്രമെഴുത്തിലും സംഗീതത്തിലും സൂക്ഷ്മമായ വാസനയുള്ളവരായി ശതക്കണക്കിനും സഹസ്രക്കണക്കിനും ആൺകുട്ടികളും പെൺകുട്ടികളുമുണ്ടെന്നും അതിനെ വേണ്ടവിധം സൌകര്യമായ രീതിയിൽ വളർത്തുന്നതായാൽ അയഞ്ഞു് വികസിച്ചു് രാജ്യത്തിനു കൂട്ടുതലായ ശോഭയെ ഉണ്ടാക്കുന്നതാ

ണ്ണം ഉള്ള [illegible] കേട്ടിക്കും അറിഞ്ഞുകൂടാത്തതാണ്. ഈ പുരോഗമനാശയത്തെ, പ്രകൃതി ഈശ്വരന്റെ കലവറയിൽ ഉള്ള എല്ലാവിധമനോഹരതകളെയും സൃഷ്ടിച്ചിട്ടുണ്ട്. അവയെ അറിയുന്നതിനുള്ള ചക്ഷുസ്സും ശ്രവണേന്ദ്രിയവും മാത്രമെ ആവശ്യപ്പെടുന്നുള്ളൂ. അതുകൊണ്ട് നിയമവിദഗ്ദ്ധർ, കലാവിദ്യാഭ്യാസത്തെ വളർത്തുന്നതിനെ വളരെ പറഞ്ഞിട്ടുണ്ട്. തിരുവിതാംകൂറിലുള്ള ജനങ്ങൾക്ക് ഇത്രധാരാളമായി വാസനതോന്നിട്ടുള്ള കലാവിദ്യകളെ വളർത്തിക്കൊണ്ടുവരുന്നതിനു വേണ്ട പ്രോത്സാഹനം ചെയ്യേണ്ടത് ഗവണ്മെന്റിന്റെ കടമയല്ലയോ എന്നാണ് ഞാൻ ചോദിക്കുന്നത്. പറയത്തക്കതായ ഒരു ചിത്രശാലയെങ്കിലും ഇവിടെയില്ല. അങ്ങിനെ ഒരു സ്ഥാപനമില്ലെന്നു പറയുന്നതിനെക്കാൾ നിന്ദ്യമായതും, ഒരു സ്ഥാപനത്തെ മിസ്സ് ചെയ്തതിനെക്കാളധികമായതും ഒന്നുമില്ല. ഈ സ്ഥാപനങ്ങളൊന്നുപോലും ഒരു സംഗീതപാഠശാലയില്ല. മിസ്സ്. കുട്ടൻപിള്ള ഗവൺമെൻറ് സ്ഥാപിക്കപ്പെട്ടിരുന്നതു പ്രോത്സാഹനക്കുറവിനാൽ അകാലചരമഗതിയടയുകയുണ്ടായി. സ്വകീയരായ സംഗീതാദ്ധ്യാപകന്മാർ ആ വിഷയത്തിൽ നല്ല പരിചയമുള്ളവരായിരിക്കണമെന്നും നാം പ്രതീക്ഷിക്കുന്നുണ്ടെങ്കിലും അവരെ അഭ്യസിപ്പിക്കുന്നതിനുള്ള പാഠശാലകൾ ഒന്നുംതന്നെയില്ലെന്നുള്ള സത്യം മിസ്സ്. എ. ഡി. വെൻസൺ ഇപ്രകാരം പറയുന്നു:—"ഭരണസ്ഥാനം എന്നതു മനുഷ്യർക്കിടയിൽ സമാധാനമായി ജീവിക്കുന്നതിന് വേണ്ട ഫർണ്ണിച്ചർ ചെയ്യുക മാത്രമല്ലാതെ മറ്റൊന്നുമല്ല. ഒരു രാജ്യത്തെ അതിന്റെ ജനസമുദായത്തിൽനിന്നും ഏതൊ വിധിന്നമായും ഉചിതമായും വിചാരിച്ച് സംസാരിക്കുന്ന രീതി ജനങ്ങൾ ശീലിക്കുന്നു. എന്നാൽ രാജ്യം എന്നതു വാസ്തവത്തിൽ ജനസമുദായംതന്നെയാണ്. പാർലിമെൻറ് എന്നതു തനിക്കുതന്നെ ചട്ടങ്ങളും നിയമങ്ങളും ഉണ്ടാക്കുന്ന ജനസമുദായംതന്നെ ആകുന്നു."

അദ്ദേഹം ചോദിക്കുന്നു:—

ഒരു സമുദായത്തിലുള്ള ഒരു പൌരന്റെ ജീവിതാശയം എന്താണ്? അവനെ ശരിരസുഖമുള്ളവനും, സഹകരണബുദ്ധിയുള്ളവനും, സന്തോഷചിത്തനും, നിഷ്കളങ്കനും, വിനീതനും, കണിശമുള്ളവനും ആക്കിച്ചെയ്യണം. തന്നേയും തന്റെ സമുദായത്തിൽ, ജോലിചെയ്യുന്ന ശേഷിയില്ലാത്തവരായ അംഗങ്ങളേയും സംരക്ഷിക്കുന്നതിനായി അവനു നിശ്ചിതമായ ഒരു തൊഴിൽ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ തൊഴിൽ എന്നതു് ഉപയോഗശ്രൂന്യമായ മടവേലയായിത്തീരരുത്. എല്ലാവർക്കും വിശ്രമസമയം വേണ്ടതും അതിനെ ഉപയോഗിക്കുന്നതിനു സാധിക്കുകയും വേണം. തൊഴിൽ എന്നതു് അനുഭവിക്കുവാനുള്ളതും അനുഭവിക്കപ്പെടാവുന്നതും ആയിരിക്കണം; അതുകൂടാതെ മനോഹരങ്ങളായും സൌകര്യങ്ങളായുമുള്ള സാധനങ്ങളുടെ അനുഭവവും വേണമെന്നാണ്. ഇതു് എത്രയും ശ്രേഷ്ഠമായ ഒരു പ്രത്യുപദിപാടിയാണ്. എന്നാൽ അതു് സാധിക്കുന്നതിൽ നിന്ന് നമ്മുടെ സ്ഥിതി എത്ര അകലെയാണ്.

മി: എ. ഹഗാർഡ് (നിയമിതൻ): സ്ത്രീകളുടെ കലാപാഠശാലയെപ്പറ്റി എന്തു പറയുന്നു?

അദ്ധ്യക്ഷൻ: അദ്ദേഹം ചിത്രംവരയ്ക്കുന്നതിനേയും സംഗീതത്തേയുംപ്പറ്റി സംസാരിക്കുകയാണ്;

മി: എ. ഹഗാർഡ് (നിയമിതൻ): സ്ത്രീകൾക്കുള്ള കലാപാഠശാലയിൽ സംഗീതക്ലാസ് ഉള്ള വിവരം അറിവുണ്ടോ എന്നെനിക്കറിഞ്ഞുകൊള്ളാം.

മി: ടി. ലക്ഷ്മണൻപിള്ള (നിയമിതൻ): ഞാൻ സംഗീതം പഠിപ്പിക്കുന്നതിനെപ്പറ്റി സംസാരിക്കുകയാണ്. പിന്നേയും മി: എ. ഡി. വെൻസൺപറയുന്നു. നമ്മുടെ ഒഴിച്ചിടവേളയിൽവച്ചുകൊണ്ടിരിക്കേണ്ടതായ വാസ്തവമായ ജീവിതാശയം തൊഴിലിനെ നമ്മുടെ കർത്തവ്യകർമ്മമായി ചെയ്തേതീരണമെന്നുള്ള നിർബന്ധിക്കുന്നതും എന്നാൽ ന്യായമായ വിശ്രമത്തെ അനുഭവിക്കുന്നതുമായ ജീവിതമാണ്. മനോഹരമായും രസാവഹമായുമുള്ള എല്ലാ വസ്തുക്കളിലും അഭിരുചിയുണ്ടാക്കുന്നതിനു ശീലിക്കണം. ഒരു സമുദായത്തിന്റെ ജീവിതത്തിൽ ഉള്ള മനോഹരങ്ങളേയും രസാവഹങ്ങളായുമുള്ള വസ്തുക്കളുടെ കൂട്ടത്തിലാണ്, ചിത്രമെഴുത്ത്, സംഗീതം എന്നുള്ള കലകളെ നാം ചേർക്കേണ്ടതു്; അവയെ ശാസ്ത്രീയകലകളിലും പലവക കലകളിലും ചേർക്കുന്നതു വണ്ണം യോഗ്യതയുള്ളവയാക്കണമെന്നും അവയെ സംബന്ധിച്ചിടത്തോളം ഈ വകുപ്പുകൾ ഇപ്പോൾ ശ്രൂന്യങ്ങളായിട്ടാണ് കാണപ്പെടുന്നതെന്നും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. സംഗീതവിഷയത്തിൽ ഗവണ്മെൻറ് ശ്രദ്ധകാണിച്ചിട്ടുള്ളതു്, പെൺകുട്ടികൾക്കുള്ള നാട്ടുപാഠശാലകളിൽ ഭാഗവതന്മാർക്ക് അല്ലെങ്കിൽ സംഗീതാദ്ധ്യാപകർക്ക് നീക്കിവച്ചിട്ടുള്ള ഇനം ഒന്നുമാത്രമാണ്. ഞൺകുട്ടികൾക്കും വിദ്യാശാലകളിലും, ഈ വിഷയത്തിൽ പ്രത്യേകവാസന പ്രദർശിപ്പിക്കുന്ന ആൺകുട്ടികൾക്കും, സംഗീതം അഭ്യസിപ്പിച്ചുകൊടുക്കാത്തതു് എന്തുകൊണ്ടാണ്? ഒരു ഭാഗവതർക്ക് ഏഴു രൂപാവീതം ഫർന്നു ഭാഗവതർക്ക് നൂറു, ൦൦൦ രൂപാവരെ നീക്കിട്ടുണ്ട്. ഡ്രായിങ്മാസ്റ്റരന്മാർക്ക് ഏഴു രൂപാവീതം കൊടുക്കുന്ന സ്ഥിതിക്ക് ഭാഗവതന്മാർക്ക് ഏഴു രൂപാമാത്രം കൊടുക്കുന്നതു് എന്തുകൊണ്ടാണെന്നുള്ള എന്റെ ചോദ്യത്തിന്റെ, ആ ഫിഗർപ്പാട്ട് ശരിയാണെന്നു ഗവണ്മെൻറ് വിചാരിക്കുന്നു, എന്നല്ലാതെ തൃപ്തികരമായ വേറെ യാതൊരു മറുപടിയും കിട്ടുന്നതിനു സാധിച്ചിട്ടില്ല. (ചിരി) ഇപ്പോൾ ഭാഗവതന്മാരെ രണ്ടു ഗ്രേഡായി ഭാഗിക്കപ്പെട്ടിരിക്കുന്നു. ഇതിനെ അടിസ്ഥാനമാക്കി കൊല്ലത്തോറും പരീക്ഷകൊണ്ടു നടത്തപ്പെടുന്ന എന്നാൽ നിർഭാഗ്യവശാൽ ശമ്പളത്തെ സംബന്ധിച്ചിടത്തോളം രണ്ടു ഗ്രേഡിലുള്ളവരേയും ഒന്നായി കൂട്ടിച്ചേർക്കപ്പെടുന്നു. ചുരുക്കിപ്പറയുന്നതായാൽ ഇത് അർത്ഥമില്ലാത്തതാണ്. ഒന്നാംഗ്രേഡിലുള്ള ഭാഗവതന്മാർക്ക് കൂടുതൽ ശമ്പളം കൊടുക്കണം. ഇപ്പോൾ വകനീക്കിട്ടുള്ള ൫൦൦൦ രൂപാ ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ ഈ കാര്യത്തിലുള്ള പ്രധാന്യത്തെ അനുസരിച്ച് വേണ്ടിവരുന്ന കൂടുതൽ ചിലവിനെ അനുവദിച്ചുകൊടുക്കുന്നതിൽ മടിക്കുകയില്ലായിരുന്നു. ഒന്നാംഗ്രേഡ് ഭാഗവതന്മാർക്ക് എന്തു കൂടുതലാണ് കൊടുക്കേണ്ടതു് എന്നതിപ്പോഴുള്ളപ്പെടുന്നതിനുള്ള ഘട്ടം ഇതല്ല. ഇത് വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ യുക്തംപോലെ ചെയ്യുന്നതിനു വിടാവുന്ന ഒരു സംഗതിയാണ്.

ഈ മാതൃകാരാജ്യത്തിന്റെ തലസ്ഥാനത്തു് ഒരു സംഗീതപാഠശാലയും ചിത്രമെഴുത്തു പാഠശാലയും തുറക്കുന്നതിനു് തക്കതായ ഫിഗർപ്പാട്ട് ചെയ്യുന്നതിന്റെ ആവശ്യകതയെപ്പറ്റി താഴ്മയായും എന്നാൽ ബഹുമാനത്തോടും ഞാൻ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു. ഇതില്ലാതെ അദ്ധ്യാപകന്മാർ ഈ കലാവിദ്യകളിൽ പാണ്ഡിത്യമുള്ളവരായിരിക്കുമെന്നു പ്രതീക്ഷിക്കുന്നതിനു സാധിക്കുന്നതല്ല.

മി: കെ. ജോൺമിറി (ചങ്ങനാശ്ശേരിയും-മിതച്ചുലും): സർ! ഇതു പ്രത്യക്ഷത്തിൽ ഇപ്പോഴത്തെ സങ്കടമോ ഒടിവിലത്തെ ബഡ്ജറ്റുമിനിങ്ങോണ്ട്. നാം മലയാളവർഷത്തിന്റെ കർക്കടകം ആറാംതീയതി പറഞ്ഞു കഴിഞ്ഞു. ഇതിൽ ചുരുക്കിയ ഒരു ഒരു മിനിട്ടേക്കു പ്രവേശിക്കേണ്ടിയിരിക്കുന്നു. പ്രകൃതിക്കുതന്നെ, ഇതിനുമുമ്പുള്ള നമ്മുടെ പഴയ പ്രവൃത്തിദിവസങ്ങളോട് അനുഭവിച്ചുള്ളതാണ് ഇതാണെന്നു; ധനകാര്യക്കർശിയുടെ പ്രസംഗത്തിൽ മനസ്സിലാക്കുവാൻ പ്രയാസമുണ്ടാക്കിയിട്ടുള്ള വെള്ളപ്പൊക്കത്തെ അതുപോലെ. ചുവടേ ഉള്ള ഒരു മാറ്റത്തിന്റേയും ക്രമീകരണത്തിന്റേയും ആവശ്യകതയുടെ ഒരു സൂചന നമുക്കു തന്നിരിക്കുന്നു. ഈശ്വരകൃപയാൽ കഷ്ടതയും നിരാശയുമാകുന്ന കാർമേഘങ്ങളെ ക്രമേണ മായിച്ചു തുടങ്ങിയിരിക്കുന്നു, ഈ അടുത്ത ചില ദിവസങ്ങളിൽ സൂര്യന്റെ മനോഹരങ്ങളായ കിരണങ്ങൾ ആവർത്തിച്ചു വസ്തുവത്തിൽ ആശ്വാസജനകമായിരുന്നുവെന്നുണ്ട്.

സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാർ കഷ്ടപ്പെട്ടു വലയുന്ന ജനങ്ങൾക്കുവേണ്ടി ജനങ്ങളുമായി യോജിച്ചു് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിന് ഉടനടി ചെയ്ത ഏർപ്പാടുകൾക്കുവേണ്ടി വാക്കുകൾകൊണ്ടു നിങ്ങൾ ഏറ്റവും കൂടുതൽ കൃതജ്ഞത അനുഭവിച്ചിട്ടുള്ള സ്ഥലത്തെ ഒരു മെമ്പറെന്ന നിലയിൽ ഞാൻ എന്റെ അഭിനന്ദനത്തെ ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു. കൃതജ്ഞത അനുഭവിച്ച സ്ഥലങ്ങൾ അറിഞ്ഞു സഹായം ചെയ്യുന്നതിനു ഉടനടി വേണ്ടപോലെ എല്ലാപ്രകാരം ചെയ്യുന്നതിനു ഗവണ്മെന്റിനോടു ഞങ്ങൾ നന്ദിയുള്ളവരായിരിക്കുന്നു. ഈ വെള്ളപ്പൊക്കംകൊണ്ടുണ്ടായിട്ടുള്ള കഷ്ടതയെ കുറയ്ക്കുന്നതിനു പുനരുദ്ധാരണപ്രവർത്തനം വേഗത്തിൽ നടത്തപ്പെടുന്നതിനും ധാരാളമായി കൃഷിവായ്പകൾ കൊടുക്കുന്നതിനു കൂടുതലായി പണം അനുവദിക്കുന്നതിനും മരാമത്തുവേലകൾ നടത്തുന്നതിനും സങ്കടനിവാരണത്തിന് അവർൽ കഴിവുള്ള എല്ലാസഹായങ്ങളും ചെയ്യുന്നതിനും ഗവണ്മെന്റു വിചാരിക്കുന്നുണ്ടെന്നും, മിവാൻജി അവർകൾ പറഞ്ഞതായി അറിയുന്നതിൽ എനിക്കു വളരെ സന്തോഷം തോന്നുന്നുണ്ട്. കൃഷിവായ്പകൾ ധാരാളമായി ആവശ്യമുള്ളവർക്കു കിട്ടിവരുന്നില്ലെന്നുള്ള ഈ പ്രസ്താവം പരാതിക്കു കാരണമല്ല എല്ലാപ്രകാരമറിയാവുന്ന ഒരു സംഗതിയുമാണ്. ഒരാൾക്ക് അതു കിട്ടുകയാണെങ്കിൽ തന്നെയും, അതു് അന്യമാർഗ്ഗേണ ആവശ്യനിർവഹിച്ചു കഴിഞ്ഞു മാത്രമാണ്.

മരാമത്തു് അറ്റകുറ്റപ്പണികൾ നടത്തപ്പെടുന്നതു കാലാകാലത്തിലല്ലെന്നുള്ളതും ധാരാളമായി അറിയപ്പെട്ടിട്ടുള്ളതാണ്. അതു പക്ഷെ ആ ഏർപ്പാടിന്റെ കുറവുതന്നെയായിരിക്കാം. ജോലി നിർവഹണത്തിലേർപ്പെട്ടിട്ടുള്ള കീഴ്ദ്യോഗസ്ഥന്മാർക്ക് പണം അനുവദിച്ചുകിട്ടുന്നതു് ആ കൊല്ലത്തിന്റെ അവസാനഭാഗത്തിലായിരിക്കാം. അല്ലെങ്കിൽ ഈ സിൽബന്ധികളെ അവരുടെ അലസതകൊണ്ടു വേണ്ടതുപോലെ ശിക്ഷിക്കുന്നില്ലെന്നും വരാം. അറ്റകുറ്റവേലകൾ എന്നു പറയപ്പെട്ടുന്നവ, പൂർത്തിയായതിനുശേഷം ആദ്യമായുണ്ടാകുന്ന മഴയിൽ ഒലിച്ചുപോകുന്നതിനുമാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്. വിശ്വാസയോഗ്യന്മാരായ ഏതാനും എൻജിനീയറുദ്യോഗസ്ഥന്മാരെ തിരിഞ്ഞെടുത്തു്, അതാതു സ്ഥലത്തുള്ള ജനങ്ങളുമായി ആലോചിച്ചു ന്യായമായി ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന വേലകളെ ഉടനടി നടത്തുന്നതിനു കൂടുതലായ അധികാരങ്ങളും അവർക്കു കൊടുക്കണം. അധികാരന്മാർ ഉദ്ദേശിച്ചിരിക്കുന്നയ്ത് എന്തേജൻസിയായിരുന്നാലും അവ, സംഭവങ്ങൾക്ക് ഇടകൊടുക്കാത്തവണ്ണം അത്രമാത്രം വിശ്വസിക്കത്തക്കതായിരിക്കണം. സഹായ ഏർപ്പാടുകൾ ഉടനടി ആവശ്യപ്പെട്ടിരിക്കുന്നുവെങ്കിൽ ഊർജ്ജിതമായി കാര്യങ്ങൾ നടത്തുന്നതിനു പ്രത്യുല്പാസന കാണിക്കുവാനും വിശ്വാസയോഗ്യനായ ഒരു ഉദ്യോഗസ്ഥൻ, എന്നും തമ്മിൽ വഴക്കടിച്ചുകൊണ്ടിരിക്കുന്ന ഒരു പബ്ലിക്കസ്ഥാപനത്തെക്കാൾ, ഈ ജോലിയ്ക്കു തിരിഞ്ഞെടുക്കപ്പെടേണ്ടതാണ്. ചെറിയ വീടുകൾ കെട്ടുന്നതിനുള്ള സൗകര്യങ്ങൾ ശ്രേഖരിച്ചുകൊടുക്കുക, വിത്തുകൾ വാങ്ങിക്കുക, കാളകൾ, കലപ്പ, വയലുകൾ ഇവ ഉണ്ടാകാതെ ഇരിക്കുന്നതിനു ശ്രദ്ധിക്കുന്നതും മുഖ്യമായ വേണ്ട നടപടികൾ ഏർപ്പാടുകൾ ചെയ്യുക ഈ മാതിരിയിലുള്ള ഉടനടി ചെയ്യേണ്ട സഹായങ്ങളുടെ വേഗത്തിൽ ആരംഭിച്ചു നടത്തേണ്ടിയിരിക്കുന്നു.

ധനകാര്യക്കർശിയുടെ പ്രസംഗത്തിന്റെ മറ്റുള്ള ഭാഗങ്ങളിലേക്കു കടക്കുമ്പോൾ അവ ഇച്ഛാഭംഗത്തെ ഉണ്ടാക്കുന്നതാണെന്നു പറയേണ്ടിയിരിക്കുന്നതിൽ വ്യസനിക്കുന്നു. എല്ലാക്കൊല്ലവും നമ്മളാൽ നേരിടേണ്ടതായ ധനസ്ഥിതിയെ പറ്റി രസവഹമായ അഭിപ്രായങ്ങളും, കാര്യസംപൂർണ്ണമായ വിവരണങ്ങളും, തക്കതായ സമാധാനങ്ങളും മി. ജോർജ്ജ് ഈ സഭക്കു നൽകിക്കൊണ്ടിരുന്നു. ഈ ആണ്ടത്തെ പ്രസംഗത്തിൽ അവയുടെ അഭാവം വളരെ ഉണ്ട്. എന്നാൽ നമ്മുടെ തീവണ്ടിയിനത്തിലുള്ള വരവു പ്രോത്സാഹനത്തെ ഉണ്ടാക്കുന്നതാണ്. അതുകൊണ്ടു, കൂടുതലായ തീവണ്ടി ഏർപ്പാടുകൾ, കൃഷിമരാമത്തുകൾ എന്നുതുടങ്ങിയുള്ള ആദായകരങ്ങളായ പ്രവൃത്തികൾ പണം മുടക്കേണ്ടതിലേക്ക് ഇതു ഒരു കൂടുതൽ കാരണമാണെന്നു ഞാൻ വിചാരിക്കുന്നു.

എന്തായിരുന്നാലും നമ്മുടെ ധനസ്ഥിതി തൃപ്തികരമായിരിക്കുന്നില്ല. വളരെ കൊല്ലങ്ങളായിട്ടു ജനങ്ങളുടെമേൽ നാം എല്ലാഭാഗത്തുനിന്നും നികുതി ചുമത്തുകയായിരുന്നു. ഒരൊറ്റപുരുഷനൊ സ്ത്രീയെ ഒഴിക്കപ്പെട്ടിട്ടില്ല. നമ്മുടെ രാജ്യത്തിന്റെ പൂർവ്വികനടപടിക്രമവിപരീതമായി; വളർക്കാർ, മീൻപിടിക്കുന്നവർ, അടുത്തചന്തയിലേക്കു വഴിനടക്കുവാൻപോലും പോകുന്ന പാവപ്പെട്ട സ്ത്രീകൾ എന്നു വേണ്ട വഴിയാത്രക്കാർപോലും നികുതി കൊടുക്കേണ്ടിയിരിക്കുന്നു. ഇതിനൊരു പക്ഷേ രാജ്യത്തിനു എപ്പോഴും വഴിപ്പെടുവരുന്ന ആളായം ആണ്. എന്നാൽ ഈ അഭിപ്രായത്തിൽ അറിയത്തക്കതായ ഏതെങ്കിലും ഒരുഭാഗം ആളായകരമായ ഏതെങ്കിലും വേലയിൽ മുടക്കാതെ ഇതെല്ലാം, "എപ്പോഴും വളർന്നു വരുന്ന അഭിവൃദ്ധികരമായ തരണം" എന്നു പറയപ്പെട്ടുന്നതിനു വേണ്ടി നാം ചിലവഴിച്ചുവരുന്നു.

സഭയുടെ ഈ ഭാഗത്തുനിന്നും ചിലവുകുറയ്ക്കുന്നതിനേപ്പറ്റി തന്നെ എപ്പോഴും പറഞ്ഞുവന്നിരുന്നു എങ്കിലും ഈ വഴിക്ക് ഒന്നുംതന്നെ ചെയ്തിട്ടില്ല. എന്നതന്നെയല്ല ചിലവു ചുരുക്കുന്നതിനു വല്ലതും ഞങ്ങളാൽ സാധിച്ചിട്ടുണ്ടെങ്കിൽ ആ ഫലത്തെ ഇല്ലാതെ ആക്കുന്നതിനു, വല്ല ഉപയോഗവുമുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നവയായ ചിലവിടങ്ങളുള്ള കൂടുതൽ മാഗ്ദ്ധാനം ഇറക്കപ്പെട്ടിട്ടുണ്ട്. ഈ സ്ഥിതിയെ മോചപ്പെടുത്തുന്നതിന് ഏതെങ്കിലും പുതുതായും സ്ഥിരമായുമുള്ള നയത്തെ സ്വീകരിക്കേണ്ടതാണ്.

ചില വർഷങ്ങളെപ്പറ്റി നോക്കുമ്പോൾ, ഈ ദിവാൻജി വരുന്നതിനുമുമ്പുള്ള ചിറമ്മുകൾ ചാളപോലെ പൊതിഞ്ഞുകെട്ടിവന്നിരുന്ന വടക്കൻ തിരുവിതാംകൂറിലെ ഗതാഗതസൗകര്യങ്ങൾക്കായിട്ടു കുറെയൊക്കെ പണം ചിലവിട്ടിട്ടുണ്ടെന്നു കാണാം. ആ കാര്യത്തിൽ ആവശ്യത്തിലധികം ദിവാൻജിയും ചീഫ് എൻജിനീയറും അറിഞ്ഞുതുടങ്ങിയിരുന്നു എന്നു തോന്നുന്നതിനു ചില കാരണങ്ങളുണ്ട്. അക്കാലയളവിലുള്ള വടശ്ശേരിക്കരയിലെ പൊടുന്നനെയുള്ള ആവശ്യങ്ങൾക്ക് ഫണ്ടുകൾപോലും ചിലപ്പോൾ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ എക്സിക്യൂട്ടീവ് എൻജിനീയർ ഡിപ്പാർട്ടുമെന്റിന്റെ ചരിത്രരേഖകളിൽ എവിടെയെങ്കിലും ഈ വേലയ്ക്കായി വേണ്ടുവോളം ശ്രദ്ധ ചെലുത്തിയ ലക്ഷണം കാണുന്നില്ല. ആ വേലയെ നടത്തിപ്പു കിട്ടുന്നതുമായി വളരെ വ്യത്യാസമുണ്ടെന്നുള്ളതു ശ്രദ്ധിക്കേണ്ടതാണ്. ഈ സന്ദർഭത്തിന്റെ ഒരു സംഗതി കൂടി ഇവിടെ പറഞ്ഞുകൊള്ളുന്നു. അതായത് "രാജശ്രദ്ധയുണ്ടായ ക്ഷേത്രം" പോലെ ഉത്സവനടപടിക്രമങ്ങൾ ഭേദം കൂടാതെ എണ്ണം പോലും പണം അനുവദിച്ചു സാധിക്കുമ്പോൾ ആ വേലകളെ അതതുചൊല്പുത്തിൽ തന്നെ പൂർത്തിയാക്കുകയും ചെയ്യുന്നതു നന്നായിരിക്കും. പക്ഷേ, ചെയ്തിട്ടുള്ള ഏതുവേലയും നഷ്ടത്തിനും, നാനാവിധമായി പോകുന്നതിനും കാരണമാകുന്നു.

കൊട്ടാരക്കര–എണാകുളം റീവണ്ടി സംബന്ധിച്ചുള്ള സർവ്വേക്കുവേണ്ടി ഏതാണ്ടു സഹസ്രം രൂപാ വകയിരുത്തിക്കാണുന്നതിൽ, എന്നെ സംബന്ധിച്ചുമാത്രം പറയുമ്പോൾ, എനിക്കു വളരെ സന്തോഷമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽനിന്നും എന്നെ കഴിഞ്ഞ സഭയ്ക്കും, ഈ സഭയ്ക്കും, പ്രതിനിധിയായി അയച്ചതിൽ പിന്നീടു, സഭയുടെ ഓരോ മീറ്റിംഗ് കഴിഞ്ഞു ഞാൻ തിരിച്ചുചെല്ലുന്ന എല്ലാ അവസരങ്ങളിലും, അവരുടെ അടുക്കൽ നിന്നും എനിക്ക് ഏറ്റുമുട്ടാലും ആദ്യമായി കിട്ടുന്ന ചോദ്യം "കൊട്ടാരക്കര–ആലുവാ റയിൽവേ നീട്ടുന്നതിനു നിങ്ങൾ എന്താണ് ചെയ്തിട്ടുള്ളതു" എന്നാണ്. വടക്കൻ തിരുവിതാംകൂറിലെ പൊതുജനാഭിപ്രായം. തിരുനൽവേലി-കൊല്ലം തിവണ്ടിപ്പാത ഒരു ബുദ്ധിമോശമായിപ്പോയി എന്നും, ആ റെയിലിനെ അല്പമായിട്ടെങ്കിലും പരിഹരിക്കുന്നതിനു ഷോറണ്ണൂർ–തൊടുപുഴ തിവണ്ടിപ്പാതയും കൊല്ലം–ചെങ്കോട്ടപ്പാതയും തമ്മിൽ കൂട്ടിച്ചേർക്കുന്നതിന് ഒരു പാത ഉണ്ടാക്കുന്നതായിരുന്നാൽ സാധിക്കുന്നതാണെന്നുമാണ്. എന്നാൽ ഈ പേരുചൊല്പിൽവരുത്തുന്നതിനു മനഃപൂർവ്വമായും ജാഗ്രതയായും വേണ്ട ശ്രമം ഗവണ്മെന്റു ചെയ്യുന്നതായി കാണുന്നില്ല.

വിദ്യാഭ്യാസവകുപ്പിൽ വരുത്തിവയ്ക്കുന്ന ചിലവു് ഈ സഭയുടെ എല്ലായ്പോഴും ശ്രദ്ധയോടുകൂടിയ ആലോചനയ്ക്കു വിഷയമാകേണ്ട പണമിടപെട്ട സംഗതിയാണ്. ഞാൻ ആലോചിച്ചതിൽ കണ്ടുകിട്ടീട്ടുള്ള ഒരു മാർഗ്ഗം ഡിപ്പാർട്ടുമെന്റുമായുള്ള ശരിയായ തോതനുപാതവും നിയന്ത്രണവും വച്ചുകൊണ്ട് ഈ ജോലിയുടെ അധികഭാഗവും ചുമതലയുള്ള കമിവകസ്ഥാപനങ്ങൾക്കു വിട്ടുകൊടുക്കുകയാണ്. നായർസമാജം, ക്രൈസ്തവസംഘം, ഈഴവസമാജക്കാർ, സമുദായസമാജങ്ങൾ, പള്ളിക്കാർ മുതലായി, പ്രസ്തുതസ്ഥാപനങ്ങളെ നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ സാമ്പത്തികപിൻബലം ഉള്ള സംഘങ്ങളുടെ അധികാരത്തിൽ കൂടുതൽ വിദ്യാലയങ്ങൾ വിട്ടുകൊടുക്കുവാൻ തക്കവണ്ണം കമിവകസ്ഥാപനങ്ങളോടു ഡിപ്പാർട്ടുമെന്റു കൂടുതൽ മമതയും സ്നേഹവും പ്രകടമാക്കണമെന്നുകൂടി ഇവിടെ പറഞ്ഞുകൊള്ളുന്നു. ഈ സ്ഥാപനങ്ങളോടു ഡയറക്ടർ മിച്ചലിനുള്ള അഭിപ്രായത്തിന്റെ കോഡിനാലും ഉണ്ടാക്കപ്പെട്ടിട്ടുള്ള നിരസം, തിരെ മാഞ്ഞിപ്പോകുന്നതാണെന്നും ഗവണ്മെന്റിന്റെമേൽ ഡയറക്ടർ മിച്ചലിനാൽ ചുമത്തപ്പെട്ടിട്ടുള്ള ഭാരത്തിൽനിന്നും ഗവണ്മെന്റിനു വളരെ ആശ്വാസം കിട്ടുന്നതാണെന്നും എനിക്കു നിശ്ചയമുണ്ട്.

എന്റെ പ്രസംഗത്തെ അവസാനിപ്പിക്കുന്നതിനുമുമ്പായി രവന്യൂവകുപ്പിനെപ്പറ്റി ഒരു വാക്കു പറഞ്ഞുകൊള്ളുന്നു. പൊതുസമ്പത്തുവാളത്തിൽ ഭോഗഭോക്തൃകളായിരുന്നവരിൽ ഞാനും ഒരാളായിരുന്നു. റവന്യൂദേവസം വിഭാഗനക്കണക്കുകളിൽ വേർപെടുത്തുന്നതിനുള്ള ബഹുമതിയും എനിക്കുണ്ടായിരുന്നു. ഈ വിഭാഗനത്തിന്റെ പ്രധാനമായിട്ടുള്ള ഉദ്ദേശം റവന്യൂവകുപ്പിനെ, മഹാരാജാവുതിരുമനസ്സിലെ എല്ലാ സുഖായത്തിലുമുപരിപ്പെട്ട പ്രജകൾക്കും, പ്രവേശനത്തിനായി, ഉറപ്പിച്ചു എന്നുള്ളതായിരുന്നു. വളരെ മുമ്പുതന്നെ വേണ്ടിയിരുന്നതും ഏറ്റവുംകൊണ്ടും ആവശ്യമായിരുന്നതുമായ ഈ പരിഷ്കാരത്തെ സാധിക്കുന്നതിനുവേണ്ടി, പ്രത്യേകം ഒരു ഡിപ്പാർട്ടുമെന്റുചേർക്കുകയും മുതലായ സ്ഥാപനങ്ങൾക്കാവശ്യമുള്ള ഒരു ലക്ഷം രൂപയിൽ കൂടുതലായി വരുന്ന ചിലവിനെ സഹിച്ചു ഈ ദേവസ്വവിഭാഗനമാക്കുന്നതിനും അംഗീകരിക്കപ്പെട്ടു. എന്നാൽ അതിന്റെ ഫലം എന്താണ്? കാര്യങ്ങൾ മുമ്പിൽ നടന്നവന്നതുപോലെ നടക്കുന്നു. മഹാരാജാവു തിരുമനസ്സിലെ പ്രത്യേകലക്ഷ്യം പ്രജകൾക്ക് ആ ഡിപ്പാർട്ടുമെന്റു ഇപ്പോഴും അടഞ്ഞുതന്നെ ഇരിക്കുന്നു. ആകെ കൂടിയുള്ള ഫലം രാജ്യത്തിന് കൂടുതൽ ചിലവുമാത്രമാണ്. ആവകുപ്പിന്റെ മേലധ്യക്ഷനായി സമർത്ഥനായ പേരുകേട്ടിട്ടുള്ള ഒരു ഇംഗ്ലീഷുകാരനെ ആക്കീട്ടും കാര്യങ്ങൾ നന്നായിട്ടില്ലെന്ന പന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ മുൻഗാമിയാൽ സാമർത്ഥ്യത്തോടുകൂടി ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥനസമിതിയുള്ള ശമ്പളക്രമമെഴിച്ചുപാടുകൊണ്ടും, തത്പരനായി വിഭാഗനം ചെയ്യപ്പെട്ട ഏകദേശം ഡിപ്പാർട്ടുമെന്റിലേയും അതിനോടു സംബന്ധിക്കപ്പെട്ടുകിടക്കുന്ന റവന്യൂഡിപ്പാർട്ടുമെന്റിലേയും സിൽബന്ധികളുടെ കയറ്റക്രമമേർപ്പാടും കൊണ്ട് അദ്ദേഹം വല്ലാതുന്നു. ആ കാരണങ്ങൾകൊണ്ടു ഗവണ്മെന്റിന്റെ മനഃസ്ഥിതി ദേഷപ്പെടുത്താത്തപക്ഷം ഇപ്പോൾ നടത്തപ്പെട്ടിട്ടുള്ള വിഭാഗനം കൊണ്ടു യാതൊരുപയോഗവുമില്ല. ഇതിനെ സംബന്ധിച്ചുള്ള അനവധി ചോദ്യങ്ങളും മറുപടികളും, പലപ്പോഴും ഗവണ്മെന്റ് ഈ സംഗതിയെ അത്ര കാര്യമായി ഗണിച്ചിട്ടില്ലെന്നു കാണിക്കുന്നു. വിശേഷിച്ചും ഈ നാമമാത്രമായ വിഭാഗനത്തിനുവേണ്ടി നാം വഹിച്ച, ആ വലുതായ ചിലവിനെ വിചാരിച്ചാൽ ഇതിനെപ്പറ്റി അധികമായി വ്യസനിക്കേണ്ടിയിരിക്കുന്നു.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ഇക്കഴിഞ്ഞ കുടികം പതാംതീയതി കൂടിയ സഭയിൽവച്ച്, ഇപ്പോൾ ഉണ്ടായ നാശകരമായ വെള്ളപ്പൊക്കത്തിന്റെ ഫലത്തെ കണക്കാക്കാതെ തയ്യാറാക്കപ്പെട്ടിട്ടുള്ള ബഡ്ജറിനെ സംബന്ധിച്ചുള്ള പ്രാഥമ്യതിപാദനകാണ്ട് വലിയ പ്രയോജനമൊന്നുമില്ലെന്നു പറഞ്ഞവരിൽ ഞാനും ഒരാൾ ആയിരുന്നു. ഈ സഭാവസരത്തിനു (വെള്ളപ്പൊക്കത്തിനു) ശേഷം തയ്യാറാക്കപ്പെട്ടിട്ടുള്ള, ധനകാര്യകർശിയുടെ പ്രസംഗത്തിൽ, ഈ അല്പകാലത്തിനിടക്ക്, വിശേഷിച്ചും ഗതാഗതസൗകര്യങ്ങൾക്കുള്ള നഷ്ടസ്സങ്ങൾകൊണ്ട് വെള്ളംകയറിയ സ്ഥലങ്ങളിൽനിന്നുമുള്ള വിവരങ്ങൾ വളരെ പുരോഗമായിരുന്നിട്ടും, മനഃപ്പൂർവ്വമായ

സാധ്യതയെ അത്യന്തം ന്യായമായ അഭിപ്രായത്തെ ഈ മാറിവന്ന സ്ഥിതിയെപ്പറ്റി സീകരിച്ചുകൊണ്ടാണെന്നതിൽ ഞാൻ സന്തോഷിക്കുന്നു. ആ പത്താംതീയതിയിൽ, ഈ വെള്ളപ്പൊക്കംകൊണ്ടുണ്ടായിട്ടുള്ള കഷ്ടതയെ കുറക്കുന്നതിനു ഗവണ്മെൻറ് ധാരാളം പണം ചിലവാക്കണമെന്നും, അതുകൊണ്ടുണ്ടായേക്കാവുന്ന ധനസംബന്ധമായ കുഴപ്പങ്ങളെ ഗവണ്മെൻറ് വകവെക്കുന്നതല്ലെന്നും മിസ്റ്റർ ജി പറയുകയുണ്ടായി. നാശം തട്ടീട്ടുള്ള സ്ഥലങ്ങളിലേക്കു സഹായങ്ങൾ എത്തിച്ചുകൊടുക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ ആലോചിക്കുന്നതിനായി, ഇന്നാൾ ഒരുദിവസം ഈ ഹാളിൽ കൂടിയ പീറിംഗിൽ അദ്ധ്യക്ഷൻവഹിച്ചപ്പോഴും ആ ഉറപ്പുതന്നെ കൊടുക്കുകയുണ്ടായി. ധനശാസ്ത്രജ്ഞരുടെ പ്രസംഗത്തിലും, ഈ ഉറപ്പുതന്നെ കുറേക്കൂടി ബലമായി പറയപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറയുന്നു. "കഷ്ടതയെ കുറയ്ക്കുന്നതിനായി അവരാൽ കഴിയുന്ന സഹായങ്ങൾ എല്ലാം ചെയ്യുകകൊടുക്കുകയും പുനരുദ്ധാരണവേലകൾ വേഗം നടത്തുകയും ചെയ്യുന്നതു ഗവണ്മെൻറിന്റെ പ്രഥമകർത്തവ്യങ്ങളാണെന്നു ഗവണ്മെൻറ് വിചാരിക്കുന്നു."

ഇതുവരെ കാണിച്ചിട്ടുള്ള ആത്മാർത്ഥതയ്ക്കു ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുന്നു.

സർ, വെള്ളപ്പൊക്കംകൊണ്ടുണ്ടായിട്ടുള്ള ലോകാവസ്ഥയോടു ഗവണ്മെൻറിന്റെ തനിച്ചുള്ള ശ്രമങ്ങൾകൊണ്ടു മാത്രം പൂർത്തിയാക്കുവാനും തൃപ്തികരമായും നേരിടുന്നതിനു സാധിക്കയില്ലെന്നു, ധനകാര്യങ്ങൾ പറയുന്നതിൽ, ഞാൻ പൂർണ്ണമായി യോജിക്കുന്നു. പൊതുജനങ്ങളും നിശ്ശബ്ദമായും സഹകരിക്കേണ്ടതാണ്. എന്നാൽ പൊതുജനങ്ങളുടെ ഔദാര്യത്തെ അത്രയധികം ആശ്രയിച്ചാണ് അധികാരഗവും ഇരിക്കുന്നതു എന്ന അഭിപ്രായം പറയുന്നതിൽ എനിക്കു യോജിക്കാൻ നിവൃത്തിയില്ല. ഈ വെള്ളപ്പൊക്കം സംഭവിച്ചസ്ഥലങ്ങളിലെ പൊതുജനങ്ങളും അവരുടെ സ്ഥിതിയിൽ കൂടുതലായി പ്രയത്നം ചെയ്യുകഴിഞ്ഞിരിക്കുന്നു. അവർതന്നെയും ഒരിശ്വരന്മാരായിപ്പോയിരിക്കുന്നു, വെള്ളപ്പൊക്കം തട്ടീട്ടില്ലാത്ത സ്ഥലങ്ങളിലെ പൊതുജനങ്ങളും, എന്തെങ്കിലും ചെയ്യുമെന്നു പ്രതീക്ഷിക്കപ്പെടുന്നുണ്ട്, എന്നാൽ അവർക്കും വളരെ ഒന്നും ചെയ്യാൻ സാധിക്കുന്നതല്ല. അതുകൊണ്ടു, പൊതുജനങ്ങളിൽനിന്ന് ധാരാളം വല്ലതും ഗവണ്മെൻറ് പ്രതീക്ഷിക്കുന്നു എങ്കിൽ അതു ഗവണ്മെൻറിന്റെ ചുമതലയെ തെറ്റിധരിക്കയായിരിക്കും; ഗവണ്മെൻറ് തങ്ങളുടെ ചുമതലകളിൽനിന്നു ഒഴിഞ്ഞുമാറുകയായിരിക്കും.

സർ, ഇതുണ്ടായിട്ടുള്ള സ്ഥലങ്ങളിലെ കഷ്ടത വളരെ കൂടുതലാണ്. ആ സ്ഥലങ്ങളിലെ നെൽകൃഷി അശേഷം നശിച്ചുപോയി. കുട്ടനാട്ടിലും ചേർത്തലയുമുള്ള അവസ്ഥകൾ, ഞാൻ ഒൿസാക്ഷിയാണ്. ഞാൻ മൂന്നുദിവസം ചേർത്തല താമസിച്ചു പല സ്ഥലങ്ങളും സന്ദർശിക്കയുണ്ടായി. ഞങ്ങളുടെ നിഗമനം എല്ലാം ഇപ്പോഴും വെള്ളത്തിനടിയിൽതന്നെയാണ്; ആ താലൂക്കിലുള്ള വിളവു മുഴുവനും ഒട്ടുകിപ്പോയിരിക്കുന്നു. താലൂക്കിന്റെ ഉത്തരാർദ്ധം ഒക്ടോബറിൽ ഏതാണ്ടം തുറന്ന പ്രദേശങ്ങളും, ഒൻപതുദിവസം വെള്ളത്തിൽ മുങ്ങിക്കിടന്നിരുന്ന വീടുകളിൽ നാലടിമുതൽ എട്ടടിവരെ വെള്ളം ഉണ്ടായിരുന്നതുകൊണ്ടു പൂക്കളേറെ [illegible] വീടുകൾ ഉപേക്ഷിക്കപ്പെട്ടുപോയി, ഇതിൽ ഏതാണ്ടം വീടുകൾ പൂർണ്ണമായി നശിച്ചുപോയിരിക്കുന്നു ഈ വീടുകളിലെ താമസക്കാർ ഉണ്ടിലേക്കു മാറി അവിടെയുള്ള ഗവണ്മെൻറുകെട്ടിടങ്ങളേതെങ്കിലും കുടിയുകളേതെങ്കിലും അടയും പ്രാപിക്കേണ്ടിവന്നു. ഈ മാസം രണ്ടാംതീയതിമുതൽ ജനങ്ങൾക്ക് അവരുടെ ദീവരക്ഷക്കായി ഉയർന്നസ്ഥലങ്ങളിൽ എത്തിച്ചേരേണ്ടതായി വന്ന എങ്കിലും പതിനൊന്നാംതീയതി മാത്രമേ അവിടത്തെ തഹസീൽദാർ ചെന്നൂരുകയുണ്ടായുള്ളു, അവിടെ അടയ്ൽവസ്ഥകളായ ചിലരുടെ കരുണയില്ലായ്മയുണ്ടായ എങ്കിലും പട്ടിണി വളരെ കൂടുതൽ ആയിരിക്കുമായിരുന്നു, ധനവാന്മാർ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ സങ്കടത്തിലപ്പെട്ടവരുടെ കഷ്ടത വളരെ കൂടുതലായിരുന്നു ആളിംഗ്തഹശീൽദാർ [illegible] ഉച്ചയ്ക്കുശേഷം ചാള്ളു ഏർപ്പെടുന്നതുവരെ, സഹായം വളരെ ആവശ്യമായിരുന്നു, താലൂക്കിന്റെ ഉത്തരാർദ്ധം തീരെ അവഗണിക്കപ്പെട്ടിരുന്നു, നമ്മുടെ കയ്യിൽ വല്ലപ്പെട്ടിരിക്കുന്ന പ്രസ്സു നോട്ട്, ചേർത്തലയെസംബന്ധിച്ചു "ധനസ്ഥിതികാര്യമായിട്ടുള്ള കേടുപാടുകളെപ്പറ്റിയോ അവയുടെ നിവാരണാർത്ഥം സ്വീകരിക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങളെപ്പറ്റിയോ വിവരമായ അറിവുകൾ ഒന്നും കിട്ടിട്ടില്ല" എന്നു പറയുന്നതിന്റെ കാരണം ഇതാണ്. പ്രസ്സുനോട്ടിലെ ഈ ചെറുതായ വാചകം കാണുന്നതിനുള്ള കാരണത്തെ മേൽചൊന്നതു സംഗതി വിശദമാക്കുന്നു. താലൂക്കിലെ നെൽകൃഷി നാശമടഞ്ഞിട്ടുണ്ടെന്നതായ്ൽ സാധുക്കളുടെ പ്രധാനതൊഴിൽ അവരുടെ കയ്യിൽനിന്നും പോയ്പ്പോകുന്നതാണ്. വെള്ളമിറങ്ങിയിട്ടുള്ള സ്ഥലങ്ങളിലെ തെങ്ങുകൾക്കു വളരെ ദോഷം തട്ടീട്ടുണ്ട്. ഓലയുടയ്ക്കും കരിക്കുകളും വീണുടഞ്ഞിരിക്കുന്നു. കൂടാതെ ഈ കൊല്ലത്തേക്കു ഈ വെള്ളം കയറിയസ്ഥലങ്ങളിലെ തെങ്ങുകളിൽനിന്നുള്ള ആദായം അവയുടെ സൂക്ഷിപ്പിനു വേണ്ടിവരുന്ന ചിലവിനു മതിയാകുന്നതല്ല. ചേർത്തലയിൽ ഈ സ്ഥിതി വളരെ ഗൗരവതരവും അപ്രകാരംതന്നെ ഇടകലർന്നുമാകുന്നു. ഒരു വലിയ ശതമാനം ജനങ്ങൾക്കു യാതൊരുതൊഴിലുമില്ല. കന്നികൃഷി നശിച്ചുപോട്ടു, തെങ്ങുകൾ ഒടിച്ചുപോകുകയുംചെയ്തു. സാധുക്കൾക്കു വേല ഉണ്ടാക്കികൊടുക്കുന്നതിനോ അവർക്കു ആഹാരം കൊടുക്കുന്നതിനോ ധനികന്മാർക്കു സാധിക്കുന്നില്ല. കച്ചവടക്കാർ ആഹാരസാധനങ്ങൾക്കു വീണ്ടുകൂടി ഇപ്പോഴത്തെ ഈ ഫ്ലട്ടത അവരുടെ കാര്യസാധ്യത്തിനായ് ഉപയോഗിക്കുന്നു. ഗവണ്മെൻറ് കൊടുത്തിട്ടുള്ള ഉറപ്പുകളെ നടപ്പിൽ വരുത്തുന്നതിൽ മാത്രമാണ് ജനങ്ങളും ആശ്രയിച്ചുകൊണ്ടിരിക്കുന്നതു. നിലങ്ങൾക്കുള്ള നികുതികളെ മുഴുവനായി ഇളച്ചുകൊടുക്കേണ്ടതായി വരുന്നതാണ്. വെള്ളം കയറിട്ടുള്ള സ്ഥലങ്ങളിലെ പുനരുദ്ധാരണങ്ങൾക്കുള്ള കൂലിയും കൂടുതലാകും എങ്കിലും ഇളച്ചുകൊടുക്കേണ്ടിയിരിക്കും. കൃഷിവായ്പ്പകം കൂടുതലായി ധാരാളമായും, കൂടുതൽ കടമായുള്ള കൃഷിയിലേക്കു മുതിരുകയും അനുവദിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. ആലപ്പുഴ ചേർത്തല തോട്ടപ്പാലയുള്ള വേലകളെ ഉടൻതന്നെ ആരംഭിച്ചു, അതിൻറെ രണ്ടാഴ്ചകളും കൂടാതെ മറ്റു ഭാഗങ്ങളിലും വേല ആരംഭിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ഞാൻ ബഹുമായി പറഞ്ഞുകൊള്ളുന്നു. അതിലേക്കു അനുകൂലനിർദ്ദേശമുള്ള ഓർഡുകളും മുട്ടാകയായിട്ടുണ്ടായിരുന്നു. തോടും ആരംഭിക്കപ്പെടുന്നതായാൽ പല ഭാഗങ്ങളിലുള്ള സാധുക്കൾക്കു വേലചെയ്തു എന്തെങ്കിലും സമ്പാദിക്കുന്നതിനു സാധിക്കുന്നതാണ്, ചേർത്തലയിലെന്നല്ല വെള്ളപ്പൊക്കം ഉണ്ടായിട്ടുള്ള മറ്റു താലൂക്കുകളിലും, പലസ്ഥലങ്ങളിലായി ക്ഷാമനിവാരണവേലകളായ പൊതുരേമത്തുവേലകൾ ആരംഭിക്കപ്പെട്ടിട്ടുണ്ടെന്നാണ്. നമ്മുടെ ഇപ്പോഴത്തെ ചീഫ് എൻജിനീയർ, തടിച്ച മാസപ്പടി വാങ്ങുന്നുണ്ടെങ്കിലും ഇപ്രകാരം തൊരവുമേറിയ ഒരു ഘട്ടത്തിനു തീരെ അപ്രാപ്തനായതുകൊണ്ടാണെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

സാർ, എന്റെ അഭിപ്രായത്തിൽ അദ്ദേഹം വളരെ സമർത്ഥനായ ഒരു ഉദ്യോഗസ്ഥനാണ്. അദ്ദേഹം ഇതുകൊണ്ടിനു വളരെ സമയം വേണ്ടിയിരിക്കുന്നു.

അദ്ധ്യക്ഷൻ:—ഈ സഭയിലെ ഒരംഗത്തെ ഇപ്രകാരം ആക്ഷേപിക്കുന്നത് നിങ്ങൾക്കു ന്യായമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ജോസഫ് പഞ്ഞിക്കാരൻ:—(ചേർത്തല) ഞാൻ ആരേയുമെതിരിട്ട് കുറ്റപ്പെടുത്തുകയില്ല. എന്നാൽ ഞാൻ ചീഫ് എഞ്ചിനിയരെ ഉദ്ദേശിച്ചുമാത്രം പറയുകയാണ്, പൊതുമരാമത്തുപേഷകളുടെ മേലദ്ധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹം തീരെ പരാജയമാണെന്നു ഈ സഭയോട് എനിയ്ക്കു പറയാതെ തരമില്ല. ചേർത്തല കുട്ടിച്ചിറപാലത്തിനു പണം നീക്കിവച്ചിട്ടുണ്ടെന്ന് അദ്ദേഹം കഴിഞ്ഞകൊല്ലത്തിൽ പറയുകയുണ്ടായി. എന്നാൽ ഇപ്പോൾ ആ പലകേ എവിടെ? അതിന്റെ പണിക്കായി യാതൊന്നുംതന്നെ ചെയ്തിട്ടില്ല. നിശ്ചയമായും മെച്ചപ്പെട്ടതും ആപൽക്കരത്തെ ഒഴിക്കുകൊണ്ടുപോകുന്നതിനിടയിലല്ല. ധനകാര്യശിക്ഷ ചിലവുമിച്ചം കാണിച്ചു ബഡ്ജറ്റു തയ്യാറാക്കുന്നതിൽ അദ്ദേഹം വളരെ ഉപയോഗപ്പെടുന്നു. മി: ജോഷ്വിന് അദ്ദേഹത്തെ നല്ലതുപോലെ അറിയാവുന്നതും പൊതുമരാമത്തുവകുപ്പിൽനിന്നും തിരിച്ചുകൊടുക്കുന്ന ഇനങ്ങളെ അടിസ്ഥാനമാക്കി കണക്കു ശരിപ്പെടുത്താവുന്നതുമാണ്. അതുകൊണ്ടു ക്ഷാമനിവാരണവേലകളുടേയും മറ്റു പൊതുമരാമത്തുവേലകളുടേയും ഭരണത്തിന് ഒരു പ്രാപ്തിയുള്ള എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനെ മേലധികാരിയായി നിയമിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

പിന്നീട്, ആഹാരസാധനങ്ങൾക്കു കച്ചവടക്കാർ വിലകൂട്ടാതെ ഇരിക്കുന്നതിന് എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു. ഈ വിഷമത്തെ പരിഹരിക്കുന്നതിനു ഗവണ്മെന്റതന്നെ കുറെ അരി വരുത്തണം. രണ്ടു പ്രാവശ്യം അരി അയയ്ക്കുന്നതിനു മുടൻതന്നെ ആവശ്യപ്പെടണം. സ്ഥലത്തുള്ള കച്ചവടക്കാർ വിലകുറയാതെ ഇരിക്കുന്നതിനു പ്രധാനകേന്ദ്രങ്ങളിൽ ഡിപ്പോകൾ സ്ഥാപിക്കണം. ജനങ്ങളുടെ കഷ്ടതയെ കുറയ്ക്കുന്നതിനു ഗവണ്മെന്റു കഴിവുള്ളതെല്ലാം ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ചീഫ് എഞ്ചിനീയറുപോലെയുള്ള ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരിലും ഒട്ടുവളരെ കീഴുദ്യോഗസ്ഥന്മാരിലുമാണ് വിഷമം കാണുന്നതു. ഡർ! കീഴുദ്യോഗസ്ഥന്മാരോട് അവിടത്തേക്കുള്ള ഭയവ് വേണ്ടതിൽ അധികവും, അജ്ഞേയവായിട്ട് ജനങ്ങൾ അനുഭവിക്കുന്ന മർദ്ദനം വളരെ കൂടുതലുമാണ്. ഇത് ബലമായ പ്രവൃത്തിക്കും ഫലപ്രദമായ ഭരണനിയന്ത്രണത്തിനുമുള്ള സമയമാണ്.

അടുത്തതായി നമ്മുടെ വിദ്യാഭ്യാസരീതിയിലേക്ക് തിരിയാം. അതിനു എന്തൊസാരമായ തെറ്റുണ്ടെന്നാണ് ഞാൻ വിചാരിയ്ക്കുന്നത്. ബി. എ. ക്കാരെകൊണ്ടും എഫ്. എ. ക്കാരെകൊണ്ടും ഹാം തെരുവുകളെനിറയ്ക്കുന്നു, അവർ ഉദ്യോഗത്തിനായി ആപ്പീസുതോറും ഓടി നടക്കുന്നു. ഈ സംഗതിക്ക് ഒരു സമാധാനം കണ്ടുപിടിക്കുന്നതിനുള്ളതാണ് ഈ വിഷമമറിയ ഒരു ചിന്താവിഷയമായിത്തീർന്നിരിക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയെ പാടെ അഴിച്ചു ജനങ്ങളെ അവരുടെ ജീവസന്ധാരണത്തിനു എന്തെങ്കിലും സമ്പാദിക്കുന്നതിനു പ്രാപ്തന്മാരാക്കുന്ന ഏതെങ്കിലും വിദ്യാഭ്യാസരീതിയെ ഏർപ്പെടുത്തുന്നതുവരെ ഇരുന്നാൽ, ഇപ്പോഴത്തെ രീതി രാജ്യത്തിന് അധികവും ദോഷകരമായി തീരുമെന്നാണ് എന്റെ അഭിപ്രായം.

ഇനി നമ്മുടെ രാജ്യത്തുള്ളപത്രപ്രവർത്തനത്തെപ്പറ്റി ഒരു വാക്കു പറഞ്ഞു കൊള്ളട്ടെ. എനിക്കെതിരായി പത്രപ്രവർത്തകന്മാരിൽ ചിലർ പറഞ്ഞേക്കാമെങ്കിലും ഞാൻ ഇവിടെ പറയുന്നതിന്, എന്നെപ്പറ്റി ചിലനാട്ടുപത്രങ്ങൾ നിശ്ചയമായും ചിന്തപറയുമെന്നിരുന്നാലും, ഇന്നാട്ടിലെ വർത്തമാനപത്രങ്ങളുടെ സ്വരം നന്നാക്കുന്നതിന് ഏതെങ്കിലും ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്ന് ഒരു രാജ്യസ്നേഹിഎന്നനിലയിൽ എനിയ്ക്കു പറയാതെ കഴികയില്ല. നമ്മുടെ ആൺകുട്ടികളേയും പെൺകുട്ടികളേയും വായിക്കാൻ അനുവദിക്കുന്നതു പാപകരമാകത്തക്കവിധത്തിലുള്ള സംഗതികളെ ചിലനാട്ടുപത്രങ്ങൾ എഴുതുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു, അപ്രകാരമുള്ള സംഗതികളെ സ്ഥലത്തുള്ള ചിലനാട്ടുപത്രങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു. നമ്മുടെ പത്രങ്ങളിൽ ചിലതു നിശ്ചയമായും മാന്യരീതിയിലും മാന്യന്മാരാലും നടത്തപ്പെടുന്നുണ്ട്.

മി: എസ്. കൃഷ്ണയ്യർ (മാവേലിക്കരയും കാത്തിക്കപ്പള്ളിയും): പത്രങ്ങളെ പരിശോധിച്ചു നിയന്ത്രണം ചെയ്യുന്നതെന്നു മെംബർ ശിപാർശ ചെയ്യുന്നതിനേയെക്കുറിച്ചായിരിക്കാമോ.

അദ്ധ്യക്ഷൻ. മെംബർ ആക്ഷേപിക്കുന്നതായ വർത്തമാനപത്രങ്ങളുടെ സ്വരം രാജ്യദ്രോഹകുറ്റങ്ങളെ സംബന്ധിക്കുന്നതാണെന്നാണ് മെംബറുടെ അഭിപ്രായം എന്നു വരികിലല്ലാതെ, രാജ്യത്തിലെ വർത്തമാനപത്രങ്ങളെപ്പറ്റിയുള്ള അക്ഷേപം ബഡ്ജറ്റു സംബന്ധിച്ചുള്ള വാദപ്രതിവാദവിഷയത്തിലുൾപ്പെടുന്നതല്ലെന്നാണ് എന്റെ അഭിപ്രായം.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): സർ, അതു നമുക്കു നടത്തേണ്ടിയിരിക്കുന്ന ഗൌരവമേറിയ രാജ്യദ്രോഹകുറ്റങ്ങളിൽ ഒന്നാണെന്നാണ് എന്റെ അഭിപ്രായം, എന്തെന്നാൽ ജനങ്ങളുടെ പ്രവൃത്തിശൂന്യതയും ക്ഷേമവും ഏതു ഗവണ്മെന്റിന്റേയും ആലോചനയ്ക്ക് വിഷയീഭവിക്കേണ്ടവയായ പ്രധാനപ്പെട്ട രാജ്യദ്രോഹകുറ്റങ്ങളാണ്. അതുകൊണ്ടാണ് നമ്മുടെ ഏതാനും നാട്ടുപത്രങ്ങളിൽ കാണുന്ന ചിലലേഖനങ്ങൾ രാജ്യത്തിന്റെ മുഖ്യമായ്ക്ക് യോജിച്ചതല്ലെന്നുള്ള സംഗതിയിലേക്ക് ഈ സഭയുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നത്. ആശ്രാസമായഭാഷാപ്രയോഗം അനുവദിക്കപ്പെടേതുണ്ട്.

മി: എം. ഐ. കുര്യൻപിള്ള (നിയമിതൻ): അദ്ദേഹം ഭയവു ചെയ്യുന്ന ആവർത്തമാനപത്രത്തിന്റെ പേർ പറയുമോ?

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല) ഇപ്പോൾ അങ്ങനെ ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എസ്. കൃഷ്ണയ്യർ (മാവേലിക്കര കാത്തിക്കപ്പള്ളി) അദ്ദേഹം വർത്തമാനപത്രങ്ങളെ സംബന്ധിച്ച് ഒരു നിയമം ഉണ്ടാക്കണമെന്നു ശിപാർശ ചെയ്യുന്നുണ്ടോയെന്നെന്നു അറിയിക്കുമോ?

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ഇല്ല ഞാൻ അതു ശിപാർശ ചെയ്യുന്നില്ല. എന്നാൽ അവയുടെ സ്വരത്തെ നന്നാക്കുന്നതിനും ആക്ഷേപങ്ങളായ ലേഖനങ്ങളെ തടയുന്നതിനും എന്തെങ്കിലും ചെയ്യേണ്ടതാണ്.

പബ്ലിക്ക് സർവ്വീസിനെപ്പറ്റി പറയുമ്പോൾ, ഇതിനെപ്പറ്റിയും പബ്ലിക്കുസർവ്വീസിൽ ഉള്ള ബ്രാഹ്മണപ്രാധാന്യത്തെപ്പറ്റിയും എന്റെ മുമ്പുള്ളപ്രാസംഗികന്മാർ വേണ്ടതു പോലെ പറഞ്ഞിട്ടുണ്ടു. അതു വാസ്തവവുമാണ്. ഡിപ്പാർട്ടുമെന്റിലെ ബ്രാഹ്മണമേലുദ്യോഗസ്ഥന്മാർ ബഹിഷ്കൃതരായിരുന്നു എങ്കിൽ, മറ്റുള്ള ജാതിക്കാരുടെയിടയിൽ വിരോധവും വൈരുപ്യം ഉണ്ടാകുന്നതുകുറയും, അവരുടെ ജാതിക്കാരെ അത്രമാത്രം സഹായിക്കുവാൻ സാധിക്കുന്നതുമില്ല. ഈ നാട്ടിലുള്ള അവരുടെ നിപുണയെ ഇതുപോലെ മറിക്കുന്നതു് അവരുടെ ഈ വിധമുള്ള പ്രവൃത്തികളാണു്, നിശ്ചയമായും കുറച്ചു കാലത്തേക്കു നിങ്ങൾ വിജയികളായേക്കാം, എന്നാൽ ഭാവിപ്രജകളിൽ നിന്നുമിതരായ ജനങ്ങൾ ഈ അനീതിയെ സമാധാനമായി സഹിച്ചു കൊണ്ടിരിക്കുമെന്നു സർ! നിങ്ങൾ വിചാരിയ്ക്കുന്നുണ്ടോ? എതിരഭിപ്രായം ജനിക്കുന്നതായ ഒരു കാരണം ഉണ്ടാകുന്നതാണു്; എന്റെ അഭിപ്രായത്തിൽ അതു ബ്രാഹ്മണന്മാരുടെയിടയിൽ തോന്നുന്നതായി തീരുന്നതുമാണു്. പരാക്രമത്തിന്റെ പ്രധാനചടങ്ങു് വിവേകമാണു്. അവർ ഇതുവരെ നടന്നുവന്നിരുന്ന നയത്തേ മേലും തുടരുന്നതെന്നും എന്നാൽ എല്ലാസമുദായത്തോടും ഒന്നുപോലെ പെരുമാറണമെന്നും, അവരുടെ നന്മക്കുവേണ്ടിതന്നെ ഞാൻ അവരോടു് പ്രാർത്ഥിച്ചുകൊള്ളുന്നു.

എനിയ്ക്കു വേറെ ഒരു സംഗതിയെപ്പറ്റിപറയാനുള്ളതു് നമ്മുടെ ഉദ്യോഗസ്ഥൽബന്ധികളുടെ അഴിമതിയെപ്പറ്റി ആണു്, ജലപ്രവാഹം നമുക്കു ധാരാളം ഉപകാരത്തെ ഉണ്ടാക്കിയിരിക്കുന്നു. ജനങ്ങൾക്കു് വരവു ചിലവിനെ ശരിപ്പെടുത്തുന്നതിനു് മാത്രം എന്താണെന്നു അറിയാൻ വയ്യാതെ വന്നിരിക്കുന്നു, മാന്യപ്രതിപക്ഷത്തെക്കുറിച്ചു കൂട്ടികളെ സംരക്ഷിക്കുന്നതു്, എങ്ങിനെയാണെന്നറിയാൻ പാടില്ല, അവരെ പള്ളിക്കൂടത്തിൽ അയയ്ക്കുന്നതു് വിദ്യാഭ്യാസത്തിനുവേണ്ടിയാകുമെന്നറിയാൻ പാടില്ല. ഈ സന്ദർഭത്തിൽ നമ്മുടെ ഉദ്യോഗസ്ഥൽബന്ധികൾ ഗ്രാമങ്ങളിൽ ചുറ്റിതിരിഞ്ഞു പൂരമ്പോക്കില്ലാത്ത സ്ഥലങ്ങളിൽ പുറമ്പോക്കു കണ്ടു പിടിക്കുകയും അതു സമയത്തു തന്നെ "നിങ്ങൾ ഞങ്ങൾക്കു വല്ലതും തരുന്നതായാൽ ഞാൻ പുറമ്പോക്കുണ്ടാക്കുന്നതല്ല" എന്നു പറയുകയും ചെയ്യുന്നു, ഈ ഉദ്യോഗസ്ഥന്മാർ വളരെ ഉപദ്രവം ഉണ്ടാക്കുന്നുണ്ടു്. ഞാൻ ഒടുവിൽചേർത്തവയ്ക്കു, പോയന്മയത്തും സത്യക്കുറവുമാണു് അവരുടെ സത്യനിഷ്ഠയെപ്പറ്റി സംശയിക്കുന്നതിനു് അവകാശമില്ലാത്തവരുമായ വളരെ ആളുകൾ അസിസ്റ്റന്റുമാഹശീൽദാരന്മാരും അവരുടെ സ്ൽബന്ധികളും അവരെ വളരെ ഉപദ്രവങ്ങൾ ചെയ്യുന്നുണ്ടെന്നു എന്നോടു് പറയുകയുണ്ടായി. എന്റെ സ്വന്തകയ്യിലുണ്ടായിരുന്ന സമയത്തിനിടയ്ക്കു ഞാൻതന്നെ ഇതിൽ ചിലപുറമ്പോക്കുകൾ പരിശോധിക്കുക ഉണ്ടായി, ഇവയിൽ ചിലപുറമ്പോക്കുകളിൽ അഞ്ഞൂറും നൂറും കൊല്ലങ്ങളോളം പ്രായമുള്ള തടികൾ നിൽക്കുന്നുണ്ടു്. ഈ വൃക്ഷങ്ങൾ എല്ലാം ഈ പുറമ്പോക്കുകളിൽ ഉൾപ്പെട്ടതിട്ടുണ്ടു്, "നിങ്ങൾ ഞങ്ങളെ മോഹ്യമായി വിചാരിക്കുന്നതായാൽ അവിടെ പുറമ്പോക്കുകൾ കാണുകയില്ല ഞങ്ങൾ സൂക്ഷിച്ചുകൊള്ളാം" എന്നു് ഉദ്യോഗസ്ഥൽബന്ധികൾ പറയുകയും ചെയ്യുന്നു. (ഹസനം) ഞാൻ ഇതു് നാടുസ്നേഹത്തോടു കൂടിപ്പറയുന്നതല്ല, ഈ സംഗതികൾകൊണ്ടു് വളരെ ഉപദ്രവിക്കുന്നവയാണെന്നുണ്ടു് ഞാൻ പറയുന്നതു്, ഒരു ധനവാനെ മുനോ നാലോ രൂപാകൊടുക്കുന്നതു് ഒരു സാരമല്ല. എന്നാൽ പാവപ്പെട്ടവനെ അതു് വലുതായസംഖ്യയാണു്. ഈപണം കൊടുക്കുന്നതിനാവശ്യപ്പെടുന്നതു് പാവപ്പെട്ടവനെ ഞെരുക്കുകതന്നെ ആകുന്നു. ജലപ്രവാഹംകൊണ്ടുള്ള കഷ്ടതകൾ തീരുണതുവരെ അസിസ്റ്റന്റു് ഹാശീൽദാരന്മാരുടെ ജോലിയെ നിറുത്തിവെക്കുന്നതു് തിരുവിതാംകൂറിനു വലിയ അനുഗ്രഹമായിരിക്കും.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അടുത്തകാലത്തുണ്ടായ മഴക്കെടുതിയാൽ കഷ്ടത്തിലായവർക്കു് സഹായംചെയ്തുകൊടുക്കുന്നതിനും പുനരുദ്ധാരണവേലകൾ വേഗത്തിൽ നടത്തുന്നതിനുമായി ഉടനടിവേണ്ടുന്നടപടികൾ നടത്തിയതിനു ഞാൻ ആദ്യമായിഗവർണ്മെന്റിനെ അനുമോദിച്ചുകൊള്ളട്ടെ. വെള്ളപ്പൊക്കത്താൽ നഷ്ടപ്പെട്ടിട്ടുള്ള പബ്ലിക്കുമരാമത്തു വേലകളുടെ അറ്റകുറ്റപ്പണികൾക്കായി ഗവർണ്മെന്റു മൂന്നുലക്ഷം രൂപാ തിരിച്ചു വച്ചിട്ടുള്ളതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഇനിയും കൂടുതൽതുക അതാവശ്യമുണ്ടെന്നു കാണപ്പെട്ടാൽപക്ഷം അതുകൂടി ഗവർണ്മെന്റു സസന്തോഷം ചിലവു ചെയ്യുന്നതാണെന്നുള്ള പ്രസ്താവന നമുക്കു ധാരാളം ഉറപ്പു തരുന്നുണ്ടു്. കൃഷിക്കുണ്ടായിട്ടുള്ള വമ്പായിട്ടുള്ള നഷ്ടത്തെ ആലോചിക്കുമ്പോൾ അതിന്റെ പുനരുദ്ധാരണത്തിനും ഇപ്പോൾ കൂടുതലായി കരുതീട്ടുള്ള നാലുലക്ഷം അതിനു മതിയാകുന്നില്ല അറ്റകുറ്റവേലകളും പുനരുദ്ധാരണവേലകളും പൂർത്തിയാക്കുന്നതിനുള്ള കൂടുതൽ തുക ഗവർണ്മെന്റു് ഉണ്ടാക്കേണ്ടതുണ്ടു്. അതുകൊണ്ടു ചിലവിനങ്ങളിൽ ഉള്ള ഓരോ ഇനത്തേയും അവർ പരിശോധിച്ചു് അതു് ഒഴിച്ചുകൂടാൻ വഹിയാത്തവയാണോയെന്നു നോക്കേണ്ടതാണു്. അതു ഒഴിച്ചുകൂടാൻപാടില്ലാത്തതല്ല എന്നാണെങ്കിൽ അതിശക്തകുറക്കണം. അവിചാരിതമായ ഈ ആപത്തു, ചിലവിനെകുറക്കുന്നതിനും സൂക്ഷിച്ചു ചിലവിടേണ്ടതിനും, ആവശ്യമാകിത്തിത്തീർന്നിരിക്കുന്നു മേൽകാണിച്ച കാരണങ്ങൾകൊണ്ടു പുറമെ ഈ ആപത്തു നമ്മുടെ ആദായമാർഗ്ഗങ്ങളെക്കുടി ബാധിച്ചിട്ടുള്ളതുകൊണ്ടു പ്രതീക്ഷിക്കപ്പെട്ടിട്ടുള്ള ആദായം കിട്ടി വരുന്നതു് മിക്കവാറും പ്രയാസമാണെന്നുള്ള സംഗതി, ചിലവിനെ സംബന്ധിച്ചു നാം കരുതിയിരിക്കേണ്ടതാണെന്ന നമ്മെ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ടു് ഞാൻ മുമ്പു പറഞ്ഞതുപോലെ ചിലവിൽ ഒഴിച്ചുകൂടാവുന്ന ഓരോയിനത്തെ സംബന്ധിച്ചും കുറവു വരുത്തേണ്ടതാണു്, ആതോടു് ഉപയോഗിച്ചു്, ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിന്റെ ആവശ്യകതയെ തെളിയിച്ചിട്ടില്ലാത്തതായ പൊലീസു് അസിസ്റ്റന്റു് സൂപ്രണ്ടന്മാർ, അസിസ്റ്റന്റുമാഹശീൽദാന്മാർ, എക്സൈസു് സബ്ഇൻസ്പെക്ടന്മാർ എന്നുള്ള ഈ ഉദ്യോഗങ്ങളെ നിറുത്തൽ ചെയ്യേണ്ടതുണ്ടു്.

രാജ്യത്തിലെ പൊതുവായുള്ള ഭരണനിർവ്വഹണത്തിലേക്കു തിരിയുമ്പോൾ ഈ ഇനങ്ങളിൽ സാമാന്യമായും പ്രധാനമായുമുള്ള, ചില ന്യൂനതകളിലേക്കു് നമ്മുടെ ശ്രദ്ധയുടനെ തന്നെ ആകർഷിക്കപ്പെടുന്നു. പബ്ലിക്കുസർവ്വീസിൽ വളരെ അധികരിച്ചിരിക്കുന്ന വിദേശിയപ്രാധാന്യം എന്ന വിഷയത്തെക്കുറിച്ചാണു് എനിക്കു് ആദ്യമായി പറയുവാനുള്ളതു്, ഈ അവസ്ഥ ഒരു ദിവസംകൊണ്ടോ ഒരു ഭരണകാലംകൊണ്ടോ ഉണ്ടായിത്തീർന്നതാണെന്നു ഞാൻ പറയുന്നില്ല, ഇതു് വിദേശിയഭിവാഞ്ജിമാരാൽ, അനന്തരപരമ്പരാതടവൊ കൂടാതെ അനുസ്യൂതപ്പെട്ടുവന്ന നയത്തിന്റെ ഫലമായിട്ടുള്ള ഫലമാണു്. ഈ ഇടക്കാലത്തു പ്രധാനപ്പെട്ട മിക്കവാറും എല്ലാഉദ്യോഗങ്ങളേയും മേലധികാരം വിദേശീയർ കൈശപ്പെടുത്തിയതോടുകൂടി ഇതു് മൂൽസ്ഥാവസ്ഥയിൽ എത്തിയിരിയ്ക്കുന്നു. രാജ്യഭരണത്തിന്റെ മേലാപ്പു് ഒരു വിദേശീയനാകുന്നു. പൊതുമരാമത്തു്, പൊലീസു്, പട്ടാളം, ഖജനാവു്, സർവ്വെ, അബ്കാരി, വിദ്യാഭ്യാസം, മരാമത്തു്, ജനികുതി, ട്രഷറർഡിപ്പാർട്ടുമെന്റു് ആയുർവ്വേദം, പുരാതനവസ്തുപരിപാലനം

എന്നിവക്കപ്പുകളുടെ മേധാധികാരികളും വിദേശീയരാണ്. ഇത് കൂടാതെ വലിയ ശമ്പളങ്ങളുള്ള പ്രധാനപ്പെട്ട മിക്ക ഉദ്യോഗങ്ങളും വിദേശീയർക്ക് കൈകൊടുക്കപ്പെട്ടിരിക്കുന്നു. കലാശാലയിലെ പ്രിൻസിപ്പാളും മിക്ക പ്രൊഫസന്മാരും വിദേശീയരാണ്. ചുരുക്കത്തിൽ ഉദ്യോഗങ്ങളുടെ മുഴുവൻ വിദേശീയരുടെ കൈവശത്തിലും, അവർ തിരുവിതാംകൂറിന്റെ രാജ്യഭരണകാര്യത്തെ നിയന്ത്രിക്കുകയും രൂപീകരിക്കുകയും ചെയ്യുന്നതിനു പോരുകയുമായിട്ടു തീരുന്നു, രാജ്യത്തിൽനിന്നും പോയ്പോകുന്നധനത്തിന്റെ സംഖ്യ വളരെ കൂടുതലാണ്, ജനങ്ങളുടെ ആത്മാഭിമാനത്തിനും അവരുടെ യശസ്സിനും ഉള്ള നഷ്ടം അതിലധികമാണ്. ഈ സംഗതികളെ തിവാൻജിയുടെ ശ്രദ്ധയിൽ പലതവണയും കൊണ്ടുവരപ്പെട്ടു എന്നിട്ടും അതിനു നടപടികളെടുപ്പിക്കുള്ള മറുപടി ജനങ്ങൾക്ക് തൃപ്തികരമായിട്ടുള്ളതാണ്. വിദേശീയരധികാരികളെയും കൊണ്ടുള്ള ദോഷം സമ്മതിക്കപ്പെട്ടിരിക്കുന്നു എന്നാൽ ഡപ്യൂട്ടി-ദിവാൻമാർ സർവീസിലിരിക്കുന്നത് അടുത്തുണ്ടായിരുന്ന അഹമ്മതിയിരിക്കുന്നവരായ വിദേശീയരെ പിടിച്ചടക്കുന്നതിനുള്ള മാർഗ്ഗമായ അപേക്ഷയെ നിരസിക്കപ്പെട്ടു. ന്യായത്തെ, ഒന്നിനുവേണ്ടി നാല്പതുലക്ഷം ജനങ്ങൾക്കുവേണ്ടി ഒരു അപേക്ഷചെയ്യപ്പെട്ടു. അനീതിയെന്നേ സമ്മതിച്ചു. എന്നാൽ നാല്പതുലക്ഷം ജനങ്ങളുടെ ആത്മാഭിമാനമായും സാരമായും തട്ടുന്ന ഈ അനീതിയെ ദൂരീകരിക്കുന്നതായാൽ ഏതാനും ചില ആളുകളെ സംബന്ധിച്ചിടത്തോളം അനീത്യായിത്തീരുന്നതാണെന്നുള്ള കാരണത്താൽ, ആളും പറഞ്ഞ അനീതിയെ ഇല്ലായ്മചെയ്യണമെന്നുള്ള അപേക്ഷയെ നിരസിക്കപ്പെട്ടു. ഒരുശതവർഷത്തിന്റെ നാഡിയിൽ ഒരു ഭാഗം കാലം ഒരുദ്യോഗത്തിൽ ഇരുന്ന് അടുത്തുണ്ടായ അർഹനായിട്ടുള്ള ഒരാളോട് ആസ്ഥലം അതിന്റെ ന്യായമായ അവകാശിക്കു ഒഴിഞ്ഞുകൊടുക്കണമെന്നാവശ്യപ്പെടുന്നത് അനീതി ആണെന്നോ, അങ്ങനെയുള്ള സമ്മതം, അതിന്റെ ഉടനടിയുള്ള നിവാരണമാർഗ്ഗത്തെ ഉദ്ദേശിക്കുള്ള പ്രവൃത്തിയാണ് ഉടനടി ചെയ്തേടണമെന്നോ ആണ്. ഈ വിദേശീയമേധാവിത്വത്തിലുള്ള അനീതിയെപ്പറ്റി ജനാഭിപ്രായം വളരെ ബലവത്തും പരുഷവുമായിട്ടുള്ളതാണ്. ഗവർണ്മെന്റും ഏകദേശമതുതന്നെയാണെങ്കിലും, ഈ കാര്യത്തെ ഇല്ലായ്മചെയ്യുന്നതിനൊ കുറയ്ക്കുന്നതിനൊ തയ്യാറില്ലാത്തപക്ഷം, ശാന്തവും സൌമ്യവുമായുള്ള ഈ സംഘജനക്ഷോഭത്തിൽ പങ്കുകൊള്ളേണ്ടതായി വരുന്നതിനു വളരെ എളുപ്പമുണ്ട്.

ഇതിനെസംബന്ധിച്ച് വേറൊരുസംഗതി ഈ രാജ്യത്തിലെ നാനാഭാഗങ്ങളിലുമുള്ള ബ്രാഹ്മണമേധാവിത്വമാണ്. വിദ്യാഭ്യാസം, എൻജിനീയറിംഗ് ഇതുപോലുള്ള ചില ശാഖകളിൽ അബ്രാഹ്മണർക്ക് പ്രവേശനം കിട്ടുന്നതിന് വളരെ പ്രയാസം ആണ്. ഏതൊരു ചോദ്യങ്ങൾക്കുമായിട്ടുള്ള മറുപടികളും എതൊരു വാദത്തെ വിശദമായി തെളിയിക്കുന്നതാണ്. ഇപ്പോഴത്തെ ഭരണത്തിൽ ഉള്ളതുപോലെ ഒരുകാലത്തും ഈ ബ്രാഹ്മണമേധാവിത്വം അനുഭവപ്പെട്ടിട്ടില്ല. ഈ സംഗതിയെപ്പറ്റി ജനങ്ങളും തൊണ്ണൂറുവർഷത്തോളം വിദ്യാഭ്യാസം എൻജിനീയറിംഗ് ഈ വകുപ്പുകളിലേക്ക് കൂടുതൽ ബ്രാഹ്മണരെ ക്ലാസ്സുകളുടെ നിയമിച്ചു വരുന്നു വളരെ ലജ്ജാവഹം തന്നെ, ഈയിടക്കാലത്തെ, യോഗ്യതയുള്ള തിരുവിതാംകൂർകാർ നിഷ്ഫലമായി വിദ്യാഭ്യാസവകുപ്പിന്റെ വാതുക്കൽ പ്രവേശനത്തിനു തട്ടുമ്പോൾ വിദേശീയരായ എല്ലാ ഒമ്പതോ ബ്രാഹ്മണരെ ആ വകുപ്പിൽ അദ്ധ്യാപകന്മാരായി സ്ഥിരപ്പെടുത്തുന്നുതിനുള്ള ധൈര്യം ഗവർണ്മെന്റിനുണ്ടായിരുന്നു. തൊറകാര്യ ഡിപ്പാർട്ടുമെന്റ് മേധാധികാരികൾക്ക് ബ്രാഹ്മണർ ദിവാൻജിയിൽ നിന്നുണ്ടാകുന്ന ബലമായ പ്രോത്സാഹനമാണ് ഈ വലുതായ അനീതിക്ക കാരണമാകുന്നത്. ഈ സംഗതിക്കുള്ള ഏകപരിഹാരം മി: മാധവറാവുവിന് അഭിപ്രായപ്പെട്ടിട്ടുള്ളതാണ്, അതായത് ഉദ്യോഗതിരഞ്ഞെടുപ്പുബോഡൊ അല്ലെങ്കിൽ തിരഞ്ഞെടുപ്പുപരീക്ഷയൊ ഏർപ്പെടുത്തുകയും മറ്റുള്ള സമുദായങ്ങളിലുംപ്പെട്ടവക്ക് നിയമനങ്ങളിൽ ഒരു ന്യായമായ പങ്കുകൊടുക്കുന്നതുവരെ, ഉദ്യോഗമണ്ഡലത്തിൽ ധാരാളം പ്രാധിനിധ്യം കിട്ടീട്ടുള്ള സമുദായാംഗങ്ങളെ എടുത്തുകളഞ്ഞു നിർബന്ധിക്കുകയും ചെയ്യണം.

തിരുവിതാംകൂറുകാരായ ഉദ്യോഗസ്ഥന്മാർക്ക് അവരുടെ ഔദ്യോഗനിലയിൽ വിദേശീയദിവാൻജിയിൽ നിന്നും കിട്ടിവരുന്ന പെരുമാറ്റം എത്രമോശമാണെന്ന് ധാരാളം അറിഞ്ഞിരിക്കുന്നസ്ഥിതിക്ക്, ഇപ്പോൾ അതിനെപ്പറ്റിവീണ്ടും പറയണമെന്ന ഞാൻ വിചാരിക്കുന്നില്ല. കലാപാഠശാലയിലെ പ്രഥമ സർഉദ്യോഗങ്ങളും അവക്കുള്ളശമ്പളവും ഇതിനെ ധാരാളമായി ഉദാഹരിക്കുന്നതാണ്. ഈ രണ്ടാമത്തെ അടിസ്ഥാനമാക്കിയുള്ള ആലോചനകൾ നിയമനങ്ങളിലും ഉദ്യോഗകയറ്റങ്ങളിലും മാത്രമല്ല ശിക്ഷകൾ നടപ്പാക്കുന്നകാര്യത്തിലും കാണപ്പെടുന്നുണ്ട്. ഈ മാതിരി അഴിമതിയും ന്യായാന്യായവും കാണിക്കുന്ന എല്ലാ ഉദ്യോഗസ്ഥന്മാരേയും, അയാൾ എത്രമാത്രം ഉയർന്നവനായിരുന്നാലും, ചുമതലയുള്ള ഒരുസ്ഥാനവും അയാൾ വഹിക്കാൻ യോഗ്യനല്ലെന്നുകണ്ട് അയാളെ ഉദ്യോഗത്തിൽനിന്നും പിരിച്ചയക്കേണ്ടതാകുന്നു. മൈസൂർ ഗവർണ്മെന്റ് എടുത്തിട്ടുള്ള ധൈര്യമായ പ്രവൃത്തിയെ ഇവിടേയും ഉടനടി ചെയ്തേടതാണ്.

വേറൊരുസംഗതിയെപ്പറ്റി എനിക്കുപറയുവാനുള്ളത് ഉദ്യോഗങ്ങൾക്ക് ഇൻഡ്യൻ വിദേശീയരേയും, തിരുവിതാംകൂർക്കാരേയും നിയമിക്കുമ്പോൾ, അവക്കുതമ്മിൽ അകാരണമായും, അന്യായമായുമുള്ള ശമ്പളവ്യത്യാസമാണ്. "തിരുവിതാംകൂറിലെ ഉദ്യോഗം അത്ര ധാരാളമായ ശമ്പളമുള്ളവയല്ല. കൂടുതലായി കഴിപ്പുമുള്ളജോലി നിർവഹണത്തിനാവശ്യമുള്ളയോഗ്യതയുടെ തോത് ഉയർന്നവരുന്നോറും അതിനെ കൊടുക്കപ്പെടുന്നശമ്പളം കൂടുതൽ ആയിരിക്കേണ്ടിയിരിക്കുന്നു," എന്ന് ഒരു പ്രജാസംഘപ്രസംഗത്തിൽ ദിവാൻജിപറയുകയുണ്ടായി. ഇതിനെത്തുടർന്ന് സാനിറേറിക്കമ്മിഷന്നരുടെ ശമ്പളത്തിൽ പെട്ടന്നൊരു വർദ്ധനയും ദിവാൻജിയുടെ ശമ്പളത്തിൽ ഒരു കുറവുമായശമ്പളവർദ്ധനയും ഉണ്ടായി. എന്നാൽ ഉദ്യോഗങ്ങളും തിരുവിതാംകൂർകാരാൽ വഹിക്കപ്പെടുമ്പോൾ ആ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കപ്പെടുന്നു. വനംകൺസർവേറർ, വ്യവസായഡയറക്ടർ, പട്ടാളം അപ്പോത്തിക്കിരി ഇവരുടെ ശമ്പളങ്ങളും ഇതിനു പ്രധാനമായ ഉദാഹരണങ്ങളും ആണ്. നേരെമറിച്ചു ഇൻഡ്യാക്കാരേയും വിദേശീയരെ വെച്ച ഉദ്യോഗങ്ങളിൽ നിയമിക്കപ്പെടുമ്പോൾ അവരുടെ മുൻഗാമികളായ ഐരോപ്യന്മാർക്ക് കൊടുത്തുവന്നിരുന്ന ശമ്പളംതന്നെ യാതൊരുലോഭവും തടസ്ഥവും കൂടാതെ നൽകപ്പെടുന്നു. പട്ടാളം ഉദ്യോഗസ്ഥന്മാരായ ഐരോപ്യന്മാരാണ് സാധാരണ ഡർബാർഫിസിഷ്യനായിവരുന്നുള്ളൂ. അവരെ ഡർബാർഫിസിഷനായി നിയമിക്കുന്നതിനുമുമ്പായി അവർ പ്രത്യേകകാരണംകൊണ്ട് മേജറൊ അല്ലെങ്കിൽ ലഫ്റ്റനണ്ട്കേണലൊ എന്ന നിലയിൽ എത്തിയിരിക്കുന്നതാണ്. അവർക്ക് ബ്രിട്ടിഷ് ഇൻഡ്യയിൽ കിട്ടേണ്ടതായ അവകാശമുള്ള

ഇങ്ങനെ ചെറുതായ ഒരു കൂട്ടമേഖലയിലുള്ള ജനവും ഇവിടെ തങ്ങളെപ്പെട്ടുന്നു. ഈ രണ്ടാമത്തെ ഒരു ഇൻഡ്യാക്കാരനായ വിദേശിയായ കൊടുക്കപ്പെടുന്നതും ഒരു തിരുവിതാംകൂർകാരന് ഇത നിഷേധിക്കപ്പെടുന്നതും എന്തുകൊണ്ടാണ്. മി: ഗ്രിഫ്, ജേ. രാജഗോപാലൻ സംഗതി പ്രത്യേകമായി വിചാരിച്ച് ചീഫ് എൻജിനീയരുടെ രണ്ടാളും ൧൯൦൦-തിൽനിന്നു ഗവ൦൦. ആയി വഴിപ്പിക്കപ്പെട്ടു. ഈ പ്രത്യേക മമ്പാളും മിസ്റ്റർ വെ. നടേശയ്യക്ക് കൊടുക്കപ്പെടുകയും ചെയ്തു. തിരുവിതാംകൂർകാരന് കൊടുക്കപ്പെടാതതുമെന്തുകൊണ്ടാണ്. ഈ രണ്ടു ഒഴിവിലേക്കുള്ള തിരുവിതാംകൂർകാരുടെ ചീഫിപ്പിനം ഗവർമേന്റ് സെക്രട്ടറിയിൽനിന്നും അഭിക്കാതതുമായ അക്ഷേപമാണ്.

൫൪. ഇവയെല്ലാം, തിരുവിതാംകൂർ, വിദേശീയരിൽ പക്ഷപാതത്തിൽ അഭിനിവേശപ്പെടുന്നതുകൊണ്ടുണ്ടാകുന്നതാണെന്നു ചിലർ ആക്ഷേപിക്കപ്പെടുന്നതായും ഞാൻ കേട്ടിട്ടുണ്ട്. സ്നേഹമായും ധൈര്യമായും സേവിക്കുന്നതിനു രാജ്യസ്നേഹം പ്രേരിപ്പിക്കുന്ന ഒരു ദിവസം തിരുവിതാംകൂർകാരനുൾപ്പെടെ ഏതു പൗരനിൽനിന്നും ഉണ്ടാകുന്നതാണ്.

പബ്ലിക് സർവീസിൽ അഴിമതിയാരോപണമാണ്, ആത്മാർത്ഥമായ അന്വേഷണത്തിൽ നൂറ്റിനു ഗാധാരണം ഇപ്പോഴും തിരുവിട്ടുള്ളതായി, ഞാനിതുവരെ കേൾക്കുകയും കിതരിട്ടില്ല. ഗവർമെന്റുദ്യോഗസ്ഥരായ ഉദ്യോഗസ്ഥർ ചെയ്തുകൂട്ടാത്ത പിഴകളെങ്കുന്നതു, അവരെ ഏതു സ്ഥിതിയിലും എന്തു ചിലവുണ്ടായാലും രക്ഷിക്കുമെന്നുള്ള വിശ്വാസത്തിൽ ഇടയാക്കുന്നു. പേരെഴുതിയ ചിലരിൽ ഗൗരവമേറിയ രാജ്യദ്രോഹസംബന്ധമായ യാതൊരു കാരണങ്ങൾകൊണ്ട് ഉദ്യോഗസ്ഥന്മാരുടെ കുറ്റങ്ങളെ പൂർത്തിയാക്കാതെ രക്ഷിക്കണമെന്ന് ഞാനറിയുന്നു. ആചരിച്ചുപോരുന്ന നയത്തെ തന്നെയായി ഇപ്പോഴും അനുകരിക്കപ്പെടുന്നു. ഈ കഴിഞ്ഞ ഏതാനം വർഷങ്ങളായിട്ട് ഒരു ഉദ്യോഗസ്ഥനേയും രക്ഷപ്പെടുത്തുകയെന്ന ചാർജ്ജ് ചെയ്ത് നടപടിനടത്തിയതായി ഒരു ഉദാഹരണവും ഇല്ല. ഗവർമെന്റുദ്യോഗസ്ഥന്മാരുടെ ആക്ഷേപത്തിൽനിന്നും മാപ്പുവയ്ക്കുന്നതു കൈക്കൂലിവാങ്ങിക്കുന്നതിനു ഇടയാക്കുകയും നാശയത്തിന്റെ ഗന്ധമുള്ള റിക്കോർഡുകളെ പൊതുജനങ്ങൾക്കും വയ്ക്കുന്നതിനു ഗവർമെന്റു നിരോധിക്കുന്നതും പതിവുള്ള ചിലവുകളെ വഴിയാക്കുകയുമാണ്, ഉദ്യോഗസ്ഥരെ സർമെന്റിന്റെ വകയാണെന്നും ജനങ്ങൾക്ക് അവരെ സംബന്ധിച്ച്, ചുമ്മാപോലും കുട്ടിയെ ഉദ്ദേശിച്ച് പള്ളുകൊടുക്കുന്നതുപോലെ, അവരുടെ ഔദ്യോഗികപ്രവൃത്തിയെപ്പറ്റി വിചാരിക്കയല്ലാതെ വേറൊന്നും ചെയ്യേണ്ടതായിട്ടില്ലെന്നുമുള്ള അഭിപ്രായം തെറ്റായിട്ടുള്ളതാണ്.

മിസ്റ്റർ തോമയുകുഞ്ഞ് തെക്കേമ്മുറി (മൂവാറ്റുപുഴ): ൧൯൦൦-മാണ്ടത്തെ ബഡ്ജറ്റിനെപ്പറ്റി വിചാരിച്ചു ചെയ്യുവാൻ തീരുമാനിക്കുമ്പോഴേ ഈ രാജ്യമൊട്ടുക്ക് വിശിഷ്യ ഉത്തരതിരുവിതാംകൂറിലും മധ്യതിരുവിതാംകൂറിലും അതിഭയങ്കരമായിട്ടുള്ള വലിയ ജലപ്രവാഹത്തെപ്പറ്റിയും അവനിമിത്തമുള്ള കണ്ടുതകളുടെ പരിഹാരത്തെപ്പറ്റിയും പ്രസ്താവിക്കാതെ കടന്നുപോകുവാൻ നിവൃത്തിയില്ല. തുടർച്ചയായ വർഷങ്ങളിൽ ഉത്തരതിരുവിതാംകൂറിലെയും മദ്ധ്യതിരുവിതാംകൂറിലെയും കൃഷിക്കും കെട്ടിടങ്ങൾക്കും വന്നുകൊണ്ടിരിക്കുന്ന നാശങ്ങൾക്കും എന്നുവേണ്ട മനുഷ്യർക്കുപോലും അനവധിനഷ്ടം സംഭവിച്ചിട്ടുണ്ടെന്നുള്ള വിവരം എല്ലാവർക്കും അറിയാം. എന്നാൽ ജനങ്ങളുടെ കഷ്ടതകൾക്ക് പരിഹാരം വരുത്തുവാനായി ഗവർമെന്റിൽനിന്നും വേണ്ട സഹായങ്ങൾ ചെയ്യാൻ ഒരുക്കമുണ്ടെന്നറിയുന്നതിൽ ജനങ്ങൾക്കു വളരെ സമാധാനവും ഗവർമെന്റിനോട് അധികകൃതജ്ഞതയുമുണ്ട്. ഇതിലേയ്ക്കുള്ള വ്യയങ്ങൾ അസ്ഥാനത്തിൽ പരിണമിക്കാതെ ഇതിനും പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. ഇപ്പോൾ കഷ്ടപ്പെടുന്നവർക്ക് ലോൺകൊടുപ്പാൻപോകുന്ന അതു പരസ്പരസഹായസംഘങ്ങൾവഴി ആകാമെന്നാണ് വിചാരിക്കുന്നതെന്നും അറിയുന്നു. എന്നാൽ പരസ്പരസഹായസംഘം എന്നുള്ളതു വളരെ നല്ല ഏർപ്പാടാണെന്ന് അതിന്റെ നാമംകൊണ്ടുതന്നെയും. ഇവിടത്തെസ്ഥിതി ഒന്നു പ്രത്യേകമാണ്. ഇപ്പോൾ കഷ്ടത അധികം സംഭവിച്ചിട്ടുള്ളതു്, ഉത്തരതിരുവിതാംകൂറിലെ നദീതീരങ്ങളിലും മദ്ധ്യതിരുവിതാംകൂറിലെ കുട്ടനാടു് മുതലായ സ്ഥലങ്ങളിലുമാണ്. അവിടങ്ങളിൽ പരസ്പരസഹായസംഘങ്ങൾ വളരെ കുറവാണ്. ഈ രാജ്യത്തെ പരസ്പരസഹായസംഘങ്ങളിലധികവും വർഗ്ഗീയസംഘങ്ങളാണ്. സ്വഭാവപ്രാഹം നിമിത്തം അപേക്ഷകൾ സംഭവിച്ചിട്ടുള്ളതു് ദേശീയമായിട്ടുണ്ടല്ലൊ. ഈ അപേക്ഷയിൻ ലോൺകൊടുപ്പാൻ വല്ലിടത്തും വർഗ്ഗീയമായുള്ള പരസ്പരസഹായസംഘങ്ങളെ ചുമതലപ്പെടുത്തുകയാണെങ്കിൽ വേണ്ടവർക്ക് ഈ ലോൺ കിട്ടുകയില്ലാ സിവിലിസസ്സെപ്പെ ഏർപ്പാടിൽ മുമ്പുണ്ടായതുപോലെ അഴിമതികളും ഉണ്ടാകും. മുനിസിപ്പാലിറ്റികൾക്ക് വലിയസംഖ്യകൊടുക്കാൻ വിചാരിക്കുന്നതെങ്കിൽ അതും അത്ര ശരിയല്ലാ. മുനിസിപ്പാലിറ്റി സ്ഥാപിച്ചിരിക്കുന്നതു് എന്തും പരിമിതമായസ്ഥലത്താണ്. ആകെക്കഷ്ടപ്പെട്ടുന്നവരിൽ വളരെ കുറച്ചുപേർ മാത്രമെ പട്ടണങ്ങളിൽ ഉണ്ടായിരിക്കു. അധികവും നാട്ടുപുറത്തായിരിക്കും. പട്ടണവാസികൾക്കും ഗവർമെന്റിനെയധർപ്പിച്ച് ക്ഷീതൽ സംഖ്യവാങ്ങുവാൻ പ്രയാസമുണ്ടു. നാട്ടുപുറത്തുകാർക്ക് തങ്ങളുടെ സങ്കടം ഗവർമെന്റിനെ ധരിപ്പിക്കാൻ വളരെപ്രയാസമുണ്ടു; അതുകൊണ്ട് താലൂക്കസംഘങ്ങളും ഏർപ്പെടുത്തി അതുവഴി ലോൺ കൊടുക്കുകയാണെങ്കിൽ വളരെ ഉത്തമമായിരിക്കും. താലൂക്കിലെ പരസ്പരസഹായസംഘങ്ങളും പട്ടണവാസികളും ഉൾപ്പെടും. അതുകൊണ്ട് അവക്കും സഹായം ലഭിക്കും. റവന്യൂകമ്മീഷണരുടെ മേൽനോട്ടത്തിൽ പ്രേഷ്ഠരാരുമറിയാതെ അതാതു സ്ഥലത്തെത്തി അന്വേഷണങ്ങളും നടത്തുകയും താലൂക്കതഹശീൽദാരും പൊതുജനങ്ങളുടെ പ്രതിനിധികളുമടങ്ങുന്ന ഒരു കമ്മിറ്റി ഏർപ്പെടുത്തി അതിൽനിന്നു ലോൺ കൊടുപ്പാൻ സഹായിക്കുവാൻ വ്യവസ്ഥചെയ്യുകയും ചെയ്യുന്നതായിരിക്കും ഉത്തമം; അങ്ങനെ കൊടുക്കുന്നപക്ഷം വേഗവേഗം ലോൺ കിട്ടുന്നതാണ്. ഒരു താലൂക്കിലുള്ള തഹശീൽദാർ, ഡാക്ടർ, മുൻസിഫ്, ഇവരും ജനപ്രതിനിധികളും ഈ കമ്മിറ്റിയിൽ അടങ്ങിയിരിക്കണം. ഒരിപക്ഷം അന്യോദ്യോഗസ്ഥരായിരിക്കണം. എന്നാൽ പോലീസു മുതലായ ചില ഡിപ്പാർട്ടുമെൻറുകാരെ ഇതിൽനിന്നും ഒഴിച്ചുനിൽക്കൊള്ളാം. (ഹസനാ)

രണ്ടാമതായി പറയാനുള്ളതു് പൊതുവിൽ ചിലവു ചുരുക്കേണ്ട ആവശ്യത്തെയും വിധത്തെയും പറ്റിയാണ്— ഈ വിധത്തിലുള്ള കഷ്ടതകളെല്ലാം നേരിട്ടിരിക്കുന്ന അവസരത്തിൽ രാജ്യത്തിലെ അധിക ചിലവുതിരുത്തിയുള്ളിടത്തോളം ചുരുക്കേണ്ടതാണ്. ഭൂനനനികുതി ഇനിയും ഏർപ്പെടുത്തിയാൽ ജനങ്ങൾ വളരെ കഷ്ടത്തിലാകും. ഇപ്പോൾതന്നെ ജനങ്ങൾക്ക വഹിക്കാൻ നിവൃത്തി ഇല്ലാത്തവിധം ടോൾഗേറ്റ്സ് മുതലായ ചില പുതിയ നികുതികൾ ഏർപ്പെടുത്തുകയും ചെയ്തതിൽ ചിലതിന്റെ തിരുക്കിട്ടുകയും ചെയ്തിട്ടുണ്ട്. ഒരു രാജ്യത്തിന്റെ അഭിവൃദ്ധിജനങ്ങളുടെ ധൈര്യത്തിലാണ് സ്ഥിതി ചെയ്യുന്നതു്, രാജ്യത്തിലെ മുതലെടുപ്പിലല്ലാ. ഈ

രാജ്യത്തെ ജനങ്ങളുടെ ഐശ്വര്യം നിലനിൽക്കണമെങ്കിൽ കൃഷിയിലൂടെ ധനമുണ്ടാക്കണമെന്നുള്ളതാണ് രാജ്യത്തിന് ശ്രേയസ്കരമായ കാര്യം. ജനങ്ങളിൽ അധികപങ്കും കൃഷിക്കാരാണെന്നില്ല. നിലം, പുരയിടങ്ങൾ, ജന്മസമ്പത്തുപോലെ വർദ്ധിക്കുന്നില്ല. ഭൂമിയിൽനിന്നും കൂടുതൽ വിളവുണ്ടാക്കത്തക്കവണ്ണം കൃഷിക്കാരെ പഠിപ്പിക്കുവാനും സംഘടിപ്പിച്ചിട്ടുള്ള കൃഷിവിദ്യാപീഠങ്ങളൊന്നും ആവശ്യത്തിൽ ഒട്ടുംതന്നെ സംഭാവനചെയ്യുവാൻ ജോലി ചെയ്യുന്നതായി വെളിപ്പെട്ടിട്ടില്ല. ഇതും വ്യയത്തിനുള്ള ഒരു പദ്ധതിയെന്നല്ലാതെ ഒരു വ്യയത്തിലും കൃഷിക്കുടെ അഭിവൃദ്ധിക്കുകണ്ടില്ല. കൃഷിവകുപ്പിൻറെ നെല്ലുവിളയുന്ന പാടങ്ങളിൽ ഇടയിൽ ചെന്ന് കണ്ടറിയാവുന്നതാണ്. ഇപ്പോഴും ഉണ്ടായിരിയ്ക്കാം; എന്നാൽ നാട്ടിൽ പൊതുജനങ്ങൾക്കു കൃഷിക്കാവശ്യമായ ഇതര വിഭാഗങ്ങളെപ്പോലെ ഇപ്പോൾ ധനപരിശോധനത്തിനുള്ള അഭിവൃദ്ധിപോലെ ധനത്തിനു വകയില്ല. കൃഷിവകുപ്പിൻറെ അത്രയുമെങ്കിലും ധനവും കാലവും വ്യയംചെയ്തിട്ടില്ലെങ്കിലും വ്യവസായവകുപ്പും പ്രയോജനപ്രദമായിക്കാണുന്നില്ല. ഈ സ്ഥിതിക്കു നിങ്ങൾക്കുള്ളതാണ് കഷ്ടമേന്ന് ജനങ്ങളുടെ ഭാഗത്തുനിന്നും വാർത്തുചുവപ്പാക്കുന്നതിനുള്ള ഒരു മാസ്റ്റർ തയ്യാറാക്കുകയും ഷിർപ്പെട്ടതായതുകൊണ്ട് ഇരിക്കുകയുമാണ്. ചില നിർദ്ദേശങ്ങൾ ഈടായ്കയുണ്ടു്. ഷിർപ്പെട്ടതിനുശേഷവും, കൂടെയുള്ളതാണു്. ശരിയല്ലെങ്കിലും ചിലവു ചുരുക്കിയാൽ നികുതി വർദ്ധിപ്പിക്കാതെ കഴിയുമല്ലോ.

ഈ രാജ്യത്തെ പല ഡിപ്പാർട്ടുമെൻറുകളും ചെയ്യുന്ന ശമ്പളച്ചിലവുകൾ വളരെ പുരുക്കാനുണ്ട്. ഓരോ ഡിപ്പാർട്ടുമെൻറിലും ആയിരം രൂപയിൽ കൂടുതലോ ശമ്പളമുള്ള അദ്ധ്യക്ഷന്മാർ വേണ്ട, ഹൈക്കോടതിജഡ്ജി, പോലീസുകമ്മീഷണർ, ചീഫ് എഞ്ചിനീയർ, എഡ്യൂക്കേഷൻ സൂപ്രണ്ടർ മുതലായ ഒന്നാംതരക്കാർക്ക് ൭൦൦ രൂപ മുതൽ ൭൦൦൦ രൂപ വരെയും രണ്ടാംതരക്കാർക്ക് ൩൦൦ മുതൽ ൭൦൦ വരെയും മൂന്നാംതരക്കാർക്ക് ൧൦൦ മുതൽ ൪൦൦ വരെയും കൊടുത്താൽ ധാരാളം മതിയാകുന്നതാണ്. "പുവർഉണ്ടെങ്കിലെ ചിത്രമെഴുതാവൂ" എന്നൊരു പഴഞ്ചൊല്ലുണ്ട്. ജനങ്ങൾക്കു ഐശ്വര്യമുണ്ടെങ്കിലെ രാജ്യത്തിന് അല്പമെങ്കിലും നിലനിൽപ്പുള്ളൂ.

സാനിട്ടറി ഡിപ്പാർട്ടുമെൻറും മെഡിക്കൽഡിപ്പാർട്ടുമെൻറും ഒന്നിച്ചുചേർക്കാം. നാട്ടിൻപുറങ്ങളിലുള്ള സാംക്രമികരോഗങ്ങളെ അവിടത്തെ മെഡിക്കലാഫീസർമാരാണ് അറിയുന്നത് അതിലേക്കു വേണ്ട പ്രതിവിധി ഡാക്ടർ തന്നെ നടത്തുന്നുണ്ട്. ബ്രിട്ടീഷ് ഇൻഡ്യയിലെല്ലാം ഗ്രാമസമ്പ്രദായമാണ്. അവിടങ്ങളിൽ സാനട്ടറി ഏർപ്പാടു ആവശ്യമുണ്ടായിരിക്കാം. ഇവിടെ അതുവേണ്ട, അതുകൊണ്ടു ചിലവുചുരുക്കാൻ ഇപ്പോഴത്തെ സാനിട്ടറികമ്മീഷണരെ അടുത്തകാലത്തുള്ള മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകുന്ന ഏതെങ്കിലും ഒരു വലിയ ഒഴിവിൽ നിയമിച്ചാൽ മതി. അങ്ങിനെ അദ്ദേഹത്തെ പിരിച്ചുവിടാതെ കഴിക്കാം. (ചിരി) സാനിട്ടറി വകുപ്പിലെ ചെറിയ ഉദ്യോഗസ്ഥന്മാരെ ഓരോ സ്ഥലത്തെ ഡാക്ടറന്മാരുടെ കീഴിൽ വച്ചാൽ കുഴപ്പങ്ങളും ഇപ്പോഴത്തത്തക്കാൾ നന്നായിത്തീരുകയും ചെയ്യും. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ പേഷ്കാരന്മാർ ആവശ്യമില്ല. ഡിവിഷൻ അസിസ്റ്റൻറന്മാർ പേഷ്കാരന്മാരുടെ ജോലികൂടി ചെയ്താൽ മതി. അവർക്ക് ഇപ്പോൾ മേലാസം കാര്യമൊന്നുമില്ലല്ലോ. ഇപ്പോഴത്തെ രജിസ്ട്രേഷൻ കമ്മീഷണർ പേഷ്കാരന്മാരെക്കൂടാതെതന്നെ കാര്യങ്ങൾ നടത്തും. അദ്ദേഹം പല ഡിപ്പാർട്ടുമെൻറുകാര്യങ്ങൾക്കും ഉപദേഷ്ടാവായിരിക്കത്തക്കവണ്ണം അഴിമതികളെ കണ്ടുപിടിക്കുവാനും, പക്ഷെ അദ്ദേഹത്തിൻറെ ഒപ്പിനുമുകളിലും താഴെയും അധികം പതിയാതെ ഇടത്തരത്തിലുള്ള തഹിൽദാർമാരുടെയാണ് അധികവും പതിഞ്ഞിരിക്കുന്നതു. (ഫലസ്നം) അതു അഭിനേതാവിനുള്ളവരുടെ നേക്കം പതിയുമെന്നു തോന്നുന്നു, അഴിമതിയിൽ മുഴുകിച്ചവരായി ഡിവിഷനാഫീസുകളിലും താലൂക്കകച്ചേരികളിലും പലരും ഇരിപ്പുണ്ട്. അഴിമതിക്കാരെയെല്ലാം കണ്ടുപിടിച്ചു പിരിച്ചു വിടുകതന്നെ വേണം. അദ്ദേഹം കുറെ ശ്രദ്ധപതിപ്പിക്കുന്നതുകൊണ്ടാണ് ഞാൻ അതു ഉറപ്പു പറയുന്നതു, മറ്റു പല ഡിപ്പാർട്ടുമെൻറുകളിലും ധാരാളം അഴിമതിക്കാർ നടക്കുന്നുണ്ട്. അതു അദ്ധ്യക്ഷന്മാരിൽ പലരും തീരെ അറിയുന്നില്ലെന്നാണ് തോന്നുന്നതു. അങ്ങിനെയുള്ളവർ ആരെല്ലാമെന്നു ഞാൻ ഇവിടെ പറയുന്നതല്ലല്ലോ.

മൂന്നാമതായി എനിക്കു പറയാനുള്ളതു പബ്ലിക്ക സർവീസിൻറെ കൃത്രിമത്വത്തെപ്പറ്റിയാണ്. അതിൽ വളരെ മാലിന്യങ്ങളും ഉണ്ടു. പ്രജാസഭയിലും നിയമനിർമ്മാണസഭയിലും പബ്ലിക്കസർവീസിൻറെ മാലിന്യത്തെപ്പറ്റി പ്രസംഗങ്ങളും മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. മിനിസ്ട്രിവരെയെല്ലാമെമ്പരന്മാരും അടിപ്പായയോജ്യയോടുകൂടി വാഴിച്ചുകൊണ്ടിരിക്കുന്ന ഒരു സംഗതിയാണ് ഇതു. ഇതുവളരെ മാലിന്യങ്ങളാണോ എന്നു ഗവണ്മെൻറപക്ഷത്തിൽനിന്നും ശങ്കിക്കുമായിരിക്കാം. അതുപോകട്ടെന്നല്ലാ പ്രധാനം. അതുപോക്കുന്ന ആളുകൾക്കു ഇതിലധികം മാലിന്യം വരാനില്ലെന്നാണ് അഭിപ്രായം. ഇതുനിമിത്തം ജനങ്ങളുടെ മനസമാധാനത്തിനും ധനത്തിനും വേണ്ട രക്ഷയില്ല. പണ്ടെതന്നെ കൂടുതൽ നികുതിചുമത്തിയതു നിമിത്തം ജനങ്ങളെല്ലാം കഷ്ടത അനുഭവിക്കയാണ്. ജലസ്രോതസ്സുകളും ഇപ്പോൾ പീഡിപ്പിക്കുന്നു. ഇനിയെങ്കിലും പ്രജകളെ തെക്കിപ്പിഴിയാൻ ഒരിയ്ക്കലും ഉദ്യോഗസ്ഥന്മാരെ ഗവണ്മെൻറു അനുവദിക്കരുതു.

ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ഒരുപോലെ സഞ്ചരിച്ചു ഒരോ ജനങ്ങളുടെയും അഭിപ്രായം ചോദിക്കുമ്പോൾ അവരെ ഈ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരിൽനിന്നും രക്ഷിക്കയുണ്ട് ഒന്നാമതു വേണ്ടതെന്നു അവരും പറയുന്നു. ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷന്മാർ ഇതു കാണുന്നില്ലെന്നാണ് നടിക്കുന്നതു. പക്ഷെ അവർ തീരെയും കണ്ടിട്ടുണ്ടില്ലെന്നു പറയാൻ പാടില്ല. കൈക്കൂലിവാങ്ങുന്നതു ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാർ കാണുന്നില്ലായിരിക്കാം. എന്നാൽ അതു നടക്കുന്നില്ലെന്നു അവർക്കു വിചാരിക്കുവാൻ തരമില്ല. കണ്ണിനടത്തിരിക്കുന്നതുകൊണ്ടു അതും നേരിട്ടു കണ്ണുകൊണ്ടു കാണുന്നില്ലെങ്കിലും അതുണ്ടെന്നെല്ലാവർക്കും അറിയാമല്ലോ. കണ്ണാടിയിൽ നോക്കിയാൽ കാണുകയും ചെയ്യാം. അതുപോലെ ഓരോ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാർക്കും സൗകര്യത്തിൽ പൊതുജനങ്ങളുടെ ഇടയിൽ അന്വേഷണം നടത്തിയാൽ കണ്ണാടിയിലെന്നവണ്ണം സ്പഷ്ടമായി അഴിമതിക്കാരെക്കണ്ടറിയാം. അന്യദേശീയനായ രജിസ്ട്രേഷനക്കാരനെല്ലാ ഇക്കാര്യത്തിൽ വളരെ പ്രയാസമുള്ളതു. എന്നിട്ടും അദ്ദേഹം അഴിമതിക്കാരെ കണ്ടു പിടിച്ചു പോരുന്നു. ഉദ്യോഗസ്ഥന്മാർ ഇങ്ങനെ ജനങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുമെങ്കിൽ രാജ്യത്തിന് സുസ്ഥിരമായ അഭിവൃദ്ധിയോ ജനങ്ങൾക്കു ക്ഷേമമോ ഉണ്ടാകയില്ല. അഴിമതിക്കാരിൽ ഏതാനുംപേരെ ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുമ്പോൾ മറ്റുള്ളവർ നല്ല പാഠം പഠിക്കും. അങ്ങിനെ തുനു കണ്ടിട്ടുള്ളതു

മാണ്. അല്ലാതെ കൂടുതൽ ശരിയായി തെളിയിച്ചിട്ട് ശിക്ഷിച്ചു കൊള്ളാമെന്നു വിചാരിച്ചാൽ അതു പലപ്പോഴും സാധിക്കയില്ല. എത്രതെളിഞ്ഞാലും തെളിഞ്ഞെന്നു മേലധികാരി സമ്മതിക്കയില്ല. ഒരു വിധം തെളിഞ്ഞാൽ ഗവണ്മെന്റു അവരെ സസ്പെൻഡു ചെയ്യുകയൊ ഡിസ്മിസ് ചെയ്യുകയൊ വേണം. ജാതിത്തണ്ണിലാണ് അഭിമതി കൂടുതൽ അധികം വളർന്നുകാണുന്നതു. മേലുദ്യോഗസ്ഥന്മാർ, തങ്ങളുടെ വഴക്കാരാണ്. കീഴുദ്യോഗസ്ഥന്മാരെങ്കിൽ എങ്ങിനെയും രക്ഷിച്ചുകൊള്ളും. പരാതിപറഞ്ഞാൽ തങ്ങളുടെ ജാതിയിൽപ്പെട്ട ജനങ്ങളോടു നമ്മുടെ ജാതിയിൽപ്പെട്ട അമ്മുണ്ണിയൊ ചില ദുഷ്പ്രവൃത്തികളെല്ലാം ഉണ്ടായാലും ഇപ്പോൾ രക്ഷിക്കണം എന്നു പറഞ്ഞു ചിലരെ സ്വാധീനപ്പെടുത്തി തെറ്റിദ്ധരിപ്പിക്കുവാൻ നോക്കും. മറ്റും സജാതിയരായ ഉദ്യോഗസ്ഥന്മാരും സഹായിക്കും. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഇങ്ങനെയുള്ള നയം ഉപയോഗിച്ചാൽ അവർ അതിൽ പെട്ടു പോയേക്കും.

നാമമാത്രമായി എനിക്കു പറയുവാനുള്ളതു, രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലേക്കും പ്രജകളിൽ ഏല്ലാവിഭാഗങ്ങളിലേക്കും ഗവണ്മെന്റിന്റെ ശുദ്ധ സമ്പർക്കത്തെയുണ്ടാക്കുന്നതിനു ഗവണ്മെന്റിന്റെ ജനസംഖ്യയെക്കാവിസ്തീർണ്ണത, നിരക്കു, ഇവയ്ക്കു ജനങ്ങളുടെ ആവശ്യത്തിനൊത്തവണ്ണം റോഡുകളും, വിദ്യാലയങ്ങളും, കൃഷിസേചനവേലകളും മുതലായവ സംബന്ധിച്ചു ഗവണ്മെന്റ് ശ്രദ്ധിച്ചു കാണുന്നില്ല. ഇത്തരത്തിലുള്ള വിഷമതകളിൽനിന്നും എന്തെങ്കിലും വഴിയൊ ലക്ഷ്യം കുറെങ്കിലുമായിത്തീരുവാൻ ശ്രമിക്കുന്നതായി വന്നാൽ ഏതെങ്കിലും ഭാഗത്തൊ ഏതെങ്കിലും വർഗ്ഗത്തിനൊ കഷ്ടതയുണ്ടെങ്കിൽ അതിനെ പരിഹരിക്കുവാൻ ശ്രമിക്കേണ്ടതാണ്. ഈ കൌൺസിൽ വഴിയായിട്ടാണ്. ഗവണ്മെന്റു അക്കാര്യത്തിൽ വേണ്ടവിധം ശ്രദ്ധിക്കേണ്ടതാണ്. പലവർഗ്ഗക്കാരും ഗവണ്മെന്റുദ്യോഗത്തിൽപ്രവേശനമില്ലാ. ഡിപ്പാർട്ടുമെന്റലുദ്യോഗസ്ഥന്മാരിൽ പലരും ഉദ്യോഗനിയമനത്തിൽതങ്ങളുടെ ജാതിക്കാരോടു പക്ഷപാതം പ്രദർശിപ്പിക്കുന്നതായി ഗവണ്മെന്റിനറിയാമൊ എന്നു ഞാൻ മുമ്പു ഈ കൌൺസിൽ വഴി ഗവണ്മെന്റിനോടു ചോദിച്ചതിനു ഗവണ്മെന്റിനറിവില്ലെന്നു മറുപടിപറഞ്ഞു. എന്നാൽ ഓരോ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചുള്ള നിയമനങ്ങളുടെ പട്ടിക ചോദിച്ചു വരുത്തിയതിൽനിന്നും ഈ സംഗതി തെളിഞ്ഞിരിക്കയാൽ ഇപ്പോൾ ഗവണ്മെന്റിനറിവില്ലെന്നു പറവാൻ നിവൃത്തിയില്ല. എല്ലാപ്രധാനങ്ങളിലും എല്ലാവർഗ്ഗങ്ങളിലും ഉള്ളവരെ പബ്ലിക്ക സർവീസിൽ യോഗ്യതാനുസരണം ചേർക്കാൻ ഇപ്പോഴുള്ള നടപടികളെ തിക്കണം. റവന്യൂവൈസ്പ്രസിഡണ്ടു വിഭജനം നടത്തിയതു എല്ലാവർഗ്ഗക്കാർക്കും അതിൽ പ്രവേശനം നൽകുവാനാണെല്ലൊ. വിഭജനശേഷം ഫ ൪ രൂപാക്കു മേൽ ഉള്ള ഏതു ഉദ്യോഗനിയമനങ്ങളും ഉണ്ടായി എന്നു വർഗ്ഗം തിരിച്ചു ഒരു പട്ടിക തരുവാൻ കഴിഞ്ഞയുദ്യോഗത്തിന് ഞാൻ ചോദിച്ചുനെങ്കിലും അപ്രകാരം ആയ പട്ടിക പ്രകാരം ആകെ ഫ൯ൻ നിയമനങ്ങളിൽ ഉണ്ടായതിൽ ഫന്നുപേർ പട്ടണത്തെന്നെ ഉദ്യോഗങ്ങളും എല്ലാംവഹിച്ചു വരുന്ന സവർണ്ണരിൽ നിന്നും ആണെന്നു വെളിപ്പെട്ടു. വളരെ നാളത്തെ ശ്രമംകൊണ്ടു ഗവണ്മെന്റു വേർതിരിച്ചു. എന്നിട്ടും ഫലം ഇങ്ങനെയുണ്ടാകുന്നതിൽ കഷ്ടമല്ലേ. മല എലിയെ പ്രസവിച്ച എന്നുള്ള പഴഞ്ചൊല്ല പോലെ ആയി ജനങ്ങളുടെ പ്രതീക്ഷ. അതുപോലെ തന്നെ പരസ്പരസഹായ സംഘങ്ങളിൽ ഫ൯ രൂപായിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക ചോദിച്ചതിന് ഫന്നു പേർ ഉണ്ടെന്നും ഫ ൪ൃ സവർണ്ണരാണെന്നും മറുപടി കിട്ടി. മറ്റുള്ളവർക്ക് പ്രവേശിക്കുവാൻ നിവൃത്തിയില്ലാത്തവിധം പണ്ടത്തെ റവന്യൂഡിപ്പാർട്ടുമെന്റിനെപ്പോലെ ഇതിലും വല്ലതുംകൂടി ഒളിപ്പിച്ചിട്ടുണ്ടൊ എന്തൊ? ഇപ്പോഴത്തെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ ആദ്ധ്യക്ഷന്റെ നിയമനങ്ങളെ സംബന്ധിച്ചു എന്റെ മാന്യസ്നേഹിതൻ മി: കുഞ്ഞുകൃഷ്ണപിള്ളയുടെ ചോദ്യത്തിനു ഇന്നലെകൊടുത്തിയമറുപടിയിൽ നിന്നും ആ ഡിപ്പാർട്ടുമെന്റിലെ വഗ്ഗീയ പക്ഷപാതം നല്ലവണ്ണം വ്യക്തമാകും. അതുപോലെതന്നെ മി: നാമായണ്ണയ്യർ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളുടെ അധിപതിയായി വന്നതിനെ ശേഷമുള്ള നിയമത്തെപ്പറ്റി ചോദിച്ചതിൽ ആ വകുപ്പിലുള്ള നിയമനമെല്ലാം തന്നെ അദ്ദേഹത്തിന്റെ സ്വജാതിക്കാരെയാണെന്നു വ്യക്തപ്പെട്ടു കഴിഞ്ഞ ഫ൨ വർഷങ്ങൾക്കുള്ളിൽ ഹൈക്കോടതിയിൽ നിന്നു നടത്തിയ നിയമനങ്ങളെപ്പറ്റി വഗ്ഗംതിരിച്ചു ചോദിച്ചതിൽ അക്കണക്കെടുക്കുന്നതിനുള്ള ശ്രമത്തിനതുകവണ്ണമുള്ള ഫലമില്ലെന്നു പറഞ്ഞൊഴിഞ്ഞു കണക്കുകിട്ടിയെങ്കിൽ മറുള്ളവർക്ക് നീതിയുടെ ഒഴുക്കന്തമായിരിക്കേണ്ട ഹൈക്കോടതിയുടെ ഗതിമയറായാമായിരുന്നു. എന്തായാലും ഹൈക്കോടതിയിലെ ജഡ്ജികളിലിരിയായവരിൽ മഹാഭൂരിപക്ഷവും സവർണ്ണരിണെന്നു എല്ലാവർക്കും അറിയാം. ഞാൻ ഒരു സമുദായത്തേയും അപഗണിച്ചുപറയുന്നതായി ആരും തെറ്റിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു. ബ്രാഹ്മണരായാലും നായന്മാരായാലും ക്രിസ്ത്യാനികളായാലും എല്ലാവരും രാജ്യമാകുന്ന മഹാദേവനത്തിലെ ഇല്ലുവകാശമുള്ള സഹോദരന്മാരാണെന്നും അവരുടെ ഇടയിൽ പരസ്പരവിദ്വേഷവും അസൂയയും ജനിക്കരുതെന്നുമാണ് ഞാൻ വിചാരിക്കുന്നതു ഈവിധിയിയമനങ്ങളും ഉദ്യോഗസ്ഥന്മാരുടെ തെറ്റല്ലാതെ ഏതെങ്കിലും വഴുത്തിന്റെ തെറ്റുകൊണ്ടാണ്. നടക്കുന്നതെന്നെനിക്കഭിപ്രായമില്ല. എല്ലാവർഗ്ഗങ്ങളിൽ നിന്നും പബ്ലിക്ക സർവീസിൽ ന്യായാനുസരണങ്ങളും ആളുകളെ നിയമിച്ചാൽ മാത്രമെ നീതിന്യായം നടക്കുവാനും നമ്മുടെരാജ്യം ധർമ്മരാജ്യമെന്നപേരിനെ അർഹിക്കുവാനും തരമുള്ളു. എന്നാൽ അതിനായി ഡിപ്പാർട്ടുമെന്റു പരീക്ഷവയ്ക്കുയാണ് വല്ലതെന്നു ചിലർക്കഭിപ്രായമുണ്ട്. അതു ശരിയല്ല. ഒരു വലിയ ജനവിഭാഗത്തിനു കിട്ടേണ്ടതിന്റെ ഫ൦ൽ ഫ പോലുമല്ല. ആയിരം രൂപാ പത്തുപേർക്കായി കിട്ടേണ്ടതിൽ:—

പ്രൈസിഡന്റു: സമയം.

മി: തരിശുകണ്ടിത്തൊമ്മൻ (മൂയാനരപുഴ): തീർന്നു, കുറച്ചേയുള്ളു. ൯൦൦ രൂപായും ന പേർ എടുത്തു ശേഷം ബാക്കി ഫ൦൦ രൂപായുള്ളതു എല്ലാവർക്കുംകൂടി പങ്കിട്ടു എടുത്തു കളയാമെന്നു പറയുന്നതു പോലെ ആയിരിക്കും. ഇതു അനുകൊണ്ടു ഈ സമ്പ്രദായം അത്രശരിയല്ല. സാധനങ്ങളും ശക്തിയും അളവനും കൊടുക്കുന്നപോലെ ഉദ്യോഗങ്ങളും കൃത്യമായി വശം തിരിച്ചു പങ്കിടണമെന്നല്ല ഞാൻ പറയുന്നതിന്റെ താല്പര്യം. ആകെ നൂറും എന്ന തരത്തിൽ വലുതായ വ്യത്യാസം ഉള്ളതു ഭേദപ്പെടുത്തണമെന്നുമാത്രമെ പ്രത്യേകം നിഷ്കർഷവേണമെന്നാണ്.

വടക്കോട്ടു റയിൽവേ സർവ്വെ ചെയ്യുന്നതിനു ഒരു സംഖ്യ ബഡ്ജറ്റിൽ ചേർത്തുകാണുന്നതിനു ഞാൻ പ്രതിനിധിയും വഹിക്കുന്ന ജനങ്ങൾക്കു വേണ്ടി ഗവണ്മെന്റിനോടു നന്ദിപറഞ്ഞുകൊള്ളുന്നു. എന്നാൽ റയിൽവെ

കൊട്ടാരക്കരയിൽ നിന്നും എറണാകുളത്തേക്കാണെങ്കിൽ ചാലക്കുടിയിൽ നിന്നും ട്രെയിൻ കയറുന്നതിനു മുമ്പുതന്നെ ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിനും ഈ ബില്ലിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു സ്റ്റേഷൻ മാസ്റ്ററെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു അസിസ്റ്റന്റ് സ്റ്റേഷൻ മാസ്റ്ററെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ഗുഡ്സ് ക്ലാർക്കിനെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ടിക്കറ്റ് കളക്ടറെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ടിക്കറ്റ് ക്ലാർക്കിനെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു പോർട്ടറെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു സിഗ്നൽമാനെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു പോയിന്റ്സ്മാനെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ഗേറ്റ്മാനെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ഗാർഡിനെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ഡ്രൈവറെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ഫയർമാനെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ക്ലീനറെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ഗുഡ്സ് ഗാർഡിനെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ഗുഡ്സ് ഡ്രൈവറെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ഗുഡ്സ് ഫയർമാനെ നിയമിക്കുന്നതിനും ഈ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ഓരോ സ്റ്റേഷനിലും ഒരു ഗുഡ്സ്

ബഹുഭൂരിപക്ഷം അധികാരികളുടെയും നിശ്ചയദാർഢ്യമില്ലാത്ത സ്ഥിതിക്കും അവർ ന്യായമായിട്ടുള്ളതല്ല അല്ലെന്നോ എന്ന് ആലോചിക്കുന്നതിനു ഞാൻ സമയം വ്യയം ചെയ്യുന്നില്ല. ജലപ്രവാഹത്തിൽ അകപ്പെട്ടു, ധന്യം, വീട്ട്. കുന്നുകയറി ഇടങ്ങിയുള്ള സഞ്ചാരക്കാരും നശിച്ചു കഷ്ടപ്പെടുന്ന നിർഭാഗ്യവാന്മാരായ നമ്മുടെ സഹോദരങ്ങളോടു നേരെ ഈ സമയത്തെ സഹതാപവും സഹായവും പൂർണ്ണമായി കാണിക്കേണ്ടതുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. നമ്മുടെ ആലോചനയിൽ ഇരിക്കുന്ന ബഹുഭൂരിപക്ഷം കാണിച്ചിരിക്കുന്നതുപോലെ സങ്കുചിതവീക്ഷണത്തിനും, ഗതാഗതാഗ്നങ്ങളുടെ പുനരുദ്ധാരണത്തിനായും വക നീക്കുന്നതിൽ ഗവണ്മെന്റ് കാണിച്ചിട്ടുള്ള ഉത്സാഹത്തിനും നാം നന്ദിയുള്ളവരായിരിക്കുന്നു. എന്നാൽ ഈ ഉദ്ദേശങ്ങളും അവയെ ചുറ്റിപ്പറ്റിനിന്നു നിശ്ചയിച്ചിട്ടുള്ള മറ്റു കാര്യങ്ങളും ഇതിനേക്കാൾ ആവശ്യങ്ങളാകുന്നതിനെക്കാൾ മുമ്പിലാകുന്നവയാണെന്നു ഞാൻ ഒട്ടുംതന്നെ വിശ്വസിക്കുന്നില്ല. വെള്ളപ്പൊക്കത്തിനു വീടുകളും മുങ്കിപ്പോയിട്ട് അനവധി ജനങ്ങളാകെ പീഡിപ്പിക്കപ്പെടുന്നതിനും മുമ്പായിട്ട് വെള്ളപ്പൊക്കത്തിനു മുങ്കിപ്പോയിട്ടുള്ള നാശത്തെപ്പറ്റി അവർ ഏറിയപക്ഷവും ഒരുകാലത്തും ഒരിക്കലും അറിയുകയില്ലാത്ത പുനരുദ്ധാരണപ്രവർത്തികൾ വേണ്ടുവോളം നടന്നിട്ടുള്ളതാണ്, എന്നാൽ ഗവണ്മെന്റും ജനങ്ങളും അതിനുള്ള മാർഗ്ഗം കണ്ടുപിടിക്കേണ്ടതായിരിക്കുന്നു. വീടില്ലാതെ അലഞ്ഞുപ്രാപിച്ചിട്ടുള്ള ഒരുവന് അവന്റെ കന്നുകാലികളെ അനേകദിവസം കിട്ടുന്നതിനു എല്ലായ്പ്പോഴും സാധിക്കുന്നതല്ല. ഈ സഹായം ഫുർപ്പാട്ടിലും പുനരുദ്ധാരണപ്രവർത്തികളിലും, വെള്ളപ്പൊക്കത്തെക്കൊണ്ട് അയാൾ പ്രാപിച്ചിട്ടുള്ളവയ്ക്ക്, വെള്ളം ഇറങ്ങി അവരുടെ വീടുകളിൽ തിരിച്ചെത്തുന്നതുവരെ, ആഹാരം കൊടുക്കുകയാണുണ്ടാകുന്നതെങ്കിൽ നിവർത്തിക്കുന്നതിനുള്ള എന്റെ അഭിപ്രായത്തിനു ഇതു സമയോചിതമാണെന്നു ഞാൻ വിചാരിക്കുന്നു. വെള്ളപ്പൊക്കം നടന്നിട്ടുള്ള പ്രധാനപ്പെട്ട എല്ലാ സ്ഥലത്തും പുനരുദ്ധാരണകമ്മിറ്റികൾ സ്ഥാപിതമാക്കപ്പെടുകയും വീടുകൾ ഇല്ലാതെയും തന്നത്താൻ സഹായിക്കാൻ വേണ്ടുവോളം ഇല്ലാതെയും ഇരിക്കുന്നവരെ ധനസഹായം ചെയ്യുന്നതിനു ചുമതല കൊടുക്കുകയും ചെയ്യണം. സഹായം ആവശ്യപ്പെടുന്നതായ ഓരോ കേസിനേയും പ്രത്യേകമായി ഗണിക്കപ്പെടുകയും പൊതുമതിപ്പിന് അനുവേദ്യമായ രീതിയിൽ സംതൃപ്തിക്കുന്നവിധത്തിൽ കഴിവുള്ള എല്ലാ സഹായവും ചെയ്തുകൊടുക്കയും വേണം. പുനരുദ്ധാരണപ്രവർത്തനത്തിൽ ഉള്ളതും മറ്റൊരു ആവശ്യത്തെ കാലതാമസം വേണ്ടിവരുന്നതുമാകുന്നു.

സഞ്ചാരം അധികരിപ്പിക്കുകയും നഷ്ടമാകുകയും ചെയ്ത റോഡുകൾ പാലങ്ങൾ കടവുകൾ അന്യസഹായം കൂടാതെ ഇരുന്നാൽ വളരെനാൾ കിടപ്പായിപ്പോകുമെന്നുള്ള ആളുകൾക്ക്, പ്രാദേശികമായ സഹായം ചെയ്തുകൊടുക്കേണ്ടതാണെന്നാണ് ഞാൻ പറയുന്നത്. പുനരുദ്ധാരണപ്രവർത്തികളെ സംബന്ധിച്ചുള്ള ന്യായമായ ചിലവുകൾക്കുള്ള ഈ സഹായം ഇനിയും അനുവദിക്കുന്നതിനു തയ്യാറായിരിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്."

വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ഇനങ്ങളിലേക്കു വരുമ്പോൾ പീസ് ഇളവുചെയ്തുകൊടുക്കുന്ന വകയ്ക്കായി രൂ 1000 ത്തിനു ഗവണ്മെന്റുവക നീക്കിവച്ചിട്ടുള്ളതായി കാണുന്നതിൽ ഞാൻ നന്ദിയുള്ളവനായിരിക്കുന്നു. എന്നാൽ പീസ് സൌജന്യം ചെയ്തുകൊടുക്കുന്നതിനെ സംബന്ധിച്ചു കഴിഞ്ഞകൊല്ലം ഗവണ്മെന്റു പ്രസ്താപിച്ച പദ്ധതിയെ ഈയിടെ ഭേദപ്പെടുത്തിയുണ്ടായിട്ടുള്ള ഗവണ്മെന്റ് ഉത്തരവിനെ ഞാനും എതിർക്കുന്നു. കഴിഞ്ഞകൊല്ലം ബഹുഭൂരിപക്ഷമുണ്ടായിട്ടുള്ള വാഗ്പ്രതിപാദനസമയം ഈ സമയത്തെ രണ്ടു അന്യോന്യസ്ഥാനസാമാജികന്മാർ പീസ് ഇളവുചെയ്തുകൊടുക്കുക എന്നുള്ള തത്വത്തെത്തന്നെ എതിർക്കുകയുണ്ടായി. വിദ്യാഭ്യാസഡയറക്ടർ അവരുടെ ആക്ഷേപത്തിനു സമാധാനം പറയുകയും ഈ സമുദായങ്ങൾ ഇംഗ്ലീഷ്വിദ്യാഭ്യാസത്തിൽ പിന്നോക്കമായതുകൊണ്ടും ഇവരുടെ ഇടയിൽ വിദ്യാഭ്യാസമുള്ളവർ നൂറിനു ഒന്നുവീതംതന്നെ വരുന്നില്ലെന്നുള്ള സ്ഥിതിക്കു ഈ സൌജന്യം നീതികരിക്കുകയും ചെയ്തു. ഗവണ്മെന്റ് അവരുടെ അഭിപ്രായത്തെ ഉടനെ ഭേദപ്പെടുത്തുകയും മറ്റു അധിക ഗവണ്മെന്റിനും ഇല്ലാത്തതും മാനിക്കപ്പെടുന്നതും സ്വീകരിക്കുമായ ഒരു മനഃസ്ഥിതിയിലാണ് ഇതെന്നു സമ്മതിക്കുന്നതിനു ഞാൻ തയ്യാറുണ്ട്. ഈ സംഗതിയെപ്പറ്റി വീണ്ടും ആലോചിക്കുന്നതാണെന്ന് ഈ സഭയിൽ നാലുദിവസംകഴിഞ്ഞു വാക്കു കൊടുക്കുകയും ചെയ്തു. ഞാൻ മുമ്പു പറഞ്ഞ പരിപ്പുള്ളവരായ ആ മെമ്പർമാർ, ഈഴവക്കുട്ടികളെക്കൂടി ആ ഏർപ്പാടിന്റെ ഗുണകരമായ നടത്തിപ്പിൽ ഉൾപ്പെടുത്തിയതിൽവച്ച് അതിന്റെ ദോഷത്തെപ്പറ്റി ചൂണ്ടിപ്പറയുകയുണ്ടായി. ഈയിടക്കണ്ടായ ഗവണ്മെന്റുതത്വവുമുണ്ടല്ലോ ആ പദ്ധതിയിൽ ഈഴവക്കുട്ടികളെ സംബന്ധിച്ചിടത്തോളം ഉള്ള ഓഗത്തെ ഭേദപ്പെടുത്തി, മഹമ്മദീയക്കുട്ടികൾ ഉൾപ്പടെയുള്ള മറവുള്ളവരെ സംബന്ധിച്ചു ഭാഗത്തെ മുമ്പിലത്തെപോലെ ഇട്ടുകയും ചെയ്തു. ഈ സംഗതിയിൽ ഈഴവരേയും അതേ സ്ഥിതിയിൽ ഉള്ള മറ്റു സമുദായങ്ങളേയും സംബന്ധിച്ചു ഗവണ്മെന്റു കാണിച്ചിട്ടുള്ള അനാവശ്യമായ വ്യത്യാസത്തെ ഞാൻ ബലമായി എതിർക്കുന്നു. ഒരു മഹമ്മദീയവിദ്യാർത്ഥിക്കു കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ ഒരു ഈഴവക്കുട്ടിക്കു കൊടുക്കാതെ ഗവണ്മെന്റു നിഷേധിച്ചതെന്തുകൊണ്ടാണെന്നു എനിക്കും എന്റെ അഭിപ്രായത്തിൽ ഈ സഭക്കും അറിയേണ്ടതാവശ്യമുണ്ട്. ഒരേ നയത്തെത്തന്നെ ഒരു സമുദായത്തെ സംബന്ധിച്ചിടത്തോളം ന്യായവും ഈഴവരെ സംബന്ധിച്ചപ്പോൾ ന്യായരഹിതവുമാകുന്നതെങ്ങിനെയാണ്? ഈ പ്രോത്സാഹനംകൊണ്ടു ഗവണ്മെന്റു പരിഗ്രഹിക്കുന്നതിനുദ്ദേശിച്ചിട്ടുള്ള നൂനതരങ്ങളിലും ഒന്നുപോലെയുള്ളതുകളല്ല. അതൊ ഇതിൽ ഒരു സമുദായക്കാർ ഗവണ്മെന്റിന്റെ പക്ഷത്തിൽനിന്നും യാതൊരു ആനുകൂല്യത്തിനും അർഹതയില്ലാത്തവരായതുകൊണ്ടോ? രാജ്യത്തിന്റെ കെട്ടുപാടിൽ ഈഴവസമുദായം ഏതു നിലയെ വഹിക്കുന്നു എന്നു ഈ സഭയോടു പറയേണ്ടയാവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കൈത്തൊഴിലും വ്യവസായവും അധികരിപ്പിക്കുന്നതിൽ ഈഴവസമുദായം മറ്റു സമുദായത്തിനു "മടിയനിച്ചയല്ല" എന്നാൽ മറ്റു സമുദായങ്ങളെപ്പോലെ ഗവണ്മെണ്ടുദ്യോഗത്തിലേക്കു അവരുടെ ഓഹരി കൈപ്പറ്റുന്നതുകൂടാതെ അവർ ധനത്തെ ഉണ്ടാക്കുന്നവരുണ്ട്. കൂടാതെ വകുപ്പിനത്തിൽ ഗവണ്മെണ്ടിലേക്കു കിട്ടുന്ന ആദായത്തിൽ ഞങ്ങളുടെ ഓഹരിയെ സംബന്ധിച്ചു ഞാൻ മന്യർക്ക് എടുക്കുന്നില്ല. ആ ഉദ്ധിച്ചു ആദായത്തെ സംബന്ധിച്ചു ഈഴവർക്കു യാതൊരു സംബന്ധവുമില്ലാത്ത ഇടങ്ങളിൽനിന്നാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. അപ്രകാരമുള്ള ഒരു സമുദായം, ഏതു കാരണത്താലുമാകട്ടെ, വിദ്യാഭ്യാസത്തിൽ പിന്നോക്കമാണെന്നവന്നാൽ ഗവണ്മെന്റു അവരുടെ മുതലിൽനിന്നും ധാരാളമായി ചിലവുചെയ്യേണ്ടതാകുന്നു. അവരുടെ ഓഹരിയെക്കുറിച്ചു ഞാൻ പറഞ്ഞുകൊള്ളുന്നു. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും തിരുവിതാംകൂറിലും ഈ തത്വം വളരെ മുമ്പുതന്നെ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ഈഴവസമുദായത്തെ സംബന്ധിച്ചു ഈ തത്വത്തിന്റെ പ്രയോഗിച്ചുള്ള

ഉപയോഗം ഇതിനെ ന്യായീകരിക്കുന്നില്ല. നവീകരിക്കപ്പെട്ടിട്ടുള്ള പദ്ധതിയനുസരിച്ചു ഈ വകുപ്പ് ഇതിന്റെ ഭരണം സിദ്ധിക്കുന്നതിനുള്ള സൗകര്യം പല്ലെ കുറവുതന്നെയാണ്. എന്തെന്നാൽ അവരുടെ നിലനിൽപ്പ് തന്നെ പ്രത്യേകമായിത്തന്നെ ഉള്ള ഒരു പ്രത്യേകപ്പെട്ട സംഘടനയാണ്, രണ്ടുപേർ അടങ്ങിയ ഒരു കമ്മിറ്റിയിൽ നിന്നുമാണപ്പെടുത്തേണ്ടതും, ഈ കമ്മിറ്റിയിൽ സാധാരണമായി രണ്ടു സർക്കാർഉദ്യോഗസ്ഥരും അടങ്ങിയിരിക്കുന്നതും അവരുടെ അനുഭവപരിചയത്തിന്റെ അടിസ്ഥാനത്തിൽ സാധിക്കാതെ ഇരിക്കാവുന്നതുമാകുന്നു.

തിരുവിതാംകൂർ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർക്കുവേണ്ടി ആരംഭിച്ച എട്ടുക്കണ സംഘടനയെപ്പറ്റി ഗവണ്മെന്റിനും ഈ സമുദായത്തിനും ശ്രദ്ധിക്കുവാൻ കഴിഞ്ഞിട്ടുള്ള ഈ അവസരത്തെ ഞാൻ ഉപയോഗിച്ചുകൊള്ളുന്നു. ഇങ്ങനെയുള്ള സംഘടനകളുടെ ഇടയിൽ ഒരു പഴയ സംഘടനയാണ്. ഇതിനെപ്പറ്റിയുള്ള ആദ്യത്തെ ഇഷ്ടികം നാട്ടുകാര്യകാര്യത്തിനുവേണ്ടി നടന്ന പ്രസിദ്ധപ്പെട്ട മലയാളി മെമ്മോറിയൽ എന്ന പ്രവർത്തിൽ ഉണ്ടായിട്ടുള്ളതാണ്. എല്ലാ സമുദായക്കാരും ചേർന്നുണ്ടായിരുന്ന ആ ഉദ്യോഗത്തിന്റെ ഫലമായി പിന്നീടു സമുദായങ്ങൾക്കു ഗുണം സിദ്ധിക്കുവാൻ പല കാരണങ്ങളാൽ തടസ്സങ്ങളുണ്ടാകയും ചെയ്തു. ആ കാലത്തു രാജ്യത്തിന്റെ ഭരണം ഉദ്യോഗത്തിൽനിന്നും സംബന്ധനത്തിൽ വെളിച്ചത്തേക്കു വരുകയായിരുന്നു. പിന്നെ മിസ്റ്റർ പി. ടി. മാധവരാവുവിന്റെ കാലത്തു ഗവണ്മെന്റുദ്യോഗത്തിൽ എല്ലാ സമുദായങ്ങൾക്കും പ്രാധിനിധ്യമുണ്ടായിരുന്നു. അവരുടെ അവകാശം പെട്ടിവായി സ്ഥാപിക്കപ്പെട്ടു. എന്നാൽ ഉദ്യോഗയോഗ്യത സിദ്ധിച്ചിട്ടുണ്ടായിരുന്ന സമുദായങ്ങൾ അല്ലെങ്കിൽ ആദ്യമായി ഓടിനടന്നു കൂടിയവർ സുരക്ഷിതമായ സ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചു. അവരുടെ പുറത്തു നിൽക്കുന്നതായി വന്നവരുടെ നിശ്ചയായ പുറന്തള്ളൽ നമ്മെ സ്പർശിച്ചു. സർ. പി. രാജഗോപാലാചാരിയുടെ കാലത്തു അധ്യക്ഷന്മാർ, പിന്നെയും പുറത്തുതന്നെ നിന്നുപോയിരുന്നു എന്നും ഡിപ്പാർട്ടുമെന്റു മേധാവികൾക്കും ഈ സമുദായങ്ങളോടു അനുകമ്പയില്ലാത്തതുകൊണ്ടും ഗവർമെന്റുവരെ എല്ലാം തങ്ങളുടെ ആളുകളെ മാത്രം സഹായിക്കുന്നതിനു അവർ നിർബ്ബന്ധിച്ചിരിക്കുന്നതായി കാണപ്പെട്ടതുകൊണ്ടും എല്ലാ സംഘടനകളിലും ഗവണ്മെന്റു ഇടപെടാതെ ഇരുന്നാൽ ഈ മേലധികാരികളുടെ പുറമെ ഉള്ളവരുടെ സ്വാധീനത്തിൽനിന്നും ഉദ്യോഗങ്ങൾക്കു ആളുകളെ നിയമിക്കുന്നതിനു എളുപ്പമില്ലെന്നും കാണപ്പെട്ടു. അതുകൊണ്ടു അടുത്ത ഹൈക്കോടതി, എല്ലാ ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കും ഈഴവർ, മഹമ്മദീയർ മുതലായ പിന്നോക്കം നിൽക്കുന്ന സമുദായക്കാരിൽനിന്നും ഉദ്യോഗത്തിനുള്ള അപേക്ഷകന്മാർക്കു പ്രാധാന്യം നൽകേണ്ടതാണെന്നു നിർബന്ധിക്കുന്ന ഉത്തരവുകൾ അയച്ചു. ദിവാൻജിയവർകൾ ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ അടുക്കൽനിന്നും പട്ടിക വരുത്തി ഈ നിർദ്ദേശത്തെ പരിശോധിച്ചുവന്നു. അതുകൊണ്ടു ആ കാലത്തു അധ്യക്ഷന്മാർക്കിടയിൽനിന്നും ഉള്ള അപേക്ഷകന്മാരെ പെട്ടിവായി കാണിച്ചുവന്നിരുന്ന അനീതിയിലും, ന്യായരഹിതമായ പ്രോമോഷനിൽനിന്നും ഒരു തടവുണ്ടായിരുന്നു. ഈ ഉത്തരവിനെ പിന്നിട്ടു ക്രമേണ ഉപേക്ഷിക്കപ്പെട്ടു ഇപ്പോൾ പൂർവ്വസ്ഥിതിയെപ്രാപിച്ചിരിക്കുന്നു. ഇപ്പോഴത്തെ ദിവാൻജി അവർകൾ ഭരണം കയ്യേറ്റയുടനെ ഈ സംഗതിയെപ്പറ്റി അദ്ദേഹത്തിനെ നല്ലതുപോലെ മനസ്സിലാക്കുകയും ഒരു ഉദ്യോഗനിരീക്ഷണബോർഡിനെ രൂപീകരിച്ചു ഈ വിഷയപ്പെട്ട സംഗതിക്കു സമാധാനം വരുത്തുന്നതാണെന്നു പബ്ലിക്കായ് അദ്ദേഹം വാക്കു പറയുകയും ചെയ്തു. ഈ വാക്കു ഇതുവരെ നിറവേറപ്പെട്ടിട്ടില്ല. അപ്രകാരം ഒരു ഒരു ബോർഡ് ഉദ്യോഗികളിൽ തൃപ്തികരമായി നടക്കുന്ന സ്ഥിതിക്കു തിരുവിതാംകൂർ മേഖലയിൽ നന്നായിട്ടു വളർന്നുവരുകയില്ലെന്നു തിരുവിതാംകൂർ പബ്ലിക്കിനെ ബോധ്യപ്പെടുത്തിയിട്ടില്ല. ദിവാൻജി അവർകൾ ഉദ്ദേശിച്ച മാതിരി അപ്രകാരമുള്ള ഒരു നിരീക്ഷണബോർഡിന്റെ രൂപീകരണം മുമ്പു സിദ്ധിച്ചിട്ടുള്ള അവകാശങ്ങളിൽ ആക്രമണം ചെയ്യുന്നതും ആ അവകാശികൾക്കു തടസ്സങ്ങൾ ഉണ്ടാക്കുന്നതാണെന്നു എനിക്കു നിശ്ചയമുണ്ടായിരുന്നു. എന്നാൽ അതിലും മഹത്തായ സംഗതികളും അവകാശങ്ങളും അടങ്ങീട്ടുള്ളതിനെ വിചാരിച്ചു ഈ ഉദ്ദേശം ഫലപ്രാപ്തിയിൽ വന്ന ഇപ്പോൾ ഒരു ബോർഡ് രൂപീകരിക്കപ്പെട്ടുവെന്നു ഞാൻ വിചാരിച്ചിരുന്നു. വ്യക്തിപരമായി പറയുന്നതായാൽ, പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ അവകാശങ്ങൾ ഒരു സിവിൽസർവീസ് ബോർഡിന്റെ ആധിനത്തിൽ ഇരിക്കുന്നതിനെക്കാൾ ദിവാൻജിയുടെ കയ്യിൽ കൂടുതൽ സുരക്ഷിതമായിരിക്കുമെന്നുള്ളതുകൊണ്ടു ഈ പ്രത്യേകതയെപ്പറ്റി എനിക്കു അധികം ആശങ്കപ്പെടുവാനില്ലായിരുന്നു. എന്നാൽ ഈ സഭയിലെ അനഭ്യുദ്ദേശ്യമായ സാമുദായികമനോഭാവത്തോടെ ചോദ്യങ്ങൾക്കു മറുപടിയായി തന്നിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ ജാതിതിരിച്ചുള്ള കണക്കു ഉദ്യോഗസ്ഥന്മാരുടെ തോന്ന്യാസത്തേയും ജാതിസ്പർദ്ധയേയും ഒഴിച്ചു നിർത്തുന്ന ബുദ്ധിയേയും സംബന്ധിച്ചുള്ള ശോച്യാവസ്ഥയെ വെളിപ്പെടുത്തുന്നു. ഈവിധം തോന്ന്യാസമായി മാറാനുള്ള സമുദായങ്ങളുടെ അവകാശങ്ങളെ അവഗണിക്കുന്ന കീഴ്ജീവനക്കാരെസംബന്ധിച്ചു എന്തെങ്കിലും കാര്യമായ നടപടി നടത്തേണ്ട ആവശ്യത്തെ ഗവണ്മെന്റിനെ നല്ലതുപോലെ മനസ്സിലാക്കുന്നതിനുവേണ്ടിയാണു ഈ പ്രശ്നങ്ങൾ ചെയ്യപ്പെട്ടിട്ടുള്ളത്. തങ്കീഴിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനധികാരമുള്ള ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരും ഉദ്യോഗസ്ഥന്മാരും രേഖയുള്ള സമുദായങ്ങളുടെ ഗുണത്തിനു വിപരീതമായി വിശേഷിച്ചു ഈഴവരെപ്പോലെയുള്ള സമുദായങ്ങളിലെ അപേക്ഷകന്മാരുടെ ഗുണത്തിനു വിപരീതമായി പ്രവൃത്തിച്ചുകയാണെന്നു ഈ കണക്കുകൾ ഗവണ്മെന്റിനു ഉറപ്പായ വിശ്വാസം ജനിപ്പിച്ചിട്ടുണ്ടെന്നു ഞാൻ കരുതുന്നു. നാം എല്ലാവരും ഈ കണക്കുകളെ മനസ്സിലാക്കിട്ടുള്ള സ്ഥിതിക്കു അതിനെപ്പറ്റി വിസ്തരിച്ചു പറഞ്ഞു ഈ സഭയുടെ സമയത്തെ ചിലവഴിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഉദ്ദേശ്യത്തിനുവേണ്ടി ഈഴവരുടെ സംഗതിയെമാത്രം ഇവിടെ ഉല്ലേഖിച്ചുകൊള്ളുന്നു. അതുകൊണ്ടപ്പോൾ സിവിൽ സർവ്വീസിൽ ഒന്നാമതിൽ ഇടങ്ങിയുള്ള പട്ടാളത്തിൽ ഒരുപക്ഷെ പകരക്കാരനായിട്ടുതന്നെ, ഒരു ഈഴവൻ മാത്രമുണ്ടായിരുന്നുള്ളൂ. ഇപ്പോൾ നൂതനമായുള്ള ധനപോഷണഡിപ്പാർട്ടുമെന്റുകളായ പരസ്പരസഹായസംഘം, വ്യവസായസംഘം, വ്യവസായം ഈ വകുപ്പുകൾ ഈഴവരുടെ നേരെ കൾനമായ പുറന്തള്ളലിൽ നടന്നതെ ആചരിച്ചുവരുന്നു. അല്പം പറഞ്ഞ വകുപ്പിൽ വളരെ സംശയിച്ചു ഒടുവിൽ ഇപ്പോൾ പുതുതായി ഒരു ഈഴവ ഇൻസ്പെക്ടറെ നിയമിച്ചിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിൽനിന്നുള്ള കണക്കുകൾ ഇതേമാതിരിയിലുള്ള നടപടിയെത്തന്നെ വെളിപ്പെടുത്തുന്നു. എന്നാൽ അതിന്റെ മലയാളവകുപ്പു ഇതു മോശമായി കാണുന്നില്ല. എക്സൈസ്, വനം, രജി സ്ട്രേഷൻ ഈ വകുപ്പുകളിൽ ഞങ്ങൾക്കു ശരിയായ പ്രോത്സാഹനവും പ്രാതിനിധ്യവും കിട്ടിവരുന്നില്ല. മെഡിക്കൽ, എൻജിന

ിംഗ്, കൃഷി ഇ വകുപ്പുകളുള്ളപ്പോഴും ഞങ്ങൾക്ക ഇതേ പ്രശ്നമുണ്ട്. ഈ പ്രശ്നം കുറെ കാലത്തിനു മുമ്പു തന്നെ ഉന്നയിച്ചിട്ടുള്ളതാണ്. ഇതിനു മുമ്പുള്ള മറ്റൊരു മന്ത്രിസഭയുടെ കാലത്തും ഇതിനെപ്പറ്റി ചർച്ച നടന്നിട്ടുണ്ട്. ഇതിനു മുമ്പുള്ള

[illegible] ഉള്ളൂർ [illegible] [illegible] [illegible]

കുട്ടനാട്ടിലുള്ള ആളുകൾ ഒരുവശത്ത് പ്രവർത്തിക്കുന്നതായ പോരായ്മയാണ് ഇതിനു കാരണം. കുട്ടനാട്ടിൽ നിന്നും ഉണ്ടാകുന്നില്ലെങ്കിൽ, എന്നാൽ തീരെവല്ല ചുരുങ്ങിയ തോതിൽ ഈ താലൂക്കിലുള്ള ആളുകളും അപേക്ഷിച്ചിട്ടുണ്ട് — അമ്പലപ്പുഴ തിരുവല്ലായുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ്. ഈ സംഗതിയെപ്പറ്റി പ്രത്യേകം പ്രസ്താവിക്കുന്നതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കുട്ടനാട്ടിൽ ഇതിനുവേണ്ടി ചങ്ങനാശ്ശേരി, തിരുവല്ല, ഈ താലൂക്കുകളിലായി രണ്ടു ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ ഉണ്ടായിട്ടുള്ള ക്ഷാമത്തിന്റെ ആദ്യഘട്ടത്തിൽ ഉപയോഗിക്കപ്പെട്ടിരുന്ന ഒരു പ്രധാനപ്പെട്ട ഇടമാണ് ഇത്. എന്നാൽ തിരുവിതാംകൂറിലെ മന്ത്രിമാരുടെ ആവശ്യങ്ങളെപ്പറ്റി ചിന്തിച്ചിട്ടുള്ള ആരാൾക്കും ഇതു പോരെന്നു തോന്നുന്നതാണ്. ഒരു ഡിപ്പോയെങ്കിലും കുട്ടനാടിന്റെ ഹൃദയഭാഗത്തായി തുറക്കപ്പെടുന്നതിനുള്ള ആവശ്യത്തെപ്പറ്റി ഇതിനുമുമ്പ് പലപ്രാവശ്യവും പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ നിലയ്ക്ക് ഗവൺമെന്റ് ഈ ചീഫ് ഇഞ്ചിനീയറുടെ ശ്രദ്ധയിലും ആവശ്യമുണ്ടെങ്കിൽ സാക്ഷാൽ ദിവാൻജി സി. പി. രാമസ്വാമി അയ്യരുടെ ശ്രദ്ധയിലും ഈ കാര്യം കൊണ്ടുവരുന്നതിനുള്ള ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു. ഈ റോഡിന്റെ ആവശ്യകതയെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്ന അളവോളം ഒരു ദിവസം ഇതിനുവേണ്ടി ഞാൻ ഉപയോഗിച്ചിട്ടുണ്ടെന്നും പറഞ്ഞുകൊള്ളട്ടെ. അവസാനം അയച്ചു എങ്കിലും, ഈ സംഗതിയെപ്പറ്റി പ്രത്യേകമായിട്ടുള്ള പ്രസ്താവനയുടെ ആവശ്യമില്ലെന്നു തോന്നുന്നതുകൊണ്ട് അവസാനം അവരോട് അളവോളം ഗൗരവത്തോടുകൂടിയും അപേക്ഷിച്ചിട്ടുള്ളതുപോലെ ഈ റോഡിന്റെ ആവശ്യകതയെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്ന അളവോളം ഒരു ദിവസം ഇതിനുവേണ്ടി ഞാൻ ഉപയോഗിച്ചിട്ടുണ്ടെന്നും പറഞ്ഞുകൊള്ളട്ടെ. അവസാനം അയച്ചു എങ്കിലും, ഈ സംഗതിയെപ്പറ്റി പ്രത്യേകമായിട്ടുള്ള പ്രസ്താവനയുടെ ആവശ്യമില്ലെന്നു തോന്നുന്നതുകൊണ്ട് അവസാനം അവരോട് അളവോളം ഗൗരവത്തോടുകൂടിയും അപേക്ഷിച്ചിട്ടുള്ളതുപോലെ

ഇപ്പോൾ ഉള്ള റോഡുകളുടെയും പാലങ്ങളുടെയും പരിപാലനത്തിനും സംബന്ധിച്ചും ഏതാനും ഒരു അഭിപ്രായം പറയേണ്ടതായിട്ടുണ്ട്. ഉദാഹരണമായി, കോട്ടയത്തുനിന്നും ചങ്ങനാശ്ശേരിക്കുള്ള റോഡിന്റെ ഒരുഭാഗം ഏതാണ്ടു മുഴുവനും വെള്ളം കയറി ഏകദേശം ഒരുമാസം മുങ്ങിക്കിടക്കുന്നു. അതുപോലെ പൂഴ്ത്തിയിൽ ഇട്ടുന്നതിനാവശ്യമുള്ള പണത്തിനു കൊല്ലംതോറും ഈ സർക്കാരിന് ആവശ്യപ്പെടുന്നുണ്ട്. അതിന്റെ കുറെ ഭാഗം മെക്കാഡത്തിൽ ഒലിച്ചുപോകുന്നു പോകുന്നതിനുള്ള കൊല്ലംതോറും അറ്റകുറ്റപ്പണി ചെയ്യുന്നതായും ഇരിക്കുന്നു. ആ റോഡിനെ ആ നിലയിൽ ഇട്ടുകൊണ്ടിരിക്കുന്നതു സൂക്ഷിച്ചുള്ള മുതൽചെലവുമാണോ എന്നും പൊതുമരാമത്തു ഡിപ്പാർട്ടുമെന്റ് ആ റോഡിനെ സംബന്ധിച്ചു മുമ്പുണ്ടായ അനുഭവത്തിൽനിന്നും മനസ്സിലാക്കാതെ ഇരിക്കുന്നതു ശരിയാണോ എന്നും തോൻ ചോദിച്ചുകൊള്ളട്ടെ. അതിന്റെ കാരണം ആ ഡിപ്പാർട്ടുമെന്റിലുള്ള ഒരുദ്യോഗസ്ഥന്റെ അപ്രാപ്തിയല്ലെങ്കിൽ ആ റോഡ് അടുത്തപ്രാവശ്യം കൊല്ലംതോറും വെള്ളംകയറുന്നതിനും കൊല്ലംതോറും അവർക്കുന്ന ആ ചിലവു വഹിക്കുന്നതിനും ഇടവരുന്നതു് എങ്ങനെയാണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഇങ്ങനെകൊല്ലംതോറുമുണ്ടാകുന്ന ചിലവിനെ ഇല്ലാതാക്കുന്നതിനു, പൊതുമരാമത്തുഡിപ്പാർട്ടുമെന്റുകാർക്കു വേണ്ടപ്രവൃത്തികൾ ചെയ്യുകടയോ? ആ സംഗതിയെപ്പറ്റി ആ ഡിപ്പാർട്ടുമെന്റിനോടു ചോദിക്കാനുള്ളതു്.

മി: എൻ. രാമകൃഷ്ണപിള്ള (സെക്രട്ടറിയും ഫിനാൻസും): കച്ചവടക്കാരുടെ അടുക്കൽ നിന്നും എഴുതിയ
പരാതിപോലും ഏതെങ്കിലുമുണ്ടായിരുന്നുവെന്നെങ്കിലും പറയുമോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മിഷണർ): ഉണ്ട്.

മി: എൻ. രാമകൃഷ്ണപിള്ള (സെക്രട്ടറിയും ഫിനാൻസും). എത്ര പരാതികളാ കിട്ടിട്ടുണ്ട്?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മിഷണർ): ഹണ്ഡ്രഡ്—

പോലീസ് ഓഫീസർ നമ്പർ 1 വകുപ്പിൻ പ്രകാരം പോലീസുകാർക്കു ഒട്ടുമാത്രം പാടില്ലാത്ത എളുപ്പവ
ും അവരുടെ തൃപ്തിയിൽ വച്ചു് ചെയ്യാതെ ഇരിക്കുന്നതിനായി ഇടയ്ക്കിടയ്ക്കുള്ള അവരുടെ കടമയാണ്. അ
തിനെ രണ്ടു വിധത്തിൽ തടയാവുന്നതാണ്. ഒന്നുകിൽ കായബലം ഉപയോഗിച്ചു മാർഗ്ഗതടസ്സം ചെയ്യുന്ന ആ
ളെ തള്ളിമാറ്റി തടസ്സത്തെ നീക്കുകയോ അല്ലെങ്കിൽ ആളുകളെ വിട്ടിട്ടു, മാർഗ്ഗതടസ്സം ഉണ്ടാക്കുന്നതായ സാധ
നത്തെ മാറ്റുകയോ ചെയ്യാം. ആളുകളുടെ മേൽ ബലംപ്രയോഗിക്കാതെ ഇരിക്കുന്നതിനു പോലീസു
കാർ ഒടുവിൽ പറഞ്ഞനയത്തെ സ്വീകരിച്ചു. ഇങ്ങനെയാണ് അവർ ചക്രസമരം നടത്തുന്നതിനാരംഭിച്ചതു്. എ
ന്നാൽ ഇതിനെ വാളണ്ടിയർമാർ അനുകരിച്ചില്ല. അവരുടെ നയത്തിനു നേരേ വിപരീതമായി അവർ എതി
ക്കാൻ തുടങ്ങി.

മി: എൻ. കുമാരൻ (നിയമിതൻ): ഈ ചക്രങ്ങളെ മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കിയോയെന്നു എ
ന്നെ അറിയിക്കാമോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മിഷണർ): ഉവ്വ്.

ഈ പ്രശ്നത്തിനുത്തരം പറയുന്നതിനു സത്യാഗ്രഹകൃത്യത്തിൽ ശ്രദ്ധയായ നേതാക്കന്മാർ ഇല്ലായിരുന്നു എന്നുള്ളതു് ഇവിടെ
ഓർമ്മിക്കേണ്ടതാണ്. ഏൻ മിഥുനം പതിനേഴാം തീയതിക്കുമുമ്പായി നേതാക്കന്മാർ സ്ഥലത്തെത്തിയ ശേഷമാണ് ഈ ഏർപ്പാടിനെ നി
ർത്തിയതു്, ആ കാലം മുതൽ പോലീസുകാർ സത്യാഗ്രഹികളുടെ നേരേ് ബലം പ്രയോഗിച്ചു എന്നുള്ള പരാ
തിയുമില്ലായിരുന്നു. അതുകൊണ്ടു ചക്രത്തെമാറ്റുന്നതിൽ കുറെ ബലം പ്രയോഗിക്കേണ്ടതായിവന്നിട്ടുണ്ടെങ്കിൽ
അതുതു് അവയെ മാറ്റുന്നതിനെ വാളണ്ടിയന്മാർ എതിർത്തതു കൊണ്ടായിരുന്നു. എതിർപ്പിനെ വകവയ്ക്കാതെ
പോലീസുകാർക്ക് അവയെ എടുക്കേണ്ടതായിവന്നു. കുറെ ബലം പ്രയോഗിക്കാതെ അവയെ മാറ്റുന്നതു
ഏതുപ്രകാരത്തിലാണെന്നുള്ള ഈ കൈയ്ൻസിയിലെ മെമ്പറന്മാർ തന്നെ നിശ്ചയിക്കട്ടെ. ഈ സന്ദർഭത്തിൽ അല്പം ത
ള്ളലും മറവും ഒഴിവാൻ പാടില്ലാതെവന്നിട്ടുണ്ട്. ഇതിനെ, വൃഷണം പിടിച്ചുഞ്ഞെരിക്കുക, കയ്യുപുരട്ടിഇടിച്ചുവീ
ഴ്ത്തുക മുതലായ മറവും വളരെ കൂട്ടിപ്പറയുകയുണ്ടായി. എല്ലുസന്ധികളുടെ സത്യാഗ്രഹികളുടെയിൽ യഥേഷ്ടം ഇട
പെടാതെയിരിക്കുന്നതിനു പോലീസുകാർ ശ്രമിച്ചു. ഈസന്ദർഭത്തിൽ അവർ ഇടപെട്ടതു്, അവരുടെ ജോലിക്ക
ാസരണമായി, അവക്കിടപെടാതെയിരിക്കുന്നതു് നിവൃത്തിയില്ലാതിരുന്നതുകൊണ്ടാണ്. അവിടെയുള്ള സ്ഥി
തിഗതിയെ വ്യക്തമായിമനസ്സിലാക്കുന്നതിനു വേണ്ടി, കൂട്ടുസ്ഥലം തിരുവനന്തപുരമാണെന്നു സങ്കല്പിച്ചു സംഭവ
ങ്ങളെ വിചാരിക്കുക. സത്യാഗ്രഹികൾ കിഴക്കേകോട്ടവാതുക്കൽ ചെന്നു അകത്തുകടക്കുന്നതിനായി ശ്രമിക്കുകയും അ
തിനെ പോലീസുകാരുൽ തടയപ്പെടുകയും അവർ പൊലീസുകാരുടെ മുമ്പിൽ ഒരു ചക്രംകൊണ്ടുവച്ചു ഒരാൾ അ
തിൽ തൽത്തുകയും അഞ്ചാറു ആളുകൾ അയാളുടെ പുറകിൽ നിന്നുപിടിച്ചുതള്ളുകയും ചെയ്യുന്നുഎന്നു വിചാരിക്കുക.
എന്നാൽ പോലീസുകാർ വേണ്ടതുചെയ്യുന്ന തടസ്സത്തെമാറ്റുന്നതിനായിരുന്നാൽ അവരെകുറ്റപ്പെടുത്തുകയില്ലെയെയെ
ന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. അതുകൊണ്ടു ഇതേവരെ ഇടയ്ക്കു നിന്നതു നയത്തിൽ ഒരു മാറ്റം വരുത്തിയെന്നു
ള്ളതിനു എന്തെങ്കിലും പോലീസുകാരെയോ കുറ്റപ്പെടുത്തുന്നതിനു ഒരു ന്യായവുമില്ല. സത്യാഗ്രഹികളുടെ പ്രവൃത്തിയു

ടെ കായ്യപരിപാടിയിൽ ഉള്ള ദേശീയ ഗേൾഫ്രണ്ടുകളുടെ പ്രവേശനത്തിന് ഇടയാക്കിട്ടുള്ളത്. അവർ (സത്യാഗ്രഹികൾ) അവരുടെ പഴയകായ്യപരിപാടിയെ തന്നെ ഉറപ്പായി തുടർന്നിരുന്നു എങ്കിൽ പോലീസുകാരുടെ പ്രവേശനവും ഉണ്ടാകുകയില്ലായിരുന്നു. നയത്തിൽ ഭേദഗതി ഉണ്ടായിരുന്നാലും ഇല്ലെങ്കിലും പോലീസുകാരെ പറഞ്ഞുള്ള പരാതിക്കുപിടെ ഉണ്ടാകുന്നതാണ്. മി: പിഗിന്റെ കാലത്തും ഇതു ഇല്ലാതെ ഇരുന്നിട്ടില്ല. അക്കാലത്തും കൂപ്പർ നംപൂരിപ്പാടിനേയും പിന്നെടത്തുശങ്കുപ്പിള്ള മുതൽ പേരേയും പോലീസുകാരും സവർണ്ണരും കൂടി ആക്രമിച്ചു ദേഹോപദ്രവും ഏല്പിച്ചുഎന്നു പരാതിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് സത്യാഗ്രഹികളെ ക്രൂരമർദ്ദനം ദേഹോപദ്രവം ഏല്പിച്ചതിനെ സംബന്ധിച്ചു അന്വേഷണം നടത്തുന്നതിനായി കൊയ്ത്തുപരിശോധനയിൽ നിന്നും ഒരു കമ്മീഷനെ നിയമിക്കുകയുണ്ടായി.

ഞാൻ മുമ്പു പറഞ്ഞതു പോലെ ചക്കയെമാറുന്നതിനു മിഥുനമാസാരംഭത്തോടുകൂടിയാണ് തീർച്ചപ്പെടുത്തിയതു്. അതു വർത്തമാനക്കടലാസിൽ വന്നിരുന്നു. ഞാൻ ദിവാൻജി അവർകളെ കണ്ടസമയം, വൈയ്ക്കത്തു് ചക്കയെ പറഞ്ഞുപുതിയകായ്യപരിപാടിയെ കുറിച്ചു ഒരു ഏകദേശം ഉള്ളതൊന്നു അദ്ദേഹം എന്നോടു ചോദിക്കുകയുണ്ടായി. അന്നു എനിക്കറിവുണ്ടായിരുന്ന വിവരത്തെ ഞാൻ അദ്ദേഹത്തോടുപറയുകയും ഞാൻ സ്ഥലത്തുപോയി ചക്കയെ ബന്ധുബന്ധുക്കളിൽവയ്ക്കുന്നതിനുവല്ല അവശ്യവുമുണ്ടോഎന്നു നേരിട്ടു് അന്വേഷിക്കണമെന്നും അദ്ദേഹം എന്നോടാവശ്യപ്പെടുകയും ചെയ്തു. ഞാൻ വൈയ്ക്കത്തുപോകേണ്ടതായി വന്നതുമുതൽക്കു് ഇതായിരുന്നു. ഞാൻ അന്നു വയ്യിട്ടതന്നെ തിരുവനന്തപുരം വിടുകയും വൈയ്ക്കത്തു ഈമാസം ൭-നു- ഉച്ചയ്ക്കുഎത്തിച്ചേരുകയും ചെയ്തു. ഡിസ്ട്രിക്ട് സൂപ്രണ്ടുഅസിസ്റ്റന്റു സൂപ്രണ്ടുഇൻസ്പെക്ടർ ഇവരുമായി ഒരു കൂടിആലോചനനടത്തുകയും, മുമ്പു പ്രസ്ഥാപിച്ചുപോലെ ചക്കയെറോഡിൽ വച്ചു തൽക്കുന്നതായാൽ അവരെയുമാറേണ്ടതാണെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു.

ഇവിടെ വിശദമാക്കേണ്ടതായ അടുത്തസംഗതി, ഞാൻ അവിടെ ക്യാൻസർ മിഥുനം ൫-നു- ഉണ്ടായിരുന്നസമയം സ്ത്രീസത്യാഗ്രഹപ്രതിഷേധപ്രസ്ഥാനം ആരംഭിക്കപ്പെട്ടതിനെപ്പറ്റിയാണു. എന്തെന്നാൽ അതിന്റെ കാരണം ഞാനാണെന്നു സംശയിക്കപ്പെട്ടിരിക്കുന്നു. ഈമാസം ൫-നു- എന്റെ അടുത്തു് സങ്കടംബോധിപ്പിക്കുന്നതിനായിവന്നിരുന്ന സവർണ്ണഹിന്ദുക്കളോടു ഞാൻ പറഞ്ഞ മറുപടി ഈ പ്രസ്ഥാനം തുടങ്ങുന്നതിനു് അവരെ പ്രേരിപ്പിച്ചിരിക്കാമെന്നു് ഞാൻ സമ്മതിക്കുന്നു എങ്കിലും ഈ പ്രസ്ഥാനത്തെ തുടങ്ങുന്നതിനുള്ള ഉദ്ദേശത്തെപറ്റി യാതൊരറിവും എനിക്കില്ലായിരുന്നുഎന്നു് ഞാൻ പറഞ്ഞുകൊള്ളുന്നു. ഞാൻ ഈ വിവരം അപ്പോൾ അറിഞ്ഞിരുന്നുഎങ്കിൽ എനിക്കു ആ സ്ഥലം വിട്ടുന്നതിനുപോലും ഈ പ്രചാരത്തെ ഒന്നുമില്ലെങ്കിൽ ഒരുമാസത്തേക്കു് മാറ്റിവയ്ക്കുന്നതിനു് ഞാൻ അവരോടു അപേക്ഷിക്കുമായിരുന്നു. ചക്കാ സംഗതിയെപറ്റി അന്വേഷിക്കുന്നതിനു കമ്മീഷനുപോലെ സ്ഥിതിക്കു് സ്റ്റേഷൻ പരിശോധനകൂടി എനിക്കു നീക്കേണ്ടിയിരുന്നു.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല): സവർണ്ണഹിന്ദുക്കൾക്കു് അദ്ദേഹം എന്തു മറുപടിയാണു കൊടുത്തതു് എന്നു എന്നെ അറിയിക്കുമോ? അദ്ദേഹം കുറച്ചുകൂടി ഉച്ചത്തിൽ സംസാരിക്കുന്നതിനു് ഞാൻ അപേക്ഷിക്കുന്നു, ഞങ്ങൾക്കു അദ്ദേഹം പറയുന്നതിനെ ഇടതടന്നതിനു് സാധിക്കുന്നില്ല.

അദ്ധ്യക്ഷൻ: മി: കുഞ്ഞുപിള്ളേ! നിങ്ങൾക്കു് അവശ്യമുള്ളപക്ഷം കുറേകൂടി അടുത്തുവന്നു വായിക്കാം.

മി: എ. ഗോപാലർഷ് (നിയമിതൻ): മി: പിഗിന്റെകാലത്തു ചക്കയിൽനിന്നു വല്ല ശബ്ദവും പുറപ്പെട്ടിട്ടുണ്ടോ?

മി: ആർ. കെ. കുഞ്ഞുപിള്ള (അഡിഷണൽ പോലീസ്കമ്മിഷണർ): ക്യാൻസർ മിഥുനം ൫-നു- മുതൽ നിക്കാർട്ടർ പരിശോധനയാരംഭിച്ചു. എന്റെ ഉദ്ദേശം സാമാന്യപരിശോധനക്കും കുറ്റാന്വേഷണമായി ക്യാൻതിരുമുറ്റുകാലത്തു് ആ സ്റ്റേഷനിൽ എത്തി അന്നുച്ചക്കുതന്നെ വൈയ്ക്കം വിടണമെന്നുമായിരുന്നു. സാധാരണയായുള്ള വിവേകവും വ്യവഹാരവും എനിക്കുണ്ടെന്നു വിചാരിക്കുന്നപക്ഷം ക്യാൻസർ ഞാൻ ആ സ്ഥലംവിടുന്നതിനുമുമ്പായി ഇതാരംഭിക്കുന്നതിനു ഏല്പാടുകൾ ചെയ്തിരിക്കുമെന്നു വിചാരിക്കാൻ തരമില്ല. സത്യാവസ്ഥ എങ്ങനെയെന്നാൽ സവർണ്ണർക്കു് മുൻപ്രസ്ഥാപിച്ചുപോലെ ഞാൻ കൊടുത്ത മറുപടികൊണ്ടു് എന്റെ നിലയെപ്പറ്റി അത്യുച്ചിതോന്നി അവർ എന്നെ വിശ്വസിപ്പിച്ചുവശ്യമില്ലെന്നും നിശ്ചയിച്ചു. അതിന്റെ ഫലമായി ആ പ്രസ്ഥാനത്തെ അവർ ഉടൻതന്നെ എന്നെയോ, അവരുടെ പ്രവൃത്തികൊണ്ടു് എനിക്കുണ്ടാകുവുന്ന വിഷമാവസ്ഥയേയോ ഗണ്യമാക്കാതെ, നടപ്പിക്കുവാൻതുടങ്ങി. ഏതെങ്കിലും അതു വളരെ കഷ്ടമായിപ്പോയിയെന്നും, എന്റെ ഭാഗ്യത്തെ എനിക്കു് നിയന്ത്രണംചെയ്യുന്നതിനു് സാധിച്ചില്ലെന്നും മാത്രമേ എനിക്കു പറയാൻ നിവൃത്തിയുള്ളൂ. ഈ സംഭവത്തെ ഉടനടി ഉണ്ടാകുന്നതിനു ഇടയാക്കിയ സംഗതികളെപ്പറ്റി ഞാൻ ഇനി വിവരിക്കാം.

ഈ പ്രതിഷേധപ്രസ്ഥാനം സവർണ്ണഹിന്ദുക്കളോടുള്ള സത്യാഗ്രഹികളുടെ പെരുമാറ്റത്തിന്റെ നേരിട്ടുള്ള ഫലമാണു്.

മി: എൻ. കുമാരൻ (നിയമിതൻ): ആ പ്രത്യേകപെരുമാറ്റം എന്താണു്?

മി: ആർ. കെ. കുഞ്ഞുപിള്ള (അഡിഷണൽ പോലീസ്കമ്മിഷണർ): ഞാൻ ആതിലേക്കു വരുകയാണു്. ആതിന്റെ അനുകമനമുള്ളഫലം അവിടെയുണ്ടായിരുന്നു. എന്റെ സന്ദർശനകാലത്തു് സത്യാഗ്രഹികൾ ഉണ്ടാക്കിതീർത്ത ആക്ഷേപങ്ങളും അസത്യകുപ്പുകളും അസഹനീയമായ പരമത്തിൽ എത്തിയിരുന്നു. ഞാൻചെന്നതറിഞ്ഞു പ്രധാനികളിൽ ചിലർ എന്നെകാണുന്നതിനായിവന്നു. അവർ എന്നോടു ചോദിച്ചു ഒന്നുമത്തെചോദ്യം, അപ്പോളെങ്കിലും സത്യാഗ്രഹപ്രസ്ഥാനത്തെ നിർത്തുന്നതിനു് ഏതെങ്കിലും ഫലവത്തായ നടപടി നടത്താൻ ഞാൻ തയ്യാറുണ്ടോ എന്നാണു്, എന്തെന്നാൽ അപ്രകാരം ഏതെങ്കിലും കായ്യപരിപാടിയോടുകൂടി ഗവണ്മെന്റു് വേഗത്തിൽ വരുമെന്നു് അവർ ഉദ്ദേശിക്കയും കാലതാമസത്തിൽ അവർ അക്ഷമരായി തീരുകയും ചെയ്തിരുന്നു. ആ പ്രസ്ഥാനത്തെ നിർത്തുന്നതിനുള്ള മറുമൊഴി പ്രയോഗങ്ങളും മറ്റും എന്റെ കൈവശം ഇല്ലായിരുന്നു. അവർക്കു് വ്യാജമായ ആശ്വാസംപോലും കൊടുക്കുന്നതിനു എന്നാൽ സാധിക്കുമില്ലായിരുന്നു. ഞാൻ അപ്രകാരം അവരോടുപറഞ്ഞു. അവരുടെ പ്രസ്ഥാനത്തെ ആരംഭിക്കുന്നതിനുള്ള നിശ്ചയത്തെ, എന്റെ ഈ മറു

പോലീസുകാർ പിടിച്ചുകൊണ്ടുപോയിട്ടുണ്ടെന്നു ഞാൻ ഇപ്പോൾ ഊഹിക്കുന്നു, ഇക്കൂട്ടരുടെ വേറെ ചില പേരുകളും ഉണ്ടായിരുന്നു. അടുത്തതായി സത്യാഗ്രഹികൾ അവരെ ആക്ഷേപിക്കാതെ നോക്കണമെന്നായിരുന്നു, അവരെ ഓർമ്മിപ്പിക്കുന്നതു് എല്ലാ തരത്തിലുമുണ്ടെന്നു ഞാൻ അവരോടു ചോദിച്ചു. അവർ ഒരിക്കൽ വളരെ എണ്ണങ്ങളെ പറയുകയുണ്ടായി. ഈ പറഞ്ഞതിനെക്കുറിച്ചശേഷം ഈ മാതിരി ആക്ഷേപങ്ങളെപ്പറ്റി പോലീസുകാർക്ക് നേരുസ്പർശനം നിവൃത്തിയില്ലാത്തതുകൊണ്ടു് ഇവയെ നിർത്തുന്നതിനു എനിക്കു സാധിക്കയില്ലെന്നും ഞാൻ അവരോടു പറഞ്ഞു. ഒരു ഉദാഹരണം എന്നെ നിലയെ വിശദീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു, അവരുടെ പരാതികളിൽ ഒന്നു് സത്യാഗ്രഹികൾ വളരെ പേർ രാത്രി കൊടികളും പാട്ടുമായിട്ടു തെരുവുകൂടി പോകുന്നുണ്ടു്. സത്യാഗ്രഹപ്രതിഷേധികളുടെ വീട്ടുനടയിൽ എത്തുമ്പോൾ അവർ അവിടെ നിന്നു് 'കീജെയ്' എന്ന ഉച്ചത്തിൽ വിളിച്ചാർത്തുകൊണ്ടും, ഇതിൽ ആക്ഷേപകരമായി യാതൊന്നുമില്ലെന്നു വാദിച്ചുകൂടാം. എന്നാൽ ഈ 'കീജെ' വിളിക്കുപിന്നിൽ പരിചയമുള്ള ചുവടാണു് ഇതു് എന്നുമാത്രം ആക്ഷേപജനകമാണെന്നും വിശേഷിച്ചു സ്ത്രീകൾക്കുകൂടി രാത്രി സത്യാഗ്രഹപ്രതിഷേധികളുടെ വീട്ടുനടയിലേയ്ക്കു വച്ചു ഇങ്ങനെ ചെയ്യുന്നതു് എത്ര ആക്ഷേപമായിട്ടുമാത്രമെ വിചാരിക്കാൻതരമുള്ളൂ. മറ്റൊരു പരാതി അവരെയും അവരുടെ കുട്ടികളേയും റോഡിൽകാണുമ്പോൾ അവരെ "സാണ്ണ്ടങ്ങൾ" എന്നു വിളിക്കുന്നുവെന്നാണു്.

മി: എൻ. കുമാരൻ (നിയമിതൻ): ഇങ്ങനെ വിളിച്ചതു് സത്യാഗ്രഹികളോ വേറെവല്ലവരുമായിരുന്നെന്നു അറിയിക്കാമോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മിഷണർ): സത്യാഗ്രഹികൾ.

മി: എൻ. കുമാരൻ (നിയമിതൻ): അങ്ങിനെ പറയപ്പെട്ടതാണോ അതോ അദ്ദേഹത്തിന്റെ സ്വന്തമഭിപ്രായമാണോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മിഷണർ): ഞാൻ നടത്തിയ അന്വേഷണത്തിങ്കൽ നിന്നും കിട്ടിയ അറിവാണ്. അതുകൊണ്ടു് ഈ സംഗതിയിൽ ഞാൻ നിൽക്കുന്നതു് സത്യാഗ്രഹികളെ പറ്റിയും, പോലീസുകാർ കൊടുക്കുന്ന വിധത്തിലുള്ള മനഃപൂർവം വകയൊഴിച്ചുള്ള സത്യമായിട്ടുള്ള പറവിലും എത്തുകയുള്ളൂ. അങ്ങനെയുള്ള വിചാരിച്ചു്, ഞാൻ ഇടപെടുന്നതായാൽ ഇപ്പോഴത്തെ സ്ഥിതി കൂടുതൽ വഷളാകുമെന്നും, ഞാൻ ഈ സംഗതിയിൽ ഇടപെടുന്നതു് വിവേകമായിരിക്കയില്ലെന്നും അവരോടു പറഞ്ഞു. ചക്കാരോഡിൽ വച്ചുണ്ടായതായി പോലീസുകാർ പറഞ്ഞപ്പോൾ, സത്യാഗ്രഹികൾ എന്തോ ചെയ്തിട്ടുള്ളതുകൊണ്ടു് ഇവിടെ കാണിക്കുന്നതു നന്നായിരിക്കും, ഇപ്രകാരം ഉള്ള അനേകമാണു് ഈ മാതിരി കൊടുക്കുന്നതിനു് എന്നെ പ്രേരിപ്പിച്ചതു്. സത്യാഗ്രഹപ്രതിഷേധപ്രസ്ഥാനം ഇടങ്ങറുന്നതിനു് ആലോചനയുണ്ടെന്നുള്ളവിവരം മേലധികാരപ്പോലും ഇല്ലാതെയാണു് ഞാൻ ഈ മാതിരി മറുപടികൊടുക്കുന്നതു്. എന്തെന്നാൽ ഈവർ ഈമാതിരി ഒരു അഭിപ്രായം മി: പിറന്റോടു പറയപ്പെടുവിച്ചു എന്നും അദ്ദേഹം ഗൗരവിച്ചിട്ടുണ്ടെന്നാലും അവരുടെ അഭിപ്രായംപോലെ ഈ സത്യാഗ്രഹപ്രസ്ഥാനത്തെ നിർത്തുന്നതിനു് ഗവണ്മെന്റു വേണ്ടതെല്ലാം ചെയ്യുമെന്നുള്ള പൂർണ്ണവിശ്വാസത്താലും അതിനെ അവർ വിട്ടുകളഞ്ഞേയാകണമെന്നു എനിക്കറിവില്ലായിരുന്നു.

മി: എൻ. കുമാരൻ (നിയമിതൻ): മി: പിറിന്റെ അടുക്കൽ ഇങ്ങനെ ഒരു അഭിപ്രായം പുറപ്പെടുവിച്ചു എന്നു് മി: കൃഷ്ണപിള്ളക്കു നേരിട്ടറിവുണ്ടോ എങ്ങനെന്നു അറിയിക്കാമോ?

മി: ആർ. കെ കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മിഷണർ): മി പിറിന്റെ അടുത്തുനിന്നല്ല. പിന്നീടു ഈ അറിവു എനിക്കു കിട്ടിയതു്, സത്യാഗ്രഹപ്രതിഷേധികളിൽനിന്നല്ല എന്നാൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അടുക്കൽനിന്നും സ്ഥലത്തുണ്ടായിരുന്ന എന്റെ കീഴ്ജീവനക്കാരുടെ അടുക്കൽനിന്നുമാണു്.

മി: എൻ. കുമാരൻ (നിയമിതൻ) മേലധികാരത്തു് പോലീസുകാരെ തിരിച്ചിരിക്കുന്നസ്ഥലത്തു് എത്തുന്നതിനു സത്യാഗ്രഹപ്രതിഷേധികളോടു അഭിപ്രായപ്പെട്ടതു് മി: പിറാണെന്നുള്ളതുവാസ്തവമല്ലയോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ) എന്റെ അറിവു മറ്റൊരുവിധത്തിലാണു്.

മി: എൻ. കുമാരൻ (നിയമിതൻ): ആ അഭിപ്രായം പുറപ്പെടുവിച്ചപ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നു.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ): അപ്രകാരമുള്ള സത്യാഗ്രഹപ്രതിഷേധപ്രസ്ഥാനം ഉടങ്ങുന്നതിനു ഇടയുണ്ടെന്നും അതു ഉടനേവേഗത്തിൽ ഉണ്ടാകുമെന്നും ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ ആകാലത്തു് അപ്രകാരമുള്ള മറുപടികൊടുക്കാതെ ഇരിക്കുമായിരുന്നു.

മി: എൻ. കുമാരൻ (നിയമിതൻ): പോലീസുകമ്മീഷണർ വെയ്ക്കുന്നുണ്ടോ എന്നു തിരിച്ചുചോദിക്കയെന്നുള്ളതു് എനിക്കു നിശ്ചയിക്കാൻ സാധിച്ചില്ലെന്നും ഞാൻ അതിനു പറഞ്ഞതു്. സത്യാഗ്രഹപ്രസ്ഥാനത്തെ സഫായിക്കുന്നവരായി ഈ സമ്പ്രദായത്തും പുറത്തും ഉള്ള ആളുകളും, സത്യാഗ്രഹികളും സവർണ്ണരെയോ മറ്റാരെയെങ്കിലുമോ ആക്ഷേപിക്കുന്നതിനു തക്ക ആളുകളാണെന്നു വിശ്വസിക്കയില്ലെന്നു് എനിക്കു നിശ്ചയമുണ്ടു്. എന്തെന്നാൽ ഈ സത്യാഗ്രഹികളും, കൂടിയാലോചനകളായിരിക്കുന്നതും അതുകൊണ്ടു സവർണ്ണരുമായിട്ടെന്നല്ല പൊതുജനങ്ങളോടും ഇവയുടേതുമാത്രമല്ല ഏതുസംഗതിനുപുറമെയാണെന്നുള്ളതു വിചാരിക്കപ്പെട്ടിരിക്കുന്നതുമാകുന്നു. എന്നാൽ വസ്തുവം അങ്ങനെയല്ലെന്നു സങ്ക

യിലെ മെമ്പറന്മാരോട് ഉരുളച്ചരയുന്നതു പോലെ എന്നെ അനുവദിക്കരുതെല്ലാം. വാളന്റിയന്മാരായി എടുത്തിട്ടുള്ളത് അധികവും, വീഴുവിട്ട ഓടിപോകുന്നവരിൽനിന്നും, രജിസ്റ്റിലില്ലാത്ത നടക്കുന്നവരിൽനിന്നും, പരീക്ഷയിൽ തോറ്റവരിൽ നിന്നുമാണ്.

ശ്രീ: എൻ. കുമാരൻ (നിയമിതൻ): രാജ്യത്തിലെ ഏറ്റവും യോഗ്യരായ ആളുകളിൽ ചിലർ വാളണ്ടിയന്മാരായിരിക്കുന്നുണ്ടെന്നുള്ള സംഗതി അദ്ദേഹത്തിന്റെ അറിവിൽപ്പെടുത്തേണ്ടതുണ്ടോ?

ശ്രീ. ആർ. കെ. കൃഷ്ണപിള്ള (അസ്സിസ്റ്റന്റ് പോലീസ് കമ്മീഷണർ): "അധികവും" എന്നാണ് ഞാൻ പറഞ്ഞത്.

അവർ ഇടിപ്പിച്ചേന്നുള്ള വിവരവുമുണ്ടായിരുന്നു. ഉടുക്കുന്നതിനുള്ള വസ്ത്രവും കിട്ടുന്നുണ്ടെന്നും അവരുടെ ഉത്സാഹപ്രകൃതിക്ക് യഥേഷ്ടം പ്രവർത്തിക്കുന്നതിനുള്ളതാണ് കിട്ടുന്നതെന്നുകൊണ്ടുമാണ്. മേൽപ്രതിപാദിച്ച ഉദ്ദേശങ്ങളിൽ, ഒരുപക്ഷേയുടെ ബലവത്തായ പെരുമാറ്റ ഉദ്ദേശം, പോലീസുകാരുടെയും വ്യവസ്ഥാപിതമായ അധികാരസ്ഥാനത്തെയും ആക്ഷേപിക്കുകയും, നിഷേധിക്കയും ചെയ്യുന്നതിനുള്ള സ്വഭാവമുണ്ട്. എന്തെന്നാൽ, ഈ പ്രസ്ഥാനത്തിൽ ചേരുന്നവരോടുകൂടി, കോൺഗ്രസ് പ്രസ്ഥാനത്തിന്റെ സകലശക്തികളും, അവരെ സഹായിക്കുന്നതിന് പിൻതുടരുന്നുണ്ടെന്നുള്ളതുകൊണ്ടും അവർക്കുണ്ടാകുന്ന ഏതുകൊണ്ട് എല്ലാ അധികാരസ്ഥാനത്തോടും, പുച്ഛഭാവമായി പെരുമാറുകയും ചെയ്യുന്നു. ഞാൻ ഇവിടെപ്രസ്താവിക്കുന്നതിനായി അപ്രകാരമുള്ള പെരുമാറ്റത്തിന് ഒരു ഉദാഹരണംമാത്രം ഇവിടെപറഞ്ഞുകൊള്ളുന്നു. കോട്ടയം ഡിസ്ട്രിക്റ്റ്സൂപ്രണ്ടും ഞാനുംകൂടി പടിഞ്ഞാടെ വെഡിഗേറ്റുകൂടി പടിഞ്ഞാറോട്ടു മുനിവർമഗ്ഗാവിൽ പോകുകയായിരുന്നു. കുറച്ചു ദൂരമായിട്ട്, വളന്റിയന്മാരിൽ ഒരാൾ പടിഞ്ഞുവന്നിട്ട് കിഴക്കോട്ടുവരുകയായിരുന്നു. ഞങ്ങളുടെ അടുത്തുനിന്നും കുറച്ചപ്പുറത്തുവന്നപ്പോൾ അയാളുടെകയിൽ ഉണ്ടായിരുന്ന ഒരു നോട്ടീസിനെ അയാംവായിച്ചു. ആ നോട്ടീസ് അന്നു വയ്യിട്ട് കൂടാൻ നിശ്ചയിച്ചിരുന്ന അവരുടെ ഒരു യോഗത്തിനെസംബന്ധിച്ചായിരുന്നു. ആ നോട്ടീസ് വായിച്ചതിനെ കേട്ടപ്പോൾ, അന്നത്തെ പ്രസംഗിക്കുന്നതിനുവേണ്ടി കൂട്ടത്തിൽ, നിരോധനനോട്ടീസ് നടത്തപ്പെടുന്നതായിരുന്നു എന്നുള്ളതുകൊണ്ടും ഡിസ്ട്രിക്റ്റ്സൂപ്രണ്ടിനോട് ഞാൻ പറഞ്ഞു. അപ്പോൾ ഡിസ്ട്രിക്റ്റ്സൂപ്രണ്ട് ആ വാളന്റിയർ ഞങ്ങളുടെ അടുത്തുവന്ന സമയം ഡിസ്ട്രിക്റ്റ്സൂപ്രണ്ട് മുമ്പോട്ടുചെന്ന് അല്പം കനത്തു "ആ നോട്ടീസ് ഞാൻ നോക്കട്ടെ" എന്നുപറഞ്ഞു. അപ്രകാരം ഇരുവരും പറഞ്ഞയുടനെ ആ വാളണ്ടിയർ ആ നോട്ടീസ് കൊടുക്കുകയും ചെയ്തു. പിൻപോയ്ത്തുവലിച്ച് ഡിസ്ട്രിക്റ്റ്സൂപ്രണ്ടിനെ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ നടന്നുപോകുകയും ചെയ്തു. ഡിസ്ട്രിക്റ്റ്സൂപ്രണ്ട് അപ്രകാരത്തിന്റെ പോലീസുദ്യോഗം ധരിച്ചിരിക്കുന്നതുകൊണ്ടും ആ സമയത്തുണ്ടായ അപമാനത്തിന്റെ തുല്യമായ കുറ്റം ക്ഷാരിക്കുപരിഹാസത്തെ ഉണ്ടാക്കിയതുകൊണ്ടും ഇവിടെ അറിയേണ്ടതാണ്.

ശ്രീ: എൻ. കുമാരൻ (നിയമിതൻ): ഇതിൽ പ്രത്യേകനിരോധനമായി എന്താണുണ്ടായിരുന്നതെന്നുകൂടി അറിയിക്കാമോ?

അദ്ധ്യക്ഷൻ: അത് വകുപ്പനുസരിച്ചുള്ള നിരോധനം അല്ല. അദ്ദേഹം പറയുന്നത് തോൽവിയെന്നാണ്.

ശ്രീ: എൻ. കുമാരൻ (നിയമിതൻ): അങ്ങനെ ആയിരിക്കാം. അത് വകുപ്പനുസരിച്ചുള്ള നിരോധനം അല്ല.

ശ്രീ: ആർ. കെ. കൃഷ്ണപിള്ള (അസ്സിസ്റ്റന്റ് പോലീസ് കമ്മീഷണർ): സാധാരണനിലയിൽ ഈ വിധം പെരുമാറുന്നതിന് ഈ കുട്ടികൾ പ്രത്യേകമുണ്ടായിരിക്കുകയില്ല. ഇപ്രകാരം പോലീസുകാരുടെ അധികാരത്തെ വെളിവായി വകവക്കാതെ അവരെ ആക്ഷേപിക്കുന്നതായാൽ അക്രമികളുടെ ഭൂതയിൽ ഉണ്ടായിട്ടുണ്ടാവുന്നതുപോലെ എന്തോണെന്നും അക്രമപ്രവൃത്തികളെ പോലീസുകാർ അടർച്ചചെയ്യുന്നതെങ്ങനെയായാണെന്നും സാധാരണ അലോചിച്ചുനോക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഡിസ്ട്രിക്റ്റ്സൂപ്രണ്ട് ഈ സംഭവത്തിനുശേഷം തിരുവനന്തപുരത്തുവന്നു. വാളണ്ടിയറന്മാർ വെയ്ക്കുന്ന സത്യാഗ്രഹം നടത്തുന്നതു ഇപ്രകാരമുള്ള മനഃസ്ഥിതിയോടുകൂടിയാണ്. പോലീസുദ്യോഗസ്ഥരുടെ ഒരു ഡിസ്ട്രിക്റ്റ്സൂപ്രണ്ടിനെതന്നെയും ഇതുപോലെയായി ആക്ഷേപിക്കുന്നതിനു മടിക്കാത്ത ഒരു വാളണ്ടിയർ, അവരുടെനിരയായി പ്രവർത്തിക്കുന്ന ഒരുസവർണ്ണനേതാക്കന്മാർ പെരുമാറുന്നത് ഏതുവിധത്തിലായിരിക്കുമെന്ന് ഊഹിക്കുന്നതിനുള്ള ചുമതല ഞാൻ ഈ സഭയിലെ അംഗങ്ങൾക്കു വിട്ടിരിക്കുന്നു.

ശ്രീ: എൻ. രാമകൃഷ്ണപിള്ള (വൈയ്ക്കം സൗത്ത്): അക്രമങ്ങൾ ഏതെങ്കിലും പോലീസുകാരുടെ അടുക്കൽ റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ടോയെന്നും അങ്ങനെയുണ്ടെങ്കിൽ എന്തെങ്കിലും നടപടിനടത്തിട്ടുണ്ടോയെന്നും എന്നെ അറിയിക്കുമോ?

ശ്രീ: ആർ. വേ. കൃഷ്ണപിള്ള (അസ്സിസ്റ്റന്റ് പോലീസ് കമ്മീഷണർ): അവർ ഏതെങ്കിലും അക്രമപ്രവൃത്തികൾ ചെയ്തതായി റിപ്പോർട്ടുചെയ്യപ്പെട്ടിട്ടില്ല. എന്നാൽ മറ്റുള്ളവരിൽനിന്നും അക്രമം ഉണ്ടാകുന്നതിന് എന്തെല്ലാം അവർക്കു ചെയ്യാൻ കഴിയുമോ അതെല്ലാം അവർ വാക്കുകൊണ്ടും ആംഗ്യംകൊണ്ടും ചെയ്യുന്നുണ്ട്.

അവരുടെ അക്രമരാഹിത്യത്തെകൊണ്ടും സഹനശീലത്തെകൊണ്ടും കണ്ടുകോൾകൊണ്ടും എതിരാളികളുടെ ഏതുമയത്തെ ആക്രമിക്കുന്നതായിട്ടാണ് വിചാരിക്കപ്പെടുന്നത്. അവരെ കൂടുതൽ അടുത്തുചെല്ലുവാൻ അവർ നേരെ വിപരീതമാണ് ചെയ്യുന്നതെന്നറിയാം.

അദ്ധ്യക്ഷൻ: സമയമായി.

ശ്രീ: ആർ. കെ. കൃഷ്ണപിള്ള (അസ്സിസ്റ്റന്റ് പോലീസ് കമ്മീഷണർ): എതിർ കക്ഷിക്കാരുടെ നേരെ അവരുടെ ദുഃഖവും വിരോധവും ഉത്തേജിപ്പിക്കുന്നതിനു അവർ കഴിയുന്നതു ശ്രമിക്കുകയാണ്. അവരുടെ എല്ലായോഗങ്ങളും പതിവുപ്രകാരം ഇന്നിടിച്ചു സവർണ്ണരുടെ ഇടയിൽ അവരുടെ പ്രസ്ഥാനത്തെക്കുറിച്ചുമല്ല ആസ്പദിച്ചുള്ളതുമല്ല എന്നുതന്നെയല്ല നിശ്ചയമായിക്കൊണ്ടു പറയുകയാണെന്നും ഈ സഭയെ ധരിപ്പിക്കുന്നു. വാളണ്ടിയന്മാരുടെ പെരുമാറ്റം ഇപ്പോഴത്തെപോലെതന്നെയിരിക്കുന്നിടത്തോളംകാലം അത് മറവിയിൽപ്പെടുത്തിവിടാൻതന്നെയില്ല. അവർ പറയുന്നു എനിക്കു നേരിട്ട് അനുഭവമുണ്ട്.

ശ്രീ: എൻ. കുമാരൻ (നിയമിതൻ): അദ്ദേഹം ഈ തീർച്ചയിൽ എത്തിയതു എങ്ങനെയാണ്?

ശ്രീ: ആർ. കെ. കൃഷ്ണപിള്ള (അസ്സിസ്റ്റന്റ് പോലീസ് കമ്മീഷണർ): അതു എന്റെ അനുഭവങ്ങളുടെ ഫലമാണ്. സത്യാഗ്രഹികളിൽ നിന്നും സവർണ്ണർ അനുഭവിക്കുന്ന ആക്ഷേപങ്ങളെ വിവരിച്ച് ഈ സഭയുടെ

ക്ഷമയെ പരീക്ഷിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അല്പമാകാതെ ക്ഷേത്രത്തിൽ പോകണമെന്നുള്ള കുന്ന സവർണ്ണരെ അവർ അനുവദിക്കുന്നു. കർശനനിയന്ത്രണത്തിൽ വിദ്യാർത്ഥികളെ അവർ സ്കൂളുകളിലേക്കു പോകുന്നതുപോലെ കുട്ടികളെ അവർ ആരാധനാലയങ്ങളിലും പോകുന്നതിനു അനുവദിക്കുന്നു. അവരുടെ സഹായികളുടെ ഒഴിവിലേക്ക് അവർ ഒരുത്തരെയും ചെയ്യുന്നതുമില്ല.

മി: എൻ. കുമാരൻ (നിയമിതൻ): സത്യാഗ്രഹപ്രതിഷേധികൾ കൂടിവരുന്നതായും അനുകൂലികൾ ഏണ്ണത്തിൽ കുറഞ്ഞുവരുന്നതായുമാണ് അദ്ദേഹം അനുമാനിക്കുന്നതെന്നു തോന്നുന്നു.

അദ്ധ്യക്ഷൻ: എനിക്കു തോന്നുന്നതെന്തായാലും, അദ്ദേഹം അപ്രകാരം ഒന്നും തന്നെ പറഞ്ഞില്ല.

മി: എൻ. കുമാരൻ (നിയമിതൻ): അദ്ദേഹം പറഞ്ഞതിൽനിന്നും എനിക്കങ്ങനെയാണ് തോന്നിയതു.

അദ്ധ്യക്ഷൻ:—സമയമായി.

മി: കെ. ജോജ്ജ് (ഗവർണ്മെൻറ് ധനകാര്യോദ്യോഗസ്ഥർ) ഈ രണ്ടു ദിവസത്തിൽ എൻറെ അനുഭാവസഹിതന്മാരാൽ പൂരിപ്പിക്കപ്പെട്ട വാക്യങ്ങളാകുന്ന എല്ലാറ്റിനും എൻറെ ആധിനത്തിലുള്ള സല്പസമയത്തിനുള്ളിൽ മറുപടി പറയുന്നതിനു എനിക്കു സാധിക്കുന്നതല്ല. നിർഭാഗ്യവശാൽ ഈ ഗവണ്മെണ്ടിലുള്ള എൻറെ സഹപ്രവർത്തകന്മാർക്ക് അവരുടെ ഡിപ്പാർട്ടുമെൻറുകളെപ്പറ്റി സമാധാനം പറയുന്നതിനു സൌകര്യം ഉണ്ടായിരുന്നില്ല എന്നിരുന്നാലും എൻറെ സമാധാനങ്ങൾ വരിഷ്ഠപ്രതിവാരത്തിനിടയിൽ പൂരിപ്പിക്കപ്പെട്ട കൊളുവാക്യസംഗതികളെ സംബന്ധിച്ചു മാത്രമായിരിക്കുന്നതാണ്.

ഈ കൊല്ലത്തിലെ വരിഷ്ഠപ്രതിവാരത്തിനിടയിൽ ഏറ്റവും പ്രധാനമായി നിന്നിരുന്ന ഒരുസംഗതി ഇപ്പോൾ ഉണ്ടായിവരുന്നുപ്പാക്കുന്നു, നമ്മുടെ കോശസ്ഥിതിയിലെ അടിസ്ഥാന ഫലപ്രമായിരുന്നു. ചിലസമജീവനക്കാർ ഈ അവസ്ഥയെ സംബന്ധിച്ചു നിരുത്തരവാദിത്തപൂർണ്ണമായ അഭിപ്രായം പൂരിപ്പിച്ചുവിടുവാണെന്നാൽ സാധാരണപ്രവൃത്തികളെ ഉപേക്ഷിച്ചു വരുന്നുകൊള്ളുന്ന ചിലവിനായി നീക്കിട്ടുള്ള ഇരുമ്പുകളിൽ വലുതായ കുറവു വരുത്തുന്നതിനു അവർ അഭ്യർത്ഥിക്കുന്നു. വരുന്നുകൊള്ളുന്നതിൽ ഉള്ളുഗവണ്മെന്റുകൾക്ക് കിട്ടുണ്ടാകുന്ന ലാഭത്തിനെ നിരത്തിപ്പറയുന്നതിനുള്ള അഭിപ്രായപ്പെടുന്നു.

ഈ അഭിപ്രായഭേദം ഒരുപിടി സ്വാർത്ഥമനുഷ്യരുടെയാണെന്നാണ് എനിയ്ക്കു തോന്നുന്നതു. ഉപേക്ഷം തട്ടി ഗ്രാമപ്രദേശങ്ങളിൽനിന്നും വരുന്ന ആളുകൾ ഈ ആപത്തിനെപ്പറ്റി ഗൌരവമായി വിചാരിക്കുന്നതും ആസ്ഥിതിയെപ്പറ്റി ഉള്ളതിൽ കൂടുതൽ ലാഭം നിലയിൽ വീക്ഷണം ചെയ്യുന്നതും കാണ്മാനുണ്ട്. എന്നാൽ നമ്മുടെ സ്ഥിതിവിശേഷം കുറച്ചു ഭയങ്കരമായിത്തന്നെ കാണുന്നവരുണ്ടെന്നും അതുമാത്രം ഗൌരവമെന്നുമായിരുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എൻറെ സുഹൃത്തുക്കളായ മി: പെരുപ്പിള്ളയും മി: ചന്തുനായരും പരമേശ്വരൻപിള്ളയും ഈ സ്ഥിതിവിശേഷത്തെപ്പറ്റി യുള്ളതിലധികം അഭിപ്രായം സ്വീകരിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. വെള്ളപ്പൊക്കം മൂലമുണ്ടായിട്ടുള്ള നഷ്ടം സാധാരണ പ്രവൃത്തികളെ ഉപേക്ഷിക്കുന്നതുകൊണ്ടുള്ള ലാഭത്തിൽ വലിയ ബുദ്ധിശോശമായിരിക്കുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) സാധാരണപ്രവൃത്തികളെ ഉപേക്ഷിക്കണമെന്നഭിപ്രായപ്പെട്ട മെമ്പറന്മാർ ആരെല്ലാം ആയിരുന്നു എന്ന് എനിയ്ക്കു പറയാമോ?

മി: ജോജ്ജ് (ഗവണ്മെൻറ് ധനകാര്യോദ്യോഗസ്ഥർ) വളരെ മെമ്പറന്മാർ അങ്ങനെ അഭിപ്രായപ്പെട്ടു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ധനകാര്യോദ്യോഗസ്ഥർക്ക് അങ്ങിനെയുള്ള മെമ്പറന്മാരിൽ ആരുടെയെങ്കിലും പേരെടുത്തു പേർപറയുന്നതിന് സാധിക്കുമോ?

മി: ജോജ്ജ് (ഗവണ്മെൻറ്ധനകാര്യോദ്യോഗസ്ഥർ) ഒന്നാമതായി പ്രാസംഗികനായ മി: രാമകൃഷ്ണപിള്ള തന്നെ അങ്ങിനെ പറഞ്ഞു.

മി: എൻ രാമകൃഷ്ണപിള്ള (വൈക്കം ഏറവേഷ്ടർ)എൻറെ സമാധാനം പറയുന്നതിനു എന്നെ അനുവദിക്കുമോ? ഡിപ്പാർട്ടുമെൻറുകളുടെ സാധാരണപ്രവൃത്തികളെ ഉപേക്ഷിക്കണമെന്ന് ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. ഏറ്റവും അത്യാവശ്യമായ ഇനങ്ങൾക്കുള്ള ചിലവുമാത്രം വഹിക്കണമെന്ന മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

മി: കെ. ജോജ്ജ് (ഗവണ്മെൻറ് ധനകാര്യോദ്യോഗസ്ഥർ) പൊളിഞ്ഞുപോയ്ക്കൊണ്ടിരുന്ന വേലകളിൽ പൂർത്തിയാക്കാത്തവേലകൾക്കുള്ള അടങ്കലുകളെ പുതിയതായി കൂട്ടുന്നുണ്ടെന്നും പുതിയ വേലകൾക്കുള്ളവയെ മുഴുവനായി കുറച്ചുകളയണമെന്നും അർത്ഥം വരത്തക്കവിധത്തിലുള്ള പ്രസംഗങ്ങൾ ഇവിടെ ഉണ്ടായിരുന്നു. അതു മി: ജി. പരമേശ്വരൻപിള്ളയാണ് അഭിപ്രായപ്പെട്ടത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) അത് മി: പെരുപ്പിള്ളയുടെ പ്രസംഗത്തിൽ നിന്നുണ്ടായ ഒരു തെറ്റിദ്ധാരണയാണെന്നു ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ:—മി: പെരുപ്പിള്ള പറഞ്ഞതിനെ വിശദമാക്കുവാൻ നിങ്ങൾക്കു സാധിക്കുന്നതല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) അത് അന്യന്മാക്കുണ്ടായിട്ടുള്ള ഒരു തെറ്റിദ്ധാരണമാത്രമാണ്. വാസ്തവത്തിൽ ഗവണ്മെൻറിന്റെ സാധാരണപ്രവൃത്തികളെ നിരുത്തരവാദമെന്ന് ആരും പറഞ്ഞില്ല.

അദ്ധ്യക്ഷൻ:—മിശ്രമെമ്പറന്മാർ അങ്ങനെപറഞ്ഞതായി ഞാൻ വ്യക്തമായിഓർക്കുന്നു. സാധാരണപ്രവൃത്തികളെ നിരുത്തരവാദമെന്നു മാത്രമല്ല വലിയ കുറവുകൾ വരുത്തണമെന്നുള്ള ഫാൾവെള്ളിക്കുറിപ്പിൽ പറഞ്ഞതായി എനിക്കു തോന്നുന്നു.

രാവു: ഫാൾർപെട്ടിക്കാപ്പുള്ളി (തൊടുപുഴയും കുന്നത്തുനാടും) വലിയ കുറവുകൾ വരുത്തണമെന്നു ഞാൻ പറഞ്ഞു. എന്നാൽ സാധാരണയുള്ള പ്രവൃത്തികളെ നിരുത്തരവാദമെന്ന് ഞാൻ പറഞ്ഞില്ല.

മി: കെ. ജോജ്ജ് (ഗവണ്മെൻറ് ധനകാര്യോദ്യോഗസ്ഥർ) വലിയകുറവുകൾ എന്നുപറയുമ്പോൾ നമ്മുടെ സാധാരണപ്രവൃത്തികളിൽ വളരെ എണ്ണത്തെ ഉപേക്ഷിക്കുക എന്നാണ് അർത്ഥം ആകുന്നതു.

സാധാരണപ്രവൃത്തികളെ ഉപേക്ഷിക്കുന്നതു വെള്ളപ്പൊക്കംപോലെ തന്നെ ജനങ്ങൾക്ക് ആപൽക്കരമായിട്ടുള്ളതാണെന്നു ഞാൻപറയുന്നു. വെള്ളപ്പൊക്കത്തിൻറെ കഷ്ടതരമായഫലങ്ങളിൽനിന്നും രക്ഷപ്രാപിക്കുന്നതിനു

ശക്തിയുടെ നമ്മുടെ രാജ്യത്തിലേക്കുള്ള മി: മക്കയുടെ അടുത്ത പ്രായത്തെപ്പറ്റിയാണോ പറയുന്നത്, എന്റെ ഉപക്രമപ്രസംഗത്തിൽ പറഞ്ഞതുപോലെ, ഈ കൊല്ലത്തെയും വന്നുകൊണ്ടിരുന്നതിനും വരവിലും ചിലവിലും ഈ വെള്ളപ്പൊക്കത്തിന്റെ ഫലം എത്രമാത്രമുണ്ടെന്നു അനുമാനിക്കാൻ സാധിക്കയില്ലെന്നുള്ളതു ശരിതന്നെ. അതുപോലെ ഈ രണ്ടു കൊല്ലങ്ങളും വരവിൽ കൂടുതലായി ചിലപോട്ടുകൂടി അനുമാനിക്കുന്നതുമാണ്. അങ്ങനെ പറഞ്ഞതുകൊണ്ടു നമ്മുടെ ധനസ്ഥിതി വെള്ളപ്പൊക്കം കൊണ്ടു അപകടത്തിലായിട്ടുണ്ടെന്നു ഞാൻ ഒരിക്കലും അർത്ഥമാക്കിയിട്ടില്ല. അങ്ങനെ തോന്നിയിരുന്നു എങ്കിൽ, ധനസ്ഥിതിയുടെ സംശോധനം ഒഴിക്കുന്നതിനു യിവേണ്ടതെല്ലാം പ്രവർത്തിക്കുന്നതിനു സഭയ്ക്കു വാർഷികപ്രതിപാദനത്തിനായി അദ്ദേഹം കാത്തിരിക്കയില്ലായിരുന്നു. നേരെമറിച്ചു് ഈ സ്ഥിതിയെ ഗവർണ്മെന്റു വേണ്ടുപോലെ പര്യാലോചിക്കയും, പരിപാലിക്കുള്ള ചെലവിനങ്ങളെ ചുരുക്കുന്നതിനു കൈക്കൊള്ളേണ്ട പോംവഴിയെ തീർച്ചയാക്കുകയും ചെയ്തു. കുറെകൂടി അനുകൂലമായ സ്ഥിതിവിശേഷം ഉണ്ടാകുന്നതുവരെ ഏതാനും ചിലവിനങ്ങളെ ഗവണ്മെന്റു മുമ്പു തന്നെ വിട്ടുകളഞ്ഞു. എന്നാൽ അത്യാവശ്യമായിട്ടുള്ളതോ ശരിയായ പ്രവൃത്തിപരമ്പരയിൽ ഇരിക്കുന്നതോ ആയ ഏതെങ്കിലും ഒരു പദ്ധതിയെ ഉപേക്ഷിക്കുന്നതു് വളരെ ബുദ്ധിശൂന്യതയായിരിക്കുമെന്നു് ഞാൻ ആവർത്തിച്ചു പറഞ്ഞു കൊള്ളുന്നു.

ശ്രീ: ഡബ്ലു ഹഗാർഡ് (നിയമമന്ത്രി) ചിലവിനെ സംബന്ധിച്ചടത്തോളം അദ്ദേഹം ഇരുട്ടിൽ തപ്പുകയാണെന്നു ധനകാര്യമന്ത്രി പറഞ്ഞില്ലയോ?

മി: കെ. ജോണ്ണ് (ഗവണ്മെന്റു ധനകാര്യമന്ത്രി) എന്റെ പ്രസംഗത്തെ സൂക്ഷിച്ചു് വായിക്കുന്നതിനു മി: ഹഗാർഡിനോടു ഞൻ അപേക്ഷിച്ചുകൊള്ളുന്നു. വരുന്ന വെള്ളത്തെ നമ്മുടെ ആദായത്തിൽ വെള്ളപ്പൊക്കത്തിന്റെ ഫലത്തെ സംബന്ധിച്ചു് ഇപ്പോൾ യാതൊന്നും നിശ്ചയിക്കാൻ തരമില്ലെന്നാണ് ഞാൻ പറഞ്ഞതു്; അല്ലാതെ ചിലവിനെ സംബന്ധിച്ചല്ല.

മി: ഡബ്ലു ഹഗാർഡ് (നിയമമന്ത്രി) വരവില്ലാതെ ചിലവിന് എന്തു ചെയ്യും.

അദ്ധ്യക്ഷൻ:—അതു് വാദിക്കേണ്ട സംഗതിയാണ്:

മി: കെ. ജോണ്ണ് (ഗവണ്മെന്റു ധനകാര്യമന്ത്രി) ഇപ്പോൾ ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷത്തെ അടക്കുകൂട്ടി പുലർത്തുന്നതിനു സാധിക്കയില്ലെന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ.

മി: ഡബ്ലു ഹഗാർഡ് (നിയമമന്ത്രി) എല്ലു-റോഡുകളും പാലങ്ങളും മറ്റു പല സാധനങ്ങളും വെള്ളത്തിനടിയിൽ കിടക്കുമ്പോൾ നിങ്ങൾ എങ്ങനെയാണ് ശരിയായ അടക്കുകൂട്ടൽ നിശ്ചയിക്കുന്നത്?

മി: കെ. ജോണ്ണ് (ഗവണ്മെന്റു ധനകാര്യമന്ത്രി) ഞാൻ പറഞ്ഞതു് അതുതന്നെയാണ് (ചിരി)

ഞാൻ ആദ്യം പറഞ്ഞതുപോലെ വരവിൽ കൂടുതൽ ചിലവു വരുന്നതു് തല്ക്കാലിക-മായിട്ടുള്ളതും സ്ഥാധാരണങ്ങളായ ചാർജ്ജുകളാൽ ഉണ്ടാകുന്നതുമാണ്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നമ്മുടെ ഇപ്പോഴത്തെ ആവശ്യങ്ങളെ നിവേറ്റുന്നതിന് ധാരാളം മിയാകുന്നതായ നമ്മുടെ ബാക്കിയിരിപ്പിൽ നിന്നും ചിലവിനെ മതിയാകാതെ വരുന്നതിനെ എടുക്കുന്നതിൽ യാതൊരു ലോഷവുമില്ല.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളകൂട്ടുതലിനെ നിവർത്തിവയ്ക്കണമെന്നുള്ള അഭിപ്രായത്തെ സംബന്ധിച്ചു, അതുകായ്മയായി ഗണിക്കണമെന്നുദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ലെന്നു ഞാൻ വിചാരിക്കുന്നു. അസംധാരണമായി ഏതെങ്കിലും സംഭവിക്കുമ്പോഴൊഴികെയും ചെയ്യുന്നതിനു കൂടുതൽ പണം ഉണ്ടാകേണ്ടതായി വരുമ്പോഴൊ നമ്മുടെ അനുഭാവസ്ഥസ്നേഹിതന്മാർ സായുക്തമായ ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ മടിശ്ശീലയിൽ കയ്യിടുന്നതിനു ആവശ്യപ്പെടുന്നതു സാധാരണയാണ്. ഉദ്യോഗസ്ഥന്മാരും തിരുവിതാംകൂറിലെ പൊതുജനങ്ങളിൽ ഉൾപ്പെട്ടവരാണ്, ഈ വെള്ളപ്പൊക്കത്തിൽ ഇവരിൽ വളരെപേർ നഷ്ടം സഹിക്കുകയും, സഹായനിധികളിലേക്കു് അവർ ധാരാളമായി സംഭാവന ചെയ്തിട്ടുണ്ട്. അധികാരഗവും ചെറിയജീവനക്കാരും എന്നാൽ എല്ലാംവളരെ ക്ഷാമമായികാത്തിരിക്കുന്നവരായ ഉദ്യോഗസ്ഥന്മാർക്കുള്ള ശമ്പളകൂട്ടുതലിനെ നിർബന്ധിതമായി ഇല്ലാതാക്കുന്നതു് നീതിയല്ല.

മി: എൻ. രാമകൃഷ്ണപിള്ള (തൈക്കംഏറമാന്നൂർ) ശമ്പളകൂട്ടുതൽ മാത്രമെ നിവർത്തിവയ്ക്കേണ്ടതായിട്ടുള്ളൂ.

മി: കെ. ജോണ്ണ് (ഗവണ്മെന്റു ധനകാര്യമന്ത്രി) അവർക്കുള്ള ശമ്പളകൂട്ടുതലിനെ ഇല്ലാതെയാക്കുന്നതു് ശരിയല്ലെന്നാണ് ഞാൻ പറയുന്നതു്.

ഒന്നരണ്ടു മെമ്പറന്മാർ, വെള്ളപ്പൊക്കംകൊണ്ടുണ്ടായനഷ്ടത്തെ പരിഹരിക്കുന്നതിനു് അനുവദിച്ചിട്ടുള്ള തുകയും—

മി: സി. ശങ്കരമേനോൻ (കൊല്ലം): ഉദ്യോഗസ്ഥന്മാരുടെ ശമ്പളകൂട്ടുതലിനെ നിവർത്തിവയ്ക്കുന്നതു ഗവണ്മെന്റിന്റെ സാധാരണ പ്രവൃത്തികളെ നിറുത്തിവയ്ക്കുന്നതാകുമോ?

ശ്രീ: കെ ജോർജ്ജ് (നവണ്മെന്റു ധനകാര്യമന്ത്രി): ഞാൻ അങ്ങനെ പറഞ്ഞില്ല.

വേറെയുപ്പുകിടക്കകൊണ്ടുണ്ടായ നഷ്ടങ്ങളെ പരിഹരിക്കുന്നതിനും കൃഷിവാസ്തുകം തുടങ്ങുന്നതിനുമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തുകകളും തീരെ മതിയാകുന്നില്ലെന്ന് ഒന്നരണ്ടു മെമ്പറന്മാർ പറയുകയുണ്ടായി. ഇതിൽ അവസാനത്തെതിനെ സംബന്ധിച്ചു്, ആവശ്യപ്പെട്ടാൽ അതിലേക്കു കൂടുതൽ തുകകൂടി അനുവദിക്കുന്നതാണെന്നു എന്റെ പ്രസംഗത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. കൃഷിവാസ്തുകം സംബന്ധിച്ചാണെങ്കിൽ അതിലേക്കു നാം ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നു ഞാൻ സമ്മതിക്കുന്നു. ഈ വാസ്തുകൾ വീതിച്ചുകൊടുക്കുന്നതിനു നമുക്കു പ്രത്യേക സ്ഥാപനങ്ങളും ഉണ്ടായിരുന്നുവെങ്കിലും എത്രതന്നെ ശ്രമിച്ചാലും ഒരു കൊല്ലത്തിനിടയിൽ നമുക്കു് ചിലപ്പോൾ സാധിക്കുന്നതായ തുക ഇതുതന്നെയാണെന്നാണ് എനിക്കു തോന്നുന്നതു്. ഏവിടെയും ഈ തുക മതിയാകുന്നതല്ലെന്നു കാണുന്നതായാൽ കൂടുതൽ തുക അനുവദിക്കുന്നതിനെ യാതൊരു പ്രയാസവും ഉണ്ടാകുന്നതല്ല.

വീടുകളും കടകളും കെട്ടുന്നതിന് ഈ കൃഷിവാസ്തുകം ഉപയുക്തമാക്കുന്നതിനുള്ള നിർദ്ദേശത്തെ രാജവഞ്ചകമായിത്തന്നെയും താൻ പറയുകയുണ്ടായി, ഭൂമി നന്നാക്കുന്നതിനും കൃഷിയ്ക്കും വാസ്തുകൊടുക്കുന്നതിനുള്ള റഫറൻസിൽ, ഈ വാസ്തുക്കളെ അങ്ങനെ ഉള്ള ഉദ്ദേശങ്ങൾക്കു് ഉപയോഗിക്കുന്നതിനുള്ളടി, വകുപ്പു വച്ചിട്ടുണ്ടെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.

ഈ, നമ്മുടെ ധനസ്ഥിതിയുടെ അപകടാവസ്ഥയെപ്പറ്റി എല്ലാക്കാലവും പല തരത്തിൽപ്പെട്ടവരും പറയപ്പെട്ടിട്ടുണ്ട്. ധനസ്ഥിതിയുടെ ഉടമസ്ഥനെപ്പറ്റി പലരുമായി പേർ ഭീർഘദർശനം ചെയ്തിട്ടുണ്ട്. എന്നിട്ടും നാം അതിൽ നിന്നു വിമുക്തരായിരിക്കുന്നതെന്നും ഈശ്വരാനുഗ്രഹങ്ങളായ ഭീർഘദർശനങ്ങൾ കൊണ്ടു ചെല്ലുവാൻ അടുത്തകൊല്ലത്തേക്കു മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ടെന്നും പറയുന്നതിനു മുടക്കം വരുത്തുന്നതിനു ഞാൻ ശ്രമിക്കുന്നു.

മി: സി. ശങ്കരമേനവൻ (കൊല്ലം): അതു പുതുതായി കരം ചുമത്തിയതുകൊണ്ടല്ലേ?

മി: കെ. ജോർജ്ജ് (ഗവൺമെണ്ടു ധനകാര്യദർശി): പുതുതായി കരം ചുമത്തിയ സംഗതിയെപ്പറ്റി ഞാൻ പറയുന്നില്ല.

മി: കെ. ജാൺസൺ സിൽവ (ചങ്ങനാശേരിയും—മീനച്ചിലും): എല്ലാക്കാലവുംപുതുതായ നികുതി ചുമത്തപ്പെട്ടുന്നുള്ളതു വസ്തുവാണല്ലോ?

മി: കെ. ജോർജ്ജ് (ഗവൺമെണ്ടു ധനകാര്യദർശി): ഞാൻ അങ്ങനെ വിചാരിക്കുന്നില്ല.

മി: എൻ. കുമാരൻ (നിയമദർശി): അങ്ങനെയുള്ള ഒരു അപസാനത്തെപ്പറ്റി ഭീർഘദർശനം ചെയ്തിരുന്നുണ്ടെന്നു ഏതെന്നു അറിയിക്കുമോ?

മി: കെ. ജോർജ്ജ് (ഗവൺമെണ്ടു ധനകാര്യദർശി): എല്ലാ ബഡ്ജറ്റുസമയങ്ങളിലുമുള്ള പ്രസംഗങ്ങളുടെയും അതിനെ സൂചിപ്പിച്ചിട്ടുണ്ട്.

എന്റെ അപ്പോഴത്തെ നിഗമനത്തിൽ ബഡ്ജറ്റുപ്രസംഗവും തത്സംബന്ധമുള്ള പരസ്പരവിരുദ്ധതയെപ്പറ്റി ഒന്നിലധികം മെമ്പന്മാർ പറയുകയുണ്ടായി, രണ്ടിനേയും സൂക്ഷ്മമായി വായിക്കുന്നതായാൽ ഈ തെറ്റിദ്ധാരണമാറുന്നതാണ്. എന്റെ അപ്പോഴത്തെ നിഗമനത്തിൽ നമ്മുടെ വരവിനെക്കാൾ ചെലവുകൾ വർദ്ധിച്ചുവരുന്ന മുമ്പുണ്ടായിരുന്ന സമ്പ്രദായത്തെപ്പറ്റി ഞാൻ പറയുകയും കഴിഞ്ഞപ്രാവശ്യത്തെപ്പറ്റി ഞാൻ ചൂണ്ടിക്കാണിക്കയും ചെയ്തു. വ്യവസ്ഥിതമായ ധനസ്ഥിതിയോടൊന്നിച്ചു മുമ്പോട്ടുള്ള ഗതിയെ സുരക്ഷിതമാക്കുന്നതിനു നമ്മുടെ ആദായമാർഗ്ഗങ്ങളെ വർദ്ധിപ്പിച്ചു് അതിനാൽ ഉണ്ടാകാവുന്ന ആവശ്യങ്ങളെ സാധ്യങ്ങളായ എല്ലാ മാർഗ്ഗങ്ങളിലും കൂടുവച്ചെയ്യുന്നതായ ഒരു നയം സ്വീകരിക്കണമെന്നും ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. ''അതിനാലുള്ള എല്ലാ ആവശ്യങ്ങളേയും നടപ്പായ എല്ലാ മാർഗ്ഗങ്ങളിലും കൂടുന്നതാണെന്ന'' ഈ മാതത്തെ ഞാൻ ഇവിടെ ഒന്നുകൂടി ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു. അതു ചിലവു കൂടുമെന്നു നിർണ്ണയമായി അർത്ഥമാകുന്നു. ആപൽക്കരമായ വെള്ളപ്പൊക്കത്തിൽ മുങ്ങിയിരിക്കുന്ന നമ്മുടെ സാധാരണയായുള്ള ധനസ്ഥിതി മുമ്പിലത്തെ നിലയിൽവരുന്നതിൽ ഉറപ്പിലും ബലത്തിലും നമ്മുടെ ധനസ്ഥിതി പോരാതെ വരുന്നതല്ലെന്നും ഞാൻ എന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇങ്ങനെ ഞാൻ പറയുമ്പോൾ ഇതിനിടയിൽ നാം വളരെ ചിലവുള്ള തായ പ്രതിനിധികളിൽ ഒന്നിലും പ്രവേശിക്കയില്ലെന്നു ഞാൻ നിശ്ചയമായി അനുമാനിച്ചിരിക്കുന്നു, നമ്മുടെ കോശസ്ഥിതി ധാരാളമായി ഉറപ്പുള്ളതാണെന്നു ഞാൻവഴിങ്ങുന്നു. പുതുതായിട്ടുള്ള നികുതികളെ ചുമത്താതെ ആദായമാർഗ്ഗങ്ങളെ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചു പറയുമ്പോൾ അതു പല്ലു ധനകാര്യസ്ഥനേയും വിഷമിപ്പിക്കുന്നതാണ്. എന്തെന്നാൽ ഗവൺമെണ്ടിനു കിട്ടിവരുന്ന പല തരത്തായവും, നേരിട്ടോ അല്ലാതെയോ ഉള്ള നികുതകൾ ചുമത്തി ജനങ്ങളുടെ മടശീലകളിൽനിന്നും വരുന്നതാണ്. എന്നാൽ ഒരർത്ഥത്തിൽനോക്കിയാൽ സാധാരണയായി നികുതിയെന്നു പറയപ്പെടുന്ന നികുതികൾ ചുമത്താതെ നമ്മുടെ ആദായമാർഗ്ഗങ്ങളെ വർദ്ധിപ്പിക്കുന്നതിനു കഴിയുന്നതാണ്, എങ്ങനെയെന്നാൽ നമ്മുടെ വാണിജ്യവ്യവസായങ്ങളിൽനിന്നും കൂടുതൽ ആദായം കിട്ടുന്നതിനു സ്രമിക്കയും ആ മാതിരിയുള്ള കൂടുതൽ പ്രവൃത്തികളിൽ പ്രവേശിക്കയുമാണ്. ഇപ്പോൾ നമുക്ക് ആ മാതിരിയുള്ള മൂന്നു പ്രവൃത്തികൾ ഉണ്ട്. അതായതു കോതയാർ കൃഷിമരാമത്തുവേല, അഞ്ചൽഡിപ്പാർട്ടുമെണ്ട്, തീവണ്ടി ഇവയാണ്. കായ്ത്തിൽ ഇവ മൂന്നും തന്നെ ഇപ്പോൾ ആദായംകിട്ടുന്ന ഡിപ്പാർട്ടുകൾ അല്ലാ. കോതയാർവേലക്കു ഇതുവരെ വൻ ചെലവു ചിലവാക്കിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ കിട്ടിവരുന്ന ആദായം കണക്കിനോക്കുമ്പോൾ അതു ചിലവിനേക്കാൾ കൂടുതലുള്ള ഒരു ശരാശരിയിൽ കവിയുന്നുണ്ട്. അഞ്ചൽഡിപ്പാർട്ടുമെൻറ് ഇപ്പോൾ നടപടിചെയ്യുന്നതു് ആണ്ടുതോറും ഒരുലക്ഷംരൂപ വീതം നഷ്ടപ്പെട്ടുന്നുണ്ട്. അഞ്ചൽഡിപ്പാർട്ടുമെൻറിനെ കൈവിടാതെ കേടുപാടുകൾതീർക്കി സൂക്ഷിക്കുന്നതിനുള്ള ചിലവും നാം അതിൽ ഇറക്കിട്ടുള്ള മൊത്തമുതലുകളുടെ പലിശയുടെയും കൂടി കണക്കാക്കുന്നതായാൽ സൂക്ഷ്മമായ നഷ്ടം ഇതിൽ കൂടുതൽ ആയിരിക്കാം. ഈ രണ്ടിനെയും ആദായകരമാക്കുന്നതിനു അവ ചെയ്യുന്ന പ്രവൃത്തികളുടെ വിധേയ കൂട്ടുണ്ടായിരിക്കുന്നു, അതായതു കോതയാർ മരാമത്തിനെ സംബന്ധിച്ചു് വെള്ളമറിക്കുടുകയും അഞ്ചൽ ഡിപ്പാർട്ടുമെണ്ടിൽ അഞ്ചൽ നിരക്കു കൂട്ടുകയുമാണ്.

മി: ടി. കുമാരപിള്ള (ഇരണിയലും—വിളവങ്കോടും): കോതയാർ ഡിവിഷനിലുള്ള സത്രത്തുകളുടേയും ടീബിക്കളുടേയും ചിലവുകൂട്ടി കോതയാർ പ്രോജക്ടിന്റെ ''നടത്തിപ്പുചിലവിൽ'' ഉൾപ്പെടുത്തീട്ടുണ്ടോ?

അദ്ധ്യക്ഷൻ: അതു നിങ്ങളുടെ അറിവുമാത്രമാണ്.

മി: ടി. കുമാരപിള്ള (ഇരണിയലും—വിളവങ്കോടും) ഞാൻ അതിനെ കണക്കാക്കീട്ടുണ്ട്. സൂക്ഷിപ്പു വകകളുള്ള പലചിലവിനത്തിൽ സുമാ, ൦൦൦ രൂപാ ഈ ആണ്ടിൽമാത്രമെ കുറയ്ക്കപ്പെട്ടിട്ടുള്ളു. കണക്കു കൂട്ടിയതിൽ എന്തോ പിശകുണ്ടെന്നാണ് തോന്നുന്നതു്.

മി: കെ. ജോർജ്ജ് (ഗവണ്മെൻറു ധനകാര്യദർശി): കണക്കുകൾ കാണിച്ചിട്ടുള്ള പുസ്തകം അല്പമെങ്കിലും നോക്കണം. സൂക്ഷിപ്പുവകയ്ക്കുള്ള ചിലവിനെ സാധാരണയുള്ള കണക്കുകളിൽ എല്ലാക്കാലവും കാണാറുണ്ടായിരുന്നു.

അദ്ധ്യക്ഷൻ: മി: കുമാരപിള്ളേ! നിങ്ങൾക്കു വല്ല സംശയവുമുണ്ടെങ്കിൽ അതിനു സമാധാനത്തിനുവേണ്ടി നിങ്ങൾക്കു ധനകാര്യദർശിയുടെ അടുത്തോ ചീഫ്സെക്രട്ടറിയുടെ അടുത്തോ പോകാവുന്നതും അവർ അതിനെ വിശദമാക്കിത്തരുന്നതുമാണ്.

മി: സി. ശങ്കരമേനവൻ (കൊല്ലം): അഞ്ചൽ ഡിപ്പാർട്ടുമെൻറുകാർ സേവിംഗ്സ്ബാങ്കു മുതലായതു കൂടി നടത്തുന്നതിനു്, അതിന്റെ ചിലവു് അവരുടെ വകയായുള്ള കൂടുകാരുണ്ടോഎന്നുഎന്നെ അറിയിക്കുമോ?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ധനകാര്യമന്ത്രി): അങ്ങനെ കൊടുക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കവും-ഏറ്റുമാനൂരും): കോതയാർ പേലകർക്ക് ചിലവാക്കീട്ടുള്ള തുകയുടെ കണക്ക് ഓഡിസ്സാർ ആണ്ടുതോറും ചിലവാക്കുന്ന തുകയുടെ പലിശക്കുടി ഉൾപ്പെടുത്തിട്ടുണ്ടോ എന്ന് ഏതെന്ന അറിയിക്കുമോ?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ധനകാര്യമന്ത്രി): ഇല്ല.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കവും-ഏറ്റുമാനൂരും): ഏകദേശം മുപ്പത് വർഷം മുമ്പായിൽ കൂടുതൽ ആയിരിക്കും

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ധനകാര്യമന്ത്രി): അഞ്ചൽനിരക്കിനെപ്പറ്റി പറയാം. ഇപ്പോൾ ഉള്ള അഞ്ചൽനിരക്കുകളുടെ കൂട്ടുതലിനെപ്പറ്റി മി: രാജരാമവർമ്മ പറയുകയുണ്ടായി. എന്നാൽ ഇവിടേയുള്ള അഞ്ചൽനിരക്കിനെ മറ്റു ദിക്കുകളിലെ അഞ്ചൽ നിരക്കിനോട് താരതമ്യപ്പെടുത്തിനോക്കിയാൽ ഇവിടെ ഇപ്പോൾ കൂട്ടിട്ടുള്ളത് ഒരു കാർഡിന് ഒരണയും ഒരു കൂടിന് ഒരു കാലണയും മത്രമാണ്. ഇവിടെയുള്ള നിരക്ക് വളരെ കുറവാണെന്നു നാം കാണുന്നതാണ്. ഉദാഹരണമായി കൊച്ചിയിലുള്ള നിരക്കിനെ നോക്കുന്നതായാൽ, അവിടെയുള്ള നിരക്ക് ഇവിടേയുള്ളതിൽ ഇരട്ടിയിൽ അധികമാണെന്നു കാണുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ നിരക്കുകൾ ഇതിലും വളരെ കൂട്ടുതലാണ്. അതുകൊണ്ടു ഞാൻ പറഞ്ഞതുപോലെ, കോതയാർ കൃഷിമരാമത്തിനെ സംബന്ധിച്ചു, നാം ഇപ്പോൾ കൂട്ടുകയും, അഞ്ചൽനിരക്ക് കൂട്ടുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ അഭിപ്രായങ്ങൾ ഈ സഭയ്ക്ക് സ്വീകാര്യങ്ങളായിരിക്കുകയില്ലെന്ന ഞാൻ വിചാരിക്കുന്നു.

തീവണ്ടിയെപ്പറ്റി പറയുന്നതായാൽ അതിൽനിന്നും നമുക്ക് കുറെ ആദായം കിട്ടിവന്നിരുന്നു. എന്നാൽ യുദ്ധത്തിനുശേഷം അറുകുറവേലകർക്കും പുനരുദ്ധാരണവേലയ്ക്കുമുള്ള കൂട്ടുതൽ ചിലവിനാലും, അവരുടെ കടത്തിനു കൊടുക്കേണ്ടതായ കൂട്ടുപലിശ പലിശ നിരക്കിനാലും മിച്ചമുണ്ടായിരുന്നതു നഷ്ടമായി പരിണമിക്കയും, ആ നഷ്ടം നമ്മുടെ പൊതു മുതലെടുപ്പിൽ നിന്നും സഹിക്കേണ്ടതായിവരികയും ചെയ്തു. എന്നാൽ ഈ നഷ്ടം താല്കാലികമായിട്ടുള്ളതാണെന്നും ഇനിമേൽ സാധാരണ കാലങ്ങളിൽ നമുടെ തീവണ്ടികളിലുനിന്നും നമുക്ക് ഒരു ന്യായമായ ആദായം കിട്ടുമെന്നും വിശ്വസിക്കുന്നതിനു കാരണങ്ങളുണ്ട്.

മി: ഏ. ഹഗ് വർഫ് (നിയമിതൻ): തീവണ്ടിയിൽനിന്നുള്ള ആദായം ആണ്ടിന്റെ ആദ്യത്തെ പകുതിയിൽ വളരെ കുറവും ഒടുവിലത്തെ പകുതിഭാഗത്തിൽ വളരെ കൂട്ടുതലും ഉണ്ടായിരുന്നതു എന്തുകൊണ്ടാണെന്നു എന്നെ അറിയിക്കുമോ?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ധനകാര്യമന്ത്രി): മീ: മക്കെ ശനിയാഴ്ച ചോദിച്ച ചോദ്യത്തെപ്പറ്റി പറയുമ്പോൾ ഈ ചോദ്യത്തിനു മറുപടി പറയുന്നതാണ്. എന്നാൽ തീവണ്ടിയുടെ ഒരുണ്ടത്തിൽ നമുക്ക് നേരിട്ടു യാതൊരു അവകാശവുമില്ലെന്നും അതിന്റെ ആദായത്തെ കൂട്ടുന്നതിനോ അതിന്റെ നടത്തിപ്പു ചിലവിനെ കുറക്കുന്നതിനോ യാതൊരു മാർഗ്ഗവും ഇല്ലെന്നും ഓർക്കേണ്ടതാണ്.

ആദായകരമായ മറ്റു പ്രവൃത്തികൾ ആരംഭിക്കുന്നതിനെപ്പറ്റി പറയുന്നതായാൽ അങ്ങനെയുള്ള പ്രവൃത്തിമാർഗ്ഗങ്ങൾക്ക് വളരെയായ പ്രാരംഭച്ചിലവുകൾ വേണ്ടിയിരിക്കുന്നു. ആ ചിലവിനെ നമ്മുടെ സാധാരണയായുള്ള ആദായത്തിൽനിന്നോ കൈയിരിപ്പിൽനിന്നോ വഹിക്കുന്നതു തീരെ സാദ്ധ്യമല്ലെന്നുള്ള സംഗതിയും ഓർക്കേണ്ടതാണ്. വായ്പകൾ എന്നതു അത്രകരമായ വഴിയാണെന്നും അവയെ പ്ലേഗിനെ എന്നപോലെ ഒഴിക്കേണ്ടതാണെന്നും മി: കുമാരപിള്ള പറയുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പ്രാചീനങ്ങളാണെന്നു ഞാൻ ശങ്കിക്കുന്നു. ആദായകരങ്ങളായ പദ്ധതികളെ കടം വാങ്ങിയുള്ള പണംകൊണ്ടു നടത്തുക എന്നുള്ളതു എല്ലാ പരിഷ്കൃതഗവണ്മെന്റുകളും അനുഷ്ഠിക്കപ്പെടുന്ന ഒന്നാണ്. വലുതായ ജോലികൾ ഒന്നും കടം വാങ്ങിയുള്ള പണംകൊണ്ടല്ലാതെ സാദ്ധ്യമല്ല എന്നുള്ളതുപോലെതന്നെ വായ്പ വാങ്ങിയുള്ള പണത്തിന്റെ സഹായംകൂടാതെ ആദായകരമായുള്ള തൊഴിലുകൾ ഒന്നും സാധിക്കുന്നതല്ല. സാധാരണയുള്ള ചിലവിനെ വഹിക്കുന്നതിനോ അല്ലെങ്കിൽ സംശയസ്ഥാനത്തിൽ ഉള്ളതോ ആദായകരമല്ലാത്തതോ ആയ പദ്ധതികൾക്കു കടം വാങ്ങുകയോ ചെയ്യുന്നതു ആക്ഷേപാർഹമാണ്; സംശയമില്ല. അതു സാധാരണയായിട്ടു ആരുതന്നെ അനുകൂലിക്കയില്ല. കടംവാങ്ങുന്നതിനെപ്പറ്റി മൈസൂരിൽനിന്നും നാം ഒരു പാഠം പഠിക്കേണ്ടതാണെന്നു മി: കുമാരപിള്ള വിചാരിക്കുന്നു. നേരെ മറിച്ചു വായ്പ വാങ്ങി ആദായകരങ്ങളായ തൊഴിൽ നടത്തി വലുതായ ആദായം എടുക്കുന്ന രാജ്യത്തിന്റെ നിലയിൽ മൈസൂരിനെ ഞാൻതന്നെ ഒരു ഉദാഹരണമായി പറഞ്ഞുകൊള്ളുന്നു. വില്ല്യുക്കിപക്കം, കൃഷ്ണരാജസാഗരവേലകൾ, തീവണ്ടിയെന്നിങ്ങനെ രണ്ടോ മൂന്നോ വേലകളിൽനിന്നും വരവായിട്ടു ലക്ഷം രൂപ അവക്ക് കിട്ടുന്നുണ്ടെന്നും അവരുടെ ആദായത്തോട് താരതമ്യപ്പെടുത്തിയാൽ അവരുടെ വായ്പകൾക്കുള്ള പലിശ തീരെ നിസ്സാരമായിട്ടുള്ളതല്ലെന്നും കാണിക്കുന്നതിനു എനിക്ക് കയ്യിൽ കണക്കുണ്ട്.

മി: ടി. കുമാരപിള്ള (ഇരണിയലും-വിളവങ്കോടും): ഞാൻ മൈസൂർ ദിവാന്റെ പ്രസംഗത്തിൽനിന്നും ഉദ്ധരണികൾ എടുത്തു പറഞ്ഞു എന്നേയുള്ളൂ. അതു എന്റെ സ്വന്തമല്ല.

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ധനകാര്യമന്ത്രി): ഒരുപക്ഷേ മൈസൂർ ദിവാൻ പറഞ്ഞതു, ഇനിയിട ആരംഭിക്കപ്പെട്ട ആദായകരമല്ലാത്ത ഏതെങ്കിലും വേലകളെപ്പറ്റിയായിരിക്കാം.

ഇനിയിടക്കാരംഭിക്കപ്പെട്ടിട്ടുള്ള അവരുടെ സംരംഭങ്ങളുടെ അവസാനഫലം എന്തായിരുന്നാലും അവരുടെ തീവണ്ടികളും വൈദ്യുതവേലകളും കൃഷിമരാമത്തു വേലകളും അവക്ക് അധികമായ ആദായത്തെ കൊടുക്കുന്നു എന്നുള്ളതിനു യാതൊരു തർക്കവുമില്ല; അതുകൊണ്ടു ആ സംഗതിയിൽ നാം അവരെ അനുകരിക്കുന്നതു നന്നായിരിക്കുമെന്നാൽ അങ്ങനെ ചെയ്യുന്നതിനു ജനങ്ങളും ഗവണ്മെന്റിനെ കൂടുതലായി വിശ്വസിക്കുകയും, അവർക്ക് കൂടുതലുള്ള പ്രവൃത്തി സ്വാതന്ത്ര്യം വിട്ടുകൊടുക്കയും ചെയ്യുന്നു.

സ്ഥിരമായ ആദായമാർഗ്ഗത്തെ അസ്ഥിരമായ ആദായമാർഗ്ഗങ്ങളിൽനിന്നും വേർതിരിക്കേണ്ട ആവശ്യകതയെപ്പറ്റി മി: ജി. പരമേശ്വരൻപിള്ളയും വേറെ പന്ത്രണ്ടു മെമ്പറന്മാരും വീണ്ടും പറയുകയും ആയതു മൈസൂരിൽ

ചെയ്യപ്പെട്ടുവരുന്നു എന്നും പറയുകയുണ്ടായി. ഈ വസ്തുതകളെ അസ്ഥിരമായ അടിസ്ഥാനമാക്കി ഭരണകക്ഷിയെ താഴെയിടുന്നതിനുള്ള സംഘടനയിൽ തത്പരരായി ഞാൻ അതിനോടു യോജിക്കുന്നു. എന്നാൽ ഞാൻ മുമ്പു ഒരിക്കൽ പറഞ്ഞതുപോലെ നമുക്കു അപ്രകാരം അസ്ഥിരങ്ങളും ആശയ ഇനങ്ങൾ അതു വളരെ ഇല്ല. സ്ഥിരപ്പെട്ടിട്ടുള്ള ദുനികുതിയെഴിച്ചാൽ മറെറല്ലാതരം ആദായവും കൊള്ളാരും മാററത്തിനിടയുള്ളതും അതുകൊണ്ടു ഏതൊക്കെ അസ്ഥിരമായിട്ടുള്ളവയുമാണ്. തിരുവിതാംകൂറിൽ അവസാനത്തിൽ ഇല്ലാതെയാക്കുന്നതായ ഏതു ആദായമാണു നാം ഗവണ്മെൻറ ഭൂമി വിറെറാക്കുന്ന ആദായമാണ്. എന്നാൽ അതും കുടിയാനിനെല്ലാം മതിയായ സ്ഥിരതയുള്ളതാണ്. അതും കൈവശപ്പെട്ടതുതന്നെ ഇനിയും വളരെ വിസ്തീർണ്ണത്തിൽ കിടപ്പുണ്ട്. അതിനെ എടുക്കുന്നതിൽ ജനങ്ങളും വളരെ സാവധാനമാണ്, ഇവ അവ സാനിപ്പിക്കുന്നതിനു ഇനിയും വളരെ കൊല്ലം കഴിയണം. ഈ കാലത്തിനിടക്കു ഈ മാറ്റങ്ങൾനിന്നും നമുക്കു ക്രമമായും സ്ഥിരമായുമുള്ള ഒരു ആദായം കിട്ടുന്നതു നിശ്ചയവുമാണ്. അതുകൊണ്ടു നമുക്കു ഭയപ്പെടേണ്ട കാര്യമൊന്നുമില്ല.—

മി: ടി. കുമാരപിള്ള (ഇരണിയൽ-വിളവംകോടു): ഉദ്യോഗമാറ്റി എതു രീതിയിലുള്ളതാക്കി അതു മാറ്റത്തിൽ നിന്നും നമുക്കു ആദായത്തെ പ്രതീക്ഷിക്കാം?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ധനകാര്യോദ്യോഗി): എനിക്കു നിർഭാഗ്യവശാൽ അതിനെ പ്രതിപാദിക്കുവാൻ സാധിച്ചിട്ടില്ല എന്നാൽ ഒരു പക്ഷേ കൊല്ലത്തിൽ കൂടുതലായ അതിനെ പ്രതീക്ഷിക്കുകയില്ലെന്നു എനിയ്ക്കു പറയുവാൻ കഴിയും.

അതുകൊണ്ടു ഈ ആദായത്തെ നമ്മുടെ കണക്കുകളിൽ ചേർക്കാതെ വിട്ടുകളയുന്നതുകൊണ്ടു വിശേഷിച്ചു ഗുണം ഒന്നും ഇല്ല; മൈസൂറിൻറെ സ്ഥിതി എൻറെ അഭിപ്രായത്തിൽ പ്രോത്സാഹജനകമാണ്. അവിടെ അസ്ഥിരസ്രോതസ്സിനുള്ള വേറൊരു ആദായം മുണ്ട്, അതായതു മൈസൂർ-കണ്ടോൺമെൻറ് പ്രദേശത്തിൽ നിന്നുമുള്ള ആദായമാണ്. ചില കാലങ്ങളിൽ ഇതു അവക്കു വലുതായ ആദായത്തെ കൊടുക്കുന്നു, മറെറ സമയങ്ങളിൽ ഈ ആദായം വളരെകുറവാണ്; ഏതായാലും അവരുടെ ചിലവിനെ ക്രമപ്പെടുത്തുന്നതിന് അവയെ ആശ്രയിക്കുന്നതു സാദ്ധ്യമല്ലെന്നു കണ്ടപ്പെട്ടു. ഇതിനെ ഒഴിച്ചാൽ, വേറെ ഏതെങ്കിലും ആദായമാകട്ടെ അസ്ഥിരമായിട്ടുള്ളതിനെത്തിൽ അവർ ഗണിച്ചിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ല. സൂക്ഷ്മമായി പറയുന്നതായാൽ കലാൽവകുപ്പിലെ ആദായം അസ്ഥിരവും, വിദ്യുത്പ്രസരത്തിൻറെയും മധുവഴിനെ പ്രസ്ഥാനത്തിൻറെയും പ്രചാരത്തോടു കൂടി, അതു ഇൻഡ്യയിലെ പല ഗവണ്മെൻറുകളുടേയും ബഡ്ജറിൽനിന്നു അവസാനത്തിൽ കണ്ണാതെ ആകാവുന്നതുമാണ്. എന്നാൽ ഇപ്പോൾ അതിനെ അസ്ഥിരമായ ആദായമായി അംഗീകരിക്കുന്നതിനും, ചിലവിനെ ക്രമപ്പെടുത്തുന്നതിനു അതിനെ കണക്കിൽ നിന്നും വിട്ടുകളയുന്നതിനും ആരുംതന്നെ സാഹസത്തിൽ മേലും ആലോചിക്കുന്നില്ല.

പതിവുപോലെ, ശമ്പളം വകയുള്ള ചിലവ് വളരെ ശ്രദ്ധിക്കേണ്ടതാവശ്യമാണെന്നും അതിനെ പറയിപ്പിക്കുന്ന രണ്ടു തരത്തിലായിരുന്നു. ഒന്ന്, മേൽതരം ഉദ്യോഗസ്ഥന്മാർക്കു കൊടുത്തുവരുന്ന ശമ്പളങ്ങൾ വളരെ കൂടുതലാണെന്നായിരുന്നു. വ്യക്തമായ രണ്ടു ഉദാഹരണവും എടുത്തുകാണിക്കപ്പെട്ടിട്ടു്. നേരത്തെമറിച്ചു, ചില ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറവാണെന്നും അതിനെ കൂട്ടണമെന്നു അഭിപ്രായമുള്ളതായി ചിലമഹന്മാർ ചിലർ തന്നെ പറയുകയുണ്ടായി. ആക്ഷേപത്തിൻറെ മറെറാരു രീതി ഉദ്യോഗങ്ങൾ അധികമായ് എണ്ണമാണ്. ഉദ്യോഗസ്ഥന്മാർക്കുള്ള ഈ ശമ്പളച്ചിലവിനെ സംബന്ധിച്ചു ഉദ്യോഗസ്ഥരുടെ അന്യോഗസ്ഥന്മാരുടെ സ്വാധീനമായി, വളരെവ്യത്യാസപ്പെട്ടതും തമ്മിൽയോജിപ്പിക്കപ്പെടുവാൻ സാധിക്കാത്തതുമായ അഭിപ്രായത്തെ കൈകൊള്ളുന്നു. എന്നാൽ അതു തിരുവിതാംകൂറിനുമാത്രമുള്ളതല്ല. ഈ ആക്ഷേപത്തെന്നെ ഇൻഡ്യയിലെ എല്ലാഗവണ്മെൻറിനേരെയും, ഒരു പക്ഷേ മറെറസ്ഥലങ്ങളിലും പ്രയോഗിക്കപ്പെടുന്നുണ്ട്. ഈ അടുത്തകാലത്തു തന്നെ, മൈസൂർ നിയമസഭയിൽ ഈ ആക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. ഉദ്യോഗസ്ഥാഗമനത്തിനു എന്തുതന്നെ പറഞ്ഞാലും ഈ ആക്ഷേപം പിന്നെയും പിന്നെയും ഉണ്ടാകുന്നതിനു ഇടയുള്ളതും അതിനെ അവസാനമായി നിർത്തുന്നതിനു സാധിക്കുന്നതല്ലാത്തതുമാകുന്നു. എന്നാൽ ഇപ്രകാരം പറയുന്നതിന് ഇവിടെ നിങ്ങളുടെ അനുമതിചോദിച്ചുകൊള്ളുന്നു, അതായതു്. ഉദ്യോഗസ്ഥലോകത്തെ പോറെന്നതിനു വേണ്ടി നികുതി അടയ്ക്കുന്ന ജനങ്ങളെ മനപ്പൂർവ്വം ഞെരുക്കുന്നുവെന്നോ അവരുടെ നന്മയെകരുതുന്നില്ലെന്നോ ഗവണ്മെൻറിനെ കുറെപ്പെടുത്തുന്നതു നീതിയല്ല. ചിലവിനെ കുറക്കുന്നതിനായി ഗവണ്മെൻറ പലമാർഗ്ഗങ്ങളും പരീക്ഷിച്ചുനോക്കുന്നുണ്ട്. ഇപ്പോൾ കഴിഞ്ഞപതിനഞ്ചോ സമയത്തു ഉദ്യോഗങ്ങളുടെ സംഖ്യയിൽ ഗണ്യമായ കുറവു വരുത്തിട്ടുള്ളതു് ഈ സങ്കല്പിയാവുന്നതാണ്.

മി: ജെ. ജോൺസിംഗ് (ചെങ്ങന്നൂർ തെക്കു മീനച്ചിൽ): കുറവു എത്രമാത്രം വരുത്തിട്ടുണ്ടെന്നു എനേയറിക്കുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ധനകാര്യോദ്യോഗി): അതു ഒരു ചോദ്യത്തിനു മറുപടിയായി പറയപ്പെട്ടിട്ടുണ്ടു്. എൻറെ കൈവശം തയ്യാറായികണക്കുകൾ ഇല്ല.

ഉദ്യോഗങ്ങൾ കൂടിട്ടുണ്ടെങ്കിൽ അതു് ഒഴിച്ചു കൂടാൻവയ്യാത്തകാരണം കൊണ്ടും അതു പിന്നിട് ചർച്ചയാക്കുന്നതിനുള്ള ഡിപ്പാർട്ടുമെൻറുകളിലുമാണ്, ഒരു പ്യൂണിനേയോ ശിപായിയേയോ തൻറെ ഡിപ്പാർട്ടുമെൻറിൽ കിട്ടുന്നതിനു എതു പ്രയാസം അനുഭവിക്കുന്നുവെന്നു ഡിപ്പാർട്ടുമെൻറ് മേലധികാരികൾക്ക് എല്ലാവർക്കും നല്ലപോലെ അറിയാവുന്നതാണ്. ഒന്നാമതായി അവക്കു ശരിയായ നടത്തുന്ന സിക്രട്ടറിയറിനെ തിരഞ്ഞെടുത്തുകഴിഞ്ഞിരിക്കുന്നു. പിന്നിട് ധനസംബന്ധമായ ഡിപ്പാർട്ടുമെൻറ അവരുടെ ആലോചനയെ തടസ്സപ്പെടുത്തുന്നതിനു ശ്രമിക്കുന, അവസാനമായി എപ്പോഴും ജാഗ്രതയോടുകൂടിയിരിക്കുന്ന ധനകാര്യക്കമ്മിറിയേയോടുമല്ലിരേണ്ടിയിരിക്കുന്നു. എല്ലാററിൻറെയും മുകളിൽ ഈ സഭയുമുണ്ടു്. ഇതുകൊണ്ടു നിവൃത്തിയുണ്ടെങ്കിൽ യാതൊരു ഡിപ്പാർട്ടുമെൻറ മേലധികാരിയും തൻറെ കീഴിൽ ഉള്ള ശമ്പളക്കാരെ വർദ്ധിപ്പിക്കുന്നതിനുള്ള അഭിപ്രായത്തെ പുറപ്പെടുവിക്കുന്നതിനു മെയ്യ്യപ്പെടുന്നില്ല. പുതിയ ഉദ്യോഗങ്ങളെ സൃഷ്ടിക്കുന്ന സംഗതി ഈ വിധമാണ്. ഇപ്പോൾ ഉദ്യോഗങ്ങളെ കുറയ്ക്കുന്നതിനെ പറഞ്ഞുപറയുമ്പോൾ, അധികാരഭ്രമം കൊണ്ടോ

ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിൽ ഉള്ള വ്യത്യാസം ഓരോ ഡിപ്പാർട്ടുമെന്റും മേലുദ്യോഗസ്ഥന്മാർ തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെ സംഖ്യയെവർദ്ധിപ്പിക്കുന്നതിനു ഇഷ്ടപ്പെടുന്നു എന്നുള്ള കാരണം കൂടുമ്പോഴാണ് ശരിയല്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ കഴഞ്ഞ പരിഷ്കാരത്തിൽ വളരെ ഡിപ്പാർട്ടുമെന്റുകളിൽ ഉദ്യോഗസ്ഥന്മാരുടെ എണ്ണം ഗണ്യമായി കുറക്കപ്പെട്ടിട്ടുണ്ട്. അതിൽ പിന്നീട് വളരെ ഡിപ്പാർട്ടുമെന്റുകളും അവയുടെ സാധാരണ ജോലികളും ആളില്ലായ്മയതിനാൽ നടത്തുവാൻ പ്രയാസമായിരിക്കുന്നുവെന്നു പരാതിപ്പെട്ടിട്ടുണ്ട്. ഈ അവസരത്തിൽ ഒന്നാമതായി സംഗതികളും നാം മനസ്സിലാക്കേണ്ടതാണ്. അതായതു് (ക) ഗവണ്മെന്റിന്റെ പ്രവൃത്തികളുടെ വർദ്ധന. (ഖ) ചട്ടങ്ങളുടേയും രൂഢികളുടേയും വർദ്ധനകൊണ്ടും ഈ സംഖ്യയുടെ ആവിർഭാവം കൊണ്ടും, എന്നു കൂടി ഞാൻ ഇവിടെ പറഞ്ഞു കൊള്ളട്ടെ. ഗവണ്മെന്റിന്റെ ജോലിക്കുള്ള ബുദ്ധിമുട്ടു കുറയ്ക്കുന്നതിനാണ് ഇവയൊന്നും. ഞാൻ മുൻപുള്ള അവസരങ്ങളിലെ പ്രസംഗിച്ചിട്ടുള്ള പോലെ ഏതാനും ചില ഉദ്യോഗങ്ങൾ കുറയ്ക്കാൻ പാടില്ലെന്നു ഗവണ്മെന്റു പറയുന്നില്ല. എന്നാൽ ഇതു അതു വളരെ വലുതല്ല. ക്ഷാമാശ്വാസത്തിനു ശമ്പളം വകയ്ക്കു അനുവദിച്ചിട്ടുള്ള തുക ഒരു ലക്ഷം രൂപയാണെന്നു കാണപ്പെടുന്നു. ഈ ചിഹ്നത്തിനെ വേർതിരിച്ചു നോക്കുമ്പോൾ ഈ തുകയിൽ നിന്നും വിദ്യാഭ്യാസവകുപ്പു വകയിൽ ലക്ഷം രൂപാ എടുക്കുന്നു. വൈദ്യസംബന്ധമായ ഡിപ്പാർട്ടുമെന്റും ആശുപത്രികളുടെ ഡിപ്പാർട്ടുമെന്റും രണ്ടു ലക്ഷവും എടുക്കുന്നു. ഈ ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചു നോക്കിയാൽ അവയെക്കൊണ്ടു ജനങ്ങൾക്കുള്ള ഉപയോഗം അധികമായി നിലനിൽക്കുന്നു എന്നു തന്നെ അഭിപ്രായപ്പെടുന്നു. പിന്നെ നിർദ്ദയ വകുപ്പിനു്, ൻ.ക്ര-ലക്ഷവും ഡിവെലപ്പുമെന്റു ഡിപ്പാർട്ടുമെന്റിനു ക്ര.ശ-ലക്ഷവും കിട്ടുന്നു. ഈ നാലു ഡിപ്പാർട്ടുമെന്റുകൾക്കും കൂടി ര ലക്ഷം രൂപാചിലവാകുന്നു, ഈ ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചു ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിലൊ അവരുടെ ശമ്പളത്തിലൊ ഗണ്യമായവ്യത്യാസമുണ്ടാകണമെന്നു നിബന്ധിക്കപ്പെടുന്നില്ല. നേരേമറിച്ചു ഏതാനും ചില സംഗതികളിൽ ഈ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തേയും മേൽകയറ്റത്തിനുള്ള സൌകര്യത്തേയും വർദ്ധിപ്പിക്കണമെന്നാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്. പിന്നെനമുടെ പട്ടാളവകുപ്പും ശിവസ്ഥാപ വകുപ്പും ഹോസ്പിറ്റൽ വകുപ്പും കൂടി രണ്ടു ലക്ഷം രൂപാചിലവാകുന്നു, ഈ ഡിപ്പാർട്ടുമെന്റുകളിൽ വ്യയനിയന്ത്രണം സാധിക്കുന്നതല്ല. പിന്നെ മരാമത്തുവകുപ്പുകളും ചേർത്തു ഏതാണ്ടു സുമാ ലക്ഷം രൂപാചിലവാകുന്നു, സംഗ്രഹം ഇങ്ങനെയിരിക്കെ ഈ ഡിപ്പാർട്ടുമെന്റുകളിൽ കുറവുകൾ വരുത്തുന്നതു്. എങ്ങനെയാണ്? പരിപോഷണപദ്ധതികളിലേക്കു നാമമാത്രമായിക്കുറച്ചുകൂടുകിലും പണംകിട്ടുകയില്ലയിരിക്കുന്നതു് എങ്ങനെയാണ്?

തിരുവിതാംകൂർ വിദ്യാഭ്യാസത്തിനുള്ള വ്യത്യയ ചിലവിനെപറ്റി പറയുകയുണ്ടായി. ഇതിനുള്ളകാരണം തിരുവിതാംകൂറിൽ പ്രൈമറിപള്ളിക്കൂടങ്ങൾ തുടങ്ങി കൊശാലകൾവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വളരെഎണ്ണം ഡിപ്പാർട്ടുമെന്റു മുഖാന്തരം നടത്തപ്പെടുന്നവയാണ്; നേരേമറിച്ചു ബ്രിട്ടീഷിൻഡ്യാ മൈസൂർ മുതലായ മറ്റു സ്ഥലങ്ങളിൽ ഇവയിൽ ഒരു വലിയഭാഗം മുൻസിപ്പാലിറ്റികളാലും പ്രാദേശിക സംഘങ്ങളാലും വഹിക്കപ്പെടുന്നു. അതുകൊണ്ടു നമ്മുടെ വിദ്യാലയങ്ങൾക്കു കൂടുതൽ ചിലവുള്ളവയാണ്.

മി: എ. ഹഗാർഡ് (നിയമിതൻ): കൂടുതൽ ഗവണ്മെന്റു വിദ്യാലയങ്ങളെ സ്വകാര്യസ്ഥാപനങ്ങൾക്കു വിട്ടുകൊടുത്തുകൂടെ? ഗവണ്മെന്റു ചിലവിനെ കുറയ്ക്കുന്നതിനു എന്തുകൊണ്ടാണ്?

അദ്ധ്യക്ഷൻ, ജനങ്ങൾ പള്ളിക്കൂടങ്ങളിൽ ചിലതു നടത്തികൊള്ളാമെന്നു മുള്ളുന്നതുവരെ അവയെ വിട്ടുകൊടുക്കുന്നതിനെ ഗവണ്മെന്റിനു വളരെ സന്തോഷമാണ്.

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ധനകാര്യോദ്യോഗസ്ഥർ): തിരുവിതാംകൂറിൽ എല്ലാവിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവണ്മെന്റു നടത്തണമെന്നു് ജനങ്ങൾ ആവശ്യപ്പെടുകയും ഡിപ്പാർട്ടുമെന്റു പള്ളിക്കൂടങ്ങളിൽ ഫീസു നാംചിലതിനെ സ്വകാര്യസ്ഥാപനങ്ങൾക്കു വിട്ടുകൊടുക്കുന്നതിനായി ആലോചിക്കുമ്പോൾ അതിനെ ബലമായി എതിർക്കുകയും ചെയ്യുന്നു.

ഞാൻ ഇനിയും, വാഗ്പ്രതിവാദത്തിനിടയിൽ പുറപ്പെടുവിക്കപ്പെട്ട ചില നിശ്ചിതസംഗതികളെപ്പറ്റി പറയാം.

ബ്രിട്ടീഷ്ഗവണ്മെന്റുമായുള്ള ഉറച്ച ഉടമ്പടിയെപ്പറ്റി വളരെ സാംഗങ്ങൾ പ്രതിവാദിക്കയുണ്ടായി. ഇതിനെസംബന്ധിച്ചു് എനിക്കിത്രമാത്രമേ പറയേണ്ടതായിട്ടുള്ളു. ഈ ഉടമ്പടിയെ പുതുക്കുന്നതുകൊണ്ടുണ്ടാകുമെന്നു് വിചാരിക്കപ്പെടുന്ന ആനുകൂല്യങ്ങൾ വാസ്തവത്തിൽ വലിയ ചിലവുള്ളതാതെ ഇപ്പോൾ കിട്ടിട്ടുണ്ടെന്നു് പരസ്യമായിത്തീർന്നിട്ടുള്ള കൊച്ചിഉറച്ചഉടമ്പടിയിലെ വ്യവസ്ഥകൾ കാണിക്കുന്നതാണ്, ഈ ഉടമ്പടി ക്രി.പി. അക്ടോബർമാസത്തിലെ ഗസറിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്.

തേയിലയിലുള്ള നികുതിയെസംബന്ധിച്ചിടത്തോളം നമുക്കു ലോഭമായുള്ളസ്ഥിതിയെപറ്റി ഇവിടെ പറയുകയുണ്ടായി. അതിനെപ്പറ്റിയുള്ള ഏർപ്പാടു് ഇതാണ്, ബ്രിട്ടീഷ്ഇൻഡ്യാജാമുഖങ്ങളിൽകൂടി അന്യരാജ്യങ്ങളിലേക്കു കയറുമതിചെയ്യുന്ന തേയിലയുടെ മുഴുവൻ നികുതിയും നാം പിരിക്കുന്നു. എന്നാൽ അങ്ങനെ പിരിക്കപ്പെടുന്ന നികുതിയിൽ പകുതി ബ്രിട്ടീഷ്ഗവണ്മെന്റിനു കൊടുക്കുന്നു. അതിനുള്ള കാരണം അവരുടെ ഉറമുഖങ്ങളിൽകൂടി കയറുമതിചെയ്യുന്ന തേയിലക്കു മുഴുവൻ തീരുവയും ചുമത്തുന്നതിനു് അവർക്കവകാശമുണ്ടെന്നുള്ളതാണ്. ഈ ഏർപ്പാടില്ലായിരുന്നു എങ്കിൽ, നമ്മുടെ രാജ്യത്തുണ്ടാക്കപ്പെടുന്ന തേയിലക്കു് ഇരട്ടിനികുതി സഹിക്കേണ്ടിവരികയും അതുകാരണം അന്യരാജ്യത്തിലുള്ള കച്ചവടസ്ഥലങ്ങളിൽ തിരുവിതാംകൂർ തേയിലയുടെ വില്പനയിൽ സാരമായ ദോഷം നേരിടുകയും ചെയ്യുമായിരുന്നു. അതു് നമ്മുടെ രാജ്യത്തിനു വളരെ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന കച്ചവടങ്ങളിൽ ഒന്നായ തേയിലക്കച്ചവടത്തിന്റെ സാരമായി ബാധിക്കുമായിരുന്നു.

മി: സി. ശങ്കരമേനവൻ (കൊല്ലം): ഉറമുഖയുടമ്പടി, കയറുമതിചെയ്യപ്പെടുന്ന തേയിലയിൽ നികുതി ചുമത്തുന്നതിനു് അധികാരപ്പെടുത്തുന്നില്ലയൊ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റു ധനകാര്യോദ്യോഗസ്ഥർ): ഉറമുഖയുടമ്പടി കയറുമതിയെപ്പറ്റി പറയുന്നതായി ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. സി. ശശീന്ദ്രൻ (കൊല്ലം): തിരുവിതാംകൂർ സിമന്റ്സ് പ്രൊമോഷൻ ചട്ടപ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാരിൽ അർഹരായ ചിലരെ ഒഴിവാക്കിയിരിക്കുന്നതിനെപ്പറ്റി.

ഫാക്ടറി: ബ്രിട്ടീഷ് ഗവൺമെന്റിന് അവരുടെ ആവശ്യങ്ങളിലേക്കായി ഈ ഫാക്ടറി ഏറ്റെടുക്കുന്നതിനെ അല്പം കാലമായി ഉത്പാദനം നടത്തുന്നില്ല.

ശ്രീ: സ. ശങ്കരനാരായണൻ (കൊല്ലം): തിരുവിതാംകൂർ സിമന്റ്സിലെ ചെയർമാൻ ചെയ്തുവരുന്ന ചില സാമ്പത്തിക ക്രമക്കേടുകൾ, ഓഡിറ്റിംഗ് കമ്മിറ്റിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതിനെപ്പറ്റി എന്നിവയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

അദ്ധ്യക്ഷൻ: ബ്രിട്ടീഷ് ഇൻഡ്യൻ സിമന്റ് കമ്പനിയുടെ ചെയർമാനെന്ന നിലയിലുള്ള നടപടികൾ സംബന്ധിച്ച് ഈ സഭയിൽ ചർച്ച നടത്തുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല. ഇന്ത്യൻ കമ്പനികളുടെ ഡയറക്ടർമാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇവിടെ ചർച്ചചെയ്യുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല. ഇന്ത്യൻ കമ്പനികളുടെ ഡയറക്ടർമാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇവിടെ ചർച്ചചെയ്യുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല. ബ്രിട്ടീഷ് ഇൻഡ്യൻ സിമന്റ് കമ്പനിയിൽ നിക്ഷേപമുള്ള ഇന്ത്യാക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഇന്ത്യാഗവൺമെന്റ് ഒരു ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. ഈ ഡയറക്ടർ ഇന്ത്യാക്കാരുടെ താല്പര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ടോ എന്നുള്ള കാര്യം ഞാൻ അന്വേഷിക്കുന്നതാണ്.

ശ്രീ: ഇ. ഗോപാലൻ (ഗവൺമെന്റ് ധനകാര്യമന്ത്രി): ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഫാക്ടറി ഏറ്റെടുക്കുന്നതിനെ അല്പം കാലമായി ഉത്പാദനം നടത്തുന്നില്ല. ഈ

ഇപ്പോൾ ശേഖരിച്ചിട്ടുള്ള വണ്ടികൾ മുഴുവൻ ഉപയോഗിക്കുന്നില്ല. പുതുതായി ചുമതലയേറ്റ ചീഫ് എഞ്ചിനീയർ-സ്യൂവർമാനും അവസരംപോലെ സംസ്ഥാനംവിട്ടുപോയിട്ടില്ലെങ്കിൽ ഇരിപ്പുള്ള വണ്ടികളുടെ എണ്ണം ചുരുക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. രാജ്യത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ കിടന്നുകൊണ്ട് ഓരോ വണ്ടിക്കും ഓരോ ദിവസവും ശരാശരി കുറഞ്ഞത് എണ്ണൂറ് രൂപയുടെ വീതം നഷ്ടമുണ്ടാക്കുന്നുണ്ട്. ഇതിൽ പകുതിയെങ്കിലും കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന വണ്ടികളിൽ ഭൂരിഭാഗവും ഉപയോഗശൂന്യമായിട്ടുള്ളവയാണ്. ബ്യൂറോക്രാറ്റുകളുടെ തീവണ്ടികളിൽ ഇടിച്ചുകൊണ്ടുപോകപ്പെടുന്നവയും അവയിൽ കണക്കാക്കിയിട്ടില്ലാത്തവയുമാണ്.

ഒരു കാലത്തു് കൈവശമുണ്ടായിരുന്ന ധാരാളം വണ്ടികളിൽ കുറച്ചെണ്ണം ഇപ്പോൾ ആവശ്യപ്പെടുന്നവർക്കു് കൊടുത്തുകഴിഞ്ഞു. എന്നാൽ കുറച്ചെണ്ണം വണ്ടികൾ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടു്. കുറച്ചുകൂടി വണ്ടികൾ ഇനിയും ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ടു്. ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന വണ്ടികളുടെ എണ്ണം ഇപ്പോൾ ആവശ്യപ്പെടുന്നതിൽ കുറച്ചധികമാണു്.

വണ്ടികൾ തിരിയാതെ ഇരിക്കുന്നതിനെ പരിഹരിക്കുമ്പോൾ, ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന വണ്ടികൾ ഓടുന്നതിനുള്ള ചെലവു് കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടു്. ഓടിക്കൊണ്ടിരിക്കുന്ന വണ്ടികൾക്കു് ഇന്ധനം നിറയ്ക്കുന്നതിനുള്ള ചെലവു് കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടു്.

[illegible] ഇപ്പോൾ [illegible] ഇതിനെ [illegible] ഇതിനെ [illegible] ഇതിനെ

അഞ്ചൽ കെട്ടിടങ്ങളുടെ പണി തുടങ്ങുന്നതിനുള്ള ചിലവിനെ സംബന്ധിക്കുന്നതിന് ഇപ്പോൾ ഇരിക്കുന്ന കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ള ആളാണ് ഞാൻ. അഞ്ചൽ കെട്ടിടങ്ങൾക്ക് എന്നുള്ളതിനെപ്പറ്റിയും മി: മേനവൻ പറയുകയുണ്ടായി. ഇനി, ഡിപ്പാർട്ടുമെന്റിനാൽ ഉപയോഗിക്കപ്പെടുന്ന കെട്ടിടങ്ങളുടെ സാമാന്യവിലയെ കണക്കാക്കുന്നതിനു കൂടി ഞാൻ ഫിക്സ് ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്ത് ആ തുക കണ്ടുപിടിക്കുകയും പിന്നീടവ ആ ഡിപ്പാർട്ടുമെന്റിന്റെ മേൽ ചുമത്തുന്നതുമാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിപ്പാർട്ടുമെന്റുകൾക്കുള്ള കെട്ടിടങ്ങൾ നിർമ്മിച്ചു കൊടുക്കുന്നതിനു (പരിപാലിക്കുന്നതിനും) വേണ്ടി ചെയ്യുന്ന ചിലവിനെപ്പറ്റിയാണോ ചോദിച്ചിട്ടുള്ളത്?

മി: കെ. ജോസ്സ് (ഗവർണ്മെന്റ് ധനകാര്യോദ്യോഗസ്ഥർ): അതിന് ഒരു വിധത്തിലുള്ള പരിഗണനയും ചെയ്തിട്ടില്ലായിരുന്നതാണ്.

അദ്ധ്യക്ഷൻ:—മി: ജോസ്സ്! നിങ്ങൾ പറഞ്ഞു തീർന്നോ.

മി: കെ. ജോസ്സ് (ഗവർണ്മെന്റ് ധനകാര്യോദ്യോഗസ്ഥർ): പുതിയ ഇനിയും പറയേണ്ടതായി വരുമെന്നു തോന്നുന്നില്ല. ഇവിടെ പറയപ്പെട്ടതായ പ്രസംഗങ്ങളിൽ നിന്നും ഞാൻ ഒരു സംഗതിയെപ്പറ്റിമാത്രമേ പറയുന്നുള്ളൂ. ഖജനാവുകളിൽ നിന്നുള്ള ധനാപഹരണങ്ങളെപ്പറ്റിയും അവ, സാധാരണസംഭവങ്ങളാണോ അതോ ഒന്നോ രണ്ടോ മെമ്പർമാർ പറയുകയുണ്ടായി. ഈ അടുത്തൊന്നായി അതുപോലുള്ള ഒന്നോരണ്ടോ കേസുകൾമാത്രമേ ഉണ്ടായിട്ടുള്ളൂ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡയറക്ടറുടെയും, കൊല്ലത്തുള്ള മജിസ്ട്രേറ്റുമാരുടെയും അധിക്ഷേപകരമായ സംഭവങ്ങളും, ഇതു പോലെ പല സംഭവങ്ങളുമുണ്ട്.

മി: കെ. ജോസ്സ് (ഗവർണ്മെന്റ് ധനകാര്യോദ്യോഗസ്ഥർ): കോട്ടയത്ത് അതു വളരെക്കാലം മുമ്പ് നടന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിക്കവാറും കൊല്ലം തോറും ഉണ്ടാകുന്നു.

മി: കെ. ജോസ്സ് (ഗവർണ്മെന്റ് ധനകാര്യോദ്യോഗസ്ഥർ): കൊട്ടാരക്കരയുള്ള സംഗതിയെപ്പറ്റി ഉദ്യോഗസ്ഥന്മാരിൽ എനിക്കൊരഭിപ്രായം കിട്ടിയിട്ടില്ല.

മി: സി. ജോൺസിംഗ് (ചങ്ങനാശ്ശേരി): മിസ്സപ്പെടുത്തിയ കേസുകൾ ഇനിയും ഇല്ലായോ?

മി: കെ. ജോസ്സ് (ഗവർണ്മെന്റ് ധനകാര്യോദ്യോഗസ്ഥർ): അതിനെപ്പറ്റി എങ്ങനെയാണ് അറിയുന്നത്.

അദ്ധ്യക്ഷൻ:—നാം അധിവസിക്കുന്ന ലോകം പൂർണ്ണതയെ പ്രാപിച്ചതല്ലെന്നു ധാരാളമായി തിരുത്തപ്പെട്ടിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നു. അതിൽ വ്യത്യാസം പ്രവർത്തിക്കുന്ന ജനങ്ങളാണ് എന്നും ഉണ്ടായിരിക്കുന്നതാണ്.

മി: കെ. ജോസ്സ് (ഗവർണ്മെന്റ് ധനകാര്യോദ്യോഗസ്ഥർ): എനിക്ക് ഇനിയും കൂട്ടിച്ചേർത്തു പറയുന്നതിനൊന്നുമില്ല.

സഭ ഒരു മണിക്കു പിരിഞ്ഞു, അടുത്ത ദിവസം രാവിലെ ഏകദേശം പത്തിന് വീണ്ടും കൂടുന്നതാണ്.

(A true translation.)

എസ്. പരമേശ്വരയ്യർ,
നിയമസഭാസിക്രട്ടറി.

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ

ഫൻറ്റർ ആഗസ്റ്റ് 9ന- ചൊവ്വാഴ്ച.

ഒഫീഷ്യൽ റീപ്പോർട്ട്.

ക്ഷ അടിച്ചു നടന്ന മിന്നിട്ടായപ്പോൾ വിദ്യോദയാ ക്ഷുബിഹാളിൽ വീണ്ടും യോഗം കൂടി. പ്രസിഡണ്ട് അദ്ധ്യക്ഷംവഹിച്ചു.

ചോദ്യങ്ങളും മറുപടികളും.

[ക്ഷ-ാം നമ്പർ സ്റ്റാൻറിങ്ങ് ആർഡർപ്രകാരം പ്രസിഡണ്ട് ചെയ്ത ഉത്തരവ്:—

ക. ഒരു യോഗത്തിന് ചോദിക്കാനുള്ള ചോദ്യങ്ങളുടേയും പറയാനുള്ള മറുപടികളുടേയും അച്ചടിച്ച പ്രതികൾ പ്രസിഡണ്ടിന്റെ സ്ഥാനത്തിരിക്കുന്നതിനു ക ദിവസം മിന്നിട്ടു മുൻപായി സഭയിൽവച്ചു മെമ്പർമാർക്കു കൊടുക്കേണ്ടതാകുന്നു.

ഖ. ചോദ്യങ്ങൾ ചോദിക്കുകയും മറുപടി പറയുകയും ചെയ്യുന്നതു താഴെ വിവരിക്കുംവിധം വേണ്ടതാകുന്നു.

ഓരോ ചോദ്യകർത്താവിന്റേയും പേരു അതിൽ എഴുതിയിരിക്കുന്ന മുറയ്ക്കു സെക്രട്ടറി വിളിക്കുകയും ചോദ്യത്തിന്റെ ക്രമനമ്പർ പറയുകയും മെമ്പർ ഉപചോദ്യങ്ങളൊന്നും ചോദിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ആ ഘോഷത്തിനു ഇരിപ്പിടത്തു എഴുന്നേറ്റുനിൽക്കുന്നതിനു വേണ്ട സമയം അനുവദിക്കയുംചെയ്യണം. ഉപചോദ്യങ്ങളും അവയ്ക്കാസ്പദമായ പ്രധാനചോദ്യങ്ങളും കഴിഞ്ഞാലുടൻ ചോദിക്കേണ്ടതാകുന്നു.]

ചോദ്യങ്ങൾ.

പ്രൈവറ്റ്സ്കൂളുകളിലെ മാനേജർമാക്കും ഹെഡ്മാസ്റ്റർമാക്കും ഉള്ള അധികാരങ്ങൾ.

൪൬. മി. എ. ഇഗ്നാർഫ് (ഗവർണ്മെൻറു നിയമിച്ച മെമ്പർ):

(ക) പ്രൈവറ്റുവിദ്യാലയങ്ങളുടെ മാനേജർമാക്കും ഹെഡ്മാസ്റ്റർമാക്കും

(i) തനിച്ചും

(ii) പരസ്പരസഹകരണത്തോടുകൂടിയാലും

പ്രയോഗിക്കാവുന്നപ്രത്യേകാധികാരങ്ങൾ എന്തെല്ലാം?

(ഖ) സ്കൂളിലെ റിക്കാർഡുകൾക്കു ആരാണ് ഉത്തരവാദി?

(ഗ) ഹെഡ്മാസ്റ്റർക്കു എന്തെങ്കിലും ഉത്തരവാദിത്വമുണ്ടെങ്കിൽ അതു ഏതൊക്കെയാണു റിക്കാർഡുകളെ സംബന്ധിച്ചാണ്?

(ഘ) യാതൊരു റിക്കാർഡിനെക്കുറിച്ചും ഹെഡ്മാസ്റ്റർക്കു പൂർണ്ണമായിട്ടുതിരിക്കയോ ഏതെങ്കിലും ചില റിക്കാർഡുകളെക്കുറിച്ചു മാത്രം ഉത്തരവാദിത്വമില്ലാതിരിക്കുകയോ ചെയ്യുന്നെങ്കിൽ അത്തരം റിക്കാർഡുകളിൽ എന്തു, ഏതൊക്കെയാണു വായിച്ചുനോക്കാൻ വേണ്ടി മാനേജരുടെ പക്കൽനിന്നു ആവശ്യപ്പെടാൻ അയാൾക്കവകാശമുണ്ട്?

(ങ) സ്കൂളിൽനിന്നയക്കുകയും സ്കൂളിലേക്കു വരികയുംചെയ്യുന്ന എഴുത്തുകളുടെ ഫൈൽ സൂക്ഷിക്കേണ്ടതാരാണ്?

(ന) ഹെഡ്മാസ്റ്റർ അയാളുടെ ഉദ്യോഗനിലയിൽ അയക്കുന്ന എല്ലാ എഴുത്തുകളുടേയും പകർപ്പു മാനേജരയക്കുന്ന എഴുത്തുകളുടെ പകർപ്പുകളും സൂക്ഷിക്കുന്ന ഫൈലിൽചേർത്തു സൂക്ഷിക്കാൻ ഹെഡ്മാസ്റ്റർക്കു അവകാശമുണ്ടോ?

(ഛ) അങ്ങനെ അവകാശമില്ലെങ്കിൽ മാനേജർവഴിയായിട്ടല്ലാതെ നടത്തുന്ന എല്ലാ എഴുത്തുകളുടേയും ഒരു പ്രത്യേകഫൈൽ അയാൾ സൂക്ഷിക്കേണ്ടതായ ആവശ്യമുണ്ടോ?

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെൻറു സെക്രട്ടറി)

(ക) മുതൽ (ഛ) വരെ: വിദ്യാഭ്യാസഡയരക്ടർ ഫൻറ്റർ ജൂൺ മാസം-ാം നമ്പരായി അയച്ചിട്ടുള്ള * സ്റ്റാൻഡിങ്ങ് ആർഡറിലെക്ക മെസഡിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതിന്റെ ഒരു പകർപ്പു മേശമേൽ വെച്ചിരിക്കുന്നു. ഈ വിഷയത്തെക്കുറിച്ചു വേറെ യാതൊരു ഉത്തരവും ഉണ്ടായിട്ടില്ലെന്നും, ഈ സ്റ്റാൻഡിങ്ങ് ആർഡറിൽ പറഞ്ഞിട്ടില്ലാത്തസംഗതികളിൽ മാനേജരും ഹെഡ്മാസ്റ്ററും പരസ്പരം വ്യവസ്ഥചെയ്തു നടത്തിപ്പോരുന്നുവെന്നുമാണ് ആറിയുന്നതു.

മി. എ. ഇഗ്നാർഫ് (ഗവർണ്മെൻറു നിയമിച്ച മെമ്പർ): ഈ സംഗതിയിൽ ക്ലിപ്തമായ വ്യവസ്ഥകളില്ലാത്തതുകൊണ്ടു മാനേജർമാരും ഹെഡ്മാസ്റ്റർമാരും തമ്മിൽ വളരെ അസുഖവും തെറ്റിദ്ധാരണയും ഉണ്ടാകുന്നതിനിടയായിട്ടില്ലേ?

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെൻറു സെക്രട്ടറി): ഒരു പ്രത്യേകപ്രശ്നമുണ്ടാകുമ്പോൾ അതുസംബന്ധിച്ചു ഇങ്ങനെ തെറ്റിദ്ധാരണയുണ്ടായിട്ടുണ്ടെന്നറിയാം; വളരെ അധികം ഒഴിവാക്കണമെന്നു എൻറെ അറിവിൽ പെട്ടിട്ടില്ല.

മി. എ. ഇഗ്നാർഫ് (ഗവർണ്മെൻറു നിയമിച്ച മെമ്പർ): അത്തരം തെറ്റിദ്ധാരണകളെ തടയുന്നതിനു വേണ്ടി ചില നിയമങ്ങളും ഗവർണ്മെൻറു സഭയും ഉണ്ടാക്കുമോ?

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെൻറു സെക്രട്ടറി): നിയമങ്ങളും ഉണ്ടാക്കിട്ടുണ്ടു. അവയുടെ ഒരു പകർപ്പു മേശമേൽ വെച്ചിരിക്കുന്നു.

അടുത്ത സാമാന്യതിരഞ്ഞെടുപ്പിലേക്കുള്ള നിയോജകമണ്ഡലങ്ങൾ.

൪൭. മി. എ. ഇഗ്നാർഫ് (ഗവർണ്മെൻറു നിയമിച്ച മെമ്പർ):

---

* അനുബന്ധം നോക്കുക.

(എ) കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പുകാലത്തു ചില സാമാന്യ ഗ്രാമീണ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ടിരുന്ന ചില താലൂക്കുകളെ മറ്റു ചില നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ടിരുന്ന ചില താലൂക്കുകളോടു ചേർത്തിരിക്കുന്നതുകൊണ്ടു് അടുത്ത സാമാന്യ തിരിഞ്ഞെടുപ്പിലേക്കു എന്തു വ്യവസ്ഥയാണു് ഗവർണ്മെന്റു ചെയ്യാൻ തീരുമാനിച്ചിരിക്കുന്നതു്?

(ബി) കഴിഞ്ഞതവണത്തെ നിയോജകമണ്ഡലങ്ങൾതന്നെ വെച്ചുകൊണ്ടിരിക്കുന്നതായാൽ ഒരേ താലൂക്കിനെ പല നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടുത്തുന്നതുകൊണ്ടു നേരിടുന്ന വിഷമങ്ങളും തജ്ജന്യമായ അസൗകര്യങ്ങളേയും അവകാശവ്യവിജ്ഞാനത്തെയും ഗവർണ്മെന്റു മനസ്സിലാക്കുന്നില്ലേ?

മി. ആർ. കൃഷ്ണപിള്ള (ഗവർണ്മെന്റു ചീഫ് സെക്രട്ടറി):

(എ) യും (ബി) യും. ഈ വിഷയം മുഴുവനേ ഗവർണ്മെന്റിന്റെ ആലോചനയിലിരിക്കുന്നു.

വിദ്യാലയങ്ങളിൽ മേശിയാളർശങ്ങൾ.

൪൨. മി. എ. ഹഗ്വർഫ് (ഗവർണ്മെന്റു നിയമിച്ച മെമ്പർ):

(എ) വിദ്യാലയങ്ങളിൽ മേശിയാളർശങ്ങളുടെ പ്രചാരത്തെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു തടയുന്നുണ്ടെന്നുള്ളതു വാസ്തവമാണോ?

(ബി) . മി. ഗാന്ധിയെപ്പോലെയുള്ള ഇൻഡ്യൻ സ്വദേശനേതാക്കന്മാരുടെ ജീവചരിത്രവും ഉപദേശങ്ങളും ക്ലാസ്സിനുള്ളിലായാലും പുറത്തായാലും സംഭാഷണവിഷയമോ വാദവിഷയമോ ആക്കാതിരിക്കാൻതക്കവണ്ണം നിഷ്കർഷ ചെയ്തുകൊള്ളണമെന്നു വിദ്യാലയാധികാരികളെ ഗവർണ്മെന്റു ഉപദേശിച്ചിട്ടുണ്ടോ?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റുസെക്രട്ടറി).

(എ) അല്ല.

(ബി) വിദ്യാഭ്യാസകോഡിലെ നൂറാമത്തെ റൂളിന്റെ ഒന്നു്, രണ്ടു് വകുപ്പുകളിലേക്കും വരുന്നാമത്തെ റൂളിന്റെ രണ്ടാം നോട്ടിലേക്കും മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ഖദർ.

൪൩. മി: ഫ്. ഹഗ്വർഫ് (ഗവണ്മെന്റു നിയമിച്ച മെമ്പർ)

(എ) ഗവണ്മെന്റുദ്യോഗസ്ഥന്മാർ ഖദർ ഉപയോഗിക്കുന്നതിനെ ഗവണ്മെന്റു അനുശാസിച്ചിട്ടുണ്ടോ?

(ബി) . അങ്ങനെയാണെങ്കിൽ, ഖദറിനു് രാഷ്ട്രീയമായ എന്തെങ്കിലും സൂചനയുള്ളതായി അവർ കരുതുന്നുണ്ടോ?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

(എ) മറുപടി നിഷേധരൂപത്തിലാകുന്നു.

(ബി) (എ)-യുടെ മറുപടിയും ഈ ചോദ്യം ഉണ്ടാകുന്നില്ല.

എക്സൈസ്കമ്മിറ്റി റിപ്പോർട്ടു്.

൪൪. മി: എ. ഹഗ്വെർഫ് (ഗവണ്മെന്റു നിയമിച്ചമെമ്പർ): എക്സൈസ്കമ്മിറ്റിയുടെ റിപ്പോർട്ടു് ഗവണ്മെന്റിനു സമർപ്പിച്ചുവോഎന്നും സമർപ്പിച്ചെങ്കിൽ ഗവണ്മെന്റു എന്തുതരമാണിട്ടിരിക്കുന്നതെന്നും സഭയെ പറയുമോ?

(ബി) ഈ റിപ്പോർട്ടിന്റെയും തത്സംബന്ധമായി പാസ്സാക്കിയ പ്രൊസീസിംഗ്സിന്റെയും പ്രതി സഭയെ മേശമേൽ വെക്കുമോ?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റുസെക്രട്ടറി)

(എ) കമ്മിറ്റിയുടെ റിപ്പോർട്ടു് ഇനിയും ഗവണ്മെന്റിന്റെ പക്കൽ എത്തീട്ടില്ല.

(ബി) മെമ്പർ സൂചിപ്പിച്ചിരിക്കുന്ന അഭിപ്രായം റിപ്പോർട്ടു കിട്ടിയതിനുശേഷം ആലോചിക്കുന്നതാണു്.

മി: എ. ഹഗ്വെർഫ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): എക്സൈസ്കമ്മറി എന്നേക്കുള്ളതു്?

മി. പരമേശ്വരയ്യർ (ഗവണ്മെന്റു സെക്രട്ടറി): കൺസൾ നമ്പർ മൂന്നാം തീയതിയിലെ ഉത്തരവിൻപ്രകാരം.

മി: എ. ഹഗ്വെർഫ് (ഗവണ്മെന്റു നിയമിച്ചമെമ്പർ): റിപ്പോർട്ടു സമർപ്പിക്കുന്നതിനു എന്തെങ്കിലും കാലാവധി നിശ്ചയിച്ചിട്ടുണ്ടോ?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റുസെക്രട്ടറി): നിശ്ചയിച്ചിട്ടുണ്ടു.

മി: എ. ഹഗ്വെർഫ് (ഗവർണ്മെന്റു നിയമിച്ചമെമ്പർ): അതു് എന്തായിരുന്നു.

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റുസെക്രട്ടറി): രണ്ടുമാസം.

മി: എ. ഹഗ്വെർഫ് (ഗവണ്മെന്റു നിയമിച്ചമെമ്പർ): കാലാവധി നീട്ടിക്കൊടുത്തുവോ എന്നറിഞ്ഞാൽകൊള്ളാം?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റുസെക്രട്ടറി): കൊടുത്തു.

മി: എ. ഹഗ്വെർഫ് (ഗവണ്മെന്റു നിയമിച്ചമെമ്പർ): എത്രതവണ?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഇടവം ഒന്നുവരെ അവധി നീട്ടിക്കൊടുത്തു. കമ്മിറ്റിയുടെ റിപ്പോർട്ടു് ഇപ്പോഴും മെമ്പറന്മാരുടെ പക്കൽ അഭിപ്രായത്തിനയച്ചിരിക്കുകയാണു്. എല്ലാ അന്യോന്യസ്ഥന്മാരും അതിൽ ഇനിയും ഒപ്പിട്ടിട്ടില്ല.

മി: എ. ഹഗ്വെർഫ് (ഗവണ്മെന്റു നിയമിച്ചമെമ്പർ): എക്സൈസ്രേണം സംബന്ധിച്ചു സംഗതികളിലുള്ള ഗവണ്മെന്റു നയത്തിൽ വേണ്ട ഭേദഗതികൾ വരുത്തുവാൻതക്ക സമയത്തിനുള്ളിൽ റിപ്പോർട്ടു കിട്ടേണമെന്നില്ലായിരുന്നുവോ ഗവണ്മെന്റിന്റെ ഉദ്ദേശം?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റുസെക്രട്ടറി): കമ്മിറ്റിയുടെ റിപ്പോർട്ടു് സമയത്തുകിട്ടിയാൽകൊള്ളാമെന്നു ഗവണ്മെന്റിനു വളരെ ആഗ്രഹമുണ്ടായിരുന്നു.

മി: എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ചുമെമ്പർ): റിപ്പോർട്ട് സമയത്തു കിട്ടിയില്ലെന്നുള്ളതുകൊണ്ടു മനസ്സിലാക്കേണ്ടതു്, ക ക ൦ ൦ – ക ക ൦ ക – ലേക്കുള്ള പേപ്പേഴ്സ് കണ്ടതിനുശേഷം ഇപ്പോഴത്തെപ്പോലെതന്നെ തുടർന്നുകൊണ്ടുപോകുമെന്നല്ലേ?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): എക്സൈസ് കമ്മീഷണറിൽ എന്തെല്ലാം ഉപാധികളാണു ചെയ്യാൻപോകുന്നതെന്നു് ഞങ്ങൾക്കറിഞ്ഞുകൂടാ. കുത്തകയെ സംബന്ധിച്ചിടത്തോളം അടുത്ത രണ്ടു കൊല്ലത്തേക്കുമാത്രമേ വിട്ടുപോടുചെയ്യുകയുള്ളൂ.

മി: എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ചുമെമ്പർ): കുത്തക നടപ്പിലിരിക്കുന്ന കാലത്തു ഈ തിനിടയിൽ എന്തെങ്കിലും ഭേദഗതിചെയ്യൽ കഴിയുന്നതാണോ?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അല്ല. എന്നാൽ എക്സൈസ് കമ്മീഷണറുടെ ഉപാധികൾക്കുള്ളിൽ എന്തെല്ലാം പരിഷ്കാരങ്ങളും വരുത്തേണമെന്നു തീരുമാനിക്കേണ്ടതായി എക്സൈസ് നയം സംബന്ധിച്ചു മറുവശങ്ങൾ സംതൃപ്തിയും കൊടുപ്പുണ്ട്.

മി: എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ചുമെമ്പർ): ഉടമ്പടിചെയ്യുകഴിഞ്ഞാൽ പിന്നെ ഒരു സ്ഥലത്തുനിന്നു പുറപ്പെട്ടു വേറൊരു സ്ഥലത്തേക്കു മാറാമോ?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഈ ചോദ്യത്തെക്കുറിച്ചു മുമ്പേതന്നെ അറിവു കിട്ടേണ്ടതാണു്.

മി: വാൻറാസിന്റെ കേസ്.

൯൪. മി. എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ):

(എ) മി: വാൻറാസിൻറകേസു നടത്തുന്നതിലേക്ക് ഹൈക്കോടതിവക്കീൽ മി: കുര്യാക്കോസ് പരമേശ്വരൻപിള്ളയെ പബ്ലിക് പ്രോസിക്യൂട്ടരായി നിയമിച്ചതെന്തുള്ളതു വാസ്തവമാണോ?

(ബി) മറുപടി അനുസരണക്കുറവത്തിലാണെങ്കിൽ, തിരുവനന്തപുരത്തു് ഇരുവരുടെയും സക്കാർവക്കീലന്മാരുണ്ടായിരിക്കെ അദ്ദേഹത്തെ പബ്ലിക് പ്രോസിക്യൂട്ടരാക്കുവാനുള്ള കാരണങ്ങളെന്തെല്ലാമെന്നു് സഭയെ അറിയുമോ?

(സി) കേസുസംബന്ധിച്ചു് കോടതിയിൽപോകുന്ന മിക്കസമയങ്ങൾക്കും മിക്കപ്പോഴും മി: വാൻറാസിനു ഗവണ്മെൻറ്നുവണ്ടിക്കുന്നതെന്തുകൊണ്ടാണോ?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ്സെക്രട്ടറി):

(എ) മറുപടി അനുസരണക്കുറവത്തിലാകുന്നു.

(ബി) തിരുവനന്തപുരം ഡിസ്ട്രിക്ട്മജിസ്ട്രേട്ടുകോടതിയിൽ ഈ കേസു നടന്നുകൊണ്ടിരുന്ന കാലത്തു ഈ കേസിൻറെ വാദിഭാഗം നടത്തിയിരുന്നതു് മി: പരമേശ്വരൻപിള്ളയായിരുന്നു. ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം കേസു സെഷൻസ്കോടതിയിലേക്കു കമ്മിറ്റുചെയ്തപ്പോൾ കേസു സെഷൻസ്കോടതിയിൽ നടത്തുന്നതിനും മി: പരമേശ്വരൻപിള്ളയെത്തന്നെ വെച്ചുകൊണ്ടിരിക്കേണ്ടതു് ആവശ്യമായിതോന്നി.

(സി) മറുപടി നിഷേധരൂപത്തിലാകുന്നു.

മി: എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ചുമെമ്പർ): തിരുവനന്തപുരത്തു സക്കാർവക്കിലന്മാരും അസിസ്റ്റൻറ് സക്കാർവക്കീലന്മാരുമായി എത്രപേരുണ്ടു്?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഡിസ്ട്രിക്ട്കോടതിയിൽ മണ്ടു സക്കാർവക്കീലന്മാരുണ്ടു്. ഒരാൾ സ്ഥിരവും മറെറയാൾ തൽക്കാലത്തേക്കും.

മി: എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ചുമെമ്പർ): ആകെപ്പാടെയോ?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഹെഡ്സക്കാർവക്കീൽ, അസിസ്റ്റൻറ് ഹെഡ്സക്കാർവക്കീൽ മുതലായവരുണ്ടു്. സബ്ബ് സിവിൽഓഫീസിൽ കൊട്ടത്തിട്ടുണ്ടു്.

മി: എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ചുമെമ്പർ): ഈ കേസു നടത്തുന്നതിനു ഈ വക്കീലന്മാരെല്ലാം പ്രാപ്തിയുള്ളവരാണെന്നു ഗവണ്മെൻറ് കരുതുന്നില്ലേ?

പ്രസിഡണ്ടു്: ആ ചോദ്യം ഇവിടെ ഉന്നയിക്കുന്നില്ല.

മി: എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ചുമെമ്പർ) പിന്നെന്തുകൊണ്ടാണു് മി. കുര്യാക്കോസ് പരമേശ്വരൻപിള്ളയെ പ്രത്യേകം നിയമിച്ചതു്?

പ്രസിഡണ്ടു്. അക്കാര്യത്തിലുള്ള മറുപടിയിൽ കാരണം പറഞ്ഞിട്ടുണ്ടു്.

മി. എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ചുമെമ്പർ): ഈ കേസു നടത്തുന്നതിനു ധാരാളം വക്കീലന്മാരുണ്ടായിരിക്കെ മി: കുര്യാക്കോസ് പരമേശ്വരൻപിള്ളയെ നിയമിച്ചതെന്തുകൊണ്ടു്?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഈ ചോദ്യത്തിനുത്തരം മറുപടിയുടെ (ബി) ഖണ്ഡത്തിലുണ്ടു്.

മി. എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ചുമെമ്പർ): ഉദ്യോഗസ്ഥൻറെ സ്വാധീനത്തെ അധിക്ഷേപിക്കുന്നതിനുവേണ്ടി എന്തെങ്കിലും ശ്രമം നടക്കുന്നതായാൽ ഈ സംഗതിയിലെന്നവണ്ണം അതിൽനിന്നു അയാളെ സംരക്ഷിക്കുവാൻ ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

പ്രസിഡണ്ടു: അതു ഒരു സങ്കല്പസംഗതിയാണു്.

അസിസ്റ്റൻറ് എക്സൈസ് കമ്മിഷണർമാരുടെ ഒഴിവിൽ ആരെ നിയമിക്കും.

൯൯. മി. എ. ഹഗ്വെർഫ് (ഗവണ്മെൻറുനിയമിച്ച മെമ്പർ):

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിൽ രണ്ടു അസിസ്റ്റൻറ് കമ്മീഷണർമാരുടെ സ്ഥിരം ഒഴിവുണ്ടെന്നും രണ്ടുകൊല്ലമായിട്ടു രണ്ടു ഡ്യൂട്ടിയർ ഇൻസ്പെക്ടർമാരാണു് ആ ഒഴിവിൽ പകരം ജോലിനോക്കിവരുന്നതെന്നും ഉള്ളതു വാസ്തവമാണോ ?

(ബി) ഹജൂരാഫീസിൽ സൂപ്രണ്ടുമാരുടെയും തഹശീൽദാരന്മാരുടേയും ഗ്രേഡിലുള്ള മൂന്നിലധികം ഉദ്യോഗസ്ഥന്മാർ സൂപ്പർന്യൂമറിയായി കിടപ്പുണ്ടെന്നുള്ളതു വാസ്തവമാണോ എന്നു ഗവണ്മെൻറ് സഭയെ പറയുമോ ?

(സി) മേൽപ്പറഞ്ഞ രണ്ടു സ്ഥിരം ഒഴിവിലേയ്ക്ക് ഇവരിൽനിന്ന രണ്ടുപേരെ നിയമിക്കാത്തതിനുള്ള കാരണം എന്താണെന്ന സഭയെ പ്രസ്താവിക്കുമോ ?

(ഡി) സൂപ്രണ്ടുമാരിൽ ആരെങ്കിലും എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ജോലിക്കായി അപേക്ഷിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ അപേക്ഷകളിന്മേൽ ചെയ്ത ഉത്തരവെന്ത് .

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് സെക്രട്ടറി):

(എ) ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ ഗ്രേഡിൽ രണ്ടു സ്ഥിരം ഒഴിവുണ്ട്. ആ രണ്ടൊഴിവുകളിലും ഇപ്പോൾ പകരം ജോലിനോക്കുന്നതു രണ്ടു സീനിയർ ഒന്നാംഗ്രേഡ് ഇൻസ്പെക്ടർമാരാണ് .

(ബി) ഇപ്പോൾ സൂപ്രണ്ടുമാരിൽ തഹസിൽദാരന്മാരില്ല. ഹജൂരാഫീസിൽ ഒരു സൂപ്രണ്ടുമാരി സൂപ്രണ്ടുണ്ട്. അടുത്ത ഒഴിവിൽതന്നെ സ്ഥിരമാക്കുന്ന ഉദ്ദേശത്തിലാണ് അയാളെ നിയമിച്ചിരിക്കുന്നത് .

(സി) മേൽ (ബി) ഭാഗത്തിലുള്ള മറുപടികൊണ്ടു, ഈ ചോദ്യം ഉദ്ഭവിക്കുന്നില്ല.

(ഡി) ഉണ്ട്. (ബി) ഭാഗത്തിൽ പറഞ്ഞിരിക്കുന്ന സൂപ്രണ്ടുമാരി സൂപ്രണ്ടിന്റെ പക്കൽനിന്ന അത്തരം ഒരപേക്ഷയുണ്ടായിട്ടുണ്ട്. അത് എക്സൈസ് കമ്മീഷണർക്ക് അയച്ചുകൊടുത്തു.

മി. എ. ഫ്രഗ്വെർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): ഒന്നാംഗ്രേഡിൽതന്നെ ക്ലൂത്തൽ സർവീസുള്ളവരായി വേറെ എട്ടു സീനിയർ ഇൻസ്പെക്ടർമാർ ഉണ്ടെന്നുള്ളതു ഗവണ്മെന്റിനറിയാമോ ?

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ക്ലൂത്തൽ സർവീസുള്ള അഞ്ചുകാര കാണുമായിരിക്കും; പക്ഷേ ആ സ്ഥാനനിലയിൽ ഇപ്പോൾ ഏറ്റവും ക്ലൂത്തൽ ഉദ്യോഗപ്പഴക്കമുള്ളവരാണ് ഈ രണ്ടുപേരും.

മി. എ. ഫ്രഗ്വെർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): ഈ രണ്ടു ഉദ്യോഗസ്ഥന്മാരുടേയും—മി. പരമുപിള്ളയുടേയും മി. ശങ്കരയ്യരുടേയും—പേരിൽ ക്ലൂത്തക്കേസു കണ്ടുപിടിക്കുന്നതുസംബന്ധിച്ചുള്ള അവരുടെ വേലക്കുറിച്ചു, ഗവർണ്മെന്റും എക്സൈസ് കമ്മീഷണരും വളരെ കഠിനമായ കുറ്റാരോപണം ചെയ്തിട്ടുണ്ടെന്നും മി. ശങ്കരയ്യർ ഒരു കേസുമാത്രമേ കണ്ടുപിടിച്ചിട്ടുള്ളുവെന്നും ഗവർണ്മെന്റിനറിയാമോ?

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഗവർണ്മെന്റ് അങ്ങനെ ചെയ്യുകയാണുമായിരിക്കും; എനിക്കോർമ്മയില്ല.

മി. എ. ഫ്രഗ്വെർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): ഹജൂരിലെ ഒരു സൂപ്രണ്ടായ മി. ഗോവിന്ദപ്പിള്ള അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുദ്യോഗത്തിന അപേക്ഷ അയച്ചില്ലേ ?

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): മറുപടിയുടെ (ഡി) ഭാഗത്തിലും സൂചിപ്പിച്ചിരിക്കുന്ന ആൾ അദ്ദേഹംതന്നെയാണ്.

മി. എ. ഫ്രഗ്വെർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): അദ്ദേഹത്തിന ഫ 9 രൂപാക്കുള്ള സർവീസ് ഇല്ലേ ?

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഉണ്ട്.

മി. എ. ഫ്രഗ്വെർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): അദ്ദേഹത്തിന സ്ഥിരമായ ശമ്പളം ഫന്നൂറുരൂപായില്ലേ ?

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഉണ്ട.

മി. എ. ഫ്രഗ്വെർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): യഥാക്രമം ഫ 6 രൂപായും ഫ 0 രൂപായും ശമ്പളമുള്ള രണ്ടുദ്യോഗസ്ഥന്മാർക്കുവേണ്ടി അദ്ദേഹത്തിന്റെ അവകാശത്തെ വിഗണിച്ചതെന്തുകൊണ്ടു?

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): അദ്ദേഹം എക്സൈസ് ഡിപ്പാർട്ടുമെന്റിലല്ലാത്തതുകൊണ്ടു അദ്ദേഹത്തിന്റെ കാര്യത്തിൽ അവകാശംഏതെന്നുള്ള ചോദ്യമുണ്ടാകുന്നില്ല.

മി. എ. ഫ്രഗ്വെർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): അങ്ങനെയാണെങ്കിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാർക്കുമാത്രമേ അവിടെ കയറാംകിട്ടാൻ പാടുള്ളുവെന്ന വരുമോ ?

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): സാധാരണമായി.

മി. എ. ഫ്രഗ്വെർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാർ പ്രത്യേകിച്ചു ഹജൂരാഫീസിലുള്ളവർ അവിടെത്തന്നെകിടന്നു തഴച്ചു ഉപയോഗശൂന്യമാകാതിരിക്കാൻവേണ്ടി, ഡിപ്പാർട്ടുമെന്റുകാര്യത്തിൽ സ്വതന്ത്രമായ ഒരു പ്രവാഹം ഉണ്ടായിരിക്കയും ഭരണംനടത്തുന്ന ഉദ്യോഗക്കാർക്ക പുതിയ ഉണർവുണ്ടാക്കുകയും ചെയ്യണമെന്നുള്ളതല്ലേ ഗവർണ്മെന്റിന നയം ?

പ്രസിഡണ്ടു. ഗവർണ്മെന്റിനറിയാൻ നയം എന്താണെന്നു പ്രഖ്യാപനം ചെയ്യണമെന്നു ഒരപേക്ഷയടങ്ങിയ ഒരു ചോദ്യമാണിതു. അതിപ്പോൾ ചോദിക്കുൻപാടില്ല.

മി. എ. ഫ്രഗ്വെർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ) വളരെപ്പേരെ ഭരണവകുപ്പിലേയ്ക്കു എടുക്കുന്നതിനു ആസ്പദമായിരുന്നിട്ടുള്ളതും ഗവർണ്മെന്റിന പരസ്യമായി കവളിപ്പെടുത്തിട്ടുള്ളതുമായ ഒരു നയമല്ലേയിതു? എന്നു ഞാൻ ചോദിക്കുന്നു. മി. വാൻറാസ്, മി. മാമൻമാപ്പിള്ള തുടങ്ങിയ പലരേയും അങ്ങനെ തിരഞ്ഞെടുത്തിട്ടുള്ളതാണ്.

പ്രസിഡന്റ്: നയംസംബന്ധിച്ചുള്ള ഒരു സംഗതിയാണ് അതു.

കൊല്ലം താലൂക്കിൽ, കടപ്പാക്കട കള്ളുഷാപ്പു.

൨൭. മി. എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ച മെമ്പർ):

(എ) കൊല്ലം താലൂക്കിൽപ്പെട്ട ഉളിയക്കോവിൽ, പട്ടത്താനം, ആശ്രാമം എന്നസ്ഥലങ്ങളിലെ അധിവാസികളുടെ, കടപ്പാക്കട ചന്തയ്ക്കടുത്തു സ്ഥിതിചെയ്യുന്ന ഫർ—ാം നമ്പർ കള്ളുഷാപ്പിന്റെ സമീപത്തു താമസിക്കുന്ന ജനങ്ങളും ഇപ്പോൾ, ആ കള്ളുഷാപ്പു നിറുത്തൽചെയ്യുകയോ അവിടെനിന്നു മാറ്റുകയോ ചെയ്യണമെന്നു കാണിച്ചു ഒരു മെമ്മോറിയൽ ഗവർണ്മെന്റിനു കിട്ടീട്ടുണ്ടോ ?

(ബി) മെമ്മോറിയൽകാരുടെ പ്രാർത്ഥനയെ അനുവദിച്ചു വേഗംതന്നെ ഉത്തരവയയ്ക്കാൻ ഗവർണ്മെന്റിനു ഭയവുണ്ടോകുമോ ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി):

(എ) മറുപടി നിഷേധാത്മകമാണ്.

(ബി) ഈ ചോദ്യം ഉന്നയിക്കുന്നില്ല.

ബ്രാഹ്മണാദ്ധ്യാപകന്മാരെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ നിയമിക്കുന്ന സമ്പ്രദായം.

൪൫. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):

(എ) നാട്ടുഭാഷാ പാഠശാലകളുടെ ഇൻസ്പെക്ടർ ബ്രാഹ്മണാദ്ധ്യാപകന്മാരെ സാധാരണമായ ദേവസ്വം ഊട്ടുപുരകളും ഗവണ്മെന്റുവക ഊട്ടുപുരകളും ഉള്ള സ്ഥലത്തേക്കാണോ നിയമിക്കാറുള്ളതെന്നും, അങ്ങനെയുള്ള സ്ഥലങ്ങളിൽ അവരെ അതിരിഷ്ടമായ കാലത്തേയ്ക്കു വെച്ചുകൊണ്ടിരിക്കുന്നുണ്ടോയെന്നും ഗവണ്മെന്റ് സദയം ധ്വനിപ്പിക്കുമോ?

(ബി) ഈ സൂചിപ്പിച്ച ദോഷാരോപണത്തിനു എന്തെങ്കിലും അടിസ്ഥാനമുണ്ടായിരിക്കുമെങ്കിൽ അതിനെ ഇൻസ്പെക്ടരുടെ മേലധികാരത്തിന്റെ കീഴിലുള്ള സ്ഥലംമാറ്റങ്ങൾകൊണ്ടു തന്നെ ഇൻസ്പെക്ടർക്കു അല്പമെങ്കിലും ഭേദപ്പെടുത്തുവാൻ കഴിയുന്നതാണെന്നും, അതിനു വേണ്ടി തത്സംബന്ധമായ കണക്കുകൾ ഗവണ്മെന്റ് സദയം പരിശോധിച്ചുനോക്കുകയും അവയെ മേശമേൽ വെയ്ക്കുകയും ചെയ്യുമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) ബ്രാഹ്മണാദ്ധ്യാപകന്മാർക്കു പോകുവാൻ സ്വതന്ത്രമുള്ളതായ ഗവണ്മെന്റ് ഊട്ടുപുരകളോ ദേവസ്വം ഊട്ടുപുരകളോ ഇല്ല. സർക്കാർ ജോലിക്കാർക്കു നാട്ടിൻപുറങ്ങളിലുള്ള ഊട്ടുപുരകളിൽ ഊണുകൊടുക്കുന്ന സമ്പ്രദായം ഫുൾ ടൈം മെയ്മാസം ഫ്രണ്ടയിലെ ഡി. ഫ്രഞ്ചു-മെമ്പർ ഗവണ്മെന്റുതീരുമാനപ്രകാരം നീരസത്തോടെ നിർത്തലാക്കിട്ടുണ്ട്. സബ്ഡിസിഷന്റെ ഓരോ അവസരത്തിലേയും ആവശ്യം അനുസരിച്ചു അദ്ധ്യാപകന്മാരെ സ്ഥലം മാറുകയും ഓരോ സ്ഥലങ്ങളിൽ വെച്ചു താമസിക്കുകയും ചെയ്യുന്നു; ഫുൾ ടൈം വിദ്യാലയിലെ ഇൻസ്പെക്ടർ സർക്കിളിൻപടി അയാളുടെ അവസരത്തിനു തക്കതായ അതിരുടത്തായ ഉള്ള പള്ളിക്കൂടങ്ങളിലാണ് കഴിവുള്ളിടത്തോളം നിയമിച്ചുപോരുന്നത്. വാദ്ധ്യാന്മാരെ സ്ഥലംമാറുകയും നിയമിക്കുകയും ചെയ്യുന്ന കാര്യത്തിൽ, ഒരു ബ്രാഹ്മണാദ്ധ്യാപകന് വേറൊരു സ്ഥലത്തു ക്ഷണം കിട്ടുമോ എന്നുള്ള സംഗതി ഒരിക്കലും നാട്ടുഭാഷാപള്ളിക്കൂടം ഇൻസ്പെക്ടരുടെ ആലോചനയ്ക്കു വിഷയമായിവന്നിട്ടില്ലെന്ന കാര്യത്തിലേയ്ക്ക് വിദ്യാഭ്യാസഡയറക്ടർ റിപ്പോർട്ടുചെയ്യുന്നു.

(ബി) മേൽ (എ) ഭാഗത്തിനുള്ള മറുപടിയാലും, ഇതു ആവശ്യപ്പെട്ടതല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതെങ്കിലും ഒരു പള്ളിക്കൂടം എടുത്തു ഗവണ്മെന്റിന്റെ മറുപടിയെ ഉദാഹരിക്കുവാൻ അവകാശമുണ്ടോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മിസ്റ്റർ ചെയർമാൻ, മെമ്പർ ചോദ്യത്തെ ഒന്നുകൂടി വ്യക്തമാക്കുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾ നമ്മുടെ അമ്പലപ്പുഴ നാട്ടുഭാഷാപള്ളിക്കൂടത്തിൽ നിയമിച്ചിരിക്കുന്ന അദ്ധ്യാപകന്മാർ ഏതു തരക്കാരാണെന്നു അറിഞ്ഞാൽകൊള്ളാം. അവരിൽ ഏതു ദേശക്കാരാണ് അമ്പലപ്പുഴ സ്വദേശികളാണെന്നും അറിഞ്ഞാൽകൊള്ളാം.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ആ വിവരത്തിനു ആവശ്യപ്പെടാം. ഇപ്പോൾ എന്റെപക്കൽ തയ്യാറില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൂടാതെ, അമ്പലപ്പുഴ നിയമിക്കപ്പെട്ടിരിക്കുന്ന അദ്ധ്യാപകന്മാരിൽ എത്രപേർ ബ്രാഹ്മണരായുണ്ടെന്നുകൂടി അറിഞ്ഞാൽ കൊള്ളാം.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഈ സംഗതികളെയെല്ലാംകൂടി പൂർണ്ണമായ വിവരം ഞാൻ ധരിപ്പിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നന്ദിപറഞ്ഞുകൊള്ളുന്നു.

ബ്രാഹ്മണാദ്ധ്യാപകന്മാരെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ നിയമിക്കുന്ന സമ്പ്രദായം.

൪൬. മി. ടി. കുമാരപിള്ള (ഇരണിയൽ-വിളവംകോട്): (എ) നാട്ടുഭാഷാ പള്ളിക്കൂടങ്ങളുടെ ഇൻസ്പെക്ടർ ബ്രാഹ്മണാദ്ധ്യാപകന്മാരെ സാധാരണമായി ദേവസ്വം ഊട്ടുപുരകളോ ഗവണ്മെന്റുവക ഊട്ടുപുരകളോ ഉള്ള സ്ഥലത്തേക്കാണോ നിയമിക്കാറുള്ളതെന്നും അങ്ങനെയുള്ള സ്ഥലങ്ങളിൽ അവരെ അതിരിഷ്ടമായ കാലത്തേക്കു വെച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്നും ഗവണ്മെന്റ് സദയം ധ്വനിപ്പിക്കുമോ?

(ബി) ഈ സൂചിപ്പിച്ച ദോഷാരോപണത്തിനു എന്തെങ്കിലും അടിസ്ഥാനം ഉണ്ടായിരിക്കുമെങ്കിൽ അതിനെ ഇൻസ്പെക്ടരുടെ മേലധികാരത്തിന്റെ കീഴിലുള്ള സ്ഥലംമാറ്റങ്ങൾകൊണ്ടു എന്നു കാണുവാൻ വേണ്ടി തത്സംബന്ധമായ കണക്കുകൾ ഗവണ്മെന്റ് സദയം പരിശോധിച്ചുനോക്കുകയും അവയെ മേശമേൽ വെക്കുകയും ചെയ്യുമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മെമ്പർ ൪൫-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കിയിരുന്നുവെങ്കിൽ കൊള്ളാമെന്നുതോന്നുന്നു.

അനുബന്ധം.

൪൫-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയോടുകൂടി.

വിദ്യാഭ്യാസകോഡിലെ അടിസ്ഥാനപ്പെടുത്തിട്ടുള്ള സ്റ്റാൻറിങ്ങ് ഓർഡർ.

ഫുൾ ടൈം മെമ്പർ.

വിദ്യാഭ്യാസകോഡിലെ ചട്ടം മൂന്നു.

മാനേജർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും കടമകളും അധികാരങ്ങളും ഇന്നും മേലാലും താഴെ വിവരിച്ചിരിക്കുന്ന വിധമായിരിക്കുന്നതാകുന്നു:—

ഹെഡ്മാസ്റ്റരുടെ കടമകളും അധികാരങ്ങളും.

I. (എ) അയാളുടെ ഉദ്യോഗത്തിന്റെ മുമ്പാകെ ഹാജരാകുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും ഈ മുതലാളികളുടെ കാര്യക്ഷമമായ നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നതോ, മാന്യജനോചിതമായ

പ്രത്യേക പരിശോധനാധികാരികളോ വിരോധിച്ചേക്കാവുന്നതോ ആയ യാതൊരു വ്യാപാരത്തിലെയും, തൊഴിലിലെയും, ജോലിയിലെയും, പ്രത്യേക അഭ്യസനത്തിലെയോ ഏർപ്പെടാതിരിക്കുന്നതിനും;

(ബി) പള്ളിക്കൂടത്തിൽ ക്രമമായും കണിശമായും ഹാജരാകുന്നതിനും സ്വഭാവദൂഷ്യം തടസ്സപ്പെട്ടിരിക്കുമ്പോഴോ മാനേജരുടെ അനുമതി നേരത്തെ വാങ്ങിയിരിക്കുമ്പോഴോ അല്ലാതെ മറ്റൊരവസരത്തിലും ഹാജരില്ലാതിരിക്കുന്നതിനും;

(സി) ഓരോ അദ്ധ്യാപകനോ അദ്ധ്യാപകന്മാർക്കോ മാറിമാറിക്കൊ ചില ജോലികൾ നിർണ്ണയിച്ചുകൊടുക്കുന്നതിനും, അവയുടെ നിർവഹണത്തിനു മേലന്വേഷണം നടത്തുന്നതിനും അദ്ധ്യാപകന്മാരെ, അദ്ധ്യാപകസംഘത്തിൽ മറ്റാരെങ്കിലുമൊ അവരുടെ ജോലി ക്രമമായും കണിശമായും കൃത്യക്ഷമമായും നിർവഹിക്കാതിരിക്കുമ്പോഴെല്ലാം വിവരം മാനേജരുടെപക്കൽ അറിയിച്ചുകൊടുക്കുന്നതിനും;

(ഡി) പള്ളിക്കൂടത്തിലെ രജിസ്റ്ററുകളും റിക്കാർട്ടുകളും ഡിപ്പാർട്ടുമെൻറ നിയമമനുസരിച്ചു സൂക്ഷിക്കുകയും ഡിപ്പാർട്ടുമെൻറിലേക്കയക്കാനുള്ള വിവരങ്ങൾ ശരിയായി തയ്യാറാക്കുകയും സമയത്തുതന്നെ അയച്ചുകൊടുക്കുകയും ചെയ്യുന്നതിനും അല്ലെങ്കിൽ ചെയ്യിക്കുന്നതിനും;

(ഇ) ഡിപ്പാർട്ടുമെൻറ നിയമവും പള്ളിക്കൂടത്തിലെ ചട്ടവും അനുസരിച്ചു കൃത്യക്ഷമമായി ശിക്ഷാക്രമം പാലിക്കുന്നതിനും;

(എഫ്) അകസാമാനങ്ങൾ, മറ്റുപകരണങ്ങൾ, പഠിപ്പിക്കുന്നതിനുപയോഗപ്പെടുത്തുന്ന മറ്റു സാധനങ്ങൾ തുടങ്ങിവയെ ശരിയായി സൂക്ഷിക്കുന്നതിനും അവയിൽ വല്ല പോരായ്മയും കാണുന്നെങ്കിൽ അതു മാനേജരറിയുകൊടുക്കുന്നതിനും;

(ജി) കെട്ടിടവും പരിസരപ്രദേശങ്ങളും വെടിപ്പായിരിക്കുന്നതിനും പള്ളിക്കൂടവും പുരയിടവും ആരോഗ്യപ്രദമായി സൂക്ഷിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനും;

(എച്ച്) അദ്ധ്യാപകന്മാരുടെ ഇടയിൽ നേരിടുന്ന ഭിന്നിപ്പുകൾക്കു യോജിപ്പും ശരിപ്പെടുത്തുകയും ഉള്ള ആളുകളെ നിയമിക്കണമെന്നു മാനേജരോടു ശുപാർശചെയ്യുന്നതിനും;

(ഐ) നിശ്ചിതനിയമങ്ങളനുസരിച്ച് ഫീസു പിരിക്കുവാൻ ഏർപ്പാടുചെയ്യുന്നതിനും;

(ജെ) പൊതുവെപറഞ്ഞാൽ, ഡിപ്പാർട്ടുമെൻറിൽനിന്നു നിശ്ചയിച്ചിട്ടുള്ള എല്ലാ ചട്ടങ്ങളേയും നടപ്പിൽ വരുത്തുന്നതിനും അവയെ കൃത്യമായി അനുസരിക്കാതിരുന്ന അവസരങ്ങളിൽ വിവരം മാനേജരെ അറിയിക്കുന്നതിനും, ഇതിൽ പ്രസ്താവിച്ചിട്ടില്ലാത്ത എല്ലാ സംഗതികളിലും മാനേജരുടെ ഉത്തരവനുസരിച്ചു പ്രവർത്തിക്കുന്നതിനും;

ഹെഡ്മാസ്റ്റർക്കു ചുമതലയുള്ളതാകുന്നു.

II. (എ) ഡിപ്പാർട്ടുമെൻറ ചട്ടമനുസരിച്ചു കുട്ടികളെ പള്ളിക്കൂടത്തിൽ ചേർക്കുന്നതിനും;

(ബി) ഡിപ്പാർട്ടുമെൻറ ചട്ടങ്ങളും സ്കൂൾ വകുപ്പുകളും അനുസരിച്ചു കീഴിലുള്ള കുട്ടികളെ ശിക്ഷിക്കുന്നതിനും ശിക്ഷ പോരാതെന്നുതോന്നുന്ന വിട്ടുകളയുന്നതിനും;

(സി) അദ്ധ്യാപകന്മാരിൽ ആരെങ്കിലും അവസരത്തിലോ അനുസരണക്കേടിനോ രണ്ടു ദിവസത്തെ ശമ്പളത്തിൽ കുടാതെയുള്ള പിഴ ശിക്ഷ വിധിക്കണമെന്നു മാനേജരോടു ശുപാർശചെയ്യുന്നതിനും;

(ഡി) സ്കൂളിൽ, തഴ്ന്നവേലക്കാരായുള്ളവരെ നിയമിക്കയും വിട്ടയക്കയും ചെയ്യുന്നതിനും;

(ഇ) കുട്ടികളുടെ ആണ്ടുതോറുമുള്ള ക്ലാസ്സുകയറ്റം നിർണ്ണയിക്കുന്നതിനും;

(എഫ്) മാനേജർ നിശ്ചയിച്ചിരിക്കാവുന്ന പൊതുനിയമമനുസരിച്ചു കുറഞ്ഞപീസുനിരക്കു കൊടുക്കാവുന്ന കുട്ടികളെ തിരിഞ്ഞെടുക്കുന്നതിനും;

ഹെഡ്മാസ്റ്റർക്ക് അധികാരമുള്ളതാകുന്നു.

വിദ്യാഭ്യാസഡയരക്ടരുടെ ആഫീസ്,
തിരുവനന്തപുരം, ഫെബ്രുവരി ഇരുപത്തിനാല്.

എ. ഡബ്ലിയു. ബിഷപ്പ്,
വിദ്യാഭ്യാസഡയരക്ടർ.

കേരളവിദ്യാഭ്യാസച്ചട്ടങ്ങൾക്കായുള്ള ഡിമാൻഡ്.

ഡിമാൻഡ് I. തുനിക്കുതി.

പ്രസിഡണ്ട്: കേരളവിദ്യാഭ്യാസച്ചട്ടങ്ങൾക്കായുള്ള ഡിമാൻഡിനെപ്പറ്റി വിചാരണ ആരംഭിക്കാം.

മി: എസ്. സി. എച്ച്. റോബിൻസൺ (തുനിക്കുതിയും ആലോചനക്കുതിയും കമ്മീഷണർ): ഡിമാൻഡ് I, തുനിക്കുതി' എന്ന ഇനത്തിലേക്കു വേണ്ട ചെലവുതുക അനുവദിക്കേണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ഉപക്ഷേപം കാ.

മി: വി. കുഞ്ഞുകുഞ്ഞിപ്പിള്ള (ചിറയിൻകീഴ്): സർ, ഞാൻ താഴെവരുന്ന ഉപക്ഷേപം പ്രയോഗിക്കുന്നു.

കാ. സഞ്ചാരപ്പടിക്കായി തീർത്തുവെച്ചിട്ടുള്ള നാലായിരത്തിനു മുകളിൽ രൂപ കുറയ്ക്കുണം.

ഈ ഇനത്തിലേക്കു ഫാൻവൂൾ നിർത്തിവച്ചിരുന്നതു വകയിൽ രൂപായായിരുന്നു. ഫാൻവൂൾ തുനിക്കുമ്മീഷണർ നടത്തിയ സഞ്ചാരവേലയുടെ സ്വഭാവമെന്താണെന്നു നമുക്കൊന്നും പരിശോധിക്കാം. രാജ്യഭരണറിപ്പോർട്ടിൻറ വരവംശത്തു ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഫരംഖണ്ഡിക. ആലോചനിക്കുതി പിരിക്കുന്നവരുടെ ഫാഫഹാശിൽമാരുടെയും ഡിവിഷൻ അസിസ്റ്റൻറുമാരുടെയും വിദ്യാൻപേഷ്കാരന്മാരുടെയും ആഫീസുകൾ ആലോചനിക്കുതിക്കുമ്മീഷണർ പരിശോധിച്ചു; തദ്വിഷയത്തിലെ പരിശോധിച്ചുള്ള യഥാക്രമം വകുപ്പ്, ഇനം എന്നിതുകളുടെ ആപ്പീസുകളാണ്."

സഞ്ചാരവേലച്ചെലവുകൾ കുറയ്ക്കാൻ കമ്മീഷണർക്കു വിചാരമുണ്ടെന്നു ഇതു മംഗിയായി വെളിപ്പെടുത്തുന്നു. ഇനിയും, ഡിപ്പാർട്ടുമെൻറിനെറ വാർഷികറിപ്പോർട്ടിൽനിന്നും അദ്ദേഹം കടമപ്പെട്ടിരിക്കുന്നവിധമുള്ള ഇപ്രകാരണിക്കുന്നില്ലെന്നു കാണാം (വരം ൻ ഖണ്ഡിക ഫ ള 'സഞ്ചാരങ്ങൾ')

"തുനിക്കുതിയും ആലോചനിക്കുതിയും കമ്മീഷണരായിരുന്ന മി: കെ. അനന്തനാരായണയ്യർ നൂറു ദിവസവും ഞാൻ നൂറു മിനിട്ടുവും സഞ്ചരിച്ചിട്ടായിരുന്നു. എന്നാൽ മി. അനന്തനാരായണയ്യർ ഫാൻവൂ മകരം ഫാനേ-വരെ ഉദ്യോഗത്തിലിരുന്നു."

മി: റോബിൻസനെ ഈ ഉദ്യോഗത്തിൽ നിയമിച്ചതു മകരം ൧൰൦൦-യാണ്; അദ്ദേഹം ൭ മാസത്തെ ക്കഡിപ്പാർട്ടുമെൻറിൻെറ ഭരണം നടത്തിയിരുന്നു; പക്ഷേ അദ്ദേഹത്തിൻറ ഇൻക്രിമി ൽ മുൻപത്തേക്കാതുമേ ഉയർച്ചിരുന്നുള്ളൂ. സക്കിട്ടിൻെറസംഗതിയിൽ വലിയ വ്യത്യാസം കാണാവുന്നതാണ്.

തങ്കൻറഭീഷിലുള്ള പേഷ്കാരന്മാരും മേധികളുംകമ്മീഷണരും എപ്രകാരമാണ് സക്കിട്ടുവേല നടത്തുന്നതെ ന്നും അദ്ദേഹം അന്വേഷിക്കുന്നില്ല. ഇവിടെയും അദ്ദേഹത്തിൻെറ ജോലി വളരെ കുറവായിരിക്കുന്നു. വാർഷിക റിപ്പോർട്ടിൽ ഇപ്രകാരംപറയുന്നു:

"മിവാൻപേഷ്കാരന്മാരും മേധികളുംകമ്മീഷണരും സക്കിട്ടിലായിരുന്ന ശരാശരിദിവസം ആണ്ടടക്കം ൧൫ ആയിരുന്നു. തഫേൽകൊല്ലത്തിൽ അതു ൧൮൬ ദിവസമായിരുന്നു."

സക്കിട്ടും പരിശോധനയും തൃപ്തികരമായിരിക്കുന്നില്ലെന്നു ഈ കണക്കുകൾകൊണ്ടു കാണുവാനുണ്ടു. ഈ ദ്യോഗം വളരെയധികം താമസക്കുറവു സൂചിപ്പിച്ചിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ, ദൃഷ്ടാന്തമായി ഫർണർ തഫുക്ക തന്നെ അതായതു ചിറയിൻകീഴിതാലൂക്ക അദ്ദേഹത്തിൻെറ കീഴിലാണ്.

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രഷറികൃതിയും അക്കൗണ്ടായനികൃതിയും കമ്മീഷണർ): ഓരോ സ്ഥല ത്തും സക്കിട്ടിൽ ചെലവുതാമസിക്കുന്ന ദിവസങ്ങളുടെ സംഖ്യയിലോ പരിശോധനയുടെ പൂർണ്ണതയിലൊ എന്തി ലാണ് 'പരിശോധന' അടങ്ങിയിരിക്കുന്നതെന്നു ഞാൻ മെസർദിനോടു ചോദിച്ചുകൊള്ളുന്നു.

മി: പി കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): വാർഷികറിപ്പോർട്ടിനെ ആസ്പദമാക്കിമാത്രം ഞാൻ എൻെറ അഭിപ്രായങ്ങൾ പറയുന്നതല്ല.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രഷറികൃതിയും അക്കൗണ്ടായനികൃതിയും കമ്മീഷണർ): മെമ്പർ ആവശ്യപ്പെട്ടതുള്ള പരിശോധനയുടെ പൂർണ്ണതയാണെന്നു ഞാൻ വിചാരിക്കട്ടെയോ? സക്കിട്ടായിരുന്ന ദിവസങ്ങളു ടെ എണ്ണംകൊണ്ടല്ല, സംശയികളുടെ എല്ലാ അംശങ്ങളെയും സംബന്ധിച്ചുനടത്തുന്ന പരിശോധനയുടെ സൂക്ഷ്മ തകൊണ്ടാണ് പരിശോധനയെ വിധിക്കേണ്ടതെന്നു ഞാൻകരുതുന്നു.

മി: പി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): അദ്ദേഹം പറഞ്ഞതു ശരിയായി തോന്നിട്ടില്ല.

പ്രസിഡണ്ട്: മി: റോബിൻസൺ, നിങ്ങൾ മെയവായി ചോദ്യം ഒന്നുകൂടി ആവർത്തിക്കുമോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രഷറികൃതിയും അക്കൗണ്ടായനികൃതിയും കമ്മീഷണർ): പരിശോധനയു ടെ പൂർണ്ണതയെ മെസർ'ധ്വനിപ്പിക്കുന്നതു സക്കിട്ടിലെ ചിലവാക്കിയ ദിവസങ്ങളുടെ സംഖ്യകൊണ്ടോ വാസ്തവത്തി ൽ ചെയ്തുമാറി നോക്കിയതു എങ്ങിനെയാണെന്നാണ് എൻെറചോദ്യം.

മി: പി. കേശവപിള്ള നാരായണപിള്ള (അസലപ്പുഴ). സർ, ഈ ചോദ്യം രീതിക്കനുസരണമായതാണോ? ഏതെ കിലും ഒരു സംഗതിഅറയാൻവേണ്ടിയുള്ള ചോദ്യമാണോ?

പ്രസിഡണ്ട്. അതു രീതിക്കനുസരണമാണ്, സക്കിട്ടു തൃപ്തികരമായിരുന്നുവെന്നു മെമ്പർ പറയുന്നു അ തിനുള്ള ഒരു കാരണമായി പറയുന്നതു, കമ്മീഷണർ സക്കിട്ടിലായിരുന്ന ദിവസങ്ങളുടെ സംഖ്യ കുറവാണെന്നുള്ള താണ്. ഒരുദ്യോഗസ്ഥൻ സക്കിട്ടിലായിരുന്ന ദിവസങ്ങളുടെ സംഖ്യയിൽനിന്നാണോ അയാളുടെ സക്കിട്ടു തൃപ്തി കരമോ അതൃപ്തികരമോ എന്നു വിധിക്കേണ്ടതു് എന്നാകുന്നു മി: റോബിൻസൻെറ ചോദ്യം. അതു വളരെന്യായ മായ ഒരു ചോദ്യമാണ്.

മി: പി. കെ നാരായണപിള്ള (അസലപ്പുഴ): എൻെറചോദ്യം ഇതാണ്; ഒരുദ്യോഗസ്ഥനസർ എ തെങ്കിലും ഒരു നിയമത്തിൻെറ ചുമതലവഹിക്കുന്നസമയത്തിൽ അദ്ദേഹത്തോടു നിയമസംബന്ധമായ ചോദ്യംചോദിക്കാവുന്നതാണ്. മറവസരങ്ങളിൽ നിയമപ്രകാരം ഏതെങ്കിലും ഒരുസംഗതി അറിയാൻ വേണ്ടിയുള്ള ചോദ്യങ്ങളല്ലാതെ യാതൊന്നും ചോദിച്ചുകൂടാ. ഈ ചോദ്യം ഒരറിവുകിട്ടാൻ വേണ്ടിയുള്ളതാണെന്നു തോന്നുന്നില്ല. അതിനാൽ, ഒരു മെമ്പറിൻെറ അഭിപ്രായം ചോദിച്ചുവരുന്നതു് ഈ സഭയുടെ നടപടിയിൽ ഉൾപ്പെട്ട തായാണോ എന്നും, ഈ ചോദ്യം രീതിക്കു ചേരുന്നതാണോ എന്നുമാണ് എനിക്കുള്ളവിഷമം;

പ്രസിഡണ്ട് എനിക്കങ്ങനെ തോന്നുന്നില്ല, ഈ ചോദ്യം മെസർ അദ്ദേഹത്തിൻെറ പ്രയോഗത്തിനു സ കരിക്കുന്ന വ്യാഖ്യാനം എന്താണെന്നറിയാൻവേണ്ടിയുള്ളതാണ്.

മി: പി. കെ. നാരായണപിള്ള (അസലപ്പുഴ) യാതൊരുനിയമത്തോടും അന്വേഷിക്കപ്പെട്ടിട്ടുള്ളതായിതോ ന്നുന്നില്ല.

പ്രസിഡണ്ട്: ഉണ്ടെന്നുതന്നെയാണ് എനിക്കുതോന്നുന്നതു്. മി. കുഞ്ഞുകൃഷ്ണപിള്ളേ, തുടരുക.

മി. വി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): എൻെറതാല്പര്യത്തിൽ ഒൻപതു പകൃതികളോളം എൽ, ആർ. എം. ജോലിയുടെതാതെ ഇട്ടിട്ടുള്ളതായിപറയുന്നു. അദ്ദേഹത്തിനറിവുണ്ടോ എന്നെനിക്കു നിശ്ചയമില്ല എന്നിട്ടും, ഈ പകൃതികളിലെ പുറന്തോക്കുകളെ കണ്ടുപിടിച്ചു സർവ്വേയുന്നതിനു കമ്മീഷണർ ഉത്തരവായച്ചിരിക്കുന്നു. ഈ സംഗതിയെക്കുറിച്ചു അനവധിചോദ്യങ്ങൾ ഈ സഭയിൽനിന്നു ചോദിക്കയും സംഗതിയെസ്പർശിക്കാതെയു ള്ള ഒട്ടവളരെ മറുപടികളും പ്രീഫ്സസക്രട്ടറിപറയുകയും ചെയ്തിട്ടുണ്ടെങ്കിലും കമ്മീഷണർ അക്കാര്യത്തിൽ അന്ധ തപ്രകർശിപ്പിക്കുന്നതായികാണുന്നു.

സർ, എന്തെല്ലാമായലും, കമ്മീഷണർ മേട്ടോറിലാണ്യാത്രചെയ്യുന്നതു. ഒരേപോക്കിനവളരെദൂരമോ ടുചെയ്യും. ഈ കാരണങ്ങളാൽ, സഞ്ചാരപ്പടിയിൽ നിന്ന് ഇപ്പോൾ ലഭിക്കുന്നതിനെക്കാൾ അധികപ്പടി കിട്ടുന്നു.

പ്രസിഡണ്ട് ആ ഉപക്ഷേപത്തെ ആരെങ്കിലും അനുകൂലിക്കുന്നുണ്ടോ ?

മി. ഡബ്ലിവർഫ് (ഗവണ്മെൻറിനിയമിച്ചമെമ്പർ:) ഞാൻ അനുകൂലിക്കുന്നു. ഞാൻതന്നെ ഒരുഗവണ്മെ ൻറുദ്യോഗസ്ഥനായിരുന്നു. പരിശോധനയുടെ പ്രയോജനത്തിൽ എനിക്കുവളരെ വിശ്വാസമുണ്ടു. കീഴ്ദ്യോഗ സ്ഥന്മാരെ പരിശോധിച്ചു കൊണ്ടിരുന്നാൽ എല്ലാം ക്രമമായിത്തന്നെയിരിക്കും. സംഗതികൾ ക്രമമല്ലാതാകിട ന്നാൽതന്നെയും അവയെക്രമപ്പെടുത്താനുള്ള ശക്തി മേലുദ്യോഗസ്ഥന്മാരുടെ പരിശോധനയ്ക്കുണ്ടു. ഒട്ടധികം അ നാവശ്യഎഴുത്തുകുത്തുകളും കാലതാമസവുംകൂടാതെതന്നെ. ഉദ്യോഗസ്ഥൻ സ്ഥലത്തു ചെല്ലുന്നതായാൽ പല സംഗതികളുമറിച്ചും നോട്ടിടുകയുംകൊടുക്കാൻ സാധിക്കും. എൻെറസ്നേഹിതൻ സൂചിപ്പിച്ചതുപോ ലെ പ്പോർട്ടിൻെറ ആകാരം ഞാൻവായിച്ചില്ല. എന്നാൽ സക്കിട്ടിനെസംബന്ധിച്ച കാര്യങ്ങളിൽ ഇപ്പോഴത്തെരവ

സ്കൂൾമീഷണർപ്പോലെ ശ്രദ്ധാന്തിയും പരിശ്രമശീലവും പ്രാപ്തിയുമുള്ള ഒരുദ്യോഗസ്ഥൻ വിദ്യാവകുപ്പിനിയെന്നുകാണുന്നതിൽ ഞാൻവളരെയധികം സന്തോഷിക്കുന്നു. അദ്ദേഹത്തിന്റെനിന്നു ഇനിയും വളരെയധികം പ്രതീക്ഷിക്കുന്നതിൽ ഞാൻ ആശിച്ചിരുന്നു (ചിരി) പ്രത്യേകിച്ചു സംഗതികൾ തലകീഴായികിടക്കുന്നുകിടക്കുമ്പോൾ അസിസ്റ്റൻറുമഹാശയൻ ഒരുമാസത്തെ കാവിക്രാന്തിൽ ഇരിക്കുകയും ചെയ്യുന്ന ഈയവസരത്തിൽ സംസ്ഥാനത്തെ നിരക്ഷരത്വത്തെ ഞങ്ങൾ കഠിനമായിവിമർശനം ചെയ്യാത്തതായി ഈ സഭയുടെ ഒരുയോഗത്തെയും കഴിഞ്ഞിട്ടില്ല.

മി. എസ്. സി എച്ച്. റോബിൻസൺ (ശ്രീനികേതനും ആശ്രമനികേതനും കമ്മിഷണർ) മി. കുഞ്ഞുഗുരുക്കിള്ള സൂചിപ്പിച്ച റിപ്പോർട്ട് ഫാൻവു-ഉടെ കാലത്തെന്നും ഫാൻസൻ-ടെ കാലത്തെന്നും ഉള്ളതുസംശയം മെമ്പറിന്റെ ശ്രദ്ധയിൽപ്പെടുത്തിയോ?

പ്രസിഡണ്ട്: മി. ഹ്യൂവെർഫ് സൂചിപ്പിക്കുന്നതും ഫാൻവു-ടെതുതന്നെയാണ്.

മി. എ. ഹ്യൂവെർഫ് (ഗവർമെൻറുനിയമിച്ചമെമ്പർ): ഞാൻപറയുന്നതു ഫാൻവു-ൽ മി. റോബിൻസൺ ഡിപ്പാർട്ടുമെന്റിനെ ഭരണംനടത്തിയിരുന്ന ഒമാസങ്ങളെക്കുറിച്ചാണ്. മേട്ടോർകാർ, യന്ത്രംചെയ്യുന്നതിനുള്ള മറ്റനേകം സൗകര്യങ്ങളും എന്നിവയെല്ലാമുണ്ടായിട്ടും പരിശോധനാവേളയിൽ ഇതുവരെ മന്ദത സംഭവിച്ചുവെന്നുകാണുന്നതിൽ ഞാൻപ്രത്യേക ഖേദമുള്ളതുകൊണ്ടുതന്നെ. വെസ്റ്റുകമ്മീഷണർ കുറെക്കൂടിവിസ്തൃതിയായി പരിശോധനയ്ക്കായി നടത്തേണ്ടതിന്റെ പ്രധാനമായ ആവശ്യകത ചൂണ്ടിക്കാണിക്കുന്നതിനു മതിയാകുന്നുവെന്നും ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുണ്ടെന്നും വിചാരിക്കുന്നു.

മി. തയ്യിലകത്തിതൊമ്മൻ (മൂവാറ്റുപുഴ): ചാൻസ്റ്റവെന്റുകമ്മീഷണറുടെ സന്ദർശനപ്പട്ടികയുണ്ടാക്കുന്നതു അത്രശരിയായിരിക്കയില്ലെന്നാണ് എൻറെഅഭിപ്രായം. സബ്ബോർഡിനേറ്റുസ്റ്റാഫിനു മാസത്തിൽ ജനങ്ങൾക്കു അധികപ്രയോജനം പറയുന്ന ഉദ്യോഗസ്ഥന്മാരിൽ ഒരാളാണ് അദ്ദേഹമെന്നു ഇതുവരെയുള്ള അദ്ദേഹത്തിന്റെ യാത്രകളിൽനിന്നു വെളിവായിട്ടുണ്ടു. മാത്രമല്ലകൂടാതെയും അദ്ദേഹം വന്നാൽ ജനങ്ങളുടെ സങ്കടങ്ങൾക്കു നിവൃത്തിയുണ്ടാക്കുന്നതിനു വേണ്ടവിധത്തിൽ പ്രയത്നിച്ചുകാണുന്നുണ്ടു. കുറെക്കൂടി പ്രയോജനപ്രദമായും ഉണ്ടാക്കണമെങ്കിൽ അദ്ദേഹത്തിനാവശ്യമുള്ള സബ്ബോർഡിനേറ്റുസ്റ്റാഫിനെയുണ്ടാക്കണമെന്നതാണ്. ചിലതാലൂക്കുകളിലെല്ലാം അദ്ദേഹത്തിനു വന്നെത്തുവാനും അഭിമതികളെ ഒരുക്കുവാനും സാധിച്ചിട്ടില്ലായിരിക്കാം. അതുകൊണ്ടായിരിക്കാം ഏൻറെസ്നേഹിതൻ കമ്മീഷണറുടെ ട്രാവലിങ്ങ് അലവൻസ് കുറയ്ക്കണമെന്നു പറഞ്ഞതു. എന്നാൽ എൻറെഅഭിപ്രായത്തിനു അദ്ദേഹം വടക്കൻതിരുവിതാംകൂറിൽ പലസ്ഥലങ്ങളും സഞ്ചരിച്ചു പേനയുകൊണ്ടും ജനങ്ങൾക്കുവേണ്ടതു ചെയ്തിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. അഭിമതിക്കാരിൽനിന്നു ജനങ്ങളെ രക്ഷിക്കാൻ ഇങ്ങനെയുള്ള സങ്കീർണ്ണവ്യവസ്ഥയുണ്ടു. എന്നാൽ ചിലഅസൗകര്യങ്ങളോടെ സങ്കീർണ്ണമാകൊണ്ടു വിപരീതഫലമുണ്ടു വരുന്നതുതന്നെ പറവാൻ തരിപ്പാൻ നിവൃത്തിയില്ല. ഇദ്ദേഹം ഈ കുറ്റത്തിനുമല്ല ഇദ്ദേഹത്തിന്റെ സങ്കീർണ്ണകൊണ്ടു കുടുതൽഗുണമുള്ളതുകൊണ്ടു അലവൻസു കുറയ്ക്കുന്നതെന്നു ഞാൻ വീണ്ടുംപറഞ്ഞുകൊള്ളുന്നു.

മി. ടി. കുമാരപിള്ള (ഇരണിയൽ-പിള്ളയേട്ടൻ): ഞാൻ മിസ്റ്റർ കുഞ്ഞുഗുരുക്കിന്റെ അഭിപ്രായത്തോടു യോജിക്കുന്നു. ചാൻസ്റ്റവെന്റുഡിപ്പാർട്ടുമെൻറിൽ മിസ്റ്റർ റാബിൻസൺ അദ്ധ്യക്ഷനായിരുന്നപ്പോൾ ഉൾപ്പുള്ള സ്ഥിതികൾക്കും ഇപ്പോഴത്തെസ്ഥിതികൾക്കും വളരെവ്യത്യാസമുണ്ടു. അദ്ദേഹംമേട്ടോറിൽ സഞ്ചരിക്കുന്നതുകൊണ്ടു സബ്ബോർഡിനേറ്റുസ്റ്റാഫുകൊണ്ടുപ്രയോജനമൊന്നാണ് എൻറെസ്നേഹിതൻ മിസ്റ്റർ കുഞ്ഞുഗുരുക്കിപിള്ളയുടെ അഭിപ്രായം. അദ്ദേഹം ഈയിടയെന്നെ തെക്കൻതിരുവിതാംകൂറിൽ സഞ്ചരിച്ചുവന്നിരുന്നു. അദ്ദേഹത്തിനു മോട്ടോർകാറുള്ളതുകൊണ്ടു ചിലദിവസം രണ്ടും മൂന്നും സ്ഥലങ്ങൾ പരിശോധനകഴിച്ചു മടങ്ങിവരുവാനും കഴിഞ്ഞിരുന്നു. ഇൻസ്പെക്ടറുടെയും ഇന്നത്തേതുപോലുള്ള സ്ഥിതികൾക്കു വേറെയൊരുവ്യത്യാസം കാണുന്നതു കീഴ്സ്തിതിയുദ്യോഗസ്ഥന്മാരുടെയിടയിലുള്ള അഴിമതി കുറഞ്ഞുകാണുന്നതുകൊണ്ടാണ്. അതിനുകാരണം പലതുമുണ്ടു. ഈ പരാതിക്കാർ എല്ലാസമയങ്ങളിലും നേരിട്ടു പേരുവെക്കുവാൻ തയ്യാറുള്ളതാണ്. അതിനുപുറമേ

മി. എ. ഹ്യൂ'വെർഫ് (ഗവണ്മെൻറ്നിയമിച്ചമെമ്പർ): ഫർണ്ണിച്ചർ-കൾ ഇപ്പോഴത്തെ ലാൻഡ് റവന്യൂകമ്മീഷണർ ഡിപ്പാർട്ടുമെൻറിനെ ഭരിച്ചിരുന്ന ഏഴുമാസങ്ങൾക്കിടക്ക് അദ്ദേഹം നടത്തിയ സംഭാഷണങ്ങളിൽ നിന്നുള്ളതാണെന്നുള്ള വാസ്തവമല്ലെ? എൻറെ നിരീക്ഷണം ആവസ്തയെസംബന്ധിച്ചു മാത്രമായിരുന്നു. മി. റാബിൻസനെ ഒരുദ്യോഗസ്ഥനെന്നനിലയിൽ എനിക്കു വലിയബഹുമാനമാണ്. അദ്ദേഹത്തിൻറെ സഞ്ചാരപ്പടിയിൽനിന്നുള്ളതുകൊണ്ടുമാത്രം കുറയ്ക്കണമെന്നുഞാനാഗ്രഹിക്കുന്നില്ല. നേരത്തെപറഞ്ഞു, ഞാൻ അദ്ദേഹത്തിനു നിശ്ചയമായും കൂടുതൽ അനുവദിക്കുകതന്നെചെയ്യും (ചിരി).

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): അദ്ദേഹത്തിനെതിരായി പറഞ്ഞ അഭിപ്രായങ്ങൾ തീർത്തുപറഞ്ഞതല്ലെന്നും അവയെ അദ്ദേഹം അർഹിക്കുന്നില്ലെന്നുമാണ് എൻറെ അഭിപ്രായം. ആ ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനു അനുവദിച്ചിട്ടുള്ള സഞ്ചാരപ്പടിപോരാതെപോയി തെന്നുള്ളതിലുമായവസരത്തിൽ എനിക്കുപറയുവാനുണ്ട്. അദ്ദേഹത്തിനു ഒരു മോട്ടാർബോട്ടിൻറെ ഉപയോഗംകൂടി അനുവദിച്ചുകൊടുത്തിരുന്നെങ്കിൽ ചേർത്തലയും മറ്റുസ്ഥലങ്ങളും സന്ദർശിക്കുന്നതിനു അദ്ദേഹത്തിനു കഴിയുമായിരുന്നുവെന്നുള്ളതുകൊണ്ടു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. അതിനാൽ, ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി: എസ്. സി. എച്ച്. റോബിൻസൺ (ദേവികുളവും ആലായനികുതിയും കമ്മീഷണർ): സർ, ഞാൻ വളരെയധികം മറുപടിപറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഫർണ്ണിച്ചർ-കൾ ഞാൻ സംഭരിച്ചുപയോഗിച്ചിട്ടുള്ള ലിയസങ്കേതങ്ങളുടെ സംഖ്യയെ മി: കുഞ്ഞുകൃഷ്ണപിള്ള വർദ്ധിപ്പിച്ചു പറയുകയുണ്ടായി. ആണ്ടവസാനത്തിലാണ് ഞാൻ ജോലിമാറുകയോ പോവുകയോ ചെയ്തു. കരങ്കടിശ്ശിവസൂലാക്കുകയും ആലായനികുതിസംബന്ധിച്ചും വളരെ ജോലിചെയ്തുതീർക്കാനുണ്ടായിരുന്നു. മി: ജനനന്തരാമയ്യരുടെ കാലാവധിക്കുതന്നെ അനേകം ആലായനികുതികേസുകൾ ട്രൈബ്യൽചെയ്തിരുന്നു ഞാൻ ഡിപ്പാർട്ടുമെൻറുചുമതല ഏറ്റുവാങ്ങിയപ്പോൾ അവയെല്ലാം എന്നെഏല്പിച്ചു. ഒട്ടുവളരെകേസുകൾ തീരുമാനിക്കാനുണ്ടായിരുന്നു. എല്ലാദിവസവും അഞ്ചും ആറും ചിലപ്പോൾ പത്തും പതിനഞ്ചും കേസുകൾ വിസ്തരിക്കേണ്ടിയിരുന്നു. ഞാൻ ഗ്രഹിച്ചതുപോലെയുള്ള സങ്കീർണ്ണജോലിചെയ്യുന്നതിനു എന്നെ തടസ്സപ്പെടുത്തിയതു ഈ വകജോലികളാണ്. ആലായനികുതി നിർണ്ണയിച്ചതിനാൽ എല്ലാവരും തന്നെ അപ്പീൽകൊടുക്കുവാനിരുന്നു. അപ്പീൽ തീരുമാനിക്കുന്നതുവരെ നികുതിനിർണ്ണയം നീക്കിവെക്കേണ്ടതായിവന്നു. ഇങ്ങനെ കൂടുതൽസങ്കീർണ്ണമായ എന്നെ അടുത്തുചെയ്യുപ്പെടുത്തുന്നതായി പല പ്രയാസങ്ങളുമുണ്ടായിരുന്നു. കമ്പർനെയും ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു സങ്കീർണ്ണജോലി മതിയാകുന്നില്ലെന്നു കാണിക്കാനായിട്ടാണ്. കൂടുതൽ സഞ്ചാരപ്പടി എനിക്കനുവദിച്ചുതരേണമെന്നുള്ളതിനു കൂടുതലന്യായം അതുതന്നെയാകുന്നു. ഇക്കാലത്തു ഒരു ഗവണ്മെൻറുദ്യോഗസ്ഥനും എല്ലാവരെയും തൃപ്തിപ്പെടുത്തുക വളരെ വിഷമമുള്ളതാണ്. സഞ്ചാരപ്പടി കുറയ്ക്കണമെന്നു ചില മെമ്പറന്മാർ ആവശ്യപ്പെടുന്നു. മറുള്ളവർപറയുന്നതു കൂടുതൽ സങ്കീർണ്ണചെയ്യേണ്ടതെന്നാണ്. പാവപ്പെട്ട ശങ്കുണ്ണിമേനോൻറെകഥ എൻറെ ഓർമ്മയിൽ വരുന്നു. അനുവാദമുണ്ടെങ്കിൽ ആകഥഞാൻ വിവരിക്കാം.

പ്രസിഡണ്ടു: നിങ്ങളും സമയക്ലിപ്തം അനുസരിക്കേണ്ടതുണ്ടു.

മി: എസ്. സി. എച്ച്. റോബിൻസൺ (ദേവികുതിയും ആലായനികുതിയും കമ്മീഷണർ): അതു വേറൊരവസരത്തിൽ പറഞ്ഞുകൊള്ളാം.

മി: എ. ഹ്യൂ'വെർഫ് (ഗവണ്മെൻറുനിയമിച്ചമെമ്പർ): ഞാൻ വിചാരിക്കുന്നില്ല, എൻറെയും മി: കുഞ്ഞുകൃഷ്ണപിള്ളയുടേയും ഉദ്ദേശം—

പ്രസിഡണ്ടു: മി: കുഞ്ഞുകൃഷ്ണപിള്ളക്കുവേണ്ടി നിങ്ങൾക്കു സമാധാനം പറയാൻപാടില്ല. നിങ്ങൾക്കു വേണ്ടിയാവാം (ചിരി).

മി: എ. ഹ്യൂ'വെർഫ് (ഗവണ്മെൻറുനിയമിച്ചമെമ്പർ): ദേവികുളം കമ്മീഷണർ സങ്കീർണ്ണകഴിവുകളിലുള്ള സങ്കടത്തെ കുറവു ഈ സഭയുടെയും മി: റാബിൻസൻറെയും ഗവണ്മെൻറിൻറേയും ശ്രദ്ധയിൽ കൊണ്ടുവരേണമെന്നുമാത്രം ഉദ്ദേശിച്ചു ഞങ്ങൾ ഈ പ്രസ്താവിച്ചതാണ്, അതിൽക്കൂടുതലായി യൊന്നുമില്ല.

പ്രസിഡണ്ടു: അതു നിങ്ങൾ മുമ്പുതന്നെ വ്യാഖ്യാനിച്ചുകഴിഞ്ഞുവല്ലൊ.

മി: എസ്. സി. എച്ച്. റോബിൻസൺ (ദേവികുതിയും ആലായനികുതിയും കമ്മീഷണർ): ഫർണ്ണിച്ചർകമ്പനിക്കുവേണ്ടിയിരുന്ന സഞ്ചാരപ്പടി ചെലവായിക്കഴിഞ്ഞു; അതു വാസ്തവത്തിൽ പോരാതെയാണ്വന്നിരിക്കുന്നതു. ബഹുമാനപ്പെട്ട ഗവർണ്ണരുടെ സന്ദർശനം സംബന്ധിച്ചു എനിക്കു പലയിടത്തും സഞ്ചരിക്കേണ്ടിയിരുന്നു അതിനുള്ളസഞ്ചാരപ്പടി, ആ സന്ദർശനത്തിലേയ്ക്കുവേണ്ടിവച്ച പണത്തിൽനിന്നെടുത്തു. അല്ലെങ്കിൽ പരിശോധനയ്ക്കോ മറ്റുപ്രവർത്തികൾക്കോ സാധിക്കയില്ലായിരുന്നു. ഈയാണ്ടു സഞ്ചാരപ്പടിമുഴുവൻ ചെലവായി; ഞങ്ങൾ കഴിച്ചുകൂട്ടിയതു വളരെ പ്രയാസപ്പെട്ടാണ്. ഞങ്ങൾക്കു അവകാശമുള്ള പടികിട്ടാൻ കഴിയേണ്ടതു ആവശ്യമാണെന്നാണ ഞാൻവിചാരിക്കുന്നതു. നിക്കിവച്ചിട്ടുള്ള ഈ സഞ്ചാരപ്പടി എനിക്കുമാത്രമുള്ളതല്ല. ഏസ്റ്റാബ്ലിഷ്മെൻറിനുള്ളതാണ്. അനുവദിച്ചിട്ടുള്ള തുകകൊണ്ടു കഴിച്ചുകൂട്ടാൻ വളരെ പ്രയാസമാണ്. ഫർണ്ണിച്ചർ കൂടുതൽ ഞാൻ അപേക്ഷിച്ചിരുന്നു. ഗവണ്മെൻറു അതിൽ ഫർണ്ണിച്ചർ കുറച്ചു.

മി: എ. ഹ്യൂ'വെർഫ് (ഗവണ്മെൻറുനിയമിച്ചമെമ്പർ): കഴിഞ്ഞയാണ്ടു ലാൻഡ്റവന്യൂകമ്മീഷണർ വകയിരുത്തിയിരുന്ന സഞ്ചാരപ്പടിയിൽ വല്ലതുംചെലവാകാതെ ലാപ്സായിപ്പോയോ?

പ്രസിഡൻറു: നിങ്ങളുദ്ദേശിക്കുന്നതു ഫർണ്ണിച്ചറുകളാണോ?

മി: എ: ഹ്യൂ'വെർഫ് (ഗവണ്മെൻറുനിയമിച്ചമെമ്പർ): അതെ.

മി: എസ്. സി. എച്ച്. റോബിൻസൺ (ദേവികുതിയും ആലായനികുതിയുംകമ്മീഷണർ): കണക്കു എൻറെപക്കൽ തയ്യാറായിട്ടില്ല. പോയാണ്ടു എല്ലാംചിലവായി, ഗവർണ്ണരുടെ യാത്രനിമിത്തം കൂടുതൽചിലവു ചെയ്യേണ്ടിവന്നു.

മി. ജി. പരമേശ്വരൻപിള്ള (തെന്മലറിസർവ്വ): ഞാനും ഉപക്ഷേപത്തെഎതിർക്കുന്നു.

മി: റോബിൻസൺ പറഞ്ഞ അഭിപ്രായങ്ങളെ ആശ്രയിച്ചു മി. കുഞ്ഞുകൃഷ്ണപിള്ള അദ്ദേഹത്തിൻറെ ഉപക്ഷേപത്തെ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

മി: വി. കുഞ്ഞുകുട്ടിപിള്ള (ചിറയിൻകീഴ്): ഞാൻ ഉപരക്ഷപേത്തെ പിൻവലിക്കുന്നു, അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൨.

റവ: ഫാദർ കുസ്തേക്കാസ് വെളിക്കപ്പെടുന്നു (തൊടുപുഴ–കുന്നത്തുനാട്): താഴെപറയുന്ന ഉപക്ഷേപത്തെ ഈ ഹാജരാക്കുന്നു.

൨, നോട്ടക്കാർക്കുവച്ചിട്ടുള്ള ൫൦൦൦ രൂപായിലെ സമ്പാദ്യം ൨൦൦൦ രൂപാ കുറയ്ക്കണം.

സർ, എന്റെ മേലിവു ശരിപ്പെടുത്തുകയില്ല, നമ്മുടെ ചെലവുള്ള രൂപയിലായതിനാലും ഞാൻ ഇപ്പോൾ ഇവിടെ നടപ്പിലിരിക്കുന്നതുകൊണ്ടും ഞാൻ ഇതു നിർബന്ധമായി ഈ സഭയുടെ മുമ്പാകെ വയ്ക്കുന്നു. ഈ നാണയം നിലവിൽ വന്നതിൽപിന്നെ ഇതിനെ ഇല്ലാതാക്കുവാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്ന ആപത്ത് ഇപ്പോൾ കാണുകയും ചെയ്തു. നോട്ടു ക്ലിപ്തപ്പെടുത്തുന്ന നോട്ടുകൾ നിന്നിടത്തോളം ചെല്ലുകയാണെങ്കിൽ ഞാൻ, ഇതിനായി കുറച്ചധികം പണം ചിലവഴിച്ചിട്ടെങ്കിലും റദ്ദുചെയ്യേണമെന്നു നോട്ടം നിമിത്തമായിട്ടു തന്നെ നിർബന്ധിക്കുന്നു. അതിനാൽ ഈ പുരസ്കാര ഉദ്യോഗത്തെ നിലനിൽക്കുവാൻ ഞാൻ അതിശ്രദ്ധിക്കുന്നില്ലെന്നുള്ളതു നിങ്ങൾ വിചാരിപ്പാനും.

മി: വി. കുഞ്ഞുകുട്ടിപിള്ള (ചിറയിൻകീഴ്): ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മിസ്റ്റർ. ഡബ്ല്യു. എച്ച്. ഗ്രിഫിത്സ്സൺ (ദിവാൻ പേഷ്കാർ): ഇതുമേനിക്കത്തിലും രേഖപ്പെടുത്തിയിരുന്നു. സർക്കാർ ഇപ്പോഴത്തെ സ്ഥിതിക്കു, ആകപ്പാടെ ൫ ലക്ഷം രൂപയിൽ കവിഞ്ഞുള്ള നോട്ടുകൾ ഇറക്കുവാൻ അവരുദ്ദേശിക്കുന്നില്ല. ഇപ്പോൾ ഇറക്കിയിട്ടുള്ള നോട്ടുകൾ നിലനിർത്തുന്നതിനുള്ള ചിലവുകൾ താഴെപറയുന്നവയാണ്.

നിലവിലുണ്ടായിരുന്ന ഡിവിഡന്റ് ഇക്വിറ്റി—൨

കരട്ടിലും ടി ത —൧

പോട്ടയിലും ടി ത —൧

ചുരുക്കത്തിൽ ഇപ്പോൾ നടക്കുന്നവിലയിലും കുറഞ്ഞ വിലയിൽ നോട്ടുകൾ തിരിച്ചുകൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നും, ഇതിനുള്ള ചിലവുകൾ ഏകദേശം ൨൦൦൦ രൂപയിൽ കവിയുകയില്ലെന്നും ഞാൻ ഇതിനാൽ ബോധിപ്പിക്കുന്നു. ഈ നോട്ടുകൾ ഇപ്പോൾ ചെലവുള്ള രൂപയിലായതിനാൽ ഇതിനെ ഇല്ലാതാക്കുവാൻ പരിശ്രമിക്കുന്നതിനെ ഞാൻ ഒരിക്കലും അനുകൂലിക്കുന്നില്ല. ഈ നോട്ടുകൾ ഇപ്പോൾ ഇവിടെ നിലനിൽക്കുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നു. അതിനെ വലിച്ചുകളയുവാൻ ഞാൻ ഒരിക്കലും ഇച്ഛിക്കുന്നില്ല. ഇതിനെ ഇല്ലാതാക്കുവാൻ ഇപ്പോൾ ചെലവുള്ള രൂപയിൽ നിന്നും ഒരു ലക്ഷം രൂപാ കുറയ്ക്കണമെന്നുള്ള ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

ടി. പി. കെ. നാരായണപിള്ള (മന്ത്രലപ്പുഴ): ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. റവറൻഡ് ഫാദർ സൂചിപ്പിച്ചിട്ടുള്ളപോലെ, നോട്ടുക്കാർ, ഒരു ചെറുകുട്ടം നടപ്പിലിരുന്ന ഒരു പുരാതനകാലത്തെ സൃഷ്ടിയാണ്. ഇക്കാലത്തുള്ള മിക്ക ജനങ്ങളും പ്രധാനമായി കടയ്ക്കുള്ള സാധനങ്ങൾ കൊണ്ടോ പുസ്തകം നടക്കുന്നത്. പൂർണ്ണമായും നോട്ടുക്കാർക്കു വെച്ചിട്ടുള്ളതിൽനിന്ന് ഒരു നല്ലതുക കുറയ്ക്കുവാൻസാധിക്കും. ഈ സംഗതിയെക്കുറിച്ചു ആധിയും ഞാൻ പറയേണ്ടതുകൊണ്ട്, നോട്ടുക്കാർക്കുള്ള ജാമ്യത്തിൽനിന്നു കുറയുമെങ്കിൽ ഒരു ഭാഗമെങ്കിലും സമ്മതിച്ചുകൊണ്ട് ഒരു യോജിപ്പ് നിർത്തിക്കുന്നതിനായി ഇവിടെയുള്ള പിന്നും അഭ്യർത്ഥിക്കുന്നതാണെന്ന് മിസ്റ്റർ റോബിൻസനോടപേക്ഷിച്ചുകൊള്ളുന്നു. നോട്ടുക്കാരെ പൊടെ നിറുത്തൽചെയ്യേണമെന്നുള്ള ഈ യോഗത്തിന്റെ അഭിപ്രായം. അവരെ കഴിച്ചുകൂട്ടാൻ പാടില്ലാത്തിടത്തു ചിലരെ രക്ഷിക്കാൻ വിഷമമില്ല. ഇപ്പോൾ നടപ്പിലിരിക്കുന്ന സമ്പ്രദായത്തെ ഗവർമെന്റപ്പെടുത്തി, ഈ വിഷയത്തെക്കുറിച്ചുമാലോചിക്കയും പണം കുറവുചെയ്കയും ചെയ്യുമെന്നുമാത്രമേ ഞാൻ നിർബന്ധിക്കുന്നുള്ളു. ഈ നിലയിൽ റവ: ഫാദർ കവുട്ടിക്കപ്പള്ളിഅവർകളുടെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി. കെ. ജോസ്സ് (ഗവർണ്മെന്റ് റിനാൻഷ്യൽ സെക്രട്ടറി): ആ ഉപക്ഷേപത്തെ ഞാൻപ്രതികൂലിക്കുന്നു. ഈ നോട്ടുക്കാർ വെള്ളിച്ചക്രമാത്രംനോക്കി കൈകൊണ്ടു ചെയ്യുന്നതിനവേണ്ടിയുള്ളവരാണെന്നുള്ള റവറണ്ട് ഫാദറിന്റെ പ്രസ്താവന ശരിയല്ലെന്നാണ്. കള്ളമായ വെള്ളിച്ചക്രത്തുട്ടുകൾ ഒട്ടുവളരെയുണ്ടായിരുന്നതുകൊണ്ടുള്ള വാസ്തവംതന്നെ. ഈ നോട്ടുക്കാർ രൂപയുടെപ്പോടെയുള്ള എല്ലാ രൂപള്ളിനാണയങ്ങളും പരിശോധിച്ചുകൊണ്ടാണ് നിലയിൽപ്പെട്ടിട്ടുള്ളവരാണ്. എന്നതെന്നെയല്ല —

ശ്രീ. എൻ. രാമകൃഷ്ണപിള്ള (ടെയ്ക്കോ—ഫ്ലീറ്റ് മാനേജർ): ഈ ജോലിയിൽനിന്നുപിരിച്ചുവിട്ടവരുടെയോ ഗോഷ്ഠം കൂടെ (കൊല്ലക്കാർ) എന്നുകൂടെ നമുക്ക് എന്നറിഞ്ഞുകൊടുക്കാമോ.

ശ്രീ. കെ. ചോയ്ക്കുട്ടി (ഗവൺമെന്റ് ഹൈസ്കൂൾ അസിസ്റ്റന്റ് സെക്രട്ടറി): അല്ല, നമ്മൾ നാണയങ്ങൾ ചൂടാക്കുന്നതിനു നിയമിക്കപ്പെട്ടിട്ടുള്ള ശിപായിമാരാണ്, നോട്ടക്കാർ അല്ലെന്നുകൂടെ.

ശ്രീമതി കെ. ദേവകി അമ്മ (ഗവൺമെന്റ് ഗേൾസ് സ്കൂൾ, കോട്ടയം): ഈ നോട്ടക്കാർ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾ നോക്കി പരിശോധിക്കേണ്ടതാണ്. ഇവരുടെ കുടുംബത്തിലേക്ക്, പ്രത്യേകിച്ച് പ്രധാന ജോലിക്കാരുടെ കുടുംബങ്ങളിൽ ഈ നോട്ടക്കാർ അനുഭവിച്ചുവരുന്നു. ഈ നാണയങ്ങൾ കൈകാര്യംചെയ്യുന്നതിൽ ഇടയ്ക്കിടെ കുറവുകൾ കാണുന്നുണ്ടെന്നു കണ്ടിട്ടുണ്ടാകുമല്ലോ. പ്രധാന ജോലിക്കാരുടെ കീഴിൽ നോട്ടക്കാർക്കു യാതൊരു സ്വാധീനവുമില്ല. ചിലപ്പോൾ നോട്ടക്കാർക്കുണ്ടാകുന്ന കുറവ് മേലധികാരികൾ ചെയ്തുകൊടുക്കുന്നുണ്ട്. ചിലപ്പോൾ നിവൃത്തികേടുകൊണ്ടും. അവർക്കുണ്ടാകുന്ന കുറവുകൾ നികത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.

ശ്രീ. പി. കെ. കുഞ്ഞൻ (മാവേലിക്കര—കൊല്ലം ഈസ്റ്റ്): ഓരോരുത്തരുടെയും കൈയിൽ ഉണ്ടാകുന്ന 'ഡെഫിഷ്യൻസി' എത്രയാണെന്നു കണക്കാക്കുന്നതിനുള്ള സൗകര്യം ഉണ്ടോ?

ശ്രീ. കെ. രാമുണ്ണി മേനോൻ (ഗവൺമെന്റ് സെക്രട്ടറി): അങ്ങനെ ശരാശരി കണക്കാക്കുന്നുണ്ട്, പക്ഷേ സ്ഥിരമല്ലാത്തതുകൊണ്ട് അതു ഫലപ്രദമല്ല.

ഞാൻ പറഞ്ഞതിൽ പിശകു, പ്രധാന ജോലിക്കാരുടെയും നോട്ടക്കാരുടെയും, അപേക്ഷയെ തരംതിരിച്ചു ട്രേഡേഴ്സ് മാർക്ക്, ഫ്ലൂറസ്കോപ്പ് തുടങ്ങിയവ, ചെമ്പു, രേഖയും എന്നു സ്ഥലപേരിൽ അവരുടെ സ്വന്തം കൈയിലെടുത്തുവച്ചിട്ടുണ്ടെന്നു സമ്മതിക്കുന്നില്ല. ഈ നോട്ടക്കാരുടെ സഹായത്തോടെയും, ഫോമിൽ മേൽപറഞ്ഞ ഓഫീസർമാരുടെ കൈയൊപ്പിട്ടു ട്രെഷറിയിൽ നിവൃത്തിയില്ല. തിരിച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ ഈ സമ്പ്രദായം നിർത്തലാക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചിക്കുന്നുണ്ട്; അതുകൊണ്ട് ഈ സമ്പ്രദായം നിലനിർത്തുന്നതിനെപ്പറ്റി ഇപ്പോൾ ചർച്ചയ്ക്കു നിവൃത്തിയില്ല.

ശ്രീ. സി. പി. മാത്യു (കൊട്ടാരക്കര—കൊല്ലം വെസ്റ്റ്): ഞാൻ ഉദ്ദേശിച്ചതു അതല്ല. ഇപ്പോൾ ഓരോ ട്രഷറിയിലും, ഓരോ 'ഡെഫിഷ്യൻസി' എന്നു പേരിട്ടു ഓരോ ഉദ്യോഗസ്ഥന്മാർക്കു ഓരോ പ്രാവശ്യം ഓരോ തുക ഈടാക്കുന്നുണ്ട്. ഇതിനെപ്പറ്റിയാണ് ഞാൻ പറഞ്ഞതു. [illegible] ഇതിനെപ്പറ്റി [illegible] ഇതിനെപ്പറ്റി [illegible] ചെയ്തിട്ടുണ്ടോ എന്നാണ് ചോദിച്ചതു. ഇതിനെപ്പറ്റി ഗവൺമെന്റിന് ഒരു അഭിപ്രായമുണ്ടോ?

ശ്രീ. സി. പി. രാമസ്വാമി അയ്യർ (കൊട്ടാരക്കര—കൊല്ലം വെസ്റ്റ്): പ്രകൃതിയിൽ ചിട്ടപ്പെട്ടിട്ടുള്ള തരംതിരിവിന് അനുസരിച്ചു ഫിനാൻസ് സ്റ്റാഫ് നോക്കേണ്ടതാണ്.

പ്രസിഡണ്ട് മറ്റുള്ളവരുടെയും ഒരു കുറിപ്പിനു ഉറപ്പിയിരിക്കുന്നല്ലോ.

ശ്രീ. സി. പി. കുഞ്ഞുകുഞ്ഞുപിള്ള (കൊട്ടാരക്കര—കൊല്ലം ഈസ്റ്റ്): പരിശോധിക്കുന്നതിനു ഒരു ഓഫീസറെ തന്നെ നാണയങ്ങളും, നോട്ടുകളും യാതൊരു വ്യത്യാസവും ഉണ്ടാകാതെ ചെയ്യുവാൻ. ഓഫീസിൽ ഇരുന്നുകൊണ്ട് ഇതു ചെയ്യുന്നതിനു പ്രയാസമാണ്

നാൽ തിരുവനന്തപുരം ഡിവിഷൻ ലജനാവിലേക്കനുവദിച്ചിട്ടുള്ള മൂന്ന നോട്ടക്കാർ കണ്ടിച്ചുമതിയാകുമെന്നേയുള്ളൂ.

ശ്രീ. ഒ. ജോൺനിധീരി (ചങ്ങനാശേരി–മീനച്ചൽ): സ്റ്റാപ്പുകളെല്ലാടത്തുതന്നെ 'നോട്ടക്കാർ' വേറെയുണ്ടോ?

ശ്രീ. ടി. ലക്ഷ്മണൻപിള്ള (ഗവൺമെൻറ നിയമിച്ച മെമ്പർ): ഇല്ല നോട്ടക്കാർതന്നെയാണ് 'സ്റ്റാപ്പ്', വേറെ സ്റ്റാപ്പുകളില്ല. ലജനാവിൻെറ ജനറൽ സെക്രട്ടറിയുടെ ഭാര്യയുടെ പേരൊന്നുമാത്രമേ ഉദാഹരണമായി സ്റ്റാപ്പിൻെറമുറിയിലെന്നു ലജനാ ആപ്പീസുകാരുടെ മുറിയിലേയ്ക്കു പണം എടുത്തുകൊണ്ടുപോകുന്നതിനുമാത്രം ഡ്രൈപ്പെട്ടെടുത്തിട്ടിരിക്കുന്നവരാണ് 'ഗോളാ'മാർ. ട്രഷറി ആഫീസുകളിലെപോലും പറഞ്ഞാൽ സ്വന്തം ജോലിനോക്കാൻതന്നെ അയാൾക്കു തീരെ സമയമില്ല.

പ്രസിഡൻറ: 'ഗോളാ'മാർ വേറെ കൂലിക്കാരാണ്.

ശ്രീ. ടി. ലക്ഷ്മണൻപിള്ള (ഗവൺമെൻറ നിയമിച്ച മെമ്പർ): —കുള്ള ചെമ്പുനാണയങ്ങളും ഉള്ളതുകൊണ്ട് ചെമ്പു നാണയങ്ങളും പരിശോധിക്കേണ്ട ആവശ്യമാണ്. ഒട്ടുവളരെ ചെമ്പു സ്റ്റോക്കുകളും (അങ്ങനെയാണല്ലോ ആവശ്യകതയെക്കുറിച്ചു പറയുന്നതു) കള്ളനാണയങ്ങളും മാറ്റ രാജ്യത്തെ നാണയങ്ങളും ഉള്ളതുകൊണ്ടു ചെമ്പുനാണയങ്ങളും പോലും പരിശോധിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഇപ്പോഴുള്ള നോട്ടക്കാരെ എല്ലാം വെച്ചുകൊണ്ടിരിക്കേണ്ടതു അത്യാവശ്യമാകുന്നുവെന്നാണ് എൻെറ അഭിപ്രായം, ഡ്യൂട്ടികൊടുക്കുന്നതിൽ അവരിൽ ഒരാളെ കുറച്ചാൽ മുഴുവൻവേലയും കഴിപ്പുത്തിലാകും.

ശ്രീ. എ. ഹഗ്പെർഡ് (ഗവൺമെൻറ നിയമിച്ച മെമ്പർ): ശ്രീ. റാബിൻസൻ ശ്രീ. ജോസ് നമ്മുടെ വിഗ്ധൻ ശ്രീ. ലക്ഷ്മണൻപിള്ള എന്നിവരുടെ വ്യക്തമായ സമാധാനം കേട്ടതുകൊണ്ടു ഉപക്ഷേപത്തെ പ്രയോജകൻ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു. നോട്ടക്കാർ ആവശ്യമില്ലെന്നായിരുന്നു എൻെറയും ധാരണ, എന്നാൽ ഇതിനുമുൻപു പ്രസംഗിച്ചവരുടെ വ്യാഖ്യാനംകേട്ടതുകൊണ്ടു ഫാക്ടർ വെട്ടിക്കുറച്ചുള്ളിയോട്ട ഉപക്ഷേപം പിൻവലിക്കേണമെന്നു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

ശ്രീ. ഫ്രാൻസിസ് കുര്യാക്കോസ് വെട്ടിക്കുറച്ചുള്ളി (തൊടുപുഴ–കുന്നുമ്മനാട്): ഈ നാട്ടുകാരുടെ ഇഷ്ടമിയുംധാരാളം ജോലിയുണ്ടെന്നു തോന്നുന്നില്ല. പരമത്തന്നസഹിച്ചു ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ന.

ശ്രീ. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര) താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

ന. ഡിപ്പിക്കൻസ്ചേരി എസ്റ്റാബ്ലിഷ്മെൻറ വകയ്ക്കു നീക്കിവച്ചിട്ടുള്ള ൫൩,൨൫൫ രൂപയിൽനിന്നു ൪,൫൦൦ കുറയ്ക്കുണം.

പ്രസിഡൻറ: നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ കുറവു ഏതു തുകയെ സൂചിപ്പിക്കുന്നു?

ശ്രീ. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര). പീരുമേട്ടിലെ ഡിവിഷൻ അസിസ്റ്റൻറുദ്യോഗത്തോടുകൂടെ കൊണ്ടുപോകേണ്ടതാണോ വേണ്ടയോ എന്നുള്ള സംഗതിയെപ്പറ്റി പുനരാലോചിക്കാൻ വേണ്ടിയാണു ഈ ഫാക്ടറാക്കിട്ടുള്ളതു്.

പ്രസിഡണ്ടു്: പക്ഷെ, എസ്റ്റാബ്ലിഷ്മെൻറുകൾ ചെലവിൽനിന്നു ഒരു കുറവു നിർദ്ദേശിക്കുന്നതിനുപകരം ആ ഉദ്യോഗസ്ഥൻെറ ശമ്പളത്തുകയാകണല്ലൊ നിങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): ഡിവിഷൻകച്ചേരികളിലെ എസ്റ്റാബ്ലിഷ്മെൻറ് ചെലവിൽനിന്നു ൪,൫൦൦ രൂപ കുറയ്ക്കാനാണു് ഞാൻ ആവശ്യപ്പെട്ടതു്. ഈ ഉപക്ഷേപം ഹാജരാക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം എന്താകണമെന്നു ഗവൺമെൻറിനെ ധരിപ്പിക്കുവാൻവേണ്ടിയാണു ഈ തുക ഇട്ടിരിക്കുന്നതു. ഇതുപോലെയുള്ള ഒരു ഉപക്ഷേപം കഴിഞ്ഞ ബഡ്ജറ്റുദ്യോഗത്തിൽ പുനരാലോചിക്കുകയും വേണ്ടതാകുന്നു. ഡിവിഷനിലേക്കു ഒരു കമ്മിഷണറും പീരുമേട്ടിൽ ഒരു ഡിവിഷൻ അസിസ്റ്റൻറും രണ്ടുംകൂടി ആവശ്യമുണ്ടോ എന്നുള്ള തത്വത്തെക്കുറിച്ചു ഈ യോഗം വിചാരണ ചെയ്യുകയും ഉണ്ടായി. ആ വിചാരണയിൽ പൂർണ്ണവും വിസ്തൃതവുമായ വാഗ്പ്രതിവാദത്തിനുശേഷം പീരുമേട്ടു ഡിവിഷൻ ഒരസിസ്റ്റൻറുദ്യോഗം നിലനിൽക്കേണ്ടതിലേക്കായി വന്നുകൂടിയ എതിരായി കവു, എന്ന അസാമാന്യമായ ഭൂരിപക്ഷത്തോടുകൂടി ഉപക്ഷേപം പരസ്സാക്കി, ഈ സഭയിൽ പ്രത്യേകിച്ചു ഗവർൺമെൻറു ശക്തിയായി യുദ്ധത്തിനൊരുമ്പെട്ടുന്ന അവസരങ്ങളിൽ ഇതുപോലെ വലുതായ ഒരു ഭൂരിപക്ഷത്തോടുകൂടി അനുദ്യോഗസ്ഥനാക്കു ഉപക്ഷേപങ്ങളും പാസ്സായികിട്ടുക എന്നതു് വളരെ അപൂർവമാണ്. ഇതുപോലെയുള്ള ഭൂരിപക്ഷത്തോടുകൂടി ഇപ്രകാരം ഒരു നിർദ്ദേശം പാസ്സാക്കിട്ടുപോലും ഈ സഭ നേരത്തെ അംഗീകരിച്ചതായ തീരുമാനം നടപ്പിൽപരത്തുന്നതിലേക്കു യാതൊരു ശ്രമവും ചെയ്യുകാണാത്തതു വളരെ കഷ്ടമായിരിക്കുന്നു. ഗവർൺമെൻറു ആ വഴിയിൽ എന്തെങ്കിലും കീഴ്ശ്രമം ചെയ്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അങ്ങനെ ചെയ്യാനിരിക്കുന്നതിനു വിചാരമുണ്ടോ എന്നതും ഉള്ളതിനെക്കുറിച്ചു് വല്ലതും ചില വിവരങ്ങളും ഗവർൺമെൻറിൽനിന്നും ലഭിക്കേണമെന്നുള്ളതാണു എൻെറ ഉപക്ഷേപത്തിൻെറ ഉദ്ദേശം. പ്രസ്തുത ഉദ്യോഗം നിർത്തൽചെയ്യണ്ട ആവശ്യകതയെക്കുറിച്ചു മതിയായ കാരണങ്ങൾ കഴിഞ്ഞ തവണ വ്യക്തമാക്കിട്ടുള്ളതാണ്, ആ നിർദ്ദേശം യഥാർത്ഥത്തിൽ നടപ്പിൽവരുത്താതിരുന്നതെന്തുകൊണ്ടാണെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ആകയാൽ ടി ഉദ്യോഗം നിലനിറുത്തുചെയ്യേണമെന്നു ഈ സഭയുടെ അഭിപ്രായം വ്യക്തമായി വെളിപ്പെടുത്തിട്ടും അതിനെ ഇടയ്ക്കുവെച്ചു പോകാൻ ഗവർൺമെൻറിനെ പ്രേരിപ്പിച്ച ചുറവപാടുകൾ എന്തെല്ലാമാണെന്നു് ഈ സഭയെ അറിയിച്ചാൽ കൊള്ളാമെന്നു എനിക്കു വളരെ ആഗ്രഹമുണ്ടു്.

ശ്രീ. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ഈ വിഷയം കൈനാൻസ് കമ്മിറ്റിയിൽ പുനരാലോചിച്ചില്ലേ എന്നു് മി. പരമേശ്വരൻപിള്ളയിൽനിന്നറിഞ്ഞാൽകൊള്ളാം.

ശ്രീ. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): കൈനാൻസ് കമ്മിറ്റിയിൽ ഈ സംഗതി അനുദ്യോഗസ്ഥ മെമ്പരന്മാർ കൊണ്ടുവന്നു. വോട്ടുചെയ്യാൻ പാടില്ലാത്ത ഒരിനമാണ്. കൈനാൻസ്കമ്മിറ്റിയിൽ

ഞങ്ങൾക്ക് ഞങ്ങളുടെ അഭിപ്രായം പറയാനുള്ള മാത്രമേയുള്ളൂ. അതു രേഖപ്പെടുത്തുകയുംചെയ്യും. അതിൽ കൂടുതലായി യാതൊന്നും ചെയ്യാൻ നിവൃത്തിയില്ല. ഫൈനാൻസ് കമ്മിറ്റിയിൽ ചെയ്യാൻ കഴിവുള്ളതെല്ലാം ചെയ്തിട്ടുണ്ട്.

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര—ഹൈന്ദവക്രിസ്ത്യൻ): എനിക്കു പറയാനുള്ള അഭിപ്രായങ്ങൾ ഗവർണ്മെന്റ് മെമ്പറിന്റെ പ്രസംഗം കേട്ടുകഴിഞ്ഞിട്ടു പറഞ്ഞുകൊള്ളാം.

മി. എസ്. സി. എച്ച്. റോബിൻസൺ (ദേവികുളവും ആമയന്നികുതിയും കമ്മിഷണർ): ഉപക്ഷേപത്തെ അനുകൂലിച്ചു പിൻതാങ്ങിയിട്ടില്ലല്ലൊ.

പ്രസിഡണ്ട്. ഈ ഉപക്ഷേപങ്ങൾക്കു പിൻതാങ്ങണമെന്നു നിയമം ആവശ്യപ്പെട്ടിട്ടില്ല.

മി. എസ്. സി. എച്ച്. റോബിൻസൺ (ദേവികുളവും ആമയന്നികുതിയും കമ്മിഷണർ): വോട്ടുചെയ്യാൻ പാടില്ലാത്ത ഒരിനമായ പീരുമേട് ഡിവിഷൻ അസിസ്റ്റന്റിന്റെ ശമ്പളത്തെക്കുറിച്ചും സംബന്ധിക്കുന്ന ഒരു ഉപക്ഷേപമാണിതെന്നുള്ളതു് ആദ്യമേതന്നെ പ്രസ്താവിച്ചുകൊള്ളുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മലയാളത്തിൽ അല്പംകൂടി ഉച്ചത്തിൽ.

മി. എസ്. സി. എച്ച്. റോബിൻസൺ (ദേവികുളവും ആമയന്നികുതിയും കമ്മിഷണർ): വാസ്തവത്തിൽ ഈ ഉപക്ഷേപം അറിയാതെ സ്വീകരിച്ചുപോയതാണ്. ഇതു പീരുമേട് ഡിവിഷൻഅസിസ്റ്റന്റിനെറ കൃത്യം ശമ്പളമുള്ളതാകുന്നു, അതു് ഒരുതരത്തിലും വോട്ടുചെയ്യാൻ പാടില്ലാത്ത ഒരിനമാണ്. എങ്കിലായാലും മുമ്പേക്കം ചില സംഗതികൾ പറഞ്ഞിട്ട് തിർച്ചയായും പ്രതികരിക്കാം.

വകുപ്പിന്റെ പോക്കുകൊണ്ടു മനസ്സിലാകുന്നതു് കീഴ്ജീവനക്കാർക്കും ആഫീസ് ആവശ്യങ്ങൾക്കും വേണ്ടിയുള്ള ചെലവു കുറയ്ക്കുകയോ അനാവശ്യമാക്കിതീർക്കുകയോ ചെയ്യണമെന്നുള്ള മാത്രമല്ല മെമ്പറിന്റെ ഉദ്ദേശമെന്നും പീരുമേട് ഡിവിഷൻഅസിസ്റ്റൻറ്റ്സ്ഥാനം നിറുത്തൽ ചെയ്യണമെന്നുള്ളതുകൊണ്ടാണെന്നുമാകുന്നു. അതു് വോട്ടുചെയ്യാൻ പാടില്ലാത്ത ഒരിനമാണ്. ഇപ്പോഴത്തെ അസിസ്റ്റന്റിനെ പ്രത്യേക ഉടമ്പടിപ്രകാരം ബ്രിട്ടിഷ് സർവീസിൽനിന്നു കൊണ്ടുവന്നതാണ്. കാലാവധി തീർന്നിട്ടുമില്ല. അതിനാൽ ഈ സംഗതിയുടെ നടപടിപ്രാരിംഭം പയ്യോളിച്ചുകൊണ്ടാൽതന്നെ കാലമായിട്ടില്ലെന്നാണ് ഞാൻ പറയുന്നതു്. ഗവർണ്മെന്റു് അയാളെ എടുത്തിട്ടുള്ളതു മുന്നു കൊല്ലത്തേക്കാണ്. ഇപ്പോഴത്തെ ഉടമ്പടിയെ റദ്ദുചെയ്യുന്നതു് മിക്കവാറും അസാദ്ധ്യം തന്നെയാണ്. എങ്കിലായാലും അനുവദിക്കത്തക്കതോ യുക്തമോ അല്ല.

മി. കെ. ഡ്യോമിനിക്ക് തെക്കേമ്മൻ (പീരുമേട്—ദേവികുളം): ഇപ്പോഴത്തെ ഉദ്യോഗസ്ഥനെ നിയമിച്ചതെന്നാണ്?

മി. എസ്. സി. എച്ച്. റോബിൻസൺ (ദേവികുളവും ആമയന്നികുതിയുംകമ്മിഷണർ): അതെനിക്കറിഞ്ഞുകൂടാ. സിവിൽ ലിസ്റ്റ്പ്രകാരമോ ഒരുപക്ഷേ ഉദ്യോഗസ്ഥന്മാരുടെ ഡിറക്ടറിയിൽ നിന്നോ അറിയാവുന്നതാണ്.

മി. എ. ഫ്രാഹർഫ് (ഗവർണ്മെന്റു നിയമിച്ച മെമ്പർ): പോലീസ് പോലെയുള്ള വേറേതെങ്കിലും ഡിപ്പാർട്ടുമെന്റിൽ അയാളെ ആക്കിക്കൂടയോ?

മി. എസ്. സി. എച്ച്. റോബിസൺ (ദേവികുളവും ആമയന്നികുതിയുംകമ്മീഷണർ): പരീക്ഷ അതിനുണ്ടോ? (ചിരി) കഴിഞ്ഞയാഴ്ചത്തെ ബഡ്ജറ്റു നിരൂപണകാലത്തു് ഈ യോഗത്തിലെ പല മെമ്പറന്മാരും ഈ വിഷയത്തെക്കുറിച്ചു വളരെ വിസ്തരിച്ചു പ്രസംഗിച്ചതാണ്. അതിനാൽ ഞാൻ കഴിഞ്ഞയാണ്ടിൽ പറഞ്ഞ സംഗതികളെ ആവർത്തിച്ചു സമയം ദുർവ്യയം ചെയ്യണമെന്നു വിചാരിക്കുന്നില്ല.

മറ്റൊരാളെ ഡിവിഷൻഅസിസ്റ്റൻറിന്റെപ്പോലെതന്നെ ഉദ്യോഗസംബന്ധമായ പലതരംവേലകൾ പീരുമേട്ടെ അസിസ്റ്റൻറിനുള്ളതുകൂടാതെ, അയാൾ ഒരു ഒന്നാംക്ലാസു മജിസ്ട്രേട്ടുകൂടിയാണ്. ആമയന്നികുതി സംബന്ധിച്ചു വളരെഅധികം ജോലി ചെയ്യേണ്ടതുണ്ടു്. ഏകദേശം ൯൦ നികുതിദായകന്മാരോളം അയാളുടെ അധീനത്തിലുണ്ടു്. അയാൾ പിരിക്കുന്നതിനുള്ള വകവു ൧൭,൦൦൦ രൂപയാണ്. കോട്ടയത്തോ പീരുമേട്ടിൽനിന്നു വളരെ അകലെ പോയി എവിടെയെങ്കിലുമോ താമസിക്കുന്ന ഒരു ഉദ്യോഗസ്ഥനെക്കൊണ്ടു ഈ ജോലികൾ നടത്തിക്കുന്നതു പൊതുജനങ്ങളുടെ ഗുണത്തിനുതകുന്നതായിരിക്കയില്ല. മുൻപു കിടന്നതുപോലെതന്നെ ആൾപോർട്ടില്ലാത്തവയല്ല ഇപ്പോൾ പീരുമേട്ടിലെ കുന്നുകൾഎന്നു ഈ സഭ സമ്മതിക്കുമെന്നു വിചാരിക്കുന്നു. റബ്ബർതോട്ടങ്ങളും തേയിലത്തോട്ടങ്ങളും ഇടകലർന്നുകിടക്കുന്നതും ഇപ്പോൾ വ്യവസായ പരിശ്രമങ്ങളുടെ ഒരുസ്ഥാനമായി അഭിവൃദ്ധിപ്പെട്ടുവരുന്നതുമായ വളരെയധികമായ ഒരു പ്രദേശമായി അവ ഇപ്പോൾ തീർന്നിരിക്കുന്നു. എല്ലാസംഗതികളിലും ഈ അഭിവൃദ്ധിയെ സംരക്ഷിച്ചുകൊണ്ടുപോകേണ്ടതു ഗവർണ്മെന്റിന്റെ കടമയാകുന്നു. യൂറോപ്യന്മാരും നാട്ടുകാരുമായ ഈ തോട്ടക്കാർ ഈ പ്രദേശത്തെ തഴച്ചു അഭിവൃദ്ധിപ്പെടുത്തുന്നതിലേയ്ക്കു ചെലവുചെയ്തിരിക്കുന്ന പണത്തിന്റെവില വളരെ വലുതാണ്. അവരുടെ സംരക്ഷണത്തിൽ ഗവർണ്മെന്റിനു ഒരു കടമയുണ്ടു്. പീരുമേട്ടുപട്ടണം കോട്ടയത്തുനിന്നു ഏകദേശം അമ്പതുമൈൽ അകലെയാണു്; പരിസരപ്രദേശങ്ങളും അതിലും അനേകംമൈൽ അകലെയാണു കിടക്കുന്നതു കോട്ടയത്തുചെന്നുവരുവാൻ വളരെ വിഷമമാണ്. പീരുമേട്ടിൽ താമസിക്കാത്ത ഒരു ഡിവിഷൻഅസിസ്റ്റൻറിനോ ഒന്നാംക്ലാസു മജിസ്ട്രേട്ടിനോ ഇടവിടെ ഫലപ്രദമായ മേലന്വേഷണം നടത്തുവാൻ സാധിക്കുമെന്നോ, കോട്ടയംപോലുള്ള അയാളുടെ തലസ്ഥാനത്തുനിന്നു വളരെ അകലത്തിൽകിടക്കുന്ന ചെത്തല, പരുവൻ, മുപ്പാറപുഴ, തൊടുപുഴ മുതലായ താലൂക്കുകളിൽ നടത്തേണ്ടതായ ജോലികൾക്കിടയിൽ, ഇപ്പോൾ ദേവികുളം കമ്മീഷണർക്കു സാധിക്കുന്നതുപോലെ പീരുമേട്ടിൽ താമസിക്കുന്നതിനു സമയം ഉണ്ടാകുമെന്നോ വിശ്വസിക്കുവാൻ സാധിക്കയില്ല. മേൽനോട്ടത്തിനൊരുദ്യോഗസ്ഥനില്ലാതെ, തഹശീൽദാരെത്തുന്ന പീരുമേട്ടിൽ വിട്ടേക്കുന്നതു സ്വീകാര്യമായ ഒരു പദ്ധതിയാകണമെന്നു നിങ്ങൾക്കു തോന്നുന്നില്ല.

മി. കെ. ഡ്യോമിനിക്ക് തെക്കേമ്മൻ (പീരുമേട്—ദേവികുളം): കോട്ടയത്തെക്കാൾ പീരുമേട് ദേവികുളത്തോടടുത്തതാണോഎന്നു മി. റോബിൻസണിൽനിന്നറിഞ്ഞാൽ കൊള്ളാം.

മി. എസ്. സി. എച്ച്. റോബിൻസൺ (ദേവികുളവും ആമയന്നികുതിയും കമ്മീഷണർ): അല്ല. മെമ്പറിന്നറിവുള്ളതുപോലെ, അതു ചെന്നെത്താൻ വളരെ പ്രയാസമുള്ള ഒരുസ്ഥലമാണ്.

മി. കെ. ഡൊമിനിക് തോമസൻ (പീരുമേട്—ദേവികുളം) ദേവികുളം കമ്മിഷണർ പീരുമേട്ടിലേയ്ക്കു കോട്ടയംവഴിയല്ലേ പോകുന്നത് ?

മി. എസ്. സി. എച്ച്. റോബിൻസൺ (ദുനികുതിയും ആദായനികുതിയും കമ്മീഷണർ): ദേവികുളത്തുനിന്നു പീരുമേട്ടിലേയ്ക്കു കോട്ടയംവഴിയേ പോകാൻ സാധിക്കയുള്ളു.

മി. എ. ഫ്രഡ് മെവർഫ് (ഗവൺമെൻറ്നിയമിച്ച മെമ്പർ): മേടാർക്കാർമാഗ്ഗം കോട്ടയത്തുനിന്നു പീരുമേട്ടിൽ എത്തുന്നതിനു ഏതു മണിക്കൂർ വേണമെന്നു മി. റോബിൻസണിൽനിന്നു അറിഞ്ഞാൽകൊള്ളാം.

മി എസ്. സി. എച്ച്. റോബിൻസൺ (നികുതിയും ആദായനികുതിയും കമ്മീഷണർ): മൂന്നു മണിക്കൂർവേണം. ഡിവിഷൻ അസിസ്റ്റൻറുമുഖ്യമായി, അദ്ദേഹത്തിനു നിശ്ചയിച്ചിട്ടുള്ള അനേകം ജോലികൾക്കായി നിത്യവും സക്കീട്ടുചെയ്യേണ്ട ഒരു എസ്റ്റിക്യൂട്ടിവ് ഉദ്യോഗസ്ഥനായതുകൊണ്ടു, ആവശ്യപ്പെടുമ്പോൾ സ്ഥലത്തുകാണുകയില്ല. ചങ്ങനാശ്ശേരിയിലേയ്ക്കോ മീനച്ചിലേയ്ക്കോ ചേർന്നിട്ടുള്ള അഞ്ചു പകുതികളായിട്ടാൽ രവന്യു കണക്കപ്രകാരം താലൂക്കിൻറെ വിസ്തീർണ്ണം ച. മൈ. വു. ഫർലോങ് ആയതുകൊണ്ടു പിരിയുള്ള ഗുനികുതിതന്നെ ഫ, ഠ ര, വു ര രൂപയും ഉണ്ടു.

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര—കാൽനികപ്പള്ളി): ഈ നികുതിയുടെ എന്തംശം തേയിലയിൽനിന്നു ലഭിക്കുമെന്നു മി. റോബിൻസൺ ഒയവായി പ്രസ്താവിക്കുമോ ?

മി. എസ്. സി. എച്ച്. റോബിൻസൺ (ദുനികുതിയും ആദായനികുതിയും കമ്മിഷണർ): എനിക്കു നിശ്ചയമില്ല. മി. കൃഷ്ണയ്യർ ഒരുവേള ഒരുക്കിയായിരിക്കും വന്നിട്ടുള്ളതു; അതുകൊണ്ടു, അദ്ദേഹത്തിനു എന്നേക്കാൾ കൂടുതൽ വിവരങ്ങൾ അറിയാമെയിരിക്കണം.

തഹശീൽദാർക്കു സക്കിട്ടുവേല വളരെ അധികമുണ്ടു; നികുതിപിരിക്കുന്ന വിഷയത്തിൽ അയാളുടെ സർവ്വശക്തിയും ഉപയോഗപ്പെടുത്തുകയുംവേണം. കഴിഞ്ഞയാണ്ടു, ഇ ര, വു ര രൂപയോളമുള്ള ച, വു ഫ ഡിമാൻഡ് ഗ്രോട്ടീസ് തഹശീൽദാർ അയച്ചിട്ടുണ്ടു. മലയുടെ അടിവാരത്തു നോട്ടീസ് അയക്കുക, കരംപിരിക്കുക മുതലായി ഒട്ടുവളരെ വേലകൾ അവർ ചെയ്യേണ്ടതായുണ്ടു്. അന്യാവശ്യകാര്യങ്ങൾക്കു നിത്യവും സഥലത്തുകാണാതെ ഒരു അസിസ്റ്റൻറുണ്ടെങ്കിൽ മാത്രമേ നമുക്കു സംഗതികൾ നടത്തുവാൻ സാധിക്കയുള്ളു. തോട്ടങ്ങളിലെ വേല മിക്കവാറും നടത്തുന്നതു തിരുവിതാംകൂറിലെ ക്ലബിക്കാരെയും അധ്വാനവസ്ത്രങ്ങളേയുംകൊണ്ടാകയാൽ, ആവശ്യപ്പെടുമ്പോൾ രവന്യു, മജിസ്ട്രീരിയൽ, അതല്ലെങ്കിൽ പൊലീസ് വകുപ്പുകളിലുള്ള കീഴ്ജീവനക്കാരെ തിരികാൻ പ്രാപ്തിയുള്ള ഏകപ്രധാനയുദ്യോഗസ്ഥനായ അസിസ്റ്റൻറിനെ അവിടെനിന്നു ഗവൺമെൻറു പിൻവലിക്കുന്നതായാൽ, തോട്ടക്കാരോടു ഗവണ്മെൻറിനുള്ള കടമയ്ക്കു ഭംഗം നേരിടുന്നതാകുന്നു.

ഒരു സ്ഥലത്തിൻറെ അഭിവൃദ്ധിയെ ഉടൻതന്നെ അവിടെ ഗവണ്മെൻറു സ്ഥാപനങ്ങൾ ഉണ്ടാകുന്നതെന്നുള്ളതു വാസ്തവമാണെങ്കിൽ, പ്രധാനമായ പൊതുസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതു ദൂരസ്ഥലത്തിൻറെ വളർച്ചയ്ക്കു ആവശ്യമായ ഒരു സംഗതിയാണെന്നുള്ളതും വാസ്തവമാകുന്നുവെന്നാണു എനിക്കു തോന്നുന്നതു. പീരുമേട്ടുപോലെയുള്ള ഒരു സ്ഥലം അഭിവൃദ്ധിപ്പെട്ടുവരുന്ന ആ പ്രത്യേകഘട്ടത്തിൽ, അവിടത്തെ ഏറ്റവും പ്രധാനമായ ഗവണ്മെൻറുസ്ഥാപനം എടുത്തുകളയുന്നതായാൽ, അവിടത്തെ മുഖ്യസമുച്ചയശക്തി നശിച്ചുപോകുകയും സ്ഥലത്തിൻറെ പ്രാധാന്യംതന്നെ കുറയുകയും ചെയ്യുന്നതാണ്. പീരുമേടു എല്ലാപ്രകാരത്തിലും പ്രാധാന്യത്തെ പ്രാപിച്ചുവരികയാണ്. നികുതി, കയറുമതിചുങ്കം, ആദായനികുതി മുതലായ ഇനങ്ങൾവഴിയായി സംസ്ഥാനത്തിലെ മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനു കായ്തമായിധം സഹായിച്ചുകൊണ്ടിരിക്കയുംചെയ്യുന്നു. മുൻപു അതൊരു മലമ്പനിപ്രദേശമായിരുന്നുവെങ്കിലും ഇപ്പോൾ ഒരു സുഖവാസസ്ഥലമായി തീർന്നിരിക്കുന്നു. ഒരു സ്ഥലത്തിൻറെ പ്രാധാന്യം തീർച്ചപ്പെടുത്തുന്നതിലേയ്ക്കു ഗവണ്മെൻറിനുള്ള കാര്യമായ ജനസംഖ്യയും നികുതിയും മാത്രമാണെങ്കിൽ ഇപ്പോൾ പീരുമേട്ടിൽ ഉള്ളതുപോലുള്ള അസിസ്റ്റൻറിൻറെ ആഫീസ്, താലൂക്കാഫീസ് മുതലായ സ്ഥാപനങ്ങളും ഉണ്ടാക്കിയതിൽ ഗവണ്മെൻറിനെ നീതീകരിക്കുവാൻ നിവൃത്തിയില്ലെന്നും ഇപ്പോൾ മലനാടുകളിൽ നാഗരീകത്തിൻറെ ഒരു ആസ്ഥാനമായിത്തീർന്നിരിക്കുന്ന പീരുമേടു ആ നിലയിൽ എത്തുകയില്ലായിരുന്നുവെന്നും ഞാൻ വിചാരിക്കുന്നു.

ഒരു നിലയുള്ള ഉയർന്ന ഉദ്യോഗസ്ഥൻ ഒരുസ്ഥലത്തുണ്ടായിരിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ വെറുംകണക്കുകൊണ്ടുമാത്രം അളക്കാവുന്നതല്ല. അത്തരം ഒരുദ്യോഗസ്ഥനുള്ളതുകൊണ്ടു പൊതുജനങ്ങൾക്കുണ്ടാകുന്ന രക്ഷയും വിശ്വാസവും അളവില്ലാത്തതാണ്. പീരുമേട്ടിലെ ഡിവിഷൻഅസിസ്റ്റൻറുദ്യോഗം ആവശ്യമില്ലെന്നു് ഈ സഭ വിചാരിക്കുന്നതായി കഴിഞ്ഞയുണ്ടായ വാദപ്രതിവാദത്തിൽതന്നെ ഗവണ്മെൻറിൻറെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതാണ്. ഈ വസ്തുത അവർ മനസ്സിലാക്കുകയുംചെയ്തു. എസ്റ്റാബ്ലിഷ്മെൻറ് ഒന്നാകെ കുറയ്ക്കുന്നതു കീഴ്ജീവനക്കാരെ മുഴുവനായി നീതിയല്ലാത്തവിധം വേലയില്ലാതെ പുറത്തിറക്കുകയായിരിക്കും. ഇതുവരെ അനീതിയായിരിക്കുമെന്നതന്നെയല്ല ഈ സംഗതി ഗവണ്മെൻറു ധരിച്ചിട്ടുള്ളതുകൊണ്ടു ഇതിൽ ഇനിയാതൊരുപ്രയോഗവും ഇല്ലുതാനും. അവിടെയുള്ള ആ പാവപ്പെട്ട കീഴ്ജീവനക്കാരുടെനേരെ നിങ്ങൾക്കുള്ള നീതിബോധത്തോടു ഞാൻ യാചിക്കുന്നു. അവരെ പട്ടിണിയിടാനോണോ നിങ്ങൾപോകുന്നതു? ഡിവിഷൻ അസിസ്റ്റൻറുമായിട്ടുള്ള ഉടമ്പടിയുടെ മദ്ധ്യത്തിൽ അയാളെ പിരിച്ചുവിടാൻ നിവൃത്തിയില്ല. കൂടാതെ, ഈ ഉപക്ഷേപം ആലോചിക്കാതെ സ്വീകരിച്ചുപോയതാണെന്നുള്ളതിൽ സഭയെ അറിയിച്ചുകൊള്ളുന്നു. കുറയ്ക്കാൻ ആവശ്യപ്പെട്ടതു ഒരു ഉദ്യോഗസ്ഥൻറെ കൃത്യം മാത്രമല്ലയോണ്ടു. അതു തീരെ വോട്ടുചെയ്യാൻ പാടില്ലാത്ത ഒരു നിലമാകുന്നു. അതിനാൽ മെമ്പർ ഈ ഉപക്ഷേപം സഭയെ പിൻവലിക്കേണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: എസ്. കൃഷ്ണയ്യർ (മാവേലിക്കര—കാൽനികപ്പള്ളി): സർ, മി. ജി. പരമേശ്വരൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല) മെയായി അല്പംകൂടെ ഉച്ചത്തിൽ.

മി: എസ്. കൃഷ്ണയ്യർ (മാവേലിക്കര—കാൽനികപ്പള്ളി): മി: ജി. പരമേശ്വരൻപിള്ള പറഞ്ഞതുപോലെ ഈ ഉപക്ഷേപം കഴിഞ്ഞയാണ്ടു പാസ്സാക്കിയതാണ്. ഈ വിഷയം വീണ്ടും ഈയാണ്ടു വാദത്തിനു വന്നിരിക്കുന്നു. ഒരുവേള ഇതിനേൽ ഈയാണ്ടും പോട്ടെടുക്കേണ്ടതായി വന്നേക്കാം. അതിനാൽ സംഗതിയെ മുഴുവനായി

ആലോചിച്ചു ഒന്നും ഇന്നും പൂർത്തിയാക്കിട്ടില്ലാത്ത പ്രശ്നങ്ങളെ പരിഹരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്. കുറെ മുൻപു പതിനൊന്നു പങ്കുകാർക്കുണ്ടായിരുന്നപ്പോഴത്തെ പീരുമേട്ടുതോട്ടത്തിൽനിന്നു ഇപ്പോൾ ഏഴു പങ്കുകാരുടെ തോട്ടമാക്കി. ഇപ്പോൾ പറയുന്നതനുസരിച്ചു പീരുമേട്ടു, പെരിയാർ, വണ്ടൻമേട്ടു, ലാപ്പാറ എന്നീ അഞ്ചു പങ്കുകാർ മാത്രമേയുള്ളൂ. മണിമല, പുല്ലുപാറ, വണ്ടന്പുഴ, പുഷ്പകാർ, കാഞ്ചിപ്പുല്ലിതെക്കു, കാഞ്ചിപ്പുല്ലിവടക്കു എന്നു പങ്കുകാരും പീരുമേട്ടിലെ പങ്കുകാരിൽനിന്നെടുത്തു കൂട്ടിച്ചേർക്കുന്നു. ഇപ്പോൾ—

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും ആഭ്യന്തരകൃഷിയും കമ്മീഷണർ): ഈ പങ്കുകാരും പീരുമേട്ടു താലൂക്കിൽനിന്നു ഗവണ്മെന്റു എടുത്തുകൂട്ടിയതെടുത്തുകൊണ്ടാണെന്നു ഞാൻ മനസ്സിലാക്കിട്ടുണ്ടോ?

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര-കാത്തിക്കപ്പള്ളി): എടുത്തുകൊണ്ടാണു ഈ പങ്കുകാരും എടുത്തുകൂട്ടിയതെന്നുള്ളതിനു ഗവണ്മെന്റിനു അങ്ങനെയുള്ളതാണ് എന്നു പറയാൻ കഴിയും. ഗവണ്മെന്റിനെ ഏല്പിച്ചു നാം എന്താണെന്നുള്ളതിനെപ്പറ്റി പറയാൻ എനിക്കു നിവൃത്തിയില്ല. ഒരുപക്ഷേ, മി. റോബിൻസൺ ഗവണ്മെന്റിന്റെ ആലോചന അറിഞ്ഞിരിക്കണം. അതുകൊണ്ടു അദ്ദേഹത്തിന്റെ ഗ്രൂപ്പർശ എന്തായിരുന്നുവെന്നും ഈ പങ്കുകാരും മാറുന്നതിനു ഗവണ്മെന്റിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തെല്ലാമെന്നും ഞങ്ങളെ മനസ്സിലാക്കുവാൻ തക്ക ഒരു നിലയിലായിരിക്കും മി: റോബിൻസൺ.

പൊതുവായും പീരുമേട്ടു താലൂക്കിൽ അഞ്ചു പങ്കുകാരുള്ള ഉള്ളുവെന്നുമാത്രമാണ് ഞാൻ പറയുന്നതു്, ആ അഞ്ചുപങ്കുകാരിൽ, പെരുവന്താനം വഞ്ചിപ്പുഴ ഇടവകവകയായുള്ളതൊഴികെ അവിടെ നമുക്കു റവന്യൂഅധികാരമില്ല. അതുകൊണ്ടു നമ്മുടെ ആലോചനയിൽനിന്നു അതു തള്ളാം.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും ആഭ്യന്തരകൃഷിയും കമ്മീഷണർ): പെരുവന്താനം പങ്കുകാരിലെ ആഭ്യന്തരകൃഷിക്കായിട്ടു് എങ്ങനെ?

മി: എസ്. കൃഷ്ണയ്യർ (മാവേലിക്കര-കാത്തിക്കപ്പള്ളി): സാധാരണ നികുതിയേയും മജിസ്ട്രിരിയൽ ജോലിയേയും കുറിച്ചാണ് ഞാൻ പറയുന്നതു്. ആഭ്യന്തരകൃഷി ഉദ്യോഗസ്ഥന്മാർക്കു ഈ പങ്കുകാരിൽ അധികാരമുണ്ടു്. ആ വിഷയത്തെക്കുറിച്ചു ഇപ്പോൾതന്നെ ഞാൻ വ്യാമർശിക്കുന്നതാണു.

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും ആഭ്യന്തരകൃഷിയും കമ്മീഷണർ): എനിക്കു തോന്നുന്നതു—

പ്രസിഡന്റു:—നിങ്ങൾക്കു ചോദ്യം ചോദിക്കാമെന്നല്ലാതെ അഭിപ്രായം പറയാൻ അവകാശമില്ല.

മി: എസ്. കൃഷ്ണയ്യർ (മാവേലിക്കര-കാത്തിക്കപ്പള്ളി): ബാക്കിയുള്ള നാലു പങ്കുകാരെക്കുറിച്ചു പറഞ്ഞാൽ ലാപ്പാറ മിക്കവാറും ഒഴിച്ചിടപ്പെട്ട വനമാണു. കുറെ ശതം ഏക്കർ ഏലകൃഷികണ്ടേക്കു. ബാക്കിസ്ഥലം റിസർവ്വാണ്. അതുകൊണ്ടു ആ പങ്കുകാരിയും നമുക്കുപേക്ഷിക്കാം.

പ്രസിഡണ്ടു: ഉപേക്ഷിക്കുന്നതെന്തുകൊണ്ടു?

മി: എസ്. കൃഷ്ണയ്യർ (മാവേലിക്കര-കാത്തിക്കപ്പള്ളി): പങ്കുകാരിക്കവാറും ഒഴിച്ചിടപ്പെട്ട വനമായതുകൊണ്ടും ഒരു ചെറിയഭാഗത്തുമാത്രം കൃഷിയുള്ളതുകൊണ്ടും അവിടെ ചെയ്യേണ്ടതായ വേലയും അവിടെ ഇന്നു കിട്ടുന്ന നികുതിയും തീരെ ക്രമമായിരിക്കുന്നതിനാലാണു അതു ഞാൻ ഉപേക്ഷിക്കുന്നതു്.

വണ്ടൻമേട്ടുപങ്കുകാരുടെ കാര്യംപറഞ്ഞാൽ അതു എല്ലാം തന്നെയും ഏലത്തോട്ടങ്ങളാണു. ഉടമസ്ഥന്മാർ കുറച്ചുപേർ മാത്രമേയുള്ളൂ. അവരിൽ മിക്കവരും മലയ്ക്കപ്പുറത്തു കമ്പം മുതലായ സ്ഥലങ്ങളിലാണ് താമസിക്കുന്നതു്. അതു മുഴുവനും അവിടെ താമസമില്ല. കൃഷിയെടുപ്പുകാലത്തു മാത്രമേ ഈ ഉടമസ്ഥന്മാർ അവിടേക്കു വരുന്നുള്ളൂ.

പീരുമേട്ടു, പെരിയർ എന്നീപങ്കുകാരിൽ പ്രധാനമായി തേയിലത്തോട്ടങ്ങളാണുള്ളതു്. നികുതി നേരേ താലൂക്കാപ്പീസിയിലാണ് ഒടുക്കുന്നതു. പോയ്വരുകാൽപോലും ആവശ്യമില്ല. പണ്ടാരപ്പാട്ടമായി പതിഞ്ഞിട്ടുള്ളതു ഒരു ചെറിയ അംശംമാത്രമേയുള്ളൂ. നാലു പങ്കുകാരികളുടെ ജോയിയുണ്ടായിട്ടുപോലും ഒരു ഡിവിഷൻ അസിസ്റ്റന്റിനോ, ഒരു തഹശിൽദാർക്കുതന്നെയോ മതിയായ ജോലി ഇതുകൊണ്ടുണ്ടാകുന്നില്ല.

ചെന്നെത്തുന്ന സംഗതിയിൽ, ദേവികുളത്തുനിന്നു പോകുന്നതിനേക്കാൾ എളുപ്പമായിട്ടുള്ളതു കോട്ടയത്തുനിന്നുപോകുകയാണെന്നു മി. റോബിൻസൺ സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. കോട്ടയത്തുനിന്നു മോട്ടോറിനു മൂന്നു മണിക്കൂർകൊണ്ടെത്താം. കഴിഞ്ഞ അനേകം കൊല്ലങ്ങളായിട്ടു, കോട്ടയത്തുനിന്നു മുണ്ടക്കയത്തേക്കു, മുണ്ടക്കയത്തുനിന്നു പെരിയാർവരെയും പെരിയാറിൽനിന്നു കമ്പത്തേക്കും—ഈ ഒടുവിൽ പറഞ്ഞതു ആഴ്ചയിൽ രണ്ടു തവണ വീതം—ഒരു മോട്ടോർ സർവീസ് നടത്തിവരുന്നുണ്ടു്. അതിനാൽ, ഒരു ഡിവിഷൻ അസിസ്റ്റന്റോ ഒരു കൃഷിക്കാരനോ ആരായാലും, അയ്യാൾക്കു ഏഴു ദിവസമെങ്കിലും കോട്ടയത്തുനിന്നു പീരുമേട്ടിലേക്കു പോകാൻ കഴിയും.

ആഭ്യന്തരകൃഷിയെക്കുറിച്ചു പറഞ്ഞാൽ, അതു ൨൭,൦൦൦ രൂപയുടെ ഒരു സംഗതി മാത്രമാണു. തേയിലത്തോട്ടക്കാരിൽനിന്നു ഇതിനു എന്തംശം കിട്ടുന്നതെന്നു് മി. റോബിൻസൺ പറഞ്ഞിട്ടില്ല. അവർ ശരിയായ കണക്കു എഴുതുന്നുണ്ടു്; അവരുടെ കണക്കു ചൂടുതൽ മതിപ്പുള്ളതാകുവാനുള്ളതാണ്. അതുകൊണ്ടു, റിക്കാർഡുകൾ ആവശ്യപ്പെടുകയും, അവയെ സ്വീകരിച്ചു് ഉദ്ദേശ്യങ്ങൾ ഒഴിച്ചുകൂടാതെയാതൊരു ജോലിയും ഈ ആഭ്യന്തരകൃഷിയുദ്യോഗസ്ഥന്മാർ ചെയ്യേണ്ടതായിട്ടില്ല. ആഫീസ് പീരുമേട്ടിലിരുന്നാലും കോട്ടയത്തിരുന്നാലും ഈ ജോലി ചെയ്യാവുന്നതാണ്.

മജിസ്ട്രീരിയൽ ജോലിയും വളരെ ക്രമമായിട്ടുമാത്രമേയുള്ളൂ. എന്നുതന്നെയുമല്ല, പീരുമേട്ടിലെ യൂറോപ്യൻമജിസ്ട്രേട്ടന്മാരുടെ ജോലി വിജയപ്രദമല്ലായിരുന്നുവെന്നു പറയേണ്ടിവന്നിരിക്കുന്നതിൽ മനസ്താപമുണ്ടു്. അതുകൊണ്ടു, പീരുമേട്ടിൽ ഡിവിഷൻ അസിസ്റ്റന്റിനെ വെച്ചുകൊണ്ടിരിക്കുവാൻ ആ കാരണം പറയാവുന്നതല്ല.

മി. എസ്. സി. എച്ച്. റോബിൻസൺ. (ട്രഷറിയും ആഭ്യന്തരകൃഷിയും കമ്മീഷണർ): മി. കൃഷ്ണയ്യരുടെ അഭിപ്രായത്തിനു അടിസ്ഥാനമെന്താണെന്നറിഞ്ഞാൽകൊള്ളാം.

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര-കാത്തിക്കപ്പള്ളി): ഞാൻ പറയേണമെന്നു മി. റോബിൻസൺ ആവശ്യപ്പെട്ടതുകൊണ്ടു പറയാം. പറയാതെ കഴിക്കണമെന്നാണ് എന്റെ ആഗ്രഹം. അദ്ദേഹം ഒരിക്കൽകൂടി ചോദിക്കുന്നതുകൊണ്ട്, പഞ്ചമേടിലെ യൂറോപ്യൻ മിലിസ്റ്റേട്ടുമാരിൽ തീരെ ചുരുക്കംപേർ മാത്രമേ ശിക്ഷാവിധിയും തൃപ്തികരമായി നടത്തിട്ടുള്ളുവെന്നു സ്ഥാപിക്കുവാൻ ഞാനെടുക്കുമാണ്.

മി. എ. ഹംഫ്രേവർഹ് (ഗവർൺമെന്റു നിയമിച്ച മെമ്പർ): മി. റോബിൻസനേയും നിങ്ങളേയും ആ ചട്ടത്തിൽ ഉൾപ്പെടുത്തുന്നുണ്ടോ?

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര—കാത്തിക്കപ്പള്ളി): പേരെതിരിച്ചു പറയാൻ ഞാൻ തയാറില്ല. കഴിഞ്ഞ അനേകം കൊല്ലങ്ങളായിട്ട് എനിക്കു അവരെ അറിയാവുന്നതാണ്. ഇപ്പോഴത്തെ ചോദ്യമല്ലായിരുന്നെങ്കിൽ ഈ മറുപടി ഞാൻ പറയുകയില്ലായിരുന്നു

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ആ അപ്പീലുകളെല്ലാം മഹാക്കോടതി സ്വീകരിച്ചോ?

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര—കാത്തിക്കപ്പള്ളി): ഇതു റിക്കാർട്ടുകൊണ്ടു തെളിവെടുക്കേണ്ട ഒരു സംഗതിയല്ല. അവിടെ ഹാജരായിട്ടുള്ള എല്ലാ വക്കീലന്മാർക്കും പൊതുവേ അറിയാവുന്ന ഒരു കാര്യമാണിതു.

മി. റോബിൻസണെ പറയാനനുവദിയായിരുന്ന ന്യായം, ഇപ്പോഴത്തെ ഉദ്യോഗസ്ഥൻ—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മേലിലെങ്കിലും അസിസ്റ്റൻറു കമ്മിഷണരായി നിയമിക്കപ്പെടുന്നതിനു നിയമപരീക്ഷ പാസായിരിക്കണമെന്നു എന്തെങ്കിലും ഉത്തരവുണ്ടോ?

മി. എസ്. കൃഷ്ണയ്യർ. (മാവേലിക്കര—കാത്തിക്കപ്പള്ളി): പ്രത്യേക പരിശീലനം അവർ പാസ്സായിരിക്കേണമെന്നുണ്ട്.

പ്രസിഡൻറു. മി. കൃഷ്ണയ്യർ, നിങ്ങൾ നിങ്ങളുടെ സമയത്തേക്കാൾ വളരെ അധികം ഉപയോഗപ്പെടുത്തി.

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര—കാത്തിക്കപ്പള്ളി): മി. റോബിൻസൺ പല ന്യായങ്ങളും പറഞ്ഞുവെങ്കിലും, പിന്നമേടിലെ ഒന്നാംക്ലാസ്മജിസ്ട്രേട്ടുദ്യോഗം വെച്ചുകൊണ്ടിരിക്കയും തുടർന്നു കൊണ്ടുപോകുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെ ഞങ്ങൾക്കു ബോധ്യപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല.

മി. ടി. കുമാരപ്പിള്ള (ഇരണിയൽ—വളവങ്കോട്): എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ കൃഷ്ണയ്യർ പറഞ്ഞിട്ടുള്ളതിനപ്പുറമേ എനിക്കു രണ്ടുവാക്കുകൂടി മാത്രമേ പറയേണ്ടതായുള്ളൂ. ഡിവിഷൻപേഷ്കാരന്മാരുടെ ജോലികൂടി സീമാതീതമായി വർദ്ധിച്ചുവന്നപ്പോൾ അവരെ സഹായിക്കുന്നതിനു ഡിവിഷൻ അസിസ്റ്റൻറന്മാരെ നിയമിക്കാനിടയായി. അതുപോലെയുള്ള ഒരാവശ്യം ഇപ്പോൾ മേലിലും കമ്മിഷണർക്കു നേരിട്ടിട്ടുണ്ടോ എന്നു പരിശോധിക്കാം.

പ്രസിഡൻറു. പിന്നമേട്ടിലെ അസിസ്റ്റൻറു കമ്മിഷണരെ ഉദ്ദേശിച്ചുള്ളതാണ് ഉപക്ഷേപം.

മി. ടി. കുമാരപ്പിള്ള (ഇരണിയൽ—വിളവങ്കോട്): ഡിവിഷൻ അസിസ്റ്റൻറിന്റെ ആവശ്യകത കമ്മിഷണരുടെ ജോലിയെ ആശ്രയിച്ചുണ്ടിരിക്കുന്നു.

പ്രസിഡണ്ടു. ശരി! അതു ഒരു കാരണമാണ്.

മി. ടി. കുമാരപ്പിള്ള (ഇരണിയൽ—വിളവങ്കോട്): ക്രമവ്യത്യാസമാണെങ്കിൽ ഞാൻ മുന്നോട്ടു ഇടക്കുന്നില്ല.

പ്രസിഡൻറു. തുടർന്നുകൊള്ളുക.

മി. ടി. കുമാരപ്പിള്ള (ഇരണിയൽ—വിളവങ്കോട്): ഫാറൻ മുകളം നമ്പരായി ചേർത്തിയ നിയമസഭയിൽ ൪൫ (ഫാറൻ), ൪൬ (ഫാറ), ൪൭ (ഫാറ), ൪൮ (ഫാറ) ഈ ചോദ്യങ്ങൾക്കു പറഞ്ഞിട്ടുള്ള മറുപടികളിൽനിന്നും മേഡിക്കും കമ്മിഷണർ അവിടെ നടത്തിപ്പോരുന്ന ജോലികളുടെ പരിമാണം വ്യക്തമായി ബോദ്ധ്യപ്പെടുന്നതാണ്. മേഡിക്കും കമ്മിഷണർ വയസ്സു അപ്പീൽ കേസുകൾ തീരുമാനിച്ചിട്ടുള്ളതിന്റെ കണക്കുകൾ നോക്കുന്നതായാൽ മുന്നാണ്ടിലെ കിടപ്പുപോലെ ഫാറൻ ൩-ൽ ൪ കേസുകൾ ഉണ്ടായിരുന്നതിൽ ൪-ം, ഫാറൻ൪-ൽ ൩ കേസുകൾ ഉണ്ടായിരുന്നതിൽ ൩-ം, ഫാറൻ ൬-ൽ ൨ കേസുകളുണ്ടായിരുന്നതിൽ ൨-ം കേസുകൾ തീർന്നിരിക്കുന്നു. ഫാറൻ൮-ൽ ഒരു കേസുണ്ടായിരുന്നതു് ആ ആണ്ടിൽ തീർന്നിട്ടുമില്ല. മേഡിക്കും കമ്മിഷണർ നേരിട്ടു നടപടിനടത്തി തീരുമാനിച്ചിട്ടുള്ള റവന്യൂകേസുകളുടെ കണക്കു നോക്കുന്നതായാൽ ഫാറൻ ൩-ൽ നിന്നും ഫാറൻ൪-ൽ നിന്നും ഫാറൻ ൬-ൽ ഫാറ-ം ഫാറൻ൮-ൽ നിന്നും കേസുകൾ തീർന്നിട്ടുള്ളതായും കാണാവുന്നതാണ്.

ഫുലകൃഷിക്കായി ഭൂമികളെ പതിച്ചുകൊടുക്കാനുള്ള അപേക്ഷകളെപ്പറ്റി നോക്കുന്നതായാൽ മുൻആണ്ടുകളിലെ കിടപ്പുപോലെ, ഫാറൻ൩-ൽ നിന്റെ കേസുകളിൽ ഫാറ൩-ം ഫാറൻ൪-ൽ ൨ ൩ കേസുകളിൽ ഫാറ൨-ം ഫാറൻ൬-ൽ നിന്നു ൭ കേസുകളിൽ നിന്നും ഫാറൻ൮—ൽ ൪൫—ം തീർന്നിരിക്കുന്നതായി കാണുന്നു.

ഭൂനിസംരക്ഷണ റഗുലേഷൻപ്രകാരമുള്ള അപ്പീൽകേസുകളിൽ മേഡിക്കുകമ്മിഷണർ ചെയ്തിട്ടുള്ള ജോലികളെ നോക്കുന്നതായാൽ ഫാറൻ൩-ൽ ഒരു കേസുണ്ടായിരുന്നതു തീർത്തിട്ടില്ല.

ഫാറൻ൪-ൽ നിന്നു കേസുകളിൽ ൪ എണ്ണം തീർത്തിരിക്കുന്നു.

ഫാറൻ൬-ൽ ൨ കേസുകളിൽ ൨-ം തീർത്തിരിക്കുന്നു.

ഫാറൻ൮-ൽ ഒരു കേസുണ്ടായിരുന്നതു തീർത്തിട്ടില്ല.

മേൽവിവരിച്ച കണക്കുകൾകൊണ്ടു മേഡിക്കുകമ്മിഷണർക്കുള്ള റവന്യൂജോലികളുടെ പരിമാണം ബോദ്ധ്യപ്പെടുന്നതാണ്.

ഇനി മേഡിക്കുകമ്മിഷണർക്കുള്ള ക്രിമിനൽ കേസുകളെപ്പറ്റി നോക്കുന്നതായാൽ, ഫാറൻ൮-ൽ ൧൮ കേസുകളെ ഉണ്ടായിരുന്നുള്ളുവെന്നു കാണാവുന്നതാണ്. മേഡിക്കും എക്സ്ട്രാഡിവിഷനൽ പ്രത്യേകം സൃഷ്ടിക്കയും അതിലേക്കു മേധാവിയായി പേഷ്കാരുടെ സ്ഥാനത്തിൽ ഒരാളെയവരുത്തുകയും വേണമെന്നുള്ള സംഗതിയിൽ തൽക്കാലം സമ്മതിക്കാമെന്നിരുന്നാലും അവിടെയൊരു അസിസ്റ്റൻറു കമ്മിഷണരുടെ ആവശ്യത്തെപ്പറ്റി ആ

ആലോചിക്കാൻ നിർവാഹമില്ലാതിരിക്കുന്നു. ഈ വിലകൂടിയ ഉദ്യോഗം അടിടെ ഒരിക്കലും ആവശ്യമില്ലാത്തതാണ്. ഇപ്പോഴത്തെ ശമ്പളച്ചെലവുകളെപ്പറ്റി എപ്പോഴും എല്ലാവഴികളിലും കഠിനമായി ആക്ഷേപിച്ചുകൊണ്ടിരിക്കുമ്പോൾ ആവശ്യത്തിൽ കൂടുതലായ ഇത്തരം ഉദ്യോഗങ്ങളെ വച്ചുകൊണ്ടിരിക്കുന്നതു ഒരിക്കലും വിഹിതമായിട്ടുള്ളതല്ല.

മി. എ. ഹ്യാവർഫ് (ഗവൺമെൻറ് നിയമിച്ച മെംബർ): പീരുമേട് ഡിവിഷൻ അസിസ്റ്റൻറിൻെറ ജോലികളെ മി. റേബിൻസൺ പട്ടികയായി പറഞ്ഞുകേട്ടപ്പോൾ അയാളുടെ സാന്നിദ്ധ്യം അവിടെ തികച്ചും ആവശ്യമായിരിക്കുമെന്നു എനിക്കു തോന്നിത്തുടങ്ങി. എന്നാൽ, മി. കൃഷ്ണയ്യരുടേയും മി. കുമാരപിള്ളയുടേയും പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ, എൻെറ ഭർശനഗതി മാറിയിരിക്കുന്നു. പീരുമേട്ടിലെ സംഗതികളെക്കുറിച്ചു നന്നായറിയാവുന്ന ഓരാളായ തോന്നുന്ന മി. കൃഷ്ണയ്യർ വളരെ കണിശമായ തെളിവുകൾകൊണ്ടു, മി. റേബിൻസൺ കൊണ്ടുവന്ന വാദങ്ങളേ പെരും കെട്ടുകഥയാണെന്നു ഭംഗിയായി സ്ഥാപിച്ചിരിക്കുന്നു.

പ്രസിഡൻറ്: കെട്ടുകഥയോ?

മി. എ. ഹ്യാവർഫ് (ഗവൺമെൻറ് നിയമിച്ച മെംബർ): അല്ല, കുറ്റം കെട്ടുകഥയല്ല; ഒരു നിമിഷനേരമെങ്കിലും ശക്തിയോടുകൂടി എതിർത്തുനിൽക്കാൻ കഴിയാത്ത ന്യായങ്ങളാണു മി. കുമാരപിള്ളയുടെ വാദങ്ങളും എന്നതാണു അഭിപ്രായം. അത്രമാത്രമായ പ്രകാശനം പോലും തോന്നിപ്പിക്കുന്നു. ഇപ്പോൾ തിരുവിതാംകൂറിലെ ഡിപ്പാർട്ടുമെൻറുകളിൽ വേലയില്ലാതെ ശമ്പളം വാങ്ങുന്ന ഉദ്യോഗങ്ങളിൽ ഒന്നാണെന്നു സഭയുടെ ഈ ഭാഗത്തിരിക്കുന്നവരെ ധരിപ്പിക്കുവാൻ പ്രയാസമായ യാതൊന്നും ആവശ്യമില്ല. അതിനാൽ, കഴിഞ്ഞയാണ്ടു ഈ സമയത്തു ഒരു വലിയ ഭൂരിപക്ഷത്തോടുകൂടി ഒരു ഉപക്ഷേപം ഈയോഗത്തിൽ പാസ്സാക്കിട്ടും വേലയില്ലാതെ ശമ്പളം വാങ്ങുന്ന ഈ ഉദ്യോഗം ഇന്നിയും തുടർന്നുകൊണ്ടുപോകുന്നതിൽ എനിക്കതോന്നുന്ന അത്ഭുതവും മനസ്താപവും പ്രകടിപ്പിച്ചുകൊണ്ടു, പീരുമേട്ടിലെ അസിസ്റ്റൻറ് കമ്മീഷണരുദ്യോഗം നിർത്തൽചെയ്യണമെന്നുള്ള മി പരമേശ്വരൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ വളരെ ശക്തിയായി അനുകൂലിക്കുന്നു

മി. ജോൺമക്കീ (തോട്ടക്കാർ): ഞാൻ ഉപക്ഷേപത്തെ പ്രതിക്ഷേധിക്കുവാനും, ഞാൻ പ്രാതിനിധ്യംവഹിക്കുന്ന സമുദായത്തിൻെറപേക്ഷ, അസിസ്റ്റൻറ് കമ്മീഷണരുദ്യോഗം വച്ചുകൊണ്ടിരിക്കേണമെന്ന ആവശ്യപ്പെടുകയുംചെയ്യുന്ന ആ പ്രദേശത്തിൻെറ തല്സ്ഥാനം കോട്ടയത്തേക്കിയാൽ, അവിടെയുള്ള തോട്ടക്കാർക്കു അതു വലിയ ഒരു ബുദ്ധിമുട്ടിനു കാരണമായിത്തീരുന്നു. തല്സ്ഥാനം കോട്ടയത്തേക്കോ കാഞ്ഞിരപ്പള്ളിയിലേക്കോ മാറുന്നതു മൂലം, കൃഷ്ണയ്ക്കോ രണ്ടാമതിനിക്കു തോന്നുന്നതു സഭയുടെ മുമ്പാകെ പ്രസ്താവിക്കുന്നതായിരിക്കും. എന്നാൽ, അതു തോട്ടക്കാർക്കു തീരെ സഹിക്കുവാൻ പറ്റാത്തതുള്ള അവരുടെ കുടുംബം പ്രത്യേകം ആലോചിക്കേണ്ടതുണ്ട്. സാധാരണമായി അവർ ഗവൺമെൻറിൽനിന്നു അധികമൊന്നും ആവശ്യപ്പെടാറില്ല; അവരുടെനേരെ കനിവുചെയ്കിലും ഞങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കേണ്ടതുകൊണ്ടാകുന്നു എനിക്കു തോന്നുന്നതു.

മി. കെ. ഡൊമിനിക്ക് തൊമ്മൻ (പീരുമേട്—മേധികളും). സർ, ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മേധികളുടെ കമ്മീഷണർക്കപോലും ജോലിയില്ലാത്ത കുഴപ്പമാവുന്നതാണ്. എന്തുകൊണ്ടെന്നാൽ, പീരുമേട്ടിലെ അസിസ്റ്റൻറുദ്യോഗം നിർത്തൽചെയ്യുന്നതായാൽ, ആതാലൂക്കു കോട്ടയം മിഡിൽപേഷ്കാരുടെ അധികാരത്തിലാക്കണം. അപ്പോൾമേധികളും കമ്മീഷണരുടെ അധികാരം മേധികളും താലൂക്കിൽ മാത്രമേയുള്ളു. മേധികളും താലൂക്കിൻെറ ഭൂരിപക്ഷം അതായതു ഏകദേശം ൨൭൦ ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളസ്ഥലം കെ. ഡി. എച്ച്. പി. കമ്പനിക്കാരുടെ വകയാണ്. അവരുടെ അനുവാദത്തിനുള്ളിൽ നമ്മുടെ റവന്യൂ ഉദ്യോഗസ്ഥന്മാർക്കു ഒന്നുംതന്നെ ചെയ്യാനില്ല. മേധികളുടെ ബാക്കിഭാഗം റിസർവുവനമോ പുൽത്തകിടികളോ ആണ്.

മി. ജോൺമക്കീ (തോട്ടക്കാർ): മൈസർ എന്തിനെക്കുറിച്ചാണു പറയുന്നതെന്നതന്നെ മെമ്പറിനറിയാമോ?

പ്രസിഡൻറ്: നിങ്ങൾ പറഞ്ഞതു അല്പംകടന്നുപോയി.

മി. കെ. ഡൊമിനിക്ക് തൊമ്മൻ (പീരുമേട്-മേധികളും): ഉവ്വ് എനിക്കറിയാം. അഞ്ചനാട്ടിലുള്ള ചില തോട്ടം ഗ്രാമങ്ങളും 'കൺസഷൻ' പ്രദേശത്തിനപ്പുറത്തുള്ള ചില തോട്ടം തേയിലത്തോട്ടങ്ങളും ഒഴിച്ചാൽ, ആരും പാർപ്പില്ലാത്തതായി കുറേ കാട്ടുപ്രദേശങ്ങളും കൂടിയുണ്ട്.

മി. എസ്. സി. എച്ച്. റേബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഇതുപോലെയുള്ള കാടുകളിൽ ഇടക്കിടയ്ക്കുമാത്രം ആരെങ്കിലും പോകുന്നുള്ളു എന്നുള്ളതുകൊണ്ടു അങ്ങിങ്ങായി കിടക്കുന്നതുമായ പ്രദേശങ്ങളെയും മറ്റും പ്രത്യേകമായി അന്വേഷിക്കണമെന്നതാണെന്നു മി. ഡൊമിനിക്കു തൊമ്മൻ വിചാരിക്കുന്നില്ല എന്നറിഞ്ഞാൽകൊള്ളാം. പീരുമേട്ഡിവിഷൻ അസിസ്റ്റൻറുദ്യോഗം നിർത്തിക്കളഞ്ഞാൽ, ഒരുത്തനുവാങ്ങിച്ചാലുള്ള ഉദ്യോഗസ്ഥൻവേണ്ടുന്നതാണോ അന്വേഷണം നടത്തുന്നതിനു?

മി. ഡൊമിനിക്ക് തൊമ്മൻ (പീരുമേട്-മേധികളും): ഒരു തഹശിൽദാർ മതിയാവും,

മി, എസ്. സി. എച്ച്. റേബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): മാരേജോലകളും രജിസ്റ്റർചെയ്യുന്നതിനു ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥൻ തഹശിൽദാരാണ്;

മി. കെ. ഡൊമിനിക്ക് തൊമ്മൻ (പീരുമേട് മേധികളും): കോട്ടയം പേഷ്കാർക്കു ആവശ്യമുണ്ടെങ്കിൽ പീരുമേട്ടിലെത്താൻകഴിയും; ഏതായാലും കമ്മീഷണർക്കെത്താൻകഴിയുന്നതിനെക്കാൾ കുറഞ്ഞ ഒരു യാത്രമതി.

മി എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): മൈസർ ഫ്ലൈമലയിൽക്കൂടി യാത്രചെയ്തിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ഡൊമിനിക്കുതൊമ്മൻ (പീരുമേട്-മേധികളും): ഉവ്വ്, സർ, ഞാൻ യാത്രചെയ്തിട്ടുണ്ട്.

മി. എസ്. സി എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): കാൽനടയായിപോകേണ്ടസ്ഥലമില്ലേ?

മി. കെ. ഡൊമിനിക്ക്തൊമ്മൻ (പീരുമേട്—മേധികളും): ഉണ്ട്.

മി. എസ്. സി. എച്ച്. റോബിൻസൺ (ജനിക്കുതിയും ആരോഗ്യനിക്കുതിയും കമ്മിഷണർ): സാമാന്യമായി തലചുറ്റലായി കൊണ്ടുപോകണമോ?

മി. കെ. ഡൊമിനിക്ക് തൊമ്മൻ (പീരുമേട്-ദേവികുളം): വേണം.

മി. എസ്. സി. എച്ച് റോബിൻസൺ (ജനിക്കുതിയും ആരോഗ്യനിക്കുതിയും കമ്മിഷണർ): കുന്നും താഴ്വരയുമായി കിടക്കുന്നുകൊണ്ട് ഗവൺമെൻറുദ്യോഗസ്ഥന്മാർക്ക് പത്തോ പതിനഞ്ചോ മൈൽ അല്ലാതെ ഒരു ദിവസംകൊണ്ട് സഞ്ചരിക്കുവാൻ സാധിക്കുമോ;

മി. കെ. ഡൊമിനിക്ക് തൊമ്മൻ (പീരുമേട്-ദേവികുളം): സാധിക്കും വേനൽക്കാലത്തുമാത്രമേ കമ്മിഷണർ യാത്രചെയ്യുന്നുള്ളൂ.

മി. എസ്. സി എച്ച്. റോബിൻസൺ (ജനിക്കുതിയും ആരോഗ്യനിക്കുതിയും കമ്മിഷണർ): ഒരു സ്ഥലത്തുനിന്നു മറ്റൊരിടത്തേക്കു അതായതു ഏലമല മുതലായസ്ഥലങ്ങളിലേക്കു നടക്കാതെ പോകാൻകഴിയുമോ?

മി. കെ. ഡൊമിനിക്ക് തൊമ്മൻ (പീരുമേട്-ദേവികുളം): കഴിയും കുതിരപ്പുറത്തു കയറിപ്പോകാം.

മി. എസ്. സി. എച്ച്. റോബിൻസൺ (ജനിക്കുതിയും ആരോഗ്യനിക്കുതിയും കമ്മിഷണർ): ക്ഷീണിച്ചാൽ ഒരു ദിവസം ഏതു മൈൽമാത്രം.

പ്രസിഡണ്ടു്: അതു ഒരു ചോദ്യമോ ഉത്തരമോ.

മി. എസ്. സി. എച്ച്. റോബിൻസൺ (ജനിക്കുതിയും ആരോഗ്യനിക്കുതിയും കമ്മിഷണർ): അതു ഒരു ചോദ്യമാണ്.

മി. കെ. ഡൊമിനിക്ക് തൊമ്മൻ (പീരുമേട്-ദേവികുളം): അതുകൊണ്ടു, ദേവികുളംകമ്മിഷണർക്കു മതിയായവേഗവർദ്ധനമെങ്കിൽ ഈ ഉദ്യോഗം കൂടുതലാതിരിക്കണം. വളരെ അകലെകിടക്കുന്ന പീരുമേടിനെക്കാൾ കൂടുതൽപുഴയൊ തൊട്ടുപുഴയോ ദേവികുളം കമ്മിഷണരുടെ അധികാരത്തിലാക്കാവുന്നതാണ്. അപ്രകാരം ചെയ്യുന്നതുകൊണ്ടു, ദേവികുളം കമ്മിഷണരുടെ സഞ്ചാരപ്പടിച്ചെലവു ഗവൺമെൻറിനു കുറച്ചുകിട്ടുമെന്നു ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, കഴിഞ്ഞതവണ ഈ പ്രത്യേകസംഗതിയെക്കുറിച്ചു ഒരു തീരുമാനം ഉണ്ടാക്കുന്നതിനു കൌൺസിലിനെ പ്രേരിപ്പിച്ചു ന്യായങ്ങളെന്തെല്ലാമാണെന്നു പറയേണ്ടയാവശ്യമില്ലെന്നാണു ഞാൻ വിചാരിച്ചതു്.

പ്രസിഡണ്ടു്: മി. പരമേശ്വരൻപിള്ള, ഡിവിഷൻകച്ചേരികളിൽ എസ്റ്റാബ്ലിഷ്മെൻറുകൂടുക്കായിചിലവിട്ടിട്ടുള്ള തുക, ൪൨൫ രൂപായിൽനിന്നു ൫൦൦൦ രൂപാ കുറയ്ക്കുന്നതിലേക്കുള്ള നിങ്ങളുടെ ഉപക്ഷേപത്തെക്കുറിച്ചു ഒരു സംഗതിപറഞ്ഞുകൊള്ളട്ടെ. അതു് ഡിവിഷൻഅസിസ്റ്റൻറിൻെറ ശമ്പളത്തുകയെടുത്തിട്ടല്ലല്ലോ ചിലന്ന ഏതിനമായിട്ടാണെന്നു മനസ്സിലാക്കേവാൻ വിഷമമായിരിക്കുന്നു. അതു ഉദ്യോഗസ്ഥൻെറ എസ്റ്റാബ്ലിഷ്മെൻറിന്ന ആകപ്പാടെ ൫൪൦൦ രൂപായെടുത്തുവെന്നുള്ളസംഗതിയും നിങ്ങളുടെ അറിവിലേക്കായി പ്രസ്താവിച്ചുകൊള്ളുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ൫൦൦൦ രൂപ കുറയ്ക്കണമെന്നു ഞാനാവശ്യപ്പെടുന്നതെന്തിനാണെന്നു ഞാൻ വിവരിച്ചുപറയാം. ഉപക്ഷേപം അയച്ചുകൊടുത്തിൽ, അതു ഇങ്ങനെ എടുത്തതെന്തിനാണെന്നു ഞാൻ വിവരിച്ചിട്ടുണ്ടായിരുന്നു.

പ്രസിഡണ്ടു്: എന്നാലാവട്ടെ, വിവരിക്കുക

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഡിവിഷൻകച്ചേരികളുടെ ഇനത്തിൽ ശമ്പളവും പലിയുമായി നാലു, ൭൦൦ രൂപ വോട്ടുചെയ്യാൻ പാടില്ലാത്തതായുണ്ടു. ഡിവിഷൻകച്ചേരിവക എസ്റ്റാബ്ലിഷ്മെൻറിലേക്കു വെച്ചിട്ടുള്ളതു തുക, ൪൨൫ രൂപയാണ്. വോട്ടുചെയ്യാൻ പാടില്ലാത്ത ഒരിനത്തെക്കുറിച്ചു എന്തെങ്കിലും ഒരു ഉപക്ഷേപം വാദിക്കയോ പാസ്സാക്കുകയോ, വോട്ടുചെയ്യാൻ പാടില്ലാത്ത ഒരിനത്തെക്കുറിച്ചു വാദപ്രതിവാദം നടത്തുകയോ ചെയ്യുന്നതിനുള്ള ഏകമാർഗ്ഗം എസ്റ്റാബ്ലിഷ്മെൻറിങ്കിനിന്നു ഒരു കുറവു തീർത്തിരിച്ചുകൊണ്ടുള്ളതാണ്.

പ്രസിഡണ്ടു്: ആ ഉദ്യോഗത്തിൻെറ എസ്റ്റാബ്ലിഷ്മെൻറിനെക്കുറിച്ചല്ല അതുകൊള്ളുന്നതു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര) യഥാർത്ഥത്തിൽ, ഡിവിഷൻകച്ചേരികൾക്കുള്ള മുഴുവൻതുകയിൽ നിന്നാണു ഞാൻ ഈ ഉപക്ഷേപംകൊണ്ടുവന്നിട്ടുള്ളതു്. ഇപ്പോൾഇരിക്കുന്ന പടിക്കു, എൻെറ ഉപക്ഷേപത്തിൽ ഡിവിഷൻഅസിസ്റ്റൻറിൻെറ എസ്റ്റാബ്ലിഷ്മെൻറു ചെലവു കുറയ്ക്കണമെന്നതന്നയല്ല, ഡിവിഷൻകച്ചേരികൾക്കുള്ള എസ്റ്റാബ്ലിഷ്മെൻറിൽനിന്നു മുഴുവൻസംഖ്യകൊടുക്കുന്നതിനുള്ളതാണു. അതിനെക്കാൾ കൂടുതലായ ഒരു ഫലം അതിൽനിന്നുണ്ടാവാം; അതായതു ഈ ഉപക്ഷേപം പാസ്സാക്കുന്നെങ്കിൽ, ഡിവിഷൻകച്ചേരികളിലെ എസ്റ്റാബ്ലിഷ്മെൻറിലേക്കുള്ള ചെലവു ൫൦൦൦ രൂപ വരുന്ന ഡിവിഷൻഅസിസ്റ്റൻറിൻെറ ശമ്പളംകൂടി എടുത്തുമാറ്റേണ്ടിവരും.

പ്രസിഡണ്ടു്: എന്നുവരുന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻെറശമ്പളം ൧൨൫ രൂപയിൽ കൂടുതലാണെങ്കിൽ അതിനെകുറയ്ക്കുന്നതിനും ഈ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങൾക്കു നിവൃത്തിയില്ലാത്തതുകൊണ്ടു, ഞങ്ങളുടെ ഉപക്ഷേപത്തിനു ഫലമുണ്ടാക്കുവാൻ കഴിയുന്ന ഏകമാർഗ്ഗം, എസ്റ്റാബ്ലിഷ്മെൻറുകൾക്കുള്ള ചെലവിൽനിന്നു ആ ഉദ്യോഗസ്ഥൻെറ ശമ്പളം കുറയ്ക്കുകയാകുന്നു.

പ്രസിഡണ്ടു്: നടപ്പിൽ കൊണ്ടുവരുവാനല്ലുദ്ദേശിക്കുന്ന ഒരു പുതിയ തത്വമാണു അതു എന്നു ഞാൻ സംശയിക്കുന്നു; അതു സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നാണെനിക്കു തോന്നുന്നതു. വോട്ടുചെയ്യുന്നപാടില്ലാത്ത ഒരിനത്തിൽനിന്നു യഥാർത്ഥത്തിൽ ചെലവിടുകയല്ലാതെയുള്ള ഒരു ഉപക്ഷേപം സഭയിൽ കൊണ്ടുവരാവുന്നതല്ല. സഭയിൽ അതു പാസ്സാക്കുന്നെങ്കിൽ, അതിൻെറഫലം എന്തായിരിയ്ക്കും.;

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): വോട്ടുചെയ്യാവുന്ന ഇനത്തിനു അതു പോരുകയില്ല; വോട്ടുചെയ്യാൻപാടില്ലാത്തഇനത്തിനുമാത്രമെ അതു പോരുകയുള്ളു.

പ്രസിഡണ്ട്. അതു പോട്ടെചെയ്യാൻ പാടില്ലാത്ത ഇനങ്ങളാക്കല്ലേ, പോട്ടെചെയ്യാവുന്ന ഇനങ്ങളാക്കുകയെന്നു പറയണം; അതായതു ഉപക്ഷേപത്തിന്റെ ഉദ്ദേശം അനുസരിച്ചു പ്രവർത്തിക്കുവാൻ ഗവർണ്മെന്റിനു നിവൃത്തിയില്ലാത്തപക്ഷം.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശമനുസരിച്ചു ഗവർണ്മെന്റു പ്രവർത്തിക്കുന്നില്ലെങ്കിൽ, അടുത്ത നിവൃത്തി ഡിവിഷൻ അസിസ്റ്റന്റിന്റെ എസ്റ്റാബ്ലിഷ്മെന്റിൽനിന്ന് ൪൫൦൦ രൂപ കുറയ്ക്കണമെന്നുള്ളതാണ്. അതാകട്ടെ ഞാൻ സമർപ്പിക്കുന്നു.

പ്രസിഡണ്ട്: അതു തൊരവുമായ ഒരു സംഗതിയാകുന്നു. അതു ഡിവിഷൻ അസിസ്റ്റന്റിന്റെ എസ്റ്റാബ്ലിഷ്മെന്റു മുഴുവനേയും ചുട്ടതും ബാധിക്കുന്നതാണ്.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): ഈ സഭയെ ബോദ്ധ്യപ്പെടുത്തുവാൻ ഞാൻ വിചാരിച്ച അവസ്ഥയും ശരിയല്ല അതുതന്നെയാണ്. എന്റെ ഉപക്ഷേപം ഞാൻ മനഃപൂർവംകൊണ്ടുവന്നിട്ടുള്ളതുകൊണ്ടു. ഗവർണ്മെന്റിന്റെ മേൽ അല്പമെങ്കിലും ഒരു ഫലം ഉണ്ടാകേണമെന്നുകരുതി എസ്റ്റാബ്ലിഷ്മെന്റിനത്തിലേക്കുള്ള ചെലവിൽനിന്ന് ൪൫൦൦ രൂപ കുറയ്ക്കണമെന്നാവശ്യപ്പെട്ടു. ഈ സംഗതിയെത്തന്നെ ആസ്പദമാക്കി ചെലവുകുറയ്ക്കണമെന്നാവശ്യപ്പെട്ട കഴിഞ്ഞവർഷത്തിൽ, ആകെയുള്ള എസ്റ്റാബ്ലിഷ്മെന്റ ചെലവിൽനിന്ന് ൫൦൦ രൂപ കുറയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപംകൊണ്ടാണ അന്നു പ്രതിപാദിച്ചിട്ടുള്ളു. ഈ സഭയുടെ ഗുണഫലം സിദ്ധിപ്പിൽവരുത്തുവാൻ ഗവർണ്മെന്റിനു ഉദ്ദേശമില്ലെങ്കിൽ, അത്തരം ഒരുപക്ഷേപംകൊണ്ടു പറയത്തക്കയാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ലായിരുന്നു. അത്തരം ഉപക്ഷേപം പാസ്സായിട്ടും ആഗ്രഹിച്ച ഫലം ഉണ്ടായിട്ടില്ല. അതുകൊണ്ടാണ് ഈ സഭയുടെ ഉദ്ദേശത്തെ ശരിയായി നടപ്പിൽവരുത്തുന്നതിനു ഗവർണ്മെന്റു നിർബ്ബന്ധിതരാകുവാൻവേണ്ടി, എസ്റ്റാബ്ലിഷ്മെന്റുചെലവിനത്തിൽനിന്നു ൫൦൦ രൂപ കുറയ്ക്കണമെന്നു ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു.

പ്രസിഡണ്ട്: അതു ഒരു തരത്തിലും ക്രമാനുസൃതമായിരിക്കയില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): ഒരു മുൻനടപടി ഉണ്ടായിട്ടുണ്ടു; ഇവിടെയല്ല, മറ്റൊ സ്ഥലത്തായിരുന്നു. കഴിഞ്ഞതവണപോലും അതിനെ ഇവിടെ അനുസരിച്ചിട്ടുണ്ടു.

പ്രസിഡണ്ട്: ഞാൻ അതു ഓർമ്മിക്കുന്നില്ല.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും ആഭ്യന്തരകാര്യവും കമ്മീഷണർ): ഈ നിർദ്ദേശം അനുസരിച്ചു പ്രവർത്തിക്കുന്നതായാൽ പോലേതന്നെ ചെയ്യുവാൻപോയിട്ടുള്ള ഒരു ഉടമ്പടി ഠള്ച്ചെയ്തിട്ടുണ്ടോ എന്നു ഗവർണ്മെന്റിനു അറിയുവാൻ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെയോ?

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): ഞാൻ അതിനെക്കുറിച്ചു പറയാൻവരികയാണ്, ഉപക്ഷേപത്തിന്റെ സ്വഭാവത്തെക്കുറിച്ചുമാത്രം പറയുകയായിരുന്നു; അതിന്റെ ന്യായാന്യായനിലയെക്കുറിച്ചല്ല പറയുന്നതു; ഈ യോഗത്തെക്കുറിച്ചു പറയുന്നതിനു കഴിഞ്ഞയാണ്ടു ഈ യോഗം പാസ്സാക്കിയ ഉപക്ഷേപത്തെ നടപ്പിൽവരുത്തുവാൻ ഗവർണ്മെന്റിനു സാധിക്കാതെപോയതിനുള്ള കാരണങ്ങൾ റവന്യൂകമ്മീഷണർ പറഞ്ഞുകേൾക്കുവാൻകാത്തിരിക്കയായിരുന്നു. മി. റോബിൻസന്റെ ഒന്നാമത്തെ വാദം, ഗവർണ്മെന്റു ഡിവിഷൻഅസിസ്റ്റന്റോയി ഒരുടമ്പടിചെയ്തുപോയി എന്നാണ്.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും ആഭ്യന്തരകാര്യവും കമ്മീഷണർ): മി. പരമേശ്വരൻപിള്ള ഞാൻ പറഞ്ഞതിനെ തെറ്റിദ്ധരിച്ചുവെന്നാണെതോന്നുന്നു. ഉടമ്പടിക്കു പ്രാരംഭമേയ എഴുത്തുകുത്തുകൾ എന്നാണു ഞാൻ പറഞ്ഞതു. എനിക്കറിഞ്ഞുകൂടാ എന്നാണ് ഞാൻ പറഞ്ഞതു. ഉടമ്പടി മുന്നാകൊല്ലത്തേക്കാണു; അതു നിർത്തണമെങ്കിൽ, അതു ലംഘിക്കാതെ നിവൃത്തിയില്ല.

മി. ജി പരമേശ്വരൻപിള്ള (തെയ്യാറിങ്കര): ഈ സഭയുടെ അഭിപ്രായം അറിഞ്ഞിട്ടാണോ ഗവർണ്മെന്റ ഉടമ്പടിചെയ്തത്എന്നുള്ളതാണ് ഇവിടത്തെ സംഗതി.

പ്രസിഡണ്ട്: ഈ സംഗതിയെക്കുറിച്ചു കണ്ടിശ്ചയേ ഒരോന്നും എനിക്കു തോന്നുന്നില്ല. പക്ഷെ, പിൻവലിയ്ക്കാൻപാടില്ലാത്തവിധം ആലോചനകഠം അതുക്കു ശക്തിപ്പെട്ടുപോയിരുന്നു. കഴിഞ്ഞയാണ്ടു ഈ ഉപക്ഷേപം ഈ സഭയിൽ കൊണ്ടുവന്നതിനുമുൻപുതന്നെ ഉടമ്പടി നടന്നിരിക്കണം.

മി. പി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സർക്കർപക്കീൽ): ഇപ്പോഴത്തെ ഡിവിഷൻഅസിസ്റ്റന്റ ജോലിയിൽ പ്രവേശിച്ചയുടൻ ഗവർണ്മെന്റ് ചിങ്ങം കവുടം തീയരിയാണ്.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): അദ്ദേഹത്തെ സ്ഥിരപ്പെടുത്തിയയു പിന്നീടാണ്.

പ്രസിഡണ്ട്: അയാളുടെ കാര്യത്തിൽ സ്ഥിരപ്പെടുത്തലൊന്നുമില്ല.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): ഉപക്ഷേപം ഈ സഭയിൽ പാസ്സായതിനശേഷമേ അയാം ജോലിയിൽ പ്രവേശിച്ചുള്ളുവല്ലൊ.

പ്രസിഡണ്ട്: അതുശരിതന്നെ. എന്നാൽ ഉപക്ഷേപം കൊണ്ടുവരുന്നതിനുമുമ്പുതന്നെ ഉടമ്പടി തീർന്നിരുന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): ഏതായാലും ഈ സഭയുടെ അഭിപ്രായം അനുസരിച്ചു പ്രവർത്തിക്കാതിരുന്നതിന് അയാൾ ഒരു മതിയായ കാരണമാകകയില്ലെന്നുള്ളതാണ് എന്റെവാദം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിഞ്ഞതവണത്തെ വാഗ്പ്രതിവാദത്തിനിടക്ക്, ഏതെങ്കിലും ഉടമ്പടിയുടെ കാര്യം വെളിപ്പെടുത്തിട്ടുണ്ടോഎന്നു അറിഞ്ഞാൽകൊള്ളാം.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): ഇത്തരം ഒരുടമ്പടിയേ, ആലോചനയിലിരുന്നതായ ഒരുടമ്പടിയെ, ഇത്തരം ഒരുടമ്പടി ചെയ്യുന്നതിനു ഗവർമ്മെന്റിനു ആലോചനയേ ഉള്ളതായിരുന്നതെന്ന വാദത്തിൽ നിന്നെന്നിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

പ്രസിഡണ്ട്:—അതിനെക്കുറിച്ചു പറഞ്ഞില്ല. അതിനെക്കുറിച്ചു പറയേണ്ടതായതുമല്ലെന്നു അനു മി: റോബിൻസനു തോന്നിയിരിക്കയില്ല.

മി: ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): അതിനെക്കുറിച്ചുതന്നു പറഞ്ഞില്ല. കഴിഞ്ഞ കൗൺസിലായിട്ടു ജോയിന്റ കമ്മീഷണർ അവധിയിൽപോയിരുന്നകാലത്തു രണ്ടുജോലികളും ഒരാൾതന്നെയാണല്ലോ നോ

ക്കിയിരുന്നു. ഈ ഡിവിഷൻ അസിസ്റ്റന്റ് ഇപ്പോൾ ദേവികുളം കമ്മിഷണറുടെ ജോലിക്കൂടി നോക്കിവരുന്നു. അദ്ദേഹം ഇപ്പോൾ ദേവികുളത്താണ്; അവിടെയുള്ള ജോലികൾ ഒഴിയായി ചെയ്യുവാനിരുന്നു. ഈ വിധം ഫ്ലിപ്പോടെ ചെയ്തിട്ട ഇപ്പോൾ രണ്ടു മാസങ്ങളായിരിക്കുന്നു; ഇതു് ഏതെങ്കിലുംവിധത്തിൽ അനുഷ്ഠിക്കുമാണെന്നു പ്രസ്താപിച്ചിട്ടുള്ളതായി അറിഞ്ഞുകൂടാ. കഴിഞ്ഞയാണ്ടു ഇവിടെ പറഞ്ഞ ന്യായങ്ങൾ മതിയാണ് ഈ യാണ്ടും കൊണ്ടുവരുന്നതു; എന്നാൽ, അവയെ എല്ലാം ഈ സഭ കഴിഞ്ഞയാണ്ടു ഈ ഉപക്ഷേപം പാസ്സാക്കിയപ്പോൾ വിചാരണചെയ്തിട്ടുള്ളതുമാണ്. ഈ ഉപക്ഷേപം ഇവിടെ പാസ്സാക്കുന്നതുകൊണ്ടു എന്തെങ്കിലും പ്രയോജനം ഉണ്ടാകുമോ എന്നതിനിരിഞ്ഞുകൂടാ; എന്തുകൊണ്ടെന്നാൽ, ഇത്തരം ഒരുപക്ഷേപം ഒരിക്കൽ പാസ്സാക്കിട്ട് ഗവർണ്ണർനിന്നുമാത്രം അറിയുവാൻ ന്യായങ്ങളാൽ ഞങ്ങൾ അവർ സ്വീകരിച്ചില്ല.

പ്രസിഡണ്ട്:—ഒരു കാരണംകൂടി പറയേണ്ടുവരല്ലോ, അതായതു ആ ഉദ്യോഗസ്ഥനുമായി ഒരുടമ്പടി ചെയ്തിട്ടുണ്ടെന്നു.

മി: ജി. പരമേശ്വരൻപിള്ള (തെയ്യാററിക്കര): കഴിഞ്ഞയാണ്ടത്തെ ബഡ്ജറ്റു നിരൂപണത്തിനു മുൻപുതന്നെ ഗവർണ്ണർ ഈ ഉടമ്പടി ചെയ്തിരുന്നതുകൊണ്ടും അന്നത്തെ വാദത്തിൽ ആ വിഷയം പറയാതിരുന്നതിൽ നിന്നും മനസ്സിലാക്കേണ്ടതു്, ഗവർണ്ണർനിന്നു ഒഴിച്ചുവിടാൻ പാടില്ലാത്ത ഒരു വിഷമമല്ല ഈ ഉടമ്പടിക്കുള്ളതു് എന്നാകുന്നു. പ്രത്യേകിച്ചു ഈ ഉപക്ഷേപം കഴിഞ്ഞതവണ അസിസ്റ്റന്റുദ്യോഗത്തിനു എതിരായി പാസ്സാക്കിയതിൽപിന്നെ ഫാർൻ ചിങ്ങത്തിലാണ് ഡിവിഷൻ അസിസ്റ്റന്റു ജോലിയിൽ പ്രവേശിച്ചതെന്നുള്ളതുകൊണ്ടും ഇതു ഒരു മതിയായകാരണമാകുന്നില്ലെന്നു ഞാൻ കരുതുന്നു. ഏതായാലും ഈ ഉദ്യോഗം നിർത്തൽചെയ്യണമെന്നു ഗവർമ്മെന്റിലേക്കുള്ള ശുപാർശയെ ഒരിക്കൽകൂടിനിർബന്ധമായി ചെയ്യാൻ ഈ സഭയോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രൈബുകമ്മിയും ആദിമനിവാസികമ്മിഷണർ): സർ, മി: ജി. പരമേശ്വരൻ പിള്ള ഈ സംഗതിയിലുള്ള വിഷമങ്ങളെ ശരിയായി മനസ്സിലാക്കീട്ടില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു. ഇപ്പോഴത്തെ ഉദ്യോഗസ്ഥനോടു പിരിഞ്ഞുപോകാൻ കൂടുവശ്യപ്പെടണമെന്നുള്ള വിചാരിക്കുക അപ്പോൾ ഇതിനുമുൻപുതന്നെ ചെയ്തിട്ടുള്ളതായ ഒരുടമ്പടി ലംഘിക്കുന്നുവെന്നുവരും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ഉടമ്പടി ചെയ്യുതെന്തെന്നാണെന്നറിഞ്ഞാൽകൊള്ളാം—ഉപക്ഷേപം പാസ്സാക്കിയതിൽ പിന്നെയോ അതിനുമുൻപോ ?

പ്രസിഡൻറ്: വളരെ മുൻപെ അതു രണ്ടു ഗവണ്മെൻറുകാരും തമ്മിലുള്ള ഒരുടമ്പടിയാണു'

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉടമ്പടിക്കു ഒപ്പുവെച്ചതെന്നാണ് ? ഉപക്ഷേപം പാസ്സാക്കിയതിൽ പിന്നെയായിരുന്നോ, അൽപൊ അതിനുമുൻപോ ?

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രൈബുകമ്മിയും ആദിമനിവാസികമ്മിഷണർ): ഉപക്ഷേപത്തിനു ഏകദേശം ആറുമാസം മുൻപേയാണ് ആലോചനആരംഭിച്ചതു. ഒരിക്കൽ ആരംഭിച്ച ഉടമ്പടിയെ പാലിക്കുന്നതിനോ അതോ ഉഷ്പേക്ഷസമ്പാദിക്കുന്നതിനോ ഏതിനാണ് ഈ സഭക്കു തുല്പിയെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഉടമ്പടി നടപ്പിലായി പിൻവലിക്കാനുള്ള കാലവും കഴിഞ്ഞുപോയി. ഈ സഭ അതിന്റെ അഭിപ്രായത്തെ കഴിഞ്ഞയാണ്ടുതന്നെ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു. ഈ ഉപക്ഷേപം പാസ്സാക്കുന്നതിൽ ഉണ്ടാകുവാനിരിക്കുന്ന ഫലം എന്താണെന്നു നമുക്കറിയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉടമ്പടിയുണ്ടെന്നുള്ളതു മാത്രമാണോ ഈ ഉദ്യോഗംനിൽത്തൽ ചെയ്യുന്നതിനു തടസ്സമായിട്ടിരിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ട്: അതല്ല അദ്ദേഹം പറയുന്നതു. . ഉടമ്പടിയുണ്ടെന്നുള്ളതു മാത്രമല്ല ഈ ഉപക്ഷേപം സ്വീകരിക്കുന്ന കാര്യത്തിൽ തടസ്സമായി നിൽക്കുന്നതു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാററിക്കര): മിസ്റ്റർ കുമരൻ അവധിയിൽപോയിട്ട് എത്ര നാളായി എന്നറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രൈബുകമ്മിയും ആദിമനിവാസികമ്മിഷണർ): അതു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടെന്നു തോന്നുന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാററിക്കര): ഇപ്പോഴത്തെ ഉദ്യോഗസ്ഥൻ മിസ്റ്റർ കുമരൻ, അവധിയിൽപോയിട്ട് എത്രനാളായി എന്ന് ഞങ്ങളെ അറിവിക്കാൻ തനിക്കു സാധിക്കുമോ എന്നു ചാൻഡ്റവന്യൂകമ്മിഷണരിൽനിന്ന് അറിയാൻ ഞാൻ അഭ്യർഥിക്കുന്നു.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രൈബുകമ്മിയും ആദിമനിവാസികമ്മിഷണർ): അദ്ദേഹം അവധിയിൽപോയിട്ട് ഏകദേശം രണ്ടുമാസമായി.

മി. ജെ. തോൺ നിധീരി (ചങ്ങനാശ്ശേരി—മീനച്ചൽ): ഈ ഉദ്യോഗസ്ഥനെ ഏതെങ്കിലും ഒരു പ്രത്യേക ഉദ്യോഗത്തിനു വെച്ചിരിക്കുകയാണോ, അയാൾ ഏതെങ്കിലും ഒരു പ്രത്യേകജോലി ചെയ്യേണ്ടതുണ്ടോ ഉടമ്പടിയിൽ എന്തെങ്കിലും വിശേഷവിധമായ വ്യവസ്ഥയുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രൈബുകമ്മിയും ആദിമനിവാസികമ്മിഷണർ): ഞാൻ ഉടമ്പടികണ്ടിട്ടില്ല; അതുകൊണ്ട് മെംബറിന്റെ ചോദ്യത്തിനു മറുപടിപറയുവാൻ എനിക്കു നിവൃത്തിയില്ല.

പ്രസിഡണ്ട്. ഉടമ്പടി ഒരു പ്രത്യേകഉദ്യോഗത്തെ ഉദ്ദേശമാക്കീട്ടുണ്ട്,

മി. എസ്. സി എച്ച്. റോബിൻസൺ (ട്രൈബുകമ്മിയും ആദിമനിവാസികമ്മിഷണർ): ഉപക്ഷേപം പാസ്സാക്കുകയാണെങ്കിൽ അതിനു ഗൌരവമായ ഭവിഷ്യൽ ഫലങ്ങളുള്ളതാണ് ആ ഡിപ്പാർട്ടുമെൻറു മുഴുവനും നിർത്തൽചെയ്യുകയാണ് ചെയ്യുന്നതു. ഈ കൌൺസിലിനു മനസ്സിലായിട്ടുള്ളതുപോലെ, ഒരിക്കൽചെയ്ത ഉടമ്പടിയെ ലംഘിക്കുന്നതിൽ ഗവണ്മെന്റിനെ നല്ലപേക്ഷകൂടി ഉൾപ്പെട്ടിട്ടുണ്ടു. അതുകൊണ്ടു, ഉപക്ഷേപം പിൻവലിക്കുന്നതിനോ അല്ലെങ്കിൽ ഒരു നാമമാത്രമായ ഭേദഗതിയായി കൊണ്ടുവരുന്നതിനോ മിസ്റ്റർ പരമേശ്വരൻപിള്ളക്കു സാധിക്കയില്ലേ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: മി. പരമേശ്വരൻപിള്ള അർഹ്യഡിക്കുന്നതുകൊണ്ട് ഈ ഉപക്ഷേപം ഈ സഭയുടെ പോളിസി ആയിത്തീരുന്നതാണ്. എന്നാൽ, ഇതു പാസ്സാക്കുന്നതുകൊണ്ടുമാത്രമായില്ല. അതിന്റെ ശരിയായ ഫലം എന്താണെന്ന് സൂക്ഷ്മമായി പരിശോധിക്കേണ്ടിയിരിക്കുന്നു. പാസ്സാക്കിയാൽത്തന്നെയും സ്വീകരിക്കുവാനും അനുസരിക്കുവാനും നിവൃത്തിയുള്ള ഒരുപക്ഷേപമാണോ ഇതു് എന്നതിനെ നിശ്ചയമില്ല.

ഉപക്ഷേപം കൊണ്ടസിലിന്റെ വോട്ടിനിട്ടു; 24 പേർ അനുകൂലമായും 6 പേർ പ്രതികൂലമായും വോട്ടു ചെയ്തതുകൊണ്ട് പാസ്സായതായി പ്രസ്താവിക്കപ്പെട്ടു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): വോട്ടു ചെയ്തവരുടെ പേരുവിവരം അറിയാൻ ഞാനാഗ്രഹിക്കുന്നു.

പേരുവിവരം എടുത്തു; താഴെ വരുംവിധം കണ്ടു:

അനുകൂലമായി—24.

1	മിസ്റ്റർ കെ. എം. ചിരംബരത്താണുപിള്ള	13	മിസ്റ്റർ എസ്. കൃഷ്ണയ്യർ
2	,, പോൾ വി. ഡാനിയൽ	14	,, പി കെ. നാരായണപിള്ള
3	,, എ. ഗോവിന്ദമേനോൻ	15	,, എം. എൻ. പിള്ള
4	,, എ. ഹുഗ്വെർഫ്	16	,, ജെ. ജോൺസിഡീരി
5	,, സി. പി. കൊച്ചുകുഞ്ഞുപിള്ള	17	,, ജോസഫ് പഞ്ഞിക്കാരൻ
6	,, എം. ആർ. മാധവവാര്യർ	18	,, ജി. പരമേശ്വരൻപിള്ള
7	,, ഡബ്ല്യു ഹാൾർ കുയ്യാക്കോസ് ചെട്ടിക്കാപ്പുള്ളി	19	,, കെ. പരമേശ്വരൻപിള്ള (തിരുവല്ല)
		20	,, എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
8	,, വി. കുഞ്ഞുകൃഷ്ണപിള്ള		
9	,, തയ്യു കുഞ്ഞിക്കാദർമ്മൻ	21	,, എൻ. രാമകൃഷ്ണപിള്ള
10	,, ടി. കുമാരപിള്ള	22	,, സി. രാമൻകുഞ്ഞു
11	,, എൻ. കുമാരൻ	23	,, സി. ശങ്കരമേനോൻ
		24	,, കെ. ഡൊമിനിക്ക് തോമ്മൻ

പ്രതികൂലമായി—6.

1	മിസ്റ്റർ ഐ. സി. ചാക്കോ	11	മിസ്റ്റർ കെ. പരമേശ്വരൻപിള്ള (അസ്സിസ്റ്റന്റ് കൃഷിഡയറക്ടർ)
2	,, ആർ. രാമകോടിപ്പിള്ള	12	,, പി. പരമേശ്വരൻ
3	,, കെ. ജോർജ്	13	,, എം. രാജരാജവർമ്മ
4	,, കെ. ഗോവിന്ദപ്പിള്ള	14	റാവുബഹദൂർ കെ. വി രങ്കസ്വാമിഅയ്യങ്കാർ
5	,, എം. കെ. കാളൻപിള്ള	15	മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൺ
6	,, ആർ. കുഞ്ഞുപിള്ള	16	,, ജെ. സ്റ്റിഫ്ൻസൺ
7	,, ആർ. കെ. കൃഷ്ണപിള്ള	17	,, വി. സുബ്ബയ്യർ
8	,, ടി. ലക്ഷ്മണൻപിള്ള	18	,, എസ്. സുബ്രഹ്മണ്യംകരയാളർ
9	,, ജോൺമാക്കി	19	,, തിരുവിക്രമൻവാസുദേവർ
10	,, കെ. വി. നടേശയ്യർ		
11	,, എസ്. പരമേശ്വരയ്യർ		

ഉപക്ഷേപം പാസ്സായതായി പ്രസ്താവിക്കപ്പെട്ടു.

ഉപക്ഷേപം 8.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർ—പത്തനംതിട്ട): സർ, താഴെ പറയുന്ന ഉപക്ഷേപത്തെ ഞാൻ മൂവുചെയ്യുന്നു.

8. എസ്സാബ്ലിഷ്മെന്റുവകകളുള്ള 1 മു, 25 രൂപായിൽനിന്ന് 200 രൂപാ കൂടുന്നതിനും.

ദേവികുളം ഒരു പ്രത്യേകഡിവിഷനായി വെച്ചുകൊണ്ടിരിക്കണമോ എന്നുള്ള സംഗതിയെ നിശ്ചയം ചെയ്യുന്നതിനായിട്ടാണ് ഈ ഉപക്ഷേപം അയച്ചിട്ടുള്ളതു്. കഴിഞ്ഞ ഉപക്ഷേപം സംബന്ധിച്ചുണ്ടായ വാഗ്വാദത്തിൽ, എനിക്കിപ്പോൾ പറയുവാനുള്ള എല്ലാ സംഗതികളെയും വെളിപ്പെടുത്തീട്ടുണ്ട്. വോട്ടു ചെയ്യാൻ പാടില്ലാത്ത ദിനത്തെ ഉദ്ദേശിച്ച് ഈ സഭയിൽ പാസ്സാക്കുന്ന ഒരുപക്ഷേപത്തെ ഗവണ്മെന്റു സ്വീകരിക്കുമോ എന്നൊരു സംശയം ഉണ്ടായിരുന്നു. എന്റെ ഉപക്ഷേപം കമ്മീഷണറുടെയോ ഡിവിഷൻ അസിസ്റ്റന്റിനെയോ ഉദ്ദേശിച്ചുള്ളതല്ല. ദേവികുളം ഡിവിഷൻ തുടർന്നുകൊണ്ടുപോകയോ നിർത്തൽ ചെയ്യുകയോ എന്താണ് വേണ്ടതെന്നുള്ളതിനെക്കുറിച്ചു മാത്രമേ അതിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളൂ. ദേവികുളം ഡിവിഷനിൽ, ദേവികുളം, പീരുമേട് എന്ന രണ്ടു താലൂക്കുകൾ മാത്രമേയുള്ളൂ. ദേവികുളത്തു് ഒരു ഡിവിഷൻ അസിസ്റ്റന്റിനോ ഒരു കമ്മിഷണർക്കോ മതിയായ ജോലിയില്ലെന്നു്, അവിടത്തെ ഭരണസംബന്ധമായ സംഗതികളിൽ നല്ല ജ്ഞാനമുള്ള മിസ്റ്റർ കൃഷ്ണയ്യരും മിസ്റ്റർ ഡൊമിനിക്ക് തോമ്മനും നമ്മെ മനസ്സിലാക്കീട്ടുണ്ട്, കഴിഞ്ഞയാണ്ട് ഈ ഉപക്ഷേപത്തെപ്പറ്റി നിരൂപണം ചെയ്തപ്പോൾ, മിസ്റ്റർ റോബിൻസൺ അതിനെ എടുത്തു്, പുറത്തുനിന്നു് ദേവികുളത്തേയ്ക്കു പ്രവേശിക്കുവാൻ വഴിയില്ലെന്നും, അവിടത്തെ പകർച്ചവ്യാധികൾ വളരെ വലുതാണെന്നും അവിടത്തെ ആരോഗ്യനിലയെ ശരിയായി ശ്രദ്ധിക്കുകയും ശിക്ഷാനിയമം ശരിയായി നടത്തുകയും ചെയ്യുന്നതിനും കുറ്റം ചെയ്യുന്നതിനുമായി അവിടെ ഉത്തരവാദിത്വമുള്ള ഒരുദ്യോഗസ്ഥൻ വേണമെന്നും ഉള്ള ന്യായങ്ങളിന്മേലാണ്.

പുറത്തുനിന്നു ചെന്നുചേരാനുള്ള വിഷമത്തെക്കുറിച്ചുതന്നെ ആദ്യമായി ആലോചിക്കാം. ദേവികുളം ഡിവിഷൻ ഇപ്പോൾ കോല്ലത്തെ ഡിസ്ട്രിക്ട് സൂപ്രണ്ടിന്റെ കീഴിലാണ്; കൂടാതെ, ദേവികുളം ഡിവിഷന്റെ മാനസംബന്ധമായ അധികാരം അവിടെ താമസമില്ലാത്ത ഒരു ഡിവിഷനൽ ഫോറസ്റ്റ് ആഫീസറുടെ

കീഴിലുമാകുന്നു. ഒരു സി. എസ്. പി-ക്കും ഒരു ഡി. എഫ്. ഒ-യ്ക്കും ദേവികുളത്തു ചെന്നാലോചിച്ചാൽ വികസന പ്രവർത്തനങ്ങൾ, കൊടുക്കുന്ന താമസിക്കുന്ന ഒരു റവന്യൂ ഉദ്യോഗസ്ഥനു് അവിടെ ചെന്നെത്തുവാൻ സാധിക്കാത്തതുകൊണ്ടോണെന്നു് എനിക്കറിഞ്ഞുകൂടാ; ദേവികുളത്തു താമസിക്കുന്ന റവന്യൂ കമ്മീഷണർക്കു് പീരുമേട്ടിലേക്കു പോകേണ്ടതുണ്ടെങ്കിൽ കോട്ടയത്തുള്ളതിനെക്കാളധികം സൗകര്യമില്ലാതെ നിവൃത്തിയില്ല. അതുകൊണ്ടു്, ഒരു റവന്യൂ ഉദ്യോഗസ്ഥൻ പീരുമേട്ടിലേക്കോ ദേവികുളത്തേക്കോ പോകുവാൻ വളരെ ബുദ്ധിമുട്ടായിരിക്കും. ഈ സംസ്ഥാനത്തെ റവന്യൂ വിഭാഗത്തിന്റെ ഒടുവിസ്സിന്റെയും അഭിപ്രായമെടുത്താൽ, ഈ രണ്ടുതാലൂക്കുകളെയും ഒരു ഡിവിഷനായി വെച്ചുകൊണ്ടിരിക്കുന്നതും അതിനെ ഭരിക്കുവാൻ വലിയ ശമ്പളംകൊടുത്തു ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതും തീരെ ആവശ്യമാണെന്നാണ് എനിക്കു തോന്നുന്നതു്.

പരിധികളുടെ വലുപ്പത്തെക്കുറിച്ചാലോചിച്ചാൽ, ഡിവിഷന്റെ കൂടുതൽ ഭാഗവും കണ്ണൻദേവൻ കുന്നുകളും കുറെ പുൽത്തകിടികളും ഏലത്തോട്ടങ്ങളും ചേർന്നതാണെന്നും മിസ്റ്റർ ഡൊമിനിക്കു് പറഞ്ഞതു പോലെയുണ്ടായി. ദേവികുളംഡിവിഷനിലുള്ള കുറെ ചതുരശ്രമൈൽ സ്ഥലത്തിൽ കുറെ ശതമാനമേ കൃഷിചെയ്യപ്പെടുന്നുള്ളു; ബാക്കിഭാഗം അൻപതുശതമാനത്തിൽപരം ജനങ്ങളേ അവിടേയുള്ളു; ഈവരിൽ ശ്രദ്ധിക്കപ്പെടുവാനും വേലക്കാരാണ്. പകുതികാടും വെയ്തണങ്കിൽത്തന്നെയും, ഓരോ പകുതിയുടേയും എല്ലാ മൂലയിലുംപോയി അന്വേഷിക്കേണ്ടതായിട്ടുള്ള കമ്മീഷണർക്കോ അസിസ്റ്റന്റു കമ്മീഷണർക്കോ ഇല്ലാത്തതുകൊണ്ടു്, അവരാരും അവിടെയൊന്നും പോകുന്നവരല്ല. കരംപിരിവിനും മറ്റാവശ്യങ്ങൾക്കുമായി അവിടെ പോകേണ്ടതു തഹശിൽദാരും പേഷ്കാരുമാണു്.

മി. എസ്. സി. എച്ചു്. റോബിൻസൺ (ദ്രുനികുതിയും ഭൂമിയേനികുതിയും കമ്മീഷണർ): കമ്മീഷണരോ ദിവാൻപേഷ്കാരോ ഡിസ്ട്രിക്ടിലുള്ള ഓരോ പകുതിയും ആണ്ടിലൊരിക്കൽ പരിശോധിച്ചിരിക്കേണമെന്നുള്ള സംഗതി മെംബറിന്നറിവുള്ളതാണോ എന്നറിഞ്ഞാൽകൊള്ളാം.

മി. എം. ആർ. മാധവറാവുർ (ചെങ്കന്തൂർ–പത്തനംതിട്ട): ഉണ്ടു്: ദിവാൻപേഷ്കാരോ ഡിവിഷൻ അസിസ്റ്റന്റോ ആണ്ടിലൊരിക്കൽ ഓരോ പകുതിയും സന്ദർശിച്ചിരിക്കേണമെന്നു് എനിക്കറിയാം. കോട്ടയം ദിവാൻപേഷ്കാർക്കു് ദേവികുളത്തുള്ള എല്ലാ പകുതികളും ആണ്ടിലൊരിക്കൽ—മാസത്തിലൊരിക്കലല്ല—സന്ദർശിക്കുവാൻ വളരെ വിഷമമുണ്ടെന്നു ഞാൻ കേട്ടിരിക്കുന്നു. അതു വളരെ പ്രയാസമുള്ള ഒരു ജോലിയല്ല. എന്തുതന്നെയല്ല, ഈ പകുതികളിൽ ഏറിപ്പോയാൽ രണ്ടു വളരെ കുറവാണു്; മി. മഡാമിനിക്കുതാമ്മനും മി. കുഞ്ഞുയ്യരും പറഞ്ഞതുപോലെ അവയിൽ മിക്കതും പുൽത്തകിടിയും ഒഴിച്ചിടപ്പെട്ട വനങ്ങളും ചില തോട്ടങ്ങളുമായിട്ടാണു് ഉൾപ്പെട്ടതാണു്.

മി. എസ്. സി. എച്ചു്. റോബിൻസൺ (ദ്രുനികുതിയും ഭൂമിയേനികുതിയും കമ്മീഷണർ): മെമ്പർ ഏപ്പോഴെങ്കിലും അവിടെ പോയിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. എം. ആർ. മാധവറാവുർ (ചെങ്കന്തൂർ–പത്തനംതിട്ട): ഞാനവിടെ പോയിട്ടില്ല.

മി. എസ്. സി. എച്ചു്. റോബിൻസൺ (ദ്രുനികുതിയും ഭൂമിയേനികുതിയും കമ്മീഷണർ): അവിടെ പോകാതെ, എന്തെങ്കിലും കൃത്യമായി പറയാൻ മെമ്പറിനു സാധിക്കുമോ?

മി. എം. ആർ. മാധവറാവുർ (ചെങ്കന്തൂർ–പത്തനംതിട്ട): ദേവികുളംഡിവിഷൻ തുടർന്നുകൊണ്ടുപോകേണമെന്നുള്ള അഭിപ്രായത്തെ അനുകൂലിക്കുന്നതിനുമുൻപു് എനിക്കു സംഗതി ബോദ്ധ്യപ്പെടേണ്ടതാവശ്യമാണു്. ഞാൻ ദേവികുളത്തു പോയിട്ടില്ലെങ്കിലും, മറ്റു മെമ്പറന്മാർ പ്രസ്താവിച്ച ന്യായങ്ങളോടു തന്നെ ദേവികുളം ഒരു പ്രത്യേക ഡിവിഷനായി വെച്ചുകൊണ്ടിരിക്കേണ്ടതാവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നതു്. ദേവികുളംഡിവിഷനിലെ കൃഷിവർദ്ധനത്തിനുവേണ്ടിയാണ് ഇതു തുടർന്നുകൊണ്ടുപോന്നതെന്നു വാദിക്കുണ്ടായി. ഒരുവേള കുറേക്കാലം കഴിയുമ്പോൾ ദേവികുളംഡിവിഷനിൽ കൂടുതലായി കൃഷിചെയ്യുവാൻ കഴിഞ്ഞേയ്ക്കും. അങ്ങനെ കൂടുതൽ നിക്ഷേപി പിരിവിനു മാർഗ്ഗമുണ്ടാകുമ്പോൾ അതിലേയ്ക്കു വേറെ പണമെങ്കിലും ഒരുദ്യോഗസ്ഥനെ നിയമിക്കേണ്ടിവരും; എന്നാലും ഒരു റവന്യൂകമ്മീഷണരോ ഒരു ഡിവിഷൻഅസിസ്റ്റന്റോ അല്ല അതിലേയ്ക്കു ആവശ്യമുള്ളതു്.

റവന്യൂകമ്മീഷണരും ഡിവിഷൻഅസിസ്റ്റന്റുംചെയ്യുന്ന ജോലികളെക്കുറിച്ചു പറഞ്ഞാൽ, അവക്കു മതിയായ വേലയില്ലെന്നും മി. എസ്. കുഞ്ഞയ്യരുടെ ചോദ്യങ്ങൾക്കു ഗവണ്മെന്റുകൊടുത്ത മറുപടികൾ വളരെ വ്യക്തമായി കാണിക്കുന്നുണ്ടു്. ഈ സംഗതികളെല്ലാംകൂടി ആലോചിച്ചുനോക്കിട്ടു, ദേവികുളംഡിവിഷൻ നിർത്തൽ ചെയ്യുന്നതാണ് ഗവണ്മെന്റിനു നന്നായിട്ടുള്ളതു്. അതുകയാൽ ക്ലാസ്സു രൂപ എസ്റ്റാബ്ലിഷ്മെന്റുവകയിൽനിന്നു കുറയ്ക്കുണ്ടെന്നു ഞാനപേക്ഷിക്കുന്നു.

മി. എസ്. സി. എച്ചു്. റോബിൻസൺ (ദ്രുനികുതിയും ഭൂമിയേനികുതിയും കമ്മീഷണർ): സർ, ഒരു ചില്ലറ ആവശ്യം എന്നിക്കാദ്യങ്ങളാൽ ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

ദേവികുളം ഡിവിഷന്റെ ഏകാന്തമായിക്കിടക്കുന്ന ഭാഗം കോട്ടയംഡിവിഷനിലെ ആർപാർപ്പുള്ള സ്ഥലത്തുനിന്നു നൂറു മൈൽ അകലെയായതുകൊണ്ടും, അതിവ്യാപ്തിപ്പെട്ടവണ്ണം ഒരു വ്യവസായകേന്ദ്രമെന്നുള്ള പ്രാധാന്യംകൊണ്ടും ആ സ്ഥലത്തു ഉത്തരവാദിത്വമുള്ള ഒരു ഡിസ്ട്രിക്ട് ഉദ്യോഗസ്ഥൻ അത്യാവശ്യമാകുന്നു. ആ ഉദ്യോഗസ്ഥനു എപ്പോഴും പോയിപാർത്തോളും വേണ്ടിവരില്ല; ഒരു ഡിവിഷൻപേഷ്കാരേക്കാളും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനേക്കാളും സകലതധികാരങ്ങളും അയാൾക്കുണ്ടായിരിക്കണം.

മി. കെ. മഡാമിനിക്കുതമ്മൻ (പീരുമേട്-ദേവികുളം): ഒരു ഡിവിഷൻഅസിസ്റ്റന്റു മതിയാകയില്ലേ എന്നറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. എച്ചു്. റോബിൻസൺ (ദ്രുനികുതിയും ഭൂമിയേനികുതിയും കമ്മീഷണർ): ഇതെല്ലാം ഞാൻ പണ്ടേ പറഞ്ഞുകഴിഞ്ഞു.

ആ ഉദ്യോഗസ്ഥന്റെ ബഹുമാനത്തെയും സ്വാധീനബലത്തേയും ആശ്രയിച്ചാണ് ആ സ്ഥലത്തു തിരുവിതാംകൂർ ഗവണ്മെന്റിന്റെ ബഹുമാനവും പേരും ഇരിക്കുന്നതു. ഈ നിലയേ ഞാനപ്പെടുത്തുന്നുള്ളു, ഏതൊരു പ്രാന്തവും ഗവണ്മെന്റിന്റെ—അതായതു രാജ്യത്തിന്റെ—അഭിവൃദ്ധിക്കു ചേർന്നതായിരിക്കയില്ല. ദേവികുളം

അതായതു കൊച്ചാഞ്ചിലുള്ള ദേവികുളം മിക്കവാറും യൂറോപ്യൻമാരാട്ടക്കാരുടെ അധിവാസസ്ഥലമാണ്. ഈ വിടത്തെ നാഗരികതയുടെയും അതിന്റെ ഉടമസ്ഥതിലും വളർച്ചയിലും പ്രാധാന്യമുണ്ട്.

മി. ടി. ചക്കുണ്ണൻപിള്ള (ഗവണ്മെന്റ് നിയമിച്ച മെമ്പർ): ഡിവിഷൻ ഓഫീസിൽനിന്നു ആണ്ടിൽ എണ്ണൂറുറുപിക കിട്ടുമെന്നു റവന്യൂകമ്മീഷണരിൽനിന്നു അറിയാനാഗ്രഹിക്കുന്നു.

പ്രസിഡന്റ്: ഏതുറുപിക?

മി. ടി. ചക്കുണ്ണൻപിള്ള (ഗവണ്മെന്റ് നിയമിച്ച മെമ്പർ): എല്ലാത്തരം റുപികയും.

പ്രസിഡന്റ്: അതു് അല്പം വിഷമമാണല്ലൊ.

ടി. എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും അക്കൗണ്ടനിറുപിയും കമ്മീഷണർ): അല്പം കഴിഞ്ഞു ആ വിവരം മെമ്പറിനെ അറിയിക്കാം. അവിടെ സ്ഥിരവാസമുറപ്പിച്ചിട്ടുള്ള യൂറോപ്യൻമാരോട്ടക്കാർ സംരക്ഷണത്തിനായി മഹാരാജാവു തിരുമനസ്സിലെ ഗവണ്മെന്റിനെ ആശ്രയിച്ചിരിക്കുന്നു. അവർ മഹാരാജാവു തിരുമനസ്സിലെ സംരക്ഷണത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്നുകൊണ്ടു, അവരുടെ അഭിവൃദ്ധിയും രാജ്യത്തിന്റെ അഭിവൃദ്ധിയും ഒന്നുതന്നെയെന്നു അവർ മനസ്സിലാക്കുകയും വിശ്വസിക്കുകയുംചെയ്യുന്നു; മഹാരാജാവു തിരുമനസ്സുകൊണ്ടു അവരുടെ ഉടമസ്ഥായ ശ്രേയസ്സിൽ പ്രദർശിപ്പിക്കുന്ന ശ്രദ്ധാന്തിയെ അവർ എപ്പോഴും ആസ്വദിക്കുകയും ചെയ്യുന്നു. അവരും ഗവണ്മെന്റിനും മദ്ധ്യത്തിലുള്ള ഒരു മദ്ധ്യസ്ഥിയായി ദേവികുളം കമ്മീഷണരെയാണു അവർ കരുതിപ്പോരുന്നതു. അയാൾക്കു അവിടെ കൈയ്യാണ്ടുകഴിയുന്ന സ്വാധീനബലം, അയാൾക്കു ഉദ്യോഗനിലയിൽ നിങ്ങൾനേടുകുന്ന സ്ഥാനമഹത്വം ആശ്രയിച്ചിരിക്കും. സർ, എന്റെവരവിനു പുറപ്പെട്ടവിടുന്നതിൽ സ്വാർത്ഥതയേശവും എന്നെ ബാധിച്ചിട്ടില്ല. കുറെ ഉയർന്ന ശമ്പളക്കാരായ യൂറോപ്യന്മാരും അധികവും നിന്നുതരപോകിക്കും അവിടെയുള്ള ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന്റെ നിലകൊണ്ടു ഗവണ്മെന്റിന്റെ നിലയെ തീർച്ചയാക്കുന്നവരുമായി തമിഴ്നാട്ടിൽ നിന്നുവന്നിട്ടുള്ള ജില്ലക്കാരും ചേർന്നിട്ടുള്ള അവിടത്തെ ജനസമ്പ്രദായത്തിനും തിരുവിതാംകൂറിലെ ഗവണ്മെന്റിനും ഇടയിൽ മദ്ധ്യസ്ഥാ നിലയാഹിക്കുന്ന ദേവികുളത്തെ ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന്റെ സ്ഥാനം എന്തായിരിക്കേണ്ടതെന്നും എന്താണെന്നും ഉള്ളതിനെ ഈ സഭക്കു ബോദ്ധ്യപ്പെടുത്തുവാൻ മാത്രമേ ഞാൻ ശ്രമിക്കുന്നുള്ളു. അയാളുടെ സ്വാതന്ത്ര്യത്തിനുമേലോ ഉദ്യോഗനിലയ്ക്കോ എന്തെങ്കിലും ഭംഗം വരുത്തുന്നതു് അവക്കു വളരെ അതൃപ്തികരമായിരിക്കും. അപ്രകാരം ഭംഗംവരുത്തേണ്ടതു ആവശ്യമാണെന്നോ, വരുത്തുവാൻ സധൈര്യമെന്നോ ഈ സഭ വിചാരിക്കുന്നുണ്ടെങ്കിൽ, 'എനിക്കു [illegible] ഉണ്ടു' എന്നമാത്രമേ എനിക്കു പറയാനുള്ളു.

ഞാൻ മുൻപുപറഞ്ഞതിനെ ഒന്നുകൂടി ആവർത്തിക്കുന്നു. അവിടത്തെ ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന് എന്തുപേരു പറയുന്നതായാലും അയാൾക്കു ഒരു ഡിവിഷൻപേഷ്കാരുടെ സ്വാധികാരങ്ങളും ഉണ്ടായിരിക്കണം. പടിഞ്ഞാറു നിന്നുള്ള റോഡ് നന്നായികിടിന്നുൽതന്നെയും, കോട്ടയം ഡിവിഷൻപേഷ്കാർക്ക് പ്രയോജനകരമായ യാതൊരു മേലന്വേഷണവും അവിടെ നടത്താൻ ഒരിക്കലും സാധിക്കയില്ല. ആ റോഡുതന്നെയും ആണ്ടിൽ പലകാലത്തും ശരിയായിട്ടല്ല കിടക്കുന്നതു്. വാഗമൺ ഡിസ്പാർട്ടുമെന്റിനോടോ, പി. ഡബ്ള്യു. വകുപ്പിനോടോ റവന്യൂവകുപ്പിനെ താരതമ്യപ്പെടുത്തുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ല. അവക്കു അവിടെടനടക്കുന്ന വേലകൾ പരിശോധിക്കുന്നതിലേക്കു നിത്യവും അവിടെയായിരിക്കേണ്ട ആവശ്യമില്ല. അതിനാൽ ഈ ഡിപ്പാർട്ടുമെന്റുകളെ തമ്മിൽതരതമ്യപ്പെടുത്തിക്കൂടാ. അവിടത്തെ ഗതാഗതമാർഗ്ഗങ്ങളും എല്ലാംതന്നെയും കെ. ഡി. എച്ച്. പി. കമ്പനിക്കാരുടെവകയായതുകൊണ്ടു, കൊച്ചുമുതലാളിക്കു് അവിടെ എന്നെങ്കിലും കച്ചവടത്തിനായിട്ടില്ല. വനംവകുപ്പിനെക്കുറിച്ചും അങ്ങനെതന്നെ പറയാം. തേക്കുമരിച്ചു അവിടത്തെ റവന്യൂജോലി കുറെയധികമുണ്ടു്. ആദായനികുതി ജോലി അത്യധികമാണു്. അവിടെനിന്നും ഗവണ്മെന്റിലേക്കു കിട്ടിക്കൊണ്ടിരിക്കുന്ന ആദായനികുതി രണ്ടുലക്ഷം രൂപയിലധികമുണ്ടു്. നികുതി ചുമത്തപ്പെട്ടിരിക്കുന്നവർ ഏകദേശം അറുപതോളം വരും.

കഴിഞ്ഞയാണ്ടത്തെ കണക്കിൻപടി ട്രഷറികുടി ഒരുലക്ഷത്തിരുപതിനായിരം രൂപയായിരുന്നു. ഈ നികുതിയിരവശ്യത്തിനുവേണ്ടിയെങ്കിലും കമ്മീഷണരെപ്പോലെ ഉത്തരവാദിത്വമുള്ള ഒരുദ്യോഗസ്ഥൻ ദേവികുളത്തുവേണ്ടതാണ്.

ഒരു അസിസ്റ്റന്റ് കമ്മീഷണറായാകയില്ലേയെന്നു ചോദിക്കുന്നതായാൽ, യാതൊരു ന്യായത്തിലും ഒരിക്കലും അതിയാകുന്നതല്ലെന്നതന്നെ ഞാൻ പറയും. അവിടെയുള്ള ഉദ്യോഗസ്ഥന് അത്യാവശ്യപ്പെടുമ്പോഴും അല്ലാത്തസമയത്തും ഓരോ സംഗതികളും സ്വയമായി അന്വേഷിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കണം. കോട്ടയത്തു താമസിക്കുന്ന ഒരു ഡപ്യൂട്ടി കമ്മീഷണർക്കു കീഴിൽ നിയമിക്കപ്പെടുന്ന ഒരു അസിസ്റ്റന്റിനു ആ സ്ഥലത്തേക്കു മതിയാകയില്ല. എന്നിക്കു അവിടെയുള്ള ചിലകാലത്തെ പരിചയംകൊണ്ടു വേറൊന്നുകൂടി എനിക്കു പറയാൻകഴിയും. അവിടെ ഉദ്യോഗസംബന്ധമായ എഴുത്തുകുത്തുകൾ വളരെയുണ്ടു്; അതിൽ എറിയഭാഗവും ഗവണ്മെന്റും മറ്റുള്ളയാളും തമ്മിലുള്ള ഓരോ തർക്കങ്ങളെ സംബന്ധിച്ചുള്ളവയാണു്. അതിലേക്കു ആ സ്ഥലത്തെയും അവിടത്തെ സ്ഥിതിഗതികളേയുംപറ്റി കുറെ ജ്ഞാനമുള്ള ഒരു ഡിസ്ട്രിക്ട് ഉദ്യോഗസ്ഥൻ അവിടെ അത്യാവശ്യമാകുന്നു. ഗവണ്മെന്റിനെറ നന്മക്കുതന്നെ ശാശ്വതമായ ദോഷഫലമുണ്ടാകുവോളത്തിനുള്ള ഒരു സൂചനപോലും ഗവണ്മെന്റിലേക്കു നൽകുവാൻ കഴിയുന്നതിനു മുൻപു് ഈ സംഗതിയെക്കുറിച്ചു ഈ സഭ നന്നായി പരിശോധിക്കേണ്ടതാണെന്നു ഈ കാരണങ്ങളെയെല്ലാം അപ്പീലായിക്കിഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഈ ഇനം കഴിഞ്ഞയാണ്ടു സഭ അവലംബിച്ചതാണ്. കഴിഞ്ഞയാണ്ടു തങ്ങൾചെയ്തതിനെക്കാൾ വിപരീതമായി ഇതവണ പ്രവർത്തിക്കേണ്ടതാണെന്നു യോഗത്തോടു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

മി. എ. ഹഡ്സൺ (ഗവണ്മെന്റ് നിയമിച്ചമെമ്പർ): മി. റോബിൻസൺ പ്രസ്താവിച്ച ന്യായങ്ങളിൽപ്പരമായും എതിയവികാരത്തെയാതും ആശ്രയിച്ചിരിക്കുന്നവയായിട്ടാണ് കാണുന്നതു്. യൂറോപ്യൻ അധിവാസം യൂറോപ്യൻ ഉദ്യോഗസ്ഥൻ, യൂറോപ്യൻപദവി.

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും അക്കൗണ്ടനിറുപിയും കമ്മീഷണർ): ഒരു യൂറോപ്യൻഉദ്യോഗസ്ഥൻവേണമെന്നു ഞാൻ പറഞ്ഞതായി തോന്നുന്നില്ല. അങ്ങനെ ഞാൻ ഒരിക്കലും പറഞ്ഞില്ല.

മി. എ. ഹ്യൂഗ്സ്വർഫ് (ഗവണ്മെൻറ് നിയമിച്ചമെംബർ) ദേവികുളത്ത് ഒരു യൂറോപ്യൻ ഉദ്യോഗസ്ഥൻവേണമെന്നുള്ളതാണ അദ്ദേഹത്തിൻറെ ബലമായവാദഗതിമെന്നാകുന്നു ഞാൻ വിചാരിച്ചത്. അതല്ലായിരുന്നെങ്കിൽ, എനിക്കു വേറെ അധികമൊന്നും പറയാനില്ല. ഉപക്ഷേപത്തിനു അനുകൂലമായിട്ടുള്ള ന്യായങ്ങളെല്ലാം മി. മാധവവാര്യർ സ്പഷ്ടമാക്കിക്കഴിഞ്ഞു.

പ്രസിഡണ്ടു, അവിടെ യൂറോപ്യന്മാരും ഇൻഡ്യാക്കാരും ഉണ്ട.

മി. എ. ഹ്യൂഗ്സ്വർഫ് (ഗവണ്മെൻറ് നിയമിച്ചമെംബർ): അതു ഒരു വലിയ യൂറോപ്യൻ അധിവാസസ്ഥലമാണ്. അവിടെ യൂറോപ്യൻ ഉദ്യോഗസ്ഥനെ പാട്ടുള്ളുവെന്നുള്ള ധാരണ നിങ്ങൾവഹിക്കുന്നതായി കാണുന്നു.

മി. എസ്.സി. എച്ച്. റോബിൻസൺ (ട്രഷറിയും ആഭ്യന്തരകൃതിയും കമ്മീഷണർ): ഒരു യൂറോപ്യൻ ഉദ്യോഗസ്ഥൻവേണമെന്ന് ഞാനൊരിക്കലും പറഞ്ഞിട്ടില്ല.

മി. എ. ഹ്യൂഗ്സ്വർഫ് (ഗവണ്മെൻറ് നിയമിച്ചമെംബർ): അതു ഒരു പ്രധാനവാദമല്ലെങ്കിൽ, സംഗതി ഈ സഭക്കു എളുപ്പം തീർച്ചപ്പെടുത്താവുന്നതാണ്. എന്തുകൊണ്ടെന്നാൽ, റവന്യൂസംബന്ധമായുംമറ്റുമുള്ള കാര്യങ്ങൾക്കു യൂറോപ്യൻ വിഷമവും ഇല്ല.

മി: എസ്. സി. എച്ച് റോബിൻസൺ (ട്രഷറിയും ആഭ്യന്തരകൃതിയും കമ്മീഷണർ) രണ്ടുലക്ഷം രൂപാ ആഭ്യന്തരകൃതി പിരിക്കുന്നതു നിസ്സാരസംഗതിയാണോ?

മി. എ. ഹ്യൂഗ്സ്വർഫ് (ഗവണ്മെൻറ് നിയമിച്ചമെമ്പർ): മി: കുട്ടപ്പയ്യർ പറഞ്ഞതുപോലെ കാപ്പിത്തോട്ടങ്ങളിലേയും തേയിലത്തോട്ടങ്ങളിലേയും ഉടമസ്ഥന്മാർ യാതൊരുതടസ്സവും കൂടാതെ അവരുടെ വിനോദപണം അയച്ചുകൊടുക്കുന്ന മാന്യന്മാരാണ്.

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും ആഭ്യന്തരകൃതിയും കമ്മീഷണർ): കാപ്പിത്തോട്ടക്കാരുടേയോ, തേയിലകൃഷിക്കാരുടേയോ, റബ്ബർകൃഷിക്കാരുടേയോ മറ്റാരുടെയെങ്കിലുമോ സ്വഭാവത്തെക്കുറിച്ചു ഞാൻ യാതൊന്നും സൂചിപ്പിച്ചിട്ടില്ല.

മി: എ. ഹ്യൂഗ്സ്വർഫ് (ഗവണ്മെൻറ് നിയമിച്ചമെമ്പർ): പോലീസ് ഡിസ്ട്രിക്ട്സൂപ്രണ്ട് ഒരുദ്യോഗസ്ഥനാണ് എന്നു മറക്കരുതു. അദ്ദേഹത്തിനു ദേവികുളംഡിവിഷൻറെ മേൽഅധികാരമുണ്ട്. കാപ്പിത്തോട്ടങ്ങളിലേയും തേയിലത്തോട്ടങ്ങളിലേയും യൂറോപ്യന്മാരും അവരുടെ കുടിക്കാരും എത്ര നിയമാനുസരണശീലരുള്ളവരാണെന്നു ഇതിൽനിന്നു മനസ്സിലാക്കാം. സമാധാനപാലനത്തിനായി ദേവികുളത്തു ഒരു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിൻറെ ആവശ്യമുണ്ടെന്നുസ്ഥാപിക്കാൻ മി: റോബിൻസൺ ആഗ്രഹിക്കുന്നു. എന്നാൽ ഡിസ്ട്രിക്ട്പോലീസ്സൂപ്രണ്ട്അനേകം നാഴികകളകലയാണ്.

മി: എസ് സി. എച്ച്. റോബിൻസൺ (ട്രഷറിയും ആഭ്യന്തരകൃതിയും കമ്മീഷണർ): ട്രഷറതാമസിക്കുന്ന പൊലീസ്ഡിസ്ട്രിക്ട് സൂപ്രണ്ടോ, സബ്ഡിസ്ട്രിക്ട്മജിസ്ട്രേട്ടോ ആരാണ് ഇതിനധികാരണം?

മി: എ. ഹ്യൂഗ്സ്വർഫ് (ഗവണ്മെൻറ്നിയമിച്ച മെമ്പർ): ജനങ്ങൾക്കു അതിയടകടന്നു പ്രവർത്തിക്കുന്നതിനുമുമ്പ് അവരുടെ ക്ഷേമമായി കാര്യങ്ങൾ നടത്തേണ്ട പോലീസ്ഡിസ്ട്രിക്ട്സൂപ്രണ്ട്, ഡിസ്ട്രിക്ട്മജിസ്ട്രേട്ടിൻറെ സ്ഥലത്തുനിന്നു ഇരുപതുമൈൽ ദൂരെയാണെന്നുള്ള ഒരു സംഗതികൊണ്ടുതന്നെ, മജിസ്ട്രേട്ടു പെരും ഒരു പ്രതിമയാണെന്നു വെളിവാകുന്നു.

മി: എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർ-പത്തനംതിട്ട): എനിക്കുള്ളടുത്തോളമായി യാതൊന്നുംപറയാനില്ല

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും ആഭ്യന്തരകൃതിയും കമ്മീഷണർ): ഈ ഉപക്ഷേപം പാസ്സാക്കുന്നതു തീരെ അനുചിതമാണെന്നു ഈ സഭയ്ക്കു വോട്ടുചെയ്യപ്പെട്ടിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. കോട്ടയംഡിവിഷനിലുള്ള ചിലപക്ഷക്രമികരെ ദേവികുളംഡിവിഷനിലേക്കു ചേക്കാൻ ഒരുവേള സാധിച്ചേക്കും; പക്ഷെ, ദേവികുളംഡിവിഷൻ എടുത്തുകളയുന്നതു, ആ ഡിവിഷനിൽ ഡിവിഷൻപോഷ്കാരുടെ സ്ഥാനത്തിലുള്ള ഒരുദ്യോഗസ്ഥൻ ചെയ്യുന്നതിനേക്കാളായി അവിടെയുള്ള ജോലിയുടെവലിപ്പം ആലോചിച്ചാൽ തീരെ അസാദ്ധ്യമാണ്.

പ്രസിഡണ്ട്: ഈ ഉപക്ഷേപം യോഗത്തിൻറെ വോട്ടിനായി വിടുന്നു.

ഉപക്ഷേപം വോട്ടിനിട്ടു, തള്ളപ്പെട്ടു.

ഉപക്ഷേപം ൪.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): താഴെ വരുന്ന ഉപക്ഷേപത്തെ ഞൻ ഹാജരാക്കിക്കൊള്ളുന്നു.

൪. ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപ്പടിവകയ്ക്കു വെച്ചിട്ടുള്ള ൧൫,൦൦൦ രൂപയിൽനിന്നു ൫൦൦൦ രൂപ കുറയ്ക്കുണം. ഈ ൫൦൦൦ രൂപ മുന്നു പോഷ്കാരേന്മാരുടെ യും എട്ടു ഡിവിഷൻ അസിസ്റ്റൻറ മാരുടേയും യാത്രച്ചെലവിലേക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നു കാണുന്നു. ഒരു ഡിവിഷൻ അസിസ്റ്റൻറിൻറെ ഉദ്യോഗം ഇതിനുമുൻപു ഒരു ഉപക്ഷേപംമൂലം നിർത്തൽ ചെയ്തിരിക്കുന്നതിനാൽ, ന്യായമായി ഒരു ൧,൦൦൦ രൂപ കുറയ്ക്കേണ്ടതാണ് വേറെ ഒരു സംഗതിക്കുടി എനിക്കു പറയാനുണ്ട്. ൧൦൯൰ ചെലവായതുകൊണ്ടു ൧൫,൯൦൦ രൂപയാണെന്നു കാണുന്നു, ൧൯൰൨൦ വരെയുള്ള ബഡ്ജറ്റു നിർദ്ദേശം ൧൦,൦൦൦ രൂപ മാത്രമായിരുന്നു. ഒരു പോഷ്കാർ കുറഞ്ഞുകിട്ടണമെങ്കിൽ വാദിച്ചേക്കാം. എന്നാൽ ആ തസ്തികയിൽതന്നെ ഡിവിഷൻ അസിസ്റ്റൻറുമാരുടെ സംഖ്യ ആറിൽനിന്നു എട്ടായിവർദ്ധിപ്പിച്ചുവെന്നുള്ള ഒരുസംഗതിയുണ്ട്, അതിനാൽ, ഒരു പോഷ്കാരുടെ കുറവു ആ സംഖ്യയെ ഒരുതരത്തിലും ഭേദപ്പെടുത്തുകയില്ലതിരിക്കയില്ല. ൧൯൰൨൦ൽ ഈ ഇനത്തിലേക്കു ചെലവായതു ൧൦,൯൯൯ രൂപ മാത്രമാണ്. കഴിഞ്ഞ രണ്ടുപ്രാവശ്യം അനുസരിച്ചു ഒരു ഡിവിഷൻഅസിസ്റ്റൻറിൻറെ സമ്പ്രദായപ്പടി കുറയ്ക്കേണ്ടതുകൊണ്ടു ൧൦,൦൦൦ രൂപ ധാരാളം മതിയാവുമെന്നും ഈ കുറവു മി: റോബിൻസൺ സ്വീകരിക്കുമെന്നും ഞാൻ വിചാരിക്കുന്നു. ബഡ്ജറ്റിൽ തന്നെയും ൧൯൰൨൦ വരെക്കുള്ള എസ്റ്റാബ്ലിഷ്മെൻറുചെലവുകൾക്കു രൂപ,൫൫൪ രൂപയായിരുന്നു. അതിൽ ൫൫൪ രൂപ ഈ ബഡ്ജറ്റിൽ കുറച്ചിട്ടുണ്ട് ഈ സംഗതികളും എല്ലാംകൂടി ആലോചിച്ചിട്ടു പ്രത്യേകിച്ചു, ഒരു ഡിവിഷൻ അസിസ്റ്റൻറിനെ കുറയ്ക്കുണമെന്നുള്ള ഒരു ഉപക്ഷേപം പാസായിട്ടുള്ളതുകൊണ്ടു— ഈ ചെറിയതുകയായ ൧൦൦൦ രൂപ കുറയ്ക്കുണമെന്നുള്ള എൻറെ നിർദ്ദേശം അംഗീകരിക്കപ്പെടുമെന്നു ഞാൻ വിചാരിക്കുന്നു.

പ്രസിഡൻറ്: ഡിവിഷൻ അസിസ്റ്റൻറിനെ കളയണമെന്നല്ലായിരുന്നു ഉപക്ഷേപം. എസ്റ്റാബ്ലിഷ്മെൻറ് ചെലവ് നിർദ്ദേശിച്ചിരിക്കുന്ന തുകയെക്കുറിച്ചായിരുന്നു. അതാണു പാസാക്കിയ ഉപക്ഷേപം.

മി: എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, പിരുമേട് ഡിവിഷൻ അസിസ്റ്റൻറ് അവശ്യപ്പെട്ടുന്ന സഞ്ചാരപ്പടി വളരെ ഉചിതമാണെന്നു ആദ്യമായിത്തന്നെ പ്രസ്താവിച്ചുകൊള്ളുന്നു. ഡിവിഷൻപേഷ്കാർമാരും മേലിൽ കമ്മീഷണറും ചെയ്യേണ്ടതായ സങ്കീർണ്ണജോലി മുഴുവനും നടത്തുവാൻ അവർക്ക് സാധിക്കാത്തവണ്ണം സഞ്ചാരപ്പടിക്കായി അനുവദിച്ചിട്ടുള്ള തുക അതുകൊണ്ടാണെന്ന് അവരെല്ലാവരും എല്ലായ്പ്പോഴും പരാതിപറഞ്ഞിട്ടുള്ളതാകുന്നു. ഉദ്യോഗസ്ഥന്മാർ കൂടക്കൂടെയും രാജ്യത്തിൻറെ എല്ലാഭാഗങ്ങളിലും യാത്രചെയ്യേണ്ടതാണെന്ന് ഈ സഭാംഗങ്ങൾതന്നെ മനസ്സിലാക്കുന്നുണ്ടല്ലോ. അവരുടെ അഭിപ്രായം പ്രസ്താവിച്ചിട്ടുള്ളതാണ്. അവർ അപ്രകാരം ചെയ്യേണ്ടതുണ്ടെങ്കിൽ കൂടുതൽ പണം അനുവദിക്കേണ്ടിയിരിക്കുന്നു. ഡിപ്പാർട്ടുമെൻറിലെ ബഡ്ജറ്റിൽ ഫ, ൦൦൦ രൂപ ആയശ്യപ്പെട്ടിരുന്നു. ധവണ്മെൻറും അതിനെ ഫ, ൦൦൦ ആയികുറച്ചു. ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള ഈ തുക ഡിസ്ട്രിക്ട് ഡിവിഷൻ പേഷ്കാരന്മാരുടേയും ട്രഷറി ഓഫീസറന്മാരുടേയും കമ്മീഷണരുടേയും പുതിയ ഡിവിഷൻ അസിസ്റ്റൻറുമാരുടെയും ഡിസ്ട്രിക്ട് ട്രഷറി ഓഫീസറന്മാരുടെയും സഞ്ചാരപ്പടിക്കായിട്ടുള്ളതാണ്. വാർഷികജമാബന്ധിയും റവന്യൂഡിവിഷൻറെ ഭരണവും ഏൽപ്പെടുത്തിയതോടുകൂടി ഡിവിഷൻ അസിസ്റ്റൻറുമാരും ഏറെക്കുറെ സഞ്ചാരിയായിത്തീർന്നിരിക്കുന്നു. അവർക്കു പരിശോധന, ജമാബന്ധി, എന്നീജോലികളും മേൽപറഞ്ഞപ്രകാരമുണ്ട്. അടുത്തനിയമസഭയിലേക്കു മെമ്പറന്മാരെതിരഞ്ഞെടുക്കുന്നതിലേക്കു അടുത്തുവരുന്നതിരിഞ്ഞെടുപ്പുസംബന്ധിച്ചു ഈ ഉദ്യോഗസ്ഥന്മാർക്കുകൂടി അധികം ജോലിയുണ്ടാകുന്നതാണ്. ഈ ഉദ്യോഗസ്ഥന്മാർ അവരുടെ അപ്പീലുകളിലേക്കു കൂടക്കൂടെ സഞ്ചരിച്ചുചെയ്യേണ്ടിവരും. സംഗതികളുടെ യഥാർത്ഥനിലയെക്കുറിച്ചു നേരിട്ടറിവുസമ്പാദിയ്ക്കേണ്ടതുണ്ടെന്നുള്ളത് അത്യാവശ്യമായിരിക്കുന്നതുകൊണ്ട്, ഇപ്പോൾനിർദ്ദേശിച്ചിരിക്കുന്നതുകയിൽനിന്നും എന്തെങ്കിലും കുറവുചെയ്യേണ്ടതാണെന്നുള്ള അഭിപ്രായത്തെ ബഹുമാനിയിക്കേണ്ടിവന്നിരിക്കുന്നതിനാൽ എനിക്കു ഭംഗിയുണ്ടു. നിർദ്ദേശിച്ചിരിക്കുന്ന തുകതന്നെയും ഈയുണ്ടായതെത്ര അത്യാവശ്യമുദ്യോഗസ്ഥർക്കു കണ്ടിച്ചു മതിയാകുമെന്നുപറയാം. ഉദ്യോഗസ്ഥന്മാർ കൂടുതൽ സഞ്ചരിച്ചുചെയ്യേണ്ടതുണ്ടെങ്കിൽ, അതിലേക്കാവശ്യമായ തുക അനുവദിക്കണം. അവർ ചുറ്റിനടക്കുന്നകാലത്തു ആ നാട്ടുകാരുടെ ആശ്രയിച്ചു ജീവിക്കേണമെന്നു ഈ സഭയിലെ യാതൊരുമെമ്പറും ആഗ്രഹിക്കുന്നില്ല. യാത്രയിൽ വണ്ടിക്കൂലി, ടോൾ, മുസാവരി മുതലായിവയിലേക്കു ചെലവുകൾ അവശ്യമുണ്ടു്. ചിലപ്പോൾ, അവരുടെകൂടുത്തിലുള്ള താഴ്ന്നശമ്പളക്കാരുടെ കൈയ്യിൽനിന്നുകൊടുക്കേണ്ടിവരും. ഇപ്പോഴത്തെ പരിഷ്കരണത്തെത്തന്നെ ദൃഷ്ടാന്തമായെടുക്കാം. ഇപ്പോഴത്തെ ആഭ്യന്തരസ്ഥിതികണ്ടും, ജനങ്ങളുടെ ആശ്വാസപ്പെടുത്തുന്നതിനുള്ള വഴിയെന്തെന്നും അതുകൊണ്ടെല്ലാമാണ് സഹായംചെയ്യേണ്ടതെന്നും നിശ്ചയിക്കുന്നതിനായും പോകുന്ന ഉദ്യോഗസ്ഥന്മാർക്കു മതിയായ സഞ്ചാരപ്പടി അനുവദിച്ചിട്ടുള്ളുങ്കിൽ, അവർ എങ്ങനെയാണ് ജോലിചെയ്യുന്നതു? നേരെമറിച്ചു ഞാൻ ആദ്യം ആവശ്യപ്പെട്ടിരുന്ന തുകതന്നെ അനുവദിച്ചുകിട്ടുന്നതാണെങ്കിൽ ഞാൻമെമ്പറന്മാരോടുപേക്ഷിക്കുന്നതു. അതിനാൽ ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു.

മി. എസ്. കുഞ്ഞുണ്ണി (മാവേലിക്കര-കാർത്തികപ്പള്ളി), ഞാൻവേറൊരു ന്യായത്താൽ ഈ ഉപക്ഷേപത്തെ എതിർക്കുന്നു നീക്കിവെച്ചിട്ടുള്ളതുക ഫ, ൧൦൦ രൂപയോ ഫ൦,൦൦൦ രൂപയോ എന്തായിരുന്നാലും, ഉദ്യോഗസ്ഥന്മാർ യഥാർത്ഥത്തിൽ ചെലവാക്കിയ തുകയെ സഞ്ചാരപ്പടിയിനത്തിൽ ചെലവുകൊള്ളുകയുള്ളു. നീക്കിവെച്ചിട്ടുള്ളതുക എന്തായിരുന്നാലും വേണ്ടില്ല. ഉദ്യോഗസ്ഥൻ കുറഞ്ഞൊരു ദിവസം പോകേണ്ടിവന്നാൽ, ആ ദിവസത്തിനു പകരം കൊടുക്കേണ്ടതാണെന്ന മാത്രമേയുള്ളു. ഞാനും ഉപക്ഷേപത്തെ പ്രതിക്ഷേപിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സർ, ഞാൻ എൻറെ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങളും ന്യൂതൽ ൻ വരെ. താഴെയുള്ള ഉപക്ഷേപങ്ങൾ ഫാജരാക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള.

൯. ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപ്പടിയ്ക്കുനീക്കിവെച്ചിട്ടുള്ള ഫ, ൦൦൦ രൂപയിൽനിന്നു ഫ൦ രൂപ കുറയ്ക്കുന്നു.

മി. വി. കുഞ്ഞുകൃഷ്ണപിള്ള.

൧൦. വേനൽക്കാലത്തേക്കുള്ള ചെലവിനായി നീക്കിവെച്ചിട്ടുള്ള ഫ൩൪ രൂപ കുറയ്ക്കുന്നു.

മി. ടി. കുമാരപിള്ള.

൧൧. ദേവികുളത്തു വിനകശേഖരിച്ചു വെക്കുന്നതിലേക്കായിട്ടുള്ള ൨൦൦൦ രൂപയിൽനിന്നു ഫ൦൦൦ രൂപാ കുറയ്ക്കുന്നു.

മി. സി. ശങ്കരമേനോൻ.

൧൨. ഡിവിഷൻ കച്ചേരികൾക്കായുള്ള ൧൩,൩൫൪ രൂപയിൽനിന്നു ഫ൦൦ രൂപകുറയ്ക്കുന്നു.

ഉപക്ഷേപം ഫ൦.

റവ, ഫ്ർ കുര്യാക്കോസ് വെട്ടിക്കാപ്പള്ളി (മരോട്ടിപുഴ-കുന്നത്തൂർനാടു): താഴെപ്പോയുന്ന ഉപക്ഷേപത്തെ ഞാൻഫാജരാക്കുന്നു.

ഫ൦. ഡിവിഷൻ കച്ചേരികൾക്കായുള്ള ൧൩,൩൫൪ രൂപയിൽനിന്നും ഫ൦ രൂപ കുറയ്ക്കുന്നു.

ഈ ഉപക്ഷേപം അയച്ചതിൽ എനിക്കുള്ള ഉദ്ദേശങ്ങളിൽഒന്നു പേഷ്കാരന്മാരെ നിർത്തലാക്കിട്ടു അസിസ്റ്റൻറു കമ്മീഷണറന്മാരെ നിയമിക്കുന്നതിൻറെ ആവശ്യകതയെ നിർദ്ദേശിക്കുകയാകുന്നു. ലാൻഡ് റവന്യൂകമ്മീഷണറുദ്യോഗം സൃഷ്ടിച്ചകാലംമുതൽക്കുതന്നെ ഇവിടേയും മറ്റുസ്ഥലങ്ങളിലുംവെച്ചു ഡിവിഷൻപേഷ്കാരന്മാരെ നിർത്തൽ ചെയ്തു കുറെക്കൂടി കൂടുതലായുള്ള അസിസ്റ്റൻറു കമ്മിഷണറന്മാരെ നിയമിക്കേണമെന്നു പലപ്പോഴും ആവശ്യപ്പെട്ടിട്ടുള്ളതാണ്.

പ്രസ്തുത പക്ഷത്തിലനുകൂലമായിട്ടുള്ള ന്യായങ്ങളെല്ലാം ഞാൻ ആവർത്തിക്കേണ്ടയാവശ്യമില്ല. ഈ ഏർപ്പാടുകൊണ്ടു മെച്ചമല്ലാതെ ആദായംകിട്ടുകയുണ്ടാകുന്നതിനു പുറമെ ഭരണകൃത്യത്തിൽനിന്നു നീതിപൂർവമെത്തെ വീടത്തേണമെന്നു വളരെനാളായി നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭനത്തിനു ഏറെക്കുറെ പ്രതിവിധിയും ഉണ്ടാകുന്നതാണ്.

ഡിവിഷൻ അസിസ്റ്റൻറുമാരുടെ ജോലിയെക്കുറിച്ച് ശ്രീമൂലംപ്രജാസഭയുടെ ൨൦-൭൹ യോഗത്തിൽ മിസ്റ്റർ ചെയ്ത ഉപക്രമപ്രസംഗത്തിൽ പറയുന്നതു് ഡിവിഷൻപേഷ്കാരന്മാരുടെ ജോലിക്കും ഒരുപോലെ പറയുന്നതാണു്. അദ്ദേഹം പറയുന്നു:

"കേസുകളിൽ കക്ഷികളുടെറവന്യൂമായി ഇടപെടേണ്ടിവരുന്ന പലപ്രധാനപ്പെട്ട സബ്ജക്ടുകളെക്കുറിച്ചുള്ള ചിന്തകളാൽ ഡിവിഷൻ അസിസ്റ്റൻറുമാരുടെ സ്വതന്ത്രമായ സഞ്ചാരത്തിനു വരുത്തുന്ന തടസ്സങ്ങൾ റവന്യൂ ഉദ്യോഗസ്ഥന്മാരെന്നനിലയിൽ അവരിൽനിന്നുണ്ടാകുവാനുള്ള പ്രയോജനകരമായ എതിരായി ബാധിക്കുന്നതിനും പുറമെ മിക്കവാറും നിതിപോലെനാംദേശം ജോലിയായിരിക്കുന്ന അവരുടെ ചുമതലകൾക്കു നികുതി, ആദായം മറ്റു കുറ്റങ്ങൾ എന്നിവ വരുത്തിക്കൂട്ടിയുള്ള ഗണ്യമായ കൂടുതൽനിമിത്തം കുടിശ്ശികകൾ തീർത്തുവെയ്ക്കാൻ അവർക്കു സാധിക്കുന്നില്ലെന്ന കുറ്റമായി വെളിപ്പെട്ടുവരുന്നു. ഒരുവേള അവരുടെ റവന്യൂജോലി മജിസ്ട്രേട്ടന്മാരെന്ന നിലയിൽ അവർക്കുള്ള ചുമതലകളെ തടസ്സപ്പെടുത്തുകയും ചെയ്യുന്നുണ്ടായിരിക്കാം.

ഈ രണ്ടു ചുമതലകളേയും വേർതിരിക്കേണ്ടയാവശ്യത്തെക്കുറിച്ച് ഗവർണ്മെൻറിനുതന്നെയും സൂക്ഷ്മമായി ബോധ്യംവന്നിട്ടുണ്ടെന്നു ഇതിൽനിന്ന് നമുക്കു നേരുള്ളിലാക്കാൻകഴിയുന്നു. ഈ ജോലികൾ രണ്ടും വേർതിരിക്കുമ്പോൾ ഡിവിഷൻപേഷ്കാരുടെ നിലയുള്ളതും ഉത്തരവാദമുള്ളതുമായ ഉദ്യോഗസ്ഥന്മാർക്കു പിന്നീടു് ആവശ്യം കുറയുകയുമില്ല.

കൂടാതെ, മുൻപു നിർദ്ദേശിച്ചുപോലെ അസിസ്റ്റൻറുകമ്മീഷണറന്മാരെ നിയമിക്കുന്നതായാൽ എല്ലായിടത്തും റവന്യൂജോലി യാതൊരിടർച്ചയും കൂടാതെ നടക്കുന്നതാണ്.

രണ്ടാമതായിട്ട്, ഡിവിഷനിലെ ഉയർന്ന ഉദ്യോഗങ്ങളിലേക്കു ദേവസ്വം ഡിപ്പാർട്ടുമെൻറിൽനിന്നു ആളുകളെ കയറ്റിവിടുന്ന ഇപ്പോഴത്തെ സമ്പ്രദായം ഉടനെ നിറുത്തൽചെയ്യേണ്ടതായ ആവശ്യം ഒരിക്കൽകൂടി ഗവർണ്മെൻറിൽ അറിവിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സംഗതി പരസ്യമായും രഹസ്യമായും ഗവർണ്മെൻറിനെറ ശ്രദ്ധിയിൽ വീണ്ടുംവീണ്ടും കൊണ്ടുവന്നിട്ടുള്ളതാണ്. ദേവസ്വംവിഭാഗംകഴിഞ്ഞയുടനെ ഈ ഏർപ്പാടിൽ ഗോരവമായ ഭരണീതിയുണ്ടെന്ന് സംതൃപ്തനായ ദിവാൻതന്നെ സമ്മതിച്ചുവെന്നാണ് എനിക്കറിവു്. എന്നാൽ മറ്റു പല സംഗതികളേയുംപോലെ ഇതും പെയപടിക്കു ഇടൻകൊണ്ടുതന്നെയിരിക്കുന്നു. കഴിഞ്ഞ രണ്ടു ദിവസങ്ങളിൽപോലും ഈ വിഷയവും റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കുള്ള പൊതുനിയമനസമ്പ്രദായവും സംബന്ധിച്ചു ചില മെമ്പറന്മാർ വളരെ പരാതിപറഞ്ഞിട്ടുണ്ട്. അനുഗ്രഹീതങ്ങളായ സദുദ്ദേശങ്ങളിൽനിന്നുണ്ടായ മെമ്പറന്മാർ ഞങ്ങളുടെ അഭ്യർത്ഥനകളോടും അവകാശങ്ങളോടും പൂർണ്ണ സഹതാപമുള്ളവരാണെന്നു കാണുന്നതു് ചരിതാർത്ഥജനകമാകുന്നു. മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ മുന്നിൽ രണ്ടു ഭാഗത്തിൻറെയും നന്മയെ ബന്ധിക്കുന്ന ഈ സംഗതിയെക്കുറിച്ചു് എന്തെങ്കിലും ചില സമാധാനമോ ഒരാശ്വാസവാക്കെങ്കിലുമോ ഹൈന്താഷ്യൽ സെക്രട്ടറിയിൽനിന്നു കേൾക്കുവാൻവേണ്ടി ഞാൻ ക്ഷമയോടുകൂടി കാത്തിരിക്കയായിരുന്നു. എന്നാൽ, അദ്ദേഹത്തിന് ഇതുകൂടാതെ പ്രധാനമല്ലാത്ത മറ്റു പല സംഗതികളെക്കുറിച്ചും അതു വളരെ പറയാനുണ്ടായിരുന്നുവെങ്കിലും ഈ വിഷയത്തിൻറെ കാര്യത്തിൽ അദ്ദേഹത്തിൻറെ അധരങ്ങൾ തീർത്തു മുദ്രവെയ്ക്കപ്പെട്ടിരുന്നതായി കാണപ്പെട്ടു.

ഈ മൗനത്തിൽനിന്നു് ഞങ്ങളുടെ ഏകഭൂഭാഗം മഹാരാജാവുതിരുമനസ്സിലെ ഭൂരിപക്ഷം പ്രജകളിൽ ന്യൂനപക്ഷത്തിൻറേയും ന്യായമായ അവകാശങ്ങൾക്കു ഗവർണ്മെൻറു യാതൊരു പ്രാധാന്യവും കല്പിക്കുന്നില്ലെന്നതുതന്നെയാണ്.

പ്രസിഡണ്ടു്. ഉദ്യോഗസ്ഥമെമ്പറന്മാർക്കു് അവരുടെ സംഗതികൾ പറയാൻ ഒട്ടും സമയം ഉണ്ടായിരുന്നില്ല.

റവ: ഫ്രാർ കുര്യാക്കോസ് പെട്ടിക്കാപ്പള്ളി (തൊട്ടുപുഴ-കുന്നുന്നുനാട്): ഈ സംഗതിയെക്കുറിച്ചു അദ്ദേഹം ഒന്നു വാക്കുപോലും പറഞ്ഞില്ല. ഞങ്ങൾ പൂർണ്ണമായ രാജഭക്തിയുള്ളവരും കഴുത്തുതിനെല്ലാം സങ്കടപ്പെടുകയും യാചിക്കയും ചെയ്യുന്നതവരുമാകകൊണ്ടും കരുതിക്കൂട്ടിച്ചു കയറിക്കൊണ്ടുപോകാൻ ആളില്ലാത്തതിനാലും കിട്ടുന്നതുകൊണ്ടു ക്ഷമയോടെ സഹിക്കുന്നതുനിമിത്തവും ആയിരിക്കാം ഇപ്രകാരം പ്രവർത്തിക്കുന്നതു്. സർ, വിദ്യാഭ്യാസം വർദ്ധിച്ചുവരുകയാണെന്നും ഇതു് ജനാധിപത്യത്തിൻറെ കാലമാണെന്നുള്ളതു വിസ്മരിക്കരുതെന്നു ഞാൻ പേക്ഷിക്കുന്നു. കവറും ഒരു കീടവും ഒരിക്കൽ തിരിഞ്ഞുനിന്നുവെന്നുവരാം. സ്വന്തമായുള്ളതിനും സ്വതന്ത്രത്തിനുംവേണ്ടി മരണംവരുന്ന സമ്പ്രദായം വിട്ടു് ഔദാര്യബുദ്ധി, ശ്രേഷ്ഠമനസ്സു്, രാജ്യതന്ത്രമെന്നുള്ള എന്നിവയെ സ്വീകരിക്കണം. ഞങ്ങൾ മുട്ടുകത്തിനിന്നുകൊണ്ടു പ്രത്യേകമായ ആനുകൂല്യങ്ങൾ യാചിക്കുന്നുവെന്നു വിചാരിച്ചുപോകരുതു്. ഒരു സ്വതന്ത്രനാട്ടിലെ പൌരന്മാരെന്നനിലയിൽ ധൈര്യം നീതിയും സത്യവും മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ.

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയുംകമ്മീഷണർ): ഉപക്ഷേപത്തെ ഞാൻ പ്രതിഷേധിക്കുന്നു. ഡിവിഷൻപേഷ്കാരന്മാരെ നിയമനത്തിൽചെയ്യേണ്ടുന്നമാറ്റത്തിനു യാതൊരു ന്യായവും പറഞ്ഞുകേട്ടില്ല. മഹാരാജാവുതിരുമനസ്സിലെ പ്രജകളിൽപെട്ട എല്ലാ സമുദായങ്ങൾക്കും ഇവിടത്തെ ഗവർണ്മെൻറു സർവീസിൽ ഉണ്ടായിരിക്കേണ്ട തുല്യാവകാശത്തെക്കുറിച്ചായിരുന്നു മെമ്പറിൻറെ പ്രസംഗത്തിൽ പ്രധാനമായി പ്രസ്താവിച്ചതു്. ഉദ്യോഗസ്ഥാനർപേരിൽ ഒരു മാറ്റംചെയ്യുന്ന കാര്യത്തിൽ യാതൊരു തടസ്സവും ഇല്ല; പക്ഷേ അതിൽനിന്ന് ഏതെങ്കിലും പ്രയോജനം ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. പേരിൽ മാറ്റം വരുത്തുന്നതുകൊണ്ടു് ഗവർണ്മെൻറിൻറെ പേരിനും മാനത്തിനും അല്പം വ്യത്യാസം സംഭവിക്കുമെന്നല്ലാതെ അധികാരത്തിനു യാതൊരു വ്യത്യാസവും സംഭവിക്കുന്നതല്ല. ഈ വിഷയത്തിലേക്കു പ്രവേശിക്കേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ലാ. ഞാനൊരുഭിന്നാഭിപ്രായമായ പ്രസംഗം കേട്ടിട്ടുണ്ടു്; എന്നാൽ, ഞാൻ കേട്ടിട്ടുള്ള വാക്കുകളെയാണും മെമ്പർ എടുത്തിരിക്കുന്നതെന്നുതോന്നുന്നില്ല. ഡിവിഷൻ പേഷ്കാരന്മാരെ നിയമിക്കേണ്ടയാവശ്യത്തിനു ന്യായവും ഒന്നും പറഞ്ഞിട്ടില്ല. ഇവിടത്തെ പേഷ്കാരുദ്യോഗം ഏകദേശം ബ്രിട്ടിഷ് ഇൻഡ്യയിലെ 'കലക്ടർ' ഉദ്യോഗത്തോടു തുല്യമാണു്. പുരാതനകാലം മുതൽക്കുതന്നെ അതിപവിടെ നടപ്പിലിരുന്നതാണു്. ഈ 'പേഷ്കാരന്മാരെ നിയമനംചെയ്യണമെന്നു ഈ സഭ വോട്ടുചെയ്യുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സർ, ഞാൻ ഉപക്ഷേപത്തെ പ്രതിഷേധിക്കുന്നു. നിരീചരിപാലനത്തെ രേണജോഡിയിൽനിന്നു വേർതിരിക്കേണ്ടതിനെപ്പറ്റി ആലോചിച്ചുവരികയാണ്; അതിൽനിന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരും, അങ്ങേടെ ഡിസ്ട്രിക്ടിലെ സമാധാനപാലനത്തിനും തങ്ങളുടെ കീഴിലുള്ള റവന്യൂ ഉദ്യോഗസ്ഥന്മാരുടേയും നീതിപാലനയുദ്യോഗസ്ഥന്മാരുടേയും വേലകളെ സംയോജിപ്പിക്കുന്നതിനും ഉത്തരവാദികളുമായ പോലീസുകാരൻമാർ വേണ്ടാഎന്നു വരുന്നതല്ല.

റവ. ഫാദർ പെട്ടിക്കാപ്പള്ളി യുക്തരയാ സൂചിപ്പിച്ച ഉദ്യോഗനിയമന വിഷയത്തെക്കുറിച്ചു ഒരു വാക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഈ സംഗതി ഗവണ്മെന്റിന്റെ ഗൌരവമായശ്രദ്ധയുള്ള വിഷയമായിരിക്കുന്നു. പോലീസ് സിസ്റ്റത്തിന്റെ ഡിറക്ടർ ഞങ്ങളോടു ഇപ്പോൾ ഈ സംഗതി പരിശോധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതിനു മുൻപു ഈ സംഗതിയെക്കുറിച്ചു ആലോചന നടത്തുവാൻ കാലമായിട്ടില്ലായിരുന്നുവെന്നുള്ള സംഗതി സഭ വിസ്മരിക്കുന്നു. കൂടാണ്ട്, പ്രായനിയന്ത്രണക്കാലത്തു നിയമനങ്ങൾ എല്ലാം നിറുത്തിവെച്ചുവെന്നുള്ളതുകൊണ്ടു, അതിൽപിന്നീടു നടത്തിട്ടുള്ള നിയമനങ്ങളുടെ സംഖ്യ ഗവണ്മെന്റിൽ കിട്ടീട്ടു അധികമായില്ല. മറ്റു ജോലി കൂടികിടയിൽ, ഈ സംഖ്യകളുടെ ഒരു ശരിയായ പരിശോധന അത്ര എളുപ്പമല്ല. ധൃതിയിൽ എന്തെങ്കിലും തീരുമാനം ഉണ്ടാക്കുകയോ പാസ്സാക്കി നിർണ്ണയിക്കുകയോ ചെയ്യുൽ അതു അത്ര വിലയുള്ളതായിരിക്കുന്നതും ഇടയില്ല. എന്റെ ചില അനുഭാവസ്ഥ സ്നേഹിതന്മാർ വിചാരിക്കുന്നവിധം ഈ സംഗതി തീർച്ചചെയ്യാൻ അത്ര എളുപ്പമുള്ളതുമല്ല. നിയമനത്തിലുള്ള പിശകുകളെ പരിഹരിക്കുവാൻ ഉത്തമമായ മാർഗ്ഗം ഏതാണെന്നുള്ളതിനെപ്പറ്റി ഈ സഭയിൽതന്നെ അഭിപ്രായവ്യത്യാസമുണ്ട്. മത്സരപരീക്ഷ ഏർപ്പെടുത്തേണമെന്നു ചിലർ ആവശ്യപ്പെടുമ്പോൾ, അതു യുക്തമാണോ എന്നു മറ്റുള്ളവർ സംശയിക്കുന്നു. ഒട്ടാന്തമായി, സർവീസിലേക്കു ആളെടുക്കുന്നതിലേക്കു ഒരു മത്സരപരീക്ഷ ഏർപ്പെടുത്തേണമെന്നു മി. മാധവറാവുർന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ചില ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഗ്രേഡിലേക്കു ആവശ്യമുള്ള നിയമനങ്ങൾക്കു അതിന്റെ ഒരു ക്ലിപ്തമായ ശതമാനം പരസ്യമായ മത്സരപരീക്ഷവച്ചു നിശ്ചയിക്കുന്ന സമ്പ്രദായം നടപ്പിൽവരുത്തുന്നതു നന്നായിരിക്കാം. അങ്ങനെ ഒരേർപ്പാടു കായ്ക്ഷമതയെ സഹായിക്കുകയും, ഉദ്യോഗസ്ഥന്മാരുടെ കൈശലങ്ങൾക്കു ഒരു ശരിയായ പ്രതിവിധി ആയിരിക്കുകയും ചെയ്യുമെന്നുള്ളതു നിശ്ചയമാണു. എന്നാൽ അതു വർഗ്ഗീയ പ്രാതിനിധ്യമെന്ന തത്വത്തിനു എതിരായിവരുന്നു.

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര—കാത്തിക്കപ്പള്ളി): സക്കാരുദ്യോഗത്തിൽ വർഗ്ഗീയ പ്രാതിനിധ്യം ഒരു തത്വമായി ഗവണ്മെന്റു സ്വീകരിക്കുന്നുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): എല്ലാ സമുദായങ്ങൾക്കും സക്കാരുദ്യോഗത്തിൽ പ്രാതിനിധ്യം ലഭിക്കുന്നതിനു ന്യായമായ സൌകര്യങ്ങൾ ലഭിക്കണമെന്നു ഗവണ്മെന്റു വിചാരിക്കുന്നു.

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര—കാത്തിക്കപ്പള്ളി): സമുദായങ്ങളുടെ സംഖ്യയനുസരിച്ചുള്ള പ്രാതിനിധ്യം ഒരു തത്വമായി ഗവണ്മെന്റു സ്വീകരിക്കുന്നുണ്ടോ?

പ്രസിഡണ്ടു: സംഖ്യയുടെ കായ്ക്ഷമതയെന്നില്ല, സംഗതിയെ പൂർണ്ണമായി പരിശോധിച്ചുവരികയാണു. ചീഫ് സെക്രട്ടറി പറഞ്ഞതുപോലെ അതു തീർച്ചചെയ്യാൻ അത്ര എളുപ്പമുള്ളതല്ല.

മി. ജെ. ജോൺ നിധിരി (ചങ്ങനാശേരി—മീനച്ചൽ): ഒരു തീരുമാനം ഉണ്ടാക്കുന്നതിനു ഗവണ്മെന്റിലേക്കു എത്രകാലം വേണ്ടിവരും?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): സംഗതി പരിശോധിച്ചുവരികയാണു. ഗവണ്മെന്റിനു ഒരു തീർച്ചചെയ്യാൻ വളരെക്കാലം വേണ്ടിവരുമെന്നു തോന്നുന്നില്ല.

മി. ജെ. ജോൺ നിധിരി (ചങ്ങനാശേരി—മീനച്ചൽ): ഒരാറുമാസം വേണ്ടിവരുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എനിക്കു ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല.

മി. എ. ഫ്രാൻസിസ് (ഗവണ്മെന്റ് നിയമിച്ച മെമ്പർ): ദേവസ്വം ഡിപ്പാർട്ടുമെന്റു തിരിച്ചുതിൽപിന്നെ റവന്യൂഡിപ്പാർട്ടുമെന്റിൽ നിയമിച്ചിട്ടുള്ള സവർണ്ണ ഹിന്ദുക്കളേടേയും മറ്റുള്ളവരുടേയും സംഖ്യയെ കാണിക്കുന്ന ഒരു പട്ടിക ഗവർണ്മെന്റിനുണ്ടോ എന്നു ഞങ്ങൾക്കു കിട്ടിട്ടുണ്ടു. എല്ലാ സമുദായങ്ങൾക്കും ഉദ്യോഗകാശം കൊടുക്കേണമെന്നുള്ള ഗവർണ്മെന്റിന്റെ നയത്തോടു ഈ നിയമനങ്ങൾ യോജിക്കുന്നുണ്ടോ?

മി. ആർ. കൃഷ്ണപിള്ള (ഗവർണ്മെന്റു ചീഫ് സെക്രട്ടറി): മുൻപു പറഞ്ഞതുപോലെ, വ്യയനിയന്ത്രണക്കാലത്തു പുതിയ നിയമനങ്ങൾ നിറുത്തൽചെയ്തിരുന്നു. നിയമനം വിണ്ടും ആരംഭിച്ചതിൽപിന്നെ ഡിപ്പാർട്ടുമെന്റധ്യക്ഷന്മാർ ചെയ്ത നിയമനങ്ങളുടെ കണക്ക ഇതുവരെയായിട്ടു ഗവണ്മെന്റിൽ കിട്ടിയുമുള്ള. ആ സംഖ്യകൾ പരിശോധിച്ചുവരുന്നു. ഡിപ്പാർട്ടുമെന്റധ്യക്ഷന്മാർ അവരുടെ ഉദ്യോഗ മാനാധികാരത്തെ എങ്ങനെ ഉപയോഗപ്പെടുത്തി എന്നും ഗവർണ്മെന്റു പരിശോധിക്കുന്നുണ്ടു. ഈ സംഗതികൾ എല്ലാം പൂർണ്ണമായും ഭംഗിയായും പരിശോധിക്കാതെ, എന്നു ഒരു തീർച്ചചെയ്യാൻ കഴിയുമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

റവ. ഫാദർ കുയ്യാക്കോസ് പെട്ടിക്കാപ്പള്ളി (തൊടുപുഴ—കുന്നത്തുനാടു): ദേവസ്വം ഡിപ്പാർട്ടുമെന്റു വേർതിരിച്ചകാലത്തു, എങ്ങനെയാണോ ഉദ്യോഗത്തിനു ആളെടുക്കേണ്ടതെന്നുള്ളതിനെപ്പറ്റി ഡിപ്പാർട്ടുമെന്റധ്യക്ഷന്മാർക്കു, പ്രത്യേകിച്ചു മാൻറവവന്നു കമ്മീഷണർ സർക്കുലർ അയച്ചിരുന്നില്ലേ?

മി. ആർ. കൃഷ്ണപിള്ള (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): ഉദ്യോഗമാനത്തെ സംബന്ധിച്ചു യാതൊരു സർക്കുലറും അയച്ചിരുന്നില്ല.

റവ. ഫാദർ കുയ്യാക്കോസ് പെട്ടിക്കാപ്പള്ളി (തൊടുപുഴ—കുന്നത്തുനാടു): അപ്പോൾ, അതു പഴയ പടിതന്നെ സ്വാതന്ത്ര്യമായി വിട്ടുകൊടുത്തിരുന്നു.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നിയമനസംബന്ധിച്ചു യാതൊരുനിയമവും ഉണ്ടാക്കിട്ടില്ല. സംഗതി പുഴുവനും ആലോചനയിലിരിക്കുന്നു. ദേവസ്വം ഡിപ്പാർട്ടുമെന്റിനെ റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നു വേർപെടുത്തിയതിൽപിന്നീടുള്ള നിയമനങ്ങളുടേയും, വ്യയനിയന്ത്രണക്കാലത്തുള്ള നിയമങ്ങളുടേയും കണക്ക ശരിയായി പരിശോധിച്ചു വരികയണ്. എല്ലാസംഖ്യകളും ശരിയായിപരിശോധിക്കാതെ ഒരു തീരുമാനം ഉണ്ടാക്കുവാൻ നിവൃത്തിയില്ല.

മി. ജെ. ജോൺനിധീരി (ചങ്ങനാശേരി–മീനച്ചൽ): ഈ സമയംകൊണ്ടു കിട്ടാൻ കഴിഞ്ഞിട്ടില്ലാത്ത സംഖ്യകളെക്കുറിച്ചു ആലോചിച്ചാൽ, ഓരോ ഉദ്യോഗസ്ഥന്മാരും നിയമനം ശരിയായിട്ടാണോ ചെയ്തതെന്നുപറയാൻ അദ്ദേഹത്തിനു സാധിക്കയില്ലെ?

പ്രസിഡണ്ടു: ആ സംഗതി തന്നെയാണ് പരിശോധിച്ചുവരുന്നതു.

മി. ജെ. ജോൺനിധീരി (ചങ്ങനാശേരി–മീനച്ചൽ): പരിശോധനകഴിഞ്ഞിടത്തോളമുള്ള വസ്തുതയെന്താണെന്നറിഞ്ഞാൽകൊള്ളാം.

പ്രസിഡണ്ടു: പരിശോധനനടന്നുവരുന്നു.

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര–കാർത്തികപ്പള്ളി): വിദ്യാഭ്യാസത്തിന്റെ ശതമാനം അനുസരിച്ചുള്ള പ്രാതിനിധ്യംവേണമെന്നുള്ളതത്വം ഗവണ്മെന്റിന്റെ ആലോചനയിൽ വന്നിട്ടുണ്ടോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആര്?

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര–കാർത്തികപ്പള്ളി): ആരെങ്കിലും.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇല്ല.

മി. ജെ. ജോൺനിധീരി (ചങ്ങനാശേരി–മീനച്ചൽ): സെക്രട്ടറിസർവ്വീസിൽ പ്രാതിനിധ്യമില്ലാത്തവർക്കുള്ള ശതമാനമനുസരിച്ചുള്ള പ്രാതിനിധ്യം അനുവദിക്കണമെന്നുള്ളതു ദേവസ്വം വിളംബരത്തിന്റെ പ്രധാനഉദ്ദേശങ്ങളിലൊന്നല്ലായിരുന്നോ എന്നുകൂടി അറിഞ്ഞാൽകൊള്ളാം.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതല്ലായിരുന്നു പ്രധാനഉദ്ദേശം. ഒരു ഉദ്ദേശമതായിരുന്നു. ദേവസ്വങ്ങളുടെ ഭരണം കാര്യക്ഷമമായ വിധം നടത്തുന്നതിലേക്കു വേണ്ട സൌകര്യങ്ങളുണ്ടാക്കണമെന്നുള്ളതായിരുന്നു പ്രധാനഉദ്ദേശം.

മത്സരപരീക്ഷാസമ്പ്രദായം മൈസൂരിൽ വളരെക്കാലംനടന്നിരുന്നു. ആ സംസ്ഥാനത്തുള്ള എല്ലാസമുദായങ്ങൾക്കും സർവ്വീസിൽ പ്രതിനിധ്യം നൽകേണ്ടതിനെക്കുറിച്ചു ആലോചിക്കുന്നതിനായി ഒരു നാലുകൊല്ലംമുമ്പു പരിശോധന നടത്തിയ മില്ലർ കമ്മിറ്റിക്കാർ, ഈ മത്സരപരീക്ഷാപദ്ധതി, ശരിയായ പ്രാതിനിധ്യമുള്ള ഒരു ഔദ്യോഗികബോർഡുമുഖം നിയമനം നടത്തുന്ന സ്പർപ്പാട്ടേ നിർദ്ദേശിക്കയുണ്ടായി. എന്നാൽ ഈ നിർദ്ദേശം മൈസൂർ ഗവണ്മെന്റിനു തൃപ്തികരമായിത്തോന്നിയില്ല. മത്സരപരീക്ഷ നിർത്തൽചെയ്യാൻ അവർ സമ്മതിച്ചില്ല; എന്നാൽ പിന്നാക്കംനിൽക്കുന്ന സമുദായങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിന് ഓരോ മത്സരപരീക്ഷക്കും ഏതു സമുദായങ്ങളിൽനിന്നു ഒരു നല്ല സംഖ്യ പരീക്ഷിച്ചുനോക്കി തിരിഞ്ഞെടുക്കണമെന്നു മതിയാക്കണമെന്നു അവർ അഭിപ്രായപ്പെട്ടു. ഉദ്യോഗത്തിനുള്ള അപേക്ഷകരിൽ രജിസ്റ്റർചെയ്യുന്നതിനും ഒഴിവുള്ളതായി ഉണ്ടാകുന്നതോ ആയ ഉദ്യോഗങ്ങളിലേക്കു അപേക്ഷകന്മാരെ നിയിക്കുന്നതിനുമായി ഒരു സെൻട്രൽറെക്രൂട്ടുമെന്റുബോർഡുകൂടി മൈസൂർഗവണ്മെന്റു സ്ഥാപിച്ചിട്ടുണ്ട്. നേരിട്ടു നിയമനം ചെയ്യുന്നതിനുള്ള അധികാരം ബോർഡിനില്ല. മജിസ്ട്രേറ്റ് ആപ്പീസുകളിലേക്കു ഗുമസ്തന്മാരെ നിയമിക്കുന്നതിനും, ഡെപ്യൂട്ടിതഹശീൽദാർ, പൊലീസ്സബ് ഇൻസ്പെക്ടർ, സാമ്പത്തിഇൻസ്പെക്ടർ മുതലായ ഉദ്യോഗങ്ങളിലേക്കു നേരിട്ടു നിയമിക്കുന്നതിനുമായി, ഉദ്യോഗസ്ഥന്മാരെ അന്വേഷിച്ചുസ്ഥന്മാരംചേർന്ന ഒരു കമ്മറ്റിയെത്തെരഞ്ഞെടുപ്പുബോർഡു മജിസ്ട്രേറ്റുകൾ ഗവണ്മെന്റും സ്പർപ്പെടുത്തിട്ടുണ്ടു. ഇൻഡ്യാഗവണ്മെന്റിന്റെ കീഴിലുള്ള സ്റ്റാഫ്സെലക്ഷൻബോർഡുകളെ സംബന്ധിച്ചുള്ള സാഹിത്യത്തിൽനിന്നു മനസ്സിലാക്കുന്നതു, ഉദ്ദേശസാദ്ധ്യത്തിനു ഏറ്റവും പറ്റിയമാർഗ്ഗം അതല്ലാ എന്നാകുന്നു: ഇൻഡ്യാഗവണ്മെന്റും ആ സമ്പ്രദായം കേരളപ്പെടുത്തുവാൻപോകുന്നു

ഈയവസരത്തിൽ ഒരു സംഗതി എനിക്കുപറയാനുള്ളതു, ഗവണ്മെന്റിനെ അമിതമായി ദോഷാരോപണം ചെയ്യുന്നതുകൊണ്ടു ഇപ്പോഴത്തെയുള്ള ഒരു വിഷമപ്പെട്ട സംഗതിയുടെ തീരുമാനത്തിൽ യാതൊരുസഹായവും ഉണ്ടാകുന്നതല്ലെന്നും ഒരു ശരിയായതീർച്ച ചെയ്യുന്നതിനുമതിയായസമയം അനുവദിക്കണമെന്നും ഞങ്ങളുടെ ഈ സംഗതിയെ വളരെ സൂക്ഷ്മമായി പരിശോധിക്കുന്നഅവസരത്തിൽ, നിയമനം യിങ്ങനെചെയ്യുന്നതു ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്മാരും നിയമനാധികാരമുള്ള മറ്റു ഉദ്യോഗസ്ഥന്മാരും അവരുടെ അധികാരത്തെ എങ്ങനെ ഉപയോഗപ്പെടുത്തിയെന്നുള്ളതു പരിശോധിക്കേണ്ടിവരും.

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര–കാർത്തികപ്പള്ളി): മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ ഈ നവരത്ന യോജപ്പെടുത്തൽ ഏതെങ്കിലുംതരത്തിൽ ഗവണ്മെന്റിനെ ക്ഷോഭിപ്പിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): യോജപ്പെടുത്തലെന്താണെന്നു ഞാൻ നന്നായി ശ്രദ്ധിക്കുന്നില്ല.

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര–കാർത്തികപ്പള്ളി): ഗവണ്മെന്റിനു അതു മനസ്സിഷ്ടമായിട്ടില്ലെങ്കിൽ തരക്കേടില്ല.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). സംഗതിമുഴുവനും പരിശോധിച്ചു തീരുമാനിക്കുന്നതിനുമുമ്പു, ഓരോ ഡിപ്പാർട്ടുമെന്റദ്ധ്യക്ഷനും അയാളുടെ നിയമനാധികാരത്തെ എപ്രകാരമാണു് ഉപയോഗപ്പെടുത്തിയതെന്നു പറയുന്നതു ഗവണ്മെന്റിന്റെപക്ഷത്തിൽ അവിടവിടെയായിരിക്കും. സംഗതിവളരെ സൂക്ഷ്മമായിആലോചിക്കുകയും തൃപ്തികരമായ ഒരു തീരുമാനം ഉണ്ടാക്കുകയും ചെയ്യുമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

മി. ജെ. ജോൺനിധിരി (ചങ്ങനാശേരി–മീനച്ചൽ): സർ, റവ: ഫാദർ വെട്ടിക്കാപ്പള്ളി ഹാജരാക്കീട്ടുള്ള ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനു എനിക്കു വളരെ സന്തോഷമുണ്ടു. എനിക്കു കൂട്ടത്തിലായി പറയാനുള്ളതു, നീതിപാലനവകുപ്പിനെ റവന്യൂ വകുപ്പിൽനിന്നു വേർപെടുത്തേണമെന്നുള്ള പ്രക്ഷോഭനം ഈ കൌൺസിലിൽതന്നെയല്ലാ വളരെ കിടാങ്ങളായിട്ട പ്രജാസഭയിലും നടത്തിയിരുന്നതും ദിവാൻറെ ഉപകൂടപ്രസംഗത്തിലെ സൂചനയിൽ അതിന്റെ ആവശ്യം ഗ്രഹിക്കയും സമ്മതിച്ചിട്ടുള്ളതുമാകുന്നുവെന്നതുമാത്രമാണ്. ആ സ്ഥിതിക്ക്, അപ്രകാരം ഒരു തിരിവുണ്ടാകുന്നതിന്റെ പ്രയോജനത്തെക്കുറിച്ചു വലിയ അഭിപ്രായവ്യത്യാസമൊന്നും ഉണ്ടായിരിക്കയില്ലെന്നു വിചാരിക്കുന്നു. ഈ വേർതിരിവു വരുത്തുന്നതായാൽ പണസംബന്ധമായ ബാദ്ധ്യതയെന്നതിനെയല്ല, നീതിന്യായവകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ഭരണം കൂടുതലുടെ സൌകര്യവുമാകു

കുറഞ്ഞു. ഡിസ്ട്രിക്ടിലെ റവന്യൂ അധികാരിയെന്നും ഡിസ്ട്രിക്ട് മജിസ്ട്രേട്ടെന്നും പേഷ്കാരന്മാർക്കുള്ള ഇപ്പോഴത്തെ ശമ്പളനിരക്ക് നീതിപീഠത്തിനു തൃപ്തികരമായിട്ടുള്ളതാണെന്നും അതു വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ആവശ്യവും ഉന്നയിച്ചിട്ടില്ലെന്നും ഞാൻ പറഞ്ഞുവല്ലോ. ഈ രണ്ടു ഉദ്യോഗസ്ഥന്മാരുടെയും ജോലിഭാരം കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഞാൻ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നു

ൻറെ തീരുമാനമാരെന്നോ എങ്ങനെ വിളിച്ചാലും യാതൊരുവ്യത്യാസവും വരാനില്ല. ജോലി എങ്ങനെയും ചെയ്യേണ്ടതാണ്. റോസാപ്പൂവിനെ എന്തുപേരു പറഞ്ഞാലും അതിന്റെ വാസന മധുരമായിത്തന്നെയിരിക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചേരാത്ത വിഷമമില്ലല്ലോ? അനേകം റഫറേഷനിലും മറ്റുത്തരവുകളിലും കാണുന്ന 'ഡിവിഷൻപേഷ്കാർ' എന്നുള്ള പ്രയോഗം മാറേണ്ടിവരികയില്ലേ?

മി. എസ്. കൃഷ്ണയ്യർ (മാവേലിക്കര-കോൺഗ്രസ്സ്): നിശ്ചയമായിട്ടുംവരും.

ഇവിടെ പ്രസ്താവിച്ചുകേട്ട ഏകന്യൂനതകൾ; ഉദ്യോഗനിയമനവിഷയത്തിൽ, ഇതുപോലെ ചില വിഷമങ്ങളുണ്ടാകുന്നോ, രവ: ഫാളർ വെട്ടിക്കുഴിച്ചുള്ളിടയും, മി. നിധീരിപ്പടയും മനസ്സിനെ തൃപ്തിയായവിധം നിയമനം നടക്കുന്നില്ലെന്നോമാത്രമാണ്. ഡിവിഷൻപേഷ്കാരന്മാരെ നിർത്തൽചെയ്യുന്നതിനോടൊപ്പം, അസിസ്റ്റൻറ് കമ്മീഷണറന്മാരെ സ്ഥാപിക്കുന്നതിനോടൊത്തതിനു എന്തു ബന്ധമാണുള്ളതെന്നു ഏതായാലും എനിയ്ക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഡിവിഷൻപേഷ്കാരന്മാർക്കു പകരം അസിസ്റ്റൻറ് കമ്മീഷണറന്മാരെ നിയമിച്ചു നികുതിഭരണവും നീതിഭരണവും തിരിക്കുന്നതിനെക്കുറിച്ചു വേറൊരഭിപ്രായവും മി. നിധീരി പ്രസ്താവിച്ചുകേട്ടു. അതു ഏതു തത്വത്തേയോ നിലയേയോ എങ്ങനെ സ്പർശിക്കുമെൻപോകുന്നുവെന്നു എനിക്കറിഞ്ഞുകൂടാ. ഈ അവസ്ഥയ്ക്കു; പേഷ്കാരന്മാരെ നിർത്തൽചെയ്തു അസിസ്റ്റൻറ് കമ്മീഷണറന്മാരെ നിയമിക്കേണ്ടതിനെ അനുകൂലിക്കുന്നതായ യാതൊരുശക്തിയും ഞാൻ കണ്ടെന്നില്ലാ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). സർ, ഇതിനുമുൻപുനടന്ന പ്രസംഗങ്ങൾ കേട്ടിട്ടു അഭിപ്രായമെന്തെന്നുള്ളതു തോന്നുന്ന ഒരു ഭേദഗതിയോടുകൂടി ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഇപ്പോഴത്തെ നടപ്പിലിരിക്കുന്ന ഡിവിഷൻപേഷ്കാരന്മാരുടെകാലം കഴിഞ്ഞുപോയി; അതായതു നമ്മുടെ കാലത്തിൽതന്നെ നീതിഭരണവ്യത്യസ്തമായ ഒരു കാലത്താണ് അവർ ഉദ്ഭവിച്ചതു. സംസ്ഥാനത്തെ ഒരേഡിവിഷനെയും ഡിവിഷൻപേഷ്കാരന്മാർ പൂർണ്ണമായുഭരിക്കുന്നതുപോലെയല്ലെന്നുണ്ടു് ഒരിച്ചുവന്നതു്. ആ നിലയെ ഇപ്പോൾ പ്രത്യേകിച്ചു തട്ടിത്തെറിപ്പിച്ചു, ഇനിക്കുനിയും ആളായനികുതിയും കമ്മീഷണരുടെ അധികാരത്തിൽ അവരെ ആക്കിയിരിക്കുന്നു. എന്നതെന്നെയല്ല, ഡിവിഷൻപേഷ്കാരന്മാർ ചെയ്തിരുന്ന ജോലികളിൽ ഒട്ടവളരെ അവർതന്നെ നിങ്ങിപ്പോകയുംചെയ്തിരിക്കുന്നു. എന്നാലും, അവരെ സൃഷ്ടിച്ചകാലത്തെ ഉന്നതനിലയിലെത്തന്നെ ഇപ്പോഴും അവർ കഴിഞ്ഞുപോകുന്നു; രാജ്യത്തിന്റെ ധനശക്തി സംബന്ധിച്ചടത്തോളം, ഡിവിഷൻപേഷ്കാരന്മാർക്കു പകരം വേറെ വല്ല ഉദ്യോഗസ്ഥന്മാരേയും നിയമിച്ചു, റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നു നീതിപാലനത്തെ വേർപെടുത്തുന്നതു ആശയക്രമമായിരിക്കുമോഎന്നു പരിശോധിക്കാനുള്ള കാലമായിട്ടുണ്ടു.

ഇനി, ഈ ഉപക്ഷേപത്തോടു യോജിച്ചുകൊണ്ടു, വിവിധസമുദായങ്ങൾക്കു സർക്കാർസർവീസിൽ, പ്രാതിനിധ്യം വരുത്തുവാൻപ്രതിനിധ്യം അനുവദിക്കേണ്ട സംഗതിയും അതുപോലെയുള്ള പലസംഗതികളും കൂടെനുവന്നിട്ടുണ്ടു. അതിനെക്കുറിച്ചുപറഞ്ഞാൽ, ഒരു സംഗതിയിൽ ഈ സഭ ഏകാഭിപ്രായക്കാരായിരിക്കുന്നു, അതായതു് ഈ സംസ്ഥാനത്തെ സർവീസിൽ പ്രാതിനിധ്യം ലഭിക്കുന്നതിനു മഹാരാജാവുതിരുമനസ്സിലെ എല്ലാ പ്രജാവിഭാഗത്തിനും തുല്യസൌകര്യങ്ങൾ അനുവദിച്ചുകൊടുക്കണമെന്നുള്ള സംഗതി. ഈ സംഗതിയിൽ ഈ സഭ പ്രതിപാദ്യമായ അഭിപ്രായം രേഖപ്പെടുത്തുകയും ആ ഉപക്ഷേപാർഹമായിട്ടുപോലും ഇതിനെ കൂടുതൽകയുംചെയ്യുവെന്നു അന്യത്രോന്നത പക്ഷത്തിലുള്ള എൻറെ ഒരു സ്നേഹിതൻ മുന്നമെ പ്രസ്താവിച്ചതിൽ അന്തർഭവിച്ചിരിക്കുന്ന അഭിപ്രായത്തെ ഞാൻ ശക്തിയായി പ്രതിഷേധിക്കുന്നു. ആ അവസരത്തിൽചെയ്ത പ്രസ്താവനകളെ ഞാൻ വ്യക്തമായി മാറ്റിക്കുന്നു. അവസ്ഥകൊണ്ടു തുല്യമായിരുന്നാൽ ഉദ്യോഗത്തിനു അഗ്രഹിക്കുന്ന ഒരാൾ ഏതെങ്കിലും ഒരു പ്രത്യേക വർഗ്ഗത്തിൽപെട്ടയാളാണെന്നുള്ള ന്യായത്തിന്മേൽ അയാളുടെ ഗതിയിൽ യാതൊരു തടസ്സവുംവരുത്തിക്കൂടാത്തതാണെന്നാകുന്നു അന്നു പറഞ്ഞതു. അന്നു പ്രസ്താവിച്ച അഭിപ്രായം ഇതായിരുന്നു. രാജ്യത്തിന്റെ സർവ്വപ്രധാനമായ നന്മയെ ഉദ്ദേശിച്ചു കാര്യക്ഷമതയെന്ന തത്വം ഒരിക്കലും വിസ്മരിക്കാവുന്നതല്ലെന്നുള്ളതു അപ്പോഴും ഖണ്ഡിപ്പായി നിർത്തേണ്ടിയിരുന്നു. ആ അവസരത്തിൽ നടന്ന യഥാർത്ഥവാദം മനസ്സിലാക്കാതെയാണ് എല്ലാ സമുദായങ്ങൾക്കും തുല്യാവകാശം നൽകേണമെന്നുള്ള അഭിപ്രായത്തെ ഈ സഭ അധിക്ഷേപിച്ചുവെന്നുപ്രസ്താവിച്ചിട്ടുള്ളതു. കാര്യക്ഷമത മുന്നിറയിൽതന്നെ പെരുപ്പെടുത്തിക്കൊണ്ടിരിക്കണമെന്നു ഇപ്പോഴും ഞാൻ നിർബന്ധിക്കുന്നു. എന്നാൽ കാര്യക്ഷമത എന്നപേരുപറഞ്ഞുകൊണ്ടു ന്യായരഹിതമായ പല പ്രവൃത്തികളും ചെയ്യുവാനായും [മി. ടി. കുമാരപിള്ള: കേൾപ്പില്ല, കേൾപ്പില്ല] ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർ നീതിവിരുദ്ധമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതായും ഞങ്ങൾ കാണുന്നുണ്ടു്. ഇതിനെറ ഫലമായിട്ടു വിജാതീയരായ ചീഫ്സെക്രട്ടറി അതിമതമായ ദോഷാരോപണം എന്ന പേരു പറഞ്ഞ സമ്പ്രദായം നിവൃത്തിയില്ലാതെ സ്വീകരിക്കപ്പെട്ടുപോകുന്നു. സർ, അമിതമായ ഉർവൃത്തികൾ നിശ്ചയമായും അമിതമായ ഖണ്ഡനത്തെത്തന്നെ അർഹിക്കുന്നവയാണ്. അതുപോലെ വിമർശനങ്ങൾ പറപ്പെടുവിക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവണ്മെൻറിനുമാത്രമാകുന്നു. നിയമനവിഷയത്തിൽ ചില ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർ നികൃഷ്ടമായ സമ്പ്രദായങ്ങളും ഉപയോഗപ്പെടുത്തിയതായിട്ടുള്ളതും ഈ സഭയിൽതന്നെ പ്രസ്താവിച്ചിട്ടുള്ളതാണു്. ഇപ്രകാരം പൊതുജനങ്ങൾക്കു തെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ആ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ ഈ സംസ്ഥാനത്തിന്റെ ദിവാൻജി എന്തു പ്രവർത്തിച്ചിട്ടുണ്ടു എന്നു ഞാൻ ചോദിക്കുന്നു. ഈ സഭയ്ക്കു അറിയാൻ കഴിഞ്ഞിടത്തോളം യാതൊന്നും ചെയ്തിട്ടില്ല. അതുകൊണ്ടായിരിക്കണം ഉദ്യോഗവൃന്ദത്തിന്റെ നിഷ്ക്രളങ്കതയെ പരിരക്ഷിക്കുന്നതിനും എല്ലാ സമുദായങ്ങൾക്കും തുല്യാവകാശങ്ങൾ നൽകുന്നതിനുംവേണ്ടി ഈ വളരെ ഉൽക്കണ്ഠപ്പെടർത്തിപ്പിക്കുന്നതു. ശക്തിയായ നിരുപണം ഉണ്ടായിട്ടുണ്ടെങ്കിൽ നിരുപണത്തിനു പാത്രമായിട്ടുള്ളവർ, തത്പരാസൃഷ്ടന്മാരുപ്പായെ ഈ സ്ഥിതിയിലുള്ള അവരുടെ തലയിലെഴുത്തിനു ക്ഷമയോടെ കിടക്കുകയാണു വേണ്ടതു്. ഈ സൂക്ഷ്മമായും ശ്രദ്ധിയിലും ഉള്ള ശ്രദ്ധ ആവശ്യമായിരിക്കുന്ന ഒരു സംഗതിയാകുന്നു. ഈ തത്ത്വത്തോടും നിയമനംസംബന്ധിച്ചു ഗവണ്മെൻറിനെറ ഭരണം ചെയ്തു ദോഷാംശം പറഞ്ഞുകൊണ്ടു ഞാനും യോജിക്കുന്നു. അതുതത്ത്വത്തോടും ഈ സംഗതി ശ്രദ്ധാർഹമാകുന്നു. അതിൽ കടന്നു ഏതെങ്കിലുമായാലും നിത്യവും ഇടിച്ചിടത്തിൽ ഉണ്ടായിമിക്കുന്നതായ കായ്ക്ഷമതയെ ബലികഴിച്ചിട്ടു പോരില്ല. പ്രാതിനിധ്യതത്വത്തെക്കുറിച്ചു പുറപ്പെടുവിച്ചിട്ടുള്ള സങ്കടങ്ങളിൽ കൂടെ അവ്യക്തത ഉണ്ടെന്നുള്ളതു സ്വാഭാവികമാണു്. എങ്ങനെയാണു പ്രാതിനിധ്യനിയമം നടത്തേണ്ടതു്? ഓരോ സമുദായത്തിലും ഉള്ള ജനസംഖ്യനോക്കിട്ടോ

ആരോ ഓരോന്നിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അതു മനഃപൂർവ്വമാക്കിയിട്ടാ എങ്ങനെയാണുണ്ടായത്? ഏതു തത്വമനുസരിച്ചാണ് ഈ സംഗതിയിൽ ഒരു തിരഞ്ഞെടുപ്പു നടത്തിയതെന്നു ക്ലിപ്തമായി അറിയുന്നതിന് ഗവർമ്മെണ്ടിന് ഇഷ്ടമുണ്ടാകണമെന്നു ഞാൻ പറയുന്നില്ല. എന്നിരുന്നാലും ആണ്ടുതോറും ചില സംഗതികളിൽ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നുണ്ട്. നിർവിവാദമായവിധം കഴിഞ്ഞ യോഗ്യതയുള്ള ഒരാളിനെ നിയമിക്കുവാൻവേണ്ടി പ്രഥമദൃഷ്ട്യാ കൂടുതൽ യോഗ്യതയുള്ള ഒരാളിനെ പുറമേയുള്ള ജനങ്ങളുടെ ഉള്ളിയിൽ യാതൊരു ന്യായവുംകൂടാതെ തള്ളി മാറ്റിട്ടുള്ളതായി ഈ സഭയിലെ വാദപ്രതിവാദങ്ങളിൽ വെളിപ്പെട്ടിട്ടുണ്ട്. ഈ സംഭവങ്ങൾ ഗവണ്മെൻറിനെ ശ്രദ്ധയിൽ കൊണ്ടുവരികയും എന്നിട്ടും ഗവണ്മെൻറ് അന്ധതപ്രകടിപ്പിക്കുകയും ചെയ്യുന്നെങ്കിൽ ചിലപ്പോഴെല്ലാം അതിനുമായ പരിപ്രയോഗം സഭയുടെ ഈ പക്ഷത്തിൽ നിന്നുണ്ടാവുകയും ഗവണ്മെൻറ് അതിനെ ക്ഷമിക്കുകയും ക്ഷമയോടുകൂടി കേൾക്കുകയും ചെയ്യേണ്ടതുമാകുന്നു.

മി. എ. ഹ്യൂഗ്സ്ഹെർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ):—സർ, ഒരുത്തനും രണ്ടു യജമാനന്മാരെ സേവിക്കാൻ സാധിക്കയില്ല. നീതി പാലനം നികുതി എന്നിവരണ്ടു സംഗതികളുടേയും നടത്തിപ്പ് ഫാദർ വെട്ടിക്കാപ്പള്ളി ആവശ്യപ്പെട്ട വിഭജനം വളരെ യുക്തമായിരിക്കുന്നു. ഉദ്യോഗങ്ങൾ ഇരട്ടിക്കുന്നതു കായ്ക്ഷമതയുള്ളതാകയും അനുകൂലമായിരിക്കയില്ല. മിവാൻപേഷ്കാരുടെ രണ്ടു ജോലികളുംകൂടി തൃപ്തികരമായി ചെയ്യാൻ സാധിക്കയില്ല. അയാളുടെ മജിസ്ട്രേട്ടുപണി ഒഴിച്ചുവെക്കാൻ അയാൾക്കു പ്രത്യേകം ഒരു മനോഭാവമുള്ളതാണ്. വിഭക്തമായ ചുമതലയിൽ നിന്നും നല്ല ഫലം ഉണ്ടാവാൻ കഴിയുന്നതല്ല. റവന്യൂ കമ്മീഷണരുടെ കീഴിൽ ആക്കിവാൻപാടില്ലാത്തവണ്ണം അത്ര വലിയ ആളാണ് മിവാൻപേഷ്കാർ. അയാൾ അയാളുടെ പഴയ പദവിയുടെയുപയോഗത്തെക്കുറിച്ചു എപ്പോഴും വിചാരിച്ചുകൊണ്ടിരിക്കും. അയാൾക്കും ഗവണ്മെൻറിനും മദ്ധ്യേ ഒരു മദ്ധ്യസ്ഥൻ ഉണ്ടായിരിക്കുന്നതുവളരെ വിഷമമായി കരുതുകയും ചെയ്യുന്നു.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയുടെ ആഭ്യന്തരകാര്യവും കമ്മീഷണർ):—ആ പ്രസ്താവനയിലുള്ള അടിസ്ഥാനമെന്താണെന്നറിഞ്ഞാൽ കൊള്ളാം.

മി. എ. ഹ്യൂഗ്സ്ഹെർഫ് (ഗവണ്മെൻറ് നിയമിച്ചമെമ്പർ): അതു ഒരു സത്യാവസ്ഥയാണ്.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയുടെയും ആഭ്യന്തരകാര്യവും കമ്മീഷണർ): എൻറെ അറിവിൽപ്പെട്ടിടത്തോളം ഞാൻ അങ്ങനെ വിചാരിക്കുന്നില്ല.

മി. എ. ഹ്യൂഗ്സ്ഹെർഫ് (ഗവണ്മെൻറ് നിയമിച്ചമെമ്പർ): സമുദായപ്രാതിനിധ്യത്തെക്കുറിച്ചു പറയുമ്പോൾ, ഈ സഭയുടെ നായകന്മാരിൽ ഒരാളായ മി. പി കെ. നാരായണപിള്ള ഈ സംഗതിയിൽ പ്രകടിപ്പിച്ച ഉന്നതമായ നിലക്ക് അദ്ദേഹത്തിനു നന്ദിപറഞ്ഞുകൊണ്ടും അദ്ദേഹത്തെ അനുമോദിച്ചുകൊണ്ടും ആരംഭിക്കേണ്ടിയിരിക്കുന്നു. അങ്ങനെചെയ്യുമ്പോൾ ഒരു നിലയെ അംഗീകരിക്കുന്നവരും, പിന്നോക്കമായ വർഗ്ഗങ്ങൾക്ക്—സക്കാർ സർവ്വീസിൽ ശരിയായ പ്രാതിനിധ്യമില്ലാത്ത മുപ്പതുലക്ഷം ജനങ്ങൾക്ക്—ആവശ്യമായ എല്ലാ സഹായവും ചെയ്യാൻ ഒരുങ്ങുന്നവരുമായിരിക്കുന്നവരുമായ സഭയുടെ ഈ ഭാഗത്തു വളരെ പ്രത്യേകം ഈ സമ്പ്രദായത്തെയും സംഗതിയെക്കുറിച്ചു ഫാദർ വെട്ടിക്കാപ്പള്ളി പറഞ്ഞ ഓരോ വാക്കുകളോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഞങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്ന കണക്കുകളെല്ലാം കണ്ടിട്ടും, ഗവണ്മെൻറ് ഇനിയും ആലോചിച്ചുവരുന്നതേയുള്ളൂവെന്ന്, ഞാൻ നിത്യവും വളരെ ബഹുമാനത്തോടുകൂടി കരുതിപ്പോരുന്ന ചീഫ്സെക്രട്ടറി പറയുന്നതുകേട്ട ഞാൻ അത്ഭുതപ്പെട്ടുപോയി! യാതൊരു സമുദായത്തിനും കൂടുതലായ ആനുകൂല്യം നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നില്ല. സക്കാർ സർവ്വീസിൻറെ നന്മയെ വിചാരിച്ച്, മി. പി. കെ. നാരായണപിള്ള പറഞ്ഞതുപോലെ, കായ്ക്ഷമതയെ ഒരിക്കലും ബലികഴിച്ചുകൂടാത്തതാകുന്നു. നീതിയും നാരായപ്രവൃത്തിയും മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. ഞാൻ ഉൾപ്പെട്ടിരിക്കുന്നതായ മതവിഭാഗത്തിൽപ്പെട്ട സമുദായങ്ങളിലെ പല ഗ്രാജ്വേറ്റുകളുടേയും കാര്യത്തിൽ ഞാൻ ഉത്സാഹിച്ചിട്ടുള്ളതുകൊണ്ടു, ഈ സംഗതിയിൽ വളരെ സൂക്ഷ്മമായ അറിവ് എനിക്കു ലഭിച്ചിട്ടുണ്ട്. എല്ലാ വാതിലും അടഞ്ഞിരിക്കുന്നതായി കാണുന്നു. വാതിലുകൾ വളരെ മുട്ടിതുറന്നു പിന്നെ ഒരാളെ എടുക്കാൻ മി: റോബിൻസണു ഭയമുണ്ടായി.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയുടെയും ആഭ്യന്തരകാര്യവും കമ്മിഷണർ): ഡിപ്പാർട്ടുമെൻറിൽ എത്രപേരുണ്ടെന്ന് മെമ്പറിനോടു ചോദിച്ചുകൊള്ളട്ടെയോ?

മി. എ. ഹ്യൂഗ്സ്ഹെർഫ് (ഗവണ്മെൻറ് നിയമിച്ചമെമ്പർ): ഡിപ്പാർട്ടുമെൻറിൻറെ ചുമതല എനിക്കില്ല. പക്ഷേ, വിഭജനത്തിനുശേഷം, ഞാൻ സൂചിപ്പിക്കുന്ന സമുദായത്തിൽ ഉൾപ്പെട്ടവരല്ലാത്ത അനേകംപേരെ നിയമിച്ചിട്ടുള്ളതായി കണക്കുകളിൽ കാണുന്നു.

മി. എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയുടെയും ആഭ്യന്തരകാര്യവും കമ്മിഷണർ): ഏതുദ്യോഗസ്ഥൻ നിയമിച്ചു.

മി. എ. ഹ്യൂഗ്സ്ഹെർഫ് (ഗവണ്മെൻറ് നിയമിച്ചമെമ്പർ): റവന്യൂകമ്മിഷണർ അദ്ദേഹത്തിൻറെ കീഴുദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളിൽനിന്നും ഉപേക്ഷകളിൽനിന്നും ഉണ്ടാകുന്ന സകല പാപങ്ങൾക്കും ഉത്തരവാദിയാകുന്നു. (ചിരി).

സർ, നീതിയും നിഷ്പക്ഷതയും മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളുവെന്നു വീണ്ടും ഞാൻ പറയുന്നു. ഇപ്പോൾ നടക്കുന്നതുപോലെ സംഗതികൾ മുന്നോട്ടു പോകാൻപാടില്ല. കഴിഞ്ഞകൊല്ലത്തെ ഒരാഴ്ചപൂർവ്വമായ വഷ്ണയാണു ഞങ്ങൾ ആഗ്രഹിക്കുന്നുള്ളൂ. ആർട്ട്സ് കോളേജിൽ ഒരു ജോലിക്കിട്ടുന്നായി ഇയ്യിട ഇവിടെവന്ന, ബി. എ. (ഓണേഴ്സ്) പാസ്സായിട്ടുള്ള ഒരു ചെറുപ്പക്കാരൻറെ കാര്യത്തിൽ ഞാൻ ഇടപെടുകയുണ്ടായി. ഞാൻ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിലേക്കു കൊണ്ടുചെന്നു. അദ്ദേഹം വളരെ കരുണ പ്രദർശിപ്പിക്കുകയും, നിയമനസംബന്ധമായ റിപ്പോർട്ടു കാര്യദർശിയുടെ മിവാൻറെപേക്ഷ അയച്ചിട്ടുണ്ടെന്നു പറയുകയും വേണ്ട അപേക്ഷയോടുകൂടി അദ്ദേഹത്തിൻറെപക്കൽ ചെല്ലാൻ ആവശ്യപ്പെടുകയും ചെയ്തു. ഞാൻ മി. പരമേശ്വരയ്യരുടെകണ്ടു; അദ്ദേഹവും വളരെ അനുകമ്പ പ്രദർശിപ്പിച്ചു. ദിവാൻജി വളരെ ദയവായി അയാളെ അവിടെ നിയമിക്കുകയും ചെയ്തു. ഇത്രയും കരുണയും അനുകമ്പയുമാണ് ഗവണ്മെൻറിൽനിന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഗവണ്മെൻറിനേറെ

യും ജനങ്ങളുടേയും നന്മയെ വിചാരിച്ച്, ഗവണ്മെന്റ് ഈ വിഷയത്തെ അല്പം വിസ്തൃതമായി പരിഗണിക്കേണ്ടിയിരിക്കുന്നു.

മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാറ്റുപുഴ): ഞാൻ പേഷ്കാരന്മാരെ കുറ്റപ്പെടുത്തണമെന്നുള്ള പ്രമേയത്തെ അനുകൂലിക്കുന്നു. ഡിവിഷൻപേഷ്കാരന്മാർ ആവശ്യമില്ലാത്തവരാണ്. ഞാൻ ബഡ്ജറ്റിന്മേൽ പൊതുവിവരണത്തിൽ പ്രസ്താവിച്ചുപോലെ പേഷ്കാരന്മാരെക്കൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. ഈ സ്ഥാനത്തേയ്ക്കു അസിസ്റ്റൻറ് റവന്യൂ കമ്മിഷണറന്മാരെ വച്ചാൽ മതിയാകുന്നതാണ്. ഇപ്പോൾ റവന്യൂ ഉദ്യോഗസ്ഥന്മാരിൽ മജിസ്ട്രേട്ടധികാരംകൂടിയുള്ളതുകൊണ്ടു ജനങ്ങൾക്കു വളരെ ഉപദ്രവമുണ്ടു. താഴിൽ ഓരോന്നാരിഞ്ഞിന്നു മജിസ്ട്രേട്ടധികാരം എടുത്തുകളഞ്ഞതുകൊണ്ടു ഗുണമുണ്ടെങ്കിലും പൂർണ്ണമായ ഗുണം ജനങ്ങൾക്കു കിട്ടണമെങ്കിൽ മജിസ്ട്രേട്ടന്മാരുടെ മേലധികാരം വഹിക്കുന്ന ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരും റവന്യൂഉദ്യോഗസ്ഥന്മാരല്ലാതിരിക്കണം. റവന്യൂ ഭരണം ശരിയായി നടക്കണമെന്നതിനും അതാണ് നല്ലത്.

റവന്യൂമേധാവിത്വം വിഭജനംകൊണ്ടു യാതൊരു പ്രയോജനവുമില്ല. അതും ഈ സന്ദർഭത്തിൽ പ്രത്യേകം പറയേണ്ടതാണ്. ഡിവിഷൻ കച്ചേരികളിലും താലൂക്കു കച്ചേരികളിലും നോക്കുകയാണെങ്കിൽ അവ പഴയതുപോലെതന്നെ മാതിരി സവർണ്ണമേധാവിത്വമായിരിക്കുന്നതായിട്ടുള്ളൂ. ഞാൻ സവർണ്ണവർഗ്ഗത്തെ വിദ്വേഷിച്ചു പറയുന്നതല്ല. അവരും ഈ രാജ്യമാകുന്ന മഹാഭവനത്തിൽ ഉദ്യോഗസ്ഥന്മാരുടെ സഹോദരന്മാർതന്നെ. ഉദ്യോഗങ്ങളിലെല്ലാം അവരെത്തന്നെ വെയ്ക്കുന്നതു അവരുടെ തെറ്റല്ല, മേലുദ്യോഗസ്ഥന്മാരുടെ തെറ്റാണ്. റവന്യൂവകുപ്പിൽ ക്രിമിനൽ യൂണിയനുകൾ ഉണ്ടായിട്ടുള്ളതിൽ ഫസ്റ്റു ക്ലാസ് പേഷ്കാരെത്തന്നെ ഈ വകുപ്പിലെ എല്ലാഉദ്യോഗങ്ങളും വഹിച്ചുവരുന്ന സവർണ്ണമേധാവിത്വത്തിൽ നിന്നുതന്നെ. സത്യവും നീതിയുമാകുന്ന മാനദണ്ഡങ്ങൾകൊണ്ടു അളക്കുന്നപക്ഷം ധർമ്മരാജ്യത്തെ ഈ നയംഎത്രയോ അധർമ്മമാണെന്നുകാണാം. പ്രജകളിൽ ഏതെങ്കിലും ചിലവകുപ്പുകളിൽ നിന്നു സംരക്ഷിക്കുന്ന മുതൽകൊണ്ടല്ല പൊതുമുതൽകൊണ്ടാണ് ഈ വകുപ്പിലും ശമ്പളം നൽകുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ, രാജ്യത്തിന്റെ എല്ലാഉദ്യോഗസ്ഥന്മാരിൽനിന്നും എല്ലാവർഗ്ഗങ്ങളിൽനിന്നും ഉദ്യോഗസ്ഥന്മാർ വേണ്ടിടത്തോളം ഉണ്ടായിരിക്കേണ്ട വകുപ്പാണിതു. അധികമുദ്യോഗസ്ഥപ്പെരുപ്പം പ്രത്യേകിച്ചു കൃഷിക്കാരോടു അധികഭാരം ഉള്ളതും ഈ വകുപ്പാണ്. മാജിസ്ട്രേട്ടുകളുടെ എല്ലായിടിയിലുള്ളതും ഈ വകുപ്പാണ്. എന്തെന്നാൽ നിയമസഭ, പ്രജാസഭ, മുതലായതിനെ തിരിഞ്ഞെടുപ്പു സംബന്ധിച്ചു നടപടികൾ നടത്തുന്നതും ഈഡിപ്പാർട്ടുമെന്റു മുഖേനയാണ്. അതിനാൽ ഇവിടെ എല്ലാവക്കും ശരിയായ വിധം പ്രവേശനമുണ്ടായിരിക്കേണ്ടതുമാവശ്യമാണ്. അതിലേക്കാണ് റവന്യൂമേധാവിത്വം വിഭജനം നടത്തിയതെന്നു ചീഫ്സെക്രട്ടറി അവർകൾപറയുകയുണ്ടായി.

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) : എന്നു ഞാൻപറഞ്ഞില്ല. അതുതെറ്റാണ്. പ്രധാനമായ ഉദ്ദേശം ദേവസ്വത്തിന്റെ—

മി തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാറ്റുപുഴ)—ആകട്ടെ, അഹിന്ദുക്കൾക്കും അവർണ്ണഹിന്ദുക്കൾക്കും പ്രവേശനം നൽകണമെന്നുള്ളതും ഒരുദ്ദേശമായിരുന്നതാണല്ലൊ. അതു ഇപ്പോൾ വിഷമമായിട്ടാണ് കാണുന്നതു. അതിനു റവന്യൂകമ്മിഷണറെ കുറ്റംപറയാൻ പാടുണ്ടെന്നു തോന്നുന്നില്ല. നിയമനത്തിൽ ക്രിമിനൽ ക്രിമിനൽ സവർണ്ണരാണ്, കമ്മിഷണർ അങ്ങനെ പക്ഷപാതബുദ്ധിയുള്ള ആളല്ല. ഇതു മിക്കവാറും പേഷ്കാരന്മാരുടെയും തഹശീൽദാരന്മാരുടേയും കുറവുകളാണ് അധികം ഉപരിസ്ഥാനത്തിരിക്കുന്ന വരുടേയും പ്രവൃത്തിയായിരിക്കണം. എന്നാൽ നീതിക്കു തീരെയൊഴിച്ചുകൂടാ. രാജ്യത്തിന്റെ ധർമ്മത്തിനു തന്നെ ഹാനിതട്ടുന്ന ഇത്തരംപ്രവർത്തികളാൽ നമ്മുടെ രാജ്യത്തിനു ലഭിച്ചിട്ടുള്ള ധർമ്മരാജ്യമെന്നുള്ള സൽക്കീർത്തിക്കുതന്നെ ഭംഗം വന്നേക്കും. അതു എല്ലാസ്വദേശികൾക്കും വ്യസനകരമായ ഒന്നാണ്. ഈ പ്രധാനഡിപ്പാർട്ടുമെന്റിൽ ചിലവർഗ്ഗക്കാൾക്കു മാത്രമെ ഇനിയും പ്രവേശനം നൽകാവൂഎന്ന ഗവണ്മെന്റ് വെച്ചിരിക്കുന്നു ഈ പ്രത്യക്ഷമായ അനീതിയാണ് എന്നു മനുഷ്യവർഗ്ഗത്തേയും ധർമ്മത്തേയും സ്നേഹിക്കുന്ന ഏവർക്കും ഘോരംപറയാം. അധർമ്മത്തെ എല്ലാവരും വെറുക്കേണ്ടതാണെല്ലൊ. ഈ നയത്തെ ഉടനെ മാറ്റണം. അതിനതാകുന്ന ഒരുമാർഗ്ഗം ഈ പേഷ്കാരന്മാരെ ഇല്ലാതാക്കുന്നതാണ്. സവർണ്ണതഹശീൽദാരന്മാർ ചിലർ ദേവസ്വം ഡിപ്പാർട്ടുമെന്റിൽപോയി കൂടെക്കൂടി ഉയന്തരത്തിൽ ഡിവിഷൻ അസിസ്റ്റൻറായി കൊച്ചുകാലം ഇരുന്നിട്ടു പേഷ്കാരന്മാരായിത്തീരും അതു ശരിയല്ല. നീതിയും സത്യവും മതവർഗ്ഗക്കാരുടേയും പ്രത്യേകസ്വത്തല്ല. അതു പൊതുമുതലാണ്. അതിനെ എല്ലാവക്കും പരിപാലിക്കുവാൻ തുല്യതലയുണ്ടു. രാജ്യത്തിന്റെ പൊതുനന്മയെകരുതുന്നവർ അനീതിനിരോധനം. ഉത്തരവാദിത്വമുള്ളവർക്കും (ചിരി) എല്ലാവർഗ്ഗങ്ങളിൽ പെട്ടവർക്കും എല്ലാഡിപ്പാർട്ടുമെന്റിലും പ്രത്യേകം ഈ ഡിപ്പാർട്ടുമെന്റിലും ന്യായനഷ്ടം പ്രവേശനം നൽകണം ഇത്രയും പറഞ്ഞുകൊണ്ടു ഞാൻപ്രമേയത്തെ ശക്തിയായിപിൻതുണക്കുകൊള്ളുന്നു.

സഭയോഗം വൈകുന്നേരം മണിവരെ പിരിഞ്ഞു: ചൊവ്വ ന വീണ്ടുംകൂടി.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല)—സർ, റവ: ഫാദർ പെട്ടിക്കാപ്പള്ളി ഫാദറാക്കിയ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. എന്നാലും ചീഫ്സെക്രട്ടറിയുടെ വാഗ്ദാനത്തെ അനുസ്മരിച്ചുകൊണ്ടു അദ്ദേഹം ഉപക്ഷേപത്തെ പിൻവലിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

റവ: ഫാദർ കുര്യാക്കോസ് പെട്ടിക്കാപ്പള്ളി (തൊടുപുഴ കുന്നത്തുനാടു) —ഞാൻ ഉപക്ഷേപത്തെപിൻ വലിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങളും മുതൽനമ്പർ വരെ. താഴെക്കാണുന്ന ഉപക്ഷേപങ്ങളും ഹാജരാക്കപ്പെട്ടിട്ടില്ല.

മി: ജി. കുമരപിള്ള:

മുപ്പത്തഞ്ചു. ഡിവിഷൻ കച്ചേരികൾക്കായുള്ള ഇരുപത്തഞ്ചു രൂപായിൽനിന്നും മുപ്പതു രൂപാകയറ്റുണം.

മി. പി. കെ. നാരായണപിള്ള.

അറുപത്തഞ്ചാട്ടാലൂക്കിലെ പുതുവൽക്കടിശിക തീർക്കുന്നതിലേക്കായി നിശ്ചയിച്ചിട്ടുള്ള ഒരു അഡീഷണൽ അസിസ്റ്റൻറ് തഹശീൽദാരുടെ ശമ്പളം ഇരുപത്തഞ്ചുരൂപാക്കുന്നതിലേക്കായി തടവറിഎസ്റ്റാബ്ലിഷ്മെന്റിൽ ചേർത്തിട്ടുള്ള തുക രൂപാ കുറയ്ക്കുണം.

ബി. ടി. കുമാരപിള്ള

൪൩. ചന്തക്കഴ അരിവ്യാപാരപ്പെട്ടുത്തുന്നതിനായി വെച്ചിട്ടുള്ള ൨,൦൦൦ രൂപയിൽ നിന്നു ൫൦൦ രൂപ കുറയ്ക്കണം.

ബി. വി. കുഞ്ഞുകൃഷ്ണപിള്ള.

൪൪. സഹകാരിസംഘം സ്ഥലം എടുക്കുന്നവകയ്ക്കായി നീക്കിവച്ചിട്ടുള്ള ൨൦൦൦ രൂപ മുഴുവൻ കുറയ്ക്കണം

ബി. ടി. കുമാരപിള്ള

൪൫. സഹകാരിസംഘം സ്ഥലം പിടിച്ചെടുക്കുന്നവകയ്ക്കു നീക്കിവച്ചിട്ടുള്ള ൨,൦൦൦ രൂപ മുഴുവൻ കുറയ്ക്കണം.

ബി. പി. കെ. നാരായണപിള്ള:

൪൬. വക്കീൽഫീസിനായി നീക്കിവെച്ചിട്ടുള്ള ൫൦൦ രൂപ മുഴുവൻ കുറയ്ക്കണം.

ബി. എം. ആർ. മാധവവാര്യർ:

൪൭. വക്കീൽഫീസിനായി നീക്കിവെച്ചിട്ടുള്ള ൫൦൦ രൂപ മുഴുവൻ കുറയ്ക്കണം.

ബി ടി. കുമാരപിള്ള:

൪൮. വക്കീൽഫീസിനായി നീക്കിവെച്ചിട്ടുള്ള ൫൦൦ രൂപ മുഴുവൻ കുറയ്ക്കണം.

ബി. വി. കുഞ്ഞുകൃഷ്ണപിള്ള:

൪൯. വക്കീൽഫീസിനായി നീക്കിവെച്ചിട്ടുള്ള ൫൦൦ രൂപ മുഴുവൻ കുറയ്ക്കണം.

ബി. സി. പി. കൊച്ചുകുഞ്ഞുപിള്ള:

൫൦. വക്കീൽഫീസിനായി നീക്കിവെച്ചിട്ടുള്ള ൫൦൦ രൂപ മുഴുവൻകുറയ്ക്കണം.

ബി. പി. കെ. നാരായണപിള്ള:

൫൧. അടക്കസംഭരണത്തിന് വാങ്ങുന്നതിനും നന്നാക്കുന്നതിനുമായി നീക്കിവെച്ചിട്ടുള്ള ൨,൦൦൦ രൂപയിൽ നിന്നു ൧,൦൦൦ രൂപ കുറയ്ക്കണം.

ബി. സി. പി. കൊച്ചുകുഞ്ഞുപിള്ള:

൫൨. താലൂക്കകടച്ചരിക്കറിക്കായി നീക്കിവെച്ചിട്ടുള്ള ൨,൫൫,൦൫൦ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കണം.

൨൦൫. ഫ്രാൻസിസ് കുയ്യാക്കോസ് വെട്ടിക്കാപ്പുഴി:

൫൩. താലൂക്ക കടച്ചരിക്കറിക്കായി നീക്കിവെച്ചിട്ടുള്ള ൨,൫൫,൦൫൦ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കണം.

ബി. ടി. കുമാരപിള്ള.

൫൪. താലൂക്കടച്ചരിക്കറിക്കായി നീക്കിവെച്ചിട്ടുള്ള ൨,൫൫,൦൫൦ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കണം.

ബി. ടി. കുമാരപിള്ള:

൫൫. സഞ്ചാരപ്പടിക്കായി നീക്കിവെച്ചിട്ടുള്ള ൨,൦൦൦ രൂപയിൽനിന്നു ൧,൦൦൦ രൂപ കുറയ്ക്കണം.

ബി. വി. കുഞ്ഞുകൃഷ്ണപിള്ള:

൫൬. സഞ്ചാരപ്പടിക്കായി നീക്കിവെച്ചിട്ടുള്ള ൨,൦൦൦ രൂപയിൽനിന്നു ൧,൦൦൦ രൂപ കുറയ്ക്കണം.

ബി. സി. പി. കൊച്ചുകുഞ്ഞുപിള്ള:

൫൭. സഞ്ചാരപ്പടിക്കായി നിക്കിവെച്ചിട്ടുള്ള ൨,൦൦൦ രൂപയിൽനിന്നു ൧,൦൦൦ രൂപ കുറയ്ക്കണം.

൨൦൫. ഫ്രാൻസിസ് കുയ്യാക്കോസ് വെട്ടിക്കാപ്പുഴി

൫൮. പ്രവൃത്തിക്കടച്ചരിക്കറിക്കായി നീക്കിവെച്ചിട്ടുള്ള ൨,൯൫,൧൦൦ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കണം.

ബി. സി. പി. കൊച്ചുകുഞ്ഞുപിള്ള:

൫൯. സഞ്ചാരപ്പടിക്കായി നീക്കിവെച്ചിട്ടുള്ള ൫൦൦ രൂപയിൽനിന്നു ൨൦൦ രൂപ കുറയ്ക്കണം.

ബി. എം. ആർ. മാധവവാര്യർ:

൬൦. ഓഫീസ് അസിസ്റ്റന്റുമുതലായ ഇനങ്ങളിലേക്കു നീക്കിവെച്ചിട്ടുള്ള ൫,൫൫,൧൦൦ രൂപയിൽ നിന്നു ൫,൪൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൫൫.

ബി. ജി. പരമേശ്വരൻപിള്ള (മന്ത്രിയാറിൻകര): സർ, താഴെപ്പറയുന്ന ഉപക്ഷേപകത്തെ ഞാൻ ഫാജരാക്കിക്കൊള്ളുന്നു.

൬൫. അസിസ്റ്റന്റ് തഹശിൽദാരന്മാർക്കും ശിപായിമാർക്കുമായി നീക്കിവെച്ചിട്ടുള്ള ൨,൬൫,൪൫൫ രൂപ ഉടനെ കുറയ്ക്കണം.

സർ, ആണ്ടുതോറും ഇതുവിഷയം സഭയുടെ ആലോചനയ്ക്കു വിഷയമാകുന്നുണ്ട്. കഴിഞ്ഞതവണകൊള്ളുള്ളിലും താണതെങ്കിലും അന്തല്യോഗസ്ഥന്മാരുടെ തമ്മിൽ ധാരാളം ബലപരീക്ഷണം നടത്തിട്ടുള്ള ഒരു വിഷയമാണിതു്. സർ, ഈ തൽക്കാലപദ്ധതിയെ ഒരു കൊല്ലത്തേക്കുകൂടി ഇടസ്സകൊണ്ടുപോകേണ്ടതിനുള്ള ആവശ്യം സഭയുടെ ഈ ഭാഗത്തുള്ള ഞങ്ങളിൽ വളരെയുപ്പേക്ഷം വോട്ടുചെയ്യുന്നതിനുള്ള പ്രയാസമില്ലാതാകുമല്ലോ.

അസിസ്റ്റന്റ് തഹശിൽദാരുടെ ആരംഭത്തിൽ ഉദ്ദേശിച്ചിരുന്നതു പോകെപ്പോകെ കുറവുകണ്ടുകൊണ്ടു തിച്ചുചെയ്യുന്നതിനും പുറമേ ഓഫീസുകളിലേക്കു കണ്ടുപിടിക്കുന്നതിനും ബി. രജിസ്ട്രാരിനെ നാട്ടുപുറങ്ങളിൽ ശരിപ്പെട്ടുത്തിവയ്ക്കുന്നതിനും പണ്ടു ചുക്കാനിൽ കൂടുതലുള്ള പുതുവൽ ഉപഭോഗത്തിനുവേണ്ടുകാര്യം ആയിട്ടായിരുന്നു. പിന്നീടു അവരെ താലൂക്ക് ഓഫീസുകളുടെ ഇട്ടുണ്ണിൽനിന്നുമാറി ചാർജ്ജ് ഓഫീസർമാരുടെ അധികാരത്തിലാക്കി. അതോടുകൂടി, ബി രജിസ്ട്രാർ താഴ്ന്നുവരെ ശരിപ്പെടുത്തിവയ്ക്കുന്ന കാര്യത്തിൽ അസിസ്റ്റന്റ് തഹശിൽദാരന്മാർ യാതൊരു ജോലിയും ചെയ്യാതായി. ഫാൻസിൻ മകനത്തിൽ പോസ്റ്റാക്കിയ ഗവണ്മെന്റ് പ്ലാന്റേഡിഗ്രസ് അനുസരിച്ചു പോകുവാനുള്ളതുകൊണ്ടു തീർച്ചചെയ്യുന്ന ജോലിയും അവരിൽനിന്നെടുത്തുകളഞ്ഞു. ഇനി

ഈ ഉദ്യോഗസ്ഥന്മാർക്കുള്ള പ്രധാനജോലി തെങ്ങേറ്റം കണ്ടുപിടിക്കുകയും പുറമ്പോക്കുസർവ്വേ ചെയ്യുകയുമാണു. ഈ പ്രത്യേക ഉദ്യോഗസ്ഥന്മാർ ഈ ജോലിക്കുപുറമെ മറ്റുള്ള ജോലികളും ചെയ്യുവാനുണ്ടു. ഫോറസ്റ്റ്സെറ്റിൽമെന്റുകാര്യത്തിൽ നടപ്പിലിരുന്നതുപോലുള്ള ക്ലീക്കിടന്ന കുടിയിരുത്തുകൂടെ ഒരു നല്ലതോതിൽ അവർക്കു ചെയ്യിക്കുവാൻ കഴിഞ്ഞുവെന്നും പ്രസ്താവിച്ചുകൊണ്ടുന്നു, ആസ്ഥിതിക്കു, ഈ ജോലിക്കു ചുരുക്കംചിലരായ പേഷ്കാർ ഉദ്യോഗസ്ഥന്മാർക്ക് അധികമായുള്ള ലാൻഡ്റവന്യൂ ഉദ്യോഗസ്ഥന്മാരെ ബാക്കിയുള്ളതു ചെയ്യിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുവാൻ വയ്യാതെയും ചെയ്യുന്നു.

അസിസ്റ്റൻറ് കമ്മീഷണർമാരെ നിയമിച്ചുകഴിഞ്ഞാൽ പേഷ്കാർമാരുടെ ജോലിയും ഡപ്യൂട്ടിമാരുടെ ജോലികളും കുടിയരുടെയിരുന്നുവെന്നുള്ളതു് ആവർത്തിച്ചു പറയേണ്ടതാവശ്യമില്ല. പേഷ്കാർമാരുടെ ജോലിയും ചുരുക്കവും മജിസ്ട്രിയൽ ജോലികളും ഉണ്ടായിരുന്നപ്പോഴത്തെപ്പോലെ പ്രധാനമായിരുന്ന തഹശീൽദാരന്മാരാക്കിയില്ലെന്നു ഈ ഓർഡറുകൊണ്ടു വരിക്കുമെന്നുള്ളതു് ഓർക്കുകയും ചെയ്യുക. അതുകൊണ്ടു ചുരുക്കത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ ജോലിക്കുറവിനെപ്പറ്റി ഞാൻ പറഞ്ഞതു് അങ്ങനെയുള്ള ഒരു സ്ഥാനത്തേയും ആ സ്ഥാനത്തിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേക്ക് വഹിക്കുന്ന പ്രധാനപ്പെട്ടതും ഉത്തരവാദിത്തമുള്ളതുമായ ജോലിയെപ്പറ്റി ഒരു അഭിപ്രായം ഉണ്ടാക്കുന്നതിനുള്ള സങ്കടമുണ്ടു്.

മി. എസ്. സി. എച്ച്. റോബിൻസൺ (ഇനികുമിയും ആദായനികുതിയും കമ്മീഷണർ): ഈ ഉദ്യോഗസ്ഥന്മാരെ നിയമിച്ചുകഴിഞ്ഞാൽ ഉണ്ടായിട്ടുള്ള നികുതിനഷ്ടപ്പാറി മെമ്പറിനു അറിവുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. തുമിറിക്കാട്ടു സംരക്ഷണവകുപ്പിൽ നിന്നു ലഭിക്കുന്ന നികുതിയുടെ ശരാശരിയെന്താണെന്നും അദ്ദേഹത്തിനറിയാമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): നിർഭാഗ്യവശാൽ അല്ല, മെമ്പർ എക്സ്ട്രാ ഉപാക്ഷേപത്തെ എതുക്കാനായി എഴുന്നേറ്റുനിൽക്കുമ്പോൾ ഞാൻ ചോദിക്കുവാൻ വിചാരിച്ചിട്ടുള്ള ഒരു ചോദ്യമുണ്ടു്, ആ അവസരത്തെ ഞാൻ നിശ്ചയമായും ഉപയോഗപ്പെടുത്തിക്കൊള്ളുന്നു, തുമിറിക്കാട്ടുസംരക്ഷണത്തിനായി നിയമിക്കപ്പെട്ടിരിക്കുന്ന പ്രത്യേക വകുപ്പിന്റെ വേലകൊണ്ടു മതിച്ചിട്ടുള്ള നികുതി എന്താണെന്നു് ഞങ്ങൾക്കു കിട്ടീട്ടുള്ള കണക്കുകളിൽനിന്നു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല, പ്രത്യേകമായ ഒരു കണക്കു കിട്ടീട്ടില്ല, ലാൻഡ് റവന്യൂകമ്മീഷണർ സമയത്തു ആ സംഖ്യകൂടെ പറഞ്ഞുതരുന്നതുകൊണ്ടു ഞങ്ങൾക്കു വളരെ സന്തോഷമായിരിക്കും.

മി. എസ്. സി എച്ച്. റോബിൻസൺ (ഇനികുതിയും ആദായനികുതിയുംകമ്മീഷണർ): ഡിപ്പാർട്ടുമെന്റുകൊണ്ടു ഗവർണ്മെന്റിനു കൂടുതൽ ചെലവുണ്ടാക്കുന്നുള്ള ധാരണ മി. ജി. പരമേശ്വരൻപിള്ളയ്ക്കുണ്ടെങ്കിൽ അദ്ദേഹത്തെ വിവരം ധരിപ്പിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ കരുതുന്നു.

പ്രസിഡണ്ടു്, ആ കണക്കുകൾ നിങ്ങളുടെ മറുപടിയിൽ പറഞ്ഞാൽമതിയാകും.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, എന്റെ അഭിപ്രായം ലാൻഡ്റവന്യൂ കമ്മിഷണർക്കു പ്രത്യേകമായി മനസ്സിലാക്കുവാൻവേണ്ടി ഇപ്പോൾതന്നെ ആ സംഗതി പ്രസ്താവിച്ചുകൊണ്ടു; അതായതു, ഈ പ്രത്യേകവകുപ്പു സൃഷ്ടിച്ചതിൽപിന്നെയുള്ള ചെലവു അതിനുമുൻപുള്ള ചെലവിനെക്കാൾ അവശ്യം കൂടുതലായിരിക്കണം; മുൻപുണ്ടായിരുന്ന ചെലവു ഇപ്പോഴത്തെ ചെലവിനെക്കാൾ അവശ്യം കുറവുമായിരുന്നിരിക്കണം. ഇപ്പോൾ ലാൻഡ് റിക്കാർട്ടുസംരക്ഷണവേല നടത്തിയിരുന്നതു ഇപ്പോൾ ലാൻഡ്റവന്യൂ വകുപ്പിനോടു യാതൊരു ബന്ധവുമില്ലാത്ത താലൂക്കുസർവ്വേയർന്മാരുടെ സഹായത്തോടുകൂടി പകുതിയിലധികം ഉദ്യോഗസ്ഥന്മാരായിരുന്നു. താലൂക്കിലെ വേലകൊണ്ടു തഹശീൽദാർമാരെ സഹായിച്ചിരുന്ന താലൂക്കുസർവ്വേയർന്മാർക്കു ൫൰–൨൦ രൂപ വരെയേ ശമ്പളമുണ്ടായിരുന്നുള്ളു. തഹശീൽദാരന്മാരുടെ ജോലിയിൽ അസിസ്റ്റൻറ്മാരായി നിയമിക്കപ്പെട്ടിരിക്കുന്ന അസിസ്റ്റൻറ് തഹശീൽദാരന്മാർക്കാവട്ടെ ൭൫–൧൦൦ രൂപ വരെ ശമ്പളമുണ്ടു്, ചെലവു മുൻകാലത്തെക്കാൾ അവശ്യം കൂടുതലായിത്തന്നെയിരിക്കണം. കൂടെ താലൂക്കുസർവ്വേയർന്മാരെ റവന്യൂവകുപ്പിൽനിന്നു സർവ്വേ ഡിപ്പാർട്ടുമെന്റിലേക്കു മാറിയതുകൊണ്ടു ആ ഇനത്തിലെ ചെലവിൽ യാതൊരു കുറവും വരാനില്ല. ഈ പുറമ്പോക്കുകൾ കണ്ടുപിടിക്കുന്ന ജോലി, നികുതിക്കുവേണ്ടി മാത്രമല്ല ജനങ്ങളുടെ നന്മയെക്കുടി ഉദ്ദേശിച്ചുള്ളതാണെന്നു ആണ്ടുതോറും പറയാറുണ്ടു്. പുറമ്പോക്കുകൾ ശരിയായി സംരക്ഷിക്കേണ്ടതു അത്യാവശ്യമാണെന്നും ആ ജോലി തൃപ്തികരമായി നടക്കേണ്ടതാണെന്നും ഞാൻ സമ്മതിക്കുന്നു, എന്നാൽ നമുക്കു തീർച്ചപ്പെടുത്തുവാനുള്ള പ്രധാന സംഗതി, ഈ പുതിയ വകുപ്പു് അവരുടെ ജോലി നിയമാനുസാരമാണോ ചെയ്തതെന്നും ഇതുവരെ ചെയ്തിട്ടുള്ള വേല, അധികച്ചെലവിനെ നീതീകരിക്കത്തക്കതാണോ എന്നും മാത്രമാകുന്നു. സർ, ലാൻഡ് റിക്കാർട്ടുസംരക്ഷണം സംബന്ധിച്ചു, അതായതു സർവ്വെക്കല്ലുകളുടെ സംരക്ഷണം, അറക്കുറ്റപ്പണി, പുതുക്കൽ എന്നിവയെക്കുറിച്ചുള്ള സർവ്വെയും അതുത്തിയും റഗുലേഷനിലെ ക്ലാസ്–൩ വകുപ്പനുസരിച്ചു നിശ്ചിച്ചിട്ടുള്ള നമ്പർ–മെയ് രൂപ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു; അതു് ഇപ്രകാരമാണു്: ''കൂടുതൽ റവന്യൂനടപടികളോ സർവ്വെ ഫീൽഡോ ആയി തിരിച്ചിട്ടുള്ള പുറമ്പോക്കുകളെ ആദ്യം സർവ്വെയിൽ രേഖപ്പെടുത്തീട്ടുള്ള അളവുകളനുസരിച്ചു സൂക്ഷ്മമായി അളന്നു് അതുത്തി നിർണ്ണയിക്കേണ്ടതാകുന്നു''. ഇത്രത്തോളം എല്ലാം ശരിയായിരിക്കുന്നു. എന്നാൽ രൂളിൽ വേറൊരു ഭാഗം ചേർത്തിട്ടുള്ളതു് ആ വകുപ്പനുസരിച്ചു് അളന്നുതിരിച്ചുകഴിഞ്ഞാൽ, അവയെ ഇപ്പോഴത്തെ അതുത്തികളനുസരിച്ചു് അളക്കേണമെന്നാകുന്നു. സർ, ഫീൽഡ് അളവിന്റെ സ്കെച്ചു ഇങ്ങനെ തയാറാക്കുന്നതായാൽ അതു് ജനങ്ങൾക്കു ഭീഷ്ണയായും ഉപദ്രവകരമായിരിക്കുമെന്നു കാണിക്കുവാൻ ഞാൻ യാതൊരു ന്യായവും പറയേണ്ടയാവശ്യമില്ല. എന്തെന്നാൽ, അടുത്ത വസ്സുവരെ മസ്ഥാനം സൂക്ഷിക്കുവാനുള്ളതുകൊണ്ടോ മറ്റോ അവരുടെ വസ്സുവിന്റെ ഒരംശംകൂടി പുറമ്പോക്കിലേക്കു ഉൾപ്പെടുവാൻ ഇടയായാൽ പഴയ അളവനുസരിച്ചുള്ള അതു തിരിച്ചുചേയ്യേണ്ടതു—

മി. എസ്. സി. എച്ച്. റോബിൻസൺ (ഇനികുതിയും ആദായനികുതിയുംകമ്മീഷണർ): മി. ജി. പരമേശ്വരൻപിള്ളയുടെ പ്രസ്താവനയെ തിരുത്തട്ടെയോ? ആ രൂൾ പിന്നീടു ഭേദപ്പെടുത്തി.

*

ശ്രീ. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ശ്രീ. എസ്. സി. എച്ച്. റോബിൻസൺ (ട്രൈബൽ കമ്മിഷണർ) ഒരിക്കൽ കൂടി സന്ദർശിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുമോ.

ശ്രീ. എസ്. സി. എച്ച്. റോബിൻസൺ (ട്രൈബൽ കമ്മിഷണർ): ഞാൻ ഇപ്പോൾ ഇവിടെ ഉണ്ടല്ലോ. ഇനിയും ഒരു പ്രാവശ്യം കൂടി വരാൻ ഏർപ്പാടുണ്ടാക്കാം.

ശ്രീ. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ശ്രീ. ഹരിദാസൻ ഇവിടെ ഉണ്ടായിരുന്നപ്പോൾ ഞാൻ ചോദിച്ചിരുന്നു. ഇപ്പോൾ ഇവിടെ ഇല്ലാത്തതുകൊണ്ട് ചോദിക്കുന്നില്ല.

ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന്മാരും നികുതിപിരിവിനു ചുമതലപ്പെട്ടവരുമായ ദിവാൻപേഷ്ക്കാരന്മാരിൽ നിന്നുപോലും അയാൾ സ്വതന്ത്രനാണു. സാധാരണമായി പങ്കുതിയിലുള്ള ഉദ്യോഗസ്ഥന്മാരെ ഈ ജോലിക്കു നിയോഗിക്കുന്നതായാൽ ഞാൻ മുൻപേപറഞ്ഞതുപോലെ, ഇത്തരം ക്രമക്കേടുകൾ ഉണ്ടാകുന്നതല്ല എന്നു ഞാൻ തീച്ചയായും കരുതുന്നു. ഡിവിഷൻ ഉദ്യോഗസ്ഥന്മാരോടൊ ചാൻഡ്റവണ്ണുകമ്മിഷണറോടുതന്നെയൊ ഉത്തരവാദിത്വമില്ലാത്ത ഇത്തരം ഏജൻസികളുടെ ഉദ്യോഗസ്ഥന്മാർ ഉണ്ടായിട്ടു സംസ്ഥാനത്തെ ഭൂമിയുടമസ്ഥന്മാർക്കു ഈവക ക്രമക്കേടുകൾ വളരെ വലിയ ഉപദ്രവത്തിനു കാരണമായിട്ടുണ്ടു. ഈ അസിസ്റ്റൻറ തഹശീൽദാരന്മാരുടെ പ്രവൃത്തികൾ ആകെത്തു മജിസ്ട്രേട്ടുകൾക്കു അനുകൂലമായിരുന്നതുകൊണ്ടു നിഷ്പക്ഷബോധത്തോടുകൂടി പറയാൻ കഴികയില്ല. അതു ഒരിക്കലും ജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചായിരുന്നില്ല അതുകൊണ്ടു ഈ സമ്പ്രദായത്തെ ഇനി ഒരു നിമിഷം നീട്ടിപ്പിടിക്കാതിരിക്കുന്നതാണ് അടിയന്തരമായിട്ടുള്ളതെന്നു ഞാൻ കരുതുന്നു.

മി: എസ്. സി. എച്ച്. റോബിൻസൺ (ത്രുനികുതിയും ആളോഹരിനികുതിയും കമ്മീഷണർ): തഹശീൽദാരന്മാരിൽനിന്നും ഈ ജോലി തീരെ എടുത്തുകളഞ്ഞിട്ടില്ലെന്നു മി. ജി. പരമേശ്വരൻപിള്ളക്കു അറിയാമോ എന്നുള്ളതു തന്നോടു ചോദിച്ചുകൊള്ളട്ടേയൊ? അസിസ്റ്റൻറ തഹശീൽദാർ തഹശീൽദാരുടെപക്കൽ ചില സംഗതികളെക്കുറിച്ചു ചോദിക്കേണ്ടതുണ്ടു്.

പ്രസിഡണ്ടു: നിങ്ങൾ പ്രത്യേകിച്ചൊന്നും പറയാനുണ്ടോ അതോ ചോദ്യംചോദിക്കുവാനോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ത്രുനികുതിയും ആളോഹരിനികുതിയും കമ്മീഷണർ): അസിസ്റ്റൻറ തഹശീൽദർ തഹശീൽദാരുടെപക്കൽ റിപ്പോർട്ടയക്കുകയും തഹശീൽദാർ ആ സംഗതിയിൽ അയാൾക്കുള്ള അഭിപ്രായം പറയുകയുംചെയ്യുന്നതെന്നുള്ള വിവരം അദ്ദേഹത്തിനറിയാമൊ എന്നു ചോദിക്കുകയാകുന്നു

മി. ജി. പരമേശ്വരൻപിള്ള (മെയ്യാറിൻകര); അതിനുള്ള മറുപടി വളരെ ലളിതമാണ് ഏതെങ്കിലും ഒരു പ്രത്യേകസംഗതിയിൽ, "ഇതു തക്കയാറമല്ല" എന്നുപറയുന്നതു തഹശീൽദാർക്കധികാരമില്ല. അസിസ്റ്റൻറ തഹശീൽദാർ ഒരു സ്കെച്ചുണ്ടാക്കുന്നു "ഈ സ്കെച്ചു തെറ്റാണ്" എന്നുപറയാൻ തഹശീൽദാർക്കു ശക്തിയില്ല. എന്തെന്നാൽ, അസിസ്റ്റൻറ തഹശീൽദാർ ചാൻറിക്കുട്ടി സൂപ്രണ്ടിൻറെ കീഴിലുള്ള ഒരു വിഭാഗധികാരിയാണു. തഹശീൽദാർക്കു ചാൻറിക്കാട്ടി സൂപ്രണ്ടിൻറപക്കൽ അപേക്ഷകയല്ലാതെ സ്വയമായി യാതൊന്നും ചെയ്യാൻനിവൃത്തിയില്ല. തഹശീൽദാർക്കു അയാളുടെ വിവേചനാശക്തി ഉപയോഗപ്പെടുത്തുവാൻ അധികാരമില്ല. അസിസ്റ്റൻറതഹശീൽദാർ തയ്യാറാക്കികൊടുക്കുന്നതായ സ്കെച്ചനുസരിച്ചു അപാകം കൂടാതെ നടപടിനടത്തുവാൻ മാത്രമേ അവകാശമുള്ളു. തഹശീൽദാർ അസിസ്റ്റൻറതഹശീൽദാരുടെ ശിപാർശയെ തള്ളിക്കളഞ്ഞതായി സംഭവങ്ങൾ നടന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അസിസ്റ്റൻറതഹശീൽദാരന്മാർ തയ്യാറാക്കിയ പ്ലാൻ തെറ്റാണ് എന്നു തഹശീൽദാർക്കു തോന്നിയിട്ടുണ്ടോ എന്നും ഉള്ളകാര്യം അസിസ്റ്റൻറതഹശീൽദാരന്മാർ തയ്യാറാക്കിയ പ്ലാനുകൾ പുനഃപരിശോധിക്കുകയും അയാളുടെ ശിപാർശ അനുസരിച്ചു പ്രവർത്തിക്കാതിരിക്കുകയും ചെയ്തിട്ടുള്ള എത്ര കേസുകളുണ്ടെന്നും അറിയാൻ എനിക്കു വളരെ ആഗ്രഹമുണ്ട്.

മി: എസ്. സി. എച്ച്. റോബിൻസൺ (ത്രുനികുതിയും ആളോഹരിനികുതിയും കമ്മീഷണർ): ദേശമറിച്ചു അസിസ്റ്റൻറ തഹശീൽദാരന്മാരുടെ പിഴ്പോട്ട തെറ്റാണെന്നു മതപ്പെടുത്തിയിട്ടുള്ള രണ്ടുദാഹരണം ഉദ്ധരിച്ചുകേട്ടാൽകൊള്ളാമെന്നു അദ്ദേഹത്തോടു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു

മി. ജി. പരമേശ്വരൻപിള്ള (മെയ്യാറിൻകര) അസിസ്റ്റൻറതഹശീൽദാർ തയ്യാർചെയ്യുന്ന ശരിയെന്നു തഹശീൽദാർ അംഗീകരിച്ചതുമായ സ്കെച്ചു തെറ്റാണെന്നുകണ്ടുപിടിച്ചു തക്കവണ്ണംപുനഃ ഡിവിഷൻ കച്ചേരിയിൽ വിചാരണയിലിരിക്കുന്ന കേസ്സിലെ അപ്പീൽഹർജ്ജിയെ ദൃഷ്ടാന്തമായി ഞാൻ ഉദ്ധരിച്ചുകൊള്ളുന്നു. ഗവണ്മെൻറ പ്രൊസീഡിംഗ്സിനു എതിരായി മെയ്യാറിൻകരയിൽ എടുത്തിട്ടുള്ള അനേകം പുറമേനാക്കു കേസുകളെയും ഉദ്ധരിക്കുന്നു. ആ സംഗതിയെക്കുറിച്ചു ഞാൻതന്നെ പറയാൻപോകുകയായിരുന്നു. പഴയ അതുത്തി നിർണ്ണയനിയമപ്രകാരം ആകെകൃഷിയേയും തോട്ടകൃഷിയേയും കരസ്ഥമാക്കുന്നതിനുള്ള പതിഞ്ഞനിരക്കുകളിൽനിന്നും ആറടി ഉള്ളിലേക്കു കയറി സർവ്വേക്കല്ലു സ്ഥാപിക്കുന്നതിനു സർവ്വേ ഉദ്യോഗസ്ഥന്മാരെ അനുവദിച്ചിരുന്നതുകൊണ്ടാണു. ഇപ്പോൾ ആ സർവ്വേക്കല്ലുകൾ കണ്ടുപിടിക്കുകയും ആ ആറടിസ്ഥലം പുറമ്പോക്കായികണക്കു കേസുകൾ എടുക്കുകയുംചെയ്തിരിക്കുന്ന രണ്ടു ആറുകൊല്ലവും അതിലധികവുമായി യാതൊരുതരക്കുറവുമില്ലാത്ത രണ്ടുപേരുടെ പതിഞ്ഞ ഭൂമികളിൽ വൃക്ഷങ്ങൾ നട്ടിട്ടുള്ളവരുടെമേൽ നടപടിനടത്തുകയും ഭൂമിസംരക്ഷണ റവന്യൂപ്രകാരം അവർക്കു പിഴയിടുകയും ചെയ്തിട്ടുണ്ട്. സർ പി. രാജഗോപാലാചാര്യരുടെ കാലത്തു കാറു കേസുകൾ എടുത്തുപോന്നു. അപ്പോഴാണ് ആ ഗവണ്മെൻറ ഒരു തപ്പുസിഡിംഗ്സു പോസാക്കി, അപ്രകാരമുള്ള സ്ഥലങ്ങൾ അടുത്ത വസ്തുടമസ്ഥന് തവിലപോലുംകൂടാതെ പതിച്ചുകൊടുക്കുകയും പട്ടയം കൊടുക്കുകയും ചെയ്യണമെന്നു തീച്ചയാക്കിയിട്ടുണ്ട്. ഇങ്ങനെ പരം കേസുകൾ എൻറെ അറിവിലുണ്ടു: അവയിലെല്ലാം തഹശീൽദാർ അസിസ്റ്റൻറതഹശീൽദാരന്മാർ തയ്യാറാക്കിയ സ്കെച്ചിനെ ആസ്പദമാക്കി തിച്ചയാക്കിയിട്ടുള്ളതുമാണ്. ഈ കേസുകളെല്ലാം ദിവാൻ പേഷ്കാരുടെ പക്കൽ തീച്ചുകിടക്കുന്നതായുള്ള.

പ്രസിഡണ്ടു: അവയിൽചിലതെല്ലാം ഞാൻ കണ്ടിട്ടുണ്ടെന്നാണു തോന്നുന്നതു്. സംഗതി അല്പം വ്യത്യാസപ്പെട്ടതാണ്. അതിനെപ്പറ്റി പിന്നിടു പറഞ്ഞുകൊള്ളാം,

മി ജി. പരമേശ്വരൻപിള്ള (മെയ്യാറിൻകര): ഇനിയും, സർവ്വേയും അതുത്തിയും നടത്തുകയും കുടുംബക്കാരുടെ ചെലവു ഈടാക്കുവാൻവേണ്ടി കച്ചിക്കെട്ടു നോട്ടീസയക്കുന്നതിനു മുൻപായി ആ ഉദ്യോഗസ്ഥൻ വസ്തു സർവ്വചെയ്തു. കല്ലിട്ടുസംബന്ധിച്ചുള്ള ചെലവിൻറ ഒരു കണക്കു ഉടനടി കക്ഷികൾക്കയച്ചുകൊടുക്കണമെന്നുള്ളതും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. നോട്ടീസ് അയയ്ക്കുന്നതിനുമുൻപായി അപ്രകാരം യാതൊരു കണക്കും അയച്ചുകൊടുക്കാറില്ലെന്നാണ് കാണുന്നതു്. ഇത്തരം വേറെ അനേകംസംഗതികളും എടുത്തിയാൻ കഴിഞ്ഞിട്ടുണ്ട്. അതിനാൽ ചാൻഡ് റിക്കാർട്ടുകൾപ്പിൽനിന്നും തവണയിൻറിനു കിട്ടുന്ന ആദായം ജനങ്ങളിൽനിന്നു ന്യായമില്ലാതെ അക്രമമായി ഈടാക്കുന്ന കൈകളാണ്: ചാൻഡ്റിക്കാർഡു ജോലി തവണയിൻറെ റിപ്പോർട്ടു ജനങ്ങൾക്കാവട്ടെ യാതൊരുതരത്തിലും ഒരാദായമല്ലെന്നു തീച്ചപ്പെടുത്തുന്നതിൽ ഈ സംഗതി ഈ സഭയെ പ്രേരിപ്പിക്കേണ്ടതാണെന്നു കരുതുന്നു. അതിനാൽ ഈ സംഭ്യ ഉപേക്ഷിക്കേണ്ടതാണെന്നു ഞാൻ ബഹുമാനിച്ചായപ്പെട്ടുകൊള്ളുന്നു.

പ്രത്യേക മായി ചുമതല ഉണ്ടായിരിക്കുമെന്നുള്ള വെറൊരുകാരണം, ആവശ്യമില്ലാത്തതും കൊടുക്കേണ്ട കാര്യവുമുണ്ടായിരുന്നു എന്നുള്ള ചോദ്യങ്ങളും അടുത്തയിടെയുണ്ടായ ചില സംഭവങ്ങളെക്കുറിച്ചുള്ള ആവലാതികളും പാടില്ലാത്തതല്ലെന്നു ഞാൻ വിശ്വസിക്കുന്നുവെന്നുള്ളതാണ്. ഈ ബഡ്ജറ്റിന്റെ നിരൂപണത്തിൽ ഞാൻ ഇതിനു മുമ്പുണ്ടായിട്ടുള്ളതിനേക്കാൾ കൂടുതൽ സമയം എടുത്തിട്ടുണ്ടെന്നുള്ളതാണ്.

ടി. എസ്. സി. പിള്ള, റോബിൻസൺ (ഇന്ത്യൻ തിരുവിതാംകൂർ ആക്ടിങ്ങ് കമ്മീഷണർ): ഗവണ്മെന്റ് ലഖപതി വകുപ്പു തുടങ്ങുമ്പോൾ ഡിപ്പാർട്ടുമെന്റുകളെ ഇതിനു കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ?

കെ. ഗോപി നായർ (ചങ്ങനാശ്ശേരി-ചിറങ്ങര): മെയ്യിൽ കൂടുതൽ ഉച്ചത്തിൽ.

ടി. എസ്. സി. പിള്ള, റോബിൻസൺ (ഇന്ത്യൻ തിരുവിതാംകൂർ ആക്ടിങ്ങ് കമ്മീഷണർ): ഗവണ്മെന്റ് തന്നെ പ്രചരിപ്പിച്ചു ഒരു പദ്ധതിയെ വേണ്ടുന്നവിധത്തിൽ ഡിപ്പാർട്ടുമെന്റുകൾ ഇതിനു കൈയ്യേറ്റെടുക്കേണ്ടതല്ലേ എന്നു ചോദിച്ചു മാത്രമേ ഉള്ളൂ.

ടി. സി. ചെറുപ്പാപ്പൻപിള്ള (തെക്കുംഭാഗം): ചെറുകിട സ്ഥിരപ്രകൃതക്കാരോ മറ്റോ ആണെങ്കിൽ, ഗവണ്മെന്റിൽ ഏല്പിക്കുന്ന ഉദ്യോഗം ലഭിക്കുമോ? അത്തരം സ്ഥാപനങ്ങളെ ഡിപ്പാർട്ടുമെന്റുകളിലേക്കു എടുക്കുന്നതിനു കൂടുതൽ പ്രോത്സാഹനം കൊടുക്കുവാൻ ഗവണ്മെന്റിനോടു ഞാൻ അഭ്യർത്ഥിക്കുന്നു. എനിക്കു ഇതു കൂടുതൽ ജനങ്ങളിൽനിന്നു നിർദ്ദേശങ്ങൾ കിട്ടിക്കഴിയുമെന്നു തോന്നുന്നു. ഇഴഞ്ഞതിന്റെ മുമ്പിലത്തെ ഭാഗത്തു് ഈ സംഗതി ഉൾപ്പെടുത്തുവാൻ ചെയ്യേണ്ടതാണ്. ഇതിനെപ്പറ്റി ഞാൻ ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. ഇപ്രകാരം പ്രസ്താവിച്ചു.

"കേരളത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നതിൽ ഈ ഉദ്യോഗസ്ഥന്മാർ സ്വാർത്ഥതയിൽ ആകൃഷ്ടരായിരുന്നതുകൊണ്ടോ ഒരു പരിധിവരെയെങ്കിലും ഗവണ്മെന്റ് അവരെ വെച്ചുകൊണ്ടിരിക്കയില്ലെന്നു ഞാൻ ഉറപ്പു പറയുന്നില്ല. ഇതിനെപ്പറ്റി ഇപ്പോൾ ഒരു ഉറപ്പു പറയുവാൻ നിവൃത്തിയില്ലാത്തതിൽ പ്രസന്നിക്കുന്നു. ഇതിന് ഗവണ്മെന്റിന്റെ പ്രവർത്തനത്തെയും ഒരു സംഗതിയുണ്ട്, അപ്പോൾ ഒരു കൊല്ലമായിട്ടു കൂടുതൽ ഒരുപദ്ധതിയുണ്ടായിരുന്നുള്ളൂ സംഭവിച്ചാൽ വളരെ വഴിയുള്ളതാണ്, പിന്നീട് അതൊരു ഒരു പ്രസ്താവന പുറപ്പെടുവിച്ചപ്രകാരം ഗവണ്മെന്റിനോടാവശ്യപ്പെടുന്നതു നിയോഗമാണ് എന്നെ തോന്നിയില്ല".

ഇവരെ നിർത്തുമെന്നു ഒരു സമയപരിധി കല്പിച്ചു കൊണ്ടിരിക്കണമെന്ന് അതുകൊണ്ടുള്ള യാതൊരു വിചാരവും ഇപ്പോൾ ഞാനായി കാണുന്നില്ല. ആണ്ടോടാനും ഈ കൗൺസിലിന്റെ അനുമതി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതും ഇപ്പോഴും ആവശ്യപ്പെട്ടിട്ടുള്ളതായ ഒരു ഡിപ്പാർട്ടുമെന്റാണു് ഇതു്. കൊച്ചിയുടെ സ്ഥാനത്തു ഗവണ്മെന്റിനു ഇതിനെ ഉപേക്ഷിക്കുവാൻ തീരുമാനിച്ചപ്പോൾ, നിയമസഭ നിർത്തൽ ചെയ്യുവാനോ, തൊട്ടുങ്കിൽ കുറെക്കാലത്തേക്കു മാറ്റിവെയ്ക്കുവാനോ ആയ ഒരു നടപടി ഇപ്പോൾ അനുവദിക്കുന്നു് ന്യായയുക്തമായിരിക്കുമോ എന്നു ഇനി കൗൺസിൽ തീരുമാനിക്കേണ്ടതാണ്. അതുപോലെയാണ്, ഞാൻ ഈ സമയത്തു് ചെയ്യുന്നതെന്തെന്നാൽ, ന്യായമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും നടക്കേണ്ടുള്ള എല്ലാ നടപടികളും കൂടുതൽ ഉപകാരപ്രദമായ കാര്യങ്ങൾക്കായി, അതെന്തുതന്നെയാണെങ്കിലും ഞാൻ ശ്രദ്ധിച്ചു മറ്റേക്കണമെന്നാണെന്നാകുന്നു, ഈ ഡിപ്പാർട്ടുമെന്റിനെ കുറെ നാളത്തേക്കു് യാതൊരു വിധമെങ്കിലും മാറിവെയ്ക്കുവാനാണ് എന്റെ ഒരുപദേശമായി ഞാൻ പ്രകടിപ്പിക്കുന്നതു്.

ടി. തെക്കുംകൂർ കുഞ്ഞിരാമൻനായർ (കുറവിലങ്ങാട്): ഞാൻ അസിസ്റ്റന്റ് തഹശീൽദാരന്മാരെ കുറിച്ചു രണ്ടുവാക്കുകൾ പ്രത്യേകിച്ചു പറയുവാൻ ആഗ്രഹിക്കുന്നു.

ഇപ്പോൾ അസിസ്റ്റന്റ് തഹശീൽദാർമാർ ആകെക്കൂടെയും തോട്ടുകൂടെയും ഓടിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണു്. പുറപ്പാടുകൾ കൊണ്ടുകൊടുക്കുവാൻ എട്ടുപത്തു കുതിരക്കാരെ പോറ്റി നിർത്തിക്കുന്നതു് ശ്രമമായിരിക്കുമെന്നു് കരുതുന്നു. കുറച്ചു കാലം ഇങ്ങനെ തുടർന്നുപോന്നതിൽ കുതിരക്കാരിലെ ശിക്ഷ ആഗ്രഹിക്കുന്നവരെയായി അധികംപേർ ഉണ്ടായിരിക്കയില്ല. ഒരു അസിസ്റ്റന്റ് തുടങ്ങി രണ്ടോ മൂന്നോ സ്ഥലം പ്രവേശനം കഴിഞ്ഞു; പുറപ്പാടുകൊടുത്തു ശീലിക്കുന്നതിനു, അദ്ദേഹം മിക്കവാറും പണ്ടത്തെ ശൈലിയിൽ കൊണ്ടിട്ടുള്ളതായിരിക്കും. ഇപ്പോൾ അതെല്ലാം പുറപ്പാടുകൾ പുനരാരംഭിച്ചു സർവ്വീസർമാർ മറ്റൊരുദ്യോഗത്തിനുള്ളതാണെന്നു കേസുകൊടുക്കുവാൻ കഴിയും. ഇക്കാര്യത്തിനുണ്ട് അസിസ്റ്റന്റ് സ്റ്റാഫിൽ ഒരുപ്രത്യേക ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കുന്നതു്. അധികം ആവശ്യമില്ലാത്തിടങ്ങളിലാണ് പുറപ്പാടുകൊടുക്കുന്നതെന്നാണ്. ഇപ്പോൾ വെള്ളം ചൊരിഞ്ഞിരിക്കയാണല്ലോ. വെള്ളം ഇറങ്ങിയ ഉടനെ കൃഷിക്കാരെ അവർ ഉപദ്രവിച്ചുതുടങ്ങും. കൃഷിക്കാരുടെമേൽ കേസുകൾ ചുമത്തിയാലും അതിൽ ചിലതെല്ലാം, തള്ളിക്കളയേണ്ടിവരുമെന്നു പറഞ്ഞുവരുന്നു. അതിൽ ധാരാളം ചെലവുണ്ടാകുന്നതുമാണ്. ഓരോ താലൂക്കിലും മുട്ടോറെ കേസുകൾ പ്രതിവത്സരം തിരിക്കപ്പെടുന്നതിനാൽ കൃഷിക്കാരെ ഉദ്ദേശിച്ചുള്ള ഉദ്യോഗസ്ഥന്മാർ മതി. പക്ഷേ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരെത്തന്നെ പ്രത്യേകമായി നടത്തുവാൻ സാധിക്കും. ഇതിലേക്ക് ഒരു പ്രത്യേകം ഉദ്യോഗസ്ഥനെ വെച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ അധികം എപ്പോഴും കേസുണ്ടാക്കിക്കൊണ്ടിരിക്കും. ജനങ്ങൾക്കു സമയപരിചയമുണ്ടാകയില്ല; മേൽനോട്ടത്തിനു തരമില്ല; ഉപദ്രവം സഹിക്കുകയുമുള്ളൂ. ഇത് പ്രത്യേകിച്ചും ക്ഷാമകാലത്തിൽ വലിയ അധ്വാനമായ ഒരു കൃത്യമായി ഗണിക്കേണ്ടതാണ്. കൃഷിക്കാരുടെ ദുഃഖങ്ങളിലൊന്നു പറയുന്നതാണ് ഞാൻ. അസിസ്റ്റന്റ് തഹശീൽദാരന്മാരെ കുറ്റപ്പെടുത്തുകയല്ല ലക്ഷ്യമെന്നും വരാനില്ല; ഗുണമേയുള്ളൂ.

ടി. കെ. കുമാരപിള്ള (ഇരണിയൽ-വിളവങ്കോട്): എൽ. ആർ. എം. ജോലിയുടെ ഉദ്ദേശത്തെയും ഗുണത്തിനാൽ ജനങ്ങൾക്കും ഗവണ്മെന്റിനും ഉണ്ടാകേണ്ട ഗുണത്തെയും മനസ്സിലുള്ള പ്രവൃത്തികളുടെ ഈ ജോലിയെ ജനങ്ങളുടെ ഇടയിൽ വെറുക്കപ്പെടുന്നതിനു് ഇടയായിത്തീർന്നിരിക്കുന്നു. എൽ. ആർ. എം. ജോലി കഴിയുംവരെയും നിറുത്തേണ്ടതാണെന്നുള്ള വിചാരം ജനങ്ങളുടെയിടയിൽ ഓരോ നിമിഷവും വളർച്ചയുണ്ടാകുവാണ് ചെയ്യുന്നതു്. എൽ. ആർ. എം. ജോലിയോടും അതു ചെയ്യുന്നവരോടും ജനങ്ങൾക്കു വെറുപ്പു തോന്നുന്നതിനെപ്പറ്റി മിസ്റ്റർ ഗോമസ്ബുയ്യർ ഇങ്ങനെ സമാധാനം പറഞ്ഞിരിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഡാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): അവക്ക് സമയം ഉണ്ടെങ്കിലും അതിനു വേണ്ട പരിശീലനം ഇല്ല. പരിചയം ഉള്ള ആളുകളെയാണ് നമുക്ക വേണ്ടത്. അങ്ങനെയുള്ളവരിൽ ഒരാളാണ് ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളത്. അതു ആവശ്യമാണെന്നു തോന്നുകയുംചെയ്തു. മിസ്റ്റർ മാക്കിയാണ് ഈ അഭിപ്രായം പറഞ്ഞതെന്നു ഏനിക്ക തോന്നുന്നു. അങ്ങനെയുള്ളവരിൽ ഇതുവരുമാണെന്നു പറഞ്ഞതനുസരിച്ചാണ് നാം ഈവക അനുവദിക്കണമെന്നു ഇപ്പോൾ ആവശ്യപ്പെട്ടത്.

മി. എം. ആർ. മാധവവാര്യർ (ചേങ്ങന്നൂരം പത്തനംതിട്ടയും): ഓരോ ഡിവിഷനിലും ഓരോ ക്ലർക്കിനെ കൂടുതൽ നിയമിക്കേണ്ടതിന്റെ ആവശ്യം മിസ്റ്റർ റാബിൻസന്റെ വാദം കേട്ടിട്ടും എനിക്ക ബോദ്ധ്യമാകുന്നില്ല. ആദായനികുതി ഡിപ്പാർട്ട്മെന്റെ വളരെ കുറഞ്ഞ ചിലവിലാണ് നടത്തുന്നതെന്നും അക്കാര്യത്തിൽ ഗവർമെന്റിനെ അഭിനന്ദിക്കേണ്ടതാണെന്നും ആണ് അദ്ദേഹം പറയുന്നത് ഇപ്പോൾ അധികം പണം ചിലവാക്കാതെതന്നെ ഇനിയും ചിലവു കുട്ടാതിരിക്കാൻ നാം ശ്രദ്ധിക്കണമെന്നാണ് ഞാൻ പറയുന്നത്. ഇപ്പോൾ ഇരിക്കുന്ന ഗ്രാമസ്ഥന്മാരും ഇൻസ്പ്ലക്ടറന്മാരും കണക്കുപരിശോധിക്കാൻ തക്ക ശേഷിയുള്ളവരല്ലെന്നും അതുകൊണ്ടു അതിൽ കൈവെയ്ക്കുവാൻ നേരിയിട്ടുള്ള ഗ്രാമസ്ഥന്മാരെ നിയമിക്കണം എന്നുമാണ് മിസ്റ്റർ റാബിൻസണ്ണിന്റെ വാദം. ഇപ്പോൾ ഇരിക്കുന്ന ഇൻസ്പ്ലക്ടറന്മാരും ഗ്രാമസ്ഥന്മാരും ഇതിനു യോഗ്യതയുള്ളവരല്ലെങ്കിൽ അവരെ മാറ്റിവല്ല ഡിപ്പാർട്ട്മെന്റിലേക്കും അയച്ചിട്ട് ആദായനികുതി ഡിപ്പാർട്ട്മെന്റിലേക്ക വിദഗ്ധന്മാരെ നിയമിക്കണം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഡാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): അതുതന്നെയാണ് ഞാനും പറയുന്നത് അവർക്ക്ബുക്ക്കീപ്പിംഗ് സംബന്ധിച്ചു പരിജ്ഞാനം കിട്ടിയിട്ടില്ലെന്നാണ് ഞാൻപറഞ്ഞത്. അവക്ക് അതുമവരുടെ ജോലി അറിയാം. അതുയത് മജിസ്ട്രീരിയൽ ജോലിയും റവന്യൂജോലിയും അവക്ക്അറിയാം. എന്നാൽ ഗവർമെന്റിന്റെ ഒരു പുതിയ ശാഖയാണ് ഇത്. ഈ ജോലിയിൽ അവക്ക് പരിശീലനം സിദ്ധിച്ചിട്ടുമില്ല. കണക്കുപരിശോധിക്കുന്നതിനും റവന്യൂസംബന്ധിച്ചു ജോലിക്കും പരിചയംഉള്ള ആളുകളാണ് നമുക്കവേണ്ടത്.

മി. എം. ആർ. മാധവവാര്യർ (ചേങ്ങന്നൂരം പത്തനംതിട്ടയും): അതുതന്നെയാണ് ഞാനും പറയുന്നത് പ്രത്യേകം പരിശീലനം സമ്പാദിച്ചിട്ടുള്ള ആളുകളെത്തന്നെയാണ് തീച്ചയായും നിയമിക്കേണ്ടത്. ഇപ്പോൾ ഇരിക്കുന്നവർ അതിനു പരിശീലനം സിദ്ധിച്ചിട്ടുള്ളവരല്ലെങ്കിൽ അവരെ മാറ്റിവല്ല ഡിപ്പാർട്ട്മെന്റിലേക്കും അയച്ചിട്ട് പരിചയം ഉള്ളവരെ തൽസ്ഥാനത്തു നിയമിക്കണം, തനിക്ക ജോലി കൂട്ടുതലുണ്ടോ എന്നും ഒരു അക്കൌണ്ടന്റിനെ ആവശ്യമുണ്ടോ എന്നും ഞാൻ കൊല്ലം ഇൻസ്പ്ലക്ടരോട് ചോദിക്കുണ്ടായി. കഴിഞ്ഞപ്രാവശ്യം എത്ര കണക്കുകൾ പരിശോധിക്കാനാണ് ഇൻസ്പ്ലക്ടറന്മാർ നിയോഗിക്കപ്പെട്ടിട്ടുള്ളത് എന്നു മിസ്റ്റർ റാബിൻസൺ പറഞ്ഞില്ല. അതിനാൽ ഈ ഉപക്ഷേപത്തെ ഞാൻ നിർബന്ധിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഡാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): ആദായനികുതി ഇൻസ്പ്ലക്ടറന്മാർ പരിശോധന ഉദ്യോഗസ്ഥന്മാരാണെന്നും ആറുമാസം പന്ത്രണ്ടു മാസവും അവരുടെ ജോലിയാണെന്നും ഇതാരണമെന്നും ഞാൻ ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഇതു അവരുടെ സ്ഥിരമായ ജോലിയാണ് പരിശോധന ഉദ്യോഗസ്ഥന്മാർതന്നെ നികുതി തിട്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാരും കൂടി ആകുന്നതു നികുതിദായക്ക ശോഷകരമാണ്. ഒരു ന്യായാധിപനെ റവന്യൂകേസുകൾ നിയമിച്ചാൽ ഇൻസ്പ്ലക്ടർ ജോലിചെയ്യേണ്ടതു. നികുതി തിട്ടപ്പെടുത്തുന്ന ജോലികൂടി ആ ഉദ്യോഗസ്ഥൻ ചെയ്യണമെന്നു ശഠിക്കുന്നതു വലിയ കഷ്ടമാണ് എന്നതുതന്നെയല്ല അതു എന്നേക്കും പരാജിക്ക ഹേതുവായിത്തീരുകയും ചെയ്യും. അദ്ദേഹത്തിനു ആഫീസിൽ ഫാജരായി പേഷ്കാരെ സഹായിക്കാൻ സാധിക്കയില്ല. നേരേമറിച്ചു വെളിയിൽപോയി കക്ഷികളെ സഹായിക്കുന്നതിനു മാത്രമേ സാധിക്കയുള്ളൂ. ജോലി ശരിയായി നിർവഹിച്ചില്ലെങ്കിൽ അതു വലിയ അനീതിക്ക കാരണമായിത്തീരുകയുംചെയ്യും എന്നു പറയേതെ നിവൃത്തിയില്ല.

നികുതി തിട്ടപ്പെടുത്തുന്ന ജോലി ഞങ്ങൾ പഴയ റവന്യൂ ഉദ്യോഗസ്ഥന്മാരെക്കൊണ്ടാണ് നടത്തുന്നതെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. അതു വളരെ ബുദ്ധിമുട്ടായിട്ടാണ് കാണുന്നത് അതു തൊഴുത്തുങ്ങൾക്ക ഫാനി കരവുമാണ് ആഫീസിൽ ജീവനക്കാർ പോരാ എന്നുള്ള വസ്തുത അവക്കറിയാം ആഫീസിൽ ചെല്ലുന്ന കക്ഷിവട്ട

ക്കാര്യം മറ്റും അവിടെ വളരെനേരം കാത്തിരിക്കേണ്ടതായി വന്നിട്ടുണ്ട്. ആഫീസിൽ ഉള്ള ജീവനക്കാർക്ക് സമയം ഇല്ലാത്തതിനാൽ കച്ചവടക്കാരുടെയും മറ്റും കണക്കുകൾ സമയത്തിനു പരിശോധിക്കാൻ അവർക്ക് സാധിക്കുന്നില്ല. അവർക്ക് പലതുമെത്തിക്കുള്ള ജോലിയും ഉണ്ട്. പുതുതായി ആഫീസിലുള്ള ക്ലർക്കന്മാരിൽ ഒരാളെക്കൊണ്ട് ഈ ജോലി ചെയ്യിക്കുന്നതെന്നാണ് മെമ്പർ അഭിപ്രായപ്പെട്ടത്. ഇതിന് അയാൾക്ക് ശേഷിയില്ലെന്നുമാത്രമല്ല ഈ ജോലിചെയ്യാൻ അയാൾക്ക സമയവും ഇല്ല. ആഭ്യന്തരകൃതി ഇൻസ്പക്ടർമാരുടെ ജോലി വിവരം കാണിക്കുന്ന ഒരു ലിസ്റ്റ് നിങ്ങൾക്ക തന്നാൽ കൊള്ളാമെന്ന് എനിക്കാഗ്രഹമുണ്ട്. പക്ഷേ അതിനു വളരെ സമയം വേണം. അതുകൊണ്ടാണ് അങ്ങനെ ചെയ്യാത്തത്, ഈ വിഷയത്തെക്കുറിച്ചു ഇതിൽ കൂടുതൽ ഒന്നും പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർതെക്കു പത്തനംതിട്ടയും):

കുഴപ്പമുള്ള കണക്കുകൾ പരിശോധിക്കുന്നതിനായി ആഡിറർമാരെ എത്ര ദിവസം കൊല്ലത്തേക്ക് അയച്ചിട്ടുണ്ട്?

മി. എസ്. സി. എച്ച്. റാബിൻസൺ (ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറലും ആഭ്യന്തരകൃതിയും കമ്മീഷണർ):

എത്രദിവസമെന്നു സൂക്ഷ്മമായി പറയാൻ ഇപ്പോൾ തരമില്ല. ഏകദേശം പതിനഞ്ചിനും ഇരുപതിനും മദ്ധ്യേവരും. രണ്ടുമൂന്നു ദിവസം ആലപ്പുഴയിൽ താമസിക്കേണ്ടിവന്നിട്ടുണ്ട്. ചാലക്കടയിലുള്ള കച്ചവടക്കാരുടെ കണക്കുകളെല്ലാം പരിശോധിക്കുന്നതു ഈ ആഡിറർമാരാണ്. അദ്ദേഹത്തിനു വളരെ ജോലിയുണ്ട്, അതു മിസ്റ്റർ മാക്കിക്ക അറിയാം എന്നാണ് എനിക്ക തോന്നുന്നത്.

മി. എൻ. കുമാരൻ (ഗവർണ്മെന്റ നിയമിച്ച മെമ്പർ): ക്ലർക്കന്മാരായിട്ട് യോഗ്യതയുള്ള ആഡിറർമാരെ നിയമിക്കണം എന്നാണോ പറയുന്നത്?

മി. എസ്. സി. എച്ച്. റാബിൻസൺ (ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറലും ആഭ്യന്തരകൃതിയും കമ്മീഷണർ):

ക്ലർക്കന്മാരെ നിയമിക്കണമെന്നു ഞാൻ പറഞ്ഞതായുള്ളൂ. ആഡിറർമാരുടെ ശമ്പളം ക്ലർക്കന്മാരുടേതിനെക്കാൾ എത്രയോ കൂടുതലാണ്. അതുകൊണ്ടു ക്ലർക്കന്മാർ മതി എന്നാണ് ഞാൻ ആവശ്യപ്പെട്ടത്. കമ്മേർഷ്യൽ ബുക്കീപ്പിംഗ് അറിയാവുന്നവരെയാണ് എനിക്കാവശ്യമുള്ളത്.

മി. എൻ. കുമാരൻ (ഗവർണ്മെന്റ നിയമിച്ച മെമ്പർ): മിസ്റ്റർ റാബിൻസൺ ആവശ്യപ്പെടുന്നതുപോലെ നാലു ക്ലർക്കന്മാരെ നിയമിക്കയാണെങ്കിൽ തങ്കൻ ആഫീസിലുള്ള ആഡിറർമാരുടെ ഭാരം നിറഞ്ഞുകുറയ്ക്കാൻ അതുകൊണ്ട് സാധിക്കുമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറലും ആഭ്യന്തരകൃതിയും കമ്മീഷണർ): ആഡിറർമാരെ ഏതായാലും ആവശ്യമുണ്ട്. തഹശീൽദാരന്മാരേയും ഡിവിഷൻ അസിസ്റ്റന്മാരേയും മറ്റും സഹായിക്കാൻ അദ്ദേഹത്തിന്റെ ആവശ്യമുണ്ട്. കൊല്ലത്തിൽ ചുരുങ്ങിയതുമാസവും എങ്കിലും ആഫീസിൽതന്നെ അദ്ദേഹത്തിനു ധാരാളം ജോലിയുണ്ട്. അദ്ദേഹത്തിനെ മേലധികാരികളും പിന്നെയും മറ്റും അയക്കേണ്ടതായ ആവശ്യം വന്നിട്ടുണ്ട്. പക്ഷേ അതുകാൻ സാധിച്ചിട്ടില്ല. ഇവിടെത്തന്നെ അദ്ദേഹത്തിന് ജോലി ധാരാളമുണ്ട്.

പ്രസിഡണ്ട്. മിസ്റ്റർ മാധവവാര്യർ, നിങ്ങൾ ഉപക്ഷേപത്തെ നിർബന്ധിക്കുന്നുണ്ടോ?

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർതെക്കു പത്തനംതിട്ടയും): ഉണ്ട്.

വോട്ടിനിട്ടതിൽ ഉപക്ഷേപം തള്ളപ്പെട്ടുപോയി.

ഉപക്ഷേപം ൪൯.

പ്രസിഡണ്ട്. മിസ്റ്റർ ജി. പരമേശ്വരൻപിള്ളയുടെ ഉപക്ഷേപത്തോട് സാദൃശ്യമുള്ള നാലു ഉപക്ഷേപങ്ങൾ ഉണ്ട്. മിസ്റ്റർ ജി. പരമേശ്വരൻപിള്ളയോട് അദ്ദേഹത്തിന്റെ ഉപക്ഷേപത്തെ സമർപ്പിക്കാൻ ഞാൻ അപേക്ഷിക്കുന്നു. മറ്റു മെമ്പരന്മാർ ആ ഉപക്ഷേപത്തെപ്പറ്റി സംസാരിച്ചാൽ മതിയാകും.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം സമർപ്പിച്ചുകൊള്ളുന്നു.

൪൯. വക്കീലന്മാർക്ക് ഫീസുകൊടുക്കുന്നതിനു നീക്കിവച്ചിട്ടുള്ള ₹ ൦൦൦ രൂപ കുറയ്ക്കണം.

സർ, ഇക്കൊല്ലത്തേക്ക സപ്ലിമെന്ററി ഡിമാൻഡ് ആവശ്യപ്പെട്ട അവസരത്തിൽ നിയമസഭയുടെ കഴിഞ്ഞ യോഗത്തിൽ ഈ വിഷയത്തെപ്പറ്റി വിപുലമായ ചർച്ച നടത്തിയതായിട്ട തോന്നുന്നു. ഈ വകയ്ക്കു നീക്കിവച്ചിട്ടുള്ള തുക കുറയ്ക്കാമെന്നു എനിക്ക ബോദ്ധ്യംവന്നിട്ടുള്ളതിനാൽ സഭയുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്ക ഞാൻ ഒന്നുകൂടി ക്ഷണിച്ചുകൊള്ളുന്നു. ആഭ്യന്തരകൃതികമ്മീഷണരുടെ മുമ്പിൽ സർക്കാർഭാഗം വാദംനടത്തുന്നതിനു പ്രത്യേകം വക്കീലന്മാരെ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ കുറിക്കുന്നതിനു പറഞ്ഞിട്ടുള്ള ന്യായങ്ങളും രണ്ടാണ് എന്നതോന്നുന്നു. അദ്ദേഹം ഒരു ജുഡീഷ്യൽ ഉദ്യോഗസ്ഥനാണെന്നും അതുകൊണ്ട് കേസിന്റെ രണ്ടു ഭാഗവും കേൾക്കേണ്ടതുണ്ടെന്നും വാദിയായ നികുതിദായകന്റെയും പ്രതിയായ ഗവർണ്മെന്റിന്റെയും വാദംകേട്ടതിനുശേഷം മാത്രമേ വിധിപറയുവാൻ നിവൃത്തിയുള്ളു എന്നുമാണ ആദ്യത്തെ ന്യായം. രണ്ടാമത്തെ ന്യായം ഓരോ കോടതിയിലും സർക്കാർഭാഗം വാദംനടത്തുന്നതിനു നിയമിക്കപ്പെട്ടിരിക്കുന്ന സർക്കാർവക്കീലന്മാരെ ആഭ്യന്തരകൃതികമ്മീഷണർ ആവശ്യപ്പെടുമ്പോഴെല്ലാം അദ്ദേഹത്തിന്റെ മുമ്പിൽ സർക്കാരിനുവേണ്ടി വാദിക്കാൻ അയക്കുന്നതിനു സാധിക്കുകയില്ല എന്നാണ്. ഒടുവിലത്തെ തീർപ്പുകായി തന്റെ മുമ്പിൽ സമർപ്പിക്കപ്പെടുന്ന ഈ കേസുകളുടെകാര്യത്തിൽ സർക്കാർഭാഗം പറയുവാൻ ഒരു വക്കീലിനേയും നിയമിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ വാദം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറലും ആഭ്യന്തരകൃതിയും കമ്മീഷണർ): ഹൈക്കോടതിയുടെ മുമ്പാകെ ഗവർണ്മെന്റുകാർവാദത്തിനായി വക്കീലന്മാർ ഹാജരാകുന്നില്ലേ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഉണ്ട്. അവിടെ അതിന്റെ ആവശ്യവുമുണ്ട്. എന്നതന്നെയല്ല രണ്ടുനേരുള്ളതിനും പ്രതിനിധികരം അവിടെ ഹാജരാകുന്നതു അഭികാമ്യമാണ്. എന്നാൽ ആഭ്യന്തരകൃതികമ്മീഷണർ അപ്പീൽ കേൾക്കുന്നതു മജിസ്ട്രേട്ടന്മാരും ജില്ലാജഡ്ജിമാരും കൈകോർത്തുവിചാരണചെയ്ത ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാർ അപ്പീൽകേസുകൾ വിസ്തരിക്കുന്നതുപോലെയാണ് എന്നുള്ള അഭിപ്രായത്തോട്

ഞാൻ ഓർക്കുന്നില്ല. അതിന്റെ കാരണം ഇതാണ്. ആരോപിതനായ നിങ്കുതിറഗുലേഷന്റെ ഏതെങ്കിലും വകുപ്പിനെ വ്യാഖ്യാനിക്കുന്നതിൽ തെറ്റായിട്ടെങ്കിലും സംശയം നേരിടുമ്പോൾ അതിനെ ഹൈക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കണമെന്ന് ആരോപണനിങ്കുതി റഗുലേഷനിൽത്തന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. എസ്സ്. സി. എച്ച്. റാബിൻസൺ (ചാൻഡ്ലറവന്യൂവും ആരോപണനിങ്കുതിയും കമ്മീഷണർ): ഇതിനെസംബന്ധിച്ചു എനിക്കു അല്പമെങ്കിലും സംശയം തീർക്കുവതായിട്ടുണ്ട്. അതായതു നടന്നിട്ടുള്ള സംഭവങ്ങളെപ്പറ്റിയുള്ള സംശയം തീർക്കുന്ന വിഷയത്തിലല്ല, എന്നാൽ നിയമസംബന്ധമായ സംശയം നേരിടുമ്പോൾ മാത്രമേ ഉള്ളു.

ശ്രീ. പി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): നടന്നിട്ടുള്ള സംഭവങ്ങളെപ്പറ്റിയാണെന്നു ഞാനും പറഞ്ഞില്ല. നിയമത്തിന്മേൽ ഏതെങ്കിലും വകുപ്പിനെ വ്യാഖ്യാനിക്കുന്നതിൽ വരുന്ന സംശയത്തെപ്പറ്റിയാണെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എസ്സ്. സി എച്ച്. റാബിൻസൺ (ചാൻഡ്ലറവന്യൂവും ആരോപണനിങ്കുതിയും കമ്മീഷണർ): സംശയം വരുമ്പോഴാണല്ലോ മതിയല്ലോ?

ശ്രീ ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): തീച്ചയും മതി. നിയമത്തിന്റെ ഒരു നിബന്ധനയെപ്പറ്റിയും കമ്മീഷണർക്കു ഒട്ടും സംശയം ഇല്ലെങ്കിൽ ഗവർണ്മെന്റുഭാഗം വാദം നടത്തുന്നതിനു വക്കീലന്മാരെ നിയമിക്കേണ്ട ആവശ്യം മുണ്ടെന്ന് എനിക്കു തോന്നുന്നില്ല. എന്തെന്നാൽ പ്രത്യക്ഷത്തിൽത്തന്നെ അപേക്ഷയിൻമേൽ സംശയം ഒന്നും നേരിടാത്ത ഒരു കേസ്സിൽ വക്കീലന്മാരുടെ ഉപദേശം ആവശ്യമില്ലെന്നു അപേക്ഷയെ ബോദ്ധ്യപ്പെട്ടുത്താനായിട്ട് ഒരു നിയമോപദേശകന്റെ അഭിപ്രായം ആവശ്യമില്ലല്ലോ.

ശ്രീ എസ്സ്. സി. എച്ച്. റാബിൻസൺ (ചാൻഡ്ലറവന്യൂവും ആരോപണനിങ്കുതിയും കമ്മീഷണർ): എന്നാൽ ആ സംശയാവസ്ഥയിൽ എത്തുന്നതിനു മുമ്പുതന്നെ ഇക്കക്ഷികളുടേയും വാദം വ്യക്തമായിട്ട് കമ്മീഷണർ മനസ്സിലാക്കേണ്ടതല്ലേ? അവരുടെ വാദം കേട്ടതിനുശേഷമാത്രമേ കേസിനെപ്പറ്റി സംശയം ഉണ്ടോ ഇല്ലയോ എന്നുള്ളതിനും തീരുമാനിക്കാൻ തരമുള്ളു.

ശ്രീ ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): അതുകൊണ്ടാണ് ഞാൻ നിഷേധിക്കുന്നത്. ആരോപണനിങ്കുതികമ്മീഷണരുടെ മനസ്സിൽ സംശയം ഉണ്ടാക്കുന്നതിനുവേണ്ടി വക്കീലന്മാരോ നിയമജ്ഞന്മാരോ ഹാജരാകണമെന്നില്ല. (ചിരി)

ശ്രീ. എസ്സ്. സി. എച്ച്. റാബിൻസൺ (ചാൻഡ്ലറവന്യൂവും ആരോപണനിങ്കുതിയും കമ്മീഷണർ): നിങ്കുതിയായ കാര്യമല്ല കമ്മീഷണരുടെ മനസ്സിൽ സംശയം ജനിപ്പിക്കുന്നത്?

ശ്രീ. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): അതേ. ആരോപണനിങ്കുതിറഗുലേഷൻ അങ്ങനെ നിർദ്ദേശിച്ചിട്ടുണ്ട്. സംശയം നേരിടുമ്പോൾ ഹൈക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കുക എന്നുള്ളതു നിങ്കുതിഓഫീസറുടെ ഒരു പ്രത്യേക അധികാരമാണ്. റഗുലേഷനെ വ്യാഖ്യാനിക്കുന്നതിൽ ഏതെങ്കിലും സംശയമുണ്ടാകുമ്പോൾ അതു തീരുമാനിക്കുന്നതിനു മുമ്പായി കമ്മീഷണർതന്നെ വഹിക്കുന്നതിനു ഒരു ബാദ്ധ്യതയില്ലെന്നും അതു ഹൈക്കോടതിയുടെ നിലയിലുള്ള ഒരു ന്യായാസനത്തിൽ സമർപ്പിക്കേണ്ടതാണെന്നുമാണ് ഈ റഗുലേഷൻ ഉദ്ദേശിച്ചിരിക്കുന്നതു്. റഗുലേഷന്റെ ഉദ്ദേശത്തെപ്പറ്റിമാത്രമേ ഞാൻ സംസാരിക്കുന്നുള്ളു. ഇനിമേൽ ഈ റഗുലേഷൻ പക്ഷേ ദേഭേദപ്പെട്ടതായേക്കാം. അപ്പോൾ ഇക്കാര്യം വേറൊരുത്തിൽ തീരുമാനിക്കുന്നതാണ്. എന്നാൽ ഇപ്പോഴത്തെനിലയിൽ റഗുലേഷനിലെ ഏതെങ്കിലും നിബന്ധനയെ വ്യാഖ്യാനിക്കുന്നവിഷയത്തിൽ സംശയം ജനിക്കുമ്പോൾ അതിനെ ഹൈക്കോടതിയെപ്പോലെ ഉള്ള ഒരു ന്യായാസനത്തിന്റെ തീരുമാനത്തിനായി സമർപ്പിക്കേണ്ടതാണെന്നാണ് ഈ റഗുലേഷൻ നിർദ്ദേശിക്കുന്നതെന്നു എനിക്കു തോന്നുന്നു. അങ്ങനെയാണെങ്കിൽ—

ശ്രീ. എസ്സ്. സി എച്ച്. റാബിൻസൺ (ചാൻഡ്ലറവന്യൂവും ആരോപണനിങ്കുതിയും കമ്മീഷണർ): ഈ ഘട്ടത്തിലാണ് സക്കാർവക്കീലിന്റെ ആവശ്യം നേരിടുന്നതു് എന്നാണോ മെമ്പർ പറയുന്നതു്?

ശ്രീ ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): അതേ. എന്നാൽ ഇപ്പോൾ സംശയമുണ്ടാകുന്നതിനു മുമ്പുതന്നെ സക്കാർവക്കീലന്മാരെ നിയമിക്കുകയുണ്ടായോ.

ശ്രീ. ഹുസൈൻഷ് (ഗവർണ്മെന്റു നിയമിച്ച മെമ്പർ): സംശയം വരുമ്പോഴെല്ലാം കമ്മീഷണർ ഡയക്ടർയക്കീലന്മാരോടു ആലോചിക്കുന്നില്ലേ?

ശ്രീ. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): അതിനെപ്പറ്റി ഞാൻ പിന്നീടു പറയാം.

ഇപ്പോഴത്തെ വാദത്തെപ്പറ്റി പറയുകയാണെങ്കിൽ നിയമസഭയുടെ കഴിഞ്ഞ യോഗത്തിൽ ഈ വിഷയം വാദപ്രതിവാദത്തിനു എടുത്തപ്പോൾ മിസ്റ്റർ റാബിൻസൺ പറഞ്ഞതെന്താണെന്നു ഓർത്താൽ മതിയാകും. സാധാരണ കേസുകളെ സംബന്ധിച്ചിടത്തോളം വക്കീലന്മാരെ നിയമിക്കേണ്ടതില്ലെന്നും എന്നാൽ കഴിഞ്ഞുള്ള കേസുകളിൽ നിയമസംബന്ധമായ സംശയം ജനിക്കുമ്പോൾമാത്രമേ അവരെ നിയമിക്കാൻ ഉദ്ദേശിച്ചിട്ടുള്ളു എന്നുമാണ് അപേക്ഷ അന്നു പറഞ്ഞത്. അതുകൊണ്ടപേക്ഷകൾ വക്കീലന്മാരെ നിയമിക്കുന്നതിനുമുമ്പുതന്നെ കേസ്സ് സക്കാർവാദം നടത്തുവാൻ വക്കീലിനെ നിയമിക്കേണ്ട കേസ്സാണോ അല്ലയോ എന്നുള്ള സംഗതി അപേക്ഷ ആദ്യം തീരുമാനിക്കേണ്ടിവരും. സർക്കാർഭാഗത്തേക്കു വക്കീലന്മാരെ നിയമിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിനു തന്നെ അപേക്ഷയുടെ ഭാഗവും കേൾക്കണമെന്നാണ് മിസ്റ്റർ റാബിൻസൺ പറയുന്നതു് എന്നു തോന്നുന്നു. അഥവാ കേസ്സ് ഹൈക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കേണ്ടതാണോ അല്ലയോ എന്ന് നിശ്ചയിക്കുന്നതിനുതന്നെ സക്കാർവക്കീലന്മാരുടെ വാദംകേൾക്കണമെന്നായിരിക്കാം. ഈ നടപടിയെ ഞാൻ നിഷേധിക്കുന്നു. സക്കാർവക്കീലന്മാരെ നിയമിക്കുന്നതിൽനിന്നു വളരെ ദോഷം നേരിട്ടേക്കാം. പ്രാഥമികഘട്ടത്തിൽ ചില കേസ്സുകളിൽ നിയമസംബന്ധമായ സംശയം കണ്ടേക്കുമെന്നുവരാം. ആ കേസ്സിൽ സംശയത്തിനു അവകാശമില്ലെന്നു സക്കാർവക്കീൽ വന്ന അഭിപ്രായപ്പെട്ടാൽ, ഇതു വളരെ വ്യക്തമായ ഒരു കേസ്സാണല്ലോ. ഇനിയെ ഹൈക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കേണ്ട ആവശ്യമില്ലെന്നു സക്കാർവക്കീൽ പറയും,

മി: എസ്സ്. സി. എച്ച്. റോബിൻസൺ (ചാൻഫ്രവന്യൂവും ആഭ്യന്തരനിയമവും കമ്മീഷണർ): ഇപ്പോഴുള്ള കേസുകൾ ഹൈക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കുന്നതിനു റെഗുലേഷനിലെ ഭേദഗതിപ്രകാരം കമ്മീഷണർ നിർബന്ധിതനാണ്. നികുതിദായകന്റെ അപേക്ഷയിന്മേൽ ഈ മാതിരികേസുകൾ ഹൈക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കണമെന്നു റെഗുലേഷൻ നിർദ്ദേശിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതിൽ ഒരു ഉപവകുപ്പുകൂടി ഉണ്ട്. അതായതു "കമ്മീഷണർക്കു അതു ആവശ്യമെന്നു തോന്നുന്നപക്ഷം" എന്നു ഉപവകുപ്പു അതിൽനിന്നും മി. റോബിൻസൺ എടുത്തുകളയുകയാണെങ്കിൽ എനിക്കു അതിനു വിരോധമില്ല.

മി: എസ്സ്. സി. എച്ച്. റോബിൻസൺ (ചാൻഫ്രവന്യൂവും ആഭ്യന്തരനിയമവും കമ്മീഷണർ): അതു "അതു ആവശ്യമല്ലെന്നു പറയുന്നപക്ഷം" അതിനു കാരണങ്ങളും പറയേണ്ടതാണ്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതുകൊണ്ടു ഏതെങ്കിലും ഒരു കേസ് ഹൈക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കേണ്ടതാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിനു സർക്കാർ വകുപ്പിന്റെ ആവശ്യം ഇല്ലെന്നാണോ ഞാൻ പറഞ്ഞതു ഈ സംഗതിയിൽ സർക്കാർഭാഗം പ്രതിനിധീകരിക്കുന്നതിനു സർക്കാർ വകുപ്പിനു ആവശ്യമില്ല എന്നാണ് എന്റെ വിനീതമായ അഭിപ്രായം. എന്തെന്നാൽ റെഗുലേഷന്റെ ഏതെങ്കിലും വകുപ്പിന്റെ വ്യാഖ്യാനത്തെ സംബന്ധിച്ചു നികുതിദായകൻ സംശയം പുറപ്പെടുവിക്കുന്നപക്ഷം അതു തർക്കമാണോ അഥവാ നിസ്സാരമായ ഒരു സംഗതിയാണോ എന്നു കമ്മീഷണർ വിചാരിക്കുന്നപക്ഷം—

മി: എസ്സ്. സി. എച്ച്. റോബിൻസൺ (ചാൻഫ്രവന്യൂവും ആഭ്യന്തരനിയമവും കമ്മീഷണർ): പ്രിവികൗൺസിലിന്റെയോ ഹൈക്കോടതിയുടെയോ മുൻവിധികളെ അടിസ്ഥാനമാക്കി അദ്ദേഹത്തിനു പ്രവർത്തിക്കാൻ പാടില്ലേ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ സംഗതിയെപ്പറ്റി തീർച്ചചെയ്യുന്നതിനുവേണ്ടി കമ്മീഷണർക്കു എല്ലാം വിവരങ്ങളും ശേഖരിക്കണമെന്നും അതെല്ലാം ശേഖരിക്കുന്നതു അതിവിഷമമായ ഒരു കാര്യമാണ്. അദ്ദേഹത്തിനോടു ഞാൻ വേറെ ഒരു മാർഗ്ഗവും കൂടി പറയാം. ഓരോതവണയും അദ്ദേഹത്തിന്റെ മുമ്പാകെ ഹാജരായി കേസ് വാദിക്കുന്നതിനു പ്രതിഫലം ആവശ്യപ്പെടുന്ന സർക്കാർ വക്കീലന്മാരെ നിയമിക്കുന്നതിനു പകരം ഏതെങ്കിലും കേസ് തീരുമാനിക്കുന്നതിൽ വല്ല സംശയവും നേരിട്ടാൽ അതിനെപ്പറ്റി ഡയറക്ടർ ജനറൽ മുഖാന്തിരം ഫെഡ്സപ്രാ വക്കീലിനോടു ഈ വിഷയം കൂടി ആലോചിക്കുവാനും അദ്ദേഹത്തിനു കഴിയുന്നതാണ്. ഇപ്രകാരം ഒരു അധിക ഫീസിനെക്കുറിച്ചുള്ള റെഗുലേഷനും അതുപോലെയുള്ള മറ്റു റെഗുലേഷനും പ്രയോഗപരമായിട്ടില്ലെങ്കിലും അവ സർക്കാരിന്റെ പൂർണ്ണ സംരക്ഷണവും ഗവർണ്ണർ പലപ്പോഴും ഫെഡ്സപ്രാ വക്കീലന്മാരോടു ചോദിക്കുന്ന പതിവുണ്ട്. ഈ റെഗുലേഷനിലെല്ലാം പ്രധാന ഉദ്യോഗസ്ഥനായ റവന്യൂഉദ്യോഗസ്ഥൻ തന്നെയാണ് ആസ്സാറ്റുചെയ്തു തീരുമാനിച്ചു തീർപ്പുചെയ്യുന്നതിനുള്ള അധികാരം. ഈ ഉദ്യോഗസ്ഥനായിരിക്കുന്നതു ഇങ്ങനെയുള്ള കേസുകളിൽ ഫെഡ്സപ്രാ വക്കീലിനോടു അഭിപ്രായം ചോദിക്കുകയുമുണ്ടായിട്ടുണ്ട്. സർക്കാർ വക്കീലന്മാരുടെ നിയമനിബന്ധനകളെസംബന്ധിച്ചു ഗവൺമെന്റ് ഓർഡർ അവയെ ഇതിനെപ്പറ്റി അഭിപ്രായം പറയാതെ നിയന്ത്രിയിട്ടുണ്ട്. അതുകൊണ്ടു ഈ ഭേദഗതി ചെയ്യുന്നതിനു എനിക്കു പ്രതിഫലം തോന്നുന്നില്ല. നിശ്ചിത സമയത്തു നിയമോപദേശത്തിൽ ഫാഷരാജനേ എനിക്കു ശരണം തരുന്നൊള്ളൂ എന്നു പറയാൻ സർക്കാർ വക്കീലിനു തരമില്ല. ഡയറക്ടറുടെ അഭിപ്രായം ചോദിക്കുന്ന സംഗതികളിലെല്ലാം അഭിപ്രായം പറയാൻ ആ ഉദ്യോഗസ്ഥൻ കടപ്പെട്ടിരിക്കുന്നു. അതുകൊണ്ടു അസാധാരണമായ കാരണങ്ങളാൽ ഏതെങ്കിലും വകുപ്പിനെപ്പറ്റി സംശയം നേരിടുമ്പോൾ കമ്മീഷണർക്കു സർക്കാർ വക്കീലിനോടു ചോദിക്കാവുന്നതും ആ സർക്കാർ വക്കീൽ മുഖാന്തിരം കേസ് ഹൈക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കണമെന്നോ അല്ലയോ എന്നു തീരുമാനിയ്ക്കാവുന്നതും ആണ്. ആഭ്യന്തരനികുതി കമ്മീഷണരുടെ മുമ്പാകെ സർക്കാർവക്കീലിന്റെ ആവിർഭാവം ഉദ്ദേശകരമായ ഫലം ഉണ്ടാകുമെന്നുമാത്രമേ എനിക്കഭിപ്രായമുള്ളൂ. ഞാൻ പ്രത്യേകമായി ഒരാളുടെ പേരും പറയുകയല്ല. ഒരു ജൂഡിഷ്യൽ ഉദ്യോഗസ്ഥൻ എന്നനിലയിൽ മി: റോബിൻസൺ തന്റെ ജോലിയെ പക്ഷപാതരഹിതമായും ന്യായമായും നടത്തുന്നുണ്ടെന്നുള്ള കാര്യത്തിൽ ഞങ്ങൾക്കെല്ലാം ഉപദേശിയുണ്ട്. (കേറപ്പിൻ കേറപ്പിൻ) പക്ഷേ കൗൺസിലിന്റെ ശ്രദ്ധയിൽ എനിക്കു കൊണ്ടുവരുവാനുള്ള യാതൊരു അവകാശമില്ല. കമ്മീഷണർ ആരുതന്നെയായാലും ഏതെങ്കിലും ഒരു കേസ് ഹൈക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കേണ്ടതാണോ അല്ലയോ എന്നു നിശ്ചയിക്കുന്നതിനു കമ്മീഷണർക്കു കൊടുത്തിട്ടുള്ള വിവേചനാധികാരം പ്രയോഗിക്കുന്നതിൽ സർക്കാർ വക്കീലന്മാരുടെ സാന്നിദ്ധ്യം ദോഷകരമായി പരിണമിക്കുമെന്നു ഒരു സർക്കാർ വക്കീലന്മാരുടെ സാന്നിദ്ധ്യം ദോഷകരമായി പരിണമിക്കുമെന്നു സംശയത്തിനു അവകാശമില്ല. അതുകൊണ്ടു ഇതിനെ ഹൈക്കോടതിയിൽ സമർപ്പിക്കണം" എന്നു പറയുന്നതായാൽ കമ്മീഷണർ അപ്രകാരം ചെയ്യുന്നതിനു നിർബന്ധിതനാകത്തക്ക ഒരു ചട്ടം വരുത്തുന്നു. കമ്മീഷണർക്കു യഥാർത്ഥത്തിൽ ഇവിടെനിന്നും എന്തെങ്കിലും അറിയണമെന്നുണ്ടെങ്കിൽ അതു സർക്കാർ വക്കീലന്മാരോടു ചോദിച്ചു അറിയാവുന്നതും ആണല്ലൊ.

ഇതു അനാവശ്യമായ ഒരു ചിലവാണെന്ന മാത്രമേ ഇപ്പോൾത്തന്നെ ഗവർണ്മെന്റും സർക്കാർ വക്കീലന്മാരും തമ്മിൽ ബഹുബന്ധം പരിശോധിക്കുന്ന ഈ പട്ടണത്തിൽ തൽമൂലം പലകുഴപ്പങ്ങൾക്കും കാരണമാകുമെന്നു ഗവർണ്മെന്റ് പറയുന്നതു ഇങ്ങനെയാണ്. നാം സർക്കാർ വക്കീലന്മാരെ നിയമിച്ചിരിക്കുന്നതു ചില പ്രത്യേകജോലികൾക്കായിട്ടുമാത്രമാണ്. സർക്കാർ വക്കീലന്മാരെന്നുള്ളതിൽ അവർ സർക്കാരിനെ സേവിക്കുമെന്ന സമ്മതിക്കുള്ളതു ഈ ധാരണയോടുകൂടിയാണ്. എന്നാൽഅന്യയല്ല പ്രത്യേകം ഫീസുകൊടുത്താലും അവർക്കു ഈ ജോലി ചെയ്യാൻ സമ്മതമല്ലെന്നാണ് കോടതി പറയുന്നതു. ഇങ്ങനെയുള്ള കുഴപ്പങ്ങളൊക്കെ ഉണ്ടാകും. സംശയം വരുമ്പോഴെല്ലാം ചാൻഫ്രവന്യൂകമ്മീഷണർ ഗവർണ്മെന്റ് മുഖാന്തിരം സർക്കാർ വക്കീലന്മാരോടു ചോദിക്കുന്നപക്ഷം ഈ വിഷമങ്ങളൊക്കെ ഇല്ലാതാകാം. കഴിഞ്ഞ ബഡ്ജറ്റുയോഗത്തിൽ ഒരു അന്യോഗസ്ഥൻ സാമാജികൻ ഈ വിഷയത്തെപ്പറ്റി പറയുന്നതിനു മുമ്പായി ഗവർണ്മെന്റിന്റെ ഭാഗം വാദിക്കാൻ സർക്കാർ വക്കീലന്മാരെ നിയമിക്കേണ്ട ആവശ്യം മി: റോബിൻസണ്ണിനു നേരിട്ടിട്ടുണ്ടോ എന്നു അദ്ദേഹത്തിൽനിന്നും അറിഞ്ഞാൽ കൊള്ളാം. ഞാൻ അഭിപ്രായം പറയുന്നതിനു ഏതെങ്കിലും തെറ്റുകണ്ടെങ്കിൽ അതു തിരുത്തുന്നതു എനിക്കു സമ്മത

മാണ്. ഇതിനെപ്പറ്റി അന്ന കൌൺസിലിൽ പ്രതിവാദിച്ചതിനു ശേഷവും സക്കാർ വക്കീലന്മാരെ നിയമിക്കേണ്ട ആവശ്യം അദ്ദേഹത്തിനു നേരിട്ടിട്ടുണ്ടെങ്കിൽ അതും എനിക്കു അറിഞ്ഞുകൂടാ. ഈ പറഞ്ഞകാരണങ്ങളാൽ ഈ ചിലവിനത്തിൽ തുക വെട്ടിക്കുറക്കാം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) മി: പരമേശ്വരൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. സക്കാർ വക്കീലന്മാക്ക പീസുകൊടുക്കുന്നതിനായിട്ട ഇങ്ങിനെ ഒരു പ്രത്യേകതുക നീക്കിവച്ചിരിക്കുന്നതു നീതീകരിക്കാവുന്നതല്ല. കഴിഞ്ഞകുറെ വർഷങ്ങളിലെ ബഡ്ജറ്റു നോക്കിയതിൽ ഇങ്ങിനെ ഒരു ഇതം ബഡ്ജറ്റിൽ ചേർത്തിട്ടുള്ളതായി കാണുന്നില്ല. താൻ ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനാണെന്നും അതുകൊണ്ടു കേസിന്റെ ഇരുഭാഗവും കേൾക്കേണ്ടതാണെന്നും ആണു മി: റാബിൻസൺ പറയുന്നതു. ഈ അഭിപ്രായത്തെ ഞാൻ വിഷേധിക്കുന്നു. ഒന്നാമതു അദ്ദേഹം ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനല്ല. അദ്ദേഹം ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനാണെന്നു തെളിയിക്കണമെങ്കിൽ ജുഡിഷ്യൽ പ്രൊസീഡിംഗ്സിൽ നിർദ്ദേശിച്ചിരിക്കുന്നപ്രകാരം സാധാരണ നടപ്പുള്ളതുപോലെ അദ്ദേഹത്തിനു സത്യം ചെയ്യിച്ചു സാക്ഷികളെ വിസ്തരിക്കാൻ അധികാരമുണ്ടോ എന്നുനോക്കണം. ജുഡിഷ്യൽ പ്രൊസീഡിംഗ്സ് എന്നുള്ളതു എന്താണെന്നു തെളിവുആക്ടിൽ വിവരിച്ചിട്ടുണ്ടു. അതിൽ പറഞ്ഞിരിക്കുന്നതു സത്യംചെയ്യിച്ചു സാക്ഷികളുടെ മൊഴിയിൽനിന്നും തെളിവുശേഖരിക്ക എന്നാണ്. കേസ്സ്യായി സ്വീകരിക്കുമ്പോഴോ ക്രാപ് ചെയ്യുമ്പോഴോ മി. റാബിൻസണോ മാറ ആളായനികുതി ഉദ്യോഗസ്ഥന്മാരോ ആരും തന്നെ സാക്ഷികളെ സമനെയച്ചു വരുത്തുന്നതായി കാണുന്നില്ല.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ആളായനികുതിയും കമ്മീഷണർ) കഴിഞ്ഞനിയമസഭായോഗത്തിനുശേഷം ആളായനികുതിനിർദ്ദേശകന്റെ വ്യവഹാരത്തിൽ എവിടെയെങ്കിലും ലാൻഡ്റവന്യൂ കമ്മീഷണർ ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനാണെന്നു സൂചിപ്പിച്ചിട്ടുള്ളതായി മി: നാരായണപിള്ള കണ്ടിട്ടുണ്ടോ?.

പ്രസിഡണ്ട്: നിങ്ങളുടെ നടപടി ജുഡിഷ്യൽനടപടി അല്ലെന്നു പറഞ്ഞതിനു അദ്ദേഹം കാരണങ്ങൾ പറഞ്ഞു നിങ്ങൾക്കു വേണ്ടാത്തെങ്കിൽ അവയെ നിഷേധിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തെളിവു ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ള ജുഡിഷ്യൽ പ്രൊസീഡിംഗ്സിലേക്കാണ് മി: റാബിൻസന്റെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നതു. അതു അദ്ദേഹം സ്വീകരിക്കുന്നുഎങ്കിൽ എന്റെ അഭിപ്രായവും അദ്ദേഹത്തിനു സ്വീകരിയ്ക്കുമാണ്. ഈ വിഷയത്തിൽ തെളിവുആക്ട് ഒരു പ്രമാണമായിട്ടു തോന്നുന്നില്ല എങ്കിൽ എന്റെ അഭിപ്രായത്തിനേയും അദ്ദേഹത്തിനു നിഷേധിക്കാം. ഇപ്പോൾ എന്റെ വാദം ഇതാണ്. മി: റാബിൻസൺ സത്യംചെയ്യിച്ചു ഒരു സാക്ഷിയുടേയും മൊഴി എടുക്കുന്നില്ല. അതുകൊണ്ടു അദ്ദേഹം ജുഡിഷ്യൽ ഉദ്യോഗസ്ഥനല്ല. ഒരു പ്രൊസീഡിംഗ്സിലും അദ്ദേഹം എതിർകക്ഷിയുടെ വാദംകേൾക്കണം എന്ന ആ ആക്ടിൽ ഒരിടത്തും നിർദ്ദേശിച്ചിട്ടില്ല

അതുകൊണ്ടു ഞാൻ പറയുന്നതു എന്താണെന്നുവച്ചാൽ ഒന്നാമതു അദ്ദേഹം ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനല്ലെന്നാണു. അദ്ദേഹം ആളായനികുതി റഗുലേഷനാൽ നിശ്ചിക്കപ്പെട്ടിട്ടുള്ള അധികാരത്തോടുകൂടിയ ഒരു റവന്യൂഉദ്യോഗസ്ഥനാണു. രണ്ടുഭാഗവും കേൾക്കണം എന്നുള്ള അദ്ദേഹത്തിന്റെ വാദം ജുഡിഷ്യൽ പ്രൊസീഡിംഗ്സിനു മാത്രമല്ല എല്ലാവാദങ്ങളിലും സ്വീകരിക്കേണ്ട ഒരു തത്വമാണ്. അന്യോന്യോഗസ്ഥാഗങ്ങളിൽപെട്ട രാളും ഉദ്യോഗസ്ഥാഗങ്ങളിൽപെട്ട രാളും തമ്മിൽ ഒരു തർക്കം ഉണ്ടായിഎന്നു വിചാരിക്കുക. രണ്ടുപേരുടേയും വാദം കേട്ടതിനുശേഷം ആ തർക്കം തീർക്കുന്നതു നല്ലതാണ്. ഇതു എല്ലായിടത്തും സ്വീകരിക്കത്തക്ക ഒരു തത്വമാണ്. എനിക്കു അതിനെപ്പറ്റി തർക്കവുമില്ല. ആളായനികുതി ഉദ്യോഗസ്ഥൻ എന്നനിലയിൽ മി: റാബിൻസന് എതിർവാദംകേൾക്കാൻ അധികാരം നിരീക്ഷിയിട്ടുണ്ടോ എന്നാണു എന്റെചോദ്യം. ആളായനികുതി റഗുലേഷനേറ പ്രായോഗികമായിത്തിയിട്ടു ഉരുപ്പെടുന്ന സകലകാര്യങ്ങൾക്കും വേണ്ട വ്യവസ്ഥകൾ അതിൽതന്നെ അടങ്ങിയിട്ടുണ്ട്. യഥാർത്ഥത്തിൽ അദ്ദേഹം ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനാണെന്നുവരുകിൽ ആ ഉദ്യോഗത്തെക്കുന്നതിനുണ്ട് എന്നാണു എനിക്കു പറവാനുള്ളതു. എന്തെന്നാൽ നികുതിയായകുടിശ്ശേക പക്കൽനിന്നും ഈടാക്കുവാനുള്ള പണം ഈടാക്കുന്നവിഷയത്തിൽ ആളായനികുതിറഗുലേഷൻപ്രകാരം നിയമിക്കപ്പെട്ട മി: റാബിൻസണ്ണിനെപ്പോലെ ഉള്ള ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ സഹായം കൂടാതെ ഗവർണ്മെന്റിനു യോഗ്യമായ നീതിന്യായക്കോടതിമുഖാന്തിരം അക്കാര്യം സാധിക്കാൻമാത്രമല്ലാ. റവന്യൂ പിരിക്കുന്നവിഷയത്തിൽ ഗവർണ്മെന്റിനെ സഹായിക്കാനായിട്ട നമുക്ക ധാരാളം നീതിന്യായകോടതികളും ഉണ്ടല്ലൊ. അതുകൊണ്ടു മി: റാബിൻസണ്ണിനെപ്പോലെയുള്ള ഒരു പ്രത്യേക ജുഡിഷ്യൽ ഉദ്യോഗസ്ഥന്റെ ആവശ്യമില്ല. മി: റാബിൻസൺ ഒരു റവന്യൂഉദ്യോഗസ്ഥനല്ലെന്നു പറയുന്നതു കേവലം അബദ്ധമാണ്.

ഇനി ആളായനികുതി റഗുലേഷന്റെ നിബന്ധനകളെപ്പറ്റി ആലോചിക്കാം. സിവിൽകോടതിയിലെ ഒരു ജഡ്ജിയും ക്രിമിനൽകോടതിയിലെ ഒരു മജിസ്ട്രേട്ടും ജുഡിഷ്യൽ ഉദ്യോഗസ്ഥനാണെന്നു പറയുന്ന അത്തത്തിൽ മി: റാബിൻസണും ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനാണെന്നുവരുകിൽ സിവിൽനടപടിനിയമം ക്രിമിനൽ നടപടിനിയമം എന്നീ നിയമങ്ങളിൽ ഉള്ള നിബന്ധനകളും ആളായനികുതിറഗുലേഷനിലും കാണുമായിരുന്നു. ഇതിനു ഒരു ഉദാഹരണം പറയാം. സിവിൽനടപടിനിയമത്തിലെയൊ ക്രിമിനൽ നടപടിനിയമത്തിലേയൊ നിബന്ധനപ്രകാരം ഒരു കക്ഷിയുടെ അപ്പീൽ കേൾക്കുമ്പോൾ മറുകക്ഷിയുടെ വാദം കേൾക്കുക എന്നുള്ളതു ജഡ്ജിയുടെ ഇഷ്ടത്തിനു വിട്ടുകൊടുക്കുകയല്ല ചെയ്തിട്ടുള്ളതു. അങ്ങിനെയുള്ള കേസുകളിലെല്ലാം രണ്ടുഭാഗവും കേൾക്കുന്നതിനു അദ്ദേഹം നിർബന്ധിതനാണ്. ഇങ്ങിനെ ഒരു നിർബന്ധം ആളായനികുതിറഗുലേഷനിൽ ഉണ്ടോ? അതിൽ അങ്ങിനെ പറഞ്ഞിട്ടില്ല. കൂടാതെ അദ്ദേഹം കൊക്കോടതി ജഡ്ജിയെപ്പോലെ ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനാണെങ്കിൽ ഹൈക്കോടതി ജഡ്ജിയുടേതുപോലെയുള്ള അധികാരം തനിക്കുണ്ടെന്നു വിചാരിക്കുന്നുണ്ടെങ്കിൽ തോറനകക്ഷി ജയിച്ചുകക്ഷിക്കു കോടതിച്ചിലവു കൊടുക്കണം എന്ന ഒരു നിബന്ധന ആളായനികുതി റഗുലേഷനിൽ ഉൾപ്പെടുത്താത്തതെന്തുകൊണ്ടാണ്? ഒരു നികുതിപിരിയകന്റെ അപ്പീലിന്മേൽ ഗവർണ്മെന്റിനു പ്രതികൂലമായ ഒരു വിധി ഉണ്ടാക്കുകയാണെങ്കിൽ ഗവർണ്മെന്റു വാദിയായ നികുതിപിരിയകനു കോടതിച്ചിലവു കൊടുക്കേണ്ടതാണോ? അവർ അങ്ങിനെ ചെയ്യുന്നില്ല. തോറനകക്ഷി അപ്പീൽ തള്ളിപ്പോവുകയാണെങ്കിൽ കോടതിച്ചിലവു കൊടുക്കാനുള്ള അധികാരവും അദ്ദേഹത്തിനു നിർഭാഗ്യവശാൽ ഇല്ല. താൻ ഒരു ജുഡിഷ്യൽ ഉദ്യോഗ

സ്ഥനാണെന്നും അവ്യക്തമായ ഏതോ ഒരു നിബന്ധനപ്രകാരം തനിക്കു എതിർഭാഗം—അതു എല്ലായ്പ്പോഴും ഗവർണ്മെന്റു ആണെന്നതാണം—കേസുകൊടുക്കാനുള്ള അധികാരം തനിക്കുണ്ടെന്നും ആണ് മി. റാബ്വിൻസൺ പറയുന്നത്. എതിർകക്ഷിയായ ഗവണ്മെന്റിന്റെ ചിലവു കേസുകഴിഞ്ഞാൽ നിയമിക്കപ്പെടുന്ന സങ്കാർവക്കീലന്മാർക്ക് കൊടുക്കണമോ പ്രതിഫലം കൊടുക്കണം എന്നാണ് മിസ്റ്റർ റാബിൻസൺ പറയുന്നത്. എല്ലായിടത്തും ഗവർണ്മെന്റിനു ചിലവുകൊടുക്കേണ്ടതു, എന്നാണു ഇവിടെ ഭരണരീതിയല്ല. അദ്ദേഹം പറയുന്നതു നിർപ്രയോജികളായ തിരുവിതാംകൂറിലെ പൊതുജനങ്ങളാണ് ആ ചിലവു സഹിക്കേണ്ടതെന്നാണ്. ഇതു ആക്ഷേപാർഹമായ ഒരു കുറ്റമാണെന്നാണ് എന്റെ അഭിപ്രായം. അപ്പീൽ ബോധിപ്പിച്ചാൽ ഉടനെ നോട്ടീസ്സു കൊടുക്കണം എന്ന റഗുലേഷനിൽ പറഞ്ഞിട്ടില്ല. നാലുകൊല്ലം കേസ്സിലും എതിർഭാഗം കേസുകൊണ്ടതെന്നു അദ്ദേഹമറിഞ്ഞതെ സമ്മതിക്കുന്നുമുണ്ടായി. അദ്ദേഹം ഒരു ജൂഡിഷ്യൽ ഉദ്യോഗസ്ഥനാണെങ്കിൽ, എതിർഭാഗം കേസുകൊണ്ടതെന്നു പ്രത്യക്ഷമായോ പരോക്ഷമായോ ഏതുകൊണ്ടും സംബന്ധനകളാൽ അദ്ദേഹം നിർബന്ധിതനാണെങ്കിൽ എതിർഭാഗം വാദംകേൾക്കാതെ അദ്ദേഹം എങ്ങനെയാണ് അപ്പീൽകേസുകളിൽ മിക്കതും തീരുമാനിക്കുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം. ചുരുക്കിപ്പറയുകയാണെങ്കിൽ കാര്യം ഇതാണ്. എതിർഭാഗം കേസുകൊണ്ടതോ കേസുകൊണ്ടതിരിക്കാനോ ഉള്ള അധികാരം അദ്ദേഹത്തിനുണ്ട്. എതിർഭാഗം വാദം കേൾക്കണമോ വേണ്ടയോ എന്ന തീരുമാനിക്കേണ്ട ബാധ്യത്തിൽ ഒരു ജൂഡിഷ്യൽ ഉദ്യോഗസ്ഥനു സ്വാതന്ത്ര്യമില്ല. സംശയം വരുമ്പോൾ സങ്കാർവക്കീലിന്റെ സഹായം വേണമെന്നാണ് മിസ്റ്റർ റാബിൻസൺ പറയുന്നത്. അദ്ദേഹത്തിന്റെ മുമ്പാകെ വരുന്ന കേസുകളിൽ നിയമസംബന്ധമായോ നടപടിസംബന്ധമായോ സംശയംവരുന്ന അവസരത്തിൽ അദ്ദേഹം ആ സംശയം നീക്കുക എന്ന ഒരു കാര്യംമാത്രമേ യഥാർത്ഥത്തിൽ ഇതിൽ അന്തർഭവിച്ചിട്ടുള്ളു. ഇതിന് ന്യായാധിപന്മാരുടെ സഹായം ആവശ്യപ്പെടുന്നവകക്ഷികൾക്കു സാധുക്കളായ പൊതുജനങ്ങൾക്കും ചിലവു സഹിക്കണമെന്നു പറയുന്നതു തീരെ നിഷ്കരുണമായിപ്പോയി എന്നുള്ളതുകൊണ്ടല്ല. ഒരു കേസ്സിനെ സംബന്ധിച്ചു സംശയങ്ങളുള്ളപ്പോൾ മിസ്റ്റർ റാബിൻസൺ ആരുടെഅഭിപ്രായം എന്നുള്ളതുകൂടി ഉദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിക്കുന്ന നിയമത്തെപ്പറ്റിയും അദ്ദേഹം അറിഞ്ഞിരിക്കണം. നിയമസമിതിയിൽനിന്ന് ഇക്കാര്യത്തിൽ ഏതെങ്കിലും നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതും. അതിൽ ഏതെങ്കിലും നിബന്ധനയെപ്പറ്റി ഏതു് ആളായാലും ഉദ്യോഗസ്ഥനെ സംശയം ജനിക്കുന്നുവോ അദ്ദേഹത്തിനു അതിനെ മഹാക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കാനുള്ള സ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ട്. ആ സ്വാതന്ത്ര്യം പ്രയോഗിക്കുന്നതിന് അദ്ദേഹം തയാറില്ല. സങ്കാർവക്കീലിന്റെ വാദം കേട്ടശേഷം ഞങ്ങൾക്കു പിന്നെ ആ കാര്യത്തിന്റെ അവസാനത്തിനു ചെയ്യാമെന്നാണ് അദ്ദേഹം വിചാരിക്കുന്നതു്. ഏതുവിധമായ കഷ്ടപ്പാടുകൾക്കും പരിഹാരമാർഗ്ഗം വരുത്തുവാനുള്ള ഒരു ശക്തി സങ്കാർവക്കീലന്മാരുടെ ന്യായാധിപത്തിനുള്ളതായി സാധാരണക്കാരുവരാറുണ്ട് (ചിരി). അതു ഏറെക്കുറെ നല്ലതാണെന്നാണും. ഇങ്ങനെ ആളായനികുതിഉദ്യോഗസ്ഥൻ എന്ന നിലയിൽ മിസ്റ്റർ റാബിൻസന്റെ പരിജ്ഞാനത്തിനുള്ള ഒരു അപൂർണ്ണതയെ അവർ പരിഹരിക്കുന്നു. അതിനുള്ള ചിലവു സഹിക്കേണ്ടതു പൊതുജനങ്ങളാണെങ്കിലോ! മറ്റൊരാളുടെ സഹായമുള്ളപ്പോൾ മിസ്റ്റർ റാബിൻസണ് ആളായനികുതിഉദ്യോഗത്തിൽനിന്നുപോലും അപ്പീൽകേസുകൾ തീരുമാനിക്കുന്നതിനു പ്രാപ്തിയില്ലെങ്കിൽ മിസ്റ്റർ റാബിൻസന്റെ അക്കാര്യത്തിൽ സഹായിക്കാൻവേണ്ട ചിലവു പൊതുജനങ്ങൾ സഹിക്കണം എന്നു പറയുന്നതിൽനിന്നും ആ അപ്പീൽകേസുകൾ തീരുമാനിക്കുന്നതിനു ഇത്രമാത്രം നിർദ്ദേശിക്കുന്നതാണ്. ആളായനികുതിഉദ്യോഗസ്ഥൻ എന്ന നിലയിൽ മിസ്റ്റർ റാബിൻസന്റെ ജോലിയെപ്പറ്റി കൂടുതൽ പറയണമെന്നു എനിക്കു ഉദ്ദേശമില്ല. അദ്ദേഹം ശേഷിമനായ ഒരു ഉദ്യോഗസ്ഥനാണെന്നുള്ള കാര്യത്തിൽ എനിക്കു അഭിപ്രായവ്യത്യാസമില്ല. വിശിഷ്യ അദ്ദേഹത്തിന്റെ മനോവിശാലത അഭിനന്ദനീയമാണ്. എങ്കിലും ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള ഈ തുക അനുവദിക്കുന്നതിനു നിവൃത്തിയില്ല. അതു ന്യായേതരവും അനാവശ്യവും ആയ ഒരു ചിലവാണ്. അതുകൊണ്ടു മിസ്റ്റർ ജി. പരമേശ്വരൻപിള്ളയുടെ ഉപക്ഷേപകത്തെ ഞാൻ ഹാർദ്ദമായി പിന്താങ്ങുന്നു

മി. എ. ഇഗ്നേഷ്യസ് (ഗവണ്മെന്റു നിയമിച്ചുമെമ്പർ): തനിക്കു സ്വാഭാവികമായിട്ടുള്ള സ്പഷ്ടരീതിയിൽ മിസ്റ്റർ ജി. പരമേശ്വരൻപിള്ളയും അതിനെ തുടർന്ന് മിസ്റ്റർ നാരായണപിള്ളയും ഈ വിഷയത്തെപ്പറ്റി പറയേണ്ടതെല്ലാം ചുരുക്കത്തിൽ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. മിസ്റ്റർ റാബിൻസൺ നമ്മുടെ അതിസമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരിൽ ഒരാളാണ് എന്നുള്ള മറ്റു മെമ്പറന്മാരുടെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. അദ്ദേഹം തിരുവിതാംകൂർ ഉദ്യോഗമണ്ഡലത്തിന് ഒരു അലങ്കാരമാകുന്നതുകൂടിപ്പറയാം. ഇതൊക്കെയായിരുന്നുകിലും, അദ്ദേഹത്തിനു സംശയം വരുമ്പോഴെല്ലാം ആളായനികുതിഗൂഢാലോചനയെ വ്യാഖ്യാനിച്ചു മനസ്സിലാക്കിക്കൊടുക്കാനായി ഒരു സങ്കാർവക്കീൽ തന്റെ ഇടതുവശത്തോ വലതുവശത്തോ ഇരിക്കണം എന്ന ഒരു ആക്ഷേപം ജനകക്ഷിയുടെ ഇടയിൽ കടന്നുകൂടിയിട്ടുണ്ട്. ഇതു മിസ്റ്റർ റാബിൻസണിന്റെയും അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിന്റെയും സൂക്ഷ്മതയുടെ ഹാനികരമാണ്. ബുദ്ധിമാനായ ഒരു തഹശീൽദാരുടേയും ഉയർന്ന ശമ്പളത്തിൽ ഇരിക്കുന്ന ഒരു പേഷ്കാരുടേയും ക്ലേശകരമായ പരിശോധനയ്ക്കുശേഷമാണ് കേസുകൾ ആളായനികുതിഉദ്യോഗസ്ഥന്റെ തീരുമാനത്തിനായി വരുന്നതു്. രണ്ടു ഭാഗക്കാരുടേയും വാദവും കേസ്സിനെസംബന്ധിച്ചു മറ്റു രിക്കാർട്ടുകളും മുഴുവൻ തന്റെ മുമ്പിൽ ഹാജരാക്കുന്ന സ്ഥിതിക്ക് അതിൽനിന്നു ആ കേസ്സ് തീരുമാനിക്കുവാൻ അദ്ദേഹത്തിനു വകിവിശേഷം ഉണ്ടാകാൻ പാടില്ല. വാദിഭാഗത്തെക്കു മിക്കവാറും ഒരു വക്കീലിനെ നിശ്ചയിക്കാറുണ്ട്. മിസ്റ്റർ ജി. പരമേശ്വരൻപിള്ളയും, മിസ്റ്റർ നാരായണപിള്ളയും പറഞ്ഞതുപോലെ അദ്ദേഹത്തിനു എന്തെങ്കിലും സംശയം നേരിട്ടാൽ അതു തീർക്കുന്നതിനു അടുത്തുതന്നെ ഹെഡ്സങ്കാർവക്കീലും ഹൈക്കോടതിയും ഉണ്ട്.

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ജനർറവന്യൂവും ആളായനികുതിയും കമ്മിഷണർ): ഹെഡ്സങ്കാർവക്കീൽ പ്രതിഫലംകൂടാതെ കേസ്സിനെപ്പറ്റി പറഞ്ഞതുതന്നെയാണെങ്കിൽ മെമ്പറിനു വിരോധമുണ്ടോ?

മി. എ. ഇഗ്നേഷ്യസ് (ഗവണ്മെന്റു നിയമിച്ചുമെമ്പർ): ഹെഡ്സങ്കാർവക്കീൽ പ്രതിഫലം ഒന്നും ആവശ്യപ്പെടാതെ അങ്ങനെ ചെയ്യുകയാണെങ്കിൽ എനിക്കു ഒരു വിരോധവുമില്ല. (ചിരി) താൻ ഒരു ജൂഡിഷ്യൽ ഉദ്യോഗസ്ഥനാണെന്നുള്ള മിസ്റ്റർ റാബിൻസണ്ണിന്റെ വിചാരമാണ് ഇതിനൊക്കെ കാരണം. ഈ ചിലവിനുള്ള ഈ പ്രാപ്തകത്തെ ഈ അപേക്ഷ അസ്ഥാനത്തിലാണ്. അദ്ദേഹത്തിന്റെ അപേക്ഷയെ ഞങ്ങൾ നിഷേധിക്കുന്നതി

ന മുസായിത്തന്നെ വടക്കൻതിരുവിതാംകൂറിലെ സാധുജനങ്ങളോട് അനുകമ്പതോന്നിയിട്ടെങ്കിലും മിസ്റ്റർ റാബിൻസൺ അദ്ദേഹത്തിന്റെ അപേക്ഷയെ പിൻവലിക്കും എന്നാണ് ഞാൻ ഉദ്ദേശിച്ചതു്.

മി. ജാൺഹിധിയ്തി (ചങ്ങനാശ്ശേരിയും മീനച്ചിലും): എന്റെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള നമപ്പിച്ച ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. ഇതിനുമുമ്പിൽ സംസാരിച്ചവർ പറഞ്ഞതിൽ കൂട്ടതലായിട്ട് എനിക്കു ഒരു കാര്യമേ പറവാനുള്ളു. നമുക്കു ഇപ്പോഴുംതന്നെ ആവശ്യത്തിൽ കൂടുതലായിട്ട സക്കുർവക്കീലന്മാരുണ്ടെന്നും ഹൈഡ്സക്കാർവക്കീലിനെ മതിയായ ജോലി ഇല്ലെന്നും ഒരു പരാതി പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടു്. ഇതിനുംപുറമെ പ്രധാനപ്പെട്ടകേസുകളിൽ നടത്തേണ്ടിവരുമ്പോൾ സക്കാർഭാഗം വളരെ നടത്തുന്നതിനു പ്രത്യേകം വക്കീലന്മാരെ നിയമിക്കുന്നു എന്നും ഒരു ആക്ഷേപം ഉണ്ടു്. ഇതെല്ലാംകൊണ്ടോ പൊതുജനങ്ങൾ ഇതിനെ പ്രതീക്ഷിക്കുന്നു. സംഗതികൾ ഈവിധത്തിൽ ഇരിക്കെ ഇപ്രമേയമായി ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഇങ്ങനെ ഒരു ഇനം ഉൾപ്പെടുത്തിയിരിക്കുന്നതു കഷ്ടമാണ്. മുമ്പിൽ സംസാരിച്ചവർ പറഞ്ഞതിനെ പിന്താങ്ങുകമാത്രമേ ഞാൻ ചെയ്യുന്നുള്ളു. ഈ വകയ്ക്കുള്ള കിഴിവിന്റെ ഇനം ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതു പടിപടിയല്ലെന്നതന്നെയാണ് എന്റെ അഭിപ്രായം.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ആദായനികുതിസംബന്ധമായ കേസുകൾ നടത്തുന്നവക്കു സക്കാർവക്കീലന്മാർക്കു കൊടുക്കുന്നതിനായി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക കുറയ്ക്കണം എന്നുള്ള മിസ്റ്റർ ജി. പരമേശ്വരൻപിള്ളയുടെ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. താൻ ഒരു ജൂഡിഷ്യൽ ഉദ്യോഗസ്ഥനാണെന്നുള്ള ബോധത്തോടുകൂടിയാണ് മിസ്റ്റർ റാബിൻസൺ ഈ അപ്പീൽകേസുകൾ വിചാരണചെയ്യുന്നതെന്നു കാണുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ടു്. ഇനിമേലും ഈ സംഗതിയിൽ അദ്ദേഹം ഈ മനോഭാവത്തോടുകൂടിത്തന്നെ പ്രവർത്തിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. തന്റെ അധികാരസീമയിൽ പെട്ടിടത്തോളം അദായനികുതികേസുകൾ തന്റെ പ്രാപ്തിക്കനുസരണമായി കുറ്റിഷ്ണർതന്നെ വിസ്തരിക്കണമെന്നുള്ളതു അദായനികുതിറഗുലേഷനിൽ നിർദ്ദേശിച്ചിരിക്കുന്നുണ്ടു്. എന്നാൽ നികുതിദായകർക്ക് നമ്മുടെ നാട്ടിലെ പൂറവും ഉയർന്ന ന്യായാസനത്തിൽനിന്നും ഉണ്ടാകുന്ന തീരുമാനം ലഭിക്കുക എന്ന ഗുണം സിദ്ധിക്കുന്നതുകൊണ്ടു നിയമസംബന്ധമായ എന്തെങ്കിലും സംശയം തോന്നിടത്തോളം കമ്മിഷണർ അതിനെ ഹൈക്കോടതിയുടെ തീർപ്പുകല്പിക്കണം. അതുകൊണ്ടു് ആദായനികുതികമ്മീഷണരുടെ മുമ്പിൽ സക്കാർഭാഗം വാദിക്കുന്നതിനു വക്കീലന്മാരെ നിയമിക്കുന്നതു് തീർച്ചയായും തെറ്റാണു്. എന്നതന്നെയല്ല, ആദായനികുതികമ്മീഷണരുടെ മുമ്പാകെ സക്കാർഭാഗം വാദം നടത്തുന്നതിനു പ്രത്യേകം ആളെ ഗവണ്മെന്റിൽനിന്നും നിയമിക്കണം എന്നിരുന്നാൽത്തന്നെയും നിലവിലിരുന്നുള്ള ധാരാളം സക്കാർവക്കീലന്മാർ ഉള്ളപ്പോൾ പ്രത്യേകം നിയമിക്കുന്ന ആൾക്കു പണംകൊടുക്കുന്നതു ഒരു പാഴ്ചിലവാണു്. കഴിഞ്ഞകൊല്ലത്തിൽ ഈവിഷയം വാദപ്രതിവാദത്തിനെടുത്തപ്പോൾ നമ്മുടെ മാന്യസ്നേഹിതനായ ലാ മെമ്പർ കുറെ ദീർഘമായ ഒരു പ്രസംഗം ചെയ്തതുകേട്ടു. ഗവണ്മെന്റും സക്കാർവക്കീലന്മാരും തമ്മിലുള്ള ഉടമ്പടിയിൽ ഈ കാര്യം ഉൾപ്പെടുത്തിട്ടില്ലെന്നാണ് അദ്ദേഹം അന്നു പറഞ്ഞതു്. ഈ സംഗതിയെ സംബന്ധിച്ചു് രേഖാമൂലമായ എന്തെങ്കിലും ഉടമ്പടി ഉണ്ടോ, എന്നു് ഞാൻ ആ അവസരത്തിൽ അദ്ദേഹത്തോടു ചോദിച്ചു. ഇങ്ങനെ ഒരു ധാരണ ഇരുകൂട്ടർക്കും ഉണ്ടെന്നാണ് അദ്ദേഹം അന്നുപറഞ്ഞതു്. അപ്രകാരം നിയമനത്തെ സംബന്ധിച്ചു നിശ്ചിതമായ എന്തെങ്കിലും നിബന്ധനകൾ ഉണ്ടായിട്ടുണ്ടോ എന്നു ഞാൻ വീണ്ടും ചോദിച്ചു. ഇതിനു തൃപ്തികരമായ ഒരു മറുപടി പറയാൻ അദ്ദേഹത്തിനു സാധിച്ചില്ല. കാര്യങ്ങളുടെ യഥാർത്ഥസ്ഥിതി ഇങ്ങനെയാണു്. ആദായനികുതിറഗുലേഷൻ ഒരു പുതിയ റഗുലേഷനാണു്. എന്നാൽ ഇപ്പോൾ ഉള്ള സക്കാർവക്കീലന്മാരിൽ മിക്കവരും ഈ റഗുലേഷൻ നടപ്പിൽ വരുന്നതിനുമുമ്പിൽ നിയമിക്കപ്പെട്ടവരാണു്. അതിനാൽ ഇതു് അവരിൽ ചുമത്തിയിട്ടുള്ള ഒരു പുതിയ ജോലിയായിട്ടു് അവർ വിചാരിച്ചിരിക്കാം. അങ്ങനെയാണെങ്കിൽ മറെറ ഉദ്യോഗസ്ഥന്മാരുടെ കാര്യം എടുത്തുനോക്കാം. നടപ്പിലിരിക്കുന്ന റഗുലേഷനിൽ പലതും പാസ്സാക്കുന്നതിനുമുമ്പാണ് ഇപ്പോൾ സബീസിലിരിക്കുന്ന ജില്ലാജഡ്ജിമാരും മുൻസിഫന്മാരും യഥാസ്ഥാനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളതു്. ഉദാഹരണമായി പറയുകയാണെങ്കിൽ "ഇൻസാൾവൻസി" റഗുലേഷനും സക്സഷൻ സർട്ടിഫിക്കേററ് റഗുലേഷനും അതുപോലെതന്നെ നിയമസഭയിൽ പാസ്സാക്കിയിട്ടുള്ള മറെറപലേ റഗുലേഷനും ജില്ലാജഡ്ജിമാരുടെജോലിയെ ധാരാളമായി വർദ്ധിപ്പിച്ചിട്ടുണ്ടു്. ഈ കാരണംപറഞ്ഞു ജൂഡിഷ്യൽ ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിനോടു് ഇങ്ങനെ പറകയാണെങ്കിൽ അതു സുസൂചകമാകുമോ? ഞങ്ങളെ നിയമിച്ചസമയം ഏതെല്ലാംറഗുലേഷൻ നടപ്പിലിരുന്നുവോ അവയെമാത്രമേ ജോലിമാത്രംചെയ്യാൻ മതിയെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. എന്നാൽ അതിനുശേഷം ഉണ്ടായിട്ടുള്ള ഇൻസാൾവൻസിസഗുലേഷൻ, സക്സഷൻ സർട്ടിഫിക്കേററ്റഗുലേഷൻ, മറെറ നിയമങ്ങൾ ഇവയൊക്കെ ഞങ്ങളിൽ കൂട്ടതൽജോലി ചുമത്തപ്പെട്ടതു എന്നു് ഞങ്ങൾ അറിഞ്ഞിരുന്നില്ല. അതുകൊണ്ടു് ഞങ്ങൾക്കു ഈജോലിക്കു പ്രത്യേകം പ്രതിഫലംകിട്ടണം. സക്കാർവക്കീലന്മാരുടെ അപേക്ഷയ്ക്കടിസ്ഥാനമായിട്ടുള്ള യുക്തിവാദം ഇതാണു്. ഇതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു് ഏതുദ്യോഗസ്ഥൻ കൂടുതൽജോലി ചെയ്യുന്നുവൊ അതുദ്യോഗസ്ഥനു കൂടുതൽശമ്പളം കൊടുക്കണമെന്നുള്ള ന്യായമാണു്. അങ്ങനെയാണെങ്കിൽ സക്കാർ വക്കീലന്മാരെ സംബന്ധിച്ചുമാത്രമല്ല സക്കാരിനെ സേവിക്കുന്ന എല്ലാ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലും ഈ തത്വം അംഗീകരിക്കേണ്ടതാണു്. ഇക്കാര്യത്തിൽ ഈ വാദം സാധുവാകുമെങ്കിൽ മറെറല്ലാവരുടെകാര്യത്തിലും ഇതു എങ്ങനെകാണാണ്? സിവിൽകാര്യങ്ങളുകാത്തതന്നെയും പുതിയ നിയമങ്ങളുടെ ആവിർഭാവത്തോടുകൂടി ജൂഡിഷ്യൽ ഉദ്യോഗസ്ഥന്മാർക്കു വർദ്ധിച്ചുവരുന്ന ജോലിഭാരത്തിനുപുറമെ കൂടുതൽ പ്രതിഫലംകൊടുക്കാൻ പാടില്ലാത്തതെന്തുകൊണ്ടാണെന്നും എനിക്കു മനസ്സിലാകുന്നില്ല. ഇതു് തെറെറയായ ഒരു നയമാണെന്നും നമ്മുടെനാട്ടിൽ ഇതു് അംഗീകൃതമല്ലെന്നുമാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. കഴിഞ്ഞ നിയമസഭായോഗത്തിലെ സക്കാർവക്കീലന്മാരുടെ നിയമനത്തെ സംബന്ധിച്ചു നിബന്ധനകളേയും വ്യവസ്ഥകളേയും മറെറംപറ്റി മിസ്റ്റർ സുബ്ബയ്യർ പ്രതിപാദിയ്ക്കുകയുണ്ടായി. സൂക്ഷ്മമായ ഒരു അഭിപ്രായം രൂപീകരിക്കാൻ നിവൃത്തിയില്ലാത്തവിധത്തിൽ ആ വ്യവസ്ഥകൾ അത്രയ്ക്കു അസ്പഷ്ടമായിരുന്നു. ജില്ലാജഡ്ജിമാരുടേയും മുൻസിഫന്മാരുടേയും നിയമനനിബന്ധനകളിൽനിന്നും സക്കാർവക്കീലന്മാരുടെ നിയമനനിബന്ധനകൾ ഏതുതരത്തിലാണ് വ്യത്യസ്തമായിരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. സക്കാർവക്കീലന്മാരുകൊട്ടെ, അവർക്കുനിശ്ചയിച്ചിട്ടുള്ള ജോലിക്കപ്പു

ാണെ ഒപ്പോവറുകേസുകൾ പിടിക്കാം. ആവകകേസുകൾ നടത്തുന്നതിന് സമയം ഉണ്ടാകുന്നവർക്ക് അവരുടെ നിത്യത്തൊഴിൽ കൂടിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നതല്ലെന്നുമല്ല, സക്കാർവക്കീലന്മാർ നല്ലശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാരാണ്. അവർക്ക് വെക്കേഷൻകാലത്തു ശമ്പളവും ഉദ്യോഗത്തിൽനിന്നും പിരിയുന്ന അവസരത്തിൽ പെൻഷനും കൊടുക്കുന്നുണ്ട്. ഇങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരുടെ ന്യായപ്രകാരമുള്ള ജോലിചെയ്യുന്നതിനു കൂടുതൽ പ്രതിഫലം കൊടുക്കണം എന്നു പറയുന്നതിനുള്ള യുക്തി എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല.

മി. തരിയൂ കുഞ്ഞിക്കണ്ണൻനമ്പ്യാർ (മൂവാറ്റുപുഴ): ഞാൻ വക്കീൽഫീസ് അനുവദിക്കാൻ പാടില്ല എന്നു പ്രത്യേകത്തു പറഞ്ഞിട്ടുണ്ടോ? സക്കാർവക്കീലന്മാരുടെ ഇടയിൽ ധാരാളം പഴക്കവും തഴക്കവും ഉള്ളവരുടെ സംഖ്യ കുറച്ചൊന്നുമല്ല. നല്ല ശമ്പളമുള്ള അവർക്കുവേണ്ടി ചിലവിടുന്നുണ്ട്. ഇപ്പോഴത്തെ അവർക്കുവേണ്ടിടത്തോളം ജോലിയില്ല. ശമ്പളത്തിനൊ എണ്ണത്തിനൊ അനുരൂപമായ ജോലി അവർക്കില്ലാഎന്നുള്ളതു നിമിത്തമായ ഒരസംഗതിയാണ്. ഓരോദിവസത്തേക്കെന്നിലും അധികച്ചിലവു കുറയ്ക്കണംഎന്ന് ഞാൻ ബഹുമാനപ്പെട്ട ധനാപൊതുപരിൽ വിമർശിച്ചുണ്ടായിരുന്നുവല്ലോ. സക്കാർവക്കീലന്മാരെക്കൊണ്ടുതന്നെ ഈ ആളായ ജോലിയെടുപ്പിക്കുന്നതിനുവേണ്ടി ഏതു ന്യായമുള്ള സഹായങ്ങളും ചെയ്യാൻ ഒരുക്കമുണ്ട്. അവർ നേരിട്ടു കേസുകൾ നടത്തുകയൊ അവരുടെ ഉപദേശത്തെ സ്വീകരിച്ചു ആളായനിക്കുതിവക്കപ്പിലെ ഉദ്യോഗസ്ഥന്മാർ നടത്തുകയൊചെയ്യുന്നതിൽ മതി. പ്രത്യേകിച്ചു അതിലേക്കു വക്കീൽഫീസായി യാതൊരുസംഖ്യയും നീക്കിവയ്ക്കുണ്ടെ ആവശ്യം ഇല്ല.

മി. എസ്സ്. സി എച്ച്. റാബിൻസൺ (ലാൻറവന്യൂവും ആളായനികുതിയും കമ്മീഷണർ:) സർ, ഈ വിഷയത്തെപ്പറ്റി സീവിസ്സും കഴിഞ്ഞനിയമസഭായോഗത്തിൽ ശ്രദ്ധപതിവാറം നടത്തുകയും ഗവണ്മെൻറിന്റെഭാഗം വാദിക്കുന്നതിനു മതിയായിടത്തെ നിയമിക്കേണ്ടതാണെന്നുള്ള തത്വം ഭൂരിപക്ഷംമെമ്പറന്മാരും അംഗീകരിക്കുകയും ചെയ്തു. അതുകൊണ്ട് അവർ കഴിഞ്ഞയോഗത്തിൽ അംഗീകരിച്ചിട്ടുള്ള ആ തത്വം അനുസരിച്ചുതന്നെ ഇപ്പോഴും പ്രവർത്തിക്കണം എന്ന ഞാൻ അപേക്ഷിക്കുന്നു. കഴപ്പമുള്ളതും പ്രയാസമുള്ളതും പ്രാധാന്യമുള്ളതുമായ കേസുകളിൽ സക്കാരിനുവേണ്ടി വശത്തേക്കു വക്കീലന്മാരെ നിയമിക്കേണ്ടതാവശ്യമാണെന്നുള്ള തത്വം സയോഗം അംഗീകരിയ്ക്കുകയുണ്ടായി.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര) ബ്രിട്ടീഷിന്ത്യയിൽ ഇക്കാര്യത്തിൽ എന്തുനയമാണ് അനുവർത്തിക്കുന്നതെന്നു മി. റാബിൻസൺ പറയുമോ?

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും ആളായനികുതിയും കമ്മീഷണർ): ഇംഗ്ലണ്ടിലെന്നല്ല ഇൻഡ്യയിൽതന്നെയും പലകേസുകളിലും സക്കാർഭാഗത്തേക്കു വക്കീലന്മാരെ നിയമിക്കുന്നുണ്ട് മദ്രാസുസർക്കാരിലും ഈ നയംതന്നെ സ്വീകരിച്ചിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ബ്രിട്ടീഷ് ഇൻഡ്യയിൽ വക്കീലന്മാർ ഹാജരാകേണ്ടുന്നകേസുകളുടെമുമ്പാകെയാണ്, ആളായനികുതികമ്മീഷണരുടേയൊ അഥവാ മൈക്കോടതിയുടേയൊ?

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും ആളായനികുതിയും കമ്മീഷണർ): ഇതിനു പെട്ടെന്നുള്ള ഒരുത്തരംപറയാൻ എനിക്കു സാധിക്കുമില്ല. എനിക്കു കുറച്ചുസമയംതരണം സക്കാർഭാഗംവാദിക്കാൻ വക്കീൽവേണം എന്നുള്ളതത്വം അംഗീകരിച്ചുകഴിഞ്ഞു. നവണ്മെൻറിന്റെ ആവശ്യംപ്രമാണിച്ചു സക്കാർവക്കീൽ ആളായനികുതികമ്മീഷണരുടെ മുമ്പാകെ ഹാജരാകുന്നതിനു പ്രത്യേകം പ്രതിഫലം ചോദിക്കരുതെന്നു മാത്രമേ സർക്കാരിനുവേണ്ടി നിർബന്ധമുള്ളു എന്നു തോന്നുന്നു.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): സക്കാർഭാഗത്തിലേക്കു സക്കാർവക്കീലിനെമാത്രമേ നിയമിക്കാവൂഎന്നുണ്ടൊ?

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും ആളായനികുതിയും കമ്മീഷണർ) അതേ ഹത്തിന്റെചോല്യം എനിക്കുമനസ്സിലാകുന്നില്ല

പ്രസിഡണ്ട്: ഈ കേസുകൾ നടത്തുന്നതിനു നിങ്ങൾ സക്കാർവക്കീലന്മാരെമാത്രമേ നിയമിക്കയുള്ളൂ എന്നാണ് അദ്ദേഹംചോദിക്കുന്നതു.

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും ആളായനികുതിയും കമ്മീഷണർ): ആകാര്യം ഞാൻ ഇതുവരെചിന്തിച്ചിട്ടില്ല. പ്രധാനപ്പെട്ടതും കഴപ്പമുള്ളതുമായ കേസുകൾക്ക് സക്കാർഭാഗത്തേക്കു വക്കീലന്മാരെ നിയമിക്കണമെന്നുള്ള തത്വം അംഗീകരിച്ചുകഴിഞ്ഞു. ആളായനികുതികമ്മീഷണരുടെ മുമ്പാകെ നമ്മുടെ ഇപ്പോഴത്തെ സക്കാർവക്കീലന്മാർ ഹാജരാകുന്നതിന് അവർക്കു പ്രത്യേകം പ്രതിഫലം കൊടുക്കണമെന്നുള്ള നിയമത്തിലേയ്ക്കു സമ്മതമുള്ളഎന്നു തോന്നുന്നു. ഈ കാര്യം ഇതിനുമുമ്പിലത്തെ—

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ഈ ജോലിയുംകൂടി പ്രത്യേകം ഫീസുകൊടുക്കാതെ അവരെക്കൊണ്ടുനടത്തിക്കണം എന്നാണ് ഞങ്ങളുടെവാദം.

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും ആളായനികുതിയും കമ്മീഷണർ): ഗവണ്മെൻറിനാഭാഗത്തേക്കു വക്കീലിനെ നിയമിക്കണമെന്നും എന്നാൽ ആ വകയ്ക്കു പ്രത്യേകം പണംകൊടുക്കരുതെന്നുമാണ്പാടം.

മി. ജോൺനിധിയിരി (ചങ്ങനാശ്ശേരിയും ഭീനച്ചുവും): ഞങ്ങൾക്കു ഇതിനഭിപ്രായവിരോധമുണ്ട്.

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും ആളായനികുതിയും കമ്മീഷണർ): സക്കാർവക്കീലന്മാരെ നിയമിക്കുന്നകാര്യത്തിൽ പ്രധാനപ്പെട്ട എതിർവാദത്തെപ്പറ്റി പറകയാണെങ്കിൽ

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതേവരെ ഈ ഇനത്തിൽ ഗവണ്മെൻറു ചിലവാക്കിയിട്ടുള്ളപണം അനുവദിച്ചിട്ടിട്ടില്ലെ?

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും ആളായനികുതിയും കമ്മീഷണർ): അതുപോലെ ഇനിയും ആളായനികുതി കമ്മീഷണരുടെമുമ്പാകെ ഹാജരാകുന്ന സക്കാർ വക്കീലന്മാക്കുകൊടുക്കേണ്ടതിനുള്ളതുക അനുവദിക്കണം.

മി. പി. കെ. നാരായണപിള്ള (അസംബ്ലിപ്പുഴ): ആളും ചെയ്യുന്ന ചെയ്യുകഴിഞ്ഞുകൊണ്ടിരിക്കുന്ന പണം കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

മി. എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ്റവന്യൂവും ആളയനിക്കുതിയും കമ്മീഷണർ): അതെ പക്ഷെ സർക്കാരിന്റെ ഓഫീസിലേക്ക വകമിലിരുന നിയമിക്കണമെന്നുള്ള തത്വം യോഗം അംഗീകരിച്ചുകഴിഞ്ഞു.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ഒരിക്കൽ അംഗീകരിക്കപ്പെട്ടുകഴിഞ്ഞ ഒരുതത്വം പിന്നീടന്വേഷിക്കാൻ പാടില്ലേഎന്നു മിസ്റ്റർ റോബിൻസൺ പറഞ്ഞതുകൊള്ളാം. അതൊരിക്കൽ ഒരു തത്വം അംഗീകരിച്ചുകഴിഞ്ഞാൽ അതു നിയമസഭയെ എന്നത്തേക്കും ബാധിക്കണം എന്നാണോപറയുന്നതു?

മി. എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ്റവന്യൂവും ആളയനിക്കുതിയും കമ്മീഷണർ): അയുടെ അഭിപ്രായത്തെ തിരുത്തുയും അവക്കുമാറാവുന്നതാണു്. ഒരു സംഗതിയെപ്പറ്റി മുമ്പാലിക്കൽ തീരുമാനിച്ചതിനേക്കാൾ ദോഷകരമായ മറെറാരുതീരുമാനത്തിനു നാം ഇനിയുണ്ടു ആശാസ്യമല്ലെന്നമാത്രമെ ഞാൻ പറയുന്നുള്ളു, മി പി. കെ. നാരായണപിള്ള, മി. ജോസഫ്പഞ്ഞിക്കാരൻ, മുതലായ മാന്യന്മാർ പ്രതിപാദിച്ച മറെറല്ലാമികച്ചായ കാര്യങ്ങളെപ്പറ്റി മി. സുബ്ബയ്യർ അഭിപ്രായപ്പെടും. റസ്റ്റഡേഷൻ പ്രകാരമുള്ള പ്രൊസീഡിംഗ്സ് ജുഡിഷ്യൽ പ്രൊസീഡിംഗ്സാണ് എന്നു പറയുന്നതിനെ സാധൂകരിക്കാൻ വേണ്ട പ്രമാണം ഉദ്ധരിക്കാനെനിക്കു സാധിക്കും ആ സംഗതിയെപ്പറ്റിയും മറെറാരു കഴിഞ്ഞയോഗത്തിൽ സവിസ്തരം പറഞ്ഞിട്ടുള്ളതിനാൽ ഞാൻ അതു ആവർത്തിക്കുന്നുഎന്നുള്ളതുകൊണ്ടു ഇപ്പോൾ പറയുന്നില്ല. സർക്കാർഭാഗത്തേക്കു സർക്കാർവക്കീലന്മാർ ഹാജരാകണം എന്നു മി. കൃഷ്ണയ്യർ—അദ്ദേഹം നിർദ്ദേശിച്ചതായി കാണുന്നു ഇവിടെ ഇല്ല —ഉൾപ്പെടെ മറെറപല അനുബന്ധാഭിപ്രായങ്ങളും ബഹുമായി വാദിച്ചു. ഈ ഉപക്ഷേപത്തെപ്പറ്റി ഇതിൽ കൂടുതലായി ഒന്നും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

മി. വി. സുബ്ബയ്യർ (അഡീഷണൽ ഫെഡ് സക്കാർവക്കീൽ): സർ, ഈ അവസരത്തിൽ ഇതിനെപ്പറ്റി ഒന്നുംതന്നെ സംസാരിക്കണമെന്നു വിചാരിച്ചതല്ല. ഏതുവിധത്തിലാ അനുബന്ധാഭിപ്രായങ്ങളിൽ ചിലർ സംസാരിച്ചതിനിടയിൽ എന്റേപേർ പ്രസ്താവിയ്യുകയും ഈ വിഷയത്തെപ്പറ്റിയുള്ള വാദപ്രതിവാദത്തിൽ മി. റോബിൻസൺ എന്റെ പേരുകൂടി ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (ചിരി).

ആളയനിക്കുതി കമ്മീഷണരുടെ മുമ്പാകെ ഒരു വക്കീൽ ഹാജരാകേണ്ട ആവശ്യം ഉണ്ടോ എന്നാണ് ആളും ആലോചിക്കാനുള്ളതു്. ഈ സംഗതിയെപ്പറ്റി എന്റെ സ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ള ചില വാദങ്ങളെല്ലാം പൂർവപക്ഷവിക്കയുണ്ടായി. ജുഡിഷ്യൽ പ്രൊസീഡിംഗ്സ് അല്ലാത്തകാര്യങ്ങളിൽ കൂടിയും ശരിയായ ഒരു തീരുമാനം വരുത്തേണ്ടതിലേക്കു രണ്ടുഭാഗവും കേൾക്കണം എന്ന അദ്ദേഹം സമ്മതിക്കുമെങ്കിലും കമ്മീഷണരുടെ കേസ്പിസ്സാരം ജുഡിഷ്യൽപ്രൊസീഡിംഗ്സ് അനുസ്സരിച്ചുള്ളതും അതുകൊണ്ടു രണ്ടുഭാഗവും കേൾക്കുന്നതിനു അദ്ദേഹത്തിനു അധികാരമില്ലെന്നും മറെറാമാണ് മി. നാരായണപിള്ള പറഞ്ഞതു്. അങ്ങിനെ സമ്മതിക്കുന്നസ്ഥിതിക്കു പ്രസ്തുതസംഗതി ജുഡിഷ്യൽനടപടിയാണോ അല്ലയോ എന്നുള്ളകാര്യത്തെപ്പറ്റി നാം ആലോചിക്കേണ്ടആവശ്യം തന്നെ ഉണ്ടെന്നതോന്നുന്നില്ല. എന്തെന്നാൽ ജുഡിഷ്യൽ നടപടി അല്ലെങ്കിൽതന്നെയും രണ്ടുകക്ഷികൾ തമ്മിലുള്ള വാദം തീരുമാനിക്കുന്നതിനു രണ്ടുഭാഗവും കേൾക്കേണ്ടതാണല്ലൊ.

മി. ജെ. ജാൻനിധിയിരി (ചങ്ങനാശേരിയും മീനച്ചിലും): ഇതു ഒരു ജുഡിഷ്യൽ പ്രൊസീഡിംഗ്സ് ആണോ, അല്ലയോ, എന്നുള്ള കാര്യത്തിൽ മിസ്റ്റർ സുബ്ബയ്യരുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

മി. വി. സുബ്ബയ്യർ (അഡീഷണൽ ഫെഡ് സക്കാർ വക്കീൽ): ഞാൻ അതിനെപ്പറ്റിത്തന്നെയാണ് പറയാൻപോകുന്നതു്. പ്രസ്തുത നടപടി ഒരു ജുഡിഷ്യൽ പ്രൊസീഡിംഗ്സ് ആണ് എന്നപറയാൻ ഞാൻ തയാറാണ്. ഒന്നാമതായി ജുഡിഷ്യൽനടപടി ആണെങ്കിൽ സത്യം ചെയ്തിട്ടുവേണം സാക്ഷികളെ വിസ്തരിക്കുവാനെന്നു മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞു. 'സ്റ്റാറ്റ്യൂട്ടറിലി' പ്രകാരം 'ജുഡിഷ്യൽ പ്രൊസീഡിംഗ്സ്' എന്നപറയുന്നതെന്താണെന്നു മിസ്റ്റർ പി. കെ. നാരായണപിള്ള ഓർക്കുന്നില്ലെന്നു ഞാൻ സംശയിക്കുന്നു. കേസിയേക്കു വേണ്ട തെളിവു രേഖപ്പെടുത്തുന്നതു് നിയമപ്രകാരം ആകുമെന്നേ അതിൽ പറഞ്ഞിട്ടുള്ളു, അതു് സത്യം ചെയ്യിച്ചതിനുശേഷം വാങ്മൂലം കൊടുക്കണം മൊഴിയായിരിക്കണം എന്നതുമില്ല. രേഖാമൂലമായ മൊഴി എടുത്താലും ധാരാളം മതിയാകുന്നതാണ്. അതുകൊണ്ടു സത്യം ചെയ്യിച്ചിട്ടു മൊഴി എടുത്തില്ല എന്നുള്ള ഒരു കാരണംകൊണ്ടുമാത്രം അതു ജുഡിഷ്യൽനടപടിയായില്ല എന്നു വിചാരിക്കാൻ തരമില്ല. ജുഡിഷ്യൽനടപടിയുടെ വ്യാഖ്യാനത്തെ ആസ്പദമാക്കിപ്പറയുകയാണെങ്കിൽ ആളയനിക്കുതിക്കമ്മീഷണരുടെ ഈ നടപടി ജുഡിഷ്യൽനടപടിയാണ് എന്നാണെന്റെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ കേസിനെപ്പറ്റി അന്വേഷിക്കാനും കൂടുതൽ വിവരങ്ങൾ അറിയുന്നതും റസ്റ്റഡേഷന്റെ ഫിർദ്ദോങ്ങുകൾക്കനുസരിച്ചു ചീഫ് റവന്യൂ ഉദ്യോഗസ്ഥൻ എന്ന നിലയിൽ അതിനെപ്പറ്റി ഉത്തരവു പുറപ്പെടുവിക്കാനും അദ്ദേഹത്തിനു അധികാരമുണ്ട്. അതുകൊണ്ടു യഥാർത്ഥത്തിൽ ഈ റസ്റ്റഡേഷനിൽ ഉൾപ്പെട്ട ഒരു ജുഡിഷ്യൽ നടപടിയാണ്. ഈ വിഷയത്തെപ്പറ്റി അഭിപ്രായം പറയാൻ അധികാരമുള്ളവരും എന്റെ ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നുണ്ട്.

"നികുതിയേകുന സമാധാനം പറയേണ്ട സംഗതികളും എന്തെല്ലുമെന്നു അറിയുന്നതും അതനുസരിച്ചുള്ള തെളിവുകൾ കൊടുക്കുന്നതും സാധിക്കത്തക്കവണ്ണം ഗവർണ്മെൻറും നികുതിയേകുന്നവരും തമ്മിലുള്ള തർക്കം എന്തെല്ലാംകാര്യങ്ങളിലാണെന്നു അയാളെ ആളയനിക്കുതി ഉദ്യോഗസ്ഥൻ പ്രത്യേകം പറഞ്ഞു മനസ്സിലാക്കേണ്ടതും ആവശ്യമാണ്."

മി. പി. കെ. നാരായണപിള്ള (അസംബ്ലിപ്പുഴ): ആളയനിക്കുതി നിയമത്തിലെ വ്യവസ്ഥപ്രകാരം മാത്രമേ കമ്മിഷണർക്കു തെളിവെടുക്കാൻ പാടുള്ളോ?

മി. വി. സുബ്ബയ്യർ (അഡീഷണൽ ഫെഡ് സക്കാർവക്കീൽ): ഈ തെളിവു രേഖപ്പെടുത്തുന്നതു് നിയമപരിധ്യാവേണമോ, അതോ അങ്ങനെയാണോ ഇപ്പോൾ ചെയ്യുന്നതു എന്നു മാത്രമേ ആലോചിക്കേണ്ടതുള്ളു. ഞാൻ ഉദ്ധരിച്ചിട്ടുള്ളതു് ഇൻഡ്യൻ ഇൻകംടാക്സ് ആക്ടിൽനിന്നാണ്. അതു ആക്ടിന്റെ ഒരു വ്യാഖ്യാനമാണ് ഒരു ജുഡിഷ്യൽനടപടിയാണെങ്കിൽ രേഖാമൂലമായോ വാങ്മൂലമായോ ഉള്ള തെളിവു എടുക്കണമെന്നും എടുക്കാവുന്നതും നിയമപരിധ്യാവേണമോണ്. അതാണ് ജുഡിഷ്യൽനടപടി എന്നു പറയുന്നതു്. നമ്മുടെ റസ്റ്റഡേഷൻ ചട്ടം വകുപ്പിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

"താഴെപറയുന്ന സംഗതികളെസംബന്ധിച്ചു കേസു വിസ്തരിക്കുമ്പോൾ സിവിൽ നടപടി നിയമപ്രകാരം കോടതിക്കു കൊടുത്തിട്ടുള്ള അധികാരം ഈ അന്യായത്തിനെ അടിസ്ഥാനമാക്കി കമ്മീഷണർ നടത്തുന്ന കേസുകളിൽ പ്രയോഗിക്കാം.

(എ) ആരേയും ഹാജരാകാൻ നിർബന്ധിക്കുകയും സത്യംചെയ്തിച്ചു മൊഴിവാങ്ങുകയും,

(ബി) റിക്കാർട്ടുകളെ ഹാജരാക്കണമെന്നു നിർബന്ധിക്കുകയും,

(സി) സാക്ഷികളെ വിസ്തരിക്കുന്നതിനു കമ്മിഷൻനടത്തുകയും ചെയ്യണം.

ഒരു കളക്ടരുടേയോ കമ്മിഷണരുടേയോ മുമ്പിൽ ഈ അന്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളനുസരിച്ചു വിസ്തരിക്കുന്ന കേസ്സിന്റെ നടപടി തീരുമാനങ്ങൾ പിന്നൽകോടു് കൂടി, ഓരോ ഈ വകുപ്പുകളിൽ അന്തർവഹിച്ചിരിക്കുന്നതുപോലെയുള്ള ഒരു ജുഡിഷ്യൽനടപടിയായി വിചാരിക്കപ്പെടും."

കമ്മിഷണർക്കോ കമ്മിഷണരുടേയോ മുമ്പിൽ തെളിവു ആവശ്യപ്പെടുന്നതും സത്യംചെയ്തിച്ചു മൊഴി എടുക്കുന്നതും അധികാരമുണ്ടു്. അതുകൊണ്ടു ഇതു ഒരു ജുഡിഷ്യൽ നടപടിയാണെന്നുള്ള കാര്യത്തിൽ സംശയം ഉണ്ടാകാൻ വഴിയുണ്ടെന്നു എനിക്കു തോന്നുന്നില്ല. പിന്നെ എന്റെ സ്നേഹിതൻ പേരെ ഒരു ന്യായം പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞതു ജുഡിഷ്യൽ നടപടിയാണെങ്കിൽ കോടതിച്ചിലവു കൊടുക്കണമെന്നാണ്. ഒരു നടപടി ജുഡിഷ്യൽ നടപടിയായി വിചാരിക്കണമെങ്കിൽ കോടതിച്ചിലവു കൊടുക്കുക എന്ന ഇനം നിർബന്ധമാകണമെന്ന വിധിക്കുന്ന ഒരു നിയമം ഉള്ളതായിട്ടു എനിക്കറിവില്ല. ചില കേസുകളിൽ കോടതിക്കു യുക്തംപോലെ നഷ്ടംകൊടുപ്പിക്കാമെന്നുണ്ടെങ്കിലും അങ്ങനെ ചെയ്യാറില്ല. ക്രിമിനൽകേസുകളിലും ലാൻറ് കൺസർവൻസിഗ്രൂപ്പേഷൻ മുതലായ മറ്റു ചില ഗ്രൂപ്പേഷനിലും ഉൾപ്പെടുന്ന കേസുകളിൽ നഷ്ടം കൊടുപ്പിക്കുന്ന പതിവുണ്ടു്. ഈ ആവശ്യം പ്രമാണിച്ചു അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനാണു് ഈ ശിക്ഷ കൊടുക്കുന്നതും ആ ഉദ്യോഗസ്ഥൻ ഒരു ജുഡിഷ്യൽ നടപടിനടത്തി ശിക്ഷ വിധിക്കുന്നു. എങ്കിലും ആ ജുഡിഷ്യൽനടപടിപ്രകാരം നഷ്ടം കൊടുക്കണം എന്ന നിയമം നിർദ്ദേശിച്ചിട്ടില്ല. അതുകൊണ്ടു രണ്ടുപ്രധാനപ്പെട്ട തെളിവുകൾ .....

മി. സി. ശങ്കരമേനോൻ (കൊല്ലം): അപ്പീൽകേസുകൾ തീരുമാനിക്കുന്നതിനു പേഷ്കാരന്മാർ വക്കീലിന്റെ സഹായം ആവശ്യപ്പെടുന്നുണ്ടോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ് സക്കാർവക്കീൽ): അതിനെപ്പറ്റി ഞാൻ പിന്നീടു പറഞ്ഞുകൊള്ളാം.

അതുകൊണ്ടു തിരുവാർ പി. കെ. നാരായണപിള്ള പറഞ്ഞതുപോലെ ന്യായങ്ങളും സാധുവാകുന്നില്ല. അതിനാൽ ഇതു ഒരു ജുഡിഷ്യൽ നടപടിയായിട്ടാണെന്നു വിചാരിക്കാമെന്നാണ് എന്റെ അഭിപ്രായം. ഞാൻ പറഞ്ഞതുപോലെ ഇതു ഒരു ജുഡിഷ്യൽ നടപടി അല്ലെങ്കിലുമെന്നും മറുഭാഗവും കളക്ടർ അദ്ദേഹത്തിനു കേൾക്കാവുന്നതാണ്. കേൾക്കാവുന്നതാണെങ്കിലും അങ്ങനെ ചെയ്യണമെന്നുണ്ടോ എന്നാണ് ചോദ്യം. ആദായനികുതിഉദ്യോഗസ്ഥൻ അഥവാ കളക്ടർ മറുഭാഗം കേൾക്കുന്ന പതിവുണ്ടോ എന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ശങ്കരമേനോൻ ചോദിക്കയുണ്ടായി. വേണമെങ്കിൽ അദ്ദേഹത്തിനു മറുഭാഗവും കേൾക്കാമെന്നാണ് ഞാൻ പറയുന്നതു്. അപ്പീൽകേസുകൾ വിധിക്കുന്നതിനു അധികാരമുള്ള ഉദ്യോഗസ്ഥന്റെമുമ്പിൽ വാദിക്കാൻ വക്കീലന്മാരെ നിയമിക്കുന്നതിനു ചിലവു വളരെ ഉണ്ടു്. പക്ഷേതിപ്പെടുന്ന കക്ഷിയെയും തവണമെൻറാ സാധാരണയായി വക്കീലിനെ നിയമിക്കുന്നതെന്നു എനിക്കു തോന്നുന്നില്ല.

മി. സി. ശങ്കരമേനോൻ (കൊല്ലം): ആദായനികുതിഗ്രൂപ്പേഷനെ സംബന്ധിച്ചുമാത്രമല്ലാ വനംഗ്രൂപ്പേഷൻ മുതലായ മറ്റു ഗ്രൂപ്പേഷനെ സംബന്ധിച്ചുള്ളതിയാണു് ഞാൻ ചോദിച്ചതു്.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സക്കാർവക്കീൽ): വനം ഗ്രൂപ്പേഷനേയോ മറ്റു ഗ്രൂപ്പേഷനേയോ സംബന്ധിച്ച കേസുകളിൽ സക്കാർ വക്കീലന്മാരെ നിയമിക്കാറില്ലെന്നുവച്ചു അങ്ങിനെചെയ്യാൻ പാടില്ലെന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൽകര): ആദായനികുതിക്കേസുകളിൽ പേഷ്കാരന്മാർക്കുടയും ഇങ്ങോട്ടായും കേൾക്കുന്നുണ്ടു്.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സക്കാർവക്കീൽ): ഉണ്ടു്; അവർ അങ്ങിനെ ചെയ്യുന്നുണ്ടു്. ചീഫ് റവന്യൂഉദ്യോഗസ്ഥൻ എന്ന നിലയിൽ തെറ്റുകൾതിരുത്താൻ അധികാരമുള്ളസ്ഥിതിക്കു മറ്റു ആദായനികുതി ഉദ്യോഗസ്ഥന്മാർ സക്കാർവക്കീലന്മാരുടെ വാദം കേൾക്കണമെന്നില്ല. എല്ലാ കേസുകളിലും സക്കാർ വക്കീലന്മാരെ നിയമിക്കുന്നതു ആൽസ്യമാണെങ്കിലും കമ്മിഷണരുടെ മുമ്പാകെ കേസു വിസ്തരിക്കുമ്പോൾ സക്കാർവക്കീലന്മാരെ നിയമിക്കുന്നതിനെപ്പറ്റി വളരെ അഭിപ്രായവ്യത്യാസം ഉള്ള സ്ഥിതിക്കു അതു ആവശ്യമാണോ എന്നു ... ...

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൽകര): ലാൻറ് അക്വിസിഷൻ ഗ്രൂപ്പേഷൻപ്രകാരം ഉള്ളനടപടി എന്താണ്?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ് സക്കാർവക്കീൽ): അവക്കും അങ്ങിനെ ചെയ്യാവുന്നതാണ്. ലാൻറ് അക്വിസിഷൻ സംബന്ധിച്ച കേസുകൾ തീരുമാനിക്കുമ്പോൾ വക്കീലന്മാരുടെ അടുക്കൽ അഭിപ്രായം ചോദിക്കുന്നുവരെ അതു ജുഡിഷ്യൽ നടപടിയാകുന്നില്ല. അതുവരെ അദ്ദേഹത്തിനെ സബ്കളക്ടർഓഫീസർ ഒരു ഏജൻറോ അഥവാ ഒരു എക്സിക്യൂട്ടിവ് ഉദ്യോഗസ്ഥനോ മാത്രമായി വിചാരിച്ചാൽമതി. കേസ്സിനെപ്പറ്റി എന്തെങ്കിലും സക്കാർ വക്കീലന്മാരോടു ചോദിക്കുന്ന നിമിഷം മുതൽ അദ്ദേഹം ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനാണ്. ഈ റഫറൻസ് ഡിസ്പ്യൂട്ട് കോടതിയുടെ മുമ്പാകെ എഴുതുകയും അപേക്ഷകൊടുക്കയും വാദം കേൾക്കുകയും ചെയ്യുന്നു. ഈ ഉദാഹരണം ഇവിടെ യോജിക്കും എന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു ഈ ഗ്രൂപ്പേഷനെ സംബന്ധിച്ചിടത്തോളം ചീഫ്ആദായനികുതിഉദ്യോഗസ്ഥൻ, അഥവാ കമ്മിഷണർ ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനായിമാത്രം കണക്കാക്കിയാൽ മതിയെന്നാണ് എന്റെ അഭിപ്രായം.

മി. ഫ്രഡാർഡ് (ഗവർണ്മെൻറ് നിയമിച്ച മെംബർ): ടിവാൻജി അവർകൾ റവന്യൂകേസുകളെ വിസ്തരിക്കുമ്പോൾ സക്കാർ വക്കീലന്മാരെ നിയമിക്കാറുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൈഡ് സക്കാർവക്കീൽ): വക്കീലന്മാർ നിയമിക്കപ്പെടുന്നതു്. ഒരു സ്റ്റാറ്റ്യൂട്ടറി ഫീസ്സിൽ ആണെങ്കിൽ സക്കാർവക്കീലിനെ നിയമിക്കുന്നതു അദ്ദേഹത്തിന്റെ യുക്തംപോലെ ചെയ്യാം. അല്ലെങ്കിൽ അങ്ങിനെ ചെയ്യുവാൻ പാടില്ല. വേറെ ചില കേസുകളിലും അങ്ങനെ ചെയ്യാൻ പാടില്ല. എന്തെന്നാൽ അന്യായം ബോധ്യപ്പിക്കാൻ അന്വേഷിച്ചിട്ടുള്ള ലാന്റ് അസ്സൻമെന്റ് റഗുലേഷനിലൊ, ലാന്റ് അസ്സസ്സ്മെന്റ് റഗുലേഷനിലൊ ഉൾപ്പെട്ട കുറ്റങ്ങളിലെ പക്ഷം മാത്രം അന്യായംകൊടുത്തു കോടതി നടത്തണം എന്ന സങ്കടക്കാരനു വിചാർച്ചേക്കാം.

മി. ഗോവർഹ (ഗവണ്മെന്റ് നിയമിച്ച മെമ്പർ): ദിവാൻജി അവർകളുടെ മനസ്സാക്ഷിയുടെ ഇരുത്തത്തിൻ ഹാജരാകുന്ന വക്കീലിനു ഫീസ് കൊടുക്കുവാനോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൈഡ് സക്കാർവക്കീൽ): സാധാരണയായി സക്കാർവക്കീലിന്റെ അഭിപ്രായം അദ്ദേഹം ആവശ്യപ്പെടാറില്ല. അദ്ദേഹം ആവശ്യപ്പെട്ടെങ്കിൽ ഞങ്ങൾ തെങ്ങളുടെ ബഹു അഭിപ്രായം ചെയ്യും. സർക്കാർവക്കീലിന്റെ സഹായം ആവശ്യപ്പെടണോ എന്ന മാത്രമെ നോക്കേണ്ടതുള്ളു. രണ്ടു ഭാഗക്കാരുടേയും വാദം കേൾക്കേണ്ടതു അന്യായമാണെന്നു മിസ്റ്റർ റാബിൻസൺ കഴിഞ്ഞ നിയമനിഷേധത്തിൽ പ്രസ്താവിക്കുണ്ടായി.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): എപ്പോഴെല്ലാമാണ് സക്കാർ വക്കീലിന്റെ അഭ്യാവശ്യം നേരിട്ടിട്ടുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൈഡ് സക്കാർവക്കീൽ): വ്യക്തിക അറിയാൻപാടില്ല. അതിനെപ്പറ്റി മിസ്റ്റർ റാബിൻസണ്ണിനോടു ചോദിക്കണം. ഞങ്ങടെ ഹാജരാകണം എന്ന പറയുമ്പോൾ മാത്രമേ ഞങ്ങൾ അക്കാര്യം അറിയുന്നുള്ളു. ഇതിനെപ്പറ്റിയുള്ള ചീഫ് കമ്മീഷണരുടെ അഭിപ്രായം എന്താണെന്നു എനിക്കു അറിയാൻപാടില്ല. പ്രസ്തുതസംഗതിയിൽ സക്കാർവക്കീലന്മാരെ നിയമിക്കുന്നതു ഔദാര്യമായോ എന്നാണ് നോക്കേണ്ടതു്. ഹൈക്കോടതിയോടു ചോദിക്കുന്നതു മിസ്റ്റർ റാബിൻസണ്ണിന്റെ യുക്തംപോലെ ആകാമെന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞു. ഒന്നാമതു നമ്മുടെ റഗുലേഷനും ബ്രിട്ടിഷ് ഇൻഡ്യൻ ആക്ടും തമ്മിൽ വ്യത്യാസമുണ്ട്. എന്തെന്നാൽ നമ്മുടെ റഗുലേഷൻ പഴയ ബ്രിട്ടിഷിൻഡ്യൻ ആക്ടിനെ അനുസരിച്ചു തയാറാക്കിയതാണ്, ഹൈക്കോടതിയിൽ സമർപ്പിക്കുന്നതു യുക്തംപോലെ മതി എന്നു അതിൽ പറഞ്ഞിട്ടില്ല.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): ഹൈക്കോടതിയിടക്കസമർപ്പിക്കുന്നതു യുക്തംപോലെമതി എന്നു നിർദ്ദേശിക്കുന്ന ഏതെങ്കിലും വകുപ്പു ട്രാഫ്ട് ഇൻകംടാക്സ് ബില്ലിൽ ഉണ്ടോഎന്നു മിസ്റ്റർ സുബ്ബയ്യർ പറഞ്ഞാൽകൊള്ളാം.

മി. വി. സുബ്ബയ്യർ (അഡിഷനൽഫൈഡ്സക്കാർവക്കീൽ): ഉണ്ടു. ബിൽ തയാറാക്കി മിസ്റ്റർ റാബിൻസണ്ണിന്റെ അഭിപ്രായത്തിനയച്ചിട്ടുണ്ടു. ഇതുയുക്തംപോലെ ചെയ്യാൽമതി എന്നൊരു ഭേദഗതി ആ പരിഷ്കരിച്ച ബില്ലിൽ ഞാൻ വരുത്തിയിട്ടുണ്ടു. അതിൽ വേറെരുവകുപ്പുള്ളതിലുണ്ടു്, ആ വകുപ്പു നിസ്സാരവും ന്യായരഹിതവും ആയ അപ്പീലുകൾ ഹൈക്കോടതിയുടെ തീരുമാനത്തിനു അയക്കുന്നവിഷയത്തിൽ കൂടുതൽ പ്രതിബന്ധമായിത്തീർന്നിട്ടുണ്ടു. ഹൈക്കോടതിയുടെ തീരുമാനത്തിനു സമർപ്പിക്കണമെന്നു അവശ്യപ്പെടുന്ന അളുകൾ ഒരു ജാമ്യം കെട്ടിവയ്ക്കണം. ഈ ജാമ്യകെട്ടിവയ്ക്കുന്നതു ഗവണ്മെന്റ് സമ്മതിക്കുന്ന ചിലവിനായിട്ടാണ്.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): ഗവണ്മെന്റ് തോൽക്കുന്നപക്ഷം കക്ഷികൾക്കുകൊടുക്കുന്നതിനും ഇതുപോലെ ഒരുജാമ്യം നിക്ഷിവയ്ക്കണം എന്ന നിർദ്ദേശിച്ചിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൈഡ്സക്കാർവക്കീൽ): തീർച്ചയായും ഹൈക്കോടതിക്കു അധികാരമുണ്ട്, ചിലവുകൊടുക്കണം എന്നു ഹൈക്കോടതി തീരുമാനിക്കുകയാണെങ്കിൽ ഗവണ്മെന്റിൽനിന്നും അതു ഈടാക്കുന്നതു എളുപ്പമാണ്. നികുതിമായകളുടെ വിഷയത്തിൽ അതു ഈടാക്കുന്നതു പലപ്പോഴും വിഷമമാണ്. എന്നാലും ഗവണ്മെന്റിൽനിന്നും ഈടാക്കാൻ എളുപ്പമുള്ളസ്ഥിതിക്കു ജാമ്യകെട്ടിവയ്ക്കണം എന്ന നിർബന്ധമില്ലഎന്നേ ഉള്ളു. അതുകൊണ്ടു അതുവരെ നിസ്സാരമായ കേസുകളിലുകൂടിയും ഹൈക്കോടതിയിൽ സമർപ്പിക്കണം എന്ന ഉദ്ദേശ്യത്തിലിരിച്ചുകൂടാൻപാടില്ല. സക്കാർ കയിക്കുയാണെങ്കിൽ കക്ഷികളുടെ അടുക്കൽനിന്നും ചിലവുഈടാക്കുന്നതിനും വഴിയില്ല. അതിനാൽ റഗുലേഷനിലെ ഭേദഗതിവരുത്തുന്നതുവരെ സക്കാർവക്കീലന്മാരുടെ വാദംകേൾക്കേണ്ട ആവശ്യമുണ്ട്. പ്രധാനപ്പെട്ട കേസുകളെസംബന്ധിച്ചിടത്തോളം ഹൈക്കോടതിയിൽ കേസുസമർപ്പിക്കുന്നതിനു കാരണമുണ്ട്. എന്തെന്നാൽ എതിർഭാഗം പക്കീൽ വല്ലപ്രമാണവും ഉദ്ധരിക്കുമ്പോൾ അതുപ്രമാണം ഇപ്പോഴും സാധുവാക്കേടോ ഇല്ലയൊ എന്നു തീരുമാനിക്കുന്നതിനു ആദ്യമായിട്ടു കമ്മീഷണർക്കു സാധിക്കയില്ല. ഒരു ഹൈക്കോടതിയുടെ വിധിയിൽ അന്തർഭവിച്ചിരിക്കുന്ന തത്വം അതുപോലെയുള്ള മറ്റു കേസുകളിൽ തീരുമാനിക്കുന്നതിനു സഹായിക്കുന്നതായിട്ടു എനിക്കറിയാം. ചിലപ്പോൾ ഒരുപ്രിവിസിനെപ്പറ്റിതന്നെ ഓരോഹൈക്കോടതിയും ഓരോവിധി പ്രസ്താവിക്കും. എന്നാൽ പ്രിവികൌൺസിലിന്റെ—സുപ്രീം കോർട്ട് ഓഫ് ജഡിക്കേച്ചറിന്റെ തന്നെയുള്ള—വിധി അതിനെപ്പറ്റിപരിഗണിച്ചതായിരിക്കുകയും ചെയ്യും. ഇങ്ങനെവരുമ്പോൾ മിസ്റ്റർ റാബിൻസണ്ണിന് ഇതിൽപ്പെട്ടതാണ് സ്വീകരിക്കേണ്ടതുഎന്നു നിശ്ചയമില്ലാതെവരും. ഏതെങ്കിലും ഒരു വിധിയുടെ തത്വം അതുപോലെയുള്ള മറ്റുകേസുകളിലും അംഗീകരിക്കാമോഎന്നും അതു ശരിയുക്തമാണൊ എന്നും അറിയുന്നതിനു ഇൻഡ്യയിലും ഇംഗ്ലണ്ടിലും ഉള്ള ഹൈക്കോടതികളുടെ എല്ലാം വീതമാനം എന്തുകൊണ്ടും കമ്മീഷണർ വായിച്ചുനിശ്ചയിച്ചിരിക്കും എന്നുള്ളതിനു സംശയമില്ല. പലപ്പോഴും അസാധുവാക്കപ്പെട്ടിരിക്കുന്ന വിധിതത്വങ്ങളെ ആയിരിക്കും വക്കീലന്മാർ ഉദ്ധരിക്കുന്നതു.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ഹൈക്കോടതിയിൽ സമർപ്പിക്കുന്നതിനു അദ്ദേഹത്തിനു അധികാരംകൊടുത്തിട്ടുള്ളതു ഇങ്ങിനെവരുത്തുവാനല്ലേ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൈഡ്സക്കാർവക്കീൽ): അതിനെപ്പറ്റിഞാൻ പിന്നീടുപറയാം. സക്കാർ വക്കീലന്മാർ അവരുടെഅഭിപ്രായത്തെ രേഖാമൂലമായി കൊടുത്താൽമതിഎന്നു ഏകൻറഫിഡ്സ്സഹിതന്മാർ അഭിപ്രായപ്പെട്ടുകയുണ്ടായി. അവർ ഈ അഭിപ്രായത്തെത്തന്നെ ഇനിയും ബലപ്പെടുത്തുമോ എന്നു എനിക്കറിയാൻപാടില്ല. എന്തെന്നാൽ അങ്ങനെചെയ്യുന്നപക്ഷം കക്ഷികൾക്കു ഇതിൽകൂടുതൽ ഫാനികരമായി വേറെ

ന്നും വരാനില്ല. ഇപ്പോഴത്തെ രേഖാമൂലമായി അഭിപ്രായം കൊടുക്കുകയാണെങ്കിൽ ആ അഭിപ്രായം രഹസ്യമായ ഒരു പ്രമാണം ആകും. പിന്നീടക്കാര്യത്തെ വാദഗതികളിന്മേലോ കമ്മീഷണർ തന്റെ സപ്പോർട്ടിനു വേണ്ടിയോ സർക്കാർവക്കീലിന്റെ അഭിപ്രായത്തെ ആധാരമാക്കിവച്ചുകൊണ്ടു വിധിയെഴുതാനുള്ള അവസ്ഥയുണ്ടാകുന്നു. ഇതു കണക്കിലെടുത്തുകൊണ്ടാണു ഞാൻ എനിക്കു അറിവാൻപാടില്ല

ശ്രീ. എ. ഹൈദർഖാൻ (ഗവണ്മെന്റ് നിയമോപദേഷ്ടാവ്): നിയമസംബന്ധമായി സർക്കാർവക്കീൽ കമ്മീഷണരെക്കാൾ ഉന്നതസ്ഥാനത്തിരിക്കുന്നയാളാണെന്നു ഞങ്ങൾക്കു തോന്നുന്നു എന്നാണോ മിസ്റ്റർ സുബ്ബയ്യർ പറയുന്നത്?

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽഹെഡ്സർക്കാർവക്കീൽ): തീർച്ചയായും അങ്ങനെയാണ്.

ശ്രീ. എ. ഹൈദർഖാൻ (ഗവണ്മെന്റുനിയമോപദേഷ്ടാവ്): സർക്കാർവക്കീലിന്റെ എല്ലാംസംബന്ധിച്ചുള്ള രസംഗ്രഹമാണോ?

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽഹെഡ്സർക്കാർവക്കീൽ): അങ്ങനെയാണോ അല്ലയോ എന്നുള്ളതുസംബന്ധിച്ചു ഇവിടെചർച്ചചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ ഇതു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല.—

ശ്രീ. ജി. പരമേശ്വരൻപിള്ള (മെയ്യാറിൻകര): സർക്കാർവക്കീൽ പൂർണ്ണമായും വാദവിഷയത്തിൽ അഭിപ്രായം പറയുകയാണെങ്കിൽ കേസിന്റെ രണ്ടുഭാഗത്തെപ്പറ്റിയും പറയേണ്ടതല്ലേ?

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽഹെഡ്സർക്കാർവക്കീൽ): ഒരുദാഹരണംപറയട്ടെ. മിസ്റ്റർ ജി. പരമേശ്വരൻപിള്ളതന്നെ എതിർഭാഗം വക്കീലാണെന്നു വിചാരിക്കുക. സർക്കാർവക്കീൽ അദ്ദേഹത്തിന്റെ അഭിപ്രായത്തെ രേഖാമൂലമാക്കുന്നു. അങ്ങിനെയാണെങ്കിൽ ആദ്യമായി കമ്മീഷണർ സർക്കാർവക്കീലിന്റെ അഭിപ്രായത്തെപറ്റിയല്ലേ പ്രസ്താവിക്കേണ്ടതു എന്നുവിചാരിക്കാൻ ഇടയുണ്ട്. എന്നാലേ സർക്കാർവക്കീലിന്റെ അഭിപ്രായം സാധുവാക്കുകയോ തള്ളുകയോ ചെയ്യുന്നതിനെപ്പറ്റിയുള്ള ശരിയായ്നിലപാടു അദ്ദേഹത്തിനു സ്വീകരിക്കാൻ സാധിക്കുകയുള്ളുവെന്നും പറയാൻ മിസ്റ്റർ പരമേശ്വരൻപിള്ളക്കുസാധിക്കും. അതിനുവേണ്ടിയാണു മിസ്റ്റർ എബിൻസണ്ണിന്റെ അഭിപ്രായം ശ്രദ്ധിക്കുന്നതിനു സഹായിക്കും.

ശ്രീ. ജി. പരമേശ്വരൻപിള്ള (മെയ്യാറിൻകര): അദ്ദേഹത്തിനു മറ്റൊരുകേസിന്റെയോ അഭിപ്രായത്തിനു മറുപടികൊടുക്കുന്നതിനുള്ള അവകാശമുണ്ടല്ലോ.

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): കമ്മീഷണരുടെ മുമ്പിൽ ഹാജരായി ഏതെങ്കിലും വാദമുഖങ്ങളെപ്പറ്റിയുള്ള സമാധാനം പറയണം എന്നു സർക്കാർവക്കീലിനോടു ആവശ്യപ്പെട്ടതനുസരിച്ചു പക്ഷം സർക്കാർപക്ഷത്തിന്റെ രേഖാമൂലമായ അഭിപ്രായം വരുത്തി അദ്ദേഹത്തിനു മുമ്പിൽവയ്ക്കണം എന്നു മിസ്റ്റർ എബിൻസണ്ണിനോടു പക്ഷത്തിൽ സംഘത്തിലപ്പെട്ട ഏതെങ്കിലുമൊരാളെങ്കിലും ആവശ്യപ്പെട്ടതുമൂലമോ എന്നാണ് ഞാൻ ചോദിക്കുന്നതു അതു ആപൽക്കരമായ ഒരന്തഃപരിശോധനയാണെന്നാണു എന്റെ അഭിപ്രായം.

പ്രസിഡണ്ടു: തീരുമാനിക്കുന്നതുവരെ വിധിച്ചിട്ടില്ലെന്നു സൂചിപ്പിക്കുന്നു.

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ). എനിക്കു ഇനി ഒന്നുമിനിട്ടുകൂടിമതി.

ശ്രീ. ജെ. ഡേൺഹിയിരി (ചങ്ങനാശ്ശേരിയും മിനച്ചിലും): സർക്കാർവക്കീലിന്റെ അഭിപ്രായം അറിയേണ്ട എല്ലുകേട്ടിട്ടില്ലേ ഇങ്ങനെ ചെയ്യുന്നതുമതിയോ?

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): പോരാ.

ശ്രീ. ജെ. ജാൺനിയിരി (ചങ്ങനാശ്ശേരിയും മിനച്ചിലും): എന്തുകൊണ്ടു?

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ജുഡിഷ്യൽ സംഗതികളിൽ ഞങ്ങളുടെ അഭിപ്രായം ചോദിക്കാനില്ല. പരസ്യങ്ങളെപ്പറ്റിയോ ചട്ടങ്ങളെപ്പറ്റിയോ ആണെങ്കിൽ ഞങ്ങളുടെ അഭിപ്രായം ചോദിക്കാവുന്നതു. എന്നാലൊരു സിവിൽകേടതിയുടെ അധികാരപരിധിയിലപ്പെടാത്ത ഒരുകാര്യത്തെപ്പറ്റിയും ഞങ്ങളോടു അഭിപ്രായം ചോദിക്കാവുന്നതു. ജുഡിഷ്യൽ സംബന്ധമായ സംഗതികളിൽ ഞങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നില്ല.

മിസ്റ്റർ പഞ്ചിക്കാരനും മിസ്റ്റർ കുഞ്ഞിത്തൈമ്മനും സർക്കാർവക്കീലന്മാരെപ്പറ്റി വേറെന്തൊക്കെയോ സംഗതികൾപറഞ്ഞുവെച്ചു. സർക്കാർവക്കീലന്മാർ ധാരാളംപണമുണ്ടാക്കുന്നു അവർക്കു മതിയായ ശമ്പളം ഇല്ലെന്നും മിസ്റ്റർ പഞ്ചിക്കാരൻ ഉന്നിപ്പറഞ്ഞു. ജുഡിഷ്യൽ ബഞ്ചുകളിലെപ്പറ്റിയും നിന്ദ്യമായരീതിയിലാണു ഈ സംഗതി യാതൊരുവിധമായ്തിനും വിഷയമാകേണ്ടതെന്നു ഞാൻവിശ്വസിക്കുന്നു. ഞങ്ങളുടെ ശമ്പളം കൂട്ടുന്നതുമായി പരഞ്ഞതിനെപ്പറ്റി എനിക്കു പറയാനുള്ളതു സമാധാനം അതു ആപേക്ഷികമായി നിസ്സാരകാര്യമായിരിക്കുന്നു എന്നാണ്. സർക്കാർ വക്കീലന്മാർക്കുകൂടുകയും ശമ്പളം കൂട്ടുന്നതുമായി ഒരു ധാരണ മിസ്റ്റർ പഞ്ചിക്കാരനുണ്ടാകുന്നു എന്നുവരികിലും ഞാൻ പറയുന്നതു. അദ്ദേഹത്തിന്റെ ആ അഭിപ്രായത്തെ ഞാൻ നിഷേധിക്കുന്നതെന്തുചെയ്യുന്നു. എന്തുകൊണ്ടെന്നാൽ എന്റെ ശമ്പളത്തിന്നനുസരിച്ചു നോക്കുന്നതായാൽ ഞാൻ ചെയ്യുന്നജോലിവളരെ കൂടുതലാണെന്നാണ് എനിക്കുതോന്നുന്നതു. അതു താമസംവിനാ ഞാൻ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അതുകൊണ്ടു സർക്കാർ വക്കീലന്മാരുടെ എണ്ണവും അവർക്കുകൊടുക്കുന്ന ശമ്പളവും കൂട്ടുവാനാണെന്നു പറയുന്നതു പ്രസ്തുതവിഷയത്തിനു തീരെ യോജിച്ചതല്ല എന്നാണു ഞാൻ സമർത്ഥിക്കുന്നതു. പിന്നെ പുതുതായി നടപ്പിൽ വരുത്തിയിരിക്കുന്ന ഗ്രേഡേഷൻ അനുസരിച്ചു മുൻസിഫന്മാർ കൂട്ടുതൽ ജോലിചെയ്യുന്നുപോലെതന്നെ സർക്കാർ വക്കീലന്മാരും ചെയ്യേണ്ടതുണ്ടെന്നു പറഞ്ഞതിനെപ്പറ്റി എനിക്കു പറയാനുള്ള സമാധാനം സർക്കാർവക്കീലും മുൻസിഫും തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസം അദ്ദേഹം മറന്നുപോയി എന്നാണ്, ഞങ്ങളുടെ ഉദ്യോഗം സർക്കാർ വക്കീൽ എന്നുള്ളതുമാത്രമല്ല. ഞങ്ങളുടെ സമയം മുഴുവനും സർക്കാർ സേവനത്തിനുമാത്രമായിട്ടു ചിലവാക്കണം എന്നുദ്ദേശിക്കപ്പെട്ടിട്ടില്ല. ഈ ഉദ്യോഗത്തോടു ഞങ്ങളെ ബന്ധിപ്പിച്ചിട്ടുണ്ടു എന്നമാത്രമേയുള്ളു. തിരുവനന്തപുരത്തുള്ള മുൻസിപ്പു നെയ്യാറ്റിൻകരെ മുൻസിപ്പുകോർട്ടിൽ ഫ്രയലായിട്ടുള്ളകേസുകൾ വിസ്തരിക്കേണ്ട ആവശ്യമില്ലാത്തതുപോലെ ഹൈഡ്സർക്കാർവക്കീലും അദ്ദേഹത്തിന്റെ അസിസ്റ്റൻറ്റുമാരും ഹൈക്കോടതിയിൽ മാത്രമെ ഹാജരാകേണ്ടതുള്ളു.

ശ്രീ. ജോസഫ് പഞ്ചിക്കാരൻ (ചേർത്തല): കേസ് അതിൽത്തിമാറ്റപ്പെട്ടുകിട്ടിലോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ് സക്കാർവക്കീൽ): അപ്പോൾതീർച്ചയായുംവേണം. അതുപോലെ ഹൈക്കോടതിയുടെ തീർപ്പുണ്ടായി വരുന്ന ഏതുകാര്യത്തിലും ഞങ്ങൾ ഹാജരാകേണ്ടവരാണ്. അതുപോലെതന്നെ ഡിസ്ട്രിക്ട് കോടതിയിൽ നിയമിക്കപ്പെട്ടിട്ടുള്ള സക്കാർ വക്കീലന്മാർ അവിടേയും ഹാജരാകണം.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ഹൈക്കോടതിയിലും ജില്ലാക്കോടതിയിലും മാത്രമേ സക്കാർവക്കീലന്മാർ ഹാജരാകേണ്ടതുള്ളു എന്നു രേഖാമൂലമായ വല്ല ഉടമ്പടിയും ഉണ്ടോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ് സക്കാർവക്കീൽ): ഇതേവരെ നടന്നുവന്നിട്ടുള്ളതു അങ്ങിനെയാണ്. ബ്രിട്ടിഷ് ഇൻഡ്യയിലെപ്പോലെ അല്ലാതെ ഇവിടെ സിവിൽപ്രോസീഡിയർ കോഡ് അനുസരിച്ചു ഗവണ്മെൻറ് വാദിയായോ പ്രതിയായോ ഉള്ളകേസുകൾ എല്ലാം ഫയൽചെയ്യേണ്ടതു ജില്ലാക്കോടതിയിൽ വേണംഎന്നു നിർദ്ദേശിച്ചിരിക്കുന്നു ഒരു പ്രത്യേകഉദ്ദേശത്തോടുകൂടി മാത്രമാണ്. അതായതു ജില്ലാക്കോടതികളിൽമാത്രമെ സക്കാർവക്കീലന്മാരെ നിയമിച്ചിട്ടുള്ളു. അങ്ങനെയല്ലായിരുന്നു എങ്കിൽ മുൻസിഫ്കോടതിയിലും ആവകകേസുകൾ ഫയലാക്കാമല്ലൊ. സക്കാർ വക്കീലന്മാർ ജില്ലാക്കോടതിയിൽമാത്രമേ ഹാജരാകേണ്ടതാള്ളു എന്നതിൽനിന്നും തെളിയുന്നതു.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ജില്ലാക്കോടതികളിൽ മാത്രമെ സക്കാർകേസുകൾ ഫയൽചെയ്യാവു എന്നു നിർദ്ദേശിച്ചിരിക്കുന്നതു സക്കാർ വക്കീലന്മാരുടെ സൌകര്യത്തെ ഉദ്ദേശിച്ചാണോ ?

മി. വി സുബ്ബയ്യർ (അഡിഷനൽ ഹെഡ് സക്കാർവക്കീൽ): അവരുടെ സമയം ദുർവ്വിനിയോഗത്തിനുവേണ്ടി ചില ചാക്കേണ്ടതില്ലെന്നു വച്ചിട്ടുള്ളസ്ഥിതിക്കു അവരുടെസൌകര്യംകൂടി നോക്കേണ്ടതാണെന്നാണ് ഞാൻ പറയുന്നതു. എന്തെന്നാൽ അതു ഞങ്ങളുടെ സമീപിനേറ നിവൃത്തികളിൽ അന്തർഭവിച്ചിരിക്കുന്ന ഒരു തത്വമാണ്.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): അവർ പ്രൈവറ്റുകേസുകളും പിടിക്കുന്നില്ലെ? അതുകൊണ്ടു അവർ ക്ലൈന്തൽജോലി ചെയ്യണംഎന്നു പറയുന്നതിനു ന്യായം ഇല്ലല്ലൊ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ് സക്കാർവക്കീൽ): അങ്ങിനെവേണമെന്നില്ല. അവക്കു സമയം ഉണ്ടെന്നുവച്ചു ഏതു ഉദ്യോഗസ്ഥന്റെമുമ്പിലും കേസുനടത്താൻ അവർ ഹാജരാകണം എന്നു ആവശ്യപ്പെടാൻ പാടില്ല. അങ്ങനെയാണെങ്കിൽ ഡിവിഷൻപേഷ്കാരുടെമുമ്പിലും വനം കൺസർവേറേറരുടെ മുമ്പിലും അതുപോലെ വേറെ ഏതു ഉദ്യോഗസ്ഥന്റെമുമ്പിലും ഞങ്ങൾ ഹാജരാകണം എന്നു പറയാത്തതെന്തു?

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): അതുതന്നെയാണ് ഞാനും ചോദിക്കുന്നതു. സക്കാർ വക്കീലന്മാരുടെ ശമ്പളകുമത്തിനും പെൻഷനും മറവ ഉദ്യോഗസ്ഥന്മാരുടേതുമായിട്ട വല്ല ഭേദവുമുണ്ടോ?

മി സുബ്ബയ്യർ (അഡിഷനൽ ഹെഡ് സക്കാർവക്കീൽ): അക്കാര്യത്തെപ്പററി ഇതിനുമുമ്പിൽ ഒന്നിലധികപ്രാവശ്യം ഞാൻ പറഞ്ഞിട്ടുണ്ടു. സക്കാർവക്കീലന്മാക്കു കൊടുക്കുന്നശമ്പളം കീറവായതുകൊണ്ടാണ് അവക്കു പ്രൈവറ്റുകേസുകൾ പിടിക്കാൻ അനുവാദം കൊടുത്തിട്ടുള്ളതും.

മി. ജാൺ ഗിധിയിതി (ചെങ്ങന്നൂരേയും മീനച്ചിലും): തനിക്കു കിട്ടുന്നശമ്പളംകൊണ്ടു തൃപ്തിപ്പെടുന്ന ഏതെങ്കിലും ഉദ്യോഗസ്ഥൻ നമ്മുടെ നാട്ടിലുണ്ടോ? (ചിരി)

മി. സുബ്ബയ്യർ (അഡിഷനൽ ഹെഡ് സക്കാർവക്കീൽ): ഇല്ലായിരിക്കും. താൻ സമ്പാദിച്ചതുകൊണ്ടു മി. നിധിയിരി തൃപ്തിപ്പെടാതെയിരിക്കുന്നതുപോലെതന്നെ (ചിരി)

മി. സി. ശങ്കരമേനോൻ (കൊല്ലം): ഗവണ്മെൻറിന്റെ ഭാഗത്തുള്ള ന്യായങ്ങൾമുഴുവൻ കേട്ടിട്ടും എനിക്കു ഇപ്പോഴും ബോദ്ധ്യം വന്നിട്ടില്ല. ഈ ഇനത്തിനു നീക്കിവച്ചിട്ടുള്ളതുക ക ൦ ൦ ൦ രൂപയാണെന്നുള്ളതുകൊണ്ടല്ല ഞാൻ ഇതിനെ എതിർക്കുന്നതു. നേരത്തെറിച്ചു ഇതിൽ അടങ്ങിയിരിക്കുന്ന തത്വത്തെതന്നെ ഞാൻ പ്രതിഷേധിക്കുന്നു. വനം, എക്സൈസ് മുതലായ ഡിപ്പാർട്ടുമെൻറിലും ഇതുപോലെയുള്ള ചില തുകകൾ കൊള്ളിച്ചിട്ടുള്ളതായി ഞാൻ കാണുന്നു. ആദായസംബന്ധമായ ഒരു റഗുലേഷനിറ നടത്തിപ്പിനു നിയമസംബന്ധമായ ഇനത്തിൽ ചിലവുവരുത്തുക എന്നതുതന്നെ യുക്തിക്കുനിരക്കുന്നതാണെങ്കിലും നീതികരിക്കാവുന്നതല്ല. ഗവണ്മെൻറിന്റെ ഭാഗംപിടിച്ചുവാദിക്കാനും ഗവണ്മെൻറിനു നിയമോപദേശം ചെയ്യാനും ആയിട്ടാണ് സക്കാർവക്കീലന്മാരെ നിയമിച്ചിട്ടുള്ളതു. ഈ റഗുലേഷനിറ എല്ലാം നടത്തിപ്പിനു നിയമസംബന്ധമായ ഒരു ചിലവു ആവശ്യപ്പെടുന്നതു അനീതിയാണെന്നാണ് എനിക്കു തോന്നുന്നതു. ഈ കാരണങ്ങളെകൊണ്ടും തത്വത്തെ അടിസ്ഥാനപ്പെടുത്തിയും ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): വാഷ്പ്രതീവാദമേയ്യു ഈ സംഗതിയെപ്പററി ഇതേവരെ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി എനിക്കു ഒന്നും പറവാനില്ല. കേസ് ഹൈക്കോടതിയിലേക്കു സമർപ്പിക്കണമോ വേണ്ടയോ എന്നുള്ള കാര്യം തീരുമാനിക്കുന്നതിനുവേണ്ടി മാത്രമാണ് സക്കാർവക്കീലന്മാരുടെ സഹായം ആവശ്യപ്പെടുന്നതു എന്നു ഞാൻ പറഞ്ഞുകേട്ടു. അതു ഇപ്പോഴുള്ള സക്കാർവക്കീലന്മാരെക്കൊണ്ടു സാധിക്കുന്നതാണ്. അല്ലാതെ പ്രത്യേകം വക്കീലിനെനിയമിച്ചു അയാൾക്കു ഫീസ് കൊടുക്കണം,എന്നു പറയുന്നതിന്റെ ന്യായം എനിക്കു മനസ്സിലാകുന്നില്ല. ഈ ചിലവു അനുവദിക്കാൻ പാടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഖാൻറവന്യൂവും ആദായനികുതിയും കമ്മിഷണർ): മി. ജി. പരമേശ്വരൻപിള്ളയുടെ ന്യായങ്ങളെപ്പററി നിയമസംബന്ധമായ ഒരു അഭിപ്രായം പറയാൻ വിഷമമാണു; കേസ് പറിച്ചുഹൈക്കോടതിവിധികളേയും മനസ്സിലാക്കിയതിൻറേശേഷംആദായനികുതി കമ്മിഷണരുടെമുമ്പിൽ ഹാജരായി രണ്ടുഭാഗവുംകേട്ട എതിർവാദത്തെ നിഷേധിക്കുകഎന്നുള്ളതു സക്കാർവക്കീലിനു യിക്കുമുള്ള ഒരു കാര്യമാണ്. എന്നാൽ ഒരു കേസ്സിനെപ്പററി ഒരു അഭിപ്രായം പറയണം എന്നു മാത്രമേ സക്കാർവക്കീലിനോടുആവശ്യപ്പെടുന്നൊള്ളു. എങ്കിൽ ആ കേസ്സ് ഏതുനിലയിൽ അയാളുടെ അഭിപ്രായത്തിനു സമർപ്പിക്കണമെന്നുള്ള നിലയിൽതന്നെ അതിനെപ്പററി ഒരു അഭിപ്രായം പറയേണ്ട ആവശ്യമെയുള്ളു. നേരത്തെറിച്ചു കേസിനെപ്പററി വാദിക്കുമ്പോൾ മുൻകൂട്ടി വിചാരിക്കാത്ത പലേ വാദങ്ങൾക്കും ഉത്തരം പറയേണ്ടിവരും. ആദായനികുതിറഗുലേഷൻ സംബന്ധമായി എൻറെ അടുക്കൽ അഭിപ്രായത്തിനു വരുന്നകേസുകളെല്ലാം സാധാരണ ഉൾവകടമില്ലാത്ത കേസുകളാണ്. ആ കേസുകളിൽ ഉള്ള പ്രധാനവാദം റഗുലേഷനിൽഉള്ള ഏതെങ്കിലും ഒരു ചട്ടത്തിനു

പ്രകാരം നിങ്ങൾ കക്ഷികൾ പ്രവർത്തിച്ചില്ലെന്നോ അഥവാ നിയമം അനുവദിച്ചിട്ടുള്ള തീരുമാനങ്ങളെ അനുവദിച്ചില്ലെന്നോ എന്നുള്ളതു മാത്രമാണ്. ഈ കേസ്സുകൾ സ്സ്റ്റാരങ്ങളാണ്. അവയിൽ എനിക്ക സക്കാർവക്കീലിന്റെ അഭിപ്രായം ചോദിക്കേണ്ട ആവശ്യം നേരിട്ടിട്ടില്ല. ഞാൻ ചട്ടങ്ങൾ പരിശോധിച്ചു നിയമപ്രകാരം അനുവദിച്ചിട്ടുള്ളതുപോലെ തീരുമാനിക്കയാണ ചെയ്യുന്നതു. എന്നാൽ ചിലപ്പോൾ കഴിപ്പുള്ള കേസുകളും എന്റെ തീരുമാനത്തിനവശ്യം. ഉദാഹരണം പറകയാണെങ്കിൽ ചില ആളായങ്ങൾക്ക നികുതിചുമത്താവുന്നതാണോ അല്ലയോ എന്ന ചിലപ്പോൾ തീരുമാനിക്കേണ്ടിവരും. ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണ് സക്കാർവക്കീലിന്റെ അഭിപ്രായം ആവശ്യപ്പെടേണ്ടി വരുന്നതു. അങ്ങനെയുണ്ടായാൽ സക്കാർവക്കീലിനെ ഫീൽപ്പെടുത്തുകയും അദ്ദേഹം ഇംഗ്ലണ്ടിലെ പ്രിവികൗൺസിലിലെ തീരുമാനങ്ങളുടെമേലും നിയമഗ്രന്ഥങ്ങളിൽനിന്നും മറ്റുസ്സിമാക്കി കേസ്സിനെ പുതിയ വാദമുഖങ്ങളിൽകൂടികൊണ്ടുവന്നു എതിർഭാഗം വക്കീലുംകൂടി വിധിയെ സമ്മതിക്കുന്ന രീതിയിൽ അഭിപ്രായം പുറപ്പെടുവിക്കയുംചെയ്യുന്നു. ഹൈക്കോടതിയിലേക്ക കേസു സമർപ്പിക്കണംഎന്ന കക്ഷികളുടെ ഹർജി വരുന്ന സന്ദർഭങ്ങളിൽ ചുരുക്കം ചിലപ്പോൾമാത്രമേ സക്കാർവക്കീലിനെ നിയമിച്ചിട്ടുള്ളൂ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): മി. സുബ്ബയ്യർ പ്രസ്താവിച്ച നകങ്ങൾ ഭേദഗതിബിൽപ്രകാരം ഹൈക്കോടതിയിലേക്ക കേസു സമർപ്പിക്കുന്നതു കമ്മിഷണരുടെ യുക്തംപോലെ ചെയ്യാമെന്നവരുമ്പോൾ സക്കാർവക്കീലിന്റെ ആവശ്യം നേരിട്ടുമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡറവന്യൂവും ആളായനികുതിയും കമ്മിഷണർ): നേരത്തെ കൂടി അതിനെപ്പറ്റി ഒരു അഭിപ്രായം പറയാൻ തരമില്ല. ആ ചോദ്യത്തിനു ഞാൻ ഇപ്പോൾ മറുപടി പറയണം എന്നു പറയുന്നതു ശരിയല്ല. ആവശ്യം നേരിട്ടാലവസരത്തിൽ നമുക്ക അതിനെപ്പറ്റി ആലോചിക്കാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): ആളായനികുതികമ്മിഷണർക്കുതന്നെ എപ്പോഴെങ്കിലും ആവശ്യം നേരിട്ടിട്ടുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡറവന്യൂവും ആളായനികുതിയും കമ്മിഷണർ): ആ ചോദ്യം ഞാൻ ഉദ്ദേശിച്ചു, സക്കാർവക്കീലിന്റെ അഭിപ്രായം ഞാൻ എപ്പോഴെല്ലാമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നു ഇപ്പോൾ ഓർക്കുന്നില്ല,

മി. എം. ആർ. മാധവയ്യർ (കോഴിക്കോടുതെക്കും പത്തനംതിട്ടയും): ലാൻഡറവന്യുകമ്മിഷണർ ഹൈക്കോടതിയിലേക്ക എത്ര കേസ് സമർപ്പിച്ചിട്ടുണ്ട്,

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡറവന്യുവും ആളായനികുതിയുംകമ്മിഷണർ): മുന്നോനാലൊ തവണ അങ്ങനെ ചെയ്തിട്ടുണ്ടായിരിക്കും. അകപ്പാടെ ഇതേവരെ ഹനു കേസുകളിൽ സക്കാർവക്കീലിനെ നിയമിച്ചിട്ടുണ്ട് ഈ ഹനു കേസുകളിൽ നു എണ്ണത്തിനു നികുതിയായ്ക ഗ്രണമായിട്ടാണ് വിധി ഉണ്ടായിട്ടുള്ളതു്. അതു കേസുകളിൽ അപ്പീൽ തള്ളിപ്പോകയോ ഹൈക്കോടതിയിലേക്ക സമർപ്പിക്കയൊ ചെയ്തിട്ടുണ്ട്. രണ്ടു കേസുകൾ ഇനിയും വിധിപറയാതെ ഇരിക്കയാണ്. സർക്കാർ വക്കീലന്മാരെ നിയമിക്കുന്ന കേസുകളിൽ മിക്കതിനും സക്കാരിനു ഗ്രണമായിട്ടല്ല വിധിഉണ്ടാകുന്നതെന്നു ഇതിൽനിന്നും തെളിയുന്നു. ഗവണ്മെൻറു ഭാഗം വാദിക്കുന്നതിനു സക്കാർവക്കീലന്മാരെ നിയമിക്കുന്നതിനല്ല വിരോധംഉള്ളതു്. നേരെമറിച്ചു അവക്ക പ്രതിഫലം കൊടുക്കുന്നതിനാണെന്നാണ ഞാൻ മനസ്സിലാക്കുന്നതു. അതാണ് വാദവിഷയം. ഈ വാദത്തെ എടുപ്പത്തിലും ഭേദിയെയും മി. സുബ്ബയ്യർ നിഷേധിച്ചു എന്നാണ് എനിക്കതോന്നുന്നതു.

മി. സി. ശങ്കരമേനോൻ (കൊല്ലം): സ്റ്റാമ്പു ഗ്രഹീക്ഷനെപ്പറ്റി എന്തെങ്കിലും സംഗതിയിൽ സംശയം നേരിട്ടാലും ഹൈക്കോടതിയുടെ അഭിപ്രായത്തിനു അയക്കുന്നതിനുമുമ്പു ദിവാൻപേഷ്കാരന്മാർ അതിനെപ്പറ്റി സക്കാർവക്കീലന്മാരുടെ അഭിപ്രായം ചോദിക്കാറുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡറവന്യുവും ആളായനികുതിയും കമ്മിഷണർ): ഇതേവരെ അവർ അങ്ങനെ ചെയ്തിട്ടില്ല, അതിനാർ ആവശ്യം ഉണ്ടെന്നും തോന്നുന്നില്ല. എന്തെന്നാൽ കക്ഷികൾക്ക എന്റെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണല്ലൊ.

പ്രസിഡണ്ടു, അദ്ദേഹം ആളായനികുതിഗ്രഹീക്ഷനെപ്പറ്റിയല്ല സ്റ്റാമ്പുഗ്രഹീക്ഷനെപ്പറ്റിയാണ് ചോദിച്ചതു്.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡറവന്യുവും ആളായനികുതിയും കമ്മിഷണർ): അതിനെപ്പറ്റി എനിക്കറിയാൻപാടില്ല. എനിക്ക സ്റ്റാമ്പുഗ്രഹീക്ഷനുമായിട്ട ഒരു ബന്ധവുമില്ല.

പ്രസിഡണ്ടു, നിങ്ങൾക്ക പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡറവന്യുവും ആളായനികുതിയും കമ്മിഷണർ): എനിക്ക ഇതുമായ പറയാനുള്ളു. ഈ സംഗതിയിൽ ഒരിക്കൽഉണ്ടായ തീരുമാനത്തിനെതിരായി ഒരു തീരുമാനംനിയമസഭ സ്വീകരിക്കുന്നതെന്നു ഞാൻ പറയുന്നാള്ളു.

പ്രസിഡണ്ടു, ഇനി ഞാൻ ഉപക്ഷേപത്തെ മെമ്പറന്മാരുടെ വോട്ടിനിടാം.

ഡപ്യൂ മെസറന്മാർ അനുകൂലിച്ചും ഹ൭ പേർ പ്രതികൂലിച്ചും വോട്ടുചെയ്തതിനാൽ ഉപക്ഷേപം പാസ്സാക്കപ്പെട്ടില്ല.

ഉപക്ഷേപം തള്ളി, ൪൫.

താഴെപറയുന്ന ഉപക്ഷേപങ്ങളും ഹാജരാക്കപ്പെട്ടിട്ടില്ല.

മി. ജി. പരമേശ്വരൻപിള്ള.

തെ. ഡിമാൻറ II എന്ന ഇനത്തിലേയ്ക്കായി നീക്കിവച്ചിരിക്കുന്ന ഹ൭ ലക്ഷം രൂപയിൽ ഹ൦൦ രൂപ കുറയ്ക്കുണം.

മി. എം. ആർ. മാധവയ്യർ.

൫൪. ഡിമാൻറ് II. എന്ന ഇനത്തിലേയ്ക്കായി നീക്കിവച്ചിരിക്കുന്ന ൧൫ ലക്ഷംരൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

പ്രസിഡണ്ട്. ആരോഗ്യനികുതിഎന്ന ഡിമാൻറ് II-ൽ ഉൾപ്പെട്ട ൧൫ ലക്ഷം രൂപയിൽനിന്നും ൫൫ അനുവദിക്കാതിരുന്ന ൧൦൦൦ രൂപ കുറച്ചു ബാക്കിയുള്ളതുക അനുവദിക്കുന്നതിനു ഞാൻ മെമ്പറന്മാരുടെ വോട്ട് ക്ഷണിക്കുന്നു. ഇതു സമ്മതിക്കുന്നതായി ഞാൻ വിചാരിക്കുന്നു.

ഈ ഗ്രാൻറ് അനുവദിക്കപ്പെട്ടു.

ഡിമാൻറ് III എക്സൈസ്ഡിപ്പാർട്ടുമെൻറ്.

മി. കെ. ഗോവിന്ദപ്പിള്ള (അക്കിംഗ് എക്സൈസ് കമ്മീഷണർ):

ഡിമാൻറ് III (എക്സൈസ്ഡിപ്പാർട്ടുമെൻറ്) എന്നഇനത്തിൽ ൩൦൫ ലക്ഷത്തിൽകവിയാത്തതുക അനുവദിക്കുന്നതിനായി ഞാൻ അഭിപ്രായപ്പെടുന്നു.

ഉപക്ഷേപം ൫൫.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള

൫൫. ശമ്പളത്തിനു. എസ്റ്റാബ്ലിഷ്മെൻറ് ചിലവിനും ആയി നീക്കിവച്ചിട്ടുള്ള രൂപ ൫൦൦൦ന് രൂപയിൽ നിന്നും ൧൫൫൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൫൬.

മി. എസ്. സുബ്രഹ്മണ്യഅയ്യർ (പത്തനാപുരവും ചെങ്കോട്ടയും) :

൫൬. ഉപ്പുപണ്ടകശാലയിലെ എസ്റ്റാബ്ലിഷ്മെൻറ് ജീവനക്കാരുടെ ശമ്പളം എന്നിവകയ്ക്കു നീക്കിവച്ചിരിക്കുന്ന രൂപ൫൦൦൦ന് രൂപ കുറയ്ക്കണം എന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

എല്ലാ ഇൻസ്പെക്ടർമാർക്കും ഒരു സബ്ഇൻസ്പെക്ടർക്കും രണ്ടു പെറിഅഫീസർമാർക്കും ക്രമപ്രകാരം ശിപായികൾക്കും ഉള്ള ശമ്പളത്തുക ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നു. ഇതിനുപുറമേ ഒരു ഇൻസ്പെക്ടരുടേയും ൧൦ പെറിഅഫീസർമാരുടേയും പുതു ശിപായികളുടേയും ശമ്പളത്തുകയായൻപതു രൂപ കൂടെ കൂട്ടണം എന്ന് ഞാൻ അഭിപ്രായപ്പെടുന്നു. കഴിഞ്ഞ പത്തുകൊല്ലങ്ങളായിട്ടു ഉപ്പുപണ്ടകശാലയുടെ ഭരണനിർവഹണത്തെപ്പറ്റിഅറിയാൻ ഇടവന്നിട്ടുള്ളഞാൻ മേൽപറഞ്ഞിടത്തോളം ജീവനക്കാരെകുറച്ചിട്ടു ബാക്കിയുള്ളവരെക്കൊണ്ട് ആജോലി നിഷ്പ്രയാസം ചെയ്യിക്കാം എന്നു പറയുന്നതു വിശ്വാസയോഗ്യമാണ്.

താഴെ പറയുംപ്രകാരമാണ് ഞാൻ ഇൻസ്പെക്ടറന്മാരേയും പെറിഅഫീസറന്മാരേയും ശിപായിമാരേയും തരംതിരിച്ചു നിയമിക്കണം എന്നു പറയുന്നത്. ഇപ്പോൾ അവിടെ എല്ലാ ഇൻസ്പെക്ടറന്മാരും ഒരു സബ് ഇൻസ്പെക്ടരും രണ്ടു പെറിഅഫീസറന്മാരും ക്രമപ്രകാരം ശിപായിമാരും ഉണ്ട്. ഒരു ഇൻസ്പെക്ടരേയും പുതുതു പെറിഅഫീസറന്മാരേയും നാലു ശിപായിമാരേയും കുറച്ചു ബാക്കിയുള്ള ൯ ഇൻസ്പെക്ടറന്മാരേയും ഒരു സബ് ഇൻസ്പെക്ടരേയും നാല് പെറിഅഫീസറന്മാരേയും ൧൦൦ ശിപായിമാരേയും ഇങ്ങിനെ നിയമിക്കാവുന്നതാണ്.

	ഇൻസ്പെക്ടർ.	പെറിഅഫീസർ.	ശിപായി.
കൊല്ലം	൧	൨	൫
തിരുവനന്തപുരം	൧	൪	൯
പുത്തളവും ശ്രീരംഗരംഅളവും	൧	൯	൧൪
ഗോപാലനാഥൻ അളവും കൃഷ്ണമണി അളവും	൧	൯	൨൦
കേപ്പ്കാമറിൻ കമ്പനിയുടേയും മെസ്സേഴ്സ് അവ ളുടെയും അളം	൧	൯	൨൦
പഴയഅളം	൧	൫	൧൪
കമാമിഅളം	...	൨	൫
സ്വാമിനാഥപിള്ളയുടെ പണ്ടകശാല	...	...	൨
വരിയൂർ സബ് ഇൻസ്പെക്ടർ	൧	൧	൫
അസി: എക്സൈസ് കമ്മീഷണരുടെ ആഫീസ ആഫ് ഇൻസ്പെക്ടറന്മാർ	...	...	൫
ഒരു സബ് ഇൻസ്പെക്ടർ	...	൪൦	൧൦൦

ഇങ്ങിനെ ൧൯൦൦-൦മാണ്ട് ചിങ്ങമാസം മുതൽ വടക്കൻ താലൂക്കുകളിൽ സ്വരാജ്യചാരായക്കട പൂട്ടിപ്പാട്ട് തുടങ്ങുമ്പോൾ അപ്പോൾ അവിടെ ജോലിക്കു ആവശ്യമുള്ള ഒരു ഇൻസ്പെക്ടരേയും ൧൨ പെറിഅഫീസറന്മാരേയും നാലു ശിപായിമാരേയും ഇവിടെനിന്നും മാറാൻ സാധിക്കും. ഗവർമ്മെണ്ടിനും എക്സൈസ് കമ്മീഷണർക്കും ഈ വിഷയം സമിതിയുടെ എൻറെ ഈ അഭിപ്രായം സ്വീകാര്യമായിരിക്കും എന്ന് എനിക്കു നിശ്ചയമുണ്ട്. ഓരോ ഫാക്ടറിയിലും ഓരോ ഇൻസ്പെക്ടരെ നിയമിക്കണം എന്ന് കമ്മീഷണർ പറഞ്ഞേക്കാം. അതിന് എനിക്കുപറയാനുള്ള മറുപടി ഇതാണ്. ൩൦൦ ഏക്കർ പിന്നാരമുള്ള കുന്നുകോമാടി കമ്പനി ഫാക്ടറിയും അവരുടെനിക്കുടെ ഫാക്ടറിയും കൂടി ഒരു ഇൻസ്പെക്ടർക്കു മതിയാകുമെങ്കിൽ ൫൨൦ ഏക്കർ മാത്രം വിസ്താരമുള്ള എസ്സ്. എം. ജി. എൻ. എസ്സ്. എം. കെ. എം എന്നീ ഫാക്ടറികൾക്കുടെ മേൽനോട്ടത്തിന് ഒരു ഇൻസ്പെക്ടർ മതിയാകും. അതുപോലെതന്നെ പുതുക്കുടങ്ങുക ഫാക്ടറി അല്ലാത്തസ്ഥിതിക്കും ഇൻസ്പെക്ടർ കുത്തകക്കാരുടെ വിലനയുടെ മേൽനോട്ടം നടത്തേണ്ടതായുള്ള സ്ഥിതിക്കും പുത്തളം ഫാക്ടറിയും കൃഷ്ണയ്യരുടെ ഫാക്ടറിയും ൨൫൦ ഏക്കറിൽ കുറവായിരിക്കുന്നസ്ഥിതിക്കും അവിടെയും ഒരു ഇൻസ്പെക്ടർ മതിയാകും.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നോർത്തുമലബാറും): മി. കരുമാളുരുടെ അഭിപ്രായത്തെ പിന്താങ്ങുന്നതിൽ എനിക്കു അതിയായ സന്തോഷം ഉണ്ട്. എന്തെന്നാൽ അളുത്തിലേക്കു ആവശ്യമുള്ള സിൽബന്തിക

ളുടെ വിഷയത്തിൽ ശരിയായ ഒരഭിപ്രായം പറയുവാൻ പ്രാപ്തരായുള്ളവരിൽ ഒരാളാണ് അദ്ദേഹം. ഉപ്പു വ്യവസായത്തെ സംബന്ധിച്ചു മി. കരയാളർക്കു പരസരാഗതമായ പരിജ്ഞാനം സിദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാസം കൊണ്ടു സിദ്ധിച്ചിട്ടുള്ള മനോവിശാലതയും പുറമെ ഈ വ്യവസായത്തെസംബന്ധിച്ച് അദ്ദേഹത്തിനു പ്രത്യേകപരിചയവും ഉണ്ട്. അദ്ദേഹത്തിന്റെ കുടുംബസ്വത്തായിത്തീർന്നിരിക്കുന്ന ഈ അറിവിനെ തന്റെ പിൻവാഴ്ചക്കാർക്കും ഉതകും വിധം ചെയ്യണം എന്നാണ് അദ്ദേഹത്തിന്റെ ഉദ്ദേശം. കൺട്രാക്ടറന്മാർക്കോ ഉപ്പു വ്യവസായത്തിനു പൊതുവേതന്നെയോ ഏതെങ്കിലും തരത്തിൽ ഈ ഉപക്ഷേപം ദോഷകരമായി പരിണമിക്കുന്നതാണെങ്കിൽ മി. കരയാളർ അതിനു മുതിയുകയില്ല. എന്തെന്നാൽ അളത്തിൽ വേലക്കാർ പോരാതെവന്നാൽ അതിൽനിന്നും വരാവുന്നദോഷം അധികം തട്ടുന്നതു കൺട്രാക്ടക്കന്മാരെന്നയാണ്. ഈ പ്രമേയത്തെ പിന്താങ്ങുവാൻ ഒരു വലിയ പ്രസംഗത്തിന്റെ ആവശ്യമില്ല. എക്സ്പ്ലോസ്ഡിപ്പാർട്ടുമെന്റിൽ ആവശ്യത്തിൽ കൂടുതലായി ജീവനക്കാരുണ്ടെന്നും ഇൻസ്പക്ടറന്മാരുടേയും പൊലീസുദ്യോഗസ്ഥന്മാരുടേയും എണ്ണം കുറയ്ക്കാമെന്നുമാണ് ഇവിടങ്ങളിൽ പരക്കെ ഒരഭിപ്രായമുള്ളത്. ഇതുവരെ ഇൻസ്പക്ടറന്മാരും പൊലീസുദ്യോഗസ്ഥന്മാരും ആവശ്യമില്ലെന്നു തെക്കൻതിരുവിതാംകൂറിനെപ്പറ്റി എനിക്കും തിരുനെൽവേലിയെപ്പറ്റി നല്ല പരിചയം ഉള്ള എന്റെ ഒരു സ്നേഹിതൻ—തെക്കൻതിരുവിതാംകൂറിനെപ്പറ്റി എനിക്കും ഏറെക്കുറെ അറിയാം—ഇന്നലെയുംകൂടി എന്നോടുപറയുണ്ടായി. സ്ഥലത്തുചെന്നു പരിശോധിക്കുകയും അവിടത്തെ ചില ഉദ്യോഗസ്ഥന്മാരോടും കൺട്രാക്ടറന്മാരോടും നേരിട്ടുസംസാരിക്കയും തനിക്കുള്ള നിരീക്ഷണങ്ങൾ ഉപയോഗിക്കയും ചെയ്തതിന്റെഫലമായിട്ടാണ് അവിടെ ഇപ്പോൾ ഉള്ള ജീവനക്കാരെ എണ്ണം കുറയ്ക്കാമെന്ന അദ്ദേഹം അഭിപ്രായപ്പെട്ടത്. ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ വിഷയത്തെപ്പറ്റി ഇത്രയും ഊന്നിപ്പറയുന്നത്. എക്സ്പ്ലോസ് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥന്മാർ ആവശ്യത്തിൽ കൂടുതലായിട്ടുണ്ടെന്നുള്ള ഒരു അഭിപ്രായം പരക്കെയുണ്ട്. ഉപ്പു വ്യവസായത്തെപ്പറ്റിയുള്ള സകലകാര്യങ്ങളും അറിയാവുന്ന ആളും ഉപ്പു വ്യവസായസംബന്ധമായ ജോലികൾക്കായി പലതവണയും തെക്കൻതിരുവിതാംകൂറിൽ പോയിട്ടുള്ള ആളും അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ ജോലിയെപ്പറ്റി അറിയാവുന്ന ആളും ആയ ഈ പ്രമേയകർത്താവുപറയുന്നതും അവിടെ ഇരുവളരെ ഇൻസ്പക്ടറന്മാർ ആവശ്യമില്ല എന്നാണ്. എല്ലാവശങ്ങളിൽ നിന്നും ഈ വിഷയത്തെപ്പറ്റി പഠിച്ചാലോചിക്കണമെന്നാണ് ഉദ്യോഗസ്ഥന്മാരോടും ഞാൻ അപേക്ഷിക്കുന്നത്. അവർ ഈ നിർദ്ദേശത്തെ എതിർക്കാത്തപക്ഷം നമുക്കു ഇതിൽ നിന്നും പലകാര്യങ്ങളും സാധിക്കും. ഈ ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ പ്രമേയത്തെപ്പറ്റി ഇത്രയും വിസ്തരിച്ചുപറഞ്ഞത്.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സ്പ്ലോസ് കമ്മിഷണർ) സർ, മുന്നാംകാര്യം ഞാനും ഉപ്പുവ്യവസായശാലകളുടെ ചീഫ് വഹിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയത്തെപ്പറ്റി എനിക്കും അധികാരത്തോടുകൂടി ഒരഭിപ്രായം പറയാൻ സാധിക്കും. താഴെപ്പറയുന്ന കാരണങ്ങളാൽ ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. ഫാൻറ്റ-മേയും ൻവു-മേയും ഞയ്യൂറവേയോഗത്തിൽ സാൾട്ട് ഫാക്ടറി ഡിവിഷനിൽ ആവശ്യമുള്ള ഇൻസ്പക്ടറന്മാരുടെ എണ്ണത്തെപ്പറ്റി വാദപ്രതിവാദം നടത്തുകയും ആ യോഗത്തിൽ ആവശ്യപ്പെട്ടതനുവദിക്കയും ചെയ്തു. സാൾട്ട്ഫാക്ടറിഡിവിഷനിൽ ഉള്ള ഏഴ് ഇൻസ്പക്ടറന്മാരിൽ അഞ്ചുപേർ താമരക്കുളത്തും അടുത്തുള്ള മറവ അളങ്ങിലും ആയിരുന്നു. രണ്ടുസ്ഥാപനങ്ങളിലേയും മേൽനോട്ടം നടത്തേണ്ടിയിരുന്നതുകൊണ്ട് കൊളച്ചൽ ഇൻസ്പക്ടർക്കു കണ്ടുചേരുവാൻ സമയം ഉണ്ടായിരുന്നില്ല. അദ്ദേഹം കരാളച്ചുവിലെ പോട്ടാഫീസറും കൂടിയാണ്. പുതിയ ഫാക്ടറിയുടേയും പുതിയതിന്റേയും ചാർജ് ഒരുമിച്ചു വഹിക്കേണ്ടതുകൊണ്ട് രാജാക്കമംഗലത്തേക്കുമാത്രം ഒരു ഇൻസ്പക്ടറെ ആവശ്യമുണ്ട്. എന്തെന്നാൽ മറവള്ള ഫാക്ടറികളും ഫസൽ കിഡ്വനും താരതമ്യേന ചെറുതായിരിക്കുന്നതുകൊണ്ട് മാജാക്കമംഗലത്തുള്ള അളങ്ങളോടുചേർക്കുവാൻ നിവൃത്തിയില്ല. താമരക്കുളത്തുള്ള ഫാക്ടറികളിലും ഇൻസ്പക്ടർ ഉള്ളതുപോലെ രാജാക്കമംഗലത്തും ഒരു ഇൻസ്പക്ടർ ഉണ്ടായിരിക്കണം.

മി. എ. ഹഗാർഫ് (ഗവണ്മെണ്ട് നിയമിച്ചമെമ്പർ): താമരക്കുളം സാൾട്ട് ഫാക്ടറിയുടെ വിസ്തീർണ്ണം എത്രയാണ്?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ഫാക്ടറിക്കു ചിലവാണ്ടു മുക്കാൽ.

മി. എ. ഹഗാർഫ് (ഗവർണ്മെൻറ നിയമിച്ചമെമ്പർ): ഈ ഫാക്ടറി മുക്കാൽസ്ഥലത്തും ഉപ്പുവിളയിക്കുന്നുണ്ടോ എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ) അതാണ് താമരക്കുളം ഫാക്ടറിയുടെ വിസ്തീർണ്ണം. അതിൽ രണ്ടുമുക്കാൽസ്ഥലത്തുമാത്രമേ ഉപ്പു വിളയിക്കുന്നുള്ളു. ഗവണ്മെൻറിനും ആലയത്തിന് ഫായിവരാത്തവിധത്തിൽ നടത്തേണ്ടതുള്ള രണ്ട് അളങ്ങളുടെ രേഖണത്തിന് ഒരു ഇൻസ്പക്ടറെകൊണ്ട് സാധിക്കും എന്നകാര്യത്തെപ്പറ്റിയും ഒരാളെമാത്രമേ നിയമിക്കാവൂള്ളു. ഒരു ഇൻസ്പക്ടർ ഫാ—, ഡ—ം എക്സ്റ്റൻഷൻ ഫാക്ടറിയുടേയും രണ്ടാമതൊരാൾ പുത്തൂരം ഫാക്ടറിയുടെയും, മൂന്നാമതൊരാൾ ശ്രീമൂലമേടപാലത്തുള്ള ഇൻസ്പക്ടർ ശ്രീമൂലകൃഷ്ണനും, ശ്രീശങ്കര എന്നീ രണ്ട് ഫാക്ടറികളുടേയും അഞ്ചാമത്തെ ആൾ താമരക്കുളം പുതിയ ഫാക്ടറി, പുതിയ എക്സ്റ്റൻഷൻ ഫാക്ടറി എന്നിവയുടേയും ചാർജ്ജാണ് വഹിക്കുന്നത്. ഒരു ഇൻസ്പക്ടറുടെ അധികാരാതിർത്തിയിൽ ഉൾപ്പെടുത്തിയ ഇട്ടുള്ളസ്ഥലം തനിക്കു നിർദ്ദേശിച്ചിട്ടുള്ളജോലി വേണ്ടപോലെ ചെയ്യുവാൻ തികയുന്നില്ലാതാക്കത്തക്കവണ്ണത്തിൽ അത്രഅധികമാണ്. സാൾട്ട്ഡ്യൂസ് (ചട്ടങ്ങൾ) പ്രകാരം അവർ ചുമത്തപ്പെട്ടിട്ടുള്ളജോലിയും ചുമതലയും വിഭിന്നങ്ങളാണ്. അതുകൊണ്ട് സ്ഥലത്തു ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനില്ലെങ്കിൽ ഗവണ്മെൻറിലേക്കു നഷ്ടം വരുത്തിവയ്ക്കത്തക്കവണ്ണം ചട്ടങ്ങളനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കാതെവരും. അളങ്ങളിലേക്ക് ഉപ്പുകൊള്ളാം വിട്ടുന്നതുവരെ ഉപ്പുണക്കി കവർച്ചയിൽ കൊടുത്തു അതിൽനിന്നും കിട്ടുന്ന ചുങ്കത്തുക ട്രഷറിയിൽ ഒടുക്കുന്നതുവരെ അവക്കു ചുമതലയുള്ളജോലിയുണ്ട്. നു (ശ) വകുപ്പുപ്രകാരം ഫാക്ടറിയിൽ നിന്നും പിരിയുക്കുന്ന ഉപ്പു നല്ലതായിരിക്കണം എന്നു സൂക്ഷിക്കാൻ ഫാക്ടറി ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥൻ ചുമതലപ്പെട്ടിരിക്കുന്നു. ഇതിനും പുറമെ, അമൃത ചട്ട ഉപ്പു പുരണ്ടി എടുത്തതിനുശേഷം കൂടുങ്ങളിൽ നിന്നും കവളം മുയൻ കവളിയിൽ കൂടുന്നതിനും പിന്നീടു ഉപ്പു പുരണ്ടി എടുക്കുന്നതിനുമുമ്പായി പിടിക്കുന്നതും നല്ല ഉപ്പുവെള്ളം കൂടുങ്ങളിൽ തേകുന്നതിനും ചുമതലപ്പെട്ട ആളും ഈ ഉദ്യോഗസ്ഥനാണ്.

മി. എ. ഹഗാർഫ് (ഗവണ്മെൻറ നിയമിച്ചമെമ്പർ): എല്ലാഫാക്ടറികളിൽ നിന്നും കച്ചവടക്കാർക്ക് ഉപ്പു കൊടുക്കുന്നതു പരേസമയത്താണോ? അങ്ങിനെ എല്ലായിടത്തുനിന്നും ഒരു സമയത്തു കൊടുക്കുന്നതെന്തും കൊണ്ടാണ്

നിന്നും കൊടുത്തുകഴിഞ്ഞിട്ടുവേണം പേരാന്നിൽനിന്നും ഉപ്പുകൊടുക്കുവാൻ എന്നും നിഷ്കർഷിക്കുന്ന ഒരു ഉത്തരവില്ലേ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ഞാൻ അതിനെപ്പറ്റി അന്വേഷിച്ചാണ് പറയാൻപോകുന്നത്.

പ്രസിഡന്റ്: മി. ഗോവിന്ദപ്പിള്ളേ, നിങ്ങൾ കുറച്ചുകൂടി മുമ്പോട്ട് അടുത്തുവന്നു സംസാരിക്കുക. എന്നാൽ എല്ലാവർക്കും കുറച്ചുകൂടി നല്ലപോലെ കേൾക്കാൻസാധിക്കും.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ഉപ്പുവെള്ളത്തിന്റെ ഘനം നോക്കുന്നതിനുള്ള ഉപകരണം (beaume)—ൽ കൂടുതലാകുമ്പോൾ ഉപ്പു ചുരണ്ടിയെടുക്കാതെ നോക്കേണ്ടതും ആ ഉദ്യോഗസ്ഥനാണ്. ഉപ്പു ചുരണ്ടിയെടുക്കുന്നതിനെ സംബന്ധിച്ചുള്ള ഗവർമെന്റ് ഇൻസ്ട്രക്ഷനെയാണ് ബാധിക്കുന്നത്. (ഡ 9-ാം സെക്ഷൻനോക്കുക) ഓരോ തവണയും ഉപ്പു വിളയിച്ചതിന്റെശേഷം കൺഡൻസറിലും (ഘനീഭവിക്കുന്ന യന്ത്രം) ഗോദാമിലുമുള്ള ഉപ്പുതന്നെത്താനെ ഉണങ്ങാൻ ഇടവരുത്താതെ അതെല്ലാം മൈസൻസു എടുത്തിട്ടുള്ള ആൾ നല്ലപോലെ വടിക്കുന്നുണ്ടോ എന്നു നോക്കേണ്ടതും ഫാക്ടറിഇൻസ്പെക്ടരുടെ ജോലിയാണ്. അങ്ങിനെ ഉപ്പു തന്നെത്താനെ ഉണങ്ങിയാൽ കുത്തകക്കാരന്റെ ചിലവിൽ അതിനെ നശിപ്പിക്കാൻ ഇൻസ്പെക്ടർക്ക് അധികാരം കൊടുത്തിട്ടുണ്ട്. ഉപ്പു മൂടിവച്ചു ചുരണ്ടിയെടുത്തുകഴിഞ്ഞാൽ അതു ഉണക്കുന്ന സ്ഥലത്തേക്കു മാറ്റണം. പക്ഷേ അതിന്റെ കണക്കെടുക്കുവാൻ അധികാരപ്പെടുത്തിയിരിക്കുന്ന ഫാക്ടറിഇൻസ്പെക്ടർ കണക്കെടുത്തതിനുശേഷം മാത്രമേ അതിനെ അവിടെനിന്നും മാറ്റാൻ പാടൊള്ളൂ. (രസക്ഷൻ വന്നു) ഉപ്പുശേഖരിച്ചിട്ടുള്ള സ്ഥലത്തേക്കു കൊണ്ടുപോയി ഇട്ടുന്നതിനുമുമ്പു അതു നല്ലവണ്ണം ഉണക്കിയിരിക്കണം. ഉണങ്ങിയതല്ലെങ്കിൽ അതു അവിടെ ശേഖരിച്ചിടാൻ പാടില്ലെന്നു വിലയിരുത്തുവാനുള്ള അധികാരവും ഇൻസ്പെക്ടർക്കുണ്ട്.

മി എ. ഹ്യൂഗർഫ് (ഗവർണ്മെന്റ് നിയമിച്ചമെമ്പർ): ഉപ്പിന്റെ കണക്കെടുക്കുക മുതലായജോലി ഇൻസ്പെക്ടർ എപ്പോഴെല്ലാം നോക്കാറുണ്ട്?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): അതെല്ലാം കണിശമായി ചെയ്യാറുണ്ട്.

മി. എ. ഹ്യൂഗർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): ഒരുമാസത്തിൽ എത്രദിവസം അഥവാ ആഴ്ചയിൽ എത്രതവണയിങ്ങനെനോക്കും?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസുകമ്മിഷണർ): കൂലത്തിൽനിന്നും ഉപ്പെടുക്കുന്നതിനുമുമ്പും മാറിക്കഴിഞ്ഞാൽ ഉടനെ കണക്കെടുക്കണം.

ഉപ്പുശേഖരിക്കേണ്ടസ്ഥലത്തെ കുത്തകക്കാരൻ വിതിച്ചുകൊടുക്കേണ്ടതുമുതൽ (സെക്ഷൻ നമ്പർ മുതൽ നമ്പർ വരെ) നിശ്ചിതസമയത്തു കുത്തകക്കാരൻ സ്റ്റോറിൽ ഉപ്പുകൊണ്ടുപോയി ശേഖരിച്ചില്ലെങ്കിൽ പിന്നിട്ടു അതു കുത്തകക്കാരന്റെ ചിലവിൽകൊണ്ടുപോയി ഇടുവിക്കാൻ സൻപാം വകുപ്പുപ്രകാരം ഇൻസ്പെക്ടർക്ക് അധികാരം കൊടുത്തിട്ടുണ്ട്. ഉപ്പിനുള്ള അപേക്ഷകരും സ്വീകരിക്കേണ്ടതും ഫാക്ടറിയിൽനിന്നും കൊണ്ടുപോകുന്ന ഉപ്പിൽനിന്നും ഗവണ്മെന്റിലേക്കു കുടിശ്ശികയുള്ളതായതു സ്ഥാപിക്കേണ്ടതും അതിനെ അനുകൂലനടപടിയിൽ ഒടുക്കേണ്ടതും രണ്ടാം വകുപ്പുപ്രകാരം ഇൻസ്പെക്ടരാണ്. രണ്ടു ഫാക്ടറിയിലും ഒരേസമയത്തു ഉപ്പു വിൽക്കുമ്പോൾ ആ രണ്ടു സ്ഥലത്തും മേൽപറഞ്ഞ ജോലിചെയ്യാൻ ഒരു ഇൻസ്പെക്ടർക്കു സാധിക്കയില്ല. മി. കുഞ്ഞിരാമന്റെയും മി. കൃഷ്ണയ്യരുടേയും ഫാക്ടറിയിൽ ഇങ്ങിനെയാണ് സംഭവിക്കുന്നത്. ഇൻസ്പെക്ടരുടെ ഈ ജോലി കാലത്തു ഒമ്പതുമണിക്കോ പത്തുമണിക്കോ തുടങ്ങും. അവിടെനിന്നും മി. കരയാളരുടെ ഫാക്ടറിയിൽ എത്തുമ്പോൾ മണി ഒന്നാകും. ഞാൻ ഫാക്ടറികളുടെ ചാർജ്ജുവഹിക്കുന്ന കാലത്തു ഫാക്ടറികളിലേക്കുള്ള ഒരു ഇൻസ്പെക്ടരെ നിയമിക്കുന്നതു ഉചിതമാണെന്നു മി. കരയാളർതന്നെ എന്നോടു പരാതിപറകയുണ്ടായി.

മി. എസ്സ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): അതുകൊണ്ട് തന്നെയാണ് ഞങ്ങളുടെ രണ്ട് ഫാക്ടറികളിലേക്കുള്ള ഒരു ഇൻസ്പെക്ടരെ നിയമിക്കണം എന്നു ഞാൻ പറയുന്നത്.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ആയിരിക്കും. പക്ഷേ അദ്ദേഹം അന്നു എന്നോടു പരാതിപറഞ്ഞു.

മി. എ. ഹ്യൂഗർഫ് (ഗവർണ്മെന്റ് നിയമിച്ചമെമ്പർ): ഒരു ഫാക്ടറിയിലെ വിളവുകഴിഞ്ഞുവേണം വേറൊരു ഫാക്ടറിയിലേ വിളവുണ്ടാക്കുവാൻ എന്നു നിർദ്ദേശിക്കുന്ന ഒരു സ്റ്റാന്റിംഗ് ആർഡർ ഇല്ലേ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ്സ് കമ്മിഷണർ): അങ്ങിനെ ഒരു ഉത്തരവില്ല. എല്ലാഫാക്ടറിയും ഒരേസമയത്തു ഇടക്കം. കച്ചവടക്കാർക്ക് അവരുടെ ഇഷ്ടംപോലെ ഏതു ഫാക്ടറിയിൽ നിന്നെങ്കിലും ഉപ്പെടുക്കാം.

മി. എ. ഹ്യൂഗർഫ് (ഗവർണ്മെന്റ് നിയമിച്ചമെമ്പർ): ഞാനും ഫാക്ടറിചാർജ്ജു വഹിച്ചിട്ടുണ്ട്. ഒരു ഫാക്ടറിയിൽനിന്നു ഉപ്പുകൊടുത്തുകഴിഞ്ഞതിനുശേഷമേ മറ്റൊന്നിൽനിന്നു കൊടുക്കാവൂ എന്നു ഒരുനിബന്ധന ഉള്ളതായി എനിക്കു തോന്നുന്നു.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ഇല്ല; അങ്ങിനെയില്ല. രണ്ടാം സെക്ഷൻപ്രകാരം ഉപ്പിനുള്ള അപേക്ഷകരും എല്ലാം സ്വീകരിക്കാനും ഫാക്ടറിയിൽനിന്നു കയറ്റിക്കൊണ്ടുപോകുന്ന ഉപ്പിൽനിന്നും ഗവണ്മെന്റിലേക്കു ഈടാകാനുള്ള പണം കണക്കാക്കി അന്നോടന്നു ട്രഷറിയിൽ ഒടുക്കുവാനും ഉള്ള ചുമതല ഫാക്ടറിഇൻസ്പെക്ടർക്കാണ്.

പ്രസിഡന്റ്: നിങ്ങൾക്കു ഇനി പത്തു മിനിട്ടു സമയമേ ഉള്ളൂ.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ഇതു സവിസ്തരം പ്രതിപാദിക്കേണ്ട ഒരു വിഷയമാണ്.

പ്രസിഡന്റ്: നിങ്ങൾക്കു പറയാനുള്ളതെല്ലാം ചുരുക്കിപ്പറയണം.

മി. കെ. ഗോവിന്ദപ്പിള്ള (അഡീഷണൽ എക്സൈസ്സ് കമ്മിഷണർ) : ഞാൻ പറയുന്നതെല്ലാം മി. ചെയർമാൻ ക്ഷമയോടെ അറിയാവുന്നതാണ്

പ്രസിഡണ്ട് : നിങ്ങൾ അതെല്ലാം മെമ്പറാകുമ്പോഴേക്കുട്ടി പറഞ്ഞു മനസ്സിലാക്കണം.

മി. കെ. ഗോവിന്ദപ്പിള്ള (അഡീഷണൽ എക്സൈസ്സ് കമ്മിഷണർ) : എനിക്കു ഇനി അധികം പറയാനില്ല. ഒരു പുറത്തോളമേ ഉള്ളൂ.

ഫ്ലോറിക്കിച്ചം കമ്പനികൾക്കനേകം അവകാശത്തെ വേറൊരാൾക്കു മാറിക്കൊടുക്കുവാനുള്ള അപേക്ഷകളെയെല്ലാം വേണ്ട അന്വേഷണം നടത്തി തീരുമാനിക്കുവാനുള്ള ജോലിയും ചീഫ് ഫുഡ് ഇൻസ്പെക്ടർക്കാണ്. ഉപ്പും സുഗന്ധം വരുത്തുപ്പെടുകാരും തുക്കം ശരിയാണോ എന്നു പരിശോധിക്കുവാനുള്ള ജോലി ഫാക്ടറി ഇൻസ്പെക്ടരുടെ കീഴുദ്യോഗസ്ഥന്മാർക്കാണ്. മേൽപറഞ്ഞതെല്ലാം ഫാക്ടറി ഇൻസ്പെക്ടർ ചെയ്യാതെ ചിലപ്പോൾ ജോലിക്കാരെക്കൊണ്ടു മാത്രമാണ്. ശമ്പളസ്കെയിൽ അടങ്ങിയിരിക്കുന്ന നിബന്ധനകളെല്ലാം സമയം പരിശോധിക്കുകയാണെങ്കിൽ ഫാക്ടറി ഇൻസ്പെക്ടരുടെ ചുമതല എത്രത്തോളം ഉണ്ടെന്നു അറിയാൻ സാധിക്കും. സാധാരണസ്സ് വായിച്ചുനോക്കിയാൽ ഇൻസ്പെക്ടരുടെ വിവിധജോലികൾക്കു അദ്ദേഹത്തിനു കിട്ടിച്ചു സമയം കിട്ടുന്നുള്ളുവെന്നു മനസ്സിലാകും. രണ്ട് ഫാക്ടറികളും ഒരുമിച്ചു കിടക്കുന്ന ഇൻസ്പെക്ടർമാർ രണ്ടുപേരുണ്ട്. പക്ഷെ അവരിൽ ഓരോ ഫാക്ടറി വേണ്ടപോലെ വർദ്ധനവിയിൽ എത്തീട്ടുള്ളതല്ല. പൂർണ്ണമായ വർദ്ധനവിയിൽ എത്തുന്നതോടെ അവയ്ക്കും ഓരോ ഇൻസ്പെക്ടർവീതം വേണ്ടിവരും.

ഇതിനപ്പുറമെ ഉപ്പുശേഖരിക്കുന്ന വിധത്തെപ്പറ്റിയും കൂടി പറയാം. കായലിയിൽ ഉപ്പു കൂമ്പാരമായിട്ടു കൂട്ടുന്നുണ്ട്. അവയെ പനയോലകൊണ്ടോ തെങ്ങോലകൊണ്ടോ മൂടുകയും ആ ഇടയ്ക്കു സ്ഥലത്തിനു ചുറ്റും മൂടാച്ചുകൊണ്ടു വേലികെട്ടുകയുംചെയ്യുന്നു. പക്ഷെ മേൽപ്പറഞ്ഞതൊക്കെയൊന്നും തടയുവാൻ ഈ വേലി പ്രയോജനപ്പെടുന്നില്ല. ഉപ്പുമോഷണം അസാധാരണമല്ല. കൂലികൊടുക്കാതെ ഗാർഡനിർത്തുന്ന കീഴ്ജീവനക്കാരും തമ്മിൽ നസ്സാരമായ ഏതെങ്കിലും വിരോധം ഉണ്ടാകുമ്പോൾ ഗവർണ്മെന്റിനു സാരമായ നഷ്ടം ഉണ്ടാക്കുന്നതിനു പലപ്പോഴും പ്രേരണയും ഉണ്ടാകും. കൂലികൊടുക്കാതേയോ കീഴ്ജീവനക്കാരുടേയോ അശ്രദ്ധയിലും ഉപ്പുകൂമ്പാരം കുറേ പോയാലും കൂലികൊടുത്തു മെന്നോന്നിന രണ്ടര അണയ്ക്കും മുന്നരയണയ്ക്കും മധ്യേയുള്ള നഷ്ടമേ വരുന്നൊള്ളൂ. അതായത് ഉപ്പുണ്ടാക്കുന്നതിനുള്ള ചിലവ്. എന്നാൽ ഗവണ്മെന്റിനു മെന്നോന്നിന ഒന്നേകാൽ രൂപയോളം ചിലപ്പോൾ ഭൂമിൽ കൂട്ടുതലും നഷ്ടം വരുന്നുണ്ട്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എക്സൈസ് ഡിപ്പാർട്ടുമെന്റിലെ കീഴ്ജീവനക്കാരായ പൊതുജനങ്ങൾ ഓഫീസറന്മാർ മുഖേനയല്ലാതെ അഭിപ്രായങ്ങൾ പറയുന്നതിനുള്ള അവകാശത്തെപ്പറ്റി മി. ഗോവിന്ദപ്പിള്ളയോടു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. ഗോവിന്ദപ്പിള്ള (അഡീഷണൽ എക്സൈസ്സ് കമ്മിഷണർ): ഈ ജീവനക്കാർ ഉള്ള ആ സ്ഥാനത്തു അഭിപ്രായം തടയാൻ സാധ്യമല്ല. അഭിപ്രായമുള്ളതു ഞങ്ങളുടെ ഡിപ്പാർട്ടുമെന്റിൽ മാത്രമല്ല. ചിലപ്പോൾ അതു കോടതിയിൽ എല്ലായിടത്തും ഉണ്ട്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അങ്ങിനെയുള്ളവരെ പിരിച്ചുവിട്ടാൽ അഭിപ്രായം തടയാൻ സാധിക്കയില്ലേ?

മി. കെ. ഗോവിന്ദപ്പിള്ള (അഡീഷണൽ എക്സൈസ്സ് കമ്മിഷണർ): ഇരുപതിനായിരം ജീവനക്കാർ ഉള്ള ഒരു ഡിപ്പാർട്ടുമെന്റിൽ അതു തടയാൻ സാധിക്കയില്ല. അതെങ്ങിനെ സാധിക്കും? (ചിരി)

ഞാൻ മുമ്പേ പറഞ്ഞുപോലെ ഉപ്പുവ്യവസായത്തിന്റെ കാര്യത്തിൽ മറ്റുള്ളവയേക്കാൾ കൂടുതൽ പിഴ്ചർഷ ഗവണ്മെന്റിനു ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് അവിടെ പെട്രോൾചെയ്യുന്ന ജീവനക്കാരുടെ ജോലിയെ പരിശോധിക്കേണ്ടത് ഗവണ്മെന്റിന്റെ ഗൗരവത്തിനുവേണ്ടിതന്നെയാണ്. ഇനിയും ഇൻസ്പെക്ടരുടെ അധികാരാതിർത്തിക്കുട്ടിയാൽ ഇതിനു അവശ്യമുള്ളതൊക്കെ സാധിക്കയില്ല. ഉപ്പുപെട്ടിയിലേക്കു കൊടുക്കുമ്പോൾ തുക്കം ശരിയാണോ എന്നുനോക്കുന്നതിനും ഗവണ്മെന്റിലേക്കു ഈടാക്കേണ്ട തുക നിശ്ചയിക്കുന്നതിനും ഇൻസ്പെക്ടർ അവിടെത്തന്നെ നിൽക്കേണ്ട ആവശ്യമുണ്ട്.

ഞാൻ ഇതേവരെ പറഞ്ഞതിൽനിന്നും നിസ്സംശയമായി നോക്കുകയാണെങ്കിൽ ചട്ടങ്ങൾക്കനുസരണമായും കണിശമായും ജോലിചെയ്യുന്ന ഒരു ഇൻസ്പെക്ടർക്കു ജോലി വളരെ കൂടുതൽ ഉണ്ടെന്നു നിയമസഭക്കു ബോദ്ധ്യമാകും. ചട്ടങ്ങൾ പക്ഷെ ഇനിയും പൂരിപ്പിക്കേണ്ടതുണ്ട്. അങ്ങിനെ വരുമ്പോൾ ഈ വിഷയത്തെപ്പറ്റി നമുക്കു അഭിപ്രായവും മാറേണ്ടിവരും. ഇപ്പോഴത്തെ ചട്ടങ്ങളെ അക്ഷരംപ്രതി അനുസരിച്ചു പ്രവർത്തിക്കയാണെങ്കിൽ അവയ്ക്കു ധാരാളം ജോലിയുണ്ടാകും. ഈസംഗതികളെല്ലാം അറിയാവുന്ന മി. കരയാളുടെ അഭിപ്രായത്തിനെറ ഉപക്ഷേപത്തെ പിൻവലിക്കാൻ ഒരുപക്ഷേ ഞാൻ വിശ്വസിക്കുന്നു.

മി. എസ്സ്. സുബ്രഹ്മണ്യകരയാളർ (പത്തനംതിട്ടയും ചെങ്ങോട്ടയും). ഞങ്ങളുടെ രണ്ടുജില്ലയിലേക്കും കൂടി ഒരു ഇൻസ്പെക്ടരും മേലാലോരു അളത്തിലേക്കു ഒരോ ഇൻസ്പെക്ടരും വേണമെന്നാണ് ഞാൻ പറഞ്ഞത്.

പ്രസിഡണ്ട്. അതു നിങ്ങൾക്കു നിങ്ങളുടെ മറുപടിയിൽ പറയാം. നിങ്ങൾക്കു മറുപടി പറയാൻ അവകാശമുണ്ട്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഡിസ്റ്റിലറിയിൽനിന്നും ചാരായം എടുക്കുന്നതിനെപ്പറ്റി വല്ലചട്ടവും ... ...

മി. കെ. ഗോവിന്ദപ്പിള്ള (അഡീഷണൽ എക്സൈസ്സ് കമ്മിഷണർ): അതു വേറെ സംഗതിയാണ്. ഞാൻ അതിനെപ്പറ്റി പിന്നെപ്പറയാം. ചാരായത്തിലേക്കു പിന്നെ പ്രവേശിക്കാം. (ചിരി).

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു വേറെ വിഷയമാണെന്നു എനിക്കറിയാം. ചാരായവും ഉപ്പും രണ്ടുസാധനങ്ങളാണ്. ഇൻസ്പെക്ടമാർക്കുള്ളതെറ്റ പെറ്റിഓഫീസറന്മാർക്കു കിടങ്ങിൽനിന്നും ചാരായം ശവപ്പിയിലേക്കു കൊടുക്കാൻ പാടില്ലെന്നു വല്ല ചട്ടവും ഉണ്ടോ എന്നായിരുന്നു എന്റെ ചോദ്യം.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടപ്രകാരം ചാരായം വിൽക്കാനും ഇൻസ്പെക്ടർ ഇല്ലാതിരിക്കുന്ന അവസരങ്ങളിൽ ചാരായംതന്നെ വെളിയിൽ കൊടുക്കാനും പോന്ന ആഫീസർമാരുടെ അധികാരമുണ്ട്. നമ്മുടെ ഈ ഡിപ്പാർട്ടുമെന്റിൽ ഇങ്ങനെപ്പോലുണ്ട് ഇൻസ്പെക്ടർക്കുമാത്രം ഈ അധികാരമുണ്ടായിരുന്നതു. ആ ചട്ടം ഈയിടയാണ് ഭേദപ്പെടുത്തിയതു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇപ്പോഴത്തെ ചട്ടപ്രകാരം ഇൻസ്പെക്ടർക്കുമാത്രമേ ചാരായം ഡിസ്ടിലറിയിൽനിന്നും പുറത്തിൽ കൊടുക്കാവൂ എന്നുണ്ടോ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): അങ്ങിനെയില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പെറ്റി ആഫീസർമാർക്കും അങ്ങിനെ ചെയ്യാമോ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ചെയ്യാം

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഉപ്പിന്റെ കുയ്ത്തിലും എന്തുകൊണ്ട് അങ്ങിനെചെയ്യാൻ പാടില്ല? ഇപ്പോൾ ഇൻസ്പെക്ടർ ചെയ്യുന്ന എന്നപറഞ്ഞ ആ ജോലി പെറ്റി ആഫീസർക്കു ചെയ്യാൻ പാടില്ലേ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): രണ്ടിനും വ്യത്യാസമുണ്ട്. പണ്ടുകാലത്തിൽ ഇൻസ്പെക്ടരുടെജോലി ചട്ടത്താൽബന്ധിക്കപ്പെട്ടിട്ടില്ല. എന്നാൽ ഉപ്പിന്റെകാര്യത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടുതന്നെ ഇൻസ്പെക്ടരുടെ ജോലി ചട്ടപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുണ്ടു. ചാരായത്തിന്റെ കുയ്ത്തിൽ ഡിപ്പാർട്ടുമെന്റിനു ഉത്തരവുമാത്രമേയുള്ളു. ഉപ്പിന്റെകാര്യം അങ്ങനെയല്ല.

പ്രസിഡന്റ്: ഇവരണ്ടും തമ്മിൽ എന്താണു പ്രധാനവ്യത്യാസം? പെറ്റിആഫീസർക്കു ചാരായം വെളിയിൽ കൊടുക്കാമെങ്കിൽ ഉപ്പിന്റെ കാര്യത്തിലും അങ്ങിനെചെയ്യാൻ പാടില്ലാത്തതെന്താണെന്നാണ് മിസ്റ്റർ വേലുപ്പിള്ള ചോദിക്കുന്നതു?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിങ് എക്സൈസ് കമ്മിഷണർ): ഇൻസ്പെക്ടർ ഉപ്പുകൊടുക്കുന്ന അവസരത്തിൽ പെറ്റിആഫീസർക്കു വേണ്ട ജോലിഉണ്ടു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ചട്ടങ്ങൾ ഭേദപ്പെടുത്താൻ പാടില്ലേ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിങ് എക്സൈസ് കമ്മിഷണർ): ആ ഡിപ്പാർട്ടുമെന്റിന്റെ ജോലിയല്ല, ആ ജോലി പക്ഷെ നിങ്ങളുടേതായിരിക്കും.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): ഫാൻ ര—ൽനിന്നും ഫാൻവ—ൽ എത്തിയപ്പോൾ ഉപ്പിന്റെവില കുറഞ്ഞിട്ടുണ്ടോ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിങ് എക്സൈസ് കമ്മിഷണർ): കുറഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): അന്നത്തെ ശമ്പളച്ചിലവിൽ ഇപ്പോൾ എത്ര കൂടീട്ടുണ്ട്?

പ്രസിഡന്റ്: ആ ചോദ്യത്തിനു ഇവിടെ ബന്ധം എന്താണ്? ഇപ്പോഴത്തെ ജീവനക്കാർ മതിയോ, കുറയോഎന്നാണു വാദവിഷയം. ഉപ്പുമുണ്ടിലെ ജോലിക്കു ഹാനിവരാത്തവിധത്തിൽ അവിടേയുള്ള ജോലിക്കാരിൽ കുറെപ്പേരെ കുറയ്ക്കാം എന്നു മിസ്റ്റർ കുരയാളർ ഒരു പ്രമേയം കൊണ്ടുവന്നിട്ടുണ്ട്. ഇതാണു ഇപ്പോഴത്തെ വാദവിഷയം.

മി. എ. ഹഗാർഡ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): ഓരോ ഇനത്തിൽ ചിലവിനു ഇത്ര ആവശ്യപ്പെട്ടു മെമ്പറും ഡിപ്പാർട്ടുമെന്റുമേധാവികളും തങ്ങളുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെ വിവിധജോലികളെപ്പറ്റി പറയുകയുണ്ടല്ലോ. ഇവിടെ സാധാരണയായിരിക്കുന്ന. അവക്കു ഈ ജോലിയുണ്ടു, ആ ജോലിയുണ്ടു, മറ്റേ ജോലിയുണ്ടു എന്നും അതുകൊണ്ടു ആവശ്യപ്പെടുന്നതുമല്ലാതെ മുഴുവൻ അന്വേഷിച്ചില്ലുങ്കിലും ഒപ്പെട്ടി ചിട്ടു ഉതിന്റെ വിഴുപ്പോലെ കായ്യമെപ്രാകുപ്പുമാകുപ്പുഎന്നും പറയാവുന്നു. പല ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്മാരും ഇങ്ങനെ പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു ഉദാഹരണമായി, ലാൻഡ് റവന്യൂകമ്മീഷണർതന്നെ, അസിസ്റ്റന്റുതഹശീൽദാരന്മാർ ഇല്ലെങ്കിൽ... ... ...

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ആദായനികുതിയും കമ്മീഷണർ): ഞാൻ ചിട്ടിമന്റെ കായ്യത്തെപ്പറ്റി ഒരിക്കലും പറഞ്ഞിട്ടില്ല. (ചിരി)

മി. എ. ഹഗാർഡ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): ആകപ്പാടെ നോക്കുന്നതായാൽ താമരക്കുളത്തു അമ്പലമോ പകുതി ഫാക്ടറിയേയുള്ളു. അവ തന്നിലോട്ടു തന്നെയാണു കിടക്കുന്നതു. ഒന്നിന്റെത്തെ മദ്ധ്യത്തിൽ നിന്നും ഒരു ചെറിയ ജലാശയം വേർതിരിക്കുന്നു. ഞാൻതന്നെ അസിസ്റ്റന്റു എക്സൈസ് കമ്മീഷണർ എന്ന നിലയിൽ ഫാക്ടറികളുടെ ചാർജ് വഹിച്ചിട്ടുണ്ട്. ഞാൻ അവിടത്തെ സ്ഥിതികളെല്ലാം നല്ലപോലെ അറിയുകയും ചെയ്തിട്ടുണ്ടു. ഞാൻ അവിടെ ഇരുന്നപ്പോൾ നാലുലക്ഷത്തോളമെന്നു ഉപ്പു വിളയുന്ന രണ്ടേമുക്കാൽ ഫാക്ടറികളുടെ ചാർജ് ഒരു ഇൻസ്പെക്ടറാണ് വഹിച്ചിരുന്നതു. ഉപ്പുവെള്ളത്തെ പരിശോധിക്കുക, ഉപ്പു വെളിയിൽ കൊടുക്കുക എന്നിവക്കു കായ്യങ്ങളല്ലാതെ അവിടെ ജോലിചെയ്യുന്നവരോടുപറയാൻ കൊള്ളാം. ഞങ്ങളാരും അതു വിശ്വസിക്കുകയില്ല. യഥാർത്ഥത്തിൽ മാരോ ഫാക്ടറിയിൽനിന്നായിട്ടാണ് ഉപ്പു വെളിയിൽകൊടുക്കുന്നതു. ഇപ്പോൾ അങ്ങിനെയാണല്ലോകിൽ.പിന്നെയും അങ്ങിനെ ഫീർപ്പാടുചെയ്യാൻ വിഷമമില്ലാ ഉപ്പു പരിശോധിക്കുന്ന ജോലി ഇൻസ്പെക്ടരും പെറ്റിആഫീസരും ഏതാണ്ടു സമപായിമാരുംകൂടിയാണ് ചെയ്യുന്നതു. ഇതു പ്രധാനപ്പെട്ട ഒരു ജോലിയാണെങ്കിലും അല്ലേഹം പറയുന്നതുപോലെ അതു വിഷമമുള്ള ജോലിയല്ല. ഉപ്പു തൂക്കുന്നതു പെറ്റിആഫീസരാണ് അതിനെ പരിശോധിക്കുന്നതു ഇൻസ്പെക്ടരുമാണ്. ഇതിനെല്ലാം മേലായി അസിസ്റ്റന്റു എക്സൈസ്കമ്മീഷണരുണ്ടു. അല്ലേഹത്തിനു എപ്പോഴെങ്കിലും ജില്ലസിൽബന്ധികളുടെ ജോലിയെ പരിശോധിക്കാവുന്നതാണ്. അതുകൊണ്ടു രണ്ടു ഫാക്ടറികളിലേക്കു ഒരു ഇൻസ്പെക്ടർ മതിയെന്നാണ് ഞാൻ സമർത്തിക്കുന്നതു. ഇപ്പോൾ ഫാക്ടറികളിൽ ഇരിക്കുന്ന ചില ഇൻസ്പെക്ടറന്മാരെ മിസ്റ്റർ കുരയാളർ പറഞ്ഞതുപോലെ

അവിടെനിന്നും ഇൻഡിപ്പെൻഡന്റ് സിസ്റ്റം നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നവർക്കാൻ താലൂക്കുകളിലേയ്ക്കു അയയ്ക്കാം. അങ്ങിനെവരുമ്പോൾ ആ ഇനത്തിൽ ചിലവിനുള്ള തുക ഇപ്പോൾ അനുവദിക്കേണ്ടിവരുന്നതുമില്ല. ഇക്കാര്യത്തിൽ നമ്മെ സഹായിക്കാൻ മിസ്റ്റർ കറുപ്പാളൂർ മുമ്പോട്ടുവന്നതിനെ ഞാൻ സന്തോഷിക്കുന്നു. മിസ്റ്റർ വേലപ്പനിക്കു പറഞ്ഞതുപോലെ മിസ്റ്റർ കറുപ്പാളിക്കു ഈ വിഷയത്തിൽ അടുത്തുപരിചയം ഉണ്ടു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ വിലയേറിയ അഭിപ്രായങ്ങളാണെന്നാണ് എന്റെ വിശ്വാസം. ഉപക്ഷേപത്തിൽ നിർദ്ദേശിച്ചിട്ടുള്ള തുകയെ ആക്ടിങ് എക്സൈസ് കമ്മീഷണർ കുറയ്ക്കണം എന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ മിസ്റ്റർ കറുപ്പാളുടെ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): സർ, സാധാരണ്ഫാക്ടറികളിലുള്ള ജീവനക്കാരിൽ കുറവുചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെട്ടു. അതിൽനിന്നും ഗവർണ്മെന്റിനൊ കുത്തകക്കാരൊ ചൊല്ലുന്നതുപോലെയൊ വരുവാനുള്ള ഉദ്ദേശ്യത്തോടുകൂടിയൊ അല്ലെന്നു ഞാൻ ആദ്യമേ പറഞ്ഞുകൊള്ളട്ടെ. കഴിഞ്ഞ ചട്ടങ്ങൾകൊണ്ടുണ്ടായിട്ടുള്ള സാധാരണ്ഫാക്ടറികളിലെ ജോലിയെപ്പറ്റി അടുത്തറിയാൻ ഇടവന്നിട്ടുള്ളതുകൊണ്ടു തന്നെയാണു കുറയ്ക്കണമെന്നു ഞാൻ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ അവിടെ ആവശ്യമുള്ളവയല്ലെന്നു ഞാൻ പറയുന്നില്ല. ഒരു ഫാക്ടറിക്കു ഒരു ഇൻസ്പെക്ടർ വീതം വേണം എന്നു എന്റെ സ്നേഹിതൻ ആക്ടിങ് എക്സൈസ് കമ്മീഷണർ പറകയുണ്ടായി. ഞാൻ നിർദ്ദേശിച്ചിരിക്കുന്നതും അങ്ങിനെതന്നെയാണ്. ശ്രീശങ്കരൻഅളവും ശ്രീകൃഷ്ണമേനിഅളവും കൂടി ഒരു ഇൻസ്പെക്ടരുടെ കീഴിലാക്കണം എന്നുള്ള ഭാഗമാത്രം ഭേദപ്പെടുത്തണം എന്നു ഞാൻ പറഞ്ഞൊള്ളു. ആ ഇൻസ്പെക്ടരുടെ ചാർജ്ജിൽനിന്നും ശ്രീകൃഷ്ണഅളത്തെ മാറ്റി അതിനുപകരം ഗോപാലനഗർഅളത്തെ അതിനോടുചേർക്കുകമാത്രമെ ഞാൻ ചെയ്യാറുള്ളു. ഈ ഒരുമാറ്റഭേദഗതിമാത്രമേ ഉള്ളു. പുതുഭേദഗതിയെയ്യുന്നു ഒരു ഇൻസ്പെക്ടരെ വച്ചിട്ടുണ്ടു. ശ്രീശങ്കരഅളത്തിന്റെ മേൽനോട്ടവംകൂടി ആ ഇൻസ്പെക്ടരോടു നടത്താൻ പറയാം. എന്തെന്നാൽ അപ്പിടേനിന്നും എടുക്കുന്ന ഉപ്പു ഗവണ്മെണ്ടിലേയ്ക്കാണ് പോകുന്നതു. കുത്തകക്കാർക്കല്ല. അപ്പധാനികളുടേയും കേപ്കാമറിൻകമ്പനിയുടേയും അളങ്ങൾക്കു ഒരു ഇൻസ്പെക്ടരുണ്ട്. അതുപോലെ ഞങ്ങളുടെ രണ്ടളങ്ങൾകൂടി ഒരു ഇൻസ്പെക്ടരുടെ കീഴിലാക്കാൻ പാടില്ലാത്തതെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്തെന്നാൽ യഥാർത്ഥത്തിൽ ഈ ജോലിചെയ്യുന്നതു പെറിഅഫീസർമാരാണ്. അവരുടെ ജോലിയെ പരിശോധിക്കുകമാത്രമെ ഇൻസ്പെക്ടറന്മാർ ചെയ്യുന്നൊള്ളു. അതുകൊണ്ടു ഞാൻ നിർദ്ദേശിച്ചിട്ടുള്ള ആളുകളെ കുറച്ചാലും അവിടത്തെ ജോലിയ്ക്കു തടസ്സംവരികയില്ലെന്നു എനിക്കറിയാം. ഒരു ഇൻസ്പെക്ടരേയും പെറിഅഫീസർമാരേയും സന്ദർശിച്ചായിരിക്കുകയും കുറയ്ക്കാമെന്നാണ് ഞാൻ പറയുന്നതു. ഇൻഡിപ്പെൻഡൻസിസ്റ്റം നടപ്പിൽവരുത്തണം എന്നുദ്ദേശിക്കുന്ന ഉത്തരതിരുവിതാംകൂറിലേയ്ക്കു ഇവരെ അയയ്ക്കാവുന്നതാണ്.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിങ് എക്സൈസ്കമ്മീഷണർ): ഇപ്പോഴത്തെ ചട്ടപ്രകാരം എല്ലാ ഫാക്ടറിയും ... ...

പ്രസിഡൻറ്: ദയവുചെയ്തു കുറച്ചുകൂടി ഉറക്കെ പറയു.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിങ് എക്സൈസ്കമ്മീഷണർ): ഇപ്പോഴത്തെ ചട്ടപ്രകാരം ഒരു ഫാക്ടറി ഇറക്കുമ്പോൾ ബാക്കിയുള്ള സകല ഫാക്ടറികളും ഇറക്കും. ഇങ്ങനെചെയ്യുന്നതുകൊണ്ടു കച്ചവടക്കാർക്കു നേരിൽ നിന്നും മാറിനിന്നുപോയി ഉപ്പു നോക്കാനും ഇഷ്ടമുള്ളതിൽനിന്നു ഉപ്പു വാങ്ങിക്കാനും സാധിക്കും. ചില ഫാക്ടറിയിൽ ഉപ്പു മീതെയായിരിക്കും. അതു കച്ചവടക്കാർക്കു പിടിച്ചിട്ടില്ലെന്നുവരും. നല്ല ഉപ്പുള്ള ഫാക്ടറിയിൽ നിന്നായിരിക്കും അവർക്കു വാങ്ങാൻ ഇഷ്ടം. ഇതു ചട്ടങ്ങൾകൊണ്ടസാധിച്ചുണ്ടാകുന്നതാണ്. ഇങ്ങനെ ചെയ്യണമെങ്കിൽ ഒരു ഫാക്ടറിക്കു ഒരു ഇൻസ്പെക്ടർവീതമുണ്ടാകണം. അതുകൊണ്ടു ആളുകളെ കുറയ്ക്കുന്നതു ചട്ടത്തിനു വിരോധമാകും. എന്നുതന്നെയല്ല ഇപ്പോൾ ഓരോഫാക്ടറിയിലും ധാരാളം ഉപ്പുവിളയുന്നുണ്ടു്. ഇവയെല്ലാം തുക്കുന്നതും വിൽക്കുന്നതും ഇൻസ്പെക്ടരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് വേണ്ടതു്. ഉപ്പുവെള്ളം പരിശോധിക്കുന്ന ജോലിയുടേയും നല്ല ഉപ്പിൻറെകൂട്ടത്തിൽനിന്നും ചീത്തഉപ്പിനെ മാറ്റുന്ന ജോലിയുടേയും ചുമതല ഇൻസ്പെക്ടരുടേതാണ്. അതുകൊണ്ടു ഓരോ ഫാക്ടറിക്കും ഓരോ ഇൻസ്പെക്ടർ ആവശ്യമാണ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഞാൻ എന്റെ ഉപക്ഷേപത്തിൽ തന്നെ ... ...

പ്രസിഡൻറ്: നിങ്ങൾ എക്സൈസ്കമ്മീഷണരോടു ചോദ്യം ചോദിക്കയാണോ ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): എന്നിപ്പോൾ ഇനി ഒന്നും ചോദിയ്ക്കുന്നില്ല.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിങ് എക്സൈസ്കമ്മീഷണർ): ഈവക കാരണങ്ങളാൽ ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കുകയാണെങ്കിൽ ഫാക്ടറികളിൽ അഴിമതി വളർത്തുന്നതും ഗവണ്മെന്റിന്റെ ആദായം കുറയുന്നതും ഇടവരുമെന്നും ഞാൻ സവിനയം ഉണർത്തിച്ചുകൊള്ളുന്നു.

മിസ്റ്റർ കറുപ്പാളർ പ്രസ്താവിച്ചതുപോലെ പുത്തളത്തെപ്പറ്റി പറകയാണെങ്കിൽ അവിടത്തെ ഉപ്പു മൂടുവാൻ സ്വന്തആവശ്യത്തിനു എടുക്കാൻ ഗവണ്മെണ്ടിനു അധികാരമുണ്ട്. പക്ഷെ ജനങ്ങൾക്കു ആ ഉപ്പു വേണമെന്നു പറഞ്ഞാൽ മറ്റുള്ള ഫാക്ടറികളിലെ ഉപ്പു വിൽക്കുന്ന കൂട്ടത്തിൽ ആ ഉപ്പുംകൂടി വിൽക്കുന്നതാണ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): അതിനെപ്പറ്റി പറകയാണെങ്കിൽ..... ... ...

പ്രസിഡൻറ്: മി. കരയാളർ, നിങ്ങൾക്കു ഇപ്പോൾ പറയാൻ അനുവാദമില്ല. നിങ്ങൾ ഇരിക്കണം. ഇപ്പോൾ വേണമെങ്കിൽ നിങ്ങൾക്കു ചോദ്യം ചോദിക്കാം.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിങ് എക്സൈസ്കമ്മീഷണർ): സാധാരണ്ഫാക്ടറികളിലെ ജീവനക്കാരെ കുറച്ചാൽ ഗവണ്മെന്റിന്റെ ആദായം കുറയുംഎന്നും കുത്തകക്കാരുടെ പെരുമതി ധാരാളം ഉണ്ടാകും എന്നും അല്ലാതെ എതിയ്ക്കുന്നതിനും പറയാനില്ല.

വോട്ടിനിടുന്നതിൽ ഉപക്ഷേപം തള്ളപ്പെട്ടു.

ഉപക്ഷേപം ൪൭.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള:—

൪൭. ശമ്പളം ഇനത്തിലും എസ്റ്റാബ്ലിഷ്മെൻറ്ചാർജ്ജിനത്തിലും നീക്കിവച്ചിരിക്കുന്ന ൧൯, ൭൯൯ രൂപയിൽ ൫,൭൫൯ രൂപ കുറയ്ക്കണം.

(ഒരു ഇൻസ്പെക്ടറേയും ൨ പെറിഅഫീസർന്മാരേയും ൨ ശിപായിമാരേയും കുറയ്ക്കണം).

ഉപക്ഷേപം—൪൮.

മി.പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നു.

൪൮. ൨ പെറിഅഫിസർന്മാരുടെശമ്പളത്തിനു നീക്കിവച്ചിരിക്കുന്ന ൯,൮൫൨ രൂപയിൽനിന്നും ൫൨൯ രൂപ കുറയ്ക്കണം

(കുമാരിഅളത്തിൽനിന്നും രണ്ടു പെറിഅഫിസർന്മാരെ കുറയ്ക്കുന്നതിനു)

പ്രസിഡണ്ടു നിങ്ങൾ നിങ്ങളുടെ ഉപക്ഷേപത്തെപ്പറ്റി മന്ത്രിയുമായി സംസാരിക്കുന്നില്ലേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇല്ല ഞാൻ പ്രസംഗിക്കണം എന്നുദ്ദേശിക്കുന്നില്ല.

മി. കെ. ഗോവിന്ദപ്പിള്ള (അക്കിംഗ് എക്സൈസ്കമ്മിഷണർ): മി. ടി. വി. കൃഷ്ണയ്യരാൽ പുതുതായി ഇറക്കപ്പെട്ട ഒരളമാണു കുമാരി അളം. അതിനു ൨൫൯.൫൦ വിസ്താരം ഉണ്ടു. അതിൽ ൯൦ ചുവരിൽ ജോലി തുടങ്ങുകയും ൫൦൨ പാത്തകൊല്ലത്തിൽവച്ചു കഴിയുകയും ചെയ്തു. ൨൫൦ മുതൽ ൨൫൫ വരെ മണ്ണുപ്പു അവിടെനിന്നും എടുക്കുകയുണ്ടായി. അവിടെ തേഞ്ഞിരിച്ചിരിക്കുന്ന ഉപ്പു അളക്കുമോക്കിച്ചുകൊണ്ടുപോകാതെ സൂക്ഷിക്കുന്നതാണ് ഞങ്ങളുടെ ജോലി. ഇൻസ്പെക്ടിക്ക മറവുള്ള വലിയ അളങ്ങളുടെ മേൽനോട്ടം നടത്തേണ്ടിയിരിക്കുന്നതുകൊണ്ടു ഒരു പെറിഅഫിസർ എപ്പോഴും ഈ അളത്തിൽ അവശ്യംഉണ്ടായിരിക്കേണ്ടതാണ്. കുമാരിഅളത്തിലെ കായ്യങ്ങൾ നോക്കുന്നതിനു അത്യാവശ്യമുണ്ടെന്നു അളുകളുടെ ശമ്പളത്തിനുള്ള തുകമാത്രമേ ഞങ്ങൾ ആവശ്യപ്പെട്ടതെന്നുമുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ഇതു ഒരു പുതിയ അളമാണോ?

മി. കെ. ഗോവിന്ദപ്പിള്ള (അക്കിംഗ് എക്സൈസ്കമ്മിഷണർ): ഇതു ഈയിടെ ഉണ്ടാക്കിയ ഒരു പുതിയ അളമാണ്. മേൽപറഞ്ഞകാരണങ്ങളാൽ ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൪൯ മുതൽ ൫൪ വരെ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. പി. കെ. നാരായണപിള്ള:—

൪൯. ശിപായിമാരുടെ ശമ്പളച്ചിലവിനുവേണ്ടി ആവശ്യപ്പെട്ടിട്ടുള്ള ൫൭,൦൭൫ രൂപയിൽ നിന്നും നൂറു രൂപ കുറയ്ക്കണം.

മി. ടി. കുമാരപിള്ള:—

൫൦. സാധിട്ട്ഫാക്ടറികൾ എന്ന ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ൫൭,൨൦൦ രൂപയിൽനിന്നും ൫൦൦ രൂപകുറയ്ക്കണം.

മി. എസ്സ്. സുബ്രഹ്മണ്യംകരയാളർ:—

൫൧. സാധിട്ട്ഫാക്ടറികൾ എന്നഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ൫൭,൨൦൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം—൫൨

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപത്തെ പ്രയോഗിക്കുന്നു.

൫൨. ഉപ്പുവ്യവസായം എന്ന ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ൩൨,൫൦൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

ഉപ്പുവില്പനയിൽ നടത്തിപ്പോരുന്ന ഭരണനയങ്ങളേയും അതിലുള്ള ന്യൂനതകളേയും ചൂണ്ടിക്കാണിക്കുന്നതിനായിട്ടാണ് ഈ മോഷൻ കൊണ്ടുവന്നിട്ടുള്ളതു്. ൫൦൦൫-ലെ ബഡ്ഡറ്റ് നിയമസഭയിൽ ഹാജരാക്കിയപ്പോൾ മി. കെ. പി. രാമൻപിള്ള മോഷണിൽ നടന്ന വാദപ്രതിവാദങ്ങൾ വിശദവും ശ്രദ്ധേയമായിട്ടുള്ളതാണ്. ആ വാദപ്രതിവാദങ്ങളിൽനിന്നും ഉപ്പു വില്പനയിൽ നടന്നുവരുന്ന പലവിധമായ അഴിമതികളെപ്പറ്റി വേണ്ടപോലെ അതിൽഞ്ഞിട്ടുള്ളതാണ്. ശവണ്മെൻറിനു നിന്നും നിശ്ചയിച്ചിട്ടുള്ള വിലയ്ക്കു ജനങ്ങൾക്കു ഉപ്പു കിട്ടുവാനുണ്ടില്ലെന്നും, കച്ചവടക്കാർ അമിതമായ ലാഭം എടുത്തുവരുന്നുവെന്നും ആ വാദപ്രതിവാദങ്ങളിൽ നിന്നും ഗ്രഹിച്ചായി തെളിഞ്ഞിരിക്കുന്നു. അതിനെപ്പറ്റി മി. വാൻറോസ് അപ്പോൾ ഇങ്ങനെ സമാധാനം പറഞ്ഞിരിക്കുന്നു.

"ഉപ്പിന്റെ വിലക്കൂടുതലിനെപ്പറ്റി എനിക്കു ഒന്നു രണ്ടു സംഗതികൾ പറയാനുണ്ട്. സാധുജനങ്ങൾക്കുസങ്കടം വരത്തക്കവിധത്തിൽ കച്ചവടക്കാർ ചിലസമയത്തു വിലകൂട്ടുന്നു. അതിനെ തടയുന്നതിനു ഞാനും എന്റെ സിൽബന്ധികളും സദാ ശ്രമിച്ചുകൊണ്ടിരിക്കയാണ്. എവിടെയെങ്കിലും ഉപ്പിന്റെ വിലയ്ക്കു വ്യത്യാസംവരുന്നപക്ഷം അവർ എനിക്കു റിപ്പോർട്ട അയയ്ക്കണം എന്ന നിഷ്കർഷിച്ചിട്ടുണ്ട്. സാധാരണനിരക്കിൽ നിന്നും കൂട്ടതലായി ഏതു കച്ചവടക്കാരനെങ്കിലും വില്ക്കുകയാണെങ്കിൽപിന്നെ അയാൾക്കു ഡിപ്പോവിൽ നിന്നും ഉപ്പുകൊടുക്കുകയില്ല. എവിടെയെങ്കിലും ഉപ്പിന്റെ വില വർദ്ധിച്ചാൽ കുറെനാളത്തേക്കു ഞങ്ങൾതന്നെ അവിടെ ഉപ്പുകൊണ്ടുപോയി കുറഞ്ഞവിലയ്ക്കു വില്ക്കും."

അതേവിധം അതേ സംഗതിയെപ്പറ്റി മി. മാധവവാര്യർ ഹാജരാക്കിയ ഒരു ഉപക്ഷേപത്തിൽ നടന്നവാദപ്രതിവാദങ്ങൾക്കു അപ്പോൾ മി. വാൻറോസ് ഇങ്ങനെ സമാധാനം പറഞ്ഞിരിക്കുന്നു.

"ഡിപ്പോ നിറുത്തിയ ഉടനെ (തിരുവനന്തപുരത്തെ പോർട്ടസാംപ്ടൺഡിപ്പോ) അതിന്റെ ഫലം കണ്ടു തുടങ്ങി. പരിശോധനയ്ക്കു ആരും ഇല്ലാതിരുന്നതുകൊണ്ട് അവിടെയുള്ള കച്ചവടക്കാർ ഉപ്പിനു വിലകൂട്ടി. ഉടനെപരാതി ഉണ്ടായി. മിസ്റ്റർ ആഷംസോട്ട അതിനെപ്പറ്റി നിയമസഭയിൽ പ്രസ്താവിച്ചു. അന്വേഷിച്ചതിൽ പരാതിക്ക് ഹേതുതോന്നാവുന്ന വിലകൂട്ടൽ വാസ്തവമാണെന്നു ബോദ്ധ്യപ്പെട്ടു. അതുകൊണ്ടു ഡിപ്പോ വീണ്ടും തുറന്നു."

തിരുവനന്തപുരത്തുണ്ടായിരുന്ന ഉപ്പുപണ്ടകേശവപിള്ള ഫാമിന്റെ മകരമാസത്തിലെ നിറത്താൻ ഇടയായി ഞാനിൽപിന്നീടു തിരുവനന്തപുരത്തുള്ള കച്ചവടക്കാർ ഉപ്പിനു വിലകൂട്ടുകയും, അതിനുള്ള പരാതികളും നിയമസഭയിൽ ചോദ്യങ്ങളുംവന്നതിൽപിന്നീടു അന്വേഷണങ്ങളും നടത്തിയപ്പോൾ സംഗതിവാസ്തവമാണെന്നുകാണുകയും അതൽപിന്നീടു തിരുവനന്തപുരത്തു വീണ്ടും ഉപ്പുപണ്ടകേശവപിള്ള തുറക്കുംചെയ്തു എന്നാണ് മി. വാൻറോസ് പറഞ്ഞിട്ടുള്ളതു്. ഒരേദിവസം ഒരേസംഗതിയെപ്പറ്റി മി. വാൻറോസ് പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾക്കു ഒരുയോജിപ്പും ഇല്ലെതിരിക്കുന്നു. തിരുവനന്തപുരത്തു വീണ്ടും പണ്ടകേശവപിള്ള തുറന്നതു ഫാമിന്റെ വൃശ്ചികമാസത്തിൽ അതായതു പന്ത്രണ്ടു മാസങ്ങൾക്കു മുമ്പത്തെയ്ക്കു പിന്നിട്ടാണ്. രാജധാനിയായ തിരുവനന്തപുരം ടൌണിൽ എക്സൈസ് കമ്മീഷണർ താമസിച്ചുവരുന്നതായ സ്ഥലത്തു കച്ചവടക്കാർ ഉപ്പിനു വിലകൂട്ടിവിറ്റതായ ഈ കാര്യങ്ങളിൽ എക്സൈസ്കമ്മീഷണരുടെ ഉദ്യോഗസ്ഥന്മാർ ഉടനെ കണ്ടുപിടിച്ചു നടപടികൾ നടത്തുകയോ ആ വിഷമം റിപ്പോർട്ടുചെയ്തുയോ അദ്ദേഹം അതിലേക്കു ഉടനെ പരിഹാരമുണ്ടാക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. എക്സൈസ് കമ്മീഷണർ മി. വാൻറാസിന്റെ ഭരണത്തിൽ തലസ്ഥാനമായ തിരുവനന്തപുരത്തു നടന്നിട്ടുള്ള ഉപ്പുവില്പനയിൽ കച്ചവടക്കാർ വിലകൂട്ടിവിൽക്കാൻ ഇടവരികയും അതിനെ ഉടനെ തടുക്കാൻ സാധിക്കാതെ വരികയുംചെയ്തുനപക്ഷം ഉൾനാടുകളിലെ സ്ഥിതി എന്തായിത്തീരുമെന്നുള്ളതു് വർണ്ണിക്കേണ്ട ആവശ്യമില്ലാത്തതാണ്. രാജ്യത്തിൽ ഏതു സ്ഥലത്തെയിരുന്നാലും ഉപ്പിനു വിലകൂട്ടിവില്ക്കുന്ന സംഗതിയിൽ മി. വാൻറാസിന്റെ ഉദ്യോഗസ്ഥന്മാർ പണ്ടകേശവപിള്ളയെ സഹായിച്ചുവരുന്നതായും വിലകൂടുതൽകുറവുകളെപ്പറ്റി അദ്ദേഹത്തോടു റിപ്പോർട്ടുചെയ്യാൻ അവർ നിർബന്ധിയ്ക്കപ്പെട്ടിട്ടുണ്ടെന്നുമാണ് മി. വാൻറോസ് പറഞ്ഞിട്ടുള്ളതു്. ഉൾനാടുകളിലുള്ള കടകമ്പോളങ്ങളിൽ കച്ചവടക്കാർക്കു തോന്നിയവിലയ്ക്കു ഉപ്പു വിറ്റുവരുന്നുഎന്നല്ലാതെ മി. വാൻറാസിന്റെ ആളുകളിൽ ആരുംതന്നെ ഉപ്പു വില്പനയിൽ മേൽ പരിശോധന നടത്തിവരുന്നില്ലെന്നുള്ളതു് എനിക്കു ധൈര്യമായി പറയാവുന്നതാണ്.

തൊഴിൽനിയമവിരോധംകൂടാതെ ഉപ്പു കച്ചവടക്കാർ അളങ്ങളിൽനിന്നും ഉപ്പു വാങ്ങി ന്യായമായ ലാഭമെടുത്തിട്ടു ചില്ലറ കച്ചവടക്കാർക്കു കൊടുക്കുന്നു. ഓരോ സ്ഥലങ്ങളിലും ചാലമുതല്ലാ ഇന്നവിലവച്ചു വില്ക്കണമെന്നാണ് എക്സൈസ്ഡിപ്പാർട്ടുമെന്റിലെ ഭരണറിപ്പോർട്ടുകളിൽ നിന്നും കാണുന്നതു്. ആ നിയമങ്ങളും ക്ലിപ്തങ്ങളും കടലാസുകളിൽമാത്രമേ കാണാവുള്ളൂ. ഉപ്പു ചില്ലറയിൽ ചാലമുതല ഇടങ്ങഴി ഉൾനാടുകളിൽ ആരും ഉപയോഗിച്ചുവരുന്നില്ല. അവർക്കു സൌകര്യവും ലാഭവുമായ അളവുകളാണ് ഉപയോഗിച്ചുവരുന്നതു്. ഇതറിഞ്ഞുകൊണ്ടു ഉപ്പു വില്ക്കുന്ന ചില്ലറകച്ചവടക്കാർ ചാക്കിനു ഒരു രൂപാ മുതൽ രണ്ടു രൂപാവരെ ലാഭമെടുത്തുവരുന്നതു സാധാരണയാണ്.

കച്ചവടക്കാരുടെ അക്രമമായ ഈ പ്രവൃത്തിയെ തടുക്കാനോ നിയന്ത്രിക്കാനോ എക്സൈസ്ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ ശ്രദ്ധിച്ചുവരുന്നില്ല.

ഉപ്പു പണ്ടകേശവപിള്ളയിൽനിന്നും കച്ചവടക്കാർക്കു ഉപ്പുകൊടുക്കുന്നതിൽ അധികൃതന്മാർ കാണിച്ചുവരുന്ന അഴിമതികളെപ്പറ്റി കഴിഞ്ഞതവണ ഈ സമയത്തു വടക്കൻജില്ലകളിലെ ഒരു പ്രധാന കച്ചവടക്കാരനും ഈ നിയമസഭയിലെ ഒരു മെമ്പരുമായ മി. കാതിർപിള്ള ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"ഞാൻ ആലുവായിൽ ജോലിചെയ്യുന്ന ഒരു കച്ചവടക്കാരനാണ്. മുവാറ്റുപുഴ, തൊടുപുഴ, കുന്നത്തുനാടു എന്നീ പ്രദേശങ്ങളിലെ കച്ചവടക്കാരുടെ പ്രതിനിധിയുമാണ് ഞാൻ വഹിക്കുന്നതു്. ഉപ്പും മറ്റുചില സാധനങ്ങളും ഒഴികെ എല്ലാ സാമാനങ്ങളും ഞാൻ കച്ചവടം ചെയ്യുന്നുണ്ടു്. ഗവൺമെൻറു ചട്ടപ്രകാരം ഉപ്പിന്റെ വില ഏഴു രൂപയായിരിക്കുമ്പോൾ കച്ചവടക്കാർ ഫാം, ഫവ-ാം രൂപവച്ചു ഉപ്പു വില്ക്കുന്നതായിട്ടു എനിക്കറിയാം. ഉപ്പു വാങ്ങുന്നതു സംബന്ധിച്ചുള്ള ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം അസിസ്റ്റൻറു കമ്മീഷണരുടെ സ്നേഹിതന്മാരോമറ്റോ ആയ ചില കച്ചവടക്കാരെ അവർ തിരഞ്ഞെടുക്കുന്നു. അസിസ്റ്റൻറു എക്സൈസുകമ്മീഷണർക്കു പ്രതിഫലംകൊടുക്കുന്നവർക്കും അവരെ സന്തോഷിപ്പിക്കുന്നവർക്കുംമാത്രമേ ഉപ്പു കിട്ടുന്നുള്ളു എന്നുള്ളതിനു ഞാൻ തെളിവുതരാം."

ഈവിഷയത്തെപ്പറ്റിയുള്ള വാഗ്വാദങ്ങളിൽ വേറൊരു ഘട്ടത്തിൽ മി. കാതർപിള്ള ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"മുമ്പം ഉപ്പു ഡിപ്പോവിൽനിന്നും ഉപ്പു കിട്ടണമെങ്കിൽ ഡിപ്പോ ആഫീസർന്മാർക്കു മുന്നു പൈസാ കൊടുക്കണം. ഉപ്പു നേരത്തേ കിട്ടണമെങ്കിൽ ഇപ്പോഴും കച്ചവടക്കാർ അവർക്കു കൂട്ടുതലും കൊടുക്കണം. അല്ലാത്തപക്ഷം അവർ അതിനായിട്ടു അവിടെ വളരെ ദിവസം താമസിക്കേണ്ടിവരും. ഇന്നു എനിക്കു സൌകര്യമില്ല, "ഇന്നു പലർക്കും ഉപ്പു കൊടുക്കേണ്ടതായിട്ടുണ്ടു്" എന്നുംമറ്റും ഡിപ്പോ ആഫീസരന്മാർ പറയും. അതുകൊണ്ടു ഉപ്പു നേരത്തെകിട്ടുന്നതിനു ഉദ്യോഗസ്ഥന്മാർക്കു കച്ചവടക്കാർ എന്തെങ്കിലുംകൊടുക്കണം. മൂന്നര ചക്രംവീതം വിലയുള്ള ഉപ്പു ഞങ്ങളുടെ ദിക്കിൽ ഇടങ്ങഴിക്കു എട്ടു ചക്രംവച്ചു വിറ്റിരുന്നു. ഈ സന്നെഹിഞാൻ ഗവൺമെൻറിന്റെ ഒഴിയിൽകൊണ്ടുവരികയും ചെയ്തിട്ടുണ്ടു്. പക്ഷേ എനിക്കു അതിനു മറുപടി ഒന്നും കിട്ടിയില്ല."

അതേ സംഗതിയിൽ വേറൊരവസരത്തിൽ വീണ്ടും അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"അസിസ്റ്റൻറുകമ്മീഷണർന്മാർക്കു ഒരു രൂപയും ഡിപ്പോആഫീസർക്കു മൂന്നരപൈസയും കൊടുക്കണം എന്നാണ് കച്ചവടക്കാർ പറയുന്നതു്." കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരെ കൂടെക്കൂടെനിന്നു പറയുന്നതിനു ഇവിടെയുള്ള ജനങ്ങൾ മുമ്പിട്ടുവരുന്നില്ലെന്നും അതിനാൽ ഗവർണ്മെൻറിനും അവരുടെ വലിയ ഉദ്യോഗസ്ഥ

നമുക്കും വേണ്ടത്ര പ്രവർത്തിക്കാൻ സാധിക്കാതെവരുന്നുഎന്നും ക്രൻ-മത്തെ പ്രജാസഭയിൽ കൈക്കൂലിയെപ്പറ്റി പരാതിയിട്ടുള്ള നിവേദനങ്ങളെക്കുറിച്ചാൻജി അവർകളും മറുപടിപറഞ്ഞിരിക്കുന്നു.

മി. എ. ഹൂഗ്വർഹ് (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): സർ, ചട്ടത്തിനു വിരോധമായി മിസ്റ്റർ സ്റ്റീഫൻ സൺ ഇപ്പോഴും അന്യോദ്യോഗസ്ഥാംഗങ്ങളുടെ കൂട്ടത്തിൽ ഇരിക്കുന്നു. (ചിരി)

പ്രസിഡണ്ട്. എന്നും അങ്ങനെതന്നെയായിരുന്നെങ്കിലും എനിക്കു വലിയ സന്തോഷമാണ്. നാം എല്ലാം പേരും അന്യോദ്യോഗസ്ഥാംഗങ്ങളുടെ കൂട്ടത്തിൽ കൂടുകയാണെങ്കിൽ പിന്നെ കൗൺസിലിൽ അഭിപ്രായഭിന്നത സംഭവിക്കയില്ലല്ലോ (ചിരി)

മി. ടി. കുമാരപിള്ള (ഇരണിയലും വിളവംകോടും): മേൽവിവരിച്ച സംഗതികളും ഇന്നു കൗൺസിലിൽവച്ചു അതിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ വ്യക്തമായ രീതിയിൽ ആളുകളെ ചൂണ്ടിക്കാണിച്ചുപറഞ്ഞിട്ട് ഇപ്പോഴും ഒരു കൊല്ലത്തോളമായിരിക്കുന്നു. ഇതിലേക്ക എക്സൈസ് കമ്മീഷണർ എന്തു നടപടികൾക്കൊണ്ടുത്തി എന്നും അതിന്മേൽ ഗവർണ്ണരുടെ എന്തുചെയ്യുവെന്നും ഇതുവരെ നമുക്കും അറിയാൻ പാടില്ലാതിരിക്കുന്നു.

ഉപ്പുവില്പനയിലുള്ള അഴിമതികളും നിരത്തേണ്ടതു അത്യാവശ്യമായിരിക്കുന്നു. പണ്ടകശാലകളിൽനിന്നും ഉപ്പുവാങ്ങുമ്പോൾ കൈക്കൂലികൊടുക്കേണ്ടതായിവരുന്ന നഷ്ടം പേടിയോടുകൂടി ഉപ്പു വാങ്ങുന്ന സാധുക്കളിൽനിന്നും കച്ചവടക്കാർ വാങ്ങുകതന്നെചെയ്യും. അങ്ങനെവരുമ്പോൾ ഗവർണ്ണരിൽനിന്നും നിശ്ചയിച്ചിട്ടുള്ള വിലയ്ക്കു ജനങ്ങൾക്കു ഉപ്പു കിട്ടാൻ സാധിക്കുന്നതല്ല. പണ്ടകശാലകളിൽനിന്നും ഉപ്പുവാങ്ങുന്നതിനുള്ള അഴിമതികളേയും അതിനെ സൌകര്യമാക്കി കച്ചവടക്കാർ ജനങ്ങളോടു അതിയായ ക്രൂരംചെയ്തുവരുന്നതിനെയും മി: കാതർപിള്ള കൌൺസിലിൽവച്ചു പേരിയായി തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. അതിനെ ഉർബലപ്പെടുത്തുന്നതിനു എന്തെല്ലാം സമാധാനങ്ങൾ മി. വാൻറാസ്സ് പറഞ്ഞുഎന്നിരുന്നാലും പരമാർത്ഥമായസംഗതികളെ ജനങ്ങളുടെ ദൃഷ്ടിയിൽനിന്നും മറയ്ക്കുവാൻ സാധിക്കുന്നതല്ല. ഉപ്പുവില്പനയുമായ പലേ അഴിമതികളും എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഓരോ ദിവസവും വളർന്നുവരികയാണ്ചെയ്യുന്നു. ഈ അഴിമതികളെ നിവർത്തുന്നതിനു ഇന്നത്തെ എക്സൈസ് കമ്മീഷണർ മി: വാൻറാസ്സിനെക്കൊണ്ടു സാധിക്കുമെന്നു ഡിപ്പാർട്ടുമെൻറിന്റേയും ഇന്നത്തെ സ്ഥിതികളെപ്പറ്റി അറിയാവുന്നതിൽ ആരുംതന്നെ കരുതുന്നില്ല. അതിനാൽ അതിലേക്ക സാമർത്ഥ്യവും ശക്തിയും സത്യസന്ധതയും ഉള്ള ഓരാളെ എക്സൈസ് രേണം ഏർപ്പെടുത്തുന്നതു ഗവർണ്ണരിന്റെ യശസ്സിനും ജനങ്ങളുടെ നന്മക്കും അത്യന്താവശ്യമായിരിക്കുന്നു.

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിംഗ് എക്സൈസ് കമ്മീഷണർ): സർ, വടക്കൻ ഡിവിഷനിലെ ചില എക്സൈസ് ഉദ്യോഗസ്ഥന്മാരെപ്പറ്റി ചില പരാതികളുണ്ടെന്നു എനിക്കറിയാം. ഇവയ്ക പരാതികളുടെ തെറ്റരവ തെപ്പറ്റി അന്വേഷിക്കുന്നതിനു മി: വാൻറോസ്സ് ഉത്തരതിരുവിതാംകൂറിലേക്ക പോയിരുന്നു. എന്നാൽ പരാതിക്കാരുടെ പരാതിയെസംബന്ധിച്ചു വേണ്ട തെളിവു കൊടുക്കാൻസാധിച്ചില്ലെന്നു വ്യക്തനസമേതം പറയേണ്ടിയിരിക്കുന്നു. കേസ്സന്വേഷണത്തിനു ഹജിക്കാരൻ സഹായിക്കപോലുംചെയ്തില്ല.

മി. എം. കെ. കാതർപിള്ള (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): അദ്ദേഹം പറഞ്ഞതിനെ ഞാൻ പ്രതിഷേധിക്കുന്നു:

ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിംഗ് എക്സൈസ് കമ്മീഷണർ): ഞാൻ കേട്ടതു അങ്ങനെയാണ്. ഉപ്പുവില്പനയെപ്പറ്റി... ... ...

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): മി: കാതർപിള്ളയുടെ പക്കൽനിന്നും എന്തെങ്കിലും രേഖ്വാങ്ങിയിട്ടുണ്ടോ എന്നു എക്സൈസ്കമ്മീഷണർ പറയുമോ? കേസ്സിനെപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ? അതിനെസംബന്ധിച്ചു വല്ല റിപ്പോർട്ടുമുണ്ടോ?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിംഗ് എക്സൈസ് കമ്മീഷണർ): ഉണ്ടെന്നാണ് എനിക്ക തോന്നുന്നത്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): അദ്ദേഹത്തിനു അതിനെപ്പറ്റി സൂക്ഷ്മമായി അറിയാൻ പാടില്ലേ?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിംഗ് എക്സൈസ് കമ്മീഷണർ): അതിനെപ്പറ്റി എനിക്കും റിക്കാർട്ടുണ്ടെന്നാണ് എന്റെ അറിവ്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): അതു മേശമേൽവയ്ക്കാൻ ഒരുവുണ്ടാകുമോ?

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): പരാതിയെപ്പറ്റി അന്വേഷിക്കാൻ കമ്മീഷണർ പോകുന്നു എന്നുള്ള വിവരം മി: കാതർപിള്ളയെ അറിയിച്ചോ?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിംഗ് എക്സൈസ് കമ്മീഷണർ): ഉപ്പുപരാതിസംബന്ധിയെക്കുറിച്ചു തെളിവുണ്ടായിട്ടില്ല. കേസ്സന്വേഷണത്തെസംബന്ധിച്ചു ചില റിക്കാർട്ടുമുണ്ട്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): അദ്ദേഹം... ... ...

പ്രസിഡണ്ട്. മി: ഗോവിന്ദപ്പിള്ളേ, നിങ്ങൾ അതെപ്പറ്റിയുള്ള വായനയും അതിനെസംബന്ധിച്ചു റിക്കാർട്ടുകളും വായിച്ചിട്ടുണ്ടോ?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിംഗ് എക്സൈസ് കമ്മീഷണർ): ഇല്ല. ഞാൻ വായിച്ചിട്ടില്ല.

പ്രസിഡണ്ട്. മി. പരമേശ്വരൻപിള്ളേ, നിങ്ങൾക്കു വല്ലതും ചോദിക്കാനുണ്ടോ?

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): എനിക്ക ചോദിക്കാനുണ്ടായിരുന്ന ചോദ്യം അതായിരുന്നു.

മി: കെ: ഗോവിന്ദപ്പിള്ള (അക്ടിംഗ് എക്സൈസ് കമ്മീഷണർ): ഉപ്പിന്റെ വിലക്കുടുതലിനെപ്പറ്റി എനിക്ക പറവാനുള്ളത്... ... ...

മി: എൻ. രാമകൃഷ്ണപിള്ള (കരുനാഗപ്പള്ളി): പരാതിയെപ്പറ്റിയുള്ള അന്വേഷണത്തെസംബന്ധിച്ചു സൂക്ഷ്മമായ വിവരങ്ങൾപറയാൻ എക്സൈസ് കമ്മീഷണർക്ക് സാധിക്കുമോ?

മി: കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മീഷണർ): ഇല്ല. ഉപ്പിന്റെ വിലക്കുട്ടതലിനെപ്പറ്റി പരാതിയുണ്ടെങ്കിൽ ഉപ്പിന്റെ വിലനിയന്ത്രണത്തിനോ എന്തു വിലവച്ചു വിൽക്കണമെന്നു നിശ്ചയിക്കുന്നതിനോ എക്സൈസ് കമ്മീഷണർക്ക് അധികാരമില്ല. എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പൊതുജനങ്ങളുടെ ആവശ്യങ്ങളെ നിറവേറ്റിക്കൊടുക്കുന്നതിനു താൽക്കാലികമായ വല്ല ഏർപ്പാടും ചെയ്യാനോ ഞങ്ങൾക്കു സാധിക്കുമല്ലോ. ഒരു പണ്ടകശാലയിൽനിന്നു മുറന്നു ഉപ്പിന്റെ വില താഴ്ത്താനായിട്ട് അവിടേയ്ക്കു കുറെ ഉപ്പു അയച്ചു കൊടുക്കാൻ ഡാഡിക്കോ എന്നതുതന്നെയല്ല പരാതി നോട്ടീസുചെയ്തപ്പോൾ അതിനെപ്പറ്റി അന്വേഷണംനടത്തുകയും ചെയ്തും. ഈ ഉദ്ദേശത്തോടുകൂടിയാണ് വലിയതുറ പണ്ടകശാല പിണ്ടും മുറന്നത്. ചില താലൂക്കിലെ കച്ചവടക്കാർ ചിലപ്പോഴെല്ലാം ഉപ്പിന്റെ വില കുട്ടുതലാണെന്നുള്ള സംഗതി വാസ്തവമാണ്.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവംകോടും): ഈ വിവരം എക്സൈസ് കമ്മീഷണരുടെമുമ്പാകെ കൊണ്ടുവന്നിട്ടുള്ളതിനെപ്പറ്റി നടപടിനടത്തിട്ടില്ല. എക്സൈസ് കമ്മീഷണരുടെ മുമ്പാകെവച്ചു കുട്ടുതൽ വിലയ്ക്കു വിൽക്കുന്നുണ്ട്. അപ്പോഴും ഒന്നും ചെയ്യുന്നില്ലല്ലോ.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മീഷണർ): എന്ന്തിനെപ്പറ്റി അറിവു കിട്ടീട്ടില്ല.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവംകോടും): വിലതാഴ്ത്തുന്നായിട്ട് ഡിപ്പാർട്ടുമെന്റിൽനിന്നും ഉപ്പു വിൽക്കുന്നത എന്നാണ ഞാൻ ചോദിക്കുന്നത്.

മി കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മീഷണർ): ഒരു പ്രൈവറ്റുദ്യോഗിയായി ഉപ്പുവില്പനയിൽ ഏർപ്പെടുക എന്നുള്ളതാണ് ഡിപ്പാർട്ടുമെന്റിന്റെ നയമല്ല. ഉപ്പുവില്പനയെ സ്വാതന്ത്ര്യമായ മത്സരത്തിന് ഞങ്ങൾ വിട്ടിരിക്കുകയാണ്. രണ്ടുപേർ വില്പനയ്ക്കുണ്ടെങ്കിൽ രണ്ടുപേരുടെയും യോജിച്ചു ചിലപ്പോൾ വില കുട്ടിവിൽക്കും. എന്നാൽ അതു പൊതുജനങ്ങളുടെ മത്സരത്തിനു വിടുകയാണ് ഏറ്റവും നല്ലത്. കച്ചവടക്കാർക്കിടയിൽ പ്രവേശിക്കുക എന്നതു ഡിപ്പാർട്ടുമെന്റിന്റെ ജോലിയായിട്ടില്ല ഞാൻ കരുതുന്നത് അതു ജനങ്ങളുടെ ജോലിയാണ്. അതുകൊണ്ടാണ് കച്ചവടക്കാർ പണ്ടം യഥേഷ്ടം ഉപ്പു വാങ്ങിക്കൊണ്ടുപോകുന്നതിനുവേണ്ടി പണ്ടകശാലകൾമാത്രം ഗവർണ്മെന്റിൽനിന്നും നിലവ്വ്ചെയ്തിരിക്കുന്നത്.

മി. എ. ഹഗാർഫ് (ഗവർണ്മെന്റു നിയമിച്ച മെമ്പർ): ഉപ്പിന്റെ വില ഡിപ്പോയിലെ വിലയുടെ ഇരട്ടിയോളം കുടിയപ്പോൾ വിലകുറയ്ക്കുന്നതിനായി ഡിപ്പാർട്ടുമെന്റിൽനിന്നും ആലുവായ്ക്കു ഉപ്പു അയച്ചുകൊടുത്തോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മീഷണർ): ആ ചോദ്യം ഒന്നുകൂടി ചോദിക്കാൻ മെമ്പറിനു ദയവുണ്ടാകുമോ? അദ്ദേഹം ചോദിച്ചതു ഞാൻ കേട്ടില്ല.

മി. എ. ഹഗാർഫ് (ഗവർണ്മെന്റു നിയമിച്ച മെമ്പർ): ആലുവായിൽ ഉപ്പിനു വില വളരെ വർദ്ധിച്ചു: മി: കാതർപിള്ളയും മറ്റുള്ളവരും അതിനെപ്പറ്റി കൗൺസിലിൽ പ്രസ്താവിച്ചു. ഡിപ്പാർട്ടുമെന്റിൽനിന്നു സാധാരണ ചെയ്യാറുണ്ടെന്നു മി: ഗോവിന്ദപ്പിള്ള പറഞ്ഞതുപോലെ അവിടത്തെ വില താഴ്ത്താൻ ഉപ്പു അയച്ചുകൊടുത്തോ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മീഷണർ): പാപ്പൂർ, കുന്നത്തുനാട്, മുവാറ്റുപുഴ, തൊടുപുഴ എന്നി താലൂക്കുകളിലേക്ക് ആവശ്യമുള്ള ഉപ്പു കൊടുക്കുന്നതിനുവേണ്ടിയാണ് മുനസിപ്പൽ ഒരു ഡിപ്പോ സ്ഥാപിച്ചു നടത്തിവരുന്നത്. ആലുപ്പുഴ ഡിപ്പോവിൽ ബാക്കിവരുന്ന ഉപ്പു ഇല്ലാതായപ്പോൾ ചങ്ങനാശേരി, ഏറ്റുമനൂർ, കോട്ടയം മുതലായ സ്ഥലങ്ങളിലെ ഗോഡൗണുകളിലെ ഉപ്പിനു മുമ്പത്തേക്കു പോയിക്കൊണ്ടിരുന്നു. നാലു താലൂക്കുകളിലേക്കാവശ്യമുള്ള ഉപ്പു സംഭരിക്കുന്നതിനുദ്ദേശിച്ചു ഇറക്കുമതിചെയ്തിട്ടുള്ള മുതലാണ് ഡിപ്പോവിൽ വേണ്ടിടത്തോളം ഉപ്പു ശേഖരിക്കേണ്ടതു ഞങ്ങളുടെ കടമയാണ്. ചങ്ങനാശേരി, കോട്ടയം മുതലായ ഓർക്കകളിൽനിന്നും ആളുകൾ ഉപ്പു ആവശ്യപ്പെട്ടപ്പോൾ ആ നാലു താലൂക്കുകളിലുള്ളതെ വെളിയിലേക്കു ഉപ്പു കൊടുപോകാതിരിക്കാനായിട്ട് ഉപ്പുവില്പനയെ ചിലപ്പോൾ കുത്തക്കയാക്കേണ്ടതായിവന്നിട്ടുണ്ട്.

പ്രസിഡണ്ട്. നിങ്ങൾ മി ഹഗാർഫിന്റെ ചോദ്യത്തിനു മറുപടിപറകയല്ല ചെയ്യുന്നത്. ആലുവായിൽ ഉപ്പിനു വിലകുടി എന്നു പരാതിയുണ്ടായപ്പോൾ അങ്ങോട്ടേക്കു ഡിപ്പാർട്ടുമെന്റിൽനിന്നും ഉപ്പു അയച്ചുകൊടുത്തോ എന്നാണ് അദ്ദേഹം ചോദിച്ചത്.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മീഷണർ): അതിനെപ്പറ്റി എനിക്കു ഒരറിവും ഇല്ല.

പ്രസിഡണ്ട്. നിങ്ങൾക്കു ഇനി എന്തെങ്കിലും പ്രസ്താവനയുണ്ടോ?

മി. കെ ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ് കമ്മീഷണർ): മറുപടിയായി? ഇനി ഒന്നും പറയാനില്ല.

മി. കെ. കാതർപിള്ള (ഗവർണ്മെന്റു നിയമിച്ച മെമ്പർ): എനിക്കു എന്റെ കാര്യമായി രണ്ടു വാക്ക് സമാധാനം പറയാനുണ്ട്.

പ്രസിഡണ്ട്. നിങ്ങൾക്കു പറയാൻ അവകാശമുണ്ട് അതുകൊണ്ടു പറഞ്ഞുകൊൾക.

മി. കെ. കാതർപിള്ള (ഗവർണ്മെന്റു നിയമിച്ച മെമ്പർ). കഴിഞ്ഞ കൊല്ലത്തിൽ എന്റെ നാട്ടിൽ ഉപ്പിനു വിലകുടി എന്നു ഞാൻ പരാതിപ്പെടുകയുണ്ടായി ഉദ്യോഗസ്ഥന്മാരുടെപക്കൽനിന്നും ഉപ്പു വാങ്ങിക്കാൻ ഒരു രൂപ അവക്കു കൊടുക്കേണ്ടിവരുന്നുഎന്ന കച്ചവടക്കാർ എന്നോടു പറകയുണ്ടായി. എക്സൈസ് കമ്മീഷണർ അന്വേഷണത്തിനായി അവിടെ വരികയും തെളിവുകൊടുക്കാൻ എന്നോടു ആവശ്യപ്പെടുകയും ചെയ്തു. കൌൺസിലിൽ ഞാൻ പറഞ്ഞതെല്ലാം യഥാർത്ഥമാണെന്നു ഞാൻ അദ്ദേഹത്തോടു അപ്പോഴും പറഞ്ഞു. അതു അസിസ്റ്റന്റു എക്സൈസ് കമ്മീഷണർതന്നെ സമ്മതിക്കയുംചെയ്തു.

മി. വി. കൃഷ്ണപിള്ള (ചിറയിൻകീഴ്): അദ്ദേഹം എക്സൈസ് കമ്മീഷണരുടെ മുമ്പൽവച്ചാണോ അങ്ങനെ സമ്മതിച്ചത്?

മി. കാതർപിള്ള (ഗവണ്മെന്റ നിയമിച്ചമെംബർ): അതേ മാച്ച് മാസം മുതൽ ഉപ്പിന്റെ വില കൂട്ടി കൊള്ളാൻ ഗവണ്മെന്റിൽനിന്നും അദ്ദേഹത്തിനു ഒരു ഉത്തരവു വന്നുവോ എന്നും അതിനു ഒരു കമ്പിയുംകിട്ടി. അതിനിടയ്ക്കു രണ്ടു മൂന്നു ദിവസം ചില കച്ചവടക്കാരിൽനിന്നും ഡിപ്പോ ആഫീസർ കൂടുതൽവിലവാങ്ങി. അതിനായിട്ടാണ അവർ കച്ചവടക്കാരിൽനിന്നു ഒരു രൂപ കൂടുതലായിട്ടു വാങ്ങിച്ചത്, കൂടുതലായി വാങ്ങിയ ഒരു രൂപ തിരികെയ ട്രഷറിയിൽ ഒടുക്കിയതുകൊണ്ടുമോ കമ്മീഷണർ തൃപ്തിപ്പെട്ടു. അതുകൊണ്ടു കൂടുതൽതുകയിവു കൊടുക്കാൻ ഞാൻ മുതിർന്നില്ല. കൌൺസിലിൽ പറഞ്ഞതു ഞാൻ അദ്ദേഹത്തിനെ ബോദ്ധ്യപ്പെടുത്തി.

പ്രസിഡന്റ്. ഗവണ്മെന്റിന്റെ ഉത്തരവനുസരിച്ചു ഒരു രൂപ കൂടുതൽ വാങ്ങിയതാണെന്നും അതു തിരികെയ ട്രഷറിയിൽ ഒടുക്കിയതാണെന്നും ആണോ നിങ്ങൾ പറയുന്നതു?

മി. എം. കെ. കാതർപിള്ള(ഗവണ്മെന്റ നിയമിച്ചമെംബർ):—അന്നു എനിക്കു അതിനെപ്പറ്റി അറിയാൻ പാടില്ലായിരുന്നു. അതുകൊണ്ടാണു ഞാൻ ഇവിടെ അങ്ങിനെ പ്രസ്താവിച്ചതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ന്യായമായി കിട്ടേണ്ടതായ വിലയിൽ കൂടുതലായി ഏതാ ഒരു ഉദ്യോഗസ്ഥൻ പണം വാങ്ങി എന്നു മിസ്റ്റർ കാതർപിള്ള ആദ്യം പറഞ്ഞതുതന്നെയാണോ ഇപ്പോഴും പറയുന്നതു?

മി. എം. കെ. കാതർപിള്ള (ഗവണ്മെന്റ നിയമിച്ചമെംബർ): അസിസ്റ്റന്റ എക്സൈസ് കമ്മീഷണർ പണം ആവശ്യപ്പെട്ടു എന്നു കച്ചവടക്കാർ എന്നോടുപറഞ്ഞു.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവംകോടും): ഫജി ഗവണ്മെന്റിലേയ്ക്കു കിട്ടിട്ടുണ്ടോ? മി. കാതർപിള്ള എഴുതി അയച്ചിട്ടുണ്ടോ?

മി. എം. കെ. കാതർപിള്ള (ഗവണ്മെന്റ നിയമിച്ച മെംബർ): ഉണ്ടു്.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവംകോടും): ആ കാലത്താണോ?

മി. എം. കെ. കാതർപിള്ള (ഗവണ്മെന്റ് നിയമിച്ചമെംബർ): അതേ. ആ കാലത്തുതന്നെ. ക്ഷാമവും മറ്റും ഉണ്ടായിരുന്ന കാലത്തുതന്നെ.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവംകോടും): ഫജി അയച്ചതിൽ പിന്നീടാ മുമ്പോ?

മി. കാതർപിള്ള (ഗവണ്മെന്റ നിയമിച്ചമെംബർ): അതിൽപിന്നീടുതന്നെ.

പ്രസിഡന്റ്. അന്നു മി. കാതർപിള്ള പറഞ്ഞതു അന്യായമായി ഡിപ്പോ ഉദ്യോഗസ്ഥന്മാർ എന്തൊ ആവശ്യപ്പെട്ടു എന്നാണു. ഇപ്പോൾ അദ്ദേഹം പറയുന്നതു പതിവായി അങ്ങിനെ വാങ്ങിവന്നു എന്നാണ്.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവംകോട്ടം): ആ കാലത്താണോ ആ മുന്നു പൈസായും അതിൽകൂടുതലായും പിരിച്ചു വന്നിരുന്നതു?

മി. എം. കെ. കാതർപിള്ള (ഗവണ്മെന്റ നിയമിച്ചമെംബർ): അതു ഇപ്പോഴും ഉണ്ടു്. കച്ചവടക്കാർ അങ്ങിനെയാണു വിൽക്കുന്നതു. അതു ധൎമ്മക്കുഴിയാണ്.

പ്രസിഡന്റ്. നിങ്ങൾ പറഞ്ഞു തീൎന്നില്ലെങ്കിൽ അതിനെപ്പറ്റി വിവരമായി പറയണം.

മി. എം. കെ. കാതർപിള്ള(ഗവണ്മെന്റ നിയമിച്ചമെംബർ): ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. എ. ഹഗാർഫ് (ഗവണ്മെന്റ നിയമിച്ച മെംബർ): മി. കാതർപിള്ള ഇരിക്കുന്നതിനുമുമ്പായി എത്രകൊല്ലം ഇങ്ങിനെ നികുതി പിരിക്കുന്നുണ്ടായിരുന്നു എന്നു പറയുമോ?

പ്രസിഡന്റ്. എന്തു നികുതി പിരിയ്ക്കലിനെപ്പറ്റിയാണു നിങ്ങൾ പറയുന്നതു? നികുതി പിരിയ്ക്കൽ രണ്ടു മൂന്നു തരത്തിലുണ്ട്.

മി. എ. ഹഗാർഫ് (ഗവണ്മെന്റ നിയമിച്ചമെംബർ): വലിയ നികുതി പിരിയ്ക്കൽ.

മി. കാതർപിള്ള (ഗവണ്മെന്റ നിയമിച്ചമെംബർ): ഒരു മാസത്തോളം കാലം ഉണ്ടായിരുന്നു എന്നാണു എന്റെ വിശ്വാസം.

മി. എ. ഹഗാർഫ് (ഗവണ്മെന്റ നിയമിച്ചമെംബർ): ഇങ്ങനെ കൂടുതലായി പണം കൊടുത്ത കച്ചവടക്കാരുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടോ? ആ പണം തിരിച്ചു കിട്ടാൻ അവൎക്കു ആവശ്യപ്പെടാമായിരുന്നോ?

മി. എം. കെ. കാതർപിള്ള (ഗവണ്മെന്റ നിയമിച്ച മെംബർ): സർ,

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും) നെടുമങ്ങാടും): സർ, മി. കാതർപിള്ളക്കു മറുപടിപറയാൻ ഇനി അവകാശമില്ല. അദ്ദേഹം പറയാനുള്ളതെല്ലാം പറഞ്ഞു കഴിഞ്ഞു ഇരുന്നതാണ്. വേറെ ഒരു മെംബർ ചോദ്യം ചോദിച്ചു എന്നു വിചാരിച്ചു അദ്ദേഹത്തിനു മറുപടി പറയാൻ അവകാശമില്ല. അദ്ദേഹം ഇരുന്നുകഴിഞ്ഞു.

പ്രസിഡന്റ്. അദ്ദേഹത്തിനു അങ്ങനെചെയ്യാൻ പാടില്ലെന്നു ... ...

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുപോലെ ഞാനും വേറൊന്നു ചോദിച്ചുകൊള്ളട്ടെ. ചോദ്യംചോദിച്ചുകഴിഞ്ഞാൽ ഉത്തരം പറയാതെ മെംബറിനു ഇരിക്കാൻ അവകാശമുണ്ടോ? (ചിരി)

പ്രസിഡന്റ്. അദ്ദേഹം മറുപടിപറയണമെന്നു നിർബന്ധമില്ല. എന്നുതന്നെയല്ല, ഒരു മെംബർ ഇരുന്നുകഴിഞ്ഞാൽ പിന്നെ അദ്ദേഹത്തോടു ചോദ്യംപോലിക്കാൻപാടുള്ളതല്ല. കൌൺസിൽ വിളിച്ചതു ലക്ഷണത്തിനായി പിരിയുകയും നടപടി പിന്നേയും കൂട്ടുകയും ചെയ്യും.

മി. ആർ. കൃഷ്ണപിള്ള (ചീഫ് സെക്രട്ടറി): സർ, മി. കാതർപിള്ളയുടെ ഏതാനും ചില പ്രസ്താവനകളെപ്പറ്റി ഒന്നു രണ്ടു വാക്കു പറയണം എന്നു ഞാൻ താല്പൎയപ്പെടുന്നു. കൺവെൻഷൻ ആഗസ്റ്റ്മാസം വെന്നുകൂടിയ തിയ്യതിയിൽ മി. കാതർപിള്ള ഇങ്ങിനെ പ്രസ്താപിക്കയുണ്ടായി.

ഞാൻ ആലുവായിൽ ജോലി ചെയ്യുന്ന ഒരു കച്ചവടക്കാരനാണ്. മൂവാറ്റുപുഴ, തൊടുപുഴ, കുന്നത്തുനാടു എന്നീ താലൂക്കുകളിലെ കച്ചവടസംഘത്തിന്റെ പ്രതിനിധിയാണു ഞാൻ വഹിക്കുന്നതു്. ഉപ്പും മറ്റു ചില സാമാനങ്ങളും ഒഴിച്ചു ബാക്കി സകലസാധനങ്ങളും ഞാൻ കച്ചവടംചെയ്യുന്നുണ്ടു്. ഗവണ്മെന്റു നിബന്ധനപ്രകാരം ഏഴുരൂപാ പീതം വിലവരുന്ന ഉപ്പിനു കച്ചവടക്കാർ പത്തും പന്ത്രണ്ടും രൂപ വിലവച്ചു വിൽക്കുന്നതായിട്ടു എനിക്കറിയാം.

പിന്നും അദ്ദേഹം ഇങ്ങിനെകൂടി പറഞ്ഞിട്ടുണ്ടു്.

'ഉപ്പു വില്പനയുള്ള ചട്ടങ്ങൾ എക്സൈസ് മേധാവികൾ ഉണ്ടാക്കുകയും അസിസ്റ്റൻറ് എക്സൈസ് കമ്മീഷണരുടേയോ അതുപോലെ മറ്റുള്ളവരുടേയോ സേവനക്കാരായ ചില കച്ചവടക്കാരെ ഉപ്പു വിൽക്കുന്നതിനു തെരഞ്ഞെടുക്കുകയും ചെയ്യുന്നു. വല്ല പ്രതിഫലവും കൊടുത്താ ഉപഹാരവല്ല വിധത്തിലെങ്കിലോ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണരേയും മറ്റുള്ളവരേയും സന്തോഷിപ്പിക്കുന്നവർക്കു മാത്രമേ ഉപ്പു കിട്ടുകയുള്ളൂ എന്നുള്ളതിനു ഞാൻ തെളിവു തരാം.

ദിവാൻജി അവർകൾക്ക് എഴുതുവാൻ തന്നാ എന്നു ചോദിച്ചതിനു മി. കാതർപിള്ള ഇങ്ങിനെ മറുപടിപറഞ്ഞു.

ഞാനും എൻറെ കുള്ള ഒപ്പിട്ടു തരുന്നതുകൊണ്ടായി, പക്ഷേ അതിൽ പറഞ്ഞിരുന്ന സംഗതികളെല്ലാം വാസ്തവമായിരുന്നു. ഞാൻ സൂപ്രണ്ടിപ്പിട്ടു കമ്മീഷണർ ആ എഴുത്തു എനിക്കു തരുവാൻ തയ്യാറുണ്ടായിരുന്നില്ല''

മി. കാതർപിള്ളയുടെ മറുപടി പ്രസ്താവനയെക്കുടി ഇവിടെ വായിക്കണമെന്നു ഞാൻ താല്പര്യപ്പെടുന്നു.

ഡിപ്പോവിൽ ചില ഗുമസ്തൻമാർ നടപടി ഉണ്ടെന്നു മി. മാത്തൻതരിപ്പിള്ള എന്നോടു പറഞ്ഞു. അതും ശരിയാണെന്നു എനിക്കറിയാം. എന്തെന്നാൽ മുമ്പും ഉപ്പു പണ്ടകശാലയിൽനിന്നു ഉപ്പു കിട്ടുന്നതിനു അവിടത്തെ ഉദ്യോഗസ്ഥൻമാർക്കു പൈസാ കൊടുക്കണം. ഇപ്പോഴും ഉപ്പു നേരത്തെകിട്ടണമെങ്കിൽ കുറച്ചുകൂടുതലും കൊടുക്കണം. അതല്ലെങ്കിൽ കച്ചവടക്കാർക്ക് അവിടെകൂടുന്നതിനാൽ താമസിക്കേണ്ടിവരും. ''ഇപ്പോൾ എനിക്കു പൈസകൊടുത്തില്ല പേരെ പക്ഷം ഉപ്പു കൊടുക്കുന്നേരം എന്നും മറ്റും ഡിപ്പോ ആഫീസർ പറയും. അതുകൊണ്ട് ഉപ്പു നേരത്തെകിട്ടണമെങ്കിൽ കച്ചവടക്കാർ ഡിപ്പോ ആഫീസർക്കു വല്ലതും കൊടുക്കണം. ഇടങ്ങഴിയ്ക്കു (½ അര ചക്രം) മാത്രം പിടിയുള്ള ഉപ്പു ഞങ്ങളുടെനാട്ടിൽ വച്ചുപയറ്റുന്നു''

മി. കാതർപിള്ള ചില പ്രത്യേക സ്ഥാനത്തും എടുത്തു പറഞ്ഞ സ്ഥിതിക്കു വേണ്ടതുപോലെ നടത്തുവാൻ താൻ തയ്യാറാണെന്നും അതിനു ലിസ്റ്റർ കാതർപിള്ളതന്നെ സഹായിക്കണം എന്നും എക്സൈസ് കമ്മീഷണർ മറുപടിപറഞ്ഞു. ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കാൻ മി. വാൻറാസ് ൻ ച്ചങ്ങം ആല്യം ആലുവായ്ക്കു പോയി പരാതിയെപ്പറ്റിയുള്ള അന്വേഷണത്തിനു മുമ്പിലുള്ള തെളിവു കൊടുക്കാനുള്ള പുറപ്പാടുണ്ടായിരുന്നു സാക്ഷികളും സംഘത്തലവനും ആലുവായിൽവച്ചുകണ്ടു എന്നു കമ്മീഷണർ മി. കാതർപിള്ളയോടുപറഞ്ഞു. അദ്ദേഹം സാക്ഷികളെക്കൊണ്ടു പരിശോധിപ്പിയാ വിസ്തരിക്കേണ്ട സാക്ഷിപ്പട്ടിക വിസ്തരിക്കയോ ചെയ്തില്ല. നേരം മറിച്ചു മി. ഉമ്മനപ്പുറീ താൻ കൊൺസിലിൽപറഞ്ഞതു ആലുവായിൽ ഉള്ള കച്ചവടക്കാർ തന്നോടു പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തിയാണെന്നുള്ള വിവരം കണ്ടുപിടിച്ചു കമ്മീഷണർക്കു ഒരെഴുത്തയച്ചു- കച്ചവടക്കാരെപ്പറ്റി ചോദിച്ചതിൽ പുതിയ നിരക്ക നടപ്പിൽവന്നതിനുശേഷം ചില കച്ചവടക്കാരിൽനിന്നു മി. ഉമ്മൻ കൂട്ടുതൽ ചുങ്കം വാങ്ങി എന്നു മി. വാൻറാസ്സിനു മനസ്സിലായി: അതുകൊണ്ടു മി. ഉമ്മനപ്പുറീ മി. കാതർപിള്ള പറഞ്ഞതെല്ലാം അപാസ്വമാണ്. ഈ സംഗതിയപ്പുറീ കൂടുതൽ അന്വേഷണം ഒന്നുംനടത്തേണ്ടതില്ലെന്നു മി. കാതർപിള്ളതന്നെ വാൻറാസ്സിനോടുപറഞ്ഞു. ഉമ്മനും ഡിപ്പോ ഉദ്യോഗസ്ഥൻമാർ പൈസാവിഷയം വാങ്ങിക്കുന്നതിനെപ്പറ്റിയുള്ള വിവരത്തിനു കാതർപിള്ളയുടെ പക്കൽനിന്നും മി. വാൻറാസ്സ് ഒരു മൊഴി വാങ്ങിയ്യുകയുംചെയ്തു. ആമൊഴി '' ഇപ്രകാരമാണ്. കൂടുതലായി ചുമത്തപ്പെട്ട ചുങ്കം പിരിച്ചു എന്നല്ലാതെയുള്ള ഒരു ഇനത്തിൽ അസിസ്റ്റൻറ് എക്സൈസ്കമ്മീഷണർ ഒന്നും വാങ്ങിച്ചതായി എനിക്കറിവില്ല. മുമ്പും ഡിപ്പോവിൽ ധർമ്മോല്പന്നത്തോടുകൂടി കൺസ്റ്റേറന്മാർവാങ്ങിയതാണ്. ഈ പൈസാ ഇപ്പോഴും അങ്ങിനെ ചെയ്യുന്നതായി എനിക്കറിവില്ല''

എനിക്ക ഇതിൽക്കൂടുതലായി ഒന്നും പറയാനില്ല.

മി. കാതർപിള്ള പറഞ്ഞതിനുപുറമെ മി. വാൻറാസ്സ് തന്നെ അന്വേഷണം നടത്തുകയും മി. ഉമ്മൻറെ പേരിൽഉണ്ടായ പരാതി അടിസ്ഥാനരഹിതമാണെന്നു മനസ്സിലാക്കുകയുംചെയ്തു. ഇങ്ങിനെ ഒരു റിപ്പോർട്ട് അദ്ദേഹംഗവർണ്മെൻറിലേക്കു സമർപ്പിക്കുകയും അതു രിക്കാർട്ടാക്കുകയും ചെയ്തിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (ആലുവപ്പുഴ): ആ റിപ്പോർട്ട് കൌൺസിലിൽ ഹാജരുക്കാമോ?

മി. ആർ. കൃഷ്ണപിള്ള (ചീഫ്സെക്രട്ടറി): റിപ്പോർട്ട് കൌൺസിലിൽ ഹാജരാക്കുന്നതിനു ഒരു വിരോധവുമില്ല. ഈ കൌൺസിലിലെ ഒരു മെംബറായ മി. കാതർപിള്ളയോടുള്ള ബഹുമാനംകൊണ്ടാണു ഞാൻ ആ റിപ്പോർട്ട് കൌൺസിലിൽ ഹാജരാക്കാതിരുന്നത്.

മി. ടി. കുമാരപിള്ള (ഇരുന്നിയും വിളവംകോട്ടം): ഉപ്പു വിൽപ്പനയിൽ മുമ്പും മുതലായ സ്ഥലങ്ങളിലെ പണ്ടകശാലകളിൽ നടന്നുവന്നിരുന്നതായ കൈക്കൂലികളെപ്പറ്റി മി കാതർപിള്ള കൌൺസിലിൽ പ്രസ്താവിക്കുന്നതിനു എതിരായിട്ടാണു ഫാസ്റ്റ്കമ്മിറിക്കായി ആലുവായിൽ എത്തിയിരുന്ന അന്വേഷണോദ്യോഗസ്ഥൻമാരായ ഞങ്ങളോടു പറഞ്ഞതെന്നു. ഈ സംഗതി ഞങ്ങളോടു പറയുമ്പോൾ നിയമസഭാ മെമ്പർ മി. എ. ഗോവിന്ദമേനവനുകൂടിയുണ്ടായിരുന്നു. ഉപ്പു വിൽപ്പനയിലുള്ള ഈ അഴിമതികളെപ്പറ്റി മി. കാതർപിള്ള ഞങ്ങളോടു പറയുന്നതിനുമുമ്പായിതന്നെ ഉപ്പു വിൽപ്പനയിൽ അവിടത്തെ നടത്തിപ്പുകാരനു അഴിമതികളുണ്ടെന്നു ഞങ്ങൾ എല്ലാവരും ഒന്നു ചേർന്നു ഗവർണ്മെൻറിലേയ്ക്കു എഴുതിഅയക്കണമെന്നുള്ളതിനായിരുന്നു. എന്നാൽ അവിടത്തെ ഉപ്പുവില്പനയിൽ ഞങ്ങൾക്കു വേണ്ടുപോലെ അന്വേഷണംനടത്തി വിവരം ഗവർണ്മെൻറിനെ അറിയിക്കുന്നതിനു സമയവും സൌകര്യവും പോരാതെവന്നതിനാൽ അതിലേക്കു സാധിച്ചില്ല. ആ കുമരപിള്ള മിസ്റ്റർ കാതർപിള്ളതന്നെ വഹിക്കണമെന്നാണ് ഞങ്ങളും അദ്ദേഹത്തോടു അപ്പോഴും പറഞ്ഞിട്ടുള്ളത്. മി: കാതർപിള്ള ഈ വിവരങ്ങളും എക്സൈസ്കമ്മീഷണർക്കും ഗവർണ്മെൻറിനും എഴുതി അയച്ചിട്ടുണ്ടെന്നും അതിലേക്കു വേണ്ടതായ ഉപ്പു വില്പനയിലുള്ളതെറ്റുകുറ്റങ്ങൾ കൂടെയോ ഉണ്ടായിട്ടില്ലെന്നു ഞങ്ങളോടു അപ്പോൾ പറഞ്ഞിട്ടുണ്ടായിരുന്നു. ഈ സംഭവങ്ങളെ അടിസ്ഥാനമാക്കിയാണ് കഴിഞ്ഞതവണ ഈ സഭയിൽ നിയമസഭയിൽവച്ചു മി: പി. വി. ഡാനിയൽ ഇങ്ങിനെ പറഞ്ഞിട്ടുള്ളത്.

''ഫാസ്റ്റ്കമ്മിറി മീറിംഗിനായിട്ട ആലുവായിൽ പോയപ്പോഴും ജനങ്ങളുടെ ഈ പരാതി ഞങ്ങളുടെ അടുക്കൽ ഹാജരാക്കുകയുണ്ടായി''

വന്നുചേരാം ഇങ്ങിനെയെല്ലാമുണ്ടെങ്കിലും എക്സ്പ്ലസ്ക്കമ്മിഷണർ സ്ഥലത്തുപോയി അന്വേഷണം നടത്തിയപ്പോൾ മി. കാതർപിള്ള പറഞ്ഞിട്ടുള്ള കാര്യങ്ങളെ ദുർബലപ്പെടുത്തുന്നതിനുവേണ്ട വ്യവസ്ഥാനങ്ങളേർപ്പെടുത്തി ഗവണ്മെൻറിനു റിപ്പോർട്ടുചെയ്തിരിക്കുന്നു ഈ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഗവണ്മെൻറു മാധ്യമപ്പെട്ടമായിരിക്കുമെന്നിരുന്നാലും ഈ സംഗതിയിൽ അറിയാവുന്ന ജനങ്ങളെ സമാധാനപ്പെടുത്താൻ സാധിക്കുന്നതല്ല. ഗവർണ്മെൻറിന്റെ അതിമനോഹരമായ പബ്ലിക്കുസർവീസിന്റെ കളങ്കരഹിതമായ നിലയേയും പരിപാലിക്കുന്നതിനുവേണ്ടി ഇത്തരം സംഗതികളിൽ ഡിപ്പാർട്ടുമെൻറു മേലധികാരികൾ വേണ്ടപോലെ അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കുന്നതിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്യുന്നതിനു പകരം അവരെ രക്ഷിക്കാൻ നോക്കുന്നതു് ഒരിക്കലും ന്യായമായിട്ടുള്ളതല്ല. പബ്ലിക്കുസർവ്വീസിന്റെ നിഷ്കളങ്കമായി പ്രവർത്തിച്ചുകൊണ്ടിരിക്കണമെന്നാണു ഗവണ്മെൻറും ജനങ്ങളും കരുതുന്നതു അങ്ങനെ ഇരിക്കട്ടെ ഒരുപോലെ അഭിപ്രായമുള്ള സംഗതിയിൽ ഒരു സംശയത്തെപ്പറ്റി മുമ്പു ചൊവ്വൻസിലിൽവച്ചു പറഞ്ഞിരിക്കുമ്പോൾ ആ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്റെ അന്വേഷണവും അതിനെപ്പറ്റിയുള്ള റിപ്പോർട്ടും ഗവണ്മെൻറിൽനിന്നും അതുപോലെതന്നെ പൂർണ്ണമായി വിശ്വസിച്ചു പ്രവർത്തിക്കാൻ പാടില്ലാത്തതാണു്.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറു ചീഫ്സിക്രട്ടറി): ഇങ്ങിനെയുള്ള സംഗതികളിൽ മിസ്റ്റർ വാൻറാസിനു ഇതിനുമുമ്പു എന്തുചെയ്യാൻ സാധിക്കും എന്നു മിസ്റ്റർ കുമാരപിള്ളയോടു ഞാൻ ചോദിക്കട്ടെ അദ്ദേഹം സ്ഥലത്തുചെന്നു തെളിവുശേഖരിക്കുകയും അതിന്റെ ഫലമായി ഉദ്യോഗസ്ഥന്മാരിൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങളും അടിസ്ഥാനരഹിതങ്ങളാണെന്നു കാണുകയുംചെയ്തു. പല സാക്ഷികളുടെ മൊഴി എടുക്കുകയുംചെയ്തു ഇതുപോലെയുള്ള സംഗതികളിൽ ഇനിമുമ്പുതലയായി എന്താണു ചെയ്യേണ്ടതു്?

മി. ടി. കുമാരപിള്ള (ഇരുന്നിയും വിളംബരുകോട്ടം): ഗവണ്മെൻറിനു ഇതുമാത്രമേ ചെയ്യാൻ സാധിക്കയുള്ളു എങ്കിൽ ഇങ്ങനെയുള്ള കേസുകൾ വരുന്നതുകൊണ്ടു യഥാർത്ഥത്തിൽ ഒന്നും ചെയ്യാൻ സാധിക്കയില്ലെന്നാണു് എനിക്കു തോന്നുന്നതു്.

പ്രസിഡണ്ടു്. ഗവണ്മെൻറിനു ന്യായമായി എന്തുചെയ്യാൻ സാധിക്കുമോ അതുമാത്രമേ ചെയ്യാൻ സാധിക്കയുള്ളു.

മി. ടി. കുമാരപിള്ള (ഇരുന്നിയും വിളംബരുകോട്ടം): ഈ കൌൺസിലിൽ പ്രസ്താവിക്കുന്നതിനുമുമ്പിൽതന്നെ മിസ്റ്റർ കാതർപിള്ള ഈ പ്രസ്താവന നടത്തിട്ടുള്ളതാണു്.

ചീഫ്സിക്രട്ടറി മി. കൃഷ്ണപിള്ള പറയുന്ന മാതിരിയുള്ള നയമാണു് ഗവണ്മെൻറു സ്വീകരിക്കുന്നതെങ്കിൽ ഇവിടത്തെ പബ്ലിക്കുസർവ്വീസിലെ അഴിമതികളെ കുറഞ്ഞുവരുവാൻ ഒരിക്കലും സാധിക്കുന്നതല്ല: ഇപ്പോൾ ഞാൻതന്നെ ഈ കൌൺസിലിൽവച്ചു പരസ്യമായി ഒരു ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങിവന്നതായി പറഞ്ഞു എന്നിരിക്കട്ടെ: പിന്നിട വല്ല പ്രേരണാശക്തികളാലും ഞാൻ അതിൽനിന്നും വ്യതിചലിക്കുന്നതായാൽ എന്റെ ആ പ്രവൃത്തികൊണ്ടു ഗവണ്മെൻറിൽനിന്നു ഒരിക്കലും ബഹുമതിക്കപ്പെടുവാൻ പാടില്ലാത്തതാണു്: ഈ സംഗതിയിൽതന്നെ ഒന്നാംതീയതി മുതൽ ഗവണ്മെൻറിൽനിന്നും ഉപ്പിന്റെ വിലകുറച്ചു വിറ്റിട്ടുള്ളതിനെ ശരിയാക്കുന്നതിനു വേണ്ടി കച്ചവടക്കാരോടു ചാക്കിനു ഒരുരൂപാവീതം കൂട്ടുതൽ വാങ്ങുകയും ആ തുകയെ ഖജനാവിൽ ഒടുക്കുകയും ചെയ്തിട്ടുണ്ടെന്നും മറ്റുമുള്ള സമാധാനങ്ങളാണു് മി. വാൻറാസിന്റെ റിപ്പോർട്ടിൽനിന്നും കാണുന്നതു. ഈ സമാധാനങ്ങളെ വിശ്വസിക്കാൻ കാരണങ്ങൾ കാണുന്നില്ല. പണകൈമാറ്റങ്ങളിൽനിന്നും ഉപ്പുവിലയുടെ നടന്നവരുന്ന കൈക്കൂലിയെപ്പറ്റി മി: കാതർപിള്ള ഗവണ്മെൻറിനെയും എക്സ്പ്ലസ്ക്കമ്മീഷണരേയും അറിയിച്ചിട്ടുള്ള തീയതി ഫോറസ്റ്റുകമ്മറിയിലെ അനല്യോഗസ്ഥ സാമാജികന്മാരോടു ആലുവായിൽ വച്ചു മി, കാതർപിള്ള പറഞ്ഞിട്ടുള്ള തീയതി ഉപ്പുവില കൂട്ടിട്ടുള്ള തീയതി ഈ വിവരങ്ങളും അതോടുകൂടി ഒന്നും രണ്ടും തീയതികളിൽ വിറ്റിട്ടുള്ള ഉപ്പുചാക്കു എത്രയെന്നും അതിലേക്ക കച്ചവടക്കാരോടു ഈടാക്കിട്ടുള്ള തുക എന്താണെന്നും എപ്പോൾ എത്രരൂപാ ഖജനാവിൽ ഒടുക്കിട്ടുണ്ടെന്നും ഉള്ള വിവരങ്ങൾ നിശ്ചയം വരുത്തിയതിൽ പിന്നിടുമാത്രമേ മി: വാൻറാസിന്റെ റിപ്പോർട്ടിനെ വിശ്വസിക്കാൻ പാടുള്ളു. പബ്ലിക്ക സർവീസിലുള്ള ഇത്തരം അഴിമതികളെപ്പറ്റിയുള്ള പ്രസ്താവനകളിൽ വാസ്തവങ്ങളെ കണ്ടുപിടിക്കാൻ ഗവണ്മെൻറു തിക്കശ്രദ്ധയായ നടപടികളും നടത്താതിരിക്കുന്നപക്ഷം പബ്ലിക്കുസർവീസിൽ കൈക്കൂലികളും വഞ്ചിച്ചുവരുവാനുള്ള തരമുള്ളു. ഈ സംഗതിയിൽ ഗവണ്മെൻറിൽനിന്നും നേരിട്ട അന്വേഷണം നടത്തണമെന്നതന്നെയാണു് എനിക്കഭിപ്രായമുള്ളതു്.

പ്രസിഡണ്ടു്. മി. ഡാനിയൽ പ്രസ്താവന എന്തായിരുന്നു?

മി. ടി. കുമാരപിള്ള (ഇരുന്നിയും വിളംബരുകോട്ടം): അതു് ഇതാണു് "ഞങ്ങളുടെ ഇടയിലെ ആലുവായിൽ ആയിരുന്നപ്പോൾ ഞങ്ങളുടെ അടുക്കലും ഈ നടുക്കടം കൊണ്ടുവരപ്പെട്ടിട്ടുള്ളതാണു്"

പ്രസിഡണ്ടു്. ആ പ്രസ്താവന അതേസന്ദർഭത്തിൽതന്നെ ആയിരുന്നോ?

മി. ടി. കുമാരപിള്ള (ഇരുന്നിയും വിളംബരുകോട്ടം): അതെ, അതു വളരെ ഗൌരവമായ ഒരു കാര്യമാണു.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ്കമ്മീഷണർ): സർ, കച്ചവടക്കാർ തെറ്റിദ്ധരിച്ചുകൊണ്ടു ഇങ്ങിനെ വന്നതായിരിക്കും. നിശ്ചിതദിവസത്തിൽ ചുങ്കത്തിന്റെ നിരക്കുള്ളിട്ടാൻ വിളംബരം ആഫീസുകളോടു ആവശ്യപ്പെട്ടിരിക്കും. ആ ഉത്തരവുകൊടുത്തതു ഒന്നു രണ്ടു ദിവസം കഴിഞ്ഞിട്ടായിരുന്നിരിക്കും.

മി. ടി. കുമാരപിള്ള (ഇരുന്നിയും വിളംബരുകോട്ടം): ഞാൻ അദ്ദേഹത്തോടു ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടയോ?

പ്രസിഡണ്ടു് നിങ്ങൾക്കു ചോദിച്ചുകൊൾക.

മി. ടി. കുമാരപിള്ള (ഇരുന്നിയും വിളംബരുകോട്ടം): ഇതേസംഗതി മി. കാതർപിള്ള ആലുവായിൽ ഫോറസ്റ്റ് കമ്മിറ്റിക്കായി ഞങ്ങൾ എത്തിയിരുന്നപ്പോൾ ഞങ്ങളുടെ മുമ്പിൽവച്ചു പറഞ്ഞു. ആ വിവരം മി. ഡാ

ർപിള്ള എക്സൈസ് കമ്മീഷണരേയും അറിയിച്ചിരിക്കുന്നു, അതിനുശേഷം മി. ഡാനിയൽ നിയമസഭയിൽ വച്ചു പറയുകയുണ്ടായി. അതിനെപ്പറ്റി എന്തു നടപടിനടത്തി?

പ്രസിഡണ്ട്. ഇതും വളരെ ബിയതിക്കേടിലേക്കു്.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): ഫാറസ്റ്റ് കമ്മിറിയുടെ റിപ്പോർട്ട് കൺസർവേറ്റരിൽനിന്നും മറ്റേതു് എക്സൈസ് കമ്മീഷണരിൽനിന്നും അറിയാം.

പ്രസിഡണ്ട്. ഗവർണ്മെണ്ടു് കൂടുതൽ അന്വേഷണം നടത്തുന്നുണ്ടെന്നു ഞാൻ മുമ്പുപറയുന്നു.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): അതു അത്യാവശ്യമാണെന്നു എനിക്കു തോന്നുന്നു പ്രത്യേകമായിട്ടൊരു അന്വേഷണം പ്രസ്താവിച്ചുവല്ലോ.

പ്രസിഡണ്ട്. ഈ അവസരത്തിൽ മി. കുഞ്ഞൻപിള്ളയും മി. ഡാനിയലും പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തി അന്വേഷണം നടത്തുകയുണ്ടായി ഇനിയും കൂടുതൽ അറിവുകിട്ടിയാൽ കൂടുതൽ അന്വേഷണം നടത്തും.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): ആലുവായിൽനിന്നും കിട്ടിയ കൂടുതൽ വിവരത്തെ ആസ്പദമാക്കി ഇനിയും അന്വേഷണം നടത്തേണ്ടതു് ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു,

പ്രസിഡണ്ട്. എന്നാൽ അതു ഗവണ്മെൻറിനെ ഇതിനകംതന്നെ അറിയിച്ചിട്ടില്ലായിരുന്നു.

മി. കുമാരപിള്ളേ, നിങ്ങൾ ഈ ഉപക്ഷേപത്തെ നിർബന്ധിക്കുന്നോ?

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും) എനിക്കു ഈ സംഗതി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്ന മാത്രമേ ഉദ്ദേശമുണ്ടായിരുന്നുള്ളൂ.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം— നം.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടിട്ടില്ല:

മി. എസ്. സുബ്രഹ്മണ്യകരയാളർ.

നം. ഉപ്പിന്റെ ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ൪൨,൯൦൦ രൂപയിൽനിന്നും ൫൦൦ രൂപകുറയ്ക്കുണം.

ഉപക്ഷേപം—നം൯.

മി. എ. ഹാഗ്രീവ (ഗവണ്മെണ്ടു് നിയമിച്ച മെമ്പർ): താഴെപ്പറയുന്ന ഉപക്ഷേപത്തെ ഞാൻ സഭയിൽ ഹാജരാക്കിക്കൊള്ളുന്നു.

നം൯. ഉപ്പിന്റെ ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ൯൨,൯൯൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കുണം.

സർ, ഞാൻ നമ്മുടെ മനോട്ടീസിൽ പറഞ്ഞിരുന്നതുപോലെ എക്സൈസ് കമ്മീഷണരുടെ ചുമതലയിൽനിന്നും സാൾട്ട് ഡിപ്പാർട്ടുമെണ്ടിനെ വേർതിരിച്ചു അതു് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറു് ആക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിട്ടുള്ളതാണു് ഈ ഉപക്ഷേപം. എന്റെ നിർദ്ദേശം കൂടുതൽ ചിലവിനു ഹേതുവാക്കുകയില്ലെന്നു ഞാൻ അല്പംതന്നെ പറഞ്ഞുകൊള്ളട്ടേ. എന്റെ ഉപക്ഷേപത്തിന്റെ ഒരുഭാഗത്തെപ്പറ്റി പറഞ്ഞ മിസ്റ്റർ കുമാരപിള്ള എന്റെ ജോഡിയെ ലഘൂകരിച്ചിട്ടുണ്ടു്. മലയിൻകീഴു തിരുവിതാംകൂറിലെ അളങ്ങളിൽനിന്നും ൫൦൦൦ മുതൽ ൭൦൦൦ വരെയുള്ള പത്തു കൊല്ലങ്ങളിലായി കിട്ടിയിട്ടുള്ള ഉപ്പു എതുയാണെന്നുള്ള വിവരം കാണിക്കുന്നതും എന്റെ ഒരു പ്രശ്നത്തിനു മറുപടിയായി തന്നതും ആയ സ്റ്റോറുമെൻറുതന്നെ അതിന്റെ കഥയെ വിളിച്ചുപറയുന്നുണ്ടു്, എന്നു ബഡ്ഡറിനെറ പൊതുവേയുള്ള വിമർശനത്തിൽ ഞാൻചെയ്ത പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ആ സ്റ്റോറുമെൻറു നോക്കുന്നവർക്കു പലരേയും അറിയാറാകും. ൫൦൦൦-ൽ ൫൦൫൯൯൯ മണം ഉപ്പു വിളഞ്ഞിരുന്ന താമരകുളം അളത്തിൽനിന്നും ൫൦൦൦-ൽ ൩൮൫൨൦ മണം ൫൦൦൧-ൽ ൩൩൫൫൦ മണം ഉണ്ടു് കിട്ടിയിട്ടുള്ളതു്. ൫൦൦൨-ൽ ൪൩൭൭൦ മണം ഉപ്പു കിട്ടിയിരുന്ന പുത്തളത്തിൽനിന്നും ൫൦൦൨-ൽ ൨൫,൩൨൦ മണം മാത്രമേ കിട്ടിയായുള്ളു. ൫൦൦൩-ൽ ൩൩൩൦൦ മണം ഉപ്പു വിളഞ്ഞിരുന്ന കൊളച്ചൽ അളത്തിൽനിന്നും ൫൦൦൩-ൽ ഒട്ടുംതന്നെ കിട്ടിയില്ല ൫൦൦൪-ൽ ൨൦൯൦൦ മണം ൫൦൦൫-ൽ ൫൦൭൫൦൦ മണം കിട്ടി. ൫൦൦൬-ൽ ൫൦൦൦ മണം ഉപ്പു് വിളഞ്ഞിരുന്ന രാജാക്കമംഗലം അളത്തിൽ ൫൦൦൩-ൽ ൫൦൦൦ മണം, ൫൦൦൪-ൽ ൫൫൩൭൩ മണം ൫൦൦൫-ൽ ൫൫൭൩൩ മണം മാത്രമേ ഉണ്ടായിട്ടുള്ളു. ൫൦൦൬-ൽ ആകപ്പാടെ ഏഴു ഉപ്പുളങ്ങൾ മാത്രം ഉണ്ടായിരുന്നപ്പോൾ എല്ലാംകൂടി ൫൩൨൫൦൦ മണം ഉപ്പു കിട്ടി. എന്നാൽ ഉപ്പുളങ്ങളുടെ എണ്ണം ഏഴു ആയി വർദ്ധിച്ചപ്പോൾ ൫൦൦൭-ൽ ൫൫൫൫൫൫ മണം ൫൦൦൬-ൽ ൩൩൭൫൫൦ മണവും മാത്രമേ കിട്ടിയായുള്ളു മേൽപറഞ്ഞ സ്റ്റോറുമെൻറുപ്രകാരം ൫൦൦൬-ൽ ആകപ്പാടെ ഉപ്പു വിളയിച്ചിരുന്നതു് ൩൩൦൫൦൦ മൺ ഏക്കർ സ്ഥലത്തു മാത്രമേ ആയിരുന്നൊള്ളു. എന്നാൽ ൫൦൦൭-ൽ ൫൫൫൫൫൫-ൽ ഏക്കറായിവർദ്ധിച്ചു; എന്നാൽകണ്ടിൻജൻസി, ലേബർ എന്നിവകയിൽ ൫൦൦൬-ൽ ൨൩൭൫൦൦ രൂപ ചിലവാകയും ൫൦൦൭-ൽ അതുപോലെക്കു അതു ൨൫൩൨൫ രൂപയായി വർദ്ധിക്കുകയും ചെയ്തു. ൫൦൦൬-ലെ എക്സൈസ്ഡിപ്പാർട്ടുമെൻറു രേഖയിൽനോക്കിയതിൽ ഉപ്പുകിന്നടത്തിയതു ൨൭൩൫ ഏക്കർ സ്ഥലത്തുമാത്രമാണെന്നു കാണുന്നു, ആകപ്പാടെ ൩൨൩൫൦൦ മണം ഉപ്പുവിളയുകയുണ്ടായി, കഴിഞ്ഞകൊല്ലത്തെക്കാൾ ഏകദേശം ഇരട്ടിയോളം വർദ്ധിച്ചു എന്നാണു് കാണുന്നതു. കൌൺസിലിൽ ഹാജരാക്കിയിട്ടുള്ള സ്റ്റോറുമെൻറിൽ ഉപ്പുകൃഷിനടത്തുന്ന സ്ഥലത്തിന്റെ കണക്കു കാണിച്ചിരിക്കുന്നതിൽ എന്തൊ ഒരു വലിയ തെറ്റുണ്ടെന്നു തോന്നുന്നു. എന്തെന്നാൽ ഉപ്പു വിളയിക്കുന്ന കുളങ്ങളുടെ എല്ലാംകൂടിയുള്ള വിസ്തീർണ്ണത ൨൭൩ ഏക്കറാണെന്നും അല്ലാതെ സ്റ്റോറുമെൻറിൽപറഞ്ഞിരിക്കുന്നതുപോലെ ൫൫൫൫൫൫ ഏക്കറല്ലെന്നും ൫൦൦൬-ലെ രേഖനോക്കിയാൽ നിന്നുകാണുവുണ്ടു്, കഴിഞ്ഞ പത്തു കൊല്ലമായിട്ടു ഉപ്പു കൃഷിക്കു ചിലവായിട്ടുള്ള പണം ഇരട്ടിയാകയും ഉപ്പുകൃഷിക്കുപയോഗിച്ചിട്ടുള്ള സ്ഥലം വർദ്ധിക്കയും ചെയ്തുകിലും വിളയുന്ന ഉപ്പു ൫൩ കൊല്ലങ്ങൾക്കോ ഇരുപതുകൊല്ലങ്ങൾക്കോ മുമ്പിലത്തെപ്പോലെയും ഉപ്പിന്റെ ഗുണം ക്രമേണ കുറഞ്ഞുകുറഞ്ഞും ഇരിക്കുന്നു എന്നു മേൽപറഞ്ഞ

സ്റ്റോറുകൾനിന്നും കാണാവുന്നതാണ്, ഉപ്പുണ്ടാക്കുന്നതിനുള്ള ചിലവും കൃഷിക്കായിഎടുത്തിട്ടുള്ള സ്ഥലവും വഹിച്ചിട്ടും ക്ഷേത്രിണ്ടിരുവിതാംകൂറിൽനിന്നും വിളയുന്ന ഉപ്പിനെ വഹിക്കാതെ വരാനുള്ള പലകേസ്സുകളെപ്പറ്റിയും ഇപ്പോൾ പറയണ്ടാം എന്നുഞാൻ ഉദ്ദേശിക്കുന്നില്ല. ഡിപ്പാർട്ടുമെൻറിൻറെ ശ്രേഷ്ക്കവും ഒരു ഓഫീസിനവും ആയ നയത്തിൻറേയും അതോടുകൂടിതന്നെ ഡിപ്പാർട്ടുമെൻറ മേധാവികളായിരുന്നിരുന്നവരും ഇരിക്കുന്നവരും ആയ ഉദ്യോഗസ്ഥന്മാരുടെ തെറ്റുകളുടേയും ഫലമായിട്ടാണ് ഈ അനാശാസ്യമായ ഈഫലം സിദ്ധിച്ചതെന്ന മാത്രമേ എനിക്കുപറവാനുള്ളൂ. ആക്ടിംഗ് എക്സൈസ്കമ്മീഷണരായിരുന്നപ്പോൾ ഞാൻചെയ്തശരി പാർശ്വപ്രകാരം കുടിവിലവർദ്ധിപ്പിച്ചു കൊണ്ടുകൊണ്ടുള്ള യഥാകാലത്തുള്ള അന്നത്തെ ഗവർമ്മെണ്ടു സഹായിച്ചിരുന്നുവെങ്കിൽ നാമരക്കുള്ളതു ഇപ്പോഴുള്ള അളവും നാമവശേഷമായിപ്പോയേനെ. കഴിഞ്ഞ ഫ്രീ കൊല്ലങ്ങളുടെ കൊല്ലംതോറും ഈ ഡിപ്പാർട്ടുമെൻറിൽ വരുത്തിക്കൂട്ടിയ തെറ്റുകളെ എടുത്തുപറഞ്ഞിട്ടു ഇപ്പോൾ മുഷിപ്പിക്കുന്നില്ല. ഉപ്പുവില്പനയെ സംബന്ധിച്ചു ഗവണ്മെൻറിനിൻറെ കുത്തകഭോഷകരമായിരുന്നു. പക്ഷെ ആകുത്തക ഗവണ്മെൻറിൽനിന്നും മാറ്റി നാടുകൊള്ളുന്നതിനു ഒരുമിച്ചു വേറൊരാളെ ഏല്പിച്ചുപ്പോൾ ദോഷം അതിൻറെ മുമ്പുള്ളതിനെയും പ്രാപിച്ചു. ഇങ്ങിനെ ആ ഒരാൾക്കു കുത്തകകൊടുത്തതു അയാൾ നഷ്ടപ്പെട്ടതുകൊണ്ടു ഒരുപരിഹാരമുണ്ടാക്കുന്നതിനും നഷ്ടപരിഹാരത്തിനും, ഗവണ്മെൻറിനെതിരായി നടപടിനടത്താതെ ഇരിക്കാനാണെന്നും ആരും അറിയപ്പെടുന്നതു ഈ വകകാര്യങ്ങളിൽ നിങ്ങളായുകൂടായ പൊതുജനങ്ങളുടെ ഗുണത്തെപ്പറ്റി ഗവണ്മെൻറു ശ്രദ്ധിക്കാറില്ലല്ലോ. ഉത്തരതിരുവിതാംകൂറിൽ കഴിഞ്ഞകൊല്ലത്തിൽ ഉപ്പിനെ വിലക്കുടിയ സംഗതിയെപ്പറ്റി മിസ്റ്റർ കുൻഹിരാമൻപിള്ളയും മിസ്റ്റർ മാമ്മൻമാപ്പിളയും കഴിഞ്ഞ നിയമസഭായോഗത്തിൽ പറഞ്ഞതു മുതൽ സ്തുതിപാത്രത്തിൽനിന്നും ഇനിയും മാഞ്ഞിട്ടില്ല. നാംദോഷവിചാരത്തോടുകൂടിയാണ് ഒരു അമാവാസ്യയെന്നു പറയുന്നതു ഇങ്ങിനെയിരിക്കുന്ന ഒരു എക്സൈസ് ഫ്രീപ്പാടിനോടാണ്. ഈ സ്ഥിതിക്കുള്ള ഒരുപട്ടണത്തിനു ഉടനെവല്ലതും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഇപ്പോൾ ഉള്ളതുതന്നെ കുറച്ചുകാലത്തിനകം ഇല്ലാതാകും. എക്സൈസ്കമ്മീഷണരുടെ വിവിധവും ബഹുലവും ആയ ജോലിക്കിടയിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിലെ സാധാരണ്ട്രാബിനെ ആശാസ്യമായ ഒരു നിലയിൽകൊണ്ടുവരാനോ ഓരോ അളത്തിലേയും വിലകുറച്ചു വഹിപ്പിക്കുവാൻ ശ്രമിക്കുന്നതിനോ അദ്ദേഹത്തിനു സാധിക്കുന്നില്ല. നമ്മുടെ രാജ്യത്തു ആഹാരത്തിനു ആവശ്യമുള്ളതിൽ പകുതിയോളം ഉപ്പു മാത്രമേ നമുടെ അളങ്ങളിൽനിന്നും കിട്ടുന്നുള്ളൂ. കുറഞ്ഞുവരുന്നതിനിശയമായ രീതിയിൽനോക്കുകൊണ്ടും ഉപ്പുവ്യവസായത്തെപ്പറ്റിയുള്ള ശരിയായജ്ഞാനംമൂലവും നമ്മുടെ സംസ്ഥാനത്തേക്കു വേണ്ടഉപ്പുമുഴുവനും ഇവിടെനിന്നുതന്നെ ഉണ്ടാക്കുവാൻ സാധിക്കുന്നതാണ് ബ്രിട്ടിഷ് എക്സൈസ് ഡിപ്പാർട്ടുമെൻറിനെപ്പോലെ അല്ലാതെ ഇവിടത്തെ എക്സൈസ് ഡിപ്പാർട്ടുമെൻറിനു അബ്കാരി റവന്യൂവിൻറെ മേൽനോട്ടത്തിനു പുറമെ പുകയിലതീരുവ, കരുപ്പുകം, റവന്യൂ, കടൽച്ചുങ്കംറവന്യൂ ഇവയുടെമേൽ നോട്ടവുംകൂടി നടത്താനുണ്ടു. അബ്കാരിറവന്യൂവിനെപ്പറ്റി ഞാൻ പിന്നീടുപറഞ്ഞുകൊള്ളാം. നമ്മുടെചുങ്കം ഇനത്തിലുള്ള റവന്യൂവർദ്ധിപ്പിക്കുന്നതിനു വളരെ ശ്രമങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. അല്പം പുകയിലയിൽനിന്നും ഉള്ള തീരുവയുണ്ടെന്ന് നമ്മുടെ പ്രധാനപ്പെട്ട ആദായമാർഗ്ഗം നാട്ടിൽ ആവശ്യമുള്ള ഉപ്പുമുഴുവനും ഉണ്ടാക്കുകമാത്രമല്ല നമ്മുടെജോലി. നേരെമറിച്ചു ഏറ്റവും നല്ലഉപ്പുണ്ടാക്കി കഴിയുന്നിടത്തോളം വിലകുറച്ചു ജനങ്ങൾക്കു പ്രിൽക്കുകൂടുംകൂടി ചെയ്യേണ്ടതു നമ്മുടെകടമയാണ്. മുമ്പു തരത്തിലുള്ളഉപ്പു വെളിയിൽനിന്നു ഇവിടെഇറക്കുമതി ചെയ്യാനും നമുക്കു അധി സിദ്ധികരിക്കേണ്ടിയിരിക്കുന്നു. ഉപ്പു വ്യവസായത്തെപ്പറ്റി ഈ കൗൺസിലിൽ വിമർശനം ചെയ്തപ്പോൾ എക്സൈസ്കമ്മീഷണരുടെ അടുക്കൽനിന്നും കിട്ടിയമറുപടികളിൽനിന്നു അദ്ദേഹത്തിനു ഉപ്പു വ്യവസായത്തെപ്പറ്റിയുള്ള ജ്ഞാനം എത്രമാത്രമാണെന്നും പ്രധാനപ്പെട്ട ഈ വിഷയത്തിനു അദ്ദേഹം എത്രത്തോളം പ്രാധാന്യം നൽകിയിട്ടുണ്ടെന്നും ബോദ്ധ്യമാകും. നമ്മുടെ അളങ്ങളിലെ ഉപ്പുവ്യവസായത്തെപ്പറ്റി നല്ലപോലെ പഠിച്ചതിനുശേഷം ബ്രിട്ടീഷ്ഇൻഡ്യയിലോ ബോംബെയിലോ ഉള്ള പ്രധാനപ്പെട്ട അളങ്ങളിൽപോയി നവീനരീതിയിൽ ഉപ്പുണ്ടാക്കുന്ന രീതി കണ്ടറിഞ്ഞു ആ രീതി തിരുവിതാംകൂറിലും നടപ്പാക്കുന്നതിനു ഫാക്ടറി സിക്രട്ടറിയറിൽനിന്നും ഒരുദ്യോഗസ്ഥനെ നിയമിക്കണം എന്നാണ് എൻറെ അഭിപ്രായം. പ്രായത്തിനേയും ഈ ജോലിക്കു ചെയ്പ്പോ, അക്ഷീണപരിശ്രമശീലം, ഉത്സാഹം, മനോധൈര്യം, ബുദ്ധിശക്തി, മുതലായയോഗ്യതകളുള്ള ഒരുദ്യോഗസ്ഥനെ നിയമിക്കണം. കൊട്ടാരംമുതൽ കുടിൽവരെ ഉപയോഗിക്കുന്ന സാധനമാണ് ഉപ്പു. അതുകൊണ്ടു അതുഎത്രത്തോളം നിർമ്മലവും വിലകുറവുള്ളതും ആയിരിക്കണം എന്നു ഞാൻ പ്രത്യേകം പറയേണ്ട ആവശ്യംഇല്ലല്ലോ. ഈ സാധനം ധാരാളം സംഭരിച്ചാൽ മാത്രമേ നമ്മുടെകൃഷിവർദ്ധനയെ പ്രാപിക്കയുള്ളൂ. ഉപ്പു വ്യവസായത്തിന് നമ്മുടെ നാട്ടിലുള്ളസൌകര്യംപോലെ വേറെ ഒരുരാജ്യത്തിലുംഇല്ല. പ്രകൃതിയുടെമായിട്ടുള്ള ഈ സൌകര്യങ്ങളെ കഴിയുന്നവിധത്തിൽ ഉപയോഗപ്പെടുത്തിയില്ലെങ്കിൽ അതുപാപമാണ്. ഗവണ്മെൻറിനേറയും ഈ കൌൺസിലിലെ മറ്റുസമ്പന്നന്മാരുടേയും താഴ്മയോടുകൂടിയ ശ്രദ്ധക്കു ഈ വിഷയം പാത്രീകരിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ അഭിപ്രായങ്ങൾ ഇവിടെ പ്രസ്താവിക്കുന്നതു.

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ്കമ്മിഷണർ): എക്സൈസ് ഡിപ്പാർട്ടുമെൻറിനെപ്പറ്റിയുള്ള ആക്ഷേപത്തെ അക്ഷേപം താമരക്കുളം അളത്തിൽനിന്നും അധികംഉപ്പു കിട്ടുന്നില്ലെന്നാണ്. ഇതിൻറെസമാധാനം ഒന്നു രണ്ടുവാക്കുകൊണ്ടു പറയാമെന്നുതോന്നുന്നു.

മി. എ ഹ്യൂഗാർഫ് (ഗവണ്മെൻറുനിയമിച്ചമെമ്പർ): എനിക്കു കേൾക്കാൻപാടില്ല.

പ്രസിഡൻറ്: മിസ്റ്റർ ഹ്യൂഗാർഫിനു നിങ്ങൾപറയുന്നതു കേൾക്കാൻപാടില്ല. അതുകൊണ്ടു നിങ്ങൾപറഞ്ഞതു വീണ്ടുംപറയണം.

മി. ഗോവിന്ദപ്പിള്ള (ആക്ടിംഗ്എക്സൈസ്കമ്മിഷണർ): എക്സൈസ്ഡിപ്പാർട്ടുമെൻറിൻറെപേരിൽ മിസ്റ്റർ ഹ്യൂഗാർഫിനുള്ള ആക്ഷേപമെന്തെന്നാൽ താമരക്കുളം അളത്തിൽനിന്നും ഉപ്പു അധികം കിട്ടുന്നില്ലെന്നുള്ളതാണ്. ഇതിൻറെ സമാധാനം ഒന്നോ രണ്ടോ വാക്കുകൊണ്ടു പറയാമെന്നാണ് എനിക്കുതോന്നുന്നതു. ഉപ്പുവ്യവസായം പ്രധാനമായി രണ്ടുകാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): ഒരുകുപ്പാടെ കുറച്ചു ഉപ്പുമാത്രമെ കിട്ടുന്നുള്ളു എന്നോ അതോകൂടാതെ ഉപ്പു കുറഞ്ഞുവരുന്നുഎന്നോ മിസ്റ്റർ ഹ്യൂഗാർഫ് പറഞ്ഞതുതന്നെ ആക്ടിംഗ് എക്സൈസ് കമ്മീഷണർ പറയുമോ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ്കമ്മീഷണർ): അതു ഉപ്പുവ്യവസായത്തിന്റെ അധോഗതിയെ കാണിക്കുന്നു എന്നുപറയാം.

ഉപ്പുവ്യവസായം പ്രധാനമായി രണ്ടു സംഗതികളെ ആശ്രയിച്ചിരിക്കുന്നു. ഒന്നാമതു നല്ലകിതോസ്ഥിതി, അതായതു ഇടയ്ക്കുമാത്രമുള്ള ഉള്ളം, രണ്ടാമതു,—

മി. ഫ്രൂഗർഫ് (ഗവണ്മെന്റ്നിയമിച്ചമെമ്പർ): കഴിഞ്ഞ വർഷം കൊല്ലങ്ങളായി ഉപ്പുപണ്ടകശാലകളിൽശരിയായ സ്ഥിതി ചിന്തയിലിരുന്ന ഏതാണ്ടു പറയുന്നതു?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ്കമ്മീഷണർ): ഞാൻ അതിനെപ്പറ്റി പറയാം. ഉപ്പിന്റെ വിലവർദ്ധനയുടെ കഴിഞ്ഞ കൊല്ലങ്ങളിലായിട്ടാണ് അധികമായ കോടയാർ പ്രോജക്ടു ഉണ്ടായതിനു കാരണം.

കോടയാർ പ്രോജക്ടിനെപ്പറ്റിയും മറ്റും കേട്ടിക്കാതെ ഒരു ശുദ്ധജലാശയമായിത്തന്നെയിരുന്നു. ശുദ്ധജലംകൊണ്ടു നല്ലഉപ്പുണ്ടാക്കാനോ ഉപ്പിന്റെ വിലവർദ്ധിപ്പിക്കാനോ പ്രയാസമാണ്". ഈ ഉപ്പുകളെക്കുറിച്ചു എന്തെങ്കിലും ബന്ധപ്പെട്ടവർക്കെല്ലാം അറിയാവുന്നസംഗതിയാണ്.

മി. എ. ഫ്രൂഗർഫ് (ഗവണ്മെൻറ്നിയമിച്ചമെമ്പർ): എന്തിനാണപ്പോൾ അതുകളുടെ എണ്ണം വർദ്ധിപ്പിച്ചതു?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ്എക്സൈസ്കമ്മീഷണർ): ഉപ്പുവിളയുന്നതു കൂടുവാനെങ്കിൽ അധികം ഉപ്പുണ്ടാക്കുന്നതിനു ഫാക്ടറികളുടെ എണ്ണംകൂട്ടിയാൽ മതിയാകുമെല്ലോ.

മി. എ. ഫ്രൂഗർഫ് (ഗവണ്മെൻറ്നിയമിച്ചമെമ്പർ) ഫാക്ടറികളുടെഎണ്ണം വർദ്ധിപ്പിക്കുന്നതുകൊണ്ടു റിസർവായിരിക്കുന്ന വെള്ളത്തിന്റെ ചിലവുകുറയുന്നില്ലേ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ്എക്സൈസ് കമ്മീഷണർ): ഇപ്പോൾവേനൽക്കാലത്തുംകൂടി അവിടെയുള്ള ജലമേകോടയാറ്റിലെത്തുന്നുള്ളു.

മി. എ. ഫ്രൂഗർഫ് (ഗവണ്മെൻറ്നിയമിച്ചമെമ്പർ): തോടിനാവീതികൂട്ടുകയും അളങ്ങളുടെഎണ്ണം വർദ്ധിപ്പിക്കുകയും ചെയ്താൽഈ ദോഷമില്ലാതെയാകുമോ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ്എക്സൈസ്കമ്മീഷണർ): അതുകൊണ്ടുമാത്രമല്ല, അധികവും കാരണം കോടയാർ പ്രോജക്ടിനു നാഞ്ചനാട്ടിന്റെ എല്ലാഭാഗത്തേക്കും വെള്ളംകൊണ്ടുപോകുന്നതുകൊണ്ടും മണക്കാടിയിൽ ധാരാളംവെള്ളംകെട്ടി നിൽക്കുന്നതുകൊണ്ടും ഇപ്പോളുള്ള ഉപ്പുപെള്ളം കിട്ടാൻവഴിയില്ല. ഇപ്പോളുള്ള ഉപ്പുവെള്ളം ശേഖരിക്കുന്നതിനു ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമുണ്ടെങ്കിൽ കൂടുതലാക്കുന്നതാണ്.

കഴിഞ്ഞ രണ്ടുമൂന്നുകൊല്ലങ്ങളായിട്ടു കാലസ്ഥിതി പ്രതികൂലമായിരുന്നു. കഴിഞ്ഞകൊല്ലം ഒരുചെയ്ലിക്കാരന്റെ ഭാഗമായിരുന്ന പെരുമഴ അടിച്ചുകൊണ്ടുപോയി. ഇക്കൊല്ലവും ഒപ്പിച്ചുആപത്തിങ്കൽനിന്നും രക്ഷപ്പെട്ടുഎന്നുള്ളതും ഫാക്ടറികാലം തന്നെ മഴപെയ്തു, ഉള്ളുകൊണ്ടു കുറച്ചുഉപ്പുമാത്രമേഉണ്ടാകുമെല്ലു, ഇടയ്ക്കുവെയിൽ വേണ്ടകാലം ഉള്ളസ്ഥലമാണു തൂത്തുക്കുടി, എന്നാൽഇടയ്ക്കുമാസത്തേക്കു ശീതോഷ്ണസ്ഥിതി ഒരുപോലെ ഇരിക്കും. താമരക്കുളത്തു ഈ രണ്ടുസ്ഥലത്തേയും കാലസ്ഥിതി ഒരുപോലെ ഇരുന്നേക്കും. എന്നാൽ കഴിഞ്ഞ മൂന്നുകൊല്ലങ്ങളായിട്ടു ഇതുതന്നെ ഉണ്ടായിട്ടില്ല. മൂന്നുമാസക്കാലമെങ്കിലുമെ ആവശ്യമുള്ള ശീതോഷ്ണസ്ഥിതികിട്ടുന്നുള്ളു. ഇതിന്റെ യഥാർത്ഥത്തിനു മിസ്റ്റർ കരയാളർതന്നെ സാക്ഷ്യംവഹിക്കും. അതുകൊണ്ടു ഉപ്പുവിളവുകുറഞ്ഞതു എക്സൈസ്ഡിപ്പാർട്ടുമെന്റിന്റെ കുറവുകൊണ്ടല്ല. മറിച്ചു കാലപ്രതികൂലംകൊണ്ടും ഫാക്ടറികളുടെ ഉപ്പുവെള്ളം കിട്ടാതിരുന്നതുകൊണ്ടും ആണ്.

മി. എ. ഫ്രൂഗർഫ് (ഗവണ്മെൻറ്നിയമിച്ച മെമ്പർ): പല അളങ്ങളിലേയ്ക്കും നല്ല ഉപ്പുവെള്ളം ശേഖരിക്കുന്നതിനവേണ്ട ജോലികയ്യാം എഞ്ചിനിയർ ഡിപ്പാർട്ടുമെന്റുകാർ നടത്തിട്ടുണ്ടോ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ്കമ്മീഷണർ): ഇപ്പോൾ തന്നെ ഇനിയും കുറച്ചുകൂടി വേലചെലവുചെയ്തു തോടുകളുടുത്തു അവർ ഏതാണ്ടുജോലിചെയ്തു. അവിടെയെന്നെ ഇനിയും കുറച്ചുകൂടി വേലചെയ്യാനുണ്ടു. അതു ചെയ്തുകഴിഞ്ഞാൽ അളത്തെ ഏകദേശം പഴയസ്ഥിതിയിലാക്കാം. ഇതുപോലെ രാജാക്കമംഗലത്തും, കൊച്ചുവെളിയും ചില വേലകൾ തുടങ്ങിയിട്ടുണ്ടു. പക്ഷെ, അതു തീർന്നിട്ടില്ല.

മി. എ. ഫ്രൂഗർഫ് (ഗവണ്മെൻറ്നിയമിച്ച മെമ്പർ): ഈ ജോലി ആരംഭിച്ചിട്ടു എത്രനാളായി?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ്കമ്മീഷണർ): രണ്ടുകൊല്ലം.

മി. എ. ഫ്രൂഗർഫ് (ഗവണ്മെൻറ്നിയമിച്ച മെമ്പർ): കടലിൽനിന്നും രാജാക്കമംഗലം അളത്തിലേയ്ക്കു വെള്ളംകൊണ്ടുപോകുന്ന തോട്ടുവെട്ടിയിട്ടു എത്രനാളായി. ഈ പണി പി. ഡബ്ലിയു. ഡി—ക്കാർ തുടങ്ങിയതല്ലേ ഇതുപതുകൊല്ലംമുമ്പല്ല?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ്കമ്മീഷണർ): ഇതുപതുകൊല്ലംമുമ്പു പി. ഡബ്ലിയു. ഡി ക്കാർ അധികം വേല തുടങ്ങിയതായിട്ടു എനിക്കറിവില്ല, അവിടത്തെ എന്റെ പരിചയം രണ്ടുകൊല്ലക്കാലത്തേക്കുമാത്രമാണ്.

മി. എ. ഫ്രൂഗർഫ് (ഗവണ്മെൻറ്നിയമിച്ച മെമ്പർ): കൊച്ചുവെളിയിലേയ്ക്കു വെള്ളം ശരിയായികിട്ടുന്നുണ്ടോ?

മി. കെ. ഗോവിന്ദപ്പിള്ള (ആക്ടിംഗ് എക്സൈസ്കമ്മീഷണർ): കഴിഞ്ഞ രണ്ടുകൊല്ലങ്ങളായിട്ടു ഡിപ്പാർട്ടുമെന്റിനു ഇതിനായിട്ടു ശ്രമിക്കുകയായിരുന്നു, പക്ഷെ ഭാഗ്യദോഷമായിട്ടു തീർന്നു. ഇനി കുഞ്ഞിഭാഗമായതു തീർക്കാനുള്ളു. ഇതുകൂടി തീർന്നാൽ ഏതാണ്ടു അധികംവരുന്ന ഉപ്പുവെള്ളം കിട്ടുകയും കൊച്ചുവെളിഫാക്ടറി അതിന്റെ പൂർവ്വസ്ഥിതിയെ പ്രാപിക്കയുംചെയ്യും.

സർ, ഒരുസംഗതികൂടി പറയാനുണ്ടു. ഉപ്പുവ്യവസായത്തിന്റെ വിജയം വേനലിനെ ആശ്രയിച്ചിരിക്കുന്നുഎന്നു ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ. വാരിയൂർഅളത്തിൽഇന്നു വളരെ കൂടുതൽ മഴ പെയ്യുന്നുഎന്നു ഇവിടെ പ്രസ്താവിച്ചിരിക്കുന്നു. അവിടെ ആണ്ടിൽ ഏപ്രിൽ മുതൽ ഏപ്രിൽ അംഗുലം വരെ മഴയുണ്ടു. താമരക്കുളത്തു സെപ്തംബർ മാസം മദ്ധ്യേയും രാജാക്കമംഗലത്തു മെയ് മാസം മദ്ധ്യേയും കൊച്ചുവെളിയിൽ ഒക്ടോബർ നവംബർ മദ്ധ്യേയും ആണു മഴപെയ്യുന്നതു. ഉത്തരതിരുവിതാംകൂറിൽ മഴ ഇനിൽ കൂടുതലാണ്.

അതുകൊണ്ടു അവിടെ ഉപ്പുവ്യവസായത്തിനു കടന്നുകയറ്റമില്ല. ഉത്തരതിരുവിതാംകൂറിനേക്കാൾ ഇരട്ടിയോളം മഴക്കുറവായ മക്ഷിണതിരുവിതാംകൂറിൽ മാത്രമേ ഉപ്പുവ്യവസായം നടത്താൻപാടുള്ളൂ.

മി. എൻ. രാമകൃഷ്ണപിള്ള (വണ്ടൂരും ഏറനാടുതാലൂക്കും): കഴിഞ്ഞ കൊല്ലങ്ങളായി ഉപ്പുകൃഷിയുടെ ഗതി ക്രമേണ കീഴ്പ്പോട്ടാണെന്നു പറഞ്ഞതു വാസ്തവമാണോ?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മീഷണർ): കോതയാർപ്രോജക്ടു് ഞങ്ങളുടെ ശ്രമത്തെ നിഷ്ഫലമാക്കുന്നു. ഈ ബുദ്ധിമുട്ടിനു ഒരു പരിഹാരംവരുത്താൻ ഞങ്ങൾ ശ്രമിക്കുകയാണു്. ആ ജോലികഴിഞ്ഞാൽ ഉപ്പു ധാരാളമായി ഉണ്ടാകും.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): കോതയാർപ്രോജക്ടിന്റെ വെള്ളം എത്രകാലമായി ഉപയോഗിച്ചുവരുന്നു?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മിഷണർ): പത്തോ പന്ത്രണ്ടോ കൊല്ലം വരും.

പ്രസിഡന്റ്: പ്രോജക്ടു് തുടങ്ങിയപ്പോൾ അതുസ്സംബന്ധിച്ചു അന്വേഷിച്ചിരുന്നില്ല.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): ഖനനമുള്ള ഉപ്പുവെള്ളം കിട്ടാൻവഴിയുണ്ടോഎന്നു അറിയുന്നതിനു ഇതേവരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മീഷണർ): അതിനെപ്പറ്റി ഞങ്ങൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടു.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): ഇതേവരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മീഷണർ): ഇല്ല.

പ്രസിഡന്റ്: അതിനു പണം ധാരാളം മുടക്കണം.

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മീഷണർ): അതിനു രണ്ടോ മൂന്നോ ലക്ഷം രൂപ വേണ്ടിവരും. ഇതു ഒരു സാധാരണക്കാരന്റെ കണക്കുപ്രകാരമാണ്.

സർ, വിദഗ്ദ്ധന്മാരെപ്പറ്റി പറകയാണെങ്കിൽ തിരുവിതാംകൂറിലോ മക്ഷിണഇൻഡ്യയിലോ വിദഗ്ദ്ധന്മാരില്ല. മക്ഷിണഇൻഡ്യയിലെ ചില ഭാഗങ്ങളിൽപ്പോയി അവിടത്തെ വ്യവസായത്തെ കണ്ടുപഠിച്ചുവന്നിട്ടുള്ളവരെയാണു നാം വിദഗ്ദ്ധന്മാർ എന്നു ഇപ്പോൾ പറയുന്നതു്. ഉപ്പുവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും തടസ്ഥമായിരിക്കുന്ന സാധനങ്ങളെ കണ്ടുപിടിക്കാൻശക്തരാണു് ഉപ്പിൽ അടങ്ങിയിരിക്കുന്ന ധാതുക്കളെ വേർതിരിക്കാൻ ഇപ്പോൾ തിരുവിതാംകൂറിലോ മക്ഷിണഇൻഡ്യയിലോ കുണ്ടന്ന വിദഗ്ദ്ധന്മാർക്കു സാധിക്കയില്ല.

മി. എം. ആർ. മാധവവാര്യർ (പൊഞ്ഞനം പീത്തനംതിട്ടയും): ഉപ്പിന്റെ ടെമ്പ്രേച്ചറിനെപ്പറ്റി സൂക്ഷ്മമായി പറയാൻ ഇപ്പോൾ ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും ഉണ്ടോ?

മി. കെ ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മീഷണർ): അതിനു മറുപടി ഞാൻ ഉടനെ പറഞ്ഞുകൊള്ളാം. അവിടെ എനിക്കു ഒരു ഇൻസ്പെക്ടർ ഉണ്ടായിരുന്നു. അദ്ദേഹത്തിനു അല്പം പാണ്ഡ് ഉണ്ടായിരുന്നപ്പോൾ ഉപ്പിനെ വേർതിരിച്ചുതരാമോഎന്നു പറകയുണ്ടായി. അതിനുശേഷം കോളേജിലെ ഒരു പ്രൊഫസർ അല്പം സന്ദർശിച്ചു. അദ്ദേഹം എന്തിനാണു വന്നതെന്നു ഞാൻ ചോദിച്ചു. എന്തോ ചില വിവരങ്ങൾ ഇൻസ്പെക്ടർ അറിയണംഎന്നുപറഞ്ഞു ക്ഷണിച്ചുകൊണ്ടുവന്നതാണു അദ്ദേഹം വന്നതെന്നുപറഞ്ഞു അങ്ങിനെയാണു ഇൻസ്പെക്ടർ ജോലിചെയ്യുന്നു. ഇയാളിതെന്തൊരം അവിടെ ഇരിക്കുന്ന ഇൻസ്പെക്ടർ കുറച്ചും സന്ദർശിച്ച ഒരു മെക്കമിസ്ട്രി വിദ്യാർത്ഥിയുടെ സഹായം ആവശ്യപ്പെട്ടതായി എനിക്കറിയാം. അവിടെവച്ചു ഇൻസ്പെക്ടർക്കു യാതൊരു സഹായവും ചെയ്യാൻ ആ വിദ്യാർത്ഥിക്കു സാധിച്ചില്ല. സാധാരണ അളത്തിലെ ജോലിയെപ്പറ്റി പറകയാണെങ്കിൽ അവിടെ ഒരു വലിയ പരീക്ഷണശാലയൊ രേഖപ്പെടുത്തുന്നതിനുള്ള സാമഗ്രികളൊ ഇല്ല. അവിടെ എന്തു സാമഗ്രികളുണ്ടെന്നു പോരുന്നതിനുമുമ്പു ഞാൻ ആ മെക്കമിസ്ട്രിവിദ്യാർത്ഥിയോടു ചോദിച്ചു. അതിനു മറുപടി പറയാൻ അയാൾക്കു സാധിച്ചില്ല. ഇതാണു ഇപ്പോഴത്തെ അളക്കുന്നതിന്റെ സ്ഥിതി.

മി. എ. ഹൈദർഷ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): പതിനഞ്ചുകൊല്ലങ്ങൾക്കുമുമ്പു അവിടെ ഒരു ചെറിയ പരിശോധനശാലയും ഉപ്പു പരിശോധിക്കുന്നതിനുള്ള സാമഗ്രികളും ഉണ്ടായിരുന്നില്ലേ?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മീഷണർ): പരിശോധനശാല എന്ന പേരിനുതന്നെ അർഹതയില്ലാത്ത ഒരു സ്ഥാപനം അവിടെ ഉണ്ടായിരുന്നതായിട്ടു എനിക്കറിയാം.

മി. എ. ഹൈദർഷ് (ഗവണ്മെന്റുനിയമിച്ച മെമ്പർ): അതു ഇപ്പോൾ ഏതു സ്ഥിതിയിൽ ഇരിക്കുന്നു.

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മീഷണർ): അവിടെ വളരെക്കുറച്ചു സാമഗ്രികൾ മാത്രമെള്ളൂ. വലിയ വിലയുംകൊടുത്തു ഇനിയും പല സാമഗ്രികൾ വാങ്ങിക്കേണ്ടതുണ്ടു. അഥവാ ആ സാമഗ്രികൾ വാങ്ങിക്കുകയാണെങ്കിൽതന്നെയും ഇവിടങ്ങളിലുള്ള ആളുകൾ അതു വേണ്ടപോലെ ഉപയോഗപ്പെടുത്തുമോ എന്നതുകാര്യം സംശയമാണു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉപ്പിൽഉള്ള അഴുക്കുകളെയെല്ലാം എന്തെല്ലാമാണെന്നു കണ്ടുപിടിക്കാനാണോ ഉപ്പിനെ വേർതിരിച്ചു നോക്കുന്നതു?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മീഷണർ): അതേ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കോളേജിലെ ഇപ്പോഴത്തെ വിദ്യാർത്ഥികളെക്കൊണ്ടു അതു സാധിക്കുംഎന്നാണോ എനിക്കു തോന്നുന്നതു?

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മീഷണർ): കെമിസ്ട്രിവിദ്യാർത്ഥികളെ ഞാൻ പരീക്ഷിച്ചുനോക്കി. പ്രയോജനമൊന്നുമുണ്ടായില്ല.

പ്രസിഡന്റ്: ഈ ജോലി ഇപ്പോൾ നടക്കുന്നതെങ്ങനെയാണു് എനിക്കു തോന്നുന്നതു്. കെമിക്കൽ എക്സാമിനർ ഉപ്പു പരിശോധിച്ചുവരുന്നുണ്ടു്.

മി. കെ. ഗോവിന്ദപ്പിള്ള (അക്ടിങ് എക്സൈസ്കമ്മീഷണർ): ഉപ്പുണ്ടാക്കുന്നവിഷയത്തിൽ പരിചയം സിദ്ധിച്ചിട്ടുള്ള ആളുകളെമാത്രം ആണു് നാം വിദഗ്ദ്ധന്മാരെന്നുപറയുന്നതു്. എന്നാണു് എന്റെ പരിചയത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു്. അവരെക്കൊണ്ടു ഉപ്പു പരിശോധിക്കാൻ സാധിക്കയുംചെയ്യും. ഇതിനു

എന്റെ സ്നേഹിതൻ മിസ്റ്റർ കരയാളൂർതന്നെ സാക്ഷ്യംവഹിക്കും. ഡാക്ടർ നാട്ടനെമാത്രമേ ഈ വിഷയത്തിൽ ഒരു വിദഗ്ദ്ധനെന്നു പറയാൻപാടുള്ളൂ. ഉപ്പുണ്ടാക്കുന്ന വിഷയത്തിൽ അളുത്തിട്ടുള്ള ജീവനക്കാരുടെ മാസ്റ്റർസ്ട്രോക്കായിരിക്കുന്ന ഒരു ചെറുഗ്രന്ഥം അദ്ദേഹം നമ്മിച്ചിട്ടുണ്ട്. അവിടെ ഉള്ളവരെല്ലാം ആ ഗ്രന്ഥത്തെ നല്ല പോലെ ഉപയോഗപ്പെടുത്തുന്നുമുണ്ട്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): സർ, മിസ്റ്റർ ഗോവിന്ദപ്പിള്ളയുടെ സമാധാനങ്ങളും കേട്ടതിൽ നിന്നു സാധാരണ ഡിപ്പാർട്ടുമെന്റിനെ വേർതിരിക്കേണ്ടതിനുള്ള ആവശ്യകതയെപ്പറ്റി എനിക്കു ഏറെക്കുറെ ബോദ്ധ്യമായിട്ടുണ്ട്. ഉപ്പിലുള്ള അഴുക്കുകളും എന്തെല്ലാമെന്നു കണ്ടുപിടിക്കുന്നും ഗുണം തിരിച്ചുറിപ്പാനും ശ്രമവണ്ണം ഉപ്പിനെ തരംതിരിച്ചുനോക്കുന്നതു വലിയ വിഷമമുള്ള ഒരു കാര്യമാണെന്നും ആ ജോലിചെയ്യാൻ ഡിപ്പാർട്ടുമെന്റിലെ ശാസ്ത്രജ്ഞന്മാരിൽ ആരുമില്ലെന്നും അദ്ദേഹം ഉപന്യാസിച്ചതായിട്ട് ഡിപ്പാർട്ടുമെന്റിൽനിന്നും വേണ്ട ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നും അതിനുകാരം വിദഗ്ദ്ധന്മാർ വേണമെന്നും അദ്ദേഹം പറയുണ്ടായി. അങ്ങനെയാണെങ്കിൽ ഉപ്പിലുള്ള ദോഷവസ്തുക്കളെ തിരിച്ചുറിയുക, അതിന്റെ ഗുണം പരിശോധിക്കുക എന്നീ കാര്യങ്ങളിൽ ഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തിശ്രദ്ധ പതിയേണ്ടതു അത്യാവശ്യമായിരിക്കുന്നു. ജയപ്പുലയവ്യത്തിൽ ഉപ്പിനെ പരിശോധിക്കുവാൻ കഴിയുന്നവരും ഉപ്പുണ്ടാക്കുന്ന രീതിയെപ്പറ്റി അറിയാവുന്നവരും ആയ വിദഗ്ദ്ധന്മാരടങ്ങിയ ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റു സ്ഥാപിച്ചുകിൽമാത്രമേ ഈ വിഷയത്തിൽ പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കാൻ സാധിക്കയുള്ളൂ.

പ്രസിഡന്റ്: ഗവണ്മെന്റിൽനിന്നും നിയമിച്ചിട്ടുള്ള കെമിക്കൽ എക്സാമിനറെക്കാണ്ടു ഉപ്പിനെ വേർതിരിച്ചു പരിശോധിപ്പിക്കുന്നതെന്നു ഒരു ചോദ്യത്തിനു മറുപടിയായി ഇവിടെ പറഞ്ഞുകഴിഞ്ഞതായി ഞാൻ ഓർമ്മിക്കുന്നു.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല) എക്സൈസ്സ് കമ്മീഷണർ): മിസ്റ്റർ ഗോവിന്ദപ്പിള്ള അങ്ങനെയൊന്നും പറഞ്ഞില്ല.

പ്രസിഡന്റ്: അളുങ്ങളിൽ ഈ ജോലി നടത്തുന്നില്ലെന്നമാത്രമേ അദ്ദേഹം പറഞ്ഞുള്ളൂ.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): സാധാരണ്ഡിപ്പാർട്ടുമെന്റിനോടു ചേർന്ന് ഒരു പ്രത്യേക ഫാക്ടറിയോ പരിശോധനശാലയോ ഉണ്ടായിരിക്കേണമെന്നോ ശുദ്ധമെന്നു എനിക്കു തോന്നുന്നു. ഇതുപോലെ പുറമെ ഓരോ കാലങ്ങളിലും അളുങ്ങളിൽനിന്നു എടുക്കുന്ന ഉപ്പിന്റെ ഗുണം പരിശോധിക്കുന്നതിനുള്ള ഒരു രസതന്ത്രജ്ഞനും വേണം. ആക്ടിംഗ് എക്സൈസ് കമ്മീഷണരുടെ പ്രസംഗത്തിൽനിന്നും വേറൊരു സംഗതി കൂടി തെളിവായി. കോടയാർ പ്രോജക്ടിനെപ്പറ്റിയുള്ള ശങ്കയെപ്പോലെ അധികമായിട്ടു നല്ല ഉപ്പു കിട്ടുന്നില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഇതിന്റെ കാരണമായി അദ്ദേഹം പറഞ്ഞതു് മണൽക്കടി തടുക്കത്തിലധികം വെള്ളം ഏറുക്കുറെ ഉണ്ടായിപ്പോയി എന്നും, അളുകൊണ്ടു ഉപ്പു വൈക്കത്തിന്റെ ഘനംകുറഞ്ഞു എന്നും ആണ്. ശരിയായ പരീക്ഷണംകൊണ്ടു അവിടത്തെ ഉപ്പുപലകത്തിന്റെ ഘനംകൂട്ടാൻ വല്ലമാർഗ്ഗവും ഉണ്ടോ എന്ന അന്വേഷിക്കേണ്ടതായിരിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. കോടയാർ പ്രോജക്ടു് നടപ്പിൽവന്നിട്ടു പതിനാറോ പതിനേഴോ കൊല്ലങ്ങളായി എങ്കിലും ഇതേവരെ ഇതിനെപ്പറ്റി അന്വേഷണം ഒന്നും നടത്തിയിട്ടില്ലെന്നു അദ്ദേഹം പറഞ്ഞു. ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റിന്റെ ഉടലണം എന്നു ഞാൻ പറയുന്നതിന്റെ വേറൊരുകാരണം ഇതാണ്. അതിനു ചിലവു അധികമായിത്തന്നെയും വിജയപ്രദമാകുമെങ്കിൽ ആ ചിലവു സഹിക്കുകയാണ് നല്ലതു്. എന്തെന്നാൽ അങ്ങിനെയായാൽ നമ്മുടെ നാട്ടിലേക്കു ആവശ്യമുള്ള ഉപ്പു മുഴുവനും ഇവിടെ ഉണ്ടാക്കാം. അതു രാജ്യത്തിനു ഒരു നന്മയായിത്തീരുകയുംചെയ്യും. ഈ വിഷയത്തിൽ വേണ്ട അന്വേഷണം നടത്താതെയിരുന്നതിന്റെ കാരണംതന്നെയും എനിക്കു തോന്നുന്നതു ഇതു ഒരു വലിയ ഡിപ്പാർട്ടുമെന്റിന്റെ ഒരു ശാഖയായിരിക്കുന്നതുകൊണ്ടും അതിന്റെ മറ്റു പല ശാഖകളിലും ശ്രദ്ധിക്കുന്നതിന്റെ ഇടയിൽ ഇനിയും വേണ്ട ശ്രദ്ധപതിപ്പിക്കാൻ തരപ്പെടുകയില്ല എന്നുള്ളതാണ്. നമ്മുടെ നാട്ടിൽ ആവശ്യമുള്ള ഉപ്പുമുഴുവനും ഇവിടെ തന്നെ ഉണ്ടാക്കാൻ സാധിക്കുന്നതു ഒരു വലിയകാര്യമാണ്. ഇപ്പോൾ തിരുവിതാംകൂറിലെ ഉപ്പിന്റെ വില ബ്രിട്ടീഷ് ഗവണ്മെന്റു നിശ്ചയിക്കുന്ന വിലയെ ആശ്രയിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഗവണ്മെന്റിന്റെ ധനസ്ഥിതിയെ ആശ്രയിച്ചിരിക്കും അവർ നിശ്ചയിക്കുന്ന വില, അതുകൊണ്ടു നമ്മുടെ നാട്ടിന്റെ ധനസ്ഥിതിയേയോ മറ്റുസംഗതികളേയോ അനുസരിച്ചുള്ള നമ്മുടെ നാട്ടിൽ ഉപ്പിന്റെ വില നിശ്ചയിക്കുന്നു. നേരെമറിച്ചു ബ്രിട്ടീഷ്ഗവണ്മെന്റിന്റെ കോശത്തിലേക്കു അനവധി കൂടുതൽ ആദായമാകുന്നതുകൊണ്ടു അതു നമ്മുടെ നാട്ടിൽ ആവശ്യമുള്ള മുഴുവനുമോ അല്ലെങ്കിൽ ഏറിയ ഭാഗം എങ്കിലുമോ ഉപ്പു ഇവിടെത്തന്നെയുണ്ടാക്കുകയാണെങ്കിൽ അതു നമ്മുടെ നാട്ടിനെന്നല്ല നാട്ടുകാർക്കുകൂടിയും പ്രയോജനകാരമായിത്തീരും. ഈ വക കാരണങ്ങളാൽ കൂടുതൽ ചിലവു വരുമെങ്കിലും ആ ചിലവു സഹിച്ചും ശ്രദ്ധ മുഴുവൻ ഈ വിഷയത്തിലേക്കു പതിപ്പിക്കാൻ സാധിക്കത്തക്ക ഒരു പ്രത്യേകഡിപ്പാർട്ടുമെന്റു സ്ഥാപിക്കുന്നതു നല്ലതാണെന്നാണ് എന്റെ അഭിപ്രായം. അല്ലാതെ ഗവണ്മെന്റിലെ നിലയിലുള്ള പല വിഭാഗങ്ങളുടേയും ചുമതല വഹിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റിന്റെ ഒരു ശാഖയായിട്ടു വന്നുകയല്ലാതെയല്ല. ഈ വക കാരണങ്ങളാൽ മിസ്റ്റർ ഗോപാലൻനായരുടെ ഉപക്ഷേപത്തെ പിന്താങ്ങുവാൻ എനിക്കു ഉദ്ദേശമുണ്ട്.

മി. എസ്സ്. സുബ്രഹ്മണ്യഅയ്യർ (ചെങ്കോട്ട): കുത്തക അളുങ്ങളിൽനിന്നും കൂടുതൽ ഉപ്പു എടുക്കേണ്ടതിനുള്ള മാർഗ്ഗങ്ങളെ കണ്ടുപിടിക്കുന്നതിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിനു വേണ്ടിടത്തോളം ശ്രദ്ധിക്കുന്നില്ലെന്നുള്ളതുകൊണ്ടും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പതിപ്പിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചു സംസാരിക്കുന്നത്. രാജാക്കമംഗലം, കൊളച്ചൽ, താമരക്കുളം എന്നീ പഴയ അളുങ്ങളിൽ വേണ്ട പരിഷ്കാരം വരുത്തുന്നതിൽ എക്സൈസ് ഡിപ്പാർട്ടുമെന്റു വേണ്ടിടത്തോളം ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ കുത്തകഫാക്ടറികളുടെ ഉടമസ്ഥന്മാരുടെ കയ്യത്തിൽ അവർ ഒന്നുംചെയ്യുന്നില്ല. പഴയ അളുങ്ങൾപോലെ എണ്ണച്ചെയ്യാൽതന്നെയും കുത്തകക്കാരെ ഉത്സാഹിപ്പിക്കാതേയോ ഇപ്പോഴത്തെ ഫർപ്പാടിനു ദോഷമില്ലാത്തതായോ കൂടുതൽ ഉപ്പു വിളയിക്കാൻ സാധിക്കയില്ലെന്നുള്ള കാര്യം തീർച്ചയാണ്. ശ്രദ്ധക്കുറവുചേർന്ന ചേരണതിനെ തടയാതെ രാജാക്കമംഗലം അളുവും കൊളച്ചൽ അളുവും ഒരിക്കലും നന്നാകയില്ല.

ഉപ്പിന്റെ വരുമാനം പ്രധാനമായി കാലസ്ഥിതിയേയും ഉപ്പുപെയ്യുന്ന സംഭരിക്കുന്ന രീതിയും ആശ്രയിച്ചിരിക്കുന്നു. പ്രകൃതിയുടെ മാറ്റങ്ങളെ തടുക്കാൻ നമുക്കു ശക്തിയില്ല. തിരുനെൽവേലിയിലെ അളുങ്ങളെ

പ്പോഴെങ്കിലുമെങ്കിലും തിരുവിതാംകൂറിലുള്ള അളുങ്ങൾ രണ്ടു കൊല്ലവർഷങ്ങൾക്കും അധീനപ്പെട്ടവയാണ്. ഈ സ്ഥിതിക്ക നമ്മുടെ നാട്ടിലെ ആവശ്യത്തിലേക്കും ഉപ്പു ഉണ്ടാക്കുന്നതിനു നല്ല ഉപ്പുവെള്ളം ശേഖരിക്കുക എന്നുള്ള പ്രധാനകാര്യമായ ഒരു കാര്യമാണ്. തിരുവിതാംകൂറിലെ ഏറ്റവും നല്ലലവണജലാശയങ്ങളിൽ ഉള്ള താമരക്കുളം അളുങ്ങളിലും മഴവെള്ളം വീഴുന്നതിനെ തടയുന്നകായ്ത്തിൽ വളരെ ഉൽകൃഷ്ടമായ അവകാശങ്ങളുള്ളതായിട്ടാണ് കാണുന്നത്. അളുങ്ങളിൽകിടക്കുന്ന ഉപ്പുജലം കുറഞ്ഞോ കൂടിയോ പൂർണ്ണശിമാസംവരെ മുഴുവൻ വറ്റാതെയിരിക്കുന്നസ്ഥിതിക്ക ഇക്കൊല്ലത്തെ പൂരുട്ടാശിപ്പണി പരാജയത്തിൽ അവസാനിക്കുകയെന്നു ഞാൻ നേരത്തെ പറഞ്ഞുകൊള്ളുന്നു. ഇതിലേക്കുണ്ടു ഇനിയും അളുങ്ങൾ ഉണ്ടാക്കണം എന്നുള്ള മിസ്റ്റർ ഹുഗാർഫിന്റെയും മറ്റു ചില അനുഭവജ്ഞാനസ്ഥന്മാരുടെയും അഭിപ്രായം വിട്ടുകളയാം.

ഉപ്പുവെള്ളം സംഭരിക്കുന്ന വിഷയത്തെപ്പറ്റി പറയുകയാണെങ്കിൽ വലിയ ചിലവുള്ളതായ താമരക്കുളം അളുങ്ങളിലേക്ക വേണ്ട ഉപ്പുവെള്ളം സംഭരിക്കാൻ സാധിക്കും എന്നു പറയാൻ എനിക്ക ഒട്ടും മടിതോന്നുന്നില്ല. ഉപ്പുവ്യവസായത്തെ പോഷിപ്പിക്കുന്നതിനായും ഉപ്പുവെള്ളം സംഭരിക്കുന്നതിനേയും സംബന്ധിച്ചു ൻ ഉ-ാമ പ്രജാസഭാസംഘത്തിൽ ഞാൻ ചില നിർദ്ദേശങ്ങൾ സമർപ്പിക്കയുണ്ടായി. അവ ഗവണ്മെൻറിന്റെ ഭയാനകമായ ശ്രദ്ധക്ക ഇതേവരെ വിഷയീഭവിച്ചിട്ടില്ല. ഗവണ്മെൻറിന്റെ ഈ അനാസ്ഥ ഇനി ഒരു മുന്നു കൊല്ലവും കൂടി തുടർന്നിൽക്കുകയാണെങ്കിൽ ഉപ്പുജലമേ നാമാവശേഷമായിത്തീരും എന്നും ജീവിതസന്ധാരണത്തിനു അത്യന്താപേക്ഷിതമായ ഈ ആഹാരസാധനത്തിനു എല്ലുമ്പോഴും തിരുവിതാംകൂറുകാർ ബ്രിട്ടീഷ് ഗവണ്മെൻറിനോടു യാചിക്കേണ്ടിവരുമെന്നും ഗവണ്മെൻറിനെ ബഹുമാനപൂർവ്വം അറിയിക്കയും ഈ വിഷയത്തിലേക്കു നിയമസംഗതികളുടെ ശ്രദ്ധയെ ക്ഷണിക്കുകയും ചെയ്യുകകൊള്ളുന്നു. കായ്ക്കുന്നതിനുള്ളിലും നേരെയാക്കാൻ ഇപ്പോഴും സാധിക്കുന്നസ്ഥിതിക്ക ഉപ്പുവെള്ളം ശേഖരിക്കുന്ന വിഷയം ഗവണ്മെൻറിന്റെ ആലോചനയ്ക്കു പാത്രീഭവിക്കാൻവേണ്ടി ഞാൻ ചില നിർദ്ദേശങ്ങൾകൂടി സമർപ്പിക്കും. ഇപ്പോൾ താമരക്കുളത്തു ഉപ്പു വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളവർ മണക്കാടിനടുക്കത്തിൽനിന്നാണ് ഉപ്പുവെള്ളം എടുക്കുന്നത്. പേച്ചിപ്പാറ അണകെട്ടിയതിനുശേഷം കൊല്ലത്തിൽ അധികസമയത്തും പുഴയാറിൽനിന്നും ശ്രദ്ധിയം ഒഴുക്കുന്നതുകൊണ്ടു മണക്കാടിനടുക്കത്തിൽ ഘനമുള്ള ഉപ്പുവെള്ളം കിട്ടുകയുമുണ്ടാകാറില്ല.

ഉപ്പുവെള്ളം സംഭരിക്കുന്ന രീതിയെ പരിഷ്കരിക്കാൻ ഞാൻ രണ്ടു മാർഗ്ഗങ്ങളെ നിർദ്ദേശിക്കാം. ഒന്നാമതായി തിരുവിതാംകൂർ അണകെട്ടിലൊ സമീപത്തോടുനിന്നു ഒരു ചാലുകെട്ടിത്തിരിച്ചു വേനൽക്കാലത്തു അതായതു മകരമാസം മുതൽ കാലവർഷം തുടങ്ങുന്നതുവരെ പുഴയാറിലെ ശ്രദ്ധജലത്തെ കടലിൽ ചെന്നു ചേരാതായി തിരിച്ചുവിടണം. ഇങ്ങിനെചെയ്യുന്നതായാൽ വേനൽക്കാലത്തു മണക്കാടിയിലെ വെള്ളം ഘനീഭവിക്കുകയും അളുങ്ങളിലേക്ക ജലസംഭരണത്തിനു ഉപകരിക്കാതായിത്തീരുകയുംചെയ്യും. എന്റെ രണ്ടാമത്തെ നിർദ്ദേശം കടലിലെ ഉപ്പുവെള്ളത്തെ യന്ത്രംവച്ചു കയറി തടാകത്തിലും അളുങ്ങളുടെ അകപ്പുള്ള ജലസംഗ്രഹസ്ഥലങ്ങളിലും നിറയ്ക്കുവാൻ വേണ്ടഏർപ്പാടുചെയ്യണം. ഇതിനുവേണ്ടി ചിലവാക്കുന്ന മുഖധനത്തിന്റെ പലിശ ഈടാക്കാനായിട്ടു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അടുക്കൽനിന്നു എന്തെങ്കിലും ഒരു നികുതി ഏർപ്പെടുത്തണം. എന്റെ ഈ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കയാണെങ്കിൽ തിരുവിതാംകൂർകാർക്ക പെട്ടിയിൽനിന്നും ഉപ്പുകൊണ്ടുവരേണ്ട ആവശ്യമില്ലെന്നതന്നെയല്ല കൊച്ചിയിലേക്കുവേണ്ട ഉപ്പുംകൂടി നമുക്കുകൊടുക്കാൻ സമർത്ഥമാകും.

എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നു സർവേ ഡിപ്പാർട്ടുമെൻറിനെ വേർതിരിക്കണം എന്നു മിസ്റ്റർ ഹുഗാർഫ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നില്ല. ഒക്കിണ തിരുവിതാംകൂറിലെ അളുങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനു ഒരു പ്രത്യേകം ഡിപ്പാർട്ടുമെൻറിന്റെ ആവശ്യമില്ല. കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ് ആവശ്യം. കഴിയുന്നതുപോലെത്തിൽ ഉപ്പിന്റെ വരുമാനം കൂട്ടുന്നതിനു വേണ്ടഏർപ്പാടു ചെയ്യുന്നതിനു ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ ചട്ടംകെട്ടണം. യഥാർത്ഥം പറയുകയാണെങ്കിൽ നമ്മുടെ അളുങ്ങളിൽനിന്നും കിട്ടുന്ന ഉപ്പു നല്ലതാണ്. തിരുനെൽവേലിയിലും തൂത്തുക്കുടിയിലും ഉള്ള ഉപ്പിനേക്കാൾ നല്ലതാണ്. കൊച്ചിയിലെ തിരുവിതാംകൂറിൽനിന്നും കിട്ടുന്നതു.

കുടിവെള്ളത്തിന്റെ ചെലവിനെപ്പറ്റിയുള്ള കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. പരീക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയും ഇതിനോടകം മാറിയിട്ടുള്ള സ്ഥിതിഗതികളുടെ ഫലമായിട്ടും പുതിയ നിരക്കിലുള്ള വർദ്ധനയുടെ ഫലമായിട്ടും പൊതുവിൽ ഏണ്ണം നാലിലൊന്നിനും മൂന്നിലൊന്നിനും ഇടയ്ക്കുള്ള (ക) കൊടുമ്പുഴ്പൊർട്ടി ഇൻസ്റ്റാളുകളുടെ നേരിട്ടുള്ള മേൽനോട്ടത്തിലാകും, (ഖ) ചോനാല്ലൂർപൊർട്ടി ഒരു സബ് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിലാകും, (ഗ) മേലെപൊർട്ടി വേറെ ഒരു സബ് ഇൻസ്പെക്ടറുടെ കീഴിലാകും. ഇതിനേക്കാൾ ഫലമായിട്ടുള്ള ഒരു ഗ്രൂപ്പ് ഒരു സബ് ഇൻസ്പെക്ടറേയും, കീഴ് ഗ്രേഡ് ശമ്പളമുള്ള ഒരു പൊറിഞ്ചു ഫീസറേയും, 2 രൂപ ശമ്പളത്തിലും 3 രൂപ ശമ്പളത്തിലും ഉൾപ്പെട്ടതുമായ ശമ്പളക്കാരായ മൂന്നുപേരെയിലധികമേയും കൂടുതലായി നിയമിക്കേണ്ടതാണ്. അതായത് 3 രൂപ ഇൻസ്പെക്ടറുടെ പൊർട്ടുകൾ കിടന്നിരുന്നിടത്തെല്ലാം കൂടുതലുകൊണ്ട് അവിടെ ൻ രൂപ ശമ്പളത്തിലുള്ള രണ്ടുപേരെ പോലീസുകാരുടെ മേൽനോട്ടത്തിനായിട്ടെങ്കിലും നിയമിക്കേണ്ടതാവശ്യമുണ്ട്. മേലെപൊരയിലെ സ്പെഷ്യൽ 2 രൂപ ശമ്പളത്തിൽ ഒരു പൊറിഞ്ചുഫീസറുടെ കണക്കാക്കിയിട്ടുണ്ട്. ഈ പൊറിഞ്ചുഫീസർ ഉടനെ ഒരു ഗോഡിലായിരിക്കണം, എന്നാലേ ഇൻസ്പെക്ടറെ ഇടക്കിടെ വരുത്താൻ പെട്ടെന്നു സാധിക്കുകയുള്ളൂ. അതുകൊണ്ട് 2 രൂപ ശമ്പളത്തിൽ ഉള്ള പൊറിഞ്ചുഫീസർക്ക് പകരം 2 രൂപ ശമ്പളത്തിൽ ഒരു പൊറിഞ്ചുഫീസർ വീതം എന്നു നിർദ്ദേശിച്ചിരിക്കുന്നു. അതുകൊണ്ട് ഏതാണ്ട് ഇരുപതിനായിരം രൂപ ചെലവിലധികം വരുന്നതാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞങ്ങൾക്ക് ആകപ്പാടെ എത്രരൂപയുടെ പ്രോവിഷനുകൾ ലഭിക്കും?

പ്രസിഡണ്ട്. അതുപറഞ്ഞുകഴിഞ്ഞല്ലോ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര) ഞങ്ങൾക്ക് കുറച്ചധികം കൂടി ഉണ്ടാക്കിത്തരുമോ?

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): സ്വതന്ത്രപ്രദേശങ്ങളിൽ ഫിൽറ്റർപാട്ട് വേറെ എവിടെയെങ്കിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ?

മി. ടി. ഗോവിന്ദപ്പിള്ള (അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) ഉണ്ട്.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): അവിടെ അവശ്യം ശരിയായിട്ടുള്ള ജോലിചെയ്യുവാൻ സാധിച്ചോ?

മി. കെ. ഗോവിന്ദപ്പിള്ള (അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ): ഫിൽറ്റർപൊറിഞ്ചുഫീസറുടെ കുറവുകൊണ്ട് ഇടയ്ക്കിടയ്ക്കു ചില പോരായ്മകൾ ചേർന്നു.

മി. ടി. കുഞ്ഞുപിള്ള (ഇരുമ്പയം വില്ലേജ്കോട്ടം): മൂവാറ്റുപുഴ, തൊടുപുഴ ഇതുപോലുള്ള സ്ഥലങ്ങളിൽ സ്വന്തം ചെലവായിട്ടാണ് ഫിൽറ്റർ ഷെഡ് ഉണ്ടാക്കിയിട്ടുള്ളത്. ഫിൽറ്റർപാട്ട് ഏതാണ്?

മി. കെ. ഗോവിന്ദപ്പിള്ള (അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ): കോൺട്രാക്ടർമാരുണ്ടെന്നതേയുള്ളൂ.

മി. പി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര) എന്നാണ് മൂവാറ്റുപുഴ സ്വന്തം ചെലവുചെയ്തുണ്ടാക്കിയ ഫിൽറ്റർപാട്ട് നടപ്പിൽ വരുത്തിയതെന്നും അവിടെ ക്ലർക്കുകൾ ആളുകളെ നിയമിച്ചോ എന്നും അതാണ് ഞങ്ങൾക്കറിയേണ്ടതും?

മി. കെ. ഗോവിന്ദപ്പിള്ള (അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ): മേസ്തിരിമാരുടെ അഞ്ചുമിനിട്ടു കൂടുമ്പോൾ അളക്കുന്നതിന് അദ്ദേഹത്തെ ഉപയോഗപ്പെടുത്തുവാൻ ഞാനിക്കാര്യം ധരിപ്പിക്കാം.

കോൺസ്യൂൽ മൂവാറ്റുപുഴ, തൊടുപുഴ, എന്നീസ്ഥലങ്ങളിൽ സ്വതന്ത്രപ്രദേശങ്ങളിൽ ഫിൽറ്റർപാട്ട് നടപ്പിൽ വരുത്തിയപ്പോൾ ക്ലർക്കുകളെ ആവശ്യപ്പെട്ടിരുന്നില്ലെന്നുള്ള സംഗതി ഈ സന്ദർഭത്തിൽ ഞാൻ കൌൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു. കൌൺസിലിന്റെ അഭിപ്രായത്തിനനുസരിച്ചു ചിലവുകുറയ്ക്കുന്നതിനും എന്നുള്ള ഉൽക്കണ്ഠയോടുകൂടി എക്സിക്യൂട്ടീവ് എഞ്ചിനീയർ കോൺട്രാക്ടറെ പരിശോധിക്കുന്നതിൽ തൊടുപുഴയേയും മൂവാറ്റുപുഴയേയും ഇൻസ്പെക്ടറുടെ കീഴിലാക്കുകയും തൊടുപുഴതാലൂക്കിനെ മൂവാറ്റുപുഴ ഇൻസ്പെക്ടറുടെ കീഴിലാക്കുകയും ചെയ്തു. ഇരുതാലൂക്കുകളിലും ചുങ്കംസംബന്ധിച്ചുള്ളേടത്തോളം അധികം വ്യത്യാസമില്ല. പുതിയ ഭരണയന്ത്രം തീരുമാനിക്കുന്നതിനുള്ള സാമഗ്രികളെല്ലാം വ്യക്തമായി കൈവശമുണ്ടായിരുന്നതുകൊണ്ടാണ് അവരുടെ പ്രധാനമന്ത്രിയായി, ഇപ്പോൾ ഉള്ള ആളുകളെ കണ്ട് ജോലിനടത്തിക്കാം എന്നാണ് വിചാരിച്ചിട്ടുള്ളത്. പക്ഷേ ഇപ്പോൾ ഉള്ള ആളുകൾ ഒരു കാരണവശാലും മതിയാകുന്നതല്ലെന്നും അവരെ ഉടനെ പിരിച്ചുവിടണമെന്നും അഭിപ്രായമുണ്ടെങ്കിൽ അതിനുള്ള ഉത്തരവാദിത്തം ഞാൻ ഏറ്റുകൊള്ളുന്നതാണ്. പക്ഷേ ഇപ്പോൾ ഉള്ള ആളുകളെ പിരിച്ചുവിടുന്നതിനുള്ള കാരണങ്ങൾ ഇവയാണ്. ഇവരിൽ പലരും ഇപ്പോൾ ഉള്ള ഉദ്യോഗത്തിൽ കയറിപ്പറ്റിയിട്ടുള്ളത് കൈക്കൂലിയും സ്വാധീനവും കൊണ്ടാണെന്നുള്ള പരസ്യമായ അഭിപ്രായമുണ്ട്. ഇവരിൽ പലരും ഉദ്യോഗത്തിൽ കയറിയതിനുശേഷം കൈക്കൂലിയുടെ രുചി അറിഞ്ഞിട്ടുള്ളവരാണെന്നുള്ള അഭിപ്രായവും ഉ

മി. ടി. കുമാരപിള്ള (ഇണിയവും വിളയംകോടും): ഇല്ല. [illegible] ഇവ കേട്ടുകൊണ്ടു ഇരുന്നുപ്പോകും ഉള്ളൂ.

പ്രസിഡന്റ്. അങ്ങനെയെന്നു ഉപ്പിതമായി എന്നു മിസ്റ്റർ കുമാരപിള്ള പറയുന്നു. പക്ഷെ, മിസ്റ്റർ ഗോവിന്ദപ്പിള്ളേ, നിങ്ങൾ പറഞ്ഞുനിന്നോ?

മി. കെ. ഗോവിന്ദപ്പിള്ള (അക്കൗണ്ട് എക്സാമിനേഷൻ കമ്മിഷണർ) കുറച്ചുകൂടി പറയേണ്ടതു, അതു ഉടനെ തീക്കണം.

മൂവാറ്റുപുഴയെന്നു ഇൻസ്പെക്ടരുടെ അധികാരത്തിനു വളരെക്കുടിയിരിക്കുന്നു. അതുകൊണ്ടു ഉപ്പിക്കുമായി ജോലിചെയ്യാൻ അദ്ദേഹം വിഷമിക്കുന്നു. ഗവണ്മെന്റിന്റെ ഗ്രണ്ടിനുവേണ്ടിയുള്ള മുസിപ്പാലിറ്റിയുടെ തൊട്ടുപുഴ, തൊടുപുഴയ്ക്കു ഒരു ഇൻസ്പെക്ടരുടെകീഴിൽ പ്രത്യേകം ഒരു റേഞ്ചായി തിരിക്കേണ്ടതു ആവശ്യമാണ്. അതിനുള്ളിടത്തോളം വേണ്ടതു അതുപോലെ. ഒരു ഇൻസ്പെക്ടർ, ഒരു പെറ്റി ഓഫീസർ, നാലുശിപായിമാർ ഇവരുണ്ട്.

പ്രസിഡന്റ്. ഇപ്പോൾ പ്രധാനവിഷയം അതല്ല. മൂവാറ്റുപുഴയും തൊടുപുഴയും ഏതു ആളുകൾ ഇരുന്നാണു അവർക്കു അറിയേണ്ടതു.

മി. കെ. ഗോവിന്ദപ്പിള്ള (അക്കൗണ്ട് എക്സാമിനേഷൻ) അതു അറിയണം എന്നു ആളും അവശ്യപ്പെട്ടിട്ടില്ല. ഈ കാരണങ്ങളാൽ ഞാനേ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

മി. എസ്സ്. സുബ്രഹ്മണ്യൻപോറ്റിയർ (പത്തനാപുരവും ചെങ്കോട്ടയും): ആളുമായി ഇപ്പോൾ നടപ്പിലിരിക്കുന്നസ്ഥിതിയെപ്പറ്റി എനിക്കു രണ്ടുവാക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു. ഇപ്പോഴത്തെ ഫ്രീപ്പാട്ടുപ്രകാരം സ്വതന്ത്രമായി കള്ളുഷാപ്പുകൾ ഉണ്ടു. ഇപ്പോഴത്തെ കണ്ടുക്കെട്ടിക്കു കള്ളുകൊടുക്കുന്നവരുടെ വൃക്ഷങ്ങളുടെ എണ്ണത്തെപ്പറ്റി ഒരു വ്യവസ്ഥയും വച്ചിട്ടില്ല. വൃക്ഷങ്ങൾ കൊടുക്കാതെ അയാൾ ഒരു ഷാപ്പുമുടിച്ചാലും വൃക്ഷങ്ങൾ ചെത്താം.

പ്രസിഡന്റ്. മിസ്റ്റർ ഗോവിന്ദപ്പിള്ള അതിനു സാധാരണങ്ങളെല്ലാം പറഞ്ഞല്ലൊ.

മി. എസ്സ്. സുബ്രഹ്മണ്യൻപോറ്റിയർ (പത്തനാപുരവും ചെങ്കോട്ടയും) പുതിയ ഫ്രീപ്പാട്ടനുസരിച്ചു കുടുതൽ വൃക്ഷങ്ങൾ ചെത്തുകയെന്നുള്ളതു കുടുതലായ റവന്യൂവുണ്ടാക്കിട്ടും. ഞാൻ ആ താലൂക്കുകളിലെ കണ്ടുക്കാരായിരുന്നതുകൊണ്ടു എനിക്കു അഭിപ്രായത്തിൽ വേണ്ടിടത്തോളം ആളുകളെ നിയമിച്ചില്ലെങ്കിൽ ഗവണ്മെന്റിനു റവന്യൂപിരിയാൻ തരമില്ല. ഈ പറഞ്ഞ കള്ളുഷാപ്പുകാരും ചാരായഷാപ്പുകാരും തങ്ങളുടെഷാപ്പിനു അടുക്കലായി വിളിനടത്തുന്നതിനു ഇരിക്കുന്നു. എന്നതന്നെയല്ല, കള്ളുചാരായം വാറ്റുന്നതു നിരുത്തിയിടുകിൽ അതുതടയുവാൻതക്ക ഗവണ്മെന്റുദ്യോഗസ്ഥന്മാർ കൂടുവുവും, കള്ളുചാരായം വാറ്റുന്നതും വൃക്ഷമായി ചെത്തുന്നതും തടയാൻ കൂടുതൽ ആളുകളും വേണമെന്നാണു എന്റെ അഭിപ്രായം.

മി. എ. ഫ്രൗഡർഫ് (ഗവണ്മെന്റു നിയമിച്ചമെമ്പർ): മൂവാറ്റുപുഴ, തൊടുപുഴ എന്നീതാലൂക്കുകളിലെ സ്വതന്ത്രചാരായഷാപ്പു ഫ്രീപ്പാട്ടു നടപ്പിൽവരുത്തിയപ്പോൾ കുടുതലായി ആളുകളെ നിയമിക്കുന്നതിനെപ്പറ്റി ദേശത്തുദ്യോഗസ്ഥന്മാരുമായി എന്റെറചില സഹപ്രവർത്തകന്മാർ ചോദിച്ചപ്പോൾ അവരുടെ അഭിപ്രായം പറഞ്ഞതിനെ ഞാൻ മിസ്റ്റർ ഗോവിന്ദപ്പിള്ളയോടു പിന്നെയും പറഞ്ഞുകൊള്ളുന്നു.

പ്രസിഡന്റ്. മിസ്റ്റർ ഫ്രൗഡർഫ് അദ്ദേഹം ഏതാനും ആളുകളെ കുറയ്ക്കാം എന്നു സമ്മതിച്ചതിനെ അംഗീകരിച്ചുകൊണ്ടു ഉപക്ഷേപത്തെ പിൻവലിക്കാൻ നിങ്ങൾ തയാറാണോ?

മി. എ. ഫ്രൗഡർഫ് (ഗവണ്മെന്റുനിയമിച്ചമെമ്പർ) ഇല്ല.

പ്രസിഡന്റ്. കൊള്ളാം.

മി. എ. ഫ്രൗഡർഫ് (ഗവണ്മെന്റു നിയമിച്ചമെമ്പർ): ഞങ്ങളുടെ പ്രധാനവാദം നാലുകൊല്ലം മുമ്പു മേല്പറഞ്ഞ താലൂക്കുകളിൽ ഈ ഫ്രീപ്പാട്ടു നടപ്പിൽവരുത്തിയപ്പോൾ ഒരാളെയും കുടുതലായി നിയമിച്ചില്ലെന്നുള്ളതാണു്. ഗവർമെന്റു ജനറലായിരുന്ന മിസ്റ്റർ വാൻറൈസ് ഈ കൌൺസിലിന്റെ അദ്ധ്യക്ഷത്തിലായിരുന്നപ്പോൾ ഞാൻ ഇവിടെ ഉദ്ധരിക്കാം.

"എന്റെ ആഫീസിൽ ജോലി കുടുതൽ വരാനുള്ളകാരണം സ്വതന്ത്രചാരായഷാപ്പു ഫ്രീപ്പാട്ടു നടപ്പിൽ വന്നതായ പല താലൂക്കുകളേയും സംബന്ധിച്ചുജോലിയും കുടി എന്റെ ആഫീസിലുള്ളവർ ചെയ്യണമെന്നായിപ്പോയതുകൊണ്ടാണു്. എവിടെയെല്ലാം ആ സിസ്റ്റം നടപ്പിൽവരുത്തിയോ അവിടെയെല്ലാം ജോലിയും കൂടുന്നുണ്ടു."

ഇങ്ങിനെ പ്രസ്താവിച്ചതുപോലെ ഇപ്പോൾ കുടുതൽ ആളുകൾ ആവശ്യമില്ലെന്നു മാത്രമല്ല, ആവശ്യപ്പെടാൻ എങ്ങിനെയെങ്കിലും ഒപ്പിട്ടുപ്പെടുന്ന എന്നു എനിക്കു മനസ്സിലാകുന്നില്ല. ഏകദേശം ചുരുക്കൊല്ലങ്ങൾക്കുമുമ്പു കള്ളിന്റെകാര്യത്തിൽ കുത്തകഫ്രീപ്പാട്ടു എവിടെയെല്ലാം നടപ്പാക്കിയോ അവിടെയെല്ലാമാണു ഇപ്പോൾ സ്വതന്ത്രചാരായഷാപ്പു ഫ്രീപ്പാട്ടു നടപ്പാക്കിയിരിക്കുന്നതു്. ഈ രണ്ടുകൂട്ടരും മറ്റുദ്യോഗസ്ഥന്മാരെപ്പോലെതന്നെ ഇൻസ്പെക്ടറന്മാർ, സബ് ഇൻസ്പെക്ടറന്മാർ, പെറ്റിഓഫീസറന്മാർ, ശിപായിമാർ തുടങ്ങിയജീവനക്കാരുണ്ടു. ഈ താലൂക്കുകളിലെകാര്യത്തിൽ കിടക്കുന്നതുകൊണ്ടു അവിടെ കുടുതൽ വൃക്ഷങ്ങൾക്കു കത്തികയറ്റുവാനുണ്ടെന്നും കുടുതൽവൃക്ഷങ്ങൾക്കു അടയാളം ഇടാനുണ്ടെന്നും, ചേർത്തലതാലൂക്കു ഒരു വിസ്തൃതമേറിയതാലൂക്കാണെന്നും അതുകൊണ്ടു കുടുതൽ ആളുകൾവേണം എന്നും ആക്ടിംഗ് എക്സൈസ്കമ്മീഷണർ പറഞ്ഞുകേട്ടു. വ്യാജചാരായംകൊണ്ടുപോകുന്നതായ അഭിമതികളെ തടയുന്നതിനായി നമ്മുടെ അഭ്യർത്ഥികളിൽ ഏകദേശം ഒന്നു ചെറിയ കൈസ്തൃത്തോളം ആളുകളെ നിയമിച്ചിട്ടുണ്ടു്. സ്വതന്ത്രചാരായഷാപ്പു ഫ്രീപ്പാട്ടു നടപ്പിലിരിക്കുന്നതാലൂക്കുകളിലേക്കാൾ കുടുതലായി താലൂക്കുകളിലെ കുത്തകഫ്രീപ്പാട്ടു നടപ്പിലിരിക്കുന്ന താലൂക്കുകളിൽ കള്ളുചാരായം വാറ്റുക, ചാരായവും കള്ളും വ്യാജമായിവച്ചുകൊണ്ടിരിക്കുക മുതലായ തൊഴിലുകളായ പലേ അബ്കാരിവ്യാജങ്ങൾക്കും സൌകര്യം ഉള്ളതുകൊണ്ടു് ഈ താലൂക്കുകളിൽ ഉപ്പുപ്പട്ട രേഖകളിൽ ധാരാളം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്. വൃക്ഷങ്ങളുടെ അടയാളപ്പെടുത്തുക, കിസ്സപിരിക്കുക എന്നിവയ്ക്കു ജോലിക്കായിട്ടാണു് കുടുതലായി ആളുകളെ ആവശ്യപ്പെട്ടിരിക്കുന്നതു്. പക്ഷെ ഞാൻ മുമ്പു പറഞ്ഞതുപോലെ നാലുകൊല്ലം മുമ്പു മൂവാറ്റുപുഴയും തൊടുപുഴയും ഈ ഫ്രീപ്പാട്ടു നടപ്പിൽ വരുത്തിയപ്പോൾ കുടുതൽ ആളുകളെ ആവശ്യപ്പെട്ടുകയോ അനുവദിക്കുകയോ ചെയ്തതായി ഞാൻ ഓർക്കുന്നില്ല. അതിനു സമാധാനമൊന്നും പറഞ്ഞില്ല. ആ താലൂക്കുകളിലും മറ്റതായ താലൂക്കുകളിൽനിന്നും കിസ്സ പിരിക്കുകയും വൃക്ഷങ്ങളെ അടയാളപ്പെടു

ട്ടുള്ളതുകയും ചെയ്തിരുന്നു. ഇപ്പോൾ ഈ ആവശ്യപ്പെട്ടതിനേക്കാൾ കിസ്തു പിരിക്കുക എന്നീ ജോലിയെപ്പറ്റി വളരെപ്പറയുന്നുണ്ട്. ഈ കിസ്തു പിരിക്കുന്നകാര്യത്തിൽ റേഞ്ച് ഇൻസ്പെക്ടർ ചെല്ലുമ്പോൾ കൊടുക്കുകയും ചെയ്യുന്ന ഒരു ജോലിമാത്രമേയുള്ളു. കുടിയാന്മാർ നേരിട്ട് കച്ചേരിയിൽ പണം കെട്ടുകയാണെങ്കിലും പണം കെട്ടിക്കയറ്റുന്നതു സൗകര്യമായി രസീതു ഇൻസ്പെക്ടർ കൊടുക്കണം എന്നതുണ്ട് ചട്ടം. പക്ഷേ അഴിമതിക്കുള്ള സാധ്യതകൊണ്ടു റേഞ്ചു ആഫീസർമാരുടെ അധികാരത്തിന്റെ കീഴ്ദ്യോഗസ്ഥന്മാരിൽ ആരെങ്കിലുമോ പട്ടേൽമാരുടെ പക്കൽനിന്നും പിരിച്ച പണം പിരിക്കുന്നതുണ്ടെങ്കിൽ അതു വളരെ തെറ്റാണ്. ഇങ്ങിനെയുള്ള ഒരു ജനീവി ഡിപ്പാർട്ട്മെന്റിൽ നടക്കുന്നതെന്തു എന്നിക്കറിയാം, അതു എത്തു പ്രതിഫലത്തിനു നിന്നുതരുമോ അതുപോലും നല്ലതാണ്. ഇൻസ്പെക്ടർമാരുടെ കീഴിലായിരുന്ന പെഷ്കുട്ടുള്ളി, നെരിക്കോടവ്, പൈങ്ങോട്ടുപുറം, പുത്തൻകുടി, വടയാർ, തൊടുപുഴ, മാമല, പുല്ലൂരാംപാറ എന്നീ പ്രധാനപ്പെട്ട റേഞ്ചുകൾ സബ് ഇൻസ്പെക്ടർമാരുടെ കീഴിലാക്കി, രണ്ടുകൊല്ലമായിട്ടുള്ള ഈ പരിഷ്കരണം നടപ്പിലാക്കുന്നതിനുമുമ്പുണ്ടായിരുന്ന ഫ്ലിപ്പാടാണ് സകല കുഴപ്പത്തിനും കാരണം. ഞാൻ പറഞ്ഞതുപോലെ നമ്മുടെ പരിഷ്കാരങ്ങളെല്ലാം ക്രമാനുശാസ്യമായ രീതിയിലാണ്, പഴയ ഫ്ലിപ്പാടുപോലെ ഓരോരുത്തരും ഓരോ ഇൻസ്പെക്ടറുടെ കീഴിലാക്കുകയും അവരുടെ കീഴിൽ പട്ടി പെറുന്നതുപോലെ പെറുന്നതുമായ ശിപാർശിമാരും നിയമിക്കപ്പെടുകയും ചെയ്തിരുന്ന എങ്കിൽ തിരുമ്മായും ഇപ്പോൾ ഈടാക്കുന്ന ആവശ്യപ്പെടുന്നതിലധികം കുടിശ്ശികയായിരുന്നു.

അതുകൊണ്ട് സബ് ഇൻസ്പെക്ടർമാരെ മാറ്റി പഴയപോലെ ഓരോരുത്തരെയും ശിപാർശിമാർ, പെറുന്ന ആഫീസർമാർ, ഇൻസ്പെക്ടർമാർ ഇവരുടെ കീഴിലാക്കുകയാണെങ്കിൽ മാത്രമേ ഈ കുഴപ്പം തീരുകയുള്ളു. ഈ ഫ്ലിപ്പാട് ഗവണ്മെന്റിനു ചിലവു കൂട്ടുന്നതിനു പകരം ചിലവു കുറയ്ക്കുവാൻ പര്യാപ്തമാക്കുന്നതെന്നു ഞാൻ ഉറപ്പു പറയാം. ഈ അഭിപ്രായങ്ങളിൽ സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടു ഫ്ലിപ്പാട് നടപ്പിൽവരുത്താൻ നാലുകാലും തരമില്ലാത്തതുകാരണം ഫ്ലിപ്പേരുശം അതേ പക്ഷത്തോടു തുടർന്നുവരുന്നതിനുവേണ്ടി ക്ഷീണമായി ഇനിയും പണം വേണം എന്ന ആവശ്യപ്പെട്ടതുകൊണ്ടു ഞാനിപ്പോൾ അതിനെക്കുറിച്ചു ഒന്നും പറയുന്നില്ല. ഇപ്പോൾ ഈ ഗവണ്മെന്റിനെ കോടതിയിലാക്കുന്നതിനെ ആരും ആവശ്യപ്പെടുന്നതുമില്ല. വെള്ളപ്പൊക്കംമൂലം ഉണ്ടായിട്ടുള്ള കോടതിസ്തംഭനം ഈ മാസത്തിൽ ഇനി ഉണ്ടാകുന്നതുകൊണ്ട് ഒരു ഐഡിഷൻ ഫെർണാണ്ടസിനെ നിയമിക്കുന്നതിനെപ്പറ്റി ഞാൻ ഉദ്ദേശിച്ചു. മിസ്റ്റർ കരുവാട്ടിൽ ഉൾപ്പെടെ ഈ കൌൺസിലിൽ ഉള്ള എല്ലാവരും ഐകകണ്ഠ്യേന ഈ ഉപക്ഷേപത്തോടു അനുകൂലിക്കും എന്നു ഞാൻ ആശിക്കുന്നു.

മി. എസ്. സുബ്രഹ്മണ്യകൈമൾ (പത്തനംപുരവും—ചെങ്കോട്ടയും): മുപ്പാറപ്പുഴയും തൊടുപുഴയും തമ്മിലുള്ള വഴിയുടെ വശങ്ങളിലായിട്ടാണോ ചെല്ലുന്നതു എന്നു മിസ്റ്റർ ഹഡ്സൺ പറയുമോ?

ഡി. എ. ഹഡ്സൺ (ഗവണ്മെന്റു നിയമിച്ചമെമ്പർ): മുണ്ടപ്പന അരുകുറേക്കിടി; എട്ടുപ്പാറയല്ല.

മി. എസ്. സുബ്രഹ്മണ്യകൈമൾ (പത്തനംപുരവും—ചെങ്കോട്ടയും): പുഴയുടെ ഇടയ്ക്കുള്ള വഴിയുടെ ഭാഗത്തെയാണ് ചെല്ലുന്നതു?

മി. എ. ഹഡ്സൺ (ഗവണ്മെന്റു നിയമിച്ചമെമ്പർ): അതെ.

മി. എസ്. സുബ്രഹ്മണ്യകൈമൾ (പത്തനംപുരവും—ചെങ്കോട്ടയും): നാലുമൈലുകളിൽനിന്നും കിട്ടുന്നതുകൊണ്ടു ഒരു പൂശപ്പായ്ക്കൽനിന്നും കിട്ടുന്നതിനോടു സമമാണോ?

മി. എ. ഹഡ്സൺ (ഗവണ്മെന്റു നിയമിച്ചമെമ്പർ): നാലുമൈലിനെ ഞാൻ പറഞ്ഞില്ല. പക്ഷേ ചിലപ്പോൾ എന്നേ ഞാൻ പറഞ്ഞുള്ളൂ. ഈ ന്യായവാദം എനിക്കു മനസിലാകുന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): ഇനി ഉപക്ഷേപത്തെ വോട്ടിനിടണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഈ അഭിപ്രായം അംഗീകരിക്കപ്പെട്ടു.

മി. കെ. തോമസ്പിള്ള (അക്കിംഗ് എക്സൈസ്കമ്മിഷണർ): എനിക്കു ഇതിനെപ്പറ്റി പറയാനില്ല. എങ്കിലും സ്നേഹിതന്മാർക്കുവേണ്ടിയെങ്കിലും കുറയ്ക്കണം എന്നുണ്ടെങ്കിൽ ഞാൻ ൨൭൦൦ രൂപ അതായതു മാസം ൨൨൫ രൂപ കുറയ്ക്കാം. അതിൽക്കുറച്ചും സംശയം എന്തെങ്കിലും ഉണ്ടെങ്കിൽ അതു തീർക്കാൻ ഞാൻ തയ്യാറാണ്, ൬൫ മാസത്തേക്കാണു കണക്കാക്കേണ്ടതു. ഈ തുകകൊണ്ടു കുറയ്ക്കുവുന്ന തുക ൨൫൭൫ ആണു അല്ലാതെ ൨൭൦൦ രൂപയല്ല.

പ്രസിഡണ്ട്. മി. ഹഡ്സൺപിന്നെ ഉപക്ഷേപം പിൻവലിക്കണമെന്നില്ലാത്തതുകൊണ്ടു ഇതു കൌൺസിലിന്റെ വോട്ടിനു ഇടേണ്ടിയിരിക്കുന്നു.

മി. എ ഹഡ്സൺ (ഗവണ്മെന്റു നിയമിച്ച മെമ്പർ): എനിക്കു നിങ്ങൾ പറഞ്ഞതു മനസ്സിലായില്ല. സബ് ഇൻസ്പെക്ടർമാരുടെ അടിസ്ഥാനം വേണ്ടെന്നുവയ്ക്കുമോ?

പ്രസിഡണ്ട്. കൌൺസിലിൽ കൊണ്ടുവന്നിട്ടുള്ള പ്രമേയം അതല്ല. എസ്റ്റാബ്ലിഷ്മെന്റിന്റെ ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള മുന്നൂറ്റമ്പത്തഞ്ചു രൂപയിൽനിന്നും ൨൨൫൦൦ രൂപ കുറയ്ക്കണം എന്നാണു ഉപക്ഷേപം.

മി. എ. ഹഡ്സൺ (ഗവണ്മെന്റു നിയമിച്ച മെമ്പർ): ൨൫൦൦ രൂപ കുറയ്ക്കുകയാണെങ്കിൽ ഞാൻ അതു സമ്മതിക്കയും ഉപക്ഷേപത്തെ പിൻവലിക്കയുംചെയ്യാം.

പ്രസിഡണ്ട്. നീക്കിയിട്ടുള്ള തുകയിൽനിന്നും ൨൫൭൫ രൂപ കുറയ്ക്കണം എന്നുള്ള ധാരണയോടുകൂടി ഉപക്ഷേപം പിൻവലിച്ചിരിക്കുന്നു.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു:

ഉപക്ഷേപം വഴി തുക ൨൦൦ വരെ.

മുമ്പേ പറയുന്ന ഉപക്ഷേപങ്ങളും ഇതുപോലെതന്നെയായിരുന്നതിനാൽ അവയും പിൻവലിക്കപ്പെട്ടതായി വിചാരിക്കപ്പെട്ടു.

മി. കെ. കുമാരപിള്ള.

വ്യവസ്ഥ: എസ്റ്റാബ്ലിഷ്മെന്റിന്റെ ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള മുന്നൂറ്റമ്പത്തഞ്ചു രൂപയിൽ ൨൫൭൫ രൂപ കുറയ്ക്കുണം.

(വടക്കൻ താലൂക്കുകളിൽ സംസ്ഥാനപാതയുടെ പുനർനിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽവരുത്തുന്നതിനെ സംബന്ധിച്ച് ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനുള്ള ചിഹ്നം.)

മി. കെ. ചന്ദ്രശേഖരൻപിള്ള.

൧൨. പ്രസ്തുത പ്രവൃത്തിയുടെ ഇനത്തിൽ അനുവദിച്ചിട്ടുള്ള പണത്തിന്റെ തുക എത്രയാണെന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഡിമാന്റിനു വച്ചിട്ടുള്ള സമയം കഴിഞ്ഞതുകൊണ്ട് മറുപടി പറഞ്ഞുകേൾപ്പിച്ചില്ല.

മി. പി. കെ. നാരായണപിള്ള.

൧൩. പ്രസ്തുത പ്രവൃത്തിയുടെ പുനരുദ്ധാരണത്തിന് ഇനത്തിൽ അനുവദിച്ചിട്ടുള്ള പണത്തിന്റെ തുകയിൽ നിന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്, കണക്ക് വിശദമാക്കാമോ?

ടി. എ. ദ്വാരകാനാഥൻ.

൧൪. എസ്റ്റാബ്ലിഷ്മെന്റ് ചിന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള പണത്തിന്റെ തുകയിൽ നിന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്, കണക്ക് വിശദമാക്കാമോ?

(സബ് ഇൻസ്പെക്ടറെ കടന്നാക്രമിച്ചതു സംബന്ധിച്ച ചിഹ്നം)

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള.

൧൫. ശബ്ദചിഹ്നം ഉപയോഗിക്കുന്നതിനായി നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തിയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

മി. ടി. കുഞ്ഞുപിള്ള.

൧൬. ശബ്ദചിഹ്നം ഉപയോഗിക്കുന്നതിനായി നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തിയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

(സബ് ഇൻസ്പെക്ടറെ കടന്നാക്രമിച്ചതു.)

മി. ജി. പരമേശ്വരൻപിള്ള.

൧൭. ശബ്ദചിഹ്നം ഉപയോഗിക്കുന്നതിനായി നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തിയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള.

൧൮. നിലവിൽ പൊറിഞ്ചൂമിസരന്മാരുടേയും ശിപായിമാരുടേയും ശബ്ദചിഹ്നം ഉപയോഗിക്കുന്നതിനായി നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തിയുടെ തുക വെളിപ്പെടുത്താമോ?

മി. പി. കുഞ്ഞുകുട്ടിപിള്ള.

൧൯. ചങ്ങനാശ്ശേരി അസിസ്റ്റന്റ് ദിവാനായി വച്ചിട്ടുള്ള ഫർണിച്ചറിനും മറ്റുമായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

മി. എ. ആർ. മാധവവാര്യർ.

൨൦. റേഷൻഷോപ്പുകളിലേക്കായി വച്ചിട്ടുള്ള ഫർണിച്ചറിനായി എത്ര രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

മി. എ. ഇഗ്നേഷ്യസ്.

൨൧. എക്സൈസ് ഇനത്തിൽ അനുവദിച്ചിട്ടുള്ള ഫർണിച്ചറിനായി എത്ര രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

മി. എസ്സ്. സുബ്രഹ്മണ്യ അയ്യർ.

൨൨. എക്സൈസ് ഇനത്തിൽ നിക്കിവച്ചിട്ടുള്ള ഫർണിച്ചറിനായി എത്ര രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

ശ്രീ. എൻ. കുമാരൻ.

൨൩. എക്സൈസ് എന്ന ഇനത്തിൽ അധിക അനുവദിച്ചിട്ടുള്ള ഫർണിച്ചറിനായി എത്ര രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

മി. എം. ആർ. മാധവവാര്യർ.

൨൪. എക്സൈസ് ഇനത്തിൽ അധിക അനുവദിച്ചിട്ടുള്ള ഫർണിച്ചറിനായി എത്ര രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

മി. തരിയൻ കുഞ്ഞിതൊമ്മൻ.

൨൫. എക്സൈസ് ഇനത്തിൽ അധിക അനുവദിച്ചിട്ടുള്ള ഫർണിച്ചറിനായി എത്ര രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

മി. കെ. കുമാരപിള്ള.

൨൬. കസ്റ്റംസ് എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള ഫർണിച്ചറിനായി എത്ര രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

(അത്യക്കാറി ചായക്കായി ക്ലൂതകയായി രണ്ട് ശിപായിമാരെ നിയമിക്കുന്നതിനുള്ള ചിഹ്നം)

മി. ടി. കുമാരപിള്ള.

൨൭. കസ്റ്റംസ് ഇനത്തിൽ നിക്കിവച്ചിട്ടുള്ള ഫർണിച്ചറിനായി എത്ര രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

(അധിക ടൈപ്പറിസ്റ്റുമാരുടെ ശമ്പളം)

മി. പി. കെ. നാരായണപിള്ള.

൨൮. കസ്റ്റംസ് ഇനത്തിൽ അനുവദിച്ചിട്ടുള്ള ഫർണിച്ചറിനായി എത്ര രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

മി. എൻ. കുമാരൻ.

൨൯. കസ്റ്റംസ് എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള ഫർണിച്ചറിനായി എത്ര രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

മി. എ. ഇഗ്നേഷ്യസ്.

൩൦. ഡിമാൻഡ് III (എക്സൈസ് ഡിപ്പാർട്ടുമെന്റ്) എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള ൩.൦൪ ലക്ഷം രൂപയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

(ഈ ക്ലൈസ്സ് ഡിവിഷൻ കൊയ്യുണം എന്നു ഗവണ്മെൻറിനെ മനസ്സിലാക്കുന്നതിനു)

പ്രസിഡൻറ്. ഡിമാൻറ് III എക്സൈസ് ഡിപ്പാർട്ടുമെൻറ്—ഇനി ഞാൻ വോട്ടിനിടണം എന്നു വിചാരിക്കുന്നു. ഡിമാൻറ് III ൽ 8.0 ലക്ഷം രൂപയിൽ കവിയാതെയുള്ള ഒരു തുകയിൽനിന്നും 2 ലക്ഷം രൂപ കൊച്ചു ബാക്കിയുള്ള തുക അനുവദിക്കണം എന്നാണ് ആവശ്യപ്പെട്ടുന്നത്. തുക അനുവദിച്ചു.

അടുത്തദിവസം 1-11-0 ന കൂടണം എന്നു നിശ്ചയിച്ചു 4-12 0 ന യോഗം പിരിഞ്ഞു.

എസ്. പരമേശ്വരയ്യർ,
ലജിസ്ലേറീവു കൌൺസിൽസിക്രട്ടറി.

തിരുവിതാംകോട്ടു നിയമസഭ.

കൺവെർ ആഗസ്റ്റ് 9/വ്യാഴാഴ്ച.

(അഹിഫ്യൽ റിപ്പോർട്ട്)

സഭായോഗം വീണ്ടും പകൽ 11 അടിച്ചു നേരമിന്നിട്ട ആയപ്പോൾ വിക്ടോറിയാ ജൂബിലിടൌൺ ഹാളിൽ കൂടി. പ്രസിഡൻറ് അദ്ധ്യക്ഷം വഹിച്ചു.

പ്രസിഡൻറ്: മന്ത്രിമാരേ, ഇന്നത്തെ ഈ യോഗം ഒരു അനിശ്ചിത ദിവസത്തേക്കു മാറിവയ്ക്കുന്നതായി വന്നിരിക്കുന്നു എന്നു ഞാൻ വ്യസനസമേതം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. മഹാരാജാവു തിരുമനസ്സിലെ ശരീരാസ്വാസ്ഥ്യമാണു ഇതിനുകാരണം. കഴിഞ്ഞ കുറച്ചുദിവസങ്ങളിലായിട്ടു തിരുമനസ്സിലെ ആരോഗ്യം അത്ര ശാസ്ത്രീയമായ വിധത്തിൽ അല്ലായിരുന്നു എന്നു അറിയപ്പെട്ടിരുന്നു എന്നാൽ ഇന്നലെ വൈകുന്നേരംവരെ അതിനെപ്പറ്റി ഉൽക്കണ്ഠയ്ക്കു അവകാശമുണ്ടായിരുന്നില്ല. പക്ഷെ അതിനുശേഷം തിരുമനസ്സിലെ ആരോഗ്യം വളരെ ഉൽക്കണ്ഠാജനകമായിരുന്നു എന്നു പറയുന്നതിൽ എനിക്കു വളരെ മനസ്താപമുണ്ട്. ഈ സ്ഥിതിക്കു നാം ഇവിടെ ഇരുന്നു ബഡ്ജറ്റിനെപ്പറ്റി നിരൂപണംചെയ്യുന്നതു ഉചിതമല്ല. തിരുമനസ്സിലെ ആരോഗ്യത്തെപ്പറ്റി എന്നേപ്പോലെ തന്നെ നിങ്ങളും ഉൽക്കണ്ഠയുള്ളവരാണെന്നാണു എൻറെ പൂർണ്ണവിശ്വാസം. പോരുകിൽ ഒരേസമയത്തുതന്നെ തിരുമനസ്സിലെ സമീപത്തിൽ നിന്നു അദ്ദേഹത്തെ സേവിക്കുന്നതിനും ഈ സഭായോഗത്തിൽ ഹാജരാകുന്നതിനും എനിക്കു സാധിക്കുകയില്ലല്ലോ: ബഡ്ജറ്റിനിരൂപണത്തിനു അവശ്യമായ ശാന്തതയും സ്വസ്ഥതയും മന്ത്രിമാരുടെ മനസ്സിനു ഇപ്പോൾ ഉണ്ടായിരിക്കയില്ലെന്നും എനിക്കു തീർച്ചയാണ്. ഈവക കാരണങ്ങളാൽ ഈ യോഗം മാറിവയ്ക്കണമെന്നു ഞാൻ തീരുമാനിച്ചിരിക്കുന്നു.

നവവത്സരാരംഭത്തിനു മുമ്പായി ഇനി നമുക്കു കൂടാൻ സാധിക്കാത്തതുകൊണ്ടു ഇതിനുമുമ്പിലത്തെ ബഡ്ജറ്റു അനുവാളപ്രകാരം തന്നെ ചിലവുകൾ നടത്തേണ്ടതായിരിക്കുന്നു: ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള തുകയിൽനിന്നും ചിലവു നടത്തേണ്ടിവരും: ബഡ്ജറ്റിൽ ഉൾപ്പെട്ടതിയിട്ടുള്ള പുതിയ സ്കീം എല്ലാം കൌൺസിൽ ഇനി കൂടുന്നതുവരെ മാറിവയ്ക്കാൻ സാധിക്കുന്നതാണ് എന്നാൽ കാലസ്ഥിതി അനിതരസാധാരണമായിരിക്കുന്നസ്ഥിതിക്കു ഇനി കൌൺസിൽ കൂടുന്നതിനുമുമ്പ് ക്ഷാമനിവാരണത്തിനും മറ്റും അടിയന്തിരകാര്യങ്ങൾക്കുമായ് കുറെ പണം ചിലവാക്കേണ്ടിവരും എന്നു നിങ്ങൾക്കു അറിയാമല്ലോ: അങ്ങിനെ ആവശ്യം വരുന്ന ചിലവുകൾ നടത്തുന്നതിൽ കൌൺസിലിനു വിരോധം ഉണ്ടാകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു:

4-12-0 ന യോഗം പിരിഞ്ഞു:

എസ്. പരമേശ്വരയ്യർ,
ലജിസ്ലേറീവ് കൌൺസിൽസിക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Ag. *Head Translator to Government*

തിരുവിതാംകോട്ട് നിയമസഭ.

രണ്ടാമത്തെ സെഷൻ.

(മാറ്റിവെയ്ക്കപ്പെട്ടയോഗം.)

ഒന്നാമ് സെപ്തംബർ മാസം 1-ാം തിയ്യതി.

(അഹിഷ്കൃൽ റിപ്പോർട്ട്)

സഭയിണ്ടും വിളംബരിയപ്രകാരം ഗവർമെണ്ട് ഹാളിൽ കൂടി അതിലെ നാല്പത്തൊന്നിനിടയിലെപ്പോൾ കൂടി; പ്രൈസിഡണ്ടു് അധ്യാസനം വഹിച്ചു.

പ്രഥമൻസൊംബർ.

താഴെപറയുന്ന മെംബർ സത്യപ്രതിജ്ഞചെയ്തു് ഉദ്യോഗപ്പെടുത്തപ്പെട്ടു.

മിസ്റ്റർ എ. ജെ. വാൻറാഡ് (എക്സൈസ് കമ്മിഷണർ)

തിരുവിതാംകോട്ടിലെ നാടുനീങ്ങിയ ശ്രീമൂലാതിരുനാൾ മഹാരാജാവു്,

സഭാസദസ്യന്മാർ എല്ലാവരും എഴുന്നേറ്റുനിന്നു; പ്രസിഡണ്ടും സഭയോടുകൂടി ഇപ്രകാരം പ്രസംഗിച്ചു.:

പ്രൈസിഡണ്ടു് —കഴിഞ്ഞകൊല്ലത്തെ കടുകമാസം 27-നു-യിലെ വ്യസനകരമായ സംഭവത്തിനുശേഷം ഇതാദ്യപ്രാവശ്യമായി നാം ഈ സഭാമന്ദിരത്തിൽ കൂടുന്നതായ ഈ അവസരത്തിൽകഴിഞ്ഞ ഏകദേശം നാല്പതുകൊല്ലങ്ങളുടെയിടയിൽ ഈരാജ്യത്തിൻറെഭാഗധേയങ്ങളെ രൂപീകരിച്ചുവന്നിരുന്ന മഹാരാജാവിൻറെസ്ഥാനത്തു് നമ്മുടെ ബഹുമതിനൃപചകമായ ശ്രീൽകംനൽകേണ്ടതു നമ്മുടെ ധർമ്മം ആകുന്നു. ശ്രീമൂലംതിരുനാൾ തിരുമേനി നാടുനീങ്ങിയതിനാൽ തിരുവിതാംകോട്ടിനു ഉണ്ടായിട്ടുള്ള നഷ്ടം വാചാമഗോചരമായിരിക്കുവാനില്ലാ അത്രവലുതായിട്ടുള്ളതും നമുക്കു പറയാൻ ശക്തിയുള്ള വാക്കുകൾപ്രയോഗത്തിൽ യാതൊന്നിനാലും തന്നെ ആ നഷ്ടത്തിൻറെ പരിമാണത്തെയൊ ക്ലേശകരിതരായ പ്രജകൾക്കു തന്നിമിത്തം ഉണ്ടായിട്ടുള്ള വ്യസനത്തിൻറെആധാധതയേയൊ ചേരുമെങ്കിലും വെളിപ്പെടുത്തുന്നതിനൊ മതിയാകുന്നതല്ല എന്നു എനിക്കു ബോധ്യമായിരിക്കുന്നു. നാടുനീങ്ങിയ തിരുമേനിയുടെ ദീർഘവും തേജസ്വിയും ആയ ഭരണകാലത്തിനിടയിൽ ചിന്ത്യമായ സകടാവസ്ഥകളിലും ഈ രാജ്യത്തിനു ഉണ്ടായിട്ടുള്ള അത്യുത്കടമായ അഭിവൃദ്ധിയെപ്പറ്റി ശേഖരമായി പറയുന്നതിനുള്ള സ്ഥലമൊ സന്ദർഭമൊ ഇതല്ല. തിരുമനസ്സിലെ കൃത്യനിർവഹണത്തിലും സുരാജ്യതന്ത്രത്തിലും അദ്ദേഹം നല്ലവണ്ണവും നിജമായും സ്നേഹിച്ചുവന്നിരുന്ന സ്വപ്രജകളുടെ സന്തുഷ്ടിയിലും ക്ഷേമത്തിലും അവിടുത്തേക്കു ഉണ്ടായിരുന്ന അചിന്തിനമായ ശ്രദ്ധയുടെ ഫലമായിമാത്രം ആകുന്നും. ഈ രാജ്യം ഇന്നു അഭിവൃദ്ധമായ രാജ്യങ്ങളുടെ മുന്നണിയിൽ നിൽക്കുന്നതു് പ്രശംസനമായ ഈ കാലത്തു നമുക്കു വ്യാതിസമ്പാദിക്കുകയും വിശ്രമിച്ചിരിക്കുകയും ചെയ്യുന്നതു് സാധ്യമല്ല; നമ്മുടെ ആദർശവാക്യം ഉപരിയുപരിശ്രേയസ് എന്നുള്ളതായിരിക്കണം. എന്നു ഈ തിരുമേനി അവിടുത്തെ രാജ്യഭരണാരംഭത്തിൽ തന്നെ പറഞ്ഞു. കാലത്തും അകാലത്തും ഉദ്യോഗക്ലേശം അല്ലാതെ വിശ്രമം എന്നുള്ളതു തിരുമനസ്സറിയാതെ ആ ആളാൽത്തിനു അനന്യസരണമായി ജീവിതം നയിക്കുന്നതിനു അവിടുന്നു ഉദ്ഘോഷിയോടുകൂടി ശ്രമിച്ചിരുന്നു. സ്വജീവിതരീതിയാലും സപ്രവൃത്തിയാലും ഭാവിയിൽ അനേകം തലമുറകൾക്കു ഒരു നിദാനമായും പ്രേരണാശക്തിയായി തീരത്തക്കവണ്ണമുള്ള ഒരു മഹത്തായ പാരമ്പര്യം അദ്ദേഹം ജനിപ്പിച്ചുവച്ചിരിക്കുന്നു. നാമെല്ലാം അംഗങ്ങളായിരിക്കാൻ അഭിമാനകരമായ ഭാഗ്യലേഖിച്ചിട്ടുള്ള ഈ നിയമസഭതന്നെയും ഇൻഡ്യയിൽ നാടുരാജ്യങ്ങളിൽ ജനപ്രതിനിധിസ്ഥാപനങ്ങളും അജ്ഞാതമായിരുന്ന കാലമായ മുപ്പത്തിയാറിൽപരം കൊല്ലത്തിനുമുമ്പു അവിടുന്നു സ്വയമേവ ഉത്തമമായ അനുഗ്രഹം ആണല്ലൊ. ഇന്നും ഇതു ഏതാദ്ദേശസ്ഥാപനങ്ങളിൽ മുന്നണിയിൽ ഉള്ളസ്ഥാനത്തെ നിലനിറുത്തിക്കാണിരിക്കുന്നു. അറിഞ്ഞവരായും അവിടുത്തെ സ്നേഹിക്കാതിരുന്നിട്ടില്ലും അവിടുത്തെ തിരുനാമം ഉച്ചരിക്കുന്നവരെല്ലാം അവിടുത്തെ സ്തുതിക്കാതിരുന്നിട്ടില്ലാ.

ഇപ്പോൾ രാജ്യകാര്യങ്ങളെയും കയ്യേറ്റു നടക്കുന്ന ഈ കക്ഷണനിധിയായ, മഹാറാണിയിങ്കൽ തിരുമേനിയുടെ നേരെ നമുക്കുള്ള കർത്തവ്യങ്ങളെ സംബന്ധിച്ചു നമ്മുടെ മനസ്സും സമർപ്പിക്കേണ്ടതും നമ്മുടെ ധർമ്മവും വിശിഷ്യാധികാരവും ആകുന്നു.

ചോദ്യങ്ങളും മറുപടികളും.

(ക്രമനമ്പർ സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ചു പ്രൈസിഡണ്ട് ചെയ്ത ഉത്തരവു)

ക. ഒരു സഭായോഗത്തിൽ ചോദിക്കുന്ന ചോദ്യങ്ങളോടും പറയുന്ന മറുപടികളോടും അച്ചടിച്ച പ്രതികൾ പ്രൈസിഡണ്ട് സ്ഥാനത്തിൽ ഇരിക്കുന്നതിനു കുറഞ്ഞതു രണ്ടുമണിക്കൂറിനുമുമ്പായി സഭയിൽവച്ചു മെംബർമാർക്കു കൊടുക്കേണ്ടതാകുന്നു.

ഖ. ചോദ്യങ്ങൾചോദിക്കുകയും മറുപടിപറയുകയും ചെയ്യുന്നതു താഴെവിവരിക്കുന്ന പ്രകാരം വേണ്ടതാകുന്നു.

സെക്രട്ടറി മാരോപ്രശ്നക്രമത്തിനേറയും പേരു് അതിൽ എഴുതിയിടിക്കുന്ന ദിവസ്സംവിളിക്കുകയും ചോദ്യത്തിൻറെ ക്രമനമ്പർ പറയുകയും മെംബർ ഉപപ്രശ്നങ്ങളും ചോദിക്കുവാൻ താല്പര്യപ്പെടുന്നുണ്ടെങ്കിൽ അദ്ദേഹം സ്വസ്ഥാനത്തു എഴുനേറ്റു നിൽക്കുന്നതിനായി വേണ്ടസാവകാശം കൊടുക്കുന്നതിനു മതിയായസമയം നൽകുകയും ചെയ്യണം. ഉപപ്രശ്നങ്ങളും അവസ്സാനം ആസ്പദമായ പ്രധാനചോദ്യങ്ങളും കഴിഞ്ഞാലുടൻചോദിക്കേണ്ടതാകുന്നു.

വൈക്കംസത്യാഗ്രഹം.

൩൨. മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂർപത്തനംതിട്ടയും): (എ) കാൺഗ്രസ് വാളൻറിയർമാർ വയ്ക്കത്തുള്ളതെങ്കിലും സമാധാനലംഘനത്തിനു ഇടയാക്കിട്ടുണ്ടോഎന്നും;

(ബി) വയ്ക്കത്തുള്ള ന്യൂനപക്ഷത്തെ എതിർക്കുന്ന സവർണഹിന്ദുക്കളും സമാധാനലംഘനം വരുത്തുന്നതാണെന്ന് ഭയപ്പെട്ടതിട്ടുണ്ടോ എന്നും;

(സി) വയ്ക്കത്തുള്ള ചിലസവർണ ഹിന്ദുക്കളും പരസ്യമായി കോൺഗ്രസുവാളന്റിയർമാരെ എതിർത്തിട്ടുണ്ടോ എന്നും;

(ഡി) സമാധാനലംഘനം വരുത്തിട്ടുള്ള സവർണഹിന്ദുക്കളുടെമേൽ വല്ല നടപടിയും ഗവർൺമെണ്ട് നടത്തിട്ടുണ്ടോ എന്നും;

(ഇ) പ്രസ്താവനകളിൽകൂടി ഗാന്ധിപ്രഭൃതികളുടെ ഇടയാക്കാതെ കുസൃതികളും മറ്റുമുണ്ടായിരുന്നു എന്നും ഗവർണ്മെണ്ട് സമ്മതിക്കുന്നുണ്ടോ എന്നും;

(എഫ്) നിരോധിക്കപ്പെട്ടിരിക്കുന്ന റോഡുകളിൽ ആയുധസമേതത്തിൽ ചേന്നിട്ടുള്ള ഈഴവക്കും പുലയക്കും പ്രവേശനം പോലീസുകാരെന്ന പറഞ്ഞിട്ടുണ്ടോ എന്നും;

(ജി) ഇപ്പോഴിലൊക്കുസ്സമയത്തിലൊ ചേന്നവരായ ഈഴവരേയും പുലയരേയും ആ റോഡുകളിൽകൂടി നടക്കാൻ അനുവദിക്കുന്നതിനു ഗവർൺമെണ്ടു ഒരുക്കമുണ്ടോ എന്നും,

(എച്ച്) വൈക്കത്തു ഉത്സവംതുടങ്ങുന്നതിനു ഒരു ദിവസത്തിനുമുമ്പിൽ വാഹനമായും ഈഴവരും വയ്ക്കം ക്ഷേത്രത്തിലെ പടിഞ്ഞാറെ നടവരെ കൊടിക്കയർ വലിച്ചുകൊണ്ടുപോകുവാനുണ്ടോ എന്നും,

(ഐ) ശിക്ഷിക്കപ്പെട്ട വാളന്റിയർമാരെ ജയിലിലേക്കു കൊണ്ടുപോയപ്പോൾ അവരിൽ വല്ലവരും കൈവിലങ്ങുവച്ചിരുന്നുവോ എന്നും ഗവർണ്മെന്റു സഭയെ പറയുമോ?

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സെക്രട്ടറി): (എ) കോൺഗ്രസ്സ് വാളിന്റിയർമാർ കായ്വശാൽ വല്ല സമാധാനലംഘനവും വരുത്തിട്ടുള്ളതായി ഗവർണ്മെന്റിലേക്കു യാതൊരറിവുമില്ല. എന്നാൽ അവരുടെ പ്രവൃത്തികളും മറ്റുള്ളവരെ സമാധാനലംഘനം വരുത്തിക്കാൻ ഉദ്ദ്യോഗിപ്പിക്കത്തക്കവണ്ണമായിരുന്നു.

(ബി) ഗവർണ്മെണ്ടിനു അപ്രകാരം യാതൊരറിവുമില്ല.

(സി) ചില കോൺഗ്രസ്സ് വാളന്റിയർമാരെ അവർ ഘോഷയാത്രയായി പോയ്ക്കൊണ്ടിരുന്നതിനിടയിൽ അടികലശൽ നടത്തിയതായി റിപ്പോർട്ടുചെയ്യപ്പെട്ടിട്ടിരിക്കുന്നു.

(ഡി) പൊലീസുകാരുടെ ഡയറിയിൽ കൊണ്ടുവരപ്പെട്ട അങ്ങനെയുള്ള രണ്ടു കേസുകളെപ്പറ്റി പോലീസുകാർ അന്വേഷണം നടത്തിവരുന്നു.

(ഇ) വയ്ക്കം സങ്കേതം അതിർത്തികളിൽ ഉള്ള റോഡുകളെപ്പറ്റിയാകുന്നു മെംബർ പ്രസ്താവിക്കുന്നു എന്നുള്ള ഊഹത്തിന്മേൽ പറയുന്നതായാൽ പ്രസ്തുത സമുദായങ്ങളും ആ റോഡുകളെ ഉപയോഗിക്കുന്നതിനു യാതൊരു തടസ്ഥവും ഇല്ല എന്നാണു മറുപടി.

(എഫ്) ഉണ്ട്.

(ജി) ചോദ്യം കാല്പനികമാകയാൽ മറുപടിപറയാൻ കഴിയുന്നതല്ല.

(എച്ച്) ഒരു പ്രത്യേക കുടുംബത്തിലുള്ള വാലന്മാർ മാത്രം അപ്രകാരം ചെയ്യാൻ അനുവദിക്കാവുന്നതല്ലെന്നും ഉടൻതന്നെ ഒരു ഉത്തരവിറക്കണമെന്നും ബോധിപ്പിച്ചിരിക്കുന്നു.

(ഐ) ഗവർണ്മെണ്ടിനു യാതൊരറിവുമില്ല, എന്നാൽ അന്വേഷിക്കുന്നതാണ്.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): (എ)യ്ക്കുള്ള മറുപടിയെസംബന്ധിച്ചു് മറുള്ളവരെ സമാധാനലംഘനം വരുത്താൻ ഇടയാക്കിയതായ അവരുടെ പ്രവൃത്തികളും എന്തായിരുന്നു എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സെക്രട്ടറി): അതു പ്രസ് കമ്മ്യൂണിക്കിൽ നിന്നതന്നെ സ്പഷ്ടമാകുന്നുണ്ട്.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): പ്രസ് കമ്മ്യൂണിക്കിൽ സ്പഷ്ടമായിരിക്കുന്നില്ല. അതിനാലാണ് വാസ്തവത്തിൽ സമാധാനലംഘനത്തിനു വല്ലതും ഇടയാക്കിയോ എന്നുള്ള ചോദ്യം ഞാൻ ചോദിച്ചതു.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സെക്രട്ടറി): വാസ്തവത്തിൽ സമാധാനലംഘനമായി ഒന്നും നടന്നിട്ടില്ലാത്തതുകൊണ്ടു്.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): സന്ന്യഗ്രഹത്തെ വിരോധിക്കുന്ന സവർണ്ണഹിന്ദുക്കളും സമാനാനം പരിപാലിച്ചുകൊള്ളണം എന്നു ഡിസ്സിപ്ലിൻ മജിസ്ട്രേട്ടു വല്ല ഉത്തരവും അവർക്കു കൊട്ടത്തിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സെക്രട്ടറി): അവർ നിർബന്ധമായി ഇടയ്ക്കു പ്രവർത്തിക്കുകയാണെങ്കിൽ അവരുടെമേൽ നടപടിനടത്തുന്നതാണെന്നു അവരോടു പറഞ്ഞു. അതുകൊണ്ടു് അവർ അതിൽ നിന്നും വിരമിച്ചു.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): തങ്ങൾക്കു സമാധാനലംഘനം വരുത്തുമെന്നു ഏതെങ്കിലും സവർണഹിന്ദു ഡിസ്സിപ്ലിൻ മജിസ്ട്രേട്ടിന്റെ മുമ്പാകെ മൊഴികൊടുത്തുവോ?

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): (സി)യ്ക്കുള്ള മറുപടിയെ സംബന്ധിച്ചു് വയ്ക്കത്തു പോലീസുകാരുടെമുമ്പിൽവച്ചു ചില കോൺഗ്രസ്സ് വാളന്റിയർമാരെ സവർണഹിന്ദുക്കളും അടിച്ചു എന്നുള്ളതു ഗവർണ്മെന്റിനു അറിയാമോ?

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സെക്രട്ടറി): ഏതോ പോലീസുദ്യോഗസ്ഥൻ ഉണ്ടായിരുന്നു എന്നും നടപടിനടത്തിഎന്നും തോന്നുന്നു.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): (ഇ)യെ സംബന്ധിച്ചു എന്റെ ചോദ്യം വയ്ക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള റോഡുകളെപ്പറ്റിയാണ്. "വയ്ക്കം സങ്കേതം അതിർത്തികളിൽ ഉള്ള റോഡുകളെപ്പറ്റിയാണു് മെംബർ പറയുന്നതു എന്നുള്ള ഊഹത്തിന്മേൽ പറയുന്നതായാൽ പ്രസ്തുത സമുദായങ്ങളും

ആ റോഡുകളെ ഉപയോഗിക്കുന്നതിനു യാതൊരു തടസ്ഥവുമില്ല'' എന്നാണ് മറുപടി—എന്റെ ചോദ്യം വയ്യം ക്ഷേത്രത്തിനു ചുറ്റുമുള്ള റോഡുകളെപ്പറ്റിയാണ്.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): മറുപടി അതിനെ സംബന്ധിച്ചുതന്നെയാണ്.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): മറ്റു സമുദായക്കാർക്കു തടസ്ഥം ഇല്ലയോ എന്ന ചോദ്യം ഞാൻ ചോദിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ചോദ്യം എനിക്കു നല്ലവണ്ണം മനസ്സിലാകുന്നില്ല.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ''വയ്യം സങ്കേതം അതിനടുത്തുള്ളിൽ ഉൾപ്പെട്ട റോഡുകളെപ്പറ്റിയാണ് മെമ്പർ പറയുന്നതു എന്നുള്ള ഊഹത്തിന്മേൽ പറയുന്നതായാൽ പ്രസ്തുത സമുദായങ്ങൾക്കും ആ റോഡുകളെ ഉപയോഗിക്കുന്നതിനു യാതൊരു തടസ്ഥവും ഇല്ല'' എന്നാണ് മറുപടി—മറ്റു സമുദായങ്ങൾക്കു എതിരായി വല്ല തടസ്ഥവുമുണ്ടോ എന്നാണ് എന്റെ കൂടുതൽ ചോദ്യം.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ''മറ്റു സമുദായങ്ങൾക്കു എതിരായി വല്ല തടസ്ഥവും'' എന്നു മെമ്പർ പറയുന്നതിന്റെ അർത്ഥം എന്താണെന്നു എനിക്കു നല്ലവണ്ണം മനസ്സിലാകുന്നില്ല.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): മറ്റു സമുദായങ്ങൾക്കും ആ റോഡുകളെ ഉപയോഗിച്ചുകൂടാ എന്നുള്ള തടസ്ഥം എന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ആ റോഡുകളെ ഉപയോഗിക്കുന്നതിനുള്ള സമുദായങ്ങൾക്കും അവയെ ഉപയോഗിച്ചുകൂടാ എന്നു വിരോധിച്ചിട്ടുണ്ട്. അപ്രകാരം തടുക്കപ്പെട്ടിട്ടുള്ള സമുദായങ്ങളേക്കാൾ പ്രായമായിരുന്ന എന്നുള്ള വിവരം മേലിൽ സന്ദർഭശുദ്ധിയിൽ പ്രവേശിച്ചു് വെളിവാക്കി അറിയേണ്ടതായ വിഷയമായിരിക്കുന്നു.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ഈഴവരിലും പുലയരിലുംനിന്നു മഹമ്മദീയരുടെയിടക്കും കൃസ്ത്യാനിയുടെയിടക്കും മതംമാറി ചേർക്കപ്പെട്ടവരെ ഈ റോഡുകളിൽ പ്രവേശിപ്പിക്കുവാനുള്ള വാസ്തവമാണോ?

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): മറുപടി (ജി)യിൽ അടങ്ങിയിരിക്കുന്നു.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ഇല്ല. അതു വേറെ ചോദ്യമാണ്.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ഈയിടെ മതംമാറിയവർ അവയെ ഉപയോഗിച്ചുവരുന്നതായി ഗവർണ്മെണ്ടിനു അറിവില്ല.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): അവരെ തടഞ്ഞിട്ടുണ്ടോ എന്നാണ എന്റെ ചോദ്യം.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): തടസ്ഥപ്പെടുത്തൽ എന്നൊ അനുമതി എന്നൊ ഉള്ള യാതൊന്നും ഇല്ല—അവയെ ഉപയോഗിച്ചുവന്നിരുന്ന സമുദായങ്ങൾക്കു അവയെ ഉപയോഗിക്കാൻ അധികാരമുണ്ട്. ഇപ്പോഴും അവർ ഉപയോഗിക്കുവുന്നതാണ്.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): എന്നാൽ ചില സമുദായങ്ങളെ തടുത്തിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ) മുമ്പു അവയെ ഉപയോഗിച്ചുകൊണ്ടിരിക്കാതിരുന്ന സമുദായങ്ങൾ ഇപ്പോഴും അവയെ ഉപയോഗിക്കാൻ സമ്മതിക്കുന്നതല്ല. അവർ അവയെ മുമ്പു ഉപയോഗിച്ചിരുന്നില്ലെങ്കിൽ അവർക്ക അവയെ ഇപ്പോഴും ഉപയോഗിക്കാൻ പാടില്ല.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ഈഴവരിലും പുലയരിലുംനിന്നു ഈയിടെ മഹമ്മദീയമതത്തിലേക്കും കൃസ്ത്യമതത്തിലേക്കും ചേർക്കപ്പെട്ടവരെ ഈ റോഡുകൾ ഉപയോഗിക്കാൻ അനുവദിച്ചിരുന്നില്ലയോ?

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): കൃത്യമായി പറയുന്നതായാൽ മതംമാറുന്നതിനുമുമ്പു അവർ ഈ റോഡുകളെ ഉപയോഗിക്കാതിരുന്നുവെങ്കിൽ അവർ അവയെ ഉപയോഗിക്കുന്നതിനു അനുവദിച്ചുകൂടാ എന്നാണ് ഞാൻ പറയുന്നതു.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ''അവരെ തടസ്ഥപ്പെടുത്തിട്ടുണ്ടോ'' എന്നാണ് എന്റെ ചോദ്യം.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ഗവർണ്മെണ്ടു യാതൊരു തടസ്ഥവും ചെയ്തിട്ടില്ല

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ആയ്യസമാജക്കാരായിത്തീർന്നിട്ടുള്ള ഈഴവരേയും പുലയരേയും ഈ റോഡുകളെ ഉപയോഗിക്കുന്നതിൽനിന്നു തടുത്തിട്ടുണ്ടോ എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ഉണ്ടു.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): (എഫ്) സംബന്ധിച്ചിടത്തോളം ചില ആയ്യസമാജക്കാർക്കു നിഷേധിക്കപ്പെട്ട റോഡുകളിൽ പ്രവേശനം അനുവദിക്കാത്തതു എന്തുകൊണ്ടെന്നു അറിഞ്ഞാൽകൊള്ളാം

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): അതിനുമുമ്പു അവർ ആ റോഡുകളെ ഉപയോഗിച്ചുവരാത്തതുകൊണ്ടുതന്നെ.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): മുമ്പു അനേകം ആയ്യസമാജക്കാർ ഉണ്ടായിരുന്നുവോ എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): ഒരു ദിവസം രാവിലെ റോഡ് ഉപയോഗിക്കാതിരുന്ന ഒരാൾക്ക അതു തൊട്ടടുത്തദിവസം ഉപയോഗിക്കാൻ പാടില്ല; മുമ്പു റോഡുകൾ ഉപയോഗിക്കാതിരുന്നയാൾക്കാരാളെയും ഇപ്പോൾ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): എനിക്കു ക്ലിപ്തമായ മറുപടി കിട്ടണം.

പ്രസിഡണ്ട്. മിസ്റ്റർ മാധവവാരിയരെ, നമുക്കും ഏതുവിധം മറുപടി വേണമോ അതേ മറുപടി പറയുന്നതിനു മെമ്പറെ നിർബന്ധിക്കുവാൻ നിങ്ങൾക്കു അധികാരമില്ല.

മി. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): മറുപടിപറയുവാൻ ഗവർമ്മെണ്ടു് കടമപ്പെട്ടിരിക്കുന്നു. എനിക്കു അതിനു അവകാശമുണ്ട്.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): റോഡ് ഉപയോഗിക്കുന്നതിനു ആയുസ്സമാജക്കാരെ അനുവദിച്ചിരുന്നില്ല.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും). അവരെ നിഷേധിച്ചിരുന്നുവോ ഇല്ലയോ എന്നാണു ഞാൻ ചോദിക്കുന്നതു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർവക്കിൽ) ആയുസ്സമാജക്കാരായി നിന്നിട്ടുള്ള ഈഴവരും പുലയരും പ്രതിഷിദ്ധറോഡുകളിൽ പ്രവേശിക്കുവാൻ പാടില്ലാ എന്നു പറഞ്ഞിരുന്നുവൊ ഇല്ലയോ എന്നു (എഫ്) മറുപടി തരുവാനാണു പറയുന്നതു. അവർക്കു പ്രവേശിച്ചുകൂടാ എന്നു പറഞ്ഞിരുന്നു.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും-പത്തനംതിട്ടയും): എപ്പോഴാണു അവർ പ്രവേശിക്കാൻ സമ്മതിച്ചില്ല.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): അവർ റോഡുകളെ മുമ്പു ഉപയോഗിച്ചുവന്നിരുന്നില്ലാത്തതുകൊണ്ടു.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും-പത്തനംതിട്ടയും): മുമ്പു ആയുസമാജക്കാർ ഉണ്ടായിരുന്നുവൊ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): ഒരാൾ ആയുസമാജക്കാരൻ ആയിത്തീർന്നു എന്നുള്ള അവസ്ഥ കായ്യത്തിനു മാറ്റംവരുത്തുന്നതല്ല—ഏതെങ്കിലും പ്രത്യേകം സമുദായത്തിലെ വ്യക്തികളെ അന്യമതം സ്വീകരിച്ചിരുന്നാൽതന്നെയും ആ പ്രത്യേകസമുദായങ്ങളെ പബ്ലിക്കുറോഡുകളെ ഉപയോഗിച്ചുകൂടാ എന്നു തടയുന്നതിനെ സമ്മതിച്ചിരിക്കുന്നതായി ക ാ ടി. എൽ. ആർ—ൽ ചേർത്തിരിക്കുന്ന കേസിനെ മെമ്പറുടെ അറിവിനായി വായിച്ചുകേൾപ്പിക്കാം.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും-പത്തനംതിട്ടയും): അതു വയ്യത്തെപ്പറ്റിയായിരുന്നുവൊ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ് സക്കാർവക്കിൽ): നാഗരുകോവിലിലൊ മറ്റേതൊ സ്ഥലത്തേയൊ സംബന്ധിച്ചുതായിരുന്നു.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും-പത്തനംതിട്ടയും): ഞാൻ ടി. എൽ. ആർ. നെപ്പറ്റി ഒന്നും പോലിക്കുന്നില്ല. ഈ വിഷയത്തെപ്പറ്റിയുള്ള ഗവണ്മെണ്ടിന്റെ അഭിപ്രായത്തെപ്പറ്റിയാണു് എന്റെ പ്രശ്നം.

പ്രസിഡണ്ടു്. ഗവണ്മെണ്ടിന്റെ അഭിപ്രായം ഒരു ചോദ്യത്തിനു വിഷയമായി തീരുന്നില്ല.

വൈക്കത്തു സവർണ്ണഹിന്ദുക്കളുടെ അതിക്രമം.

൩൫. മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും-പത്തനംതിട്ടയും): (എ) സത്യഗ്രഹവാളന്റിയർമാരെ ഉപദ്രവിക്കുന്നതിനായി വയ്യത്തുള്ള സവർണ്ണഹിന്ദുക്കൾ ഒരു സംഘമായിചേർന്നിട്ടുണ്ടോഎന്നും,

ബി. ഗവണ്മെണ്ടു് അവരുടേമേൽ എന്തെങ്കിലും നടപടി നടത്തീട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്താണെന്നും,

ഗവണ്മെന്റു് സഭയെ പറയുമോ?

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്കാർവക്കിൽ). മിസ്റ്റർ ജോസഫ് പഞ്ഞിക്കാരന്റെ * ചോദ്യത്തിനുള്ള മറുപടിയെ മെമ്പർ നോക്കിക്കോളുകയും.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും-പത്തനംതിട്ടയും) "സത്യഗ്രഹവാളണ്ടിയർമാരെ ഉപദ്രവിക്കുന്നതിനായി വയ്യത്തുള്ള സവർണ്ണഹിന്ദുക്കൾ ഒരു സംഘമായി ചെന്നിട്ടുണ്ടോ" എന്നാണ് (എ) ചോദ്യം—മറുപടി വ്യക്തമായിരിക്കുന്നില്ല.

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്കാർവക്കിൽ): മറുപടി പ്രൊസീഡിങ്ങ്സിൽ കാണുന്നുണ്ടു്.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും-പത്തനംതിട്ടയും): അതിൽ ഞാൻ കാണുന്നില്ല—മറുപടിയെ സംബന്ധിക്കുന്ന ഭാഗത്തെ മെമ്പർ ദയവുചെയ്തു അതിൽ കാണിച്ചുതരുമോ?

---

* ചോദ്യസമയത്തു മെമ്പർ ഹാജരില്ലായിരുന്നതിനാൽ പ്രൊസീഡിംഗ്സിൽ ചേർക്കപ്പെടാത്തതായ ചോദ്യവും മറുപടിയും താഴെ ചേർത്തിരിക്കുന്നു:—

വയ്യത്തുള്ള സത്യഗ്രഹികളെ ചില സവർണ്ണഹിന്ദുക്കൾ ഉപദ്രവിച്ചു എന്നുള്ള വാർത്ത.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): (എ) വയ്യത്തുള്ള സത്യഗ്രഹികളെ സവർണ്ണഹിന്ദുക്കളിൽ ഒരു കൂട്ടക്കാർ അടികലശൽ മുതലായ ഭേദോപദ്രവങ്ങൾചെയ്തു ഉപദ്രവിച്ചുവരുന്നതായി ഗവണ്മെന്റിനു അറിയാമൊ?

(ബി) അപ്രകാരമുള്ള ഉപദ്രവം നിവർത്തിക്കുന്നതിനു ഗവണ്മെണ്ടു് എന്തു നടപടി നടത്തിട്ടുണ്ടു? നടപടി ഒന്നും നടത്തിട്ടില്ലെങ്കിൽ എന്തുകൊണ്ടു?

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്കാർവക്കിൽ): (എ)-യും (ബി)-യും [illegible] സഭയെ [illegible] മെമ്പർക്കു സമ്മേളനത്തിനു മുമ്പായി ചോദ്യങ്ങൾ ചോദിച്ചുകൊടുക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ് സക്രട്ടേറിയിൽ): നാവക്ക് രജിസ്ട്രേഷനുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല എന്നും കോൺഗ്രസുവാളന്റിയർമാരെ അടിക്കയാൽചെയ്യുവർ അവരുടെ ആളുകളിൽ ചെന്നവരല്ലായെന്നും എനിക്ക് അറിവുണ്ടായിരുന്നതിൽനിന്നു കാണുന്നു. കോൺഗ്രസുവാളന്റിയർമാരെ അടിച്ചും ഉപദ്രവിക്കാതെ നോക്കിക്കൊള്ളുന്നതിനായി തങ്ങളുടെ ആളുകളെ അവരോടൊന്നിച്ചു അയക്കുന്നതിനു തങ്ങൾ ഒരുക്കമുണ്ടെന്നും മേൽപ്രസ്താവിച്ച പ്രധാനികൾ പറയുന്നു".

പ്രസ് കമ്മ്യൂണിക്കിൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): സത്യഗ്രഹ വാളന്റിയർമാരെ ഉപദ്രവിക്കുന്നതിനായി സവർണ്ണഹിന്ദുക്കളുടെ ഒരുസംഘം രൂപീകരിക്കപ്പെട്ടിട്ടുണ്ടോയെന്നും എനിക്ക് ചോദ്യം.

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ): അതു സത്യഗ്രഹ വാളന്റിയർമാരെ ഉപദ്രവിക്കുന്നതിനായി രൂപീകരിക്കപ്പെട്ടിരുന്നില്ല.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): ഈ സംഘം വസ്തുതയിൽ സത്യഗ്രഹ വാളന്റിയർമാരെ ഉപദ്രവിച്ചുവോ എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ): പ്രസ് കമ്മ്യൂണിക്കിൽ പറഞ്ഞ അതു വ്യക്തമായി പറഞ്ഞിട്ടുണ്ടു.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): ഗവണ്മെണ്ട് വല്ല അന്വേഷണവും നടത്തിയോ?

മി വി സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ): ഒരന്വേഷണവും നടത്തിയതിനു വിവരം ബോധിപ്പിക്കുന്നതിനു ഗവണ്മെണ്ട് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോടു ആവശ്യപ്പെട്ടു. അദ്ദേഹം വിവരം എഴുതി അയച്ചിട്ടുണ്ടു.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): വാളന്റിയർമാരെ കമ്മീഷണർ ഉപദ്രവിച്ചുവോ?

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ): യാതൊരു ഉപദ്രവിക്കലും ഉണ്ടായിട്ടുള്ളതായി അദ്ദേഹത്തിനു അറിവില്ല എന്നു അദ്ദേഹം പറയുന്നു. വാസ്തവത്തിൽ എന്തു നടന്നുവെന്നു അദ്ദേഹം വ്യക്തമായി പറയുന്നു. ഗുണ്ടായിസം നടന്നതെന്നും അദ്ദേഹം വിവരിച്ചിട്ടുണ്ടു.

മി. എം. ആർ മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): കോൺഗ്രസുവാളന്റിയർമാർ ഉപദ്രവിക്കപ്പെട്ടിട്ടില്ലെന്നു ഗവണ്മെണ്ട് വിശ്വസിക്കുന്നുണ്ടോ?

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ) ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അപ്രകാരം പറയുന്നു; ഗവണ്മെണ്ട് അതിനെ അംഗീകരിക്കുന്നു.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): ഇതിനെപ്പറ്റി ഗവണ്മെണ്ട് വല്ല അന്വേഷണവും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ): ഏതെങ്കിലും പ്രത്യേകസംഭവത്തെപ്പറ്റി കണ്ടറിയുമായ കുറ്റാരോപണം ഉണ്ടെങ്കിൽ ഗവണ്മെണ്ട് അന്വേഷണം നടത്തുന്നതായിരിക്കും.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): അനേകം കുറ്റാരോപണങ്ങൾ ഉണ്ട്.

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ): പ്രത്യേകമായ ആളുകളുടെമേൽ കണ്ടറിയുമായ കുറ്റാരോപണം ഉണ്ടെങ്കിൽ ആവശ്യപ്പെട്ടാൽ അന്വേഷണം നടത്തുന്നതാണ്.

പൊലീസുകാരുടെ അതിക്രമം.

൪൪. മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): (എ) പൊക്കുന്നു സത്യഗ്രഹികളിൽനിന്നു പൊലീസുകാർ ചക്രങ്ങൾ പിടിച്ചുപറിച്ചിട്ടുണ്ടോ?

(ബി) സത്യഗ്രഹവാളന്റിയർമാരുടെമേൽ പൊലീസുകാർ ബലം പ്രയോഗിച്ചിട്ടുണ്ടോ?

(സി) അങ്ങനെയാണെങ്കിൽ അതിനെ ഗവണ്മെണ്ട് സമ്മതിച്ചിട്ടുണ്ടോ?

(ഡി) അനുവദിച്ചിട്ടില്ലെങ്കിൽ പൊലീസുകാരുടെമേൽ ഗവണ്മെണ്ട് വല്ല നടപടിയും നടത്തിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ): മിസ്റ്റർ ജോസഫ് പഞ്ഞിക്കാരൻ ചോദിച്ച ചോദ്യത്തിനുള്ള മറുപടിയെ മെമ്പർ നോക്കിക്കൊള്ളുക.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): (ബി)—യെ സംബന്ധിച്ചേടത്തോളം പൊലീസുകാർ സത്യഗ്രഹവാളന്റിയർമാരുടെമേൽ ബലം പ്രയോഗിച്ചുവോ എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ): സത്യഗ്രഹവാളന്റിയർമാരുടെമേൽ പൊലീസുകാർ യാതൊരു ബലാൽക്കാരവും നടത്തിട്ടില്ല.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): വല്ല അന്വേഷണവും നടത്തിയോ?

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ): ചക്രങ്ങൾ പിടിച്ചെടുത്തപ്പോൾ കൂടെ തള്ളൽ ഉണ്ടായതല്ലാതെ സത്യഗ്രഹവാളന്റിയർമാരുടെമേൽ പൊലീസുകാർ യാതൊരു വലവും പ്രയോഗിച്ചില്ലായെന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് പറയുന്നു. ഏതുമാതിരി അന്വേഷണം നടത്തിയെന്നു എനിക്കറിഞ്ഞുകൂടാ. സ്ഥലത്തുപോയി വേണ്ട വിചാരണകളും അന്വേഷണങ്ങളും നടത്തിയതിൽപിന്നീടാണ് അദ്ദേഹം എഴുതി അയച്ചിട്ടുള്ളതു.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): അദ്ദേഹം വസ്തുവത്തിൽ വല്ല അന്വേഷണവും നടത്തിയോ എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്രട്ടേറിയിൽ). അദ്ദേഹം നടത്തിയിരിക്കണം.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂർ—പത്തനംതിട്ടയും): അദ്ദേഹം വല്ല സാക്ഷിയേയും വിസ്തരിച്ചുവോ?

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സക്കാർവക്കീൽ): ഗവണ്മെൻറിനു കൃത്യമായി പറയാൻ സാധിക്കുന്നതല്ല.

മി. എം. ആർ. മാധവയ്യർ (ചെങ്ങന്നൂരും–പത്തനംതിട്ടയും): പൊലീസുകാർ ബലം പ്രയോഗിച്ചതായി ഒരു കുറ്റാരോപണം ഉണ്ടു. അതിനേൽ ഗവണ്മെണ്ട് വല്ല അന്വേഷണവും നടത്തുകയും വേണ്ട വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുമോ?

മി. വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്കാർ വക്കീൽ): അനിർദ്ദിഷ്ടമായ ഒരന്വേഷണം നടത്തുന്നതിൽ യാതൊരു ഉപയോഗവുംഇല്ല. കൃത്യമായ വല്ല കുറ്റാരോപണവും ഉണ്ടെങ്കിൽ അന്വേഷണംനടത്താം. അനിർദ്ദിഷ്ടമായ അന്വേഷണത്തിൽ യാതൊരു ഉപയോഗവും ഉണ്ടാകുമെന്നെനിക്കറിഞ്ഞുകൂടാ.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ഗവണ്മെൻറ് വല്ല അന്വേഷണവും നടത്തുമോ എന്നാണു എൻറെ ചോദ്യം.

പ്രൊസിഡിങ്സ്: മിസ്റ്റർ സുബ്ബയ്യരേ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അന്വേഷണം നടത്തി എന്നു അദ്ദേഹത്തിൻറെ റിപ്പോർട്ടിൽ പറയുന്നില്ലയോ ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): അദ്ദേഹം അന്വേഷണം നടത്തി. അദ്ദേഹം അന്വേഷണം നടത്തിയിരിക്കേണ്ടതുമാണു. ഏതു സാക്ഷികളെ വിസ്തരിച്ചു എന്നാണു മിസ്റ്റർ മാധവവാരിയർക്ക് അറിയേണ്ടതു്.

പ്രൊസിഡൻറ്: ഒരു വിചാരണയിൽ വിചാരണനടത്തുന്ന ഉദ്യോഗസ്ഥൻ സാക്ഷികളെ വിസ്തരിച്ചേതീരൂ എന്നു നിർബന്ധമുണ്ടോ ?

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): പൊലീസുകാർക്കുള്ളതിനേക്കാൾ വല്ല വരോടും ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ചോദിച്ചുപോ എന്നാണു എൻറെ ചോദ്യം.

പ്രൊസിഡൻറ്: മിസ്റ്റർ സുബ്ബയ്യരേ സത്യഗ്രഹികളോടുതന്നെ താൻ ചോദിച്ചതായി ഡിസ്ട്രിക്ട് മജിസ്ട്രേട്ട് പറയുന്നില്ലയോ ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): അതേ സർ, അദ്ദേഹമൽപ്രയോഗപ്പെട്ട ആളുകൾക്കു നൽകേണ്ടതായ സഹായങ്ങളെപ്പറ്റി.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): സത്യഗ്രഹവാളൻറിയർമാരുടെമേൽ ബലംപ്രയോഗിച്ചതിനായി പൊലീസുകാരുടെമേൽ ഗവണ്മെൻറു വല്ല നടപടിയും നടത്തീട്ടുണ്ടോ എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): യാതൊരു പൊലീസു ഉദ്യോഗസ്ഥനും ബലം ഉപയോഗിച്ചിട്ടുള്ളതായി യാതൊരു തെളിവും ഇല്ല.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ബലപ്രയോഗം ഉണ്ടായിരുന്നുഎന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ട തന്നെ സമ്മതിച്ചിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): സത്യഗ്രഹികളിൽനിന്നു ചക്രങ്ങളും പിടിച്ചെടുക്കപ്പെട്ടപ്പോൾ കുറെ തള്ളൽ ഉണ്ടായിരുന്നതൊഴിച്ചു വേറെ ബലപ്രയോഗം യാതൊന്നും ഉണ്ടായിരുന്നില്ല. സത്യഗ്രഹികളും ചക്രങ്ങളും പിടിച്ചുപറിച്ചുകൊണ്ടുപോകുന്നതിനാൽ ആ തള്ളൽതന്നെയും ഒഴിക്കാമായിരുന്നു.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): തള്ളൽ നിരുപദ്രവം ആണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): അതു പരിതസ്ഥിതികളെ ആശ്രയിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു സാമാന്യത്തെ പിടിച്ചെടുക്കണം എങ്കിൽ ഒരാളിനെ പിടിക്കുന്നതിൽ എന്നപോലെ അല്പം ബലപ്രയോഗം അപരിഹാര്യമാണ്.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ചക്രങ്ങളെടുക്കുവാൻ പൊലീസുകാർ ചേതം വരുത്തിയോ എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): അതുസംബന്ധിച്ചു ഗവണ്മെൻറിനു യാതൊരറിവും ഇല്ല.

വയ്യാത്തു പൊലീസുകാർ ചക്രങ്ങളെടുത്തു മാറിയതു.

൭൪. മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ചമെംബർ):

(എ) സത്യഗ്രഹികളിൽനിന്നും പൊലീസുകാർ ചക്രങ്ങളെ ബലമായി എടുത്തുകൊണ്ടുപോകുന്നതായി ഗവണ്മെൻറിനു അറിയാമോ ?

(ബി) അവർ അപ്രകാരം എത്ര ചക്രങ്ങൾ എടുത്തിട്ടുണ്ടു ?

(സി) നിയമത്തിൻറെ ഏതു വ്യവസ്ഥകളനുസരിച്ചാണ് ഇപ്രകാരം ചെയ്തിട്ടുള്ളതു് ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ):

(എ) മെംബർ മിസ്റ്റർ ജോസഫ് പഞ്ഞിക്കാരൻ ചോദിച്ച ചോദ്യത്തിനുള്ള മറുപടി നോക്കിക്കൊള്ളുക.

(ബി) പതിനഞ്ചെണ്ണത്തോളം ചക്രങ്ങൾ പിടിച്ചെടുത്തിട്ടുള്ളതായി ബോധിപ്പിച്ചിരിക്കുന്നു.

(സി) ഫാൻ ൪–ൽ ൪–ാം റെഗുലേഷനായ പൊലീസ്റെഗുലേഷൻ ൨൨–ാം വകുപ്പു (ബി)–യും (ഡി)–യും അനുസരിച്ചു.

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ച മെംബർ): റോഡുകളിലെ വിലങ്ങേ ഗവണ്മെൻറു പോലീക്കുട്ടി അവയെ തടഞ്ഞിട്ടുണ്ടോഎന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): വേലികളും റോഡുകളെ തടയുന്നുണ്ടോ എന്നുള്ള അഭിപ്രായം അന്വേഷിച്ചുള്ള ഒരു വിഷയം ആകയാൽ ആ ചോദ്യത്തിനു മറുപടിപറയാൻ ഞാൻ ഒരുക്കമില്ലാ

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): അല്ല; അതു യഥാർത്ഥമായ കാര്യമാണ്. റോഡുകളെ തടസ്ഥപ്പെടുത്തത്തക്കവണ്ണം റോഡുകൾക്കു കുറുകെ വേലികെട്ടിട്ടുണ്ടോ എന്നുള്ള വസ്തുതയെ സംബന്ധിച്ചു ചോദ്യം അല്ലാതെ അഭിപ്രായത്തെ സംബന്ധിച്ചുമല്ല. ചക്രങ്ങൾ വേലികൾക്കു പിന്നിൽ അകപ്പെട്ടു വയ്ക്കപ്പെട്ടിരുന്നതു ?

പ്രൊസിഡെന്റ്: വേലികൾക്കു "പിന്നിൽ" എന്നു നിങ്ങൾ പറയുന്നതിന്റെ അർത്ഥമെന്തു ?

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): വേലികളുടെ ഒരുവശത്തു എന്നാണ് ഞാൻ അർത്ഥമാക്കുന്നതു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ): ജനങ്ങൾക്കു അസൌകര്യമായും ഗതാഗതത്തിനു തടസ്ഥമായും സമീപത്തുള്ള കടക്കാർക്കു ഉപദ്രവകരമായും ഇരിക്കത്തക്കവണ്ണം ചക്രങ്ങൾ വേലികൾക്കു വളരെ അടുത്തല്ലാതെ റോഡിൽതന്നെ വയ്ക്കപ്പെട്ടിരുന്നു എന്നാണ് അറിവു.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): ഈ സംഗതി മുഴുവനും പബ്ലിക്ക് റോഡിൽ ആണെന്നു എനിക്കു അറിയാം. റോഡിനു കുറുകെ ഗവണ്മെന്റ് വേലി കെട്ടിട്ടില്ലയോ എന്നാണു എനിക്കറിയേണ്ടതു.

പ്രൊസിഡെന്റ്: അതിനു മറുപടി പറഞ്ഞുവല്ലൊ വേലിയുണ്ടു.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): റോഡുകളെ തടയത്തക്കവണ്ണം ഗവണ്മെന്റ് തന്നെ കെട്ടിച്ചിട്ടുള്ള വേലിയുടെ ഒരുവശത്തല്ലയോ ഈ ചക്രങ്ങൾ വയ്ക്കപ്പെട്ടിരുന്നതു എന്നാണു എന്റെ ചോദ്യം.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ): അതു തടസ്ഥമൊ അല്ലയോ എന്നുള്ളതു അഭിപ്രായസംബന്ധമായ ഒരു വിഷയമാണ്; അതുകൊണ്ടു ഈ ചോദ്യത്തിനു ഞാൻ മറുപടി പറയുന്നില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): അതു അഭിപ്രായസംബന്ധമായ ഒരു കാര്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

പ്രൊസിഡെന്റ്: ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എല്ലാ ഉപപ്രശ്നങ്ങൾക്കും മറുപടിപറയുന്നതിനു കടമപ്പെട്ടിരിക്കുന്നില്ല. ഒരു വേലിയുണ്ടൊ എന്നാണ് നിങ്ങളുടെ ചോദ്യം. അതിനു അദ്ദേഹം മറുപടി പറഞ്ഞു കഴിഞ്ഞിരിക്കുന്നു.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): റോഡിന്റെ ഒരുവശത്തുനിന്നും മറുവശത്തിലേയ്ക്കു പോകുന്നതിനു ഈ ചക്രങ്ങൾ യാതൊരുത്തരേയും തടുക്കാതിരിക്കെ അവയെ പിടിച്ചുകെട്ടുന്നതെന്തിനു?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സ്ക്കാർവക്കീൽ): ഞാൻ മുമ്പു പറഞ്ഞുപോലെ ഈ ചക്രങ്ങൾകാരണം കടയുടമസ്ഥന്മാർക്കും ചരക്കുകൊണ്ടുവാങ്ങിക്കാൻ ചെല്ലുന്നവർക്കും അസൌകര്യവും ഉണ്ടാകത്തക്കവണ്ണം എല്ലാത്തരത്തിലും ഉള്ള ആളുകൾ കൂട്ടംകൂടുന്നതിനു ഇടയായി. ചക്രങ്ങൾനിമിത്തം ഉണ്ടായ തടസ്ഥം അതാണ്. അതിനാൽ അവയെ പിടിച്ചുകെട്ടുകയേ ആവശ്യമായിതീർന്നു.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): ഗവണ്മെന്റ് റോഡിനു വിലങ്ങെ വേലി കെട്ടീട്ടുള്ളതുനിമിത്തം ഉണ്ടായിട്ടുള്ള തടസ്ഥത്താൽ ജനങ്ങൾക്കു വളരെ അസൌകര്യത്തിനിടയായിരിക്കുന്നു എന്നു ഗവണ്മെന്റിനു അറിയാമോ ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ): അതു പല തടസ്ഥത്തിനും കാരണമായിതീർന്നിരിക്കുന്നു എന്നു ഗവണ്മെന്റ് അറിഞ്ഞിട്ടില്ല.

വയ്ക്കുന്നു പൊലീസുകാർ ചക്രങ്ങളെ എടുത്തു മാറ്റിയതു.

൪൨. മി. എം. ഹുസൈൻ (ഗവണ്മെന്റ് നിയമിച്ച മെംബർ):

(എ) വയ്യം റോഡിൽ പൊലീസുകാർ ചക്രങ്ങളെപിടിച്ചു എടുത്തതായി ഗവണ്മെന്റിനു അറിയാമോ? അങ്ങനെയാണെങ്കിൽ അവയുടെ എണ്ണം എത്ര?

(ബി) അങ്ങനെചെയ്യുന്നതിനു പൊലീസുകാർക്കു ഗവണ്മെന്റിൽനിന്നു വല്ല അധികാരവും ഉണ്ടായിരുന്നോ ?

(സി) ഇല്ലെങ്കിൽ ഇടപെട്ട പൊലീസുകാരുടെമേൽ ഗവണ്മെന്റ് എന്തു നടപടി നടത്തിട്ടുണ്ടു ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ): (എ) മുതൽ (സി) വരെ മിസ്റ്റർ ജോസഫ് പഞ്ചിക്കാരന്റെ ചോദ്യത്തിനും ൪൩-ാം നമ്പർ ചോദ്യത്തിനും ഉള്ള മറുപടികൾക്കു മെംബറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മി. എ. ഹുസൈൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): എന്തു ചക്രങ്ങൾ സത്യഗ്രഹികൾക്കു തിരിച്ചുകൊടുത്തുഎന്ന അറിയേണ്ടിയിരിക്കുന്നു. പതിനഞ്ചെണ്ണം പിടിച്ചെടുക്കപ്പെട്ടതായി പറയപ്പെട്ടിരുന്നു. എത്രയെണ്ണം തിരിയെക്കൊടുത്തു എന്നറിയേണ്ടിയിരിക്കുന്നു ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ): അവയെല്ലാം തിരിച്ചുകൊടുത്തു എന്നാണു ഗവണ്മെന്റിന്റെ വിശ്വാസം. അതിനപ്പുറമറിയുന്നതായ അധികവിവരം ഇല്ല.

മി. എ. ഹുസൈൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): അവയിൽ ചിലവ നശിപ്പിക്കപ്പെട്ട എന്നു ഗവണ്മെന്റിനു അറിയാമോ ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ): ഗവണ്മെന്റിനു അറിഞ്ഞുകൂടാ.

മി. എ. ഹുസൈൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): ഗവണ്മെന്റ് വല്ല അന്വേഷണവും നടത്തീട്ടുണ്ടോ ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സ്ക്കാർവക്കീൽ): അന്വേഷണത്തിനുള്ള ആവശ്യം എന്തു ?

മി. എ. ഹുസൈൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): ചക്രങ്ങൾ പിടിച്ചെടുത്തു എന്നും അവയെല്ലാം തിരിച്ചു കൊടുക്കപ്പെട്ടില്ല എന്നും ആണ് വർത്തമാനപത്രങ്ങളിലെ പ്രസ്താവന.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവകിൽ): ഏതെങ്കിലും വകുതിരിച്ചുകൊടുക്കപ്പെട്ടില്ലെന്നു ഇപ്പിച്ചുമായ യാതൊരു പരാതിയും ഉണ്ടായിരുന്നില്ല.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റ് നിയമിച്ചുമെംബർ): സത്യഗ്രഹികൾക്കു സാധാരണയായി പരാതിപറയുന്ന ഏർപ്പാടുണ്ടോ ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ് സക്കാർവകിൽ): അവർ പരാതികൊടുത്തില്ലെങ്കിൽ അതിനായി അവർ സ്വയം നന്നിയുള്ളവർ ആയിരിക്കണമെന്നുവേണം. (ചിരി)

മി. എ. ഹൂഗാർഫ് (ഗവണ്മെന്റ് നിയമിച്ചുമെംബർ): ചക്രങ്ങൾ പിടിച്ചുടുത്തു എത്രദിവസം കഴിഞ്ഞതിൽപിന്നെയാണ് അവരെതിരിയെകൊടുത്തതു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ് സക്കാർവകിൽ): ഗവണ്മെന്റിനു യാതൊരറിവുംഇല്ല.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റുനിയമിച്ചുമെംബർ): അവയെതിരിച്ചുകൊടുത്തതു ഗവണ്മെന്റു ഉത്തരവിന്മേൽ ആണോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവകിൽ): അപ്രകാരമാണെന്നു റിക്കാർഡുകൊണ്ടു കാണുന്നില്ല.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ). സത്യഗ്രഹികളെ പ്രോസിക്യൂട്ടുചെയ്തതു എന്തിനായിട്ടാണ് ? ചക്രങ്ങൾകൊണ്ടു ശബ്ദം ഉണ്ടാക്കിയതിനൊ അല്ലെങ്കിൽ പാടി പൊതുജനങ്ങൾക്കു തടസ്ഥം വരുത്തിയതിനോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവകീൽ): അതു മറുപടിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടു.

പ്രൊസിഡെണ്ടു: അവരെപൊലീസുറെഗുലേഷൻ നം ൪-ാം വകുപ്പു (ബി) യും (ഡി) യും അനുസരിച്ചുപ്രോസിക്യൂട്ടുചെയ്തുഎന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ): കണ്ണാടുത്തുമായവിധം പാടിയതിനും ചുറ്റംജനങ്ങളുടും വരുത്തിയതിനും തൽഫിരിച്ചുതിനും തടസ്ഥത്തിനുകാരണമാക്കിയതിനും ആയിട്ടില്ലയൊ അങ്ങനെചെയ്തതു.?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): അതേ.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ) : കണ്ണാടുത്തുമായി പാടിയതിനു എന്തുപേരേ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവകിൽ): പ്രത്യേകമായ പേരിട്ടുകൊണ്ടുവന്നിട്ടില്ല.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ). ചക്രംതൊണ്ണിയായിട്ടാണോ എടുത്തതു ?

മി വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവകിൽ): ഗവണ്മെന്റിനറിഞ്ഞുകൂടാ.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ): ചക്രങ്ങൾ പിടിച്ചുടുത്തതു തൊണ്ടിസാമാനങ്ങൾആയിട്ടാണോ എന്നാണ് അറിയേണ്ടിരിക്കുന്നതു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): "തൊണ്ടി" എന്നപദത്തിന്റെ അർത്ഥം എന്താണ് ?

പ്രൊസിഡെണ്ടു: കുറ്റത്തിനു ആസ്പദമായസാമാനം.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): എനിക്കറിഞ്ഞുകൂടാ.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ): ഈ ചക്രങ്ങൾ പിടിച്ചുടുക്കേണ്ടതിനു വല്ല ആവശ്യവും ഉണ്ടായിരുന്നുവോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): പലപ്രാവശ്യം പറഞ്ഞിട്ടും സമീപപ്രദേശങ്ങളിലുള്ള കച്ചവടക്കാർക്കും പൊതുജനങ്ങൾക്കും ഉപദ്രവകരമായി തീർന്നുപോരുന്നതിനെ സത്യഗ്രഹികൾ നിർത്തായ്കയാൽ അവരിൽ സ്ഥാപിതമായ അധികാരത്തെ ഉപയോഗപ്പെടുത്തി ആ ഉപദ്രവത്തെ നീക്കേണ്ടതു പോലീസുകാരുടെ കടമയായിതീർന്നു.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ): സംഭവം നടന്നസ്ഥലത്തു നിന്നു ഏതുയകലെയാണു ഈകടകൾ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): വളരെഅടുത്തു്.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ) എത്രഗജംവരും.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): ഏകദേശത്തിൽ എത്രഗജം ഉണ്ടെന്നു എനിക്കറിഞ്ഞുകൂടാ.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ): ഏതെങ്കിലും കച്ചവടക്കാരനിൽ നിന്നോ പൊതുജനങ്ങളിലൊരിന്നു വല്ല പരാതിഹർജിയും കിട്ടിയിരുന്നുവോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): കച്ചവടക്കാർ പരാതിപ്പെട്ടിട്ടുണ്ടു.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ); ഞാൻ ലക്ഷ്യപ്പെടുത്തിട്ടുള്ള പ്രസ്കമ്മ്യൂണിക്കിൽ അപ്രകാരം പറയുന്നതുണ്ടോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): കച്ചവടക്കാർ മുഖാന്തരം പരാതിപ്പെട്ടിട്ടുണ്ടു.

മി. എ. ഹൂഗാർഫ് (ഗവണ്മെന്റുനിയമിച്ചുമെംബർ): പ്രസ്കമ്മ്യൂണിക്കിൽ ഈ സംബന്ധമായി യാതൊന്നും പറയുന്നില്ല.

മുഖ്യസ്ഥാനമായിട്ടുള്ളതിനെ അയാളിൽനിന്നും ബലാൽക്കാരമായി പിടിച്ചുടുക്കുന്നതു ഉദ്യോഗത്തിനും തന്നിയുക്തരുള്ള അവകാശങ്ങളുടേയും അധികാരങ്ങളുടേയും അതിക്രമണം അല്ലയൊ?

പ്രൊസിഡെണ്ടു: അതു അങ്ങിപ്രായത്തെ അനുസരിച്ചുള്ള തർക്കായ്മാണ്. നിങ്ങൾ ആ വിധംചോദ്യം ചോദിക്കാൻ ഞാൻ സമ്മതിക്കുകയില്ല.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): ഈ സ്വഭാവത്തിനുവെളിയിൽവച്ചു ഫീസും മറ്റും ചോദിക്കുക. ഞാൻ മറുപടിപറയാം. (ചിരി)

മി. എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചുമെംബർ): അങ്ങേഹം ഇവിടെ ഒരു നിയമശാസ്ത്രാധികാരിയുടെ നിലയിൽ നിൽക്കുന്നുഎന്നാണ്ഞാൻവിചാരിച്ചതു.

പ്രൈസിഡെണ്ട്: ആ പ്രായസംബന്ധമായ ചോദ്യങ്ങൾക്ക മറുപടി പറയുന്നതിനായിട്ടില്ല.

മി. എ. ഹഗാർഫ (ഗവണ്മെണ്ട് നിയമിച്ചമെംബർ): നിയമവിരുദ്ധമായ ഒരുസംഗതിയെപ്പറ്റിയുള്ള ഒരു ചോദ്യമാണ് ഞാൻ ചോദിക്കുന്നത്.

പ്രൈസിഡെണ്ട്: മറുപടി പറയാൻ അദ്ദേഹം കടമപ്പെട്ടിരിക്കുന്നില്ല.

മി. എ. ഹഗാർഫ (ഗവണ്മെണ്ട് നിയമിച്ചമെംബർ): ഈ അസ്സംബ്ലിയിൽ നിന്നും ചക്രങ്ങളെ പിടിച്ചുപറിച്ചു പ്രവൃത്തി കോപ്പേറേഷകരുടെ പ്രവൃത്തിയല്ലയൊ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടർവക്കിൽ): പോലീസുകാർ അപ്രകാരം ചെയ്തതിൽപോലും ജനങ്ങളോടുള്ള അവരുടെ കടമയെ അവർ നിർവഹിച്ചു പുന്നേളുള്ളൂ.

മി. എ. ഹഗാർഫ (ഗവണ്മെണ്ട് നിയമിച്ചമെമ്പർ): ചീഫ് സിക്രട്ടറി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രസ് കമ്മൂണിക്കിൽ പറഞ്ഞിരിക്കുന്ന ഡിസ്ക്രിക്ട്മജിസ്ട്രേട്ടിന്റെ റിപ്പോർട്ട് അദ്ദേഹം ഏതിനെഅടിസ്ഥാനപ്പെടുത്തി എഴുതിയതാണ്.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ് സക്കാർവക്കിൽ): അദ്ദേഹംനേരിട്ട നടത്തിയഅന്വേഷണത്തെ അടിസ്ഥാനപ്പെടുത്തിയാണ് റിപ്പോർട്ട് എഴുതിയതു എന്നു ഞാൻപറഞ്ഞുകഴിഞ്ഞുവല്ലൊ. അദ്ദേഹം വാസ്തവത്തിൽ എന്തെല്ലാംനേടത്തി എന്നറിയാൻ നിവൃത്തിയില്ല.

മി. എ. ഹഗാർഫ് (ഗവണ്മെണ്ട് നിയമിച്ചമെമ്പർ): പോലീസ് അസിസ്റ്റൻറ സൂപ്രണ്ടിന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി അല്ലയൊ ആ റിപ്പോർട് എഴുതിയിട്ടുള്ളതു?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): റിപ്പോർട്ടിനു അടിസ്ഥാനമായ സാമഗ്രികളിൽ അതും ഒന്നായിരുന്നിരിക്കാം.

മി. എ. ഹഗാർഫ് (ഗവണ്മെണ്ട് നിയമിച്ചമെംബർ): അദ്ദേഹം നേരിട്ട അന്വേഷണവും നടത്തിയതായി റിപ്പോർട്ടിൽ പറയുന്നുണ്ടൊ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): അദ്ദേഹം അന്വേഷണം നടത്തി.

മി. എ. ഹഗാർഫ് (ഗവണ്മെണ്ട് നിയമിച്ചമെംബർ): അദ്ദേഹം നേരിട്ട അന്വേഷണവും നടത്തിയതായി കമ്മൂണിക്കിൽ പറയുന്നുണ്ടൊ? പോലീസ് അസിസ്റ്റൻറ സൂപ്രണ്ടിന്റെ റിപ്പോർട്ടിനെപറ്റി മാത്രമെ അദ്ദേഹം പറയുന്നുള്ളൂ.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): അല്ല. താൻസ്വയം നടത്തിയ അന്വേഷണത്തിന്മേൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ട റിപ്പോർട്ട അയച്ചിരിക്കുന്നു എന്നു ഞാൻപറഞ്ഞുകഴിഞ്ഞിരിക്കുന്നു.

മി. എ. ഹഗാർഫ് (ഗവണ്മെണ്ട് നിയമിച്ചമെംബർ): ആക്ടിംഗ് പോലീസകമ്മിഷണർ കയ്യൊപ്പുവെച്ചതെന്നു എപ്പോഴാണുപോയ്?

പ്രൈസിഡെണ്ട്: ഇതിൽനിന്നും ആ പ്രശ്നം ജനിക്കുന്നില്ല.

മി. എ. ഹഗാർഫ് (ഗവണ്മെണ്ട് നിയമിച്ചമെംബർ) ഉപദ്രവംഉണ്ടായ ദിവസത്തിൽതന്നെയൊ അതിനടുത്തദിവസമൊ അല്ലയൊ?

പ്രൈസിഡെണ്ട്: — അതിനു വേറെഎപിടെയൊ മറുപടി പറഞ്ഞിട്ടുണ്ടെന്നു എനിക്കതോന്നുന്നു. ഇതിൽനിന്നും ആപ്രശ്നം ജനിക്കുന്നില്ല.

മി. എ. ഹഗാർഫ് (ഗവണ്മെണ്ട് നിയമിച്ചമെംബർ): ഈ ഉപദ്രവം എല്ലാം ഉണ്ടായകാലത്തു ആക്ടിംഗ്പോലീസ്കമ്മിഷണർ സംഭവസ്ഥലത്തുണ്ടായിരുന്നുവൊ?

പ്രൈസിഡെണ്ട്: — ഈ ചോദ്യത്തിൽനിന്നും ആ പ്രശ്നം ജനിക്കുന്നില്ല.

മി. എ. ഹഗാർഫ് (ഗവണ്മെണ്ട് നിയമിച്ചമെംബർ): ചീഫ്സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയ പ്രസ്കമ്മൂണിക്കിൽ ഡിസ്ട്രിക്ട്മജിസ്ട്രേട് ഇപ്രകാരം പറഞ്ഞതായി കാണുന്നു.

കോൺഗ്രസ്വാളന്റിയന്മാരെ അക്രമം കാണിക്കാതിരിക്കാൻ ശീലിപ്പിച്ചിരുന്നു എന്നള്ളതിൽ സംശയമില്ല; അവർ ബലം ഉപയോഗിച്ചതായി യാതൊരുസംശയവും എന്റെഗ്രഹണയിൽ കൊണ്ടുവരപ്പെട്ടിട്ടില്ല എന്നകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

ആക്ടിംഗ്പോലീസുകമ്മീഷണർ സ്വയിൽ ഇപ്രകാരം പറഞ്ഞു: — ദേഹോപദ്രവം ഉണ്ടാകാതിരിക്കേണ്ടതിലേക്ക പോലീസുകാർ ചക്രങ്ങൾഎടുത്തു മാറ്റത്തക്കതായി അവരുടെ സംഘമായിട്ടുതന്നെ വിപരീതമായി വാളന്റിയർമാർ തടുക്കയുംചെയ്തു.

ഈ രണ്ടുകാര്യങ്ങളും തമ്മിൽ യോജിക്കുന്നില്ല. ഇതിനെന്തുസമാധാനം?

പ്രൈസിഡെണ്ട്: — സമാധാനം പറയണമെന്നു അദ്ദേഹത്തിനോടുചോദിക്കാൻ നിങ്ങൾക്കധികാരമില്ല. സമാധാനംപറയുന്നതിനു അദ്ദേഹം കടപ്പെട്ടിരിക്കുന്നില്ല.

മി. എ. ഹഗാർഫ് (ഗവണ്മെണ്ട് നിയമിച്ചമെംബർ): ഏതോ സല്ലും പുറകോട്ട തള്ളപ്പെടാതെയുള്ളതായിരുന്നതായും അല്ലാതെ വേറെ അടികൊണ്ടതൊന്നും ഉണ്ടായിരുന്നില്ല എന്നും കമ്മൂണിക്കിൽനിന്നും ഞാൻ മനസ്സിലാക്കുന്നു. ആക്ടിംഗ് പോലീസ്കമ്മിഷണരുടെ പ്രസംഗത്തിൽ

പ്രൈസിഡെണ്ട്: — പ്രസ്കമ്മൂണിക്കിൽ പ്രസ്താവിച്ചിരിക്കുന്നതിനും മറ്റാരുസന്ദർഭത്തിൽ പോലീസുകമ്മിഷണർ പറഞ്ഞതിനും തമ്മിലുള്ള വ്യത്യാസത്തെ സംബന്ധിച്ചു ശ്രദ്ധയിൽ നിങ്ങൾക്ക പോരായ്മതോന്നിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അദ്ദേഹത്തോടുതന്നെ ചോദിക്കാവുന്നതാണ്.

മി. എ. ഹഗാർഫ (ഗവണ്മെൻറ നിയമിച്ചമെമ്പർ): പ്രസ്കമ്മൂണിക്കിൽനിന്നും ചക്രങ്ങൾഎടുത്തുമാറ്റിയതിൽ സല്ലും പിന്നോക്കം തള്ളപ്പെടാതെയും ഉണ്ടായിരുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. "മറ്റൊരു" എന്നതിന്റെ അർത്ഥം എന്തു? (ചിരി)

പ്രൈസിഡെണ്ട്: — നിങ്ങളുടെ ഇഷ്ടംപോലെ അതിനെ വ്യാഖ്യാനിച്ചുകൊള്ളാം.

മി. എ. ഹഗാർഫ് (ഗവണ്മെൻറ നിയമിച്ചമെംബർ): തള്ളൽകൂടാതെ നടത്തിയ മറ്റു അടികൊണ്ടതിൽ എല്ലുമാതിരിയുള്ളതായിരുന്നു. അതിൽ വേറേയേതൊരീതിയിൽ ഉള്ള അടികൊണ്ടതിൽ കൂടി അന്തർഭവിച്ചിരിക്കുന്നു.

പ്രസിഡണ്ട്:—ശ്രീമതിയുടെ വ്യാഖ്യാനത്തെ പറ്റിനിങ്ങളുടെ ഇഷ്ടംപോലെ യുള്ള അർത്ഥം അതിനു കല്പിച്ചുകൊള്ളാം. നിങ്ങളുടെ ഇഷ്ടംപോലെ വ്യാഖ്യാനിച്ചുകൊള്ളാം; എന്നാൽ അതു ഒരു ചോദ്യത്തിനുള്ളവിഷയമായി തീരുന്നതല്ല.

മി: എ. ഫ്രഡ്രാഡ് (ഗവണ്മെൻറു നിയമിച്ചമെംബർ): സത്യാഗ്രഹവിരോധികൾ ഒഴിഞ്ഞ തകരപ്പുട്ടകൾ അടിക്കാൻ തുടങ്ങി എന്നുള്ളതു വാസ്തവമാണോ?

പ്രസിഡണ്ട്:—ഇതിൽനിന്നും ഒരു പ്രശ്നം ജനിക്കുന്നില്ലാത്തതുകൊണ്ടു ആ ചോദ്യം ചോദിക്കരുതെന്നു ഞാൻ വിധിക്കുന്നു.

മിസ്റ്റർ. അയ്യപ്പൻറെ ചരിത്രത്തിലുള്ള തടങ്ങൽ ഉത്തരവു.

൪൭. മി: എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ചമെമ്പർ):—

(എ) മിസ്റ്റർ. കെ. അയ്യപ്പൻ ബി. എ. കോട്ടയം ഡിസ്ട്രിക്ടിൽ യാതൊരു പൊതുയോഗങ്ങളിലും പ്രസംഗിച്ചുകൂടാ എന്ന തടങ്കൽചെയ്തു ഈയ്യിടെ കോട്ടയം ഡിസ്ട്രിക്ട്മജിസ്ട്രേട് ഒരു നിരോധനാജ്ഞ അയച്ചിട്ടുള്ളതായി ഗവണ്മെൻറിനു അറിയാമോ?

(ബി) മിസ്റ്റർ അയ്യപ്പൻ പറഞ്ഞതായി പ്രസ്താവിച്ചിട്ടുള്ള പ്രസംഗങ്ങളുടെ പകർപ്പുകളും ഉൾപ്പെടെ ഏതുസംബന്ധമായ സകലരേഖകളുടേയും പകർപ്പുകളും ഗവണ്മെൻറു മെയ്വുചെയ്തു മേശപ്പുറത്തുവയ്ക്കുമോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടർ പക്കീൽ)

(എ) അറിയാം.

(ബി) മറുപടി നിഷേധമാണു.

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ചമെമ്പർ) : മിസ്റ്റർ അയ്യപ്പൻ എതുപ്രസംഗങ്ങളാണു നടത്തിയതെന്നും ഗവണ്മെൻറിലേക്ക എതു റിപ്പോർട്ടു ചെയ്യപ്പെട്ടുഎന്നും അറിയേണ്ടിയിരിക്കുന്നു.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടർപക്കീൽ) ചില പ്രസംഗങ്ങളാണു; അവയുടെ ശരിയായി എണ്ണം ഇപ്പോൾ എനിക്കു അറിഞ്ഞുകൂടാ.

മി: എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ചമെംബർ) ആ പ്രസംഗങ്ങളാണു നടത്തിയതു എവിടേയായിരുന്നു?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടർപക്കീൽ) : ആ പ്രസംഗങ്ങളാണു എവിടെ നടത്തപ്പെട്ടുഎന്നു ക്ലിപ്തമായി പറയാനുള്ളതായി എനിക്കിപ്പോൾ ഓർമ്മയില്ല.

മി: എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ചമെംബർ) : ഗവണ്മെൻറിനു ഈ പ്രസംഗങ്ങളെപ്പറ്റി റിപ്പോർട്ടുകളും കിട്ടീട്ടുണ്ടോ എന്നാണു എൻറെ ചോദ്യം.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടർപക്കീൽ) നിശ്ചയമായും ഉണ്ടു.

മി: എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ചമെമ്പർ) അങ്ങനെയാണെങ്കിൽ അവക്ക് സഭയിൽ പറയാൻ—

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടർപക്കീൽ) നിർബന്ധമില്ല. (ബി) ചോദ്യത്തിനുള്ള മറുപടി നിഷേധമാണ്.

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ചമെമ്പർ) ഞാനതിനു തൃപ്തിപ്പെട്ടിട്ടില്ല. ഏതുപ്രസംഗങ്ങളാണു നടത്തിയതെന്നും എവിടെ നടത്തപ്പെട്ടു എന്നും ആണ് എനിക്കറിയേണ്ടതു.

പ്രസിഡണ്ട്:—ആ ചോദ്യത്തിനു മുന്നറിയിപ്പു വേണമെന്നു മിസ്റ്റർ സുബ്ബയ്യർ അവകാശപ്പെട്ടുന്നു.

മി: എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ചമെംബർ) അങ്ങനെയെങ്കിൽ എനിക്കു ഉപരിയായി എന്നു വിചാരിക്കുന്ന പ്രസംഗോഭാഗങ്ങളെ ഗവണ്മെൻറ് മെയ്വുചെയ്തു പ്രസിദ്ധപ്പെടുത്തുകയും അവയുടെ പകർപ്പുകളും മേശപ്പുറത്തു വയ്ക്കുയും എങ്കിലും ചെയ്യുമോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടർപക്കീൽ) അപ്രകാരം ചെയ്യേണ്ടതു ആവശ്യമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

മി: എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ചമെംബർ) : എന്തുകൊണ്ടെന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടർപക്കീൽ) : കാരണംപറയാൻ ഗവണ്മെൻറ് കടമപ്പെട്ടിരിക്കുന്നില്ല.

പ്രസിഡണ്ട്:—അതേഹത്തിനു മുന്നറിയിപ്പുണ്ടായിരിക്കണം. പ്രസംഗങ്ങളെ വായിച്ചുനോക്കേണ്ടതേയുള്ളു.

മി: എൻ. കുമാരൻ. (ഗവണ്മെൻറ്നിയമിച്ചമെംബർ) മിസ്റ്റർ അയ്യപ്പൻ വൈയ്ക്കത്തുവച്ചു ഒരു പ്രസംഗംചെയ്തുകൊണ്ടിരുന്നതിനിടയ്ക്കു പോലീസ് അസിസ്റ്റണ്ട്സൂപ്രണ്ടു മിസ്റ്റർ പിച്ചുഅയ്യങ്കാർ പ്രസംഗമദ്ധ്യേ തൻറെ പേർപ്രയോഗിക്കരുതെന്നു പാടില്ലെന്നു മിസ്റ്റർ അയ്യപ്പനോടുപറഞ്ഞതായി ഗവണ്മെൻറിനു അറിയാമോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടർപക്കീൽ) എനിക്കു മുന്നറിയിപ്പു കിട്ടേണ്ടിയിരിക്കുന്നു.

വൈക്കത്തു സത്യാഗ്രഹികളെ പോലീസുകാർ അടികൊടുത്തു നടത്തിയതുള്ളവാദം

൪൮. മിസ്റ്റർ എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ചമെംബർ):

(എ) മാർച്ച് മിഥുനം പന്ത്രണ്ടിടക്കു രണ്ടുതവണ പോലീസുകാർഅനേകംപേരിക്കുറേനേരം തുടർച്ചയായി സത്യാഗ്രഹികളെ ചവുട്ടുകയും ഇടിക്കുകയും മുട്ടുകയും മറ്റുംചെയ്തു സത്യാഗ്രഹികളുടെ അടികൊണ്ടതായിഗവണ്മെൻറിനു അറിയാമോ?

(ബി) ഈ അടികൊണ്ടതു നടന്നകാലത്തു പോലീസു അസിസ്റ്റൻറു സൂപ്രണ്ടു മി. പിച്ചുഅയ്യങ്കാർ ആ സംവെസ്ഥലത്തുണ്ടായിരുന്നു എന്നുള്ളതു വാസ്തവമാണോ?

(സി) കൊല്ലം അസ്സിസ്റ്റിംഗ് പോലീസ് സൂപ്രണ്ട് മി. ബി. നാരായണപിള്ളയുൾപ്പടെ മറ്റനേകംപോലീസു ഉദ്യോഗസ്ഥന്മാരോടൊന്നിച്ചു അസ്സിസ്റ്റിംഗ് പോലീസ്കമ്മിഷണർ ഈ ദിവസങ്ങളിൽ വൈക്കത്തു ആയിരുന്നില്ലയോ.

(ഡി) വൈക്കത്തു പോലീസുകാരുടെ ഈ നടപടിയെപ്പറ്റി ഗവണ്മെൻറു വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സ്കാർ വക്കീൽ) (എ) മി. ജോസഫ് പഞ്ഞിക്കാരനോ ചോദ്യത്തിനുള്ള മറുപടി മെമ്പർമാരോടു പറയുമ്പോൾ

(ബി) ചോദ്യങ്ങളെ പിടിച്ചുകെട്ടുമ്പോൾ മി. പിച്ചുഅയ്യങ്കാർ ഉണ്ടായിരുന്നു.

(സി) 1091 മിഥുനം 9നു മുതൽ 1092 ചിങ്ങം 2നു വരെ ആക്ടിംഗ് പോലീസ് കമ്മിഷണർ ശ്രീ വക്കത്തു സങ്കുട്ടിയായി താമസിച്ചിരുന്നു. കൊല്ലം ആക്ടിംഗ് പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടായിരുന്ന മി. ബി. നാരായണപിള്ള സത്യാഗ്രഹത്തോടു യാതൊരു സംബന്ധവും ഇല്ലാത്ത ഒരു കാര്യമായി 1091 ചിങ്ങം 4നു മണിക്കൂർതോറും വയ്യൂണ്ടു താമസിച്ചു.

(ഡി) ഗവണ്മെൻറുത്തരവനുസരിച്ചു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഒരു വിചാരണനടത്തി അദ്ദേഹത്തിൻറെ റിപ്പോർട്ടിനെ ഒരു പ്രസ്സ് കമ്മീഷണറായി പരസ്യം ചെയ്തു കഴിഞ്ഞിരിക്കുന്നു.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): വയ്യൂണ്ടു പോലീസുകാർ വാളൻറിയർമാരെ അടിച്ചപ്പോൾ ചെയ്ത കാര്യത്തു അനേകം മാന്യന്മാർ സന്നിഹിതരായിരുന്നു എന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നതായി ഗവണ്മെൻറിനു അറിയാമോ?

പ്രസിഡൻറു: റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നുവോ?

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): അതേ വർത്തമാനപ്പത്രങ്ങളിൽ.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സ്കാർ വക്കീൽ): ചോദ്യം എന്താണു എന്നു പറയണേ?

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): മിഥുനം 1 മുതൽ 4 വരെ തീയതികളിൽ പോലീസുകാർ വാളൻറിയർമാരെ അടിച്ചപ്പോൾ ചെയ്തിരുന്ന സമയം അനേകം മാന്യന്മാർ സന്നിഹിതരായിരുന്നു എന്നു വർത്തമാനപ്പത്രങ്ങളിൽ റിപ്പോർട്ടുകൾ ഉള്ളതായി ഗവണ്മെൻറിനു അറിയാമോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സ്കാർ വക്കീൽ): ചില വർത്തമാനപ്പത്രങ്ങൾ അതിനെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ടായിരിക്കാം. ഗവണ്മെൻറിനു പ്രത്യേകമായ അറിവൊന്നും ഇല്ല.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): സന്നിഹിതരായിരുന്നതിൽ ഒരാൾ അസോസിയേറ്റഡ് പ്രസ്സ് ഓഫ് ഇൻഡ്യയുടെ പ്രതിനിധിയായിരുന്നുവെന്നു ഗവണ്മെൻറിനു അറിയാമോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സ്കാർ വക്കീൽ): ഗവണ്മെൻറിനു അറിഞ്ഞുകൂടാ.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ചമെംബർ): ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഗവണ്മെൻറിലേക്കു അയച്ചിരുന്ന റിപ്പോർട്ടിലുള്ള പ്രസ്താവത്തെയും വർത്തമാനപത്രപ്രതിനിധി വിവാദിച്ചിട്ടുണ്ടെന്നതിനെ തെറ്റിപ്പോയിട്ടുള്ളതുമായ ഈ സംഗതി എങ്കിലും പറയണമെന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ അഭിയോഗിച്ചുവെന്നും ആ അഭിയോഗത്തെ ഡിസ്ട്രിക്ട് മാജിസ്ട്രേട്ട് സ്വീകരിച്ചില്ല എന്നും ഗവണ്മെൻറിനു അറിയാമോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സ്കാർ വക്കീൽ): സങ്കടപ്പെട്ട വല്ലയാളും വല്ല കാര്യത്തെയും പറഞ്ഞു ഗവണ്മെൻറിനെ അറിയിൽ കൊണ്ടുവന്നാൽ അല്ലാതെ ഗവണ്മെൻറിനു വല്ല നടപടിയും നടത്തുന്നതു സാധ്യമല്ല.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെംബർ): ഗവണ്മെൻറു ഇപ്പോൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻറെ റിപ്പോർട്ടിനെ ആശ്രയിച്ചുവരുന്നു എന്നാണു എൻറെ വാദം. ഡിസ്ട്രിക്ട് മജിസ്ട്രേട്ടപോലും ഈ അഭിയോഗത്തെ അംഗീകരിക്കയും വല്ല പ്രത്യേകസംഗതിയും പറയുകയും ചെയ്തിട്ടില്ല.

പ്രസിഡൻറു: ഗവണ്മെൻറിനു അതു അറിഞ്ഞുകൂടാ ആ സംഗതിയെപ്പറ്റി ഗവണ്മെണ്ടിനു അറിയിപ്പുകിട്ടേണ്ടതായിരിക്കുന്നു.

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമിച്ച മെംബർ); പ്രസ്തുത പ്രതിനിധിക്കും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനുംതമ്മിൽ ഉള്ള ലേഖനങ്ങളും പത്രങ്ങളിൽ പ്രസിദ്ധപ്പെട്ടതിട്ടുണ്ട്.

പ്രസിഡൻറു: പ്രസ്കമ്മീഷണർക്കു അതു പ്രസ്താവിച്ചിട്ടില്ല.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെംബർ): അസോസിയേറ്റഡ് പ്രസ്സിൻറെ പ്രതിനിധിക്കും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനും തമ്മിൽ ആയിടം കത്തിടപാടുകൾ നടന്നവന്നതായി ഗവണ്മെണ്ടിനു അറിയാമോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ് സക്കാർ വക്കീൽ): വല്ലയാളും അതിനെപ്പറ്റി ഗവണ്മെൻറിൻറെ ശ്രദ്ധയെ ആകർഷിച്ചാലല്ലാതെ അതിനെക്കുറിച്ചു യാതൊന്നും അറിയുന്നതു ഗവണ്മെൻറിനു സാധ്യമല്ല.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): ഞാൻ ഗവണ്മെൻറിൻറെ ശ്രദ്ധയെ ഇക്കാര്യത്തിൽ നയിപ്പിച്ചുകൊള്ളുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സ്കാർവക്കീൽ): ഗവണ്മെണ്ടിനു അതു അറിഞ്ഞുകൂടാ.

മി. എൻ. കുമാരൻ (ഗവണ്മെണ്ടു നിയമിച്ചമെംബർ): അസോസിയേറ്റഡ് പ്രസ്സിലെ പ്രതിനിധിക്കും കോട്ടയം ഡിസ്ട്രിക്ടിമജിസ്ട്രേട്ടിനും തമ്മിൽ ഉള്ള ഈ ലേഖന വാദത്തെപ്പറ്റി അന്വേഷണം ഗവണ്മെണ്ടു നടത്തുമോ?

മി വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ് സക്കാർവക്കീൽ): വല്ല ആവശ്യകതയും അതിനു ഉണ്ടെങ്കിൽ ഗവണ്മെണ്ടു അന്വേഷണം നടത്തുന്നതാണ്.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ചമെമ്പർ): ആവശ്യംവ്യക്തം ആയിരിക്കുന്നു.

പ്രസിഡണ്ടു: മി. സുബ്ബയ്യരെ ഗവൺമെണ്ടു ആലോചിക്കാം എന്നു നിങ്ങൾക്കു പറയാവുന്നതാണ്.

മി. എൻ. കുമാരൻ (ഗവണ്മെണ്ടു നിയമിച്ച മെമ്പർ): അതു വേണ്ടുവോളം മതിയാകും.

ഈ സംഭവത്തെക്കുറിച്ചു സത്യഗ്രഹാശ്രമത്തിൽചെന്ന യാതൊരു അന്വേഷണവും ഡിസ്ട്രിക്ട് മജിസ്ട്രേട്ടു നടത്തിയില്ലാ എന്നും അവിടെ സത്യഗ്രഹപ്രവൃത്തിയുമായി ബന്ധം ഉള്ള വല്ല ഒറ്റ വാളൻറിയരോടോ വല്ല അധികാരസ്ഥനോടോ എങ്കിലും ചോദിച്ചില്ല. എന്നും ഗവണ്മെണ്ടിനു അറിയാമോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സ്കാർവക്കീൽ) ഡിസ്ട്രിക്ട് മജിസ്ട്രേട്ടു അന്വേഷണംനടത്തിയതായി ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു അന്വേഷണം എപ്രകാരത്തിൽ ഉള്ളതെന്നു ഗവണ്മെൻറിനു അറിഞ്ഞുകൂടാ.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): സത്യാഗ്രഹികളെ അടിക്കലാൽ നടന്നിയതാ യ പറയപ്പെട്ടുകാലുള്ള അവിടെ ഉണ്ടായിരുന്നതായ് പറയപ്പെട്ടിരിക്കുന്ന മാന്യന്മാർ ആരെല്ലാം ആയിരുന്നു, എന്നു ഗവണ്മെന്റ് ദയവുചെയ്തു അന്വേഷിക്കുമോ?

പ്രെസിഡണ്ട്: ആ ആളുകൾ ആരെല്ലാമായിരുന്നു എന്നു ഗവണ്മെന്റ് അറിഞ്ഞിരിക്കണമെല്ലോ.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): ഉദാഹരണമായി അസ്സോസിയേറ്റഡ് പ്രെസ് പ്രതിനിധിയെ ഞാൻ പറഞ്ഞു; ഏതെങ്കിലും ഒരാൾക്ക് പരുങ്ങളിലേക്ക് എഴുതി അയയ്ക്കുന്നതിനുള്ള അധികാരസ്വാതന്ത്ര്യം ഇല്ലേ.

മി. വി. സുബ്ബയ്യർ (അഡിഷനൽഹെഡ് സെക്രട്ടറിക്കീൽ): പരുങ്ങളിൽ പറഞ്ഞിട്ടുള്ളവയെ എല്ലാംപറ്റി വല്ല നടപടിയും നടത്തുന്നതുണ്ടോ? വല്ല വ്യക്തിയായ പരാതിയും ഉണ്ടെങ്കിൽ ആരെങ്കിലും ഗവണ്മെന്റിനെ അറിയിക്കണം അപ്പോൾ മാത്രമെ ഗവണ്മെന്റിനു നടപടി നടത്താൻ ശക്തമായിരിക്കയുള്ളൂ.

മി. എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ച മെംബർ): ആ ഉത്തരവാദിത്വം ഇപ്പോൾ ഞാൻ ഏറ്റെടുക്കുന്നു.

മി വി. സുബ്ബയ്യർ (അഡിഷനൽഹെഡ് സെക്രട്ടറി) മെംബർക്ക് ഇതിനെ ഗവർണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവർത്തുകയും ഹാജരുണ്ടായിരുന്ന ഉത്തരവാദിത്വമുള്ളജനങ്ങളെപ്പറ്റി അറിവുകൊടുക്കുകയും ചെയ്തിരിക്കാമായിരുന്നു—എന്നാൽ ഗവർണ്മെന്റ് അന്വേഷണം നടത്തിയിരുന്നേനെ.

മി. എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ച മെംബർ): പേരുകൾ പറയുന്നതിനു ഞാൻ ഒരുക്കമുണ്ട്

മി. വി. സുബ്ബയ്യർ (അഡിഷനൽഹെഡ് സെക്രട്ടറിക്കീൽ): പരാതികൾ പറഞ്ഞു മെംബർ ഗവർണ്മെന്റിലേക്ക എഴുതി അയക്കുന്നതായാൽ തൽക്ഷണമായി നടപടിയും നടത്തുമായിരിക്കും.

വൈക്കത്തു കലഹം.

൫. മി. എൻ. രാമകൃഷ്ണപ്പിള്ള (വൈക്കവും ഏറ്റുമാനൂരും)

(എ) കഴിഞ്ഞ മുപ്പതു ദിവസങ്ങൾക്കിടയിൽ വൈക്കത്തുക്ഷേത്രം റോഡുകളിൽ നടന്ന സംഭവങ്ങളെപ്പറ്റി വല്ലതിപ്പോൾട്ടും ഗവർണ്മെന്റിനു കിട്ടിട്ടുണ്ടോഎന്നും,

(ബി) വൈക്കത്തു ചില സവർണ്ണ ഹിന്ദുക്കൾഷേൻ സത്യാഗ്രഹത്തിനു എതിരായ് ഒരു സംഘം ഇറയിടെ ആരംഭിച്ചിട്ടുള്ളതായി ഗവർണ്മെന്റിനു അറിവുണ്ടോഎന്നും,

(സി) പടിഞ്ഞാറേ റോഡിൽവേലിക്കപുറമായി സത്യാഗ്രഹികളും സത്യാഗ്രഹവിരോധികളും തമ്മിൽ ലഹളകൾ ഉണ്ടാകയും സത്യാഗ്രഹവിരോധികളിൽ ചിലർ സത്യാഗ്രഹികളെ അടിക്കലാൽ നടത്തി മുറിയമായി പെരുമാറുകയും ചെയ്തിട്ടുള്ളതു വാസ്തവമാണോഎന്നും

(ഡി) ഈ ലഹളകൾക്കിടയിൽ ആ സ്ഥലത്തെ സമീപത്തെ പൊലീസുകാർ ഉണ്ടായിരുന്നുവോ എന്നും,

(ഇ) പബ്ലിക് റോഡിൽനടന്ന ബലപ്രയോഗകൃത്യങ്ങൾക്കു പോലീസുകാരുടെ മനോനവാദം ഉണ്ടായിരുന്നതു സത്യമാണോഎന്നും

(എഫ്) കഴിഞ്ഞ മുപ്പതു ദിവസങ്ങൾക്കിടയിൽ വൈക്കത്തു പ്രത്യേകമായി നിയമിക്കപ്പെട്ടിരുന്നപോലീസുദ്യോഗസ്ഥന്മാർ ആരെല്ലാംഎന്നും, ഈ കാലത്തിനിടയിൽ ആക്ടിംഗ് പൊലീസുകമ്മിഷണർ വൈക്കം സന്ദർശിച്ചുവോഎന്നും, സന്ദർശിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാംതീയതികളിൽ ആയിരുന്നുഎന്നും

പറയുവാൻ ഗവർണ്മെന്റിനു ദയവുണ്ടാകുമോ?

മി.(വി. സുബ്ബയ്യർ (അഡിഷനൽഹെഡ്സെക്രട്ടറിക്കീൽ)

(എ) ഉണ്ടു

(ബി) അതെ

(സി), (ഡി), (ഇ) മെംബർ മി. പഞ്ചിക്കാരന്റെ ചോദ്യത്തിനുള്ള മറുപടി നോക്കിക്കൊള്ളുക.

(എഫ്) വിവരം എഴുതിഅയച്ചുവരുത്താം.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): വൈക്കത്തു സത്യാഗ്രഹികളും സത്യാഗ്രഹവിരോധികളും തമ്മിൽഉണ്ടായ ലഹള നടന്നതു വേലിക്കകത്തോ വെളിയിലൊ ആയിരുന്നു എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽഹെഡ്സെക്രട്ടറിക്കീൽ): ലഹളയെപ്പറ്റിയുള്ള പ്രശ്നമേ ഇല്ല.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): ലഹളയുണ്ടായിട്ടുള്ളതു വാസ്തവമാണ്എന്നുള്ള എന്റെ ചോദ്യത്തിനുള്ള മറുപടി മി. ജോസഫ് പഞ്ചിക്കാരന്റെ ചോദ്യത്തിനുള്ള മറുപടിയെ മെംബർ നോക്കിക്കൊള്ളുകഎന്നാണു. സത്യാഗ്രഹികളും സത്യാഗ്രഹവിരോധികളും തമ്മിൽ ലഹളയുണ്ടായിരുന്നു എന്നു പ്രെസ്കമ്മ്യൂണിക്കിൽ ഞാൻ കാണുന്നു ആ ലഹളകൾ നടന്നതു വേലിക്കകത്തിൽവച്ചും വെളിയിൽവച്ചും എന്നാണ് എനിക്കറിയേണ്ടതു.

പ്രെസിഡണ്ട്:—നിങ്ങൾ ഉദ്ദേശിക്കുന്നതു ക്ഷേത്രം ഇരിക്കുന്നവശത്തോ അതോ മറ്റെവശത്തോ അതായതു വേലിയുടെ കിഴക്കോ പടിഞ്ഞാറോ?

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): പടിഞ്ഞാറവശത്തു. ക്ഷേത്രം ഇരിക്കുന്ന വശത്തല്ല.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സെക്രട്ടറിക്കീൽ): എന്റെ വിശ്വാസം അങ്ങനെതന്നെ.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): അതു പബ്ലിക്റോഡിൽ ആയിരുന്നില്ലയോ.

മി. വി. സുബ്ബയ്യർ (അഡിഷനൽഹെഡ്സെക്രട്ടറിക്കീൽ): നിശ്ചയമായും വേലിയുടെ മറുവശംഎന്നുള്ളതു പബ്ലിക്റോഡ്എന്നതുതന്നെ അർത്ഥം.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): വേലിവരെ പോകുന്ന റോഡ് പബ്ലിക്റോഡുതന്നെയുള്ള ഗവർണ്മെന്റു സമ്മതിക്കുന്നുണ്ടോ?

മി. വി. സുബ്ബയ്യർ (അഡിഷനൽഹെഡ്സെക്രട്ടറിക്കീൽ): "പബ്ലിക്റോഡ്" എന്നതിനു മെംബർ എന്തർത്ഥംകല്പിക്കുന്നു എന്നു എനിക്കറിഞ്ഞുകൂടാ. അതിനെതന്നെ വ്യാഖ്യാനിക്കേണ്ടതായിരിക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): പക്ഷേ ഞാൻ അതിനെ വ്യാഖ്യാനിക്കട്ടെ?

പ്രസിഡണ്ട്: ആകാം

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): "പക്ഷേ" എന്നാൽ എല്ലാവക്കും മനസ്സിലാകുമെന്നുള്ള ഒരു വാക്കാണെന്ന് ഞാൻ വ്യാഖ്യാനിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹൈഡ് സെക്രട്ടർവക്കിൽ): അതു വേണ്ടിയിരുന്നതാണെങ്കിലും ഒരു കൂടെ കൂടെയായി വന്നാലെന്ന പോലുള്ള ദീർഘിച്ച വാചകത്തിനു പകരം ചുരുക്കം വാക്കുകളിൽ എഴുതുകയാണ് ഉചിതം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): അതിനാൽവേണ്ടിവരുന്ന ഗ്രാന്റ് പബ്ലിക് റോഡ് ആണെന്നു വരുന്നതിനെ ഒഴിവാക്കികൊള്ളട്ടെ.

മി. വി. സുബ്ബയ്യർ (അഡീഷനൽഹൈഡ് സെക്രട്ടർവക്കിൽ): അവർ അതു ചെയ്തുകൊള്ളുമെന്നു വിചാരിക്കുന്നതിനു സമ്മതിച്ചിരുന്നു. ഭൂരിഭാഗം തലസ്ഥാനവും ഇങ്ങനെയിരുന്നില്ല.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): എന്നാൽ അതു ഒരു പബ്ലിക് റോഡായിരിക്കണമെന്നില്ലാ.

മി. വി. സുബ്ബയ്യർ (അഡീഷനൽഹൈഡ് സെക്രട്ടർവക്കിൽ): അതു വാദിഭാഷയെയും ഒരു സംഗതി ആണെന്നു ഞാൻ വിചാരിക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): ഈ സംഗതിയിൽ പബ്ലിക് റോഡുകൾക്കും മറ്റുമാണ് ഉപയോഗപ്പെടുത്തുന്നതിൽ വ്യവസ്ഥയുള്ളതായി ഗവർണ്മെണ്ടു അംഗീകരിക്കുന്നുണ്ടോ?

മി. വി. സുബ്ബയ്യർ (അഡീഷനൽഹൈഡ് സെക്രട്ടർവക്കിൽ): തീർച്ചയായും

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): ഉപയോഗപ്പെടുത്തുന്ന റോഡ് പബ്ലിക് റോഡ് എന്നതിനെ ഇനിയെങ്കിൽ ഉൾപ്പെടുത്തണമെന്നാണ്?

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹൈഡ് സെക്രട്ടർവക്കിൽ): അവയെല്ലാം മറ്റു സൗകര്യങ്ങളുടെയും ഉപയോഗിക്കുന്നതാണ് (ചിരി)

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും) ചോദ്യത്തിനു നേരിട്ടുള്ള മറുപടി കിട്ടുന്നതിനു എനിക്കു അവകാശം ഉണ്ടോ?

പ്രസിഡണ്ട്: താങ്കൾക്കു അവകാശമുള്ളതല്ല. നിങ്ങൾ അങ്ങിനെയുള്ള ഒരു വാഗ്വിവാദത്തിലേക്കു ആകർഷിക്കുകയാണ്.

മി. വി. സുബ്ബയ്യർ (അഡീഷനൽഹൈഡ് സെക്രട്ടർവക്കിൽ): അതിനായി ഒരു പ്രമേയം ഉപേക്ഷിക്കുന്നു ഗവർണ്മെണ്ടിനുവേണ്ടി ഉപപ്രേട്ടത്തിയിരിക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): വേഖിവരെപോകുന്ന റോഡും സംസ്ഥാനത്തിനേറെ മറ്റുകാര്യങ്ങളുൾ പബ്ലിക് റോഡുകളായി ഗണിക്കപ്പെട്ടിട്ടുള്ള മറ്റുറോഡുകളുതമ്മിൽ ഏതെങ്കിലും വ്യത്യാസമുള്ളതായി ഗവർണ്മെണ്ടു സമ്മതിക്കുന്നുണ്ടോ?

മി. വി. സുബ്ബയ്യർ (അഡീഷനൽഹൈഡ് സെക്രട്ടർവക്കീൽ): ഈ സംശയം ചോദ്യത്തിൽനിന്നു എങ്ങനെ ജനിക്കുന്നുഎന്നു എനിക്കറിഞ്ഞുകൂടാ.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): വേഖിവരെപോകുന്ന വൈക്കം റോഡുകളും സംസ്ഥാനംമുഴുക്കെ സാധാരണമായി പബ്ലിക് റോഡുകളും എന്നറിയപ്പെട്ടിരിക്കുന്ന റോഡുകളുതമ്മിൽ വല്ലവ്യത്യാസം ഉള്ളതായി ഗവർണ്മെണ്ടു സമ്മതിക്കുന്നുണ്ടോ എന്നാണ് എന്റെ ചോദ്യം.

മി. വി. സുബ്ബയ്യർ (അഡീഷനൽഹൈഡ് സെക്രട്ടർവക്കീൽ): ആ ചോദ്യം ഇപ്പോൾ സഭയുടെ മുമ്പിൽ ഇരിക്കുന്ന ചോദ്യത്തിൽനിന്നു കൂട്ടിവായിച്ചാൽ എങ്ങനെ ഉരിക്കുന്നുഎന്നാണ് എന്റെ വാദം.

പ്രസിഡണ്ട്: ചോദ്യം റോഡുകളുടെ സ്വഭാവത്തെപ്പറ്റിയുള്ളതെന്നല്ല എന്നുതോൻ ആശങ്കിക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): എന്റെ ചോദ്യം അസ്ഥാനത്തിലല്ല.

പ്രസിഡണ്ട്: നമ്മുടെ പ്രധാന പ്രശ്നം റോഡുകളുടെ സ്വഭാവത്തെ സംബന്ധിച്ചുള്ളതല്ല.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): ആ റോഡുകൾ പബ്ലിക് റോഡുകളായിരുന്നാൽ സമാധാനപ്രഖ്യാപനത്തെ തടയേണ്ടതു പൊലീസുകാരുടെ കടമയാണെന്നു കാണിക്കാനാകുന്നു എന്റെ ചോദ്യത്തിന്റെ ഉദ്ദേശം—അതിനായിട്ടാണ് ഞാൻ ആ ചോദ്യം ചോദിച്ചിട്ടുള്ളതു, പ്രശ്നം മുഴുവനും അതിനെ സംബന്ധിച്ചിട്ടുള്ളതാകുന്നു.

പ്രസിഡണ്ട്: മി. രാമകൃഷ്ണപിള്ളേ എന്നാൽ അതു നിങ്ങളുടെ പ്രധാനചോദ്യത്തിൽ നിന്നു ജനിച്ചതല്ലല്ലോ.

മി. എൻ രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): അതു പബ്ലിക് റോഡാണോ എന്നമാത്രമേ എന്റെ ചോദ്യം ഉള്ളൂ.

പ്രസിഡണ്ട്:— (സി) ചോദ്യത്തിലും അതിന്റെ മറുപടിയിലും നിന്നു അതു ജനിക്കുന്നില്ല എന്നു ഞാൻ പറയേണ്ടിയിരിക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): റോഡിൽ സമുദായസംഘർഷം ഉണ്ടാകാതെ തടുക്കേണ്ടതു പൊലീസുകാരുടെ കടമയല്ലയോ എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹൈഡ് സെക്രട്ടർവക്കീൽ) നിശ്ചയമായും അങ്ങിനെതന്നെ.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): ഖണ്ഡം എന്തുനേരത്തേക്കു ഉണ്ടായിരുന്നു,

മി. വി. സുബ്ബയ്യർ (അഡീഷനൽ ഹൈഡ്സെക്രട്ടർവക്കീൽ): അതുവളരെനേരം തുടർച്ചയായിരുന്നിരുന്നു എന്നു എനിക്കു തോന്നുന്നില്ല. അവർ തടസ്ഥപ്പെടുത്തുന്നതായി കണ്ടപ്പോൾ അവരുടെപേരിൽ നടപടിയെടുത്തും എന്നു അവരെ അറിയിക്കുകയും ഉടനെ അവർ കീഴടങ്ങുകയും ചെയ്തു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): സത്യഗ്രഹവിരോധികളും സത്യഗ്രഹികളുമായവരെ അടുക്കുസമീപം പോകുന്നതിനു സമ്മതിക്കാതെ എത്രകാലം തടഞ്ഞിരുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഛീഫ് സെക്രട്ടറി): ആ ചോദ്യത്തിനു മുന്നറിയിപ്പു ഉണ്ടായിരിക്കണം. എന്നു ഞാൻ ആവശ്യപ്പെടുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): സത്യഗ്രഹവിരോധികളും സത്യഗ്രഹികളും തമ്മിൽ സമാധാനലംഘനം വരാതെ തടുക്കുന്നതിനു പൊലീസുകാർ വല്ലതും ചെയ്തിട്ടുണ്ടോ.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഛീഫ് സെക്രട്ടറി): അവർ അപ്രകാരം ചെയ്യുന്നതിനെ നിരുത്തി എന്നു പ്രസ് കമ്മ്യൂണിക്ക് വ്യക്തമായിപറയുന്നുണ്ട്.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): പ്രസുകമ്മ്യൂണിക്കിൽ അങ്ങനെ പറയുന്നില്ല.

പ്രസിഡണ്ട്. സത്യാഗ്രഹവിരോധികളോടു പറഞ്ഞു എന്നും അവർ ഘോഷയാത്രനിരുത്തി എന്നും മിസ്റ്റർ സുബ്ബയ്യർ അല്പംമുൻപുതന്നെ പറഞ്ഞു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): സത്യഗ്രഹവിരോധികൾ സത്യഗ്രഹികൾക്കെതിരായുള്ള ഒരു ക്രമക്കേടും നിരുത്തിയതു പൊലീസുകാരുടെ അപേക്ഷയിന്മേൽ ആണോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

പ്രസിഡണ്ട്: മിസ്റ്റർ സുബ്ബയ്യർ അങ്ങനെ പറഞ്ഞു കഴിഞ്ഞിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഛീഫ് സെക്രട്ടറി): ഡിസ്ട്രിക്ട് മജിസ്ട്രേട്ടും പോലീസുകാരും യോജിച്ചു നടത്തിയിരിക്കാം എന്നു ഞാൻ ഊഹിക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും) സത്യഗ്രഹവിരോധികൾ ബഹളമുണ്ടാക്കിയപ്പോൾ അങ്ങിനു പൊലീസ് കമ്മീഷണർ സന്നിഹിതർ ആയിരുന്നുവോ എന്നറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഛീഫ് സെക്രട്ടറി): ബഹ്ലറിനെപ്പറ്റിയുള്ള പൊതുവാദ പ്രതിവാദത്തിനിടയിൽ പൊലീസ് കമ്മീഷണർ ചെയ്ത പ്രസംഗം മെംബർ നോക്കികൊള്ളുക. ആ സ്ഥലത്തു അദ്ദേഹം ഏതാണ്ടു തീയത്തുകളിൽ ഉണ്ടായിരുന്നു എന്നു അദ്ദേഹം പറഞ്ഞിട്ടുണ്ട്.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): ബഹളം ആരംഭിക്കുന്നതിനു അടുത്തുമുമ്പിലത്തെ ദിവസം പൊലീസുദ്യോഗസ്ഥന്മാർ എല്ലാവരുംകൂടി ഒരു ആലോചനനടത്തിയിരുന്നു എന്നുള്ളതു സത്യമാണോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഛീഫ് സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

വൈക്കത്തുക്ഷേത്രത്തിനുചുറ്റും ഉള്ള റോഡുകൾ.

൨൫. മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): (എ) ഫാൻ മിഥുനം ൨൯-൮-൨൪ തീയ്യതിയിൽ നടന്നതായ സവർണ്ണ ഹിന്ദുയോഗത്തിനു വൈക്കം ക്ഷേത്രത്തിനു ചുറ്റും ഉള്ള റോഡുകളും അവർണ്ണഹിന്ദുക്കൾക്കുകൂടി ഉപയോഗിപ്പാൻതക്കവണ്ണം വയ്ക്കണമെന്നതാണെന്നു ഒരു തീർപ്പു നിശ്ചയം പാസ്സാക്കിട്ടുള്ളതായി ഗവണ്മെണ്ടിനറിയാമോ?

(ബി) ആ യോഗത്തിലെ പ്രമേയങ്ങൾ ഗവണ്മെണ്ടിനു കിട്ടീട്ടുണ്ടോ?

(സി) കിട്ടിട്ടുണ്ടെങ്കിൽ ഗവണ്മെണ്ടു എന്തു നടപടി നടത്തീട്ടുണ്ടെന്നു സഭയം പറയുമോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഛീഫ് സെക്രട്ടറി) (എ) അറിയാം.

(ബി) ഉണ്ട്.

(സി) അതേവിഷയം സംബന്ധിച്ചുള്ള മറ്റുറിക്കാർഡുകളോടൊന്നിച്ചു ആ പ്രമേയങ്ങളേയും ഫയലിൽ ചേർത്തു വച്ചിട്ടുണ്ട്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): തദ്വിഷയമായി ഗവണ്മെണ്ടു നടത്താൻനിശ്ചയിച്ചിരിക്കുന്ന നടപടി അങ്ങുമാത്രമേ ഉള്ളൂോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഛീഫ് സെക്രട്ടറി): ഇതിനെപ്പറ്റി.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): എന്റെ ചോദ്യത്തിന്റെ (സി)കാം ഭാഗത്തെസംബന്ധിച്ചു അതദ്വിഷയമായുള്ള മറ്റുറിക്കാർഡുകളോടൊന്നിച്ചു ആ പ്രമേയങ്ങളേയും ഫയലിൽചേർത്തു വച്ചിരിക്കുന്നു എന്നു ഗവണ്മെണ്ടു പറയുന്നു. ക്ഷേത്രം സംഗതികളെ സംബന്ധിച്ചു ഗവണ്മെണ്ടു നടത്താൻനിശ്ചയിച്ചിരിക്കുന്ന നടപടി അതൊന്നുമാത്രമോ?

പ്രസിഡണ്ടു. ഗവണ്മെണ്ടു ഇതേവരെ നടത്തീട്ടുള്ള നടപടി അതൊന്നുമാത്രമാണ്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): തദ്വിഷയമായ കടലാസുകളോടൊന്നിച്ചു പ്രമേയങ്ങളേയും ഫയലിൽചേർത്തുവച്ചിരിക്കുന്ന എന്നാണ്ടുമറുപടി. പ്രമേയങ്ങളിലുള്ള ആ റിക്കാർഡുകളോടൊന്നിച്ചു ഫയലിൽ വയ്ക്കുന്നതുമാത്രമേ നടപടിയുള്ളൂ എന്നാണു ഞാൻ ചോദിക്കുന്നതു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഛീഫ് സെക്രട്ടറി): പ്രമേയങ്ങൾ അയച്ച ആളുകളെ സംബന്ധിച്ചിടത്തോളം ഇതേവരെയുള്ള നടപടി അതൊന്നുമാത്രമാണ്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): അല്ല ആ പ്രമേയങ്ങൾ അയച്ച ആളുകളെമാത്രം സംബന്ധിക്കുന്ന ഒരു വിഷയമാണോ?

പ്രസിഡണ്ടു: ഗവണ്മെണ്ടു ഇതേവരെ നടത്തീട്ടുള്ള നടപടി അതാണ്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): ഇതേവരെ നടത്തീട്ടുള്ള നടപടിക്കു പുറമെ വേറെ വല്ലതും ചെയ്യുന്നതിനു ഗവണ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ എന്നാണെഞാൻ ചോദിക്കുന്നതു.

പ്രസിഡണ്ടു. നിങ്ങൾക്കു ഗവണ്മെന്റിന്റെ ഉദ്ദേശത്തെപ്പറ്റി ചോദ്യം ചോദിക്കാൻപാടില്ല.

വൈക്കത്തു സത്യഗ്രഹത്തിനു എതിരായുള്ള ഘോഷയാത്ര.

൨൬. മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല):

(എ) ചില ബ്രാഹ്മണരും മറ്റു സവർണ്ണഹിന്ദുക്കളും കൂടിചേർന്നു സത്യഗ്രഹത്തിനു എതിരായി ഒരു സംഘം ആരംഭിച്ചിരിക്കുന്നതായും സത്യാഗ്രഹികൾ മുമ്പു നിന്നവന്നിരുന്ന വേലിവരെ പോകുന്നതിൽനിന്നു അവരെ തടുക്കുകയും ഉപദ്രവിക്കുകയും ചെയ്തുവരുന്നതായും ഗവണ്മെണ്ടിനു അറിയാമോ?

(ബി) സത്യഗ്രഹവിരോധികളുടെ അതിക്രമങ്ങളിൽ നിന്നു സത്യഗ്രഹികളെ രക്ഷിക്കുന്നതിനു ഗവണ്മെന്റു വല്ല നടപടിയും നടത്തിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സക്രട്ടർവക്കിൽ):

(എ) വൈക്കത്തു സത്യഗ്രഹത്തിനു എതിരായി ഒരു സംഘം ആരംഭിക്കപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടു. അവർ സത്യഗ്രഹികളെ ഉപദ്രവിക്കുന്നതായി യാതൊരു റിപ്പോർട്ടും ഇല്ല. എന്നാൽ സത്യഗ്രഹികളും വേലിക്കകത്തിരുന്നാൽ ശരിയല്ലെന്നു ഗവൺമെന്റിനു അഭിപ്രായമുണ്ടു. അവർ തടഞ്ഞിരുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടു. ഈ വഴിയുടെ പ്രവൃത്തി ന്യായരഹിതമാണെന്നു അവരെ ബോധിപ്പിച്ചതിൽ പിന്നീടു ആ വിധം തടസ്ഥം നിന്നിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ലതാനും.

(ബി) രക്ഷ കഴിക്കണം എന്നു ആവശ്യപ്പെട്ടവരിൽ ആരും രക്ഷ നിഷേധിക്കപ്പെട്ടിട്ടുള്ളതായി ഗവണ്മെന്റിനു അറിവില്ല.

വൈക്കത്തു സത്യഗ്രഹികളോടുള്ള പോലീസുകാരുടെ നയത്തിൽ മാറ്റം.

൯൫. മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): (എ) സത്യഗ്രഹികൾ ഉപയോഗിച്ചുപന്നിരുന്ന ചക്കുകളെ ചില പോലീസുകാർ ബലാൽക്കാരമായി പിടിച്ചെടുക്കയും അവയെ ഒടിച്ചുകളയും ചെയ്തുവന്നിരുന്നതായി ഗവണ്മെന്റിനു അറിയാമോ?

(ബി) പോലീസ് കമ്മിഷണർ മി. പിറ്റ് അവധിയിൽപോയതിൽ പിന്നീടു സത്യഗ്രഹികളോടുള്ള പോലീസുകാരുടെ നയം സ്പഷ്ടമായി മാറിട്ടുള്ളതു വാസ്തവമാണോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സക്രട്ടർവക്കീൽ): ഒമസർ ഒന്നാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കിക്കൊള്ളുക. യാതൊരു ചക്കുകളും നശിപ്പിക്കപ്പെട്ടിട്ടുള്ളതായി ഗവണ്മെന്റിനു അറിവില്ല.

(ബി) മറുപടി നിഷേധരൂപത്തിലാകുന്നു.

വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള റോഡുകളെ അവണ്ണഹിന്ദുക്കൾക്കും ഉപയോഗിക്കുന്നതിനെ തടുക്കാനുള്ള കാരണം.

൯൬. മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): (എ) വയ്ക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള റോഡുകളെ അവണ്ണഹിന്ദുക്കൾക്കും ഉപയോഗിച്ചുകൂടാ എന്നു തടയേണ്ടതിലേയ്ക്കു ഗവണ്മെന്റിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തെല്ലാം എന്നു ഗവണ്മെന്റ് ദയവുണ്ടായി പറയുമോ?

(ബി) തീണ്ടൽ ഉണ്ടെന്നു ഗവണ്മെന്റു സമ്മതിക്കുന്നതുകൊണ്ടാണോ ഈ നടപടി നടത്തിട്ടുള്ളതു?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സക്രട്ടർവക്കീൽ): (എ) യും (ബി)-യും വാദവിഷയമായ റോഡുകളെ അവണ്ണഹിന്ദുക്കൾക്കും ഉപയോഗിച്ചുകൂടാ എന്നുള്ള ചിരപ്രതിഷ്ഠിതമായ നടപ്പു; പ്രത്യേകിച്ചും ആ ചിരസ്ഥാപിതമായ നടപ്പിൽനിന്നു വ്യതിചലിക്കുന്നതിൽ മഹാരാജാ തിരുമനസ്സിലെ പ്രജകളിൽ ഒരു വിഭാഗത്തിന്റെ മതസംബന്ധമായ അഭിപ്രായങ്ങൾക്കും അനുചാരങ്ങൾക്കും വിരുദ്ധമായി പ്രജാക്ഷേമത്തെ ക്ഷോഭിപ്പിക്കുന്നതിനു ഇടയുള്ളതും ആയിരിക്കുമെന്നു പൂർവ്വസ്ഥിതിയെ നിലനിറുത്തുന്നതിനുള്ള ഗവണ്മെന്റിനു കടമയുള്ളതുകൊണ്ടും.

പണം അനുവദിച്ചു കിട്ടുന്നതിനുള്ള ഡിമാണ്ടുകൾ (തുടർച്ച)

ഡിമാൻഡ് IV. വനം.

പ്രൊസീഡിങ്സ്. ഇപ്പോൾ പണം അനുവദിച്ചു കിട്ടുന്നതിനുള്ള ഡിമാൻഡുകളുടെ വാദപ്രതിവാദം തുടങ്ങാം.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): ഡിമാണ്ടു് IV വനം എന്ന ഇനത്തിൽ ൧൯൨൭ ലക്ഷം രൂപ അനുവദിക്കണമെന്നു അപേക്ഷിക്കുന്നതിനായി ഞാൻ എഴുനേൽക്കുന്നു.

ഉപക്ഷേപം ൧൦൫.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): സ്വാമിൻ, താഴെ പറയുന്നതിനെ ഫാജരാക്കുവാൻ ഞാൻ എഴുനേൽക്കുന്നു.

൧൦൫. ഗവണ്മെന്റുവക കാടുകളിൽനിന്നു രാജകീയവൃക്ഷങ്ങൾ വെട്ടിയിറക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ൧,൫൧,൦൦൦ രൂപയിൽ ൫൧,൦൦൦ രൂപ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

കുറയ്ക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്ന തുക ൧൦൯-ാമാണ്ടിലെയും ൧൧൦-ാമാണ്ടിലെയും ബഡ്ജെട് തുകകൾ തമ്മിൽ ഉള്ള വ്യത്യാസത്തെ കാണിക്കുന്നു. ൧൦൯-ാമാണ്ടിലെ പുതുക്കിയ തുക ബഡ്ജെട് തുകയെക്കാൾ ൫൦,൦൦൦ രൂപ കുറവാകുന്നു. ൧൧൦-ാമാണ്ടിലെ ബഡ്ജെറ്റിൽ ഈരണ്ടു രാജകീയവൃക്ഷങ്ങൾ വെട്ടിയിറക്കുന്നതിനും കൂടുതലായിട്ടു ൧,൦൦൦ രൂപ നീക്കിവച്ചിരിക്കുന്നതായി കാണുന്നു. ഈ സ്ഥിതിക്കു കൂടുതൽ ചിലവിന്റെ ആവശ്യം എന്താണെന്നു വ്യക്തമാകുന്നില്ല. "൧൦൯-ാമാണ്ടു പലവിധങ്ങളായി വെട്ടിയിറക്കിയ തടിയുടെ തുക ൧൦൯-മേക്കാൾ വളരെ കുറവായിരുന്നതായി പട്ടികയിൽനിന്നു കാണാവുന്നതാണ്" എന്ന വനം കൺസർവേട്ടർ അദ്ദേഹത്തിന്റെ മറുപടിപ്രസ്താവനയിൽ പറയുന്നു:— രാജകീയവൃക്ഷങ്ങളായി ൪,൫൭,൫൧൫ ഘനയടിയും കാട്ടുതടികളായി ൪,൪൭,൫൩൭ ഘനയടിയും വീതം എല്ലാവിട്ടുന കരമടപ്പാവുകളിലും വനംഡിപ്പോകളിലും കൂടി വിൽക്കാതെയും ഏറ്റംപ്രിക്കപ്പെടാതെയും ബാക്കി കിടപ്പുണ്ടായിരുന്നു എന്നുള്ള അവസ്ഥയാണ് ഇതിനു കാരണം. ൧൦൯-ാമെ ബഡ്ജെറ്റിനെപ്പറ്റി വാദം നടന്നകാലത്തും ഈ ബാക്കിയെപ്പറ്റി നിയമസഭായോഗത്തിലും പറയപ്പെട്ടിരുന്നു. തടിക്കുള്ള ആവശ്യവും വില്പനയും തന്നാണ്ടിലും കുറവായിരിക്കുന്നതായാൽ ഡിപ്പോകളിൽ തടികൊണ്ടുവരുന്നതിനെ ചുരുക്കുന്നതാണെന്നു വനംകൺസർവെട്ടർ അപ്പോൾതന്നെ മാശാനംചെയ്തു. നിർഭാഗ്യവശാൽ തടിക്കച്ചവടത്തിൽ ഗണ്യമായ അഭിവൃദ്ധിയുണ്ടായിരുന്നില്ല. തടിക്കുള്ള ആവശ്യകത തന്നാണ്ടു മുൻപിലെപ്പോലെ കുറവായിരുന്നു. അതുകൊണ്ടു ഡെപ്പോകളിൽ പോയ്ക്കൂടുന്ന തടികൾ കഴിയെ വെട്ടിയെടുക്കേണ്ടുവരുന്നതു ആശാസ്യമല്ല എന്ന വിചാരിക്കപ്പെട്ടു. രാജകീയവൃക്ഷങ്ങൾ മുറിയ്ക്കുന്നതിനെ ഒന്നുകൂടി നിയന്ത്രിക്കുകയും കാട്ടുതടികൾ അധികമായി വെട്ടുന്നതിനു വഴിയുണ്ടാക്കുകയും കൊടുക്കാതിരിക്കയും ചെയ്തു. വാദവിഷയമായ ബഡ്ജെറ്റിനെ വ്യവച്ഛേദിക്കുന്ന മെമ്മൊറാണ്ടത്തിൽ

ക്ലാസ്റ്റ് ചെയ്യുന്നതിനുള്ള ഉദ്ദേശ്യത്തിലുള്ള വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുള്ള അധികാരങ്ങളോടെ കോവുന്നിലെ [illegible] നഗരസഭയ്ക്കു കൈമാറ്റം ചെയ്യുന്നതിനുള്ള ബിൽ അവതരിപ്പിക്കണം. ഗ്രാമങ്ങളിൽ വസിക്കുന്നവരിൽ നിന്നും അധികം നല്ല ഭരണം ലഭിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി പഞ്ചായത്തുകൾ സ്ഥാപിക്കുന്നതിനുള്ള ബിൽ അവതരിപ്പിക്കണം. ഇവയ്ക്കു പുറമെ ചിറയിൻകീഴ് താലൂക്കിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനുള്ള ബിൽ അവതരിപ്പിക്കണം. കുടിവെള്ളത്തിന്റെ വിതരണം ഉൾപ്പെടെ വൈദ്യുതിയുടെ പ്രധാനമായ ഉപയോഗങ്ങളെപ്പറ്റിയും വിശദമായ എസ്റ്റിമേറ്റ്, ചെലവുകണക്ക്, വരവ് എന്നിവയെ ബന്ധമായി ബന്ധിക്കുന്നതിനുള്ള ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ എന്നും ചെയ്തിട്ടുണ്ടെങ്കിൽ അതിനായി ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രതിനിധിയുടെ പേരെന്തു എന്നും അറിയിക്കുമോ? ഈ പ്രശ്നം സംബന്ധിച്ചുള്ള ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രതിനിധിയുടെ നമുക്കു വിശദീകരിക്കാവുന്നതാണെന്നു എനിക്കു തോന്നുന്നു. ഈ ആണ്ടു കച്ചവടം ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള നോട്ടുകൾ മറ്റുമായിരിക്കും. ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ തയ്യാറായിട്ടില്ലാത്തതിനാൽ വില്പനയ്ക്കായി കിടന്നിരുന്ന ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ തയ്യാറായിരുന്ന വ്യവസ്ഥകൾ തയ്യാറായിരുന്ന ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള ഉപയോഗരഹിതമായി കിടന്നിരുന്ന. ഇപ്രകാരമാണ് ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള പ്രധാനമായി തടി വെട്ടിയിറക്കപ്പെട്ടു. ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള വിറക് തടിയുടെ അളവിലെ ഉകുനമുക്കുറിഞ്ഞുകൂടാ. എന്നാൽ ചെലവുകുറയ്ക്കുന്നതിനുള്ള നിമിത്തം കണ്ടുപിടിക്കുന്ന വരെ ഇങ്ങിനെ തിരിക്കണമെന്നു നമുക്കു നിശ്ചയമായും അറിയാം. സാധാരണമായി തടിക്കും വിലപ്പോകുന്നതു ആണ്ടവസാനത്തിൽ ആണ്ട്. ഈപ്രാവശ്യം വലുതായ വിപ്ലവമൊന്നും ഉടയുണ്ടായിരുന്നില്ല. അതുകൊണ്ടു നിശ്ചയമായിക്കിടക്കുന്ന ബാക്കിയുള്ള ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള കൂടുതൽ ആയിരിക്കുമെന്നു വിശ്വസിക്കാൻ കാരണം ഉണ്ട്. കച്ചവടത്തിന്റെ മദ്ധ്യത്തെ ആലോചിക്കുമ്പോൾ രാജകീയവൃക്ഷങ്ങൾ വെട്ടിയിറക്കുന്നതിനു ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള നീക്കിവച്ചിട്ടുകൂടുമ്പോൾ വല്ലതും കൂടുതൽ വിലയുണ്ടാക്കുന്നതിനുള്ള അത്യാവശ്യമുണ്ടോ എന്നു ഞാൻ സങ്കോടത്തോടെ ചോദിച്ചുകൊള്ളുന്നു. കൂട്ടുലായി തടി ഇരിപ്പുള്ള കാലത്തോളം കൂട്ടുതലായി പുതുതായി തടി വെട്ടിയിറക്കുന്നതല്ലെന്നു വനം കൺസർവേട്ടർ നമ്മോടു ഉറപ്പു പറയുന്നുണ്ടു. സബിനിസൂക്ഷ്മനിക്കാർ അവരുടെ കൈക നിറവേറുന്നതായാൽ മേലാൽ തടി വെട്ടിയിറക്കൽ ആരംഭിക്കാനുള്ള സ്ഥിതി വരുമെന്ന അദ്ദേഹം ക്ലാസ്സിഫൈ ചെയ്യുന്നും ആശിച്ചിരിക്കുകയായിരുന്നു. ഈ ആശ അസ്ഥാനത്തായിപ്പോയി എന്നു ഞാനിപ്പോൾ മനസ്സിലാക്കുന്നുണ്ടു. ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള വർഷത്തിൽ ചിലപ്രദേശം രൂപ വിലപിടിക്കുന്ന തടി നിശ്ചയമായുമായി കിടക്കുന്നുണ്ടായിരുന്നു. ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള കച്ചവടം മന്ദമായിരുന്നു എന്നു നമ്മോടു പറയപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിക്ക് കച്ചവടം അധികം മന്ദമായിരിക്കും എന്നു നാം പ്രതീക്ഷിക്കുന്നു. ഈ സ്ഥിതികളാൽ രാജകീയവൃക്ഷങ്ങൾ വെട്ടിയിറക്കുന്നതിനു ബഡ്ഡറിൽ ഉൾപ്പെടുത്തീട്ടുള്ള ചിലവിൽ ക്ലാ,൦൦൦ രൂപ എങ്കിലും കുറയുമെന്നു വനം കൺസർവേട്ടരോടു ഞാൻ അപേക്ഷിക്കുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): സർ, ബഹുലമായി രാജകീയവൃക്ഷങ്ങൾ വെട്ടിയിറക്കുന്ന സമ്പ്രദായം നടത്തുന്നതല്ല എന്നു ക്ലാസ്സിഫൈ ചെയ്യുന്നു ഞാൻ വാശാനം ചെയ്തിരുന്നു എന്നുള്ളതു വാസ്തവംതന്നെ. തൽഫലമായി നമ്മുടെ കൈവശം ഉണ്ടായിരുന്നതായ ചെറിയ തടികൾ വിൽക്കപ്പെട്ടുപോയി. ഡിപ്പോകളിൽ അധികം തടി കിടപ്പില്ല. ബഡ്ഡറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ക്ലാ,൫ക്ലാ,൦൦൦ രൂപയും അനുവദിച്ചില്ലെന്നു വരുകിൽ—ഞാൻ ബഡ്ഡറിൽ ക്ലാ,൩൦,൦൦൦ രൂപ ഉൾപ്പെടുത്തിയിരുന്നതിനെ ഗവണ്മെണ്ടു ക്ലാ,൫ക്ലാ,൦൦൦ രൂപയായി കുറച്ചു.—ഇതായാലും ഏതെങ്കിലും കുറവു വരുത്തുന്നതായാൽ പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റു പണിവകയ്ക്കുതലായ ഡിപ്പാർട്ടുമെന്റുകൾക്കും ആവശ്യമുള്ള തടികൾ കൊടുക്കുന്നതിനു ഈ ഡിപ്പാർട്ടുമെന്റിനു സാദ്ധ്യമായിരിക്കുകയില്ല. നമ്മുടെ ഡിപ്പോകളിൽ എട്ടു ലക്ഷത്തിൽ ചിലവാനം രൂപയുടെ തടി ബാക്കി കിടപ്പുള്ളതായി മിസ്റ്റർ. മാധവവാര്യർ പറഞ്ഞുകൊണ്ടിരിക്കുന്നു. അദ്ദേഹം കുട്ടുതടി രാജകീയവൃക്ഷങ്ങളുമായിചേർത്തു ഒരു തെറ്റു പറയുകയാണെന്നുള്ളതു വ്യക്തമാണു, അധികം ബഹുലമായ രീതിയിൽ പുതുതായി തടി വെട്ടിയിറക്കാൻ നാം ഉദ്ദ്യമിച്ചിട്ടുണ്ടെന്നുവരുകിൽ മറ്റു ഡിപ്പാർട്ടുമെന്റുകളുടെ ആവശ്യങ്ങളെ നിറവേറ്റാൻ സാധിക്കുന്നതല്ലാതിരിക്കത്തക്കവണ്ണം രാജകീയവൃക്ഷങ്ങളുടെ സ്റ്റോക്ക് അത്ര കുറവായിരിക്കുന്നു.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും പത്തനംതിട്ടയും): വിപ്ലവപ്പെടാതെ കിടക്കുന്ന തടികൾ അതാതിടെ രാജകീയവൃക്ഷങ്ങൾ എത്രയുണ്ടെന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): ആചപ്പുഴയും വെട്ടിക്കാട്ടും അല്ലാതെ തടി അധികം കിടപ്പില്ല.

പ്രൊസിഡന്റ്. പഴയ സ്റ്റോക്കിനെപ്പറ്റി എന്തുപറയുന്നു?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): പഴയ കിടപ്പുതടി മിക്കതും വിറകുതീർന്നുപോയിരിക്കുന്നു സ്വല്പമായ കണക്കിൻപടി കിടപ്പു ഏകദേശം ൪൦,൦൦൦ രൂപയടിയോളംവരും.

മി. എ. ഹൂഗാർഡ് (ശ്രവണൻറെ നിയമിച്ചുമെംബർ): പഴയകിടപ്പു വിറകുതീർന്നുപോയിരിക്കുന്നു എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

പ്രൊസിഡന്റ്. അതിന്റെ സ്ഥിതികാരണം വിപ്ലവാൻ നിവൃത്തിയില്ലാത്ത ൪൦,൦൦൦ രൂപയടിമാത്രമേ പഴയഇനിപ്പിൽ ബാക്കിയുള്ളു എന്നു അദ്ദേഹം പറയുന്നു. അതിന്റെ സ്ഥിതിയെപ്പറ്റി എന്തു പറയുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): അതിന്റെ സ്ഥിതിയെപ്പറ്റി പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അതു വളരെ താണതരത്തിൽ ഉള്ളതാണ് ഈ സ്റ്റാക്കിനെ മുഴുവനും മരപ്പാക്കംനിമിത്തം കയ്യൂപ്പെട്ട ജനങ്ങൾക്കു അനുകൂലനിരക്കിൽ വിലയ്ക്കുകൊടുക്കുന്നതിനു ഷിർപ്പാടുചെയ്യുവരുന്നു. വീയപുരത്തും കൂടെ കിടപ്പുണ്ട് എന്നാൽ ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള ഉണ്ടായിരുന്ന ബാക്കിയെ അപേക്ഷിച്ചു ഇപ്പോൾ ഉള്ള ബാക്കി അത്രയധികം അല്ല. അതുകൊണ്ടു പുതുതായി തടികൾ വെട്ടിയിറക്കാൻ ഇടങ്ങിയിരിക്കുന്നവരുടെ എല്ലാ അപേക്ഷകളെയും സാധിപ്പിക്കുന്നതിനു കഴിവുണ്ടായിരിക്കുകയില്ല.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): സബിനിസൂക്ഷ്മനിക്കാരുടെ ബാക്കി എത്രയെന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): വളരെ സൂക്ഷ്മമായി പഠിയാൻ എനിക്ക കഴിയുകയില്ല ഏകദേശം അതു ര ൦,൦൦൦ ഘനയടിയായിരിക്കും

മി. എം. ഫ്രാൻസിസ് (ഗവണ്മെൻറ്നിയമിച്ച മെംബർ): കുട്ടനൽതടി കവട്ടിയിറക്കാതിരിക്കുന്നതിനുള്ള വാഗ്ദാനത്തെപ്പറ്റി അദ്ദേഹം പറഞ്ഞതു എനിക്ക വ്യക്തമായി മനസ്സിലാക്കുന്നില്ല.

പ്രൊസിഡിങ്സ്. പഴയകിടപ്പിൽ ഒട്ടധികവും വിറകിനിന്നിരിക്കുന്ന എന്നും പുതുതായി തടികവട്ടിയിറക്കിയില്ലെങ്കിൽ പബ്ലിക്ക വർക്സ് ഡിപ്പാർട്ടുമെണ്ടിനും പണിവക ഡിപ്പാർട്മെണ്ടിനും ജനങ്ങൾക്കും ഉള്ള ആവശ്യങ്ങളേയും നിറവേറാൻ കഴിവുള്ളതല്ല എന്നും അദ്ദേഹം പറഞ്ഞു രാജകീയവൃക്ഷങ്ങൾ എന്നാൽ തേക്ക എന്നാണ് സാമാന്യം അറിയപ്പെടുന്നതു.

മി. ആർ ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): വാഗ്ദാനം ഫോറസ്റ്റ് മന്ത്രിയെ സംബന്ധിച്ചായിരുന്നു. അതു കഴിവുള്ളടത്തോളം ധാരാളമായി നിറവഹിക്കപ്പെട്ടു ഇപ്പോൾനാം ഫോറസ്റ്റ് മന്ത്രിയെ പറഞ്ഞിയാണ് പറയുന്നതു.

മി. സി. ശങ്കരമേനവൻ (കൊല്ലം) ഫോറസ്റ്റ്-മന്ത്രിയെ പി.ഡബ്ല്യു.ഡി യും പണിവകയും ഡിപ്പാർട്മെണ്ടുകാർക്ക എത്രത്തോളം തടി ആവശ്യമുണ്ടായിരിക്കും.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): അതു മുൻകൂട്ടി അറിയാൻ നിവൃത്തിയില്ല. എന്നിരുന്നാലും ഈ രണ്ടു ഡിപ്പാർട്മെണ്ടുകാർക്കും എത്ര ആവശ്യം ഉണ്ടായിരിക്കുമെന്ന ഏകദേശമായ ഒരു കണക്ക എൻറെ കയ്യിൽ ഉണ്ട്. പണിവകഡിപ്പാർട്മെണ്ടിലേക്ക ൫,൦൦൦ ഘനയടിയും പി.ഡബ്ല്യു.ഡി. ക്ക ര ൦,൦൦൦-ത്തോളം, ൫൦,൦൦൦ത്തോളം ഘനയടിയും വേണ്ടിവരും. ഇതുകൂടാതെ മറ്റു ഡിപ്പാർട്മെണ്ടുകളുടെ ആവശ്യവും നിറവേറണ്ടതായുണ്ട്. ഞാൻ പറഞ്ഞതെല്ലാം ഉദ്ദേശകണക്കിനെ അടിസ്ഥാനപ്പെടുത്തിയാണ്.

മി. എം. ആർ. മാധവവാരിയർ (കൊച്ചിരാജ്യം, പത്തനംതിട്ടയും): രാജകീയവൃക്ഷങ്ങളുടെ കച്ചവടം കഴിഞ്ഞയാണ്ട് മന്ദമായിരുന്നതെന്തു എന്നറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കണ്സർവേട്ടർ): അതു ആണ്ടൊല്ലുത്തിൽ മന്ദമായിരുന്നു പിന്നീടു അല്പം നന്നായി.

മി. എം. ആർ. മാധവവാര്യർ (കൊച്ചിരാജ്യം, പത്തനംതിട്ടയും): കച്ചവടം മുന്നാണ്ടിരുന്നതിനെക്കാൾ അധികം നന്നായിരുന്നില്ലേ? ഇതുമാണ്ട് കുറെക്കൂടി നന്നായിരിക്കും എന്ന അദ്ദേഹം കരുതുന്നുണ്ടോ.?

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): കഴിഞ്ഞ രണ്ടുമൂന്ന മാസങ്ങളായി നടന്നവില്പനയുടെ ഫലത്തിൽനിന്ന ഇങ്ങനെതന്നെ തുടർന്നുകൊണ്ടിരിക്കയാണെങ്കിൽ കുറെക്കൂടി നല്ലവില നമുക്ക ഇടുക്കുവുന്നതാണെന്ന എനിക്ക സന്തോഷത്തോടെ ഏകദേശം ഉറപ്പുപറയാം.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): രാജകീയവൃക്ഷങ്ങൾ കവട്ടിയിറക്കുന്നതിൽ സാധാരണയായി അനുകരിക്കപ്പെടുന്ന നയം എന്താണ്? തടികൾ മുറിക്കുന്നതു കച്ചവടത്തിനായിട്ടോ അതോ ശരിയായ വനംവളർത്തലിനും, സംരക്ഷണത്തിനും ആയിട്ടോ?

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): നാം രാജകീയവൃക്ഷങ്ങൾ മുറിച്ചുകൊണ്ടുകടിവക വസ്തുക്കളിൽനിന്നാണെന്നും വല്ലപ്പോഴും പുത്തൻതടി ആവശ്യപ്പെടുമ്പോൾ റിസർവിനുള്ളിൽകടന്ന വെട്ടിയിറക്കുന്നുണ്ട് എന്നും ഒരു നിശ്ചയംസംബന്ധിച്ചു ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. കടിവകസ്ഥലങ്ങളെ സംബന്ധിച്ചടത്തോളം നാം അധികമായി വനവളർത്തലിനുള്ള തത്വങ്ങളെ ഗണിക്കാറില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): വനങ്ങളിൽനിന്നും തടികവട്ടുന്നതിനെപറ്റിയാണ ഞാൻ ഈ ചോദ്യംചോദിക്കുന്നതു. വനംവളർത്തലിനായി തടികവട്ടുന്നതിനു ഡിപ്പാർട്മെൻറ് പ്ലാൻ തയ്യാറാക്കുന്നുണ്ടോ?

പ്രൊസിഡിങ്സ്. ആ പ്രശ്നം ജനിക്കുന്നില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഗവർണ്മെണ്ടാലുകാര്യം മുഖാന്തിരം വനങ്ങളിൽനിന്നും തടികവട്ടിയിറക്കുന്നതിനാണ്, സഭാസമക്ഷം ഉള്ള പ്രമേയം ആ തുകയെ കുറയ്ക്കുന്നതിനാണ് അതിൽ ഉപയോഗിച്ചിരിക്കുന്ന "വനം" എന്നവാക്കിനു കടിവകവനങ്ങൾ എന്നർത്ഥമില്ല. നിശ്ചയമായും അഗ്രാസനാധിപതിയുടെ തീർച്ചയനുസരിക്കുന്നതിനു ഞാൻ ബദ്ധശ്രദ്ധനാണ്.

പ്രൊസിഡിങ്സ്. വാക്പ്രയോഗം നിസ്സംശയം അങ്ങനെതന്നെ, എന്നാൽ രാജകീയവൃക്ഷങ്ങൾ വെട്ടിയിറക്കുന്നതു ഗവർണ്മെണ്ടുവക വനങ്ങളിൽനിന്നല്ല എന്ന മിസ്റ്റർ ധനഷ്കോടിപ്പിള്ള പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഗവർണ്മെണ്ട് വനങ്ങളെ സംബന്ധിച്ചടത്തോളം അവയിൽ വെട്ടിയിറക്കുന്നതിനു പാകമായ രാജകീയവൃക്ഷങ്ങൾ ഇല്ലയോ? ഞാൻ ചോദിക്കുന്നതു അതാണ്.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): വൃക്ഷങ്ങൾ ഉണ്ടായിരിക്കാം എന്നാൽ ഇപ്പോൾ അവയെ വെട്ടിയിറക്കാൻ തുടങ്ങുന്നതല്ല.

പ്രൊസിഡിങ്സ്. വെട്ടുന്നതിനു പാകമായ വൃക്ഷങ്ങൾ ഇല്ലയോ എന്നുള്ള ചോദ്യത്തിനു നിങ്ങൾ മറുപടി പറയാത്തതെന്തു?

മി: ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ), ഉണ്ട്,

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): വെട്ടുന്നതിനു പാകമായിരിക്കുന്ന ഈ വൃക്ഷങ്ങൾ ഇനിയും വളരേക്കാലം നിൽക്കാൻ ഇടയാകുന്നതായാൽ ചീത്തയായി പോകുകയില്ലയോ?

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): ഒരിക്കലും ഇല്ല. അവ ഇനിയും മൻപതു സംവത്സരം നിൽക്കും. കുട്ടനൽ വളർച്ചയുണ്ടാകുന്നതല്ലയായിരിക്കും എന്നിരുന്നാലും അവ നല്ലസ്ഥിതിയിലിരിക്കുന്നതായി കാണുന്നതാണ്.

ഈ കാരണങ്ങളാൽ ഈ ഇനത്തിൽ കുറവുചെയ്യുന്നതു തന്നാണ്ടിലേക്കുള്ള വനംവക മുതലെടുപ്പിനെ കായ്വുശരാൽ ബാധിക്കുമെന്നുള്ളതുകൊണ്ടു എന്റെ സ്നേഹിതൻ മിസ്റ്റർ മാധവവാര്യർ അദ്ദേഹത്തിന്റെ പ്രമേയത്തെ നിർബന്ധിക്കുകയില്ല എന്നു വിശ്വസിക്കുന്നു.

മി. എം. ആർ. മാധവവാര്യർ (ചേങ്ങന്നൂരും, പത്തനംതിട്ടയും): ഞാൻ പ്രമേയത്തെ നിർബന്ധിക്കുന്നില്ല.

പ്രസിഡെണ്ട്: മിസ്റ്റർ മാധവവാര്യർ പ്രമേയത്തെ പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നുവോ? പ്രമേയം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

പ്രമേയം ക ാ ഉ.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും, ഏറ്റുമാനൂരും): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ക ാ ഉ. സംരക്ഷണത്തിനും പണിയ്ക്കുമായി നിക്കിവച്ചിട്ടുള്ള ൩,൫൩,൨൦൦ രൂപയിൽ ക ാ ഉ രൂപ കുറയ്ക്കണം.

"സംരക്ഷണവും പണികളും" എന്ന ഇനത്തിൽ പ്രധാനപ്പെട്ട വകവിഷയങ്ങളാണു നിൽക്കുന്നു. അവയെ എല്ലാംപറ്റി വാദംനടത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ പ്രത്യേകം ശ്രദ്ധേയമാണെന്ന് എനിക്കു തോന്നുന്ന ഒന്നോരണ്ടു സംഗതികളെമാത്രം ഉല്ലേഖനംചെയ്തുകൊണ്ടു ഞാൻ തൃപ്തനായിക്കൊള്ളാം. വനംവിളവുകളെ വെട്ടിയിറക്കുന്നതിൽ ഉള്ള ചിലവു കുറയുന്നതു ഗതാഗതമാർഗ്ഗങ്ങളുടെ പ്രാധാന്യത്തെ അത്രയായിച്ചിരിക്കുന്നു എന്നുള്ള വസ്തുത ഉണ്ടായിരുന്നിട്ടും ഗതാഗതമാർഗ്ഗങ്ങൾ എന്ന പ്രധാനപണിയെ ഡിപ്പാർട്മെണ്ട് ശ്രദ്ധിച്ചിട്ടില്ല. ഗതാഗതമാർഗ്ഗങ്ങളുടെ അഭിവൃദ്ധിക്കായി ചെയ്യപ്പെട്ടിട്ടുള്ളതെല്ലാം ഒരു രീതിയിൽ അനുസരിച്ചോ, ഒരു പ്രത്യേക പദ്ധതിയനുസരിച്ചോ അല്ലാതെ അവിചാരിതമായി ചെയ്തിട്ടുള്ളതാകുന്നു. രീതിയനുസരണമായി ഗതാഗതമാർഗ്ഗങ്ങൾ നന്നാക്കപ്പെട്ടിട്ടില്ലെന്നുവരികിൽ തടി വെട്ടിയിറക്കുന്നതിനുള്ള ചിലവു വർദ്ധിക്കുകതന്നെചെയ്യും. തടി വെട്ടിയിറക്കുന്നതിനുള്ള ചിലവിനു യാതൊരു തോതും ഇല്ല—തടി വെട്ടിയിറക്കുന്നതിനുള്ള ചിലവു രീതിയനുസരിച്ചു വർദ്ധനമായും വിളവിന്റെ വിലയനുസരിച്ചു കുറഞ്ഞുംവരുന്നു. ഡിമാർക്കേഷനും സർവ്വേയും ഒരിക്കലും അവസാനിക്കുന്നമില്ല. പുതിയ റിസർവിന്റെ ഡിമാർക്കേഷൻ കഴിഞ്ഞ ൨൫ കൊല്ലങ്ങളായി നടന്നുകൊണ്ടേയിരിക്കുന്നു. വനംസർവ്വെ, റവന്യൂസർവ്വെയോടുകൂടി യോജിപ്പിച്ചു നടത്തേണ്ടതാണ്. ഇതു ചെയ്തുകഴിഞ്ഞുവരുകിൽ വനങ്ങളുടെ സ്ഥലനിർണ്ണയം ചെയ്യുന്നതു പ്രയാസമായിരിക്കും. വനങ്ങളുടെ മൊത്തംവിസ്താരത്തിൽ വനമായി കാണിച്ചിരിക്കുന്ന ഭാഗങ്ങളെ എല്ലാം, ഉൾപ്പെടുത്തുന്നതാണോ എന്നുള്ളതു സംശയമാണ്.

ചില്ലറ വനംവിളവുകളുടെ കാര്യത്തിൽ കഴിഞ്ഞ അനേകം കൊല്ലങ്ങളായി വരവിൽ യാതൊരു കുറവും ഉണ്ടായിട്ടില്ല. ചില്ലറ വനംവിളവിൽനിന്നുള്ള വരവിനെ വർദ്ധിപ്പിക്കുന്നതിനു വല്ല ഉദ്യമവും ചെയ്യുകയാ ഈ ഇനത്തിൽനിന്നും ഉള്ള മുതലെടുപ്പിനെ വർദ്ധിപ്പിക്കുന്നതിനു വല്ലപരീക്ഷണവും നടത്തുകയൊ ചെയ്തിട്ടില്ല. ഈ ശിക്ഷയായി വാങ്ങിക്കാൻ ഞാൻ ഉദ്ദേശിക്കുന്ന സംഗതികളിൽ ചിലവു ഇവയെല്ലാമാണ്.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): എന്റെ സ്നേഹിതൻ മിസ്റ്റർ രാമകൃഷ്ണപിള്ള കഴിഞ്ഞ വെസ്റ്റേൺയോഗത്തിൽ ഈ സഭയിൽ വാദംനടത്തപ്പെട്ട ചില വിഷയങ്ങളെപ്പറ്റി വീണ്ടും പറയുകയായിരുന്നു.

പ്രസിഡണ്ട്: അദ്ദേഹം രണ്ടു സംഗതികളെ പ്രധാനമായി എടുത്തുപറഞ്ഞിട്ടുണ്ട്. അതായതു ഗതാഗതമാർഗ്ഗങ്ങളും ചില്ലറ വനംവിളവുകളും.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): ഗതാഗതമാർഗ്ഗങ്ങളുടെകാര്യത്തിൽ ആകട്ടെ ഉടനടി ഫലമില്ലാത്തവിധം വമ്പിച്ചതായ ഗതാഗതമാർഗ്ഗനിർമ്മാണത്തിൽ എനിക്കു വിശ്വാസമില്ല എന്നു കഴിഞ്ഞതവണ ഞാൻ സഭയോടുപറഞ്ഞു. എന്നിരുന്നാലും ഈ കാര്യത്തിൽ ഞങ്ങൾക്കു കുറെ പണിനടത്തിവന്നിട്ടുണ്ട്. തടി കടത്തിക്കൊണ്ടുപോകുന്നതിനു അധികം സൌകര്യം ഉണ്ടായിരിക്കുന്നതിനായി നമ്മുടെ പ്രധാനലേലികളിൽ പാറകൾ വെടിവച്ചുപൊട്ടിച്ചും വണ്ടാന്തരങ്ങളിലേക്കു വഴികൾ തെളിച്ചും ഞങ്ങൾ ഏതാനും പണം ചിലവാക്കീട്ടുണ്ട്. കഴിഞ്ഞയാണ്ടു രണ്ടു റോഡുകൾക്കായി ൩,൨൦൦ രൂപാ ചിലവാക്കി. മൂന്നാമതു ഒരു റോഡിനെ നീട്ടുന്നതിനും ഈയാണ്ടു ചെന്തുരുണിവനത്തിലെ വിളവുകളെ ശേഖരിക്കുന്നതിനു പുതുതായി ഒരു റോഡു വെട്ടുന്നതിനും ആലോചിച്ചുവരുന്നു.

മി. എൻ രാമകൃഷ്ണപിള്ള (വൈക്കവും, ഏറ്റുമാനൂരും): വനങ്ങളിൽ ഗതാഗതമാർഗ്ഗങ്ങളെ നന്നാക്കുന്നതിനു ഏതെങ്കിലും ക്ലിപ്തമായ പദ്ധതി ഉണ്ടോ?

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): സർ, ഉണ്ട്. ഞങ്ങൾ തുടങ്ങാൻപോകുന്ന പണികൾക്കു ഉടൻ ഫലപ്രദമാകുന്നവയ്ക്കു മാത്രമേ ഞങ്ങൾക്കു പണം ആവശ്യമുള്ളൂ. ഭാവിയിൽ എപ്പോഴെങ്കിലും ഫലം ഉണ്ടാകും എന്നുള്ള ഉദ്ദേശത്തോടുകൂടി പണം ചിലവാക്കിട്ട് ആവശ്യം ഇല്ല. ഈ റോഡുകൾ വെട്ടുന്നതോടുകൂടി തടി വെട്ടിയിറക്കുന്നതിനുള്ള ചിലവു ക്രമേണ കുറഞ്ഞുവരും.

പുതിയ ഡിമാർക്കേഷൻ വളരെക്കാലമായി തീർച്ചയാകാതെ കിടക്കുന്നു എന്നും യാതൊരു തീരുമാനവും ആയിട്ടില്ല എന്നും മിസ്റ്റർ രാമകൃഷ്ണപിള്ള പറയുന്നു. അപ്രകാരമുള്ള പണികളെ തീർക്കുന്നതിനായിട്ടാണ് ഒരു വിശേഷാൽ ഉദ്യോഗസ്ഥനെ നിയമിക്കണംഎന്നു ഞാൻ ഗവർണ്മെൻറിനോടു ഉപദേശിച്ചതു്. ഗവർമ്മെണ്ട് ഇപ്പോൾതന്നെ മൂന്നുവർഷത്തേക്കു ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുന്നതിനു അനുവദിച്ചിട്ടുണ്ട്.

മി. എ. ഫ്രേസർഹ് (ഗവർണ്മെണ്ട് നിയമിച്ചമെംബർ): വനങ്ങളെ ഭാഗിക്കുന്നതിൽ, അയായതു ഗതാഗതമാർഗ്ഗങ്ങൾക്കായി കഴിഞ്ഞ അഞ്ചു കൊല്ലങ്ങൾക്കിടയിൽ എത്രപണം ചിലവാക്കീട്ടുണ്ടെന്നു അറിയേണ്ടതായിരിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): എനിക്കു കൃത്യമായുപറയാൻ കഴിയുകയില്ല. ഞാൻ വിവരങ്ങൾ ശേഖരിക്കേണ്ടതായുണ്ട്.

മി. എ. ഫ്രേസർഹ് (ഗവർണ്മെണ്ട് നിയമിച്ചമെംബർ): ഗതാഗതമാർഗ്ഗങ്ങൾക്കായി പണം ഒന്നും ചിലവാക്കീട്ടില്ല എന്നാണൊ ഞങ്ങൾ മനസ്സിലാക്കിക്കൊള്ളേണ്ടതു?

പ്രൈസിഡണ്ട്: അദ്ദേഹം പറഞ്ഞതു ശരിയല്ല. റോഡ് വെട്ടിയിറക്കുന്നതിനായി റോഡുകൾ നിശ്ചിക്കുന്നതിനു പണം ചിലവാക്കുന്നതായ നയം എന്നാണ് അദ്ദേഹം പറഞ്ഞത്.

മി. എ. ഇ. ആർഫ് (ഗവർണ്മെന്റ് നിയമിച്ചമെംബർ) ഉടൻ ഫലപ്രദമാക്കേണ്ടതിലേക്കല്ലയോ?

പ്രൈസിഡണ്ട്: ആവശ്യപ്പെടുന്ന ഉടനടിഫലം അതാണ്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): റോഡുകൾ നിർമ്മിക്കുന്നതിനു കടമ്പനാടുപോകുന്നതിനു മാത്രമായിട്ടോന്നാണോ?

പ്രൈസിഡണ്ട്: അദ്ദേഹത്തിന്റെ പ്രധാനഉദ്ദേശം അങ്ങനെയുള്ളതാണ്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അദ്ദേഹത്തിന്റെ ശ്രോതസ്സിൽനിന്നു ഉടൻ ഫലപ്രദമായിട്ടുള്ള വനംമന്ത്രിയെപ്പിൽ മാത്രമെ അദ്ദേഹത്തിനു ശ്രദ്ധയുള്ളു എന്നാണ് ഞാൻ മനസ്സിലാക്കിക്കൊള്ളുന്നത്.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ആ അർത്ഥം ജനിക്കുന്നില്ല.

മി. ടി കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അങ്ങനെ ഉത്തരവുചെയ്യേണ്ടതു പ്രൈസിഡണ്ടാണ്. മെംബർ അല്ല.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): അങ്ങനെയല്ല; വനത്തിൽനിന്നും ഇടച്ചുയായ മുതലെടുപ്പു ലഭ്യമാകുന്നതിൽ നാം ശ്രദ്ധയുള്ളവർ ആയിരിക്കുന്നു. അതിനായി വളരെ പണം ചിലവാകുന്നതും എന്നാൽ അനുരൂപമായ ഫലം ജനിപ്പിക്കാത്തതും ആയ റോഡുകൾക്കായി പണം ചിലവാക്കുന്നതു നീതികരിക്കത്തക്കതല്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): കൺസർവേറ്ററപ്പോലെയുള്ള ഡിപ്പാർട്മെന്റിലെ ഉയർന്നതും ഉദ്യോഗസ്ഥന്മാർക്കു അധികംതവണ സഞ്ചരിക്കുന്നതിനായി വനാന്തർഭാഗങ്ങളിൽ റോഡുകൾ ആവശ്യമില്ലയെ എന്നു ഞാൻ ചോദിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): അത്തമായ ധനം ചിലവാക്കിയാൽഅല്ലാതെ വനങ്ങൾക്കുള്ളിൽ മോട്ടോർവണ്ടികൾ കൊണ്ടുപോകുന്നതു സാധ്യമല്ല. സാധാരണമായി ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്കു കാൽനടയായിചെന്നു പരിശോധന നടത്താം. അവരുടെ സൌകര്യത്തെ കരുതി വളരെ ധനവ്യയം വേണ്ടിവരുന്ന റോഡുകൾക്കുവേണ്ടി പണം ചിലവാക്കേണ്ട ആവശ്യം ഇല്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഇപ്പോൾ ഉള്ള റോഡിൽ ഏതെങ്കിലും ഒന്നിൽനിന്നു ഇരുപതുമൈൽ ഉള്ളിലായുള്ള ഏതെങ്കിലും ഒരുസ്ഥലത്തു കൺസർവേറ്റർ ക്യാമ്പ് എത്രദിവസം ഇരുന്നിട്ടുണ്ട്.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): എന്നു ഉടനടി പറവാൻ കഴിയുകയില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഏതെങ്കിലും ഉദ്ദേശിച്ചുപറഞ്ഞാൽ മതിയാകും.

പ്രൈസിഡണ്ട്: റോഡുകൾ ഉള്ള സ്ഥലങ്ങളിൽനിന്നും ഇരുപതു മൈൽ അകലെയുള്ളതായി എത്ര വനങ്ങൾ ഉണ്ട്?

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): പരിശോധന സൌകര്യത്തിനായി ദൂരസ്ഥലങ്ങളിൽ അമിതധനം ചിലവാക്കി റോഡുകൾവെട്ടണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

പ്രൈസിഡണ്ട്: ചോദ്യം അതല്ല. പരിശോധനയ്ക്കായി മുഖ്യകരിക്കുന്നതിനായി ആ സ്ഥലങ്ങളിൽ റോഡുകൾ ആവശ്യംഇല്ലയോ എന്നാണ് അദ്ദേഹം ചോദിക്കുന്നത്.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഇപ്പോൾ ആവശ്യമുള്ളിടത്തോളം റോഡുകൾ ഉണ്ട്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): എനിക്കാവശ്യമുള്ള വിവരം വെളിക്കു വന്നില്ല.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): മുപ്പതു ദിവസത്തോളം ഇരിക്കാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും): ഇപ്പോൾ കൺട്രാക്ടന്മാർ വെട്ടിച്ചു റോഡുകളെല്ലാം ഡിപ്പാർട്ടുമെന്റു പരിപാലിക്കുന്നുണ്ടോ എന്നറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ചില സ്ഥലങ്ങളിൽ വേല നടക്കുന്നില്ലാത്തതുകൊണ്ടു അങ്ങനെയുള്ള റോഡുകളെ സംരക്ഷിക്കേണ്ട ആവശ്യം ഉണ്ടായിരിക്കുകയില്ല.

മി. സി. പി കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും): ഡിപ്പാർട്മെന്റിൽനിന്നും സംരക്ഷിച്ചുവരുന്നതായി അങ്ങനെയുള്ള റോഡുകൾ ഇല്ലയോ?

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഉപയോഗമുള്ളതാണെന്നുകണ്ടാൽ സംരക്ഷിക്കപ്പെടുന്നുണ്ട്. അതല്ലെങ്കിൽ ഇല്ല

മി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും): അവയെ എല്ലാം സംരക്ഷിക്കാൻ കഴിയുകയില്ലയോ എന്നറിയേണ്ടിയിരിക്കുന്നു.

പ്രൈസിഡണ്ട്: അവയെയെല്ലാം പരിപാലിക്കേണ്ട ആവശ്യം ഇല്ലെന്നു അദ്ദേഹം മുമ്പേതന്നെ പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ചില്ലറ വനംവിളവുകളുടെ കാര്യത്തിൽ അവയെ അഭിവൃദ്ധിപ്പെടുത്തേണ്ട ആവശ്യത്തെപ്പറ്റി അഭിപ്രായവ്യത്യാസമൊന്നും ഉണ്ടായിരിക്കുന്നതല്ല. ഇതിലേക്കു ശക്യമായുള്ളതെല്ലാം ഞങ്ങൾ ചെയ്യുന്നുണ്ട്. ഈയിടെ ഗവർണ്മെന്റിനെ ഫിൻഡ്സ് മെഴുകേതിരികമ്പനിക്കാര്യമായുള്ള കൺട്രാക്ടിനെ തിരുത്തേണ്ടിവന്നു.

പ്രൈസിഡണ്ട്: നിങ്ങൾ ആ പദം സങ്കുചിതാർത്ഥത്തിൽആണ് ഉപയോഗിക്കുന്നത്, അതിൽ തടി ഒഴിച്ചുള്ള എല്ലാ വനംവിളവുകളും ഉൾപ്പെടുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): കടുക്കായും അരുപോകയുള്ള മറ്റു സാധനങ്ങളേയുംപറ്റി മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

മി. എം. ആർ. മാധവമേനോൻ (ചെങ്ങന്നൂർ, പത്തനംതിട്ടയും): കൺട്രാക്ടർമാർ കൺട്രാക്ടറുകളെ ഉപേക്ഷിച്ചു എന്നുകാണുന്നതെന്തെന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): അതിൽനിന്നും ലാഭംകിട്ടാത്തതിനാൽ അവർ ആകെക്കൂടി ഒന്നോ രണ്ടോ രൂപ ചിലതു കടക്കി ഇങ്ങോട്ടു സംവത്സരത്തേക്കു കുത്തക എടുത്തിരുന്നു എങ്കിലും വനത്തിൽനിന്നു ഓരോ രൂപ വിലയുള്ള ചരക്കുകൾ ശേഖരിക്കുന്നതിനു അവക്കു കഴിഞ്ഞില്ല. കൺട്രാക്ടർമാർ ബോംബെയിൽ താമസിക്കുന്നു. കഴിഞ്ഞ കൺപ്രകൊല്ലങ്ങളിലൊക്കെയും ഓരോ ഗവർമെന്റു പ്രതിനിധികൾ പണം കൊടുക്കുവാൻ വന്നിരുന്നു. കമ്പനിയുടെ തലയാളും മരിച്ചുപോയിരിക്കുന്നു എന്നും ചിലരൊക്കെ തമ്മിൽ കലഹിച്ചുകൊണ്ടിരിക്കുന്നു എന്നും ഞാൻ അറിയുന്നു. തൽഫലമായി കമ്പനിക്കു നോട്ടിസുകൾ അയച്ചു എങ്കിലും യാതൊരു മറുപടിയും കിട്ടിയിട്ടില്ല. ഇതറിഞ്ഞാണ് കുത്തക റദ്ദു ചെയ്തതു്.

മി. എൻ. രാമകൃഷ്ണപിള്ള (തൊടുപുഴ, ഏറനാടൻതാലൂക്കു), തടിവെട്ടിയിറക്കുന്നതിനുള്ള ചിലവു മുമ്പത്തെ ചിലവിന്റെ എത്ര ശതമാനം വരുമായിരിക്കും.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ). മുപ്പത്തിനാലുതൊ നാല്പതോ.

മി. എൻ. രാമകൃഷ്ണപിള്ള (തൊടുപുഴ, ഏറനാടൻതാലൂക്കു). അഞ്ചു കൊല്ലത്തിനു മുൻപു ശതമാനം എന്തായിരുന്നു?

മി. ആർ. ധനഷ്കോടിപിള്ള (വനം കൺസർവേട്ടർ): പെട്ടെന്നു പറയാൻ നിവൃത്തിയില്ല. അഞ്ചു കൊല്ലത്തിനു മുമ്പു ക്ലിപ്പുചില്വനരീതി നടപ്പായിരുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (തൊടുപുഴ, ഏറനാടൻതാലൂക്കു): ചിലവു കുറഞ്ഞതായിരുന്നുവോ കൂടുതലായിരുന്നുവോ?

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): ക്ലിപ്പുചില്വനരീതിയിൽ യാതൊരു ചിലവുമുണ്ടാകുന്നതല്ല. തടി കരപറ്റിയിറക്കുന്നതിനുള്ള ചിലവു മുന്നുമാണ്.

പ്രൊസിഡെണ്ടു: ചില്ലറ വനംവിളവുകളെപ്പറ്റി എന്തുപറയുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): ചില്ലറ വനംവിളവുകളിൽ എന്നതിൽ മിസ്റ്റർ രാമകൃഷ്ണപിള്ള കടുക്ക മുതലായവയെയാണ് നിർദ്ദേശിക്കുന്നതു എന്നുവരികിൽ അതിവ്യയപ്പെടുത്തി വലിയ ആദായം കൊടുക്കുവാൻ കഴിയുകയില്ല. മുമ്പു, ഈറ മുതലായവയെസംബന്ധിച്ചിടത്തോളം വടക്കൻഡിവിഷനിൽ, ഈറയെ തീക്കുറ്റി ഉണ്ടാക്കുന്നതിനു ഉപയോഗിക്കാനായി ഒരു കുത്തകകൊടുത്തുകഴിഞ്ഞിരിക്കുന്നു. തെക്കോട്ടു ഡിവിഷനിലും പല സ്ഥലങ്ങളിലും ഈറ വിസ്താരമായി കിടക്കുന്നുണ്ടു. അതിൽനിന്നു കടലാസ് പൾപ്പു ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യതയെപ്പറ്റി അന്വേഷണം നടത്തിട്ടുണ്ട്. അതിൽനിന്നും വല്ലതും ഫലം ഉണ്ടാകുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. എന്നാൽ സങ്കടമോടു എനിക്കു യാതൊന്നും ഉറപ്പുപറയുവാൻ കഴിയുകയില്ല.

മി. എസ്. കൃഷ്ണയ്യർ (മദ്ധ്യേലിക്കരയും, കാഞ്ഞിരപ്പള്ളിയും): കൊടപ്പാലഎണ്ണയെ അഭിവൃദ്ധമാക്കുവാൻ സാധിക്കുമോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): മിശ്രാബോധം ഉണ്ടായിരിക്കുന്ന വിഷയങ്ങളിൽ ഒന്നാണു്. ശേഖരിച്ചു എടുക്കാവുന്ന കൊടപ്പാലഎണ്ണ വളരെ കുറച്ചുമാത്രമാണ്. വൃക്ഷങ്ങൾ കുറച്ചു വനങ്ങളിൽ മാത്രമേ ഉള്ളൂ. വേറെ ഒരിടത്തും അതു കാണുവാൻ ഇല്ല. എണ്ണയും എല്ലായ്പോഴും ശേഖരിക്കുവാനും പറ്റുന്നതല്ല. അതു വൃക്ഷത്തിന്റെ അയോജ്യസാധനങ്ങളിൽ ഉണ്ടായിട്ടുള്ളതാകയാൽ ക്ഷയിച്ചുകൂടിയിട്ടുള്ള വൃക്ഷങ്ങളിൽനിന്നു മാത്രമേ എണ്ണകിട്ടുകയുള്ളൂ.

മി. എസ്. കൃഷ്ണയ്യർ (മദ്ധ്യേലിക്കരയും, കാഞ്ഞിരപ്പള്ളിയും): ഇതിനെ അഭിവൃദ്ധമാക്കുന്നതിനു വല്ല ശാസ്ത്രീയരീതിയും കണ്ടുപിടിച്ചിട്ടുണ്ടോ എന്നറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): വൃക്ഷത്തിന്റെ കാതൽവരെ ചാരമുണ്ടാക്കി അതിനോടു എണ്ണയുണ്ടാക്കിൽ അതു ഊറി വെളിക്കുവരും അപ്പോൾ അതു ശേഖരിക്കുന്നതു അപരിഷ്കൃതമായ മീതിയാണു. ഒരാണ്ടിൽ ശേഖരിക്കപ്പെടുന്ന മൊത്തം എണ്ണ മുപ്പതു പാട്ട മാത്രമാണ്. എന്തായാലും അതുകൊണ്ടു നമുക്കു ഒന്നും ചെയ്യാൻ കഴിയുകയില്ല.

മി. എസ്. കൃഷ്ണയ്യർ (മദ്ധ്യേലിക്കരയും, കാഞ്ഞിരപ്പള്ളിയും): ചെത്തുവണി ഒഴിച്ചുള്ള മറ്റുവനങ്ങളിൽ ഇതു വിളയുന്നുണ്ടോയെന്നു അന്വേഷണങ്ങൾ നടത്തിട്ടുണ്ടോ എന്നറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): ഉണ്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): യുക്തിവൈശേഷൻ ഉദ്യോഗസ്ഥനെ ജോലിഏല്പിച്ചോ?

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): അദ്ദേഹം നമ്മുടെ തടിയുടെ മറ്റു വനംവിളവുകൾക്കും പില്വനസ്ഥലം കണ്ടുപിടിക്കാൻ ശ്രമിച്ചുവരുന്നു; ഫൈറേമ്യുകളിൽ ഒരുറോപ്പ്വെ (ഘോഹകയപോലെ) നടപ്പാക്കാവുന്നതാണോ എന്നും ചെങ്കോട്ടയിൽ ഉള്ള ഈറകളെ ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റിയും അദ്ദേഹം അന്വേഷണങ്ങൾ നടത്തിട്ടുണ്ട്.

മി. എ. ഗോവിന്ദമേനവൻ (ആലങ്ങാടും പറയുന്നു): അദ്ദേഹത്തിന്റെ ഉദ്യോഗകാലത്തിനിടയിൽ എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): ഉണ്ട്.

മി. എ. ഗോവിന്ദമേനവൻ (ആലങ്ങാടും, പറയുന്നു) റിപ്പോർട്ടിന്റെ പകർപ്പുകിട്ടുമോ?

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേട്ടർ): മെമ്പർക്കു വേണമെങ്കിൽ തരുവിക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ഉദ്യോഗസ്ഥൻ എന്തെങ്കിലും ആദായകരമായ ജോലി നടത്തിട്ടുണ്ടോ?

പ്രൊസിഡെണ്ടു:—അതു അഭിപ്രായത്തെ സംബന്ധിച്ച വിഷയമാണു.

മി: എ. ഹഗ്വാർഫ് (ഗവണ്മെന്റ് നിയമിച്ചുപോരുവോർ) പെണ്ണുങ്ങിൽ പ്രകാശിപ്പിച്ചിട്ടുള്ള നമ്മുടെ വനംവിളകളെപ്പറ്റി ഏതു സ്ഥലത്തുനിന്നെങ്കിലും വല്ല അപേക്ഷയും കിട്ടിട്ടുണ്ടോ?

മി: ആർ. ധനക്കോടിപിള്ള (വനംകൺസർവേട്ടർ)മെസ്സർസ് ഹൊവാർഡുബ്രദേഴ്സ് സൺസിങ്കിനിന്നും ഒരു എഴുത്തുണ്ടായിരുന്നു. അവക്ക് പ്രത്യേകമായിരിയിപ്പാൻ അടിവിലുള്ള കുറെ ഈട്ടിത്തടി ആവശ്യമുണ്ടായിരുന്നു.

മി: എ. ഹഗ്വാർഫ് (ഗവണ്മെന്റ്നിയമിച്ചുപോരുവോർ): ഇതേവരെ ഈ ഒരപേക്ഷമാത്രമേ കിട്ടിട്ടുള്ളോ?

പ്രസിഡണ്ടു:—അതെ. ഇതേവരെ അതേയുള്ളു.

മി: എൻ. രാമകൃഷ്ണപിള്ള (വൈദ്യുതവും ഏറുമാന്തലും) വല്ല ചില്ലറവിളവിനപ്പുറം ഖനികളും പരിശോധനം നടത്തിട്ടുണ്ടോ എന്നറിയേണ്ടിയിരിക്കുന്നു.

പ്രസിഡണ്ടു:—അതെ ഈറയെ സീക്കറിക്രീക്കുകടലാസ് പരിപ്പിനും ഉപയോഗപ്പെടുത്താമോ എന്നുള്ളതിനപ്പറ്റി.

മി: ടി. കുമാരപിള്ള (ഇരുമ്പിയും വിളവങ്കോടും) ഈറ കൺട്രാക്ട് ആയിട്ടെങ്കിലും കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ആർക്കാണ്?

മി: ആർ. ധനക്കോടിപിള്ള (വനം കൺസർവേട്ടർ): കുഴക്കോട്ടയും കൊല്ലവും ഡിവിഷണുകളിൽ ഈറ ശേഖരിക്കുന്നതിനു പ്രത്യേകം കൺട്രാക്ട്കാരെ കൊടുത്തിട്ടുണ്ടു. വടക്കൻ ഡിവിഷനിൽ കൺട്രാക്ട് ഒന്നും കൊടുത്തിട്ടില്ല. എന്നാൽ പേപ്പുണ്ടാക്കുന്നതിനായി ഈറശേഖരിക്കുന്നതിനു ജനങ്ങൾക്കു പാസുകൾ കൊടുത്തുവരുന്നു. സാധാരണജനങ്ങൾക്കു ഈറ ശേഖരിക്കാൻ പാടില്ലാത്തതായി ഇനിയും അനേകംസ്ഥലങ്ങൾ ഉണ്ട്. ഇവിടങ്ങളിൽഉള്ള ഈറ ശേഖരിക്കുന്നതിനുള്ള അവകാശം മെസ്സർ മാക്കുമാനഫാക്കറിംഗ് കമ്പനിക്കു പാട്ടമായികൊടുത്തിരിക്കുന്നു.

മി. ടി. കുമാരപിള്ള (ഇരുമ്പിയും വിളവങ്കോടും): ആസ്ഥലത്തുനിന്നും പാസുകൊടുക്കുന്നതിനാർക്കാണധികാരം?

മി: ആർ. ധനക്കോടിപിള്ള (വനം കൺസർവേട്ടർ): ആരും പാസുകൊടുക്കുന്നില്ല.

മി: ടി. കുമാരപിള്ള (ഇരുമ്പിയും വിളവങ്കോടും) അധികാരമുള്ളവർ പാസുകൊടുക്കാതിരുന്നാൽ—

പ്രസിഡണ്ടു:—അങ്ങനെയുള്ള അധികാരം ഒന്നും കൊടുത്തിട്ടില്ല എന്നാണ അദ്ദേഹം പറയുന്നതു.

മി: ടി. കുമാരപിള്ള (ഇരുമ്പിയും വിളവങ്കോടും) ഏതെങ്കിലും ആളിനു പാസുകൊടുത്തിട്ടുണ്ടോ?

മി: ആർ. ധനക്കോടിപിള്ള (വനം കൺസർവേട്ടർ) ഇല്ല.

പ്രസിഡണ്ടു.—മിസ്റ്റർ രാമകൃഷ്ണപിള്ള, ഈ വിഷയം സംബന്ധിച്ചു ഇനിയും നിങ്ങൾക്കു വല്ലതുകൂടിയും വിവരം ആവശ്യമുണ്ടോ?

മി: എൻ. രാമകൃഷ്ണപിള്ള (വൈദ്യുതവും ഏറുമാന്തലും) ഞാൻ പ്രയോഗത്തെ പിൻവലിക്കുന്നു.

പ്രയോഗം അനുമതിപ്രകാരംപിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക ൦ സ.

താഴെ പറയുന്നപ്രയോഗം ഫാജരാക്കപ്പെട്ടില്ല.

മി: ടി. എം: ചിദംബരതാണുപിള്ള:—

ക ൦ സ. സംരക്ഷണത്തിനും പണികഴിക്കും ആയി നീക്കിവച്ചിരിക്കുന്ന ൪,൫൦,൦൦൦ രൂപായിൽ ക ൦ ൦ രൂപാകുറയ്ക്കുണം.

ഉപക്ഷേപം ക ൦ ൫—ക ൧ ൪

പ്രസിഡണ്ടു:—ഒരേതരത്തിൽ ഉള്ള ൨ ഉപക്ഷേപങ്ങളാണ്, ൨—ം ക ൪ ൦ ൦ രൂപാ കുറയ്ക്കുന്നതിനാണ്, അവ ക ൦ ൫—ം ക ൦ ൪—ം നമ്പരുകളാണു. മിസ്റ്റർ രാമകൃഷ്ണപിള്ള അദ്ദേഹത്തിന്റെ ഉപക്ഷേപം ഫാജരാക്കികൊള്ളട്ടെ.

മി: എൻ. രാമകൃഷ്ണപിള്ള (വൈദ്യുതവും ഏറുമാന്തലും) ഞാൻ ഈ ഉപക്ഷേപം ഫാജരാക്കികൊള്ളുന്നു. ക ൦ ൪ യുനിഫാറം (ഒരേമാതിരിയിൽ ഉള്ള ഉടുപ്പുകൾ)വാങ്ങുന്നതിനായി നീക്കിവച്ചിരിക്കുന്ന ൨ ൪ ൦ ൦ രൂപായിൽ ക ൪ ൦ ൦ രൂപാ കുറയ്ക്കുന്നു.

ഈ ജോലിയിൽ വലുതായ ഒരുമാറ്റം കൊയ്യാൻ നിവൃത്തിയില്ലയോ എന്നറിയുന്നതിനാണു ഈ ഉപക്ഷേപം ഞാൻ അയച്ചിട്ടുള്ളതു്. കഴിഞ്ഞാണ്ടത്തെ ബഡ്ജറ്റ് എസ്റ്റിമേറിൽ ഇതിനായി നീക്കിവച്ചിരുന്നതു ക ൦ ൦ രൂപായാണെന്നു ഞാൻ കാണുന്നു. തോരേമറിച്ചു ഈയ്യാണ്ടു ൨ ൪ ൦ ൦ രൂപാ ആവശ്യപ്പെട്ടിരിക്കുന്നു. യുനിഫാറങ്ങൾ വാങ്ങുന്നതു കൺട്രാക്ടിൻപേരിലോ അതല്ല തിരുവിതാംകോട്ടിനു വെളിയിലുള്ള കമ്പനികളിൽ നിന്നും നേരിട്ടോ അതോ തിരുവിതാംകോട്ടിലിടനിന്നാ എന്നുകൂടി അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിനപ്പറ്റിയാണ് ഈ നിർദ്ദേശം ഞാൻ അയച്ചിട്ടുള്ളതു.

മി ആർ. ധനക്കോടിപിള്ള (വനം കൺസർവേട്ടർ) കഴിഞ്ഞയാണ്ടത്തേക്കു ആവശ്യപ്പെട്ടിരുന്നതുക ക ൦ ൦ രൂപയും ഈയ്യാണ്ടത്തേക്കു ആവശ്യപ്പെട്ടിരിക്കുന്നതു ൨ ൪ ൦ ൦ രൂപയും ആകുന്നതുള്ളതു വാസ്തവം തന്നെ ആകെ ൨൯ ക ാർഡുകളും നൂറു ഫാറസ്റ്റർമാരും ഉണ്ടു. ചട്ടപ്രകാരം അവർക്കു ആണ്ടുതോറും യൂണിഫാറങ്ങൾ കൊടുക്കേണ്ടതും അതിനുള്ള ചിലവു ഗവണ്മെണ്ടു വഹിക്കേണ്ടതും ആകുന്നു. ഒരു ക ാർഡിനു ഫാറത്തിനു ശരാശരിവിലയിൻ രൂപ വു അണയാണു ൨൯ ക ാർഡുകൾക്കു ൨ ൪ ൦ ൦ രൂപാ ആവശ്യപ്പെട്ടിരിക്കുന്നു. കഴിഞ്ഞ അനേകംകൊല്ലങ്ങളായി നമ്മുടെ ആളുകൾക്കു നാം യുനിഫാറങ്ങൾ കൊടുക്കാറില്ല. ഇപ്പോൾ ഗവണ്മെണ്ടരെപോലെ വല്ലപ്രകാരവുമെങ്കിലും കാക്കി കോട്ടിയെങ്കിലും അവർക്കു യൂണിഫാറംകൊടുത്തുവരുന്ന അനേകംകൊല്ലങ്ങളായി ജീവനക്കാർക്കു എല്ലാവർക്കും ഉടുപ്പു കൊടുക്കുന്നതിനു യാതൊരു ശ്രമവുംചെയ്തിട്ടില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കഴിഞ്ഞ അനേകം കൊല്ലങ്ങളായി അവർക്കു ശരിയായി ഉടുപ്പു കൊടുക്കാത്തതു എന്തുകൊണ്ടു?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേട്ടർ): ആരും അതിനെപ്പറ്റി നിർബന്ധിക്കാത്തതിനാലും ബഡ്ഡറ്റിൽ വേണ്ടിടത്തോളം പണം നീക്കിവയ്ക്കാത്തതിനാലും.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അവർക്ക ശരിയായി ഉടുപ്പുകൊടുക്കാത്തതിനു അതു കാരണമായിരിക്കുകയില്ലല്ലോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേട്ടർ): ഞാൻ ഉത്തരവാദിയല്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇപ്പോഴത്തെ കൺസർവേട്ടരുടെ മേൽ ഉത്തരവാദിത്വം ചുമത്തുന്നതിനല്ല ഞാൻ തുടങ്ങുന്നത്—കീഴ്ജീവനക്കാരെ ശരിയായി ഉടുപ്പുകൊടുക്കുന്നതിനു ഫോറസ്റ്റ്ഡിപ്പാർട്ടുമെന്റു ഗവണ്മെന്റിനോടു ധരിപ്പിക്കാതിരുന്നതു എന്തുകൊണ്ടെന്നാണ് ഞാൻ ചോദിക്കുന്നതു.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേട്ടർ). രഹസ്യം പെട്ടിപ്പുറത്താതിരിക്കാൻ നിവൃത്തിയില്ല. ഇതിനായി ആവശ്യപ്പെടുന്ന തുക അനുവദിക്കണംഎന്നു ഞാൻ ഗവണ്മെന്റിനെ നിർബന്ധിച്ചുവരുന്നുണ്ടു. എന്നാൽഒരു ചെറിയതുക മാത്രമേ അനുവദിക്കാറുള്ളു.

പ്രൊസിഡെണ്ടു: ഇതേവരെ ഈ വിഷയത്തെ ഗവണ്മെൻറിനോടു വേണ്ടപോലെ പറഞ്ഞു ധരിപ്പിച്ചിട്ടില്ലായിരിക്കാം.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേട്ടർ): കഴിഞ്ഞാണ്ടു ൫൦൦൦ രൂപ മാത്രമേ ഉടുപ്പുപ്പെട്ടത്തിയിരുന്നുള്ളു. അതു ഈ കുറ്റത്തിനു മതിയായിരുന്നില്ല. "സംരക്ഷണവും പണികളും" എന്ന ഇനത്തിൽ നിന്നും ൫൦൦൦ രൂപ, ഇപ്പോഴാറി ചിലവാക്കേണ്ടതായിവന്നു. ഈ തുകകൊണ്ടു ഒരു കുട്ടം യൂനിഫാറം കൊടുത്തിട്ടുണ്ട്. ഈയ്യിടെ കഴിഞ്ഞ ആണ്ടവസാനത്തിൽ, യൂനിഫാറത്തെ സംബന്ധിച്ചു ഗവണ്മെന്റു പുത്തൻചട്ടങ്ങൾ നടപ്പാക്കി. ഈ ചട്ടങ്ങൾ അനുസരിച്ചു ഫാറസ്റ്റർമാർക്കും യൂനിഫാറങ്ങൾ കൊടുക്കേണ്ടതായും പകുതി വിലഗവണ്മെന്റു സഹിക്കേണ്ടതായും ഇരിക്കുന്നു. ഈ ചട്ടങ്ങൾ ഏർപ്പെടുക്കേണ്ടതു് എങ്ങനെ, അതായതു കൺട്രാക്ടായിട്ടോ അതല്ല നേരിട്ടുവാങ്ങിച്ചിട്ടോ എന്നു മി. രാമകൃഷ്ണപിള്ള ചോദിച്ചു. സ്ഥലത്തെ കൺട്രാക്ടർകൊണ്ടുവന്നു ഏർപ്പെടുത്തുവാനാണു ചിന്തയായിരുന്നതു. കഴിഞ്ഞാണ്ടു ഞങ്ങൾ കൺട്രാക്ടു് കർണാറിക്മിൽസിനുകൊടുത്തു. അവർ ഏർപ്പെടുത്തിയ തുണി നല്ലതരത്തിൽ ഉള്ളതും വിധ കുറഞ്ഞതും ആയിരുന്നതുകൂടാതെ യൂനിഫാറം ഒന്നിനു മൂന്നു വീതം ലാഭം ഉള്ളതായും ഞങ്ങൾ കണ്ടു. അതിനെക്കണ്ടവർ എല്ലാം അതിനെ അഭിനന്ദിച്ചിട്ടുണ്ടു. മൊത്തം ലാഭം വളരെ കൂടുതലും, ആയിരുന്നു—ഞങ്ങളുടെ ആളുകൾക്കു ഈയ്യാണ്ടിലും ഒരു കൂട്ടം യൂനിഫാറംകൂടി കൊടുക്കുന്നതിനു ൨,൪൦൦ രൂപ അത്യാവശ്യംതന്നെ.

പ്രൊസിഡെണ്ടു: തലപ്പാവുണ്ണി ഇവിടെത്തന്നെ ഉണ്ടാക്കുന്നതല്ലയൊ.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേട്ടർ): അറേത്തു തലപ്പാവുണ്ടാക്കുള്ള നൂൽ വാങ്ങി തലപ്പാവു ഇവിടെതന്നെയുണ്ടാക്കുകയാണ്—ഇണിവിടെഗ്ലാൻ നൂലിനു ചായം പിടിപ്പിക്കയും തലപ്പാ നെയ്യിക്കുകയും ചെയ്യുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (തെക്കുവും വടക്കുമാതുരം): തുണിതന്നെ വ്യവസായഡിപ്പാർട്ടുമെണ്ടുമുഖാന്തിരം ഇവിടെത്തന്നെ ഉണ്ടാക്കാൻ പാടില്ലയൊ എന്നറിയേണ്ടിയിരിക്കുന്നു.

പ്രൊസിഡെണ്ടു അതു കാക്കിയാകണമെന്നു അഭിപ്രായം പറയുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവെട്ടർ): ശരിയായ കാക്കിനിറം ഇവിടെ കിട്ടാൻ പ്രയാസമാണു—ഈ കാരണങ്ങളാൽ സർക്കാർ ഈ തുകയെ അനുവദിക്കണമെന്നുഞാൻ അഭ്യർത്ഥിക്കുന്നു.

മി. എ. ഹൈദർഖാൻ (ഗവണ്മെൻറുനിയമിച്ചമെംബർ): നിറം പച്ചയാക്കി മാറ്റാൻ പാടില്ലയോ.

പ്രൊസിഡെണ്ടു: തലപ്പാവു പച്ചനിറമായിരിക്കും. മി. രാമകൃഷ്ണപിള്ളയുടെ നിങ്ങളുടെ ഉപക്ഷേപം പിൻവലിക്കുന്നുവോ?

മി. എൻ. രാമകൃഷ്ണപിള്ള (തെക്കുവും വടക്കുമാതുരം) ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കുന്നു. ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

മി. വി. കുഞ്ഞുകൃഷ്ണപിള്ളയുടെ ൫൦൩-ാം നമ്പർ ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

ഉപക്ഷേപം ൫൦൪.

മി. വി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ പ്രയോഗിച്ചുകൊള്ളുന്നു.

൫൦൪—ഇനംകൊടുക്കുന്നതിനായി നീക്കിവച്ചിരിക്കുന്ന ൩൦൦ രൂപ വിട്ടുകളയണം.

കഴിഞ്ഞ രണ്ടുകൊല്ലങ്ങളായുള്ള ബഡ്ഡറ്റിൽ ഇങ്ങനെ ഒരിനം ഉണ്ടായിരുന്നില്ല. ഇതു ഒരു പുത്തൻ ഇനം തന്നെ, ഡിപ്പാർട്ടുമെണ്ടു ഈ രീതിയെ അനാവശ്യമായ ഒന്നിലധികം സ്ഥലങ്ങളിൽ ഇനാത്തിനു തുകകൾ ആവശ്യപ്പെടുന്ന പോലീസ്ഡിപ്പാർട്ടുമെന്റിനെ അനുകരിച്ചു ചേർത്തിരിക്കയാണ് എന്നു ഞൻ വിചാരിക്കുന്നു. ഈ രീതിയേയും ഞാൻ എതിർക്കാൻ പോകുന്നു. ഏതായാലും ബഡ്ഡറ്റിന്റെ രൂപാവശ്യത്തു ഇനം വകയ്ക്കു ൩൦൦ രൂപ ഉടുപ്പെടുത്തിയിരിക്കുന്നു അതു ഏതു കാര്യത്തിനാണെന്നു എതിർക്കുന്നുടാ.

പ്രൊസിഡെണ്ടു: ൩൦൦-രൂപയെയാകണാ നിങ്ങൾ പറയുന്നതു.

മി. വി.കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): ബഡ്ഡറ്റ് രൂപാംവശത്തു ചേർത്തിട്ടുള്ള ൩൦൦ രൂപ.

പ്രൊസിഡെണ്ടു: അതു ഫോറസ്റ്റ്ഡിപ്പാർട്ടുമെണ്ടിലേക്കു ചേർന്നതാണോ?

മി. വി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): അതെ.

പ്രൊസിഡെണ്ടു: അതു വേറെ ഇനം ആണ്—നാം ഇപ്പോൾ ന്യൂ ഡ്രി വനംഡൈവെർഷൻ എന്നതിനെ പറ്റിയാണ് വാദംനടത്തുന്നതു.

മി. വി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): ഫോറസ്റ്റ്ഡിപ്പാർട്ടുമെണ്ടു ബഡ്ഡറ്റിൽ ഇനാം തലക്കായി രണ്ടു സ്ഥലത്തു തുകകൾ ഉടുപ്പെടുത്തിട്ടുണ്ടു.

പ്രൊസിഡെണ്ടു: അതിനെപ്പറ്റി ഒരു ഉപക്ഷേപം നിങ്ങൾ ആവശ്യപ്പെട്ടതു പോലെ ഉടുപ്പെടുത്തിട്ടുണ്ട്.

മി. വി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): ബഡ്ജറ്റിന്റെ രണ്ടാം വകുപ്പിൽ ഇനാംവകയ്ക്ക് 1,00 രൂപ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. അതു തുടരുന്നതിന് ഞാൻ എതിരല്ല. അതു ആവശ്യം തന്നെ എന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ടു ഈ ഉപക്ഷേപം ഞാൻ സ്വാഗതം ചെയ്യുന്നു.

മി. ആർ. ധർമ്മക്കോടിപ്പിള്ള (വനംകൺസർവേറ്റർ): "ഡിഫറൻഷൽ" എന്നതിൽപ്പെട്ട ഇനാംവകയായി 1,00 രൂപ ഉൾപ്പെടുത്തിയിരിക്കുന്നതു വിജയവത്തായി ആനകളെ പിടിക്കുന്ന ആനക്കാരും, വനംവകുപ്പിന്റെ അറിവു തുടങ്ങുന്നതിനുമുമ്പുതന്നെ കാണിക്കുന്ന ധീരതയ്ക്കും കൺസർവേറ്റർ അനുവദിച്ചുകൊടുക്കാവുന്ന ഇനാമിനായിട്ടാകുന്നു. ഈയിടെ ചെല്ലപ്പൊക്കാ സംബന്ധിച്ചു പൊലീസുകാരും ഞങ്ങളുടെ ആളുകളും സഹായിച്ചതായി ചില സംഭവങ്ങൾ നടന്നു. ഇതിനുമുമ്പു ഈ ഇനത്തിനു പ്രത്യേകമായി പണം നീക്കിവയ്ക്കുന്ന പതിവുണ്ടായിരുന്നു. ഈയ്യാണ്ടു അതിനെ പ്രത്യേകം ഒരിനമായി ഉൾപ്പെടുത്തിയിരിക്കുന്നു.

മി. വി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): ഏതിനത്തിൽ

ടി. ആർ. ധർമ്മക്കോടിപ്പിള്ള (വനംകൺസർവേറ്റർ): തലയിലവിനത്തിൽ, തലയിലവിനത്തിൽഉൾപ്പെടുകയെന്നു ഇതിനു അനന്തരനാമമായി കുറച്ചിട്ടുണ്ടു. അതുതോന്നും ഇതു ചിലവാക്കപ്പെടുന്നു എങ്കിലും ഒരു പുതിയ ഇനമാക്കിയിരിക്കുന്നു എന്നെ ഉള്ളൂ.

1,00 രൂപ എന്നതു ഡിവിഷനൽ ഫോറസ്റ്റ് ആഫീസർമാർ മുകേട്ടുക്കേണ്ടതായ ഇനാത്തിനായിട്ടാകുന്നു. ഈ തുകയെ ആറു ഡിവിഷനുകളിലായി വീതിച്ചു കൊടുക്കുമ്പോൾ ഓരോ ഡിവിഷനിലേക്കും 1,0 രൂപാവീതം വരും. അതത്ര വലിയ തുകയല്ല.

മി. എ. ഹഗ്വാർഫ് (ഗവർണ്മെന്റു നിയമിച്ചമെംബർ): തലയിലവിൽനിന്നും ഇനാംവകയ്ക്കായി കഴിഞ്ഞയാണ്ടു എന്തുതുക ചിലവായി?

മി. ആർ. ധർമ്മക്കോടിപ്പിള്ള (വനം കൺസർവേറ്റർ): എനിക്കു അതു ക്ലിപ്തമായി ഓർമ്മയില്ല. മിസ്റ്റർ ഹഗ്വാർഫിനു ആ വിവരം വേണമെങ്കിൽ ഞാൻ പിന്നീടു പറയാം.

പ്രൊസിഡെണ്ടു്: ഉദ്ദേശം?

മി. ആർ. ധർമ്മക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഏകദേശം 1,00 രൂപായോളം ഇരിക്കും, എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞുകൃഷ്ണപിള്ള ഉപക്ഷേപം പിൻവലിക്കേണമെന്നു വിശ്വസിക്കുന്നു.

പ്രൊസിഡെണ്ടു്: അതു പേരുമാറ്റം മാത്രമേ ഉള്ളൂ. മിസ്റ്റർ ധർമ്മക്കോടിപ്പിള്ള പറയുന്നതു അങ്ങനെയാണു്. മിസ്റ്റർ കുഞ്ഞുകൃഷ്ണപിള്ളയ്ക്കു നിങ്ങൾ ഉപക്ഷേപം വേണമെന്നു നിർബന്ധിക്കുന്നുണ്ടോ?

മി. പി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): ഞാൻ ഉപക്ഷേപം നിർബന്ധിക്കുന്നില്ല.

ഉപക്ഷേപം അനുവാദപൂർവ്വകം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ 1,01-ം, 1,02-ം.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. ജി. പരമേശ്വരൻപിള്ള:—

1,01. ഇനാത്തിലേക്കായി നീക്കിവച്ചിരിക്കുന്ന 1,00 രൂപായിൽ 1,00 രൂപാ കുറയ്ക്കുണം.

മി. പി. കെ. നാരായണപിള്ള:—

1,02. ഡയറക്ഷൻ വകയ്ക്കായി നീക്കിവച്ചിരിക്കുന്ന 1,1,1 രൂപായിൽ 1,00 രൂപാ കുറയ്ക്കുണം.

ഉപക്ഷേപം 1,0൯.

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കാവും ഷിറവമാനുരും): താഴെ പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

1,0൯. "സംരക്ഷണത്തിനും പണികഴിക്കും" ഇനത്തിൽ താൽക്കാലികജീവനക്കാർക്കു നീക്കിവച്ചിരിക്കുന്ന 1,0,1 രൂപ തള്ളിക്കളയണം.

സർ, താൽക്കാലികജീവനക്കാർ എന്തിനായിട്ടാണെന്നും ആ താൽക്കാലികജീവനക്കാർ ചെയ്യുന്ന ജോലി എത്രമാതിരിയിൽ ഉള്ളതാണെന്നും അറിയുന്നതിനായിട്ടാണ് ഈ ഉപക്ഷേപം ഞാൻ ഉൾപ്പെടുത്തീട്ടുള്ളതു. ഈ വിവരം ലഭിക്കുന്നതിനായിട്ടാണ് ഞാൻ അതിനെ ഉൾപ്പെടുത്തിയിരിക്കുന്നതു്.

മി. ആർ. ധർമ്മക്കോടിപ്പിള്ള (വനംകൺസർവേറ്റർ): സർ, ഞങ്ങൾ താൽക്കാലികജീവനക്കാരെവച്ചുരിക്കുന്നതു പെൻഷൻ കൊടുക്കാവുന്നജീവനക്കാരുടെ എണ്ണം വർദ്ധിക്കാതിരിക്കുന്നതിനുവേണ്ടിയിട്ടാണ് എന്നു കഴിഞ്ഞയാണ്ടു ഞാൻ വിവരിച്ചുപറഞ്ഞിട്ടുണ്ടു്. താൽക്കാലികജീവനക്കാർ എന്ന ഇനത്തിൽ സർവ്വെയർമാരേയും ഫോറസ്റ്റർമാരെയും തോട്ടങ്ങളിലും ഡിപ്പോകളിലുമുള്ള വാച്ചർമാരെയും അഗ്നിദ്വാധ്യക്ഷന്മാരുള്ള വാച്ചർമാരെയും ചന്ദനത്തോട്ടം വാച്ചർമാരേയും അതുപോലെയുള്ള മറ്റുള്ളവരെയും ഉൾപ്പെടുത്തുന്നു. ഈ ജീവനം ആണ്ടുതോറും തുടർന്നു നിയമിക്കപ്പെട്ടവരുന്നതിനാൽ അവരെ താൽക്കാലികജീവനക്കാരുടെ ഇനത്തിൽ വയ്ക്കുന്നതു കഠിനംതന്നെയാണ്. സഭ അനുവദിക്കുമെങ്കിൽ ഞാൻ അവരെ സ്ഥിരപ്പെടുത്തിയേക്കാം.

പ്രൊസിഡെണ്ടു്: നിങ്ങൾ ആ വിഷയത്തെ പ്രത്യേകമായി ഹാജരാക്കേണ്ടിയിരിക്കുന്നു. നിങ്ങൾ നവംബറിലേക്കു എഴുതിഅയക്കുകയും ആ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ആവശ്യകതയെ വിസ്തരിച്ചു പറയുകയും ചെയ്യുണം.

മി ആർ. ധർമ്മക്കോടിപ്പിള്ള (വനം കൺസർവേറ്റർ): കാര്യവശാൽ അവർ സ്ഥിരജീവനക്കാർതന്നെയാണ് എങ്കിലും പെൻഷൻ ചിലവു കൂട്ടാതിരിക്കുന്നതിനായി അവരെ താൽക്കാലികജീവനക്കാരായി ഗണിച്ചിരിക്കുകയാകുന്നു.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും ചെത്തനാടിയും): എത്രകൊല്ലമായി ഈ ജീവനക്കാരെ പരിപാലിച്ചുവരുന്നു എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേട്ടർ): അനേകം കൊല്ലങ്ങളായി ഈ ജീവനക്കാരെ പരിചോദിച്ചുവരുന്നു.

പ്രൊസിഡിങ്ങ്സ്: ഇതു പിന്നീടുള്ള ഘട്ടത്തിൽ വരുന്നതായ സംഗതിയല്ലയോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേട്ടർ): ഒന്നരണ്ടു ചില്ലറ ഇനങ്ങളിൽ അല്ലാതെ മാറ്റങ്ങൾ ഒന്നുംഇല്ല.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും പിന്നുമാനുരും): കഴിഞ്ഞയാണ്ടു കൂട്ടുത്ത ജീവനക്കാർ എത്രയായിരുന്നു?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേട്ടർ): ഈ ജീവനക്കാരിൽ കൂട്ടുതൽ ഒന്നും ഉണ്ടായിട്ടുണ്ടായില്ല.

പ്രൊസിഡിങ്ങ്സ്: ചിലപ്പോൾ ഇതു ബഡ്ജറ്റിൽ കാണാം.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും പിന്നുമാനുരും): കഴിഞ്ഞാണ്ടത്തെക്കാൾ എണ്ണം ഇതു ഉദ്യോഗപ്പെടുത്തിയിരുന്നു എന്നു ബഡ്ജറ്റിൽ കാണിക്കുന്നില്ല.

പ്രൊസിഡിങ്ങ്സ്: കഴിഞ്ഞാണ്ടു എണ്ണം ഇതു ഉദ്യോഗപ്പെടുത്തിയിരുന്നു?

മി. കെ. ജാജ് (ഓഫീസൻസ്ക്വൽ സിക്കിട്ടറി): ഫോൺ--ാമാണ്ടിലെ കണക്കു തീർന്നിട്ടില്ല.

മി. എ. ഹൂഗ്വർഫ് (ഗവണ്മെൻറ നിയമിച്ചമെംബർ): താൽക്കാലികജീവനക്കാരുടെ ഉദ്യോഗംഎങ്ങനെ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേട്ടർ): ആവശ്യം ഉള്ളപ്പോൾ അവരെ ഫിൽപ്പെടുത്തുകയും ആവശ്യം ഇല്ലാത്തപ്പോൾ അവരെ പിരിച്ചയക്കുകയും ആണ്.

പ്രൊസിഡിങ്ങ്സ്. അതു ഒരുമാതിരി പരിശീലനസ്ഥലംപോലെയാണ്. അവർക്ക പരിശീലനം സിദ്ധിക്കുന്ന മുറക്കു അവരെ അവിടെ ഫിൽപ്പെടുത്തുന്നു.

മി. ഹൂഗ്വർഫ് (ഗവണ്മെൻറ നിയമിച്ചമെംബർ): അവർ അത്യാവശ്യമാണെങ്കിൽ അവരെ സ്ഥിരപ്പെടുത്താത്തതു എന്തുകൊണ്ടു?

പ്രൊസിഡിങ്ങ്സ്: കൺസർവേട്ടർ അതു ആവശ്യമാണെന്നു വിചാരിക്കുന്നു. ഇതിനെപ്പറ്റി അദ്ദേഹം പ്രത്യേകമായി ഗവണ്മെണ്ടിലേക്ക എഴുതിഅയക്കാൻ പോകുകയാണ്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർ, ഈ വിഷയമായി ഞാൻ ഒരു വാക്കു പറയാൻ ആഗ്രഹിക്കുന്നു. ഈ ജീവനക്കാർ സംരക്ഷണത്തിനും പണികഴിക്കും ആണെന്നു ഞാൻ കാണുന്നു. അടുത്തയാണ്ടു തന്നെ പണിയിൽനിന്നും നീക്കിക്കളയും എന്നു കാണുന്ന ഒരുവൻ ഒരു സ്ഥിരഖാവണക്കാരൻ കാണിക്കുന്നിടത്തോളംഉള്ള ശ്രദ്ധ കാണിക്കുന്നതല്ല. ഫോറസ്റ്റ്ഡിപ്പാർട്ടുമെൻറ രൂപീകരിച്ചകാലം മുതൽ ഈ താൽക്കാലികജീവനക്കാരും ഉണ്ടായിരിക്കുന്നു എന്നു വനം കൺസർവേട്ടർ പറയുന്നു.

പ്രൊസിഡിങ്ങ്സ്: വളരെ കൊല്ലങ്ങളായിരിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞതു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതെ. അദ്ദേഹം അങ്ങനെതന്നെ പറഞ്ഞു. ഏതായാലും അവർ വളരെ കൊല്ലങ്ങളായി നടന്നുവരുന്നു. ഈ ജീവനക്കാരെ സ്ഥിരമാക്കേണ്ടതു ആവശ്യമാണെന്നു എനിക്കു തോന്നുന്നു. ഒന്നാമതായി സല്പ്രവൃത്തിചെയ്യുന്നവരായ ഒരുവനു സർക്കാർജീവനത്തിൽ സ്ഥിരമായ ലാവണവും പെൻഷൻ വാങ്ങാവുന്ന ഒരുകാലം വരുമെന്നും തോന്നുമ്പോൾ, സർക്കാർജോലിയിൽ, വിശേഷിച്ചും സംസ്ഥാനത്തിലെ സുസ്ഥിരമായ നന്മയെ സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ള സംരക്ഷണജോലിയിൽ അയാൾ കൂടുതൽ ശ്രദ്ധ കാണിക്കും. താൽക്കാലികജീവനക്കാർ ഉണ്ടെങ്കിൽ റേഞ്ചർമാരും മറ്റു ഉദ്യോഗസ്ഥന്മാരും ബഹുമായ പരിക്ഷകൊണ്ടു വശംവദരായിത്തീരും. അതുകൊണ്ടു ഡിപ്പാർട്ടുമെണ്ടിൻറ ശ്രദ്ധയോടുകൂടിയ കണക്ക പരിശോധന ഉണ്ടായിരുന്നതും ആണെങ്കിലും ചിലവാകാതെ ഫിതെങ്കിലും സംഭവ്യമുണ്ടായിരിക്കുമ്പോഴും അവക്ക ഉപയോഗപ്പെടുന്ന മാറ്റവസരങ്ങളിലും ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർ ആളുകളെ നിയമിക്കും. വളരെ സൂക്ഷ്മമായി നോക്കാൻ പാടില്ലാത്തതായി അനേകം ഉദ്യോഗങ്ങൾ ഉണ്ടാകും. അപ്രകാരമുള്ള ജീവനക്കാരുടെ ചിലുകൾ ചിലപ്പോൾ പേരുകേൾ കാണുന്നതുണ്ടെന്നും എന്നാൽ ആ ആളുകൾ ഇല്ലാ എന്നും വരുവുന്നതാണ്. ചിലപ്പോൾക്കാലിക ഉദ്യോഗസ്ഥന്മാരും ഞാനുംകണ്ടു ഉണ്ടായസംശോധനത്തിൽനിന്നും--താൽക്കാലിക വനംഉദ്യോഗസ്ഥന്മാർ എന്നല്ലഞാൻ പറയുന്നതു--കഴിഞ്ഞതരത്തുന്ന കൊല്ലങ്ങളിലായി ഈ സഭയിൽ പ്രധാന സ്ഥാനംപോലിച്ചിട്ടുള്ള അസിസ്റ്റണ്ട് കഫർമിഷണർമാർ പോലും ഈയുണ്ടിലൊ അടുത്തയാണ്ടിലൊ അവരുടെ ഉദ്യോഗം നിർത്തലാക്കപ്പെടുമെന്നു തോന്നിയിരുന്നില്ലെങ്കിൽ, അവർക്കിടയും കൂടുതൽവേല ചെയ്യുമെന്നു എനിക്കു തോന്നുന്നു. മാസം ഒന്നുക്കു ൪൦—൫൦ രൂപവരെ കിട്ടുന്ന ഒരു ഗ്രാഡുയെറ്റിൻറ സ്ഥിതി അപ്രകാരം ആണെങ്കിൽ വനത്തിനുള്ളിൽ താണതരം ജോലിക്കായി ൭ അല്ലെങ്കിൽ ൫൦ രൂപവരുവും കിട്ടുന്ന ഒരുത്തൻറ സ്ഥിതിയെ വിവരിക്കുന്നതെന്നില്ല. കീഴ്ജീവനക്കാർ ആവശ്യമാണെങ്കിൽ അവരെ സ്ഥിരജീവനക്കാരാക്കണം, സഭ സമ്മതിക്കുകയാണെങ്കിൽ ആ ജീവനക്കാരെ സ്ഥിരജീവനക്കാർആക്കാംഎന്നു കൺസർവേട്ടർ വാദമദ്ധ്യേപറഞ്ഞു. കൺസർവേട്ടർക്കും ഈ സഭയിലെ അനുഭവ്യോഗസ്ഥസാമാജികന്മാർക്കും തമ്മിൽ തെറ്റിദ്ധരിക്കരാർഒന്നുംഇല്ല. കൺസർവെട്ടർക്ക ആ വിഷയത്തിൽ ബഹുമായ വിശ്വാസം ഉണ്ടെങ്കിൽ അദ്ദേഹം അവർക്കുണ്ടെങ്കിലേക്ക എഴുതിഅയയ്ക്കണം. നിർദ്ദോഷം ഗ്രഹിക്കുമാണെന്നു സഭയ്ക്കുതോന്നുകയാണെങ്കിൽ അവർ അതിനെ അനുവദിക്കും. "അനുവദിക്കാൻ സഭയ്ക്കുമുദ്ദേശമുണ്ടെങ്കിൽ" എന്നപോലെ ആവത്തിച്ചുകൂടാ.

മി. എ. ഹൂഗ്വർഫ് (ഗവണ്മെൻറ നിയമിച്ചമെംബർ): ഈ വിഷയത്തെപ്പറ്റി മിസ്റ്റർ ടി. കെ.വേലുപ്പിള്ള പറഞ്ഞതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഇപ്രകാരം താൽക്കാലിക ജീവനക്കാരെ വച്ചുകൊണ്ടിരിക്കുന്നതു സർക്കാർജീവനത്തിൻറെ കാര്യക്ഷമതയ്ക്കു പോരാത്തതാണ്, നിയമിക്കപ്പെടുന്ന താൽക്കാലികജീവനക്കാർക്കുയാതൊരു ഉത്തരവാദിത്വവും തോന്നുകയില്ല. ഇതിലും പബ്ലിക്കുവർക്സ് ഡിപാർട്മെണ്ടിലും അനേകം താൽക്കാലികജീവനക്കാർഉണ്ടു. താൽക്കാലികജീവനക്കാരെ അടുത്തദിവസത്തിലൊ അടുത്തമണിക്കൂറിൽ തന്നയൊ എടുത്തുസംഘടിക്കുമെന്നു നിശ്ചയമില്ല. അതിനാൽ അവർക്കാവശ്യമുള്ളപ്പോൾ ഇറക്കുകയും ഉദ്യോഗത്തിൽ ഇരിക്കുന്ന സമയത്തെ എത്രത്തോളം സമയോജനവത്താക്കാമോ അത്രയും പ്രയോജനവത്താക്കുക

ും ചെയ്യുകൊടുക്കുന്നു. ഈതിനാൽ വളരെ അപ്രാവശ്യമായി-ള്ള ചുരുക്കം ചില കാര്യങ്ങളിൽ അല്ലാതെ നിങ്ങ ത്തരവാളിത്വപ്പെടാണത്തെ അടിസ്ഥാനപ്പെടുത്തി ഈ താൽക്കാലിക രീതിയെ നിർത്തണം എന്നാണ് എന്റെ അഭിപ്രായം. താൽക്കാലികജീവനക്കാർക്ക് വല്ലായ്മ അനുഭവപ്പെടുന്നുണ്ടെങ്കിൽ എത്രയോ അധികം അവർക്ക് സ്ഥിരപ്പെടുത്തുന്നതാണ് നന്നായിരിക്കും.

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): മിസ്റ്റർ ടി. കെ. വേലുപ്പിള്ള സഭാസമക്ഷം ഒരു പ്രമേയം കൊണ്ടുവന്നിരിക്കുന്നു—

പ്രസിഡന്റ്: അതെപ്പറ്റി അഭിപ്രായം മാത്രമാകുന്നു.

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അതിനെ വിമർശിക്കാൻപാടില്ല. മിസ്റ്റർ വേലുപ്പിള്ള പുറപ്പെടുവിച്ച സൂചനയെപ്പറ്റി സഭ ഏതെങ്കിലും അഭിപ്രായം രൂപീകരിക്കുമുമ്പ് അതുസംബന്ധിച്ചു മറ്റു പലതും അവസ്ഥാന്തരങ്ങളെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലും ഇല്ലുകാർ, വാച്ചർമാർ, എന്നിവരായിട്ടുള്ള തഞ്ചിയവുജോലിക്കാർ എന്നപേരുള്ളവർ ജീവനക്കാർതന്നെയാണ്. ഫ്രാൻസ്ഡിപ്പാർട്ടുമെന്റിലെ പണികൾക്കുള്ള താൽക്കാലികജീവനക്കാർ ഞാൻ പറഞ്ഞ തഞ്ചിയവു ജീവനക്കാരെപ്പോലെയുള്ളവരേ ഉള്ളൂ. പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെന്റിലെപ്പോലെ ഫ്രാൻസ്ഡിപ്പാർട്ടുമെന്റിലും പണികൾക്കായി താൽക്കാലികജീവനക്കാരെ വച്ചിരിക്കുന്നതിന്റെ ഉദ്ദേശം ആവശ്യംപോലെ കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ഡിപ്പാർട്ടുമെന്റിനു സൗകര്യമുണ്ടാകാനായിട്ടാകുന്നു.

പ്രൊപ്പോസിഡെണ്ട്: ഫ്രാൻസ്ഡിപ്പാർട്ടുമെന്റിലെ താൽക്കാലികജീവനക്കാരെ ഒഴിച്ചു മറ്റുള്ളവർ പാടില്ലാ എന്നതാണ്.

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): എല്ലായ്പോഴും പെൻഷൻ കൊടുക്കേണ്ടതുതന്നെയായിരിക്കണം ഇതിലേക്കു നിയമനങ്ങളെല്ലാം പെൻഷൻ കൊടുക്കേണ്ടവയാണെങ്കിൽ ഈ പെൻഷനിലും അവധി ശമ്പളത്തിലും വലുതായ കൂട്ടുചിലവു കാണേണ്ടതായിരിക്കും.

റാവുബഹാദൂർ കെ. എ. കൃഷ്ണയ്യർ (ഗവണ്മെന്റ് നിയമിച്ചുമെംബർ) (ഡപ്യൂട്ടിപ്രസിഡെണ്ട്): സ്ഥിരമായി വല്ലയാളുകളും ഉണ്ടോ? അത്യാവശ്യമുള്ളപ്പോൾ വേലചെയ്യുന്നതിനായി വല്ലപ്രകാരമായി ഏതാനും സർവ്വീസുകൊണ്ട് ആവശ്യം ഫ്രാൻസ്ഡിപ്പാർട്ടുമെന്റിനു ഉണ്ടാകുന്നതായി എനിക്കു തോന്നുന്നു. സ്ഥിരമായി ആവശ്യമുള്ളവരെ സ്ഥിരമായും കൂട്ടുചെയ്തു ആവശ്യമുള്ളപ്പോൾ താൽക്കാലികമായും നിയമിക്കാൻ പാടില്ലാത്തതെന്തുകൊണ്ട്?

പ്രസിഡെണ്ട്: ഫ്രാൻസ്ഡിപ്പാർട്ടുമെന്റിനു സ്ഥിരമായി സർവ്വീസുകൊണ്ട് ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ആവശ്യമുള്ളപ്പോൾ അവർക്ക് റെവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും വായ്പവാങ്ങിക്കൊള്ളാവുന്നതാണ്.

റാവുബഹാദൂർ കെ. എ. കൃഷ്ണയ്യർ (ഗവണ്മെന്റ് നിയമിച്ചുമെംബർ) (ഡെപ്യൂട്ടിപ്രസിഡന്റ്): ഈ ഇരുപതുവർഷം പെൻഷൻ ഇല്ലാതാക്കുന്നതിനായി ആ ഭാഗത്തെ വളരെക്കാലത്തേക്കു താൽക്കാലികമായി വച്ചുകൊണ്ടിരുന്ന ക്ലർക്കുപോസ്റ്റ് എന്നാണു ഞാൻ മനസ്സിലാക്കുന്നതു.

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): അതു ശരിയാണെന്നു തോന്നുന്നില്ല. ഈ ഉദ്ദേശംകൊണ്ടു പെൻഷനുള്ള യോഗ്യതയില്ലായിരിക്കാം. സർവ്വീസുകളുടെ സംഗതികളെ പ്രത്യേകമായി കണക്കിലെടുത്തു കാര്യങ്ങൾ ശരിപ്പെടുത്താം. ഫ്രാൻസ്ഡിപ്പാർട്ടുമെന്റിൽ ഉള്ള താൽക്കാലികജീവനക്കാരെ പെൻഷൻ കൊടുക്കേണ്ടവരായി തുടങ്ങുകയാണെങ്കിൽ പബ്ലിക്ക്വർക്സ് ഡിപ്പാർട്ടുമെന്റിലും അതുപോലുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തേണ്ടിവരും എന്നാൽ സംസ്ഥാനത്തിനു ധനസ്ഥിതി അപ്രകാരം ചെയ്യുന്നതിനു അനുവദിക്കുന്നില്ല.

മി. എ. ഇബ്രാഹീം (ഗവണ്മെന്റ് നിയമിച്ചുമെംബർ): "താൽക്കാലികം" എന്നപദം "പെൻഷൻകൊടുക്കേണ്ടതല്ലാത്തതു" എന്നതിന്റെ പര്യായപദമാകുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി). താൽക്കാലികം എന്നാൽ സ്ഥിരമല്ലാത്തതുമെന്നതും ഒന്നിന്റെ ജോലി സ്ഥിരമാവേണ്ടതുമാണ് ആദ്യംസ്ഥിരമായും ഇരുന്നാൽമാത്രമേ അയാൾക്കു പെൻഷനു അവകാശമുണ്ടായിരിക്കുകയുള്ളൂ.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ നിർദ്ദേശം സ്വീകരിക്കുന്നതിൽ ഇതിന്റെ ഫലത്തിനുള്ള പ്രതിബന്ധം പെൻഷൻതുകകൂടി പോകും എന്നുള്ള ഏകകാരണംമാത്രമാണോ എന്നറിയേണ്ടിയിരിക്കുന്നു.

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി). ഞാൻപ്രത്യേകമായി ചിന്തിക്കുന്ന ഒരു നിഷ്കർഷയായഅവസ്ഥാന്തരം അതായിരിക്കും.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അക്കൌണ്ടാഫീസർ ഉദ്യോഗസ്ഥന്മാരുടെ സ്വന്തം ജോലിക്കായി നിയമിച്ചിരിക്കുന്ന ശിപായിമാർക്കും ഫ്രാൻസ്ഡിപ്പാർട്ടുമെന്റിനു അഗ്നിബാധയെയും തടുക്കുന്നതിനുള്ള വാച്ചർമാർക്കും തമ്മിൽ ഉത്തരവാദിത്തത്തിന്റെ തരതമ്യം എത്രയുണ്ടെന്നു മിസ്റ്റർ ജോർജിൽനിന്നും അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): ശിപായിക്കു വലുതായ ഉത്തരവാദിത്വമുണ്ടു, വാച്ചുക്കു അധികം ഒന്നുംഇല്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതുസംബന്ധിച്ചുള്ള ഇരിക്കുന്ന വാച്ചുക്കു വേണ്ടിടത്തോളം ഉത്തരവാദിത്വം ഇല്ലയെന്നോ?

പ്രസിഡെണ്ട്: അതു അഭിപ്രായസംബന്ധമായ വിഷയമാണ്.

മി. എൻ. രാമകൃഷ്ണപിള്ള (വയ്ക്കവും ഏറ്റുമാനൂരും). ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക്രമം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു.

എ.എ.സി. എസ്റ്റിക്കുട്ടിയുടെ ജീവനക്കാർക്കും രക്ഷകന്മാരുടെയും ജീവനക്കാർക്കും സഞ്ചാരപ്പടിക്കായി നീക്കിവച്ചിരിക്കുന്ന എ.ടി.വി.൩൦൦ രൂപയിൽ നിന്നു വി.൧൦൦ രൂപ കുറയ്ക്കണം.

സ്വാമിൻ, ഈ ഇനത്തിൽ എ.൦ൽ-ാമത്തെ വാസ്തവത്തിൽ ചിലവായതു എന്നു൯൭൦ രൂപ മാത്രമായിരുന്നു. എ.൦ൽ൭-ാമതായി അതു എന്നു൩൦൦ ചിലപ്പോഴാണു രൂപയായിരുന്നു. എ.൦ൽ.വി-ാമത്തെ അതു എ.എ.൭ ആയി രൂപമാത്രമായിരുന്നു. അതിനാൽ ഈ ഇനത്തിൽ ഉള്ള ചിലവു മുന്നാണുകളെക്കാൾ കുറവായിരുന്നു എന്നു എനിക്കുതോന്നുന്നു. ഈയാണ്ടു എ.ടി.വി൩൦൦ രൂപ ബഡ്ഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. എ.൦ൽ.വി-മതു വാസ്തവചിലവിനെക്കാൾ എന്തിനായി ൪൫,൦൦൦ രൂപ കൂടുതൽ ഉണ്ടായിരിക്കണം എന്നു എനിക്കറിഞ്ഞുകൂടാ. മുന്നാണ്ടിൽ ബഡ്ഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇക മുഴുവനും ചിലവാക്കപ്പെട്ടില്ല. അതിനാൽ ഞാൻ അതിനെ എ.൫,൦൦൦ രൂപയാക്കുന്നു. നിർദ്ദിഷ്ടമായ കുറയ്ക്കലിനെ സമ്മതിക്കണമെന്നു മിസ്റ്റർ ധനക്കോടിപ്പിള്ളയോടു അപേക്ഷിക്കയും ചെയ്യുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഇതും ഒരു മിഥ്യാബോധവിഷയമാണ്. ഞങ്ങൾക്കു ഡ൭ രേഞ്ചർമാരും ഡ.൩ ഡെപ്യൂട്ടി രേഞ്ചർമാരും ന്യൂ.ഫാറസ്റ്റർമാരും ഉണ്ടു. അവർക്കു സ്ഥിരമായ സഞ്ചാരപ്പടി കൊടുക്കേണ്ടതായുണ്ടു. രേഞ്ചർമാർക്കു ഡ൪ രൂപവീതവും ഡെപ്യൂട്ടി രേഞ്ചർമാർക്കു എ.൦ രൂപവീതവും ഫാറസ്റ്റർമാർക്കു ന്യ-൩, ൭-൮, വു-൦ രൂപവീതവും കൊടുക്കേണ്ടതുണ്ടു. ഈ ആളുകളുടെ സ്ഥിരസഞ്ചാരപ്പടിമാത്രം എന്യൂ.വു൫ രൂപയാകും.

റാവുബഹദൂർ കെ. എ. കുഞ്ഞുണ്ണികാർ (ഗവണ്മെൻറു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ടു): അതു സ്ഥിരം സഞ്ചാരപ്പടിയാണോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറേറർ): അതെ. അവർ ഒരുമാസത്തിൽ ഏതാണ്ടു ക്യാമ്പിടിവസം സഞ്ചരിക്കേണ്ടതായുണ്ടു.

പ്രൊസിഡണ്ടു: കുറഞ്ഞ ചിലവിനു നിങ്ങൾ എന്തു കാരണംപറയുന്നു.

മി. ആർ. ധനക്കോടിപ്പിള്ള: (വനം കൺസർവേറ്റർ): കുറഞ്ഞചിലവിനെറ കാര്യത്തിൽതുകകൂടെ ബഡ്ഡ്ജറിൽ ഉൾപ്പെടുത്തിയിരുന്ന ഇക മതിയായിരുന്നില്ല എന്നതുകൊണ്ടു മറ്റു ഇനങ്ങളിൽനിന്നും വകമാറ്റി ചിലവാക്കിവന്നിരുന്നു എന്നും അറിയിക്കുന്നു.

പ്രൊസിഡണ്ടു. അതു സമാധാനം തരുന്നില്ല. കുറച്ചു ചിലവാക്കുകയും പിന്നീടു വകമാറി ചിലവാക്കുകയും ചെയ്യുന്നതെന്തിനു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): യീക്കിവച്ചിട്ടുള്ളപണം മതിയാകുന്നതല്ലെന്നും ആ ഇകയെ കവിഞ്ഞു ചിലവാക്കേണ്ടതാണെന്നും ഞങ്ങൾ കാണുകയാൽ മറ്റു ഇനങ്ങളിൽനിന്നു ചിലവു നടത്തുന്നതിനു ഞങ്ങൾ നിർബ്ബന്ധിതരായിരിന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സംഘോച്ചയു അങ്ങനെയല്ല എന്നുള്ളകാര്യത്തിൽ അല്പോഹത്തിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ? ചെറിയഇക ബഡ്ഡ്ജറിൽ ഉൾപ്പെടുത്തി എന്നും കൂടുതൽഇക ചിലവാക്കുന്നു എന്നും മിസ്റ്റർ ധനക്കോടിപ്പിള്ള പറയുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നു. എ.൦ൽ-ൽമാത്രം അങ്ങനെയായിരുന്നു. എന്നാൽ എ.൦ൽ൭-ൽ എന്നു൫൦൦ രൂപ മാത്രമെ ചിലവാക്കപ്പെട്ടിട്ടുള്ളു. എ.൦ൽ.വു-ൽ അതു എ.എ.൭ ആയി രൂപ മാത്രമായിരുന്നു. ബഡ്ഡ്ജറിൽ ഉള്ള കന്നക്കകളിൽനിന്നും അങ്ങനെയാണ് ഞാൻ കാണുന്നതു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ചില ഫാറസ്റ്റർമാരും ചില ഡെപ്യൂട്ടിറേഞ്ചർമാരും ഡിപ്പൊ ചാർജ് വഹിക്കാൻ നിയമിക്കപ്പെട്ടിരുന്നു. അക്കാലത്തു അവർക്കു സ്ഥിരം സഞ്ചാരപ്പടി കൊടുക്കപ്പെട്ടിരുന്നില്ല.

പ്രൊസിഡണ്ടു: നിങ്ങൾ കൂടുതൽപണം ചിലവാക്കുകയല്ല ലാഭം വരുത്തുകയാണ് ചെയ്യുന്നതു എന്നാണു അല്പോഹം പറയുന്നതു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): എനിക്കിപ്പോൾ വിസ്തരിച്ചു പറയാൻ നിവൃത്തിയില്ല. എങ്കിലും സ്നേഹിതനു കന്നക്കകൾ എവിടെന്നു കിട്ടിയെന്നു എനിക്കറിഞ്ഞുകൂടാ.

മി സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ബഡ്ഡ്ജറിൽനിന്നു.

പ്രൊസിഡണ്ടു. സഞ്ചാരപ്പടി ക്ലിപ്തമുകയാണെങ്കിലും ചിലവു ബഡ്ഡ്ജറധികമാകുകയാൽ കുറവായിരിക്കുന്നതിനു ഒരു മാർഗ്ഗമെയുള്ളു, വാസ്തവത്തിൽ കൊടുക്കേണ്ടതായ സഞ്ചാരപ്പടി ബഡ്ഡ്ജറിൽ ഉള്ള ഇകയെക്കാൾ വളരെ കുറവായിരുന്നിരിക്കാം. അല്ലെങ്കിൽ ചിലർ അവധിയിൽ പോയിരിക്കയും പകരം ആരും നിയമിക്കാതെയും ഇരുന്നിരിക്കാം. ഇകകുറെ ശരിയാർന്നതു എനിക്കു തോന്നുന്നു. അനുവദിച്ചിരിക്കുന്ന ഇകയിൽ കൂടുതലായി നിങ്ങൾ ചിലവാക്കുന്നു എന്നു നിങ്ങൾ പറഞ്ഞതു ശരിയാണ്.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഞങ്ങൾ അതിനെ മറുവിധത്തിൽ യോജിപ്പിക്കാൻ ശ്രമിക്കുകയാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എ.൦ൽ൭-ലേയ്ക്കു ബഡ്ഡ്ജറിൽ ഉൾപ്പെടുത്തിയിരുന്ന ഇക എ.൫,൦൦൦ രൂപയും പുതുക്കിച്ചഇക എന്നു,൫൫൦ രൂപയും ആയിരുന്നു, അതുപോലെ എ.൦ൽ.വു-ലേയ്ക്കു ബഡ്ഡ്ജറധികമുള്ളഇക എ൪,൦൦൦-വും പുതുക്കിച്ചഇകയും അങ്ങനെതന്നെയായിരുന്നു. എ.൦ൽ.വു-ലേയ്ക്കു പുതുക്കിച്ചഇക എ൪,൦൦൦ ആയിരുന്നു. എന്നാൽ വാസ്തവത്തിൽ ചിലവായതു എ.എ.൭ രൂപയായിരുന്നു.

പ്രൊസിഡണ്ടു: ഇതു അവധിയിൽപോയിരുന്ന ഒഴിവുകൾക്കു ആളാക്കാത്തതിനാൽ ആയിരിക്കാം.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): സ്ഥിരം സഞ്ചാരപ്പടിയായി നിശ്ചയിച്ചിട്ടുള്ള വാസ്തവമായ ഇക ചിലവാകുന്നതരങ്ങൾ എ൭,൦൦൦ രൂപ വേണം. എന്നാൽ ചില ആളുകളിൽ ഡിപ്പൊ ചാർജ് വഹിക്കാൻ നിയമിച്ചു അങ്ങനെ കുറെ മിച്ചം വരുത്തുന്നുണ്ടു.

പ്രൊസിഡണ്ടു. എന്നാൽ അതു മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള പറഞ്ഞതുമായി യോജിക്കാതിരിക്കുന്നില്ല. കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി ബഡ്ഡ്ജറിൽ ഉൾപ്പെടുത്തിയിരുന്ന ഇക മുഴുവനും നിങ്ങൾ ചിലവാക്കിയില്ല എന്നും

ണ്ട് അദ്ദേഹത്തിന്റെ ബലമായ വാദം, അങ്ങനെയാണെങ്കിൽ നിങ്ങൾക്ക നീക്കിവയ്ക്കുന്ന തുകയെ കുറയ്ക്കാൻ പാടില്ലായിരുന്നുവെന്നുകൂടെയുണ്ട്.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേട്ടർ): ബാക്കിയുള്ള തുകകളെ ഞാൻ നോക്കാം. തുകയിൽ എന്തെങ്കിലും കുറവുണ്ടെന്നാണ് എനിക്കു തോന്നുന്നതു. ഉദ്യോഗസ്ഥന്മാരിൽ തുക മുഴുവൻ എനിക്കു ആവശ്യം ഉണ്ടു.

പ്രൈസിഡണ്ടു: ഏതുകേസിലും ക,വ ൦ ൦ രൂപ എന്ന സംഖ്യയായ തുക കുറയ്ക്കുവാൻ നിങ്ങൾക്കു സമ്മതിക്കാത്തതുകൊണ്ടു ഞാൻ വിചാരിക്കുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേട്ടർ): ഇല്ലാ. സർ പാടില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റു നിയമിച്ച മെമ്പർ) (ഒഡപ്പള്ളി പ്രൈസിഡണ്ടു): താഴ്ന്നവരായ ജീവനക്കാരിൽ സഞ്ചാരപ്പടിവകയിൽ കുറച്ചു ചിലവാക്കിയതിനാലാണോ മുന്നാണ്ടുകളിൽ ഈ മിച്ചം വകയിരുത്തിയതു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവെട്ടർ): അല്ല. സ്ഥിരസഞ്ചാരപ്പടി അനുവദനീയമാണു. അതു സ്ഥിരമായ പടിയാണ്.

മി. എ. ഹാഗാർഫ് (ഗവൺമെന്റു നിയമിച്ച മെമ്പർ): എപ്പിടേമയും എന്തെങ്കിലും തെറ്റുചെന്നിട്ടുണ്ടു. അതിനാൽ എത്രയേഗത്തിൽ കുറയ്ക്കൽ സമ്മതിക്കുന്നുവൊ അതുതന്നെ നന്നായിരിക്കും.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേട്ടർ): കുറയ്ക്കൽ സമ്മതിക്കുന്നതായാൽ ജീവനക്കാക്കു സ്ഥിരം സഞ്ചാരപ്പടി കൊടുക്കാൻ നിവൃത്തിയില്ലാതെവരും.

പ്രൈസിഡണ്ടു: തുകകളും തമ്മിൽ ഉള്ള വ്യത്യാസത്തിനു സമാധാനം പറയുന്നതിനു നിങ്ങൾക്കു ശക്തിയുണ്ടായിരിക്കണം. അല്ലെങ്കിൽ കുറയ്ക്കുന്നതിനു തയ്യാറായിരിക്കണം.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേട്ടർ): സ്ഥിരം സഞ്ചാരപ്പടി കൊടുക്കുന്നതിനു ഞങ്ങൾക്കു ആഗ്രഹമുള്ള കാര്യമാണു തുക ഇതാണ്. പിന്നെ ഞങ്ങൾ അതിനെ കുറയ്ക്കുന്നതെങ്ങനെ? ഞാൻ തുകകളെ പരിശോധിച്ചു മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയുടെ തുകയും ശരിയാണോഎന്നു നോക്കട്ടെ.

പ്രൈസിഡണ്ടു: ഈ ഉപക്ഷേപം അനുവദനീയമാക്കണം എന്നാണോ നിങ്ങൾ പറയുന്നതു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേട്ടർ): അദ്ദേഹത്തിനു വേണമെന്നിരുന്നാൽ ഇപ്പോഴത്തെക്കു കുറയ്ക്കാൻ സമ്മതിക്കാം. എന്നാൽ നിർദ്ദിഷ്ടമായ തുക മുഴുവൻ ആവശ്യമാണെന്നു കാട്ടുവരെ എനിക്കു പറയാം. മുന്നാണ്ടുകളിൽ ഉള്ള തുകയെക്കു ഞാൻ ഉത്തരവാദിയല്ല. മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയ്ക്കു കുറയ്ക്കണം എന്നുണ്ടെങ്കിൽ ഞാൻ സമ്മതിക്കാം.

പ്രൈസിഡണ്ടു: അദ്ദേഹത്തിനു നിശ്ചയമായും ആവശ്യമുണ്ടെന്നു. അതിനാൽ അതുണ്ടെല്ലാ ഈ നിർദ്ദേശം അദ്ദേഹം ഫാജരാക്കിയിരിക്കുന്നതു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേട്ടർ): അദ്ദേഹം പറഞ്ഞതായ മുന്നാണ്ടത്തെ തുകകളിൽ വല്ല തെറ്റുണ്ടായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു.

പ്രൈസിഡണ്ടു: ചെറിയ തുക കുറയ്ക്കുന്നതിനുള്ള നിങ്ങളുടെ സമ്മതിച്ചുകൊള്ളണം. ക,വ ൦ ൦ രൂപയായിരിക്കട്ടെ മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള, നിങ്ങൾ അതു സമ്മതിക്കുന്നുണ്ടോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ക,വ ൦ ൦ രൂപ ഞാൻ സമ്മതിച്ചുകൊള്ളാം. എന്റെ പ്രമേയത്തെ അതിനനുസരണമായി ഭേദപ്പെടുത്തിക്കൊള്ളാം.

മി. ആർ. ധനക്കോടിപിള്ള (വനംകൺസർവേറ്റർ) ഇപ്പോഴത്തെക്കു ഞാൻ അതിനെ സമ്മതിച്ചുകൊള്ളാം. ഞാൻ തുകകൾ ശരിതന്നെയൊ എന്നു നോക്കിക്കൊള്ളാം.

പ്രൈസിഡണ്ട്: നിങ്ങളുടെ തുകകൾ ശരിയാണെന്നുനിങ്ങൾ കാണുകയാണെങ്കിൽ ഒരു സപ്ലിമെന്റു റിപ്പോർട്ടിനായി നിങ്ങൾ സഭാസമക്ഷം അപേക്ഷിക്കേണ്ടിവരും.

ഫ്ളക്സിക്യുട്ടീവും സംരക്ഷണവും ജീവനക്കാരുടെ സഞ്ചാരപ്പടിവകയ്ക്കായി നീക്കിവച്ചിട്ടുള്ള ക ൪ വ ൦ ൦ രൂപയിൽനിന്നും ക,വ ൦ ൦ രൂപ കുറയ്ക്കണം എന്ന പ്രശ്നം സഭ സമ്മതിച്ചു.

ഉപക്ഷേപം കകക മുതൽ കകന വരെ.

താഴെ പറയുന്നവ ഫാജരാക്കപ്പെട്ടില്ല.

മിസ്റ്റർ വി. കുഞ്ഞുകൃഷ്ണപിള്ള.

കകക. ഫ്ളക്സിക്യുട്ടീവും രക്ഷണവും ജീവനക്കാക്ക സഞ്ചാരപ്പടിക്കായി നീക്കിവച്ചിരിക്കുന്ന ക ൪,വ ൦ ൦ രൂപയിൽ നിന്നു ക ൦ ൦ രൂപ കുറയ്ക്കണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള.

കകഖ, മധ്യ ജീവനക്കാരുടെ സഞ്ചാരപ്പടിക്കായി നീക്കിവച്ചിരിക്കുന്ന ൫ ൦ ൦ രൂപയിൽനിന്നും ക ൦ ൦ രൂപ കുറയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള.

കകന. വക്കീൽഫീസിനായി നീക്കിവച്ചിരിക്കുന്ന ൪ ൦ ൦ രൂപയെ തള്ളിയെയ്ക്കണം.

ഉപക്ഷേപം കകര.

മി. ടി. കുമാരപിള്ള (ഇരണിയലും വടുവംകോട്ടും): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ ഫാജരാക്കിക്കൊള്ളുന്നു.

കകര. വനംവക ജീവനക്കാക്കായി നീക്കിവച്ചിരിക്കുന്ന ക,കര,കരു രൂപയിൽ ക ൦ ൦ രൂപ കുറയ്ക്കണം.

ഈ മോഷണിൽ എനിക്കു പ്രധാനമായി പറയാനുള്ളതു ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തിൽ ഇരിക്കുന്ന കീഴ്ക്കോടതികളുടെ സ്ഥിതിയെപ്പറ്റിയാണ്,

ഇംഗ്ലീഷ് പർലമെന്റ് കൺഫർ ഡിസംബർ മാസം ഉണ്ടായിട്ടുള്ള രാഷ്ട്രീയ പ്രക്ഷോഭത്തെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു.

ഈ ഡിവിഷൻ ഫാസ്റ്റാഫിസത്തിന്റെ രേഖാമൂലമായ അനുമാനത്തോടുകൂടിയല്ലാതെ ആഹാരത്തിനുള്ള ധാന്യങ്ങളും പുഴയിലെയിലും സമുദ്രത്തിനടുവിലായിലൊ നിസർവിന്റെ പുറത്തിലൊ കൊണ്ടുപോകുകയോ വിൽക്കുകയൊ ചെയ്യാൻ പാടില്ലാത്തതാകുന്നുവെങ്കിലും മേൽ പറഞ്ഞ ചട്ടങ്ങളും അനുസരിച്ചു കൊണ്ടിക്കാർ കൃഷി ചെയ്തു ഭൂമിയിൽ നിന്നും ഉണ്ടാകുന്ന സകല വിളവുകളും അവരുടെ സ്വന്തമാകയായിരിക്കുന്നതും അവക്ക ഇഷ്ടം പോലെ വിനിയോഗിച്ചു കൊള്ളാവുന്നതും ആകുന്നു.

എന്നാൽ ഫിനാം വകുപ്പിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"കൊണിക്കാർ കൈസൻസുവാങ്ങിച്ചിട്ടുള്ള കച്ചവടക്കാരോടും അവരുടെ കടിക്കുള്ളിൽവച്ചും മാത്രമെ വിൽപ്പന നടത്താവൂ".

കൊണിക്കാരുടെ പ്രയത്നഫലങ്ങളെ അവരുടെ സ്വന്തമാകയായും അവക്ക വേണ്ടിച്ചപോലെ വിനിയോഗിക്കാവുന്നതായി അനുവദിച്ചിട്ടുള്ള ൻ-ാം വകുപ്പിനെ ഫിനാം വകുപ്പുകൊണ്ടു അസ്ഥിരപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതു പരസ്പരവിരുദ്ധമായുള്ള ഈ വകുപ്പുകളും കൊണിക്കാക്ക വലുതായദോഷത്തെ ചെയ്യുവാനുണ്ട്. അവർ വേലചെയ്യുണ്ടാക്കുന്ന സാധനങ്ങളും പണം വകുപ്പിന്റെ കൈസൻസിന്റെയുള്ളതെ കൊടുക്കാനും പാടില്ലെന്നു നിർബന്ധിക്കുകയും അതുപോലെ അവരുടെ സാമാനങ്ങളും വാങ്ങിപ്പോകുകയും ചെയ്യുന്നു. ഈ ഏർപ്പാടനുസരിച്ചു കൊണിക്കാരുടെ സാമാനങ്ങളെങ്കിലും നാലിലൊരുഭാഗം വിലകിട്ടാതെ അവർ നഷ്ടപ്പെട്ടുവരുന്നു.

ഇതുകൂടാതെ കൊണിക്കാരുടെ പ്രയത്നഫലങ്ങളെ അവക്ക വേണ്ടപോലെ അനുഭവിക്കാൻ സാധിക്കാതെവരുന്നതിനു കാരണഭൂതന്മാർ ഫാസ്റ്റ് ഗാർഡന്മാരാണ്. കൊണിക്കാർ വേലചെയ്യുണ്ടാക്കുന്ന സാധനങ്ങളെ അവക്ക തോന്നിയമാതിരി വൈനകരകയൊപ്പെടുത്തുകയും അതിലേക്ക അവരെ ഉപദ്രവിക്കുകയും ചെയ്യുവരുന്നു.

കൊണിക്കാരെപ്പറ്റി മഹാരാജസംഗതി എനിക്ക പറവാനുള്ളതു വനം ഡിപ്പാർട്ടുമെന്റിലെ കീഴ്ജീവനക്കാരെ അവരെ ദോഷോപദ്രവം മുട്ടിപ്പിച്ചുവരുന്നതിനെപ്പറ്റിയാണ ഫിനാം വകുപ്പാണ അതിലേക്ക സഹായിക്കുന്നതു. അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ഫ്രഞ്ചുകാരുടെ കൊല്ലങ്ങളിൽ കൊടുത്തിട്ടുള്ള കൂലിയേയും അപ്പോൾ നടപ്പുള്ളിരിക്കുന്ന കൂലിനിരക്കിനേയും അടിസ്ഥാനപ്പെടുത്തി കണക്കാക്കിട്ടുള്ളതായി കൺസർവേട്ടരുടെ മുൻകൂട്ടിയുള്ള അനുമതിപ്രകാരം മുന്നു കൊല്ലത്തേക്കുവേണ്ടിയുള്ള ഒന്നായി ഡിവിഷണൽഫാറസ്റ്റ് ആഫീസർമാർ നിശ്ചയിക്കുന്ന കൂലി നിരക്കനുസരിച്ചുള്ളതുകയിക്ക കൊണിക്കാർ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിനുവേണ്ടി ആവശ്യപ്പെടുമ്പോൾ വേലചെയ്യേണ്ടതാകുന്നു.

ഈ വകുപ്പു വായിക്കുന്നവർക്ക അതിൽ വലുതായ ന്യായക്കേടുണ്ടെന്നോ കൊണിക്കാക്ക വലുതായ സങ്കടത്തിനു അവകാശമുണ്ടെന്നോ തോന്നുന്നതല്ല. നിയമത്തെ നടത്തുന്നതിൽ ഇവിടെ മറ്റു സംഗതികളിൽ സാധാരണകണ്ടുവരാറുള്ള ഒരു ചൂഷ്യക്കേടു ഉണ്ടായിരിക്കുമെന്നു തന്നെ ചെയ്യുന്നു. തേക്കു കൃഷി തേക്കു വിത്തു മുതലായ വിത്തുകൾ ശേഖരിക്കുക, ഫെന്നേറ്റ വെട്ടുക, മുതലായതോലിപോലും ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരിൽനിന്നും കൊണിക്കാരെ കൊണ്ടോണ ചെയ്യിക്കുവരുന്നതു. കൊണിക്കാരുടെ ആഹാരസാധനങ്ങൾക്കായി കൃഷിയിറക്കുന്നകാലങ്ങളിലാണ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുവക ജോലികളും ചെയ്യുവാൻ അവർ നിർബന്ധിതരായിട്ടുള്ളതു. ആ കാലങ്ങളിൽ അവരിൽ സ്ത്രീപുരുഷന്മാർ ഉപ്പോടെ ആബാലവൃദ്ധം ജോലിക്ക വരണമെന്നു നിർബന്ധിക്കുകയും അവരെക്കൊണ്ടു ജോലികൾ ചെയ്യിക്കയും ചെയ്യുന്നതുകൊണ്ടു കാലഃകാലങ്ങളിൽ അവരുടെ സ്വന്തജോലികൾ ചെയ്യുവാൻ സാധിക്കാതെവരുന്നു. ഇതിനാൽ അവർ വലുതായ ബുദ്ധിമുട്ടുകൾക്കുപ്പെടുവാൻ ഇടയായിതീരുന്നു. തേക്കുകൃഷിക്കായി കൊണിക്കാരെകൊണ്ടുവേല ചെയ്യിക്കുമ്പോൾ കൂലിയും കൊടുക്കുന്നുവെന്നും അവരിൽ ഭൂരിഭാഗത്തിനും ആഹാരത്തിലേക്ക അരി കൊടുത്തുവരുന്നതല്ലാതെ അവക്ക ന്യായമായ കൂലികൊടുത്തുവരുന്നില്ലെന്നാണ എന്റെ അറിവു. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും അവക്ക നിശ്ചയിച്ചിട്ടുള്ള കൂലികും വളരെ കുറവാണ്. അതിനുപുറമെ തേക്ക് കൃഷിയിൽ വലുതായ വിലവ്യത്യാസത്തിനുവേണ്ടി അവരുടെ കൂലി കുറച്ചിരിക്കുന്നുവെന്നുള്ളതാണ്. അങ്ങനെ കുറവായി നിശ്ചയിച്ചിരിക്കുന്ന കൂലികൂടിപോലും കൊണിക്കാക്ക കിട്ടാൻ സാധ്യമില്ല എന്നാണ ഞാൻ അറിഞ്ഞിട്ടുള്ളതു. ഇതിനു പ്രധാനകുറുക്കർ ഫാറസ്റ്റ്ഗാർഡർമാർതന്നെയാണു. ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിലെ ജോലികൂടി ചെയ്യാൻ നിവൃത്തിയില്ലാത്തവിധം സുഖക്കേടായി കിടക്കുന്ന സ്ത്രീപുരുഷന്മാർ ജോലിക്കുവന്നു ചേരാതിരിക്കുന്നപക്ഷം ഗാർഡന്മാർ നീചമായരീതിയും ദ്വേഷോപദ്രവങ്ങളും ചെയ്യുവരുന്നു.

ഈ സംഗതികളെ പുരസ്കരിപറയാൻ അവർ വളരെ ഭയപ്പെടുന്നു. ഈ വിവരങ്ങളെല്ലാം അവരിൽനിന്നും ഞാൻ നേരിട്ടു അറിഞ്ഞിട്ടുള്ളതു ആണ്. അവർ എന്നോടു പറഞ്ഞപ്പോൾതന്നെ ഈ വിവരങ്ങളും അവർ പുറത്തായി ഗാർഡന്മാരെ അറിയിക്കരുതെന്നുള്ള അപേക്ഷയോടുകൂടിയായിരുന്നു. കൊണിക്കാക്ക കൺസർവേറേറരെയൊ ഡിവിഷൻആഫീസരേയൊ രേഞ്ചരേയൊ ഭയമില്ല. ഗാർഡന്മാരെ അവർ അതിഭയങ്കരമായി ഭയപ്പെടുന്നു. ഇതുകൊണ്ടു ഗാർഡന്മാർ കൊണിക്കാരെ ഉപദ്രവിച്ചുവരുന്നതിന്റെ പരിണാമം ബോദ്ധ്യപ്പെട്ടുന്നതാണ്. ഈ സ്ഥിതിക്കുള്ള ബോദ്ധ്യപ്പെടുത്തി അവർക്ക രക്ഷയുണ്ടാക്കിക്കൊടുക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. പതിനായിരങ്ങളെ ഉപജീവിക്കാനുവകുന്നതിനു എല്ലാവിധം ശ്രമിച്ചുവരുന്നതായ ഈ കാലത്തു കൊണിക്കാരെ മനുഷ്യരായി ഗണിക്കണമെന്നും അവരോടു മനുഷ്യസഹോദരത്തോടുകൂടി ഉപകാരണമെന്നും അതിലേയ്ക്കു സർക്കാരുടെ നിർബന്ധിക്കേണ്ടതാണെന്നും മാത്രമെ ഞാൻ പറയുന്നുള്ളു.

മി. എ. ഫ്രേസർ(സർക്കാരുടെ നിയമിച്ചമെമ്പർ): സർ, ഞാൻ പ്രമേയത്തെപിൻതാങ്ങുന്നു. തടാകങ്ങളുടെ കരയുന്നതുകളെ ഈസമുദായക്ഷയം പെടുന്നതിനായിതിരുപിതാക്കുറിലെകൊണിക്കാർപുരുഷന്മാരും സ്ത്രീകളും മിസ്. കുമരേപിള്ളയോടു വളരെകടമപ്പെട്ടവരായിരിക്കുന്നുവെന്നു എനിക്കുതോന്നുന്നു. അവരുമായി എനിക്കസ്സലും പരിചയമുണ്ടു അവർപ്രയോഗം, നിശ്ചയദാർഢ്യം, ധൈര്യപ്രകൃതികളും ഗവർണ്മെന്റുദ്യോഗസ്ഥന്മാരെപ്പറ്റി വളരെയധികമായുള്ള വിശ്വാസങ്ങളുണ്ടു. ഗവർണ്മെന്റുദ്യോഗസ്ഥന്മാർ ചെയ്യുന്നതെല്ലാം അവക്കനിയമമാണെന്നു: ഒരു എക്സൈസ് ഉദ്യോഗസ്ഥന്റെ നിശ്ചയിൽ വനത്തിനുള്ളിൽ പോയതായി എനിയ്ക്കു ഓർമ്മയുണ്ടു. വനംവക ജീവനക്കാർ പുറമുള്ള സ്ഥലങ്ങളിൽ

നിന്നും തേൻ ശേഖരിക്കുന്നതിനു അവകാശം ഉണ്ടായിരുന്നു. കുറെ ധാരാളം ശേഖരിക്കപ്പെട്ടും ഇരുന്നു. ഞാൻ സ്ഥലത്തുചെന്നു ശേഖരിച്ചുവച്ചിരുന്ന തേൻ മുഴുവൻ കണ്ട് അതിനെ സൂക്ഷിക്കുവാനായി അവക്ക് തിരിച്ചുകൊടുപ്പിച്ചു എന്നെ അന്വേഷത്തിൽനിന്നുതന്നെ ഫോറസ്റ്റ് ഗാർഡുകളും മറവുള്ളവരും ചെയ്യുവരുന്നതായി പറയപ്പെടുന്ന അതിക്രമങ്ങൾ സത്യമാണെന്നു എനിക്കു തോന്നുന്നു. ഈ അതിക്രമങ്ങളെ നിയന്ത്രിക്കുന്നതിനു ഗവണ്മെന്റിനും മിസ്റ്റർ ധനകോടിപ്പിള്ളയുടേയും ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

ടി. ജി. കെ. വേലുപ്പിള്ള(തിരുവനന്തപുരം നോർത്ത്): സാറേ, മിസ്റ്റർ കുമാരപിള്ള ന്യായമായ ഒരു കാര്യത്തിനായി നിൽക്കുകയാണ്. വനംവകുപ്പിൽ കീഴ്ജീവനക്കാർ കാണിക്കുന്ന ഉപദ്രവങ്ങളും അവരുടെ ധനാഗ്രഹവും അപഹരിക്കുവാൻ ചെയ്യുന്ന എന്നു അദ്ദേഹം പറഞ്ഞപ്പോൾ ഉണ്ടായ അദ്ദേഹത്തിന്റെ നിന്ദാപൂർവ്വമായ കോപം എനിക്കു മനസ്സിലാക്കാൻ കഴിയും. പ്രത്യേക ഉദാഹരണങ്ങളും ഗവണ്മെന്റിനെ അറിവിൽ കൊണ്ടുവരുവാൻ എല്ലാ സമുദായങ്ങളും നൽകപ്പെട്ടിട്ടുള്ള നീതികിട്ടാതിരിക്കുക ഇല്ലെന്നു പറയാൻ പാടില്ലാത്തതിനാൽ ഗവണ്മെന്റിന്റെ ഉടനടി ഒരു വിചാരണ നടത്തേണ്ടതായിവരും. എന്നാൽ ഏതുതരം വാങ്ങലും മിസ്റ്റർ കുമാരപിള്ള പുറപ്പെടുവിച്ചിരിക്കുന്നു. അവയെ അംഗീകരിക്കുന്നതിനു എനിക്കു കഴിവില്ല. ഉദാഹരണംപറയാം ഗവണ്മെന്റ് ഫിക്സ്ചെയ്തിട്ടുള്ള ചട്ടങ്ങളുടെ പ്രവർത്തനം, നല്ലതായിട്ടുള്ളതാണെന്നു അദ്ദേഹവും സമ്മതിക്കുന്നു. ഈ ചട്ടങ്ങളുടെ പ്രവർത്തനം താണതരം ഉദ്യോഗസ്ഥന്മാരുടെ അക്രമങ്ങൾകൊണ്ടോ വേണ്ടുവണ്ണമുള്ള ശിക്ഷയായി നടത്തപ്പെടുന്നില്ലെങ്കിൽ അതു കുഴപ്പം വേറെയാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ നടത്തയെപ്പറ്റി വിചാരണനടത്തേണ്ടതിനു അതു മതിയായകാരണം ആണ്. കാണിക്കാതെ മനഃപൂർവ്വം എന്നുള്ളനിലയിൽ പെരുമാറുമെന്നുള്ള ഭയത്തെ ഞാൻ നിശ്ചയമായും അഭിനന്ദിക്കുന്നു. സർ, മനുഷ്യന്റെ സ്വഭാവത്തിനു ഏറ്റവും കറുത്ത കുഴപ്പമായ ഒരു തോന്നലുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. വനം അല്ലാത്ത നാടുകളിൽ ചന്തിച്ചുവരുന്ന നാം ചില വിഷയങ്ങളിൽ കാണിക്കാതെക്കാം കഷ്ടത അനുഭവിച്ചുവരുന്നവർ ആകുന്നു. കാണിക്കാക്ക ഫ്രീകാന്തരേണ്യവാസത്തിൽ ഉള്ള സജ്ജനങ്ങളെ അന്വേഷിക്കാൻ കഴിയും. (ചിരി); അതുകൊണ്ടായിരിക്കുന്നു കടിപിടിപ്പുള്ള നഗരങ്ങളിൽ വസിക്കുന്നതിനു ഭൂരിഭാഗമോ ഇഷ്ടപ്പെടുന്നു. മലകളുടെ മനോഹരതകൾക്കുള്ളിൽ വീക്ഷണസുഖം അനുഭവിക്കുന്നതിനും നമുക്കു കഴിയുകയില്ല. തങ്ങളുടെ വിളവുകൾക്കു ഏറ്റുമാത്രം പണം കിട്ടാതെന്നുള്ളതു കാണിക്കാരുതന്നെ ആലോചിക്കേണ്ടതാകുന്നു. അനേകം കാണിക്കാർ പകിട്ടാരേണങ്ങളെ പണത്തേക്കാളും വിലയുള്ളതായി വിചാരിക്കും. ചിലർ അനുഭവിക്കുന്ന അർത്ഥമില്ലായ്മയെ വിചാരിച്ചതായി ഗണിക്കും. സാധനങ്ങളും വാങ്ങുന്നതിനു പണത്തിനുള്ള ശക്തി പലസ്ഥലങ്ങളിലും പലവിധമായിരിക്കുന്നതിനാൽ പണത്തിന്റെ ഉപയോഗത്തിനു ഒരുപോലെയിരിക്കുന്നതല്ല. ഉദാഹരണമായി ഇവിടെ ഒരു പഴക്കുലയ്ക്കു കൊടുക്കേണ്ടിവരുന്ന പണംകൊണ്ടു മലയിൽ ഇതിലും നല്ല ഒരു കുല വാങ്ങാൻകഴിയും. അതുകൊണ്ടു, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റു കൊടുക്കുന്ന കൂലി അതുപോലെയുള്ള പണികൾക്കു നഗരങ്ങളിൽകൊടുക്കുന്ന കൂലിക്കു സമമായിരിക്കണം എന്നുള്ള വാദം എനിക്കു ബോദ്ധ്യമാകുന്നില്ല. ഈ കൂട്ടർക്കു വാസ്തവത്തിൽ മലകളിടത്തോളം കൂലി കൊടുത്തുവരുന്നുണ്ടു എന്നു ഞാൻ പറയുന്നില്ല. എന്നാൽ ഗവണ്മെന്റു അവർക്കു പിതൃസമാനമായ വത്സലം നൽകുന്നുഎന്നുള്ള പ്രധാനവിഷയം മറക്കത്തക്കതല്ലാ. സാധാരണനായ ഒരാൾ വനങ്ങളിൽകടന്നു അധികാരഭേദമില്ലാതെയോ കൃഷിചെയ്യാൻ തുനിയുന്നതായാൽ അയാളെ അങ്ങനെചെയ്യാൻ സമ്മതിക്കുന്നതല്ല. ഈ കാണിക്കാർ അവിടെ ഇരിക്കുന്നതു ഗവണ്മെന്റിന്റെ അനുവാദത്തോടും സമ്മതത്തോടും കൂടിയാണ് ചില പണികൾ അവരാൽമാത്രമേ ചെയ്യാൻകഴിയുകയുള്ളു എന്നുള്ളതിനാൽ അവർ ചില കാര്യങ്ങൾക്കായി അവിടെ താമസിപ്പിക്കപ്പെട്ടിരിക്കുന്നു. കൂടുതൽ പണം വേണമെന്നു അവർ പറയുന്നതായി യാതൊരുപരാതിയും ഇല്ലാതിരിക്കുന്ന സ്ഥിതിക്കു ഈ വിഷയത്തെപ്പറ്റി ഏതെങ്കിലും നടപടി നടത്തുന്നതു നീതിയായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ മറവുള്ള ആളുകൾക്കുകൊടുക്കുന്ന പ്രതിഫലംകൊടുക്കുമ്പോൾ കൂലിസമതുലനമാണു ഭരണതത്വം എന്ന തീർച്ചപ്പെടുത്തപ്പെട്ടിരിക്കുന്നസ്ഥിതിക്കു കാണിക്കാരേ മലവാരങ്ങളിൽ താമസിക്കുന്നതിനു അനുവദിക്കാൻപാടില്ല എന്നു ഒരു പ്രമേയം ഈ സഭയിലേ മറ്റൊരുമെമ്പർ പ്രമേയം നിക്കാൻ ഇടയാകുമോ. എന്നാൽ ഈ അന്വേഷണങ്ങളെ മിസ്റ്റർ കുമാരപിള്ള പറഞ്ഞ സംഗതികളിന്മേൽ ആണെങ്കിൽ അഭിസ്ഥാനപ്പെടുത്തിയിട്ടുള്ളതു ചട്ടങ്ങളും മതവുമാണെന്നും അവയെ ശരിപ്പെടുത്തേണ്ടതാണെന്നും മിസ്റ്റർ കുമാരപിള്ള പറയുകയാണെങ്കിൽ ഞാൻ അദ്ദേഹത്തിനോടു പൂർണ്ണമായി യോജിക്കുന്നു. ചട്ടങ്ങളും തുപ്തികരമാണെങ്കിൽ ഈ വിഷയത്തിന്റെ കാര്യകാരണങ്ങളെപ്പറ്റി അന്വേഷിക്കേണ്ടതായോ ഈ ആളുകളുടെ സങ്കടങ്ങളെപ്പറ്റിയോ ഈ കാണിക്കാർക്കുകൊടുക്കേണ്ട കൂലിയുടേ കൂടുതൽകുറവുകാര്യത്തെപ്പറ്റിയോ ആലോചന നടത്തുന്നതിനുള്ള ന്യായമായിരിക്കയില്ല. എന്തുതന്നെ ആയിരുന്നാലും അവർക്ക് ഗവണ്മെന്റു ഉറപ്പുചെയ്തുകൊടുത്തിട്ടുള്ള അവകാശങ്ങളേ ബാധിക്കാത്തിരിക്കുന്നതിനു ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരോടു ആജ്ഞാപിക്കേണ്ടതാണ്. ഒരു കാണിക്കാരൻ ഒരു വാഴവച്ചു പിടിപ്പിച്ചു ഒരു കുല കുലച്ചുയെന്നാലും ഒരു നാർഡ്ചെന്ന് ഇതു യജമാനനു ഇതു സാമിക്കു, ഇതു സാഹിബിനു എന്നു പറയുന്നതു സങ്കടകരംതന്നെയാണു. അതു എല്ലാകാലത്തും ഉണ്ടായിരിക്കുമായിരിക്കും. എന്നാൽ അതു ഫോറസ്റ്റ്ഡിപ്പാർട്ടുമെന്റിൽ മാത്രമല്ല മറ്റു ഡിപ്പാർട്ടുമെൻറുകളിലേയും ചരിത്രത്താൽ വെളിപ്പെടുത്തപ്പെടുന്ന ഒരു സത്യാവസ്ഥയാണ്. കാണിക്കാരനേ ഉപദ്രവിക്കുന്ന വനംവകുപ്പിൽ കീഴ്ജീവനക്കാരൻ സമതലത്തിൽ ഒരു മനുഷ്യനെ ഉപദ്രവിക്കുന്ന പൊലീസുകാരനിൽനിന്നും വ്യത്യാസപ്പെട്ടവനല്ല. ചിലപ്പോഴൊക്കെയും ഉണ്ടായിരിക്കാമെന്നിരിക്കുന്ന അക്രമത്തെപ്പറ്റിയല്ല ഞാൻ പറയുന്നത്. ഗവണ്മെന്റിനും അല്ലെങ്കിൽ ഏതോ അധികാരംസിദ്ധിച്ചിട്ടുള്ള ചില ഉദ്യോഗസ്ഥന്മാർ ആ അധികാരത്തെ ജനസാമാന്യത്തിനും ഉപദ്രവത്തിനായി പ്രയോഗിച്ചു ജനങ്ങളെ ഉദ്ധരിച്ചുകളയുന്നതിനേ തടുക്കുന്നതിനു ഏതെങ്കിലുംനടപടി ഗവണ്മെന്റു നടത്തുന്നതിനുവേണ്ടി ഈ പ്രമേയത്തെ അനുഭാവമാക്കി ഞാൻ പറയുന്നതേയുള്ളൂ.

മി. സി. പി. കോച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, ഒരു ഫോറസ്റ്റ്കമ്മിറ്റി സംബന്ധിച്ചു മടത്തുമായിൽ ഒരു സ്ഥലം പരിശോധിക്കുന്നതിനുള്ള അവസരം കിട്ടിയപ്പോൾ കാണിക്കാരേപ്പറ്റി ഞാൻ അറിഞ്ഞതിനെ ഞാനും സഭയിൽ അറിയിച്ചുകൊള്ളുന്നു. ഞങ്ങൾ അവിടെ പോയിരുന്നപ്പോൾ അവരുടെ കുടികിടപ്പെല്ലാം കണ്ടു. ഈ കാണിക്കൂടെ പ്രയത്നഫലത്തിൽ ഭൂരിഭാഗവും വനംവക കീഴ്ജീവനക്കാർ

കൊണ്ടുപോകുകയാണെന്ന മിസ്റ്റർ കുമാരപിള്ള പറഞ്ഞതു മുഴുവനും സത്യമാണ്. ഈ അറിവു പൂർണ്ണമായു വിശ്വസനീയമാണെന്നു എനിക്കറിയാം. കൃഷിചെയ്യപ്പെട്ടവന്നിരുന്ന നെൽകണക്കുകൾ വനങ്ങൾക്ക അടുത്തു താമസിക്കുന്ന മറ്റു ആളുകൾക്കു കൃഷിക്കായി കൊടുക്കപ്പെട്ടവകയെന്നുകൂടി ഞാൻ കണ്ടുപിടിച്ചു. ഈമാതിരി സംഗതികൾ നടക്കാനുള്ള കാരണത്തെപ്പറ്റി ഞാൻ അന്വേഷണംചെയ്തു. ഫോറസ്റ്റ് അധികാരികളുടെ ഉത്തരവിനാൽ ഇവർ ഇപ്രകാരംചെയ്യാൻ കടമപ്പെട്ടുഎന്ന എനിക്കു അറിവുകിട്ടി. എങ്ങനെയുംയാലും ഈ നെൽകണക്കുകളിൽനിന്നും കിട്ടാവുന്ന ലാഭം കാണിക്കാൻ കിട്ടുന്നില്ല. ഈ സ്ഥിതിക്കു ഈ കാണിക്കുടെ ക്ഷേമത്തെ പാലിക്കാൻ ചുമതലപ്പിച്ചിരിക്കുന്ന ഗാർഡ്കളും മറ്റു ഉദ്യോഗസ്ഥന്മാരും അവരുടെ ക്ഷേമത്തിൽ ശ്രദ്ധക്കുറവും, ഡിപ്പാർട്ടുമെൻറും ആവശ്യപ്പെടുന്നതുപോലെയുള്ള ശ്രദ്ധ കാണിക്കുന്നില്ല എന്ന തെളിയുന്നു. ഒരു സംഗതി കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കാണിക്കുടെ ചുറ്റുമുണ്ടു കിടിലുകളിൽ ഞങ്ങൾ പോയപ്പോൾ ഈ ആളുകൾഎല്ലാം മേഘപൂർണ്ണ അല്ലെങ്കിൽ അതുപോലെയുള്ള മറ്റൊരു ചീത്ത രോഗത്താൽ കഷ്ടപ്പെട്ടുന്നതു ഞങ്ങൾകണ്ടു. പക്ഷേ അസിസ്റ്റന്റു കൺസർവേട്ടർ മി. രാമൻപിള്ള അതിനെപ്പറ്റി അന്വേഷിച്ചു ഒരു വൈദ്യന്റെ സഹായം ലഭ്യമാക്കുന്നതിനായി എഴുതിഅയച്ചു. പിന്നീടു കുട്ടത്തിൽ അന്വേഷണംനടത്തിയതിൽ ഒരു മെഡിക്കൽ ആഫീസർ അവിടെപോയി അവരെ ചികിത്സിച്ചു എന്നറിഞ്ഞു. ഈ കാണിക്കുളുടെപ്പറ്റി വേറെയും അനേകം സങ്കടകരമായസ്ഥിതികൾ ഞാൻ കാണുന്നതിനു ഇടയായി. സത്യസ്ഥിതിക്ക അവർ കൃഷിചെയ്യുന്നതിൻറെഫലം അവക്ക് കിട്ടുന്നില്ല എന്നുള്ള യുക്തികാരണത്തിനാൽ അവർ മുൻകാലങ്ങളിൽ കൃഷിചെയ്തിരുന്നിടത്തോളം ഭൂമികളിൽ ഇപ്പോൾ കൃഷിചെയ്യുന്നില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെട്ടടുത്തുള്ള ജില്ലകളും): ഈ വനവാസികൾ കൂടുതലുടെ സ്ഥലങ്ങൾമാറി താമസിക്കുന്ന ശീലമുള്ളവർഅല്ലയൊ എന്നു മി. കൊച്ചുകുഞ്ഞുപിള്ളയോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതേ കുറേ എല്ലാം അങ്ങനെതന്നെ.

മി. ആർ. ധനകോടിപിള്ള (വനം കൺസർവേട്ടർ): മി. കുമാരപിള്ളയോടും മറ്റുമായുള്ളോടും അവർ തന്നതായ പുത്തൻ വിവരങ്ങൾക്കായി ഞാൻ നന്ദിയുള്ളവനായിരിക്കുന്നു. ഞാൻ കൂടുതലുടെ ഈ കാണിക്കളുമായി ഇടപെടുകയും അവക്ക വല്ലതും പ്രമാതിയുണ്ടൊ എന്ന പലതവണയും ചോദിക്കുകയുംചെയ്തിട്ടുണ്ടു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെട്ടടുത്തുള്ള ജില്ലകളും): തന്റെ കീഴ്ജീവനക്കാർ ഇല്ലാതിരുന്നപ്പോൾ കാണിക്കാരോടു ചോദിച്ചിട്ടുണ്ടോ എന്നു മി ധനകോടിപിള്ളയോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. ആർ. ധനകോടിപിള്ള (വനംകൺസർവേട്ടർ): എന്നെ സംബന്ധിച്ചിടത്തോളം അങ്ങനെ എതോളം അവരുടെ ഗുണകാംക്ഷിയായി മറ്റാരും ഇല്ലഎന്ന അറിയിച്ചുകൊള്ളുന്നു. എന്നാൽ വനം കൺസർവേട്ടർ എന്ന നിലയിൽനിന്നൊരുപക്ഷേ മറ്റുള്ളവരോടു പറഞ്ഞിരിക്കാവുന്നതെല്ലാം പറഞ്ഞിട്ടില്ലയായിരിക്കാം.

മെമ്പർമാർ പറഞ്ഞവിവരങ്ങൾഎല്ലാം എനിക്കു തീരെ പുത്തരിയായിരിക്കുന്നു. ചട്ടങ്ങൾ രൂപിച്ചിട്ടുള്ളതു ഈ കാണിക്കാരുടെ ഗുണത്തിനായിട്ടാണ്. വിളവെടുത്തു ചന്തയിൽകൊണ്ടുപോയി വിൽക്കുന്നതിൽ യാതൊന്നും അവരെ തടുക്കുന്നില്ല.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവംകോടും): മലവാസികൾ ലൈസൻസുള്ള കച്ചവടക്കാരോടും അവരുടെ പാർപ്പുസ്ഥലങ്ങളിൽവച്ചുംമാത്രമെ കച്ചവടം നടത്താവുഎന്നാണ് ചട്ടം.

പ്രൊസിഡണ്ടു: അതു മി. ധനകോടിപിള്ള പറയുന്നതുമായി യോജിക്കാതിരിക്കുന്നില്ല. ഈ ആളുകൾ അവരുടെ വിളവുശേഖരിച്ചു ചന്തയിൽകൊണ്ടുചെന്നവിൽക്കണംഎന്നേ ചട്ടം പറയുന്നുള്ളു.

മി. ആർ. ധനകോടിപിള്ള (വനം കൺസർവേട്ടർ): എല്ലാ ആളുകളും വനത്തിനുള്ളിൽ പ്രവേശിക്കുന്നതിനും മലവാസികളുമായി കച്ചവടബന്ധം ഉണ്ടായിരിക്കുന്നതിനും സമ്മതിക്കുന്നു എന്നാണ് ഞങ്ങളുടെ ഉദ്ദേശം.

പ്രൊസിഡണ്ടു: ആചട്ടങ്ങളെ വ്യക്തപ്പെടുത്തേണ്ടതു ആവശ്യമാണെന്നു എനിക്കുതോന്നുന്നു.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവംകോടും): ഇപ്പോൾ ലൈസൻസുള്ള കച്ചവടക്കാർ വേറെയും അവിടെപോയി സാമാനംവാങ്ങാൻ സമ്മതിക്കയില്ല. ഈ റൂൾസ് ഇങ്ങനെഉള്ളതുകൊണ്ടു അവർ മുഖേനഅല്ലാതെ വിൽക്കാൻ പാടില്ലെന്ന വിരോധിക്കുന്നു. അവരുടെസാമാനങ്ങൾ ലൈസൻസുള്ള കച്ചവടക്കാരേക്കാൾ കൊടുക്കാൻപാടുള്ള എന്നവരുന്നതിനാൽ ന്യായമായവില കിട്ടിവരുന്നില്ല. കച്ചവടക്കാർക്ക ഇഷ്ടമുള്ളതുകൊടുത്താൽമതി എന്നനില ആയിട്ടുണ്ടു.

മി. ആർ. ധനകോടിപിള്ള (വനം കൺസർവേട്ടർ): ആകാര്യത്തെപ്പറ്റി അന്വേഷണം നടത്തുന്നതാണ്. ലൈസൻസുള്ള കച്ചവടക്കാർ മലവാസികളുടെ അറിവില്ലായ്മയെ ആധാരമാക്കി സാധ്യത കാണുന്നു എന്നുകണ്ടാൽ അവരുടെസങ്കടത്തെ ഞങ്ങൾ നിവർത്തിക്കാം.

പ്രൊസിഡണ്ടു: മി. കുമാരപിള്ള പറയുന്നതു ചട്ടങ്ങൾതന്നിൽ യോജിപ്പില്ലായ്മ കാണുന്നു എന്നാണ്.

മി. ആർ. ധനകോടിപിള്ള (വനം കൺസർവേട്ടർ). അതിനെപ്പറ്റി അന്വേഷണം നടത്തുന്നതാണ്.

മലവാസികൾക്കു വേലക്കൂലി നിശ്ചയിച്ചിട്ടുണ്ട്. അവരുടെ കുടിപാർപ്പുസ്ഥലങ്ങളിൽനിന്നും മലവാസികളെ അന്യസ്ഥലങ്ങളിലേക്കു കൊണ്ടുപോകുമ്പോൾ അവർവെറുംകയ്യോടെയാണ് ചെല്ലുന്നതു; അവർക്കു ആഹാരവും മറ്റുസാമാനങ്ങളും കൊടുക്കേണ്ടതായിരിക്കുന്നു; ചിലർ കുടിപ്പതിനുന്നു; അവക്കു അധികകാലം കൊടുക്കേണ്ടതായുണ്ട്; അവരെവലിച്ചിട്ടുള്ളതിനിടക്കു ആറു അണയാണ്; ഈ ചിലവുകൾഎല്ലാം നടത്തിയതിൽപിന്നെ അവക്കു കൊടുക്കത്തക്കതായി അധികം ഇല്ലെന്നുവരുകിൽ ഡിപ്പാർട്ടുമെണ്ടിനെ കുറ്റംപറയാൻതില്ല. ചില്ലും മോക്ഷണംഉണ്ടെന്നു മി. കുമാരപിള്ള പറയുമായിരിക്കാം. അതുസംബന്ധിച്ചു യാതൊന്നും ഇപ്പോൾപറയാൻ എനിക്കുകഴിയുകയില്ല; എന്നാലും ബാക്കി അധികമായിരിക്കാൻ ഇടയില്ല.

ഈ ആളുകളോടുള്ള നടത്തയെസംബന്ധിച്ചിടത്തോളം അവർക്കായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളെ മാറ്റുള്ളവർ കൃഷിചെയ്യുവരുന്നുഎന്ന മി. കൊച്ചുകുഞ്ഞുപിള്ള പറഞ്ഞു- അതും പുതുതായിരുന്നു. ചട്ടപ്പുനിലകമ്മിറ്റി ചില സ്ഥലങ്ങളെ കുടിയൊഴിക്കണം എന്നു ശുപാർശചെയ്തപ്പോൾ ഈ സ്ഥലങ്ങളും മലവാസികളുടെ പ്രത്യേക ഉപയോഗത്തിനായി തിരിച്ചുവയ്ക്കണമെന്നു ഞാൻ ഗവർണ്മെന്റിലെക്ക എഴുതി അയക്കുകയും ഗവർണ്മെന്റ് ഇൻറെ ശുപാർശയെ സ്വീകരിക്കുകയും അവരുടെ ഗുണത്തിനുതുതായി അര ഡസൻ സ്ഥലങ്ങളും തിരിച്ചുവയ്ക്കുകയുംചെയ്തിട്ടുണ്ട്.

മി. സ്. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും). കാണിക്കാരുടെ ആവശ്യപ്പെട്ടിരുന്ന സ്ഥലങ്ങളുംഅല്ലാതെ വേറെ സ്ഥലങ്ങളും തിരിച്ചുവയ്ക്കുന്നതിനു കണ്ടർവെട്ടർ ശുപാർശചെയ്തിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനകോടിപിള്ള (വനംകൺസർവെട്ടർ). കാണിക്കാരുടെമാത്രം ഉപയോഗത്തിനായി ഞങ്ങളും കുറെസ്ഥലങ്ങളും നിക്കിവച്ചിട്ടുണ്ട്. അവരെ സഹായിക്കുന്നതിനു ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുവരുന്നുണ്ട്. മി. കൊച്ചുകുഞ്ഞുപിള്ള പ്രസ്താവിച്ചതായ മഹോപ്പണ്ണ എന്നതു ഒരുജാതി ഉഷ്ണരോഗങ്ങൾമാത്രമായിരുന്നു ഉള്ളു. ഇതിനെപ്പറ്റി ഞങ്ങൾ ഗവർണ്മെണ്ടിലേയ്ക്കു എഴുതിഅയക്കുകയും ഡർബാർഫിസിഷ്യൻ ഡെയവു ചെയ്യുന്ന മെഡിക്കൽ ആഫീസർ മുതലപ്പെട്ടത്തിനയയ്ക്കുകയുംചെയ്തു. ചില മലവാസികൾക്ക ചികിത്സ നാണ്ണംകിട്ടി. ഇട്ടൻ ചികിത്സ ആവശ്യമില്ലെന്നു സ്പെഷ്യൽ ആഫീസർ പറയുകയാൽ അപേക്ഷയെ തിരിച്ചയയ്ക്കുകയുംചെയ്തു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെടുമങ്ങാടും): തെടുമങ്ങാട്ടിൽ ഉള്ള മെഡിക്കൽ ആഫീസർ കാണ്ടോഗികരുടെ ഈ രോഗത്തിനു ഒരു ചികിത്സകണ്ടുപിടിച്ചുവരുന്നു എന്നു മി. ധനകോടിപിള്ളക്ക അറിയാമോ?

മി. ആർ. ധനകോടിപിള്ള (വനംകൺസർവെട്ടർ): എനിക്കറിഞ്ഞുകൂടാ— ഞാൻ വൈദ്യനാണെന്നു ഭാവിക്കുന്നില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെടുമങ്ങാടും): അതേഹം വൈദ്യൻഅല്ലെന്നു എനിക്കറിയാം. തെടുമങ്ങാട്ടു ആശുപത്രിയിൽ അനേകംകേസുകളിൽ ഞാൻ കണ്ടു. പരിശോധിച്ചുനോക്കിയാ ഒരു മനസ്കുത്തിവച്ചുകൊണ്ടിരിക്കുന്നുവെന്നറിയേണ്ടിയിരിക്കുന്നു.

പ്രൈസിഡണ്ട്: സ്പെഷ്യൽ ഉദ്യോഗസ്ഥനെ തിരിയെഅയച്ചതിൽപിന്നീടു ചികിത്സ ആവശ്യപ്പെടുന്നവർ എല്ലാം ഗവർണ്മെണ്ടു ആശുപത്രിക്കു പോയ്കൊള്ളണം എന്നായിരുന്ന ഗവർണ്മെണ്ടു ഉത്തരവു. ആ ഉത്തരവനുസരിച്ചു തെടുമങ്ങാട്ടു മെഡിക്കൽ ആഫീസർ ഏതെങ്കിലും മരുന്നുകുത്തിവയ്ക്കുന്നുണ്ടായിരിക്കാം.

മി. ആർ. ധനകോടിപിള്ള (വനംകൺസർവെട്ടർ): ഞങ്ങളുടെ ശുപാർശയിന്മേൽ മലവാസികൾക്കുവേണ്ടതിൽ അനേകം പള്ളിക്കൂടങ്ങളുണ്ടാക്കിട്ടുണ്ടു. മലവാസികൾക്കിടയിൽപുതുതായിപള്ളിക്കൂടംസ്ഥാപിട്ടുണ്ടുന്നതിനും അവരുടെഇടയിൽ ഉപയോഗമുള്ളപ്രവൃത്തിചെയ്യുന്നതിനും കഴിയുന്നതാമസിക്കുന്ന മിഷണറിമാർക്ക ഈയിടെഞാനവാഗ്ദാനംകൊടുത്തിട്ടുണ്ടു. വനത്തിനകത്തുപോയി ഒരുസ്ഥലത്തു സ്ഥിരതാമസംഉറപ്പിക്കുന്നതിനു ആഗ്രഹമുള്ളതായിക്കാണിക്കുംപറഞ്ഞപ്പോൾ അങ്ങനെചെയ്യുന്നതിനുഅനുവദിക്കാവുന്നതാകണമെന്നുഞാൻഉപദേശിക്കുകയുംഗവർണ്മെണ്ടു ആനിർദ്ദേശത്തെ അനുവദിക്കുകയും അവരെ ഇപ്പോൾ പതിതസമുദായമായി കരുതുകയുംമുമ്പികുറെ ഭൂമിയെ കൊടുക്കുകയും ചെയ്തിരിക്കുന്നു. അവർക്ക ഇവയിൽനിന്നും അവരുടെ സ്ഥിതിയെ സുഖകരമാക്കുന്നതിനു ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുവരുന്നുണ്ട് എന്നു മേൽ പറഞ്ഞതിൽനിന്നു കാണാവുന്നതാണു. ചട്ടങ്ങളിൽ ഏതെങ്കിലും ദോഷം ഉണ്ടായിരിക്കുകയോ അവ ന്യായമല്ലാത്തവിധത്തിൽ പ്രയോഗിക്കപ്പെടുന്നു എന്നു കാണുകയോ ചെയ്യുന്നതായാൽ ആ വിഷയത്തെപറ്റി അന്വേഷണം നടത്തുന്നതുണ്ട് മി. കുമാരപിള്ള തന്നെ അറിവിന്നായി ഞാൻ നന്ദിയുള്ളവനായിരിക്കുന്നു. ഈ വിധത്തിൽ വേണ്ട അന്വേഷണം നടത്തുന്നതിനു കഴിയുന്നതും അടുത്ത അവസരത്തു ഞാൻ ഉപയോഗപ്പെടുത്തിക്കൊള്ളാം.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): എനിക്കു കൂടുതലായി ഒന്നുംതന്നെ പറയാനില്ല. ഇപ്പോൾ മി. ധനകോടിപിള്ള പറഞ്ഞിട്ടുള്ളതുപോലെ നടത്തണമെന്നു മാത്രമേയുള്ളു. അതേഹം ഇതിനെപറ്റി അന്വേഷിക്കുകയും ഇപ്പോൾ ഉള്ള കുന്നുകളിൽനിന്നു അവരെ രക്ഷിക്കുകയും ചെയ്യാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ പ്രവർത്തിക്കണമെന്നു ഒന്നുകൂടി അപേക്ഷിച്ചുകൊള്ളുന്നു.

പ്രൈസിഡണ്ട്: അപ്പോൾ, മി. കുമാരപിള്ളെ, നിങ്ങൾ നിങ്ങളുടെ പ്രമേയത്തെ പിൻവലിക്കുന്നുവോ?

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): അതെ സർ, എൻറെ പ്രമേയത്തെ ഞാൻ പിൻവലിക്കുന്നു.

അനുമതിപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക ക്ക മുതൽ ക ക്ഷ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. എൻ. രാമകൃഷ്ണപിള്ള

ക ക ങ. ഹാസ്റ്റ് ഡിപാർട്ടുമെണ്ടിലെ ജീവനക്കാർക്കായി നീക്കിവച്ചിട്ടുള്ള ൨൫,൫൦൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള,

ക ക ഞ. ഗാർഡുകൾക്കായുള്ള ഫാറസ്റ്റ് സ്കൂളിയായി നീക്കിവച്ചിരിക്കുന്ന ൭൫൦൦ രൂപയിൽ ൫൦൦൦ രൂപ കുറയ്ക്കുണം.

പ്രൈസിഡണ്ട്: ഒരേ സംഗതിക്കായി മൂന്നു ഉപക്ഷേപങ്ങൾ ഉണ്ടു— ക ക ങ-ം ക ക ഞ-ം ഒരുമാതിരിയിലുള്ളവയും നീക്കിവച്ചിരിക്കുന്ന തുകയെ മുഴുവൻ തള്ളിക്കളയണമെന്നുള്ളതുമാണു; എന്നാൽ മി. കുഞ്ഞുകൃഷ്ണപിള്ളയുടെ ഉപക്ഷേപം നീക്കിവച്ചിരിക്കുന്ന തുകയെ കുറയ്ക്കേണ്ടതിനുംകൂടെ മി. മാധവ വാരിയരോടു അതേഹത്തിന്റെ പ്രമേയത്തെ പ്രയോഗിച്ചുകൊള്ളുന്നതിനു ഇപ്പോൾ ആവശ്യപ്പെട്ടുകൊള്ളുന്നു.

മി. എം. ആർ. മാധവവാരിയർ (കുഞ്ഞനുതും പത്മനാഭനിട്ടിയും): ഞാൻ പ്രയോഗിക്കുന്നില്ല.

താഴെ പറയുന്ന ഉപക്ഷേപങ്ങളും പ്രയോഗിക്കപ്പെട്ടില്ല.

മി. വി. കുഞ്ഞുകൃഷ്ണപിള്ള.

ക്ലാ ൭. ഫാറസ്റ്റ് സെറിൽമെൻറ് ആഫീസർക്കായുള്ള ക്ലാ ൦ ൦ രൂപയിൽ ൫ ൦ ൦ രൂപ കുറക്കണം.

മി. എം. ആർ. മാധവവാരിയർ.

ക്ലാ വു. ഫാറസ്റ്റ് സെറിൽമെൻറ് ആഫീസർക്കായുള്ള ക്ലാ ൦ ൦ രൂപ തള്ളിക്കളയണം.

മി. പി. കെ. നാരായണപിള്ള.

ക്ലാ ൯. ഫാറസ്റ്റ് സെറിൽമെൻറ് ആഫീസർക്കായുള്ള ക്ലാ ൦ ൦ രൂപ തള്ളിക്കളയണം.

ഉപക്ഷേപം ക്ലാ ൦.

മി. എം. ആർ. മാധവവാരിയർ (രചഞ്ഞെന്തരം പഞ്ചനംതിട്ടയും): ഞാൻ താഴെ പറയുന്നതിനെ വാദങ്ങൾ രാക്കിവെക്കുന്നു.

ക്ലാ ൦. ഡിമാൻഡു IV—ൽ ഉൾപ്പെട്ടത്തി മൊത്തമായി നീക്കിവച്ചിരിക്കുന്ന ൭,൯൭ ലക്ഷം രൂപയിൽ ക്ലാ ൦ ൦ രൂപ കുറയ്ക്കണം.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം ഈ ഡിപാർട്ടുമെണ്ടിന്റെ പ്രവർത്തനയെത്തപ്പറ്റി വാദം നടത്തുന്നതിനാണ്. ഗവർമെണ്ടിന്റെ ശ്രദ്ധയിൽ ബഹുമായി പതിപ്പിക്കണം എന്നു ഞാൻ വിചാരിക്കുന്ന ഒന്നാമത്തെ സംഗതി തിരുവിതാംകൂറിലെ തടികച്ചവടത്തിൽ ഉള്ള കൺട്രാക്ടർമാരുടെ കിട്ടുന്നുപോരായ്മയാണ്. ഈ രാജ്യത്തിലെ സ്വദേശികർക്കു കിട്ടുന്നില്ല എന്നുള്ള പരാതിയാണു, അതു തന്റെ കുറവല്ലെന്നു പറഞ്ഞു ഫാറസ്റ്റ് കൺസർവേറേറർ ഒഴിഞ്ഞുകളയുന്നു. തിരുവിതാംകൂർ കാടായ കാടുകളെല്ലാം വളരെ അധികം തടി വേണ്ടിവരികയില്ലയായിരിക്കാം ഓരോരുത്തർക്കും താരിപ്പുനിരക്കു കുറയ്ക്കുന്നതിനായി ഫാറസ്റ്റ് കൺസർവേറരോടു ശുപ്പാർശചെയ്യുന്നതിനു സാധിച്ചു എന്നു വരുന്നതല്ല. കൺട്രാക്ടർക്ക് വിൽക്കുന്നതുപോലെ ലാഭമായി ജനങ്ങൾക്കു തടിവിറ്റുകൊണ്ടേണ്ടതു കൺസർവേറരുടെ ധർമ്മം അതുകൊണ്ടു, ജനങ്ങൾ അനുഭവിക്കുന്ന ഒരു സങ്കടം ഉൾനാടുകളിൽ നിന്നും തടി ഡിപ്പോകൾക്കുള്ള ദൂരത്തെ സംബന്ധിച്ചുകൊണ്ടു, ഉൾനാട്ടിൽ വന്നിരിക്കുന്ന ഒരാൾക്കു തടി വാങ്ങുന്നതിനായി കടൽക്കരയത്തുകിൽ ഇരിക്കുന്ന ഒരു ഡിപ്പോവിലെക്കു പോകേണ്ടിയിരിക്കുന്നു. ക്ലാ ൯വു—മുതൽ ബഡ്ഡറവരെത്തിനിടയിൽ ഉൾനാടുകളിൽ ഡിപ്പോകൾ ഒന്നും ഇല്ലെന്നു മി. തരിയത്തു കുഞ്ഞിരാമമേനോൻ ഫാർ വെട്ടിക്കാട്ടപ്പള്ളിയും ചൂണ്ടിക്കാണിച്ചു. ഉൾനാടുകളിൽ ഉള്ള ജനങ്ങൾക്കു സമീപസ്ഥലങ്ങളിൽനിന്നു തടി കിട്ടുന്നതിനുള്ള സൌകര്യം ഇല്ലായ്മയുണ്ടെങ്കിൽ വളരെയായി വ്യാജക്കച്ചവടം നടത്തുന്നതിനുള്ള കാരണം. റേഞ്ചരും ഡിപ്പോകളുടേയും അധീനത്തിൽ റേഞ്ചാഫീസിൽ എപ്പോഴും കുറെ തടി രേഖരിച്ചുവച്ചിരിക്കുന്നതിനു കൺസർവേറ്റർ ശുപ്പാർശചെയ്യുന്നതു നന്നായിരിക്കും, വില്പന ആഴ്ചതോറും കണ്ടുസമയങ്ങളിലായി നിശ്ചയപ്പെടുത്തിയിരുന്നതിനാൽ ഉൾനാടു ജനങ്ങൾക്കു വലുതായ ഉണർത്തിന ഇടയുണ്ടു. തൽഫലമായി വ്യാജക്കച്ചവടത്തിൽ വലുതായകുറവു വരുന്നതായി അഭിപ്രായം കാണും. ഈ പദ്ധതി തടി വെട്ടിയിറക്കുന്നതിനുള്ള ചിലവുകുറയ്ക്കുന്നതിനും സഹായിക്കും, രാജകീയവൃക്ഷങ്ങൾ കൊട്ടാരക്കരയിൽനിന്നു വെട്ടി കൊല്ലത്തേക്കു കൊണ്ടുവരുന്നതായി വിചാരിക്കുക, കൊട്ടാരക്കരയിൽ തടിവാങ്ങുന്നവർക്കു കൊല്ലത്തുപോയി അവിടെ നിന്നും തടിയെ തിരികെ കൊട്ടാരക്കരക്കു കൊണ്ടുപോകേണ്ടതായിരിക്കുന്നു. കൊട്ടാരക്കരയിലുള്ള റേഞ്ചർ കുറെ തടി തന്റെ അധീനത്തിൽ രേഖരിച്ചുവച്ചിരിക്കുന്നതായാൽ ഇതുപോലുള്ള സന്ദർഭങ്ങളിൽ തടി കൊണ്ടുവരുന്നതിനുള്ള ചിലവിനെ ഗവർമെണ്ടിനും വിലക്കു കൊള്ളുന്നയാൾക്കും ഒഴിച്ചുവയ്ക്കാവുന്നതാണു.

വനം ഭരണത്തിൽ നാം യാതൊരുന്നതകരമായ അഭിവൃദ്ധിയും കാണുന്നില്ല. തടിവില്പന ക്രമേണ കുറഞ്ഞുവരുന്നു. കൺസർവേറ്റർ എല്ലായ്പോഴും വില്പനസ്ഥാനത്തെയും ആവശ്യത്തേയും കുറിച്ചുപറയുന്നു, എന്നാൽ കരിങ്കൺട്രാക്ടർമാർക്കും തോട്ടം ഉടമസ്ഥന്മാർക്കും തടിക്കച്ചവടത്തെസംബന്ധിച്ചു യാതൊരുപദ്ധതിയും ഇല്ല. തടിയുടെ ആവശ്യകത ഒരിക്കലും കുറയുന്നതല്ല എന്നു മി. മക്കി നമ്മോടുപറഞ്ഞുകൊണ്ടിരുന്നു. ഡിപ്പോക്കുകളിൽവിൽക്കുന്നതെ ക്ലൂടുതലായി കിടപ്പുവരുന്നതിനു ഡിപ്പാർട്ടുമെണ്ടിന്റെ നയം തന്നെയാണ് ഉത്തരവാദിയായിരിക്കുന്നതു. വെളിയിൽനിന്നും തടിവാങ്ങാൻ വരുന്നവർക്കു ശരിയായ വലുപ്പത്തിൽ ഉള്ള തടികൾ കൊടുക്കുന്നതിനു ഡിപ്പാർട്ടുമെണ്ടു ശക്തമല്ലായിരുന്നതിനാൽ അവർ കൂടിവലുതായ കൺട്രാക്ടർക്കു ക്ലൂടുതൽ വിലകൊടുക്കേണ്ടതായിവന്നു എന്നും ഞാൻ അറിയുന്നു, വലിയതോതിൽ തടിവിലക്കു വാങ്ങുന്നവരുടെ ആവശ്യങ്ങളെ മനസ്സിലാക്കുന്നതിനുംവേണ്ട അളവുകളിൽ തടികൾ രേഖരിച്ചുകൊടുക്കുന്നതിനും ആരും ശ്രമിച്ചിട്ടില്ല, ഡിപ്പോകളിൽ ഉള്ള തടികൾ ചീഞ്ഞുപോയിട്ടുണ്ടു, തടികൾ ചിലവാക്കുന്നതിലും വില്പനകൾ വേഗങ്ങളും നടത്തുന്നതിലും വിലയുംകൊള്ളുന്നവരുടെ ആവശ്യങ്ങളെ മനസ്സിലാക്കുന്നതിലും ഡിപ്പാർട്ടുമെൻറ് അധികം ജാഗ്രതയുള്ളവരായിരിക്കണം.

ക്ലാ ൯വു-ാമാണ് ഡിപ്പാർട്ടുമെണ്ടിനു സ്വന്തമായി ഒരു മരം അറുപ്പയന്ത്രശാല ഉണ്ടായിരിക്കണം എന്നു മി. കെ. പി. രാമൻപിള്ള നിർബന്ധിച്ചുപറഞ്ഞപ്പോൾ അതു പരാജയത്തിൽ പരിണമിക്കുമെന്നും ഏതെങ്കിലും കടിവകകമ്പനി അതു നടത്തണം എന്നും ഡനംകെൻസർവേറ്റർ പറഞ്ഞു, കൺസർവേറ്റർ പറഞ്ഞതുപോലെ തടിയറപ്പയന്ത്രം പരാജയത്തിൽ പരിണമിക്കുമെന്നുണ്ടെങ്കിൽ ഏതെങ്കിലും കടിവകകമ്പനി ആ കച്ചവടം നടത്തുന്നതിനു തുനിയുമോ? ഈ വിഷയത്തെപ്പറ്റി മദ്രാസ് ഗവർമെണ്ടു പത്രങ്ങളോടു ചോദിച്ചപ്പോൾ ട്രാംവേകളിലും മരം അറുപ്പയന്ത്രങ്ങളിലും യന്ത്രസാമഗ്രികളിലും റോഡുകളിലും വലിയ ആൾക്കും ഉടക്കുന്നതിനും തടിവെട്ടുന്നതിനും മായി തരുളിച്ച പത്രങ്ങളുടെ പിന്നയും വളർത്തുന്നതിനുള്ള ഉത്തരവുകളിലും ഏർപ്പെടുത്തുന്നതിനും അതിനുവേണ്ട പണം ചിലവാക്കുന്നതിനും കടിവകകമ്പനിക്കും തയ്യാറുണ്ടെന്നു പ്രതീക്ഷിക്കാൻ പാടില്ല എന്ന ഗവർമെൻറ് തീരുമാനമായി അഭിപ്രായപ്പെട്ടു. മറുള്ള രാജ്യങ്ങളിൽ എന്നപോലെ ഇതും സർക്കാരിൽനിന്നു ചെയ്യേണ്ടതായ ഒരു കാര്യം ആകുന്നു. തങ്ങളുടെ വനംപരിപാലകർക്കു നല്ല വിലകിട്ടുന്നതിനായി ബന്ധാവസ്ഥമെൻറും അവരുടെ സ്വന്തം മരമറുപ്പയന്ത്രശാലകളും സ്ഥാപിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നു.

ഫാറസ്റ്റ്യൂട്ടിലൈസേഷൻ ഉദ്യോഗസ്ഥൻ തിരുവിതാംകൂറിൽ എന്തുചെയ്യുന്നു എന്നു എനിക്കു വ്യക്തമാകുന്നില്ല. അദ്ദേഹം എന്തുതന്നെ ചെയ്തുകൊണ്ടിരുന്നിട്ടും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഡിപ്പാർട്ടുമെൻറിനെറ

മുതലെടുപ്പിനെ വഴിപ്പിച്ചിട്ടില്ല. യൂടിലൈസേഷൻ ഉദ്യോഗസ്ഥൻ തിരുവിതാംകോട്ടിലെ വനങ്ങളുടെ കച്ചവടസംബന്ധമായ ശക്തിനിലകളെപ്പറ്റി പരിശീക്ഷണങ്ങൾനടത്തിവരുന്നതായി പറയപ്പെട്ടിരിക്കുന്നു. യൂടിലൈസേഷൻ ഉദ്യോഗസ്ഥൻ ഈ മാസ്റ്റിൽ എപ്പോഴെയ്യിട്ടുണ്ടെന്നു സന്തോഷത്തോടെ പറയുന്നതിനും വനംകൺസർവേറ്റരോട ഞാൻ അപേക്ഷിക്കുന്നു. യൂടിലൈസേഷൻ ഉദ്യോഗസ്ഥൻ കടലാസുണ്ടാക്കുന്ന മരങ്ങൾവ്യവസായത്തെക്കായ്മയായി എടുത്തു എന്നുവരികിലും അദ്ദേഹത്തിന്റെ പരീക്ഷണത്തിലിന്നു യാതൊരു ഫലവും ഉണ്ടായിട്ടില്ല. തിരുവിതാംകൂറിൽ രണ്ടു തീപ്പെട്ടിവ്യവസായശാലകൾ സ്ഥാപിക്കയാൽ ഈറയിലും മുളയിലും ഒരളവോളം അവർ ഉപയോഗപ്പെടുത്തിവരുന്നു. സംസ്ഥാനത്തിലെ വനവിഭവങ്ങളെ ഉപയോഗപ്രദമാക്കുന്ന പണിയിൽ വനംകൺസർവേറ്റർ സ്വയം വേണ്ടിടത്തോളം ശ്രദ്ധിച്ചിട്ടില്ല. നമ്മുടെ വനങ്ങളുടെ ശക്തിവിശേഷത്തെ ഡിപ്പാർട്ടുമെന്റു വേണ്ടപോലെ മനസ്സിലാക്കീട്ടുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. പെട്ടിക്കും ഉണ്ടാക്കുന്നതിൽ പരിശോധനങ്ങൾനടത്താൻ പാടില്ലയോ എന്നു ഞാൻ വനംകൺസർവേറ്ററോടു ചോദിച്ചുകൊള്ളുന്നു. വള്ളിയുത്തടിപെട്ടികൾക്കു യശസ്സുണ്ടായ ഒരു മോടിയുണ്ടെന്നു എനിക്കു തോന്നുന്നു. തടി വിറ്റുനടന്നതിനുള്ള സാമ്പത്തയെപ്പറ്റി ഡിപ്പാർട്ടുമെന്റു ശരിയായ അന്വേഷണം നടത്തിട്ടില്ല. വനാവിളവുകളുടെ കച്ചവടസംബന്ധമായും ശാസ്ത്രീയമായും ഉള്ള സാമ്പത്തികാസാമ്പത്തികങ്ങളെപ്പറ്റി അന്വേഷണംനടത്തുകയും പ്രവർത്തിച്ചു പരിശോധനംനടത്തുകയും ചെയ്യുന്നതിനുള്ള ആവശ്യകതയെപ്പറ്റി കൺസർവേറർ ധരിച്ചിട്ടുള്ളതായി തോന്നുന്നില്ല. ചില്ലറ വനംവിളവുകളിൽനിന്ന് ഉള്ള വരവു ആശാപ്രദമായിരിക്കുന്നില്ല. അമേരിക്കയിലും മറ്റു സ്ഥലങ്ങളിലും അടുത്തകാലത്തായി ഉള്ളതുപോലെ തടിയെ യന്ത്രം ഉപയോഗിച്ചു പെട്ടിയെടുക്കുന്നതും പൊങ്ങപ്പെടുത്തുന്നതും സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്കു നിവൃത്തിമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു ചില ഇൻഡ്യൻരാജ്യങ്ങളിൽ ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറു ശ്രമിച്ചുവരുന്നു. ഇങ്ങനെയാകാം ചില ഇൻഡ്യൻരാജ്യങ്ങളിലെ ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിനു വലുതായ മുതലെടുപ്പു കിട്ടിവരുന്ന ചാക്ഷാവ്യവസായത്തിൽ ഡിപ്പാർട്ടുമെൻറു ശ്രമിച്ചിട്ടുണ്ടോ എന്നറിയുന്നതു രസകരമായിരിക്കും.

ഒരു വ്യാപാര എഞ്ജൻറിനെ നിയമിക്കുന്നതിനെപ്പറ്റി ഗവർമെണ്ടു പര്യാലോചിക്കുന്നതാണെന്നു വന്നം കൺസർവേറ്റർ ഒരിക്കൽ ഈ സഭയിൽ പറഞ്ഞു. ഈ വിഷയത്തിൽ ഗവർമെൻറു വിശാനനിലയിൽനിന്നും മുന്നോട്ടു പോയിട്ടുണ്ടോ എന്നറിയാൻ എനിക്കു ആഗ്രഹം ഉണ്ട്.

പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പിൽ കൂടിവില അപേക്ഷകരും തിട്ടപ്പെടുത്തുന്നതിനെപ്പറ്റി എനിക്കു ഒരു വാക്കുപറയുവാനുണ്ട്. കൂടിവിലകൊടുക്കുന്നതിൽ ഡിപ്പാർട്ടുമെൻറു തീരെ കണ്ണിശമുള്ളതായിരിക്കുന്നില്ല അന്വേഷണങ്ങൾ വളരെ മന്ദമായി നടത്തപ്പെടുന്നു. അതിനാൽ അനേകംപേർ ഗവർമെൻറിനെക്കു തോട്ടിസൂക്കരും അയക്കകളുടി ചെയ്തിരിക്കുന്നു. കോട്ടയം പണാപഹരണക്കേസ് ഉണ്ടായതിൽപിന്നിട്ടു താൻ വളരെ സൂക്ഷ്മമുള്ളവനായിത്തീർന്നിരിക്കുന്നു എന്നു കൺസർവേറ്റർ പറയുന്നു. അദ്ദേഹത്തിന്റെ സൂക്ഷ്മത്തിനായി അദ്ദേഹത്തെ ഞാനും കുറെപ്പറയുന്നില്ല. എന്നാൽ കൂടിവിലകൊടുക്കുന്നതിൽ ഡിപ്പാർട്ടുമെൻറു കുറെകൂടെ കർക്കശമായിരിക്കേണ്ടതാണെന്നു ഉപേക്ഷിക്കാണിക്കുന്നു എന്നു ഞാനും പരാതിപറയാൻ കാരണം ഉണ്ട്.

ഡിപ്പാർട്ടുമെൻറിന്റെ പൊതുനയത്തെപ്പറ്റി ഒന്നുരണ്ടു സംഗതികൾകൂടി എനിക്കു പറയാനുണ്ട്. വൃക്ഷങ്ങളിന്മേൽ ഉള്ള രാജഭോഗത്തെ തീരെ നിർത്തണമെന്നു ഈ സഭയിൽ നിബന്ധിക്കപ്പെട്ടിട്ടുണ്ടു ഫ്രീപാസുചട്ടങ്ങളോടുകൂടി ഇതിനേയും പര്യാലോചിക്കാമെന്നു ഗവർമെൻറു ഏറ്റു. രാജകീയവൃക്ഷങ്ങളെപ്പറ്റിയുള്ളചട്ടങ്ങൾ പൊതുജനങ്ങൾക്കും ഡിപ്പാർട്ടുമെൻറിനും വലുതായ ഉപദ്രവം ജനിപ്പിച്ചുവരുന്നു. ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ വനങ്ങളെ രക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതിനുപകരം സമ്പത്തുണ്ടാക്കിൽ താമസിച്ചു കടിപിടുരയിടങ്ങളിലുള്ള രാജകീയവൃക്ഷങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നതിനാൽ വനങ്ങൾ ശരിയായി പരിശോധിക്കപ്പെടാതേയോ ശ്രദ്ധിക്കപ്പെടാതേയോ ഇരിക്കുന്നു. ഡിപ്പാർട്ടുമെണ്ടിന്റെ മുഴുവൻ ശ്രദ്ധയും വനംസംരക്ഷണത്തിലും പുനരുല്പാദനത്തിലും ആയി കേന്ദ്രീകരിക്കപ്പെടുകയും ഉദ്യോഗസ്ഥന്മാരെ വനങ്ങളിൽത്തന്നെ താമസിക്കുന്നതിന് ആജ്ഞാപിക്കയുംചെയ്താൽ വളരെ അധികം ചിലവു ന്യായമായി ഒഴിച്ചുവയ്ക്കാവുന്നതാണ്.

റവറണ്ട് ഫാദർ കുറിയാക്കോസ് മവേലിക്കാപ്പള്ളി (തൊടുപുഴയും—കുന്നത്തുനാടും): സർ, ഞാൻ മിസ്റ്റർ മാധവരായരുടെ പ്രയോഗത്തെ അനുവദിക്കുന്നു. അപ്രകാരംചെയ്യുന്നതിൽ ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിനെപ്പറ്റിൽ മറ്റു രണ്ടു പരാതികൂടി സഭയെ അറിയിക്കാം. ഒന്നാമത്തെതു നെൽകൃഷിക്കു കൊള്ളാവുന്ന ഭൂമികളെ റിസർവുകളിൽനിന്നും വിടുവിക്കുന്നതിൽ ഡിപ്പാർട്ടുമെൻറുകാണിക്കുന്ന വലുതായവൈമനസ്യം ആണ്. സ്ഥലത്തെ ആവശ്യത്തിനു മതിയാകുന്നിടത്തോളം സ്ഥലത്തുവിളുപുണ്ടായിരിക്കുത്തക്കവണ്ണം നമ്മുടെ നെൽകൃഷിയെ നന്നാക്കുന്നതിൻ ശ്രമിക്കുന്നം എന്നുള്ളതു സർവസമ്മതമാണ്. റിസർവുകളിൽ നെൽകൃഷിക്കു യോജിച്ചതായ ചതുപ്പുനിലങ്ങളെ കണ്ടുപിടിച്ചു റിപ്പോർട്ടുചെയ്യുന്നതായി ഗവർമെൻറു കമ്മിറിക്കും ഏറ്റപ്പെട്ടതിനുവരുന്നുണ്ടു എന്നുള്ളതു വാസ്തവംതന്നെ. ഈ വിഷയത്തെ ഗവർമെൻറു നടപടിനടത്തി പര്യാലോചിച്ചുവരുന്നതിനാൽ ഞാൻ പറയുന്ന പരാതി ചതുപ്പുനിലങ്ങളെപ്പറ്റിയല്ല. ഞാൻ പറയുന്ന പരാതി ആര ഏഴുകൊല്ലത്തിലൊരിക്കൽ മലംകൃഷിനടത്താവുന്നതും ചതുപ്പുനിലം അല്ലാത്തതും ആയ മറ്റു സ്ഥലങ്ങളെപ്പറ്റിയാണ്. കുന്നത്തുനാടും തൊടുപുഴയും താലൂക്കുകൾ ആ താലൂക്കുകളുടെ മാത്രമല്ല അയൽതാലൂക്കുകളിലെ ആഹാരത്തിനുകൂടിയും മതിയാകുന്ന നെല്ലുകൊടുത്തുവന്നിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അതു ഗവർമെൻറിന്റേയും ജനങ്ങളുടെയും മഹാഭാഗ്യത്തിനായി വനങ്ങളിൽ മലംകൃഷിനടത്തുന്നതിനു ധാരാളമായി അനുവദിച്ചിരുന്നകാലത്തായിരുന്നു. ഉദാഹരണമായി കുരക്കാട്ടു റിസർവു, പാണ്ടപാറ, പിലാപള്ളി എന്നിവയെപോലെയുള്ള റിസർവുകളെ ഗവർമെൻറ് നല്ലലാഭം ഉണ്ടാകത്തക്കവിധത്തിൽ കത്തികപാട്ടമായോ മറ്റു ഏതെങ്കിലും വിധത്തിലൊ ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിനു വളരെ എളുപ്പത്തിൽ ജനങ്ങൾക്കു നെൽകൃഷിചെയ്യുന്നതിനു കൊടുക്കാവുന്നതാണ്. എന്നാൽ ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറ് ആകട്ടെ ഈ സ്ഥലങ്ങളെ വിട്ടുകൊടുക്കുന്നതിൽ വൈമനസ്യം ഉള്ളവരായി കാണപ്പെടുന്നു.

ഞാൻ പറയണമെന്നു വിചാരിക്കുന്ന രണ്ടാമത്തെ പരാതി ഗവർമെൻറുവക വനങ്ങളിൽനിന്നു വെട്ടുപ്പെടുന്ന ഈറയ്ക്കു ചുമത്തപ്പെടുന്ന അമിതമായ കുറിക്കാണത്തെപ്പറ്റിയാകുന്നു. എല്ലാ കുടിൽവ്യവസായങ്ങളേയും നന്നാക്കുന്നതിനു ഗവർമെൻറ് ഉൽക്കണ്ഠിതരായിരിക്കുന്നു എന്നാൽ ഈറയ്ക്കു ചുമത്തപ്പെടുന്ന കൂട്ടുതലായകുറി

ക്കാണം ഗവണ്മെന്റിന്റെ ഈ പിന്തുടരുന്ന നയത്തിന് നേരെ വിപരീതമായിരിക്കുന്നു. ഇന്നാട്ടിലെ വ്യവസായം കുന്നത്തുനാട്ടിലും മുവാറ്റുപുഴയും പറവൂരിലും ചിലഭാഗങ്ങളിൽ പ്രചാരത്തിൽ ഇരിക്കുന്ന ഒരു കുടിൽവ്യവസായം ആകുന്നു. അനേകശതം പാവപ്പെട്ട ജനങ്ങൾ ആ വ്യവസായംകൊണ്ടു കാലക്ഷേപം കഴിച്ചുവരുന്നു. വ്യവസായഡയറക്ടർ വ്യവസായങ്ങളെപ്പറ്റി വിവരമായ കുന്നുകൾ ശേഖരിച്ചു വരുന്നു എന്നു എനിക്കറിയാം. ശരിയായ കണക്കുകൾ പറയുന്നതിനു അദ്ദേഹത്തിനു കഴിയുമായിരിക്കും എങ്കിലെയാലും അതു വടക്കൻതിരുവിതാംകൂറിൽ പ്രധാനപ്പെട്ട ഒരു വ്യവസായമാകുന്നു. പാവപ്പെട്ടവരുടെ ഈ വ്യവസായത്തിൽനിന്നും കഴിവുള്ളടത്തോളം അധികം പണം ഉണ്ടാക്കി അതുകൊണ്ടു അരിയിനെ ഞെക്കി കൊല്ലുന്നതു ബുദ്ധിപൂർവമായ നയം ആണെന്നു ഞാൻ വിചാരിക്കുന്നില്ല. 1 0 0 രൂപാമാണ്ടിനുമുമ്പു ഈറാക്കു കുറിക്കാണം ഇല്ലായിരുന്നു. അതിൽപിന്നീടു 1 0 0 0-ന വ അന്നുമിതം എന്നുള്ള ചൊല്ലുക പുമത്തപ്പെട്ടിരുന്നു. ഇരുപ്പു ഓരോ കൺസർവെട്ടരും സാവധാനത്തിൽ കുറിക്കാണത്തെ കൂട്ടിത്തുടങ്ങി ഇപ്പോൾ അതു ആയിരത്തിന്റെ ഫ്ലക്ടുപയോളമായി വർദ്ധിച്ചിരിക്കുന്നു. ധനത്തിനു വെളിയിൽ കൊണ്ടുപോകുന്നതിനുമുമ്പിൽ ഈറാക്കളെ കെട്ടുകളായി കെട്ടുന്നതിനു ആവശ്യമുള്ള കവണക്കാരുടെ ഈ പാവപ്പെട്ട ജനങ്ങൾ നൂറിനു രണ്ടുരൂപവീതം കൊടുക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം മധ്യയിൽനിന്നു ഈറാ ഇറക്കികൊണ്ടു വരുന്നതിനുമുമ്പിൽ ഈ പാവപ്പെട്ട ആളുകൾ ആയിരത്തിനു രണ്ടുരൂപവീതം കൊടുക്കേണ്ടതായി വരുന്നു. ഈറാകൾ ശേഖരിക്കുന്നതിനുള്ള കൂടുന്നൽ പ്രയാസത്തേയും അവയെ ശേഖരിക്കുന്നതിനുള്ള സ്ഥലങ്ങളുടെ ആപൽകരമായ സ്വഭാവത്തേയും പറ്റി അറിവുള്ള ഏതൊരാളും ഇപ്പോഴത്തെ തിരക്കു വാസ്തവമായും വളരെ അമിതമായിട്ടുള്ളതാണെന്നു നിശ്ചയമായും സമ്മതിക്കും. പാസിന്റെ കാലാവധിയും കൂടുതൽ സങ്കടത്തിനു കാരണമായി തീർന്നിരിക്കുന്നു. ഇപ്പോഴത്തെ ചട്ടപ്രകാരം പുതുതായി ഫിസു ഒടുക്കി പാസു പതിനഞ്ചു ദിവസത്തിനകമാരിക്കൽ പുതുപ്പിക്കേണ്ടതായിരിക്കുന്നു. സർ, ഈ അവസ്ഥകൾ ഈ പാവപ്പെട്ട ജനങ്ങളുടെ ഈ വ്യവസായത്തെ വളരെ ബുദ്ധിമുട്ടിലുള്ളതാക്കി തീർക്കുന്നു. ഈറായുടെ കുറവിക്കാണത്തിൽ ഗണ്യമായ ഒരു കുറവു വരുത്തുന്നതിനു ഡിപ്പാർട്ടുമെന്റു ഗവണ്മെന്റിനോടു ഗൗരവപൂർണമായി ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതുസംബന്ധമായി കവളപ്പാറകുന്നിമിത്തം ഉണ്ടായ കഷ്ടത്തിനു നിവാരണാർത്ഥം കുറച്ചുകാലത്തേക്കു ഈറാവണ്ടു പ്രീപാസു കൊടുക്കണമെന്നു ഗവണ്മെന്റ് ഉത്തരവു ചെയ്തിരിക്കുന്നതിലേക്കായി ഈറാ വ്യവസായക്കാർക്കുവേണ്ടി ഞാൻ ഗവണ്മെന്റിനോടു നന്ദിപൂർവ്വം കടപ്പെട്ടിരിക്കുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവെട്ടർ): മിസ്റ്റർ മാധവവാരിയർ പറഞ്ഞ ചില സംഗതികളെ എടുത്തുപറഞ്ഞു ഞാൻ സഭയിൽ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. മുക്കിലും മൂലയിലുംചെന്നു ആഫീസിനും സമീപത്തും മറ്റും വില്പനയ്ക്കിപ്പോകും ഫീർപ്പെട്ടത്തണം എന്ന അഭിപ്രായം വാലിച്ചുവരുന്നു. അനേകം കൊല്ലങ്ങൾക്കുമുമ്പു ശ്രീമൂലം പ്രജാസഭയിൽ ചെയ്ത നിയമനങ്ങളുടെ ഫലമായി റേഞ്ച് ആഫീസുകളിലും ഉദ്യോഗാട്ടകളിൽ അനേകം പ്രധാനസ്ഥലങ്ങളിലുമായി ഞങ്ങൾക്കു അനേകം ചില്ലറ ഡിപ്പോകൾ ഉണ്ടായിരുന്നു. യാതൊരു സ്ഥലത്തും യാതൊരു വില്പനയും നടന്നില്ല എന്നായിരുന്നു അഭിപ്രായത്തിന്റെ ഫലം. കോതമംഗലം റെയിഞ്ചാഫിസിനു അനേകം കൊല്ലങ്ങളായി വിലപോകാതെ ഏകദേശം അർദ്ധസഹസ്രം തടികൾ കിടന്നിരുന്നു എന്നും ഒടുവിൽ ഞാൻ അവയെ ലേലംചെയ്യേണ്ടതായിവന്നു എന്നും ഉള്ള വസ്തുത എനിക്കറിയാം. ഉദ്യോഗാട്ടകളിൽ പുതുതായി ഡിപ്പോകൾ ഫീർപ്പെട്ടത്തണമെന്നു അപേക്ഷകൾ ഉണ്ടാകുന്നുണ്ട് എങ്കിലും ഫീർപ്പെട്ടത്തിക്കഴിഞ്ഞാൽ അവയിൽനിന്നും തടിവാങ്ങുന്നതിനു ആരും ശ്രദ്ധ കാണിക്കാറില്ല.

പ്രസിഡണ്ട്. മി. മാധവവാരിയർ പറയുന്നതു രാജകീയവൃക്ഷങ്ങളെ വിൽക്കുന്നതിനു ചില്ലറഡിപ്പോകൾ ഫീർപ്പെട്ടത്തണമെന്നാണെന്നു തോന്നുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവെട്ടർ): അല്ല. അദ്ദേഹം കുറ്റിതടികളെയും കൂടി ഉദ്ദേശിച്ചു പറയുകയാണെന്നു എനിക്കു തോന്നുന്നു.

മി എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ഞാൻ രാജകീയവൃക്ഷങ്ങളെപറ്റി മാത്രമെ പറയുന്നുള്ളു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവെട്ടർ): രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചടത്തോളം കൂടി വിലയുള്ള സർവേകാശത്തെ സ്ഥാപിച്ചതിനു പിന്നീടു വൃക്ഷങ്ങളെ എടുത്തുകൊള്ളുന്നതിനു ഉടമസ്ഥന്മാർക്കു അധികാരമുണ്ട്, അതിനു പിന്നെ അവർ എടുക്കുന്ന തടിയുടെ താരിഫ് വിലയിൽ പകുതി ഞങ്ങൾക്കു തരുന്നു. ഇപ്പോൾ അനുശരിക്കപ്പെട്ടുന്ന ചട്ടം ഇങ്ങനെയാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): വസ്തു ഉടമസ്ഥന്മാർക്കു ഡിപ്പാർട്ടുമെന്റു വല്ല നോട്ടീസും അയക്കുന്നുണ്ടോ എന്ന് അറിയുവാൻ ഇച്ഛിക്കുന്നു.

പ്രസിഡണ്ട്: നിങ്ങൾ പറഞ്ഞതു കേൾക്കാൻപാടില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): തടി മുറിക്കുന്നതിനുമുമ്പിൽ ഡിപ്പാർട്ടുമെന്റിൽനിന്നും വസ്തുഉടമസ്ഥന്മാർക്കു വല്ല നോട്ടീസും അയയ്ക്കുന്നുണ്ടോ എന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡണ്ട്: ഉടമസ്ഥന്മാരുടെ അറിവുകൂടാതെ അവർക്ക തടിമുറിക്കാൻ കഴിയുകയില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാർ നോട്ടീസു കൊടുക്കുന്നില്ല എന്നാണ് ഞാൻ അറിയുന്നതു. ഫിനസ്റ്റ് ഡിപ്പാർട്ടുമെന്റു ജീവനക്കാർ ഉടമസ്ഥന്മാർക്കു യാതൊരറിവും കൊടുക്കാതെ ചെന്നു മരത്തെ മുറിച്ചുമാറികൊണ്ടുപോകുന്നു. ചട്ടപ്രകാരം അവർ ഒരു മഹസ്സർ തയാറാക്കേണ്ടതുണ്ട്.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവെട്ടർ): അതെ, സർ, അവർ ഒരു കൂട്ടുമഹസ്സർ തയാറാക്കേണ്ടതുണ്ട്.

പ്രസിഡണ്ട്: മി. എം. എൻ. പിള്ളെ, നിങ്ങൾ പ്രത്യേകമായ പരാതി ഒന്നും അല്ല പറയുന്നതു. ചട്ടവിരോധം കാണിച്ചതായി കണ്ടുപിടിച്ചായ ഉദാഹരണങ്ങൾ കാണിച്ചാൽ മിസ്റ്റർ ധനക്കോടിപ്പിള്ള വേണ്ടതു ചെയ്തുകൊടുത്തുകൊള്ളും.

C.I

മി. എം. എൻ. പിള്ള (തിരുവനന്തപുരം): നോട്ടീസുകൾ അയക്കപ്പെട്ടിട്ടില്ല എന്നു ഞാൻ സന്തോഷത്തോടെ അറിയിക്കുന്നതായി എനിക്കറിയാം.

പ്രസിഡണ്ട്: നിങ്ങൾ മെയ്വഴക്കമുള്ള ആ കേസുകളെ കൺസർവേറ്റീവ് എഴുതിയെടുക്കൽ അല്ലെങ്കിൽ അവയെപ്പറ്റി അന്വേഷണം നടത്തും.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): മുക്കിലും മൂലയിലും ചില്ലറഡിപ്പോകൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം ആ പദ്ധതി പരാജയം അനുഭവപ്പെടുന്നുണ്ട് എന്നുള്ളതുകൊണ്ട് ഈ മുക്കുകളിലും മൂലകളിലും കൂടികൊണ്ടു തടിക്കിട്ടുന്നതിനു അധികം വലുതായ സൌകര്യങ്ങൾ ഉണ്ട്.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): തക്കലയുള്ള ഡിപ്പോ നിർത്തിയതു ചിലവില്ലാത്തതുകൊണ്ടാണോ? അതിൽ ലാഭമില്ലാത്തതുകൊണ്ടും തടി ചിലവാകാത്തതുകൊണ്ടും ആണോ നിർത്തൽ ഇടയായത്?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): വില്പനയില്ലാത്തതുകൊണ്ട് തക്കല ഡിപ്പോ നിർത്തണം എന്നു ഗവണ്മെന്റിലേക്കു ശുപാർശചെയ്ത ലെറ്റർ എനിക്കു ഒരിക്കൽ വായിക്കാൻ ഇടയായതിൽനിന്നു അവിടെ ഒരു കൂടിവകഡിപ്പോ തുടങ്ങിയതിനാൽ ഗവണ്മെന്റു ഡിപ്പോവിലെ വില്പനയ്ക്കു ഹാനികരമായതു ഞാൻ കണ്ടു.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും); ആ കണക്കുകൾ പരിശോധിച്ചാൽ വില്പന കുറവായിട്ടുള്ളതായി കാണുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): തക്കല ഡിപ്പോ നിർത്തലാക്കുന്നതിനെപ്പറ്റി ഞാൻ ഒരിക്കൽ വായിച്ചുനോക്കുന്നതിനു ഇടയായ ലെറ്ററിനെ അനുസരിച്ചുതന്നിയാണ് എന്റെ അറിവു.

മി. ടി. കുമാരപിള്ള(ഇരണിയലും വിളവങ്കോടും). ഒരാളിനെ സഹായിക്കുന്നതിനല്ലയെ ഗവണ്മെന്റ് ചിലവുള്ള ഡെപ്പോവിനെ അവിടെനിന്നും മാറിയതു? അതാണ് പ്രധാനം.

പ്രസിഡണ്ട്: ഡിപ്പോനിർത്തിയതു എപ്പോൾ?

മി. ആർ. ധനകോടിപ്പിള്ള (വനംകൺസർവേറ്റർ): 1 9 1 7-ാം മാണ്ടിലാണു. തക്കലയിൽ ഒരു ഡിപ്പോ ഏർപ്പെടുത്തുന്നതിനു ഞാൻ ഗവർണ്മെന്റിലേക്കു ശുപാർശചെയ്തിരിക്കുന്നു. അതു ഗവർണ്മെന്റിൽ തീർപ്പുകൽപ്പിക്കാതെ കിടക്കുന്നുഎന്നും മിസ്റ്റർ കുമാരപിള്ളയുടെ അറിവിനായി ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും): ആ ഡിപ്പോവിനെപ്പോലെ വിറകും മുളയും വേറെ എങ്ങും ചിലവില്ല. അതു വളരെ ചിലവായിക്കൊണ്ടിരിക്കുന്ന ഡിപ്പോവിനെ ഒരാളിനെ സഹായിക്കുന്നതിനു വേണ്ടിയല്ലയൊ സർക്കാർ നിർത്തേണ്ടതായിവന്നതു?

മി. ആർ. ധനകോടിപിള്ള (വനംകൺസർവേറ്റർ): ഡിപ്പാർട്ടുമെൻറു മരംഅരപ്പു യന്ത്രശാലകളെ ഏർപ്പെടുത്തുന്നതായ മരാമത്തു സംഗതിയെപ്പറ്റി മിസ്റ്റർ മാധവവാരിയർ പറഞ്ഞു. മി: മാധവവാരിയർ കൊല്ലത്തുനിന്നും വരുന്നതിനാൽ കൊല്ലത്തുള്ള മരംഅരപ്പു യന്ത്രശാലകളുടെ സ്ഥിതിയെപ്പറ്റി അദ്ദേഹത്തിനു ഏറെക്കുറെ അറിയാൻ ഇടയുണ്ടു. നിർഭാഗ്യവശാൽ മി: മക്കി ഇന്നു വന്നിട്ടില്ല. അദ്ദേഹം ഇവിടെ ഉണ്ടായിരുന്നാൽ നമുക്കു അദ്ദേഹത്തിന്റെ സാക്ഷ്യവചനംകൂടി ഉണ്ടായിരിക്കുമായിരുന്നു. നമുക്കു സെൽക്കൊണ്ടോ മരംഅരപ്പുയന്ത്രശാലയുടെ ഉദാഹരണമുണ്ടു. അതു നമ്മുടെ എല്ലാവരുടേയും ദൃഷ്ടി ആകർഷിക്കുന്ന ഒന്നായിരിക്കേണ്ടതാണു. കഴിഞ്ഞാണ്ടു അവിടെ ഏകദേശം 1 0, 0 0 0 രൂപ നഷ്ടമായി. ഈ അതുകൊണ്ടു തടിക്കച്ചവടത്തിൽ സ്ഥിരമായ വ്യാപാരം ഇല്ലാതിരിക്കുന്നസ്ഥിതിക്കു ഡിപ്പാർട്ടുമെൻറു വകയായ ഒരു മരംഅരപ്പു യന്ത്രശാല ആരംഭിക്കുന്നതു സാധ്യമായിരിക്കുകയില്ല. വേറെ പ്രത്യേകജോലിയൊന്നും ഇല്ലാത്ത ഏതെങ്കിലും മാന്യൻ മുന്നോട്ടുവന്നു ഒരു തടിയരപ്പുശാല തുടങ്ങുന്നതായാൽ അയാൾക്കു വേണ്ട സഹായങ്ങളും എല്ലാം കൊടുക്കാവുന്നതാണ്. എന്നുസംബന്ധിച്ചിടത്തോളം നമ്മൾണ്ടെൻറു ചിലവിന്മേൽ ഒരു തടിയരപ്പുശാല തുടങ്ങുന്നതിനു ഞാൻ ഉപദേശിക്കയില്ല.

പ്രസിഡണ്ടു: ഇവിടെ കൈകൊണ്ടു മരംഅറുക്കുന്നതിനു ധാരാളം ആളുകൾ ഉള്ളതിനാലും കൈകൊണ്ടു മരംഅറുക്കുന്നതു യന്ത്രം ഉപയോഗിച്ചു അറുക്കുന്നതിനെക്കാൾ ലാഭമുള്ളതിനാലുമാണോ?

മി. ആർ. ധനകോടിപ്പിള്ള (വനംകൺസർവേറ്റർ): അതേ, സർ, ഇവിടെ കൈകൊണ്ടു മരംഅറുക്കുന്നതു ലാഭമാണ്.

മി. മാധവവാരിയർ കടലാസ്സുണ്ടാക്കുന്നതിനുള്ള മജ്ജയെപ്പറ്റി പ്രസ്താവിച്ചു; ഫാറസ്റ്റ്സ്റ്റേഷൻ ഉദ്യോഗസ്ഥനെറ പ്രവർത്തിയെപ്പറ്റി യാതൊന്നും അറിയാൻപാടില്ലഎന്നും പറഞ്ഞു. നിർഭാഗ്യവശാൽ ആ വിവരം പ്രസിദ്ധപ്പെടുത്തീട്ടില്ല. അതുകാരണം ഈ വിഷയത്തിൽ ഇന്നത്തോളം തെറ്റിദ്ധാരണയ്ക്കു ഇടയായി. ഫാറസ്റ്റ്സെറ്റിൽമെൻറോഫീസർ ഇതിനെപ്പറ്റി വേണ്ടിടത്തോളം അന്വേഷണങ്ങൾ നടത്തി ഗവർണ്മെൻറിനു ഒരു റിപ്പോർട്ടു അയച്ചിട്ടുണ്ടു. റിപ്പോർട്ടു പഠിച്ചുനോക്കുന്നതിനായി എക്സാമിൻകമ്മിറ്റിയുടെ മുമ്പാകെ വയ്ക്കുന്നതിനു വേണ്ടി അതു ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ സമർപ്പിക്കപ്പെട്ടു. അവിടെ വച്ചുനടന്നതിൽ കടലാസ്സുശാല തുടങ്ങുന്നതിനുവേണ്ട അടിസ്ഥാനകാര്യങ്ങൾ തീരുമാനിച്ചിട്ടുള്ളവയല്ലഎന്നു തീർച്ചപ്പെടുത്തി. എങ്ങനെയായാലും കാര്യങ്ങളുടെ സൂക്ഷ്മതയെപ്പറ്റി ഉറപ്പുപറയുന്നതിനു എക്സാമിൻകമ്മിറ്റിയുടെ മുമ്പാകെ വയ്ക്കുന്നതിനു വേണ്ടി അതു ഫോറസ്റ്റ് കൺസർവേറ്റർ തയാറാക്കിയിരുന്നു. അതുകൊണ്ടു വേണ്ടവിവരങ്ങൾ എല്ലാം സൂക്ഷ്മമായി ലഭ്യമാക്കുന്നതുവരെ യാതൊന്നും ചെയ്യേണ്ടതില്ലഎന്നു തീർച്ചപ്പെടുത്തി. ആ സമയത്തിനകത്തുതന്നെ മലബാർമാപ്പ് ഫാക്ടറിയിലെ മി: കാക്സ് വന്നു തീക്കാറികൾ ഉണ്ടാക്കുന്നതിനു ഈറ എടുത്തുകൊള്ളാമെന്നു സമ്മതിച്ചു. കടലാസ്സിനുള്ള മജ്ജയ്ക്കു വേണ്ട പ്രാരംഭചിലവു റിപ്പോർട്ടിൽ പറഞ്ഞിരുന്നതുപോലെ 1 0 ലക്ഷം രൂപയോളം ആകുമെന്നുള്ളതു, വലുതായ കൂട്ടുകൾ ആയിട്ടുള്ളതുകൊണ്ടു അതു അപകടസ്ഥലമായ ഒരു പരീക്ഷണമായി ഗണിക്കപ്പെട്ടു. അതുകൊണ്ടു എക്സാമിൻകമ്മിറ്റിയുടെ മുമ്പാകെ വയ്ക്കുന്നതിനു മുമ്പായി കാക്സിനു ആവശ്യപ്പെടുന്നതിനു നടപടി കൈക്കൊള്ളുന്നതിനു ഉപദേശിച്ചു. തൽഫലമായി ഒരു പേപ്പർമില്ലിനു പകരം വടക്കൻതിരുവിതാംകൂറിൽ ഒരു തീരുമാനമുണ്ടാക്കുന്നതിനു ഇടയുണ്ടു.

പെട്ടികൾ നിർമ്മാണം അനുയോജ്യമായ ഒരു വ്യവസായമാണെന്നു മി: മാധവവാരിയർ പറഞ്ഞു. നമുക്കു ഇവിടെ ഉണ്ടാക്കാവുന്ന പെട്ടികൾ തേയിലയും റബ്ബറും അടച്ചുസൂക്ഷിക്കുന്നതുകൊണ്ടു പെട്ടികൾ ഭദ്രമാകുന്നു. ഇപ്പോൾ നമുക്കു മുമ്പിലുള്ളപെട്ടികൾ കടലിയിൽനിന്നും ലഭ്യമായിവരുന്നതിനാൽ ആ പെട്ടികൾ ഇവിടെ ഉണ്ടാക്കുന്നതു ലാഭമുള്ളതായിരിക്കുമോ എന്നു ആലോചിക്കേണ്ടതായിരിക്കുന്നു. അവരുടെ വ്യവസായം എങ്ങനെ ന-

ടത്തുണ്ടെന്നു മി: മാക്കിക്ക നമ്മോട് ക്ലിപ്തമായി പറയാൻകഴിയും. നിർഭാഗ്യവശാൽ യന്ത്രങ്ങളുടെ വിലക്കൂട്ടൽ നിമിത്തം ഒരു പരീക്ഷണം നടത്താൻകൂടി കഴിവില്ലാതിരിക്കുന്നു. പരീക്ഷണടത്തുന്നതിനു യന്ത്രങ്ങൾക്കുള്ള വിലയായി മാത്രം രണ്ടുലക്ഷം രൂപയോളം ചേണ്ടിയിരിക്കുന്നു. ഇക്കാലത്തു വിദേശീയപെട്ടികൾ സ്ഥിരമായി ഇവിടെ നടപ്പായിത്തീർന്നിരിക്കുന്നതിനാൽ അതോടുകൂടി വിജയവത്താക്കേണ്ടതും എതിക്കുന്നതിനു നമുക്കു സാധ്യമായിരിക്കുകയില്ല.

അരക്കവ്യവസായത്തസംബന്ധിച്ചും ഞങ്ങൾ ഒന്നും ചെയ്യുന്നില്ല എന്നു പറയുന്നു. അരക്കു ഒരുമാതിരി പുഴുക്കളിൽനിന്നു നിർമിക്കുന്ന സാധനമാണ്. ആ പുഴുക്കൾ കട്ടത്ത മഴനിമിത്തം തിരുവിതാംകൂറിൽ ധാരാളമായി വളരുന്നില്ല. മൈസൂറിൽനിന്നും അരക്കുപുഴുക്കൾ ശരിയായി വളരുന്നില്ല അവിടെ നടത്തിയ പരിശോധനം ആശാജനകമായിരുന്നില്ല. ആദ്യത്തിൽ അവക്കു ഏകദേശം ൭൦ പൌണ്ടു അരക്കു പുഴുവളർത്തലിൽ നിന്നും കിട്ടിയെങ്കിലും ഒടുവിൽ അവക്കു ൫൦ പൌണ്ടേ കിട്ടിയുള്ളൂ.

പ്രൊസിഡെന്റു് നിങ്ങൾ വേണ്ട പരീക്ഷണംനടത്തുകയും അതിൽപിന്നെ ഇവിടെ സാദ്ധ്യമല്ല എന്നു അറിയുകയുംചെയ്തുവോ?

മി. ആർ. ധനകോടിപ്പിള്ള (വനംകൺസർവേട്ടർ): കുട്ടനാട് മഴനിമിത്തം അരക്കവ്യവസായം ഇവിടെ അഭിവൃദ്ധമായിരിക്കുകയില്ല.

പ്രൊസിഡെന്റു് ഇവിടെ ഒരു പരീക്ഷണംനടത്തുകയും അതിന്റെ ഫലം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ എന്നു എനിക്കു തോന്നുന്നു.

മി. ആർ. ധനകോടിപ്പിള്ള (വനംകൺസർവേട്ടർ): കച്ചവടം എഞ്ജിനീയറിനെ നിയമിക്കുന്നസംഗതി ഇപ്പോഴും എഴുത്തുകുത്തിലിരിക്കുന്നതേയുള്ളൂ. യാതൊരു തീർച്ചയിലും എത്തീട്ടില്ല.

മി. സി. ശങ്കരമേനോവൻ (കൊല്ലം): കുറേക്കാലത്തിനുമുമ്പു തുച്ചിനാപ്പള്ളിയിൽ ഒരു കച്ചവടഎഞ്ജിനീയർ ഇല്ലായിരുന്നുവോ?

മി. ആർ. ധനകോടിപ്പിള്ള (വനംകൺസർവേട്ടർ): ഒരു കച്ചവടഎഞ്ജിനീയർ ഉണ്ടായിരുന്നു. ആ പരീക്ഷണം പരാജയത്തിൽ പരിണമിച്ചു: എഞ്ജിനീയർ ഞങ്ങളോടു തടിശേഖരിച്ചുവയ്ക്കുന്നതെന്ന ആവശ്യപ്പെട്ടു. അയാളിൽനിന്നും ഞങ്ങൾ ആധുനികം പ്രതീക്ഷിച്ചിരുന്നു. കായ്വശാൽ യാതൊന്നും നടന്നില്ല. അയാളേയും അവിടെ അധികകാലം വച്ചിരുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അയാൾ തിരുവിതാംകൂർകാരൻ ആയിരുന്നുവോ?

മി. ആർ. ധനകോടിപ്പിള്ള (വനംകൺസർവേറ്റർ): അയാൾ തിരുവിതാംകൂർകാരൻ അല്ലായിരുന്നു.

മി. എൻ. കുമാരൻ (ഗവർണ്മെന്റു നിയമിച്ച മെമ്പർ): ആ പ്രതി പരാജയത്തിൽ പരിണമിച്ചതു കച്ചവടഎഞ്ജിനീയറായിരിക്കാൻ തക്ക യോഗ്യതയില്ലാത്തയാളിനെ തിരഞ്ഞെടുത്തതുകൊണ്ടല്ലയോ?

മി. ആർ. കൃഷ്ണപിള്ള (ഗവർണ്മെന്റു ചീഫ് സെക്രട്ടറി): ഈ വിഷയത്തെപ്പറ്റി അന്വേഷണംനടത്തി റിപ്പോർട്ടുചെയ്യുന്നതിനു ഡാക്ടർ കുഞ്ഞൻപിള്ളയോടു ഉത്തരവുചെയ്തു, ലണ്ടനിൽ ഒരു കച്ചവട എഞ്ജിനീയറിനെ നിയമിക്കുന്നതു അനുകൂലമുള്ളതായിരിക്കും എന്നു അദ്ദേഹം പറയുന്നു.

പ്രൊസിഡെന്റു: മി. ധനകൊടിപിള്ളയാണു ഇപ്പോൾ സഭയിൽ പ്രസംഗിക്കുന്നതു.

മി. ആർ. ധനകോടിപിള്ള (വനം കൺസർവേട്ടർ): ഈ വിഷയം ഇനിയും എഴുത്തുകുത്തിൽ ഇരിക്കുന്നേയുള്ളൂ; ഞങ്ങൾ അതുസംബന്ധമായി യാതൊരു തീരുമാനത്തിലും വന്നിട്ടില്ല.

കടിവിലകൊടുക്കുന്നതിൽ താമസിക്കുന്നതിനെപറ്റി മി. മാധവവാര്യർ ഒരിക്കൽ പറകയുണ്ടായി സർ, ഈ വിഷയത്തിൽ ഞങ്ങൾക്കു ധാരാളം പരാതികിട്ടികൊണ്ടിരുന്നു എന്നു ഞാൻ സമ്മതിക്കുന്നു. നിർഭാഗ്യവശാൽ ചെയകേസുകളെ എളുപ്പത്തിൽ തീർച്ചചെയ്യാൻ പാടില്ലാത്തവിധം ചിലകേസുകളിലെ കണക്കുകൾ അതുകൂപ്പുള്ളവയായിരുന്നു. ചില ആളുകൾ പുറപ്പെടുവിച്ചിട്ടുള്ള അവകാശങ്ങൾ തീരെ ലോഹ്യമല്ലാതെ ശരിയായ റിക്കാർഡുകളിന്മേൽ സ്ഥാപിതമല്ലാത്തതും ആയിരുന്നു.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ഡിപ്പാർട്ടുമെണ്ടുകണക്കുകൾ ശരിയായിവച്ചുകൊള്ളാഞ്ഞതു എന്തുകൊണ്ടെന്നറിഞ്ഞാൽകൊള്ളാം.

മി. ആർ. ധനകോടിപിള്ള (വനം കൺസർവേട്ടർ): അതുചെയ്യുന്ന രീതിയാണ് അതിനുകാരണം ഞാൻ അതിനെത്തരവാദിയല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കടയെ മാറികൊണ്ടുപോകുന്നതിനുമുമ്പിൽ ഒരു ക്ലർക്കുമഹസ്സർ തയ്യാറാക്കേണ്ടതു ആവശ്യം അല്ലയോ?

പ്രൊസിഡെന്റു: ചോദ്യം എന്നോടുചോദിക്കുക.

മി ആർ. ധനകോടിപിള്ള (വനംകൺസർവേട്ടർ): ഞങ്ങൾ മഹസ്സർ തയ്യാറാക്കുന്നുണ്ടു ശരിയായ രസീതുകൾതന്നെയുണ്ടു കേസുകളിൽ യാതൊരുപ്രയാസവുമില്ല: ശരിയായറിക്കാർഡുകൾഇല്ലാത്ത കേസുകളിൽമാത്രമാണ് പ്രയാസങ്ങൾ ഉള്ളതു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): വസ്തുതകൾസ്ഥാപിക്കുവാൻ ചെയ്യേണ്ടതായി കടിവിലനത്തിൽ ഉള്ളതിനും എന്തു ഇക കൊടുത്തുതീർക്കേണ്ടതായിരിക്കും?

പ്രസിഡെന്റു: കൊടുത്തുതീർക്കേണ്ടതായുള്ള തുകയെയാണോ നിങ്ങൾ ചോദിക്കുന്നതു?

മി. ആർ. ധനകൊടിപിള്ള (വനംകൺസർവേട്ടർ): ഏകദേശം രണ്ടുലക്ഷംരൂപാ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പത്തുപന്ത്രണ്ടുകൊല്ലങ്ങളായി തീർച്ചയാക്കാതെ കിടക്കുന്ന കേസുകൾ ഉണ്ടോ?

മി. ആർ. ധനകോടിപിള്ള (വനം കൺസർവേട്ടർ): അങ്ങനെയുള്ള കേസുകൾ ഉണ്ടായിരിക്കാം കാരണം-മേലധികാരിപ്പുറം ഞങ്ങൾ ക്രമമായി കൊടുത്തുവരുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കക്ഷികൾ നോട്ടീസു അയച്ചിട്ടുള്ളതായി കേസുകൾ ഉണ്ടോ?

മി. ആർ. ധനുകൊടിപിള്ള (വനംകൺസർവേട്ടർ):- ഉണ്ട്—ഉർഘടം എന്തെന്നാൽ കണക്കുകൾ വ്യക്തമായിട്ടില്ല. ഉള്ളതായ പണം റിക്കാർട്ടുകളിൽനിന്നും തപ്പുപൊലും കണ്ടുപിടിക്കാൻ നിവൃത്തിയില്ലാതെയും ഇരിക്കുന്നു. ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർ വളരെ വ്യാപ്തമായ ജോലിചെയ്യേണ്ടിവരുന്നു. കൂടുതൽജീവനക്കാർ ഉണ്ടായിരിക്കുവാൻ ഞങ്ങളും അവശ്യപ്പെടുന്നുള്ളു. കണക്കുകളുടെ സംക്ഷിപ്തമായി ഞങ്ങൾക്കു ലഭിക്കുന്നതിനു തയ്യാറാക്കുകയും ചെയ്യാൻ അല്ലാതെ ഈ വിഷയത്തിൽ മുന്നോട്ടുപോകാൻ കഴിയുന്നതല്ല. അവശ്യങ്ങളെപ്പറ്റി അന്വേഷണം നടത്തുകയും സമ്മതിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടുണ്ട്. പ്രസ്തുത ബഡ്ജറ്റിൽ വേണ്ട പണം അനുവദിക്കാത്തതിനാൽ അവക്കു പണംകൊടുത്തുതീർക്കുന്നതിനു ഞങ്ങൾ ശക്തരായിട്ടില്ല. ഈയ്യിടെ വെട്ടിട്ടുള്ള വൃക്ഷങ്ങളുടെ കണക്കുകൾ ഞങ്ങൾ കഴിവിലധികം താമസത്തിനു ഇടയാകാതെ കൊടുത്തുതീർക്കുന്നു.

റെവറണ്ടു ഫാദർ വെട്ടിക്കാപ്പള്ളി വനങ്ങളിൽ മലകുഴി നടത്തുന്നതിനെപ്പറ്റി വാദിച്ചു. ഇതുപരാമർശവർഷത്തിൽ ഒരാൾ അപ്പപ്രദേശത്തു മലകുഴിയെപ്പറ്റി അനുകൂലമായ നടപടി നടത്തുന്നതു വാസ്തവത്തിൽ അത്ഭുതമായിരിക്കുന്നു. ഞാൻ തെറ്റിദ്ധനസ്സിലാക്കിട്ടില്ലെങ്കിൽ അദ്ദേഹംപറഞ്ഞ ഒന്നു രണ്ടു റിസർവുകളെ വനത്തിൽനിന്നും ഒഴിവാക്കേണ്ടതാണെന്നുള്ള മാത്രമേ അദ്ദേഹം ആവശ്യപ്പെട്ടുള്ളുവായിരിക്കാം.

റെവറണ്ടുഫാദർ കുറിയാക്കോസു വെട്ടിക്കാപ്പള്ളി (തൊടുപുഴയും കുന്നുന്നാടും): എതുസ്ഥലത്തു നിവൃത്തിയുണ്ടോ അതുമുഴുവനുള്ളിൽ റിസർവുകളെ കുറിക്കായിട്ടു കൊടുക്കണമെന്നാണു ഞാൻ ആവശ്യപ്പെടുന്നതു.

മി. ആർ. ധനുകൊടിപിള്ള (ചീഫ് കൺസർവേറേറർ): മലംകുഴി അഴുക്കുകൾ മാറിമാറിയുള്ളതുകൊണ്ടു ദോഷകരമായിട്ടുള്ളതാകുന്നു. സന്ദർഭവസ്ഥപറയുന്നതായാൽ വനംപ്രദേശങ്ങളുടെ ഇരിപ്പും ആ മാതിരിയിൽ ഉള്ള കുഴിയും കൂടി മയപ്പെടുത്തുകയില്ല. അതുകൊണ്ടായിരിക്കാം അദ്ദേഹം മുന്നുരണ്ടു റിസർവുകളുടെ കാര്യംമാത്രം പറഞ്ഞതു, കാരണമായിട്ടു റിസർവുകളെ അതു സമീപത്തുള്ള ഗ്രാമങ്ങളിലെക്കുവേണ്ട വിറകിനും കന്നുകാലിതീറ്റിക്കുന്നതിനായി ഒഴിച്ചിടപ്പെട്ടിട്ടുള്ളതാണ്.

പ്രൊസിഡന്റു: അദ്ദേഹം അവയേ ഒരു ഉദാഹരണമായിപറഞ്ഞു എന്നെയുള്ളു, അതു മുഴുവനുമായി അനുകരിക്കപ്പെടാമെന്നാണു ഫാദർ വെട്ടിക്കാപ്പള്ളി പറയുന്നതു.

മി. ആർ. ധനുകൊടിപിള്ള (വനംകൺസർവേറേറർ): എന്നാൽ ഞാൻ അദ്ദേഹത്തിനു എതിരായി വരിക്കാം. ധനംറിസർവുകൾക്കുള്ളിൽ മാറിമാറിയുള്ള കൃഷിക്കു അനുവദിക്കുന്നതു തീരെ ആത്മഹത്യകരമാണ്.

ഈറയുടെ കുറിക്കാണത്തിനുൻകാശ്ശിൽ ഇപ്പോഴുള്ളതിനേക്കാൾ ആയിരത്തിനു പുറം രൂപവീതം ആകുന്നു മലബാർ മാപ്പ്ഫാക്ടറി ഇപ്പോൾതന്നെ ആയിരത്തിനു ഏകദേശം നൂറുരൂപവരെ തരുന്നു. ആയിരം ഈറ വെട്ടുന്നതിനു പുറം രൂപയും അവയെ കെട്ടുകെട്ടി കെട്ടുന്നതിനുള്ള ചൂരലിനു പുറം രൂപയും കൊടുക്കേണ്ടിയിരിക്കുന്നതായി റവറണ്ടുഫാദർ വെട്ടിക്കാപ്പള്ളിപറയുന്നു. ആയിരം ഈറ കെട്ടാക്കി കെട്ടുന്നതിനു ഒരുവനു പുറം രൂപയുടെ ചൂരൽ ആവശ്യമില്ല എന്നു അദ്ദേഹത്തോടു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു.

റെവറണ്ടുഫാദർ കുര്യാക്കോസു വെട്ടിക്കാപ്പള്ളി (തൊടുപുഴയും കുന്നുന്നാടും): ഈറയെ കെട്ടായികെട്ടുന്നതിനു ചൂരൽ ഉപയോഗിച്ചില്ലെങ്കിലും അതിനുവിലകൊടുക്കേണ്ടതായുണ്ടോ എന്നറിഞ്ഞാൽകൊള്ളാം? ഇപ്പോൾ ചൂരൽ എടുത്തുകൊള്ളുകയും അതിനു വിലകൊടുക്കുകയും ചെയ്യണംഎന്നു ജനങ്ങളെ നിർബന്ധിച്ചുവരുന്നതായിഎനിക്കതോന്നുന്നു:

മി. ആർ. ധനുകോടിപിള്ള (വനംകൺസർവേറേറർ): ആയിരം ഈറ കെട്ടുന്നതിനു ആവശ്യമുള്ള ചൂരലിനു എട്ടണക്കു മേൽ വിലവരുന്നതല്ല എന്നു എനിക്കതോന്നുന്നു; പാസുള്ളവർ ഈറ കെട്ടുന്നതിനു കയറുകൊണ്ടുപോകുന്നതായാൽ ചൂരലിനു അവർ വിലകൊടുക്കേണ്ടതല്ല. എന്നാൽ ഈ ആളുകൊണ്ടു ഇരുപതുതവണയിലധികമേൽ നടക്കേണ്ടതായിരിക്കുന്നതിനാൽ അതുമുഴുവനുകൊണ്ടുപോകുമെന്നു നമുക്കു വിചാരിക്കാൻ ഇടയില്ല, കെട്ടുകെട്ടുന്നതിനുള്ള സാമാനങ്ങളും അവർ കൊണ്ടുപോകുന്നതായാൽ നിശ്ചയമായും അവർ ചൂരലിനു വിലകൊടുക്കേണ്ടതായി വരികയില്ല,

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ഞാൻ ഉപക്ഷേപത്തെ നിർബന്ധിക്കുന്നില്ല

പ്രൊസിഡന്റു, ഈ ഉപക്ഷേപം മി. മാധവവാരിയർ പിൻവലിക്കുന്നതിനു സമ്മതിക്കുന്നുഎന്നു ഞാൻ വിചാരിക്കുന്നു.

ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക്രമം.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടിട്ടില്ല.

മി. എ. എൻ. പിള്ള

ക്രമം, ഡിമാന്റു IV-ൽ നീക്കിവച്ചിരിക്കുന്നതായ ൧൯൭ ലക്ഷം രൂപയിൽ ക്രമം രൂപ കുറയ്ക്കുന്നു.

പ്രൊസിഡന്റു: മി. രാമകൃഷ്ണപിള്ളെ നിങ്ങൾ നിങ്ങളുടെ നിർദ്ദേശത്തെ പ്രയോഗിക്കുന്നുണ്ടോ?

മി. രാമകൃഷ്ണപിള്ള (വൈക്കവും—ഏറ്റുമാനൂരും): അതേ, സർ.

പ്രൊസിഡന്റു: നാം ഇപ്പോൾ വഴുക്കുക്ഷണത്തിനായി പിരിവാം.

വഴുക്കുക്ഷണത്തിനായി സഭ ഉച്ചതിരിഞ്ഞു മണിക്കു പിരിഞ്ഞു; വീണ്ടും മണിക്കു കൂടി.

ഉപക്ഷേപം ക്രമം.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും-ഏറ്റുമാനൂരും): സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

ക്രമം, ഡിമാൻറു IV-ലേക്കു നീക്കിവച്ചിട്ടുള്ള മൊത്തം ൧൯൭ ലക്ഷം രൂപയിൽ ക്രമം രൂപ കുറയ്ക്കുന്നു.

സർ, കഴിഞ്ഞ ചില കൊല്ലങ്ങൾക്കിടയിൽ ഉള്ള ഡിപ്പാർട്ടുമെന്റിന്റെ പൊതുനടപടിയെക്കുറിച്ചും അതിന്റെ കാണുവാനുന്ന മുന്നേറ്റപ്പുനേയും അതിനുള്ള കാരണങ്ങളേയുംപറ്റി ചില നിരൂപണങ്ങൾ ചെയ്യു

ണം എന്ന ഞാൻ ആഗ്രഹിക്കുന്നു. മുതലെടുപ്പു പരമ്പരയിനെ നാം വനങ്ങളുടെ സംരക്ഷണം പ്രധാനമായി രുന്നാലും ഡിപ്പാർട്ട്മെന്റിനെ മുതലെടുപ്പു വരുമാനവും പ്രധാനമായ ഒരു സാഗതിയാണെന്നുള്ളതിനെ മറിക്കാൻ പാടുള്ളതല്ല. ഫീൽഡ് തലങ്ങളിലുള്ള ഓഫീസർമാരുടെ പരിശോധിക്കുന്നതായാൽ ഡിപ്പാർട്ട്മെന്റിന്റെ മുതലെടുപ്പിലും ചിലവിലും വരുമായ വ്യത്യാസവും ഫോറസ്റ്റ് ഓഫീസറുടെ ചുമതലയിലുള്ള മുതലെടുപ്പിന്റെ കുറവു അതിനു മാത്രമുള്ളതാണെന്നും കാണുവാൻ തരമുണ്ട്. ഉദാഹരണമായി ഫോറസ്റ്റ് ഓഫീസറിൽ ഉൾപ്പെട്ടതായിരുന്ന ഫീൽഡ് പ്രദേശത്തെ മുതലെടുപ്പു ഫീൽഡ് ചിലവുകൾ കഴിച്ചു ഇപ്പോൾ ഡിപ്പാർട്ട്മെന്റിന്റെ കൈവശമായിരിക്കുന്ന ഫീൽഡ് പ്രദേശത്തെ മുതലെടുപ്പു ഫീൽഡ് ചിലവുകൾ കഴിച്ചു ഇപ്പോൾ ഫോറസ്റ്റ് ഓഫീസറുടെ കൈവശമായിരിക്കുന്ന പ്രദേശത്തെ മുതലെടുപ്പു ഫീൽഡ് ചിലവുകൾ കഴിച്ചു ഇപ്പോൾ ഡിപ്പാർട്ട്മെന്റിന്റെ കൈവശമായിരിക്കുന്ന പ്രദേശത്തെ മുതലെടുപ്പു ഫീൽഡ് ചിലവുകൾ കഴിച്ചു ഇപ്പോൾ ഫോറസ്റ്റ് ഓഫീസറുട

വിലകൊടുത്തതിൽ പിന്നിട് അല്ലാതെ പണം കിട്ടാൻ നിവൃത്തിയില്ലാത്ത കൺട്രാക്ടർമാർക്കും ഇരിപ്പും ഹാനികരമായ ഏർപ്പാട് ഉള്ളതു എന്തായെന്നുള്ള ഊഹിക്കുകിടിയുള്ളു. ഈ ഉടമ്പടിയിൽ ഇനിയും ഒരു വ്യവസ്ഥകൂടി ഉണ്ട് സ്/x സ്/ക്കുടിയ അവപ്പെടുത്തികളേയും ഈ കാളിയപ്പനാടാർക്കല്ലാതെ വേറെ ആർക്കും വിൽക്കുന്നതിനും ഗവണ്മെൻറിനെ നടസ്ഥപ്പെടുത്തിയിരിക്കുന്നതാണ് ഉടമ്പടിയിലെ മറ്റൊരു വ്യവസ്ഥ നിർദ്ദോഷമായ സ്റ്റിപ്പുകളും ഈ ഇനത്തിൽ ഉൾപ്പെടുന്നു. കാളിയപ്പനാടാർക്കു വേണ്ടുവോളം കിൽ ഗവണ്മെൻറിലേയ്ക്കുള്ള ധാരാളം മുതലുണ്ടാക്കുവാനുള്ള സ്റ്റിപ്പുകൾ വിൽക്കുന്നതിനു തടസ്ഥപ്പെടുത്തുവാനാണ്. ഇവിടുന്നു കൂടുതൽ കൺട്രാക്ടുകൾ വാങ്ങുവാനുള്ള പ്രതീക്ഷിക്കുവാനുതിനാൽ കാളിയപ്പനാടാർ തന്റെ കൺട്രാക്ടിലുള്ള ഈ വ്യവസ്ഥയെ അത്രനിർബന്ധിക്കുവില്ലായിരിക്കാം. അപ്രന്തരാപേക്ഷിതമായ 'സാമാന്യ' ഈ ഉടമ്പടി മാറിയിരിക്കുന്നതുകൊണ്ട് തടിച്ചുന്തയിൽഉള്ള മറ്റുസാമാനങ്ങളോടെ വില്പനയേയും ഇതു തോപ്പെടുത്തിട്ടുണ്ടെന്ന് ഞാൻ അറിയുന്നു. ഇതുരോളം ആവശ്യപ്പെടുന്നതും ആളുകൾ കൂടുതൽ വിലകൊടുക്കുവാൻ തയ്യാറുള്ളതുമായ ഒരു ചരക്കിനെസംബന്ധിച്ചിടത്തോളം ഇപ്രകാരമുള്ള വ്യവസ്ഥകളിൽ ഒരു കൺട്രാക്ട് കൊടുത്തതു എന്തു കൊണ്ടാണെന്നു മനസ്സിലാക്കുവാൻ എളുപ്പമില്ല. കൺസർവെറർ ചെയ്ത ഈ ഉടമ്പടിയേയും സബിനിയുക്തമായിയുള്ള ഉടമ്പടിയേയും താരതമ്യപ്പെടുത്തി നോക്കുന്നതുകൊണ്ടുപ്രയോജനമുണ്ടായിരിക്കും. ഈ കാരണത്താൽ ഗവണ്മെൻറിനു ഉണ്ടായിട്ടുള്ള നഷ്ടം അപാരമാകുന്നു.

കൺസർവെറർ ടെൻഡറുകളെ സംബന്ധിച്ചു നടത്തുന്ന നടപടികളും വലുതായ പരാതികൾക്കും കുറവോചനകൾക്കും ഇടകൊടുക്കുന്നവയും ഗവണ്മെൻറിലേക്കു നഷ്ടം വരുന്നവയുമാണെന്നു ഗണിക്കപ്പെടാവുന്നതായിരിക്കുന്നു. സാദ്ധ്യമുള്ളപ്പോൾ എല്ലാം ഏറ്റവും കുറഞ്ഞതിലുള്ളതു സ്വീകരിക്കുകയെന്നാണ് സാധാരണനിയമം. കൺസർവെറർ ഏറ്റവുംകുറഞ്ഞതിലുള്ളതു സ്വീകരിക്കാതെയും എന്നാൽ കൂടുതൽതിലുള്ളതു കുറഞ്ഞതു സ്വീകരിച്ചുകൊള്ളുന്നതിനു പ്രേരിപ്പിച്ചതായും ഉള്ള അനേകം കേസ്സുകളും ഞങ്ങളുടെ മുമ്പിയിൽ കൊണ്ടുവരപ്പെട്ടിരിക്കുന്നു. കുറഞ്ഞതുകയ്ക്കു ടെൻഡറുകളും കൊടുത്തിട്ടുള്ളവർക്കു ഈ ആശാഭംഗം നല്കുന്നു. അതിനാൽ മത്സരം എന്നതുതന്നെ ഇല്ലാതാവുകയും ഒടുവിൽ ഉണ്ടാകുന്നതുപോലും ഗവണ്മെണ്ട് സഹിക്കേണ്ടതായിയിരിക്കുകയും ചെയ്യുന്നു. പഴയ കൺട്രാക്ടുകാരുമായിമാത്രം ഇടപാടുകൾ നടത്തുന്നതിനപകരം മത്സരത്തെ ഉത്പാദിപ്പിച്ചു പുതുതായ കൺട്രാക്ടർമാരെ സഹായിക്കേണ്ടതാണ് ഡിപ്പാർട്ടുമെണ്ട് ചെയ്യേണ്ടതു്. ടെൻഡറുകൾപോലും കൊടുക്കാത്തവരെക്കൊണ്ടു നിർബന്ധിപ്പിച്ചു കൺട്രാക്ടുകൾ എടുപ്പിച്ചിട്ടുള്ളതായിട്ടുള്ളതിനു ഉദാഹരണങ്ങൾ ഉണ്ടു്.

തടിക്കച്ചവടത്തിൽ വേറെയും പിശകുകൾ ഉണ്ടു് ഡെപ്പോകളിൽ തടികൊണ്ടുവന്നു ഏൽപ്പിക്കുന്ന കൺട്രാക്ടർമാർ തങ്ങളുടെതന്നെയോ തങ്ങളുടെ ബന്ധുക്കളുടെയാന്തിരമോ തങ്ങൾ ഏൽപ്പിച്ചു തടികളെ വിലയുള്ളതാക്കുന്നതിനു സമ്മതിക്കുന്നുണ്ടു്. തടി ഡിപ്പോവിലേക്കു കൊണ്ടുവന്ന ഉടനെതന്നെ തൻറെ ചിഹ്നം മതിയാകുന്നിടത്തോളമുള്ള കോടുവിടിയുടെ ഒരുപങ്കു അയാൾക്കു കിട്ടിവരുന്നു. സ്വല്പം ശ്രമപ്പെട്ടി കൊടുക്കുന്നതിനാൽ ആതടി കിട്ടുമെങ്കിൽ അയാൾക്കു അടിസ്ഥാനം കുറഞ്ഞവിലയുള്ളതാകുന്നു. കച്ചവടത്തിൽനിന്നു പിൻവാങ്ങുകയും ചെയ്യാം. വടക്കൻ ഡിവിഷണിൽ "അകിബ്" നുള്ള ആവശ്യത്തിനു കുറവുവന്നതു, ആതടി ഏൽപ്പിച്ച കൺട്രാക്ടുക്കുതന്നെ ആതടി ശേഖരമായി വിറ്റതിനാൽ ആണെന്നു പറയാവുന്നതാണ്.

കഴിഞ്ഞ ഏതാണ്ടം കൊല്ലങ്ങളായി ഡിപ്പാർട്ടുമെണ്ടുകാരണം ഗ്രഹിപ്പെടുവാൻതക്കതായ ലക്ഷണവും കാണിച്ചിട്ടില്ല. ദീർഘനാസരണമായ നയത്തിനു ഇല്ലാതായ യാതൊന്നുകൊണ്ടെന്ന വനങ്ങരക്ഷണത്തിൽ അനുഷ്ഠിക്കപ്പെടുന്നില്ല. നടിവടിയിരിക്കുന്നുമാത്രം ഒരു കച്ചവടവിഷയമായി ഗണിക്കുന്നതും ബഡ്ഡറിൽ വ്യാപാരാഗത്തിനുള്ള ചിലവിനു എന്തുതുക വേണ്ടിവരുമെന്നും കിട്ടുന്നലാഭം എത്രയെന്നും കാണിക്കുന്നതിനായി ചിലകണക്കുകൾ വയ്ക്കുന്നതും അതുകൊണ്ടു. ഗവണ്മെണ്ടു മുഖാന്തിരം എടുക്കപ്പെട്ടിട്ടുള്ള വിളവുകളിൽനിന്നു വാങ്ങം ഉണ്ടായിട്ടുണ്ടെ. ഇല്ലയൊയെന്നു ഡിപ്പാർട്ടുമെണ്ടിൻറെ പൊതു വർത്താവസാനകണക്കുകൾ കണിക്കുന്നില്ല. കഴിഞ്ഞകാലത്തെ ബഡ്ഡറുവാതിനിടയിൽ ഒരു ക്ലബിക്കടി തടിയിന്മേൽ ചിലവുവരിക്കു ഗവണ്മെൻറിനു കിട്ടിയതുനലാഭം ഫ അണ ൬ മാത്രമാണെന്നു കണക്കാക്കിക്കാണിക്കപ്പെട്ടു. ഈ ഗ്രണരഹിതമായ ഫലത്തിനു മതിയായ സമാധാനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല; എന്നാൽ ഉദ്ദേശ്യം ഗവണ്മെൻറിൻറെ ആലോചനയിൽ പെട്ടിട്ടുണ്ടു എന്നു് സന്തോഷത്തോടെ പറകയുണ്ടായി.

വൊക്കിംഗ്പ്ലാൻ സംഗതിയിൽ ഡിപ്പാർട്ടുമെണ്ടിൻറിനു യാതൊരു തൃപ്തികരമായ തീരുമാനവും ഇതുവരെ ഉണ്ടാക്കീട്ടില്ല. കഴിഞ്ഞകൊല്ലം കൺസർവെറർ പറഞ്ഞ സമാധാനത്തിൽനിന്നു് വൊക്കിങ്ങ്പ്ലാനുകൾ നിരുപയോഗമായിട്ടുള്ളവയാണെന്നും വ്യതിപ്രയത്നത്തിനുമാത്രമായി തയ്യാറാക്കപ്പെട്ടവയാണെന്നും തോന്നാനിടയുണ്ടു്. എന്നിരുന്നാലും ആലോചനയുണ്ടു ഗവണ്മെൻറു പ്രസ്താവം പ്രകടിപ്പിക്കയും തയ്യാറാക്കൽ പൂർത്തിയാക്കുന്നതിനു ഡിപ്പാർട്ടുമെണ്ടിനോടു പറയുകയുംചെയ്യുന്നു. അതാവശ്യമുള്ള കൺസർവേറ്റർമാരുടെ നയത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ വൊക്കിങ്ങ്പ്ലാനുകളെ സംബന്ധിച്ചിടത്തോളം തീർച്ചയാക്കപ്പെട്ടിട്ടുവെന്നും ഒന്നും ഇല്ല. ഓരോ കേസിൻറേയും ആവശ്യങ്ങൾ അനുസരിച്ചു ചെറുപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള രീതിയിൽ വൊക്കിംഗ്പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രയത്നം ഇന്നിടെ ഇല്ലാതാക്കപ്പെട്ടിരിക്കുന്നതായികാണുന്നു. ഉദാഹരിപ്പോർട്ടിൻപ്രകാരം ഫവൻറ്റ ച, ടൈൽ ഇനസ ഫിക്കുവൊക്കിംഗ്പ്ലാൻ ഉള്ളതായികാണുന്നു, ന്യൂസ ച, ടൈൽ സ്ട ഫിക്കിനു വിവരമായ വൊക്കിംഗ്പ്ലാൻ തയ്യാറാക്കപ്പെട്ടിട്ടുള്ളതായി പറയപ്പെട്ടിരിക്കുന്നു എന്നാൽ ആ വൊക്കിംഗ്പ്ലാനുകൾ ഗവണ്മെൻറിനോടും വിവരങ്ങൾ ലഭ്യമാകാതെയും സ്ഥിതിക്കും പ്രത്യാസമായും തടിവില കുറവായും ഇരുന്നതായ കുറെക്കാലത്തിനുമുമ്പ് തയ്യാറാക്കപ്പെട്ടവയാണെന്നു കൺസർവേറർ പറയുന്നു ഓരോക്കുപ്പിലും ഉള്ളതരിക്കും വെട്ടിയിരിക്കുന്നതിനു എണ്ണുകൂലം വേണ്ടിവർത്തമെന്നുള്ളതിനപ്പുറമായതൊരു അഭിപ്രായവും കൂടാതെയാണ് ആ വൊക്കിംഗ്പ്ലാനുകൾ തയ്യാറാക്കപ്പെട്ടതു്; അതിനാൽ അപ്രകാരമുള്ള സംഗതികളിൽ ആത്മാർത്ഥമുള്ള പ്ലാനുകളിൽ നീക്കുപോക്കുകൾ ചെയ്യേണ്ടതായിവന്നു. ഇപ്പോൾ വൊക്കിംഗ്പ്ലാൻ തയ്യാറാക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെണ്ടു എന്തുചെയ്യുന്നു എന്നുള്ളതിനേയും അനുവർത്തിക്കപ്പെട്ടിട്ടുള്ള വൊക്കിംഗ്പ്ലാനുകൾ അനുസരിച്ചു വേലചെയ്യപ്പെടുന്ന വനങ്ങളുടെ സൂക്ഷ്മമായ വിസ്താരം എന്താണെന്നുള്ളതിനേയുംപറ്റി സൂക്ഷ്മവും വ്യക്തവുംആയ വിവരങ്ങൾകിട്ടുന്നതു എളുപ്പമല്ലായിരിക്കുന്നു. പലതിലും ത

ഇല്ലായ്മയെന്നതിനെ വല്ലപ്പോഴും വിവരങ്ങൾ ശേഖരിക്കപ്പെട്ടുണ്ടോയെന്ന് അറിയുന്നതിനുള്ളിടയിലും നടക്കേ എടുപ്പില്ല. തൈമസ്സിൽ ഫോറസ്റ്റ് അതോറിറ്റി അനുവലിച്ചിട്ടുള്ള പൊക്കിംഗ്പ്ലാൻ അനുസരിച്ചു ജോലി നടത്തപ്പെട്ടവരുന്ന വനങ്ങളുടെ വിസ്തൃതി ക്രമാതീതമായി കുറഞ്ഞു. തൈമൽ അല്ലെങ്കിൽ സംസ്ഥാനത്തിലെ വനങ്ങളിൽ രണ്ടു ശതാംശം ആരണ്യം കാണുന്നു. തിരുവിതാംകോട്ടിൽ അനുവദിക്കപ്പെട്ടിട്ടുള്ള വക്കിങ്ങ്പ്ലാനുകൾപ്രകാരം തിരുവിതാംകൂറിലെ വനങ്ങളിൽ എന്തുവിസ്തൃതി സ്ഥലത്തു പണിനടത്തപ്പെടുന്നു എന്നറിയുന്നത് ജ്ഞാനപ്രദം ആയിരിക്കും.

ഗതാഗതമാർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം തൃപ്തിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു.

"ആകപ്പാടെ ഗതാഗതമാർഗ്ഗങ്ങളെ നന്നാക്കുന്ന പ്രധാന ഇനത്തിൽപ്പെട്ട ചിലവു തൃപ്തികരമായി കാണപ്പെടുന്നില്ല; ഈ മാർഗ്ഗത്തിൽ കൂടുതൽ നല്ലഫലം പ്രാപിക്കേണ്ടതിനു കൺസർവേറ്ററുടെ നോട്ടം ഉണ്ടായിരിക്കേണ്ടതാകുന്നു."

ചില്ലറ വനംപിരിവിൽനിന്നു കിട്ടിവരുന്ന മുതലെടുപ്പിൽ ഗണ്യമായ അഭിവൃദ്ധിലക്ഷണവും കാണിച്ചിട്ടില്ല വനവ്യവസായം എന്നപേരിനു തൽഫലമുള്ളതായി യാതൊന്നും തന്നെയില്ല. മേച്ചിലിൽനിന്നും ഉള്ള മുതലെടുപ്പുസ്ഥാനം ഇനിയും വിവരമായി അന്വേഷിക്കപ്പെട്ടിട്ടു കാണുന്നില്ല.

വനപരിശോധനയെ സംബന്ധിച്ചു് "ഡിവിഷൻ ആഫീസർമാർ നടത്തുന്ന പ്രബലമായ വനപരിശോധനത്തിൻറെ രീതിയും പരിമാണതോതും പോരാ. ഇനിയും ഞങ്ങൾ അന്ധകാരത്തിൽ ഇരിക്കുന്നേയുള്ളൂ" എന്നു തഥൈവ ഭാഗത്തിൽ പറയുന്നു.

ഡിപ്പാർട്ടുമെന്റു നിയമിച്ചിട്ടുള്ള യുടിലിറ്റിസെക്ഷൻ ഉദ്യോഗസ്ഥൻ സംസ്ഥാനത്തിനു ഏതുരീതിയിൽ ഏതു മാത്രം ഉപകാരം ചെയ്തിട്ടുണ്ടെന്നു ഞങ്ങൾക്കു അറിഞ്ഞുകൂടാ. വിവിധ ധനാഭായകമായ വിളകൾകളെപ്പറ്റി പരീക്ഷണങ്ങളിലൊ തടി വെട്ടിയിറക്കുന്നതിൽ പുത്തൻരീതികളെ ഉപയോഗപ്പെടുത്തുന്നതിലൊ വല്ലശ്രദ്ധയും നൽകപ്പെട്ടിട്ടുള്ളതായി കാണാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല. ആ ഉദ്യോഗസ്ഥൻ തൻറെ ഇരിപ്പിനെ നീതികരിക്കുമാ എന്നു കാണേണ്ടതായിരിക്കുന്നേയുള്ളൂ

ഉദ്ദ്യോഗിയായി നിയമനങ്ങളെ ചെയ്തിട്ടും ഡിമാർക്കേഷനും സർവേയും പടങ്ങളും ഇല്ലാത്തതായ് കാരുണീക്കപ്പെട്ടിട്ടില്ല ഇയ്യാണ്ടത്തെ ബഡ്ജറ്റിൽ സർവ്വേസൂപ്രണ്ടിനു ൪൦൦ രൂപ ഡ്യൂട്ടിഅലവൻസ്സ്കൂടി ഉൾപ്പെടുത്തീട്ടുള്ളതായി ഞങ്ങൾകാണുന്നു. ഈതുക എന്തിനായി ഉൾപ്പെടുത്തിയിരിക്കുന്നു എന്ന് എനിക്കറിഞ്ഞുകൂടാ.

ആണ്ടവസാനത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുതലെടുപ്പു തരിപ്പെടുത്തണമെന്നുള്ളതിൽ ആണ് ഉൽകണ്ഠ കാണിക്കുന്നതു്. ഈ വസ്തുതകൾഎല്ലാം ആലോചിക്കുന്നപക്ഷം കഴിഞ്ഞ ഏതാണ്ടുകൊല്ലങ്ങളായി ഡിപ്പാർട്ടുമെന്റു തൃപ്തികരമാംവണ്ണം അഭിവൃദ്ധമായിമിക്കുന്നില്ല എന്നു തീർച്ചപ്പെടുത്തിക്കുന്നു. ഓഡിയിൽ ഈ കാര്യങ്ങളിൽഎല്ലാം ഉടനെ നന്നാകുമെന്നു ഞങ്ങൾ ഹാർദ്ദമായി ആശംസിക്കുന്നു.

മി. ആർ. ധനഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): കഴിഞ്ഞയാണ്ടു ബഡ്ജറ്റ് വാദത്തിനിടയിൽ ഈ സംഗതികളിൽ മിക്കവയെപ്പറ്റിയും ഞാൻ പറഞ്ഞുപോയിട്ടുള്ളതിനാൽ എനിക്കു പറയേണ്ടതായി അധികം ഒന്നുമില്ല എന്നാൽ പുതുതായി ഒന്നുരണ്ടുസംഗതികൾ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഫോൺ ൭—ാമാണ്ടു മുതലെടുപ്പു ഫർലക്ഷം രൂപയായിരിക്കെ ഫോൺവ്വ—ാമാണ്ടു ഫർ ചിലവാനം ലക്ഷം രൂപമാത്രമെ ഉണ്ടായിരുന്നുള്ളു എന്നു മി. രാമകൃഷ്ണപിള്ള പറയുന്നു. കുറയിൽവേക്കാൾ സ്ലീപ്പർതടി ഖ്യാതിപ്പെടുത്തുന്ന കുത്തകനിമിത്തം ഫോൺ ൭—ാമാണ്ടു നമുക്കു പെട്ടെന്നു ൨ ലക്ഷംരൂപ മുതലെടുപ്പു ഉണ്ടായി എന്നു ഫോൺ ൭—ാമാണ്ടു ഞാൻ സഭയിൽ വിസ്തരിച്ചുപറഞ്ഞിട്ടുണ്ട്. പിൻകാലങ്ങളിൽ ഇതിൻറെഫലം നാം അനുഭവിക്കേണ്ടതായിവന്നു. സ്ലീപ്പുരുകൾ ആയി എടുക്കപ്പെട്ടമുപോകെ വളരെതടി വനങ്ങളിൽ കിടന്നിരുന്നു. ഇവയിൽ ഏകദേശം നൂതി, ൦൦൦ ഘനയടി ഡിപ്പോയിലേക്കു കൊണ്ടുവരപ്പെട്ടു. എന്നാൽ അപയ്യൂ ആവശ്യക്കാർ ആരും ഉണ്ടായിരുന്നില്ല. ഈ തടി ഇറക്കിക്കൊണ്ടുവരുന്നതിനു മാത്രം മരുഖക്ഷം രൂപയ്യുമേൽ ചില വുചെയ്യപ്പെട്ടു എന്നു വരുകിലും ഫോൺവ്വ—ാമാണ്ടു ഫ ൦൦൦—മൊ ൫ ൦൦൦—മൊ രൂപയ്യുമേൽ വിലവരുന്ന തടി വിൽക്കാൻ സാധിച്ചില്ല. ഫോൺവ്വ—ാമാണ്ടു കുറവുവന്നതു ഈ കാരണത്താൽ ആണ. ഫോൺ൯—ാമാണ്ടിലും ഈ തടി വിൽക്കാനുള്ളലക്ഷ്യങ്ങൾ ഒന്നും കണ്ടില്ല. അവയെല്ലാം സ്ലീപ്പർരാക്കിയതു കഴിച്ചു ബാക്കിയുള്ളവയിൽനിന്നു ഉരുപ്പടികൾ ആക്കപ്പെട്ടവയും ചില നീളങ്ങളിലും തരങ്ങളിലും പെട്ടവയും ആയിരുന്നു. ഫോൺന്യ—ാമാണ്ടു കൺട്രാക്ട് കൊടുത്തകാലത്തു ഈ തടികളെ സാപ്പുമായ മാർക്കറ്റോടു ചേർത്തി വിൽക്കാവുന്നതാണെന്നു പ്രതീക്ഷിച്ചിരുന്നു. നിർഭാഗ്യവശൽ ലോകം ഒട്ടുക തടിവില കുറയുകയും ഈ ഉരുപ്പടികൾക്കു യാതൊരാവശ്യക്കാരും ഇല്ലാതാകയും ചെയ്തു. വെട്ടിച്ചിറക്കിക്കൊണ്ടുവരുന്നതിനുള്ളചിലവു ഫ രൂപ ൭ അണ വീതം ആയിരുന്നു. അതിനായിരുന്ന ലക്ഷം രൂപയോളം ചിലവാക്കപ്പെട്ടുകയും ചെയ്തിരുന്നു. ഫോൺ—ാമാണ്ടു ഡ്യൂവനിലുംകൂടി ഫ ൫൦൦ ഘനയടി മാത്രം വിൽക്കപ്പെട്ടു. ഒടുവസാനത്തിൽ ൩,൦൦൦ ഘനയടിയോളം ബാക്കികിടക്കുകയുംചെയ്തു. ഈ കിടപ്പും ഇന്നകാലത്തു ചില മെംബർമാർ പ്രസ്താവിച്ചതായ മുൻ ശേഖരിച്ചതടികളും ഉൾപ്പെടെ ഡേപ്പോകളിൽ ൭,൦൦൦ ഘനയടി ഉണ്ടായിരുന്നു. ഇവ വിലപ്പോയതും ഇല്ല. ഇതേ സമയത്തുതന്നെ ഡെപ്പോവുകളിൽ പുത്തൻ തടികളും വന്നുചേർന്നുകൊണ്ടിരുന്നു. ആ കാലത്തിനിടയിൽ നവീനത്വം തീണ്ടിപോയതായ പഴയ ടചറയും ആയ ഈതടികൾക്കു വാങ്ങിക്കാൻ ഉല്പാദിക്കാതെ പുതിയതടികളെ വാങ്ങിയ്ക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ഈ തടിക്കായി ഞങ്ങൾ ഒരുലക്ഷം രൂപയ്യുമേൽ ചിലവാക്കിയിരുന്നു. എന്നാൽ അവയെ വിൽക്കുന്നതിനുള്ള യാതൊരുലക്ഷണവും കാണുന്നും ഇല്ല. ഈ തടിയെ ക്രമാതമുമായി വാങ്ങിക്കൊള്ളുന്നതിനുഞങ്ങൾ ടെൻഡർ വിളിച്ചതിൽ ഫ രൂപ ൫ അണയ്യുള്ള ഒരുടെൻഡർ മാത്രമെ കിട്ടിയിരുന്നുള്ളൂ ഫെറ ഒരാൾ വേക്ക്ഫ്രിസഹിക്കുന്നതായാൽ ഫ രൂ ൭ അണവീതം തരാമെന്നുപറഞ്ഞിരുന്ന ഏകിലും അയാൾ കുറച്ചുമാത്രമെ ആവശ്യപ്പെട്ടിട്ടുള്ളൂ; അതു തിരിഞ്ഞുതുക്കൊള്ളാം എന്നു വാദിച്ചു. കച്ചവടക്കാരുമായി എഴുത്തുപാടുചെയ്തു നോക്കിഎങ്കിലും അതിലുപയോഗപ്രദമായ ഫലവും ഉണ്ടായില്ല. ഡെപ്പോവുകളിൽ തടി കൊണ്ടു ഫിറപിക്കുന്നതിനു കൺട്രാക്ട്കാരെ കൊടുത്തിട്ടുണ്ടായിരുന്നു. അതുകാരണം ഫോൺ൯—ാമാണ്ടു ഡെപ്പോകളിൽ പുകയ്കേശം നൂ൦,൦൦൦ ബൊക്കുകാരെ കൊണ്ടുവന്നു ഫിറപ്പിക്കപ്പെടുകയും ചെയ്തു. മീനമാസത്തോടു കൂടി ഇപ്രകാരം ൫൦,൦൦൦ ബൊക്കുകാരെമാത്രം വിൽക്കപ്പെടുകയും അടുത്ത നാലുമാസത്തിനുള്ളിൽ ൪൦,൦൦൦ ബൊക്കുകാരെ വിൽക്കേണ്ടതായി കിടക്കയുംചെയ്തു.

മി. എ. ഗ്രഗ്വർഫ് (ഗവണ്മെന്റ് നോമിനി ചൂണ്ടിക്കാട്ടുന്നവർ) എനിക്കു കൊടുക്കാൻ വയ്യാ.

മി. ആർ. ധനഷ്കോടിപിള്ള (വനം കൺസർവേറ്റർ) സർ, ഈ ബോധുകരം ഏറെക്കുറെ യിശേഷപ്പെട്ടവയാണെന്നു ഞാൻ സമ്മതിയ്ക്കുന്നു. അവ നമ്മുടെ രാജ്യത്തിൽ ധാരാളമുണ്ടാകുന്ന കാടുകളിലെ വൃക്ഷങ്ങളിൽനിന്നു ഉണ്ടാക്കുന്നവയാണ്. അവ ചെലവിൽ നഷ്ടമാകുന്നതും മനുഷ്യന്മാർ ശ്രദ്ധയിൽ ചിന്തയായിട്ടേക്കേയും ചെയ്യും. അതിനാൽ അവയെ കഴിയുന്നത്ര വേഗത്തിൽ വിൽക്കേണ്ടതായിരിക്കുന്നു. ൪൦,൦൦൦ ബോധുകരം കഴിഞ്ഞതവണ ഒട്ടുവിചാരിച്ചതിനേക്കാൾ നാലുമാസത്തിനുള്ളിൽ സാധാരണയായി വിൽപ്പോകുന്നതിൽ നിന്നും വിൽക്കാൻ കഴിഞ്ഞില്ല. ഒരുലക്ഷം രൂപയ്ക്കുമേൽ മുടക്കിയിരുന്നതായ വലുതായ കൂട്ടം വടി കഴിഞ്ഞ ആറുമാസമായി ഗോഡൗണിൽ കിടപ്പുണ്ട്. ആ വലിയ തുകയിൽ ഉള്ളതിൽപാതി പലിശയ്ക്കു വാങ്ങിയതാണ്. ബ്രിട്ടിഷ്കച്ചവടക്കാർ ബോധുകരം വാങ്ങുന്നതിനു ഉത്സാഹമുള്ളവരായിരിക്കുന്നുപോലെ തോന്നുന്നു. കോങ്ങു ഉരുപ്പടികളുടെ വാങ്ങുന്നതിൽ ഉത്സാഹമില്ലാത്തവരായിരിക്കുന്നതിനാൽ കൊണ്ടു ഉരുപ്പടിവിൽക്കുന്നതിനുള്ളപ്രയാസം ബോധുകളോടുകൂടി കോങ്ങു ഉരുപ്പടികളേയും വാങ്ങുന്നതിനു അവരെ പ്രേരിപ്പിക്കുകയുമാണു ചെയ്യുന്നു. ഇങ്ങനെ കച്ചവടത്തിനു വാങ്ങുന്നവിധമുള്ളകുഴപ്പങ്ങൾ കൂടാതെ ലക്ഷം രൂപയോളം വരുന്ന മുതൽ കച്ചവടക്കാർ വലുതായ മുഖേനം മുടക്കേണ്ടതായി വരുന്നു. കോങ്ങു ഉരുപ്പടികളെ മൊത്തമായി വിലക്കു കൊള്ളുന്നതിനു രണ്ടു കച്ചവടക്കാരെയുള്ളു. ടെൻഡർ ബോധിപ്പിച്ചിരുന്ന ഇവർ രണ്ടുപേരും ധനവിഷയത്തിൽ ഭേദമില്ലാത്തവരും ഇവരിൽ ഇപ്പോൾ ഡിപ്പാർട്ട്മെന്റിൽ ഇടപാടുചെയ്യുള്ള കൺട്രാക്ടർകൂടി ഉണ്ടായിരുന്നവരും ആയിരുന്നു. അവരിൽ ഒരാളെ പ്രേരിപ്പിച്ചു ക്വിക്കുട്ടുചെയ്യുന്നതിനു ചെയ്കോട്ടധിവിഷൻ ഫാറെസ്റ്റാഫീസറോടു ഞാൻ ആജ്ഞാപിക്കയും മറ്റെ ആളുമായി ഞാൻ ഫിക്സ്പാടുചെയ്യുകയുംചെയ്തു. ഓരോളുടെ നിരക്കും വ്യവസ്ഥകളും മറ്റെ ആളും അറിഞ്ഞിരുന്നില്ല. ഇതിനിടയ്ക്ക് നമുക്കു അല്പം ചെയ്തുള്ള ഇടയ്ക്കേടുകൂടി കഴിഞ്ഞ രണ്ടുകച്ചവടങ്ങളുടെ ഡെപ്പോസിറ്റിൽ കിടന്നിരുന്ന കോങ്ങു ഉരുപ്പടികളെ മുഴുവനും വിലക്കുവാങ്ങിക്കാമെന്നു സമ്മതിച്ചു ഒരേക്ഷകിട്ടുന്നതിനു നോക്കാമെന്നു ഞാൻ നിശ്ചയിച്ചു. അതോടുകൂടി അതേവരെ ഡെപ്പോസിറ്റിൽനിന്നു പിരിഞ്ഞുപോന്ന ശരാശരിവിലക്കു ബോധുകളെല്ലാം വാങ്ങിക്കാമെന്നു അയാൾ വാഗ്ദാനംചെയ്തു. ആണ്ടാരംഭത്തിൽ സാധാരണം എണ്ണൂറു ബോധുകരമേതും ഡിപ്പോവിലേക്കു കൊണ്ടുവരപ്പെട്ടപ്പോൾ അവ മേഘാവിലക്കവിൽക്കപ്പെടുന്നു. കുറെക്കഴിഞ്ഞു ഡെപ്പോളിൽ തടി ധാരാളം ശേഖരപ്പെട്ടുമ്പോൾ വിലകുറയുന്നു. കച്ചവടക്കാർ എല്ലാപേരും കൂടി ഒരുമിച്ചുകൂടിക്കൊണ്ട് അവരുടെ വിലകൾപറഞ്ഞു തുടങ്ങും: അപ്പോൾ അവരെ ഏതുവിധത്തിൽ വിൽക്കണമെന്നുള്ള കാര്യം ഗവർമെന്റിനു തീരുമാനിക്കയായിത്തീരുന്നു. ഈ ഏർപ്പാടുകൊണ്ടു വേണ്ടത്രയും ഉയർന്നവിലയ്ക്കു തന്നെയോ കൂടിയോ ഉരുപ്പടികളെയും ഗവർമെന്റിനു വിൽക്കാമെന്നുള്ള കൂട്ടുകൾ ഒന്നുകൊണ്ടും സാധിച്ചു. അതിനാൽ ഈ അപേക്ഷയെ ഗവർമെന്റിലേക്കു ശിപാർശചെയ്യുകയും ഗവർമെന്റ് അതിനെ സ്വീകരിക്കയും ചെയ്തു. ഏകദേശം ഈ സമയത്തു ഒരു പ്രത്യേകപ്രമാണത്തിൽപ്പെട്ട ബോധിനു ബോൾ ഒന്നിനു ൪ അണ വിതം കൂട്ടുകൾവിലയുണ്ടെന്നു ഒരുകച്ചവടക്കാരനിൽനിന്നും കേൾക്കയുണ്ടായി. എനിക്കു ഒരേക്ഷകിട്ടി, എന്നാൽ അയാൾ ബോധുകളെമാത്രം അല്ലാതെ നമുക്കുവിൽക്കുന്നതിനു പ്രയാസം ഉണ്ടായിരുന്ന ഉരുപ്പടികളെ വാങ്ങുന്നതിനു ഒരുക്കമില്ലായിരുന്നു. മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ ഇപ്പോൾ തൃപ്തിയായെന്നു ഞാൻ ആശംസിക്കുന്നു.

മി. എൻ രാമകൃഷ്ണപിള്ള (തൈക്കവും ഏറുമാനൂരും) ബോധുകരംകൊള്ളുവാൻ ആവശ്യക്കാർ അതുചുരുങ്ങിയതു രണ്ടെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടതു?

മി. ആർ. ധനഷ്കോടിപിള്ള (വനം കൺസർവേറ്റർ) അതേ, സാധാരണമായി ഒരു ആണ്ടാരംഭത്തിൽ ൪൦,൦൦൦ ത്തോളം ആയിരിക്കും. അതിൽ കൂട്ടുകയില്ല, നാം കൂട്ടുതൽ ശേഖരിച്ചുവയ്ക്കുന്നതായാൽ ചിലവാങ്ങുകയും ഇല്ല വിലയും കുറയും ചിലപ്പോൾ അവയെ വിൽക്കാൻ കഴിഞ്ഞുകിട്ടുന്നതുമില്ല. ഓരോ കച്ചവടക്കാരൻ കമ്പോളത്തെ തീരുമാനിക്കുവതനു. നമ്മാൽ കഴിയാത്തവിധത്തിൽ വിൽപ്പനയെ വർദ്ധിപ്പിക്കാൻ ഇടയാക്കുകയും ചെയ്യും. ഒരു വലുതായ വസ്തുവെന്തെന്നാൽ മഴക്കാലമായ കർക്കടകമാസത്തിനു മുമ്പു ഈ ബോധുകരം വിൽക്കാൻ സാധിച്ചില്ലെന്നവരുന്നാൽ അവ നമുക്കു നഷ്ടമുണ്ടാക്കുമെന്നുള്ളതാണ്. മൂന്നാണ്ടിൽ ഈ വിധമായിനമുക്കു വലിയനഷ്ടങ്ങളും സംഭവിച്ചിട്ടുണ്ട്. ഒരിക്കൽ മഴനനയുകയും കേടായിത്തുടങ്ങുകയും ചെയ്തുപോയെങ്കിൽ പിന്നിട് മാറ്റമുള്ളതിലധികം കിട്ടുന്നതിൽ പകുതിവിലകൂടി കിട്ടാൻ ഇടയാക്കുകയില്ല.

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കവും ഏറുമാനൂരും) പലയാളുകൾക്കും എന്നതിനേക്കാൾ ഒരേ ആളിനെതന്നെയായി ഇവയെ അതുയെയും വിലക്കുകൊടുക്കുന്നതു അധികം ഗുണകരമാണോ?

പ്രസിഡണ്ട്: മി. ധനഷ്കോടിപിള്ള പറഞ്ഞതിനെ നിങ്ങൾ മനസ്സാക്കുകയുണ്ടു. ഒരാൾതന്നെ ബോധുകളെ വിലക്കുവാങ്ങിയതിനാൽ കോങ്ങു ഉരുപ്പടികളെക്കൂടി വിലക്കു കൊടുക്കുന്നതിനു സ്ഥിതി നമുക്കുണ്ടാകുന്നതിനാൽ അതു കുറെക്കൂടി ഗുണകരമാകുന്നതും കൂട്ടുതൽവിലപറഞ്ഞതുപോലെ ബോധുകരംമാത്രമെ ആവശ്യപ്പെടുവാനുള്ളു എന്നും അദ്ദേഹം പറഞ്ഞു പ്രസ്തുതസംഗതികളെല്ലാംകൂട്ടി അതുകാരണമാണു പഴയകോങ്ങു ഉരുപ്പടികളും കണക്കിൽ കൂട്ടുതലായിരുന്നിരുന്നതു. ഡിപ്പോയിൽ നിന്ന ഒരുകാര്യമേയും നമുക്കു പ്രത്യേകമായിട്ടു ഇടയിലുള്ളതിനെ അംഗീകരിക്കുന്നതിനു ഇഷ്ടമായിരിക്കുകയില്ലെന്നും അതിനോടുകൂടി എടുത്തു. അതുകൊണ്ടാണു ഈയാളുടെ അപേക്ഷ സ്വീകരിച്ചതു എന്നും മി. ആർ. ധനഷ്കോടിപിള്ള നിങ്ങളോടു പറഞ്ഞതു. കോങ്ങു ഉരുപ്പടികൾക്കുള്ളആവശ്യക്കാർ ചുരുക്കമാണെന്നും കോങ്ങു ഉരുപ്പടികൾക്കുള്ള ആവശ്യകത പരിചിതമാണെന്നും ആ ഉരുപ്പടികളും എല്ലാം തിരുവിതാംകൂറിനകത്തുതന്നെ ചിലവാകുന്നതെന്നും ഒന്നു രണ്ടു വലിയ കച്ചവടക്കാർ കമ്പോളത്തെ പിടിക്കുന്നു എന്നുള്ളതുകൂടി അദ്ദേഹം നിങ്ങളോടു പറഞ്ഞു.

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കവും ഏറുമാനൂരും): വിലയ്ക്കു വാങ്ങുന്നവർ വേറെയുണ്ടായിരുന്നാൽ കുറെ കൂടുതൽ ഗുണകരമായിരിക്കുകയില്ലേയെന്നു എനിക്കറിയേണ്ടിയിരുന്നു.

പ്രസിഡണ്ട്: അപേക്ഷകരും കൂട്ടത്തിനു മുഴുവനും കൂടി ആയിരുന്നു എങ്കിൽ നിശ്ചയമായും ഗുണകരമായിരിക്കും.

മി. ജോസഫ് പഞ്ഞിക്കാരൻ(കോട്ടയം): നമുക്കു നിർബന്ധിക്കാൻ ഉള്ള നിലയില്ല എന്നുള്ളതു.—

പ്രസിഡണ്ടും, ഞങ്ങൾക്കും പറയുന്നതു കേൾക്കാൻ പാടില്ല.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): സബിനിസ് കമ്പനിക്കാരുമായുള്ള നമ്മുടെ ഉടമ്പടിയെ തിർ ബന്ധിക്കാൻ ഉള്ള നില നമുക്കില്ല എന്നുള്ളതു സത്യമാണോ?

പ്രൊസിഡിങ്ങ്(മി. ധനരാജ്കോടിപിള്ള ആ സാധനിയിൽ എത്തിട്ടില്ല.

മി. ആർ. ധനരാജ്കോടിപിള്ള (വനംകൺസർവേട്ടർ): സബിനിസ് കമ്പനിയുടെ കാര്യം ആകട്ടെ പര സ്പരം സമ്മതിച്ചു നിരക്കിന ഉടമ്പടികളും വാങ്ങിക്കൊള്ളാമെന്ന അവർ സമ്മതിക്കുകയും അതിന മുൻപേറായി അവർ ക ൦,൦൦൦ രൂപ നിക്ഷേപിക്കുകയും ചെയ്തു. കുറെ കാലം കഴിഞ്ഞപ്പോൾ അവർ ക്ലർത്തൽ വിചാരം ടുക്കുന്നതായി അവർക്കു തോന്നി. ഒന്നര രണ്ടു വർഷം കഴിഞ്ഞപ്പോൾ അവർ ബാംബുക്കൊണ്ടുപോയി പ്രകിയും അവിടെ വിൽ ക്കാൻ അവർക്കു കഴിഞ്ഞിരുന്നില്ല. തിനിടയിൽ തേക്കുതടിയുടെ വില കുറഞ്ഞു. രാജ്യം മുഴുവനും ബർമ്മാ തേ ക്കു ക ൦ രൂപയായി പിക്കൽ ചെയ്യപ്പെട്ടുവന്നിരുന്ന കാലമായിരുന്നു അപ്പോൾ. ഏതുകൊണ്ടു പ്രയോജനമുണ്ടാകുമെങ്കിലും കൺട്രാക്ടിൽനിന്നും പിൻ വലിയ്ക്കുന്നതാണെന്ന അവർക്കു തോന്നി. തടിക്കു വേറെ വിധത്തിലും വിലകുറയുകയും ഫ്ലോതെങ്കിലും നഷ്ടം ഉണ്ടെ ങ്കിൽ അവരിൽനിന്നും ഈടാക്കേണ്ടതായി വരികയും ചെയ്തു.

പ്രൊസിഡിങ്ങ്: നഷ്ടത്തെ കമ്പനിയിൽനിന്നും അവകാശപ്പെടാൻ നമുക്കു കഴിവുണ്ടോ എന്നാണ് മി. പഞ്ഞിക്കാരനു അറിയേണ്ടതു്.

മി. ആർ. ധനരാജ്കോടിപിള്ള (വനംകൺസർവേട്ടർ) നമുക്കു കഴിവുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല) ഗവർണ്മെൻറുമായി കൺട്രാക്ടിൽ ഉൾപ്പെട്ടിരുന്നതിനു കമ്പനി ക്കാർ അധികാരപ്പെടുത്തിയ ഒരാളാണോ കരാർ ചെയ്തിട്ടുള്ളതു്.

പ്രൊസിഡിങ്ങ്: സബിനിസ് കമ്പനിക്കാർ തിരുവിതാംകൂർ ഗവർണ്മെൻറുമായി ഒരു കരാറിൽ ഏർപ്പെട്ടിട്ടു ണ്ടു. അവരുടെ പ്രതിനിധി ഒരാൾമാത്രമേ ആയിരിക്കാൻ നിവൃത്തിയുള്ളു. ഈ കാര്യങ്ങളിൽ എല്ലാം കമ്പ നി ആരെ എങ്കിലും അധികാരപ്പെടുത്തും.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): കൺട്രാക്ടിൽ ഏർപ്പെട്ട ആൾ സബിനിസു കമ്പനിയുടെ അ ധികൃതനായ ഏജൻറായിരുന്നുവോ?

മി, ആർ. ധനരാജ്കോടിപിള്ള (വനംകൺസർവേട്ടർ): അതെ അയാൾക്കു കമ്പനി നാമം ഉണ്ടായിരുന്നു

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): തടിക്കുള്ള വേറെവിധത്തിലുള്ള വിൽക്കേണ്ടിവന്നതായി ഏജൻറെ സ്നേഹിതൻ സൂചിപ്പിച്ചുവല്ലോ അപ്രകാരം ചെയ്യേണ്ടിവന്നതിനുള്ള സ്ഥിതികൾ എന്തായിരുന്നു?

പ്രൊസിഡിങ്ങ്: അക്കാര്യം നിങ്ങളോടു ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അവർ കൺട്രാക്ടിൻപടി നട ത്താതിരുന്നതിനാൽ ഞങ്ങൾ തടിക്കുള്ള വേറെ വിധത്തിൽ വിൽക്കേണ്ടിയിരുന്നു. നഷ്ടം ഉണ്ടായിട്ടുണ്ടെന്നു നിശ്ചയപ്പെ ടുത്തിയതിൽ പിന്നിട്ടു ഞങ്ങൾ കമ്പനിയുടെ മേൽ നടപടി നടത്തുന്നു.

ഈ ഡിമാണ്ടിനെ നിശ്ചയിച്ചിരുന്ന സമയം കഴിഞ്ഞിരിക്കുന്നു. മിസ്റ്റർ രാമകൃഷ്ണപിള്ള നിങ്ങൾ ഉപക്ഷേ പകത്തെ നിർബന്ധിക്കുന്നുണ്ടോ?

മി. എൻ. രാമകൃഷ്ണപിള്ള (സൈക്കവുംഫുറംമാന്യരും): ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു

ഉപക്ഷേപം കമ്പനം, കമ്പം.

ഡിമാണ്ടിനെ നിശ്ചയിച്ചിരുന്ന സമയം തീർന്നുപോകയാൽ താഴെ പറയുന്ന ഉപക്ഷേപങ്ങളും ഹാജരാക്കാൻ ഇടയായില്ല.

മി. എസ്. സുബ്രഹ്മണ്യചരയാളർ.

കമ്പനം. ഡിമാണ്ടു IV ൻ നീക്കിവച്ചിരിക്കുന്ന ൧ ന്നര ലക്ഷം രൂപായിൽ ക ൦ ൦ രൂപ കുറയ്ക്കുന്നു.

മി. തന്നിയപ്പ കഞ്ഞിതൊമ്മൻ:—

കമ്പം ഡിമാണ്ടു IV ൽ നീക്കിവച്ചിരിക്കുന്ന ൧ ന്നര ലക്ഷംരൂപയിൽ ക ൦ ൦ രൂപ കുറയ്ക്കുന്നു.

പ്രൊസിഡിങ്ങ്: ഡിമാണ്ടു IV വകയായ ൧ ന്നര ലക്ഷം രൂപയിൽ നിന്നു കവ ൦ ൦ രൂപ കുറച്ചു ഇപ്പോൾ സഭയുടെ അംഗീകരണത്തിനായി വച്ചുകൊള്ളുന്നു.

പണം അനുവദിക്കപ്പെട്ടു.

ഡിമാണ്ട് V. സ്റ്റാമ്പു.

മി. കെ. ജോസ് (ഗവർണ്മെൻറു ഫിനാൻഷ്യൽസിക്രട്ടറി):

ഡിമാണ്ട് V. സ്റ്റാമ്പു എന്നതിനു ൦,൭൫ രൂപയിൽ കുറയാതെ ഇങ്ങനെവകയിക്കണമെന്നു ഞാൻ അ പേക്ഷിക്കുന്നു.

ഉപക്ഷേപം കമ്പം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നുത്തൂരും): സർ, താഴെ പറയുന്നതു സവിനയം ഞാൻ ഹാജരാക്കികൊള്ളുന്നു. കമ്പം. ജീവനക്കാർക്കായി വിൽക്കുവച്ചിരിക്കുന്ന വു, ൭൫ രൂപയിൽ സൂപ്പർവൈ സരുടെ ശമ്പളം ആയ വുപ൫ രൂപ കുറയ്ക്കണം.

ഞാൻ നിർദ്ദേശിക്കുന്ന കാരണം ഈ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൂപ്പർവൈസരുടെ ശമ്പളം ആണ ഈ പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനു ആവശ്യപ്പെടുന്ന ജോലിയുടെ സ്വഭാവം എന്താണെന്നു എനിക്കു മി. ജാക്സിൻനിന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. (ജാക്ക് ഗവർണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): സർ, ഈ ഉദ്യോഗസ്ഥനെ ജോലിയുടെ സ്വഭാവം സംബന്ധിച്ചാക്കുന്നതിനായി ഈ സ്ഥാപനത്തിനു നടത്തപ്പെടുന്ന ജോലി ഇങ്ങനെ വിസ്തരിച്ചു പറയാം. ഈ സ്ഥാപനത്തിൽ രണ്ടു സെക്ഷൻ ഉൾപ്പെട്ടിരിക്കുന്നു. ഒന്നു സ്റ്റോർ സെക്ഷൻ. ഇതിൽ മുഖ്യ മായും പുറങ്ങളായും ആകുന്നു ചീക്കപ്പെടേണ്ട കടലാസുകൾ രേഖപ്പെടുത്തി വയ്ക്കപ്പെടുന്നു. ഇതു സ്റ്റോർസൂക്ഷിപ്പു കാരന്റെ ചുമതലയിൽ ഇരിക്കുന്നു.മറ്റൊന്നു ടൈപ്പിംഗ്സെക്ഷൻ ആണ്. ഇതു ആളുടെയും പ്രത്യേകചുമതല

യിൽ ആയിരിക്കുന്നില്ല. ഇപ്പോൾ നിർമ്മാണജോലി നടത്തപ്പെടുന്നു. സൂപ്രണ്ടു് ആഫീസ മേൽനോട്ടം മുഴുവൻ കയ്യേറിരിക്കുന്നു. ഈ ഉദ്യോഗസ്ഥസൃഷ്ടിച്ചതിന്റെ പ്രധാന ഉദ്ദേശം നിർമ്മാണപ്രവൃത്തികളുടെ മേൽനോട്ടം വഹിക്കാൻ ആണു. മറ്റു നിർമ്മാണം ഇപ്പോൾ നടത്തിവരുന്നതു് ഒന്നിച്ചധികം ദൂരികളിൽ ആയിട്ടാണു അവയെ എല്ലാം ഒന്നിച്ചു നടത്തത്തക്കയാതൊരു മാർഗ്ഗവും ഇല്ല. അതിനാലാണു പണികൾ എല്ലാം ഒന്നിച്ചധികം ദൂരിയിൽ നടത്തപ്പെടുന്നതു, സ്റ്റാസു നിർമ്മാണപ്രവൃത്തികളുടെ മുമ്പാകെത്ത സൂപ്രണ്ടും മി. വാട്സും മി. വാസുദേവക്കുറുപ്പും ഈ നിയമത്തിന്റെ ആവശ്യകതയെ ഗവർണ്മെന്റിന്റെ ശ്രദ്ധയിൽ വേഗമായിരുകൊണ്ടുവന്നിട്ടുണ്ടു. സ്ഥാപനത്തിന്റെ സൂപ്രണ്ടു എന്ന നിലയിൽ വിശേഷാൽ കർത്തവ്യം മേലധികാരങ്ങളിൽ ഉണ്ടായിരുന്നതിനാൽ തനിക്കു നിർമ്മാണസ്ഥാപനത്തിന്മേൽ കാര്യക്ഷമമായ മേൽനോട്ടം വഹിക്കാൻ കഴിയുന്നതല്ല. കാര്യക്ഷമമായ മേൽനോട്ടം ഇല്ലാതിരിക്കുന്നതിനാൽ നിർമ്മാണസ്ഥാപനത്തിൽ ക്രമാതീതമായ പാഴ്ചിലവു കാണപ്പെടുന്നു എന്നും അദ്ദേഹം ചൂണ്ടികാണിച്ചു. വാസ്തവത്തിൽ പാഴായിപോകുന്നതു മോത്തത്തിന്റെ അഞ്ചു ശതാംശത്തോളം ഉണ്ടായിരുന്നു. അപ്രകാരം പാഴായി പോയ കടലാസിന്റെ വിലമാത്രം ഏകദേശം ൭-മാണ്ടേ ൭൦൦൦ രൂപയോളം ആയി. അതുകൊണ്ടു നിർമ്മാണകാര്യത്തിൽ നേരിട്ടു പൂർണ്ണവിശ്വാസംവഹിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെ നിയമനം ആവശ്യമാണെന്ന അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുവരുത്തപ്പെട്ടിട്ടുള്ളതായിമറ്റൊന്നായ ആവശ്യങ്ങളുടെ ഉണ്ടു്, സൂപ്രണ്ടു് സാമ്പത്തികമായ അധികാരത്തെ വർദ്ധിപ്പിക്കുന്നതിനു വേണ്ടി കാലങ്ങളിൽ ആ സ്ഥാപനത്തിന്റെ ചാർജ്ജ് വഹിക്കുന്നതിനു ആളും ഇല്ല. അടുത്തയാളിനു, അതായതു ൫൫ രൂപ മുതൽ ൪൦ രൂപ വരെ ശമ്പളമുള്ള സ്റ്റോർസൂക്ഷിപ്പുകാരനു സ്ഥാപനത്തിന്റെ ചാർജ്ജ് വഹിക്കാൻ നിയമിക്കുന്നതു അനാശാസ്യമാണു്. പതുമായി അച്ചടിക്കേണ്ടതായ കടലാസുകളുടെ ചാർജ് വഹിക്കുന്ന ആളിനെ നിർമ്മാണകാര്യങ്ങളുടേയും ചാർജ് വഹിപ്പിക്കുന്നതെന്നുള്ളതു വ്യക്തമാണല്ലോ. സൂപ്രണ്ടു ഇല്ലാതിരുന്നകാലത്തു ചിലപ്പോൾ ഞങ്ങൾക്കു സ്റ്റോർസൂക്ഷിപ്പുകാരനെക്കൊണ്ടു ചാർജ് വഹിപ്പിക്കേണ്ടിവന്നിട്ടുണ്ടെങ്കിലും ഉത്തരവാദിത്വം സൂപ്രണ്ടിൽതന്നെ ഇരിക്കുന്നതാണെന്ന ഞങ്ങൾ പറഞ്ഞുവന്നിരുന്നു. അനേകം ലക്ഷം രൂപ വിലവരുന്ന സാമാനം ഉണ്ടാക്കിവരുന്ന പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിൽ വേണ്ട ഒരാളെ ചാർജ്ജ് ഏൽപ്പിക്കുമ്പോൾ ഉണ്ടായേക്കാവുന്ന തകരാറുകൾക്കുകാരണം ഉത്തരവാദിയാകുന്നു തീരെ ന്യായമായിട്ടുള്ളതല്ലെന്നു സൂപ്രണ്ടും പറഞ്ഞിരുന്നു സ്ഥാപനത്തിന്റെ ചാർജ്ജേറ്റെടുക്കിയ ഒരു മേൽനോട്ടഉദ്യോഗസ്ഥൻ ഉണ്ടായിരിക്കേണ്ടതിനു വേറെ ഒരു കാരണംകൂടിയുണ്ടു. കടലാസിനെ മുളകളായി മാറിയതിൽപിന്നെ ഒട്ടുമുക്കാലും പശയേല്പിക്കുക, ഉണക്കുക, മടക്കുക മുതലായ ക്രിയകൾക്കായി കുറെദിവസങ്ങൾകൂടി നിർമ്മാണശാലയിൽ ഇരിക്കേണ്ടതായുണ്ടു. സെൻട്രൽ സ്റ്റാമ്പുഡിപ്പോയിലെക്കു കൊണ്ടുപോകുന്നതിനുമുമ്പിൽ ഇങ്ങനെ ഏകദേശം ഒരാഴ്ച വേണ്ടിവരുന്നു. ഈ കാലത്തിനിടയിൽ സ്റ്റാർ സൂപ്രണ്ടിന്റെ ചുമതലയിൽ ഇരിക്കും. ഒരുദ്യോഗസ്ഥൻ തനിയെ അപ്രധാനം മുളകളുടെ പൂർണ്ണചുമതല വഹിക്കുന്നതുശരിയല്ല എന്നു ഗവർണ്മെന്റിനു തോന്നുന്നു. സാധാരണയായി അദ്ദേഹത്തിന്റെ ചുമതലയിൽ ഇരിക്കുന്ന സ്റ്റാമ്പുകളുടെ വില ചിലപ്പോൾ ഒരു ലക്ഷം രൂപയ്ക്കുമേൽ വരും; ആ സ്ഥാപനത്തിൽ വേറെ ഒരു ഉദ്യോഗസ്ഥനെകൂടി നിയമിക്കുന്നതുയാൽ സ്റ്റാമ്പുസ്റ്റോറിനെ സൂപ്രണ്ടിന്റെയും സൂപ്രണ്ടിന്റെയും കൂട്ടായ പൂട്ടുകെട്ടിൽ വയ്ക്കാൻ കഴിയും. അതുകൊണ്ടാണ് ഈ സ്ഥാപനത്തിൽ ഒരു സൂപ്രണ്ടൈസരെകൂടി നിയമിക്കാൻ ഗവർണ്മെന്റു അഭിപ്രായപ്പെടുന്നതു. ഞാൻ സംഗതിയെ വേണ്ടിടത്തോളം വിവരിച്ചു പറഞ്ഞിട്ടുണ്ടെന്നു എനിക്കു തോന്നുന്നു.

മി.എ. ഹനബർഫ് (ഗവർണ്മെന്റു നിയമനിർമ്മാണസഭാംഗം): അതു സ്റ്റോർസൂക്ഷിപ്പുകാരന്റെയും സൂപ്രണ്ടിന്റെയും കൂടിച്ചേർന്ന പൂട്ടുകെട്ടിൽ അല്ലയൊ?

മി. കെ. ജാജ് (ഗവർണ്മെന്റു ഫിനാൻഷ്യൽസിക്രട്ടറി): ചട്ടപ്രകാരം അതിനു ആവശ്യമില്ല. അങ്ങനെ വേണമെന്നു ഞാൻ എന്റെ ആഫീസിൽനിന്നു ഉത്തരവായച്ചിട്ടുണ്ടു. എന്നിരുന്നാലും സ്റ്റാമുസ്റ്റോർ ചുമതല വഹിക്കുന്നതിനു സ്റ്റോർ സൂക്ഷിപ്പുകാരൻ കടമപ്പെട്ടിരിക്കുന്നില്ല. അദ്ദേഹത്തിനു കടലാസിന്റെ ചുമതല മാത്രമേയുള്ളു. സ്റ്റാമുസ്റ്റോറിൽ വയ്ക്കുന്ന നഷ്ടത്തിനു അദ്ദേഹം ഉത്തരവാദിയല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഒരു സൂപ്രണ്ടൈസരുടെ ആവശ്യകത ഗവർണ്മെന്റിനു തോന്നിട്ടു എത്രകാലമായി?

മി. കെ. ജാജ് (ഗവർണ്മെന്റു ഫിനാൻഷ്യൽസിക്രട്ടറി): മാറിപ്പോയ സൂപ്രണ്ടു മി: വാട്സാണു് ഇങ്ങനെ ശുപാർശചെയ്തുഎന്നും മി: കുറുപ്പു അതിനെ ആവർത്തിച്ചുഎന്നും എനിക്കുതോന്നുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സൂപ്രണ്ടൈസർ ഇല്ലാതിരുന്നപ്പോൾ കാര്യങ്ങൾ എങ്ങനെ നടത്തിവന്നിരുന്നുഎന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി കെ ജാജ് (ഗവർണ്മെന്റു ഫിനാൻഷ്യൽസിക്രട്ടറി): ഒരു സൂപ്രണ്ടൈസരെ കൂടാതെ കാര്യങ്ങൾ നടത്തപ്പെട്ടുപോന്നു. എന്നാൽ ഒരു സൂപ്രണ്ടൈസരെ നിയമിക്കുന്നതാണ് അധികം നല്ല ഏർപ്പാടു എന്നു ഗവർണ്മെന്റു വിചാരിക്കുന്നു

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അങ്ങനെയാണെങ്കിലും ഇപ്പോൾ നിലവിലിരിക്കുന്ന കസ്റ്റംയിലിൽ ഉള്ള സൂപ്രണ്ടൈസരെ ഉത്തരവാദിയാക്കാൻപാടില്ല.

പ്രൊസിഡെണ്ടു: സൂപ്രണ്ടൈസരെ ഉത്തരവാദിയാക്കരുതു എന്നുള്ളതിനെക്കുറിച്ചു നിങ്ങൾക്കു അഭിപ്രായം പറയാൻപാടില്ല.

മി. കെ. ജാജ് (ഗവർണ്മെന്റു ഫിനാൻഷ്യൽസിക്രട്ടറി): ഞാൻ ൫൦൦ രൂപ മുതൽ ൫൫൫ രൂപ വേണമെന്നു ശുപാർശചെയ്തു. എന്നാൽ ഫിനാൻസുകമ്മിറ്റിയിലെ ചില അനദ്യോഗസ്ഥമെംബർമാർ അതിനെ അംഗീകരിച്ചിരുന്നില്ല.

പ്രൊസിഡണ്ടു: ഫിനാൻസ്കമ്മിറ്റിയുടെ നടപടികളെപ്പറ്റി നിങ്ങൾ ഇവിടെ പറയാൻപാടില്ല.

മി. സി. പി കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എനിക്കു മി: ജാജിൽനിന്നു വേറെ ഒരു സംഗതിയ്ക്കായി അറിയണം, നിയമനം ൫൫ ദാസത്തേയ്ക്കു താൽക്കാലിക ഏർപ്പാടാണെന്നു ബജറ്റിൽ എഴുതിയിരിക്കുന്നു.

പ്രൈസിഡെന്റ്: ഞങ്ങടെ ബഡ്ജറ്റിൽ ചേർക്കണമെന്നതന്നെയാണ്. സഭയുടെ അനുവാദം വേണമോ ഓരോ നിയമനത്തിനും സഭ സമ്മതിക്കേണ്ടതായുണ്ടു.

ടി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അല്പം കുറഞ്ഞ ശമ്പളത്തിൽ ഉദ്യോഗി നെ സൂപ്രണ്ടായി നിയമിക്കാൻ സാധിക്കുകയില്ലായോ എന്നറിയേണ്ടിയിരിക്കുന്നു, ഇപ്പോൾ സൂപ്രണ്ടായിരിക്കുന്ന ആളിനു ശമ്പളം ൨൦൦—൨൫൦ രൂപയാകുന്നു. എന്നാൽ സൂപ്രണ്ടു ഉദ്യോഗത്തിനു ശമ്പളം ൧൫൦—൨൦൦ രൂപ മാത്രമാകുന്നു.

പ്രൈസിഡെന്റ്: ഇപ്പോഴത്തെ ആളിന്റെ സൂപ്രണ്ടിന്റെ ശമ്പളം ൧൫൦—൨൦൦ രൂപയാകുന്നു. അദ്ദേഹം കുറഞ്ഞശമ്പളം വാങ്ങുന്നു.

മി. ഡബ്ലു. ഗ്ലഡ്സ്റ്റൺ (ഗവർണ്മെന്റു നിയമിച്ചമെമ്പർ): മി: ജാക്ക് പറഞ്ഞതായ സ്റ്റാമ്പുകളിൽ ചേതം വന്നതു ശരിയായ മേൽനോട്ടം ഇല്ലാത്തതിനാലോ അതല്ലെങ്കിൽ മുകളുടെ അച്ചടിപ്പിൽ പ്രധാന പണിക്കാരനു ള്ള ശരിയായ അറിവില്ലായ്മയാലോ?

പ്രൈസിഡെന്റ്: പല കാരണങ്ങളാൽ വരാം; ശരിയായ മേൽനോട്ടം ഇല്ലാതിരുന്നാൽ പണിക്കാർ ശ്ര ദ്ധയുള്ളവരായിരിക്കുകയില്ല.

മി. എ. ഡബ്ലു. ഗ്ലഡ്സ്റ്റൺ (ഗവർണ്മെന്റു നിയമിച്ചമെമ്പർ): പ്രധാനപണിക്കാരൻ വേണ്ട പരിചയമുള്ളവൻ അല്ലായ്തന്നാൽ ചേതംപറികയില്ലയോ?

മി. കെ. ജാക്ക് (ഗവർണ്മെന്റു ഫിനാൻഷ്യൽ സിക്രട്ടറി); പ്രധാനപണിക്കാരൻ നല്ല പരിചയമുള്ള ആളാകുന്നതന്നെയാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ സ്ഥാപനത്തെ സർക്കാർ അക്കൗണ്ടിലേക്കു മാറുന്ന തിനു ഒരു ആലോചനയില്ലയോ?

മി. കെ. ജാക്ക് (ഗവർണ്മെന്റു ഫിനാൻഷ്യൽ സിക്രട്ടറി): ഉണ്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അക്കാലത്തു ഒരു സൂപ്രണ്ടിന്റെ ആവശ്യം ഉണ്ടായി രിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

പ്രൈസിഡെന്റ്: അതു ഇനിയും കുറെക്കാലം കഴിഞ്ഞല്ലയോ സംഭവിക്കാൻപോകുന്നതു?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഉദ്യോഗത്തിന്റെ ശമ്പളം ൧൫൦ രൂപ മുതൽ ൨൦൦ രൂപ വരെയുള്ളതു. ഇപ്പോഴത്തെ ആളിനെ അതിനെസംബന്ധിച്ചതായി ൨൦൦ രൂപ മുതൽ ൨൫൦ രൂപവരെ ശമ്പളമുണ്ടു. ബഡ്ജറ്റിൽ ഞാൻ കാണുന്നതു ഇതാണ്.

പ്രൈസിഡെന്റ്: അതിൽപിന്നെ അദ്ദേഹം മാറിപ്പോയിരിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സ്റ്റാമ്പുനിർമ്മാണസ്ഥാപനത്തെ സർക്കാർഅക്കൗണ്ടിലേ ക്കു മാറുമ്പോൾ ആ സൂപ്രണ്ടിന്റെ അധികാരത്തിൻകീഴിലായിരിക്കുമോ?

പ്രൈസിഡെന്റ്: അതു സംഭാവ്യസംബന്ധമായ ഒരു ചോദ്യമാണ്: അയാൾ ഇപ്പോൾ ഉദ്ദിക്കുന്നില്ല. ഈ സ്ഥാപനത്തെ സർക്കാർഅക്കൗണ്ടിലേക്കു മാറുന്നതിനു വളരെ കൊല്ലം വേണ്ടിവരും: മി: കൊച്ചുകുഞ്ഞു പിള്ളേ, നിങ്ങൾ ഉപക്ഷേപം നിർബന്ധിക്കുന്നുണ്ടോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ ഉപക്ഷേപം പിൻവ ലിക്കുന്നു,

അനുവദിപ്പുകയാൽ ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൫൨൯.

താഴെ പറയുന്ന പ്രയോഗം ഹാജരാക്കപ്പെട്ടിരിക്കുന്നു.

മി. ജീ. പരമേശ്വരൻപിള്ള

൫൨൯. ജീവനക്കാർക്കായി നീക്കിവച്ചിരിക്കുന്ന ൭,൭൫൫ രൂപയിൽ (സൂപ്രണ്ടിന്റെ ശമ്പളം) വക ൪ രൂപ കുറയ്ക്കുണം.

ഉപക്ഷേപം ൫൨൭.

മെംബർ ഹാജരില്ലാതിരുന്നതിനാൽ താഴെപറയുന്ന ഉപക്ഷേപം പ്രയോഗിക്കപ്പെട്ടില്ല.

മി. പി. കെ. നാരായണപിള്ള.

൫൨൭. വാട്ടർമാർക്കു കടലാസുവാങ്ങുന്നതിനായി നീക്കിവച്ചിരിക്കുന്ന ൨,൦൦൦ രൂപയിൽനിന്നും ൫൦൦ രൂപകുറയ്ക്കുണം

ഉപക്ഷേപം ൫൨൬.

മി. പ്ലാ. ആർ. മുഥുവടിയർ (കുഴിത്തുറയും പത്മനാഭപുരവും): സർ, താഴെപറയുന്നപ്രയോഗം ഞാൻ ഹാജരാക്കുന്നു.

൫൨൬. ഡിമാണ്ട് X—ന വീക്കിവച്ചിരിക്കുന്ന മൊത്തം, ൪ ലക്ഷം രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കുണം.

സർവീസുസ്റ്റാമ്പുകളുപ്പറ്റി ഗവണ്മെന്റുപയ്യോചനചെയ്യാം എന്നായിരുന്നതിനു മാത്രമാണു ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു. കഴിഞ്ഞതവണ അതുസംബന്ധിച്ചു ഒരു വാദം ഉണ്ടായിരുന്നു.

മി. കെ. ജാക്ക് (ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): ഈ വിഷയത്തെപ്പറ്റി അന്വേഷണംനടത്തുകയും എ ന്നും സർവീസുസ്റ്റാമ്പുകളും നടപ്പിൽവന്നതു എങ്ങനെഎന്നുനോക്കാമെന്നു ഞാൻവാഗ്ദാനം ചെയ്തിരുന്നു ഫാക്ടറി ക്കാർഡുകളിൽനിന്നും ഞാൻ പഴയറിക്കാർഡുകൾവരുത്തി ഈ സർവീസുസ്റ്റാമ്പുകളെ നടപ്പാക്കിയ ഗവണ്മെന്റു സർക്കുലർ മാത്രമെ എനിക്കുലഭ്യമായുള്ളു. അതിനാൽ ഞാൻഅന്വേഷണം ചെയ്തതുകൊണ്ടു എനിക്കുന ടത്താൻസാധിച്ചില്ല. എനിക്കുഉദ്ദിക്കാവുന്നിടത്തോളം സ്വല്പസമ്പളക്കാരായ കീഴ്ജീവനക്കാർക്കു സർക്കാർ കവറു കളെ സർക്കാർകാര്യങ്ങളായി കുഴിയിക്കാതെ അയക്കാവുന്നതും അതിനാൽ അവരുടെ സ്വന്തംഎഴുത്തുകളേയും അ തിക്രിയിൽ അയക്കാൻ ഇടയാകുവുന്നതും ആകയാൽ ആ നടപടിപിൻവലിക്കുകയെന്നു നിവൃത്തിനതിനായിട്ടാണു ഇതു

നടപ്പാക്കിയതു മുതലോ അതിനുശേഷമോ വേറൊരുതരത്തിലും സർക്കാരുപ്പടികൾ കൊണ്ടുപോയവകയിലുണ്ടായ അഞ്ചൽഡിപ്പാർട്ടുമെന്റിന്റെ കണക്കിൽ മുതൽക്കാണിക്കുന്നതിനാണു സർവീസുസ്റ്റാമ്പുപേജുതയ്യാറാക്കുന്നതിനും ഗവണ്മെന്റിനെ പ്രേരിപ്പിച്ച കാരണങ്ങളും ഇവയായിരിക്കും. അതുമൂലം സർക്കാർമാത്രമല്ല മറ്റു ഗവണ്മെൻറുകളും നടപടിയെടുത്തിട്ടുണ്ട്.

മി. എൻ. പത്മനാഭപിള്ള (കരുനാഗപ്പള്ളി): വേറെവിധത്തിൽ അഞ്ചൽ ഡിപ്പാർട്ടുമെന്റിനു മുതൽകാണിക്കാൻ നിവൃത്തിയില്ലയോ?

മി. കെ. ജോൺ (ഗവണ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): വളരെ വിവരമായ കണക്കുകൾ വേണ്ടിവരും.

പ്രസിഡണ്ടു്: അവയും ശരിയായിരിക്കുകയില്ല.

മി. എൻ. പത്മനാഭപിള്ള (കരുനാഗപ്പള്ളി): സർവീസുസ്റ്റാമ്പുകൾ ഉണ്ടാക്കുന്നതിൽ വാസ്തവമായ ചിലവെന്തു്.

മി. കെ. ജോൺ (ഗവണ്മെൻറുഫിനാൻഷ്യൽസിക്രട്ടറി): അതു മുദ്രണത്തിനുള്ള ചെലവു മാത്രമാണു അച്ചടി, മേൽനോട്ടം, കടലാസുചിലവു എല്ലാംഉൾപ്പെടെ ആണ്ടൊന്നുക്കു ചെലവു ഏകദേശം ആയിരം രൂപയെ കാണുള്ളു.

പ്രസിഡണ്ടു്: ഡിമാൻസു V സ്റ്റാമ്പുകൾക്കു ഏകലക്ഷംരൂപയിൽ കുറയാത്ത ഒരുതുക അനുവദിച്ചുകിട്ടണമെന്നുള്ളതിനെപ്പറ്റി സഭയുടെ അനുകൂലപ്രതികൂലഭാവം അറിയേണ്ടിയിരിക്കുന്നു.

ചോദ്യം അനുവദിക്കപ്പെട്ടു.

ഡിമാണ്ടു VI. രജിസ്ട്രേഷൻ.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഡിമാൻഡു VI രജിസ്ട്രേഷൻ വകയ്ക്കു ഒരുലക്ഷംരൂപയിൽ കവിയാത്ത ഒരുതുക അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

ഉപക്ഷേപം ഫലം—പാസ്സായി

താഴെപറയുന്ന നിർദ്ദേശങ്ങളും പ്രയോഗിക്കപ്പെട്ടില്ല.

മി. എം. ആർ. മാധവവാരിയർ,

കടമായി നീക്കിവച്ചിരിക്കുന്ന രൂ 1000 രൂപയിൽ നിന്നും 500 രൂപകുറയ്ക്കണം.

മി. പി. ചിദംബരതാണുപിള്ള,

കമ്മീഷൻ ഇനത്തിൽ നീക്കിവച്ചിരിക്കുന്ന രൂ. 1000 രൂപയിൽനിന്നും 500 രൂപകുറയ്ക്കണം.

ഉപക്ഷേപം പരാജയപ്പെട്ടു.

മി. എൻ. രാമകൃഷ്ണപിള്ള (ചയ്യൂരും ഏറുമാന്തുരും): താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

കമ്മീഷൻ. സബ്രജിസ്ട്രാർമാക്കായി നീക്കിവച്ചിരിക്കുന്ന രൂ. 1,21,500 രൂപയിൽ 500 രൂപകുറയ്ക്കണം.

രജിസ്ട്രേഷൻ ചട്ടം 82-ാം ചട്ടത്തെയും അതിൽപ്രതിപാദിച്ചിട്ടുള്ളതായ ഫീൽഡ് മേയ് ഫൽ-നായിലെ ഗവണ്മെൻറു ഉത്തരവിനേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണു ഈ ഉപക്ഷേപം ഞാൻ അവതരിപ്പിച്ചിട്ടുള്ളതു. 82-ാം ചട്ടത്തിനു രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്മാർ കല്പിക്കുന്ന വ്യാഖ്യാനം വലുതായ കക്ഷിത്തിനു ഇടയാക്കിത്തീർന്നിട്ടുണ്ടു്. നിയമസഭയിൽ ചെയ്ത നിവേദനങ്ങളുടെയും ഈ സഭയിൽചെയ്ത ചോദ്യങ്ങളുടെയും ഫലമായി ആയകുറ്റം പുതുതായി ഒഴിക്കിയും ചേർക്കപ്പെട്ട 82-ാംചട്ടം ഇങ്ങനെയാണു,

"82. (1) വാസസ്ഥലത്തുപോയി രജിസ്റ്റർചെയ്യുന്ന സമയത്തിനിടയിൽ ഒരാൾതന്നെ എഴുതിവച്ചിട്ടുണ്ടെങ്കിൽ ആധാരങ്ങളെ രജിസ്റ്റർചെയ്യാൻ സാധിക്കുകയോ സമ്മതം രേഖപ്പെടുത്തുകയോ അല്ലെങ്കിൽ ഒരൊറ്റകാരണമോ കാരണങ്ങളോ സംബന്ധിച്ചു ബാധിക്കുന്നവരെ അതേആവശ്യത്തിനു അവകാശമുള്ളവരും ആയ മറ്റാളുകളുടെ സമ്മതംകൂടാതെ രേഖപ്പെടുത്തുകയോ ചെയ്യേണ്ടതായി വരുമ്പോൾ കൂടുതൽവാസസ്ഥലപ്പടി ചുമത്തായതെന്നു അപേക്ഷിപ്രകാരം നടത്തിവരുന്നതാണു്.

(2) അതുപോലെതന്നു ഒരൊറ്റആൾ എഴുതികൊടുത്ത അനേകം അധികാരപത്രങ്ങളെയോ ഒന്നിച്ചുതാമസിക്കുന്നതോ അതേആവശ്യത്തിനു അവകാശമുള്ളവരായിരിക്കുകയും ചെയ്യുന്ന അനേകം ആളുകളുടെ പൊതുപേരിലുള്ള അധികാരപത്രത്തിനുള്ള ഒപ്പുകളോ കൂടുതൽ വാസസ്ഥലപടി ചുമത്താതെ ഒരുരജിസ്റ്റർ ഉദ്യോഗസ്ഥൻ വാസസ്ഥലത്തുവച്ചുപോയി ജോലിനടത്തുന്നതിനിടയിൽ സാക്ഷ്യപ്പെടുത്താവുന്നതാണു"

"ആവശ്യത്തിനു അവകാശമുള്ള" എന്നപദങ്ങൾക്കു കല്പിക്കപ്പെടുന്ന വ്യാഖ്യാനം ശരിയാണോ എന്നുള്ളതിനെപ്പറ്റി പാടിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ചട്ടത്തോടു ചേർക്കപ്പെട്ട ദൃഷ്ടാന്തംകൊണ്ടുതന്നെ വാദം ഇല്ലാതാകുന്നുണ്ടു. അതായതു,

"എന്നാൽ സബ് ചട്ടങ്ങൾ (1)-ലും (2)-ലും പറഞ്ഞിട്ടുള്ളതുപോലെ ആവശ്യത്തിനു അർഹതയില്ലാത്തവരായി എഴുതികൊടുക്കുന്നവരുടെ സമ്മതം രേഖപ്പെടുത്തുന്നതിനൊ അധികാരപത്രങ്ങൾ എഴുതികൊടുക്കുന്നതിനെ സാക്ഷ്യപ്പെടുത്തുന്നതിനോ ഇപ്രകാരമുള്ള ഓരോ എഴുതികൊടുക്കലിനും നൂറുരൂപാവീതം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനു കൊടുക്കുന്നതായാൽ ചെയ്യാവുന്നതാണു്".

ഉദ്ദേശകടം നിവർത്തിപ്പെട്ടുകിട്ടുകയും ഓരോഎഴുതികൊടുക്കുന്നയാളും 2 രൂപകൊടുക്കണം എന്നുള്ളവ്യവസ്ഥയാൽ അധികം വലുതായ ഉദ്ദേശകടം ചുമത്തപ്പെട്ടിട്ടുണ്ടു. ഒരുകാരണം എഴുതികൊടുക്കുന്നവരായി പലആളുകളും ഉണ്ടായിരുന്നാൽ ആവശ്യത്തിനു അർഹതയില്ലാത്ത ഓരോരുത്തനും അയാളുടെ സമ്മതം രേഖപ്പെടുത്തികിട്ടുന്നതിനു 2 രൂപവീതം കൊടുക്കണം എന്നുള്ള ഇതുകൊണ്ടു അർത്ഥമാകുന്നു. ചിലവിൻറെ അപാരതയെ കൂടുതൽനിമിത്തം സ്റ്റാമ്പുത്തിൽ വലിയവിലഉണ്ടായിരിക്കയില്ല. ജനങ്ങൾ അതിനെ ഉപയോഗപ്പെടുത്തിക്കൊള്ളുന്നതുമല്ല. മുദ്രപേപ്പറിന്റെ വിലയിൽനിന്നു നോക്കുന്നതായാലും ഇതുപോലെകൂടുതലായ ഒരുനിരക്കുണ്ടു

യിക്കുന്നതുകൊണ്ടല്ല. ഈ സ്ഥലത്തുവച്ചുതന്നെ എല്ലാ കക്ഷികളുടേയും സന്നിധിയിൽവച്ചു ഒരു കരണത്തിന്റെ രജിസ്റ്റർ നടപടി പൂർത്തിയാക്കുന്നതിനു വേണ്ടി രജിസ്റ്റർഉദ്യോഗസ്ഥനു സാധിക്കുന്നില്ലെന്നും അതുമൂലം ആവശ്യമായ ഉപകരണങ്ങൾ വഴക്കിന്നും ഇടയാക്കുന്നു എന്നുള്ളതുകൊണ്ടുമാത്രമാണു പ്രധാനമായും പേരാതി, പേരാതി ആദ്യമായിഉളവിപ്പിച്ചതു ജനങ്ങൾക്കു കരണങ്ങളെ തങ്ങളുടെഗൃഹങ്ങളിൽവച്ചു രജിസ്റ്റർചെയ്തിക്കുന്നതുസൗകര്യമുള്ളതോ സുഖകരമെന്നോ ജനങ്ങൾ കരുതുകൊണ്ടുമാത്രമല്ല. ഇതുകൂടാതെ ചിലസന്ദർഭങ്ങളിൽ അവശ്യപ്പെട്ടിട്ടുള്ള ക്ലിപ്തംചേർത്തുകൊണ്ടുമാത്രമുള്ളർഘടം തീരെയില്ലെന്നുതന്നെ പറയപ്പെട്ടിട്ടില്ല, ഈ സംഗതികളിലെ കരണങ്ങൾ എഴുതിക്കൊടുക്കുന്നതിനു ഗവണ്മെന്റു ഇതുമുതലായ ചാർജ് നിശ്ചയിച്ചതു എന്തിനാണെന്നു വ്യക്തമാകുന്നില്ല. ഏതായാലും സംബന്ധപ്പെട്ട കക്ഷികളുടെ ഗൃഹത്തിലേക്കു രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ പോകേണ്ടതായുണ്ടു്. എല്ലാകക്ഷികളുടേയും സമ്മതം രേഖപ്പെടുത്തുന്നതുകൊണ്ടു പൊതുജനോപകാരപ്രദമായുള്ള സമയത്തിൽ അധികം ഭാഗത്തിനു നഷ്ടം വരുന്നില്ല. ചട്ടംതന്നെയും മതപൂർവമായി ഉണ്ടാക്കപ്പെട്ടതാണെന്നു തോന്നുന്നില്ല. പഴയ രജിസ്ട്രേഷൻ റഗുലേഷനിൽ ഇങ്ങനെ ഒരു ചട്ടം ഉണ്ടായിരുന്നതും ഇല്ല. പുതൻറഗുലേഷനുകളാൽ രജിസ്റ്റർചെയ്യുന്ന ഫീസും മുദ്രവിലയും ക്രമത്തിലധികം കൂടിപോയിട്ടുണ്ടു്. അങ്ങനെയുള്ള സംഗതികളിൽ എഴുതിക്കൊടുക്കുന്നവരുടെമേൽ കൂടുതൽ കരം ചുമത്തുന്നതിനു യാതൊരു വിധികരണവും ഇല്ല.

ഈ കാര്യത്തിൽ ജനങ്ങൾക്കു വളരെ കഷ്ടത തോന്നിട്ടുണ്ടെന്നും അവർക്കു പരാതിപ്പെടാൻ മതിയായ കാരണം ഉണ്ടെന്നും ഉള്ള വസ്തുതയിൽ ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. പല ആളുകളുടെ സമ്മതം ആവശ്യമുള്ള ഒരു കരണം എഴുതിക്കൊടുക്കുന്നതിൽ ഉള്ള സങ്കടങ്ങളെ അറിയാവുന്നവർക്ക് ചട്ടത്തെ ഒന്നുകൂടി ലഘൂകരിപ്പാനുള്ള ആവശ്യകതയെ അനുമോദിക്കാൻ കഴിയും. ഈ വ്യത്യാസം ഉണ്ടാക്കിയതിൽ ഗവണ്മെന്റിന്റെ പ്രവർത്തിക്കു ഞങ്ങൾ നന്ദിയുള്ളവർ ആയിരിക്കുന്നു എങ്കിലും അതിനെ വാസ്തവത്തിൽ ഗുണപ്രദമാക്കണമെങ്കിൽ ഒരു മാറ്റംകൂടി ചെയ്യേണ്ടതുണ്ടു് അത്യാവശ്യമായിട്ടുള്ളതായിരിക്കുന്നു. അതുകൊണ്ടു ഈ ക്ലിപ്തത്തെയും "ഇവ്വാറ്റചട്ടത്തിൽ ഉള്ള" എന്നുള്ളതിനു അർഹതയുള്ളതും എന്നപദങ്ങളേയും എടുത്തുകളയുകയോ അല്ലെങ്കിൽ ക്ലിപ്തത്തിൽ നിശ്ചയിച്ചിരിക്കുന്ന ഫീസിനെ ഹനിക്കയൊ ചെയ്യണം എന്നു ഞാൻ സബഹുമാനം നിർദ്ദേശിച്ചുകൊള്ളുന്നു.

മി. ആർ കൃഷ്ണപിള്ള (ഗവണ്മെന്റുചീഫ്സെക്രട്ടറി): സർ, കൂടുതൽഫീസായ ഒരു രൂപ ചുമത്തിയതു രജിസ്റ്റർ ഉദ്യോഗസ്ഥനെ ഉണ്ടാക്കുന്ന കൂടുതൽ ജോലിയെ കരുതിയാണു്. മുമ്പു ആനകളുള്ളതിനു അർഹതയില്ലാത്തവരുടെ കയ്യിൽനിന്നു അവർ മൂന്നു രൂപ കൊടുക്കേണ്ടതായിരുന്നു. പിന്നീടു അതിനെ ഒരു രൂപയായി ഉറപ്പിച്ചു. ഒരു രൂപ കൂടുതലായി വിചാരിക്കുമെന്നു എനിക്കു തോന്നുന്നില്ല എന്നിരുന്നാലും ഫീസുകൊടുക്കുകയോ എന്നുള്ള വിഷയത്തെ പരിശോധിക്കുന്നതിനു ഗവണ്മെന്റിനു യാതൊരു വിരോധവും ഇല്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): നെയ്യാറിൻകര താലൂക്കിൽ എത്ര സബ്ബ് രജിസ്റ്റാർമാർ ഉണ്ടെന്നു ഞാൻ ചീഫ്സെക്രട്ടറിയോടു ചോദിച്ചുകൊള്ളട്ടെ.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റുചീഫ്സെക്രട്ടറി): നെയ്യാറിൻകരയിൽ ഒരു സബ്ബ്രജിസ്ട്രാർ ഉണ്ടു്. അരുവിപ്പുറത്തു ഒരു അഡിഷനൽ സബ്ബ്രജിസ്ട്രാർ ഉണ്ടു്. താലൂക്കിൽ എത്ര സബ്ബ്രജിസ്ട്രാർമാർ ഉണ്ടെന്നു ക്ലപ്തമായി എനിക്കു ഓർമ്മയില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): നെടുമങ്ങാടുതാലൂക്കിൽ എത്ര സബ്ബ്രജിസ്റ്റാർ ഉണ്ടെന്നു മിസ്റ്റർ കൃഷ്ണപിള്ളയിൽ നിന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

പ്രസിഡണ്ടു: ഈ ഉപക്ഷേപത്തിൽനിന്നും അതു എങ്ങിനെ ജനിക്കുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ അറിവിനെ അടിസ്ഥാനപ്പെടുത്തി എനിക്കു ഈ ഉപക്ഷേപത്തെപ്പറ്റി പ്രസംഗിക്കേണ്ടതുണ്ടു്.

പ്രസിഡണ്ടു്: പെട്ടെന്നു ഒരുപദിപറയാൻ അങ്ങേഹത്തിനു സാധിക്കുകയില്ല. നിങ്ങൾക്കു പറയാനുള്ളതു രണ്ടുപേരുമാം.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റുചീഫ്സെക്രട്ടറി): എനിക്കു പെട്ടെന്നു മറുപടിപറയാൻ കഴിയുകയില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എതായാലും ചീഫ്സെക്രട്ടറി മയവുചെയ്തു എനിക്കു ചില വിവരങ്ങൾ പറഞ്ഞുതന്നു. രണ്ടു സബ്ബ്രജിസ്റ്റാർമാർ ഉണ്ടെന്നു അങ്ങേഹം സമ്മതിക്കുന്നു. എന്റെ സ്വന്ത അനുഭവത്തേയുംകൂടി അടിസ്ഥാനപ്പെടുത്തി വലിയ താലൂക്കായ നെടുമങ്ങാട്ടിലും രണ്ടു സബ്ബ്രജിസ്റ്റാർമാരെ ഉള്ളൂ-എന്നും അവർരണ്ടുപേരും താലൂക്കിന്റെ രണ്ടറ്റത്തായിട്ടു കച്ചേരിചെയ്യുന്നു എന്നും പറഞ്ഞുകൊള്ളുന്നു. കാട്ടാക്കട മുതലായ സ്ഥലങ്ങളിലെ നിവാസികളിൽനിന്നു കാട്ടാക്കടയിൽ ഒരു സബ്ബ്രജിസ്റ്റാർകച്ചേരി ഏർപ്പെടുത്തികിട്ടണമെന്നു ഒരുപേക്ഷയുണ്ടായിരുന്നു. കാട്ടാക്കട അഭിവൃദ്ധമായി വരുന്ന ഒരു കച്ചവടസ്ഥലമാണ്. മുൻസിഫ്കോർട്ടിൽ ഒരു കേസുകൊടുക്കണമെങ്കിൽ ചിലപ്പോൾ ചിറയൻകീഴു, ചിലപ്പോൾ തിരുവനന്തപുരം, ചിലപ്പോൾ നെയ്യാറിൻകര ഈ വിധം മൂന്നു അധികാരസ്ഥലത്തിലേക്കുള്ളിൽ ഒന്നിൽ ഉരപ്പെടേണ്ടിയിരിക്കുന്നതിനാൽ നെടുമങ്ങാടു ഭാഗത്തിനു ഒരു താലൂക്കായിരിക്കുന്നു. കരണങ്ങൾ രജിസ്റ്റർചെയ്യുന്നതിനുള്ള ചട്ടങ്ങൾക്കു അനുസരണമായി നെടുമങ്ങാട്ടിൽ അനേകം പ്രകൃതികളിൽ ഉദ്ദേശിക്കു നെയ്യാറിൻകരയിൽ ഉള്ള മറനല്ലൂരിലേക്കു പോകേണ്ടിയിരിക്കുന്നു. സബ്ബ്രജിസ്റ്റാർ കച്ചേരികൂടാതെ പരിഷ്കാരങ്ങൾക്കു അനുകൂലമായ ജനങ്ങൾക്കു അവരുടെ ഭാഗത്തുള്ള കരണങ്ങൾ രജിസ്റ്റർചെയ്യുന്നതിനു വേണ്ട സൗകര്യങ്ങൾ കൊടുക്കേണ്ടതാകുന്നു! അതേസമയത്തു നെടുമങ്ങാടുതാലൂക്കിൽ ഉള്ള ചില പ്രകൃതികളെ പിരിച്ചു മറനല്ലൂർ സബ്ബ്രജിസ്റ്റരുടെ അധികാരാധീനത്തിൽ ഉൾപ്പെടുത്തുമെങ്കിൽ നെടുമങ്ങാടിൽ ഉള്ള ഈ പ്രകൃതികളെ ഒന്നുചേർത്തു കാട്ടാക്കടയിൽ ഒരു സബ്ബ് രജിസ്റ്റരുടെ കീഴിൽ ആക്കാതിരിക്കാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല. വേണ്ടിടത്തോളം ജോലിയില്ലെന്നാണെങ്കിൽ നെയ്യാറിൻകരയിൽ ഉള്ള ചില പ്രകൃതികളെകൂടി ചേർത്തുകൊള്ളാവുന്നതാണ്. ഇതേവരെ നെയ്യാറിൻകരയിൽ ഉദ്ദേശിക്കുവർ അനുകൂലനിലയിൽ ഇരുന്നതിനാൽ അവർക്കു പരാതിപറയുവാനും ഇല്ല. കാട്ടാക്കടയുടെ പ്രാധാന്യത്തെപ്പറ്റിയും എടുത്തുപറയേണ്ടതായിരിക്കുന്നില്ല. പ്രകൃതികളുടെ ഒരു പുനർവിഭജനം

നടക്കുകയും നെടുമങ്ങാട്ടിലെ നിവാസികളുടെ ആവശ്യത്തെ അനുകൂലമായിട്ടും പരിഗണിക്കുകയും ചെയ്യുന്നതിനായി ഈ വസ്തുതയെ ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നു.

ടി. എൻ. രാമകൃഷ്ണപിള്ള (വൈദ്യുതിയും ഫിഷറീസുമന്ത്രി): ഒരു ക്ലിപ്പിട്ട് ചേർത്തിരുന്നതിനാൽ ഗവണ്മെന്റു ധാരാളം കടലാസ്സുകളും പരിശോധിച്ചിട്ടാണ് ഞാൻ സഭയിൽ വരുകയും ഗവണ്മെന്റു കാണിച്ചിട്ടുള്ള അനുകൂലമനോഭാവത്തിനു നന്ദിയുള്ളവനായിരിക്കുകയും ചെയ്യുന്നു. പൊതുവേ ജനങ്ങൾക്കുള്ള താൽപര്യത്തെ ആലോചിച്ചു ഫിൽപ്പെട്ടെത്തിയിരിക്കുന്ന ഫീസുകളുടെ കണക്കുകൾ പരിശോധിച്ചുവരുന്നുണ്ട്. ഈ വിഷയത്തെ കുറിച്ചുള്ള ആലോചന നടത്തുന്നതിനും ഗവണ്മെന്റു ഒരു കമ്മിറ്റിയെ നിയമിക്കുന്നതിനും ഞാൻ പ്രസ്താവന പിൻവലിക്കുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നമ്പർ 4 മുതൽ നമ്പർ 6 വരെ.

താഴെ പറയുന്ന നിർദ്ദേശങ്ങൾ മൂവ്ചെയ്യപ്പെട്ടില്ല.

മി. ജി. പരമേശ്വരൻപിള്ള:—

നമ്പർ. ഡിമാണ്ട് VI-ൽ നിർദ്ദേശിച്ചിരിക്കുന്ന തുകയിൽ നിന്നും 4 ലക്ഷം രൂപയിൽ നിന്നും 400 രൂപ കുറയ്ക്കുണം.

മി. എം. ആർ. മാധവവാര്യർ:—

നമ്പർ. ഡിമാണ്ട് VI-ൽ നിർദ്ദേശിച്ചിരിക്കുന്ന തുകയിൽ നിന്നും 4 ലക്ഷം രൂപയിൽനിന്നും 400 രൂപ കുറയ്ക്കുണം.

മിസ്റ്റർ തരിയൻ കുഞ്ഞിതൊമ്മൻ:—

നമ്പർ. ഡിമാണ്ട് VI ൽ നിർദ്ദേശിച്ചിരിക്കുന്ന തുകയിൽ നിന്നും 4 ലക്ഷം രൂപയിൽനിന്നും 400 രൂപ കുറയ്ക്കും.

പ്രസിദ്ധമുണ്ടു:—ഡിമാണ്ട് VI രജിസ്ട്രേഷൻ-ൽ 4 ലക്ഷം രൂപയുള്ള ഡിമാണ്ടിനെപ്പറ്റി സഭയുടെ അനുകൂലപ്രതികൂലഭാവം അറിയേണ്ടിയിരിക്കുന്നു.

പണം അനുവദിക്കപ്പെട്ടു.

ഡിമാണ്ട്. VII. ജനറൽ അഡ്മിനിസ്ട്രേഷൻ.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റു ചീഫ് സെക്രട്ടറി): സർ, ഡിമാണ്ട് VII ജനറൽ അഡ്മിനിസ്ട്രേഷൻ-ൽ ഹജൂർക്കച്ചേരിമുതലായവ എന്ന ശീർഷത്തിൽ 2.8 ലക്ഷം രൂപയിൽ കവിയാത്ത ഒരുതുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഉപക്ഷേപം നമ്പർ 8.

മി. വി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): സർ, ഞാൻ താഴെ പറയുന്ന ഉപക്ഷേപം പ്രയോഗത്തിൽ കൊള്ളുന്നു.

നമ്പർ 8. ചുങ്കക്കീഴുദ്യോഗസ്ഥർക്കായി നീക്കിവച്ചിരിക്കുന്ന 2,18,000 രൂപയിൽ 1000 രൂപ കുറയ്ക്കുണം.

ഈ ചുങ്കക്കീഴുദ്യോഗസ്ഥർ എങ്കിലും കുറവുചെയ്തു ഈ ഇനത്തിൽ കുറവു വരുത്താൻ കഴിവുണ്ടോ എന്നു നിയന്ത്രണമെന്നാണ് ഈ നിർദ്ദേശം ഞാൻ പ്രയോഗിക്കുന്നതിന്റെ ഉദ്ദേശം. ചില്ലറ സ്ഥലങ്ങളിൽ ഉള്ള ചുങ്കക്കീഴുദ്യോഗസ്ഥർമാരുടെ എണ്ണത്തേയും അവരുടെ ശമ്പളങ്ങളേയും അനുകൂലിച്ചു ഈ ഡിമാണ്ടിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഇവിടത്തെ നിലയെ വിവരിച്ചുപറയുമെന്നു വിശ്വസിക്കുന്നു.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റു ചീഫ് സെക്രട്ടറി): സർ, ശ്രീമതിനെ സംബന്ധിച്ചിടത്തോളം ഉള്ള വിവരം ഞാൻ പറയാം. കവിഞ്ഞ 100 രൂപ വരെ ശമ്പളമുള്ള പന്ത്രണ്ടു ചുങ്കക്കീഴുദ്യോഗസ്ഥർമാർ ഉണ്ട്. ഇവിടെ നമുക്കു അതിൽ പക്ഷേ യെയുള്ളു. ഇവിടെ ചെയ്യപ്പെടുന്ന പണിയുടെ വലിപ്പം മറ്റുള്ള സ്ഥലങ്ങളിൽ ഉള്ളവയോടു മിക്കവാറും തുല്യമാണെന്നു ഞാൻ കാണുന്നു.

മി. വി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): ഈ ഉപക്ഷേപം ഞാൻ പിൻവലിക്കുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നമ്പർ 7.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമിച്ചമെംബർ): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ ഫാജരാക്കിക്കൊള്ളുന്നു.

നമ്പർ 7. സഞ്ചാരപ്പടിക്കായി നീക്കിയിരിക്കുന്ന 2,2,000 രൂപയിൽ 1,000 രൂപ കുറയ്ക്കുണം.

ഹജൂർക്കച്ചേരി സഞ്ചാരപ്പടിവകയ്ക്കു ബഡ്ജറ്റിൽ 2,2,000 രൂപ ഉൾപ്പെടുത്തിയിരിക്കുന്നതായും 2 0 ൽവച്ചുമാണ്ടു 1,000 ചില്വാനം രൂപ ചിലവായിട്ടുള്ളതായും കാണുന്നു. പൊതുജനങ്ങൾക്കു സഞ്ചരിക്കുന്ന ഹജൂർക്കച്ചേരിയിലെ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും അവരുടെ സഞ്ചാരത്തിനു ഈ തുക മുഴുവനും ആവശ്യമാണോ എന്നും എനിക്കറിയേണ്ടിയിരിക്കുന്നു.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റു ചീഫ് സെക്രട്ടറി): തല്സ്ഥാനംവിട്ടു പുറത്തു സഞ്ചരിക്കുന്നതിനു ഹജൂർക്കച്ചേരിയിൽ ഉള്ള ഉദ്യോഗസ്ഥൻ ദിവാൻജിമാത്രമാണ്. അദ്ദേഹത്തിനോടൊന്നിച്ചു അദ്ദേഹത്തിന്റെ പ്രൈവറ്റു സെക്രട്ടറിയും പോകുന്നുണ്ട്. ദിവാൻജിയുടേയും പ്രൈവറ്റുസെക്രട്ടറിയുടേയും വകയ്ക്കും അവരോടൊന്നിച്ചുപോകുന്ന ഗുമസ്ഥാക്കളുടേയും താണതരം ജീവനക്കാരുടേയും സഞ്ചാരപ്പടിയ്ക്കുംകൂടി ആകുന്ന ഇരുപതുരൂപ നീക്കിവച്ചിരിക്കുന്നത്. വേറെ ഒരു ചിലവിനംകൂടിയുണ്ട്. ദിവാൻജി സക്യൂട്ടിൽ ഇറിക്കുമ്പോൾ അദ്ദേഹത്തിനു റിക്കാർഡുകൾ അയയ്ക്കേണ്ടതായുണ്ട്. അദ്ദേഹത്തിനു പെട്ടികൾ കൊണ്ടുപോകുന്നതിപ്പോയിക്കൂടാ സഞ്ചാരപ്പടി കൊടുക്കേണ്ടതുണ്ട്.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമിച്ചമെംബർ): ഞാൻ ഉപക്ഷേപത്തെ നിർബന്ധിക്കുന്നില്ല.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക്രമ 9-

ശ്രീ. എൻ. രാമകൃഷ്ണപിള്ള (വൈക്കവും, ഏറ്റുമാനൂരും): സർ, താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കേണ്ടതിലേക്ക ഞാൻ എഴുന്നേൽക്കുന്നു.

ക്രമ 9. ഹജ്ജർക്കച്ചേരിക്കായി നിക്കിവച്ചിരിക്കുന്ന ക, ങ ട, ണ ത എന്ന ശ്രേയിൽ ക 0 0 രൂപ കുറയ്ക്കുന്നു.

ഹജ്ജർക്കച്ചേരി പുനസ്സംഘടനത്തെപ്പറ്റി ചില നിരൂപണങ്ങൾ ചെയ്യുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം ഉത്ഥാപിച്ചിട്ടുള്ളത്. ഹജ്ജർക്കച്ചേരി സംസ്ഥാനത്തിലെ പ്രധാനപ്പെട്ട കച്ചേരിയാണ്. അതിനാൽ അതു ഏറ്റവും കാര്യക്ഷമമായവിധത്തിൽ പ്രവർത്തിക്കപ്പെടണമെന്നുള്ളതു് അത്യാവശ്യമാണ്. സിക്രട്ടറിയറിൽ എവിടെയെങ്കിലും ഏതെങ്കിലും കുറവുണ്ടായിരുന്നാൽ അതു അവസാനത്തിൽ കുറെകൂടുകൊണ്ടവസാനം പ്രതികൂലമായി പരിണമിക്കുമെന്നു ഞാൻ പറയേണ്ടതില്ലല്ലോ. ഹജ്ജർക്കച്ചേരിക്കുള്ള ബഡ്ജറ്റിനെ നോക്കുന്നയാതൊരാൾക്കും ഒന്നാമതായി മനസ്സിൽ തട്ടുന്നതു വിവിധശമ്പളസ്കെയിലുകളുടെ അന്ധാളിപ്പിക്കത്തക്ക വിധത്തിലാണ് സിക്രട്ടറിയറിൽ ഉള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം നിശ്ചയിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന തത്വം കണ്ടുപിടിക്കാൻ കഴിയുന്നതല്ല. ഉദാഹരണമായി ചീഫ്സെക്രട്ടറിക്ക ഒരു പ്രത്യേകശമ്പളസ്കെയിൽ ഉണ്ട്. ഇതുകൂടാതെ ഫിനാൻഷ്യൽസെക്രട്ടറി, ഗവണ്മെൻറുസെക്രട്ടറിമാർ, അസിസ്റ്റൻറു സെക്രട്ടറിമാർ, സ്റ്റേണറി സൂപ്രണ്ടറു, ഹൈഡ് ട്രാൻസ്ലേറ്റർ, സൂപ്രണ്ടൻറുമാർ, പുതുതായി ഗവസറൈറ്റു ഉദ്യോഗസ്ഥന്മാരുടെകൂട്ടത്തിൽ ഉൾപ്പെടുത്താൻപോകുന്നതും അങ്ങനെയാകുന്ന ആറിലധികം പേരെ ഒരു ശമ്പളസ്കെയിൽ കണ്ടുപിടിക്കേണ്ടിയിരിക്കുന്നതും ആയ മാനേജർ എന്നിവരും ഉണ്ട്. ഇതുകൂടാതെ കുറഞ്ഞ ശമ്പളത്തിൽഉള്ള ജീവനക്കാർ ഉണ്ട്. ഇവരിൽ ദുരിപക്ഷക്കാർക്കും ആണ്ടുതോറുമുള്ള ശമ്പളവർദ്ധനയ്ക്കു കിട്ടേണ്ടതുണ്ട്. ചിലർക്ക രണ്ടുഭാഗത്തിൽ ഒരിക്കലും ചിലർക്ക മൂന്നുകൊല്ലത്തിൽ ഒരിക്കലും ശമ്പളം കൂട്ടേണ്ടിയിരിക്കുന്നു. വിവിധസ്കെയിലുകളുടെയും വളരെ സൂക്ഷ്മം താരതമ്യപ്പെടുത്തിനോക്കിയതിൽ പിന്നിട്ട സ്കെയിലുകളും ശമ്പളങ്ങളും നിശ്ചയിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന യുക്തമായ രീതിയും കണ്ടുപിടിക്കാൻ എനിക്ക കഴിഞ്ഞിട്ടില്ല. സാലറീസ്കമ്മിറ്റിയുടെ റിപ്പോർട്ടിനെ പൂർണ്ണമായി നടപ്പാക്കിയിരുന്നാൽ ശമ്പളങ്ങൾ നിശ്ചയിക്കുന്നതിനു ഏതെങ്കിലും അടിസ്ഥാനമുണ്ടായിരുന്നേനെ, ഈ വിഷയത്തിൽ ഗവണ്മെൻറു ചീഫ്സെക്രട്ടറി എനിക്കു സംഗതികളെ വ്യക്തമാക്കിത്തരുന്നതിൽ സന്തോഷമുണ്ട്.

നിശ്ചയിച്ചിരിക്കുന്ന മാനേജർ ഉദ്യോഗം അത്യാവശ്യമാണോ എന്നു ഞാൻ സംശയിക്കുന്നു. ഈ ഉദ്യോഗസ്ഥൻ സെക്രട്ടറിയാറിലെ സെൻട്രൽ ഇഷ്യുവകുപ്പിൻറെ ചാർജ്ജ് വഹിക്കേണ്ടതായിരിക്കുന്നു. ഈ അഭിപ്രായത്തിനു ആ വകുപ്പിൽ മതിയാകുന്നതെന്തോകൊണ്ടാണ് ജോലി ഇല്ലെന്നുള്ള വസ്തുതയിൽനിന്നാണ് എൻറെ അഭിപ്രായം ജനിക്കുന്നതു്. എനിക്ക കിട്ടിയിട്ടുള്ള അറിവു ശരിയാണെങ്കിൽ ഈ വകുപ്പിലെ പണി സെക്രട്ടറിയറിലെ വിവിധ വകുപ്പുകളിലുംനിന്നും വരുന്ന സ്റ്റാപ്പുകളെ ടൈപ്പ്ചെയ്തിച്ചു സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഒപ്പുവാങ്ങിച്ചതിൽപിന്നീടു വെളിയിൽ അയക്കുക എന്നുള്ളതാകുന്നു. ഇതിനായി പന്ത്രണ്ട് അണ്ടർ ഗ്രാഡുവെറ്റു ഗുമസ്തന്മാരും പന്ത്രണ്ടു ടൈപിസ്റ്റുകളും ഉണ്ട്. ഇതുകൂടാതെ 9 ഉ രൂപ മുതൽ ക 0 0 രൂപവരെ ശമ്പളത്തിൽ ഒരു രണ്ടാംഗ്രേഡ് ക്ലാർക്കും ക 9 ഉ രൂപമുതൽ ക 9 ഉ രൂപവരെ ശമ്പളത്തിൽ ഒരു സൂപ്രണ്ടും ഉണ്ട്.

ശ്രീ. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഈ സെക്ഷൻ ചാർജ്വഹിക്കുന്നതിനു ഒരു സൂപ്രണ്ടിനെ നിയമിക്കുന്നതിനു ആലോചനയില്ല.

ശ്രീ. എൻ. രാമകൃഷ്ണപിള്ള (വൈക്കവും, ഏറ്റുമാനൂരും): ക്ലറു ടൈപ്പിസ്റ്റുകളുടെയും ക്ലറു ഗുമസ്ഥാക്കളുടേയും ജോലിയുടെ മേൽനോട്ടത്തിനു ഈ രണ്ടു ഉദ്യോഗസ്ഥർ ആവശ്യമാണെന്നാണ് ഊഹിച്ചിരിക്കുന്നതു്. പകർപ്പെടുക്കുന്നതും വെളിയിൽ അയക്കുന്നതും അയ ജോലി അല്ലാതെ വേറെ ജോലികളൊന്നും ഇല്ലെന്നതിനാൽ സെക്ഷനിൽ ശരിയായി വേലനടത്തിക്കുന്നതിനു 9 ഉ—ക 0 0 വരെ ശമ്പളമുള്ള ഒരു രണ്ടാംഗ്രേഡ് ക്ലാർക്കിനു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഒരു മാനേജർ അനാവശ്യമാണെന്നാണ് എനിക്ക തോന്നുന്നതു്. സെൻട്രൽ ഇഷ്യുവകുപ്പോടുള്ളതിൽ അക്കൌണ്ടു സെക്ഷനേയും ചേർക്കുന്നതായാൽ സെൻട്രൽ ഇഷ്യുവകുപ്പു സൂപ്രണ്ടിനു മതിയായ ജോലി ഉണ്ടായിരിക്കുമായിരിക്കാം.

ഈ വകുപ്പിനെ എഴുത്തുകുത്തു ഏറ്റവുമാണുന്ന വകുപ്പുള്ളതായി ആക്ഷേപിക്കുന്നതാണ്. വെളിയിൽനിന്നവരുടെ എഴുത്തുകളെ എല്ലാം ചീഫ്സെക്രട്ടറി വായിച്ചു നോക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു. എഴുത്തുകുത്തുകളെ എല്ലാംതന്നെ വെളിയിൽ അയക്കുന്നതിനു ഉത്തരവാദിത്തം എനിക്കാണെങ്കിലും ഓരോ ജോലിക്കാരനേയും അഭിപ്രായത്തിൽ സഹായിക്കത്തക്കതുമായ വിധത്തിൽ ജോലിയെ പരിഷ്കരപ്പെടുത്തിയുള്ള ഒരു പദ്ധതിയെ നടപ്പാക്കുണമെന്നായിരിക്കുന്നു. ആഫീസുസിസ്റ്റംസ് മാനേജർ ഉദ്ദേശിച്ചിട്ടുള്ളതു്, പൊതുവേയുള്ള ഒരു വിഷയങ്ങളെ ദിപാൻജിയുമായി വാദിക്കുന്നതിനു ചീഫ്സെക്രട്ടറിക്കു കൂടക്കൂടെ സമയം ഉണ്ടായിരിക്കേണ്ടതും നിവൃത്തിയുള്ളിടത്തോളം ഏകദേശം പത്തിൽ ഉള്ള സാധാരണ പതിവുജോലിയിൽ നിന്നു അദ്ദേഹത്തെ വിടുതൽചെയ്യുന്നതും ആകുന്നു. സിക്രട്ടറിമാർക്ക കൂടെക്കൂടെ അധികാരങ്ങൾതന്നെ കേന്ദ്രീകരിക്കുന്നതും അവരുടെ മുമ്പാകെയിൽ ഉൾപ്പെട്ട വിഷയങ്ങളെ ചീഫ്സിക്രട്ടറിയുടെ ഉത്തരവുകൂടാതെ പൂർണ്ണമായി ശ്രദ്ധിക്കുന്നതിനു അവർ ശക്തരായിരിക്കേണ്ടതും ആകുന്നു. ഞാൻ അറിയിക്കാൻ ഉദ്ദേശിക്കുന്ന നിർദ്ദേശങ്ങളിൽ ചിലവ ഇവ ആണ്.

ശ്രീ. ടി. കെ. വേലുപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർ, ഈ പ്രയോഗത്തെപ്പറ്റി ഞാൻ പ്രസംഗിക്കാൻ ആഗ്രഹിക്കുന്നു. ഹജ്ജർക്കച്ചേരിയിൽ ചില ഉദ്യോഗസ്ഥന്മാർ മതിയാകുന്നിടത്തോളം വേണ്ടുവോളം ചെയ്യുന്നില്ലെന്നുള്ള വസ്തുതയെപ്പറ്റി ധാരാളം പരാതികളും ഉണ്ടായിരിക്കുന്നു; സഭയുടെ മറേറക്കക്ഷി അവർക്കു കുറഞ്ഞിലധികം ജോലിഭാരമുണ്ടെന്നു സ്ഥാപിക്കുന്നു. അനുകൂലമായും പ്രതികൂലമായും ഉള്ള വാദങ്ങളെ തൂക്കിനിർണ്ണയിക്കുന്നതു് എൻറെ കൃത്യം അല്ലാ എന്നാൽ ഗവണ്മെണ്ടിൻറെ ഭാഗത്തിൽ വലുതായി കാണപ്പെടുന്ന ഒരു വിഷയത്തെപ്പറ്റി പറയുന്നതിനു ഈ അവസരത്തെ ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. അതു ഹിന്ദുദേവസ്വങ്ങളുടെ ഭരണത്തെപ്പറ്റിയാണ് ഹിന്ദുദേവസ്വങ്ങളെ സംബന്ധിച്ചുള്ള ഏർപ്പാടുകളെപ്പറ്റി ഈ സഭയിൽ വാദിക്കാൻ പാടില്ല എന്നുള്ളതിനെ ഞാൻ മനസ്സിലാക്കുന്നു, എങ്കിലും ക്ലാർക്കുകൾക്കും സൂപ്രണ്ടുകൾക്കും മേറെ ജീവന

ക്കാക്കം ഉള്ള ചിലവിനു പണം അനുവദിക്കണമെന്നു ഈ സഭയോടു പറയുമ്പോൾ ഈ പണത്തിന്റെ ഒരു ഭാഗം ഹിന്ദുദേവസ്വരണത്തിനായി പ്ലാനും ചിലവാക്കണം ഉദ്യോഗസ്ഥന്മാരുടെ ഉപയോഗത്തിനായും കൂടി ഉപകരിക്കുന്നതാണ് എന്നുള്ള വസ്തുതയിന്മേൽ നമുക്കു നില ഉറപ്പിക്കാവുന്നതാണ്. ഹിന്ദുദേവസ്വങ്ങളെ ഏതാനുമായികരിക്കേ അനുകൂലമായിരിക്കുന്നതുകൊണ്ടും ഒഴിക്കുന്നതിനു ഒരു പ്രത്യേകപദ്ധതി കണ്ടുപിടിക്കുകയും പ്രത്യേകമായ ഏർപ്പാടു ചെയ്യുകയും ചെയ്യണമെന്നാണ് എന്റെ നിർദ്ദേശം. ഗവർമ്മെണ്ടു നൂറുസംവത്സരത്തിനുമുമ്പുണ്ടായിരുന്ന അവരുടെ ബുദ്ധ്യാഹിന്ദുദേവസ്വങ്ങളുടെകാര്യക്ഷമമായ ഭരണത്തിനുവേണ്ടി ചിലതെല്ലാം ചെയ്തു; അക്കാലം മുതൽ ഇതേവരെ ആ മാറ്റവും ഈ മാറ്റവും ചെയ്യുന്നതായ പല ഏർപ്പാടുകളും ചെയ്യപ്പെട്ടിരിക്കുന്നു എങ്കിലും തൃപ്തിമായ വിഷമത പിന്നേയും ശേഷിച്ചു. ഇപ്പോഴത്തെ പദ്ധതിയനുസരിച്ചു പൊതുവായി കരം കൊടുക്കുന്നവരുടെ പണം ഹിന്ദുദേവസ്വങ്ങളിന്മേൽ ചിലവാക്കപ്പെടുന്നു എന്നുള്ള ഉദ്ദേശത്തിന്മേൽ ചില സമുദായങ്ങൾ ഈ പദ്ധതിയെ അല്പം പ്രതികൂലദൃഷ്ട്യാ വീക്ഷിക്കുന്നു.

പ്രൊസിഡെണ്ടു: ഇതെല്ലാം സംബന്ധപ്പെട്ടവയാണോ എന്നു എനിക്കറിഞ്ഞുകൂടാ.

മി. ടി. കെ. വേലുപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഞാൻ ആരംഭത്തിൽ ചൂണ്ടികാണിച്ചതുപോലെ ഞാൻ വാദിക്കുന്നതു ഈ സഭ അനുവദിച്ചുകൊടുക്കുന്ന പണം കൊടുക്കുന്നതു എങ്കിലും ഗ്രമസ്ഥാവിനൊ ഉയർന്തരം ഉദ്യോഗസ്ഥനോ ആയിരിക്കുന്നതു.

പ്രൊസിഡെണ്ടു: എനിക്കതു മനസ്സിലാകുന്നുണ്ടു.

മി. ടി. കെ. വേലുപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇപ്പോഴത്തെ രീതിയനുസരിച്ചു ദേവസ്വം ഭരണത്തിനായി വളരെ സമയം ചിലവാക്കുന്നതിനു നിർബന്ധിതർ ആയിരിക്കുന്ന ഗ്രമസ്ഥാക്കന്മാരൊ ഉയർന്തരം ഉദ്യോഗസ്ഥനൊ ചെല്ലുന്നു.

പ്രൊസിഡെണ്ടു: ഫ്രാങ്കേച്ചേരിയിൽ പ്രത്യേകമായ ഒരു ദേവസ്വം സെക്ഷൻ ഇല്ല.

മി. ടി. കെ. വേലുപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു എനിക്കറിയാം ഈ സഭയുടെ അറിയായ പ്രവർത്തനവും സൗഹാർദ്ദമായ പരസ്പരബന്ധവും ഉണ്ടാക്കണം എന്നും ഹിന്ദുക്കൾ അല്ലാത്തവരും ഹിന്ദുക്ഷേത്രങ്ങളുടെ അവകാശാധികാരങ്ങൾ ലഭ്യമാകാത്തവരും ക്ഷേത്രങ്ങളെപ്പറ്റി ശ്രദ്ധിക്കാത്തവരായ മുന്നാമതു ഒരുതരം ഹിന്ദുക്കളും ഹിന്ദുദേവാലയങ്ങളെ എതിർക്കുന്നതിനെ തടയുകയും ചെയ്യണം എന്ന മാത്രമേ എനിക്കാവശ്യപ്പെടുള്ളു. പൊതുജനതാല്പര്യത്തിൽ നിന്നാണെങ്കിൽ സാധാരണകരം കൊടുക്കുന്നവരെ അതിൽനിന്നു ഒഴിവുണ്ടാക്കുന്നതുകൊണ്ടു ഹിന്ദുക്ഷേത്രങ്ങളിന്മേൽ ചിലവാക്കപ്പെട്ട കൊണ്ടിരിക്കുന്ന വലിയതുകകൊണ്ടും അപ്രകാരം ചിലവാക്കപ്പെടാതെന്നുള്ളതുകൊണ്ടു ഹിന്ദുക്ഷേത്രങ്ങളിന്മേൽ ചിലവാക്കപ്പെട്ട കൊണ്ടിരിക്കുന്ന വലിയതുകകൊണ്ടും അപ്രകാരം ചിലവാക്കപ്പെടാതെന്നുള്ള മനസ്ഥിതിയോടുകൂടിയവർ ഉണ്ടെന്നുള്ളതു എനിക്കു അറിയാം.

മി. എൻ. കുമാരൻ (ഗവർണ്മെണ്ടു നിയമിച്ചമെംബർ): "മറ്റുള്ളവർ" എന്നതു ആരെല്ലാം എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ടി. കെ. വേലുപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): "മറ്റുള്ളവർ" എന്നാൽ എത്രയെണ്ണം ആളുകളും അതുകൊണ്ടു ആ പദം ഞാൻ നിഘണ്ടുവിൽ ഉള്ള അർത്ഥത്തിൽ മാത്രമേ ഉപയോഗിച്ചിട്ടുള്ളു.

പ്രൊസിഡെണ്ടു: നിങ്ങളുടെ വാദത്തിന്റെ ഗതി എനിക്കു മനസ്സിലാകുന്നില്ല.

മി. ടി. കെ. വേലുപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർ, ഞാൻ ഇതാണ് ദേവസ്വങ്ങളുമായി യാതൊരു ബന്ധവും ഇല്ലാത്തവരായി പൊതു കരംകൊടുക്കുന്നവരുടെ സംഗതിക്കുവേണ്ടി രക്ഷിക്കുന്നതിനായി ആ ഹിന്ദുക്കൾക്കു കഷ്ടത്തിൽ ഇടയാക്കാതെ പണം ഉള്ള ഹിന്ദുദേവസ്ഥാനം ആ പണത്തെ ഹിന്ദുമതത്തിനായി ചിലവാക്കത്തക്കവണ്ണം പ്ലാതെങ്കിലുംമാർഗ്ഗം ഗവർൺമെണ്ടു കണ്ടുപിടിക്കണമെന്നാണ് ഞാൻ വാദിക്കുന്നതു.

പ്രൊസിഡെണ്ടു: ദേവസ്വം യിമ്പരം സൂക്ഷിക്കാൻ ഉദ്ദേശിക്കുന്നതും അതുതന്നെയാണ്.

മി. ടി. കെ. വേലുപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പൊതുവായി കരം കൊടുക്കുന്നവരുടെ പണം വേറെപണികൾക്കായി ചിലവാക്കപ്പെടണം. പൊതുവായി കരംകൊടുക്കുന്നവരുടെ പണം ഹിന്ദുദേവസ്വങ്ങൾക്കു ചിലവാക്കപ്പെടുന്നതല്ലാതെ ഒരു നയം പ്രവ്യാപനം ചെയ്യാവുന്നതാണ്. അവയ്ക്കു പണംഉണ്ട്. ആ പണത്തെ ഗവർണ്മെണ്ടു സ്വന്ത ആവശ്യത്തിനായി എടുക്കാതിരിക്കണം എന്നാകുന്നു ഹിന്ദുക്കൾക്കു അപേക്ഷയുള്ളതു ഗവർണ്മെണ്ടു ദേവസ്വം വസ്തുക്കളെ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അവയെ തിരിയെ കൊടുക്കേണ്ടതാണ് ഇതിനെ പിരിക്കുന്നതിനുവേണ്ടിയും ഹിന്ദുദേവസ്വങ്ങളുടെ ഭരണം ഒഴിച്ചുള്ള മറ്റു ജോലികളിൽ അവരുടെ ശ്രദ്ധയെ മുഴുവൻ കേന്ദ്രീകരിക്കുന്നതിനും ഹിന്ദുദേവസ്വങ്ങളെ കാര്യക്ഷമമായരീതിയിൽ നടക്കുന്നതിനായും ആകുന്നു ഞാൻ ഈ നിർദ്ദേശങ്ങൾ ചെയ്യുന്നതു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ): വിളംബരപ്രകാരം മേൽനോട്ടത്തിനുള്ള ചിലവുവഹിക്കുന്നതിനു ഗവർണ്മെണ്ടു ചുമതലപ്പെട്ടിരിക്കുന്നില്ലയൊ?

മി. ടി. കെ. വേലുപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതേ വിളംബരം പലകാര്യങ്ങളെപ്പറയുന്നുണ്ടു. എന്നാൽ വിളമ്പരത്താൽ ലഭ്യമാകുവുന്നിടത്തോളം അനുകൂല്യം ലഭിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു.

പൊതുവെ കരംകൊടുക്കുന്നവരുടെ പണം കാര്യങ്ങളുടെ ഇപ്പോഴത്തെ നിലക്കു ഹിന്ദുദേവസ്വങ്ങളുടെ ഗവർണ്മെണ്ടു ഭരണത്തിൽ യാതൊരു അവകാശവും ഇല്ലാത്ത ക്രസ്ത്യാനികളും മുഹമ്മദരും മറ്റുള്ളവരും കൊടുക്കുന്നപണം ചിലവാക്കപ്പെടുന്നതു.

പ്രൊസിഡെണ്ടു: അതു സംബന്ധമായും വിളംബരത്തിൽ തൃപ്തികരമായ ഒരു മറുപടി ഉണ്ടെന്നു എനിക്കു തോന്നുന്നു.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ദേവസ്വങ്ങൾക്കു ഗവർണ്മെന്റുമായി വല്ല ബന്ധവുംതന്നെ ഉണ്ടൊഎന്നും അതൊ ഗവർണ്മെണ്ടിൽനിന്നും തിരെ വേർപ്പെട്ടിരിക്കുന്നുവൊ എന്നും ഞാൻ അറിയാൻ ആഗ്രഹിക്കുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഹിന്ദുദേവസ്വങ്ങളുടെ ഭരണത്തിൽ ഗവർണ്മെണ്ടുസംബന്ധപ്പെട്ടിട്ടില്ലാത്തതിനാൽ അവർ ഹിന്ദുമതത്തോടു പ്രതിപത്തിയില്ലാത്തവരായിരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ക്രസ്ത്യൻ പള്ളിക്കുടങ്ങളും മഹമ്മദീയപള്ളിക്കുടങ്ങളും ഗവർണ്മെണ്ടിന്റെ എത്രത്തോളം സംബന്ധപ്പെട്ടിരിക്കുന്നുവോ അതുപോലെതന്നെ ഹിന്ദുദേവസ്വങ്ങളോടും ഗവർണ്മെണ്ടിന്റെ സംബന്ധപ്പെട്ടിരിക്കുന്നുകൊണ്ടുതന്നെയാണോ എന്റെ സ്നേഹിതന്റെ ദുഃഖിയാകുന്നത്?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): ക്രസ്ത്യൻ പള്ളിക്കുടങ്ങളുടേയും മഹമ്മദീയപള്ളിക്കുടങ്ങളുടേയും ഭരണരീതികളെപ്പറ്റി എനിക്കു നല്ല അറിവില്ല.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ദേവസ്വങ്ങളും മറ്റു മതസ്ഥാപനങ്ങളുമായിട്ടുള്ള ബന്ധത്തിനുപ്പുറം എന്തു അഭിപ്രായമാണ് പറഞ്ഞതിനെ ഞങ്ങളും മനസ്സിലാക്കുന്നതെങ്ങനെയാണ്?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): എന്റെ വാദം വ്യക്തമായിരിക്കുന്നു. ദേവസ്വങ്ങളെ മറ്റു സ്ഥാപനങ്ങളും എന്നപോലെ കരുതിക്കൂടാത്തതാണ്.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): മറ്റുസ്ഥാപനങ്ങളും എന്നു പറയുന്നതിൽ ക്രസ്ത്യൻ പള്ളിക്കുടങ്ങളേയും മഹമ്മദീയ പള്ളിക്കുടങ്ങളേയുംപറ്റിയല്ല പറയുന്നതെങ്കിൽ അങ്ങേഹം കല്പിക്കുന്ന അർത്ഥം എന്താണെന്നു അനുഗ്രഹിച്ചറിഞ്ഞാൽകൊള്ളാം. മറ്റു സ്ഥാപനങ്ങളും എന്നു അങ്ങേഹം പറയുന്നതു ഏതുവയാണെന്നു എനിക്കറിഞ്ഞുകൂടാ.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും), എന്റെ ഒരാളുടെ അഭിപ്രായം ഈ വിഷയത്തിനു സംബന്ധപ്പെട്ടതല്ല (ഉറക്കച്ചിരി)—പൊതുവേ കരകൊടുക്കുന്നവരെസംബന്ധിച്ചുതായ മറ്റു ജോലികളും ചെയ്യുന്നതിനു അവർക്കു സൗകര്യം ഉണ്ടായിരിക്കണം എന്നാണു ഞാൻ പറയുന്നതു. ഞാൻ ഇപ്പോൾ പറയുന്നതു അതാണു. കരകഴിഞ്ഞതിൽപിന്നിട്ടു ഞാൻ മറ്റൊരു വിഷയത്തെപ്പറ്റി പറയുന്നതായിരിക്കും. അപ്പോൾ മിസ്റ്റർ പഞ്ഞിക്കാരനെ തൃപ്തിപ്പെടുത്താൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നു.

മി. ആർ. കൃഷ്ണപിള്ള (ഗവർണ്മെണ്ടു ചീഫ് സെക്രട്ടറി): സർ, എനിക്കു പറയാൻ വളരെ കുറച്ചുമാത്രമേയുള്ളു. സെൻട്രൽ ഇക്വ്യുവലൈസേഷൻ ചാർജിനു ഒരു സൂപ്രണ്ടിനെ നിയമിക്കാൻ നിശ്ചയിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. എ. മുഹമ്മദ് (ഗവർണ്മെന്റു നിയമിച്ച മെംബർ): സെൻട്രൽ ഇക്വ്യുവലൈസേഷൻ ചാർജ് ഇപ്പോൾ ഒരു സൂപ്രണ്ടു വഹിക്കുന്നില്ലയോ എന്നറിഞ്ഞാൽകൊള്ളാം.

മി. ആർ. കൃഷ്ണപിള്ള (ഗവർണ്മെന്റു ചീഫ് സെക്രട്ടറി): വേറെ ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതുവരെ ഒരു സൂപ്രണ്ടിനെ ചാർജ് നഹിക്കുന്നതിനു തൽക്കാലത്തേക്കു നിയമിച്ചിരിക്കുന്നു. സൂപ്രണ്ടു ക്ലർക്കുതൽ ശമ്പളം വാങ്ങുന്നു. സെക്ഷണിൽ നിയമിക്കാൻ നിശ്ചയിച്ചിരിക്കുന്ന മാനേജർക്കു ഇതിലും കുറഞ്ഞശമ്പളം ആയിരിക്കും.

സെക്രട്ടേറിയറ്റിൽ ജോലിവിതരണത്തെസംബന്ധിച്ചിടത്തോളം ആ വിഷയം ഗവർണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

മി. ടി. കെ. വേലുപ്പിള്ളയുടെ വാദത്തെസംബന്ധിച്ചിടത്തോളം എനിക്കു അങ്ങേഹത്തെ തുടർന്നു മനസ്സിലാക്കുന്നതിനു കഴിഞ്ഞിട്ടില്ല. ദേവസ്വം വിളംബരത്തെ ഭേദപ്പെടുത്തണമെന്നാണോ അങ്ങേഹം പറയുന്നതു എന്നു എനിക്കറിഞ്ഞുകൂടാ.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): എനിക്കു അങ്ങനെയൊന്നും വേണ്ടിയിരുന്നതുകൊണ്ടു ഞാൻ അങ്ങനെ പറഞ്ഞിരുന്നതേയില്ല.

മി. ആർ. കൃഷ്ണപിള്ള (ഗവർണ്മെന്റു ചീഫ് സെക്രട്ടറി): എനിക്കു കൂടുതലായി ഒന്നും പറയാനില്ല. അതുകൊണ്ടുകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ ക്രമവും ക്രമൻ—ം.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടിട്ടില്ല.

മി. എം. ആർ. മുഖപ്പയ്യാരിയർ:

ക്രമവു. ഹസ്സൂർകച്ചേരിക്കായി നീക്കിവച്ചിരിക്കുന്ന ക, ൪ ൦, ൨ ക൪ രൂപയിൽ ക ൦ ൦ രൂപ കുറയ്ക്കുണം

മി. എം. എൻ. പിള്ള.

ക്രമൻ. ഹസ്സൂർകച്ചേരിക്കായി നീക്കിവച്ചിരിക്കുന്ന ക, ൪ ൦, ൨ ക൪ രൂപയിൽ ക ൦ ൦ രൂപ കുറയ്ക്കുണം.

ഉപക്ഷേപം ക൪ ൦.

മി. ടി. കുമാരപിള്ള (ഇരണിയൽ—വിളവങ്കോടും): താഴെപറയുന്ന നിർദ്ദേശം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ക൪ ൦. ഹസ്സൂർക്കച്ചേരിക്കായി നീക്കിവച്ചിരിക്കുന്ന ക, ൪ ൦, ൨ ക൪ രൂപയിൽ ക ൦ ൦ രൂപ കുറയ്ക്കുണം.

ഈ മോഷനിൽ എനിക്കു ഏറ്റവും പ്രധാനമായി പറയാനുള്ളതു മേലാൽ എല്ലാകാലവും സ്വദേശീയർതന്നെ ജനറൽ അഡ്മിനിസ്ട്രേഷന്റെ മേധാവികളായിരിക്കണമെന്നുള്ളതാണു. ഈ അഭിപ്രായംകൊണ്ടു ഇതേവരെ ഉണ്ടായിട്ടുള്ള വിദേശീയരുടെ ഭരണം തൃപ്തികരമല്ലെന്നോ അവരുടെ ഭരണത്തെപറ്റി ഒരുദ്ദേശിച്ചെന്നോ അർത്ഥമാക്കാൻ പാടില്ലാത്തതാണു. നേരെമറിച്ചു നമ്മുടെ രാജ്യം ഇന്നത്തെ പരിഷ്കൃതനിലയിൽ എത്തുന്നതിനു സഹായിച്ചിട്ടുള്ളവർ വിദേശീയരാണെന്നുള്ള പരമാർത്ഥം ഞാനൊരിക്കലും വിസ്മരിക്കുന്നില്ല. അതിലേക്കു ഈ രാജ്യനിവാസികൾ ഏറ്റവും നന്ദിയുള്ളവരായിരിക്കയും ചെയ്യുന്നു. പുത്തൻകച്ചേരിക്കു പടിഞ്ഞാറുവശം നീക്കത്തിട്ടുള്ള പ്രതിമ അതിലേക്കു ഒട്ടുന്താമായി സാക്ഷ്യംവഹിക്കയും ചെയ്യുന്നു.

ഈ സ്ഥിതിയിൽ ഇവിടത്തെ ദിവാൻജിമാർ സ്വദേശീയരായിത്തന്നെയിരിക്കണം എന്നുള്ളവാദം എന്തിനേക്കാണെന്നു പലരും ചോദിക്കുമായിരിക്കും. അതിലേക്കു പറയാനുള്ളതു ഈ രാജ്യനിവാസികളുടെ അവകാശമായ തത്വത്തെ അടിസ്ഥാനമാക്കിയും അവരുടെ അഭിമാനത്തെ പുലർത്തി രക്ഷിക്കുന്നതിനായുമാണ്. രണ്ടാമതായി പറയാനുള്ളതു വിദ്യാഭ്യാസത്തിൽ ഇൻഡ്യാ സാമ്രാജ്യത്തിൽ മുന്നണിയെ പ്രാപിച്ചുനിൽക്കുന്നതും അതിലേക്കു ജനങ്ങളുടെ വിദ്യാഭ്യാസത്തിനായി ൪ ൦ ലക്ഷത്തോളം രൂപ ചിലവുചെയ്തുവരുന്നതുമായ ഈ രാജ്യത്തു ഇവിടത്തെ ഭരണം നടത്തുന്നതിനു ഇവിടങ്ങളിൽനിന്നും ഒരാളെ ദിവാൻജിയായി തിരഞ്ഞെടുക്കാനില്ലാത്ത വരു

ന്നതുവഴി ഇവിടത്തെ വിദ്യാഭ്യാസത്തിനു മുതൽ വഴുതായ ഒരു തുക ചിലവാക്കേണ്ട ആവശ്യമില്ല എന്നാണ്. നാട്ടുരാജ്യങ്ങളിൽ ദിവാൻജിമാർ സ്വദേശിയരായിരുന്നു ഇരിക്കണമെന്നു ഇവിടത്തെ റെസിഡണ്ടായിരുന്ന റിസ്സ് എഴുതിട്ടുള്ള "മാഡർൺഇൻഡ്യാ" എന്ന പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"നാട്ടുരാജ്യങ്ങളിലെ പ്രാദേശിയ ഗവണ്മെന്റിനാൽ നിയമിക്കപ്പെട്ടുന്ന റെസിഡണ്ടന്മാർ ബ്രിട്ടീഷ്റീതിയിൽ നാട്ടുരാജ്യത്തെ ഭരിക്കുന്നതിനു ശ്രമിക്കുന്നെങ്കിൽ അതു നിഷ്ക്കർഷയായി പ്രതിക്ഷേപിക്കേണ്ടതും, മന്ത്രിമാർ സംസ്ഥാനത്തിലെ നിവാസികളിൽനിന്നുതന്നെ തിരഞ്ഞെടുക്കപ്പെടേണ്ടതും, അന്യരുടെ ഉത്തരവാദംകൊണ്ടല്ലാതെ പ്രജകളുടെ ക്ഷേമത്തിനുവേണ്ടിയും അങ്ങേഹത്തോടു യോജിച്ചും അവർ നടത്തിപ്പോരുന്ന കാര്യങ്ങളിൽ ഇടപെടാൻ പാടില്ലാത്തതുമാകുന്നു.

മൂന്നാമതായി പറയാനുള്ളതു വിദേശിയദിവാൻജിമാർ ഈ രാജ്യത്തിനു പലവിധനന്മകളും ചെയ്തിട്ടുണ്ടെന്നുള്ള സംഗതി എല്ലാവരും പൂർണ്ണമായി സമ്മതിക്കുന്നുണ്ടെങ്കിലും ബ്രിട്ടീഷ്സർവീസിൽനിന്നും സ്വല്പകാലത്തേക്കു ദിവാൻജിയായി വരുന്നവരുടെ ജോലിയും ശമ്പളവും ഇവിടെയായിരുന്നാലും ഇവിടത്തെ ദിവാൻജിയുടെ നിലയിൽ ഉദ്യോഗസംബന്ധമായ എല്ലാസാഗതികളിലും ബ്രിട്ടീഷ്സർവീസിലെ ശരാശരിക്കാരനാണെന്നുള്ളതിനെയും സ്മരിക്കാതെയും അവിടത്തെ അഭിപ്രായങ്ങളും അവിടത്തെ നന്മകളും മുൻനിറുത്തിയും പ്രവർത്തിക്കുന്നതിനും അവർ ബ്രിട്ടീഷ്ഗവണ്മെന്റിനോടു കടപ്പെട്ടിട്ടുണ്ടെന്നുള്ള സംഗതി മറിക്കയും വിസ്മരിച്ചുകളവാൻ പാടുള്ളതല്ല ഇങ്ങനെയുള്ള കടപ്പാടുകളോടുകൂടിയ ഒരു വിദേശിയദിവാൻജിയുടെ ഭരണനയങ്ങളിൽ പലതും രാജ്യത്തിനു ഗുണങ്ങൾക്കും യോജിക്കാതെവരുന്നതു സ്വാഭാവികമാണ്. രാജ്യത്തെ മുഴുവട്ടപ്പിനുദ്ദോഷംവരുത്തി കണ്ണൻദേവൻ കൺസെഷനെ ദേഷപ്പെടുത്തിട്ടുള്ളതു, പെരിയാർവിസിന്റെ വ്യവസ്ഥകളിൽ സമ്മതിച്ചിട്ടുള്ളതും വിദേശിയർ ഇവിടെ വസ്തുക്കൾ സമ്പാദിക്കുന്നതിൽ ഉണ്ടായിരുന്ന പ്രതിബന്ധങ്ങളെ നീക്കിട്ടുള്ളതും വിദേശിയർക്കു ഭൂമികളെ പാട്ടത്തിനുകൊടുക്കുന്നതിൽ സൌജന്യങ്ങൾ കാണിച്ചുവന്നിട്ടുള്ളതു, വിദേശിയർക്കുവേണ്ടി ശമ്പളങ്ങളെ വർദ്ധിപ്പിച്ചിട്ടുള്ളതും ഇവിടത്തെ കൃഷിവർദ്ധനയ്ക്കുവേണ്ട വഴികളിൽ തടസ്സപ്പെടുത്തുകയും കണ്ടിച്ചിട്ടുള്ളതും, ആദായകരമായ രാജ്യത്തിലെ പല സാധനങ്ങളും ചുരുക്കുകളിൽ കുത്തക കാലാവധിക്കു വിദേശിയർക്കു കുത്തകകൊടുത്തിട്ടുള്ളതു, ഇവിടെ ധാരാളം അഭ്യസ്തവിദ്യരുള്ളപ്പോൾ സ്വദേശിയരെ സഹായിക്കാതെ നാട്ടുകോഷപ്പുസ്തകങ്ങൾ അച്ചടിക്കാൻ വിദേശിയ അച്ചടിശാലകമ്പനികളെ ഏർപ്പെടുത്തിച്ചിട്ടുള്ളതു മുതലായ ഭരണനേതൃഷ്ടാന്തം വിദേശിയഭരണത്തിന്റെ സ്മാരകസ്തംഭങ്ങളായിനിൽക്കുന്നു. ഇങ്ങനെയുള്ള ഭരണദോഷങ്ങൾ രാജ്യത്ത് നവന്നുചേരാതിരിക്കുവാൻ പ്രധാനമായി ഞാൻ ഒരു വഴിയെ കാണുന്നുള്ളു. അതായതു സ്വദേശിയരായദിവാൻജിമാർ രാജ്യഭരണം ഏൽക്കാൻ ഇടവരുന്നതാണ്.

നാലാമതായി എനിക്കു പറവാനുള്ളതു നമ്മുടെ രാജ്യത്തിന്റെയും അതിലെ ജനങ്ങളുടേയും സ്ഥിതിഭേദങ്ങളെപറ്റി വേണ്ടപോലെ ഊഹോചിക്കാതെ വിദേശങ്ങളിൽ നടപ്പാക്കിട്ടുള്ള എല്ലാവിധപരിഷ്കാരങ്ങളേയും അളുപോലെതന്നെ ഇവിടെ പകർത്തുന്നതിൽ രാജ്യത്തിനു പലവിധമായ ദോഷങ്ങളും ഉണ്ടായിതീരുന്നു എന്നുള്ളതാണ് ഈ സംഗതിയെപറ്റിയും റിസ്സ് ഇങ്ങനെ എഴുതിയിരിക്കുന്നു.

"ഇതേറിമാക്ക് ഏതുരാജ്യരാജാക്കന്മാരാൽ നിയമിക്കപ്പെട്ടുകയും എന്നാൽ അവരുടെനിയമത്തിനു ബ്രിട്ടീഷ്ഇൻഡ്യൻ ഗവണ്മെന്റിന്റെ സ്ഥിരീകരണം ആവശ്യമായിരിക്കയും ചെയ്യുന്ന നാട്ടുരാജ്യങ്ങളിലെ പ്രധാനമന്ത്രിമാക്കും സംബന്ധിക്കുന്നു. രാജാവിന്റെ നിശ്വയത്തെ ബഹുമാനിക്കുന്നതാണെന്നുള്ള ഇൻഡ്യഗവണ്മെന്റിന്റെ പ്രയോഹിതമായനയം ഇരിക്കെ അങ്ങനെയുള്ള രാജാവിന്റെ ആരംഭത്തെപടിയിന്മേൽ അല്ലാതെ റെസിഡണ്ടിന്റെ ഉപദേശത്തിന്മേൽ അല്ലെ മന്ത്രിമാരെ നിയമിക്കുന്നതു എന്നുള്ളതു യേപ്പെടേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള മന്ത്രിമാർ ബ്രിട്ടീഷ്ഇൻഡ്യൻ രാജ്യത്തിൽ ഭരണാധികാരികളായി നിയമിക്കപ്പെട്ടിരുന്നാൽ അവർ ബ്രിട്ടിഷ്തോളുകളെ നടപ്പാക്കുന്നതിനു അനുഭോല്യമായ മനോഗതിയോടുകൂടി ഉദ്യോഗത്തിൽ പ്രവേശിക്കുന്നു. അനേകം സംഗതികളിൽ നാട്ടുരാജ്യങ്ങളിൽ നടപ്പിൽ ഇരിക്കുന്ന രീതിയെ നശിപ്പിക്കുന്നതിനുപോരും അവയെ രക്ഷിച്ചു വയ്ക്കുണ്ടായ മന്ത്രിമാരുടെ ധർമ്മം അനുഷ്ഠിക്കുകയും ചെയ്യുന്നതു അവരുടെ അനാവശ്യമായും വാസ്തവത്തിലും അനാശാസ്യമായും ഉള്ള ഇടപെടലിനാൽ നാട്ടുരാജ്യങ്ങളുടെ തനിമയത്വവും ബ്രിട്ടിഷ്ഇൻഡ്യയുമായി താരതമ്യപ്പെടുത്തുന്നതിനുള്ള വിവരം നഷ്ടപ്പെടുകയൊ ഹാനിയുള്ളതായി തീരുകയൊ ചെയ്യുന്നു"

സ്വദേശിയദിവാൻജിമാരെ നിയമിക്കുന്നസംഗതിയിൽ ഒരു കായ്യത്തിൽ പലപ്പോഴും സംശയം ഉള്ളതായി കാണുന്നു. അതായതു പബ്ലിക്സർവീസിൽ സ്വജാതീയരെ ക്ഷുദ്രതമായി പ്രൊമോഷിപ്പിക്കുകയുണ്ടാകുന്നുള്ളതാണ്. ഈ സംഗതിയെപറ്റി വേണ്ടപോലെ പരിശോധിക്കുകയും നിയമസംഹിതയിലെ പല ചോല്യങ്ങൾക്കും കിട്ടീട്ടുള്ള സ്റ്റേറ്റുമെണ്ടുകൾ പരിശോധിക്കുകയും ചെയ്യുന്നതായാൽ ഈ സംശയത്തിന്റെ ധാരാളം അവകാശമുള്ളതാണ്. ഏതായിതന്നാലും രാജ്യത്തിനു പല അവസരങ്ങളിലും പല സംഗതികളിലും രാജ്യത്തിന്റെ ദോഷത്തെയുണ്ടാക്കിതീർക്കുന്നു സ്വാഭാവികമാണ്. രാജ്യത്തിനു ശ്രഷ്ഠീകരിച്ചിട്ടുള്ള നേട്ടങ്ങളെ സ്ഥിരതയില്ലാതാക്കിതീർക്കുന്നു. അതിനൊപ്പമായിരുന്നു രാജ്യത്തിൽ അധികചിലവുകളേയും നേരകായ്യത്തിൽ കുഴപ്പങ്ങളേയും ഉണ്ടാക്കിതീർക്കുന്നുള്ളതാണ്. ഇവിടെ ഒരു എക്സിക്യൂട്ടിവുകൌൺസിൽ ഉണ്ടായിരിക്കുന്നതായാൽ ഇന്നതത്തെ പലവിധ നേരന്യൂനതകൾക്കും പരിഹാരമുണ്ടാക്കുന്നതാണ്. ഒരു എക്സിക്യൂട്ടിവുകൌൺസിലിന്റെ അത്യാവശ്യത്തെയെപറ്റി റിസ്സ് ഇങ്ങനെ എഴുതിയിരിക്കുന്നു.

"ഗവർണർഇൻകൌൺസിൽ ഏർപ്പാടിനു അനുകൂലമായ കാരണങ്ങൾ, അതു ഒന്നാംചാൻസുള്ള ക്ലർക്കിയാരോ ചനക്കാരൻ, മെംബർമാക്കിടയിൽ ജോലിയെ പകുത്തു കൊടുക്കുന്നതിനുള്ള ഉത്തരവാദത്തിനു ഇടർച്ചയായ നേരനയത്തിനും, സ്വന്തമായുള്ള ഇതൊന്യൂവാസങ്ങളേയും ഗവണ്മെന്റു മേലധികാരിക്ക ഉണ്ടായേക്കാവുന്ന ഏകാധിപത്യഭോഗത്തെയും ഒഴിച്ചുകൂടുവച്ചിക്കുന്നതിനു ഇടയാക്കുന്നു എന്നുള്ളവയാണ്"

ഇവിടെ ഒരു എക്സിക്യൂട്ടിവുകൌൺസിൽ ഇല്ലാത്തതിന്റെദോഷം ദൈനോദിയസവും നേരകായ്യങ്ങളിൽ പ്രത്യക്ഷമായി കാണാൻ ഇടയുണ്ടു, ഇവിടെയുള്ള ഡിപ്പാർട്ടുമെന്റു അധികൃതന്മാർക്ക് ഏതുനേരനയങ്ങളേയുംമേറുന്നതിനും ഏതുതരം ഡിപ്പാർട്ടുമെന്റു പരിഷ്കാരങ്ങൾക്കും നടത്തുന്നതിനും എളുപ്പത്തിൽ സാധിക്കുന്നതാണ്. അതിനാൽ പിന്നീടുവന്നുചേരുന്ന ദോഷഫലങ്ങൾക്കു ആരും കൂടുതലുവഹിക്കാതെ വരുന്നു. ഇവിടെ

നടത്തിപോരുന്ന ഒരാളുടെ ഭരണത്തിൽ ആ ആളുടെ തൃപ്തിയും സന്തോഷവും നേടിക്കൊള്ളുന്നവർക്ക് എന്തുകാര്യവും സാധിക്കാൻ വിഷമമില്ലാതെവന്നിരിക്കുന്നു. ഈ രാജ്യത്തിനും ജനങ്ങൾക്കും പലതോഷങ്ങളേയും ചെയ്തുപോരുന്നു. അതോടുകൂടി പബ്ലിക്കുസർവീസ് ഒക്കെച്ചുപോകുന്നതിനു പലതരത്തുകയ്ക്കുള്ളും ഉണ്ടായിതീരുന്നു.

ഇനിഒരാൾക്കുസംഗതി എനിക്കു പറവാനുള്ളതു പബ്ലിക്കുസർവീസിൽ കാര്യക്ഷമതയും സത്യസന്ധതയും വർദ്ധിച്ചുവരുന്നതിനവേണ്ടിട്ടാണ് ഹജൂർആഫീസിൽനിന്നും പുറമെയുള്ള പലെ ഡിപ്പാർട്ടുമെൻറുകളിലേക്കും മുൻകാലങ്ങളിൽ ആളുകളെ നിയമിച്ചുകൊണ്ടിരുന്നതു. ആ നയത്തെ തുടർന്നു കൊണ്ടിരിക്കണമെന്നു പലെ അവസരങ്ങളിലും നിയമസഭയിൽ പറയാനിടയായിട്ടുണ്ട്, ആ അവസരങ്ങളിലെല്ലാം അതിനുവേണ്ട അനുകൂലമായ മറുപടിയാണ് പറഞ്ഞിട്ടുള്ളതു. എന്നിരുന്നാലും അനുഭവം അനുകൂലമായിട്ടല്ല കണ്ടുവരുന്നതു. ദൃഷ്ടാന്തമായി പറയുന്നപക്ഷം ഹജൂർആഫീസിൽനിന്നും എക്സൈസ്ഡിപ്പാർട്ടുമെണ്ടിലേക്കു ആളുകളെ നിയമിക്കേണ്ടതാണെന്നു എക്സൈസ്കമ്മിഷണർ ആയിരുന്ന മിസ്റ്റർ രാമൻപിള്ള രണ്ടു പ്രാവശ്യം ഗവൺമെൻറിലേക്കു എഴുതി അയക്കുകയും ആ നയത്തെ ഗവൺമെൻറു സ്വീകരിക്കുകയുംചെയ്തു. ഇന്നത്തെകമ്മിഷണർ മി. വാൻറൈസ്സിനെ ഈ നയം സമ്മതമല്ലാതെവരികയാൽ ഗവൺമെൻറു സ്വീകരിച്ചിരുന്നതായ ആ നയത്തിൽ ആ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറു പിൻമാറണമെന്നായി വന്നിരിക്കുന്നു. ഇപ്പോഴത്തേതന്ന് ഹജൂർആഫീസിൽ അഞ്ചു സെക്ഷനും അതിലേക്കു ഏഴു സൂപ്രണ്ടന്മാരുംഉള്ളതായി കാണുന്നു. ഇങ്ങനെ ക്ലൃപ്തമായി നിൽപ്പുള്ള സൂപ്രണ്ടിൽഒരാളെ ഇപ്പോൾ ഒഴിവുള്ള ഒരു അസിസ്റ്റൻറു എക്സൈസ്കമ്മിഷണർ ഉദ്യോഗത്തിനു അപേക്ഷിച്ചതിൽ അദ്ദേഹത്തെ അതിലേക്കു നിയമിക്കുന്നതിനു ഇന്നത്തെ എക്സൈസ്കമ്മിഷണർക്കു സമ്മതം ഇല്ലെന്നാണ് ഞാൻ അറിയുന്നതു. എന്നാൽ എക്സൈസ്കമ്മിഷണർ ശുപാർശ ചെയ്തിട്ടുള്ള അദ്ദേഹത്തിനെറ ആഫീസുമാനേജരുടെ ഉദ്യോഗവീവിതത്തെപറ്റി സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ മുമ്പുണ്ടായിട്ടുള്ള ആ ഉദ്യോഗത്തിൽ അദ്ദേഹത്തെ നിയമിക്കാൻ പാടില്ലെന്നു ബോദ്ധ്യപ്പെടുന്നതാണ്. ഈ സംഗതി ഇംഗ്ലീഷവർഷം ഫെബ്രുവരി സെപ്തംബർ വുക്കിയ ''മി പിപ്പിറ്റ്'' എന്ന പത്രത്തിൽ കാര്യകാരണസഹിതം ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രസ്താവനയിൽ പറഞ്ഞിട്ടുള്ള എല്ലാസംഗതികളും നിയമസഭയിൽ ഉണ്ടായിട്ടുള്ള പലെ ചോദ്യങ്ങളുടെയും വാദപ്രതിവാദങ്ങളുടെയും തെളിഞ്ഞിട്ടുള്ളതുമാണ്. എന്നിരുന്നിട്ടും ഡിപ്പാർട്ടുമെണ്ടിനെറ കാര്യക്ഷമതയെപറ്റിയോ സത്യസന്ധതയെപറ്റിയോ വേണ്ടപോലെ ചിന്തിക്കാതെ തനിറ ആളിനെ എങ്ങനെഎങ്കിലും ഉദ്യോഗകയറ്റമുണ്ടാക്കികൊടുക്കണം എന്നുള്ള നയം അതിലെ അദ്ധ്യക്ഷൻ സ്വീകരിക്കുകയും അതിനെ ഗവണ്മെണ്ടു അനുകൂലിക്കുകയുംചെയ്യുന്നതു പലപ്പോഴുമുള്ള കാരണമായിത്തീരുന്നതാണ്. ഇതുകൊണ്ടുകൂടിയും കാരണമായിത്തീർന്നിട്ടുള്ളതു ഒരാളുടെ ഭരണവും അതിലെക്കു സ്വാഭാവികമായുള്ള ശക്തിക്കുറവും അതുണ്ടെന്നു സമ്മതിക്കാതെ തരമില്ല.

തിവാൻജിമാർ അവരുടെ സ്വന്തചുമതലകളിൽ നടത്തിപ്പോരുന്ന ഭരണകാര്യങ്ങളെപ്പറ്റി നോക്കുന്നതായാൽ കൊച്ചി ഇറമുഖകാര്യത്തിൽ ഇവിടത്തെ ഗവണ്മെണ്ടു പങ്കുകൊള്ളുന്നതിനു സമ്മതിച്ചിട്ടുള്ളതായതിനെ ഒരു ദൃഷ്ടാന്തമായി എടുക്കാവുന്നതാണ്. കൊച്ചിഇറമുഖത്തിലെ ആഴമായത്തിൽ മുന്നിൽഒരാഴം നമ്മുടെ ഗവണ്മെണ്ടിനു കിട്ടുമെന്നുള്ളതായി തീരുമാനിച്ചിരിക്കുന്നു. ഇതു ഇവിടത്തേയ്ക്കു അനുകൂലമായി കരുതാവുന്നതാണ്. എന്നാൽ കൊച്ചിഇറമുഖത്തിലെ ആഴമായത്തിൽ എന്തെല്ലാംചിലവുകളുകഴിച്ചിട്ടാണ മുന്നിൽഒരാഴമുണ്ടാകുന്നതെന്നും അതിൽ ഇവിടെയുള്ളവർക്ക് എത്രത്തോളം പ്രവേശനം ഉണ്ടെന്നും ആ പ്രവേശനത്താൽ എത്രത്തോളം പ്രയോജനംഉണ്ടാകുമെന്നും ഇവിടത്തെ ജനങ്ങളിൽ ആർക്കും വ്യക്തമായി അറിയാൻപാടില്ലാത്തതാണ്. അതിനെ പുറമെ കൊച്ചിഇറമുഖത്താൽ ഇവിടത്തേയ്ക്കു കിട്ടിവരുന്ന കസ്റ്റംസുവരവു കുറയുമോ എന്നും കുറയുമെങ്കിൽ അതിനു പരിഹാരമായി എന്തെല്ലാം കുത്തകലുകൂടി ചെയ്തിട്ടുണ്ടെന്നും ജനങ്ങൾക്കു അറിയാൻ തരമില്ലാതിരിക്കുന്നു. കൊച്ചി ഇറമുഖത്തിൽ ഇവിടത്തെ ഗവണ്മെണ്ടു പങ്കുകൊള്ളുന്നതിനായി വശാനംചെയ്യുന്നതിനുമുമ്പായി ബ്രിട്ടീഷുഗവണ്മെണ്ടുമായി നൂറു വർഷങ്ങൾക്കുമുമ്പുചെയ്തിട്ടുള്ള ഇൻഡർപൊട്ടൽകൺവെൻഷനിൽ കൂടുകാലാനുസരണം വേണ്ട ഭേദഗതികളും ചെയ്യേണ്ടതായിരുന്നു എന്നാണ്ട ജനങ്ങൾക്കു കരുതുന്നതു. ഇങ്ങനെയുള്ള സംഗതികളിൽ നമ്മുടെഗവണ്മെണ്ടിനു പിന്നിട്ട തോൽവിയുണ്ടാകുന്ന അവസരങ്ങളിൽ അതിനെപ്പറ്റി ജനങ്ങൾ ചോദ്യമുപ്പെട്ടാൽ സാധാരണമായിരിക്കുന്നു. ഉപ്പുവില്പനയിലുള്ള അഴിമതികളെപ്പറ്റി മി: കാതർപിള്ള മുമ്പു കൌൺസിലിൽവച്ചു പറഞ്ഞിട്ടുള്ളസംഗതികളെ ഏതെല്ലാംവിധത്തിൽ രൂപഭേദംവരുത്തി ഗവണ്മെണ്ടിനെഅറിയിച്ചു എന്നും അതിനെ എങ്ങനെ ഗവണ്മെണ്ടു വിശ്വസിച്ചു എന്നും ഉള്ളതിലേയ്ക്കു ദൃഷ്ടാന്തമായി നിൽക്കുന്നു.

മേൽവിവരിച്ച പലേ കാരണങ്ങളാലും ഇവിടത്തെ മിവാൻപേഷ്കാരംഎല്ലുകൊണ്ടും ഒരു സ്വതന്ത്രശീയനിൽതന്നെ സ്ഥിതിചെയ്യേണ്ടതും അതോടുകൂടി അദ്ദേഹത്തെ സഹായിക്കുന്നതിനു ഒരു എക്സ്ക്യൂട്ടിവ്കൌൺസിലുകൂടി ഉണ്ടായിരിക്കേണ്ടതും ഏതെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ഡബ്ലു. ഫ്രേസർ (ഗവണ്മെണ്ട് നിയമിച്ചമെംബർ): മി. കുമരപിള്ളയുടെ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

പ്രസിഡെണ്ട്: പിന്താങ്ങേണ്ട ആവശ്യംഇല്ല.

മി. എ. ഫ്രേസർ (ഗവണ്മെണ്ട്നിയമിച്ചമെംബർ). മി. കുമാരപിള്ള പറഞ്ഞിട്ടുള്ളതിനോടുഎനിക്കു പൂർണ്ണമായ അനുഭാവംഉണ്ട്. ആദ്യമെ അദ്ദേഹംതന്നെ പറഞ്ഞുപോലെ എനിക്കാകട്ടെ മറെയാതൊരു

ത്തക്കംഷ്ടകളെ വിദേശിയഭിവാൻജിമാരെ അനാദരിക്കണമെന്ന ഉദ്ദേശം ഇല്ല. അവർ രാജ്യത്തിനു അപാരമായ ഗുണംചെയ്തിട്ടുണ്ട്. ഹൈക്കോടതിജഡ്ജിമാരുടെ നിയമനശംനിൽക്കുന്ന സർ. ടി. മാധവരായരുടെ സ്ഥാനത്തു ഒരു വിദേശീയ ദിവാൻജിയെ നിയമിച്ചിട്ടുള്ള ശോഭയും അദ്ദേഹത്തിനുനേരെ തിരുവിതാംകോട്ടുകാർക്കുള്ള നന്ദിയേയും പറയുവാൻവേണ്ടിടത്തോളവും കൂട്ടുതലായും പ്രയോഗിക്കുന്നു. മറ്റുള്ളവരെ മോഹിപ്പിക്കുവാനുള്ള നാമധേയങ്ങൾ ധരിച്ചുവരുന്ന സർ. ശേഷയ്യാശാസ്ത്രി, രാമയ്യങ്കാർ, സർ. ടി. മാധവരായർ മുതലായ അനേകം വിദേശീയദിവാൻജിമാരെ ഞാൻ കണ്ടിട്ടുണ്ട്. ഒരു വിദേശീയദിവാൻജി ഉണ്ടായിരിക്കുന്നതിനാൽ വലുതായ ഗുണങ്ങൾ ഉണ്ടെന്നുള്ളതിൽ സംശയലേശം ഇല്ല. അദ്ദേഹം നവമായ അഭിപ്രായങ്ങളോടും അന്യാഗതാചാരങ്ങളോടും ബന്ധുക്കളെ പരിചയിക്കേണ്ടതിലുംതേടും ആണ് ഇവിടെവരുന്നതു. ഇവയെല്ലാം അനുകൂലങ്ങൾതന്നെ എന്നതിൽ സംശയം ഇല്ല. എന്നാൽ വിദ്യാഭ്യാസത്തിൽ നാം അതിമാത്രമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ട്. ഇൻഡ്യാ മുഴുവൻ പാടപ്പെട്ടുന്നപോലെ സ്വയംഭരണം വേണമെന്നുള്ളതാണു, ഈ കാലത്തു ഒരു വിദേശീയദിവാൻജി ഉണ്ടായിരിക്കുന്നതു നമ്മുടെ വിദ്യാഭ്യാസത്തിനും ഈ രാജ്യത്തിനു ഏൽപ്പെട്ടിട്ടുള്ള അപാരമായ അഭിവൃദ്ധിക്കും വ്യസനകരമായ ഒരു വ്യാപ്തനമാണു. വിദേശീയദിവാൻജി ഏറ്റക്കുറെ ഒരു യാത്രപ്പക്ഷിയെപ്പോലെ ഇവിടെ വരുന്നു, അദ്ദേഹം ബ്രിട്ടിഷ്ഇൻഡ്യയിൽപ്പെട്ടയാൾ ആയിരിക്കുകയും തിയ്യെ ബ്രിട്ടിഷ്ഇൻഡ്യക്കുതന്നെ പോകേകയുംചെയ്യുന്നു. അനേകം സംഗതികളിലും ദിവാൻപേഷ്കാർ കൂട്ടുതൽ യശസ്സിനുള്ള ഒരു പടിക്കല്ലുകിടന്നീക്കുന്നു. അദ്ദേഹം രാജ്യഭരണപ്പറ്റി മതിയാകുന്നിടത്തോളം ഉള്ള അറിവുകൂടാതെയാണ് ഇവിടെവരുന്നതു. രാജ്യത്തിനു വല്ലതും കായ്മായിട്ടുള്ളതുചെയ്യുന്നതിനുമുമ്പിൽ രാജ്യത്തേയും ജനങ്ങളേയും മനസ്സിലാക്കുന്നതിനു അദ്ദേഹത്തിനു രണ്ടുകൊല്ലം ചിലവാക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഭരണത്തിനു അധികം ഭാരവും ഇങ്ങനെ പൊയ്പോകുന്നു. അദ്ദേഹം അനേകം അബദ്ധങ്ങൾകാണിക്കുന്നു. അദ്ദേഹം ഒന്നുചെയ്യുകയും പിന്നെ അതിനെ മറിച്ചുചെയ്യുകയും ചെയ്യണ്ടതായിരിക്കുന്നു. കഴിഞ്ഞ അനേകംകൊല്ലങ്ങൾക്കിടയിലായി വിദേശീയദിവാൻജിയുടെ ഭരണത്തിൽ ഉള്ള ഏറ്റവും വലുതായ ദോഷത്തെ നല്ലവണ്ണം ഉദാഹരിപ്പിച്ചിട്ടുണ്ട്. ഭരണനയത്തിനു ഉടച്ചു ഇല്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ ഒരു ദിവാൻജിവന്നു ചേർന്നയുടനെ പണിആരംഭിച്ചു; വേറൊരു ദിവാൻജി അതിനെ നിവർത്തൽചെയ്തു. മൂന്നാമതൊരു ദിവാൻജി പിന്നെയും പണി ആരംഭിച്ചു. ഇങ്ങനെല്ലാം സക്കാർപണത്തിന്റെ പാഴിചിലവാണ്. അതു ദിവാൻജിയുടെ കുറ്റമല്ല. അതു രാജ്യത്തിന്റെ ആവശ്യങ്ങളെപ്പറ്റി മതിയായ ജ്ഞാനമില്ലാത്തതിനാൽ ഉള്ള കുറ്റമാണ്; രാജാവുമായി അദ്ദേഹത്തിനുള്ള ബന്ധത്തെപ്പറ്റിയും എനിക്കു ഒരുപാടുചേറയാനുണ്ട്. സ്വദേശത്തിലെ ഒരു ദിവാൻജിക്കു അദ്ദേഹത്തോടു സമീപിക്കുന്നതിനു കൂടുതൽസൌകര്യം ഉണ്ടായിരിക്കും, അദ്ദേഹത്തിനു ഒരു വിദേശീയദിവാൻജിക്കു സാധിക്കുന്നതിനെക്കാളും നല്ലവണ്ണം രാജ്യഭിന്നങ്ങളെ മനസ്സിലാക്കാൻ സാധിക്കും.

എക്സിക്യൂട്ടിവ് കൌൺസിലന്റെകാര്യത്തിൽ ആകട്ടെ ഒരു ഇന്ത്യൻരാജ്യത്തിൽ ഒരു എക്സിക്യൂട്ടിവുകൌൺസിലെ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെ സർ. ജെ. ഡി. റിസ് പറഞ്ഞിട്ടുള്ളതിനെ ചൂണ്ടിക്കാണിക്കുന്നതിനെക്കാൾ കൂട്ടുതലായി എനിക്കുചെയ്യാൻകഴിയുന്നതല്ല. അതിനുള്ളമായി പറയപ്പെട്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടസംഗതി ഭരണനയമുടച്ചുയാണ്. കൌൺസിലർമാരും സ്വദേശീയദിവാൻജിയും ഉദ്യോഗത്തിൽനിന്നു പിരിഞ്ഞതിൽപിന്നീടും അവരുടെ ഭരണനയത്തിന്റെ ഒരു വിവരണം കൊടുക്കേണ്ടതായിവരും, അവർ രാജ്യത്തിൽതന്നെ ഉള്ളവരും ജനങ്ങളുടെ അഭിപ്രായങ്ങളെ മനസ്സിലാക്കുന്നവരും ആ അഭിപ്രായപ്രകാശനമുഖമായി പ്രവർത്തിക്കുന്നവരുമാകുന്നു. ഇതേസംഗതി എക്സിക്യൂട്ടിവ് കൌൺസിൽമെമ്പർമാർക്കും സംബന്ധിക്കുന്നു. മി. കുമാരപിള്ള പറഞ്ഞവയോടു എന്റെ പൂർണ്ണമായ അനുഭാവത്തെ വെളിപ്പെടുത്തുന്നതിൽ എനിക്കു പറയാനുള്ള അഭിപ്രായങ്ങളും ഇവയാകുന്നു.

മി. ടി. ലക്ഷ്മണപിള്ള (ഗവണ്മെൻറ നിയമിച്ചമെംബർ): സർ, ഈ രാജ്യത്തിന്റെ ഭരണത്തിന്നു വിദേശീയ ദിവാൻജിമാരെ തിരഞ്ഞെടുക്കുന്നതു ആശാസ്യമല്ലെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഞാൻ പ്രഭാഷണാവസരത്തിനോടു യോജിക്കുന്നില്ല. ഇന്ത്യയിൽ മൻന്ത്രിത്തെങ്ങ പ്രധാനമായുള്ള കായ്യക്ഷമതയാണു. ഈ വിഷയമായി വിദേശീയദിവാൻജിമാർ അല്ലായിരുന്നുഎങ്കിൽ രാജ്യത്തിനു പൂർണ്ണമായുള്ള സകല മാർഗ്ഗങ്ങളിലും ഒന്നായിട്ടുള്ള അഭിവൃദ്ധി സിദ്ധമാകുമായിരുന്നുവൊ എന്നുള്ള ചോദ്യം നാം തന്നത്താനെ ചോദിച്ചുകൊള്ളുകയുവേണ്ടു. വിദേശീയ ദിവാൻജിമാർ ഉണ്ടായിരിക്കുന്നതിനാൽ ഉള്ള ഒരു വലുതായ ഗുണം സമുദായങ്ങൾതമ്മിൽ, വിശേഷിച്ചും സമുദായമത്സരം ഉള്ള ഈ രാജ്യത്തു നീതിനടത്തപ്പെട്ടിട്ടുണ്ടു എന്നുള്ളതാണ്. ഈ സഭയിൽ നാം അനേകം തവണകേട്ടിട്ടുള്ള വലുതായ പരാതികളിൽ ഒന്നു പബ്ലിക്ക സർവീസിൽ ആളെ നിയമിക്കുന്നതിൽ എല്ലാ സമുദായങ്ങൾക്കും ഒന്നുപോലെ ന്യായമായ പ്രാതിനിധ്യം നൽകപ്പെട്ടിട്ടില്ല എന്നുള്ളതാണ്. ഒരു സ്വദേശീയദിവാൻജിയെ നിയമിക്കുന്നതായാൽ ദിവാൻജി ഏതു സമുദായത്തിൽപെട്ടിരിക്കുന്നുവൊ ആ സമുദായത്തിന്റെ നേർക്കു അല്പം പക്ഷപാതം കാണിക്കുകയില്ലയെന്നുള്ള ഉറപ്പു ചെയ്തുകൊടുക്കപ്പെടേണ്ട ഒരു വിഷയമാണ്. ഇക്കായ്യത്തെ സംബന്ധിച്ചിടത്തോളം ഏർപ്പാടിൽ വിസ്മരിക്കപ്പെടാത്തതല്ലാത്ത ഒരു സവിശേഷപ്രധാനമായ സംഗതിയാണ് ഇതു.

മി. എ. ഹൈദർഹ് (ഗവണ്മെൻറ നിയമിച്ച മെംബർ): ഇപ്പോൾ സാമുദായികമായ പരാതിയില്ലെന്നുവരികിലും എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. ടി. ലക്ഷ്മണപിള്ള (ഗവണ്മെൻറ നിയമിച്ചമെംബർ): പരാതികൾ ഉണ്ടായിരിക്കാം; എന്നാൽ യാതൊന്നിനെയും ദിവാൻജിയായിരിക്കുന്ന ആളുടെനേരെപേരിൽ ആരോപിക്കുവാൻ കഴിയുന്നതല്ല. എന്റെ കായ്യം പറയുന്നതായാൽ ഏതെങ്കിലും ഒരു പ്രത്യേകസമുദായത്തിന്റെ നേർക്കു വിരോധം ഉണ്ടായിരിക്കുന്നതു എനിക്കിഷ്ടമില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിൽ വിദേശീയ ദിവാൻജിമാരെ നിയമിക്കുന്നതു ശാശ്വതമാക്കണമെന്നൊരാണാ മി. ലക്ഷ്മണൻപിള്ള പറയുന്നതെന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. ടി. ലക്ഷ്മണൻപിള്ള (ഗവണ്മെൻറ നിയമിച്ചമെംബർ): അങ്ങനെയാവേണമെന്നു പുനരാഗ്രഹമില്ല. ഉദ്യോഗസ്ഥനെ തിരഞ്ഞെടുക്കുന്നതിനുള്ള മുഖ്യതത്വം കായ്യക്ഷമതയാകണമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

മി. സി. ശങ്കരമേനോൻ (കൊല്ലം): സ്ഥലത്തെ ഉദ്യോഗസ്ഥന്മാർ കായ്യക്ഷമതയിൽ കുറഞ്ഞവർ എന്നാണോ അദ്ദേഹം പറയുന്നതിന്റെ അർത്ഥം?

മി. ടി. ലക്ഷ്മണൻപിള്ള (ശവണ്ണൻറെ നിയമിച്ചമെംബർ) നാം ഒഴിയിൽ വച്ചിരിക്കേണ്ട പ്രധാനതത്വം കായ്യക്ഷമതയാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. നമുക്കുണ്ടായിരുന്ന വിദേശീയ ദിവാൻജിമാർ ഉണ്ടായിരുന്നില്ലെന്നുവരികിൽ കഴിഞ്ഞ അമ്പതുകൊല്ലമായ അഭിവൃദ്ധി ഈ രാജ്യത്തിനു സിദ്ധമാകുമായിരുന്നോ എന്നു തന്നത്താൻ ചോദിക്കേണ്ടിയിരിക്കുന്നു. ആ തോതുകൊണ്ടു പരീക്ഷിക്കുന്നതായാൽ നമ്മുടെ രാജ്യം വിദേശീയ ദിവാൻജിമാരാൽ ഭരിക്കപ്പെട്ടതിൽ സങ്കടപ്പെടാൻ യാതൊരു കാരണവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. നേരെമറിച്ചു സ്വദേശിയിൽനിന്നും പ്രതീക്ഷിക്കാവുന്നതിലും കൂടുതൽ യോഗ്യതയും പക്ഷപാതമില്ലായ്മയും കീർത്തിക്കപ്പെട്ട വിദേശീയ ദിവാൻജിമാരെ ലഭിക്കുന്നതിനു നമുക്കുണ്ടായിട്ടുള്ള ഭാഗ്യത്തെയും അവകാശത്തേയും കുറിച്ചു സ്വയം അഭിനന്ദിച്ചുകൊള്ളുന്നതിനും നമുക്കു സന്ദർഭകാരണമുണ്ടു. ശരിയായ രാജ്യഭരണശക്തിക്കു ആവശ്യമുള്ള ഗുണങ്ങളോടുകൂടിയതായി തിരുവിതാംകൂർ സ്വദേശിയായ ഒരാൾ ഭാവിയിൽ ഉണ്ടാകുന്നതല്ലെന്നുഞാൻ പറയുന്നില്ല. വലുതായ യോഗ്യതയും കീർത്തിപ്പെട്ട സ്വദേശി ദിവാൻജി, പക്ഷേ മി. ശങ്കരസുബ്ബയ്യർമാത്രമെ ഉണ്ടായിരുന്നൊള്ളൂ. മി. ശങ്കരസുബ്ബയ്യരെപോലെ കായ്യശക്തിയുള്ള ഒരാളെ തിരഞ്ഞെടുക്കുന്നതിനു ഇതേവരെ അവസരം ഉണ്ടായിരുന്നാൽ ആ തിരഞ്ഞെടുപ്പു ഇതിനുമുമ്പു നടന്നിരുന്നേനെ. ഈ വിഷയത്തിൽ നമുക്കുതിരെ നീരസംഉണ്ടായിരിക്കുന്നതുകൊണ്ടാണ് ഞാൻ പറയുന്നതു. ഒരു ദിവാനജി സ്വദേശിയോ വിദേശിയോഎന്നമാത്രമുള്ള നിലയിൽ നിന്നല്ലാതെ നാം സംഗതികളെ വ്യക്തമായി കാണേണ്ടതാണ്. ശരിയായ നിലയിൽ നിന്നു നോക്കുന്നതായാൽ എല്ലാ വിദേശിയരേയും ഈ രാജ്യത്തിന്റെ ഭരണാധികാരികളായി ഇരിക്കുന്നതിൽ നിന്നും ഒഴിക്കത്തക്കവണ്ണം ഈ വിഷയത്തിൽ നാം അത്ര നിർബന്ധമുള്ളവരായിരിക്കുന്നു എന്നാകുന്നുഎന്റെ അഭിപ്രായം. അതിൽ കൂടുതലായി ഇതു സംബന്ധമായി പറയുന്നതിനു എനിക്കധികാരം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

പ്രൈസിഡെണ്ടു: പ്രമേയത്തിന്റെ പ്രയോക്താവായ മി. കുമാരപിള്ള വെളിച്ചിൽ കുറെക്കൂടി അടിയന്തിരമായജോലി എന്തൊഉണ്ടെന്നു എന്നോടു അറിയിച്ചിട്ടു സഭയിൽനിന്നും പിരിഞ്ഞുപോയിരിക്കുന്നു. ഈ പ്രമേയത്തെപ്പറ്റിമേലും വാദംനടത്താൻ സഭ ആഗ്രഹിക്കുന്നുണ്ടോ? മി. കുമാരപിള്ള ഇന്നു ഇനി തിരിയെവരുമെന്നു എനിക്കു തോന്നുന്നില്ല. വേറെ വല്ലതെങ്കിലും മാന്യൻ പ്രസംഗിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അങ്ങനെ ചെയ്യാം.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ വിഷയത്തെക്കുറിച്ചുള്ള വാദം നാളയുംനാം തുടരണമെന്നാകണോ?

പ്രൈസിഡെണ്ടു: സഭയുടെ ആഗ്രഹം അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): വാദപ്രതിവാദം തുടരാം.

പ്രൈസിഡെണ്ടു: എന്നാൽ നമുക്കു ഇപ്പോൾ നിർത്തിവയ്ക്കാം പിറ്റെദിവസം ക—സ—ന യീണ്ടു കൂടത്തക്കവിധം നിശ്ചയിച്ചു സഭ തൽക്കാലത്തേക്കു ഇ—ഉ—ന പിരിഞ്ഞു.

എസ്. പരമേശ്വരയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGOM PILLAI,
Head Translator to Government.

തിരുവനന്തപുരത്തു വിക്ടോറിയാ ജൂബിലിടൗൺഹാളിൽ പതിനഞ്ചാമതു മിനിട്ടായപ്പോൾ കൌൺസിൽ വിണ്ടും കൂടി. പ്രസിഡണ്ടു അദ്ധ്യക്ഷംവഹിച്ചു.

ചോദ്യോത്തരങ്ങൾ.

[൨൬-ാംനമ്പർ സ്റ്റാൻറിംഗ് ആഡർ അനുസരിച്ചു പ്രസിഡണ്ടുചെയ്ത ഉത്തരവു]

(എ) പ്രസിഡണ്ടു് അദ്ദേഹത്തിൻറെ സ്ഥാനത്തിരിക്കുന്നതിനു മുമ്പു കൌൺസിലിൽ ചോദിക്കാനുള്ള ചോദ്യങ്ങളുടേയും പറയാനുള്ള പ്രസംഗങ്ങളുടേയും അച്ചടിച്ച പ്രതികൾ കൌൺസിൽ മേശമേൽ വയ്ക്കുന്നതാണ്.

(ബി) താഴെ വിവരിക്കുംപ്രകാരം ചോദ്യങ്ങൾ ചോദിക്കയും മറുപടിപറകയും വേണ്ടതാണ്:—

നമ്പർ മൂന്നു ഓരോപ്രശ്നകർത്താവിൻറേയും പേരു സിക്കിട്ടിയ വിളിക്കേണ്ടതും അയാളുടെ ചോദ്യങ്ങളുടെക്രമനമ്പർ പറയേണ്ടതും ഉപപ്രശ്നങ്ങൾ ചോദിക്കുവാൻ താല്പര്യപ്പെടുന്നപക്ഷം ആ ആളിൽനിന്നു സ്ഥാനത്തുനിന്നുഴിഞ്ഞുമാറുന്നതിൽ കൂടുന്നതിനു ന്യായമായി വേണ്ടിവരുന്ന സാവകാശം കൊടുക്കുന്നതിനു മതിയായ സമയം അനുവദിക്കേണ്ടതും ആണ്. ഉപപ്രശ്നങ്ങൾ അവയുടെ സ്വഭാവമായ പ്രധാനചോദ്യങ്ങൾ കഴിഞ്ഞയുടൻ ചോദിയ്ക്കേണ്ടതാണ്.

വസൂൽചെയ്തിട്ടുള്ള കൂട്ടാൽകരങ്ങൾ തിരിച്ചുകൊടുക്കുന്നതിനെപ്പറ്റി.

൯൫. മി. ൨൧. കുമാരപിള്ള (ഇരുന്നിയും—വിളവംകോടും): ക൦൯൯, ക൦൯൮, ക൦൯൭ ഈ ആണ്ടുകളിൽ ആലപ്പുഴ കടൽച്ചങ്കം ചൊക്ക മുഖാന്തിരം ഇറക്കുമതിചെയ്തിട്ടുള്ള അധികനികുതി എന്ന ഇനത്തിൽ ഓരോ വർഷത്തിലും തിരിയെകൊടുത്തിട്ടുള്ള ആ ഇനത്തുകയെന്നു പറയുവാൻ ഗവണ്മെൻറിനു ദയയുണ്ടാകുമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഉണ്ടെങ്കിൽ ആവശ്യപ്പെട്ടവിവരം താഴെ കൊടുത്തിരിക്കുന്നു:—

വർഷം.	തുക.		
	രൂ.	അ.	പൈ.
ക൦൯൯	൨൭൫൩	൧൨	൪
ക൦൯൮	൨൦൩൨	൨	൯
ക൦൯൭	൩൫൪൪	൩	൯

ആറ്റിങ്ങൽ—ചിറയിൻകീഴു റോഡിലെ മോട്ടോർ ഗതാഗതം.

൯൬. മി. വി. കൃഷ്ണപിള്ള (ചിറയിൻകീഴു): ആറ്റിങ്ങൽനിന്നു ചിറയിൻകീഴു ആവിപ്പടി ആപ്പീസിലേക്കുള്ള വഴി ഇടവിടാതെയുള്ള മോട്ടോർ ഗതാഗതം കാരണം നിരത്തുപയോഗവും അപായകരവും ആയിത്തീർന്നിട്ടുണ്ടോ എന്നു ചീഫ് എഞ്ചിനീയരോടു ചോദിച്ചു നിശ്ചയംചെയ്വാൻ ഗവണ്മെൻറിനു ദയയുണ്ടാകുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): മെറാൽചെയ്യാത്ത ഒരു റോഡ് എന്നുണ്ടു മോസിയേഷൻ വച്ചുകൊണ്ടിരിക്കുന്നതെന്നും, ഇപ്പോഴത്തെ അതു നല്ലസ്ഥിതിയിലാണിരിക്കുന്നതെന്നും ആണ് ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നതു.

[മിസ്റ്റർ എസ്. പരമേശ്വരയ്യർ]

മല്ലപ്പള്ളിനഗരത്തിലെ ശേഖരണത്തിനുമായുള്ള മിസ്റ്റർ ബാലഗുരുസ്വാമിനാടാരുടെ കണ്ടാക്ടിനെ സംബന്ധിക്കുന്ന കടലാസുകൾ.

൯൭. മി. എം. എൻ. പിള്ള (തിരുവനന്തപുരം) (എ) ചെന്നുസമ്പ്രദായം നിർത്തൽചെയ്തു ആയ സംബന്ധിച്ചുള്ള കണ്ടാക്ടിൻകീഴിൽ വിൽക്കേണ്ടതാണെന്നു ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ ഗവണ്മെൻറിനോടു ശുപാർശചെയ്തിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണോ?

(ബി) അതേ എക്സൈസ് കമ്മീഷണർ കുറച്ചുനാൾ കഴിഞ്ഞപ്പോൾ തൻറെ ശുപാർശകളെ പിൻവലിക്കുന്നതായി ഗവണ്മെൻറിലേക്കു എഴുതുകയും കണ്ടാക്ടു് മൊത്തമായി മിസ്റ്റർ ബാലഗുരുസ്വാമിനാടാർക്കു കൊടുക്കേണ്ടതാണെന്നു ശുപാർശചെയ്യുകയും അപ്രകാരം കൊടുത്തുവെന്നുള്ളും പരമാർത്ഥമാണോ? അങ്ങനെയാണെങ്കിൽ, ഈ രണ്ടെഴുത്തുകളിലും മേശമേൽ വയ്ക്കാൻ ഗവണ്മെൻറിനു ദയയുണ്ടാകുമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) ചേർത്തല, പറവൂർ, വൈക്കം, കുന്നത്തൂനാടു എന്നീ താലൂക്കുകളിൽ കള്ളുകച്ചവടം നിർത്തൽചെയ്യേണ്ടതാണെന്നും ഷാപ്പുകൾ പരസ്യമായി ലേലത്തിൽ വിൽക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണർ ശുപാർശചെയ്തു.

(ബി) ഉത്തരം ഇല്ലെന്നാകുന്നു (എ) വിഭാഗത്തെക്കുറിച്ചുള്ള എഴുത്തു മേശമേൽവയ്ക്കാൻ നിവൃത്തിയില്ല.

ഫോറസ്റ്റ് യൂട്ടിലൈസേഷൻ ആപ്പീസറുടെ വേല.

൯൭. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) മിസ്റ്റർ കെ. എസ്. താരായണയ്യങ്കാരെ ഫോറസ്റ്റ് യൂട്ടിലൈസേഷനാപ്പീസരായി നിയമിച്ചതു എപ്പോൾ ആണ്?

(ബി) ഇതേവരെ ആ ആളും ചെയ്തീർത്തിട്ടുള്ള വേലയുടെ സ്വഭാവം എന്താണ്? ആ പ്രത്യേകജോലിക്കായി ആ ആളിനെ എത്രകാലത്തേയ്ക്കു വച്ചുകൊണ്ടിരിക്കാനാണ് ഗവണ്മെൻറു ഉദ്ദേശിക്കുന്നതു?

(സി) ഫോറസ്റ്റ് യൂട്ടിലൈസേഷനിലേക്കുവേണ്ടി പ്രത്യേകമായുള്ള സ്ഥാപനങ്ങൾക്കുമുഖം ഇതേവരെ എന്തു ചിലവായിട്ടുണ്ടു?

(ഡി) ആ ആൾ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

(ഇ) ഇല്ലെങ്കിൽ ആ ആളിൽനിന്നു ഒരു റിപ്പോർട്ട് എന്നു കിട്ടുമെന്നാണു് സർക്കാരിന്റെ വിചാരിക്കുന്നതു്.

ടി. എസ്. പരമേശ്വരയ്യർ (ഗവൺമെന്റ് സെക്രട്ടറി): (എ) മിസ്റ്റർ നാരായണയ്യങ്കാരെ ഫോറസ്റ്റ് യൂട്ടിലൈസേഷനാപ്പീസറായി നിയമിച്ചിട്ടു് ഏതാണ്ടു് ചില്വാനം മാസം കഴിഞ്ഞിട്ടുണ്ടു്.

(ബി) ഇതിനകം അദ്ദേഹം ചെയ്തിട്ടുള്ള വേലയുടെ സ്വഭാവത്തെപ്പറ്റിയുള്ള ഒരു സ്റ്റേറ്റുമെന്റ് * മേശമേൽവച്ചിരിക്കുന്നു. ഒരു കൊല്ലത്തിൽ കൂടുതൽ ഈ നിയമനത്തെ നിലനിറുത്തിക്കൊണ്ടിരിക്കുന്നതിൽ ഗവൺമെന്റ് തൽക്കാലം വിചാരിക്കുന്നില്ല.

(സി) ആപ്രസക്തമല്ല.

(ഡി)-യും (ഇ)-യും ആ ആളിന്റെ വേലയുടെ പുരോഗമനത്തെപ്പറ്റി പ്രതിമാസറിപ്പോർട്ടുകൾ ഗവൺമെന്റിലേക്കു സമർപ്പിച്ചുപോരുന്നുണ്ടു്.

അധഃകൃതവർഗ്ഗക്കാർക്കു കൊടുക്കാവുന്ന ഭൂമിയുടെ സ്റ്റേറ്റുമെന്റ്.

ന്യൂ. മി. എം. ആർ. മായവരം പിള്ള (ചെങ്ങന്നൂർ—പത്തനംതിട്ട): താണവർഗ്ഗക്കാർക്കു ഓരോരുത്തർക്കും കുടികിടപ്പു രജിസ്റ്റർചെയ്തു സ്വന്തമായിട്ടുകിട്ടാൻ അവകാശമുള്ള ഭൂമിയുടെ സ്റ്റേറ്റുമെന്റ് മേശമേൽവയ്ക്കാൻ ഗവൺമെന്റിനു ഭാവമുണ്ടോ എന്നു?

മി. ആർ. കൃഷ്ണപിള്ള (ഗവൺമെന്റ് ചീഫ് സെക്രട്ടറി): ആവശ്യപ്പെട്ടതു വിവരങ്ങളും അടങ്ങിയിട്ടുള്ള ഒരു സ്റ്റേറ്റുമെന്റ് മേശമേൽ വച്ചിരിക്കുന്നു.

ചരിത്രപണ്ഡിതന്മാരുടെ സ്ഥാനത്തേയ്ക്കുള്ള ഡാക്ടർ പി. ജി. തോമ്മസിന്റെ അവകാശങ്ങളും.

ന്യൂ. മി. എ. ഹഗ്ഗർഫ് (ഗവൺമെന്റ് നിയമിച്ചമെംബർ): മൂവടെചേർക്കുന്ന ചോദ്യങ്ങൾക്കു മറുപടിപറവാൻ ഗവൺമെന്റിനു ഭാവമുണ്ടോ എന്നു?

(എ) വിദ്യാഭ്യാസവകുപ്പിൽ ഒരു ജോലിക്കായി ഡാക്ടർ പി. ജി. തോമ്മസിന്റെ പക്കൽനിന്നും ഒരപേക്ഷ ഗവൺമെന്റിനോ പബ്ലിക്ക് ഇൻസ്ട്രക്ഷൻ ഡയറക്ടർക്കോ കിട്ടിയിട്ടുണ്ടോ?

(ബി) രാജകീയ കാളേജിലെ ചരിത്ര വിഭാഗത്തിലുള്ള ഒഴിവിൽ ആളെടുക്കുന്നതിനു അപേക്ഷിക്കപ്പെട്ട വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ആ ആളിന്റെ അപേക്ഷയെപ്പറ്റി അങ്ങനെ ഒരപേക്ഷ കിട്ടിയിട്ടുള്ളപക്ഷം പരിഗണിച്ചുവോ?

(സി) ഒഴിഞ്ഞ പ്രൊഫസർസ്ഥാനത്തേക്കുള്ള മറ്റു അപേക്ഷന്മാരുടെ അപേക്ഷിച്ചു ഡാക്ടർ പി. ജി. തോമസ്സിന്റെ അവകാശങ്ങളെപ്പറ്റി അവർക്കുള്ള അഭിപ്രായം എന്തായിരുന്നു?

(ഡി) കലാശാലാസംബന്ധമായും അല്ലാതേയും ഡാക്ടർ പി. ജി. തോമസ്സിനുള്ള യോഗ്യതകൾ എന്തെല്ലാമായിരുന്നു? ഗവൺമെന്റിന്റെ കീഴിൽ ആ ആളിനു എന്തു സർവീസുണ്ടു്?

(ഇ) ഡാക്ടർ പി. ജി. തോമ്മസ്സിനു യൂറോപ്പിൽപോയി പഠിക്കുന്നതിനു ഗവൺമെന്റ് വല്ല സഹായവും ചെയ്തിട്ടുണ്ടോ?

(എഫ്) വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോഴോ ഇനിമേലോ ഉണ്ടാകാവുന്ന ഒഴിവുകളിൽ ആളുകളെ വരുമ്പോൾ ആ ആളിന്റെ അവകാശങ്ങളെ ഗവൺമെന്റ് പരിഗണിക്കുമോ?

മിസ്റ്റർ എസ്സ്. പരമേശ്വരയ്യർ (ഗവൺമെന്റ് സെക്രട്ടറി): (എ) ഉണ്ടു്. വിദ്യാഭ്യാസ ഡയറക്ടർക്കു കിട്ടിയിട്ടുണ്ടു്.

(ബി) സൂക്ഷ്മക്കുറവുകൊണ്ടു ആ ആളിന്റെ അപേക്ഷയെ പരിഗണിക്കുവാൻ തരമായില്ലെന്നു ഡയറക്ടർ റിപ്പോർട്ടുചെയ്യുന്നു.

(സി) ബീ-ക്കുള്ള ഉത്തരത്തോടുകൂടി ഈ ചോദ്യത്തിനു ഇടമില്ലാതാകുന്നു.

(ഡി) എ ബി. എ. (ഓണേഴ്സ്) മദ്രാസ് സർവകലാശാലാ ഡിഗ്രി (ഒന്നാംക്ലാസ്)

ബി. ബി. ദിനകരം ഓക്സ്ഫോർഡ് ഡിഗ്രി.

സ്റ്റാഫ്യുതയോടുകൂടിയ ഓക്സ്ഫോർഡ് എഡ്യുക്കേഷനൽ ഡിപ്ലോമ.

ആ ആൾ തിരുവനന്തപുരത്തെ രാജകീയ കോളേജിൽ അങ്കിംഗായി രണ്ടു സന്ദർഭങ്ങളിൽ ചരിത്രട്യൂട്ടർവേല മൂന്നരമാസത്തേയ്ക്കു നോക്കിയിട്ടുണ്ടു്.

(ഇ) ഇല്ല.

(എഫ്) വേണ്ടുവോളമുള്ള ഒരു ഒഴിവു പ്രതീക്ഷിച്ചു ആ ആളിന്റെ അപേക്ഷയെ ആലോചനയ്ക്കു എടുക്കണമെന്നു ഡയറക്ടരോടു ആജ്ഞാപിച്ചിട്ടുണ്ടു്.

മിസ്റ്റർ എ. ഹഗ്ഗർഫ്. (ഗവൺമെന്റ് നിയമിച്ചമെംബർ): ഈ ചോദ്യം ഗവൺമെന്റിലേക്കു അയച്ചിട്ടുള്ളതു ദേശം ആറുമാസത്തോളമായിരിക്കുമെന്നു ചോദ്യകർത്താവു മനസ്സിലാക്കിയിരുന്നുവോ?

ടി. എസ്. പരമേശ്വരയ്യർ (ഗവൺമെന്റ് സെക്രട്ടറി). ആറു മാസക്കാലമായോ എന്നു എനിക്കറിഞ്ഞുകൂടാ. അതു ഒരു പഴയ ചോദ്യമാണെന്നുമാത്രമേ എനിക്കറിയാവൂ.

ടി. എ. ഹഗ്ഗവർഗ്ഫ് (ഗവൺമെന്റ് നിയമിച്ച മെംബർ) ഈ ചോദ്യം ഗവൺമെന്റിലേയ്ക്കു അയച്ചതിനുശേഷം മാത്രമാണ് ആർട്ട്സ് കാളേജിലേയും സയൻസ് കാളേജിലേയും ഇംഗ്ലീഷ് പ്രൊഫസർ സ്ഥാനങ്ങളിലേക്കു ആളുകളെ നിയമിച്ചിട്ടുള്ളതു എന്നതു പരമാർത്ഥമല്ലേ?

മി. എസ്. പരമേശ്വരയ്യർ (ഗവൺമെന്റ് സെക്രട്ടറി): ഇംഗ്ലീഷ് പ്രൊഫസർ സ്ഥാനവുമായി ഈ ചോദ്യത്തിനു ബന്ധമേ ഇല്ല. ചരിത്ര വകുപ്പിനെ മാത്രമേ അതു ബാധിക്കുന്നുള്ളു. ഡാക്ടർ തോമസ്സ് ചരിത്രത്തിലാണു് യോഗ്യത സമ്പാദിച്ചിട്ടുള്ളതു്.

---

* എ—അനുബന്ധം എ. നമ്പർ പേപ്പർ നോക്കുക.

ബി— ,, ബി. നമ്പർ പേപ്പർ ,,

പ്രസിഡൻറ്: നിങ്ങളുടെ അഭിപ്രായത്തെ ചോദ്യം ഈ ചോദ്യം അയച്ചതിനുശേഷം ചരിത്ര വകുപ്പിലെ ഒഴിവുകളിൽ ആളുകളെ നിയമിക്കുക ഉണ്ടായിട്ടുണ്ടോ എന്നായിരുന്നു.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ): അതേ സർ, ആർട്ട്സ് കോളേജിലെ ചരിത്ര പ്രൊഫസർസ്ഥാനത്തിൽ ഒരാൾ നിയമിക്കപ്പെട്ടിട്ടുണ്ട്. ഈ ചോദ്യം അയച്ചതിനു പിന്നീടല്ലയോ എന്നു എനിക്കറിയണം.

മി. എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): സ്ഥിരമായ ഒരൊഴിവും ഉണ്ടായിട്ടില്ല.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ): താൽക്കാലത്തേക്കു മാത്രമുള്ളതും?

മി. എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): താൽക്കാലത്തേക്കുള്ള ഒരൊഴിവുമായി.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): ഒരു ഇംഗ്ലീഷ് സാഹിത്യ അദ്ധ്യാപകൻറ കാര്യത്തിൽ—

മി. എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഈ ചോദ്യത്തിൽനിന്നും ഉത്തരത്തിൽനിന്നും ഉത്ഭവിക്കുന്നതല്ല അതു്.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ചമെംബർ): ഞാൻ ഒരു ചോദ്യം പരിശിഷ്ടമായി ചോദിക്കയാണ്.

പ്രസിഡൻറ്: അതു പ്രധാനചോദ്യത്തിൽനിന്നു ഉത്ഭവിക്കുന്നതാകയാൽ നിങ്ങൾക്കു ചോദിക്കാൻ അവകാശമില്ല.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ): ഈ ചോദ്യം ഗവണ്മെൻറിലേക്കു അയച്ചതിനുശേഷം മാത്രമാണോ ആ വിഷയത്തെക്കുറിച്ചു ഡയറക്ടരോടു ചോദ്യം ചെയ്തു്?

മി. എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഏതു വിഷയത്തെക്കുറിച്ചു?

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ): ഞാൻ അറിയണമെന്നു ആവശ്യപ്പെടുന്നതു ഈ ചോദ്യം ഗവണ്മെൻറിൽനിന്നു ഡയറക്ടരുടെ ശ്രദ്ധയ്ക്കായി അയച്ചുകൊടുത്തതിനു പിന്നീടുമാത്രമാണോ ഈ സൂക്ഷ്മക്കുറവു വെളിപ്പെടുവാനുള്ള എന്നുള്ളതാണു്.

പ്രസിഡൻറ്: ഏതു ചോദ്യം?

മി. എ. ഹഗ്വെർഫ (ഗവണ്മെൻറ് നിയമിച്ചമെംബർ): ഞാൻ എൻറെ ചോദ്യത്തെയാണു സൂചിപ്പിക്കുന്നതു.

പ്രസിഡൻറ്: നിങ്ങളുടെ ചോദ്യം അങ്ങോട്ടു അയച്ചുകൊടുത്തു.

മി. എ. ഹഗ്വെർഫ്: (ഗവണ്മെൻറ് നിയമിച്ച മെംബർ): അതിൻറെ ശേഷമാണോ സൂക്ഷ്മക്കുറവു കൂടെ ആ കുട്ടിയുടെ അപേക്ഷ ആലോചനയ്ക്കുവെച്ചുള്ള ഡയറക്ടർ റിപ്പോർട്ടുചെയ്തതു?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി:) അതേ.

മി. എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ചമെംബർ). ഡാക്ടർ ചി. ജി. തോമസ് ചരിത്രത്തിലും സാഹിത്യത്തിലും പ്ലസറവും ഉയർന്ന പരീക്ഷയിൽ ജയിച്ചിട്ടുണ്ടെന്നുള്ളതു പരമാർത്ഥമല്ലേ?

പ്രസിഡൻറ്: അതിനെക്കുറിച്ചു ഓരോരുത്തക്കു ഓരോ അഭിപ്രായമായിരിക്കും. 'പ്ലസറവും ഉയർന്ന' എന്നുവച്ചാൽ അർത്ഥമെന്താണ്?

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ചമെംബർ): അതുപോലെ ഉയർന്ന പരീക്ഷകളിൽ ജയിച്ചിട്ടുള്ള ഒരാളെങ്കിലും വേറെ ഉണ്ടോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): എവിടെ?

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ). തിരുവിതാംകൂറിൽ

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഒരു പ്രത്യേകവിഷയങ്ങളിൽ പ്ലസറവും ഉയർന്ന പരീക്ഷ ഏതാണെന്നുള്ളതു സംബന്ധിച്ചു ഓരോരുത്തക്കു ഓരോ അഭിപ്രായമായിരിക്കാം.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ): ഡാക്ടർ ഓഫ് ലിറേച്ചർ ഡിസ്റ്റിംക്ഷനോടുകൂടിയ ഡിഫ്ലോമോ കൂട്ടുവാളികളുള്ള ഒരു മനുഷ്യൻ ഉണ്ടോ എന്നാണു എനിക്കറിയേണ്ടതു.

പ്രസിഡൻറ്: ഏതു ഡിഗ്രി ഏതു ഡിഗ്രിയേക്കാൾ ഉൽകൃഷ്ടമാണെന്നു അഭിപ്രായപ്പെടുന്നതു ഓരോരുത്തരും ഓരോ തരത്തിലായിരിക്കാം.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ): ഈ ഉയർന്ന ഡിഗ്രികളെല്ലാംകൂടി വേറെ ഏതെങ്കിലുമൊരു മനുഷ്യനുണ്ടോ എന്നാണു എനിക്കറിയേണ്ടതു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഇംഗ്ലിഷ് ഡിപ്പാർട്ടുമെൻറിൽ വളരെ ഉയർന്ന ഡിഗ്രികളുള്ള എത്രയാളുകൾ വേണമെങ്കിലുമുണ്ടു. അവരുടെ ഡിഗ്രികളെ ഡോക്ടർ തോമസ്സിൻറേതുമായി തരതമ്യപ്പെടുത്തിനോക്കി ഒരു ഡിഗ്രി പ്രസ്താവിക്കാൻ സാധിക്കയില്ലെന്നെ.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ചമെംബർ): ഡാക്ടർ തോമസ്സ് സർക്കാരുദ്യോഗം ഗവണ്മെൻറ് സർവീസിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നുവെന്നു ഗവണ്മെൻറിനു അറിയാമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഗവണ്മെൻറിനു നേരിട്ടു യാതൊരറിവുമില്ല.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ): നേരിട്ടല്ലാതെയോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): നേരിട്ടല്ലാതെ അറിയാം.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ): തമ്മുടെ ശ്രദ്ധയുടെ ഒരു സന്താനത്തിൻറെ സേവനം രാജ്യത്തിനു നഷ്ടമായെന്നല്ലേ അതിൻറെ അർത്ഥം?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): എപ്പോഴുമല്ല.

മി. എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ): ആർട്ട്സ് കോളേജിലും സയൻസ് കോളേജിലും ക്ലാസ്സിൽ റോമൻകത്തോലിക്കരുടെയിടയിൽനിന്നു ഒരാളെയുള്ളുവെന്നു ഗവണ്മെൻറ് അറിയുന്നുണ്ടോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഉണ്ടു.

പ്രസിഡണ്ട്: റോമൻകത്തോലിക്കരുടെ ഇടയിൽനിന്ന് ആ ഒരാളെയുള്ളുവെന്ന നിശ്ചയമാണോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതേ സർ, ഇപ്പറഞ്ഞ രണ്ടു കോളേജിലുള്ളതിൽ റോമൻകത്തോലിക്കരുടെ ഇടയിൽനിന്ന ആ ഒരാളേയുള്ളൂ.

തിരുവിതാംകൂറിലെ യാചകന്മാരെക്കുറിച്ചു്.

൭൦. മി. പി. ഒറി. തോമസ് (കോട്ടയം): (എ) രാജ്യത്തിൽ എത്രയാചകന്മാരുണ്ട്?

(ബി) അവരിൽ എത്രപേർ മഹാരാജാവുതിരുമനസ്സിലെ പ്രജകളായി ജനിച്ചവരും എത്രപേർ അന്യദേശക്കാരുമാണ്?

(സി) വേലചെയ്യാൻ വേണ്ട ശരീരബലമുണ്ടായിട്ടുള്ളവർ അവരിൽ എത്രയുണ്ട്? അംഗവൈകല്യങ്ങൾ സൂചിപ്പിച്ചും മുതലായവരുടെ നീച്യത്തെ വേണ്ടുന്ന സമ്പാദിപ്പാൻ നിവൃത്തിയില്ലാത്തവർ എത്രയുണ്ട്?

(ഡി) പൊതുജനങ്ങൾക്കു ഉപദ്രവകാരണമായി ഈ യാചകന്മാർ വീടുതോറും കയറിനടക്കുകയാണെന്നു ഗവണ്മെൻറിനു അറിഞ്ഞുകൂടെ?

(ഇ) ഈ യാചകന്മാർ എവിടെയാണ് പാർക്കുന്നത്? ഈ പാവങ്ങളെ വീടുകളിലാക്കാൻ വേണ്ടവല്ല ഏർപ്പാടും ഗവണ്മെൻറ് ചെയ്തിട്ടുണ്ടോ?

(എഫ്) അവരിൽ വളരെയാളുകൾ തെരുവുകളിലും വഴികളിലുംകിടന്നു സാമാന്യത്തിലധികം കഷ്ടപ്പെട്ടിട്ടാണു മരിക്കുന്നതെന്നു ഗവണ്മെൻറിനറിയാമോ?

(ജി) താഴിവായി സ്വീകരിച്ചിരിക്കുന്ന യാചനയേയും വിദേശങ്ങളിൽനിന്നു തിരുവിതാംകൂറിലേക്കുള്ള യാചകന്മാരുടെ വരവിനെയും തടയുന്നതായും സാക്ഷാൽ യാചകന്മാരുടെ സങ്കടങ്ങളെ കേൾപ്പാൻ ഉള്ള മാർഗ്ഗങ്ങളെ വ്യവസ്ഥാപനം ചെയ്യുന്നതായും ഉള്ള ഒരുബിൽ അവതരിപ്പിക്കുവാൻ ഗവണ്മെൻറിനു ഭയപ്പെടുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) ഫൻറ് കമ്മിറ്റിയിലെ കാനേഷുമാരി കണക്കുപ്രകാരം തൊണ്ണികരും, മണ്ണുവാടിനികരും, മണ്ണുവാടികരും ഉടമ്പടിയുള്ള യാചകന്മാരുടെ എണ്ണം ൫൭൭൦ ആണ്.

(ബി) യും (സി)യും ഗവണ്മെൻറിനു യാതൊരറിവുമില്ല.

(ഡി) ചിലയാചകന്മാർ അങ്ങനെ ചെയ്യുന്നുണ്ട്.

(ഇ) അവരുടെ പാർപ്പിടങ്ങളെക്കുറിച്ചു ഗവണ്മെൻറിനു അറിവൊന്നുമില്ല. അവർക്കു വാസസൗകര്യമുണ്ടാക്കിക്കൊടുക്കാൻ വേണ്ടി പ്രത്യേക ഏർപ്പാടുകളൊന്നും ഗവണ്മെൻറ് ചെയ്തിട്ടില്ല.

(എഫ്) ഗവണ്മെൻറിനു യാതൊരറിവുമില്ല.

(ജി) അപ്രകാരമുള്ള നിയമങ്ങളൊന്നും നടപ്പിൽവരുത്താൻ ഗവണ്മെൻറ് തൽക്കാലമാലോചിക്കുന്നില്ല.

ഗവണ്മെൻറ് സർവീസിനു വേണ്ട പരീക്ഷയോഗ്യതകളും.

൭൫. മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും പത്തനംതിട്ടയും): താഴെ ആവശ്യപ്പെടുന്ന വിവരങ്ങളും തരുവാൻ ഗവണ്മെൻറിനു ഭയമുണ്ടാകുമോ?

(എ) പബ്ലിക് സർവീസ്സിൽ പ്രവേശിക്കാനും കയറംകൊടുക്കാനും മലയാളം മുഖ്യപരീക്ഷയേയും മലയാളം സ്പെഷലിറ്റിപരീക്ഷയേയും ഇപ്പോഴുള്ളവയായിട്ടാണോ ഗവണ്മെൻറ് ഗണിക്കുന്നത്?

(ബി) മലയാളം മുഖ്യപരീക്ഷയിൽ ജയിച്ച എല്ലാവർക്കും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഒരേസമയത്തു മാണോ പ്രാരംഭത്തിൽ കൊടുക്കുന്നത്?

(സി) ഇംഗ്ലിഷ് സ്പെഷലിറ്റിയിലുള്ള സർട്ടിഫിക്കറ്റുപരീക്ഷയിൽ ജയിച്ചവർക്കും മലയാളം മുഖ്യപരീക്ഷയിൽ ജയിച്ചവർക്കും തമ്മിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ മലയാളശാഖയിൽ നിയമഭേദം വല്ലതും കല്പിച്ചിട്ടുണ്ടോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ)യും (ബി)യും—ഉത്തരം ഇല്ലെന്നാകുന്നു. മുൻപറഞ്ഞ പരീക്ഷാനിബന്ധനകൾ ഉൽകൃഷ്ടമായ യോഗ്യതയുള്ളതാണ്.

(സി) ഉത്തരം ഉണ്ടെന്നാകുന്നു.

മലയാളപുകയില കൃത്രിമമായുണ്ടാക്കുന്നതിനെപ്പറ്റി.

൭൬. മി. എ. ഇഗ്നേഷ്യർഫ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ) താഴെ ആവശ്യപ്പെടുന്ന വിവരങ്ങളും തരുവാൻ ഗവണ്മെൻറിനു ഭയമുണ്ടാകുമോ?

(എ) കൃത്രിമസമ്പ്രദായം നടപ്പിലിരുന്ന താലൂക്കുകളിൽനിന്നു (മേജിക്കളം ഡിവിഷൻ ഒഴിച്ചു്) കഴിഞ്ഞ നാലുകൊല്ലങ്ങളിൽ ഗവണ്മെൻറിനു വാസ്തവമായി കിട്ടിയിട്ടുള്ള നികുതി;

(ബി) വരുന്ന ആറുമാസക്കണ്ടാക്കു് കൊടുക്കുന്നതു പ്രത്യേകം പ്രത്യേകം ഷാപ്പിനുവേണമെന്നു വിചാരിക്കുന്ന പ്രദേശങ്ങളിൽനിന്നു ഗവണ്മെൻറിനു കള്ളുഷാപ്പുകൾ ലേലത്തിൽ വിറ്റുകൊണ്ടു കിട്ടിയിട്ടുള്ള കൂട്ടത്തൽനികുതി.

(സി) കൃത്രിമസമ്പ്രദായം നടപ്പിലിരിക്കുന്ന പ്രദേശങ്ങളിൽ ഉപ്പോഴുള്ള ഉദ്യോഗസ്ഥന്മാരും അവർക്കുവേണ്ടിയുള്ള ചിലവും, പുതിയ സമ്പ്രദായം നടപ്പിൽവരുത്തുവാൻ ആവശ്യമുണ്ടെന്നു കമ്മിഷണർ ശുപാർശചെയ്തിരിക്കുന്ന കൂട്ടത്തൽ ഉദ്യോഗസ്ഥന്മാരും അവർക്കൊണ്ടുണ്ടാകുന്ന ചിലവും.

മി. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി):

(എ) ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ * ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ഷാപ്പുകൾ ഒന്നൊന്നായി ലേലത്തിൽ വിൽക്കണമെന്നു വിചാരിക്കുന്ന പ്രദേശങ്ങളിലേക്കു അനുവദിച്ചിട്ടുള്ള ൪൦൪ കള്ളുഷാപ്പുകളിൽനിന്നു മലബത്തിൽ വിളിച്ചുകഴിഞ്ഞ ൩൪൪ കള്ളുഷാപ്പുകളിലേയും ഒന്നുചേർന്നുള്ള കരംവരവു പ്രതിവർഷം രൂ. ൨,൪൪,൯൦൪ ആകുന്നു. അതിനാൽ അധികനികുതിയേക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ മനിക്കുവാൻ തൽക്കാലം സാധിക്കാതെയാണിരിക്കുന്നത്.

---

* അനുബന്ധം ൩—൩൫൪-ാം വശം നോക്കുക.

(സ്) ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ * ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

മി. എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): ഈയിടെ നടന്നുവേലത്തിൽ—

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ആ ഉത്തരത്തിൻമേലുടെ എനിക്കു ഒരു വാക്കുകൂടി പറയാനുണ്ട്. അച്ചടിച്ച ഉത്തരം പൂർണ്ണമല്ല. കക്കടകത്തിൽ ഇടിഞ്ഞ കൗൺസിലിൻറെ കഴിഞ്ഞ വെസ്സറവയോഗത്തിൽ പ്രതിവർഷം രൂ. ൨൭൦൦ വീതം കുറയ്ക്കുകയുണ്ടായി.

മി. എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): ഈ കള്ളുഷാപ്പുകളെ സംബന്ധിച്ചോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി). ക്ലർക്കൽ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് അനുബന്ധം നമ്പർ ൪ൽ ചിലകണക്കുകൾ കൊടുത്തിരിക്കുന്നതു കാണാം. അതിൻപ്രകാരമുള്ള ക്ലർക്കൽ ഉദ്യോഗസ്ഥന്മാർക്കു വേണ്ടിയുള്ള ചിലവിൽനിന്നു രൂ. ൨൭൦൦ കുറവു ചെയ്യണമെന്നായിട്ടുണ്ട്.

മി. എ. ഹഗ്വെർഫ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): സ്വാതന്ത്ര്യഷാപ്പ് ഏർപ്പാട് നടപ്പിലിരിക്കുന്ന ഈ താലൂക്കുകളിൽനിന്നു ഇക്കഴിഞ്ഞ വേലവേളയിൽ വൃക്ഷക്കരംകൂടാതെ അരണ്ടോണക്കു ഏകദേശം ൯൦,൦൦൦ രൂപാ വരുമെന്നായിരുന്നില്ലയോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഏകദേശം ൭൫,൦൦൦ രൂപയോ ൭൦,൦൦൦ രൂപയോ. ഇത്രയെന്നു ഞാൻ സൂക്ഷ്മമായി ഓർക്കുന്നില്ല.

മി. എ. ഹഗ്വർഫ് (ഗവണ്മെൻറ് നിയമിച്ചമെമ്പർ): ഈമാതിരി വൃക്ഷക്കരം കൂടാതെയല്ലേ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതേ.

മി. എ. ഹഗ്വർഫ് (ഗവണ്മെൻറ് നിയമിച്ചമെമ്പർ): നികുതിനുകയിൽ ഏകദേശം മുന്നിലൊരുപങ്ക് ആണ്ടോതോറും വൃക്ഷക്കരമെന്ന ഇനത്തിൽനിന്നാണ് കിട്ടിവരുന്നതെന്നുള്ളതു പരമാർത്ഥമല്ലേ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി) അതിനെ വ്യത്യാസങ്ങളുണ്ടാകാം.

മി. എ. ഹഗ്വർഫ് (ഗവണ്മെൻറ് നിയമിച്ചമെമ്പർ): ഞാൻ ഏകദേശക്കണക്കെ പറയുന്നുള്ളു.

മി. എസ്: പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): എനിക്കു തീർത്തുപറയാൻ നിവൃത്തിയില്ല.

തിരുവനന്തപുരം മുൻസിപ്പാലിറ്റിയിലെ പണാപഹരണങ്ങൾ.

൪൩. മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): (എ) മുൻസിപ്പൽ മുതലുകളിൽനിന്നു പണം അപഹരിച്ച ചില തിരുവനന്തപുരം മുനിസിപ്പലിറ്റി ഉദ്യോഗസ്ഥന്മാരെ അവർ അന്യായമായി കൈവശപ്പെടുത്തിയ സംഖ്യകൾ തിരിയെ നിക്ഷേപിച്ചതിനോടുകൂടി വിണ്ടും ഉദ്യോഗസ്ഥന്മാരുടെ ജോലികളിൽ വച്ചുകൊണ്ടിരിക്കുന്നതായി നവണ്മെൻറിനു അറിയാമോ?

(ബി) അങ്ങനെ ഉടമായിട്ടുണ്ടെങ്കിൽ അവരെ പ്രോസിക്യൂട്ടുചെയ്യുകയോ മറവതമെന്നതിൽ ശിക്ഷിക്കുകയോ ചെയ്യാതിരിക്കാൻ ഉള്ളകാരണങ്ങളോടുകൂടി, ഈ ഉദ്യോഗസ്ഥന്മാരുടെ പേരുകളും ഉദ്യോഗപ്പേരുകളും മേശമേൽവയ്ക്കുവാൻ ഗവണ്മെൻറിനു മയവുണ്ടാകുമോ?

(സി) മുനിസിപ്പാലിറ്റിയിൽ വരവുചിലവു കണക്കുകൾ ശരിക്കെഴുതി സൂക്ഷിക്കാറില്ലേ?

(ഡി) കരത്തിൻറെയും ചിലവിൻറെയും കണക്കു ഇനമിനമായി തിരിച്ചെഴുതി, ആണ്ടോടുമുള്ള ബഡ്ജറ്റു മുൻസിപ്പാലിറ്റിക്കാർ തയാർ ചെയ്യാറുണ്ടോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ്സെക്രട്ടറി):

(എ) അപഹരണങ്ങളൊന്നുമുണ്ടായിട്ടില്ല. പിരിവുകാർ അടച്ചുതീർക്കാൻ കുറെ അമാന്തിച്ചുപോയതിനെ ഉള്ളു എന്നാണ് റിപ്പോർട്ടുചെയ്തിരിക്കുന്നതു്.

(ബി) ഈ അമാന്തങ്ങൾക്കു ബാദ്ധ്യസ്ഥപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പേരുകളും ഉദ്യോഗപ്പേരുകളും ചുവടെ ചേർത്തിരിക്കുന്നു. സബ്സെൻഷറി ശിക്ഷ മതിയാകുമെന്നു മുൻസിപ്പൽ പ്രസിഡൻറ് റിപ്പോർട്ടുചെയ്തിട്ടുണ്ട്.

നമ്പർ.	പേരു.	ഉദ്യോഗപ്പേരു.
(൧)	വാസുദേവൻപിള്ള	കൺസർവൻസി ഓവർസിയർ
(൨)	ശിവശങ്കരപ്പിള്ള	ടി
(൩)	രാമകൃഷ്ണപിള്ള	അമീനാമാർ
(൪)	കെ. പരമേശ്വരൻപിള്ള	ടി

(സി) മുൻസിപ്പാലിറ്റിയിൽ വരവുചിലവു കണക്കുകൾ ശരിക്കു എഴുതി സൂക്ഷിക്കുന്നുണ്ടെന്നാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളതു്.

(ഡി) ഉണ്ട്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല). (എ) വിഭാഗത്തിനുള്ള ഉത്തരത്തിലെ 'അമാന്ത'ങ്ങളുടെ പരിധികൾ എന്താണെന്നു ഒന്നറിയിക്കുമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അപഹരണങ്ങളില്ലായിരുന്നു, അമാന്തങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളു എന്നാണ് റിപ്പോർട്ടുചെയ്തിരിക്കുന്നതു്, എനിക്കു പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടില്ല; ഞാൻ അവയ്ക്കു ആവശ്യപ്പെടാം.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): ക൦൯-ലെയും ക൦൯൨-ലെയും പിരിവുകാർ ക൦൯൨-ലെയും ക൦൯-ലെയും കണക്കുകളിൽ കൂട്ടി എഴുതിയിട്ടില്ലായിരുന്നെന്നു ഗവണ്മെൻറിനറിയാമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): എനിക്കു മുന്നറിവു തരേണ്ടതായിരുന്നു.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): അമാന്തങ്ങളുടെ വിസ്തൃതിയെക്കുറിച്ചു് ഗവണ്മെൻറ് അന്വേഷണം നടത്തുമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): നടത്താം.

---

* അനുബന്ധം ൪—൯൫൫-ാംവശം നോക്കുക.

മി. ചെ. പരമേശ്വരൻപിള്ള (തിരുവല്ല): വാസ്തവത്തിൽ ഈ സംഖ്യകൾ അപര്യാപ്തമല്ലായ്കയാണോ എന്നു ഗവണ്മെന്റ് അന്വേഷിക്കുമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അന്വേഷിക്കാം.

റെയിൽആഫീസുകളിലെ സാമാനപരിശോധന.

൭൫. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) തിരുവിതാംകൂറിലുള്ള തീവണ്ടിയാപ്പീസുകളിൽ വഴിയാത്രക്കാരുടെ ഉപയോഗത്തിനായി തെന്നിന്ത്യാറെയിൽവെ കമ്പനിക്കാർ നൽകിയിട്ടുള്ള മേശ, ബെഞ്ചു, കസേല മുതലായ സാമാനങ്ങളും മറ്റു ഭണ്ഡകയ്യുങ്ങളും പരിശോധിക്കുകയെന്നോരു പതിവു ഗവണ്മെന്റിനുണ്ടോ എന്നു പറവാൻ ഭേയുണ്ടോകുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഗവണ്മെന്റ് തീവണ്ടിയാപ്പീസുകളിലെ ആവശ്യമുള്ള സാമാനങ്ങളും പരിശോധിക്കാറില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തിരുവിതാംകൂറിലുള്ള തീവണ്ടിയാഫീസുകളിലേക്കു കൊടുക്കുന്ന സാമാനങ്ങളുടെ ഒരു ലിസ്റ്റ് ഗവണ്മെന്റ് സൂക്ഷിക്കാറുണ്ടോ എന്നു അറിയിക്കാൻ ഭേയുണ്ടോകുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഗവണ്മെന്റ് അങ്ങിനെ ഒരു ലിസ്റ്റ് സൂക്ഷിക്കാറില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തിരുവിതാംകൂറിലെ തീവണ്ടിയാപ്പീസുകളിൽ ആവശ്യമുള്ള സാമാനങ്ങളും ഇല്ലെന്ന് വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഉണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയുള്ള പരാതികളെക്കുറിച്ചു ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ടോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഉണ്ട്. തീവണ്ടിയാപ്പീസ് അധികൃതന്മാരുടെ ശ്രദ്ധയെ ആ പരാതികളിൽ പതിപ്പിച്ചിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഓരോ തീവണ്ടിയാപ്പീസിലേയ്ക്കും കൊടുക്കുന്ന സാമാനങ്ങളെ കണക്കുമായൊത്തുനോക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചു ഗവണ്മെന്റ് പരിശോധിക്കുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി). തീവണ്ടിക്കാരുടെ ആളുത്തരവാദത്തിൽ ഉൾപ്പെട്ടതാണ് ഈ സാമാനപരിശോധനയുമെന്നു ഞാൻ കരുതുന്നു. അതിൽ ഇടയ്ക്കു കയറി കൈ കടത്തുന്നതു് സാധുവായിരിക്കുമോ എന്നു ഞാൻ അറിയുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വഴിയാത്രക്കാരുടെ സൌകര്യം ഗവണ്മെന്റിന്റെ പരിഗണനയ്ക്കു വിഷയമാക്കേണ്ടതല്ലയോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതേ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനേക്കുറിച്ചു ആവലാതികൾ ഉണ്ടായാൽ സങ്കടമുള്ള വഴിയാത്രക്കാരിൽ ഓരോരുത്തരുടെയും ആവലാതിയെപ്പറ്റി പ്രത്യേകം പ്രത്യേകം പരിഗണിക്കുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഉവ്വ്. ആവലാതികളെക്കുറിച്ചു പരിഗണിക്കാൻ തീവണ്ടിയാപ്പീസുകാരോടു ആവശ്യപ്പെടും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇക്കാര്യത്തിൽ വേണ്ടതുചെയ്യാൻ കമ്പനിക്കാർ ഒരുങ്ങുന്നില്ലെങ്കിൽ വഴിയാത്രക്കാരുടെ സങ്കടം തീരാനുള്ള പിന്നത്തെ വഴി എന്താണ്?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): വഴിയാത്രക്കാരുടെ സങ്കടം കമ്പനിക്കാരോടു പറയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇനിയെന്തെന്ന ഇക്കാര്യത്തെക്കുറിച്ചു തീരുമാനിപ്പാൻ തരമില്ലാത്ത നിലയിലാണോ ഗവണ്മെന്റിന്റെ സ്ഥിതിചെയ്യുന്നത്?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഈ സംഗതി കമ്പനിക്കാരുടെ ശ്രദ്ധയിൽ വിഷയമാക്കിത്തീർക്കാൻവേണ്ടി ഗവണ്മെന്റിനു സദ്ശക്തികളും പ്രയോഗിക്കാൻ കഴിയും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഓരോ തീവണ്ടിയാപ്പീസുകളിലേക്കു കൊടുക്കുന്ന സാമാനങ്ങളും ചിലപ്പോഴൊക്കെയെങ്കിലും നോക്കി പരിശോധിക്കാൻ ഗവണ്മെന്റിൽനിന്നു വേണ്ട ഏർപ്പാടുകളും ചെയ്യുമോ?

പ്രൊസിഡണ്ട്: സാമാനങ്ങളും വഴിയാത്രക്കാരുടെ സൌകര്യങ്ങളുംകൂടി ഉൾപ്പെടുന്നതാണോ എന്നും അവ വേണ്ടിടത്തോളമുണ്ടോ എന്നും ആണോ പരിശോധിക്കേണ്ടതു്? —അതാണോ നിങ്ങളുടെ ആശയം?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതല്ല, ഓരോ സ്റ്റേഷനിലേക്കും കൊടുക്കുന്ന സാമാനങ്ങളും വാസ്തവത്തിൽ അവിടവിടെത്തന്നെയുണ്ടോ എന്നു പരിശോധിക്കണമെന്നാണ് ഞാൻ പറയുന്നതു്.

പ്രൊസിഡണ്ട്: അതു് ആഡിറ്റുചെയ്യുകയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആഡിറ്റുചെയ്യുകയും പരിശോധിക്കും.

പ്രൊസിഡണ്ട്: ഉടമ്പടിവാചകം നോക്കിയിട്ടു ആലോചനയ്ക്കു എടുക്കേണ്ട ഒരു വിഷയമാണതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു സ്റ്റേഷനിലേക്കും കൊടുക്കുന്ന സാമാനങ്ങളെ പരിശോധിക്കാൻ (ചെക്ക്ചെയ്യാൻ) എങ്കിലും ഗവണ്മെന്റിനു സ്വാതന്ത്ര്യമുള്ള വിധത്തിലാണോ റെയിൽവെ കമ്പനിക്കാരുമായി ഉടമ്പടി ചെയ്തിട്ടുള്ളതു്?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഉടനടി മുഴുവനും ശ്രദ്ധകൊടുത്തു പരിശോധിക്കാതെ അതിനെപ്പറ്റി പറവാൻ നിവൃത്തിയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെൻറിനു അപ്രകാരം ചെയ്യാനുള്ള അധികാരം ഉണ്ടോ എന്നറിവാൻവേണ്ടി ഉടമ്പടി മുഴുവൻ ഒന്നുനോക്കുവാൻ ഗവണ്മെൻറിന് ഭേയുണ്ടാകുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) ഉവ്വ്.

അനുബന്ധം ക.

സൂ—ാനമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

ഫോറസ്റ്റ്യൂട്ടിലെസേഷൻ ആപ്പീസർ ചെയ്തപേക്ഷയുടെ സ്റ്റേറ്റുമെന്റ്.

(ക) നമ്മുടെ തടിക്കുള്ള ആവശ്യവും അതിന്റെ നിക്ഷേപിച്ചും അറിയണമെന്ന ഉദ്ദേശത്തോടെ ആ ആം കൽക്കട്ടായിലും ബോമ്പായിലും മറ്റിടങ്ങളിലുമുള്ള തടിക്കച്ചവടക്കാരുമായി എഴുത്തുകുത്തു നടത്തിയിട്ടുണ്ട്.

(ഖ) നമ്മുടെ ചില സാമാനങ്ങൾക്കും നമ്മുടെ വിപ്പോകളിൽ കിട്ടുന്ന മറ്റു തരങ്ങൾക്കും ക്ലൃപ്തമായ വിലകൾ കിട്ടുമോ എന്നറിയുന്നതിനായി ആ ആം മധുര തിരുനൽവേലി മുതലായ സ്ഥലങ്ങളിലെ തടി ഡിപ്പോകളിലേക്ക് സന്ദർശിച്ചിട്ടുണ്ട്.

(ഗ) കടവാസിനുവേണ്ട ചെടിപ്പുണ്ടാക്കുവാൻ ആവശ്യമുള്ള സാമാനങ്ങൾ മറ്റുള്ള കമ്പനിക്കാരിൽ നിന്നു കിട്ടുമോ എന്നറിയണമെന്ന ഉദ്ദേശത്തിൽ മൂന്നാലിടങ്ങളിലുള്ള വലിയ പല്ലിനക്കാരുടെ ആം ആം പരിചയപ്പെടുത്തിയിട്ടുണ്ട്.

(ങ) രാമയ്യങ്കൽമേട്ടിൽ ഒരു വയർഷൂട്ട് സ്ഥാപിക്കുന്നതു ചീപ്പുള്ള പ്ലിപ്പാടായിവരുമോ എന്നറിവാൻ വണ്ടിപ്പെരിയാർമേട്ടിലെ കാട്ടിൽ മലകളും പുഴുപ്പാറമലയും ആ ആം പരിശോധിച്ചിട്ടുണ്ട്.

(ച) തിരുവിതാംകൂറിലെ വനംവക ഓഫീസർമാരുടെ കയറുമതിയെക്കുറിച്ചുള്ള കണക്കുകൾ ആ ആം ശേഖരിച്ചിട്ടുണ്ട്.

(ഛ) ബാഹിനിയാ മലബാറിക്കം (Bauhivuia Malabaria) ഇലകൾ ബീഡിയുണ്ടാക്കാൻ കൊള്ളാമോ എന്നറിവാൻവേണ്ടി അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്.

അനുബന്ധം ഖ.

സൂ—ാനമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

ഓരോ താലൂക്കുകളിൽ താണജാതിക്കാർ പതിച്ചുകൊടുക്കപ്പെടാവുന്ന

ഭൂമിയുടെ സ്റ്റേറ്റുമേന്റ്.

നമ്പർ	താലൂക്ക്	സ്ഥലവിസ്തീർണ്ണത ഏക്കർ	നമ്പർ	താലൂക്ക്	സ്ഥലവിസ്തീർണ്ണത ഏക്കർ
ക	തോവാള	നൽകാ	കഅ	പത്തനംതിട്ട	രസ
ഖ	അഗസ്തീശ്വരം	...	കആ	പത്തനാപുരം	കാഉ
ന	കൽക്കുളം	സ്യാവു	കൽ	ചെങ്കോട്ട	നഖ
ഘ	വിളവംകോട്	കസ്യവുൻ	ഖ ം	ചങ്ങനാശേരി	രസ
ങ	നെയ്യാറ്റിൻകര	നകസ്യ	ഖക	കോട്ടയം	ഖക
സ	തിരുവനന്തപുരം	കക	ഖഖ	ചേർത്തല	വവം
ഛ	നെടുമങ്ങാട്	വഅസ്യ	ഖന	വൈയ്ക്കം	ഖസ്യ
വ	ചിറയിൻകീഴ്	സ്യഉക	ഖര	മീനച്ചിൽ	നകര
ൻ	കൊല്ലം	കൽഖ	ഖങ	തൊടുപുഴ	ങൽര
ം	കുഴിത്തുറ	...	ഖസ	മൂവാറ്റുപുഴ	രനം
കക	കോൽക്കുളം	കആ	ഖഛ	കുന്നത്തുനാട്	സനര
കഖ	കുന്നത്തൂർ	സ്യസ്യ	ഖവ	പറയൂർ	രവ
കന	കൊട്ടാരക്കര	ഖംരന	ഖൻ	ദേവികുളം	കസ്യം
കര	അമ്പലപ്പുഴ	വസ്യഖ	നം	പീരുമേട്	ഛന
കങ	മാവേലിക്കര	നകസ്യ			
കസ	തിരുവല്ലാ	ഖക		ആകെ	കആ,നൽആ

അനുബന്ധം ന,

൭൨–ാംനമ്പർ പ്രമേയം ഉദ്യോഗിരിവ് (ഡയ) ക്കുള്ള ഉത്തരം നോക്കുക.

കള്ളിൽ നിന്നുള്ള കരം.

താലൂക്ക്	ക ൦ ൻ ൫ രൂ.	ക ൦ ൻ ന രൂ.	ക ൦ ൻ ൭ രൂ.	ക ൦ ൻ വ രൂ.
ചേർത്തല	൭ന, ൦ ൦ ൦	വന, ൦ ൦ ൦	വന, ൦ ൦ ൦	വവ, ൫ ൦ ൦
തൊടുപുഴ	൭ ൫, ൦ ൦ ൦	൭ ൫, ൦ ൦ ൦	൭ ൫, ൯ ൦ ൦	൭ ൭, ൫ ൦ ൦
കുന്നത്തുനാട്	ന.ന, ൫ ൦ ൦	ന.ൻ, ൨ ൦ ൦	ന.ൻ, ൨ ൦ ൦	ര ക, ൫ ൦ ൦
ആലങ്ങാട് (പഴയകരം പിരിവനുസരിച്ചുള്ള താലൂക്ക്)	ര ൦, ൫ ൦ ൦	ര ൨, ൫ ൦ ൦	ര ൨, ൫ ൦ ൦	ര ര, ൦ ൦ ൦
പറവൂർ	ന ൫, ൦ ൦ ൦	ന ൭, ൦ ൦ ൦	ന ൭, ൦ ൦ ൦	ന വ, ൫ ൦ ൦
ആകെ	൨,ന്നന, ൦ ൦ ൦	൨,൭ ൻ, ൭ ൦ ൦	൨,൭ ൻ, ൭ ൦ ൦	൨,ൻ ൦, ൦ ൦ ൦

അനുബന്ധം IV.

ഉ... ാനനാർ ചോദ്യം സി. ഉദ്യോഗിവു നോക്കുക.

ഷാപ്പുകളെ വേർതിരിച്ചു ലേലത്തിൽ വിൽക്കുന്ന സമ്പ്രദായം നടപ്പാക്കേണ്ട റേയിൻജുകളിൽ* ഇപ്പോൾ ഉള്ള ജോലിക്കാരുടേയും ഇനി നിയമിക്കുന്നതായ വിചാരിക്കുന്ന ജോലിക്കാരുടേയും വിവരങ്ങളടങ്ങിയ സ്റ്റേറ്റുമെൻറ്.

റേയിൻജുകൾ	ഇൻസ്പെക്ടർമാർ	സബ് ഇൻസ്പെക്ടർമാർ				പെരറി ആഫീസർമാർ					ശിപായിമാർ						ഇൻസ്പെക്ടർമാർ	സബ് ഇൻസ്പെക്ടർമാർ			പെരറി ആഫീസർമാർ				ശിപായിമാർ						ആകെ അധികമുള്ള ആൾ	ആകെ കുറവുള്ള ആൾ
		ഒന്നാംക്ലാസ്	രണ്ടാംക്ലാസ്	മൂന്നാംക്ലാസ്	ആകെ	ഒന്നാംക്ലാസ്	രണ്ടാംക്ലാസ്	മൂന്നാംക്ലാസ്	നാലാംക്ലാസ്	ആകെ	ഒന്നാംക്ലാസ്	രണ്ടാംക്ലാസ്	മൂന്നാംക്ലാസ്	നാലാംക്ലാസ്	അഞ്ചാംക്ലാസ്	ആകെ		ഒന്നാംക്ലാസ്	രണ്ടാംക്ലാസ്	മൂന്നാംക്ലാസ്	ആകെ	ഒന്നാംക്ലാസ്	രണ്ടാംക്ലാസ്	മൂന്നാംക്ലാസ്	നാലാംക്ലാസ്	അഞ്ചാംക്ലാസ്	ആകെ		
അമ്പലപ്പുഴ	1	1	1	1	3	1	1	1	1	4	1	1	1	1	1	5	1	1	1	1	3	1	1	1	1	4	1	1	1	1
ചേർത്തല	1	1	1	0	2	1	1	1	1	4	1	1	1	1	1	5	1	1	1	1	3	1	1	1	1	4	1	1	1	1
കൊച്ചി	1	1	1	1	3	1	1	1	1	4	1	1	1	1	1	5	1	1	1	1	3	1	1	1	1	4	1	1	1	1
വെള്ളത്തുരുത്തി	1	1	1	1	3	1	1	1	1	4	1	1	1	1	1	5	1	1	1	1	3	1	1	1	1	4	1	1	1	1
കുന്നത്തുനാട്	1	1	1	1	3	1	1	1	1	4	1	1	1	1	1	5	1	1	1	1	3	1	1	1	1	4	1	1	1	1
ആലങ്ങാട്	1	1	1	1	3	1	1	1	1	4	1	1	1	1	1	5	1	1	1	1	3	1	1	1	1	4	1	1	1	1
പറവൂർ	1	1	1	1	3	1	1	1	1	4	1	1	1	1	1	5	1	1	1	1	3	1	1	1	1	4	1	1	1	1
പിറവം	1	1	1	1	3	1	1	1	1	4	1	1	1	1	1	5	1	1	1	1	3	1	1	1	1	4	1	1	1	1
	7	7	7	6	20	7	7	7	7	28	7	7	7	7	7	35	7	7	7	7	21	7	7	7	7	28	7	7	7	7

ഇപ്പോൾ ഉള്ള ജോലിക്കാർ

ഇനി നിയമിക്കുന്നതായ വിചാരിക്കുന്ന ജോലിക്കാർ.

* ഇപ്പോൾ ഉള്ള റേയിൻജുകളുടെ അതിർത്തിക്കല്ലുകൾ

പ്രസിഡൻറ്: നമുക്ക് ബഡ്ജറ്റ് സംബന്ധിച്ച തർക്കങ്ങൾ തുടരാം. നാം പ്രതിപാദിച്ചുകൊണ്ടിരുന്നത് 2 ഇ 0 -ാംനമ്പർ പ്രമേയമായിരുന്നല്ലോ.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ചയംഗം): സർ, മിസ്റ്റർ കുഞ്ഞുപിള്ള തന്റെ പ്രസംഗത്തിൽ എടുത്തുകാണിച്ച ഒന്നുരണ്ടു പ്രധാനപ്പെട്ട വാദമുഖങ്ങളെപ്പറ്റി ചിലതൊക്കെപ്പറഞ്ഞാൽ കൊള്ളാമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. വിദേശിമിഷനറിമാരെ ഇറക്കുമതി ചെയ്യുന്ന സംഗതി പൊതുജനങ്ങളുടെ ശ്രദ്ധയിലും പോരുമായിട്ടു കുറെക്കാലമായി; ഈ കൌൺസിലിലും ഒന്നിലധികം തവണ അതിനെക്കുറിച്ചു സൂചിപ്പിക്കുകയുണ്ടായിട്ടുണ്ട്. വിദേശികളെ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും നിയമിക്കേണ്ടതാണെന്ന നിർബന്ധം അതിശക്തി പ്രബലമാകുകയും ചെയ്തിരിക്കുന്നു.

പ്രസിഡൻറ്: ഞാൻ സഭാംഗങ്ങളോട് ഒരു സംഗതി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെയോ? നമ്മുടെ മുമ്പിലിരിക്കുന്ന പ്രമേയത്തിന്റെ പ്രതിപാദനത്തിനിടയിൽ ഇതിനു, ശരിക്കുനോക്കുകയാണെങ്കിൽ, യാതൊരു സ്ഥാനവുമില്ല. മിഷനറിമാരുടെ നിയമനത്തെയും എസ്റ്റിക്ലൂടീവ് കൌൺസിലിനെയുംപറ്റിയുള്ള കുഞ്ഞു മഹാരാജാവു തിരുമനസ്സിലെ പ്രത്യേകാധികാരത്തിൽപെട്ടതാണെന്നുള്ളതു ഞാൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ഈ വിഷയങ്ങളെക്കുറിച്ചുള്ള നിയമനങ്ങളെല്ലാം തിരുമനസ്സിലെ മുമ്പിൽ കൊണ്ടുചെല്ലുകയും അവയെപ്പറ്റി അവിടുന്നു ഗൌനിക്കയും ചെയ്തുകഴിഞ്ഞിരിക്കുന്നു. എന്നാൽ അവ നിയമസഭയിൽ പ്രതിപാദ്യങ്ങളാകണമെന്ന് എനിക്കു തോന്നുന്നില്ല. അതിനെക്കുറിച്ചു സൂചിപ്പിക്കുകയെ ചെയ്യാൻ പാടില്ലെന്നല്ല ഞാൻ പറയുന്നതു; എന്നാൽ ദിർഘമായി അതിനെക്കുറിച്ചു തർക്കിക്കുന്നതു് ഉചിതമായിരിക്കുമെന്നു തോന്നുന്നില്ല എന്നുമാത്രമാണ്. മഹാരാജാവുതിരുമനസ്സിലെ പ്രത്യേകമായ അധികാരോത്തിയിൽപെട്ടതാകയാലാണ് എസ്റ്റിക്യൂടീവ്കൌൺസിൽനിയമനത്തേക്കുറിച്ചുള്ള പ്രമേയം ഞാൻ അനുവദിക്കാതിരുന്നതു്.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ചയംഗം): ഇവ വെറും സൂചനകൾ മാത്രമാണല്ലോ.

പ്രസിഡൻറ്: അതുകൊണ്ടാണ് ഞാൻ മിസ്റ്റർ കുമരപിള്ളയെ അതിനെക്കുറിച്ചു സംസാരിക്കുന്നതിൽനിന്നു വിരമിപ്പിക്കാതിരുന്നതു്.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ചയംഗം): ഞാൻ തുടർന്നുകൊള്ളട്ടെയോ, സർ?

പ്രസിഡൻറ്: ആയാം.

മി. എൻ. കുമരൻ (ഗവണ്മെൻറ് നിയമിച്ചയംഗം): അന്യാധിനരിൽ ആളുകളെ ഇറക്കുമതി ചെയ്യുന്നതിനു് എതിരായി കൊണ്ടുവരപ്പെട്ടിട്ടുള്ള മൂന്നു പ്രധാനകാരണങ്ങൾ, അവരിൽ മിക്കവരും ഉദ്യോഗക്കയറ്റത്തിനുവേണ്ടി ഗവണ്മെൻറിനെ ആശ്രയിച്ചുനിൽക്കുന്ന ബ്രിട്ടീഷ് ഇൻഡ്യൻ സിവിറ്റ് ഉദ്യോഗസ്ഥന്മാരാണെന്നുള്ളതും, രാജ്യത്തിനോടു് അവർക്കു സ്ഥിരമായ സ്നേഹമുണ്ടാവാൻ യാതൊരു വഴിയുമില്ലെന്നുള്ളതും, ആ സമ്പ്രദായം തൻനാട്ടുകാരുടെ ശേഷിയെ നിന്ദ്യസാഹചര്യപ്പെടുത്തുന്നുവെന്നുള്ളതും ആണ്. നമ്മുടെ തോണ്ടമാഡിക്കളിൽ പുതിയചോരകയറുന്നതുകൊണ്ടും, ക്ലിപ്തമായ വിസ്താരമുള്ള ആശയങ്ങളും, തോണ്ടവിശ്വാസങ്ങളിൽ അധികപരിചയവും സ്വാഭാവത്തെ ജാതിമതങ്ങളാൽ മുൻകൂട്ടി അഭിപ്രായമാക്കപ്പെടാത്ത അഭിപ്രായങ്ങളും ഉള്ളവരുടെ സേവനം നമുക്കു സിദ്ധിക്കുന്നതുകൊണ്ടും നമുക്കു ലാഭമാണെന്നാകുന്നതന്നെ തെളിയിക്കുന്ന അനവധി എതിരഭിപ്രായങ്ങളാൽ ആളിത്തരുന്ന കാരണങ്ങളോടും മല്ലിടാൻ സാധിക്കുന്നതാണ്. എന്നാൽ ഈമാതിരി ഇറക്കുമതിക്കെതിരായുള്ള മൂന്നാമത്തെ കാരണം ഉത്തരം മുട്ടിക്കുകയെളുപ്പമെന്നാണ് എന്റെ വിശ്വാസം. നമ്മുടെ സ്വീട്ടിലെ കുഴപ്പങ്ങൾ നമ്മുടെ മാതിരിയിൽ നടത്തിക്കൊണ്ടുപോകാൻ നമുക്ക് അവകാശമുണ്ടെന്നുള്ള വസ്തുത ആക്ഷേപത്തിനു നിഷേധിക്കാവുന്നതല്ല. എല്ലാ പരിഷ്കൃതസമുദായങ്ങളുടേയും എന്നപോലെ പ്രകൃതിയുടേയും ആദ്യത്തെ നിയമം അതിജീവനമാണ്. രോഗചികിത്സയിന്റെ ഉദ്ദേശ്യസ്ഥാനമെന്തെന്നാൽ നമ്മുടെ ആളുകൾക്ക് തങ്കുലത്തും സുഖിക്കയില്ലാത്തതിനു അവരെ നിരന്തരനിരീക്ഷണത്തിനായി ചെയ്യുന്നതാണ്. ചില നിയന്ത്രണങ്ങൾ അവരുടെ ആശകൾ കടന്നുചെല്ലുന്നില്ല. അവസ്ഥ ആകാംക്ഷിക്കുന്നതിനുമുമ്പും അവ വളരെത്തന്നെ നിമിത്തം, പ്രോജ്വലമായ സർവ്വകലാശാലാജീവിതത്തോടുകൂടിയ പലരും ജാതിക്കും വർഗ്ഗത്തിനും അന്തരായാസേന ഇരയായിത്തീർന്നു, സാധാരണസ്ഥാനത്തേക്ക് അധഃപതിച്ചു, പബ്ലിക്കുസർവീസിൽ രണ്ടാംകിടയിലും മൂന്നാംകിടയിലും ഉള്ള ഉദ്യോഗങ്ങൾക്കുമാത്രം കഷ്ടിച്ചു കൊള്ളാവുന്നവരായി കാലംകഴിച്ചുകൂട്ടിയിരിപ്പാറുണ്ട്. ഇവർ ഏറെക്കുറെ ഉദ്യോഗക്കയറ്റമെന്ന സ്വപ്നം തന്നെ അവകഴിവെട്ടുകയാണ് ചെയ്യുന്നതെന്നാകുന്നു എനിക്കു തോന്നുന്നതു്. മനുഷ്യർ ഏറിയകൂറും അവരുടെ പരിതസ്ഥിതികളാൽ സൃഷ്ടിക്കപ്പെട്ടകയാണ് ചെയ്യുന്നതെന്നവരികിലും, നമ്മുടെ ആളുകൾ രാജ്യത്തിലെ ഉയർന്നപദവികളിൽനിന്നും തോണ്ടനോടുങ്ങണമെന്നു വിചാരിക്കുന്ന ഉത്തമന്മാരെങ്കിലും നാലുപാടും വളഞ്ഞുനിൽക്കുന്ന സംകുചിതാശയങ്ങളിൽനിന്നു സ്വതന്ത്രമാകുന്നതും, വിശ്വവാത്സല്യങ്ങളുടെ പാളികൾക്കുമീതേ തലയുയർത്തി, ലോകാഭിമാനത്തിൽ ശ്വസനക്രിയനടത്തി പരിപൂർണ്ണമനുഷ്യത്വം പ്രാപിപ്പാനും തങ്ങൾക്കും തങ്ങളുടെ നാട്ടിനും അഭിമാനകാരണമായിത്തീരാനും ശ്രമിക്കേണ്ടതാണ്. നമ്മുടെ ഉദ്യോഗസ്ഥന്മാർ പലപ്പോഴും സ്വന്തം സമുദായാംഗങ്ങൾക്കുവേണ്ടം തന്നെ സഹാനുഭൂതിയധികം വീക്ഷിക്കുന്നതായും അവരുടെ അഭിപ്രായഗതികൾ സ്വീകരിക്കാൻ നിർബന്ധിതരാകുന്നതായും എനിക്കും പലവിധേന അറിയാറായിട്ടുണ്ട്. ഈ പ്രതിഭാസത്തിന്റെ പ്രേരണകൾക്കുമീതേ ഉയരാൻ കഴിവുള്ളവർ വളരെ അപൂർവ്വമേ ഉള്ളുവെല്ലോ. സ്ഥിരമായ അഭിപ്രായങ്ങളോടും തങ്ങളുടെ ജാതി, തങ്ങളുടെ വർഗ്ഗം എന്നിവ അതിക്രമിക്കുന്ന ധർമ്മബോധത്തോടും തങ്ങളുടെ കീഴ്ജീവനക്കാരുടെ ശിക്ഷകൊണ്ടുമാത്രം ഒപ്പിച്ചുപോരുന്ന സഹാനുഭൂതിയോടുംകൂടിയ മനസ്സുകൾ—തങ്ങളുടെ പുറംപാടുകൾക്കുമീതേ ഉയർന്നകാഴ്ചവാൻ കഴിവുള്ളവർ ഈ മനസ്സുകൾ മാത്രമാണ്. അവർക്ക് രാജ്യത്തിനോ പൊതുജനങ്ങളുടെ ക്ഷേമമന്വേഷിക്കാം എന്നതിൽ മുന്നിട്ടനിൽക്കുക; തങ്ങളുടെ ഗൌനിപ്പിനും അനുഭാവത്തിനും സകല സമുദായങ്ങളും സമവകാശികളാണെന്നു വിശ്വസിക്കുക അവർ കടമയുമാണ്. രാജ്യദ്രോഹം അവരുടെ തൊഴിലായാൽ വിജയകരമാകുമെന്നും രാജ്യത്തിന്

ആയുർദൈർഘ്യം നമ്മുടെയാകെയുള്ളതിനെക്കാൾ ഉയർന്നതായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അങ്ങനെയിരിക്കുമ്പോൾത്തന്നെ ഈ കണക്കുകൾ നമ്മുടെ ഭാവിയെപ്പറ്റി ഒരു ശുഭാപ്തിവിശ്വാസം നമ്മിൽ ഉളവാക്കുന്നുണ്ട്.

ചൂണ്ടു. രാജ്യത്തിൽ അധിവസിച്ചുപോരുന്ന ഭിന്നസമുദായങ്ങൾ തമ്മിൽ കലഹിക്കാൻ ഒരു തിരുവിതാം കൂർകാരനെ ദിവാനായി നിയമിക്കുന്നതു കാരണമായിത്തീരുമെന്നാണ് ആ അഭിപ്രായത്തിനെതിരായിരുക്കു ണ്ടായതു. ഒരുദാഹരണം കൂടി. ഇപ്രകാരം ഉഭയങ്ങളും വിവേകവിഹീനങ്ങളും ആയ അസൂയകൾ തമ്മിൽ മാറ്റുരയ്ക്കുന്നതിൽ നിൽക്കുന്നതാണെന്നുവരുമെങ്കിൽ വിദേശിദിവാൻജിമാർക്ക് സ്വാഗതം പറവാൻ എനിക്കു വളരെ സന്തോഷമായിരിക്കും. എന്നാൽ അപ്രകാരം ആത്മഹത്യാപരമായ ഒരു നയത്തിന്റെ മൂഢതയെക്കുറിച്ചു ജനങ്ങൾക്കു ബോദ്ധ്യംവന്നുകഴിഞ്ഞിരിക്കുന്നു; എനിക്കു മനസ്സിലാക്കാൻ കഴിയുന്നേടത്തോളംകൊണ്ടു മുള്ള തെല്ലാം മുഴുകണ്ണുമായി അഭിപ്രായപ്പെട്ടുന്നതു ഒരു തിരുവിതാംകൂർകാരനെ ദിവാനായി നിയമിക്കണമെന്നാണ്. ഒരു തിരുവിതാംകൂർകാരൻ ദിവാൻജിക്കു മറ്റൊരന്തല്ലാം ദോഷങ്ങൾ ഉണ്ടായിരുന്നാലും സ്വരാജ്യസ്നേഹം ഉണ്ടാ കാതിരിക്കാൻ നിവൃത്തിയില്ല. ഉദ്യോഗജീവിതത്തിനുശേഷവും തിരുവിതാംകൂറകാരുടെ ഇടയിലാണ് തനിക്കു താമസിക്കേണ്ടതെന്ന കാര്യം മറക്കുകയില്ല. ജനങ്ങളുടെ ആരോഗ്യത്തിനും വ്യാപാരത്തിനും പോന്നതായ വിദേശി ദിവാൻജിമാരുടെ വേലയെ ഞാൻ അപലപിക്കയല്ല ചെയ്യുന്നതു. ജനഹിതത്തിനായിരിക്കാണ്ടു വേലചെയ്യുവാൻ ഒരു വിദേശി ദിവാൻജിയെ പ്രേരിപ്പിക്കുന്ന ഉത്തമോദ്ദേശം കീഴ്ക്കിടയിലുള്ള ആഗ്രഹമായിരിക്കും. ഒരു വിദേശി ദിവാൻജി ബ്രിട്ടിഷ്ഗവണ്മെന്റിനെയും മഹാരാജാവിനെയും സന്തുഷ്ടികൊണ്ടു തുപ്തനായി ഭവിക്കും. തിരു വിതാംകൂറും ബ്രിട്ടിഷ്ഗവണ്മെന്റുമായുള്ള ബന്ധത്തെ ബാധിക്കുന്ന വിഷമമേറിയ ചോദ്യങ്ങൾ ആലോചനാ വിഷയമായിത്തീരുമ്പോൾ വിദേശി ദിവാൻജിമാർ ഒന്നായിയാതെ അവരുടെ പ്രവൃത്തികൊണ്ടു പ്രജകളെ തൃപ്തിപ്പെടുത്താനിടയുള്ളതായി ചെയ്തിട്ടുള്ളതു. ഈ കൌൺസിലിന്റെ അധികാരപരാധീനത്തിൽനിന്നു ഞാനവതി പ്രധാനപ്പെട്ട ചോദ്യങ്ങൾ ഒഴിച്ചുവച്ചിരിക്കുന്നു. ഈ വിഷയങ്ങളുടെ വിശ്വസ്തരേവാഹിയായ ഒരു വിദേശി ദിവാൻജി ജനങ്ങളെ അറിഞ്ഞിരിക്കേണ്ടതാണന്നോ ജനഹിതത്തിൽനിന്നു വ്യത്യസ്തപ്പെട്ടുനിൽക്കാൻ പാടുള്ളതല്ലെന്നോ ആശിച്ചിട്ടില്ല.

മി. കുമാരപിള്ള ഒരു എക്സിക്യൂട്ടിവ്കൌൺസിൽ സ്ഥാപിക്കുന്നതിനെക്കുറിച്ചും പ്രതിപാദിക്കയുണ്ടായി. ഒരു എക്സിക്യൂട്ടിവ്കൌൺസിൽ സൃഷ്ടിക്കുന്ന സംഗതിയിൽ എനിക്കു പ്രത്യേകതാല്പര്യമൊന്നുമില്ല. എന്നുഞ്ഞ് ഈ വിഷയപരിശോധനയെ ഞാൻ എതിരാണ്. നിലവിലുള്ള ഡിപ്പാർട്ടുമെൻറുകളുടെയെല്ലാംതലയിലുള്ള മേൽ നോട്ടം ദിവാൻജിയെക്കൊണ്ടു ചെയ്യേണ്ടുംവണ്ണം നടത്താൻ സാധിക്കുന്നതല്ല. അന്യരുമായി ആലോചിക്കാതെയുള്ള ഔദ്യോഗികന്റെ അവസാനതീർപ്പു അബദ്ധമാവാതിരിപ്പാൻ തരമില്ല. കീഴ്ദ്യോഗസ്ഥന്മാരുടെ തിരക്കേറിയുള്ള ദിവാൻജി സർവ്വ ആശ്രയിച്ചാണ്നിൽക്കുന്നതെന്നു പ്രത്യേകിച്ചുപറയുകയുണ്ടായി. ഈ പരാതി വളരെ സത്യമാണ് ഭരണസമ്പ്രദായത്തിന്റെ സൂക്ഷ്മാംശങ്ങളിൽ ഒട്ടിപിടിപ്പിക്കാൻ ദിവാൻജിക്കു സമയം അശേഷംപോരാ. പ്രബലങ്ങളായ വിഭാഗീയറിപ്പോർട്ടുകൾ ഉണ്ടായിരുന്നിട്ടും സത്യഗ്രഹത്തെ സംബന്ധിച്ചു കോട്ടയം ഡിസ്ട്രിക്ട്മജിസ്ട്രേട്ടുചെയ്ത റിപ്പോർട്ടിനേ ചാ മെംബർ വേലപ്പൻചെട്ടിപോലെ വിശ്വസിച്ചുപ്പോൾ, ജനങ്ങളോടു നേരുണ്ടെന്നു യാതൊരുവിധത്തിലും തുമതമപ്പെട്ടുവരുമെന്നു എനിക്കു ബോദ്ധ്യമാകാനിടയുണ്ടു. തങ്ങളുടെ ഒരോ പ്രവൃത്തിക്കും തങ്ങൾ ജനങ്ങളോടു ബാദ്ധ്യതപ്പെട്ടവരാണെന്നു ദിവാനും മറ്റുദ്യോഗസ്ഥന്മാക്കും തോന്നുമായിരുന്നെങ്കിൽ അപ്രകാരമുള്ള ഒരു മാർഗ്ഗം സ്വീകരിക്കപ്പെട്ടുകയില്ലായിരുന്നു. എക്സിക്യൂട്ടിവ്കൌൺസിലെന്നോ കാബിനേറ്റ് എന്നോ വിളിച്ചുകൊൾകെ, ക്ഷീയമോ ചപലകരുണ്ടും ഉപദേശങ്ങൾകൊണ്ടും ദിവാനെ സഹായിക്കുന്നും ഓരോ ഡിപ്പാർട്ടുമെന്റിന്റെയും ചാർജ്ജുള്ളവരുടെയും ആയി ഒരു സംഘം നമുക്കു അവശ്യംവേണ്ടതാണ്. ഈ സംഘത്തിലെ അംഗങ്ങൾ ജനങ്ങളോടു തുമതമപ്പെട്ടവരും, ജനങ്ങളാൽ മാറ്റരപ്പെടത്തക്കവരും ആയിരിക്കണം. ഒന്നോ രണ്ടോ ഉദ്യോഗസ്ഥന്മാരേ ഒരു എക്സിക്യൂട്ടിവ്കൌൺസിലിൽ അംഗങ്ങളായി നിയമിച്ചു, പ്രജാവഴിയോടു ഉത്തരവാദിത്വമില്ലാത്ത ഉദ്യോഗസ്ഥ ശ്രേഷ്ഠരുടെ (Bureau crats) എണ്ണം വർദ്ധിപ്പിച്ചുകൊണ്ടു യാതൊരു ഗുണവുമുണ്ടാകാനില്ല. ഞാൻ പ്രസ്താവിച്ചുപോലെ ജനങ്ങളോടു ഉത്തരം പറയേണ്ട അംഗങ്ങളടങ്ങിയ ഒരു കൌൺസിലായാണ് രാജ്യമാസകലം ആവശ്യപ്പെട്ടുന്നതു. പ്രജാപ്രതിനിധി (ഡെമോക്രസിക്ക) ഹിതമായിട്ടുള്ളതു ഒരു മന്ത്രിസഭയുടെ ഘടനയാണ്. ഓരോ ദിവാൻജിയും മുൻഗാമിയുടെ നയത്തിൽനിന്നു വ്യത്യസ്തവഴിഞ്ഞു പോകാനാണ് ഇന്നു ശ്രമിച്ചുപോരുന്നതു. ഭരണനയത്തിനു ഒരു തുടർച്ചയോ പ്രത്യേക്ഷീസിനു ഒരു പ്രാപ്തിയോ ഉണ്ടാകണമെങ്കിൽ ഒരു എക്സിക്യൂട്ടിവ്കൌൺസിലോ മന്ത്രിസഭയോ കൂടാതെ കഴികയില്ല. സ്വസഹായത്തിനു ഒരു മന്ത്രിസഭയോടുകൂടിയ ഒരു തിരുവിതാംകൂർകാരൻ ദിവാൻജിയാകുന്നു വിദ്യാഭ്യാസസമ്പന്നമായുള്ള തിരുവിതാംകൂറിന്റെ ആദർശം. ആ ആദർശം പ്രാപ്യമായിക്കഴിയുമ്പോൾ, രാജ്യത്തിനു കേവലനാമായി കിട്ടിയിട്ടുള്ള പലേ ന്യൂനതകളും താനേ നശിച്ചുകൊള്ളും. ഭരണസമ്പ്രദായത്തെ ലക്ഷണമുറ്റതായി ഖണ്ഡനാവിൽ പണം നിറയ്ക്കുന്ന സമ്പ്രദായം അന്നു സ്വീകൃതമായി വരികയില്ല. ഭിന്നിപ്പിച്ചു ഭരിക്കുന്ന നയം വിസ്മൃതിയിലേക്കു നാം കടത്തപ്പെട്ടും. (കേറ്റക്കവിൻ കേറ്റക്കവിൻ) അടുത്ത ദിവാനെ നിയമിക്കുമ്പോഴെങ്കിലും പ്രജകളുടെ ആശകളെ അശക്തിബുദ്ധിയോടുകൂടി ആലോചനയ്ക്കടുക്കണമെന്നു മഹാറാണിരിജൻറ തിരുമനസ്സിനോടു ഇതു യോഗമൊന്നുചേർന്നു പ്രാർത്ഥിക്കണമെന്നുതോന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവുംതെട്ടമജാട്ടർ): തിരുവിതാംകൂർകാരായ ദിവാൻജിമാക്ക അനുകൂലമായ പ്രക്ഷോഭത്തിനു ഞാൻ സ്വാഗതം പറയുന്നു. എതിക്ക കാണുവാൻ കഴിയുന്നേടത്തോളംകൊണ്ടു മി. കുമാരപിള്ള ഒരു തത്വത്തിനുവേണ്ടി വാദിക്കുന്നതല്ലാതെ ഒരാൾക്കോ ഒരു സംഘം ആളുകൾക്കോ വിപരീതമായി നിലകൊള്ളുന്നില്ല; പ്രസംഗം ഇടങ്ങിയയുടനെ, പുറമേനിന്നു ദിവാൻജിമാരായി വന്ന രാജ്യക്ഷേമത്തിനു ഉതകുന്നതരവണ്ണവും തങ്ങളുടെ ശ്രേയിനുസരിച്ചും ഭരണം നടത്തിയ മന്ത്രിമാരുടെ നേർക്കുള്ള ബഹുമാനാദരവ്യക്തമാക്കിക്കൊണ്ടുമാണല്ലൊ. തിരുവിതാംകൂർകാക്ക് വേണ്ടുവോളം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുണ്ടെന്നു ഗവണ്മെന്റുതന്നെ സമ്മതിക്കുന്ന ഒരു കാര്യമാണ്. രാജ്യത്തിൻ വിദ്യാഭ്യാസാവശ്യത്തിനായി ഇത്ര വളരെ പണം ചിലവിടുന്നതിനെപ്പറ്റി അവർതന്നെ സന്തോഷത്തോടെ തുപ്തിപ്പെട്ടിട്ടുണ്ടു. രാഷ്ട്രീയ കാളേജ് അനവധി കൊല്ലങ്ങളായിനടന്നുവരികയും, അതിൻറ സന്താനങ്ങളിൽ ചിലരും ചിലപ്പോൾ പ്രാപ്തിയും സ്വാധീനവുംകൊണ്ടു പ്രസിദ്ധന്മാരായിത്തീരുകയും ചെയ്തിട്ടുണ്ടെങ്കിലും, രാജകീയകാളേജിന്റെ ഒരു സന്താനത്തിനെങ്കിലും തിരുവിതാംകൂർദിവാൻജിയാകാനും, ഉന്നതവും വിശ്വസ്തവും ആയ സ്ഥാനത്തുനിന്നുംകൊണ്ടു നാട്ടിന്നുവേണ്ടിവേ ണ്ടതുചെയ്വാനും ഉള്ള യോഗ്യം ഉണ്ടായിട്ടില്ലന്നാണല്ലോ നാം കാണുന്നതു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (രാജകീയ ആർട്ട്സ് കോളേജ് പ്രിൻസിപ്പാൾ): കോളേജിന്റെ ഒരു പുരാതനസന്താനമായ മി. ശങ്കരസുബ്ബയ്യങ്കാർ കഥ മി. വേലുപ്പിള്ള കണക്കാക്കിയിട്ടില്ലയോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെയോ?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെടമങ്ങാട്ടും): മി. ശങ്കരസുബ്ബയ്യർ ഒരു ഗ്രാഡുവേറല്ലാ യിരുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (രാജകീയ ആർട്ട്സ് കോളേജ് പ്രിൻസിപ്പാൾ): മി. വേലുപ്പിള്ള കോളേജിന്റെ പന്ത്രണ്ടരകൊല്ലക്കാലത്തെ ചരിത്രം സംസാരിച്ചു. അല്ലാതെ ഗ്രാഡുവേറ്റ്സിനെപ്പറ്റിയല്ലായിരുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെടമങ്ങാട്ടും): കോളേജ് എന്ന നിഷ്കൃഷ്ടമായി വിളിക്കാവുന്ന ഒരു സ്ഥാപനത്തിൽ പഠിച്ചു ഡിഗ്രിയെടുത്ത ആളുകളെപ്പറ്റിയാണ് ഞാൻ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതു്, പ്രസിഡൻസി അഥവാ ഗ്രാഡുവേറ്റ് എന്നു തരക്കാരെന്നു വന്നാലും കുഴപ്പമില്ലായിരുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, തെടമങ്ങാട്ടും): അക്കാര്യമേ ഞാൻ വിട്ടുകളയുന്നു. പക്ഷേ ഇതുമാത്രം എനിക്കു പറയാനുള്ളു. അതിനും പുറമെ, പ്രസ്തുത രാജധിയുടെ ഉടമയിൽനിന്നു തന്നെ മിസ്റ്റർ ശങ്കരസുബ്ബയ്യങ്കാരുടെ വിദ്യാഭ്യാസം നടന്നിട്ടുള്ളതു്, നമുക്കു പൂർവ്വന്മാരുടെ ചരിത്രത്തിലേക്കു കടക്കാതെ ഇരിക്കുകയും ചെയ്യാം. (ചിരി.)

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (രാജകീയ ആർട്സ് കോളേജ് പ്രിൻസിപ്പാൾ): രാജകീയകോളേജ് രാജകുടുംബത്തിന്റെ ഉദ്ഭവത്തിനുമുമ്പുള്ളതാണോ?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, തെടമങ്ങാട്ടും): മിസ്റ്റർ ശങ്കരസുബ്ബയ്യരുടെ വിദ്യാഭ്യാസം നടന്നതു് അവരുടെ കുടുംബത്തിനകത്തുവച്ചായിരുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (രാജകീയ ആർട്സ്കോളേജ് പ്രിൻസിപ്പാൾ): അവരുടെ കുടുംബത്തിനകത്തുവച്ചു് സ്ഥാപിച്ചിട്ടു്?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, തെടമങ്ങാട്ടും): മിസ്റ്റർ ശങ്കരസുബ്ബയ്യരുടെ വിദ്യാഭ്യാസം നടന്നതു് അവരുടെ കുടുംബത്തിനകത്തുവച്ചായിരുന്നു.

നമുക്കൊരു ഒരു തിരുവിതാംകൂർകാരനെ കിട്ടണമെന്നു തിരുവിതാംകൂർകാർ ആഗ്രഹിക്കുന്നുവെന്നു്, അവരുടെ മനോഭാവത്തെ ആദരിക്കേണ്ടതാണു്. അതുതന്നെയുമല്ല ഭരണകൂടത്തിനെ ഇപ്പോഴത്തെ ഘടനയനുസരിച്ചു ദിവാൻജിക്കുണ്ടായിരുന്നതിനെ അത്രയും നടക്കുന്ന ശക്തിയും മറ്റുദ്യോഗസ്ഥന്മാർ ദിവാൻ കേന്ദ്രമായ മന്ത്രിമണ്ഡലത്തിന്റെ ശോഭ വർദ്ധിപ്പിക്കുന്ന വൈഭവങ്ങളും ആണു്. ഈ കാരണങ്ങളെ ആ മണ്ഡലത്തിന്റെ കേന്ദ്രത്തിൽ ഒരു തിരുവിതാംകൂർകാരനെ വയ്ക്കുന്നു. ആ തിരുവിതാംകൂർകാരൻ ശേഷിയും സ്വരാജ്യസ്നേഹവും ഉള്ള പനായിവരികയും ചെയ്യുമാറുണ്ടെങ്കിൽ, അയാളിൽനിന്നു തിരുവിതാംകൂറിനെ ഇനിയും വലിയ കാര്യങ്ങൾ ആശിക്കാം.

മറച്ചിട്ടു പ്രയോജനമില്ലാത്ത ഒരു സത്യമുണ്ടു്. രാജ്യത്തിൽ സമുദായിക വ്യവഹാരം കുറെ കൂടിയതോതിലെന്നു പറയുകയായിരുന്നു. സമുദായങ്ങൾ തങ്ങളിൽ പോരാടുകയാണെന്നു പ്രസ്താവിച്ചുവല്ലോ. ഇപ്പറയുന്ന മത്സരമനസ്കതയില്ലെന്നു വാദിക്കുന്ന ആളുകളും ഉണ്ടായേക്കാം, എന്നാൽ തിസിസിപ്പൽ തിരഞ്ഞെടുപ്പു നടക്കുമ്പോഴോ നിയമസഭയിലുള്ള തിരഞ്ഞെടുപ്പുവക്കുകളിലോ പ്രസംഗമണ്ഡപത്തിലെ ഏതവിഷയം ജയിയ്ക്കണമെന്നു നാം കാണുന്നതായ ഒരു സംഗതിയാകണമല്ലോ. മതങ്ങളും തമ്മിലും ഈ കുട്ടിയുണ്ടു്, പ്രജാവലിയിലെ ഭിന്നവർഗ്ഗങ്ങൾക്കു പരിപൂർണ്ണമായ ഹിതൈക്യം ഉണ്ടെന്നു വിശ്വസിക്കാൻ സന്മനസ്സരല്ലാത്തവരോടു കുട്ടിയിലൊന്നാണു് ഞാൻ. എന്നാൽ ഇങ്ങനെയൊരു വിഷമമുള്ളതുകൊണ്ടു നമുക്കു ഒരു തിരുവിതാംകൂറുകാരൻ ദിവാൻജി വേണ്ടെന്നുവയ്ക്കാമെന്ന പക്ഷത്തിനോടു ഞാൻ യോജിക്കുന്നില്ല. ഈ ഭിന്നിപ്പുകൾ ഇല്ലാതാക്കി ഹിതൈക്യവും സമ്പദ്ധിയും ഉണ്ടാക്കിത്തീർക്കാൻ ചിട്ടയോടുകൂടി വേലചെയ്യേണ്ടതു ഗവണ്മെന്റിന്റെ കടമയാകുന്നു; എന്തുകൊണ്ടെന്നാൽ ഭിന്നവർഗ്ഗങ്ങളുടെയിടയിൽ ഉള്ള ഐസ്സഹ്യത്തെ പ്രോത്സാഹിപ്പിക്കുകയെന്ന വിശ്വാസ്യധർമ്മം ഗവണ്മെന്റിൽ സ്ഥിതിചെയ്യുന്നു. ബ്രിട്ടീഷ് ഇന്ത്യയെപ്പോലെ, ഇതിനേക്കാൾ വ്യുല്പത്തിയുള്ളിടങ്ങളിലും, സ്വരാജ്യത്തിനും ഹിന്ദു-മുസ്ലീം ഐക്യത്തിനും അനുകൂലമായി ആളുകൾ എത്രതന്നെ വാദിക്കുന്നുണ്ടെന്നുവരികിലും, ഒന്നിനൊന്നു കുട്ടിമുട്ടുന്ന മതാഭിമാനങ്ങളും വഴുതിയ കപടഭാവങ്ങളും സമാധാനവിഷയത്തെ അപായകരമാക്കുകയാണു ചെയ്യുന്നതെന്നു നാം കാണുന്നുണ്ടല്ലോ. തിരുവിതാംകൂറിനെപ്പോലെ വ്യാപ്തികുറഞ്ഞ ഇടങ്ങളിൽ അതു അനിഭവിക്കാം വാസ്തവമായിരിക്കും, ഈ ദൈവഭൂമിയിൽ ഉണ്ടെന്നുവയ്ക്കുക. വിദ്യാഭ്യാസമുള്ള തിരുവിതാംകൂർകാരെ മിത്രതിരുവിതാംകൂർകാരനെ ദിവാനായി കിട്ടിയാൽകൊള്ളാമെന്ന പിചാരമുണ്ടെന്നും വയ്ക്കുക. സർ, ശിവാൻജിയുടെ നിയമനം മഹാരാജാവിന്റെ പ്രത്യേകാവകാശങ്ങളിലൊന്നാണ് എന്നു ചൂണ്ടിക്കാണിച്ചുകഴിഞ്ഞിരിക്കുന്നല്ലോ. ഈ അഭിപ്രായം ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. ഈ കൗൺസിലിൽ നാം ചെയ്യുന്നതു, നിയമനങ്ങൾ നടത്തുവാൻ പ്രജകളുടെ മനോഭാവങ്ങളേയും അവരുടെ ആൾക്കൂട്ടത്തെയും കുടി ആലോചനാവിഷയമാക്കുന്നതുമാത്രം മഹാറാണി റീജന്റ് തിരുമനസ്സിനോടു കേന്ദ്രീകരിക്കുന്നതാണു് യാതൊരു കാരണവശാലും ഈ വിഭാഗത്തിനു ദിവാനായി നിയമിക്കാൻ പാടുള്ളതല്ലെന്നുള്ള വ്യവസ്ഥയുണ്ടാക്കുവാൻ അനുകൂലിയല്ല ഞാൻ. എന്തുകൊണ്ടെന്നാൽ ആകൃതിയും പ്രകൃതിയും പ്രാപ്തിയും പ്രസിദ്ധിയും കൊണ്ടു ആസ്ഥാനത്തെ അധ്യക്ഷനിക്കുന്ന മന്ത്രി മാസമൊന്നുക്കു മുവായിരമോ നാലായിരമോ രൂപാ കിട്ടിയാൽ തിരുവിതാംകൂറിലേക്കു വരാൻ തയ്യാറായിരിക്കയും അതിനുവേണ്ടുന്ന അടുക്കത്തക്ക കായ്യങ്ങൾക്കുയുക്തനുമായ തിരുവിതാംകൂറിലെ പബ്ലിക്ക് സർവീസിലോ അന്യോദ്യോഗസ്ഥന്മാരുടെ ഇടയിലോ അതേസമയത്തു ഇല്ലാതിരിക്കയും ചെയ്യുമെങ്കിൽ, ഭീരുത്വമായും ആ വിഭാഗത്തിനെ നിയമിക്കാവുന്നതാണ്, എന്നാൽ അമ്മാതിരി ഒഴിവുകഴിവുകളും നിഷ്പ്രയോജനമായും അപായകരമായും തന്നെ. പ്രജാവലിയുടെ ഇടയിൽ ഉന്മാദിതിരി മനോഭാവമുള്ളസ്ഥിതിക്കു, പുറമേ നിന്നൊരാളെ ദിവാനായി നിയമിക്കുകയാണെങ്കിൽ ഗ്രീവിലും പ്രജാസഭയിലും നിയമസഭയിലും വളരെ അതൃപ്തിയുണ്ടാകുന്നതാണ്, അതുകൊണ്ടു പ്രജാപ്രതിപരങ്ങളായ സ്ഥാപനങ്ങളും (Democratic institutions) സൃഷ്ടിച്ചു പ്രോത്സാഹിപ്പി

ച്ചുകൊണ്ടുവരുന്ന ബുദ്ധിപൂർവമായ നയത്തോടുകൂടിയ ഗവണ്മെന്റിനെ വിശേഷിച്ച ദിവാൻജിമാരുടെ നിയമന വിഷയത്തിൽ നിയമസഭ സ്വതന്ത്രമായി നിന്നുകൊള്ളുന്നതാണ്. നിശ്ചയമായ ഒരു വിശ്വാസം ഉണ്ടാകും. തിരുവിതാംകൂർ മഹാരാജാക്കന്മാർ ഓവിയിൽ ദിവാൻജിമാരുടെ നിയമനവിഷയത്തിൽ മേലാൽ ഇടപെടുക്കളായിരിക്കയും ചെയ്യുന്നതാണ്.

പ്രസിഡൻറ്: സമയത്തിനകം സംഗതി ഒത്തിപ്പിച്ചുകൊടുക്കയോ?

ടി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം, സെന്റർമെമ്പർ): ഈ വിഷയത്തിൽ ഇപ്പോൾ സമയം ചിലവിടുവാൻ ഞാൻ വിചാരിക്കുന്നില്ല. ഒരു സംഗതിക്കുമാത്രം പറയേണ്ടിയിട്ടുണ്ട്, ദിവാൻജിയുടെ നിയമനം തിരുമനസ്സിലെ പ്രത്യേകാവകാശമാണെങ്കിലും, തിരുവിതാംകൂർകാരുടെ അവകാശങ്ങളേയും സ്ഥാപിപ്പാനും പ്രജകളുടെ ആഗ്രഹങ്ങളെ വിശദമാക്കാനും ഒരു നല്ലവഴിയുണ്ട്. നിയമനത്തിനുടെ ഇടയ്ക്കായുള്ള മൂന്നു യോഗങ്ങളും ശ്രീമൂലം പ്രജാസഭയുടെ ഒരു യോഗത്തിലും വല്ലതെങ്കിലും ദിവാൻജിയിൽ വിശ്വാസമിടില്ലെന്ന അംഗങ്ങളിൽ മൂന്നിലൊരു പേരെങ്കിലും ഒന്നുചേർന്ന് പാസ്സാക്കുകയുണ്ടെങ്കിൽ മഹാരാജാവിനെ ആ ആളെ ദിവാൻ പണിയിൽനിന്നു മാറ്റിവിടാതിരിക്കാൻ, നിയമനസഭയെയല്ലെങ്കിലും, ധർമ്മബുദ്ധ്യാ നിവൃത്തിയില്ലെന്നവരുന്നതാണ്.

മി. എ. ഹഫർഫ് (ഗവണ്മെന്റ് നിയമച്ചട്ടമെമ്പർ): മഹാരാജാവിനെ "ധർമ്മബുദ്ധ്യാ നിവൃത്തിയി" ല്ലെന്ന പ്രസ്താവം ഉപയോഗിച്ചു പോയിന്റ് ഒഫ് ഓർഡർ പാസ്സാക്കണമെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

പ്രസിഡൻറ്: ധർമ്മബുദ്ധ്യാ നിവൃത്തിയില്ലെന്ന ആ ആശയം പറഞ്ഞുള്ളതല്ലോ

മി. എ. ഹഫർഫ്: (ഗവണ്മെന്റ് നിയമച്ചട്ട മെമ്പർ): ധർമ്മബുദ്ധ്യാ നിവൃത്തിയില്ലാത്തവർക്കയ്യുടെ ശരീരിക്കമായി നിവൃത്തിയില്ലാതാക്കാൻ നമുക്കു കഴിവുണ്ടല്ലല്ലോ. ഈ വാക്കുകളെ ഞാൻ നടുക്കുന്നു.

പ്രസിഡൻറ്: ഇവിടെപ്പോലും, ഒരു കുഴപ്പം ചെയ്യിക്കുന്നതിനു നിർബന്ധിക്കുവാൻ തിരുമനസ്സിനു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല (ചിരി.)

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം, സെന്റർമെമ്പർ): അങ്ങനെ പറഞ്ഞുപോയ സ്ഥിതിക്കു മിസ്റ്റർ ഹഫർഫിനോടു ഞാനും ഇത്തരം പ്രയോഗത്തെ വിചാരിക്കുന്നില്ല. നമ്മുടെസാമാന്യമായ ധർമ്മനുസരണമായോ ചുരുങ്ങിയതുള്ളടത്തോളം ധർമ്മബുദ്ധ്യാ നിവൃത്തിയില്ലായ്മയും ഉദ്ദേശിച്ചിരുന്നതാണ്.

ഒരുകാര്യംകൂടി ഉന്നിപ്പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇന്നുവരെയുള്ള ധർമ്മചിന്തയും, ഇനിയുള്ള തിരുവിതാംകൂറുകാരുടെ നമ്മുടെ ദിവാനായി കിട്ടുവാൻ നാം എത്രതന്നെ ആഗ്രഹിച്ചാലും ആവിശ്യപ്പെടുന്ന ഇടുങ്ങിയ ബുദ്ധിയിലൂടെ നോക്കുന്നതു നന്നായിരിക്കയില്ലെന്നു, ബ്രിട്ടീഷ് ഇന്ത്യയിലും മറ്റു ഇൻഡ്യൻ നാട്ടുരാജ്യങ്ങളിലും തിരുവിതാംകൂറിനെ സമർത്ഥന്മാരായ ആളുകൾ ഉദ്യോഗങ്ങളിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു മിസ്റ്റർ കുമരൻതന്നെ ഉദാഹരണത്തിനു പറഞ്ഞുവല്ലോ. ബ്രിട്ടീഷ് ഇൻഡ്യയിലും മറ്റു നാട്ടുരാജ്യങ്ങളിലേയും ആളുകൾ തിരുവിതാംകൂർകാരോടു പകരംവീട്ടാൻ തീച്ചയാണ്, തിരുവിതാംകൂർകാരെ അവരുടെ സ്വന്തം വച്ചുകൊണ്ടിരിക്കുന്ന ഭൂമിയല്ലെന്നു പറയുകയാണെന്നു വിചാരിക്കുക. അതു വളരെ ഗൌരവമേറിയ ഒന്നു സംഗതിയാണ്, അതുകൊണ്ട് ആ വിഷയത്തെ നാം സങ്കുചിതബുദ്ധിയോടുകൂടി നോക്കാൻപാടുള്ളതല്ല ശരിക്കു വേണ്ട ഗുണങ്ങളുള്ള ആളുകൾ ഉള്ളപ്പോൾ തിരുവിതാംകൂർകാരെത്തന്നെ ദിവാൻജിമാരായി കിട്ടുന്നതു സന്തോഷമായിരിക്കുമെന്നു മാത്രം നമുക്കു പറയാം. പ്രതികൂലബുദ്ധിയെ ഇളക്കിവിടാൻ ഇടയാക്കത്തക്കവണ്ണം ഇടുങ്ങിയ ആനന്ദരോദ്ദേശത്തോടുകൂടിയാണ് നാം ഇക്കാര്യത്തിൽ പ്രവർത്തിക്കുന്നതെന്നു അങ്ങു തോന്നാതിരിക്കട്ടെ. ഇൻഡ്യയുടെ ദേശീയമായ പുനഃസ്വഷ്ടിയേയും ഉദ്യോഗങ്ങളുടെ ഔദ്യോഗികാണ്ടത്തേയുംപറ്റി ഇത്ര വളരെ സംസാരമുള്ള ഈ സന്ദർഭത്തിൽ ഇക്കാരണംകൊണ്ടു തിരുവിതാംകൂറിനോടു നഷ്ടമുണ്ടാകാതിരിക്കട്ടെ.

മി. ജി. പരമേശ്വരൻപിള്ള (മനയ്യാറിൻകര): ഫാക്ടറിയിലുള്ള നിക്കിവയ്ക്കുന്നിന്നു ഒരു രൂപ കുറയ്ക്കണമെന്ന പ്രമേയത്തിന്മേൽ ഉപന്യാസത്തിനായി മാത്രം ഇത്ര വിസ്തൃതിയും പ്രാധാന്യവുമുള്ള ഒരു ചോദ്യം വാദവിഷയമായിത്തീർന്നതു നിർഭാഗ്യകരംതന്നെ. ഭരണകർത്താവിന്റെ സ്ഥിതിചെയ്യുന്ന പ്രത്യേകാവകാശങ്ങളെ ബന്ധിക്കുന്ന ഇത്തരത്തിലുള്ള ചോദ്യങ്ങളുടെ പ്രതിപാദനത്തിനു മറ്റു സന്ദർഭം അനുവദിക്കുന്നതല്ലെന്നു ആദ്യമേപറഞ്ഞുകഴിഞ്ഞിരിക്കുന്നതിനാൽ, ഇതുസംബന്ധിച്ചു ഞങ്ങൾ പറയുന്ന സംഗതികൾ, അമ്മാതിരി വിഷയങ്ങളിൽ ഭരണകർത്താവ് എന്തെങ്കിലും പ്രവർത്തിക്കുമ്പോൾ വഴികാട്ടികളായിത്തീരേണ്ടവയായ ഈ പ്രോത്സാഹനങ്ങളുടെ നല്ലവണ്ണം മനസ്സിലാക്കി നല്ലവണ്ണം ആലോചിച്ചുവച്ചിട്ടുള്ള ആഗ്രഹങ്ങളിൽ ചിലതുമാത്രമാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി. ടി. കെ. വേലുപ്പിള്ള ശരിയായി അഭിപ്രായപ്പെട്ടതുപോലെ മി. കുമരപിള്ളയുടെ ഉപക്ഷേപം ഒരാളിനേയോ ഒരു സംഘം ആളുകളുടേയോമേൽ വിദ്വേഷിത്വമെന്ന ഭാവത്തെ ആരോപിക്കുന്നതല്ല. രാഷ്ട്രഭരണത്തിൽ വിദ്വസ്സുകളും ചുമതലയുമുള്ള ഏറ്റവും യൊന്ന സ്ഥാനങ്ങളെ ഉപേക്ഷിപ്പാൻ തിരുവിതാംകൂർകാർ ആശിക്കുന്നേവേണ്ടെന്നു കഴിഞ്ഞ പല ശതവർഷങ്ങളായി നിയമനസഭയുടെ അനുഷ്ഠാനക്രമത്തിന്റെ നിഷ്കൃഷ്ടമായി സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ, നമുക്കും ഈ വിഷയത്തിൽ ചൂടുള്ളവരായിരിക്കേണ്ടുന്ന കേവലം ന്യായമാണെന്ന തത്വത്തിനുവേണ്ടിയെ ഞങ്ങൾ തർക്കിക്കുന്നുള്ളൂ. തിരുവിതാംകൂർകാരുടെ അഭിമാനത്തെ ബാധിക്കുന്ന ഒരു ചോദ്യമായിട്ടേവും അതിനെ വകവയ്ക്കാം, തിരുവിതാംകൂർകാരുടെ പ്രശംസിതമായ ബുദ്ധിശക്തിയും പൌരുഷമായുള്ളപ്രകൃതിയും വിദ്യാഭ്യാസം സമ്പാദിച്ചും എല്ലാം ദിവസേനയോടെ ഉയർന്നിട്ടും ഈ നാട്ടിലെ ഒരു സ്ഥാനവും രാഷ്ട്രഭരണത്തിൻറെ ഭാരം പേടിയിൽ കേറുന്നുവാൻ അനുവദിക്കപ്പെട്ടിട്ടില്ലതന്നെ. തിരുവിതാംകൂർകാർ ആ സ്ഥാനത്തിനു യോഗ്യരാല്ലായിരിക്കാം; മറ്റെങ്ങിടത്തോളം അവസരങ്ങൾ കിട്ടുന്നില്ലെന്നു പരാതിപ്പെടുന്നതിനു മതിയായകാരണമുള്ള പ്രാപ്തിയോടുകൂടിയ തിരുവിതാംകൂർകാരെ നമുക്കു ലഭിക്കുന്നില്ലെന്നവരാം, ഈതെന്തായ പോരായ്മയാണുള്ളതെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു, അവരുടെ ആശയങ്ങൾ പുറമേയും ഉയർന്ന സ്ഥാനത്തെത്താറിരിക്കത്തക്കവണ്ണമാണ് നിങ്ങൾ തിരുവിതാംകൂർകാരോടു പെരുമാറിപ്പോന്നിട്ടുള്ളതു്. ഒരു സബ്ഡിവിഷനിൽനിന്നു ഒരു ഡിപ്പാർട്ടുമെണ്ടിൽനിന്നോ തഥവനാകാരണം അവരുടെ അഭിമാനാർഹമായ ഉദ്യോഗത്തെ ഉപേക്ഷിച്ചു കളഞ്ഞിട്ടുള്ള അനുഭവമാണ്; അതുകൊ

ണ്ടതെന്നാണ് അവരോടുള്ള ചില ശരാശരിക്കാരിൽ നിന്നിട്ടുള്ള രീതിയിലും അവരെ മനസ്സിലാക്കുന്നതിനുള്ള പ്രയത്നപ്പുറമുള്ള ശ്രേഷ്ഠിന്റെ ഇല്ലായ്മയിലുമുള്ള പ്രയാസമാണ്. അന്യസംസ്കാരങ്ങളെ കയ്യേറ്റപ്പെടുന്നതും സ്ഥാനവലുപ്പവും ഉള്ളവരും, മറ്റുള്ളവരെ ചിലപ്പോൾ അടിച്ചമർത്തുകയും ചെയ്തിട്ടുള്ള ബ്രിട്ടീഷ് ഇൻഡ്യയിലെ പോസ്റ്റുമാസ്റ്റർ ജനറൽ ശ്രീമതി അഭിനന്ദിക്കുന്നു തിരുവിതാംകൂർ, തിരുവിതാംകൂർകാർക്കുവേണ്ടി അടുത്ത പിള്ളയ്ക്കുണ്ടായ അർഥവും ഒന്നുമില്ലായ്മയിൽ നിന്നു ഉണ്ടായതാണെന്ന് ഉചിതവുമായ നിലയിലുള്ള അഭിപ്രായങ്ങളുടെ യഥാർത്ഥ കാരണം, അതുകൊണ്ട്, ഏറ്റവും അഭിനന്ദിച്ചിരിക്കുന്നു.

മി. എ. ഹ്യൂഗർഫ (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): കേരളത്തിൽ, കേരളത്തിൽ ഇല്ലായ്മയും അഭിനന്ദിക്കപ്പെട്ടിട്ടുണ്ടെന്ന ആരോപണമുണ്ടായതെന്നു ഞാൻ മനസ്സിലാക്കുന്നു, സർ, അതു ഞങ്ങളുടെ സമ്മേളനത്തിൽനിന്നു വന്നിരിക്കയായിരിക്കും.

മിനസുരുമുതൽ തന്നെ തിരുവിതാംകൂർകാരുടെ ഇടയിൽ പോരാടിക്കൊണ്ടിരിക്കുന്നതാണ്. ദാരിദ്ര്യത്തിലെ നാനാതരം ഭയാശങ്കകളും തമ്മിൽ പരിപൂർണ്ണമായ ഹിതരക്ഷ ഇതുവരെ പ്രസ്താവിച്ചിട്ടുണ്ടായിട്ടില്ല. അതു ചിലപ്പോൾ ശരിയാണെന്നുള്ളതിനു സംശയമില്ല. എന്നാൽ തിരുവിതാംകൂർകാരുടെ മാർഗ്ഗത്തിൽനിന്നു് അവരുടെ ന്യായമായ അവകാശങ്ങളെ ഒഴിച്ചുവയ്ക്കുന്നതുകൊണ്ടും ആ ഒരു ലക്ഷ്യത്തെ യഥാർത്ഥമാക്കുന്നതിലേക്കു സഹായിച്ചുകൊടുക്കുന്നതായ ഒരു യുക്തിയായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ നമുക്കു പുറമേനിന്നു് ഒരാളെ കിട്ടുമെങ്കിലും ആ ആളും തിരുവിതാംകൂറിൽ പോർചെയ്യുകൊണ്ടിരിക്കുന്ന ദിനസുരുടയേക്കുറിച്ചു വേതിലകിലും ഒന്നിൽ ഉൾപ്പെട്ടു നാമായിരിക്കുന്നതിൽ നിവൃത്തിയില്ല. ബ്രിട്ടീഷ് ഇൻഡ്യയിലെ സ്ഥിതി അതല്ല- അവിടെ ക്ലിനിക്കൽ സ്വാധീനത്തെക്കുറിച്ചുള്ള യൂറോപ്യൻ അഭിപ്രായത്തിലുള്ള മാറ്റത്തെ ഇടിയുടെ സമൂഹത്തിലെ പെട്ടവനല്ല.

പ്രസിഡണ്ട്. ബ്രിട്ടീഷ് ഇൻഡ്യയിൽ യൂറോപ്യൻസമൂഹമായിട്ടില്ല, മി. പരമേശ്വരൻപിള്ള.

മി. കെ. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): പോർചെയ്യുന്ന സമൂഹമായിരിക്കുന്നതിൽ സമൂഹമെപ്പോൾ പ്രയോഗക്കുമ്പോൾ യൂറോപ്യൻസമൂഹമായ അവിടത്തെ ഒരു സമൂഹമായിട്ടില്ല. ബ്രിട്ടീഷ് ഇൻഡ്യയിലെ ചേരിക്കളും മഹമ്മദീയരുംതമ്മിലും, ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിലും ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അവിടത്തെ വിഷമം ഉദ്യോഗങ്ങളെ പൂർണ്ണമായി ഇൻഡ്യാക്കാരെക്കൊണ്ടു നിറയ്ക്കുന്നതിനുള്ള അസൗകര്യമാണ്, അല്ലാതെ വിദേശത്തെ തിരുവിതാംകൂറിലില്ല. അതുകൊണ്ട് ആ ചോദ്യത്തെ അകാരണവും അനാവശ്യവുമാണെന്നതാണ്.

ടി. ആർ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുങ്ങാടും): വെള്ളക്കാരുടെ നിലനിൽപ്പിനുള്ള നമ്മുടെ നിലനിൽപ്പിനുവേണ്ടിയും ഒരു യൂറോപ്യൻസമൂഹത്തെ നിയമിക്കണമെന്നു പല മെമ്മോറാണ്ടങ്ങളിലും നിയമനിർമ്മാണസഭയിൽ ഗവർണ്ണരുടെ മുമ്പിലേയും പ്രസ്താവിച്ചിട്ടുണ്ടു്. മി. പരമേശ്വരൻപിള്ള ഓർക്കുന്നില്ലയോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെയോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആ ചോദ്യവും പ്രസ്തുതവിഷയവുമായി യാതൊരു ബന്ധവുമില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുങ്ങാടും): അതു നിർഭാഗ്യമാണെന്നു് അറിയുക.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാൻ അതിനെപ്പറ്റി എനിക്കുള്ള അഭിപ്രായം പറകമാത്രമാണു ചെയ്യുന്നതു്; എന്നോടുള്ള ചോദ്യത്തിനു ഉത്തരം പറയാൻ എനിക്കു സ്വാതന്ത്ര്യമില്ലെന്നുവരികയുമില്ലല്ലോ. ആ ചോദ്യത്തിനു മറുവഴിക്കും ഇവിടെ പ്രസക്തിയില്ലെന്നു ഞാൻ പറയുന്നു.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): മി. റോബിൻസൺ ഒരിക്കൽ പറഞ്ഞുശേഷിയുള്ള ആളാണെന്നു കാണുകയാണല്ലേ അങ്ങനെ ഒരു പ്രസ്താവമുണ്ടായതു്?

പ്രസിഡണ്ട്. മി. പരമേശ്വരൻപിള്ള മി വേലുപ്പിള്ളയുടെ ചോദ്യത്തിനു ഇനിയും മറുപടി പറഞ്ഞുകഴിഞ്ഞിട്ടില്ല. അതുകൊണ്ടു ആ ആളിനോടു നിങ്ങൾക്കു ഒരു ചോദ്യംകൂടി ചോദിക്കാൻപാടില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതുതന്നെയാണ് ഞാനും പറഞ്ഞതു്. തിരുവിതാംകൂർകാരെ ദിവാൻപദവിയിൽനിന്നു ഒഴിച്ചുനിർത്തുന്നതിനു സമുദായമാത്സര്യമുള്ള കുപ്രചരണത്തെ ഒരു കാരണമായി പറയപ്പെടുന്നതല്ല. മി. റോബിൻസനോ വേറെ വിദ്വാന്മാരോ ആ പ്രസ്താവനയെഴുതിക്കൊടുത്തു നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതു് ആ പ്രത്യേക പോയിന്റിലുള്ള പ്രാപ്തിക്കുറവുകൊണ്ടായിരിക്കാം. നാം പൊതുവേയുള്ള ഒരു ചോദ്യത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നതു്, ഒരു പ്രത്യേക നിയമനിർമ്മാണത്തെക്കുറിച്ചല്ല. ഭരണാധികാരം തിരുവിതാംകൂർകാരെ ഏല്പിക്കാൻ പാടുള്ളതല്ല എന്നതല്ല തീരുമാനം, അതുകൊണ്ട്, അങ്ങനെ കുറേനാളായിട്ടുള്ളതുകൊണ്ടു് ഇടയ്ക്കെന്തെങ്കിലും നിർഭാഗ്യകരമായതെന്നു ഞാൻ പറഞ്ഞു. നമ്മുടെ ഈ സ്ഥിതി കഴിഞ്ഞ പല മുപ്പതുവർഷങ്ങളായി നമുക്കു അതിനനുയോജ്യമായ അവസരം കിട്ടാതെപോയതിന്റെ ഫലമാണ്, ഞങ്ങൾ മുമ്പിലത്തെപ്പോലെതന്നെ ഞങ്ങളെ തിരിയെ ആ നിലയിലേക്കുകൊള്ളാമെന്നോ ഞങ്ങൾ ആഗ്രഹിക്കുന്നു, ഇവയെയൊക്കെ ഭരണകർത്താവിന്റെ ഏതുപ്രോചനക്കുറവിനെ ഞങ്ങൾ ബോധിപ്പിച്ചുകൊള്ളുന്ന വസ്തുതകൾ മാത്രമാണ്.

സർ, എക്സിക്യൂട്ടീവ് കൌൺസിലിനെക്കുറിച്ചുള്ളതായ മറ്റൊരു ചോദ്യത്തെസംബന്ധിച്ചു, ആ ചോദ്യം ഇപ്പോഴത്തെ ഒരു ചുറ്റുപാടിയ പ്രതിപാദനംകൊണ്ടു തീർത്തതല്ല. ആ ചോദ്യം സന്തുലമായും ക്ലേശകരമായും പ്രതിപാദിക്കപ്പെടേണ്ടതാണ്. എന്നാൽ നിർഭാഗ്യവശൽ ഇവിടെ അതിനു സൌകര്യമില്ലാതെയാണ് വന്നിരിക്കുന്നതു്. രണ്ടോ മൂന്നോ പുതിയ ഉദ്യോഗസ്ഥന്മാരെക്കൂടിയ ഒരു എക്സിക്യൂട്ടീവ് കൌൺസിലുണ്ടായതുകൊണ്ടു യാതൊരുപ്രയോജനവുമുണ്ടാവാനില്ലെന്നുള്ള മിസ്സർ മാധവരായരുടെ അഭിപ്രായത്തെ അപ്പടി ശരിവയ്ക്കുമാത്രമേ ഞാൻ ചെയ്യേണ്ടതായിട്ടുള്ളൂ. ദിവാൻജിയോടു ഉദ്യോഗസ്ഥന്മാരായ രണ്ടോ മൂന്നോ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയല്ല ഇവിടെ വേണ്ടതു്. (കേൾക്കുവിൻ കേൾക്കുവിൻ) നിയമസഭയോടു് ഉത്തരംപറയാൻ കടപ്പെട്ടുള്ള എക്സിക്യൂട്ടീവ് സംഘത്തെയാണ് ഇവിടെ ആവശ്യപ്പെടുന്നതു്. അതാണ് ഞങ്ങളുടെ വാക്ക്, ഞങ്ങളുടെ അ

ദർശം പ്രാതിനിധ്യം വഹിക്കുന്ന സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥനെത്തെ പ്രാപിക്കണമെങ്കിൽ അതിനു അയാളുടെ വേണ്ടതായ ഘടകങ്ങൾ ഇന്നവരെയുള്ള മറക്കാൻപാടില്ല എന്നേ ഞാൻ താഴ്മയായി അറിയിച്ചു കൊള്ളുന്നുള്ളൂ. ജീവൻ പോണമെങ്കിലും ഒഴിക്കാൻ പാടില്ലാത്തതായ മൂല്യതുക്കൾ കൂടാതെയുള്ള പ്രതിനിധിസ്ഥാപനങ്ങളുടെ രൂപവും നാമവും കൊണ്ടു് അശേഷം ഗുണമുണ്ടാകുമെന്നു തോന്നുന്നില്ല. എക്സിക്യൂട്ടീവ് സംഘത്തിനെ ഈ യോഗത്തിനോടു ഉത്തരവാദിത്വമുള്ളതാക്കിത്തീർക്കണം. ഉള്ളിൽ സ്ഥാനം പ്രജാധർമ്മമോ പ്രതിനിധിഭരണമോ ആകണമെങ്കിൽ അതിനെ ഘടനയ്ക്കുള്ള വഴികൾ തെളിച്ചുവെട്ടുകയും ഇങ്ങനെ ചെയ്യുന്നതിൽ മൌലികതത്വങ്ങളേയും പ്രധാനാംശങ്ങളേയും മറക്കാതിരിക്കയും ചെയ്യണമെന്നേ. അതുകൊണ്ടു് ഒരു എക്സിക്യൂട്ടീവ് കൌൺസിൽ സൃഷ്ടിക്കുന്നപക്ഷം അതിനെ നിയമസഭയോടു ഉത്തരവാദിത്വമുള്ളതാക്കിത്തീർക്കണമെന്നാണു് ഞങ്ങളുടെ താഴ്മയായുള്ള പക്ഷം.

മി., ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ്സെക്രട്ടറി). സർ, രാജ്യത്തിലെ ദിവാൻസ്ഥാനത്തെക്കുറിച്ചു നിയമിക്കുന്ന നയത്തെപ്പറ്റിയും ഒരു എക്സിക്യൂട്ടീവ് കൌൺസിൽ സൃഷ്ടിക്കേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ചും യോഗത്തിന്റെ ഉദ്ദേശത്തിനു പുറപ്പെട്ട അഭിപ്രായങ്ങളെ സംബന്ധിച്ചുടനേയും പ്രസിഡണ്ടു പദത്തിൽനിന്നു ഒന്നുംതന്നെ കൂട്ടിയുലയിച്ചു എനിക്കു പറയാനില്ല. അതായതു്, അവ മഹാറാണി റിജന്റു തിരുമനസ്സിലെ പ്രത്യേകം പക്ഷങ്ങളിൽ ഉൾപ്പെട്ടതും കൌൺസിലിൽ അവയെപ്പറ്റി പ്രതിപാദിക്കുന്നതു സാധ്യമല്ലാത്തതും ആകുന്നു. എന്നാൽ പ്രസ്തുതവിഷയങ്ങളെക്കുറിച്ചു ദോഷദർശിൽ പ്രസ്താവിച്ചിട്ടുള്ളതെല്ലാം റിജന്റുതിരുമനസ്സിലെ ശ്രദ്ധയിലേയ്ക്കു യോഗ്യമായി ചെയ്തിരിക്കുന്നതാണെന്നു യോഗത്തിനോടു ഞാൻ ഏറ്റവും പറയാം.

വിദേശീയ ദിവാൻജിമാർ കൈയ്യേറ്റം ചെയ്യുന്നതായും ചെയ്യാൻപിടിച്ചുപോയതായും പറയപ്പെട്ട പല സംഗതികളും പറഞ്ഞുകൊണ്ടുള്ള പ്രസ്താവങ്ങൾ ഞാൻ വിചാരിക്കുന്നില്ല.

ഈ രാജ്യത്തെ ജനങ്ങളുടെ വിപരീതമായി ചില പദ്ധതികൾക്കുവേണ്ടി ചിലർ അനുവദിച്ചിട്ടുണ്ടെന്നു മിസ്റ്റർ കുമാരപിള്ള പറയുകയുണ്ടായി. പദ്ധതികളും ഇന്നവയെന്നു ക്ലിപ്തപ്പെടുത്തി പറഞ്ഞിട്ടില്ലാത്തതിനാൽ അവയെപ്പറ്റി പ്രതിപാദിപ്പാൻ എനിക്കു നിവൃത്തിയില്ലാതിരിക്കുന്നു.

കൊച്ചിണ്ണൂറുവയസ്സംബന്ധിച്ചു മല്ലാസ്ഗവണ്മെൻറ പ്രസിദ്ധപ്പെടുത്തിയതും നമ്മുടെ ഗവണ്മെൻറ ഗസറ്റിൽ പകർത്തി പ്രസിദ്ധപ്പെടുത്തിയതും ആയ പ്രസ്താവനയിൽ മിസ്റ്റർ കുമാരപിള്ള വായിച്ചിട്ടുണ്ടോ എന്നു് എനിക്കു് അറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും). അതു ഞാൻ വായിച്ചിട്ടുണ്ടു്.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ ചീഫ്സെക്രട്ടറി). കൊച്ചിണ്ണൂറുവസ്തുതിൽ നാം ചേരുകൊള്ളുകയാണെങ്കിൽ അതുകൊണ്ടുള്ള ലാഭത്തിനേർ ഒരു ഓഹരിക്കു നാം അവകാശികളായിത്തീരുന്നതെങ്ങനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. ജീ. പരമേശ്വരൻപിള്ള (കണ്ടുററിൻകര). ആ ചോദ്യത്തെക്കുറിച്ചു ഈ രീതിയിൽ പ്രതിവാദിക്കാമോ എന്നതന്നെ എനിക്കറിഞ്ഞുകൊള്ളാം. അനുവദിക്കയാണെങ്കിൽ വേറൊരവസരത്തിൽ അതിനെക്കുറിച്ചും ആലോചിക്കേണ്ടതായിവരും.

പ്രസിഡണ്ടു്. ആ ആരോപണത്തിനെപ്പറ്റി പ്രതിപാദിക്കേണ്ടുന്ന ആവശ്യമില്ല. ഒരു എടപാടിനു മുന്നു കക്ഷികളുണ്ടായിരിക്കയും ലാഭം കിട്ടുന്നതു് അവർക്കുമിടയിൽ പകുത്തുകൊള്ളുമെന്നു സമ്മതിക്കയുംചെയ്യുമ്പോൾ അതിൽ ഒരു കക്ഷിക്കും ചിലവുകഴിച്ചു ബാക്കിവരുന്ന ലാഭത്തിലല്ലാതെ ആകെയുള്ള ലാഭത്തിൽനിന്നു ഒരു പങ്കിനു അവകാശമില്ലാത്തതാകുന്നു എന്ന സംഗതി ചൂണ്ടിക്കാണിക്കേണ്ടതായിവരുന്നതേയുള്ളൂ.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ ചീഫ്സെക്രട്ടറി). സെക്രട്ടേറിയെറ്റും എക്സിക്യൂട്ടീവ് ഡിപ്പാർട്ടുമെൻറുകളും തമ്മിൽ തടസ്സമറ ഒരു ഉദ്യോഗപ്രവാഹമില്ലെന്നാണ് മിസ്റ്റർ കുമാരപിള്ള പ്രസ്താവിച്ചതു. വേറൊരു സംഗതി സെക്രട്ടറിയേറ്റിലേയും ആ സാങ്കേതിക്കങ്ങളായ എക്സിക്യൂട്ടീവ് ഡിപ്പാർട്ടുമെണ്ടുകളിലേയും ഉദ്യോഗസ്ഥന്മാരുടെയും സ്ഥാനം മാറിപോകലയാക്കാതെ ഉദ്യോഗസ്ഥന്മാരുടെ അഭ്യുദയാദരമുള്ള ഒരു വകുപ്പാണു് അസാധ്യമാണെന്നു കൌൺസിലിൽതന്നെ മുൻപൊരിക്കലഞാൻ പ്രസ്താവിച്ചിട്ടുണ്ടെന്നാണു എൻറെവിശ്വാസം. ഈ രണ്ടുദ്യോഗസ്ഥന്മാരുടെ സ്ഥാനം മാറിപോകയെന്നതു സംഗതി ഗവണ്മെൻറാലോചനയിൽ ഇരിക്കുന്നതേയുള്ളൂവെന്നും.

മി. എ. കെ. വാൻറോസ് (ഏജൻസ്സ് കമ്മീഷണർ). ഞാൻ ചിലവാക്കുകൾ പറഞ്ഞുകൊള്ളട്ടയോ?

പ്രസിഡണ്ടു്. സമ്മതമില്ല.

മി. ടി. കുമാരപിള്ള (ഇരണിയലും വിളവങ്കോടും). ദിവാൻജിമാരെ നിയമിക്കേണ്ടതും എക്സിക്യൂട്ടീവു കൌൺസിൽ സ്ഥാപിക്കേണ്ടതും രാജാധികാരത്തിൽ ഉൾപ്പെട്ടതാണെന്നു എനിക്കറിയാം. അധികാരത്തിൽ ഉൾപ്പെട്ട സംഗതികളിൽ ആക്ഷേപിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടത്തെ രാജാംഗത്തെ ഇവിടത്തെ ജനങ്ങൾ പിതൃതുല്യമായിട്ടാണു് കരുതിപോരുന്നതു്. ജനങ്ങളുടെ ആവശ്യങ്ങളും അപേക്ഷകളും രാജസന്നിധാനത്തിൽ അറിയിക്കണമെന്നുള്ള ജനങ്ങളുടെ ആഗ്രഹം പൊതുവിലായിട്ടുള്ളതാണു്. സ്വദേശീയരെ ദിവാൻജിമാരായി നിയമിക്കുന്നകാര്യത്തിലും എക്സിക്യൂട്ടീവ് കൌൺസിൽ സ്ഥാപിച്ചുകിട്ടുന്നകാര്യത്തിലും നിയമസഭയിൽ പ്രതിപാദിക്കാൻ പാടില്ലെന്നവരുണ്ടാകുന്നു. സ്വദേശീയ ദിവാൻജിമാരെ നിയമിക്കേണമെന്നുള്ള കാര്യത്തിലും എക്സിക്യൂട്ടീവ കൌൺസിൽ നിയമിച്ചുകിട്ടേണമെന്നുള്ള കാര്യത്തിലും രപപാതജനങ്ങൾക്കു എത്രത്തോളം താല്പര്യമുണ്ടെന്നുള്ളതു രാജസന്നിധിയിൽ അറിയിക്കുന്നതിനു ഈ അവസരത്തെ ഉപയോഗപ്പെടുത്തി എന്നേയുള്ളൂ.

സ്വദേശീയ ദിവാൻജിമാരെത്തന്നെ നിയമിക്കണമെന്നു പറയുന്നതിനു എങ്ങനെ പ്രേരിപ്പിച്ചിട്ടുള്ള കാരണങ്ങൾ എൻറെ പ്രസംഗമദ്ധ്യത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ഈ രാജ്യത്തുള്ള ജനങ്ങളുടെ അവകാശത്തേയും അഭിമാനത്തേയും രക്ഷിക്കുന്നതിനായിട്ടാണെന്ന വിണ്ടും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇവിടത്തെ ജനങ്ങളുടെ വിദ്യാഭ്യാസത്തിലേക്കായി ആണ്ടുതോറും നാല്പതുലക്ഷം രൂപയോളം ചിലവാക്കിവരുന്നു. വിദ്യാഭ്യാസത്തിൽ ഇവിടത്തെ ജനങ്ങൾ മുന്നണിയെ പ്രാപിച്ചുനിൽക്കുന്നു. എന്നിരുന്നിട്ടും ഈനാട്ടിനെ അഭിവൃദ്ധിയിലേയ്ക്കു നയിക്കുന്നതിനു ഇവിടെ ആളില്ലെന്നവരുന്നു ഇവിടത്തെ ജനങ്ങൾക്കു ഏറ്റവും അഭിമാനക്ഷയമായിട്ടാണു ഞങ്ങൾ കരുതുന്നതു. ഇവിടത്തെ ദിവാൻപദം അതിലേക്കുതുപയോഗം യോഗ്യനമായ ഏതു മതസ്ഥനും കൊടുക്കുന്നതിൽ

എനിക്കുദ്ദേശമില്ല. ഇവിടെയുള്ള ജാതിസ്പർദ്ധയെപ്പറ്റി എന്റെ സ്നേഹിതന്മാരിൽ ചിലർ പ്രസ്താവിക്കയുണ്ടായി. ജാതിസ്പർദ്ധയിൽ നിന്നുള്ള പ്രധാനമായ ചട്ടങ്ങളെപ്പറ്റിയാണ്. അതിനുള്ളകാരണം ഉദ്യോഗസ്ഥാപനത്തിനുള്ള മത്സരമാണ്, ഇവിടെയുള്ള നാല്പതുലക്ഷത്തിൽപരം ജനങ്ങൾക്ക് ഇവിടത്തെ പബ്ലിക്കുസർവീസിൽ പത്തമ്പതുരൂപ ശമ്പളം ഉദ്യോഗങ്ങളിലുള്ളവരാണ് തോന്നുന്നത്. ആകെ ഉദ്യോഗങ്ങൾ കിട്ടുന്നതിലും ഉദ്ദേശിച്ചെങ്കിലും ജനങ്ങൾക്ക് വിദ്യാഭ്യാസമുണ്ടായിരുന്നാൽ അവർക്കു കിട്ടേണ്ടതും നിഷ്പ്രയാസമായ പബ്ലിക്കുസർവീസാണ്. ഉദ്യോഗസ്ഥാപനത്തിൽ വന്നുകൂടുന്നതായ ജാതിമത്സരത്തിനു കാരണമുണ്ടായിട്ടുണ്ടോ എന്നു എനിക്കു സംശയമാണ്.

വിദ്യാഭ്യാസവിഷയത്തിലും സ്വദേശീയ ദിവാൻജിയായാലും, പല കാരണങ്ങളാലും വന്നുകൂടിട്ടുള്ള ജാതിസ്പർദ്ധയെ എടുത്തുപേർത്തുപറയുന്നതല്ല. മേലുദ്യോഗികളിലും അങ്ങനെ വരുത്തിത്തീർക്കുന്നതിനും ഉദ്ദേശിച്ചാണ് ആയതു പറഞ്ഞുപുകഴ്ത്തുന്നതെന്നാണ് സ്വദേശീയദിവാൻജിമാർ വേണ്ടാത്തവർ ഞാൻ പറയുന്നത്.

വിദേശീയദിവാന്മാരോടു എനിക്കുദ്ദേശം ബഹുമാനക്കുറവില്ല. അനേകം വിദേശീയ ദിവാൻജിമാരെ എനിക്കടുത്തറിയാനുള്ള സംഗതിയുണ്ടായിട്ടുണ്ട്. അവർ ചെയ്തിട്ടുള്ള ഒരോ പ്രവർത്തികൾക്കും ജനങ്ങൾ നന്ദിയുള്ളവരാണ്. എന്നുതന്നാലും, അവർ പലപ്പോഴും ഭരണനൂനതകളും വരുത്തിട്ടുണ്ടെന്നുള്ളതും പറയാതിരിക്കാൻ തരമില്ല. അതിപ്രയോഗത്തെ ഞാൻ കുറച്ചുപ്പെട്ടുത്തുന്നതിനെക്കാൾ അതിപ്രയോഗത്തെ പ്രോത്സാഹിപ്പിച്ചിട്ടുള്ള അവരുടെ നിലയുടെ വൈഷമ്യത്തെയാണ് ഞാൻ കുറച്ചുപ്പെട്ടുത്തുന്നത്. അതിനാൽ ആ വക വൈഷമ്യങ്ങളെ തീർത്തു രാജ്യക്ഷേമം വർദ്ധിപ്പിക്കാനുള്ള സൌകര്യം മഹാരാജനസ്സിലെ ഗവർണ്മെൻറിനുണ്ടെന്നാണ് ഞാൻ ഇപ്പോൾ പ്രസ്താവിച്ചുകൊള്ളുന്നത്. ഈ സംഗതികളെ കൌൺസിലിന്റെ ഗൌരവമായ ആലോചനയ്ക്കു വിഷയമാക്കണമെന്നുമാത്രമേ എനിക്കു വിചാരമുള്ളു. അതു സാധിച്ചിരിക്കുന്ന സ്ഥിതിക്കു ഞാൻ ഈ പ്രമേയത്തെ പിൻവലിക്കുന്നു.

(പ്രമേയം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു)

പ്രമേയം ക൪ക.

മി. എൻ. രാമകൃഷ്ണപിള്ള (വയ്ക്കവും ഏറനാടുതാലൂക്കും): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയുള്ളുന്നു.

"നിയമസഭയ്ക്കായി നിക്കിവച്ചിട്ടുള്ള ൬൫,൫൦൦ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കുന്നതിനു"

കൌൺസിലെ ജോലികളുടെ നടത്തിപ്പിനെക്കുറിച്ചു അതു പ്രധാനമല്ലാത്ത ഒന്നുരണ്ടു സംഗതികളെ എനിക്കു സൂചിപ്പിക്കേണ്ടതായിട്ടുള്ളു.

ക്ലർക്കുചോല്യങ്ങൾ ചോദിക്കുന്നതിനുള്ള അവകാശം പ്രധാന ചോല്യങ്ങൾ ചോദിക്കുന്നവർക്കു മാത്രമായിരിക്കരുതെന്നുള്ളതാണ് ഒന്നാമതായിട്ടുള്ളതു. കൌൺസിലിൽ മറുപടിപറയേണ്ടിട്ടുള്ള ഏതു ചോല്യത്തിന്റെയുടെയും മറ്റു ചോല്യങ്ങൾ ചോദിക്കുന്നതിനു എല്ലാ മെമ്പറന്മാരേയും അനുവദിക്കുന്നവിധത്തിൽ ക൪ശ്ശം ചട്ടം ഭേദപ്പെടുത്തേണ്ടതാണ്.

മെമ്പറന്മാർ ഹാജരാകുന്നതിനു നിർബന്ധിക്കുന്നതിനും ജോലികൾ തപ്പെടുന്നു തീർക്കുന്നതിലേക്കുമായി സിലക്ട് കമ്മറിയുടെ യോഗങ്ങളെസംബന്ധിച്ചുള്ള നിയമങ്ങളെ ക്ലൃപ്തമായ കർശനമാക്കണമെന്നാണ് അടുത്ത സംഗതി. സിലക്ട് കമ്മറിയുടെ റിപ്പോർട്ട് കഴിയുന്നത്ര വേഗത്തിൽ സമർപ്പിക്കേണ്ടതാണ്.

പ്രയോഗത്തിൽ കൊണ്ടുവന്നിട്ടില്ലാത്ത ഒന്നോ രണ്ടോ പ്രമേയങ്ങളെപ്പറ്റി ന്യായാനുസാരമായി പരാതിപ്പെടേണ്ടതുണ്ട്.

അനുദ്യോഗസ്ഥമെമ്പറന്മാർക്കു അവർക്കു പ്രതിപാദിക്കാനുള്ള വിഷയങ്ങളെ വേണ്ടപോലെ പഠിക്കുന്നതിനു ആവശ്യമുള്ള വിവരങ്ങൾ കൊടുക്കേണ്ടതിന്റെ ആവശ്യകതയേയും ഞാൻ സൂചിപ്പിച്ചുകൊള്ളുന്നു. അനേകം കമ്മറികളുടെ റിപ്പോർട്ടുകൾ ഇടയ്ക്കിടയ്ക്കു ഗവർണ്മെൻറ്പ്രസിദ്ധീകരണങ്ങൾ ആകാവുന്നതു എളുപ്പത്തിൽ അവർക്കു അയച്ചുകൊടുക്കേണ്ടതാണ്. അമ്മാതിരി പ്രസിദ്ധീകരണങ്ങൾക്കായി ആവശ്യപ്പെടുമ്പോൾതന്നെയും അവരുടെ പ്രിവിലെജ്ജുകൾ ഞാൻ ഗവർണ്മെൻറു തയ്യാറാണെന്നു ഞങ്ങൾക്കറിയാം. എന്നാൽ നിയമേതരമായി അവയെല്ലാം മെമ്പറന്മാർക്കു അയച്ചുകൊടുക്കണമെന്നുള്ള മനസ്സുകൊണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. "മൈസൂർ ബ്ലൂബുക്കുകൾ" മിനെപ്പോലെയുള്ള ഒരു പ്രസിദ്ധീകരണം അനുദ്യോഗസ്ഥമെമ്പറന്മാർക്കും പൊതുജനങ്ങൾക്കും നാളുമുപകരയുള്ള സകല വിവരങ്ങളും അറിയിച്ചുകൊടുക്കുന്നതിനു ഉപയുക്തമായിരുന്നേക്കാം. ലെജിസ്ലേറ്റീവ്പ്രസക്ഷനിൽ നല്ല ശേഷിയുള്ള ഉദ്യോഗസ്ഥന്മാർ നമുക്കുണ്ട്. അവരെ ആ ജോലി ഏൽപ്പിക്കാവുന്നതാണ്. ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും അറിയിക്കുന്നതിലേക്കും സഭാ സന്നദ്ധന്മാരായിരുന്നിട്ടുള്ള ലെജിസ്ലേറ്റീവ്പ്രസക്ഷനിലെ ഉദ്യോഗസ്ഥന്മാരേയും റിപ്പോർട്ടന്മാരേയും ന്യായമായി പ്രശംസിക്കുന്നതിനു ഞാൻ ഈ അവസരത്തെ ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

കൌൺസിൽ ലൈബ്രറി വളരെ വളർന്നിട്ടുണ്ട്; എന്നാൽ അതിനൊരു സ്ഥലം കണ്ടുപിടിക്കുക എന്ന ചോല്യത്തിനു ഉത്തരം പറയേണ്ടതായിട്ടാണിരിക്കുന്നതു. ക്ലർക്കുയാലോചനയ്ക്കു പൊതുകവ ഒരു മറിയും യോഗം കൂടിയിരിക്കുമ്പോഴത്തെ ആവശ്യത്തിനു അതികിൽത്തന്നെ ഒരു റൈഫറൻസ് ലൈബ്രറിയും ഇല്ലാത്തതിന്റെ ക്ലേശം അനുദ്യോഗസ്ഥമെമ്പറന്മാർ നല്ലവണ്ണം അനുഭവിക്കുന്നുണ്ട്. കൌൺസിൽ ചേംബറിനെക്കുറിച്ചുള്ള ചോല്യം, പണമില്ലാത്തതുകൊണ്ടു, പിന്നെയും മുറവിളയ്ക്കുണ്ടായിട്ടാണ് വന്നിരിക്കുന്നതു. ഈ കൌൺസിലിനും പ്രജാസഭയ്ക്കും ചേരുന്നവിധത്തിൽ ഒരു കെട്ടിടം ഉണ്ടായിരിക്കണമെന്നുള്ളതു ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതിയത്രേ. അതു, ഈ കൌൺസിലിന്റെ നിർമ്മാതാവും പ്രജാസഭയുടെ പേരിനർഹനുമായ ആ മഹാരാജാവിന്റെ ഒരു ഉചിതസ്മാരകമായിരിക്കുന്നതാണ്.

ഉത്തരവാദിത്വമുള്ള ഒരു എക്സിക്യൂട്ടീവ് കൌൺസിലിന്റെ സ്ഥാപനംകൊണ്ടു നിയമസഭയെ പരിഷ്കരിക്കുക എന്ന പ്രധാനസംഗതി കാലേക്കൂട്ടിത്തന്നെ ആലോചനയ്ക്കുപാത്രമാകേണ്ടതാണ്.

മി. ആർ. കൃഷ്ണപിള്ള (ഗവർണ്മെൻറ് ചീഫ്സെക്രട്ടറി): സർ, മറുപടിയായി എനിക്കു വളരെ കുറച്ചു പറവാനുള്ളു. എക്സിക്യൂട്ടീവ് കൌൺസിലിന്റെ സ്ഥാപനത്തെക്കുറിച്ചു് എനിക്കു പറവാനുള്ളതു ഞാൻ പറ

അയുകഴിഞ്ഞിരിക്കുന്നു. എന്റെ സ്നേഹിതൻ മി. രാമകൃഷ്ണപിള്ള സൂചിപ്പിച്ച മറ്റുസംഗതികളും മുന്നു ആലോചനയ്ക്കുട്ടിക്കുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ലെജിസ്ലേറിവ് സെക്ഷനിലെ ജോലിയെ സംബന്ധിച്ചു മി. രാമകൃഷ്ണപിള്ള പറഞ്ഞതിനെ പിൻതാങ്ങാൻ എനിക്കു വളരെ സന്തോഷമുണ്ട്.

മി. രാമകൃഷ്ണപിള്ള കൊണ്ടുവന്നിട്ടുള്ള പ്രധാന വിഷയം ഒരു എക്സിക്യൂട്ടിവ് കൌൺസിലിന്റെ സ്ഥാപനമാണ്. മഹാരാജാധികാരരാജ്യത്തിക്കളിൽ ആക്രമിക്കയാണ് നാം ചെയ്യുന്നതെന്നു ഈ വിഷയത്തെക്കുറിച്ചു കഴിഞ്ഞ പ്രമേയത്തിന്റെ പ്രതിപാദനത്തിനിടയിൽ സംസാരിക്കുമ്പോൾ പ്രസ്താവിക്കുന്നതു ഞാൻ കേട്ടിരിക്കുന്നു. എന്റെ മനോഭാവത്തിൽ അതു സാധുവല്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. ഒരർത്ഥത്തിൽ, ഈ യോഗം സൂചിപ്പിക്കുന്നതോ ശുപാർശചെയ്യുന്നതോ ആയ ഏതൊരുസംഗതിയും രാജാധികാരത്തെ സ്പർശിക്കുന്നതാണ്. നമ്മുടെ വസ്തുക്കളുടെയും സകലതിന്റെയും കേന്ദ്രം മഹാരാജാവിലാകുന്നു. അതിനാൽ രാജാധികാരമെന്ന കാരണത്തിന്മേൽമാത്രം ഞങ്ങൾക്കു പറവാനുള്ളതെല്ലാം ഒഴിച്ചുവയ്ക്കുയാണ് വേണ്ടതെങ്കിൽ യോഗത്തിന്റെ ഈ ഭാഗത്തുനിന്നു ആവശ്യപ്പെടേണ്ടുന്നതായി യാതൊരുതരത്തിലും കാണുകയില്ല. അതുകൊണ്ടു ഈ യോഗത്തിനോടു ഉത്തരവാദിത്വമുള്ള ഒരു എക്സിക്യൂട്ടിവ് കൌൺസിലിന്റെ സ്ഥാപനം, ഈ യോഗത്തിന്റെ അവകാശാധികാരങ്ങളിൽ ഉൾപ്പെടുന്ന ഒരു വിഷയമാണെന്നാണ് എന്റെ താഴ്മയായ അഭിപ്രായം.

പ്രസിഡണ്ടു. ഞാൻ എന്റെ തീർച്ച പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങൾ എന്റെ തീർച്ചയെ വിമർശിക്കയാണെങ്കിൽചെയ്യുന്നതു. അതു ഓർഡറിലാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു വളരെ വ്യസനമുണ്ട്. അതു അഗ്രാസനസ്ഥാനത്തുനിന്നുള്ള ഒരു തീർച്ചയായിരിക്കരുതെന്നു ഞാൻ ഒരിക്കലും കരുതിയില്ല. അതു കേവലമൊരു സൂചനയായിട്ടാണെന്നേ ഞാൻ വിചാരിച്ചുള്ളൂ. അഗ്രാസനസ്ഥാനത്തുനിന്നുള്ള ഒരു തീർച്ചയെ കീഴ്വഴങ്ങുവാൻ എന്നേക്കാറും മനസ്സുള്ള ഒരുവനെ താങ്കൾക്കു കാണുവാൻ സാധിക്കയില്ല.

പ്രസിഡണ്ടു. ഞാൻ പറഞ്ഞതു, ഒരു എക്സിക്യൂട്ടിവ് കൌൺസിലിനെ വേണ്ടിയുള്ള പ്രമേയം കൊണ്ടുവന്നു വോട്ടുചെയ്യുന്നതിനുമുമ്പും അതിനെക്കുറിച്ചു തർക്കിക്കുന്നതിനേയും സംബന്ധിച്ചേടത്തോളം, അതു രാജാധികാരവുമായി ബന്ധിച്ചുതാകരുതെന്നാണ്, അതിനെക്കുറിച്ചു പ്രതിവാദിക്കയും വോട്ടുചെയ്യുകയും ചെയ്യുന്നതു ഓർഡറിലായിരിക്കയില്ലെന്നാണ്. ഈ കൌൺസിലിൽക്കൊണ്ടുവരുന്ന മറെറല്ലാ സൂചനകളേയും നിവേദനങ്ങളേയും പോലെ അതിനെസംബന്ധിച്ച സൂചനങ്ങളും നിവേദനങ്ങളും രേഖകത്താവിനോടു ബോധിപ്പിക്കുന്നതാകകൊണ്ടു മി. കുമരപിള്ള അതിനെക്കുറിച്ചു സംസാരിക്കരുതെന്നല്ല ഞാൻ പറഞ്ഞതു്. സൂചനകളും നിവേദനങ്ങളും കൊണ്ടുവരുന്നവിഷയത്തിൽ യോഗത്തിനെ തടയരുതെന്നു ഞാൻ വിചാരിച്ചു; പക്ഷേ രാജാധികാരത്തിൽപെട്ട ഒരു വിഷയത്തെക്കുറിച്ചു പ്രതിപാദിക്കയും വോട്ടുചെയ്യുകയും ചെയ്യാൻ പാടില്ലെന്നു അതു ഓർഡറിലായിരിക്കയില്ലെന്നും ഞാൻ അഭിപ്രായപ്പെടുന്നതുകൊണ്ടു ഉറപ്പുകയുംചെയ്തു. തൽമൂലം എന്റെ തീർച്ച എക്സിക്യൂട്ടിവ്കൌൺസിലെ സംബന്ധിച്ചു പ്രമേയം അതു കാരണമായിട്ടു ഞാൻ അനുവദിക്കാതിരുന്നിട്ടുള്ളതുമല്ല, ആ അർത്ഥത്തിൽ അതു അഗ്രാസനത്തിൽനിന്നുള്ള ഒരു തിട്ടമായിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): യോഗത്തിന്റെ മുൻപാകെ കൊണ്ടുവന്നിരിക്കുന്ന ചോദ്യത്തെക്കുറിച്ചുള്ള പ്രതിപാദനത്തെ നിയന്ത്രിക്കുന്നതിനായികെടുത്ത ഒരു സൂചനമാത്രമാണതെന്നാണുഞാൻ വിചാരിച്ചതു്.

അതു് അഗ്രാസനത്തിൽനിന്നുള്ള ഒരു ഹുങ്കിക്കാണെങ്കിൽ, നിഷേധിക്കപ്പെട്ട ഫലം ആസ്വദിക്കുന്നതിനു ശ്രമിക്കയെന്നുള്ളതു് എന്റെ മനസ്സിൽനിന്നു എത്രയോ അകലെയാണെന്നു ഞാൻ താങ്കളോടു വിശദമായി അറിയിച്ചുകൊള്ളട്ടെ. (ചിരി) അങ്ങനെയാണെങ്കിൽ എക്സിക്യൂട്ടിവ്കൌൺസിൽ സൃഷ്ടിച്ചാൽ കൊള്ളാമെന്നുള്ള എന്റെ ആഗ്രഹത്തെ ഞാൻ പറയുകമാത്രം ചെയ്യുന്നു. (ചിരി.)

മി. രാമകൃഷ്ണപിള്ളയുടെ പ്രമേയത്തിലെ മറെറാരുസംഗതി സഭയ്ക്കു ശരിയായ ഒരു സ്ഥലമുണ്ടാക്കേണ്ടതിനെക്കുറിച്ചായിരുന്നു. ആ വിഷയത്തെപ്പററി ഞാൻ തന്നെ ഒരു പ്രമേയം അയച്ചിട്ടുണ്ടു. അതിനാൽ അതിനെസംബന്ധിച്ചുള്ള എന്റെ അഭിപ്രായങ്ങളെ ആ പ്രമേയപ്രതിപാദനത്തിനു വരുന്നതുവരെ പുറത്തുവിടാൻ വിചാരിക്കുന്നില്ല.

കൌൺസിൽ ലൈബ്രറിയെ സംബന്ധിച്ചേടത്തോളം പുസ്തകങ്ങൾ എടുത്തു വീട്ടിലേക്കു കൊണ്ടുപോകാനുള്ള ലൈബ്രറിയിൽ വല്ലപ്പോഴുമൊരിക്കൽ ചെന്നു പുസ്തകങ്ങൾ നോക്കുന്നതിനേക്കാറും വിഷമമാണ്. പ്രസിഡണ്ടിന്റെ ശ്രദ്ധയെ ഏതാക്കുകാര്യം ആവശ്യപ്പെടുന്ന ഒരു വിഷയമാണിതു്. തൽക്കാലത്തേക്ക് അവിടെവച്ചു റഫർചെയ്യുന്നതിനുവേണ്ട സ്ഥലസൌകര്യം മെമ്പറന്മാർക്ക് ലൈബ്രറിമുറിയിൽ കൊടുക്കാവുന്നതാണ്.

സഭയുടെ ജോലികളെ സംബന്ധിച്ചിടത്തോളം, സർ, സഭയുടെ ശ്രദ്ധയ്ക്കു എനിക്കു വേറെചില ചോദ്യങ്ങളും വിഷയമാക്കാനുണ്ട്. നിയമപ്രകാരം തന്നെയാണെങ്കിലും ഉദ്യോഗസ്ഥർക്കും അനുദ്യോഗസ്ഥർക്കും തമ്മിൽ ഇപ്പോൾ വളരെ കർശനമായിട്ടാണ് വേർതിരിച്ചിരിക്കുന്നതു; ഗവർണ്മെണ്ടും സഭയും ഇതു വ്യത്യാസത്തെ കഴിയുന്നത്ര ഇല്ലാതാക്കി ഉദ്യോഗസ്ഥരോടു കൂടുതൽ അനുദ്യോഗസ്ഥരോടുമായി ഒരുമേൽ പെരുമാറ്റം നടത്തിനെപ്പററി നിങ്ങൾ ആലോചിച്ചുൽക്കൊള്ളുമെന്നു അഭിപ്രായപ്പെടുകയാണു ഞാൻ ചെയ്യുന്നതു (ചിരി.) ഉദാഹരണത്തിനു ബില്ലുകളുടെ കരടുകളുണ്ടാക്കുന്നതിനും മറെറ കൃത്യങ്ങളിൽ—

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫൈഡ്സക്രട്ടറി വക്കീൽ): അനുദ്യോഗസ്ഥ മെമ്പറന്മാർ അതു ചെയ്യേണ്ടതിനു ഇപ്പോൾ തന്നെ വല്ല തടസ്സവുമുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അനുദ്യോഗസ്ഥമെമ്പറന്മാരുടെ മാഗ്ദ്ധത്തിലുള്ള തടസ്സം കൊണ്ടല്ല അവർ അതു ചെയ്യേണ്ടതിനു സമ്മതമില്ലാത്തവരായിരിക്കുന്നതു എന്നു ഞാൻ എന്റെ മാന്യസ്നേഹിതൻ മി. സുബ്ബയ്യരോടു മറുപടിയായി ചെയർമാൻ ജോലികളെപ്പററി പ്രത്യേകിച്ചും ചൂണ്ടികാണിച്ചുകൊള്ളട്ടെ. ഒരു അനുദ്യോഗസ്ഥമെമ്പർ കൌൺസിലിൽ ആഭ്യന്തരത്തിൽ അയസാനംവരെ ഇരുന്നാലും എന്തെങ്കിലും ഒരു സംഗതി പുറപ്പാക്കിക്കൊണ്ടുപോകാൻ സാധിക്കുമെന്നുവരുന്നതരത്തിലുണ്ടോ റഫറൻസും ച.

ട്ടങ്ങളും ഉണ്ടാക്കി വരുകയാണല്ലോ. ഉദ്യോഗസ്ഥഭാഗത്തെ ൽ നിന്നാണ് ഒരു ബിൽ പുറപ്പെടുന്നതെങ്കിൽ ഒരുപക്ഷേ സ്പീക്കറുടെ സാധാരണ ജീവിതകാലത്തിനപ്പുറം അതു അവശേഷിക്കുന്നതായിവന്നാൽ അതു താനേ പാസായിക്കിട്ടുമെന്നുള്ള ഒരു രക്ഷയുണ്ട്. അങ്ങനെയുള്ള ബില്ലുകളെ സംബന്ധിച്ചേടത്തോളം അവയ്ക്കു മറ്റു ബില്ലുകളുടെയും തലയിലെഴുത്തു പോലെയുള്ളതേ ഗുണദോഷങ്ങളുള്ളൂ.

ശ്രീ. എസ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് നോമിനി): ആ മെമ്പർക്കുന്ന തരത്തിലുള്ള അഭിപ്രായം നിങ്ങളിപ്പോൾ പ്രകടിപ്പിക്കയോ വേറെ വല്ല മെമ്പരും അതു സൂചിപ്പിക്കയോ ചെയ്യാതിരിക്കുന്നതെങ്കിൽ

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "അടുത്തകാലത്ത്", "എന്നാൽ", "എങ്കിൽ" ഇങ്ങനെയുള്ള പദപ്രയോഗങ്ങൾ കുറെ കൂടുതലായുള്ളതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

പ്രസിഡണ്ട്: ഉദ്യോഗസ്ഥബില്ലുകളെപ്പറ്റി നിങ്ങൾ പറഞ്ഞതു ശരിയാണോ എന്നു എനിക്കു തീർച്ചയില്ല. നമുക്കു വിദ്യാഭ്യാസബില്ലിനെ ഉദാഹരണമായെടുത്തു അതു നോക്കി പരിശോധിക്കാം.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു എന്റെ സ്നേഹിതൻ മി. സുബ്ബയ്യക്ക് അടുപ്പിൽപല കുരങ്ങന്മാരും ഉള്ളതുകൊണ്ടാണ്, അദ്ദേഹത്തിനു സ്വയം നടപടിനിയമം ഭേദഗതിബിൽ എന്നാരു വലിയ ബില്ലുണ്ടു. നാഞ്ചനാടു വെള്ളപ്പൊക്കബിൽ പോലെയുള്ള തക്കത്തിൽ കിടക്കുന്നതും തെളിയുകയും ശേഖരിക്കപ്പെടുന്നതും ആയ ബില്ലുകളുണ്ട്. അമ്മാതിരികാര്യങ്ങളും എതിരഭിപ്രായമുണ്ടാകുമ്പോൾ ഭേദഗതി കുറെ നേരമാകാതിരിക്കാൻ തരമില്ല. നമ്മുടെ സിവിൽസർവ്വന്റുകളെ സംബന്ധിച്ചേടത്തോളം സാവധാനവും സ്ഥിരവുമാണ്ഗതി.

പ്രസിഡണ്ട്: അനുദ്യോഗസ്ഥബില്ലുകളുടെ ഗതിയും അതു തന്നെയല്ലേ?

ശ്രീ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു നിയമമാക്കുന്നതിന് പല ശ്രമകരം കടക്കേണ്ടതായിവരുന്നു,വന്ന വിഷമംഞ്ഞിടിയുണ്ട്. താൻ അവതരിപ്പിക്കുന്ന ഒരു ബില്ലു അവസാനിപ്പിക്കുന്നതിനോ പൂർണ്ണമാക്കുന്നതിനോ ഉദ്യോഗസ്ഥന്മാരെ സാധിക്കും, ഈ വഴിക്കെല്ലാം ഞാൻ ഇതു സൂചിപ്പിക്കുന്നതു ഈ കൌൺസിൽ കാര്യക്ഷമമായി പ്രയോജനമായി നടത്തുന്നതിനുവേണ്ടി ഉദ്യോഗസ്ഥാനുദ്യോഗസ്ഥരാകാതെയിരിക്കുന്നതിനുള്ള തടസ്സത്തെ കുറയ്ക്കുന്നതു ഇല്ലായ്മചെയ്യുന്നതിനായിട്ടാണ്. സമയത്തെ ആലോചനയെപ്പറ്റി ഞാൻ വിഷയമാക്കുന്നതു ആദ്യത്തേതെയാണ് ഈ പ്രസ്താവനകൊണ്ടുദ്ദേശിച്ചതു എന്റെ സ്നേഹിതൻ മി. രാമകൃഷ്ണപിള്ളയുടെ സൂചനയ്ക്കുള്ള പിൻതാങ്ങൽ എനിക്കു വളരെ സന്തോഷമുണ്ട്.

മി. എ. ഹഗ്ഗർഫ് (ഗവർണ്മെന്റ് നിയമിച്ചമെമ്പർ): എനിക്കു ഒന്നു രണ്ടു സംഗതികൾ പറയുന്നതു നമ്മുടെ അസ്സംബ്ലിയിൽ നടപ്പുള്ള ഉപോദ്ഘാതചോദ്യങ്ങളുടെ ചോദിക്കുന്നതിനും ഉപോദ്ഘാതചോദ്യങ്ങൾ ചോദിക്കുന്നതിനും നമുക്കു ഇപ്പോൾ അനുവാദമുണ്ടായിരിക്കേണ്ടതാണ്.

പ്രസിഡണ്ട്: ലെജിസ്ലേറ്റിവ് അസംബ്ലിയിൽ അതു നടപ്പുണ്ടെന്നു എനിക്കറിയാം.

മി. എ. ഗോവിന്ദമേനോൻ (ആലങ്ങാട്ടം പറയുന്നു): ക്ലാസ്സ് സ്റ്റാണ്ടിങ്ങ് ഓർഡേർസിന്റെ ഒരു പകർപ്പ് എന്റെ കൈവശമുണ്ട്. ക്ലാസ്സ് കൌൺസിലിൽ അതു അനുവദിച്ചിട്ടുണ്ട്.

മി എ. ഹഗ്ഗർഫ് (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): നമുക്കു അല്പംകൂടി സമയം അനുവദിച്ചുതരേണമെന്നു ഞാൻ സൂചിപ്പിച്ചുകൊള്ളുന്നു. ക്ലൂട്ടേയ്ക്കുള്ളതു തയാറാക്കാൻ പതിനഞ്ചുമിനിട്ടു തീരെ ചുരുങ്ങിയ ഒരു കാലാവധിയാണ് (ചിരി.)

പ്രസിഡണ്ട്: അനുവദിച്ചിട്ടുള്ള പതിനഞ്ചു മിനിട്ടിനെ നിങ്ങൾ വളരെ നല്ലവണ്ണംതന്നെ ഉപയോഗപ്പെടുത്തിയിരിക്കുന്നു.

മി. എ. ഹഗ്ഗർഫ് (ഗവർണ്മെന്റ് നിയമിച്ചമെമ്പർ): വളരെ വിഷമം അനുഭവിച്ച് (ചിരി) സകലതും ഭോശമായും ബോർഡിലും വയ്ക്കപ്പെട്ടുന്നു. കുറച്ചു മണിക്കൂറിനു പകരം ഞങ്ങൾക്കു അരമണിക്കൂർ അനുവദിച്ചുതന്നാലുള്ള ദോഷമെന്തുണ്ട്? ഇപ്പോൾ അനുവദിച്ചിട്ടുള്ള ചുരുങ്ങിയ സമയത്തിനുള്ളിൽ അത്രയേറെയായി ചിലതൊക്കെ ചോദിക്കാനേ ഞങ്ങൾക്കു സാധിച്ചുതന്നുള്ളൂ. ക്ലൂട്ടൽ സമയം അനുവദിക്കയാണെങ്കിൽ വളരെ ഫലിക്കുന്നതും അധികം ഓർഡറിലായിരിക്കുന്നതും ആയ ചോദ്യങ്ങൾഞങ്ങൾ ചോദിക്കാം.

എലക്ട്രിക്ക വിശദീകരണങ്ങളുടെ വിതരണത്തെപ്പറ്റിയാണ്, എനിക്കു കൊണ്ടുവരുന്നുള്ള അടുത്ത സൂചന. ഇപ്പോഴത്തെ സ്ഥിതിയിൽ അവ ശരിയായവല്ല വിതരണം ചെയ്യപ്പെട്ടിരിക്കുന്നതു്. പുറകിലത്തെ ബഞ്ചുകളിൽ ഉള്ളവർക്കു മറവുള്ളവരെപോലെ എനിക്കും വളരെ കുറച്ചുകാരേ കിട്ടുന്നുള്ളൂ.

പ്രസിഡണ്ട്: ഇതു കേവലം തൽക്കാലത്തേക്കുമാത്രമുള്ള ഒരു സ്ഥായസൗകര്യമാണ് നമുക്ക് തന്നെ നിയമസഭാമന്ദിരം കിട്ടുമ്പോൾ എല്ലാംസൗകര്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.

മി. എ. ഹഗ്ഗർഫ് (ഗവണ്മെന്റ് നിയമിച്ച മെമ്പർ): അന്യന്മാർ ആ ആഡംബരം അനുഭവിക്കുമ്പോൾ ഞങ്ങൾ അതില്ലാതിരിക്കുന്നു. കുറച്ചു വിശ്രമംകൂടി ഉണ്ടാക്കിയാൽ കാര്യക്കാർക്കും വളരെ ഉപകാരമായിരിക്കും.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സക്കാർവക്കീൽ): സിവിൽകമ്മിറ്റി റിപ്പോർട്ടുകൾ ഇപ്പോഴത്തേതിലും വേഗം സമർപ്പിക്കണമെന്നു എന്റെ സ്നേഹിതൻ മി. രാമകൃഷ്ണപിള്ള പറഞ്ഞു. ജോലികളുടെ നടത്തിപ്പിനു ചിലപ്പോഴൊക്കെയുള്ള തടസ്സം കോറം തികയാത്തതാണെന്നും ചാർജേറിരിക്കുന്ന ഉദ്യോഗസ്ഥാനമെമ്പർ എപ്പോഴും സന്നിഹിതനാകുകകൊണ്ടു അയാൾ അതിനു ഉത്തരവാദിയല്ലെന്നും മി. രാമകൃഷ്ണപിള്ളയ്ക്കു നല്ലവണ്ണമറിയാമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

ബില്ലുകൾ അവതരിപ്പിക്കുന്നവിഷയത്തിൽ അനുദ്യോഗസ്ഥ മെമ്പറന്മാർക്കുകൂടി ഒരു പങ്കുണ്ടായിരിക്കേണ്ടതാണെന്നുള്ള മി. പി. കെ. നാരായണപിള്ളയുടെ സൂചനയെ സംബന്ധിച്ചിടത്തോളം, എന്റെ ഒരാളുടെ കാര്യം നോക്കുകയാണെങ്കിൽ ഞാൻ അനുദ്യോഗസ്ഥബില്ലുകൾക്കു എപ്പോഴും സ്വാഗതംപറകയാണ്ചെയ്തിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ ബില്ലുകളുടെ ചാർജേറിരിക്കുന്ന ഉദ്യോഗസ്ഥമെമ്പറിനു അതു് വളരെ ആശ്വാസമായിരിക്കുന്നതാണ്. അതുസംബന്ധിച്ചു കുറെ മാസം അനുദ്യോഗസ്ഥ മെമ്പറന്മാർ സന്തോഷത്തോടെ

കയ്യേറ്റക്കേടുകൾ, ഉദ്യോഗസ്ഥന്മാരുടെ അധികാരപരിധിയിൽ കടന്നുകയറ്റങ്ങൾ തുടങ്ങിയവയിൽ റെഗുലേഷനെ സംബന്ധിച്ചു ള്ളതാണ്. പുതിയ അനുഭവോഗസ്ഥന്മാരുടെ വേണ്ടത്ര അറിവും കൈയേറ്റം പുതിയതായുണ്ടാകുന്നതാണ്. അതുപോ ലെതന്നെ മറുബില്ലുകളുടെ സംഗതിയിലും ഈ വിഷയത്തിൽ മി. പി. കെ. നാരായണപിള്ളയ്ക്കു സോന്നത്ത വിഷമമോ സംശയമോ വ്യത്യാസമോ എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഫ്രഞ്ചുബില്ലു പെസ്സു ക്കിടയുടുക്കുന്നതിനും മുമ്പുകൊല്ലം മേയ് മാസത്തിൽ ഒരു കാലാവധിയാണ്. മുൻകൊല്ലം പോരാതെ പോയതിനാൽ അശക്തമായിപ്പോയ ഒരു ബില്ലുപോലും എന്റെ അറിവിൽപ്പെട്ടുന്നില്ല. അതു മറുസംഗതികളെ ആശ്രയിച്ചാണിരിക്കുന്നതു്. അതല്ലാതെതന്നെയും മദ്രാസ് നിയമസഭയിലും ചെട്ടിസ്റ്റേറ്റിവ് അസംബ്ളിയിലും അനു ദ്യോഗസ്ഥബില്ലുകൾ അധികമേന്നും അശക്തമായിപ്പോകാതെതന്നെ അവതരിപ്പിക്കയും പാസാക്കയുംചെയ്തു നുണ്ടു്. മുൻകൊല്ലങ്ങളുടെ അവസാനത്തിങ്കൽ എത്രയെങ്കിലുമെന്നു് അശക്തമായിപ്പോകേണ്ടതാണെങ്കിൽതന്നെ യും ആ മെമ്പർ മടങ്ങിവരികയോ, വേറൊരു മെമ്പറിനു് അതേബില്ലിനെ ഏറ്റെടുപ്പോകാൻ തോ ന്നുകയോ ചെയ്യാൽ, വിഷമം യാതൊന്നുംതന്നെയില്ല. ഇവിടെ ഇതേവരെ ആ വിഷമം അനുഭവിക്കേണ്ടിവ ന്നിട്ടില്ല കൌൺസിലിന്റെ അനുയുക്തമതിക്കപ്പുറമേ ഒറ്റയൊരു അനുദ്യോഗസ്ഥബില്ലേ ഉണ്ടായിട്ടുള്ളൂ—അ തായതു നായർബില്ലു്. ക്ഷേത്രബില്ലുകൾ ഉണ്ടാകേണ്ടതുണ്ടു്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മി. പി. കെ. നാരായണപിള്ള പറഞ്ഞതു അനുദ്യോഗസ്ഥ മെമ്പറന്മാരോടു ഗവണ്മെന്റുദ്യോഗസ്ഥനിന്നു്, അതായതു ഉദ്യോഗസ്ഥബില്ലുകൾ അ വതരിപ്പിക്കുവാൻ ആവശ്യപ്പെടണമെന്നാണു്.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സക്കാർവകയിൽ): ഒരു അനുദ്യോഗസ്ഥമെമ്പറിനോടു ഒരു ബില്ലിന്റെ കരടുണ്ടാക്കണമെന്നു ആവശ്യപ്പെടണമെന്നു പറയുന്നതിന്റെ അർത്ഥമെന്താണെന്നു എന്റെ സ്നേ ഹിതനു അറിയാമോ എന്നു എനിക്കു അറിഞ്ഞുകൂടാ. ബില്ലു തയാറാക്കിയതിനശേഷം അതിനുള്ള പ്രതിഫല ത്തിനും ആ ആളെക്കൊണ്ടു ബില്ലയയ്ക്കാം. അതു ഗൌരവമായി ആലോചിക്കേണ്ട ഒരുസംഗതിയാണ് (ചിരി).

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതിനുമുമ്പു എപ്പോഴെങ്കിലും ഒരു അനുദ്യോഗസ്ഥമെമ്പറിനോടെങ്കിലും ഒരു ഉദ്യോഗസ്ഥബില്ലു അവതരിപ്പിച്ചിട്ടുണ്ടോ ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഫെഡ്സക്കാർവകയിൽ): സാധ്യതയുണ്ടായിട്ടില്ല.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): ഞാൻ സൂചിപ്പിച്ച സംഗതികളും കഴിയുന്ന ഉദ്യോഗങ്ങളിൽ നടപ്പിൽവരുത്താമെന്നു ഗവണ്മെന്റു സമ്മതിച്ചതിനെക്കുറിച്ചു എനിക്കു സന്തോഷമുണ്ടു. എ നിക്കു കൂട്ടത്തിലായൊന്നും പറവാനില്ല.

പ്രസിഡന്റു: ഗവണ്മെന്റു ഒന്നും പ്രതിജ്ഞചെയ്തിട്ടില്ല. പരിശോധിച്ചു ആലോചനയ്ക്കുടുക്കാമെന്നു പറകമാത്രമേ ചെയ്തിട്ടുള്ളൂ.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): ആ ചോദ്യത്തെക്കുറിച്ചു ഗൌനിക്കാൻ ഗവ ണ്മെന്റു തയാറാണെന്നാണെല്ലാം പറഞ്ഞതു്.

പ്രസിഡന്റു: അതേ— പരിശോധിച്ചു കഴിയുന്നതെല്ലാംചെയ്യാൻ ഗവണ്മെന്റു തയ്യാറാണെന്നാണു്.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): ഈസംഗതികളിൽ പലതും വളരെവേഗ ത്തിൽ സാധിക്കത്തക്കതാണു്. സെക്രട്ടേക്കമ്മിറ്റികളിൽ കേവലം തീരുമാനത്തപ്പുറമുള്ള വിഷയങ്ങളെപ്പറ്റി മി. സുബ്ബ യ്യർ പരാമർശിപ്പുകയുണ്ടായി. അതിനെസംബന്ധിച്ചിടത്തോളം, മെമ്പറന്മാരെ ഹാജരാക്കുവാൻ നിർബന്ധി ക്കുന്ന കർശനനിയമങ്ങളും ഉണ്ടായിരിക്കേണ്ടതാണു്.

പ്രസിഡന്റു: ഈസഭയിൽപ്പോലും മെമ്പറന്മാർ എല്ലാ അവസരങ്ങളിലും ഹാജരാകുവാൻ നിർബന്ധി തമല്ല.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): സെക്രട്ടേക്കമ്മിറ്റികളിൽ നടക്കേണ്ടതോഴി കെളക്കുറിച്ചുതോക്കുമ്പോൾ, ഞാൻ വിചാരിക്കുന്നു മെമ്പറന്മാരെ ഹാജരാകാൻനിർബന്ധിക്കുന്ന ഒരു നിയ മം ഉണ്ടാക്കണമെന്നതന്നെയാണു്. സെക്രട്ടേക്കമ്മിറ്റികളിൽ പ്രധാനപ്പെട്ട വളരെമസംഗതികളും നടക്കേണ്ടതാ യിട്ടുണ്ടു്. അതുകൊണ്ടു മെമ്പറന്മാരുടെ ഹാജരിനെ നിർബന്ധിതമാക്കുന്ന വല്ലനിയമവും ആവശ്യമായിട്ടുള്ള താണു്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മെമ്പറന്മാരെ നിർബന്ധിച്ചു ഹാജ രാക്കാൻ ബലംപ്രയോഗിക്കണമെന്നപക്ഷക്കാരനാണോ അങ്ങു് ?

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): അവരെ ഹാജരാകുവാൻ നിർബന്ധിക്കുന്നതിനു തൊരേർപ്പാടിനോടും എനിക്കിഷ്ടമാണു്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതിലേക്കായി മെമ്പറന്മാരെ അ റസ്റ്റുചെയ്യുകയും തടവിൽ ഇടുകയുംചെയ്തു ആവാമെന്നു് ആ ആളിനു് അഭിപ്രായമുണ്ടോ ?

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): അറസ്റ്റും തടവുംവരെ പോകണമെന്നു ള്ളപക്ഷക്കാരനല്ല ഞാൻ. ഒരുപക്ഷേ കമ്മിറ്റിമീറ്റിങ്ങിനു് മെമ്പറന്മാർ പോകാതിരിക്കുന്നതിനു് സഹായ മായി നിന്നേക്കും. എന്റെ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രമേയം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

പ്രമേയം ക്രമം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരി പ്പിച്ചുകൊള്ളുന്നു.

ക്രമം. നിയമസഭയ്ക്കായി നീക്കിവച്ചിട്ടുള്ള ക.വ, ക്രമം രൂപയിൽനിന്നു ക്രമം രൂപാ കുറയ്ക്കുണ മെന്നു്.

'സർ, ഈ പ്രമേയത്തിന്റെ ഉദ്ദേശം ഇതുണ്ടു്. റെഗുലേഷനും ചട്ടങ്ങളുമനുസരിച്ചു് നിയമസഭയെക്കു റിച്ചുള്ള പ്രധാനപ്പെട്ട ചോദ്യങ്ങളെപ്പറ്റി പ്രസ്താവിക്കാൻ ഞങ്ങൾക്കു നിർഭാഗ്യവശാൽ, അനുവാദമില്ല; സ്ഥലമടയ്ക്കുക്കും സെക്രട്ടറിയുടെയും അപ്രധാനവിഷയങ്ങളിൽ മാത്രം ഞങ്ങളുടെ ശ്രദ്ധ ഒഴിവാൻ പതിപ്പി

ക്കേണ്ടതായിരിക്കുന്നു. എന്നാലും നിരോധമായിട്ടുള്ളകാര്യങ്ങളിൽ പ്രവേശിക്കാതെതന്നെ ഗവർണ്മെന്റിന്റെ ആലോചനയ്ക്കു മുമ്പായിത്തന്നെ കൂടിക്കാണിക്കുന്നതിന് അനുവാദംകൊടുത്തിട്ടുണ്ടല്ലോ.

ഒന്നാമതായി ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ നിയമനവും ശമ്പളവും കക്ഷി ഭേദപ്പെടുത്തുള്ള ബഹുഭൂരിപക്ഷം ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ അഭിപ്രായത്തിനായി നമ്മുടെ മുമ്പാകെ നീക്കിവച്ചിരിക്കുകയും ആയതു വോട്ടുചെയ്യാൻ പാടില്ലാത്ത ഒരു നിർദ്ദേശമായിത്തീരുകയും ചെയ്തിരിക്കുന്നു. സർ, ഞാനുമുമ്പേ നിയമത്തെ പ്രത്യക്ഷത്തിൽ അനുസരിക്കുന്നകാര്യത്തിൽ ഞാൻ വിരോധിയായിരിക്കുകയും നിയമം ഇപ്പോൾ ഇരിക്കുന്ന നിലയിൽ ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ ശമ്പളത്തെയോ അഭിപ്രായത്തെയോ വോട്ടുചെയ്യാൻ പാടില്ലാത്തതാക്കുന്നില്ലെന്നു തീർച്ചയായും ബോധിപ്പിക്കുകയും, ഈ പ്രശ്നം ഒരു കത്തുമുഖേണ മാത്രമുള്ളതാണ്, അല്ലാതെ അതിനു മുകളിൽ മറ്റൊന്നുമായി യാതൊരു ബന്ധവുമില്ല, ബ്രിട്ടിഷ് ഇൻഡ്യയിലുള്ള മറ്റു നിയമസഭകളിലൊക്കെയും സ്വന്തം ഡെപ്യൂട്ടി പ്രസിഡണ്ടിനെ തിരിഞ്ഞെടുക്കുന്നതും ശമ്പളത്തുക നിശ്ചയിക്കുന്നതും അവരുടെ അധികാരമുണ്ടെന്നു വസ്തുത സർ, താങ്കൾക്കും അറിവുള്ളതാണെല്ലോ. ഞങ്ങളുടെ കാര്യത്തിലാകട്ടെ, റെഗുലേഷൻപ്രകാരമുള്ള "നമ്മുടെ ഗവർണ്മെന്റ് ഒരു ഡെപ്യൂട്ടി പ്രസിഡണ്ടിനെ നിശ്ചയിക്കുന്നതാണ്" എന്നാകുന്നു. ഒരാളെ തിരഞ്ഞെടുത്തു ആ ആളിനെ പെരുത ഗവർണ്മെന്റിനു സമർപ്പിക്കാൻ കൌൺസിലിനോടു ആവശ്യപ്പെടുന്നതും ഗവർണ്മെന്റിനോ ഒരു തെരുവുകച്ചവടക്കാരനായി വരുന്നതല്ലെന്നു മാത്രമേ എനിക്കു ബോധിപ്പിക്കാനുള്ളൂ. അങ്ങനെയാണെങ്കിൽ നിയമത്തിനു ഭേദവരുത്താതെതന്നെ ഉദ്ദേശലാഭം ഉണ്ടാവുന്നതാണ്, എന്നതന്നെയുമല്ല ഡെപ്യൂട്ടിപ്രസിഡന്റിനു എന്തെങ്കിലും ഒരു തുക കൊടുക്കുമെന്നു ആ ആളിന്റെ ശമ്പളത്തെപ്പറ്റി കൌൺസിലിൽ വോട്ടുചെയ്യുമ്പോൾ തീർക്കേണ്ടതും ആശാസ്യമായ ഒരു സംഗതിയാണ്, റെഗുലേഷൻപ്രകാരം ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെപ്പറ്റി യും വോട്ടുചെയ്യാൻ പാടില്ലായുള്ളതു. അവയെപ്പറ്റി വോട്ടുചെയ്യുന്നതുകൊണ്ടല്ലാതെതന്നെയും കൌൺസിലിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമുള്ള ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടിപ്രസിഡണ്ടു എന്തുകൊണ്ടെന്നാൽ സിവിൽ സ്റ്റാഫിലെ അടുത്തഅവകാശമുള്ള ഉദ്യോഗസ്ഥന്മാർമുതലായ ആ വസ്തുതിൽ ഉൾപ്പെട്ടുകയുള്ളൂ.

ഞാൻ ചൂണ്ടിക്കാണിക്കണമെന്നു വിചാരിക്കുന്ന വേറൊരു സംഗതി ഈ സഭയിലെ ഉദ്യോഗസ്ഥന്മാർ, അനദ്ധ്യോഗസ്ഥന്മാർ എന്ന വിഭാഗത്തെ അനദ്ധ്യോഗസ്ഥന്മാർക്ക് അനുകൂലമായി ഭേദപ്പെടുത്തിയിരിക്കുന്നു കൊള്ളാമെന്നാണ്. കഴിഞ്ഞകാലത്തെ അനുഭവം പോയ നൂറ്റാണ്ടുകാലത്തെ അനുഭവം കൊണ്ടു അനദ്ധ്യോഗസ്ഥന്മാർക്കു എവിടെയുള്ള പ്രധാനപ്പെട്ടുദ്യോഗങ്ങളും പാസായിപ്പോകുന്നതുവരെ ഇടമായ ഉദ്യോഗസ്ഥന്മാരിൽപക്ഷത്തിന്റെ സഹായമുണ്ടാകുമെന്നുള്ള തെളിഞ്ഞിരിക്കുന്നതല്ലോ, ഈ അവസരങ്ങളിൽ, ആകെയുള്ള അൻപതു മെംബറന്മാരോടു ഇരുപതുമാത്രമാണ് ഞങ്ങളുടെ ഓഫീസുള്ള തിരഞ്ഞെടുക്കപ്പെട്ട മെംബറന്മാർ മറുഭാഗത്തു പതിനഞ്ചു ഉദ്യോഗസ്ഥമെംബറന്മാരുണ്ട് ഉള്ളതു. അതിലധികമായിട്ടുള്ളതിനെക്കുറിച്ചു ഞാൻ പ്രസ്താവിക്കുന്നതിനു യാതൊരു ബന്ധവുമില്ലായിരിക്കയും ചെയ്യും, എന്തെന്നാൽ അവരുടെ ഡിപ്പാർട്ടുമെണ്ടിനെപ്പറ്റിയുള്ള സംഗതികളിൽ അയാൾക്കു തന്നെത്താൻ വോട്ടുചെയ്യാൻ പാടില്ലാത്തതുകൊണ്ടു. ഒരു ഡിപ്പാർട്ടുമെണ്ടിനു ഒരധികപ്പറ്റുണ്ടു.

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഏതാണതു?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ചില്ലറക്കാര്യങ്ങൾ ഡിപ്പാർട്ടുമെന്റുകാരുടെ മേലധികാരിക്കും ഓരോ പ്രതിനിധിയിലൂടെയുള്ള, ഉദ്യോഗസ്ഥന്മാരുള്ള യാതൊരു മെംബറിന്റെ വിചയേയും കൊടുക്കുന്നതായി ഇതുകൊണ്ടു അർത്ഥമാക്കുന്നു, അങ്ങനെയിരിക്കുമ്പോൾ മെംബറന്മാരിൽനിന്നും ഞങ്ങൾക്കു വിലപിടിച്ച സഹായങ്ങൾ കിട്ടിയിട്ടുണ്ടു. എന്നിരുന്നാലും ഉദ്യോഗസ്ഥന്മാരുടെയും അനുദ്യോഗസ്ഥന്മാരുടെയും പരസ്പരസംബന്ധത്തെ സംരക്ഷിക്കുന്ന വിഷയമാണ് അതു, എന്നതു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഞങ്ങൾക്കു ജയിക്കുന്നുള്ള ന്യായമായ തക്കങ്ങൾ തരേണ്ടതാണ്. അൻപതാശതമാനം തിരഞ്ഞെടുക്കപ്പെട്ട മെംബറന്മാർ വന്നു മണ്ഡലങ്ങളിലേയും അഞ്ചു പ്രത്യേക നിയോജകാംശങ്ങളിലേയും ക്ഷീണിച്ചേക്കുന്നുണ്ട്, സർ, പ്രാദേശിക മണ്ഡലങ്ങളിൽനിന്നുതന്നെ ഞങ്ങൾക്കു ഒരു പ്രത്യക്ഷമായ ഭൂരിപക്ഷമെങ്കിലും ഉണ്ടായിരിക്കേണ്ടതുകൊണ്ടു. അതാണ് എന്റെ വാദം. നിലവിലിരിക്കുന്ന റെഗുലേഷൻപ്രകാരമുള്ള അനുഭവമിച്ഛുതരത്തുള്ളതുകൊണ്ടും ബോധിപ്പിക്കയും ചെയ്തുകൊള്ളുന്നു. ഈ സഭയുടെ കാലാവധി കഴിയാറായതുകൊണ്ടു ഈ അവസരം ഏറ്റവും അനുഗ്രഹമായിട്ടുള്ളതുമാണെല്ലോ.

പ്രസിഡണ്ടു. ആ സൂചനയ്ക്കു അനുകൂലമായി നിങ്ങൾക്കു എന്തു കാരണങ്ങളാണ് പറവാനുള്ളതു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, ഞങ്ങളുടെ നിയമനിർമ്മാണറെഗുലേഷൻ ഗവർണ്മെന്റ് ഓഫ് ഇൻഡ്യാ ആക്ടിനെയാണ് പ്രധാനമായി അടിസ്ഥാനമാക്കിയിട്ടുള്ളതു; പ്രാദേശികനിയമസഭകളിൽ എപ്പോഴുമെന്നതിൽകുറയാതെ അനുദ്യോഗസ്ഥന്മാരുണ്ടെന്നാണ് കാണുന്നതു.

പ്രസിഡണ്ടു. എങ്കിൽ നിങ്ങൾ പ്രാദേശികമണ്ഡലങ്ങളെക്കുറിച്ചു സംസാരിക്കുകയും, അവയുടെ സംഖ്യയെ വർദ്ധിപ്പിക്കുന്നതിനെപ്പറ്റി വാദിക്കുകയും ആണെല്ലാ ചെയ്യുന്നതു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാൻ പ്രാദേശികമണ്ഡലങ്ങളേയും പ്രത്യേകമണ്ഡലങ്ങളേയും വേർതിരിക്കയാണ് ചെയ്യുന്നതു.

പ്രസിഡണ്ടു. പ്രത്യേകമണ്ഡലങ്ങളെക്കൊണ്ടു പ്രാദേശികമണ്ഡലങ്ങൾക്കു പ്രതിനിധ്യം കൂട്ടുമെന്നാണ് നിങ്ങൾ വിചാരിക്കുന്നതു, അതിനു നിങ്ങൾക്കുള്ള യുക്തി എന്താണ്?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): പ്രത്യേകമായി അതിനുള്ളയുക്തിയിതാണ്, അതായതു കൌൺസിലിൽ പ്രത്യേകക്ഷേമാന്വേഷികളായി വന്നിട്ടുള്ള പ്രതിനിധികൾ പ്രജകളെ കൊഴുപ്പുവെ ബന്ധിക്കുന്ന പ്രധാനപ്പെട്ടപ്രശ്നങ്ങളിൽ പ്രാദേശികമണ്ഡലങ്ങളിൽനിന്നു പ്രജാപ്രതിനിധികളായിവരുന്ന മെംബറന്മാരെപോലെ നിഷ്പക്ഷപാതികളായിരിക്കുന്നതല്ല. അവരുടെ അനുദ്യോഗസ്ഥനിലയെക്കാൾ ഞാൻ വിചാരിക്കുന്ന ഇതു നിഷ്പക്ഷപാതിത്വത്തേയും അകൽച്ചയേയും ആണ് പ്രജകളുടെ ഹിതത്തെ കൂടുതലായി രക്ഷിക്കുന്നതെന്ന ഉദ്ദേശത്തിൻപേരിലാണ്, പ്രത്യേകക്ഷേമാന്വേഷികളെക്കാൾ അവരുടെ സ്വന്തം ആളുകളെ പ്രതിനിധികളാക്കണമെന്നു ഞാൻ പറയുന്നതു. അവരുടെ നടപടിക്രമത്തേയോ ഉദ്ദേശങ്ങളേയോ ഞാൻ ഒഴിക്കുന്നില്ല.

എന്നാൽ ചില സംഗതികളിൽ പ്രത്യേകക്ഷേമാഭിലാഷികളായ പ്രതിനിധികൾക്ക പ്രജാഹിതത്തിനെതിരായിചില ചായ്വുകളുണ്ടാകുമെന്ന് ഞാൻ പറയുന്നതു. അതുകൊണ്ടു എൻെറവാദം ദേശാഭിമാനത്തെ അടിസ്ഥാനമാക്കി ക്കൊണ്ടുള്ള നിയമങ്ങളെ ഉണ്ടാക്കുന്നതിൽ എണ്ണം തീർച്ചയായും കൂട്ടണമെന്നാകുന്നു.

ചോദ്യം ചോദിക്കുന്ന മെംബറല്ലാത്ത മറ്റുള്ളവർക്കും കൂട്ടുചോദ്യങ്ങൾ ചോദിക്കാൻഉള്ള അവകാശത്തെ പറ്റി മി. രാമചന്ദ്രപിള്ള കൊണ്ടുവന്ന സൂചനയെ സംബന്ധിച്ചു എനിക്കപറയാനുള്ളതു ബ്രിട്ടിഷ് ഇൻഡ്യയിലുള്ള മറ്റൊരു നിയമസഭകളിലും അങ്ങനെപ്പറ്റുള്ളതുമാത്രമാണെന്നും, അതു ഇവിടെ സ്വീകരിക്കുന്നതിനു തടസ്സമൊന്നുമുണ്ടാകുമെന്നില്ലെന്നുംആണ്. ആ ഒരു ചോദ്യത്തിനുള്ള ഇല്ലാത്തതുകൊണ്ടു വാസ്തവത്തിൽ നമുക്കിവിടെ പലവിഷമങ്ങളും തീർന്നുണ്ടു. ഒരു മെംബർക്ക ഹാജരാകുവാൻ സാധിക്കാതെപോകയാണെങ്കിൽ, കൗൺസിലിനു ഉത്തരംകിട്ടാൻ യാതൊരുവഴിയുമില്ലതന്നെ.

ഇപ്പോഴത്തെ സാഹചര്യത്തെസംബന്ധിച്ചു ബഡ്ജറ്റു വാഗ്വിവാദത്തിനു ഏഴു ദിവസമേയുള്ളു. സർ, കഴിഞ്ഞ ബഡ്ജറ്റു യോഗത്തിൽ നാം പിരിഞ്ഞപ്പോൾ മെഡിക്കൽഡിപ്പാർട്ടുമെൻറുവകയേ എത്തിയിട്ടുണ്ടായിരുന്നുള്ളു എന്നുള്ള വസ്തുതകൂടെ ഓർക്കുന്നതായിരിക്കും. കഴിഞ്ഞ രണ്ടു ദിവസത്തെ അനുഭവംകൊണ്ടു ഇക്കൊല്ലവും അങ്ങനെ വരികയില്ലെന്നാണ് ഞാൻ ആശിക്കുന്നതു. എന്നാലും മെഡിക്കൽ ഡിപ്പാർട്ടുമെൻറിനപ്പുറം കടക്കാൻ സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു ചെയ്യുന്നു. എൻെറ അപേക്ഷ, ഇവിടെയും, മറ്റുള്ളേടങ്ങളിലുമപോലെ ബഡ്ജറ്റു വാഗ്വിവാദത്തിനു ഒൻപതുദിവസം അനുവദിക്കണമെന്നാണ്. മെഡിസിലും മറ്റുപല ദേശീയസംഭവങ്ങളും ബഡ്ജറ്റുവാഗ്വിവാദത്തിനായി നിശ്ചയിച്ചിട്ടുള്ളതു ഒൻപതുദിവസമാണ്.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടർവകയിൽ). മറ്റു കൌൺസിലുകളിലെ മെംബറന്മാരുടെ എണ്ണം കൂടി അറിഞ്ഞിരുന്നുതരുമോ?

മി. ജി. പരമേശ്വരൻപിള്ള (മെയ്യാറിൻകര). അതു ഹാജരിൽകൂടുതലാണ് ഗവൺമെൻറു മറുപടി പ്രസിഡണ്ടിൻെറ ദൃഷ്ടിയിൽ കുറവു ആണെന്നാണ് എൻെറ വിശ്വാസം.

മി. ജി. പരമേശ്വരൻപിള്ള (മെയ്യാറിൻകര). എൻെറപായിൻറ ഇതാണ്. നമ്മളും മറ്റു നിയമസഭാംഗങ്ങളുപോലെതന്നെ ശ്രദ്ധിച്ചും സൂക്ഷിച്ചും ബഡ്ജറ്റിനെ ദുഷിപ്പിക്കുന്നതിനെപ്പറ്റി വാഗ്വിവാദത്തിനു നടത്തുന്നുണ്ടു. ഒരുപക്ഷേ കൗൺസിൽ മെമ്പറന്മാരുടെ എണ്ണത്തെയായിരിക്കും മി. സുബ്ബയ്യരും മറ്റുള്ളവരും അടിസ്ഥാനപ്പെടുത്തിയതു. ഞാനും ഈ പരിധികളെ എല്ലാം ഗവർണ്മെൻറിൻെറ ആലോചനയ്ക്കു വിഷയമാക്കുകയാണ് ചെയ്യുന്നതു.

മി. എസ്. പരമേശ്വരയ്യർ (ഗവർണ്മെൻറു സെക്രട്ടറി): ഒന്നാമത്തെ ബഡ്ജറ്റുയോഗത്തിൻെറ അവസാനത്തിൽ നാം എവിടെവരെ എത്തിയിരുന്നെന്നു മനസ്സിലാക്കിത്തരുമോ?

മി. ജി. പരമേശ്വരൻപിള്ള (മെയ്യാറിൻകര): നാം ബഡ്ജറ്റുമുഴുവനും ബഹുപ്പെട്ടു തീർക്കയാണുചെയ്തതെന്നാണ് എൻെറ വിശ്വാസം.

നിയമസഭാ റെസ്റ്റപേഷനിൽ ദേശാഭിമാനികളാണും വരുത്താതതന്നെ നടപ്പിൽവരുത്താവുന്ന സംഗതികളെക്കുറിച്ചു ഗവർണ്മെൻറിൻെറ പരിഗണനയ്ക്കു ഞാൻ പാത്രമാക്കുന്ന സൂചനകളാണ് ഇവയാണ്.

മി. എൻ. കുമാരൻ (ഗവർണ്മെൻറു നിയമിച്ച മെമ്പർ) ഈ പ്രമേയം അവതരിപ്പിക്കുമ്പോൾ മി. ജി. പരമേശ്വരൻപിള്ള പറഞ്ഞതിനെ പിൻതാങ്ങുന്നതോടുകൂടി എനിക്ക ഒരുസംഗതി സൂചിപ്പിച്ചാൽ കൊള്ളാമെന്നുണ്ടു. ഈ കൌൺസിലിൽ ഗവർണ്മെൻറു നിയമിച്ച പുതുമെമ്പറന്മാരുണ്ടു. അവരെ ഉദ്യോഗസ്ഥമെമ്പറന്മാരായിട്ടായാലും, അനുദ്യോഗസ്ഥമെമ്പറന്മാരായിട്ടായാലും കണക്കാക്കേണ്ടതില്ല.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടർവകയിൽ): അവരെ അനുദ്യോഗസ്ഥ മെമ്പറന്മാരായിട്ടാണ് കണക്കാക്കിയിരിക്കുന്നതു.

പ്രസിഡണ്ടു: അവരുടെ അനുദ്യോഗസ്ഥാവകാശങ്ങളെ അവർ നിക്കും ഉപയോഗിക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ചമെമ്പർ): എനിക്ക അതറിയാം. എന്നിരുന്നാലും നാനാവിധ ഔദ്യോഗികസ്വഭാവങ്ങളിലിരുന്നു വരുന്ന മെമ്പറന്മാരുടെ കൂട്ടത്തിൽ അല്ലെല്ലൊ അവർ.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടർവകയിൽ): മി. ഹഗ്ഗ്രെവർഫിനേയും എൻെറ സ്നേഹിതൻ ആ കൂട്ടത്തിൽ ഉൾപ്പെടുത്തുമോ?

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ചമെമ്പർ): എങ്കിൽ സ്നേഹിതനോടു ഉത്തരംപറവാൻ എനിക്ക അത്രസന്തോഷം തോന്നുന്നില്ല, പിന്നെയും അതിൽ പ്രവേശിക്കാതെ അതിൽനിന്നു അകന്നുപോകാനാണ് ഞാൻ താല്പര്യപ്പെടുന്നതു. നാനാനിയോജകമണ്ഡലങ്ങളിൽനിന്നു തിരിഞ്ഞെടുക്കപ്പെടുന്ന മെമ്പറന്മാർ, തിരിഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ഹിതമേ താങ്കൾ നോക്കുകയുള്ളുവെന്ന് എപ്പോഴും പറയും; ഇതിൻെറഫലമെന്തെന്നാൽ, ഞങ്ങളും, മി. ഹഗ്ഗ്രെവർഫ് പറയുംപോലെ, ഒരുതരത്തിലും പെട്ടവരല്ലെന്നു വരുന്നു. ഈ വിഷമം ഒഴിക്കാൻവേണ്ടിയായി ഞാൻ നിർദ്ദേശിപ്പിക്കുന്നതെന്തെന്നാൽ നവർണ്മെൻറു നിയമിക്കുന്ന ഏഴുമെമ്പറന്മാരുടെ അവശ്യമില്ലെന്നാണ്. അവരിൽ അഞ്ചുപേരെ പോകാൻപറഞ്ഞിട്ടു സാമാന്യമണ്ഡലങ്ങളിൽനിന്നു രണ്ടുപേരെ തിരിഞ്ഞെടുക്കാവുന്നതാകുന്നു. ഈവഴിക്ക ഈ അഞ്ചുമിണ്ടും വേണ്ടാത്തവരെടെ (ചിരി) സംഖ്യയെ കഴിയുന്നത്ര ചുരുക്കാം.

മി. എ. ഹഗ്ഗ്രെവർഫ് (ഗവണ്മെൻറു നിയമിച്ചമെമ്പർ): മി. കുമാരൻ പറഞ്ഞതിനോടു ഞാൻ പൂർണ്ണമായി യോജിച്ചുകൊള്ളുന്നു.

പ്രസിഡണ്ടു: അപ്പോൾ നിങ്ങളെ അങ്ങുമിങ്ങും വേണ്ടാത്തവരെന്നാണു വിളിക്കുന്നതു് (ചിരി)

മി. എ. ഹഗ്ഗ്രെവർഫ് (ഗവണ്മെൻറു നിയമിച്ച മെമ്പർ): ഞാൻ മി. ജി. പരമേശ്വരൻപിള്ളയുടെ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (മെയ്യാറിൻകര): ഗവണ്മെൻറു നിയമിക്കുന്ന മെമ്പറന്മാരേയോ അവരുടെ നിയമനത്തെയുപറ്റി ഞാൻ ഒരുപക്ഷേപോലും പറഞ്ഞിട്ടില്ല.

ടി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിതപ്രതിനിധി): അതു സൂചിപ്പിച്ചതു ഞാനാണ്.

ബി. എ. ഇഗ് വർഫ് (ഗവണ്മെന്റ് നിയമിച്ചഅംഗം): പിന്നെ എന്തെങ്കിലുംകൂടി ആ ആക്ടം ചേർത്തു ഭരണഘടനയിൽകൊണ്ടുവരാം. ഞാൻ ശഠിക്കുകയില്ല.

പ്രസിഡണ്ട്: തിരിഞ്ഞെടുക്കപ്പെടുന്ന മെമ്പന്മാർ—പ്രത്യേകിച്ചു ഭരണപരിചയമുള്ള നിയോജകമണ്ഡലത്തിൽനിന്നു വരുന്നവർ—ചേർന്നുകൂടി മന്ത്രിസഭയിൽചേരണമെന്നതാണെന്നു ആ ആക്ടം പറഞ്ഞു.

ബി. എ. ഇഗ്നവെർഫ് (ഗവണ്മെന്റ് നിയമിച്ചഅംഗം): ഗവണ്മെന്റ് നിയമിക്കുന്നവരിൽനിന്നു തന്നെ തിരിച്ചോ?

ബി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ജന്മി, പ്ലാന്ററന്മാർ തുടങ്ങിയ പ്രത്യേക മണ്ഡലങ്ങളിൽനിന്നു തന്നെ തിരഞ്ഞെടുക്കും.

ബി. എ. ഇഗ്നവെർഫ് (ഗവണ്മെന്റ് നിയമിച്ച മെമ്പർ): അതുപോലെയുള്ള അവസരങ്ങളിൽ അതിനെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല.

പ്രസിഡണ്ട്: നിങ്ങൾ മി. കുമാരനോടു ചോദിക്കുന്നില്ല എന്നോ?

ബി. എ. ഇഗ്നവെർഫ് (ഗവണ്മെന്റ് നിയമിച്ചഅംഗം): ഞാൻ മി. ജി. പരമേശ്വരൻപിള്ള പറഞ്ഞതു തന്നെയാണു പറയുന്നത്. മി. കുമാരൻപറഞ്ഞതു എന്തെന്നു ഞാൻ അറിഞ്ഞിരുന്നില്ല; എനിക്കു കേൾക്കാൻ കഴിഞ്ഞില്ല.

പ്രസിഡണ്ട്: അവർ ഒരുതരത്തിലും രാഷ്ട്രീയത്തിലുൾപ്പെടാതെകൊണ്ടു ഗവണ്മെന്റ് നിയമിക്കുന്ന അന്യോദ്യോഗസ്ഥന്മാരെന്നാണു സംയ്യു കൂയ്യുണ്ടെന്നു ആ ആക്ടംപറഞ്ഞു.

ബി. എ. ഇഗ്നവെർഫ് (ഗവണ്മെന്റ് നിയമിച്ചഅംഗം): ഞാൻ ആ അളവിനെ എതിർക്കുന്നു. എന്നാൽ ഇനിയും നിയമിച്ചുകൊണ്ടുണ്ടെന്നുള്ളതുകൊണ്ടല്ല (ചിരി) പിന്നെയോ രാഷ്ട്രത്തിനുവേണ്ടി ഗവണ്മെന്റ് നിയമനമില്ലായിരുന്നെങ്കിൽ ബി. കുമാരൻ ഇവിടെ ഇരിക്കുമായിരുന്നുവല്ലോ.

പ്രസിഡണ്ട്: ആ അളവിനു തിരിഞ്ഞെടുപ്പാകുന്ന ഭൂരിപക്ഷമെങ്കിൽവഴി വരാനാണ് ഇഷ്ടം.

ടി. എ. ഇഗ്നവെർഫ് (ഗവണ്മെന്റ് നിയമിച്ച മെമ്പർ): ഒരുപക്ഷേ ജയിക്കുമായിരുന്നതെവന്നാകാം, ശക്തിയേറിയ ഇരുപക്ഷമുണ്ടായതിൽനിന്നു മാറി ഒരു പ്രത്യേകസ്ഥിതി ഇവിടെയുള്ളതു.

പ്രസിഡണ്ട്: മി. പരമേശ്വരൻ വേറൊന്നാണ്.

ടി. റാവു. ലക്ഷ്മണൻപിള്ള (ഗവണ്മെന്റ് നിയമിച്ചമെമ്പർ): തമിഴർ തുടങ്ങിയ ചില സമുദായക്കാർക്കു ഇപ്പോൾ എന്തെങ്കിലുമൊന്നു പ്രാതിനിധ്യം കൊടുക്കണമെന്നു അഭിപ്രായമുണ്ടോ?

പ്രസിഡണ്ട്: അതിനോടാണ് നിങ്ങൾ ചോദിക്കുന്നതു?

ബി. എ. ഇഗ്നവെർഫ് (ഗവണ്മെന്റ് നിയമിച്ചമെമ്പർ): ശരിക്കുനോക്കുകയാണെങ്കിൽ അതു ഗവണ്മെന്റിനിയമനമോ തിരഞ്ഞെടുപ്പോ അല്ല. മെമ്പറിനു നല്ലില്ലായ്മപക്ഷം, അയാളെ തിരുവിതാംകൂറിൽവച്ചു തിരഞ്ഞെടുത്തയച്ചതാണെങ്കിലും, ഇവിടെവന്ന്, അനങ്ങാതെയിരുന്നു, എന്തുപറഞ്ഞാലും കരിവയ്ക്കുന്നതുകൊണ്ടു യാതൊരുപ്രയോജനവുമുണ്ടാകാനില്ല. (മി. ജി. പരമേശ്വരൻപിള്ള ഹയർ ഹിയർ) ഉദ്ദേശ്യത്തിലും രാജ്യസേവനത്തിനുള്ള ആഗ്രഹവുമാണ് അവശ്യംവേണ്ടതു. ഒരുത്തൻ ഗവണ്മെന്റിനാൽ നിയമിക്കപ്പെട്ടയാളാണു ജനങ്ങളാൽ നിയോഗിക്കപ്പെട്ടവനാ എന്നുള്ളതു വളരെ ഉപരിയായ ഒരു വ്യത്യാസം മാത്രമാകുന്നു. വഴ്ചിയമ്പരങ്ങളിൽ മെമ്പന്മാർക്കുവേണ്ടിയിരിക്കുന്നു. അവർ കൗൺസിലിലെടുക്കുന്ന പ്രാധാന്യമായ ഉദ്യോഗസ്ഥന്മാരെ കണ്ടെത്തിക്കുന്നു. അവർ കൗൺസിലിക്കു ഉദ്യോഗസ്ഥന്മാരെ കണ്ടെത്തിക്കുന്നതിൽ പിൻതാങ്ങുന്നതും ബ്രാഹ്മണരായ ആയുക്തകാര്യമന്ത്രികളെ കണ്ടെത്തിക്കുന്നതിൽ പിൻതാങ്ങുന്നതും—ഈ വകകളെല്ലാം അസ്സംബ്ലിക്കുണം. പൊതുജനസേവനത്തിനായിക്കൊണ്ടുവേണം മെമ്പറന്മാർ ഇവിടെവരാൻ. അതുകൊണ്ട്, ഒരാൾ ഗവണ്മെന്റ് നിയമിച്ചമെമ്പറോ, ജനങ്ങൾ തിരഞ്ഞെടുത്ത മെമ്പറോ എന്നുള്ളതു ഒരു വ്യത്യാസമേ അല്ലാതെന്നു.

ബി. കെ. പരമേശ്വരൻപിള്ള (തിരുവല്ല) എൻറെസ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള ഇപ്പോൾ അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങുവാൻ എനിക്കുവളരെ സന്തോഷമുണ്ട്. കൌൺസിൽകൊണ്ടുള്ള പ്രയോജനം റെഗുലേഷനിൽ ഭേദഗതി വരുത്താതെതന്നെ വഴിപിക്കാവുന്നതാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഈ സംഗതികളിൽ ഒന്നു കൂടിക്കാണിച്ചു കഴിഞ്ഞിരിക്കുന്നുവല്ലോ. അതായതു് ആഭ്യന്തരചോദ്യം ചോദിക്കുന്ന മെമ്പറല്ലാത്തവർക്കും ക്ലൂട്ടചോദ്യങ്ങൾ ചോദിക്കാനുള്ള അവകാശത്തെപ്പറ്റി ഭിന്നവിഷയങ്ങളുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥ മെംബറന്മാരോടു ക്ലൂട്ടചോദ്യങ്ങൾ ചോദിക്കുന്നുമാം ഇവിടെ ഇന്നു ഞാൻ ആ അവകാശം കൌൺസിൽ മെംബറന്മാരിൽ സ്ഥിതിചെയ്യുന്നതിനെറ ആവശ്യകത നല്ലവണ്ണം അനുഭവിച്ചിട്ടുണ്ടു. മറ്റു മെംബറന്മാരേയും ക്ലൂട്ടചോദ്യങ്ങൾ ചോദിക്കാൻ അനുവദിക്കാതിരിക്കുന്നതിനു യാതൊരുകാരണവുമില്ലെന്നതു, ഡിപ്പാർട്ടുമെൻറ് ചാർജ്വഹിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ അടുക്കൽനിന്നു വിവരങ്ങൾഅറിവാൻ മാത്രമായിട്ടാണിതു്.

കൌൺസിൽ വളർച്ചയ്ക്കു നന്നാക്കുന്നായി എനിക്കു തോന്നുന്ന വേറൊരുവഴി പ്രമേയങ്ങളുടെയും പ്രസംഗത്തിലുള്ള ചോദ്യങ്ങളുടെയും നയത്തിക്കുന്നതിനെ ഭേദപ്പെടുത്തുന്നതിനാണ്. ഈവക ചോദ്യങ്ങളിലും പ്രമേയങ്ങളിലും അടങ്ങിയതിരിക്കുവാനുള്ള സംഗതിവിവരത്തെ സംബന്ധിച്ചുള്ള നിയമങ്ങൾ ലജിസ്ലേറ്റീവ് കൌൺസിൽ റെഗുലേഷൻ സെക്ഷൻ ക—നെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ് അതിൻപ്രകാരം—

താഴെപറയുന്നവയെ സംബന്ധിക്കുന്നവയോ ബാധിക്കുന്നവയോ ആയവയൊന്നും തന്നെ ആലോചനയ്ക്കെടുക്കാനോ പ്രസംഗത്തിനോ നിയമസഭയ്ക്കു് അധികാരമില്ലാത്തതാകുന്നു.

(കെ) ധർമ്മസ്ഥാപനങ്ങൾ.

(എൽ) നമ്മുടെ ഗവണ്മെൻറിനെ ഭരണത്തിലുള്ളതോ ഉടമസ്ഥതയിലുള്ളതോ ആയ ദേവസ്വങ്ങൾ

റെഗുലേഷൻ ക—പ്രകാരം ഈ സംഗതികളെക്കുറിച്ചു പൂർണ്ണാധികാരം കൌൺസിലിനു കൊടുക്കണമെങ്കിൽ ഇപ്പോഴത്തെ നിയമം അനാശാസ്യമായിരിക്കാം. അവയിൽ ചിലതിനെപ്പറ്റിയും കൌൺസിലിൽ പ്രമേയങ്ങൾ അവതരിപ്പിക്കണമെങ്കിലോ ചോദ്യങ്ങൾ ചോദിക്കുന്നതിനുവേണ്ടിയോ എന്തൊരുദോഷമാണുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഉദാഹരണത്തിനു റെഗുലേഷനിലെ ക—പ്രകാരംപട്ടികയിൽനിന്നും(കെ)-(എൽ)

എഴുതിക്കൊടുക്കുക. ആരുണ്ടാക്കുന്ന തിരുവിതാംകൂർ ഗവണ്മെന്റിലിരിക്കുന്നിടത്തോളംകാലം വരെ ഉദ്ദേശിക്കുന്നുണ്ടോ അവിടെ വിട്ടുന്ന ദേവസ്വവും ധർമ്മസ്ഥാപനങ്ങളുമാണവ; അവ രാജ്യത്തിന്റെ ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റിന്റെ കീഴിലുമാക്കുന്നു. ആ ഡിപ്പാർട്ടുമെന്റുകളുടെ ഭരണം ജനങ്ങളുടെ സാരമായവിധത്തിൽ ബാധിക്കാതിരിക്കയില്ലെന്ന് സമ്മതിച്ചുതീരുന്നതാണും.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) ദേവസ്വങ്ങൾക്കു ഇരുപതുലക്ഷത്തിലധികം രൂപ പണ്ടുലക്ഷമെങ്കിലുമുണ്ടാക്കുവാൻ എന്തെങ്കിലുമുപ്രമേയം പാസാക്കിയാൽ അതു ഗവണ്മെന്റിനു സ്വീകരിക്കാമോഎന്നു മിസ്റ്റർ പരമേശ്വരൻപിള്ളയോടു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല) ആ മതിരിവിഷമങ്ങളിൽനിന്നു ഒഴിവാൻവേണ്ടിടത്തോളം മാത്രമുള്ള അധികാരങ്ങളാം ഗവണ്മെന്റിൽ സ്ഥിതിചെയ്യുന്നുണ്ട്.

പ്രസിഡണ്ടു. അങ്ങനെ ഒരു പ്രമേയത്തെപ്പറ്റി സഭയിൽ പ്രതിപാദിക്കാനെ പാടില്ലെന്നാണല്ലോ ആം പറയുന്നതു്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല) ചോദ്യങ്ങളും പ്രമേയങ്ങളും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റിയാണ് ഞാൻ സംസാരിക്കുന്നതു; ഡിപ്പാർട്ടുമെണ്ടിന്റെ പണം ദേവസ്വത്തിനും ധർമ്മസ്ഥാപനങ്ങൾക്കും ആയിട്ടാണ് ചിലവിടുന്നതും. ഒരു പ്രത്യേകവിളംബരം കൊണ്ടു ഒരു ക്ലിപ്തസംഖ്യ ആ ഡിപ്പാർട്ടുമെണ്ടിന്റെ ഭരണത്തിനായിരിക്കത്തക്കതു നീക്കിവച്ചിരിക്കുന്നു. ഈ മുതലുകളെ വകയിരുത്തിക്കുന്നതിനെക്കുറിച്ചാണു ഞാൻ സംസാരിക്കുന്നതു, മുതലുകൾ നീക്കിവച്ചതിനെക്കുറിച്ചല്ല. ഈ ഡിപ്പാർട്ടുമെണ്ടുകളുടെ ഭരണകത്തപ്പറ്റി ഞങ്ങൾക്കു ചോദ്യങ്ങൾ ചോദിക്കാനും പ്രമേയങ്ങൾ അവതരിപ്പിക്കാനും പാടില്ലാത്തതു എന്തുകൊണ്ടാണെന്നാണ് ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) എനിക്കു വേറൊരു ചോദ്യം ചോദിക്കാനുണ്ടു്. തിരുവിതാംകൂറിലെ ഹിന്ദുക്ഷേത്രങ്ങളിൽ വച്ചു നിവേദ്യം പാടില്ലാത്തതാകുന്നു എന്നൊരുപ്രമേയം പാസാക്കുകയാണെന്നു വിചാരിക്കുക, ഗവണ്മെന്റു അതനുസരിക്കുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) മിസ്റ്റർ വേലുപ്പിള്ളയോടു എനിക്കു ഒരു ചോദ്യംചോദിക്കാമോ?

പ്രസിഡണ്ടു. പാടില്ല. ഒരു ചോദ്യംചോദിക്കുന്നതുമംബർ

മയായി നിങ്ങളുടെചോദ്യം ഒന്നു ആവർത്തിച്ചു ചോദിക്കാമോ, മിസ്റ്റർ വേലുപ്പിള്ളേ?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) ദേവസ്വംഡിപ്പാർട്ടുമെണ്ടിന്റെ ഭരണത്തെക്കുറിച്ചു കൌൺസിലിൽ പ്രമേയങ്ങളോ അവതരിപ്പിക്കാനും ചോദ്യങ്ങളും ചോദിക്കുന്നതും ഇതു സഭയുടെ അധികാരപരിധിയിലിരിക്കുന്നതാണെന്നു മിസ്റ്റർ പരമേശ്വരൻപിള്ള പറയുന്നു. ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയോടുചോദിക്കുന്നു, അമ്പലങ്ങളിൽ ഇനിമേൽ വച്ചുനിവേദ്യം പാടില്ലെന്നു കൌൺസിലിൽ ഒരു പ്രമേയം പാസാക്കുകയാണെങ്കിൽ—

മി. കെ: പരമേശ്വരൻപിള്ള (തിരുവല്ല): അതു ഗവണ്മെന്റിനോടു ചെയ്യുന്ന ഒരു ശുപാർശപോലെ ഇരിക്കയെ ഉള്ളു.

പ്രസിഡണ്ടു: അതേ; ഒരുശുപാർശ ഇടയ്ക്കുവച്ചു ചോദ്യങ്ങളും ചോദിക്കാവുന്നവയും എന്നാൽ പ്രമേയങ്ങളും അവതരിപ്പിക്കാൻ പാടില്ലാത്തവയും ആയ ചിലവിഷയങ്ങളില്ലേ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റുസെക്രട്ടറി) ഇല്ല, സർ.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല) കൌൺസിലിന്റെ ദൃഷ്ടിയിൽനിന്നു ഒഴിച്ചുവച്ചിരിക്കുന്നവേറൊരുവിഷയം 9-ാംചട്ടം അനുസരിച്ചുള്ളതാണ്, അതായതു്—

(ക) താഴെപറയുന്ന വിഷയങ്ങളെക്കുറിച്ചു ചോദ്യങ്ങളും ചോദിക്കാൻ പാടില്ലാത്തതാകുന്നു.

(എ) കൌൺസിലിന്റെ റെഗുലേഷൻ ക—ം സെക്ഷൻപ്രകാരം കൌൺസിലിന്റെ അധികാരത്തിൽനിന്നു ഒഴിച്ചിട്ടുള്ളവിഷയങ്ങളും,

പ്രസിഡണ്ടു. അതാണ്ടും,

മി കെ. പരമേശ്വരൻപിള്ള (തിരുവല്ലാ) താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ചു് അമ്മാതിരിപ്രമേയങ്ങളും നടത്താൻ അനുവദിക്കാൻ പാടില്ലാത്തതാകുന്നു എന്നു 9-ാം ചട്ടത്തിൽ പറയുന്നു.

(എ) കൌൺസിലിന്റെ റെഗുലേഷൻ ക—ംസെക്ഷൻപ്രകാരം കൌൺസിലിന്റെ അധികാരത്തിൽനിന്നു ഒഴിച്ചിട്ടുള്ള വിഷയങ്ങളും

ഇതു തീരെ വിശദമായിട്ടിരിക്കുന്നില്ല. അതുകൊണ്ടു കുറെക്കൂടി വിവരിച്ചു പറയേണ്ടതാണു. റെയിൽവേകളേപ്പറ്റി വളരെ പരാതിയുണ്ടു്. ഈ വിഷയത്തെക്കുറിച്ചു പൊതുജനങ്ങൾക്കുള്ള പരാതികളെ ശക്തിയോടുകൂടി നിവേദനംചെയ്യുന്നതിനു കൌൺസിലിൽ പ്രമേയങ്ങളും അവതരിപ്പിക്കാതെയും ചോദ്യങ്ങളും ചോദിക്കാതെയും സാധിക്കുന്നതല്ല. എന്നാൽ ഈ പ്രത്യേകവാക്യത്തിന്റെ കീഴിൽ അതു ഉൾപ്പെട്ടുന്നതുകൊണ്ടു അതുകൌൺസിലിന്റെ അധികാരത്തിൽനിന്നു ഒഴിച്ചുവച്ചിരിക്കുന്നു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റു സെക്രട്ടറി): വേറൊരുവാക്യത്തിൽ ക—ം (എ)-ച്ചു് വകുപ്പു് റെയിൽവെകളുടെകാര്യം പ്രത്യേകം എടുത്തു പറയുന്നുണ്ടു്.

പ്രസിഡണ്ടു. ആ ആരോപണം ശരിയാണു്. റെയിൽവേകളെക്കുറിച്ചു ചോദ്യംചോദിക്കാൻ പാടില്ലാത്തതാണെന്നു് ആ ആരോപണം. പ്രസ്തുതചട്ടം അനുസരിച്ചു ചെയ്യാവുന്നതെന്തു്, ചെയ്യാൻ പാടില്ലാത്തതെന്തു്, എന്നു് ആ ആരോപണംകൊണ്ടായാണു ചെയ്യുന്നതു്.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല) സർ, അതിനെക്കുറിച്ചു യഥേഷ്ടമധികം പരാതികളുണ്ടെന്നു തങ്ങൾക്കും അറിയാവുന്നതാണ്. ആവശ്യത്തിനുമാത്രം റോളിങ്ങ് സ്റ്റോക്കും തികയ്ക്കുകയും ഇല്ലാത്തതുകാരണം ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു സാമാനങ്ങളേയയക്കാൻ വളരെ വിഷമമുണ്ടെന്നു തുടങ്ങിയുള്ളകാര്യങ്ങളും അറിയേണ്ടതാണ്. ആവിഷയത്തെക്കുറിച്ചു വിചാരണചെയ്യാൻ കൌൺസിലിനു അനുവാദംകൊടുക്കാതിരിക്കുന്നതിനു യുക്തമായകാരണവും കാണുന്നില്ല. ചിലചട്ടങ്ങൾപോലെപ്പെട്ടെന്നായാൽ ചോദ്യങ്ങളും ചോദിക്കാനും പ്രമേയങ്ങളും

അവതരിപ്പിക്കാൻ ഉള്ള കൌൺസിലിന്റെ അധികാരം വഴിപ്പിക്കുന്നതാണ് എന്ന എനിക്കു തോന്നുന്നു. മറുവഴിക്കു ചട്ടങ്ങളിൽ ഗുണകരമായ ഭേദഗതികൾ വരുത്താം. കൌൺസിൽകൊണ്ടു ഇട്ടുതന്നു പ്രയോജനപ്രദമാക്കാൻവേണ്ടി ഗുളികളിൽ വരുത്താവുന്ന ഭേദഗതികളെ ചിലതാണ്. ഇവ നാനാവിധങ്ങളെക്കുറിച്ചു കൌൺസിലിൽ നടത്തുന്ന വാദപ്രതിവാദങ്ങളുടെ പ്രയോജനത്തെ വഴിപ്പിക്കുന്നുള്ള ചില വഴികൾ ഞാൻ പറഞ്ഞുവന്നേയുള്ളൂ. ഈ പ്രസ്താവനകളോടുകൂടി ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. സ. ശങ്കരമേനോൻ (കൊല്ലം) ഈ പ്രമേയത്തിനു അനുകൂലമായി എനിക്കു വിരോധമൊന്നും പറയാനുണ്ടെന്നുണ്ടു. ഒന്നാമതു വസ്തുതകളെ കൌൺസിലിന്റെ നോട്ടത്തിൽകൊണ്ടുവരാൻ ഞാൻ തല്പരനാണു. അവശ്യമെന്നു, റഗുലേഷനനുസരിച്ചു വോട്ടുചെയ്യാവുന്ന ചില സംഗതികളെ വോട്ടുചെയ്യാനുപേക്ഷിക്കുന്നതിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നുള്ളതാണ്. റഗുലേഷനനുസരിച്ചു, "നമ്മുടെ ഗവണ്മെണ്ടിനെ കൌൺസിലെ ഏതൊരു മെംബറിനേയെങ്കിലും ഡെപ്യൂട്ടി പ്രസിഡണ്ടായി നിയമിക്കുവാൻ കഴിയുന്നതാകുന്നു" ഡെപ്യൂട്ടി പ്രസിഡണ്ടെന്ന അഭിമാനസ്ഥാനം ആർക്കുവേണ്ടിയാണു വോട്ടുചെയ്യുന്നതു എന്നതു സംബന്ധിച്ചു ഒരു വിശദീകരണം ഉണ്ടായിരുന്നുവെങ്കിൽ, വോട്ടുചെയ്യാൻ പാടില്ലാത്തതാക്കിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ മെഡിക്കൽ സർക്കാർ പക്ഷം); ആദ്യാനുഭവത്തിൽക്കൂടി അതു വോട്ടുചെയ്യാൻ പാടില്ലാത്ത ഒരു വിഷയമാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കഴിഞ്ഞതവണകൊല്ലങ്ങളിലെ ബഡ്ജറ്റിലും ഈ ഇനം പ്പെടുത്തിയിട്ടില്ലായിരുന്നെന്നു ഞാൻ മിസ്റ്റർ ശങ്കരമേനോനെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടയോ?

ഡോ. സി. ശങ്കരമേനോൻ (കൊല്ലം): ഈ ഉദ്യോഗസ്ഥന്മാരുടെ ശമ്പളങ്ങളും അവർക്കുള്ള സംഭാവനകളും പ്രത്യേകമാണ് ബാധിക്കുന്നതു്. ഡെപ്യൂട്ടിപ്രസിഡണ്ടു ഗവണ്മെണ്ടായാൽ നിശ്ചയപ്പെടുന്ന ഒരു ഉദ്യോഗമാണെന്നു ഞാൻ അറിയുന്നില്ല. അതുകൊണ്ടു ഇപ്പോഴത്തെ വോട്ടുചെയ്യാൻ പാടില്ലാത്ത ഇനത്തിൽ ആ നിയമമായും കൌൺസിലിന്റെ അധികാരത്തെ കുറയ്ക്കുകയാണെന്നാണ് എനിക്കു തോന്നുന്നതു്.

റഗുലേഷനിലെ ക്ലോസുകൾ വകുപ്പിൻപ്രകാരം നിഷേധിച്ചിട്ടുള്ള വിഷയങ്ങളെപ്പറ്റിയാണ്. അതിനെയായാലും കൌൺസിലിന്റെ അധികാരത്തിൽ കൈവെയ്ക്കുന്നുവെന്നു ചട്ടം മിസ്റ്റർ പരമേശ്വരൻപിള്ള പറഞ്ഞുവല്ലൊ. ഈ വകുപ്പിനെ വിശാലബുദ്ധിയോയും, അതനുസരിച്ചുതന്നെ മറുപടിവിഷയങ്ങളെക്കുറിച്ചും ഈ കൌൺസിലിന്റെ ഭാ
ലോചനകളെ
മുള്ള മറുപടി വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതിനിടയിലും പല സൂച
നകളും നൽകുവാനു
തന്നെ ശക്തമാക്കിത്തീർക്കുവെന്നതാണ്. ഉദാഹരണത്തിനു, രാജ്യത്തിലെ കച്ച
വടത്തെ വഴിപ്പിക്കുന്നതു
നോക്കണമെന്നു ഞാൻ, കുറെമുൻപു, ഒരു പ്രമേയം അവതരിപ്പിച്ചിരുന്നു. എന്നാൽ
ക്ക് ആലോചനാവിഷയമാക്കേണ്ട
നുള്ള റെയിൽവെക്കാർ ചുമത്തുന്ന അധികനികുതി നമ്മുടെ കച്ചവ
ടത്തെ ബാധിക്കുന്നതെങ്ങനെയാണെ
നായിരുന്നു.

പ്രസിഡണ്ടു:—അനുവദിക്കുന്നതു രാജ്യതന്ത്രമായിരുന്നോ നിങ്ങളുടെ ആവശ്യം; പ്രമേയത്തിലെ വാക്കുകൾ അവയായിരുന്നോ? നിങ്ങൾ കാരണങ്ങളെക്കുറിച്ചാണു പറയുന്നതു്. ഒരു പ്രമേയം എന്തെങ്കിലും ചെയ്യണമെന്ന ഗവണ്മെണ്ടിനോടായിട്ടുള്ള ഒരു ശുപാർശയായിരിക്കണം.

മി. സി. ശങ്കരമേനോൻ (കൊല്ലം): അനുവദിച്ചിട്ടുള്ളതു ഒരു പ്രമേയം മാത്രമാണ്.

പ്രസിഡണ്ടു:—പ്രമേയമെന്തായിരുന്നു?

മി. സി. ശങ്കരമേനോൻ (കൊല്ലം) റെയിൽവെക്കൂലി കുറച്ചുമതലം കച്ചവടത്തെ പോഷിപ്പിക്കണമെന്നായിരുന്നു പ്രമേയം.

പ്രസിഡണ്ടു:—റെയിൽവെക്കൂലി കുറയ്ക്കണമെന്നാണ് എന്നോ?

മി. സി. ശങ്കരമേനോൻ (കൊല്ലം), ആവിഷയത്തെക്കുറിച്ചു ആലോചിക്കുമ്പോൾ റെയിൽവേക്കൂലിയെക്കുറിച്ചുള്ള പണ്ടാലോചന അസ്ഥാനത്തിലാകുന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഈ വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതിൽ നിന്നു ഞങ്ങളെ തടയാൻ പാടില്ലാത്തതാകുന്നു. നമ്മുടെ കച്ചവടത്തെ എങ്ങനെയാണു പോഷിപ്പിക്കേണ്ടതെന്നു കൌൺസിലിനെ അറിവാൻവേണ്ടി ഈ വിഷയം കൌൺസിലിൽ ആലോചനയ്ക്കുവരാൻ അനുവദിക്കേണ്ടതാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. റെയിൽവേകളുടെ ആദ്യന്തരഭരണത്തെക്കുറിച്ചു പ്രതിപാദിപ്പാൻ കൌൺസിലിനു അധികാരമില്ലായിരിക്കാമെങ്കിലും; മറുവിഷയങ്ങളെപ്പറ്റി ആലോചിക്കുമ്പോൾ റെയിൽവെക്കൂലിയെക്കുറിച്ചുള്ള യോജ്യം സ്ഥാനത്തിലായിത്തീരുന്നു. ആവിഷയങ്ങളെക്കുറിച്ചു കൌൺസിലിൽ പ്രതിപാദിക്കുന്നതു തടയുന്നതല്ല. റഗുലേഷനിലെ ക്ലോസും സെക്ഷനെ പ്രസിഡണ്ടു വിശാലമായി ഒരു വ്യാഖ്യാനിക്കുമ്പോൾ ചെയ്യേണ്ടതായുള്ള. അങ്ങനെചെയ്താൽ കൌൺസിലിന്റെ അധികാരത്തിൽപെട്ട വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കാൻ നിഷേധനിബന്ധകങ്ങളെ ലംഘിക്കാതെതന്നെ—

പ്രസിഡണ്ടു:—നിങ്ങൾ ആവശ്യപ്പെടുന്നതു ചോദ്യങ്ങളുസംബന്ധിച്ചുള്ള വീതഭേദപ്പെടുത്തണമെന്നാണോ?

മി. സി. ശങ്കരമേനോൻ (കൊല്ലം): വീട്ടുകരം റഗുലേഷനുകളെ ഭേദപ്പെടുത്തേണ്ടആവശ്യമില്ല.

പ്രസിഡണ്ടു:—നിങ്ങളുടെ പ്രമേയങ്ങളിലും ചോദ്യങ്ങളിലും സംഗതിവശാൽ അമ്മാതിരി വിഷയങ്ങളെപ്പറ്റി റെഫർചെയ്യുന്നതിനു യതൊരുവിരോധവുമില്ല.

മി. സി. ശങ്കരമേനോൻ (കൊല്ലം): വീട്ടിന്റെ വ്യാഖ്യാനത്തെപ്പറ്റിയും?

പ്രസിഡണ്ടു:—വ്യാഖ്യാനിക്കാൻപാടില്ലാത്ത ഒരു രീതിയിൽ വീട്ടുകരത്തെ വ്യാഖ്യാനിക്കണമെന്ന പ്രസിഡണ്ടിനോടു ആവശ്യപ്പെടുന്നതു കുറെ കഠിനമാണ്.

മി. സി. ശങ്കരമേനോൻ (കൊല്ലം): ഞാൻ അതാവശ്യപ്പെടുന്നില്ല.

പ്രസിഡണ്ടു:—എന്താണ് നിങ്ങൾ പറഞ്ഞതു്. പ്രസിഡണ്ടു വീട്ടുകരത്തെ കുറെക്കൂടി വിശാലമായി വ്യാഖ്യാനിക്കണമെന്നാണ് നിങ്ങൾപറഞ്ഞതു്.

മി. സി. ശങ്കരമേനോൻ (കൊല്ലം): അർഹപ്രധാനചോദ്യമായിരിക്കണമെന്നാണ് ഞാൻപറഞ്ഞത്. ആ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കാൻ കൌൺസിലിനു ശേഷിയുണ്ടാക്കിക്കൊടുക്കത്തക്കവണ്ണം വ്യാഖ്യാനിക്കണം.

മി ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): സർ, മി. ജീ. പരമേശ്വരൻപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങാൻ ഞാനും തല്പരപ്പെടുന്നു. അദ്ദേഹം പിൻതാങ്ങുന്നതോടുകൂടി എനിക്കു ചിലതൊക്കെ പറഞ്ഞാൽ കൊള്ളാമെന്നുണ്ട്.

പ്രസിഡണ്ട്:—അല്പംകൂടി ഒച്ചത്തിൽ സംസാരിച്ചാൽ വേണ്ടില്ലെന്നു നിങ്ങളോടു അപേക്ഷിക്കുകൊള്ളട്ടെയോ? നിങ്ങൾപറയുന്നതു തീരെ കേൾക്കാൻവയ്യാ.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ഗവണ്മെണ്ടിനോടുള്ള യാതൊരു ദോഷവും വരാതെയുള്ള കാര്യങ്ങളെ വ്യവഹരിക്കാവുന്നതാണ്. ഉദാഹരണത്തിനു ക്ഷീരോല്പാദനസെക്ഷൻതന്നെ എടുക്കാം.

തിരുവിതാംകൂറിലെ രാജകുടുംബത്തെ സംബന്ധിച്ചോ അതിനെ ബാധിക്കുന്നതോ ആയ യാതൊന്നും ചോദിക്കാനാകട്ടെ പാസാക്കാനാകട്ടെ ലെജിസ്ലേറ്റീവ്കൌൺസിലിനു് അധികാരമില്ലാത്തതാകുന്നു.

തിരുവിതാംകൂർ രാജകുടുംബത്തെ ബാധിക്കുന്നവയുടെ നേരെ പറഞ്ഞു ചില ചോദ്യങ്ങളെ അനുവദിക്കാതിരിക്കുകയുണ്ടായല്ലൊ.

പ്രസിഡണ്ട്:—നിങ്ങൾതന്നെയുള്ള പ്രസിഡണ്ടിന്റെ നിഷേധിച്ചതും ആയ ഒരു പ്രത്യേകചോദ്യത്തെ സംബന്ധിച്ചു പ്രസിഡൻറുചെയ്ത ഒരു വ്യാഖ്യാനത്തിനെപ്പറ്റി നിങ്ങൾക്കു പ്രതിപാദിക്കാൻ അവകാശമില്ലെന്നു ഞാൻ ഓർമ്മിപ്പിക്കുകൊള്ളട്ടെയോ?

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ഞാൻ ഒരുദാഹരണം കാണിക്കമാത്രമാണു ചെയ്തത്.

പ്രസിഡൻറ്: പ്രസിഡൻറുചെയ്ത നിഷേധനത്തെ സംബന്ധിച്ചുള്ള യാതൊരുദാഹരണവും കൂടാതെ. അതിനെപ്പറ്റി സഭയിൽ സൂചിപ്പിക്കയും അതിനെ സംബന്ധിച്ചുള്ള പ്രസിഡണ്ടിന്റെ തീരുമാനത്തെപ്പറ്റി ദീർഘമായി വിചാരം ചെയ്യുന്നും ചെയ്യാൻ പാടില്ലാത്തതാകുന്നു.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): പ്രസിഡണ്ടിന്റെ ഒരു വ്യാഖ്യാനത്തെപ്പറ്റി ചെയ്യണമെന്ന ഉദ്ദേശത്തിൻപേരിലല്ല ഞാൻ ഒരുദാഹരണമെടുത്തു കാണിക്കുന്നത്.

പ്രസിഡൻറ്: പിന്നെ എന്തിനാണത്? ഇന്നിന്നപ്രകാരത്തിൽ ഒരു നിഷേധകാരണമുള്ളതുകൊണ്ടു് അങ്ങനെ ഒരു നിഷേധനം ചെയ്യാൻ പാടില്ലാത്തതായിരുന്നുവെന്നു പറയുന്നതിനാണോ?

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): അങ്ങനെയാണെങ്കിൽ നിയമനിർമ്മാണത്തിനുള്ളതായ ആ ഗൃഹംപോലെയായിരിക്കണം എന്നാണ് എനിക്കു ബോധിപ്പിക്കാനുള്ളത്.

പ്രസിഡൻറ്: സംഗതി അതാണ്.

മി. ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): അതിനെക്കുറിച്ചു പ്രതിപാദിക്കാൻ എനിക്കു ഒരു അവസരം തരാത്തപക്ഷം മഹാരാജാ തിരുമനസ്സിൽനിന്നു പാസാക്കിയിട്ടുള്ള ചട്ടത്തെ ദുരുപയോഗപ്പെടുത്തുകയാണു ഞാളിൽ സ്ഥിതിചെയ്യുന്ന അവകാശങ്ങളെയും അധികാരങ്ങളേയും അമാന്തിച്ചു കളയുകയാണ് എടുത്തുകളയുകയാണ് ചെയ്യുന്നത് എന്നേ എനിക്കു പറയേണ്ടതായിട്ടുള്ളൂ.

പ്രസിഡൻറ്: എനിക്കു വളരെ സങ്കടമുണ്ട്. പക്ഷേ അതാണ് മട്ടം. അതിനെക്കുറിച്ചു പ്രതിപാദിക്കാവുന്ന മറ്റു പലസ്ഥലങ്ങളും ഉണ്ട്. എന്നാൽ ഈ സഭയിൽ അതിനെപ്പറ്റി പ്രതിപാദിക്കാൻ പാടില്ല.

മി. ജോൺമാത്തി (പ്ലാന്ററന്മാർ): കച്ചവടക്കാര്യങ്ങൾ എന്നു ഞാൻ പറയുന്നവയെപ്പറ്റി ചോദ്യങ്ങൾ ചോദിക്കാൻ സഭയ്ക്കു അധികാരമുണ്ടെന്നുള്ളവണ്ണം ചട്ടങ്ങളെ ദേഭഗതിചെയ്തിരിക്കണമെന്നു പറയുന്നിടത്തോളം ഉള്ള പ്രമേയത്തിന്റെ ഭാഗത്തെ ഞാൻ പിൻതാങ്ങുന്നു. കൊച്ചിഅന്തർമുഖസ്സംഗതി, ഇൻറർപോർട്ടൽകണ്വൻഷൻ, റെയിൽവേ തുടങ്ങിയ വിഷയങ്ങളെപ്പറ്റിയുള്ള ചോദ്യങ്ങൾ അയയ്ക്കാൻ മെമ്പന്മാർക്ക് അനുവദിക്കുകൊടുക്കേണ്ടതാകുന്നു.

പ്രസിഡൻറ്: ഈ പ്രത്യേകസംഗതികളേയാണോ നിങ്ങൾ സൂചിപ്പിക്കുന്നത്? അതോ ചട്ടത്തിന്റെ ഭേദഗതിയെക്കുറിച്ചുതന്നെയോ?

മി. ജോൺമാത്തി (പ്ലാന്ററന്മാർ): ഞാൻ ഈ പ്രത്യേകസംഗതികളേയാണ് സൂചിപ്പിക്കുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ദേവസ്വങ്ങളെപ്പറ്റിയേടത്തോളം ഈ പ്രമേയത്തെ പിൻതാങ്ങുവാൻ ഞാൻ തല്പരപ്പെടുന്നു. ദേവസ്വങ്ങളെ സംബന്ധിച്ചുള്ള ഭയം, എന്നെങ്കിലും ഒരു സുദിനത്തിൽ ദേവസ്വങ്ങളെ ഇല്ലായ്മചെയ്യണമെന്നു ഈ സഭ വിചാരിക്കയാണെങ്കിൽ, അവർ അത്തരത്തിലുള്ള ഒരു പ്രമേയം പാസാക്കുമല്ലോ എന്നാണെന്നു തോന്നുന്നു. അതായിരുന്നു മിസ്റ്റർ ടി. കെ. വേലുപ്പിള്ളയുടെ ഭയം. ഞാൻ അദ്ദേഹത്തിനു ഇതിന്റെ മറുവശംകൂടി കാണിച്ചുകൊടുക്കാം—അതായത്, വച്ചുനിരുപാധം തുടങ്ങിയ ക്രിയകളെ വിശ്വാസമായി ഏല്പിച്ചിരിക്കുന്ന ആളുകൾ അവരുടെ ജോലിക്ക വീഴ്ചവരുത്തുകയാണെങ്കിൽ, അതിനെ ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തിയാക്കാൻ ഈ സഭയ്ക്കു സാധിക്കുന്നതെങ്ങനെ? ദേവസ്വം ഭരണത്തിന്റെ പ്രാപ്തിപ്പെപ്പറ്റി പുനരാലോചിക്കുന്നതിനു നമുക്കു ചില പരിധികൾ ഉണ്ടാക്കാം. ദേവസ്വം ഉദ്യോഗസ്ഥന്മാരുടെ ദുഷ്ക്രിയകളെ ഗവണ്മെണ്ടിന്റെ നോട്ടത്തിൽ കൊണ്ടുവരുവാൻ നാം സാമാന്യത്തിലധികം വിഷമിക്കേണ്ടതായിട്ടാണിരിക്കുന്നത്. അക്കാരണത്താലാണ്, ദേവസ്വങ്ങളെ സംബന്ധിച്ചു പ്രമേയങ്ങൾ അയയ്ക്കുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കൌൺസിലിനെ അനുവദിക്കേണ്ടത്. ദേവസ്വങ്ങളെ റവന്യൂഡിപ്പാർട്ടുമെണ്ടിൽനിന്നു പിരിക്കുവാൻവേണ്ടി മാത്രമല്ലാതെപോലും ചിലതൊക്കെ ചെയ്യാൻ ഗവണ്മെണ്ടിനെ നിർബന്ധിക്കേണ്ടതാവശ്യമുള്ള കാര്യപ്രത്തിലായിരുന്നു, ദേവസ്വം ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ, അതിന്റെ കാര്യങ്ങൾ എന്നുള്ളതും ഈ അവസരത്തിൽ പ്രസ്താവ്യമാണ്. നമ്മുടെ ബഹുമാന്യനായ ചീഫ്സെക്രട്ടറി ഒരിക്കൽ എടുത്തുപറഞ്ഞതുപോലെ, റവന്യൂദേവസ്വം വിഭാഗത്തിനു ഗവണ്മെൻറു ഉച്ചയുള്ള ദേവസ്വങ്ങളുടെ ക്ഷേമത്തിനവേണ്ടിയാണ്. അതിനെ റവന്യൂഡിപ്പാർട്ടുമെണ്ടിൽനിന്നു വേർപെടുത്തിയതിനുശേഷം ഗവണ്മെൻറു ചെയ്തുള്ള ദേവസ്വം ഡിപ്പാർട്ടുമെണ്ടിന്റെ ചുമതലകൾ അതുപോലെ ഉള്ളിടത്തോളംകാലം നിലനിൽക്കത്തക്കവണ്ണം ഒരു മുൻകരുതൽ കൈക്കൊള്ളുകയായിരുന്നു.

ദേവസ്വം ഡിപ്പാർട്ടുമെന്റിന്റെ ആധ്യക്ഷ്യം മന്ത്രിക്കാണെന്നുള്ള ചോദ്യത്തെ തടയുന്ന രക്ഷായന്ത്രങ്ങളെ എടുത്തുകളവാൻ ഗവണ്മെന്റു തയാറാകുന്നില്ലെങ്കിലും, ദേവസ്വം ഡിപ്പാർട്ടുമെന്റു്, അതിന്റെ ഗ്രന്ഥദോഷങ്ങളെ അനുദിനം കഴുകിവൃത്തിയാക്കുന്നതിനു ചെയ്യുന്നുണ്ടെങ്കിൽ പൊതുജനങ്ങളുടെ കൺമുന്നിലിരിക്കുകയാണല്ലോ. ഇതുകൊണ്ടു് ഈ ഡിപ്പാർട്ടുമെന്റു് കൈകാര്യം ചെയ്യുന്നതു് ഏതുവിധമാണെന്നു് ഗവണ്മെന്റിനു് ഇപ്പോൾ ബോദ്ധ്യപ്പെടുവാൻ കഴിയുന്നുണ്ടായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിനെ ഇപ്പോഴത്തെ ബഹുമന്ത്രിമാരുടെ കീഴിൽ ഭരിക്കുന്നതിനു് ഏതാനും കാലത്തേക്കുകൂടി അനുവദിക്കുന്നതു് ഗവണ്മെന്റിനു് ഉചിതമായിരിക്കുമെന്നു് ഞാൻ വിചാരിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിനെ ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടുവരുന്നതിനു് ഞാൻ എതിരാണു്

ഖവിക്ഷയങ്ങളെ ആലോചനയ്ക്കുവിടുക്കാൻ പാടില്ലെന്നും ചോല്യങ്ങളും ചോദിക്കുന്നതിനേയും പ്രമേയങ്ങളും അവതരിപ്പിക്കുന്നതിനേയും സംബന്ധിച്ചു മറ്റുള്ളവരുടെ ഓർഡ്യത്തെ ഗവണ്മെന്റിനു കുറയ്ക്കാവുന്നതാണെന്നും ആണ്.

പ്രസിഡന്റ്: ഏതുവകുപ്പിനേയാണ് നിങ്ങളുദ്ദേശിപ്പിക്കുന്നത്?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): റെഗുലേഷനിലെ ക്ലോം സെക്ഷനെ. അതു ഇപ്രകാരമാണ്.

"ഈ റഗുലേഷനിലെ ചട്ടങ്ങളുടെസഹായത്തിനു നമ്മുടെ ഗവണ്മെന്റു, വിക്ഷയങ്ങളേയും മറ്റുകാര്യങ്ങളേയുംപറ്റി ചെയ്യുന്ന നിയന്ത്രണങ്ങൾക്കും സമയനിയമങ്ങൾക്കും വിരുദ്ധമാകാതെ നിയമസഭയിലെ ഏതൊരുമെമ്പറിനും (ക) ചോല്യങ്ങളും ചോദിക്കുവാനും (ഖ) പ്രമേയങ്ങളും അവതരിപ്പിക്കുവാനും കഴിയുന്നതാണ്"

പ്രസിഡന്റ്: ചട്ടം ലേപ്പെടുത്തേണ്ടതായിട്ടിരിക്കുന്നോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതേ. ചട്ടങ്ങളും ലേപ്പെടുത്തുന്നതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട സമയങ്ങളിലെ നിയമനിർമ്മാണത്തെയോ വാദപ്രതിവാദത്തെയോ നിഷേധിക്കുന്നതിനു പ്രത്യേകമായഹിതാധികാരങ്ങളും കൈവശത്തിലുണ്ടായിരിക്കേണ്ടതാണെന്നു ഗവണ്മെന്റിനു ബഹുനിർബന്ധമാണെങ്കിൽ, ഈ സന്ദർഭത്തിൽത്തന്നെയുള്ള ഗവണ്മെന്റിന്റെ ഓഫ്ഇൻഡ്യാ ആക്ടിലെപ്പോലെ ഒരുചട്ടം ഉണ്ടാക്കാൻ സാധിക്കുന്നതുമാണു. അതിനുപറയുന്നതു "ഗവർണ്ണർജനറലിന്റെ അനുവാദത്തോടുകൂടിയല്ലാതെ" എന്നാണ് അതുപോലെ നമുക്കും "ദിവാന്റെ അനുവാദത്തോടുകൂടിയല്ലാതെ യാതൊരുസംഗതിയും പ്രതിപാദനത്തിനു എടുക്കപ്പെടുവാൻപാടുള്ളതല്ല" എന്നുചേർക്കും. ഈ ഒരുഇല്ലായ്മ നമ്മുടെ റഗുലേഷന്റെ ഒരുപ്രത്യേകതയാണ്. ഈ കൌൺസിലിന്റെ അഭിപ്രായമറിയണമെന്നു ഗവണ്മെന്റിനു തോന്നുമ്പോൾ, ആ ചട്ടത്തിൻപ്രകാരം ഈപ്രതിപാദനത്തിനു അനുവാദം കൌൺസിൽ പ്രസിഡന്റു ദിവാൻജിയായിരിക്കുന്ന അവസരങ്ങളിൽ കൊടുക്കുവാൻ സാധിക്കയും ചെയ്യും. വല്ല ഡിപ്പാർട്ടുമെൻറുകളുടേയും നിത്തലിനെസംബന്ധിച്ചു പ്രമേയങ്ങളുംപോസാക്കി ഗവണ്മെന്റിനെ വിഷമിപ്പിച്ചു കളയുമോഎന്നുള്ള ഭയപ്പെടാൻ വഴിയുണ്ടാകുമെന്നില്ല. ഈ കൌൺസിലിന്റെ ഹൃദ്യമായ വിവേകബുദ്ധിയേയും സൽബോധത്തേയും പറ്റി ഉൽകൃഷ്ടവിശ്വാസങ്ങളും കിട്ടിയിട്ടുണ്ട്. അതുകൊണ്ടു, ഞങ്ങളും അവിവേകികളായിപ്പോകയില്ലെന്നു ഞാൻവിചാരിക്കുന്നു. അടുത്തകൌൺസിലിനു മുൻപെങ്കിലും വളരെ ലേപ്പെടുത്തണമെന്നു, അതിനാൽ അപേക്ഷിച്ചുകൊണ്ടു എന്റെപ്രമേയത്തെ ഞാൻ പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രസിഡന്റ്: ഈ ഡിമാൻറിനു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോയിരിക്കുന്നതിനാൽ ബാക്കിപ്രമേയങ്ങളും എടുക്കപോയി.

"പ്രമേയങ്ങളും ക്ര.സം.---ക്ഷ.

താഴെപറയുന്ന പ്രമേയങ്ങളും എടുക്കപോയി.

മി. എൻ. കുമാരൻ.

ക്ര.സം. ലെജിസ്ലേറ്റിവു കൌൺസിലിനായി നീക്കിവച്ചിട്ടുള്ള 12 ക 00 രൂപയിൽനിന്നു ക 00 രൂപകുറയ്ക്കുണമെന്നു.

മി. എം. ആർ. മായവരപ്പിള്ള.

ക്ര.ര. ലെജിസ്ലേറ്റിവു് കൌൺസിലിനായി നീക്കിവച്ചിട്ടുള്ള 12 ക 00 രൂപയിൽനിന്നും ക 00 രൂപകുറയ്ക്കുണമെന്നു.

മി. ടി. കുമാരപിള്ള.

ക്ര.ഒ. ആപ്പീസ്സിസ്സും ഡയറക്ടർക്കായി നിക്കിവച്ചിട്ടുള്ള 1 ന 1 രൂപ കിഴിവുചെയ്യണമെന്നു.

മി. വി. കൃഷ്ണകൃഷ്ണപിള്ള.

ക്ര.സു. ആപ്പീസ് സിസ്റ്റംസ് ഡയറക്ടർക്കായി നീക്കിവച്ചിട്ടുള്ള 1 ന 1 രൂപയിൽനിന്നു സു 00 രൂപകുറവുചെയ്യണമെന്നു.

മി. എൻ. കുമാരൻ.

ക്ര.ഉ. ആപ്പീസ് സിസ്റ്റംസ് ഡയറക്ടർക്കായി നീക്കിവച്ചിട്ടുള്ള 1 ന 1 രൂപയിൽ നിന്നു ക 00 രൂപ കുറവുചെയ്യണമെന്നു.

മി. എം. ആർ. മായവരപ്പിള്ള.

ക്ര.വ. ആപ്പീസ് സിസ്റ്റംസ് ഡയറക്ടർക്കായി നീക്കിവച്ചിട്ടുള്ള 1 ന 1 രൂപയിൽനിന്നു ക 00 രൂപ കുറവുചെയ്യണമെന്നു.

മി. ജി. പരമേശ്വരൻപിള്ള.

ക്ര.ൻ. എട്ടാംഡിമാൻഡിനായി നീക്കിവച്ചിട്ടുള്ള ക.ൻ.ഖ ലക്ഷം രൂപയിൽനിന്നു ക 00 രൂപകുറവുചെയ്യണമെന്നു.

റെവറൻഡ്ഫാദർ കയ്യാക്കോസ് വെട്ടിക്കാപ്പള്ളി.

ക 00. എട്ടാം ഡിമാൻഡിനായി നീക്കിവച്ചിട്ടുള്ള ക.ൻ.ഖ ലക്ഷം രൂപയിൽനിന്നു ക 00 രൂപകുറവുചെയ്യണമെന്നു

മി. തരിയത്തുകുഞ്ഞ്തൊമ്മൻ.

ക ക. എട്ടാംഡിമാൻഡിനായി നീക്കിവച്ചിട്ടുള്ള ക.ൻ.ഖ ലക്ഷംരൂപയിൽനിന്നു ക 00 രൂപകുറവുചെയ്യണമെന്നു.

പ്രസിഡന്റ്. ഡിമാൻഡ് VIII ജനറൽ അഡ്മിനിസ്ട്രേഷൻ—ഹാജർക്കുറവിനുതക്കതായവ ക.ൻ.ഖ ലക്ഷം രൂപ സഭയുടെ അംഗീകാരത്തിനായി ഞാൻ ഹാജരാക്കികൊള്ളുന്നു.

ഗ്രാന്റു അനുവദിക്കപ്പെട്ടു.

ഡിമാൻഡ് VIII ഖനൽ അഡ്മിനിസ്ട്രേഷൻ അക്കൗണ്ടപ്പീസ്.

മി. കെ. ജോർജ് (ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): ഡിമാൻഡ് VIII അക്കൗണ്ടന്റ് ജനറലിന്റെ ആപ്പീസിലെ, ന്ന ഇനത്തിൽ, ൽനു ലക്ഷം രൂപയിൽ കവിയാത്ത ഒരു ഗ്രാന്റിനുവേണ്ടി അപേക്ഷിച്ചിരിക്കുന്നു.

പ്രമേയം ഫർ.

മി. എം. ഇർ, മഞ്ഞവായ്ർ (ചെങ്ങന്നൂർ പത്തനംതിട്ട): താൻതാഴെകാണിക്കുന്ന പ്രമേയം അവതരിപ്പിക്കുകയാണു,

ഫർ. ഡിമാൻഡ് VIII-നായി മിക്കിവച്ചിട്ടുള്ള ൽനു ലക്ഷം രൂപയിൽനിന്നു കുറഞ്ഞ രൂപ കരയ്ക്കണമെന്ന്.

ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു് അക്കൗണ്ടപ്പീസും ഫൈനാൻഷ്യൽ സെക്രട്ടറിയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയോ എന്നു ചോദ്യത്തെക്കുറിച്ചു പ്രതിപാദിക്കണമെന്നു വിചാരിച്ചിട്ടല്ലെന്ന് ആദ്യമേതന്നെ പറയട്ടെ. ഫൈനാൻഷ്യൽ സെക്രട്ടറിയുടേയും അക്കൗണ്ടപ്പീസരുടേയും ജോലികൾ പലപ്പോഴും വിഭിന്നങ്ങളാണെന്നു, ഗവണ്മെന്റിനു ധനപരമായ ഉപദേശങ്ങൾ നൽകുന്നതിനും പുതിയ നികുതിഭാരങ്ങളെ നിർദ്ദേശിക്കുന്നതിനും ചിലവിനെ ചുരുക്കുന്നതിനുമൊക്കെ ഫൈനാൻഷ്യൽ സെക്രട്ടറിയെ നിയമിച്ചിരിക്കുന്നു. ഫൈനാൻഷ്യൽ സെക്രട്ടറിയുടേയും അക്കൗണ്ടപ്പീസരുടേയും ചുമതലകൾ ഒരുമിച്ചു വഹിച്ചുപോരുന്ന മിസ്റ്റർ ജോസഫ് ഫൈനെ ജോലി ഭിവസം തോറും അധികപ്പെട്ടവരുന്നതായ ആവലാധിപ്പെട്ടിട്ടുണ്ട്. പുതിയ നിയമനിർമ്മാണസഭയുടെ ഉപക്രമണത്തോടുകൂടി ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെന്റിനെ പ്രത്യേകമായി വിഭജിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു മനസ്സിലായി. കഴിഞ്ഞ ബഡ്ജറ്റ് വാദപ്രതിവാദവേളയിൽ മിസ്റ്റർ ജോസഫ് പറഞ്ഞു:— "ബുധനാഴ്ചപ്പെട്ട ചോദ്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതായും ശരിയായ കണിപ്പുകൾ ഏർപ്പെടുത്തുന്നതായും വരുമ്പോൾ ഞാൻ ഉദ്ദേശിക്കുന്ന അവയേപ്പറ്റി ശ്രദ്ധിക്കേണ്ടതായും വളരെ വളരെ സന്ദർഭങ്ങളിൽ കാണിപ്പുകൾ ഞാൻ തന്നെ പറഞ്ഞുകൊടുക്കേണ്ടതായും വന്നിട്ടുണ്ട്. ഇപ്പോൾ ഒരു ഡിപ്പാർട്ടുമെന്റ് മേലുദ്യോഗസ്ഥൻ എഴുതുന്നു—അങ്ങും സമ്മതം വകയ്പിക്കൊടുക്കണമെന്നു വളരെ ശരമേറിയതായിരിക്കുമ്പോൾ—സങ്കടകരമെന്നു തന്നെ പറയേണ്ടതാണു. ഇങ്ങനെയുള്ള കാര്യങ്ങൾ ഫൈനാൻഷ്യൽ സെക്രട്ടറിയുടെ ശ്രദ്ധയിൽ വരുത്തുന്നതിനുള്ള ഒരു മേലുദ്യോഗസ്ഥൻ വഹിക്കണം. പുതിയ അക്കൗണ്ടപ്പീസിന്റെ പ്രതിഷ്ഠാനത്തോടുകൂടിയും ഇതുവരെ വളരെ വഷളായിട്ടുണ്ട്. ഈ സംഗതിയെക്കുറിച്ചു മിസ്റ്റർ ജോസഫ് താഴെ ഉദ്ധരിക്കുന്ന പ്രസ്താവിച്ചിട്ടുണ്ട്:— "ഇപ്പോൾ ഗവണ്മെന്റിൽ നിന്നുള്ള ഫൈനൻസുകാര്യ നിർബന്ധപൂർവ്വമുള്ളതു; എന്നാൽ പ്രസിദ്ധപ്പെടുത്താൻപോകുന്ന പുതിയ അക്കൗണ്ടുകോഡിൽ, ചില ചോദ്യങ്ങളെങ്കിലും ധനകാര്യവകുപ്പിനോടു ചോദിച്ചു നിർണ്ണയിച്ചുകൊള്ളുന്നതിനായി ആലോചനകൂടാതെയുള്ള ഭരണകാര്യാധികൃതന്മാർ തീർപ്പുചെയ്യാൻ പാടില്ലാത്തതാണെന്നു ഗവണ്മെന്റ് അനുശാസനം ചെയ്തിട്ടുണ്ട്. ഉദാഹരണത്തിനു ഡിപ്പാർട്ടുമെന്റ് മേലുദ്യോഗസ്ഥന്മാർ കൊണ്ടുവരുന്ന ആലോചനകളെല്ലാം ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെന്റുകാരാൽ ധനദുർവ്യയം പരിശോധിക്കപ്പെടേണ്ടതാകുന്നു. ഭാരമേറിയ ബഡ്ജറ്റുവേള മുൻപുള്ളപ്പോൾ എത്തിയിരുന്ന ഈ അടുത്തകാലത്തു, ബഡ്ജറ്റുസംബന്ധമായ അനവധിയായുള്ള ചോദ്യങ്ങൾ കണ്ടിട്ടു രണ്ടോ മൂന്നോ ദിവസത്തിനിടയ്ക്കു അടിയന്തിരമായി നോക്കിക്കൊടുക്കേണ്ടതിനായി ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെന്റിൽ വന്നിരുന്നു. സഞ്ചാരപ്പടി നിയമങ്ങളുടെ പുനഃശോധന, അവിചാരിതവ്യയങ്ങളുടെ കൂടുകയ്യൽ-സംഗതികൾ, ഇടക്കിടയ്ക്കുള്ള സാമാന്യവിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതിനുവേണ്ട ചില്ലകളുന്നും ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെന്റിൽ തൽക്കാലത്തേക്കു ഇല്ലാതെതുമാണിരിക്കുന്നു."

അക്കൗണ്ടന്റ് ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിനും ധനകാര്യപ്രശ്നങ്ങളുടെ പൂർവ്വാലോചനയ്ക്കുംവേണ്ടുവോളം അവധാനത്തിനു സമയം കിട്ടിയിട്ടില്ലെന്നു ഫൈനാൻഷ്യൽ സെക്രട്ടറിയുടെ ഈ പ്രസ്താവങ്ങളിൽനിന്നു നമുക്കു ന്യായമായി അനുമാനിക്കാം. ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെന്റും അക്കൗണ്ടന്റ് ഡിപ്പാർട്ടുമെന്റും രണ്ടായിതിരിച്ചാണ് ഫൈനാൻഷ്യൽ സെക്രട്ടറിക്കും, അക്കൗണ്ടപ്പീസുകാരനും അവനവന്റെ ന്യായസ്വഭാവമായ ജോലികൾചെയ്തു തീക്കുന്നതിനുവേണ്ട സൌകര്യം സിദ്ധിക്കുന്നതാണ്. പരിശ്രമിക്കപ്പെട്ട നിയമനിർമ്മാണസഭയുടെ ഘടനയുകാരം, കൌൺസിൽ ഉദ്ദേശിച്ചിട്ടില്ലാത്ത വഴികളിൽക്കൂടി ഗവണ്മെന്റ് അനവധിക്കപ്പെട്ടിട്ടുള്ള സംഖ്യകൾ ചിലവുചെയ്യാതെ നോക്കിക്കൊള്ളുന്നതിനും, ഓരോ ഇനത്തിലുമുള്ള വ്യയപരിധികളെ ചിലവുയുക്തകരം അതിക്രമിക്കാതെ കാക്കുന്നതിനും, നിയോഗിതനായ നിയമസഭാപ്രതി പുരുഷൻകൂടിയാണ് അക്കൗണ്ടപ്പീസർ ഈ കൃത്യം ഭംഗികരമാംവണ്ണം ഇപ്പോൾ നിർവ്വഹിക്കപ്പെട്ടവരുന്നില്ലെന്ന ഫൈനാൻഷ്യൽ സെക്രട്ടറിതന്നെ സമ്മതിക്കുന്നു. കൊല്ലം ഖജനാവിലെ പണക്കാര്യം, അക്കൌണ്ടപ്പീസുകാരുടെ പരിശോധനയുടെ ശേഷിയില്ലായ്മയെ, വിശദമായി വ്യവസ്ഥാപനംചെയ്തു കഴിഞ്ഞിരിക്കുന്നു. ഖജനാവു പരിശോധിച്ചുവക്കു കണക്കുസംബന്ധമായ പിശകുകൾ കണ്ടുപിടിക്കുന്നതിനു കഴിവില്ലാതെപോയി. പ്രത്യേകിച്ചു ഒരുദ്യോഗസ്ഥനെ കൊല്ലത്തേക്കു നിയമിച്ചയച്ചു ജനങ്ങളുടെ പണത്തിൽ കുറെ പാഴായി ചിലവിടാതെ, പണക്കാര്യം ഇതുവരെയുള്ള തിട്ടം വരുത്തുന്നതിനു് അക്കൗണ്ടപ്പീസുകാരനു അശക്തന്മാരായിത്തീർന്നു. ഈ വസ്തുതയിൽനിന്നും വെളിവാകുന്നതു, കീഴുദ്യോഗസ്ഥന്മാരുടെ ജോലി പരിശോധിക്കുന്നതിൽ അക്കൌണ്ടന്റുകപ്പു കൂടുതൽ ശ്രദ്ധയും സൂക്ഷ്മതയും കാണിക്കേണ്ടതാണെന്നും അക്കൗണ്ടപ്പീസിൽ ഇന്നുള്ളതിൽനിന്നു് ഉപരിയായ ചില ഏർപ്പാടുകൾ ചെയ്യേണ്ട ആവശ്യങ്ങളാണെന്നുമാണല്ലോ. മറ്റേതെങ്കിലും ഖജനാവുകളിൽ എന്തെങ്കിലും പോരായ്മ ഇപ്പോൾ ഉണ്ടോ ഇല്ലയോ എന്നു നമുക്കു അറിഞ്ഞുകൂടാ. കൊല്ലത്തെ അനുവേദനത്തെ ആസ്പദമാക്കി നോക്കുമ്പോൾ എല്ലാ ഖജനാവിലെ കണക്കുകളും പ്രത്യേകം പരിശോധിക്കേണ്ടതും, കൊല്ലത്തെ സംഭവം വീണ്ടും ഉണ്ടാകാതിരിക്കാൻ വേണ്ടി പ്രത്യേകനിയമങ്ങൾ ഉണ്ടാക്കേണ്ടതും ആണെന്നതന്നെ തോന്നുന്നു. ഇക്കാര്യങ്ങൾക്കെല്ലാംകൂടി, അക്കൗണ്ടപ്പീസിന്റെ ഒരു പുനഃസംഘടനയും ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെന്റിന്റെയും അക്കൌണ്ടുകപ്പിന്റെയും വേർപെടുത്തലും അത്യന്താപേക്ഷിതമായിരിക്കുന്നു. ചില വകുപ്പുകളിൽ ഉദ്യോഗസംഖ്യ ചുരുക്കാൻ വകയുള്ളതായി ഗവണ്മെന്റു സമ്മതിക്കുന്നുണ്ട്. ഈ ചുരുക്കൽസംഗതിയേക്കുറിച്ചു വേണ്ട അന്വേഷണങ്ങൾനടത്തി വിവരങ്ങൾ അറിയിക്കുന്നതിനു ഫൈനാൻഷ്യൽ സെക്രട്ടറിയെ വിശ്വസ്ഥനായി നിയോഗിക്കണം. ഈ കാരണങ്ങളാൽ, ഒരു വേർപെടുത്തൽ അവശ്യം വേണ്ടതാണെന്നുഞാൻ വിചാരിക്കുന്നു.

മി. കെ. ജോർജ് (ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): സർ, ഒരു കൊല്ലം മുൻപു ഈ സഭയിൽകൊണ്ടുവരപ്പെട്ട ഒരു പ്രമേയത്തിൽ, അക്കൌണ്ടു വകുപ്പും ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെന്റും വേർപെടുത്തണ

ടപ്പെടേണ്ടതാണെന്ന വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ടായിട്ടുണ്ട്. വേല മോരുമേറിയതാണെങ്കിലും, അതു ചെയ്യുന്നതിനുള്ള കഴിഞ്ഞു പരമാണെന്ന് ഞാൻ സഭാസമക്ഷത്തിൽ സമ്മതിച്ചുപറഞ്ഞു. മിസ്റ്റർ മാധവവാര്യർ അക്കൌണ്ടോപ്പീസിലെ മോരുമേറിയ വേലയെക്കുറിച്ചു പറയുന്നതു ശരിയായിട്ടുള്ളതാണ്. അതിനു യാതൊരു സംശയവുമില്ല. ഫൈനാൻസ്സുൽ ഡിപ്പാർട്ടുമെൻറിനെ അക്കൌണ്ടോപ്പീസിൽനിന്നു വേർതിരിച്ചു നിർത്തുന്നതുകൊണ്ടു നിരവധിഗുണങ്ങൾ ഉണ്ടാകുമെന്ന വാസ്തവം ഞാൻ മറയ്ക്കുന്നതല്ലാതില്ല. ഫൈനാൻസ്സുൽ ഡിപ്പാർട്ടുമെൻറുകളുടെ ജോലികളും ഗുണിനവയാണെന്നുള്ള പ്രസാധനം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്ന പുതിയ അക്കൌണ്ടുകോഡിനുമായി നിർദ്ദേശിക്കുന്നുണ്ട്. ആ നിർദ്ദേശങ്ങളെ നിഷ്കൃഷ്ടമായി അനുസരിക്കയാണെങ്കിൽ, ജോലിയുടെ ഭാരം വളരെ അധികമാകുകയേ തരമുള്ളൂ. എന്നാൽ കോടിതൻറെ അവതാരഫലം ഇന്നതെന്നു അനുമാനിക്കാൻ ഇതേവരേ നമുക്കു ഇടയായിട്ടില്ല. കോടിതൻറെ പ്രസാധനത്തിനു മുൻപുതന്നെ കോടിൽ പ്രസ്താവിച്ചിട്ടുള്ള പല വിഷയങ്ങളിലും ഗവണ്മെൻറു നിയമനത്തെ ആലോചനയ്ക്കായി അയയ്ക്കുവാനുണ്ടായിരുന്നു. ഞങ്ങൾക്കു വലിയ ഭാരങ്ങൾ താങ്ങാനുണ്ടായിരുന്നിട്ടും, ഞങ്ങൾ അതുകൂടി നടത്തിക്കൊണ്ടുതന്നെ പോരുന്നുണ്ടല്ലോ. ഗവണ്മെൻറിനെ ചിലവു വലിപ്പിക്കുന്ന ഈ വേർപെടുത്തൽ സംഗതിയെക്കുറിച്ചു ഈ ഘട്ടത്തിൽ ആലോചിക്കുന്നതു ആശാസ്യമാണോ എന്നുകൂടി ഞാൻ യോഗ്യത്തിനോടൊന്നു ചോദിച്ചുകൊള്ളട്ടേ. ബഡ്ജറിൻറെ കരട് എഴുതപ്പെട്ടപ്പോഴുണ്ടായിരുന്നതുപോലെ ഇപ്പോൾ കുറെയായി നികുതിസംബ്ധികൾ ഇക്കൊല്ലം, പ്രധാനമായി വെള്ളപ്പൊക്കംമൂലം, പരിഞ്ഞുകിട്ടുന്നതല്ലെന്നു യോഗത്തിനു നല്ലപണ്ണം അറിയാവുന്നതാണല്ലൊ. ആ സ്ഥിതിക്കു ഇല്ലാതെയും കഴിക്കാവുന്ന അധിക്കുത്തുകൾ ചിലവിടുവാനുള്ള പുതുവഴികൾ കണ്ടുപിടിപ്പാൻ ഇടകൂടുന്നതിനു അനുകൂലമായ ഒരു വർഷമല്ല ഉടനെ നമുക്കെല്ലാം ഒന്നുപോലെ സമ്മതമാകുമെന്നു വിശ്വസിക്കാൻ ഞാൻ കൈയ്യൊഴിഞ്ഞുകൊള്ളുന്നു. വേർപ്പെടുത്തൽകൊണ്ടല്ലാതെ സാധിക്കയില്ലെന്നു വരുന്ന ആ ഘട്ടത്തിൽ, വേർപെടുത്തൽ സംഗതിയെ നമുക്കു ആലോചനാവിഷയമായി വരിക്കാം.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഒരു വേർപെടുത്തൽ നടപ്പിൽവരുത്തിയാൽ ഉണ്ടാകുന്ന പുതിയ ചിലവിനങ്ങളും എന്തെല്ലാമാണെന്നു എന്നെ ഒന്നു അറിയിക്കുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ഫൈനാൻസ്സുൽ സെക്രട്ടറി): ഫൈനാൻസ്സുൽസെക്രട്ടറിയിൽനിന്നു ചിലിന്നതായ ഒരു അക്കൌണ്ടാഫീസറുണ്ടായിരിക്കും. ആ ആളിനു പ്രത്യേകം ശമ്പളംകൊടുക്കേണ്ടിവരും.

മി. ടി. കെ വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): വേറൊരു ഉദ്യോഗസ്ഥൻറെ ശമ്പളം മാത്രമാണോ വേർപ്പെടുത്തലിനു ബാധകമായി നിൽക്കുന്നുള്ളൂ?

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ഫൈനാൻസ്സുൽസെക്രട്ടറി): ഒരു കീഴ് ഉദ്യോഗസ്ഥസംഘവും പ്രത്യേകമായി ഉണ്ടായിരിക്കും. അക്കൌണ്ടാഫീസിൽ ഇന്നു ചെയ്യുന്നപോലുള്ള ജോലി എല്ലാം അന്നും ചെയ്യുന്നു. കൂടുതലായി ചില ജോലിക്കാരെ ഫൈനാൻസ്സുൽ ഡിപ്പാർട്ടുമെൻറിൻെറ വേലയ്ക്കായി വിശേഷാൽ അനുവദിച്ചുകൊടുക്കേണ്ടതായിവരികയും ചെയ്യും.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഇതിൽനിന്നു ഞാൻ മനസ്സിലാക്കേണ്ടതു ഉദ്യോഗസ്ഥന്മാരെ [illegible] ഇപ്പോൾ കൂടുതലായി വേല ചെയ്തുവരുന്നുണ്ടെന്നാണോ?

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ഫൈനാൻസ്സുൽ സെക്രട്ടറി): ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ഇപ്പോൾ, എൻറെ നോട്ടത്തിൽ, പിടിപ്പുള്ള വേല ചെയ്തിച്ചുവരുന്നുണ്ടു, കൂടുതൽവേല എന്നു ഞാൻ പറയുന്നില്ല.

മി. ടി കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാടും): ഇപ്പോഴത്തെ ഉദ്യോഗസ്ഥർപ്പോരുതന്നെ, അക്കൌണ്ടു ഡിപ്പാർട്ടുമെൻറിലേയും ഫൈനാൻസ് ഡിപ്പാർട്ടുമെൻറിലെയും ജോലികളിൽ ചില ഭാഗങ്ങളൊക്കെ ഇട്ടു കളിക്കയാണു ചെയ്യുന്നതെന്നു കേൾക്കുന്നതു വാസ്തവമാണോ?

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ഫൈനാൻസ്സുൽ സെക്രട്ടറി): ഗവണ്മെൻറിൽനിന്നുള്ള റെഫറൻസുകളെ അടിസ്ഥാനമാക്കിയാണു ഫൈനാൻസ്സുൽ ഡിപ്പാർട്ടുമെൻറു മിക്കവേലയും ചെയ്യുന്നതു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാടും): അതല്ല ഏതൊരു വേല്യം, വേർപ്പെടുത്തലിൻറെ അടിസ്ഥാനം നിമിത്തം, ഫൈനാൻസ് ഡിപ്പാർട്ടുമെൻറിലും അക്കൌണ്ടു ഡിപ്പാർട്ടുമെൻറിലും ഉള്ള വേലയും വേണ്ടാതെ വിട്ടുകളയുന്നുണ്ടോ?

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ഫൈനാൻസ്സുൽസെക്രട്ടറി): തീച്ചയായുമില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാടും): അങ്ങനെയാണെങ്കിൽ ഇപ്പോഴത്തെ സ്റ്റാഫിൽനിന്നുതന്നെ കുറെ ക്ലർക്കന്മാരെ ഫൈനാൻസ്സുൽസെക്രട്ടറിയുടെകീഴിലും ബാക്കിയുള്ള പകുതി അക്കൌണ്ടാഫീസുടെകീഴിലും ആക്കിയാൽ പോരേ?

പ്രസിഡൻറു: എനാൽ കുറേക്കൂടി നല്ലവണ്ണം വേലചെയ്യാമെന്നാണോ മിസ്റ്റർ വേലുപ്പിള്ളേ, നിങ്ങൾ പറയുന്നതു?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാടും): അതെ.

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ഫൈനാൻസ്സുൽ സെക്രട്ടറി): ഒരു ഉദ്യോഗസ്ഥനെ ഒരു പ്രത്യേക ജോലിക്കു മാത്രമായി നിയമിക്കുന്നതായാൽ അയാളും നല്ലവണ്ണം വേലചെയ്യുമെന്നുള്ളതു ശരിയാണു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അക്കാര്യം നടപ്പാക്കുന്നതിലേക്കു ഏകദേശം എണ്ണൂറു രൂപ കൂടുതൽആയി വേണ്ടിവരുമെന്നു പറയാമോ?

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ഫൈനാൻസ്സുൽ സെക്രട്ടറി): ഏകദേശം ൫൦,൦൦൦ രൂപയോ ൬൦,൦൦൦ രൂപയോ വേണ്ടിവരും.

പ്രസിഡൻറു: ഫൈനാൻസ്സുൽ സെക്രട്ടറിയുടെ ശമ്പളത്തെന്നു കുറഞ്ഞതു ഏഴായിരം രൂപയാകുമോ

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാടും): അങ്ങനെയാകുമ്പോൾ അയാളുടെ കീഴേ അസിസ്റ്റൻറു അക്കൌണ്ടാഫീസർമാരെ നമുക്കു വേണ്ടെന്നുവയ്ക്കുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ഫൈനാൻസ്സുൽ സെക്രട്ടറി): ഫൈനാൻസ്സുൽ സെക്രട്ടറിയെയും അയാളുടെ കീഴേ കേവലം ഫൈനാൻസ്സുൽ ആയിട്ടുള്ള വേലകളിൽ അസിസ്റ്റൻറു അക്കൌണ്ടാഫീസർമാർ ഇന്നും സഹായിച്ചുവരാറില്ല.

മി. ജി. കെ. വേലപ്പിള്ള (തിരുവനന്തപുരം-സെട്രങ്കോട്ട): ഫൈനാൻഷ്യൽസെക്രട്ടറിയുടെ വേല സാമില്ലാത്തതുകൊണ്ട് ഒരു അസിസ്റ്റന്റിനെ ആവശ്യപ്പെടുന്നുണ്ടോ എന്നു ഞാൻ ഇയിടെനിന്നു മനസ്സിലാക്കിക്കൊള്ളട്ടേയോ?.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): അങ്ങനെ അനുമാനിക്കാൻ ഉള്ളവഴി ഇല്ലാഞ്ഞതുകൊണ്ടു ഞങ്ങൾ ഒന്നും വെളിപ്പെടുത്തിയിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഖജനാവിലെ പണക്കുറവു സംബന്ധിച്ചു പ്രസ്താവിച്ചുവല്ലോ. പണക്കുറവുണ്ടെന്നു വസ്തുത കണ്ടുപിടിക്കാതിരിക്കുന്നതിനു മുമ്പേ അതുകൊണ്ടു ഡിപ്പാർട്ടുമെന്റുകാരുണ്ടെന്നുള്ള ആരോപണത്തെ ഉന്നയിച്ചതു. അങ്ങനെ പറഞ്ഞതു അക്കൗണ്ടു ഡിപ്പാർട്ടുമെന്റിന്റെയും കൺട്രോളിങ്ങ് ആപ്പീസർമാരുടേയും ജോലികൾ ഇന്നിന്നവണ്ണം വിശദമായി തീർത്തുകൂടാത്തതുകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർ-പത്തനംതിട്ട): ഖജനാവിലെ കണക്കുകളെ അക്കൗണ്ടോപ്പീസുകാർ ആഡിറുചെയ്യുമ്പോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഞങ്ങൾ ഇയിടെത്ത സെൻട്രൽ ആഫീസിൽമാത്രമേ ആഡിറു ചെയ്യാറുള്ളൂ.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർ-പത്തനംതിട്ട): എന്നിട്ടു എന്തെങ്കിലും പിശകു കണ്ടുപിടിക്കയുണ്ടായോയെ?.

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രട്ടറി): ആഡിറിൽ പല പിശകുകളും കണ്ടുപിടിക്കയും അവയെക്കുറിച്ചു കൺട്രോളിങ്ങ് ആഫീസന്മാർക്കു റിപ്പോർട്ടുചെയ്യുകയും ചെയ്തു. എന്നാൽ പണക്കുറവുള്ളതായി കണ്ടുപിടിച്ചില്ല.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർ-പത്തനംതിട്ട): പണക്കുറവുണ്ടെന്നു കണ്ടുപിടിക്കാൻ കഴിയുകയില്ലെങ്കിൽ ഇവിടെ ആഡിറുചെയ്തിട്ടു യാതൊരു പ്രയോജനവുമുണ്ടാകുന്നില്ലല്ലോ.

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ചില പ്രധാനങ്ങളിൽമാത്രം പ്രധാനമായി ഉന്നിയുള്ളുന്ന ഒരു സെൻട്രൽ ആഫീസിൽ ആഡിറുകൊണ്ടു പണക്കുറവുകൾ കണ്ടുപിടിക്കാൻ സാധാരണയായി സാധിക്കയില്ല. വക്കിച്ചു ഖജനാവിൽ അടയ്ക്കുന്ന സംഖ്യകളെ അക്കൗണ്ടു ചെയ്യുന്ന സമ്പ്രദായം ഇതാണ്. ഖജനാവിൽനിന്നു കൺട്രോളിങ്ങ് ആഫീസുകൾ ഒപ്പുവെട്ടുകൊടുക്കുന്ന ഒരു കൺസോളിഡേറ്റഡ് അക്കൗണ്ടു ഞങ്ങളുടെ സെൻട്രൽ ആപ്പീസിൽ കിട്ടുന്നുള്ളൂ. അതു മുഖേന ചെക്കുചെയ്യാൻ പറ്റുള്ളതല്ലു; അതിന്റെ കാരണം പ്രത്യക്ഷവുമാണ്. മാസംവസാനത്തിൽ, അക്കൗണ്ടെല്ലാം കൺസോളിഡേറ്റു ചെയ്തതിൻശേഷം, കൺട്രോളിങ്ങ് ആപ്പീസന്മാർക്കു അക്കൗണ്ടിന്റെ പുതുക്കം അയച്ചുകൊടുക്കുകയാണ്പതിവു: അവരാകട്ടെ അതോടു കീഴ്പ്പോട്ടുള്ള സ്ഥാനാർത്ഥിനിന്നു അതതസ്ഥലത്തു വസൂലുചെയ്ത ഖജനാവിലെ അടയ്ക്കപ്പെട്ട തുകകളെ വാങ്ങുകയും ചെയ്യുന്നു. രണ്ടും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കാൻ മുതലപ്പെട്ട കൺട്രോളിങ്ങ് ആപ്പീസന്മാരാണ്, അല്ലാതെ സെൻട്രൽ ആപ്പീസിലെ വരവുകളെ ആഡിറുചെയ്യുന്നതുകൊണ്ടു ഖജനാവിലെ കണ്ടുപിടിക്കുന്ന വിഷയത്തിൽ യാതൊരു ഗുണവും ഉണ്ടാകുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയാണെങ്കിൽ അക്കൗണ്ടാപ്പീസിൽ സമർപ്പിക്കുന്ന മാസാന്ത്യക്കണക്കിന്റേയും ഫൈനാൻഷ്യൽ അഡ്വൈസ്സുകളുടേയും ആവശ്യമെന്താണ്?.

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഈ കണക്കുകളിൽനിന്നു രാജ്യത്തു നാകപ്പാടെയുള്ള ഫൈനാൻഷ്യൽ അഡ്വൈസ്സർക്കു സെൻട്രൽ ആപ്പീസുകാർ തയാർചെയ്യണം, വരവുകളെ സംബന്ധിച്ചിടത്തോളം ആഡിറു ഡിപ്പാർട്ടുമെന്റിനെ വിശേഷിച്ചു യാതൊരു ഉത്തരവാദിത്വവുമില്ല.

മി. എം. ആർ മാധവവാര്യർ (ചെങ്ങന്നൂർ-പത്തനംതിട്ട): ഈ ഖജനാവുകളെ അക്കൗണ്ടാഫീസന്മാർ പരിശോധിക്കുന്ന പതിവുണ്ടോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഉണ്ടു; ആഡിൽ ഒരിക്കൽ പരിശോധിക്കാറുണ്ടു. അതു ഡിവിഷൻ ഖജനാവുകളെ സംബന്ധിച്ചിടത്തോളം ആണ്. സബ് ഖജനാവുകളെ മൂന്നോ നിലവരിക്കൽ പീതമെ ഞങ്ങൾ പരിശോധിക്കാറുള്ളൂ. പണക്കുറവുള്ളതായി കണ്ടുപിടിക്കുന്നതെങ്കിൽ ഖജനാവുകളെ സൂക്ഷ്മമായി പരിശോധിക്കയും, ഖജനാവിൽവെയ്ക്കുന്ന വളരെ യിസ്സരിച്ചു് ആഡിറുചെയ്യുകയും ചെയ്യാറുമുണ്ടു. എന്നാൽതന്നെ, അക്കൗണ്ടാഫീസിലെ കിട്ടിയ കണക്കുകളിൽ ഖജനാവിൽ കൊണ്ടുചെന്നു ആഫീസുകാപ്പിയുമായി ഒത്തുനോക്കാതെ കള്ളം കണ്ടുപിടിക്കുന്നതു കഴിയുകയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൺട്രോളിംഗ് ആഫീസരുടെ വേലയെപ്പറ്റി അക്കൗണ്ടാഫീസർ എന്തെങ്കിലും സൂപ്പർവിഷൻ നടത്താറുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റു സെക്രട്ടറിയേറ്റു സെക്രട്ടറി): ഇല്ല. പേഷ്ക്കാരുടമേൽ അക്കൗണ്ടാഫീസർക്കു മിച്ചമായ അധികാരങ്ങളൊന്നുമില്ല.

മി. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർ-പത്തനംതിട്ട): പേഷ്ക്കാർ അക്കൗണ്ടാഫീസർക്കു അറിഞ്ഞിരിക്കണമെന്നുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഉണ്ടു. അയാൾ അക്കൗണ്ടാഫീസർക്കു അറിഞ്ഞിരിക്കണമെന്നും ഖജനാവിലെ വേലകൾ ശരിക്കു നടത്തിപ്പിക്കുന്നുണ്ടെന്നും അക്കൗണ്ടാകോഡിൽ പറയുന്നുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൺട്രോളിങ്ങ് ആഫീസർ അയച്ചുകൊടുക്കുന്ന ജോമികം ശരിക്കു ചെയ്യുന്നുണ്ടോഎന്നു അറിയേണ്ടതിനുള്ള മാർഗ്ഗമെന്താണെന്നു അക്കൗണ്ടാഫീസർക്കു ചോദിക്കാം.

മി. കെ. ജോർജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): പരതന്ത്രനിലുണ്ടു.

പ്രസിഡണ്ടു. കൺട്രോളിങ്ങ് ആഫീസരുടെ വേലയെപ്പറ്റി സൂപ്പർവൈസു ചെയ്യുന്നതിനുള്ള അധികാരം അയാളിൽ സന്നിഹിതപ്പെടുത്തുന്നുണ്ടോഎന്നുണ്ടോ ചോദ്യം.

മി. റവി. കെ. വേലപ്പിള്ള (തിരുവനന്തപുരം—നെടുമങ്ങാട്): ലജനാവു പരിശോധനയ്ക്കു ദിവാൻപേഷ്കാരന്മാർ സാധാരണയായി അവരുടെ കീഴ്ജീവനക്കാരെ, പ്രത്യേകിച്ചു ഡിവിഷൻ അസിസ്റ്റൻറന്മാരെ, നിയോഗിച്ചയയ്ക്കാണ് ചെയ്യുന്നതെന്നു മിസ്റ്റർ ജഡ്ജിനു അറിയാമോ?

മി. കെ. ജാജ് (ഗവണ്മെൻറ് പ്ലൈനാൻഷ്യൽ സെക്രട്ടറി): അതു നിയമപ്രകാരം അനുവദിച്ചിട്ടുള്ളതാണ്.

മി. റവി. കെ. വേലപ്പിള്ള (തിരുവനന്തപുരം—നെടുമങ്ങാട്): ലജനാവുകൾ എറിയപ്പുറം ആരാണ് പരിശോധിക്കുക? ദിവാൻപേഷ്കാരോ അസിസ്റ്റൻറന്മാരോ?

മി. കെ. ജാജ് (ഗവണ്മെൻറ് പ്ലൈനാൻഷ്യൽ സെക്രട്ടറി): പരിശോധനകൾ രണ്ടുവിധത്തിലുണ്ട്. ആദ്യമായിട്ടൊരിക്കൽ മാത്രമുള്ള ഒരു പരിശോധനയും, മാസംതോറുമുള്ള ബാക്കി ഒമ്പതുനാലുകളും. പരിശോധനകൾ നിയമമോ, എൻെറ അറിവിൽ പെട്ടിട്ടുള്ളേടത്തോളം പേഷ്കാരന്മാർതന്നെ നടത്തുന്നു; ഡിവിഷൻ അസിസ്റ്റൻറന്മാരും വല്ലപ്പോഴുമൊക്കെ അതു ചെയ്യാറുണ്ടു്. എന്നാൽ മാസംതോറുമുള്ള ഒമ്പതു നാലുകൾ പേഷ്കാരന്മാരേക്കാൾ ഡിവിഷൻ അസിസ്റ്റൻറന്മാരാണ് നടത്തിവരുന്നതു് എന്നാണ് എൻെറ വിശ്വാസം. ഈ ഒമ്പതു നോക്കലിൽ കറപ്പ്വാലൻസ് പരിശോധിക്കയും വരവുകളുടെ കണക്കുകൾ ബുക്കിൽ രേഖപ്പെടുത്തുകയും വേണം. ഈ ജോലിക്കു പേഷ്കാരന്മാർ ഡിവിഷൻ അസിസ്റ്റൻറന്മാരെ പലപ്പോഴും നിയോഗിക്കാറുണ്ടു്.

പേഷ്കാരന്മാർ ആഡിറപരിശോധിക്കുമ്പോൾ അദ്ദേഹം സാങ്കേതികമായി അഭ്യസിച്ചവരാണോ എന്നു മിസ്റ്റർ മഡവപാടയ്ക്കു ചോദിച്ചു. സാങ്കേതികമായ അഭ്യാസം ഉണ്ടെങ്കിലെ കൊല്ലത്തുനടന്നതിനേക്കാളുള്ള ഒരു കള്ളത്തരം കണ്ടുപിടിക്കാവൂ എന്നില്ല.

മി. ജോൺ മാക്കി (തോട്ടക്കാർ): ഡിവിഷൻ അസിസ്റ്റൻറന്മാരുടെ ശമ്പളസ്കെയിൽ എന്താണ്?

മി. കെ. ജാജ് (ഗവണ്മെൻറ് പ്ലൈനാൻഷ്യൽ സെക്രട്ടറി): രണ്ടു ഗ്രേഡുകളുണ്ടു്. ഒന്നാമത്തവർ ൫൦൦ രൂപമുതൽ ൯൦൦ രൂപവരെ ശമ്പളമുള്ളവരും, പിന്നെയുള്ളവർ ൩൦൦ രൂപമുതൽ ൪൫൦ രൂപവരെയുമുള്ളവരും. ഒരു ലജനാവിൻെറ എക്സിക്യൂട്ടീവു ചാർജ്ജുള്ള ട്രെഷറിആഫിസറുടെ ശമ്പളം ൫൦൦ രൂപമുതൽ ൬൫൦ രൂപവരെ മാത്രമാകയാൽ അയാളെക്കാൾ ഉയർന്ന ഉദ്യോഗസ്ഥനായിരിക്കും പരിശോധിക്കുന്നതെങ്കിലും, സൂക്ഷ്മാംശങ്ങളിൽ പ്രവേശിക്കാതെ, പേഷ്കാരുടേയും അക്കൌണ്ടാഫിസരുടേയും ആപേക്ഷികമായ മുതലകൾ ഇന്നിന്നവയെന്നു നിർണ്ണയിക്കാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. കൊല്ലത്തെ പണാപഹരണക്കേസ് ഇപ്പോൾ ക്രിമിനൽകോടതിയുടെ വിചാരണയിൽ ഇരിക്കുന്നതിനാൽ ഇവിടെ അതിനെപ്പറ്റി പ്രതിപാദിക്കുന്നതു ഉചിതമല്ലായിരിക്കുമെന്നു ഞാൻ സംശയിക്കുന്നു. വിചാരിച്ചിരിക്കാത്ത ലജനാവിൽചെന്നു അയിടെവച്ചു സവിസ്തരമായ ഒരു തിട്ടപ്പെടുത്തൽ നടത്തുമ്പോൾ ഒളിക്കേണ്ടുള്ള അവസരങ്ങളിലെല്ലാം, ലജനാവിലെ പണാപഹരണങ്ങൾക്കൊ, അവ കണ്ടുപിടിക്കുന്നതിനൊ മുതലടയ്പ്പെട്ടവനല്ല ആഡിറ ആഫീസർഎന്നാണ് ഞാൻ പറയുന്നതു. ബ്രിട്ടീഷ് ഇൻഡ്യയിലാകട്ടെ, ഇവിടെയാകട്ടെ അക്കൌണ്ടാഫിസർ അങ്ങനെ വിസ്തരിച്ചു ചെക്കുചെയ്യണമെന്നു ഒരു വ്യവസ്ഥയും പറയുന്നില്ല. വാസ്തവത്തിൽ അയാളുടെ പരിശോധന കൺട്രോളിങ്ങ് ആഫീസരുടെ മുതലയെയൊഴിക്കാനാണല്ലൊതന്നെ. ആഡിറഡിപ്പാർട്ടുമെൻറുകാരാണ് പ്രസ്തുതാപഹരണക്കേസ് കണ്ടുപിടിച്ചതെന്നുകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

മി. എൻ. പത്മനാഭപിള്ള (കരുനാഗപ്പള്ളി): തിട്ടപ്പെടുത്തുന്ന ജോലിയിൽ പ്രത്യേകമായ വിഷമം വല്ലതുമുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാജ് (ഗവണ്മെൻറ് പ്ലൈനാൻഷ്യൽ സെക്രട്ടറി): ഒന്നാമതായി ലജനാവിൽവച്ചു സവിസ്തരമായ ഒരു തിട്ടപ്പെടുത്തൽ നടത്തണമെന്നു ഞങ്ങൾക്കു തോന്നിയതുതന്നെയില്ല. ഞാൻ പറഞ്ഞതുപോലെ, ബ്രിട്ടീഷ് ഇൻഡ്യയിൽ അങ്ങനെയൊരു പതിവില്ല. രണ്ടാമതായി, അക്കൌണ്ടാഫിസർക്കു പരിശോധനയ്ക്കായി വളരെ കുറച്ചു സമയമെ അനുവദിച്ചിട്ടുള്ളൂ. സാധാരണയായി അഞ്ചുദിവസമാണ് അനുവദിക്കുക. ഒരു ലജനാവിലെ കണക്കുകളെ സംപൂർണ്ണമായി ആഡിറചെയ്യണമെങ്കിൽ, ഒരുകൊല്ലത്തെ കണക്കുകളെ, പക്കേ സബ്സിഡിയറിരജിസ്റ്ററുകളും വേറെ രെജിസ്റ്റർ കണക്കുകളും എല്ലാംകൂടെ വച്ചുനോക്കി ആഡിറചെയ്യുമ്പോഴേയ്ക്കു മാസമൊന്നു കഴിഞ്ഞുപോകും. കള്ളം കണ്ടുപിടിക്കാൻ അസിസ്റ്റൻറ് അക്കൌണ്ടാഫിസർക്കു അയച്ചിട്ടു കാര്യമുള്ള ഇനങ്ങളെല്ലാം കണ്ടുപിടിച്ചുകഴിയുവാൻ രണ്ടുമാസക്കാലം വേണ്ടിവന്നു. അതിനാൽ വേറെ പല ഡിപ്പാർട്ടുമെൻറൽ അക്കൌണ്ടുകളുടെ പരിശോധനയും ആഡിറും വേണ്ടെന്നുവച്ചുവെല്ലാതെ, അങ്ങനെ സവിസ്തരമായി സ്ഥലത്തുവച്ചുള്ള ലജനാവു പരിശോധനയൊ, അഥവാ ആഡിറൊ സാദ്ധ്യമായി വരികയില്ലാ എന്നു കാണാവുന്നതാണ്.

മി. എ. ആർ. മാധവവാര്യർ (ചെങ്ങന്നൂർ—പത്തനംതിട്ട): കൊല്ലത്തെ പണാപഹരണക്കേസിനു മുമ്പു ട്രെഷറി അക്കൌണ്ടുകളും ആഡിറചെയ്യുകയുണ്ടായൊഎന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാജ് (ഗവണ്മെൻറ് പ്ലൈനാൻഷ്യൽ സെക്രട്ടറി): ഉണ്ടായി.

മി. എം. ആർ. മഡവവാര്യർ (ചെങ്ങന്നൂർ—പത്തനംതിട്ട): എപ്പോൾ?

മി. കെ. ജാജ് (ഗവണ്മെൻറ് പ്ലൈനാൻഷ്യൽ സെക്രട്ടറി): ഫൈനൽ വാസ്തവത്തിൽ ഞങ്ങളും അങ്ങിനെതന്നെവിചാരിച്ചു എല്ലാ ഡിവിഷൻ ലജനാവുകളും പരിശോധിക്കാറുണ്ടു. സബ്—ലജനാവുകൾ, ഞാൻ പറഞ്ഞതുപോലെ മൂന്നാണ്ടുകൊല്ലമെങ്കിലും പരിശോധിക്കപ്പെടാറുണ്ടു. എനിക്കു പറയാൻ സാധിക്കുന്നു, ഒരു കേന്ദ്രസ്ഥാനത്തു സ്ഥിതിചെയ്യുന്ന അക്കൌണ്ടു ഡിപ്പാർട്ടുമെൻറു അതിനു ആകാവുന്നിടത്തോളമെല്ലാം ചെയ്യുന്നുണ്ടെന്നു മാത്രമാണ്. ഞാൻ പറഞ്ഞതുപോലെ ഈ പണാപഹരണത്തെ കണ്ടുപിടിക്കാൻ സാധിച്ചതു അക്കൌണ്ടുഡിപ്പാർട്ടുമെൻറുകാരുടെ ജാഗ്രതകൊണ്ടാണ്.

മി. എൻ. പത്മനാഭപിള്ള (കരുനാഗപ്പള്ളി): കൊല്ലത്തെ അപഹരണം നടന്നതു എപ്പോഴാണെന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജാജ് (ഗവണ്മെൻറ് പ്ലൈനാൻഷ്യൽ സെക്രട്ടറി): ഫൈനൽ—ഉം ഫൈനൽ—ഉം.

മി. എൻ. പത്മനാഭപിള്ള (കരുനാഗപ്പള്ളി): എപ്പോഴാണ് അതു കണ്ടുപിടിച്ചതു.

മി. കെ. ജാജ് (ഗവണ്മെൻറ് പ്ലൈനാൻഷ്യൽ സെക്രട്ടറി): ഫൈനൽ—ന്.

മി. ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും—തെട്ടങ്ങോട്ട്): ചീഫ് അക്കൗണ്ടന്റ് ആപ്പീസറുടെയും അസിസ്റ്റന്റന്മാരുടെയും ഖജനാവുപരിശോധനകൊണ്ട് തമ്മിൽ വ്യത്യാസമൊന്നുമില്ലയോ?

മി. കെ. ജോർജ് (ഗവർണ്മെന്റ് സെക്രട്ടറി): യാതൊരു വ്യത്യാസവുമില്ല. ഖജനാവു പരിശോധനകൊണ്ടായി ചീഫ് അക്കൗണ്ടാഫീസർ സാധാരണ പുറത്തേക്ക് പോകാറില്ല.

മി. ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരം—തെട്ടങ്ങോട്ട്): ചീഫ് അക്കൗണ്ടാഫീസർ പരിശോധിക്കയും അതിനുടനെ അസിസ്റ്റന്റുമാർകൂടി പരിശോധിക്കയും ചെയ്യുമ്പോൾ വ്യത്യാസമൊന്നുമില്ലേ?

മി. കെ. ജോർജ് (ഗവർണ്മെന്റ് സെക്രട്ടറി): ചീഫ് അക്കൗണ്ടാപ്പീസർ പരിശോധിക്കുകയും അസിസ്റ്റന്റ് അക്കൗണ്ടാപ്പീസർ പരിശോധിച്ചുകഴിയുകയും ചെയ്തതുകൊണ്ടുള്ള പ്രയോജനമൊന്നുതന്നെ.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം സെട്ടങ്ങോട്ട്): അക്കൗണ്ടാഫീസറുടെ പരിശോധനയേ ഈ നാട്ടിലെ ആ ആളിന്റെ രെസിഡന്റിന്റെയും, ഏതാണ്ട് കീഴ്ജീവനക്കാർ അധികം വകവയ്ക്കുന്നുണ്ട്?

മി. കെ. ജോർജ് (ഗവർണ്മെന്റ് സെക്രട്ടറി). ഒരു മേലുദ്യോഗസ്ഥൻ ചെയ്യുകയാണെങ്കിൽ അയാളെ കൂട്ടുത്തരവാദിയാക്കുന്നതിനു സംശയമുണ്ടോ? (ചിരി)

മി. ടി. കെ വേലുപ്പിള്ള (തിരുവനന്തപുരം സെട്ടങ്ങോട്ട്). ജോലികൾ വേർതിരിക്കയാണെങ്കിൽ, ഖജനാവുകളെ കൂട്ടുത്തരവാദിത്തപ്പെടുത്തുന്നതിനു അക്കൗണ്ടാഫീസർക്ക് സാധ്യമാകുന്നതാണോ?

മി. കെ. ജോർജ് (ഗവർണ്മെന്റ് സെക്രട്ടറി). അതെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). അപഹരണങ്ങളെ അസാധ്യമാക്കുന്നതിനു ആളുകൾ മാറുന്നതിനേക്കാൾ ഭേദപ്പെട്ടതെന്തെങ്കിലുമുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാഞ്ഞിട്ടാകാം.

മി. കെ. ജോർജ് (ഗവർണ്മെന്റ് സെക്രട്ടറി). ആളുകൾ എത്രയൊക്കെ മാറിമാറിപ്പിച്ചാലും അപഹരണങ്ങളെ അസാധ്യമാക്കാവുന്നതല്ല. (ചിരി)

മി. ജോൺമക്കി (തോട്ടക്കാർ). കണക്കുകൾ സ്ഥലത്തുവച്ചുതന്നെ ആഡിറുചെയ്യുന്നതിനും ഇടയ്ക്കിടയ്ക്കുള്ള ഒരു ആഡിറും തിരുവനന്തപുരത്തുനിന്നും അയച്ചു ഒരു ആഡിറരെ നിയമിക്കാൻ ഗവർണ്മെന്റിനു സാധിക്കുകയില്ലേ?

മി. കെ. ജോർജ് (ഗവർണ്മെന്റ് സെക്രട്ടറി) ഒരു സെൻട്രൽ ആഡിറും ഇപ്പോൾ ഇവിടെ നടപ്പിലുണ്ടല്ലോ.

മി. ജോൺമക്കി (തോട്ടക്കാർ). ഇടയ്ക്കിടയ്ക്കുള്ള ഒരു ആഡിറും എന്നാണ് ഞാൻ പറയുന്നത്. യോഗ്യനായ ഒരാളെ നിയമിക്കയും അയാൾ എല്ലാ ഖജനാവുകളേയും മുറയ്ക്കു സന്ദർശിക്കയുംവേണം.

പ്രസിഡണ്ട്. അങ്ങനെ ഇടയ്ക്കിടയ്ക്കുള്ള ആഡിറും വേറെ എവിടെയെങ്കിലും നടപ്പുണ്ടോ? ഓരോ ദേശസ്ഥലാന്തരക്കും ഓരോ ആളെവീതം നിയമിക്കേണ്ട ആവശ്യമുണ്ടാകും.

മി. കെ. ജോർജ് (ഗവർണ്മെന്റ് സെക്രട്ടറി). ആ പ്രത്യേകആളും അപഹരണത്തിനു അധീനനാകയില്ലെന്നുള്ളതിനു ഉറപ്പൊന്നുമുണ്ട്.

മി. ജോൺമക്കി (തോട്ടക്കാർ). ഗവർണ്മെന്റിനു ഏതൊരെയെങ്കിലും ഒരാളെ വിശ്വസിക്കാതെ കഴിയില്ലല്ലോ?

മി. കെ. ജോർജ് (ഗവർണ്മെന്റ് സെക്രട്ടറി). കടുഷാഫീസർ ഒരു തിലയുള്ള ഉദ്യോഗസ്ഥനാണ്.

പ്രസിഡണ്ട്. അയാൾ ആളിന്റെ സ്ഥാനമഹിമയ്ക്കനുസരിച്ചിരിക്കണം. പക്ഷെ, മിസ്റ്റർ മക്കി, ചോദ്യനായ ആഡിററന്മാരെ ഓരോസ്ഥലത്തേക്കും തിരിമിക്കണമെങ്കിൽ വളരെ ചിലവു വേണ്ടിവരുമെല്ലോ.

മി. കെ. ജോർജ് (ഗവർണ്മെന്റ് സെക്രട്ടറി). അതുകൊണ്ടുമാത്രം അപഹരണങ്ങളെ തടഞ്ഞിക്കാൻവാൻ സാധിക്കയുമില്ലല്ലോ (ചിരി)

മി. എം. ആർ. മാധവയ്യർ (കുംഭകോണം പത്തനംതിട്ട). ഞാൻ പ്രമേയത്തെ വോട്ടിനിടണമെന്നു നിർബന്ധിക്കുന്നില്ല.

പ്രമേയം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

പ്രമേയം ൫ നം.

മെമ്പർ ഹാജരില്ലായിരുന്നതുകൊണ്ട് ഈ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

മി. കെ. പരമേശ്വരൻപിള്ള.

൫ നം. ഡിമാൻഡ് VIII-നായി നീക്കിവച്ചിട്ടുള്ള ൧൯ ലക്ഷം രൂപയിൽനിന്നു ൫൦൦൦൦ രൂപകുറയ്ക്കണമെന്നു.

പ്രസിഡണ്ട്. ഞാൻ ഈ ഡിമാൻഡിനെ സഭയുടെ വോട്ടിനിടുകൊള്ളുന്നു. ഡിമാൻഡ് VIII. ൧൯ ലക്ഷം അഡ്മിനിസ്ട്രേഷൻ അക്കൗണ്ടാഫിസ് എന്ന ലക്ഷം രൂപ ഈ ഡിമാൻഡിനെ സഭ അനുവദിക്കുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

ഗ്രാന്റ് അനുവദിക്കപ്പെട്ടു.

കൌൺസിൽ രണ്ടുമണിയ്ക്കു കൂടിയപ്പോൾ ലഘുഭക്ഷണത്തിനായി പിരിഞ്ഞു. മൂന്നുമണിക്ക് ഒൻപതുമിനിട്ടായപ്പോൾ വീണ്ടും സഭകൂടി.

പുതിയ മെമ്പർ,

പുതിയ മെമ്പറിനെ സത്യംചെയ്തുകൊടുത്തു ചീഫ് സെക്രട്ടറിയോട്ടുകൂടി സ്വീകരിച്ചു.

മിസ്റ്റർ എം. പുന്നൻ ലൂക്കോസ് ബി. എ., എം. ബി. ബി. എസ്സ്. (ലണ്ടൻ) എൽ. എം (റൊട്ടണ്ടാ) (ഡർബാർഹിസിഷൻ സ്ഥാനത്തേക്കുള്ള സർജിയൺ ഇൻചാർജ്)

ഗ്രാന്റിനുള്ള ഡിമാൻഡ് (തുടർച്ച)

ഡിമാൻഡ് IX. അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റീസ്. (നീതിന്യായപരിപാലനം)

മി. വി. സുബ്ബയ്യർ (അഡിഷണൽ ഫൊഡ്സക്കാർവകയിൽ) സർ, ഡിമാൻഡ് IX നീതിന്യായപരിപാലനം എന്ന ഇനത്തിൽ ന്യൂ വലക്ഷം രൂപയിൽ കവിയാതെയുള്ള ഒരുതുക അനുവദിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

പ്രമേയം ക്ലർക്ക്.

ടി. എൻ. രാമകൃഷ്ണപിള്ള (വയ്യം—ഏറ്റവുമാന്തർ). സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു,

ക്ലർക്ക്. ക്ലർക്കന്മാർക്കായി നിശ്ചിവച്ചിട്ടുള്ള ദേ.മു.കവ.ഉ രൂപയിൽനിന്നു കു.പ ൦ ൦ രൂപ കുറയ്ക്കണമെന്ന്.

കു ൦ ൦ രൂപ മുതൽ കവ.ഉ രൂപവരെ ശമ്പളത്തോടുകൂടിയ ഒരു ഇൻഡെക്സ്റേറ്റും ലാറിപ്പോട്ടവും ഏതാണ്ടിനം ബഡ്ജറ്റിൽ കാണുന്നു. കു ൦ ൦ രൂപമുതൽ കവ.ഉ രൂപവരെ ശമ്പളം കൊടുക്കപ്പെടുന്ന ഉദ്യോഗസ്ഥനെ സംബന്ധിച്ചുള്ളതാണ് എന്റെ പ്രമേയം. ഹൈക്കോടതിയുടെ മിനിസ്റ്റീരിയൽ എസ്റ്റാബ്ലിഷ്മെന്റിൽ, രജിസ്റ്ററും ഡെപ്യൂട്ടിരജിസ്റ്ററും, മാനേജരും, ഇൻഡെക്സ്ടും ലാറിപ്പോട്ടവും സീനിയർ ഗ്രേഡുകളിലുണ്ട്. രജിസ്റ്റാക്കും ഡെപ്യൂട്ടി രജിസ്റ്റാക്കും ഹൈക്കോടതിയിൽ വേണ്ടിടത്തോളം വേലയുണ്ട്. എന്നാൽ മാനേജക്കുള്ള വേലവളരെ ഉത്തമമാണെന്ന സംഗതി ഇതിനുമുൻപും ശ്രദ്ധണ്ടെന്റിന്റെ ശ്രദ്ധയ്ക്ക വിഷയമാക്കിയിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ലാറിപ്പോട്ടവും ഇൻഡെക്സ്റേറ്റുമായ ഉദ്യോഗസ്ഥനും പിടിപ്പുള്ള ജോലിയുണ്ട് വളരെ കുറച്ചുമാത്രം ജോലിയുള്ളൂ മാനേജക്കാണ്, അയാൾക്ക കവ.ഉ രൂപമുതൽ കു ൦ ൦ രൂപവരെ ശമ്പളവുമുണ്ട്.

എന്റെ അഭിപ്രായം, ഇൻഡെക്സ്റേറ്റും ലാറിപ്പോട്ടവും എന്നസ്ഥാനം വേണ്ടെന്നുവയ്ക്കണമെന്നും, ആദ്യജോലികൾചെയ്യുവാൻ മാനേജരെ ചുമതലപ്പെടുത്തണമെന്നുമാണ്. അങ്ങനെയാണെങ്കിൽ മാനേജക്ക് വേണ്ടുവോളം ജോലിയാകും, കു ൦ ൦ രൂപമുതൽ കവ.ഉ രൂപവരെ ശമ്പളമുള്ളൊരു ഉദ്യോഗം വേണ്ടെന്നുവയ്ക്കുകയും ചെയ്യാം. ലാറിപ്പോട്ടവും ഇൻഡെക്സ്റേറ്റും ആയിരിക്കുന്ന ആളിനു നിയമപരിജ്ഞാനം ഉണ്ടായിരിക്കണമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അയാൾ ഒരു ബി. എൽ. ആയിരിക്കുകതന്നെവേണം, ഡിപ്പാർട്ട്മെന്റ് വൃത്തികളിൽനിന്നു ഞാൻ മനസ്സിലാക്കുന്നു രജിസ്റ്ററും ഡെപ്യൂട്ടി രജിസ്റ്ററും ബി. എ. ജില്ലകാരായിരിക്കണമെന്നാണ് മാനേജർ ഒരു ബി. എൽ. ആയിരിക്കണമെന്നു നിർബന്ധമില്ല. ഇൻഡെക്സ്റ് ചെയ്യാനും ലാറിപ്പോട്ടം ചെയ്യാനും ഇപ്പോഴത്തെ മാനേജരെക്കാളും മതിയാകുകയില്ലെന്നു തോന്നുന്നപക്ഷം ആ ആളിനു വേറെ എവിടെയെങ്കിലും ഒരുദ്യോഗംകൊടുത്തിട്ടു ലാറിപ്പോട്ടം ചെയ്യുന്നും ഇൻഡെക്സ്റ് ചെയ്യുന്നും കൂടി ഇപ്പോഴുള്ള ഒരു ബി. എ. ജില്ലകാരനെ മാനേജർസ്ഥാനത്തേക്കു നിയമിക്കണം. ഇക്കാരണത്താൽ കവ.ഉ രൂപ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതായത് ഇൻഡക്സുരുടെ ശമ്പളത്തിനുവേണ്ടി വരുന്നസംഖ്യ മാസമൊന്നുക്ക കു ൦ ൦ രൂപ അതിന്റെ ഉടൻഫലമായി കു ൦ ൦ രൂപശമ്പളമുള്ള ഒരുദ്യോഗം വേണ്ടെന്നുവയ്ക്കുകയും ചെയ്യുന്നു. ഈ വാക്കുകളോടുകൂടിഞാൻ എന്റെ കൂറുചെയ്യൽ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടറിമാർ). സർ, അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രമേയം കണ്ടപ്പോൾ അതിന്റെ ആന്തരോദ്ദേശം ഹൈക്കോടതിയിലെ ഇൻഡെക്സറുദ്യോഗത്തിന്റെ അസ്തിത്വമൊട്ടോളുചെയ്യുകയാണെന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. എനിക്കറിയാവുന്നടത്തോളം കൊണ്ടു, രജിസ്റ്റാക്ക് ഡിപ്പാർട്ടുമെണ്ടിനെറേമേൽ അധികാരമുണ്ട്, ഡെപ്യൂട്ടിരജിസ്റ്റാർക്ക് ഓഫീസിങ്ങു വേലയുടെ ചാർജ്ജ് ഉണ്ട്. മാനേജക്ക് ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെണ്ടിന്റെയും പകർപ്പുകാര്യത്തിന്റെയും പ്രോസസ്സ് ഫീസ്സു ചെയ്യുന്നതിന്റെയും മേൽനോട്ടം ചാർജാണ്.

പ്രസിഡണ്ട്. മി. രാമകൃഷ്ണപിള്ള പറയുന്നതു മാനേജക്ക് വേണ്ടിടത്തോളം ജോലിയില്ലെന്നുണ്ടെല്ലോ

മി. പി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടറിമാർ). അതിനെസംബന്ധിച്ച് ഏതുകാര്യവും പറയാനുള്ള സാവകാശമുണ്ടായിരുന്നു. ഹൈക്കോടതിയുടെ ഭരണകാര്യത്തിൽ ശ്രദ്ധയുള്ള ജഡ്ജിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അതിനെസംബന്ധിച്ച് അവരുമായി ആലോചിച്ച് അതിന്റെ ആവശ്യത്തെക്കുറിച്ചു തന്നെത്താൻ ബോദ്ധ്യപ്പെടുകയും അതു വേണമെന്നു പറകയും ആണു ചെയ്തിട്ടുള്ളതു്. എന്നുമാത്രമാണ്. അതുകാരണം അതു അന്നവലിക്കപ്പെടുകയുംചെയ്തു. മാനേജർ ചെയ്യുന്നുണ്ടു് എത്രമാത്രം വേലയാണെന്ന സഭയുടെ ഒന്നിയിൽ സൂക്ഷ്മമായി കൊണ്ടുവർപ്പെട്ടിട്ടില്ല; ഇൻഡെക്സറുടെ ആവശ്യകതയെക്കുറിച്ച് ഇതേവരെ ചോദ്യമുണ്ടായിട്ടുമില്ല. ഇപ്പോഴത്തെ മാനേജർ ഒരു ബി. എൽ. അല്ലെന്നു ഞാൻ പറയാം, ഒരു ഇൻഡെക്സറും ലാറിപ്പോട്ടവും ആയിരിക്കുന്ന ആറു ബി. എൽകാരനായിരുന്നാലേ സാധിക്കൂ, എനിക്കു ഇൽക്കാലം പറയാൻ സാധിക്കുന്നതു മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ സൂചനകളെ ഹൈക്കോടതിയുടെ അഭിപ്രായത്തിനായി അവക്ക് അയച്ചുകൊടുക്കുന്നതാണെന്നും, അതുകഴിഞ്ഞു് ആവശ്യമെന്നു തോന്നുന്നതു പ്രവർത്തിക്കുന്നതാണെന്നുമാണ്

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കം—ഏറ്റവുമാന്തർ): ഹൈക്കോടതിയിൽ മാനേജർ ചെയ്യുന്ന ജോലികൾ എന്തെല്ലാമാണ്?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടറിമാർ): അപ്പീൽ അന്വേഷിക്കുക, പ്രോസസ്സ് ഇഷ്യൂചെയ്യുക, പകർപ്പുകാര്യം ഇഷ്യൂചെയ്യുക, ഹൈക്കോടതിയിൽ നാട്ടുഭാഷയിൽ ചെയ്യുന്നുള്ള ജോലികളും.

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കം—ഏറ്റവുമാന്തർ): ഹെഡ്ക്ലർക്ക് എന്താണു ചെയ്യുന്നതെന്നുകൂടി ഞാൻ ചോദിച്ചുകൊള്ളട്ടെയോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടറിമാർ): അന്യായം കിട്ടിയഉടൻതന്നു, അതിന്റെ വിധി തിട്ടപ്പെടുത്തിയിരിക്കുന്നതു ശരിതന്നെയോ എന്നു നോക്കുകയും അതിന്റശേഷം മാനേജർക്ക് അയച്ചുകൊടുക്കയും ആണെന്നാണു തോന്നുന്നതു്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഡെപ്യൂട്ടിരജിസ്റ്റർ മിസ്റ്റർ വേലുപ്പിള്ളയെ ഹൈക്കോർട്ടിൽനിന്നു സ്ഥലംമാറ്റാനുള്ള കാരണമെന്തായിരുന്നെന്നു അറിഞ്ഞാൽകൊള്ളാം.

പ്രസിഡണ്ട്: അതു തീരെ അസ്ഥാനത്തിലാണ്.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടറിമാർ): ഈ പ്രമേയം വിചാരിച്ചിരിക്കാത്ത ഒന്നാകുകൊണ്ടു മെംബറുടെ സൂചനകൾ ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുചെല്ലപ്പെടുമെന്നും, അവരുടെ അഭിപ്രായമറിഞ്ഞശേഷം ആവശ്യമെന്നു തോന്നുന്നതു ചെയ്യപ്പെടുമെന്നും മാത്രമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആരാണു ബോർഡിങ്ങുചെയ്യുവാൻ പോകുന്നതു്?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടറിക്കുവേണ്ടി): ഡെപ്യൂട്ടി രജിസ്ട്രാർ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ ജോലി ആരാണു മുൻ— നോക്കിക്കൊണ്ടിരുന്നത്?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ് സക്രട്ടറിക്കുവേണ്ടി): ഡെപ്യൂട്ടി രജിസ്ട്രാർ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങുന്നതു ഒന്നാംഇഡ്യൂയുടെ അന്യായമായ നിയമനങ്ങൾ.—

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ് സക്രട്ടറിക്കുവേണ്ടി): സർ, പ്രസ്തുത പ്രമേയവുമായി അതിനു യാതൊരു ബന്ധവുമില്ലാത്തതാണ്, പായിൻറ് ഓഫ് ആർഡറിനായി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: വാക്കുകൾ പൂർത്തിയാക്കിക്കൊള്ളട്ടെ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പുനഃസംഘടനനടക്കുമ്പോഴും ഇക്കഴിഞ്ഞ ചില കൊല്ലങ്ങളിലും ഒന്നാം ഇഡ്യൂ ചെയ്ത നിയമനങ്ങളെല്ലാം വസ്തുനിഷ്പക്ഷപാതത്തോടുകൂടിയാണെന്നും, മിനിസ്റ്റീരിയൽ സ്റ്റാഫിൽ ജോലിനോക്കുവാൻ ഒരാൾക്കു അഞ്ചുമണിക്കൂറിലധികം അവസരം കൊടുത്തിട്ടില്ലെന്നും ഉള്ള വസ്തുതകൾ ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

പ്രസിഡണ്ട്: ഇതു വാദവിഷയവുമായി യാതൊരു ബന്ധവുമുള്ളതല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മിസ്റ്റർ അപ്പാത്തുരൈയ്യർ ഒരു ബി. എൽ. അല്ലാത്തതിനാൽ ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രസിഡണ്ട്: മിസ്റ്റർ അപ്പാത്തുരൈയ്യർ ആരാണ്? (ചിരി).

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മാനേജരെ ഉദ്ദേശിച്ചാണു ഞാൻ പറഞ്ഞതു

പ്രസിഡണ്ട്: പ്രമേയത്തിനു മാനേജരുമായി ബന്ധമൊന്നുമില്ല. മാനേജർ സ്ഥാനമില്ലാതാക്കണമെന്നു മിസ്റ്റർ രാമകൃഷ്ണപിള്ള ആവശ്യപ്പെട്ടുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ആ ആളിന്റെ അഭിപ്രായം ഒരു ബി. എൽ. കാരനെ നിയമിക്കണമെന്നാണ്. അതു വളരെ യുക്തിപൂർവമായിരിക്കുന്നതിനാൽ ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കം-ചിറമാനൂർ): സർ, മാനേജർക്കു ഹൈക്കോടതിയിൽ വേണ്ടതോ വേണ്ടാത്തതോ ആയ ജോലിയുണ്ടോ ഇല്ലയോ എന്നു തീർച്ചയായി പറയുവാൻ മിസ്റ്റർ സുബ്ബയ്യർക്കു സാധിച്ചിട്ടില്ല. സമൺസ് പ്രതികൾ തപ്പിടുക മുതലായതെല്ലാതെ മറ്റു പല പ്രധാനപ്പെട്ട ജോലികളും ആ ആളിന് ഉള്ളതായി നാം കേട്ടിട്ടുള്ളതാണ്. അപ്പീലും മറ്റും വാദിക്കുന്നതു ഹൈക്കോടതിയാണ്; ആ ആഫീസിനെയാണ് അദ്ദേഹം വിചാരിച്ചിരുന്ന ജോലിയും മറ്റും നോക്കുന്നതും. ഈ ജോലിയൊന്നും ചെയ്യാൻ മാനേജർ യാതൊരുത്തരത്തിലും ചുമതലപ്പെട്ടവരല്ല, വസ്തുതയിൽ ആ ആളിന്റെ ജോലി കുറവും ഇരുമാണ്. എന്റെ അഭിപ്രായം, ഫുഡ് ഗ്രെയിൻ കമ്മിറ്റിയുള്ള ഒരുദ്യോഗം വേണമെന്നുള്ളതുണ്ടെന്നും, മാനേജരെ ഇൻഡക്സുചെയ്യുന്നതും പാറിപ്പോട്ടുചെയ്യുന്നതുകൂടെ ചുമതലപ്പെട്ടതാവുന്നതാണെന്നുമാണ്, ഇപ്പോൾ ജോലിയില്ലാതിരിക്കുന്ന ആൾ ആ വേലയ്ക്കുള്ളിൽ പ്രവേശിക്കുന്നതുകൊണ്ടു ആ ആളിനെ വേറെ ജോലിക്കാക്കേണ്ട യാതൊരു ആവശ്യവുമില്ല. എനിക്കു വഴുങ്ങുമെയിട്ടോ, വ്യക്തിയുമായിട്ടോ, ഇവിടെ യാതൊരു ബന്ധവുമില്ല; വെറുമൊരു വസ്തുത പറയുമാത്രമാണു ഞാൻ ചെയ്തതു. ഈ സംഗതി ഇനിയുമുൻപും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ വിഷയമാക്കപ്പെട്ടിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. മാനേജർസ്ഥാനം കുറച്ചുകാലമുൻപു മാത്രമാണു സൃഷ്ടിക്കപ്പെട്ടതു; അതു അനാവശ്യമാണെന്നുള്ള സഭയുടെ അഭിപ്രായത്തിനോടു ഹൈക്കോടതിയും യോജിക്കുമെന്നു എനിക്കു ഉറപ്പുണ്ട്.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടറിക്കുവേണ്ടി): മാനേജർസ്ഥാനം കുറയ്ക്കേണ്ടിയിരുന്നുവെന്ന് എന്റെ സ്നേഹിതൻ പറഞ്ഞ അഭിപ്രായത്തോടു എനിക്കു വിപരീതമാണ്. എനിക്കു അറിയാവുന്നിടത്തോളം കാലം അവിടെ മാനേജർസ്ഥാനമുണ്ട്. അയാളെപ്പോലെ ഡെപ്യൂട്ടിരജിസ്ട്രാരുടെ ഉദ്യോഗവും അത്രയധികം പുതുതല്ല. തന്റെ അഭിപ്രായപ്രകടനത്തെ, മാനേജർക്കു പകർപ്പുകൾ ഇണ്ടാക്കുകയും കൂടുതൽ അനേകം ചുമതലകളുണ്ട്. ഞാൻ പറഞ്ഞുകഴിഞ്ഞതുപോലെ പ്രധാനപ്പെട്ടതാണെന്നു എനിക്കു വളരെ പൂർണ്ണമായിട്ടാണിരിക്കുന്നു. മിസ്റ്റർ രാമകൃഷ്ണപിള്ള, ഞാൻ സംസാരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നിങ്ങനെ കുറിച്ചുണ്ടെന്നുള്ള പ്രമേയത്തിൽ സൂചിപ്പിച്ചിട്ടുള്ളതല്ലാതെ ഫുഡ് ഗ്രെയിൻ കമ്മിറ്റിയുണ്ടാവണമെന്നു മാത്രമേ പറഞ്ഞിട്ടുള്ളതായിട്ടുണ്ടായിരുന്നുള്ളൂ. കുറെ താണതരം ക്ലർക്കന്മാരെ കുറയ്ക്കണമെന്നാണ് ആ ആളിന്റെ ഉദ്ദേശം എന്നതും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അതിനാൽ ആ ആളിന്റെ ഉദ്ദേശത്തെക്കുറിച്ച് എനിക്കു ശരിയായ മുന്നറിവു കിട്ടിയിട്ടില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ശരിയായ മുന്നറിവു തന്നിട്ടുണ്ടെങ്കിൽ, ഹൈക്കോടതിയിൽ മാനേജരുടെയുള്ള ആവശ്യമില്ലാതെയുണ്ടെന്നു ഞാൻ വ്യക്തമായും സൂക്ഷ്മമായും പറയാമായിരുന്നു. ഈ സംഗതിയെ ഹൈക്കോടതിയുടെ ശ്രദ്ധയിൽ വിഷയമാക്കാമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നതിനാൽ, മിസ്റ്റർ രാമകൃഷ്ണപിള്ള തൃപ്തിപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും, ചിറമാനൂരും): പുനഃസംഘടനയ്ക്കു മുൻപും മാനേജരുദ്യോഗവും ഡെപ്യൂട്ടിരജിസ്ട്രാരുദ്യോഗവും ഹൈക്കോടതിയിൽ ഒരേസമയത്തുണ്ടായിരുന്നോ എന്നുകൂടി എനിക്കറിഞ്ഞാൽ കൊള്ളാം.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടറിക്കുവേണ്ടി): ഉവ്വ്, വളരെക്കാലമായി. മിസ്റ്റർ തണ്ടു അയ്യരുണ്ടായിരുന്നു; അതേസമയത്തു മിസ്റ്റർ വേലുപ്പിള്ളയുമുണ്ടായിരുന്നു.

പ്രസിഡണ്ട്: പ്രമേയം പോട്ടിക്കിടണമെന്നു നിർബന്ധമുണ്ടോ, മിസ്റ്റർ രാമകൃഷ്ണപിള്ള?

മി. രാമകൃഷ്ണപിള്ള (വൈക്കവും, ചിറമാനൂരും): ഞാൻ പ്രമേയത്തെ പിൻവലിക്കുന്നു.

പ്രമേയം, അനുവാളപ്രകാരം പിൻവലിക്കപ്പെട്ടു.

പ്രമേയം ൪൫൩.

മി. എം. ആർ. മുഡവവായ്യർ (കൊച്ചിരാജ്യം, പത്തനംതിട്ടയും): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ ഫാഷരാക്കിക്കൊള്ളുന്നു.

ശ്രീ. തൽക്കാലത്തെ ആവശ്യത്തിനുള്ള ക്ലെക്മോർ—എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള രൂപ, പതിനായിരം രൂപയും കിട്ടിയുചെയ്യണമെന്ന്.

ഈ തൽക്കാലാവശ്യത്തിനുള്ള ക്ലെക്മോരെ ഫ ഠ ഡ-മാണ്ടുവസാനംവരെ ഹൈക്കോടതിയിലെ മൂന്നാം ബെഞ്ചിനെ വച്ചുകൊണ്ടിരിക്കുന്നതിലേക്കായിട്ടാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഫ ന്റ-ൽ സ്ഥാപിച്ച മൂന്നാംബെഞ്ചു ആണ്ടുതോറും തൽക്കാലത്തേക്ക എന്നും പറഞ്ഞു നീട്ടിക്കൊണ്ടുപോകപ്പെടുന്നു. കുടിശ്ശികകൾ തീർക്കുന്നതിലേക്ക വേണ്ടി മാത്രമായിട്ടാണ മൂന്നാംബെഞ്ചുണ്ടാക്കിയത്. കഴിഞ്ഞ ബഡ്ജറ്റു വാദപ്രതിവാദവേളയിൽ മിസ്റ്റർ സുബ്ബയ്യർ ഞങ്ങൾക്ക ഉറപ്പുതന്നതു, അതു് ആ ശ്രമമില്ലാത്തതും ആഗ്രഹിക്കത്തക്കതല്ലാത്തതും ആകണമെന്ന ഞാണെന്ന ആ നിമിഷത്തിൽ അതു നിർത്തുമെന്നാണ്. മൂന്നാംബെഞ്ചു ആവശ്യമില്ലാത്തതാണെന്ന ഗവണ്മെന്റു തീർച്ചയാക്കുന്ന കാലമെന്നാണ വരാൻപോകുന്നതെന്ന ഞങ്ങൾക്കറിവാൻ കഴിയുന്നില്ല. മൂന്നാംബെഞ്ചിന്റെ പ്രവർത്തനംകൊണ്ടു് അധികം ചെല്ലുംമുൻപെ കുടിശ്ശികകളിൽ കുറെ തീർന്നു, മൂന്നാംബെഞ്ചിന്റെ സൃഷ്ടികാലത്തു ഉണ്ടായിരുന്ന ഒന്നാംതരം കുടിശ്ശികകളുടേയും രണ്ടാംതരം കുടിശ്ശികകളുടേയും എണ്ണം ക്രമപ്രകാരം കുറഞ്ഞു. ഫ ന്റ-ലും ഫ ന്റ-ലും എണ്ണം കുറഞ്ഞു. അതിനുശേഷം മൂന്നാംബെഞ്ചിനെ വച്ചുകൊണ്ടിരിക്കുന്നതു് അന്യായമാകുന്നു. വിചാരണചെയ്തു തീർത്തുപ്പെടുന്ന കേസുകളുടെ എണ്ണം, അതിൽപിന്നീടു, കൂടിയും കുറഞ്ഞുമാണിരിക്കുന്നതു്. തിരുവിതാംകൂറിൽ എല്ലാ തച്ചുകാലസ്ഥാപനങ്ങൾക്കും സ്ഥിരമാകാൻ ഒരു ചായ്വുണ്ട്. ഒരു നിശ്ചിതകാലത്തിനുള്ളിൽ കുടിശ്ശിക മുഴുവൻ തീർത്തുകൊള്ളണമെന്നും, അതുകഴിഞ്ഞാൽ അതിനെ പിടിച്ചുവച്ചുകൊണ്ടിരിക്കുന്നതല്ലെന്നും മൂന്നാംബെഞ്ചിനെ വിശദമായി അറിയിച്ചിരുന്നെങ്കിൽ, ഇതിൽ കൂടുതൽ വേല തീരുമായിരുന്നു.

മൂന്നാംബെഞ്ചു വച്ചുകൊണ്ടിരിക്കുന്നതിനെ മിസ്റ്റർ വി. സുബ്ബയ്യർ ചില കാരണങ്ങൾ പറഞ്ഞു. ആ ആളിന്റെ ഒന്നാമതായുക്തി, ഹൈക്കോടതിവിധി അവസാനത്തേതാകേണ്ടതു, ജഡ്ജിമാർക്ക കേസുകൾ ക്ഷമയോടെ കേൾക്കാതിരിക്കാനും സംശയമാറ വിധികൾ പ്രസ്താവിക്കാതിരിക്കാനും തരമില്ലെന്നുള്ളതാണ്. ഹൈക്കോടതിയുടെ പയേ വിധികൾക്ക കൂടുതൽ പ്രാമാണ്യവും യുക്തിയുക്തതയും ഉള്ളതായിട്ടാണ വിചാരിക്കപ്പെട്ടുവരുന്നതു്. വക്കീലന്മാർ വളരെ നേരത്തേക്ക വാദിക്കാൻ തുടങ്ങിയിരിക്കുന്നെന്നും അതുകാരണം മൂന്നാംബെഞ്ചിനെ വച്ചുകൊണ്ടിരിക്കുന്നതു് ആവശ്യമായി വന്നിരിക്കുകയാണെന്നുമുള്ള മിസ്റ്റർ സുബ്ബയ്യരുടെ വാദത്തെ വകവച്ചുകൊടുക്കയാണെങ്കിൽ മൂന്നാംബെഞ്ചിനെ സ്ഥിരമാക്കേണ്ടതായി വരികയും, വക്കീലന്മാർക്ക ഒരു നാലാംബെഞ്ചും അഞ്ചാംബെഞ്ചും കൂടി സൃഷ്ടിക്കാൻ വിഷമമില്ലെന്നു സമ്മതിക്കാതെ തരമില്ലെന്നാകയുംചെയ്യും. ഹൈക്കോർട്ടജഡ്ജിമാർ രാവിലെ ഫ മണിമുതൽ വൈകുന്നേരം ഇ മണിവരേയാണ് ജോലിനോക്കുന്നതു് എന്നുള്ളതു വസ്തവമാണ്. ആറേഴു ജഡ്ജിമാർ വിചാരിച്ചാൽ നാലുജഡ്ജിമാർചെയ്തുകൊണ്ടുവന്നിടത്തോളം ജോലിചെയ്തുതീർക്കാൻ സാധിക്കുന്നില്ലെങ്കിൽ, ഹൈക്കോടതിയിൽ കൂടേറ്റടി യോഗ്യതയുള്ളവരെ നിയമിക്കേണ്ടതല്ലയോ എന്ന് ആലോചിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. കുടിശ്ശികകൾ തീർക്കേണ്ട ആവശ്യം ഹൈക്കോടതി അറിയുന്നില്ല. ഹൈക്കോർട്ടജഡ്ജിമാരുടെ ഉപേക്ഷയേക്കാ അശ്രദ്ധയേക്കാ ശമ്പളം കൊടുക്കാൻ ലാമെംബർക്ക ആവശ്യപ്പെടുകയാണ ചെയ്യുന്നതു്, കുടിശ്ശ ബഡ്ജറ്റവാദപ്രതിവാദവേളയിൽ, മൂന്നാംബെഞ്ചു വച്ചുകൊണ്ടിരിക്കുന്നതിന്ന് അനുകൂലമായി മിസ്റ്റർ സുബ്ബയ്യർ കൊണ്ടുവന്ന അവസാനത്തെ കാരണം ഒരു ബഞ്ചു നാലുമാസക്കാലമായി ഒരു വലിയ കേസിൽ ഫുർപ്പെട്ടിരിക്കയാണെന്നും ജഡ്ജിമാർക്ക അതുകൊണ്ടു കുടിശ്ശികകൾ തീർക്കാൻ കഴിയാതെ പോയെന്നുമാണ്. ഫ ന്റേവുംവല ഒരണറിപ്പോട്ടിൽ പറഞ്ഞിരിക്കുന്നതു, പൂണിജഡ്ജിമാരായ മെസ്സേഴ്സ് പി. രാമൻതമ്പിയും ററി. പപ്പുപിള്ളയും അവധിയിലായിരിക്കുമ്പോഴും മിസ്റ്റർ ജസ്റ്റിസ് ചാറഹീൽഡ് തിരുത്തെടുപ്പുതക്കേടുകൾ സംബന്ധിച്ചു സ്പെഷ്യൽ ഡ്യൂട്ടിയിലായിരിക്കുമ്പോഴും ഹൈക്കോടതിക്ക് ആ ആണ്ടിൽ പൂർണ്ണബെഞ്ചത്തോടുകൂടി ജോലിചെയ്യാൻ സാധ്യമായിട്ടില്ലെന്നാണ്. ഈ കാര്യത്തേക്കും മൂന്നാംബെഞ്ചു വച്ചുകൊണ്ടിരിക്കുന്നതിനു വല്ല വിശേഷാൽ സംഗതികളും മിസ്റ്റർ സുബ്ബയ്യർക്ക പറയാനുണ്ടോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഹൈക്കോടതിയുടെ വേല സാധാരണരീതിയിൽ തുടങ്ങിക്കഴിയുമ്പോഴും മൂന്നാംബെഞ്ചു യാതൊരുമാന്ദ്യവും കൂടാതെ നിൽപ്പെടുമെന്ന ഗവണ്മെന്റ് ഞങ്ങൾക്ക കാതിന്ന് ഉറപ്പുതരണം. പയേ കെസുകൾ തീർക്കാനായി മാത്രം ഒരു സ്പെഷ്യൽബെഞ്ചിനെ നിയമിക്കാം. തൽക്കാലസ്ഥിതികൾ മൂന്നാംബെഞ്ചു വച്ചുകൊണ്ടിരിക്കുന്നതിനെ ആവശ്യമാക്കിത്തീർക്കുന്നുണ്ടോ എന്ന ഗവണ്മെന്റിന്ന് എന്തെങ്കിലും ഫുർപ്പാടുചെയ്തു കുടിശ്ശിക മുഴുവൻ ഒരു നിശ്ചിതകാലാവധിക്കകം തീർക്കുവാൻ സാധിക്കുമോ എന്നും ഉള്ള സംഗതികളെപ്പറ്റി മിസ്റ്റർ സുബ്ബയ്യർ നമുക്ക കൂടുതൽ അറിവുതരുമെന്ന് ഞാൻ ആശിക്കുന്നു.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടർവക്കീൽ): സർ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഞാൻ ചില കണക്കുകൾ സഭയുടെ മുൻപാകെ ഹാജരാക്കാം. മൂന്നാംബെഞ്ചുവച്ചുകൊണ്ടിരിയ്ക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി സഭയ്ക്ക തികച്ചും ബോദ്ധ്യമുണ്ടാകുമെന്നും മിസ്റ്റർ മാധവപയ്യനും അതു സമ്മതിച്ചതുപോലെന്നും ഞാൻ വിശ്വസിക്കുന്നു.

ഹൈക്കോടതിയുടെ ജോലി എങ്ങനെയാണ് വർദ്ധിച്ചിരിക്കുന്നതെന്നും പഴയകേസുകൾ തീർത്തുകഴിയുന്നതുവരെ അതായതു വേല സാധാരണ രീതിയിൽ തുടങ്ങിക്കഴിയുന്നതുവരെ-മൂന്നാംബെഞ്ചിനെ വച്ചുകൊണ്ടിരിക്കുന്നതു് എങ്ങനെയാണ് ആവശ്യമായിത്തീരുന്നതെന്നും കാണിക്കാൻവേണ്ടി ഞാൻ ഫ ന്റ മുതൽ ഫ ന്റ വരെയുള്ള കണക്കുകൾ കാണിക്കാം.

മി. എം. ആർ. മാധവപയ്യർ (ചെങ്ങന്നൂർ-പത്തനംതിട്ട): വേല സാധാരണരീതിയിൽ തുടങ്ങിക്കഴിയുക എപ്പോഴാണെന്ന് അറിഞ്ഞാൽ കൊള്ളാം.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടർവക്കീൽ): ഞാൻ അങ്ങോട്ടുവരുന്നു.

മി. എം. ആർ. മാധവപയ്യർ (ചെങ്ങന്നൂർ-പത്തനംതിട്ട): 'വേല സാധാരണരീതിയിൽ തുടങ്ങുക' എന്ന വാചകത്തിൽ അന്തർഭവിച്ചിരിയ്ക്കുന്ന ആശയം എന്തെന്ന് ഞങ്ങൾക്കും അറിഞ്ഞുകൊള്ളട്ടെ.

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സക്രട്ടർവക്കീൽ): ഞാൻ ഒരു ദിവ്യജ്ഞാനിയല്ല; കൃത്യം എത്രാംതീയതിയാണ് വേല സാധാരണരീതിയിലാവുന്നതെന്നു പറയാൻ ഞാൻ തയാറായിട്ടുമില്ല. അതു പലസംഗതികളേയും ആശ്രയിച്ചിരിക്കുന്നു. കേസുകളുടെ സ്വഭാവത്തേയും കക്ഷികളുടെ മനോഗതിയേയും അനാതിരി മറ്റനവധി സംഗതികളേയും ആശ്രയിച്ചാണ് അതിന്റെ നില. ഫ ന്റവ-ൽ ഫയലായ കേസുകളു

ടെ എണ്ണം മുൻകൊല്ലത്തേക്കാൾ വളരെ അധികമായിരുന്നു; കമ്മിഷണർ—ൽ എണ്ണം അതിലും കുടുതലായി. അതു കൊണ്ടു വന്ന സാധാരണരീതിയിലാക്കുന്നതുവരെ, മൂന്നാംബഞ്ചിനെ ഇപ്പോൾ ഏൽപ്പിച്ചതായി കാണുന്നില്ല.

ശ്രീ. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർ): പഴയ കേസുകൾ എല്ലാം തീർത്തുകഴിഞ്ഞാൽ വേഗം സാധാരണരീതിയിലാക്കുമോ?

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽ ഹൈക്കോർട്ട് ജഡ്ജി): അതുകൊണ്ടാണ് ഞാൻ വിശദീകരിക്കുന്നത്.

പ്രസിഡന്റ്: അതിൽ അഭിപ്രായഭേദത്തിനു വകയുണ്ട്.

ശ്രീ. എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർ—പഴയനംതിട്ട): ഇല്ല, സർ, എനിക്കങ്ങനെ തോന്നുന്നില്ല.

പ്രസിഡന്റ്: അഭിപ്രായഭേദത്തിനു വകയില്ലെങ്കിൽ അല്പം സാവകാശമെടുത്തു പ്രവർത്തിക്കണം. പഴയ കേസുകൾ തീർത്തുകഴിയുമ്പോൾ വേഗം സാധാരണരീതിയിലാക്കണമെന്ന് പറയപ്പെടുന്നു. എപ്പോഴാണ് വേഗം സാധാരണരീതിയിലാകുന്നതെന്ന് ഉറപ്പായിപ്പറയാനാണ് നിങ്ങൾ ഗവൺമെന്റിനോടു ആവശ്യപ്പെടുന്നത്. അതു സാദ്ധ്യമല്ല.

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽ ഹൈക്കോർട്ട് ജഡ്ജി): ഈ ഹൈക്കോർട്ട് ജഡ്ജിമാർ, അവരിൽനിന്ന് ആശിക്കപ്പെട്ടിരിക്കുന്നിടത്തോളം ഫലപ്രദമായ്ത്തീർക്കുന്നതിനോ, അല്ലയോ എന്നു സഭയ്ക്കു തീർച്ചയാക്കുന്നതിനു ഞാൻ ഗ്രഹിക്കാം. ഏപ്പോഴാണ് വേഗം സാധാരണരീതിയിലാക്കാൻ പോകുന്നതെന്നു പ്രവചിക്കാനോ പ്രശ്നംവച്ചു പറയാനോ എന്നെക്കൊണ്ടു സാധിക്കയില്ല. ഹൈക്കോർട്ട് ജഡ്ജിമാർ ചെയ്യുന്നതിൽനിന്നുള്ള ഒഴിവുകൊണ്ടു മുഴുവൻ സമയത്തെ മുൻപറഞ്ഞ ഹാജരാക്കാനേ എനിക്കു കഴിവുള്ളു; മെംബന്മാരുടെ അനുകൂലത്തെ തൃപ്തിയാക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ആളൊത്ത പത്തുകൊല്ലത്തിൽ ഫയലായ കേസുകളുടെ എണ്ണം ന്യൂ ഓ—നും വുന്നു ഓ—നും മദ്ധ്യേയും, രണ്ടാമത്തെ പത്തു കൊല്ലത്തിൽ ഒ ഫ—നും ഫ ഫവന്യൂ—നും മദ്ധ്യേയും, മൂന്നാമത്തേതിൽ ൻവ ഒ—നും ഫ ഫ ഠ നും മദ്ധ്യേയും, ആയിരുന്നു, വെച്ചു അപേക്ഷകരും സൻ—ൽനിന്നു ഇവ ആയിട്ടുണ്ട്. പലവക അപ്പീലുകളും ഠ ഠ—ൽനിന്നു ഫ ഠ ആയി വർദ്ധിച്ചു. സിവിൾറിവിഷൻ ഹർജികളും പലവകഹർജികളും ഒ ഫ ഠ—ൽ നിന്നു ഫ വുന്നു ആയും വർദ്ധിച്ചിരിക്കുന്നു.

ക്രിമിനൽവേയിലാണെങ്കിൽ, ആളൊത്ത ദശവർഷത്തിൽ ഠ വു നും ഠ വ—നും ഇടയ്ക്കും, രണ്ടാംദശവർഷത്തിൽ ഒ ഠ—നും ഫൻവ—നും മദ്ധ്യേയും, മൂന്നാമത്തേതിൽ ഫ ഫവന്യ—നും വ ഫ ഠ—നും മദ്ധ്യേയും ആകുന്നു.

അതുപോലെതന്നെ വർഷംപ്രതിയുള്ള ഫയലുകളുടെ ശരാശരി എണ്ണത്തെ സംബന്ധിച്ചും നാം കാണുന്നതു ഇപ്രകാരമാണ്.

	ഫ്രൈവർഅപ്പീൽ	രണ്ടാംഅപ്പീൽ
ഒന്നാംദശവർഷം	സൻ ഠ	ഠ ഫ ഠ
രണ്ടാംദശവർഷം	ഠവ ഠ ഠ	സൻവ
മൂന്നാംദശവർഷം	ഠ വുന്നു	ന്യ ഠ ഇ

ഈ വസ്തുതതന്നെ വേറെ വിധത്തിലും പറയാമെങ്കിൽ, ഒന്നാംദശവർഷത്തിൽനിന്നു മൂന്നാംദശവർഷത്തിൽ വേഗം ഇ ഠ ശതമാനം വർദ്ധിച്ചിരിക്കുന്നു. ജഡ്ജിമാരുടെ എണ്ണവും ഇ ഠ ശതമാനമേ വർദ്ധിച്ചിട്ടുള്ളു. അതു അപ്പീലുകളുടെ സംഗതിയെ സംബന്ധിച്ചു്,

പലവക വേലയിലേയ്ക്കു വരികയാണെങ്കിൽ ആളൊത്ത ദശവർഷത്തിൽ ഇ ഠ ന കേസുകളെ ഉണ്ടായിരുന്നുള്ളുവെന്നു കാണുന്നതാണ്; രണ്ടാം ദശവർഷത്തിൽ അതു ഒ ന ഠ—ം ആയി; മൂന്നാംദശവർഷത്തിൽ ഫ ഫ ഫ—ം ആയിരിക്കുന്നു. അഥവാ അതു ഫ ഠ ഠ ശതമാനത്തിലധികം വർദ്ധിച്ചിരിക്കുന്നു. പിന്നേയും, വിചാരണചെയ്തുതീർത്ത കേസുകളെപ്പറ്റി നോക്കുകയാണെങ്കിൽ—

ശ്രീ. സി. ശങ്കരമേനോൻ (കൊല്ലം): പലവക കേസുകളും ഇരുവശത്തെയും വർദ്ധിച്ചതിന്റെ വാസ്തവമായ കാരണം എന്തായിരുന്നെന്നു പറയാമോ?

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽ ഹൈക്കോർട്ട് ജഡ്ജി): ഒന്നുമെതായി—ഇതായിരിക്കാം കാരണമെന്നു ഞാൻ വിശ്വസിക്കുന്നു. അന്നു വ ഫ കോടതികളെ ഉണ്ടായിരുന്നുള്ളു. ഇന്നാകട്ടെ കോടതികൾ ഫ വ ആയിട്ടുണ്ടല്ലോ. മുൻപു അപ്പീലിനുള്ള ക്രിമിനൽകേസുകൾ മുഴുവൻ വ ഫ കോടതികളിൽനിന്നുമാണ് വന്നിരുന്നതു. ഇന്നു കോടതികൾ ഫ വ ഉണ്ട്. കോടതികളുടെ ഇ ഠ ശതമാനത്തിലധികമുള്ള വർദ്ധനയെ ഞാൻ അപ്പീലിന്റെ സംഖ്യയുടെ വർദ്ധനയായി കരുതുന്നു.

ശ്രീ. സി. ശങ്കരമേനോൻ (കൊല്ലം): കീഴ്ക്കോടതികളിലെ വേലയുടെ ഗുണക്കുറവുകൊണ്ടല്ലേ ഇങ്ങനെ വരുന്നത്?

ശ്രീ. വി. സുബ്ബയ്യർ (അഡിഷനൽ ഹൈക്കോർട്ട് ജഡ്ജി): അല്ല, കീഴ്ക്കോടതികളിലെ വേലയുടെ ഗുണക്കുറവൊന്നും പിണഞ്ഞിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല.

വിചാരണചെയ്തുതീർത്ത ഒന്നാം അപ്പീലുകളുടെ കാര്യം നോക്കുകയാണെങ്കിൽ, സിവിലായിട്ടുള്ളവയുടെ സംഖ്യ ഇപ്രകാരമാണെന്നു കാണാവുന്നതാണ്:—

ഒന്നാം ദശവർഷം	ന ഫ ഒ
രണ്ടാം ദശവർഷം	ന സ ഇ
മൂന്നാം ദശവർഷം	ഠ ഇ ന

തീർത്ത കേസുകളുടെ എണ്ണത്തിലും ഏകദേശം ഇ ഠ ശതമാനം വർദ്ധനയുണ്ട്.

പിന്നേയും രണ്ടാം അപ്പീലുകളെസംബന്ധിച്ചു ഇങ്ങനെയാണ് കാണുന്നതു.

ഒന്നാം ദശവർഷം	ഠ ഫ ഠ
രണ്ടാം ദശവർഷം	ന ഒ വ
മൂന്നാം ദശവർഷം	ഇ ഠ ഠ

മറവ്യത്തിൽ പറകയാണെങ്കിൽ, മൂന്നാം ശ്രേവർക്കത്തിൽ വിചാരണചെയ്തിരുന്ന കേസുകളുടെ ആ കേസുകളുടെ എണ്ണം ൧൦൦൦—രണ്ടാം ശ്രേവർഷത്തിൽ ൭൨൦—ഒന്നാമത്തേതിൽ ഏകദേശം ൭൫൦.

൧൯൨൭-ലെ കണക്കുകൾ ഇപ്രകാരമാണ്.

ഒന്നാം അപ്പീലുകൾ	൨൫൭
രണ്ടാം അപ്പീലുകൾ	൨൫൪
ആകെ	൫൧൨

ഇവയ്ക്കിടയിലുള്ളതെല്ലാം വെളിവാക്കുന്നത് ഹൈക്കോടതി ജഡ്ജിമാർ കേസുകൾ തിക്കുന്ന വിഷയത്തിൽ കഴിയുന്നത്ര പരിശ്രമം ചെയ്യുന്നുണ്ടെന്നാണല്ലൊ. എന്നിരുന്നാലും അനാവശ്യമായി അറിയാവുന്നതും പലതുകൊണ്ടും പ്രയോജനമില്ലാത്തതുമായ ഒരു വ്യവസ്ഥയാണ് ജഡ്ജിമാർ, ൫൫ മുതൽ ൬൦ വരെ, ഇടയ്ക്കു ലഘുഭക്ഷണത്തിനു കഷ്ടിച്ചു അര മണിക്കൂർമാത്രം എടുത്തുകൊണ്ടു, വേലചെയ്യുവാനുണ്ടാകുന്നത്. (മി. ജി. പരമേശ്വരൻപിള്ള "ഹിയർ, ഹിയർ") ഇപ്പോഴത്തെ ഹൈക്കോടതിജഡ്ജിമാരേക്കാൾ കൂടുതൽ വേല ചെയ്യണമെന്ന് ഏതെങ്കിലും മനുഷ്യനിവർ പറയുമോയെന്ന് എനിക്കു ബലമായ സംശയമുണ്ട്. ഏതെങ്കിലും ഒരു ദിവസം പഴയകേസുകൾമാത്രമേ, ഒരു കക്ഷിക്കുവേണ്ടിയുള്ള വിചാരണയെടുക്കാവൂ എന്നും മറ്റും പറഞ്ഞു ഹൈക്കോടതിയെ നാം നിയന്ത്രിക്കുന്നതു ശരിയായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഒരു വക്കീൽ എന്നോടുള്ള നിവൃത്തിയിലോ, അങ്ങനെ ഒരു പ്രവൃത്തി ചെയ്യാൻ ഞാൻ ഉപദേശിക്കയില്ല. കക്ഷികൾക്കു അതു നാശകരവും വക്കീലന്മാർക്കു ദോഷാവഹവും ആയിരിക്കും. ഹൈക്കോടതിയുടെ മേൽ നാം അങ്ങനെ ഒരു നിയന്ത്രണം ചുമത്തുകയാണെങ്കിൽ, തീർച്ചയായും ഒരു നിശ്ചിതകാലവധിക്കകം കുറച്ചധികം കേസുകൾ തീർക്കാൻ കോടതിക്കു സാധിക്കുന്നതാണ്. ഉദാഹരണത്തിന് ഒരു വക്കീൽ അമാന്തിച്ചുവന്നാൽ, അപ്പീൽ തള്ളിയിട്ടു, കേസ്തീർത്തുവെന്നു കോടതിക്കു പറയാം. തീച്ചയായും അങ്ങനെ കേസുകൾ തീർക്കണമെന്നല്ല നാം ഉദ്ദേശിക്കുന്നത്. ഇപ്പോഴത്തെ സ്ഥിതി നോക്കുകയാണെങ്കിൽ, ഹൈക്കോടതി കേസുകൾ വിചാരണചെയ്തു തീർക്കുന്നതു വളരെ ഗൗരവമുള്ള കാര്യമാണ്. ആ സ്ഥിതിക്ക്, ഹൈക്കോടതിക്കു വേണ്ടിടത്തോളം വേലയില്ലെന്നു നമുക്കു എങ്ങനെ പറയാൻ കഴിയും?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൫൦൭-ലെ എത്ര കേസുകൾ ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സെക്രട്ടറിക്കീൽ): ൫൦൭-ലെ അപ്പീലുകൾ തീർപ്പാകാതെ അത്രയധികം കിടപ്പുണ്ടെന്നു എനിക്കു തോന്നുന്നില്ല.

	ഫ്ല. എസ്സ്.	എസ്സ്. ഫ.
ഒരുകൊല്ലമായ അപ്പീലുകൾ	൨൩൯	൨൫൦
ഒരുകൊല്ലത്തിലധികമായ ,,	൨൭൫	൨൦൨
രണ്ടുകൊല്ലത്തിലധികമായ ,,	൩൭	൫൩

മുൻകാലങ്ങളിൽ അഞ്ചുകൊല്ലമായ അപ്പീലുകൾ ഉണ്ടായിരുന്നു. ഇപ്പോഴാകട്ടെ ൫൦൭-ലെ അപ്പീലുകൾതന്നെ അധികമൊന്നും കിടപ്പുണ്ടെന്നു എനിക്കു തോന്നുന്നില്ല.

അതിനാൽ ജഡ്ജിമാർ കേസുകൾ കഴിയുന്നതുവരേയ്ക്കും തീർക്കാൻ ശ്രമിക്കുന്നുണ്ടെന്നുള്ളതു വെളിവാകുന്നുവെല്ലൊ. ഒരു ജഡ്ജി തൽക്കാലത്തേക്കുമാത്രം നിയമിക്കപ്പെട്ട ആളാകുകകൊണ്ടു, തന്റെ തൽക്കാലനിയമനത്തിന്റെ കാലാവധി നിലനിൽക്കേണ്ടി ആ ആളെ കേസുകളുടെ വിചാരണയിൽ അമാന്തംകാണിക്കുമെന്നു നാം വിചാരിക്കുന്നതു ന്യായമായിരിക്കുമെന്നു എനിയ്ക്കു തോന്നുന്നില്ല.

എന്നുമാത്രവുമല്ല, ഹൈക്കോർട്ടറഗ്രേഷൻ പാസായതിനുശേഷം, ഹൈക്കോർട്ടജഡ്ജിമാരിൽ ഒരാൾക്കു ഹൈക്കോടതിയിൽ ഒറ്റയ്ക്കു വേല നടന്നുകൊണ്ടിരിക്കുമ്പോൾതന്നെയും, കീഴ്ക്കോടതികൾക്കു പരിശോധിക്കാനായി പൊകാവുന്നതാണ്. അതിന്റെ അനിവാര്യഫലം ജോലിക്രമേണ തലയ്ക്കുമെല്ലൊ? കീഴ്ക്കോടതിയുടെ ജോലി വിസ്തരിയ്ക്കുന്നതുതന്നെ പരിശോധന നടത്തണമെന്നാണ് ഹൈക്കോടതിയുടെ ആഗ്രഹം; എന്തുകൊണ്ടെന്നാൽ കോടതിയുടെ ഒഴിവുകാലങ്ങളിലെ പരിശോധന തൃപ്തികരമാകുന്നില്ലെന്നു കണ്ടിരിക്കുന്നു. അതുകൊണ്ടു, ഹൈക്കോടതിക്കു അതിന്റെ അല്പമാത്രമായ വിശ്രമവേളയെ ഇത്രമാതിരി, അത്യാവശ്യം വേണ്ടതായ പരിശോധനവേലകൾക്കും വിനിയോഗിക്കേണ്ടിവരുന്നു. വസ്തുതകൾ ഇങ്ങനെയെല്ലാമിരിക്കുമ്പോൾ, ഹൈക്കോടതിയെ ഏതെങ്കിലുംവിധത്തിൽ നിയന്ത്രിക്കുകയെന്നുള്ളതു ശരിയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ മുന്നാംബെഞ്ചു വേണമെന്നു അഡ്വക്കേറ്റ് ശ്രമിച്ചിരിക്കുന്നതിനെ നാം ഏറ്റവും, അവർ ചെയ്തിരിക്കുന്ന വേല തൃപ്തികരമാണെന്നു കണ്ടിരിക്കുന്നസ്ഥിതിക്കു പ്രത്യേകിച്ചും ആദരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

വസ്തുസ്ഥിതികൾ ഇങ്ങനെയിരിക്കെ, മി. മാധവരായർ, ഞാൻ ഉദ്ധരിച്ചു കണക്കുകൾകൊണ്ടു, ഹൈക്കോടതിക്കാർ വേലചെയ്യുന്നതിൽ ഉദാസീനത കാണിക്കുന്നില്ലെന്നും, വാസ്തവത്തിൽ വേല ന്യായമായവിധത്തിൽ വഴിച്ചിട്ടുണ്ടെന്നും സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെയാണെങ്കിൽ ബെഞ്ചുകളുടെ എണ്ണം കുറയ്ക്കാൻ നിവൃത്തിയില്ലാത്തതുമാണല്ലൊ.

മി. എം. ആർ. മാധവരായർ (ചെങ്ങന്നൂർ പത്തനംതിട്ടയും): എന്തെങ്കിലും കടിഞ്ഞിക്ക ഉണ്ടോ എന്നും, വേല സാധാരണരീതിയിലാണെന്നു പറയപ്പെടാവുന്നതു എപ്പോൾമുതൽക്കാണെന്നും, ഞാൻ ചോദിച്ചുകൊള്ളട്ടയോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സെക്രട്ടറിക്കീൽ): പാടില്ല, ഞാൻ നിങ്ങൾക്കു കണക്കുകൾതന്നുകഴിഞ്ഞിരിക്കുന്നു. കടിഞ്ഞിക്കയായിടിടക്കുന്ന കേസുകളുടെ ആകെയുള്ള എണ്ണം ഏകദേശം ൫൨൦൦ ആണ്. ൨൪൭ റഗുലർഅപ്പീലുകളും, ൨൫൪ രണ്ടാംഅപ്പീലുകളും, ഒരുകൊല്ലത്തിൽ കൂടുതലായ ഒരപ്പീലുമില്ലെങ്കിൽ, മുന്നാംബെഞ്ചു നിൽക്കപ്പെട്ടെന്നുവരാം. വിധിയാകാതെകിടക്കുന്ന അപ്പീലുകളുടെ സ്വഭാവം നമുക്കു അറിഞ്ഞുകൂടാത്തതിനാൽ എത്രകാലത്തിനകമാണ് വേല സാധാരണരീതിയിലാക്കുകയെന്നു കണിശപ്പെടുത്തി പറവാൻ സാധിക്കുന്നതല്ല. കഴിഞ്ഞകൊല്ലം ഓണ്യവരാൽ, അപ്പീലുകളുടെ സംഖ്യയെ വഴിച്ചിക്കാതെ,

ടിഷ്കാലത്തേയ്ക്കു ഏതെങ്കിലും പ്രത്യേകജഡ്ജിമാരേയോ ബെഞ്ചുകളേയോ നിയമിക്കുന്നതിനു ഉള്ള വിരോധം സംബന്ധിച്ചാണെന്നു തോന്നുന്നില്ല. എങ്ങനെയായാലും, വേഗം സാധാരണഗതിയിലായിത്തീരുന്നതുവരെയ്ക്കും ഈ ഏർപ്പാടു കണിശമായിട്ടുതന്നെ പോയാൽ നമുക്കു സാധിക്കയില്ലെന്നു തോന്നുന്നു.

മി. എം. ആർ. മാധവപിള്ള (ചെങ്ങന്നൂർ-പത്തനംതിട്ട): ഇപ്പോൾതന്നെ വേഗം സാധാരണഗതിയിലല്ലയോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സെക്രട്ടറിമാർ): അല്ല, രണ്ടുകൊല്ലത്തിൽ അധികമായ അപ്പീലുകൾ കിടപ്പുണ്ട്.

മി. എം. ആർ. മാധവപിള്ള (ചെങ്ങന്നൂർ-പത്തനംതിട്ട): ഗുണഭോക്താവിനെ സൃഷ്ടിച്ചപ്പോൾ കൂടി ഡിക്രിയായിക്കിടന്ന കേസുകൾ എത്രയായിരുന്നെന്നു പറയാമോ?

മി. വി. സുബ്ബയ്യർ (അഡിഷനൽ ഹെഡ്സെക്രട്ടറിമാർ): മൂന്നാംബഞ്ചിനെ സൃഷ്ടിച്ചപ്പോഴത്തെ സ്ഥിതിയിൽ ഏതാണ്ടു തൊള്ളായിരത്തിൽപ്പരമായിരുന്നു. ഇപ്പോൾ കഷ്ടി ൧൦൦ ആണ്. ആ സ്ഥിതിക്കു ഗുണഭോക്താവിനെ സൃഷ്ടിച്ചപ്പോൾ കൂടി മൂന്നാംബഞ്ചിനെ വച്ചുകൊണ്ടിരിക്കണമെന്നുള്ള ഹൈക്കോടതിയുടെ ഉപദേശമായ നാം സ്വീകരിക്കേണ്ടതും, ആ തൽക്കാലബഞ്ചിനെ നിർത്തൽചെയ്യണമെന്നു ആവശ്യപ്പെടാൻ പാടില്ലാത്തതുമാണെന്നു ഞാൻ വിചാരിക്കുന്നു. ഈ വസ്തുതകൾ മി. മാധവപിള്ളയെ ഉദ്ബോധിപ്പിച്ചുതരണമെന്നു ഞാൻ ആശിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ മി. മാധവപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മിസ്റ്റർ മാധവപിള്ളയെ എതിർക്കുമ്പോൾ, മിസ്റ്റർ സുബ്ബയ്യർ, താൻ ഒരു ജിർഫലത്തിലല്ലെന്നു പറകയുണ്ടായി. മിസ്റ്റർ സുബ്ബയ്യരോട് അക്കാര്യത്തെപ്പറ്റി നമുക്കു ഉറപ്പായി പറവാനുള്ളതു്. ആ ആരോപണം യഥാർത്ഥത്തിൽ അപ്രകാരമുള്ള ഒന്നായിരുന്നാൽതന്നെയും, സത്യമെടോ ഈശ്വരൻ ആ അളിന്റെ ജിർഫലത്തിനുതന്നെയാണു കൂലിയുന്നതെന്നല്ലോ നാമെന്നു. നമുക്കു കിട്ടിയ കണക്കുകളിൽനിന്നും, ഹൈക്കോടതി ചെയ്യരിക്കുന്ന വേഗത്തിന്റെ സ്വഭാവത്തിൽനിന്നും അഡിഷനൽ ജഡ്ജിമാരുടെ നിയമനത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തിൽനിന്നുമാണു് നാം നമ്മുടെ മാർഗ്ഗം നിർണ്ണയിക്കേണ്ടതു്. ഒന്നാമതായി, ഒരു ജഡ്ജിയെ തൽക്കാലത്തേക്കു മാത്രമായി നിയമിക്കുന്നതുതന്നെ എനിക്കു അശേഷം സമ്മതമല്ല. അതു് ആ അളിന്റെ വേഗത്തിന്റെ മുഖവിലയെ കുറയ്ക്കാൻ പ്രേരകമായി നിൽക്കുന്ന ഒരു ഉദ്ദേശത്തെ തൽക്കാലജഡ്ജി ഉൾപ്പെടുന്നതിനെ ഒരുവനാകുമ്പോൾ വിശേഷിച്ചും, ഇടംകൊടുക്കുന്നതാണ്. സാധാരണ നയത്തിന്റെ തത്വമനുസരിച്ചതന്നെ അതു തടയപ്പെടേണ്ടതാണ്.

രണ്ടാമതായി, എന്റെ സ്നേഹിതൻ ഒട്ടുവളരെ കണക്കുകൾ ഉദ്ധരിക്കുകയും, കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഹൈക്കോടതി ചെയ്തിട്ടുള്ള വേലയെ വിമർശിക്കുകയും ചെയ്തു. അവസാനമായി, ആ ആരോപണം, ജഡ്ജിമാർ വളരെ വേഗം ചെയ്തു വീർക്കുന്നതുകൊണ്ടു ചുണ്ടിക്കാണിക്കുകയും ചെയ്തു; അവരുടെ വേഗം ഹൈക്കോടതിയുടെ മറ്റു അവയവങ്ങളുടെ മുൻഗാമികളുടേതിനെക്കാൾ വളരെ അധികമായിരിക്കുന്നതുകൊണ്ടാണ് വാസ്തവത്തിൽ ആ ആരോപണം സമർത്ഥിച്ചതു്. എന്നാൽ അപ്പീൽവിചാരണയ്ക്കു ജഡ്ജിമാർ ചെയ്തുകൊടുത്തിരിക്കുന്ന സൌകര്യങ്ങളുടെ കുറവുകളെ ആ ആരോപണം പ്രത്യക്ഷമായി വിസ്മരിച്ചുകളഞ്ഞു. ഒന്നാമതായി, പ്ലീഡിംഗ്സുകളെല്ലാം ഇപ്പോൾ അച്ചടിച്ചാണ്. എറിഞ്ഞുപേക്ഷിക്കുകളിൽ, സകല രേഖകളും അച്ചടിച്ചാണ്. കോടതിയുടെ മുൻപാകെ കൊണ്ടുവരണമെന്നു വിചാരിക്കുന്ന മുട്ടത്തൽ രേഖകളെല്ലാം അച്ചടിച്ചുവയായിരിക്കണം. ഇവയെല്ലാം ഇപ്പോഴത്തെ ജഡ്ജിമാർക്കുള്ള സൌകര്യങ്ങളാണ്; ഇവയ്ക്കു മേന്മിട്ടുപറയുകയല്ല, പണം കൊടുക്കേണ്ടുന്ന കക്ഷികളുടെ കഷ്ടപ്പാടുകളെ ഓർമ്മിപ്പിക്കുകയാണു ഞാൻ ചെയ്തതു്. എന്റെ പണ്ഡിതസുഹൃത്തായ മിസ്റ്റർ സുബ്ബയ്യർ പ്രത്യക്ഷമായി വിട്ടുകളഞ്ഞ വിഷയങ്ങളിൽ ഒന്നാണ് ചോദ്യത്തിന്റെ ഈ വശം.

പിന്നെ, അഡിഷനൽ ജഡ്ജിമാർ ചെയ്യരീക്കാനുള്ള വേലയെ സംബന്ധിച്ചു് എന്റെ സ്നേഹിതൻ പറയുന്നതു വേഗം സാധാരണ രീതിയിലാകുമ്പോൾ തൽക്കാലത്തേക്കുമാത്രമായി സൃഷ്ടിക്കപ്പെട്ട മൂന്നാംബഞ്ചു നിർത്തുന്നതാണെന്നാണ് ഹൈക്കോടതി റഗുലേഷൻ അവതരിപ്പിക്കുന്നകാലത്തു് നാലിൽകുറയാതിരുന്നതും ജഡ്ജിമാർക്കു ഹൈക്കോടതിയിൽ വ്യവസ്ഥചെയ്തിട്ടുള്ളതുമായ ചുണ്ടിക്കാണിച്ചപ്പോൾ, ഹൈക്കോടതിക്കു നാലു ജഡ്ജിമാർ മതിയെന്നും, മൂന്നാംബഞ്ചു തൽക്കാലത്തേക്കു മാത്രമാണെന്നും, വേഗം സാധാരണ രീതിയിലായാലുടൻതന്നെ അതു നിർത്തൽചെയ്യാമെന്നുമാണ മിസ്റ്റർ സുബ്ബയ്യർ വാദിച്ചതു്. തൽക്കാലബഞ്ചു സ്ഥിരംശേഷവാൻ വഴിയുണ്ടാകുമ്പോൾ ഹൈക്കോടതിയിൽ ആറു ജഡ്ജിമാർക്കു വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണെന്നു അന്നു സൂചിപ്പിച്ചു. എന്നാൽ, കൂടിയാലിഖിതം പെട്ടെന്നു തീർക്കാവുന്നതാകുകകൊണ്ടു് അതിന്റെ ആവശ്യമില്ലെന്നുതന്നെ മിസ്റ്റർ സുബ്ബയ്യർ പറഞ്ഞതു്. മിസ്റ്റർ സുബ്ബയ്യരുടെ ആ ജിർഫലനം ഇന്നു ഫലമടയാതിരിക്കുന്നു.

ഇന്നത്തവേല എത്രമാത്രമുണ്ടെന്നുള്ളതിനെക്കുറിച്ചു, രണ്ടുകൊല്ലത്തിൽ കൂടുതലായ കാലസ്റ്റേഷൽ അപ്പീലുകളെ ഉള്ളതു മിസ്റ്റർ സുബ്ബയ്യർതന്നെ കണക്കുകളും ഉദ്ധരിച്ചു തെളിയിച്ചുവല്ലോ. ആ ആളിന കിട്ടിയിട്ടുള്ള കണക്കുകളും കഴിഞ്ഞ വർഷാവസാനത്തേതു്, അതായതു കക്ഷികൾക്കു ഒടുവിലുള്ളതോ, കുറച്ചു ദിവസങ്ങൾകൂടി മുൻപുള്ളതോ, ആയിരിക്കുമെന്നു താൻ ഊഹിക്കുന്നു.

എന്റെ സ്നേഹിതൻ പിന്നെ പറഞ്ഞതു് അവക്കു അത്ര അധികം കൂടിയിട്ടുണ്ടാവുകയില്ലെന്നാണ്; അതുകാരണം മൂന്നാംബഞ്ചിന്റെ ആവശ്യം ഇന്നു ഏതാണ്ടു ഇല്ലാതായിരിക്കുകപോലും ചെയ്യുന്നു. രണ്ടുകൊല്ലത്തിലധികമായ സ്പെഷ്യൽ അപ്പീലുകളെ സംബന്ധിച്ചു, അവ കഷ്ട മാത്രമാണെന്നും രണ്ടുകൊല്ലത്തിലധികമായ അപ്പീലുകൾ ആകപ്പാടെതന്നെ മുപ്പത്തേഴോ മുപ്പതോ ഉള്ളതുമാണ് എന്റെ സ്നേഹിതൻ പറഞ്ഞതു്.

ഇങ്ങനെ നോക്കുമ്പോൾ മൂന്നാംബഞ്ചിനു വാസ്തവത്തിൽ സ്ഥാനമില്ലെന്നു കാണുന്നു. കുറെ വർഷത്തേക്കു മൂന്നാംബഞ്ചിനെ വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമുണ്ടാകുമെന്നു പറവാൻ എന്റെ സ്നേഹിതനെ പ്രേരിപ്പിക്കുന്നതു്, എന്റെ സ്നേഹിതൻ മിസ്റ്റർ സുബ്ബയ്യരുടെ അപ്രീതിക്കു പാത്രമായ കേവല ജിർഫലർശനമാണെങ്കിൽ ആ ആരോപണം ഇപ്പോഴും നിലകൊള്ളുന്നതു കണക്കുകളിന്മേലല്ല; നേരെമറിച്ചു് തന്നതാൻ നിന്നിച്ചുപറഞ്ഞ ആ ജിർഫലർശനത്തിന്മേലാണ്.

പ്രസിഡണ്ടു്: ഇരിക്കട്ടെ, ബഞ്ചുറിന്റെ ആവശ്യത്തിലേക്കായി ഒരു കൊല്ലത്തേക്കെങ്കിലും ജിർഫലർശനം ചെയ്യാതെ നിവൃത്തിയില്ല.

ബി: എ. ഹുസൈൻ (ഗവണ്മെന്റ് നോമിനേറ്റ് മെമ്പർ): സെക്രട്ടേറിയേറ്റിൽനിന്നും എക്സ്ട്രാ ട്രാവിലേക്ക് അപ്പോഴപ്പോൾ, ക്ലർക്കുകൾ, സൂപ്രണ്ടുമാർ മുതലായവരെ അയയ്ക്കുന്നതുകൊണ്ടുള്ള അസൌകര്യം നടപടിയാണ്, എന്നു ഗവണ്മെന്റ് ഗ്രഹിച്ചിട്ടില്ലയോ?

ബി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉണ്ട്.

ബി: എ. ഹുസൈൻ (ഗവണ്മെന്റ് നോമിനേറ്റ് മെമ്പർ): ആ വാഗ്ദാനത്തെ അവർ പരിപാലിച്ചുവരുന്നുണ്ടോ?

ബി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഉണ്ട്, നിവൃത്തിയുള്ളിടത്തോളം.

ബി: എ. ഹുസൈൻ (ഗവണ്മെന്റ് നോമിനേറ്റ് മെമ്പർ): ഈ മാപടി അവർ അപ്പകാരം ധാരാളം ചെയ്യുന്നുണ്ടെന്നതിനെ സൂചിപ്പിക്കുന്നുവോ?

അദ്ധ്യക്ഷൻ: അതു അനാവശ്യമായ അഭിപ്രായപ്രകടനവും ആസ്പദമാക്കിയിട്ടുള്ള ഒരു സംഗതിയാണ്.

ബി: എ. ഹുസൈൻ (ഗവണ്മെന്റ് നോമിനേറ്റ് മെമ്പർ): ഈ സംഗതിയിൽ അവർക്കുണ്ടെന്നു പ്രസ്താവിച്ചിട്ടുള്ള നയത്തെ ഗവണ്മെന്റ് ഒന്നുകൂടി പ്രബലപ്പെടുത്തുമോ?

അദ്ധ്യക്ഷൻ: അവർ അതിനു വേണ്ടവിധം പ്രാബല്യംകൊടുക്കുന്നില്ല എന്നു കുണ്ടിക്കാണിക്കുന്നതിനായി ഇതൊന്നുമില്ല.

ബി: എ. ഹുസൈൻ (ഗവണ്മെന്റ് നോമിനേറ്റ് മെമ്പർ): സർ, വളരെ കൂച്ചുവിലങ്ങു മാത്രമേ പുറത്തേക്ക് അയയ്ക്കുന്നുള്ളൂ.

അദ്ധ്യക്ഷൻ: താങ്കൾ അഭിപ്രായപ്രകടനത്തെ ആസ്പദമാക്കിയിട്ടുള്ള ഒരു സംഗതിയാകുന്നു. പ്രശ്നസമയം അതിനെപ്പറ്റി ചോദ്യങ്ങളുടെ സമയമല്ല.

ബി: എ. ഹുസൈൻ (ഗവണ്മെന്റ് നോമിനേറ്റ് മെമ്പർ): ഫ്രണ്ടർ സെക്രട്ടേറിയേറ്റിൽ വളരെ അധികം ക്ലാർക്കുകൾ മേൽഗതിയില്ലാതെ ഇരിക്കുന്നതു ഗവണ്മെന്റിനറിയാമോ? (ചിരി)

ബി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഇല്ല.

ചെലവിനത്തിനു ധനം അനുവദിച്ചു കിട്ടുന്നതിനുള്ള ഡിമാന്റുകൾ (തുടർച്ച).

ഡിമാൻഡ് IX. നീതിന്യായച്ചെലവു്—(തുടർച്ച).

ഉപക്ഷേപം പിന്വലിച്ചു.

ബി: എൻ. കുമാരൻ (ഗവണ്മെന്റ് നോമിനേറ്റ് മെമ്പർ): ഞാൻ താഴെ ചേർക്കുന്ന ഉപക്ഷേപത്തെ ഹാജരാക്കിക്കൊള്ളുന്നു:—

പിന്വലിക്കുന്നു, ചങ്കുമാട്ടുള്ള് ഫോസ്പിറ്റലിലേയ്ക്ക് അനുവദിച്ചിട്ടുള്ള തുകയിൽ കുറവു വരുത്തുന്നതിനെ.

സാർ, പിന്വലിക്കുവാനുദ്ദേശത്തിൽവച്ചു്, ഈ ഹോസ്പിറ്റലിൽ പല്ലു് ഓടിയുള്ള വിദ്യാർത്ഥികൾക്കും പ്രവേശനം നൽകണമെന്നും, ട്രീറ്റ്മെന്റിനുള്ള മരുന്നു ഉപയോഗിക്കുവാൻ പാടുള്ള ഒരു സ്ഥാപനമായി അതു് ഇനിമേലുയർത്തുകയാണെങ്കിൽ അനുശോചനപ്രമേയത്തിനും മറ്റും വാദം പുരപ്പെടുവിച്ചു. മിസ്റ്റർ സബ്ബയ്യർ, തന്റെ മറുപടിയിൽ, ചങ്കുമാട്ടുള്ളതിനുപുറമേ ഇത്സംബന്ധമായുള്ള ഹോസ്പിറ്റലുകളും, അധികാരപ്പെട്ട ഡൈരക്ടർമാരുടെ ശ്രദ്ധയെ ഈ വിഷയം ആകർഷിച്ചിട്ടുള്ളതായിട്ടു പറഞ്ഞു. ഡൈരക്ടർമാരുടെ അഭിപ്രായങ്ങളെ അറിഞ്ഞതിനുശേഷം ഈ വിഷയത്തെപ്പറ്റി വേണ്ട ആലോചന നടത്തുമെന്നു ഗവണ്മെന്റിനുവേണ്ടി സമ്മതിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ രണ്ടുകൊല്ലം കഴിഞ്ഞിട്ടും ഈ സ്ഥാപനം അതിനെ ജനിസ്സിയാകുന്നവേഷാന്തരമാറ്റത്തിനുള്ള ലക്ഷണങ്ങൾ ഒന്നുംതന്നെ കാണുന്നില്ല. ഈ സംഗതിയെപ്പറ്റി നടത്തിട്ടുള്ള എഴുത്തുകുത്തുകൾ എന്തായി എന്നും ഡൈരക്ടർമാർ ഗവണ്മെന്റിലേക്കു വല്ല അഭിപ്രായങ്ങളും അയച്ചിട്ടുണ്ടോ എന്നും അറിഞ്ഞാൽ ഞാൻ ആഗ്രഹിക്കുന്നു. അവർ അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ഗവണ്മെന്റ് എന്തുകൊണ്ടാണ് ഈ വിദ്യാർത്ഥിമന്ദിരത്തെ സകലജനങ്ങൾക്കും ഉപയോഗിക്കത്തക്കവണ്ണം വേണ്ട എഴുത്തുകുത്തു ചെയ്യാത്തതെന്നു എനിക്കു അറിഞ്ഞാൽ കൊള്ളാം.

പതിവുപോലെ സ്ഥലം പേരും എന്നുള്ള കാരണം ഇക്കുറിയത്തിൽ നിർദ്ദോഷവശാൽ ഗവണ്മെന്റിനുപറയാൻ നിവൃത്തിയില്ലാതെ വന്നു. ഫർണ്ണിച്ചറിനും മറ്റുമായി ഈ സ്ഥാപനത്തിൽ ഫർവ്വിൽ വേണ്ട കുട്ടികൾക്കുമാത്രം ഉണ്ടായിരുന്നതിനാൽ പകുതിയിലധികം കുറവു ഉണ്ടായിരുന്നിട്ടും മറ്റു കുട്ടികൾക്കു പ്രവേശനം നൽകപ്പെട്ടില്ല. സംഗതികളുടെ ഈ സ്ഥിതി എന്തിനെ കാണിക്കുന്നു? ഒന്നുകിൽ ഗവണ്മെന്റ് ഈ മാതിരിവിഷയങ്ങളിൽ ശ്രദ്ധ എടുക്കുന്നില്ലെന്നോ, അല്ലെങ്കിൽ അവയ്ക്കു വർദ്ധിച്ചശ്രമത്തെപ്പറ്റി അത്ര അധികം പ്രതിപത്തിയുണ്ടെന്നോ അതു കാണിക്കുന്നു. കുട്ടികൾക്ക് ഇതുവരെ പണംവീതം ചിലവാക്കി ഗവണ്മെന്റ് ഈ സ്ഥാപനത്തെ പോറ്റിവരുന്നതിലുപരിയായി മേലിൽ യാതൊരു അനുമാനങ്ങൾക്കും വഴിയില്ലെന്നു എനിയ്ക്കു തോന്നുന്നു. വിദ്യാർത്ഥി ഒന്നുക്കു ശരാശരി ചെലവു ഇപ്പോഴത്തെ ഗവണ്മെന്റ് ഫർവ്വിൽ

ചെന്നു കുട്ടികളുടെ ചെലവിലേക്കായി നൂറുരൂപ ശമ്പളമായി കിട്ടിയിട്ടുണ്ട്. ഫീസുവകക്കായി ഒരു കുട്ടിയുടെ പക്കൽനിന്നും ഗവണ്മെന്റിനു മാസന്തോറും പന്ത്രണ്ടു രൂപയിൽ കൂടുതലായി പിരിക്കാൻ പാടില്ല. അതുകൊണ്ടു ഈ ഓഫീവാന്തായിരുന്നു കുട്ടികളെ കൂടാതെ പഠിപ്പിക്കുന്നതിനുപോലും അദ്ധ്യക്ക ഓരോ രൂപ കൈകൊച്ചലവിനു കൊടുക്കുന്ന ഉപോലെ ആയിരുന്നു. ഈ വിദ്യാർത്ഥികളിൽ മിക്കവരും സംസ്ഥാനത്തിനു പുറമെനിന്നു വന്നവരാണു വരുണ്ണനും നാട്ടുകാരായ അധികം വിദ്യാർത്ഥികളേയും അവരുടെ ഇഷ്ടംപോലെ വല്ല വിധവും കഴിച്ചുകൂട്ടുന്നതിനു വിടുകയുകയും ചെയ്യുന്നു എന്നും ഞാൻ സൂചിപ്പിച്ചും പറഞ്ഞുകൊള്ളുന്നു. ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ നില ശരിയാണെന്നു വരികയുകയാണല്ലോ എന്നു കണ്ണിക്കുന്നതിനു ഞാൻ ഇതിൽ കൂടുതലായി ഒന്നും പറയേണ്ട ആവശ്യമില്ല. എന്നിരുന്നാലും ഇതുവരെ ചെയ്തിട്ടില്ലാത്തതെല്ലാം ചെയ്യാൻ നിവൃത്തിയുള്ളതല്ലെന്നും അതിനാരെ സഹിക്കപ്പെടേണ്ടതാണെന്നും നമ്മെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ട വാദങ്ങളും ഗവണ്മെന്റ് പ്രതിനിധി നിരത്തിയതായും കണ്ടുപിടിക്കും എന്നുള്ളതിനു എനിക്കു സംശയമില്ല. അതിനാൽ ഇക്കാര്യത്തെക്കുറിച്ചു ഗവണ്മെൻറ്റ പ്രതിനിധിക്കു പറവാനുള്ളതെന്താണെന്നു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: വി. (സുബ്ബയ്യർ അഡീഷണൽ ഹെഡ്സക്രട്ടറിക്കിൽ): സർ, നമുക്കു ലാകാളേജ് നടത്തണമെന്നുള്ളപക്ഷം ലാകാളേജ്വിദ്യാർത്ഥിമന്ദിരം നടത്തേണ്ടതു അത്യാവശ്യമാണെന്നും ലാകാളേജിലുള്ള അധികം വിദ്യാർത്ഥികളും സബ്ബ്ഹ്മിന്റുക്കളാണെന്നും ഞാൻ ഫാൻ ഹൗസിൽ പ്രസ്താവിച്ചു. അതിന്റെ ഫലമായി ഇപ്പഴത്തെ വിദ്യാർത്ഥിമന്ദിരം ആരംഭിക്കപ്പെട്ടു. ഈ വിഷയം വാദത്തിനായി എടുത്തപ്പോൾ ഞാൻ ഇക്കാര്യം ഹൈക്കോടതിയുടെ ആലോചനയിലിരിക്കുകയാണെന്നു പറഞ്ഞു, മറ്റൊരു വിദ്യാർത്ഥിമന്ദിരം കൂടി സ്ഥാപിക്കണമെന്നു ഹൈക്കോട്ട് ശിപാർശ ചെയ്തിട്ടില്ല. എന്നാൽ ആർട്ട്സ്കാളേജിനും ലാകാളേജിനുംകൂടി ഒരു അവശ്യഹിന്ദുവിദ്യാർത്ഥിമന്ദിരം ആരംഭിക്കണമെന്നു ഗവണ്മെന്റു ആലോചിച്ചുവരുന്നതായി ഞാൻ ഈ സാമാജികരേയും സഭയേയും അറിയിച്ചുകൊള്ളുന്നു; എന്നാൽ ഈ ഏർപ്പാടു സ്വീകരിക്കുവാൻ സമ്മതമാണെന്നു കാണിക്കുന്നതായ ഒരു മറുപടിയും വിദ്യാർത്ഥികളുടെ പക്കൽനിന്നും ഇതുവരെ കിട്ടിയിട്ടില്ല. അതുനിമിത്തം ഇക്കാര്യം നിറുത്തിവയ്ക്കേണ്ടിവന്നു. അതുതിനാൽ അവശ്യഹിന്ദുക്കളുടെ പ്രവേശനം സംബന്ധിച്ചിടത്തോളം ഗവണ്മെൻറ്റും ഉദാസീനമായിരിക്കുന്നു.

മി: എൻ. കുമാരൻ (ഗവണ്മെൻറ്റ നിയമിച്ച മെമ്പർ): അതു ലാകാളേജ്സംബന്ധിച്ചായിരുന്നോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടറിക്കിൽ): ലാകാളേജും ആർട്ട്സ്കാളേജും സംബന്ധിച്ചായിരുന്നു.

അദ്ധ്യക്ഷൻ: എല്ലാ കാളേജുകൾക്കും കൂടിയുള്ള ഒരു പൊതു ഹോസ്റ്റൽ.

മി: എൻ. കുമാരൻ (ഗവണ്മെൻറ്റ നിയമിച്ച മെമ്പർ): സയൻസുകാളേജും ഉൾപ്പെടുത്തിയാണോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടറിക്കിൽ): ആർട്ട്സ്കാളേജും സയൻസുകാളേജും തമ്മിൽ വേർതിരിച്ചതു അടുത്ത കാലത്താണ്.

മി: ജാൺനിധിചി (ചങ്ങനാശേരിയും മീനച്ചിലും): ഇക്കാര്യംസംബന്ധിച്ചു ഗവണ്മെൻറിൽനിന്നും ഹൈക്കോട്ടിലേക്കു ഒരു റിമെയിൻഡർ അയച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടറിക്കിൽ): റിമെയിൻഡർ അയച്ചിട്ടുള്ളതായി ഞാൻ കേൾക്കുന്നില്ല. യാതൊരു റിപ്പോർട്ടും കിട്ടിയിട്ടുമില്ല. ഗവണ്മെൻറിന്റെ ചോദ്യത്തിനു മറുപടി കിട്ടാത്തതിന്റെ കാരണം പക്ഷേ ഞാൻ പറയാം. വേറെ ഒരു ഹോസ്റ്റൽ സ്ഥാപിക്കാമെന്നു യാക്കൊണ്ടു പറയാതെങ്കിലും കണക്കു എടുത്തു നോക്കുന്നപക്ഷം വിദ്യാർത്ഥികളിൽ അനേകം പേരും ഹോസ്റ്റലിനു പുറമെ താമസിക്കുന്നതാണു ലാഭമെന്നു കരുതുന്നു എന്നു നമുക്കു മനസ്സിലാകും. എന്തുകൊണ്ടെന്നാൽ പുറമെ രണ്ടുനേരത്തെ ഊണിനും കാലത്തും ഉച്ചക്കും ഉള്ള ക്ലാപ്പിക്കും കൂടി നൂറു രൂപായോളം, അതുകൂടാതെ. എന്നാൽ ഊണിനുമാത്രം ഹോസ്റ്റലിൽ ഫീസു രൂപ ആകുന്നതിനാൽ ഹോസ്റ്റലിലെ താമസം പുറമേയുള്ളതിനെക്കാൾ വളരെച്ചിലവു കൂടുതൽ ആണ്. നമുക്കു ലഭിക്കുന്നതിനെക്കാളും നാം കൊടുക്കുന്നു എന്നു മി: കുമാരൻ പറഞ്ഞതിനെസംബന്ധിച്ചു വിദ്യാർത്ഥികൾക്കും അതിൽനിന്നും വലുതായ ഗുണങ്ങൾ ഒന്നും കിട്ടുന്നില്ലെന്നു ഞാൻ അഭിപ്രായത്തിനു ഉറപ്പുകൊടുക്കാം. ഞാൻ പറഞ്ഞപോലെ സയൻസുശാലയിലെപ്രകാരം നമുക്കു ഒരു വിദ്യാർത്ഥിമന്ദിരം നടത്തേണ്ടിയിരിക്കുന്നു' ഗവണ്മെൻറ്റ കയ്യിൽനിന്നും ചിലവാക്കുന്നതു കെട്ടിടവാടകക്കും ഒരു ചെറിയ സ്ഥാപനം നടത്തുന്നതിലേക്കുള്ള ചില പിരിവുകൾക്കുമാത്രമാണ്. ഹോസ്റ്റലിലെ മറ്റു ചെലവുകൾക്കെല്ലാം അവരുടെ ഗുണം അനുഭവിക്കുന്ന വിദ്യാർത്ഥികളാണു കൊടുത്തുവരുന്നതു് അതിനാലാണു വിദ്യാർത്ഥികൾക്കു വലിയ ഗുണങ്ങൾ ഒന്നും സിദ്ധിക്കുന്നില്ല എന്നു ഞാൻ പറയുന്നതു്.

മി: എൻ. കുമാരൻ (ഗവണ്മെൻറ്റ നിയമിച്ച മെമ്പർ): അവക്കു വൈദ്യസഹായം ലഭിക്കുന്നുണ്ടല്ലോ? അതിനു ഒരു മെഡിക്കൽ ഓഫീസറുമുണ്ട്.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടറിക്കിൽ): ഞാൻ അപ്രകാരം വിചാരിക്കുന്നു. വൈദ്യസഹായം ലഭിക്കുന്നതിൽ മറ്റു സ്ഥലങ്ങളിൽ വല്ല ബുദ്ധിമുട്ടുകളും ഉണ്ടോ എന്നു എനിക്കു അറിയാൻ പാടില്ല.

മി: എൻ. കുമാരൻ (ഗവണ്മെൻറ്റ നിയമിച്ച മെമ്പർ): വിദ്യാർത്ഥികളെ അവരുടെ വാസസ്ഥലങ്ങളിൽ ചെന്നു നോക്കുന്നതും ശ്രുശ്രൂഷിക്കുന്നതും ആരാണു?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്രട്ടറിക്കിൽ): മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ഇതുവരെ യാതൊരു ആക്ഷേപത്തിയും കേട്ടിട്ടില്ലാത്ത സ്ഥിതിക്കു പൂർ ചോദ്യത്തിനു ഉത്തരം പറയാൻ ഞാൻ ശക്തനല്ല. അതുകൊണ്ടു ഗവണ്മെൻറിന്റെ ഉദാസീനതകൊണ്ടല്ലേ വേറെ ഒരു ഹോസ്റ്റൽ തുടങ്ങാത്തതു എന്നാൽ കുട്ടികളുടെ കുറവുകൊണ്ടാണെന്നാണു ഞാൻ പറയുന്നതു; അപ്രകാരം ഒരു ഹോസ്റ്റൽ ആരംഭിക്കുന്നപക്ഷം

ചെലവു വളരെ കൂടുതൽ ആയിരിക്കും. കൂട്ടികളുടെ എണ്ണം കൂടുന്നിടത്തോളം ചെലവു കുറഞ്ഞും ചെലവിന്റെ ആധിക്യംകൊണ്ടോ വിദ്യാർത്ഥികൾ ഹോസ്റ്റലിൽ ആയാലും പ്രവേശനത്തിനു വരാതെയുമിരിക്കും.

ശ്രീ: പി. ടി. നാരായണപിള്ള (ആലുവപ്പുഴ): പ്ലീഡർഷിപ്പുവിദ്യാർത്ഥികളെക്കൂടി ഹോസ്റ്റലിൽ കയറ്റിക്കൊൾവാൻ നിർബന്ധിക്കുന്നതിൽ വല്ല തടസ്ഥവുമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ: പ്ലീഡർഷിപ്പുവിദ്യാർത്ഥികൾക്ക് ഹോസ്റ്റലിൽ താമസിക്കാൻ വല്ല തടസ്ഥവുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീ: പി. കെ. നാരായണപിള്ള (ആലുവപ്പുഴ): ആരെങ്കിലും പ്രവേശനത്തിനു അപേക്ഷിച്ചോ എന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടർവക്കീൽ): പിന്നിയ്ക്കു് അറിയാൻപാടില്ല.

അദ്ധ്യക്ഷൻ: പ്ലീഡർഷിപ്പുവിദ്യാർത്ഥികളും ലാകോളേജുവിദ്യാർത്ഥികളുണ്ടല്ലോ?

ശ്രീ: പി. കെ. നാരായണപിള്ള (ആലുവപ്പുഴ): അതു സംശയമാകാർത്ഥത്തിൽ മാത്രമാണു.

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടർവക്കീൽ): എങ്ങനെ ആയാലും ആകട്ടെ ഞങ്ങൾക്കു യാതൊരു നിർബ്ബന്ധിച്ചിട്ടുമില്ല, അപ്രകാരമൊരു നിയോഗമുണ്ടെന്നു ഞാൻ വിചാരിക്കുന്നുമില്ല.

ശ്രീ: എ. ഫ്രഗർഫ് (ഗവർണ്മെന്റു നിയമിച്ചമെംബർ): ഇപ്പോഴത്തെ ഹോസ്റ്റലിൽ അവർണ്ണഹിന്ദുക്കൾക്കും പ്രവേശനം നൽകുമോ?

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടർവക്കീൽ): ഞാൻ മുമ്പു പറഞ്ഞതുപോലെ പ്രത്യേകമായി ഒരു അടുക്കളവേണ്ടിവരും.

ശ്രീ: എ. ഫ്രഗർഫ് (ഗവർണ്മെന്റു നിയമിച്ചമെംബർ): ഈ മിശ്രവിദ്യാലയങ്ങൾ ആരംഭിക്കുന്നതിനു പ്രവേശനം നിരോധിക്കപ്പെട്ടതാണോ?

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽഹെഡ്സെക്രട്ടർവക്കീൽ): പ്രത്യേകം അടുക്കള ആവശ്യമുണ്ട്.

ശ്രീ: എ. ഫ്രഗർഫ് (ഗവർണ്മെന്റു നിയമിച്ചമെംബർ): അതു നിശ്ചയമായും വേണ്ടതുതന്നെ.

അദ്ധ്യക്ഷൻ: അതു വാടകയ്ക്കു് എടുത്തിട്ടുള്ള സ്ഥലമാകയാൽ ആവണ്ടു അതിൽ പ്രത്യേകം അടുക്കളകൂടുവാൻ പോകുന്നതു്

ശ്രീ: ജെ. ജാൺനിധിരി (ചങ്ങനാശ്ശേരിയും, മീനച്ചിലും): സവർണ്ണഹിന്ദുവിദ്യാർത്ഥിമന്ദിരം മാത്രമേ ആശ്രയപ്പെടുന്നോള്ളു എന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടർവക്കീൽ): അതേ.

ശ്രീ: ജെ. ജാൺനിധിരി (ചങ്ങനാശ്ശേരിയും, മീനച്ചിലും): അല്ലാതെ, ഒരു സവർണ്ണഹിന്ദു വിദ്യാർത്ഥിമന്ദിരമല്ലല്ലൊ?

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടർ വക്കീൽ): അല്ലാ, അല്ലാ.

ശ്രീ: ജെ. ജാൺനിധിരി (ചങ്ങനാശ്ശേരിയും, മീനച്ചിലും): ആവശ്യമുള്ളപക്ഷം, കുറെകാലത്തേക്ക് അവർണ്ണഹിന്ദു ഹോസ്റ്റലായും, പിന്നീട് സവർണ്ണഹിന്ദുഹോസ്റ്റലായും നടത്തുന്നതിന് വല്ല വിരോധവുമുണ്ടോ?

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടർവക്കീൽ): എല്ലാറ്റിലുംവെച്ചു ഭേദിപക്ഷക്കാരുടെ അഭിപ്രായമനുസരിച്ചുമായിരിക്കുന്നതു്. ലാകോളേജിലെ വിദ്യാർത്ഥികളുടെ എണ്ണം നോക്കുന്നതായാൽ, വടക്കുഭാഗം ഉള്ളതിൽ കുറവായിരിക്കും, മദ്ധ്യഭാഗത്തെ കുട്ടികളായി സവർണ്ണഹിന്ദുക്കളും, അവർണ്ണഹിന്ദുക്കളും വളരെ കുറച്ചും മാത്രമാകുന്നു. അതുകൊണ്ടു് അങ്ങനെ ചെയ്യുന്നതിൻഫലം കുറെ ആളുകൾക്കുമാത്രമായിട്ടു ഭേദിപക്ഷക്കാരെ പുറത്തേക്കു അയയ്ക്കേണ്ടിവരുമെന്നതാകുന്നു. അതു ന്യായമായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല.

ശ്രീ: എൻ. കുമരൻ (ഗവർണ്മെന്റുനിയമിച്ചമെംബർ): പ്രത്യേക അടുക്കളകൾ ഉണ്ടാക്കികൊടുക്കണമെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടർവക്കീൽ): അതേ.

ശ്രീ: എ. ഫ്രഗർഫ് (ഗവർണ്മെന്റു നിയമിച്ചമെംബർ): ഒരു അവർണ്ണഹിന്ദു പ്രവേശത്തിനപേക്ഷിച്ചതായി ഒരു മാറാഴ്ചക്കാലത്തെങ്കിലും ഉണ്ടോ?

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സെക്രട്ടർ വക്കീൽ): ഉള്ളതായിട്ട് ഞാൻ വിചാരിക്കുന്നില്ല.

ശ്രീ: എൻ. കുമരൻ (ഗവർണ്മെന്റു നിയമിച്ചമെംബർ): ഈ സവർണ്ണഹിന്ദുവിദ്യാർത്ഥിമന്ദിരം പോലെയുള്ള ഒരു സ്ഥാപനം തെക്കെഇൻഡ്യയിൽ എവിടെയെങ്കിലുമുണ്ടോ?

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടർവക്കീൽ): പ്രത്യേകം അടുക്കള ഏർപ്പാടാക്കിയാൽ ഉണ്ടെന്ന് ഞാൻ വിചാരിക്കുന്നു.

ശ്രീ: എൻ. കുമരൻ (ഗവർണ്മെന്റു നിയമിച്ചമെംബർ): സവർണ്ണഹിന്ദുവിദ്യാർത്ഥിമന്ദിരം പോലെ ഒരു സ്ഥാപനം വേറെ എവിടെ എങ്കിലും ഉണ്ടോ?

ശ്രീ: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടർവക്കീൽ): അപ്രകാരമുള്ള ഒരു സ്ഥാപനമുണ്ടെന്നില്ല. ആർട്ട്സ്കോളേജിനും സയൻസുകോളേജിനും കൂടിയുള്ള ഇതുമാത്രമായ വിദ്യാർത്ഥിമന്ദിരം പൂർത്തിയാകുമ്പോൾ അതിനെ ഒരു സവർണ്ണഹിന്ദുഹോസ്റ്റൽ എന്നു വിളിക്കപ്പെടുന്നതല്ലാതെ, അതിലെല്ലാവർക്കും പ്രവേശനം ഉണ്ടായിരിക്കുന്നതായിരിക്കും. അവർണ്ണഹിന്ദുക്കളുടെ സൌകര്യത്തിനായിട്ടുള്ള പ്രത്യേകഅടുക്കള ഏർപ്പാടുണ്ടായിരിക്കുന്നതാണു.

ശ്രീ: എ. ഫ്രഗർഫ് (ഗവർണ്മെന്റു നിയമിച്ചമെംബർ): സർ, ഇവിടെ നമ്മളിൽ ചിലർ ചേർന്നിച്ചുള്ള തായ ചോദ്യങ്ങൾക്കു മറുപടിപറയുന്നതിൽ മാദ്രാസിലേക്കു് ഉണ്ടായിരുന്നുവിദ്യാഭ്യാസസ്ഥിതിയെപ്പറ്റി ഈ സഭയിലെ മിക്ക അംഗങ്ങളും സഹതപിക്കുന്നതെന്നു് ഞാൻ വിചാരിക്കുന്നു. ലാകോളേജ്ഹോസ്റ്റൽ, നിങ്ങൾ അതിനെ എങ്ങനെ വിളിച്ചാലും ശരി, സവർണ്ണഹിന്ദുക്കൾക്കുമാത്രമായി സൂക്ഷിച്ചുവച്ചിട്ടുള്ള ഒരു സ്ഥാപനമാകുന്നു. എനിക്കു കാണാൻ കഴിയുന്നിടത്തോളം, എതുഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള നിഷേധങ്ങളെല്ലുമിരുന്നിട്ടും—

അദ്ധ്യക്ഷൻ: അദ്ദേഹം അതിനെ നിഷേധിച്ചില്ലല്ലോ. വേണ്ടെന്നുവയ്ക്കുകയുണ്ടായോ എന്നതിലല്ലേ അദ്ദേഹം ചോദ്യം.

ശ്രീ: എ. ഇഗ്നേഷ്യസ് (ഗവർണ്മെന്റ് നിയമിച്ച അംഗം): അതെ. എന്നാൽ ഒരു മനുഷ്യന് ഒരു അവസരത്തിലില്ലെങ്കിൽ മറ്റൊരവസരത്തിലെങ്കിലും ഔന്നത്യമുണ്ടാകും ഉണ്ടായിരിക്കേണ്ടതാണ്. ഈ ഹോസ്റ്റൽ സവർണ്ണഹിന്ദുക്കൾക്കു മാത്രമുള്ള ഒരു പ്രത്യേകസ്ഥാപനമാണെന്ന് ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ: ഔന്നത്യമുണ്ടാകുവാൻ വേണ്ടതുചെയ്യാൻ എനിക്കും, എന്നാൽ അതിന് ഒരു പ്രത്യുത്തരവും കിട്ടിയില്ലെന്നും കൂടി അദ്ദേഹം പറഞ്ഞു.

ശ്രീ: എ. ഇഗ്നേഷ്യസ് (ഗവർണ്മെന്റ് നിയമിച്ച അംഗം): സ്ഥലം ധാരാളം ഉണ്ടെന്നു കാണുമ്പോൾ എല്ലാവരും വിചാരിക്കുന്നതായിരിക്കും. ഉദാഹരണമായി ഇപ്പോൾ ഇവിടെയുള്ള സ്ത്രീകളുടെ കോളേജ് ഹോസ്റ്റൽ എടുത്തുനോക്കുക. മറ്റുള്ള എല്ലാ വിദ്യാർത്ഥിമന്ദിരങ്ങളേക്കാളും അതാതു സ്ഥിതിയായ ഒഴിഞ്ഞാണ്ടുണ്ട്. അവിടെ ജാതിമതവ്യത്യാസമൊന്നുമില്ല. വലിയ കുടുംബങ്ങളിലുള്ള യുവതികൾക്കു——അവർക്കാണ് യുവാക്കളെക്കാളും കൂടുതൽ അന്ധവിശ്വാസമുള്ളത്—അവർണ്ണഹിന്ദുയുവതികളോടുകൂടി കഴിയാമെങ്കിൽ, അവർണ്ണഹിന്ദുയുവാക്കൾക്കു കോളേജ് വിദ്യാർത്ഥിമന്ദിരങ്ങളിൽ പ്രവേശനം നൽകുന്നതിനു ഒരുമാതിരി പ്രതിബന്ധംവച്ചുകൊണ്ടിരിക്കുന്നതിന്റെ ഉദ്ദേശം എനിക്കു മനസിലാകുന്നില്ല. അവർണ്ണഹിന്ദുക്കളുടേയും, ക്രിസ്ത്യാനികളുടേയും മറ്റെല്ലാവരുടേയും മേലുള്ള ചീത്തയായ ഈ പ്രതിബന്ധത്തെ മാറിക്കിട്ടുകയെന്നതാണ്. ഈ സമയത്ത് ഉയർന്നകുലജാതനായ ബ്രാഹ്മണൻ അവർണ്ണഹിന്ദുക്കളോടു സഹോദരഭാവത്തിൽ യോജിച്ചിരിക്കുന്നതായി നാം കാണുന്നു. പഴയസ്ഥിതികളെല്ലാം തീരെ മാറിപ്പോയിരിക്കുന്നു. എപ്പോൾ മാറ്റമാണ് സംഭവിച്ചിട്ടുള്ളത് എന്നതിനെ ഒരു ഉദ്ദാഹരണം നാം ഡർബാർഹാളിൽ വച്ചു കണ്ടുവല്ലോ. ജാതിമതവ്യത്യാസം കൂടാതെ, സ്ഥലത്തെ സ്ത്രീവിദ്യാർത്ഥിമന്ദിരത്തിലുള്ള എല്ലാ യുവതികളേയും കഴിഞ്ഞ ഒരു ദിവസം തന്റെ കൊട്ടാരത്തിൽ വച്ചു മഹാറാണി തിരുമനസുകൊണ്ടു തന്റെ കൂടിയെ സസന്തോഷം കാണിച്ചു എന്നു കേട്ടതിൽ ഞാൻ വളരെ സന്തോഷഭരിതനായിത്തീർന്നു. നമ്മുടെ മഹാറാണിതിരുമനസിനാൽ കാണിച്ച തരപ്പെട്ട ഒരു ഉത്തമ ദൃഷ്ടാന്തമാകുന്നു ഇത്. നാമും അതിനെ അനുവർത്തിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഇക്കാര്യത്തിൽ നമ്മളെ ഒരുതരം ഹീനജാതിക്കാരാണെന്നു ഗണിക്കപ്പെടുന്നതിനെപ്പറ്റി ഞാൻ മിസ്റ്റർ. കുമാരനോടുപറഞ്ഞതിവളരെ തീക്ഷ്ണമായി മനസ്ഥാപിക്കുന്നു. പ്രത്യുത്കൃഷ്ടമായിട്ടുള്ള അടുക്കളയില്ലാത്തപക്ഷം ഒരെണ്ണം പണിയിക്കേണ്ടതാണു. അതിനു കൂടുതൽ തുക ചിലവാകുമെന്നു വരികിൽ അതും വകവയ്ക്കാൻ പാടുള്ളതല്ല. എന്നാലും ഈ പ്രതിബന്ധത്തെ തീരെ നിരുത്തിക്കളയേണ്ടതാകുന്നു.

ശ്രീ: എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ച അംഗം): അതു പാടകയ്ക്കുവാങ്ങിയിട്ടുള്ള കെട്ടിടമാണെങ്കിലും അതിൽ ഒരു അടുക്കളയുണ്ടാക്കികൊടുക്കാൻ ഗവർണ്മെന്റിനു വല്ല വിഷമതയും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അവർണ്ണഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കുമെല്ലാം ആയിട്ടു പ്രത്യേകം ഒരു അടുക്കള പണിയിക്കുവാൻ കെട്ടിടഉടമസ്ഥൻ തയാറില്ലാത്ത പക്ഷം സ്വന്തം ചെലവിൽ ഗവണ്മെന്റിനു തന്നെ ഒരു അടുക്കള പണിയിക്കുവാനും, അവർ ആ കെട്ടിടം ഒഴിഞ്ഞു കൊടുക്കുന്ന കാലത്തു കെട്ടിടം പൊളിച്ചുകൊണ്ടു പോകുകയോ അതതന വിൽക്കുകയോ ചെയ്യുവാനും സാധിക്കും. ഈ വിഷമതനിവൃത്തിച്ചുകൂടാൻ പാടില്ലാത്ത വിധത്തിൽ അത്ര പ്രയാസമുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സ്ഥാപനത്തിൽ മുഴുകെയും പാടകയ്ക്കെടുത്തു താമസിക്കുന്നതിനായിട്ടു അനേകം കുട്ടികളും വരുന്നില്ലെന്നു മിസ്റ്റർ. സുബ്ബയ്യർ നമ്മോടു പറഞ്ഞിട്ടുണ്ടു; എങ്ങനെ ആയാലും ഗവണ്മെന്റു അവരുടെ ഉദ്ദേശത്തെ വെളിപ്പെടുത്തേണ്ടതുണ്ടു് ആയതുകൊണ്ടു കുട്ടികൾക്കു സമ്മതമുള്ള പക്ഷം, അവർ വന്നാലും വന്നില്ലെങ്കിലും സവർണ്ണഹിന്ദുവിദ്യാർത്ഥിമന്ദിരം എന്നുള്ള ഈ പേരു മാറ്റാതെവണ്ണം വേണ്ട ഭേദഗതികൾ ചെയ്തു കൊടുക്കുന്നതുമായിരിക്കുമെന്നു ഗവണ്മെന്റു പറയേണ്ടതുമാകുന്നു. നമുക്കു സാധാരണരീതിയിലുള്ള ഒരു ഹോസ്റ്റൽ ഉണ്ടായിരിക്കുകയും, അതിൽ താമസിക്കുന്നതിനായി ഒരു ഒറ അവർണ്ണഹിന്ദുവെങ്കിലും വരികയാണെങ്കിൽ, കമ്മിറ്റിക്കാർക്കു അയാളെ അവിടെ താമസിപ്പിക്കാൻ മനസുകൂടുമെന്നു തോന്നുന്നപക്ഷം, അയാളെ ധാരാളമായി താമസിപ്പിക്കുകയും ചെയ്യാം. അല്ലാത്തപക്ഷം അയാളോടു വേറെ ആറേഴു പേരെക്കൂടിക്കൂട്ടികൊണ്ടു വരുവാൻ പറയുകയും അവരെക്കൊണ്ടുവരുമ്പോൾ ഹോസ്റ്റലിലെ അവകാശങ്ങളെല്ലാം അനുഭവിച്ചുകൊള്ളുന്നതിനു അനുമതിനൽകുകയും ചെയ്യാം. എങ്ങനെ ആയാലും ഇപ്പോഴത്തെ ഹോസ്റ്റൽ കാരണം ശരിയാണെന്ന നിശ്ചയമായും വാദിക്കുന്നതുകൊണ്ടല്ല. ധാരാളം വിദ്യാർത്ഥികൾ വരുമെന്നുള്ളപക്ഷം പ്രത്യേകം ഒരു അടുക്കി ഉണ്ടാക്കികൊടുക്കാൻ അവർ തയാറാണെന്നു ഗവണ്മെന്റു പറയുമായിരിക്കാം. ഇതിന്റെ അർത്ഥമതെന്തെന്നാൽ ഒരു ഒറ കൂട്ടികളേപോലും പ്രവേശനം കൊടുക്കാത്തപക്ഷം ഗവർണ്മെന്റിനെന്തേ യാതൊരു കുറവും സ്ഥാപിക്കുന്നില്ലെന്നാണ്.

ശ്രീ: വി. സുബ്ബയ്യർ (അഡിഷണൽ ഹൈഡ് സക്രട്ടറിക്കുവേണ്ടി): സർ, എനിക്കു മറുപടിയായിട്ടു ഒരു വാക്കുമാത്രമേ പറയാനുള്ളു. ഞാൻ ഒരു കോടതിയിൽ വാദിക്കുകയായിരുന്നെങ്കിൽ മിസ്റ്റർ. ഇഗ്നേഷ്യസിന്റെ വാദത്തിന്മേൽ എനിക്കെന്തെങ്കിലും യുക്തി കിട്ടുണ്ടാകുമെന്നു ഞാൻ പറയുമായിരുന്നു. എന്തുകൊണ്ടെന്നാൽ, അദ്ദേഹം പറഞ്ഞതുപോലെ, സ്ത്രീകളുടെ കോളേജ് ഹോസ്റ്റൽ സംബന്ധിച്ചിടത്തോളം സവർണ്ണഹിന്ദുക്കൾക്കും അവർണ്ണഹിന്ദുക്കൾക്കും തമ്മിൽ ഗവണ്മെന്റു യാതൊരു വ്യത്യാസവും കാണിക്കുന്നില്ലെന്നതന്നെയല്ല, ഡർബാർഹാളിലുംമറ്റു പല അവസരങ്ങളിലും അപ്രകാരമുള്ള യാതൊരു വ്യത്യാസങ്ങളും ഗവണ്മെന്റു കാണിക്കുന്നില്ലാത്തതുകൊണ്ടു, ഈ ഒരു കാര്യത്തിൽ മാത്രം അപ്രകാരം വല്ല വ്യത്യാസവും കാണിച്ചിട്ടുണ്ടെങ്കിൽ, അതു സ്ഥലച്ചുരുക്കംകൊണ്ടുമാത്രം ആണ്. ഹോസ്റ്റൽ ഇട്ടിരിക്കുന്നതുതന്നെ വാടകയ്ക്കു എടുത്തിരിയ്ക്കുന്ന കെട്ടിടത്തിലാണ്. കൂടുതൽസ്ഥലസൗകര്യം ഉണ്ടാക്കികൊടുക്കുന്നതിനോ അല്ലെങ്കിൽ അവിടെ കൂടുതൽ അടുക്കള പണിയിച്ചു കൊള്ളുന്നതിനു അനുവദിക്കുന്നതിനോ ഉടമസ്ഥൻ സന്നദ്ധനായിരിക്കണം അപ്രകാരമുള്ള സ്ഥിതികളുടെ അഭാവത്തിൽ അതു സാദ്ധ്യമാകുന്നതല്ല.

ശ്രീ: എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ച അംഗം): ഒരു അടുക്കള പണിയിക്കുന്നതിനായി ഗവർണ്മെന്റു ഉടമസ്ഥനോടു സമ്മതം ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സെക്രട്ടറി): അതു കൂടുതൽ ചെലവാണു. ഈ കൂടുതൽ ചെലവിനുള്ള ആവശ്യകതയെ സംബന്ധിക്കാൻ തക്കവണ്ണം അതുപയോഗിക്കുന്നവർ ഹിന്ദുക്കളിൽ നിന്നു മാത്രമേ ഉണ്ടായിട്ടില്ലാത്തപക്ഷം, ഗവർണ്മെന്റു ഇക്കാര്യത്തിനായി മുതൽമുടക്കുന്നതു ന്യായമായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. ആർട്ട്സ്കോളേജിനോ ചാലക്കോളേജിനോ ഒരു ക്രൈസ്തവഹിന്ദുഹോസ്റ്റൽ ആരംഭിക്കുവാൻ അവർ തയാറാണെന്നു ഗവണ്മെന്റു പറഞ്ഞപ്പോൾ യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. അതിനാൽ ഞങ്ങളാൽ കഴിയുന്നതു മാത്രമേ ഞങ്ങളെക്കൊണ്ടു ചെയ്യാൻ സാധിക്കുകയുള്ളു. ബുദ്ധിമുട്ടില്ലാത്തപക്ഷം ഒരിക്കലും ആവശ്യമായി വരാത്ത ഒരു കാര്യത്തിലേക്കായി ഒരു എസ്റ്റിമേറ്റ് (അടങ്കൽ) ഈ സഭപോലും അനുവദിക്കാൻ ഒരുങ്ങുമെന്നു എനിക്കു അറിയാൻ പാടില്ല.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അവർണ്ണഹിന്ദുക്കൾക്കായിട്ടു എത്ര അടുക്കളകൾ വേണ്ടിവരും.

മി. വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സെക്രട്ടറിയ്ക്കു): അതു ഓരോരുത്തരുടെ എണ്ണമനുസരിച്ചിരിക്കും.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഉദ്ദേശമെത്രയെണ്ണം വേണ്ടിവരും?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സെക്രട്ടറിയ്ക്കു): പക്ഷേ, രണ്ടിൽ കുറയാതെ വേണ്ടിവരും.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): രണ്ടു ജാതിക്കാരെ ഉള്ളോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സെക്രട്ടറിയ്ക്കു): എനിക്കു അറിയാൻ പാടില്ല. പക്ഷേ രണ്ടോ മൂന്നോ വേണ്ടിവരും.

മി: എൻ. കുമാരൻ (ഗവർണ്മെന്റു നിയമിച്ച മെംബർ): അതിനെപ്പറ്റിയുള്ള വിവരം സ്ത്രീകളുടെ കൂടുള്ള ഹോസ്റ്റലിൽ നിന്നും വേർപിരിയുവാൻ കൂട്ടാതെ കിട്ടുകയില്ലയോ?

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) ഒരേ അടുക്കളയിൽതന്നെ പാകം ചെയ്തു ആഹാരത്തെ അവരുടെ ജാതിയിൽ വിസമ്മതമില്ലാത്തപക്ഷം, പ്രത്യേകം ക്ഷേണമുറികളിൽ വച്ചു് അവർണ്ണഹിന്ദുക്കൾക്കു കൊടുക്കുന്നതിൽ വല്ല വിരോധവും ഉണ്ടോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടറിയ്ക്കു): ആ വിരോധമൊന്നും സ്വയമായി ഉണ്ടായതല്ല. അയാൾ സസ്യഭക്ഷണം കൊണ്ടു മാത്രം തൃപ്തിപ്പെടുമോ എന്നുള്ളതു എങ്ങനെ ആയാലും ആലോചിക്കേണ്ട ഒരു സംഗതിയാണു്. കൂടാതെ മറ്റുള്ളവർ ഉപയോഗിക്കുന്ന പാത്രങ്ങളുടെ സമ്പർക്കവും അന്വേഷിച്ചറിയേണ്ടതുണ്ടു്.

മി: എ. ഹൂഗ്വാർഡ് (ഗവർണ്മെന്റു നിയമിച്ച മെംബർ): ഈവക സസ്യഭക്ഷണം കഴിക്കുന്നവരല്ലയോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടറിയ്ക്കു): അക്കാര്യം മി: കുമാരനോടു കൂടെക്കൂടിയാലല്ലേ വ്യക്തമായി അറിയാവുന്നതു.

മി: ജെ. ജാൺസ്ഡിഗ് (ചങ്ങനാശ്ശേരിയും മീനച്ചിലും): സസ്യഭക്ഷണം കഴിക്കുന്നവർക്കു പ്രവേശനം നൽകിയാലുള്ളതെന്നു ഗവർണ്മെന്റിനു നോട്ടീസു മുഖാന്തിരം പരസ്യപ്പെടുത്തുവാൻ കഴിയുമോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടറിയ്ക്കു): അക്കാര്യത്തെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

മി: എൻ. കുമാരൻ (ഗവർണ്മെന്റു നിയമിച്ച മെംബർ): ഞാൻ ഈ ഉപക്ഷേപം പാസ്സാക്കാൻ നിർബന്ധിക്കുന്നില്ല.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം, നമ്പർ.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടിട്ടില്ല.

മി: എൻ. രാമകൃഷ്ണപിള്ള: നമ്പർ. പാലക്കോളേജിനോടനുബന്ധിച്ചുള്ള ഹോസ്റ്റലിനും കൂടിനിർത്തിയിട്ടുള്ള വസൂരിയുടെ രൂപയിൽ നിന്നും ഫീസിന്റെ രൂപ കുറയ്ക്കണം,

ഉപക്ഷേപം, നമ്പർ.

മി: ജി. പരമേശ്വരൻ പിള്ള (തെയ്യാറിക്കര): സർ, ഞാൻ ഈ ഉപക്ഷേപം ഹാജരാക്കികൊള്ളുന്നു:—

നമ്പർ——ടെമ്പററി സർക്കാർ വക്കീലന്മാരുടെ താൽക്കാലികസ്ഥാപനത്തിന്റെ ചിലവിലേക്കായി അനുവദിച്ചിട്ടുള്ള ഫീസിന്റെ രൂപ തള്ളിക്കളയണം.

സ്ഥിരമായി ആരുമില്ലാത്തതുകൊണ്ടു സർക്കാർവക്കീലന്മാരേയും മുൻസിപ്പൽ ടെമ്പററി സർക്കാർ വക്കീലന്മാരേയും ബഹുമാനപ്പെട്ട അനുവദിച്ചിരിക്കുന്നു. ഈ ടെമ്പററി സർക്കാർവക്കീലന്മാരെ ഇന്നും വച്ചുകൊണ്ടിരിക്കുന്നതിനുള്ള ആവശ്യകതയെപ്പറ്റി ഫൈനാൻസ് കമ്മിറ്റിയിൽ പൂർണ്ണമായി വാദപ്രതിവാദം നടത്തിയിട്ടുണ്ടെങ്കിലും ഈ കമ്മിറ്റിയിലെ അനുദ്യോഗസ്ഥമെമ്പർമാരും ഈസ്റ്റാഫിനെ വച്ചുകൊണ്ടിരിക്കുന്നതിനുള്ള ആവശ്യകതയെപ്പറ്റി യോജിപ്പു വന്നില്ല. ആ ഡിപ്പാർട്ടുമെന്റിൽ നിന്നും ഞങ്ങൾക്കു കിട്ടിയായി അയച്ചു തരപ്പെട്ട കണക്കുകളും ഈ സ്റ്റാഫിനെ ഇനിയുമൊരുകൊല്ലത്തേക്കു കൂടി വച്ചുകൊണ്ടിരിക്കണമെന്നുള്ള അഭിപ്രായത്തെ കൈക്കൊള്ളുന്നതിനു അനുവദിക്കുന്നില്ല. അതുകൊണ്ടു ടെമ്പററി സർക്കാർവക്കീലന്മാർക്കുള്ള സ്ഥാപനം നിറുത്തണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): അയച്ചു തരപ്പെട്ടകണക്കുകൾ എന്തായിരുന്നു എന്നു അറിഞ്ഞാൽ കൊള്ളാം?

മി: ജി. പരമേശ്വരൻപിള്ള (തെയ്യാറിക്കര): മി: സുബ്ബയ്യർക്കു കണക്കുകളെത്തരാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അന്നു ഞങ്ങൾക്കു അയച്ചുതന്ന കണക്കുകളിൽ നിന്നും ഈസ്റ്റാഫിനെ ഇനിയും വച്ചുകൊണ്ടിരിക്കുന്നതിനു വേണ്ടിയ ആവശ്യകതയുണ്ടെന്നു ഞങ്ങൾക്കു ബോധ്യം വന്നിട്ടില്ലായിരുന്നു.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സെക്രട്ടറിയ്ക്കു): സാർ, അന്നു കൈവശമുണ്ടായിരുന്ന കണക്കുകൾ അത്ര തൃപ്തികരമായിരുന്നില്ല എന്നു ഞാൻ പറയുന്നു. എന്നാൽ അതിൽ പിന്നീടു ഞങ്ങൾ ശരിയായ കണക്കുകൾ വരുത്തിവച്ചിട്ടുണ്ടു്. അതു കാണുമ്പോൾ ഇക്കാര്യത്തിനായി അനുവദിച്ചിരിക്കുന്ന ഇകൃയുടെ ആവശ്യകതയെപ്പറ്റി ഈ സഭയിലുള്ളവർ തൃപ്തിപ്പെടുമെന്നുള്ളതിനു എനിക്കു യാതൊരു സംശയവുമില്ല.

കോട്ടയത്തിലെ കണക്കുകൾ മുഴുവൻ നോക്കുന്നതായാൽ അവിടെ ഫ്രാൻസ് മേരേ അറുനൂറോളത്തിൽ തീർപ്പുചെയ്യാതെ കിടന്നിരുന്ന കേസുകളുടെ എണ്ണം രണ്ടു-ആയിരുന്നു. ആ അഞ്ചുവർഷക്കാലത്തിൽ തന്നെ തീർപ്പുചെയ്യാതെ കിടന്നിരുന്ന പൊന്നാനിയിലെ കേസുകളുടെ എണ്ണം വൺ-സെക്കൻഡ് ആയിരുന്നുവെങ്കിലും അതിനു മുമ്പുള്ള അഞ്ചുകൊല്ലത്തിൽ തീർപ്പിനുവരാതെ കിടന്നിരുന്ന സെഷൻസ്കേസുകളുടെ ശരാശരി എണ്ണം നൂറ്റാ ആയിരുന്നു. ഏതു കാരണത്താലെങ്കിലും കഴിഞ്ഞകൊല്ലത്തിലെ അതു കുറവായിരുന്നു തീർപ്പുചെയ്യാതെകിടന്നിരുന്ന സിവിൽകേസുകളെ സംബന്ധിച്ചുള്ള കണക്കുകളോടു വാസ്തവസ്ഥിതി നോക്കുന്ന പക്ഷം, ഒന്നാം ബെഞ്ചിൽ ഫ്രൂ-, രണ്ടാംബെഞ്ചിൽ ഫ്രവു-, മൂന്നാംബെഞ്ചിൽ വു-, കേസുകൾവീതം ഉണ്ടായിരുന്ന എന്നു കാണാവുന്നതാണ്. രണ്ടാംബെഞ്ചിൽ കിടന്നിരുന്നതായ ഈ ഫ്രവു കേസുകളിൽ ഒന്നു നൂറുസ്സ ഏക്കർ ഭൂമിയെ സംബന്ധിച്ചു വഞ്ചിപ്പുഴത്തമ്പുരാന്റെയും, മറ്റേ ഫ്രസ്സ ഏക്കർ ഭൂമിയെ സംബന്ധിച്ചു ഇടപ്പള്ളിത്തമ്പുരാന്റേയും, മൂന്നാമത്തേതു പീരുമേട്ടു റസിഡന്റിന്റെ സംബന്ധമുള്ള നൂറു ഏക്കർ ഭൂമിയെപ്പറ്റിയും, രണ്ടു ഫ്രവു-, വു ഫ്രവു-, ഏക്കർ വീതമുള്ള രണ്ടു വസ്തുക്കളെ സംബന്ധിച്ചു മിസ്റ്റർ പി. റ്റി. തോമസ്സിന്റെ വകയായ രണ്ടു കേസുകളും ആകുന്നു. മൂന്നാംബെഞ്ചിൽ വലിയവസ്തുക്കളെ സംബന്ധിച്ചുള്ള പുത്തൻവകയായ രണ്ടു കേസുകൾ ഉണ്ട്. ഈ ഓരോ കേസുകൾക്കും ഓരോ വക്കീൽവീതം ആയാൽതന്നെ അയഞ്ഞാൽ കേസുസംബന്ധമായ സകല റിക്കാർഡുകളും, അന്യന്മാരുടെയും, ഉദ്യോഗസ്ഥന്മാരുടെയും ഹാജരാക്കേണ്ടതുണ്ട്, എത്രയോ ഹാജരാക്കുന്ന പ്രമാണങ്ങൾ വായിച്ചുനോക്കേണ്ടതുണ്ട്, കക്ഷികളുടെ കോടതിമുമ്പാകെ ഹാജരാക്കേണ്ടതുമുണ്ട്, എത്രയോ ഹാജരാക്കുന്ന പ്രമാണങ്ങൾ വായിച്ചുനോക്കേണ്ടതും, വാദിക്കേണ്ടതുമുണ്ട്, കക്ഷികളുടെ തെളിവുകളെപ്പറ്റി തീരുമാനിക്കേണ്ടതും ആകുന്നു. ഞാൻ മുൻപുപറഞ്ഞതുപോലെ രണ്ടാംബെഞ്ചിലും മൂന്നാംബെഞ്ചിലുമായി വസ്തു കേസുകളുണ്ട്. ഈ കേസുകൾ വിധിയാകുന്നതിനുള്ള കാലതാമസം നൊക്കുന്നതായാൽ ഫ്രവു-മുതൽക്കുള്ള കേസുകൾ ഉടനെന്നു നാം കാണുന്നു. ഫ്രവു-ലെ ഒന്ന്, എസ്സ്. ൽ-ാം നമ്പരുകേസും ഫ്രവു-ലെ ഒന്ന് എസ്സ്. ൽ-ാം നമ്പരുകേസും ഇനിയും വിധിപറയാതെ കിടപ്പുണ്ട്. ഫ്രൽ-ൽ അഞ്ചുകേസുകളും, ഫ്രൽവ, ഫ്രൽസ, ഫ്രൽര, ഫ്രൽ, ഫ്രൽന്ന എന്നിങ്ങനെയുള്ള കേസുകളും ഉണ്ട്. സാധാരണയായി ഫ്രവു-ലും പിന്നീടുമുള്ള കേസുകൾ ഇനിയും തീർപ്പുപ്പെടാതെ കിടക്കുന്നതായും അവയെല്ലാം വളരെ ജോലിയുള്ളതുമാണെന്നു കണക്കാക്കാം.

മി. റ്റി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നേടുമങ്ങാടും) ഈ കേസുകൾക്ക് ഇത്ര താമസം വരുവാനുള്ള കാരണമെന്താണെന്ന് എനിക്ക് അറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (അഡിഷണൽ ഫെഡ്സക്കാർവക്കീൽ): പക്ഷെയാണെങ്കിൽ, മേൽപ്രസ്താവിച്ച കേസുകളുടെ സ്വഭാവംകൊണ്ടും, മറ്റു കേസുകളുടെ എണ്ണം ധാരാളമുണ്ടായിരുന്നതിനാൽ ജഡ്ജിമാർക്ക് അവയെ തീർപ്പുചെയ്യുവാൻ വേണ്ടസമയം കിട്ടാത്തതുകൊണ്ടും, ആയിരിക്കും ഈ താമസത്തിനുള്ള കാരണം. സക്കോർവകീലന്മാരുടെ പ്രധാനമായ, അതായതു സെഷൻജഡ്ജിമാരുടെ മുമ്പിലുള്ള, ജോലിയെ പരിഗണിച്ചുനോക്കുന്നതായാൽ ഒന്നാംജഡ്ജി ഫ്രവു ദിവസത്തേയ്ക്കു സെഷൻകേസിൽ ഏർപ്പെട്ടിരുന്നു എന്നു നമുക്കു കാണാവുന്നതാണ്. ഈ സന്ദർഭത്തിൽ ഈ സഭയേ, ഒരു വർഷത്തിൽ ശരാശരി വൂ ദിവസമേ കച്ചേരിയൊള്ളു എന്നു ധരിപ്പിച്ചുകൊള്ളുന്നു. ഒന്നാംബെഞ്ചു് ഫ്രവു ദിവസവും, രണ്ടാംബെഞ്ചു് ഫ്രര ദിവസവും, മൂന്നാംബെഞ്ചു് ഫ്രസ ദിവസവും സെഷൻകേസിൽ ഏർപ്പെട്ടിരുന്നു. ചിലപ്പോൾ സെഷൻകേസ് അവധിവച്ചിരിക്കുന്ന ദിവസങ്ങളിൽ അധികം സാക്ഷികൾ ഹാജരാകുകയും, കേസ് വിസ്താരത്തിനെടുക്കാതെ നിർത്തിയയ്ക്കാൻ പാടില്ലാതേവരികയും, അതുകൊണ്ടു മറ്റു കേസുകളിലെ സാക്ഷികളെ അവയെ അവധിവച്ചിരിക്കുന്ന ദിവസങ്ങളിൽ വിസ്തരിക്കാൻ നിവൃത്തിയില്ലാതെവരികയും, ആ കേസുകളെ അവധിമാറിവച്ചു സാക്ഷികളെ വീണ്ടും ഹാജരാകാൻ നിർബന്ധപ്പെടുത്തേണ്ടതായും വന്നുകൂടുന്നു. അവയെ നടത്തുന്നതിനു പകരം ഒരു സക്കോർവകീലന്റെ ദിവസത്തെങ്കിൽ ആ കേസുകളെ രണ്ടാഴ്ചബെഞ്ചിലൊ മൂന്നാംബെഞ്ചിലൊ അയയ്ക്കുവാൻ കഴിയുന്നതാണ്. ഏതെങ്കിലും സെഷൻകേസുകൾ വിസ്തരിക്കുന്നതിനുവേണ്ടി ഫ്രര ദിവസം വേണ്ടിവന്നിട്ടുണ്ട് എന്നു നമുക്കുകാണാം. ഇപ്രകാരത്തെ സക്കോർവകീലിന്റെ ശ്രദ്ധ പതിയേണ്ടതായിട്ടു ക്രിമിനൽഅപ്പീൽകളും ഫ്രൂ സിവിൽകേസുകളും ഉണ്ട്. നാം രണ്ടാംജഡ്ജിമാരേയും മൂന്നാംജഡ്ജിമാരേയും നിയമിച്ചിരിക്കുമ്പോഴും പഴയ കേസുകളെ വേഗത്തിൽ തീർക്കണമെന്ന പ്രത്യേകമായി ഈ സഭ അവശ്യപ്പെട്ടിരിക്കുമ്പോഴും, പേരെ ഒരു വക്കീലിനു ക്രമേണ ഏർപ്പെടുത്തുവാൻ കഴിയുകയില്ലെന്നും, അതിനാൽ കേസുകളെ നീട്ടിവയ്ക്കാമെന്നും ഗവണ്മെന്റു പറയുന്നതു യുക്തമായിരിക്കുമെ എന്നു എനിക്കു് അറിയാൻ പാടില്ല. ഒരു വക്കീലിനെന്നെ വെയ്ക്കേറെ കേസുകൾ സംബന്ധമായി മൂന്നു ബെഞ്ചിലും പോകേണ്ടിയിരിക്കുന്ന അവസരങ്ങളിലും അയാളുടെ കേസുകളെ മുൻബെഞ്ചിലും ഒരേ സമയത്തുതന്നെ ബോർഡ്ചെയ്യുക എന്നതു് ഹൈക്കോടതികാരുടെ ഇടയിൽ അനുഭവിച്ചുവരുന്ന ഒരു പരിഷ്കാരമാണെന്ന് ഈ സഭാമെസംബറുടെയും വക്കീലന്മാരുടെയും അറിയാവുന്ന സംഗതിയാണ്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സക്കോർകേസുകളെ മിക്കവാറും നിവൃത്തിയുള്ളിടത്തോളം ഒരേ ബെഞ്ചിൽ വയ്ക്കുന്നതു ജില്ലാക്കോർട്ടിലുള്ള ഒരു പരിഷ്കാരമല്ലെ എന്നും എനിക്കറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (അഡിഷണൽ ഫെഡ്സക്കാർവക്കീൽ): അതാണു ഞാൻ പറയുന്നതു. ഉദ്ഘോഷണമാനി കോട്ടയത്തു ഈ കേസുകളെയെല്ലാം നിവൃത്തിയുള്ളിടത്തോളം ഒന്നാംജഡ്ജിയുടെ ബെഞ്ചിൽതന്നെ വെയ്ക്കുകയാണെങ്കിൽ ഈ കേസുകളെ എപ്പോഴെങ്കിലും തീർപ്പുചെയ്യാൻ സമയമുണ്ടായിരിക്കുമെന്നു ഞാൻ വിചാരിയ്ക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന് ഫ്രര ദിവസത്തോളം സെഷൻസ് ജോലി ചെയ്യേണ്ടതും, വിധിനടത്തും സിവിൽസംബന്ധമായ മറ്റുജോലിയും കൂടാതെ. അദ്ദേഹത്തിനു ക്രിമിനൽ അപ്പീൽ കേസുകേൾക്കേണ്ടതും ആകുന്നു. അതുകൊണ്ടു പഴയ കേസുകളെ നടത്താൻ അദ്ദേഹത്തിനു സമയം കാണുകയില്ല.

മി: എ. ആർ. മാധവവാര്യർ (ചെങ്ങന്നൂരും, പത്തനംതിട്ടയും): ഈ കേസുകളിൽ അധികമെണ്ണവും "തിരുപ്പുവാർത്തെ" സംബന്ധിച്ചുള്ള നിസ്സാരമായ "കേസുകളല്ലാ"എന്നു അദ്ദേഹത്തിനറിയാമല്ലോ.

മി: വി. സുബ്ബയ്യർ (അഡിഷണൽ ഫെഡ്സക്കാർവക്കീൽ): ആ കേസുകളിൽ മിക്കവയും രണ്ടാംജഡ്ജിയുടെ ബെഞ്ചിൽ ആണെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ കോട്ടയത്തെപ്പറ്റി പറയുകയായിരുന്നു, ഞാൻ ഇന്നിനു പിന്നാലെ ഇന്നായി മറ്റുള്ള കോടതികളെപ്പറ്റിയും പറയാം. കോട്ടയത്തെ സംബന്ധിച്ചടത്തോളം ഇനി വല്ല ബുദ്ധിമുട്ടുകളുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: റവി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഒറ്റ സന്തോഷ ജില്ലാജഡ്ജിമാർ എന്നുണ്ടാക്കാണ് ശ്രമിച്ചിട്ടുള്ളത് പോകുന്നത് എന്നറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ: ഈ ഡിമാൻഡിനു അനുവദിച്ചിട്ടുള്ള സമയം ഇനിയും രണ്ടുമിനിട്ട് കഴിയുമ്പോൾ അവസാനിക്കുന്നതാണ്.

മി: റവി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അവർ കോടതിയിലേക്കു വരുന്നതു കണക്കിലെടുത്താണോ അതോ താമസിച്ചുവരുന്നു എന്നും അവർ കോർട്ടിലേയ്ക്ക് വരുന്നുണ്ടോ എന്നും അറിവാൻ വല്ല നിവൃത്തിയും ഗവണ്മെന്റിനു ഉണ്ടോയെന്നറിയാനാഗ്രഹിക്കുന്നു.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): ആ സംഗതിയെപ്പറ്റിയാണ് എന്റെ സ്നേഹിതൻ ചോദ്യം ചോദിക്കുന്നതെങ്കിൽ അതിനെപ്പറ്റി വേണ്ടപ്രകാരം വരുത്തിക്കൊടുക്കാം. ഞങ്ങൾ ജില്ലാകോടതികളിൽപോയിട്ട് വളരെക്കാലമായിപ്പോയതുകൊണ്ട് ജില്ലാജഡ്ജിമാർ എപ്പോഴാണ് കോടതികളിലേയ്ക്കു വരുന്നതു എന്നുള്ളതു വ്യക്തമായിട്ടറിയുവാൻ പാടില്ല. എന്നാൽ ഞാൻ ജില്ലാകോടതിയിൽ വ്യവഹരിച്ചുകൊണ്ടിരുന്ന കാലത്ത് ജഡ്ജിമാർ പതിനൊന്നരമണിക്കു കയറിവരുന്നതായി ഞാൻ കണ്ടിട്ടുണ്ട്.

മി: റവി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഈപ്പോൾ പറഞ്ഞതായവിവരങ്ങൾ നിങ്ങളുടെ സ്വന്തം അനുഭവത്തിൽ മാത്രം ഒതുങ്ങുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): ജഡ്ജിമാർ എപ്പോഴാണ് കയറിവരുന്നതു എന്നാരും പറയുന്നില്ല. സെഷൻസ്കോടതിയെ സംബന്ധിച്ചേടത്തോളം ജഡ്ജിമാർ ഹാജരാകുന്നതു മുമ്പു കയറിവരുന്നുണ്ടെന്നു ഞാൻ പറയുകയും, അതുതന്നെ എന്റെ അനുഭവമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

മി: ഹുസൈൻ (ഗവണ്മെൻറു നിയമിച്ചഅംഗങ്ങൾ): കോടതികളിൽ ഇതുവളരെ കൂടിവരുകയും വരുവാനുള്ള കാരണം പക്ഷികളുടെ എപ്പോഴും അവധി മാറുന്നതിനുവേണ്ടിയല്ലയോ എന്നു മിസ്റ്റർ സുബ്ബയ്യരുടെപക്ഷത്തിനിന്നും എനിക്കറിഞ്ഞാൽ കൊള്ളാം?

മി: വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): അതുകൊണ്ടായിരിക്കാം മി: ഹുസൈൻ ആരോപിച്ചതായ ആ കുറ്റം സമ്മതിക്കാൻ ഞാൻ തയ്യാറാണ്.

അങ്ങനെ കോട്ടയത്തെ സംബന്ധിച്ചിടത്തോളം യാതൊരു ബുദ്ധിമുട്ടുമില്ല. ഇനി കൊല്ലത്തേയ്ക്കു കടന്നു നോക്കുന്നപക്ഷം, രണ്ടാമതായുള്ള സബ്കോർട്ടുകളിലുള്ളതുപോലെ ഒന്നുമല്ലാ ജില്ലാകോടതികളിലുംവച്ചു, ക്രിമിനൽ ജോലി സംബന്ധിച്ചിടത്തോളം, കൊല്ലമാണ് ക്ലേശമായിരിക്കുന്നതെന്നു ഞാൻ ഈ സഭയെ ധരിപ്പിച്ചുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ കൊല്ലത്തെ ശരാശരിക്കണക്കു നോക്കിയാൽ നാം കാണുന്നുണ്ട്. അപ്പീലുകളുടെ എണ്ണവും സെഷൻകേസുകളുടെ എണ്ണവും മറ്റുള്ളതിനെക്കാളും കൂടുതലും, സിവിൽകേസുകളിൽ മിക്കതും ഒന്നാം ജഡ്ജിയുടെ ബഞ്ചിലാണു കിടക്കുന്നതെന്നും, അതിനാൽ അവയെല്ലാം പെട്ടെന്നു തീർക്കുമായി വരുന്നു എന്നും, ഞാൻ പറഞ്ഞുകൊള്ളുന്നു. ഇവയ്ക്കെല്ലാം സംബന്ധിക്കാതെ രണ്ടാംജഡ്ജിയുടെ ബെഞ്ചിൽ പൊന്നംവിലസംബന്ധിച്ചുള്ള അനേകം കേസുകളും കിടപ്പുണ്ട്. ഇപ്പോൾ അച്ചടക്കമുള്ള പൊന്നംവില കേസുകളുടെയെണ്ണം വളരെ അധികമാണ്. മുൻപു അതു അപൂർവമായിരുന്നു. ഇപ്പോൾ അതു ഇത്രപെട്ടെന്നു മാത്രമേ ഉള്ളുകിലും വിസ്താരത്തിനു പല സ്ഥിതികളിലിരുന്നിരുന്ന ബാക്കിയുള്ള 8 കേസുകളെയും രണ്ടാംജഡ്ജി, പൊന്നംവിലഉദ്യോഗസ്ഥൻ അവയുടെ റഫറൻസ് സ്വന്തംകൈപ്പടയിൽ എഴുതിയില്ലാ എന്ന കാരണത്തിനേൽ തള്ളിക്കളഞ്ഞു. അതൊരു സാങ്കേതികമായ കാരണത്തിന്മേലാണു ചെയ്തിട്ടുള്ളതു്, പൊന്നംവിലഉദ്യോഗസ്ഥനു മുന്നോടിയെ സ്വന്തം കൈപ്പടയിൽ പകർത്തിതിരിച്ചയക്കണമെന്നുള്ള. അതുനിമിത്തം ഇപ്പോൾ വസ്തുവത്തിൽ നൂറു പൊന്നംവിലക്കേസുകൾ ഉണ്ടെന്നു നമുക്കു കണക്കാക്കാം. അതു പട്ടെന്നു തീർത്തുകൊടുക്കുവാൻ ആണു, പൊന്നംവില കൊട്ടത്തെക്കാൻതന്നേശിച്ചിരിക്കുന്നതായ വസ്തുവിന്റെവില നിശ്ചയിക്കുന്നതിനെസംബന്ധിച്ചു വേണ്ട മുൻകരുതലുകൾ ചെയ്യാതിരിക്കുന്നതിന്റെ ഫലമായി, പ്രതിഫലത്തെസംബന്ധിച്ചിടത്തോളം സർക്കാരിനു നഷ്ടം സഹിക്കുന്നതെന്നു നമുക്കു അനുഭവംകൊണ്ടറിയാമല്ലൊ. അതുകൊണ്ടു ന്യായമായ വിലയിലും പൊട്ടത്തുക്കു വേണ്ട മുൻകരുതലുകൾ ചെയ്യേണ്ടതിനും വസ്തു ഉടമസ്ഥനു അതിന്റെവില സമയത്തിനു ലഭിക്കുന്നു എന്നു നോക്കുന്നതിനും സർക്കാർപക്ഷത്തിൽ ജാഗ്രതയോടുകൂടിയിരിക്കേണ്ടതാണ്. എന്നിരിക്കെ സർക്കാർവക്കീലുമാരുടെ അശ്രദ്ധയും മറ്റും സംബന്ധിച്ചുതന്നെ പലപ്രാവശ്യം കക്ഷികളും പത്രങ്ങളും പറഞ്ഞിട്ടുള്ള നിന്നിട്ടും അതുചൊല്ലും കഴിഞ്ഞിട്ടും തീർച്ചയായി അറിയിച്ചിട്ടുള്ള കേസുകളെല്ലാം ഇനിയും തീർച്ചയാകാതെ കൊണ്ടുപിടിച്ചുകോർട്ടിൽതന്നെ കിടക്കുകയാണെന്നും അവരുടെ വസ്തുക്കളെല്ലാമെടുത്തിട്ടും അവർക്കു അവയുടെ വിലയാതൊന്നും കിട്ടിയില്ലെന്നുള്ളതു വാസ്തവമായ ഒരു സംഗതിയാണെന്നും എനിക്കു അറിയാം. അതു എന്തുകൊണ്ടെന്നാൽ കോടതി ഈ കേസുകളെ തീർച്ചചെയ്യുന്നതിനു സ്ഥിരതയില്ലായ്മയുള്ളതുകൊണ്ടാണ്. ടിമ്മിനൽ ജോലി എടുത്തു നോക്കുന്നതായാൽ അതാണ് അവിടെ ഏറ്റവും ക്ലേശമായിരിക്കുന്നതെന്നു കാണാം.

മി: ജി. പരമേശ്വരൻപിള്ള (തെയ്യാറാക്കർ): ടെമ്പററി സർക്കാർവക്കീൽ അവിടെ ജോലി അരംഭിച്ചിട്ടു എത്രനാളായിട്ടുണ്ട്?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടറിക്കുവേണ്ടി): ഈയ്യിടെ രണ്ടു കൊല്ലങ്ങളായി മാറിമാറിയാണ് എന്നു തോന്നുന്നു. ഇടക്കു കുറെക്കാലത്തേക്കു ജോലിയില്ലാതിരുന്നതിനാൽ, പിന്നീടു ജോലി കൂടി. അതുകാരണം അവിടത്തെ പബ്ലിക് പ്രോസിക്യൂട്ടർക്കു ഒരു സഹായം ആവശ്യമുണ്ട്. പക്ഷെ, ഈ പഴയ കേസുകളെ എല്ലാം തീർത്തിൽ ജോലി വളരെ ക്ലേശമായിരിക്കുകയില്ലെന്നു ഞാൻ വിചാരിക്കുന്നു.

നാം തിരുവനന്തപുരത്തെ സ്ഥിതി നോക്കുന്നതായാൽ അവിടെ മൂന്നു ജഡ്ജിമാർ ഇതുപോലെ വേലചെയ്യുന്നതായി കാണാം. അതുപോലെ നഗരങ്ങളിൽനിന്നും നാം കാണുന്നതുപോലെ ഡിസ്ട്രിക്ട്ജഡ്ജിക്കു ഒരു കൊല്ലത്തിൽ കുറെ ദിവസത്തിൽ മുടങ്ങാതെ സെഷൻസുജോലിയുണ്ടായിരിക്കുന്നതിനാൽ രണ്ടാംജഡ്ജിയുടെ ബെഞ്ചിൽ

തിരുച്ചെടുത്തെ തീർക്കുന്ന സർക്കാർകേസുകളെ തീർപ്പുചെയ്യുന്നു സംബന്ധിക്കുന്നതല്ല. രണ്ടാംജഡ്ജിയുടെ ബെഞ്ചിൽ കിടക്കുന്ന കേസുകളെ തീർപ്പുചെയ്യാൻ ഡിസ്ട്രിക്ട് ജഡ്ജിക്കു വേണ്ട സമയമില്ലെന്നതുകൊണ്ടു. ഞാനിപ്പോൾ കോട്ടയത്തിൽ നടപ്പുള്ള പതിവിനെപ്പറ്റി പറയുകയായിരുന്നു. ആ പതിവു ഇനിയും തുടരുകയാണെങ്കിൽ രണ്ടു ബെഞ്ചിനും ഫലത്തിൽ സമമായിരിക്കുമെന്നും പറയുന്നതിൽ ഉദ്ദേശിച്ചിരിക്കുകയില്ലെന്നു ഞാൻ വിചാരിക്കുന്നു. ഒരു വക്കീലിനു രണ്ടു ബെഞ്ചിലും ഹാജരാകേണ്ടിയിരിക്കുമ്പോൾ ഒരെണ്ണത്തിൽ ഒരു കേസുണ്ടെന്നു നിർബന്ധിക്കുകയും അയാൾ വേറെ ഒരു കേസിൽ വാദിക്കുകയായിരുന്നതിനാൽ ഒരു പക്ഷത്തിൽ നോട്ടീസ് കാണിക്കേണ്ട താക്കീതും കാണിക്കുകയില്ലെന്നു പറയുകയും ചെയ്യുന്നു. രണ്ടിലെയും സർക്കാർവക്കീലന്മാർ ഒരേ സ്ഥലങ്ങളിൽ എപ്പോഴും ഉണ്ടായിരിക്കണമെന്നു ഒരു കേസും ഏറ്റെടുക്കരുതെന്നും ഇതിനു മാറ്റമുണ്ടാകുന്നതിനു നിർബന്ധിക്കുന്നതിനു ഞാൻ വിചാരിക്കുന്നു. അവർ ജഡ്ജിമാരോടു ബാക്കിയുള്ള കേസുകളെ തീർക്കുന്നതിനു നിർബന്ധിക്കുമ്പോൾ ജഡ്ജിമാരുടെ മുമ്പിൽ സർക്കാരുടെ പ്രതിനിധ്യം വഹിക്കുന്നതിനു വല്ലവരും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. അപ്രകാരമുള്ള കേസുകളെ വല്ല സ്പെഷ്യൽവക്കീലന്മാരെ ഏർപ്പെടുത്തി അവർക്കു ഓരോ കേസിനുമുള്ള പീസും കൊടുത്തു നടത്തുവാൻ സാധിക്കുകയില്ലയോ എന്നു പക്ഷേ ചോദിച്ചേക്കാം, സ്പെഷ്യൽവക്കീലന്മാരെ ഏർപ്പെടുത്തുന്നതു അധികം ചെലവാകുന്നതാണു് ഇപ്രകാരം സ്പെഷ്യൽവക്കീലന്മാരെ ഏർപ്പെടുത്തുന്നതിനേക്കാൾ സർക്കാർവക്കീലന്മാർക്കു ശമ്പളംകൊടുക്കുന്നതാണ് ലാഭം എന്നു എനിക്കുതോന്നുന്നു. ഒരു സർക്കാർവക്കീലിനു നാമിപ്പോൾ കൊടുക്കുന്ന ശമ്പളം തീരെ നിസ്സാരമാണ് അതുകൊണ്ടു രണ്ടാംബെഞ്ചിലും തുടർന്നുബെഞ്ചിലും ജഡ്ജിമാരിരുന്നു വേല ചെയ്യുമ്പോഴും, തിരുവനന്തപുരം, കൊല്ലം, കോട്ടയം മുതലായ സ്ഥലങ്ങളിൽ പലയകേസുകളും, പൊന്നാംവില കേസുകളും തീരാതെ കിടക്കുമ്പോഴും, സർക്കാർവക്കീലന്മാരെയെല്ലാം വേറെയൊരുവച്ചു ഒന്നാംജഡ്ജിയെങ്കിലും അല്ലാത്തപക്ഷം സെഷൻസ് ജഡ്ജിയെങ്കിലും ഈ കേസുകളെല്ലാം വിസ്തരിച്ചു തീർക്കണമെന്നു നിർബന്ധിക്കുന്നതു ന്യായമായിരിക്കുമോഎന്നു പറയുന്നതിനായി ഞാൻ ഈ സഭയുടെ പരിഗണനയ്ക്കു സമർപ്പിച്ചിട്ടുള്ള ഭേദഗതിയെ പിന്താങ്ങണമെന്നു വിശ്വസിക്കുകയും, ടെമ്പററി സർക്കാർവക്കീലന്മാരെ നിയമിക്കുന്നതിനു മുമ്പു അവർ സന്തോഷപൂർവ്വം അനുവദിക്കുമെന്നു വിചാരിക്കുകയും ചെയ്യുന്നു.

മി: ജെ. ജാൺനിധിരി (ചങ്ങനാശ്ശേരിയും, മീനച്ചലും): സർ,—

അദ്ധ്യക്ഷൻ:—മി: നിധിരി, സമയം കഴിഞ്ഞിരിക്കുന്നു. ഈ ഡിമാൻഡിനെ പോട്ടിനിടണമെന്നു ഞാൻ വിചാരിക്കുന്നു.

മി: ജെ. ജാൺനിധിരി (ചങ്ങനാശ്ശേരിയും, മീനച്ചലും): എനിക്കു ഒരു വാക്കു മാത്രമേ പറയാനൊള്ളു. കോട്ടയംകോർട്ടിനെ സംബന്ധിച്ചിടത്തോളം അവിടെ കേടേതികരം നടന്നുകൊണ്ടിരിക്കുന്നതിനാൽ, കുറെ കാലത്തേക്കുകൂടിയെങ്കിലും രണ്ടു സർക്കാർവക്കീലന്മാർ അത്യാവശ്യമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറിൻകര): ടെമ്പററി സർക്കാർവക്കീലന്മാരെ ഇനിയും വച്ചുകൊണ്ടിരിക്കുന്നതിലേക്കുള്ള സ്റ്റീമിനെ ഞങ്ങൾ ആദ്യമായി ആലോചനയ്ക്കെടുത്തപ്പോൾ മിസ്റ്റർ സുബ്ബയ്യരുടെ ഈ വാക്കുകളെല്ലാം ഞങ്ങളുടെ മുമ്പിലുണ്ടായിരുന്നു. കോട്ടയത്തെ സംബന്ധിച്ചിടത്തോളം കുറെകാലത്തേക്കുകൂടി രണ്ടു സർക്കാർവക്കീലന്മാർ വേണമെന്നു മിസ്റ്റർ നിധിരി ആവശ്യപ്പെട്ടിരിക്കുന്നു എങ്കിലും, കൊല്ലവും തിരുവനന്തപുരവും അപേക്ഷിച്ചു കുടിശ്ശിക അത്ര അധികമുണ്ടെന്നു തോന്നുന്നില്ല. ഈ കേസുകളെല്ലാം ഒന്നാംബെഞ്ചിൽത്തന്നെ ഇടത്തക്കവണ്ണം ഒരു ഫിൽപ്പാട്ടചെയ്യാൻ കഴിയുമെങ്കിൽ സ്ഥിരസർക്കാർവക്കീലിന് ഇവയെല്ലാം നടത്തുന്നതിനു കഴിയുമെന്നുവന്നേക്കാം.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഫെഡ്സർക്കാർവക്കീൽ,: തിരുവനന്തപുരം രണ്ടാംബെഞ്ചിൽ ഫസ്റ്റ് മുതൽ ഫിഫ്റ്റി കേസുകളുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറിൻകര): ആ കണക്ക എപ്പോഴാണ് തയാറാക്കപ്പെട്ടതു്.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഫെഡ്സർക്കാർവക്കീൽ): ഫസ്റ്റ് അവസാനത്തിൽ അവ ആകപ്പാടെ ഇവ എണ്ണമുണ്ടായിരുന്നു. ഈ കണക്ക ഇന്നയിടയ്ക്കാണ് കിട്ടിയതു്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറിൻകര): ഈ മൂന്നുകേസുകളിലുമുള്ള അവകാശത്തെ സർക്കാർ സമ്മതിച്ചുവോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഫെഡ്സർക്കാർവക്കീൽ): ഇന്നലെയാണ് ആ കണക്ക ഞങ്ങൾക്കു കിട്ടിയതെന്നു ഞാൻ വിചാരിക്കുന്നു.

മി: പി. കെ നാരായണപിള്ള (അമ്പലപ്പുഴ): എനിക്കുകൂടി അറിയാമോ?

അദ്ധ്യക്ഷൻ: മി: പരമേശ്വരൻപിള്ളയുടെ ചോദ്യത്തിനു അദ്ദേഹം ഉത്തരം പറയട്ടെ.

മി: വി. സുബ്ബയ്യർ (അഡീക്ഷണൽ ഫെഡ്സർക്കാർവക്കീൽ): ഫസ്റ്റ് അവസാനത്തിലാണ് ആ കണക്ക എനിക്കുകിട്ടിയതെന്നും അതിൽ വലിയ വ്യത്യാസമൊന്നുമില്ലെന്നും ഞാൻ വിചാരിക്കുന്നു. ആ കണക്കിൽ നിന്നും ഫസ്റ്റ് അവസാനത്തിൽ തീർപ്പായകാതെ കേസുകളുടെ എണ്ണം ഇവ ആണെന്നു കാണാവുന്നതാണ് ഇന്നലെ കിട്ടിയ സ്റ്റേറ്റുമെൻറും അതേ സംഖ്യയെത്തന്നെ കാണിക്കുന്നു. അയച്ചതമ്മിലുള്ള സംഖ്യകൾ മുഴുവനും ശരിയാകണമെന്നു ഞാൻ വിചാരിക്കുന്നു; എന്തുകൊണ്ടെന്നാൽ ഒന്നാംജഡ്ജിയുടെ മുമ്പിൽ കിടന്ന എണ്ണം ൪൫-, രണ്ടാംജഡ്ജിയുടെ മുമ്പിൽ കിടന്ന എണ്ണം ൫൭-ം അങ്ങനെ ആകപ്പാടെ ഇവ എണ്ണമായിരുന്നു. അതുകൊണ്ടു ഇന്നലെ ഉച്ചക്കു എനിക്കു കിട്ടിയ ലിസ്റ്റിൽ തീർപ്പാകുവരാതെ കിടക്കുന്ന കേസുകളുടെ എണ്ണം ഇവ എന്നായിരിക്കുന്നതിനാൽ അതിൽ വല്ല വ്യത്യാസവുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കോട്ടയം ജില്ലാകോടതിയിൽ തീർപ്പാകുവരാതെ കിടക്കുന്ന എണ്ണം അദ്ദേഹം പറഞ്ഞ രണ്ടു വലിയകേസുകളും വിധിക്കപ്പെട്ടു എന്നുള്ള വസ്തുത അദ്ദേഹത്തിനറിയാമോ?

ഇ. വി. സുബ്ബയ്യർ (അഡീഷണൽ ഗവർമെന്റ് പ്ലീഡർ): എനിക്കറിയാമെങ്കിൽ, പക്ഷെ, കണക്കുപുസ്തകത്തിൽ പണമിടപാടിൽക്കാണാം. ഓരോന്നിനെപ്പറ്റിയും സംബന്ധിച്ചിടത്തോളം ശരിയായ സംഖ്യയെ അറിയണമെന്നു ഞാൻ ആഗ്രഹിപ്പെട്ടു. കുറെ അധികദിവസം ഇതുമായി കേസുകളിലേർപ്പെട്ടു തീർച്ചയാക്കാൻ കഴിഞ്ഞില്ലെന്നു എനിക്കു വിശ്വസിക്കണം. നാം ഇപ്പോൾ കക ൦൦-ാമതു കക്ഷിയിൽനിന്നു ക്ലെയിം ചെയ്യുന്നതു സെപ്തംബറിലുള്ള സെഷൻസുകാരും നടത്തിക്കൊണ്ടിരിക്കുന്ന അവലോകനത്തിന്റെ ഫലം നടപ്പിൽവരുത്തുവാൻവേണ്ടി ഈ കോടതിക്കുള്ളതാണെന്നു അഭിപ്രായപ്പെടുന്നതിനു കഴിയുമോ എന്നു എനിക്കറിയുവാൻപാടില്ല.

അദ്ധ്യക്ഷൻ: മി: പരമേശ്വരൻപിള്ള, നിങ്ങൾ ഉപക്ഷേപം പിൻവലിക്കുന്നതിനെപ്പറ്റി ഇനിയും നിശ്ചയിക്കുന്നുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, അതെ.

ഉപക്ഷേപം പിൻവലിച്ചതിൽ ചില അംഗങ്ങൾ അനുകൂലമായും ചില അംഗങ്ങൾ പ്രതികൂലമായും വോട്ടുചെയ്തതിനാൽ പാസ്സാക്കപ്പെട്ടില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാൻ ഒരു പ്രമേയം അവതരിപ്പിക്കുന്നു.

താഴെപ്പറയുന്ന ഫലമനുഭവിക്കുന്നതിനു പ്രമേയം എടുക്കപ്പെട്ടു.

അനുകൂലകക്ഷി ൧൯.

൧. മി: റവ. കെ. വേലുപ്പിള്ള.
൨. മി: എം. ആർ. മാധവവാര്യർ.
൩. മി: എം. എൻ. പിള്ള.
൪. മി: പി. കെ. നാരായണപിള്ള.
൫. മി: എൻ. രാമകൃഷ്ണപിള്ള.
൬. മി: എൻ. പത്മനാഭപിള്ള.
൭. മി: ജി. പരമേശ്വരൻപിള്ള.
൮. മി: ജോസഫ് പഞ്ഞിക്കാരൻ.
൯. മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല).
൧൦. മി: എൻ. കുമാരൻ.
൧൧. മി: റവ. കുമാരപിള്ള.
൧൨. മി: തരിയത്തുകുഞ്ഞിക്കോമ്മൻ.
൧൩. മി: വി. കുഞ്ഞുകൃഷ്ണപിള്ള.
൧൪. മി: റവ: ഫാദർ—കുറിയാക്കോസ് വെട്ടിക്കാപ്പള്ളിൽ.
൧൫. മി: സ്. പി. കൊച്ചുകുഞ്ഞുപിള്ള.
൧൬. മി: എ. ഗോവിന്ദമേനവൻ.
൧൭. മി: ഫാദർ വി. ഡാനിയൽ.
൧൮. മി: റവ. എം. ചിങ്ങവനത്തോണപിള്ള.
൧൯. മി: എ. ഫ്ലെർഫ്.

പ്രതികൂലകക്ഷി ൨൦.

൧. മി: വി. സുബ്ബയ്യർ.
൨. മി: എസ്സ്. പരമേശ്വരയ്യർ.
൩. മി: ആർ കൃഷ്ണപിള്ള.
൪. മി: കെ. ജാള്ളസ്സ്.
൫. മി: ജെ. സ്റ്റീഫൻസൺ.
൬. മി: ആർ. ധനുക്കോടിപ്പിള്ള.
൭. മി: കെ. പരമേശ്വരൻപിള്ള (ആക്ടിംഗ് ഡയറക്ടർ ആഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഫിഷറീസ്).
൮. മി: എസ്സ്. സി. എച്ച്. റോബിൻസൺ.
൯. റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ.
൧൦. മി: കെ. വി. നടേശയ്യർ.
൧൧. മി: എം. രാജാരാജവർമ്മ.
൧൨. മി: ഐ. സി. ചാക്കോ.
൧൩. മിസ്സസ്സ് പുന്നൻ മുക്കോസ്.
൧൪. മി: ആർ. കെ കുഞ്ഞുപിള്ള.
൧൫. മി: എ. ജെ. വാൻറാസ്സ്.
൧൬. മി: പി. പരമേശ്വരൻ.
൧൭. മി: ജെ. ജാൻസിയിരി.
൧൮. മി: പി. റവി. തോമസ്സ്.
൧൯. മി: എസ്സ്. സുബ്രഹ്മണ്യക്കുറയാളർ.
൨൦. മി: ജാൺമക്കി.

ഉപക്ഷേപം തള്ളപ്പെട്ടു.

ഉപക്ഷേപം ക്രമൻ.

ഇതേ സംഗതിയെപ്പറ്റി മുള്ള ഉപക്ഷേപം ക്രമവു തള്ളപ്പെട്ടതിനാൽ ഈ ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി: എം. ആർ. മാധവമേനോൻ: —

ക്രമൻ. ടെമ്പററിസെക്രട്ടേറിയേറ്റിലേക്കുള്ള തൽക്കാലസ്ഥാപനത്തിനു നീക്കിവച്ചിട്ടുള്ള രൂപാ ക,൦൪൯-ം തള്ളണം.

ഉപക്ഷേപം ക ൦ മുതൽ ക ൧ൻ വരെ.

അവയുടെ ഡിമാന്റുകൾക്കു അനുവദിച്ചിരുന്ന സമയം കഴിഞ്ഞുപോയതിനാൽ താഴെ ചേർക്കുന്ന ഉപക്ഷേപങ്ങളും പൊയ്പോയി.

മി: എൻ. കുമാരൻ:—

ക ൭ ൦. വക്കീലന്മാരുടെ ഫീസിനു അനുവദിച്ചിട്ടുള്ളരൂപാ ൪,൦൦൦-വും വിട്ടേയ്ക്കണം.

മി: ജി. പരമേശ്വരൻപിള്ള:—

ക ൭ ക. വക്കീലന്മാരുടെ ഫീസിനു അനുവദിച്ചിട്ടുള്ള ൪,൦൦൦-ൽ, ൨,൦൦൦-രൂപ കുറയ്ക്കണം.

മി: കെ. പരമേശ്വരൻപിള്ള:—

ക ൭ ഖ. വക്കീലന്മാർക്കു ഫീസിനു അനുവദിച്ചിട്ടുള്ള ൪,൦൦൦ രൂപയിൽ ൨,൦൦൦ രൂപ കുറയ്ക്കണം.

മി: എൻ. രാമകൃഷ്ണപിള്ള: —

ക ൭ ന. വക്കീലന്മാരുടെ ഫീസിനായി നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപയിൽ ൨,൦൦൦ രൂപ കുറയ്ക്കണം.

മി: വി. കുഞ്ഞുകൃഷ്ണപിള്ള:—

ക ൭ ൪. അഡിഷണൽ ഹെഡ്സെക്രട്ടേറിയക്കീലിനു അനുവദിച്ചിട്ടുള്ള ൪,൨൦൦ രൂപയിൽ ൨൦൦ രൂപാ കുറയ്ക്കണം.

മി: എൻ. കേശവൻ:—

ക ൭ ങ. അഡിഷണൽ ഹെഡ്സെക്രട്ടേറിയക്കീലിനു അനുവദിച്ചിട്ടുള്ള ൪,൨൦൦ രൂപയിൽ ക൦൦ രൂപ കുറയ്ക്കണം.

മി: കെ. പരമേശ്വരൻപിള്ള:—

ക ൭ ൬. ലാ ഉദ്യോഗസ്ഥന്മാർക്കായി നീക്കിവച്ചിട്ടുള്ള ൩൦,൭൨൭ രൂപയിൽ നിന്നും ക൫൦ രൂപ കുറയ്ക്കണം.

മി: എം. എൻ. പിള്ള:—

ക ൭ ൭. ലാ ഉദ്യോഗസ്ഥന്മാർക്കായി നീക്കിവച്ചിട്ടുള്ള ൩൦,൭൨൭-രൂപയിൽനിന്നും ക൦൦ രൂപ കുറയ്ക്കണം.

മി: എം. ആർ. മാധവവാരിയർ:—

ക ൭ ൮. ലാ ഉദ്യോഗസ്ഥന്മാർക്കായി നീക്കിവച്ചിട്ടുള്ള ൩൦,൭൨൭ രൂപയിൽനിന്നും ക൦൦ രൂപാ കുറയ്ക്കണം.

മി: എം. ആർ മാധവവാരിയർ

ക ൭ ൯. ഡിമാൻഡ് IX എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള ൯൭,൫൦ ലക്ഷം രൂപയിൽനിന്നും ക൦൦ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: രൂപ ൯൭,൫൦ ലക്ഷത്തിൽനിന്നും ക൦൦ രൂപ കുറച്ചുള്ള നീതിന്യായവകുപ്പിലെ ഡിമാൻഡ് IX-നെ ഞാൻ ഈ സഭ മുമ്പാകെ വോട്ടിന് ഇടുകയും അതിനെ ഈ സഭ അനുവദിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

ആ അനുവാദം നൽകപ്പെട്ടു.

ഡിമാൻഡ് X കസൻറൽ ജെയിൽ.

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): സർ, സെൻട്രൽ ജയിൽസംബന്ധിച്ചുള്ള ൫൫ ലക്ഷം രൂപയിൽ കവിയാത്ത ഡിമാൻഡ് X-നെ അനുവാദത്തിനായി ഞാൻ ഈ സഭ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

മി: എൻ. കുമാരൻ (ഗവണ്മെൻറ നിയമിച്ചമെമ്പർ): സർ, ഞാൻ ഈ ഉപക്ഷേപം സമർപ്പിച്ചുകൊള്ളുവാൻ—

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഉപക്ഷേപത്തിൽ ചേർത്തിരിക്കുന്നതിനെ നോട്ടിൽപറയുന്നപോലെ ൪,൦൦൦ൽ ചിലവാനം രൂപയെ ഈ ഡിമാൻഡ്യിൽ ഉൾപ്പെട്ടതായിട്ടില്ല.

മി: എൻ. കുമാരൻ (ഗവണ്മെൻറ നിയമിച്ചമെമ്പർ): എന്നാൽ ഞാൻ ഈ ഉപക്ഷേപം സമർപ്പിക്കുന്നില്ല

മി: ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): എന്തിനാണ് ആ തുകയെ കുറച്ചതെന്ന് എനിക്ക് അറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ: ചില സ്ത്രീകളെല്ലാം ബഡ്ഡറിൽ ആല്യമായിട്ട് ഉൾപ്പെട്ടതായിട്ടുണ്ടായിരുന്നു. എന്നാൽ, വെള്ളപ്പൊക്കം നിമിത്തമുണ്ടായ കണ്ടുതകളുടെ നിവാരണംസംബന്ധിച്ചുള്ള ചിലവുകളുടെ വർദ്ധനകൊണ്ടു അവയെ എല്ലാം പണ്ടിട്ടു കൂട്ടുപ്പെട്ടു മുഴുവൻതുകയും കുറച്ചില്ല, അഞ്ഞൂറിചിലവാനം രൂപ ചേർത്തിട്ടുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): അങ്ങനെയാണെങ്കിൽ ഞാൻ എന്റെ ഉപക്ഷേപവും സമർപ്പിക്കുന്നില്ല.

ഉപക്ഷേപങ്ങളും കവുർ മുതൽ കവുൻ വരെ.

താഴെ ചേർക്കുന്ന ഉപക്ഷേപങ്ങളും സഭയിൽ വായിക്കപ്പെട്ടില്ല.

മി: എൻ. കുമാരൻ

കവുർ. മണ്ണുങ്ങടെ വാങ്ങുന്നതിനും, നന്നാക്കുന്നതിനും ആയി അനുവദിച്ചിട്ടുള്ള 3,500 രൂപയെ കുറയ്ക്കണം.

മി: ജി. പരമേശ്വരൻപിള്ള

കവുക. യന്ത്രങ്ങളും വാങ്ങുന്നതിനും നന്നാക്കുന്നതിനും ആയി അനുവദിച്ചിട്ടുള്ള 3,500 രൂപയെ കുറയ്ക്കണം.

മി: എൻ. രാമകൃഷ്ണപിള്ള

കവുഉ. യന്ത്രങ്ങളും വാങ്ങുന്നതിനും നന്നാക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള 3,500 രൂപയിൽ 3,000 രൂപ കുറയ്ക്കണം.

മി: വി. കുഞ്ഞുകൃഷ്ണപിള്ള

കവുങ. യന്ത്രങ്ങളും വാങ്ങുന്നതിനും നന്നാക്കുന്നതിനും ആയി അനുവദിച്ചിട്ടുള്ള 3,500 രൂപയിൽ നൂറു രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: സെൻട്രൽ ജെയിൽ സംബന്ധിച്ചു. ഈ വകയും രൂപയ്ക്കുള്ള ഡിമാൻഡിനെ ഞാൻ ഈ സഭയിൽ വോട്ടിനാഭ്യർത്ഥിക്കും. അതിനെ ഈ സഭ അനുവദിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

അനുവദിക്കപ്പെട്ടു.

ഡിമാൻഡ് കവ. പോലീസ്.

മി: ആർ. കെ. കുട്ടപ്പിള്ള (അഭ്യർത്ഥന പോലീസ് കമ്മീഷണർ): ഡിമാൻഡു കവ. പോലീസ എന്ന ഇനത്തിൽ 3,00,00 രൂപയിൽ കവിയാതെ ഒരു തുക അനുവദിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

താഴെ ചേർക്കുന്ന ഉപക്ഷേപങ്ങളും ഹാജരാക്കപ്പെട്ടില്ല:—

ഉപക്ഷേപങ്ങളും കവുര മുതൽ കവുൻ വരെ.

മി: വി. കുഞ്ഞുകൃഷ്ണപിള്ള:—കവുര, ട്രാവലിംഗ് അലവൻസിനു അനുവദിച്ചിട്ടുള്ളതു 9000 രൂപയിൽ 8000 രൂപ കുറയ്ക്കണം.

മി: എൻ. രാമകൃഷ്ണപിള്ള:—കവുഉ, സ്റ്റേഷനറിസാമാനങ്ങൾക്കും, സബ്സിഡറികൾക്കും, പ്രിന്റിംഗിനും ആയി നീക്കിവച്ചിട്ടുള്ള കവുൻ 0 രൂപയിൽ നിന്നും 8000 രൂപ കുറവുചെയ്യണം.

മി: വി. കുഞ്ഞുകൃഷ്ണപിള്ള:- കവുങ, സ്റ്റേഷനറിസാമാനങ്ങൾക്കും, സാധുകൾക്കും, വസ്ത്രങ്ങൾക്കും ആയി നീക്കിവച്ചിട്ടുള്ള കവു 000 രൂപയിൽ നു00 രൂപകുറയ്ക്കണം.

മി: വി. കുഞ്ഞുകൃഷ്ണപിള്ള:- കവുട, സമ്മാനങ്ങൾക്കായി വച്ചിരിക്കുന്ന 800 രൂപയിൽ നു00 രൂപകുറയ്ക്കണം.

മി: എൻ. രാമകൃഷ്ണപിള്ള:- കവുഖ, യന്ത്രിലഭാക്ക് ഫീസിനായി അനുവദിച്ചിട്ടുള്ള രൂപ 800-ൽ നു00 രൂപകുറയ്ക്കണം.

മി: വി. കുഞ്ഞുകൃഷ്ണപിള്ള കവുൻ ആഫീസുവക ചിലവുകൾക്കും പ്രിന്റിംഗ ചിലവുകൾക്കും, ആയി നീക്കിവച്ചിട്ടുള്ള 4000 രൂപയിൽ നു0 രൂപകുറയ്ക്കണം.

നിവേദനം കൺ0.

മി: എം. ആർ. മാധവവാര്യർ (രചനയനുസരിച്ചു, പത്മനാഭനിട്ടായും): സർ, ഞാൻ താഴെ ചേർക്കുന്നതി നിവേദനത്തെ സഭമുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

കൺ0 പോലീസ്സ്കമ്മീഷണർക്കു അനുവദിച്ചു കൊടുത്തിട്ടുള്ള സപ്ലിമെന്ററി 0 രൂപയിൽ നിന്നും 4000 രൂപ കുറവു ചെയ്യണം.

ഞാൻ ഈ പ്രമേയം ഉത്ഥാപിച്ചിട്ടുള്ളതു തിരുവിതാംകൂർ മഹാറാണി ദീർഘവീക്ഷണമെന്നിയെ പ്രജകളോടു വച്ചുപുലർത്തുവച്ചു പോലീസുകാർ ചെയ്യുന്നു എന്നു പറയപ്പെടുന്ന അമാനുഷികവും അന്യായവുമായ പ്രവൃത്തികളെപ്പറ്റി വാഗ്വിവാദം നടത്തുന്നതിലേക്കാകുന്നു. മഹാരാജാവുതിരുമനസിലെ കാരുണ്യവളപ്പിൽ വച്ചു നടന്നതായി വിശ്വാസത്തിലധികമുള്ളതും പോലീസുകാരുടെ അക്രമത്തിനും ദേഷ്യം പോലീസുകാരുടെ നടപടിയെപ്പറ്റിയുള്ള പ്രതികൂലമായ വിമർശനത്തിനു പാത്രമായിത്തീർന്നിരിക്കുകയാണല്ലോ. ആക്ഷേപകർമ്മമായ അവരുടെ ഉദ്ദണ്ഡതകളെ മുഴുവൻ കുറിക്കുന്നതായവണ്ണം, നിയമകർക്ഷേത്രാരോഹണം ചെയ്യപ്പെടുന്നവരും രാജ്യനിവാസികളുടെ ദോഷങ്ങളുടേയും (ശരീരങ്ങളുടെയും) സമ്പത്തുകളുടേയും രക്ഷയ്ക്കായിട്ടു പൊതുജനങ്ങളുടെ പണം ചെലവിട്ടു പോറ്റിരക്ഷിക്കുന്നു വരുന്നവരുമായ പോലീസുകാർ ജനങ്ങളുടെ മേൽവച്ചു തന്നെ പട്ടാപ്പകൽ രാജ്യത്തിനെതിരായുള്ള പരസ്യമായി ലംഘിക്കുകയും, നിയമത്തിനു വിധേയമായിരിക്കുന്നതിനു പകരം നിയമങ്ങളെ കൂസാതെ ധിക്കാരത്തോടുകൂടി വർത്തിക്കുകയും ചെയ്യുന്നു എന്നുള്ള ആക്ഷേപങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്നതിനെപ്പറ്റി ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, അതുപോലെ പോലീസുകാർ കാഴ്ചക്കു ഭയങ്കരന്മാരായിരുന്നാലും ഭീരുക്കളായിരിക്കുന്നതുകൊണ്ടു, തടയപ്പെട്ടിട്ടുള്ള റോഡുകളുടെ കുറുക്കുവഴികളെ കണ്ടുപിടിക്കുന്നതിലും വിദഗ്ദ്ധന്മാരായിരുന്നു എന്നുള്ളതിനെപ്പറ്റി ആളുകൾക്കു പോലീസുകമ്മീഷണർ ജനങ്ങളിൽ പ്രവേശിക്കുമ്പോൾ, അദ്ദേഹം വിപ്രവർദ്ധമാൻറിന്റെ നാമം മാറിയിരുന്നാലും, അതു ഉടനെതിരുത്തേണ്ടതുണ്ടെന്നുള്ളതിനെപ്പറ്റിയും ഓർമ്മിപ്പിക്കുന്നതിനും ഒരു പ്രത്യേക ശ്രദ്ധയുണ്ടാകത്തക്കവണ്ണം ഭീഷണിയിലും അടക്കിനിർത്തുവാൻ ശ്രമിച്ചുവരുന്നു, ഒരു വിശ്വാസം ജനിപ്പിക്കപ്പെട്ടു. പോലീസുകാരുടെ സഹകർത്തവ്യങ്ങളുടെ ഉള്ളടക്കത്തിലുള്ള ചില അജ്ഞതകളും, ചെയ്യപ്പെട്ട അക്രമപ്രവൃത്തികളെ പരാജയങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതുപോലും, ഒരു പൊതുയോഗത്തിൽ വച്ചു അന്വേഷണം നടത്തി പോലീസുകാരുടെ നടത്തയെപ്പറ്റി അഭിപ്രായപ്പെടുകയോ അല്പങ്കിൽ കൂടെക്കൂടെ ശിക്ഷകൊടുക്കുകയോ ചെയ്യുന്നതിനു പകരമോ, ഗവ

ണ്ടെൻ്റ്. എന്റെകക്കുറിച്ച് സർക്കുലറിലുണ്ടായിരുന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു. ഞാൻ ഒരു ഉദ്യോഗസ്ഥനായതുകൊണ്ട് ഞാൻ ചെയ്തതിനെ ന്യായീകരിക്കുന്നതിനുവേണ്ടി ഞാൻ ഒന്നും പറയുന്നില്ല.

എന്നോ വല്ലവരെ ഒരു രാഷ്ട്രീയപ്രവർത്തനത്തിനു പിന്നിലോ, [illegible] കുറ്റം ചുമത്തിക്കൊണ്ടു പോകുമ്പോൾ ഒരു പോലീസ് ഓഫീസർ നമസ്കരിക്കണമെന്നോ അവരെ വലിയ ഉള്ളുരുകുന്നവരായി [illegible] ഉയർത്തുന്നതിനോ അല്ലാതെ വിചാരിക്കുന്നു, പോലീസ് ഓഫീസർമാർ പോലീസ് ഓഫീസർമാരായിട്ടുതന്നെ ഇരിക്കണമെന്നും അല്ലെങ്കിൽ അവർക്കു നല്ല ശമ്പളം കൊടുത്തിട്ടു കാര്യമില്ലെന്നും അല്ലെങ്കിൽ അവർക്കു നല്ല ശമ്പളം വീണ്ടും കൂട്ടിക്കൊടുക്കേണ്ടിവരുമെന്നും ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഒരു പോലീസ് ഓഫീസറെ ആക്രമിച്ചതിനു ഞാൻ ഓർമ്മിപ്പിച്ചു, ഒരു വാളന്റിയർ പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടു ആവശ്യപ്പെട്ടപ്പോൾ ഒരു നോട്ടു പുസ്തകം കൊടുത്തില്ല എന്ന അദ്ദേഹം പറഞ്ഞിട്ടുണ്ടു്, [illegible] അങ്ങനെയുള്ള ഒരു അഭിപ്രായങ്ങളുള്ളതുകൊണ്ടു് ഇപ്പോഴത്തെ കാലസ്ഥിതിക്കു യോജിക്കുന്നതല്ല, ഇങ്ങനെ തങ്ങളുടെ അടിമത്തത്തെപ്പറ്റി ഉന്നയിച്ചുകൊള്ളുവാൻ ഉപേക്ഷിച്ചിട്ടു അവരുടെ അവകാശങ്ങളെ സ്ഥാപിക്കുന്നതിനു ചെയ്യുന്നതു്, ഇൻഡ്യാക്കാരുടെ അനുഭവശൂന്യതയെ ബഹുമാനം വരുത്തുന്നതിനു അവർ വഴങ്ങുകയില്ല. നോട്ടീസ് കൊടുക്കുന്നതിനു മുമ്പു് അപ്പീൽ ചെയ്യുന്നതു ശരിയായിരുന്നു, ഇപ്പോഴത്തെ സ്ഥിതിയിൽ കുറ്റം ചുമത്തുന്നതിനു മുമ്പായി കുറ്റമുക്തരാക്കുന്നതിനു വിസ്തരിക്കുന്നതിനു മുമ്പായി ഇതു ചെയ്യുന്നതു ശരിയാണെന്നു തോന്നുന്നില്ല. വിസ്തരിക്കുന്നതിനു മുമ്പായി കുറ്റമുക്തരാക്കുന്നതിനു ഇപ്പോഴത്തെ സ്ഥിതിയിൽ ഒരു ന്യായാധിപനും തയ്യാറാകുന്നതല്ല.

ഉള്ള ശബ്ദമോ ഭേദം കുറഞ്ഞതാണോ എന്നു എനിക്കു അറിഞ്ഞുകൂടാ. എങ്കിലും ഏതായാലും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനേയും, അഡീഷണൽ സൂപ്രണ്ടിനേയും വിവരങ്ങളെ സാക്ഷ്യപ്പെടുത്തിനോക്കുകയും, അയാളുടെ മുമ്പിൽ വച്ച വ്യത്യാസങ്ങളെല്ലാമറിഞ്ഞു തന്നെ കുറ്റം ചെയ്തു. രണ്ടിലേതെങ്കിലും ഒന്ന് അസത്യമാണ്. ഏതാണ് എന്നറിഞ്ഞിരിപ്പാൻപാടില്ലാ. (ഡിറി) പോലീസും മജിസ്ട്രിക്കുമിസ്റ്റേട്ടും ഒരുപോലെ ചെയ്തതിനെ തുടർന്നുകൊണ്ടിരുന്നുഎന്ന് പറയുന്നു. ഗവണ്മെന്റുതന്നെ ഒരു പോലീയുടെ ഗുണത്തിൽ ഒരു വച്ചിയ പ്രതിബന്ധം നോക്കുന്നു കുറച്ചൊഴിച്ചിരിക്കുമല്ലോ, ഈ ചക്കാകാരംമൂലം ഏതു തടസ്ഥമാണുണ്ടാകാനുള്ളത് എന്നു എനിക്കു അറിയുവാൻപാടില്ല. അവർ അസത്യമായ ഗീതങ്ങൾ ഗാനംചെയ്തുകൊണ്ടിരിക്കുകയായിരുന്നുവെന്നു ആക്ടിംഗ് പോലീസുകമ്മീഷണർ പറഞ്ഞിട്ടുണ്ട്. അസത്യഗാനങ്ങൾ പാടിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം എങ്ങനെ മനസിലാക്കിയെന്നു എനിക്കറിയുവൻപാടില്ല അതു എന്തായിരുന്നാലും, ആക്ടിംഗ് പോലീസു കമ്മീഷണരുടെ തെറ്റുകുത്തുകളുള്ള യാതൊരു, ആയിട്ടുള്ള അവിടെയുണ്ടായ അക്രമങ്ങളും ഒരേ സമയത്തു ആയിരുന്നുവെന്നുള്ളതു വെളിവാണ്. സത്യാഗ്രഹത്തിനു വിരോധമായുള്ള കക്ഷി ആരംഭിച്ച ദിവസത്തിൽ താൻ വൈയ്യൂരിലായിരുന്നതിനു അദ്ദേഹം തന്റെ വിധിയെ പഴിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ പാടുതയുപോലെ അതു ഒരാൾക്കു സംശയങ്ങൾക്കിടയാക്കിയിരിക്കുന്നു. റിപ്പോർട്ടിനെ ആരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ടെന്നു മനസ്സിരുത്തിവയ്ക്കുന്നപക്ഷം, അദ്ദേഹത്തിനു സത്യാഗ്രഹത്തിനു നേരെ വിരോധമാണുള്ളതെന്നു, അയാളുടെ മനസ്സിൽ ഒരു വിചാരം ഉണ്ടാകുന്നതാണ്. പക്ഷെ, അദ്ദേഹം അവിടെയുള്ള പ്രക്ഷോഭനത്തെ നശിപ്പിക്കാൻ പോയതായിരിക്കാം. ഞാൻ അങ്ങിനെ പറയുന്നതു മുഴുവൻ ശരിയാണോ എന്നെനിക്കു അറിഞ്ഞുകൂടാ. ഞാൻ പറയുന്നതു തെറ്റാണെങ്കിൽ, അതിനെ ശരിപ്പെടുത്തുന്നതു എനിക്കു സമ്മതംതന്നെ. എന്നാൽ എന്റെ മനസ്സിൽ തോന്നിയതായ വിചാരം, അദ്ദേഹം വൈയ്യൂരിലേക്കുപോയതു സത്യാഗ്രഹത്തിനു വിരോധകക്ഷിയുടെകാര്യമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്ന്, ഞാൻപിന്നെയും പറയുന്നു. ഇവിടെ സമ്മിശ്രമായികിടക്കുന്നതു ഒരു വലിയ വിഷയമുകുന്നു. അതു ഒരുകക്ഷി മറ്റൊരുകക്ഷിയോടു അക്രമം പ്രവർത്തിച്ചു എന്നുള്ളതല്ല. ഉദയമുതൽ അസ്തമനംവരെ, വെയിലിലും മഴയിലും, ഈ ആളുകൾ സമരംചെയ്യുന്നതു ഒരു വലിയ രാജ്യത്തിനുവേണ്ടിയാകുന്നു. അവർ ഇതുചെയ്യുന്നതു ധർമ്മത്തെ സ്ഥാപിക്കുന്നതിനുവേണ്ടി മരിക്കുന്നതു പോലെയാകുന്നു. അവർക്ക് ഗവണ്മെന്റിനേയോ പോലീസിനേയോ അല്ലെങ്കിൽ മറ്റാളുകളേയോ ഉപദ്രവിക്കണമെന്നുള്ള വല്ല ഉദ്ദേശത്തോടുകൂടി ചെയ്യുന്നതാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല. അവർ വിമോചനത്തിനും, സ്വാതന്ത്ര്യത്തിനും, സമാധാനശാന്തിനും വേണ്ടിയാകുന്നു സമരംചെയ്യുന്നതു. അതുകൊണ്ട് ഗവണ്മെന്റിനേയും ജനങ്ങളേയുംമേൽ എനിക്കുള്ള സ്നേഹംകൊണ്ടു മി: മാധവപരിയർ അപേക്ഷിച്ചുപോലെ, തീരുമാനം കുറക്കാരെന്നും, അതു കുറക്കരുതെന്നും, കണ്ടുപിടിക്കുന്നതിനായി ഈ സംഗതിയെപ്പറ്റി പൂർണ്ണമായ ഒരു അന്വേഷണം നടത്തണമെന്നു ഗവണ്മെന്റിനോടു ഞാനും അപേക്ഷിച്ചുകൊള്ളുന്നു.

മി: റി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഒരു വക്കീലിന്റെ നിലയിൽ മി: മാധവപരിയർ വാദിഷയത്തെപ്പറ്റിമാത്രമേ സംസാരിച്ചുള്ളു, സത്യാഗ്രഹത്തിന്റെ ഗുണങ്ങളെപ്പറ്റി അദ്ദേഹം വിസ്തരിച്ചില്ല. അദ്ദേഹം അതിനെ പ്രശംസിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്തില്ല. പോലീസുകാർ ചെയ്തതായി പറയപ്പെട്ടന്ന ചില പ്രവൃത്തികളും ന്യായമാണോ അന്യായമാണോ എന്നുള്ളതാകുന്നു ഈ സഭയുടെ ആലോചനാവിഷയം. ഈ വിഷയത്തെപ്പറ്റി തർക്കിക്കുമ്പോൾ നമ്മുടെ മനസ്സിൽ അനുകൂലമോ പ്രതികൂലഭാവമോ ഉണ്ടായിരിക്കാൻപാടുള്ളതല്ല. സത്യാഗ്രഹം ശരിയായാലും തെറ്റായാലും സമാധാനപരിപാലനത്തെ ഭരമേറ്റിരിക്കുന്ന പോലീസുകാർ അവരുടെ അധികാരങ്ങളെക്കടന്നു, അവർ എത്തിനായി ജീവിച്ചിരിക്കുന്നവോ അതേ തത്വങ്ങൾക്കു വിരോധമായി പ്രവൃത്തിച്ചിരിക്കുകയാണെങ്കിൽ അതൊരു ഗൌരവതരമായ തെറ്റാകുന്നു. പോലീസുകാരുടെ അക്രമത്തെപ്പറ്റി അനേകം റിപ്പോർട്ടുകൾ ഉണ്ടായിരുന്നതായി പറയപ്പെട്ടന്നു. എങ്ങനെ ആയാലും അദ്ദേഹത്തിന്റെ മടപടി അദ്ദേഹത്തിന്റെ അറിവിൽപെട്ടിടത്തോളം ആക്ടിംഗ്പോലീസുകമ്മീഷണരുടേയൊ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റേയോ മുമ്പാകെ നിയമപ്രകാരം വല്ല ആവലാതിയും കൊടുത്തിട്ടില്ലെന്ന്, വെളിവാകുന്നു. പോലീസു അധികാരവും മജിസ്ട്രേട്ടധികാരവും ജനങ്ങളുടെ സഹകരണത്തോടുകൂടിയെ നടത്തുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട്, സത്യസന്ധന്മാരായ ആളുകൾ ചട്ടത്തെ പരിപാലിക്കുന്നതിനുള്ള കൂടുതൽ കൈയ്യാളുകളെന്നതാകുന്നു. കുറക്കാരൻ ശിക്ഷിക്കപ്പെടുന്നതെന്ന് നിയമം ശക്തിമത്തായ രംഗത്തിൽ എഴുതിയിട്ടുണ്ടോ, നീതിയെ പരിപാലിക്കണമെന്നുള്ള ആളുകൾ അധികാരികളുടെ അടുക്കൽപോയി സങ്കടം ബോധിപ്പിക്കണമെന്ന് പൌരത്വം ആവശ്യപ്പെടുന്നു.

മി: ജെ. ജാൻസിഡിറി (ചങ്ങനാശ്ശേരിയും, മീനച്ചിലും): കച്ചേരിയിൽപോയി കേസു കൊടുക്കുന്നതിനെസംബന്ധിച്ച് സത്യാഗ്രഹികൾ ഏതു തത്വത്തെ അനുസരിക്കുന്നു?

അദ്ധ്യക്ഷൻ: മി: നിധിരി, നിങ്ങൾ പറയുന്നതു കേൾക്കാൻ സാധിക്കുന്നില്ല.

മി: റി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഈ അവസരത്തിൽ സത്യാഗ്രഹികളുടെ തത്വങ്ങളെല്ലാവർക്കും വെളിവിയേണ്ടതാണ്. സത്യാഗ്രഹികളുടെ തത്വങ്ങൾ എന്തുതന്നെയായിരുന്നാലും നിയമം തന്നെയാണ്. ആർക്കെങ്കിലും നിയമത്തിനുള്ള രക്ഷ ലഭിക്കണമെന്നുള്ളപക്ഷം അവർ നിയമമനുസരിച്ചു മാത്രം പ്രവർത്തിക്കുന്നതിനുള്ള കൂടുതൽ കൈയ്യാളുകളെന്നതാകുന്നു. ഒരു സത്യാഗ്രഹി കേസുകൊടുക്കണമെന്നു ആവശ്യപ്പെടുന്നപക്ഷം അദ്ദേഹം ചെയ്യേണ്ടതു പോലീസുകാരെ കൊടുക്കണം. പോലീസുകമ്മീഷണരോ മജിസ്ട്രേട്ടോ അന്വേഷണം നടത്തണമെന്നുള്ളപക്ഷം, അതും ആവശ്യമായി ബോധിപ്പിക്കണം. "നിയമം" എങ്ങനെങ്കിലും ഒരു പ്രത്യേകചട്ടത്തെ ലംഘിച്ചിട്ടുണ്ടെങ്കിൽ—

മി: എം. ആർ. മാധവപരിയർ (ചെങ്ങന്നൂരും, പത്തനംതിട്ടയും): പബ്ലിക്കുറോഡിൽവച്ചു നടക്കുന്ന സമ്മേളനംഎന്നതിൽ ഒരു മജിസ്ട്രേട്ടിനു ഇടപെടാൻ പാടില്ലയോ എന്നറിഞ്ഞാൽകൊള്ളാം?

മി: റി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അദ്ദേഹത്തിനു അറിവുള്ളപക്ഷം, നിശ്ചയമായും അദ്ദേഹത്തിനു ഇടപെടാവുന്നതും, ഇടപെടേണ്ടതുമാകുന്നു. ഒരു സമ്മേളനമെങ്കിലും ഉണ്ടാ

[illegible] ഒരു [illegible] [illegible] [illegible]

ധീസുകാരേ, മജിസ്ട്രേട്ടന്മാരും വേണ്ടെന്നുവച്ചാൽ അനേഷിച്ചു അറിയേണ്ടതും, ഈ സംഗതികൾ നടന്നിരിക്കുന്നു എന്നതിനെപ്പറ്റി വേണ്ടതെളിവു ഉടൻ നശിപ്പിക്കുന്നതും, കുറെക്കാലത്തേക്കു ശിക്ഷിക്കുന്നതും ഒക്കെ എന്നു തോന്നുന്നതും ആകുന്നു. എന്നാൽ വാസ്തവമെന്തെന്നാൽ, പോലീസ്കാരുടെ മേൽ ചുമത്തിയിരിക്കുന്നതായ്പറയുന്ന കുറ്റങ്ങൾ അസ്സംബ്ലിയിൽ തെളിയിക്കയില്ലെന്നു, അതിനാൽ നടക്കു കുറ്റക്കാരെന്നു നിശ്ചയമുള്ളതും തെളിവു കിട്ടുന്നതും ആയ പോലീസുകാരെ ഉദ്യോഗത്തിൽനിന്നു വേണ്ടതുപോലെ, അല്ലാതെ വെറും അടിസ്ഥാനമില്ലാത്തതായ ആരോപണങ്ങളെല്ലാം എന്നു വരുന്നു.

മി: എൻ. രാമകൃഷ്ണപിള്ള (വൈപ്പിൻ, എറണാകുളം): മിസ്റ്റർ മാധവരാവിന്റെ ബലമായി ഉദ്ധരിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. മിശ്രനമസാരംഭത്തിൽ വൈപ്പിനിൽ നടന്ന സംഭവങ്ങളെപ്പറ്റി നല്ല വണ്ണം അറിയുന്നവനും ഈ സംസ്ഥാനത്തിലും, ഇൻഡ്യാ മുഴുവനും ഉള്ള വിമർശനങ്ങൾക്കു വിഷയീഭവിച്ചവനും ആകുന്നു. സാധുക്കളായ വൈപ്പിനിലെ വാളന്റിയർമാരോടു ചെയ്ത കടുകൈകൾ മഹാകുറ്റങ്ങളെന്നു ഇൻഡ്യയിലുള്ള ന്യായാധിപന്മാരും സകല ആളുകാരും തോന്നി ധർമ്മപരിപാലനത്തിനു, നീതിയുടെ രാജ്യഭരണത്തിനും തന്നെ സംസ്ഥാനത്തേക്ക് വച്ചിരിക്കുന്ന നല്ല പേരിനെപ്പറ്റി ഇൻഡ്യയിലുള്ള സകല പത്രങ്ങളും ചോല്ലും ചെയ്തുകൊണ്ടിരുന്നു. ഈ കാര്യങ്ങളിൽ പ്രത്യേകിച്ചു പറയപ്പെട്ടിരുന്ന സംഭവ സംഘങ്ങളും നടന്നിട്ടുണ്ടോയെന്നതിനു യാതൊരു സംശയവുമില്ല. പക്ഷേ, അക്രമികളുടെ പേരിൽ യാതൊരു ആവലാതിയും കൊടുത്തിട്ടില്ലാ എന്നു വരികിൽ അതു വാളന്റിയർമാരുടെ മജിസ്ട്രേട്ടന്മാരോടെങ്കിലോ പോലീസ്കാരോടോടെങ്കിലോ മുമ്പാകെ ഇതുവരെ പറഞ്ഞതിനു കോൺഗ്രസ്സ് നയം അനുവർത്തിക്കാത്തതു കൊണ്ടാകുന്നു.

അദ്ധ്യക്ഷൻ:—മി: രാമകൃഷ്ണപിള്ള! പറയുന്നതു കേൾക്കുവാൻ പാടില്ല. യിങ്ങനെയൊക്കെ ഉറക്കെ സംസാരിക്കരുതോ?

മി: എൻ. രാമകൃഷ്ണപിള്ള (വൈപ്പിൻ, എറണാകുളം): ആ ദിവസം പോലീസ് കമ്മീഷണർ വൈപ്പിനിലേയ്ക്കു ചെന്നപ്പോഴാണ് സത്യാഗ്രഹവിരോധികളും അക്രമങ്ങളും ആരംഭിച്ചതു. ഈ ബഹളങ്ങളും പണ്ടിക്കു പോകുവാനുള്ള വേലിക്കു പുറമെ പകൽ സമയത്തു പോലീസുകാരുടെ കണ്ണെത്തുമ്പോൾവച്ചാണ് നടന്നതു. എങ്കിലും ആയുധപ്രയോഗങ്ങൾ പണ്ടിക്കു പോകുന്നവഴിയിൽ വച്ചു നടക്കുന്ന ഏതു മാധാനലംഘനത്തേയും തടയേണ്ടതു പോലീസുകാരുടെ കൃത്യമാകുന്നു. അപ്രകാരം ചെയ്യുന്നതിനു പകരം, സത്യാഗ്രഹവിരോധികളുടെ കൃത്യങ്ങളിൽ ഉപേക്ഷയിരുന്നു എന്നു അവർ സമ്മതിക്കുവാൻ തയാറില്ലാത്ത സമാധാനലംഘനം എന്ന കാരണത്തിന്മേൽ വാളന്റിയർമാരുടെ നേരെ നടപടി നടത്തുന്നതിനാൽ, അവർ വളരെ ഉൽക്കണ്ഠയോടു കൂടിയവരായിരുന്നു. മിശ്രനമാസാരംഭം വരെ പോലീസുകാരും വാളന്റിയർമാരോടു എങ്ങിനെ യോജിച്ചു പോകാൻ സാധിച്ചു എന്നുള്ളതും, ആ ദിവസം കമ്മീഷണർ ഡിപ്പാർട്ട്മെന്റിലെ ചാർജ്ജെടുത്തതു മുതൽ പോലീസുകാർക്കും സത്യാഗ്രഹികൾക്കും തമ്മിൽ ഇത്രപെട്ടെന്നു ബഹളങ്ങളും എങ്ങിനെ ഉണ്ടായി എന്നുള്ളതും, അന്വേഷിച്ചറിയേണ്ട ഒരു സംഗതിയാകുന്നു. ചക്രത്തിന്റെ ശബ്ദം ഉസ്സാമാണെന്ന ഇതു സൂക്ഷ്മമായികണ്ടുപിടിക്കാൻതക്കതായിരുന്നപോലീസുകാർ, പണ്ടിക്കു റോഡിൽ വച്ചു നടത്തപ്പെട്ട ദുഃഖമയമായ ആക്രമങ്ങളെപ്പറ്റി അവർ തികച്ചും ഉൽസീനരായിരുന്നിട്ടു, ഇപ്പോൾ സത്യാഗ്രഹികളും യാതൊരു ആവലാതിയും കൊടുത്തിട്ടില്ലെന്നുള്ള സംഗതിയെ ഒരു വാദമായി കരുതിയിരിക്കുന്നു. ഗവണ്മെന്റിന്റെ വിജ്ഞാപനം സംഗതികളുടെ സത്യാവസ്ഥയെ വെളിപ്പെടുത്തുന്നതായി തോന്നിയില്ല. ഈ കാരണങ്ങളാൽ, വൈപ്പിനിൽ നടന്നതായ സംഭവങ്ങൾക്കു പോലീസുകാരെ കുറ്റപ്പെടുത്തേണ്ടതും, പോലീസുകാരുടെ നടപടിയെപ്പറ്റി ഒരു അന്വേഷണം നടത്തേണ്ടതും അത്യാവശ്യമാണെന്നും, ഞാൻ വിചാരിക്കുന്നു. ഇതുമല്ല പറഞ്ഞു തീർത്തു ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): നടന്നതായി പറയപ്പെട്ടിരിക്കുന്ന ഈ സംഭവങ്ങളെ തങ്ങൾ വാസ്തവത്തിൽ കണ്ടതായി വൈപ്പിനിലേയ്ക്കു പോയിരുന്ന ഒരു അഭ്യാവ് പേരെങ്കിലും, അട്ടേഹത്തിനോടു പറഞ്ഞിട്ടുണ്ടോ എന്നു വയ്ക്കും സ്വദേശിയായ മിസ്റ്റർ രാമകൃഷ്ണപിള്ളയോടു ഞാൻ ചോദിക്കുവാനാഗ്രഹിക്കുന്നു.

മി: എൻ. രാമകൃഷ്ണപിള്ള (വൈപ്പിൻ, എറണാകുളം): അഞ്ചാറുപേർ മാത്രമല്ല; ഞാൻ ഇതിനിടെ വൈപ്പിനിലേയ്ക്കു പോയിരുന്നപ്പോൾ, സംഭവിച്ചു എന്നു പറഞ്ഞതെല്ലാം വാസ്തവമാണെന്നു, പല പുരുഷന്മാരിൽ കൂടുതൽ എന്റെ അടുക്കൽവന്നു പറഞ്ഞിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): പേരുകൾ പറയുവാൻ അദ്ദേഹം തയാറാണോ?

അദ്ധ്യക്ഷൻ: അധികാരികളെ പേരുവിവരം അവരെന്തുകൊണ്ടു ധരിപ്പിച്ചില്ല.

മി: എൻ. കുമാരൻ (ഗവണ്മെന്റ് നോമിനിച്ചെയ്ത മെമ്പർ): മിസ്റ്റർ മാധവരാവിന്റെ ഉപക്ഷേപത്തെ അനുകൂലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു. വൈപ്പിനിലെ സത്യാഗ്രഹം ആരംഭിച്ചതു തീർച്ചയായും നിർഭാഗ്യം തന്നെ. ഗവണ്മെന്റ് അതിനെ എതിർക്കുക എന്നതു അതിലും വലിയ ഒരു നിർഭാഗ്യം ആകുന്നു. സത്യാഗ്രഹികൾക്കും സത്യാഗ്രഹവിരോധികൾക്കും തമ്മിൽ ഒരിടത്തും, സത്യാഗ്രഹികൾക്കും പോലീസുകാർക്കും തമ്മിൽ മറ്റൊരിടത്തും, ഇപ്പോഴുമുള്ള ചില അസന്തോഷകരമായ സംഭവങ്ങൾ നടന്നു എന്നു പറയുന്നതു, ഇവ എല്ലാവരിനെക്കാളും നിർഭാഗ്യം ആണെന്നു ഞാൻ വിചാരിക്കുന്നു. ഈ പ്രക്ഷോഭം ആരംഭിച്ച അവസരത്തിൽ പോലീസ്കാരുടെ പേരു എല്ലാ ഇൻഡ്യൻ പത്രങ്ങളും പ്രശംസിച്ചു കൊണ്ടിരുന്നു. ഒരു ഒഴിവാൻതന്നെയായി സ്വീകരിക്കത്തക്കവിധത്തിൽ പോലീസ്കാർ പെരുമാറിയതിനാൽ, മിസ്റ്റർ ഗാന്ധി പോലീസ് കമ്മീഷണരെ അന്നു അനുമോദിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. മജിസ്ട്രേട്ടന്മാർ പോലീസ്കമ്മീഷണർ അദ്ദേഹത്തിന്റെ കഴിഞ്ഞപ്രസംഗത്തിൽ, പോലീസ് കമ്മീഷണരെപ്പറ്റിയുള്ള അവലാതി താൻഡിപ്പാർട്ട്മെന്റിനു ദോഷം കണ്ടുകൊണ്ടുതന്നെ ആരംഭിച്ചു എന്നു പറഞ്ഞു. അദ്ദേഹം പറഞ്ഞതിൽ കുറെയോളം സത്യമാണെന്ന് എനിക്ക് സംശയമില്ല. മജിസ്ട്രേട്ടന്മാർ ചാർജ്ജെടുക്കുന്നതിനുമുമ്പു, മിസ്റ്റർ പിറിമെന്റ

ഭരണഘടനയെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം ഇവിടുത്തെ ജനങ്ങൾക്കുണ്ട്.

വച്ചു എന്നു പിന്നെ ചോദ്യമുണ്ടായി. പോലീസുകാർ പ്രസ്തുതപ്രവർത്തനത്തിൽനിന്നും പിന്മാറിയതിനെ തുടർന്നു പ്രസിദ്ധപ്പെടുത്തിയ പത്രക്കുറിപ്പിൽനിന്നും, പോലീസ് ഉദ്യോഗസ്ഥരും ഉദ്യോഗിക്കുന്നു എന്നും, അവരെ പ്രവർത്തിപ്പിച്ച ശക്തി വസ്തു, അവരുടെ പിന്നിലുണ്ടായിരുന്ന ഏതോ ഒരു ശക്തിയുടെ സമ്മർദ്ദമാണെന്നും, ഈ സംഭവം വളരെ വിചിത്രമായിരിക്കുന്നു. സത്യാഗ്രഹപ്രസ്ഥാനത്തിൽ കാണപ്പെടുന്ന ഒരു പ്രത്യേകതയും ഇതിൽ കാണുന്നില്ല. കാലുകുത്തുന്നു എന്നു മാത്രമല്ല, കയറിവരുന്നു എന്നുവരെ അവരുടെ നിരോധനംപോലെയായിരുന്നു. ഒരു പോലീസ് ഉദ്യോഗസ്ഥൻ, സഹായത്തോടുകൂടി ആഹാരം സത്യാഗ്രഹവിരുദ്ധക്കാരുടെ ഇടയിലുള്ളവർക്കു കൊടുക്കുകപോലും ചെയ്യുന്നു. ഇതു ഒരു എതിർപ്രതിരോധത്തിൽ പ്രത്യേകമായി വരച്ചിടുന്നതാണ്. അതുകൊണ്ടു തൻ സമർപ്പിക്കുന്നതെന്തെന്നാൽ ഈ സത്യാഗ്രഹം സംഘടിക്കുന്നതിനു മുമ്പുണ്ടായിരുന്നതിനേക്കാൾ അധികമായോ കുറഞ്ഞോ അല്ലെങ്കിൽ വഴിവിലക്കു നടത്തുന്നവരുടെ നേരെയോ അവർ ഒരുപോലെ ഉപദ്രവിക്കുകയായിരുന്നു എന്നു പറയാൻ പറ്റുന്നതല്ലെന്നും, സത്യാഗ്രഹികൾ ബലം പ്രയോഗിച്ചില്ല എന്നു ഡ്രൈവർമാരുടെ സ്റ്റേറ്റുമെന്റിൽ തിക്കുന്നതെന്നും, എന്നാൽ ഇൻസ്പെക്ടർ പോലീസുകാർ വാസ്തവത്തിൽ ബലം പ്രയോഗിച്ചില്ലെന്നും, അവരിനിയും അതു ചെയ്യുമെന്നും നാം മനസ്സിലാക്കണമെന്നാണ് ആക്ഷേപിക്കുന്നത്. ഞങ്ങൾ പറയണമെന്നു ആഗ്രഹിക്കുന്നതെന്തെന്നാൽ സത്യാഗ്രഹികൾ തിരിച്ചടയ്ക്കാതെ ഒന്നിനുപിറകിൽ, തിക്കുന്നതെന്നും, സത്യാഗ്രഹികൾ എപ്പോഴെങ്കിലും മണ്ടിക്കേടായി പ്രവർത്തിക്കുന്നതു കണ്ടിട്ടുണ്ടോ എന്നും, ആകുന്നു.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടറിക്കിൽ): പോലീസ് ഭരണം ഇവരുടെയിൻകീഴിലല്ലയോ?

മി: എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ചമെമ്പർ): ഞാൻ പോലീസുകാരെപ്പറ്റി സംസാരിക്കയല്ല.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സെക്രട്ടറിക്കിൽ): നിങ്ങൾ പോലീസുകാർക്ക് എതിരായി സംസാരിക്കയായിരുന്നു.

മി: എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ചമെമ്പർ): സത്യാഗ്രഹത്തിന്റെ ആരംഭംമുതൽതന്നെ പോലീസുകാരെ കുറപ്പെടുത്തിയിട്ടുണ്ട്.

മി: പി. ഗോ. നാരായണപിള്ള (അമ്പലപ്പുഴ): സത്യാഗ്രഹിയോടു മര്യാദയില്ലാതെ പ്രവർത്തിച്ച ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ അദ്ദേഹത്തിന് എടുത്തു പറയാമോ, എന്നു മിസ്റ്റർ കുമാരനിൽനിന്നും എനിക്കു അറിഞ്ഞാൽ കൊള്ളാം.

മി: എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ചമെമ്പർ): ഞാൻ പല പ്രസിദ്ധീകരണങ്ങളെപ്പറ്റി പറയുകയുണ്ടായി.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നെ സ്നേഹിതൻ പേരുകളെ എടുത്തു പറയാമോ എന്നറിഞ്ഞാൽ കൊള്ളാം?

മി: എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ചമെമ്പർ): എന്റെ സ്നേഹിതൻ അല്പം ആവശ്യപ്പെട്ടതുപക്ഷം അതു ഞാൻ പിന്നീടു തന്നേക്കാമെന്നും, പേരുകൾ തയ്യാറായിട്ടു ഇപ്പോൾ ഇല്ല. പരമ്പരകൾ ഏറെവരുടേയും, തത്സമയം സന്നിഹിതരായിരുന്ന യോഗ്യന്മാരായ ആളുകളുടേയും പേരുകൾ എടുത്തുപറയാം. അവരുടെ പേരുകളെല്ലാം സത്യാഗ്രഹപബ്ലിസിറി ബ്യൂറോവിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടായിരുന്നു. "ഹിന്ദു" പത്രത്തിന്റെ പ്രതിനിധിയായ മി. സാന്റിനും ഞാൻ ആ സമയത്തു് അവിടെയുണ്ടായിരുന്ന എന്നു തീച്ചയായി പറയുന്നു. ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനെ അദ്ദേഹം—

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): "ഹിന്ദു" പത്രത്തിന്റെ പ്രതിനിധിയുടെ റിപ്പോർട്ടിനെ ഒരു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിനെക്കാൾ കൂടുതലായി വിശ്വസിക്കേണ്ടതുണ്ടോ എന്നു അറിയാൻ ആഗ്രഹിക്കുന്നു.

മി: എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ചമെമ്പർ): ആ ചോദ്യത്തിനുത്തരം പറയാൻ ഞാൻ തയ്യാറില്ല.

അദ്ധ്യക്ഷൻ: എനിക്കു നിങ്ങളുടെ ശ്രദ്ധയെ സമയത്തിലേക്കു ആകർഷിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ സംസാരിച്ചുതുടങ്ങിയിട്ടു ഏതാണ്ടു മുക്കാൽമണിക്കൂറായിരിക്കുന്നു.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): സർ, എന്റെ പ്രിയസ്നേഹിതൻ മി: മാധവവാര്യർ ആരോപിച്ചു കുറ്റമെന്നെന്നാൽ പോലീസുകാരുടെ അറിവോടും സഹായത്തോടുകൂടിയാണ് സത്യാഗ്രഹപ്രവർത്തകർ സത്യാഗ്രഹികളെ ഉപദ്രവിച്ചിട്ടുള്ളത് എന്നായിരുന്നു, അക്കാരണത്തിനുവേണ്ടി ഒരു അന്വേഷണം നടത്തണമെന്നു അദ്ദേഹം പറഞ്ഞതു്. സത്യാഗ്രഹ പ്രക്ഷോഭനത്തിന്റേയും മേറെ വല്ല സംഘടിയുടേയോ ന്യായാന്യായങ്ങളെപ്പറ്റി പരിചിന്തനം ചെയ്യാതെതന്നെ വാദപ്രതിവാദം നടത്തി പോട്ടെ എടുക്കാവുന്ന ഒരു സംഗതിയാകുന്നു ഇതു് എന്നു ഞാൻ വിചാരിക്കുന്നു. സത്യാഗ്രഹ പ്രക്ഷോഭനം ന്യായമായും അന്യായമായും ഭവിക്കാവുന്നതാണെന്നുള്ള സംഗതി വേറൊരാൾതന്നെയാകുന്നു, യുദ്ധത്തെ തടയുകതന്നെയും ബഹുമാനിക്കേണ്ടതാകുന്നു. കുറ്റം സ്ഥാപിച്ചു് ശിക്ഷിച്ചു ജയിലിലടക്കുന്നതു ആളുകളോടും ന്യായമായി പെരുമാറുന്നതാണ്. സത്യാഗ്രഹപ്രക്ഷോഭനം തെറ്റായ ഒരു പ്രക്ഷോഭനമാണെന്നു വരികിലും, ഈ സമയത്തിൽ ആലോചിക്കേണ്ട വിഷയം, സത്യാഗ്രഹികൾക്കു നൽകപ്പെട്ടു എന്നു പറയപ്പെടുന്ന ഉപദ്രവം ന്യായമാണോ എന്നും, അപ്രകാരം അവരെ ഉപദ്രവിച്ചിട്ടുണ്ടോ എന്നും, അങ്ങിനെ ഉപദ്രവിക്കുന്നതിൽ പോലീസുകാർ സഹായിക്കയോ പ്രേരിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ എന്നും അതാകുന്നു. അതാണ് നമ്മെ സംബന്ധിച്ചിടത്തോളമുള്ള ഒരു സംഗതി. എല്ലാ സ്ഥലങ്ങളിൽനിന്നും, സകല പത്രങ്ങളിലുമുള്ള മേഖലകളിൽനിന്നും, യോഗ്യന്മാരായ ആളുകളുടെപക്കൽനിന്നും.

കിട്ടിയിട്ടുള്ള വിവരങ്ങളിൽ നിന്നുള്ള പരതമാനം പോലീസുകാരിലും, അവരുടെ ഇടയിലെ ഉദ്യോഗസ്ഥരോടും കൂടിയുള്ളവരോടും അതുമാത്രം ചെയ്യപ്പെട്ട കുറ്റങ്ങളാണ്. സാധാരണമായി ഇതുപോലെ നടക്കുന്ന വിഷയം. സത്യഗ്രഹികളെ ഉപദ്രവിക്കുന്നു പോലീസുകാർ ഇതു സംബന്ധിച്ചിട്ടുള്ള ഈ ഇടക്കാലത്തുള്ള റിപ്പോർട്ടിനെ ബഹുമാനപൂർവ്വം ഗണിച്ചുനോക്കുന്നതായാൽ, ഇതു സംബന്ധിച്ചുള്ള ഒരു അന്വേഷണം നടത്തുവാൻ ഞാൻ വിചാരിക്കുന്നു. ഈ അന്വേഷണത്തിനു ഞാൻ മിസ്റ്റർ: മധുവയ്യരിയുടെ പ്രവർത്തനത്തെ അനുകൂലിക്കുന്നു.

മി: ഗോപാലകൃഷ്ണപിള്ള (ഗവർണ്മെന്റ്): ജനങ്ങളുടെ മനോധൈര്യത്തിനും ശരീരത്തിനും ഭീഷണിപ്പെടുത്തി ക്ഷോഭമായിട്ടു പോലീസുകാരെ പ്രവർത്തിപ്പിക്കുകയാണെന്നുള്ളതിനെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. എന്നാൽ ജനങ്ങളുടെ ധനമുപയോഗിച്ചു ശമ്പളം കൊടുക്കുന്ന അവരുടെ ധനം അപഹരിച്ചു പോകുന്നതിൽ അവരെ കൂടുതലുപദ്രവിക്കുന്നവർ ഇവരിൽ പെടുന്നു. പ്രവർത്തിച്ചും ഉറപ്പു കൊണ്ടിലാണ് ഇവരുടെ ഉപദ്രവം അധികമായിട്ടുള്ളത്. ഇവരുടെ ഉപദ്രവങ്ങളിൽനിന്നു ജനങ്ങളെ രക്ഷിക്കുന്നതിനു കോടിയിൽ കമ്മീഷണർ ക്ലോസ്സ് ഇറപ്പുകൾ കൂടിക്കേണ്ടതാണ്. മി: മാബിൻ സൺ ചാൻസറായിരുന്നു വക്കുപ്പുകാരിൽ നിന്നു ജനങ്ങൾക്കുണ്ടാകുന്ന ഉപദ്രവങ്ങളെ കുറയ്ക്കുന്നതിനു വളരെ ശ്രമിച്ചതായി കാണുന്നുണ്ട്. ഈ ഉദ്യോഗസ്ഥൻ മിസ്റ്റർ ചർച്ചിലിനോടു ജനക്ഷോഭത്തിനായി ശ്രമിച്ചുകൊണ്ടിരുന്നു. പുനഃപരിശോധന, ഇതിനും കൂടെക്കൂടി ശ്രമിക്കേണ്ടതുണ്ട്. ഉപദ്രവങ്ങളെ ജനങ്ങളോടുചേർത്തു മനസ്സിലാക്കേണ്ടതിപ്പോൾ മജിസ്ട്രേട്ടന്മാരിൽനിന്നും പിൻവലിക്കപ്പെടേണ്ടതാണ്. ചില്ലറ ശിക്ഷകൊണ്ടൊന്നും അവർ ഉണർത്തപ്പെടുകയില്ലെന്നാണ് അനുഭവങ്ങളിൽ നിന്നു കാണുന്നത്.

പ്രസിഡൻറ്: പോലീസുദ്യോഗസ്ഥർക്കെതിരെ മജിസ്ട്രേട്ടന്മാരിൽനിന്നുള്ള നാം വാങ്ങുന്നതുവരെ നടത്തുന്നു.

മി: തരിയനകൃഷ്ണയ്യരുടെ (കൃഷ്ണഗിരി): ഇവിടെ കമ്മീഷണർക്കുള്ള സംഖ്യ കുറയ്ക്കണമെന്നുള്ള പ്രമേയമായതുകൊണ്ടാണ് കമ്മീഷണറുടെ ശ്രദ്ധയിലേയ്ക്കായി ഈമാതിരി സംഗതികൾ കൂടി പറയുന്നത്. കമ്മീഷണർ അസിസ്റ്റന്റുമാരുടെ സൂപ്രണ്ടുമാരായി വിലസിക്കുന്നതുപോലെ, വേലക്കാരെക്കൊണ്ടു പണിയെടുപ്പിക്കുന്നതുപോലെയാണ് പോലീസുകാരുടെ ഉപദ്രവം. തോൻ മുമ്പ് ഈ അസിസ്റ്റന്റുസൂപ്രണ്ടുമാർ വേണമെന്നുള്ളപക്ഷക്കാരനായിരുന്നു. ഇപ്പോൾ അനുഭവത്തിൽനിന്നു അവർ വേണ്ടാത്തവരെന്നു എനിക്കു പറയേണ്ടിവന്നിട്ടില്ല (കേൾപ്പിൻ) (കേൾപ്പിൻ) ഒരുകാര്യം ജനപ്രതിനിധികൾക്ക് ഉപദ്രവമുണ്ടാകുമെന്നു എപ്പോഴെങ്കിലും വോട്ടുചെയ്തു ജനക്ഷോഭത്തിനു നടുവിൽ അവരെ ഇവിടെ തുറന്നുവിടേണ്ടതല്ലെന്നു ഞാൻ പറയുന്നു. ഇൻസ്പെക്ടറന്മാരുടെ ഒരുവർഷം കഴിഞ്ഞാൽ സ്ഥലംമാറ്റാറുണ്ടു്. ഡിവിഷണൽ മജിസ്ട്രേട്ടുമാരുടെ രണ്ടുവർഷത്തിലധികം ഒരിടത്തിരിക്കുന്നവരുണ്ടു്. സർക്കിളിലെ വിവിധത്തരം ജനങ്ങളുടെ ഇടയിൽ അഭിപ്രായഭിന്നതയുണ്ടാക്കുന്നതിനു പോലീസുകാർ ശ്രമിക്കുമ്പോൾ അതിനു കൂട്ടുനിൽക്കുന്നവരെ സ്ഥലംമാറ്റിയാൽ കൊള്ളാം. കമ്മീഷണർ ക്ലോസ്സ് ഇറപ്പുകൾ ശിക്ഷിക്കേണ്ടതായ ശിക്ഷ കൊടുക്കുന്നതിനും സ്ഥലംമാറ്റാറുണ്ടെന്നു കേൾക്കുന്നു. കമ്മീഷണർ ക്ലോസ്സ് ഇറപ്പുകളുടെ പ്രവർത്തിക്കണം. ഡിപ്പോകളിൽ പോലീസുകാരുടെ അടുക്കളകളുടെ പരിശോധനകളും മറ്റുമായിട്ടാണ് ജനങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു അവരുമായി സഖ്യംചെയ്തു ജനോപദ്രവം തുടരുന്നതിനു പോലീസുകാർ ശ്രമിക്കുമുമ്പ് അവരെ അവിടെനിന്നും സ്ഥലംമാറിയാൽ കൊള്ളാം. അതാണ് മൂന്നുവർഷംകൊണ്ടുമോ മറ്റും സ്ഥലംമാറ്റം വേണമെന്നു പറയുന്നത്.

ഹൈക്കോടതി റോഡിൽ ജനങ്ങളെ പോലീസുകാർ തടഞ്ഞുകൊണ്ടിരിക്കുന്നു ഒരിക്കലും ശരിയല്ല. പൊതുജനങ്ങളുടെ മുതലുകൊണ്ടു ചോറിനുള്ളവരുന്ന പോലീസുകാരുടെ ഭാഗത്തിൽ കൊണ്ടു തീർത്തിട്ടുള്ള പബ്ലിക്ക് റോഡിൽ നടക്കുന്നതിനുള്ള ജനങ്ങളുടെ സ്വാതന്ത്ര്യത്തെയും സഞ്ചാരസ്വാതന്ത്ര്യത്തെയും തടഞ്ഞുകൊണ്ടിരിക്കുന്നതു ഏറ്റവും കഷ്ടതരമായ അവസ്ഥയാണെന്നു പൊതുജനങ്ങളുടെ പ്രതിനിധിയെന്ന നിലയിൽ ഇവിടെ എനിക്കു പറയാതിരിക്കുവാൻ നിവൃത്തിയില്ല. അവിടത്തെ റോഡരികിലുള്ള വൃക്ഷങ്ങളെല്ലാം പി. ഡബ്ലിയു. ഡി. എന്നു എഴുതിട്ടിട്ടുള്ളതുകൊണ്ടു പബ്ലിക്കുപകാരപ്പെടുന്നതിനു പ്രസ്തുതറോഡ് ഡൈവേർട്ടുചെയ്തു വരുന്നതും എല്ലുവെക്കും അനിവാര്യമുള്ളതാണെല്ലാ.

അദ്ധ്യക്ഷൻ: അതിനെപ്പറ്റി ഇപ്പോൾ വാദപ്രതിവാദം പാടില്ല.

മി: തരിയനകൃഷ്ണയ്യർ (കൃഷ്ണഗിരി) കമ്മീഷണർക്കെതിരായി പറയുമ്പോൾ അദ്ദേഹത്തിനു കീഴിലുള്ള പോലീസുകാരുടെ ദുഷ്പ്രവൃത്തികളെപ്പറ്റി പറയുമല്ലോ എന്നു വിചാരിച്ചു പറഞ്ഞുപോയതാണ്. എന്തായാലും ഈ രാജ്യദ്രോഹികൾക്കു സങ്കടകരമായ ഒരു കാര്യമാണെന്നു പറഞ്ഞുനിർത്തുന്നു.

മി: ആർ. കെ. കൃഷ്ണപിള്ള (അഡീഷണൽ പോലീസ് കമ്മീഷണർ): സർ, ആലോചനക്കർഹമായതൊന്നും ഞാൻ വിചാരിച്ച എല്ലാ സംഗതികളെയും ഞാൻ ഈ സഭാസമക്ഷം വിവരിച്ചു പറഞ്ഞിട്ടുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കുറെ ഉറക്കെ പറയണം.

മി: ആർ. കെ. കൃഷ്ണപിള്ള (അഡീഷണൽ പോലീസ് കമ്മീഷണർ): അതിനാൽ, ഞാൻ ഒരിക്കൽ പറഞ്ഞതിനെ വീണ്ടും എടുത്തു പറയുന്നില്ല. സത്യാഗ്രഹികളുടെ ചെയ്തിട്ടുള്ളതെന്നു ഗണിക്കപ്പെട്ടതായ പരാതികളെ അക്രമങ്ങളിലും പോലീസുകാർക്ക് വല്ലബന്ധവുമുണ്ടെന്നുള്ളതിനെ ഞാൻ ബലമായി നിഷേധിക്കുന്നു. സത്യാഗ്രഹികളെ, സത്യാഗ്രഹവിരോധികളും ഉപദ്രവിക്കുന്നതിനെ തടയുന്നതിനായി പോലീസുകാർ അനേകം കഴിയുന്നിടത്തോളം പ്രവൃത്തിച്ചിട്ടുമുണ്ട്, പ്രവർത്തിച്ചു കൊണ്ടിരിക്കുകയുമാകുന്നു. എന്നിട്ടും പോലീസുകാരും സഖ്യഗ്രഹികളും അവരെ ഉപദ്രവിച്ചു കൊണ്ടിരിക്കുന്നു എന്ന സത്യാഗ്രഹികളും പരാതികളിൽ സങ്കടം പറഞ്ഞുകൊണ്ടു തന്നെയിരിക്കുന്നു. സത്യാഗ്രഹികളിൽ നിന്നും യഥാർത്ഥ ദുർഭോഗയകളും വരുന്നതല്ലെന്നു വിചാരിക്കുന്നതു കൊണ്ടല്ല പോലീസുകാർ ദോഷം ചെയ്യുന്നതിനെക്കാൾ, കൂടുതൽ ദോഷം അവരുടെ നേരെന്നു ചെയ്യുന്നതെന്നു ധരിപ്പിക്കുവാൻ നിവൃത്തിയുള്ളതല്ല.

പൊലീസുകാരുടെ സത്യാഗ്രഹികൾക്കു പോലീസുകാർക്ക് അറിവുകൊടുക്കാത്തതെന്തെന്നാൽ അവർക്ക് ആരുടെ പേരിലും ഒരു സങ്കടം ബോധിപ്പിക്കുന്നതിനോ, ആരേയെങ്കിലും ശിക്ഷയിൽ കൊണ്ടു വരുന്നതിനുള്ള ഉദ്ദേശമൊ ഇല്ലെന്നും, അവർ മരിക്കുകൊണ്ടിരിക്കുന്നതുപോലെ സഹനവും തെറ്റുകളെ തിരുത്തുകയും ആണെന്നു മിസ്റ്റർ കുമാരൻ പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ, എന്തുകൊണ്ടാണ് സത്യാഗ്രഹികളും പരാതികളും വഴി, അങ്ങ

ശ്രീ. കെ. കുഞ്ഞപ്പിള്ള (ആലപ്പുഴ): സർ, ഞാൻ ഒരു ചോദ്യം ചോദിച്ചു. അതിനു മറുപടി പറയുന്നതിനു പകരം ഇവിടെ ഇരുന്നു ചിരിക്കുകയാണു മന്ത്രി ചെയ്തത്. ഇതു ശരിയായ രീതിയല്ല.

ശ്രീ. എൻ. കുമാരൻ (ഗവൺമെന്റ് നിയമിച്ച മെമ്പർ): ഞാൻ ചോദിച്ച ചോദ്യത്ത

മി: റ്റി. കെ. വേലുപ്പിള്ള (തിരുവനന്തപുരം, സൗത്ത്): ഗവണ്മെന്റ് സർവീസിൽ അസത്യവാന്മാരായ ഉദ്യോഗസ്ഥന്മാർ ഉണ്ടോ എന്ന് അറിഞ്ഞാൽ കൊള്ളാം. (ചിരി) എല്ലാ ഉദ്യോഗസ്ഥന്മാരും സത്യവാന്മാരല്ലയോ?

മി: വി. സുബ്ബയ്യർ (അഡിഷണൽ ചീഫ് സെക്രട്ടറി): നാം ഒരു ഉദ്യോഗസ്ഥനു ചില ഗുണങ്ങളെല്ലാം ചേർത്തുപറയുമ്പോൾ, മറ്റുള്ള ഉദ്യോഗസ്ഥന്മാർക്ക് അതുപോലെതിരായുള്ള ഗുണങ്ങൾ ഉള്ളതായി സൂചിപ്പിച്ചിരിക്കുന്നു എന്ന് അതിൽനിന്നും അർത്ഥമാക്കേണ്ടിവരുന്നില്ല.

മി: റ്റി. കെ. വേലുപ്പിള്ള (തിരുവനന്തപുരം, സൗത്ത്മങ്ങാട്ടം): അദ്ദേഹത്തിന് ഇപ്പോൾ പിരിയുകയും ഒരു പ്രത്യേക ഉദ്യോഗസ്ഥനെപ്പറ്റി അന്വേഷിക്കുകയും എന്നു പറയുന്നതിനെക്കുറിച്ചാൻ പാടില്ല. (ചിരി)

മി: വി. സുബ്ബയ്യർ (അഡിഷണൽ ചീഫ് സെക്രട്ടറി): ഡിസ്മിസ്സ്ഡ് മജിസ്ട്രേട്ടിനെ സംബന്ധിച്ചേടത്തോളം ആക്ടം അദ്ദേഹത്തിനതിരായി ഒന്നും പറയുവാൻ സാധിക്കുകയില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മാരേജ് ഉദ്യോഗസ്ഥനെപ്പറ്റിയും സാധാരണയായി ഒരു കേംപ്ലെയിന്റ് ഇല്ലായോ എന്നു മനസ്സിലാക്കുവാൻ കൊള്ളാം.

അഡ്വക്കേറ്റ് ജനറൽ: ഡിസ്മിസ്ഡ് മജിസ്ട്രേട്ടിനെപ്പറ്റിയുള്ള കേംപ്ലെയിന്റ് അദ്ദേഹത്തിനു പ്രശംസനീയമായിട്ടുള്ളതല്ല എന്നു മിസ്റ്റർ മുഹമ്മദ് ഷാഫീ പറഞ്ഞു.

മി: വി. സുബ്ബയ്യർ (അഡിഷണൽ ചീഫ് സെക്രട്ടറി): ഗവണ്മെന്റ് തന്നെ ഡിസ്മിസ്ഡ് മജിസ്ട്രേട്ട് സ്ഥലത്തുചെന്ന അന്വേഷണം നടത്തി എന്നും അദ്ദേഹം തന്നെത്താനെ അന്വേഷണം നടത്തിയ്യവണ്മെന്റ് പ്രസ്സ് കമ്മീഷണറുടെ അടിസ്ഥാനമായിട്ടിന്നു വന്നിട്ടുള്ള റിപ്പോർട്ട് ചെയ്യുവാൻ എന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുകൊടുക്കുന്നു.

മി: എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ചമെമ്പർ): ഈ സംഗതിയെപ്പറ്റി അദ്ദേഹം ഒരു സത്യപ്രമാണവാങ്മൂലത്തെയെങ്കിലും സാക്ഷ്യം ചോദിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (അഡിഷണൽ ചീഫ് സെക്രട്ടറി): പ്രസ്തുതകമ്മീഷണർ തന്നെ അതിനെ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. ഒരു സത്യപ്രമാണവാങ്മൂലമെങ്കിലും അദ്ദേഹത്തിനോടു സങ്കടം ബോധിപ്പിക്കുകയോ വിപരം ധരിപ്പിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് അവർക്ക് സങ്കടം ബോധിപ്പിക്കുവാനുണ്ടോ എന്നു ഞങ്ങൾക്കു അറിയാൻ പാടില്ല, എന്തുകൊണ്ടെന്നാൽ അവർ ആരോപണപ്രത്യാരോപണത്തിനുള്ളതായിട്ടല്ല ഇരിക്കുന്നത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിസ്മിസ്ഡ് മജിസ്ട്രേട്ട് ഗവണ്മെന്റിലേയ്ക്ക് അയച്ചിട്ടുള്ള റിപ്പോർട്ട് നടപടിനടത്താൻ തക്കവണ്ണം ചട്ടപ്രകാരമുള്ള സാക്ഷ്യമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (അഡിഷണൽ ചീഫ് സെക്രട്ടറി): അതെ, അന്വേഷണത്തിനുശേഷം ഗവണ്മെന്റ് തൃപ്തിപ്പെട്ടതുപോലെ ഡിസ്മിസ്ഡ് മജിസ്ട്രേട്ടും അപ്രകാരം ഒരു സംഗതിയും നടന്നിട്ടില്ലായെന്നു തൃപ്തിപ്പെട്ടു. അതുകൊണ്ടു നിയമപ്രകാരം ഡിസ്മിസ്ഡ് മജിസ്ട്രേട്ടിന്റെ അഭിപ്രായം ശരിയാണെന്ന് നാം കരുതിക്കൊള്ളണമെന്നു ഞാൻ പറയുന്നു.

മി: എം. ആർ. മാധവപൈയർ (ചെങ്ങന്നൂരും, പത്തനംതിട്ടയും): ഡിസ്മിസ്ഡ് മജിസ്ട്രേട്ടിൻപേരിൽ തന്നെ കുറ്റാരോപണങ്ങൾ അന്വേഷിയ്ക്കുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (അഡിഷണൽ ചീഫ് സെക്രട്ടറി): അങ്ങനെയുള്ള സ്ഥിതികളിലുള്ള ഏതാളും അതു ന്യായസംബന്ധമായുള്ള സംഗതിയാണെങ്കിൽ അയാൾ ചെയ്യേണ്ടതു ഹൈക്കോർട്ടിൽ അപേക്ഷിക്കേണ്ടതും, അദ്ദേഹത്തിനു തെറ്ററിപ്പോയിട്ടുണ്ടെങ്കിൽ തെറ്റെന്നു ശരിപ്പെടുത്തേണ്ടതുമാകുന്നു. അതു നിയമസംബന്ധമായുള്ള കാര്യമാണെന്ന കരുതുന്നപക്ഷം ഡിസ്മിസ്ഡ് മജിസ്ട്രേട്ടിനെപ്പറ്റിയുള്ള കുറ്റം ഗവണ്മെന്റിനെ വിവരമായി ധരിപ്പിക്കേണ്ടതാണ് ന്യായമായി ചെയ്യേണ്ട കാര്യം. ആരെങ്കിലും ചെയ്തുമായിട്ടുവന്ന്, "ഇതു ഇരിക്കുന്ന ആരോപിച്ചിട്ടുള്ള കുറ്റങ്ങളും അവയ്ക്കുള്ള സാക്ഷികളും", എന്നു പറയണം, സംശയസ്ഥാനത്തിലിരിക്കുന്ന കുറ്റാരോപണങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു ഉദ്യോഗസ്ഥനെതിരായി അന്വേഷണം നടത്തുന്നതിൽ ഒരു ഗവണ്മെന്റും നിർബന്ധിക്കപ്പെട്ടതായി ഞാൻ വിചാരിക്കുന്നില്ല.

മി: എ. ഹ്യൂഗാർഫ് (ഗവണ്മെന്റ് നിയമിച്ചമെമ്പർ): ഡിസ്മിസ്ഡ് മജിസ്ട്രേട്ട് സ്ഥലത്തുപോയി എന്നു കാണിക്കുന്നതായി പ്രസ്സ് കമ്മീഷണറിൽ ഒരു വാക്കെങ്കിലും ഉണ്ടോ എന്ന് ഞാൻ ചോദിച്ചുകൊള്ളുന്നു?

മി: വി. സുബ്ബയ്യർ (അഡിഷണൽ ചീഫ് സെക്രട്ടറി): തന്നെത്താനെ ചെന്നന്വേഷിച്ചു റിപ്പോർട്ടുചെയ്യണമെന്നായിരുന്നു അദ്ദേഹത്തിനോട് ആവശ്യപ്പെട്ടിരുന്നത്. അദ്ദേഹം അപ്രകാരം ചെയ്തുവെന്ന് ഞാൻ വിചാരിക്കുന്നു, എന്നാൽ അദ്ദേഹം എങ്ങനെയാണ് അന്വേഷണം നടത്തിയതെന്നും, എന്തെല്ലാം സംഭവിച്ചു എന്നും ഞങ്ങൾക്കു അറിയാൻ കഴിയില്ല. അദ്ദേഹം എതുസാക്ഷികളെ വിസ്തരിച്ചിട്ടുണ്ടെന്നും ഞങ്ങൾക്ക് അറിഞ്ഞുകൂടാ.

മി: എ. ഹ്യൂഗാർഫ് (ഗവണ്മെന്റ് നിയമിച്ചമെമ്പർ): ഡിസ്മിസ്ഡ് മജിസ്ട്രേട്ടതന്നെ കൃത്യസ്ഥലത്തുചെന്ന് അന്വേഷണം നടത്തി എന്നു കാണിക്കുന്നതായി ഒറവാക്കെങ്കിലും പ്രസ്സ് കമ്മീഷണറിലുണ്ടോ എന്നാണെന്റെ ചോദ്യം.

അഡ്വക്കേറ്റ് ജനറൽ: അങ്ങനെയാണ് ഗവണ്മെന്റിന്റെ തീരുമാനം.

മി: വി. സുബ്ബയ്യർ (അഡിഷണൽ ചീഫ് സെക്രട്ടറി): അദ്ദേഹം കൃത്യസ്ഥലത്തു പോയി അന്വേഷണം നടത്തണമെന്നാണ് ഗവണ്മെന്റിന്റെ തീരുമാനം. അതുകൊണ്ടു, ഗവണ്മെന്റ് സ്ഥലത്തുപോകണമെന്ന് ഉത്തരവ് ചെയ്തപ്പോൾ, അദ്ദേഹം അന്വേഷണം നടത്തിയതിൽ പിന്നിടാണ് റിപ്പോർട്ടയച്ചിട്ടുള്ളത് എന്നു നമുക്കു കരുതാം. ഈ ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതങ്ങളാണെന്ന് അറിയുന്നതിനായി അദ്ദേഹം വേണ്ടതെല്ലാം ചെയ്തു.

മി: എം. ആർ. മാധവയ്യർ (ചെങ്ങന്നൂരും പത്തനംതിട്ടയും): പ്രസ്സ് കമ്മീഷനിന്റെ ചുമതലയുള്ള ഒരു ഓഫീസറെ ഗവർണ്മെന്റ് നിയമിച്ചിട്ടുണ്ടോ എന്നും മി: സബ്ബയ്യർക്ക് അറിയാമോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഷെഡ്സ്ക്രട്ടറിക്കിൽ): ഞാൻ അതിലേക്ക് വരുന്നേയുള്ളൂ. ഓഫീസറുടെ ഉദ്യോഗസ്ഥന് അപ്രകാരമായ സംഭവം നടന്നിട്ടില്ലെന്ന് ബോധ്യംവരുന്നപക്ഷം, ഞങ്ങളെ "ഉപദ്രവിച്ചിരിക്കുന്നു; തെളിവുകൾ ഇതാ ഇരിക്കുന്നു", എന്ന അധികാരികളോട് പറയാതെ, വല്ല പത്രങ്ങളിലോ അഭിപ്രായങ്ങൾ വേറെ വല്ലയിടത്തുനിന്നോ ആവലാതിപറയുവാൻ ഓരോരുത്തർക്ക്, യാതൊരു പരിഹാരവുമില്ല. അതിനുപകരം, അവർ ചെയ്യുന്നതെന്തെന്നാൽ പത്രങ്ങളിലേക്ക് എഴുതുകയായിരുന്നു പത്രങ്ങളിൽ അവർ വേണ്ടതുപോലെ പ്രസിദ്ധപ്പെടുത്തി അതു വിശ്വസിക്കുന്നതുകൊണ്ടോ അല്ലാത്തതോ ആയ തെളിവിന്മേൽ അന്വേഷണം നടത്തിയിരുന്നുവെങ്കിൽ, ഏതെങ്കിലും പത്രത്തിൽ ഉള്ളതായ ആരോപണങ്ങളെ പ്രതിവാദം ചെയ്യുന്നതിനു മുമ്പേ അന്വേഷണം നടത്തുന്നതിൽ ഗവർണ്മെന്റ് നീതികരിക്കപ്പെടുമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. അപ്രകാരം ചെയ്യേണ്ടതു് ആവശ്യമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ഗവർണ്മെന്റിനെ അറിയിക്കാതെ അവർ കടലാസ്സിൽ അങ്ങനെയിക്കാമെന്നു തീർച്ചപ്പെടുത്തിയിട്ടുണ്ടെങ്കിൽ, സത്യാഗ്രഹികളും വിവരങ്ങളെ പുറമെ അറിയിക്കുന്നതെന്തിനെന്ന് ഞാൻ ചോദിക്കുന്നു. അവരെക്കൊണ്ട് ആവലാതിപറയാൻപാടില്ല? അതു ന്യായസംബന്ധമായ അന്വേഷണം നടത്തുവാൻ പാടില്ലാത്തകാരണമുണ്ടെങ്കിൽ അവർക്ക് ഗവർണ്മെന്റിനോട് ആവലാതിപറയാം. അതു ന്യായസംബന്ധമായ അന്വേഷണം നടത്താൻ പാടില്ലാത്തകാരണമാണെങ്കിൽ തന്നെയും, കീഴ് ജീവനക്കാരെപ്പറ്റിയുള്ള കാര്യങ്ങൾ ആരോപിക്കപ്പെട്ടിട്ടുണ്ടെന്നും, അതുകൊണ്ടു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ മുഖാന്തിരം ഒരു അന്വേഷണം നടത്തേണ്ടതാണെന്നും, ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോട് ആവലാതിപറയുവാൻ സാധിക്കുകയില്ലയോ? സത്യാഗ്രഹികളെ തന്നെ സങ്കടംബോധിപ്പിക്കാൻ തയ്യാറില്ലാത്ത പക്ഷം, എന്റെ സ്നേഹിതനായ മെസ്സേഴ്സ് മാധവയ്യരിയുടെ, കുമാരനും, വിവരമായി കുറെങ്ങളെ ആരോപിക്കാവുന്നതാണ്. ഇപ്രകാരം കുറെക്കാരെയിക്ഷിക്കേണ്ടതായിരുന്നിൽ അവർ അവരുടെ ചെവിവിൽപോലും അതുകിടയാ? അപ്രകാരം മുമ്പോട്ടുവരാതേയും, അങ്ങനെ സ്വാതന്ത്ര്യമായിക്കിടക്കുന്ന നിയമസംബന്ധമായുള്ള പരിഹാരത്തെ സ്വീകരിക്കാതേയും ഇരുന്നിട്ട്, തന്റെ മനസ്സാക്ഷിക്കുവേണ്ടുവും ഗവണ്മെന്റിനെ തൃപ്തികരമാംവണ്ണവും തന്റെ കൃത്യങ്ങളെ ചെയ്യുവാനുതായ ചുമതലയുള്ള ഒരു ഡിപ്പാർട്ടുമെന്റുമേലധികാരിയെപ്പറ്റി, ആ പ്രത്യേക ഉദ്യോഗസ്ഥൻ ഇന്നകാര്യത്തിൽ കുറക്കാരനാണെന്നു പറയപ്പെടുന്ന എന്ന ഈ സമുദായക എഴുനീറനിന്നു പറയുന്നു, ഈ സഭയിലെ ഉത്തരവാദിത്വമുള്ള ഒരു സാമാജികനു തീരെയോജിക്കുന്നതല്ല.

അദ്ദേഹം വൈസ്രോയുടെ കൗൺസിലായിരുന്നപ്പോൾ, മി: കൃഷ്ണപിള്ളക്ക സത്യാഗ്രഹ വിരോധികളുടെ പ്രക്ഷോഭനത്തെപ്പറ്റിയാതൊന്നും അറിഞ്ഞുകൂടായിരുന്നു. അദ്ദേഹം വൈസ്രോയിപദവിയിൽപിന്നെയാണ് അതിനെപ്പറ്റി അറിഞ്ഞതു. എല്ലാവർക്കുമുള്ള ബുദ്ധി അദ്ദേഹത്തിനുമുണ്ടെന്നു വിശ്വസിക്കുന്നപക്ഷം, തന്റെ സന്നിധിയിൽ വച്ചുതന്നെ പ്രക്ഷോഭനത്തെ അരംഭിച്ചുകൊള്ളുവാൻ - സത്യാഗ്രഹവിരോധിക്കളോട് ആവശ്യപ്പെടുമെന്നു, പറയാൻപാടുള്ളതല്ല. സത്യാഗ്രഹ വിരോധികളുടെ പ്രക്ഷോഭനത്തെപ്പറ്റി താനൊന്നും അറിഞ്ഞില്ലായെന്ന അദ്ദേഹം പറഞ്ഞപ്പോൾ, അദ്ദേഹത്തെ കുതിരയെങ്കിലും അതു വിശ്വസിക്കുകയെന്നു ഞാൻ വിചാരിക്കുന്നു.

മി: എം. ആർ. മാധവയ്യർ (ചെങ്ങന്നൂരും, പത്തനംതിട്ടയും): ഒരു ഉദ്യോഗസ്ഥനെതിരായ പരാതിയെപ്പറ്റി പൊതുജനങ്ങൾ എതിർക്കുമ്പോൾ, വേറെ ഒരു ഉദ്യോഗസ്ഥൻ അതിനെപ്പറ്റിയുള്ള അന്വേഷണം നടത്തുകയോ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഷെഡ്യൂ സക്രട്ടറി വക്കിൽ): ഗവർണ്മെന്റ് അതിനെപ്പറ്റി വല്ല അന്വേഷണവും നടത്തണമെങ്കിൽ ശരിയായ വല്ല ആരോപണവും ഉണ്ടായിരിക്കേണ്ടതുകൊണ്ടു.

മി: എം. ആർ. മാധവയ്യർ (ചെങ്ങന്നൂരും, പത്തനംതിട്ടയും): വാസ്തമായ ആരോപണങ്ങളൊ ഇല്ലായിരുന്നൊ എന്നറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഷെഡ്സക്രട്ടറി വക്കിൽ): ഞങ്ങൾക്ക് ഇന്നിന്ന സാക്ഷികൾ ഉണ്ടു; അതുകൊണ്ടു മയവായി അന്വേഷിക്കണം," എന്ന് അവർ പറയണം.

മി: എം. ആർ. മാധവയ്യർ (ചെങ്ങന്നൂരും, പത്തനംതിട്ടയും): ഒരു അന്വേഷണത്തെ നടത്തണമെന്ന് ഞാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. ഞാൻ പോലീസ് കമ്മീഷണറോട് എന്തിനായിട്ട് ആവശ്യപ്പെടണം? ഗവർണ്മെന്റിനു തന്നെ അന്വേഷണം നടത്താമല്ലൊ.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഷെഡ് സക്രട്ടറി വക്കിൽ): പ്രത്യേകം ആരോപണങ്ങളുണ്ടായിരുന്നെങ്കിൽ ഗവർണ്മെന്റും അപ്രകാരം തന്നെ ചെയ്യുമായിരുന്നു. "സാക്ഷികൾ ഇതാ ഇരിക്കുന്നു, ആരോപിക്കുന്ന കുറെങ്ങളും ഇതാ ഇരിക്കുന്നു, അതുകൊണ്ടു മയവായി, പോലീസുകാരാൽ ചെയ്യപ്പെട്ടിട്ടുള്ള ഇന്നിന്ന കുറ്റങ്ങളെപ്പറ്റി അന്വേഷിക്കാനായി വല്ല ഉദ്യോഗസ്ഥനോടും പറയണം. എന്ന് ആരെങ്കിലും വന്ന് പറയണം.

മി: എൻ. രാമകൃഷ്ണപിള്ള (തൈക്കവും, ഏറനാടുതാലൂക്കും): പത്രങ്ങളിൽ കാണുന്ന പൊതുജനാഭിപ്രായം ഗവർണ്മെന്റ് വക വയ്ക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഷെഡ് സക്രട്ടറി വക്കിൽ): അങ്ങിനെ ഞാൻ പറഞ്ഞില്ല. എന്നാൽ പോലീസുകാരെപ്പറ്റി സംശയസ്ഥാനത്തിലിരിക്കുന്ന ചിലകുറ്റാരോപണങ്ങളെപ്പറ്റിയും, വേണ്ട അന്വേഷണം നടത്തി ഒരു ഭാരവാഹിയായ ഉദ്യോഗസ്ഥൻ അയച്ചു തന്നിട്ടുള്ള റിപ്പോർട്ടിന് എതിരായും, ഒരു അന്വേഷണം നടത്തണമെന്നു വരികിൽ തെളിവായ കുറ്റാരോപണങ്ങൾ ഉണ്ടായിരിക്കണം. അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ട പ്രകാരം ആ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തിയിട്ടുണ്ടെന്ന് ഗവർണ്മെന്റ് വിശ്വസിക്കേണ്ടതും, ആ അന്വേഷണത്തിന്റെ ഫലത്തെപ്പറ്റി തൃപ്തിപ്പെടേണ്ടതും ആകുന്നു: ഗവർണ്മെന്റ് വേറെ ഒരു അന്വേഷണം നടത്തണമെന്നു വരികിൽ, അങ്ങിനെ ആവശ്യപ്പെടുന്നവർ ഗവർണ്മെന്റിന്റെ അടുക്കൽ വന്ന് "ഡിസ്ട്രിക്ട് മജിസ്ട്രേട്ട് വകയന്വേഷിക്കാത്തതായ സാക്ഷികൾ ഇതാ ഇരിക്കുന്നു, ആവലാതിക്ക് കാരണഭൂതന്മാരായ ഉദ്യോഗസ്ഥന്മാർ ഇതാ ഇരിക്കുന്നു: യാതൊന്നും ചെയ്യപ്പെടാത്തതായകുറ്റം, ഇതാ ഇരിക്കുന്നു" എന്ന് പറയണം.

മി: എ. ഹൈദർഷ് (ഗവർമെൻറ് നിയമിച്ച മെമ്പർ): പ്ലസ്സ് കണക്കിനും, ആക്ടിംഗ് കമ്മീഷണരുടെ പ്രസംഗത്തിനും തമ്മിൽ ഗുരുതരമായി ചിലവ്യത്യാസങ്ങൾ ഇരിക്കുമ്പോഴും, പ്ലസ്സ് കണക്കും ആക്ടിങ്ങ് കമ്മിഷണരുടെ പ്രസംഗത്തിലുള്ള ആന്തരികമായതെളിവുകളെ സംബന്ധിച്ചിടത്തോളം പോലീസുകാർ ബലംപ്രയോഗിച്ചു എന്ന് കുറ്റാരോപണങ്ങളിലുള്ളപ്പോഴും, ഒരു അന്വേഷണം നടത്തേണ്ടതു ഗവർണ്മെൻറിന്റെ കർത്തവ്യമല്ലയോ എന്ന് ഞാൻ അറിയാൻ ആഗ്രഹിക്കുന്നു.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): മെംബർ വല്ല വ്യത്യാസവുമുണ്ടെന്ന് പറഞ്ഞതായി ഞാൻ വിചാരിക്കുന്നില്ല.

മി: എ. ഹൈദർഷ് (ഗവർണ്മെൻറ് നിയമിച്ച മെമ്പർ): വ്യത്യാസമുണ്ടെന്നുള്ളതിനെ ഞാൻ കണ്ണിച്ചു തരാം.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): അദ്ദേഹം പ്രസംഗം ചെയ്തപ്പോൾ, മിസ്റ്റർ കൃഷ്ണപിള്ളയോട്, അദ്ദേഹം ഒരു ചോദ്യം ചോദിച്ചിരുന്നു എങ്കിൽ, ആ സംഗതിയെ സംബന്ധിച്ചുള്ള ഉത്തരം, അദ്ദേഹത്തിനു കിട്ടുമായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി: ററി, കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഡിപ്പാർട്ടുമെൻറ് മുഖാന്തിരം അന്വേഷണം നടത്തുവാൻ ഉള്ള ചട്ടമനസരിച്ചു വേണ്ടതുപടിനടത്താൻ തക്കതെളിവുകൾ ഗവർണ്മെൻറിന്റെ പക്കൽ ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): യാതൊരു ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്റെ പേരിലും അവമതി പറഞ്ഞിട്ടില്ലല്ലൊ.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല): പിന്നെ എന്തടിസ്ഥാനത്തിന്മേലാണ് ഗവർണ്മെൻറന്വേഷണം നടത്തിയതു?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): പൊതുജനാഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി പത്രങ്ങളിൽ, "പോലീസ് അക്രമം" എന്നപേരിലും, മിസ്റ്റർ മാധവ വാരിയർ ഉപയോഗിച്ച പല വാക്കുകളും ഉണ്ടായിരുന്നു. ഇപ്രകാരമുള്ള കുറ്റാരോപണങ്ങൾക്ക് വല്ല അടിസ്ഥാനവുമുണ്ടോ എന്നറിയുന്നതിനായി ഗവർണ്മെൻറ് ആവശ്യപ്പെട്ടു. അതുകൊണ്ടു അവർ ഒരു അന്വേഷണം നടത്തി. അന്വേഷണത്തിനു ശേഷം ഇപ്രകാരമുള്ള കുറ്റങ്ങളെ സ്ഥാപിക്കാൻ തക്കയാതൊരു അടിസ്ഥാനവുമില്ലെന്നു റിപ്പോർട്ട ചെയ്യപ്പെട്ടു.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല) ഡിസ്ട്രിക്ട മജിസ്ട്രേട്ടിന്റെ പേരിലും കുറ്റങ്ങൾ ആരോപിച്ചിട്ടില്ലായിരുന്നുവൊ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ പേരിൽ ഏതെങ്കിലും കുറ്റം പറയപ്പെട്ടതായി ഞാൻ വിചാരിക്കുന്നില്ല.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല): അന്വേഷണം നടത്തിയ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമയോ മറ്റെയ്യത്തെ സകല ഏർപ്പാടുകളുടേയും മേൽ ചാർജ്ജു വഹിക്കുന്ന ഉദ്യോഗസ്ഥൻ?

അദ്ധ്യക്ഷൻ: എനിയ്ക്കു നിങ്ങടെ പറയുന്നതു തീരെ കേൾക്കാൻ പാടില്ല.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല). അന്വേഷണം നടത്തിയ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമയോ മറ്റവകുത്തുള്ള സകല ഏർപ്പാടുകളുടേയും ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥൻ എന്നു ചോദിക്കുകയാണ്.

അദ്ധ്യക്ഷൻ. എന്തു് ഏർപ്പാടുകൾ?

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല); റോഡുകൾ മുതലായവ സൂക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ.

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): ഇല്ല; മുഴുവൻ സമയത്തും അദ്ദേഹം അവിടെയുണ്ടായിരുന്നില്ല.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല): അദ്ദേഹം വണ്ടിയിൽ താമസിക്കുകയായിരുന്നില്ലയൊ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): ആയിരിക്കാം.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല): പിന്നെ എന്തുകൊണ്ടാണ ഒരു പ്രത്യേക ഉദ്യോഗസ്ഥനെക്കൊണ്ടു അന്വേഷണം നടത്തിയതു?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): പൊലീസുകാർ സത്യാഗ്രഹികളെ ഉപദ്രവിച്ചുവെന്നായിരുന്നു ആവലാതി. പോലീസുകാരുടെ മേലുള്ള ആവലാതികളെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടാണ യോഗ്യനായ ഉദ്യോഗസ്ഥൻ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): റെയ്ഡുചെയ്തപ്രകാരം പോലീസുകാർ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവുകളനുസരിച്ചു നടക്കേണ്ടവരല്ലയൊ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): അതെ, പൊലീസ്റെയ്ഡുചെയ്തതു അനുസരിച്ചു.

മി: ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ന്യായപ്രകാരമുള്ള നടപടികളെ നടത്തുന്നതിൽനിന്നും അയാളെ അദ്ദേഹത്തെ തടയുന്നുണ്ടൊ?

മി: വി. സുബ്ബയ്യർ (അഡീഷണൽ ഹെഡ്സക്കാർവക്കീൽ): ഒരിക്കലുമില്ല. നേരെമറിച്ചു അദ്ദേഹത്തിനു പോലീസുകാരുടെ നേരെയുള്ള കേസുകൾ വിസ്തരിക്കാനധികാരമുണ്ടു. അതുകൊണ്ടു പോലീസുകാർക്കുവിരായി ഗൌരവമുള്ള ഒരു കുറ്റം ആരോപിച്ചിട്ടില്ലെങ്കിൽ ഒരു അന്വേഷണത്തിന്റെ ആവശ്യകതയില്ലെന്നുഞാൻ വിചാരിക്കുന്നു.

കമ്മീഷണർക്ക് വിരോധമായി വേറെ ഒരു സംഗതിക്കുടി പറയപ്പെട്ടിരിക്കുന്നു.

അദ്ധ്യക്ഷൻ: നിങ്ങൾക്കുള്ള സമയം തീർന്നുപോയിരിക്കുന്നു. മി: മാധവവാരിയർ തിങ്കളാഴ്ച മറുപടി പറയാം.

മി: എം. ആർ. മാധവവാരിയർ (കോഴഞ്ചേരിയും പത്തനംതിട്ടയും): ഞാൻ ആക്ടിങ്ങ്കമ്മീഷണരുടെ പേരിൽ യാതൊരു കുറ്റവും സ്ഥാപിക്കുകയില്ലായിരുന്നു.

അദ്ധ്യക്ഷൻ: ആക്ടിങ്ങ് പൊലീസ് കമ്മീഷണർ മി: ആർ. കെ. കൃഷ്ണപിള്ളയെപ്പറ്റിയായിരുന്നു നി ങ്ങൾ സംസാരിച്ചുകൊണ്ടിരുന്നതു.

മി: എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): അദ്ദേഹം വയ്ക്കത്തായിരുന്നു എന്ന സംഗതിയെപ്പറ്റിയല്ലാതെ അദ്ദേഹം ഇന്നപ്രകാരം ചെയ്തില്ല എന്നതിനെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്. എന്റെ ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം പൊലീസുകാർ ചെയ്തിട്ടുള്ള അക്രമങ്ങളെപ്പറ്റി ഒരു നിഷ്പക്ഷമായ അന്വേ ക്ഷണം നടത്തണമെന്നും ഗവണ്മെന്റിനെ നിർബന്ധിക്കുന്നതിനാണ്. ഗവണ്മെന്റു ഡിസ്മിസ്സ് മജിസ്ട്രേട്ടിന്റെ റിപ്പോർട്ടുകൊണ്ടു തൃപ്തിപ്പെട്ടു എന്നാണു മി: സുബ്ബയ്യർ പറഞ്ഞതു. പൊതുജനങ്ങൾക്കു തൃപ്തിവരാത്തപക്ഷം ഗ വണ്മെന്റിനു പൊതുജനങ്ങളെ തൃപ്തിപ്പെടുത്തുവാനുള്ള കടമയില്ലയൊ? പോലീസ്കാരുടെ മേൽ വഹിയ ആ വലുതികൾ പുറപ്പെട്ടു. അതുകൊണ്ടു പോലീസുകാരുടെ നിർദ്ദോഷതയെ പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന തിനു അവരുടെ മേൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളെപ്പറ്റി ഒരു അന്വേഷണം നടത്തുന്നതിനായിട്ടാണു ഞാൻ ഈ ഉപക്ഷേപത്തെ ഹാജരാക്കുന്നതു. പൊലീസുകാർ നിർദ്ദോഷികളാണെന്നു പൊതു ജനങ്ങൾ വിശ്വസി ക്കുന്നില്ല.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പൊലീസ് കമ്മീഷണർ): ഇതിനു മറുപടിയായി എനിക്കു ഒന്നും പറയാനില്ല.

അദ്ധ്യക്ഷൻ: മി: മാധവവാരിയരെ; നിങ്ങൾ നിങ്ങളുടെ ഉപക്ഷേപത്തെപ്പറ്റി അനുകൂലപ്രതികൂലാ ഭിപ്രായം അറിയണമെന്നു നിർബന്ധിക്കുന്നുവൊ?

മി: എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): അതേ സാർ, ഞാൻ ഉപക്ഷേപം ആവശ്യമാണെന്നു നിർബന്ധിക്കുന്നു.

ഉപക്ഷേപം വോട്ടിനിട്ടതിൽ വോട്ടു ലഭിച്ചില്ല.

മി: എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ഞാൻ ഒരു പോളിനു അപേ ക്ഷിക്കുന്നു.

താഴെച്ചേർക്കുന്ന ഫലത്തോടുകൂടി ഒരു പോൾ നടത്തപ്പെട്ടു.

അനുകൂലകക്ഷി ൪൫.

൧	മിസ്സർ പാറ്റ് വി. ഡാനിയൽ	
൨	,, കെ. ഗോവിന്ദമേനോൻ	
൩	,, എ. ഹമീദ്	
൪	,, എൻ. കമലാസൻ	
൫	,, ററ്റി. കുമാരപിള്ള	
൬	,, തരിയൻ കുഞ്ഞിതൊമ്മൻ	
൭	,, എം. ആർ. മാധവവാരിയർ	
൮	,, ജെ. ജാൺ നിധീരി	
൯	,, എം. എൻ. പിള്ള	
൧൦	,, എൻ. പത്മനാഭപിള്ള	
൧൧	,, ജോസഫ് പത്തിക്കാരൻ	
൧൨	,, കെ. പരമേശ്വരൻപിള്ള (തിരുവല്ല)	
൧൩	,, ജി. പരമേശ്വരൻപിള്ള	
൧൪	,, എൻ. രാമകൃഷ്ണപിള്ള	

പ്രതികൂലകക്ഷി ൨൩

൧	മിസ്സർ ഒ. സി. പാക്കോ	
൨	,, ആർ. ധനക്കോടിപ്പിള്ള	
൩	,, കെ. ജാള്ളു്	
൪	,, ആർ. കൃഷ്ണപിള്ള	
൫	,, ആർ. കെ. കൃഷ്ണപിള്ള	
൬	മിസ്സ്സ് എം. പുന്നൻ ലൂക്കോസ്	
൭	മിസ്സർ ജാൺ മക്കി	
൮	,, കെ. വി. നടേശയ്യർ	
൯	,, എസ്. പരമേശ്വരയ്യർ	
൧൦	,, കെ. പരമേശ്വരൻപിള്ള (ആക്ടിങ്ങ് കൃഷിഡയരക്ടർ)	
൧൧	,, പി. പരമേശ്വരൻ	
൧൨	,, എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ	
൧൩	,, എം. രാജമാണിക്യം	
൧൪	റവറണ്ട് കെ. വി. തങ്കസ്വാമിഅയ്യങ്കാർ	
൧൫	മിസ്സർ എസ്സ്. സി. എച്ച്. റോബിൻസൺ	
൧൬	,, ജെ. സ്റ്റീഫൻസൺ	
൧൭	,, വി. സുബ്ബയ്യർ	
൧൮	,, എസ്. സുബ്രഹ്മണ്യക്കരയാളർ	

കൻ ,, പി. റ്റി. തോമസ്സ്
ഡ ാ ,, എ. ജെ. വൻറാസ്സ്
ഉപക്ഷേപം പാസ്സായില്ലെന്നു തീരുമാനിക്കപ്പെട്ടു.

ഉപക്ഷേപം-കൻ ക.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല): ഞാൻ താഴെചേർക്കുന്ന ഉപക്ഷേപത്തെ ഹാജരാക്കി കൊള്ളുന്നു:---

കൻ ക അസിസ്റ്റൻറ സൂപ്രണ്ടന്മാരുടെ ഉദ്യോഗത്തിനായിട്ടു നീക്കിവച്ചിരിക്കുന്ന ഡ ു ാ രൂപയെ വിട്ടേയ്ക്കുണം.

ഇപ്പോൾ ആകെ മൂന്നു ഡിസ്ട്രിക്ട്പോലീസുസൂപ്രണ്ടന്മാർ ഉണ്ട്. ഓരോ ഡിസ്ട്രിക്ട്സൂപ്രണ്ടന്മാർക്കു രണ്ടു അസിസ്റ്റൻറ സൂപ്രണ്ടന്മാരുള്ളതായി തോന്നുന്നു. ഒരു അസിസ്റ്റൻറ സൂപ്രണ്ടു ഡിസ്ട്രിക്ട്സൂപ്രണ്ടിനെ സഹായിക്കുന്നതിനും, മദറാസു പുറമെയുള്ള സ്ഥലങ്ങളിൽ ജോലിനോക്കുന്നതിനുമാകുന്നു. ഇപ്പോൾ ഒരു ഡിസ്ട്രിക്ടിലെജോലി ഇപ്പോൾ മൂന്നു ഉദ്യോഗസ്ഥന്മാരാൽ ചെയ്യപ്പെട്ടുവരുന്നു. അസിസ്റ്റൻറസൂപ്രണ്ടന്മാരെ നിയമിക്കുന്നതിനു മുമ്പു ഒരു സൂപ്രണ്ടായിരുന്നു ഈ ജോലികൾ മുഴുവനും ചെയ്തുവന്നിരുന്നതു. അസിസ്റ്റൻറസൂപ്രണ്ടുദ്യോഗം ഏർപ്പെടുത്തിയതു മുതൽ അതിനു ധാരാളം തുകമുണ്ടായിരുന്നു. കഴിഞ്ഞതിൻറെ മുമ്പിലത്തെ കൊല്ലം ബഡ്ജറ്റിൽ ഈ സംഗതികൊണ്ടുവരപ്പെട്ടു. അപ്പോൾ ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരുടെ ജോലിത്തിരക്കനിമിത്തം അസിസ്റ്റൻറ സൂപ്രണ്ടന്മാർ ആവശ്യമാണെന്നു മിസ്റ്റർ പിറെറ് പറഞ്ഞു. എന്നാൽ, അസിസ്റ്റൻറസൂപ്രണ്ടന്മാർ ചെയ്യുന്നതുകൊണ്ടുള്ളപ്രയോജനം ഞങ്ങൾക്കു ഇനിയും തൃപ്തിതോന്നീട്ടില്ല. ഭരണം നടത്തുന്നതു ഡിസ്ട്രിക്ട്സൂപ്രണ്ടന്മാരും, കേസുചാർജ്ജ്ചെയ്യുന്നതു ഇൻസ്പെക്ടറന്മാരും അവരുടെ കീഴ്ജീവനക്കാരുമാകുന്നു. ഡിസ്ട്രിക്ട്സൂപ്രണ്ടന്മാരുടേയും ഇൻസ്പെക്ടറന്മാരുടേയും ഇടയ്ക്കു ഒരു തരം ഉദ്യോഗസ്ഥന്മാരുണ്ടായിരിക്കേണ്ടതിൻറെ ആവശ്യകതയുണ്ടെന്നു വെളിവാകുന്നില്ല. എങ്ങിനെ ആയാലും ഈ ഡിപ്പാർട്ടുമെൻറിലുള്ള ആകമൊത്തം ഉദ്യോഗസ്ഥന്മാരുടെ ആവശ്യം ഇപ്പോൾത്തക്കവണ്ണം അതു വിഷമമുള്ളതാകുന്നു. അതുകൊണ്ടു ഈ തുകയെ കുറയ്ക്കുണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അസിസ്റ്റൻറ സൂപ്രണ്ടന്മാരാവശ്യമില്ലെന്നും അതുകൊണ്ടു നിറുത്തൽ ചെയ്യണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ: ആര അസിസ്റ്റൻറ സൂപ്രണ്ടന്മാരേയും കുറയ്ക്കണമെന്നാണോ നിങ്ങളുടെ അഭിപ്രായം.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല) അതെ.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ്പോലീസുകമ്മീഷണർ): അസിസ്റ്റൻറസൂപ്രണ്ടന്മാരെ കുറയ്ക്കുണമെന്നുള്ള വിഷയം ഇതിനുമുമ്പുള്ള കൊല്ലങ്ങളിലും അനുദ്യോഗസ്ഥമെംബറന്മാർ കൊണ്ടുവന്നിട്ടുണ്ട്. അസിസ്റ്റൻറസൂപ്രണ്ടന്മാർ ചെയ്യാനുള്ളതും അവർചെയ്യുവരുന്നതുമായ ജോലിയുടെ സ്വഭാവം കുമ്മട്ടിയെ അടുത്തു നോക്കുന്നതിനു ഇവിടെ ദയവുകയുള്ളപക്ഷം, അവരെവച്ചുകൊണ്ടിരിക്കുന്ന കാര്യത്തിൽ ഇവർ വിരോധം പറയുകയില്ലെന്നു എനിക്കു നിശ്ചയമുണ്ടു. പക്ഷെ, ഒരു തെററായ സാദൃശ്യമാണ് ഈ പ്രതിഷേധാഭിപ്രായത്തിനുകാരണമെന്നു എനിയ്ക്കു തോന്നുന്നു. ഉദാഹരണമായി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിനെ എടുക്കുകയാണെങ്കിൽ, ഡിപ്പാർട്ടുമെൻറ മേലധികാരിക്കും സബ്രജിസ്ട്രാറന്മാർക്കും ഇടയിൽ ഒരേതരം ഉദ്യോഗസ്ഥന്മാരെയുള്ളൂ. അതിനാൽ പോലീസു ഡിപ്പാർട്ടുമെൻറിലും അതേമാതിരിയിൽ തന്നെ ഏർപ്പാടുചെയ്യുന്നതു എന്നു സ്വഭാവികമായ ഒരു ചോദ്യം ചോദിക്കാനിടയുണ്ട്. ഇല്ലാ എന്നു രണ്ടു കാരണങ്ങൾ കൊണ്ടു ഞാൻ സ്ഥാപിക്കുന്നു. ഒരു ഡിസ്ട്രിക്ട്രജിസ്ട്രാക്കു ഏകദേശം ഡ ാ ആപ്പീസുകളോളം പരിശോധനയുണ്ടു, കാണും. ഒരു ഡിസ്ട്രിക്ട്സൂപ്രണ്ടിനു അതിൽ കൂടുതലായി പ്രധാനസ്റ്റേഷനുകളും, കൂടുതലായി മുപ്പതോ നാല്പതോ ചെറിയ സ്റ്റേഷനുകളും പരിശോധനയുണ്ടു. ഒരു ഡിസ്ട്രിക്ട്രജിസ്ട്രാക്കു ഡിപ്പാർട്ടുമെൻറ സംബന്ധിച്ചുള്ള അന്വേഷണങ്ങൾക്കതിരെ പറയേണ്ടതായി ഒരു കൊല്ലത്തിൽ പന്ത്രണ്ടിൽ കൂടുതൽ കാണുകയില്ല. എന്നാൽ ഒരു ഡിസ്ട്രിക്ട്സൂപ്രണ്ടിനു അനേകം ശതങ്ങൾക്കെതിരെ പറയേണ്ടതായിട്ടുണ്ട്. അവരെ ഏർപ്പെടുത്തി ശമ്പളം കൊടുത്തുവച്ചിട്ടുള്ള ഉദ്ദേശം പോലീസുകാർ സാധിക്കണമെങ്കിൽ അവർക്കു അനേകംവിധ അധികാരങ്ങളും കൊടുക്കേണ്ടതാണ്.

മി: എൻ. കുമാരൻ (ഗവണ്മെൻറ നിയമോച്ചമെംബർ): ഒരു അസിസ്റ്റൻറ സൂപ്രണ്ടിൻറെ കീഴിൽ ഒരു ഡിസ്ട്രിക്ട് മുഴുവൻ ഇരുന്നിരുന്ന ക ാ വു-മാണു പല വിധത്തിലുള്ള ഈ ജോലികളെല്ലാം ഒരാളെക്കൊണ്ടു ചെയ്യുതീർത്തതെന്നറിഞ്ഞാൽ കൊള്ളാം?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ്പോലീസുകമ്മീഷണർ): അന്നു അവരെ സഹായിക്കാൻ ഞങ്ങൾക്കു വേറെ ആളുകൾ ഉണ്ടായിരുന്നു.

മി: എൻ. കുമാരൻ (ഗവണ്മെൻറ നിയമോച്ചമെംബർ): പരിശോധന സംബന്ധമായുള്ള ജോലിയല്ലെ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ്പോലീസുകമ്മീഷണർ): കുറ്റം സംബന്ധിച്ചുള്ള അന്വേഷണം നടത്തുന്നതിനു അദ്ദേഹത്തിൻറെ കീഴിൽ വേറെജോലിക്കാരുണ്ടായിരുന്നു. പരിശോധനമാത്രമല്ല അവരുടെ ജോലി. അവർ കുറ്റസംബന്ധിച്ചുള്ള അന്വേഷണങ്ങളും നടത്തണം. കുറ്റംസംബന്ധിച്ചുള്ള അന്വേഷണം എന്നതാണു ജോലി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലില്ല.

വാസ്തവത്തിൽ ഈ സഭയിൽ നിന്നും പാസ്സാക്കി അയക്കുന്ന ഓരോചട്ടവും അല്പമെങ്കിലും അധികാരത്തെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നതു. ഈ അധികാരങ്ങളെയെല്ലാം പ്രയോഗിക്കുന്നതു മിക്കവാറും ക ാ രൂപ മുതൽ ഡ ു രൂപ വരെ ശമ്പളമുള്ള ആളുകളാകുന്നു. അതുകൊണ്ടു അവർ ഈ അധികാരങ്ങളെ ജനങ്ങളെയുപദ്രവിക്കാൻ ഉപയോഗിക്കാതെ തടയുന്നതിനു വളരെ അധികംമേൽനോട്ടം ആവശ്യമാണ്. പോലീസുകാരൻ, ചെയ്യുന്നതിനും ചെയ്യാത്തതിനും, എല്ലുററതിനും ആവലാതിയുണ്ടു. അപ്പോൾ മേൽനോട്ടത്തിനു മേലുദ്യോഗസ്ഥന്മാരില്ലാത്തപക്ഷം ഫലം വളരെ നാശകരമായിരിക്കും. ഈ ആവലാതികളെയെല്ലാം, തങ്ങളുടെ കീഴിലുള്ള സിൽബന്ധികളെ വിട്ടുകൊടുക്കാത്ത ഇൻസ്പെക്ടറന്മാരെ ഏൽപ്പിക്കുന്നപക്ഷം, ഈ സഭയിലെ സാമാജികന്മാരിലൊരുത്തരെങ്കിലും തൃപ്തിപ്പെടുകയില്ലെന്നുനിശ്ചയമുണ്ടു. പുറമെയുള്ള ഒരു സ്റ്റേഷനിലെ സ്റ്റാഫിൽനിന്നു ഒരു ഉദ്യോഗസ്ഥൻ പോയികാര്യവുമായി ബന്ധമില്ലാത്ത സന്ദർഭസ്ഥിതിയോടുകൂടി വേറെ

അന്വേഷണം നടത്തിയതിൽ മാത്രമെ തൃപ്തികരമായ ഫലങ്ങൾ ലഭിക്കുകയുള്ളു എന്നുവേണം വിചാരിക്കാൻ. ഡി. എസ്. പി ക്കു കീഴിൽ ഡിസ്ട്രിക്ട് രജിസ്ട്രാരെക്കാൾ കൂടുതലായി അപ്പീസ് ജോലിയും പരിശോധനസംബന്ധമായുള്ള ജോലിയുമുണ്ട്. അദ്ദേഹത്തിനു ധാരാളം കീഴ് ജീവനക്കാരെ ഭരിക്കാനുമുണ്ട്. അതിനാൽ ഈ ഡിപ്പാർട്ടുമെൻറുസംബന്ധമായുള്ള എല്ലാ അന്വേഷണങ്ങളും നടത്താൻ അദ്ദേഹത്തിനെകൊണ്ട് സാധ്യമാകുന്നതല്ല.

മി: എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ചമെമ്പർ): അസിസ്റ്റൻറുസൂപ്രണ്ടിനും അദ്ദേഹത്തിൻറെ മേലുദ്യോഗസ്ഥനും തമ്മിൽ അതേമാതിരിയിലുള്ള മനോഭാവമില്ലയോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): അതു കുറേയായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. അന്വേഷണസംബന്ധമായുള്ള സംഗതികളിൽ അതു കുറഞ്ഞുകൊണ്ടു നല്ല ഫലത്തെത്തരുന്നു.

ഇൻസ്പെക്ടറന്മാരെപ്പറ്റിയുള്ള ഈ ആവലാതികൾക്കെല്ലാം ഡിസ്ട്രിക്ട് സൂപ്രണ്ട് സമ്മതമായിരിക്കുന്നപക്ഷം ഈ സഭയിലെ രണ്ടുമന്ത്രിമാരും തൃപ്തിപ്പെടുകയില്ലെന്ന് എനിക്കു നിശ്ചയമുണ്ട്. ഈ വകുപ്പുകളിലുള്ള ജോലികളെല്ലാം ഡിസ്ട്രിക്ട് സൂപ്രണ്ടിനെ ചെയ്യേണ്ടതായിട്ടുണ്ട്. പിന്നെ എങ്ങനെയാണ് ഡിപ്പാർട്ടുമെൻറുസംബന്ധമായുള്ള അന്വേഷണങ്ങൾ നടത്താൻ അദ്ദേഹത്തിനു സമയമുള്ളത്. കേസുകളെപ്പറ്റി അന്വേഷിക്കുന്ന ഒരു ജോലി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഒരു കൊല്ലത്തിൽ ഫൈൻ—ചേക്ക എന്നുവച്ചുകൊള്ളാം—രജിസ്റ്ററിൽകൊള്ളിച്ചിട്ടുള്ള കേസുകളിൽ എത്ര ശതമാനമാണ് അസിസ്റ്റൻറുസൂപ്രണ്ടന്മാർ, മറ്റുള്ള ഉദ്യോഗസ്ഥന്മാരെക്കൂടാതെ, സ്വമേധയായി അന്വേഷിച്ചിട്ടുള്ളതെന്നു ആക്ടിംഗ് പോലീസുകമ്മീഷണർക്ക് പറയാൻ സാധിക്കുമോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): എൻറെ അടുക്കൽ കണക്കുകൾ ഉണ്ട്.

അദ്ധ്യക്ഷൻ: അസിസ്റ്റൻറുസൂപ്രണ്ടന്മാർ സ്വമേധയായി ചെയ്തിട്ടുള്ള ജോലിയെപ്പറ്റിയുള്ള ഒരു വിവരമാണ് മി: പരമേശ്വരൻപിള്ള ആവശ്യപ്പെടുന്നതു.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): പ്രധാനപ്പെട്ട എല്ലാ കേസുകളെപ്പറ്റിയും അസിസ്റ്റൻറുസൂപ്രണ്ടന്മാർ അന്വേഷിക്കുന്നുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): പിന്നെ ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർ എന്താണ് ചെയ്യുന്നത്?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): മൊത്തവുമെടുത്ത കേസുകളെല്ലാം ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർതന്നെ അന്വേഷണം ചെയ്യുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർ കുറ്റംസംബന്ധിച്ചുള്ള അന്വേഷണത്തിൽ എന്തൊരുഹരിവീതം ചെയ്യുന്നു?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): അദ്ദേഹത്തിനു കഴിവുള്ളിടത്തോളം കേസുകളെപ്പറ്റി അദ്ദേഹം അന്വേഷണം നടത്തുന്നുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആരാണ് കൂട്ടുതൽ ജോലിചെയ്യുന്നത്?

അദ്ധ്യക്ഷൻ: നിങ്ങളുടെപക്കൽ കണക്കുകളില്ലയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഏകദേശമുള്ള ഒരു കണക്കുകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): ഫൈൻ-ൽ കോട്ടയം ഡിസ്ട്രിക്ട് സൂപ്രണ്ട് അന്വേഷണം നടത്തിയ കേസുകളുടെ എണ്ണം നൂറ എന്നായിരുന്നു. പെരുമ്പാവൂർ അസിസ്റ്റൻറുസൂപ്രണ്ട് രണ്ടു കേസുകളെപ്പറ്റി അന്വേഷണം നടത്തി. തലസ്ഥാനത്തുള്ള അസിസ്റ്റൻറുസൂപ്രണ്ട് ഈ കേസുകളെപ്പറ്റി ഓരോ അന്വേഷണം നടത്തി. മൂവരുടെ സമയവും അദ്ദേഹം തലസ്ഥാനത്തുണ്ടായിരുന്നില്ല.

അദ്ധ്യക്ഷൻ: ആകെ അസിസ്റ്റൻറുസൂപ്രണ്ടന്മാരുടെ രണ്ടു കേസുകളിലാണ് അന്വേഷണം നടത്തപ്പെട്ടതു എന്നു പറയുകയാണോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): ഒരു അസിസ്റ്റൻറുസൂപ്രണ്ടിനാൽതന്നെ രണ്ടു കേസുകളും അന്വേഷിക്കപ്പെട്ടുഎന്നാണ്. കൊല്ലം അസിസ്റ്റൻറുസൂപ്രണ്ട് രണ്ടു കേസുകളും; കോട്ടയം അസിസ്റ്റൻറുസൂപ്രണ്ട് നൂറ കേസുകളും, ചെങ്ങന്നൂർ അസിസ്റ്റൻറുസൂപ്രണ്ട് രണ്ടു കേസുകളും അന്വേഷണം നടത്തിയിട്ടുണ്ട്.

മി: കെ. ജാൺനിധിരി (ചങ്ങനാശേരിയും, മീനച്ചിലും): ഡിപ്പാർട്ടുമെൻറു സംബന്ധമായ അന്വേഷണങ്ങളും അസിസ്റ്റൻറു സൂപ്രണ്ടന്മാർ നടത്തുന്നുണ്ടോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): ഉണ്ട്.

അദ്ധ്യക്ഷൻ: ഈ കണക്കുകളിൽ, ഡിപ്പാർട്ടുമെൻറു സംബന്ധമായ അന്വേഷണങ്ങളും ഉൾപ്പെട്ടുന്നുണ്ടോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): ഇല്ല. ഈ കണക്കിൽ അവയുൾപ്പെട്ടിട്ടില്ല.

മി: എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ചമെമ്പർ): അസിസ്റ്റൻറു സൂപ്രണ്ടന്മാർ സ്വമേധയായി പിടിച്ചു അന്വേഷണം നടത്തിയിട്ടുള്ള കേസുകളുടെ എണ്ണം ഏതുയെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ: പൂർണ്ണമായി അന്വേഷണം നടത്തപ്പെട്ടിട്ടുള്ള കേസുകളെപ്പറ്റിയാണ് അദ്ദേഹം സംസാരിക്കുന്നതു.

മി: എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ചമെമ്പർ): അങ്ങനെയല്ല. ഒരു അസിസ്റ്റൻറുസൂപ്രണ്ടിൻറെ കൈപ്പുസ്തകത്തിലുള്ള ഡയറിയെടുത്തു ഒന്നു എഴുതിയിട്ടുപോകുന്നു എന്നിക്കു മനസ്സിലാക്കാൻ കഴിയും. ആ ദിവസംമുതൽ അവസാനംവരെ അദ്ദേഹത്തെ സ്വമേധയായി അന്വേഷണം നടത്തിയിട്ടുള്ള കേസുകളുടെ എണ്ണമാണ് എനിക്കറിയേണ്ടതു.

മി: ആർ. കെ. കൃഷ്ണപിള്ള (അക്ടിംഗ് പോലീസ് കമ്മിഷണർ): ആദ്യംമുതൽ അവസാനംവരെ അന്വേഷണം തുടർന്നിയിട്ടുള്ള കേസുകളുടെ എണ്ണമാണ് ഞാൻ പറഞ്ഞിട്ടുള്ളത്. അസിസ്റ്റൻറ്സൂപ്രണ്ടിന്റെ ഒന്നാം ഘട്ടത്തിനുശേഷം കേസുകളെപ്പറ്റി പൂർണ്ണമായി അന്വേഷണം നടത്തും. പിന്നെ മറ്റുള്ളജോലി ഹിഴ്ജീവനക്കാർ നടത്തും.

അദ്ധ്യക്ഷൻ: ആദ്യംമുതൽ അവസാനംവരെയുള്ള കേസിനെ നടത്തിക്കുന്ന ജോലിയും ഇതിൽ ഉൾപ്പെടുന്നുണ്ടോ? അതാണ് അദ്ദേഹം ചോദിക്കുന്നത്.

മി: ആർ. കെ. കൃഷ്ണപിള്ള (അക്ടിംഗ് പോലീസ്കമ്മിഷണർ): അതു മുഴുവനും അവരാരെന്നെ ചെയ്യാൻ നിവൃത്തിയുള്ളതല്ല. ഒരു മേലുദ്യോഗസ്ഥൻ ഒരു സ്ഥലത്തുപോയി ഇൻസ്പക്ടർക്ക് വേണ്ട ഉപദേശങ്ങളും പറഞ്ഞുകൊടുക്കുന്നു. പറഞ്ഞുകൊടുത്തിട്ടുള്ളപ്രകാരം ഇവർ കേസു അന്വേഷണം നടത്തുന്നു.

മി: എ. ഇഗ്നാർഫ് (ഗവൺമെൻറ് നിയമിച്ച മെമ്പർ): ഈ കേസുകളിലേതെങ്കിലുമൊന്ന് അസിസ്റ്റൻറ് സൂപ്രണ്ട് വീണ്ടും അന്വേഷണം നടത്തുന്നുണ്ടോ?

മി: ആർ. കെ. കൃഷ്ണപിള്ള (അക്ടിംഗ് പോലീസ് കമ്മിഷണർ): അവയിൽ ചിലതിനെപ്പറ്റി അന്വേഷിക്കും.

അദ്ധ്യക്ഷൻ: ഡിസ്ട്രിക്ട് സൂപ്രണ്ടിനെ തോന്നിയിട്ടുള്ള ചില സംഗതികളും അസിസ്റ്റൻറ് സൂപ്രണ്ടിനെ തോന്നിയിരിക്കയില്ല. പോലീസ് കേസുകളെപ്പറ്റിയുള്ള അന്വേഷണം നിശ്ചിതമാഗ്ഗങ്ങളിൽ കൂടി നടത്തപ്പെടുന്നില്ല.

മി: ആർ. കെ. കൃഷ്ണപിള്ള (അക്ടിംഗ് പോലീസ് കമ്മിഷണർ): ഞാൻ മേൽ പറഞ്ഞിട്ടുള്ളതിൽനിന്നും ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർക്ക് വേറെ ധാരാളം ജോലിയുണ്ടെന്നും, വാസ്തവത്തിൽ ഒരു ഡിസ്ട്രിക്ട് രജിസ്ട്രാർക്ക് ചെയ്യാനുള്ളതിനെക്കാളും മൂന്നോ നാലൊ ഇരട്ടിജോലിയുണ്ടെന്നും, വെളിവാകും. ഞാൻ വിവരിച്ചു പറഞ്ഞിട്ടുള്ളതായ എല്ലുവിധ ജോലികളേയും ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർക്ക് ചെയ്യാൻ സാധിക്കുമെന്ന് ഈ സ്തോമെമ്പർമാർ വിചാരിക്കാൻപാടില്ല.

മി: ജെ. ജാൺനിധിരി (ചങ്ങനാശ്ശേരിയും മീനച്ചലും): സർ, ഡിസ്ട്രിക്ട് സൂപ്രണ്ടും ഡിസ്ട്രിക്ട്രജിസ്ട്രാരും തമ്മിലുള്ള സാദൃശ്യം ഇവിടെ എങ്ങിനെ യോജിക്കുന്നു.

മി: ആർ. കെ. കൃഷ്ണപിള്ള (അക്ടിംഗ് പോലീസ് കമ്മിഷണർ): വേറെ ഒരു ഉദ്യോഗസ്ഥന്റെ സഹായംകൂടാതെ ഡിസ്ട്രിക്ട്സൂപ്രണ്ടിനെ തനിച്ച് ഈ ജോലി മുഴുവൻ ചെയ്തീർക്കുവാൻ സാധിക്കുകയില്ലെന്നു കാണിക്കുന്നതിനായിട്ടാകുന്നു ഞാൻ ഈ താരതമ്യം ഉണ്ടാക്കിയിട്ടുള്ളത്. ഈ കാര്യത്തിനുവേണ്ടിയാണു ഞാൻ ഡിസ്ട്രിക്ട് സൂപ്രണ്ടിനേയും ഡിസ്ട്രിക്ട് രജിസ്ട്രാരേയും തമ്മിൽ സാദൃശ്യപ്പെടുത്തിയത്.

മി: കെ. പരമേശ്വരൻപിള്ള (മീനച്ചവല്ല): അദ്ദേഹം താരതമ്യപ്പെടുത്തിട്ടുള്ള രണ്ട് ഉദ്യോഗസ്ഥന്മാരുടേയും ശമ്പളമെന്താകുന്നു?

അദ്ധ്യക്ഷൻ: ഡിസ്ട്രിക്ട്രജിസ്ട്രാരുടെ ശമ്പളം ൨൭൫-മുതൽ ൩൫൫-വരെയാകുന്നു. ഡിസ്ട്രിക്ട് സൂപ്രണ്ടിന്റെ ശമ്പളം ൩൦൦-മുതൽ ൪൦൦-വരെയാകുന്നു. രണ്ടാളുടെ ശമ്പളം മറ്റേയാളുടെ ശമ്പളത്തേക്കാൾ കൂട്ടലാകുന്നു.

മി: എൻ. രാമകൃഷ്ണപിള്ള (മൈക്കവും ഏറുമാനൂരും): വിദ്യാഭ്യാസവകുപ്പിലുള്ള ഹെഡ്മാസ്റ്റർക്കും അസിസ്റ്റൻറ് സൂപ്രണ്ടന്മാർക്കും തമ്മിൽ എന്തു സാദൃശ്യമാണുള്ളതു?

മി: ആർ. കെ. കൃഷ്ണപിള്ള (അക്ടിംഗ്പോലീസ്കമ്മിഷണർ): ഡിസ്ട്രിക്ട്രജിസ്ട്രാന്മാർക്ക കീഴ്ജീവനക്കാരുടെ ഭരണം ഉണ്ട്. ഡിസ്ട്രിക്ട്സൂപ്രണ്ടന്മാർക്ക് കീഴ്ജീവനക്കാരുടെ ഭരണംകൂടാതെ, പരിശോധനജോലിയും ഉണ്ട്. ഡിസ്ട്രിക്ട്സൂപ്രണ്ടന്മാരെ സംബന്ധിച്ചേടത്തോളം കീഴ്ജീവനക്കാരുടെ എണ്ണം ൫൦൦ മുതൽ ൬൦൦-വരെയാകുന്നു. ഈ കീഴ് ഉദ്യോഗസ്ഥന്മാർ മജിസ്ട്രേട്ടൻ ഡിപ്പാർട്ടുമെൻറിലെ ജീവനക്കാരേപ്പോലെയല്ല. പോലീസിലുള്ള ആളുകൾ ആയുധം ധരിച്ചവരായതുകൊണ്ട് അവർ കൂടുതൽ സൂക്ഷ്മമായ മേൽനോട്ടം ആവശ്യപ്പെടുന്നു.

മി: എൻ. കുമാരൻ (ഗവൺമെൻറ് നിയമിച്ചമെമ്പർ): ഇവിടേയുള്ള പോലീസ്സൈന്യത്തേയും തിരുനൽവേലിയിലുള്ള പോലീസ്സൈന്യത്തേയും തമ്മിൽ സാദൃശ്യപ്പെടുത്തി നോക്കുന്നത് കൂടുതൽ ഗുണകരമായിരിക്കുകയില്ലെ? ആക്ടിംഗ്പോലീസ് കമ്മിഷണർ ഇതിനെപ്പറ്റിയുള്ള കുണകുറവുകൾ തരുന്നപക്ഷം അതു കൂടുതൽ ഗുണപ്രദമായിരിക്കും.

മി: ആർ. കെ. കൃഷ്ണപിള്ള (അക്ടിംഗ്പോലീസ്കമ്മിഷണർ): ഡിസ്ട്രിക്ട് രജിസ്ട്രാരെ താമതപ്പെടുത്തിനായി ഇവിടെ കൊണ്ടുവരുന്നതിനുള്ള എൻറെ ഉദ്ദേശം, അദ്ദേഹത്തിൻറെ കീഴിൽ വേറെ ഒരു ഉദ്യോഗസ്ഥനെ വെയ്ക്കാത്തപക്ഷം ഡിസ്ട്രിക്ട്സൂപ്രണ്ടിനു ജോലിമുഴുവനും ചെയ്തീർക്കുവാൻ സാധിക്കുകയില്ലെന്നു കാണിപ്പാൻവേണ്ടിയാകുന്നു. അതാണു വേറെ ഒരുതരം ഉദ്യോഗസ്ഥന്മാർ കൂടി വേണമെന്നു ഞാൻ പറഞ്ഞത്. കീഴ്ജീവനക്കാരെ നല്ലവണ്ണം അടക്കുന്നതിനു മേൽനോക്കുന്നതിനു അവർ ആയുധധാരികളാകുന്നു. ഇവർ പല സ്ഥലത്തു കിടക്കുന്നവരും, ആയുധം ധരിച്ചിട്ടുള്ളവരും, സൈന്യവകുപ്പിൽ ഒരു കമാൻഡിങ്ങ് ആഫീസറുടെ കീഴിലെന്നപോലെ ഒന്നായി ചേർന്നുവരുന്നതുമാകുന്നു. അതുകൊണ്ട് ഒരു അസിസ്റ്റൻറ് സൂപ്രണ്ട് ആവശ്യമാകുന്നു. അദ്ദേഹത്തിൻറെ സ്ഥിതിയിലുള്ള ഒരു ഉയർന്ന ഉദ്യോഗസ്ഥൻ ചുറ്റി സഞ്ചരിക്കുകയും, ഈ കീഴ് സിൽ ബന്ധപ്പെടുകയും എങ്ങനെയാണ് അവരുടെ ജോലി ചെയ്യുന്നതെന്നു നോക്കുകയും വേണ്ടതാകുന്നു. അസിസ്റ്റൻറ് സൂപ്രണ്ടന്മാരുടെ എണ്ണത്തെ കുറയ്ക്കുന്നപക്ഷം അതു അപകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ആ സംഗതിയാണു ഞാൻ ഈ സഭയുടെ അറിവിൽ കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നത്.

മി: ഡി. കുമാരപിള്ള (ഇരണിയലും വിളവംകോടും): അസിസ്റ്റൻറ്സൂപ്രണ്ടന്മാർ ഉൾനാടുകളിൽ സഞ്ചരിച്ചുപോകാറുണ്ടോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്റ്റിങ്ങ് പോലീസ് കമ്മീഷണർ): വല്ല കേസുകാര്യം പോകാനുണ്ടു.

മി: ഠി. കുമാരപിള്ള (ഇരിണിയവും വിളവങ്കോടും): കേസുകാര്യം ഉണ്ടെങ്കിൽ മാത്രമെ പോകാവുള്ളൂ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസ് കമ്മീഷണർ): നിർബന്ധമില്ല.

മി: എ. ഗോവിന്ദമേനവൻ (ആലങ്ങാട്ടം പറവൂരും): അവരുടെ അധികാരാതിർത്തിയിലുള്ള കാൺസ്റ്റേബിൾമാരുടേയൊ ഇൻസ്പെക്ടറന്മാരുടേയൊ മേൽ അസിസ്റ്റൻറ സൂപ്രണ്ടന്മാർക്ക വല്ല അധികാരവുമുണ്ടൊ എന്നു മെസർ സഭയം പറയുമോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസ് കമ്മീഷണർ): ഉണ്ടു് ഇവക്ക് അവരുടെ വീഴ്ചകളെ കണ്ടുപിടിക്കുകയും, അവരെ ശിക്ഷയ്ക്കായി ശിപാർശ ചെയ്യുകയും ചെയ്യാം.

മി: എ. ഗോവിന്ദമേനവൻ (ആലങ്ങാട്ടം പറവൂരും): അതുകൊണ്ടു് ഏ. എസ്. പി. ആപ്പീസ് മുതലായതിനു പോസ്റ്റുപ്പീസുപോലെയാണു്, ആ ഉദ്യോഗസ്ഥനു ശിക്ഷിയ്ക്കുവാൻ യാതൊരധികാരവുമില്ലാത്ത ആളുകളെപ്പറ്റി ഡിസ്മിസ്സിക്കുവാനുള്ളവരോടു റിപ്പോർട്ടുചെയ്യുന്നതു മാത്രമാകുന്ന അയാൾക്കുള്ള ജോലി.

മി: ആർ. കെ. (കൃഷ്ണപിള്ള ആക്ടിങ്ങ് പോലീസുകമ്മീഷണർ): അവർക്ക ഇൻസ്പെക്ടറന്മാരുടെ വീഴ്ചകളെപ്പറ്റി റിപ്പോർട്ടുചെയ്യുവാനും, അവരെ ശിക്ഷയ്ക്കു ശിപാർശചെയ്യുവാനും, കഴിവുള്ളതാകുന്നു.

മി: എ. ഗോവിന്ദമേനവൻ (ആലങ്ങാട്ടം പറവൂരും): അതിന്റെ അർത്ഥം അവർക്ക ശിക്ഷനൽകാനുള്ള അധികാരമില്ലെന്നാണ്.

അദ്ധ്യക്ഷൻ: അതു് വിവരങ്ങളിൽ സംബന്ധപ്പെട്ട ഒരു സംഗതിയാകുന്നു. അവർക്ക് അധികാരങ്ങളില്ലാത്തപക്ഷം നിങ്ങൾ അവർക്ക് അധികാരങ്ങൾ ഉണ്ടാക്കിക്കൊടുക്കണം.

മി: എ. ഗോവിന്ദമേനവൻ (ആലങ്ങാട്ടം, പറവൂരും): ഇപ്പോളിരിക്കുന്നതുപോലെയാണെങ്കിൽ അവരേക്കൊണ്ടു വലിയ പ്രയോജനമൊന്നുമില്ല.

അദ്ധ്യക്ഷൻ: അതു വാളത്തിലിരിക്കുന്നവിഷയത്തോടു ചേർന്നതല്ല.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): "പേഴ്സണൽ അസിസ്റ്റൻറ" എന്ന അഭിധാനത്തിൽ ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരുടെ ആപ്പീസിൽ അവർ ജോലിചെയ്യുന്നതിനെപ്പറ്റി വലിയ തർക്കമുണ്ടായിരുന്നു. അവരുടെ ആ ജോലിയെ നിറുത്തി അവർക്ക സബ്ഡിവിഷൻചാർജ്ജു കൊടുക്കണമെന്നായിരുന്നു അതിനെ സംബന്ധിച്ചുണ്ടായിരുന്ന ഏർപ്പാടു്. ആ പരീക്ഷണം ഇപ്പോൾ കോട്ടയത്തു നടത്തിവരുന്നു അതു കുറെക്കൂടി നന്നായി നടക്കുമെന്നുള്ളപക്ഷം, ആ ഏർപ്പാടിനെ മാറ്റുള്ള ഡിസ്ട്രിക്ടിലും പരത്തണമെന്നാണു ഞങ്ങളുടെ ഉദ്ദേശം. എങ്കിലും എന്തായാലും——

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കോട്ടയം ഡിസ്ട്രിക്ട് പോലീസുസൂപ്രണ്ടിന് പേഴ്സനൽ അസിസ്റ്റൻറ ആരുമില്ലയൊ എന്നെനിക്കറിഞ്ഞാൽകൊള്ളാം?

അദ്ധ്യക്ഷൻ: ഇല്ലാ, അദ്ദേഹം തല്സ്ഥാനത്തുള്ള സബ്ഡിവിഷന്റെ ചാർജ്ജിലിരിക്കുന്നു.

മി: എൻ. കുമാരൻ (തവണക്കടവിന്റെ നിയമിച്ചുമെമ്പർ): ഏതു സബ്ഡിവിഷൻ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): തല്സ്ഥാനത്തുള്ള സബ്ഡിവിഷൻ, മറ്റുള്ള ഡിസ്ട്രിക്ടുകളിലും അസിസ്റ്റൻറ സൂപ്രണ്ടന്മാരെ സബ്ഡിവിഷൻ ആപ്പീസറന്മാരായി സാധാരണഗണിക്കപ്പെട്ടുവരുന്നു. എങ്ങനെയായാലും കൊല്ലത്തു, ഞാൻ അദ്ദേഹത്തെ ആപ്പീസുജോലിക്കു ഉപയോഗപ്പെടുത്തുന്നു എന്നുവരികിലും, അസിസ്റ്റൻറസൂപ്രണ്ടു സബ്ഡിവിഷൻ ചാർജിലാണെന്നു കരുതപ്പെടുണതായി എനിക്കറിയാം. അതിനുള്ള ആവശ്യകതയെ ഈ സഭയിലെ മെസറന്മാർ മനസിലാക്കുന്നതായി ഞാൻ അവരെ എങ്കൻ ആപ്പീസിലേക്കു ക്ഷണിക്കുകയും, അവിടെ വരികയാണെങ്കിൽ ഞാൻ അവരെ എളിപ്പത്തിൽ തൃപ്തിപ്പെടുത്തുകയും ചെയ്യാം.

മി: ജെ. ജാൻസിധിരി (ചങ്ങനാശ്ശേരിയും, മീനച്ചിലും): ആ ഏർപ്പാടു തൃപ്തികരമാംവണ്ണം നടക്കുന്നുണ്ടോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): ഉണ്ടു്. അതിനുള്ള ആവശ്യകതയെപ്പറ്റി ഈ സാമൂഹ്യകന്മാരെ ബോദ്ധ്യപ്പെടുത്തുവാൻ, അവർ എന്റെ ആപ്പീസിലേക്കു വന്ന എൻറർപ്പെടുന്നേരത്തു മണിക്കൂർ ചെലവാക്കേണ്ടുപക്ഷം, എനിക്ക് സാധിക്കുന്നതാണ്.

അദ്ധ്യക്ഷൻ: സമയം നീണ്ടുപോയി.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസുകമ്മീഷണർ): അതിനാൽ ഇനിയും ഈ ഉപക്ഷേപത്തെ പ്രയോഗിക്കുന്നതിനു ഞാൻ ആ മെസറോടു അപേക്ഷിച്ചുകൊള്ളുന്നു.

മി: എ. ഹഗാർഡ് (തവണക്കടവിന്റെ നിയമിച്ചുമെമ്പർ): സാർ, ആക്ടിംഗ് പോലീസു കമ്മീഷണർ കൊണ്ടുവന്നതായ താരതമ്യം തൃപ്തികരമായിട്ടുള്ളതല്ലായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. രജിസ്ട്രേഷൻ സിപ്പാർട്ടുമെൻറിനും പോലീസുഡിപ്പാർട്ടുമെൻറിനും തമ്മിൽ ഇരുവരുടെ ബന്ധമെന്നും ഞാൻ കാണുന്നില്ല. എക്സൈസുഡിപ്പാർട്ടുമെൻറും പോലീസു ഡിപ്പാർട്ടുമെൻറും തമ്മിലാണ് അദ്ദേഹം താരതമ്യം നടത്തിയിരുന്നതെങ്കിൽ അതു കുറെക്കൂടി യോജിപ്പുള്ളതായിരിക്കുമായിരുന്നു. (ചിരി). ഉദ്യോഗസ്ഥന്മാരുടെ കുട്ടുത്തൽകൊണ്ടു ഡിപ്പാർട്ടുമെൻറുകാർക്ക തലപ്പുഴനനച്ചു കുളിയിരിക്കുന്നു എന്നു ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ടു്. പോലീസുഡിപ്പാർട്ടുമെൻറിൽ ന്നു അസിസ്റ്റൻറ സൂപ്രണ്ടന്മാരുണ്ടു്. കുറെകൊല്ലങ്ങൾക്കു മുമ്പു് മൂന്നുപേരെ ഉണ്ടായിരുന്നുള്ളു. എങ്കിലും, ഇപ്പോൾ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ പതിനൊന്നോ പന്ത്രണ്ടൊ അസിസ്റ്റൻറ കമ്മീഷണർമാരുണ്ടു്. അവരെല്ലാം എത്രകാലത്തെ എണ്ണത്തിലാണ് അവസാനിക്കാൻ പോകുന്നതെന്നു എനിക്കറിയാൻപാടില്ല. ഇപ്പോൾ കേസന്വേഷണത്തെ സംബന്ധിച്ചിടത്തോളം യുക്തമായ ഒരു ചോദ്യം മി: പരമേശ്വരൻപിള്ള ആക്ടിംഗ് കമ്മീഷണരോടു ചോദിച്ചു എങ്കിലും അതിനു കൊടുക്കപ്പെട്ട കണക്കുകൾ വളരെ തൃപ്തികരമായിരുന്നില്ല. കൊട്ടത്തിലുള്ള കണക്കുകളിലുള്ള കുട്ടുതൽ എണ്ണങ്ങൾ ൧൯൦൨, ൧൯൦൩, ൧൯൦൪ ആണ്. ഇങ്ങിനെയാണെങ്കിൽ തെമാസത്തേക്ക അതു എറ്റുവിത്യാസമാകുന്നു, ഈ ശതമാനം വളരെകുറവാണ്.

അദ്ധ്യക്ഷൻ: ഗൌരവാവഹമായ ഒരു കേസു അന്വേഷണത്തിനു എത്രസമയംവേണ്ടിവരുമെന്നു നിങ്ങൾ വിചാരിക്കുന്നു?

മി: എ. ഹഗാർഫ (ഗവണ്മെൻറു നിയമിച്ചഭൂമണ്ഡലം): മറ്റുള്ള കേസുകളെപ്പറ്റിയും അങ്ങിനെതന്നെ. കേസുകളുടെ ഒരു വിവരപ്പട്ടികയും, പ്രധാനമായ ക്രിമിനൽ കേസുകളുടെ വിസ്താരം നടത്തുന്നതിനുവേണ്ടി ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരും അസിസ്റ്റൻറു സൂപ്രണ്ടന്മാരും ഡിസ്ട്രിക്ട കോർട്ടിൽ പോയിട്ടുള്ള എത്രപ്രാവശ്യമാണെന്നുള്ള ഞാൻ ചോദിക്കുകയും, അതിനു കിട്ടിയതായ വിവരപ്പട്ടിക തീരെ വ്യസനകരമായ കഥയാണ് പറയുകയും ചെയ്യുന്നു. ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരുടേയും അസിസ്റ്റൻറു സൂപ്രണ്ടന്മാരുടേയും ജോലികൾ തമ്മിൽ ഒന്നിനുമേൽ ഒന്നായി കിടക്കുന്നുമുണ്ടു, വിഭാഗം ചെയ്യപ്പെട്ട അവരുടെ ചുമതലകൾ, രണ്ടുപേരുടേയും ഏകദേശം ഒരേതരത്തിലുള്ള ഉദ്യോഗനിലയെന്നിവയാണ്, അസിസ്റ്റൻറു സൂപ്രണ്ടന്മാരെ നിയമിക്കുന്നതിനു മി: പരമേശ്വരൻ പിള്ളയുടെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ടകാരണങ്ങൾ. ഉത്തരവാദിത്വം ഉണ്ടായിരിക്കേണ്ടതാണ്. മേലുദ്യോഗസ്ഥന്മാർ സാധാരണയായി സഞ്ചരിച്ചുകൊണ്ടിരിക്കുകയും, ഉദ്യോഗക്കുറവിൽ പോയി അവിടെ അവരുടെ കീഴ്ജീവനക്കാർ തങ്ങളുടെജോലിയെ ശരിയാംവണ്ണം ചെയ്യുന്നുണ്ടോ എന്നു നോക്കുകയും, നാട്ടിലമാധാനത്തിനായി ചെയ്യുവരുന്ന പോലീസ് ജോലിയുടെ സ്വഭാവത്തെപ്പറ്റി ചുറ്റുമുള്ള ആളുകളുടെ അഭിപ്രായങ്ങൾ അവർ ചോദിക്കുന്നപക്ഷം, അസിസ്റ്റൻറുസൂപ്രണ്ടന്മാരെക്കൊണ്ടു വളരെ കൂടുതലായ പ്രയോജനമുണ്ടായിരിക്കുകയുമുള്ളു. നമ്മുടെ രാജ്യം സമാധാനപരിപൂർണ്ണമായ ഒന്നാകുന്നു. കന്യാകുമാരിമുതൽ പേർവരെ, വഴിക്കുയാതൊരു ഉപദ്രവവുംകൂടാതെ നമുക്കു പോകാൻ സാധിക്കുന്നതാണ്. ഒരു സ്ത്രീക്കുപോലും ഒറ്റക്കു യാതൊരു ഉപദ്രവവുംകൂടാതെ പോകാൻകഴിയും. രാജ്യത്തിൻറെ ഇപ്പോഴത്തെ സ്ഥിതിക്കു മറ്റുള്ളതിനുവേണ്ടിയുള്ള ഇത്ര വളരെ പോലീസുദ്യോഗസ്ഥന്മാരുടെ എണ്ണം ആവശ്യമുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ എണ്ണക്കുട്ടുതൽ വിഭാഗിക്കപ്പെട്ടിട്ടുള്ള അധികാരം, മുതലായവയിലാണ് ഞാൻ ഇപ്പോൾ ഒരു ഉദാഹരണം പറയാം. ഉദാഹരണമായി, ട്രെയിനിങ്ങ് കോളേജിൽ—

അദ്ധ്യക്ഷൻ:—നിങ്ങളുടെ സാരാംശം സന്ദർഭോചിതമല്ല. നാമിപ്പോൾ ട്രയിനിംഗ് കോളേജിനെപ്പറ്റിയല്ലാ സംസാരിക്കുന്നതു.

മി: എ. ഹഗാർഫ് (ഗവണ്മെൻറു നിയമിച്ചമെംബർ): അല്ലാ സർ, ട്രെയിനിംഗ് കോളേജിൽ ഒരു ഉദ്യോഗസ്ഥൻ തന്നെ, അവിടത്തെ ജോലിയെ കുന്ന ഉദ്യോഗസ്ഥന്മാർ കൂടി ചെയ്തിരുന്നതിനെക്കാൾ വളരെ രംഗിയായി ചെയ്യുന്നു.

അദ്ധ്യക്ഷൻ:—അതിനു വേറെ കാരണങ്ങളും ഉണ്ടായിരിക്കാം.

മി: എ. ഹഗാർഫ് (ഗവണ്മെൻറു നിയമിച്ചമെംബർ): രണ്ടുപേരുടെ ഭാരവാഹിത്വം ഉള്ളപ്പോൾ സാധാരണയായി ജോലിയുടെ ഗുണം ക്രമേണ നശിച്ചുപോകുന്നു. ചുമതലയുള്ളപ്പോൾ സാധാരണയായി ജോലി നന്നായിചെയ്യപ്പെടുന്നു. "പാചകന്മാർ അധികമായാൽ ആഹാരം ചീത്തയാകും", എന്നും, "എല്ലുവരുടേയും ജോലി ഒരുത്തരുടേയും ജോലിയല്ല", എന്നുമുള്ള പഴഞ്ചൊല്ലുകളെ ഒരാൾക്കു ഈ സമയത്തു മാത്രിക്കാനിടവരും. ഒരാൾ തന്നെ അയാളുടെ വേലയെചെയ്യണം. അതിനു അയാൾക്കു നല്ലശമ്പളം കൊടുക്കുകയും. ആ ജോലിക്കു അയാൾ തന്നെ ഉത്തരവാദിയായിരിക്കുകയും വേണം കൊടുക്കുന്നതെന്ന സംഗതി ഇപ്പോൾ ഉദാഹരണമായി എടുക്കുക. ഡിസ്ട്രിക്ട്സൂപ്രണ്ടു അസിസ്റ്റൻറു സൂപ്രണ്ടിൻമേലും, അസിസ്റ്റൻറു സൂപ്രണ്ടു ഇൻസ്പെക്ടരുടെ മേലും, അങ്ങനെ മുറയ്ക്കു കുറേസ്ഥാപിക്കുന്നു. ഡിസ്ട്രിക്ടസൂപ്രണ്ടിനെ മാത്രം ചുമതല ഏൽപ്പിച്ചിരുന്നുവെങ്കിൽ കുറേ കൂടി അധികം ഭാരവാഹിത്വം ഉണ്ടായിരിക്കുമായിരുന്നു. ഈ വിവിധകാരണങ്ങൾകൊണ്ടുഞാൻ വളരെസന്തോഷത്തോടു കൂടി മിസ്റ്റർ പരമേശ്വരൻ പിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി: പരമേശ്വരൻ പിള്ളയുടെ പ്രമേയത്തെ പിൻതാങ്ങുന്നതിൽ എനിക്കും വളരെ സന്തോഷമുണ്ടു. പോലീസുഅസിസ്റ്റൻറു സൂപ്രണ്ടന്മാരുടെ നിത്യപയോഗ്യതയെപ്പറ്റിമുമ്പൊരവസരത്തിൽ ഈ സഭയിൽ വേണ്ടും വണ്ണം വാദപ്രതിവാദം നടത്തിയിട്ടുണ്ടു. ആ സമയത്തു അന്നത്തെ പോലീസു കമ്മീഷണർ പോലീസ് അസിസ്റ്റൻറു സൂപ്രണ്ടന്മാരെ ഡിസ്ട്രിക്ടിൻറെ അതൃത്തിപ്രദേശങ്ങളിൽ നിയമിച്ചാലുണ്ടാകുന്ന ഫലമെന്തായിരുന്നുവെന്നു അറിയുന്നതിനായി ഒരു പരീക്ഷയടത്തിനോക്കാമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അങ്ങിനെ ഒരു പരീക്ഷണം കോട്ടയത്തു നടത്തിയതായിട്ടു ഇപ്പോഴത്തെ ആഭ്യന്തരകമ്മീഷണരിൽനിന്നും ഞാൻ മനസ്സിലാക്കി. എന്നാൽ അതിൻറെ ഫലമെന്തായിരുന്നുവെന്നു അദ്ദേഹം ഞങ്ങളോടു പറഞ്ഞിട്ടില്ല. ഇപ്പോൾ, പോലീസുഅസിസ്റ്റൻറു സൂപ്രണ്ടന്മാരുടെ പ്രധാനകൃത്യം എന്താണെന്നു ഈ സഭമുമ്പാകെ വിവരിച്ചിട്ടുണ്ടു. ഡിസ്ട്രിക്ട്ഭരണം വ്യാപിച്ചു കിടക്കുന്ന പോലീസുസൈന്യത്തിൻറെ മേൽനോട്ടം, പരിശോധന, മേണം, മുതലായവ നടത്തുന്നതാകുന്നു ആ ജോലി. ഡിപ്പാർട്ടുമെൻറിൻറെ സ്ഥിതിയെ പരിഗണിച്ചു നോക്കുന്നതായാൽ ഇത്രത്തോളം ശ്രദ്ധയും മേൽനോട്ടവും ആവശ്യമുള്ളതായി വേറെ ഒരു ഡിപ്പാർട്ടുമെൻറും ഞാൻ കാണുന്നില്ല. കോൺസ്റ്റബിൾമാരെപ്പറ്റി ഒരു വിധമായ സംശയത്തോടുകൂടിയാണ് പോലീസു ഡിപ്പാർട്ടുമെൻറിൻറെ ആരംഭം എന്നു കാണുമ്പോൾ, ഗവണ്മെൻറും ഡിപ്പാർട്ടുമെൻറു മേലധികാരിയും കോൺസ്റ്റബിൾമാർ സംശയിക്കപ്പെടേണ്ട ഒരു കൂട്ടരാണെന്നു കരുതുന്നതായിതോന്നുന്നു. ഇവരുടെ നടത്തയെ നേരായനിലവരത്തുവാനും ഇവർന്യായരഹിതമായി പ്രവർത്തിക്കാതിരിക്കുവാൻ സൂക്ഷിക്കുന്നതിനും ഉള്ള ആവശ്യം പ്രമാണിച്ചാണ് അസിസ്റ്റൻറു സൂപ്രണ്ടന്മാരെ നിയമിച്ചിട്ടുള്ളതു. മേൽപ്രസ്താവിച്ചതുകൊണ്ടു ഇവർചെയ്യേണ്ടുന്ന പ്രധാനജോലി. എന്നിട്ടും മുമ്പിലത്തെ പ്രമേയം സംബന്ധിച്ചു, മി: സുബ്ബയ്യരുടെ അഭിപ്രായത്തോടു യോജിച്ചു "നിങ്ങൾവാളിക്കുളത്തു" നമുക്കു കുതാൻ പാടില്ലാത്ത ഈ സഭയിലെ ചില മെംബറന്മാരിൽ നിന്നു നാം കേൾക്കുന്നതെന്ന സ്ഥിതിയെപ്പറ്റി ധാരാളം അഭിപ്രായങ്ങൾ ഈ സഭയിൽവച്ചു കേട്ടുകൊണ്ടിരിക്കുകയുണ്ടല്ലൊ. മേൽനോട്ടം വഹിക്കുവാനായി ഒരു അസിസ്റ്റൻറുസൂപ്രണ്ടു ആ സ്ഥലത്തുണ്ടായിരുന്നിട്ടും, അദ്ദേഹത്തിൻറെ മേൽനോട്ടത്തിൽ തന്നെ ഇരുന്ന ഒരു സ്റ്റേഷനിൽ നിന്നുമാണ് ഇപ്രകാരമുള്ള പരാതികളും ഉണ്ടായിട്ടുള്ളതു.

അസിസ്റ്റൻറ്സൂപ്രണ്ടു് ആ സ്ഥലത്തു് സന്നിഹിതനായിരുന്നാലും ഇല്ലെങ്കിലും എന്തു വ്യത്യാസമാണ് ഉണ്ടായിട്ടുള്ളതു്. ഇത്തരം ആളുകളെയാണ് അസിസ്റ്റൻറ്സൂപ്രണ്ടന്മാരായി കയറൂരികൊടുത്തു കാൺസ്റ്റബിൾമാരുടെ മേൽ നോട്ടത്തിനായി നിശ്ചയിച്ചിട്ടുള്ളതെന്നു വരികിൽ സാധാരണക്കാരുള്ള പോലീസുകാരുടെ മേൽ ഇപ്രകാരമുള്ള മേൽനോട്ടം കൊണ്ടു എന്തുഫലമാണുണ്ടാകുന്നതു്. പോലീസുഅസിസ്റ്റൻറ്സൂപ്രണ്ടന്മാരെപ്പറ്റി ഉണ്ടായിരുന്ന വചിച ആക്ഷേപങ്ങളെല്ലാം ആ സ്ഥലത്തുവച്ചു അസ്ഥാനത്തിലായി എന്നു ഞാൻ ഈ സഭയെ ബോദ്ധ്യപ്പെടുത്തിക്കൊള്ളുന്നു.

കുറച്ചുകാലത്തേക്കു അന്വേഷണത്തെസംബന്ധിച്ചിടത്തോളം മേൽപറഞ്ഞ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള മറ്റു് ഉദ്യോഗസ്ഥന്മാരുടെ സഹകരണം കൂടാതെ പോലീസ് അസിസ്റ്റൻറ്സൂപ്രണ്ടന്മാർ എതു കേസുകളിൽ സ്വതന്ത്രമായി പ്രവർത്തിച്ചിട്ടുണ്ടെന്നു് എൻെറ സ്നേഹിതനായ ആളിങ്ങു് പോലീസ്കമ്മീഷണരവർകൾക്കു പറയാൻ സാധിക്കുന്നതല്ലെന്നു ഞാൻ വിചാരിക്കുന്നു. ഈ പരിശോധനം നടത്തുന്ന ഉദ്യോഗസ്ഥന്മാർ ഒരു സ്റ്റേഷനിൽ ചെന്നാൽ ചിലതെല്ലാം എഴുതുകയും, ചിലതെല്ലാം കുറിച്ചെടുക്കുകയും, കേസുകളെപ്പറ്റി താനും അന്വേഷണം നടത്തിയതായി ഭാവിക്കുകയും ചെയ്യുന്നതാണു് പതിവു്. ഈ വിധത്തിലുള്ള ഒട്ടു വിദ്യയും ചില ചില്ലറ അന്വേഷണങ്ങളും ആണ് പോലീസ് അസ്സിസ്റ്റൻറ്സൂപ്രണ്ടന്മാരുടെ ജോലിയെന്നിരുന്നാൽ അവരെപ്പറ്റി ചിലതെല്ലാം സ്തുതിച്ചു പറയാനുണ്ടു്. അന്വേഷണം നടത്തിയിട്ടുള്ള കേസുകളുടെ സംഖ്യയെ അവരുടെ കണക്കനുസരിച്ചു നോക്കുന്നതായാൽ പോലിസു്അസിസ്റ്റൻറ്സൂപ്രണ്ടന്മാരാൽ പരസ്വത്തിൽ എത്രമാത്രം ജോലിനടത്തപ്പെട്ടിട്ടുണ്ടു എന്നു തീർച്ചപ്പെടുത്തുവാൻ വളരെ പ്രയാസമുണ്ടു്. മേൽ പ്രസ്താവിച്ച രണ്ടു കാര്യങ്ങൾക്കായിട്ടാണ് പോലീസ്ഡിപ്പാർട്ടുമെൻറിൽനിന്നും അസിസ്റ്റൻറ്സൂപ്രണ്ടന്മാരെ ആവശ്യപ്പെട്ടിട്ടുള്ളതു്. എന്നാൽ അനുഭവം കൊണ്ടു നോക്കുന്നതായാൽ ഇവരുടെ നിയമനം വളരെ അത്യപൂർവ്വകരമായിട്ടുള്ളതും, നികുതികൊടുക്കുന്നവർക്കു ഭാരമായിട്ടുള്ളതും. ആണെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു ജനങ്ങളുടെ സങ്കടനിവാരണം ഉണ്ടാകുമെന്നുള്ള ഉദ്ദേശത്തോടുകൂടിയെങ്കിലും ഇവരെ നിയമിക്കൽ ചെയ്യുന്നതു നന്നായിരിക്കും മുമ്പാരവസരത്തിൽ ഈ വിഷയത്തെപ്പറ്റി ഞാൻ ന്യായവാദം നടത്തിയപ്പോഴും എൻെറ സ്നേഹിതൻ മി: തരിയത്തുകഞ്ഞിത്തൊമ്മൻ ഫാൽ. പെട്ടിക്കപ്പള്ളിയും ഈ നിയമനത്താൽ ചില ഗുണങ്ങളെല്ലാം ഉണ്ടാകുമെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടു. എന്നാൽ ഇന്നു മി: തരിയത്തുകഞ്ഞിത്തൊമ്മൻ എൻെറ പഴയ അഭിപ്രായത്തോടു യോജിച്ചു. അസിസ്റ്റൻറ്സൂപ്രണ്ടന്മാരുടെ ഉദ്യോഗം ഒഴിക്കാൻ പാടില്ലാത്തവിധത്തിൽ അതു അത്യാവശ്യമായിട്ടുള്ളതല്ലെന്നുള്ള അഭിപ്രായത്തോടുകൂടി എന്നെ പിൻതാങ്ങുന്നു എന്നറിയുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു.

മി: റവി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഡിപ്പാർട്ടുമെൻറ മേലധികാരികളായ ഒരു യൂറോപ്യനിലും ഒരു നാട്ടുകാരനിലും നിന്നു ഈ വിഷയത്തെ സംബന്ധിച്ചിട്ടുണ്ടായിട്ടുള്ളതും, ഞങ്ങൾ നിഷ്പക്ഷപാതമായിട്ടു സ്വീകരിച്ചു എഴിസ്ഥമാക്കിയിട്ടുള്ളതുമായ സമാധാനങ്ങൾക്കു് ഇതേവരെ കഴിഞ്ഞിട്ടുള്ളതുപോലെ തന്നെ മേലും ഞങ്ങളുടെ അഭിപ്രായപരിണതിയിൽ യാതൊരുമാറ്റവും ഉണ്ടാകുവാൻ കഴിവുള്ളതല്ല. പോലീസ്സൂപ്രണ്ടുദ്യോഗം അപരിത്യജ്യമാണെന്നു പറയപ്പെടുന്നു. എന്നാൽ പോലീസ്ഡിപ്പാർട്ടുമെൻറ ജോലിസംബന്ധിച്ചിടത്തോളം അസിസ്റ്റൻറ്സൂപ്രണ്ടന്മാർ ഡിസ്ട്രിക്ട്സൂപ്രണ്ടന്മാരുടെ കേവലം അംഗരക്ഷകന്മാരാണെന്നു സാധാരണക്കാരായ നമുക്കതന്നെ കാണാൻ കഴിയുന്നതാണു്. ഈ രണ്ടുതരം ഉദ്യോഗസ്ഥന്മാരും പിണങ്ങിയിട്ടുള്ളതിനു് ചില പ്രത്യേക ഉദാഹരണങ്ങളും എനിക്കറിയാം. തമ്മിൽ ശണ്ഠകൂടുന്നതു പോലീസ്ഡിപ്പാർട്ടുമെൻറിലേക്കു മാത്രമായിട്ടുള്ള ഒരു സംഗതിയല്ലാഎന്നുള്ളതു തീർച്ചതന്നെ. ആയുധപാണിയിലെ കക്ഷിപ്പിണക്കം നിമിത്തം, അവിടെനിന്നും കൊടുക്കുന്ന മരുന്നു തൻെറ കുറിപ്പടിക്കു ശരിയായിട്ടുള്ളതാണെന്നു തനിക്കു വിശ്വാസമില്ലെന്നും, അതുകൊണ്ടു മരുന്നുകുപ്പി ഏതെങ്കിലും ഒരു ഇംഗ്ലീഷ് ഔഷധശാലയിൽനിന്നും വാങ്ങുന്നതു ഉത്തമമായിരിക്കുമെന്നു ഒരിക്കൽ എന്നോടു എൻെറ ഒരു ബന്ധുവിനെ ചികിത്സിച്ചുകൊണ്ടിരുന്ന ഒരു മെഡിക്കൽ ഉദ്യോഗസ്ഥൻ പറഞ്ഞിട്ടുണ്ടു്. ആളിങ്ങ് പോലീസുകമ്മീഷണർ ഒരു ഡിസ്ട്രിക്ടുപോലീസുസൂപ്രണ്ടിൻെറയും ഒരു ഡിസ്ട്രിക്ടരജിസ്ട്രാരുടേയും ജോലികളെ നൂതനമായവിധത്തിൽ സാമ്യപ്പെടുത്തികാണിച്ചു. ഇതു മാസിഡോണിയനും മാൻമത്തിനും തമ്മിൽ വിശേഷമായ ഒരു താരതമ്യം ഷേക്സ്പീയർ മഹാകവി നടത്തിയതിനെ എൻെറ ഓർമ്മയിൽ കൊണ്ടുവരുന്നു. രണ്ടും "മ" കാരത്തിൽ ആരംഭിക്കുന്നതും, രണ്ടിലും ഓരോ നടി ഉള്ളതും, രണ്ടു നടിയിലും "സാൽമൺ" എന്ന മത്സ്യം ഉള്ളതും ആണു ഈ സാദൃശ്യത്തിനു കാരണം. ആളിങ്ങ് പോലീസുകമ്മീഷണർ അവർകും ഡിസ്ട്രിക്ട് പോലീസുസൂപ്രണ്ടന്മാരേയും ഡിസ്ട്രിക്ടരജിസ്ട്രാരന്മാരേയും സാദൃശ്യപ്പെടുത്തിയതിൽ ഞാൻ മനസ്സാപിക്കുന്നു. ഡിസ്ട്രിക്ട്മജിസ്ട്രേട്ടന്മാർക്ക് പോലീസുഡിസ്ട്രിക്ട്സൂപ്രണ്ടന്മാരുടെമേൽ ഏതെങ്കിലും വിധത്തിലുള്ള ഒരു അധികാരം കൊടുക്കണമെന്നുള്ളതിനെ പിൻതാങ്ങുന്നതിനായിട്ടാണു ഞാൻ ഈ സംഗതിയെപ്പറ്റി പ്രസ്താവിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ഡിസ്ട്രിക്ടസൂപ്രണ്ടതൻെറ ജോലിയെ ഡിസ്ട്രിക്ട്മജിസ്ട്രേട്ടിൻെറ ജോലിയോടു സാദൃശ്യപ്പെടുത്തി നടത്തുന്നില്ലാ എന്നുള്ളതു സ്പഷ്ടപരമാകുമ്പോൾ ബോദ്ധ്യമായിട്ടുള്ളതാകുന്നു. ഈ സംഗതി വിദ്യാർത്ഥിമഹാശയൻമാരുടെയിടയിൽ നടന്ന ചിലസംഭവങ്ങളെ എൻെറ ഓർമ്മയിൽ വരുത്തുന്നു. അന്നു കാളേജുവളപ്പിൽവച്ചു നടന്ന സംഭവങ്ങളിൽനിന്നും പോലീസ് കമ്മീഷണരവർകൾ സ്ഥലത്തുണ്ടായിരുന്നതിനാലാണു ഡിസ്ട്രിക്ടമജിസ്ട്രേട്ടിനു വേണ്ട അധികാരം നടത്തുവാൻ സാധിക്കാത്തതു എന്നു ഒരു ശ്രുതിയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ പുതുപ്രകാരം ഡിസ്ട്രിക്ട്മജിസ്ട്രേട്ടിൻെറയും പോലീസുകമ്മീഷണരുടേയും അധികാരങ്ങൾ ഇപ്പോഴപ്പെടുത്തപ്പെട്ടിരിക്കുന്നു. അതു ഏറ്റവും പൊതുജനാഭിപ്രായം കൊണ്ടായിട്ടുള്ളതാണു്. എന്തുകൊണ്ടെന്നാൽ പേഷ്കാരുടെ മേലായി റവന്യൂകമ്മീഷണർ എന്നൊരാൾ ഉള്ളതുകൊണ്ടു പേഷ്കാർ മുമ്പിലത്തെപ്പോലെ അത്ര വലിയ അധികാരമുള്ള ഉദ്യോഗസ്ഥനല്ലാതായിത്തീർന്നിരിക്കുന്നു. എൻെറ വാദമെന്തെന്നാൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു തൻെറ ഡിസ്ട്രിക്ടിലുള്ള പോലീസ്ഉദ്യോഗസ്ഥന്മാരുടെ ജോലികളെ പരിശോധിച്ചു നടത്തികൊണ്ടുപോകുന്നതിനു് ചില അധികാരങ്ങളുണ്ടെങ്കിലും കുറെക്കൂടെ ഉയർന്ന ഉദ്യോഗസ്ഥനായ പോലീസ്കമ്മീഷണർക്ക് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു കൂടിയും ചില സംഗതികൾ ഉപദേശങ്ങൾ കൊടുക്കുന്നതിനും, ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോടുകൂടി ആലോചിക്കുന്നതിനും, അദ്ദേഹത്തിൻെറ അഭിപ്രായം

കേറിക്കൂടുന്നതിനും കഴിവുള്ളതാണ്. പഴയകാലങ്ങളിൽ അസിസ്റ്റൻറ്സൂപ്രണ്ടന്മാർ, ഡിക്കേഡേ കുട്ടമണ്ണ
കളപ്പോലെയും, മണിക്കൂറിൽ രണ്ടു മൈലിൽ കൂടുതലായി പോകുന്നതും ആയ വലിയ കാളവണ്ടികളിൽ
അനേകദിവസങ്ങൾക്ക വേണ്ട ഭക്ഷണസാമഗ്രികളോടുകൂടി യാത്രചെയ്യുവന്നിരുന്നു. ഞാൻ ഇണ്ടിട്ടുണ്ട്
എൻറെ വണ്ടുവായ ഒരു അസിസ്റ്റൻറ്സൂപ്രണ്ട് ഇപ്രകാരം യാത്ര ചെയ്യുവന്നിരുന്നതായി. എന്നിരിയാലും
ആ ആയാസത്തിനു തക്കവണ്ണം റൊക്കവും ഇല്ലാതിരുന്നതുകൊണ്ടു ഗതാഗതസൗകര്യം വളരെ കുറഞ്ഞിരു
ന്നകാലത്താണിതു നടന്നു, എന്നാൽ ഇപ്പോൾ മേലാർക്കുവേണ്ടി യിരുതിരിക്കുന്നകാലവും, മിസ്റ്റർ ഹച്ചിൻസ്
പറഞ്ഞതുപോലെ ഒരു മനുഷ്യൻ തിരുവിതാംകൂറിനെറ മറെറാരുദ്യോഗസ്ഥനെക്കൂടി ചിലപ്പോൾ
മണിക്കൂറുകളിൽ സന്ദർശിക്കാറുണ്ടും ആകുന്നു. ഇപ്രകാരമിരിക്കെ പോലീസ് അസിസ്റ്റൻറ്സൂപ്രണ്ടന്മാരുടെ
എന്തിനു സ്ഥിരമായി വച്ചുവാഴുന്നു? ഇപ്പോൾ അവർ ഡിക്കേഡേ ഒരു ചക്രവർത്തിയെപ്പോലെയാണിരിക്കുന്നത്,
ഡിസ്ട്രിക്ട്സൂപ്രണ്ടന്മാർ തങ്ങളുടെ വിദൂരസ്ഥരായ അസിസ്റ്റൻറ്സൂപ്രണ്ടന്മാരുടെ മേൽ ആധിപ
ത്യവും അവർ നേരെറിച്ചു അവരുടെ വിദൂരസ്ഥരായ ഡിസ്ട്രിക്ട്സൂപ്രണ്ടന്മാരുടെ മേൽ ആധിപത്യവും ചെയ്തു
വരുന്നു. ഇങ്ങനെ ഒരേ അധികാരവും ഡിസ്ട്രിക്ട്സൂപ്രണ്ടന്മാരുടെ ശമ്പളം ഇരുനൂറിനടുപ്പിച്ചാണു നൽകുന്നതും
യും അസിസ്റ്റൻറ്സൂപ്രണ്ടന്മാരുടെ ശമ്പളം ഏകദേശം ഇരുനൂറുരൂപയും ആയിരിക്കെ ഇവരിലാരേയും മറെറാരാ
ളുടെ മേൽ എന്തധികാരമാണു പ്രയോഗിക്കാനിടയുള്ളതു? ഈ സംഗതിയെപ്പറ്റി ഈ സഭയിലെ അനേകർ
ത്സഭാമെമ്പറന്മാരെപ്പോലും ഒരേ അഭിപ്രായത്തോടുകൂടിയവരായിരിക്കുന്നു, ഇതേവരെ ഞങ്ങളുടെ അഭിപ്രായം
തെറ്റാണെന്നു തെളിയിക്കുന്നതായി യാതൊരു സംവേദങ്ങളും ഉണ്ടായിട്ടില്ല. നേരെമറിച്ചു ആക്ടിങ്ങിപോലീസു
കമ്മിഷണരവർകളുടെ സമ്മതനം ഞങ്ങളുടെ അഭിപ്രായം ശരിയാണെന്നുള്ളതിനെ മന്നുകൂടെ സ്ഥിരപ്പെടുത്തുക
യാണു ചെയ്തിരുന്നതു. ഈ കാരണങ്ങളാൽ ഞാൻ ഈ പ്രമേയത്തെ പൂർണ്ണമനസ്സാലെ അനുകൂലിക്കുന്നു.

മിസ്റ്റർ പി. ജി. പരമേശ്വരൻപിള്ള (മനയ്ക്കാരൻ): ഞാൻ മിസ്റ്റർ പി. പരമേശ്വരൻപിള്ളയുടെ പ്രമേയത്തെ
അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടു കൊല്ലങ്ങളിലെ ബഡ്ജറ്റുദ്യോഗങ്ങളിലും ഭരണാധികാരികളുടെ പ്രമേയങ്ങൾ ഭാഗി
ക്കപ്പെട്ടുകയും അവയെല്ലാം പരാജിതമാക്കപ്പെടുകയും ചെയ്തു. ഈ പ്രാവശ്യമെങ്കിലും ഈ ഉപക്ഷേപം പരാ
ജിതമാക്കപ്പെടുകയോ അല്ലെങ്കിൽ പേഴ്സനൽ അസിസ്റ്റൻറുമാരായി ചേലിനോക്കുന്ന മൂന്നു അസിസ്റ്റൻറ്സൂപ്രണ്ട
ന്മാരെയെങ്കിലും കുറച്ചു ഗവണ്മെൻറ് ഒരു തുകയിടുവാൻ കേണ്ടതാണെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ ഏറെ അസി
സ്റ്റൻറ്സൂപ്രണ്ടന്മാരെ വച്ചുകൊണ്ടിരിക്കുന്നതിനുള്ള ആവശ്യകതയെ സംബന്ധിച്ചു കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ
മിസ്റ്റർ പിറെറ പോലീസ്സംബന്ധമായുള്ള ജോലിയെ ശരിനോക്കി മതിക്കുന്നതിനു പോലീസ് കമ്മിഷണരുടെയും
ഇൻസ്പെക്ടർജനറലുടെയും ഇടയിൽ ചില ഉദ്യോഗസ്ഥന്മാർ പേരെടുത്തു പറഞ്ഞിട്ടുള്ളതുപോലെ മിസ്റ്റർ കുഞ്ഞുപിള്ള
യും പറഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ ഇടയിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തെ നിവൃത്തിയുള്ളിടത്തോളം കു
റയ്ക്കുന്നതു നാണു കമ്മിഷണരുടെ ഉദ്ദേശമെന്നും ഈ ഇപ്പോൾ അവരുടെ ഭരണനിർവ്വഹണത്തിനു നിർബന്ധമായിട്ടു നിലനിർത്തിയിരിക്കേണ്ടതാ
ണെന്നും പറയപ്പെട്ടു. ഇവർ പോലീസുകമ്മിഷണരുടെയും ഇൻസ്പെക്ടർജനറലുടെയും ഇടയിലുള്ള ഉദ്യോഗസ്ഥന്മാരെ
ന്നല്ല ഡിസ്ട്രിക്ട്സൂപ്രണ്ടിൻറെയും, ഇൻസ്പെക്ടറന്മാരുടെയും ഇടയിലുള്ള ഉദ്യോഗസ്ഥന്മാരാണെന്നു കൂടെ പറയേ
താണ്. ഡിസ്ട്രിക്ട്സൂപ്രണ്ടിനെ അദ്ദേഹത്തിൻറെ സബ്ഡിവിഷൻ ജോലികളിൽ അദ്ദേഹത്തിൻറെ ആപ്പീസു
ജോലിനോക്കുന്നതിനു ഒരു പേഴ്സനൽ അസിസ്റ്റൻറും, പേഴ്സനൽ അസിസ്റ്റൻറന്മാരെ ഫീൽഡ്തിയതിനുള്ള
ഉദ്യോഗഡിസ്ട്രിക്ട്സൂപ്രണ്ടിൻറെ അദ്ദേഹത്തിൻറെ ആപ്പീസുജോലിയിൽ സഹായിക്കുന്നതിനും അപ്പോൾ
ഫീൽഡിലുള്ള ആസിസ്റ്റൻറ്സൂപ്രണ്ടന്മാരെ ഫസ്റ്റ്ക്ലിൽനിന്നു പ്രമോഷനുകളിലൂടെ ചാർജ്ജിൽ ഇട്ടു. അന്നു ഈ സമയത്തെ
അനുഭവിച്ചുവരുന്ന ഉദ്യോഗസ്ഥന്മാരുടെ അംഗബലം ജോലികൾ തങ്ങളിൽ കഴിപ്പതുപോലെയെന്നും ഉത്തരവാദിത്വം കുറയ്ക്കുന്നതും
ജോലിക്കു പ്രാപ്തികുറവുള്ളവരെന്നും ചൂണ്ടിക്കാണിച്ചു. സർ, കഴിഞ്ഞ രണ്ടു കൊല്ലങ്ങളിലും പോലീസിൽ ഉയർന്ന
തരം ഉദ്യോഗസ്ഥന്മാർ ചെയ്തിരിക്കുന്ന ജോലി പോലീസ്സൂപ്രണ്ടിൻറെ പ്രാപ്തിയെ വർദ്ധിപ്പിക്കുന്നതൊ
ന്നല്ലെങ്കിൽ അദ്ദേഹബന്ധമായുള്ള അവരുടെ ഉപചാരത്തിനു അല്പ പ്രയോജനപ്പെട്ടിട്ടില്ലെന്നുള്ള ഞങ്ങ
ളുടെ അഭിപ്രായത്തെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പോലീസ് സൂപ്രണ്ടിൻറിനെ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തി
ക്കും ഉയർന്നതരം ഉദ്യോഗസ്ഥന്മാരുടെ സഹായത്തെയും അവശ്യംവിച്ചാണു ഡിസ്ട്രിക്ട്മെൻറ് പോലീസ് ഭരിക്കുന്നതു്. മുമ്പു പറഞ്ഞിട്ടുള്ളപോലെ അസിസ്റ്റൻറ്സൂപ്രണ്ടന്മാരായി നിയമിക്കപ്പെട്ടിട്ടുള്ള ആളുകളുടെ വിദ്യാഭ്യാസയോഗ്യതകളുടെയും സർവ്വീസു നിലയുടെയും നോക്കിയിട്ടും താരതമ്യപ്പെടുത്തിട്ടുള്ളതിൽ വിദ്യാഭ്യാസയോഗ്യതകളും സമുദായനിലയും നോക്കിയിട്ടുള്ള ഉദ്യോഗസ്ഥന്മാരെ പോലീസ്സൂപ്രണ്ടിൻറെ ജോലികൾ എടുക്കുന്നതു എന്നു ഗവണ്മെൻറ് പല പ്രാവശ്യവും പറഞ്ഞിട്ടുണ്ട്. സാധാരണയായി ഇതേവരെ ആ തത്വത്തെ അടിസ്ഥാനമാക്കി നടന്നുവന്നിട്ടില്ലെങ്കിലും ഭൂരിപക്ഷം പ്രാവശ്യങ്ങളിലും ഉണ്ടായിട്ടുണ്ടെന്നുള്ളതു നിഷേധിക്കുന്നതല്ല. ഈ കാരണം ഉയർന്നിരിക്കുന്ന
പോലീസ് ഉദ്യോഗസ്ഥന്മാർ ജനങ്ങൾക്കു ഉപകാരമില്ലാത്തപ്രായം ജോലിനോക്കുന്നതു ന്യായമായ ശേഷിയിൽനിന്നുവരായും ആണെന്നു തോന്നുന്നു. സംഗതി ഇപ്രകാരമാകയാൽ പ്രാദേശികഭാഷകളിലും ഭൂമിശാസ്ത്രങ്ങളിലും ഉള്ള അറിവുകളും കളവുകളും ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തിയിലും ഉയർന്നതരം ഉദ്യോഗസ്ഥന്മാരുടെ സഹായത്തിലും അവശ്യംവിച്ചാണു ഡിസ്ട്രിക്ട്മെൻറ് പോലീസ് ഭരിക്കുന്നതു്. മുമ്പു പറഞ്ഞിട്ടുള്ളപോലെ അസിസ്റ്റൻറ്സൂപ്രണ്ടന്മാരായി നിയമിക്കപ്പെട്ടിട്ടുള്ള ആളുകളുടെ വിദ്യാഭ്യാസയോഗ്യതകളുടെയും സർവ്വീസു നിലയുടെയും നോക്കിയിട്ടും താരതമ്യപ്പെടുത്തിട്ടുള്ളതിൽ വിദ്യാഭ്യാസയോഗ്യതകളും സമുദായനിലയും നോക്കിയിട്ടുള്ള ഉദ്യോഗസ്ഥന്മാരെ പോലീസ്സൂപ്രണ്ടിൻറെ ജോലികൾ എടുക്കുന്നതു എന്നു ഗവണ്മെൻറ് പല പ്രാവശ്യവും പറഞ്ഞിട്ടുണ്ട്. സാധാരണയായി ഇതേവരെ ആ തത്വത്തെ അടിസ്ഥാനമാക്കി നടന്നുവന്നിട്ടില്ലെങ്കിലും ഭൂരിപക്ഷം പ്രാവശ്യങ്ങളിലും ഉണ്ടായിട്ടുണ്ടെന്നുള്ളതു നിഷേധിക്കുന്നതല്ല. ഈ കാരണം ഉയർന്നിരിക്കുന്ന

ശ്രദ്ധകൊണ്ടിക്കുന്നതായി തോന്നുന്നില്ല. ആപ്പീസ് സംബന്ധമായ ജോലിക്ക് അവരെ ആവശ്യപ്പെടുന്നുമില്ല. അവരുടെ കീഴിലുള്ള സബ്ഡിവിഷനുകളിൽ അവർ ചുരുങ്ങിയതായ യാതൊരു ജോലിയും ചെയ്യുന്നില്ല. അതുകൊണ്ട് ഈ അസിസ്റ്റൻറ്സൂപ്രണ്ടന്മാരെ കുറയ്ക്കണമെന്നു ഞാൻ ബഹുമതി നിർവ്വഹിക്കുകയും, ഇപ്പോൾ സബ്ഡിവിഷനിൽ ഡിസ്ട്രിക്റ്റ്സൂപ്രണ്ടന്മാരുടെ പേഴ്സനൽഅസിസ്റ്റൻറന്മാരായി ജോലിചെയ്യുന്നവരെയും, അല്ലെങ്കിൽ അതേ സബ്ഡിവിഷനിൽത്തന്നെ ഡിസ്ട്രിക്റ്റ്സൂപ്രണ്ടന്മാരുടെകൂടെ ജോലിചെയ്യണമെന്നു നിശ്ചയിക്കപ്പെട്ടിട്ടുള്ളവരേയോ നിയമിക്കുന്നതിനു മുമ്പുണ്ടാക്കണമെന്നും, ഞാൻ ഗവണ്മെൻറിനോടു് അപേക്ഷിച്ചുകൊള്ളുന്നു.

ലഹളക്കോണ്ടതിനായി സർവ്വസൈന്യവും പിരിഞ്ഞു, സർക്കാരിന്റെ കീർത്തിയും ചെയ്തു.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ചമെമ്പർ): ഹൈക്കോടതി സബ്ജഡ്ജിയോഗത്തിൽ ഞാൻ ഇതേമാതിരി ഒരു ഉപക്ഷേപം മേശപ്പുറത്തു വച്ചിട്ടുണ്ടായിരുന്നു. ഞാൻ ഇതേ പ്രമേയത്തെത്തന്നെ ഉപക്ഷേപിക്കുകയും, അസിസ്റ്റൻറ്സൂപ്രണ്ടന്മാരുടെ നിയമനം അനാവശ്യമാണെന്നു കാണിക്കുവാൻ ശ്രമിക്കുകയുചെയ്തു. മിസ്റ്റർ. പിറ്റാണ് ആ ആരു ഉദ്യോഗസ്ഥന്മാരും വേണ്ടെന്നുവാണെന്നു നിർബന്ധിക്കുകയും, അന്നു് എൻറെ പ്രമേയം, ഈ സഭയിലുള്ളവർ ഇപ്പോൾ ഒക്കിക്കുന്നുണ്ടെങ്കിൽ, ഒരു ചെറിയ ഭേദക്ഷത്തോടെ തള്ളപ്പെടുകയും, ചെയ്തു.

അതിന്റെ സ്ഥിതിയെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കുന്നതിനു്, ഈ വിഷയത്തിന്റെ മുൻചരിത്രത്തെപ്പറ്റി കുറെ പറയുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. 1921-ൽ ഈ ഡിപ്പാർട്ടുമേൻറ പരിഷ്കരിക്കപ്പെട്ടു. അതേവരെ, ഈ ഡിപ്പാർട്ടുമെൻറ് മുഴുവനും നോക്കുന്നതിനായി രണ്ടു് അസിസ്റ്റൻറ്സൂപ്രണ്ടന്മാരും, ഒരു പോലീസ്സൂപ്രണ്ടും മാത്രമേ ഉണ്ടായിരുന്നുള്ളു. പോലീസ്സൈന്യത്തെ സംബന്ധിച്ചുള്ള സകല രേഖയും, മേൽനോട്ടവും, ഈ നാലു് ആളുകളാണു ചെയ്തുവന്നിരുന്നതു്. തന്മൂലം ഇൻസ്പെക്ടറന്മാർ സ്റ്റേഷനാഫീസർമാരുടെ സഹായത്തോടുകൂടി കേസുകളെ വിചാരണചെയ്യുകയും, കണ്ടുപിടിക്കുകയും, പ്രോസിക്യൂട്ടുചെയ്യുകയും ചെയ്യുവാനുണ്ടായിരുന്നു. ഈ താലൂക്ക്ഇൻസ്പെക്ടറന്മാർ ഒരിക്കലും പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്മാരായിരുന്നില്ല. 1921-ലെ പരിഷ്കരണത്തിൽ സ്റ്റേഷൻചാർജ്ജ് വഹിക്കുന്നതിനു പുതുതായി നിയമിക്കപ്പെട്ട സബ്ഇൻസ്പെക്ടറന്മാരുടെ ജോലി മേൽനോക്കുന്നതിനായി 12 താലൂക്ക്ഇൻസ്പെക്ടറന്മാരെ നിയമിക്കപ്പെട്ടു. അതിൽപിന്നീടു മുഴുവൻ സംസ്ഥാനത്തേയും ഈ ഡിസ്ട്രിക്റ്റായി വിഭജിക്കപ്പെട്ടു. 1-ാം നമ്പർ "സാലറിക്മെമ്മറി", ശമ്പളക്കാരെ കാവുചെയ്യുന്നതിനുള്ള വഴിയായി എല്ലാ സക്കിളുകളേയും നിരത്തുന്നതിനും, ഡിസ്ട്രിക്റ്റുകളുടെ എണ്ണം അഞ്ചിൽനിന്നും മൂന്നാക്കുന്നതിനും, ശിപാർശചെയ്യുകയും, അവരുടെ ശിപാർശപ്രകാരം മാറ്റാനിവരുന്നതായ രണ്ടു ഡിസ്ട്രിക്റ്റ് സൂപ്രണ്ടന്മാരുടെ സ്ഥാനത്തിൽ രണ്ടു് അസിസ്റ്റൻറ്സൂപ്രണ്ടന്മാരെ നിയ്ക്കുന്നതിനും അഭിപ്രായപ്പെട്ടുകയും ചെയ്തു. ഈ മാറ്റങ്ങൾ കുറെ കടന്നവയാണെന്നും, പോലീസ്സൈന്യത്തിന്റെ ജോലിഭാരം കുറയുകയുള്ളുവെന്നും, പോലീസ്കമ്മീഷണർ വിചാരിച്ചു. മിസ്റ്റർ പിറ്റ് ആദ്യം അസിസ്റ്റൻറ്സൂപ്രണ്ടന്മാർ വേണ്ടതുണ്ടെന്നു് ആക്ഷേപിക്കുകയും, ഗവണ്മെൻറ് ഉടൻതന്നെ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിക്കുകയും ചെയ്തു. ചുരുക്കത്തിൽ ഇങ്ങനെയാണു്. നമുക്ക് 1-ാം വകുപ്പ് ഒരു ഡിസ്ട്രിക്റ്റിലെ ജോലിയെ മേൽനോക്കുന്നതിനും പരിശോധിക്കുന്നതിനും ആയി മൂന്നു് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുന്നതിനു് ഇടയായതെങ്കിലും 1-ാം വകുപ്പിനുമുമ്പിൽ അതേസ്ഥലത്തേക്ക് ഒരു അസിസ്റ്റൻറ്സൂപ്രണ്ടിനെ മാത്രമേയുണ്ടായിരുന്നൊള്ളു. 1-ാം വകുപ്പിനുശേഷം ഓരോ ഡിസ്ട്രിക്ടിലും നാലര മുതൽ വീതം ജോലി കൂടിയിട്ടുള്ളതായ ആരുടേയും കുറവില്ല. പിന്നീടു് ഓരോ ഡിസ്ട്രിക്ടിനേയും "ഫൈഡ്കാർട്ടർ സബ്ഡിവിഷ"നെന്നും, "മഫസിൽ സബ്ഡിവിഷ"നെന്നും, ഡിസ്ട്രിക്ട്സൂപ്രണ്ടിന്റെ കീഴിലും, അസിസ്റ്റൻറ്സൂപ്രണ്ടിന്റെ കീഴിലും, ആയി തിരിക്കപ്പെട്ടു. അപ്രകാരം പഴയ ഡിസ്ട്രിക്ടിനെ രണ്ടായി വിഭാഗിച്ചു എന്നുമാത്രമല്ല, ഡിസ്ട്രിക്ട്സൂപ്രണ്ടിനെ പേഴ്സനൽഅസിസ്റ്റൻറിന്റെ നിലയിൽ വേറെ ഒരു അസിസ്റ്റൻറ്സൂപ്രണ്ടിനേയും സഹായത്തിനായി കൊടുക്കപ്പെട്ടു. പേഴ്സനൽഅസിസ്റ്റൻറിന്റെ ജോലി ഡിസ്ട്രിക്ട്സൂപ്രണ്ടിനെ അദ്ദേഹത്തിന്റെ ആപ്പീസുജോലിയിൽ സഹായിക്കുക എന്നതും, ഡിപ്പാർട്ടുമെൻറ മേലധികാരികൾക്കു പേഴ്സനൽഅസിസ്റ്റൻറിനെ നിയമിക്കുന്നതിനെപ്പറ്റി ഞങ്ങൾ വലിയനിലവിളിക്കുള്ളിലിരിക്കുമ്പോൾ, ഡിസ്ട്രിക്ട്സൂപ്രണ്ടന്മാർക്കു പേഴ്സനൽഅസിസ്റ്റൻറന്മാരെ കൊടുക്കുന്നതു് നിസംശയമായിആവശ്യമായിട്ടുണ്ടെങ്കിലും, ഉദാഹരണമായി നമുക്കു ഇവിടെയുണ്ടു്. ഈ സ്ഥിതിനിശ്ലേഷം യോജിച്ചുമല്ലാത്തതും സംശയകരമല്ലാത്തതുമാണെന്നു. ഒരു ഡിസ്ട്രിക്ടിനെ രണ്ടായി വിഭാഗിച്ചുവരുന്നവരായപോലീസുകമ്മീഷണരൊഴിച്ചുള്ളവരെല്ലാരും ഒരു പേഴ്സനൽ അസിസ്റ്റൻറുവേണമെന്നു് ആവശ്യപ്പെട്ടുന്നായാൽ, അതിന്റെ സ്ഥിതിയെ അല്പം മനസ്സിലാക്കാവുന്നതാണു്. അങ്ങനെയിരിക്കുമ്പോൾ നാലൊ അഞ്ചൊ താലൂക്കുകളുടെ ചാർജ്ജും, ഒരു ഫോസിൽ സബ്ഡിവിഷന്റെ നിസ്സാരമായ മേൽനോട്ടവും, ഉള്ള ഒരു ഡിസ്ട്രിക്ട്സൂപ്രണ്ടിനു പത്തുപന്ത്രണ്ടു ക്ലർക്കുകൾ ഉള്ള തന്റെ ആപ്പീസിലെ ജോലിചെയ്തീർക്കുന്നതിനായി 200 രൂപ മുതൽ 250 രൂപവരെ ശമ്പളം വാങ്ങുന്ന ഒരു പേഴ്സനൽ അസിസ്റ്റൻറ് വേണമെന്നു പറയുന്നതിനെപ്പറ്റി ഒന്നു ചിന്തിച്ചുനോക്കുക.

ഡിസ്ട്രിക്ടുകളിലുള്ള സബ്ഡിവിഷൻനിർമ്മിതം പരിശോധനയും മേൽനോട്ടവും അജാഗ്രതയായും അപ്രാപ്തികരമായും തീർന്നിരിക്കുന്നു. ഒരു അസിസ്റ്റൻറ്സൂപ്രണ്ടിന്റെ പരിശോധന എല്ലായ്പ്പോഴും അറിയാവുന്ന കുറ്റങ്ങളാൽ, ഒരു ഡിസ്ട്രിക്ട്സൂപ്രണ്ടിനോടുപോലെ അതു പരിപൂർണ്ണമായൊ 'പ്രാപ്തിയോടുകൂടിയതൊ ആയിരിക്കയില്ല; ഡിസ്ട്രിക്ട്സൂപ്രണ്ടു്, അവനുകീഴിൽ ശമ്പളക്രമത്തിൽ ഉള്ള രണ്ടു അസിസ്റ്റൻറ്സൂപ്രണ്ടന്മാർ ഇരിക്കുന്നതുകൊണ്ടു്, സ്വാഭാവികമായി പരിശോധന സംബന്ധിച്ചുള്ള ജോലിയെ അസിസ്റ്റൻറന്മാരെ ഏൽപ്പിക്കുന്നു. ഈ പുതിയ ഏർപ്പാടുവരുത്തിയ കൊല്ലമായ 1-ാം വകുപ്പിനെ മി: പിറ്റിന്റെ മരണകാരണറിപ്പോർട്ടിൽ, അനുവത്തായ ഈ വാചകം ഉണ്ടു്:—

"കഴിഞ്ഞകൊല്ലത്തെ കമ്മീഷനിയസത്തിനു്, ഞാൻ ഈയുണ്ടു് കമ്പോളദിവസം സന്ദർശിച്ചിൽ ആയിരുന്നു. ഞാൻ രണ്ടു സ്റ്റേഷനും, രണ്ടു "ഔട്ട്പോസ്റ്റും" 12 ഡിസ്ട്രിക്ട് ആപ്പീസുകളും, "ഫൈഡ്കാർട്ടർ ആപ്പീസും" പരിശോധിച്ചു. തിരുവനന്തപുരത്തും കോട്ടയത്തും ഉള്ള ഡിസ്ട്രിക്ട്സൂപ്രണ്ടന്മാർ അവരുടെ അധികാരാതൃത്തി

കാര്യങ്ങളിലുള്ള എല്ലാ സ്റ്റേഷനുകളും ഔട്ട്പോസ്റ്റുകളും ചെന്നുനോക്കുകയും, കള്ളൻഡിസ്ട്രിക്ട് സൂപ്രണ്ടിന്റെ ഹത്തിന്റെ പേഴ്സനൽ അസിസ്റ്റന്റിനാൽ പരിശോധിക്കപ്പെട്ട രേഖാരേഖകളുമായി ഒത്തു നോക്കുകയും ചെയ്തു. ബാക്കിയുള്ള എല്ലാ സ്റ്റേഷനുകളും ഔട്ട്പോസ്റ്റുകളും ചെന്ന നോക്കുകയും ചെയ്തു."

"ചെന്നുനോക്കി", "പരിശോധിച്ചു" എന്നീ വാക്കുകളുടെ പ്രയോഗം ഇവിടെ ഏതൊരു ഡിസ്ട്രിക്ട് സൂപ്രണ്ടിന്റെയും ജോലിയെപ്പറ്റി പറയുന്നതാണ്—അതിശയോക്തിയാണെന്നു ഞാൻ പറയുന്നില്ല. പോലീസിയിൽ പ്രയോഗവൽക്കരണത്തെ ഒഴിക്കുന്നതിനായിട്ടാണ് അതു ആവശ്യമായിവന്നതു് എന്നു ഞാൻ വിശ്വസിക്കുന്നില്ല.

ഇതുകൂടാതെ, ഒരു ഔട്ടുകളുടേയും ഉദ്യോഗസ്ഥന്മാരുടേയും, ഡിസ്ട്രിക്ട് സൂപ്രണ്ടിന്റേയും അസിസ്റ്റന്റ് സൂപ്രണ്ടിന്റെയും ഇടയ്ക്കു അധികാരവും ഉണ്ട്. ഡിസ്ട്രിക്ട് സൂപ്രണ്ടു ഉദ്യോഗത്തോടു അധികാരത്തോടുകൂടി മേൽനോട്ടവും പരിശോധനയും നടത്തുന്നപക്ഷം, അതു ശരിയായ വഴിയുണ്ടാക്കുന്നതായി ഇരിക്കുകയില്ല. ഒന്നായിട്ടുതന്നെപക്ഷം, മഫസിൽ സബ്ഡിവിഷനിൽ, അദ്ദേഹത്തിന്റെ ഇഷ്ടംപോലെ ജോലി നടത്തിക്കൊള്ളുന്നതിനു ഡിസ്ട്രിക്ട്സൂപ്രണ്ടു് അസിസ്റ്റന്റ്സൂപ്രണ്ടിനെ അനുവദിച്ചുകൊടുത്തിരിക്കുന്നു എന്നുള്ളതിനാണ് അധികവും ന്യായം. ഈ പുതിയതായ ഉദ്യോഗസ്ഥന്മാരുടെ നിയമനം പോലീസ് ജോലിയുടെ പ്രാപ്തിയെ കൂട്ടുന്നതിനു പകരം, തടയുകയാകുന്ന ചെയ്യുന്നത്.

ഈ പുതിയ ഏർപ്പാടു രാജ്യത്തിനു ഗുണകരമായിട്ടുള്ളതാണോ അല്ലയോ എന്നുള്ളതു് ഹാൻവുഡ് അവർ ചെയ്തുതീർത്തിട്ടുള്ള വേലയിൽനിന്നു- കാണുവാനുണ്ട്. ഡിപ്പാർട്ടുമെന്റു ഓണറിപ്പോർട്ടിൽ നിന്നും, മോഷണംപോയ തൊണ്ടിസാമാനങ്ങളെ കണ്ടുപിടിക്കുന്നതിനേയും വീണ്ടു കിട്ടുന്നതിനേയും ശതമാനം വളരെ കുറഞ്ഞുപോയി എന്നുകാണുന്നുണ്ട്, അങ്ങനെ സംശയിച്ചു, ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തിച്ചും ഉയർന്തരം ഉദ്യോഗസ്ഥന്മാരുടെ എണ്ണം കൂടുതലാകണമെന്നു് മി: പിറ് അതിനു സമാധാനം പറഞ്ഞതായി ഞാൻ ശ്രദ്ധിക്കുന്നു. ഡിപ്പാർട്ടുമെന്റിലെ ഇൻസ്പെക്ടറന്മാരെ വർദ്ധിപ്പിക്കുന്നതിനു ഫിർപ്പാട്ടു വരുത്തിയതാണ് ഇതിനു കാരണം എന്നു് ഞാൻ അഭിപ്രായപ്പെടുന്നു. കഴിയുന്നതു വേഗത്തിൽ ഉദ്യോഗസ്ഥന്മാരുടെ വിഷയത്തിൽ, വർദ്ധിപ്പിക്കുന്നതിനു അനുസരിച്ചു് തൊണ്ടിമുതലുകൾ ഉണ്ടാകുന്നുണ്ടോ അതു നന്നല്ലെന്നു ഞാൻ വിചാരിക്കുന്നു. ഒരു ഉദ്യോഗസ്ഥൻ ഒരു പ്രത്യേകസ്ഥലത്തു ഇരിക്കുന്നതുകൊണ്ടു് അദ്ദേഹം കുറെക്കാലത്തേക്കു ഒരുവിധം അവിടെ കഴിച്ചുകൂട്ടിയാൽമതിയും മതി. കുറ്റക്കാരെക്കൊണ്ടു ന്യായമായി അദ്ദേഹം കൂടുതൽ തൊണ്ടിമുതൽ തിരിച്ചുപിടിപ്പിക്കുന്നതിനു അർഹനായിത്തീരുന്നു. നേരെമറിച്ചു പഴയഫിർപ്പാടിൻപ്രകാരം, അദ്ദേഹം ശരിയായി ജോലിചെയ്യുന്നതുപക്ഷം, അദ്ദേഹത്തിനു പ്രത്യേകിച്ചൊരു തൊണ്ടിമുതലും കിട്ടുകയില്ല. ഈ സമാധാനം മിസ്റ്റർ പിറിനു തോന്നിയിട്ടില്ലെന്നും, ഹാൻവുഡിനെ പോലീസുകോടിയുടെ കാവിനെ രൂപപ്പെടുത്തിക്കാണിക്കുന്നതാണ് ശരിയായ സമാധാനമെന്നു മിസ്റ്റർ പിറ് എന്നോടുകൂടി സമ്മതിക്കുമെന്നും, ഞാൻ വിചാരിക്കുന്നു.

ഷെഡ്കാട്ടേഴ്സ് സബ്ഡിവിഷനിൽ ഒരു പേഴ്സൺൽഅസിസ്റ്റന്റിന്റെ ആവശ്യകതയെ ഇല്ലാതാക്കുന്നതിനു്, ഡിസ്ട്രിക്ട്പോലീസു സൂപ്രണ്ടിന്റെ ആഫീസിൽ നിന്നും കുറെ അധികം ജോലിക്കാരെ മാറ്റിയാൽ മതിയാകുമെന്നാണ് എന്റെ അഭിപ്രായം, ഹാൻവുഡ് മുമ്പിൽ അസിസ്റ്റന്റു് സൂപ്രണ്ടിന്റെ ആഫീസിൽ രണ്ടോ മൂന്നോ ക്ലാർക്കുകൾ മാത്രമേ ഉണ്ടായിരുന്നൊള്ളൂ: അവർ, ക്ലർക്കു വേലചെയ്യാൻ ആവശ്യപ്പെടപ്പെട്ട പോലീസുകാരും, ഹെഡ്കാൻസ്റ്റേബിൾമാരും, മറ്റു ചിലരും ആയിരുന്നു എന്നു് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ നമുക്കു മൂന്നു ഡിസ്ട്രിക്ടുകളും, പോലീസുകമ്മീഷണരുടെ ആഫീസിൽ ചെയ്യപ്പെടുന്ന ജോലിയുടെ ഇരട്ടി അഥവാ മൂവിരട്ടി ജോലിയും, ചെയ്തിട്ടുണ്ടു്. ഡിസ്ട്രിക്ടു് പോലീസു സൂപ്രണ്ടിന്റെ ആഫീസിൽ നിന്നും, ഈ ക്ലർക്കുകളിൽ മിക്കവരേയും മറ്റൊരുവന്നതാണു്. ഡിസ്ട്രിക്ടു് സൂപ്രണ്ടിന്റെ സഹായത്തിനായി അദ്ദേഹത്തിന്റെ ആഫീസിൽ ഒരു പേഴ്സനൽ അസിസ്റ്റന്റിന്റെ ആവശ്യമുണ്ടായിരിക്കയില്ല. ഒരു കാരണങ്ങളാൽ, മിസ്റ്റർ പരമേശ്വരൻപിള്ള കൊണ്ടു വന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി: തരീഉദ്ദീൻഅഹമ്മദ് (മുഖാരംഭം): ഞാൻ ഒരു പ്രമേയത്തെ അനുകൂലിക്കുന്നു. അസിസ്റ്റന്റു സൂപ്രണ്ടന്മാർ ഉണ്ടായിരിക്കുന്നതുകൊണ്ടു് ഇൻസ്പെക്ടർമാരുടെയും കോൺസ്റ്റബിൾമാരുടേയും നടത്തയെ ശരിപ്പെടുത്തികൊണ്ടു പോകുവാൻ ഉപയോഗപ്പെടുമെന്നാണ് ഞാൻ വിചാരിച്ചിരുന്നതു്. അതുകൊണ്ടാണ് ഞാൻ ഈ സംഗതിയെപ്പറ്റി കഴിഞ്ഞവർഷം വാദം ഉണ്ടായപ്പോൾ അസിസ്റ്റന്റു സൂപ്രണ്ടന്മാർ വേണമെന്നഭിപ്രായപ്പെട്ടതു്. ഇതിൽ കമ്മീഷണരുടെയും ഗവർണ്മെന്റിന്റേയും ഉദ്ദേശം നല്ലതാണെന്നുള്ളതിനു സംശയമില്ല. ഇൻസ്പെക്ടർമാരുടെയും മറ്റും നടത്തയെ ശരിപ്പെടുത്തിക്കൊണ്ടു രക്ഷപ്പെടുന്നതിനു ഡിസ്ട്രിക്ടു് സൂപ്രണ്ടിനോ അല്ലെങ്കിൽ ഗവർമെന്റിനോ കഴിയാതിരിക്കുന്ന കമ്മീഷണർക്കു വളരെ പ്രയാസമുണ്ടു്. അതുകൊണ്ടു് അസിസ്റ്റന്റു് സൂപ്രണ്ടന്മാർ ഉണ്ടായിരിക്കുന്നതു നല്ലതാണെന്നു തോന്നാം. എന്നാൽ അനുഭവത്തിൽ വന്നപ്പോൾ ഈ ഏർപ്പാടു ജനങ്ങൾക്കു ഗുണകരമല്ലെന്നു മനസ്സിലായിരിക്കുന്നു. അതുകൊണ്ടാണ് അസിസ്റ്റന്റു സൂപ്രണ്ടന്മാർ വേണ്ടെന്നു ഞാനിപ്പോൾ പറയുന്നതു്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ഡിസ്ട്രിക്ടു് രജിസ്ട്രാർമാരും മറ്റും ഉള്ളതുപോലെ പോലീസ് ഡിപ്പാർട്ടുമെന്റിലും അസിസ്റ്റന്റുകമ്മീഷണർമാർ വേണമെന്നു ചിലർ പറകുണ്ടായി. എന്നാൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുകാരുടെ ജനങ്ങളോടു മേൽ പറയത്തക്ക അധികാരമൊന്നുമില്ലാത്തതുകൊണ്ടു് അതിൽ കൂടുതൽ ഉദ്യോഗസ്ഥന്മാർ ഉണ്ടായാൽ പണച്ചെലവു വരുമെന്നല്ലാതെ മറ്റു ദോഷമൊന്നും ഉണ്ടാകയില്ല.

. ഇപ്പോഴത്തെ സ്ഥിതിക്കു പോലീസുകമ്മീഷണരുടെ ഗ്രേഡ് ഓരോസ്ഥലത്തേയും ഇൻസ്പെക്ടർമാരുടേയോ കോൺസ്റ്റബിൾമാരുടേയോ മേൽ വേണ്ടുംവണ്ണം പതിയാതെ അദ്ദേഹത്തിനു് അസിസ്റ്റന്റു സൂപ്രണ്ടന്മാരുടെ അഭിപ്രായങ്ങളെ ഏറെക്കുറെ ശരിവച്ചു പ്രവർത്തിക്കുന്നതിനെ ഇടവരുത്തുന്നു. ജനങ്ങൾക്കു ഇതുകൊണ്ടു വളരെ ഉപദ്രവങ്ങൾ ഉണ്ടാകും. എന്തെങ്കിലും ഒരു സംഭവിച്ചാൽ കമ്മീഷണർ ഡിസ്ട്രിക്ടു് സൂപ്രണ്ടിനോടും ഡിസ്ട്രിക്ടു് സൂപ്രണ്ടു് അസിസ്റ്റന്റുസൂപ്രണ്ടിനോടും അസിസ്റ്റന്റുസൂപ്രണ്ടു് ഇൻസ്പെക്ടരോടും സമാധാനം ചോദിക്കും. കീഴ്ഉദ്യോഗസ്ഥന്മാരുടെ സമാധാനങ്ങളെ തീരെ ഗണിക്കാതെ ഒരുപക്ഷപാതം പ്രവർത്തിക്കയെന്നുള്ളതും വിഷമമാണ്. എന്നാൽ കീഴിലുള്ളവരുടെ റിപ്പോർട്ടിനെ അനുസരിച്ചു പ്രവർത്തിക്കുന്നതിന്റെ ഫലം ജനങ്ങൾക്കു പലപ്പോഴും

ദോഷകരമായിട്ടെ അവസാനിക്കുകയുള്ളൂ. ഞാൻ പ്രാതിനിധ്യം വഹിക്കുന്ന താലൂക്കിലെയും അയൽതാലൂക്കുകളിലേയും ജനസാമാന്യത്തിന് ഈ ഫ്ലർപ്പാട്ട ദോഷകരമാണെന്നാണ് അഭിപ്രായമുള്ളത് അതു കൊണ്ടാണ ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ച് അസിസ്റ്റൻറ സൂപ്രണ്ടുദ്യോഗം നിർത്തിക്കളയണമെന്നാണെന്ന പറയുന്നത്.

മി: പാർ. വി. ഡാനിയൽ (അഗസ്തീശ്വരം): അസിസ്റ്റൻറ് സൂപ്രണ്ടന്മാരെ നിയമിക്കൽ ചെയ്യണമെന്നുള്ളതിനെപ്പറ്റി ഞാൻ ഈ സഭയിൽ എപ്പോഴും നിർബന്ധിച്ചു കൊണ്ടിരിക്കുകയാണ്. ഈ ഉദ്യോഗസ്ഥന്മാരാൽ ഇൻസ്പെക്ടർമാരുടെ മേൽ നടത്തപ്പെടുന്ന ഈ ഇരട്ടിച്ച അധികാരംകൊണ്ട് ശരിയായജോലിനടത്തിപ്പിനായതൊരു സഹായവും ഉണ്ടാകുന്നില്ല. അസിസ്റ്റൻറ സൂപ്രണ്ടന്മാരുടെ അധികാരങ്ങളും ജോലികളും നല്ലതിനണ്ണം ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തതും അതിനാൽ ജോലിക്കു വിഘ്നമുണ്ടാകുന്നതുമാകുന്നു. അസിസ്റ്റൻറ് സൂപ്രണ്ടന്മാർക്ക് സ്വതന്ത്ര്യമായി യാതൊരധികാരവും ഇല്ലാ. ഇൻസ്പെക്ടർമാരുടെ പക്കൽ നിന്നു ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർക്കും, ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരുടെ പക്കൽ നിന്നു ഇൻസ്പെക്ടർമാർക്കും അയക്കുന്ന എഴുത്തുകുത്തുകളെ വാങ്ങി അയയ്ക്കുന്ന ഇടയിലുള്ള ഉദ്യോഗസ്ഥന്മാരായി ഭവിക്കുന്നു. ഈ ഉദ്യോഗസ്ഥന്മാരുടെ കേസുകളെപ്പറ്റിയുള്ള അന്വേഷണം ചേരിനു മാത്രമായിട്ടുള്ളതാണ്. കേസുകളെപ്പറ്റിയുള്ള അന്വേഷണത്തെ മെയ്യ്മുമായി പോലീസു ഇൻസ്പെക്ടന്മാരുടെ കയ്യിൽ യിട്ടയയ്ക്കുവുന്നതാണ് ഗൌരവതരമായ കേസുകളിൽ ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരും നേരിട്ടതന്നെ വേണ്ട അന്വേഷണങ്ങൾ നടത്തുവുന്നതുണ്ട്. ഡിപ്പാർട്ടുമെൻറിൻറെ നടത്തിപ്പിനെപ്പറ്റി സൂക്ഷ്മമായി പരിശോധിക്കുന്ന ഏതൊരുത്തനും ആഫീസിൽ ക്ലാർക്കുകൾ വളരെ അധികമാണെന്നും അവർക്കുണ്ടെ ഡിപ്പാർട്ടുമെൻറിനൊ പൊജനങ്ങൾക്കോ യാതൊരു ഗുണവും ലഭിക്കുന്നില്ലെന്നും കാണുവുന്നതാണ്. ഈ ഉദ്യോഗത്തിനെ നിറുത്തൽ ചെയ്യുന്നതിൽ നിന്നും ഉണ്ടാകുന്ന മിച്ചംകൊണ്ടു കൺസ്റ്റബിൾമാർക്കു ശമ്പളം കൂട്ടി കൊടുക്കുവുന്നതും അങ്ങിനെ ചെയ്യുന്നതുമായാൽ അവരുടെ ഇടയിൽ സാധാരണയായി ഉണ്ടെന്നു പറയപ്പെടുന്ന കൈ കൂലി മുതലായ ദുഷ്പ്രവൃത്തികളെ നമുക്കു മാറ്റുവാൻ കഴിയുന്നതുമാണ്

റവ: ഫാദർ. കുറിയാക്കോസു വെട്ടിക്കാപ്പള്ളി (തൊടുപുഴയും, കുന്നത്തുനാടും): സർ, കഴിഞ്ഞകൊല്ലം അസിസ്റ്റൻറ സൂപ്രണ്ടന്മാരെ നിറുത്തൽ ചെയ്യണമെന്നുള്ള വിഷയം ഈ സഭ മുമ്പാകെ കൊണ്ടുവന്നപ്പോൾ, ഡിസ്ട്രിക്ട്സൂപ്രണ്ടന്മാരുടെ അടുക്കൽ ജനങ്ങൾക്കു പ്രവേശനം ലഭിക്കാൻ എളുപ്പമല്ലാത്ത ഉദ്യോഗസ്ഥന്മാരാകുന്നു എന്ന് ഞാൻ പറഞ്ഞു. കഴിഞ്ഞുപോയതിനെ അനുകൂലം എന്നെ എൻറെ അഭിപ്രായത്തിൽ സ്ഥിരപ്പെട്ടിട്ടുള്ളൂ. അതുകൊണ്ടു എനിക്കു ഈ പ്രമേയത്തെ എതിർക്കേണ്ടിയിരിക്കുന്നു. എന്നാൽ അപ്രകാരം ചെയ്യുന്നതിൽ, അവർക്കു സംബന്ധിച്ചുള്ള സർവ്വാധികാരങ്ങളും കൊടുത്തു അവരെ കൊണ്ടു ഉപകാരപ്രദമാക്കിത്തീർക്കണം, അല്ലാതെ അവരിൽ മുന്നു പേരെ ഡിസ്ട്രിക്ട്സൂപ്രണ്ടന്മാരുടെ ചുമ്മാ കയ്യടക്കുകതന്നെയും ഞാൻ കല്പിക്കയാണെങ്കിൽ പറഞ്ഞ അഭിപ്രായത്തെ വീണ്ടും പറയുന്നു. അപ്രകാരമുള്ള ഒരു പരിഷ്കരണം കേട്ടയം ഡിവിഷനിൽ അനുവദിക്കപ്പെട്ടിട്ടുള്ളതായി കേൾക്കുന്നതിനു ഞാൻ സന്തോഷിക്കുന്നു. അസിസ്റ്റൻറ സൂപ്രണ്ടന്മാരുടെ മേൽ ആരോപിക്കപ്പെട്ടിട്ടുള്ള ചിലകുറ്റങ്ങളും ഉദാഹരണമായി എൻറെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിത്തൊമ്മനാ ... ആരോപിപ്പെട്ടിട്ടുള്ളവ, ഇപ്പോൾജോലിയിലിരിക്കുന്നവരിൽചിലർജോലിചെയ്യുന്നതുകൊണ്ടുണ്ടായിട്ടുള്ള ദോഷങ്ങളാണെന്നും അറിയുന്നു. അതുകൊണ്ട അവരെ നിറുത്തൽ ആരോപിക്കാൻ പാടില്ലാത്തതുമാകുന്നു എന്നും ഞാൻ വിശ്വസിക്കുന്നു. പോലീസു കമ്മിഷണർ എല്ലാ ഡിവിഷനുകളിലും തൻറെ കീഴുദ്യോഗസ്ഥന്മാരുടെ പ്രവൃത്തിയെ പൂർണ്ണമായി വിശ്വസിക്കുന്നതുപോലെയും കൂടുതലായി ജനങ്ങളോടുകൂടിയിരിക്കുകയാണെങ്കിൽ കുറ്റങ്ങൾ കുറയുന്നതുപോലെയും ഈ അസിസ്റ്റൻറ സൂപ്രണ്ടന്മാർ പ്രവൃത്തികളിലും ഉദ്യോഗകളിൽ വാസ്തവത്തിൽ ഒരുതരം ഉപകാരപ്രദമായ ഉദ്യോഗസ്ഥന്മാരായിത്തീരുകയും ചെയ്യുമെന്നു ഞാൻ വിചാരിക്കുന്നു.

മി: എം. ഗോവിന്ദമേനോൻ (ആലങ്ങാടും, പറവൂരും): അങ്ങിനെ ചെയ്യുന്നതിൽ എൻറെ സ്നേഹിതൻ താലൂക്കായ കുന്നത്തുനാടു താലൂക്കിലെ പ്രതിനിധിക്കു എതിരായിരിക്കേണ്ടിയിരിക്കുന്നു എങ്കിലും ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. എൻറെ സ്നേഹിതന്മാരിലിടെ പറഞ്ഞിട്ടുള്ളതിൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റുമാരും, ആളുമായി ഏറ്റുദ്ദേശത്തിൽ അവരെ നിയമിച്ചുപോരുന്നതിനു, ഉപകരിക്കുന്നില്ലെന്നുള്ള സംഗതിയെപ്പറ്റി കൂടുതലായി ഞാൻ ഒന്നും പറയുന്നില്ല.

സർ, അപ്രകാരം മിച്ചം പിടിക്കുവാനുണ്ടാകുന്ന പണത്തെ കോൺസ്റ്റബിൾമാരുടെ ശമ്പളം ... ൽ ഉപയോഗിക്കുന്നതിനുള്ള ആശംസ്യതയെ, ഞാൻ നിങ്ങളുടെ ശ്രദ്ധയിലേക്കു കൊണ്ടു വരുന്നു. ... പ്പിക്കുന്നതിനായി ഒരു ഉപക്ഷേപം കൊണ്ടുവരുന്നതിൽ നിന്നും ഞങ്ങളെ നിർബ്ബന്ധമായി തടഞ്ഞിരിക്കുന്നതുകൊണ്ടു ഈ സംഗതിയെ ധരണമെൻറ മുമ്പാകെകൊണ്ടുവരുന്നതിനു ഇതൊരു മാർഗ്ഗമെയുള്ളൂ. മേൽനോട്ടം ശ്രമമതിരിയിൽ തന്നെ ഇരുന്നാലും, ജോലി സംബന്ധമുള്ള മേൽനോട്ടം നോക്കുന്നവരുടെ ... എണ്ണം തന്നെ കുറയിച്ചാലും, അവർപൊതുജനങ്ങളുടെ സ്വതന്ത്രമായ കൂടുകെട്ടിടെ സ്വഭാവത്തിൽ നിന്നും ... ചെയ്യിക്കാൻ യാതൊരു മാർഗ്ഗവുമില്ല. ഏറ്റവും കുറഞ്ഞതരത്തിലുള്ള ഒരു കോൺസ്റ്റബിളിൻറെ ശമ്പളം ... രൂപയും, അതിനടുത്ത അളുന്ന ക്ലാസ്സ് രൂപയുമാകുന്നു. കാലത്തു രണ്ടു നേരത്തെ ഊണിനു തന്നെ ... രൂപ അത്യാവശ്യമാണ്. ഗവണ്മെൻറ വിവാഹം കഴിക്കാത്തവരെ മാത്രം പോലീസുകാരായി നിയമിക്കാത്തപക്ഷം, ധാരാളം ദുഷ്കൃത്യങ്ങളുണ്ടായിക്കാണുന്നതിനിടയിരിക്കും, ഈ കോൺസ്റ്റബിളിനു മാസാമാസം ശമ്പളം ദുഷ്കൃത്യം ചെയ്യുന്നതിനു കുറെപേരുകയും വേണ്ട. അവർക്കതുകാരുമുയിർക്കുന്നപക്ഷം അവരുടെ മേലധികാരികളുടെ ... കുറെകാരായിരിക്കുന്നതിനിടയുള്ളതാണ്. എന്തുകൊണ്ടെന്നാൽ മേലധികാരികളുടെ സ്വഭാവത്തെ യാതൊരുതരത്തിലും ഈ ഇടപെടുത്തുന്നതിനു സാധിക്കുന്നതല്ല. ഞാൻ ഗവണ്മെൻറിനോടു നിർദ്ദേശിക്കുന്നതെന്തെന്നാൽ അവരുടെ ശമ്പളത്തിൽ മുന്നാം നാലാം രൂപക്കുള്ളിക്കൊടുക്കുന്നു എന്നായിരിക്കണമെന്നുള്ളതിനെയാണ്. ബ്ലൂട്ടിക്കുന്നതിനു അവർക്കു മൂന്നു രൂപയിൽ കൂടുതൽ കൊടുത്തുവരുന്നു. അതു ഇവിടെ മാത്രമായിരിക്കണമെന്നില്ല. എന്നാലിപ്പോഴത്തെ സ്ഥിതിക്കു, രണ്ടു നേരത്തെ ആഹാരത്തിനു രൂപയിക്കുവാനും എല്ലായിടത്തും അവശ്യപ്പെട്ട

നമ്പറിനു നിശ്ചയമായും അവരുടെ ശമ്പളത്തിന്റെ കൂടെ സൂചകമായ ഒരു തുക കൂട്ടിച്ചേർക്കണമെന്നാണ് നന്നായിരിക്കും.

മി: ജെ. ജോൺസിയിനി (ചങ്ങനാശ്ശേരിയും മീനച്ചിലും): അസിസ്റ്റന്റ് സൂപ്രണ്ടുമാരുടെ ഈ സ്ഥിതിയും മറ്റുസ്ഥലങ്ങളിലും വളരെ ആവലാതിയുണ്ടായിട്ടുണ്ട്. ഒരു ആവലാതിയെന്തെന്നാൽ അവർ മറ്റൊരു ആപ്പീസരാലനുഭവിച്ചിരിക്കുന്ന പീഡയെ സർക്കിൾ ആപ്പീസരന്മാർ അനുഭവിക്കുന്നു. മറ്റൊരു ആവലാതി ഡിപ്പാർട്ടുമെന്റുകൾ ഡിസ്ട്രിക്റ്റ് സൂപ്രണ്ടിനും അസിസ്റ്റന്റിനും തമ്മിൽ ഉള്ള ജോലിയുടെ ഇട്ടിട്ടുപ്പുകേടാണ്. ഈക്കാലത്തു ഉദ്യോഗസ്ഥന്മാരുടെ ഒരുമേയായ എണ്ണത്തിനുള്ള ആധിക്യമൊന്നുമായിരിക്കാൻ പാടില്ലാത്തതുകൊണ്ടാണ്. എന്നാൽ അഭിപ്രായവ്യത്യാസത്തിന്റെ മുഖ്യകാരണമെന്തെന്നാൽ അവരെ ക്രമപ്പെടുത്തിയിരിക്കുന്ന പ്രത്യേകമായിരിപ്പുറയിടുകൊണ്ടാണ്. സാലറിസ്സ്കമ്മിറ്റിയുടെ മെമ്പറെന്ന നിലയിൽ, എന്റെ ആവലാതി ആ കമ്മറ്റിയുടെ ശിപാശ ഗവർമെന്റ് അവഗണിച്ചുകളഞ്ഞു എന്നുള്ളതാകുന്നു. അവർ ശിപാർശചെയ്തതു, പ്രധാനമായ മൂന്ന ഡിസ്ട്രിക്റ്റ് കളിലും മൂന്ന ഡിസ്ട്രിക്റ്റ് സൂപ്രണ്ടുമാരേയും, അപ്രധാനമായ ഡിസ്ട്രിക്റ്റ്കളിൽ ഏകദേശം സ്വാതന്ത്ര്യാധികാരത്തോട്ടുകൂടിയ രണ്ട അസിസ്റ്റന്റ് സൂപ്രണ്ടുമാരേയും നിയമിക്കണമെന്നായിരുന്നു. ആ ശിപാർശയെ പരിശോധിച്ചുനോക്കുമ്പോൾ, നമ്മിപ്പോൾ ഇവിടേയ്ക്കുകൊണ്ടുവരുന്ന മിക്ക ആവലാതികളും ഉണ്ടാകുമായിരുന്നില്ലായിരുന്നു എന്നാണ് ഞാൻ സമർപ്പിക്കുന്നത്. അതിനാൽ, ഈ കാരണങ്ങൾകൊണ്ടു ആറ അസിസ്റ്റന്റ് സൂപ്രണ്ടുമാരുടേയും മൂന്ന ഡിസ്ട്രിക്റ്റ് സൂപ്രണ്ടുമാരേയും മാറ്റുന്നതിന് പകരം, സാലറിക്കമ്മിറ്റി ശിപാർശചെയ്തതുപോലെ, മൂന്ന ഡിസ്ട്രിക്റ്റ് സൂപ്രണ്ടുമാരും സ്വാതന്ത്ര്യാധികാരത്തോട്ടുകൂടി ഉ അസിസ്റ്റന്റ് സൂപ്രണ്ടുമാരുടെ അല്ലെങ്കിൽ സ്വതന്ത്രന്മാരായ ഡിസ്ട്രിക്റ്റ് സൂപ്രണ്ടുമാരുടെ നമുക്കു വച്ചു കൊണ്ടിരിക്കാമെന്നു, ഞാൻ ഈ സഭയോട്ടു ശിപാർശചെയ്യുകയുള്ളുന്നു. അപ്രകാരമുള്ള ഒരു ഫിർപ്പാടു വളരെ തൃപ്തികരമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

മി: റവ. ലക്ഷ്മണൻപിള്ള (ഗവണ്മെന്റ് നിയമിച്ചമെമ്പർ): സർ, ഇതുപോലെ വിസ്തീർണ്ണവും ജനസംഖ്യയും ഉള്ള ഒരു സ്ഥലത്തു ബ്രിട്ടിഷ് ഇൻഡ്യയിൽ എതു പോലീസുദ്യോഗസ്ഥന്മാരെ നിയമിച്ചിരിക്കുന്നു എന്നു അറിയുന്നതു ഇവിടെ പ്രയോജനകരമായിരിക്കും. തിരുവിതാംകൂറിൽ നമുക്കുള്ളതിനെക്കാളും അധികമായുള്ള എണ്ണം തീർച്ചയായും കുറവായിരിക്കുമെന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു. മദ്രാസു സംസ്ഥാനത്തുള്ള എല്ലാഡിസ്ട്രിക്റ്റ്കളോടും താരതമ്യപ്പെടുത്തിനോക്കുന്നതായാലും തിരുവിതാംകൂർക്കാരനായ ചെറിയസംസ്ഥാനമാണെന്നും, അതു സമാധാനമുള്ളവരും നിയമനുസരണസഭാവക്കാരുമായ നിവാസികൾക്കു കീർത്തിപ്പെട്ടിരിക്കുന്നതുമാകുന്നു. അതുകൊണ്ടു ഇതുപോലെ അസിസ്റ്റന്റ് സൂപ്രണ്ടുമാരുടെ ആവശ്യകതയെന്തെന്നു എനിക്കു വെളിവാക്കുന്നില്ല. മുമ്പു ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഡിസ്ട്രിക്റ്റ് സൂപ്രണ്ടുമാരുടേയും അസിസ്റ്റന്റ് സൂപ്രണ്ടുമാരുടേയും ജോലി തമ്മിൽ കഴപ്പവും ഉണ്ട്. ബ്രിട്ടിഷ് ഇന്ത്യയിൽ ചെയ്തുകാണുന്നതുപോലെ അനുഭവജ്ഞയെ ഉപയോഗമായ വേർപിരിക്കലോ നമുക്കു തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ല. തിരുവിതാംകൂറിൽ ഇതേവരെ ഒരു ജൂഡീഷ്യൽ ഓഫീസറെയും, അല്ലെങ്കിലും അതുപോലെയുള്ള ഒരു നിയമജ്ഞനേയും ഉണ്ടായിട്ടില്ല.

അദ്ധ്യക്ഷൻ:—നിങ്ങൾക്കു അഭിപ്രായമുണ്ടോ?

മി: റവ. ലക്ഷ്മണൻപിള്ള (ഗവണ്മെന്റ് നിയമിച്ച മെമ്പർ): ഈ കാരണങ്ങളാൽ അസിസ്റ്റന്റ് സൂപ്രണ്ടുമാരെ നിയമിക്കൽ ചെയ്യുന്നതു സാധിക്കാമെന്നുള്ളപക്ഷം, ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയുടെ പ്രത്യേകത്തെ അനുകൂലിക്കുന്നു.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല): ആ വിഷയത്തെപ്പറ്റി സംസാരിക്കാനുള്ളതെല്ലാം സഭയിൽ ഈ മാന്യന്മാരെല്ലാവർ പറഞ്ഞുതീർത്തുകഴിഞ്ഞു. സാലറിക്കമ്മിറ്റിക്കു മുന്ന ഡിസ്ട്രിക്റ്റ് സൂപ്രണ്ടുമാരിൽനിന്നും സ്വാതന്ത്ര്യമായി ജോലിചെയ്യുന്ന രണ്ടു അസിസ്റ്റന്റ്സൂപ്രണ്ടുമാരിൽ കൂടുതലായിശിപാർശചെയ്തിട്ടില്ലെന്ന മിസ്റ്റർഡിവീരിയിൽനിന്നും ഞങ്ങൾ മനസ്സിലാക്കുന്നു. അതിനാൽ ഈ സമതിയെപ്പറ്റി മുഴുവൻ വിവരവും അന്വേഷിച്ചറിഞ്ഞ ഒരു സങ്കോചക്കുടി രണ്ടു അസിസ്റ്റന്റ്സൂപ്രണ്ടുമാരിൽ കൂടുതലായി ശിപാർശചെയ്യുന്നതിനു ശീച്ചുപ്പെടുത്തുവാൻ കഴിയുകയില്ലെന്ന ഞാൻ പറയുന്നു. പോലീസ് അസിസ്റ്റന്റ്സൂപ്രണ്ടുമാർ നിയ്യേകം നിറുത്തിക്കൊടുക്കേണ്ടുന്ന ആവശ്യകതയെ ആയിങ്ങ് പോലീസുകമ്മീഷണരെക്കുടി ധരിപ്പിക്കുവാൻ ഈ സഭയിലെ അനുദ്യോഗസ്ഥരംഗമ്പറഞ്ഞ കാരണങ്ങൾ മതിയാകുന്നതാണെന്നു ഞാൻ വിചാരിക്കുന്നു. ഈ ഉദ്യോഗസ്ഥന്മാരെ ഇനിയും വച്ചുകൊണ്ടിരിക്കുന്നതിനുള്ള ആവശ്യകതയെപ്പറ്റി തക്കതായ ബോദ്ധ്യപ്പെടുത്തുവാൻ ആയിങ്ങ് കമ്മീഷണർക്കു സാധിച്ചിട്ടില്ല. അസിസ്റ്റന്റുമാർ നടത്തിയിട്ടുള്ള അന്വേഷണം സംബന്ധിച്ചുള്ള ജോലികളുടെ കണക്കുകൾ അദ്ദേഹം ഞങ്ങൾക്കു തന്നിട്ടുണ്ട്. എന്നാൽ കേസു അന്വേഷണം സംബന്ധമായി അവർ അധികം ചെയ്തിട്ടുള്ള ജോലി അവരെ ഇനിയും ജോലിയിൽ വച്ചുകൊണ്ടിരിക്കുന്നതിനെ ന്യായീകരിക്കാൻ തക്കവണ്ണമെന്നു എനിക്കു പറവാൻ നിവർത്തിയില്ല. ഇക്കാരണങ്ങളിൻമേൽ അനുകൂലപ്രതികൂലഭേദം അറിയുന്നതിനായി ഞാൻ എന്റെ ഉപക്ഷേപത്തെ സമർപ്പിക്കുന്നു.

മി: ആർ. കെ. കൃഷ്ണപിള്ള (അസിസ്റ്റന്റ് പോലീസ്കമ്മിഷണർ): ഞാൻ ഡിസ്ട്രിക്റ്റ്സൂപ്രണ്ടിനും ഡിസ്ട്രിക്റ്റ് പോലീസ്സൂപ്രണ്ടിനും തമ്മിൽ നടത്തിയ താരതമ്യത്തെപ്പറ്റി ചില നിരൂപണങ്ങൾ ചെയ്യട്ടെ.

അദ്ധ്യക്ഷൻ: കുറച്ചുകൂടി ഉറക്കെ പറഞ്ഞാൽ കൊള്ളാം.

മി: ആർ. കെ. കൃഷ്ണപിള്ള (അസിസ്റ്റന്റ് പോലീസ്കമ്മിഷണർ): ഇതേമാതിരി അധികാരങ്ങളോടുകൂടിയ ഒരുതരം ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തു ഈ രണ്ടുതരം ഉദ്യോഗസ്ഥന്മാരുടെ ജോലികളേയും താരതമ്യപ്പെടുത്തണമെന്നു മാത്രമാണ് ഞാൻ അഭ്യർത്ഥിച്ചിട്ടുള്ളത്. മിസ്റ്റർ വേലുപ്പിള്ളയുടെ ഡിസ്ട്രിക്റ്റ്സൂപ്രണ്ടുമാരുടെ ജോലിക്കും ഡിസ്ട്രിക്റ്റ്പോലീസ്സൂപ്രണ്ടിന്റെ ജോലികൾക്കും തമ്മിൽ സാദൃശ്യപ്പെടുത്തണമെന്നുള്ളപക്ഷം അങ്ങിനെ ചെയ്യുന്നതിനു എനിക്കു യാതൊരു വിരോധവുമില്ല. എന്നാൽ ഡിസ്ട്രിക്റ്റ്പോലീസ്സൂപ്രണ്ടുമാർക്കു അസിസ്റ്റന്റ്സൂപ്രണ്ടുമാരുടെ അത്രപോലും ഓർഡർസ്സ് വിരോധവുമില്ല. എന്നാൽ ഡിസ്ട്രിക്റ്റ്പോലീസ്സൂപ്രണ്ടുമാർക്കു അസിസ്റ്റന്റ്സൂപ്രണ്ടുമാരുടെ അത്രപോലും ഓർഡർസ്സ് ഉണ്ടെന്നു ഞാൻ പറഞ്ഞിട്ടില്ല. ഡിസ്ട്രിക്റ്റ്പോലീസ്സൂപ്രണ്ടുമാർക്കും അസിസ്റ്റന്റ്സൂപ്രണ്ടുമാർക്കും ഇടയിൽ ഒരുതരം ഉദ്യോഗസ്ഥ

ന്മാരെ ആ ഡിപ്പാർട്ട്മെന്റിൽ ഉള്ള എന്ന പേരെഞ്ഞുകൊണ്ട് എക്സ്ട്രാസ് ഡിപ്പാർട്ട്മെന്റിനോട് സാദൃശ്യപ്പെടുത്തുന്നതു നന്നായിരിക്കുമെന്നു വേറെ ചിലർ അഭിപ്രായപ്പെട്ടു. അതു വാസ്തവം തന്നെ; എന്നാൽ അവിടെ ഉദ്യോഗസ്ഥന്മാരുടെ എണ്ണം വളരെ കൂടുതലാണ്.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർക്ക് അസിസ്റ്റന്റന്മാർ ഉണ്ടോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസ് കമ്മീഷണർ): അവരുടെ കീഴിൽ മൻസംക്സ് മജിസ്ട്രേട്ടന്മാരുണ്ട്.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അവർ ഇവരുടെ അസിസ്റ്റന്റന്മാരല്ല. അവർ വേറെ ഒരുതരം ഉദ്യോഗസ്ഥന്മാരാകുന്നു.

അദ്ധ്യക്ഷൻ: ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർക്ക് ഡിവിഷൻ അസിസ്റ്റന്റന്മാരുണ്ട്.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസ് കമ്മീഷണർ): എക്സ്ട്രാസ് ഡിപ്പാർട്ട്മെന്റിൽ കുറച്ച് ഉദ്യോഗസ്ഥന്മാരുണ്ട്. സംസ്ഥാനം മുഴുവനും കുറച്ച് ഡിസ്ട്രിക്ട്കളായി തിരിച്ചു ഓരോ ഡിസ്ട്രിക്ടിലും ഓരോരോ ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നാണ് ഈ സഭയുടെ അഭിപ്രായമെങ്കിൽ എനിയ്ക്കു, അതിനു യാതൊരു വിരോധവുമില്ല. എന്നാൽ അധികാരാന്വേഷണത്തിനും ഇപ്പോൾ ഇരിക്കുന്നതു മാതിരി വച്ചുകൊണ്ടിരിക്കുകയും അവയിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു ഈ അനുവദി ജോലികളെയെല്ലാം അദ്ദേഹത്തിനെക്കൊണ്ടു ചെയ്യിക്കണമെന്നു വച്ചാൽ അതു സാധിക്കാതെ വരുമെന്നു ഞാൻ ഭയപ്പെടുന്നു. ഈ ഒരു സംഗതിയെ ആണു ഞാൻ നിർബന്ധിക്കുന്നതു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): സർ, എനിക്കു ഒരു സമാധാനം പറയാനുണ്ട്. മൻസംക്സ് മജിസ്ട്രേട്ടന്മാർ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരുടെ കീഴ് ഉദ്യോഗസ്ഥന്മാരല്ലാതെ അവരുടെ അസിസ്റ്റന്റന്മാരല്ല.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പൊലീസ് കമ്മീഷണർ): ഞാൻ പറയുന്നതതെന്തെന്നാൽ പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർക്കും ഇൻസ്പെക്ടന്മാർക്കും മജിസ്ട്രേട്ടന്മാരാൽ ജോലി ചെയ്യിക്കത്തക്ക ഒരു തരം ഉദ്യോഗസ്ഥന്മാർ വേണമെന്നാണ്

മി: എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ചമെംബർ): ജോലി ക്ലിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ കറവു മുതൽ കറൻസി വരെ എല്ലാ കുറ്റം അന്വേഷിച്ചാണെന്നും അറിഞ്ഞാൽ കൊള്ളാം.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടറിങ്ങ് പോലീസ് കമ്മീഷണർ): പരിഷ്കാരവിഷയത്തോടുകൂടി ജോലി ഓരോവഴിക്കും വഴിച്ചുകൊണ്ടുതന്നെ വന്നിട്ടുള്ളതും, ഡിപ്പാർട്ടുമെന്റിലുള്ള ഓരോരുത്തരുടേയും വേലയെപ്പറ്റി ഇങ്ങോട്ടുകിട്ടിക്കൊണ്ടിരിക്കുന്ന ആവലാതികൾക്കു സമാധാനമുണ്ടാക്കുവാൻ ഞങ്ങൾക്കും നിവൃത്തിയില്ലെന്നു കാണുകയും ചെയ്യുന്നതാകുന്നു. ഒരു ഡിസ്ട്രിക്ടറസൂപ്രണ്ട് ഏതെങ്കിലും ഒരു സംഗതിയിൽ പ്രവേശിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധയെ പല കാര്യങ്ങൾക്കും ആവശ്യപ്പെടുകയും, ഇക്കാര്യങ്ങളെ എല്ലാം അദ്ദേഹത്തിനു തനിച്ചു നോക്കുവാൻ സാധിക്കാതെ വരികയും ചെയ്യുന്നു.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കവും, ഏറ്റുമാനൂരും): വൈക്കത്തുള്ള ഏർപ്പാടുകൾ ആരുടെ കീഴിലായിരുന്നു?

അദ്ധ്യക്ഷൻ: ആരെങ്കിലും ചാർജ്ജിൽ ഇരിക്കുന്നു എന്നിതാണ്?

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കവും, ഏറ്റുമാനൂരും): എ. എസ്സ്. പി.-യൊ ഡി. എസ്സ്. പി.യൊ ആയിരുന്നു?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടറിങ്ങ് പോലീസ് കമ്മീഷണർ): അവിടെ ഒരു പോലീസ് അസിസ്റ്റന്റസൂപ്രണ്ട് ഉണ്ടായിരുന്നു.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കവും, ഏറ്റുമാനൂരും): അദ്ദേഹത്തിന്റെ പേർ എനിക്കറിഞ്ഞുകൊള്ളാം.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടറിങ്ങ് പോലീസ് കമ്മീഷണർ): മിസ്റ്റർ പി.ച്ചു അയ്യങ്കാർ.

അദ്ധ്യക്ഷൻ: ഈ ചോദ്യത്തിനുള്ള അവകാശമെന്താണ്.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കവും, ഏറ്റുമാനൂരും): എ. എസ്സ്. പി. മാർക്ക് സ്വതന്ത്രമായ ചാർജ്ജില്ലെന്ന് അദ്ദേഹം പറഞ്ഞിരുന്നു.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടറിങ്ങ് പോലീസ് കമ്മീഷണർ): സ്വതന്ത്രമായ ചാർജ്ജുള്ള എ. എസ്സ്. പി. മാരും ഡി. എസ്സ്. പി. മാരും ഉണ്ട്.

മി: എ. ഇസ്മായിൽ (ഗവണ്മെന്റ് നിയമിച്ചമെമ്പർ): എനിക്കു ഒരു സമാധാനം പറയാനുണ്ട്. ഞാൻ എക്സൈസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി പറഞ്ഞതു എന്തുകൊണ്ടെന്നാൽ, കേസു കണ്ടുപിടിക്കുന്ന വിഷയത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസ് ഡിപ്പാർട്ടുമെന്റും ഏകദേശം ഒരുപോലെയിരിക്കുന്നു. അതുകൊണ്ടു ആ ഡിപ്പാർട്ടുമെന്റിലുള്ള കുറച്ച്-അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരേയും കുറച്ചു മുന്നാക്കണമെന്നു ഞാൻ അനുശാസിപ്പിച്ചുകൊള്ളുന്നു.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടറിങ്ങ് പോലീസ് കമ്മീഷണർ): ഒരാൾ കുറ്റങ്ങൾ കുത്തിയിട്ടുണ്ടെന്നും അയാളെ കണ്ടുപിടിക്കുന്നതു കുറഞ്ഞുപോയി എന്നുപറയുകയും, എന്നാൽ അതേസമയത്തിൽതന്നെ അസിസ്റ്റന്റ് സൂപ്രണ്ടന്മാരെ കുറയ്ക്കണമെന്ന അഭിപ്രായപ്പെടുകയും ചെയ്തു. അസിസ്റ്റന്റ്സൂപ്രണ്ടന്മാരെ കുറവു ചെയ്യുന്നതിൽ നിന്നും അദ്ദേഹം എങ്ങനെയാണു കുറ്റം കണ്ടുപിടിക്കുന്നതിനെ നന്നാക്കുവാനും, കുറ്റങ്ങളെ കുറയ്ക്കുവാനും പോകുന്നതെന്നു എനിക്കറിയാൻ പാടില്ല.

മി: ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരം, സൗത്ത്): അസിസ്റ്റൻറ് സൂപ്രണ്ടുമാരുടെ [illegible] ചെയ്യുന്നുണ്ടോ (ചിരി)

മി: ആർ. കെ. കൃഷ്ണപിള്ള (ആഡ: പോലീസ് കമ്മീഷണർ): ആ ചോദ്യത്തിനു ഉത്തരം പറയാൻ നിവർത്തിയില്ല.

വേറെ ഒരു അഭിപ്രായം പറയപ്പെട്ടതു അസിസ്റ്റൻറ് സൂപ്രണ്ടുമാരുടെ നിയമനത്തെപ്പറ്റിയാകുന്നു. അസിസ്റ്റൻറ് സൂപ്രണ്ടുമാരുടെ നിയമനത്തെപ്പറ്റി അനവധി തെറ്റിദ്ധാരണകൾ ഉണ്ടെന്നാണ് തോന്നുന്നതു. കൊല്ലം ഡിസ്ട്രിക്ടിൽ മുമ്പു നാലു സർക്കിൾ ഇൻസ്പെക്ടർമാരുണ്ടായിരുന്നു. അങ്ങനെ രണ്ടു സർക്കിളാക്കി അവിടെ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. അതു പക്ഷേ നിയമിച്ചുവല്ലാതെ പുതിയ നിയമനമല്ല. രണ്ടു സർക്കിൾ ഇൻസ്പെക്ടർമാരുണ്ടായിരുന്നിടത്തു ഇപ്പോൾ ഒരു ഉദ്യോഗസ്ഥനുള്ളൂ. ആ ഉദ്യോഗസ്ഥനെ ശമ്പളം രണ്ടു സർക്കിൾ ഇൻസ്പെക്ടർമാരുടെ ശമ്പളത്തെക്കാൾ കുറവാകുന്നു. അപ്പോഴുള്ള കുറവാണു.

മി: എൻ. കുമാരൻ (ഗവണ്മെന്റു നിയമിച്ച മെമ്പർ): സർക്കിൾ ഇൻസ്പെക്ടർമാരെ കൊല്ലും എന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടതു?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസ് കമ്മീഷണർ): അതെ, അപ്രകാരം തന്നെ. രണ്ടു സർക്കിളുകളെ ഒന്നിച്ചുചേർത്തു അതിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു.

മി: എ. ഫ്രഗർഫ് (ഗവണ്മെൻറു നിയമിച്ചമെമ്പർ): പോലീസ് ഡിസ്ട്രിക്ടുസൂപ്രണ്ടിനെ ഇൻസ്പെക്ടർമാരുടെ മേലാണോ, അസിസ്റ്റൻറുസൂപ്രണ്ടുമാരുടെ മേലാണോ അധികാരം ചെലുത്തുവാൻ സാധിക്കുന്നതു?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസ് കമ്മീഷണർ): പല കാരണങ്ങൾകൊണ്ടും സർക്കിൾ ഇൻസ്പെക്ടർമാരെക്കാൾ അസിസ്റ്റൻറ് സൂപ്രണ്ടുമാരാണു കൂടുതൽ ഉപകാരപ്രദമായിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു.

മി: എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ചമെമ്പർ): അവർതന്നെ സർക്കിൾ ഇൻസ്പെക്ടർമാരായിരുന്നില്ലയോ? നിങ്ങൾ അവർക്കു ഒരു പേരുമാത്രം മാറിക്കൊടുത്തതുകൊണ്ടു അവരുടെ ശമ്പളം കൂടിപ്പോയിട്ടുണ്ടോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസുകമ്മീഷണർ): അതെ, അവർ നന്നായിട്ടുണ്ട്.

അദ്ധ്യക്ഷൻ: പേഷ്കാർ തഹശീൽദാരന്മാരിൽ നിന്നും കയറ്റം കൊടുത്തുവന്നിട്ടുള്ള ആളാണ്.

മി: എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ചമെമ്പർ): അവർക്കു കൂടുതൽ ഒരു നല്ല പേരുകൊടുത്തു പോന്നോയുള്ളൂ.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ). പിന്നെ, ഈ ഉദ്യോഗസ്ഥന്മാരിൽ ചിലരെ, പേർഷനൽ അസിസ്റ്റൻറന്മാരായി വച്ചുകൊണ്ടിരിക്കുന്നതിൽ വളരെ പ്രതിഷേധപ്രായമുണ്ടെന്നു തോന്നുന്നു. ഞാൻ ഈസംഭാഷണമെന്തുസ്സിലാക്കുന്നതു എന്തെന്നാൽ ഇപ്പോൾ ചിലപ്പോഴെ ആഫീസുജോലിചെയ്യിക്കുന്നുള്ളൂ എന്നാണ്. പ്രധാനമായി അവരുടെ ജോലികൾ ആഫീസിനു പുറമെയാണ്, അവരെ ആഫീസിൽ വച്ചുകൊണ്ടിരിക്കുന്നതു ഈസമയത്തിനുള്ളവയ്ക്കിടയ്ക്കുണ്ടാകുന്നതിൽ അവരെ എല്ലാപേരെയും അയയ്ക്കുന്നതിൽ എന്നിക്കു ഒരുതടസ്ഥവുമില്ല. അവർ മഹാഡംബരക്കാരാകയാൽ, ഡിസ്ട്രിക്ടുസൂപ്രണ്ടുമാർക്കിടയിൽ ഇരിക്കുമ്പോഴുമാത്രമെ അവരോടു ആഫീസുജോലി നോക്കുന്നതിനായി ആവശ്യപ്പെടുകയുള്ളൂ. ഇപ്രകാരം വേണ്ടെന്നുണ്ടെങ്കിൽ നിർത്തുകയും, ഈ ഉദ്യോഗസ്ഥന്മാരെല്ലാവർക്കും സബ്ഡിവിഷൻ ചാർജ്ജ് കൊടുക്കുകയും ചെയ്യാം. അപ്രകാരം ചെയ്യണമെന്നു ഈസഭാനിയമിക്കുന്നപക്ഷം അപ്രകാരംചെയ്യുന്നതിൽ എനിക്കു ഒരുവിരോധവുമില്ല. വാസ്തവത്തിൽജോലിയുടെ ഭൂരിപക്ഷവും ആഫീസിനു വെളിയിലാണ്കിടക്കുന്നതു. വല്ലപ്പോഴും ഒരിക്കൽ മാത്രമെ അവരോടു ആഫീസുജോലി ചെയ്യാൻ ആവശ്യപ്പെടുകയുള്ളൂ. ദൃഷ്ടാന്തത്തിനു വേണ്ടി, ഞാൻ കുറെ വിവരങ്ങൾക്കുടി ചേർക്കാം ഡിസ്ട്രിക്ടു സൂപ്രണ്ടു സർക്കിളിൽ പോകുമ്പോഴും അവധികൊടുക്കുമ്പോഴും, ശിക്ഷകൊടുത്തതുമായവ സംബന്ധിച്ചു അനേകം ഉത്തരവുകൾ അയക്കുന്നുണ്ടു, ഇതും ഉത്തരവുകളെ രജിസ്റ്ററിൽ കൊള്ളിക്കേണ്ടതുണ്ടു. ഡിസ്ട്രിക്ടുസൂപ്രണ്ടു തിരിച്ചു വരുമ്പോൾ അദ്ദേഹത്തിനു ഒരോ കടലാസുകെട്ടുണ്ടു, അതും രജിസ്റ്ററിൽ കൊള്ളിച്ചിരിക്കുന്നതും കൂടി ഒത്തു നോക്കി ഒപ്പിട്ടു വരുന്നതിനു രണ്ടോ മൂന്നോ മണിക്കൂർ ആവശ്യം വരുന്നതുകൊണ്ടും, ഒരാഴ്ചയിൽ അതു അധികം ഈ കാര്യത്തിനു കൊടുക്കാൻ കഴിയുന്നതുകൊണ്ടും ചിലസമയങ്ങളിൽ പേഴ്സനൽ അസിസ്റ്റൻറന്മാർക്ക് ഈ മാതിരിയുള്ള കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഇപ്രകാരമുള്ള ജോലിയിൽ ഡി. എസ്. പി. രണ്ടോ മൂന്നോ മണിക്കൂർ കൊടുക്കേണ്ടതിനെ ഒഴിച്ചു വിടുന്നതിനാണ്, എ. എസ്. പി. മാരെ ആഫീസുകളിൽ ഉപയോഗപ്പെടുത്തുന്നതു, എ. എസ്. പി. മാരെ ഇപ്രകാരമുള്ള ജോലിയിൽ ഉപയോഗപ്പെടുത്തുന്നതിനു ഈ സഭയിലുള്ളവയ്ക്കു വല്ല തടസ്ഥവും ഉണ്ടെങ്കിൽ, എന്നെ സംബന്ധിടത്തോളം, എ. എസ്. പി. മാർക്ക് പ്രത്യേകം ചാർജ്ജു കൊടുക്കുന്നവിഷയത്തിൽ, യാതൊരു വിരോധവുമില്ല. വാസ്തവത്തിൽ അവർ ഇപ്പോഴും പ്രത്യേക ചാർജ്ജിൽ തന്നെയാണ് ഇരിക്കുന്നതു, അവരെ പേഴ്സനൽ അസിസ്റ്റൻറന്മാർ എന്നു വിളിക്കപ്പെടണമെന്നില്ല. അവരെ ഡബ്ള്യ്ഡിവിഷൻ ഉദ്യോഗസ്ഥന്മാർ എന്നും വിളിക്കാം.

മി. എൻ. രാമകൃഷ്ണപിള്ള (വക്കീലും, ഫിറമാനുരും): എന്നാൽ ആവരുടെ എണ്ണത്തെ കുറയ്ക്കുന്നതിനു സാധിക്കുമോ?

മി. ആർ. കെ; കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസു കമ്മീഷണർ): ഇനിയും കുറയ്ക്കാൻ പാടില്ലാത്തവിധത്തിൽ ഞങ്ങൾ അവരുടെ എണ്ണത്തെ കുറച്ചിട്ടുണ്ട്. നാലുസർക്കിൾ ഉണ്ടായിരുന്നിടത്തു ഇപ്പോൾ ഞങ്ങൾക്കു രണ്ടു സർക്കിളുകളുള്ളൂ. ഞങ്ങൾ രണ്ടു സർക്കിളുകളെ ഒന്നാക്കി ചെത്തിട്ടുണ്ട്.

മി. ജെ. ജാൺസിഡിരി (ചങ്ങനാശ്ശേരിയും, മീനച്ചലും): ഈ സർക്കിൾ ഏർപ്പാടുതന്നെ ഈയ്യിടെ ഉണ്ടായിട്ടുള്ളതല്ലെ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസു കമ്മീഷണർ): അതെ, എന്നാൽ ഈ സർക്കിൾ ഏർപ്പാടുവരുന്നതിനു മുമ്പു, കുറെ അന്വേഷിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ജോലിയെമേൽ നോക്കുന്നതിനായി സൻ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു.

മി: എൻ. കുമാരൻ (ഗവർണ്മെൻറ് നിയമിച്ച മെംബർ): താലൂക്ക ഇൻസ്പെക്ടർമാരാണോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസുകമ്മീഷണർ): അതേ, സാലുക്ക ഇൻസ്പെക്ടർമാർ കൂടാതെ അന്വേഷിക്കുന്ന ഉദ്യോഗസ്ഥന്മാരും, അവരുടെ കീഴിൽ ഇൻസ്പെക്ടർമാരും, ഇൻസ്പെക്ടർമാരുടെ മുകളിൽ അസിസ്റ്റൻറ് സൂപ്രണ്ടന്മാരും ഉണ്ടായിരുന്നു. എ. എസ്. പി. മാരെക്കുറിച്ചു ഇനിവേറെ ഒരു സംഗതിയും ഉണ്ട്. പഴയ ഷ്. എസ്. പി. മാരിരുന്നപ്പോൾ കണക്ക് പരിശോധന മുഴുവനും തലസ്ഥാനത്തായിരുന്നു ചെയ്യപ്പെട്ട വന്നിരുന്നതു. സ്റ്റോർ സംബന്ധിച്ചുള്ള ജോലിയും ഹെഡ്കാട്ടേഴ്സ ആഫീസിൽ ആയിരുന്നു ചെയ്യപ്പെട്ട വന്നിരുന്നതു. ഇപ്പോൾ അവരെയെല്ലാം ഡിസ്ട്രിക്റ്റ് ആഫീസുകളിലാണ ചെയ്യുവരുന്നതു. അതുകൊണ്ടു പഴയ അസിസ്റ്റൻറ്സൂപ്രണ്ടന്മാരുടെ ആഫീസിൽ ചെയ്തു വന്നിരുന്നതായ ജോലിയും ഇപ്പോൾ ഡിസ്ട്രിക്റ്റ് സൂപ്രണ്ടന്മാരുടെ ആഫീസിൽ ചെയ്തുവരുന്ന ജോലിയും തമ്മിൽ താരതമ്യപ്പെടുത്തുവാൻ നിവൃത്തിയുള്ളതല്ല.

മി: എൻ. കുമാരൻ (ഗവർണ്മെൻറ് നിയമിച്ചമെംബർ): ഈ ജോലിയെ പോലീസുകമ്മീഷണരുടെ ഓപ്പീസിലേക്ക തിരിച്ചു മാറാൻ സാധിക്കുകയില്ലയോ?

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസു കമ്മീഷണർ): അതു നന്നായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ എല്ലാജോലിയും ഒരിടത്തുവെച്ചു ചെയ്യുന്നതു അസൗകര്യമെന്നു കാണുകയാലാണ ജോലിയെ പല സ്ഥലത്താക്കി പിരിച്ചതു. നേരേ വിരുദ്ധമായിട്ടാണ അതിന്റെ പോക്ക എന്നു ഞാൻഭയപ്പെടുന്നു.

മി. എൻ. കുമാരൻ (ഗവർണ്മെൻറ നിയമിച്ച മെംബർ): എന്നാൽ അതിനു പിന്നെയു കൂട്ടേണ്ടതല്ല.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ പോലീസു കമ്മീഷണർ): ഈ ജോലികളെല്ലാം അവിടെ തന്നെ ചെയ്യണമെന്നു വരികിൽ ഹെഡ്കാട്ടേഴ്സിലുള്ള ക്ലാർക്കുകളുടെ എണ്ണം വളരെ കൂട്ടേണ്ടതാണു. കൂടാതെ, ശമ്പളം വാങ്ങിച്ചു കൊടുക്കുന്നതിൽ ഹെഡ്ആപ്പീസിൽ വളരെ ജോലിയുണ്ടായിരിക്കും. മുൻപു ദേവികുളം ഡിസ്ട്രിക്ടിലുള്ള ഒരു കോൺസ്റ്റേബിളിന്റെ ശമ്പളം ഹെഡ്കാട്ടേഴ്സ് ആപ്പീസിൽനിന്നും വാങ്ങി അയച്ചു കൊടുക്കേണ്ടതായിരുന്നു.

മി. എ. ഫ്രഗർഹ് (ഗവർണ്മെൻറ് നിയമിച്ചമെംബർ): ആജോലി, അകക്കൗണ്ട് വകുപ്പിൽ ചെയ്യുന്നതാണ്.

അദ്ധ്യക്ഷൻ:—ഈ ഡിമാൻഡിന് അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ പോലീസുകമ്മീഷണർ): പ്രമോഷൻ സംബന്ധിച്ചു, ഈ സഭാസാമാജികന്മാക്ക അവർ ആവശ്യപ്പെട്ടന്ന വിവരങ്ങൾ എല്ലാം ഞാൻ കൊടുക്കാം. ഇപ്പോൾ കൂടിയും, എപ്പോഴെങ്കിലും ഒരു ഇൻസ്പെക്ടർ ശരിയായി ജോലിചെയ്യാത്തപക്ഷം ശമ്പളക്കൂട്ടൽ തടയപ്പെടുന്നു. ശമ്പളക്കൂട്ടൽ തടുക്കുന്നതു യാതൊരു നിയന്ത്രണവും ഇല്ലാതെയല്ല.

ഒരു ഇൻസ്പെക്ടരുടെ ജോലി തൃപ്തികരമല്ലെന്നു കണ്ടാൽ ഞാനും അയാളുടെ ശമ്പളക്കൂട്ടുന്നതിനെതടയുന്നു, ഇതു മുമ്പിലുള്ളതിനെക്കാൾ ഞങ്ങൾക്ക ഇപ്പോഴാണ് ചെയ്യാൻ എളുപ്പമായിരിക്കുന്നതു. ഇതു ക്രമംതെറ്റാതെ സരിച്ചുള്ള ശമ്പളക്കൂട്ടലിനെപ്പറ്റിയാകുന്നു.

മി: എൻ. കുമാരൻ (ഗവണ്മെൻറ നിയമിച്ചമെംബർ): എം. എസ്. പി. മാക്ക വിദ്യാഭ്യാസമേയോഗ്യതകൂടി വേണമെന്നപോലെ ഇല്ലാ എന്നു ചില മെമ്പർമാർ പറഞ്ഞ അഭിപ്രായത്തിനു അകിങ്ങ് പോലീസുകമ്മീഷണക്ക എന്തുസമാധാനമാണ പറയാനുള്ളതു?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസുകമ്മീഷണർ): അതു വലിയ നിർഭാഗ്യം തന്നെ. മുന്നണിയിൽ ഇരിക്കുന്നവരിൽ ചിലർ വിദ്യാഭ്യാസയോഗ്യതകൂടി ഒന്നുമില്ലാത്തവരാണ്. എന്നാൽ ഇവരെല്ലാം മുമ്പുതന്നെ ഉണ്ടായിരുന്നതും, ഞങ്ങളേക്കെ അവരെ പറഞ്ഞയക്കാൻ നിവൃത്തിയില്ലാത്തതുമാകുന്നു. തൽക്കാലം അവർ അവിടെത്തന്നെ ഇരിക്കുകയും കുറെകാലം കഴിയുമ്പോൾ വിദ്യാഭ്യാസയോഗ്യതകളുള്ളവർ വരുമ്പോൾ ഈ സംഗതിയിൽ എ. എസ്. പി. മാക്കുള്ള കുറവു മാറുന്നതുമാണ്.

മി: റവി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): വിദ്യാഭ്യാസയോഗ്യത ഒന്നുമില്ലാത്ത ആ ആളുകൾക്ക പോലീസ് ജോലി നല്ലവണ്ണം ചെയ്യാൻ സാധിക്കുന്നതെങ്ങനെ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിങ്ങ് പോലീസുകമ്മീഷണർ): അവരും പോലീസ്ജോലി തൃപ്തികരമായിചെയ്യുന്നതെന്നു ഞാൻ വിചാരിക്കുന്നു. ഞങ്ങളും ഈ ഏർപ്പാടിനെ ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുള്ളതേ, അതിനെ ഇതേവരെ പരീക്ഷിച്ചിട്ടില്ലാത്തതുമാകുന്നു. അതുകൊണ്ടു എന്റെ അപേക്ഷ, ഈ സഭ അതിനെ ഈ സ്ഥിതിയിൽ തന്നെ നിലനിൽക്കയുമെന്നും, ഈ ഏർപ്പാടു നല്ലവണ്ണം നടപ്പിൽ വരുമോയെന്നു നോക്കുന്നതിനായി ഞങ്ങൾക്കു കുറെസമയം തരണമെന്നും ആകുന്നു.

ഈ കുരണങ്ങളിന്മേൽ, ഈ പ്രമേയത്തെ ഇപ്പോൾ പാസ്സാക്കുവാൻ നിർബന്ധിക്കരുതെന്നും, ഈഏർപ്പാടിനെ പരീക്ഷിച്ചുനോക്കാൻ കുറെകൂടി സമയം തരണമെന്നും, ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയോടു അപേക്ഷിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: മിസ്റ്റർ പരമേശ്വരൻപിള്ള നിങ്ങൾ ഈ ഉപക്ഷേപത്തെ വോട്ടിനിടുവാൻ ഇനിയും നിർബന്ധിക്കുന്നുവോ?

മി: കെ. പരമേശ്വരൻപിള്ള (ഗൗരവ്വല്ല): അതെ, സാർ.

ഉപക്ഷേപം വോട്ടിനിട്ടതിൽ പാസ്സായി.

ചുരുപേർ അനുകൂലിക്കയും, ഏഴുപേർ പ്രതികൂലിക്കയും ചെയ്തു.

ഉപക്ഷേപങ്ങൾ ക്രമം—തൽ വോട്ടു ചെയ്യൽ

[illegible] സമയം കഴിഞ്ഞു പോയതിനാൽ താഴെചേർക്കുന്ന പ്രമേയങ്ങൾ നാജരാക്കപ്പെട്ടില്ല.

[illegible]. കുമാരൻ (ഗവണ്മെൻറിയമിച്ചമെംബർ): . ക്രമം. അസിസ്റ്റൻറ സൂപ്രണ്ടന്മാരുടെ ആഫീസുകൾക്കായി അനുവദിച്ചിട്ടുള്ള ൧൭൭൦-രൂപയിൽ ൧൦൦-രൂപകുറയ്ക്കണം.

മി: പി. കെ. നാരായണപിള്ള ഫൻസ് അസിസ്റ്റന്റായുള്ളപ്രഷണത്തോടെ ആഫീസുകാര്യക്കായി അനുവദിച്ചിട്ടുള്ള ൨,൫൫൦-രൂപയിൽ ൧൦൦-രൂപ കുറയ്ക്കുണ്ടാം.

മി: വി. കുഞ്ഞുകൃഷ്ണപിള്ള ഫൻസ് കണ്ടിജൻസിയിൽനിന്നും എസ്റാബ്ലിഷ്മെന്റ് ചിലവിലേക്ക് മാറിവച്ചിട്ടുള്ള ൪,൫൫൦-രൂപയിൽ, ൧,൦൦൦ രൂപ കുറയ്ക്കുണ്ടാം.

മി: വി. കുഞ്ഞുകൃഷ്ണപിള്ള ഫൻ-ഇൻസർവിനായിമാറിവച്ചിട്ടുള്ള ൩,൦൦൦-രൂപയിൽ ൧,൦൦൦-രൂപ കുറയ്ക്കുണ്ടാം.

മി: എൻ. രാമകൃഷ്ണപിള്ള ഫൻസ്-ഡിസ്ട്രിക്ട് പോലീസിനായി നിക്കിവച്ചിട്ടുള്ള ൪,൯൯൦-രൂപയിൽ ൧൦൦-രൂപകുറയ്ക്കുണ്ടാം.

മി: റവി. കുമാരപിള്ള ഫൻ-ഡിസ്ട്രിക്ട് പോലീസിനായി മാറിവച്ചിട്ടുള്ള ൪,൯൯൦-രൂപയിൽ, ൧൦൦-രൂപ കുറയ്ക്കുണ്ടാം.

മി: റവി. എം. ചിദംബരരാണപിള്ള ഫൻസ്. ഡിസ്ട്രിക്ട് പോലീസിനായി മാറിവച്ചിട്ടുള്ള ൪,൯൯൦-രൂപയിൽ, ൧൦൦-രൂപ കുറയ്ക്കുണ്ടാം.

മി: എം' ആർ. മാധവവാരിയർ ഫൻസ്-ഡിമാൻഡ് XI-ൽ കീഴിൽ അനുവദിച്ചിട്ടുള്ള ദൂഴവൻ ഇക ൪,൦൦൦ രൂപയിൽ നിന്നും ൨,൫൦൦-രൂപ കുറയ്ക്കുണ്ടാം.

മി: എൻ കുമാരൻ ൨൦൦-ഡിമാൻഡ് XI-ൽ കീഴിൽ അനുവദിച്ചിട്ടുള്ള ദൂഴവൻഇക ൪,൦൦൦ രൂപയിൽനിന്നും ൧൦൦-രൂപകുറയ്ക്കുണ്ടാം.

മി: എം. എൻ. പിള്ള ൨൦൫-ഡിമാൻഡ് XI-ൽകീഴിൽ അനുവദിച്ചിട്ടുള്ള ദൂഴവൻ ഇക ൪,൦൦൦ രൂപയിൽനിന്നും ൧൦൦-രൂപകുറയ്ക്കുണ്ടാം.

റവ. ഫാദർ കുരിയാക്കോസ് വെട്ടിക്കാപ്പള്ളി ൨൦൬-ഡിമാൻഡ് XI-ൽ കീഴിൽ അനുവദിച്ചിട്ടുള്ള ദൂഴവൻ ഇക ൪,൦൦൦ രൂപയിൽ നിന്നും ൧൦൦ രൂപകുറയ്ക്കുണ്ടാം.

അദ്ധ്യക്ഷൻ: ഈ ഡിമാൻഡിനു അനുവദിച്ചിട്ടുള്ള സമയം തീരുകയാൽ, ഞാൻ ഇതിനെ കൌൺസിലിൽ വോട്ടിനായി ഇടുന്നു.

ഡിമാൻഡ് XI—പോലീസ് എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള ൪,൦൦൦ രൂപയിൽ ൨,൫൫൦-രൂപ കുറച്ചു വോട്ടിനിടുകയും, പാസ്സാക്കുകയും ചെയ്തു.

ഡിമാൻഡ് അനുവദിച്ചു.

ഡിമാൻഡ് XII-വിദ്യാഭ്യാസം.

മി: ജെ. സ്റ്റീഫൻസൺ (ആക്ടിങ്ങ് വിദ്യാഭ്യാസവകുപ്പുമേധാവി), സർ, ഡിമാൻഡ് XII-വിദ്യാഭ്യാസം എന്ന ഇനത്തിൽ നമ്മുടെ മുമ്പാകെ ഇപ്പോൾ ഇതു അനുവദിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഉപക്ഷേപം ൨൦൩.

താഴെ ചേർക്കുന്ന ഉപക്ഷേപം സമർപ്പിക്കപ്പെട്ടില്ല.

മി: വി. കുഞ്ഞുകൃഷ്ണപിള്ള. ൨൦൩ ട്രാവലിംഗ് അലവൻസിനായി അനുവദിച്ചിട്ടുള്ള ൧,൫൦൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കുണ്ടാം.

ഉപക്ഷേപം ൨൦൪.

മി: റവി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): സർ, ഞാൻ താഴെ ചേർക്കുന്ന ഉപക്ഷേപത്തെ സമർപ്പിച്ചുകൊള്ളുന്നു. ൨൦൪ നിയന്ത്രണത്തിൻകീഴിൽ അനുവദിച്ചിട്ടുള്ള ൧൪,൫൨൬ രൂപയിൽ ൧൦൦ രൂപ കുറയ്ക്കുണ്ടാം.

ഈ ഉപക്ഷേപത്തെ സമർപ്പിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം സംസ്ഥാനത്തെ വിദ്യാഭ്യാസനയത്തെപ്പറ്റി ചില സംഗതികളെപ്പറ്റി ആലോചിക്കാൻ ഈ സഭയ്ക്കു അവസരം കൊടുക്കുന്നതിനാകുന്നു. സർ, അനേകം കൊല്ലങ്ങൾക്കുമുമ്പിൽ ഈ കാര്യത്തിൻമേൽവച്ചു നടന്ന ഒരു യോഗത്തിൽ ഞാനും സന്നിഹിതനായിരിക്കാനിടയായി; ആ യോഗത്തിൽ ഒരു വിദ്യാഭ്യാസവകുപ്പുമേധാവികൾ വേണമെന്നു വാദിച്ചു അന്നത്തെ ഗ്രിവീക്സിഡൻറായിരുന്ന മിസ്റ്റർ കാർ ഒരു പ്രസംഗം ചെയ്യുകയും അന്നു മിവാന്മാരായിരുന്ന സർ, പി. രാജഗോപാലാചാരിയർ ആ സംഗതിയെ ഗൗരവമായി എടുക്കുകയും ആ നിയമനം നടത്തുകയും ചെയ്തു. ഒരു വിദ്യാഭ്യാസവിചക്ഷണനായിരുന്ന ഡാക്ടർ മിച്ചൽ ആയിരുന്നു അന്നാമത്തെ ഡയറക്ടർ. ആ കാലംമുതൽ നമുക്കു ഡയറക്ടന്മാർ ഉണ്ടായിട്ടുള്ളതാണ്. നാലു ഡയറക്ടറന്മാരിൽ മൂന്നുപേരും സയൻസു വിദ്യാഭ്യാസക്കാരും ഒരാൾ കോഷായിഗ്രീക്കും ആണ്. തത്വശാസ്ത്രവകുപ്പുകൂടെ സ്ഥാപിക്കണമെന്ന പ്രജാസഭയിലും നിയമസഭയിലും ഉള്ള അനുഭാവഗതസ്ഥരംഗങ്ങളും പറഞ്ഞിട്ടുണ്ട്. ഞാൻ ഈ വിഷയത്തിൽ പണ്ടു പണ്ടുണ്ടുകൊല്ലങ്ങളായിട്ടു ശ്രമിച്ചുവരികയാണ്; ഡാക്ടർ മിച്ചലിൻറെ കാലത്തു നിഷ്പ്രയാസമായി തള്ളിക്കളയപ്പെട്ട തത്വശാസ്ത്രവകുപ്പിനെ വീണ്ടും ഏർപ്പെടുത്തണമെന്നുള്ള എൻറെ അഭിപ്രായത്തെ ഗവർണ്മെൻറു സ്വീകരിച്ചു. രാജകീയ കോളേജിൽ തത്വശാസ്ത്രവകുപ്പു എല്ലാവരാലും സന്തോഷമായി സ്വീകരിക്കപ്പെട്ടുവന്നു. നമുക്കു തത്വശാസ്ത്രത്തിൽ ശ്രേഷ്ഠന്മാരായ പണ്ഡിതന്മാരും കോളേജിലും നാട്ടിലും കാണുമെന്നു വിചാരിച്ചിട്ടുള്ള വിദ്യാർത്ഥികളും ഉണ്ടായിട്ടുണ്ട്. രണ്ടോ മൂന്നോ പേരുടെ പേരുകൾ ഞാൻ ഈ സഭയിൽ പറയാം. അവർ കഴിഞ്ഞുപോയ മിസ്റ്റർ തണുപിള്ള പ്രൊഫസ്സർ സുന്ദരംപിള്ള, മിസ്റ്റർ മുണ്ടക്കലേസ്വാമിപ്പിള്ള എന്നിവരാകുന്നു. ഈ ആളുകളോടുള്ളിത്തന്നെ കഴിഞ്ഞുപോയ ആ പൊതു സമ്മതമുള്ള വകുപ്പിനെ നിഷേധിയില്ലായിരുന്നു. അതു സംബന്ധിച്ചുണ്ടായ ഒരു വിശേഷസംഗതിയെന്തെന്നാൽ, വഞ്ചിയൂർ പള്ളിക്കൂടം ആരംഭിച്ചു അതിനടുക്കെ കോളേജിൽ കിടന്നിരുന്ന ഒരൈസ്സ്ക്രീമുകാരനെ ഓർമ്മപ്പോരം ഈ വിഷയത്തെപ്പറ്റി ആലോചിക്കാമെന്നു ഗവർണ്മെൻറു വാഗ്ദാനം ചെയ്തിരുന്നിട്ടും ഞാൻ ഈ സഭയിൽ ഒരു ചോദ്യം ചോദിച്ചപ്പോൾ മുമ്പു പറഞ്ഞിരുന്ന ഉത്തരത്തിൽനിന്നതന്നെ മതിയായ പ്രതിജ്ഞയുണ്ടായിരുന്നെങ്കിലും അതിനെ ഭേദപ്പെടുത്തുവാൻ ശ്രമം ചെയ്തുകയും,

യാതൊരു പ്രതിബന്ധവും ഇല്ലായിരുന്ന എന്ന സമാധാനം പറയുകയും ചെയ്തതായിരുന്ന. സർ, തത്വശാസ്ത്രമാണ് അറിവു സംബന്ധമായുള്ള മറെ വകുപ്പുകളേയും ഒന്നിച്ചുചേർക്കുന്നത്. വലിപ്പം പറയുന്നതായ സയൻസുകാരുടെ അറിവിനെ ഒരു ചേർച്ചയുണ്ടാക്കുന്നതു തത്വശാസ്ത്രമാണ്, തത്വശാസ്ത്രത്തെക്കൂടാതെ മറെല്ലാതെല്ലാം ചേർച്ചയില്ലാത്തതായി വരുന്നു. തത്വശാസ്ത്രത്തെക്കൂടാതെ യാതൊരു വിദ്യാഭ്യാസവും ഉണ്ടായിരിക്കുന്നതല്ല. എല്ലാ പരീക്ഷകളിലും തത്വശാസ്ത്രത്തെ വളരെ താല്പര്യത്തോടെ പരിപ്പിക്കുന്ന. അതിനുകാലംമുതൽക്കുതന്നെ തത്വശാസ്ത്രത്തിൽ പ്രതിപത്തി കാണിച്ചിട്ടുള്ളതിനായി ഇൻഡ്യാക്കാരെ സ്തുതിയായി ഒരു കീർത്തി ലഭിച്ചിട്ടുണ്ട്. അങ്ങനെയുള്ള അതികഠിനം തത്വശാസ്ത്രം പഠിക്കുകതന്നെ പറയുന്നതു യുക്തിയുമായും വിധിക്കുവേണ്ടതിന്റെ നിഷ്ടൂരതതന്നെയാണ്.

ഞാൻ ഇനി രണ്ടുവാക്കു പറയാനുദ്ദേശിക്കുന്ന വിഷയം സംസ്കൃതകോളേജിനെപ്പറ്റിയാകുന്നു. സാമൂഹ്യമായ സംബന്ധമായ പുനഃസംവിധാനത്തെപ്പറ്റി നാം ധാരാളം കേട്ടിട്ടുണ്ടല്ലൊ. നാം ആത്മസംബന്ധമായുള്ള തത്വങ്ങളെപ്പറ്റി ധാരാളം സംസാരിക്കുകയും ഇൻഡ്യയിലെ പാണ്ഡിത്യത്തിന്റെ നേതാവായിരിക്കുന്നതിനാൽ മഹാകവിയായ രവീന്ദ്രനാഥടാഗോറിനെ ലോകം മുഴുവൻ ബഹുമാനിക്കുന്നതായി നാം കാണുകയും ചെയ്തിട്ടുണ്ടല്ലൊ.

മി: വി. സുബ്ബയ്യർ (അഡീഷനൽ ഹെഡ്സക്രട്ടർ വക്കീൽ): ഞാൻ ഒരു രീതിപാലനത്തിനായി എഴുന്നേല്ക്കുന്നു. നിയന്ത്രണത്തിനായി അനുവദിച്ചിട്ടുള്ളതുകയിൽനിന്നും ഫാറർ രൂപ കുറയ്ക്കുണമെന്നാണ് ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം. വാസ്തവമായ നിയന്ത്രണം സംബന്ധിച്ചിടത്തോളം തത്വശാസ്ത്രവകുപ്പിനും സംസ്കൃതവകുപ്പിനും ഡാക്ടർ രബീന്ദ്രനാഥടാഗോറിനും വല്ല സംബന്ധവുമുണ്ടെന്നു എനിക്കറിഞ്ഞുകൂടാ. വിദ്യാഭ്യാസത്തിനായി അനുവദിച്ചിട്ടുള്ള മുഴുവൻ തുകയിൽ ഒരു കുറവുചെയ്യണമെന്നില്ല ഉപക്ഷേപം.

അദ്ധ്യക്ഷൻ: മി: വേലുപ്പിള്ള ഈ സംഗതികളെയെല്ലാം പറഞ്ഞു പറയുന്നു, വിദ്യാഭ്യാസവകുപ്പിന്റെ ഭരണത്തെ സംബന്ധിച്ചു അദ്ദേഹം ഏതു നയത്തെ സ്വീകരിക്കണമെന്നു വിദ്യാഭ്യാസവിദഗ്ദ്ധന്മാരെ ചൂണ്ടിക്കാണിക്കുന്നതിനാകുന്നു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, തെക്കുമലബാറും): മാന്യനായ അദ്ധ്യക്ഷൻ എന്നെ ഇളക്കിമറിക്കാൻ ശ്രമിച്ചുവെങ്കിലും അഗ്രാസനപീഠത്തിൽനിന്നും ഉണ്ടായ വാക്കുകളാൽ ഞാൻ ഒരിക്കലും കുടി ഉറപ്പുള്ളസ്ഥലത്തുതന്നെ ഇരിക്കുന്നു എന്നു വിചാരിക്കുന്നു.

ആദരണീയനായ ഇൻഡ്യൻകവിയായ ഇൻഡ്യയിലെ പാണ്ഡിത്യത്തിന്റെ നേതാവായി ബഹുമാനിക്കപ്പെട്ടവനാണു. ഈ ബഹുമതികളെല്ലാം സംസ്കൃതവിദ്യാഭ്യാസംകൊണ്ടും സംസ്കൃതപോഷയിലുള്ള പഴയ ഗ്രന്ഥങ്ങൾകൊണ്ടും ആണെന്നു ഇപ്പോൾ എല്ലാ ആളുകളും സമ്മതിക്കപ്പെട്ടിരിക്കുമ്പോൾ, സ്തുത്യമായ ഒരു ഇൻഡ്യൻ രാജ്യവാഴ്ചയാൽ നടത്തപ്പെട്ടുവരുന്ന തിരുവനന്തപുരം രാജകീയകോളേജിൽ ഒരു സംസ്കൃതവകുപ്പു നടത്തുന്നതിനു രാജ്യമിഷ്ടമില്ലെന്നു വന്നുകൂടുന്നു നമുക്കു ഇപ്പോൾ ലഭിച്ചിരിക്കുന്ന വിദ്യാഭ്യാസത്തിന്റെ രീതിയെപ്പറ്റിയുള്ള ഒരു വ്യാസനപരമായ പ്രാധാന്യം കൊടുത്തിരിക്കുന്നു. എന്നാൽ സംസ്കൃതത്തിന്റെ കഥ എടുത്തുനോക്കുക. ഇന്നാറിയൻപേരുപോലും ശമ്പളം കൊടുത്തുവരുന്ന ഒരു അധ്യാപനാണ് അനേകകൊല്ലങ്ങളായി അതു പഠിപ്പിക്കുപോരുവരുന്നതു. ഒരു രൂപയിൽ കൂടുതൽശമ്പളം ഇല്ലാത്ത അധ്യാപനാണ്. പണ്ഡിതന്മാരെല്ലാവരും പോറ്റിക്കൊണ്ടുരുണമെന്ന് വാസ്തവത്തിൽ താല്പര്യപ്പെടുന്ന ഇൻഡ്യൻ ഭാഷയോടു വിരാധമോ പകയോ എനിക്കു മനസിലാകുന്നില്ല. തിരുവിതാംകൂർ സംസ്കൃതഭാഷയെ ഉത്സാഹിപ്പിച്ചിട്ടില്ലെങ്കിൽ പിന്നെ ഇൻഡ്യയിലെ ഏതു നാട്ടരാജ്യമാണ് അതു ചെയ്യാൻപോകുന്നതു?

മൂന്നാമതെവിഷയം കരകൗശലപരിശീലനവും, വ്യവസായവിദ്യാഭ്യാസവും ആകുന്നു. ഈ പ്രത്യേക കാര്യങ്ങളെപ്പറ്റിക്കൊണ്ടാണ് വിദ്യാഭ്യാസവിചക്ഷണന്മാരുടെ സ്ഥാനം നിശ്ചിച്ചതു്, അക്കാലത്തു വേറെ ഒരു ഡയറക്ടരില്ലായിരുന്നു. വ്യവസായവകുപ്പുകാരും, കൃഷിവകുപ്പുകാരും അന്നില്ലായിരുന്നു. രാജ്യത്തിലെ വ്യവസായപുനരുദ്ധാരണത്തിനു വേണ്ടുവണ്ണം പ്രയത്നിക്കേണ്ടതു വിദ്യാഭ്യാസവകുപ്പുകാരുടെ ന്യായമായ ജോലിയുണ്ടെന്നു കരുതപ്പെടുവന്നു. ഇപ്പോൾ ഈ സായവിദ്യാഭ്യാസത്തിൽ വിദ്യാഭ്യാസവിചക്ഷണന്റെ ഒരു അപ്രധാനമായ താല്പര്യത്തെയാണ് കാണിക്കുന്നതു്. അങ്ങനെയായിട്ടും കരകൗശല പരിശീലനത്തിന്റെ ആവശ്യകതയെ അധികം വെവയ്ക്കുന്നതിനു തോന്നുന്നു. മാഡ്രൽസ്കൂളിൽ വളരെ ഉത്സാഹമുള്ള ഒരു കരകൗശലപരിശീലനഅദ്ധ്യാപകനുള്ളതു, അനേകമാളുകൾ കരകൗശലപരിശീലനം അഭ്യസിച്ചിട്ടുള്ളവരാകുന്നു. എന്നാൽ ഫലമെന്താണു? കരകൗശലപരിശീലനം അഭ്യസിക്കുന്ന കുട്ടികളെ നേടിയിട്ടുള്ള വിജയത്തെപ്പറ്റി വിദ്യാഭ്യാസവിചക്ഷണന്മാർക്കു ഈ സമയെ പറഞ്ഞു മനസ്സിലാക്കാൻ സാധിക്കുമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അദ്ദേഹമതെങ്കിലും ഇതുകുറിച്ചുവച്ചിട്ടുണ്ടോ? അദ്ദേഹമതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ? സർക്കുലാർ മത്തേഡിക്കൽ സംബന്ധിച്ചു ഞാൻ തൃശിനാംകോളേജിൽ പോയപ്പോൾ, ഈട്ടി, തേക്കു തുടങ്ങിയ നല്ലതടികളുപയോഗപരിശീലനഅഭ്യാസപ്രകടനത്തിനായി അവിടുത്തുകാണിച്ചിരിക്കുകയായിരുന്നു. ഇതുപോലെ ചില വാക്കുകൾമാത്രം ആവശ്യത്തിലധികമുള്ള ഗുണങ്ങളും നമുക്കു നിശ്ചയമായി ഉണ്ടായിരിക്കേണ്ടതുമാകുന്നു, എന്നാലും പൂർണ്ണമായ കണക്കുകളുപ്പോലെ ഒന്നും ഞങ്ങൾക്കു ബോദ്ധ്യപ്പെടുത്തുകയില്ല. അതുകൊണ്ടു കരകൗശലപരിശീലനത്താൽ എത്രപേർ ഗുണപ്പെട്ടിട്ടുണ്ടെന്നും, അപ്രകാരം പരിശീലിപ്പിച്ച കുട്ടികളിൽ എത്രപേർക്കിപ്പോൾ ജീവിച്ചിട്ടുള്ളതുകൊണ്ടു ന്യായമായ വഴിയിൽ എത്രത്തോളം സമ്പാദ്യംചേർക്കുവാൻ സാധിച്ചിട്ടുണ്ടെന്നും, വിദ്യാഭ്യാസവിചക്ഷണന്മാർ പറയേണ്ടതാണ്.

മി: എ. ഹഗ്സ്റ്റർഫ് (തിരുവനന്തപുരം നിയമനിർമ്മാണസഭാംഗം): കരകൗശലപരിശീലനം അഭ്യസിക്കുന്നതിനായി ഏർപ്പാടുചെയ്തിട്ടുള്ളതായ സാമാനങ്ങൾ എന്തെങ്കിലും അദ്ദേഹം കണ്ടിട്ടുണ്ടോ എന്നു മിസ്റ്റർ വേലുപ്പിള്ളയോടു ചോദിക്കുമോ?

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, തെക്കുമലബാറും): ഞാൻ അവിടെ ധാരാളം സാമാനങ്ങൾ കണ്ടു. എന്നാൽ അവ കരകൗശലപരിശീലനം അഭ്യസിക്കുന്ന കുട്ടികളാൽ ചെയ്യപ്പെട്ടതാണെന്നു

എതിക്ക അറിഞ്ഞുകൂടാ. അതു ഡയറക്ടർ പറയേണ്ടതാണ്. അതിനെപ്പറ്റി ഞാൻ അന്വേഷിച്ചിട്ടില്ല.

പിന്നീട് വിദ്യാഭ്യാസഡയറക്ടരുടെ സഹിതിനെപ്പറ്റിയുള്ള സംഗതിയുണ്ട്.

അദ്ധ്യക്ഷൻ: ഞാൻ നിങ്ങളുടെ ശ്രദ്ധയെ സമയത്തിലേക്ക ആകർഷിച്ചുകൊള്ളുന്നു.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരം, നെട്ടമങ്ങാട്ടം): വിദ്യാഭ്യാസ ഡയറക്ടർക്ക ഒരു അപ്പീസു അസിസ്റ്റന്റർ ഉണ്ട്. ഇപ്പോൾ പേഴ്സനൽ അസിസ്റ്റന്റന്മാർ ധാരാളമുള്ള കാലമാണ്. അപ്പീസിനെ പൂരമെ അദ്ദേഹം നല്ലവണ്ണം ജോലിചെയ്യുകയുണ്ടാവുകിയും, വിദ്യാഭ്യാസ ഡയറക്ടർക്ക മറ്റുണ്ടാവുകയും ബന്ധമായ കാര്യങ്ങളിൽ വേണ്ട ഉപദേശം നൽകുന്നതിനായിട്ട അദ്ദേഹത്തിന്റെ ആപ്പീസിൽ വച്ചു കൊണ്ടിരിക്കുന്നതും, പതിവു ജോലികളെ ചെയ്തുതീർക്കുന്നതിനു അദ്ദേഹത്തിനു അധികസമയമുള്ളതും ആകുന്നു. ഈ ഫർപ്പാടു നിമിത്തം നിശ്ചയമായും വിദ്യാഭ്യാസ ഡയറക്ടർക്ക സംസ്ഥാനമൊട്ടുക്ക ചുറ്റിസഞ്ചരിക്കാൻ കഴിവുള്ളതാണ്. സഞ്ചാരസംബന്ധമായി നമുക്ക സകലതന്നെയുണ്ടാക്കുള്ളതിനെപ്പറ്റിയും, വിദ്യാഭ്യാസ ഡയറക്ടരെ സംബന്ധിച്ചിടത്തോളം സർക്കിൾ കോഴ്സ് കുറഞ്ഞുകൊണ്ടു വരികയാണ്. ഡാക്ടർ. മിച്ചൽകാര സർക്കിൾ ജോലിനടത്തിക്കൊണ്ടിരുന്നു. ഡാക്ടർ. ബിഷപ്പ് അതിലും കുറച്ചു നാൾ. മിസ്റ്റർ ഫാഡ്സൺ അതിലും കുറെ കുടികൂച്ചു നടത്തുകയും ഇപ്പഴത്തെ ഡയറക്ടർ ഈ കഴിഞ്ഞിട്ടുള്ള റിക്കാഡിനെക്കുറിച്ചു പരാജിതമാക്കുകയും ചെയ്തിരിക്കുന്നു. തന്റെ ആപ്പീസിൽ ഉള്ള ഫൈലുകളേയും നോക്കിക്കൊണ്ടു ഒരു സിംഹാസനത്തിൽ ഇരിക്കുന്നതുമാത്രമാണിപ്പോൾ, വിദ്യാഭ്യാസ ഡയറക്ടരുടെ തന്റെ ആപ്പീസിൽ ഇരിക്കുന്നതിനാൽ യാതൊരു പ്രയോജനവുമില്ല. അദ്ദേഹം രാജ്യമൊട്ടുക്ക ചുറ്റിസഞ്ചരിച്ചു കൊണ്ടിരിക്കണം. രാജ്യത്തിൽ വിദ്യാഭ്യാസം സംബന്ധിച്ചുള്ള ആവശ്യകതകളെ അദ്ദേഹം മനസിലാക്കണം, പരിഷ്കാരം ആവശ്യമുള്ള പ്രത്യേകപഷ്യനിയെ അദ്ദേഹം മനസിലാക്കണം, അദ്ദേഹം കുറച്ചുകൂടി ധാരാളമായി പരിഷ്കാരം വരുത്തികൊണ്ടിരിക്കണം. അപ്രകാരം ചെയ്യുന്നുണ്ടോ എന്നു എനിക്ക അറിഞ്ഞുകൂടാ. ഞാൻ ഒരു തത്വത്തെപ്പറ്റിമാത്രം പറയുക ആകുന്നു. ഞാൻ വിദ്യാഭ്യാസഡയറക്ടറോടോ മിസ്റ്റർസ്പെൻസറിനോടോ പറയുന്നില്ല.

ഈ സംഗതികളും വളരെ സൂക്ഷ്മമായി നോക്കേണ്ടവയാണ്. മിസ്റ്റർ. സ്പെൻസർ ആവശ്യപ്പെട്ടിരിക്കുന്ന ഉക, മറ്റുള്ള പല വകുപ്പുകളും കൂടി ചേർന്നിട്ടുള്ള ഉകയെക്കാളും കൂടുതൽ ആകുന്നു. ഡിപ്പാർട്ടുമെന്റിനെ ചെയ്യാൻ കഴിയുന്നതിൽ ഏറ്റവും നല്ലതു തന്നെ ചെയ്യുകയാണെന്നും. ആ വകുപ്പിനു വേണ്ടി ചില വിധത്തിലുള്ള പണത്തിനെ ക്ഷാമമായ ഇന്നു നമുക്കു ബുദ്ധിമുട്ടുകയാണെന്നും തന്മൂലം ബോധപ്പെടുത്തേണ്ടതു വിദ്യാഭ്യാസ ഡയറക്ടരുടെ മുമ്പായുകുന്നു. ഈ സംഗതിയെപ്പറ്റി പല പ്രാവശ്യവും ഗവർണ്മെന്റിനോട നിർബന്ധിച്ചിട്ടുണ്ട്. എന്നാൽ ഓർമ്മശക്തിയുണ്ടെങ്കിൽ, അനന്തരയോഗത്തിൽ മിസ്റ്റർ. കാർപെന്റർ പറഞ്ഞതു പ്രാബല്യത്തിൽ വരുത്തിക്കണമെന്നും, ഇൻസ്പെക്ടർന്മാരെ പരിശോധിക്കുന്നതുമതിയെന്നും, ആണ്. അപ്രകാരം ചെയ്യുന്നപക്ഷം നാം എന്നു നാക്കുന്നതിനായിട്ടാണ് ഡയറക്ടരുടെ നിയമിച്ചിട്ടുള്ളതു. അവരുടെ പണത്തെ നല്ലവഴിക്ക വിനിയോഗിക്കുന്നു എന്നു പൊതുജനാഭിപ്രായത്തിനു തൃപ്തിവരുത്തുകയുണ്ടാവണം ഈ സംഗതികളിലുള്ള നിയന്ത്രണം ഡയറക്ടർക്കു തന്നെ ഏൽപ്പിക്കുന്നതിനെപ്പറ്റിയാണ് ഞാൻ ആഗ്രഹിക്കുന്നതു. ഈ സംഗതികളിൽ ഗവർണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനായിട്ടാണ് ഞാൻ ഈ ഉപക്ഷേപം സമർപ്പിച്ചതു.

മി: എ. ഇ. വാഫ് (ഗവർണ്മെന്റ നിയമിച്ച മെംബർ): മിസ്റ്റർ റവ. കെ. വേലുപ്പിള്ളയുടെ പ്രമേയത്തെ താങ്ങുന്നതിനു എനിക്ക വളരെ സന്തോഷമുണ്ട്. ഇപ്പോൾ മിസ്റ്റർ വേലുപ്പിള്ള പറഞ്ഞതായ മഹാപണ്ഡിതന്മാരുടെ കാലത്തു ഞാൻ ഈ കോളേജിൽ പഠിച്ചുകൊണ്ടിരിക്കയായിരുന്നു.

മി: ജെ. ഡബ്ൾ യിരി (ചങ്ങനാശ്ശേരി, മീനച്ചിൽ): ദയവുചെയ്തു കുറെ ഉറക്കെ സംസാരിക്കണം.

മി: എ. ഇ. വാഫ് (ഗവർണ്മെന്റ നിയമിച്ച മെംബർ): മിസ്റ്റർ. വേലുപ്പിള്ള പറഞ്ഞമഹാന്മാരായ പണ്ഡിതന്മാരുടെ കാലത്തു ഞാൻ ഈ കോളേജിൽ പഠിച്ചുകൊണ്ടിരിക്കയായിരുന്നു. അവരുടെ യാതൊരു ഗ്രന്ഥങ്ങളും ഇപ്പോഴും പഴയപുസ്തകപ്പുരയിൽ കാണുമെന്നു തോന്നുന്നില്ല. തത്വശാസ്ത്രം ഒരു ശാസ്ത്രമായി ഗണിച്ചു പോരുകയാണ്. ഇപ്പോൾ സത്യന്വേഷിയുടെ കാലമാണ്. എല്ലാവരും സത്യത്തെയും പ്രകൃതിശാസ്ത്രവും പഠിക്കുവാൻ ഉത്സുകന്മാരായിരിക്കുകയാണ്. തത്വശാസ്ത്രത്തിന്റെ അഭാവവും, 'സത്യത്തെ, പ്രകൃതിശാസ്ത്രം എന്നവയെപ്പറ്റിയുള്ള അധികമായുള്ള പഠനവും നമ്മെ ചൊവ്വിലത്തിൽ നിന്നു തെറ്റിച്ചിരിക്കുന്നു. നമ്മുടെ സ്വഭാവത്തിനും ഒരു ശക്തികരമായ മാറ്റം ഉണ്ടായിട്ടുണ്ടെന്നു പോലും പറയുന്നതിനില്ല. ഞാൻ പ്രസ്താവിച്ച വിഷയങ്ങളോടു പഠനത്തെക്കാളും ചൈതന്യസംബന്ധമായ സ്വഭാവം മാത്രമേ അഭിവൃദ്ധിപ്രാപിക്കുന്നുള്ളു.

കരകൌശലപരിശീലനത്തെപ്പറ്റിയും മിസ്റ്റർ. റവ വേലുപ്പിള്ളപറഞ്ഞു. രണ്ടു നല്ല കൊല്ലങ്ങൾക്കായിട്ടു മാത്രം കരകൌശലത്തെ പിന്നീടു അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധിയിലും വീണ്ടും നീട്ടിക്കൊടുത്തു.

മി: ഫൺമക്കി (പ്ലാന്റേഴ്സ്). കരകൌശലപരിശീലനം പഠിപ്പിക്കുന്നു എന്നു മിസ്റ്റർ ഗ്രഹാമിനു അറിയാമോ?

മി: എ. ഇ. ഗ്രഹാം (ഗവർണ്മെന്റ നിയമിച്ച മെംബർ): കരകൌശലപരിശീലനത്തെ ഞാൻ വളരെ അനുകൂലിക്കുന്നു. ഗുരുകുലമുറയനുസരിച്ചാണ്. ചക്രാകളും, അപ്രകാരമുള്ള എല്ലാമതിരിയകളും ഏല്പിച്ചു കൊടുത്തും നടത്തണമെന്നു നാം ആവശ്യപ്പെടുന്നു. ഈ രാജ്യം മുഴുവനും കുടിൽവ്യവസായം കൊണ്ടു നിറഞ്ഞിരിക്കണമെന്നു നാം ആവശ്യപ്പെടുന്നു. ഞാൻ കരകൌശലപരിശീലനത്തിനു അനുകൂലക്കുറിയാണ്. മിസ്റ്റർ റവ വേലുപ്പിള്ള പറഞ്ഞതെന്തെന്നാൽ മിസ്റ്റർ ഗ്രീൻ, യാൻവാങ്ങ് കൊണ്ടിരിക്കുന്ന വകിയ ശബ്ദത്തെ മതിയായ ശ്രദ്ധ കൊടുത്തിട്ടില്ല എന്നുള്ളതു ശരിയാണെങ്കിലും അതുകൊണ്ടു നമുക്കു അർത്ഥം പറഞ്ഞു, അവിടെ ചെയ്യേണ്ടിയിരുന്നതായ സാമാന്യങ്ങളെ നമ്മെ കാണിക്കുന്നതിനു ഞാൻ വിദ്യാഭ്യാസഡയറക്ടരോടു പറയുന്നതിനു പ്രോത്സാഹനം, ഉത്സാഹം കുസാഹസം ആവശ്യമായിരിക്കുന്നുണ്ടെന്നു എനിക്ക നിശ്ചയമുണ്ടു,

മി: ജെ. സ്പെൻസർ (വിദ്യാഭ്യാസഡയറക്ടർ): വിശ്വസ്തതയോടുകൂടിയ യാതൊരു സാമാന്യങ്ങളും അവിടെ ഇണ്ടാകുന്നില്ല. ചെറിയ പണ്ഡിതന്മാരെ മാത്രം ഉണ്ടാക്കുകയും അവരെക്കൊണ്ടു കരകൌശലങ്ങളെ കൊടുക്കുകയും ചെയ്യുന്നു.

മി: എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): അവയെല്ലാം കാളേജിൽവച്ചു സൂക്ഷിക്കേണ്ടതു ഞാൻ വിചാരിച്ചു. അവയെയെല്ലാം കൂട്ടികൊണ്ടു വീട്ടിലേക്കു കൊണ്ടുപോകുകയാണോ? അതു് എനിക്കു ആവശ്യമായ അറിവാണ്.

മി: ജാൺ മക്കി (തോട്ടം): മി: ഹഗാർഫ് എപ്പോഴെങ്കിലും കരകൗശലപരിശീലനം അഭ്യസിച്ചിട്ടുണ്ടോഎന്നറിഞ്ഞാൽ കൊള്ളാം?

മി: എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): ഞാൻ ഒരു നല്ല ക്രിക്കറ്റുകളിക്കാരനായിരുന്നു. (ചിരി) ഞാൻ കരകൗശലപരിശീലനം അഭ്യസം ചെയ്തിട്ടില്ല.

മി: ജാൺ മക്കി (തോട്ടം): അദ്ദേഹത്തിനു തന്നെ ബാറ്റു നന്നാക്കാൻ കഴിയുമോ?

മി: എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): അതെ, എനിക്ക് എൻറെ ബാറ്റു നന്നാക്കാനും കഴിയും. എനിക്കു തച്ചുവേലയും കുറെ അറിയാം. എന്നാൽ, ഞാൻ മിസ്റ്റർ ഗ്രീനിൻറെ അടുക്കലല്ല പരിശീലിച്ചതു്. ഈ കാളേജിൽവച്ചു വാല്യുവേഷനോട്ടത്തിൽ ഗവണ്മെൻറുദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിൽ ഗവണ്മെൻറുദ്യോഗത്തിനുവേണ്ടുന്ന സാമാന്യങ്ങളെ കൂട്ടികൊണ്ടുപോകുന്ന എന്നുള്ള വസ്തുത എനിക്കു നൂതനമായ ഒരു വർത്തമാനമാകുന്നു. (ചിരി).

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): എല്ലാ സാമാനങ്ങളും തിരികൊണ്ടുപോകേണ്ടതില്ല. ചിലതെല്ലാം പേസ്റ്റ്ബോർഡ്, കൊണ്ടോണ് ഉണ്ടാക്കപ്പെടുന്നതു്.

മി: എ. ഹഗാർഫ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): . അതു ഗവണ്മെൻറു കാർഡ്ബോർഡാണോ അതോ കുട്ടികളുടെ സ്വന്തമാണോ?

അദ്ധ്യക്ഷൻ: സ്കൂൾ കാർഡുബോർഡാണ്.

മി: എ. ഹഗാർഫ് (ഗവണ്മെൻറു നിയമിച്ച മെമ്പർ): അതു തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

സങ്കീർണ്ണസംബന്ധിച്ചിടത്തോളം ഡയറക്ടർ തൻറെ സ്ഥിതിയെ ന്യായീകരിക്കണമെങ്കിൽ മിസ്റ്റർ വേലുപ്പിള്ള പറഞ്ഞതുമാതിരി അദ്ദേഹം ചുറ്റിസഞ്ചരിക്കണം. അല്ലെങ്കിൽ അദ്ദേഹം, ഫൊസ്സിലുകളിൽനിന്നും കാളകളിൽനിന്നും വരുന്ന എഴുത്തുകുത്തുസംബന്ധമായ കടലാസുകളെ അങ്ങോട്ടമിങ്ങോട്ടും വാങ്ങിച്ചുകൊടുക്കുന്ന ഒരു മസക്രിട്ടറിയെപ്പോലെയോ അല്ലെങ്കിൽ ഒരു എഞ്ജൻസിയെ പോലെയോ ആയിത്തീരുന്നു. അദ്ദേഹത്തിൻറെ മുഖ്യമായ ജോലി ചുറ്റിസഞ്ചരിക്കുകയും, വാല്യുവേഴ്സ് വാസ്തവത്തിൽ പഠിപ്പിക്കുന്നോ എന്നും, ഇൻസ്പക്ടറന്മാർ പല സ്കൂളുകളേയും വാസ്തവത്തിൽ പഠിപ്പിക്കുന്നായെന്നും, നമുക്ക് നാം ചിലവാക്കിക്കൊണ്ടിരിക്കുന്ന പണത്തിനു തക്ക പ്രതിഫലം കിട്ടുന്നു എന്നും, മനോരാജ്യം കാണുകയും ആകുന്നു. അതാണു വിദ്യാഭ്യാസഡയറക്ടരുടെ പ്രധാനമായ ജോലി. ഇതുപോലും പറഞ്ഞുകൊണ്ടു ഞാൻ മിസ്റ്റർ വേലുപ്പിള്ളയുടെ ഉപക്ഷേപകത്തെ ബലമായി അനുകൂലിക്കുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, മിസ്റ്റർ വേലുപ്പിള്ളയുടെ ഉപക്ഷേപത്തിൽനിന്നും അതുസംബന്ധിച്ചു് ഏതൊക്കെയും വിഷയങ്ങളെപ്പറ്റിയാണു വാഗ്പ്രതിവാദം നടത്താൻപോകുന്നതെന്നു മുൻകൂട്ടി തിരുമനസ്സിലാക്കുവാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ടു, മിസ്റ്റർ റാവു. കെ. വേലുപ്പിള്ള ഉദ്ധരിച്ചതായ പല വിഷയങ്ങളേയുംപറ്റി വളരെ ആലോചന കഴിച്ചിട്ടുള്ളതും സാമഗ്രഹവുമായ ഒരു അഭിപ്രായം ഇതുപോലെ കുറച്ചു സമയത്തിൽ എന്നിൽനിന്നും കിട്ടുമെന്നു് ഈ സഭ വിചാരിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു. എനിക്ക് അവയെ ഓരോന്നായി എടുത്തു് എൻറെ മനസ്സിൽ ഇപ്പോൾ തോന്നുന്ന അഭിപ്രായത്തെ മാത്രമേ പറയാൻ സാധിക്കുകയുള്ളു. മിസ്റ്റർ വേലുപ്പിള്ള, മൂന്നു വിദ്യാഭ്യാസഡയറക്ടറന്മാരുണ്ടായിരുന്നതുവെന്നും, അവരിൽ രണ്ടുപേർ സയൻസ്പണ്ഡിതന്മാരും, ഒരാൾ കൃഷിവിദഗ്ധനുമെന്നും പറഞ്ഞു. എൻറെ അറിവിൽപ്പെട്ടിടത്തോളം ഈ സംഗതികളിൽനിന്നും യാതൊരു അനുമാനവും അദ്ദേഹമെടുത്തിട്ടില്ല.

അദ്ദേഹമെടുത്തുപറഞ്ഞ അടുത്ത വിഷയം തത്വശാസ്ത്രവകുപ്പു് പോയ്കളയണമെന്നുള്ളതായിരുന്നു. തത്വശാസ്ത്രത്തെപ്പറ്റിയുള്ള മതിപ്പിൽ ഞാൻ മിസ്റ്റർ വേലുപ്പിള്ളയെപ്പോലെ അല്ലെങ്കിൽ ഈ സഭയിലുള്ള മറ്റാരെങ്കിലുമോ കീഴടങ്ങുകയില്ല. ആർട്ട്സ്കാളേജിലോ, അല്ലാത്തപക്ഷം ഇപ്പോൾ തത്വശാസ്ത്രത്തെ ഒരു സയൻസിൻറെ തിലയിൽ കൂട്ടരുവായി പഠിക്കുന്നുകൊണ്ടു സയൻസ്കാളേജിലോ തത്വശാസ്ത്രവകുപ്പു് ഏർപ്പെടുത്തുന്നതു കാണണമു് എന്നിക്കു വളരെ സന്തോഷംതന്നെ. തത്വശാസ്ത്രം വളരെ ജനസമ്മതമുള്ള ഒരു വിഷയമായിരുന്നു എന്നു മിസ്റ്റർ വേലുപ്പിള്ള പറഞ്ഞു എന്നുവരികിലും, തത്വശാസ്ത്രവകുപ്പു പഴയകാളേജിൽനിന്നുമെടുത്തപ്പോഴും അതു പഠിക്കുന്ന കുട്ടികൾ വളരെ കുറച്ചു തീരെ ഇല്ലാതെയോ ഇരുന്നു എന്നാകുന്നു എൻറെ അഭിപ്രായം.

മി: റാവു. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, തെക്കുമങ്ങാടും): കണക്കു പഠിച്ചുകൊണ്ടിരുന്ന കുട്ടികൾക്കു ഗവണ്മെൻറിൽനിന്നും കിട്ടിക്കൊണ്ടുവന്നിരുന്നതുമാതിരി തത്വശാസ്ത്രം പഠിച്ചുകൊണ്ടിരുന്ന കുട്ടികൾക്കും നിവേദനം മുതലായ സഹായധനം ലഭിച്ചുകൊണ്ടിരുന്നോ എന്നറിഞ്ഞാൽ കൊള്ളാം?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): അതെനിക്കു പറയാൻ നിവൃത്തിയില്ല. തത്വശാസ്ത്രവകുപ്പുണ്ടായിരുന്നകാലത്തു ഞാൻ ഈ കാളേജിലുണ്ടായിരുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രൊഫസ്സർ. സുന്ദരംപിള്ളയുടെ മരണത്തിനുശേഷം ഏതെങ്കിലും തത്വശാസ്ത്രപണ്ഡിതനെ നിയമിച്ചിട്ടുണ്ടായെന്നറിഞ്ഞാൽ കൊള്ളാം?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): എനിക്കു അറിയാൻ പാടില്ല.

മി: റാവു. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, തെക്കുമങ്ങാടും): തത്വശാസ്ത്രം പഠിപ്പിക്കുന്നതു് ഉപക്ഷണകോളേജിനുള്ളിൽവച്ചു നടത്തിയതു വാസ്തവമായ സംഗതിയാണോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതു എന്റെ അറിവിനുമപ്പുറമായിരുന്നു. കോളേജിൽ വേണ്ട ഉപകരണങ്ങൾ ഒന്നു മില്ലാതിരുന്നതുകൊണ്ടു ഞങ്ങൾ "പ്രാക്ടിക്കൽ ഫിസിക്സ്" എടുത്തു.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അതിനു ശേഷം മിസ്റ്റർ. സ്റ്റീഫൻസൺ ധാരാളം ലബോറട്ടറികളെ സന്ദർശിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സാർ വളരെ നല്ല ലബോറട്ടറികളെ സന്ദർശിച്ചിട്ടുണ്ട് ഞാൻ ജോലിനോക്കിയിരുന്ന കോളേജിലെ ലബോറട്ടറിയെ ഞാൻ പോകുന്നതിനു മുമ്പു പൂർത്തിയാക്കുകയും ഉപകരണ സാമാനങ്ങൾ വരുത്തിവെയ്ക്കുകയും ചെയ്തു. സർ, ഈയിടയ്ക്കാണ് കോളേജു വിഭാഗം നടന്നതു. ആർട്ട്സ് വിഭാഗം ഇപ്പോൾ ഒരു പൂരുൻകെട്ടിടത്തിലേക്കു മാറ്റപ്പെട്ടിരിക്കുന്നതിനാൽ തത്വശാസ്ത്രവകുപ്പു പെയ്യുന്നതിനെപ്പറ്റിയാലോചിക്കാം. എങ്ങനെയുണ്ടാവും, അതിനു വേണ്ടി ആവശ്യമായതുണ്ടാക്കുവാൻ എനിക്കു അറിവാൻ പാടില്ല.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): തത്വശാസ്ത്രവകുപ്പു വെയ്ക്കുമ്പോൾ അതിനു ധാരാളം ആവശ്യകതയുണ്ടാകയില്ലയൊ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ചിലപ്പോൾ (ചിരി)

സംസ്കൃതവകുപ്പിനെപ്പറ്റി മിസ്റ്റർ റവ. കെ. വേലുപ്പിള്ള പറഞ്ഞതിനോടു ഞാൻ തീർച്ചയായും പൂർണ്ണമായി തന്നെ യോജിക്കുന്നു.

ഞാൻ കോളേജിൽ പ്രിൻസിപ്പാലായിരുന്നപ്പോൾ ഞാനും അതെപ്പറ്റി അഭിപ്രായക്കാരനായിരുന്നു. എങ്ങനെയായാലും, കോളേജിലേക്കു ചെലവിടാൻ നമുക്കു ധാരാളം പണമില്ലാതിരിക്കുകയും, ഷേപരിക്കുന്ന കുട്ടികളുടെ എണ്ണം അധികമില്ലാത്തതും ആകുന്നു. അതുകൊണ്ടു മുസ്ലിമത്തെപോലെതന്നെ സംസ്കൃതം ഐച്ഛികം എന്നീ വിഷയങ്ങളെ ഒരേ പ്രൊഫസ്സറുടെ കീഴിലാക്കണമെന്നു ആലോചിക്കപ്പെട്ടു. അപ്രകാരമുള്ള ഒരു പ്രൊഫസ്സർക്കു വേണ്ടി ഇവിടേയും മദ്രാസ്സിലും പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുകയും, അതനുസരിച്ചു വന്ന അപേക്ഷകളെപ്പറ്റി ഞാനും മിസ്റ്റർ, ഹാഡ്സണും ഗവണ്മെൻറും ആലോചിക്കയും അപേക്ഷകന്മാരിലൊരുത്തനെ സ്വീകരയോഗ്യമായിത്തോന്നാത്തതിനാൽ വേറെ ഒരു പണ്ഡിതനെ നിയമിക്കുന്നതിനെക്കാൾ, ഇപ്പോഴുള്ളതു പോലെയുള്ള ഡയോക്കും ഒരു പ്രാസംഗികനും, സംസ്കൃതത്തിനു ഒരു പ്രാസംഗികനും എന്ന ക്രമീകരിപ്പിനെവച്ചു കൊണ്ടിരിക്കുന്നതാണ് കുറെ കൂടിനല്ലതെന്നു വിചാരിക്കുകയും ചെയ്തു.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഈ പ്രാസംഗികന്മാർ അവരുടെ പ്രവൃത്തികളെ തൃപ്തികരമാക്കും വണ്ണം ചെയ്യുന്നുണ്ടൊ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): പൊതുവെ ഉത്തരം പറയുവാൻ അല്പം കുറെ പ്രയാസമുള്ള ചോദ്യമാകുന്നു. അതിനു തൃപ്തികരമാം വണ്ണം ഉത്തരം പറയുവാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): സംസ്കൃതം, തമിഴ്, മലയാളം എന്നീ വിഷയങ്ങളെ തൃപ്തികരമാം വണ്ണം കോളേജിൽ പഠിപ്പിക്കുന്നില്ലെന്നു എപ്പോഴെങ്കിലും വിദ്യാഭ്യാസ ഡയറക്ടർ ഗവണ്മെൻറിലേക്കു എഴുതിഅയച്ചിട്ടുണ്ടൊ?

മി: ജെ. സ്റ്റീഫൻസൺ (അക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): ഇല്ല.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അതെന്തു കൊണ്ടെന്നാൽ ഇതു നല്ലവണ്ണം ചെയ്യപ്പെടുന്നുഎന്നു വിദ്യാഭ്യാസ ഡയറക്ടർക്കു ബോധ്യം വന്നിട്ടാകുന്നു. അങ്ങനെയല്ലയൊ?

മി: ജെ. സ്റ്റീഫൻസൺ (അക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): അങ്ങനെയൊരു അനുമാനത്തിനു വഴിയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

സർ, കരകൌശലപരിശീലനത്തെപ്പറ്റിയുള്ള മിസ്റ്റർ. റവ. കെ. വേലുപ്പിള്ളയുടെ നിരീക്ഷണം ആലോചിക്കപ്പെടേണ്ടവയാണ്. അവ, കരകൌശലപരിശീലനമനാവശ്യമെന്നതല്ലെന്നും, അതിനാൽ എന്തു ചെയ്യപ്പെടുന്നു എന്നും, ഉള്ളതിനെപ്പറ്റിയുള്ള ഒരു മതരാഹിത്യമായ അഭിപ്രായത്തിന്മേൽ സ്ഥാപിതമാണ്. കരകൌശലപരിശീലനത്തിൽ തൊഴിൽ സംബന്ധമായ ആവശ്യമൊന്നുമില്ല. സ്കൂളുകളിൽ പഠിക്കുന്ന മറ്റു വിഷയങ്ങളെപ്പോലെ, അതേ ഉദ്ദേശത്തോടു കൂടി സാധാരണയായി എല്ലാ പള്ളിക്കൂടങ്ങളിലും ആരംഭിക്കാവുന്നതായ ഒരു വിഷയമാകുന്നു ഇതു.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും). വാണിജ്യോദ്ദേശത്തോടു കൂടി ചൂൽ മുതലായവ സംബന്ധിച്ചുള്ള ജോലികളെപ്പറ്റി അദ്ദേഹത്തിൻറെ അഭിപ്രായത്തിനു വിടുന്നതിയ ഒരു പുസ്തകം കരകൌശലപരിശീലന അദ്ധ്യാപകൻ പ്രസിദ്ധീകരിച്ചിട്ടില്ലയൊ?

മി: ജെ. സ്റ്റീഫൻസൺ (അക്ടിങ്ങ്വിദ്യാഭ്യാസ ഡയറക്ടർ): വാണിജ്യോദ്ദേശത്തോടു കൂടിയല്ല.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): കരകൌശല പരിശീലനത്തെയും, തൊഴിൽ അഭ്യാസത്തെയും, ഒന്നിച്ചുചേർത്തു ഒരു സ്കീം കഴിഞ്ഞുപോയ ഡപ്യൂട്ടിഡയറക്ടർ മിസ്റ്റർ രാമസ്വാമിഅയ്യർ ആരംഭിച്ചിട്ടില്ലയൊ? ആ വിഷയത്തെപ്പറ്റി ചില ഗവണ്മെൻറ ഉത്തരവുകൾ ഇല്ലയൊ?

മി: ജെ. സ്റ്റീഫൻസൺ (അക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ആ വിഷയത്തെപ്പറ്റി ചില ഗവണ്മെൻറ ഉത്തരവുകൾ ഉണ്ടായിരിക്കാം. എന്നാൽ മിസ്റ്റർ വേലുപ്പിള്ള പറയുന്നതുപോലെയുള്ള യാതൊരു സ്കീമിനെപ്പറ്റിയും എനിക്കു അറിവില്ല.

മി: വേലുപ്പിള്ള പിന്നീടു ഫലത്തെപ്പറ്റി വ്യാജിച്ചു. ഫലമെന്തെന്നാൽ കരകൌശലം പഠിശീലിക്കുന്നവർ ആ അഭ്യാസമില്ലാത്തവരെക്കാൾ കുറെക്കൂടി അധികം പഠിച്ചിട്ടുപോകുന്നു എന്നുള്ളതാകുന്നു, മാനസവികാസത്തു, മറ്റു വിഷയങ്ങളെന്നപോലെ, കരകൌശല പരിശീലനവും വഹിപ്പിക്കുന്നു. അതിൻറെ ഉദ്ദേശം

നല്ല ശമ്പളമുള്ള ഉദ്യോഗത്തിലുള്ള പരിശീലനത്തെ പൂർത്തിയാക്കണമെന്നുമാത്രമാകുന്നു.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): കരകൌശലപരിശീലനം, "എൽ-റവ" കേഴ്സിനും ഒരു വിഷയമല്ലയൊ?

മി: ജെ. സ്റ്റീഫൻസൺ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എനിക്കു അതിനെപ്പറ്റിയാതൊന്നും അറിയാൻപാടില്ല. എന്നാൽ മിസ്റ്റർ രംഗസ്വാമിഅയ്യങ്കാർക്കു നമ്മോടു പറയാൻ സാധിക്കും. ആ പരീക്ഷയ്ക്കു അതു ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. അവശരല്ലാവരും കരകൌശലപരിശീലനം അഭ്യസിക്കുന്നുണ്ട്.

വിദ്യാഭ്യാസഡയറക്ടരുടെ സങ്കീർത്തനപ്പറവി ചില അഭിപ്രായങ്ങൾ പറയപ്പെട്ടു. ഞാൻ വരുന്നതുവരെ അതു കുറഞ്ഞുകുറഞ്ഞു വന്നു എന്നും, അതിനുശേഷം നിന്നുപോയതായും പറയപ്പെട്ടു. തിരുവിതാംകൂർ വിദ്യാഭ്യാസഡയറക്ടരുടെ സ്ഥാനം ഞാൻ കയ്യേറപ്പോൾ എനിക്കു ധാരാളം പഠിക്കുവാനുണ്ടായിരുന്നു എന്നും, ഡിപ്പാർട്ടുമെൻറിലെ ചട്ടങ്ങളേയും നയത്തേയും പറവി യാതൊരു അറിവുമില്ലാതെ ഞാൻ പെട്ടെന്നുള്ള അങ്ങും സങ്കൽപിച്ചു പഠിക്കുന്നതിനെക്കാൾ കൂടുതൽ കാര്യങ്ങൾ അപ്പീസിൽവച്ചു പഠിക്കാമെന്നു എനിക്കു തോന്നിയെന്നും, പറയേണ്ടിയിരിക്കുന്നു.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): കുറച്ചുകാലത്തിനുമുമ്പു മിസ്റ്റർ സ്റ്റീഫൻസൺ ഏതാണ്ടു ഒരു കൊല്ലത്തോളം ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടരായി ജോലിനോക്കിയിട്ടില്ലയൊ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതു വാസ്തവംതന്നെ.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): വിദ്യാഭ്യാസചരിത്രത്തെപ്പറവി മനസ്സിലാക്കുന്നതിനു അദ്ദേഹത്തിനപ്പോൾ സാധിച്ചിട്ടില്ലയൊ?

മി: ജെ. സ്റ്റീഫൻസൺ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതു ചരിത്രസംബന്ധമായ വിഷയമല്ല. അപ്പീസിൽ പ്രവർത്തിപ്പായി നടക്കുന്ന ജോലിയെപ്പറവിയും ഒരാൾ അറിഞ്ഞിരിക്കേണ്ടതാണ്. റിക്കാഡ്കളെ അടിയന്തരമായി അവലോകനംചെയ്യുവാനും എനിക്കു നോക്കേണ്ടിയിരിക്കുന്നതിനാൽ, എനിക്കു തീച്ചപ്പെടുത്താനുള്ള ഓരോ കടലാസിനും മിസ്റ്റർ ഹാഡ്സൺ എടുത്തതിൽ മൂന്നിരട്ടിസമയം വേണ്ടിവരുന്നു.

മി. എ. ഹുഗർഫ് (ഗവർണ്മെൻറുനിയമിച്ചമെമ്പർ): അപ്പീസിൽ നടക്കുന്ന സംഗതികളെക്കാൾ, കോളേജുകളിലെ പ്രൊഫസ്സർമാരുടെ കളിലും, മറ്റു സ്ഥാപനങ്ങളിലും നടക്കുന്ന വിഷയങ്ങളെപ്പറവി വിദ്യാഭ്യാസഡയറക്ടർ അറിഞ്ഞിരിക്കേണ്ടതു് ആവശ്യമല്ലയൊ?

മി: ജെ. സ്റ്റീഫൻസൺ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എനിക്കു സക്കീട്ടപോകുന്നതിനും, തിരുവനന്തപുരത്തിരിക്കുന്നതിനും ഒരേസമയത്തു സാധിക്കുന്നതല്ല. ഞാൻ അപ്പീസിൽവച്ചു വിദ്യാഭ്യാസസംബന്ധമായ ഭരണജോലിയെ നടത്തുകയും, സക്കീട്ടപോകുകയുംവേണം.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): സക്കീട്ടകൊണ്ടു അപ്പീസുകാര്യങ്ങൾ കുറച്ചുകൂടി മനസ്സിലാക്കുകയില്ലയൊ?

മി: ജെ. സ്റ്റീഫൻസൺ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): വാസ്തവംതന്നെ. മിസ്റ്റർ വേലുപ്പിള്ള എനിക്കു ഒരുകൊല്ലക്കാലത്തേക്കു തരുമെങ്കിൽ, അതായതു് ഫ്രം ൦൦ അവസാനംവരെ, അദ്ദേഹം ആശിക്കുന്നിടത്തോളം സക്കീട്ടചെയ്യാൻ എനിക്കു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്നെ സംബന്ധിച്ചിടത്തോളം, ഒരുകൊല്ലക്കാലം കൊടുക്കുന്നതിനു എനിക്കു സമ്മതംതന്നെ.

മി: എ. ഹുഗർഫ് (ഗവർണ്മെൻറുനിയമിച്ചമെമ്പർ). അവസാനത്തോളം ഞാൻ കേട്ടില്ല.

മി: ജെ. സ്റ്റീഫൻസൺ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഞാൻ മനസ്സാപിക്കുന്നു; എന്നാലും ഞാൻ പറഞ്ഞതു മറന്നുപോയി എന്നു ഞാൻ ഭയപ്പെടുന്നു. ഇതുതന്നെയാണ് എനിക്കു പറവാനുള്ളതു്. മിസ്റ്റർ വേലുപ്പിള്ളയുടെ ഉപക്ഷേപത്തെ ഈ സഭ നിരസിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): എന്നെ സംബന്ധിച്ചിടത്തോളം, വിദ്യാഭ്യാസഡയറക്ടരുടെ മരപടി എന്നെ തൃപ്തിപ്പെടുത്തിയിട്ടുള്ളതും, അവർക്കു തൃപ്തിയാകയാൽ എന്നുള്ളതുതന്നെ ഈ സഭയെ പറയേണ്ടതും ആകുന്നു. കുറഞ്ഞതു ഉടനടി മിസ്റ്റർ സ്റ്റീഫൻസൺ സമ്മതിച്ചിട്ടുള്ളതും ഒരു വിദ്യാർത്ഥിയുടെ തലപ്പുള്ളിയോടുകൂടി അദ്ദേഹം ആ വിഷയത്തെ പഠിക്കാൻ ആരംഭിച്ചിട്ടുള്ളതും ഇപ്പോഴിരിക്കുന്നതിനേക്കാൾ വിദ്യാഭ്യാസത്തെ ഉപകാരപ്രദമാക്കിത്തീർക്കുന്നതിനു അദ്ദേഹം ശ്രമിക്കുകയും ആകുന്നു. ഈ പ്രതിജ്ഞയെ മനഃപൂർവമായും നിഷ്കപടതയോടുംകൂടി ചെയ്യുന്നതാണെന്നു എനിക്കു ബോദ്ധ്യംവരികയാൽ, ഞാൻ എൻറെ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

അനന്തരപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ വ൦ ൪-ം വ൦ന-ം

മി: വി. കൃഷ്ണകുട്ടിപിള്ള: വ൦൪ ഡൈഡ്ക്ലാക്കുകൾ, ഡൈഡ്അരക്കുണ്ടർമാർ മുതലായവക്കു അനുവദിച്ചിട്ടുള്ള വരു,നൂറു വ രൂപയിൽ ക,വ൭൪ രൂപ കുറക്കണം.

മി: എം. ആർ. മാധവവാരിയർ വ൦ന മുതൽ പുതിയ ക്ലാക്കുകൾക്കായി നീക്കിവച്ചിട്ടുള്ള വരു,നൂറു രൂപയിൽനിന്നും നൂന൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം വ൦൭.

മി: ജി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): താഴെ ചേർക്കുന്ന ഉപക്ഷേപം സമർപ്പിക്കുന്നതിൻ ഞാൻ അനുമതി ചോദിച്ചുകൊള്ളുന്നു.

വ൦൭. സങ്കീർത്തനപ്പടിക്കായി നീക്കിവച്ചിട്ടുള്ള കവ,വ൦൪ രൂപയിൽ ക൦൦൭ രൂപ കുറയ്ക്കണം.

സർ, സഞ്ചാരപ്പടിക്കായി നിശ്ചിപ്പിച്ചിട്ടുള്ള ക്ലാസ്, വേഴ്സ് ഗ്രൂപ്പിൽ ഫാർ ഗ്രൂപ്പ് കൂടിച്ചേർക്കണമെന്നുള്ള ഈ ഉപക്ഷേപം ന്യായമെന്നും, അനുഭവത്തിലും, അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായതിൽ ഈ സഭയിൽ അംഗീകരിക്കപ്പെട്ടു, ഇപ്പോൾ ചെയ്തിരിക്കുന്ന ക്ലാസ് ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കുന്ന സഞ്ചാരപ്പടിയോട് സാദൃശ്യപ്പെടുത്തി നോക്കുമ്പോഴും തീരെ കുറവായിരിക്കുന്ന ഒരു സംഖ്യയാണെന്നുള്ളതുകൊണ്ട് അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാർക്ക് കൊടുത്തുവരുന്നത്. അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരേക്കാൾ തീരെ കുറഞ്ഞ ശമ്പളമായിരിക്കുന്ന ഒരു ഉദ്യോഗസ്ഥനായ പി. ഡബ്ല്യു. ഡി. ഓവർസിയർക്കും സഞ്ചാരപ്പടിയായി ഇതിൽക്കൂടുതൽ ചിലവുള്ളതും അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരുടെ അധികാരപ്പെടുത്തലിനു വിട്ടിട്ടുള്ളതുമാകുന്നു. ഡെപ്യൂട്ടി ഡിപ്പാർട്ടുമെൻറിലെ അവസ്ഥയും വൈരുദ്ധ്യപ്പെടുത്തിക്കൂടി ചേർക്കുന്ന ഒരു യോഗ്യനായി ഒഴിക്കപ്പെട്ടുവരുന്ന ഒരു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരായ ഇൻസ്പെക്ടറന്മാർ അവരോടൊന്നും പ്രധാന്യമില്ലാത്ത ഉദ്യോഗസ്ഥന്മാരുടെ ശിപായിമാരേക്കൂടെ യാത്ര ചെയ്യുന്നതിനെപ്പറ്റി ഞാൻ പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ഗവർണ്മെൻറ് അവർക്ക് കൊടുത്തുവരുന്ന പടികൊണ്ട് എല്ലുകോയ്മയുള്ളതായി സാധിക്കാൻ അവർക്ക് നിവൃത്തിയില്ലാതെ വരുന്നു. രായിരവായിൽ അവർക്ക് രണ്ടാംക്ലാസുചാർജ്ജുകൊടുക്കാൻ നിവൃത്തിയില്ല. പി. ഡബ്ലിയു. ഡി. യിലുള്ളവർക്കും വനംവക ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർക്കും സെയ്യുമായി സഞ്ചരിക്കാൻ മതിയായ പണം ഉണ്ട്. അവർ സഞ്ചരിക്കുമ്പോൾ അവരുടെ ശിപായിമാരെ കൂടിയും കൊണ്ടുപോകുന്നു. ഈ ശിപായിമാരും മൂന്നാംക്ലാസിൽത്തന്നെ യാത്രചെയ്യുന്നു. ഞാൻ അനേകം അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാർ പത്തും ഇരുപതും മൈൽ നടന്നുപോകുന്നതു കണ്ടിട്ടുണ്ട്.

മി: എ. ഫ്രേസർഹഫ് (ഗവർണ്മെൻറ് നിയമിച്ച മെമ്പർ): അവർക്ക് മൂന്നാംക്ലാസുതന്നെ ലഭിക്കുന്നുള്ളോ?

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): പണംകൊടുത്താൽ മാത്രമെ ടിക്കറ്റ് കൊടുക്കപ്പെടുകയുള്ളു.

അദ്ധ്യക്ഷൻ: അവർക്ക് മൂന്നാം ക്ലാസ് ചിലവുമാത്രമെ ലഭിക്കുന്നുള്ളുഎന്നാണ് അദ്ദേഹം അറിയുവാൻ ആഗ്രഹപ്പെടുന്നത്.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അവർക്ക് സ്ഥിരമായ സഞ്ചാരപ്പടി ലഭിച്ചുവരുന്നു

മി: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെൻറ് സെക്രട്ടറി): കൊല്ലം ചേങ്കോട്ടയിലുള്ള അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാർക്ക് അവരുടെ സ്ഥിര സഞ്ചാരപ്പടിക്കും പുറമെ റെയിൽവേ ചാർജ്ജും ലഭിക്കുന്നു എന്നുള്ളതു അദ്ദേഹത്തിനറിയുമോ?

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അതു ശരിയല്ലാത്തപക്ഷം അതിനെ വിവരിച്ചു പറയേണ്ടതു ഗവർണ്മെൻറിൻറെ ചുമതലയാണ്. വിദ്യാഭ്യാസനിയന്ത്രണസംബന്ധമായുള്ള എല്ലാ നിസ്സാരസംഗതികളെപ്പറ്റിയുള്ള സകല വിവരങ്ങളും എൻറെ കൈവശമില്ല. അതെങ്കിലെന്തായാലും ബോദ്ധ്യംവരത്തക്കതായ സംഗതികളെ എൻറെ മുമ്പിൽ വെയ്ക്കുന്നപക്ഷം ഞാൻ തൃപ്തിപ്പെട്ടുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്നു എന്നാൽ അതു എൻറെ നിശ്ചയം മാറുന്നില്ല. മറിച്ചുകേൾക്കുന്നെങ്കിലും ഇല്ലെങ്കിലും യാതൊരു ചെയ്യണമെന്നായിട്ടുണ്ട്. മാറിപ്പോകുന്നതിൻറെ അവതാരവും മാസത്തിൽ ഒരു രൂപാ സഞ്ചാരപ്പടിയുള്ളവനായ ഒരു ശിപായിയെയോടുംകൂടി ആഹാരംകൂടാതെ പത്തുമൈൽ യാത്രചെയ്യുമ്പോൾ ഒരു ഇൻസ്പെക്ടർ ഒരു സ്കൂൾ പരിശോധിക്കുകയിൽ വളരെ മെച്ചമായിരുന്നു. നാം പരിശോധിച്ചുനോക്കുമ്പോൾ സ്ഥിതി അതാണെന്നു ഞാൻ സമ്മതിച്ചുകൊള്ളുന്നു. നമ്മുടെ ബാലന്മാരും ബാലികകളും പള്ളിക്കൂടങ്ങളിലേക്ക് പോകുന്നതായാൽ അവരെ പഠിപ്പിക്കുന്ന വാദ്ധ്യാന്മാരെ പരിശോധിക്കുവാൻ വരുന്നവൻ സൌകര്യമായ വിധത്തിൽ യാത്രചെയ്യുന്നതിനു അശക്തനായിരിക്കുന്നതു ഒരിക്കലും നന്നല്ലെന്നു അവർക്ക് തോന്നുന്നതിനിടയാകുന്നു. ആയതിനാൽ വിദ്യാഭ്യാസകമ്മിറ്റിക്കു ചെലവിടുവാനുള്ള തുകയിൽ ന്യായമായ ചില ഭേദഗതികൾ ചെയ്യുന്നപക്ഷം അതു ഒരു നല്ല ഏർപ്പാടായിരിക്കുകയും, അതിൽനിന്നു നല്ല ഫലങ്ങളുണ്ടാകുകയും ചെയ്യും. ഇപ്രകാരമുള്ള ആളുകളുടെ അനുഭവത്തിൽനിന്നാണ് ഞാൻ ഈ ഉപക്ഷേപത്തെ ഉണ്ടാക്കിയിട്ടുള്ളതും ഈ മൂല്യ സംഗതിയിൽ ഈ സഭ എന്നോടു യോജിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മി. ജെ. സ്റ്റിഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, മിസ്റ്റർ റാവു. കെ. വേലുപ്പിള്ള ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുള്ള സഞ്ചാരപ്പടിയെക്കുറിച്ചു പറഞ്ഞതിനല്ല, എന്നാൽ കൂട്ടുന്നതിനുവേണ്ടി എന്നു എനിക്കു തോന്നുന്നു. ഈ ചില ഇൻസ്പെക്ടർമാരുടെയും സഞ്ചാരപ്പടിയെന്തുണ്ടെന്നുള്ളതിനു വേണ്ടവിധം എൻറെ കൈവശം ഇപ്പോഴില്ലെങ്കിലും സഞ്ചാരപ്പടിക്കായിക്കൊടുത്തിട്ടുള്ള തുകയെ വാസ്തവത്തിൽ എങ്ങിനെ ചെലവാക്കപ്പെടുന്നുവെന്നതിനു വേണ്ട വിവരങ്ങളും ഞാൻ കൊടുക്കാൻ തയ്യാറുള്ളതും ആകുന്നു. ഈ ഉപക്ഷേപത്തിൽ പറയുന്നതുപോലെ ക്ലാസ്, വേഴ്സ് ഗ്രൂപ്പിൽ, മലയാളംപള്ളിക്കൂടങ്ങളിലേയ്ക്കും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേയ്ക്കും ഇൻസ്പെക്ടർമാർക്ക് അനുവദിച്ചിട്ടുള്ള സ്ഥിരമായ സഞ്ചാരപ്പടി വർദ്ധനയുണ്ടാകുന്നു.

മി. റാവു. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഒരു ഉദ്യോഗസ്ഥന് എന്തു കിട്ടും?

മി. ജെ. സ്റ്റിഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലെ അസിസ്റ്റൻറ്സൂപ്രണ്ടർമാർക്കും മാസം നാല് രൂപാവീതവും സ്ഥിരമായ സഞ്ചാരപ്പടി കിട്ടുന്നു. മലയാളംപള്ളിക്കൂടങ്ങളിലെ ഫസ്റ്റ് അസിസ്റ്റൻറ് ഇൻസ്പെക്ടർമാർക്ക് രണ്ട് രൂപ വീതവും പീരുമേട്, ദേവികുളം, മുതലായ മലംപ്രദേശങ്ങളിൽ സഞ്ചരിക്കുന്നവർക്ക് നാലണ രൂപ വീതവും കിട്ടുന്നു.

അദ്ധ്യക്ഷൻ —അവരുടെ ശമ്പളങ്ങളും എന്തൊക്കെ?

മി. ജെ. സ്റ്റിഫൻസൺ (വിദ്യാഭ്യാസഡയറക്ടർ) ഒരു കൂട്ടർക്ക് ഏഴ് മുതൽ പന്ത്രണ്ട് രൂപവരെയും, മറ്റവർക്ക് പന്ത്രണ്ട് മുതൽ പതിനഞ്ച് രൂപവരെയും ആകുന്നു.

മി. എം. ഫ്രേസർഹഫ് (ഗവർണ്മെൻറ് നിയമിച്ച മെമ്പർ): പരിശോധനയെപ്പറ്റി സംബന്ധിച്ചു അവർക്ക് എത്ര ദിവസം സഞ്ചരിക്കേണം?

മി. ജേ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ആ ചോദ്യം ഇപ്പോൾ ആലോചനയിലിരിക്കുന്നു. മലയാളം പള്ളിക്കൂടം സംബന്ധിച്ചിടത്തോളം ചീഫ് ഇൻസ്പെക്ടരുടെ അനുമതിയോ അവക്ക് പരിശോധന സംബന്ധമായി ചെയ്യാനുള്ള ജോലി ക്ലിപ്തമാകയാൽ അവക്ക് സക്കീട്ട് പോകേണ്ടുള്ള ദിവസങ്ങളുടെ എണ്ണം വിവരിച്ചു പറയണമോ എന്നാകുന്നു. അവക്ക് പരിശോധനയ്ക്കായി ഇരു പള്ളിക്കൂടങ്ങൾ എന്നുള്ളതു കൊണ്ടു അവരുടെ ജോലിയെ ക്ലിപ്തപ്പെടുത്തിയാൽ മതിയെന്നും, ദിവസങ്ങളുടെ എണ്ണം ക്ലിപ്തപ്പെടുത്തിയിട്ടാവശ്യമില്ലെന്നും അദ്ദേഹം വിചാരിക്കുന്നു.

മി. റവ. കെ. വേലുപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അഞ്ചു മാസത്തിൽ ഒ ൦ ദിവസം വരികയില്ലയോ?

മി. ജേ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അഞ്ചു മാസത്തിൽ ഒ ൦ ദിവസം ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. പിന്നീട് രണ്ട് ഇംഗ്ലീഷ് പള്ളിക്കൂടം അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരുടെ മാസത്തിൽ ര -രൂപ വീതം സഞ്ചാരപ്പടി കിട്ടുന്നതായ ക്ലർക്കുകളും, മിസ്റ്റർ റവ. കേ. വേലുപിള്ള പൂജിക്കുന്നിച്ചമതിരി മാസത്തിൽ ഒരു രൂപവീതം കിട്ടുന്ന അവരുടെ ശിപായിമാരും ഉണ്ട്. മലയാളം പള്ളിക്കൂടം അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരുടെ ഫൻ ക്ലാക്കുകൾക്ക മാസത്തിൽ ഒ രൂപയും അവരുടെ ശിപായിമാക്ക മാസത്തിൽ ഫ രൂപയും കിട്ടുന്നു. മലപ്രദേശങ്ങളിലുള്ള ക്ലാക്കുകൾക്ക നാ-രൂപയും ശിപായിമാക്ക ഫ്ര് രൂപ വീതവും സഞ്ചാരപ്പടികിട്ടുന്നു.

മി. റവ. കേ. വേലുപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഈ ഇൻസ്പെക്ടരന്മാക്ക് ഓരോരുത്തക്കും ഒരുമാസത്തിലോ അല്ലെങ്കിൽ ഒരു വർഷത്തിലോ എത്ര പള്ളിക്കൂടങ്ങൾ വീതം പരിശോധിക്കേണ്ടതായിട്ടുണ്ട്. എന്നു ഞാൻ ചോദിച്ചു കൊള്ളുന്നു.

മി. ജേ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): എനിക്കു നല്ലനിശ്ചയമില്ലാ. അതു ഒരു കൊല്ലത്തിൽ ഏകദേശം നൂറോളം വരും.

മി. എ. ഹ്രൗർഫ് (ഗവർണ്മെൻറ് നിയമിച്ച മെംബർ) അവർ ഒരു പള്ളിക്കൂടത്തിനെ ഒരു കൊല്ലത്തിൽ എത്ര പ്രാവശ്യം പരിശോധിക്കുന്നു.

മി. ജേ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഓരോ പള്ളിക്കൂടവും ഒരു പ്രാവശ്യം പരിശോധിക്കുന്നു.

അദ്ധ്യക്ഷൻ:—അവർ ഒരുപള്ളിക്കൂടത്തിൽ നിന്നു മറെറാരു പള്ളിക്കൂടത്തിലേയ്ക്കു ചാടുമെന്നു ആരും വിചാരിക്കുന്നില്ല. അവർ പള്ളിക്കൂടങ്ങൾ രാജ്യത്തിൽ സ്ഥിതി ചെയ്യുന്ന ക്രമത്തിൽ പരിശോധിക്കുന്നു.

മി. ജേ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): തീവണ്ടി യാത്രചെയ്യുന്ന അസിസ്റ്റൻറ് ഇൻസ്പെക്ടരന്മാക്ക് സഞ്ചാരപ്പടി കൊടുക്കുന്നില്ല. എന്നു മറേറാസംഗതിയെപ്പററി അവരുടെ സ്ഥിരസഞ്ചാരപ്പടികം പുറമേ അവക്ക് തീവണ്ടിയിൽ രണ്ടാംക്ലാസ്സ് ചാർജ്ജും അവരുടെ ശിപായി മാക്ക മൂന്നാംക്ലാസ്സ് ചാർജ്ജും അനുവദിച്ചു കൊടുത്തിരിക്കുന്നു. എന്നു പറയേണ്ടിയിരിക്കുന്നു.

ഇവരുടെ സഞ്ചാരപ്പടിക്കുട്ടുന്നതിനായി മിസ്റ്റർ. റവ. കേ. വേലുപിള്ള വേണ്ടപോലെ ഉണ്ടാക്കുവാൻ മാർഗ്ഗമുണ്ടാക്കുമെങ്കിൽ ഞാൻ വളരെ സന്തോഷമുള്ളവനായിത്തീരും. ഞങ്ങൾക്ക അനുവദിച്ചിട്ടുള്ള പണത്തെ പല ഇനങ്ങളിലേയ്ക്കും ചെലവാക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തെപ്പററി ഗാഢമായി ആലോചിക്കപ്പെട്ടിട്ടുള്ളതും അവരുടെ നിരക്കുകളെ കുട്ടുവാൻ നിവൃത്തിയില്ലെന്നു കണ്ടിട്ടുള്ളതുമാകുന്നു.

മി. എ. ഹ്രൗർഫ് (ഗവർണ്മെൻറ് നിയമിച്ച മെംബർ): വിദ്യാഭ്യാസഡയറക്ടർ മുമ്പു തന്നിട്ടുള്ള കണക്കുകളിൽ നിന്നും സഞ്ചാരപ്പടിക്കളെ കുട്ടുന്നതു എനിക്കു പൂർണ്ണസമ്മതം തന്നെ സാധാരണയായി ചില ഉദ്യോഗസ്ഥന്മാർ അവരുടെ സഞ്ചാരപ്പടിയിൽ നിന്നും ഒരു മിച്ചം ഉണ്ടാക്കുന്നു. അവക്ക് ഡബ്ബിൾ മൂന്നാംക്ലാസ് ചാർജ്ജ് കൊടുക്കപ്പെട്ടുന്നുണ്ടെങ്കിലും പതിവായി അവർ രണ്ടാംക്ലാസിൽ സഞ്ചരിക്കുകയും, രാത്രികാലങ്ങളിൽ മൂന്നാം ക്ലാസിൽ കൂടി സഞ്ചരിക്കുകയും ചെയ്യുന്നു (ചിരി).

മി. റവ. കേ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): മിസ്റ്റർ ഹ്രൗർഫ്, അദ്ദേഹം ഉദ്യോഗത്തിലിരുന്നപ്പോൾ, സഞ്ചാരപ്പടിയിൽ നിന്നും വല്ലപണവും മിച്ചം പിടിച്ചിട്ടുണ്ടോ (ചിരി)

മി. എ. ഹ്രൗർഫ് (ഗവർണ്മെൻറ് നിയമിച്ച മെംബർ): സർ, ഇല്ലെന്നു തന്നെ പറയാം. (ചിരി) എനിക്കു എല്ലായ്പോഴും വളരെ ദൂരെ സഞ്ചരിക്കേണ്ടിയിരുന്നതു കൊണ്ടു ഞാൻ എന്റെ സഞ്ചാരപ്പടിയെ ന്യായമായി ചെലവാക്കി. ഇപ്പോൾ അതിനെ അവർ പണമുണ്ടാക്കാനുള്ള ഒരു മാർഗ്ഗമാക്കിവച്ചിരിക്കുന്നു. അസിസ്റ്റൻറ് ഇൻസ്പെക്ടരന്മാക്ക അവരുടെ സക്കീട്ട് പടിക്കും പുറമെ തീവണ്ടിയിൽ രണ്ടാംക്ലാസ് ചാർജ്ജും കൊടുക്കുന്നു എന്നു മിസ്റ്റർ സ്റ്റീഫൻസൺ പറഞ്ഞു. അതു വളരെ നല്ലതാണെന്നു ഞാൻ വിചാരിക്കുന്നു.

മി. ജേ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അവരുടെ സ്ഥിരമായുള്ള സഞ്ചാരപ്പടിയ്ക്കു പുറമേ സാധാരണയുള്ള സഞ്ചാരപ്പടി ലഭിക്കുന്നവരായി രണ്ടു ഇൻസ്പെക്ടരന്മാർ മാത്രമെയുള്ളു.

മി. എ. ഹ്രൗർഫ് (ഗവർണ്മെൻറ് നിയമിച്ച മെംബർ): ശരിയായിട്ടു നോക്കിയാൽ പരിശോധിക്കപ്പെടുന്ന പള്ളിക്കൂടങ്ങളുടെ എണ്ണം അതു അധികമാണെന്നുമില്ലാ. അതു മൂന്നു എണ്ണം മാത്രമേ ഉണ്ടാകുന്നൊള്ളു.

അദ്ധ്യക്ഷൻ: ഒരുമാസത്തിൽ രു പള്ളിക്കൂടങ്ങൾ ആകുന്നു.

മി. എ. ഹ്രൗർഫ് (ഗവർണ്മെൻറ് നിയമിച്ച മെംബർ): ഒരു കാളവണ്ടിയിൽ യാത്രചെയ്യുന്നതു വളരെ സുഖമാണെന്നു ഞാൻ വിചാരിക്കുന്നു. ഒരു കാള വണ്ടിയിൽ കയറ വയ്ക്കാൽ നിരത്തിയാൽ അതിൽ സുഖമായി കിടന്നാങ്ങാം (ചിരി).

മി. റവ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): പത്തുമൈൽ ദൂരത്തേയ്ക്കു ഇപ്പോൾ ഒരു കാളവണ്ടിയ്ക്കുള്ള കൂലിയെന്താണ്?

മി. എ. ഹ്രൗർഫ് (ഗവർണ്മെൻറ് നിയമിച്ച മെംബർ): എനിക്കതറിയാൻ പാടില്ലാ. ഞാൻ പെൻഷൻ പററിട്ടു കാലംകുറെ ആയിപ്പോയി (ചിരി)

മി. ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): പെൻഷൻ പറഞ്ഞിയതിൽ പിന്നീടും അദ്ദേഹം യാത്രതന്നെ ചെയ്തിട്ടില്ലയോ എന്നറിഞ്ഞാൽ കൊള്ളാം? (ചിരി).

മി. എ. ഹഗാർഫ് (ഗവർണ്മെൻറ നിയമിച്ചമെംബർ): കാളവണ്ടികളിലല്ല, അക്കാലത്തു ഞാൻ വള്ളങ്ങളിൽ യാത്ര ചെയ്തിരുന്നു. എന്നാലിപ്പോൾ ഞാൻ തീവണ്ടികളിൽ യാത്രചെയ്യുന്നു. (ചിരി) ഈ വിഷയങ്ങളെപ്പറ്റി ആലോചിക്കാൻ വിദ്യാഭ്യാസസമ്പന്നരായ ശരിയായ ആളും ചില ഇൻസ്പെക്ടരന്മാർ ശിപായികളോടുകൂടി യാത്ര ചെയ്യുന്നു എന്ന കാരണത്തിന്മേൽ അവരുടെ സഞ്ചാരച്ചെലവു കൂട്ടണം എന്നു പറയുന്നതു ശരിക്കും ന്യായമാകയില്ലാ. അവർ ശിപായിമാരുടെ കൂടെയിരുന്നെങ്കിൽ അതു അവരുടെ കുറ്റമാണ്.

മി. ററി. കെ. വേലുപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): സർ, മിസ്റ്റർ ഹഗാർഫ് ഈ കാര്യത്തിൽ വിദ്യാഭ്യാസം ചെയ്തിട്ടുള്ള ആളുകളുടെയും, വിദ്യാഭ്യാസമില്ലാത്ത മലവാസികളായ കാണിക്കാരുടേയും ബുദ്ധിമുട്ടുകൾ തമ്മിൽ താരതമ്യപ്പെടുത്തുന്നു (ചിരി) മിസ്റ്റർ ഹഗാർഫിനെ ഈ അസിസ്റ്റൻറ ഇൻസ്പെക്ടരന്മാർക്ക അവരുടെ കസൗകര്യത്തോടെ സഞ്ചരിക്കുവാൻ ആവശ്യമുള്ള പണം കൊടുക്കുന്നതിനു ഇഷ്ടമില്ലാത്തതു പോലെ തോന്നുന്നു.

മി. എ. ഹഗാർഫ് (ഗവർണ്മെൻറ നിയമിച്ചമെംബർ): മുഴുവനും തെറ്റായ പ്രസ്താവമാണ് അതു. (ചിരി)

മി: ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഞാൻ വാദിക്കുകയാണ്. (ചിരി). ഞാൻ അദ്ദേഹം പറഞ്ഞതിനെ തെറ്റായിപ്പറയുകയല്ല ചെയ്യുന്നതു. അതാണ അദ്ദേഹത്തിൻറെ വാദത്തിൻറെ പോക്ക, അതാണ ഞാൻ അതിൽ നിന്നും അനുമാനിക്കുന്നതു്. മിസ്റ്റർ. ഹഗാർഫിനെ സഞ്ചാരപ്പടി കൊടുക്കണമെന്നുള്ള താല്പര്യമില്ല. അസിസ്റ്റൻറ ഇൻസ്പക്ടറന്മാരെ കാളവണ്ടിയിൽ സഞ്ചരിക്കുന്നതിനെങ്കിലും സമ്മതിക്കുന്നതിനു മിസ്റ്റർ ഹഗാർഫിനു ഭയമുണ്ടായിരുന്നു.

മി: എ. ഹഗാർഫ് (ഗവർണ്മെൻറനിയമിച്ചമെംബർ): അവർക്കു കഴിയുമെങ്കിൽ അവർ കുതിരപ്പുറത്തു സഞ്ചരിക്കുന്നതിൽ എനിക്കു വിരോധമില്ല. (ചിരി).

മി: ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): കഴിയുമെന്നുള്ളപക്ഷം അവർ മോട്ടാർകാറിലോ, വിമാനങ്ങളിലൊ സഞ്ചരിക്കട്ടെ. (ചിരി).

ഞാൻ ഇവിടെ വാസ്തവമായ സ്ഥിതികളെപ്പറ്റി പറയുകയാണു. മിസ്റ്റർ. നിധിരി ഈ കാര്യങ്ങളിൽ നല്ല അനുഭവമുള്ള ആളാണ്. അദ്ദേഹം എന്നോടു ഒരു കാളവണ്ടിയുടെ മേയിൽ ഒന്നര ൪ ചക്രം വീതം നാം കൊടുക്കേണ്ടിവരും എന്നാണു പറയുന്നതു്. ഇപ്പോൾ ഒരു അസിസ്റ്റൻറ ഇൻസ്പെക്ടർക്ക പത്തുമൈൽ അങ്ങോട്ടും, ഇങ്ങോട്ടും സഞ്ചരിക്കുന്നതെങ്കിൽ അദ്ദേഹത്തിനു ഉദ്ദേശം ൨ രൂപ ചിലവാക്കേണ്ടിവരും.

അദ്ധ്യക്ഷൻ: അദ്ദേഹം സ്വന്തവണ്ടിവയ്ക്കണമെന്നാണു കരുതപ്പെട്ടിട്ടുള്ളതു്.

മി: ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): സർ, അതു സാധിക്കാത്തകാര്യമാണ്. വള്ളത്തിലും വണ്ടിയിലും പോകാൻ നിവൃത്തിയില്ലാത്ത കല്ലുപ്പാറ മുതലായ ചില സ്ഥലങ്ങളും ഉണ്ടെന്നു നമുക്കു സൂക്ഷ്മമായി അറിവുള്ളതാണ്. കുറെ ദൂരം യാത്രചെയ്യുമ്പോൾ വണ്ടിമാറി വള്ളത്തിൽ കയറേണ്ടതായിവരുന്നു. അതാണ മിക്കസ്ഥലങ്ങളിലേയും അവസ്ഥ. ഇക്കാലത്തു ഒരു വണ്ടിവയ്ക്കുക എന്നതുള്ളതു അസാദ്ധ്യമാണ്. എന്തുകൊണ്ടെന്നാൽ സാധാരണയായി ഒരു കെട്ടുപല്ലിനു ൪ —അണ കൊടുക്കേണ്ടിയിരിക്കുന്നു, മിസ്റ്റർ ഹഗാർഫിൻറെ പല്ലു അദ്ദേഹത്തിൻറെ പെൻഷൻ മുഴുവൻ തിന്നുതീർക്കുന്നു എന്നു സംഗതി എൻറെ സ്നേഹിതൻ മിസ്റ്റർ. പി. കെ. നാരായണപിള്ള നല്ലപോലെ എൻറെ ഓർമ്മയിൽ കൊണ്ടുവന്നു. (വളരെ ഉച്ചത്തിലും ഇടയ്ക്കും ചിരി).

മി: എ. ഹഗാർഫ് (ഗവർണ്മെൻറനിയമിച്ചമെംബർ): എൻറെ പല്ലുഎൻറെ പെൻഷൻ മുഴുവൻ തിന്നു തീർത്തിരുന്നു എന്നു വരികിൽ, ഞാനിപ്പോൾ ഇവിടെനില്ലുകയില്ലായിരുന്നു.

അദ്ധ്യക്ഷൻ: മിസ്റ്റർ വേലുപ്പിള്ള പറഞ്ഞതെന്തെന്നാൽ നിങ്ങളുടെ പല്ലു നിങ്ങളുടെ പെൻഷനിൽ അധികം ഭാഗവും തിന്നുതീർക്കുന്നു എന്നു നിങ്ങൾതന്നെ പറഞ്ഞു എന്നാണ്.

മി: ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും). ഏറ്റവും വലിയഭോഗം (ചിരി). അതങ്ങനെയാണെങ്കിൽ പുരുഷന്മാർ സ്ത്രീകളെക്കാൾ അധികം ആഹാരം കഴിക്കും (ചിരി). അല്ലെങ്കിലും കാളപെറ്റുവീണെക്കാൾ അധികം തിന്നും (ചിരി).

മി: എ. ഹഗാർഫ് (ഗവർണ്മെൻറനിയമിച്ചമെംബർ): അതൊന്നു മച്ചിപശുവായിരുന്നു എന്നു ഞാൻ മിസ്റ്റർ വേലുപ്പിള്ളയെ അറിയിച്ചുകൊള്ളുന്നു. (ചിരി)

മി: ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അപ്രകാരം വളരെ പ്രയാസപ്പെട്ടു ഒരു ഉദ്യോഗസ്ഥൻ സ്വന്തം വണ്ടി വച്ചുകൊണ്ടിരുന്നാലും, അദ്ദേഹത്തിനു പലപ്പോഴും മറയിൽവേ ചാർജിനെക്കാൾ കൂടുതലായി ബോട്ടുകൂലികൊടുക്കേണ്ടിവരും. ഇപ്പോൾ ഇവയെല്ലാം കൂടി ആലോചിച്ചിട്ടു ഈ ഉദ്യോഗസ്ഥന്മാരുടെയും ശിപായിമാരുടെയും സഞ്ചാരപ്പടികളെ വർദ്ധിപ്പിക്കേണ്ട ആവശ്യകതയെ ഈ സഭയിരിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഈ ബഡ്ജറ്റിൽ ഈ സംഗതി ശരിപ്പെടുത്തപ്പെട്ടതെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ, മിസ്റ്റർ സ്റ്റീഫൻസൻറെ ആശ്വാസകരമായ പ്രതിജ്ഞയുണ്ട്. ഈ വർഷം ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നു അദ്ദേഹം ധൈര്യത്തോടും ബുദ്ധിയോടും പറഞ്ഞു എന്നുഞാൻ പറയും. അടുത്തകൊല്ലമെങ്കിലും തന്നാൽ കഴിഞ്ഞതുപോലെ അദ്ദേഹം ചെയ്യുമെന്നാണ് അതിൻറെ അർത്ഥം. ഞാൻ ഈ സംഗതികളെയെല്ലാം ഈ സഭമുമ്പാകെ വച്ചിട്ടുണ്ട്. അതിൻറെ ആവശ്യകതയെപ്പറ്റി ഈ സഭയ്ക്കു ബോദ്ധ്യം വന്നിട്ടുണ്ടെങ്കിൽ അസിസ്റ്റൻറ ഇൻസ്പെക്ടരന്മാർക്കും അവരുടെ ശിപായിമാർക്കും അടുത്തകൊല്ലം വല്ലതും, കൂട്ടിക്കിട്ടുമെന്നു നമുക്കു ആശിക്കാം. അതുകൊണ്ടു ഞാൻ എൻറെ പ്രമേയത്തെ പിൻവലിക്കുന്നു. അനുമതിപ്രകാരം ഉപപ്രമേയം പിൻവലിക്കപ്പെട്ടു.

O

ഉപക്ഷേപം—ഡ ി വ.

താഴെ ചേർക്കുന്ന ഉപക്ഷേപം സമർപ്പിക്കപ്പെട്ടിരിക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള ഡ ി വ സഞ്ചരപ്പടിക്കയ്യ് മാറിവച്ചിട്ടുള്ള കവ,വ ി ര രൂപയിൽ ക ി ി രൂപകുറക്കണം.

ഉപക്ഷേപം—ഡ ി ൻ.

മി: ററി. കുമാരപിള്ള (ഇരണിയൽ, വിളവംകോട്ടം): സർ, ഞാൻ താഴെപറയുന്ന ഉപക്ഷേപം സമർപ്പിച്ചുകൊള്ളുന്നു.

ഡ ി ൻ. ഇൻസ്പെക്ടർമാക്ക് എന്നു വച്ചിട്ടുള്ള നൂ, ഉ ഉ രൂപയിൽ ക ി ി രൂപകുറയ്ക്കണം.

നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ നേരിട്ട മേൽവിചാരം ഒരു ഇൻസ്പെക്ടരിലാണ് ഏൽപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ഭരണനയങ്ങളിലുള്ള ചില ന്യൂനതകളെ നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായിട്ടാണ ഈ മോഷൻ കൊണ്ടുവന്നിട്ടുള്ളത്.

നാട്ടുഭാഷാ വിദ്യാലയങ്ങളുടെ മേധാവിയായി ഇൻസ്പെക്ടരുടെ നിയമനാധികാരത്തിൽ ഒന്നര വ പേർ ഉള്ളതാണ്. ഇവരുടെ ആക്കമാറരങ്ങും അധ്യാപകരുടെ ആളിയായ ജോലികളും രണ്ട ഇൻസ്പെക്ടരുടെ സമയത്തിൽ പ്രധാനമായതെയും അപഹരിക്കുന്നുണ്ട്. ഈ രണ്ടുത്ത് ഒരു പ്രധാനഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷതവഹിക്കുന്ന ഒരു വലിയ ഉദ്യോഗസ്ഥൻ ഒരവസരത്തിൽ എന്നോടുപറഞ്ഞിട്ടുള്ളതു അദ്ദേഹത്തിന്റെ നിയമനാധികാരം സമയത്തെ അന്യായമായിക്കൈയ്യാൻ ഇടയാക്കുന്നു എന്നും അ അധികാരം അദ്ദേഹത്തിൽനിന്നു എടുത്തുകളയുന്നതായാൽ ജനങ്ങൾക്കും ഗവണ്മെന്റിനും കൂടുതൽ പ്രയോജനകരമായി ഡിപ്പാർട്ടുമെന്റുവക ജോലികളും നടത്താൻ സാധിക്കുന്നതുണ്ടെന്നും ആയിരുന്നു. ഇങ്ങനെ അഭിപ്രായം പറയുന്ന ഉദ്യോഗസ്ഥന്മാർ ഇന്നത്തെ പബ്ലിക്കസർവ്വീസിൽ അധികമുണ്ടായിരിക്കുമെന്നതോന്നുന്നില്ല. നാട്ടുഭാഷാപള്ളിക്കൂടം ഇൻസ്പെക്ടരുടെ സംഗതിയിൽ അദ്ദേഹത്തിനു ഇപ്പോഴുള്ള നിയമനാധികാരത്തിൽ ഏതെങ്കിലും ഭാഗത്തെ അസിസ്റ്റന്റ ഇൻസ്പെക്ടരന്മാർക്കു കൊടുക്കേണ്ടതുണ്ടെന്നു ഡയറക്ടർ അഭിപ്രായപ്പെടുകയും, ആ വിവരം ഗവണ്മെന്റിനു എഴുതി അയക്കുകയുംചെയ്തിട്ടുണ്ട്. എന്നാൽ ഈ അഭിപ്രായത്തിനു വഴിപ്പെടാതെ ഇന്ന ത്തെ ഭരണം കീഴ് ജീവനക്കാരുടേയും നിയമനാധികാരം ഇൻസ്പെക്ടർ തന്നിൽതന്നെ ഇരിക്കണമെന്നും, തന്റെ മറുജോലികൾക്കു പുറമെ ഇതിലേക്കു ധാരാളം സമയമുണ്ടെന്നും ഡയറക്ടറേയും ഗവണ്മെന്റിനേയും അറിയിച്ചിരിക്കുന്നു. ഭരണ വു കീഴ്ജീവനക്കാരുടെ നിയമനാധികാരം നടത്തുന്നതിനു ധാരാളം സമയമുണ്ടെന്നു സമ്മതിക്കുന്ന ഇൻസ്പെക്ടർ നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ വിശേഷിച്ചു പ്രാഥമിക വിദ്യാഭ്യാസത്തിന്റെ വല്ലായ്മയ്ക്കുവേണ്ടി വേവലാതിപ്പെടുന്നതു എങ്ങനെയായിരിക്കുമെന്നു ധാരാളം അനുമാനിക്കാവുന്നതാണ്. ഈ പക്ഷങ്ങളിൽ ഇനിയും പ്രൈമറി പള്ളിക്കൂടങ്ങളില്ല.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെന്റുസെക്രട്ടറി): ക ി ൻവു-ഖെ ഡിപ്പാർട്ടുമെന്റിൽ അഡ്മിനിസ്ട്രേഷൻറിപ്പോർട്ടിൽ കവ പക്ഷികളിൽ മാത്രമേ അംഗീകൃതമായ ഒരു വിദ്യാലയം പോലും ഇല്ലാതെയുള്ളതെന്നും അവയിൽ പത്തു പക്ഷികൾ പിന്നേമേട്ടിലും മേലേകുളത്തിലും രണ്ടു പക്ഷികൾ ചെങ്കോട്ടത്താലൂക്കിലുമാണെന്നും ബാക്കിയുള്ള തുടുക്കകളിലെല്ലാം അംഗീകൃതവിദ്യാലയങ്ങളൊന്നും ഉണ്ടെന്നും രേഖപ്പെടുത്തിയിട്ടുള്ളതു മെമ്പർക്ക് അറിവുണ്ടോ?

മി: ററി. കുമാരപിള്ള (ഇരണിയൽ, വിളവംകോട്ടം): ഇങ്ങനെയുള്ള ധൃത്യാസങ്ങൾ മറവു പലതിലും കണ്ടുവരുന്നതുകൊണ്ടായിരിക്കുന്നതുമാത്രമെ ഞാൻ വിചാരിക്കുന്നുള്ളു. ലൈബ്രറേറിവു കൌൺസിലിൽ ചോദിച്ച ചോദ്യങ്ങൾക്കു ലഭിച്ചിട്ടുള്ള സ്റ്റേറുമെൻറിൽനിന്നു ഈ പക്ഷികളിൽ ഡിപ്പാർട്ടുമെൻറുവക പ്രൈമറിസ്കൂളുകൾ ഇല്ലെന്നു കാണുന്നു. ഈ സന്ദർഭത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തെ പ്രചരിപ്പിക്കുന്നതിനുള്ള ജോലിയും അതിന്റെ പൂർണ്ണമായ അനേക്ഷണവും അസിസ്റ്റൻറ ഇൻസ്പെക്ടറന്മാരെ ഭരമേല്പിച്ചിട്ടുള്ള ഇൻസ്പെക്ടർ തന്റെ കീഴുദ്യോഗസ്ഥരിലുള്ള ഈ,നര വു ഉദ്യോഗങ്ങളുടെ ആക്കമാറരം മുതലായ ജോലികളിൽ തന്റെ സമയത്തിൽ പ്രധാനഭാഗത്തേയും വിനിയോഗിച്ചുവരികയാണ് ചെയ്യുന്നതു്. ഇതു മതിക്കുവാൻ പാടുള്ളതല്ല. ഇൻസ്പെക്ടരുടെ നിയമനാധികാരത്തിൽ ക ി രൂപവരെയുള്ള നിയമനാധികാരം അസിസ്റ്റൻറ ഇൻസ്പെക്ടറന്മാർക്കു വിട്ടുകൊടുക്കേണ്ടതാണ്. അസിസ്റ്റൻറ ഇൻസ്പെക്ടറന്മാരാണ് വിദ്യാഭ്യാസക്കാരുടെ ജോലികളെ പരിശോധിക്കേണ്ട അളുകൾ. അവരെക്കൊണ്ടശരിയായി ജോലിചെയ്യിക്കേണ്ട ചുമതലയും അവരാണ്. അങ്ങനെ പലേ ചുമതലകളും വഹിക്കേണ്ടവരായ അസിസ്റ്റൻറ ഇൻസ്പെക്ടറന്മാരെ അവരിൽ ക ി രൂപവരെ സമ്പളമുള്ളവരുടെ നിയമനം ശിക്ഷ സ്ഥലംമാറരം ഇവയ്ക്കുള്ള അധികാരം ഉല്ലാത്തപക്ഷം കായ്ക്ഷമതയോടുകൂടി ഭരണം നടത്താൻ സാധിക്കുന്നില്ല. അസിസ്റ്റൻറ ഇൻസ്പെക്ടറന്മാർ എല്ലാവരും ഉൽകൃഷ്ടപരീക്ഷാവിജയികളും മിക്കവാറും എൽ. ററി. പരീക്ഷാവിജയികളുമാണ്. ഇങ്ങനെയുള്ള അസിസ്റ്റൻറ ഇൻസ്പെക്ടറന്മാർക്കു ഈ അധികാരം കൊടുത്താൽ അവർ അതിനെ ദുർവിനിയോഗിക്കുമെന്നു വിചാരിക്കാൻ അവകാശമില്ലാത്തതാണ്.

നാട്ടുഭാഷാപള്ളിക്കൂടം ഇൻസ്പെക്ടറന്മാരുടെ നിയമനാധികാരം മുഴുവനും തന്റെ കയ്യിൽ തന്നെയിരിക്കണമെന്നു ഡയറക്ടർക്ക് എഴുതി അയക്കുന്നതിനും, അതിൽ പ്രത്യേക താല്പര്യം കാണിക്കുന്നതിനും അദ്ദേഹത്തെ പ്രേരിപ്പിക്കുന്നതായ സംഗതികളെപ്പറ്റിയാണ് ഇനി പരിശോധിക്കേണ്ടതു്. തെക്കൻതിരുവിതാംകൂറിൽ ക്രിസ്ത്യൻവക എന്നോരു ജാതിക്കാരുണ്ട് അവരുടെ ഇടയിൽ വിദ്യാഭ്യാസം വളരെ കുറവും ധനാഭ്യസ്ഥിതി മോശവുമാണ്. ഈ വർഗ്ഗത്തിലുൾപ്പെട്ട ഒരു ചെറുപ്പക്കാരൻ സ്കൂൾഫൈനൽ പരീക്ഷ ജയിച്ചതിൽപിന്നീടു പള്ളിക്കൂടം ഡിപ്പാർട്ടുമെന്റിൽ ഒരു ജോലിക്കായി ഡെപ്യൂട്ടിഡയറക്ടർ മിസ്റ്റർ രാമസ്വാമിഅയ്യരോടു് അപേക്ഷിക്കയും, അദ്ദേഹം ഒരു ആക്ററിങ്ങ് ജോലി കൊടുക്കുകയും ചെയ്തു. അയാൾ മൂന്നു വർഷം പലേപള്ളിക്കൂടം

ങ്കിലും ആക്ടറിങ്ങ ജോലി നോക്കിട്ടുണ്ടെങ്കിലും അയാൾക്ക സ്ഥിരമായ ഒരു ജോലി കൊടുക്കുന്നതെ പിന്നിടു പിരിച്ചയയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. നിയമസഭയിലേക്കുവെച്ചു തന്നിട്ടുള്ള ഒരു മെമ്മോറാണ്ടത്തിൽനിന്ന മിസ്റ്റർ സുബ്രഹ്മണ്യശാസ്ത്രി ഇൻസ്പെക്ടർ ആയതിൽപിന്നീടു നാലഞ്ചു പേരെ നിയമിച്ചിരിക്കുന്നതായി കാണുന്നു. അതിൽ ഒരാൾപോലും കൃഷ്ണൻവകയിൽ ഉൾപ്പെട്ടവരല്ല. മാതൃഭാഷ മലയാളമായിരിക്കയും, വിദ്യാഭ്യാസത്തിൽ താണപടിയിൽ നിൽക്കയും ചെയ്യുന്ന കൃഷ്ണൻവകയിലെ പരീക്ഷാവിജയിയായ ഒരു ചെറുപ്പക്കാരൻ മൂന്നുവർഷം പകരം ജോലിനോക്കിയതിൽപിന്നീടു സ്ഥിരമായ ജോലികൊടുക്കാതെ അയാളെ പിരിച്ചുവിട്ടിട്ട് അതിൽപിന്നീടു പരീക്ഷകൾ ജയിച്ചിട്ടുള്ളവർക്കും മാതൃഭാഷ മലയാളമല്ലാത്തവർക്കും ഉദ്യോഗങ്ങൾ കൊടുത്തിരിക്കുന്നതു ന്യായമല്ലാത്തതാണ്. ഇങ്ങനെയുള്ള നിയമനങ്ങൾക്കു വേണ്ടിട്ടാണ നിയമനാധികാരം രാജസ്ഥാനത്തിൽതന്നെ സ്ഥിതിചെയ്യണമെന്നുള്ള നിർബന്ധമുണ്ടായിട്ടുള്ളതു. മിസ്റ്റർ സുബ്രഹ്മണ്യശാസ്ത്രിയുടെ നിയമനങ്ങളിൽ ഇങ്ങനെയുള്ള പലേ അനീതികളും ഉണ്ടെന്നോണ ഞാൻ അറിയുന്നതു. ക ള ത്രുപാവരെയുള്ള നിയമനാധികാരം അസിസ്റ്റന്റ് ഇൻസ്പെക്ടർമാർക്ക കൊടുക്കുന്നതായാൽ ഇങ്ങനെ പ്രത്യക്ഷമായും അക്രമമായും ഉള്ള അനീതികൾ ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): മിസ്റ്റർ കുമാരപിള്ളയുടെ പ്രസംഗത്തിയെപ്പറ്റി വിമർശിക്കുന്നതിന് വളരെ പ്രയാസമുണ്ടാക്കുന്നു. വലിയ അധികാരസ്ഥാനത്തിയും, വലിയ നിയമനാധികാരങ്ങളും ഉള്ള മലയാളംപള്ളിക്കൂടം ഇൻസ്പെക്ടരെപ്പറ്റിയുള്ളതായ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ കുറ്റങ്ങളെ മിസ്റ്റർ ധനക്കോടിപ്പിള്ളയുടെ സഹായത്തോടുകൂടി ഞാൻ ഉന്നയിച്ചാക്കി. ജോലി വളരെ കൂടുതലാകയാൽ ചില കാര്യങ്ങൾ തൃപ്തികരമാംവണ്ണം നടക്കുന്നില്ല. ഇംഗ്ലീഷ്സ്കൂളുകളിലെ നിയമനങ്ങളെ സംബന്ധിച്ചടത്തോളം ഞാൻ വേണ്ട അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടെന്നുമാത്രം എനിക്ക പറയാൻ കഴിയും. വിദ്യാഭ്യാസംസംബന്ധിച്ചുള്ള ഉപക്ഷേപങ്ങളെ വാദപ്രതിവാദം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ സൌകര്യം കിട്ടുകയാണെങ്കിൽ അവയെ സംബന്ധിച്ച് ഒരു സ്റ്റേറ്റുമെന്റ സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മലയാളംപള്ളിക്കൂടം സംബന്ധിച്ചെടത്തോളം വാസ്തവത്തിൽ അത്രയും ശ്രദ്ധ പതിക്കുവാൻ എനിക്ക സാധിച്ചിട്ടില്ല. എന്നാൽ ഏതെങ്കിലും സംഗതി എന്റെ ശ്രദ്ധയിൽ കൊണ്ടുവരപ്പെടുന്നപക്ഷം ഞാൻ അതിനെപ്പറ്റി രീതിയും വേണ്ടതു ചെയ്യാമെന്നു പ്രതിജ്ഞ ചെയ്യുകൊള്ളുന്നു. അതിൽകൂടുതലായി എനിക്കിപ്പോൾ ഒന്നും പറയാൻ സാധിക്കുകയില്ല.

മി: റ്റി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): സർ, ഞാൻ ഒരു രീതിപ്രമേയത്തിനായി എഴുന്നേൽക്കുന്നു. അദ്ദേഹത്തിനു മലയാളം പ്രസംഗങ്ങൾ മനസ്സിലാക്കാൻ സാധിച്ചില്ലെന്നു വിദ്യാഭ്യാസഡയറക്ടർ പറഞ്ഞു. ഇംഗ്ലീഷ് അറിയാൻ പാടില്ലാത്ത അനദ്ധ്യോഗസ്ഥമെമ്പർമാർക്ക്, ആ പ്രസംഗങ്ങളെ തർജ്ജിമ ചെയ്തുകൊടുക്കുന്നതിനായി ഒരു ഏർപ്പാടുണ്ട്. മലയാളം അറിയാൻ പാടില്ലാത്ത മെമ്പറന്മാർക്ക് മനസ്സിലാകത്തക്കവണ്ണം അപ്രകാരം ഒരു ഏർപ്പാടു ചെയ്തുതൂടെ? ഈ സാധാരണ ചോദ്യമാണ ഞാൻ പുറപ്പെടുവിക്കുന്നതു.

അദ്ധ്യക്ഷൻ: മി: ധനക്കോടിപ്പിള്ളയുടെ തർജ്ജിമയുടെ സഹായം അദ്ദേഹത്തിന് ലഭിക്കുന്നുണ്ട്. അതു മിസ്റ്റർ പരമേശ്വരന് കിട്ടുന്നതുപോലെതന്നെയുള്ളതാണെന്നു ഞാൻ വിചാരിക്കുന്നു.

മി: റ്റി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): മിസ്റ്റർ സ്റ്റീഫൻസൺ പറഞ്ഞതു അദ്ദേഹത്തിനു പ്രധാനഭാഗങ്ങൾമാത്രമെ മനസ്സിലായെള്ളു എന്നാണ്. സംഗതികളേയും, കണക്കുകളേയും, വാദങ്ങളേയും അവയുടെ വിവിധസ്വഭാവത്തിൽ ഗവണ്മെന്റിനെ മനസ്സിലാക്കിയതുപോലെ അദ്ദേഹത്തിനെ മനസ്സിലാക്കുന്നതിനു തന്റെ ഡിപ്പാർട്ടുമെന്റിലെ കാര്യം ശ്രദ്ധിക്കുന്ന മിസ്റ്റർ ധനക്കോടിപ്പിള്ളക്കൊ, വേറെവല്ല വക്കുമോ, സാധിക്കുകയില്ല.

അദ്ധ്യക്ഷൻ: പ്രസംഗത്തിനെ വരിവരിയായി തർജ്ജിമചെയ്യാത്തപക്ഷം അതൊന്നും സാധിക്കുകയില്ല. മിസ്റ്റർ കുമാരപിള്ളയുടെ പ്രസംഗത്തിന്റെ ഒരു ശരിയായ ഉകർപ്പു മിസ്റ്റർ സ്റ്റീഫൻസൺ നമുക്കു തന്നിട്ടുള്ളതിൽ നിന്നും, അദ്ദേഹം അതിന്റെ സാരം ശരിയായവണ്ണം ഗ്രഹിച്ചിട്ടുണ്ടെന്നും, ഞാൻ വിചാരിക്കുന്നു. ഇപ്പോഴത്തെ സ്ഥിതിക്കു വെറെ വല്ല ഏർപ്പാടും ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: റ്റി. കുമാരപിള്ള (ഇരണിയലും, വിളവങ്കോടും): ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അയിടത്തേക്ക് വിരോധമില്ലാത്തപക്ഷം ൬൫൦൦ ൬൬൫൦ നമ്പരു ചോദ്യങ്ങളെ മന്നിച്ച് ആലോചിക്കാം. ഞാൻ ആ രണ്ടു ഉപക്ഷേപങ്ങളേയും ഒന്നിച്ചു ചേർക്കാം. എന്തുകൊണ്ടെന്നാൽ രണ്ടിലുമുള്ള വാദങ്ങൾ ഒന്നുപോലെയാകുന്നു.

അദ്ധ്യക്ഷൻ: മണി അഞ്ചടിച്ചു. സഭ്യന്മാർ പിരിയണമെന്നുണ്ടെങ്കിൽ, എനിക്ക തടസ്ഥമൊന്നുമില്ല. നമുക്കിപ്പോൾ പിരിയുകയും, നാളെ ൧൧൩൦ മണിക്ക കൂടുകയും ചെയ്യാം.

സഭ അഞ്ചുമണിക്ക പിരിഞ്ഞു.

(Sd) എസ്. പരമേശ്വരയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation,)
T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമനിർമ്മാണസഭാ.

ഏൻഡര സെപ്റ്റംബർ ഒമ്പതു വ്യാഴാഴ്ച.

ഏഴാൻ്റെ രണ്ടാമത് സമ്മേളനം.

(മാറിവച്ച യോഗം)

(അഫിഷ്യൽ റിപ്പോർട്ട)

പകൽ ഒന്നു പതിനൊന്നേടിച്ചു മുപ്പത്തിനാല മിനിട്ടായപ്പോൾ പ്രസിഡൻറിൻ്റെ അനുമതിയനുസരിച്ചു സഭ വീണ്ടും വിളക്കാറിയാ ലൈബ്രിടെയൻഹാളിൽ കൂടി.

പുതിയ മെമ്പർ.

താഴെ പറയുന്ന മെമ്പറിനെ സത്യവാചകം ചൊല്ലിച്ചു സഭയിൽ ചേർത്തു.

മി: ഡബ്ലിയു. എച്ച്. പിറൻ (പോലീസ് കമ്മിഷണർ)

ചോദ്യോത്തരങ്ങൾ.

[ക്രമം നമ്പർ സ്റ്റാൻഡിംഗ് ആർഡർ അനുസരിച്ചു അദ്ധ്യക്ഷൻ ചെയ്ത ഉത്തരവ്.

ക. ഒരു സഭാ സമ്മേളനത്തിൽ ചോദിക്കുന്ന ചോദ്യങ്ങളുടേയും അവയ്ക്കു നൽകുന്ന മറുപടികളുടേയും അച്ചടിച്ചു പ്രതികൾ അദ്ധ്യക്ഷൻ ആസനസ്ഥനാകുന്നതിനു കുറഞ്ഞതു മിനിട്ടിനമുമ്പു കൌൺസിൽ മേശമേൽ വച്ചിരിക്കേണ്ടതാകുന്നു.

ഖ. ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടി നൽകുന്നതും താഴെ വിവരിക്കുന്ന വിധത്തിലായിരിക്കണം.

സെക്രട്ടറി ഓരോ പ്രശ്നകർത്താവിൻറെയും പേരു അതിൽ എഴുതിയിരിക്കുന്ന മറ്റുള്ള വിളിക്കുകയും ചോദ്യത്തിൻറെ ക്രമനമ്പരും പറയുകയും മെമ്പർ ഉപചോദ്യങ്ങൾ ചെയ്യാൻ തല്പരപ്പെടുന്നുണ്ടെങ്കിൽ അദ്ദേഹം സ്ഥാനത്തു എഴുന്നേറ്റുനിൽക്കുന്നതിനു വേണ്ട സാവകാശം നൽകുകയും ചെയ്യണം. ഉപചോദ്യങ്ങൾ അവസാനിച്ചാൽ മുഖ്യമായ പ്രധാന ചോദ്യങ്ങൾ കഴിഞ്ഞ ഉടൻ ചോദിക്കേണ്ടതാകുന്നു.

വൈക്കത്തെ മലയാളം പള്ളിക്കൂടങ്ങൾ.

൧൨. മി: എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും) (എ) വിദ്യാഭ്യാസപരമായ ഏർപ്പാടുകൾ വർദ്ധിപ്പിക്കുന്നതിനുദ്ദേശിച്ചു കെട്ടിടങ്ങൾ, സാമാനങ്ങൾ, ഇതര വിദ്യാലയസാമഗ്രികൾ ഇവയ്ക്കായി മുടക്കിയതുക (വൈക്കം പടിഞ്ഞാറു) പള്ളിക്കൂടത്തിലേക്കും അയ്മനം കുളങ്ങര പള്ളിക്കൂടത്തിലേക്കുംവേണ്ടി വ്യയം ചെയ്തിട്ടുള്ള സംഖ്യ എത്രയാണെന്നും,

(ബി) ഇവയിൽ ഏതെങ്കിലും ഒരു വിദ്യാലയത്തെങ്കിലും ഒരു ഒന്നാംഗ്രേഡ് ഹെഡ്മാസ്റ്ററുടെ കീഴിലാക്കുമോ എന്നും,

(സി) അടുത്തകാലത്തു നിർത്തലാക്കപ്പെട്ട വൈക്കം മലയാളം മിഡിൽസ്കൂളിലെ സാമാനങ്ങളും മറ്റു സാമഗ്രികളും ഈ രണ്ടു പള്ളിക്കൂടങ്ങളിലേക്കുമായി വീതിക്കപ്പെട്ടതാണോ എന്നും

(ഡി) നിർത്തലാക്കിയ വൈക്കം മലയാളം മിഡിൽസ്കൂളിൽനിന്നു പിരിച്ചയക്കപ്പെട്ട മുൻകൂട്ടിൽ മാസ്റ്റർ മറ്റു വാദ്ധ്യന്മാർ ആരിയെയെങ്കിലും ഈ പള്ളിക്കൂടങ്ങളിലേക്കു നിയമിക്കുമോ എന്നും.

(ഇ) സ്ഥലം ഗവണ്മെൻറിൽനിന്നു എടുത്തു പട്ടണത്തിൽ ഒരു പ്രാഥമിക വിദ്യാലയം തുടങ്ങുമോ എന്നും,

പറയുന്നതിനു ഗവണ്മെൻറിനു ഒരുമ്പെടാകുമോ?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) അതു സംബന്ധമായ വിവരങ്ങൾ കാണിക്കുന്നതിനുള്ള പട്ടിക വച്ചിട്ടുണ്ടു്.

(ബി) അതിനെപ്പറ്റി വിദ്യാഭ്യാസാധികാരികൾ ഇതേക്കുറിച്ചു പരിശോധിച്ചു വരികയാണു്.

(സി) ഉവ്വു; ഇതിലേക്കു ആവശ്യമുള്ള ഉത്തരവുകൾ മലയാളം സ്കൂൾ ഇൻസ്പെക്ടർ പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ടു്.

(ഡി) ഇല്ല; വൈക്കം മലയാളം മിഡിൽസ്കൂളിൽ അദ്ധ്യാപകന്മാരായിരുന്നവരെ അവരുടെ നിയമനത്തിനു കൂടുതൽ ആവശ്യമുണ്ടായിരുന്ന ഇതര വിദ്യാലയങ്ങളിലേക്കു മാറ്റിയിരിക്കുന്നു.

(ഇ) ഉവ്വു; ഈ സംഗതി ഗവണ്മെൻറു അനുകൂലിച്ചുകഴിഞ്ഞു. അതിനു വിദ്യാഭ്യാസാധികാരികൾ ഇതുസംബന്ധമായി ആവശ്യമുള്ള നടപടികളും നടത്തുന്നതാണു്.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും) ഈ സ്കൂളുകളിൽ ഒന്നിനെങ്കിലും മേലാവായി ഒരു ഒന്നാംഗ്രേഡ് ഹെഡ്മാസ്റ്ററെ ഈ കൊല്ലത്തിനിടയ്ക്കു നിയമിക്കുന്നതാണോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെൻറുസെക്രട്ടറി): അതിനിടയിൽ വിദ്യാഭ്യാസാധികാരികൾ ഈ സംഗതിയെക്കുറിച്ചു ആലോചിച്ചുകൊണ്ടിരിക്കയാണെന്നു മറുപടിയിൽ പറഞ്ഞുകഴിഞ്ഞു. ഏതായാലും മെമ്പറിൻറെ അഭിപ്രായം കണിശമായും അദ്ദേഹത്തെ ധരിപ്പിക്കുന്നതാണ്.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): അടുത്തകാലത്തു നിർത്തലാക്കപ്പെട്ട സ്കൂളിലെ അദ്ധ്യാപകന്മാരുടെ കൂട്ടത്തിൽ സ്കൂൾമാസ്റ്ററും മുൻഷിയും ഉണ്ടായിരുന്നില്ലേ എന്നറിഞ്ഞാൽകൊള്ളാം.

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതെ. അവർ നിശ്ചലാക്കപ്പെട്ട സ്റ്റാളിലെ ഉദ്യോഗസ്ഥന്മാരായിരുന്നു.

മി: എൻ. രാമകൃഷ്ണപിള്ള (കരുനാഗപ്പള്ളി വടക്കുംഭാഗം): ഇപ്പോഴുള്ള ഇപ്പോഴത്തെ സ്റ്റാളുകളിൽ ഫ്ലൈ ഷീലങ്കിലും മൺഷിയേയും സ്ക്രീൽമാസ്റ്ററേയും നിയമിച്ചിട്ടുണ്ടോ എന്നറിയാൻ ആഗ്രഹിക്കുന്നു.

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മഹായാസ്റ്റാളുകളിൽ ഒരു ക്ലർക്കിനേയും ഒരു സ്ക്രീൽമാസ്റ്ററേയും നിയമിച്ചിട്ടുണ്ടെന്നും ഇപ്പോഴത്തെ ബഡ്ജറ്റിൽ കൂടുതൽ ചിലവിട്ടിട്ടില്ല.

മോട്ടോർ ബസ്സുകൾ.

(എ) തിരുവനന്തപുരം-നാഗർകോവിൽ, തിരുവനന്തപുരം-കായംകുളം, കായംകുളം-കോട്ടയം, കായംകുളം-മുണക്കയം ഈ റോഡുകളിൽ ദിവസവും ഓടിക്കുന്നതിനു പെർമിറ്റ് വാങ്ങിട്ടുള്ള ഓർഡിനറി ക്ലാസ്സിൽ എത്ര മോട്ടോർ ബസ്സുകളുടേയും ഫോറികളുടേയും എണ്ണം;

(ബി) ഓരോന്നിന്റേയും പേരും;

(സി) തിരുവിതാംകൂർക്കു പുറം പ്രദേശങ്ങളിലും ഓടിക്കപ്പെടുന്ന ബസ്സുകളുടേയും ലോറികളുടേയും എണ്ണം ഇവ കാണിക്കുന്ന ഒരു വിവരപ്പട്ടിക സഭയുടെ മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ഭാവമുണ്ടോ കൂടാതെ?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) (ബി) (സി) മെംബർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. (ഉപാധ്യായത്തിൽ അനുബന്ധം കാണുക).

മോട്ടോർ ഇൻസ്പെക്ടർമാരുടെ നിരത്തുപരിശോധനയുടെ ആവശ്യം

വക. മി: ടി. കുഞ്ഞുപിള്ള (ഇരണിയൽ-പിള്ളവാകോട്ട): (എ) മോട്ടോർ ഇൻസ്പെക്ടർമാരുടെ എണ്ണം ഇപ്പോൾ എന്തായിരുന്നു?

(ബി) മോട്ടോർ പരിശോധനയ്ക്കിടയിൽ കിട്ടിവരുന്ന ആദായം വഴിച്ചു മോട്ടോർ ഇൻസ്പെക്ടർമാരുടെ ശമ്പളം നിശ്ചയിച്ചിരിക്കുകയാണോ? അതായത് എത്രയെന്നു പറയുന്നതിനു ഗവണ്മെന്റിനു ഭാവമുണ്ടാകുമോ?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) മോട്ടോർ ഇൻസ്പെക്ടരുടെ ശമ്പളം ക്രമം രൂപാ മുതൽ ക്രമം കൊല്ലംതോറുമുള്ള ക്രമം രൂപാ വീതം കൂട്ടി, ക്രമം രൂപാവരെയായിരിക്കുന്നു.

(ബി) മോട്ടോർ ഇൻസ്പെക്ടരുടെ ഉദ്യോഗം നിമിത്തം വരുന്നില്ല. എങ്കിലും ആ ഒഴിവിൽ ആരെ നിയമിക്കുന്നുവെന്നുള്ള കാര്യം ഗവണ്മെന്റിനെ അപേക്ഷിച്ചു ക്രമം രൂപയാണ്.

റന്നി പോലീസ് സബ് ഇൻസ്പെക്ടർ.

വക മി: എം. ആർ. മാധവപ്പാട്ടർ (ചെങ്ങന്നൂർ-പത്തനംതിട്ടയും): (എ) റന്നി പോലീസ് സബ് ഇൻസ്പെക്ടരുടെ അഴിമതികളെക്കുറിച്ചു ആ നാട്ടുകാർ ഒരു മീമഹർജി സമർപ്പിച്ചിട്ടുള്ളതു ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ എന്നു പറയുന്നതിനു ഗവണ്മെന്റിനു ഭാവമുണ്ടാകുമോ?

(ബി) അദ്ദേഹത്തെക്കുറിച്ചു അനവധി ഹർജികൾ പോലീസ് അധികാരികൾക്കു അയച്ചിട്ടുള്ളതായി ഗവണ്മെന്റിനു അറിവുണ്ടോ?

(സി) ഈ ഇൻസ്പെക്ടരെ ഈ രാജ്യത്തെ ശിക്ഷാനിയമപ്രകാരം ശിക്ഷിച്ചിട്ടുള്ളതായി ഗവണ്മെന്റിനു വിവരമുണ്ടോ?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): (എ) ഗവണ്മെന്റിനു കിട്ടിയിട്ടുണ്ട്.

(ബി) ഭൂരിഭാഗം അങ്ങു ഹർജികൾ കിട്ടിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.

(സി) അദ്ദേഹത്തെ തിരുവനന്തപുരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ കോടതിയിൽനിന്നു ശിക്ഷിച്ചതായി അറിയുന്നു. അദ്ദേഹം ശിക്ഷയ്ക്കു അപ്പീൽ ചെയ്തതിൻപ്രകാരം അപ്പീൽ കോടതിയിൽനിന്നു ക്രമം രൂപാ പിഴ ഇടുകയും ചെയ്തു എങ്കിലും തിരുവനന്തപുരം സെഷൻസ്കോടതിയിൽനിന്നു അപ്പീൽ പ്രകാരം പിഴ ക്രമം രൂപയായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ നിയമനങ്ങൾ.

വക മി: ഫ്ലി. ഹ്യൂഗ്വെർഫ് (നിയമിച്ച മെമ്പർ): (എ) ഇപ്പോഴത്തെ രജിസ്ട്രേഷൻ ഡയറക്ടർ ഈ ഡിപ്പാർട്ടുമെന്റിലേക്കു ആരെന്നാണ് ഇടക്കാലിയിട്ട് എത്ര കൊല്ലമായി എന്നും

(ബി) അദ്ദേഹത്തിനെ സഹായിയായി നിയമിക്കുവാനുള്ള ഉദ്യോഗങ്ങളുടെ ക്രമം എന്തെന്നും,

(സി) അദ്ദേഹത്തിനു സൂപ്പർവൈസ് ചെയ്യാൻ മാത്രം അധികാരമുള്ള ഉദ്യോഗങ്ങളുണ്ടെങ്കിൽ അവ ഏവയെന്നും,

(ഡി) അദ്ദേഹത്തിന്റെ ഭരണകാലത്തു നടത്തിയിട്ടുള്ള നിയമനങ്ങളുടേയും അദ്ദേഹം ചെയ്തിട്ടുള്ള ട്രാൻസ്ഫറുകളുടേയും എണ്ണം എത്രയെന്നും,

(ഇ) അങ്ങിനെ നിയമിച്ചിട്ടുള്ളവരിൽ റോമൻ കത്തോലിക്കർ, ഇതര ക്രസ്ത്യാനികൾ, മുഹമ്മദീയർ, ഹിന്ദുക്കൾ ഇവരുടെ എണ്ണം എത്രയെന്നും,

(എഫ്) റോമൻ കത്തോലിക്കരിൽനിന്നുള്ള അപേക്ഷകർ എത്രയെന്നും,

(ജി) ഈ ഡിപ്പാർട്ടുമെന്റിൽ റോമൻ കത്തോലിക്കരെ നിയമിച്ചുകാണണമെന്നതിനു ഗവണ്മെന്റിനു ശ്രദ്ധിക്കുമോ എന്നും, പറയുന്നതിനു ഗവണ്മെന്റിനു ഭാവമുണ്ടാകുമോ?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): (എ) നു കൊല്ലത്തിൽ ആയി.

(ബി) ൪൦ രൂപയിൽ കവിയാത്ത ഉദ്യോഗങ്ങൾക്കു നിയമിക്കുവാനുള്ള അധികാരം ജില്ലാതലത്തിൽ നടത്തുന്നു.

(സി) ബി ഓഗത്തിനുള്ള മറുപടിയിൽ പ്രസ്താവിച്ചതെഴിച്ചുശേഷം എല്ലാ നിയമനങ്ങളും

(ഡി) യഥാക്രമം ൫൦-൬൦-൭൦ വീതമാണ്.

(ഇ) റോമൻ കത്തോലിക്കർ. ൩൧

മറ്റു ക്രിസ്ത്യാനികൾ ൧൯

ബ്രാഹ്മണർ ൧൫

നായർ ൩൫

(എഫ്) പത്തു്.

(ജി) ഡിപ്പാർട്ടുമെന്റിൽ റോമൻ കത്തോലിക്കരെ നിയമിച്ചുവർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ടു്. ഈ വിഷയത്തിനു ഇതു സംബന്ധമായി പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കേണ്ട കാരണം ഗവണ്മെന്റു കാണുന്നില്ല.

മി: എ. ഇഗ്നേഷ്യസ് (നിയമിച്ച മെമ്പർ): നിയമിക്കപ്പെട്ടിട്ടുള്ള കത്തോലിക്കരുടെഎണ്ണം എത്രയാണെന്നു പറഞ്ഞു. എന്നാൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലുള്ള ഏതുതരം ഉദ്യോഗങ്ങൾക്കും ആണ അവർക്കു നിശ്ചിട്ടുള്ളതു എന്നുകൂടി പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇതു മുന്നറിവുതരേണ്ടതുള്ള ചോദ്യമാണ്.

മി: എ. ഇഗ്നേഷ്യസ് (നിയമിച്ച മെമ്പർ): രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലുള്ള കത്തോലിക്കരുടെ വളരെ ഇച്ഛിമായ എണ്ണത്തെ പരിഗണിച്ചു ഗവണ്മെന്റിൽനിന്നു ദയപൂർസ്സരം ഇതേക്കുറിച്ചു ആലോചിക്കുന്നതാണോ എന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഏതു സംഗതിയെക്കുറിച്ചു?

മി: എ. ഇഗ്നേഷ്യസ് (നിയമിച്ച മെമ്പർ): ഒഴിവുകൾ ഉണ്ടാകുമ്പോൾ കൂടുതൽ കത്തോലിക്കരെ നിയമിക്കേണ്ട സംഗതിയെക്കുറിച്ചു ഇപ്പോൾ മൂന്നുപേർ മാത്രമേ ഉള്ളു. അവർതന്നെ ഡിപ്പാർട്ടുമെന്റിൽ മൊത്തം ശിപായിയോ ഗുമസ്തനോ ആരാണെന്നു എനിക്കു അറിഞ്ഞുകൂടാ.

ആല്യൂക്കുട്ടൻ: (ജി) വിഭാഗത്തിനുള്ള മറുപടിയിൽ വിവരമടങ്ങിയിരിക്കുന്നു.

മി: എ. ഇഗ്നേഷ്യസ് (നിയമിച്ച മെമ്പർ): ഈ ഡിപ്പാർട്ടുമെന്റിൽ വളരെ ചുരുക്കം കത്തോലിക്കരേ ഉള്ളു. അവർ ഏതുതരം ഉദ്യോഗം വഹിക്കുന്നവരാണെന്നു പറയുവാൻ ചീഫ്സെക്രട്ടറിക്കു കഴിയുകയില്ലേ. ആയതിനാൽ ഈ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗാർഹിതരായുള്ള കത്തോലിക്കരുടെ വളരെ ചുരുക്കിയഎണ്ണത്തെ ഓർത്തു ഡിപ്പാർട്ടുമെന്റിൽ താമിയിപ്പുണ്ടാകുന്ന നിയമനാവസരങ്ങളിൽ ഉദ്യോഗാർഹിക്കു അവർക്കുള്ള അവകാശങ്ങളെക്കുറിച്ചു ആലോചിക്കപ്പെടുന്നതാണെന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: ആർ. കൃഷ്ണപിള്ള (ഗവണ്മെന്റു ചീഫ്സെക്രട്ടറി): രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ പ്രവേശനാർത്ഥികളായുള്ളവർ ആദ്യമായി ഒരു പ്രവേശനപ്പരീക്ഷ പാസാകേണ്ടതുണ്ടു്. പ്രവേശനപ്പരീക്ഷാവിജയത്തിനുശേഷം ൨൩ ഇപ്രകാരം അതിൽക്കൂടുതലും ശമ്പളമുള്ള ഉദ്യോഗങ്ങളിലേക്കു അവർ പ്രമോഷൻ ചെയ്യപ്പെടണമെങ്കിൽ ൬൫ ശതമാനം രജിസ്ട്രേഷൻ പരീക്ഷ അവർ ജയിക്കേണ്ടതായിരിക്കുന്നു.

മി: എ. ഇഗ്നേഷ്യസ് (നിയമിച്ച മെമ്പർ): കത്തോലിക്കർ ഈ പരീക്ഷകളിൽ എല്ലാം ജയിക്കുവാൻ കഴിയുമെങ്കിൽ മാത്രം അവരെ ഈ ഡിപ്പാർട്ടുമെന്റിൽ നിയമിച്ചാൽ മതി, അവർക്കു സൌജന്യം നൽകണമെന്നു ഞാൻ അഭ്യർത്ഥിച്ചിട്ടില്ല.

പരീക്ഷകന്മാരുടേയും അസിസ്റ്റന്റു പരീക്ഷകന്മാരുടേയും സംഖ്യകൾ.

വന്നു. മി: എ. ഇഗ്നേഷ്യസ് (നിയമിച്ച മെമ്പർ): (എ) ൧൦൭൯ മുതൽ ൧൦൮൯ വരെയുള്ള പത്തു കൊല്ലക്കാലങ്ങളായി ഇംഗ്ലീഷും മലയാളവും സ്കാൻലീവിംഗ് പരീക്ഷകളുടെ പരീക്ഷകസംഘത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളവരുടെ പേരുകളും അവർ ഏതു സ്കൂളുകളിലൊ കോളേജുകളിലൊ നിന്നു എടുക്കപ്പെട്ടവരാണെന്നും അതുപോലെ ഓരോരുത്തരും ഈ സംഘങ്ങളുമായി ഏതു കൊല്ലം വീതമായി എന്നും,

(ബി) അതേകാലയളവിൽ അതേ പരീക്ഷകൾക്കും പ്രധാന പരീക്ഷകന്മാരായിരുന്നവരുടെ പേരും അവർ ഏതു സ്കൂളുകളോ കോളേജുകളോ ആയി ബന്ധപ്പെട്ടവരാണെന്നും അവർ പരീക്ഷിച്ചതായ വിഷയങ്ങളും ഏതുവരെയെന്നും,

(സി) അതേകാലയളവിൽ അതേ പരീക്ഷകൾക്കും അസിസ്റ്റന്റു പരീക്ഷകന്മാരായിരുന്നവരുടെ പേരുകളും അവർ ഏതു സ്കൂളിലൊ കോളേജുകളിലൊ ഉള്ളവരാണെന്നും അവർ പരിശോധിച്ചതായ വിഷയങ്ങളും ഏതുവരെയെന്നും കാണിക്കുന്ന ഒരു വിവരപ്പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) (ബി) (സി) മെമ്പർ ആവശ്യപ്പെട്ടതുപോലുള്ള ലിസ്റ്റ് വളരെ വലിപ്പമുള്ളതാകയാൽ അച്ചടിക്കാൻ കഴിവില്ല. ആയതു പരിശോധിക്കണമെങ്കിൽ നിയമനിർമ്മാണസഭാസെക്രട്ടറിയുടെ ആപ്പീസിൽ കിടപ്പുണ്ടാണ്. അസിസ്റ്റന്റു പരീക്ഷകന്മാർ ഏതു സ്കൂളുകളോടോ കോളേജുകളോടോ ബന്ധപ്പെട്ടവരാണെന്നുള്ള വിവരം ചിലരുടെ കാര്യത്തിൽ ലിസ്റ്റിൽ ചേർത്തിട്ടില്ല. ഈ സംബന്ധമായി കൂടുതൽ വിവരങ്ങൾ തേടേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നുമില്ല.

മി: എ. ഇഗ്നേഷ്യസ് (നിയമിച്ച മെമ്പർ): ഈ സംഘങ്ങളിൽ എത്ര ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു?

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെന്റു സെക്രട്ടറി): ലിസ്റ്റ് എന്റെ കൈവശം ഇവിടെയുണ്ടു് ഞാൻ അതു മി: ഇഗ്നേഷ്യസിന്റെ പക്കൽ തരാം, നോക്കിക്കൊള്ളുക.

മി: എ. ഇഗ്നേഷ്യസ് (നിയമിച്ച മെമ്പർ): ഞാൻ ആയതു സഭയുടെ അറിവിനായിട്ടാണാവശ്യപ്പെട്ടതു്.

മി: എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ്സെക്രട്ടറി): മിസ്റ്റർ വള്ളരെ കൊണ്ടുമേറിയ ഒന്നാണ്. ആ സ്ഥിതിയിൽപ്പെട്ടവരുടേയും പേരുകൾ ധാരാളം മിസ്റ്റിൽ ഞാൻ കാണുന്നുണ്ട്. ഞാൻ കണക്കെടുത്തിനോക്കിയില്ല.

അനുബന്ധം.

(വക—ാം പ്രശ്നത്തിനുള്ള മറുപടി നോക്കുക).

ദൂരവ്യക്തം	ഓടുന്ന ബസ്സുകളുടെ എണ്ണം	ഓടിക്കപ്പെടുന്നവയുടെ എണ്ണം		ഉടമ—ടൻ
		തിരുവിതാംകൂർകാരുടെ	വിദേശികളുടെ	
തിരുവനന്തപുരം—നാഗർകോവിൽ	൨൩			കെ ടൻ ചാസൽസ് വാഹനങ്ങൾ ൪ കള്ളിക്കാട്ടിൽ ൪ കുടുംബിനിവിലാസം ൪
തിരുവനന്തപുരം—കൊല്ലം	൫	൩൫	൫൪	൨ കുടുംബിനി ൩ ൩ കുടുംബിനി ൨
കോട്ടാർക്കര—കോട്ടയം	൩			൩ കുടുംബിനി ൨
കോട്ടയം—മുണ്ടക്കയം	൫ ൪			൨ കുടുംബിനി ൩
				ആകെ ൨൪

അല്പവിരാമം (തുടർച്ച).

൨൦-ാം അല്പവിരാമം—വിദ്യാഭ്യാസം (തുടർച്ച)

ഉപക്ഷേപം ൨൫൦.

അദ്ധ്യക്ഷൻ: മിസ്റ്റർ നാരായണപിള്ള നിങ്ങളുടെ ൨൫൦-൨൫൫-ാം നമ്പർ ഉപക്ഷേപങ്ങളും ഒന്നിച്ചു പ്രതിവാദിക്കപ്പെടണമെന്നു നിങ്ങൾ ആവശ്യപ്പെട്ടവല്ലോ. അവ രണ്ടുവിധമായ രണ്ടു പ്രത്യേക ഇനങ്ങളായിട്ടാണു കാണുന്നത്. അതുകൊണ്ടു അവ പ്രത്യേകം പ്രത്യേകം പ്രതിപാദിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവയിൽ ഒന്നിനേക്കുറിച്ചുള്ള എന്റെ വാദങ്ങൾ ഇപ്പോൾ പ്രസ്താവിക്കാം. മറ്റതിനെക്കുറിച്ചുള്ളതു പ്രത്യേകം പറഞ്ഞുകൊള്ളാം, താഴെ പറയുന്ന ഉപക്ഷേപം ഞാൻ ഫാജരാക്കിക്കൊള്ളുന്നു.

൨൫൦. ഇൻസ്പെക്ടറന്മാരെ സംബന്ധിച്ചുള്ള ൩൭,൭൫൫ രൂപായിൽ ൨൦൦ രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപംകൊണ്ടു ഈ രാജ്യത്തുള്ള മലയാളം പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ സ്ഥിതിയെപ്പറ്റി ആലോചിക്കുന്നതിനു ശവണ്മെൻറിന്റെ ശ്രദ്ധയെ ആകർഷിക്കണമെന്നാണു ഞാൻ ഉദ്ദേശിക്കുന്നതു്. മലയാള്സ്കൂളുകളും, മിഡിൽസ്കൂളുകളും, പ്രാഥമിക വകുപ്പുകളും ഉൾപ്പെടെ ആൺകുട്ടികൾക്കായുള്ള മലയാളം പള്ളിക്കൂടങ്ങളിൽ ഉള്ള ഏകദേശം ൪,൦൦൦ അദ്ധ്യാപകന്മാർ മലയാളം പള്ളിക്കൂടം ഇൻസ്പെക്ടരുടെ കീഴിലുണ്ട്. ഈ അദ്ധ്യാപകന്മാരിൽ ഭൂരിപക്ഷം ആളുകൾക്കും നൽകിവരുന്ന താഴ്ന്ന ശമ്പളം അശേഷവും മതിയായ മന്നല്ലെന്നുള്ള വസ്തുത ഈ സഭാംഗങ്ങളിലെ പല പ്രാവശ്യവും കൊണ്ടുവന്നിട്ടുണ്ട്.

അദ്ധ്യക്ഷൻ: മലയാളം പള്ളിക്കൂടങ്ങൾക്കു ആകെയുള്ള സംഖ്യയിൽ കുറവുചെയ്യണമെന്നുള്ള ൨൫൭-ാം ഉപക്ഷേപത്തിലാണു ഈവിഷയം ന്യായമായി ഉൾപ്പെട്ടുന്നതു്. ഇൻസ്പെക്ടറന്മാരെക്കുറിച്ചാണു നിങ്ങൾ പറയാൻ പോകുന്നതു് എന്നാണു ഞാൻ കരുതിയതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഇൻസ്പെക്ടറന്മാരെപ്പറ്റി പറയാൻ ഭാവിക്കുകയാണ്.

ഈ അദ്ധ്യാപകന്മാരുടെ ശമ്പളത്തിന്റെ അതൃപ്തികരമായ നിലയെപ്പറ്റി മുന്നാമധ്യസരത്തിൽ ഈ സഭയിൽവച്ചു വാദപ്രതിവാദം നടത്തിയപ്പോൾ, രാജ്യത്തെ വിദ്യാഭ്യാസവകുപ്പിന്റെ അന്നത്തെ അദ്ധ്യക്ഷനായിരുന്ന മിസ്റ്റർ ഫാഡ്സൺ, വിദ്യാസമ്പാദനത്തിനുള്ള ചിലവു കുറഞ്ഞിരിക്കണമെങ്കിൽ അദ്ധ്യാപകന്മാർക്കു ഇപ്പോഴുള്ള ശമ്പളം മാത്രം കൊടുക്കുന്നതിനേ കഴിവുള്ളു എന്നു പ്രസ്താവിക്കയുണ്ടായി. എന്നാൽ വിദ്യാഭ്യാസവകുപ്പിന്റെ ഭരണം നടത്തുന്ന ആളുകൾക്കു ഈ അദ്ധ്യാപകന്മാരുടെ സ്ഥിതിയെപ്പറ്റി അല്പവും അറിഞ്ഞുകൂടാ എന്നു പറയേണ്ടിയിരിക്കുന്നു. മേല്പറഞ്ഞ വ്യവസ്ഥയിൽനിന്നു ഈ അദ്ധ്യാപകന്മാരിൽ ഭൂരിഭാഗം ആളുകൾക്കും ൨൫ രൂപയേ ശമ്പളമുള്ളു എന്നു കാണാവുന്നതാണ്. എന്നാൽ ഇപ്പോഴത്തെ കാലസ്ഥിതിക്കും ഈ വിഷമസ്ഥയ്ക്കും തക്കവണ്ണം മെച്ചമായി ന്യായമായി ജീവിതസന്ധാരണം കഴിയുന്നതിനു ഈ ശമ്പളം ഒട്ടും മതിയാകുന്നതല്ല, എന്നതുതന്നെ

യല്ല, ഈ അദ്ധ്യാപകന്മാർക്ക തങ്ങളുടെ തൊഴിലിന്റെ അന്തസ്സിനുമായ വിധത്തിൽ ജീവിക്കുകയും അവശ്യസംഖ്യാപ്പിക്കുവേണ്ടുവിധം വസ്തുധാരണം ചെയ്യുകയും വേണ്ടിയിരിക്കുന്നു. സംഗതികളിങ്ങനെ ഇരിക്കെ, ഒരു അദ്ധ്യാപകനെ സ്വദേശത്തുനിന്നും കണ്ടമാനം സ്ഥലംമാറ്റുന്നതു നീതീകരിക്കത്തക്ക പ്രവൃത്തിയാണോ എന്നു ഒരു ന്യായമായ ചോദ്യത്തിനു അവകാശമുണ്ടാകുന്നു. സർ, അദ്ധ്യാപകന്മാരെ കഴിവുള്ളിടത്തോളം സ്വദേശങ്ങളിൽത്തന്നെ വച്ചുകൊണ്ടിരിക്കണമെന്നുള്ളതിനെക്കുറിച്ചു ഗവർണ്മെന്റിൽനിന്നു നോട്ടീസ് ചെയ്യുകയും വേണ്ട ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്നു എനിക്കു അറിയാം. ഈ നിയമത്തിന്റെ ഗുണദോഷങ്ങൾ വിചാരിക്കുന്നതു വളരെ സങ്കീർണ്ണമായിരിക്കുന്നതിനാൽ ഞാൻ ഇപ്പോഴൊന്നും ഒന്നോരവസരത്തിൽ ഗവർണ്മെന്റിനെ പ്രത്യേകം ചെയ്യുന്നതിനും അദ്ധ്യാപകന്മാരുടെ നന്മക്കായി അവരെ അനാവശ്യമായി സ്വദേശങ്ങളിൽനിന്നു സ്ഥലംമാറ്റാതിരിക്കുന്നതിനു ആവശ്യമുള്ള നടപടികളും നടത്തണമെന്നും അപേക്ഷിക്കുന്നതിനും ഞാൻ നിർബന്ധിതനായിട്ടുണ്ട്. ആ അവസരത്തിൽ ഈ അദ്ധ്യാപകന്മാരുടെ സ്ഥലംമാറ്റത്തിനുള്ള കാരണങ്ങളും പ്രസ്താവിക്കേണ്ട ആവശ്യം ഒട്ടുംതന്നെ ഇപ്പോഴത്തെ ഗവർണ്മെന്റിൽനിന്നു പ്രതീക്ഷിക്കുകയുണ്ടായി. ഈ സ്ഥലംമാറ്റങ്ങളിലും ഒരു എതെങ്കിലും ന്യായമായ കാരണങ്ങളും ഉണ്ടെന്നു പൂർണ്ണമായി വിശ്വസിക്കുന്നതിനുള്ള കൂട്ടത്തായി അന്വേഷിക്കുന്നതിനു ഗവണ്മെന്റിനു തയ്യാറില്ലെന്നും ആ പ്രശ്നത്തിനു മറുപടി നൽകാൻ അധികൃതനായിരുന്ന എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ പുരമേശ്വരയ്യർ പറഞ്ഞു. ഗവണ്മെന്റിൽനിന്നു ഈ വിഷയത്തെക്കുറിച്ച് അന്വേഷിക്കുകയാണെങ്കിൽ അദ്ധ്യാപകന്മാർക്ക വലിയ കഷ്ടതകളും നേരിടുവിക്കത്തക്കവിധത്തിലാണു പരിശോധനോദ്യോഗസ്ഥന്മാർ സ്ഥലംമാറ്റങ്ങളും വരുത്തുന്നതെന്ന് കാണാവുന്നതാണെന്നാണ് ഞാൻ ബോധിപ്പിച്ചുകൊള്ളുന്നതു്. ഒരു അദ്ധ്യാപകനെ സ്വദേശത്തുതന്നെ വച്ചുകൊണ്ടിരിക്കയാണെങ്കിൽ ഒരുപക്ഷേ അയാൾക്കു അദ്ധ്യാപകനായി കിട്ടുന്ന ശമ്പളം കൊണ്ടു ഉപജീവനം കഴിച്ചുകൂട്ടാൻ കഴിയുന്നതാണ്. എന്നാൽ അയാളെ അവിടെനിന്നു ഒരു ഉദ്യോഗസ്ഥത്തേക്കു മാറ്റുകയാൽ, യവണ്മെന്റിൽനിന്നു അയാൾക്കു കൊടുക്കുന്ന പതിനാലുരൂപാകൊണ്ടു ഒരു പാചകനെയും സഹായത്തിനായി ഒരുവനേയും വയ്ക്കുന്നതിനോ, വീട്ടുവാടക കൊടുക്കുന്നതിനോ, മറ്റൊന്നിനെക്കുറിച്ചുമോ മതിയാകുന്നതാണോ എന്നു ഒരു ചോദ്യം ഉണ്ടാകുന്നു. അതാണ് ഗവണ്മെന്റിന്റെ ശ്രദ്ധയായ ശ്രദ്ധയെ അഹിക്കുന്ന വിഷയം. അങ്ങനെയുള്ള സ്ഥലംമാറ്റത്തിനുള്ള കാരണങ്ങൾകൂടി രേഖപ്പെടുത്തിയിരിക്കണമെന്നു ഞാൻ ബോധിപ്പിച്ചിക്കുന്നു. കാരണങ്ങൾ രേഖപ്പെടുത്തിയിരുന്നു എങ്കിൽ ഇപ്രകാരമുള്ള സ്ഥലംമാറ്റങ്ങൾ ന്യായീകരിക്കത്തക്കവയാണോ എന്നു കണ്ടുപിടിക്കുവാൻ ഗവണ്മെന്റിനു എളുപ്പത്തിൽ കഴിയും. അങ്ങിനെ രേഖപ്പെടുത്താതിരിക്കുന്നിടത്തോളം, ഡിപ്പാർട്ടുമെന്റിലെ ചില പ്രത്യേക സംഘങ്ങൾ നിമിത്തമോ, അതല്ല അദ്ധ്യാപകന്റെ നടപടി ദുഷ്പ്രമോ മുതലായ കാരണങ്ങളാലാണു സ്ഥലം മാറ്റിയിട്ടുള്ളതു് എന്നു ഒഴിവുകഴിവു പറയുവാൻ സാധിക്കുന്നതും അങ്ങിനെ പുറപ്പെടുവിക്കുന്ന സ്ഥലം മാറ്റത്തിനുള്ള ദുഷ്പേരത്തെ ഒരുവനും ഖണ്ഡിക്കാൻ കഴിയുന്നതുമല്ല. ഈ അദ്ധ്യാപകന്മാരുടെ സ്ഥിതി വളരെ ദയനീയവും ആയതിനാൽ അവരുടെ ചിലവു ചുരുക്കുന്നതിനായി അവശ്യം ചെയ്യപ്പെടുന്ന ഏതു യത്നവും വളരെ ആദരണീയവും ആകുന്നു. പുറമേ ഇറങ്ങി നടക്കുന്നതിനു് വേണ്ട വസ്ത്രധാരണാദി മറ്റു കാര്യങ്ങൾക്കു മാത്രമേ അദ്ധ്യാപകനു കൊടുത്തുവരുന്ന ഫീസ് രൂപാകൊണ്ടു മതിയാകുന്നുള്ളൂ. ഒരുപക്ഷെ അവരിൽ ചിലരെ ആളുകളും പട്ടിണികൊണ്ടുതന്നെ ചിലവുകഴിക്കുവായിരിക്കാം. അല്ല അദ്ധ്യാപകന്മാർ ഒരു നല്ല അന്തസ്സിൽ കഴിഞ്ഞുകൂടുകയാണെന്നും അതുകൊണ്ടു അവർക്കുള്ള ശമ്പളം വർദ്ധിപ്പിക്കേണ്ട ആവശ്യമില്ലെന്നും അല്ലായിരിക്കാം ഗവണ്മെന്റു ധരിച്ചിരിക്കുന്നതു്. എന്നാൽ വയറിൽ കാറു കടന്നാലത്തെ സ്ഥിതി ഉദ്ദ്യമാകുമല്ലൊ. അദ്ധ്യാപകന്മാരെ ഈ നിലയ്ക്കു വിട്ടു ജോലിചെയ്യിക്കുക എന്നുള്ളതിനെക്കുറിച്ചു ആലോചിക്കുവാൻപോലും ന്യായമല്ല. മതാടുപുയോ മീനച്ചിലോ ഉള്ളോഗമുള്ള എന്റെ നാട്ടുകാരനായ ഒരു അദ്ധ്യാപകനെ എനിക്കറിയാം. ദിവസവും കാലത്തു വൈകുന്നേരം ഏകദേശം പാകം ചെയ്യേണ്ടിയിരിക്കുന്നു. അതുകഴിഞ്ഞു വിയർത്തുകുളിച്ചു ആ അദ്ധ്യാപകൻ സ്കൂളിൽപോകേണ്ടിയിരിക്കുന്നു. അടുക്കളയിലെ അത്തരം ജോലികൾക്കു ശേഷം ഒരദ്ധ്യാപകനു തന്റെ കീഴിലുള്ള വിദ്യാർത്ഥികളുടെ കാര്യത്തിൽ മനസ്സുറപ്പിക്കുന്നതിനു എത്രമാത്രം സാധിക്കുന്നതാണെന്നുള്ളതു് ഊഹിച്ചറിയാൻ കഴിയുന്നതാണ്. അയാൾ സ്വാധീനമനയായി മനഃപൂർവ്വമല്ലെങ്കിലും, നിർഭാഗ്യവശാലായി തീരുകയും ഏകദേശം രോഗകരനേരം ഒരു രണ്ടുമണിയോടുകൂടി അരപ്പട്ടിണിയിലുള്ള ഊഞ്ഞിത്തോട്ടുകൂടി അതിൽനിന്നു ഉണരുകയും ചെയ്യുന്നു. അല്ലാതെകണ്ടു ഈ സ്ഥിതികൾക്കനുരൂപമായ അപൂർണ്ണവും അതുപുഷ്കിരവും ആയ ഉപദേശങ്ങളും നൽകുവാനെ അയാൾക്കു സാധിക്കുകയുള്ളൂ. ഈ അദ്ധ്യാപകന്മാരുടെ സ്ഥിതിയെക്കുറിച്ചു ആലോചിക്കുമ്പോൾ അനീതിയായും അനാവശ്യമായും തോന്നുന്ന സ്ഥലം മാറ്റങ്ങൾ എല്ലാം തിരുത്തേണ്ടതിനു വേണ്ട നടപടികളും ഗവണ്മെന്റിൽനിന്നു നടത്തേണ്ടതു ഏറ്റവും ആവശ്യമായിരിക്കുന്നു എന്നാണ് ഞാൻ ബോധിപ്പിക്കുന്നതു്. കഴിവുള്ളിടത്തോളം അവരെ സ്വദേശങ്ങളിൽ തന്നെയോ ഇല്ലെങ്കിൽ അതിനടുത്ത സ്ഥലത്തോതന്നെ വച്ചുകൊണ്ടിരിക്കേണ്ടതാണ്.

പെൺപള്ളിക്കൂടങ്ങളിലേക്ക് നിയമിക്കപ്പെടുന്ന അദ്ധ്യാപകന്മാരുടെ കാര്യം ഇതിലും വളരെ കഷ്ടമാണ്. ഈ പെൺകുട്ടികൾക്കു നേരിടുന്ന കഷ്ടതകളെക്കുറിച്ചു പെൺപള്ളിക്കൂടം ഇൻസ്പെക്ടറുമാരെപോലും അറിയുന്നില്ല. ഇവരിൽ മിക്കവാറും പെൺകുട്ടികളും നന്നാകേറപ്പെടാത്തവരും എന്നാൽ മിഡിൽസ്കൂളോ ഹയ്യറോ ഏതെങ്കിലും പരീക്ഷയോ തീർത്തവരും സമ്പാദിച്ചു കഴിഞ്ഞു ഓരിദ്ദ്യബോധിതരായ അവർ ഉദ്യോഗസാദ്ധ്യതകൾ അന്വേഷിച്ചു പുറപ്പെടുന്നതിനു നിർബന്ധിതരായുള്ളവരും ആകുന്നു. സയിൽ സമർപ്പിച്ചിരിക്കുന്ന ബഡ്ജറ്റു നോക്കിയതിൽ ഈ പെൺകുട്ടികൾക്കും നിശ്ചയിച്ചിട്ടുള്ള ശമ്പളം സാമാന്യമായി ഫീസ് രൂപാ തന്നെയാണെന്നാണ് ഞാൻ കാണുന്നതു്. അങ്ങിനെയുള്ള ഈ പെൺകുട്ടികളിൽ ആരെ എങ്കിലും അവരുടെ സ്വദേശത്തുനിന്നു ഒരു ദൂരസ്ഥലത്തേക്കു സ്ഥലം മാറ്റുകയാണെങ്കിൽ അവർ എങ്ങിനെയാണു ഒരു സ്ത്രീയുടെ സഹായമില്ലാതെ അങ്ങോട്ടു പുറപ്പെടുന്നതു്? അതു വളരെ വിഷമമാണ്. അപ്രകാരമെ അമ്മയേയോ അല്ലെങ്കിൽ രക്ഷകർത്തായേയോ കൊണ്ടുപോകേണ്ടിയിരിക്കുന്നു. അങ്ങിനെ ഒരു സ്ത്രീബന്ധുവിനെ കൊണ്ടുപോകാത്തപക്ഷം ഒരു വേലക്കാരിയുടെ ആവശ്യം വളരെ അധികമുണ്ടു. ഈ സ്ത്രീകളുടെ ഗമനാഗമബന്ധമായ സകല ചിലവുകളും ഈ ഫീസ് രൂപാകൊണ്ടു നടത്തേണ്ടിയിരിക്കുന്നു. സർ, തൽമൂലം ഒരു അദ്ധ്യാപികയ്ക്ക് നേരിടുന്ന ക്ലേശങ്ങളും മാരിളവും എത്രമാത്രമാകുന്നു നമുക്കു ഏവർക്കും ഊഹിക്കാൻ കഴിയുന്ന ഒന്നാകുന്നതാണ് ഞാൻ

ബോധിപ്പിച്ചുകൊള്ളുന്നത് അദ്ധ്യാപകരുടെ അവകാശ സംബന്ധിച്ചു വിവേകശൂന്യമായ സ്ഥലംമാറ്റം നിമിത്തമു ണ്ടാകുന്ന കഷ്ടതകൾ വളരെ വിചിത്രമായിരിയ്ക്കുന്നതാണ്. എന്നതന്നെയല്ല, ഇങ്ങിനെ അനേകം നിവൃത്തിഹീനമായ ഒരു പ്രവൃത്തിൽ എത്തുമ്പോൾ വിചാരിക്കാവുന്നതും വിചാരിക്കാൻ കഴിവില്ലാത്തതും ആയ പല ദുഃഖങ്ങളിലും സ്ത്രീപുരുഷാദ്ധ്യാപകന്മാർ ഏർപ്പെട്ടുന്നതിനു പ്രേരിതരാകുന്നു. ഭർത്താവും ഭാര്യയും തമ്മിലുള്ള ഒരു പോരാട്ടമാണ് ഇത് എന്നുള്ളതിനാൽ നടപടിക്രമത്തെപ്പറ്റി ആലോചിക്കുന്നതിനുതന്നെ നിവൃത്തിയില്ലാതാകുന്നു. അതുകൊണ്ടാൽ ഇത്തരം അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഈ അദ്ധ്യാപകന്മാരെ വിവാഹം ചെയ്തും അദ്ധ്യാപികമാരെ സ്വദേശങ്ങളിൽതന്നെ കഴിയുന്നതും വച്ചുകൊണ്ടിരിക്കണമെന്നുള്ളതിന്റെ ആവശ്യകതയേയും ഔചിത്യത്തേയും കുറിച്ചു ആലോചിക്കുന്നതിനു ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയെ ബലമായി ആകർഷിക്കപ്പെട്ടുകൊള്ളുന്നു. ഈ വിഷയത്തിലേക്കു ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കണമെന്നുള്ളതിനുവേണ്ടിയാണ് ഞാൻ ഉപക്ഷേപം കൊണ്ടു വന്നിട്ടുള്ളത്. ഞാൻ മുമ്പാരവസരത്തിൽ ഇതെപ്പറ്റി ഗവണ്മെന്റിനെ പ്രസ്താവം ചെയ്തു. എന്നാൽ അതിനു നടുക്കിയ മറുപടി ഏറ്റവും അതൃപ്തികരമായ മിന്നായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നതിനാൽ ഞാൻ വ്യസനിക്കുന്നു. ഇതുംപറഞ്ഞു ഈ ഉപക്ഷേപത്തെ സഭാ സ്വീകരണത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

മി: എ. ഹ്യഗ്സ്വർഫ് (നിയമിച്ച മെമ്പർ): സർ, മിസ്റ്റർ നാരായണപിള്ളയുടെ പ്രമേയത്തെ പിന്താങ്ങുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഈ പ്രധാനസംഗതി സഭാസംക്ഷമത്തിനു അല്പകാലം വെച്ചു വാക്കിയതായി കാണുന്നതിൽ എനിക്കു അതിരറ്റ സന്തോഷമുണ്ട്. സന്മാർഗ്ഗതത്വം എന്ന മറ്റൊരു പ്രധാനകാരണംകൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നത്. ഒരു കത്തോലിക്കനായ മാപ്പിളയെ വിവാഹം ചെയ്ത ഒരു യുവാവ് മാപ്പിളയെ വീട്ടിൽ വിട്ട ഇതരമിക്കകളിൽപോകുക എന്നതു അത്ര ആശാസ്യമായുള്ളതല്ല. അതിന്റെ ഫലം അയാൾക്കു കപ്പൽവേലക്കാരെപോലെ "അടുക്കുന്ന സ്ഥലത്തെല്ലാം ഒരോരോഹാരിണി"യെ ഉണ്ടാക്കുകയായിരിക്കും (ചിരി).

അദ്ധ്യക്ഷൻ: അവർ എന്തിനാണ് മാപ്പിളമാരെ വീട്ടിലാക്കിയിട്ടുപോകുന്നത്?

മി: എ. ഹ്യഗ്സ്വർഫ് (നിയമിച്ച മെമ്പർ): മാരിപ്രേമംകൊണ്ടുതന്നെ; എന്നാണല്ലോ മിസ്റ്റർ നാരായണപിള്ള പറഞ്ഞത്.

സ്ത്രീകളുടെ കഥ ഇതിലുമേറെ സ്നേഹമാണ്. ആ സംഗതിയേക്കുറിച്ചും മിസ്റ്റർ നാരായണപിള്ള ശക്തിയായി പ്രസ്താപിച്ചുകാണുന്നതു വളരെ സന്തോഷാവഹമത്രെ. തങ്ങളുടെ ഭർത്താക്കന്മാർ താമസിക്കുന്ന സ്ഥലങ്ങളിലേക്കു സ്ഥലം മാറിക്കൊടുക്കണമെന്നു ഇൻസ്ട്രക്ഷ്ൻസിനോടു പ്രചാരം ചെയ്യണമെന്നു അനവധി ആളുകൾ എന്നോടു ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സംഗതിയിൽ എനിക്കു പൂർണ്ണമായ അനുഭാവമുണ്ടെന്നു വരികിലും കണിശക്കാരിയായ മിസ്സ്. കാരപ്പീറിനെ ഇതേക്കുറിച്ചു കണ്ടു സംസാരിക്കാൻ വാസ്തവത്തിൽ എനിക്കു ധൈര്യമുണ്ടായിരുന്നില്ല. ഈശ്വരനാൽ സംഘടിപ്പിക്കപ്പെട്ട ദമ്പതികളെ വേർപെടുത്തുന്നതു മനുഷ്യരല്ല (ചിരി). സകുടുംബംവിട്ടു ദൂരപോകുക എന്നതു ഒരു പുരുഷനു അശ്ലേഷവും യോജിച്ചതല്ല. അതിലും ക്ലേശങ്ങൾ കഷ്ടമാണു ഒരു സ്ത്രീക്കു സ്വഭർത്താവിനെവിട്ടു ദൂരസ്ഥലങ്ങളിൽ പോകുക എന്നുള്ളതു്. മാന്യനായ അദ്ധ്യക്ഷൻ പറഞ്ഞതുപോലെ ഒരു പുരുഷൻ കഴിവുള്ളപക്ഷം സ്വഭാര്യയെക്കൂടി കൊണ്ടുപോകാവുന്നതാണ് എന്നാൽ ഒരു സ്ത്രീക്കോ, തന്റെ ഭർത്താവിനെ എങ്ങിനെ കൊണ്ടുപോകുവാൻ കഴിയും? ഒരുപക്ഷേ അദ്ദേഹം മറ്റൊരു സ്ഥലത്തും ഉദ്യോഗമുള്ളയാളായിരിക്കാം. തന്റെ ഭാര്യയുമായിച്ചുപോണമെന്നുള്ളപക്ഷം ഭർത്താവിനു ഉദ്യോഗം കളയേണ്ടതായിരിക്കുന്നു എങ്കിൽ അതു വളരെ കഷ്ടമാണ്. ഭർത്താവിനു ഉദ്യോഗവുമുണ്ടെന്നുമില്ല, ഭാര്യയുമൊന്നിച്ചുപോകയും ചെയ്യുന്നു എന്നവരികിൽ അല്പാകൃത ഒരു സ്ത്രീക്ക് അവർ സ്ഥലംമാറ്റപ്പെട്ട സ്ഥലത്തെ തന്റെ ഭർത്താവിനെകൂടി കൊണ്ടുപോകുവാൻ സാധിക്കുന്നതല്ല. ഈ സ്ഥിതിക്കു ഭർത്താവിന്റെ സാഹചര്യമില്ലാതെ ഒരു ഭാര്യ തനിച്ചു താമസിക്കേണ്ടിയിരിക്കുന്നു എന്നുള്ള ഏറ്റവും ഒഴിവാൻതരുന്നതായാണ്. ഇതുകൊണ്ടു വലിയ വിപത്തുകൾ ഉണ്ടാകാം. അതുകൊണ്ടു അദ്ധ്യാപകരായ മനുഷ്യരുടെ കാര്യത്തിൽ ഈ സംഗതി വളരെ മുൻനിർത്തി പ്രവർത്തിക്കുന്നതു സന്മാർഗ്ഗശ്രേഷ്ഠത്തിനും ഏറ്റവും നന്നായിരിക്കുമെന്നു ഞാൻ വിദ്യാഭ്യാസഡയറക്ടർ അടുത്ത താഴ്മയായി ബോധിപ്പിച്ചുകൊള്ളുന്നു.

മി: ജെ. സ്റ്റീഫൻസൺ (ആക്ടിങ് വിദ്യാഭ്യാസഡയറക്ടർ): സർ, മിസ്റ്റർ. പി. കെ. നാരായണപിള്ള മുമ്പു ചോദിച്ചതിനുള്ള പുറപ്പെടുവിച്ചതനുസരിച്ചു താമസിക്കുന്നു. ഇന്നാമതായി അദ്ധ്യാപകന്മാരുടെ അവരുടെ സ്വദേശങ്ങളിൽ നിന്നു സ്ഥലം മാറുന്നതിനു മുമ്പു അവർക്കനേരിടുന്നകഷ്ടതകളെപ്പറ്റിയാണ്. അതേ സംബന്ധിച്ചു അദ്ധ്യാപകന്മാരെ നിവൃത്തിയുള്ളിടത്തോളം അവരുടെ സ്വദേശങ്ങളിൽതന്നെ വച്ചുകൊണ്ടിരിക്കേണമെന്നതാണെന്നു വിദ്യാഭ്യാസവകുപ്പിൽ നിന്നു ഉത്തരവുകൾ കൊടുത്തിട്ടുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അമ്പലപ്പുഴ താലൂക്കുകാരായ എത്ര അദ്ധ്യാപകന്മാരെ അമ്പലപ്പുഴ താലൂക്കിൽ തന്നെ വച്ചുകൊണ്ടിരിക്കുന്നുണ്ടെന്നു ഞാൻ മിസ്റ്റർ. സ്റ്റീഫൻസണോടു ചോദിച്ചു കൊള്ളുന്നു.

മി: ജെ. സ്റ്റീഫൻസൺ (ആക്ടിങ് വിദ്യാഭ്യാസഡയറക്ടർ): എനിക്കു ആ വിവരത്തിനു പെട്ടന്നൊരു മറുപടി പറയുവാൻ നിവൃത്തിയില്ല.

വെർണാക്യുലർ സ്കൂളുകളിൽ അദ്ധ്യാപക ജോലിയിട്ടുന്നതിനു യോഗ്യതയുള്ളവരായി മൂവായിരത്തിലധികം താലൂക്കിൽ പേരുണ്ടെന്നും എന്നാൽ ആ താലൂക്കിൽ നൂറു അദ്ധ്യാപകർക്കു ആവശ്യമുള്ള എന്നും വിവരിക്കുക. അങ്ങനെയാണെങ്കിൽ ബാക്കി നൂറു അദ്ധ്യാപകന്മാരെ സംബന്ധിച്ചു നാം എന്താണ് ചെയ്യേണ്ടതു്? ഈ അദ്ധ്യാപകന്മാർക്കു ജോലികൊടുക്കുവാൻ മാത്രമായി പഠിക്കാൻ വേണ്ട വിദ്യാർത്ഥികളെ ഇപ്പോഴുള്ള പുതിയ വിദ്യാലയങ്ങളിൽ ചേർക്കുവാൻ ഏർപ്പെടുത്തിയാലോ നാം ചെയ്യേണ്ടതു? ഗവണ്മെന്റിനു ന്യായമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും അതനുസരിച്ചു നടപടിയിൽ വരുത്തുന്നതിനും മാത്രമേ കഴിവുള്ളൂ.

മി: നാരായണപിള്ള അടുത്തതായി പ്രസ്താപിച്ച വാക്കു ശമ്പളത്തെക്കുറിച്ചാണ്. ശമ്പളത്തെക്കുറിച്ചു പ്രസ്താവിക്കുകയാണെങ്കിൽ ഏതു ഗവണ്മെന്റിനേയും തെറിട്ടുന്ന ഒരു വിഷമമായ കാര്യത്തെ സംബന്ധിച്ചാണ് നമുക്കു ചർച്ചചെയ്യേണ്ടിയിരിക്കുന്നത് എന്നു വേണം പറയുവാൻ.

അദ്ധ്യക്ഷൻ: അദ്ധ്യാപകന്മാരുടെ സ്ഥലം മാറ്റത്തെക്കുറിച്ചു ആലോചിക്കുമ്പോൾ അവരുടെ ശമ്പളം കൊടുത്തശേഷമുള്ള തുകനിക്കുണ്ടോന്നുള്ള അദ്ദേഹം പറഞ്ഞതിലേക്കു എന്നാണ് ഞാൻ വിചാരിക്കുന്നു.

മി. ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസഡയറക്ടർ): നമ്മളിൽ പലരും ആഗ്രഹിക്കുന്നതുപോലെ ഉള്ള ഒരുയർന്ന ശമ്പളം അദ്ധ്യാപകന്മാർക്കില്ല. അതേ സംബന്ധിച്ചു എനിക്കു പറയാനുള്ളതു് ഈ സംഗതി ഗവണ്മെന്റിന്റെ ആലോചനക്കു വിടേണ്ടതാണെന്നാണ്.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): അദ്ധ്യാപകന്മാരേ അവരവരുടെ സ്വദേശങ്ങളിൽ തന്നെ വച്ചു കൊണ്ടിരിക്കണമെന്നല്ലേ ഗവണ്മെന്റിന്റെ നയം എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ: അതാണ് നയം എന്നതന്നെയാണു മിസ്റ്റർ സ്റ്റീഫൻസൺ പറയുന്നതും.

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസഡയറക്ടർ): കഴിഞ്ഞ പ്രാവശ്യമുണ്ടാക്കിയതു് അദ്ധ്യാപകന്മാരുടെ ശമ്പളം ഇരട്ടിച്ചിട്ടുണ്ടു്. ഫൈനൽ-മാണ്ടു കൊണ്ടു അവസാനിച്ച പരിഷ്കാരത്തിൽ അവരുടെ ശമ്പളം ൭ രൂപായിൽ നിന്നു ൧൦ രൂപയാക്കി വച്ചിട്ടിച്ചു. ഫൈനൽ-മാണ്ടു തുടങ്ങിയതു് അതിനു ശേഷം ഈ കഴിഞ്ഞപരിഷ്കാരഫലമായി തുടങ്ങിയതു് ൧൫ രൂപയായും വച്ചിട്ടിച്ചു. സ്റ്റുഡീഷ് ഇൻഡ്യയിൽ അദ്ധ്യാപകന്മാക്കു നാം കൊടുക്കുന്ന ശമ്പളത്തോടു താരതമ്യപ്പെടുത്തിനോക്കിയാൽ ഇവിടെ നാം കൊടുക്കുന്ന ശമ്പളം വളരെ ന്യായമായുള്ളതാണെന്നു കാണാം. അയിട്ടത്തെ ധനസ്ഥിതി അനുവദിക്കുന്നപക്ഷം താഴെ വിവരിക്കുന്ന രീതിയിൽ ഉള്ള ശമ്പളത്തുകകൂടെ നൽകേണ്ടതാണെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു:—൧-ാം ക്ലാസ് ൫൦ രൂപ; ൨-ാം ക്ലാസ് ൪൦ രൂപ; ൩-ാം ക്ലാസ് ൩൫ രൂപ; ൪-ാം ക്ലാസിനു മുകളിൽ ൨൦ രൂപയും അതിനുമേലും ഇതു ഒരു അദ്ധ്യാപകന് ൪൦ രൂപയിൽ താഴെ മാത്രമേ ശമ്പളമുള്ളു എങ്കിൽ ട്രെയിനിംഗ് കഴിഞ്ഞാൽ അയാൾക്കുള്ള പ്രതിഫലം ൪൦ രൂപായാകുവാൻ വേണ്ട ഇങ്ക്രിമെന്റ്സ് ആയി കൊടുത്തുവരുന്നു. തിരുവിതാംകൂറിൽ ഏറ്റവുമേറ്റ ക്ലാസ് അദ്ധ്യാപകന്മാരുടെ ശമ്പളം ൪൫ രൂപായും ട്രെയിനിംഗ് കഴിഞ്ഞാൽ ഓരോ രൂപാ അലവൻസു കൂടി അവക്കുകൊടുത്തുവരുന്നു. സർ, ഈ സംഗതിയെക്കുറിച്ചു ഇതിലും അധികമായി പറയേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

ഉപാദ്ധ്യായിനികളെ സംബന്ധിച്ചു സ്വദേശങ്ങളിൽ നിന്നും സ്ഥലം മാറ്റുക എന്നതു് പ്രത്യേകം കഷ്ടമുള്ളതാണെന്ന മിസ്റ്റർ ഹ്യൂഗ് വെർഫ് പ്രതിപാദിച്ചു. ഇതിനെപ്പറ്റി ഇൻസ്പെക്ട്രസ്സ് സൂക്ഷ്മമായ ശ്രദ്ധപതിപ്പിക്കുന്നതായി എനിക്കറിയാം. ഈയിടെ ഉണ്ടായ ഒരു അസിസ്റ്റൻഡ് ഇൻസ്പെക്ട്രസ്സിന്റെ നിയമനാവസരത്തിൽ സ്വദേശത്തിൽ നിന്നും മറ്റൊരിടത്തേക്കു പോകുന്നതിനുള്ള വിസമ്മതം നിമിത്തം തിരുവനന്തപുരത്തെ യാതൊരു ഉപാദ്ധ്യായിനിക്കും അതു സ്വീകരിക്കുന്നതിനു ഇഷ്ടമില്ലായിരുന്നു എന്നുള്ള വാസ്തവം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാം.

മി: ജി. പരമേശ്വരൻ പിള്ള (നെയ്യാറ്റിങ്കര) മി: പി. കെ. നാരായണപിള്ളയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇപ്പോൾ ചൊറിയ ശമ്പളത്തിൽ അന്യസ്ഥലത്തു ജോലിചെയ്യേണ്ടിവരുന്നതിൽ സാധുക്കളായ ഈ ഉപാദ്ധ്യായന്മാർ അനുഭവിക്കേണ്ടതായി വരുന്ന അസംഖ്യം ക്ലേശങ്ങളെ അദ്ദേഹം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. ഒരു താലൂക്കിൽ തന്നെ ൨൦൦ വാദ്ധ്യാന്മാരുണ്ടായിരിക്കുകയും എന്നാൽ ൧൦൦ ആളുകളെ മാത്രമേ അവിടെ ആവശ്യമുള്ളു. എന്നു വരികയും ചെയ്താൽ എന്താണ് ചെയ്യേണ്ടതെന്നു മിസ്റ്റർ. സ്റ്റീഫൻസൺചോദിക്കുകയുണ്ടായി. നിശ്ചയമായും അവർ പുറത്തു പോകേണ്ടതായി വരും. ഇതിൽ നിന്നും ആ പ്രത്യേക താലൂക്കിൽ ചിലരാവുന്ന സകലരേയും അവിടെ നിയമിച്ചതിനേക്കാൾ ശേഷം ബാക്കിയുള്ളവരേയാണ് അന്യസ്ഥലങ്ങളിൽ നിയമിച്ചിരിക്കുന്നതു് എന്നു വ്യക്തമാകും. പക്ഷേ വാസ്തവം അങ്ങിനെ ആയിരുന്നുവെങ്കിൽ ഇത്തരം ആവലാധികൾ ഉണ്ടാകയില്ലായിരുന്നു. ഇപ്പോഴത്തെ പരാതികൾ ഒരു പ്രത്യേക താലൂക്കിൽ ഒഴിവുകൾ ഉണ്ടായിരിക്കുകയും അന്യതാലൂക്കുകളിൽ ജോലിനോക്കുന്നവർ ആ ഒഴിവുസ്ഥാനങ്ങളിലേക്കു സ്ഥലം മാറ്റത്തിനു് ആവശ്യപ്പെടുകയും ചെയ്യുന്നതിൽ നിന്നുമാണ്, ഉണ്ടാകുന്നതു്.

അദ്ധ്യക്ഷൻ: താലൂക്കല്ലാ, ഗ്രാമമാണ് പ്രത്യേക പരിധിയായി ഉദ്ദേശിക്കപ്പെട്ടതെന്നാണ് ഞാൻ വിചാരിച്ചതു്. അവരവരുടെ സ്വന്തം ഗ്രാമങ്ങളിൽ അല്ലാതെ താലൂക്കകളിലല്ല; നിയമിക്കപ്പെടണമെന്നായിരുന്നു വാക്കു.

മി: ജി. പരമേശ്വരൻ പിള്ള (നെയ്യാറ്റിങ്കര): അവരെ അവരുടെ താലൂക്കിലെങ്കിലും നിയമിക്കണമെന്നാണ് ഞാൻ പറയുന്നതു്.

അദ്ധ്യക്ഷൻ: അവരുടെ സ്വന്തം ഗ്രാമങ്ങളിലാണെങ്കിൽ മറ്റുമെ വീട്ടു വാടകകൊടുക്കുക; യാമിയ്ക്കാമെ നിയമിക്കുക മുതലായ ബുദ്ധിമുട്ടുകളിൽ നിന്നും അവർ രക്ഷിക്കപ്പെടുകയുള്ളു. അവർ ആ താലൂക്കിലാണെങ്കിൽ ഈ ഉപദ്രവങ്ങളൊന്നും അവരെ വിട്ടുമാറുവാൻ ഇടയില്ല.

മി: ജി. പരമേശ്വരൻ പിള്ള (നെയ്യാറ്റിങ്കര): അവരുടെ സ്വന്തം ഗ്രാമത്തിന്റെ സമീപപ്രദേശങ്ങളിലെങ്കിലും അയരെ നിയമിക്കാൻ കഴിയുന്നതാണ്, മിക്കവാറും നമ്മുടെ താലൂക്കുകളിൽ വിദ്യാലയങ്ങൾ വളരെ അടുത്തടുത്താണ് സ്ഥിതിചെയ്യുന്നതു്. അവരുടെ വീടുകളും പള്ളിക്കൂടവും തമ്മിൽ വലിയ അകലംകാണുകയില്ല. അവക്ക് ൨-൩ മയിലിനകം താമസിക്കാം വാസ്തവത്തിൽ ചില സ്ഥലങ്ങളിൽ ഉപാദ്ധ്യായന്മാർ ഏകദേശം ആറുമയിലോളംഅകലത്തിൽതാമസിക്കുന്നതുനിക്കറിയാം.

അദ്ധ്യക്ഷൻ: അതു ദൂരത്തിൽ താമസിക്കുന്ന വാദ്ധ്യാന്മാരിൽ നിന്നും കൃത്യനിഷ്ഠ ഒരിക്കലും ആശിക്കുവാൻ നിവൃത്തിയില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): വാസ്തവത്തിൽ കഴിയുന്നിടത്തോളം കൃത്യനിഷ്ഠയുള്ളവരായിരിക്കുവാൻ അവർ ശ്രമിക്കുന്നുണ്ട്. ഒരു പ്രത്യേക വിദ്യാലയത്തിൽ വാദ്ധ്യാർ ജോലിനിർവഹിക്കേണ്ടതു് നിർബന്ധം സ്വന്തം ഗ്രാമത്തിൽ നിന്നും വളരെ അകലെ താമസിക്കേണ്ടതായിവരുന്ന പലരുടേയും കാര്യം ഞാൻ ഇവിടെ ഉദ്ധരിക്കാം, സ്വന്തം ഗ്രാമങ്ങളിലോ അതിനടുത്ത പ്രദേശങ്ങളിലോ ഉള്ള വിദ്യാലയങ്ങളിൽ നിയമിക്ക

വാൻ അവസരമുള്ളപ്പോൾ അവരെ അപ്രകാരം നിയമിക്കുകയെന്നുള്ളതായിരിക്കണം ഡിപ്പാർട്ടുമെന്റിന്റെ നയം എന്നുള്ളതു് മാത്രമാണ് ഇപ്പോഴത്തെ പ്രത്യേക അപേക്ഷ. വളരെ അകലെയുള്ള താലൂക്കുകളിൽ ജോലി നോക്കുന്നവർ വളരെ അധികമുണ്ടെന്നുള്ളതു് വസ്തുതയാണ്.

അദ്ധ്യക്ഷൻ: അവരുടെ സ്വന്തം താലൂക്കുകളിൽ ഒഴിവുകൾ ഉള്ളപ്പോഴുമോ?

മി: ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): അവരുടെ സ്വന്തം താലൂക്കുകളിൽ ഒഴിവുകളുള്ളപ്പോഴും ഒരു വാല്യൂവർ മറ്റൊരു താലൂക്കിലേക്കു പോകുവാൻ സമ്മതമുള്ളവനായിരിക്കുമ്പോഴും 'മറ്റൊരുവൻക്കു അതിനുപകരം അടുത്തുള്ള താലൂക്കിലേയ്ക്കു പോകുവാൻ സമ്മതമുള്ളപ്പോഴും ഞാൻ ഒരു ഉദാഹരണം പറയാം. തെയ്യാറിങ്കരക്കാരൻ ഒരു വാല്യൂവർ കൊട്ടാരക്കരയും കൊട്ടാരക്കരക്കാരൻ ഒരുപക്ഷേ തെയ്യാറിങ്കരയും ജോലിനോക്കുന്നുണ്ട്. തെയ്യാറിങ്കര ജോലിനോക്കുന്ന ആൾ കൊട്ടാരക്കരയ്ക്കും കൊട്ടാരക്കര ജോലിനോക്കുന്നയാൾ തെയ്യാറിങ്കരക്കും പോകുവാൻ അഭ്യുപഗമിക്കുന്നു. എന്നിട്ടും അവർക്കു സൗകര്യപ്പെടുത്തികൊടുക്കുന്നില്ല. സ്ഥലം മാറ്റത്തെ സംബന്ധിച്ചിടത്തോളമെങ്കിലും അധികൃതന്മാർ വാല്യൂവർമാരോടു കൂടുതൽ ദയവുള്ളവരായിരിക്കുകയും അവർക്കു കൂടുതൽ സൗകര്യപ്പെടുത്തികൊടുക്കുകയും ചെയ്യുന്നതു് അഭിലഷണീയമായിരിക്കും. ഇതുകൂടി പറഞ്ഞുകൊണ്ടു ഞാൻ മിസ്റ്റർ. നാരായണപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുവാൻ ഉദ്ദേശിക്കുന്നു. മേലധികാരികളുടെ പക്ഷപാതപരമായ സ്ഥലം മാറ്റത്തെ സംബന്ധിച്ചു് അനവധിആവലാധികൾ ഉണ്ടാകാറുണ്ടെന്നുള്ളതു് ഞാൻ സഭയെ അറിവിച്ചു കൊള്ളട്ടെ. സ്ഥലംചുമതലം നിമിത്തം ഡിപ്പാർട്ടുമെന്റിനു വന്നു കൂടുന്ന ബുദ്ധിമുട്ടുകളാണ് ഇത്തരം പരാതികൾക്കു അടിസ്ഥാനമാകുന്നതെന്നു മിസ്റ്റർ സ്റ്റീഫൻസൺ പറഞ്ഞതായി ഞാൻവിചാരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രസ്താവന തിരിയില്ലാത്തതിനു മിസ്റ്റർ സ്റ്റീഫൻസൺന്റെ അറിവിനായി ഞാൻ ഇവിടെ ഒരു മതിയായ ഉദാഹരണംപറയാം. കൊട്ടാരക്കര ഒരു മദ്ധ്യമപ്രാധാന്യമുള്ള താലൂക്കായിട്ടുള്ളതാണു. അവിടെ ഒരു വക്കീലിന്റെ, അല്ലെങ്കിൽ തന്നെ അനന്തരവനായി ഗോപാലപിള്ള എന്നു് ഒരു വാല്യൂവറുണ്ടു്. അയാൾ എന്റെ കൂടെ താമസിച്ചു കൊണ്ടു് അടുത്തുള്ള ഒരു പള്ളിക്കൂടത്തിൽ വാല്യൂവറായിരുന്നു. പള്ളിക്കൂടം താഴ്ന്നപ്പോൾ കൊട്ടാരക്കരയിൽ നിന്നും ൨൦ അയലുടെ സ്വദേശത്തുള്ള നിന്നും ൫൩ നാഴികകൾ ദൂരമുള്ള ചാത്തന്നൂരേക്കു് അയാളുടെ സ്ഥലം മാറ്റപ്പെട്ടതായി അറിഞ്ഞു. ആ കല്പന എന്നെ ആശ്ചര്യപ്പെടുത്തുകയുണ്ടായി. അടുത്ത തവണ ഞാൻ തിരുവനന്തപുരത്തേക്കു് വന്നപ്പോൾ ഇൻസ്പെക്ടരുടെ അടുക്കൽ ചെന്നു് അങ്ങിനെ ഒരു സ്ഥലം മാറ്റം ഉണ്ടായതെന്തു കൊണ്ടാണെന്നു് ചോദിച്ചു. അദ്ദേഹം എന്നെ പ്രത്യേകത സംബന്ധിക്കുന്ന ഒന്നു കൊണ്ടും അല്ല അതുണ്ടായതെന്നു മറുപടിപറഞ്ഞു. ഇതിനുമുമ്പായുള്ള ട്രെയ്നിംഗ് സ്കൂളിലെ താഴ്ന്നനിരക്കു് ഫീസിനെക്കുറിച്ചു് ഞാൻ ഈ സഭയിൽ അവതരിപ്പിച്ച ഉപചോദ്യങ്ങൾക്കുള്ള മറുപടിയിൽ ഇൻസ്പെക്ടരായും മറ്റു ചിലരായും ഹേതുമായ തെറ്റുകൾ വെളിപ്പെടുവാൻ ഇടയായി. പക്ഷേ അതു നിമിത്തം ഈക്കൊല്ലം പാക്കിയുണ്ടാകുമായിരുന്നതിനേക്കുങ്കിലൊ എന്നു് അദ്ദേഹം സംശയിച്ചിരിക്കാം. എന്നാൽ പ്രസ്തുതവാല്യൂർക്കു് പകരം കൊട്ടാരക്കര നിയമിക്കപ്പെട്ട ആൾ ചെങ്കോട്ടക്കാരനാണെന്നും അയാളെ കഴിഞ്ഞുറ നിന്നുമാണ് സ്ഥലം മാറ്റപ്പെട്ടിരിക്കുന്നതെന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞു. സ്വദേശിയായ ഒരാൾക്കു പകരം കഴിഞ്ഞുറക്കാരൻ ഒരാളെ അവിടെ നിയമിക്കുവാനിടയായതെന്തുകൊണ്ടെന്നു് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. ഞങ്ങൾക്കു താമസിക്കുവാൻ ഒരു വീടുകിട്ടുന്നിടയിലേക്കെങ്കിലും സ്ഥലം മാറ്റപ്പെടുത്തൽ മതിയാകുമെന്നു് കൂടി ഞാൻ അദ്ദേഹത്തോടു പറഞ്ഞു. കൊട്ടാരക്കര നിന്നും ൧൦ മയിൽ അകലമുള്ള ഒരു സ്ഥലത്തേക്കല്ലാതെ മറ്റൊരു സ്ഥലത്തേക്കും അയാളെ മാറ്റപ്പെട്ടില്ലാ എന്നമാത്രം ഇവിടെ പറഞ്ഞാൽ മതിയാകുമല്ലോ. അടുത്ത തവണ ഞാൻ അദ്ദേഹത്തെ കണ്ടപ്പോൾ അതേ ഡിസ്ട്രിക്ടിലുള്ള കൊട്ടാരക്കര സ്കൂളിലേക്കു തന്നെ മാറ്റം കിട്ടണമെന്നുണ്ടെങ്കിൽ അവിടത്തെ അസിസ്റ്റന്റ് ഇൻസ്പെക്ടരോടു് ആവശ്യപ്പെട്ടാൽ മതിയാകുമെന്നു അദ്ദേഹം പറഞ്ഞു. അങ്ങിനെപ്പറഞ്ഞു കൂടുതൽ ഒന്നും പറയേണ്ടതില്ലല്ലോ.

മി: എസ്സ്. പരമേശ്വരയ്യർ (ഗവർണ്മെന്റ് സെക്രട്ടറി) ഒടുവിൽ അയാളെ നിയമിച്ച സ്ഥലം ഏതാണെന്നു് എന്നെ അറിയിക്കുമോ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) താമസിക്കുന്നതിനു ഒരു വീടു് പോലും കിട്ടുന്നതിനു് എളുപ്പമില്ലാത്ത വക്കനെ എന്ന സ്ഥലത്താണു്. അതു് കൊട്ടാരക്കരനിന്നും വ—൧൦ മയിൽ ദൂരത്താണു്. വാസ്തവം പറയുകയാണെങ്കിൽ അയാൾ ഉച്ചക്കു് പട്ടിണികിടക്കുകയായിരുന്നു. ഊണു് കഴിഞ്ഞുടനെ അയാൾ പള്ളിക്കൂടത്തിലേക്കു, ൧൦ മയിൽ നടന്നു് കപ്പാസ്സെടുത്തിരുന്നു. ദൂരത്തിൽ താമസിക്കുന്നതു് നിയമവിരുദ്ധമാണെങ്കിലും, അയാൾക്കെന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ ഞാൻ നോക്കിക്കൊള്ളാമെന്നു് അയാളെ സമാധാനിപ്പിച്ചു കൊണ്ടു് ദൂരെ താമസിച്ചു കൊള്ളുവാൻ ഞാൻ അനുവദിച്ചു ഇതു് മിസ്റ്റർ സ്റ്റീഫൻസൺ പറഞ്ഞതുപോലെ ഡിപ്പാർട്ടുമെന്റിനു നേരിടുന്ന അത്യാവശ്യങ്ങളാൽ പ്രേരിതമായ ഒരു സ്ഥലം മാറ്റമല്ലാ. ഇതുപോലെ വേറെയും പല ഉദാഹരണങ്ങളുണ്ടു്. എന്നാൽ അവയെല്ലാം ഇവിടെ ഉദ്ധരിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. വളരെ വാസ്തവങ്ങളായ അനുവദധിക്യം ഉണ്ടാകത്തക്കവിധത്തിൽ സ്ഥലം മാറ്റങ്ങൾ നടക്കുന്നുണ്ടെന്നുള്ളതു് മി:സ്റ്റീഫൻസനെ ധരിപ്പിക്കുന്നതിനു വേണ്ടിമാത്രമാണ് ഞാൻ ഇവയെ ഇവിടെ പറഞ്ഞതു്.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കം ഫ്രറമാന്റർ) സർ, ആഗതികളായ ഈ ഉപാദ്ധ്യായന്മാരെ അവരവരുടെ സ്വദേശങ്ങളിലെക്കു് സ്ഥലം മാറ്റമെയിരിക്കുന്നതിലുള്ള വൈഷമ്യം പരിഹരിക്കുന്നതിനു് ഡിപ്പാർട്ടുമെന്റ് അധികൃതന്മാർ ശ്രമിച്ചിരുന്നു എങ്കിൽ നേരത്തെ തന്നെ സാധിക്കുമായിരുന്നു. ഈ വാല്യൂവറുടെക്കു് ഇതു് ഒരു ന്യായമായ സങ്കടത്തിനു കാരണമാണു്. വേക്കേഷൻ കാലങ്ങളിലല്ലാതെ, വർഷത്തിൽ ഒന്നോരണ്ടോ അവസരങ്ങളിലും വീട്ടിലേക്കു് പോകുന്നതിനു് അവർ വളരെ പ്രയാസപ്പെടുന്നു. അവരുടെ സ്വന്തം താലൂക്കിന്റെ സമീപപ്രദേശങ്ങളിലെങ്കിലും നിയമിക്കപ്പെട്ടിരുന്നു എങ്കിൽ, ഉദ്യോഗസ്ഥലത്തു് നിയമിക്കുന്നതിലുള്ള വിഷമങ്ങൾ കുറെ എങ്കിലും ലഘൂകരിക്കപ്പെട്ടുമായിരുന്നു. അവരവരുടെ സ്വന്തം താലൂക്കുകളിൽ തന്നെ ഉപാദ്ധ്യാ

യന്മാരെ നിയമിക്കണമെന്നുഗവർണ്മെൻറ് സ്വീകരിച്ചിരിക്കുന്നതായതുപ്പായോഗികമാക്കിത്തീർക്കുന്നതിനു വേണ്ടുന്ന മം വിദ്യാഭ്യാസമേലധ്യക്ഷൻ ചെയ്യേണ്ടതായ സമയം അതിക്രമിച്ചിരിക്കുന്നു. ഈതുപ്പറവിവേണ്ടപോലെ അ ന്വേഷിക്കേണ്ടതായ സമയവും സമീപിച്ചിരിക്കുന്നു. ഇതൊക്കെ പറഞ്ഞു കൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്) ഈ പ്രമേയത്തെപ്പറ്റി സംസാരിക്കുന്നതിന് എനിക്കു വലിയ ആകാംക്ഷയുണ്ടായിരുന്നു. സാധാരണയായി അധികൃതന്മാരുടെ അധികാരത്തിൽ പിടി കൊടുത്തിരിക്കുന്ന ഒരു തരം താണശമ്പളക്കാരെ സംബന്ധിക്കുന്നതാകകൊണ്ട് ഈ വിഷയം പ്രഥമവീക്ഷണത്തിൽ അത്ര പ്രാധാന്യമുള്ളതായി അഭിപ്രായമില്ലായെന്ന് തോന്നിയേക്കാം. ഇതേപ്പറ്റിയുള്ള പലവാദങ്ങളും കഴിഞ്ഞു എന്നുമാത്രമല്ലാ പ്രാസംഗികന്മാരിൽ ചിലർ അഗതികളായ ഈ ഉപാദ്ധ്യായസഹോദരങ്ങൾ അനുഭവിക്കുന്നകഷ്ടതകളെ സംബന്ധിച്ച് വളരെ ഹൃദയമായ ഭാഷയിൽ പ്രതിപാദിക്കുകയും ചെയ്തു. ഗവർണ്മെൻറ് എന്തുതന്നെ നിർദ്ദേശിച്ചാലും ലോകത്തിൽ ജനങ്ങൾക്കുള്ള കഷ്ടതകൾ ദൂരീകരിക്കുക എന്നുള്ളതു ക്ഷിപ്രസാദ്ധ്യമല്ലെന്നുള്ളതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ചിലരുടെകാര്യം സൌഭാഗ്യപരമായിരിക്കും. മറ്റു ചിലർ നിർഭാഗ്യരും ആയിരിക്കും. എന്നിരുന്നാലും, അതേ സംബന്ധിച്ചു ചെയ്യുന്ന ഒരു ന്യായമായ ശ്രമം കൊണ്ടു വളരെ ബുദ്ധിമുട്ടിപ്പിക്കുന്ന ഈ ജോലിക്കാരുടെ സങ്കടങ്ങൾ പരിഹരിക്കുവാൻ സാധിക്കുന്നതാണ്. അവരുടെ ശമ്പളം തുലോം തുച്ഛമാണ്. ശമ്പളക്കുറവു് ഉപാദ്ധ്യായന് സ്ഥിരം പതിവും മറ്റുമല്ലാ, ഇതേമാതിരിയുള്ള കഷ്ടതകൾ അനുഭവിക്കുന്ന ജോലിക്കാർ ഇതര ഡിപ്പാർട്ടുമെൻറുകളിലുണ്ട്. അതു ഒരു പൊതുവിഷയമാണ്. ഈ സമയത്തിൽ തന്നെ ഉപാദ്ധ്യായന്മാരുടെ ശമ്പളം കൂട്ടേണ്ടതാണെന്ന് ഞാൻ വാദിച്ചിട്ടുണ്ട്. എന്നാൽ ഇവർക്കാണ് മുതൽ കണ്ടു പിടിക്കുകയെന്നുള്ള പൊതുവിഷയം വളരെ സൂക്ഷിച്ച് ആലോചിക്കേണ്ട ഒന്നാണ്. അതുകൊണ്ട് അതിനെ സംബന്ധിച്ച് ഇപ്പോൾ സംസാരിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല.

അവരുടെ സ്ഥലം മാറ്റത്തെ സംബന്ധിച്ച് വിവരമായി ഇവിടെ പ്രതിവാദിച്ചിട്ടുണ്ട്. കഷ്ടപ്പാടനുഭവപ്പെടുന്ന സ്ഥലം മാറ്റം നിമിത്തം വന്നുകൂടുന്ന ബുദ്ധിമുട്ടുകൾ പുരുഷന്മാരെക്കാൾ അധികം സ്ത്രീകളാണ് അനുഭവിക്കേണ്ടതായി വരുന്നത്. സ്വാതന്ത്ര്യം സമത്വം ഇവകൾ സാധാരണയായി തിന്നിട്ടുള്ള കാലമാണ് ഇതെന്ന് കൂടി ഇവിടെ പറഞ്ഞു കൊള്ളട്ടെ. എന്നാൽ സ്ത്രീകൾക്ക് പുരുഷന്മാരിൽ നിന്നും ഗവണ്മെണ്ടിൽ നിന്നും സംരക്ഷണം ചെയ്യേണ്ടതാണെന്ന് നാം വിശ്വസിച്ചു വരുന്നു. ഒരു സ്ത്രീ മുലകുടിക്കുന്ന ഒരു കുട്ടിയോടും മറ്റു രണ്ടു കുട്ടികളോടും കൂടി യാതൊരു ഇതരരക്ഷയുമില്ലാതെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കു പോകുകയെന്നുള്ളതു വളരെ പ്രയാസമേറിയ ഒരു സംഗതിയാകുന്നു. വാല്യക്കാരൻ എന്നപക്ഷം പലരുടെയും ഇവിടെ ഉപയോഗിക്കപ്പെട്ടു. ഇങ്ങനെ ജോലിക്കാരെ സംബന്ധിച്ചിടത്തോളം വാല്യക്കാരനും ഇവക്കും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു പറഞ്ഞുകൊള്ളട്ടെ. അവക്ക് ഒരു വാല്യക്കാരനെ നിയമിക്കുന്നതിനു് ശക്തിയുണ്ടെങ്കിൽ അവർ ഈ ഫര ശ്രുപാ ശമ്പളം സ്വീകരിക്കുമോ? അതുകൊണ്ട് ഈ വാല്യാന്മാക്ക് വാല്യക്കാരനുണ്ടെന്നുള്ള സംഗതി സൌകര്യമുണ്ടാക്കുന്നതിനു മറ്റൊരു പോകുന്നതാണ് ഒന്നാണ്. (ചിരി)

വിവാഹബന്ധം പരിപാപനവും അഭേദ്യവുമാണെന്ന് മിസ്റ്റർ ഹഡ്സ്വർത്ത് പറയുകയുണ്ടായി. അതു അപ്രകാരമാണെന്നുള്ളതിൽ ഞാൻ അദ്ദേഹത്തോടുയോജിക്കുന്നു. അതുകൊണ്ട്, സ്ഥലംമാറുന്ന അവസരത്തിൽ യാതൊരുബുദ്ധിമുട്ടുകളും ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ സൂക്ഷിക്കേണ്ടതാണ്; -എന്തെന്നാൽ ഡിപ്പാർട്ടുമെൻറിലെ അധികൃതന്മാർക്ക് ഓരോസംഗതിയെ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ അറിയുന്നതിനു് അതു് ഒരു പ്രേരണയായിരിക്കുന്നതാണ്. അവക്ക് അതു് വലിയ ജോലിഭത്തംചെയ്യുന്നതാണ്. അതു് വാല്യാന്മാക്ക് തന്നെ അധികം ഗുണപ്രദമായിരിക്കുകയില്ല. ഞാൻ ഈ പറയുന്നതെല്ലാം സകല ഉപാദ്ധ്യായന്മാരെയും പ്രത്യേകിച്ചു് അവിവാഹിതരായ ഉപാദ്ധ്യായിനികളേയും ബാധിക്കുമെന്ന് ഇവിടെ പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഒരു ഉപാദ്ധ്യായിനി വിവാഹിതയാണെങ്കിലും അവരുടെ ഭർത്താവു് മറ്റൊരുഡിപ്പാർട്ടുമെൻറിലെ ഒരു ഉദ്യോഗസ്ഥനാണെങ്കിലും ആ വിവാഹബന്ധം ശ്രേയസ്സുമാക്കുന്നതിന് രണ്ടു ഡിപ്പാർട്ടുമെൻറ് അധികൃതന്മാർ ശ്രദ്ധിക്കേണ്ടതായിരിക്കുന്നു. (ചിരി). അതു് സാദ്ധ്യമല്ലാ. വിദ്യാഭ്യാസമേലധ്യക്ഷന് ഒരു സ്ത്രീയെ ഒരു പ്രത്യേക സ്ഥലത്തേക്ക് മാറ്റുന്നതിനു വിരോധമൊന്നമില്ലെങ്കിൽതന്നെ അദ്ദേഹത്തിൻറെ അടുത്ത സ്നേഹിതൻ മിസ്റ്റർ ഖാനക്കോട്ടിപിള്ളയ്ക്ക് ആ സ്ത്രീയുടെ ഭർത്താവിലുള്ള അധികാരപ്രയോഗത്തിൽ വിദ്യാഭ്യാസമേലധ്യക്ഷനുമായി യോജിക്കുന്നതിനു നിവൃത്തിയില്ലാതെവരും. ഇപ്രകാരം ഉള്ള കഷ്ടതകളിലകപ്പെടാതെയിരിക്കുന്ന ഉപാദ്ധ്യായിനികളുടെ കുറ്റത്തെപ്പറ്റിയാണ് ഞാൻ സൂചിപ്പിക്കുന്നത്. ഉപാദ്ധ്യായന്മാക്കും ഉപാദ്ധ്യായനികൾക്കും ശരിയായ ശമ്പളം കൊടുക്കുന്നില്ലെന്നുള്ള സംഗതി അത്രയേറെ അനുമോദനാർഹമല്ലാ. ബി. എ. ജയിക്കുന്ന ഒരുസ്ത്രീക്ക്, അതേ യോഗ്യതകളുള്ള ഒരു പുരുഷനേക്കാൾ ചിലപ്പോൾ കൂടുതൽ ശമ്പളം കിട്ടി എന്നു വന്നേക്കാം. മദ്രാസ് മെഡിക്കൽ കോളേജിൽനിന്നും എം. ബി. സി. എം. ജയിക്കുന്ന ഒരു സ്ത്രീക്ക് അല്പമായിതന്നെ ഫർ ശ്രുപാ ശമ്പളം കിട്ടുന്നു. എന്നാൽ ഒരു പുരുഷൻ അതേ പരീക്ഷജയിച്ചാലും ശ്രുപാ ഫാ മാത്രമേ കിട്ടുന്നുള്ളൂ. ഇതരഡിപ്പാർട്ടുമെൻറുകളിൽ സ്ത്രീകൾക്ക് ഒരു പ്രത്യേകനേനം കിട്ടിയിട്ടുണ്ട്. ഇപ്രകാരമിരിക്കുമ്പോൾ വിദ്യാഭ്യാസവകുപ്പിലും എന്തുകൊണ്ടാണ് സ്ത്രീകൾക്ക് പ്രത്യേകനേനം കിട്ടാതെത്തുന്നത്? ആലോചനാർഹമായ വിഷയം അതാണ്. വിദ്യാഭ്യാസമേലധ്യക്ഷൻ ഇതേപ്പറ്റി സംസാരിച്ചുകൊണ്ടിരുന്ന അവസരത്തിൽ അദ്ദേഹത്തിനു തോന്നിയ വിഷമങ്ങളെന്തെന്നും വാസ്തവമല്ലാ. ഡിപ്പാർട്ടുമെൻറിനേയാതൊരുവിധത്തിലും ബാധിക്കാതെ വാദ്ധ്യാന്മാരെ അവരവരുടെ സ്വദേശങ്ങളിൽതന്നെ നിയമിക്കുവാൻ സാധിക്കുന്നതാണ്. എല്ലായിടത്തും ഇതു സാദ്ധ്യമല്ലെ എന്നു വന്നേക്കാം. ഭൂരിഭാഗം സംഗതിയിലും ഇതു സാദ്ധ്യമാണ്. എന്തുകൊണ്ടെന്നാൽ, തിരുവിതാംകൂറിൻറെ നാനാഭാഗങ്ങളിലും പള്ളിക്കൂടങ്ങൾ ഉണ്ടെന്നമാത്രമല്ലാ വളരെ കുറച്ചു പള്ളിക്കൂടങ്ങളിൽ മാത്രമേ പ്രത്യേകം വാദ്ധ്യാന്മാരെ നിയമിക്കേണ്ടതായ ആവശ്യവുമുള്ളൂ. ഒരേ ഒരു സ്ഥലത്തുതന്നെ പള്ളിക്കൂടങ്ങളുള്ള കാര്യത്തെപ്പറ്റിയെല്ലാ ഇവിടെ പറയുന്നത്. പ്രത്യേകത വിചാരിക്കപ്പെടേണ്ടതായ സംഗതികൾ ചിലപ്പോൾ കണ്ടേക്കാം; എന്നാൽ, സാധാരണയുള്ളവയെമാത്രം ഇവിടെ പയ്യിപ്പോഴിച്ചാൽ മതിയാകും. സർ,

ഒരു ഉപാദ്ധ്യായിനിയെ അവരുടെ സ്വന്തം താലൂക്കിൽ—അല്ലെങ്കിൽ അതേ ഗ്രാമത്തിലല്ല—നിയമിക്കണമെന്ന് മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞതിൽ യഥാർത്ഥമായ ന്യായമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഒരു ഉപാദ്ധ്യായിനി അവരുടെ സ്വന്തം സ്ഥലത്തായിരുന്നാൽ, പള്ളിക്കൂടം വീട്ടിൽനിന്നും ക-ട- നാഴിക ദൂരത്തെയാണെങ്കിലും അവർ കുറച്ചധികം മുതലായവയെ വളരെ ശ്രദ്ധിച്ചുപൊന്നേക്കും. ഒരു സ്ത്രീയെ അവരുടെ സ്വദേശത്തു നിന്നും മാറ്റുകയാണെങ്കിൽ അവർക്ക് മറ്റുള്ള ഗാർഹിക വൃത്തികളിൽ ശ്രദ്ധപതിപ്പിക്കേണ്ടതുകൊണ്ട് കൂടുവിട്ടു പോകുവാൻ ധാരാളം എളുപ്പമുണ്ട്.

എനിക്ക ഒരു വാക്കുകൂടിപറയുവാനുണ്ട്. കഴിയുന്നത്ര അങ്ങനെയാണെന്നു ചെയ്യുന്നതാണ് വിദ്യാഭ്യാസമേലധ്യക്ഷൻ ഇവരുടെ പറഞ്ഞതുകൊണ്ടു മാത്രമല്ല' എനിക്കുള്ള വിശ്വാസം വക്കീലന്മാരായ ഞങ്ങൾക്ക് വിശ്വസിക്കുവാൻ നിവൃത്തിയില്ലാത്തവയാണ്. ഈ നീയമങ്ങൾ ശരിയായി അനുസരിക്കപ്പെടുന്നുണ്ടോ എന്നും ഈ നടപ്പിൻ വിപരീതമായി എന്തു പരാതികളുണ്ടാകുന്നുണ്ടെന്നും എന്തു കൊണ്ടാണ് നീതിലഭിക്കുന്നില്ലെന്നും മറ്റും യഥാതഥപക്ഷപാതവും ക്ഷമയോടെ അന്വേഷണങ്ങളും നടത്തണം. ഈ സഭയുടെ സ്വീകരണത്തിനായി ഈ പ്രമേയത്തെ ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

മി: തയ്യിൽകണ്ടിത്തൊമ്മൻ (മൂവാറ്റുപുഴ): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. രാജ്യത്തെ ചുരുങ്ങിയ സമ്പാദ്യക്കാരായ ഉദ്യോഗസ്ഥന്മാരുടെയിടയിൽ ഏറ്റവും കഷ്ടം അനുഭവിക്കുന്നവരാണ് മലയാം പള്ളിക്കൂടം ഉപാദ്ധ്യായന്മാരെ ഉപാദ്ധ്യായനികളും. അവർ മറ്റുദ്യോഗസ്ഥർക്കു ലഭിക്കുന്നതിനെ സമ്പാദ്യക്കാരായ ഉദ്യോഗസ്ഥന്മാരെക്കാൾ വളരെക്കുറഞ്ഞ ശമ്പളമുള്ള ജോലിയാണ് വഹിക്കുന്നത്. ഇതുപോലെ ഉത്തരവാദിത്വമുള്ള കൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കഴിയുന്നത്ര കുറച്ച് സെൻകയ്യും ഉണ്ടാക്കിക്കൊടുക്കേണ്ടതു ഗവണ്മെൻറിന്റെ ഒഴിച്ചുകൂടാത്ത കടമയാണ്. ഏഴെട്ടസ്സു്, ഫാസ്റ്റ്, ഖാൻസാമാവണ്ണു, പോലീസ്സ് മുതലായ ജോലികളിൽ ചുരുങ്ങിയ ശമ്പളക്കാർക്ക് മീതെവക്കം മറ്റുപ്രകാരത്തിൽ കൂട്ടുതൽ വരവിന് വഴിയുണ്ടെന്ന് ജനങ്ങൾക്കറിയാവുന്നതാണ്- ഈ രണ്ടു കൂട്ടരും പെൻഷൻ പ്രാപിച്ചതിനുശേഷമുള്ള അവരുടെ ഗാർഹ്യക്ഷേമത്തിന്റെ സ്ഥിതിയിൻനിന്ന് ഈ സംഗതി മനസ്സിലാക്കാവുന്നതാണ്. മലയാളം പള്ളിക്കൂടം ഉപാദ്ധ്യായന്മാക്ക് അവരുടെ ആഹാരത്തിനും വസ്ത്രധാരണത്തിനും പോലും മതിയാകാത്ത ഒരു തുകയാണ് ഇപ്പോൾ ശമ്പളമായിലഭിച്ചുവരുന്നത്. അപ്രകാരമുള്ള അവരുടെ കുടുംബത്തിന്റെ രക്ഷിക്കുന്നതിനു മതിയാകുകയില്ല. അവരെ നിവൃത്തിയുള്ളിടത്തോളം സ്വദേശത്തുതന്നെ വച്ചുൽ കഷ്ടതകൾക്ക് കുറെ എങ്കിലും ശമനം ഉണ്ടാകുന്നതാണ്. ഇപ്പോഴുള്ളവരെയെല്ലാം സ്വദേശങ്ങളിൽ നിയമിച്ചാലും മൂവാറ്റുപുഴ, പെരുമ്പുഴ, മുതലായ താലൂക്കുകളിൽ വിദേശികൾവന്ന് കഷ്ടതയനുഭവിക്കാതിരിക്കുവാൻ തരമില്ല. അവിടെനിന്ന് പാസ്സാകുന്നവർക്ക് അവിടെതന്നെ ഉദ്യോഗങ്ങൾ കൊടുക്കണം. ഇപ്പോൾ അമ്പലപ്പുഴ മുതലായ മജിസ്ത്രീവിതാംകൂറിലെയും മറ്റും താലൂക്കുകളിൽ നിന്നാണ് മൂവാറ്റുപുഴ മുതലായ താലൂക്കുകളിലെ ഉപാദ്ധ്യായന്മാർ അധികവും വന്നിട്ടുള്ളതു്. ഏതെങ്കിലും താലൂക്കിൽ യോഗ്യതയുള്ളവർ ഇഷ്ടക്കിൽ അയൽ താലൂക്കുകളിൽ നിന്ന് നിയമിച്ചാലും കുറവോ ഉണ്ടാകുന്നുണ്ട്. ഒഴിവു ദിവസങ്ങളിൽ അവർക്ക് സ്വന്തം ഭവനങ്ങളിൽ പോയിഅനേകർക്കുവാൻ സാധിക്കുമല്ലോ. സ്വല്പ ശമ്പളക്കാരായ ഇവർ ദൂരസ്ഥിതമായ തങ്ങളുടെ കുടുംബത്തിലെ ആവശ്യങ്ങൾക്ക് സഹായിക്കുവാൻ സാധിക്കാതെ ബുദ്ധിമുട്ടുന്നതുകൊണ്ട് ബഹുഭൂരിപക്ഷമായുള്ള സമുദായത്തോടുകൂടെ അല്പസ്വല്പമെങ്കിലും ഇവർക്ക് സാധിക്കുന്നതുമില്ല. ഇവർക്ക് ഒരു മതിയായ ശമ്പളം കൊടുക്കേണ്ടതാണ്.

ചില ഉപാദ്ധ്യായിനിമാരുടെ ഭർത്താക്കന്മാർ ഉപാദ്ധ്യായന്മാരായിരിക്കും. അവരെ രണ്ടു പേരേയും ഒരു ദേശത്ത് വിന്യസിയ്ക്കുന്നതാണ് നല്ലതു്. രണ്ടുപേരും സ്കൂളും ഒരിടത്തില്ലെങ്കിൽ അതിനടുത്ത സ്ഥലങ്ങളിൽ വച്ചാലും മതി.

മി: പി. കെ. നാരായണപിള്ള (ആലപ്പുഴ): സർ, മിസ്റ്റർ സ്റ്റീഫൻസൺ ചൂണ്ടിക്കൊണ്ടുവരപ്പെട്ടുചോദ്യത്തെ—അതായതു മൂവാറ്റുപുഴ താലൂക്കുകാരായ ഡ ഠ ഠ വാദ്ധ്യാന്മാരും അവരെ നിയമിക്കുവാൻ ആ താലൂക്കിൽ ക ഠ ഠ ഉദ്യോഗം മുതലായ ഉള്ളപ്പോൾ ഡിപ്പാർട്ടുമെൻറ് എന്തുണ്ട് ചെയ്യേണ്ടതെന്നുള്ള ചോദ്യത്തെ—സംബന്ധിച്ച്, ആ ക ഠ ഠ വാദ്ധ്യാന്മാരെയെങ്കിലും മൂവാറ്റുപുഴതന്നെയായോ നിയമിക്കുന്നതെന്ന് ഞാൻ മി. സ്റ്റർ സ്റ്റീഫൻസണോടു ചോദിക്കുന്നു. അവരതങ്ങനെ നിയമിക്കുന്നില്ല. അതാണ് എന്റെ ആവലാതി എന്റെ താലൂക്കിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവിടെയുള്ളവരിൽ ഭൂരിഭാഗം ഉപാദ്ധ്യായന്മാരും ഇതരദേശീയരാണെന്ന് വിദ്യാഭ്യാസമേലധ്യക്ഷനേ ഉറപ്പോടുകൂടി അറിയിക്കുന്നതിന് എന്നെ കൊണ്ടുസാധിക്കും, അതുകൊണ്ട് എന്റെ താലൂക്കിലെ ഉപാദ്ധ്യായന്മാരും മിസ്റ്റർ സ്റ്റീഫൻസണാൽ ഉദ്ധരിക്കപ്പെട്ട അധികഭൂരിപക്ഷത്തിനെ പോലെതന്നെ സ്വദേശീയരായി എന്റെ താലൂക്കിൽനിന്നും സ്ഥലം മാറ്റപ്പെട്ടിട്ടുള്ള ഉപാദ്ധ്യായന്മാരും അവരുടെ സ്വദേശത്തു നിന്നും നിഷ്കാസനം ചെയ്യപ്പെട്ടവരായതുകൊണ്ട് അവരെ തിരിയെഅവരവരുടെ സ്വദേശങ്ങളിലേക്കു നിയമിക്കേണ്ടതാകുന്നു. അതാണ് എന്റെ പരാതിയുടെ പ്രധാനസംഗതി. ഉപാദ്ധ്യായന്മാരെ അവരവരുടെ സമീപപ്രദേശങ്ങളിലുള്ള താലൂക്കുകളിലോ ഗ്രാമങ്ങളിലോ നിയമിക്കേണ്ടതാണെന്ന് ഞാൻ പറഞ്ഞതു വളരെ സൂക്ഷിച്ചുണ്ട്. മിസ്റ്റർ സ്റ്റീഫൻസൺ അതേപ്പറ്റി സംസാരിച്ചപ്പോൾ അതു വിസ്മരിക്കുകയും ഡ ഠ ഠ വാദ്ധ്യാന്മാരുടെ ഉദാഹരണം ഉദ്ധരിക്കുകയും ചെയ്തു. നിയമനത്തിനു സൌകര്യവും സ്വദേശങ്ങളിൽ തന്നെ നിയമിക്കാവുന്നതുമായ ക ഠ ഠ വാദ്ധ്യാന്മാരെ അവിടെതന്നെ നിയമിക്കുന്നതിനു വിദ്യാഭ്യാസമേലധ്യക്ഷൻ വേണ്ട നിഷ്കർഷ ചെയ്യുന്നുണ്ടോ? അസംഖ്യം ഉപാദ്ധ്യായന്മാർ കൂട്ടംകൂട്ടമായി പള്ളിക്കൂടം ഇൻസ്പെക്ടരുടെ അടുക്കൽചെന്ന അവരുടെ സങ്കടം കേൾക്കണമെന്നുള്ള വാസ്തവത്തിലേക്കു ഞാൻ സഭയുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. ഈതൊന്നുതന്നെ ഇതിനെപ്പറ്റി കൊണ്ടുകൊണ്ടുള്ള ഇൻസ്പെക്ടരുടെ നയാശയത്തിൽ, ഈ ആകാരങ്ങൾ പ്രതിഫലിക്കുന്നുണ്ടോ എന്നുള്ളതിനു ഒരു വിവാദവിഷയമായിത്തീർന്നിരിക്കുന്നു. മലയാളം പള്ളിക്കൂടം ഇൻസ്പെക്ടരുടെ പക്കൽ എത്ര അപേക്ഷകൾ തീർച്ച കാത്തുകൊണ്ടു കിടപ്പുണ്ട് എന്നു ഞാൻ ഗവണ്മെൻറിനോടു ചോദിച്ചു. അതിനു യാതൊരു മറുപടിയും നൽകുകയുണ്ടായില്ല. അതുകൊണ്ടു അതേ സംബന്ധിച്ചു അസംഖ്യം ആവലാതികൾ ഉണ്ടായിരിക്കണമെന്നു ഞാൻ ഊഹിക്കുന്നു. അതു ഒരു ന്യായമായ പരാതി മാത്രമാണ്, നിഗമനിയമങ്ങൾ വിവാഹവിഷയത്തെ സംബന്ധിച്ചു

എന്റെ സ്നേഹിതൻ മി: ഫ്രഡ്വെർഫ് സംസാരിക്കുകയുണ്ടായി. അതിനെപ്പറ്റി എനിക്കുദ്ദേശിക്കുന്ന പറയുവാനുണ്ട്. കർ രൂപാ ശമ്പളമുള്ള വാല്യുക്കു എങ്ങിനെയാണു വിവാഹം ചെയ്യുവാനും ന്യായമായി ഒരു ഭാര്യയെ പുലർത്തിക്കൊണ്ടുപോകുവാനും സാധിക്കുന്നതു? വിവാഹത്തിനുള്ള വൈക്ലബ്യമാണ് ഉപാദ്ധ്യായവൃന്ദത്തിലെ കഷ്ടതരമായ കുഴപ്പുകളുടെ ജനയിതാവു്. ആധുനികപരിതസ്ഥിതികളിൽ വിവാഹോചനപോലും അത്ര അചിന്ത്യമാണ് (ചിരി) ദൈവമേ! നമ്മുടെ പരിഷ്കാരത്തിനിടയിൽ അതെപ്പറ്റി ആലോചിക്കുവാൻപോലും വയ്യാ. ആലോചനാവീഥിയിൽനിന്നും അതു വളരെ വിദൂരമാണ്. അവർ ഉന്നതശ്രേണിക്കാരുടെ ഇടയിലുള്ള ഈ കാരണത്താലാണ് അവരെ അവരുടെ രക്ഷകർത്തൃക്കന്മാരുടെ സംരക്ഷണാദ്ധ്യക്ഷയിൽതന്നെ സൂക്ഷിക്കണമെന്നു പറയുന്നതു്. അതുകൊണ്ടു ഈ സഭയിൽ എനിക്കു വിസ്തരിക്കുവാൻ നിവൃത്തിയില്ലാത്ത അനേകം കാരണങ്ങളാൽ ഈ പ്രമേയത്തെ ഞാൻ ബഹുമായി ഇവിടെ പ്രതിപാദിക്കുന്നു.

മി: ജെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): സർ, ഇതേ സംബന്ധിച്ചുള്ള സർക്കാർ അഭിപ്രായങ്ങളെപ്പറ്റി യാതൊരു പരുതിയും ഉള്ളതായി തോന്നുന്നില്ല. കഴിയുന്നിടത്തോളം മലയാളം പള്ളിക്കൂടം വാല്യുന്മാരുടെ അവരവരുടെ സ്വദേശങ്ങളിൽ തന്നെ നിയമിക്കണമെന്നുള്ളതിൽ ഈ പ്രമേയത്തെപ്പറ്റി സംസാരിച്ച സഭാഗങ്ങളെപ്പോലെ തന്നെ ഗവണ്മെന്റിനും അനുകൂലാഭിപ്രായംതന്നെയാണ്. ഞാൻ പറഞ്ഞതുപോലെ ഗവണ്മെന്റിന്റെ ആജ്ഞകളും നിശ്ചിതവും പ്രസ്പഷ്ടവും ആണ്. എന്നാൽ എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നിടത്തോളം ഗവണ്മെന്റാജ്ഞകളുടെ നിർവ്വഹണം സമുചിതമാക്കുന്നില്ലെന്നുള്ളതാണ് പരാതിക്കു കാരണം. സ്ഥലംമാറ്റമെന്നതിനൊ സ്ഥലം മാറാതിരിപ്പാനൊ വാല്യുന്മാർ മലയാളം പള്ളിക്കൂടം ഇൻസ്പെക്ടരുടെ അടുക്കലേക്കു കൂട്ടം കൂട്ടമായി പോകുന്നു എന്നു മി: പി. കെ. നാരായണപിള്ള പറയുന്നു. സർ, മലയാളം പള്ളിക്കൂടം ഇൻസ്പെക്ടരുടെ ആഫീസ് എന്റെ ആഫീസിൽനിന്നും അധികം ദൂരെയല്ല. മലയാളം പള്ളിക്കൂടം ഇൻസ്പെക്ടരിൽനിന്നും സങ്കടനിവൃത്തിയുണ്ടാകുന്നില്ലെങ്കിൽ അവർക്കു എന്റെ അടുക്കൽ വരാമെന്നുമാത്രമെ എനിക്കു പറയുവാൻ നിവൃത്തിയുള്ളു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അടുത്ത മേലധികാരിയുടെ അടുക്കലല്ലാതെ വിദ്യാഭ്യാസമേലദ്ധ്യക്ഷനോടു നേരിട്ടു ആവലാധി ബോധിപ്പിക്കുന്നതു അധികാരസംസ്ഥരണാനയത്തിനു വിപരീതമല്ലയൊ എന്നു മി: സ്റ്റീഫൻസണിൽനിന്നും എനിക്കു അറിയാമൊ?

മി: ജെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അടുത്ത മേലധികാരിയിൽനിന്നും സങ്കടപരിഹാരം ഉണ്ടായില്ലെങ്കിൽ ഒരുപദ്ധ്യായനു നിശ്ചയമായും എന്റെ അടുക്കൽ വരുന്നതിനു വിരോധമില്ല.

മി: എൻ. പത്മനാഭപിള്ള (കുന്നാഗപ്പള്ളി): മലയാളം പള്ളിക്കൂടങ്ങളിലെ അസിസ്റ്റൻറ ഇൻസ്പെക്ടർമാർക്കു ഇപ്പോഴും സ്ഥലംമാറുന്നതിനുള്ള അധികാരമുണ്ടൊ എന്നു മി: സ്റ്റീഫൻസണിൽനിന്നും എനിക്കറിയാമൊ?

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഉവ്വ്. അവർക്കുണ്ട്.

മി: എൻ. പത്മനാഭപിള്ള (കുന്നാഗപ്പള്ളി): അവരുടെ ആ അധികാരപ്രയോഗം നിർത്തിവയ്ക്കുന്നതിനു ഇൻസ്പെക്ടർ അവരോടു ആജ്ഞാപിച്ചിട്ടുണ്ടെന്നുള്ള വസ്തുത അദ്ദേഹത്തിനു അറിയാമൊ എന്നു ഞാൻ മി: സ്റ്റീഫൻസനോടു ചോദിച്ചുകൊള്ളട്ടെയൊ

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അതിനെപ്പറ്റി എനിക്കറിഞ്ഞുകൂടാ.

മി: എൻ. പത്മനാഭപിള്ള (കുന്നാഗപ്പള്ളി): അസിസ്റ്റൻറ ഇൻസ്പെക്ടർ മുഖാന്തരമാണു അവരുടെ അധികാരം ഉപയോഗിക്കുന്നതെന്നു ഇൻസ്പെക്ടർ ആജ്ഞാപിക്കുന്നതിനുള്ള കാരണം എന്താണെന്നു മി: സ്റ്റീഫൻസൺ അന്വേഷിക്കുമൊ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെയൊ?

മി: ജെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഇതിനുമുൻപു ആ സംഗതിയിൽ എന്റെ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. മലയാളം പള്ളിക്കൂടം അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ അധികാരസീമയിൽ സ്ഥിതിചെയ്യുന്ന ചില സ്ഥലംമാറ്റങ്ങൾ ഇൻസ്പെക്ടർ ചെയ്യുന്ന ചില അവസരങ്ങളുണ്ടു്. അതു സകല സ്ഥലംമാറ്റങ്ങളേയുംപ്പറ്റി ക്രോഡീകരിക്കുന്നതിനാണെന്നാണ് എനിക്കു തോന്നുന്നതു്. അസിസ്റ്റൻറ ഇൻസ്പെക്ടരാലും ഇൻസ്പെക്ടരാലും ചെയ്യപ്പെടുന്ന സ്ഥലംമാറ്റങ്ങളിൽ വിലിന്നത ഉണ്ടാകാതിരിക്കത്തക്ക വിധത്തിൽ അതു സംവത്സരാന്ത്യത്തിൽ മാത്രമെ ചെയ്യപ്പെടുന്നുള്ളൂ. എന്നാൽ അതിനെപ്പറ്റിയുള്ള പൂർണ്ണവിവരങ്ങളും ഞാൻ ഓർക്കുന്നില്ല.

മി: എഫ്. ഫ്രഡ്വെർഫ് (ഗവണ്മെന്റ നിയമിച്ച മെമ്പർ): ഒരു വാല്യുർ ഇൻസ്പെക്ടരുടെപേരിൽ ആവലാധി ബോധിപ്പിക്കുകയാണെങ്കിൽ അതിനെപ്പറ്റിശേഷം അയാൾ എല്ലാവരാലും അറിയപ്പെടുന്ന ഒരാളായിതീരുന്നെന്നും അയാളുടെ ഉദ്യോഗജീവിതം ശേഷം കാലത്തേക്കു ദുർവഹനിരാശാജനകമായിത്തീരുന്നെന്നും വിദ്യാഭ്യാസമേലദ്ധ്യക്ഷൻ മനസ്സിലാക്കിയിട്ടുണ്ടൊ?

മി. ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഒരു സങ്കടക്കാരൻ ശരിയായി അയാളുടെ സങ്കടങ്ങളും അധികാരത്തിനാരെ അറിയിച്ചിട്ടില്ലെങ്കിൽ അയാളുടെ സങ്കടനിവൃത്തിക്കു വളരെ സാവധാനങ്ങളെ ഉള്ളു.

മി: ടി കെ. വേലുപ്പിള്ള (തിരുവനന്തപുരം-തെക്കുമങ്ങാട്): വാല്യുന്മാരുടെ സ്ഥലംമാറ്റത്തെ സംബന്ധിച്ചു പൊതുവിൽ ഉണ്ടെന്നുള്ള വിവരം സ്റ്റീഫൻസൺ മനസ്സിലാക്കിയിട്ടുണ്ടൊ?

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഈ സഭയിൽ കേട്ടതുകൊണ്ടു എനിക്കിപ്പോൾ മനസ്സിലായി.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-തെക്കുമങ്ങാട്): മി: സ്റ്റീഫൻസണു മനസ്സിലായൊഎന്നു ഞാൻ ചോദിച്ചില്ല. അങ്ങിനെയുള്ള ആവലാതികളെപ്പറ്റി മി: സ്റ്റീഫൻസൺ മനസ്സിലാക്കിയിട്ടുണ്ടൊ. അതായതു അദ്ദേഹം വിദ്യാഭ്യാസമേലദ്ധ്യക്ഷൻ ഉദ്യോഗം കയ്യേറുന്നതിനും മുമ്പു മനസ്സിലാക്കിയിട്ടുണ്ടൊ എന്നാണു ഞാൻ ചോദിച്ചതു്.

മി: ജെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): വാല്യുന്മാർ ഓരോരുത്തരായി എന്റെ അടുക്കൽ പരാതി ബോധിപ്പിച്ചിട്ടുണ്ടു്. അവരുടെ സ്ഥലം മാറ്റത്തെപ്പറ്റി അന്വേഷിക്കപ്പെട്ടിട്ടുണ്ടു്.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഏതെങ്കിലും തരവ അനന്തരം ശരിയാക്കപ്പെട്ടിട്ടുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഓരോരുത്തരുടേയും കാര്യങ്ങളിൽ എന്തെല്ലാം ആജ്ഞകളാണ പുറപ്പെടുവിച്ചിരിക്കുന്നതെന്ന ഞാൻ ഓർക്കുന്നില്ല. എന്നാൽ കഴിയുന്നിടത്തോളം സർക്കാർ ആജ്ഞക്കനുസൃതമായിരിക്കത്തക്കവണ്ണമായിരിക്കും സർവ്വ നടപടികളും.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): പരാതി ഉണ്ടായിട്ടുള്ള ഏതെങ്കിലും സ്ഥലം മാറ്റത്തിന്റെ മുഴുവൻ പരിതസ്ഥിതികളെപ്പറ്റിയും മി: സ്റ്റീഫൻസൺ അന്വേഷിച്ചിട്ടുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (ആ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഉവ്വ്. മുഴുവൻ സംഗതികളും വിവരിച്ചു ഒരു സ്ഥലംമാറ്റത്തെ സംബന്ധിച്ചു ഒരു വാല്യാരുടെ അടുക്കൽനിന്നും ഒരു പരാതി കിട്ടുകയാണെങ്കിൽ ഉടൻതന്നെ ഞാൻ ഇൻസ്പെക്ടരുടെ സമാധാനം വാങ്ങിക്കുകയും ഈ രണ്ടു വിവരണങ്ങളിൽനിന്നും എനിക്കു എന്റെ സ്വന്തം അഭിപ്രായം രൂപീകരിക്കുവാൻ സാധിക്കുകയും ചെയ്യുന്നു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അദ്ദേഹം അന്യായക്കാരെ വിളിച്ചുവരുത്തി അവരുടെ ആവലാധി എന്താണെന്നു ചോദിച്ചിട്ടുണ്ടോ?

അദ്ധ്യക്ഷൻ: ഫയിയിൽ തന്നെ കാര്യങ്ങളെല്ലാം വിവരിച്ചിരിക്കും.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാടും) സ്ഥലം മാറ്റത്തെ സംബന്ധിച്ചുള്ള തന്റെ ആവലാധി മുഖാവിൽ ബോധിപ്പിക്കുന്നതിന് വല്ല പരാതിക്കാരേയും വിദ്യാഭ്യാസമേലദ്ധ്യക്ഷൻ അനുവദിച്ചിട്ടുണ്ടോ? എന്നാണ് ഞാൻ ചോദിക്കുന്നത്.

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ) ഏതു പരാതിക്കാരനും എന്റെ മുമ്പിൽ വരുന്നതിന് വിരോധമില്ല.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും) ഇപ്പോഴുള്ള ഒരു കാര്യത്തെ സംബന്ധിച്ച് ആരെയെങ്കിലും മി: സ്റ്റീഫൻസനെ കാണുവാൻ അനുവദിക്കപ്പെട്ടിട്ടുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ) ഉണ്ടെന്ന് എനിക്കു പറയുവാൻ സാധിക്കും.

മി: ജെ. ജാൺ നിധീരി (ചങ്ങനാശ്ശേരി-മീനച്ചൽ) അദ്ദേഹം ഏതെങ്കിലും ഒരു പരാതിയെങ്കിലും ശരിയാക്കിത്തീർത്തിട്ടുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ) ഇല്ല. ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) അസിസ്റ്റന്റ ഇൻസ്പെക്ടരുടെ ഗ്രൂപ്പാർശ്വനസമ്പ്രദായം തന്നെയാണോ ഇൻസ്പെക്ടരുടെ സ്ഥലം മാറ്റങ്ങളുണ്ടായിട്ടുള്ളതെന്ന് ദയവു ചെയ്തു എനിക്കു അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ) എനിക്കത് പറയുവാൻ സാധിക്കുകയില്ല. വാസ്തവത്തിൽ, സർക്കാർ ആജ്ഞാകാര അനുശ്രുച്ചു പോരുന്നു എന്നായിരുന്നു എന്റെ ധാരണ ഈ ഡിപ്പാർട്ടുമെന്ററിൽ ഞാൻ വളരെക്കാലം ഇരുന്നിട്ടില്ല; ഇത്തരം സംഗതികളെപ്പറ്റി ഞാൻ അന്വേഷിച്ചിട്ടുമില്ല. സഭയുടെ അഭിപ്രായത്തെ പുരസ്കരിച്ച് ഞാൻ ഇതിനെപ്പറ്റി അന്വേഷണം നടത്തുകയും, സ്ഥലം മാറ്റത്തെ സംബന്ധിച്ചുള്ള അപേക്ഷകളും നടപടികളും ആവശ്യപ്പെടുകയും ഗവർമെന്റാജ്ഞകാര എത്രമാത്രം നിർവഹിക്കപ്പെട്ടുന്നുണ്ടെന്നുള്ളത് നിശ്ചയിക്കുകയും ചെയ്യാം. ഇങ്ങിനെ ഉറപ്പു പറയുന്നതോടുകൂടി മിസ്റ്റർ നാരായണപിള്ള അദ്ദേഹത്തിന്റെ പ്രമേയത്തെ പിൻവലിക്കുമെന്ന് ഞാൻ ആശിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) സർ, മിസ്റ്റർ സ്റ്റീഫൻസൺ വാഗ്ദാനം ചെയ്യുന്ന ഉറപ്പിന്മേലും അദ്ദേഹം ഡിപ്പാർട്ടുമെന്ററിൽ പുത്തനായുണ്ടാക്കുന്ന വാസ്തവത്തിന്മേലും അനന്തരകാലങ്ങളിൽ വാദവിഷയമായി ഇതിനെ സ്വീകരിക്കുന്നതിനുള്ള അവകാശം നിലനിർത്തി കൊണ്ടും ഞാൻ ഈ പ്രമേയത്തെ പിൻവലിക്കുന്നു.

അനുമതിപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം ൨൫൫.

താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ).

൨൫൫. ഇൻസ്പെക്ട്രസുകൾക്ക് അനുവദിച്ചിട്ടുള്ള ൧൫,൫൫൫ രൂപായിൽ ൧൦൦ രൂപാ കൂറക്കണം.

പ്രമേയം ൨൫൬.

മി. എം. എൻ. പിള്ള (തിരുവനന്തപുരം). ൨൫൬ സർ, നിയന്ത്രണാധികൃതന്മാർക്ക് അനുവദിച്ചിട്ടുള്ള ൯,൪൫൫ രൂപായിൽ ൧൦൦ രൂപാ കൂറയ്ക്കണം എന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ സഭയുടെ മുമ്പാകെ ഈ പ്രമേയം അവതരിപ്പിക്കുന്നതിൽ എന്റെ ഉദ്ദേശം ഇംഗ്ലീഷ് പള്ളിക്കൂടം ഇൻസ്പെക്ടരുടെ നിയമനങ്ങളേയും ആ നിയമനവിധാതാക്കളുടെ അസമത്വത്തേയും ചൂണ്ടിക്കാണിക്കുന്നതിനാണ്. ഇൻസ്പെക്ടരുടെ ബ്രാഹ്മണഹാസ്യങ്ങളിൽ അബ്രാഹ്മണരുടെ സ്ഥിതി എന്താണെന്ന് ഞാൻ ഇവിടെ കാണിക്കാം. ഇതിനെ സംബന്ധിച്ചുള്ള കണക്കിൽ നിന്നും ബ്രാഹ്മണമേധാവിത്വം എത്രമാത്രം ശക്തിമത്താണെന്ന് വെളിപ്പെടും. എന്റെ ഉപചോദ്യങ്ങൾക്ക മറുപടിയായി ഈ സഭയിൽ കാണിച്ചിട്ടുള്ള കണക്കിൽ നിന്നും ആർക്കും അത് കണ്ടാവുന്നതാണ്. ആ മറുപടിനന്നഅവസരത്തിൽ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ബി. എ. ക്കാർ വാദ്ധ്യാന്മാരുടേയും മൻഷിമാരുടേയും ആകയുള്ള എണ്ണം താഴെ കാണിക്കുന്നു.

	മൻഷി
ബ്രാഹ്മണ ബി. എ., വാദ്ധ്യാന്മാർ	കണ്ടൻ
ക്രൈസ്തവ	ന്നൻ
നായർ	൨൫
ഇതരഅബ്രാഹ്മണഹിന്ദുക്കൾ	കണ

വിദ്യാഭ്യാസവകുപ്പിൽ അദ്ധ്യാപനജോലിക്കുള്ള അപേക്ഷകർ വളരെ കുറവായിരിക്കുമെന്നാണ് നാം വിചാരിച്ചു വന്നിരുന്നത്. എന്നാൽ ചില ഉപചോദ്യങ്ങൾക്കു കിട്ടിയ മറുപടിയിൽ നിന്നും കഴിഞ്ഞ ൧൦൯, ൧൦൮, ൧൦൭ എന്ന മൂന്ന് കൊല്ലങ്ങളിലെ അപേക്ഷകളുടെ എണ്ണം തരംതിരിച്ചു പറയുന്നവയാണെന്ന് ഞാൻ കാണുന്നു.

ബ്രാഹ്മണാപേക്ഷകർ	൩൭൪
നായർ	൩൨൦
ക്രൈസ്തവ	൨൯൮
മുഹമ്മദർ	൩൪
ഈഴവർ	൭൨
വെള്ളാളർ	൨൮
നാടാന്മാർ	൧൦ ഇത്യാദി.

അദ്ധ്യക്ഷൻ. ഈ അപേക്ഷകർ എല്ലാപേരും ബി. എ—ക്കാരാണോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം) അതേ, അവരെല്ലാവരും ബി. എ. ക്കാർ തന്നെയാണ്. കഴിഞ്ഞമൂന്നു കൊല്ലങ്ങളിലെ നിയമനങ്ങളിൽ ബ്രാഹ്മണർ ൨൭ ക്രിസ്ത്യാനികൾ ൧൦ നായന്മാർ ൧൦ ഇങ്ങനെയിരിക്കുന്നു കഴിഞ്ഞമൂന്നു കൊല്ലങ്ങളായി ബി. എ. ക്കാരെ സ്ഥിരപ്പെടുത്തിയവരിൽ പരദേശികളായ ൨൭ പേരെക്കൂടി ഉൾപ്പെടുത്തി ബ്രാഹ്മണർ ൧൯ ക്രിസ്ത്യാനികൾ ൧൩ നായന്മാർ ൩൨ എന്നിങ്ങനെയായിരുന്നു. ഇപ്രകാരം സ്ഥിരപ്പെടുത്തിയവരിൽ പരദേശികളായ എട്ടു പേരിൽ ചിലർ ഒരുകൊല്ലവും ൨ മാസവും മാത്രം ജോലിനോക്കിട്ടുള്ളവരാണെന്നും അദ്ധ്യാപനത്തിൽ ചിലർ ൨-ാം ൧൦-ാം മറ്റേ സംവത്സരങ്ങൾ ജോലിനോക്കിയിട്ടുണ്ടെന്നും നാം കാണുന്നു. ൧൦ കൊല്ലം കഴിഞ്ഞു ഒരാളെ സ്ഥിരപ്പെടുത്തുന്നതിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത് അദ്ധ്യാപനത്തിനുള്ള കഴിവിനെ—

മി: എ. ഫ്രഡ് വെർഫ് (നിയമിച്ച മെംബർ) പരദേശിബ്രാഹ്മണർ എന്ന സംജ്ഞകൊണ്ട് തിരുനൽവേലിയിൽ നിന്നു ഇറക്കുമതി ചെയ്യപ്പെട്ടയാരേ മാത്രമേ മിസ്റ്റർ എം. എൻ. പിള്ള ഉദ്ദേശിക്കുന്നുള്ളുവോ അതോ മറ്റെല്ലാവരേയും ഉൾപ്പെടുത്തുന്നുണ്ടോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) തിരുവിതാംകൂറിന്റെ പുറത്തു് എവിടെ നിന്നെങ്കിലും ഉള്ളവരെയെല്ലാം.

മി: എ. ഫ്രഡ്വെർഫ് (നിയമിച്ച മെംബർ) ഈ രാജ്യത്തു് കുറെ കാലമായി താമസിക്കുന്നവരേയും അതിപുരാതനമായി ഇവിടെ താമസിച്ചുവരുന്നവരേയും ഉൾപ്പെടുത്തുന്നുണ്ടോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം) ഗവണ്മെന്റിനാൽ വിവരിക്കപ്പെട്ടിരിക്കുന്നതനുസരിച്ചു് മഹാരാണി തിരുമനസ്സിലെ പ്രജകളല്ലാത്ത എല്ലാപേരേയും അതു് ഉൾപ്പെടുത്തുന്നു.

അദ്ധ്യക്ഷൻ. അദ്ദേഹം വ്യാഖ്യാനം അനുസരിച്ചാണ് പറയുന്നതു്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) ഇതിൽ നിന്നും ഇംഗ്ലീഷുസ്കൂൾ വകുപ്പിൽ അദ്ധ്യാപനത്തിനുള്ള ക്ഷാമം അധികം കഷ്ടതയനുഭവിക്കുന്നതെന്ന് വ്യക്തം മനസിലാക്കാം. ഇപ്പോഴത്തെ ചട്ടങ്ങളിലുടം ഇൻസ്പെക്ടർ മിസ്റ്റർ നാരായണയ്യരാണ് അധികം ഉത്തരവാദി എന്നെനിക്ക് തോന്നുന്നു. അദ്ദേഹത്തിന്റെ പക്ഷഭേദത്തിന്റെ ഉദാഹരണം ഇതുമാത്രം ബി. എ. ജയിച്ച സ്വന്തം മരുമകനെ അയാളുടെ സ്വദേശത്തു് തന്നെ ഒരു സ്ഥിരം ഒഴിവിൽ നിയമിച്ചതാണ്.

മി: എം. ആർ. മാധവവാര്യർ (ചെങ്ങന്നൂരും-പത്തനംതിട്ടയും) നിയമനങ്ങൾ ഇൻസ്പെക്ടരാലല്ലേ നടത്തപ്പെടുന്നതെന്ന് എന്നെ അറിയിക്കുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം) നിയമനത്തിനുള്ള ശുപാർശകൾ ഇൻസ്പെക്ടരാൽ നടത്തപ്പെടുന്നു.

അദ്ധ്യക്ഷൻ. നിങ്ങൾ പറഞ്ഞതു് ഇൻസ്പെക്ടരുടെ മരുമകനെപ്പറ്റിയാണോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം) അതെ സപ്തമാസങ്ങൾ കഴിഞ്ഞാൽ ഉടനെ സ്ഥിരപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയിൽ ഇയാളെ മാത്രം ബി. എ. ജയിച്ച അദ്ദേഹത്തിന്റെ മരുമകനെ അയാളുടെ സ്വദേശമായ മാവേലിക്കരതന്നെ ഒരു സ്ഥിരം ഒഴിവിൽ നിയമിച്ചു കോട്ടയം അസിസ്റ്റൻറ് ഇൻസ്പെക്ടർ മിസ്റ്റർ ജോണിനെ ഹെഡ്മാസ്റ്ററാക്കിയപ്പോൾ ഉണ്ടായഒഴിവാണ് അതു്.

അദ്ധ്യക്ഷൻ. അയാളെ ഒരു സ്ഥിരമുദ്യോഗത്തിനായി നിയമിക്കപ്പെട്ടിട്ടില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) അയാൾ ഒരു സ്ഥിരം ഒഴിവിലാണ് നിയമിക്കപ്പെട്ടതെന്നാണ് ഞാൻ പറഞ്ഞതു്. അവിടെ ജോലിനോക്കിക്കൊണ്ടിരുന്നയാളെ പരീക്ഷണാർത്ഥം ഹെഡ്മാസ്റ്ററായി കുറച്ചുകാലം നിയമിക്കുകയും മേല്പറഞ്ഞ ഇൻസ്പെക്ടരുടെ മരുമകനെ നിയമിച്ച മാവേലിക്കര ഒഴിവിലേക്ക് അയാളുടെ മാവണം മാറ്റപ്പെടുകയും ചെയ്തു. എന്നുമാത്രമല്ലാസ്വദേശിക്കുടെ അവകാശങ്ങളെ അവഗണിച്ചു കൊണ്ടു് ശിക്ഷാർഹനായ ഒരു മിസ്റ്റർ ടി. എസ്സ്. നാരായണയ്യരെ എസ്. എം. വി. സ്കൂളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഗവർണ്മെന്റ് അനുവാദം സിദ്ധിക്കുമെന്നുള്ള പ്രത്യാശയിന്മേലാണ് ഈ നിയമങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇപ്പോഴത്തെ ഇൻസ്പെക്ടരാൽ ചെയ്യപ്പെട്ടിട്ടുള്ള അതിക്രിനമായ അനീതികളുടെ ഉദാഹരണങ്ങൾ ഇനിയും വളരെ അധികം പറയുവാൻ എനിക്കു കഴിയും. ഈ സംഗതികളിൽ നിന്നും സെക്രട്ടേറിയിൽ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിനല്ലാ, തന്റെ ബന്ധുക്കൾക്ക് ഉദ്യോഗങ്ങൾ ചെയ്യുന്നതിനാണ് ഈ ഇൻസ്പെക്ടരെ നിയമിച്ചിരിക്കുന്നതെന്ന് തോന്നിപ്പോകും. ഈ സ്ഥിതിക്ക് അടുത്ത ൧൫ ഓ ൨൦ കൊല്ലങ്ങളിലേക്ക നായന്മാർക്കോ ഇതര അബ്രാഹ്മണ ക്രിസ്ത്യാനികൾക്കോ വിദ്യാഭ്യാസവകുപ്പിൽ യാതൊരു ആശയും വഴികാണുന്നില്ല. അബ്രാഹ്മണസമുദായങ്ങൾ കഷ്ടതരമായ നിലയിലാണ് സ്ഥിതിചെയ്യുന്നതെന്നുള്ളത് ഗവർണ്മെന്റിന് അറിയാമോ എന്നു ഞാൻ ചോദിച്ചപ്പോൾ അറിഞ്ഞുകൂടാ എന്നാണ് അന്ന് മറുപടി പറഞ്ഞതു് തിരുവിതാംകൂർകാരുടെ അവകാശങ്ങളെ പരിഗണിക്കുന്നതിനുള്ള വൈമുഖ്യവും പരദേശബ്രാഹ്മണരുടെ

ആട നിലമനവും ഗവർണ്ണൻറിന്റെ നിഷ്കൃഷ്ടയേപെട്ടെന്ന് ആകർഷിക്കേണ്ടതാണ്. ഈ സംഗതിയെപ്പറ്റി സമിസ്തമായ ഒരന്വേഷണം നടത്തുന്നതിന് ഞാൻ ഗവണ്മെൻറിനോട് അപേക്ഷിക്കുന്നു. ഇപ്രകാരമുള്ള ഒരു മജിസ്ട്രാസ്ഥാൻ കുറക്കാരനാണെന്ന് കാണപ്പെട്ടുന്നെങ്കിൽ വഗ്ഗീയപക്ഷപാതത്തിന് ഉടൻ ശിക്ഷിക്കപ്പെടണം. സർ, ഇപ്രകാരമുള്ള സംഭവങ്ങൾ ഇനിയും ഉടലെടുക്കയാണെങ്കിൽ അവകരം ശരിയാക്കപ്പെടുന്നതു വരെ രാജ്യത്തിൽ സമാധാനമുണ്ടായിരിക്കുകയില്ല. എൻറെ പ്രമേയത്തെ അനുകൂലിക്കുന്നതിന് ഞാൻ എല്ലാ അംഗങ്ങളോടും അപേക്ഷിച്ചു കൊള്ളുന്നു.

മി: എ. ഫ്രഡ്വെർഫ് (നിയമിച്ചുമെംബർ): മിസ്റ്റർ. എം. എൻ. പിള്ളയുടെ പ്രമേയത്തെ ഞാൻ ഹൃദയംഗമമായി അനുകൂലിക്കുന്നു. ഉടനെ തന്നെ പ്രസംഗിക്കേണ്ടതായ ഒരു വിഷയമുള്ളതു നിമിത്തം ഇതേപ്പറ്റി പറയണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്നാൽ മിസ്റ്റർ. എം. എൻ. പിള്ളയാൽ കൊണ്ടു വരപ്പെട്ടിരിക്കുന്ന സംഗതി ഇൻസ്പെക്ടർ അളേഹത്തിൻറെ മനുമകനെ തന്നെ നിയമിച്ചിരിക്കുന്നു എന്നുള്ളതും മിക്കദേശം ഒരു തൃപ്പാ ശബ്ദമുള്ള ഒരുദ്യോഗത്തിനായി അയാളെ പാലക്കാട്ടു നിന്നും വരുത്തിയിരിക്കുകയാണ് എന്നുള്ളതും വളരെ ഗൗരവമേറിയ ഒന്നാണ്. ഇപ്പോൾ ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്ന സ്ഥിതിക്കു അതിനെപ്പറ്റി സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്തേണ്ടതാണെന്ന മാത്രമല്ലാ ഇമ്മാതിരിസ്വേച്ഛാധികാരങ്ങൾക്കു ഇപ്പോൾ തന്നെ അവസാനം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. അസത്യം ഒരിക്കലും പറയാത്ത പലയാളുകളിൽ നിന്നും, ഈ വകുപ്പിൽ അസംതൃപ്തിയും അനീതികളും സ്വാധികാരപ്രമത്തതകളും കൊണ്ടുള്ള പ്രമാണങ്ങളും സംഭവിക്കുന്നുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ട്. ബന്ധുക്കൾ, സ്നേഹിതന്മാർ, എന്നു വേണ്ട സകലചാപ്പിക്കാരേയും (ചിരി) നിയമിക്കപ്പെട്ടുന്നുണ്ട്. കൃസ്ത്യാനികൾക്കോ, നായന്മാർക്കോ, കത്തോലിക്കാർക്കോ അല്ലെങ്കിൽ മറേറ തെങ്കിലും പ്രത്യേകവഗ്ഗത്തിനോ വേണ്ടി ഞാൻ വാദിക്കുകയല്ല. ഈ സംഗതികളിൽ നീതിധർമ്മം ഇത്യാദികൾക്കു വേണ്ടിമാത്രം ഞാൻ പറയുകയാണ്. ഇളേശീയരായ സകലവഗ്ഗക്കാർക്കും മഹാറാണി തിരുമനസ്സിലെ സകല പ്രജകൾക്കും സമമായകാശങ്ങളുണ്ടായിരിക്കേണ്ടതാണ്. വിദ്യാഭ്യാസവകുപ്പ് ഒരു പ്രത്യേകവഗ്ഗക്കാർക്ക് മാത്രമുള്ള ഒരു ഗുഹയായിരിക്കുവാൻ പാടില്ല. ആ കാലങ്ങളെല്ലാം ഇപ്പോൾ പോയിരിക്കുന്നു. മിസ്റ്റർ സ്റ്റീഫൻസൺ ഈ കാര്യങ്ങളെപ്പറ്റി ഗാഢമായി പര്യാലോചിക്കുമെന്നും കുറക്കാരെ ശിക്ഷിക്കുമെന്നും ഇനിയെങ്കിലും ഇമ്മാതിരി സംഭവങ്ങളുണ്ടാകാതെ ഇരിക്കത്തക്കവിധത്തിൽ വേണ്ട നടപടികൾ നടത്തുമെന്നും ഞാൻ ആശിക്കുന്നു.

മി: എം. ആർ. മാധവവാര്യർ (ചെങ്ങന്നൂർ-പത്തനംതിട്ട): സർ, വഗ്ഗീയപരാതികളെപ്പറ്റി ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നുള്ള മിസ്റ്റർ. എം. എൻ. പിള്ളയുടെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. അളേഹത്തിനാൽ ഉലരിക്കപ്പെട്ട സംഭവങ്ങളിൽ നിന്നും വിദ്യാഭ്യാസവകുപ്പിൽ എന്തൊ കുഴപ്പമുണ്ടെന്നും സ്വാധികാരപ്രയോഗം ശ്രമപ്രവൃദ്ധമായികാണുന്നുണ്ടെന്നും തെളിയുന്നു. സാധാരണയായി പരദേശികളെ സർക്കാർ സേവനത്തിൽ നിയമിക്കപ്പെടുവാൻ പാടില്ലെന്നു ഒരു നിയമവും ഉണ്ട്. ഇവരെ വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിരിക്കുന്നതായി നാം കാണുന്നു. പരദേശികളല്ലാതെ വേറെ ആരും അപേക്ഷകരായി ഇല്ലായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല. മറെറല്ലാവകുപ്പിനെസംബന്ധിച്ചും ഇതുപോലെ ഒരു പ്രത്യേകവഗ്ഗീയരെ മാത്രം നിയമിക്കുന്നതിനെ സംബന്ധിച്ചു പരാതികൾ ഉണ്ടായിട്ടുണ്ട്. ഈ പരാതികൾ തീർക്കുന്നതിനായി ഈ സഭാംഗങ്ങളിൽ പലരും ഒരു സിലക്ഷൻ ബോഡ്ഡ് നിശ്ചിക്കുകയോ അതു പോലെ മറെറ വല്ല ഏർപ്പാടും ചെയ്യുകയോ ചെയ്യണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഈ രാജ്യത്തെ മാതൃഭാഷ അറിവാൻ പാടില്ലാത്ത ചിലരെപോലും വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ടെന്നുള്ളതിനു എനിക്കു യാതൊരു സംശയവുമില്ല. മൂന്നാംഫാറം വരെ ഇംഗ്ലീഷൊഴിച്ചുള്ള മറെറല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിപ്പിക്കണമെന്ന ഒരു നിയമവുമുണ്ട്. പക്ഷേ മാതൃഭാഷ അറിയുവാൻ വയ്യാത്ത ചില വാദ്ധ്യാന്മാരുടെ കായ്ത്തിൽ ഈ വകുപ്പിലെ അധികൃതന്മാരുടെ സ്വാധികാരപ്രമത്തത നിമിത്തം ഈ നിയമത്തെ ബലപ്പെടുത്തി ഉപയോഗിക്കാറില്ല. അതുകൊണ്ടു ഈ സംഗതികളേപ്പറ്റി അന്വേഷിച്ചു ഈ ആവശ്യകരം ഇല്ലായ്മ ചെയ്യത്തക്കവിധത്തിൽ നടപടികൾ നടത്തിത്തുടങ്ങേണ്ടതായ കാലം അതിക്രമിച്ചിരിക്കുന്നു.

റവ. ഫാദർ കുരിയാക്കോസ് വെട്ടിക്കാപ്പള്ളി (തൊടുപുഴ-കുന്നത്തുനാട്): സർ, ഞാനും ഈ പ്രമേയത്തെ അനുകൂലിക്കുന്നു. രാജ്യത്തിലെ പല വകുപ്പുകളിലേയും നിയമനങ്ങൾ ഇന്നത്തെ പ്രധാന വിവാദവിഷയം ആയിത്തീർന്നിട്ടുണ്ട്. മാരോസമുദായത്തിനും അതിൻറെ ന്യായമായ പ്രാതിനിധ്യം നഷ്ടമായി ഈ വിഷയത്തെ ശരിയാംവിധം ഗവണ്മെൻറിൽ നിന്നും ഉപസംഹരിക്കുന്നതു വരെ ഇതു എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കുന്ന ഒന്നായിരിക്കുകയും ഈ സഭയിലും വർത്തമാനക്കടലാസുകളിലും മറെറുള്ള പ്രസംഗവേദികളിലും പ്രതിപാദ്യ സംഗതിയായിരിക്കുകയും ചെയ്യും:

സർ, രണ്ടുകൊല്ലം മുമ്പ്, ഗണ്യമായ പ്രയോജനത്തോടു കൂടിയല്ലെങ്കിലും, അവിടുന്നു അടച്ചുകെട്ടിയിരുന്ന ചില ഡിപ്പാർട്ടുമെൻറുകളുടെ വാതലുകൾ എല്ലാവക്കുമായി തുറന്നു കൊടുത്തതുമുതൽ, രാജ്യത്തിലെ ചില വകുപ്പുകളിൽ അനാശ്രയന്മാരെന്നു പറഞ്ഞു വന്ന ചിലർക്കു പ്രവേശനമില്ലായിരുന്നു, എന്നാൽ ഇപ്പോൾ ഈ വാദവിഷയമായിത്തിന്നിരിക്കുന്ന വകുപ്പ് അങ്ങിനെയുള്ള ഒന്നല്ല. ശരിയായ യോഗ്യതയുണ്ടെങ്കിൽ അർക്കും പ്രവേശനം സിദ്ധിക്കണമെന്നു ഇതിൽ നിർബന്ധമുണ്ടായിരുന്നു. ഇത്തരം അപമാനങ്ങളാൽ കഷ്ടതയനുഭവിക്കുന്നവരുടെ കാര്യം മാത്രമല്ല. നീതിജ്ഞന്മാർക്കു സകലർക്കും, മിസ്റ്റർ, എം. എൻ. പിള്ളയാൽ ഇപ്പോൾ വായിക്കപ്പെട്ട സംഭവം ഏതയത്തോളമകത്തക്കവിധത്തിൽ നിരാശജനകമാണ്; അതുൽസമനാശിതമുള്ള അല്പ്യായനത്തിൽ ഈ രാജ്യത്തിലെ ജനങ്ങളുടെ ബുദ്ധിപൂർവ്വകവും ആത്മീകവുമായ വിദ്യാഭ്യാസത്തെ നിയന്ത്രണം ചെയ്യുകയാണ് ഈ വകുപ്പിൻറെ കർത്തവ്യം പൊതുജനങ്ങളോടുള്ള കർത്തവ്യനിഷ്ഠാനത്തിൻറെ ഈ ഭാഗത്തിലെ ഈ വകുപ്പ് അശേഷം വിജയകരമായിട്ടില്ലെന്നു എനിക്കു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു; ചിലരുടെ പ്രവർത്തികൾ അവർ പ്രസംഗിക്കുന്ന സാഭ്രിക്കസാഹോദര്യത്തിനും, സമത്വം, നീതി, മുതലായ ഉത്തമാശയങ്ങളുമായി ഒട്ടും തന്നെ യോജിക്കുന്നില്ല. അവപതിൽപരം കെട്ടുങ്ങളായിനടന്നവരുന്ന രാജകീയകോളേജിലെ അദ്ധ്യാപകവൃന്ദത്തിൽ മിസ്റ്റർ. ഫ്രഡ്വെർഫ് പറഞ്ഞതു പോലെ മഹാൻജിയുടെ പ്രത്യേക ഏജൻസിയാൽ ഇന്നയിടെ മാത്രമെ ഒ

ര കത്തോലിക്കനെ നിയമിച്ചിട്ടുള്ളൂ. യോഗ്യതയുള്ളവർ ആ സമുദായത്തിലില്ലാത്തതോ അപേക്ഷകരും വന്ന ചേരാത്തതോ ആയിരിക്കാം ഇതിനു കാരണം? കോളേജിലെ പ്രഥമസർമ്മങ്ങളുടെ നിയമനാധികാരത്തിൽ ഡാക്ടർ തോമസ്സിന്റെ അപേക്ഷയെ വിസ്മരിച്ചു കളഞ്ഞതാണ് ഞങ്ങൾക്കു ഏറ്റവും വലിയ വിസ്മയത്തിനു കാരണമായത്. ആ വിസ്മരണയുടെ കാരണമോ പ്രകൃതമോ വിവരിക്കപ്പെട്ടിട്ടില്ല. ആ നിർഭാഗ്യമായ വിസ്മരണയുടെ ഫലമായി തന്റെ പുത്രപൗത്രന്മാരിൽ ഒരാളുടെ പരിചരണഭാഗ്യം തിരുവിതാംകൂറിനു നഷ്ടമായി എന്നുമാത്രമല്ല അതു ഡാക്ടർ തോമാസ്സിന്റെ സമുദായത്തോടു പ്രവർത്തിച്ച ഒരു വലിയ അനീതിയുമാണ്. മിസ്റ്റർ. എം. എൻ. പിള്ള പറഞ്ഞതു പോലെ ഇപ്പോഴത്തെ ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടരുടെ നിയമനങ്ങളും തന്നെ അവയുടെ യാഥാർത്ഥ്യത്തെ വിളിച്ചു പറയുന്നുണ്ട്. കഴിഞ്ഞ ശ്രീമൂലം പ്രജാസഭയിൽ ദിവാൻജി അവർകളും പ്രസ്താവിച്ച ഉത്തമനയത്തെ അതായത്.

"സർവ്വസമുദായങ്ങൾക്കും ഇച്ഛാവസരങ്ങളും നൽകപ്പെടണമെന്നും എന്തുവേഗത്തിൽ അവരുടെ സങ്കടപരിഹാരം ഉണ്ടാക്കപ്പെടണമെന്നും ഉള്ളതാണ് ഗവണ്മെൻറിന്റെ നയം. പൊതുസേവനത്തിൽ റോമൻകത്തോലിക്കരുടെ പ്രാതിനിധ്യവിഷയം പ്രത്യേകം ശ്രദ്ധേയമാണ്"

ഈ ഉത്തമ നയത്തെ അനുസരിച്ചായിരിക്കണം ഈ സംവത്സരാരംഭത്തിൽ പള്ളിക്കൂടം ഇൻസ്പെക്ടർ പുതിയ നിയമനങ്ങൾ ചെയ്തപ്പോൾ ഒരു കത്തോലിക്കനേയും കൂടി നിയമിച്ചത്. എന്നാൽ മിസ്റ്റർ. എം. എൻ. പിള്ള പറഞ്ഞതു പോലെ അദ്ദേഹത്തിന്റെ അടുത്ത ഒരു ബന്ധുവിനെ ഒരു സ്ഥിരം ഒഴിവിൽ തന്നെ നിയമിച്ചപ്പോൾ, മേല്പറഞ്ഞ കത്തോലിക്കനെ വളരെ ചെറിയ ഒരു ഒഴിവിൽ നിയമിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു ഒരു ഇരട്ട രണ്ടാംക്ലാസ് ബി. എ. ക്കാരനാണെങ്കിലും ഉയർന്ന യോഗ്യതയുണ്ടായിരുന്നിട്ടും സ്വഭാവത്തേയും അദ്ധ്യാപക ചാതുര്യത്തേയും പറ്റി അയാളുടെ ഹെഡ്മാസ്റ്റരുടെ വളരെ നല്ലസർട്ടിഫിക്കറുകൾ ഉണ്ടായിരുന്നിട്ടും ആ പ്രത്യേക സ്കൂളിൽ ഒരു ചരിത്ര ബി. എ. ക്കാരനില്ലാതിരുന്നിട്ടും ആ വിഷയം ഒരു കണക്ക ബി. എ. ക്കാരൻ എടുത്തു കൊണ്ടിരുന്നിട്ടും, ഈയുവാവു ഒരു മാസവും അഞ്ചുദിവസവും കഴിഞ്ഞു, ഡിപ്പാർട്മെൻറു വിടേണ്ടതായി വന്നു.

മി: എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറു സിക്രട്ടറി): അയാളുടെ പേരെന്താണ്?

റവ: ഫാദർ കുര്യാക്കോസ് വെട്ടിക്കാട്ടുള്ളി (തൊടുപുഴക്കുന്നുനാട്ട്): ചേർത്തലക്കാരൻ "മിസ്റ്റർ. ചിനോസ്", (മിസ്റ്റർ. പി. കെ. നാരായണപിള്ള "കേരളകവിൻ കേരളകവിൻ") അവസാനമില്ലാതെ ഉദാഹരണങ്ങളും ഉദ്ധരിക്കപ്പെടാം. എന്നാൽ അങ്ങിനെ ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. സർ, പ്രത്യക്ഷപ്പെടുവാൻ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഗവണ്മെൻറു നയത്തിന്നു വിപരീതമായി ഇപ്രകാരം ഇടച്ചുയായി പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥനെ ശിക്ഷിച്ചു ഒരു ഉദാഹരണമാക്കേണ്ടതു് ഗവണ്മെൻറിന്റെ കർത്തവ്യമാണ്. അദ്ദേഹത്തിന്റെ നിയമനങ്ങളും സൂക്ഷ്മമായി പരിശോധിച്ചു കുറക്കാരനാണെന്നു കാണുന്നു എങ്കിൽ അദ്ദേഹത്തെ ശിക്ഷിക്കേണ്ടതും അത്യാവശ്യമെങ്കിൽ മിസ്സ് മിസ്സ് തന്നെ ചെയ്യേണ്ടതും തന്നെ. അങ്ങിനെയുള്ള നിഷ്കർഷകരുമാത്രമേ ശരിയായ ഫലമുണ്ടാക്കുകയുള്ളൂ. ഗവണ്മെൻറിനാൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഫലപ്രാപ്തിക്കു ഇപ്രകാരമുള്ള പ്രയത്നികരും മാത്രമേ പര്യാപ്തമാകുകയുള്ളൂ എന്നെനിക്കു നിശ്ചയമുണ്ട്.

മി: തയ്യുകത്തിത്തൊമ്മൻ (മൂവാറ്റുപുഴ): വിദ്യാഭ്യാസവിഭാഗത്തിലെ ഉദ്യോഗനിയമനങ്ങളും വർഗ്ഗീയപക്ഷപാതപരമാണെന്നുള്ളതു് നാടൊട്ടുക്ക് പ്രസിദ്ധമായ ഒരു സംഗതിയാണ്. സമഭാവനയോടുകൂടി ഉദ്യോഗനിയമന വിഷയത്തിൽ സ്വകൃത്യനിർവ്വഹണത്തിന് ഒരുക്കമില്ലാത്ത ഉദ്യോഗസ്ഥന്മാരെ പബ്ലിക്കുസർവീസിൽനിന്നും പിരിച്ചു വിടേണ്ടതു് ഗവണ്മെൻറിന്റെ ഒഴിച്ചു കൂടാത്തകൃത്യമാണ് ഇങ്ങിനെയുള്ള നിയമനങ്ങളെ ഓരോ അവസരങ്ങളിലും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നുബോദ്ധ്യപ്പെടുത്തിട്ട ഗവണ്മെൻറു ഈക്കാര്യത്തിൽമൌനം ദീക്ഷിക്കുന്നതു് വളരെ ആശ്ചര്യാവഹം തന്നെ. ചിലഅവസരങ്ങളിൽ ചിലചില്ലറയായ പിശകുകളും ഉദ്യോഗസ്ഥന്മാർ കാണിച്ചു എന്നു വരാം. പിന്നേയും അതു തുടർന്നുകൊണ്ടിരിക്കുകയാണെങ്കിൽ അപ്പോൾ ഇങ്ങിനെയുള്ള സഭകളിൽ വച്ചു പ്രതിനിധികളും അതിനെ ഉറച്ചു പ്രകടിപ്പിക്കയും ചോദ്യത്രപ്പേണയും മറ്റും ഗവണ്മെണ്ടിനെ ഉണർത്തുകയും ചെയ്യും. പിന്നേയും ഗവണ്മെൻറു മൌനം ദീക്ഷിക്കുകയാണെങ്കിൽ അതു വളരെ കഷ്ടതരമായിരിക്കും. ഏറ്റവും ധനവ്യയം ചെയ്തു നടത്തിവരുന്ന ഒരു വകുപ്പാണ് എജ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറു. ഉദ്യോഗവിഷയത്തിൽ ഓരോ വർഗ്ഗക്കാർക്കും ന്യായമായി കിട്ടേണ്ടതെല്ലാം കിട്ടണമെന്നു പറയുമ്പോൾ അതൊരു വർഗ്ഗീയവാദമാണെന്നും രാജ്യത്തിന്റെ ദ്രോഹകരമാണെന്നും ചിലർ പറയുന്നുണ്ട്. മുക്കാൽ കോടി രൂപയോളം ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും പെൻഷനുമായിട്ടു രാജ്യത്തു ചിലവാകുന്നുണ്ട്. ഈ ലക്ഷം ജനങ്ങളും അടങ്ങുന്ന വിവിധവർഗ്ഗങ്ങൾക്കു കാര്യക്ഷമതക്കു ഹാനിവരുത്താതെ യോഗ്യതയനുസരണം ഉദ്യോഗങ്ങളും കൊടുക്കേണ്ടതാണു ന്യായം. അതിനെ വിസ്മരിച്ചു ചില വർഗ്ഗങ്ങളോടു പക്ഷപാതമായി പ്രവർത്തിക്കുന്ന നയമാണ് പല ഡിപ്പാർട്ടുമെൻറിലും പ്രത്യേകം ഈ ഡിപ്പാർട്ടുമെൻറിലും കണ്ടുവരുന്നതു. അതിനാൽ അതിനെ ഏതുമാത്രം ആക്ഷേപിച്ചാലും മതിയാകുകയില്ല. നൂ ലക്ഷത്തിൽ പരം ജനം ഉൾപ്പെട്ട ഈ രാജ്യത്തിലെ ഒരു വലിയ വിഭാഗമായ കത്തോലിക്കരുടെ ഇടയിൽനിന്നും മലയാളം സ്കൂൾ ഇൻസ്പെക്ടർമാരായൊ ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർമാരായൊ വല്ലവരുമുണ്ടൊ എന്നൊരു ചോദ്യം നിയമസഭയിൽ ഞാൻ ചോദിച്ചതിനു ഇല്ലെന്നു മറുപടി പറഞ്ഞു. കത്തോലിക്കരുടെ ഇടയിൽ നിന്ന് ഇംഗ്ലീഷ്വകുപ്പിലും മലയാളംവകുപ്പിലും ചുരുങ്ങിയ പക്ഷം ഓരോരുത്തരുണ്ടെന്നു ചോദിച്ചതിനു കത്തോലിക്കരുടെ വർഗ്ഗം തിരിച്ചു കണക്ക എടുത്തു പറയുവാൻ പ്രയാസമാണെന്നു ൻ ഉദ്യോഗത്തിലെ യോഗ്യതയിൽ ഗവണ്മെൻറു മറുപടി പറഞ്ഞു. ഇവിടത്തെ സെൻസസ് റിപ്പോർട്ടിൽ ഓരോ വർഗ്ഗക്കാരേയും പ്രത്യേകം തിരിച്ചു കണക്കെടുത്തിട്ടുള്ള സ്ഥിതിക്കു ഇതു പ്രയാസമുള്ളതെന്നു വിചാരിക്കുവാൻ പാടില്ല. ഡയറക്ടർ തന്റെ കീഴിലുള്ള രണ്ടു ശ്രേഷ്ഠിയിലേയും ഇൻസ്പെക്ടർമാർക്ക് ഒരുത്തരവയച്ചാൽ കണക്കുകൾ വരും. മനസ്സുണ്ടെങ്കിൽ ഒരു പ്രയാസവുമില്ല. ഈ കണക്കുകൾ വരുമ്പോൾ ഈ ഡിപ്പാർട്ടുമെൻറിലെ നിയമനം സംബന്ധിച്ചുള്ള അനീതി പ്രത്യക്ഷമാകുമെന്നുള്ള ഭയം കൊണ്ടാണ് ഈ കണക്കെടുക്കുവാൻ പ്രയാസമെന്നു പറഞ്ഞൊഴിഞ്ഞതു എന്നെ ജനങ്ങൾ വിചാരിക്കു. വിദ്യാഭ്യാസംവകയ്ക്കായി ധാരാളം പണം

വ്യയം ചെയ്യുന്ന ഒരു ജനവിഭാഗമാണു കുത്തോഷിക്കർ. അവക്ക് ഈ വകുപ്പിൽ പ്രവേശനം നൽകാത്തതു വളരെ കഷ്ടമാണെന്നു പറയാതെ നിവൃത്തിയില്ല. കഴിഞ്ഞപ്രാവശ്യം കോലത്തുള്ളവർ കുത്തോഷിക്കുട്ടങ്ങളുടെ ജനസംഖ്യക്കൊ വിദ്യാഭ്യാസത്തിനൊ അനുസരണമായി പ്രവേശനം നൽകീട്ടില്ലെന്നു ഗവണ്മെന്റു ശ്രദ്ധിക്കണമെന്നും പറയുകയുണ്ടായി. അതിനു മറുപടിപറഞ്ഞതു വേണ്ടുംവണ്ണം ശ്രദ്ധിക്കാമെന്നുപറഞ്ഞു പല അവസരങ്ങളിലും ഇങ്ങനെ പറഞ്ഞിട്ടുള്ളതല്ലാതെ ഗവണ്മെന്റു് ഒന്നും ചെയ്തുകാണുന്നില്ല. ഉദ്യോഗനിയമവിഷയത്തിൽ വർഗ്ഗീയപക്ഷപാതം കാണിക്കുന്ന ഉദ്യോഗസ്ഥന്മാരെ എല്ലാം പിരിച്ചുവിടണം. അങ്ങിനെയുള്ളവർ യോഗ്യന്മാരല്ലന്നു ഗവണ്മെന്റിനു സമ്മതിച്ചു കഴിയും. അവർ ആരെല്ലാമെന്നു ഗവണ്മെന്റിനുതന്നെ അറിയാം, ചോദ്യങ്ങൾകൊണ്ടും മറ്റും ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തീട്ടും ഉണ്ട്. എല്ലാവർഗ്ഗങ്ങളേയും സമഭാവനയോടു കൂടി വിചാരിച്ചു് ഉദ്യോഗനിയമവിഷയത്തിലും മറ്റു് ഉദ്യോഗകൃത്യങ്ങളിലും പ്രവർത്തിക്കുന്നവരായിരിക്കണം ഡിപ്പാർട്ടുമെന്റധികൃതന്മാരായിരിക്കുവാൻ. ഗവണ്മെന്റിനെ എല്ലാവിധത്തിലും സഹകരിച്ചു പ്രവർത്തിക്കണമെന്നാണു ജനങ്ങളുടെ വിചാരം. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരുടെ അകൃത്യങ്ങളെ മൂടിവെക്കാതിരുന്നാൽ ജനസമുദായത്തിനു ഗവണ്മെന്റിന്റെ മേൽ വമ്പിച്ച അതൃപ്തിയും സങ്കടവും ഉണ്ടാകും. ഓരോരുത്തരുടെയുമപോലെ ഓരോ ഗവണ്മെന്റിനും നീതിയും ധർമ്മവുമാണു വാസ്തവമായ ഉയർച്ചക്കു കാരണമായിട്ടുള്ളതു നീതിയേയും ധർമ്മത്തേയും വിഗണിച്ചു പ്രവർത്തിക്കുകയാണെങ്കിൽ മേലാൽ രാജ്യത്തിനു തന്നെ അപകർഷം വരാതെയിരിക്കുകയില്ല. ഇങ്ങിനെ നീതിയും ധർമ്മവും അനുസരിച്ചു പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥന്മാരെ ശാസിച്ചും ശിക്ഷിച്ചും ശരിപ്പെടുത്തിവയ്ക്കേണ്ടതാണു രാജ്യത്തിനുണ്ടാവശ്യമായിട്ടുള്ളതു്. ഇതു് ഒരു വർഗ്ഗത്തിന്റെ കാര്യമല്ല. ഒരുവർഗ്ഗത്തിനോടു ചെയ്യുന്ന പക്ഷപാതത്തിന്റേയും അനീതിയുടെയും ഫലം രാജ്യത്തിനു മൊത്തം ഉണ്ടാകുന്നതാണു്. ഇതിൽ രാജ്യവാസികൾ വർഗ്ഗഭേദമെന്യെ ശ്രദ്ധയുള്ളവരായിരിക്കണം. എഡ്യൂക്കേഷൻഡിപ്പാർട്ടുമെന്റിലെ ഉദ്യോഗനിയമനങ്ങളിൽ ഇപ്പോൾ കണ്ടുവരുന്ന ആക്ഷേപങ്ങൾ മേലും കാണാൻ ഇടവരാതെ ഗവണ്മെന്റു വേണ്ടപോലെ പ്രത്യേകം ശ്രദ്ധിക്കണമെന്നു പ്രസ്താവിച്ചു കൊണ്ടു് ഇപ്പോൾ വിരമിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അദ്ധ്യാപകന്മാരുടെ നിയമനവിഷയത്തെ സംബന്ധിച്ചു് എന്റെ സ്നേഹിതൻ മി: എം. എൻ. പിള്ളയാൽ ശ്രേഖരിച്ചുയരിക്കപ്പെട്ട സംഖ്യകൾ കേട്ടിട്ടു് എനിക്കുണ്ടായ ആശ്ചര്യത്തെ പ്രകടിപ്പിക്കുവാൻ ഞാനും എഴുന്നേൽക്കുന്നു. മറ്റുള്ള എല്ലാത്തിനേയുംകാൾ വിദ്യാർത്ഥികളുടെ പ്രകൃതത്തോടു യോജിക്കുന്ന നിയമനങ്ങളുടെ അത്യാവശ്യം വിദ്യാഭ്യാസവകുപ്പിലാണു കൂടുതൽ ഉള്ളതു്. ഒരുപക്ഷെയിയെ വരുത്തി വിദ്യാർത്ഥികളെ അയാളുടെ നോട്ടത്തിൽ വിട്ടേച്ചാൽ വിദ്യാർത്ഥികളുടെ അഭ്യുദയത്തിൽ അയാൾക്കെത്രമാത്രം നിഷ്കർഷ കാണുമെന്നുള്ളതു യിവരിക്കുന്നതിനെക്കാൾ ആലോചിച്ചു മനസ്സിലാക്കുന്നതാണു നല്ലതു്. എന്നാൽ ഇളയിടിയരായ ഉപാദ്ധ്യായന്മാരെ നിയമിക്കുകയാണെങ്കിൽ വിദ്യാർത്ഥികളോടു് അവർക്കുള്ള സ്നേഹവും നിഷ്കർഷയും ഒരു പ്രത്യേകരീതിയിലുള്ള ഒന്നായിരിക്കുമെന്നുള്ളതു നിസ്സംശയമാണു്. മിസ്റ്റർ എം. എൻ. പിള്ളയാൽ കാണിക്കപ്പെട്ടിട്ടുള്ള സംഖ്യകളിൽ നിന്നു പുറത്തുനിന്നും വരുന്നവരെ നിയമിക്കുന്നതിൽ അധികൃതന്മാർക്കുള്ള അഭിരുചി വർദ്ധിച്ചു വരികയാണെന്നു മനസ്സിലാക്കാം. തന്റെ വിദ്യാർത്ഥികളെ സ്നേഹിച്ചു് അവരോടൊരുമിച്ചു പെരുമാറുന്നതിൽ അഭിരിതീയനായ എന്റെ മിത്രം മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരെപ്പോലെയുള്ള ചുരുക്കം ചിലരെ ഒഴിച്ചാൽ, വിദ്യാഭ്യാസവകുപ്പിൽ ഇന്നു പ്രധാനമായിക്കാണുന്ന ഒരു പൊതുസ്വഭാവം അദ്ധ്യാപകാധ്യേതാക്കൾ തമ്മിലുള്ള അകലമാണു്. എന്നാൽ മേൽപറഞ്ഞതുപോലുള്ള പെരുമാറ്റങ്ങൾ കോളേജിൽപോലും വളരെ കുറവായി മാത്രമെ കാണുന്നുള്ളു. മിഡിൽസ്കൂളിലും ഹൈസ്കൂളിലും ഉള്ള അദ്ധ്യാപകാധ്യേതാക്കൾ തമ്മിൽ അതിവ ഗാഢമായ ഒരകലം കാണുന്നുണ്ടു്. പുറത്തുനിന്നും വിദ്യാഭ്യാസന്മാരെ ഇറക്കുമതിചെയ്യുന്നതു് ഇതിനെ ഒന്നുകൂടി കഷ്ടതരമാക്കുന്നതേയുള്ളു. ഇതു വർദ്ധിച്ചുവരുന്നതായ ഒരു കഷ്ടതയാണു്. ഒരു പ്രത്യേകവർഗ്ഗത്തിൽ നിന്നു മാത്രമുള്ള ഉപാദ്ധ്യായന്മാരുടെ ക്രമാതീതമായ സംഖ്യാവർദ്ധനയിതോടൊന്നിച്ചു വകുപ്പിന്റെ അപകർഷത്തെ കൂട്ടുതൽ വെളിവാക്കുന്നുണ്ടു്. ആരെയെങ്കിലും ശിക്ഷിച്ചു് ഒരു ഓഹർണമുണ്ടാക്കുന്നുമെന്നു് എന്റെ സ്നേഹിതന്മാർ പറഞ്ഞു. ഗവണ്മെന്റു് അങ്ങിനെ ചെയ്യുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെണ്ടിന്നു് ഏതെങ്കിലും തരത്തിൽ അപ്രീതിയുണ്ടായിട്ടുണ്ടെങ്കിൽപോലും അതു പൊതുജനങ്ങളെ അറിയിക്കുകയില്ല.

മി: എ. മുഹ്മ്മദ്വെർഫ് (നിയമനിർമ്മാണമെംബർ): അപരാധങ്ങളുടെയുടെ ഒരുദ്യോഗസ്ഥനെ സസ്പെൻഡു് ചെയ്യാവുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനു മറുപടിപറയുന്നതിൽ എനിക്കു് വ്യസനമുണ്ടു്. വർഗ്ഗീയപക്ഷപാതത്തിനായി ഒരുദ്യോഗസ്ഥനേയും ഇതുവരെ സസ്പെൻഡ് ചെയ്തുകയുണ്ടായിട്ടില്ല. മറ്റുഭാഗം കോടതിക്കുറ്റത്തെ വല്ലവിധത്തിലും ഒരു സമുദായം അതിനെതിരായുക്കുകയാണു് പതിവു്.

മി: ജെ. ജാൺ നിധീരി (ചങ്ങനാശേരി-മീനച്ചൽ): അതിനിടയിൽ ഇടപെടുന്നതെന്തിനു് നിങ്ങൾ വിചാരിക്കുന്നു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരിക്കലും ഇല്ല. മുഴുവൻ സംഗതിയും സമ്പൂർണ്ണമായതിൽ ഉപസംഹരിപ്പിച്ചുകൊള്ളുന്നു. ഒരു സമാധാനം വരുത്തി അതു് ഈ സഭയുടെ മുമ്പിൽ ഹാജരാക്കി അതിനെപ്പറ്റി സഭ നിരൂപണം ചെയ്യണം. ഒരു സമുചിതമായ ഉദാഹരണം ഉണ്ടാക്കുന്നതിനു് മുമ്പിൽ അവരുടെ സമാധാനം എന്താണെന്നു് നമുക്കു് കേൾക്കാതെന്നാണു് ഞാൻ പറയുന്നതു്.

മി: ടി. കുമാരപിള്ള (ഇരുണിയൽ-പിറവംകോട്ടു്): എന്റെ സ്നേഹിതൻ മിസ്റ്റർ നാരായണപിള്ള പറഞ്ഞതുപോലെയുള്ള ആശ്ചര്യം എനിക്കു് തോന്നുന്നില്ല. അത്തരമുള്ളകാരണം നിയമനങ്ങളിലുള്ള ഇത്തരം കക്ഷികൾ എനിക്കു മുമ്പുതന്നെ ധാരാളമായിഅറിയാമായിരുന്നു എന്നുള്ളതാണു്. അങ്ങനെ അറിയാവുന്നതുകൊണ്ടു് അതിനെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായിട്ടു് പലേ ചോദ്യങ്ങളും ഈ കൌൺസിലിൽ തന്നെ ചോദിക്കയും അതിലേക്കു് പേപ്പേഴ്സുറെമെൻറുകളും കിട്ടുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെയുള്ള കാര്യങ്ങൾ നിയമ

സഭയിൽചോദ്യത്തിനുപോലും മറുപടി പറയുന്നതിനു ഗവൺമെന്റ് പ്രതിനിധികൾ ഇല്ലാതിരിക്കുന്നതിനെപ്പറ്റി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. ഈ പ്രമേയത്തിന്റെ ഉദ്ദേശ്യം ഗവൺമെന്റിനെ ഒരു കുറ്റക്കാരനായി ചിത്രീകരിക്കുകയല്ല. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. ഈ പ്രമേയത്തിന്റെ ഉദ്ദേശ്യം ഗവൺമെന്റിനെ ഒരു കുറ്റക്കാരനായി ചിത്രീകരിക്കുകയല്ല. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. ഈ പ്രമേയത്തെ ഗവൺമെന്റ് സ്വീകരിക്കാതെ ഉപേക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് എനിക്ക് കിട്ടിയിട്ടുള്ള എഴുത്തു ഇങ്ങനെയാണ്—

സബഡിനീയർതലത്തിൽനിന്നുമാത്രം നിയമനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥന്മാരെ കുറിച്ചുമായി ശിക്ഷിക്കണമെന്നുള്ള നിങ്ങളുടെ പ്രമേയത്തെ നിയമസഭാചട്ടം 92 (ബി) അനുസരിച്ച് അദ്ധ്യക്ഷനാൽ നിരസിക്കപ്പെട്ടിരിക്കുന്നു എന്ന് നിങ്ങളെ അറിയിക്കുന്നതിനു' എന്ന അധികാരപ്പെട്ടത്തിയിരിക്കുന്നു.''

അദ്ധ്യക്ഷൻ: അദ്ധ്യക്ഷനാൽ നിരസിക്കപ്പെട്ട ഒരു പ്രമേയത്തെപ്പറ്റിയാണ് നിങ്ങൾ സംസാരിക്കുന്നതു. ഓരോപ്രമേയത്തെയും അനുവദിക്കുന്നതിനു അദ്ദേഹത്തിനുള്ള അധികാരത്തെപ്പറ്റി ഈ സഭയിൽ ചോദ്യംചെയ്യുകുടാ.

മി: ടി. കുമാരപിള്ള (ഇരണിയിൽ—വിളവംകോട്): പ്രസിഡൻറിന്റെ തീരുമാനത്തെപ്പറ്റി ഞാൻ യാതൊന്നും പറയുന്നില്ല. സംഗതിയുടെ പരമാർത്ഥത്തെ ഇവിടെ പ്രസ്താവിച്ചു എന്നുമാത്രമേയുള്ളു.

അദ്ധ്യക്ഷൻ: നിങ്ങൾക്ക് അസംതൃപ്തിയുണ്ടെങ്കിൽ അതിനെ പിന്നീടു വേറെ ഏതെങ്കിലും അവസരത്തിൽ സംസാരിക്കാം.

മി: ടി. കുമാരപിള്ള (ഇരണിയൽ—വിളവംകോട്): ഇങ്ങനെയുള്ള സംഗതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ അതിനുമേൽ നടപടിനടത്തേണ്ടതു അത്യാവശ്യമാണ്. അങ്ങനെ നടപടിനടത്താതിരിക്കുന്ന അവസരങ്ങളിലാണ് ഇങ്ങനെയുള്ള പ്രമേയങ്ങൾ അയക്കുന്നതിനും അതിന്മേൽ നടപടിനടത്തണമെന്ന് ഗവൺമെന്റിനോടു ആവശ്യപ്പെടുന്നതിനും ഇടയാകുന്നതു. ഇങ്ങനെയുള്ള പ്രമേയങ്ങൾ അയക്കുന്നതിനുള്ള ഉടയാക്കാരണവിധം പബ്ലിക്ക് സർവീസിനെ നിലയെ പരിപാലിച്ചുപോരേണ്ടതു ഗവൺമെന്റിന്റെ കടമയാണു. വിദ്യാഭ്യാസവകുപ്പിനെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ മിസ്റ്റർ എം. എൻ. പിള്ള പറയുന്നതിനു മുമ്പുതന്നെ എനിക്കറിയാവുന്നതാണ്. ഇംഗ്ലീഷുപള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ കുട്ടികളെ നാട്ടുഭാഷ അറിയാൻ പാടില്ലാത്ത വാദ്ധ്യാന്മാർ പഠിപ്പിച്ചാൽ അവർ വിദ്യാഭ്യാസത്തിൽ എത്രത്തോളം വളർച്ച പ്രാപിക്കുമെന്നുള്ളതു് ആർക്കും അറിയാവുന്നതാണ്. നാട്ടുഭാഷ അറിയാൻ പാടില്ലാത്തവരെ പള്ളിക്കൂടങ്ങളിൽ നിയമിക്കുന്നതുകൊണ്ടു് കുട്ടികൾ വിഷമിച്ചുപോകാതെ തരമില്ല. മൂന്നാം പാഠംവരെ നാട്ടുഭാഷ ഉപയോഗപ്പെടുത്തി പഠിപ്പിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതു്. നാട്ടുഭാഷ അറിയാൻ പാടില്ലാത്ത ആ ക്ലാസുകളിലെ വാദ്ധ്യാന്മാർ ഇംഗ്ലീഷിൽതന്നെ പഠിപ്പിച്ചുതുടങ്ങിയാൽ അവർ എന്തുചെയ്യുമെന്ന് അറിയുന്നില്ല. അവർ എങ്ങനെ പഠിക്കുമെന്നും അവക്ക് എങ്ങനെ ക്ലാസുകയറാങ്ങും കിട്ടുമെന്നും അറിയുന്നില്ല. ഈ സംഗതികളെപ്പറ്റി അശേഷം ആലോചിക്കാതെയാണ് പുറമെനിന്നും ആളുകളെ വരുത്തുന്നതും അവർക്കും ഈ ശ്രമം ബുദ്ധിമുട്ടുണ്ടാക്കുന്നതും. ഈ കാരണങ്ങളാൽ ഞാൻ മിസ്റ്റർ എം. എൻ. പിള്ളയുടെ മോഷനോടു് പൂർണ്ണമായി യോജിക്കുന്നു.

മി: ജെ. ജാൺ നിധീരി (ചങ്ങനാശേരി-മീനച്ചിൽ): സർ, ഈ പ്രമേയത്തെ സംബന്ധിച്ചു് ഞാൻ സംസാരിക്കണമെന്ന് വിചാരിച്ചിരുന്നില്ല. മിസ്റ്റർ എം. എൻ. പിള്ളയാൽ ശേഖരിക്കപ്പെട്ട കണക്കുകളിൽ നിന്നും വിദ്യാഭ്യാസ വകുപ്പിലെ നിയമനങ്ങളെ സംബന്ധിച്ച ആശ്ചര്യജനകമായ സംഭവങ്ങൾകേട്ടപ്പോൾ സഭയുടെ ഭൂരിഭാഗ ശബ്ദത്തോടു് ഞാനും യോജിക്കുമെന്നു് വിചാരിച്ചു. മുമ്പു് സംസാരിച്ച പ്രാസംഗികന്മാരാൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുപോലെ ഈവകുപ്പിലെ നിയമനങ്ങളിൽ ഒരു പ്രത്യേകവ്യവസ്ഥയുടെ പ്രാബല്യം നടക്കുന്നുണ്ടു്. ഇന്നുതിരിനിയമനങ്ങളും ഒരു യൂറോപ്യൻ മേധാവിയുടെ കീഴിലുള്ള ഒരു ഡിപ്പാർട്ടുമെന്റിലാണ് നടക്കുന്നതെന്നുള്ളതിലാണ് എനിക്ക് അതിശയം. ഡാക്ടർമിച്ചൽ മുതൽ ഇങ്ങോട്ടുണ്ടായിട്ടുള്ള യൂറോപ്യൻമേധാവികളുടെ കീഴിൽ ഡിപ്പാർട്ടുമെൻറുകൊണ്ടുള്ള കുറേക്കൂടി നന്നായിട്ടാണ് നടന്നുവരുന്നതെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. പക്ഷേ അനന്തരം നിയമിതരായ വിദ്യാഭ്യാസമേലദ്ധ്യക്ഷന്മാരുടെ അധീനത്തിൽ ഡിപ്പാർട്ടുമെൻറ് സംഗതികൾ അശ്രദ്ധാകരമായി പെരുമാറപ്പെട്ടു എന്നു പറയേണ്ടിവന്നതിൽ എനിക്ക് വ്യസനമുണ്ടു്. ഇപ്പോഴത്തെ വിദ്യാഭ്യാസമേലദ്ധ്യക്ഷനെ സംബന്ധിച്ചിടത്തോളം അദ്ദേഹം മറുപലവിധയജ്ഞങ്ങളേയുംപോലെ ഈ വിഷയവും ആദ്യം മുതൽ പഠിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു പറയുകയുണ്ടായി. അദ്ദേഹം സാമൂഹികമോ വർഗ്ഗീയമോ ഭേദങ്ങൾകൂടാതെ എല്ലാവർക്കും ഒരുപോലെ നീതിവിതരണം ചെയ്യുമെന്ന് ഞാൻ ആശിക്കുന്നു. സർ, ഇതേപ്പറ്റി കത്തോലിക്ക സമുദായത്തെ സംബന്ധിച്ചുമാത്രം ഒരു വ്യവഹാരപ്രയുവാനുണ്ടു്. ഈ സമുദായത്തിലെ കണക്കുകൾ കിട്ടിത്തുടങ്ങിയിട്ടുള്ളതുകൊണ്ടു മറ്റുള്ള വകുപ്പുകളിലെന്നപോലെ ഈ വകുപ്പിലും അവക്ക് സിദ്ധിക്കുന്ന പ്രാതിനിധ്യം ഇലാം ശോചനീയമായ ഒന്നാണെന്നു സഭാംഗങ്ങൾക്കു മനസ്സിലാക്കുവാൻ സാധിക്കും. ഈ സമുദായത്തിൽനിന്നും കൂടുതൽ ആളുകളെ നിയമിക്കുന്നതിനെപ്പറ്റി ഗവൺമെൻറിനേയും വിദ്യാഭ്യാസമേലദ്ധ്യക്ഷനേയും ശ്രദ്ധ ആകർഷിക്കപ്പെട്ടുമെന്നു ഞാൻ ആശിക്കുന്നു.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): പ്രസ്തുതവിഷയത്തെ സംബന്ധിച്ചു ഗവൺമെൻറിന്റെ ശ്രദ്ധ ആകർഷിക്കപ്പെട്ടിട്ടുണ്ടു്.

മി: ജെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): എനിക്കു കേൾക്കുവാൻ പാടില്ല.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): പ്രസ്തുതവിഷയത്തെപ്പറ്റി ഗവൺമെൻറിന്റെ ശ്രദ്ധ വീണ്ടും വീണ്ടും ആകർഷിക്കപ്പെട്ടിട്ടുണ്ടു്. തിരുവിതാംകൂർ പൊതുജനങ്ങളുടെ പൊതുവെ ശ്രദ്ധാകേന്ദ്രമായ പൊതുനിയമനങ്ങളിലുള്ള വർഗ്ഗീയ പ്രാതിനിധ്യം ചുരുക്കത്തിലിന്നിട്ടുണ്ടു്. നമ്മുടെ ഇടയിൽ അനേകം സമുദായങ്ങളുണ്ടു്. അവകൾ തമ്മിൽ പരസ്പരസഹായത്തെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. അവർ ഐകമത്യത്തോടുകൂടി പെരുമാറിക്കൊണ്ടും വന്നു. എന്നാൽ വ്യത്യസ്ഥപരങ്ങളായ ഇന്റർമീഡിയറണകൾ ഔദ്യോഗികാപ്രക്ഷേപങ്ങളുടെ

വിദ്യാഭ്യാസത്തിലൂടെ ഈ ഫാർമ്മമായ സമുദായഘടനയെ വിഛിന്നമാക്കിത്തുടങ്ങിയിട്ടുണ്ട്. അതു വിസ്മരിക്കത്തക്ക തല്ല. അവ ആലോചനാർഹങ്ങളാണ്. സംഭവിച്ചുപോയ ഈ സൌഹാർദ്ദനഷ്ടത്തെ പുനഃപ്രതിഷ്ഠാപനം ചെയ്യുന്നതിനായി വേണ്ടവിധം പ്രയത്നിച്ചു അതിന്ന പര്യാപ്തങ്ങളായ മാർഗ്ഗങ്ങളെ കണ്ടുപിടിക്കേണ്ടതാണ്. ഹൈന്ദവസമുദായത്തിലെ സമുദായ പ്രാതിനിധ്യത്തിനായി പല വർഗ്ഗക്കാരും നിലവിളി കൂട്ടുന്നതായ നമുക്കു വസ്തുതയിലേക്ക ഗവണ്മെന്റിന്റെ ശ്രദ്ധയെ നാൻ ഒന്നുകൂടി ആകർഷിക്കുന്നു. അവരുടെ ആഗ്രഹസാഫല്യം പൂർത്തി വരുത്തുന്നതിനായി എന്തെങ്കിലും ഉടനെ ചെയ്യേണ്ടതുണ്ട്. നാം ഇപ്പോൾ വിദ്യാഭ്യാസവകുപ്പിനെ പറ്റിയാണ് പറയുന്നത്. ആ വകുപ്പ് "അക്ഷരം വിപ്രഹസ്സേവാ" എന്നുള്ള ആദർശം സ്വീകരിച്ചിരിക്കുന്നതായി തോന്നുന്നു. നിയമനവിഷയത്തിലും അങ്ങനെയാണ് അവരുടെ ആദർശമെന്ന തോന്നുന്നു. 'അക്ഷരം വിപ്രഹസ്സേവ' എന്ന വാക്യമുള്ള "നീതിസാരം" ഏതു കാലത്താണ് നിർമ്മിച്ചിട്ടുള്ളതെന്നറിഞ്ഞുകൂടാ. ബ്രാഹ്മണരിൽനിന്ന മാത്രമെ ജ്ഞാനം സമ്പാദിക്കാവു എന്നാണ് അതിന്റെ അർത്ഥം. അങ്ങു എഴുതപ്പെട്ടതിന്റെശേഷം എത്ര ശതാബ്ദങ്ങൾ കഴിഞ്ഞുപോയിട്ടുണ്ടെന്ന എനിക്കറിഞ്ഞുകൂടാ. എന്നാൽ ഇപ്പോഴും നമ്മുടെ വിദ്യാഭ്യാസാധികൃതന്മാർ അവരുടെ ആദർശം അതുതന്നെയായി കരുതുന്നു. ഭാഗ്യസ്യവശാൽ ഉദ്യോഗവാനിടയില്ലാത്ത ഒരു യൂറോപ്യൻ അധികൃതനാൽ ഭരിക്കപ്പെട്ടവരുന്ന ഒരു വകുപ്പിൽ ഇതു വളരെ അനീതി നടമാടുന്നതു എനിക്കുകാണാതിരുന്ന എന്റെ സ്നേഹിതൻ മിസ്റ്റർ നിധിരി പറഞ്ഞതുപോലെ എനിക്കും മനസ്സിലാകുന്നില്ല. എന്റെ കീഴ്ജീവനക്കാരാൽ പ്രവർത്തിക്കപ്പെട്ടവരുന്ന അവിവേകത്തെ യൂറോപ്യൻമേധാവിയിൽ ചുമത്തി ഒരുപദ്രവമുണ്ടാക്കുകയാണെങ്കിൽ രാജ്യത്തിലെ ഏതെങ്കിലും ഒരു സമുദായത്തിൽപെട്ട ഇതര വകുപ്പുകളിലെ അധികൃതന്മാരുടെ ഭരണമണ്ഡലം എത്രകാലമായിരിക്കുമെന്നു എനിക്കറിയുവാൻ വയ്യ. ഒന്നോ രണ്ടോ തിക്കപ്പെട്ട ഒരു ചോല്യത്തിനെത്തരമായിട്ടാണ് ആ മേഘം പറയപ്പെട്ടതെങ്കിലും മിസ്റ്റർ മീനോസിനെ രക്ഷാകർത്തൃത്വത്തിൽ നല്ല ഒരു സഹായമല്ലാ ചെയ്യുന്നതു എന്നുള്ളതു ഞാൻ പറയാം. പ്രത്യേകം പേർ എടുത്തു പറയാതെ ഇരിക്കുന്നതായിരുന്നു നല്ലത്. പക്ഷെ അയാളുടെ പേർ ഒരിക്കൽ പ്രസ്താവിച്ചുപോയതുകൊണ്ടു തന്നെ അയാളെപ്പറ്റി രണ്ടു പറയാം. അയാൾ ചേർത്തലക്കാരനായ ഒരു സാധു കത്തോലിക്കനാണ്. അയാൾ ഒരു ഇരുട്ട രണ്ടോ ക്ലാസ്സ് ബി. എ. പുമാണ്. ഒരുദ്യോഗത്തിനുവേണ്ടി ഞാനാണ് അയാളെ മിസ്റ്റർ നാരായണയ്യരുടെ അടുക്കൽ ചെന്നുപോയത്. സ്വന്തം മരുമകനെ ഒരു സ്ഥിരം ഒഴിവിൽ ജോലി കൊടുത്തതുപോലെ മിസ്റ്റർ മീനോസിനെ ഒരുമാസത്തേയും ഏഴു ദിവസത്തേയും ജോലികൊടുക്കുന്നതിനു ഇൻസ്പെക്ടർക്ക് അധികാരമുണ്ടായി. ഈ സമയത്തിൽ ഇവനു പ്രസ്താവിക്കുവാൻ മറ്റുള്ളവരെക്കാളും ഇയാൾക്കു ഞാൻ ഉദ്യോഗമാക്കുന്നതിനു പറയാതെ നിവൃത്തിയില്ല. ഔദ്യോഗികപ്രവർത്തനങ്ങളെപ്പറ്റി ഇത്രമാത്രം ഈ സഭയിൽ പ്രസ്താവിക്കുന്നതിനു ഞങ്ങൾക്കു വാസ്തവത്തിൽ മടിയുണ്ട്. പക്ഷെ ഇതുവളരെ അനിവാര്യം ചെയ്യപ്പെട്ടപ്പോൾ എങ്ങിനെയാണ് മിണ്ടാതിരിക്കുന്നതെന്നു എനിക്കു അറിയുവാൻ പാടില്ല. പൊതുജനങ്ങളാൽ അനുവദിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വർഗ്ഗീയപ്രാതിനിധ്യം നടപ്പിൽ വരുത്തുന്നതിനും ഞങ്ങൾക്കു പറയുവാൻ മടിയുള്ള വിഷയങ്ങളെപ്പറ്റി നിർബന്ധിച്ചു പ്രസംഗിപ്പിക്കാതിരിക്കത്തക്കവണ്ണം സംഗതികൾ നടത്തുന്നതിനും പൊതുജന എന്തെങ്കിലും ചെയ്യപ്പെടേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

ടി: ടി. പി. പേലപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): സർ, എനിക്കുങ്കിലും അവിടെ കുറച്ചു ഉദ്യോഗസ്ഥന്മാരുടേയും പേരിൽ അനേകം പരാതികളുണ്ട്. സാമ്പത്തികമായ സമത്വത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ ഉണ്ടായിരുന്നിട്ടും തങ്ങൾക്കു സംബന്ധിച്ചു മാത്രം കൂട്ടുതൽ പ്രതിപത്തിയുള്ള അനേകം സമുദായങ്ങളിൽ ഈ വിദ്യാഭ്യാസം കൂട്ടുതലാക്കപ്പെട്ടിട്ടുണ്ടു.

മി: എ. എഡ്വേർഡ് (നിയമിച്ച മെമ്പർ): നെടുമങ്ങാട് മുൻസിഫ്കോടതിന്റെ പേരെന്തായി (ചിരി).

അദ്ധ്യക്ഷൻ: ആ ചോല്യത്തിനും പ്രസ്തുതവിഷയത്തിനും തമ്മിലുള്ള ബന്ധമെന്താണ്.

ടി: ടി. പി. പേലപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): നെടുമങ്ങാട് ഒരു സമുദായമല്ലെന്നും ഒരു താലൂക്കാണെന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞുകൊള്ളട്ടെ (ചിരി) ഒരു വകുപ്പിന്റെ ഭരണകർത്തൃത്വം ഒരു യൂറോപ്യനാണെങ്കിൽ നീതിധർമ്മങ്ങൾ ശരിയായിവണ്ണം നടക്കുമെന്നുള്ള അഭിപ്രായത്തെ ഇന്നുപോലും സംഭാഷണങ്ങളിൽ ചിലർ ധ്വനിപ്പിക്കുന്നതു കേൾക്കുകയുണ്ടായി. യൂറോപ്യന്മാർ നിതിയനുസരിച്ചു ഭരിക്കുന്ന ഉദ്യോഗസ്ഥന്മാരായിരിക്കുമെന്നു വിശ്വസിക്കുന്നവരിൽ ഒരാളാണ് ഞാൻ. എന്നാൽ ഈ സംഭവങ്ങളുടെ ഇടയിലുണ്ടായ ആയവർത്തനങ്ങൾ ഒരു തിരുവിതാംകൂർകാരനോ മറ്റേതെങ്കിലും ഇൻഡ്യനോ ഒരു വകുപ്പിന്റെ മേധാവിയായിരുന്നുവെങ്കിൽ അതിനെ നീതിസന്ധാരണമുണ്ടാകുമെന്നുള്ള വിശ്വാസം ഏവനും ഉണ്ടായിരിക്കുന്നതല്ലെങ്കിലും ന്യായം നടത്തിപ്പുണ്ടാകുകയില്ലെന്നു സംശയം ജനിക്കുന്നതാണ്.

ഓരോസമുദായങ്ങളും അവരവക്കു അവകാശങ്ങൾ സ്ഥാപിച്ചുകിട്ടണമെന്ന് വാദിക്കുന്നു. താൻ ഒരു ബ്രാഹ്മണനാണെന്നോ ക്രിസ്ത്യാനിയാണെന്നോ നായരാണെന്നോ അവകാശവാദം പുറപ്പെടുവിക്കുന്ന ഓരോരുത്തരും ചരിത്രവശത്തിലുള്ള വൃത്തകാരന്മാരുടെ മസ്തിഷ്കത്തിന്റെ സൃഷ്ടിയാണെന്നാണ് എനിക്ക് തോന്നുന്നത്. അയാൾ ആദ്യമായി ഒരു ഒരുതിയനാണെന്നും പിന്നെ ഒരുക്ഷിണേന്ത്യരീയനാണെന്നും, അപിച ഒരു തിരുവിതാംകൂർകാരനാണെന്നും അനന്തരം ഒരു ബ്രാഹ്മണനോ അബ്രാഹ്മണനോ ആണെന്നും പറഞ്ഞു തുടങ്ങുന്നു. ഒരു ബ്രാഹ്മണനാണങ്കിൽ, അയാൾ നംപൂതിരിബ്രാഹ്മണനോ തമിഴ്ബ്രാഹ്മണനോ എന്നുള്ള ചോദ്യം ഉടനെ ഉണ്ടാകും. ഒരു അബ്രാഹ്മണനാണെങ്കിൽ നായരോ ഈഴവനോ എന്നും, ഒരു ക്രിസ്ത്യാനിയാണെങ്കിൽ കത്തോലിക്കനോ, പ്രോട്ടസ്റ്റൻറോ, യൂറേഷ്യനോ, ഇൻഡ്യനോ, ജാക്കബയിറോ ഇമ്മാതിരിയുള്ള അന്വേഷണങ്ങൾ ആരംഭിക്കും. തൻമൂലം ആർക്കെങ്കിലും ഒരുവക്കുസ്ഥാപനം സിദ്ധിക്കുമെന്നുണ്ടെങ്കിൽ അയാൾ വളരെ വേഗത്തിൽ ഇതിലൊരു വൃത്തത്തിനുള്ളിൽ പ്രവേശിച്ചു രക്ഷയേടുന്നു. ഞാൻ അതിനു ആരേയും കുറ്റപ്പെടുത്തുന്നില്ല. അങ്ങിക്കുവാനും സ്വാഭാവികമാണെന്നു മനുഷ്യർ ആക്ഷേപിക്കുക അവരുടെ സ്വന്തസമുദായത്തപ്പറ്റിയുള്ളപ്രതിപത്തി അത്രയേറെ ഇല്ലാതെയാക്കുവാൻ കഴിയുന്നതുമല്ല. വളരെക്കാലം മുമ്പ് ഇയന്തരം പരീക്ഷണയോഗ്യതകളുള്ള ഒരാൾ ദിവാൻജി അവർകളേ ചെന്നുകണ്ടു മറ്റുള്ളവരുടെ പേരുകളെല്ലാം അടഞ്ഞുകണ്ടപ്പോൾ താൻ ഒരുളന്നിയാണെന്ന് പറഞ്ഞതായി

ഞാൻ കേട്ടിട്ടുണ്ട്. സാധു ആ മനുഷ്യൻ ഇപ്പോൾ മരിച്ചുപോയി. എന്തെല്ലാം മാതിരിപ്രയത്നങ്ങളാണ്, ചെയ്യുന്നതെന്നുള്ളതിന് ഇതൊരുദാഹരണമാണ്".

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല) സാധാരണപതിവുള്ളതുപോലെ, അനേകം ബ്രാഹ്മണർ ഈ വകുപ്പിൽ പ്രവേശിക്കുന്നില്ലെ?

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്) ഞാൻ അതിനെപ്പറ്റിയാണ് സംസാരിക്കുവാൻ പോകുന്നത്. എല്ലാവർത്തമാനപത്രങ്ങളിലും, വർഗ്ഗീയമത്സരം എന്ന വാക്ക് കാണാറുണ്ട്. ഈ രാജ്യത്ത് അത്തരം ചരക്ക് ധാരാളം ഉണ്ട് താനും പക്ഷഭേദത്തിനായി പലഉദ്യോഗസ്ഥന്മാരേയും ദ്വേഷ്യം പറയുന്നതായി നാം കാണുന്നു. ഏതെങ്കിലും വർഗ്ഗത്തിലെ രേണമേധാവിയായിരുന്ന ഒരു ഉദ്യോഗസ്ഥൻറെ ഉദ്യോഗകാലത്തിനിടയിൽ ഇതരവർഗ്ഗക്കാരുടെ അക്കൗണ്ടന്റെ പരാതിയുണ്ടാകാത്ത വിധത്തിൽ അതുനല്ലവണ്ണം അദ്ദേഹംഒരിക്കൽ എന്നയാതൊരു മനുഷ്യനും ഒരുദ്യോഗസ്ഥനെപ്പറ്റിയും ഇതുവരേയും പറയുവാൻ സംഗതിച്ചിട്ടില്ല. കഴിഞ്ഞ പ്രാവശ്യം കൊല്ലങ്ങളായി തിരുവിതാംകൂർ തേടിച്ചു അനേകം ഓവർസിയർമാരെ എനിക്കോർമ്മയുണ്ട്, അവരിലൊരുത്തരും തന്നെ നിർദ്ദോഷികളായിരുന്നില്ല. എന്റെ കുട്ടിക്കാലത്ത് തിരുവനന്തപുരത്ത്, വന്ന ഒരു കടുവ ശരിയായ സമയത്ത് സർവീസു വിട്ടു പിരിയാത്ത ഒരു ഓവർസിയരെ ഇവിടെ നിന്നും അയക്കുന്നതിന് ദൈവസങ്കല്പത്താൽ നിയോഗിക്കപ്പെട്ടതായിരുന്നു എന്നൊരു വർത്തമാനക്കടലാസിൽ വായിച്ചതായി ഞാൻ ഓർക്കുന്നുണ്ട്. ഈ തരത്തിലുള്ള സംബന്ധിച്ച് അനേകം പരാതികൾ ഉണ്ടെന്ന് കാണിക്കുന്നതിനാണ് ഞാൻ ഇതെല്ലാം പറയുന്നത്. നമ്മുടെ ന്യായം എന്തു തന്നെ ആയിരുന്നാലും യഥാർത്ഥയോഗ്യത ഒന്നു മാത്രം നാം കരുതുന്ന അവസരത്തിൽ വർഗ്ഗീയപ്രാതിനിധ്യത്തിന് പിന്നണിയിൽ നില്പാനേ നിവൃത്തിയുള്ളു എന്ന് ഞാൻ സവിനയം പ്രസ്താവിച്ചുകൊള്ളുന്നു.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല) യഥാർത്ഥയോഗ്യത എന്നതു പരീക്ഷയിൽ കൂടെ അങ്ങേവശത്തു മാത്രമേ കാണുകയുള്ളു എന്നാണോ അങ്ങേഹം വിചാരിക്കുന്നതെന്നെനിക്കറിവില്ലാത്തതുകൊണ്ടാണ് ഞാൻ ഇതു ചോദിച്ചത്.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്) ഞാൻ അങ്ങിനെ പറയുന്നില്ല. യഥാർത്ഥയോഗ്യതയെ സംബന്ധിച്ച് ഓരോരുത്തരും എന്തുതന്നെ വിചാരിച്ചാലും ഈ സംഗതിയേപ്പറ്റി എന്തെങ്കിലും ഒരു തീർച്ചയുണ്ടാക്കേണ്ട ആവശ്യമുണ്ടായതുകൊണ്ടാണ് ഈ ഏതു പ്രബലപ്പെട്ടുപോയി.

മി: എ. ഹഗ്ഗ്വെർഫ് (നിയമിച്ച മെമ്പർ) മിസ്റ്റർ വേലുപ്പിള്ള പ്രമേയത്തിന് അനുകൂലമായോ പ്രതികൂലമായോ സംസാരിക്കുന്നതെന്നെനിക്കറിഞ്ഞാൽ കൊള്ളാം. (ചിരി)

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്) ഞാൻ അതിനെപ്പറ്റി ഒന്നും തന്നെ പറയുന്നില്ല (ചിരി) അവക്ക് നമ്മുടെ നിയമനിർമ്മാണത്തിൽ അധികാരങ്ങളെടുത്തുപയോഗപ്പെടുത്തണമെന്നാഗ്രഹമുള്ള ഈ ഉദ്യോഗസ്ഥന്മാർ, പരസ്പരസംബന്ധമില്ലാത്ത വിവരശകലങ്ങളേ മാത്രമേ നമുക്ക് തരുന്നുള്ളു എന്നുള്ളതാണ് നമ്മെ വിഷമിപ്പിക്കുന്ന ഒരു പ്രധാനപ്രശ്നം. വേണ്ടിടത്തോളം സമയമില്ലാഞ്ഞിട്ടോ എന്തോ നമുക്കവർ ഇന്നിന്ന പ്രകാരം ശരിയായ കാരണങ്ങളെ കണ്ടു പിടിച്ച് വാസ്തവത്തിലുള്ള രോഗമെന്തൊന്നാണ് അന്വേഷിക്കുന്നില്ല. പ്രസ്തുതവിഷയം വളരെ പ്രയാസമേറിയ ഒന്നായിരിക്കേ, അവരുടെ ഇപ്പോഴത്തെ നിരീക്ഷണരീതി അവർ ഒന്നുമാറ്റുന്നതിന്നു കുറച്ചു വിഷമമുള്ളതുതന്നെങ്കിലും, അതു ചെയ്തേതീരു. പ്രത്യേകവർഗ്ഗങ്ങളുടെ അവകാശങ്ങളെ പരിഗണിച്ച് ഞാൻ സംഖ്യാബലത്തെ മാത്രം ഉദ്ദേശിച്ചുള്ളൂ പറയുന്നത്. ഉദ്യോഗമാനവിഷയത്തെപ്പറ്റി ചില നിയമങ്ങൾ നിർദ്ദേശിക്കണം. നിയമനവിഷയത്തെപ്പറ്റി എന്തെല്ലാം നിയമങ്ങളോണ്ടാക്കേണ്ടതെന്നുള്ളതാലോചിക്കേണ്ടതിന് ഈ സമയം കടമയാണ്. ഏതെല്ലാം ആദർശങ്ങളാണ് സ്വീകരിക്കേണ്ടതെന്ന് ആലോചിക്കേണ്ടതിനും സ്വീകരിക്കപ്പെട്ട ആദർശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നും ഉള്ളതന്വേഷിക്കേണ്ടതും ഈ സമയത്തുതന്നെയാണ്. മുഖ്യവങ്ങളായ ശിക്ഷകളെപ്പോലെ നിയമത്തിൽ അത്ര പ്രീതിയായി മറ്റൊന്നുമില്ല. ചുമതലയുള്ള ശിക്ഷാനിയമസംബന്ധമായ ഒരു കേസ്സെന്നു തുടങ്ങി അവസാനിക്കുന്നതുവരെയുള്ള അനീതിയിൽ അവസാനിക്കത്തക്കവിധത്തിൽ ഒരു നിയമത്തിനു വിപരീതമായി ഒരുദ്യോഗസ്ഥൻ പ്രവർത്തിക്കുന്നുവെങ്കിൽ അയാളുടെ മേലുള്ള പെരുമാറ്റം ശരിയായ രീതിയിൽ വെളിപ്പെടുത്തപ്പെടുകയും ചെയ്യുന്നുവെങ്കിൽ, ആ ഉദ്യോഗസ്ഥനെ ശരിയായവണ്ണം ശിക്ഷിക്കപ്പെടണം.

മി: ടി. കുമാരപിള്ള (ഇരണിയൽ-വിളവംകോട്) ഒരു ഡിപ്പാർട്ടുമെൻറധ്യക്ഷൻ അദ്ദേഹത്തിന്റെ സ്വന്തജാതിക്കാരെ തന്നെ ക്ലർക്കുപദവിയും നിയമിച്ചിട്ടുള്ളതിനെപ്പറ്റിഗവൺമെൻറിൽ പൊതിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് കിട്ടിയ സ്റ്റേറ്റുമെൻറുകൾ മിസ്റ്റർ വേലുപ്പിള്ള കണ്ടിട്ടുണ്ടോ?

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാടും) ഞാൻ അതിനെ കണ്ടിട്ടുള്ളതുകൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നത് (ചിരി) ഞങ്ങൾക്ക നൽകിയിരിക്കുന്ന വിവരങ്ങളിൽ നിന്നും പല വർഗ്ഗങ്ങളിലും ഉള്ള ഉദ്യോഗസ്ഥന്മാരെപ്പറ്റി പരാതിപ്പെട്ടിട്ടുള്ളതായി ഞങ്ങൾ കാണുന്നു. ശരിയായിട്ടുള്ള സമയത്ത് ഒരു മൂലത്തിൽ കൂടെ അളുകളെ വധിച്ചാൽ, മറ്റനേകം പേരെ കൊല്ലാതെ കിഴിക്കാമെന്ന് ഒലിവർക്രോംവെൽ പറഞ്ഞിട്ടുള്ളതു ഞാൻ ഓർക്കുന്നു. അതുപോലെതന്നെ, ഏതെങ്കിലും ഉദ്യോഗസ്ഥൻ സ്വാധികാരപ്രമത്തതക്കൊ വർഗ്ഗീയ പക്ഷഭേദത്തിനൊ ശിക്ഷിതനാണെന്നു കണ്ടെത്തുകയാണെങ്കിൽ അയാളെ ഇനി അപ്രകാരം മറ്റൊരുദ്യോഗത്തിനും ഉദ്യോഗസ്ഥനും പ്രവർത്തിക്കാതിരിക്കത്തക്കവിധത്തിൽ വളരെ നല്ലവണ്ണം ശിക്ഷിക്കേണ്ടതാണ്. ഇതുകൂടെ പറഞ്ഞുകൊണ്ടു പൊതുനിയമനവിഷയത്തെ സംബന്ധിക്കുന്നതായ ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി: ജെ. സ്റ്റീഫൻസൺ (അഡ്: വിദ്യാഭ്യാസമേലധ്യക്ഷൻ): സർ, വിദ്യാഭ്യാസവകുപ്പിലെ നിയമനസംബന്ധിയെപ്പറ്റി ബഹുമാന്യനായ നിയമനിർമ്മാണസഭാംഗം ഇന്നലെ ചോദിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കുകയും ചെയ്യപ്പെട്ടിട്ടുണ്ട്. ഞാൻ ഇന്നലെതന്നെ പറഞ്ഞതനുസരിച്ച് ഇംഗ്ലീഷ്വിദ്യാഭ്യാസം സംബന്ധിച്ചുള്ള ഒരു പട്ടിക ഞാൻ തയ്യാറാക്കിയിട്ടുണ്ട്. അതു ശരിയായി വിവർത്തനം ചെയ്യിക്കുന്നതിനു കുറച്ചധികം സമയം വേണ്ടിയിരിക്കുന്നതുകൊണ്ടു സാധാരണ അനുവദിച്ചിരിക്കുന്ന 4 മണിക്കുശേഷം കുറച്ചധികം സമയം എനിക്കനുവദിച്ചു തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

അദ്ധ്യക്ഷൻ: നിങ്ങൾക്ക് ഫ 0 മിന്നിട്ടിൽ അധികം സമയം എടുക്കുന്നതിനു വിരോധമില്ല. മിസ്റ്റർ ടി. ടി. വേലുപ്പിള്ള പറഞ്ഞതുപോലെ ഈ വിഷയം ഒരു പ്രധാനഘട്ടത്തെ പ്രാപിച്ചിരിക്കുന്നതുകൊണ്ട് ഈ കൂട്ടർതൽ വിവരിക്കേണ്ടതാണ്.

ടി. ജെ. സ്റ്റീഫൻസൺ (അഡ്വ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): വിദ്യാഭ്യാസവകുപ്പിൽ ബ്രാഹ്മണമേധാവിത്വത്തിന്റെ ആധിക്യത്തെപ്പറ്റിയാണ് പ്രധാനപരാതി. ഇതു നിതീകരിക്കപ്പെടാവുന്നതല്ലെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. കൂടാതെ, രണ്ടു പേരുള്ളിടത്തോളം ഇൻസ്പെക്ടർമാരും ബ്രാഹ്മണരാകണമെന്നുള്ളതിനും ഒരു ബ്രാഹ്മണനല്ലാത്ത വിദ്യാഭ്യാസമേലദ്ധ്യക്ഷന് ഇതെപ്പറ്റി ആലോചിക്കുവാനുള്ള സമയക്കുറവോ സൂക്ഷ്മക്കുറവോ നിമിത്തം ഈ വിഷയം അദ്ദേഹത്തിന്റെ ഗൌരവശ്രദ്ധയെ പാത്രീഭവിക്കുന്നില്ലെന്നും കൂടി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഈ വകുപ്പിൽ ബ്രാഹ്മണ ഉദ്യോഗസ്ഥന്മാരുടെ ആധിക്യമുണ്ടെന്നുള്ളതു നിർവിവാദമാണ്. എന്നാൽ അതു തീർച്ചയായും നിതീകരിക്കപ്പെടുകതന്നെയാണോ അല്ലയോ എന്നുള്ളതു മാത്രമാണ് ഇവിടെ വിവേചിക്കേണ്ടിയിരിക്കുന്ന വിഷയം.

ബ്രാഹ്മണരുടെ വ്യാപകത്വത്തെപ്പറ്റിയോ, ഇൻസ്പെക്ടർമാരെ ജോലിക്ക് അയോഗ്യരാണെന്നോ അല്ല അവർ ബ്രാഹ്മണരാണെന്നുള്ളതുകൊണ്ട് അവർക്ക് ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് ഒരു അയോഗ്യതയായി ഗണിക്കപ്പെടേണമെന്നോ ഇവിടെ പ്രസ്താവിച്ചിട്ടില്ലാത്ത മാത്രമല്ലാ ഉദ്ദേശിക്കപ്പെട്ടിട്ടുപോലും ഇല്ലെന്നു ആദ്യമേതന്നെ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാം.

ഉപാദ്ധ്യായന്മാർ ഇൻസ്പെക്ടർമാർ ഇത്യാദി പ്രധാനപ്പെട്ട ഉദ്യോഗങ്ങളിലേക്കു നിയമിക്കുന്നതിനുള്ള തത്വം ഈയവസരത്തിൽ ആലോചനാർഹമാണ്. സർവ്വത്തികളും ഏകപരമായി പ്രവർത്തിക്കുന്ന ഒരു സമൂഹമായിരുന്നെങ്കിൽ പ്രസ്തുതവിഷയത്തെ സംബന്ധിച്ചുള്ള തീരുമാനം വളരെ ലഘുവായ ഒന്നാണ്. അതായതു വളരെ വലിയ ചുമതലയേല്പിക്കുന്നതിനായി അത്തരം ജോലിക്കാർക്കു ഏതെങ്കിലും പ്രത്യേകതരം ആളുകളെ മാത്രമേ നിയമിക്കപ്പെടാവു എന്നുള്ളതാണ്.

സാമൂഹ്യകമോ, മതസംബന്ധമോ, വർഗ്ഗീയമോ ആയ യുക്തികൊണ്ടും കാരണത്തിൽ ഈ തത്വത്തിൽ നിന്നും വ്യതിചലിക്കുകയാണെങ്കിൽ അതിന്റെ ഫലം നല്ലതല്ലായിരിക്കുമെന്നുള്ളതിനു സംശയമില്ല. പ്രത്യേകിച്ചും, വിദ്യാഭ്യാസത്തിൽ ഇതരരാജ്യക്കാരെ അപേക്ഷിച്ചു നമുക്കു ഒരു മേന്മ മേൽത്തരം പദവി സിദ്ധിച്ചിട്ടുണ്ടെങ്കിലും മറവുള്ളവരുമായി യോജിച്ചു പ്രവർത്തിക്കുന്നതിനു അനേകം വ്യക്തികളിൽ നാം അഭിവൃദ്ധിപ്പെടേണ്ടതായിരിക്കുന്നു.

അപ്പോൾ, അബ്രാഹ്മണവർഗ്ഗക്കാർക്ക് നിയമനവർഗ്ഗത്തെപ്പറ്റി എന്താണു പരാതിയുള്ളതു? അവർ എന്താണ് ആവശ്യപ്പെടുന്നതു? നീതിസന്ധാരണമോ അവകാശങ്ങളോ?

നീതിസന്ധാരണം ആണെങ്കിൽ അതവർക്ക് അവകാശപ്പെട്ടതാണ്. അവർക്ക് അതു ലഭിക്കുകയും വേണം ഞാൻ ഇപ്പോൾ വഹിക്കുന്ന ഉദ്യോഗത്തിൽ ഞാൻ ചുരുങ്ങിയതോതിലും കാലം അവർക്ക് അതു സിദ്ധിക്കുന്നതിൽ ഞാൻ പ്രത്യേകം നിഷ്കർഷയുള്ളവനായിരിക്കും.

യഥാർത്ഥമായോ പ്രതീയല്ലാത്ത മറ്റേതെങ്കിലും സംഗതിയെ വർഗ്ഗീയപ്രാതിനിദ്ധ്യമോ അനുസരിച്ച് ഓരോരുത്തർക്ക് അവകാശങ്ങളേറെ നാം കൊടുത്തുകൊണ്ടിരുന്നാൽ എന്തെല്ലാം ഫലങ്ങളുണ്ടാകാവുന്നതെന്നു ഞാൻ ഇതിനുമുമ്പുതന്നെ പറഞ്ഞിട്ടുണ്ട്.

ഞാൻ ആക്ടിംഗ് വിദ്യാഭ്യാസമേലദ്ധ്യക്ഷനായതിന്റെശേഷം ഈ വകുപ്പിലുള്ള ബ്രാഹ്മണമേധാവിത്വത്തെപ്പറ്റിയുള്ള ചോദ്യങ്ങൾ ഒന്നിലധികം പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്. ഈ ചോദ്യങ്ങൾക്കു മറുപടിയായി ഈ സഭയിൽ നിന്നും നൽകിയ സംഖ്യകൾ പ്രഥമവീക്ഷണത്തിൽ വളരെ ആധിക്യജനകമായി എനിക്കു തോന്നി എന്നുള്ളതും പറയാതെ കഴിക്കയില്ല. ഈ സംഗതിയെപ്പറ്റി യാതൊരു ചുമതലയുമെനിക്കില്ലായിരുന്ന എന്നുള്ളസൌഭാഗ്യസ്ഥിതിയിലായിരുന്ന ഞാൻ എന്നുള്ളതു പക്ഷഭേദമില്ലാതെ ഇതിനെ നിരീക്ഷണം ചെയ്യാൻ എന്നെ പ്രാപ്തനാക്കി. എനിക്കു വളരെ ജോലികളുണ്ടായിരുന്നു എങ്കിലും ഈ വിഷയത്തിൽ എനിക്കു കൂടുതൽ പ്രതിപത്തിയുണ്ടായതു നിമിത്തം യോഗ്യതയനുസരിച്ചു മാത്രം ഉദ്യോഗനിയമനങ്ങൾ ചെയ്യുകയണെങ്കിൽ ബ്രാഹ്മണർക്കും അബ്രാഹ്മണർക്കും തമ്മിൽ ഒരുദ്യോഗികശ്രേണിയിലുള്ള സംബന്ധസംഖ്യ എന്തായിരിക്കുമെന്നു ഞാൻ അന്വേഷിച്ചു.

ഞാൻ ഇപ്പോൾ പറയുവാൻ പോകുന്ന സംഖ്യകൾ കഴിഞ്ഞ മൂന്നുകൊല്ലത്തിലെയാണ്.

ക. കഴിഞ്ഞ കാനേഷുമാരി കണക്കനുസരിച്ചു രാജ്യത്തിലുള്ള ബ്രാഹ്മണരുടെ ശതമാനം ക.ക്ക ര

ഖ. ഹൈസ്കൂളുകളിലെ രാംഹാനത്തിൽ കൊടുത്തുവരുന്ന ഒരുപാ വിദ്യാർത്ഥിവേതനത്തിൽ ബ്രാഹ്മണക്ക വിദ്യാർത്ഥികളുടെ ശതമാനം ക 0 ൻ.

ന. കാളേജ് പ്രവേശനത്തിനർഹതയുള്ള സർട്ടിഫിക്കറുകൾ സമ്പാദിക്കുന്ന ബ്രാഹ്മണവിദ്യാർത്ഥികളുടെ ശതമാനം ക്നു ഇ.

ഘ. കാളേജിലെ ഇൻടർമീഡിയേറ്റ ക്ലാസുകളിൽ ചേരുന്ന ക 0 രൂപാ വേതനത്തിൽ ബ്രാഹ്മണവിദ്യാർത്ഥികളുടെ ശതമാനം ഖ.ഖ. 0.

ങ. രാജകീയകാളേജിൽ നിന്നും ഖ ഗോങ്ങൾക്കും ഇൻടർമീഡിയറ പരീക്ഷ ജയിക്കുന്ന ബ്രാഹ്മണരുടെ ശതമാനം ര ങ. ക.

. . (ഹൃപ്പ് ക-ൽമാത്രം) ന്യൂന.ന

ന. കാളേജിലെ ബി. എ. യും ആണെഴ്സും ക്ലാസുകളിൽ ചേരുന്ന ക ങ രൂപാ വേതനം സിദ്ധിക്കുന്ന ബ്രാഹ്മണരുടെ ശതമാനം ങ ര. ങ.

ഛ. ബി. എ. പരീക്ഷ (ഖ ഗോങ്ങളും) രാജകീയകാളേജിൽനിന്നും ജയിക്കുന്ന ബ്രാഹ്മണരുടെ ശതമാനം ന.ക.ക

ഹൃപ്പ് ക മാത്രം ങ വ. ങ.

ഗ്രൂപ്പ് ഡ (എ) മാത്രം — രൂപ 1
ഗ്രൂപ്പ് ഡ (ബി) മാത്രം — രൂപ 1

വൈ. രാജകീയ കുടുംബത്തിൽ നിന്നും ആണെഴ്സ് ജാതിക്കുന്ന ബ്രാഹ്മണരുടെ ശതമാനം രൂപ 1

മി: എം. ആർ. രാധവവാര്യർ (ചെങ്ങന്നൂർ-പ്രതിനിധി): മറവുള്ള ഗ്രൂപ്പുകളെ സംബന്ധിച്ചുള്ള കണക്കുകളും അദ്ദേഹത്തിനു കിട്ടിയിട്ടുണ്ടോ എന്നു എന്നെ അറിവിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ആക്ടിങ് വിദ്യാഭ്യാസ മേലധ്യക്ഷൻ): ഇല്ല; അതു നിശ്ചയമായും ഇതിനേക്കാൾ വളരെ കുറവായിരിക്കണം.

സിവിൽ ലിസ്റ്റിലേക്കു നോക്കുമ്പോൾ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ കൂട്ടത്തിലും, പ്രാദേശികോപാധ്യായന്മാരുടെ കൂട്ടത്തിലും (ഇവർ എല്ലാപേരും ബി. എ. ക്കാരാണ്) ഈ ശതമാനം ബ്രാഹ്മണരാണ്. ആക്ടിംഗ് വാല്യുവേഷനിൽ ബ്രാഹ്മണർ ഈ ശതമാനമാണുള്ളത്.

മി: എ. ഹഗ്സവർഡ് (നിയമിച്ചമെംബർ): ഇതരവർഗ്ഗക്കാരുടെ സംഖ്യനിർണ്ണയം ചെയ്യാതെ എങ്ങിനെയാണ് താരതമ്യമനുള്ള ഒരു ഫലം സിദ്ധിക്കുന്നത്?

മി: ജെ. സ്റ്റീഫൻസൺ (ആക്ടിങ് വിദ്യാഭ്യാസമേലധ്യക്ഷൻ): ബ്രാഹ്മണരുടെ നിയമനത്തെ സംബന്ധിച്ചും ആയതിന് അവകാശമുള്ള യോഗ്യതയെ സംബന്ധിച്ചും ആണ് ഞാൻ ഇവിടെ പ്രതിപാദിക്കുന്നത്.

മി: ജെ. ജോൺ നിധീരി (ചങ്ങനാശ്ശേരി-മീനച്ചൽ): ബ്രാഹ്മണർ ബുദ്ധിശക്തിയിൽ ഉയന്നവരാണെന്നു തെളിയിക്കുന്നതിനാണോ നിങ്ങളുടെ ഉദ്ദേശം?

മി: ജെ. സ്റ്റീഫൻസൺ (ആക്ടിങ് വിദ്യാഭ്യാസമേലധ്യക്ഷൻ): ഞാൻ അതൊന്നും ഉദ്ദേശിക്കുന്നില്ല; ഞാൻ ആ സംഖ്യകൾ പറയുന്നു എന്നേ ഉള്ളൂ.

സിവിൽ ലിസ്റ്റിലേക്കു നോക്കുമ്പോൾ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ കൂട്ടത്തിലും, പ്രാദേശികോപാധ്യായന്മാരുടെ കൂട്ടത്തിലും (ഇവർ എല്ലാപേരും ബി. എ. ക്കാരാണ്) ഈ ശതമാനം ബ്രാഹ്മണരാണ്. ആക്ടിംഗ് വാല്യുവേഷനിൽ ബ്രാഹ്മണർ ഈ ശതമാനമാണുള്ളത്. പ്രഥമ ദൃഷ്ടിയിൽ, ബ്രാഹ്മണരുടെ ഇടയിലുള്ള വിജയത്തെ അപേക്ഷിച്ചു ഈ സംഖ്യകൾ അല്പം കൂട്ടുതലാണെന്നു തോന്നിയേക്കാം. എന്നാൽ പരീക്ഷയുടെ കാഠിന്യം വർദ്ധിക്കുന്തോറും ബ്രാഹ്മണവിജയികളുടെ സംഖ്യകുറഞ്ഞതിൽ നിന്നു ഉയർന്തരം ബി. എ. ക്കാരുടെ ഇടയിലും ബ്രാഹ്മണരുടെ സംഖ്യതന്നെയായിരിക്കും വർദ്ധിച്ചിരിക്കുന്നതെന്നു നമുക്കനുമാനിക്കാവുന്നതാണ്.

മി: ജെ. ജോൺ നിധീരി (ചങ്ങനാശ്ശേരി-മീനച്ചൽ): ഈ സംഖ്യകൾക്കു ഭൂതവർത്തമാനകാലത്തിനും തമ്മിലുള്ള പരസ്പര ബന്ധമെന്താണെന്നു എന്നെ അറിവിക്കുമോ?

അദ്ധ്യക്ഷൻ: അവകാശം ബന്ധമില്ലാത്തവയാണെങ്കിൽ അതേപ്പറ്റി ചോദിക്കേണ്ടതു ഞാനാണ്.

മി. ജെ. സ്റ്റീഫൻസൺ (ആക്ടിങ് വിദ്യാഭ്യാസമേലധ്യക്ഷൻ): ബഡ്ജറ്റ് നിയമനാവസരത്തിൽ മിസ്റ്റർ. ഡബ്ലിയു. പരമേശ്വരൻ പിള്ള വിദ്യാഭ്യാസവകുപ്പിനെ പറ്റി ഇപ്രകാരം പറഞ്ഞു.

"ഒരു കാലത്തെ സ്ഥിതി എന്തു തന്നെ ആയിരുന്നാലും, ഇതരവർഗ്ഗീയരിൽനിന്നും അപേക്ഷകളുടെ അഭാവം നിമിത്തമാണ് എന്നുള്ളകാരണം ഇപ്പോൾ കൊണ്ടുവരുവാൻ നിവൃത്തിയില്ല."

ഏതുതന്നെ അബ്രാഹ്മണരുടെ നിയമനത്തെപ്പറ്റി എന്തെങ്കിലും ആക്ഷേപമുണ്ടായിട്ടുണ്ടെങ്കിൽ നിയമിക്കപ്പെട്ട അബ്രാഹ്മണരുടെ ശതമാനം നിശ്ചയിക്കുന്നതിൽ യഥാർത്ഥപ്രാപ്തന്മാരായ അബ്രാഹ്മണരുടെ അപേക്ഷകളുടെ അഭാവം ഒരു മുഖ്യമായ കാരണം ആയിരുന്നു എന്നുള്ളതാണ് ഞാൻ അദ്ദേഹത്തെ ധരിപ്പിക്കാം. ഇതേപ്പറ്റി ഞാൻ പിന്നീടു പറഞ്ഞുകൊള്ളാം.

ഉദ്യോഗത്തിനു പ്രാപ്തന്മാരാക്കിത്തീർക്കുന്ന യഥാർത്ഥയോഗ്യത അബ്രാഹ്മൺ സമ്പാദിച്ചു തുടങ്ങിയിട്ടു വളരെക്കാലമായിട്ടില്ലെന്നും ഈ വകുപ്പിൽ ഇപ്പോൾ ഉദ്യോഗം നോക്കുന്ന ബ്രാഹ്മണരിൽ ഭൂരിഭാഗവും ഇതരവർഗ്ഗങ്ങളിൽ നിന്നും പ്രാപ്തന്മാരെ ലഭിക്കാതിരുന്ന അവസരങ്ങളിൽ നിയമിക്കപ്പെട്ടവരാണെന്നും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കാം.

ഇപ്പോൾ മാത്രം നിയമനത്തിനു പ്രാപ്തന്മാരായവർക്കു വേണ്ടി മുഹിനാലേ ഈ വകുപ്പിൽ ജോലിനോക്കുന്നവരെ പിരിച്ചയക്കണമെന്നു വാദിക്കുകയില്ലെന്നു ഞാൻ വിചാരിക്കുന്നു. ഈ വകുപ്പിൽ ഒരു വർഷത്തിൽ ഉണ്ടാകുന്ന സ്ഥിരനിയമനങ്ങളുടെ സംഖ്യവളരെ കുറവായിരിക്കുന്നതു കൊണ്ടു, ഈ ബ്രാഹ്മണപ്രാധ്യത്തെ ഇല്ലായ്മ ചെയ്യുവാനും കുറെ അധികം സമയം വേണ്ടിവരുന്നതാണ്.

ഇപ്പോഴത്തെ സ്ഥിതികളുടെ യഥാർത്ഥ്യം വിശദമായി മനസ്സിലാക്കപ്പെട്ടുന്നതിനു ഈ സഭയുടെ വിജ്ഞാനത്തിനായി. ഈ വിഷയത്തെ പറ്റിപറയുമ്പോൾ തന്നെ മറ്റു ചിലസംഗതികളും ഇവിടെ പ്രസ്താവിക്കാമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

ഇംഗ്ലീഷ്സ്കൂളുകളെപ്പറ്റി പറയുമ്പോൾ, ഞാൻ, അല്പമായിതന്നെ മിസ്റ്റർ. നാരായണയ്യർ ഫാർവു-ചിങ്ങം മുതൽ മാത്രമേ ഇൻസ്പെക്ടർക്കപ്പെട്ടിട്ടുള്ളു എന്നു കാണിക്കാം. പന്ത്രണ്ടുകൊല്ലങ്ങളായി——

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഫാർവു-നു മുമ്പു ഒന്നു രണ്ടു വർഷം അദ്ദേഹം പകരം നോക്കിയിട്ടില്ലയോ എന്നതന്നെ അറിവിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ആക്ടിങ് വിദ്യാഭ്യാസമേലധ്യക്ഷൻ): ഞാൻ അതു പറയുന്നതിന് തന്നെയാണ് വന്നതു. മിസ്റ്റർ. നാരായണയ്യർ പകരം നോക്കിയ ഏതു മാസങ്ങളെഴിച്ചു പന്ത്രണ്ടു കൊല്ലങ്ങളായി ഈ ഉദ്യോഗം മിസ്റ്റർ. കപ്രെഡിനാൽ വഹിക്കപ്പെട്ടുവന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ആ കാലത്തിനിടയിൽ അദ്ദേഹം എത്ര നിയമനങ്ങൾ നടത്തിയെന്നതന്നെ അറിവിക്കുമോ?

മി. ജെ. സ്റ്റീഫൻസൺ (ആക്ടിങ് വിദ്യാഭ്യാസമേലധ്യക്ഷൻ): ഞാൻ അതുതന്നെ പറയുവാൻ വരികയാണ്.

ഉപാദ്ധ്യായന്മാരുടെ നിയമനത്തെപ്പറ്റിപറ [illegible] യാണെങ്കിൽ, ൪൦ രൂപായിൽ കുടാത്ത സ്കൂയിൽ ഹെഡ്മാസ്റ്റർ, സ്കൂൾമാസ്റ്റർ, മുൻഷികൾ, ഗ്രേഡുകാരും, ശിപായികളും ഇവരെ മാത്രമേ അദ്ദേഹത്തിനു നിയമിക്കുന്നതിനു അധികാരമുള്ളു. അദ്ദേഹം ചാർജ്ജെടുത്തതിൻശേഷം നിയമനങ്ങളിൽ രണ്ടു ശതമാനം മാത്രമെ അദ്ദേഹം നടത്തിയിട്ടുള്ളു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ദേഹം നിയമിച്ച നിയമനങ്ങളുടെ സംഖ്യ എന്നു അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ഡയറക്ടർ ഓഫ് വിദ്യാഭ്യാസമേലധ്യക്ഷൻ): എന്റെ പക്കൽ ആ സംഖ്യകളും ഉണ്ട്. ഞാൻ അതു പറയുവാൻ ആരംഭിക്കുകയാണ്.

ബി. എ. ക്ലാസ്സുകാരായ വാദ്ധ്യാന്മാരേയും മുൻഷിമാരേയും വിദ്യാഭ്യാസമേലധ്യക്ഷൻ നിയമിക്കുകയും ബി. എ. ഉപാദ്ധ്യായന്മാരേയും, ഇൻസ്പെക്ടർമാരേയും ഹെഡ്മാസ്റ്റർമാരേയും വിദ്യാഭ്യാസമേലധ്യക്ഷന്റെ ശുപാർശയിന്മേൽ ഗവണ്മെന്റു നിയമിക്കുകയും ചെയ്യുന്നു.

മി: ജി. പരമേശ്വരൻ പിള്ള (നെയ്യാറ്റിങ്കര) ഏതു തോതനുസരിച്ചാണ് അദ്ദേഹം ശുപാർശ ചെയ്യുന്നതെന്ന് എന്നു അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ഡയറക്ടർ ഓഫ് വിദ്യാഭ്യാസ മേലധ്യക്ഷൻ) ആരാണ്? ഞാനോ?

മി: ജി പരമേശ്വരൻപിള്ള) നെയ്യാറ്റിങ്കര) ഹൈന്ദവരിൽ ഏതു തോതിലാണ് ഉദ്ദേശിക്കുന്നതു?

മി: ജെ. സ്റ്റീഫൻസൺ(ഡയറക്ടർ ഓഫ് വിദ്യാഭ്യാസ മേലധ്യക്ഷൻ) ഗവണ്മെന്റിനിഷ്ടമുള്ളതാണ്?

മി: ജി. പരമേശ്വരൻ പിള്ള (നെയ്യാറ്റിങ്കര) അതെ നിയമനത്തെ സംബന്ധിച്ചു് ഇൻസ്പെക്ടർക്ക് എന്തെങ്കിലും ചെയ്യുവാനുണ്ടോ ?

മി: ജെ. സ്റ്റീഫൻസൺ (ഡയറക്ടർ ഓഫ് വിദ്യാഭ്യാസ മേലധ്യക്ഷൻ) ഇംഗ്ലീഷ് സ്കൂളുകളിലെ എല്ലാനിയമനങ്ങളേപ്പറ്റിയും ഇൻസ്പെക്ടർ ശുപാർശ ചെയ്യുന്നു.

മി: പി. കെ നാരായണപിള്ള (അമ്പലപ്പുഴ) ഇൻസ്പെക്ടരുടെ ശുപാർശയിൽ നിന്നും ഡയറക്ടർ എത്രശതമാനം മാറിപ്രവൃത്തിച്ചിട്ടുണ്ട്?

മി: ജെ. സ്റ്റീഫൻസൺ (ഡയറക്ടർ ഓഫ് വിദ്യാഭ്യാസ മേലധ്യക്ഷൻ) എനിയ്ക്കു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല

മി: പി. കെ നാരായണപിള്ള (അമ്പലപ്പുഴ) നല്ല തുകയായിട്ടെങ്കിലും?

മി: ജെ. സ്റ്റീഫൻസൺ (ഡയറക്ടർ ഓഫ് വിദ്യാഭ്യാസ മേലധ്യക്ഷൻ) ഉദ്ദേശമായിട്ട് സംഖ്യകൾ പറയുന്നതുകൊണ്ട് യാതൊരുഫലവുമില്ല. ഞാൻ സംഖ്യകൾ പറയുന്നെങ്കിൽ അവ ശരിയായിട്ടുള്ളവയായിരിക്കണം

ഈ നിയമനങ്ങളെ സംബന്ധിച്ച് ഇൻസ്പെക്ടർ ശുപാർശ ചെയ്യുന്നു. എന്നാൽ പാസ്സുവന്നിൽ നിയമനത്തെപ്പറ്റിയുള്ള കുറെയധികം എല്ലാം ഗവണ്മെന്റും ഡയറക്ടറും കൂടി പകരത്തെടുക്കേണ്ടതാണ്.

ഫാ വു-ൽ ഗവണ്മെന്റിൽനിന്നും പുറപ്പെട്ട ഒരു ചട്ടപ്രകാരം അനുസരിച്ച് ഇംഗ്ലീഷ് സ്കൂളുകളിൽ തന്നെത്തെക്കാസുവരെയുള്ള വാദ്ധ്യന്മാർ ബി. എ. ക്കാരായിരിക്കണമെന്ന് ഒരു നിർബന്ധമുണ്ടായി.

വേണ്ടിടത്തോളം ബി. എ. ക്കാരെ അന്നു തിരുവിതാംകൂറിൽ കിട്ടികൊണ്ടിരുന്നില്ലാ. അന്നു തന്നെ രണ്ടാമതു തരക്കാരെ ഉദ്യോഗങ്ങളിൽ ബി. എ ക്കാരല്ലാത്തവർക്ക് കൊടുക്കേണ്ടതായിവന്നു. ഫാ വു-ൽ ഡയറക്ടർ ബിഷപ്പ് ഇപ്രകാരം പറഞ്ഞു.

ആശിക്കപ്പെട്ടിരുന്നതുപോലെയും ആവശ്യമുണ്ടായിരുന്നതുപോലെയും ബി. എ. ക്കാർ മുന്നോട്ടുവന്നു ചേരുന്നില്ല. വളരെ അധികം അളുകളും ഉദ്യോഗത്തിനായി അപേക്ഷിച്ചതിൻറെ ശേഷം, ഉദ്യോഗംനല്കപ്പെട്ടപ്പോൾ ഉപേക്ഷിച്ചുകളഞ്ഞു.

ഫാ വു-ലും ഫാ വർ ലും ആയി തിരുവിതാംകൂർ സർവീസിൽ ചേർന്ന ൩൦-൪൦പേരും ഇപ്പോഴിയാളും അന്യൂനപക്ഷം ബി. എ. ക്കാർ ഈ വകുപ്പിൽ ഇപ്പോൾ ഉണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) അവരിൽ എത്ര പേരെ സ്ഥിരപ്പെടുത്തിട്ടുണ്ടെന്ന് എന്നു അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ഡയറക്ടർ ഓഫ് വിദ്യാഭ്യാസ മേലധ്യക്ഷൻ) ഈ സംഖ്യകൾ ഫാ വു-ലും ഫാ വർ-ലും ഉണ്ടായിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ചുള്ളതാണ്. അവരെയെല്ലാം വളരെമുമ്പുതന്നെ സ്ഥിരപ്പെടുത്തി കഴിഞ്ഞിരിക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) ഈ വകുപ്പിൽ ഇപ്പോൾ എത്ര പകരക്കാരുണ്ടെന്ന് എന്നു അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ഡയറക്ടർ ഓഫ് വിദ്യാഭ്യാസമേലധ്യക്ഷൻ) സംഖ്യകൾസൂക്ഷ്മമായിരിക്കുമെന്ന് ഞാൻ പറയുന്നില്ല. ബി. എ. ക്കാരായി ഏകദേശം ൪൦ പേരും, അല്ലാത്തവരായിരുപ്പതോ നാല്പതോപേരും ഉണ്ടാകും.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) പകരം ജോലിനോക്കുന്നവരുടെ കൂട്ടത്തിൽ പരദേശബ്രാഹ്മണരെത്രയുണ്ടെന്ന് എന്നു അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ഡയറക്ടർ ഓഫ് വിദ്യാഭ്യാസമേലധ്യക്ഷൻ) എനിയ്ക്കറിഞ്ഞുകൂടാ. അധികംപേരുണ്ടായിരിക്കുമെന്നുതന്നിക്ക തോന്നുന്നില്ലാ.

ഈ സ൦ ബി. എ. ക്കാരേയും നിയമിച്ചതു് ഈ അപേക്ഷകരുടെ അഭാവം നിമിത്തമാണ്.

ഫൻ ഫൻ-- ഫൻവ വരെയുള്ള കാലങ്ങളിൽ പോലും ഈ വകുപ്പിൻറെ ആവശ്യങ്ങൾക്കു മതിയാകുന്നവിധത്തിൽ ഇവിടെനിന്നും ബി. എ. ക്കാർ ഉണ്ടായിരുന്നില്ല. അക്കാലങ്ങളിൽ ഈ വകുപ്പിൽ ഉള്ളവരിൽ ചിലർ ഗവണ്മെന്റിനോടപേക്ഷിച്ചുസകല നിരുവിതാംകൂർ ബി. എ. ക്കാരെയും വരുത്തുകയോ, ചുരുങ്ങിയതു കുറേപേരെയെങ്കിലും വരുത്തുകയോ ചെയ്തു മെച്ചപ്പെടുത്തുവാൻ നോക്കാതതുകൊണ്ടു നാംകരുതുന്നു.

കുറച്ചുകൂടി മേത്തേക്ക് ബി. എ. ക്ക് ഒരു മോഹം ജനിപ്പിച്ചുവരേപ്പോലും ഉയർന്നസ്ഥാനങ്ങളിൽ പെട്ടിട്ടില്ലെന്നു ഗവൺമെന്റ് നിയമിച്ചുവരുന്നു.

ബി. എ. ക്കാരെ ആകർഷിക്കുന്നതിനായി ഇവിടത്തെയും മദ്രാസിലേയും വർത്തമാനപ്പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും സാധാരണയിൽകവിഞ്ഞ തുകയും ഉയർന്നയോഗ്യതകളുള്ള ചില തിരുവിതാംകൂർകാരല്ലാത്ത

പക്ക് നൽകുകയും ചെയ്തു. ഈ മതിയിയുള്ള പ്രയത്നങ്ങളുടെഫലമായി നയമിക്കപ്പെട്ടവരിൽ ചിലർ ബ്രാഹ്മണരാണെങ്കിൽ അതിന് ഈ വകുപ്പിനെ കുറ്റപ്പെടുത്തുവാൻ പാടില്ല.

അപേക്ഷ, വിദ്യാഭ്യാസവകുപ്പിലെ ഗസറ്റഡ് ഇതരുദ്യോഗത്തിനുള്ള ഈവേഴ്സിയേക്കാൾ കൂടുതൽ അനുകൂലിയേടുക്കുടി ബ്രാഹ്മണർ ജോലിക്കയറ്റിട്ടുണ്ട്.

മിസ്റ്റർ എ. ഹഗ്ഗവർഫ് (നിയമനിച്ചുമെമ്പർ) ഡോക്ടർ ഹാർവിയുടേയും മിസ്റ്റർ റസ്സിന്റെയും കാലത്തു കോളേജിലെ അദ്ധ്യാപകവൃന്ദത്തിൽ പ്രൊഫസറന്മാരേയും മറ്റു അദ്ധ്യാപകന്മാരേയും ഉൾപ്പെടുത്തി നായന്മാർക്കുസ്ത്യാനികൾക്കും ഈ ബ്രാഹ്മണർ ഇവരെക്കാൾ അധികമുണ്ടായിരുന്നതെന്ത് അദ്ദേഹത്തിന് അറിവുണ്ടോ എന്ന് എന്നെ അറിയിക്കുമോ?

മി. കെ. സ്റ്റീഫൻസൺ (അഡ്വ: വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ) എനിക്കതിനെപ്പറ്റി അറിവുണ്ടായിരുന്നില്ല. അതേസംബന്ധിച്ച് മിസ്റ്റർ ഹഗ്ഗവർഫ് പറയുന്നത് ട്രാൻസ്ലേറ്റ് ചെയ്കാം.

അദ്ധ്യക്ഷൻ. മിസ്റ്റർ ഹഗ്ഗവർഫ് ഗവർമെന്റ് പുതിയതായി പണ്ടിട്ട ജാതിമത തത്വമനുസരിച്ചു ഏതു ബി. എ. ക്കാരേയും നിയമിച്ചിട്ടുണ്ടെന്ന് അദ്ദേഹം നിങ്ങളോടു പറഞ്ഞല്ലോ.

മി: കെ. സ്റ്റീഫൻസൺ (അഡ്വ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ) മറ്റുള്ളവകുപ്പുകളിൽ പ്രവേശിക്കുന്നതിനുള്ള യോഗ്യതകളേക്കാൾ അധികമുണ്ടായിരുന്നു ഇക്കാലത്തു മാത്രമേ അവർണ്ണരായുള്ളവർ ഞങ്ങളോടു അപേക്ഷിക്കുന്നുള്ളൂ. കഴിഞ്ഞ രണ്ടു പ്രാവശ്യങ്ങളിൽ– ഫസ്റ്റ് ഗ്രേഡും സെക്കൻഡ് ഗ്രേഡും– കൂടി, വിദ്യാഭ്യാസവകുപ്പിൽ നിയമിക്കപ്പെട്ട രണ്ടു ബി. എ. ക്കാർ ഉദ്യോഗം നിരസിക്കുകയും ഞങ്ങളുടെ എഴുത്തുകുറിക്ക് മറുപടിയയക്കാതെ ഇരിക്കുകയും സ്വല്പകാലം കഴിഞ്ഞു ഡിപ്പാർട്ടുമെന്റു വിട്ടുപോകയും അവരുടെ സ്ഥിരമേൽവിലാസം രാജിവെക്കുകയും മറ്റും ചെയ്തിട്ടുണ്ട്.

മ: എം. എൻ. പിള്ള (തിരുവനന്തപുരം) സയൻസ് കോളേജിൽ എത്ര നായന്മാരുണ്ടെന്ന് എന്നെ അറിയിക്കുമോ?

മി: കെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഞാനിപ്പോൾ പറയുന്നത് ഇംഗ്ലീഷുപഠിക്കുടങ്ങളെപ്പറ്റിയാണ്; ഞാൻ സയൻസ് കോളേജിനെപ്പറ്റി പറഞ്ഞു തുടങ്ങുമ്പോൾ മിസ്റ്റർ എം. എൻ. പിള്ളയാൽ ആവശ്യപ്പെട്ട കാര്യങ്ങൾ സന്തോഷത്തോടുകൂടി പറയുന്നതാണ്.

മേല്പറയപ്പെട്ട രണ്ടു ബി. എ. ക്കാരിൽ, രണ്ടു ബ്രാഹ്മണരും ഒരു അബ്രാഹ്മണനും ഉൾപ്പെട്ടിരുന്നു.

വളരെ കൊല്ലങ്ങളിലേക്ക് ഈ വകുപ്പ് ബി. എ. ക്കാരെ ആവശ്യപ്പെട്ടുകൊണ്ടിരുന്നെങ്കിലും അവരെ ചേർക്കുന്നതിന് വലിയ വിഷമമുണ്ടായിരുന്നു. ആരെയെല്ലാം ലഭിച്ചുവോ അവരെ എല്ലാം നിയമിക്കേണ്ടതായി വന്നു. തൽഫലമായി ഇപ്പോൾ ഈ വകുപ്പിൽ വളരെ അധികം ചരിത്ര ബി. എ. ക്കാരുടെ കൂട്ടത്തൽകാണുന്നുണ്ട്. കണക്ക ബി. എ. കളും സയൻസ് ബി. എ കളും ഇപ്പോൾ ധാരാളമായി കിട്ടിക്കൊണ്ടിരിക്കുന്നതിനാൽ അവരുടെ സാന്നിധ്യം അത്യാവശ്യമായി പല്ലു ലോചിക്കപ്പെട്ടവരുന്നു. ഇനിമേറെക്കാലങ്ങളിലേക്ക് ഞങ്ങളുടെ നിയമനങ്ങളും അവരുടെ ഇടയിൽ നിന്നായിരിക്കുന്നതാണ്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): തിരുവിതാംകൂർകാർ സംസ്കൃതമാകുന്നു എന്ന് ഈ ഡിപ്പാർട്ടുമെന്റിനു മനസ്സിലായിതുടങ്ങിയിട്ട് എത്രനാളായി.

മി: കെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവും അതായതു് ഫസ്റ്റ്ഗ്രേഡും, സെക്കന്റ് ഗ്രേഡും.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഫസ്റ്റ്ഗ്രേഡ് നായർ അപേക്ഷകനുമാത്രം ഫസ്റ്റ് ക്രിസ്ത്യൻ അപേക്ഷകനുമാത്രം സെക്കന്റ് മഹമ്മദൻ അപേക്ഷകനുമാത്രം തേർഡ് അമ്പലവാസി അപേക്ഷകനുമാത്രം മറ്റും ഉണ്ടായിരുന്നതെന്നുള്ളതു വാസ്തവമല്ലെ?

മി: കെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഉണ്ടായിരിക്കാം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): എന്നാൽ പിന്നെ ഇതിൽ നിന്നും ഏതെങ്കിലും അബ്രാഹ്മണരെ നിയമിക്കാത്തതു എന്തുകൊണ്ടാണ്?

മി. കെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): മിസ്റ്റർ എം. എൻ. പിള്ള ചോദിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരുചോദ്യത്തിനും മറുപടി പറയുവാൻ ഞാൻ സന്തോഷമുള്ളവനായിരിക്കും.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഈ അപേക്ഷകളെപ്പറ്റി ഉള്ള വിവരങ്ങളും ഗവർമെന്റിൽനിന്നും ഞാൻ ആവശ്യപ്പെടുകയും എനിക്കതു കിട്ടുകയും ചെയ്തു.

അദ്ധ്യക്ഷൻ: നിങ്ങൾക്ക എന്താണവേണ്ടത് മിസ്റ്റർ എം. എൻ. പിള്ളെ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): മൂന്നുകൊല്ലങ്ങൾക്കുമുമ്പു അനേകം അപേക്ഷകരിൽ ഉണ്ടായിരുന്നതെന്ന പറയണമെന്നേ ഞാൻ ആഗ്രഹിച്ചുള്ളൂ.

അദ്ധ്യക്ഷൻ: ഫസ്റ്റ്ഗ്രേഡൊ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അതെ.—

അദ്ധ്യക്ഷൻ. ബി. എ. അപേക്ഷകരുടെ സംഖ്യയെപ്പറ്റിയാണ് മിസ്റ്റർ സ്റ്റീഫൻസൺ പറയുന്നത്.

റവ: ഫ്രാൻസിസ്. കെയ്യാക്കോസു കവളിക്കുപ്പള്ളി (തൊടുപുഴ, കുന്നത്തുനാട്): കിട്ടുന്ന എല്ലാ അപേക്ഷകളും ഫസ്റ്റ് ചെയ്യാവുണ്ടെന്നുള്ള അദ്ദേഹത്തിനു നിശ്ചയമുണ്ടോ? ശരിയായ സമയത്തു ചില അപേക്ഷകരും ഫസ്റ്റ് ചെയ്യുന്നില്ലാഎന്ന അദ്ദേഹത്തിനു അറിയാമോ?

മി: കെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ) : കിട്ടുന്ന എല്ലാ അപേക്ഷകളും ഫസ്റ്റ് ചെയ്യണമെന്നാണെന്നുമാത്രം. ഫസ്റ്റ് ചെയ്കാതെ ഉത്തരം പറയാൻ നിവൃത്തിയില്ലാത്ത ഒരു ചോദ്യമാണ അതു്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര–കുന്നത്തൂർ): ഇൻസ്പെക്ടർക്ക് നേരിട്ടു കിട്ടുന്ന അപേക്ഷകളുടെ ഒരു സംഖ്യ നിശ്ചയിക്കുന്നതിനു ഡയറക്ടരുടെ ആഫീസിൽ എന്തെങ്കിലും രിക്കാഡ്സ് ഉണ്ടോ എന്ന് എന്നെഅറിയിക്കുമോ?

മി: ജെ. സ്റ്റീഫ്ൻസൺ (അ. വിദ്യാഭ്യാസമേലധ്യക്ഷൻ): ഗവർണ്മെൻറിന്റെ പക്കൽ ഉള്ള വിവരങ്ങൾ എല്ലാം എന്റെ കൈവശവും ഉണ്ട്.

മി: സീ. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര. കുന്നത്തൂർ): ഇൻസ്പെക്ടരൽ നടത്തപ്പെടുന്ന നിയമനങ്ങളുടെ അപേക്ഷകൾ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണോ?

മി: ജെ. സ്റ്റീഫ്ൻസൺ (അ. വിദ്യാഭ്യാസമേലധ്യക്ഷൻ): എന്നാൽ നിയമിക്കപ്പെട്ടതോ ഗവർണ്മെൻറിലേക്ക് ശുപാർശചെയ്യപ്പെട്ടതോ ആയ എല്ലാനിയമനങ്ങളെപ്പറ്റിയും ശുപാർശചെയ്യുന്നതിനു മുമ്പു ഞാൻ ഇസ്റ്റർ നാരായണയ്യരുമായി ആലോചിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ എല്ലാം എന്റെ മുമ്പിലുണ്ടായിരുന്നു.

മി: ജെ. ജാൺ നിധീരി (ചങ്ങനാശ്ശേരി-മീനച്ചൽ): എല്ലാഅപേക്ഷകളും ഡയറക്ടർതന്നെ അയക്കണമെന്നു വല്ല നിയമവുമുണ്ടോ?

മി: ജെ. സ്റ്റീഫ്ൻസൺ (അ. വിദ്യാഭ്യാസമേലധ്യക്ഷൻ): അപേക്ഷകൾ എല്ലാം ഡയറക്ടർതന്നെ അയക്കണമെന്ന പ്രത്യേകനിയമമില്ല. എന്നാൽ ഇൻസ്പെക്ടർ ഒരു ശുപാർശചെയ്യുമ്പോൾ ഡയറക്ടർക്കും സാധാരണയായി അപേക്ഷകൾ അയക്കാറുണ്ട്.

മി: എ. ഹഗ്വെർഫ് (നിയമിച്ചമെംബർ): ഡാക്ടർ തോമസ്സിന്റെ അപേക്ഷ മേല്പറഞ്ഞപ്രകാരം ഫയൽ ചെയ്തിട്ടുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലധ്യക്ഷൻ): ഉവ്. അതു ഫയൽചെയ്തിട്ടുണ്ടായിരുന്നു. അതിനെ കുറിച്ചു എനിക്കൊരു വാക്കുപറയുവാനുണ്ട്. ഓരോവിദ്വാംശകന്നതിനു മുകളിലും ഒരു കോളം മുമ്പു ചരിത്രവകുപ്പിൽ ഒരു ഉദ്യോഗത്തിനായി ഡാക്ടർ തോമസ് അപേക്ഷിച്ചു. അനന്തരം അയാളുടെ അപേക്ഷയെപ്പറ്റിയായി വയ്ക്കുക മുഖാന്തരമായിരുന്നു ഒഴിവുണ്ടായപ്പോൾ അദ്ദേഹം ട്രെയ്നിയായിരിക്കയും ചെയ്തതിനാൽ ഞാൻ അവരെത്തന്നിക്കാതിരുന്നിട്ടുള്ളതുള്ളൂ.

മി: എ. ഹഗ്വെർഫ് (നിയമിച്ചമെംബർ): ഒരു പ്രശസ്തവിദ്വാനിലൂടെ അപേക്ഷ അവഗണിക്കപ്പെട്ടതു ആരുടെ കുറ്റമായാണ്.

മി: ജെ. സ്റ്റീഫ്ൻസൺ (അ. വിദ്യാഭ്യാസമേലധ്യക്ഷൻ). അതു എന്റെകുറ്റമല്ല സംശയിച്ചതല്ല. ഈ സമയത്തു അതിനെ കുറിച്ചു ഏറ്റം ഖണ്ഡിച്ചുപറഞ്ഞതു എന്നാൽ അസംഭവ്യമാണ്.

മി: എ. ഹഗ്വെർഫ് (നിയമിച്ചമെംബർ): ഈ ഡിപ്പാർട്ടുമെൻറു അതിനെപ്പറ്റി ഒരന്വേഷണം നടത്തുമോ?

മി: ജെ. സ്റ്റീഫൻസൺ (അ. വിദ്യാഭ്യാസമേലധ്യക്ഷൻ): ഞാൻ അപ്രകാരം ചെയ്യാം.

മി: സി. ശങ്കരമേനവൻ (കൊല്ലം): ഡിപ്പാർട്ടുമെൻറിലെ നിയമനങ്ങളിൽ ബ്രാഹ്മണർ മറ്റുള്ളവരെക്കാൾ കൂടുതൽ സന്തോഷത്തോടുകൂടി ഉദ്യോഗം കയ്യേൽക്കുന്നുവെന്നും ഇതു സമുദായക്കാരെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗം അത്ര സുസമ്മതമായിട്ടുള്ള ഒന്നല്ല എന്നും പറയുന്നതു എന്തുകൊണ്ടാണ്?

മി: ജെ. സ്റ്റീഫ്ൻസൺ (അ. വിദ്യാഭ്യാസമേലധ്യക്ഷൻ): ഞാൻ മുമ്പുപറഞ്ഞ സംഖ്യകളാണ് അതിനു സ്ഥാനം.

മി: സി. ശങ്കരമേനവൻ (കൊല്ലം): മലയാളം പള്ളിക്കൂടങ്ങളിൽ ബ്രാഹ്മണരെക്കാൾ കൂടുതൽ അബ്രാഹ്മണർ ഉദ്യോഗത്തിനപ്പെടുതിനെപ്പറ്റി അദ്ദേഹത്തിനു അറിവില്ലേ?

മി: ജെ. സ്റ്റീഫ്ൻസൺ (അ. വിദ്യാഭ്യാസമേലധ്യക്ഷൻ): അതു പരമസത്യമാണ്. ഞാൻ ഇപ്പോൾ പറയുന്നതു ഇംഗ്ലീഷ് പള്ളിക്കൂടങ്ങളെ സംബന്ധിച്ചാണ്. ബ്രാഹ്മണാപേക്ഷകരുടെ സംഖ്യകുറഞ്ഞു കുറഞ്ഞു വരികയാണ്. മലയാളംപള്ളിക്കൂടങ്ങളിലെ ഉദ്യോഗങ്ങൾക്കുള്ള അപേക്ഷകളെ കുറിച്ചു ഞാൻ ഇപ്പോൾ പറയുന്നില്ല.

മി: സി. ശങ്കരമേനോൻ (കൊല്ലം) ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പ്രവേശിക്കുന്നതിനുള്ള വിഷമംകൊണ്ടല്ലേ അവർ ആ ആശ വേണ്ടെന്നുവച്ചുകളഞ്ഞത്?

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസ മേലധ്യക്ഷൻ): എനിക്കു അതിനെപ്പറ്റി അറിഞ്ഞുകൂടാ. കണക്കും സയൻസും ബിരുദധാരികളെകുറിച്ചു കുറഞ്ഞുകൊണ്ടു സംഖ്യകൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കണക്കും സയൻസും ബിരുദധാരികളുടെ ആധിക്യത്തിനു ഇപ്പോൾ അവരെ തെരഞ്ഞിറിംഗ്ലം മറ്റു ചില ഒഴിവുകളിലും നിയമിച്ചാണു വരുന്നത്.

ഈയാണ്ടു ജൂണിൽ അഞ്ചരം പേരും ജോലിക്കായ ഉണ്ടായിരുന്ന അപേക്ഷകളിൽ ൪ പേർ ബ്രാഹ്മണരും ൫ പേർ അബ്രാഹ്മണരും ആയിരുന്നു. ഫസ്റ്റ്-ൽ നൂറു ബ്രാഹ്മണരും ൫൦ അബ്രാഹ്മണരും ആയിരുന്നു.

രാജകീയകോളേജിൽനിന്നും കണക്കും സയൻസും ഐച്ഛികമെടുത്തു ബി. എ., പാസ്സായവരിൽ ഫസ്റ്റ്-ൽ ൪ വ്യക്തിയും ഫസ്റ്റ്-ൽ ൫ ൪ വ്യക്തിയും ഫസ്റ്റ്-ൽ ൫൭ വ്യക്തിയും ബ്രാഹ്മണരായിരുന്നു.

മി: തരിയത്തു കുഞ്ഞിത്തൊമ്മൻ (കുറവിലങ്ങാടു): പല സമുദായങ്ങളിൽപ്പെട്ട ആളുകളിൽനിന്നും അപേക്ഷയും ഉണ്ടായിരുന്നാൽ സർക്കാർ സർവീസിൽ തക്കതായ പ്രോത്സാഹനം ലഭിച്ചിട്ടില്ലാത്ത ജനവിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകളെ പ്രത്യേകം ഗൌനിക്കാറുണ്ടോ?

അദ്ധ്യക്ഷൻ: പല സമുദായത്തിൽപ്പെട്ട ആളുകളിൽ നിന്നും അപേക്ഷകളും ഉണ്ടായിരുന്നാൽ സർക്കാർ സർവീസിൽ തക്കതായ പ്രോത്സാഹനം ലഭിച്ചിട്ടില്ലാത്ത ജനവിഭാഗത്തിൽ ഉൾപ്പെട്ടവരുടെ അപേക്ഷകളെകുറിച്ചു് നിങ്ങൾ പ്രത്യേകം ഗൌനിക്കാറുണ്ടോ എന്നാണു ചോദിക്കുന്നതു്.

മി: ജെ. സ്റ്റീഫൻസൺ (അ വിദ്യാഭ്യാസമേലധ്യക്ഷൻ): അതിനെത്തരം പറയാൻ കുറച്ചു പ്രയാസമുണ്ട്. ഒരേ യോഗ്യതയുള്ള രണ്ടു അപേക്ഷകരിൽ ഒരാൾ ബ്രാഹ്മണനും മറ്റെ ആൾ അബ്രാഹ്മണനും ആണെങ്കിൽ അബ്രാഹ്മണനെ നിയമിക്കുന്നതാണു്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): രണ്ടുപേരുടെയും യോഗ്യതകൾ അളക്കുമ്പോൾ എങ്ങിനെയാണു തരംതിരിക്കുന്നത് എന്നു് എന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): നിങ്ങൾക്കുതന്നെ തരംതിരിക്കുന്നതിനു പല മാർഗ്ഗങ്ങളുണ്ടു. ഒരു ഓണേഴ്സുകാരനേയും ഒരു വെറും പാസ്സുകാരനെയും ഒരു ഒന്നാംക്ലാസുകാരനേയും ഒരു രണ്ടാംക്ലാസുകാരനേയും മൂന്നാംക്ലാസുകാരനേയും തമ്മിൽ തരംതിരിക്കപ്പെടാം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): വിദ്യാഭ്യാസവകുപ്പിൽ ഒന്നാംക്ലാസുകാരേയും രണ്ടാംക്ലാസുകാരേയും കിട്ടുന്നതിനു സൌകര്യമുണ്ടായിരിക്കെ ഒരു മൂന്നാംക്ലാസുകാരനേയും നിയമിച്ചിട്ടില്ലയോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഏതു് നിയമനത്തെക്കുറിച്ചാണ് മിസ്റ്റർ എം. എൻ. പിള്ള പറയുന്നതു് എന്നു എനിക്കു മനസ്സിലാകുന്നില്ല. അതു് എന്റെ കാലത്തല്ലായിരുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു ഓണേഴ്സ് ബിരുദധാരിയെ തിരസ്കരിച്ചു് ഒരു സാധാരണ ബിരുദധാരി നിയമിതനായ ഒരു സംഭവവും ഇതിനുമുൻപുണ്ടായിട്ടില്ലേ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഉവ്വ് അങ്ങിനെ ഒരിക്കൽ ഉണ്ടായിട്ടുണ്ടു്. മി: പി. കെ. നാരായണപിള്ള ഉദ്ദേശിക്കുന്ന നിയമനം ഏതാണെന്നു എനിക്കറിയാം. അതുസംബന്ധിച്ചു് വിവരമായി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതു് ഒരു പ്രത്യേക ഉപക്ഷേപത്തിന്റെ വിഷയമായതിനാൽ മിസ്റ്റർ നാരായണപിള്ള ആഗ്രഹിക്കുകയാണെങ്കിൽ ഞാൻ പറയാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരമുള്ള സംഭവങ്ങൾ നടന്നിട്ടില്ല എന്നതു് സ്ഥിരീകരിക്കുവാൻ മാത്രമാണ് ഞാൻ ആഗ്രഹിച്ചതു്.

അദ്ധ്യക്ഷൻ: ആ ഉപക്ഷേപത്തെപ്പറ്റി പ്രസ്താപിക്കുമ്പോൾ അതിനു മറുപടി പറയാമെന്നു് അദ്ദേഹം വാഗ്ദാനം ചെയ്യുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുകൊള്ളാം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഏതു് ഉദ്യോഗസ്ഥനാണ് നിയമിക്കുന്നതെന്നും ആക്കാണ് ശുപാർശ ചെയ്യുവാൻ അധികാരമുള്ളതെന്നും എന്നു അറിയിക്കുമോ?

അദ്ധ്യക്ഷൻ: പ്രാഥമികമായി ശുപാർശ നടത്തുന്നതു് ഇൻസ്പെക്ടരാണു്. അദ്ദേഹം അതു് ഡയറക്ടർക്കു അയക്കുന്നു. ഡയറക്ടർ അതിന്മേൽ സ്വന്തം ശുപാർശകൂടിചെയ്തു് ഗവൺമെന്റിലേക്കയക്കുന്നു. ആവശ്യമെന്നു തോന്നുന്നു എങ്കിൽ ഗവണ്മെന്റിൽനിന്നും അതെപ്പറ്റി കൂടുതൽ വിവരങ്ങൾ ഡയറക്ടരോടു ആവശ്യപ്പെടുന്നതാണ്.

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): എല്ലാ തരത്തിലുള്ള ബിരുദധാരികളേയും സുഖമായി ചിട്ടപ്പെടുത്തുന്നതിനാണു ഉദ്യോഗക്കയറ്റം കൊടുക്കുന്നതിനു ഡിപ്പാർട്ടുമെന്റിനു കഴിയും. അങ്ങിനെ മൂന്നാംക്ലാസു ബിരുദധാരികൾക്കു പകരം ഒന്നാംക്ലാസുകാരേയും വെറും പാസുകാർക്കുപകരം ഓണേഴ്സുകാരേയും തിരഞ്ഞെടുക്കുക എന്നതു് ഒരു നല്ല തത്വമാണ്. ഒന്നും രണ്ടും ക്ലാസുകളിൽ ജയിച്ച ബി. എ. ബിരുദധാരികളും ഓണേഴ്സ് ബിരുദധാരികളും ആയ അപേക്ഷകരിൽ ഫസ്റ്റ്-ൽ 80 വും ഫസ്റ്റ്-ൽ സെക്കന്റ് ശതമാനം ബ്രാഹ്മണരായിരുന്നു.

അതുപോലെതന്നെ കണക്കൊ സയൻസോ ഐച്ഛികമെടുത്തു് രാജകീയകാളേജിൽ നിന്നും ഒന്നും രണ്ടും ക്ലാസുകളിൽ ജയിച്ചവരിൽ ഫസ്റ്റ്-ൽ നൂറ്റമ്പതു ശതമാനവും ഫസ്റ്റ്-ൽ നൂറു ശതമാനവും ഫസ്റ്റ്-ൽ 80 ശതമാനവും ബ്രാഹ്മണരായിരുന്നു.

ഇപ്പോഴത്തെ വിവാദവിഷയം ഈയിടെ ഉണ്ടായിട്ടുള്ള നിയമനങ്ങളെപ്പറ്റിയാണെങ്കിൽ, കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി ഫസ്റ്റ് ബി. എ. ക്കാരേയും (നൂറു ബ്രാഹ്മണരും 8 അബ്രാഹ്മണരും) വന്ന ബിരുദധാരികളെല്ലാവരേയും (ഫസ്റ്റു ബ്രാഹ്മണരും ഫസ്റ്റ് അബ്രാഹ്മണരും) നിയമിതരായിട്ടുണ്ടെന്നുള്ളതു് ഞാൻ പറയാം. ഇവരിൽ ബി. എ. ക്കാർ ഫസ്റ്റ് മുതൽ നൂറു വരേയും ബിരുദധാരികളല്ലാത്തവർ ഫസ്റ്റ് മുതൽ നൂറു വരെയും കൊല്ലങ്ങൾ പകരം ജോലിനോക്കിയവരാണ്. വളരെ അധികംകാലം പകരം നോക്കിയിട്ടുള്ളവരേയാണ് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളതു്.

പകരം നോക്കുന്നതിനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥിതി ഒരു പ്രത്യേകതന്നെയാണ്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ഇനിയും നാലും അഞ്ചും കൊല്ലങ്ങൾ പകരം ജോലിനോക്കിയവരായി ബി. എ. ക്കാർ ഉണ്ടോ എന്നെന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): വളരെക്കാലത്തെ അത്തരം സമ്പ്രദായമുള്ള അനേകം ബിരുദധാരികൾ ഡിപ്പാർട്ടുമെന്റിൽ ഇനിയും ഉണ്ടെന്നു് ഞാൻ ധരിച്ചിട്ടുണ്ടു്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അവരെ സ്ഥിരപ്പെടുത്തുന്നതിലേക്കു് ശുപാർശ ചെയ്യപ്പെട്ടിട്ടില്ല എന്നതെന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അതിനെപ്പറ്റി സൂക്ഷ്മമായി ഒന്നും എനിക്കു് പറയുവാൻ നിവൃത്തിയില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അവർ ബ്രാഹ്മണരോ അബ്രാഹ്മണരോ എന്നെന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഞാൻ പറഞ്ഞ സംഖ്യകൾ നോക്കിയിട്ടു് അവരിൽ മിക്കവരും ബ്രാഹ്മണരായിരിക്കണമെന്നു് ഞാൻ വിചാരിക്കുന്നു.

മി: എൻ. കുമാരപിള്ള (കുന്നാംഗപ്പള്ളി): സപ്തകുലത്തെ പകരം സ്വീസ്സ് മാത്രമുള്ളവരെ സ്ഥിരപ്പെടുത്തി എന്നു പറയുന്നതു് വാസ്തവമല്ലെ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അതു് വാസ്തവമല്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഒരു കൊല്ലവും ൬ മാസവും മാത്രം സർവ്വീസുള്ള വിരമിക്കുള്ള സ്ഥിരപ്പെടുത്തി എന്നു പറയുന്നതു വാസ്തവമല്ലെ? അതിനെപ്പറ്റി ഒരു പട്ടിക ഇവിടെയുള്ളതു് ഞാൻ വായിക്കാം. മിസ്റ്റർ എസ്സ്. കെ. ശങ്കരയ്യർ—ബ്രാഹ്മണൻ—തിരുവിതാംകൂർകാരനല്ല ചരിത്രം ബി. എ. പാസ്സ്. സർവ്വീസു് ൬ കൊല്ലവും ൩ മാസവും

അനന്തരം മി: വി. രാഘവഅയ്യങ്കാർ തിരുവിതാംകൂർകാരനല്ല. ചരിത്രം ൨-ാംക്ലാസ് ൬ കൊല്ലവും ൬ മാസവും.

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഈ നിയമനങ്ങൾ ഉണ്ടായിട്ടുള്ളതു് ഒരു തിരുവിതാംകൂർകാരനെ കിട്ടാഞ്ഞിട്ടല്ലെന്നും വിദേശിബ്രാഹ്മണരെ ക്ഷണിക്കേണ്ടതായി വന്നകാലത്താണ്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): പരീക്ഷ ഇപ്പോൾ ചിലരെ ഒരുകൊല്ലവും ൬ മാസവും മാത്രം സർവ്വീസിൽ ഇരുന്നതിനുശേഷം സ്ഥിരപ്പെടുത്തിയിരിക്കുന്നു, ഉദാഹരണമായി മി: പി. ജി. സുന്ദരം തിരുവിതാംകൂർകാരനല്ലാ ൧ കൊല്ലവും ൬ മാസവും കഴിഞ്ഞു. സ്ഥിരപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യക്ഷൻ: സമയം അയഞ്ഞോട ഐശ്ചികം എന്താണെന്നു പറയുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): കണക്കു

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഡിപ്പാർട്ടുമെൻറിലെ ഏതു ശാഖയിലാണ അയാളെ വാങ്ങുവാനായി നിയമിച്ചിരിക്കുന്നതു്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഇംഗ്ലീഷ് സ്കൂൾ ശാഖയിൽ. മിസ്റ്റർ. സി. വി. സുബ്ബരാമയ്യർ, കണക്കു; മിസ്റ്റർ. വി. സി. സുന്ദരരാജൻ, കണക്ക് ൩-ാ ക്ലാസ്സ്, ഒരു കൊല്ലവും ൬ മാസവും സർവീസ് ഈ നിയമനങ്ങളെല്ലാം ഫ൦ൻ ഉ-ന് ശേഷമാണുണ്ടായിട്ടുള്ളതു്.

മി: ജെ സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): മിസ്റ്റർ. എം. എൻ, പിള്ളയുടെ ചോദ്യം തന്താണെന്നു മനസ്സിലാക്കുവാൻ എനിക്കു സാധിക്കുന്നില്ല.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാടു): സ്വന്തം അധികാര സീമയിൽപ്പെട്ടതോ അതോ ഇൻസ്പെക്ടരുടെ അധികാരത്തിലുള്ളതോ ഏതു നിയമനങ്ങളെപ്പറ്റിയാണ് അദ്ദേഹം പ്രതിപാദിക്കുന്നതെന്നു മിസ്റ്റർ സ്റ്റീഫൻസണിൽ നിന്നും അറിയുവാൻ ഞാനാഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ: അദ്ദേഹം ഗവണ്മെൻറിന്റെ അധികാരത്തിലുള്ള നിയമനങ്ങളെപ്പറ്റിയാണു് പറയുന്നതു്.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാടു): അങ്ങിനെയാണെങ്കിൽ, പ്രസ്തുത വിഷയം ഇംഗ്ലീഷ് സ്കൂളുകളുടെ നിയന്ത്രണാധികൃതർക്ക് അനുവദിച്ചിട്ടുള്ള തുക കുറക്കണമെന്നു ഉള്ളതായതുകൊണ്ടു, ഇതു വ്യവസ്ഥിത നടപടി ക്രമത്തിനു വിപരീതമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഞാൻ അതിനെ വ്യാഖ്യാനിക്കുന്നതെങ്ങിനെയെന്നാൽ അവിടുത്തെ അഭിപ്രായമെ ഞാൻ അനുസരിക്കുന്നു. നിയന്ത്രണാധികാരിയുടെ അധികാരത്തിൻ കീഴിലല്ലാ ഈ ഉദ്യോഗങ്ങൾ സ്ഥിതിചെയ്യുന്നതെങ്കിൽ ആ വിഷയത്തെപ്പറ്റി ഇപ്പോൾ പ്രതിപാദിക്കുവാൻ പാടില്ലാ, അതു, ഫ൨-ാം ഡിമാൻഡിൽ, മിസ്റ്റർ. എം. ആർ. മാധവവാര്യരാൽ അവതരിപ്പിക്കുന്ന ആകെത്തുക കുറക്കണമെന്നുള്ള ഉപക്ഷേപത്തിൽ ഉൾപ്പെട്ടതേണ്ടതാണ്.

അദ്ധ്യക്ഷൻ: അതു നടപടി ക്രമത്തിനു വിപരീതമാണെന്നു എനിക്കു തോന്നുന്നില്ല അതു നയത്തെ സംബന്ധിച്ചു ഒരു നിരൂപണം മാത്രമായതുകൊണ്ടു നിയന്ത്രണാധികൃതന്മാരുടെ നിയമന സീമയിൽ തന്നെ ഉൾപ്പെടുത്തണമെന്നില്ല.

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ശിക്ഷാക്രമപരിശീലനത്തിനായി വാഗ്ദാനമായ വർഷം പ്രതി അതു പാഠശാലയിലേക്കയക്കുന്നതു കൊണ്ടു ഡിപ്പാർട്ടുമെൻറിന്റെ ഇതരശാഖകളിലേക്കു നിയമിക്കുന്നതു കൊണ്ടും ഉണ്ടാകുന്ന ദീർഘകാലങ്ങളിലേക്കുള്ള പകരം ഒഴിവുകൾ നിമിത്തം, പകരം ജോലിയുടെ സവീസിനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസവകുപ്പു ഒരു പ്രത്യേക നിലയാണ് കൈയ്യാണ്ടിരിക്കുന്നു. അങ്ങിനെയുള്ള ഒഴിവുകളിൽ ഇപ്പോൾ ൪൯. ബി. എ. ക്കാരും ൯൨ ബിരുദധാരികളുള്ളവരും ഉണ്ടു്. ഈഒഴിവുകൾക്കു യോഗ്യന്മാരെ സിദ്ധിക്കുന്നതിനു വേണ്ടി, ഇപ്രകാരമുള്ള പകരം സർവ്വീസ് സ്ഥിരം ഒഴിവു വരുന്നകാലത്തു പ്രബലമായ ഒരവകാശമായി ഗണിക്കപ്പെടണമെന്ന നിലയിലേക്കുണ്ടായിവന്നു.

മി: എ. ഇഗ്നേഷ്യർഷ് (നിയമിച്ചമെംബർ): പകരം ഒഴിവുകൾ വരുന്ന അവസരത്തിൽ മറ്റുള്ളവരുടെ അറിവുള്ളടത്തോളം സ്വന്തം സ്നേഹിതന്മാരെ മനഃപൂർവ്വമായി ജോലിയിൽ പ്രവേശിപ്പിച്ചു സ്ഥിരം ഒഴിവു ഉണ്ടാകുന്ന കാലത്തു അതു അവർക്കു ഒരവകാശമാക്കിത്തീർക്കുന്ന ഒരു പതിവു ഈ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഉണ്ടെന്നു വിദ്യാഭ്യാസ മേലദ്ധ്യക്ഷനു അറിവുണ്ടോ?

അദ്ധ്യക്ഷൻ: പകരം നിയമനങ്ങൾ ഡയറക്ടരുടെ പ്രത്യേക ശ്രദ്ധക്കു പാത്രീഭവിക്കുന്നതു കൂടാതെ ചില അവസരങ്ങളിൽ ഉയർന്ന അധികൃതന്മാരുടെ അനുവാദവും കൂടി ആവശ്യമുള്ളതാണ്.

മി: എ. ഇഗ്നേഷ്യർഷ് (നിയമിച്ചമെംബർ): മറ്റുള്ളവർ അറിയാതെ അവരേ പകരം ജോലി നോക്കുവാനനുവദിക്കുകയും ഒടുവിൽ അതൊരു അവകാശമായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു എന്നുള്ളതാണ് എനിക്കുദ്ദേശത്തിന്റെ ഒന്നിലായിൽ പതിപ്പിക്കേണ്ടതു്.

മി: ജെ. ജാൺനിധീരി (ചങ്ങനാശ്ശേരി ജീനച്ചിൽ): പകരം ഒഴിവുകൾ പരസ്യപ്പെടുത്തുന്നുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അവർകൾ വർത്തമാനക്കടലാസുകളിൽ പരസ്യപ്പെടുത്താറില്ല.

മി: ജെ. ജാൺനിധീരി (ചങ്ങനാശ്ശേരി ജീനച്ചിൽ): അതുകൊണ്ടു, ഏതുദ്യോഗസ്ഥനും അയാൾക്കു തോന്നിയ ഏതൊരാളെയും രഹസ്യമായി നിയമിക്കാം അല്ലെ?

മി: ജെ. സ്റ്റീഫൻസൺ (അദ്ധ്യക്ഷൻ): മിസ്റ്റർ. നാരായണയ്യർക്കു, മുമ്പു തന്നെ പറഞ്ഞിട്ടുള്ളതു പോലെ, ഒരു നിയമനവും ചെയ്യുവാൻ സാധിക്കുകയില്ല. ക്രൈസ്തവ കുടുംബത്തിൽ മിസ്റ്റർ. നാരായണയ്യർ ചാടിക്കടന്നതിന്റെ ശേഷം പല ബ്രാഹ്മണരേയും പല അബ്രാഹ്മണരേയും കൂടി ഇപ്പോൾ അദ്ദേഹം നിയമിച്ചിട്ടുണ്ട്. ഈ ബ്രാഹ്മണനും ഈ അബ്രാഹ്മണനും ഉൾപ്പെടെ പല പേർ അദ്ദേഹത്തിന്റെ മുൻഗാമിയുടെ കാലം മുതൽക്കു പകരം നോക്കിക്കൊണ്ടു വന്നവരാണ്. ഡിപ്പാർട്ടുമെന്റിലേക്കു ആളുമായി നിയമിച്ചു കഴിഞ്ഞാൽ പിൻപെരിൽ ബ്രാഹ്മണർ ഇത്ര—ം അബ്രാഹ്മണർ ഇത്ര—ം ഉണ്ടു.

ആളുനിയമനങ്ങൾക്കു അപേക്ഷകരിൽ ഇംഗ്ലീസ് സാഹിത്യം ഐശ്ചികമായെടുത്തു ഓണേഴ്സ് ജയിച്ചവർക്കും ഒന്നും രണ്ടും ക്ലാസ് കളിൽ വിജയിക്കുകയെങ്കിലും ചെയ്തവർക്കു ബി. എ. ക്ലാസ്സും സയൻസ് ബി. എ. ക്ലാസ്സും ഉള്ളോരാം നമ്പർ കിടയെങ്കിലും അവരിൽ ചിലർ അയോഗ്യരാക്കപ്പെടുകയാണ് ചെയ്തത്. ഒരു മൂന്നാംക്ലാസ് അബ്രാഹ്മണനെ നിയമിച്ചുവെങ്കിലും മൂന്നാംക്ലാസ് ബ്രാഹ്മണരെ നിയമിക്കുകയുണ്ടായില്ല. ചരിത്ര ബി. എ. ക്ലാസിൽ, ഇംഗ്ലീഷിന് ഫ—ാം ക്ലാസ് കിട്ടിയതുകൊണ്ടു മാത്രം അബ്രാഹ്മണരെ നിയമിക്കുകയും ബ്രാഹ്മണരുടെ കൂട്ടത്തിൽ പിന്നോക്കം നിൽക്കുന്ന ഒരു അപാന്തരവിഭാഗത്തിൽപ്പെട്ട ഒരു മൂന്നാംക്ലാസ്സ് ബ്രാഹ്മണനെ നിയമിക്കുകയും ചെയ്തു.

മി: എൻ. കുമാരൻ (നിയമിച്ച മെംബർ): ബ്രാഹ്മണരുടെ ഇടയിൽ അധഃകൃതവർഗ്ഗം എന്നുപറയുന്ന ഒരു പ്രത്യേകവർഗ്ഗം തന്നെയുണ്ടോ എന്നു അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (അദ്ധ്യക്ഷൻ); സിവിള്ളിബ്രാഹ്മണർ അയാളുടെ വർഗ്ഗം അതാണ്.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല) അധഃകൃതം എന്നവിടെ പറയുന്നതിന്റെ അർത്ഥം എന്താണ്?

മി: ജെ. സ്റ്റീഫൻസൺ (അദ്ധ്യക്ഷൻ): എനിക്കു തന്നെ അതറിഞ്ഞുകൂടാ. ഞാൻ മിസ്റ്റർ നാരായണയ്യരുടെ വാക്കുകൾ അനുസരിച്ചാണ് അതു പറഞ്ഞതു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം മനോരമ്മാട്ട്): വിശ്വകർമ്മബ്രാഹ്മണരും ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരുണ്ടോ എന്നെന്നു അറിയിക്കുമോ? (ചിരി)

മി: ജെ. സ്റ്റീഫൻസൺ (അദ്ധ്യക്ഷൻ): ഞാൻ ഈ പ്രത്യേകവർഗ്ഗത്തെപ്പറ്റി മാത്രമേ പറയുന്നുള്ളൂ.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്ട്) ഞാൻ മനോരാജ്യത്തെപ്പറ്റി പറയുകമാത്രമേ ചെയ്യുന്നുള്ളൂ.

മി: ജെ. സ്റ്റീഫൻസൺ (അദ്ധ്യക്ഷൻ): ആ വർഗ്ഗത്തിൽനിന്നും ഒരപേക്ഷ കിട്ടുമ്പോൾ ഞാനതിനെപ്പറ്റി നിശ്ചയിക്കാം. അല്ലാതെ ഇപ്പോഴല്ലാ (ചിരി)

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സിവിള്ളിബ്രാഹ്മണർ ഇവർ കാനേഷുമാരി കണക്കിൽ ഉൾപ്പെട്ടവരാണോ?

അദ്ധ്യക്ഷൻ: എനിക്കറിഞ്ഞുകൂടാ

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): അധഃകൃതം എന്ന സംജ്ഞകൊണ്ടു വിദ്യാഭ്യാസമേലദ്ധ്യക്ഷൻ എന്തൊണ്ട് ഉദ്ദേശിക്കുന്നതെന്ന് എന്നെ അറിയിക്കുമോ?

അദ്ധ്യക്ഷൻ: പ്രത്യേകമായൊന്നുകിൽ ഇംഗ്ലീഷ്വിദ്യാഭ്യാസത്തിൽ പുറകോട്ടു നിൽക്കുന്നവർ എന്നായിരിക്കാം അദ്ദേഹം ഉദ്ദേശിക്കുന്നതു.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): സാമ്പത്തികമായുള്ള അധഃകൃതത്വമോ അതോ വിദ്യാഭ്യാസത്തിലുള്ള അധഃകൃതത്വമോ?

മി: ജെ. സ്റ്റീഫൻസൺ (അദ്ധ്യക്ഷൻ): ഇംഗ്ലീഷ്വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവർ.

അദ്ധ്യക്ഷൻ: സമയമായി.

മി: ജെ. സ്റ്റീഫൻസൺ (അദ്ധ്യക്ഷൻ): ഒരുമിനിട്ടിനകം അവസാനിപ്പിക്കാമെന്നു ഞാൻ വിചാരിക്കുന്നു.

ബിരുദധാരികളല്ലാത്തവരിൽ മിസ്റ്റർ ഫ്രെഡ്രിന്റെ കാലത്തു പകരം നോക്കിയവരിൽ നാലുപേരെ ഒഴിച്ചു ശേഷം എല്ലാപേരേയും വീണ്ടും നിയമിച്ചിട്ടുണ്ട്. ഇവർ നാലുപേരും ബ്രാഹ്മണരാണ്. ക്രൈസ്തവ—ൽ ബി. എ ക്കാരല്ലാത്തവരെ നിയമിച്ചിട്ടില്ല.

ക്രൈസ്തവ പൂർണ്ണ നിയമനങ്ങൾ ഉണ്ടായിട്ടുണ്ട്.

ക. ബ്രാഹ്മണർ
ഖ. ക്രിസ്ത്യാനികൾ
ഗ. നായന്മാർ
ഘ. ഈഴവർ

ങ. അധഃകൃതവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഇതരവർഗ്ഗങ്ങളിൽ നിന്നും മൂന്നു മുൻസിമാരെ നിയമിച്ചതിൽ

മി: എൻ. കുമാരൻ (നിയമിച്ച മെമ്പർ): അവരിൽ എത്രപേർ ഈഴവർ ആയിരുന്നു?

മി: ജെ. സ്റ്റീഫൻസൺ (അദ്ധ്യക്ഷൻ): അവരുടെ പ്രത്യേകസംഖ്യ എന്റെ അടുക്കൽ ഇപ്പോൾ ഇല്ല.

മി: നാരായണയ്യർ ചാടിക്കടന്നതിന്റെ ശേഷം നിയമിക്കപ്പെട്ട മൂന്നു മുൻസിമാരിൽ ഒരാൾ ബ്രാഹ്മണനും (ഒന്നാംക്ലാസ് മഹോപാദ്ധ്യായൻ) ഒരാൾ ക്രിസ്ത്യാനിയും മറ്റൊരാൾ ഈഴവനും ആണ്.

അതുകൊണ്ടുതന്നെ രണ്ടു ക്ലാർക്കുകളെ നിയമിച്ചിട്ടുണ്ട്, അവരിൽ രണ്ടുപേർ ബ്രാഹ്മണനും ഒരാൾ നായരും ഒരാൾ ക്രിസ്ത്യാനിയും ആണ്. ബ്രാഹ്മണരിൽ ഒരാൾ ഓവർസീസ് സർവീസിൽ ഇരുന്നവനും മറ്റേ ഓഫീസ് കമ്മിറ്റിയാൽ ശുപാർശ ചെയ്യപ്പെട്ടയാളും ആണ്.

സർ, വിദ്യാഭ്യാസവകുപ്പിലുള്ള ബ്രാഹ്മണരുടെ ശതമാനം എത്രമാത്രം വർദ്ധമാനമായിരിക്കുവാനുള്ള കാരണം ഞാൻ ഇവിടെ കാണിക്കുന്നതിനു ശ്രമിച്ചിട്ടുണ്ട്. സ്ഥിരം ഉദ്യോഗങ്ങൾക്കുള്ള നിയമനങ്ങളിൽ വളരെ കുറച്ചുമാത്രമേ ഉള്ളൂ എന്നതുകൊണ്ട് ഈ ശതമാനക്രമത്തിൽ കുറവു വരുത്തുവാൻ സാധ്യമാണെന്ന കാര്യമുള്ള എന്നതും കാണിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

ഇംഗ്ലീഷ് ആൺപള്ളിക്കൂടങ്ങളിൽ ഇന്നയിടെ ഉണ്ടായിട്ടുള്ള നിയമനങ്ങളിൽ ബ്രാഹ്മണരുടെ കാര്യത്തിൽ പ്രത്യേകത ഒന്നും വിചാരിച്ചിട്ടില്ല എന്നും ഞാൻ സംഖ്യകൾ കൊണ്ടു കാണിച്ചിട്ടുണ്ട്.

ഡിപ്പാർട്ടുമെൻറിന്റെ ഇതരശാഖകളെ സംബന്ധിച്ചു സൂക്ഷ്മമായ പരിശോധന നടത്തുവാൻ എനിക്കു സാധിച്ചിട്ടില്ലാത്തതിനാൽ അതെപ്പറ്റി ഒന്നും ഞാനിപ്പോൾ പറയുന്നില്ല.

മി: സി. ശങ്കരമേനോൻ (കൊല്ലം): ബ്രാഹ്മണരുടെ മേധാവിത്വം ഗവണ്മെൻറിന്റെ നയത്താലാകണ്ണോ അതല്ല നിയമിക്കുവാൻ അധികാരമുള്ളവരുടെ പക്ഷഭേദം നിമിത്തമാകണ്ണോ എന്നുള്ള സംശയമാണ് എനിക്ക് അറിയേണ്ടത്.

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഉദ്യോഗത്തിലുണ്ടായിട്ടുള്ള നിയമനങ്ങൾക്കു ഞാനാണ് ഉത്തരവാദിയെന്ന് അക്കാലത്തു ഞാനിവിടെ ഇല്ലായിരുന്നതുകൊണ്ട് എനിക്കു പറയുവാൻ സാധിക്കുകയില്ല. ഡിപ്പാർട്ടുമെൻറിൽ എന്തുചെയ്താണ് ഇത്ര അധികം ബ്രാഹ്മണരുള്ളതെന്നു കാണിക്കുവാനാണ് ഞാൻ ഈ കിട്ടാവുന്ന സംഖ്യ തെളിവുകളും കൊണ്ടു ശ്രമിക്കുന്നത്.

മി: പി. കെ നാരായണപിള്ള (അമ്പലപ്പുഴ): വേ: ഫാദർ പെട്ടിക്കാപ്പുച്ചിയാൽ ഉദ്ധരിക്കപ്പെട്ട പ്രത്യേക സംഗതിയെപ്പറ്റി മിസ്റ്റർ സ്റ്റീഫൻസണു എന്തെങ്കിലും പറയുവാനുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): എനിക്കതിനെപ്പറ്റി ഒന്നും പറയുവാനില്ല. ഇപ്പോൾ ഈ സംഗതി എന്റെ ഒഴിയിൽ പതിപ്പിച്ചിട്ടുള്ളതു നിമിത്തം അതേപ്പറ്റി അന്വേഷിക്കാമെന്നുമാത്രം ഇപ്പോൾ ഞാൻ വാഗ്ദാനം ചെയ്യാം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): മിസ്റ്റർ നാരായണയ്യർ സ്വന്തം മനസ്സാക്ഷിയനുസരിച്ചു നിയമിച്ചതിനെപ്പറ്റി മിസ്റ്റർ സ്റ്റീഫൻസണ് എന്താണ പറയാനുള്ളതെന്ന് എന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അയാൾ ഒരു ഒന്നാംക്ലാസ് ക്രിസ്ത്യാനി ആണെന്നുള്ളതുകൊണ്ടാണ് അല്ലാതെ മിസ്റ്റർനാരായണയ്യരുടെ മനഃസാക്ഷിയനുസരിച്ചല്ല അയാളെ നിയമിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അയാളെ നിയമിച്ചിട്ടുള്ളത്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അയാൾ കേംബ്രിജിൽനിന്നു രണ്ടുപ്രാവശ്യം മാത്രം പരീക്ഷ ജയിച്ചു വന്നാണിപ്പോൾ ബി. എ. ആയിട്ടുള്ളതെന്നുള്ള വസ്തുതയെക്കുറിച്ച് അറിയാമോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഈയ്യിടെ ഉണ്ടായിട്ടുള്ള എല്ലാ നിയമനങ്ങളും അങ്ങിനെയുള്ളവരിൽ നിന്നുമാണ്.

മി: കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഒരു ക്രിസ്ത്യാനി ബി. എ. ക്കാരനെ ചരിത്രം പഠിപ്പിക്കുവാൻ നിയമിച്ചതെന്തുകൊണ്ടാണെന്ന് എന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അതിനെപ്പറ്റി ഒരന്വേഷണം നടത്തുന്നതു വഴുതുണ്ട്.

മി: കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ക്രിസ്ത്യാനി ബി. എ. ക്കാരനെ ചരിത്രം പഠിപ്പിക്കുവാൻ സാധിക്കുമോ? (ചിരി)

മി: ജെ. സ്റ്റീഫൻസൺ (ആ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഹിന്ദു ക്രിസ്ത്യാനി ബി. എ. ക്കാരനെ ചരിത്രം പഠിപ്പിക്കുവാൻ സാധിക്കും.

അദ്ധ്യക്ഷൻ: അയ്യർ മരിച്ചാണെങ്കിൽ കുറെ അധികം വിഷമമായിരിക്കും. (ചിരി)

മി: കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ക്രിസ്ത്യാനി ചരിത്രത്തെക്കാൾ വളരെ എളുപ്പം പഠിക്കുവാൻ സാധിക്കുന്ന ഒരു വിഷയമാണ് (ചിരി).

അദ്ധ്യക്ഷൻ: അയ്യർ എനിക്ക് ഒരു പൂമുഖമായിരിക്കുന്നു.

ലഘുഭക്ഷണത്തിനായി സഭ പിരിയുകയും പിന്നീടു വീണ്ടും സഭ ആരംഭിക്കുകയും ചെയ്തു.

മി: എൻ. പത്മനാഭപിള്ള (കുന്നത്തൂർപ്പുഴി): സർ, ഈ ഉപക്ഷേപകത്തെ അനുകൂലിക്കുന്നതിനായി ഞാനും എഴുന്നേൽക്കുന്നു. മി: എം. എൻ. പിള്ളയാൽ രേഖപ്പെടുത്തപ്പെട്ട സംഖ്യകൾ എന്നെ വിസ്മയംകൊണ്ടു നാണംകെട്ടിരിക്കുന്നു. കഴിഞ്ഞ കുറെ കൊല്ലങ്ങളായി രാജ്യത്തിലെ വിദ്യാഭ്യാസവകുപ്പിലെ നിയമനസംഗതിയിലുള്ള നയത്തെപ്പറ്റി വിദ്യാഭ്യാസഡയരക്ടർ പറയുന്നതു കേട്ടിട്ടു ഞാൻ അധികം ആശ്ചര്യമുള്ളവനായിരിക്കുന്നു. രാജ്യത്തിലെ അബ്രാഹ്മണവർഗ്ഗീയരെ അപേക്ഷിച്ചു ബ്രാഹ്മണർക്കു ബുദ്ധിശക്തിയിലുള്ള ശ്രേഷ്ഠത കാണിക്കുന്നതിനായി കുറെ സംഖ്യകൾ ഉദ്ധരിക്കുവാൻ ഡയറക്ടർ കുറെ പ്രയാസപ്പെട്ടിട്ടുണ്ട്.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): ഈ സംഖ്യകൾ മുഴുവൻ മിസ്റ്റർ സ്റ്റീഫൻസൺ തനിച്ചു ശേഖരിച്ചതാണോ അതോ മറെറാരു വല്ലവരും അദ്ദേഹത്തിനുവേണ്ടി ശേഖരിച്ചതാണോ എന്നു മിസ്റ്റർ പത്മനാഭപിള്ളയ്ക്കറിയാമോ എന്നെന്നെ അറിയിക്കുമോ?

അദ്ധ്യക്ഷൻ: അതു പ്രസ്തുത ചോദ്യത്തെ എങ്ങിനെയാണ് ബാധിക്കുന്നത്? സംഖ്യകൾ ഇവിടെ പ്രത്യാപിച്ചിട്ടുണ്ട്. അതാരാണ് ശേഖരിച്ചതെന്നുള്ളതു വിഷയബന്ധമില്ലാത്ത ഒരു ചോദ്യമാണ്.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല): മിസ്റ്റർ സ്റ്റീഫൻസൺ തനിച്ചാണോ ഈ സംഖ്യകൾ ശേഖരിച്ചതെന്നും അതോ മറെറാരു വല്ലവരും അദ്ദേഹത്തിനു വേണ്ടി ശേഖരിച്ചതാണോ എന്നും മിസ്റ്റർ പത്മനാഭപിള്ളയ്ക്കറിയാമോ എന്നു ഞാൻ ചോദിക്കുകയായിരുന്നു.

അദ്ധ്യക്ഷൻ: അതിനു വിഷയബന്ധമുള്ളതായി ഞാൻ വിചാരിക്കുന്നില്ല.

മി: എൻ. പത്മനാഭപിള്ള (കുന്നത്തൂർപ്പുഴി): അബ്രാഹ്മണരെ അപേക്ഷിച്ചു ബ്രാഹ്മണർക്കു ബുദ്ധിശക്തിയിൽ മേന്മ ഉണ്ടെന്നു കാണിക്കുന്നതിനാണോ സ്റ്റീഫൻസൺ ഈ സംഖ്യകൾ ശേഖരിച്ചിട്ടുള്ളതിച്ഛകതന്നെന്നു ചോദിക്കുന്നു. അതാണ് അദ്ദേഹത്തിന്റെ ഉദ്ദേശം എന്ന് ഞാൻ വിചാരിക്കുന്നില്ല. അങ്ങിനെയുള്ള ഒരു

ഉദ്ദേശമില്ലെങ്കിൽ ആ സംഖ്യകൾക്കും ഈ വിഷയത്തിനും തമ്മിലുള്ള ബന്ധമെന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതെങ്ങിനെയായിരുന്നാലും ബ്രാഹ്മണർ മറുള്ളവരെക്കാൾ കൂട്ടുതൽ ബുദ്ധിശക്തിയുള്ളവരായാലും അല്ലെങ്കിലും ബ്രാഹ്മണർ മറുള്ളവരെക്കാൾ ചില സംഗതികളിൽ മേന്മയുള്ളവരാണെന്നു കാണിക്കണമെന്നും അതനുസരിച്ചു അവർക്കു ഉദ്യോഗങ്ങൾ നൽകണമെന്നും കാണിക്കുവാനാണ് ഡയനക്കുടെ ശ്രമമെന്നാണ് എനിക്കു തോന്നുന്നത്, നാട്ടിലുള്ള അബ്രാഹ്മണർ അതു സമ്മതിക്കുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു മിസ്റ്റർ എം. എൻ. പിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബഹുമായി പിൻതാങ്ങുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ ഉപക്ഷേപത്തെ പ്രബലീകരിച്ചു എന്റെ പല സ്നേഹിതന്മാരും പ്രസംഗിച്ചിട്ടുള്ളതുകൊണ്ടു ഇതിനെപ്പറ്റി പറയണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. പക്ഷെ വിദ്യാഭ്യാസവകുപ്പുകളുടെ പ്രബലമായ ന്യായവാങ്ങൾക്കുശേഷം അതു ഗവണ്മെന്റിനുവേണ്ടിയാണ് എന്നെനിക്കു തോന്നുന്നു. എന്റെ സ്നേഹിതന്മാർ പറഞ്ഞതിനെ കൂടുതലുറപ്പിക്കുന്നതിനു ഞാനും സ്വല്പം പറയേണ്ടതാണന്നു എനിക്കു തോന്നുന്നു. മിസ്റ്റർ സ്റ്റീഫൻസണാൽ മുകുന്നുവരപ്പെട്ട ആശയങ്ങളും ഗവണ്മെന്റിനുവേണ്ടി പറഞ്ഞതാണന്നു ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ: അദ്ദേഹം ആശയങ്ങളൊന്നും തന്നെ വെളിവാക്കിയില്ലല്ലോ. കൂടെ സംഖ്യകളും മാത്രമേ അദ്ദേഹം പറഞ്ഞുള്ളൂ.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സംഖ്യകളും മറ്റും പറഞ്ഞതു് അതിൽനിന്നും വല്ലതെങ്കിലും സംഗതികളും ഊഹിക്കുന്നതിനാണ്.

അദ്ധ്യക്ഷൻ: ഡയനക്കുടെ ഉദ്ദേശ്യം ചില സംഗതികളും എടുത്തുകൊണ്ടു നിലനിൽക്കുന്നു എന്നു കാണിക്കുന്നതിനാണ്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): എന്റെ സ്നേഹിതന്മാരുടെ അഭിപ്രായമനുസരിച്ചു ഞാൻ തെറ്റായി ധരിച്ചിട്ടില്ലെങ്കിൽ വിദ്യാഭ്യാസവകുപ്പിൽ വിശിഷ്യ ഇംഗ്ലിഷ്സ്കൂൾ ശാഖയിൽ ബ്രാഹ്മണരുടെ ആധിക്യം കാണുന്നു എന്നുള്ളതാണ്. രാജകീയകാളേജിൽനിന്നും പരീക്ഷക്കു ചേർന്നവരിൽ വിജയികളായവരുടെ ശതമാനത്തെ പറഞ്ഞു ചില സംഖ്യകളും മിസ്റ്റർ സ്റ്റീഫൻസൺ ഇവിടെ ഉദ്ധരിച്ചു. ബി. എ. ഇൻടർ മീഡിയറേ, സ്കൂൾഫൈനൽ എന്നീ പരീക്ഷകളും ജയിച്ച ബ്രാഹ്മണരുടെ ശരാശരിയും അദ്ദേഹം പറഞ്ഞു. അതിന്റെ ഉദ്ദേശം എന്താണെന്നു എനിക്കറിയുവാൻ പാടില്ല. അവർ അത്രയധികം ജയിക്കുന്നുകൊണ്ടു അവർ കൂട്ടുതലായി ജോലിക്കു അപേക്ഷിക്കുന്നു എന്നുള്ളതല്ലാതെ പ്രസ്തുതവിഷയത്തിനും ആ സംഖ്യകൾക്കും തമ്മിൽ മറ്റെന്തു ബന്ധവും ഞാൻ കാണുന്നില്ല.

അദ്ധ്യക്ഷൻ: എണ്ണക്കൂടുതൽ പക്ഷെ ഉണ്ടായിരിക്കാം. എന്നു മാത്രമല്ലാ ഇതരവർഗ്ഗങ്ങളിൽനിന്നും അപേക്ഷകരും ഉണ്ടായിരുന്നതും ഇല്ല. അതായിരിക്കാം ആ സംഖ്യകൾ ഉദ്ധരിച്ചതിൽ മിസ്റ്റർ സ്റ്റീഫൻസന്റെ ഉദ്ദേശ്യം എന്നു ഞാൻ ഊഹിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അങ്ങിനെ ഒരുദ്ദേശം മാത്രമെ സാധിക്കുവാനുള്ളൂ എന്നു എനിക്കും തോന്നുന്നു. ആ സംഖ്യകൾ രണ്ടോമൂന്നോ പരിശോധനയെ അർഹിക്കുന്നുണ്ടെന്നു മാത്രമെ അവയെപ്പറ്റി എനിക്കു പറയുവാനുള്ളൂ. സർ, ഏതെങ്കിലും ഒരു വ്യക്തിയുടെ യഥാർത്ഥ ഇതുമാത്രം അധികമാകത്തക്കവിധത്തിൽ ഇതരവർഗ്ഗക്കാരുടെ അപേക്ഷകളുടെ അഭാവം അത്ര വളരെ ഉണ്ടായിരുന്നു എന്നുള്ളതു തെളിക്കുവിശ്വസിക്കുവാൻ വളരെ പ്രയാസമായിരിക്കുന്നു. ഡിപ്പാർട്ടുമെൻറിൽ താൻ പ്രവേശിച്ചതു ഈയിടെ മാത്രമായതുകൊണ്ടു ഇത്ര വളരെ ആളുകളെ ഈ വകുപ്പിൽ കാണുന്നതെന്തുകൊണ്ടാണെന്നു തനിക്കു അറിയുവാൻ പാടില്ലെന്നു അദ്ദേഹംതന്നെ പറയുന്നതുനിമിത്തം അദ്ദേഹത്തിനു ഇതേപ്പറ്റിയുള്ള അറിവു യുക്തം സമ്മതിക്കത്തക്കവിധത്തിൽ കുറവുതന്നെയാണ്. അതുകൊണ്ടു ഈ വകുപ്പിൽ കാണുന്ന ഒരു വ്യക്തിയുടെ അമിതമായപ്രാധാന്യത്തെ നീതീകരിക്കുന്നതിനോ അദ്ദേഹം ഉദ്ധരിച്ച സംഖ്യകൾതന്നെ എന്തെങ്കിലും ഊഹിക്കുന്നതിനു മതിയാകുമെന്നോ പറയുന്നതു അദ്ദേഹത്തിന്റെ പക്ഷത്തിൽ ശരിതന്നെയായിരിക്കും. ഈ ഉദ്യോഗങ്ങൾക്കു ലഭിക്കാവുന്ന അപേക്ഷകരുടെ ശതമാനത്തെപ്പറ്റി മിസ്റ്റർ സ്റ്റീഫൻസണാൽ ഉദ്ധരിക്കപ്പെട്ട സംഖ്യകൾ തിരുവനന്തപുരം രാജകീയകാളേജിൽനിന്നും മാത്രം എടുക്കപ്പെട്ടതായതുകൊണ്ടു അവകൊണ്ടു തനിച്ചു പയ്യോളിക്കപ്പെടാൻ പാടില്ലാത്തതാകുന്നു എന്നെനിക്കു തോന്നുന്നു. പല തിരുവിതാംകൂർകാർക്കും രാജകീയകാളേജിൽ പ്രവേശനം സിദ്ധിക്കാത്തതുനിമിത്തം അവർ അന്യ കാളേജുകളെ ശരണം പ്രാപിച്ചിട്ടുണ്ടെന്നുള്ളതു എല്ലാവർക്കും അറിയാവുന്നതുമാണ്, അങ്ങിനെ പുറത്തു പോയവരിൽ അധികംപേരും പരീക്ഷാവിജയികളായിക്കാണും, പുറത്തുള്ള കാളേജുകളിൽനിന്നും ജയിച്ചു തിരുവിതാംകൂർകാരിൽ എത്ര അപേക്ഷകരുണ്ടെന്നു അന്വേഷിക്കുന്നതിനായി യാതൊരു ശ്രമവും ചെയ്തുകാണുന്നായില്ല.

അദ്ധ്യക്ഷൻ: ഈ അപേക്ഷകരും ഈ കാളേജിൽനിന്നുമുള്ള ബിരുദധാരികളിൽ നിന്നുമാത്രമാണെന്നു മിസ്റ്റർ സ്റ്റീഫൻസൺ പറഞ്ഞില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ചില പ്രത്യേക സംഗതികളിൽ നിന്നും എടുത്തെങ്കിലും ഊഹിക്കുന്നതിനു മുമ്പു അവ സംപൂർണ്ണമായിരിക്കണമെന്നുള്ള വസ്തുതയിലേക്കു മാത്രം ഞാൻ മിസ്റ്റർ സ്റ്റീഫൻസന്റെ ശ്രദ്ധയെ ആകർഷിക്കുന്നു. രാജകീയകാളേജിൽനിന്നു മാത്രമുള്ള സംഖ്യകളും പരിഗണിക്കപ്പെടുവാൻ പാടില്ല. ഈ സംഖ്യകളിൽനിന്നും ന്യായമായി എന്തെങ്കിലും ഊഹിക്കണമെങ്കിൽ തിരുവിതാംകൂറിൽനിന്നും പരീക്ഷാവിജയികളും എത്രപേരുണ്ടെന്നു പൂർണ്ണമായി മനസ്സിലാക്കിയിട്ടുവേണം ലിസ്റ്റിലെ കഴിഞ്ഞ മൂന്നുകൊല്ലത്തെ സംബന്ധിച്ചിടത്തോളം അബ്രാഹ്മണവർഗ്ഗങ്ങളിൽനിന്നും അപേക്ഷകരുടെ കുറവില്ലായിരുന്നു എന്നു നാം കാണുന്നു. എന്നിട്ടും വേണ്ടതിലധികം പ്രതിനിധീകരിച്ചിരിക്കുന്ന വർഗ്ഗത്തിൽനിന്നുതന്നെ പിന്നെയും കൂടെ ആളുകളെ നിയമിച്ചിരിക്കുന്നതായി നാം കാണുന്നു. അതൊരു വാശിമായിട്ടാണ്, പറഞ്ഞതു് അതൊരു യഥാർത്ഥവാദമായിട്ടുതന്നെയാണോ പറഞ്ഞതെന്നെനിക്കറിഞ്ഞുകൂടാ. എന്നാലും അവരാണ് കൂട്ടുതൽ

യോഗ്യതയെന്നുള്ള മറ്റു വാദമായിരുന്നു അതു് എന്നു് തോന്നും പക്ഷേ അവരുടെ ഇടയിൽ വളരെ സമർത്ഥന്മാരായവർ ഉണ്ടെന്നു് വന്നേക്കാം. അങ്ങനെയുള്ളവരെ നിരാശപ്പെടുത്തണമെന്നു് പറയുന്നില്ല. ബ്രാഹ്മണരെ സർവീസിലെടുക്കരുതെന്നു് നാം വാദിക്കുന്നില്ല. നിയമനം നിഷ്പക്ഷമായും പക്ഷഭേദമില്ലാതേയും ആയിരിക്കണമെന്നേ പറയുന്നുള്ളൂ. സമ്പദ്ഗ്രഹത്തിലും പെട്ട അപേക്ഷകർക്കായി ഗവണ്മെന്റു് ഉദ്യോഗം കൊടുക്കേണ്ടതുണ്ടു്. ഇൻസ്പെക്ടരുടെ മേൽ കുറെ ചുമത്താൻ പാടില്ലെന്നും കുറ്റാരോപണം ഗവണ്മെന്റിന്റെ മേലും വകുപ്പിന്റെ മേലധ്യക്ഷന്റെ മേലും ശരിയായി പതിക്കേണ്ടതാണെന്നും ഇൻസ്പെക്ടർക്ക് ഇതിൽ യാതൊരുകുറ്റവുമില്ലെന്നും ഡയറക്ടർ നമ്മോടു പറഞ്ഞു. നമ്മെ അതു സംബന്ധിക്കുന്നില്ല. ഡിപ്പാർട്ടുമെന്റ് മേലാവിനാൽ ഉന്നയിക്കപ്പെട്ട ഈ സംഭ്രമകരം ഗവണ്മെന്റ് ഈ സംഭ്രമകരം പരിശോധിച്ചിട്ടുണ്ടോ എന്നന്വേഷിക്കേണ്ടതില്ല. ഗവണ്മെന്റിന് വേണ്ടിയാണ് ഡയറക്ടർ ഇതെല്ലാം ഇന്നപ്പടി പറഞ്ഞതെന്നു് ഞാൻ വിചാരിക്കുന്നു. പൂർണ്ണവും ശരിയും ആണോ എന്നു് ഗവണ്മെന്റു് അന്വേഷിക്കണമെന്നു് ഈ ഉപക്ഷേപത്തിന്റെ സഹായത്തോടുകൂടി ഞങ്ങൾ അപേക്ഷിക്കുന്നു. ഗവണ്മെന്റു് ഈ സംഭ്രമകരം പരിശോധിച്ചിട്ടില്ലെങ്കിൽ, ഇതേപ്പറ്റി അന്വേഷിക്കുന്നതിന് ഗവണ്മെന്റിനു് സൌകര്യം കിട്ടിയിട്ടില്ലെങ്കിൽ, ഈ സംഭ്രമകരം വാസ്തവമാണോ അല്ലയോ എന്നന്വേഷിക്കുന്നതിനും ഈ സംഗതിയെപ്പറ്റി പൂർണ്ണമായ അറിവു ശേഖരിക്കുന്നതിനും ഉള്ള സമയം അതിക്രമിച്ചിരിക്കുന്നു. അതിനെപ്പറ്റിയുള്ള ശേഷം വേണം ഇതേപ്പറ്റി ന്യായമായ ഒരഭിപ്രായം ഉണ്ടാക്കുവാനും പൊതുസേവനത്തിലുള്ള സ്ഥാനം സംസ്കരിക്കുവാനും.

അദ്ധ്യക്ഷൻ:—ഈ സഭയുടെ അറിവിനു വേണ്ടി ഈ അന്വേഷണം ഗവണ്മെന്റിന്റെ ആവശ്യത്തിനേൽ നടത്തിയതാണെന്നു് ഞാൻ ഇവിടെ പറയാം. മി: സ്റ്റീഫൻസൺ പറഞ്ഞതുപോലെ ഗവണ്മെന്റു് ഇതുടനെ യാഥാർത്ഥ്യത്തെ പരിശോധിച്ചിട്ടില്ല. വിവരമായി ഇവ നോക്കുന്നതിനുമാത്രം സമയം കിട്ടിയില്ല. ഇതു മാതിരിയുള്ള സംഗതികളുടെ സംപൂർണ്ണപരിശോധനക്കു കുറെ അധികം സമയം ആവശ്യമുണ്ടു്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) സർ, എന്റെ ഉപക്ഷേപത്തെപ്പറ്റി വിദ്യാഭ്യാസമേലധ്യക്ഷന്റെ സമാധാനം കേട്ടിട്ടു് ഞാൻ പ്രാസ്ഥാനത്തിൽ ആഹ്ലാദിക്കുന്നു. അദ്ദേഹത്തെ അനുമോദിക്കുകയും അനുകൂലിക്കുകയുമാണു്. സർവീസിലുള്ള ബ്രാഹ്മണരുടെ ശതമാനം അഭിവൃദ്ധിയായ വിധത്തിൽ വർദ്ധനമാണെന്നതിനെ ശരിപ്പെടുത്തുവാൻ മേലിൽ നിയമിക്കുന്നവരെല്ലാപേരും അബ്രാഹ്മണരായിരിക്കണമെന്നും ആണ് ഞാൻ ബോധിപ്പിക്കുന്നതു്. സർ, കോളേജിലും പള്ളിക്കൂടങ്ങളിലുമുള്ള വേതനവിദ്യാർത്ഥികളുടെ ശതമാനത്തെ അദ്ദേഹം പറഞ്ഞു. ഈ പള്ളിക്കൂടങ്ങളും കോളേജുകളും എല്ലാം ബ്രാഹ്മണരാൽ നിയന്ത്രിക്കപ്പെടുന്നു എന്നു് നമുക്കെല്ലാവർക്കും അറിയാം, ഹെഡ് മാസ്റ്റർ മുതൽ മിക്കവരും ബ്രാഹ്മണരാണു്. പക്ഷേ കിട്ടുന്നതിനുവേണ്ടി ബ്രാഹ്മണരെ ഉയന്ന നിലയിൽ ജയിപ്പിക്കുന്നതിനു് അവർക്ക് വേഗത്തിൽ സാധിക്കും, ഇൻസ്പെക്ടർ തന്നെ ഈ മാത്രം പക്ഷഭേദം കാണിച്ചിരിക്കുന്നതിൽ നിന്നും ഇതു മനസ്സിലാക്കാം. ഗവണ്മെന്റു് നിയമത്തിനു് വിപരീതമായി സ്വന്തം മതക്കാരനെ നിയമിക്കുന്നതിനു് അദ്ദേഹത്തിനു ധൈര്യമുണ്ടായി.

അദ്ധ്യക്ഷൻ.—അതു് ഗവണ്മെന്റിന്റെ നിയമത്തിനു് വിപരീതമല്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അല്ലെങ്കിലും, അതു അസന്മാർഗികമാണു് (ചിരി) യോഗ്യതയുള്ള ഇതര അപേക്ഷകന്മാരുടെ അവകാശങ്ങളെ അവഗണിച്ചു സ്വന്തം മതക്കാരനെ മാത്രം സ്ഥിരം ഒഴിവിൽ നിയമനമായും അദ്ദേഹം നിയമിക്കരുതായിരുന്നു, പള്ളിക്കൂടം ഇൻസ്പെക്ടർ ന്യായികരിക്കുന്ന വാദങ്ങൾ സയുക്തികമാണെന്നെനിക്കശേഷം തോന്നിയില്ല.

മി: ജെ. ജാൺ നിധീരി (ചങ്ങനാശേരി-മീനച്ചൽ): ബന്ധുക്കളെ നിയമിക്കുകയും എന്നാണു നിയമമുള്ളതായി മെംബർക്ക് അറിയാമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഇതുവരേയും അങ്ങിനെയാണു് ഞാൻ മനസ്സിലാക്കിയിരുന്നതു്. ഇപ്പോൾ അങ്ങനെയൊരു നിയമമില്ലെന്നു് അദ്ധ്യക്ഷനിൽ നിന്നും ഞാൻ മനസ്സിലാക്കുന്നു. ഇൻസ്പെക്ടർക്ക് സ്വന്തം മതക്കാരനെ നിയമിക്കുന്നതിനു് ഗവണ്മെന്റിൽ നിന്നും അനുവാദം കിട്ടിയോ എന്നെനിക്കറിഞ്ഞുകൂടാ.

മി: ജി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാടു്) മിസ്റ്റർ നാരായണയ്യർ മതക്കാരനെ നിയമിച്ചു എന്നു് മി: എം. എൻ. പിള്ളക്ക് സൂക്ഷ്മമായ അറിവുണ്ടോ എന്നെനെ അറിയിക്കുമോ?

അദ്ധ്യക്ഷൻ.—ഡയറക്ടർ അതിനെപ്പറ്റി പറഞ്ഞു കഴിഞ്ഞു. ഇൻസ്പെക്ടർ ഒരിക്കലും നിയമിക്കുന്നില്ലാം. അദ്ദേഹം ശുപാർശ ചെയ്യുന്നു ഡയറക്ടർ നിയമിക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) തിരിഞ്ഞെടുക്കുന്നതു് ഡയറക്ടറല്ല; അതു് പള്ളിക്കൂടം ഇൻസ്പെക്ടരാണു് ചെയ്യുന്നതു്. ഇങ്ങിനെ തിരിഞ്ഞെടുക്കുന്നതിൽ യാതൊരു തത്വവും ഇല്ലെന്നാണു് തോന്നുന്നതു് അബ്രാഹ്മണരിൽ നിന്നും പരാതി ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ ആ വകുപ്പിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കും ഇപ്രകാരം അവസരങ്ങളും ലാഭം കിട്ടുവാനുണ്ടു്. ചിലഉദ്യോഗസ്ഥന്മാർ ബ്രാഹ്മണരോടു കാണിക്കുന്ന അന്യായമായ ദാക്ഷിണ്യം രാജ്യത്തിൽ അസംതൃപ്തിക്കു കാരണമാകുന്നു, അത്തരം ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെ ഗവണ്മെന്റു് സൂക്ഷ്മമായി ശ്രദ്ധിക്കേണ്ടതും അവരിൽ ആരെങ്കിലും കുറ്റക്കാരായിരുന്നാൽ അവരെ തരിയറയിൽ തിക്കിക്കേണ്ടതും ചിലമെമ്പർമാർ പറഞ്ഞതു പോലെ സർവീസിൽ നിന്നും അവരെ പിരിച്ചയക്കേണ്ടതും ആണു്.

സർ, നീതിയാണു് ഞാൻ ആവശ്യപ്പെടുന്നതു്. യോഗ്യതയുള്ള അബ്രാഹ്മണർക്ക് ഉദ്യോഗപ്രാപ്തിക്കുവേണ്ടിയുള്ള ഉണ്ടായിരിക്കുന്നതു്.

മി: ജെ. സ്റ്റീഫൻസൺ (ആഭ്യന്തര വിദ്യാഭ്യാസമേലധ്യക്ഷൻ) ഞാൻ നേരത്തെ പറഞ്ഞതിൽ കൂട്ടുതലായി എനിക്കു വളരെ കുറച്ചു മാത്രമേ പറയുവാനുള്ളൂ. അതിന്റെ ശേഷം ഒന്നുരണ്ടു കുറ്റങ്ങൾ പറയപ്പെട്ടിട്ടുണ്ടു്. രാജകീയകോളേജിൽ നിന്നുമാത്രം ഈ സംഭ്രമകരം ശേഖരിച്ചതെന്താണെന്നു് മി: ജി. പരമേശ്വരൻപിള്ള ചോദിച്ചു. മറ്റുള്ള കോളേജുകളിൽ നിന്നും സംഭ്രമകരം കിട്ടുന്നതിനു ഇപ്പോൾ വളരെ പ്രയാസമാണു്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര) എഴുന്നേൽക്കുന്നതോടുകൂടിയാണ് അദ്ദേഹം ഈ സംഖ്യകം ഉയർത്തിച്ചതെന്ന് എന്നോട് പറയുമോ?

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ) ഈ സഭയിലുള്ളവർ അറിയുവാനായിട്ടാണ് ഞാൻ ആ സംഖ്യകം ഉയർത്തിച്ചത്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര) പ്രസ്തുതവിഷയത്തിനും ആ സംഖ്യകത്തിനും തമ്മിലുള്ള ബന്ധമെന്താണ്?

അദ്ധ്യക്ഷൻ,—നിങ്ങൾ തന്നെ ആചോദ്യം ഒരിക്കൽ ചോദിച്ചു. അതിനിയും ആവർത്തിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല.

മി: ടി. രാമസ്വാമിപിള്ള (നിയമനിർമ്മാണമെമ്പർ): എനിക്കൊരു ചോദ്യം ചോദിച്ചാൽകൊള്ളാമെന്നുണ്ട്. പരീക്ഷയിലുള്ള വിജയം രേഖാമാത്രം ഒരു വർഗ്ഗത്തിനു മറ്റൊരു വർഗ്ഗത്തിനെക്കാൾ മേന്മയുണ്ടെന്നു വിചാരിക്കപ്പെടുന്നതും എന്തെന്നെന്ന അറിയിക്കുമോ?

അദ്ധ്യക്ഷൻ: ബുദ്ധിശക്തിയിലോ മറ്റേതിലെങ്കിലുമോ ഒരു വർഗ്ഗത്തിനു മറ്റൊരു വർഗ്ഗത്തെ അപേക്ഷിച്ചു എന്തെങ്കിലും മേന്മ ഉണ്ടോ എന്നു ഇവിടെ തർക്കിക്കയല്ലാ. ചില പ്രത്യേക വർഗ്ഗങ്ങളിലുൾപ്പെട്ടുപോയവരുടെ നിയമനത്തെപ്പറ്റിയാണ് ഇവിടെ പറയുന്നത്.

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): സർ, ഞാൻ മുൻപെ പറഞ്ഞപ്പോൾ പൊതു വിഷയത്തെപ്പറ്റി പറഞ്ഞു. ഓരോരുത്തരുടേയും നിയമനത്തെപ്പറ്റിയെ എനിക്കിനി പറയുവാനുള്ളു കഴിഞ്ഞ രണ്ടു കൊല്ലങ്ങളിലെ സംഖ്യ ഞാൻ ഉദ്ധരിച്ചു. അതിൽനിന്നും ഇപ്പോഴുള്ളതിനെക്കാൾ ഈയ്യിടെ ഉണ്ടായിട്ടുള്ള നിയമനങ്ങളുടെ ശതമാനം കുറവാണെന്ന് കാണാം. ഓരോരുത്തരുടേയും നിയമനങ്ങളെപ്പറ്റിപറയുകയാണെങ്കിൽ അപേക്ഷകരും അനേകമായി വന്നതൊഴിവാക്കുന്നതിനാൽ അവ ശരിയായി പരിഗണിക്കപ്പെട്ടു എന്ന മാത്രമെ എനിക്കു പറയുവാൻ സാധിക്കുകയുള്ളൂ. ഈ അപേക്ഷകർക്കൊക്കെയായി ഒരു രജിസ്റ്റർ സൂക്ഷിക്കുവാൻ ഞാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. സകല വിവരങ്ങളും ഉൾപ്പെടുത്തുക ഒരു രജിസ്റ്റർ ആണ് ഉണ്ടാക്കുവാൻ ഞാൻ ഏർപ്പാടുചെയ്തിട്ടുള്ളത്. അതുകൊണ്ടു ഏതെങ്കിലും നിയമനാവസരത്തിൽ എല്ലാ അപേക്ഷകളും പരിഗണിക്കപ്പെട്ടോ എന്നു അങ്ങു മിന്നിട്ടിനുള്ളിൽ മനസ്സിലാക്കുവാൻ എനിക്കു സാധിക്കും. ഞാൻ മുമ്പു പറഞ്ഞതിനെക്കാൾ കൂടുതലൊന്നും മിസ്റ്റർ എം. എൻ. പിള്ളയെ സമ്മതിപ്പിക്കുന്നതിനായി ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹം ഉപക്ഷേപത്തെ പ്രബലപ്പെടുത്തുകയില്ലെന്നു ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ: മി: എം. എൻ. പിള്ളേ, നിങ്ങളുടെ ഉപക്ഷേപത്തെ പ്രബലപ്പെടുത്തുന്നുണ്ടോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ എന്റെ ഉപക്ഷേപത്തെ പ്രബലപ്പെടുത്തുന്നു.

ഉപക്ഷേപം വോട്ടിനിട്ടു. പാസ്സാക്കി. പന്ത്രണ്ടു പേർ അനുകൂലമായും ഏഴു പേർ പ്രതികൂലമായും വോട്ടു ചെയ്തു.

ഉപക്ഷേപം പാസ്സായി.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

പ്രമേയം. മി: ടി. എം. ചിദംബരരാമപിള്ള: നിയന്ത്രണാധികൃതർ അനുവദിച്ചിട്ടുള്ള ൯,൨൫൫ രൂപയിൽനിന്നും ൧൦൦ രൂപാ കുറക്കുന്നതിനു.

ഉപക്ഷേപം പാസ്സായി.

മി: പി. കെ. നാരായണപിള്ള (അവലദ്ധ്യക്ഷൻ): സർ, ഈ ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

പ്രമേയം. പണ്ഡിതർക്കായി അനുവദിച്ചിട്ടുള്ള ൯൨൫ രൂപയിൽനിന്നും ൧൦൦ രൂപാ കുറക്കുന്നതിനു.

ഈ ഉപക്ഷേപത്തെപ്പറ്റി ചിലതു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ബഡ്ഡറ്റു വാദപ്രതിവാദാവസരത്തിൽ സാധാരണയായി നമ്മുടെ ചെവികളിൽ പ്രസംഗിച്ചു കേഴറാറുള്ള മെയാന്ത്രികപരിക്ഷണം എന്നു പറയുന്നതു ആവശ്യമുള്ളപ്പോഴെല്ലാം ഉദ്യോഗസ്ഥന്മാർ വ്യതിചലനം നടത്തുന്ന അവ്യവസ്ഥിതമായ ഒരു നയം മാത്രമാണെന്നുള്ളതു തെളിയിക്കാനെന്നു ഞാൻ വിശ്വാസം ചെയ്തിട്ടുണ്ട്. ഇവിടെ അതിനു ഒരു നല്ല ഉദാഹരണമുണ്ട്. അതു കണിക്കുന്നതിനാണു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്. പ്രസ്തുത പണ്ഡിതരുടെ ഉദ്യോഗത്തിനു വേണ്ടി ഒരു ബി. എ. ക്കാരനും ഒരു ആണേഴ്സ്കാരനും ആയി രണ്ടു അപേക്ഷകരുണ്ടായിരുന്നു, ആ ആണേഴ്സ്കാരന്റെ അവകാശങ്ങളെ അവഗണിച്ചു ബി. എ. ക്കാരനെ അധികൃതന്മാർ നിയമിച്ചു. ആ നിയമനത്തെപ്പറ്റി പ്രതിഷേധിക്കുന്നതിനുണ്ട് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്. ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിനു മുമ്പു എന്റെ സ്നേഹിതൻ മിസ്റ്റർ സ്റ്റീഫൻസണുമായി ഇതേപ്പറ്റി ഞാൻ സംസാരിക്കുകയുണ്ടായി. അപ്പോൾ ആണേഴ്സുകാരൻ മൂന്നാംക്ലാസുകാരനാണെന്നും ബി. എ. ക്കാരൻ രണ്ടാംക്ലാസുകാരനാണെന്നും സയൻസുകാരുടെ പ്രിൻസിപ്പൽ നൽകിയ സമ്മാനം അദ്ദേഹം എന്നോട് പറഞ്ഞു. ഒരു മൂന്നാംക്ലാസ് ആണേഴ്സുകാരൻ രണ്ടാംക്ലാസ് ബി. എ. യേക്കാൾ യോഗ്യതയുള്ളയാളാണ്. അല്ലാ ഈ ന്യായം അനുസരിച്ചു നോക്കുകയാണെങ്കിൽ ഒരു ഒന്നാംക്ലാസ് എസ്സ്സ്. എസ്സ്സ്. എൽ. സി. ഒരു മൂന്നാംക്ലാസ് ബി. എ. ക്കാരനേക്കാൾ യോഗ്യനാണ്. തൻമൂലം ഒരു ഒന്നാംക്ലാസ് എസ്സ്സ്. എസ്സ്സ്. എൽ. സി. മൂന്നാംക്ലാസ് ആണേഴ്സുകാരനെക്കാളും സമർത്ഥനാണ്. ഇതിനെ തുടർന്നുകൊണ്ടു പോകുകയാണെങ്കിൽ നിയമനവിഷയത്തിൽ കാളേജധികൃതന്മാർക്ക് കണക്കുസംബന്ധമായ അനവധി അത്ഭുതങ്ങൾ കണ്ടുപിടിക്കുവാൻ സാധിക്കും (ചിരി) പക്ഷെ ഗണക്കുശാസ്ത്രം ഇതിനെ സഹായിച്ചു എന്നും വരാം. സയൻസുകാളേജിനാൽ യോഗ്യതാപരീക്ഷണത്തിനായി ഉദ്ദേശിച്ചു മറ്റൊരു മാർഗ്ഗം ഇതായിരുന്നു. സർവ്വകലാശാലക്കാർ സമ്മതിച്ചിട്ടുള്ളതുപോരാഞ്ഞിട്ടു അവർ ഈ രണ്ടു അപേക്ഷകളുടേയും മാർക്കുകൾ പരിശോധിച്ചുതുടങ്ങി. എന്നുവച്ചാൽ ആണേഴ്സുകാരനു ബി. എ. ക്കാരനെക്കാൾ കുറച്ചു മാർക്കുകൾ മാത്രം കിട്ടിയ ഒരു പ്രത്യേക ക്ലാസു പരീക്ഷയുടെ മാർക്കുകൾ പരിശോധിച്ചുതുടങ്ങി. ഈ താരതമ്യപരിശോധനക്കായി ഇവർ ഉപയോഗിച്ച മാർഗ്ഗങ്ങളെക്കുറിച്ചു സഭയുടെ അറിവിനായി പറഞ്ഞുകൊള്ളട്ടെ. അവർ ഒരേ കാളേജുകാരല്ലായിരുന്നു. അവർ രണ്ടുപേരുംകൂടി ഒരുമിച്ചു ഒരു ക്ലാസിൽ പഠിച്ചിട്ടും ഇല്ലാ. ഒരാൾ മദ്രാസിലും മറ്റെയാൾ തിരുവനന്തപുരത്തും പഠിച്ചിരുന്നു. അവർ ഒരിക്കലും ഒരുമിച്ചായിരുന്നില്ല.

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഈ കാളേജിലെ മൂന്നംക്ലാസിലെ ഒരു വിദ്യാർത്ഥിയായിരുന്ന ആണേഴ്സുകാരൻ എന്ന അദ്ദേഹത്തിനെ അറിയാമെന്ന?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): - എത്രകാലം ആയിരുന്നു എന്നു ദയവുചെയ്തു പറയുമോ?

മി ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഒരുകൊല്ലം മുഴുവനും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ പറഞ്ഞതുപോലെ അയാൾ ഒരു മദ്രാസ് കൊളേജിൽനിന്നും ബിരുദധാരിയായി. ഒരു വിദ്യാർത്ഥിക്കു ഒരു കൊല്ലത്തിൽ കിട്ടിയ മാർക്കിനെ ശേഖരിച്ചു മറ്റൊരു വിദ്യാർത്ഥിക്കു മറ്റൊരു കൊല്ലത്തിൽ കിട്ടിയ മാർക്കുകളുമായി താരതമ്യപ്പെടുത്തുന്നതു അത്ഭുതകരമായ ഒരു രീതിയായി എനിക്കു തോന്നുന്നു. ഈ പരീക്ഷ നടത്തുകയാണെങ്കിൽ സയൻസുകാളേജിലെ പ്രിൻസിപ്പൽ തന്നെ തന്റെ സ്ഥാനം മറ്റു ചിലർക്കായി ഒഴിഞ്ഞുകൊടുക്കേണ്ടതായി വന്നേക്കാം. മിസ്റ്റർ സ്റ്റീഫൻസൺതന്നെയും ഈ വിദ്യക്കധീനപ്പെടേണ്ടതായി വരും. (ചിരി) ഇതുവരേയും കേൾക്കപ്പെടാത്ത ഒരന്യായമായ താരതമ്യരീതിയാണ് അതു. സഖ്കലാശാലക്കാർ അപേക്ഷകന്നു നൽകിയ ബിരുദത്തിന്റെ വിലയെ നിശ്ചയിക്കുന്നതിനുള്ള മഹാപരീക്ഷകളായിരുന്നു അവ. ഇതു കണ്ടുപിടിക്കുവാൻ സയൻസുകാളേജിലെ അധികൃതന്മാർ ഒട്ടധികം പണിപ്പെട്ടു. അതിനെ വിദ്യാഭ്യാസമേലദ്ധ്യക്ഷൻ സ്വീകരിക്കുകയും ചെയ്തു. ഇതു ബഹുമാന വാദപ്രതിവാദമായ സദസ്സിൽ ഞാൻ പറഞ്ഞതിനു ഒരു മതിയായ ഉദാഹരണമാണ്. മറുള്ളവരുടെ ന്യായമായ അവകാശങ്ങളെ ഇല്ലായ്മചെയ്യാനും ആളുകളെ കൃത്രിമമായി നിയമിക്കുന്നതിനും തിരുവിതാംകൂർ ഡർബാറിലെ ഉദ്യോഗസ്ഥന്മാർക്കു ഒരു പ്രത്യേക സാമർത്ഥ്യം ഉണ്ട്. അതുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ പ്രബലപ്പെടുത്തി വീണ്ടും അവതരിപ്പിച്ചുകൊള്ളുന്നു.

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): സർ, രണ്ടു അപേക്ഷകരും നായന്മാരായതുകൊണ്ടു, ഇതെങ്കിലും ഒരു വർഗ്ഗീയവിഷയമല്ലെന്നുള്ളതിൽ എനിക്കു സന്തോഷമുണ്ട്. സംസ്കൃതപണ്ഡിതരുടെ നിയമനത്തെ സംബന്ധിച്ചു പറയുന്നതിനുമുമ്പു സംസ്കൃതപണ്ഡിതരുടെ ഔദ്യോഗിക സംസ്കൃത മഹിമ പരിപ്പിക്കണമെന്നാണെന്നു പറഞ്ഞു കൊള്ളട്ടെ. അതിന്ന് ഇംഗ്ലീഷിന്റെ പരിജ്ഞാനം ഏറ്റവും അത്യാവശ്യമാക്കുന്നു. അതോടുകൂടി സംസ്കൃതജ്ഞാനവും വേണം. ഒരു സംസ്കൃത ഓണേഴ്സുകാരൻ വളരെ കഷ്ടപ്പെട്ട് ഇംഗ്ലീഷ് മാത്രമേ പഠിച്ചിട്ടുള്ളു. ഞാൻ പേർ കൊടുക്കുന്നതും പറയുന്നില്ല, ആണേഴ്സുകാരനു വയസ്സുണ്ട്. അയാൾ ഫൈനൽ പരീക്ഷ ജയിച്ചു. ഇൻഡർമീഡിയേറ്റുപരീക്ഷ ജയിക്കുന്നതിന്ന് അയാൾക്കു കൊല്ലം വേണ്ടിവന്നു, സാധാരണ കാലം 2 കൊല്ലമാണ്. അയാൾക്കു ക്ലാസുപരീക്ഷയിൽ ഇംഗ്ലീഷിനു 50 ശതമാനവും സംസ്കൃതത്തിനു 60 ശതമാനവും കിട്ടി. അയാളെ പ്രൊമോട്ടു ചെയ്തില്ല. സംസ്കൃതകലക്ചററുടെ ശുപാർശയിന്മേൽ പ്രസിഡൻസി കാളേജിലെ സംസ്കൃത ആണേഴ്സ് 2-ാം കൊല്ലത്തിൽ ചേർന്നു കൊള്ളുവാൻ സർവ്വകലാശാലക്കാർ അയാളെ അനുവദിക്കുകയും ഫൈനൽ വിജയിക്കുടെ കൂട്ടത്തിൽ അവസാനമായി അയാൾ പരീക്ഷയിൽ ജയിക്കുകയും ചെയ്തു. ബീ.എ. ക്കാരനെപ്പറ്റി പറയുമ്പോൾ അയാൾക്കു 2 വർഷം വയസ്സായി. ഇൻഡർമീഡിയറ ജയിക്കുവാൻ 2 കൊല്ലം വേണ്ടിവന്നു. ക്ലാസുപരീക്ഷയിൽ ഇംഗ്ലീഷിനു സർ ശതമാനവും സംസ്കൃതത്തിനു 70 ശതമാനവും കിട്ടി. 2-ംക്ലാസിലെയ്ക്കു പ്രൊമോട്ടു ചെയ്യപ്പെട്ടു. ആ ക്ലാസിൽ ഇംഗ്ലീഷിനു 50 ശതമാനവും സംസ്കൃതത്തിനു 60 ശതമാനവും കിട്ടി. കഴിഞ്ഞ ഏപ്രിലിൽ 2-ാം ക്ലാസിൽ ബി. എ. ജയിക്കുകയും ചെയ്തു. ഇതിൽ ആരെയാണു നിയമിക്കേണ്ടതെന്നും ഇംഗ്ലീഷ് പരിജ്ഞാനം പോലെതന്നെ സംസ്കൃത പരിജ്ഞാനവും ആവശ്യമല്ലയെന്നുമുള്ള നിശ്ചയിക്കുവാൻ ഞാൻ ഈ വിഷയം സഭയുടെ ആലോചനക്കായി വിട്ടിരിക്കുന്നു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഒരു ഫിസിക്സ് ഓണേഴ്സുകാരന് ഒരു സംസ്കൃതഓണേഴ്സുകാരനെക്കാൾ കൂടുതൽ ഇംഗ്ലീഷറിയാമോ എന്നു ഞാൻ മി: സ്റ്റീഫൻസണോടു ചോദിച്ചുകൊള്ളട്ടെയോ? (ചിരി)

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ആരും അതുരാണെന്ന് അറിയാതെ എനിക്കു പറയുവാൻ വയ്യാ.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഞാൻ പൊതുവായി തന്നെ ചോദിക്കുകയാണ് ശരിയായ ഇംഗ്ലീഷ്—ചതുരത്തിയുടെ ഇംഗ്ലീഷ്,—ഫിസിക്സ് പഠിക്കുന്നതിനാവശ്യമില്ലേ? അതാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്.

അദ്ധ്യക്ഷൻ: ആണേഴ്സുകാർ സാധാരണ ബീ.എ.ക്കാരുടെ പാഠ്യപദ്ധതിയിലെ ഇംഗ്ലീഷ് പഠിക്കുന്നില്ല എന്നുള്ളതു എല്ലാവർക്കും അറിയാവുന്നതാണ്.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അതെനിക്കറിയാം. സർ, ഒരു ഫിസിക്സ് ആണേഴ്സുകാരന് ഒരു സംസ്കൃതആണേഴ്സുകാരനേക്കാൾ കൂടുതൽ ഇംഗ്ലീഷറിയാമോ എന്നാണു ഞാൻ ചോദിക്കുന്നതു.

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഫിസിക്സ് ആണേഴ്സുകാരനും കായ്ത്തിൽ അയാളുടെ ഇംഗ്ലീഷ്ജ്ഞാനം വാദവിഷയമല്ല. ബാബറേറഡിയിൽ ഫിസിക്സ് പഠിപ്പിക്കുമ്പോൾ മറ്റും അയാൾക്ക് ഇംഗ്ലീഷ്പറഞ്ഞാൽ മതി. പരീക്ഷ അയാൾ ഇംഗ്ലീഷ് പഠിപ്പിക്കേണ്ട ആളാണെങ്കിൽ അയാളുടെ ജ്ഞാനം സാഹിത്യപരവും ശരിയായതും ആയിരിക്കണം.

മി: സി. ശങ്കരമേനോൻ (കൊല്ലം): ഇവക്ക് സർവകലാശാലാപരീക്ഷക്കു കിട്ടിയ മാർക്കുകളുടെ ശതമാനം എന്താണ്?

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ആ പരീക്ഷയുടെ മാർക്കുകൾ എനിക്കു കിട്ടിയിട്ടില്ല. അവ പുറത്തുപറയുവാൻ പാടില്ലാത്തവിധത്തിൽ വിശ്വസനീയങ്ങളാണ്.

മി: എൻ. രാമകൃഷ്ണപിള്ള (പൈക്കം-ഏറ്റുമാനൂർ): ഉദുള്ള പ്രൊഫസർമാർ അസി: പ്രൊഫസർമാർ ട്യൂട്ടർമാർ ഇവരുടെ എല്ലാം കാളേജു ജീവിതത്തിന്റെ ചരിത്രം മി: സ്റ്റീഫൻസണ് അറിയാമോ?

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): മിക്കവാറും എല്ലാപേരുടേയും ഉണ്ട്. ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലെ നിയമനാവസരത്തിൽ, ഒരേ ബിരുദമുള്ള രണ്ടുപേരുണ്ടെങ്കിൽ അവരുടെ വിവരങ്ങളും അറിവാൻ ഞാൻ ആവശ്യപ്പെടുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ ലീനോസിന്റെ കാര്യത്തിലും നാരായണയ്യരുടെ മരുമകന്റെ കാര്യത്തിലും ഇത്രമാത്രമി താരതമ്യപ്പെടുത്തി നോക്കീട്ടുണ്ടോ എന്നൊന്നു അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): രണ്ടുപേർ തമ്മിൽ മറവ യാതൊരുതരത്തിലും വ്യത്യാസമില്ലെങ്കിൽ മാത്രമേ ഞാൻ അങ്ങിനെ താരതമ്യപ്പെടുത്തുകയുള്ളു. ഇക്കാര്യത്തിൽ മിസ്റ്റർ ലീനോസ് ഒരു മൂന്നാംക്ലാസുകാരനും നാരായണയ്യരുടെ മരുമകൻ ഒരു ഒന്നാംക്ലാസുകാരനും ആണ്.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): മിസ്റ്റർ സ്റ്റീഫൻസന്റെ നിലയേറ്റ ഞാൻ സഹതപിക്കുന്നു. മറ്റൊരാളുത്തക്കം അതിൽ വാളം പുറപ്പെടുവിക്കാൻ സാധിക്കാത്ത ഒന്നിൽ അപ്രകാരം ചെയ്യുവാൻ അദ്ദേഹം നിർബന്ധിതനായിരിക്കുന്നു. സർക്കുലാശാലയിലേയ്ക്ക് ഏതെങ്കിലും വിലയതിക്കുകയാണെങ്കിൽ ഉദ്യോഗത്തിൽ നിയമിക്കുന്നവരുടെ പ്രത്യുത പ്രവിപത്തികരിക്കുക വശംവദരാകാതെ അതിന്റെ വില പോറിക്കൊണ്ടുപോകേണ്ടതാണ്. സർ, ഈ സഭയിൽ ഇരിക്കുന്ന പലയാളുകളുടെയും—

അദ്ധ്യക്ഷൻ: ഇതിനു നേരെ വിപരീതമായി മിസ്റ്റർ കൃഷ്ണൻപിള്ള പറഞ്ഞു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അതെ, ഞങ്ങൾ പലതിലും വിപരീതികളാണ് (ചിരി).

കാളേജിലേയും ഹൈസ്കൂളിലേയും ജീവിതം അത്ര പ്രശസ്തമല്ലാതിരുന്ന പലരും ഈ സഭയിലുള്ളതായി എനിക്കറിയാം എന്നാണു ഞാൻ പറഞ്ഞുവന്നതു്. അവരുടെ ക്ലേടതന്നെ പ്രശസ്തമായ കാളേജ്ജീവിതം നയിച്ചുവരും ഉണ്ടായിരുന്നു. പക്ഷേ യഥാർത്ഥജീവിതത്തിൽ, സർ, ഒന്നാംക്ലാസ്സിൽ ജയിച്ചുവരുക്കാർ എത്രയോ പിജയപ്രദമായിട്ടാണ് ഈ സാധാരണക്കാർ ജീവിതം നയിച്ചുവരുന്നതു്. അങ്ങനെയുള്ള ആളുകളെ വളരെ അധികം എണ്ണുവാൻ എനിക്കു കഴിയും. ഇവകപോ വ:സ്സുവായിരിക്കെ, ഹൈസ്കൂളിലെയോ കാളേജിലേയോ താഴ്ന്നക്ലാസുകളിൽ പഠിപ്പത്തിൽ ഒരു കുട്ടി വിമുഖതകാണിച്ചുവന്നാലുടനെയോ അല്ലാ സുഖക്കേടോ, പണമില്ലായ്മയോ രക്ഷകർത്താക്കളുടെ ശ്രദ്ധ കുറവോ നിമിത്തം മറവുള്ള വിദ്യാർത്ഥികളെപ്പോലെ പഠിപ്പത്തിൽ ഒരു സമർത്ഥനായിരുന്നില്ല എന്നുമുടനെയോ, അയാളുടെ സർക്കുലാശാലാവിദ്യാഭ്യാസം കഴിയുന്ന അവസരത്തിൽ, അയാളുടെ ഭൂതകാലചരിത്രത്തെ കഴിച്ചുകൂട്ടുകൊണ്ടു വരിക എന്ന മനസ്ഥിതി അശേഷം അനുമോദനാർഹമാണെന്ന് എനിക്കു തോന്നുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കേറിക്കുവിൻ, കേറിക്കുവിൻ.

അദ്ധ്യക്ഷൻ: അതുമാത്രമാണ് അതിന്റെ കാരണമെന്നു മിസ്റ്റർ. സ്റ്റീഫൻസൺ പറഞ്ഞില്ല.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): അദ്ദേഹം അതിനുവേണ്ടി ധാരാളം സമയം ചിലവഴിച്ചു.

അദ്ധ്യക്ഷൻ: ഒരാൾക്കു കിട്ടിയ മാർക്കുകളുടെ വച്ചിയ ശതമാനമാണ് അദ്ദേഹം പറഞ്ഞ പ്രധാനകാരണം തജ്ജിമക്ക ഇംഗ്ലീഷ് പരിജ്ഞാനം അത്യന്താപേക്ഷിതമാണെന്നു വിചാരിക്കപ്പെട്ടു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഒന്നാംക്ലാസ്കാരേക്കാൾ നന്നായി സംസ്കൃതം ഇംഗ്ലീഷിലേക്കും ഇംഗ്ലീഷ്സംസ്കൃതത്തിലേക്കും തജ്ജിമ ചെയ്യുവാൻ അറിയാവുന്ന ആളുകളെ എനിക്കറിയാം. അതുകൊണ്ടു മാർക്കുപോ മാത്രം ഒരുദ്ദേശിയായ യോഗ്യതാപരീക്ഷണം ആകുന്നതല്ല. മിസ്റ്റർ. സ്റ്റീഫൻസനോ സയൻസ്കാളേജിലെ പ്രിൻസിപ്പാലോ രണ്ടുഭാഷകളുമായും വശത്തി അവരെ പരീക്ഷിച്ചു നോക്കുകയൊ അല്ലാ പ്രിൻസിപ്പാലിനു സംസ്കൃതം അറിയുവാൻ പാടില്ലെങ്കിൽ ഏതെങ്കിലും യോഗ്യനായ ഒരു പണ്ഡിതനുടെ അടുക്കൽ രണ്ടു പേരെയും അയക്കുകയൊ ചെയ്യുകിൽ അല്ല ഇതിനെക്കാൾ വ്യത്യസ്തമായ ഒരു സംഗതിയായിരുന്നേനേ.

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ): ഞങ്ങൾ പക്ഷഭേദമില്ലാത്തവരല്ലായെന്നു അദ്ദേഹം വിചാരിക്കുന്ന സ്ഥിതിക്കു അങ്ങിനെയുള്ള ഒരു മദ്ധ്യസ്ഥൻ നീതിജ്ഞനായിരിക്കുമെന്നെങ്ങിനെയാണ് വിശ്വസിക്കുന്നതു്?

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): സാധാരണ സംഗതികളിൽ, എല്ലാവരുടെയും നീതിജ്ഞതയിൽ വിശ്വസിക്കാം. പക്ഷേ ഞങ്ങൾ തീരെ തെറ്റിയല്ലാതെവരുമ്പോഴും അതിന്റെ ദോഷങ്ങൾ കാര്യത്തിൽ തന്നെ മനസ്സിലാകത്തക്കവിധത്തിലായിരിക്കുമാറും ആണ് ഞങ്ങൾ ഈ വാദങ്ങൾ സ്വീകരിക്കുന്നതിനിരിക്കുന്നതു. ഈ പ്രത്യേക സംഗതിയിൽ, വാസ്തവ സംഗതികൾക്കെതിരായി തെറ്റായ വാദങ്ങളാണ് കൊണ്ടുവരപ്പെട്ടിരിക്കുന്നതെന്നുള്ളതിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല. അതുകൊണ്ടു മിസ്റ്റർ. പി. കെ. നാരായണപിള്ളയുടെ വാദമുഖത്തിൽ വേണ്ടത്തോളം ന്യായങ്ങളുണ്ട്.

ഈ വിഷയത്തിൽ വ്യക്തിയ വ്യത്യാസങ്ങൾ ഇല്ലാ എന്നുള്ളതിൽ എനിക്കു സന്തോഷമുണ്ട്. സയൻസുകാളേജിലെ പ്രിൻസിപ്പാൾ ഒരു ബ്രാഹ്മണനാണെന്നും വ്യക്തിയപരമായ യാതൊരു ദോഷവും ഇതിൽ ഉണ്ടായിട്ടില്ലെന്നും രണ്ടു അപേക്ഷകരും നായന്മാരാണെന്നും ചൂണ്ടിക്കാണിച്ചു തന്നതിനു മിസ്റ്റർ. സ്റ്റീഫൻസനോടു നന്ദിയുള്ളവനാണ്. പക്ഷേ വ്യക്തിയവിഷയങ്ങൾ ഉണ്ടായില്ലാ എന്നുള്ളതുകൊണ്ടു മാത്രം മതിയാകുന്നതല്ലാ. ഭാഷാപ്രാവീണ്യപരീക്ഷണം മുതലായ ഇതരവിഷയങ്ങൾ കൂടിപര്യാലോചിക്കേണ്ടതായുണ്ട്. നീതിജ്ഞി ഇതിന്റെ കൂട്ടത്തിൽ നോക്കേണ്ടതായുണ്ട്. മിസ്റ്റർ. സ്റ്റീഫൻസൺന്റെ അഭിപ്രായം അനുസരിച്ചു സർക്കുലാശാലാ ബിരുദധാരിയെ പരീക്ഷിക്കുമോ? പരീക്ഷ രണ്ടുകൊല്ലങ്ങളിലാണ് നടത്തപ്പെട്ടതു; പരീക്ഷകരും പരീക്ഷാരീതിയും വ്യത്യസ്തപ്പെട്ടവയായിരുന്നു. വിജയികളുടെയവരുടെ സംഖ്യയും വ്യത്യസ്തപ്പെട്ടുതു തന്നെ ആയിരിക്കണം.

അദ്ധ്യക്ഷൻ: രണ്ടു സംഗതികളിലും പരീക്ഷകരുടെ പ്രകൃതം വ്യത്യസ്തപ്പെട്ടതാണ്. ഒരാൾ ഒരു ഓണേഴ്സ്കാരനും മറ്റെയാൾ ബി. എ. കാരനും ആണ്.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): സംസ്കൃത ബിരുദത്തിൽ എത്രയും കഠിനമായ പരീക്ഷ ഏതാണ്?

അദ്ധ്യക്ഷൻ: അതാണ് വിവാദവിഷയം.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): അതു കൊണ്ടു, ആഗ്നേയവൈഷമ്യങ്ങൾ തരണം ചെയ്തതിന്റെ ശേഷം അതേ യോഗ്യതയുള്ള മറ്റൊരാളെ അപേക്ഷിച്ചു അയയ്ക്കുക തന്നെ എന്തുകൊണ്ടു ജോലി കൊടുത്തുകൂടാ? അതുകൊണ്ടു ഞാൻ മിസ്റ്റർ. പി. കെ; നാരായണപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: പി. കെ. നാരായണപിള്ള (അസലപ്പുഴ): എന്നാൽ നേരത്തെ ആശിക്കപ്പെടാത്തതായി മിസ്റ്റർ സ്റ്റീഫൻസൺ ഒരു കാര്യം മാത്രമേ പറഞ്ഞുള്ളൂ. അതെന്താണെന്നുവച്ചാൽ, സയൻസുകോളേജിൽ തജ്ജിമക്കു ഇംഗ്ലീഷ്പരിജ്ഞാനം കൂടുതൽ വേണമെന്ന അഭിപ്രായം പറയുന്നതാണ്. തജ്ജിമ സംസ്കൃതത്തിൽ നിന്നും ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽ നിന്നും സംസ്കൃതത്തിലേക്കും ആണെന്നാണ് ഞാൻ വിചാരിക്കുന്നതു. അങ്ങിനെയാണെങ്കിൽ, ആദ്യമായി തന്നെ സംസ്കൃതത്തിൽ നിന്നും ഇംഗ്ലീഷിലേക്കു തജ്ജിമചെയ്യണമെങ്കിൽ, ശരിയായ സംസ്കൃതജ്ഞാനം അത്യന്താപേക്ഷിതമാണ്. സംസ്കൃതം ഇംഗ്ലീഷിനെപ്പോലെ തന്നെ ഒരു ശൈലിഭാഷയാകുന്നു. അതിനാൽ ശൈലികൾ, വ്യാകരണം, ശ്ലോകത, ഇവകൾ ഒരു യഥാർത്ഥസംസ്കൃത പണ്ഡിതനാൽ മാത്രമേ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇംഗ്ലീഷ്പരിജ്ഞാനത്തെപ്പറ്റി പറയുമ്പോൾ ആ മാർഗത്തെപ്പറ്റി മിസ്റ്റർ. സ്റ്റീഫൻസൺ ബലപ്പെടുത്തിപറയുന്നതു കേട്ടിട്ട ഞാൻ അതിശയിച്ചുപോയി. സയൻസുകോളേജിൽ, ഇംഗ്ലീഷ്ഭാഷ, സാഹിത്യം, അതിന്റെ പൌരാണികമായ പ്രാധാന്യതകൾ ഇവകളെപ്പറ്റി വളരെ ജ്ഞാനമുള്ള അനേകം പ്രഥസർമാരുള്ള സ്ഥിതിക്കു—

അദ്ധ്യക്ഷൻ: സംസ്കൃതത്തിൽ നിന്നും ഇംഗ്ലീഷിലേക്കുള്ള തജ്ജിമയെ സംബന്ധിച്ചു ഇംഗ്ലീഷ് പരിജ്ഞാനമാണ് വേണ്ടതു. പണ്ഡിതർക്ക് അറിയാൻ പാടില്ലാതെയിരിക്കുമ്പോൾ മറവുള്ളവരുടെ വൈദഗ്ദ്ധ്യം കൊണ്ടെന്താണ് പ്രയോജനം? അതിനെപ്പറ്റിയാണ് ഇവിടെപറയുന്നതു.

മി: പി. കെ. നാരായണപിള്ള (അസലപ്പുഴ): പണ്ഡിതർക്ക് ഇംഗ്ലീഷറിയുവാൻ പാടില്ലാത്തെ ഇല്ലാ. താരതമ്യപ്പെടുത്തിനോക്കുമ്പോൾ, ഒരാൾക്കു മറെറയാളെക്കാൾ കൂടുതൽ പരിജ്ഞാനം ഉള്ളതു് അധികൃതന്മാരുടെ തട്ടിയിൽ മാത്രമാണ്.

അദ്ധ്യക്ഷൻ: പാസ്സ് ബി. എ. ക്കാരന്റെ ഇംഗ്ലീഷ്പരിജ്ഞാനം ആണ്ടിഴ്സുകാരന്റേതിനേക്കാൾ കൂടുതലാണെന്ന വിചാരിക്കപ്പെട്ടുവരുന്നു. അതാണ് വാദവിഷയം. മീസ്റ്റർ. സ്റ്റീഫൻസൺസന്റെയും പായിന്റെയും ശരിയായ മനസ്സിലാക്കപ്പെട്ടിട്ടില്ല എന്ന ഞാൻ ഭയപ്പെടുന്നു. സംസ്കൃതം ഐച്ഛികമായെടുത്ത ഓരാണ്ടിഴ്സുകാരന്റെ കാര്യത്തിൽ, പാസ്സ് ബി. എ. ക്കാരന്റെ ഇംഗ്ലീഷ്പരിജ്ഞാനത്തിന്റെ മാനദണ്ഡം അയാളുടേതിനെ അപേക്ഷിച്ചു ഉയർന്നതാണ്.

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അതാണ് എന്റെ പായിന്റ.

മി: പി. കെ. നാരായണപിള്ള (അസലപ്പുഴ): എല്ലാ ഓണേഴ്സുകാരുടെ കയ്യെഴുത്തിലും അവരുടെ ഇംഗ്ലീഷ്പരിജ്ഞാനം മിസ്റ്റർ. സ്റ്റീഫൻസൺന്റെ അഭിപ്രായം അനുസരിച്ചു പാസ്സ് ബി. എ. ക്കാരന്റെ ജ്ഞാനത്തെക്കാൾ കുറവാണ്.

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ: എല്ലാ ഓണേഴ്സുകാരുടേയും ഇംഗ്ലീഷ് പരിജ്ഞാനം പാസ്സ് ബി. എ. ക്കാരുടേതിനേക്കാൾ കുറഞ്ഞിരിക്കും എന്നു ഞാൻ പറയുന്നില്ല. പക്ഷെസാധാരണ അങ്ങിനെ ആയിരിക്കുമാണ് വഴി എന്നുമാത്രമല്ലാ ഈ പ്രത്യേകസംഗതിയിൽ അങ്ങിനെ ആണ്ടതാനും.

മി: എസ്സ്. പരമേശ്വരൻ (ഗവ: സിക്രട്ടറി) പ്രസ്തുത അപേക്ഷകനെ മിസ്റ്റർ നാരായണപിള്ള അറിയുമോ എന്നും അയാളുടെ സംസ്കൃതപാണ്ഡിത്യം പരിശോധിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടോ എന്നും അദ്ദേഹം ഇതിനൊട്ടു പറയുമോ?

മി: പി. കെ. നാരായണപിള്ള (അസലപ്പുഴ) ഇല്ലാ; പക്ഷേ ആ ഓണേഴ്സുകാരനെ ഞാനറിയുമെന്നുമാത്രമല്ലാ. അയാളുടെ ഇംഗ്ലീഷ് പരിജ്ഞാനം മതിയാകത്തക്കവിധത്തിലുണ്ടെന്നും സംസ്കൃതത്തിലും മലയാളത്തിലും അയാൾക്കു ധാരാളം പാണ്ഡിത്യമുണ്ടെന്നും എനിക്കറിയാം.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം—നെടുമങ്ങാടു്) അദ്ദേഹം ഏതുകൊല്ലം കാളേജിൽ വാദ്ധ്യരായിരുന്ന എന്നു മി: നാരായണപിള്ള എന്നെ അറിയിക്കുമോ

മി: പി. കെ. നാരായണപിള്ള (അസലപ്പുഴ) ഏകദേശം പതിനാലുകൊല്ലം. അതുകൊണ്ടു്, സർ, സമ്മതിക്കുന്നതുകൊണ്ടിയിലല്ലാത്തവാദങ്ങളും ന്യായങ്ങളും എന്നെ അശേഷം തൃപ്തിപ്പെടുത്തുന്നില്ലെന്നു ഞാൻ ബോധിപ്പിച്ചു കൊള്ളുന്നു. വിശദമല്ലാത്തതും സമഗ്രതികവുമായ ഒരു നിലയെ ന്യായീകരിക്കുവാൻ തള്ളിച്ചുതച്ച ചിലവാദങ്ങളേ പുറപ്പെടുവിക്കുകമാത്രമാണ് അതു് അതുകൊണ്ടു ഉപക്ഷേപം പിൻവലിക്കുവാൻ വഴി കാണുന്നതിൽ ഞാൻ വ്യസനിക്കുന്നു. ഞാൻ അതിനെ പ്രബലപ്പെടുത്തുന്നു.

മി: ജെ. സ്റ്റീഫൻസൺ (അ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ) സർ, ഞാൻ നേരത്തെ പറഞ്ഞതിനേക്കാൾ കൂടുതലൊന്നും എനിക്കു പറയുവാനില്ല ശരിയായ യോഗ്യതയുള്ള ഒരാളെ കിട്ടുമായിരുന്നുവെങ്കിൽ യാതൊരു വിധത്തിലുള്ള പരാതിയും ഉണ്ടാക്കുകയില്ലായിരുന്നു എന്നെനിക്കു തോന്നുന്നു. പ്രഥമശ്രേണിയിൽ ഒരു മൂന്നാം ക്ലാസ്സ് സംസ്കൃതഓണേഴ്സുകാരൻ രണ്ടാം ക്ലാസ്സ് സംസ്കൃത ബി. എ ക്കാരനേക്കാൾ സമർത്ഥനാണെന്ന് തോന്നിയേക്കാം, പക്ഷേ, ഇംഗ്ലീഷിനെ സംബന്ധിച്ചിടത്തോളം ഓണേഴ്സുകാരന്റെ അവകാശങ്ങൾ പാസ്സുകാരന്റെ അവകാശങ്ങളേക്കാൾ ഭൂരിഭാഗം ഉചിതമാണ്. വാസ്തവത്തിൽ, പാസ്സുകാരൻ ഓണേഴ്സുകാരനേക്കാൾ സമർത്ഥനാണ്. ഈ നിയമം ശരിയായിട്ടാണ് നടത്തിയിട്ടുള്ളതാണെന്നാണ് എനിക്കു തോന്നുന്നതു. പക്ഷേ ശേഷമുള്ള എല്ലാ നിയമനങ്ങളും ഈതത്വം അനുസരിച്ചു നടത്തപ്പെട്ടുമോ എന്നുള്ളതു് എനിക്കറിഞ്ഞുകൂടാ. കൂടുതലായി ഒന്നും തന്നെ എനിക്കു പറയുവാനില്ല.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്) സംസ്കൃതകൊണ്ഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാനം എന്താണെന്ന് അതായത് സംസ്കൃതത്തിൽ നിന്നും ഇംഗ്ലീഷിലേക്കും നേരെ മറിച്ചും മിസ്റ്റർ സ്റ്റീഫൻസൺ എന്നെ അറിയുകയോ?

മി: ജെ. സ്റ്റീഫൻസൺ (അതു വിദ്യാഭ്യാസമേലദ്ധ്യക്ഷൻ എനിക്കറിയുവാൻ പാടില്ലെന്ന് ഞാൻ കരുതുന്നു.

അനന്തരം ഉപക്ഷേപം വോട്ടിനിടുകയും 64 പേർ അനുകൂലമായും 4 പേർ പ്രതികൂലമായും വോട്ടു ചെയ്തതിനാൽ പാസ്സാക്കപ്പെടുകയും ചെയ്തു.

ഉപക്ഷേപം 64.

മി: എ. ഫ്രഞ്ച്വർഡ് (നിയമിച്ച മെംബർ) സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

64 മി. രാജകീയകാര്യങ്ങളിലേക്ക് അനുവദിച്ചിട്ടുള്ള 1 കൂടുതൽ രൂപയിൽ 1 00 രൂപ കുറക്കുന്നതിന്.

സർ, സയൻസുകാര്യങ്ങളിലെ വിദ്യാഭ്യാസം പൊതുജനങ്ങൾക്ക് എത്രമാത്രം ചിലവിനെ ഉണ്ടാക്കുന്നു എന്നുള്ളതു സഭയുടെ ഒത്തിയിൽ കൊണ്ടുവരുന്നതിനാണ് ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്. എന്റെ ഉദ്ദേശം ഈ വിദ്യാഭ്യാസവർഷത്തിന്റെ ആരംഭം മുതൽ ആർട്ടസ്കാര്യങ്ങളുടെ പുതിയ കെട്ടിടത്തിന്റെ പണി തീരുന്നതിനും മുൻപായി സയൻസുകാര്യങ്ങൾ പുരാതനവും വിശാലവും ആയ കെട്ടിടം മുഴുവൻ ഉപയോഗിക്കുവാൻ അനുവദിക്കപ്പെട്ടിരിക്കുകയാണ്. ആർട്ടസ് വിഭാഗത്തിന്റെ മുറികൾ സയൻസിന് വേണ്ടിയോ മറ്റോ സ്ഥലം അനുവദിക്കുന്നതല്ലെന്നുള്ള സയൻസ് അധികൃതന്മാരുടെ അഭിപ്രായത്തിന് വിപരീതമായിട്ടാണ് ഇതു ചെയ്യപ്പെട്ടിട്ടുള്ളത്. അപ്രകാരമുള്ള അഭിപ്രായത്തെ ഗവർണ്മെന്റ് തിരസ്കരിച്ചതായും അവർ പറഞ്ഞതു ശരിയാണെന്നു കാണിക്കുവാനായി സയൻസ് കാര്യങ്ങളധികൃതന്മാർ പല വിദ്യാർത്ഥികൾക്കും പ്രവേശനം അനുവദിക്കാതിരിക്കുകയും ചെയ്തതായി പറയപ്പെടുന്നു. സ്ഥാനസൗകര്യം ഗവർണ്മെന്റും ആയുള്ള യുദ്ധത്തിൽ അവസാനത്തിൽ കഷ്ടിയെന്നുമേയിക്കേണ്ടതായി വന്നതും സാധുക്കളായ വിദ്യാർത്ഥികളും അവരുടെ രക്ഷകർത്താക്കളും ആണ്. അവസാനത്തിൽ പ്രബലശക്തിയായ ഗവർണ്മെന്റ് സയൻസുകാര്യങ്ങളുടെ ദീർഘദർശനയന്ത്രങ്ങളെ പരാജയപ്പിച്ച് കുറെ സ്ഥലം കണ്ടുപിടിക്കുകയും 100 വിദ്യാർത്ഥികളെ അവിടെ ഞെരുക്കിപ്രവേശിപ്പിക്കുകയും ചെയ്തു. ആ സമയത്തേക്ക് മറ്റുള്ള കാര്യങ്ങളിലും പ്രവേശനം ലഭിക്കാതെയായി പോകുമെന്ന് ഭയപ്പെട്ട് വിദ്യാർത്ഥികൾ അങ്ങുമിങ്ങുമായി വിതരണം ചെയ്യപ്പെട്ടു. ആരാണ് ഇതിന്റെ എല്ലാം ഫലം അനുഭവിക്കുന്നത്? മാസംതോറും വിഷമിച്ചു അടങ്ങാറുള്ളതിലധികം പണം അയക്കേണ്ടി വരുകയാൽ രക്ഷകർത്താക്കൾ. ഈ നില ഈ സയൻസുകാര്യങ്ങൾക്ക് എന്തെങ്കിലും പ്രസ്താവയോഗ്യമായ നന്മ ചെയ്യുവാൻ സാധിക്കുമെങ്കിൽ ഈ അസൗകര്യം ആധും ബുദ്ധിമുട്ടും ക്ഷന്തവ്യമായിരുന്നേനേ. നേരെമറിച്ചു ബിരുദധാരികളുടെ ചന്തയിൽ വിലകെട്ടുകിടക്കുന്നതുള്ളതു ഇപ്പോൾ സുവ്യക്തമാണ്. അയാളെ ആക്കിയ വേണ്ട ഒരു കൂട്ടിന് കിട്ടത്തക്കവിധത്തിൽ അതു ധാരാളമായി അളക്കപ്പെടുന്നു. ജെന്റൻ മാക്കിന്റെ വിലകുറച്ചു മാസങ്ങൾക്കു മുമ്പ് ഇടിഞ്ഞു കൊണ്ടിരുന്നതു പോലെ അതു ഓരോമാസമായി ബിരുദധാരിയുടെ വില മാസംതോറും ഇടിഞ്ഞു വരുന്നു. ഈ താഴ്ന്ന വിലയ്ക്കുപോലും വാങ്ങുവാൻ ആളില്ല. പലകുറവുകളുടേയും താരതമ്യത്തെ തൊഴിലില്ലായ്മ ആശങ്കിപ്പിക്കുന്നു. പതിനായിരം രൂപയോ അതിൽ കൂടുതൽ രൂപാ കിട്ടുന്ന ഒരു ജോലി ഉള്ളാറുള്ളിൽ വളരെ പണം ചിലവാക്കി പഠിച്ചിട്ടുള്ള അനേകം പേർ അപേക്ഷകരായി കഴിയുന്നു. സയൻസു ശാഖയിലേക്കുള്ള അതിയോഗ്യതയാണവും ഈ തൊഴിലില്ലായ്മയുടെ ഫലമാണ്. ഇൻഡ്യയുടെ വ്യവസായികപ്രവൃദ്ധിയുടെ ഒരു സയൻസു ബിരുദ്ദ് വിലമതിക്കത്തക്കതാണെന്ന് ഒരു വിശ്വാസമുണ്ട്. എത്ര അധികം സയൻസ് ബിരുദധാരികളുണ്ടോ അത്ര മേഖം വ്യവസായകുലം അടുത്തു വരുന്നു എന്നൊരു വിശ്വാസം ഉണ്ട്. ഇതൊരു തെറ്റായ വിശ്വാസം ആണ്. അവസാനത്തിൽ ഈ സയൻസ് ബിരുദധാരികൾ എങ്ങോട്ടാണ് പോകുന്നത്? അവർ പോകുന്നതു ഗ്രാമപ്രദേശങ്ങളിലേക്കോ അല്ലെങ്കിൽ നിയമശാഖയിലേക്കോ ആണെന്ന് നമുക്കെല്ലാവർക്കും അറിയാം. (ഒരു ആസിഡും ആൽക്കലിയും) അല്ലുകഷ്ടാരവും തമ്മിലുള്ള വ്യത്യാസം ഒരു ക്ലാർക്കിനു അറിയാവുന്നതു കൊണ്ടു എന്തു പ്രയോജനമാണ്? അയാളുടെ സയൻസു പരിശീലനം അയാളെ ഒരിടത്തേക്കും നയിക്കുന്നില്ല. തൊഴിലില്ലായ്മക്ക് എന്തെങ്കിലും സമാധാനം ഉണ്ടാക്കണമെങ്കിൽ അതു വാണിജ്യബിരുദങ്ങളിൽ നിന്നു തന്നെ ഉണ്ടാകണം. അങ്ങിനെ സയൻസധികൃതന്മാർക്ക് തങ്ങളുടെ വിദ്യാഭ്യാസം കൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നറിയാമായിരിക്കെ, അതിനെ കൂടുതൽ കൂടുതൽ ചിലവുള്ളതാക്കിത്തീർക്കുന്നതു ന്യായമല്ല.

വ്യാപാരായിക രോഗത്തിന്റെ ഔഷധമാണ് സയൻസ് ബിരുദധാരി എന്നുള്ള തെറ്റായ വിശ്വാസം അസംഖ്യം അവിവേകികൾക്ക് വഴികാട്ടുന്നുണ്ട്. രാജ്യത്തിന് അഭിമാനമോ സന്തോഷമോ ഉണ്ടാക്കത്തക്കവിധത്തിൽ എന്തെങ്കിലും പുതിയ വ്യവസായങ്ങൾ ഈ സയൻസ് ബിരുദധാരികൾക്ക് കണ്ടുപിടിക്കുവാൻ സാധിക്കുമായിരുന്നെങ്കിൽ അവക്ക് വേണ്ടി ചിലവാക്കുന്ന ഏതു പണവും ഒരു നഷ്ടമായി വിചാരിക്കുവാനില്ലായിരുന്നു. പരീക്ഷ നമ്മുടെ സയൻസ് പരീക്ഷണശാലകളിൽ നിന്നും അതു വിജയം ബഹുമാനങ്ങൾ നമുക്ക് ആശിക്കുവാൻ നിവൃത്തിയില്ല. നേരെമറിച്ചു സയൻസ്, ഡിഗ്രി മുതലായതിന് ഒരു മാർഗ്ഗമായും ഉദ്യോഗങ്ങളെ തിയക്കുന്നതിനധികാരമുള്ള ഉദ്യോഗസ്ഥന്മാരെ ഉപദ്രവിക്കുന്നതിനും മാത്രമെ ഇപ്പോൾ സഹായിക്കുന്നുള്ളു. ഇങ്ങിനെയിരിക്കുമ്പോഴാണ്, പരമസുഖത്തേയും നിത്യശാന്തതയേയും വരുത്തി ഒരു നവലോകത്തെ സൃഷ്ടിക്കുവാൻ ഉല്ലുക്കരെന്നപോലെ സയൻസ് അധികൃതന്മാർ വലിയ വലിയ തോതിൽ പണം ആവശ്യപ്പെടുന്നതു. സയൻസു കാര്യങ്ങളുടെ ഉപയോഗ്യമായ വൃദ്ധത്തിനുവേണ്ടിവരുന്ന അമിതമായ ചിലവിനെപ്പറ്റി സഭയുടെ ശ്രദ്ധയെ ഞാൻതന്നെ ആകർഷിക്കുമെന്നുദ്ദേശിച്ചതു അതുകൊണ്ടാണ് ഞാൻ ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ കാര്യം എടുക്കാം. അവരുടെ ജോലി കമ്മിസ്സി ഡിപ്പാർട്ടുമെന്റിനോടു സാമ്യമുള്ളതാണ്. എന്നിട്ടും അവിടെ ഒരു പ്രൊഫസ്സർ, ഒരു അസിസ്റ്റന്റ് പ്രൊഫസർ, നാലു ഡെമോൺസ്ട്രേട്ടർമാർ ഇങ്ങിനെ ആറാളെ അവിടെയുള്ളു. എന്നാൽ ഫിസിക്സ് വകുപ്പിൽ ഒരു പ്രൊഫസർ, രണ്ടു അസിസ്റ്റന്റ് പ്രൊഫസ്സർമാർ അഞ്ചു ഡെമോൺസ്ട്രേട്ടർമാർ ഇങ്ങിനെ എട്ടുപേരുണ്ട്. ഈ വ്യത്യാസം എന്തുകൊണ്ടാണ്? ഇതിനും മുമ്പിലത്തെ

ഫിസിക്സ് പ്രൊഫസർ വിദ്യാഭ്യാസമേലധ്യക്ഷനായിരുന്നതുകൊണ്ടാണോ ഈ വ്യത്യാസം? ഇപ്പോഴത്തെ ഫിസിക്സ് സ്റ്റാഫ് വേണ്ടതിലധികം കൂടുതലാണെന്ന് ഈ കാര്യത്തിൽ സയൻസ് പഠിപ്പിക്കുന്ന മറ്റു കോളേജുകളും തമ്മിൽ ഒന്നു താരതമ്യപ്പെടുത്തി നോക്കിയാൽ അറിയാവുന്നതാണ്. സൂക്ഷ്മമില്ലാത്ത അനാവശ്യവ്യയം എന്നല്ലാതെ ഇതിന്റെ അർത്ഥമെന്താണ്? എന്നിട്ടും കെമിസ്ട്രിഡിപ്പാർട്ടുമെന്റിനെപ്പോലെ അത്ര അധികം വിദ്യാർത്ഥികളെ ഫിസിക്സുകാർ ചേർക്കുന്നതില്ല. ഫിസിസ്റ്റിലെ രണ്ടാമത്തെ അസിസ്റ്റന്റ് പ്രൊഫസ്സറുടെ വാസ്തവത്തിൽ തല്ക്കാലത്തേക്കായി നിയമിക്കുകയും അദ്ദേഹത്തെ ഒരു ട്യൂട്ടറായി തന്നെ താഴ്ത്തപ്പെടുകയും രണ്ടു ട്യൂട്ടറന്മാരെ ജോലിയിൽനിന്നും പിരിച്ചയക്കുകയും അല്ലെങ്കിൽ വേറെ എന്തെങ്കിലും ജോലികൊടുക്കുകയും ചെയ്യുന്നതിൽ ഗവണ്മെന്റ് നിസ്സംശയമായും ഞാൻ വിശ്വസിക്കുന്നു, സയൻസ് ഡിപ്പാർട്ടുമെന്റ് ഫിസിക്സ് സബ്ജക്ടിൽ നിന്നും പഠിച്ച് ഇനിയും സ്റ്റാഫ് കൂടുതൽ വേണമെന്നാവശ്യപ്പെടുമെന്നുള്ളതിനാൽ ഇങ്ങിനെ ചെയ്യേണ്ടതു ന്യായമുണ്ട്. ഒരു അപ്പിസ്റ്റന്റ് പ്രൊഫസ്സറും ഒരു ഡെമാൺസ്ട്രേട്ടറും കൂടി വേണമെന്ന് കെമിസ്ട്രിക്കാർ ആവശ്യപ്പെട്ടു. നാച്ചുറൽ സയൻസ് ഡിപ്പാർട്ടുമെന്റുകളും ഒരു അസിസ്റ്റന്റ് പ്രൊഫസ്സറും രണ്ടു ഡെമാൺസ്ട്രേട്ടർമാരും കൂടി വേണമെന്നു ആവശ്യപ്പെടുക. ഗവണ്മെന്റ് ഇരട്ടക്കുട്ടികളോടു ചെയ്തതുപോലെയാണ്. ഇരട്ടയായിട്ടല്ലാതെ ഗവണ്മെന്റിനു കളിപ്പാട്ടം വാങ്ങിക്കുവാൻ സാധിക്കയില്ല. അതുകൊണ്ട് അനാവശ്യച്ചിലവുകൾ കുറക്കുന്നതിന് ഫിസിക്സ് ഡിപ്പാർട്ടുമെന്റിലെ ചിലവു കുറക്കുകയാണ് നല്ലമാർഗ്ഗം.

പയ്യന്നൂർ കോളേജിനെപ്പറ്റിയും ഡാക്ടർ തോമസ്സിനോടു കാണിച്ച കൃതഘ്നതയായ അവനയത്തെപ്പറ്റിയും രണ്ടു വാക്കുകൂടി പറയണമെന്ന് ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ: ഈ ഡിമാൻഡിന് അനുവദിക്കപ്പെട്ടിട്ടുള്ള സമയത്തിൽ ഇനി ഏതാനും മിനിട്ടുകൂടിയേ ശേഷിച്ചിട്ടുള്ളു.

മി: എ. ഹഗ്വെർഫ് (നിയമിച്ചമെംബർ): എനിക്ക് രണ്ടുമിനിട്ടുകൂടി വേണം. പഴയ കോളേജിലെ അദ്ധ്യാപക വൃന്ദത്തിൽ എല്ലാവർക്കും അറിയാവുന്ന കുറെ നല്ലസ്നേഹിതന്മാരും കുറെ ക്രിസ്ത്യാനികളും ആയി കുറെ അഭ്യുപഗമനാരാണ് ഉണ്ടായിരുന്നത്. മിസ്റ്റർ തോമസ്സിന്റെ കുടുംബത്തെപ്പറ്റിയും എനിക്കു കുറച്ചു പറയുവാനുണ്ട്. അദ്ദേഹത്തിന്റെ അപേക്ഷ ഡയറക്ടരുടെ ഉദ്ദേശ്യത്തിൽ പതിഞ്ഞിട്ടില്ലാ എന്നു ഗവണ്മെന്റ് മറുപടി പറഞ്ഞു. കുറച്ചുകാലംമുമ്പ് ക്രിസ്ത്യാനികൾക്കും മറ്റും കോളേജിൽ കൂടുതൽ പ്രാതിനിധ്യം കിട്ടണമെന്ന് മിസ്റ്റർ മാമ്മൻമാപ്പിള പറഞ്ഞതിന് ക്ഷിണഇന്ത്യയുടെ പല ഭാഗത്തും ശോകിക്കുന്ന മാന്യന്മാർ ഇങ്ങോട്ടു വരാത്തതു നിമിത്തമാണ് ഇതു സംഭവിക്കുന്നതെന്ന് ഗവണ്മെന്റ് മറുപടി പറഞ്ഞു. എന്നാൽ ഇവിടെ ഇതാകിസ്തുവിതാംകൂർകാരനായ ഡാക്ടർ തോമസ്സ് കോളേജിൽ ഒരു ഉദ്യോഗത്തിനായി അപേക്ഷിക്കുന്നു. അദ്ദേഹത്തിന്റെ അപേക്ഷ കാണാതെയായിപ്പോയി എന്നാണ് അതിനു പറയുന്ന സമാധാനം കോളേജിലെ അദ്ധ്യാപകവൃന്ദത്തിൽ ഒരു കത്തോലിക്കനെ നിയമിക്കുവാനുള്ള ഒരു അവസരം ഇതായിരുന്നു ഏഴുമാസത്തിനു മുമ്പ് ഞാനിതിനെപ്പറ്റി ഒരു ഉപചോദ്യം അയച്ചു. ഡാക്ടർ തോമസ്സിനെ നിയമിക്കണമെന്ന് അധികൃതന്മാർക്ക് ആവശ്യമോ ആശയോ ഉണ്ടായിരുന്നെങ്കിൽ ഇതായിരുന്നു അതിനവസരമെന്ന് ഞാൻ ഒന്നുകൂടി പറയുന്നു. നമുക്ക് എന്നന്നേക്കുമായി ഒരു വിദ്യാഭ്യാസജനതയെ നഷ്ടമായിരിക്കുന്നു. വിദ്യാഭ്യാസമേലധ്യക്ഷനെപ്പോലും തന്റെ അപേക്ഷയെ ഡാക്ടർ തോമസ്സ് അനുസ്മരിപ്പിച്ചിട്ടുണ്ടെന്ന് എനിക്കറിയാം.

മി: ജെ. സ്റ്റീഫൻസൺ (ആഭ്യന്തര വിദ്യാഭ്യാസമേലധ്യക്ഷൻ): അങ്ങിനെ രണ്ടാമതു ഓർമ്മിപ്പിച്ചതിന്റെ നീയതി എന്തെന്നു അറിയിക്കാമോ?

മി: എ. ഹഗ്വെർഫ് (നിയമിച്ചമെംബർ): എനിക്ക് നീയതി അറിഞ്ഞുകൂടാ. അദ്ദേഹം ഡയറക്ടറെ ഓർമ്മപ്പെടുത്തി എന്നുള്ളതു വാസ്തവമാണ്. കോളേജിൽ ഒരു വലിയ യൂറോപ്യൻ സ്റ്റാഫ് ഉണ്ടായിരുന്നു. ഇപ്പോൾ ഒരു യൂറോപ്യനെയുള്ളൂ. ഡയറക്ടർ വിദ്യാഭ്യാസവകുപ്പിലെ രണ്ടാമത്തെ യൂറോപ്യനാണ്. യൂറോപ്യൻമേധാവിയുടെ കീഴ്ക്കു ഇക്കിനോക്കപ്പെടുന്ന കാലമാണ്. യൂറോപ്യൻ മേധാവിയെപ്പറ്റി ചില ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടി പറയുന്നതും കേട്ടിട്ട് എനിക്കു വളരെ വ്യസനമുണ്ടായി. നാം അദ്ദേഹത്തിൽനിന്നും വളരെ ആശിക്കുന്നു. ഡിപ്പാർട്ടുമെന്റിന്റെ കീഴ്ത്തിയേയും അതിലെ നിയമനങ്ങളെയുംപറ്റി അനേകങ്ങളുടെ പ്രതിനിധികളുടെ ഇടയിൽ വലിയ നിരാശയുണ്ട്.

മി: ജാൺമാക്കി (പ്ലാന്റേഷൻസ്): ഏതു നിയമനങ്ങളാണെന്ന് എന്നോടു പറയുമോ?

മി: എ. ഹഗ്വെർഫ് (നിയമിച്ചമെംബർ): പ്രൊഫസർമാർ, ലക്ചറർമാർ, ഡെമാൺസ്ട്രേട്ടർമാർ മുതലായവർ ഗവണ്മെന്റ് ഇതേപ്പറ്റി എത്രയും അനുഭവമുള്ളവരാണെന്ന് ഇവിടെ പറയാതെ കഴിയുകയില്ലാ. മി: മാത്യൂവിന്റെകാര്യം ഞാൻ പറഞ്ഞപ്പോഴും ഞാൻ എത്രയും അനുകമ്പ പ്രദർശിപ്പിച്ചു എന്നുള്ളതു പ്രസ്താവയോഗ്യമാണ്. കോളേജ് വിജ്ഞാപനസമയത്തിൽ പ്രശംസനീയമായ വിധത്തിൽ അദ്ദേഹം വാദിച്ചു. ഇനി ഞങ്ങൾ ആവശ്യപ്പെടുന്നതു ഡിപ്പാർട്ടുമെന്റിന്റെ അനുകമ്പയാണ്. ദിവാൻജി പ്രദർശിപ്പിക്കുന്ന അനുകമ്പതന്നെ ഡിപ്പാർട്ടുമെന്റധികൃതൻ പ്രിൻസ്പ്പൽ, അസിസ്റ്റന്റ് ഇൻസ്പെക്ടർമാർ ഇവരും കാണിക്കണം. ഇതുമായും പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം—നൊട്ടമങ്ങാട്ടു): അങ്ങിനെ പിൻവലിക്കുന്നതിനെ ഞാൻ പ്രതിക്ഷേധിക്കുന്നു. പിൻവലിക്കപ്പെടുന്നതിനുമുമ്പ് ഒഫിഷ്യൽ മെമ്പർ ഇതെപ്പറ്റി സംസാരിക്കുന്നതു ഞങ്ങൾക്കു കേൾക്കണം.

അദ്ധ്യക്ഷൻ: നിങ്ങൾ പിൻവലിക്കുന്നതിനെ പ്രതിക്ഷേധിക്കുന്നോ?

മി: ജെ. സ്റ്റീഫൻസൺ (ആഭ്യന്തര വിദ്യാഭ്യാസമേലധ്യക്ഷൻ): സർ, കോളേജിനെ സംബന്ധിച്ചു വളരെ അധികം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഡിപ്പാർട്ടുമെന്റധികൃതൻ എല്ലാവരോടും അനുകമ്പയുള്ളവനായിരിക്കണമെന്നും മറ്റും മിസ്റ്റർ ഹഗ്വെർഫ് ഒടുവിൽ പറഞ്ഞതിനെപ്പറ്റി ഞാൻ പറയാം. എന്റെ അനുകമ്പയെപ്പറ്റി ഇപ്പോൾതന്നെ ഞാൻ ഉറപ്പുപറയാം.

പിന്നെ, സയൻസ്കോളേജിലെ സ്റ്റാഫിനെപ്പറ്റിയും ഫിസിക്സ് കെമിസ്ട്രി ഈ ശാഖകളിലെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യകളുടെ വ്യത്യാസത്തെപ്പറ്റിയും പറയുകയാണ് ഫിസിക്സ് ശാഖയിൽ കെമിസ്ട്രിശാഖയേക്കാൾ കൂടുതൽ വിദ്യാർത്ഥികളുണ്ടെന്നു ഞാൻ ചൂണ്ടിക്കാണിക്കുന്നു.

മി: എ. ഹഗാർഫ് (നിയമിച്ച മെമ്പർ): ആണേഴ്സു കോഴ്സുവരെ പഠിപ്പിക്കുന്ന പ്രസിഡൻസികോളേജിൽ എത്ര പ്രൊഫസർമാരും അസിസ്റ്റൻറ പ്രൊഫസർമാരും ഉണ്ടെന്നു് എന്നെ അറിയിക്കുമോ?

അദ്ധ്യക്ഷൻ: കോളേജിലെ ഫിസിക്സ്ശാഖയിൽ കെമിസ്ട്രി ശാഖയെക്കാൾ കൂടുതൽ ഉദ്യോഗസ്ഥന്മാരുണ്ടെന്നു യിരുന്നു നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നതു്.

മി. എ. ഹഗാർഫ് (നിയമിച്ച മെമ്പർ): ഞാൻ ചോദിക്കുവാൻ ആഗ്രഹിക്കുന്നു—

മി: ജെ. സ്റ്റീഫൻസൺ (അദ്ധ്യ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): പ്രസിഡൻസി കോളേജിലേക്കുള്ള സംഖ്യ എൻെറ കൈവശം ഇല്ല. എന്നാൽ എൻെറ അടുക്കൽ യൂണിവേഴ്സിറ്റി കലണ്ടർ ഉണ്ട്. സെൻറ് ജോസഫ്സ് കോളേജിലെ സംഖ്യ എനിക്കറിയാം.

മി: എ. ഹഗാർഫ് (നിയമിച്ച മെമ്പർ): അവിടെ എത്രപേരെ പഠിപ്പിക്കുന്നുണ്ട്.

മി: ജെ. സ്റ്റീഫൻസൺ (അദ്ധ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അവർ ആണേഴ്സുക്ലാസ്സുവരെ പഠിപ്പിക്കുന്നുണ്ട്. അവിടെ ഫിസിക്സും കെമിസ്ട്രിയും കൂടി പഠിപ്പിക്കുവാൻ 4 പേരുണ്ട്.

മി: എ. ഹഗാർഫ് (നിയമിച്ച മെമ്പർ): ഫിസിക്സിനുമാത്രം എത്രപേരുണ്ട്.

മി: ജെ. സ്റ്റീഫൻസൺ (അദ്ധ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): രണ്ടിനും കൂടി 4.

അദ്ധ്യക്ഷൻ: വ്യ-ം ൻ-ം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): സയൻസ്കോളേജ് സ്റ്റാഫിൽ ഇപ്പോൾ എത്ര നായന്മാരും എത്ര ക്രിസ്ത്യാനികളും ഉണ്ടെന്ന് എന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (അദ്ധ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഒരു നായരും ഒരു ക്രിസ്ത്യാനിയും.

മി: എ. ഹഗാർഫ് (നിയമിച്ച മെമ്പർ): എത്ര ട്യൂട്ടറന്മാരുണ്ടെന്ന് എന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (അദ്ധ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ട്യൂട്ടറന്മാരാരും ഇല്ല. ഡെമോൺസ്ട്രേറ്റർമാരെ ഉള്ളൂ.

മി: എ. ഹഗാർഫ് (നിയമിച്ച മെമ്പർ): സയൻസ് ആണേഴ്സ് കോഴ്സുവരെ പഠിപ്പിക്കുന്ന പ്രസിഡൻസി കോളേജിൽ എത്ര പ്രൊഫസർമാരും അസിസ്റ്റൻറ പ്രൊഫസർമാരും ഉണ്ടെന്നെന്നെ അറിയിക്കുമോ.

മി: ജെ. സ്റ്റീഫൻസൺ (അദ്ധ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഫൻറസ-ലെ സ്റ്റാഫിൻെറ സംഖ്യ എഴുതിയിരിക്കുന്ന ഫൻറ-ശ-ലെ കലണ്ടർ ആണ് എൻെറ അടുക്കൽ ഉള്ളതു്. ഫിസിക്സിന് ഒരു പ്രൊഫസറും ഒരു അഡിഷനൽ പ്രൊഫസറും രണ്ടു് അസിസ്റ്റൻറ പ്രൊഫസർമാരും ഒരു ടെംപോറി അസിസ്റ്റൻറ പ്രൊഫസറുമുണ്ട്.

അദ്ധ്യക്ഷൻ: അവിടെ ശസ്ത്രം കൊടുത്തു ഡെമോൺസ്ട്രേറ്റർമാരെ നിയമിക്കുന്നില്ല.

മി: ജെ. സ്റ്റീഫൻസൺ (അദ്ധ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഇല്ല, അവരുടെ സ്റ്റാഫ് ഇവിടത്തെക്കാൾ എത്രയോ വലുതാണെന്നു ഞാൻ ധരിച്ചിട്ടുണ്ട്.

മി എ. ഹഗാർഫ് (നിയമിച്ച മെമ്പർ): സ്റ്റാഫിൽ അഞ്ചുപേരെ ഉള്ളൂവെല്ലോ.

അദ്ധ്യക്ഷൻ: ഡെമോൺസ്ട്രേറ്റർമാർക്ക് പാരിതോഷികമല്ലാതെ ശമ്പളം കൊടുക്കാത്തതു നിമിത്തം അവരെ സ്റ്റാഫിൽനിന്നും ഒഴിച്ചിരിക്കുകയാണ്.

മി: ജെ. സ്റ്റീഫൻസൺ (അദ്ധ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഞാൻ നോക്കാം.

അദ്ധ്യക്ഷൻ: ക്ലാസിൽ എത്രപേരുണ്ട്?

മി: എ. ഹഗാർഫ് (നിയമിച്ച മെമ്പർ): ഒരു വലിയ സംഖ്യ വരും ഉണ്ട്.

അദ്ധ്യക്ഷൻ: ഫിസിക്സ് ക്ലാസിൽ എത്രപേരുണ്ട്.

മി: എ. ഹഗാർഫ് (നിയമിച്ച മെമ്പർ): എനിക്കറിഞ്ഞുകൂടാ.

മി: എൻ. കുമാരൻ (നിയമിച്ച മെമ്പർ): ഇവിടെയുള്ള കെമിസ്ട്രി, ഫിസിക്സ് ഈ ക്ലാസുകളിലെ സംഖ്യ എത്രവീതമാണെന്നാണെന്നു അറിയിക്കുമോ?

മി. ജെ. സ്റ്റീഫൻസൺ (അദ്ധ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): കെമിസ്ട്രി എടുത്തിട്ടുള്ളവരായി 8ൻ4-ഫിസിക്സ് എടുത്തിട്ടുള്ളവരായി നൂറ-ം ഉണ്ട്. പ്രസിഡൻസിയിലുള്ള മറ്റേതു കോളേജിനെക്കാളും കൂടുതൽ വിദ്യാർത്ഥികളും ഇവിടെയുണ്ട്. അതിനുവേണ്ടി സ്റ്റാഫ് നിർദ്ദേശിച്ചിരിക്കുന്നതു കെമിസ്ട്രിക്ക വ-ം ഫിസിസ്ട്രിക്ക് ൻ-ം ആണ്.

മി: എ. ഹഗാർഫ് (നിയമിച്ച മെമ്പർ): സർ—

അദ്ധ്യക്ഷൻ: അദ്ദേഹം അതു പൂർത്തിയാക്കട്ടെ.

മി: ജെ. സ്റ്റീഫൻസൺ (അദ്ധ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഫിസിക്സിനും കെമിസ്ട്രിക്കും കൂടി 4 പേരുണ്ട്. രണ്ടിനു കൂടി 4 പേരുണ്ടായിരുന്നപ്പോൾ ഫിസിക്സിനു 3 കെ-ം കെമിസ്ട്രിക്ക നൂ 1-ം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. തുടിനാപ്പള്ളിയിൽ, സെൻറ് ജോസഫ്സ് കോളേജിൽ ഒന്നര ഫിസിക്സ്കാർക്കും രണ്ടര കെമിസ്ട്രിക്കാർക്കും കൂടിയുള്ള സ്റ്റാഫ് 4 ആണ്.

മി: എ. ഹഗാർഫ് (നിയമിച്ച മെമ്പർ): കോളേജിൽ ആണേഴ്സു കോഴ്സുവരെ പഠിപ്പിക്കുന്നുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (അദ്ധ: വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): ഇവിടെ ഇല്ല. സർ; കോളേജ് സ്റ്റാഫിലേയ്ക്കു ശ്രദ്ധയെ ആകർഷിക്കുകയാണു മിസ്റ്റർ ഹഗാർഫിൻെറ ഉദ്ദേശം എന്നദ്ദേഹം പറഞ്ഞു. ഇതെപ്പറ്റി ഒന്നുകൂടി ഞാൻ ആലോചിക്കപ്പെട്ടിട്ടുണ്ടെന്നും കോളേജിൻെറ പ്രശസ്തി സുരക്ഷിതമായിരിക്കുന്നതിന് ആവശ്യം വേണ്ട സ്റ്റാഫ് മാത്രമേ ഇവിടെ ഉള്ളൂ എന്നും ഞാൻ അദ്ദേഹത്തോടു് ഉറച്ചുപറയാം. ഫിസിക്സ് പഠിക്കുന്ന വിദ്യാർത്ഥികൾ 3 വ-ം-

ൽ നിന്നും ഒന്നര ലക്ഷം രൂപയായി വർദ്ധിച്ചിരിക്കുന്നു. അവക്കുവേണ്ടി കൂടുതൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. സ്റ്റാഫിൽക്കൂടുതൽ അദ്ധ്യാപകരെ നിയമിക്കുന്നതിനു ഗ്രേഡ് പരിശോധന ചെയ്യുമ്പോൾ വേണ്ടിടത്തോളം മാത്രം അദ്ധ്യാപകരെ നല്കുന്നുണ്ടെന്നും ആലോചിച്ചതിന്റെശേഷം മാത്രമാണ് ഗ്രേഡ് പരിശോധന ചെയ്യപ്പെട്ടിട്ടുള്ളത്.

അദ്ധ്യക്ഷൻ: ഇപ്പോൾ ഈ ഉപക്ഷേപം പിൻവലിക്കുന്നതിൽ സഭക്കു വിരോധമില്ലെന്നു വിശ്വസിക്കുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

അദ്ധ്യക്ഷൻ: ഈ ഡിമാൻഡിനെപ്പറ്റിച്ചിന്തിക്കുന്ന സമയത്തിനുപോയിരിക്കുന്നു. അതുകൊണ്ട് ഈ ഡിമാൻഡ് ഞാൻ വോട്ടിനിടുന്നു.

ഒന്നര ലക്ഷം രൂപയിൽ കവിയാത്ത കുറച്ചുള്ള സംഖ്യ വിദ്യാഭ്യാസം എന്ന കത്തിലെ ഡിമാൻഡിനു അനുവദിച്ചിരിക്കുന്നു എന്നാണു വിവാദവിഷയം.

ഈ ഡിമാൻഡ് അനുവദിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

ഡിമാൻഡ് അനുവദിക്കപ്പെട്ടു.

ഉപക്ഷേപങ്ങളിൽ കത്തു മുതൽ കഅ വരെ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾക്കു സമയമില്ലായ്കയാൽ ഭാഷാന്തരപ്പെടുത്തിയില്ല.

മി: എൻ. രാമകൃഷ്ണപിള്ള

കത്തു. സ്ത്രീകൾക്കുള്ള രാജകീയകാളേജിനു അനുവദിച്ചിട്ടുള്ള ഒരുലക്ഷം രൂപയിൽ കുറയാത്ത രൂപാകൊണ്ടുകൊടുക്കണമെന്നു്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം):

കഗ കാളേജ്വിദ്യാഭ്യാസത്തിനായി അനുവദിച്ചിട്ടുള്ള രൂപാ ക,കഉ,ഒ വകയിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: എൻ. കുമാരൻ

കക. കാളേജുവിദ്യാഭ്യാസത്തിനായി അനുവദിച്ചിട്ടുള്ള ക,കഉ ഒ വകയിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള.

കഖ. ഒൻപതു കൂടുതൽ അദ്ധ്യാപകന്മാരുടെ ശമ്പളം വകയ്ക്കു ആകപ്പാടെയുള്ള സ്ഥാപരച്ചിലവിനു അനുവദിച്ചിട്ടുള്ള ഇരുപത്തിയായിരം രൂപയിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

കഗ. മാനുവൽ ട്രെയിനിംഗ് ചിലവിനു അനുവദിച്ചിട്ടുള്ള നാലര രൂപായിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: എം. എൻ. പിള്ള.

കഘ. ഇംഗ്ലീഷ്സ്കൂൾ വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ഇരുപതിനായിരം രൂപയിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: എം. ആർ. മാധവയ്യർ.

കങ. ഇംഗ്ലീഷ്സ്കൂൾ വിദ്യാഭ്യാസത്തിനനുവദിച്ചിട്ടുള്ള ഇരുപതിനായിരം രൂപയിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: എൻ. കുമാരൻ.

കച. മലയാളം പൈൻപള്ളിക്കൂടങ്ങളിൽ ഓഗ്മെന്റേഷനായി അനുവദിച്ചിട്ടുള്ള കചനാല രൂപായിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: പി. കെ. നാരായണപിള്ള.

കഛ. അടങ്കൽ വ്യയത്തിനു അനുവദിച്ചിട്ടുള്ള കരുപതു രൂപായിൽ നിന്നും കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: എം. എൻ. പിള്ള.

കജ. മലയാളം പള്ളിക്കൂടങ്ങൾക്കനുവദിച്ചിട്ടുള്ള കഉനകഒ രൂപായിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: കെ. പരമേശ്വരൻപിള്ള.

കഝ. മലയാളബ്രാഹ്മണക്കുള്ള പ്രത്യേക പള്ളിക്കൂടത്തിനനുവദിച്ചിട്ടുള്ള ഒരായിരം രൂപായും കുറയാതെചെയ്യുന്നതിനു്.

മി: എൻ. കുമാരൻ.

കഞ. സവർണ്ണഹോസ്റ്റൽ സ്ഥാപനത്തിനു അനുവദിച്ചിട്ടുള്ള കനാലിൻ രൂപായിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: എൻ. രാമകൃഷ്ണപിള്ള.

കട. സ്ത്രീകൾക്കുള്ള കാളേജ് ഹോസ്റ്റലിനനുവദിച്ചിട്ടുള്ള ഒൻപതിൻ രൂപായിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: എൻ. കുമാരൻ.

കഡ. തെയിനിംഗ്കാളേജ്ഹോസ്റ്റലിനനുവദിച്ചിട്ടുള്ള കമൂവായിരം രൂപായിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: ടി. കെ. വേലുപ്പിള്ള.

കണ. ഹോസ്റ്റലുകൾക്കനുവദിച്ചിട്ടുള്ള കനഒനൂറു രൂപായിൽ കുറയാത്ത രൂപാ കുറക്കണമെന്നു്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

൨൩൨. ട്രാവലിംഗ് അലവൻസിനു അനുവദിച്ചിട്ടുള്ള ൭൦൦ രൂപായിൽ ൪൦൦ രൂപാ കുറക്കണമെന്ന്.

മി: എൻ. രാമകൃഷ്ണപിള്ള.

൨൩൩. ടെക്സ്റ്റ്ബുക്ക കമ്മിറ്റിക്കുനുവദിച്ചിട്ടുള്ള ൧൭൦൦ രൂപായിൽ ൧൦൦ രൂപാ കുറക്കണമെന്ന്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള.

൨൩൪. പരീക്ഷകർക്കായി അനുവദിച്ചിട്ടുള്ള ൯൦൦൦ രൂപായിൽ ൭൦൦ രൂപാ കുറക്കണമെന്ന്.

മി: എൻ. രാമകൃഷ്ണപിള്ള.

൨൩൫. പരീക്ഷകർക്കായി അനുവദിച്ചിട്ടുള്ള ൯൦൦൦ രൂപായിൽ ൧൦൦ രൂപാകുറക്കണമെന്ന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

൨൩൬. ഇംഗ്ലീഷ് ആൺപള്ളിക്കൂടങ്ങൾക്കു മെയിൻടനനസ് ഗ്രാൻറുവകയിൽ അനുവദിച്ചിട്ടുള്ള ൧൫൦൦൦ രൂപായിൽ ൩൦൦൦ രൂപാ കുറക്കണമെന്ന്.

മി: കുഞ്ഞുകൃഷ്ണപിള്ള.

൨൩൭. ഇംഗ്ലീഷ് പെൺപള്ളിക്കൂടങ്ങൾക്കു സാഹായിക ഗ്രാൻറുവകയിൽ അനുവദിച്ചിട്ടുള്ള ൯൨൦൦൦ രൂപായിൽ ൪൦൦൦ രൂപാ കുറക്കണമെന്ന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

൨൩൮. മലയാളം ആൺപള്ളിക്കൂടങ്ങൾക്കു സാഹായിക ഗ്രാൻറു വകയിൽ അനുവദിച്ചിട്ടുള്ള ൪,൯൨൦൦൦ രൂപായിൽ ൪൦൦൦൦ രൂപാ കുറക്കണമെന്ന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

൨൩൯. ഉപകരണങ്ങൾവകക്കനുവദിച്ചിട്ടുള്ള ൯൦൦൦ രൂപാ മുഴുവൻകുറവുചെയ്യണമെന്ന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

൨൪൦. കെട്ടിടങ്ങൾക്കു ഗ്രാൻറിനായി അനുവദിച്ചിട്ടുള്ള ൧൫൦൦൦ രൂപാ മുഴുവൻ കുറവുചെയ്യണമെന്ന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

൨൪൧. ട്രെയിനിംഗ് കാളേജിലെ മസ്റ്റെപ്പൻഡ്വകയിൽ അനുവദിച്ചിട്ടുള്ള ൨൯൦൦൦ രൂപായിൽ ൧൦൦൦൦ രൂപാ കുറക്കണമെന്ന്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള.

൨൪൨. മാക്മില്ലൻ പാഠപുസ്തകങ്ങളുടെ വില്പനവകക്കായി അനുവദിച്ചിട്ടുള്ള ൯൯൦൦ രൂപായിൽ ൪൦൦ രൂപാ കുറക്കണമെന്ന്.

മി: എം. ആർ. മാധവയ്യർ.

൨൪൩. ൪൫-ാം ഡിമാൻറിൽ ആകപ്പാടെ അനുവദിച്ചിട്ടുള്ള ൯൯൯൭ ലക്ഷം രൂപായിൽ ൧൦൦ രൂപാ കുറക്കണമെന്ന്.

൨൫൪: ഫാദർ കുനിരാക്കോസ് കവളിക്കാപ്പള്ളി.

൨൪൫. ൪൬-ാം ഡിമാൻഡിൽ ആകപ്പാടെ അനുവദിച്ചിട്ടുള്ള ൯൯൯൭ ലക്ഷം രൂപായിൽ ൧൦൦ രൂപാ കുറക്കണമെന്ന്.

മി: കെ. പരമേശ്വരൻപിള്ള.

൨൪൪. ൪൬-ാം ഡിമാൻറിൽ ആകപ്പാടെ അനുവദിച്ചിട്ടുള്ള ൯൯൯൭ ലക്ഷം രൂപായിൽ ൧൦൦ രൂപാ കുറക്കണമെന്ന്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൨൪൬. ൪൬-ാം ഡിമാൻഡിൽ ആകപ്പാടെ അനുവദിച്ചിട്ടുള്ള ൯൯൯൭ ലക്ഷം രൂപായിൽ ൧൦൦ രൂപാ കുറക്കണമെന്ന്.

ഡിമാൻഡ്.

കൃഷിയും ഫിഷറിയും.

മി: കെ. പരമേശ്വരൻപിള്ള (ബഹു: കൃഷിവകയാധ്യക്ഷർ): സർ, കൃഷിയും ഫിഷറിയും എന്ന ൪൫-ാം ഡിമാൻഡിനു ൧൩൭ ലക്ഷത്തിൽ കൂടാത്ത ഒരു സംഖ്യ അനുവദിച്ചുതരണമെന്നുള്ള അപേക്ഷയെ ഞാൻ അവതരിപ്പിക്കുന്നു.

ഉപക്ഷേപങ്ങൾ.

൨൪൭ മുതൽ ൨൫൯ വരെ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

൨൪൭. ട്രാവലിംഗ് അലവൻസിനു അനുവദിച്ചിട്ടുള്ള ൪൪൦൦ രൂപായിൽ ൪൦൦ രൂപാ കുറക്കണമെന്ന്.

മി: എൻ. കുമാരൻ.

൨൪൮. ആഫിസുകിയവുകൾക്കും പലതരം ചിലവുകൾക്കും ആയി അനുവദിച്ചിട്ടുള്ള ൧൭൦൦ രൂപായിൽ ൧൦൦൦ രൂപാ കുറക്കണമെന്ന്.

മി: എൻ. കുമാരൻ.

൨൪൯. കൃഷിവക വളം തയ്യാറാക്കുന്നതിനു പരിതേഷ്കരമായി അനുവദിച്ചിട്ടുള്ള ൧൪൦ രൂപാ മുഴുവൻ കുറവുചെയ്യുന്നതിനു.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

ഉത്തരൻ. (Live stock) വിലക്കു വാങ്ങുന്നതിനായി അനുവദിച്ചിട്ടുള്ള ഫ ൦ ൦ ൦ രൂപായും കൂടി വകയിരുത്തുന്നതിന്.

മി: ജെ. ജാൺസിങ്ഗീരി.

ഉത്തരം. Live stock-ന്റെ സംരക്ഷണത്തിനായി അനുവദിച്ചിട്ടുള്ള ഫ ൦ ൦ ൦ രൂപായിൽ ക ൦ ൦ ൦ രൂപാ കുറക്കുന്നതിന്.

മി: എൻ. രാമകൃഷ്ണപിള്ള.

ഉത്തരം. വിത്തുകൾ, വളങ്ങൾ, ഉപകരണങ്ങൾ ഇവ വാങ്ങുന്നതിനനുവദിച്ചിട്ടുള്ള ര ൦ ന ൦ രൂപായിൽ (കോഴിവളർത്തിനുള്ള ഉപകരണങ്ങൾ ഒഴികെ) ഒന്പ ൦ രൂപാ കുറക്കുന്നതിന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

ഉത്തരം. മാതൃകാത്തോട്ടത്തിനായി വാങ്ങിയിട്ടുള്ള സ്ഥലം നിരപ്പാക്കുന്നതിനും മറ്റുമായി അനുവദിച്ചിട്ടുള്ള ന ൦ ൦ രൂപായിൽ ഫ ൦ ൦ രൂപാ കുറക്കുന്നതിന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള.

ഉത്തരം. സ്ഥലസമ്പാദനത്തിനുള്ള ചിലവുകൾക്കായി അനുവദിച്ചിട്ടുള്ള ഫ ൧ ൨ രൂപായും കുറവുചെയ്യുന്നതിന്.

ഉപക്ഷേപം ഫ ൫൪.

മി: എൻ. കുമാരൻ (നിയമിച്ച മെമ്പർ): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഉത്തരം. കാർപ്പറേഷനെയ്തിനും റഗ് ഉണ്ടാക്കുന്നതിനും ആയി അനുവദിച്ചിട്ടുള്ള ക ൫ ൦ രൂപായും കുറവുചെയ്യണമെന്ന്.

ഈ ചിലവിന്റെ ഉദ്ദേശമെന്താണെന്നു ഏന്നെ മനസ്സിലാക്കിയാൽകൊള്ളാം. കൃഷിവകുപ്പു എന്തിനാണ് റഗ്ഗുകളും കാർപ്പറേഷനുകളും ഉണ്ടാക്കുന്നതെന്നുള്ളതു വിശദമാക്കുന്നില്ല.

അദ്ധ്യക്ഷൻ. മി: പരമേശ്വരൻപിള്ളക്കു നിങ്ങൾ അതു വിവരിച്ചുകൊടുക്കുമോ? അതു പട്ടണത്തു തോട്ടത്തിനോടുകൂടി ചേർത്തിട്ടുള്ള ഒന്നാണ്.

മി: കെ. പരമേശ്വരൻപിള്ള (അഗ്രി: കൃഷിയും ഫിഷറിയും ഡയറക്ടർ): പേരൂർക്കടയിൽ കുറെ കോയമ്പത്തൂർ ആടുകൾ ഉണ്ട്. അവയിൽ നിന്നും സ്വല്പം രോമം കിട്ടുന്നുണ്ട്. ആ രോമം കൊണ്ടു റഗ്ഗുണ്ടാക്കുന്നതിലും സ്വെറ്റർ ഉണ്ടാക്കുന്നതിലും ചില്ലറ ചില ശ്രമങ്ങൾ ചെയ്തു വരുന്നു. ഇതിന്റെ ഫലം ആശാജനകമായിരുന്നു. അതു കൊണ്ടു ഡിപ്പാർട്ടുമെന്റിലെ ഒരുദ്യോഗസ്ഥനെ റഗ്ഗുണ്ടാക്കുവാൻ പഠിക്കുന്നതിനായി പെല്ലൂരേക്കും മറ്റു ചില സ്ഥലങ്ങളിലേക്കും അയച്ചു. അയാൾ മടങ്ങിവന്നപ്പോൾ കുറെക്കൂടുതൽ പരിശ്രമങ്ങൾ ചെയ്തു. ഫലം വളരെ വിജയപ്രദമായിരുന്നതുകൊണ്ടു റഗ്ഗുണ്ടാക്കുവാൻ ഉണ്ടാക്കൽ സ്ഥലത്തെ ഒരുഗാർഹികവ്യവസായമാക്കിത്തീർക്കുവാൻ സാധിക്കുമെന്നു തോന്നി. തൽമൂലം ഇതു പരിചയിക്കുന്നതിനു കുറെ കുട്ടികളെ പട്ടണത്തോട്ടത്തിൽ ചേർത്തു പഠിപ്പിച്ചു തുടങ്ങി. ഒരു കൊല്ലത്തെ പരിശീലനം കഴിഞ്ഞു കഴിഞ്ഞതോടെത്തിൽ ആദ്യത്തെ ക്ലാസ്സു ഫ ൦ കുട്ടികളെ പള്ളിക്കൂടം വിട്ട വേറെ ഫ ൦ പേർ ഇപ്പോൾ പഠിക്കുന്നുണ്ട്. ഇവരെയും പള്ളിക്കൂടം തുറക്കുമ്പോൾ തന്നെ അതിന്റെ ജോലിനിർവഹിക്കുന്നു. അതുകൊണ്ടു ഒരു കൊല്ലത്തെ ക്ലാസ്സു തുടർന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

മി: എൻ. കുമാരൻ (നിയമിച്ചമെംബർ:

ഈ കാർപ്പറേഷനുകൾ വിലക്കു കിട്ടുമോ എന്നു എന്നെ അറിയിക്കുമോ?

മി: കെ. പരമേശ്വരൻപിള്ള (അഗ്രി: കൃഷിയും ഫിഷറിയും ഡയറക്ടർ): ഉവ്.

അദ്ധ്യക്ഷൻ: പ്രശ്നത്തിനു അവതരിപ്പിച്ചിട്ടു മുണ്ടായിരുന്നു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ആ വിഭാഗത്തിൽ ഇപ്പോൾ എന്തു ചെയ്യുകയാണെന്നു എന്നെ അറിയിക്കുമോ?

അദ്ധ്യക്ഷൻ: റഗ്ഗുനിർമ്മാണത്തിലും കാർപ്പറേഷനെയ്തിലും കുട്ടികളെ അഭ്യസിപ്പിക്കുകയാണ്.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അതുനെയ്യുന്നതിന്റെ ഒരു ഭാഗമാണോ?

അദ്ധ്യക്ഷൻ: കൃഷി തോട്ടത്തിൽ കുറെ ആടുകൾ ഉള്ളതുകൊണ്ടു അതു കൃഷിവകുപ്പിന്റെ മേൽ നോട്ടത്തിൽ വിട്ടിരിക്കുകയാണ്.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ആടുകളെ വളർത്തുന്നതു കൃഷിവകുപ്പാണ്. നെയ്ത്തു മിസ്സിൽ. ചാക്കോയുടെ കീഴിലാണ് നടത്തപ്പെടുന്നതു.

മി: കെ. പരമേശ്വരൻപിള്ള (അഗ്രി: കൃഷിയും ഫിഷറിയും ഡയറക്ടർ): വ്യവസായ വകുപ്പുണ്ടാകുന്നതിനു മുമ്പു തന്നെ ഇതു നടപ്പിലുള്ളതാണ്. ഞങ്ങൾ അതു തുടരുന്നു എന്നേയുള്ളൂ.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): വ്യവസായ വകുപ്പിൽ അതു ചെയ്യുവാൻ സമർത്ഥരായവരില്ലെ?

മി: കെ. പരമേശ്വരൻപിള്ള (അഗ്രി: കൃഷിയും ഫിഷറിയും ഡയറക്ടർ): അങ്ങിനെ അർത്ഥമാക്കുന്നില്ല. കൃഷിവകുപ്പ്

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): വ്യവസായ വകുപ്പിൽ അതിനാളുകളില്ല എന്നുള്ള എന്റെ ചോദ്യത്തിനു മാത്രം ഒരു മറുപടിയാണു ഞാൻ ആവശ്യപ്പെടുന്നതു.

മി: കെ. പരമേശ്വരൻപിള്ള (അഗ്രി: കൃഷിയും ഫിഷറിയും ഡയറക്ടർ): മിസ്സിൽ. ചാക്കോക്കു് അതിനെത്തരം പറയുവാൻ സാധിക്കുമെന്നെനക്കു തോന്നുന്നു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഇതിനെപ്പറ്റി ചില ചോദ്യങ്ങൾ കൃഷി ഡയറക്ടരോടു ഞാൻ ചോദിക്കുകയാണ്. അദ്ദേഹത്തിൽ നിന്നു തന്നെ ഒരു മറുപടി കിട്ടുകയാണു് നല്ലതു്.

അദ്ധ്യക്ഷൻ: ഞാൻ വിവരിക്കാം. വ്യവസായവകുപ്പിലെ ജോലിനടത്തിപ്പിനെപ്പറ്റി കൃഷിഡയറക്ടർ അറിയേണ്ട ആവശ്യമില്ല. അതു കൊണ്ടു അതു ഞാൻ പറയും. കാർപ്പെറേഷനിൽനിന്നാണം അറിയേണ്ടവരായി ഇപ്പോഴാം വ്യവസായ വകുപ്പിൽ ആരും ഇല്ലാ. ആദ്യം തന്നെ ഞാൻ പറഞ്ഞതുപോലെ, പട്ടാപുഴിക്കളെ ഉന്മൂലനത്തിനു പഠിപ്പിച്ചിട്ടുള്ള കുട്ടികളെ കാർപ്പറേഷനിൽനിന്നാണെങ്കിലും കൂടി കൃഷിവകുപ്പുകാർ പഠിപ്പിച്ചിട്ടുണ്ട്. അതു കൊണ്ടു ഇതു ഒരു പെർമനന്റ് നിയോജനം മാത്രമാണ്.

മി: എൻ. കുമാരൻ (നിയമിച്ചുമെമ്പർ): ഞാൻ ഉപക്ഷേപത്തെ ബലപ്പെടുത്തുന്നില്ല.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ ൨ ൪ മുതൽ ൨൯ വരെ

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: എൻ. രാമകൃഷ്ണപിള്ള

൨൬. ഉപകരണങ്ങൾക്കും പുസ്തകങ്ങൾക്കും ആയി അനുവദിച്ചിട്ടുള്ള ൫൦൦ രൂപായിൽ ൧൦൦ രൂപാ കുറക്കണമെന്ന്.

മി: ടി. കുമാരപിള്ള

൨൭ാനു. മൃഗചികിത്സകൾക്കായി അനുവദിച്ചിട്ടുള്ള നൂറിന്നുനു രൂപായിൽ ൫൦ രൂപാ കുറക്കണമെന്നു

മി: ടി. എം. ചിദംബരതാണുപിള്ള

൨൮൭. മൃഗചികിത്സകൾക്കായി അനുവദിച്ചിട്ടുള്ള നൂറിന്നുനു രൂപായിൽ ൫൦ രൂപാ കുറക്കണമെന്ന്.

൨൯: ഫാർമക്കുയ്യാക്കെന്നു പെട്ടിക്കാപ്പള്ളി

൨൯൭. ഫിഷറിക്കൾക്കനുവദിച്ചിട്ടുള്ള ൧൫൭൫൭ രൂപായിൽ ൫൦൦ രൂപാ കുറക്കണമെന്ന്

മി: ഡബ്ലിം. എൻ. പിള്ള

൨൩൯. ഫസ്റ്റ്-ാം ഡിമാൻഡിൽ ആകപ്പാടെ അനുവദിച്ചിട്ടുള്ള ൫.൪൭ ലക്ഷം രൂപായിൽ ൫൦൦ രൂപാകുറക്കണമെന്ന്.

മി: തയ്യുള്ളകുഞ്ഞിമൊയ്തീൻ

൨൯൦. ഫസ്റ്റ്-ാം ഡിമാൻഡിൽ ആകപ്പാടെ അനുവദിച്ചിട്ടുള്ള ൫.൪൭ ലക്ഷം രൂപായിൽ ൫൦൦ രൂപാ കുറക്കണമെന്ന്.

അദ്ധ്യക്ഷൻ. കൃഷിയും ഫിഷറിയും എന്ന ഫസ്റ്റ്-ാം ഡിമാൻഡിനെ ൫.൪൭ ലക്ഷം രൂപാ അനുവദിക്കണമെന്നുള്ള ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു. സഭ അതനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ആ ഇക. അനുവദിക്കപ്പെട്ടു

ഡിമാൻഡ് ൫൪.

വ്യവസായം

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): സർ, ൫൪-ാം ഡിമാൻഡിൻ പ്രകാരമുള്ള വ്യവസായം എന്ന വകുപ്പിനു ൫.൫൯ ലക്ഷത്തിൽ കൂടുതലല്ലാത്ത ഒരു തുക അനുവദിച്ചു തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഉപക്ഷേപം ൨൩൫.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി: എൻ. രാമകൃഷ്ണപിള്ള

൨൩൫. ടെക്സ്റ്റടയിൽ വിദഗ്ദ്ധനു ആയുധങ്ങളും, ഇതരഉപകരണങ്ങളും ഇവകൾക്കായി അനുവദിച്ചിട്ടുള്ള ൨൫൦൦ രൂപായിൽ ൫൦൦൦ രൂപാകുറക്കുന്നതിനു

ഉപക്ഷേപങ്ങൾ ൨൩൬-. ൨൩൭-ാം

മി: കെ. പരമേശ്വരൻ പിള്ള (തിരുവല്ല): ൨൩൬-ാം ഉപക്ഷേപം അവതരിപ്പിക്കുന്നതിനു മുമ്പു സ്ട്രിൽവാങ്ങുന്നതിനു എന്തെങ്കിലും തുക നിശ്ചയിച്ചിട്ടുണ്ടോ എന്നും അതുമുഴുവൻ തരത്തിലിരിക്കുന്നു എന്നും എനിക്കറിഞ്ഞാൽ കൊള്ളാം

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതിനെപ്പറ്റിയുള്ള തുകകൾ പൂരപ്പെട്ടിട്ടു പോയിട്ടുണ്ട്. സ്ട്രിൽ വന്നിട്ടുമുണ്ട്. ഞങ്ങൾ ആ തുക കൊടുത്തിട്ടുമുണ്ട്. അതു കൊണ്ടു ൫൦൦ രൂപാ കുറക്കുന്നതിനു ഞാൻ സമ്മതിക്കുന്നു. കഴിഞ്ഞകൊല്ലം കൊടുത്തതിനു പുറമെ ഇപ്പോൾ കൊടുക്കപ്പെട്ടിട്ടുണ്ട്.

അദ്ധ്യക്ഷൻ.—ഞാൻ ആ തുക ഏകദേശം ൧൦൦൦ രൂപയാക്കാം. അതിനു വിരോധമില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല) അങ്ങിനെയാണെങ്കിൽ ഞാൻ ഉപക്ഷേപം അവതരിപ്പിക്കുന്നില്ല.

അതുകൊണ്ടു താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി: കെ. പരമേശ്വരൻപിള്ള (തിരുവല്ല).

൨൩൬. ഒരു ബോറിംഗ് സ്ട്രിൽ വാങ്ങുന്നതിനനുവദിച്ചിട്ടുള്ള ൫൫൦൦ രൂപാ കുറക്കണമെന്ന്

മി: വി. കുഞ്ഞുകൃഷ്ണപിള്ള

൨൩൭. ഒരു ബോറിംഗ് സ്ട്രിൽ വാങ്ങുന്നതിനനുവദിച്ചിട്ടുള്ള ൫൫൦൦ രൂപാ കുറക്കണമെന്ന്.

ഉപക്ഷേപങ്ങൾ:

൨൯൪ മുതൽ ൨൯൭ വരെ

താഴ്ത്തപ്പെടുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: ടി. കുമാരപിള്ള

൨൯൪ ഡയറക്ഷൻ അനുവദിച്ചിട്ടുള്ള ൪൫൭ രൂപായിൽ ൫൦൦ രൂപാ കൂറക്കണമെന്ന്.

മി: വി. കുഞ്ഞുണ്ണപിള്ള.

൨൯൫ സൈ്വ അയുധങ്ങൾ വഞ്ചനാദിനത്തിനായി അനുവദിച്ചിട്ടുള്ള ൨,൪൦൦ രൂപായിൽ ൧൦൦ രൂപാ കുറക്കുന്നതിന്.

മി: എൻ. കുമാരൻ.

൨൯൬. കൊല്ലം തച്ചു വിദ്യാലയത്തിനായി അനുവദിച്ചിട്ടുള്ള ൯൯൦൫ രൂപായിൽ ൧൫൦ രൂപാ കുറക്കണമെന്ന്

മി: എം. ആർ. മാധവവാര്യർ.

൨൯൭. സ്ഥാപനച്ചിലവുകൾക്കായി അനുവദിച്ചിട്ടുള്ള ൩൫൮൫ രൂപായിൽ ൨൫൦ രൂപാ കുറക്കണമെന്ന്.

ഉപക്ഷേപം ൨൯൮

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കം–ഏറ്റവുമാനൂർ) താഴ്ത്തപ്പെടുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

സർക്കാർ വാണിജ്യവിദ്യാലയത്തിനായി അനുവദിച്ചിട്ടുള്ള ൯൯൭൫ രൂപായിൽ ൨൫൦൦ രൂപാകൂറക്കുന്നതിന് (ടൈപ്പ് റൈറ്റിംഗ് പഠിപ്പിക്കുന്നതിനും മലയാളം ചുരുക്കെഴുത്തു പഠിപ്പിക്കുന്നതിനുംകൂടി ഒരാൾകൂടി ആക്കുന്നതിന്)

ഈ ഉപക്ഷേപം ഹാജരാക്കുന്നതിലുള്ള എന്റെ ഉദ്ദേശം ആലപ്പുഴ വാണിജ്യവിദ്യാലയത്തിൽ ടൈപ്പുറൈറ്റിംഗ് അറിയാവുന്ന ഒരു മലയാളം ചുരുക്കെഴുത്തുകാരനെ നിയമിക്കുവാൻ പാടില്ല എന്ന് അറിയുന്നതിനാണ്.

അദ്ധ്യക്ഷൻ.—മലയാളം ടൈപ്പ്റൈറ്റിംഗ് പഠിപ്പിക്കുന്നതിനായി ഒരാൾ ഇല്ല.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കം–ഏറ്റവുമാനൂർ) മലയാളം ടൈപ്പുറൈറ്റിംഗ് ആയിരിക്കണമെന്നില്ല. രണ്ടു പേരെ നിയമിക്കുന്നതിനുവശ്യം വരുന്നതിനുമുമ്പായിട്ട് മലയാളം ചുരുക്കെഴുത്തും ഇംഗ്ലീഷ് ടൈപ്പുറൈറ്റിംഗും അറിയാവുന്ന ഒരാളെ നിയമിക്കുവാൻ പാടില്ലയോ എന്നറിയുന്നതിനാണ് എന്റെ ഉദ്ദേശം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ) സർ, ഗവണ്മെൻറിലേക്ക് പ്രസ്തുത നിർദ്ദേശം സമർപ്പിക്കുന്നതിനു മുമ്പ് ഞാൻ അതിനെപ്പറ്റി നല്ലവണ്ണം ആലോചിച്ചു വാണിജ്യവിദ്യാലയത്തിലെ അദ്ധ്യാപകന്മാരിൽ ഏറ്റവും കൂടുതൽ ജോലിയുള്ളത് ടൈപ്പുറൈറ്റിംഗ് പഠിപ്പിക്കുന്ന ആൾക്കാണ് മിഷൻ വ്യത്തിയാക്കുന്നതിനും നന്നാക്കുന്നതിനുംകൂടി ജോലിയുള്ളതു കൊണ്ട് ആ മനുഷ്യന് കൂടുതൽ ജോലിനോക്കേണ്ടി വരുന്നു. ഒരു ടൈപ്പുറൈറ്റർമെക്കാനിക്കിനെക്കൂടെ നിയമിക്കണമെന്നു ഹെഡ്മാസ്റ്റർ എന്നോടു ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയായിരുന്നു. അതിനു വേണ്ടി ടൈപ്പുറൈറ്റിംഗ് അറിഞ്ഞുവുന്ന ഒരു ഷോർട്ടാൻറ് ഇൻസ്ട്രക്ടറെ ഞാൻ നിയമിച്ചു അവർ രണ്ടു പേരും കൂടി ആ ജോലി വഹിച്ചു വരുന്നു. ഇങ്ങനെയിരിക്കെ ആ രണ്ടു ജോലികളും കൂടി ഇപ്പോൾ ചെയ്യിക്കുവാൻ വിഷമമാണ് അങ്ങനെ ചെയ്യുകയാണെങ്കിൽ വിദ്യാർത്ഥികൾക്കു വളരെ വിഷമിക്കേണ്ടതായിവരും.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കം–ഏറ്റവുമാനൂർ) ടൈപ്പുറൈറ്റിംഗ് കൂടെ അറിയാവുന്ന മലയാളം ചുരുക്കെഴുത്തുകാർ ഉണ്ടെന്ന് അദ്ദേഹത്തിന അറിയാമോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ) വളരെ അധികമുണ്ടെന്ന് എനിക്ക തോന്നുന്നില്ല.

അദ്ധ്യക്ഷൻ.—ടൈപ്പ റൈറ്റിംഗ് പഠിപ്പിക്കുന്നയാൾ ടൈപ്പുറൈറ്റിംഗും അഡ്വാൻസ്ഡ് ജയിച്ചിട്ടുള്ള ആളായിരിക്കണം. മലയാളം ചുരുക്കെഴുത്തറിയാവുന്ന ഒരാൾക്ക് ടൈപ്പുറൈറ്റിംഗ് അഡ്വാൻസ്ഡ് ജയിച്ചിരിക്കണമെന്നില്ല. നിവൃത്തനമുദ്ദേശം തമ്മിൽ യോജിപ്പിക്കുന്നതിനുള്ള ഒരു വിഷമം ഇതാണ്

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കം ഏറ്റവുമാനൂർ) ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

അനുവദിപ്പുകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ.

൨൯൮ മുതൽ ൩൧൫ വരെ.

താഴ്ത്തപ്പെടുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടിട്ടില്ല.

മി: എൻ രാമകൃഷ്ണപിള്ള.

൨൯൮. പരീക്ഷണാർത്ഥം ഏർപ്പെടുത്തിട്ടുള്ള തോലുറക്കിടുന്നതിനായി അനുവദിച്ചിട്ടുള്ള ൪൫൦൦ രൂപായും കൂറയ്ക്കണമെന്ന്;

മി: ടി.ജി.കൃഷ്ണനെടുമ്മൻ.

൨൯൯. പരീക്ഷണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള തോലുറക്കിടുന്നതിനായി അനുവദിച്ചിട്ടുള്ള ൪൫൦൦ രൂപായും കൂറയ്ക്കണമെന്ന്.

മി: എൻ. കുമാരൻ.

൩൦൪. പരീക്ഷണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള തോലുറക്കിടുന്നതിനായി അനുവദിച്ചിട്ടുള്ള ൪൫൦൦ രൂപായിൽ ൨൫൦ രൂപാ കുറയ്ക്കുന്നതിന്.

മി: എൻ. കുമാരൻ.

൩൦൫. ഉപകരണങ്ങൾ വാങ്ങുന്നതിനായി അനുവദിച്ചിട്ടുള്ള ൨൭൪൦ രൂപായും കുറക്കുന്നതിന്.

ശ്രീ: എം. ആർ. മാധവവാര്യർ.

൨൭൯. ക്ഷേത്രം ഡിമാൻഡിൽ ആകപ്പാടെ അനുവദിച്ചിട്ടുള്ള ക്രഡിറ്റ് വകയിൽ രൂപയിൽ കവിയാതെ രൂപാ കൊടുക്കുന്നതിന്.

ശ്രീ: എൻ. കുമാരൻ.

൨൭൮. ക്ഷേത്രം ഡിമാൻഡിൽ ആകപ്പാടെ അനുവദിച്ചിട്ടുള്ള ക്രഡിറ്റ് വകയിൽ രൂപയിൽ കവിയാതെ രൂപാ കൊടുക്കുന്നതിന്.

ശ്രീ: എ. എൻ. പിള്ള.

൨൭൯. ക്ഷേത്രം ഡിമാൻഡിൽ ആകെ അനുവദിച്ചിട്ടുള്ള ക്രഡിറ്റ് വകയിൽ രൂപയിൽ കവിയാതെ രൂപാ കൊടുക്കണമെന്ന.

അദ്ധ്യക്ഷൻ.—ഡിമാൻഡു് ക്ഷേത്ര വ്യവസ്ഥയനുസരിച്ചുള്ള ആകപ്പാടെ അനുവദിച്ചിരുന്ന ക്രഡിറ്റ് വകയിൽ രൂപയിൽ കവിയാതെ രൂപാ കൊടുക്കുന്നതിന് അനുവദിക്കണമെന്നുള്ള പ്രാർത്ഥനയെ സഭയുടെ അനുവാദത്തിനായി വോട്ടിനിടുന്നു. സഭ അതനുവദിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഗ്രാന്റ് അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൪൪.

മെഡിക്കൽ ഡിപ്പാർട്ടുമെന്റ്.

ശ്രീ: ഇ. പുന്നൻപൂക്കോസ് (സർജിയൻ ഇൻചാർജ്): സർ, മെഡിക്കൽ വകുപ്പ് എന്ന ഡിമാൻഡിന്റെ കീഴിൽ ചെലവുചെയ്തേക്കാവുന്ന ഒരു സംഖ്യ അനുവദിച്ചു തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ഉപക്ഷേപങ്ങൾ.

൨൭൯—൨൭൯൦.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

ശ്രീ: ടി. കുമാരപിള്ള

൨൭൯. ട്രാവലഴ്സ് ബംഗ്ലാവൻസിനനുവദിച്ചിട്ടുള്ള ക്രഡിറ്റ് രൂപയിൽ കവിയാതെ രൂപാ കൊടുക്കണമെന്ന.

ശ്രീ: വി. കൃഷ്ണപിള്ള

൨൭൯. ട്രാവലിംഗ് അലവൻസിനനുവദിച്ചിട്ടുള്ള ക്രഡിറ്റ് രൂപയിൽ കവിയാതെ രൂപാ കൊടുക്കണമെന്ന.

ഉപക്ഷേപം ൨൭൮.

ശ്രീ: ടി. കുമാരപിള്ള (ഇരണിയൽ-വിളവംകോട്): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ വായിക്കുന്നു.

൨൭൮. ഡർബ്ബാർഹിസിഷ്യനായിരുന്നിട്ടുള്ള വ്യക്തിക്ക് രൂപയിൽ കവിയാതെ രൂപ കൊടുക്കണമെന്ന്.

ശ്രീ: ടി. കുമാരപിള്ള (ഇരണിയൽ-വിളവംകോട്): ഈ പ്രമേയത്തെപ്പറ്റി എന്തെങ്കിലും പറയുന്നതിനു മുൻപ് ഇപ്പോൾ നിയമിച്ചിരിക്കുന്ന ഡർബ്ബാർഹിസിഷ്യനെപ്പറ്റി രണ്ടുവാക്ക് പറയേണ്ടതു് എന്റെ കടമയാണെന്ന് ഞാൻ വിചാരിക്കുന്നു. ഇവിടെയെന്നല്ല ഇൻഡ്യയിൽ എവിടെയെങ്കിലും സ്ത്രീവർഗ്ഗത്തിൽപ്പെട്ട ഒരു മഹാത്മാവിന് ഡർബ്ബാർഹിസിഷ്യനാകാൻ ഇടയായിട്ടുണ്ടെന്ന് തോന്നുന്നില്ല. ഇവിടത്തെ നിയമനിർണ്ണയസഭയിൽ സ്ത്രീകൾക്ക് സാമൂഹിക സ്ഥാനാർത്ഥിനികളായി നില്പാനുമെന്ന് നിയമം അനുവദിച്ചിട്ടുണ്ടെങ്കിലും ഇതിലേക്കായോ ഇതുവരെ തയ്യാറായിട്ടില്ല. എന്നാൽ നമ്മുടെ നിയമത്തിൽ അന്തർഭവിച്ചിട്ടുള്ള ആ മഹത്തായ ഉദ്ദേശത്തിന് ഈ നിയമനത്താൽ ഫലപ്രാപ്തി സിദ്ധിച്ചിരിക്കുന്നു. നിയമസഭയിൽ ഒരു മഹതിക്ക് ആട്ടിപ്രായേറി മെമ്പർസ്ഥാനം കിട്ടാൻ ഇടയായാൽ തിരുവിതാംകൂറിലാണെന്നുള്ള സംഗതി നമുക്കെല്ലാവർക്കും അഭിമാനകരമായിട്ടുള്ള കാര്യമാണെന്ന് പറയേണ്ടതില്ലല്ലോ.

രാജ്യത്തിന്റെ ജനസംഖ്യ വർദ്ധിക്കുന്നതോടൊപ്പം ജനങ്ങൾക്ക് ഏറ്റവും അത്യാവശ്യമായിട്ടുള്ള വൈദ്യസഹായം അതിലേക്കനുപാതമായവിധം വർദ്ധിച്ചുവരുന്നില്ലെന്നുള്ള സംഗതിയെ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ മോഷൻ കൊണ്ടുവന്നിട്ടുള്ളതു്.

ബറോഡാ രാജ്യത്തിൽ ൨൫ ലക്ഷം ജനങ്ങളുടെ ആവശ്യത്തിന് ആശുപത്രികളും ഡിസ്പെൻസറികളുമായി ൨൫ എണ്ണം ഉണ്ടെന്നോണ് അവിടത്തെ രാജ്യഭരണറിപ്പോർട്ടിൽനിന്നും കാണുന്നതു്. അവിടത്തെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിന് ക്രമപ്രവർത്തനങ്ങൾക്ക് ൨൫ ലക്ഷം രൂപാ ചിലവാക്കിവന്നിരുന്നതു് ക്രമേണ ഏതാണ്ടെല്ലാപ്പോഴും ൭൫ ലക്ഷം രൂപയായി വർദ്ധിച്ചിരിക്കുന്നു. അവിടത്തെ ഗവണ്മെന്റ് അങ്ങുകൊണ്ടും തൃപ്തിപ്പെടാതെ ആശുപത്രികളെക്കൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് കൂടുതലായി ലഭിക്കുന്നതിനുവേണ്ടി പലേ പരിഷ്കാരങ്ങളോടുകൂടിയ ഒരു പുതിയ സ്കീം ഇപ്പോൾ അനുവദിച്ചിരിക്കുന്നു. ആ സ്കീം അനുസരിച്ച് ഗ്രാമനിവാസികൾക്ക് അഞ്ചു മൈലിനകം വൈദ്യസഹായം കിട്ടത്തക്കവണ്ണം ഡിസ്പെൻസറികളും ഇംഗ്ലണ്ടിലാണ് നിശ്ചയിച്ചിട്ടുള്ളതു്. ഇവിടെ ക്രമത്തിൽ ആശുപത്രികളും ഡിസ്പെൻസറികളുമായി ൪൩ എണ്ണം ഉണ്ടായിരുന്നതിന് ൪൫,൪൫൫ രൂപാ ചിലവാക്കിയിരുന്നു. ക്രമത്തിൽ എത്തിയപ്പോൾ ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും എണ്ണം ൭൦ ആയി വർദ്ധിക്കുകയും അതിലേക്ക് ൭,൭൭,൭൦൦ രൂപാ ചിലവാക്കുകയും ചെയ്തിരിക്കുന്നു. ഈ വർഷംകൊണ്ട് ൪ ആശുപത്രികളും അതിന്റെ ചിലവിൽ ൫,൫൭,൬൦൦ രൂപയും വർദ്ധിച്ചിരിക്കുന്നു. ബറോഡാരാജ്യത്തെ ൨൫ ലക്ഷം ജനങ്ങൾക്ക് ഉപകരിക്കുന്നതിന് ൭൫ ആശുപത്രികൾ ഉണ്ടായിരിക്കുകയും അതിലേക്ക് ൭൫ ലക്ഷം രൂപാ ചിലവാക്കിവരികയും ചെയ്യുന്നു. ഇവിടത്തെ സ്ഥിതിയോടും ലക്ഷം ജനങ്ങളുടെ ആവശ്യത്തിന് ൨൫ ആശുപത്രികൾ ഉണ്ടായിരിക്കുകയും അതിലേക്ക് ൭ ലക്ഷത്തോളം രൂപാ ചിലവാക്കിവരികയും ചെയ്യുന്നു. ഇവിടത്തെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ ചിലവാക്കിവരുന്ന ൭ ലക്ഷത്തോളം രൂപയ്ക്കുതന്നെയും ഇന്നേ ജനങ്ങൾക്ക് സിദ്ധിച്ചുവരുന്നില്ലെന്നുള്ള ജനങ്ങളുടെ മനോവേദന ഓരോ ദിവസവും വർദ്ധിച്ചുവരികയാണ് ചെയ്യുന്നതു്. ഇവിടെയുള്ള ആശുപത്രികളിൽ

ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാക്കിത്തീർക്കുന്നതിനും കൂടുതൽ ആശുപത്രികൾ സ്ഥാപിക്കുന്നതിനുമായി ഗവണ്മെന്റ് വേണ്ട നിഷ്കർഷ ചെയ്യേണ്ടതാണ്. ആശുപത്രികളെ ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാക്കിത്തീർക്കുന്നതിനും കൂടുതൽ ആശുപത്രികൾ സ്ഥാപിക്കുന്നതിനും പണമില്ലെന്നുള്ള സമാധാനം പറയുമായിരിക്കാം. ഒരു രാജ്യത്തിന്റെ വരവിൽവിനിയോഗം ചിലവാക്കുന്ന സംഗതിയിൽ ഒന്നാമത്തെ സ്ഥാനത്തു നില്ക്കേണ്ടതു ജനങ്ങളുടെ ആരോഗ്യരക്ഷക്ക് വേണ്ടിയുള്ള ചിലവുകണക്കുള്ളതിൽ ആകെ അഭിപ്രായവ്യത്യാസം വരാൻ പാടില്ലാത്തതാണ്.

കഴിഞ്ഞ തവണ ഒരു സക്കർ ആശുപത്രി വേണമെന്ന് അപേക്ഷിച്ചപ്പോൾ ജനങ്ങൾ ഏതുപോലെ പാലമായി സംഭാവന പിരിഞ്ഞുകൊണ്ടിരിക്കുന്നു. അവിടുത്തെയോ മിഷൻ ആശുപത്രി ഉണ്ടെന്നുള്ള കാരണത്താലാണ് അവർക്ക് സക്കാർ ആശുപത്രി കൊടുക്കാതിരിക്കുന്നത്. അവിടെ ഒരു മിഷൻ ആശുപത്രിയുണ്ടെന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. മിഷൻ ആശുപത്രിയിൽ നിന്നും ചികിത്സ നടത്തിക്കിട്ടുന്നതിനുള്ള ചിലവുകളുടെ പരിമാണം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ എത്തീട്ടില്ലെന്നാണ് ഞാൻ കരുതുന്നത്. സാധാരണ ജനങ്ങൾക്ക് അവിടെ ചികിത്സകരം നടത്തിക്കുവാൻ അവരുടെ ധനാഭാവസ്ഥിതികരം അനുവദിക്കുകയില്ലെന്നു, ഈ രാജ്യത്തു പല ഭാഗത്തും നിവസിക്കുന്ന ജനങ്ങൾക്ക് ധർമ്മമായി വൈദ്യസഹായം കിട്ടുമ്പോൾ വിളവംകോട്ട താലൂക്കിലെ ജനങ്ങൾ മരുന്നുകരം വിലകൊടുത്തു വാങ്ങിക്കേണ്ടിവരികയും ചികിത്സക്ക് പ്രതിഫലം കൊടുക്കേണ്ടിവരികയും ചെയ്യുന്നതു കഷ്ടമാണെന്ന് പറയാതെയിരിക്കുവാൻ നിവൃത്തിയില്ല. ഈ സംഗതിയിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയേണ്ടതായിരിക്കുന്നു.

ചികിത്സക്ക് വിലപിടിച്ചതും നല്ലതുമായ മരുന്നുകരംകൊണ്ടു പ്രയോജനം ഗണ്യമായുണ്ടാകുമെങ്കിലും വിലകുറഞ്ഞതുമായ മരുന്നുകളെ ഉപയോഗിച്ചുവരുന്ന പതിവ് ഇനിയെങ്കിലും മാറിവരേണ്ടതാണ്. ആശുപത്രിയിൽ ചില മരുന്നുകരം തീർന്നുപോയാൽ പകരം വേറെ മരുന്നുകരം ചേർത്തു കൊടുക്കണമെന്നും ആ സംഗതി രോഗിയെ അറിയിക്കരുതെന്നും നിഷ്കർഷിച്ചിട്ടുള്ളതിനേയും ദേദഗതിപ്പെടുത്തേണ്ടതാണ്.

ഒരോ അവയവങ്ങളെപ്പറ്റിയുള്ള പ്രത്യേക പരിപ്പിനായി മെഡിക്കൽ ആഫീസറന്മാരെ വിദേശങ്ങളിൽ അയക്കുന്ന അവസരങ്ങളിൽ അതിലേയ്ക്കുവേണ്ടുന്നപ്രമാണരേഖകൾ പ്രത്യേകം വാസനയുള്ളവരെയും തിരഞ്ഞെടുത്തയക്കുന്നതിൽ പ്രത്യേകം നിഷ്കർഷയും ഉണ്ടായിരിക്കേണ്ടതാണ്. സ്ത്രീകൾക്കുള്ള കൊല്ലം, പിള്ളോനിയാ ആശുപത്രിയിൽ പുരുഷന്മാരെ നിയമിക്കുന്നതുകൊണ്ട് സ്ത്രീകൾക്കുള്ള സൗകര്യക്കുറവുകളെ അവർ ഭാഗം പറഞ്ഞു ചികിത്സിപ്പിക്കുന്നതിന് പ്രതിബന്ധമായി നിൽക്കുന്നതിനെ ഇനിമേലാലെങ്കിലും മാറ്റേണ്ടതാണ്.

മി: എ. ഹഗ്സ്വെർഫ് (നിയമിച്ചുമെംബർ): ഈ സഭയിലെ ഒരുഗമനും മെഡിക്കൽ വകുപ്പിന്റെ അഭ്യുക്ഷയായും ഇടംപ്രഥമമായി ഒരു സ്ത്രീയെ നിയമിച്ചതിൽ ഈ സഭയുടെ എന്നല്ലാ ഈ രാജ്യത്തിന്റെ പൊതു അനുമോദനത്തെ ഇവിടെ പ്രസ്താവിക്കുന്നതിൽ ഞാനും മിസ്റ്റർ കുമാരപിള്ളയോടു യോജിച്ചുകൊള്ളുന്നു. ഭാരതീയ നിയമസമിതികളുടെ ചരിത്രത്തിൽ ഇതുവരെയും ഇപ്രകാരമൊരു സംഭവം നടന്നിട്ടില്ല, തിരുവിതാംകൂർ ചരിത്രത്തിൽ ആദ്യമായി ഒരു മഹാറാണിയുടെ ഭരണസമയത്തും തിരുമനസ്സു അവർകളുടെ കാലത്തും ആണ് ഈ വ്യതിചലനം ഉണ്ടായതെന്നുള്ളതു സുവർണ്ണലിപികളിൽ (മുഖന്ന അക്ഷരത്തിൽ) എഴുതപ്പെടും. തിരുവിതാംകൂർ മുഴുവനും ഹർഷപ്രകർഷത്തോടുകൂടി അനുമോദനം സ്വീകരിക്കുന്ന വിശ്രുതനായ മിസ്റ്റർ രാമറാവുവിന്റെ ഏക സന്താനമാണ് ഡോക്ടർ മേരി പൂക്കോണെന്നുള്ളതിലും ഈ മഹതി ഒരു തിരുവിതാംകൂർകാരിയാണെന്നുള്ളതിലും നമ്മുടെ സന്തോഷം വർദ്ധമാനമാകുന്നു. തിരുവിതാംകൂറിന്റെ ഇപ്പോഴത്തെ സാമൂഹികവും സാഹിത്യപരവും അയ ജീവിതത്തോടു ഏറ്റവും യോജിച്ച രീതിയിലാണ് ഈ പുതിയ നിയമനം. സ്വീഡ്ഡിഷ് ശ്വാസത്തിൽ ഇൻഡ്യയിലേക്കയച്ചു് ഏറ്റവും മുന്നണിയിൽ നില്ക്കുന്നതാണ് നമ്മുടെ രാജ്യം കാര്യണവന്റെ അഭാവത്തിൽ കാരണപത്നി ഒരു കയ്യും പിടിച്ചു നടക്കുന്നു. അതുപോലെതന്നെ മെഡിക്കൽ വകുപ്പിലെ കാരണവത്തിയെയാണ് നാം നിയമിച്ചിരിക്കുന്നതു്.

മെഡിക്കൽ വകുപ്പിന്റെ നിരങ്കുശനായ ഒരു നിരൂപകനായിരുന്ന ഞാൻ മിസ്സസ്സ് ലക്ഷ്മണന്റെ സുഖക്കേടിനെ സംബന്ധിച്ച് ഒരു കമ്പിവന്ന് നമ്മുടെ ഇടയിൽനിന്നും പെട്ടെന്ന് പിരിഞ്ഞുപോയ ഡോക്ടർ ലക്ഷ്മണനോട് യാത്രപറവാൻ സാധിക്കാഞ്ഞതിൽ എനിക്കു പ്രയാസമുണ്ട്, ആ പ്രശസ്തനായ ഡോക്ടറെ ഒന്നു ശ്രമിക്കുന്നതിനോ അദ്ദേഹത്തിന് ആശംസകരം നടികുന്നതിനോ സാധിക്കാഞ്ഞതിൽ നമുക്കു അതിയായ സങ്കടമുണ്ട്, അദ്ദേഹം രാജ്യത്തിനു വളരെ നന്മകരം ചെയ്തിട്ടുണ്ട്. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ഭരണത്തിന്റെ ഒരു വിമർശകനായിരുന്ന ഞാൻ, എന്നാൽ അദ്ദേഹം ശ്രേഷ്ഠനായ ഒരു ദിഷ്ടാന്തനും ഒരു ഭരണകർത്താവും ആയിരുന്നു എന്നുള്ളതിനും പ്രസ്താവകപ്പെടുന്നതിന് അദ്ദേഹം അനേകം നന്മകരം ചെയ്തിട്ടുണ്ടെന്നുള്ളതിനും തർക്കമില്ലാ.

മെഡിക്കൽ വകുപ്പിന്റെ ഭരണകാര്യത്തിലേക്ക് പ്രവേശിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ലാ. മാത്രമല്ല, ഇനിയും മെഡിക്കൽ വകുപ്പിനെപ്പറ്റി അധികം പറയേണ്ടതായി വന്നാലും എനിക്കു ഭയമാണുണ്ടാകുന്നില്ല. മിസ്സസ്സ് പൂന്നൻ പൂക്കോസിനെ എനിക്കു നല്ലവണ്ണം അറിയാവുന്നതുകൊണ്ട് എനിക്കു ഒരു ശ്രീമതിയിൽ പൂർണ്ണ വിശ്വാസമാണുള്ളതു്. തിരുവിതാംകൂറിലെ കഴുതയനുഭവിക്കുന്ന ജനത്തിനായ സഹായിക്കുന്നതിനും ഈ വകുപ്പിനെ ഉപയുക്തരീതിയിലാക്കുന്നതിനും ഭരണവൈഭവവും സകല സഹകരണങ്ങളും ചെയ്തുകൊടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്): സർ, മെഡിക്കൽ വകുപ്പ് കുറെനാളത്തേക്ക് യാഥാസ്ഥിതികമായിരുന്നു. വളരെകാലങ്ങളായിട്ട്, മാറ്റപ്പെടണമെന്ന നാം ശഠിച്ചുകൊണ്ടിരുന്ന പല വൈഷമ്യങ്ങളും ഇതിൽ ഉണ്ട്. ആശുപത്രികളിൽ കൊടുക്കപ്പെടുന്ന സഹായം സാധുക്കരംക്ക സിദ്ധിക്കുന്നതക്ക വിധത്തിൽ ചെയ്യാറുമില്ലാ. സാധുക്കളായ രോഗികരം ശിപായികരംക്കും കംപൌണ്ടർമാർക്കും കൈക്കൂലികൊടുക്കേണ്ടതായി വന്നിട്ടുള്ള പല ഉദാഹരണങ്ങളും എനിക്കറിയാം. സാധുക്കളാണെങ്കിൽ പുറത്തുള്ള മരുന്നുകടകളിൽനിന്നും മരുന്നുകരം വാങ്ങിക്കുന്നതായിരിക്കും നല്ലതെന്ന് മെഡിക്കൽ ആഫീസർമാർതന്നെ പറയുന്നുണ്ടു്. ഇപ്പോഴത്തെ മരുന്നുകടിക്കുന്നതു് നേരംനോക്കിവേണമെന്ന് എനിക്ക ഇന്നലെതന്നെ പറയേണ്ടതായിവന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): മെഡിക്കൽ വകുപ്പിലെ ഡാക്ടർമാക്ക് ആശുപത്രിയിൽ കിടക്കുന്ന രോഗികാ കൈക്കൂലിക്കൊടുക്കേണ്ടതായിട്ടുണ്ടോ എന്ന് അദ്ദേഹം സദയം പറയുമോ?

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-തെടുമങ്ങാട്): ഡാക്ടർക്ക് കൊടുക്കുന്ന ഫീസ് ഒരു കൈക്കൂലിയല്ലാ. അതിനെക്കാൾ എത്രയോ വലുതാണ്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അവർ ആശുപത്രിയിൽ കിടക്കുമ്പോഴോ?

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-തെടുമങ്ങാട്): എനിക്ക പറവാനുണ്ടായിരുന്നു ഞാൻ പറഞ്ഞു കഴിഞ്ഞു ഡാക്ടർ പ്രക്ഷ്ണൻ പ്രശസ്തനായ ഒരു ദിഷ്ടാന്തനായിരുന്നു എന്നും തിരുവിതാംകൂറിൽ വളരെ കാലമായി ജനങ്ങൾ അദ്ദേഹത്തെ സ്നേഹിച്ചും ബഹുമാനിച്ചും വന്നു എന്നും മറ്റും മി: ഗ്രഫ്പർഡ് പറഞ്ഞതിനാണ് ഞാനും യോജിക്കുന്നു അദ്ദേഹം ഇപ്പോൾ ഇവിടെനിന്നും പോയിരിക്കുന്നസ്ഥിതിക്കു നമുക്ക് അദ്ദേഹത്തിനു മംഗളം ആശംസിക്കാം. മെഡിക്കൽ വകുപ്പിന്റെ ഇപ്പോഴത്തെ ഉദ്യോഗസ്ഥരെ വാഴ്ത്തുവാനായിട്ടോ നയിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നില്ല. മെഡിക്കൽ വകുപ്പിന്റെ ഇപ്പോഴത്തെ അധികൃത ഒരു സ്ത്രീയായതുകൊണ്ടല്ല പക്ഷേ ധാരാളം ഭരണകൗശലതയുള്ള ഒരു വിദ്യുത്തായതുകൊണ്ടാണ് ആ സ്ഥാനത്തു നിയമിക്കപ്പെട്ടിരിക്കുന്നതെന്ന് ഞാൻ പറയാം. ഞാൻ ഒരു ഹിന്ദുവായിരിക്കുന്നതുകൊണ്ടു, ഹിന്ദുമതത്തിൽ വിശ്വസിക്കുന്നു. സ്വർഗ്ഗകാലത്തും സ്വർണ്ണീയമായ ധാർമ്മികബുദ്ധിയോടു കൂടി അഗതിയെന്നോ, കുബേരനെന്നോ, യുവാവെന്നോ, വൃദ്ധനെന്നോ, ഉള്ള വ്യത്യാസമില്ലാതെ ഡാക്ടർ പുന്നൻ ജനങ്ങളെ സഹായിച്ചുവന്നു. എന്നാൽ ഡാക്ടർ പുന്നൻ ഒരു ഇൻസ്പ്നായിരുന്നതുകൊണ്ട് ഡർബാർ ഹിസിസ്ത്യനാക്കുന്നതിനോ മെഡിക്കൽ വകുപ്പു നിരീക്ഷണത്തിനോ അദ്ദേഹത്തിനു സാധിച്ചില്ല. ആളുകൾ ചെയ്യുന്ന സത് പ്രവൃത്തികൾ അവരുടെ മരണശേഷവും ചിലപ്പോൾ നിലനിൽക്കുന്നു. ഒരു ജനറേൽനിറി ആശുപത്രിയുടെ ആവശ്യത്തെപ്പറ്റി കൗൺസിലിൽ ഗവണ്മെന്റിനെ അറിയിച്ചു അതിനിടെ കെട്ടിടങ്ങളുടെ പ്ലാൻ സപ്ലൈ ചെയ്തതും ഡാക്ടർ പുന്നനാണ്. തിരുവിതാംകൂറിലെ ദീനജനങ്ങളുടെ സങ്കടോശാരണത്തിനായി പരിശ്രമിച്ച ആ പ്രശസ്തനായ ദിഷ്ടാന്തരന്റെ പുത്രി, അദ്ദേഹത്തിന്റെ ആശയങ്ങളെ പരിപൂർണ്ണപ്പെടുത്തുന്നതിനു നിയോഗിക്കപ്പെട്ടതുതന്നെ ലോകസംഘടങ്ങളിൽ നാം കണ്ടെന്നിനും കണ്ടുവരുന്ന ദൈവീകധാർമ്മികതത്ത്വത്തിന്റെ ഒരുദാഹരണമാണ്. മെഡിക്കൽ വകുപ്പിന്റെ ഇപ്പോഴത്തെ അധികൃതയുടെ ഭരണകൗശലതയിൽ, തിരുവിതാംകൂറിലെ ദീനജനങ്ങളുടെ കഷ്ടതകൾ അശേഷം നശിച്ചുപോകുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

മി: ജെ. ജാൺ നിധീരി (ചങ്ങനാശ്ശേരി-മീനച്ചിൽ): ഈസഭയുടെ ഒടുവിലായും മെഡിക്കൽവകുപ്പിന്റെ അധികൃതയായും മിസസ്സ് പൂക്കോസിനെ നിയമിച്ചതിൽ നമുക്കെല്ലാ അതിരറ്റ സന്തോഷപ്രകടനത്തിൽ ഇതിനെപ്പറ്റി പ്രസംഗിച്ച മറ്റു സ്നേഹിതന്മാരോടുകൂടി ഞാനും യോജിക്കുന്നു. ഈ സംഭവം സ്ത്രീജനമഹത്തിനങ്ങിനുമാത്രമല്ലാ, നമുക്കും നമ്മുടെ രാജ്യത്തിനും അഭിമാനജനകമാണെന്ന് ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ!

മെഡിക്കൽവകുപ്പിന്റെ പ്രയോജനത്തെ സുവ്യക്തമാക്കണമെന്നുള്ള വിഷയത്തിലേക്ക്, ഈ സഭയുടെ ശ്രദ്ധയെ എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള ആകർഷിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിനെക്കൊണ്ടുള്ള ഉപയോഗം ഇനിയും കൂടുതലാക്കപ്പെടണമെന്നുള്ളതിൽ ഞാൻ അദ്ദേഹത്തോട് പൂർണ്ണമായി യോജിക്കുന്നു. അതിനുദാഹരണമായി ഉദ്ധരിക്കുന്നതിനായിട്ടാണ് തിരുവിതാംകൂറിലെ ഒരു ആവശ്യത്തെ അദ്ദേഹം ഉദ്ധരിച്ചിട്ടുണ്ട്. തിരുവിതാംകൂറിൽ നിന്നും അനേകം ഉദാഹരണങ്ങൾ എനിക്കുദ്ധരിക്കുവാൻ സാധിക്കും. ഞാൻ പ്രതിനിധ്യം വഹിക്കുന്ന നിയോജകമണ്ഡലത്തിൽ ഒരു ഫാസ്പിറലിന്റെയോ ഡിസ്പെൻസറിയുടേയോ അത്യാവശ്യകതയുണ്ടെന്ന് ഇവിടെ അറിയിച്ചുകൊള്ളട്ടെ. സർ, ചങ്ങനാശ്ശേരിയിലും മീനച്ചിലിലും കൂടി ഇരുപതു ചങ്ങനാശ്ശേരിയിലും ആയി മൂന്നു മെഡിക്കൽ സ്ഥാപനങ്ങളും മാത്രമേ ഉള്ളൂ. എന്നാൽ ഈതാലൂക്കുകളും വളരെ വിസ്തീർണ്ണമുള്ളവകളുമാകുന്നു. കുറിച്ചി, ചങ്ങനാശ്ശേരി, കോട്ടയം, പൈക്കം, മൂവാറ്റുപുഴ—ഈ സ്ഥലങ്ങളിലാണ് ചുരുക്കമുള്ള ആശുപത്രികൾ സ്ഥിതിചെയ്യുന്നത് – ഇവകളിൽ തന്നിലുള്ള അകലം വളരെ കൂടുതലായിരിക്കുന്നതുനിമിത്തം ഈ സ്ഥലങ്ങളിലെ അടിയന്തിര ഈപ്രവൃത്തികളുടെ മദ്ധ്യത്തിലുള്ളവർക്ക് ഗവണ്മെന്റിൽ നിന്നും യാതൊരു മെഡിക്കൽ സഹായവും സിദ്ധിക്കുന്നില്ല. മെഡിക്കൽ സഹായത്തിന്റെ അഭാവം നിമിത്തം വളരെ ജനങ്ങൾ മരിച്ചുപോകുന്നതായി എനിക്കറിയാം. പ്രസവം മുതലായ അത്യാവശ്യവിഷയങ്ങളിൽ രോഗിയെ വിദൂരമായ ആശുപത്രികളിലേക്ക കൊണ്ടുപോകുന്നതിനുള്ള ദൈഷമ്യം നിമിത്തം അനേകം മരണങ്ങൾ സംഭവിക്കുന്നു. അതുകൊണ്ട് കുറവിലങ്ങാടായാലും, കോട്ടയിലോ അല്ലെങ്കിൽ അതുപോലെ ഈരണ്ടു സ്ഥലങ്ങളിലേയും മദ്ധ്യത്തിലുള്ള ഏതെങ്കിലും ഒരുസ്ഥലത്തോ ഒരു ആശുപത്രി സ്ഥാപിക്കേണ്ട അത്യാവശ്യകതയെ ഞാൻ ഈസഭയുടേയും ഗവണ്മെന്റിന്റേയും മെഡിക്കൽ വകുപ്പിന്റെയും മന്ത്രിക്ക് വിഷയമാക്കിക്കൊള്ളുന്നു.

മിസസ്സ് മേരി പുന്നൻമുക്കോസ് (സർജ്ജൻ. ഇൻ ചാർജ്ജ്): എന്നെസംബന്ധിച്ച് ഇത്രയുമധികം ദാക്ഷിണ്യപരമായ പ്രസ്താവനകൾ ശേഷം സർ, മിസ്റ്റർ കുമാരപിള്ളയുടെ ഉപക്ഷേപത്തിനു മറുപടിപറയുന്നതിന് മുമ്പു, അതുസംബന്ധിച്ച് ഞാൻ ചിലവാക്കുകൾ പറഞ്ഞുകൊള്ളട്ടെ. ഇതു ഹാർദ്ദമായ ഒരു സ്വാഗതം എനിക്കു നൽകിയതിലേക്ക് ഞാൻ ഈ സഭാംഗങ്ങളോട് അത്യധികം നന്ദിയുള്ളവളാണ്. കഷ്ടതേരം പതിനേഴുകൊല്ലങ്ങൾ മുമ്പു രാജകീയവിദ്യാലയത്തിലെ പ്രഥമവിദ്യാർത്ഥിനിയായി ഞാൻ പ്രവേശിച്ചപ്പോളുണ്ടായിരുന്ന വികാരം തന്നെയാണ് ഞാൻഈസഭയിൽ പ്രവേശിച്ചപ്പോൾ എന്നെ തോന്നിച്ചിരുന്നതു. ഈതെല്ലാ അകാംക്ഷാ സമ്മിശ്രമായ അസ്വാസ്ഥ്യത്തോടും സാമ്യപ്പെടുത്തുന്നതിനുള്ള അവിശ്വാസ്യതയോടും കൂടിയാണ് ഇന്നലെ ഞാനിവിടെ വന്നതു. എന്നെ അത്യധികംധൈര്യപ്പെടുത്തിക്കുന്നതിനുള്ള ഒരു സ്വീകരണമാണ് ഈ സഭ എനിക്കു തന്നതെന്നു ഞാൻ ഓർമ്മിക്കുന്നു. എന്നാലും ഇപ്പോഴും എന്റെ നില പ്രത്യേകതരത്തിലുള്ള ഒന്നാണ്. ഈ രാജ്യത്തെ ഏറ്റവും പ്രമുഖന്മാരായ ഉദ്യോഗസ്ഥന്മാരിൽ അധികം പേർക്കു മിസ്സങ്ങൾക്കു മുമ്പു വളരെ അടുത്തപ്പെട്ടവനും ഏറ്റവും ചുമതലയേറിയ ഒരുസ്ഥാനത്തേക്കാണ് ഞാൻ പോകുന്നത് ക്ഷണിക്കപ്പെട്ടതെന്നോർക്കുമ്പോൾ എത്രമാത്രം

ങ്കിൽ ചോദ്യത്തോടുകൂടിയാണ് ഞാൻ അതു കയ്യൊഴിക്കേണ്ടതെന്നുള്ള പ്രത്യേകം പറയേണ്ട ആവശ്യമില്ല. എനിക്ക് അധികം പരിചയമില്ലാത്ത ഒരു വകുപ്പിനെ സംബന്ധിക്കുന്ന ഉപക്ഷേപങ്ങൾക്ക മറുപടി പറയുന്നതിന് എന്നെ ഈ സമ്മേളനം ക്ഷണിക്കുന്നു. എനിക്കനുവദിച്ചിട്ടുള്ള അല്പകാലത്തിനിടയിൽ സത്യസന്ധതയോടും ശക്തി.സംയുക്തമായും എന്റെ കർത്തവ്യനിഷ്ഠാനം ഞാൻ സാധിച്ചുകൊള്ളാമെന്ന് വിശ്വാസം പ്രസ്താവിക്കുന്നതിനപ്പുറം എനിക്ക് സാധിക്കയുള്ളു. നൈയ്യാമികബുദ്ധിയുടെ രീതിയുച്ചരിപ്പും സംവീക്ഷണചാതുരിയും എനിക്കില്ലാത്തതുകൊണ്ട് നിയമസാംഗങ്ങളാൽ എപ്രകാരം വ്യാഖ്യാനിക്കപ്പെട്ടുമെന്നെനിക്കറിഞ്ഞുകൂടാ. അതുകൊണ്ട് തൃപ്തികരമായ സമാധാനങ്ങൾ പറയുവാൻ എനിക്ക് സാധിക്കുന്നില്ലെങ്കിൽ സഭാംഗങ്ങളുടെ ക്ഷമിഷ്ണുബുദ്ധി എന്നിലുണ്ടായിരിക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. മി: സ്റ്റീഫൻസൺന്റെ നിലയെപ്പറ്റി മി: ടി. കെ. വേലുപ്പിള്ള സൂചിപ്പിച്ചു എന്നോട് അദ്ദേഹം ക്ഷമിക്കുന്നതിൽ അനുഭവം പ്രകടിപ്പിക്കുമെന്ന് എനിക്കറിയാം.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം—നോട്ടമങ്ങാട്ട്): ഇപ്പോഴത്തെ ഡർബാർഹിസിഷ്യൻ തന്റെ ജോലി ശരിയായി നിർവഹിക്കുമെന്നുള്ള വിശ്വാസം എനിക്കുള്ളതുകൊണ്ട് എനിക്ക് ആ മനസിനിയോടു സഹതപിക്കേണ്ട ആവശ്യമില്ല. (ചിരി).

മിസ്സസ്സ് മേരി പുന്നൻ പൂക്കോസ് (നോമിനേറ്റഡ്): ഇപ്പോൾ മിസ്റ്റർ വേലുപ്പിള്ള പറഞ്ഞതു എന്നെ വളരെ അധികം സമാധാനപ്പെടുത്തുന്നു. മെഡിക്കൽ വകുപ്പിലെ മേധാവി എല്ലാവരുടേയും ജ്യേഷ്ഠസഹോദരിയായിരിക്കണം ഒരു കുടുംബമാണ് ഈ സഭ എന്നെനിക്കു തോന്നുന്നു. ജ്യേഷ്ഠസഹോദരി എന്നു ഞാൻ പറയുന്നതു—ദയവുചെയ്ത് എനിക്കതിനെ മാപ്പരുണം—ഔദ്യോഗികാലങ്ങളിൽ വളരെ കനിവുള്ള സഹോദരിക്കും ഉണ്ടാകുവാൻ ഇടയുള്ളതുകൊണ്ടാണ് (മിസ്റ്റർ എ. ഹഗ് വെർഫ് -- കേൾക്കുവിൻ! കേൾക്കുവിൻ!)

മിസ്റ്റർ കുമാരപിള്ളയുടെ ഉപക്ഷേപത്തിൽ രാജ്യത്തിൽ മെഡിക്കൽസഹായം വർദ്ധിപ്പിക്കുന്നതിനും ഒരു ഷധ വിതരണം കുറെക്കൂടി പ്രയോജനകരമാക്കുന്നതിനും ഉള്ള ആവശ്യകതയെപ്പറ്റി അദ്ദേഹം പ്രതിപാദിച്ചു. തിരുവിതാംകൂറിനെ ബറോഡായുമായി താരതമ്യപ്പെടുത്തി ഇവിടെ മെഡിക്കൽ സഹായം വളരെ കുറവായിട്ടേ ഗവണ്മെന്റു നടക്കുന്നുള്ളു എന്നപറഞ്ഞു. വർഷംതോറും ഏകദേശം ഒന്നരലക്ഷം രൂപയോളം നാം ആശുപത്രി സ്ഥാപനങ്ങൾക്കും വൈദ്യശാലകൾക്കുമായി ചിലവാക്കുന്നുണ്ടെന്നും ഇവിടെ അനേകം മിഷ്യൻ ആശുപത്രികളും ഉണ്ടെന്നും നാം ഓർക്കേണ്ടതാണ്. ഈ മിഷ്യൻ ആശുപത്രികളിൽ മരുന്നുകൾക്ക വിലകൊടുക്കേണമെന്നുള്ളതു സമ്മതിച്ചേതീരു. എന്നാലും മെഡിക്കൽസഹായം രാജ്യത്തിന്റെ മുഴുഭാഗത്തും എത്തിക്കുന്നുണ്ടെന്നുള്ളതുമാത്രമാണ് ഞാൻ ഇവിടെ പറയുന്നതു. ഈ വിഷയത്തെപ്പറ്റി വേണ്ട വിധം ഞാൻ പഠിച്ചാലോചിക്കാമെന്നും ഗവണ്മെന്റും വേണ്ട സഹകരണങ്ങൾ ചെയ്യുന്നതുമെന്നും ഞാൻ ഈ സഭയോടു ഉറപ്പുപറയാം. (കേൾക്കുവിൻ! കേൾക്കുവിൻ!),

ആശുപത്രികളിൽ കിടന്നു ചികിത്സിപ്പിക്കുന്ന രോഗികൾ പണം ചിലവാക്കേണ്ടതായി വരുന്നു എന്നു മിസ്റ്റർ എം. എൻ. പിള്ള പറഞ്ഞതായി ഞാൻ വിചാരിക്കുന്നു. ഞാനും അവകളെപ്പറ്റി കേട്ടിട്ടുണ്ട്. എന്നാൽ, സർ, എന്റെ ശ്രദ്ധയിൽ പതിഞ്ഞിട്ടുള്ളപ്പോഴെല്ലാം അത്തരം കുറക്കാരെ ഞാൻ കഠിനമായി ശിക്ഷിച്ചിട്ടുണ്ട്. എനിക്ക ഈ രാജ്യത്തിലെ ഒരു സ്ഥാപനത്തിന്റെ ഭരണം മാത്രമെ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് രാജ്യത്തിലെ മുഴുവൻ സ്ഥാപനങ്ങളിലും നടക്കുന്ന അഴിമതികൾക്ക ഉത്തരം പറയുവാൻ എന്നെക്കൊണ്ട് ഇപ്പോൾ സാധിക്കുകയില്ല.

എന്നാൽ, എനിക്കനുവദിച്ചിട്ടുള്ള സ്വല്പകാലത്തിനിടയിൽ ഈ വകുപ്പിൽ നടക്കുന്ന അഴിമതികൾ എന്റെ ശ്രദ്ധയിൽ പതിയുന്നതായാൽ, അവകളെ എല്ലാം ഞാൻ നിഷ്കർഷയായി ശിക്ഷിക്കുന്നതായിരിക്കും. (കേൾക്കുവിൻ കേൾക്കുവിൻ).

മാലത്തിനും ചങ്ങനാശ്ശേരിക്കും മദ്ധ്യേ ഒരു ആശുപത്രി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് എനിക്കിപ്പോൾ ഒന്നും പറയുവാൻ നിവൃത്തിയില്ല; ഞാൻ മുമ്പു പറഞ്ഞതുപോലെ എന്നാൽ കഴിയുന്നിടത്തോളം ഔഷധസഹായ വിതരണം ചെയ്യുന്നതിൻ ബദ്ധശ്രദ്ധയായിരിക്കുന്നതാണ്.

മി: ടി. കുമാരപിള്ള (ഇരണിയൽ-വിളവംകോട്ട്): ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ.

൨൭൯ മുതൽ ൨൮൭ വരെ

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി: എം. എൻ. പിള്ള

൨൭൯. ഡർബാർഹിസിഷ്യന് അനുവദിച്ചിട്ടുള്ള ൧,൭൫൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണമെന്ന്.

മി: ടി. കുമാരപിള്ള

൨൮൦. സഞ്ചാരപ്പടിക്കനുവദിച്ചിട്ടുള്ള ൧൫,൪൦൦ രൂപായിൽ ൫,൪൦൦ രൂപാ കുറക്കണമെന്ന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള

൨൮൫. യൂറോപ്യൻ ഔഷധങ്ങൾക്കും ശസ്ത്രക്രിയോപകരണങ്ങൾക്കും ആയി അനുവദിച്ചിട്ടുള്ള ൧,൭൫,൫൦൦ രൂപായിൽ ൨൫,൫൦൦ രൂപാ കുറക്കണമെന്ന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള

൨൮൬. കിട്ടപ്പെസാമാനങ്ങൾക്കും വസ്തുക്കൾക്കും ആയി അനുവദിച്ചിട്ടുള്ള ൪,൦൦൦ രൂപായിൽ ൧,൦൦൦ രൂപാ കുറക്കണമെന്ന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള

൨൮൭. ഹസ്സോറൽ ഉദ്യോഗസ്ഥന്മാരുടെ യൂണിഫാരത്തിനനുവദിച്ചിട്ടുള്ള ൫,൦൦൦ രൂപായിൽ ൧,൦൦൦ രൂപാ കുറക്കണമെന്ന്.

മി: ടി. കുഞ്ഞുപിള്ള

ഡവുശ. X-ray എക്സിന്റെ സംരക്ഷണത്തിനും Pumping Plant നും കൂടി അനുവദിച്ചിട്ടുള്ള ക,ഡ ം ം രൂപാ മുഴുവൻ ചെലവു ചെയ്യുന്നതിന്.

മി: ടി. എം. ചിങ്കംബരതാണുപിള്ള

ഡവുഇ. വാടകക്കെട്ടിടങ്ങൾക്കുവേണ്ടി അനുവദിച്ചിട്ടുള്ള ന,ം ം വ രൂപായിൽ ക,ം ം ം രൂപാ കുറക്കുന്നതിന്.

മി: വി. കുഞ്ഞുകൃഷ്ണപിള്ള

ഡവുസ. താണതരം ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വകയിൽ അനുവദിച്ചിട്ടുള്ള ഡവു,സ്യ ം ഡ രൂപായിൽ ക,സ്യ ം ഡ രൂപാ കുറക്കുന്നതിന്.

മി: ടി. കുഞ്ഞുപിള്ള

ഡവുഋ. ഹോസ്പിറൽ ചാർജ്ജും ഡിസ്പെൻസറി ചാർജ്ജും അനുവദിച്ചിട്ടുള്ള ര,ൻസ്,കഡൻ രൂപായിൽ ക ം ം രൂപാ കുറക്കണമെന്ന്.

ഉപക്ഷേപം ഡവുഡ.

മി: സി. ശങ്കരമേനോൻ (കൊല്ലം): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

ഡവുഡ. ഹോസ്പിറലുകൾക്കും ഡിസ്പെൻസറികൾക്കും അനുവദിച്ചിട്ടുള്ള ര,ൻസ്,കഡൻ രൂപായിൽ ക ം ം രൂപാ കുറക്കണമെന്ന്.

ഈ ഉപക്ഷേപം ഹാജരാക്കുന്നതിൽ എനിക്കുള്ളഉദ്ദേശം, മുൻസിപ്പൽ തരത്തിലുള്ള മെഡിക്കൽ സ്ഥാപനങ്ങളെ, തഹസ്ഥാനങ്ങിലെ ഒഴിച്ച്, മുൻസിപ്പലിറികൾക്ക് വിട്ടുകൊടുക്കണമെന്നും പ്രധാന്യപ്പെട്ട മെഡിക്കൽ സ്ഥാപനങ്ങളിൽ ഫാണറി സർജൻമാരേ നിയമിക്കണമെന്നും മെഡിക്കൽ പ്രാക്ടീഷണർമാർക്ക് ഗ്രാന്റ നുവദിച്ചു കൊടുത്തു പ്രോത്സാഹിപ്പിക്കണമെന്നും പറയുന്നതിനു വേണ്ടിയാണ്.

അദ്ധ്യക്ഷൻ: ആ കാര്യം ഡർബാർഫിസിഷ്യനുമായി ആലോചന നടത്തിയിട്ടുണ്ട്. ഇപ്പോഴും അതു ഡർബാർഫിസിഷ്യന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

മി: സി. ശങ്കരമേനോൻ (കൊല്ലം): അങ്ങനെയാണെങ്കിൽ ഈ ഉപക്ഷേപം പിൻവലിക്കുവാൻ ഞാൻ തയാറാണ്.

അദ്ധ്യക്ഷൻ: മെഡിക്കൽ പ്രാക്ടീഷണർമാർക്കു ഗ്രാന്റുകൊടുക്കുന്ന കാര്യത്തെപ്പറ്റി ഡർബാർഫിസിഷ്യനുമായി ആലോചിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. മറ്റുള്ള സംഗതികളും ഡർബാർഫിസിഷ്യനോട് ആലോചിച്ചിട്ടില്ല. അതിനെപ്പറ്റി നിങ്ങൾക്കു പറയുവാനുള്ളതു പറയാം.

മി: സി. ശങ്കരമേനോൻ (കൊല്ലം): മറ്റുള്ള രണ്ടു വിഷയങ്ങളെപ്പറ്റി, അല്പമായിട്ടെന്നെ മുൻസിപ്പൽ അതൃത്തികളിൽ മെഡിക്കൽ സഹായം നൽകേണ്ടതു മുനിസിപ്പാലിറികളുടെ കർത്തവ്യമാണെന്നഭിപ്രായപ്പെടുന്നതുകൊള്ളട്ടെ. ടെടുണിലുള്ള ആളുകൾക്ക് ഔഷധസഹായം ചെയ്യുന്നതിന് അവർക്കുടി ധനവ്യയം ചെയ്യണം. വിദ്യാഭ്യാസത്തെ സംബന്ധിച്ചേടത്തോളം പ്രാഥമികവിദ്യാഭ്യാസം മുനിസിപ്പാലിറികൾ നടത്തണമെന്നാണ് ഗവണ്മെൻറിന്റെ അഭിപ്രായം.

മി: ജെ. ജാൺനിധിരി (ചങ്ങനാശേരി-ഈനാശ്ശു): മെഡിക്കൽ സ്ഥാപനങ്ങളുടെ ചിലവു വഹിക്കുന്നതിനുവേണ്ടി നമ്മുടെ മുനിസിപ്പാലിറികൾ എന്തിനിയിട്ടുണ്ടെന്നാണെന്നു മിസ്റ്റർ ശങ്കരമേനോൻ വിചാരിക്കുന്നതെന്നു എന്നെ അറിയിക്കുമോ?

മി: സി. ശങ്കരമേനോൻ (കൊല്ലം): നാം മുന്നോട്ടുപോകയാണ്, നമുക്ക് ഉത്തരവാദിത്വമുള്ള തരണം വേണം. അതുകൊണ്ട് ഒരു കാര്യത്തിൽ ഒരു പരിശീലനം അത്യാവശ്യമാണ്. അതു വിജയപ്രദമായി അവസാനിക്കുന്നെങ്കിൽ തുടരാമെല്ലോ.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്) ആശുപത്രികളും സർപ്പുധിനിയുമുള്ള ഒരു സ്ഥാപനമാണോ?

മി: സി. ശങ്കരമേനോൻ (കൊല്ലം), ഞാൻ പറയുന്നതു എങ്ങനെന്നാൽ—

മി: ജാൺമാക്കി (പ്ലാന്റേഴ്സ്): ടെടുണിലുള്ള ആളുകളുടെ മേൽ കരം ചുമത്തുന്നതിനും ഒരു മേധി യ്ക്കുപുറമേ സ്ഥാപിക്കുന്നതിനും ആലോചന നടപടിയെടുക്കുന്നതിനെന്ന അറിയിക്കുമോ?

മി: സി. ശങ്കരമേനോൻ (കൊല്ലം): നിശ്ചയമായും ഗവണ്മെൻറും ചിലവു വഹിക്കേണ്ടതുണ്ട്.

മി: ജാൺമക്കി (പ്ലാന്റേഴ്സ്): ജനങ്ങളിൽ കൂടുതൽ കരം കൊടുക്കേണ്ടതായി വരുമോ?

മി: സി. ശങ്കരമേനോൻ (കൊല്ലം): മുനിസിപ്പാലിറി കൊടുക്കണം.

അദ്ധ്യക്ഷൻ: മുനിസിപ്പൽ അതൃത്തികളിലുള്ള ആശുപത്രികളുടേയും മെഡിക്കൽ സ്ഥാപനങ്ങളുടേയും ചിലവു മുനിസിപ്പാലിറിക്ക വിട്ടുകൊടുക്കണമെന്നാണോ നിങ്ങളുടെ അഭിപ്രായം.

മി: സി. ശങ്കരമേനോൻ (കൊല്ലം): ഗവണ്മെൻറും കൂടി സംസത്തികസഹായം ചെയ്യേണ്ടതാണ്.

അദ്ധ്യക്ഷൻ: ഈ സ്ഥാപനങ്ങൾ മുനിസിപ്പാലിറിക്ക വിട്ടുകൊടുത്തിട്ട ഗവണ്മെൻറിൽനിന്നും സഹായധനം കൊടുക്കണമെന്നോ അതോ, ഗവണ്മെൻറുചിലവിൽ നടത്തപ്പെടുന്ന ആശുപത്രികളുടെ ചിലവു മുനിസിപ്പാലിറികളും നടത്തണമെന്നോ വ്യക്തമായ നിങ്ങളാണ് ആവശ്യപ്പെടുന്നതു.

മി: സി. ശങ്കരമേനോൻ (കൊല്ലം): തരണം മുനിസിപ്പാലിറി നടത്തണം. ഗവണ്മെൻറ സഹായധനം കൊടുക്കുകയും വേണം.

മി: വി. സുബ്ബയ്യർ (അഡീഷനൽ ചൈഫ്സെക്രട്ടറിയിൽ): ആശുപത്രിയിൽ നടത്തപ്പെടുന്ന ജോലിക്കളെ പരിശോധിക്കുന്നതു മുനിസിപ്പാലിറിയിൽ ഒരു മെഡിക്കൽ ആഫീസർ ഉണ്ടായിരിക്കുമോ എന്നെന്നെ അറിയിക്കുമോ?

മി: സി. ശങ്കരമേനോൻ (കൊല്ലം): സ്ഥലത്തെ മെഡിക്കൽ ആഫീസർ മുനിസിപ്പാലിറിയുടെ ഒരു മെമ്പറാണ്.

മി: വി. വേണുഗോപാൽ (അഡിഷനൽ ഹെഡ്സക്രട്ടറിമാർ): അദ്ധ്യക്ഷനെന്ന സ്ഥാനം ഒരണക്കത്തെ പരിശോധിക്കണമെന്നാണോ ഉദ്ദേശിക്കുന്നത്?

മി: സി. ശങ്കരമേനോൻ (കൊല്ലം): ഇക്കാര്യത്തിൽ ചെറ്റുള്ളവരുടെയെല്ലാം പക്കൽനിന്നും അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനെപ്പറ്റി ഉപരിചിന്തകൾ ചെയ്യുമോഴാണ്.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): കൊല്ലം ജനറൽ ആശുപത്രിയെടുക്കുക. കൊല്ലത്തെ മെഡിക്കലാഫീസർ അവിടത്തെ മുനിസിപ്പാലിറ്റിയുടേയോ ഗവണ്മെന്റിന്റേയോ ആളുടെ കീഴിലായിരിക്കണമെന്നാണോ മി: ശങ്കരമേനോൻ ആവശ്യപ്പെടുന്നത്.

അദ്ധ്യക്ഷൻ: മുനിസിപ്പാലിറ്റിയുടെ കീഴിലായിരിക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം എന്നാണെനിക്കു തോന്നുന്നത്.

മി: സി. ശങ്കരമേനോൻ (കൊല്ലം): ഭരണംതന്നെ മുനിസിപ്പാലിറ്റിക്കു വിട്ടുകൊടുക്കണം.

മി: ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അപ്പോൾ അദ്ദേഹം താലൂക്കാശുപത്രിയെ മെഡിക്കൽ സർവീസിലായിരിക്കുമോ?

അദ്ധ്യക്ഷൻ: സബ്സിഡി കൊടുക്കണം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): മെഡിക്കൽ സഹായം ധർമ്മമായിട്ടോ ഫീസുകൊടുത്തിട്ടോ എങ്ങിനെ നടക്കുമാണ് ഉദ്ദേശിക്കുന്നതെന്നതെന്നെ അറിയിക്കുമോ?

മി: സി. ശങ്കരമേനോൻ (കൊല്ലം): ഇവയെല്ലാം, ഇവ നടപ്പിൽ വന്നതിനുശേഷം ആലോചിക്കപ്പെടേണ്ടവയാണ്. അതുകൊണ്ട് എന്റെ നിർദ്ദേശത്തെ സംബന്ധിച്ചുള്ള അഭിപ്രായം എന്താണെന്നു മുനിസിപ്പൽ സെക്രട്ടറിയോടു ചോദിക്കണമെന്നും ഗവണ്മെന്റു് ഇതെപ്പറ്റി ആലോചിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

പിന്നീടു പറയുവാനുള്ളതു്, ഹാണറിസെക്രട്ടറിമാരെ നിയമിക്കുന്നതിനെപ്പറ്റിയാണ്. ഇപ്പോൾ മെഡിക്കൽ പ്രാക്ടീഷണർമാർ ധാരാളം ഉണ്ട്. അവർക്ക് എല്ലാപ്രകാരം ഇത്തരം ഹാണറി സെക്രട്ടറിമാരായിരിക്കുന്നതിനെ സമ്മതവും കാണും.

അദ്ധ്യക്ഷൻ: ശമ്പളം കൂടാതെ വന്നു ജോലി ചെയ്യുന്നതിന് അവർക്കു സമ്മതമായിരിക്കുമോ?

മി: സി. ശങ്കരമേനോൻ (കൊല്ലം): ഉവ്വ്.

അദ്ധ്യക്ഷൻ: എന്നാൽ അവർക്കു നാം സ്വാഗതം പറയുന്നു.

മി: സി. ശങ്കരമേനോൻ (കൊല്ലം): അവർ ജോലി ആരംഭിക്കുന്നതിനുമുമ്പായും തയ്യാറുള്ളവരായിരിക്കും.

അദ്ധ്യക്ഷൻ: ഹോസ്പിറ്റലിലെ ഭരണത്തിൽ കടന്നു പ്രവേശിക്കാതെ ഇരിക്കുകയാണെങ്കിൽ, അവർ മനസ്സാലെ വന്നു ശമ്പളമില്ലാതെ ജോലി ചെയ്യുന്നതിനു വിരോധമില്ലെന്നാണ് എനിക്കു തോന്നുന്നത്.

മി: സി. ശങ്കരമേനോൻ (കൊല്ലം): ഇപ്രകാരമുള്ള ക്ലോസിൽ ചെയ്യുവാനുദ്ദേശിക്കുന്നു.

അദ്ധ്യക്ഷൻ: ഇതെത്രമാത്രം വിജയപ്രദമാകുമെന്നുള്ളതു് അറിയുന്നതിനായി ക്ലോസിൽ ഇതു ഭേദഗതി ചെയ്തു വരുന്നുണ്ട്. പ്രാക്ടീഷണർമാർക്ക് ധനസഹായം ചെയ്യുന്നതിനു ക്ലോസ്സായ്ക്കണമെന്നും ആലോചിക്കുവരുന്നുണ്ട്. യൂണിയൻ ബോർഡുകൾക്കു കൂടി പ്രൈവറ്റ പ്രാക്ടീഷണർമാരെ ഹാണറിസെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ട്. പക്ഷേ അതു പല്ലരകമായിട്ടു കാലത്തേക്കുമാത്രമേ നിലനിന്നുള്ളു.

മി: സി. ശങ്കരമേനോൻ (കൊല്ലം) തായ്പൂരം ആശുപത്രിയിൽ രണ്ടു ഹാണറി സെക്രട്ടറിമാരുണ്ടെന്ന് എനിക്കറിയാം.

അദ്ധ്യക്ഷൻ.—അതിനെ വിസമ്മതിക്കുമെന്നെനിക്കു തോന്നുന്നില്ല.

മി: എ. ഹഗ്വെർഫ് (നിയമിച്ച മെമ്പർ) ഈ സെക്രട്ടറിമാർ പണം കൊടുക്കാതെ ശസ്ത്രക്രിയകൾ നടത്തുന്നതിനു സമ്മതമുള്ളവരായിരിക്കുമോ?

മി: സി. ശങ്കരമേനോൻ (കൊല്ലം) ജനങ്ങളുടെ ഗുണത്തിനു പല്ലുപ്പോകുന്നതിനുവേണ്ടി ഈ ഡോക്ടർമാർ തമ്മിൽ മത്സരമുണ്ടാകും. അതുകൊണ്ട് ഇതൊന്നു പരീക്ഷിച്ചു നോക്കേണ്ടതാണ്, ഈ ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിരിക്കുന്നത്.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല) ഞാൻ ഈ ഉപക്ഷേപത്തെ പ്രതിക്ഷേപിക്കുന്നു. മുനിസിപ്പൽ അതുത്തികൾക്കുള്ളിലുള്ള ആശുപത്രികൾ മുനിസിപ്പാലിറ്റികൾക്കു വിട്ടുകൊടുക്കണമെന്നും അവയുടെ ചിലവിൽ കുറേഭാഗം ഗവർണ്മെന്റും കുറേ മുനിസിപ്പാലിറ്റിയും വഹിക്കണമെന്നും എന്റെ സ്നേഹിതൻ പറഞ്ഞു. മുനിസിപ്പൽ സ്ഥാപനങ്ങളിൽ ഇതും പറഞ്ഞു ഒരുകരം കൂടി ചുമത്തുകയാണെങ്കിൽ, മെഡിക്കൽ സഹായം എന്ന വകുപ്പിൽ അതു് ഒരു കൂടുതൽ കരം ആയി മാത്രമേ വിചാരിക്കപ്പെടുകയുള്ളൂ.

മി: സി. ശങ്കരമേനോൻ (കൊല്ലം) അപ്പോൾ ചിലവും കുറേ കൂടുമല്ലോ.

മി: ജോസഫ് പഞ്ഞിക്കാരൻ (ചേർത്തല) ആയവ്യയ നിയന്ത്രണത്തിൽ സംഭവിക്കുന്ന ആ കുറവിനെ എന്തിനായിട്ടാണ് വിനിയോഗിക്കേണ്ടതെന്ന് എന്റെ സ്നേഹിതൻ പറഞ്ഞില്ല. എന്റെ അഭിപ്രായത്തിൽ അതൊരു കൂടുതൽ കരം ചുമത്തലായിട്ടേ വിചാരിക്കപ്പെടുകയുള്ളൂ. ഇപ്പോൾ തന്നെ കരം ചുമത്തപ്പെട്ടുന്നതു് വളരെ കൂടുതലായിട്ടാണ്. ജനങ്ങളുടെ ആരോഗ്യത്തിന്റെ ഒരു വലിയതോതിൽ ഗ്രാമീണപഞ്ചായത്തു അപഹരിച്ചു കളയുന്നു. ഇനിയും ഔഷധസഹായം എന്ന ഇനത്തിൽ മുനിസിപ്പാലിറ്റികൾ കൂടി കരം ചുമത്തി ആളുകളെ കൂടുതൽ ഉപദ്രവിക്കണമെന്നാണ് എന്റെ സ്നേഹിതൻ പറയുന്നതു്. അതുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ പ്രതിക്ഷേപിക്കുന്നു.

എന്നു തന്നെയല്ല, ഫാസ്പിറൽ ഭരണത്തെ മുനിസിപ്പാലിറ്റികൾക്ക് ഇപ്പോൾ വിട്ടുകൊടുക്കുമോ എന്നു് മിസ്റ്റർ നീധീരി മിസ്റ്റർ ശങ്കരമേനോൻ പ്രസ്തുതഉപക്ഷേപത്തെപറ്റി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. മുനിസിപ്പാലിറ്റികളോടും അതിലെ ഭരണാധികാരത്തോടും ഏറ്റവും ബഹുമാനത്തോടുകൂടി, ഏതെങ്കിലും ടൌണിലെ മെഡിക്കൽ സ്ഥാപനങ്ങളുടെ ഭരണം അവകാശം വിട്ടുകൊടുക്കത്തക്ക നിലയിൽ മുനിസിപ്പാലിറ്റികൾ എത്തിയിട്ടില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഈ കാരണങ്ങളാൽ ഈ ഉപക്ഷേപത്തെ ഞാൻ പ്രതിക്ഷേപിക്കുന്നു.

മി: എ. ഹഗ്‌വെർഫ് (ഗവ: നിയമിച്ചുമെംബർ) ഞാനും ഈ ഉപക്ഷേപത്തെ പ്രതിക്ഷിക്കുന്നു. ഈ പുതിയ പ്രസ്ഥാനം സ്വീകരിക്കുന്നതിനാലുണ്ടാകാവുന്ന ഗുണങ്ങളെപ്പറ്റി ഒന്നും തന്നെ മിസ്റ്റർ ശങ്കരമേനോൻ പറയുകണ്ടായില്ല. വളരെ നല്ല രീതിയിലാണ് തിരുവിതാംകൂർ മെഡിക്കൽ വകുപ്പ് നടക്കപ്പെട്ട വരുന്നതു്. പുതിയ ചിലവുചുമ്മാപ്പാടുകൾ എന്തിനാണ് ഇതിൽ കടത്തിപ്രവേശിപ്പിക്കേണ്ടതെന്നു നിശ്ചയിച്ചുകൂടാ. (ചിരി) ഞാനിതിന്റെ സാമ്പത്തികവും ഇതിനെപ്പറ്റി ജനങ്ങൾ വിചാരിക്കുന്നതും അയ രണ്ടു മാർഗങ്ങളിലും കൂടിയാണ് ഇതിനെ സംബീക്ഷണം ചെയ്യുന്നതു്. ഏതൊരു ചിലമുനിസിപ്പാലിറ്റികളിൽ ചില ആശുപത്രികൾ ഉണ്ടെന്നു വിചാരിച്ചു് എന്തിനാണ് നാം അവരെ അനാവശ്യമായി ചെലവാക്കുവാൻ തുടങ്ങുന്നതു്? നല്ലതും ഉത്തമവും ആയുള്ളതുമായ നാം അന്വേഷിച്ചാൽ മതി. മറ്റുള്ള പല പ്രസ്ഥാനങ്ങളിലും എത്രയോ ഗുണകരമായിട്ടുള്ള ഭേദഗതികൾ വരുത്തേണ്ടതായുണ്ട്. ശുദ്ധജലസംഭരണം, ആരോഗ്യസംരക്ഷണം ഇത്യാദിയായ പല സംഗതികളിലും മുനിസിപ്പാലിറ്റികൾ അവയുടെ ശ്രദ്ധപതിപ്പിക്കണം. മെഡിക്കൽ വകുപ്പിനെ വെറുതെ വിട്ടേച്ചാൽമതി. പ്രസ്തുതവകുപ്പിൽ കൂടുതൽ നല്ലുദ്യോഗസ്ഥന്മാരുള്ളതുകൊണ്ട് ഇപ്പോഴത്തെ സ്ഥിതിഭേദപ്പെട്ടുത്തുന്നതു് അനാവശ്യമായിരിക്കും.

മി: സി. ശങ്കരമേനോൻ (കൊല്ലം) പൊതുജനാരോഗ്യവകുപ്പിൽ ഒരു തരം നല്ല ഉദ്യോഗസ്ഥന്മാരിലേയെന്നും എന്നിട്ടും റോഡുകൾ മുനിസിപ്പാലിറ്റികളുടെ അധീനതയിൽ വിട്ടുകൊടുത്തിട്ടില്ലെയെന്നും എന്നെ അറിയിക്കുമോ?

മി: ടി. കുമാരപിള്ള (ഇരണിയൽ—വിളവംകോട്) പ്രസ്തുതറോഡുകളുടെ സംരക്ഷണത്തിനുള്ള ചിലവു ഗവർണ്മെൻറിൽ നിന്നും വഹിക്കുന്നുണ്ടോ?

അദ്ധ്യക്ഷൻ. നിങ്ങൾ ആരോടാണ് ഇതു ചോദിക്കുന്നതു്? ഇപ്പോൾ സഭയുടെ ശ്രദ്ധയെ ആകർഷിക്കുന്നതു് മിസ്റ്റർ ഹഗ്‌വെർഫാണ്.

മി: ടി. കുമാരപിള്ള (ഇരണിയൽ-വിളവംകോട്) ഞാൻ ക്ഷമായാചനം ചെയ്യുന്നു.

മി: ഹഗ്‌വെർഫ് (നിയമിച്ചുമെംബർ) പൊതുജനാരോഗ്യവകുപ്പിൽ വളരെ നല്ല ഒരു തരം ഉദ്യോഗസ്ഥന്മാരാണുള്ളതു്. പൊതുജനാരോഗ്യബഡ്ജറ്റിൽ വളരെ വലിയ ഒരു കുറവു വരുത്തേണ്ടിയിരിക്കുന്ന (ചിരി) അതിനുള്ള സമയം വരുമ്പോൾ നമുക്ക് അവരുടെ വാലും പിടിച്ചു തിരിക്കാം. ഇവിടെ ചിന്തിക്കേണ്ടതു് അതിനെപ്പറ്റിയല്ലാവാലുപിടിച്ചു തിരിച്ചിട്ടും അവർ ശരിയായി ഓടുന്നില്ലെങ്കിൽ പിന്നെ എന്താണ് വേണ്ടതെന്ന് അപ്പോഴാണ് നിശ്ചയിക്കേണ്ടതു്. മെഡിക്കൽ വകുപ്പിൽ ഒരു ശോചനീയമായ ഭാവിയുണ്ട്. ഇപ്പോഴത്തെ സ്ഥിതിഗതികളിൽ നിന്നും നാം വ്യതിയാനം ചെയ്യേണ്ടതുമില്ല. ഞാൻ മുമ്പു തന്നെ പറഞ്ഞതുപോലെ പ്രസ്തുത വകുപ്പ് ഒരു സ്റ്റീയൽ രീതിക്കപ്പെട്ട വരുന്ന ഈ സമയത്തു് അതിന്റെ ശ്രദ്ധഗതിയേയും സുഖദീവിശ്വത്തേയും പ്രതിബന്ധപ്പെടുത്തുന്നതു് നന്നായിരിക്കുകയില്ല. അതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ എതിക്കുന്നു.

മി: ജെ. ജാൺനിധീരി (ചങ്ങനാശ്ശേരി-മീനച്ചൽ) ഈ ഉപക്ഷേപത്തെ പ്രതിക്ഷിക്കേണ്ടതായി വന്നതിൽ എനിക്കു വ്യസനമുണ്ടു്. ഇതു് ജനഭരണത്തിന്റെ കാലമാണെന്നനിക്കറിയാം. നാമെല്ലാവരും തന്നെ സ്വയം ഭരണത്തേയും ഉത്തരവാദിത്വഭരണത്തേയും ഇഷ്ടപ്പെടുന്നു. എന്നാൽ ചിലമുനിസിപ്പാലിറ്റികളെക്കുറിച്ചു് എനിക്ക് സിദ്ധിച്ചിട്ടുള്ള വിവരങ്ങളും വളരെ നിരാശോജനകങ്ങളായിരിക്കുന്നതുകൊണ്ടു് മെഡിക്കൽ സ്ഥാപനങ്ങളുടെ ഭരണം അവർക്കു് വിട്ടുകൊടുക്കുന്നതിനുള്ള കാലം എത്രയും വിദൂരമാണെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ജനങ്ങളുടെ മേൽ കൂടുതൽ കരം ചുമത്തപ്പെടുന്നു എന്നും ജീവസംതോഷം പുതിയ പുതിയ നികുതി ഭാരം ജനങ്ങൾ സഹിക്കേണ്ടതായിവരുന്നു എന്നു നാം ഇപ്പോൾ തന്നെ ആവലാതിപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ പ്രസ്ഥാനം പരീക്ഷിച്ചു നോക്കുകയാണെങ്കിൽ കൂടുതൽ കരവും ഷിർപ്പെടുത്തേണ്ടതായി വരുമെന്നുള്ളതു് നിശ്ചയമാണ് ഈ സ്ഥിതിയിൽ ഈ പരീക്ഷണടത്തുന്നതിനു ഇനിയും കുറെ കാലംകൂടികഴിയേണ്ടതാണെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാനും ഇതിനെ വേറൊരു കാരണത്താൽ പ്രതിക്ഷിക്കുന്നു. ശക്തിയേറിയ ഭരണത്തിൻ കീഴിലും സാധാരണ മരുന്നുകൊടുക്കുമ്പോലും ആശുപത്രികളിൽ മരണനിരക്കു കാണുന്നു. എല്ലാ ദിവസങ്ങളിലും അത്യാവശ്യവും ഏറെറവും പ്രാധാന്യമേറിയതുമായ Epsons Salt മുതലായ മരുന്നുകൊടുക്കുമ്പോലും ആശുപത്രികളിൽ കിട്ടുന്നില്ല. മുനിസിപ്പൽ ഭരണത്തിൻകീഴിൽ ഈ അവസ്ഥകൊണ്ടു ഇതിനെക്കാൾ ശോചനീയമായിരിക്കും. ഗവണ്മെൻറ ഭരണത്തോടും അതു ശക്തിയും മുനിസിപ്പാലിറ്റിഭരണത്തിനു കാണുകയില്ല. ജനങ്ങളുടെ മേൽകരം ചുമത്തേണ്ടിവരുന്നതിനു പുറമെ, മരുന്നുകച്ചവടക്കാരുടെ പക്കൽ നിന്നും മരുന്നുവാങ്ങേണ്ടതായി വരും. അതുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ പ്രതിക്ഷിക്കുന്നു.

മിസസ്സ് മേരി പുന്നൻയൂക്കോസ് (സഞ്ജിയൻ ഇൻചാർജ്): സർ, ഇതിനെപ്പറ്റി അധികം പറയുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ മി: ശങ്കരമേനോനാൽ കൊണ്ടുവരപ്പെട്ട ഉപക്ഷേപം അത്ര ഗഹനമുണ്ട്. ഈ ഭരണം നടത്തുക്കവിധത്തിൽ ഉദ്യോഗസ്ഥന്മാരൊ ധനമൊ മുനിസിപ്പാലിറ്റിക്ക ഉണ്ടാകുമൊ എന്നുള്ളതാണ് എനിക്ക സംശയം. ഇപ്രകാരം വെറും പരീക്ഷ നടത്തുന്നതിനു യോജിക്കാത്തവിധത്തിൽ മനുഷ്യരുടെ ജീവൻ അത്ര വിലയേറിയതാണെന്നു ഞാൻ ധരിച്ചിട്ടുണ്ടു്. (ചിരി) റോഡുകൾ എങ്ങിനെ വേണമെങ്കിലും പരീക്ഷിക്കപ്പെടാം. പക്ഷെ മനുഷ്യജീവിതം അങ്ങിനെ അല്ലാ (ചിരി) പ്രസ്തുത ഉപക്ഷേപത്തെ സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ എന്നെ അറിയിക്കാതെ അതേപ്പറ്റി ഒന്നംതന്നെ കൂടുതലായി പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ലാ.

മി: സി. ശങ്കരമേനോൻ (കൊല്ലം): മറുപടിയായി ഒരുവാക്കു പറഞ്ഞുകൊള്ളട്ടെ. പ്രസ്തുതവിഷയത്തിന്റെ സാമ്പത്തികസ്ഥിതിയും ഇപ്പോൾ ആലോചനാർഹമില്ലാ. മുനിസിപ്പാലിറ്റികളുടെ ഭരണത്തിനു മൂഴുവൻ വിട്ടുകൊടുക്കണമെന്നോ ഗവണ്മെൻറ മുഴുവനുമല്ലെങ്കിലും കുറേയൊ ധനസഹായം ചെയ്യണമെന്നൊ ഉള്ളതല്ല ഇപ്പോൾ വിഷയബന്ധമില്ലാത്തവകളുണ്ട്.

അദ്ധ്യക്ഷൻ: ഗവണ്മെൻറ ഇപ്പോൾ ചെയ്യുന്നതുപോലെ മുഴുവൻ തുകയും ചിലവാക്കേണ്ടതു് എന്നാണ് നിങ്ങൾ വിചാരിക്കുന്നതെങ്കിൽ കുറച്ചധികം എങ്കിലും മുനിസിപ്പാലിറ്റി ചിലവാക്കേണ്ടതായി വരുമെല്ലാ.

മി: സി. ശങ്കരമേനോൻ (കൊല്ലം): പൊതു വഴികളുടെ സംരക്ഷണം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസമേഖലം ഇവകളെല്ലാം ഗവണ്മെൻറു സഹായത്തോടുകൂടി മുനിസിപ്പാലിറ്റികൾ നടത്തുമെങ്കിൽ മെഡിക്കൽ സ്ഥാപനങ്ങൾ മാത്രം ഇവകളിൽനിന്നും വ്യത്യസ്തപ്പെട്ട നിൽക്കുന്നതെങ്ങിനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. മെഡിക്കൽ സഹായവിതരണം നഗരസഭയുടെ പ്രാഥമിക കർത്തവ്യമാണ്.

മി: വി. സുബ്ബയ്യർ (അഡീഷനൽ ഫെഡ് സക്കാർ വക്കീൽ): അയ്യപ്പം മുനിസിപ്പാലിറ്റികളുടെ ഓക്ഷിണ്യപരമായ ഒരു കർത്തവ്യമാണല്ലൊ?

മി: സി. ശങ്കരമേനോൻ (കൊല്ലം): റെഗുലേഷൻപ്രകാരം അതു നിർബന്ധിതമല്ലെന്നു എനിക്കറിയാം.

മി: വി. സുബ്ബയ്യർ (അഡീഷനൽ ഫെഡ് സക്കാർ വക്കീൽ): ഏതെങ്കിലും മുനിസിപ്പാലിറ്റിയുടെ കീഴിൽ ഒരു ആയുർവേദ ആശുപത്രിയെങ്കിലുമുണ്ടോ എന്നൊന്നു അറിയിക്കുമോ?

മി: സി. ശങ്കരമേനോൻ (കൊല്ലം). അങ്ങിനെ ഒരാലോചനയുണ്ട്. അവർ അതിനെപ്പറ്റി ആലോചിക്കുകയാണ്. ചില മുനിസിപ്പാലിറ്റികളെങ്കിലും അതിനേപ്പറ്റി ആലോചിക്കുന്നുണ്ട്.

മി: എ. ഫ്രഗ്വെർഫ് (നിയമിച്ച മെമ്പർ): ഈ നവീനപ്രസ്ഥാനം പ്രവർത്തനത്തിൽനിന്നും എന്തു പ്രയോജനമാണ് കിട്ടുന്നതു? (ചിരി)

മി: സി. ശങ്കരമേനോൻ (കൊല്ലം): നഗരഭരണത്തിനു ഒരുകൂട്ടം ജനങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്നതുകൊണ്ടു അവർക്കു കുറെ അധികാരങ്ങളും നഗരഭരണത്തിനു ശേഷിമാന്മാരാക്കിത്തീർക്കുകയെന്നുള്ളതാണ് ഇതിൽനിന്നും കിട്ടുന്ന ഗുണം.

മി: എ. ഫ്രഗ്വെർഫ് (നിയമിച്ച മെമ്പർ): ഡർബാർഫിസിഷ്യന്റെ പരിശോധന ഉണ്ടായിരിക്കുകയില്ലെ?

മി: സി. ശങ്കരമേനോൻ (കൊല്ലം): അതു ഉപരിചിന്തക്കുള്ള വിഷയമാണ്.

മി: എൻ. രാമകൃഷ്ണപിള്ള (വൈക്കം-ഏറവമാന്തർ): ജോലിയില്ലായ്മയെ സംബന്ധിച്ചു ഒരു വിഷയമാണൊ ഇതു?

മി: സി. ശങ്കരമേനോൻ (കൊല്ലം): സർ, ചില ഗ്രാമങ്ങളുടെ ഭരണം നഗരസഭക്കു വിട്ടുകൊടുക്കാമെങ്കിൽ ഇതുപോലെ പ്രകാരം ചെയ്യപ്പെടാൻ പാടില്ലാത്തതു എന്തുകൊണ്ടാണെന്നു എനിക്കറിവാൻ പാടില്ല.

അദ്ധ്യക്ഷൻ: മി: ശങ്കരമേനോൻ നിങ്ങളുടെ ഉപക്ഷേപത്തെ നിങ്ങൾതന്നെ പ്രബലപ്പെടുത്തുന്നുവൊ?

മി: സി. ശങ്കരമേനോൻ (കൊല്ലം): ഞാൻ പ്രബലപ്പെടുത്തുന്നില്ല.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

അടുത്തദിവസം ക ക-നു ൦ -ന വീണ്ടും സമ്മേളനം ആരംഭിക്കുന്നതിനായി ൪—ക ൪.ന സഭ പിരിഞ്ഞു.

എസ്. പരമേശ്വരയ്യർ,
നിയമസഭാസിക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

രണ്ടാമതത്തെയോഗം കാൻ.

(മാറിവയ്ക്കപ്പെട്ടയോഗം)

കൻറ സെപ്തംബർ 2-ന്നു- റെ ഇതിയാളു

(അഡിഷ്യൽനിപ്പോർട്ട).

സമാധയോഗം പകൽ കൃ അഞ്ചു മിനിട്ടായപ്പോൾ വീണ്ടും വിക്ടോറിയാജൂബിലിടൌൺഹാളിൽകൂടി.

പ്രെസിഡെൻറ അദ്ധ്യക്ഷത്വംവഹിച്ചു.

ചോദ്യങ്ങളും മറുപടികളും.

[കറപംനമ്പർ സ്റ്റാൻഡിംഗ്ഓർഡർഅനുസരിച്ചു പ്രെസിഡൻറ ചെയ്തഉത്തരവു.

ക. ഒരു സമാധയോഗത്തിൽ ചോദിക്കുന്ന ചോദ്യങ്ങളുടേയും പറയുന്ന മറുപടികളുടേയും അച്ചടിച്ചുപ്രതികൾ പ്രെസിഡൻറ സ്ഥാനത്തിലിരിക്കുന്നതിനു കാൽമണിക്കൂറിനുമുമ്പായി സഭയിൽവച്ചു മെമ്പർമാർക്കു കൊടുക്കേണ്ടതാകുന്നു.

ഖ. ചോദ്യങ്ങൾചോദിക്കുകയും മറുപടിപറയുകയും ചെയ്യുന്നതു താഴെ വിവരിക്കുംപ്രകാരം വേണ്ടതാകുന്നു.

ന. സെക്രട്ടറി മാരോപ്രശ്നകർത്താവിൻെറയുംപേരു അതിൽ എഴുതിയിരിക്കുന്നമുറയ്ക്കു വിളിക്കുകയും ചോദ്യത്തിൻെറ ക്രമനമ്പർപറയുകയും മെമ്പർ ഉപപ്രശ്നങ്ങൾ ചോദിക്കുവാൻ തുടങ്ങുമ്പോൾ അദ്ദേഹം സ്ഥാനത്തു എണീറ്റുനിൽക്കുന്നതിനായി വേണ്ട സാവകാശം കൊടുക്കുന്നതിനു മതിയായസമയം നൽകുകയുംചെയ്യണം. ഉപപ്രശ്നങ്ങൾ അവശ്യാവശ്യമായ പ്രധാനചോദ്യങ്ങൾ കഴിഞ്ഞുടൻ ചോദിക്കേണ്ടതാകുന്നു.]

പ്രശ്നങ്ങൾ.

സ്ത്രീകൾക്കുള്ള രാജകീയകാളേജ്.

൫൭. മി. എ. ഹമാർഡ് (ഗവണ്മെൻറ നിയമിച്ചമെംബർ):

(എ) വിദ്യാഭ്യാസഡയറക്ടർ സ്ത്രീകൾക്കുള്ള കാളേജിലെ പ്രിൻസിപ്പാളും ഗ്രൂപാർശചെയ്തതനുസരിച്ചു വെക്കേഷൻസമയത്തു ഫിസിക്സലാബറേറ്ററി അതിനുവേണ്ട സാമഗ്രികൾസഹിതം തയാറാക്കാത്തതിനുള്ള കാരണം എന്താണെന്നു ഗവണ്മെൻറ സഭയം പറയുമോ?

(ബി) ഈ മാറ്റങ്ങളെല്ലാം പൂർത്തിയക്കുന്നതിനുമുൻപു പ്രായോഗികജോലി നടത്തുന്നതിനു സാധിക്കുന്നതല്ലെന്നുള്ളസംഗതി വാസ്തവമാണോ?

(സി) ലേഡിപ്രിൻസിപ്പാൾ ആവശ്യപ്പെട്ടിട്ടുള്ള ബ്ലക്ചർമുറിയും വക്കുംസ്റ്റോർമുറിയും എന്തുകൊണ്ടാണ് കെട്ടിച്ചുകൊടുക്കാത്തതെന്നു ഗവണ്മെൻറ സഭയം പറയുമോ?

(ഡി) ലേഡിപ്രിൻസിപ്പാൾ ഗ്രൂപാർശചെയ്തിട്ടുള്ളതനുസരിച്ചു കാളേജ്തുറക്കുന്നതുമുതൽ കെമിസ്ട്രിലെക്ചറർ എന്തുകൊണ്ടാണ് നിയമിക്കാത്തതു?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറസെക്രട്ടറി): (എ) ലേഡിപ്രിൻസിപ്പാൾ ഇതിനെപ്പറ്റി ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർക്ക് എഴുതീട്ടുള്ളതും അദ്ദേഹം ഇതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിയ്ക്കുന്നതുമാകുന്നു. എന്നാൽ ഗവണ്മെൻറിനു ഈ സംഗതിയെപ്പറ്റി യാതൊരു ഗ്രൂപാർശയും കിട്ടീട്ടില്ല.

(ബി) ഇല്ല.

(സി) കാൻസിലേ പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെൻറിലെ ഓഡ്യൂറിൽ ഇതിലേയ്ക്കു യാതൊരു വ്യവസ്ഥയും ചെയ്തില്ലായിരുന്നു. കാ൦൭-൨മുതലത്തെ കരട ബജെറ്റിലും ഇതിലേക്കുവേണ്ട വ്യവസ്ഥ ചെയ്തിട്ടില്ല.

(ഡി) ഈ സംഗതിയെപ്പറ്റി ആക്ടിംഗ്ഡയറക്ടറുമായി കൂടുതൽ എഴുത്തുകുത്തുകൾ നടത്തേണ്ടിവന്നു, ഇപ്പോൾ അതുസംബന്ധിച്ചുള്ള അവസാനഉത്തരവുകൾ പാസ്സാക്കിട്ടുണ്ടു.

മി. എ. ഹമാർഡ് (ഗവണ്മെൻറനിയമിച്ചമെംബർ):

(എ) ചോദ്യത്തിൻെറ ഉത്തരത്തെസംബന്ധിച്ചു ലേഡിപ്രിൻസിപ്പാൾ ഫിസിക്സ് ലാബറേറ്ററിയെപ്പറ്റി വിദ്യാഭ്യാസഡയറക്ടരോടു ഗ്രൂപാർശചെയ്തതെപ്പോഴാണെന്നു ഗവണ്മെൻറ സഭയം പറയുമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറസെക്രട്ടറി): ലേഡിപ്രിൻസിപ്പാൾ വിദ്യാഭ്യാസഡയറക്ടരോടു ഗ്രൂപാർശചെയ്തതു എപ്പോഴാണെന്നു ഗവണ്മെൻറിനു അറിവില്ല. ലേഡിപ്രിൻസിപ്പാളിൻെറ ഗ്രൂപാർശ പൂർണ്ണവിവരങ്ങളോടുകൂടിയതല്ലായിരുന്നുഎന്നും കൂടുതൽവിവരങ്ങൾ അറിവാനായിട്ടഡയറക്ടർവീണ്ടും ലേഡിപ്രിൻസിപ്പാളിനോടു എഴുതിച്ചോദിക്കേണ്ടിവന്നു എന്നുമുള്ളസംഗതി ഗവണ്മെൻറിനറിയാം.

മി. എ. ഹമാർഡ് (ഗവണ്മെൻറനിയമിച്ചമെംബർ): ഗവണ്മെൻറിൽനിന്നും പറഞ്ഞ ഉത്തരത്തിൽ ആ സംഗതികളെപ്പറ്റിയുള്ള ഗ്രൂപാർശകളൊന്നും കിട്ടിയിട്ടില്ലെന്നുപറഞ്ഞസ്ഥിതിക്കു ഗവണ്മെൻറ എങ്ങിനെയാണ് അതിനെപ്പറ്റിഅറിഞ്ഞതു.

അദ്ധ്യക്ഷൻ. ഡയറക്ടരോടു ചോദിച്ചറിഞ്ഞു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറസെക്രട്ടറി): ആ ജോലികൾ നടത്തേണ്ടുന്നകാര്യത്തെപ്പറ്റി ഡയറക്ടർ ഗ്രൂപാർശകളൊന്നും ചെയ്തിട്ടില്ല.

മി. എ. ഹമാർഡ് (ഗവണ്മെൻറ നിയമിച്ചമെംബർ): ലേഡിപ്രിൻസിപ്പാൾഎപ്പോഴാണ് ഗ്രൂപാർശ ചെയ്തതു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഏതു തീയതിയിലാണെന്ന എനിക്കറിയാൻപാടില്ല. എന്നാൽ ഞാൻ മുമ്പുപറഞ്ഞതുപോലെ ഷെഡ്യൂൾസിപ്പാലിറ്റിയുടെ ഇപ്പോൾ പൂർണ്ണവിവരങ്ങളോടുകൂടിയതല്ലായിരുന്നുഎന്നും അതുകൊണ്ടു ഡയറക്ടർക്കു വിണ്ടും അതിനെപ്പറ്റി എഴുതിച്ചോദിക്കേണ്ടിവന്നു എന്നുള്ള വിവരം എനിയ്ക്കുണ്ടായിരുന്നു.

മി. എ. ഫ്രാൻസിസ് (ഗവണ്മെൻറ് നിയമിച്ചമെംബർ): എപ്പോഴാണ് ഇതെല്ലാം നടന്നത്.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): എനിക്കു അതിനെപ്പറ്റി നല്ല നിശ്ചയമില്ല.

മി. എ. ഫ്രാൻസിസ് (ഗവണ്മെൻറ് നിയമിച്ചമെംബർ): വളരെമുൻപല്ലയോ ഇപ്പോർട്ടുചെയ്യപ്പെട്ടത്.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഗവണ്മെൻറിനു അതിനെപ്പറ്റി യാതൊരറിവുമില്ല.

മി. എ. ഫ്രാൻസിസ് (ഗവണ്മെൻറ് നിയമിച്ചമെംബർ): ഫിസിക്സ്ലാബോറട്ടറി ഇനി ഒരു വർഷത്തേയ്ക്കു തയാറാക്കുകയില്ലെന്ന ഇതിൽനിന്നും അനുമാനിക്കുന്നില്ലയോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഇനി ഒരു കൊല്ലത്തേക്കു ഫിസിക്സ്ലാബോറട്ടറി തയാറാക്കാൻ സാധിക്കുന്നതല്ല.

മി. എ. ഫ്രാൻസിസ് (ഗവണ്മെൻറ് നിയമിച്ചമെംബർ): സി. ചോല്യത്തെസംബന്ധിച്ചു ചെക്ക്ചാർട്ടുകൾ 'ചെക്ക്ലം' സ്ലേറ്റുകൾ എന്നിവ കൈയിലുണ്ടാക്കണമെന്നു എപ്പോഴാണ് ഷെഡ്യൂൾസിപ്പാൽ ആവശ്യപ്പെട്ടതിനു അറിഞ്ഞാൽകൊള്ളാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ഒരു കസേര സ്ഥലത്തുകാണുന്നില്ല.

അദ്ധ്യക്ഷൻ. അവിടെ ഒരു കസേര ഒഴിഞ്ഞുകിടക്കുന്നതായി ഞാൻ കാണുന്നു. അതിൽ ലേബൽ ഒട്ടച്ചിട്ടുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇവിടത്തെ കസേരകളിലെല്ലാം ലേബൽ ഒട്ടിച്ചിട്ടുണ്ട്. അദ്ധ്യക്ഷൻ ഏതുസമയവും ഒഴിഞ്ഞകസേരയിൽഇരിയ്ക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രസിഡൻറ് അതിനടവരിക്കുന്നുഎങ്കിൽ ശരിതന്നെ.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഗവണ്മെൻറിനു യാതൊരുശിപാർശകളും വന്നിട്ടില്ല. എപ്പോഴാണ് ശിപാർശചെയ്യപ്പെട്ടതെന്നും ഗവണ്മെൻറിനു അറിയാൻപാടില്ല.

മി. എ. ഫ്രാൻസിസ് (ഗവണ്മെൻറ് നിയമിച്ചമെംബർ): ഷെഡ്യൂൾസിപ്പാൽ ഡയറക്ടർ ശിപാർശചെയ്തു എപ്പോഴാണെന്നാണ്എങ്കിൽ അറിയേണ്ടതു.

മി എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഞാൻ അതിനെപ്പറ്റി അന്വേഷിക്കാം, അതിനെപ്പറ്റിയുള്ള വിവരങ്ങളൊ ഇപ്പോൾ എൻറെ കൈവശമില്ല.

മി. എ. ഫ്രാൻസിസ് (ഗവണ്മെൻറ് നിയമിച്ചമെംബർ); ഇപ്പോഴത്തെ ബഡ്ജറ്റിൽ അതിന് വ്യവസ്ഥചെയ്യാത്തതു എന്തുകൊണ്ടാണ്.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഈ സംഗതി ബഡ്ജറ്റു തയ്യാറാക്കിക്കഴിഞ്ഞിരുന്ന സമയത്താണ് ഗവണ്മെൻറിൻെറ മോട്ടത്തിൽ വന്നതു. 1940–41ാണ്ടത്തെ ബഡ്ജറ്റിൽ വേറെ ചില സംഗതികൾക്കു വ്യവസ്ഥചെയ്യേണ്ടിയിരുന്നതുകൊണ്ടു ഇതു അത്യാവശ്യമായിട്ടുള്ളതല്ലെന്നു ഗവണ്മെൻറ് വിചാരിച്ചു.

മി. എ. ഫ്രാൻസിസ് (ഗവണ്മെൻറ് നിയമിച്ചമെംബർ): ഡി. ചോല്യത്തിൻെറ ഉത്തരത്തെസംബന്ധിച്ചു എപ്പോഴാണു ശിപാർശ ചെയ്യപ്പെട്ടതെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി:) ജൂൺമാസത്തിലാണ് ശിപാർശ ചെയ്യപ്പെട്ടതെന്നു എനിക്കു തോന്നുന്നു. അതിനെസംബന്ധിച്ചു കൂടുതൽ എഴുത്തുകുത്തുകൾ നടത്തേണ്ടിവരികയും ഫൻറ് ശ്രദ്ധയിൽമാസം അവസാനം ഉത്തരവുകൾ അയക്കുകയും ചെയ്തു.

മി. എ. ഫ്രാൻസിസ് (ഗവണ്മെൻറ് നിയമിച്ചമെംബർ): ആ ഉത്തരവിൻെറ സ്വഭാവമെന്താണ്? ഷെഡ്യൂൾ സ്ട്രിക്ചർ നിയമിച്ചുവോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതേ മി. ഫെൻ എന്ന ആളിനെ ആ ജോലിയ്ക്കു നിയമിക്കപ്പെട്ടു.

ഉപ്പിൻെറ തരം പരിശോധിക്കുന്നതിനു,

൨൬. മി. എം. ഫ്രാൻസിസ് (ഗവണ്മെൻറ് നിയമിച്ചമെംബർ).

(എ) ഉപ്പു ഉപയോഗത്തിനു തക്കതായിരിക്കണമെങ്കിൽ എതു ഡിഗ്രിയുള്ളപ്പോഴാണ് എടുക്കേണ്ടതു.

(ബി) തങ്കശ്ശേരിമുതൽതാഴോട്ടുള്ള അളവുകളിൽ എതു ഡിഗ്രിയുള്ളപ്പോഴാണ് എടുക്കുന്നതു.

(സി) സമുദ്രം അതിൽ കൂടുതലും ഡിഗ്രിയുള്ളപ്പോൾ ഉപ്പു എടുത്താൽ അതു ഉപയോഗത്തിനുകൊള്ളുമോ?

(ഡി) ഉപ്പു എടുക്കുന്നതിനു മുൻപു ഓരോ പ്രാവശ്യവും പരിശോധിക്കാറുണ്ടോ?

(ഇ) അപ്രകാരം ചെയ്യുന്നുണ്ടെങ്കിൽ എക്സൈസ് കമ്മീഷണരും അസിസ്റ്റൻറ് കമ്മീഷണർമാരും എപ്രാവശ്യം ഉപ്പുവയലും പരിശോധിച്ചിട്ടുണ്ട്. അതിനെസംബന്ധിച്ചുള്ള കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ അവ എന്തെല്ലാമാണ്?

(എഫ്) പരിശോധന നടത്തിവരുന്നുണ്ടെങ്കിൽ അങ്ങിനെ ചെയ്യുന്നതു ഇൻസ്പെക്ടരാണോ അതോ അതിനുവേണ്ടി പ്രത്യേകം നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരോ?

(ജി) അസിസ്റ്റൻറ് കമ്മീഷണരും എക്സൈസ്കമ്മീഷണരും അവിടെ ഉപയോഗിക്കുന്നതു "ഹൈഡ്രോമീറ്റർ" ശരിയായിട്ടുള്ളതാണോ എന്നും അവയെ ശരിയായി ഉപയോഗിക്കുന്നുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ?

(എച്ച്) ഇൻസ്പെക്ടർ ഒരു ദിവസം പരിശോധിക്കേണ്ട പാത്തികം ഇത്രയെന്നുള്ളതിന് വല്ല നിബന്ധനകളും ഉണ്ടോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ൫൫ മുതൽ ൫൦ വരേയുള്ളഡിഗ്രികളിൽ എടുക്കുന്ന ഉപ്പു കുഹാരസാധനമായി ഉപയോഗിക്കാമെന്നാണ് ഒരു നിയമം ഉള്ളത്. എന്നാൽ ൫൦ മുതൽ ൫൫ വരെയുള്ള ഡിഗ്രികളിൽ എടുക്കുന്ന ഉപ്പും ഉപയോഗിക്കത്തക്കതാണെന്നു അനുഭവംകൊണ്ടു മനസ്സിലായിട്ടുണ്ട്.

(ജി) താമരക്കുളം, പഴയ അളും രാജാക്കമംഗലം എന്നിവ ഒഴിച്ചു തെക്കൻതിരുവിതാംകൂറിലെ മറ്റുള്ള അളങ്ങളിലെല്ലാം ൫൫ ഡിഗ്രിയിൽ ഉപ്പു എടുക്കുന്നു. ഈ രണ്ടു അളങ്ങളിലും ൫൦-നും ൫൫-നും മദ്ധ്യേയാണ് എടുക്കുന്നതു്.

(സി) ൫൫ ഡിഗ്രിയുള്ള ഉപ്പു ഉപയോഗിക്കുകതന്നെയാണ്, ൫൫ ഡിഗ്രിയിൽ കൂടുതലുള്ള ഉപ്പു എടുക്കുന്നില്ല.

(ഡി) അതേ.

(ഇ) മാസത്തിൽ പല ദിവസങ്ങളിലും അസിസ്റ്റൻറ് കമ്മീഷണർ ഉപ്പുവെള്ളം പരിശോധിക്കുകയും സ്ക്രൂപ്പിംഗ് രജിസ്റ്ററിൽ പരിശോധനഫലത്തെ കുറിയ്ക്കുകയും ചെയ്യുന്നു. എക്സൈസ് കമ്മീഷണർ അളങ്ങൾ പരിശോധിക്കുവാൻ പോകുന്ന സമയങ്ങളിൽ ഉപ്പു വെള്ളത്തേയും പരിശോധിക്കുവതിവാണ്.

(എഫ്) ഇൻസ്പെക്ടരാലും പൊറിഓഫീസർമാരാലും പരിശോധന നടത്തപ്പെടുന്നു:

(ജി) അതേ.

(എച്ച്) അതിന് പ്രത്യേകിച്ചു ചട്ടങ്ങളൊന്നുമില്ല. ഇൻസ്പെക്ടരും പൊറിഓഫീസർമാരും ഇരു പാത്തികവും പരിശോധിക്കുകതന്നെ അസിസ്റ്റൻറ് കമ്മീഷണർ ക്ലിപ്പപ്പെടുത്തുന്നു. പൊറി ഓഫീസർമാർപരിശോധിച്ച പാത്തികളിൽ ൫൦ ശതമാനം പാത്തികളെ ഇൻസ്പെക്ടർവീണ്ടും പരിശോധിക്കുന്നു.

മി. ഫ്. ഹ്രോവർഫ് (ഗവണ്മെൻറ് നിയമിച്ച മെംബർ): താമരക്കുളം പഴയ അളത്തിൽ ൫൫-നും അതിൽകൂടുതലും ഡിഗ്രികളിൽ ഉപ്പു എടുക്കുന്നില്ലെന്നു ഗവണ്മെൻറിനു ഉറപ്പുപറയാമോ?

മി. എസ്സ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി); അതിൻറെ ഉത്തരം ബി. എന്നു ഓർത്തുതന്നെ ഉണ്ട്. എക്സൈസ് കമ്മിഷണർ ഗവണ്മെൻറിനു കൊടുത്തിട്ടുള്ളതിലും കൂടുതലായ ഉറപ്പു എനിയ്ക്കു മി. ഹ്രോവർഫിനു കൊടുക്കുവാൻ സാധിക്കുകയില്ല.

പോലീസ് ഉദ്യോഗസ്ഥന്മാരെ ഓരോ സ്ഥലങ്ങളിൽ നിയമിക്കുന്നുണ്ട്.

൭൯. മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): (എ) പോലീസ് ഉദ്യോഗസ്ഥന്മാരെ മൂന്നു കോല്ലങ്ങളിൽകൂടുതൽ ഒരു സ്ഥലത്തു വച്ചിരിക്കുന്നതു ന്യായമാണെന്നു ഗവണ്മെൻറു വിചാരിയ്ക്കുന്നുണ്ടോ?

(ബി) മൂന്നു കോല്ലങ്ങളിൽ കൂടുതലായി ഒരേ സ്ഥലത്തുതന്നെ പോലീസ് ഉദ്യോഗസ്ഥന്മാരെവച്ചു കൊണ്ടിരിക്കുന്നതായി വല്ല ദൃഷ്ടാന്തങ്ങളും ഉണ്ടോ?

(സി) മൂന്നു കൊല്ലങ്ങളിൽകൂടുതൽ ഒരേസ്ഥലത്തുതന്നെ പോലീസ് ആഫീസർമാരെ വല്ലസ്ഥലങ്ങളിലും വച്ചുകൊണ്ടിരുന്നിട്ടുണ്ടെങ്കിൽ അതിനുള്ളകാരണസഹിതം ഒരു ലിസ്റ്റ് ദയവുചെയ്തു ഗവണ്മെൻറ് മേശപ്പുറത്തുവയ്ക്കുമോ?

(ഡി) ആ മാതിരി ഉദ്യോഗസ്ഥന്മാരെ അവരുടെ സ്വദേശങ്ങളിൽ ആക്കിട്ടുണ്ടെങ്കിൽ അവരുടെ പേരുകളുടെ പ്രത്യേകം ഗവണ്മെൻറ് പറയുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ് സെക്രട്ടറി):

(എ) അതു് അഭിപ്രായത്തെ അടിസ്ഥാനമാക്കിട്ടുള്ള സംഗതിയാണ്.

(ബി) അതേ.

(സി) * ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടർ മി. ആർ. അച്യുതൻപിള്ളയെ മാത്രമാണ് മൂന്നവർഷങ്ങളിൽകൂടുതലായി അദ്ദേഹത്തിൻറെസ്വദേശത്തുതന്നെ വച്ചുകൊണ്ടിരുന്നിട്ടുള്ളതു്.

൮൦. മുൻസിപ്പലാക്കോർപ്പറേഷനുകളിലെ ഫെഡ്യൂമസ്ഥന്മാരുടെ ജാതി അനുസരിച്ചുള്ള പട്ടിക.

മി. തരിയൂ കുഞ്ഞിക്കൊമ്മൻ (മൂവാറ്റുപുഴ) സംസ്ഥാനത്തുള്ള മുൻസിപ്പലാക്കോർപ്പറേഷനുകളിലെ ഫെഡ്യൂസ്ഥന്മാരെപ്പറ്റിയുള്ള ഒരു ജാതിഅനുസരിച്ചുള്ള പട്ടിക, ഗവണ്മെൻറു ദയവുചെയ്തു മേശമേൽവയ്ക്കുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ് സെക്രട്ടറി):

ബ്രാഹ്മണൻ	...	൯൫
നായന്മാർ	...	൫൦
ക്രൂസ്ത്യാനികൾ	...	൭
ഇതരഹിന്ദുക്കൾ	...	൫

തിരുവനന്തപുരത്തു വിളക്കടകൊള്ളത്തെ

൮൫. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) വിദ്യുച്ഛക്തികൊണ്ടു ഈ പട്ടണത്തിൽ വിളക്കുകൊളുത്തുന്നതിനെസംബന്ധിച്ചു ഗവണ്മെൻറു വല്ല പദ്ധതിയും ആലോചിച്ചിട്ടുണ്ടോ,

(ബി), പട്ടണത്തിൽ വിളക്കുകൊളുത്തൽ വളരെ ശോചനീയമായ സ്ഥിതിയിലിരിക്കുന്നു എന്നും അതിനെപ്പറ്റി പൊതുജനങ്ങളിൽനിന്നും വളരെ പരാതികൾ പൊട്ടിപ്പുറപ്പെട്ടിട്ടും അധികൃതന്മാർ അതിനുവേണ്ട നടപടികൾ നടത്തിട്ടില്ലെന്നുള്ളവിവരം ഗവണ്മെൻററിഞ്ഞിട്ടുണ്ടോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറു ചീഫ് സെക്രട്ടറി):

(എ) ഉണ്ട് വ്യവസായഎൻജിനിയർ തയാറാക്കിയ ഒരു പദ്ധതി ഇപ്പോൾ ആലോചനയിലിരിക്കുന്നു.

* താഴെയുള്ള അനുബന്ധം നോക്കുക

(ബി) ഇപ്പോഴുള്ള വിളക്കുകളെല്ലാം ശരിയായവിധത്തിൽ കൊളുത്തിവരുന്നുണ്ടോ എന്നു റിപ്പോർട്ട കിട്ടിട്ടുണ്ട്.

മി. എം. എൻ പിള്ള (തിരുവനന്തപുരം): തിരുവനന്തപുരം പട്ടണത്തിൽ വിളക്ക് തെളിക്കുവിളക്കും നടപ്പിൽ വരുത്തുവാൻ എത്രകാലം വേണ്ടിവരുമെന്നു പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ ചീഫ് സെക്രട്ടറി): തിരുവനന്തപുരം പട്ടണത്തിൽ വിളക്ക് തെളിക്കുവിളക്കും പൂർത്തിയാക്കുവാൻ എപ്പോൾ സാധിക്കുമെന്നു തീർച്ചപറയാൻ ഗവണ്മെന്റിനു സാധിക്കുകയില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): തിരുവനന്തപുരത്തുള്ള ഗ്യാസ് വിളക്കുകളിലേക്കു ഒരുപ്രത്യേക ചെലവെന്തൊക്കെന്നു ഗവണ്മെന്റ സഭയെ പറയുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു ഒരു ഉപപ്രശ്നമല്ല.

അദ്ധ്യക്ഷൻ. കൃഷ്ണപിള്ള: അതേ. നിങ്ങൾക്കു കഴിയുമെങ്കിൽ ഉത്തരംപറയാം.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതുസംബന്ധിച്ചുള്ള വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല. മെംബർ അതറിയുന്നപക്ഷം വിവരങ്ങൾ വരുത്താം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗ്യാസുവിളക്കുകൾ വളരെ ചെലവുള്ളവയാണെന്നും, സാധാരണ മണ്ണെണ്ണവിളക്കുകളെക്കാളും അഞ്ചുമടങ്ങു ചെലവുള്ളിടിയവയാണെന്നും ഗവണ്മെന്റിനറിയാമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതിനെപ്പറ്റി എനിക്കറിയാൻപാടില്ലാ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗ്യാസ് വിളക്കുകൊളുത്തുന്നതു നിരുത്സാഹപ്പെടുത്തുവാൻ വല്ല അഭിപ്രായങ്ങളും ഉണ്ടോ ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ ചീഫ് സെക്രട്ടറി): വിളക്ക് തെളിക്കുവിളക്കുകൾ നടപ്പിൽ വരുന്ന പക്ഷം ഗ്യാസുവിളക്കുകൾ വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ലല്ലൊ?

മി. എൻ. പിള്ള (തിരുവനന്തപുരം): വക്കീഷാപ്പുകമ്മിറ്റിക്കാരുടെ റിപ്പോർട്ട ഗവണ്മെന്റിനു കിട്ടീട്ടില്ലയോ ?

മി. ആർ. കൃഷ്ണപിള്ള. ഗവണ്മെന്റ (ചീഫ് സെക്രട്ടറി): ഉണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗവണ്മെന്റ അതിനെ വായിച്ചുനോക്കിയോ ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇല്ലാ.

മി. എം. എൻ. പിള്ള. (തിരുവനന്തപുരം): മണ്ണെണ്ണവിളക്കുകളിലെ മിക്ക ചിമ്മിണികളും ഉടഞ്ഞവയാണെന്നു ഗവണ്മെന്റിനറിയാമോ? ഇപ്പോഴുള്ള വിളക്കുകളെല്ലാം ശരിയായവിധത്തിൽ കൊളുത്തിവരുന്നു എന്നു ഗവണ്മെന്റുത്തരത്തിൽ കാണുന്നു.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതിനെപ്പറ്റി എനിക്കറിവില്ല.

അനുബന്ധം.

വൻ—ാമത്തെ ചോദ്യത്തിനുത്തരം.

ഇപ്പോഴത്തെ ജോലിസ്ഥലത്തു മൂന്നുവർഷത്തിൽ കൂടുതലായി ജോലിനോക്കിവരുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റ്.

	പേരു	സ്ഥലം	സ്ഥലത്തുവച്ചുകൊണ്ടിരിക്കുന്നുള്ളകാരണം.
ക.	ഇ. വി. മുഹമ്മദാഹം	കൊല്ലം	
ഖ.	ആർ. അച്യുതൻപിള്ള	തിരുവനന്തപുരം	ഇവർ പ്രോസിക്യൂട്ടിങ്ങ് ഇൻസ്പെക്ടർമാർ
ഗ.	പി. കൃഷ്ണമേനോൻ	നാഗർകോവിൽ	
ഘ.	വി. ശിവശങ്കരപിള്ള	തിരുവനന്തപുരം	നിസർ ഇൻസ്പെക്ടരുടെ ജോലിനോക്കിവരുന്നു
ങ.	എം. സി. ഫിലിപ്പ	കോതമംഗലം	ഇല്ലേഹത്തിന്റെപേരിൽ പരാതികേട്ടാൻമാത്രമല്ല റിപ്പോർട്ട ചെയ്യപ്പെട്ടിട്ടുണ്ട്.

മേശമേൽവച്ച സ്റ്റേറ്റുമെന്റ.

മി. കെ. ജോസ് (ഫൈനാൻഷ്യൽസെക്രട്ടറി): കൗൺസിലെ ജലപ്രളയക്ഷാമനിവാരണത്തിനായി പലവകയെന്ന ഇനത്തിൽ കണക്കാക്കപ്പെട്ടിട്ടും XXII-ം ഡിമാൻഡപ്രകാരം കൗൺസിയമസഭാ റൂൾ ഷേൻ II സെക്ഷൻ കന്നു (൯) പ്രകാരം ഗവണ്മെന്റിൽ നിന്നും അനുവദിച്ചിട്ടുള്ള രൂ൯൦൦ രൂപായുടെ ചെലവു സ്റ്റേറ്റുമെൻറും നിയമസഭാ ടേബിൾ അനുസരിച്ചു ഞാൻ മേശമേൽ വയ്ക്കുന്നു.

	ലഭിച്ചരൂപാ	വിശദീകരണം
ഡിമാൻഡ് XXII പലവക	രൂ൯൦൦	ജലപ്രളയക്ഷാമനിവാരണത്തിനായി സംസ്ഥാനഫണ്ടിൽ നിന്നും അനുവദിച്ചുകിട

ചെലവുകൾക്കു പണം അനുവദിക്കുന്നതിനുള്ള ഡിമാൻഡുകൾ (തുടർച്ച).

ഡിമാൻഡ് XV മെഡിക്കൽവകുപ്പു (തുടർച്ച).

വോട്ടുമുതൽ വൻ ക വരെയുള്ള പ്രമേയങ്ങൾ.

താഴെപ്പറയുന്ന പ്രമേയങ്ങളെല്ലാം ഹാജരാക്കപ്പെട്ടിട്ടില്ല:—

മി. എം. എൻ. പിള്ള. വോട്ട് അക്കൗണ്ടിലുൾപ്പെടുത്തുകയും ഡിസ്പെൻസറികൾക്കുമായി നീക്കിവച്ചിട്ടുള്ള രൂ൯൫൦൦ രൂപായിൽ കുറയ്ക്കണം.

മി. എൻ. കുമാരൻ. വൻ ബ്രാഞ്ചിറിയാളജിക്കൽ ലാബൊറേട്ടറിവകയ്ക്കു നീക്കിവച്ചിട്ടുള്ള കന്നു൫൦൦ രൂപായിൽനിന്നും കുറയ്ക്കണം.

മി. റാവി. കുമാരപിള്ള. വൻ കസ്റ്റക്ടർ ഇൻവെസ്റ്റിഗേഷൻ ആഫീസുകൾക്കായി നീക്കിവച്ചിട്ടുള്ള കുരു൫൦൦ രൂപയെ വെട്ടിക്കുറയ്ക്കണം.

പ്രമേയം വൻവ.

മി. എം. ആർ. മാധവമേനോൻ (ചെങ്ങന്നൂർ-പത്തനംതിട്ട): സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം സമർപ്പിച്ചുകൊള്ളുന്നു:—

വൻവ ഡിമാൻഡ്സ് XV-മത്തെ നീക്കിവച്ചിട്ടുള്ള മുഴുവൻതുകയായ ൩൦൦ ലക്ഷം രൂപയിൽ നിന്നും കുറയ്ക്കണം.

മെഡിക്കൽ, സാനിട്ടറി എന്നി ഡിപ്പാർട്ടുമെൻറുകളെ ഒന്നിച്ചുചേർക്കേണമെന്നുള്ള അഭിപ്രായത്തെപ്പറ്റി ആലോചിക്കുന്നതിനായിട്ടാണ് ഞാൻ ഈ പ്രമേയത്തെ ഹാജരാക്കിയിട്ടുള്ളത്. ഇപ്പോൾ ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും പ്രത്യേകമായിരിക്കയും, ഇവയുടെ മേൽനോട്ടത്തിനായി വളരെ ശമ്പളമുള്ളതായുള്ള രണ്ടു ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതും ആകുന്നു. ക്രമം—ഇതുവരെയുള്ള ബഡ്ജറ്റിൽ ഡിബാർഹിസിഷ്യൻറെ ആപ്പീസിലേക്കുമാത്രം അനുവദിച്ചിട്ടുള്ള തുക ൩൫,൪൦൦, സാനിട്ടറികമ്മിഷണരുടെ ആപ്പീസിലേക്ക് അനുവദിച്ചിട്ടുള്ളതുക ൧൪,൯൫൦—, ആകുന്നു. ഒരു അസിസ്റ്റൻറിൻെറ സഹായത്താൽ ഡർബാർഹിസിഷ്യന് ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളുടെയും മേൽനോട്ടം നടത്തുവാൻ സാധിക്കുമെന്നും ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളേയും യോജിപ്പിക്കുന്നതുകൊണ്ട് ഇപ്പോൾ ഉണ്ടായിരിക്കുന്ന ചില കുറവുകൾ തീരുമെന്നുമാണ് എൻെറ വാദം. ൧൮൯൦-മാണ്ടു സാനിട്ടറി ഡിപ്പാർട്ടുമെൻറ് "വാക്സിനേഷൻ" ഡിപ്പാർട്ടുമെൻറ് എന്ന അഭിധാനത്തിൽ ആരംഭിക്കുകയും അക്കാലത്തു അതു ഡർബാർഹിസിഷ്യൻറെ കീഴിൽ വയ്ക്കപ്പെടുകയും ചെയ്തിരുന്നു. ൧൮൯൦-മാണ്ടു ഗവണ്മെൻറ് ഇപ്രകാരമുള്ള പരിഷ്കരണത്തിൻെറ അഭിപ്രായമായി "കൊവെറൻസ്സാറിസ്റ്റിക്സ്" (ജനനമരണങ്ങൾ) രജിസ്റ്റർചെയ്യുന്നതിൻെറ പ്രാധാന്യത്തെയും മനസ്സിലാക്കുകയും, ഉദ്യോഗസ്ഥന്മാരുടെ ആ കണക്കുകൾ ശേഖരിച്ചു രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട ഫിർപ്പാടുകൾ ചെയ്യുകയും ചെയ്തു. ആ ജോലികളെയെല്ലാം ഒരാളുടെ കീഴിൽ കൊണ്ടുവരുന്നതിനായി, സാനിട്ടറി കമ്മീഷണർ എന്ന പേരോടുകൂടി ഒരു ഉദ്യോഗസ്ഥനെ നിയമിക്കുകയും, അദ്ദേഹത്തിൻെറ കീഴിൽ ഇപ്പോൾ ഉള്ള കൺസർവൻസി ജോലിക്കാരെ, വാക്സിനേഷൻ ഡിപ്പാർട്ടുമെൻറോടുകൂടി സാനിട്ടറികമ്മീഷണരുടെ കീഴിൽ ആക്കുകയും ചെയ്തു. ക്രമേണ, മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻെറ സഹായത്തോടുകൂടി സാംക്രമികരോഗങ്ങളുടെ പരക്കാതെ സൂക്ഷിക്കേണ്ടുന്ന ജോലിയെ അദ്ദേഹത്തെ ഏല്പിച്ചു. ആദ്യത്തെ സാനിട്ടറികമ്മിഷണർ മി. എൻ. സുബ്രഹ്മണ്യഅയ്യരും, അദ്ദേഹത്തിന് ശേഷം മി. എം. എസ്സ്. കൃഷ്ണത്തി അയ്യരും ആയിരുന്നു. അതിൽപിന്നീടു ഈ ജോലികളെല്ലാം ഒരുവയുടെ നടപടിൽ ചില ഭേദഗതികളോടുകൂടി, സാനിട്ടറി ഡിപ്പാർട്ടുമെൻറുകാർ തന്നെ നടത്തിവന്നു. സാനിട്ടറി ഡിപ്പാർട്ടുമെൻറ് പരിഷ്കരണത്തിന് ശേഷം, വാക്സിനേഷൻ ഇൻസ്പെക്ടറന്മാർക്ക് കൺസർവൻസിജോലിക്കാരുടെ മേലധികാരങ്ങളെടുത്തു കളയുകയും, സംസ്ഥാനത്തിൽ സാംക്രമികരോഗങ്ങളും പരക്കാതെ സൂക്ഷിക്കേണ്ടുന്ന ചുമതലയെ അവരെ ഏല്പിക്കുകയും സാനിട്ടറി ആഫീസറന്മാർ എന്ന പേരെ അവർക്ക് നല്കുകയും ചെയ്തു.

ഇപ്പോൾ സാനിട്ടറി ഡിപ്പാർട്ടുമെൻറുകാരുടെ പ്രധാനജോലി വസൂരികുത്തിവയ്ക്കുകയാകുന്നു. നാട്ടുപ്രദേശങ്ങൾ, ചന്തകൾ, മുതലായവയുടെ ശുചീകരണം, ജനനമരണക്കണക്കെടുക്കൽ, ദേഹസ്വത്തിനുള്ള നിയമങ്ങളെ ജനങ്ങളുടെ ഇടയിൽ പരത്തുക, എന്നിവയാകുന്നു. ഇവരുടെ മറ്റുള്ളജോലികൾ ഗോവസൂരികുത്തിവയ്ക്കുന്ന ഫിർപ്പാട് നിർബ്ബന്ധമായി വച്ചിട്ടുള്ള മുൻസിപ്പൽപട്ടണങ്ങളിൽ പ്രത്യേകം വാക്സിനേറർമാരെ മുൻസിപ്പാധിറിയിൽ നിന്നുതന്നെ നിയമിച്ചിട്ടുണ്ട്. എസ്റ്റേറുകളിലും മറ്റുസ്ഥലങ്ങളിലും വസൂരികുത്തിവയ്ക്കുന്ന ജോലി മെഡിക്കൽ ഉദ്യോഗസ്ഥന്മാർ തന്നെ നടത്തിവരുന്നു. ഗോവസൂരികുത്തിവയ്ക്കൽ നിർബ്ബന്ധമാക്കിയിട്ടില്ലാത്ത സ്ഥലങ്ങളിൽ സാനിട്ടറിഡിപ്പാർട്ടുമെൻറുകാർക്ക് വലിയ ജോലികൾ ഒന്നുമില്ല. സാനിട്ടറിഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെസ്ഥിതിയിൽ ഡിപ്പാർട്ടുമെൻറിൽ വിദഗ്ധനായ ഡാക്ടർകം സാമഗ്രികകളും ഇല്ലാത്തതുകൊണ്ട് സാംക്രമികരോഗങ്ങളെ തടയുന്നതിന് അതിന് സാധിക്കുന്നില്ല. വസൂരി, വിഷൂചിക, എന്നീ രോഗങ്ങളെ സംബന്ധിച്ച് അവർ ചെയ്യുന്നജോലി വസൂരികുത്തിവയ്ക്കുകയും, ചില സ്ഥലങ്ങളിൽ കിണറുകൾ കഴിക്കുന്നതിന് ഡിപ്പോർട്ടുചെയ്യുകയും ആകുന്നു. മുൻസിപ്പാലിറികളിലുള്ള ജനനമരണങ്ങളെ രജിസ്റ്റർചെയ്യുന്നതു മുൻസിപ്പൽ അധികൃതരിൽകൂടെതന്നെ നടത്തിവരുന്നു. തിരുവിതാംകൂറിൽ ജനനമരണക്കണക്കുകൾ അതാതു സംഗതിയാകുന്നു. പട്ടണങ്ങളിൽമാത്രമായി രജിസ്റ്റർ ചെയ്യുന്നില്ലെന്നുള്ളതു എല്ലുംപൊടിക്കും അറിഞ്ഞുകൂടുന്ന ഒരു സംഗതിയാകുന്നു. പട്ടണങ്ങളിൽമാത്രമുള്ള ജനനമരണക്കണക്കുകൾ നിർബ്ബന്ധമായി വച്ചിട്ടുള്ളതു പോലീസ് പട്ടണങ്ങളിൽ കൺസർവൻസി ഓവർസീയർമാരേയും നാട്ടുപ്രദേശങ്ങളിൽ പ്രവൃത്തികാരന്മാരേയും ആണ് ഈ ജോലി ഏല്പിച്ചിരിക്കുന്നത്.

ഇപ്പോൾ സാനിട്ടറിഡിപ്പാർട്ടുമെൻറിലുള്ള ആളുകളെ വച്ചുകൊണ്ട് ആവശ്യപ്പെട്ടപ്രകാരം ശേഖരിയുള്ള മെഡിക്കലുദ്യോഗസ്ഥന്മാരെ അയച്ചു ജോലിനടത്തുന്നതായാൽ ഡർബാർ ഫിസിഷ്യന് തന്നെ, സാനിട്ടറിഡിപ്പാർട്ടുമെൻറിലേയും മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേയും മേൽനോട്ടം നടത്തുവാൻ സാധിക്കുന്നതാണ്. സാനിട്ടറി കമ്മീഷണർ ഗവണ്മെൻറിലേക്ക് സമർപ്പിച്ചിട്ടുള്ള, ആരോഗ്യരക്ഷ പൊതുജനാരോഗ്യം എന്നിവസംബന്ധിച്ചുള്ള നിയമങ്ങളെ പരിഷ്കരിക്കുന്നതിനുള്ള പദ്ധതി ഫലപ്രദമാക്കുവാൻ സാധിക്കുന്നതല്ലെന്നാണ് എൻെറ അഭിപ്രായം. എന്തുകൊണ്ടെന്നാൽ സാനിട്ടറിഡിപ്പാർട്ടുമെൻറിൽ ഉള്ള ഇപ്പോഴത്തെ ജോലിക്കാരിൽ മിക്കവരും ആ ജോലിക്കവേണ്ട മെഡിക്കലുദ്യോഗസ്ഥന്മാരുടെ യോഗ്യതകൾ ഒന്നുമില്ലാത്തവരാകുന്നു. സാനിട്ടറി ആപ്പിസർമാർ ഈ കാര്യത്തിലേക്കായി ക്രമം൧൫-ൽ ചെയ്തിട്ടുള്ളജോലി ജനങ്ങളോടു ക്രമം അവസരങ്ങളിൽ ഇതിനെപ്പറ്റിസംസാരിക്കുകമാത്രമാണ് ചെയ്തിരുന്നതു. തിരുവിതാംകൂറിൽ നാട്ടുംപുറത്തെ കൺസർവൻസിയും വസൂരികുത്തിവയ്ക്കലും സാനിട്ടറി കമ്മിഷണരുടെ ഭരണാധികാരമാകുന്നു. അദ്ദേഹത്തിന് മുൻസിപ്പാലിറികളുടെ മേലന്വേഷണച്ചുമതലയും നടത്തേണ്ടതുണ്ട്. ഡർബാർ ഫിസിഷ്യന്, ആവശ്യമുള്ളപക്ഷം ഒരു അസിസ്റ്റൻറിനോടും അദ്ദേഹത്തിൻെറ കീഴുദ്യോഗസ്ഥന്മാരോടും കൂടി ഈ ജോലികളെല്ലാം ചെയ്യുവാൻ സാധിക്കുന്നതാണെന്ന് ഞാൻ വിചാരിക്കുന്നു. ചെലവുകളെ കുറയ്ക്കുന്നതിനും ജോലിസംബന്ധമായ പ്രാപ്തിയെ വർദ്ധിപ്പിക്കുന്നതിനും ആയി സാനിട്ടറി ഡിപ്പാർട്ടുമെൻറും മെഡിക്കൽ ഡിപ്പാർട്ടുമെൻറും യോജിപ്പിക്കുന്നതു നന്നായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനുവേണ്ടി വാദിക്കുന്നത്. സാനിട്ടറി ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴുള്ള ജോലിക്കാരെക്കൊണ്ട് സംസ്ഥാനത്തെ പൊതുജനാരോഗ്യത്തെ ഉപകരമാംവണ്ണം രക്ഷിക്കുവൻ സാധിക്കുന്നതല്ല. തിരുവിതാംകൂറിലെ ചില താലൂക്കുകളിൽ പ്രത്യേകമായ ചില വിട്ടുമാറിയാത്തരോഗങ്ങളും ഉണ്ട്. ഒട്ടുമുന്തമായി മണ്ണ് അസ്വസ്ഥപ്പെടുത്തുന്ന ചേർത്തല താലൂക്കിൽ എന്നീ താലൂക്കുകളിലേക്കും, കഷ്ടം കുത്തനംപുള്ളിതാലൂക്കിലേക്കും, ക്ഷയരോഗം മറ്റുചില താലൂക്കുകളിലേക്കും പ്രത്യേകമായിട്ടുള്ളതാണ്. ഈ രോഗങ്ങൾ അതാതുസ്ഥലങ്ങളിൽ ഉണ്ടാകുന്നതിനുള്ള കാരണങ്ങളും അതിലേക്കുവേണ്ട പ്രതിവിധികളും കണ്ടുപിടിക്കേണ്ടതാണ്. പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിൻെറ ജോലിയാകുന്നു, മേല്പറഞ്ഞതരത്തിലുള്ള കണ്ടുപിടിക്കലും പരിഹാരം ചെയ്യലും. ഇതിനുവേണ്ടി ഡിപ്പാർട്ടുമെൻറിനെ നാട്ടുംപുറങ്ങളിലേക്ക് വിടുകയും ചെയ്യാവുന്നതാണ്. എന്നാൽഇവിടെ ക്രമം ൧൫മാതെ നാട്ടുംപുറങ്ങളിലേക്കുള്ള ശുചീകരണം വകയ്ക്കായിട്ട ചെലവാക്കപ്പെടുന്നു.

അതിലേക്ക് മുതലെടുപ്പിൽ അണുശതമാനംപോലും ചെലവാക്കുന്നില്ല. ശുചീകരണസംബന്ധമായി മദ്രാസിൽ മരാളിനായിട്ട് ഒർണയും ചിലപ്പോഴും ചെലവാക്കിക്കൊണ്ടിരിക്കുന്നു. ഇവിടെ ഒരണയിൽ മുന്നിലൊരംശവുംപോലും ചെലവാക്കുന്നില്ല. നാട്ടുപുറം ശുചീകരണം മറ്റൊരു കഥയാണ്. കുറുമങ്ങളിൽ ശുചീകരണമെന്ന അല്ലെങ്കിൽ പൊതുജനാരോഗ്യത്തെ വർദ്ധിപ്പിക്കുന്നതിനോ ആയിട്ട് യാതൊരു ഏർപ്പാടും ചെയ്യുന്നില്ല. ഇതുകൊണ്ടുതന്നെ ശരിപ്പെടുത്തുന്നതിനും പൊതുജനക്ഷേമത്തെ വർദ്ധിപ്പിക്കുന്നതിനും ആയിട്ട് മെഡിക്കൽ ഡിപ്പാർട്ടുമെൻറിനേയും സാനിട്ടറിഡിപ്പാർട്ടുമെൻറിനേയും ഒന്നിച്ചുചേർത്തു് ഒരു പബ്ലിക്ക് ഹെൽത്ത്ഡിപ്പാർട്ടുമെൻറ് നിർദ്ദേശിക്കുന്നു് അത്യാവശ്യമാണെന്ന് എനിക്കുതോന്നുന്നു. പൊതുജനാരോഗ്യവിഷയത്തിൻറെ ഈ ഭാഗത്തെപ്പറ്റി വാലപ്പയിവരം നടത്തുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ പ്രമേയത്തെ ഹാജരാക്കിയിട്ടുള്ളതു്.

മി. ആർ. കൃഷ്ണപിള്ള (ഗവർണ്മെൻറ് ചീഫ് സെക്രട്ടറി): മദ്രാസ് പ്രസിഡൻസിയിൽ പബ്ലിക്ക് ഹെൽത്ത്ഡിപ്പാർട്ടുമെൻറിനെ മെഡിക്കൽഡിപ്പാർട്ടുമെൻറിൽനിന്നും വേർതിരിച്ചിട്ടില്ലയോ എന്ന് ഞാൻ ചോദിക്കുന്നു.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂർ-പത്തനംതിട്ടയും): മദ്രാസ്പ്രസിഡൻസിയെപ്പറ്റിയല്ലാ ഞാൻ സംസാരിക്കുന്നതു്.

മി. എ. ഹൂഗർഫ് (ഗവർണ്മെൻറ്നിയമിച്ചമെംബർ): ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു, സാനിട്ടറിഡിപ്പാർട്ടുമെൻറ് അതിൻറെ ഉദ്ദേശത്തെ നിറവേറ്റിയെന്ന് ഞാൻ വിചാരിക്കുന്നില്ല. മിസ്റ്റർ വാരിയർ പറഞ്ഞതുപോലെ ചേർത്തല മന്തിനെ കുറയ്ക്കുന്നതിനു യാതൊന്നും ചെയ്തിട്ടില്ല. അതു മുമ്പുള്ളതുപോലെതന്നെ കൊഴുത്തും തടിച്ചുമിരിക്കുന്നു.

അദ്ധ്യക്ഷൻ: അതു് സാനിട്ടറിഡിപ്പാർട്ടുമെൻറിൻറെ ജോലിയാണോ ?

മി. എ. ഹൂഗർഫ് (ഗവർണ്മെൻറ്നിയമിച്ചമെമ്പർ): ഈ രോഗത്തെ ഇല്ലാതാക്കുന്നതിനുള്ള മാർഗ്ഗമേതും കണ്ടുപിടിക്കുവാൻ വേണ്ട നടപടികളും തുടങ്ങുവാൻ കഴിയുന്നതാണ്. യാത്രാസൗകര്യം ഇപ്പോൾ വളരെ സുലഭമായി തീർന്നിട്ടുണ്ട്. മുൻ കാലങ്ങളിൽ കാളവണ്ടികളിൽ യാത്രചെയ്യേണ്ടി ഇരുന്നു. ഇപ്പോൾ വളരെ വേഗത്തിൽ യാത്രചെയ്യത്തക്ക മോട്ടോർക്കാറുകളും ബസ്സുകളും ഉണ്ടായിരിക്കെ ഈ ജോലിയെ രണ്ടായി വച്ചുകൊണ്ടിരിക്കുന്നതിനുള്ള ആവശ്യമെന്താണ്? ധനച്ചിലവു കുറയ്ക്കുന്നതിനും ജോലി ശരിപ്പായി നടത്തുന്നതിനുമായി മുൻപുണ്ടായിരുന്ന ഡിപ്പാർട്ടുമെൻറുപോലെ ഇപ്പോൾ ഒരു അസിസ്റ്റൻറിൻറെ സഹായത്തോടുകൂടി ഡർബാർ ഫിസിഷ്യൻ ഈ രണ്ടുജോലികളേയും കൂടെക്കൂടി നന്നായിട്ടും ധനലാഭത്തോടും പ്രാപ്തിയോടുംകൂടി നടത്താമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി. കെ. ജനാർദ്ദനിയിരി (ചങ്ങനാശ്ശേരിയും-മീനച്ചിലും): എൻറെ സ്നേഹിതൻ മിസ്റ്റർ മാധവവാരിയർ ഹാജരാക്കിയ പ്രമേയത്തെ ഞാനും അനുകൂലിക്കുന്നു. ഇതുപോലെയുള്ള ഒരു പ്രമേയത്തെ ഞാനും ഹാജരാക്കിയിട്ടുള്ളതും അതിനെ നമ്മുടെ ഉദ്ദേശത്തെ പ്രമേയമായി ചേർത്തിട്ടുള്ളതും ആകുന്നു. എനിക്കു പറയാനുള്ള വാദങ്ങളെല്ലാം എൻറെ സ്നേഹിതൻ പറഞ്ഞുപോയതിനാൽ എൻറെ ജോലി കുറെ എളുപ്പമായിത്തീർന്നു. എന്നുവരികിലും ഇതിനെപ്പറ്റി കുറച്ചൊന്നു പറയുവാൻ എന്നെ അനുവദിക്കണം. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളുടേയും ശരിയായ നടത്തിപ്പിനായിട്ടാണ് ചെലവിൽ കുറെ ലാഭവേതനുണ്ടാകുന്നതിനുമായി ഇവയെ ഒന്നു ചേർക്കണമെന്നുള്ള സംഗതി സാധാരിസുകമ്മറിണിയച്ച ശിപാർശകളിൽ ഒന്നായിരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. ഗവർണ്മെൻറ് ഈ ഫർപ്പോടിനെ ഒന്നു പരിശോധിച്ചുനോക്കാത്തതിനെപ്പറ്റി ആ കമ്മിറിയുടെ ഒരു അംഗമെന്ന നിലയിൽ ഞാൻ മനസ്താപിക്കുന്നു. എൻറെ സ്നേഹിതനാൽ പുറപ്പെടുവിക്കപ്പെട്ട വാദങ്ങൾ നമ്മെ ഈ സംഗതിയെപ്പറ്റി ബോദ്ധ്യപ്പെടുത്തുന്നു എന്ന് ഞാൻ വിചാരിക്കുന്നു. ഔദ്യോഗികപക്ഷത്തിൽനിന്നും പുറപ്പെടുവിച്ച അഭിപ്രായം മദ്രാസിൽ ഈ രണ്ടു വകുപ്പുകളും രണ്ടായിരിക്കുന്നതുകൊണ്ട് ഇവിടേയും അപ്രകാരം ചെയ്യണമെന്നാണ്. എന്നാൽ ഇതിനെത്തന്നെയായി എതിർക്കുവാനുള്ളതു് മദ്രാസ് ഒരു വലിയ പ്രസിഡൻസിയാണെന്നും തിരുവിതാംകൂർ ഒരു ചെറിയ നാട്ടുരാജ്യമാണെന്നും ഉള്ള സംഗതിയുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി. മാധവവാരിയരുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നതിൽ എനിക്കും വളരെ സന്തോഷമുണ്ട്. മദ്രാസ്പ്രസിഡൻസിയിൽ ശുചീകരണത്തിനു ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ് ഇല്ലയോ എന്ന് ഗവർണ്മെൻറ് ചീഫ്സെക്രട്ടറി മിസ്റ്റർ ആർ. കൃഷ്ണപിള്ള ചോദിച്ച ചോദ്യം തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം വലിയ സംഭ്രമത്തിനൊന്നും വഴിയുണ്ടാക്കുന്നില്ല. മിസ്റ്റർ നിധിരി പറഞ്ഞപോലെ തിരുവിതാംകൂർ ഒരു ചെറിയ നാട്ടുരാജ്യവും മദ്രാസ് പ്രസിഡൻസിയോളം വലിപ്പമില്ലാത്തതും ആകുന്നു. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളേയും തമ്മിൽ യോജിപ്പിക്കേണ്ട കാര്യത്തെപ്പറ്റി ആലോചിക്കുമ്പോൾ രാജ്യത്തിൻറെ വിസ്തീർണ്ണം നാം ആലോചിക്കേണ്ട ഒരു സംഗതിയാകുന്നു. അങ്ങനെയുള്ള ഒരു കർക്കം നേരിട്ടതില്ല എന്നമാത്രമല്ല മുമ്പിലതിനു അനുകൂലപക്ഷം കുറെയുണ്ടെന്നതന്നെ ആ സംഗതി എളുപ്പത്തിൽ നടത്താവുന്നതാണെന്ന് എനിക്കു തോന്നുന്നതായി ബോദ്ധ്യപ്പെടുത്തുന്നു. ഉദാഹരണമായി മിസ്റ്റർ മുരാരി, എസ്. കൃഷ്ണയ്യരുടെ കാലത്തു് സാനിട്ടറി കമ്മിഷണർ പ്രധാനമായി ജനസംഖ്യയുടെ കണക്കു എടുക്കുന്ന ജോലിയിൽ പ്രവേശിച്ചിരുന്നു എന്നും സാനിട്ടറികമ്മിഷണറുടെ നേതൃത്വം ഇല്ലാതിരുന്നാലും സാനിട്ടറിഡിപ്പാർട്ടുമെൻറിന് അതിൻറെ ജോലിനടത്താൻ സാധിക്കുന്നതാണെന്നും നാം കണ്ടിട്ടുണ്ട്. മറവുള്ള സാനിട്ടറികമ്മിഷണർമാരെ സംബന്ധിച്ചും ഇതേപ്രകാരംതന്നെ നാം കണ്ടിട്ടുണ്ട്. ഡാക്ടർ സുബ്രഹ്മണ്യഅയ്യർ എന്നപേരിൽ അറിഞ്ഞുവന്നിരുന്ന മിസ്റ്റർ സുബ്രഹ്മണ്യയുടെ കാലത്തു് അദ്ദേഹം ജനസംഖ്യക്കണക്കു സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ തയാറാക്കുകയുണ്ടായ മറ്റുജോലികൾ ചെയ്തിട്ടുണ്ട്. അതുകൊണ്ട് സാനിട്ടറിഡിപ്പാർട്ടുമെൻറിൻറെ സൂക്ഷ്മാവസ്ഥയെ ആലോചിച്ചുനോക്കുമ്പോൾ സാനിട്ടറികമ്മിഷണർ മറ്റുള്ള സ്ഥലങ്ങളെ അനുകരിച്ചുമാത്രം നടത്തിവരുന്നതും അല്ലാത്ത പൊതുജനാരോഗ്യത്തെ ഉദ്ദേശിച്ചു ഉണ്ടാക്കിയിട്ടില്ലാത്തതുമായ ഒരു ചെലവുകൂടി ഉണ്ടാക്കുന്നുണ്ടെന്ന് തോന്നുന്നു. വൈദ്യത്തെ സംബന്ധിച്ച് 'പ്രതിവിധി ഔഷധനീതി' മയനും 'രോഗനിവാരണനീതി'മയനും രണ്ടു നീതികളുള്ളതിൽ മുൻപുണ്ടായിരുന്ന വൈദ്യന്മാരുടെ അഭിപ്രായം എല്ലുതകർന്ന ആയിരുന്നാലും ഇപ്പോഴത്തെ ഇംഗ്ലീഷ് ചികിത്സാക്രമമനുസരിച്ച 'രോഗനിവാരണനീതി'യാണ് ഇനിമേൽ കൂടുതലായി ഉപയോഗിക്കേണ്ടതു് എന്നു വലിയ ഇംഗ്ലീഷ് ഭിഷഗ്വരന്മാർ മനസ്സിലാക്കിയിരിക്കുന്നു.

അതിനാൽ, സാനിട്ടറി ഡിപ്പാർട്ടുമെന്റു നിവൃത്തിയുള്ളിടത്തോളം ഒരു നല്ല മെഡിക്കൽ ഉദ്യോഗസ്ഥന്റെ സേവനത്തിൻ ഇരിക്കേണ്ടതാണെന്നുള്ള സംഗതി വളരെ ഗൗരവമായും ഉദ്ദേശവും, ഒരു പരീക്ഷണമെങ്കിലും നമ്മുടെ നാട്ടിൽ നടത്തിനോക്കേണ്ടതുമാണ്. ഉദാഹരണമായി എന്റെ സ്വദേശമായ അമ്പലപ്പുഴതാലൂക്കിൽ. വെള്ളപ്പൊക്കം ശമിച്ചതിനശേഷം അവിടത്തെ ആളുകളുടെ ഇടയിൽ വിവരിക്കാൻ പാടില്ലാത്തതായ ഒരുതരം ഉദരരോഗങ്ങൾ ഉണ്ടായിട്ടുള്ളതായി ഒരു വർത്തമാനം ഉണ്ടായിട്ടുണ്ട്.

അദ്ധ്യക്ഷൻ: വെള്ളപ്പൊക്കം ഉണ്ടായ സ്ഥലങ്ങളിൽ അപ്രകാരമുള്ള രോഗങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ലെന്ന ഒരു ഔദ്യോഗികറിപ്പോർട്ടു എനിക്കു കിട്ടിയിട്ടുണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഔദ്യോഗിക റിപ്പോർട്ടിനു നിങ്ങൾ എന്തു പ്രാധാന്യം വേണമെങ്കിലും കല്പിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ഏതു ഉദ്യോഗസ്ഥന്റെ റിപ്പോർട്ടായിരുന്നാലും അതിനു യാതൊരു പ്രാധാന്യവും നൽകാൻ നിവൃത്തിയില്ലെന്നു ഞാൻ വളരെ വ്യസനിക്കുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ ആ സ്ഥലത്തുനിന്നും ഇയിടയ്ക്കു വന്നിട്ടുള്ളവനാണ്. അവിടത്തെ ആളുകളിൽ മിക്കവർക്കും ഒരുമാതിരി സുഖക്കേടുകൾ ആരംഭിച്ചിരിക്കുന്നു എന്നും, അതെന്തുരോഗമാണെന്നു ഇതേവരെ കണ്ടുപിടിച്ചിട്ടില്ലെന്നും, അവിടത്തെ ആളുകൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിലേക്കു വേണ്ടത്ര പ്രയത്നിക്കുവാൻ അധികൃതന്മാരെ പ്രേരിപ്പിക്കണമെന്നു ഞാൻ വിചാരിച്ചു. എന്നാൽ സാനിട്ടറി ഡിപ്പാർട്ടുമെന്റിലേയോ, മെഡിക്കൽ ഡിപ്പാർട്ടുമെന്റിലേയോ, ഏതു അധികൃതനേയാണ് പ്രേമിപ്പിക്കേണ്ടതെന്നു എനിക്കു നിശ്ചയമില്ലായിരുന്നു. ആലപ്പുഴയിലോ അമ്പലപ്പുഴയിലോ ഉള്ള മെഡിക്കൽ ഉദ്യോഗസ്ഥൻ, ഒരു ആഭ്യന്തരകാര്യം വേണ്ടുന്ന ഉപകരണങ്ങളോടുകൂടി, അവിടങ്ങളിലെല്ലാം ചുറ്റിസഞ്ചരിക്കണമെന്നായിരുന്നു എന്റെ അഭിപ്രായം. ഇതിനിടയിൽ സാനിട്ടറി ഡിപ്പാർട്ടുമെന്റുകാരാണ് അവിടത്തെ പൊതുജനാരോഗ്യത്തിനു യാതൊരു തരക്കേടുമില്ലെന്നു റിപ്പോർട്ടു അയച്ചിട്ടുള്ളത്.

അദ്ധ്യക്ഷൻ: സാനിട്ടറി ഡിപ്പാർട്ടുമെന്റുകാരല്ല ആ റിപ്പോർട്ടയച്ചിട്ടുള്ളത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാനിട്ടറി ഡിപ്പാർട്ടുമെന്റുകാരെ സംബന്ധിച്ചിടത്തോളം, അവർ എപ്പോഴുമതിരി ജൊഹിയാണ് ചെയ്യുന്നതെന്നും, ഏതുവിധത്തിലുള്ള റിപ്പോർട്ടുകളാണ് അയക്കുന്നതെന്നും എനിക്കു ഊഹിക്കാൻ കഴിയും. ഒരു പ്രദേശത്തു സാംക്രമികരോഗം പടർന്നുപിടിച്ചിരിക്കുമ്പോൾ അവർ അതിനെപ്പറ്റി അറിയാതിരിക്കയില്ല. അവിടത്തെ സ്ഥിതി വളരെ ഭയങ്കരമായിരിക്കുന്നുവെന്നും, അവിടെ ഒന്നും ചെയ്യേണ്ടതില്ലെന്നും മറുപടിയുള്ള വിശേഷമായ റിപ്പോർട്ടുകൾ അയക്കയും ചെയ്യുന്നു. അതുകൊണ്ടു, ഈ വാസ്തവമായ പരാതികൾ എനിക്കു കിട്ടിയിട്ടുള്ളതാണെന്നും, ഈസഭയിൽ വല്ലതും ചെയ്യണമെന്നും ഞാൻ കസെൻട്രൽകമ്മിറ്റിയോടാവശ്യപ്പെട്ടു എന്നും ഞാൻ സമ്മതിച്ചുകൊള്ളുന്നു. ആരോടാണു പറയേണ്ടതെന്നു ഞാൻ ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. സാനിട്ടറി ഡിപ്പാർട്ടുമെന്റിനെ വേർതിരിപ്പിൽ.

അദ്ധ്യക്ഷൻ: നിങ്ങൾക്കു വല്ല സംശയവും ഉണ്ടായിരുന്നെങ്കിൽ ഗവണ്മെന്റിനെ ധരിപ്പിക്കാമായിരുന്നല്ലൊ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). സർ, അതുകൊണ്ടാണ് ഞാൻ ഈ വിവരങ്ങളെല്ലാം അങ്ങയുടെ മുമ്പിൽ ഹാജരാക്കുന്നതു. (ചിരി)

അദ്ധ്യക്ഷൻ: രോഗബാധിതരായ ആളുകളാണോ നിങ്ങളോടു വന്നുപറഞ്ഞതു?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അതെ. ആ സ്ഥലത്തുള്ള ആളുകൾ.

പ്രസിഡന്റു: ഈ പരാതി സംബന്ധിച്ചു ഗവണ്മെന്റിനെ ധരിപ്പിക്കുന്നതുകൊണ്ടു ഒരു ദോഷവുമുണ്ടാകയില്ലല്ലൊ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ ഗവണ്മെന്റിനെ, ധരിപ്പിക്കുന്നതിലുള്ള വിഷമം ഇതാണ്. ഗവണ്മെന്റിനെ ധരിപ്പിച്ചു ഡിപ്പാർട്ടുമെന്റു മുഖാന്തിരം വേണ്ട നടപടികൾ നടത്തുന്നതിനുമുമ്പു, രോഗബാധിതരായ മിക്ക ആളുകളും നാമാവശേഷരായിത്തീരും. (ചിരി) അതാണ് ഇതിലുള്ള വിഷമത. ഉടൻതന്നെ വല്ലതും പ്രവർത്തിക്കേണ്ടതാണ്. ഡർബാർഹിസിക്യൂനോ, സാനട്ടറി കമ്മിഷണരോ, മറ്റേ വല്ലവരുമോ ഉടൻ വേണ്ടതു പ്രവർത്തിക്കണമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ, ആരോടാണ് ഞാൻ അങ്ങനെ ചെയ്യണമെന്നുള്ള സൂചനയും എനിക്കുള്ളതുനിമിത്തം, ഗവണ്മെന്റും, അല്ലെങ്കിൽ നമ്മുടെ ഇടയിൽ സന്നിഹിതയായിരിക്കുന്ന ഡർബാർഹിസിക്യൂനോ വേണ്ടതു പ്രവർത്തിച്ചുകൊള്ളട്ടെ എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ വിവരങ്ങളെല്ലാം ഞാൻ ഇവിടെ ഹാജരാക്കുന്നതു.

മി. എ. ഹൂഗ്വർഫ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): ഡാക്ടർ സുബ്രഹ്മണ്യഅയ്യർ - സ്വതന്ത്രമായ ചാർജ്കൊടുക്കാൻവേണ്ടിയാണ് സാനിട്ടറി ഡിപ്പാർട്ടുമെന്റിനെ മെഡിക്കൽഡിപ്പാർട്ടുമെന്റിൽനിന്നും വേർതിരിച്ചതെന്നു മിസ്റ്റർ നാരായണപിള്ളയ്ക്കറിയാൻപാടില്ലയോ?.

പ്രസിഡന്റു: സ്വതന്ത്രചാർജ് കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണോ?.

മി. എ. ഹൂഗ്വർഫ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): അതെ, ഉദ്ദേശത്തോടുകൂടി—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അതിനെ സംബന്ധിച്ചു ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളുടെ വേർപാടിനെപ്പറ്റിയുള്ള ചരിത്രം ഞാൻ പഠിച്ചിട്ടില്ല. മിക്കവാറും അതാണ് വാസ്തവമെന്നു തോന്നുന്നു.

പ്രസിഡന്റു: അതൊരു വാസ്തവസംഗതിയോ അല്ലെങ്കിൽ അനുമാനമാത്രമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതൊരു അനുമാനം മാത്രമാണ്.

മി. ററി. കുമാരപിള്ള (ഇരണിയലും, വിളവംകോടും): മിസ്റ്റർ മാധവയ്യങ്കാരുടെ പ്രമേയത്തോടു ഞാൻ യോജിക്കുന്നില്ല. മിസ്റ്റർ മാധവയ്യാരിയർ ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവരുന്നതിനു കാരണമായിട്ടുള്ളതു ഇന്നത്തെ സാനിട്ടറി ഡിപ്പാർട്ടുമെന്റു ചെയ്യുവരുന്ന ജോലികളേയും അതിൽനിന്നു ജനങ്ങൾക്കു സിദ്ധിക്കുന്ന ഉപകാരത്തേയും വിചാരിച്ചായിരിക്കും. ഇന്നത്തെ സാനിട്ടറി ഡിപ്പാർട്ടുമെന്റു ജനങ്ങൾക്കു വേണ്ടപോലെ പ്രയോജനപ്പെടുവരുന്നില്ലെന്നുള്ളതു ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. വിശേഷിച്ചും സാനിട്ടറി ഡിപ്പാർട്ടുമെന്റുകാരെ

ഉൾനാട്ടിലെ ജനങ്ങൾക്ക് പ്രയോജനമൊന്നും ഉണ്ടാകുന്നില്ലെന്ന് പറയാൻ എനിക്ക് അശേഷം മടിതോന്നുന്നില്ല. ഒരു പ്രയോജനവുമില്ലാത്ത ഒരു ഡിപ്പാർട്ട്മെന്റിനു പേരു ഗവർണ്മെന്റ് ഇരുവശത്തെ പണം ചെലവഴിക്കുന്നതിനേക്കാൾ അതിനെ മെഡിക്കൽ ഡിപ്പാർട്ട്മെന്റിനോട് യോജിപ്പിക്കുന്നതു് നന്നായിരിക്കുമെന്നുള്ള മിസ്റ്റർ വാരിയരുടെ അഭിപ്രായത്തെ ഞാൻ ആദരിക്കുന്നില്ല. അതു് എത്രമോശമെയെന്നാൽ എലിമരുന്നെന്ന് പീടി ചുട്ടുതിന്നുമോശമെയാണ്. ഇപ്പോഴത്തെ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ ആ ഡിപ്പാർട്ടുമെന്റിനെ നന്നാക്കാൻ ശ്രമിക്കയല്ലാതെ അതിനെ വേണ്ടെന്ന് വയ്ക്കുന്ന നയം ഒരിക്കലും നല്ലതല്ല. ഇപ്പോഴത്തെ മെഡിക്കൽ ഡിപ്പാർട്ടുമെന്റുമായിട്ട് ചേർക്കുന്നതിനാലുള്ള ദോഷങ്ങളും ഗുണങ്ങളും മെഡിക്കൽ ഹിസന്മാരെ കൂട്ടത്തോടായി നിയമിക്കേണ്ടതായി വരും. ഇപ്പോൾ മെഡിക്കൽ ഹിസന്മാർക്ക് ആശുപത്രികളിലെ പണിയിൽ വരുന്ന രോഗികളുടെ സംഖ്യയനുസരിച്ച് അവരുടെ സമയം അവിടെ വിനിയോഗിക്കേണ്ടതായി വരും. അതിനും പുറമെ അവരെക്കൊണ്ട് ഉൾനാട്ടുകളിൽ ഉണ്ടാകുന്ന ആവശ്യങ്ങളും വേണ്ടപോലെ നിർവഹിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

മിസ്റ്റർ എം. ആർ. മാധവവാരിയർ (ശ്രീപൂന്തുരുത്തു, പത്തനംതിട്ടയും): ഉൾനാട്ടുകളിൽ സഞ്ചരിക്കുന്നതിനുള്ള മുറയും സാനിട്ടറി ഡിപ്പാർട്ടുമെന്റുകാരുടെതല്ലേ?

മി. ടി. കുമാരപിള്ള (ഇരുമ്പിയും, വിളവങ്കോടും): അതിലേക്ക് ഇന്നത്തെ അസിസ്റ്റന്റ് സാനിട്ടറി ആഫീസർമാർ ഉണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. അവരുടെ പ്രയോജനക്കുറവുകൊണ്ടൊന്നുമല്ലാ മിസ്റ്റർ മാധവവാരിയർ തന്നെ ഈ പ്രമേയം കൊണ്ടുവരുവാൻ ഇടയായിട്ടുള്ളതു്. സാനിട്ടറി ഡിപ്പാർട്ടുമെന്റ് പൂർവ്വപ്പെട്ടതിനു കാലത്തു്, അതായതു ദിവാൻ ശങ്കരസുബ്ബയ്യരുടെ കാലത്തു്, ഉണ്ടായിട്ടുള്ള വ്യവസ്ഥകളും അനുസരിച്ച് അവർ മറ്റുള്ളവരോടു കൂടി സഞ്ചരിക്കണമെന്നും ഓരോ ഗ്രാമത്തിലെയും രോഗികൾക്ക് അവരിൽനിന്നും വൈദ്യസഹായം കിട്ടണമെന്നും ആജ്ഞാപിച്ചതും കാലക്രമക്കൊണ്ട് ഈ ഉദ്ദേശം മാറി അവരുടെ ജോലി ഗോവസൂരി പ്രയോഗം മാത്രമായി തീർന്നു. കുറച്ചുകാലത്തിന് മുമ്പ് ഇരുമ്പിയൽ താലൂക്കിൽ കലശലായ മസൂരി രോഗമുണ്ടായി. വീടുകളിൽ മരിച്ചുകിടക്കുന്ന ആളുകളെ മറവുചെയ്തതിനുപോലും നിവൃത്തിയില്ലാത്ത നിലയിലായിതീർന്നു. അങ്ങനെ വന്നപ്പോൾ ഞാൻ തന്നെ ഇവിടെ വന്ന് ദിവാൻജി അവർകളോടു പറകയും, ഗവർണ്മെന്റ് ചെലവിൽ ദിക്കിൽ സഞ്ചരിപ്പോയിരുന്ന സാനിട്ടറി കമ്മീഷണരെ കണ്ടു അയച്ചുവരുത്തി ഇന്നിയവേക്ക് അയക്കുകയും ചെയ്തു. അങ്ങനെ ആ പ്രവൃത്തിക്ക് അയച്ചതിൽ പിന്നീട് അദ്ദേഹം അവിടെ ചെന്ന് നടത്തിയ കാര്യങ്ങളെപ്പറ്റി ഇവിടെ പറയാതിരിക്കയാണ് നല്ലതു്. സാനിട്ടറി ഡിപ്പാർട്ടുമെന്റുകൊണ്ടു് ഇപ്പോൾ ഉൾനാട്ടുകാർക്ക യാതൊരു പ്രയോജനവുമില്ലെന്ന് സമ്മതിക്കാതെ തരമില്ല. ഈ ഡിപ്പാർട്ടുമെന്റിനെ വേണ്ടപോലെ പരിഷ്കരിച്ച് ഉൾനാട്ടുകാർക്ക് കൂടി പ്രയോജനകരമാക്കി തീർക്കയാണ് വേണ്ടതു്. അതിനെ മെഡിക്കൽ ഡിപ്പാർട്ടുമെന്റുമായിട്ട് യോജിപ്പിച്ചാൽ വേണ്ടപോലെ പ്രയോജനപ്പെടുന്നതല്ല. സാനിട്ടറി ഡിപ്പാർട്ടുമെന്റിലുള്ള അസിസ്റ്റന്റ് ആഫീസർമാർ ആസ്പിറന്റ് അസിസ്റ്റന്റ് പരീക്ഷാ വിജയികളായിരിക്കേണ്ടതാണ്. മുൻകാലത്തു് നടന്നവന്നിരുന്ന എർപ്പാടുപോലെ അവരെ മരുന്നുകളെല്ലാം വല്ലിക്കുകയും, അവരുടെ സഞ്ചാരങ്ങളിൽ കാണുന്ന രോഗികൾക്ക് അവർ വൈദ്യസഹായംചെയ്തുകൊടുക്കുകയും ചെയ്യേണ്ടതാണ്

മി. ജി. പരമേശ്വരൻപിള്ള (നേയ്യാറ്റിങ്കര): രണ്ടു ഡിപ്പാർട്ടുമെന്റുകളിലേയും അദ്ധ്യക്ഷൻ ഒരാളായിരുന്നാൽ പോരേ?

മി. ടി. കുമാരപിള്ള (ഇരുമ്പിയും, വിളവങ്കോടും); അതു എല്ലാസംഗതിയിലും ആളിൻറെ യോഗ്യതകളെ ആശ്രയിച്ചിരിക്കും. കേരളേതരന്മാരായ അദ്ധ്യക്ഷന്മാരെ കിട്ടുമെങ്കിൽ രണ്ടാളുകൊണ്ടു ഡിപ്പാർട്ടുമെന്റുകളും ഒരാളെ ഭരമേല്പിക്കാവുന്നതാണ്, അതു ലാഭമായി തീരുന്നതുമാണ്. അങ്ങനെയാകുന്നതായാൽ കൃഷി, വനം, വ്യവസായം, ഈ ഡിപ്പാർട്ടുമെന്റുകളെ ഭരിക്കാൻ സമർത്ഥനായ ഒരാൾ കിട്ടുന്നപക്ഷം അതിലേക്ക് ആ അദ്ധ്യക്ഷനെ ആക്കാവുന്നതാണെല്ലോ. ഓരോ ഡിപ്പാർട്ടുമെന്റുകളേയും ശരിയായി നടണം നടത്തിക്കിട്ടാൻ ശ്രമാപേക്ഷമായി തീർന്നിട്ടുള്ള ഈ കാലത്തു് ഒന്നിൽ കൂടുതൽ ഡിപ്പാർട്ടുമെന്റുകളെ കൂട്ടിച്ചേർക്കുന്നകാര്യം ആലോചിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

മി തരിയൻ കുഞ്ഞിതൊമ്മൻ: (കുഴിത്തുറ): ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. മെഡിക്കൽ ഡിപ്പാർട്ടുമെന്റിനേയും സാനിട്ടറി ഡിപ്പാർട്ടുമെന്റിനേയും ഒന്നിച്ചു ചേർക്കുന്നതുകൊണ്ടു് ചെലവു് ചുരുക്കുന്നതിനേ ജനങ്ങൾക്ക് കൂടുതൽ സൌകര്യം വരുത്തുന്നതിനും സാധിക്കുന്നതാണ്. എൻറെ മാന്യസ്നേഹിതൻ മിസ്റ്റർ കുമാരപിള്ള പറഞ്ഞതുപോലെ സാനിട്ടറി ഡിപ്പാർട്ടുമെന്റുകാരെക്കൊണ്ടു് ഉൾനാട്ടുകളിലെ ജനങ്ങൾക്ക് മറ്റുമല്ല, പട്ടണവാസികൾക്ക് കൂടിയും പറയത്തക്ക ഗുണമൊന്നും ഇപ്പോൾ ഇല്ല.

ബ്രിട്ടിഷ് ഇൻഡ്യയിലും മറ്റും ഈ വിഷയം വളരെനാളായിമിക്കാം. അവിടങ്ങളിൽ ഗ്രാമീണിസമ്പ്രദായമാണ്. ഇവിടെയെല്ലാം മറിച്ചായിരിക്കയാണ്. വീടുകൾതോറും വീടുകൾ വച്ചുണ്ടാക്കിയാണ് ആളുകൾ താമസിക്കുന്നതു്. ഇങ്ങനെ രാജ്യം കെട്ടുകാണ് ജനങ്ങളുടെ സംഖ്യ. അവിടവിടെ ഗ്രാമങ്ങളിൽ ഒന്നായിചേർന്നില്ല. ഈ സ്ഥിതിക്ക് ഓരോ പ്രദേശങ്ങളിലും പകർച്ചവ്യാധികൾ പിടിപെടുമ്പോൾ അതിനെ സാനിട്ടറിവകുപ്പുകാരെക്കൊണ്ടു് ശമിപ്പിക്കുന്നതിന് വളരെപ്രയാസമുണ്ടു്. എന്നാൽ അതതു സ്ഥലത്തുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്ക ജനങ്ങളോടു ചോദിച്ചുവിവരമറിഞ്ഞു് മരുന്നുകൊണ്ടയച്ചുകൊടുത്താൽതന്നെ അവയെ ശമിപ്പിക്കുവാൻസൌകര്യമുണ്ടു്. അവരിൽനിന്നാണ് ജനങ്ങൾക്ക് ഇപ്പോൾ സഹായം ചെയ്തുവരുന്നതും. എന്നാൽ ഇതുപോലും സഹായംപോലും സാനിട്ടറിഡിപ്പാർട്ടുമെന്റുകാരെക്കൊണ്ടു് സാധിക്കുന്നില്ല. ഡാക്ടർമാർക്ക ഇപ്പോൾ മറ്റു ജോലികളോട്ടുകൂടി ഇതും വഹിക്കുന്നതു വളരെ വിഷമമായിട്ടാണ വന്നിരിക്കുന്നതു. അതുകൊണ്ടാണ് സാനിട്ടറിവകുപ്പിലെ ചെറിയ ഉദ്യോഗസ്ഥന്മാരെ മെഡിക്കൽ ആഫീസർമാരുടെകീഴിൽ ആശുപത്രികളിൽ നിയമിക്കണമെന്ന് ആളുമെ പറഞ്ഞതു്. അങ്ങനെ ചെയ്യുന്നപക്ഷത്തിൽ ദോഷത്തിന് വളരെ നിവൃത്തിയുണ്ടാകുമായിരുന്നു. നാട്ടുംപുറങ്ങളിലേക്കാൾ പട്ടണങ്ങളിലാണ് അധികം സാംക്രമികരോഗങ്ങൾ ഉണ്ടാകുന്നതു. ബ്രിട്ടിഷ് ഇൻഡ്യയിലെപോലും വലുതായ പട്ടണങ്ങളിലാണ് ജനങ്ങളിൽ അധികംപേരും വസിക്കുന്നതു്. വിക്ടോറിയരാജ്ഞിയുടെ കാലത്തു് കിണറുകളിൽ "പൊട്ടാസ്യംപെർമാങ്കനേറ്റ്" ഇട്ടു് വെള്ളത്തിലെ അണുക്രിമികളെ നശിപ്പിച്ചുമറ്റും പകർച്ച തടയുവാൻ അവിടെ സംഗതി.

റിക്കാക്ക അധികാരമുണ്ടു്. ഇവിടത്തെ ഭൂമിയുടെ നിമ്നോന്നതാവസ്ഥയും കുടിയിൽസമ്പ്രദായവും മറ്റും അനുസരിച്ചു ഇവിടത്തെ ജനങ്ങളുടെ ഭവനങ്ങൾ മിക്കവാറും വയൽകളുടെ ചരിവുകളിലും മറ്റും ഓരോരോ യായിട്ടാണ് സ്ഥിതിചെയ്യുന്നതു്. ഉപരിനാടുകളിൽ സാനിട്ടറിവകുപ്പിലെ ഉദ്യോഗസ്ഥന്മാക്ക സാംക്രമികരോഗങ്ങളെ തടുക്കുന്നതിനു വേണ്ടതു പ്രവൃത്തിക്കുവാൻ തക്ക അധികാരമുള്ളവരായിട്ടുള്ള ഇവിടത്തെ സ്ഥിതി. അതിനാൽ മെഡിക്കൽ ഓഫീസറന്മാരോടു ചേർന്നു സാനിട്ടറിഓഫീസറന്മാരെക്കൂടി വയ്ക്കുന്നതായിരിക്കും കാര്യക്ഷമത്തിപ്പിനു ഏർപ്പെടും.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെടുമങ്ങാടും): ഞാൻ ഈ ഉപക്ഷേപപ്രമേയത്തെ എതുക്കുന്നു. സാനിട്ടറിഡിപ്പാർട്ടുമെൻറു ഏർപ്പെടുത്തിയതിനെ ജോലിയെ ശരിയായവണ്ണം നടത്തുന്നതിലുള്ള വളരെ പരാതികൾ ഉണ്ടായിട്ടുണ്ടു്. ഇപ്പോഴും ഈ സഭയിൽ കൊണ്ടുവന്നിട്ടുള്ള ആലോചനാവിഷയത്തെ കുറേകൊല്ലങ്ങൾക്കുമുമ്പേ പണം മാത്രംവെത്തുകാണുള്ള ഉദ്ദേശത്തോടുകൂടി ശ്രീമൂലംപ്രജാസഭമുമ്പാകെ വച്ചിച്ചു. ഞാൻ ശരിയായി ഓർമ്മിക്കുന്നു എങ്കിൽ എൻറെ സ്നേഹിതനായ കുഞ്ഞുകുഞ്ഞുപിള്ളയോടുകൂടി ഞാനും പൊതുധനത്തിൻറെ വ്യയത്തെ കുറയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മെഡിക്കൽഡിപ്പാർട്ടുമെൻറും സാനിട്ടറിഡിപ്പാർട്ടുമെൻറും ഒന്നുചേർക്കണമെന്നു ഞാനും അഭിപ്രായപ്പെട്ടു. തിരുവിതാംകൂറിൽ മിക്കഭാഗങ്ങളിലും ശുചീകരണം ഉത്പാദകരമായിട്ടല്ലെന്നുള്ളതും കൂടാതെ ഗ്രാമങ്ങളിൽ സാംക്രമികരോഗങ്ങളും സാനിട്ടറികമ്മിഷണരെക്കാൾ കൂടുതൽ പ്രാധ്യാന്യം സമ്പാദിച്ചിട്ടുണ്ടെന്നുള്ളതും വാസ്തവമാണ്. അതുകൊണ്ടു ഗവർമ്മെൻറിൽനിന്നു വളരെ പണച്ചിലവിന് കാരണമാക്കിത്തീർത്തിട്ടുള്ള, ഈ ഒരു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരേയും ജോലിക്കാരേയും പൊതുജനങ്ങൾക്കു ഉപകരിക്കാൻ തക്കവണ്ണം ഞങ്ങളുടെ ജോലിയെ നടത്താൻ അവക്ക ശേഷിയില്ലാത്തതുകൊണ്ടു് യാതൊരാക്ഷേപവുമുണ്ടാകാതെ കുറയ്ക്കുവാനുന്നതാകുന്നു. എന്നാൽ മറ്റുസംഗതികളിൽനിന്നും കൂടുതലായി രണ്ടു കാരണങ്ങൾകൊണ്ടാണ് ഇതിനെപ്പറ്റി ഇപ്പോൾ ആലോചിക്കുന്നതു ശരിയല്ലെന്നു് ഞാൻ വിചാരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറു അനേകകാര്യങ്ങളായി നിലനിന്നുവരുന്നതും കഴിഞ്ഞുപോയ തിരുവിതാംകൂർ മഹാരാജാവിൻറെ ന്യായത്തിനേയും ഇൻ ക്ഷ്യാമുണ്ടായതും സമ്മതിക്കപ്പെട്ടിരിക്കുന്ന അളേഹത്തിൻറെ രാജ്യതന്ത്രനിപുണതയുടെയും ഫലമായിട്ടാണ്. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും പ്രത്യേകമായിരിക്കുന്നതുകൊണ്ടു. നാം ഹാർദ്ദമായ അനുമോദനത്തോടെ സ്വീകരിച്ചിട്ടുള്ള ഇപ്പോഴത്തെ ഡർബാർഫിസിഷ്യൻ ആ ഡിപ്പാർട്ടുമെൻറിലേക്ക പുതുതായിട്ടുള്ള ആളാകയാൽ ഈയവസരത്തിൽ ആ വിഷയത്തെസംബന്ധിച്ചു സ്വഭാവളുള്ളതുന്നതു് ന്യായമായിരിക്കുമെന്നു എനിക്ക തോന്നുന്നില്ല. ഇപ്രകാരമുള്ള സംഗതിയിൽ ഡർബാർഫിസിഷ്യൻറെ അഭിപ്രായം കൗൺസിലിനു വളരെ ഉപകാരമുള്ളതാണ്.

മി. എ. ഫ്രഗർഫ് (ഗവർമ്മെൻറു നിയമിച്ച മെംബർ): ആ ഡിപ്പാർട്ടുമെൻറിൽ വളരെക്കാലം ജോലി ചെയ്തുവന്നിരുന്ന ഒരു പുരുഷനേക്കാൾ ആ സ്ഥാനത്തേയ്ക്കു പുതുതായിവന്നിട്ടുള്ള ഇപ്പോഴത്തെ ഡർബാർഫിസിഷ്യൻ അവരുടെ ഒരുണർവുകൊണ്ടു ഈ വകുപ്പിനെ നല്ല ഫലപ്രദമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവർ വളരെ ഉത്സാഹത്തോടു പ്രവർത്തിക്കുമെന്നു് മിസ്റ്റർ വേലുപ്പിള്ള വിചാരിക്കുന്നില്ലയോ?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെടുമങ്ങാടും): ഞാൻ ഉത്സാഹത്തെപ്പറ്റിയോന്നും ചോദ്യംചെയ്യുന്നില്ല. എന്നാൽ ഡിപ്പാർട്ടുമെൻറുമേധാവിയായിട്ടു വേണ്ടതു് ഉത്സാഹത്തെക്കാൾ മറ്റു ചില സംഗതികളുകൂടെ. ആ മാറ്റം ഉപകാരപ്രദമായിട്ടുള്ളതെല്ലെന്നുവരികിൽ ഡിപ്പാർട്ടുമെൻറുസംബന്ധിച്ചുള്ള വളരെക്കാലത്തെ പരിശ്രമംകൊണ്ടു് മനസ്സിലാക്കിയിട്ടുള്ളതായ ഒരു പദ്ധതിയിൽകൂടി അതിനെ നയിക്കണം. ഈ രണ്ടു ഡിപ്പാർട്ടുമെൻറിലേയും ആവശ്യങ്ങളെയനുസരിച്ചു് ഡർബാർഫിസിഷ്യൻ ചില പ്രത്യേകകാരണങ്ങളാൽ മാത്രമല്ലായിടത്തും ചുറ്റിസഞ്ചരിക്കാൻ സാധിക്കാതെവരുന്നതാണ്. ഒരു ഡിപ്പാർട്ടുമെൻറിലെ ജോലിതന്നെ വളരെ കൂടുതലുള്ളതാണ്. മെഡിക്കൽ ഡിപ്പാർട്ടുമെൻറിന് സാനിട്ടറിഡിപ്പാർട്ടുമെൻറിനേയും ഏറ്റെടുപ്പിക്കുവാൻ ശ്രമിയാഷി നിർവഹിക്കാമെന്നു ഗവർമ്മെൻറും ഡർബാർഫിസിഷ്യനുംകൂടി ആലോചിച്ചു തീർച്ചചെയ്യുന്നപക്ഷവും ആ തീർച്ചയെ ഈ സഭ സ്വീകരിക്കുന്നപക്ഷവും അതിനെപ്പറ്റി കുറെ കഴിഞ്ഞാലോചിച്ചാൽ മതിയാകുന്നതാണെന്നും ഏതായാലും ഒരു കൊല്ലത്തെ പരിചയം ഉണ്ടായിരിക്കുന്നതു നല്ലതാണെന്നും ഞാൻ വിചാരിക്കുന്നു. പണസാബന്ധമായ ഉദ്ദേശങ്ങളും മറ്റും നമ്മുടെ പ്രവൃത്തികളുടെ അടിസ്ഥാനമായിരിക്കരുതു്. അതുകൊണ്ടു് ഇപ്പോഴത്തെ സ്ഥിതിയെ വിചാരിച്ചു് ഈ സംഗതിയെപ്പറ്റിയുള്ള ആലോചന അടുത്ത കൊല്ലംവരെ മാറ്റിവയ്ക്കണമെന്നു് ഈ പ്രമേയം ഫാജരാക്കിയ ആളിനോടു ഞാൻ അപേക്ഷിക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) :—സർ ഞാൻ ഈ പ്രമേയത്തെ എതുക്കുന്നു. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും പ്രത്യേകമായിട്ടിരിയ്ക്കണമെന്നാണ എൻറെ അഭിപ്രായം. സാനിട്ടറി ഡിപ്പാർട്ടുമെൻറിൻറെ ജോലിനടത്തിപ്പു അതു ശുചീകരമായിട്ടുള്ളതല്ലാത്തതുകൊണ്ടായിരിക്കാം മിസ്റ്റർ മാധവവാരിയർ ഈ പ്രമേയത്തെ ഫാജരാക്കിയതു്. അതിനെ ഏതു വിധത്തിൽ നോക്കിയാലും ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും ഒന്നിച്ചുചേർത്താൽ രണ്ടിനേയും ചില അനേഷണങ്ങളും നടത്തേണ്ടതുണ്ട്. ഓരോ ഡിസ്ട്രിക്ടിലും പ്രത്യേകം സാനിട്ടറി ഉദ്യോഗസ്ഥന്മാർ ഇല്ലാതിരുന്നാൽ അവിടത്തെ ആശുപത്രികളിലേയും ഡിസ്പെൻസറികളിലേയും മെഡിക്കൽ ഉദ്യോഗസ്ഥന്മാർ ശുചീകരണത്തെപ്പറ്റി അനേഷിക്കുന്നതിനും സമയം മതിയാകാതെവരും. ഇപ്പോൾതന്നെ. പൂഞ്ഞാറുമുതലായ ചില സമീപകുഗ്രാമങ്ങളും വളരെ വൃത്തികേടായി കിടക്കുന്നു് നാം കാണുന്നു. അവയുടെ നിഷ്കൃഷ്ടാവസ്ഥയെ നോക്കുമ്പോൾ നമുക്ക അവിടെ കയറുവാൻതന്നെ തോന്നുന്നില്ല. അതിനെ ആ വൃത്തികേടായിട്ടാണ ഭരിച്ചുവരുന്നതു.

മി: പി. കെ. നാരായണപിള്ള (അടൂർ):—സാനിട്ടറി ഡിപ്പാർട്ടുമെൻറിൻറെ അദ്ധ്യക്ഷൻറെ മേൽനോട്ടത്തിലിരിക്കുമ്പോൾതന്നെയാണ്, ഇതു് വളരെക്കാലമായിട്ടു അപ്രകാരം നടന്നുപോരുന്നതിനുള്ള സംഗതി മി: എം. എൻ. പിള്ളയ്ക്കു അറിയാൻ പാടില്ലയോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം):

അതുകൊണ്ടാണു്, ഡിപ്പാർട്ടുമെൻറു മേധാവിയായ ഈ സംഗതികളിൽവേണ്ട ശ്രദ്ധവെയ്ക്കുണമെന്നും, സാനിട്ടറികമ്മിഷണർ ഈ സംഗതികളിൽ തൻറെ കീഴ്ജീവനക്കാരുടമേൽ ശരിയായ അധികാരം നടത്തണ-

തന്നും, ഗവണ്മെന്റ് നിർബ്ബന്ധിക്കേണ്ടതാണെന്ന് ഞാൻ പറയുന്നതു്. ഗവണ്മെന്റിന്റെ തന്നെ അങ്ങനെയാണ് നിശ്ചയിക്കേണ്ടതാണ്. ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളേയും തമ്മിൽ ചേർക്കുന്നതിന് ഞാൻ വിരോധിക്കുന്നതു്.

മിസസ്സ്. എം. പുന്നൻ ലൂക്കോസ് (സർജൻ ഇൻചാർജ്ജു്) സർ, തിരുവിതാംകൂറിലെ സാനിട്ടറി വകുപ്പിന്റെ പ്രവർത്തനത്തെപ്പറ്റി എനിക്കു വേണ്ടപോലെ അറിഞ്ഞുകൂടായ്കയാലും, മൊത്തമായി മെഡിക്കൽ വകുപ്പിനെപ്പറ്റിയും എനിക്കു നല്ലനിശ്ചയമില്ലാത്തതുകൊണ്ടും മി: മാധവവാരിയരുടെ വാദങ്ങൾക്കു ശരിയായ ഉത്തരം പറയുന്നതിനു ഞാൻ ഇപ്പോൾ ശക്തയാകുന്നില്ല. എന്നാൽ എന്റെ അഭിപ്രായത്തിൽ നിന്നും എനിക്കു സിദ്ധിച്ചിട്ടുള്ള ചെറിയ അനുഭവംകൊണ്ടും ശ്രദ്ധിക്കണത്തെപ്പറ്റിയും പൊതുജനാരോഗ്യത്തെപ്പറ്റിയും എനിക്കുള്ള അറിവുകൊണ്ടും നോക്കുമ്പോൾ ഈ രണ്ടുവകുപ്പുകളേയും ഇപ്പോൾ ഒന്നിച്ചുചേർക്കുന്നതുകൊണ്ടു് വലിയ പ്രയോജനങ്ങളൊന്നും ഉണ്ടാകുമെന്നു എനിക്കു തോന്നുന്നു. ഈ വിഷയം വളരെ പ്രധാന്യമേറിയ ഒന്നാകകൊണ്ടു എനിക്കു തൽക്ഷണം ഉത്തരം പറവാൻ സാധിക്കുകയില്ല. ഡർബാർഫിസിഷ്യൻതന്നെ ജോലി ശരിയായിട്ടു പ്രവർത്തിക്കണമെങ്കിൽ അദ്ദേഹത്തിനു സമയം ധൂർവനം അതിധേയം ചെലവാക്കേണ്ടിവരും. ഡർബാർഫിസിഷ്യൻ എപ്പോഴും സക്കീട്ടുപോകേണ്ടതിനേയും പരിശോധന നടത്തേണ്ടതിനേയും പ്രാധാന്യത്തെപ്പറ്റി ഈ സഭ തന്നെ പറഞ്ഞിട്ടുണ്ടു്. ഡർബാർ ഫിസിഷ്യൻ സംസ്ഥാനത്തൊട്ടുക സമ്പർക്കണമെന്നും, വിവരങ്ങളെല്ലാം നേരിട്ടതന്നെ അറിഞ്ഞു മനസിലാക്കേണമെന്നും മി: ഹൂഗാർഫ് പലതവണയും പറഞ്ഞിട്ടുണ്ടു്. അതിനോടുചേർന്ന ഡർബാർഫിസിഷ്യനു വേറെ പല ജോലികളും ഉള്ളതും, ഇവയ്ക്കു പുറമെ സാനിട്ടറിവകുപ്പിന്റെ മേലന്വേഷണവും ചീഫ്ഡർബാർഫിസിഷ്യൻ നടത്തേണ്ടിവന്നാൽ തൃപ്തികരമായി ജോലിയെടുത്താൻ കഴിയുകയെന്നു എനിക്കു തോന്നുന്നില്ല. ഞാൻ ഒരു ഉദാഹരണം ഉദ്ധരിക്കാം. ഡർബാർഫിസിഷ്യൻ ഉത്തരതിരുവിതാംകൂറിൽ വല്ല സ്ഥലത്തും സക്കീട്ടിലിരിക്കുമ്പോഴായിരിക്കും സംസ്ഥാനത്തിന്റെ മറവു വല്ല ദൂരപ്രദേശങ്ങളിലും ഒരു സാംക്രമികരോഗം ഉണ്ടാവുകയുണ്ടായാൽ, അതേ സമയത്തുതന്നെയാണ് ഡർബാർഫിസിഷ്യനെ തലസ്ഥാനത്തു ആവശ്യപ്പെടുന്നതും.

മി: എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ച മെംബർ) സാനിട്ടറി വകുപ്പിലെ സൂപ്രണ്ടിന്റെ മറവു ചെയ്യുവാൻ അസിസ്റ്റന്റിനോ ഡർബാർഫിസിഷ്യന്റെ കീഴിൽ രജാപിനോക്കുന്നതിനോ? സാനിട്ടറിവകുപ്പിൽ ഒരു സൂപ്രണ്ടുണ്ടായിരുന്നു. ഡാക്ടർ സുബ്രഹ്മണ്യയ്യർതന്നെ വാക്സിനേഷൻ സൂപ്രണ്ടായിരുന്നു. അപ്രകാരം ഉള്ള ഒരു സൂപ്രണ്ടിനെ ഡർബാർഫിസിഷ്യന്റെ കീഴിൽ ജോലിനോക്കുന്നതിൻ നിയമിക്കാം.

അദ്ധ്യക്ഷൻ: - അതിനാൽ നിങ്ങൾക്കു യാതൊരു ലാഭവും കിട്ടുന്നില്ലല്ലൊ.

മി: എ. ഹൂഗാർഫ് (ഗവണ്മെന്റു നിയമിച്ചമെമ്പർ) ഡർബാർഫിസിഷ്യനെ സാനിട്ടറിവകുപ്പു സംബന്ധമായ ജോലിയിൽ സഹായിക്കുന്നതിനു, അദ്ദേഹത്തിന്റെ കീഴിൽ കുറഞ്ഞശമ്പളത്തിൽ ഒരു സാനിട്ടറി ആപ്പീസറെ നിയമിക്കാവുന്നതാണ്.

മിസസ്സ്. എം. പുന്നൻ ലൂക്കോസ് (സർജൻ ഇൻചാർജ്ജു്) അതു എതിർക്കുമ്പോൾ ഇപ്രകാരമാണ് തോന്നുന്നതു്. അതു തക്കതായ പ്രതിഫലമില്ലാത്ത അനാവശ്യചെലവാകുമെന്നു ഞാൻ വിചാരിക്കുന്നു.

നേരെമറിച്ചു. സാനിട്ടറിവകുപ്പിലെ മേലദ്ധ്യക്ഷൻ ഒരു പരിണതപ്രജ്ഞ മെഡിക്കലുദ്യോഗസ്ഥനായിരിക്കുന്ന സ്ഥിതിക്കു അദ്ദേഹത്തിന് മെഡിക്കൽവകുപ്പിലുള്ള മറവു ഉദ്യോഗസ്ഥന്മാരെപ്പോലെതന്നെ സാനിട്ടറിവകുപ്പിനെ സംബന്ധിച്ചുള്ള ജോലികളിൽ പ്രവർത്തിക്കുവാൻ ശേഷിയുള്ളതാണ്.

ഡിപ്പാർട്ടുമെന്റു മേലധികാരി ഒരു സ്ത്രീ ആയിരിക്കുന്നതുകൊണ്ടു സക്കീട്ടുചെയ്തു പരിശോധന നടത്തുന്ന കാര്യത്തിൽ വീഴ്ചവന്നേയ്ക്കുമെന്ന ഈ സഭ, യേപ്പെടേണ്ടതില്ലെന്ന് ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു. മുന്നു പുരുഷന്മാർ സക്കീട്ടുചെയ്തിരുന്നതുപോലേയും അതിൽ കൂടുതലായും സക്കീട്ടുചെയ്യുവാൻ ഞാൻ ഒരുക്കമാണ്. (മി: എ. ഹൂഗാർഫ്: ഹിയർ-ഹിയർ) അപ്രകാരം പറയുന്നതിൽ എനിക്കൊരുമടിയുമില്ല. ഒരു സ്ത്രീയെ മെഡിക്കൽഡിപ്പാർട്ടുമെന്റിന്റെ മേലദ്ധ്യക്ഷയായി നിയമിച്ചിരിക്കുന്നതുകൊണ്ടു അവർക്കു അധികം സഞ്ചരിക്കാൻ സാധിക്കുന്നതല്ലെന്ന ചില ആളുകളുടെ ഇടയിൽ ഒരു ധാരണയുണ്ടായിട്ടുണ്ടെന്നു എനിക്കറിയാം. ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളേയും ഒന്നിച്ചു ചേർക്കുന്നവിഷയത്തെപ്പറ്റി, ഡിപ്പാർട്ടുമെന്റു സംബന്ധമായ ജോലിയുടെ പ്രാപ്തിക്കുറവായ ഫാനിയും വിചിക്കുകയില്ലെന്നുള്ളപക്ഷം ഈ സംഗതിയെപ്പറ്റി മാധവമായി ആലോചിക്കാമെന്നും ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളേയും ഒന്നിച്ചുചേർക്കുന്നതിൽനിന്നും വല്ലഗുണവും സിദ്ധിക്കുമെന്നുണ്ടോയെന്നും ഗവണ്മെന്റു ഈ സബ്ജക്ട് ഉപപ്പെടുത്തുമെന്നു ഞാൻ വിചാരിക്കുന്നു.

ഉദ്യോഗകളിലെ ശ്രദ്ധീകരണം സംബന്ധിച്ചു. ഇന്ത്യയിലെ, മറവ രോഗങ്ങളിലേയും തിരുവിതാംകൂറിലേയും ശ്രദ്ധീകരണകത്തെയും താരതമ്യപ്പെടുത്തുന്നതിനു തയ്യിയ്യായാസമാണ്. ഈ രാജ്യത്തെ സ്ഥിതി വളരെ വ്യത്യസ്തമായിട്ടുള്ളതാണ്. നാട്ടുംപുറ ശ്രദ്ധീകരണത്തിനു ഇവിടെ അധികം ചെലവാകുന്നില്ലെന്ന ഞാൻ സമ്മതിക്കുന്നു. സ്കോട്ടിഷ് ഇൻഡ്യയിൽ കുഗ്രാമങ്ങളിലുള്ള ആളുകൾ ഒന്നിച്ചുതാമസിച്ചുകൊണ്ടിരിക്കെ തിരുവിതാംകൂറിൽ വേണ്ടതിലേറെ പ്രത്യേകം പ്രത്യേകമായി പണികഴിപ്പിക്കപ്പെട്ടിരിക്കുന്നു. ഇവിടെ കുന്നുകളും കുഴികളും മലകളും മലയിടുക്കുകളും ഉള്ളതുകൊണ്ടു സ്കോട്ടിഷ് ഇൻഡ്യയിൽ ഉള്ളതുപോലെ "ഒരുമയിതെല്ലു" എന്നുപറയുവാൻ പ്രയാസമാണ്. അതുകൊണ്ടാണ് തിരുവിതാംകൂറിൽ നാട്ടുംപുറശ്രദ്ധീകരണത്തിന് കൂറച്ചു ചിലവു മാത്രം ചിലവാകുന്നതു്. "പ്രതിവിധി ഔഷധ"ത്തിന്റെ പ്രാധാന്യതയെ ഞാനും സമ്മതിക്കുന്നു. അതു വാസ്തവത്തിൽ ഒരു പ്രധാനപ്പെട്ട സംഗതിയാണ്. ഈ "പ്രതിവിധി ഔഷധ"രീതിയെ ഫലപ്രദമാക്കണമെങ്കിൽ സാനിട്ടറിവകുപ്പും മെഡിക്കൽവകുപ്പും ഒന്നുചേർന്നു പ്രവർത്തിക്കണം.

വെള്ളപ്പൊക്കംനിമിത്തം ചില രോഗങ്ങളുണ്ടായിട്ടുണ്ടെന്ന് മി. പി. കെ. നാരായണപിള്ളയുടെ പ്രസ്താവന തെറ്റാണ് തോന്നുന്നു. ആലപ്പുഴയിൽനിന്നും വ്യത്യസ്തമായ ചില ഗ്രാമങ്ങളിൽ ചില രോഗങ്ങൾ ഉണ്ടായിരിക്കുന്നു, എന്ന് ഇന്നകാലത്തു മാത്രമാണ് അറിവുകിട്ടിയതു്. ആ സ്ഥലങ്ങളുടെ പേർ ഞാൻ ഓർക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അവലപ്പുഴ): പുളിങ്കുന്നു.

മിസസ്സ് എം. പുന്നൻ ലൂക്കോസ് (സർജൻ ഇൻചാർജ്): അതെ, പുളിങ്കുന്നതന്നെയാണ്, ആലപ്പുഴയിൽ നിന്നും ഒരു ഡാക്ടറെ ആ സ്ഥലത്തേക്ക് അയക്കുന്നതിന് ഇന്നുതന്നെ ഉത്തരവുപോകുന്നു.

ഈ രണ്ടു വകുപ്പുകളെയും ഒന്നിച്ചുചേർക്കുന്നതിനുള്ള കാര്യത്തെപ്പറ്റി ഈ സംഗതിയെ പുരസ്കരിച്ചുകൊണ്ടു സാനിട്ടറി ഡിപ്പാർട്ടുമെൻറിലെ ജോലി തൃപ്തികരമായിരിക്കുന്നില്ലെന്നുള്ളതാണ്. എന്തായാലും പൊതുജനങ്ങളുടെ അഭിപ്രായ അതാണെന്നതേയുള്ളൂ. അപ്രകാരമാണെങ്കിൽ രണ്ടു വകുപ്പുകളേയും ഒന്നിച്ചുചേർക്കുന്നതുകൊണ്ടു ജോലിഭാരം കുറയുമെന്നു ഞാൻ ഭയപ്പെടുന്നതുകൊണ്ടു സാനിട്ടറിഡിപ്പാർട്ടുമെൻറിനെ പരിഷ്കരിക്കുന്നതാണു കൂടുതൽ നല്ലതെന്നു എനിക്കതോന്നുന്നു. എനിക്കു ഈ പ്രമേയത്തെപ്പറ്റി ഇത്രമാത്രമേ പറയാനുള്ളൂ.

മി. എം. ആർ. രാധവയ്യർ (മെഡിക്കൽ, പത്തനംതിട്ടയും): ഗവൺമെൻറു ഇതിനെപ്പറ്റി ആലോചിക്കുമെന്നുള്ള ഉറപ്പിന്മേൽ ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

അനുമതിപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം 12-ാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): തമഡിക്കൽഡിപ്പാർട്ടുമെൻറിലേക്കു ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന അഞ്ചുലക്ഷത്തി നാല്പത്തിരായിരം രൂപയിൽ നൂറുരൂപ കുറയ്ക്കുണമെന്നാണു ഞാൻ കൊണ്ടുവന്നിട്ടുള്ള പ്രമേയം. അതു ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണനയത്തെപ്പറ്റി പ്രസ്താവിക്കാൻ വേണ്ടിതന്നുമാണു.

ആതുരസംരക്ഷണത്തിനായി വലുതായ ഒരു സംഖ്യ ഗവണ്മെൻറു നീക്കിവച്ചിട്ടുണ്ടെങ്കിലും അതു ഡാക്ടറന്മാരിൽ പലരുടെയും അധികമായ അത്മാഗ്രഹംകൊണ്ടു പ്രയോജനമില്ലാതെ തീരുന്നതുവരെ ഞാൻ പല അവസരങ്ങളിലും ഈ കൗൺസിലിൽ പ്രസ്താവിച്ചിട്ടുണ്ടു. അതിലേക്കു പല നിവൃത്തിമാർഗ്ഗങ്ങളും ഗവണ്മെൻറു ഉപയോഗിക്കേണ്ടതുണ്ടു. ഒന്നാമതായി ആശുപത്രികളുടെ മുൻവശത്തു നാട്ടുകാഴ്ചയിൽ ഡാക്ടർമാർക്കു രോഗികളെകാണ്മാൻ പോകുന്നതിനു മുമ്പിൽ ഒന്നിനു ഇരുരൂപ പടികൊടുക്കണമെന്നു കാണിക്കുന്ന ഒരു ബോർഡു എഴുതിവയ്ക്കുണം. എത്രകൊടുത്താലും ചിലർക്കു തൃപ്തിയില്ല. ഞാൻ ഡാക്ടർമാരെ കുറപ്പെടുത്തിപ്പറയുകയല്ല. ഇതാണു അവരുടെ സമ്പ്രദായം. രാജ്യത്തിൻറെ ഉൾഭാഗങ്ങളിലും വിശേഷിച്ചു ഉത്തരതിരുവിതാംകൂറിലും സഞ്ചാരസൗകര്യം കുറവാകയാൽ രോഗികളെ ആശുപത്രിക്കു കൊണ്ടുചെല്ലുന്നതു പ്രയാസമാണു. വല്ല വാഹനങ്ങളിലും എടുത്തുകൊണ്ടുപോകുമ്പോഴേക്കു വഴിയിൽ അതുകൊണ്ടുതന്നെ രോഗി മരിച്ചുപോയി എന്നവരാം ജനങ്ങളിലധികവും ധനവാന്മാരല്ലല്ലോ. സാധുക്കളായ കൃഷിക്കാർ കൃഷിക്കുപയോഗമുള്ള കാളകളേയും അടക്കിയാൽ അവരുടെ വിളപകരണങ്ങളെയും വിറ്റൊ പണയപ്പെടുത്തിയോ ആയിരിക്കും ഡാക്ടർക്കു പടികൊടുക്കുന്നതു. അങ്ങനെ കൊടുത്താലും അവരെ തൃപ്തിപ്പെടുത്തുവാൻ വളരെ പ്രയാസമാണു. പടിക്കുംപുറമെ ചികിത്സയുടെ പ്രതിഫലമായിട്ടും അവർക്കൊരു സംഖ്യ കൊടുക്കണം. പടി എന്തുകൊണ്ടാണു പ്രതിഫലമെന്താണെന്നും ഇപ്പോഴും തിരിച്ചുപറയുവാൻ പ്രയാസം. ഞാൻ ഒരിക്കൽ ഇതിനെപ്പറ്റി ഡർബാർഹിസിഷ്യനുമായി കണ്ടുസംസാരിച്ചപ്പോൾ ഡാക്ടറന്മാർക്കു കൊടുക്കേണ്ട പടിയെപ്പറ്റി പണ്ടു സർക്കാർസെറ്റിൽ പ്രസിദ്ധംചെയ്തിട്ടുണ്ടെന്നു പറകയുണ്ടായി. എന്നാൽ സാധാരണ ഉദ്യോഗിക്കു ജനങ്ങൾക്കു പട്ടിണിയെത്ര ഗൗരവത്തിനോക്കി അറിയുവാൻ കഴിവില്ല. അതുകൊണ്ടു ഒരു ബോർഡു വയ്ക്കുന്നതുകൊണ്ടു നഷ്ടമൊന്നുമില്ലല്ലോ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അങ്ങനെ ഒരു ബോർഡു വയ്ക്കുകയാണെങ്കിൽ രോഗികൾക്കു ഡാക്ടറന്മാരെ കിട്ടുവാൻ വളരെ പ്രയാസമായിത്തീരും എന്നു മി. കുഞ്ഞിത്തൊമ്മനറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): ഡാക്ടർമാരെ കിട്ടുവാൻ പ്രയാസമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ലാ. അഥവാ അങ്ങനെവന്നാൽ മേലധികാരി വേണ്ട നിവൃത്തിയുണ്ടാക്കണം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): "ഇപ്പോൾ സമയമില്ല. അത്യാവശ്യമായി ഒരുദ്യോഗിയെ അയക്കാനുണ്ടു" എന്നു പറയുകയാണെങ്കിൽ മേലധികാരി അറിയുമ്പോൾ ശിക്ഷിക്കണം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അങ്ങനെവരുത്താൻ സാധിക്കുമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): സാധിക്കും. പിന്നെ വിലകൂടിയ ഔഷധങ്ങൾ സംഭരണ രോഗികൾക്കു കിട്ടുന്നില്ലെന്നാണു ജനങ്ങളിപ്രായം. പ്രത്യേകം ഡാക്ടർമാർക്കു സംഭാവനചെയ്യുന്നവർക്കായിരിക്കുമത്രെ നല്ലമരുന്നുകൊടുക്കുന്നതു. മറുമരുന്നുകൾ പച്ചവെള്ളമാണു ആശുപത്രിയിൽനിന്നു കിട്ടുന്നതെന്നാണു ജനങ്ങളുടെ സംസാരം. അതുകൊണ്ടു അവർ മറുമരുന്നുകളെ സംശയിക്കുന്നതുകൊണ്ടു അതിനെപ്പറ്റി ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു. മനുഷ്യർക്കു ജീവനാണെല്ലാം മറുമരുന്നുകളെക്കാൾ പ്രധാനം. അതിനാൽ രക്ഷയ്ക്കുവേണ്ടി ഗവണ്മെൻറുചെയ്യുന്ന വ്യയം അസ്ഥാനത്തിലാണെങ്കിൽ അതു വളരെ കഷ്ടമാണു. വിലകൂടിയമരുന്നുകളെല്ലാം ഡാക്ടർമാരുടെ വീടുകളിലായിരിക്കാൻ പാടില്ല സാധുക്കൾക്കുകിട്ടണം. പിന്നെ വേറൊന്നുപറയാനുണ്ടു. ചില ആശുപത്രികളിൽ രണ്ടു ഡാക്ടർമാരുണ്ടായിരിക്കും. ചിലതിൽ ഒരു ഡാക്ടറെ ഉണ്ടായിരിക്കയുള്ളൂ. ചില സ്ഥലങ്ങളിൽ രോഗികളെ കിടത്തിചികിത്സിക്കുന്നതിനു പടിയുണ്ടായിരിക്കും. ചിലസ്ഥലങ്ങളിൽ അങ്ങനെ പടി അനുവദിച്ചിരിക്കുകയില്ല. അതിൻറതായ എന്താണെന്നു മനസിലാക്കുന്നില്ല. ആശുപത്രികളിലെ രോഗികളുടെ ഹാജരിൻറെ ആധിക്യം അനുസരിച്ചായിരുന്നാൽ തരക്കേടില്ല. അതുന്യായമായതോതാണു. ഇപ്പോൾതോന്നുന്നില്ല, ഉദാഹരണമായി കോതമംഗലം ആശുപത്രിതന്നെയെടുക്കാം. അവിടെരോഗികളെകിടത്തി ചികിത്സിപ്പിക്കുന്നതിനു വേണ്ടപോലെ പടി അനുവദിച്ചിട്ടില്ല. ഒരു ഡാക്ടറെ അവിടെയൊള്ളൂ. മുന്നൂറോളം രോഗികളോളം അവിടെ പ്രതിദിനം രജിസ്റ്റർചെയ്തിക്കാൻ വരാറുണ്ടു. ഇതിനെക്കാൾ രോഗികൾ കുറവുള്ള ചില ആശുപത്രികളിൽ കൂടുതൽ ഡാക്ടർമാരേയും രോഗികളെ കിടത്തി ചികിത്സിക്കാൻ പടിയും അനുവദിച്ചു നടപ്പിലിരിക്കുന്നു. ഇപ്പോൾ നടപ്പു് ആവശ്യത്തെ അനുസരിച്ചല്ല, മാമൂലനുസരിച്ചാണു്. പണ്ടൊരിക്കൽ ഏർപ്പെടുത്തിയ സമ്പ്രദായം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. രോഗികൾകൂടുതൽ ഉള്ള ആശുപത്രികളിൽവേണം കൂടുതലായി പണം ചെലവുചെയ്യാൻ. ഉൾനാടുകളിൽ പലയിടത്തും ജനനിബിഡമായ പ്രദേശത്തുതന്നെ ആശുപത്രികൾ സ്ഥാപിക്കാനുണ്ടു് അതുപോലെയുള്ള സ്ഥലമാണു് ഞാൻ പ്രാതിനിധ്യംവഹിക്കുന്ന താലൂക്കിലെ ഒരു പ്രധാനന്യൂനതയായ പിഴവു്. അവിടേയും ഒരു ആശുപത്രി സ്ഥാപിക്കേണ്ടതാണു്.

അദ്ധ്യക്ഷൻ. പിറവത്തോ?

മി. തരിയത്ത കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ): അതെ, പിറവം. അവിടെ ആളുകൾ വളരെ ബുദ്ധിമുട്ടി താമസിക്കുന്നുണ്ട്. അടുക്കത്തുണ്ടും ആശുപത്രിയുമില്ല. അവിടെ ആസ്പത്രി അത്യാവശ്യമാണ്.

പിന്നെ എനിക്കൊന്നു പറയാനുള്ളതു് ഉദ്യോഗനിയമനവിഷയത്തിൽ മറ്റു ഡിപ്പാർട്ടുമെൻറുകളിലുള്ളതു പോലെ പലകുഴപ്പങ്ങളും ഇതിലും നടന്നുവരുന്നു എന്നാണ്. അതു് ഇപ്പോഴത്തെ പുതിയ ഡർബാർഹിസിക്കുൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈമാതിരിയിലുള്ള ഉന്നയങ്ങൾ മേലിലെങ്കിലും ആവർത്തിക്കയില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്. കഴിഞ്ഞസംഗതികൾ നോക്കുകയാണെങ്കിൽ വളരെ അശ്രദ്ധമായ ആ ഡിപ്പാർട്ടുമെണ്ടിൽ നടന്നിട്ടുണ്ടു്. സഭ്യസ്തം യോഗ്യതയുംകുറഞ്ഞ പലരേയും യോഗ്യതയുള്ളവരുടെമേൽ കൊണ്ടുചെന്നു് പ്രതിഷ്ഠിച്ചിട്ടുണ്ടു്. മുമ്പു് ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശിക്കുന്നതിനു പരീക്ഷായോഗ്യതയില്ലാതിരുന്ന പലസമുദായങ്ങളിലും ഇപ്പോൾ യോഗ്യതയുള്ളവർ ഉണ്ടായിട്ടുണ്ടു്. അങ്ങിനെയുള്ളവരെയാണു് ഇനി നിയമിക്കേണ്ടതു്. ഇത്രമാത്രമേ എനിക്കിപ്പോൾ പറയാനുള്ളു.

മി. എ. ഹഗാർഫ് (ഗവണ്മെൻറു നിയമിച്ചമെമ്പർ). ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. ആസ്പത്രികളും പരിശോധിക്കുന്നതിൽ പ്രത്യേക നിഷ്കർഷചെയ്യാമെന്നു ഡർബാർഹിസിച്ചുൻ പറഞ്ഞതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. സഞ്ചാരകാലത്തുള്ള വഴിയാത്രക്കാർക്കുള്ള ചികിത്സ വളരെ ദുഷ്കരമായിരിക്കുന്നു. ഉദാഹരണത്തിനു് കൊച്ചി മുതൽ കൊച്ചി വരെ ആസ്പത്രികളിൽ കണിശമായി ജോലിനോക്കുവാൻ ഡാക്ടറന്മാരോടു് നിർബന്ധിക്കണം. ഡിപ്പാർട്ടുമെൻറിലുള്ള എല്ലാ മെഡിക്കൽഓഫീസന്മാരേയും പ്രൈവറ്റ്രോഗികളെ നോക്കുന്നതിനു് ഒഴിച്ചുപോകുന്നതിനുപകരം, അവരവരുടെ ആസ്പത്രികളിൽ കൃത്യസമയത്തു ജോലിനോക്കുവാൻ നിർബന്ധിക്കുകയാണെങ്കിൽ പൊതുജനങ്ങൾക്കു വലിയഗുണമുണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. കൃത്യസമയത്തു ജോലിചെയ്യുന്നതു ഒരു വലിയകാര്യമാണു്. ഇവിടെ സ്ത്രീകൾക്കും കുട്ടികൾക്കുമായിട്ടുള്ള ആസ്പത്രിയിൽ ഡെപ്യൂട്ടിസർജൻ മുതൽ ഇങ്ങോട്ടുള്ള ജോലിക്കാർവരെ എല്ലാം കീഴ്ജീവനക്കാരും കൃത്യസമയത്തു ജോലിക്കു ഹാജരാകുന്നുണ്ടെന്നു് എനിയ്ക്കറിയാം. അവിടെയെല്ലാം വളരെ കണിശമാണു്. അപ്രകാരം കൃത്യമായി ജോലിക്കു് ഹാജരാകുന്നവരാണു് നമുക്കു് ആശുപത്രികളിലും വേണ്ടതു്. കോല്ലം ആശുപത്രിയെപ്പറ്റി വളരെ ചീത്തയായ ഒരു അഭിപ്രായത്തെ ഇവിടത്തെ ഒരു വർത്തമാനപ്പത്രത്തിൽ വായിക്കുവാനിടയായതിൽ ഞാൻ വളരെ മനസ്താപിക്കുന്നു. ഡർബാർഹിസിക്കുൻറെ ശ്രദ്ധ ഈസംഗതിയിൽ പതിഞ്ഞിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. നമുക്കു് വളരെസമീപത്തു് സ്ഥിതിചെയ്യുന്ന ഒരുസ്ത്രീ ഈ ഉദ്ദിഷ്ടാർത്ഥം സമ്പാദിച്ചതു് വളരെ ശോചനീയംതന്നെ.

ഇനി എനിക്കൊരുസംഗതി പറയാനുള്ളതു്, കൊല്ലം വിക്ടോറിയാ ക്വീവിലി ആസ്പത്രി ഒരു പുരുഷനായ ഡാക്ടരുടെ മേൽനോട്ടത്തിലിരിക്കുന്നു. എന്നുള്ളവസ്തുതയെ ഡർബാർഹിസികനേയും ഈ സഭയേയും ധരിപ്പിക്കുന്നതുനല്ലതാണ്.

അദ്ധ്യക്ഷൻ. ചാജ്ജിൽ ഇരിക്കയാണെന്നു എനിക്കു തോന്നുന്നില്ല.

മി. എ. ഹഗാർഫ് (ഗവണ്മെൻറു നിയമിച്ചമെമ്പർ): ഒരു അസിസ്റ്റൻറായിരിക്കുന്നു എന്നു് പറയാനാണ് ഞാൻ ഉദ്ദേശിച്ചതു്, അതു ഒരു വലിയകുഴപ്പമാണു്. അയാൾക്കുപകരം ജോലിനോക്കുന്നതിനു ഒരു ലേഡിഡാക്ടറെ കിട്ടുമെന്നു എനിക്കു നിശ്ചയമുണ്ടു്. സ്ത്രീകൾക്കു ആസംഗതിയിൽ വലിയ വിരോധമുണ്ടായിരിക്കുമെന്നു് ഞാൻ പറയേണ്ടതില്ലല്ലൊ. ഒരു സ്ത്രീയാണെന്നുള്ളനിലയിൽ അവരുടെ സഹോദരിമാരുടെ മാനത്തിനു വകവെച്ചു് അവിടത്തെ പുരുഷനായ ഡാക്ടരെമാറ്റി പകരം ഒരു സ്ത്രീയെ ഡാക്ടറായി നിയമിക്കണമെന്നു് ഞാൻ ഡർബാർഹിസിക്കനോടു് അപേക്ഷിച്ചുകൊള്ളുന്നു:

മരുന്നുകളെസംബന്ധിച്ചു് മി. കുഞ്ഞിതൊമ്മൻ പറഞ്ഞതിനെ പിൻതാങ്ങി എനിക്കും ഒരുപക്ഷേ പറയാനുണ്ടു്. മരുന്നുകൾ വളരെവേഗം തീർന്നുപോകുന്നു. വർഷാവസാനത്തിൽ കൊടുക്കുന്നമരുന്നു് വണ്ണാരപ്പേട്ടയിലേയ്ക്കു കൊടുക്കുന്ന മരുന്നിനെക്കാൾ (രഫുവാഷ്) കുറവാകുന്നു.

അദ്ധ്യക്ഷൻ: "രഫുവാഷ്" കുറയെ കൂടിക്കുകയില്ലല്ലൊ (ചിരി).

മി. എ. ഹഗാർഫ് (ഗവണ്മെൻറു നിയമിച്ചമെമ്പർ): ഞാൻ അശ്രദ്ധകാരണത്തിൽ ഉപയോഗിച്ചതാണു മരുന്നെന്നു തോന്നത്തക്കവിധത്തിൽ നിറംകയറി ഉണ്ടാക്കുന്ന വെള്ളത്തിനെയാണു് "രഫുവാഷ്" എന്നു പറയുന്നതു്. നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് യോഗ്യതയും സാമർത്ഥ്യവുമുള്ള ഉദ്യോഗസ്ഥന്മാരെയാണു് ആശുപത്രികളിൽ നിയമിച്ചിട്ടുള്ളതു്. തിരുവിതാംകൂർകാർ ആവശ്യപ്പെടുന്നതെന്തെന്നാൽ മഹാരാജാവു് തിരുമനസ്സുകൊണ്ടു് കല്പിച്ചിട്ടുള്ള ഫീർപ്പാട്ടുകളുടെഫലം മാത്രമാണു്. ഇത്രമാത്രമേ എനിക്കു് ഈസംഗതിയിൽ പറവാനുള്ളു.

മിസ്സസ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്ജു്): സർ, ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള പ്രധാനസംഗതി, രോഗികളോടു് മെഡിക്കൽ ഉദ്യോഗസ്ഥന്മാർ മയവായി പെരുമാറുന്നില്ലെന്നുള്ളതാണു്. സാധുക്കളായ രോഗികളിൽനിന്നും, കൃത്യബോധമുള്ള പല ഡാക്ടരും പുരുഷനായാലും സ്ത്രീയായാലും ഫീസ് വാങ്ങേണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഉദ്യോഗിച്ചു ചികിത്സിക്കപ്പെടുന്ന രോഗികളോടു ഒരു കാര്യത്തിലും അവശ്യപ്പെടരുതെന്നാണു് ചട്ടം. ചിലസംഗതികളിൽ പൊലീസ് ഡിപ്പാർട്ടുമെൻറിനു് ലഭിച്ചിട്ടുള്ള ഉത്തരവുപോലെ മെഡിക്കൽഡിപ്പാർട്ടുമെൻറിനു് ഓർഡറാക്കുന്നതിനു് ഈ വിഷയത്തിനു കിടിയിട്ടുണ്ടു്. ചിലപ്പോൾ ചിലസമയങ്ങളിൽ ഇതു് വാസ്തവമായി ഇരുന്നിരിക്കാം. എല്ലാവകുപ്പുകളിലും ചീത്തയാളുകൾ ഉണ്ടു്, എന്നാലും, എല്ലാവരേയും ഒന്നുപോലെ ചീത്തയാണെന്നു പറഞ്ഞതിൽ എനിക്കു വളരെ മനസ്താപമുണ്ടു്. മി. കുഞ്ഞിതൊമ്മൻ പ്രത്യേക ഉദാഹരണങ്ങൾ എടുത്തുകാണിക്കുകയോ അല്ലെങ്കിൽ അപ്രകാരം വല്ല സംഭവങ്ങൾ നടക്കുമ്പോൾ മേലധികാരികളെ അറിയിക്കാൻ കഴിയുമെങ്കിൽ, ഈ വിഷയത്തെപ്പറ്റി ഗൗനിക്കുന്നതായിരിക്കും. എന്നാൽ ഇതുപോലെ എല്ലാവരേയും ഒന്നിച്ചുചേർത്തുള്ള അപരാധത്തിന്മേൽ എനിക്കൊന്നുചെയ്യുവാൻ സാധിക്കുന്നതല്ല.

മരുന്നുകളെ സംബന്ധിച്ചു്, ആശുപത്രിയിലില്ലാത്ത ചില പ്രത്യേക മരുന്നുകളെ ആവശ്യപ്പെടുമ്പോൾ മാത്രം വിലകൊടുപ്പിക്കുവാങ്ങാൻ രോഗിയോടു പറയുന്നതും, എന്നാൽ അതു ചിലപ്പോൾമാത്രം സംഭവിക്കുന്നുമാ

കുന്നു. ഔഷധങ്ങൾക്കുവേണ്ടി മതിയായ പണം ചെലവാക്കുന്നതായാൽ ആശുപത്രിക്കളിലുള്ള ഈ പരാതി ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗ്ലിസറിന്റെ ഒരു സ്പെഷ്യൽ മുന്നാണോ എന്നറിഞ്ഞാൽകൊള്ളാം?

മിസ്സ്റ്റർ. എം. പുന്നൻ മുക്കോസ്റ്റ് (സർജൻ ഇൻ ചാർജ്ജ്): അതു സ്പെഷ്യൽ ഇൻഗ്രഡിന്റ് കൊടുത്തുവാങ്ങേണ്ട മരുന്നുകളിൽ ഒന്നാകയാൽ, അതിനെ സ്പെഷ്യൽമരുന്നുകളുടെ ക്ലാസ്സത്തിൽ കണക്കാക്കപ്പെട്ടിരിക്കുന്നു. ചില പ്പോഴെല്ലാം അതിനെ ആശുപത്രികളിലും ഉപയോഗപ്പെടുത്തിവരുന്നു എങ്കിലും സാധാരണയുള്ള മരുന്നുകളുടെ ക്ലാസ്സത്തിൽ കണക്കാക്കപ്പെട്ടിട്ടില്ലാത്തതും, കുറച്ചു വിലകൂടിയതുമാകുന്നു.

പണമുള്ള ആളുകൾക്കു മാത്രമേ നല്ലമരുന്നു കൊടുക്കുന്നുള്ളു എന്നും മറ്റുള്ളവർക്കു നല്ലമരുന്നു കൊടുക്കുന്നില്ലെന്നും മി. കുഞ്ഞിത്തൊമ്മൻപറഞ്ഞു. സർ, ഇതിനെർ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഞാൻ ആശുപത്രി സർവീസിൽ പ്രവേശിച്ചപ്പോൾ, ഇതു എനിക്കു പുതിയിക്കാണിച്ചുതരപ്പെട്ടു. എന്നോടും എന്റെ അഛനോടും സ്നേഹിതന്മാരും, കൂടെ വിദ്യകം ഉണ്ടായിരിക്കുന്നവരും ആയ ആളുകളിൽ നിന്നു അവരുടെ എഴുത്തുകൊണ്ടുവരുന്നവരെ ആശുപത്രിയിൽ ചെന്നു നല്ലമരുന്നു കൊടുക്കണമെന്നുള്ള ശിപാർശ എഴുത്തുകൾ എനിക്കു കിട്ടികൊണ്ടിരിക്കുന്നതു പതിവായിരുന്നു. ഒരേമാതിരി ചികിത്സമാത്രം ഇരിക്കുകയും, ഈ "നല്ലമരുന്നു" എന്നുള്ളതു എന്താണെന്നു എനിക്കു അറിവാൻ പാടില്ല. ശിപാർശ എഴുത്തുകൾകൊണ്ടുവരുന്നതായാൽ നല്ലമരുന്നുകൾ കിട്ടുമെന്നാണു ആളുകൾക്കുടെ വിശ്വാസം. ഈ എട്ടുകൊല്ലങ്ങൾക്കിടയിൽ ഈ നല്ലമരുന്നു എന്നപദപ്രയോഗത്തിന്റെ താല്പര്യം എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ശിപാർശ ഇല്ലാത്തപക്ഷം ആശുപത്രിയിലേക്കു വരാത്തവരും, മെഡിക്കൽ സൂപ്രണ്ടിന്റെ പ്രത്യേക താല്പര്യത്തിനും കാണിക്കാത്തപക്ഷം അവർക്കു നല്ലമരുന്നു കിട്ടുകയില്ലെന്നു വിശ്വസിക്കുന്നവരും ആയ പാവപ്പെട്ട ജനങ്ങൾ ഇപ്പോഴും ധാരാളമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ജനങ്ങളുടെ ഇടയിലുള്ള ഈ വിശ്വാസത്തെ, ഡാക്ടർമാരുടെ ദയാപൂർസ്സരമായ പെരുമാറ്റംകൊണ്ടും, കാരുണ്യപ്രവൃത്തികൊണ്ടും മാത്രമേ മാറുവാൻ സാധിക്കുകയുള്ളു.

പിന്നീടു ആശുപത്രിജോലിയെക്കുടെ വകവയ്ക്കാതെ ഡാക്ടർമാർ തങ്ങളുടെ സ്വപ്രയത്നം ചികിത്സയിൽ ഇരിക്കുന്ന രോഗികളെ കാണാൻപോകുന്നു എന്നു മി. ഫ്രഞ്ചർഫ് ഒരു പരാതിപറഞ്ഞു. അതും മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ ജോലിയിൽ ഉൾപ്പെട്ടതാണെങ്കിലും, അങ്ങിനെയുള്ളവയ്ക്കല്ലാതെ, ജോലിസമയങ്ങളിൽ ഡാക്ടർമാർ ആശുപത്രിയിൽ നിന്നും പോകരുതെന്നാണ് സാധാരണയുള്ള ഒരു നിയമം. സ്വപ്രയത്നം ചികിത്സയെ അവരുടെ പ്രധാനജോലിയായി വച്ചുകൊള്ളുന്നതിനെ മെഡിക്കൽസർവീസുകാരെ അനുവദിച്ചിട്ടില്ല, അതിനെപ്പറ്റി വളരെ കർശനിയായ ഒരു നിയമവുമുണ്ട്.

മി. എ. ഫ്രഞ്ചർഫ് (ഗവണ്മെന്റ് നിയമിച്ച മെമ്പർ): ഞാൻ അർത്ഥമാക്കിയതും അതുതന്നെയാണ്.

മിസ്സ്റ്റർ. എം. പുന്നൻ മുക്കോസ് (സർജൻ ഇൻ ചാർജ്ജ്): എന്നാൽ, പേപ്പറിയിൽ അടിയന്തിരമായ കേസുകൾക്കു മെഡിക്കൽ ഉദ്യോഗസ്ഥന് പോകേണ്ടതായിവരികയും, അപ്രകാരമുള്ള അവസരങ്ങളിൽ അദ്ദേഹത്തിന് അതേസമയം ആശുപത്രിയിൽ സന്നിഹിതനായിരിയ്ക്കയും ചെയ്യുവാൻ സാധിക്കാതെയും ആകുന്നു. എന്നാൽ ഇവ അസാധാരണ സംഭവങ്ങളാകുന്നു.

സർ, കൊല്ലം വിട്ടോറിയാ ആശുപത്രി സംബന്ധിച്ചു, ആ മനുഷ്യൻ ഇപ്പോഴും അവിടെത്തന്നെയാണോ എന്നു എനിക്കറിയുവാൻ പാടില്ല.

സ്ത്രീകളായിട്ടുള്ള ഡാക്ടർമാരെ കിട്ടുമോ, അവിടെ ഇപ്പോഴും ഒരു പുരുഷൻ ജോലിനോക്കികൊണ്ടിരിക്കുന്നപക്ഷം, ഗവർമെൻറ് ഒരു സ്ത്രീയെ പകരം നിയമിക്കണം.

മി. എ. ഫ്രഞ്ചർഫ് (ഗവണ്മെൻറ്നിയമിച്ച മെമ്പർ): കേൾപ്പിൻ, കേൾപ്പിൻ.

മി. തരിയൻ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): ഡാക്ടർമാർ സാധുക്കളോടു അത്മാർത്ഥതയോടെ ക്ലൃത്യമായ സംഖ്യ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന സംഗതി അറിവുകിട്ടിയാൽ പ്രത്യേകം ശ്രദ്ധിക്കാമെന്നു ഡർബാർഹിസിക്ഷൻ പറഞ്ഞതിൽ വളരെ ആശ്വാസമുണ്ട്. അതുകൂടാതെമൽ ജാഗ്രതയോടുകൂടിയിരുന്നാൽ അഴിമതികളെ കണ്ടുപിടിക്കുവാൻ സാധിക്കും. ഓരോ സ്ഥലത്തുനിന്നും ഫർജികൾ പിന്നാൽ അതിനെവച്ചുകൊണ്ടു ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കയും സ്ഥലംമാറേണ്ടവരെ സ്ഥലംമാറുകയും ചെയ്യണം. രോഗാതുരന്മാർക്കു പരാതിപറയുവാൻ നിവൃത്തിയില്ല. അങ്ങനെചെയ്യുന്നതു അവരുടെ ദൗർഭാഗ്യത്തിന് ഹാനികരമായേക്കുമെന്നു അവർ ഭയപ്പെടും. രോഗികളെ വീടുകളിൽ കൊണ്ടുപോയി കാണിക്കുന്നതിന് ഡാക്ടർക്ക് ഒരുമിന് എഴുരൂപ കൊടുക്കണമെന്ന് നാട്ടുഭാഷയിൽ വിവരിക്കുന്ന ഒരു സൊർഡ് ആസ്പത്രികളിൽ വയ്ക്കുന്നതുകൊണ്ടു ഗവണ്മെന്റിനു ഒരുവിധനഷ്ടവും വരാനില്ല. അതു കഴിയുന്നതും വേഗത്തിൽ എല്ലാ ആശുപത്രികളിലുംവയ്ക്കുന്നതും നന്നായിരിക്കും. സാധുജനങ്ങൾ ഡാക്ടരുടെ മെമ്മേജിനെപ്പറ്റി തക്കിക്കുന്നതായാൽ ഡാക്ടർമാർക്ക് ഫീസുകുറെ നിരസമുണ്ടാകും. അവരുടെ കയ്യിലാണ് ജനങ്ങളുടെ ജീവൻ. അവരെക്കൂടാതെ ആർക്കാനിവൃത്തിയില്ല. ഞാൻതന്നെ ഇതു പറഞ്ഞതു ആപൽക്കരമല്ലേ എന്നു ഭയപ്പെടുന്നു. എങ്കിലും സാധുക്കളായ വളരെ ആളുകളുടെ ഗ്രണ്ടെന്തിനായി എനിക്കിടെ ഇതു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ഇപ്പോഴത്തെ ഡിപ്പാർട്ടുമെൻറ അഭ്യുദയ ഇതെല്ലാം ശ്രദ്ധിക്കുമെന്നുള്ള വിശ്വാസത്തോടെ ഞാൻ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

അനന്തരപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം—ഡൻര.

താഴെ ചേർക്കുന്നു. ഉപക്ഷേപം ഫാജരാക്കപ്പെട്ടിട്ടില്ല.

മി. എൻ. കുമാരൻ;

ഡൻര. ഡിമാൻഡ് XV—ലേക്കായി നീക്കിവച്ചിട്ടുള്ള ൩.൫൦ ലക്ഷം രൂപയിൽ ൧൦൦ രൂപ കുറയ്ക്കുണം.

അദ്ധ്യക്ഷൻ:—ഡിമാൻഡ് XV. മെഡിക്കൽ ഡിപ്പാർട്ടുമെൻറ് എന്ന ഇനത്തിലുള്ള ൩.൫൦ ലക്ഷം രൂപയെ ഞാനിപ്പോൾ ഈ സഭയിൽ വോട്ടിനായി ഇടുന്നു. ആ ഡിമാൻഡിനെ ഈ സഭ അനുവദിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

അനുവാദം നൽകപ്പെട്ടു.

ഡിമാൻഡ് XVI. കെമിക്കൽ എക്സാമിനർ, ആയുർവേദം, സനിട്ടേഷൻ.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഡിമാൻഡ് XVI. കെമിക്കൽ എക്സാമിനർ, ആയുർവേദം, സാനിട്ടേഷൻ [എന്നിവയെങ്കിൽ ക്രമേണ ലക്ഷം രൂപയിൽ കവിയാതെ ഒരു തുക അനുവദിച്ചു കിട്ടണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രമേയങ്ങൾ വർ 8 മുതൽ വർ 9 വരെ.

താഴെ ചേർക്കുന്ന പ്രമേയങ്ങൾ ചർച്ചചെയ്യപ്പെട്ടില്ല—

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

വർ 8. ടെമ്പററി വൈദ്യപണ്ഡിതനായി അനുവദിച്ചിട്ടുള്ള ൪൫൦ രൂപയെ വിട്ടേയ്ക്കുന്നു.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

വർ 9. നിയോഗങ്ങൾക്കായി അനുവദിച്ചിട്ടുള്ള ൫,൫൭൦ രൂപയിൽ ൫൭൦ രൂപ കുറയ്ക്കുന്നു.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

വർ 10. ആശുപത്രികളിലേക്കു മരുന്നുകൾ തയാറാക്കുന്നതിനുള്ള ഉപകരണസാധനങ്ങൾക്കായി അനുവദിച്ചിട്ടുള്ള ൯,൦൦൦ രൂപയെ വിട്ടേയ്ക്കുന്നു.

ഉപക്ഷേപം വർ 11.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): ആയുർവേദൗഷധശാലയ്ക്കു അനുവദിച്ചിട്ടുള്ള ൧൧,൧൭൫ രൂപയിൽ ൫,൦൦൦ രൂപ കുറയ്ക്കുന്നു.

ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു് ഈ കാരണത്തിലേക്കായിട്ടാണു്. ബഡ്ജറിൽ കവുന്നാമരത്തു പുറത്തിൽനിന്നും ആയുർവേദൗഷധശാലയ്ക്കു ൭,൯൭൫ രൂപ അനുവദിച്ചിട്ടുള്ളതായി ഞാൻ കാണുന്നു. കർവ്വലെ കണക്കുകളിൽനിന്നും ഈ ഇനത്തിലേക്കു് ൯,൯൫൭ രൂപ മാത്രമേ ചിലവായിട്ടുള്ളതായി കാണുന്നൊള്ളു. കർവ്വലെ ബഡ്ജറെഎസ്റ്റിമേറിലെ തുക ൨,൫൭൫ രൂപയും ആകെക്കൂടുന്നതിൽനിന്നു രണ്ടാമതായി പരിഷ്കരിച്ച ബഡ്ജറിലെ തുക ൫,൯൦൦ രൂപയും ആകുന്നു. അതുകൊണ്ടു് കർ൦൦൦ൽ ആയുർവേദൗഷധശാലയ്ക്കു ഇത്ര വലിയതുക അനുവദിച്ചിരിക്കുന്നതു് എന്തിനാണെന്നു മനസ്സിലാക്കുന്നതിനു പ്രയാസമായിരിക്കുന്നു. ഇപ്പോൾ കവു—ാമത്തെ പുറം നോക്കുന്നതായാൽ ഈ വു,൦൦൦-ത്തിച്ചില്വാനം രൂപയിൽ ൯,൦൦൦ രൂപ ആശുപത്രികൾക്കാവശ്യമുള്ള ഔഷധങ്ങൾ തയാറാക്കുന്നതിനുള്ള അസംസ്കൃതസാമാനങ്ങൾ വാങ്ങുന്നതിനായിട്ടാണെന്നു നാം കാണുന്നു. അതിനുവേണ്ടി ഒരു പ്രത്യേകതുകയും നാം കാണുന്നു. കർവ്വലെ കണക്കുകളിൽ ൫,൫൭൫ രൂപയും, കർ൦൦ൽലെ ബഡ്ജറെ എസ്റ്റിമേറിൽ ൫,൫൯൯ രൂപയും, കർ൦൦ൽ—ൽ രണ്ടാമതു പരിഷ്കരിച്ച കണക്കിൽ ൫,൯൫൦ രൂപയും ആണെന്നുകാണുന്നു. എന്നാൽ കർ൦൦ൽലെ ബഡ്ജറെ കണക്കിൽ ഉള്ള തുക ൯,൦൦൦ രൂപയായി വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ടു് നമുക്കറിയാവുന്നയുപോലെ ഈ സമയത്തിലും പുറമേയും വളരെ ആക്ഷേപങ്ങൾക്കു പാത്രീഭവിച്ചിരിക്കുന്ന ആയുർവേദൗഷധശാലയ്ക്കു മുന്നാണ്ടുകളിലെ ചെലവുകളുടെ ശരാശരിയിൽ കൂട്ടുതൽ അനുവദിച്ചുകൊടുക്കുന്നതെന്തു ഞാൻ അഭിപ്രായപ്പെടുന്നു. അതുകൊണ്ടാണു് കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നതു്.

മി. കെ. ജോസ്സ് (അക്കൌണ്ടാഫീസർ): മുൻകൊല്ലങ്ങളിൽ ഔഷധശാലയിലേക്കു വേണ്ട ഔഷധങ്ങൾ തയാറാക്കുന്നതിനുള്ള അസംസ്കൃതസാമാനങ്ങൾ വാങ്ങുവാനായി മുമ്പേകൊടുക്കുന്ന ഇനത്തിൽ ഒരു തുക വീതി വച്ചിട്ടുണ്ടായിരുന്നു. ആ തുക നാം ഇപ്പോൾ ഇവിടെ കൊള്ളിച്ചിട്ടുള്ളതിനേക്കാൾ വളരെ കൂട്ടുതൽ ആണ്ടു്. ആ വ്യവസ്ഥയെ ഞങ്ങൾ കുറച്ചിട്ടുണ്ടു്. ഔഷധങ്ങൾ തയാറാക്കുന്നതിലേക്കു പച്ച മരുന്നുകൾ വാങ്ങുവാൻ മുമ്പേകൊടുക്കുന്ന ഇനത്തിൽ ഇപ്പോൾ യാതൊന്നും അനുവദിച്ചിട്ടില്ല.

അദ്ധ്യക്ഷൻ: അല്ലു ആശുപത്രിയിലെ ഉപയോഗത്തിനും ഔഷധശാലയിലെ വിപ്പനയ്ക്കായിട്ടും ആയിരുന്നു.

മി. കെ. ജോസ്സ് (അക്കൌണ്ടാഫീസർ): അതെ, മുമ്പേകൊടുക്കുക എന്ന ഇനത്തെ കുറച്ചിട്ടു് ആവശ്യകുറവുകളുടെ കണക്കുകളെ ശരിയായി പരിശോധിക്കത്തക്കവണ്ണം ഞങ്ങൾ ഈയ്യാണ്ടു് സവീസ് കമ്മീഷൻ൯,൦൦൦ രൂപ കൂടുതൽ കൊള്ളിച്ചിട്ടുണ്ടു്. ക്ലാർക്കുമാരുടെ വരവുകളുടെത്തിൽ മുൻകൂട്ടിപ്പറയുന്ന എന്ന നിലയിൽ ൫,൦൦൦ രൂപാ കൊള്ളിച്ചിട്ടുള്ളതും ആശുപത്രികളിലേക്കാവശ്യമുള്ളസാമാനങ്ങൾ ശേഖരിച്ചുകൊടുക്കുന്നതിലേക്കായി ൭,൦൦൦ രൂപ, ആശുപത്രികൾക്കുപയോഗപ്പെടുത്തുന്ന കുതിരകളുടെ കൂട്ടത്തിൽ കൊള്ളിച്ചിട്ടുള്ളതുമാകുന്നു. ഇതു കണക്കുകൾ തയ്യാറാക്കിയപ്പോൾ കൂട്ടിച്ചേർക്കുന്നതിനായി ചെയ്തിട്ടുള്ളതാകുന്നു. ഔഷധങ്ങൾതയ്യാറാക്കുന്നതിലേക്കുവേണ്ട പച്ചമരുന്നുകൾ വാങ്ങിക്കുന്നതിനായിട്ടുള്ള തുക ഈ ൯,൦൦൦ രൂപയാകുന്നു. മുമ്പേ എന്ന ഇനത്തിൽ ൯,൦൦൦ രൂപയിൽ കൂട്ടുതൽ മുമ്പുകൊള്ളിച്ചിരുന്നു. ആശുപത്രിയിലേക്കു നാം മരുന്നുകൾ ആവശ്യപ്പെടുന്നതും അവയെ ഉണ്ടാക്കുന്നതിലേക്കു നമുക്കു പച്ചമരുന്നുകൾ വാങ്ങിക്കേണ്ടതും, ഔഷധങ്ങളെ തയ്യാറാക്കേണ്ടതും, അപ്രകാരം തയ്യാറാക്കിയിട്ടുള്ള മരുന്നുകളെ ആശുപത്രിയിലേക്കു ഒരു വിലവച്ചുകൊടുക്കുന്നതും, പകരംകിട്ടുന്ന ധനവുകളെ, കൊടുത്തിട്ടുള്ള ൫,൦൦൦ രൂപയിൽ വരവുവയ്ക്കുന്നതുമാകുന്നു. അതാണു് ആ ''പ്രൊവിക്''നുള്ള ആവശ്യം.

മി. കെ. പരമേശ്വരൻപിള്ള (തിരുവല്ല): ഈ സമാധാനത്തിനേൽ ഞാൻ എന്റെ ഉപക്ഷേപത്തെ നിർബന്ധിക്കുന്നില്ല.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

പ്രമേയങ്ങൾ വർ൯ മുതൽ വർ ൧൭ വരെ.

താഴെ ചേർക്കുന്ന ഉപക്ഷേപങ്ങൾ ചർച്ചചെയ്യപ്പെട്ടില്ല.

മി. എൻ. രാമകൃഷ്ണപിള്ള:—

വർ൯. ആയുർവേദഡിസ്പെൻസർമാർക്കു നീക്കിവച്ചിട്ടുള്ള ൫,൯൫൭ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. എൻ. കുമാരൻ —

൯൦൦, ആയുർവേദ ഡിസ്പെൻസർമാർക്കായി നീക്കിവച്ചിട്ടുള്ള ൫,൪൯൭ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. ഠറി. കുമാരപിള്ള:—

ന. ഠ ക. കമ്മിഷണർക്കായി അനുവദിച്ചിട്ടുള്ള ൭൬ വ രൂപയിൽ ക ഠ ഠ രൂപ കുറയ്ക്കണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:—

ന. ഠ ഖ. സഞ്ചാരസ്വാതന്ത്ര്യത്തിനായി നീക്കിവച്ചിട്ടുള്ള ര, ഒ ഠ ഠ രൂപയിൽ ക, ഒ ഠ ഠ രൂപ കുറയ്ക്കണം.

മി. ഠറി. കുമാരപിള്ള:

ന. ഠ ന. വാക്സിൻഡിപ്പോവിനായി നീക്കിവച്ചിട്ടുള്ള ൭൬, ഠ൯ ഒ രൂപയിൽ ക ഠ ഠ രൂപ കുറയ്ക്കണം.

മി. ഠറി. എം. ചിദംബരരാമപിള്ള:—

ന. ഠ ര. ശ്രുഷികരണത്തിനും ഗോവസൂരിപ്രയോഗത്തിനുമായി നീക്കിവച്ചിട്ടുള്ള വ ഒ, ര ഒ ഠ രൂപയിൽ ക ഠ ഠ രൂപ കുറയ്ക്കണം.

മി. എൻ. കുമാരൻ:—

ന. ഠ ങ. ശ്രുഷികരണത്തിനും ഗോവസൂരി കുത്തിവയ്ക്കുന്നതിനുമായി നീക്കിവച്ചിട്ടുള്ള വ ങ. ര ഒ ഠ രൂപയിൽ ക ഠ ഠ രൂപ കുറയ്ക്കണം.

മി. എം. എൻ. പിള്ള:—

ന. ഠ ന്യ. മെഡിക്കൽ സംബന്ധമായ ഗ്രാന്റുകളിലേക്കായി നീക്കിവച്ചിട്ടുള്ള ര ര, ന ഠ ഠ രൂപയിൽ ക ഠ ഠ രൂപ കുറയ്ക്കണം.

മി. ജെ. ജോൺനിധിരി (ചങ്ങനാശ്ശേരിയും മിനച്ചിലും):—എന്റെ ഉപക്ഷേപം ഇതിനുമുമ്പുതന്ന വാല പ്രതിവാദം നടത്തപ്പെട്ടുപോയതിനാൽ, ഞാൻ അതിനെ ഹാജരാക്കുന്നില്ല.

ന. ഠ ഉ. ഡിമാൻഡ് XVI—ലേക്ക ആയി നീക്കിവച്ചിട്ടുള്ള ക.൭൨ ലക്ഷം രൂപയിൽ ക ഠ ഠ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: ഡിമാൻഡ് XVI കെമിക്കൽ എക്സാമിനർ, ആയുർവേദം, സാനിട്ടേഷൻ, എന്നീ വകുപ്പുകളിലുള്ള ക ര ല ലക്ഷം രൂപയെ ഞാനിപ്പോൾ ഈ സഭയിൽ വോട്ടിനായി ഇടുന്നു. ഈ ഡിമാൻഡിനെ ഈ സഭ അനുവദിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

ഗ്രാന്റു അനുവദിച്ചുകൊടുത്തു.

ഡിമാൻഡ് XVII-സ്റ്റേഷനറിയും പ്രിന്റിങ്ങും.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റു ചീഫ് സെക്രട്ടറി): സർ, സ്റ്റേഷനറിക്കും പ്രിന്റിങ്ങിനുമായി ൨൭൭ ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രമേയങ്ങൾ ന. ഠ വു മുതൽ ന൨. ഠ വരെ.

താഴെച്ചേർക്കുന്ന പ്രമേയങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. എൻ. രാമകൃഷ്ണപിള്ള:—

ന. ഠ വു. പബ്ലിക്ക് ഡിപ്പാർട്ട്മെന്റുകളിലെ സ്റ്റേഷനറിവകകൾക്കു അനുവദിച്ചിട്ടുള്ള ക വ൪, ഠ ഠ ഠ രൂപയിൽ ൨ ഠ, ഠ ഠ ഠ രൂപ കുറയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള:—

ന. ഠ ൯. സ്റ്റേഷനറികാണുപോകുന്നതിനും കടലാസുമുറിക്കുന്നതിനും അനുവദിച്ചിട്ടുള്ളതായ ക, ഠ ഠ ഠ രൂപയിൽ ൪ ഠ ഠ രൂപ കുറയ്ക്കണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:—

ന. ക ഠ. സ്റ്റേഷനറികാണുപോകുന്നതിനും, കടലാസുമുറിക്കുന്നതിനും അനുവദിച്ചിട്ടുള്ളതായ ക, ഠ ഠ ഠ രൂപയിൽ ന ഠ ഠ രൂപ കുറയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള.

ന. ക ക. സ്റ്റേഷനറിവകയ്ക്കു നീക്കിവച്ചിട്ടുള്ള ക, ൭൯, ൪ ഠ ഠ രൂപയിൽ ക ഠ ഠ രൂപ കുറയ്ക്കണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:—

ന. ക ഖ. ടെമ്പററി പീസുവർക്ക് എസ്റ്റാബ്ലിഷ്മെന്റിനായി നീക്കിവച്ചിട്ടുള്ള ന, ഠ ഠ ഠ രൂപയിൽ ക, ഠ ഠ ഠ രൂപ കുറയ്ക്കണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:—

ന. ക ങ. ക്ലൂട്ടത്സ്സമയം വേലചെയ്യുന്നതിനു അനുവദിച്ചിട്ടുള്ള ക, ഖ ഠ ഠ രൂപയിൽ ൪ ഠ ഠ രൂപ കുറയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള:—

ന. ക ര. യന്ത്രങ്ങൾ വാങ്ങുന്നതിനായി നീക്കിവച്ചിട്ടുള്ള ക ങ, ഠ ഠ ഠ രൂപയിൽ ര, ഠ ഠ ഠ രൂപ കുറയ്ക്കണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:—

ന. ക ഭ. അണ്ണൽചാക്ക് വകയ്ക്കു അനുവദിച്ചിട്ടുള്ള ര, ഠ ഠ ഠ രൂപയിൽ ഖ, ഠ ഠ ഠ രൂപ കുറയ്ക്കണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:—

ന. ക ന്യ. ആഫീസുസംബന്ധമായ ചെലവുകളിലേക്കു അനുവദിച്ചിട്ടുള്ള ന്യ. ഭ രൂപയിൽ ന ഠ ഠ രൂപ കുറയ്ക്കണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:—

ന. ക ഩ. പീസുവർക്സ് എസ്റ്റാബ്ലിഷ്മെന്റിലേക്കു അനുവദിച്ചിട്ടുള്ള ക, ഒ ഠ ഠ രൂപയെ വേണ്ടെന്നുവയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള:—

ന. ക വ. അച്ചടിക്കായി അനുവദിച്ചിട്ടുള്ള ൯ര, ൪ര ഠ രൂപയിൽ ക ഠ ഠ രൂപ കുറയ്ക്കണം.

മി. എം. എൻ. പിള്ള:—

ന. ക ൻ. അച്ചടിക്കായി അനുവദിച്ചിട്ടുള്ള ൯ര, ൪ര ഠ രൂപയിൽ ക ഠ ഠ രൂപ കുറയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള: —

സർ, ഡിമാൻഡ് XVII-എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള 1,97,000 രൂപയിൽ കുറവു രൂപ കുറയ്ക്കണം.

ഗവർണ്മെന്റു പ്രസിദ്ധീകരണങ്ങൾക്കു തല്ലു കടലാസുകൾ ഉപയോഗിക്കുന്നതിനെപ്പറ്റിയുള്ള ആക്ഷേപത്തെ ചൂണ്ടിക്കാണിക്കുന്നതിന്.

ഉപക്ഷേപം—നമ്പർ 4.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): സർ, ഞാൻ ഉപക്ഷേപം ഹാജരാക്കുന്നു.

നമ്പർ 4. കുറ്റമറ്റതായ ഡിമാൻഡിലേക്കായി നീക്കിവച്ചിട്ടുള്ള 1,97,000 രൂപയിൽ നൂറുരൂപാകുറയ്ക്കണം.

1-ാം നമ്പർ ബഡ്ജറ്റു യോഗത്തിൽവച്ചു അച്ചടിഡിപ്പാർട്ടുമെന്റിൽ ധാരാളം അനാവശ്യച്ചെലവുകൾ ഉണ്ടെന്നു ഗവർണ്മെന്റിനെ ധരിപ്പിച്ചിട്ടുണ്ടു. 1-ാം നമ്പർ-ൽ ഗവർണ്മെന്റുപ്രസ്സിലെ ആകെവരവു 1,47,000 രൂപയും അതേകൊല്ലത്തേക്കുള്ള ആകകൂടിച്ചെലവു 1,97,000 രൂപയും ആയിരുന്നു. ഇൻഡ്യയിലെ മറ്റുള്ളഗവർണ്മെന്റുകളുടെ ഉദ്ദേശ്യം പ്രസ്സിനെ ആദായമുണ്ടാക്കുന്ന ഒരു സ്ഥാപനമായി നടത്തണമെന്നാണ്. ഗവർണ്മെന്റുപ്രസ്സിന്റേയും സെൻട്രൽജയിൽ പ്രസ്സിന്റേയും ഭരണത്തെപ്പറ്റി ആരാഞ്ഞറിയുന്നതിനായി തിരുവിതാംകൂർ ഗവർണ്മെന്റു ഒരു കമ്മിറ്റിയെ ഏർപ്പെടുത്തുകയും ആ കമ്മിറ്റി 1-ാം നമ്പർ-ലെ ബഡ്ജറ്റുയോഗം മുമ്പാകെ ഗവർണ്മെന്റിലേക്കുള്ള അവരുടെ റിപ്പോർട്ടു സമർപ്പിക്കുകയുംചെയ്തു. അവരുടെ അവസാനറിപ്പോർട്ടു സമർപ്പിക്കുന്നതിനു മുൻപായി ആ കമ്മിറ്റി 'ഗസറ്റിനെ' പ്പറ്റി ഇടയ്ക്കാക്കിറിപ്പോർട്ടു അയയ്ക്കുകയും അതിന്മേൽ പിന്നീടു 1-ാം നമ്പർ-ൽ 1,47,000 രൂപയും കടലാസ്സുചെലവുവകയിൽ 1,97,000 രൂപയും ഒരുമിച്ചുകൊല്ലത്തിൽ മിച്ചംവരുത്തുമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഉത്തരവുകൊടുക്കയുണ്ടായി. എന്നാൽ ഇപ്പോഴത്തെ ആലോചനയിലിരിക്കുന്ന ബഡ്ജറ്റിൽ അച്ചടിവകുചെലവുകൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ മുൻപുള്ളതിൽനിന്നും യാതൊരുകുറവും കാണുന്നില്ല. കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു ഗവർണ്മെന്റു ഉത്തരവിടുന്നപക്ഷം അനുവദിച്ചിട്ടുള്ളതുകയിൽനിന്നും ഒരുനല്ലസംഖ്യ അസൌകര്യങ്ങളൊന്നും കൂടാതെ കുറയ്ക്കാം. മിതമായ ചിലവിന്മേൽ പ്രസ്സ്നടത്തിക്കുന്നതിനായി ശമ്പളക്രമത്തെക്കുറയ്ക്കുന്നതിനും മറ്റുചിലഏർപ്പാടുകൾ ചെയ്യുന്നതിനും പ്രസ്സ്കമ്മിറ്റിക്കാർ ശിപാർശചെയ്തിട്ടുണ്ടായിരുന്നു. 1-ാം നമ്പർ-ലെ ബഡ്ജറ്റുയോഗത്തിൽ ഗവർണ്മെന്റുപ്രസ്സിന്റെ ഭരണത്തെപ്പറ്റി പറയപ്പെട്ട ഒരുവിധ ആണിയക്കുരങ്ങും യന്ത്രങ്ങളും വാങ്ങുവാനായി അസാമാന്യമായ ഒരു വലിയതുക ചെലവിട്ട എന്നതായിരുന്നു. 1-ാം നമ്പർ-ൽ 1,97,000 രൂപയിലധികം യന്ത്രങ്ങൾ ചേർത്തിരുന്നു. 1-ാം നമ്പർ-ൽ 1,47,000 രൂപമാത്രമേ ആവശ്യത്തിലേക്കായി നിശ്ചയിച്ചുള്ളൂ. ഇതിനുമുമ്പും തുകകുറയ്ക്കുകയുണ്ടായിട്ടില്ല. പ്രസ്സിൽ അതിനുള്ള ആവശ്യത്തിലധികം യന്ത്രങ്ങൾ ഉണ്ടു. എല്ലായന്ത്രങ്ങളും ഉപയോഗിക്കുന്നില്ല. ഏല്പാവേലക്കാർക്കും വേണ്ടജോലിയും ഇല്ല. അക്ഷരവർപ്പു ജോലിയിലെ വേലകൾ വളരെ അപൂർണ്ണമായിരിക്കുന്നു. സാധാരണയുള്ള തോതനുസരിച്ചു ഒരുദിവസത്തിൽ നമ്പർ 1-ാത്തൽ അച്ചുണ്ടാക്കേണ്ട ഒരുവേലക്കാരൻ ഇപ്പോൾ ദിവസത്തിൽ 1-ാത്തൽമാത്രമേ ഉണ്ടാക്കുന്നതായിക്കാണപ്പെട്ടുന്നുള്ളു. ഇതിനുള്ളകാരണം വേലയുടെ കടുപ്പമില്ലായ്മതന്നെയാണു. അക്ഷരവർപ്പു ജോലിയിലെ വേലക്കാർ ജോലിയില്ലാതെയിരിക്കുമ്പോൾ പുറമെനിന്നും അച്ചുകൾ വാങ്ങുന്നതിന്റെ ഉദ്ദേശം എന്താണെന്നു എനിക്കുമനസ്സിലാകുന്നില്ല. ഇപ്പോൾ പ്രസ്സിൽജോലിക്കാർ വളരെയുണ്ടു. ഈതാല്ക്കാലിക ജോലിക്കാർതന്നെയും പരിശീലനംനേടിത്തികഞ്ഞവരാണെന്നു. കമ്മിറ്റിക്കാരുൽ ശിപാർശചെയ്തപ്രകാരം 1-ാം നമ്പർ-ന്റെ മുൻപുള്ള പീസ്സുവക്കുജോലിക്കാരെ സ്ഥിരപ്പെടുത്തുന്നപക്ഷം ഗവർണ്മെന്റുപ്രസ്സിലെ ജോലിഅവകാശമതിയാകാതെവരുന്നതാണ്. പ്രസ്സ്കമ്മിറ്റിക്കാരുടെ റിപ്പോർട്ടിന്മേൽ തീർച്ചചെയ്യുമ്പോൾ ഗവർണ്മെന്റുപ്രസ്സിനെ പരിഷ്കരിക്കുന്നതായാൽ ഇപ്പോഴത്തെ ചെലവിൽ ധാരാളം മിച്ചം വരുത്താമെന്നിരിക്കെ, അപ്രകാരം ചെയ്യുന്നതിനുള്ള താമസം കൊണ്ടുജനങ്ങളുടെ പണത്തെ ദുർവ്യയംചെയ്യുന്നതിനു ഇടയാക്കിതീർക്കുന്നു. ഈ കാര്യത്തെയാണ്പ്പെടുത്തുവാനാണ് ഞാൻ ഈ ഉപക്ഷേപത്തെ ഹാജരാക്കിയിട്ടുള്ളതു.

ഇനിസ്പെക്ടറി സംബന്ധിച്ചു ചിലസംഗതികൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സ്പേക്ടറിയുടെ ചെലവു കുറക്കുന്നതിനായി ഗവർണ്മെന്റു വല്ലമാർഗ്ഗങ്ങളും ഉണ്ടാക്കുണ്ടെങ്കിൽ ഞാൻഅഭിപ്രായപ്പെടുന്നു. ആവശ്യംപോലെ അനുസരിച്ചുള്ളതരം കടലാസ്സുകളെ ചെലവുകുറഞ്ഞരീതിയിലുള്ള അളവുകൾ സ്പേക്ടറിയിൽ ആരംഭിക്കുന്നതിനായില്ല. ഗവർണ്മെന്റു ഗസറ്റു അച്ചടിക്കുന്നതിന് തക്കകടലാസ്സുകൊടുക്കാതെ വലിപ്പം കുടിയകടലാസ്സുകൊടുക്കുന്നതിനാൽ അവയെ വെട്ടിച്ചെറുതാക്കേണ്ടിവരികയും തൻമൂലം ഗവർണ്മെന്റിനു കൊല്ലത്തിൽ 1,000 രൂപാവിലധികം നഷ്ടംസംഭവിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ഫാറങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരുമിച്ചപ്പുംഇല്ല. മറ്റുള്ള ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ സഹായത്തോടുകൂടി ഒരുപ്രത്യേകഉദ്യോഗസ്ഥൻ അതാതുഡിപ്പാർട്ടുമെന്റുകളിലേയ്ക്കു ആവശ്യമുള്ള ഫാറങ്ങളെ ക്രിപ്പെടുത്തുന്നപക്ഷം അതിൽനിന്നു ഫലപ്രദമായി ഒരുചെലവിയലാതേ ഉണ്ടാക്കാൻ കഴിവുള്ളതാണ്. ഇതേവരെ ചെയ്തിട്ടുള്ള ക്രമീകരണം ഫലപ്രദമല്ലാത്തതും ആ ഉദ്യോഗിയുടെ പ്രയോഗത്തെയ അവർമനസ്സിലാക്കിട്ടില്ലാത്തതും ആകുന്നു. ഞാൻപ്രസ്സ്കമ്മിറ്റിയിലെ ഒരുമെമ്പറായിരുന്നപ്പോൾ ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽ ഉപയോഗപ്പെടുത്തികൊണ്ടിരുന്ന ഫാറങ്ങളിൽ നിന്നു എണ്ണത്തെ കുറയ്ക്കുന്നതുകൊണ്ടു ഒരുകൊല്ലത്തിൽ 4,000 രൂപയുടെ ലാഭമുള്ളതായികണക്കാക്കപ്പെട്ടു. ചിലഫാറങ്ങളെ അച്ചടിക്കുന്നതിനു ഉപയോഗപ്പെടുത്തുന്ന കടലാസിന്റെ തരത്തെപ്പറ്റി നിഷ്കർഷിക്കുന്ന യാതൊരുചട്ടവുംഇല്ല. ഒരേകൊല്ലത്തിൽതന്നേ ഒരോഫാറം അച്ചടിക്കുന്നതിനു പലതരം കടലാസുകളെ ഉപയോഗിക്കുന്നു. ഫാറങ്ങളുടെ വലിപ്പത്തേയും എണ്ണത്തേയും അതിലുള്ള അച്ചടിയുടെ മെഷീനുകളുടെ വലുപ്പത്തേയും നിർണ്ണയപ്പെടുത്തി തിയ്യതിക്കുന്നതുകൊണ്ടു. മുൻപു അയച്ചിട്ടുള്ളതും അതിൻപ്രകാരം നടത്തിട്ടില്ലാത്തതുമായ ഇൻഡൻറുകളെക്കുറിച്ചുനിരീക്ഷണമായാണ് സാധാരണയായി മിണ്ടുംഫാറങ്ങൾക്ക ഇൻഡൻറുകൊടുക്കുന്നതു സെൻട്രൽജയിൽപ്രസ്സിൽ ഉപയോഗിക്കാൻ കഴിയുന്നതരത്തിലുള്ള അനേകം പേപ്പറുകൾ ഫാറങ്ങൾ കിടക്കുന്നതുഞാൻകണ്ടു. എന്നിട്ടുംപുതിയ ഫാറങ്ങൾക്കു ഓർഡറുകൊടുത്തുവരുന്നു. ഇതിനുകാരണം ഇൻഡൻറു കൊടുക്കുന്നതിനുമുമ്പിൽ ഫാറങ്ങളുടെ

സ്റ്റാക്കുസംബന്ധിച്ചുള്ള കുറ്റങ്ങൾക്കും ഇല്ലാത്തതിനാലാകുന്നു. ക്രമീകരണത്തോടുകൂടി കാര്യക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെന്നിയമിക്കേണ്ടതാകുന്നു. അവക്കാവശ്യമുള്ള സ്റ്റേഷനറിവാങ്ങുന്നതിനും വിതരണത്തിനും ഉപയോഗിക്കുന്നതിനും അഞ്ചൽഡിപ്പാർട്ടുമെൻറുകളെ അനുവദിക്കുന്നപക്ഷം അതിനെല്ലാമേകമായുള്ള വിധത്തിൽ നടത്താവുന്നതാണു' ബഡ്ഡറിൻപ്രകാരം സ്റ്റേഷനറിസ്റ്റോറിൽനിന്നും അഞ്ചൽഡിപ്പാർട്ടുമെൻറിനു അനുവദിച്ചിട്ടുള്ള സ്റ്റേഷനറിയ്ക്കു ൫,൦൦൦ രൂപയും അച്ചടിച്ചുബഡ്ഡിലേയ്ക്കു ൧൫,൦൦൦ രൂപയുമാകുന്നു. സ്റ്റേഷനറിയും അച്ചടിയും സംബന്ധിച്ചിടത്തോളം സേഫ്ഗാർഡോടെ പ്രവർത്തിക്കുന്നതിനു അഞ്ചൽഡിപ്പാർട്ടുമെൻറുകാരെ അനുവദിക്കുന്നപക്ഷം ആ ഡിപ്പാർട്ടുമെൻറിനു ഇടവിടാതെയുള്ള നഷ്ടം സഹിക്കേണ്ടിവരികയില്ല എന്നഞാൻ വിചാരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി. മാധവവാരിയരുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. സ്മർ, പല ഡിപ്പാർട്ടുമെൻറിലും സ്റ്റേഷനറി, കടലാസ് ഇവയിൽ വളരെ ദുർവ്യയം ഉണ്ടെന്നുള്ള മിസ്റ്റർ വാരിയരുടെ അഭിപ്രായം ശരിയാണെന്നു എനിക്കു നല്ല നിശ്ചയമാണ്. ഈ ഉപക്ഷേപത്തെ ഈ വിധം പിൻതാങ്ങാവുന്നതാണ്. ഇതുകൂടാതെ ഈ പ്രമേയത്തെ അനുകൂലിക്കുവാൻ ഇനിയുമൊരു ന്യായമുണ്ട്. എവിടെ ആവശ്യമുണ്ടോ അവിടേ ഗവണ്മെൻറു ചെലവു കുറയ്ക്കുന്നില്ല. ഈ സഭയിലെ അംഗമെന്നുള്ള നിലയിൽമാത്രമല്ലാതെ, നാട്ടുകാര്യം പാഠപുസ്തകക്കമ്മിറ്റിയുടേയും, പുരാതന ഗ്രന്ഥപ്രസിദ്ധീകരണക്കമ്മിറ്റിയുടേയും, മറ്റുപല സൊസൈറ്റി കമ്മിറ്റികളുടേയും അംഗമെന്നുള്ളനിലയിലും, ഞാനറിഞ്ഞുകൊണ്ടിരിക്കുന്നതായ ഒരു മെക്കേയുടെ കാര്യത്തെ നമുക്കു ഉദാഹരണമായി എടുക്കാം. പുസ്തകങ്ങളുടെ ലിസ്റ്റ് തയാറാക്കുന്നതിനും അതുപോലെയുള്ള മറ്റു ജോലികൾക്കും നടത്തുന്നതിനും സെക്രട്ടറിയെ ചെലവാക്കുവാൻ ഏതാനും സ്റ്റേഷനറി തന്നേറ്റ ആധീനത്തിൽ വയ്ക്കുന്നതിനു അദ്ദേഹം ഗവണ്മെൻറിനോടപേക്ഷിക്കുമ്പോൾ ഗവണ്മെൻറു അദ്ദേഹത്തിൻറെ അപേക്ഷ മുഴുവൻ വായിക്കുന്നതേയില്ല. നിയമസഭാംഗങ്ങൾക്കു സ്റ്റേഷനറി കൊടുക്കുന്നതല്ലെന്നു മറുപടി പറയുന്നു.

പ്രസിഡൻറ്:—എന്നാൽ ഇപ്പോൾ അവർക്കു കടലാസ്സ് കൊടുത്തുവരുന്നുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവരുടെ ഹാളിലെ ആവശ്യങ്ങൾക്കായിട്ടു ഞാൻ പറഞ്ഞതിനെ ഭേദപ്പെടുത്തുന്നുണ്ട്.

പ്രസിഡൻറ്:—നിങ്ങൾ അതിനെ മുൻകൂട്ടി പറഞ്ഞില്ലല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ വാചകം പൂർത്തിയാക്കിട്ടില്ലായിരുന്നു. (ചിരി)

മി. പി. സുബ്ബയ്യർ (അഡീഷനൽ ഹെഡ് സെക്രട്ടറി), സൊസൈറ്റി കമ്മിറ്റി മീറ്റിങ്ങുകൾക്കാവശ്യമുള്ള കടലാസ്സ് യഥേഷ്ടം കിട്ടുന്നുണ്ട്. (ചിരി)

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നിട്ടും ഈ ജോലികൾക്കെല്ലാം, മെമ്പറന്മാർക്കു കടലാസ്സും മറ്റു സ്റ്റേഷനറി സാമാനങ്ങളും തികയാതെവരുന്നു. ഈ കൌൺസിൽ മെമ്പറന്മാർക്കു, ഈ സബ്ജക്ട് കമ്മിറ്റി, സൊസൈറ്റി കമ്മിറ്റി മുതലായ മറ്റു ഔദ്യോഗികകമ്മിറ്റികളിലും അവരുടെ ജോലിനടത്തുവാൻ ഗവണ്മെൻറു ഒരുണ്ണാ സഹായംചെയ്യുന്നതിനു തയ്യാറില്ലാത്തപക്ഷം, ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കു കടലാസ്സ്കൊടുക്കാൻ പാടില്ലാഎന്നു പറയേണ്ടിയിരിക്കുന്നു. കൌൺസിൽ മെമ്പറന്മാർക്കുള്ള പ്രത്യേകിച്ചും തിരുവനന്തപുരത്തു താമസിക്കുന്ന മെമ്പറന്മാർക്കുള്ള, ഒരു ആശ്വാസം ലിവസേനയുള്ളപടി അഞ്ചു രൂപ മാത്രമാണ്. കഷ്ടിച്ചുപോകുന്ന ഗവണ്മെൻറു ഉദ്യോഗസ്ഥന്മാർക്കു അതേ ആശ്വാസമുണ്ട്. ഇപ്രകാരമിരിക്കെ, അവർക്കുമാത്രം കടലാസു എന്തിനു കൊടുക്കുന്നു? ഈ കാരണങ്ങൾകൊണ്ടു, മിസ്റ്റർ മാധവവാരിയരുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മിസ്റ്റർ മാധവവാരിയരുടെ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. എന്തുകൊണ്ടാണ് ഗവർണ്മെൻറു പ്രസ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ ഉത്തരവുകൊടുക്കാതിരുന്നതെന്നു എനിക്കു അറിയാൻ പാടില്ല. പ്രസ്സ് കമ്മിറ്റി ശുപാർശചെയ്തിട്ടുള്ളപ്രകാരം പ്രസ്സ്ജോലിക്കാരുടെ ശമ്പളങ്ങളേ വളരെ കുറച്ചിരിക്കുന്നഎന്ന് ഒരു പരാതി ഉണ്ടായിട്ടുണ്ട്.

അദ്ധ്യക്ഷൻ:—ഗവണ്മെൻറു ഉത്തരവുകൊടുത്തുകഴിഞ്ഞുവോ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതേ.

അദ്ധ്യക്ഷൻ:—പ്രസ്സ്കാരുടെ ഉത്തരവുകൊടുത്തുകിട്ടിയോ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കമ്മിറ്റിക്കാരുടെ ശുപാർശകളെല്ലാം പ്രസ്സ് സൂപ്രണ്ടു പ്രയോഗത്തിൽ കൊണ്ടുവന്നിരിക്കുന്നു.

അദ്ധ്യക്ഷൻ:—അദ്ദേഹം അതിനെ പ്രയോഗത്തിൽ കൊണ്ടുവരുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. നിങ്ങൾക്കു അതു നിശ്ചയമായി അറിയുമോ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പ്രസ്സ് ജീവനക്കാർ പറഞ്ഞതു അപ്രകാരമാണ്. മുൻപു മാസത്തിൽ ൩൦ രൂപ കിട്ടിക്കൊണ്ടിരുന്നവർക്കും ഇപ്പോൾ ൧൪ രൂപയും ൨൦ രൂപയും മാത്രമേ കിട്ടുന്നുള്ളുഎന്നു അവർ പറഞ്ഞു.

അദ്ധ്യക്ഷൻ:—സൂപ്രണ്ടിനോടോ മാനേജുചുമതലയുള്ള ഉദ്യോഗസ്ഥന്മാരോടോ നിങ്ങൾക്കു എഴുപ്പത്തിൽ ചോദിച്ചു മനസ്സിലാക്കാമായിരുന്നുവല്ലോ.

മി. എം. ആർ. മാധവവാരിയർ (തൃശ്ശൂർ പടിഞ്ഞാറുഭാഗം): ഗവണ്മെൻറു പ്രസ്സിലെ ഗസെറ്റു സെക്ഷൻസംബന്ധിച്ചുമാത്രമല്ലയോ ഗവണ്മെൻറു ഉത്തരവുകൊടുത്തു അയച്ചിട്ടുള്ളതെന്നു മിസ്റ്റർ എം. എൻ. പിള്ള പറഞ്ഞാൽകൊള്ളാം

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗസെറ്റുസെക്ഷൻസംബന്ധിച്ചുമാത്രമേ ഉത്തരവുകൊടുത്തു അയച്ചിട്ടുള്ളുഎന്നു ഞാൻ വിചാരിക്കുന്നു. അവിടത്തെ ജോലിക്കാരുടെ ശ്രദ്ധയ്ക്കുവേണ്ടി ഗവണ്മെൻറു ആ റിപ്പോർട്ടിനെസംബന്ധിച്ചു നടപടികൊടുത്തി ഉത്തരവുകൊടുത്തു അയച്ചുകൊള്ളുമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സർ, മാധവവാരിയർ പറഞ്ഞ സംഗതികളിൽ മിക്കതും പ്രസ്സ് കമ്മിറ്റിക്കാരുടെ റിപ്പോർട്ടിൽതന്നെ ഉണ്ട്. ഉത്തരവു പുറപ്പെടുവിക്കുന്നതിനു ഗവണ്മെന്റിനു, കുറെ താമസം നേരിട്ടിട്ടുണ്ടെന്നുള്ളതിനെ ഞാൻ സമ്മതിക്കുന്നു. അതിനുള്ള കാരണം പ്രസ്സ് കമ്മിറ്റിക്കാരുടെ റിപ്പോർട്ടിനെപ്പറ്റി ഒരു വിദഗ്ധന്റെ അഭിപ്രായം ചോദിക്കണമെന്നു ഞങ്ങൾക്കു ആഗ്രഹമുണ്ടായിരുന്നതുകൊണ്ടാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കമ്മിറ്റിയിൽതന്നെ ഒരു വിദഗ്ധൻ ഉണ്ടായിരുന്നുവല്ലോ.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇതു ഒരു പ്രധാനപ്പെട്ട കാര്യമായതുകൊണ്ടു കഴിയുന്നതും ഒരു നല്ല വിദഗ്ധന്റെ അഭിപ്രായം ചോദിക്കേണ്ടിവന്നു.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ഒരു വിദഗ്ധനോടു ഇതിനെപ്പറ്റി ആലോചിച്ചുവോ എന്നു ഞാൻ ഗവണ്മെന്റ് ചീഫ് സെക്രട്ടറിയോടു ചോദിക്കട്ടേയോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേ. ഇൻഡ്യയിലെ ഗവണ്മെന്റ് അച്ചുക്കൂടങ്ങളുടെ അക്കൌണ്ടന്റ് എസ്റ്റാബ്ലിഷ്മെന്റിനോട് ഇതിനെപ്പറ്റി ആലോചിച്ചു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ കാര്യത്തിലേക്കുവേണ്ടി ഒരു വിദഗ്ധനെവരുത്തിയില്ലയോഎന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേ ഒരാളിനെവരുത്തി.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അദ്ദേഹം ഒരു വലിയ വിദ്വാനായിരുന്നുവോ.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേ.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കൃഷിഡയറക്ടരും വ്യവസായഡയറക്ടരും അയച്ച റിപ്പോർട്ടുകളെ വെളിയിലുള്ള വിദഗ്ധന്മാരുടെ അഭിപ്രായത്തിനായിട്ടു അയച്ചിരുന്നുവോ?

മി ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അവരെയ സാധാരണ അങ്ങിനെ അയയ്ക്കുകപതിവില്ല.

അദ്ധ്യക്ഷൻ:—സാധാരണ റിപ്പോർട്ടുകളെയല്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവണ്മെന്റ് പ്രസ്സിലെ അദ്ധ്യക്ഷൻ സാങ്കേതിക വിദ്യാഭ്യാസംഉള്ള ആളല്ലയോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേ.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പിന്നെ എന്തിനാണു അവിടെ ഒരു പക്ഷപാതം കല്പിക്കുന്നതു്.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സാങ്കേതിക വിദ്യാഭ്യാസംഉള്ള ഒരു മനുഷ്യൻ മേലദ്ധ്യക്ഷപദവിക്കുന്ന പ്രസ്സിനെ ജേലിനടത്തിപ്പിനെപ്പറ്റി അന്വേഷിക്കുന്നതിനാണ് ഒരു കമ്മീഷനിലെ ർപ്പെടുത്തിയതു്. അതു സാങ്കേതികമായ ഒരു പ്രധാനസംഗതി ആയതുകൊണ്ടു ഒരു നല്ല വിദഗ്ധന്റെ അഭിപ്രായംകൂടി വേണമെന്നു ഗവണ്മെന്റിനു തോന്നി.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സ്വരാജ്യത്തിൽ ഒരു വിദഗ്ധനെവരുത്തിയില്ലയോഎന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേ.

മി. എ. ഫ്രൈഡർഫ് (ഗവണ്മെന്റ് നിയമിച്ച മെംബർ): പ്രസ്സ് നടത്തിപ്പിൽ വലിയനഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുകയല്ലയോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ചെലവുകണക്കുകൾ തയാറാക്കിയതിൽപിന്നീടല്ലാതെ എനിക്കൊന്നും പറയാൻ നിവൃത്തിയില്ല.

മി. എ. ഫ്രൈഡർഫ് (ഗവണ്മെന്റ് നിയമിച്ച മെംബർ): ഡിനോടുപ്പ് യന്ത്രംകൊണ്ടു വേലകളൊന്നും ചെയ്യുന്നില്ലെന്നുള്ളതു് വാസ്തവമാണോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പ്രസ്സ് കമ്മിറ്റിക്കാർ ആ യന്ത്രംകൊണ്ടു ജോലി നടത്തുന്നതിനെ ആക്ഷേപിച്ചിട്ടുണ്ട്.

മി. എ. ഫ്രൈഡർഫ് (ഗവണ്മെന്റ് നിയമിച്ച മെംബർ): അതിന്റെ വില എന്താണു.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഏകദേശം പത്തു പന്ത്രണ്ടായിരം രൂപ അയിരിയ്ക്കും.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ആ യന്ത്രംകൊണ്ടു എത്ര പ്രതികൾ അച്ചടിച്ചിട്ടുണ്ടെന്നു എന്നോടു പറയുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു് രേഖാരിപ്പോർട്ടിൽ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതിനെസംബന്ധിച്ചു ഗവണ്മെന്റ് വിദഗ്ധനോടഭിപ്രായം ചോദിച്ചോ എന്നറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ: വിദഗ്ധന്റെ അഭിപ്രായം കിട്ടിട്ടുണ്ടോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): പ്രസ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിനെപ്പറ്റി വെളിയിലുള്ള വിദഗ്ധനോടു അഭിപ്രായംചോദിച്ചതിൽ ഗവണ്മെന്റിനു കൂടുതൽ ചെലവു നേരിട്ടിട്ടുണ്ടോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒന്നുമില്ല. പ്രസ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിനെപ്പറ്റി ആലോചിച്ചു താമസിയാതെ അതിന്മേൽ ഉത്തരവുകൾ അയയ്ക്കുന്നതാണ്. പ്രസ്സ് സംബന്ധിച്ചുള്ള ചെലവുകളെകുറയ്ക്കുവാൻ സാധിക്കുമെന്നു കണ്ടുപിടിച്ചിട്ടുണ്ട്. അതുംഇപ്പോൾ നടപ്പാക്കുന്നതാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): പ്രസ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കപ്പെട്ടുമോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ് സെക്രട്ടറി). അതേ.

മി. എം. ആർ. മാധവവാരിയർ (ചെങ്ങന്നൂരും പത്തനംതിട്ടയും): ഞാൻ പ്രമേയം പിൻവലിച്ചു കൊള്ളുന്നു.

അനുമതിപ്രകാരം പ്രമേയം പിൻവലിയ്ക്കപ്പെട്ടു.

അദ്ധ്യക്ഷൻ: ഡിമാൻഡു XVII-ൽ സ്റ്റേഷനറി അച്ചടി എന്നീ ഇനങ്ങളിലേക്കു ൨,൭൫ ലക്ഷം രൂപ അനുവദിക്കണമെന്നുള്ളതാണ് ഇവിടത്തെ വിഷയം. ആ ഡിമാൻഡിനെ ഈ സഭ അനുവദിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ഗ്രാൻറ് അനുവദിച്ചുകൊടുത്തു.

ഡിമാൻഡു XVIII.

ശാസ്ത്രീയവും മറ്റു പലവക ഡിപ്പാർട്ടുമെൻറുകളും.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഡിമാൻഡു XVIII-ൽ ശാസ്ത്രീയവകുപ്പിലേക്കും മറ്റു പലവക വകുപ്പിലേയ്ക്കും ആയി ൨,൪൫ ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക അനുവദിക്കണം.

ഉപക്ഷേപം നമ്പർ.

മി. എൻ. രാമകൃഷ്ണപിള്ള (തലക്കുളവും-ഏറനാടനും). സർ, ഞാൻ ഈ ഉപക്ഷേപം പ്രയോഗിക്കുന്നു:

നമ്പർ. മൃഗങ്ങളെ വാങ്ങുന്നതിലേയ്ക്കു അനുവദിച്ചിട്ടുള്ള ൪,൦൦൦ രൂപയിൽ ൨,൪൦൦ രൂപകുറയ്ക്കണം.

സർ, ഈ തുകയെ കുറയ്ക്കണമെന്നു ആവശ്യപ്പെടുന്നതു ധാരിപ്പിക്കുന്നതിലേക്കായിട്ടാണ് ഞാൻ ഈ പ്രമേയം കൊടുത്തിട്ടുള്ളതു്.

അദ്ധ്യക്ഷൻ: ഏതു തുകയെ കുറയ്ക്കുവാൻ?

മി. എൻ. രാമകൃഷ്ണപിള്ള (തലക്കുളവും-ഏറനാടനും): ബഡ്ഡറിലെ തുകയെ.

അദ്ധ്യക്ഷൻ: കുറയ്ക്കണമെന്നല്ലല്ലോ നിങ്ങൾ പറയുന്നതു മുഴുവൻതുകയും വേണ്ടെന്നു വയ്ക്കണമെന്നാണല്ലോ?

മി. എൻ. രാമകൃഷ്ണപിള്ള (തലക്കുളവും-ഏറനാടനും): മുൻ കൊല്ലങ്ങളിൽ ഈ ഇനത്തിലേയ്ക്കു ൩,൦൦൦ രൂപയിൽ കൂടുതൽ അനുവദിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഉദാഹരണമായി ൧൯൧൭-൧൮ ൽ ൨,൮൦൦ രൂപായെ ചെലവായിട്ടുള്ളു. ൧൯൧൮-൧൯ ൽ ൩,൦൦ രൂപാ ഈ വകയ്ക്കു ചെലവാക്കുവാൻ നിശ്ചയിച്ചിരുന്നു. ഇതുകൂടാതെ ഇപ്പോൾ ബഡ്ഡറിൽ കൊള്ളിച്ചിരിക്കുന്ന തുക മുൻകൊല്ലങ്ങളേക്കാളെ അപേക്ഷിച്ചു വളരെ കൂടുതലാണു. തിരുവിതാംകൂർ വെട്ടിയിൽനിന്നും മൃഗങ്ങളെ ഇപ്പോൾ വാങ്ങേണ്ടതാവശ്യമില്ലെന്നാണു എനിക്കു പറയാനുള്ളതു്. തിരുവിതാംകൂറിലെവനങ്ങളിൽഎല്ലാ മൃഗങ്ങളും വൃക്ഷങ്ങളും ധാരാളം ഉണ്ടു്. കാട്ടുബംഗ്ലാവു് തോട്ടത്തിൽ കിടക്കുന്ന മൃഗങ്ങളെല്ലാം തിരുവിതാംകൂറിലെ വനങ്ങളിൽ തന്നെയുണ്ടു്.

മി. ഫ്ല. ഹോഗാർഡ് (ഗവർണ്മെൻറ് നിയമിച്ചഅംഗം): സിംഹമോ?

മി. എൻ. രാമകൃഷ്ണപിള്ള (തലക്കുളവും-ഏറനാടനും): മനുഷ്യക്കരടിയും സിംഹവും ഒഴിച്ചു മറ്റെല്ലാം.

അദ്ധ്യക്ഷൻ: വരിയൻകുതിരയുടെ നീർക്കുതിരയുമോ? (ഹിപ്പൊപൊട്ടാമസ്)

മി. എൻ. രാമകൃഷ്ണപിള്ള (തലക്കുളവും-ഏറനാടനും): ഈ മൃഗങ്ങളെ എല്ലാം രാജ്യക്കരയും വാങ്ങുന്നതു മലയാറ്റൂരിൽ നിന്നാണെന്നും ആ രാജ്യങ്ങളിലാണു അവയുടെ ജന്മഭൂമിയെന്നും ഉള്ള വസ്തുത എനിക്കറിയാം. ഇവയെ ജർമ്മനി അമേരിക്കയും മുതലായ മറ്റുരാജ്യങ്ങളിൽ നിന്നുമാണ് വാങ്ങുന്നതെന്നും വധിയ വിലകൊടുക്കണം എന്നുമാണു ഞാൻ അറിഞ്ഞിട്ടുള്ളതു്. ഈ സ്ഥാപനം ഒരു ഡയറക്ടരുടെ ഭരണത്തിലിരിക്കുന്നു. തോട്ടത്തേയും ബംഗ്ലാവിനേയും സംബന്ധിച്ചുള്ള മേൽനോട്ടത്തിനു ഒരു സൂപ്രണ്ടിനേയും നിയമിച്ചിട്ടുണ്ടു്. ഭരണകർത്താക്കൾ സ്ഥിരമായിട്ടുള്ളവരല്ല. ഈ ഏർപ്പാടു ഉണ്ടാക്കീട്ടു ഇപ്പോൾ മൂന്നുകൊല്ലങ്ങളായിട്ടും മേൽനോട്ടത്തിനു ഒരു ഡയറക്ടരേയോ ഒരു സൂപ്രണ്ടിനേയോ സ്ഥിരമായി നിയമിച്ചിട്ടുള്ളതായി ഞങ്ങൾ കാണുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഭരണകർത്താവു അവിടത്തന്നെ സ്ഥിരമായിട്ടു താമസിക്കണമെന്നു നിർബന്ധമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. എൻ. രാമകൃഷ്ണപിള്ള (തലക്കുളവും-ഏറനാടനും): സൂപ്രണ്ടു പറമ്പിക്കുതോട്ടത്തിൽതന്നെ താമസിക്കണം എന്ന മനസ്സിലാക്കിട്ടുണ്ടു്. അദ്ദേഹം ചെയ്യേണ്ടജോലിയുടെ സ്ഥിതിനോക്കുമ്പോൾ അദ്ദേഹം അവിടെ താമസിക്കേണ്ടതുതന്നെയാണെന്നു നമുക്കു കാണുവാൻ കഴിയും.

അദ്ധ്യക്ഷൻ: അദ്ദേഹം ഗവണ്മെൻറ് സ്ഥിര സർവ്വീസിലുള്ള ആളല്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കാട്ടുക്കാര്യം ആവശ്യമുണ്ടെങ്കിൽ അദ്ദേഹത്തേയും കാണാമോ. (ചിരി)

മി. എൻ. രാമകൃഷ്ണപിള്ള (തലക്കുളവും-ഏറനാടനും): നിശ്ചയമായിട്ടും തോട്ടത്തിലെ ജോലിനടത്തുപ്പിലായിട്ടും അതിൻറെ നന്മയ്ക്കുവേണ്ടിയും അദ്ദേഹം അവിടെ താമസിക്കേണ്ടതു് ആവശ്യമാണു്. അതിൻറെ ഭരണത്തെ ഒരു ഡയറക്ടരുടെ കീഴിൽവയ്ക്കുന്നതിനെക്കാളും ഒരു കമ്മിറിയുടെ കീഴിൽ വയ്ക്കുന്നതാണു നല്ലതു്.

അദ്ധ്യക്ഷൻ: ഈ സംഗതി ഈ പ്രമേയത്തിൽ വരുവാൻ എന്താണു കാരണം?

മി. എൻ. രാമകൃഷ്ണപിള്ള (തലക്കുളവും-ഏറനാടനും): മൃഗങ്ങളെ വാങ്ങുവാനുള്ള ഗ്രാന്റുകൾ വല്ലപ്പോഴുമൊരിക്കൽ ഈ സംഗതിയിൽ ശ്രദ്ധപതിക്കുന്ന ഡയറക്ടരിൽനിന്നും വരുന്നതിനെക്കാൾ ഒരു കമ്മിറിയിൽനിന്നും വന്നാൽ കൊള്ളാമെന്നാണു്.

അദ്ധ്യക്ഷൻ: വല്ലപ്പോഴും ശ്രദ്ധയുടുക്കുന്നു എന്നോ?

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കവും—ഫിറന്മെന്തും): പഴയകാലങ്ങളിൽ അതായതു സർ സി. മാധവറാവുവിന്റെ കാലത്തു ചില വമിയ യൂറോപ്പിയൻ ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു കമ്മിറിയുണ്ടായിരുന്നു.

അദ്ധ്യക്ഷൻ: മെമ്പാനുസംബോധനകളെപ്പറ്റി പറയുമ്പോൾ നിങ്ങൾക്കു ഈ നയത്തെപ്പറ്റി പ്രതിവാദിക്കാം.

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കവും—ഫിറന്മെന്തും): ഈ വിഷയത്തിൽ അടങ്ങീട്ടുള്ള നയത്തെപ്പറ്റിയാണ് ഞാൻ ഇവിടെ പ്രതിവാദിക്കുന്നതു്.

അദ്ധ്യക്ഷൻ: അതു അപ്രകാരമാണെന്നു എനിക്കു തോന്നുന്നില്ല. ഈ മുറങ്ങളെ വാങ്ങേണ്ടെന്നുവയ്ക്കുമെന്നു മാത്രമേ നിങ്ങൾ കാണിക്കേണ്ടതുള്ളൂ. അതിനെപ്പറ്റിമാത്രമേ നിങ്ങൾക്കു ഇപ്പോൾ പറയാൻ അവകാശമുള്ളൂ.

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കവും—ഫിറന്മെന്തും): സർ, ഈ ഗ്രൂപ്പാർശ ഒരു ആളിൽനിന്നും വന്നതിനെക്കാളും ഒരു കമ്മിറിയിൽനിന്നു വന്നിരുന്നാൽ ഇതിനു കുറെക്കൂടി വിലയുണ്ടായിരിക്കുമെന്നു എനിക്കു ഇടയ്ക്കു പറയേണ്ടിയിരിക്കുന്നു. ദിവാനും ബ്രിട്ടീഷ് റസിഡൻറും മറെറ ചില വമിയ ആളുകളും അടങ്ങിയ ഒരു കമ്മിറിയുടെ ഭരണത്തിലിരുന്നിരുന്നപ്പോൾ അപ്രകാരമായിരുന്ന നടത്തിവന്നിരുന്നതു്.

അദ്ധ്യക്ഷൻ: അവർ വിദഗ്ധന്മാരല്ലല്ലോ.

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കവും—ഫിറന്മെന്തും): കമ്മിറിയിൽ വിദഗ്ധന്മാരെ ചേർത്തു കൊള്ളാറുണ്ടു്. പബ്ലിക് തോട്ടത്തിൽ താല്പര്യം എടുക്കുന്നവർ കാഷ്യബെംഗ്ലാവിന്റെ കാര്യത്തിലും താല്പര്യമുള്ളവരായിരിക്കും. അതിനൊരു കാരണം ഒരു ഡയറക്ടറെ ഫിറപ്പിക്കുന്നതിനെക്കാളും ഒരു കമ്മിറിയെ ഫിലിപ്പിച്ചാൽ കുറെക്കൂടി നന്നായിരിയ്ക്കും. തിരുവിതാംകൂറിലെ വനങ്ങളുടെ സ്ഥിതിയെപ്പറ്റി നല്ല അറിവില്ലാത്ത ഒരു മനുഷ്യന്റെ പക്കൽനിന്നും വരുന്നതിനെക്കാൾ ഗ്രൂപ്പാർശ അനുകൂലമായിരിക്കുമല്ലോ. വയനാകൺസർവേറ്റർ വ്യവസായഡയറക്ടർ മുതലായവരെ ചേർത്തു ഒരു കമ്മിറി രൂപീകരിച്ചു വമിയ വിലകൊടുക്കുന്ന മുറങ്ങളെ യാങ്ങുന്നതിനെക്കാളും തിരുവിതാംകൂർ വനങ്ങളിൽനിന്നു അവയെ പിടിക്കുന്നതു നന്നല്ലയോ എന്നുള്ളതിനെപ്പറ്റി അവരോടു ആലോചിക്കണം. ഇതുപോലെ പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ഹാജരാക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നു. അതിനുള്ള മുഖ്യകാരണം ഇതാണ്. പബ്ലിക്കതോട്ടം, കാഷ്യബെംഗ്ലാവ് എന്നിവയെ സംബന്ധിച്ചുള്ള ആലോചനയിൽ ഒരു കമ്മറിയുടെ സഹായം വളരെ സ്വീകാര്യമായിരിക്കും.

അദ്ധ്യക്ഷൻ:—അപ്രകാരം ഒരു സംഗതി ഈ പ്രമേയത്തിൽ നിന്നും ഉത്ഭവിക്കുന്നു എന്നു തോന്നുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇടയ്ക്കിതികനംറി സൂചിപ്പിച്ചതാണ്.

അദ്ധ്യക്ഷൻ:—ഈ ഗ്രൂപ്പാർശ ഒരാളുടെപക്കൽ നിന്നും വന്നതുകൊണ്ടു അതിനെ വിലവയ്ക്കാൻ മിസ്റ്റർ രാമകൃഷ്ണപിള്ള തയാറില്ലെന്നു പറഞ്ഞു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഈ വിഷയത്തെ ഉടൻതന്നെ വേറൊരു വിഷയത്തിലേയ്ക്കു പോകുകയാണ്. ഡയറക്ടറിൽ നിന്നല്ലാതെ ഗവണ്മെന്റിനു ഗ്രൂപ്പാർശ കിട്ടുന്നില്ല.

അദ്ധ്യക്ഷൻ:—ഡയറക്ടർ സൂപ്രണ്ടിനോടു ആലോചിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗ്രൂപ്പാർശകൾ താഴ്ന്നതരം ഗവർമെന്റിൽ നിന്നും ഉടങ്ങി മേലോട്ടുപോകാറുണ്ടു്. ഒടുവിൽ ചുമതലയുള്ള ആളായ ഡയറക്ടറുടെ ഗ്രൂപ്പാർശയെപ്പറ്റി മാത്രം നാം ആലോചിച്ചാൽ മതിയാകുന്നതാണ്. ഇപ്രകാരമുള്ള സംഗതിയിൽ പ്രകൃതിശാസ്ത്രത്തിൽ താല്പര്യമുള്ള ഒരു ലിട്ട കാരുടെ അഭിപ്രായം ചോദിക്കുന്നതു കുറെക്കൂടി നന്നായിരിക്കും. അപ്പോൾ അതിനു കുറെക്കൂടി വിലയുണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്റെ സ്നേഹിതൻ മി. രാമകൃഷ്ണപിള്ള പറഞ്ഞതുപോലെ ഡയറക്ടർക്കു എപ്പോഴും ഈ മുറങ്ങളേപ്പറ്റി ഇടപെടേണ്ടതിരിക്കുന്നതുകൊണ്ടു അവയുടെ വല്ലാത്ത ശബ്ദങ്ങളും, ഒരു നിശ്ചയവുമില്ലാത്ത പ്രവൃത്തികളും അദ്ദേഹത്തിന്റെ മനസ്സിനു ഭ്രമത്തെ ഉണ്ടാക്കുന്നു. (ചിരി)

അദ്ധ്യക്ഷൻ:—ഡയറക്ടറല്ല സൂപ്രണ്ടാണു തോട്ടത്തിൽ താമസിക്കുന്നതും വല്ലാതെ ഭ്രമിക്കുന്നതും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സൂപ്രണ്ടിനു ഭ്രമം ഉണ്ടായിപ്പോകുന്നു എന്നുവരികിലും അദ്ദേഹത്തിനു ചുറ്റുമുള്ള കാഷ്യകളെ സമീകരിക്കുന്നതുമെന്നുള്ളതുകൊണ്ടു ആ ഭ്രമം കുറഞ്ഞുപോകുന്നു. എന്നാൽ ഈ മുറങ്ങളെ സംബന്ധിച്ചുള്ള അഭിപ്രായത്തിൽ അദ്ദേഹത്തിനു ഒരു വഴിയിലായല്ലുകിൽ മേലാധികാരിയിൽ തെറ്റു സംഭവിക്കാമെന്നു ഞാൻ വിചാരിക്കുന്നു. കുറെക്കൂടി വിലവയ്ക്കുന്നതുകൊണ്ടു ഈ ഗ്രൂപ്പാർശകളെപ്പറ്റി ആലോചിക്കാമായിരുന്നു. ഇപ്പോഴും ഇരിക്കുന്നതുപോലെ, മി. രാമകൃഷ്ണപിള്ള ഈ പ്രമേയത്തെ നിർബന്ധമായി ഹാജരാക്കുന്നതുകിൽ ഞാൻ നിശ്ചയമായിട്ടും അദ്ദേഹത്തെ പിൻതാങ്ങുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): അനുഭവിച്ചിട്ടുള്ളതുകൊണ്ടുതന്നെ ആവശ്യമുള്ള മുറങ്ങളെ വാങ്ങുവാൻ ഒരു ചെലവാക്കിയില്ലാ എന്നുള്ളതാണ് മി. രാമകൃഷ്ണപിള്ളയുടെ പ്രധാനവാദം. തിരുവിതാംകൂറിൽ മുറങ്ങളും വൃക്ഷമുതാദികളും ധാരാളം ഉള്ളതുകൊണ്ടു അവയെ രാജ്യത്തിൽ നിന്നു വാങ്ങിക്കേണ്ട ആവശ്യമില്ലെന്നു മി. രാമകൃഷ്ണപിള്ള പറഞ്ഞതിനോടു ഞാൻ യോജിക്കുന്നില്ല. സർ, തിരുവിതാംകൂറിലെ മുറങ്ങളെ വിലകൊടുത്തുവാങ്ങി കാഷ്യബെംഗ്ലാവിൽ വയ്ക്കുന്നതു ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ അപ്രകാരമുള്ള മുറങ്ങളും—

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കവും—ഫിറന്മെന്തും): ഈ മുറങ്ങളും സമയമായി വന്നുചേരുമെന്നു മി. വേലുപ്പിള്ള വിചാരിക്കുന്നുണ്ടോ (ചിരി)

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): സമയമായിതന്നെ കാഷ്യബെംഗ്ലാവിലേയ്ക്കും തോട്ടത്തിലേയ്ക്കും പോകുന്ന ചില മുറങ്ങളുണ്ട് (ചിരി) കാഷ്യബെംഗ്ലാവിൽ വയ്ക്കുന്നതിനു നിർബന്ധം പ്രയോഗിക്കേണ്ട ചില മുറങ്ങളുണ്ടു്. അവയെപ്പറ്റിയാണു ഞാൻ പറയുന്നതു്. കാഷ്യബെംഗ്ലാവും തോട്ടവും പിടിപ്പിച്ചതിനിടയിൽ ഇവിടെ ധാരാളം കിളിരുവുന്ന മുറങ്ങളേയും, പക്ഷികളേയും ഉരുന്ന ജന്തുക്കളേയും വച്ചു സൂക്ഷിക്കാൻ മാത്രമല്ല, വിദ്യാഭ്യാസത്തിനുള്ള ഉപയോഗമുള്ള അപൂർവങ്ങളുക്കളെ കൂടി വളർത്തുവാനാണു്.

കായ്ഫലം ഇങ്ങിനെയിരിക്കെ, തിരുവിതാംകൂറിലെ പറമ്പുകളിൽ മൃഗങ്ങളുടെ ശല്യം ധാരാളം ഉള്ളതുകൊണ്ടു അവയെ വെളിയിൽനിന്നും വിലകൊടുത്തുവരുത്തേണ്ടതാണെന്നു മി. രാമകൃഷ്ണപിള്ള പറഞ്ഞതിനോട് ഞാൻ യോജിക്കുന്നില്ല. വളരെ കാലമായി നിലനിന്നുവരുന്നതും, അതിന്റെ നടത്തിപ്പിനെപ്പറ്റി പല ഫോമാരും മതികളും പുകഴ്ത്തിപറഞ്ഞിട്ടുള്ളതും ഒരു നല്ലപേരും സ്ഥാനവും ലഭിച്ചിട്ടുള്ളതും ആയ ഒരു സ്ഥാപനമാണ് ഈ കാർഷ്യബാങ്ക്. തോട്ടവും, ഇതുപോലെ പേരുവാങ്ങിയിട്ടുള്ളതും വളരെ പഴക്കമുള്ളതുമായവേറൊരു സ്ഥാപനമാണ്. കാർഷ്യബാങ്കിനെ സഹീപത്തു സ്ഥിതിചെയ്യുന്ന നക്ഷത്രബാങ്കിന് എല്ലാവരുടേയും മനസ്സിൽ അതിശയത്തെ ജനിപ്പിച്ചുകൊണ്ടിരുന്നതായ കാണ്മാനുണ്ട്, ഒട്ടകപക്ഷി മുതലായ ചില മൃഗങ്ങൾ ഇവിടെയുണ്ടായിരുന്നു. ആ പക്ഷിയെ കാണ്മാനുണ്ട് മരിച്ചിട്ട (ചിരി) ഇപ്പോൾ വളരെ കൊല്ലങ്ങൾ കഴിഞ്ഞിട്ടും അതുപോലെ വേറെ ഒന്നിനെകൊണ്ടുവന്നിട്ടില്ല. ആനകളെ നാം എപ്പോഴും കാണുന്നുകൊണ്ടു കാർഷ്യബാങ്കിൽ അവയെ കാണണമെന്നു നാം ആഗ്രഹിക്കുന്നില്ല കണ്ടിരുന്നുകളയും കാണുന്നുമെന്നാഗ്രഹിക്കുന്നുമില്ല.

മി. വി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): അനുവദിച്ചിട്ടുള്ളതുകൊണ്ടു ഒരു കാണ്ടാമൃഗത്തെക്കൂടി വാങ്ങുവാൻ പോകുന്നു എന്ന് മി. വേലുപ്പിള്ളയ്ക്കു അറിയാമോ?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും-തെടുമങ്ങാടും): അവർ എന്തുചെയ്യാൻ പോകുന്നു എന്നു എനിക്കു അറിയാൻപാടില്ല. അവർ ചെയ്യാത്തതിനെപ്പറ്റി ഞാൻ പരാതി പറയുകയാണു ചെയ്യുന്നതു്. വിദ്യാജ്ഞാനവർദ്ധനയ്ക്കായിട്ടു ഒരു കാഴ്ചബംഗ്ലാവും തോട്ടവും നടത്തുകയാണെങ്കിൽ ഗവൺമെൻറു അതിലേയ്ക്കു പണം ചെലവാക്കുവാൻ മടിക്കരുതു്. ഒരു വിഷയത്തെപ്പറ്റി ഈ സഭയിൽപാടെ പറയാതിരിക്കാൻ എനിക്കു നിവൃത്തിയില്ല. തിരുവിതാംകൂറിനു ചെവളിയിൽ നിന്നും വരുന്ന സ്ത്രീപുരുഷന്മാർ സസ്യശാസ്ത്രസംബന്ധമായും മൃഗശാസ്ത്രസംബന്ധമായും വളരെ വിലയേറിയതായ തിരുവിതാംകൂറിലെ മൃഗങ്ങളേയും വൃക്ഷങ്ങളേയും കണ്ടു്വല്ല അഭിപ്രായം പുറപ്പെടുവിച്ചിരിക്കെ ഗവണ്മെൻറു ഈ സ്ഥാപനത്തെ പരിഷ്കരിക്കണമെന്നു കായ്ത്തിൽ ഉപേക്ഷ കണിക്കയാൻ പാടില്ലാത്തതാകുന്നു. തിരുവിതാംകൂർകാരുടെ അഭിപ്രായം നേരെ മറിച്ചാണ്. അവരുടെ പുരയിടങ്ങളിൽ ധാരാളം വളർന്നിരിക്കുന്നതങ്ങിനെ അവർ തോട്ടത്തിൽ കാണണമെന്നാഗ്രഹിക്കുന്നില്ല. പല കോഴിമുതലായവയെ അവർ അവരുടേ വീട്ടിൽതന്നെ കാണുന്നു. ഇതര രാജ്യങ്ങളിലേ ചെടികളേയും മൃഗങ്ങളേയുമാണ് അവർ കാണുവാൻ ആഗ്രഹിക്കുന്നതു്. കുറച്ചുപണം ചെലവാക്കി തീരെ ഗുണംലഭിക്കാതെ പോകുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളതു് അധികം പണം ചെലവാക്കി അധികം ഗുണം ലഭിക്കുവാൻ ശ്രമിക്കുന്നതാകുന്നു.

മി. എ. ഹ്യൂഗാർഫ് (ഗവണ്മെൻറു നിയമിച്ച മെമ്പർ): സർ, മൃഗങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ ഈ പ്രമേയത്തെ എതിക്കുന്നു. ഇവിടത്തെ മൃഗശാല ഇൻഡ്യയിലുള്ള മൃഗശാലകളിൽ പ്രധാന സ്ഥാനത്തെ അർഹിക്കുന്നു എന്നായിരിക്കെ അതിനെ നിറുത്തൽ ചെയ്യുന്നതു് ഒരു വലിയസങ്കടമാണ്. അതുകൊണ്ടു് പ്രമേയത്തിനെ ആ ഭാഗത്തെ ഞാൻ എതിക്കുന്നു. ഭരണം വഹിക്കുന്നതിനു ഡയക്ടരെ നീക്കി ഒരു കമ്മിറ്റി ഫുർത്തപ്പെടുത്തുന്നു കായ്ത്തപ്പറ്റി മുൻപു ഇതിനെ ഒരിക്കൽ വന്നിരുന്നുവല്ലോ. ചീഫ്സെക്രട്ടറിയും, പിന്നാരിക്കൽ ഒരു പ്രമുഖസംഘം, ഇപ്പോൾ ഭരണംനടത്തുന്നതു് ഒരു പ്രമുഖസംഘമാണെന്നുള്ള സംഗതിയെ ഞാൻ ഇവിടെപ്പറയുന്നു. ഭരണംനടത്തുന്നതിനു പള്ളിക്കൂടം വാദ്ധ്യന്മാരെ നിയമിക്കുന്നതിനെക്കാൾ മി. റാബിൽസന്നിനെപ്പോലെ സസ്യശാസ്ത്രത്തിൽ നല്ല പരിചയമുള്ള മറ്റു ചില അംഗങ്ങളെ ചേർത്തു ഒരു കമ്മിറ്റി ഫുർത്തപ്പെടുത്തുന്നതു് വളരെ നന്നായിരിക്കും.

മി. ജി. പരമേശ്വരൻപിള്ള (തനയ്യാറിൻകര): ഈ ചോദ്യം ഇപ്പോൾ ചോദിക്കേണമെന്നാഗ്രഹിക്കുന്നവാദസമാപ്തിയെപ്പറ്റിയുള്ള പ്രമേയം പാസ്സാക്കട്ടെ.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറു ചീഫ്സെക്രട്ടറി): മി. രാമകൃഷ്ണപിള്ളയുടേയും മി. നാരായണപിള്ളയുടേയും, വാദങ്ങൾക്കു മി. ടി. കെ. വേലുപ്പിള്ള തക്കതായ സമാധാനംപറഞ്ഞു എന്നു ഞാൻ വിചാരിക്കുന്നു. മൃഗ്യവും പബ്ലിക്ക് തോട്ടവുംപോലെയുള്ള ഒരു സ്ഥാപനത്തിന്റെ വിദ്യാവർദ്ധനമായിട്ടും ശാസ്ത്രസംബന്ധമായും ഉള്ള വിധ പ്രയോജനങ്ങളിൽനിന്നും വരുത്തി കായ്ക്കവച്ചിരിക്കുന്ന സാമാനങ്ങളുടേയും മൃഗങ്ങളുടേയുംഎണ്ണത്തേയും തരത്തേയും അവയെവാങ്ങിച്ചിരിക്കുന്നു. വരിയൻകുതിരാ, കാണ്ടാമൃഗം മുതലായ മൃഗങ്ങൾ ഇവിടെയുണ്ടായിരുന്നു. ആമാതിരിയിലുള്ള മൃഗങ്ങളെ വാങ്ങുന്നതിലേയ്ക്കായിട്ടാണ് മി. പ്രൈഡ് ഈ തുക ആവശ്യപ്പെട്ടിട്ടുള്ളതു്. അദ്ദേഹം ക ൦,൦൦൦ രൂപാ ആവശ്യപ്പെട്ടതിൽ ഗവണ്മെൻറു ഉ,൦൦൦ രൂപ കൊടുക്കുകയുണ്ടായി. കഴിഞ്ഞ വളരെകൊല്ലങ്ങളായി മൃഗശാലയുടെ ആവശ്യത്തിലേക്കു മൃഗങ്ങളെ വെളിയിൽനിന്നും വാങ്ങാറില്ല. അതുകൊണ്ടു ഈ തുക ആവശ്യമാണ്.

മി. ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും-തെടുമങ്ങാടും): ചില ആളുകൾക്കു ചില പ്രത്യേക ജന്തുക്കളോടു വൈരുപ്യമോന്നുണ്ടായിരുന്നുവോ?

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അവർ മൃഗശാലയ്ക്കുപോകണ്ടാ.

അദ്ധ്യക്ഷൻ: ഈ മൃഗങ്ങളേയെല്ലാവരും ഇഷ്ടപ്പെടുന്നു എന്നു എനിക്കുതോന്നുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും-തെടുമങ്ങാടും): ഇതാണ് എൻറെചോദ്യം. ഈ ശ്രമം പാർശ്വചെയ്യുന്ന ചുമതലയുള്ള ഉദ്യോഗസ്ഥന് ചില മൃഗങ്ങളോടു വൈരുപ്യമായിരിക്കാം. ഉദാഹരണമായിട്ടു ചില കീർത്തിപ്പെട്ട സൈന്യാധിപന്മാർക്കു പൂച്ചയോടു വലിയ വിരോധമാണെന്നു. ഡയറക്ടർക്കു അതുപോലെ മൃഗങ്ങളോടു വൈരുപ്യമുണ്ടായിരിക്കാമെന്നിരിക്കേ എന്തുകൊണ്ടു് മറ്റുള്ളവർക്കു് ഈ പ്രത്യേകാഭിപ്രായത്തെ പുറപ്പെടുവിച്ചുകൂടാഎന്നു ഞാൻ ചോദിക്കുന്നു.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറു ചീഫ്സെക്രട്ടറി): മിസ്റ്റർ പ്രൈഡ് ഒരു പ്രകൃതിശാസ്ത്രജ്ഞനും സസ്യശാസ്ത്രജ്ഞനുമാണ്, അദ്ദേഹത്തിനു അമാതിരി വൈരുപ്യങ്ങളൊന്നും ഉണ്ടായിരിക്കയില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും-തെടുമങ്ങാടും): സയൻസു് ആളുകളുടെ അഭിരുചിയേ തോല്പിക്കത്തക്കതാണെന്നു വരികിൽ ഞാൻ ആ ചോദ്യം ചോദിക്കണമെന്നു് ആഗ്രഹിക്കുന്നില്ല.

അദ്ധ്യക്ഷൻ: അങ്ങിനെയാണ് വിശ്വാസം.

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയങ്ങൾ നമ്പർ മുതൽ നമ്പർ ഒ വരെ.

താഴെപ്പറയുന്ന പ്രമേയങ്ങൾ ഹാജരാക്കപ്പെട്ടിട്ടില്ലാ:—

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

നമ്പർ . മൃഗങ്ങളെ വാങ്ങുന്നതിലേക്ക നീക്കിവച്ചിട്ടുള്ള ൩ ൦ ൦ ൦ രൂപയിൽനിന്നും ൧ ൦ ൦ ൦ രൂപ കുറയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ ൪: മറവുള്ള മൃഗങ്ങളുടെ സംരക്ഷണത്തിനായി നീക്കിവച്ചിട്ടുള്ള ൯ ൦ ൦ ൦ രൂപയിൽനിന്നും ൫ ൦ ൦ ൦ രൂപ കുറയ്ക്കണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

നമ്പർ ൫. മറവുള്ള മൃഗങ്ങളുടെ സംരക്ഷണത്തിനായി നീക്കിവച്ചിട്ടുള്ള ൯ ൦ ൦ ൦ രൂപയിൽനിന്നും ൫ ൦ ൦ ൦ രൂപാ കുറയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ ൬. ആഫീസ് സാമഗ്രികൾ വാങ്ങുന്നതിനും നന്നാക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള ൧൫ ൦ രൂപയിൽ നമ്പർ ൦ രൂപ കുറയ്ക്കണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

നമ്പർ ൭. കണ്ടിൻജൻസിവകയ്ക്കുള്ള ൫ ൦ ൦ രൂപയെ വിട്ടേയ്ക്കണം.

ഉപക്ഷേപം നമ്പർ ൬.

മി. ജെ. ജാൺനിധീരി (ചങ്ങനാശ്ശേരിയും—മീനച്ചിലും):

സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

നമ്പർ ൬. ശാസ്ത്രീയവും പലവക വകുപ്പുകളിലെയ്ക്കും കണ്ടിൻജൻസിവക ചെലവുകൾക്കും അനുവദിച്ചിട്ടുള്ള ൫ ൦ ൦ രൂപയെ കുറയ്ക്കണം. അധ:കൃതവർഗ്ഗക്കാരുടെ സംരക്ഷകൻ.

അധ:കൃതവർഗ്ഗക്കാരുടെ സംരക്ഷകൻ ചെയ്തിട്ടുള്ള ജോലിയുടെ സ്വഭാവത്തെപ്പറ്റി കൗൺസിൽ അറിയണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ പ്രമേയം ഹാജരാക്കിട്ടുള്ളത്.

അദ്ധ്യക്ഷൻ: ഇതിടയാണ് അവസരം നിയമിച്ചിട്ടുള്ളത്. അയാൾ ശരിയായിട്ട ജോലിചെയ്തു തുടങ്ങിട്ടില്ല.

മി. ജെ. ജാൺനിധീരി (ചങ്ങനാശ്ശേരിയും—മീനച്ചിലും): അദ്ദേഹം ചെയ്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ജോലിയുടെ സ്വഭാവം എന്താണെന്നു് എനിക്കറിഞ്ഞാൽകൊള്ളാം.

മി. ആർ. കൃഷ്ണപിള്ള (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അധ:കൃതവർഗ്ഗക്കാർക്കുവേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതും അവരുടെ നന്മയെ കാംക്ഷിക്കുന്നതുമാകുന്ന അദ്ദേഹത്തിന്റെ ജോലി. അദ്ദേഹത്തിന്റെ ജോലികളെപ്പറ്റി വിവരിച്ചിട്ടുള്ള ഗവണ്മെൻറ ഉത്തരവു പ്രസ്സ്റൂമിൽ വയ്ക്കപ്പെട്ടുകയും ഗസറ്റിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മി. ജെ. ജാൺനിധീരി (ചങ്ങനാശ്ശേരിയും—മീനച്ചിലും): ഞാൻ പ്രമേയത്തെ പിൻവലിക്കുന്നു.

അനുമതിപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

അദ്ധ്യക്ഷൻ: XVIII-ാം നമ്പർ ഡിമാൻഡു ശാസ്ത്രീയവകുപ്പും പലവക വകുപ്പും എന്ന ഇനത്തിലേക്ക ൪൫ മക്ഷം രൂപ അനുവദിക്കണമെന്നാകുന്ന പ്രശ്നം, ഈ സഭ അനുവദിക്കുന്നു എന്നു ഞാൻ വിധിക്കുന്നു.

അതു് അനുവദിക്കപ്പെട്ടു.

ഡിമാൻഡു XIX. ശാസ്ത്രീയവും പലവക ഡിപ്പാർട്ടുമെൻറുകളും.

മി. എസ്. പരമേശ്വരൻ (ഗവണ്മെൻറ് സെക്രട്ടറി): പതിനാറാംപതാം നമ്പർ ഡിമാൻഡുശാസ്ത്രീയവും പലവകയും എന്ന ഇനത്തിലേയ്ക്കു ൧൦൫ മക്ഷം രൂപയിൽ കവിയാത്ത തുകയുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഉപക്ഷേപങ്ങൾ നമ്പർ ൮, നമ്പർ ൯.

താഴെപ്പറയുന്ന പ്രമേയങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. ഡി. കുഞ്ഞുകൃഷ്ണപിള്ള:

നമ്പർ ൮. പുസ്തകം ബയൻറുചെയ്യുന്ന വകയ്ക്കു അനുവദിച്ചിട്ടുള്ള ൩൦൦ രൂപയിൽ നമ്പർ ൦ രൂപ കുറയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ ൯. മൈക്രോസ്കോപ്പിക്ക അനുവദിച്ചിട്ടുള്ള ൫൦,൫൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം നമ്പർ ൭.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ച മെമ്പർ): സർ, ഞാൻ ഈ പ്രമേയത്തെ അവതരിപ്പിക്കുന്നു.

നമ്പർ ൭. പബ്ലിക്ക് ലൈബ്രറിക്ക അനുവദിച്ചിട്ടുള്ള ൫൦,൫൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കണം.

സർ, പബ്ലിക്ക്ലൈബ്രറി വളരെ പ്രയോജനകരമായിട്ടുള്ള ഒരു സ്ഥാപനമാണ്. ഗവണ്മെൻറ അതിന്റെ രക്ഷത്തിപ്പിലേക്ക യാതൊരു പണം ചെലവാക്കുന്നുണ്ട്. ൫൦൦൦-ൽ ലൈബ്രറി വകക്കായി ൫,൭൫൦ രൂപാ ചെലവാക്കിട്ടുള്ളതായി കാണുന്നു. ആ കൊല്ലത്തിൽ മൂവായിരം രൂപാ വരവുണ്ടായിരുന്നു. ൫൦൦൧-ാം മാണ്ടത്തെ ആകെ ചിലവു ൭,൭൫൦ രൂപയായിരുന്നു. അതിലേയ്ക്കുള്ള ചെലവിൽ മൂന്നിൽ രണ്ടോഹരിക്കുള്ള

പൊതുജനതാല്പര്യത്തിൽനിന്നു ചെലവാക്കപ്പെടുന്നു എന്ന് തെളിയുന്നു. ഇപ്പോൾ ലൈബ്രറിയിൽ പൊതുജനങ്ങളുടെ സമ്പർക്കത്തിനായി ചെയ്തിട്ടുള്ള ഷെൽഫുകളിൽ ചില കാറങ്ങളുണ്ട്. മെമ്പർമാർക്കു മാത്രമായിട്ടുള്ള മാസികകളും പത്രങ്ങളും പുസ്തകങ്ങളും വയ്ക്കുന്നു. റീഡിംഗ് റൂം എന്നു പറയപ്പെടുന്ന വായനമുറിയിൽ പഴയ മാസികകളേയും ന-ം ൽ-ം ദിവസങ്ങൾ താമസിച്ചു പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങളേയും തിരുവിതാംകൂറിലെ ചില വർത്തമാനപ്പത്രങ്ങളേയും വച്ചിരിക്കുന്നു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറു സെക്രട്ടറി): ചില പ്രതിദിനപ്പത്രങ്ങൾ ഇവിടെ കിട്ടുന്ന കിവസംതന്നെ വായനമുറിയിൽ വയ്ക്കപ്പെടുന്നു എന്നുള്ള വസ്തുത മെമ്പറിനറിയാമോ?

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ച മെമ്പർ): ഒന്നോ രണ്ടോ ദിവസം അവിടെ വയ്ക്കുന്നതുകൊണ്ടുതോന്നുന്നു. എന്നാൽ ഉദ്യോഗസ്ഥത്തിൽ ഹിന്ദുപത്രം അവിടെ വച്ചിരിക്കുന്നതു ഞാൻ കണ്ടു. അന്യന്മാർക്കു കിട്ടുകയുമില്ലാത്ത മെമ്പർമാരുടെ മുറിയിൽ ഹിന്ദുപത്രം വയ്ക്കപ്പെട്ടിരുന്നതുകൊണ്ടു എനിക്കതു വായിക്കുവാൻ സാധിച്ചില്ല. രണ്ടുദിവസത്തിലെ പത്രി എന്നു കണക്കാണ് ലൈബ്രേറിയൻറെ ഈ ശയം. എല്ലാവർത്തമാനപത്രങ്ങളും ഒരു മുറിയിൽത്തന്നെ വച്ചിരിക്കുന്നു. മെമ്പർമാർക്കൊടുക്കുന്ന വരിസംഖ്യക്കു അവർക്കു ഒരു സ്വകാര്യമായതും സകല സാമഗ്രികളോടുകൂടിയതുമായ ഒരു മുറിയുണ്ടല്ലോ. എന്നാൽ ഒരു പത്രങ്ങളേയും പുസ്തകങ്ങളേയും മാറ്റാ അവിടത്തന്നെ വയ്ക്കുകയും മറ്റുള്ളവരെ അങ്ങോട്ടു കടത്തിവിടാതിരിക്കുകയും ചെയ്യുന്നതു ശരിയല്ല.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറു സെക്രട്ടറി): ആ മുറിയിൽപുസ്തകങ്ങൾ തീരെ ഇല്ലല്ലോ.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): അവിടെ പത്രങ്ങളും മാസികകളും ഉണ്ടെന്നാണ് ഞാൻ പറയുവാൻ വിചാരിച്ചതു. ഒരുമെമ്പർ ഒരു പത്രമോ മാസികയോ ആവശ്യപ്പെടുന്നതായാൽ അതിനെ മെമ്പർമാരുടെ മുറിയിലേക്കു കൊണ്ടുപോയി കൊടുക്കാവുന്നതാണ്, അപ്രകാരം ചെയ്യുന്നതായാൽ എന്നേപ്പോലെ ക്ലാസ്സുകൊടുത്തിരുവനന്തപുരത്തേക്കു വരുന്ന ആളുകൾക്കും അവയെ വായിക്കുവാൻ സാധിക്കുന്നതാണ്. ഒരു സ്ഥാപനത്തെ നടത്തുന്നതിലായിട്ടു പൊതുജനങ്ങളുടെ പണവും ചെലവാക്കുന്നുണ്ട്. ഒരു മാതിരിയുള്ള ദോഷങ്ങളെ മാറ്റണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഒരു പ്രമേയത്തെ ഹാജരാക്കീട്ടുള്ളതു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഒന്നുരണ്ടു പത്രങ്ങളേമാത്രം ഒഴിച്ചു് ശേഷമുള്ള പുതിയപത്രങ്ങളേയും മാസികകളേയും മെമ്പർമാരുടെ മുറിയിൽ വയ്ക്കപ്പെടുന്നു എന്നുള്ള സങ്കടത്തെയാണ് എൻറെ സ്നേഹിതൻ മിസ്റ്റർ കുമാരൻ ഇവിടെ പറഞ്ഞതു.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ച മെമ്പർ): മാസികകളും.

മി. എസ്. (പരമേശ്വരയ്യർ ഗവണ്മെൻറ് സെക്രട്ടറി): വായനമുറിയിൽ എല്ലാവർക്കും ധാരാളമായിട്ടു കാണാം. വായനമുറിയിൽ ഒരുമാസത്തിൽ ശരാശരി ൨,൪൦൦ വായനക്കാർവരെ പോയി വായിക്കുന്നുണ്ടു.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): ഞാൻ ആ സംഖ്യയെപ്പറ്റി തർക്കിക്കുന്നില്ല.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറു സെക്രട്ടറി): വേണമെങ്കിൽ സംഗതി പറയുവാനാണ് ഞാൻ ഇതു പറഞ്ഞതു. പൊതുവായനമുറിയിൽ ൨,൪൦൦ വായനക്കാർ വന്നുപോകുന്നുണ്ടു. ഒരു വലിയഇക്ക വരിസംഖ്യ കൊടുക്കുന്ന മെമ്പർമാരുടെ ഉപയോഗത്തിനായിട്ടു, മെമ്പർമാരുടെ മുറിയിൽ പത്രങ്ങളുംമറ്റും വീട്ടിലേക്കു കിട്ടിയിരിക്കുന്നതുകൊണ്ടു അതിലേയ്ക്കുചില ഷെൽഫുകൾകൂടി അത്യാവശ്യമായി ചെയ്യേണ്ടതുണ്ടു്.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): അവർ കൊടുക്കുന്ന വരിസംഖ്യക്കു അവർ വാരാളം പുസ്തകങ്ങളും എടുത്തുകൊണ്ടുപോകുന്നവരല്ലോ. വായശക്കാക്കു പുസ്തകങ്ങളും എടുക്കാൻപാടില്ല.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറു സെക്രട്ടറി): അവക്കു ധാരാളം പുസ്തകങ്ങളുംഎടുക്കുവാൻ അവകാശമുണ്ടു്. ഇതു മെമ്പർമാർക്കുള്ള അവകാശങ്ങളിൽ ഒന്നാണു്. ഇവർക്കുള്ള മറ്റൊരവകാശം മെമ്പർമാരുടെ മുറിയിൽചെന്ന പുതുതായിട്ടുള്ള പത്രങ്ങളേയും മാസികകളേയും വായിക്കാമെന്നുള്ളതാകുന്നു. പൊതുജനങ്ങൾക്കുള്ള അവകാശം, വായനമുറിയിൽപോയി അവിടെവച്ചിരിക്കുന്ന പത്രങ്ങളും മാസികകളും വായിക്കുക എന്നുള്ളതാണ്.

മി. ജെ. ജാൺനിധിരി (ചങ്ങനാശ്ശേരിയും മീനച്ചിലും): മറ്റുള്ള രണ്ടുപ്രാവിശ്യങ്ങളിലെ പത്രിവസമാണെന്നു് എനിക്കറിഞ്ഞാൽകൊള്ളാം.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറു സെക്രട്ടറി): എവിടത്തെ പത്രിവു ?

മി. ജെ. ജാൺനിധിരി (ചങ്ങനാശ്ശേരിയും മീനച്ചിലും): മല്ലാസുഖടങ്ങിയുള്ള സ്ഥലങ്ങളിൽ.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറു സെക്രട്ടറി): ക്ലോസ് ഡുചെയ്ത സ്ഥലങ്ങളിലെ കടപടികൾ എന്താണെന്നു എനിക്കറിയുവാൻ പാടില്ല. ചില വായനശാലകളിൽ ഈ അവകാശം എല്ലാപേർക്കും ഉണ്ടു അപ്രകാരമുള്ള അവകാശങ്ങൾ എല്ലാപേർക്കുംകൊടുക്കാത്ത വായനശാലകളുംഉണ്ടു്.

മി എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): ആ മാതിരിയുള്ള അവകാശങ്ങൾ ഇവിടത്തെ പൊതുജനങ്ങൾക്കും നൽകുന്നതോ ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറു സെക്രട്ടറി): വർത്തമാനപത്രങ്ങളും മാസികകളും മെമ്പർമാരുടെ മുറിയിൽനിന്നും വായനമുറിയിൽകൊണ്ടുപോയി വയ്ക്കുന്നുണ്ടല്ലോ ?

മി. ജെ. ജാൺനിധിരി (ചങ്ങനാശ്ശേരിയും മീനച്ചിലും): വർത്തമാനങ്ങൾ പഴയതായതിൽ പിന്നീടല്ല.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): പഴയപ്രതികളെ വായനമുറിയിലേയ്ക്കു മാറ്റുന്നു.

അദ്ധ്യക്ഷൻ: പത്രങ്ങളെല്ലാം ക്ലൃപ്തസമയത്തുതന്നെ വരുത്തിയാൽമാത്രമേ നിങ്ങളുടെ പരാതിനീക്കുവാൻ സാധിക്കുകയുള്ളൂ.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): എന്നുഞാൻ ആഗ്രഹിപ്പെടുന്നില്ല.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറു സെക്രട്ടറി): മെമ്പർമാരുടെ അവകാശങ്ങളെ കുറയ്ക്കുവാൻ പാടില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറു നിയമിച്ച മെമ്പർ) [ഡെപ്യൂട്ടിപ്രസിഡൻറു]: എന്നു തോന്നുന്നു മി. കുമാരൻ ഒരു തമ്പുരാക്കന്മാരുത്തു്.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ച മെമ്പർ): അദ്ധ്യക്ഷൻറെ ചോദ്യത്തിനു ഞാൻ ഉത്തരം പറയണമെന്നു ഉള്ളതുകൊണ്ടു പറയുന്നില്ല. പൊതുജനങ്ങളിലെ ഭൂരിപക്ഷം അവിടെ പോകണമെന്നുള്ളതുകൊണ്ടു എനിക്കു തോന്നുന്നു. ഒരു മെമ്പർക്കു അതേസ്ഥലത്തേയ്ക്കു പോയി വർത്തമാനപത്രങ്ങളും മറ്റും വായിക്കാമെല്ലോ.

അദ്ധ്യക്ഷൻ: പൊതുജനങ്ങളുടെ ആവശ്യത്തിനുകൊടുത്തൽ ഒരു മെസറുടെ ആവശ്യത്തിനു കിട്ടിയില്ലെന്നുവരാം. വർത്തമാനപത്രങ്ങളും ഉപയോഗിക്കുന്ന പൊതുജനങ്ങളും വളരെയുണ്ടു. തിരുവനന്തപുരത്തിലുള്ള മെമ്പർമാരുടെ എണ്ണം എത്രയാണ്?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): നൂറിനടുപ്പിച്ചു (ക ൈസ്).

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തിരുവനന്തപുരത്തു താമസക്കാരല്ലാത്ത മെമ്പർമാർ ഇല്ലയോ?

അദ്ധ്യക്ഷൻ: ഈ യോഗത്തിനെന്നെ തിരുവനന്തപുരത്തു താമസക്കാരെല്ലാം ഉറപ്പായിട്ടുണ്ടല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ലൈബ്രേറി മെമ്പർമാരായിരുന്നു തിരുവനന്തപുരത്തു താമസക്കാരല്ലാത്തവർ എത്രപേരുണ്ടെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): കുറേപ്പേരുണ്ടു. കൃത്യമായിട്ടു എത്രപേരാണെന്നു എനിക്കിപ്പോൾ അറിയാൻ പാടില്ല.

റവറന്റ് ഫാദർ കെ. വി രക്ഷസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജിലെ അസ്സിസ്റ്റൻറ് പ്രിൻസിപ്പൽ): ഇപ്പോഴത്തെ ലൈബ്രേറിക്കെട്ടിടത്തിൽ മെമ്പറന്മാർക്കും മറ്റുള്ളവർക്കും ഉപയോഗപ്പെടുത്താവുന്ന ഒരു പൊതുമുറി ലൈബ്രേറിയിൽ ഇല്ലെന്നുള്ള സംഗതി മി. പരമേശ്വരയ്യർക്കു അറിയാമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ജെനറൽവായനശാലയല്ലാതെ, ഒരു പൊതുമുറിയായി ഉപയോഗിക്കത്തക്ക മുറി ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ച മെമ്പർ): വേറെ മുറിയൊന്നും ഇല്ലെന്നാണോ അങ്ങേഹം പറയുന്നതു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഉപകരിക്കത്തക്ക വേറെ മുറിയൊന്നുമില്ല.

ഇന്ന വർത്തമാനപത്രം വേണമെന്നു സെക്രട്ടറിയെപ്പോലും അവിടത്തെ ക്ലാർക്കിനോടു മി. കുമാരൻ എഴുതിച്ചോദിച്ചിരുന്നാൽ കിട്ടുമായിരുന്നതല്ലോ.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ച മെമ്പർ): ഞാൻ മി. കുമാരനായതുകൊണ്ടു എനിക്കു പ്രത്യേക അവകാശങ്ങളൊന്നും ലഭിക്കണമെന്നില്ല.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): മെമ്പർമാർക്കു പുതിയവർത്തമാനപത്രങ്ങളും മാസികകളും വായിക്കാമെന്നുള്ള അവകാശം മറ്റുള്ളവർക്കും കൊടുക്കുന്നപക്ഷം മെമ്പർമാരെ വേണ്ടെന്നുവയ്ക്കേണ്ടിവരും.

മി. കെ. ജാൻസിധിരി (ചങ്ങനാശ്ശേരിയും മീനച്ചിലും): ആ സ്ഥാപനത്തിൻറെനേരേ മുറി നടക്കണമെന്ന് പക്ഷം മെമ്പറന്മാരെന്നും മെമ്പർമാരുടെ മുറിയെന്നും മറ്റും പ്രത്യേകിച്ചുവയ്ക്കേണ്ടതു അത്യാവശ്യമാണോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതു ഒരു ഔദ്യോഗികമായ സംഗതിയായതുകൊണ്ടു എനിക്കു പെട്ടെന്നു ഉത്തരം പറയുവാൻ സാധിക്കുകയില്ല.

മി. എ. ഫ്രഡ്രിക്ക് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): സർ, ഗവണ്മെൻറ് മെമ്പർ പറഞ്ഞതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. പബ്ലിക്ക് ലൈബ്രേറിക്കുപോകുന്ന അന്തസ്സുള്ള ആളുകളോടു, മറ്റു എല്ലാത്തരത്തിലുള്ള ആളുകളും ഒന്നിച്ചുചേർന്നിരിക്കുകയെന്നുള്ളതു അത്ര ശരിയല്ല. മി. കുമാരൻറെകാര്യത്തിൽ ഒന്നു വേറെയാണ്. വരികൊടുക്കുന്നവർക്കും മറ്റു പൊതുജനങ്ങൾക്കുംതമ്മിൽ ഒരു വ്യത്യാസം വയ്ക്കുന്നതാണ്. വായനശാലയ്ക്കും പ്രതിദിനപത്രങ്ങൾ വരുത്തിക്കൊടുക്കുന്നതു കൂടുതൽ നന്നായിരിക്കും.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർ, മി. കുമാരനോടു എനിക്കൊരു സംഗതി പറയാനുള്ളതുകൊണ്ടാണു ഞാൻ ഇപ്പോൾ സംസാരിക്കുന്നതു. മി. കുമാരനെപ്പോലുള്ള ഒരുവന് മെമ്പർമാർക്കുള്ള മുറിയിൽച്ചെന്നു വായിക്കുവാനുള്ള അവകാശം കിട്ടുമെന്നാണു മി. പരമേശ്വരയ്യർ പറഞ്ഞതു. എന്നാൽ മി. കുമാരൻ അങ്ങേഹത്തിനുവേണ്ടിയല്ല ഇതുപറഞ്ഞതു. ലൈബ്രേറിയിൽപോയി വായിക്കണമെന്നു അഭ്യർത്ഥിക്കുന്ന പൊതുജനങ്ങൾക്കുവേണ്ടിട്ടാണ് ഇതുമുഴുവനും പറഞ്ഞതു. ഞാൻ ലൈബ്രേറി കമ്മറ്റിയിലെ ഒരംഗമായിരിക്കുന്നതുകൊണ്ടു എനിക്കു അതിനെപ്പറ്റി നല്ലപോലെ അറിയാം. മെമ്പറന്മാർ അധികം ഉള്ളതുകൊണ്ടു പുതിയ വർത്തമാനപത്രങ്ങൾ അവർക്കു എല്ലാവർക്കുതന്നെ വായിക്കുവാൻ കിട്ടുന്നില്ല. എന്നുകൊണ്ടുതന്നെ രണ്ടുനാലുപേർക്കു ഒരേസമയത്തു വായിക്കേണ്ടിയിരിക്കും. വായനശാലയെ എല്ലാവർഷവും പോയുവാങ്ങിവിടണമെന്നുള്ള മി. കുമാരൻറെ അഭ്യർത്ഥം വേറൊരുമാർഗ്ഗത്തിൽ സാധിക്കാവുന്നതാണ്. സാധാരണയായിട്ടു ആളുകൾ അധികം വായിക്കുന്ന വർത്തമാനപത്രങ്ങളുടെ ഒരു പ്രതി കൂടുതൽവരുത്തി വായനശാലയിൽ വയ്ക്കുന്നതു കൂടുതൽ നന്നായിരിക്കും. മി. കുമാരൻറെ അപേക്ഷ ന്യായമായിട്ടുള്ളതാണെന്നു ഈ കൌൺസിലിന് തോന്നുന്നപക്ഷം കൂടുതൽപണം അനുവദിച്ചു ഒരു പ്രതിക്കുപകരം രണ്ടുപ്രതികൾ വാങ്ങാവുന്നതാണ്. ഈ സംഗതിയെ മി. കുമാരൻ ധരിച്ചുകൊള്ളുകയെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ: അതാണ് ഞാൻപറഞ്ഞതു. വർത്തമാനപത്രങ്ങളുടേയുംമറ്റും കൂടുതൽപ്രതികൾ വാങ്ങിയാൽമാത്രമെ ഈ സങ്കടത്തിനു നിവൃത്തിയുണ്ടാക്കുവാൻ സാധിക്കയുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ പ്രമേയത്തിലെ പ്രധാനസംഗതികളെ മിസ്റ്റർ പരമേശ്വരയ്യർ മനസ്സിലാക്കിയിട്ടില്ലെന്നു ഞാൻ വ്യസനസമേതം പറഞ്ഞുകൊള്ളുന്നു. മിസ്റ്റർ പരമേശ്വരയ്യർ പറഞ്ഞതും ഒരു പ്രകാരത്തിൽ നോക്കുമ്പോൾ ശരിതന്നെയാണ്. നാലണ വരിക്കാർ, എട്ടണ വരിക്കാർ, മെമ്പർമാർ എന്നീ മൂന്നവിധത്തിലുള്ള ജനങ്ങൾ ലൈബ്രേറിയെ ഉപയോഗപ്പെടുത്തിവരുന്നു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): 'റീഡർ' അല്ലെങ്കിൽ വായനക്കാർ എന്നു നാമമായ ഒരുതരം ആളുകളുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അയാൾക്കു ഒരു റിക്കാർഡു വാങ്ങണമെന്നു ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഇല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെമ്പ്രൂറി ചെലവിലേക്കുള്ള പണത്തിൽ ഒരോഹരി നികുതി കൊടുക്കുന്ന പൊതുജനങ്ങളും കൊടുക്കുന്നുണ്ട്. മെമ്പ്രൂറിയേ നോമിനേറ്റ് ചെയ്യുന്നതിലും ഇലക്ഷനിലും വോട്ടുചെയ്യുന്നതിലും മെമ്പർമാരുടേയും, മെംബ്രൻമാരുടേയും പ്രത്യേക ഉപയോഗത്തിലേയ്ക്കായിട്ടുമാത്രം വിട്ടുകൊടുക്കുവാൻ പാടില്ല വരിസംഖ്യകൊണ്ടുമാത്രം ഈ സ്ഥാപനത്തിൻറെ ചിലവു നടക്കുന്നില്ലെന്നുള്ളതു വാസ്തവമാണ്. അതിൻറെ ചെലവിലേക്കായിട്ട് കൊല്ലംതോറും കുറെ പണം ഗവണ്മെൻറും അനുവദിച്ചുകൊടുക്കുന്നുണ്ട്. വരിസംഖ്യ കൊടുക്കുന്നവൻ അതിൻറെ പൂർണ്ണഫലം അനുഭവിക്കുകയും വരിസംഖ്യ കൊടുക്കാത്തവൻ അതിൽനിന്നും ഒരു ഗുണവും സിദ്ധിക്കാതെയുമിരിക്കുന്നതു ന്യായമല്ല.

അദ്ധ്യക്ഷൻ: മെമ്പ്രൂറികാര്യത്തിൽ അധികം ഒരുപ്രയോജനവുമില്ലാതില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഓരോരുത്തരുടെ ലഭിക്കുന്ന അനുഭോഗത്തിൻറെ പങ്കു നിശ്ചയിക്കുമ്പോഴേ നാമിന വരിക്കാരുടെ കൂട്ടത്തിൽ ഗുണങ്ങൾ ലഭിക്കുകയും വരിസംഖ്യ കൊടുക്കാത്ത ആളുടെ തീരെ ഗുണം സിദ്ധിക്കാതെയുമിരിക്കുന്നതു, അപ്രകാരമിരിക്കുന്നതുകൊണ്ടു വരിക്കാരല്ലാത്ത വായനക്കാരുടെ മനസാക്ഷിത്തിനനുസരിച്ചു അവിടത്തെ പുസ്തകങ്ങളുടെ കുറെ മോഷ്ടിക്കുന്നതുതന്നെയോ എന്നുള്ള ഒരു ചോദ്യത്തിനു അവകാശമുണ്ടാകുന്നു.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): നാമിന വരിക്കാരനു സിദ്ധിക്കുന്ന വിധിയുണ്ടെങ്കിൽ അതെന്തെല്ലാമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അയാൾക്കു ഒരു പുസ്തകം അവിടെനിന്നു കൊണ്ടുപോകുവാൻ അവകാശമുണ്ടു. അയാൾക്കു വർത്തമാനപത്രങ്ങളും മാസികകളും വായിക്കുവാനും അവകാശമുണ്ട്.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): വർത്തമാനപത്രങ്ങളും മാസികകളും വായിക്കുന്നതിനെസംബന്ധിച്ചിടത്തോളം നാമിന വരിക്കാർക്കും മറ്റു പൊതുജനങ്ങൾക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരമാണെങ്കിൽ കൊള്ളാം. വരിക്കാരല്ലാത്തവർക്കു വരിക്കുന്ന സൌകര്യങ്ങളെപ്പറ്റി മാത്രമാണ് എനിക്കിവിടെ പറയാനുള്ളതു്. ഗവണ്മെൻറിൻറെ ആശ്രിതരായ അദ്ദേഹം ഈ സംഗതിയെ സംബന്ധിച്ചു യാതൊന്നും പറഞ്ഞിട്ടില്ല. മെംബറന്മാർക്കുള്ള ചില പ്രത്യേക അവകാശങ്ങളെപ്പറ്റി എനിക്കു വളരെ അസൂയതോന്നുന്നു. ഞാനും അവിടത്തെ ഒരു മെംബരാണ്. അവർ ഒരു തുക കൊടുക്കുകയും അവർക്കുള്ള അവകാശങ്ങളെ വല്ലതിനുമുണ്ണും അനുഭവിക്കുകയുംചെയ്യുന്നു. മറ്റൊരു ചോദ്യത്തെ സംബന്ധിച്ചു പബ്ലിക് ലൈബ്രറിയിലെ വായനശാലയിൽ വല്ലപ്പോഴും ചെന്നു വായിക്കുന്ന വായനക്കാരനു കുറച്ചുകൂടി സൌകര്യങ്ങൾ അനുവദിക്കുന്നതോ എന്നുള്ളതിനെപ്പറ്റി ഞങ്ങളും ആലോചിക്കേണ്ടതാണ്. പത്രങ്ങളുടേയും മറ്റും രണ്ടു പ്രതികൾ വരുത്തേണ്ടുന്ന കാര്യത്തെപ്പറ്റിയും ആലോചിക്കേണ്ടതുണ്ട്. പൊതുജനങ്ങളുടെ മുതലെടുപ്പിൽനിന്നു എന്തു ഉപകാരമാണ് ഈ സ്ഥാനത്തിനുള്ളതു ചെലവാക്കുന്നു എന്നു കണക്കാക്കിട്ടു അതനുസരിച്ചു വരിക്കാർക്കും വരിക്കാരല്ലാത്തവർക്കും ഉള്ള അവകാശങ്ങളെ ക്രിയപ്പെടുത്തിട്ടുണ്ടോ എന്നതിനു് ഇവിടെ ആലോചിക്കേണ്ടതുണ്ട്.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ച മെംബർ): സർ, മിസ്റ്റർ പരമേശ്വരയ്യരുടെ സമാധാനം അത്ര തൃപ്തികരമായിട്ടുള്ളതല്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഗവണ്മെൻറിനു ഒരുവിധത്തിലും കൂടുതൽ പണം ചെലവു വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. പൊതു വായനശാലയിലും ഒന്നു രണ്ടു പ്രതികൂടി പത്രങ്ങൾ വച്ചിട്ടുള്ളതിനെയാണു ഞാൻ ഉദ്ദേശിക്കുന്നതു്.

അദ്ധ്യക്ഷൻ, കൂടുതൽ പണം ചിലവിടണമെന്നു ഒരു നിബന്ധന വച്ചുകൊണ്ടിരിക്കുകയും അതേസമയത്തുതന്നെ പ്രതിദിന പത്രങ്ങൾ കൂടുതൽ പ്രതികൾ വരുത്തണമെന്നും പറയുമ്പോൾ അതിനൊരു തീരുമാനം കണ്ടുപിടിക്കുന്നകാര്യം വളരെ വിഷമമാണ്.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ച മെംബർ): എൻറെ വാദമെന്തെന്നു ഞാൻ പറയാം. വല്ല വർഷം അവിടെ പോയി ഒരു മാസികയോ പത്രമോ കാണണമെന്നാവശ്യപ്പെട്ടാൽ അതിനെ അവർക്കു കാണുവാൻ സമ്മതിക്കണം.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെൻറ് സെക്രട്ടറി): മെമ്പ്രൂറിയൻറ ജോലി ഇത്രണ്ടു തന്നെ എന്നും മിക്ക മെംബറന്മാരും അഞ്ചുമണിക്കുശേഷമേ മെമ്പ്രൂറിക്കു പോകുന്നുള്ളു എന്നും കൂടി ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ച മെംബർ): അഞ്ചുമണിക്കുശേഷം അവിടെ പോകുന്നവർക്കു ഈ സൌകര്യം അനുവദിക്കണമെന്നു ഒരു മനുഷ്യൻ ഒരു പ്രത്യേക മാസികയിൽ ഒരു പ്രത്യേകസംഗതി നോക്കണമെന്നാവശ്യപ്പെട്ടാൽ എന്താണുചെയ്യുക. മെമ്പറന്മാരും വരിക്കാരും കൂടി മെമ്പ്രൂറി ചെലവിലേക്കു മൂന്നിലൊരുഭാഗമായും കൊടുക്കുന്നു എന്നിരിക്കെ മറ്റുള്ളവർ മൂന്നിൽ രണ്ടുഭാഗങ്ങളും കൊടുക്കുന്നുണ്ടല്ലോ. അയാൾക്കു ഒരു ഗുണവും സിദ്ധിക്കരുതെന്നാണോ? അതു വളരെ സങ്കടകരമാണെന്നു ഞാൻ വിചാരിക്കുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെടുമങ്ങാട്ടും): മലയാളം പള്ളിക്കൂടങ്ങളിലെ വലിയ ക്ലാസ്സുകളിൽ വിദ്യാർത്ഥികൾക്കു ശേഖരിയില്ലാത്ത കുട്ടികളെ ചേർത്തു പഠിപ്പിക്കണമെന്നുള്ള പക്ഷക്കാരനാണോ മിസ്റ്റർ കുമാരൻ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ച മെംബർ): സ്നേഹിതൻ പറഞ്ഞതു എനിക്കു മനസ്സിലാകുന്നില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെടുമങ്ങാട്ടും): എൻറെ ഭാഷ്യം ഇത്രമാത്രമാണ്. മെംബറന്മാരും വരിക്കാരുംകൂടി മെമ്പ്രൂറി ചെലവിനു മൂന്നിലൊരുഭാഗം മാത്രവും പൊതുജനങ്ങൾ മൂന്നിൽ രണ്ടു ഭാഗങ്ങളും കൊടുക്കുന്നു എന്നുവന്നാലും മിസ്റ്റർ കുമാരൻ പറഞ്ഞതു്, കോളേജുകളും പള്ളിക്കൂടങ്ങളും നികുതി കൊടുക്കുന്ന പൊതുജനങ്ങളുടെ പണംകൊണ്ടാണ് നടത്തപ്പെടുന്നു എന്നിരിക്കട്ടെ. അതുകൊണ്ടു പൊതുജനങ്ങളുടെ പണംകൊണ്ടു നടത്തപ്പെടുന്ന ഗവണ്മെൻറ് സ്കൂളുകളിൽ ആൺകുട്ടികളേയും പെൺകുട്ടികളേയും ഫീസുകൊടുക്കാതെ പഠിപ്പിക്കണമെന്നുള്ള അഭിപ്രായക്കാരനാണോ മിസ്റ്റർ കുമാരൻ എന്നറിഞ്ഞാൽകൊള്ളാം.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): ഈ ചോദ്യം എന്നെ നിലയെ ഒട്ടേ തപ്പെടുത്തുന്നില്ല.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): സർ, ഇപ്പോൾ മിസ്റ്റർ കുമാരൻ ആവശ്യപ്പെട്ടതുപോലെയുള്ള വായനശാലയിലുള്ള മാസികകളുടേയും വർത്തമാനപത്രങ്ങളുടേയും സംഖ്യയെ വർദ്ധിപ്പിക്കണമെന്നു മാത്രമല്ല. ഇപ്പോൾ മെംബറന്മാരുടെ മുറിയിൽ വച്ചിരിക്കുന്ന മാസികകളെയും മറ്റും വായനശാലയിൽ കൊണ്ടുവന്നു വയ്ക്കണമെന്നും മെംബറന്മാർ അവരുടെ മുറിയിൽ അനുഭവിച്ചുവരുന്ന അവകാശങ്ങളെ ഇല്ലാതാക്കണമെന്നുമാകുന്നു.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): മെംബറന്മാരുടെ അവകാശങ്ങളെ കുറയ്ക്കണമെന്നു ഞാൻ ആവശ്യപ്പെട്ടന്നില്ല. മറ്റുള്ളവർക്കു കൂടുതൽ സൌകര്യങ്ങളും ചെയ്തുകൊടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടന്നുള്ളൂ.

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു ചെലവു വർദ്ധനയ്ക്കു കാരണമായിത്തീരുന്നു. ഈ സഭ കൂടുതൽ പണം അനുവദിക്കുന്നതായാൽ അപ്രകാരം ചെയ്യാം. ഞാൻ ഇതിനെ ഒരു ഉപമാസ്സ് മാത്രം കാണുന്നുള്ളൂ.

മി. കെ. ജോൺ തിധീരി (ചങ്ങനാശ്ശേരിയും. മിനഷ്വയും): വർത്തമാനപ്പത്രങ്ങളേയും മാസികകളേയും പകുതി പകുതിയായിട്ടു രണ്ടു സ്ഥലങ്ങളിലും വയ്ക്കുമോ?

മി. എസ്. പരമേശ്വരയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അപ്രകാരം ചെയ്യുന്നതുകൊണ്ടു ഒരു മെംബർ കൊടുക്കുന്ന കൂടുതൽ പണത്തിനു അയാൾക്കു കൂടുതൽ ഗുണമൊന്നും സിദ്ധിക്കുന്നില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമിച്ച മെംബർ): ഞാൻ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

അനുമതിപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങളും നടപടി മുതൽ നടന്നവരെ.

താഴെ പറഞ്ഞിരിക്കുന്ന പ്രമേയങ്ങളും ഫാജരാക്കപ്പെട്ടില്ല:

മി. എം. എൻ. പിള്ള:

നടപടി. ആക്കിയാളെജിവകയ്ക്കു അനുവദിച്ചിട്ടുള്ള ൧,൫൪൦ രൂപയിൽനിന്നും ൧൦൦ രൂപകുറയ്ക്കുണം.

മി. എൻ. രാമകൃഷ്ണപിള്ള:

നടപടി. സംസ്കൃതകൃതികളുടെ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനനുവദിച്ചിട്ടുള്ള ൭,൭൫൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കുണം.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

നടപടി. മലയാളകൃതികളുടെ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിലേക്കായി അനുവദിച്ചിട്ടുള്ള ൨,൯൭൫ രൂപയെ കുറയ്ക്കുണം.

മി. എൻ. രാമകൃഷ്ണപിള്ള:

നടപടി. പാശ്ചാത്യസാഹിത്യപരിചയനത്തിനായി അനുവദിച്ചിട്ടുള്ള ൮൫,൭൫൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കുണം.

മി. കെ. ജോൺതിധീരി:

നടപടി. സ്ഥാപനച്ചെലവിലേയ്ക്കുനീക്കിവച്ചിട്ടുള്ള ൫൫,൪൦൦ രൂപയിൽ ൫,൫൦൦ രൂപ കുറയ്ക്കുണം

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

നടപടി. സഞ്ചാരപ്പടിയ്ക്കു അനുവദിച്ചിട്ടുള്ള ൨,൪൪൦ രൂപയിൽ ൨,൦൦൦ രൂപ കുറയ്ക്കുണം.

മി. എൻ. കുമാരൻ:

നടപടി. പരസ്പരസഹായസംഘം രജിസ്ട്രാക്ക അനുവദിച്ചിട്ടുള്ള ൩൦,൯൫൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കുണം.

മി. എൻ. കുമാരൻ:

നടപടി. എക്കണോമിക്സ് ഡെവലപ്പുമെൻറ്റബോർഡുവകയ്ക്കു അനുവദിച്ചിട്ടുള്ള ൪,൬൦൦ രൂപയെ വിട്ടേയ്ക്കുണം.

അദ്ധ്യക്ഷൻ:

XIX-ാം നമ്പർ ഡിമാൻഡ്, ശാസ്ത്രീയവകുപ്പും പലവക വകുപ്പും എന്ന ഇനത്തിലേക്കു ൩൨ ലക്ഷം രൂപ അനുവദിയ്ക്കുണം. ഈ സഭ ഇതിനെ അനുവദിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

അനുപാലം നൽകപ്പെട്ടു.

ഡിമാൻഡ് ൩൦.

കൊച്ചുമരാമത്തുപ്പ്.

മി. കെ. വി. തടേശ്വർ (ചീഫ് എഞ്ചിനീയർ): സർ, ഡിമാൻഡ് ൩൦ കൊച്ചുമരാമത്തുപ്പ് എന്ന ഇനത്തിൽ ൨൭,൩൫൦ രൂപയിൽ കവിയാതെ ഒരു തുക അനുവദിക്കുണം.

ഉപക്ഷേപം ൧൪൭൦.

താഴെപ്പറയുന്ന ഉപക്ഷേപം ഫാജരാക്കപ്പെട്ടില്ല.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

നടപടി. സഞ്ചാരപ്പടിയ്ക്കു അനുവദിച്ചിട്ടുള്ള ൩,൫൦൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുണം.

ഉപക്ഷേപം ൧൪൭൯.

മി. എൻ. രാമകൃഷ്ണപിള്ള (വയ്ക്കവും ഫിനാൻസുമന്ത്രി): ഞാൻ താഴെപ്പറയുന്ന പ്രമേയം ഫാജരാക്കുന്നു.

നടപടി. തുണ്ടത്തിനായിട്ടനുവദിച്ചിട്ടുള്ള ൨൭,൯൫൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കുണം.

കൊച്ചുമരാമത്തുവകുപ്പിന്റെ ജോലിനടത്തിപ്പിനെ സംബന്ധിച്ചു ശരിയായ മേലന്വേഷണം നടത്തേണ്ട ആവശ്യത്തെപ്പറ്റിയും ആ സ്ഥാപനച്ചെലവു കുറയ്ക്കേണ്ട ആവശ്യത്തെപ്പറ്റിയും പറയണമോന്ന് ഞാൻ ഈ പ്ര

മേയം ഫാജരാക്കിയിട്ടുള്ളത്. ബഡ്ജറവതരിപ്പിക്കുന്നതിനുമുമ്പായിട്ടുള്ള ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിനേയും നിയമനങ്ങളേയും ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർക്ക് നൽകുന്ന ശിക്ഷയേയുംപറ്റി വളരെ പരാതികൾ ഉണ്ടായിട്ടുണ്ടെന്നു കാണിക്കപ്പെട്ടിട്ടുണ്ട്. ചീഫ് എഞ്ചിനീയരുടെപേരിൽ പറയപ്പെട്ട ആക്ഷേപങ്ങൾക്കു അദ്ദേഹത്തിനു ശരിയായ സമാധാനങ്ങൾ തരാൻ സൌകര്യമില്ലായിരുന്നു. എക്സിക്യൂട്ടീവ് സ്റ്റാഫിലെ ചെലവ് ഡിപ്പാർട്ടുമെന്റിലേയ്ക്കു അനുവദിച്ചിട്ടുള്ള ആകുന്നുകയെ അനുസരിച്ചിരിക്കുന്നില്ലെന്നും ആകുന്നുകയേക്കാട്ടിലും യോജിച്ചിരിക്കുന്നതുകൊണ്ടും സ്ഥാപനംവക ചെലവുകളുടെ ശതമാനത്തെ കുറയ്ക്കുന്നതിനുവേണ്ട ശ്രദ്ധ വച്ചിട്ടില്ലെന്നും ഞാൻ ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുന്നു. ഈ സംഗതികളെ ചൂണ്ടിക്കാണിക്കുവാനായി ഞാൻ ഹാജരാക്കിയിട്ടുള്ള ഈ ഉപക്ഷേപത്തിനു ചീഫ് എഞ്ചിനീയർ ശരിയായ സമാധാനം പറയുമെന്നു വിശ്വസിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): സർ, സ്ഥാപനംവക ചെലവിനുള്ള പണത്തിൽ ഏതാനും മിച്ചം വരുത്തുവാൻ സാധിക്കുമെന്നുള്ള സംഗതിയെ എങ്ങനെ ധരിപ്പിക്കുവാനാണ് കിസ്റ്റർ രാമകൃഷ്ണപിള്ള ഈ പ്രമേയം ഫാജരാക്കിയിട്ടുള്ളതെന്നു ഞാൻ മനസ്സിലാക്കുന്നു. ഇതുമായി സംബന്ധിച്ചിട്ടുണ്ടായിട്ടുള്ള ഒരുപക്ഷേപമാണിത്. അദ്ദേഹം ഇതുസംബന്ധമായ ചെലവിനേയോ സ്ഥാപനത്തിനേയുള്ള ചെലവിനേയോ കുറയ്ക്കുവാനാവശ്യപ്പെട്ടതു എന്നു എനിക്കു മനസ്സിലാക്കുന്നില്ല. എക്സിക്യൂട്ടീവ് സ്റ്റാഫിന്റെ ജോലിനടത്തിപ്പിൽ കുറെക്കൂടി നല്ലവണ്ണം മേൽനോട്ടം വഹിക്കണമെന്നുള്ള സംഗതിയിലേക്കും എന്റെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നു. ഡിപ്പാർട്ടുമെന്റിൽ ആവശ്യത്തിലധികം ആളുകളെ വച്ചുകാണിരിക്കുന്നതിനെപ്പറ്റിയും നിയമനം, ശിക്ഷ എന്നിവ സംബന്ധമായി എന്റെ പേരിലുള്ള പരാതികളെപ്പറ്റിയും വീണ്ടും അദ്ദേഹം പ്രസ്താവിച്ചു. അവസാനത്തിൽ ഡിപ്പാർട്ടുമെന്റിലേയ്ക്കു മൊത്തം അനുവദിച്ചിട്ടുള്ള തുകയ്ക്കുള്ളിൽ സരണമായിരിക്കുന്നില്ല ഈ സ്ഥാപനത്തിലേക്കുള്ള ചെലവ് എന്നും അദ്ദേഹം പ്രസ്താവിച്ചു.

ഡിപ്പാർട്ടുമെന്റിലെ സ്ഥാപനം സംബന്ധിച്ചു ഫാൻവു ആരിയിലും, ഫാൻൻ ആടിയിലും ഉണ്ടായിരുന്ന ബഡ്ജറവതരണസമയങ്ങളിൽ ഞാൻ മുമ്പുതന്നെ വിവരങ്ങളും കൊടുത്തിട്ടുള്ളതും ഫാൻവു—ലെ ഡിപ്പാർട്ടുമെന്റുവക വർഷാന്ത്യറിപ്പോർട്ടിൽ ആ കൊല്ലത്തിൽ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടേയും മറ്റു സിൽബന്ധികളുടേയും കുറവിനെപ്പറ്റി പൂർണ്ണവിവരങ്ങളും കാണിച്ചിട്ടുള്ളതും ആകുന്നു. ഫാൻവു ആടിയിലുള്ള എന്റെ ബഡ്ജറവതരണപ്രസംഗത്തിൽ ഇവിടേയും മദ്രാസിലും കൊടുത്തുവന്നതായ ശമ്പളങ്ങളും ഞാൻ താരതമ്യപ്പെടുത്തിയിട്ടുണ്ട്, അതു ഒന്നു നോക്കുന്നതായാൽ ഇവിടെയുള്ള സ്ഥാപനങ്ങളുടെ ചെലവ് വളരെ കുറവാണെന്നു കാണാവുന്നതാണ്. അതുകൊണ്ടുചെലവു അനുയോജ്യമായിരിക്കുന്നില്ലെന്നു പറയുന്നതിനു യാതൊരു ന്യായവുമില്ല. സ്ഥാപനവ്യയത്തിലധികം ഭാഗമായ സഞ്ചാരപ്പടി വളരെ കൂട്ടുതലാണെന്നുള്ളതു ഞാൻ സമ്മതിക്കുന്നില്ല.

അദ്ധ്യക്ഷൻ: മി. രാമകൃഷ്ണപിള്ള പറഞ്ഞ സംഗതികൾക്കുമാത്രം നിങ്ങൾ മറുപടി പറഞ്ഞാൽമതി.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ബഡ്ജറവതരണസമയത്തു ഞാൻ ഈ സംഗതികൾക്കെല്ലാം വേണ്ട സമാധാനം പറഞ്ഞിട്ടുണ്ട്. ഞാൻ അപ്പോൾ പറഞ്ഞതിനെ ഇപ്പോൾ വായിക്കാം.

അദ്ധ്യക്ഷൻ: ആ സംഗതികളെ വീണ്ടും പറയാൻ വേണ്ടിയാണെങ്കിൽ ചുരുക്കത്തിൽ പറയണം. മി. രാമകൃഷ്ണപിള്ള പറഞ്ഞ ആളുള്ള കുറവു എസ്റ്റാബ്ലിഷ്മെന്റു ചിലവുകളുടെ ശതമാനം ക്രമാതീതമാണെന്നാണ്.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എസ്റ്റാബ്ലിഷ്മെന്റിലേക്കുള്ള ചെലവ് ഫ്യ ശതമാനമാത്രമേ ആകുന്നുള്ളു. അതു വളരെ കൂടുതലാണെന്നു ഞാൻ വിചാരിക്കുന്നില്ല. എസ്റ്റാബ്ലിഷ്മെന്റു വളരെ അടുത്തകാലത്തു് ഉദ്യോഗസ്ഥന്മാരേയും സിൽബന്ധികളേയും കുറച്ചു പരിഷ്കരിച്ചിട്ടുണ്ട്. വളരെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും അസിസ്റ്റൻറ് എഞ്ചിനീയർമാരേയും സൂപ്രണ്ടുവെസർമാരേയും കുറച്ചിട്ടുണ്ട്. ഈ വിവരങ്ങളെല്ലാം ഡിപ്പാർട്ടുമെന്റുവക ഒരണറിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഉടനന്തരം ഉദ്യോഗസ്ഥന്മാരെ കുറച്ചുകിട്ടിയിട്ടുള്ള സംഖ്യ ൩൦൦ രൂപയെ കീഴ് സിൽബന്ധികളുടെ ശമ്പളവർദ്ധനയിലേയ്ക്കുയിട്ടുപയോഗിച്ചിട്ടുണ്ട്. ആ മിച്ചം ഇങ്ങനെ ചെലവായിപ്പോകുന്നു. ആകെക്കൂടിച്ചും സംഖ്യ ൨൫൦൦ രൂപയാണ്.

മി. എൻ. രാമകൃഷ്ണപിള്ള (ദേവസ്വവും ഫിനാൻസുമന്ത്രിയും): ഇപ്പോഴത്തെ ശതമാനം എന്താണ്?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഏകദേശം, ഫ്യ-നും ഫ്യ-നും ഇടയ്ക്കായിരിക്കും. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായിട്ടു ഈ ശതമാനക്രമത്തിനെത്തന്നെ പുലർത്തിപ്പോരുകയാണ്.

മി. ഏ. ഇമെർഫ് (ഗവർണ്മെൻറു നിയമിച്ചമെംബർ): ഈ നിർദ്ദിഷ്ടമെൻറുകൊണ്ടു ൨൨൦൦൦ രൂപാ മാത്രമെ മിച്ചംവരുത്തുവാൻ സാധിച്ചിട്ടുള്ളു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്.

മി. കെ. പി. നടേശയ്യർ (ചീഫ് എഞ്ചനീയർ) ഉയർന്തതും ഉദ്യോഗസ്ഥന്മാരെ കുറച്ചുകൊണ്ടു ൨൦൦൦൦ രൂപാ ലാഭമുണ്ടായി.

മി. ഏ. ഇമെർഫ് (ഗവർണ്മെൻറു നിയമിച്ചമെംബർ): അതു അങ്ങനെതരം ഉദ്യോഗസ്ഥന്മാരെ വീതിച്ചു കൊടുക്കപ്പെട്ടുവല്ലോ.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചനീയർ): അതെ; നിയമനം സംബന്ധിച്ചു ഞാൻ വസ്തുതയപക്ഷപാതം കാണിച്ചുവെന്നുള്ളതിലേക്കു പ്രത്യേകം ഉദാഹരണങ്ങളൊന്നും എടുത്തുപറഞ്ഞിട്ടില്ല. എന്നാൽ രൂപാ സംഗതികളെപ്പറ്റി കൂടുപറയുവാൻ ഞാനാഗ്രഹിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി. നടേശയ്യർ വസ്തുനിഷ്പക്ഷപാതം കാണിച്ചുയെന്നു മി. രാമകൃഷ്ണപിള്ള പറഞ്ഞിട്ടില്ലയെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചനീയർ): അദ്ദേഹം നിയമനത്തേയും ശിക്ഷയേയും പറ്റി പറഞ്ഞു. ആ മാന്വിമിക്കാര്യങ്ങളിൽ ഞാനൊരു വലിയ കുറ്റക്കാരനാണെന്നു ജനറൽ ബഡ്ജറവ പ്രസംഗസമയത്തു ഒരു മെമ്പർ പറകയുണ്ടായി.

അദ്ധ്യക്ഷൻ: ബഡ്ജറവ പ്രസംഗസമയത്തു മറുള്ള മെമ്പറന്മാർ പറഞ്ഞിട്ടുള്ളതിനെ മി. രാമകൃഷ്ണപിള്ള എടുത്തുപറഞ്ഞുവെന്നേയുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): . ബഡ്ജറ്റ് പ്രസംഗസമയത്തു അദ്ദേഹം അതിനെക്കുറിച്ചും പറഞ്ഞിട്ടുണ്ട്.

അദ്ധ്യക്ഷൻ:—അദ്ദേഹത്തിനെക്കുറിച്ചു പറയുവാൻ വേണ്ടസമയമുണ്ടായിരുന്നില്ല. ഗവൺമെൻറ് മെംബറന്മാർക്കു അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള സമയം കൊടുത്തിട്ടില്ലെന്നും, ഡിമാൻറ്, വോട്ടിടുവാനുള്ളസമയം വന്നപ്പോൾ അവർ എല്ലാം വിസ്തരിച്ചു പറയുമെന്നും ഞാൻ അന്ന് ഈ സഭയോടുപറഞ്ഞിട്ടുണ്ട്.

മി. ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെക്കൻതാലൂക്കും): ഏതാണ്ടെന്നാൽ എന്നു മിസ്റ്റർ നടേശയ്യർ കൂറച്ചുനു പറഞ്ഞല്ലോ ഒരുദൈവമെന്ന അസ്തിത്വത്തിലാണോ അതോ അതിനപ്പുറം വല്ല അസ്തിവുമുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): മി. കെ. പരമേശ്വരൻപിള്ളയാണ് അപ്രകാരം പറഞ്ഞതെന്നു എനിക്കുതോന്നുന്നു.

അദ്ധ്യക്ഷൻ: എന്നാൽ നിങ്ങൾ അപ്രകാരം പറയുന്നതെന്താണ്?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. നടേശയ്യർ ഡിപ്പാർട്ടുമെൻറ് രണ്ടും കൈയ്യേറിട്ട ഈ പ്പോൾ എന്തുകൊണ്ടുമായിട്ടുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ: ഈ സഭയ്ക്കു അതുനല്ലതുപോലെ അറിയാമെന്നുതോന്നുന്നു. അതു സിവിൾ ലിസ്റ്റിലുണ്ട്.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഞാൻ രണ്ടും കൈയ്യേറിട്ട രണ്ടുകൊല്ലമായിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) അദ്ദേഹം ഉദ്യോഗത്തിലേർപ്പെട്ടതിൽ പിന്നീട് ഉയന്തരം ഉദ്യോഗത്തിൽ എത്രപ്രാവശ്യമെന്നതര നിയമിച്ചിട്ടുണ്ട്?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഉയന്തരം ഉദ്യോഗം എന്നു പറഞ്ഞതിൻറെ ഒരു വിവരണം അറിയാൻ ഞാൻ ആവശ്യപ്പെടുന്നു. നിയമനം സംബന്ധിച്ചുള്ള വിവരങ്ങൾ മി. രാമകൃഷ്ണപിള്ള ആവശ്യപ്പെട്ടുന്നതായാൽ ഞാൻ പറയാം.

മി. എൻ. രാമകൃഷ്ണപിള്ള (തെക്കുംഭാഗവും ഫോർട്ടുമാനുവലും): ബഡ്ജറ്റുപ്രസംഗത്തെ ഞാൻ സൂചിപ്പിച്ചു പ്രസ്താവിച്ചു. ആ സമയത്തു മി. നടേശയ്യരുടേമേൽ പരാതികൾ പറയപ്പെട്ടിരുന്നു. അവയ്ക്കു സമാധാനം പറയുവാൻ സൗകര്യം ഞാൻ കൊടുക്കുന്നതുവെന്നാണ് സൂചിപ്പിച്ചത്.

അദ്ധ്യക്ഷൻ: അതുകൊണ്ടാണ് അദ്ദേഹം സമാധാനം പറയാൻ ആവശ്യപ്പെട്ടുന്നതു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ). നിയമനം സംബന്ധിച്ചു സംസാരിക്കാതെന്നു ഞാൻവിചാരിക്കുന്നു.

അദ്ധ്യക്ഷൻ: അതെ, നിങ്ങൾക്കപ്രകാരം ചെയ്യാം.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ). ഞാൻ ഈ ഡിപ്പാർട്ടുമെൻറ് രണ്ടും കൈയ്യേറുന്നതിൽ പിന്നീട് കഴ സബ് ഓവർസീയർമാരെ, ഒഴിവുകളിൽ പകരം നോക്കുന്നതിനു നിയമിച്ചിട്ടുണ്ട്. അവരിൽ മൂന്നുപേർ ബ്രാഹ്മണരും, ആറുപേർ നായന്മാരും, മൂന്നുപേർ ക്രിസ്ത്യാനികളും രണ്ടുപേർ ഈഴവരും ആകുന്നു. ഇവരിൽ ബ്രാഹ്മണർ മൂന്നുപേരും മുൻപു സബ് ഓവർസിയർജോലി പകരം നോക്കിയിട്ടുകൂപരാകുന്നു. ഞാൻ അവരെ പ്രത്യേകം തെരഞ്ഞെടുത്തു നിയമിച്ചിട്ടുള്ളതല്ല. എക്സിക്യൂട്ടീവു പകരപ്പണിക്കു എട്ടുപകരം ഒഴിവുകൾ ഉണ്ടായിരുന്നതിൽ ചീഫ് എഞ്ചിനീയരുടെ ശുപാർശപ്രകാരം ഗവൺമെൻറിനാൽ നിയമിക്കപ്പെട്ടതു രണ്ടു ബ്രാഹ്മണരും രണ്ടു ക്രിസ്ത്യാനികളും നായന്മാരും ആകുന്നു. ഞാൻ ചീഫ് എഞ്ചിനീയർ ആയതിൽ പിന്നീട് ചീഫ് എഞ്ചിനീയറാഫീസിൽ പകരം ഒഴിവിലും സ്ഥിരം ഒഴിവിലുമായിട്ടു പതിനഞ്ചുപേരെ നിയമിച്ചിട്ടുണ്ട്. അവരിൽ മൂന്നുപേർ ബ്രാഹ്മണരും ഏഴുപേർ നായന്മാരും ഒരാൾ വാരിയരും ഒരാൾ ഈഴവനും മൂന്നുപേർ ക്രിസ്ത്യാനികളും ഒരാൾ ഇതരജാതിഹിന്ദുവും ആണ്. ഇവരിൽ രണ്ടുനായന്മാരെയും ഒരു വാരിയരേയും അവരുടെ ഒഴിവുകളിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഞാൻ ഈ ജോലിയിൽ പ്രവേശിച്ചതിൽ പിന്നീട് എൻറെ ശുപാർശ അനുസരിച്ചു ഗവൺമെൻറ് പകരം ഒഴിവുകളിൽ നിയമിച്ചിട്ടുള്ളതു നായരുപേരെയാകുന്നു. ഇവരിൽ മണ്ടുപേർ ക്രിസ്ത്യാനികളും ഒരാൾ ഇണ്ടിത്താനം ഒരാൾ നായരുമാകുന്നു.

മി. എ. ഹൈദർഷ് (ഗവൺമെൻറ് നിയമനിർമ്മാണമെംബർ): അവരുടെ നിയമനത്തിൻറെ ഗ്രേഡുകളിൽ എനിക്കറിഞ്ഞാൽ കൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ചീഫ് എഞ്ചിനീയർഓഫീസിൽ പകരംജോലിനോക്കുവാൻ നിയമിക്കപ്പെട്ട ഒടുവിലത്തെ നാലുപേർ ൪൦ മുതൽ ൬൦ രൂപാവരെയുള്ള ഗ്രേഡിലാണ്. ഡിവിഷനാഫീസുകളിൽ ഉണ്ടായ ഒഴിവുകളിലും ചീഫ് എഞ്ചിനീയർതന്നെയാണ് ആളുകളെ നിയമിച്ചിട്ടുള്ളതു. ഡിപ്പാർട്ടുമെൻറ് പരിഷ്കാരസമയത്തു പുത്തനായിട്ട തടപ്പിസ്ഥാനമാരെ നിയമിക്കുവാനുണ്ടായിരുന്നപ്പോൾ എക്സിക്യൂട്ടീവ് ഇഞ്ചിനീയർമാർവഴിക്കും തദവസരത്തിലുണ്ടായ അപേക്ഷകളെ പരിശോധിച്ചു ഈ അപേക്ഷകരിൽനിന്നും സൂപ്രണ്ടുമാർ മുതൽ സബ് ഓവർസിയർമാരുപോലുമുള്ള ഗ്രേഡിൽ നിയമിച്ചു. ഇവരിൽ ഒരാൾ ബ്രാഹ്മണനാകുന്നു. ഇയാൾ തമസപ്പെടാതേമിയയിൽപോയിവന്നവനും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാകലോ സോൾജ്യേഴ്സ്കമ്മിറ്റിയാകലോ ശുപാർശചെയ്യപ്പെട്ടവനുമായ ആളുകൂടുന്നു. മറവുള്ളവരിൽ ഒരാൾ ഈഴവനും ഒരാൾ വെളുത്തേടനുമാകുന്നു. ശേഷമുള്ള മൂന്നുപേരും ക്രിസ്ത്യാനികളുമായിരുന്നു. ഈഴവനും ക്രിസ്ത്യാനികളുകളിൽഒരുത്തനും സഖീസുനിയമനത്തെസംബന്ധിച്ചുള്ളയോഗ്യതകളനുസരിച്ചുള്ള പരീക്ഷായോഗ്യതയില്ലാത്തവരായിരുന്നിട്ടും എൻറെ ശുപാർശയനുസരിച്ചു ഗവൺമെൻറ് അവർക്കുവേണ്ടുവർഷത്തേക്കു പ്രത്യേകനിയമംകൊടുത്തു. പതിനാറുപേരിനിപ്പുറം നമ്പർ ൧൦ മുതൽ ൬൦ രൂപാവരെയുള്ള ശമ്പളത്തിൽമൂന്നുപേരെ ഡിവിഷനാഫീസുകളിൽഞാൻനിയമിച്ചു ഇവരിൽ ഒരാൾ തരിശനം വേരൊരാളും വ്യവസായഡിപ്പാർട്ടുമെൻറിൽ നിന്നും അയയ്ക്കപ്പെട്ട നാരായണൻതമ്പിയുമായിരുന്നു മൂന്നാമൻ പരിഷ്കാരസമയത്തു പകരംജോലിയിൽനിന്നും പിരിച്ചുവിടപ്പെട്ട ഒരുനായരുമാണ്. ഇതിൽപ്പെട്ടതെപ്പോലെയാണ് ആവശ്യമുണ്ടായതെന്നു എനിക്കറിയാൻപാടില്ല. എൻറെ പേരിൽന്യായരഹിതമായ ചില കിംവദന്തികളും അടിസ്ഥാനരഹിതമായ ചിലകാര്യങ്ങളും കൂടുതൽ പുകളും

ഉണ്ടായിട്ടുണ്ട്. ശിക്ഷകളെപ്പറ്റിയും എനിക്കു കുറേ പറയുവാനുണ്ടു മി. ഒ. എസ്സ്. രാമൻപിള്ളയ്ക്കു നൽകിയ ശിക്ഷ കുറേ കഠിനമായിപ്പോയെന്നു മി. കുമാരപിള്ള പറയുകയുണ്ടായി. ബഡ്ജറ്റു പ്രസംഗസമയത്തുള്ള തിനു ശരിയായസമയമാണെംപറവാൻ എനിക്കു സാധിച്ചില്ല.

മി. ററി. കുമാരപിള്ള (ഇരുന്നിയും വിളവങ്കോടും): അങ്ങനെയല്ല ഞാൻ പറഞ്ഞിട്ടുള്ളതു്. മി. രാമൻപിള്ളയെ രണ്ടുവർഷത്തേയ്ക്കു ശിക്ഷിച്ചതിൽ യാതൊരാക്ഷേപവുമില്ല. കൂടുതൽ ശിക്ഷിക്കുന്നതിലേക്കും ആക്ഷേപമില്ലാത്തതാണ്. പബ്ലിക് സർവീസിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ശിക്ഷകനും എത്രകണ്ടിയിരുന്നാലും എനിയ്ക്കു ആക്ഷേപമില്ലാത്തതാണ്. എന്നാൽ ആ സംഗതിയിൽ എല്ലാ ആളുകളേയും ഒരുപോലെയാക്കണമെന്നാണു ഞാൻ പറഞ്ഞിട്ടുള്ളതു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഇപ്പോഴാ അതെനിക്കു മനസ്സിലായി.

മി. ററി. കുമാരപിള്ള (ഇരുന്നിയും വിളവംകോടും): എന്റെപ്രസംഗത്തിൽ വിശദമായി പറഞ്ഞിട്ടുണ്ടായിരുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ബ്രാഹ്മണരായിട്ടുള്ള സിൽബന്ധികൾ കുറേകാലത്തോൾ സാധാരണ എന്തുശിക്ഷ കൊടുത്തുവരുന്നുവെന്നും, കൊടുക്കാറുണ്ടെന്നുംമറും മി. കുമാരപിള്ള ചോദിക്കുകയുണ്ടായി. മി. ഒ. എസ്സ്. രാമൻപിള്ളയെ കഠിനമായി ശിക്ഷിച്ചുകളഞ്ഞുവെന്നും ബ്രാഹ്മണസിൽബന്ധികളെ അവരുടെ കുറ്റത്തിനതക്കവണ്ണം ശിക്ഷിക്കുന്നില്ലെന്നുമായിരുന്നു മി. കുമാരപിള്ള അനുമാനിച്ചിട്ടുള്ളതു എങ്ങനെസംബന്ധിച്ചിടത്തോളം മി. ഒ. എസ്സ്. രാമൻപിള്ളയുടെ ആദ്യത്തെ ശിക്ഷയിലും ഒടുവിലത്തെശിക്ഷയിലും എനിക്കു യാതൊരു സംബന്ധവുമില്ല. അക്കാര്യത്തെപ്പറ്റി ഗവർമെണ്ടിലേക്കു ഒരു പ്രൊപ്പോസിഷൻ കൊടുത്തതു ഞാനാണു് ഗവർമെണ്ടർ അതിനെ സസ്പെൻഡുചെയ്തതു്. ഞാൻ ജോലിയിൽ പ്രവേശിച്ചപ്പോൾ സസ്പെൻഡിലിരിക്കുന്നു് അദ്ദേഹംസമാധാനം തയാറാക്കികൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം സമാധാനം പൂർത്തിയാക്കി എന്നെ ഏൽപ്പിച്ചപ്പോൾ ഞാൻ റിക്കാർഡുകൾ എല്ലാംനോക്കി ഡിപ്പാർട്ടുമെൻറിലെ സീനിയർ പ്രൊസിക്യൂട്ടർ എന്നിവരോടുകൂടി അതിനെ ഗവർമെൻറിലേക്കയച്ചു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. ഒ. എസ്സ്. രാമൻപിള്ളയുടെപേരിൽ എത്രകേസുകൾ ഉണ്ടായിരുന്നുവെന്നറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എൻറെപക്കൽ നിങ്ങൾക്കുകൂടി എല്ലാമുണ്ടു. എന്നാൽ ആ കുറേചുമത്തലുകളെല്ലാം വിസ്തരിച്ചുപറയുന്നതിനു കുറെഅധികംസമയംവേണ്ടിവരും. ഗവർമെൻറു അയാളുടെ സമാധാനത്തെപ്പറ്റി നല്ലതിനല്ലാതൊന്നുമാലോചിച്ചു അയുസംബന്ധമായ ഉത്തരവുകൊടുക്കയച്ചു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എത്രകുറഞ്ഞിലേക്കായിട്ടാണ് അദ്ദേഹത്തിനെ ശിക്ഷിച്ചതെന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഗവർമെൻറിനു അതിനെത്രത്തോളംപറവാൻ കുറേക്കൂടി രഹസ്യകയ്യുംഉണ്ടു. ഒരു തെറ്റിദ്ധാരണ മാറുവാൻവേണ്ടിമാത്രമാണ് ഞാൻ ഇതെല്ലാംപറഞ്ഞതു. ഗവർമെൻറു അദ്ദേഹത്തിനെറ സമാധാനത്തെപ്പറ്റി ഗണിച്ചുണ്ടാക്കിയഅഭിപ്രായമാണു അയച്ചതു. ഇനിമാജഗോപാലയ്യരെപ്പറ്റിപറയാം അദ്ദേഹത്തെ രണ്ടാംഗ്രേഡ് സൂപ്രണ്ടരെവസ്സായി ഉദ്യോഗത്തിനുപോരുന്നതിനു പ്രൊപ്പോസുചെയ്തിരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. ഒ. എസ്സ്. രാമൻപിള്ളയുടെ ശിക്ഷയെസംബന്ധിച്ചു പ്രവൃത്തിയിൽ മി. നടേശയ്യർക്കു വല്ലുപോകുമുണ്ടോ ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഞാൻ അദ്ദേഹത്തിനെറ സമാധാനത്തെ എൻറെ റിപ്പോർട്ടോടുകൂടി ഗവർമെൻറിലേക്കയച്ചുവെന്നു ഞാൻപറഞ്ഞുവെല്ലോ. ബഡ്ജറ്റുപ്രസംഗസമയത്തു മി. രാജഗോപാലയ്യരുടെ കാര്യത്തെപ്പറ്റി ഞാൻ എല്ലാം പറഞ്ഞോ എന്നു ഇപ്പോൾ ഓർക്കുന്നില്ല. എനിക്കുമുമ്പിരുന്നിരുന്ന ചീഫ് എഞ്ചിനീയർ പരിഷ്കാരസമയത്തു മി. രാജഗോപാലയ്യർക്ക് രണ്ടാംഗ്രേഡ് സൂപ്രണ്ടരെവസരായി കയറ്റംകൊടുക്കുവാൻ പ്രൊപ്പോസുചെയ്തിട്ടുപോവുകയും ഞാൻ ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പുതന്നെ ഗവർമെൻറിൽനിന്നും അതനുവദിച്ചുതരികയുംചെയ്തു. സൂപ്രണ്ടരെവസ്സർക്കുള്ള അളന്നുതൂക്കുകാണ്ടു സബ് ഇഞ്ചിനീയർ മി. സി. ജെ. മാണി പണംകൂട്ടുതൽകൊടുത്തതുസംബന്ധിച്ചുള്ള എഴുത്തുകുത്തുകളും എനിക്കുകിട്ടുകയും അതുസംബന്ധിച്ചുള്ള സമാധാനങ്ങളും വാങ്ങി പരിശോധിച്ച് എൻറെ റിപ്പോർട്ടോടുകൂടി ക്രൻറെ ആഫീസിൽ ഞാൻ ഗവർമെൻറിലയയ്ക്കുകയും ചെയ്തിട്ടുണ്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. ഒ. എസ്സ്. രാമൻപിള്ളയുടെ കേസ്സിൽ അനാവശ്യം നടത്തുന്നതിലേയ്ക്കായിട്ടാണോ അദ്ദേഹത്തിനെ സസ്പെൻഡുചെയ്തിരുന്നതെന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): മിസ്റ്റർ ഒ. എസ്. രാമൻപിള്ളയെപ്പറ്റി പറയാനുള്ളതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മിസ്റ്റർ മാജഗോപാലയ്യരുടെപേരിൽ ഒരു പ്രത്യേക കുറേ ഉണ്ടായിരുന്നുവല്ലോ? ഗവർമെൻറുതന്നെയോണ് അദ്ദേഹത്തെ സസ്പെൻഡുചെയ്തതു്.

അദ്ധ്യക്ഷൻ. അതിലേക്കുള്ള ഉത്തരം ഞാനാണു പറയേണ്ടതു്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സർ,—

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ആ സംഗതിയെപ്പറ്റിയുള്ള റിപ്പോർട്ടു ഞാൻ, ക്രൻറെ ആഫീസിൽ അയച്ചു.

അദ്ധ്യക്ഷൻ: ഞാൻ, രാജ്യകാര്യാധികൃതനും ഈ സഭയുടെ അദ്ധ്യക്ഷനും ആയിരിക്കുന്നതുകൊണ്ടു്, മി. രാജഗോപാലയ്യരുടെ കാര്യത്തെപ്പറ്റി ഈ സഭയോടു എനിക്കുള്ള അഭിപ്രായത്തെ പറയാനുണ്ടു്. ചീഫ് എഞ്ചിനീയർ പറഞ്ഞതു സത്യംതന്നെയാണ്. രാജഗോപാലയ്യരെപ്പറ്റിയുള്ള റിപ്പോർട്ടു ക്രൻറെ ആഫീസിൽ മി. സെക്രട്ടേറിയറ്റിൽ കിടപ്പിട്ടിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ കുറെ താമസമുണ്ടായിട്ടുണ്ടു. മിസ്റ്റർ ഗവർമെൻറിനു പരിശോധനയ്ക്കു ആ ഫയൽവരികയും ഒണ്ടായിട്ടുണ്ടു. കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ അതിനെപ്പറ്റി ഒന്നും ചെയ്യുവാൻ സാധിച്ചിട്ടില്ല. അതിനു കാരണം എന്താണെന്നുള്ളതു ഈ സഭയിലുള്ള എല്ലാപേർക്കും അറിയാമല്ലോ. മി. മാജഗോപാലയ്യരുടെ കാര്യത്തിൽ കുറെ താമസം നേരിട്ടു. അതിലേക്കു രണ്ടു സെക്രട്ടേറിയറ്റുകാർ ഉത്തരവാദികളാണ്. ആ സംഗതി ഗവർമെൻറന്വേഷണത്തിൽ ഇരിക്കുകയാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാനറിയാതാഗ്രഹിച്ചുപോകുന്നു ഇതാണ്. മി. രാജഗോപാലയ്യരുടെ കാര്യത്തിൽ അയാളുടെ പേരിലുള്ള കേസു അന്വേഷണത്തിലിരിക്കുകയാണ്. അയാളെ സർവീസിൽവച്ചിരിക്കുകയും, അയാൾക്കു കയറാംകൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മി. ഒ. എസ്. രാമൻപിള്ളയുടെ കാര്യത്തിൽ ഗവണ്മെന്റു ചെയ്തിട്ടുള്ളതെല്ലാം തെരെതെറ്റിച്ചാണ്.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എന്റെ സമാധാനം ഞാൻ പുത്തിയാക്കിയിട്ടില്ല.

അദ്ധ്യക്ഷൻ. മി. എം. എൻ. പിള്ള, അദ്ദേഹം പറയുന്നതു മുഴുവൻ കേട്ടിട്ടുചോദിക്കണമെന്നുതന്നെയും ചോദിച്ചുകൊള്ളണം.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): മി. രാജഗോപാലയ്യരുടെ കാര്യത്തിൽ മി. എവറാഡ് അയാളുടെ ശമ്പളത്തിൽ എട്ടിരണ്ടരശതം പിഴശിക്ഷ നൽകിയാൽമതിയെന്ന ഒരു നോട്ടെഴുതിയിട്ടുണ്ടായിരുന്നു. അതു വളരെ സൗമ്യമായ ശിക്ഷയാണെന്നു എനിക്കു തോന്നിയതുകൊണ്ടു അദ്ദേഹത്തിനു കൊടുത്തിട്ടുള്ള പ്രമോഷൻ അതുമുതൽ കൊടുക്കുവാൻ പാടില്ലെന്നു ഞാൻ ശുപാർശചെയ്തു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി. രാജഗോപാലയ്യരുടെ കാര്യത്തിൽ അദ്ദേഹത്തെ സസ്പെൻഡുചെയ്യണമെന്നു ചീഫ് എഞ്ചിനീയർ ഗവണ്മെന്റിലേക്കു ശുപാർശചെയ്തോ എന്നറിഞ്ഞാൻകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഞാൻ അദ്ദേഹത്തെ സസ്പെൻഡുചെയ്യണമെന്നു ശുപാർശചെയ്തില്ല. എങ്കിലുമായി അദ്ദേഹത്തിന്റെ പ്രമോഷൻ തടയുകയും, എന്റെ ബന്ധുവായ അയാൾക്കു ഞാൻ എന്തു ശിക്ഷനൽകിയാലും ആയ്തു ശരിയായില്ലെന്നു മറ്റുള്ളവർ പറയാതിരുന്നുകൊള്ളുകയുണ്ടു ഈ സംഗതിയെ ഗവർണ്മെന്റിന്റെ ശ്രദ്ധയിലാക്കുവാൻ അതിലേക്കുള്ള നീക്കുമാനത്തിനായി ഗവണ്മെന്റിനു വിട്ടുകൊടുക്കുകയുംചെയ്തിട്ടുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എപ്പോഴാണോ അദ്ദേഹത്തെ സസ്പെൻഡുചെയ്യാൻ ശുപാർശചെയ്യാത്തതു?

അദ്ധ്യക്ഷൻ. മി. എവറാഡ് അദ്ദേഹത്തെ സസ്പെൻഡുചെയ്തിട്ടില്ലെന്നും, അയാളുടെ ശമ്പളത്തിൽ എട്ടിലൊരുഭാഗം പിഴശിക്ഷ നൽകിയാൽ മതിയെന്നും അഭിപ്രായപ്പെട്ടിട്ടുണ്ടെന്നു മി. നടേശയ്യർ പറഞ്ഞുവല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചീഫ് എഞ്ചിനീയർ അദ്ദേഹത്തെ സസ്പെൻഡുചെയ്യണമെന്നു ശുപാർശചെയ്തിട്ടില്ലയോ?

അദ്ധ്യക്ഷൻ. ഇല്ലാ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. രാജഗോപാലയ്യരുടെ പേരിലുള്ള കയറെഞ്ഞു സംബന്ധിച്ചു റിപ്പോർട്ടു കിട്ടിയതിൽപിന്നീടുണ്ടായോ അയാൾക്കു കയറാംകൊടുത്തതു?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഈ റിപ്പോർട്ടു കിട്ടുന്നതിനുമുമ്പു മി. എവറാഡ് ശുപാർശചെയ്യുകയും ഞാൻ ഡിപ്പാർട്ടുമെന്റു മുഖാന്തരം കൊടുക്കയും കൂടിയിവസംകഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പ്രമോഷനു അനുമതികിട്ടുകയുംചെയ്തു. പിന്നീടു റിപ്പോർട്ടുകിട്ടുകയും സമാധാനക്കേടുതോന്നിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ കാര്യത്തെപ്പറ്റി നല്ലതുപോലെ ആലോചിച്ചിട്ടു, മുമ്പു അയാളുടെ പ്രമോഷനെതടയണമെന്നു ഞാൻ ശുപാർശചെയ്തു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെക്കുമങ്ങാടും): നടപടിയെപ്പറ്റി ഒരു സംഗതി പ്രസ്താവിക്കുന്നതിനായി ഞാൻ എഴുന്നേല്ക്കുന്നു. ഈ സഭയിലെ അനുദ്യോഗസ്ഥമെംബറന്മാരായ ഞങ്ങൾ ആവശ്യപ്പെട്ടതനുസരിച്ചു, ഗവണ്മെന്റും ഉദ്യോഗസ്ഥന്മാരും നിയമനംസംബന്ധിച്ചു ന്യായമായി പ്രവർത്തിക്കുന്നോ എന്നറിയായിട്ടാണ്. മി. എവറാഡ് ചെയ്തിട്ടുള്ളതും മി. നടേശയ്യർ ചെയ്തിട്ടുള്ളതും മുൻപുണ്ടായിരുന്ന മറ്റു എഞ്ചിനീയറന്മാർ ചെയ്തിട്ടുള്ളതും ന്യായമായിട്ടുള്ളതും സാധുകരിക്കത്തക്കതും ആണോ എന്നുള്ള സംഗതിയാണ് ഞങ്ങൾ അറിയാനഗ്രഹിക്കുന്നതു. ഈ വാദപ്രതിവാദത്തിൽ ഒരു വ്യക്തിയെപ്പറ്റിയുള്ള ചോദ്യംചെയ്യുന്നതു ന്യായമാണോ? ഒരു ഡിപ്പാർട്ടുമെന്റു മേലധികാരിയുടെ പേരിലാണ് ഈ കുറ്റം ആരോപിച്ചിരിക്കുന്നതു. ഉദ്യോഗസ്ഥമെംബറന്മാർ ഇവിടെ ഇരിക്കുന്നതു ഉദ്യോഗസ്ഥന്മാരുടെ യിലയിലാണ്. അല്ലാതെ സാധാരണനിലയിലല്ല. ഈമാതിരിയുള്ള ഒരു സംഗതിയിൽ അവരുടെ അഭിപ്രായവും വിലവയ്ക്കത്തക്കതാണോ?

അദ്ധ്യക്ഷൻ. ഇതിനെത്രത്തോളം പറയുക പ്രയാസമാണ്. ഒരുദ്യോഗസ്ഥൻ ഒരാളിനെ ശിക്ഷിച്ചാൽ ആ കേസിനെപ്പറ്റി ഈ സഭയിൽ വാദപ്രതിവാദംനടത്തുവാൻ പാടില്ലെന്നാണ് ഞാൻ ധരിച്ചിരിക്കുന്നതു. അനുദ്യോഗസ്ഥമെംബറന്മാർ ഗവണ്മെന്റു മെംബറന്മാരോടു പറയുന്നതിനെ വിശ്വസിക്കണം. ഒരു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻ നിയമനംസംബന്ധിച്ചോ ശിക്ഷകൊടുക്കുന്നതിനായോ പ്രയോഗിച്ചുന്നയം തെറ്റായിപ്പോയി എന്നുള്ളതിനെപ്പറ്റി പറയുന്നതിനു അനുദ്യോഗസ്ഥമെംബറന്മാർക്കു അവകാശമുണ്ടു. അതു പറയുന്നതിനു ഈസഭയ്ക്കു ധാരാളം സമയമുണ്ടെന്നാണെന്നാൽ വിചാരിക്കുന്നതു. എന്നാൽ ഒരു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻ ഒരു സമാധാനംപറഞ്ഞാൽ അതിനെവിശ്വസിക്കണം, മറ്റോരാളുടെകാര്യപ്പറ്റിയും ചോദ്യങ്ങൾചോദിച്ചു ഇടങ്ങിയാൽ ഉത്തരം പറയാതിരിക്കുന്നതു അത്ര നന്നായിരിക്കയില്ല. ഡിപ്പാർട്ടുമെന്റുമേലദ്ധ്യക്ഷൻ ഉത്തരംപറയാതിരുന്നാൽ അദ്ദേഹം എന്തോ സംഗതികളെ ഒളിച്ചുവയ്ക്കുന്നുവെന്നനുമാനിക്കുകയും ചെയ്യും. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളവും ആമാതിരിതന്നെയാണ്. ഗവർണ്മെന്റും എന്തൊക്കെയോചിലസംഗതികളെ ഒളിച്ചുവയ്ക്കുന്നുവെന്ന അനുമാനിക്കും ഇപ്രകാരമുള്ള ഒരവസ്ഥാന്തരത്തിലായിരിക്കുമ്പോൾ ഗവണ്മെന്റും ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരും ഇരിക്കുന്നതു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): മി. രാജഗോപാലയ്യരുടെ പ്രമോഷനെ കുറയ്ക്കണമെന്നുള്ള എന്റെ ശുപാർശയെ ഗവണ്മെന്റ് അംഗീകരിച്ചു. അതുകൊണ്ടു അദ്ദേഹംപറഞ്ഞിട്ടുള്ള പണത്തിൽ മുന്നൂറുരൂപാതിരിയെ അടയ്ക്കുവിവരികയും അയാളുടെ ജൂനിയർമാരായിട്ടുള്ള നാലുപേർക്കു രണ്ടാംഗ്രേഡിലേക്കു പ്രമോഷൻകിട്ടുകയുംചെയ്തു. ഇതുസംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ അവസാനതീർപ്പുകൂടി ഇതേവരെവന്നിട്ടില്ല.

മി. കുമാരപിള്ള പറഞ്ഞ മറ്റുസംഗതികൂടിക്കൂടെ ഇപ്പോൾപ്രസ്താവനയായിട്ടു ഞാൻ കൂട്ടിക്കൊണ്ടു സമാധാനമായി പറഞ്ഞിട്ടുണ്ടെന്നു വിചാരിക്കുന്നു, പോളയംസെക്ഷനിലെ സെക്ഷനാഫീസർ ഏതോ ചിലസാധനങ്ങൾ

ചിറകെട്ടിയടിയ വകയിലുള്ള ഇജന്തുററിങ്കൻപത്തിമ്പള്ള രൂപായും ട്രങ്കറിയിൽ അടയ്ക്കാൻ താമസം യുണ്ടായി.

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോട്ടം): ആസെക്ഷനാഫീസർ പണംപിരിച്ചതു എപ്പോഴാണ്? ആ വകപണം എത്രകാലം കൈയിൽവച്ചുകൊണ്ടിരുന്നു? എപ്പോളാണ് താലൂക്കിൽ ഒടുക്കിയതു?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): അതുഅന്വേഷണത്തിലിരിക്കുകയാണ്. അദ്ദേഹംപണമെത്ത വച്ചുകൊണ്ടിരുന്നുവോ അതല്ലെങ്കിൽ, അദ്ദേഹംപറയുന്നതുപോലെ അദ്ദേഹത്തിന്റെകൂടെ വച്ചുകൊണ്ടിരുന്നുവോ എന്നുള്ളതിനെക്കുറിച്ചും ഖജനാവിൽ പണം അടയ്ക്കാൻതാമസിച്ചതു എന്തുകൊണ്ടാണെന്നുള്ളതിനെക്കുറിച്ചും അന്വേഷണം നടത്തിവരുന്നുണ്ട്.

ശിക്ഷകളെപ്പറ്റിയും വ്യക്തിയപക്ഷപാതത്തെപ്പറ്റിയും എനിക്ക് അല്പം പറയാനുണ്ട്. എക്സിക്യൂട്ടിവുഡിയിലും ആഫീസിലും ഉള്ള എല്ലാത്തരം ജീവനക്കാരേയും ഞാൻശിക്ഷിച്ചിട്ടുണ്ട്. ഫാമിൻവർക്കിൽ ചീഫ് എഞ്ചിനീയരാഫീസിൽ അഞ്ചുപേർക്കുഞാൻശിക്ഷകൾ നൽകീയിട്ടുണ്ട്. അവരിൽരണ്ടുപേർ ക്രിസ്ത്യാനികളും മൂന്നുപേർ ബ്രാഹ്മണരും രണ്ടതവണ ശിക്ഷയനുഭവിച്ചിട്ടുള്ള ഒരാൾ തമിഴനുമാണ്, ഫാമിൻ-ൽ ൻ ബ്രാഹ്മണരെയുംക്രിസ്ത്യാനിയായന്മാരേയും ഒരുക്രിസ്ത്യാനിയേയും ഞാൻശിക്ഷിച്ചു. ഫാമിൻവർക്കിൽ എക്സിക്യൂട്ടിവ്പക്കപ്പിലുള്ള സൂപ്പർവൈസർമാരെ പത്തുതവണശിക്ഷിച്ചിട്ടുണ്ട്. അവരിൽ ഏഴുപേർ ബ്രാഹ്മണരും ഒരുക്രിസ്ത്യാനികളുമാണ്. ഫാമിൻ-ൽ ഫസ്റ്റ് പേർക്കുശിക്ഷനൽകപ്പെട്ടു. ഇവരിൽ ഫാമിൻ പേർ ബ്രാഹ്മണരും ഒരാൾനായരും മറ്റെയാൾ ക്രിസ്ത്യാനിയും ആയിരുന്നു. ഫാമിൻകേസിലെയ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുമാത്രം വല്ല അഭിപ്രായമുണ്ടാക്കുകയും പുറപ്പെടുവിക്കുകയുമാണെന്നു ഞാൻ ഈ സഭയോടു അപേക്ഷിക്കുന്നു.

മി. എൻ. പത്മനാഭപിള്ള (കുന്നാഗപ്പള്ളി): റെഡീമർ ബോട്ടപകടം സംബന്ധിച്ചു മി. എം. എ. നായന്നയുടെ ബന്ധുവിന് ൻ ൦ രൂപായിൽനിന്നും വു ൦ രൂപായാക്കണമെന്നുള്ള സർക്കുലറുണ്ടായതു നടപ്പിൽവരുത്തിയോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): അതേസമയത്തുതന്നെ എക്സിക്യൂട്ടിവ് എഞ്ചിനീയർക്കു അതിനെപ്പറ്റി എഴുതിഅയച്ചിരിക്കണം.

മി. എൻ. പത്മനാഭപിള്ള (കുന്നാഗപ്പള്ളി): ഈ കൊല്ലത്തെ സിവിൽ ലിസ്റ്റിൽ അദ്ദേഹം അതിനുള്ള വാങ്ങുന്നതായികാണുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എപ്പോഴാണ് സിവിൽലിസ്റ്റ് അച്ചടിച്ചിട്ടുള്ളതെന്നു പറയാമോ?

മി. എൻ. പത്മനാഭപിള്ള (കുന്നാഗപ്പള്ളി): ഫാമിങ്ങം ഫണ്ട-വകയുള്ളവയെ ക്രോഡീകരിച്ചിട്ടുള്ളതാണ്.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചനീയർ): അതിനുസമാധാനം അക്കൗണ്ടാഫീസർ പറയുന്നതായിരിക്കും.

മി. എൻ. പത്മനാഭപിള്ള (കുന്നാഗപ്പള്ളി): റെഡീമർ അപകടസംബന്ധിച്ചു ശിക്ഷിക്കപ്പെട്ട മദാരാമാർ രജക്കണ്ണ് ജോസഫാണ്, അയാൾക്ക ബന്ധുക്കൾവഴി നിവേദനത്തിനുത്തരവു കൊടുത്തതായും അതു ഉത്തരവനുസരിച്ചു പ്രവർത്തിച്ചിട്ടുള്ളതായും സിവിൽലിസ്റ്റ്കൊണ്ടു കാണുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജനിയർ): സിവിൽലിസ്റ്റിൽ മി. ജേക്കബ്ബ് ജോസഫിന്റെ തരംതാഴ്ത്തലിനെപ്പറ്റി പറയപ്പെട്ടിട്ടുണ്ടെന്നും നാരായണയ്യരുടെ തരം താഴ്ത്തലിനെപ്പറ്റി ഒന്നും പറയപ്പെട്ടിട്ടില്ലെന്നുമാണ് നിങ്ങൾപറയുന്നതു. ഈ തരംതാഴ്ത്തലിനെ സംബന്ധിച്ചുള്ള ഉത്തരവു എക്സിക്യൂട്ടിവുഎൻജനിയർക്കു അയച്ചിരിക്കണം.

മി. എൻ. പത്മനാഭപിള്ള (കുന്നാഗപ്പള്ളി): ഏതെങ്കിലും ആഫിസറെ സംബന്ധിച്ചു ഉത്തരവു് അയയ്ക്കപ്പെട്ടിട്ടില്ലയോ എന്നമാത്രം എനിക്കറിഞ്ഞാൽമതി.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജനീയർ): എക്സിക്യൂട്ടിവ് എൻജനീയർക്കു ഉത്തരവുകിട്ടാൻ ഉടൻഅയച്ചിരിക്കണം. മിസ്റ്റർ നാരായണയ്യർക്കു എക്സിക്യൂട്ടിവ് എൻജനീയർക്കു അയച്ചിട്ടുള്ള ഉത്തരവിൻപ്രകാരമല്ലാതെ, സിവിൽ ലിസ്റ്റിൽ കാണുന്നതുപോലെയുള്ള ബന്ധുക്കൊടുക്കപ്പെട്ടകയില്ല.

ശിക്ഷയെസംബന്ധിച്ചോ ഈ സ്ഥാപനത്തെ സംബന്ധിച്ചുള്ള മറ്റു സംഗതികളെപ്പറ്റിയോ മി. രാമകൃഷ്ണപിള്ളയ്ക്കു കൂടുതൽ വിവരങ്ങൾ വല്ലതും അറിയേണ്ടതുണ്ടോ എന്നു എനിക്കറിയാൻപാടില്ല.

ചീഫ്-ന്റെ ലംഘനക്ഷണത്തിനായി സഭപിരിയുകയും ചീഫ്-വും വീണ്ടും സഭകൂടുകയുംചെയ്തു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സർ, ഞാൻ മി. രാമകൃഷ്ണപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ പ്രമേയത്തെ അനുകൂലിക്കുന്നതോടുകൂടി എനിക്ക് ഈ സഭമുമ്പാകെ പറയാനുള്ളതു മി. നടേശയ്യർ ഡിപ്പാർട്ടുമെന്റു നോണം കൈയ്യേൽക്കുന്നതിനു മുമ്പു പൊതുമരാമത്തുവകുപ്പിൽ പരിഷ്കാരം നടത്തപ്പെട്ടു എന്നതുമാണ് മി. നടേശയ്യരുടെ ഈ പരിഷ്കാരം നടത്തുന്നതിനു സഹായിയിച്ചിട്ടുണ്ടെന്നുള്ളതു എല്ലാപേർക്കും അറിയാമെന്നുള്ള ഒരു സംഗതിയാണ്.

അദ്ധ്യക്ഷൻ: അതിന്റെ അർത്ഥമെന്താണ്?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ദേഹം മരാമത്തുഡിപ്പാർട്ടുമെന്റിൽ ഇരുന്നുവെന്നും പൊതുമരാമത്തു വകുപ്പു പരിഷ്കാരത്തെസംബന്ധിച്ചു് അദ്ദേഹത്തോടു ആലോചിച്ചിട്ടുണ്ടെന്നും ഞാൻ അറിഞ്ഞിട്ടുണ്ട്. ഈ പരിഷ്കാരംസംബന്ധിച്ചു കുറെറകൊടുക്കേണ്ട ആളുകളെ തെരഞ്ഞെടുക്കാൻ അദ്ദേഹത്തെ ഏല്പിച്ചുഎന്നുള്ളതു ഞാൻ കേട്ടു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഇല്ല, ഞാനതിനെ സമ്മതിക്കുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എന്നാൽ ഞാനതിനെ പിൻവലിച്ചുകൊള്ളുന്നു. എങ്കിലേയെയായാലും പരിഷ്കാരം കഴിഞ്ഞയുടൻ മി. നടേശയ്യർ ഡിപ്പാർട്ടുമെൻറിനോടുകൂടി ചീഫ് എഞ്ചിനീയർആഫീസിലുള്ള മാനേജർ, സൂപ്രണ്ട്, ക്ലർക്കന്മാർ എന്നിവരിൽപെട്ട മിക്ക ബ്രാഹ്മണരേയും സ്ഥലമാറിയയ്ക്കുന്ന പല പരാതികളും ഉണ്ടായിട്ടുണ്ട്. മാനേജരുടെ സ്ഥാനത്തു ഒരസിസ്റ്റൻറ് എഞ്ചിനീയരെ

യ്യുകയും സൂപ്രണ്ടിന്റെ സ്ഥാനത്തു അക്കൗണ്ടാഫീസിൽനിന്ന് ഒരു സൂപ്രണ്ടിനെ അങ്ങോട്ടയയ്ക്കുകയും ചെയ്തു. അക്കൗണ്ടാഫീസിലേയും ചീഫ് എഞ്ചിനീയർആഫീസിലേയും സൂപ്രണ്ടുദ്യോഗങ്ങൾ അന്യോന്യം മാറ്റപ്പെടാവുന്നതാണെന്ന അപ്പോൾ പറയപ്പെട്ടു. കുറെ മാസങ്ങൾ കഴിഞ്ഞപ്പോൾ അക്കൗണ്ടാഫീസിൽനിന്നും അയക്കപ്പെട്ട സൂപ്രണ്ടിനു അളേഹത്തിന്റെ പുതിയ ജോലി അത്ര യോജിക്കാത്തതുകൊണ്ട് അളേഹം തിരിയപ്പോയി എന്നും ഞാൻ അറിഞ്ഞു. മുമ്പു സൂപ്രണ്ടായിരുന്ന ഗ്രാഡ്വേറ്റ് ആ സ്ഥാനത്തിന് ന്യായമായ അവകാശിയായിരുന്നതുകൊണ്ട് വീണ്ടും അപേക്ഷിച്ചുവെന്നുവരികിലും അയാൾക്കു ആ സ്ഥാനം കിട്ടയാൻ ഔദ്യോഗികമായില്ല. ആ സ്ഥാനത്തിൽ പരിക്ഷായോഗ്യതയില്ലാത്ത ഒരു ബ്രാഹ്മണനെ നിയമിച്ചു. ഇതു് മറെറാരാളിനോടു കാണിച്ച ഒരു വലിയ അനീതിയാണെന്നു ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ: നിങ്ങൾ ഒടുവിൽ പറഞ്ഞ ചില പ്രത്യേകസംഗതികൾ എടുത്തുപറയുമോ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതു എങ്ങനെകൊണ്ടു സാധിക്കുകയില്ല. റെവീമർഅപേക്ഷ കഴിഞ്ഞതിൽപിന്നീടു ബ്രാഹ്മണരെ ക്യാനാൽആഫീസരന്മാരായി നിയമിക്കപ്പെട്ടുവെന്ന ഒരു പരാതിയുണ്ട്. പക്ഷേ ഇതു വെള്ളിയിൽനിന്നു കിട്ടിയിട്ടുള്ള ഒരു വർത്തമാനമാണ്.

അദ്ധ്യക്ഷൻ: ഞാൻ നിങ്ങളോടു ആവശ്യപ്പെട്ടതു ചില പ്രത്യേക ദൃഷ്ടാന്തങ്ങളെ എടുത്തു കാണിക്കാനാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ക്യാനാൽആഫീസർമാരെല്ലാം ബ്രാഹ്മണരാണെന്നുള്ളതു് ഒരു വാസ്തവസംഗതിയല്ലയോ? മി. നടേശയ്യക്ക് ഇതിനെ നിഷേധിക്കാൻ കഴിയുമോ?

അദ്ധ്യക്ഷൻ. കന്യാകുമാരിമുതൽ ആലുവാവരെയാണോ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതേ, അതാണ് ഒരു വീഴ്ച.

അദ്ധ്യക്ഷൻ. സാമ്പത്തികന്മാർ ഉദ്യോഗസ്ഥന്മാരുടെമേൽ ഓരോ കുറ്റം ചുമത്തുമ്പോൾ അതിലേക്കു അവർക്കു വേണ്ട തെളിവുകൾ ഉണ്ടായിരിക്കേണ്ടതാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എനിക്കു തെറ്റിട്ടരുതെങ്കിൽ ചീഫ്എഞ്ചിനീയർക്ക് എന്നെ തിരുത്തുന്നവകാശമുണ്ട്.

അദ്ധ്യക്ഷൻ. "ഞാൻ അപ്രകാരം കേട്ടു. അതുകൊണ്ട് ചീഫ്എഞ്ചിനീയർ ഉത്തരം പറയട്ടേ" എന്നും മറ്റും പറയുന്നതു അതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): തെറ്റുതിരുത്തലിനു ഞാൻ വഴിപ്പെട്ടവനാണു.

മി. വി. സുബ്ബയ്യർ (അഡിഷണൽ ഹെഡ്സെക്രട്ടർവകുപ്പ്). താഴെ തട്ടിലുള്ള കീഴുദ്യോഗസ്ഥന്മാരെപ്പറ്റി വാദപ്രതിവാദം നടത്തിക്കൊണ്ടിരിക്കുന്നതിനേക്കാൾ പൊതുവായതത്ത്വസംബന്ധിച്ചു് അഭിപ്രായം പുറപ്പെടുവിക്കുകമാത്രമല്ലാതെ സ്ഥലംമാറ്റസംബന്ധിച്ചുള്ള ഓരോരുത്തരുടേയും സങ്കടങ്ങളെപ്പറ്റി തർക്കിക്കാൻ പോകില്ലാത്തതാകുന്നു. ഈ വാദം അനുവദിക്കുന്നപക്ഷം ഓരോ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷനും 'എ'യേയോ 'ബി'യേയൊ നിയമിക്കുന്നതിനൊ അല്ലെങ്കിൽ ശിക്ഷിക്കുന്നതിനൊ ഈ സഭയുടെ അനുമതി ചോദിച്ചാലല്ലാതെ നിവൃത്തിയില്ലെന്നുവരുന്നതാണ്. ഡിപ്പാർട്ടുമെൻറുനയത്തിനു വിപരീതമായി സംഭവിക്കുന്ന സംഗതികളെസംബന്ധിച്ചു ഈ സഭയിൽ വാദംനടത്തേണ്ടതാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഒരുദ്ദിശ്യത്തിന്റെ സ്ഥലംമാറ്റമോ ശിക്ഷയോ ന്യായമായ കാരണത്തിന്മേലാണോയെന്നു വാദിക്കുന്നതു് രണ്ടുത്തരപ്പറ്റിയുള്ള വാദപ്രതിവാദങ്ങളിൽ കൂടെ കൂടിഞ്ഞെയിലായിത്തീരുകയാണ്.

അദ്ധ്യക്ഷൻ. ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ ഈ സംഗതി വളരെ വൈഷമ്യമായിട്ടുള്ളതും അനുചിതമായിട്ടുള്ളതുമാകുന്നു. ക്യാനാൽ ആഫീസർമാരെല്ലാം അബ്രാഹ്മണരാണെന്നു മി. എം. എൻ. പിള്ള പറയുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ പറഞ്ഞതു തെറ്റാണെങ്കിൽ പിൻവലിക്കാൻ തയ്യാറാണ്.

അദ്ധ്യക്ഷൻ: ഒരു സംഗതി പറഞ്ഞിട്ടു ഉടൻതന്നെ പിൻവലിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അതു നിങ്ങൾ എതിർക്കുന്ന ഉദ്യോഗസ്ഥന്നു കുറെ പേരായ്മയാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. രാമകൃഷ്ണപിള്ള വർഗ്ഗീയപക്ഷപാതത്തേയും നായന്മാരുടെ നിയമനത്തേയും മറ്റുസംഗതികളേയുംപറ്റി പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. ഞാൻ ഇപ്പോൾ വായിച്ചിട്ടുള്ള ലിസ്റ്റിൽ ആറു ബ്രാഹ്മണരുള്ളതിൽ ഒരാൾ ഭരണത്തിലും രണ്ടുപേർ—

അദ്ധ്യക്ഷൻ. ചീഫ് എഞ്ചിനീയർ മറ്റാരുമല്ലാതെ ഡിപ്പാർട്ടുമെൻറുമായി യാതൊരുബന്ധവുമില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതു സിവിൽലിസ്റ്റിൽഉണ്ട്.

അദ്ധ്യക്ഷൻ. അതു് അങ്ങനെയായിരിക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ബ്രാഹ്മണർക്കു അധികമായിട്ട് അളേഹം ജോലി കൊടുത്തിട്ടില്ലെന്നു ചീഫ് എഞ്ചിനീയർപറഞ്ഞു.

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ): എക്സിക്യൂട്ടീവ്വകുപ്പിൽ എന്റെ ഗ്രൂപ്പാർശയിന്മേൽ നിയമനം ചെയ്തിട്ടുള്ള എട്ടു നിയമനത്തെപ്പറ്റിയുള്ള ഒരു സ്റ്റേറ്റുമെൻറു ഞാൻ വായിച്ചു. ആ എട്ടുപേരിൽ രണ്ടുപേർമാത്രമേ ബ്രാഹ്മണരായിട്ടുള്ളു. അളേഹം പറഞ്ഞ ആറു പേരും കേട്ടോൾകൊള്ളാമെന്ന് ഞാൻ അനുഗ്രഹിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മറ്റുള്ളവർ തടങ്കനിക്കൽ സ്റ്റാഫിലും മരാമത്തു ഡിപ്പാർട്ടുമെൻറിലും ആകുന്നു.

അദ്ധ്യക്ഷൻ. മരാമത്തുഡിപ്പാർട്ടുമെൻറിലും തടങ്കനിക്കൽസ്റ്റാഫിലും യാതൊരു ബന്ധുത്വമുണ്ടെന്നു ഞാൻ പറയുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ഇത് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു് എന്തിനെന്നാൽ—

അദ്ധ്യക്ഷൻ. വാസ്തവമല്ലാത്ത ഒരു സംഗതിയെ നിങ്ങൾക്ക ഇര സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ പാടില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പൊതുജനാഭിപ്രായത്തെ ഡിപ്പാർട്ടുമെൻറിലെ എക്സിക്യൂട്ടീവുഫങ്ഷനിൽ ജോലിക്കാരായ ബ്രാഹ്മണരുടെ എണ്ണം അഞ്ചുപത്തും നായന്മാരുടെ എണ്ണം ഇരുപത്തിമൂന്നും ക്രിസ്ത്യാനികളുടെ—

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ഞാൻ അതിനിടയിലായിരുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അങ്ങേക്ക ഉത്തരവാദിയായിരുന്നെന്ന ഞാൻപറയുന്നില്ല. ഞാൻ പറയുന്നതിനാഗ്രഹിക്കുന്നതെന്തെന്നാൽ മറവുള്ളവരുടെ എണ്ണം വളരെകുറവാണെന്നും ഇനിമേലാലെങ്കിലും അബ്രാഹ്മണർക്ക മതിയായ പ്രോത്സാഹനം നൽകണമെന്നും ആകുന്നു. അത്രമാത്രമാണ് എനിക്കപറവാനുള്ളത്. ഞാൻ മി. നടേശയ്യരുടെമേൽ വീഴ്ച ആരോപിക്കുന്നില്ല.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): സർ, ഞാൻ ഇപ്പോഴോ പിന്നീടോ മറുപടി പറയേണ്ടതുണ്ടോ?

അദ്ധ്യക്ഷൻ: നിങ്ങൾക്ക മറുപടിപറയുവാൻ ഇനിയൊരിക്കലവകാശമുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻനിർബന്ധിക്കുന്നതെന്തെന്നാൽ ഇനിമേലാലെങ്കിലും അബ്രാഹ്മണർക്ക പ്രോത്സാഹനം നൽകുന്നതിലേയ്ക്കാണ്.

അദ്ധ്യക്ഷൻ: അതൊരുവ്യത്യസ്തമായ സംഗതിയാകുന്നു. അങ്ങേഫം ബ്രാഹ്മണരെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്ന് ഈ സഭമുമ്പാകെ കൊടുത്തിട്ടുള്ള കണക്കുകളിൽനിന്ന് നിങ്ങൾ മനസ്സിലാക്കിക്കാണുമല്ലോ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എന്നാൽപിന്നെയും മി. ഒ. എസ്സ്. രാമൻപിള്ളയുടെ സംഗതിയുണ്ട്. കരൺസിലിലും മറവുപലയിടങ്ങളിലും പ്രതിപാദ്യമായി തീർന്നിട്ടുള്ള ഒരുസംഗതിയാണ് അതു. ഞാൻ ആസംഗതിയെപ്പറ്റിപ്പിന്നും അഭിപ്രായപ്പെടുന്നതെന്തെന്നാൽ ആയ്യാ അതുമേൽ യിഷ്ടരമായ ഉന്നാകൊണ്ടാണ്.

അദ്ധ്യക്ഷൻ: അതിനെപ്പറ്റിനിങ്ങൾക്ക പ്രതിപാദിക്കാനുള്ള സ്ഥലം ഇതല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പിന്നെ, എവിടെയാണ്?

അദ്ധ്യക്ഷൻ: നിങ്ങൾ ഗവണ്മെൻറിനോടു ആ സംഗതിയുടെ നിഷ്പക്ഷതയെപ്പറ്റിപറയണം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഇര കേസിനെസംബന്ധിച്ചും രാജഗോപാലയ്യർ മുതലായവരുടെ കേസുകളെസംബന്ധിച്ചും ഉള്ളവസ്തുതകൾ വിസ്തരിച്ചു പറയുവാൻ എനിക്ക കഴിയുമെന്നു ഞാൻവിചാരിക്കുന്നു.

അദ്ധ്യക്ഷൻ: ഏതെങ്കിലും ഒരാളിന്റെ കേസിനെപ്പറ്റിയുള്ള വിവരങ്ങൾ ഇര സഭയിൽ പ്രസ്താവിക്കുന്നതുകൊണ്ടാണെന്ന് ഞാൻവിചാരിക്കുന്നില്ല. ആ സംഗതിയെപ്പറ്റിയാലോചിച്ചു അതിലേയ്ക്കുള്ള പരിഹാരങ്ങൾ നേടുന്നതിനുള്ള സ്ഥലങ്ങൾവേറെയുണ്ടു. ഇര സംഗതിയെ നിങ്ങൾക്കിഷ്ടമുള്ളപ്രകാരം ഗവണ്മെൻറിനോടു നേരിട്ടറിയിക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എനിക്ക ഇതിൽകൂടുതലായി യതൊന്നും പറയാനില്ല.

മി. തയ്യുക്കുഞ്ഞിത്തൊമ്മൻ (മുഖാരപുഴ): ഞാൻ ഈ പ്രമേയത്തെ പ്രതികൂലിക്കുന്നു. ചീഫ് ഇഞ്ചിനീയർ ഉദ്യോഗനിയമനങ്ങളിലും മറവു ഉദ്യോഗകയറ്റങ്ങളിലും മറവുപലഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരേയും അപേക്ഷിച്ചു ന്യായസ്ഥനെന്നും അദ്ദേഹം ഒരുകുറ്റവുമില്ലാത്തയാളായിട്ടാണ് പൊതുജനങ്ങളുടെ ഇടയിൽ വിശ്വാസം എന്നും ആണ് എൻറെ അഭിപ്രായം. അതുകൊണ്ടു അദ്ദേഹത്തിനായി കൊള്ളിച്ചിട്ടുള്ളതുക കുറയ്ക്കണമെന്നുള്ള പ്രമേയത്തെ പ്രതികൂലിക്കാതിരിക്കാൻ എനിക്കുനിവൃത്തിയില്ല. ഉദ്യോഗനിയമനവിഷയത്തിൽ വർഗ്ഗീയപക്ഷപാതം കാണിക്കുന്നതെന്നു സമ്മതിച്ചാൽതന്നെയും അതുമറുപലരുടെയും അപേക്ഷിച്ചു വളരെകുറവാണെന്നുള്ള നിഗമനം ന്യായമാണ്.

മി. വി. കുഞ്ഞുകൃഷ്ണപിള്ള (ചിറയിൻകീഴ്): വർഗ്ഗീയപക്ഷപാതം കാണിക്കുന്നുണ്ടോ?

മി. തയ്യുക്കുഞ്ഞിത്തൊമ്മൻ (മുഖാരപുഴ): ഉണ്ടെന്നനിക്കഭിപ്രായപ്പെട്ടിട്ടില്ല. രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറു, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു, പരസ്പരസഹായവകുപ്പു ഇവയെഅപേക്ഷിച്ചു അദ്ദേഹത്തിൻറെ വകുപ്പിൽ ഉദ്യോഗനിയമനത്തിൽ വർഗ്ഗീയപക്ഷപാതം വളരെകുറവാണെന്ന് ആക്ടിങ് സെക്രട്ടറി സമ്മതിച്ചുകഴിയുമല്ലോ. മറവുകുന്നുള്ളതെപ്പറ്റിചിന്തിക്കാം. ഗതാഗതത്തിനു ജനങ്ങൾക്കധികം അസൌകര്യമുള്ള പ്രദേശങ്ങളിലാണ് അദ്ദേഹത്തിന്റെ ശ്രദ്ധപതിഞ്ഞു കാണുന്നതു. അദ്ദേഹം ഉത്തരതിരുവിതാംകൂറിലെ ഉൾഭാഗങ്ങളിൽ സഞ്ചാരസൌകര്യം വർദ്ധിപ്പിക്കുവാൻ പലതും ചെയ്യുവരുന്നുണ്ടു. അവിടെ അടുത്തകാലംവരെ ഗവണ്മെൻറിന്റെ ശ്രദ്ധപതിയാതെ കിടക്കുകയായിരുന്നു. ഉത്തരതിരുവിതാംകൂറിലുള്ള പലതാലൂക്കുകളിലും റോഡുകൾ വെട്ടുന്നതിന്നു ബഡ്ജറ്റിൽകൂടെ സംഖ്യ ഗവണ്മെൻറനുവദിക്കുന്നതിനുപുറമേ കഴിഞ്ഞവർഷവും ചെർക്കുകയും അതുകൗൺസിലിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ടു. കൌൺസിലിന്ന സംഖ്യകുറച്ചുന്നതിനല്ലാതേ ഏതെങ്കിലുംസംഖ്യകൂട്ടുന്നതിനോ പുത്തനായി ചേർക്കുന്നതിനോ അധികാരമില്ലല്ലോ. ബ്രസ്തുതവേലകൾക്ക സംഖ്യചേർത്തിട്ടുള്ളതു അദ്ദേഹം അവശ്യം ധരിച്ചുചെയ്തതാണ്. ഗതാഗതത്തിനുസൌകര്യമുള്ള പ്രദേശങ്ങളിൽ അദ്ദേഹം സഞ്ചരിക്കുകയും ജനങ്ങൾ പറയുന്നതിനെ ശ്രദ്ധിച്ചു കേൾക്കുകയും ചെയ്യുന്നുണ്ടു. കുടുംബമേളം ചവുട്ടി ഉരുട്ടവഴികളുൾപ്പെടെ നടന്ന് റോഡുകൾ വേണമെന്നു പറയുന്നസ്ഥലങ്ങൾ നോക്കുന്നതിന അദ്ദേഹം സന്നദ്ധനായ്പ്രഖ്യാപിക്കുന്നുണ്ടു. എൻറെതാല്പര്യങ്ങൾ പലസ്ഥലങ്ങളിലും ഞാനും അദ്ദേഹത്തോടുകൂടി സഞ്ചരിച്ചു പലഉരുട്ടവഴികളുംകാണിച്ചു കൊടുത്തിട്ടുണ്ടു. ബ്രാസ്തുവംഇങ്ങനെയിരിക്കെ അദ്ദേഹത്തിനുവേണ്ടിവച്ചിട്ടുള്ള തുകകുറയ്ക്കുന്നതു ശരിയല്ലെന്നുപറയാതെ നിവൃത്തിയില്ല. അദ്ദേഹം സ്വദേശിയായാലും വിദേശിയായാലും രാജ്യത്തിന്റെ ഗുണത്തിനായി കുറ്റബോധത്തോടെയതിക്കുന്നതെന്നെന്നോന്ന് എൻറെഅഭിപ്രായം. മി. ഓസ്റ്റിൻസൺലാൻഡുവന്നു ഡിപ്പാർട്ടുമെൻറിൽ എന്നപോലെ ഇദ്ദേഹം പബ്ലിക്ക്വർക്ക്സ്ഡിപ്പാർട്ടുമെൻറിലും ജനഹിതത്തെ അറിഞ്ഞു പ്രവർത്തിക്കുന്നു

കവനം പറയുന്നതിൽ ഞാനൊട്ടും തടിക്കുന്നില്ല. എന്നാൽ ഇനിയും കൂടുതൽ ജാഗ്രതകതയോടുകൂടി ഉത്തരതിര വിതാംകൂറിലും മറവരോഡുകൾ കുറഞ്ഞപ്രദേശങ്ങളിലും ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിൽ പ്രത്യേകം ശ്ര ദ്ധിച്ചു കൊണ്ടിരിക്കണമെന്ന ഈയവസരത്തിൽ പ്രത്യേകം പറയേണ്ടതാണ്. തുടങ്ങിയറോഡുകൾ തന്നെ കഴിയു ന്നതും വേഗത്തിൽ തീർക്കണം. കീഴ്ജീവനക്കാർ പറയുന്നതിനെ മാത്രംശരിവച്ചുൽപോരാ, അങ്ങനെചെ യ്യുന്ന ആളില്ലഅല്ലേഹം (ചിരി) എന്ന് ഏറക്കുറെ എനിക്കറിയാം. ഒരുസംഗതിയുടെനടപടിക്രമം സംബ്ധിയിൽ ചി ലകൺട്രാക്ടറന്മാർ രാമുഖന്തരിച്ചു അധികം പണവും കരസ്ഥമാക്കും. ഇങ്ങനെയുള്ളസംഗതികളിൽ അല്ലേ ഹം പ്രത്യേകംശ്രദ്ധിക്കണം. ഇപ്പോഴത്തെക്കാൾ കുറെകൂടി ശ്രദ്ധിക്കാനുണ്ടു. കപ്പാജനാവശ്യമറിഞ്ഞു പ്രവ ർത്തിക്കത്തവരും അഭിമതിക്കാത്തവരായ ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കണം. അതിനാരെല്ലാം എതൊക്കെല്ലാം പറ ഞ്ഞാലും അംഗീകരിക്കുന്നു. കീഴിലുള്ളവരെ ക്രമപ്പെടുത്തിക്കൊണ്ടുപോകേണ്ടതു അത്യാവശ്യമാണ്. സംഘീട്ട ധാരാളം ചെയ്യണം. (ചിരി) എങ്കിൽപ്പിന്നെ കുത്തികളെ കണ്ടുപിടിക്കാൻ സാധിക്കുകയുള്ളു. തിരുവിതാം കൂറിലെൻറ പലഭാഗങ്ങളിലും കീഴിലുള്ളവരും കൺട്രാക്ടറന്മാരുംചേർന്നു കൃത്രിമംചെയ്തു പണമെല്ലാമടിച്ചെടുക്കുക യാണെന്ന ഈ വകപ്പിനെപ്പറ്റി പലരും ജനങ്ങൾ പറയാറുണ്ട്. കീഴ്ജീവനക്കാരിൽ അഴിമതിയിൽ തഴ മ്പിച്ചവർ പലരുണ്ട്. അവരുടെ അഴിമതികളെയൊക്കെ നിർത്തണം. ജനക്ഷേമംവരുത്തുന്നതിനു കൂടുതൽ ജാഗ്രതകതയുണ്ടായിരിക്കണം; ധാരാളം സഞ്ചരിക്കേണം; എന്നു വീണ്ടും പറയട്ടേ. കണ്ടിടത്തോളം കൊണ്ടു ഇപ്പോൾ സംതൃപ്തിപ്പെടുത്തുന്നതിനു ജനപ്രതിനിധിയുടെ നിലയിൽ ഞാൻ സമ്മതിക്കുന്നതു ശരിയായിരിക്കയില്ല.

മി. എൻ. രാമകൃഷ്ണപിള്ള (തൈക്കാവും ഏറ്റുമാനൂരും): സർ, ബഡ്ജറ്റ പ്രസംഗസമയത്തു ചീഫ് എഞ്ചിനീയരുടെപേരിൽ അപാകതയുടെ ആരോപിക്കപ്പെട്ടഎന്നുള്ള സംഗതിയുടെ ആലോചനയാണ് ഈ ഉപക്ഷേപം സമർപ്പിക്കുന്നതിനു എന്നെ പ്രേ രിപ്പിച്ചതു. അല്ലേഹത്തിൻറെ മേൽസ്ഥാപിക്കപ്പെട്ട കുറ്റങ്ങൾക്കു ശരിയായ സമാധാനം പറയുന്നതിനു അല്ലേഹ ത്തിനു അപ്പോൾ സൗകര്യമില്ലായിരുന്നു. ബഡ്ജറിനെപ്പറ്റി പൊതുവായിട്ടുള്ള വാഗ്പ്രതിവാദത്തിനിടയിൽ തൻറെ ജീവനക്കാർക്ക ശിക്ഷനൽകുന്നതിൽ അല്ലേഹം പക്ഷപാതംകാണിക്കുന്നുവെന്നും, ഒന്നരണ്ടു കേസുകളിൽ നിയമനത്തിലും അല്ലേഹം പക്ഷപാതിയായിരുന്നുവെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ഈ കാര്യങ്ങളെസംബന്ധി ച്ചിടത്തോളം താൻ നിർദ്ദോഷിയാണെന്ന ഈ സഭയ്ക്കു ബോദ്ധ്യപ്പെടുത്തുവാൻ സമയം പോരാത്തതുകൊണ്ടും അല്ലേഹത്തിനു ഒരു സൗകര്യംകൊടുക്കുന്നതിലേക്കായിട്ടാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു. മി. നടേശയ്യരുടെ നിയമനങ്ങളെസംബന്ധിച്ചുമാത്രമാണ് ഈ എതിർപ്പുകൾ എന്നു മി. നടേശയ്യർ പ്രചാരണ ക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഞങ്ങളുടെ ഉദ്ദേശം എന്തെന്നാൽ നിയമനത്തിനുള്ള തെരഞ്ഞെടുപ്പിൽ ഏറക്കുറെ ചൂണ്ടുകൂടുതലുണ്ടെന്നും ഡിപ്പാർട്ടുമെൻറിലുള്ള പലവഗ്ഗക്കാരുടെയും എണ്ണത്തിൽ വ്യത്യാസങ്ങളുണ്ടെന്നും ചൂണ്ടിക്കാണിക്കുന്നതാണ്. തൻറെ ഭരണത്തിനിടയിൽ ഉദ്യോഗനിയമനത്തിനുള്ള തെരഞ്ഞെടുപ്പിനെസംബന്ധി ച്ചിടത്തോളം തൻറെമേൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾക്കു താൻ പാത്രവാനല്ലെന്നു മി. നടേശയ്യർക്ക ചൂണ്ടിക്കാണിക്കുവാൻ സാധിച്ചിട്ടുണ്ടു. എന്നാൽ ആ ഡിപ്പാർട്ടുമെൻറിൽ ബ്രാഹ്മണരുടെ എണ്ണം വളരെ കൂടുത ലാണെന്ന സിവിൻലിസ്റ്റിൽനിന്നു നാം അറിയുന്നു. അതിനാലിടയ്ക്കിടയ്ക്കിയും ഉദ്യോഗനിയമനത്തിനു ആളുക ളെ കരഞ്ഞെടുക്കുമ്പോൾ എല്ലാ വഗ്ഗക്കാർക്കും ഒന്നുപോലെ പ്രവേശിക്കുവാൻ അവസരമുണ്ടാക്കിക്കൊടുക്കുന്നതാ യാൽ വളരെ തൃപ്തികരമായിരിക്കുന്നതാണ്. കഴിഞ്ഞദിവസത്തെ വാഗ്പ്രതിവാദത്തിനിടയിൽ ഉദ്യോഗനി യമനത്തിൽ എല്ലാവഗ്ഗക്കാർക്കും ഒരുപോലെ പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതാണെന്നു ചൂണ്ടിക്കാണിക്കപ്പെട്ടവെ ന്നുള്ള സംഗതി ഞാൻ വീണ്ടും പ്രസ്താവിക്കേണ്ടയാവശ്യമില്ലല്ലോ. ഭാവിയിൽ മി. നടേശയ്യർ ഈ സംഗതിക ളെ ഓർമ്മയിൽ വച്ചുകൊണ്ടിരിക്കുമെന്നും നിയമനം രിക്ഷ ഇവയെസംബന്ധിച്ചു ഇപ്പോഴുള്ള ചരാതികഠിനക്കി ടകൊടുക്കുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു.

അതിനെസംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിൻറെ പ്രധാനജോലി ഉദ്യോഗസ്ഥന്മാരുടെ നിയമന ത്തോടുകൂടി അവസാനിക്കുന്നില്ല. കെട്ടിടംപണിയുക, ഗതാഗതസൗകര്യം എന്നിങ്ങനെ പല സംഗതികളെ സംബന്ധിച്ചും എഞ്ചിനീയരിങ്ങ് ഡിപ്പാർട്ടുമെൻറിനു ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു. മി. നടേശയ്യരാണ് ചീഫ് എ ഞ്ചിനീയരായി നിയമിക്കപ്പെട്ട ഒന്നാമത്തെ നാട്ടുകാരൻ. ഡിപ്പാർട്ടുമെൻറ ജോലിയെ പരിഷ്കരിക്കുന്നതിൽ അ ല്ലേഹം വളരെ താല്പര്യമുള്ളവനായിരുന്നുണ്ടെന്നതിൽ ഞങ്ങൾക്കും വളരെ സന്തോഷമുണ്ടു. (കേൾപ്പിൻ കേൾപ്പിൻ) അല്ലേഹത്തിൻറെ വഗ്ഗീയപക്ഷപാതത്തെപ്പറ്റി വല്ല സംശയങ്ങളുമുണ്ടായിരുന്നുവെങ്കിൽ അല്ലേഹത്തിനു സമാ ധാനംപറവാനുള്ള അവസരം കൊടുത്തപ്പോൾതന്നെ ഇക്കാര്യത്തിൽ താൻ കുറവാളിയല്ലെന്നു ഈ സഭയ്ക്കു തൃപ്തിയാ കത്തക്കവണ്ണം വിവരിച്ചുപറവാൻ അല്ലേഹം ആ അവസരത്തെ വിനിയോഗിച്ചുതിൽ എനിക്കു വളരെ സന്തോ ഷമുണ്ടു. ഞാൻ ആരംഭത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളപോലെ അപ്രകാരമുള്ള സൗകര്യത്തെ കൊടുക്കുന്നതി നായിരുന്നു ഞാൻ ഈ ഉപക്ഷേപത്തെ കൊണ്ടുവന്നിട്ടുള്ളതു. മി. നടേശയ്യർ ഇവിടെ പ്രസ്താപിക്കപ്പെട്ടതു പോലെ അത്ര കുറവാകാനുള്ളൂവെന്നു എനിക്കു വിശ്വാസമായിട്ടുണ്ടു. ഈ വാക്കുകളോടുകൂടി ഞാൻ എൻറെ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഈ പിൻവലിക്കലിനെ അനുകൂലിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): മി. എം. എൻ. പിള്ള പറഞ്ഞതിനെപ്പറ്റി എ നിക്കല്പം പറവാനുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്ക പിൻവലിക്കലിനെ അനുകൂലിക്കാൻ പാടി ല്ലയോ?

അദ്ധ്യക്ഷൻ. നിങ്ങൾ ഈ പിൻവലിക്കലിനെ പിൻതാങ്ങാൻ ആഗ്രഹിക്കുകയാണോ? നിങ്ങൾക്കല്പ കാലംകൂടെ കൊടുക്കാം. (ചിരി)

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): മി. എം. എൻ. പിള്ള ഉന്നയിച്ചു ഒന്നു രണ്ടു സംഗതി കൾക്കു ഉത്തരംപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (തെക്കുംഭാഗം): ഈ ഉപക്ഷേപം പിൻവലിക്കപ്പെട്ടുപോയി.

അദ്ധ്യക്ഷൻ: പിൻവലിക്കുമെന്നു ഈ സഭ സമ്മതിച്ചിട്ടില്ല. ഞാനും ഈ സഭയിലെ ഒരംഗമാകുന്നു. മിസ്റ്റർ രാമകൃഷ്ണപിള്ളയെ, ഉപരിക്ഷപം പിൻവലിക്കുന്നതിനു ഈ സഭ അനുവദിക്കുന്നതിനുമുമ്പു മി. എം. എൻ. പിള്ള ഉന്നയിച്ചിട്ടുള്ള സംഗതികൾക്കു മി. നടേശയ്യർക്കു ഉത്തരംപറയാവുന്നതാണ്. എന്നാൽ, മി. നടേശയ്യർ സംഗതി ചുരുക്കിപ്പറയണം.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): അങ്ങനെതന്നെ, സർ, ഞാൻ ഡിപ്പാർട്ടുമെന്റു മേലനം കയ്യേറ്റുക്കുന്നതിനുമുമ്പു ഈ ഡിപ്പാർട്ടുമെന്റു പരിഷ്കാരം നടത്തപ്പെട്ടതായി മി. എം. എൻ. പിള്ള പറഞ്ഞു. പരിഷ്കാരസംബന്ധിച്ചുള്ള പൊതുരീതികളെപ്പറ്റി ഗവണ്മെന്റു എന്നോടു ആലോചിച്ചു. മി. ജേക്കബ്ബ് സ്ഥാപനച്ചെലവിലേക്കു ഏഴുലക്ഷം രൂപ വേണ്ടിവരുമെന്നു പറഞ്ഞു. എന്നാൽ ഇപ്പോഴത്തെ സ്ഥാപനത്തിനു അഞ്ചുലക്ഷം രൂപയേ ചെലവുള്ളുഎന്നും അതിനോടുകൂടി ഡിപ്പാർട്ടുമെന്റു ചെലവിലേയ്ക്കു രണ്ടുലക്ഷം രൂപകൂടി ഉണ്ടായിരുന്നാൽ ആവശ്യത്തിനു ധാരാളം തികയുമെന്നും ഞാൻ അഭിപ്രായപ്പെട്ടു. നിയമനങ്ങളും കയറ്റങ്ങളും ഗ്രൂപ്പാർശകളും മറ്റും ചെയ്തിട്ടുള്ളതു് മി. എവറാഡ് ആകുന്നു എന്നിട്ടു അതിൽ ഒരു കുറ്റവുമില്ലായിരുന്നു. എന്നോടു ആലോചിക്കാതെതന്നെ ഗവണ്മെന്റു അതിനേയെല്ലാം അനുവദിച്ചു. ഗവർണ്മെന്റു എന്നോടു ആലോചിക്കുമെന്നു ഞാൻ വിചാരിച്ചുമില്ല. ഗവർണ്മെന്റിനെന്നോടു ആലോചിക്കേണ്ട ചുമതലയുമില്ല.

സ്ഥലംമാറ്റത്തെസംബന്ധിച്ചു പ്രസ്താവിച്ചുകൂട്ടത്തിൽ മാനേജരെ സ്ഥലംമാറ്റിയിട്ടുണ്ടെന്നു മി. എം. എൻ. പിള്ള പറഞ്ഞിട്ടുണ്ടല്ലൊ. ഇതു് ഞാൻ ഡിപ്പാർട്ടുമെന്റുഭരണം കയ്യേറ്റുക്കുന്നതിനു് അഞ്ചു മാസങ്ങൾക്കുമുമ്പു നടന്നതാണു്. പല ആഫീസുകളിലുമുള്ള മാനേജർമാരെ കുറ്റക്കാരെന്നു സൂപ്രണ്ടീസ് കമ്മറിക്കാർ അവരുടെ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. സൂപ്രണ്ടീസ്കമ്മറിക്കാരുടെ ശുപാർശയനുസരിച്ചാണ് മാനേജരെ സ്ഥലംമാറ്റിയതെന്നു ഞാൻ വിചാരിക്കുന്നു. കുറച്ചുകൂടി നല്ല സ്ഥാനത്തിരിക്കേണ്ടു മാനേജരെ സ്ഥലംമാറ്റിയതെന്നു ഞാൻ വിശ്വസിക്കുന്നു.

പിന്നീടു അക്കൗണ്ടാഫീസിൽ നിന്നും ഒരു ബ്രാഹ്മണനെ ചീഫ് ഇഞ്ചിനീയരാഫീസു് മാനേജരായി നിയമിക്കപ്പെട്ടതും ഞാൻ ഡിപ്പാർട്ടുമെന്റുഭരണം കയ്യേറ്റുക്കുന്നതിനും മുമ്പു നടന്ന സംഗതിയാണ്. അതിനെപ്പറ്റി എന്നോടു ആലോചിച്ചിട്ടില്ലായെന്നും പഞ്ചാബ് കേഡറാവുവിന്റെ നിയമനത്തിൽ എനിക്കൊരു ബാദ്ധ്യതയുമില്ലായെന്നും ഞാൻ പ്രസ്താവിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിൽ അദ്ദേഹം ജോലിചെയ്യുകയും ഇവിടത്തെ ജോലി വളരെ പ്രയാസമുള്ളതാണെന്നു മനസ്സിലാക്കുകയുണ്ടു് വല്ല അലവൻസും കിട്ടുമെന്നു് അദ്ദേഹം അപേക്ഷിക്കയും ചെയ്തിട്ടുള്ളതിനാൽ അലവൻസുകളൊന്നുംതന്നെ അനുവദിക്കാത്തതുകൊണ്ടു വീണ്ടും അദ്ദേഹം അക്കൗണ്ടാഫീസിലേക്കു പോവുകയും ചെയ്തിട്ടുള്ളതും ആകുന്നു. ആ അവസരത്തിൽ ഞാൻ എന്റെ ഡിപ്പാർട്ടുമെന്റിലെ ആളുകളുടെ അവകാശത്തെ സ്ഥാപിക്കുവാൻ യത്നിച്ചിട്ടുണ്ട്. സൂപ്രണ്ടന്മാരെ തമ്മിൽ മാറുന്ന കാര്യത്തെസംബന്ധിച്ചു് ഞാൻ അതിനുപ്പറ്റി ധരിച്ചിരുന്ന രീതിയിലും പരിഷ്കാരത്തെസംബന്ധിച്ചു ഗവർണ്മെന്റുത്തരവിൽ ആ രീതിയെകൊള്ളിക്കണമെന്നു ഞാൻ ആവശ്യപ്പെട്ട രീതിയിലും നിന്നു വ്യത്യാസമായ അഭിപ്രായത്തിലാണ് അക്കൗണ്ടാഫീസർ അതിനെ മനസ്സിലാക്കിയതു: അല്ലാകൊണ്ടു എല്ലായ്പ്പോഴും അക്കൗണ്ടാഫീസിൽനിന്നുതന്നെ സൂപ്രണ്ടന്മാരെ എടുക്കാൻ പാടില്ലെന്നും ഈ ഡിപ്പാർട്ടുമെന്റിൽതന്നെയുള്ള ശേഷിയുള്ളവർക്കു സൂപ്രണ്ടുജോലി കൊടുക്കണമെന്നും മറ്റും ഞാൻ ഗവർണ്മെന്റിനു എഴുതിഅയച്ചു. മി. രാജഗോപാലറാവു പിന്നെ മറ്റുള്ളവരെല്ലാവരിലും നിന്നു് കൂടുതൽ അവകാശം ഉണ്ടായിരുന്നതുകൊണ്ടു ഞാൻ ആ സ്ഥാനത്തിലേക്കു അയാളെ ഗ്രൂപ്പാർശചെയ്തു. മി. രാജഗോപാലറാവു വളരെ മുമ്പുതന്നെ ഗ്രാഡ്വേറ്റുസ്സ്കിമിൽ കൂടുതലായ—നൂറു രൂപയിൽ കൂടുതലായ ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുകയായിരുന്നു. മറ്റെ അവകാശി കുറെകാലത്തിനുമുമ്പു സൂപ്രണ്ടായി പ്രമോഷനോക്കിയ മി. രാമവാര്യർ ബി. എ.യും മൂന്നാമത്തെ അവകാശി ഹെഡ് അക്കൗണ്ടന്റുമായിരുന്നു ജാവർസീസർവീസിനു പോയി തിരിച്ചുവന്നിട്ടുള്ള മി. തോമസ് ബി. എ., ബി. എല്ലും ആയിരുന്നു. മി. രാമവാര്യരെ അക്കൗണ്ടാഫീസിൽ നിയമിക്കുകയും മറ്റുള്ള രണ്ടുപേരെയും ചീഫ് ഇഞ്ചിനീയരാഫീസിൽ വയ്ക്കുകയും ചെയ്തിട്ടുണ്ടു ഈ സ്ഥലംമാറ്റങ്ങളിലും എനിക്കൊരു ബാദ്ധ്യതയുമില്ലായ്മതന്നെ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. രാമവാര്യർ അക്കൗണ്ടാഫീസിലേക്കു സ്വന്തം ഇഷ്ടപ്രകാരം പോയതാണോ?

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഞാൻ ചീഫ് ഇഞ്ചിനീയർആയപ്പോൾ മി. എവറാഡിന്റെ ഗ്രൂപ്പാർശകൊ ഗവർണ്മെന്റിലേക്കു പോയിട്ടുള്ളതായും ഗവർണ്മെന്റുത്തരവുകൊ അയച്ചപ്പോൾ മി. രാമവാര്യരെ അക്കൗണ്ടാഫീസിലേക്കു നിയമിച്ചിട്ടുള്ളതായുംഅറിഞ്ഞു. മി. രാമവാര്യരുടെയും മി. താമസ്സിന്റെയും മി. രാജഗോപാലറാവുവിന്റെയും അവകാശങ്ങളെ ഞാൻ നല്ലപോലെ പരിശോധിച്ചതിൻറശേഷം ഗവർണ്മെന്റിൽ സമർപ്പിച്ചു. ഗവർണ്മെന്റു ഇതിനെപ്പറ്റി ഗാഢാലോചനചെയ്തിട്ട് രാജഗോപാലറാവുവിനെ ആ ജോലിയിൽ നിയമിച്ചു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. രാജഗോപാലറാവു മറ്റുള്ളവരെക്കാളും കൂടുതൽ യോഗ്യതയുള്ള ആളാണോ?

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): മി. രാജഗോപാലറാവുവിന്റെ യോഗ്യതകളെ ഞാൻ മാത്രമല്ല എനിക്കുമുമ്പു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരായുണ്ടായിരുന്ന ആളുകളും സമ്മതിച്ചിട്ടുള്ളതാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. രാമവാര്യർ മൂന്നു വർഷത്തിൽ കൂടുതൽകാലം സൂപ്രണ്ടു ജോലി നോക്കിയിട്ടില്ലേ?

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): അദ്ദേഹം സൂപ്രണ്ടായിട്ടു പകരം ജോലി വഹിക്കുവേതിരിയെ സ്ഥിരം ജോലിയിലേക്കയക്കപ്പെട്ടു. ഈ സംഗതികളെ എല്ലാം ഗവർണ്മെന്റുമായി ഇതുസംബന്ധിച്ചു ഉണ്ടായ എഴുത്തുകുത്തുകളിൽ പ്രതിപാദിച്ചിട്ടുണ്ടു്.

ക്യനാൽ എസ്റ്റാബ്ലിഷ്മെന്റിനെസംബന്ധിച്ചു റെഡിമർ കമ്മറിയുടെ റിപ്പോർട്ടു വന്നകീഴ്ത്തിൽപിന്നീടു ഞാൻ ക്യനാൽ ആഫീസർമാരെ സ്ഥലംമാറ്റി അന്യാഫണരെ നിയമിച്ചുവന്നുള്ളതു വാസ്തവമായിട്ടുള്ളതല്ല.

മി. ഒ. എസ്. രാമൻപിള്ളയുടെ സസ്പെൻഷൻകഴിഞ്ഞു അദ്ദേഹം തിരിച്ചുവന്നപ്പോൾ അദ്ദേഹത്തിനു ജോലി കൊടുക്കേണ്ടതായിവന്നു. കൊല്ലം ഡ്യൂട്ടി ഓഫീസർ ഒസ്ക്ഷനിൽ ഇരുന്ന മി. ജേക്കബ് ജോസഫിനെ ഇ ങ്ങോട്ടെടുത്തിട്ട് അദ്ദേഹത്തെ അവിടെ നിയമിച്ചു. വയ്യൂരത്തെ മി. എം. എ. നാരായണയ്യർ അവധിയിൽ പോയപ്പോൾ അവിടെയിരുന്ന പകരം സൂപ്പർവൈസർഓഫീസർമാർ അവരുടെടുത്തു മി. സി. ജെ. എൻ. പിള്ളയെ അവിടെ പകരം നിയമിച്ചു. മറ്റുള്ള ഡ്യൂട്ടി ഓഫീസർമാർ അവരവരുടെ പഴയ സ്ഥലങ്ങളിൽ തന്നെയാണിരിക്കുന്നതു. അവരെ ആരേയും അവരുടെ സ്ഥാനങ്ങളിൽനിന്നും ഇളക്കിയിട്ടില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അവർ ബ്രാഹ്മണരോ അബ്രാഹ്മണരോ?

അദ്ധ്യക്ഷൻ: ആ ചോദ്യത്തിനുള്ള കാരണമെന്താണ്?

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): സർ, ഞാൻ അദ്ദേഹത്തിന്റെ ചോദ്യത്തിനുത്തരം പറയട്ടയോ?

അദ്ധ്യക്ഷൻ: വേണ്ട, ആ ചോദ്യത്തിനവകാശമില്ല.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): അബ്രാഹ്മണക്കു പ്രോത്സാഹനം നൽകണമെന്നുള്ള അഭിപ്രായത്തെ ഞാൻ സ്വീകരിക്കുന്നു. ഞാൻ ഉദ്ധരിച്ചിട്ടുള്ള കണക്കുകളിൽനിന്നും ഞാൻ അവക്കു പ്രാധാന്യം നൽകിയിട്ടുള്ളതല്ലാതെ പ്രോത്സാഹനം നൽകാതിരുന്നിട്ടില്ലെന്നു നിങ്ങൾക്കു തെളിവായിട്ടുകാണാവുന്നതാണ്. കഴിയുന്നിടത്തോളം ബ്രാഹ്മണക്കു പ്രോത്സാഹനം നൽകിയിട്ടില്ലെന്നും കൂടെ എനിക്കിവിടെ പറയേണ്ടിയിരിക്കുന്നു.

എന്നെപ്പറ്റി നല്ല അഭിപ്രായം പുറപ്പെടുവിച്ച മി. തമ്പു കഞ്ഞിത്തൊമ്മനോടു ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. നിശ്ചയമായിട്ടും കഴിവുള്ളിടത്തോളം ഞാൻ സൗഹൃദം ചെയ്യുവാൻ ശ്രമിക്കുന്നുണ്ട്. ഫാൻവുൽ ഞാൻ പ്രസ്കമ്മിറ്റിയിലെ പ്രസിഡണ്ടായിരുന്നുകൊണ്ടും ഫൻവസ മുതൽ ഇപ്പോഴത്തെ കമ്മിറ്റി നിലനിന്നിരുന്നുകൊണ്ടും എനിക്കതധികം സൗഹൃദം ചെയ്യുവാൻ സാധിച്ചിട്ടില്ല. ഫാൻ-ൽ ഞാൻ പിരിമേളസബ്ഡിവിഷനിലേക്കും കൊഫാറേഞ്ചിലേക്കും മറ്റു ഉദ്യോഗസ്ഥന്മാരുടെ ലേക്കു സൗഹൃദം ചെയ്തുപോയിട്ടുണ്ട്.

മി. ജോസഫ് പഞ്ഞിക്കാരൻ (കോട്ടയം): ചീഫ് ഇഞ്ചിനീയർ എത്രപ്രാവശ്യം ചോദ്യമുന്നയിച്ചു സൗഹൃദം ചെയ്തുപോയിട്ടുണ്ടെന്നറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): രണ്ടുപ്രാവശ്യമാണെന്നു തോന്നുന്നു. അതുകൊണ്ടില്ലെന്നുണ്ടെങ്കിൽ മൂന്നുപ്രാവശ്യമായിട്ടുണ്ട്. എന്റെമേലുണ്ടായിട്ടുള്ള കുറ്റം പൂർണ്ണമായും തീർത്തുകൊടുത്തു അവയെ പരിഹരിക്കുവാൻ ഒരവസരം ഉണ്ടാക്കിത്തന്നതിലേക്കായി ഈ ഉപക്ഷേപം ഹാജരാക്കിയ മി. രാമകൃഷ്ണപിള്ളയോടു ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

മി. ജോസഫ് പഞ്ഞിക്കാരൻ (കോട്ടയം): ചോദ്യമവതരിപ്പിച്ച ഈ രണ്ടവസരങ്ങളിലുമായി അദ്ദേഹം എത്രദിവസം അവിടെ താമസിച്ചിട്ടുണ്ടെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ). ഞാൻ ഒരിക്കൽ ഒരുരാത്രിയും മറ്റൊരിക്കൽ മൂന്നാഴ്ചത്തിനുമേലുള്ള സമയത്തും താമസിച്ചിട്ടുണ്ട്.

മി. എ. ഇഗ്നാർഫ് (ഗവൺമെന്റ് നോമിനേറ്റു ചെയ്ത അംഗം): അവിടെ കൊയ്യുകിന്റെ ഉപയോഗമുള്ളതുകൊണ്ടാണോ അവിടത്തെത്താമസം ഇത്ര ചുരുക്കിക്കളഞ്ഞത്.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): അതുകൊണ്ടല്ല, താമസത്തിനുതക്ക സൗകര്യമില്ലാത്തതുകൊണ്ടായിരുന്നു. മുസാവരിബംഗ്ലാവിൽ ആളുകൾ തിങ്ങിയിരിക്കുകയും വേറെ അത്യാവശ്യമായ ജോലികളുണ്ടായിരിക്കുകയും ചെയ്തതിനാലാണ് അവിടത്തെത്താമസം ചുരുക്കിയത്.

ഓരോവഗ്ഗക്കാർക്കും ജോലികൊടുക്കേണ്ട കാര്യത്തെപ്പറ്റിയാണെങ്കിൽ, എല്ലാവഗ്ഗക്കാരിലും പരീക്ഷായോഗ്യതയുള്ളവർക്ക് ജോലികൊടുക്കണമെന്നുള്ള സംഗതി എനിക്കറിയാം. അതുസംബന്ധിച്ചുള്ള സ്റ്റോറുകമൻറുകളും കണക്കുകളും എല്ലാസമയത്തിലും എന്റെ കൈവശമുണ്ട്. ഈ ഡിപ്പാർട്ടുമെന്റിൽ ബ്രാഹ്മണപ്രാധാന്യം കണ്ടുപോരുന്നതു എന്നിങ്ങനുള്ള ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാർ ഉദ്യോഗവിതരണത്തിൽ കൈക്കൊണ്ടിരുന്ന മാനദണ്ഡത്തെക്കൊണ്ടാകുന്നു. ഞാൻ ഇപ്പോൾ കൂട്ടത്തിൽ അബ്രാഹ്മണരുടെ എന്റെ ഡിപ്പാർട്ടുമെന്റിൽ നിയമിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ഡിപ്പാർട്ടുമെന്റുസംബന്ധമായി ഓരോസ്ഥലങ്ങളിൽ നടന്നപോരുന്ന പലതരം ജോലികൾ, ഗതാഗതസൗകര്യങ്ങൾ, കെട്ടിടങ്ങൾ എന്നിവയിൽ ഞാൻ വളരെ ശ്രദ്ധയുള്ളവനായിരിക്കുന്നവെന്നും മറ്റുമുള്ള അഭിപ്രായങ്ങൾകൊണ്ടു എന്നെ അനുമോദിച്ചതിലേക്കായിട്ടു മി. രാമകൃഷ്ണപിള്ളയോടും നന്ദിപറഞ്ഞുകൊള്ളുന്നു. മേലും ഞാൻ ഇപ്രകാരംചെയ്തു ഈ സങ്കോചങ്ങളെ തുടച്ചു സംഘടിക്കുവാൻ ശ്രമിക്കുന്നതാണ്.

അനുമതിപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നമ്പർ 2.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. എം. എൻ. പിള്ള:

നമ്പർ 2, രണ്ടാംചുഖവിലേക്കായി അനുവദിച്ചിട്ടുള്ള 2,2൦൦ രൂപായിൽ 1൦൦ രൂപകുറയ്ക്കുണം.

ഉപക്ഷേപം നമ്പർ 3.

മി. ഗവി. കുമാരപിള്ള (ഇരുമ്പിയവും വിളവങ്കോടും): ഞാൻ ഹാജരാക്കുന്നു.

നമ്പർ 3. രണ്ടാംചുഖവിലേക്കായി അനുവദിച്ചിട്ടുള്ള 2,2൦൦ രൂപയിൽ 1൦൦ രൂപകുറയ്ക്കുണം.

കൊല്ലയാർ ഇറിഗേഷൻപ്രോജക്ടിനെസംബന്ധിച്ചുള്ള ശരിയായ വരവുചെലവുകണക്കുകൾ വച്ചിട്ടില്ലെന്നും ആ കണക്കുകൾ ശരിയാക്കിവയ്ക്കേണ്ടതു് അത്യാവശ്യമായിട്ടുള്ളതാണെന്നും ഉള്ള സംഗതികളെ കൗൺസിലിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കോണ്ടുവരുന്നതിനായിട്ടാണ് ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതു് കൊല്ലയാർവേലക്കാരുടെ ശരിയായകണക്കുകൾ ഇല്ലാതിരിക്കുന്നതുകൊണ്ടു അതിന്റെ പരമാർത്ഥങ്ങളെപ്പറ്റി അറിയാൻപാടില്ലാത്തവക്കും പേരെ തെറ്റിദ്ധരിപ്പിക്കുന്നതുകൊണ്ടും വഴിയായിത്തീർന്നിരിക്കുന്നു.

കോതയാർ പ്രോജക്ടിനെസംബന്ധിച്ചുള്ള കണക്കുകൾ, ഓരോഘട്ടത്തെയും ഗവണ്മെന്റുകൾ ഓരോരോ രീതിയാണ് കണക്കാക്കിയിട്ടുള്ളത്. ഈ സംഗതിയെ ഗവണ്മെന്റിന്റെ കണക്കുകൾകൊണ്ടുതന്നെ തെളിയിക്കാം. കോതയാർവേലികളിൽ ക ൦ വു വരേയുള്ള കണക്കുകൾ അന്നത്തെ അക്കൗണ്ടാഫീസർ മി. രത്നമയ്യർ എഴുതിവച്ചതിനെ അയച്ചുകൊടുത്തിട്ടുള്ളതിന്റെ ഫലമായി ഇംഗ്ലീഷ്വർഷം കൽ കഠ മാർച്ച് മാസം ക ര ന- ൭ വു-മനസ്സരായി എഴുതിയിട്ടുള്ള പ്രൊസീഡിംഗ്സിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"കോതയാർ ജലസേചനപ്രവൃത്തികളിൽനിന്നും മഹാരാജാവിന്റെ ഗവണ്മെന്റിനു പറയത്തക്ക ലാഭമൊന്നും ഉണ്ടായിട്ടില്ലെന്നുമാത്രമല്ല മേൽക്കുമേൽ വഷ്ടിച്ചുവരുന്നു. ക ൦ വു-മാണ്ടു അവസാനം കണക്കുകൾ തിട്ടപ്പെടുത്തിയപ്പോൾ ഗവണ്മെന്റിൽനിന്നും ആകെ ൭ ൭,൫ വു,വു ൦ വു രൂപാ ചെലവു ചെയ്തിട്ടുള്ളതായും ലാഭം ഒട്ടുംതന്നെ ഉണ്ടായിട്ടില്ലാത്തതായുമാണ് കണക്കുകളിൽനിന്നു കാണപ്പെട്ടതു. ഇതിനിടയ്ക്കുള്ള ചെലവിലേക്കായി ക ൦ വു-ൽ ഗവണ്മെന്റിൽനിന്നും ക,൦൫,൦൯ രൂപാ ചെലവാക്കിയിട്ടുണ്ട്. ക ൦ വു-ൽ ജലസേചനപ്രവൃത്തി തുടങ്ങുകയുണ്ടായതുകൊണ്ടു ആ വർഷത്തിൽ ര ര,വ൫ രൂപാ നഷ്ടം ഉണ്ടായിട്ടുണ്ട്."

(കോതയാർറിക്ലമേഷൻ രംപോയ്ക്കും ക്വന്വ൫–രംപുറം നോക്കുക):

കോതയാർവേലകളിലുള്ള ആളായത്തെപ്പറ്റി ഇങ്ങനെ ഗവണ്മെന്റു എഴുതിയിട്ടുള്ള പ്രൊസീഡിംഗ്സിനു അടിസ്ഥാനമായ കണക്കുകളും അതിനെ ആശ്രയിച്ചുണ്ടായിട്ടുള്ള അഭിപ്രായവും തെറ്റാണെന്നു അടുത്തകാലത്തുതന്നു, അതായതു്, കോതയാർവേലകളിൽകിടിവരുന്ന ആളായത്തെ പരിശോധിക്കുന്നതിനുവേണ്ടിയിട്ടുള്ള കാൺഫറൻസിന്റെ പര്യവസാനമായി ഇംഗ്ലീഷ്വർഷം ക ൦ കര നവംബർ കക-ന ഗവണ്മെന്റു എഴുതിയിട്ടുള്ള പ്രൊസീഡിംഗ്സിൽ പറഞ്ഞിരിക്കുന്നു.

"കണക്കു ഇപ്രകാരമായിരുന്നു.

(ക)	വിനിയോഗിക്കാനുപയോഗിച്ചതിൽ മിച്ചം രൂപാ	ര ൪,൦൦൦
(ഖ)	കളം, തോട്ടു തുടങ്ങിയുള്ള പഴയ ജലസേചനമാർഗ്ഗങ്ങൾ നന്നാക്കുന്നതിനുപയോഗിച്ചു ചെലവിനേൽ മിച്ചം രൂപാ	ന൯,൦൦൦
(ന)	പഴയ കൃഷിനിലങ്ങളിൽ പുതിയ ജലസേചനസൗകര്യം ഏർപ്പെടുത്തിയതിലുള്ള ആദായം	ഖ ൭,൦൦൦
(ര)	കൃഷിക്കുപയോഗിക്കുവാൻ പാടില്ലാതെ തരിശ്രൂനിലങ്ങളായി കിടന്നിരുന്ന ൭ ൦൯ ഏക്കർ ഭൂമിയെ ജലസേചനംകൊണ്ടു കൃഷിക്കുപയോഗയോഗ്യമാക്കിത്തീർത്തതിൽ ആ ഇനത്തിനേൽചുമത്തിയ തിരുവതി രൂപാ	൪൯,൯൪
(ങ)	തിരുപയോഗമായിക്കിടന്നിരുന്ന കളങ്ങളും കൃഷിനിലങ്ങളാക്കിയതിലുണ്ടായ ൭ ൯൯ ഏക്കർ ഭൂമിക്കുചുമത്തിയകരം രൂപാ	ക൪,൯൪൯
(ന)	കളങ്ങളും കൃഷിനിലങ്ങളാക്കിയതിലുണ്ടായ ൭ ൯൯ ഏക്കർ ഭൂമിക്കു കൂടുതലായിചുമത്തിയ ജലക്കരം രൂപാ	൭ ൯൯
	ആകെ രൂപാ	ക ൦,൭ ൦,൦ വു ൭
	ആയാണ്ടത്തെ ജോലിനടത്തിപ്പിനു ചിലവായവകയിൽ കുറയ്ക്കുന്നരൂപാ	൫ ൫,൦൦൦
	മിച്ചം	ക,൫ ൦,൦ വു ൭

കളങ്ങളും വിറകിൽനിന്നും കിട്ടിയപണത്തെ മുൻപുപറഞ്ഞപ്രകാരം കോതയാർവേലയുടെ മൂലധനത്തിൽനിന്നു കുറയ്ക്കുന്നതാണ്. ഈ ഇനത്തിൽ ആകെ വുന,൯൭,൭ വുൻ രൂപയിൽനിന്നും കുറയ്ക്കുമ്പോൾ കിട്ടുന്ന ബാക്കി ൭ വു,൯൨,൭൯൯ രൂപയും അതിൽനിന്നുള്ള വരുമാനം ഒന്നരശതമാനമായും എടുക്കുന്നു. ഇതേവരെ തരിശ്രൂയിലുണ്ടായിരുന്ന കൃഷിക്കുപയുക്തമാക്കിത്തീർത്ത വകയിലും, കളങ്ങളും വിറകുവകയിലും ഉള്ള ആദായമാണിതു്. ൫ വു ര ൪-ാം നമ്പർ ഗവണ്മെന്റു ഉത്തരവിൽപറഞ്ഞിട്ടുള്ളതായ ൭,൦൦൦ ഏക്കർ വരിപ്പും വരുന്ന കളങ്ങളെ വിൽക്കണമെന്നും തരിശ്രൂയിലമായി കിടക്കുന്ന ൭൫,൦൦൦ ഏക്കർ ഭൂമിയെ കൃഷിക്കുപയുക്തമാക്കി തിർക്കണമെന്നുള്ള സംഗതികളും സാധിക്കാത്ത കാര്യങ്ങളാണെന്നു യുക്തിചിന്തിക്കുന്നവർ യാതൊരാക്ഷേപവും പറയുമെന്നു തോന്നുന്നില്ല. ഈ കളങ്ങളെ വിൽക്കുകയും മറ്റസ്ഥലങ്ങളെ കൃഷിക്കുപയുക്തമാക്കിത്തീർക്കുകയുംചെയ്യുന്നതിനാൽ പ്രോജക്ടിലെ മൂലധനം കുറയുന്നതും ഓരോ ഏടുകളിലേയും വരുമാനം ക്രമേണ കുറഞ്ഞുവരുന്നതുമാകുന്നു. പണസംബന്ധമായി നോക്കുമ്പോൾ പ്രോജക്ടിനാൽ പരാജയം അല്ല ഉണ്ടായിട്ടുള്ളതു്]

കൽ കഠ മാർച്ച് ക ര ന- ഗവണ്മെന്റു എഴുതീട്ടുള്ള പ്രൊസീഡിംഗ്സിൽ പറഞ്ഞിട്ടുള്ളതു് കോതയാർ ഇറിഗേഷൻ നടത്തിപ്പോരുന്നതിനു്, ഗവണ്മെന്റിന്റെ കയ്യിൽനിന്നും ര ര,വ൫ രൂപാ ചിലവാക്കിവരുന്നതായാണ്. എന്നാൽ എട്ടു മാസങ്ങൾകഴിഞ്ഞു ഗവണ്മെന്റിന്റെ കയ്യിൽ കിട്ടാൻ ഇടയായ വേറെ ചില കണക്കുകളെ ആധിസ്ഥാനമാക്കി നോക്കിയാൽ ഒന്നരവീതം പലിശ നടക്കുന്നതായി സമ്മതിച്ചിരിക്കുന്നു.

എന്നാൽ അതിൽപിന്നീടു ക ൦ൻ വു അവസാനംവരെ നൂറ്റുവൻ ഏക്കർ കളങ്ങളും കൂടുതലായി വിൽക്കുകയും വുന ൭ൻ ഏക്കർ പുതു നിലങ്ങളും കൂടുതലായുണ്ടാവുകയും ചെയ്തിട്ടുണ്ടു. എന്നിരുന്നിട്ടും കോതയാർ വേലകളിൽ നൂറിനു ഒന്നുപോലും പലിശനടക്കുന്നില്ലെന്നാണ് ഫൈനാൻസ്സിക്കുറിയുടെ കഴിഞ്ഞ ബഡ്ജറ്റവതരിപ്പു സംഗതിയിൽ പറഞ്ഞിട്ടുള്ളതു. ചീഫ് ഇഞ്ചിനീയുടെ ക ൦ൻ വു-ലെ രണ്ടാംകോളത്തിൽ ഒന്നേകാലോളം പലിശനടക്കുന്നതായി അദ്ദേഹം പറഞ്ഞിരിക്കുന്നു. ഇവിടെയുള്ളവരുടെ കണക്കുകൾ യോജിക്കാതെയാണെന്നാണ്. ക ൦ വുന്നു മുതൽ ക ൦ൻ ൭ വരെ കോതയാർവേലകളിൽപലവഴികളിലും ഉണ്ടായിട്ടുള്ള അനാവശ്യച്ചെലവുകളും അധികച്ചെലവുകളും കണക്കാക്കുന്നപക്ഷം ഒരു വലുതായ തുക ഉണ്ടായിരിക്കുന്നതാണ്. ഇതിലേക്കു ഒരു ദൃഷ്ടാന്തമായി ഇരട്ടയരച്ചാനലിനെ എടുക്കാവുന്നതാണ്. ഈ ചാനലിന്റെ ഉപയോഗത്തെപ്പറ്റി തരക്കുറവുണ്ടായിരുന്നതുകൊണ്ടും ചാനലിന്റെ വലിപ്പം ഈ വസ്തുത്തിൽ വളരെ കൂടുതലാണെന്നു് ആരും സമ്മതിക്കുന്നതാണ്. ഇങ്ങനെ ഇഞ്ചിനീയന്മാരുടെ വിരുദ്ധാഭിപ്രായങ്ങളുടെ ഒരുമിച്ചുള്ള പ്രോജക്ടിനെ പലവിധമായ അധികച്ചെലവുകളും നഷ്ടങ്ങളുംവന്നിട്ടുള്ളതിനെ പലേ ദൃഷ്ടാന്തങ്ങളും പറയാവുന്നതാണ്."

അദ്ധ്യക്ഷൻ:—കുറച്ചുകാലമായി ആരോപിച്ചിരിക്കുന്ന രീതികളിൽ നിങ്ങൾ വസ്തുവകകളുടെ സംഗതികളോടാണ് ഏർപ്പെടുന്നതു് എന്നു ഞാൻ മനസ്സിലാക്കുന്നു.

മി: ററി. കുമാരപിള്ള (ഇരണിയലും വിളവംകോടും) അങ്ങനെയല്ല, മുഖ്യനായിട്ടുള്ള ഒരാളിൽനിന്നും കുറച്ചു കാലമായിട്ട് ഒരേ വിഷയങ്ങളെക്കുറിച്ചു വിഭാഗങ്ങളുണ്ടു.

അദ്ധ്യക്ഷൻ. പണം വല്ലതും നഷ്ടപ്പെട്ടതായിട്ടുണ്ടോ?

മി: ററി. കുമാരപിള്ള (ഇരണിയലും വിളവംകോടും) പലിശകണക്കാക്കുന്നതിലേക്കായിട്ട് ഈ വിഷയങ്ങളെയെല്ലാം ഒന്നിച്ചുകൂട്ടി മുഖ്യനത്തിൽനിന്നു കുറയ്ക്കണം.

അദ്ധ്യക്ഷൻ. കരമല്ലാതെ ഗവണ്മെൻറിനു വേറെ ഒന്നും കിട്ടുന്നില്ല.

മി: ററി. കുമാരപിള്ള (ഇരണിയലും വിളവംകോടും) ഇപ്പോൾ കിട്ടിവരുന്ന കരത്തിനു പലിശയെ കരുതിക്കിട്ടുന്നതിനു മതിയായ കാരണമുണ്ടാക്കിത്തീർക്കാതിരിക്കുന്നപക്ഷം നിശ്ചയമായും ഞങ്ങൾ തുച്ഛിപ്പെട്ടുകാണും.

അദ്ധ്യക്ഷൻ. ഗവണ്മെൻറു കൂട്ടുതൽ കരം പിരിക്കുന്നമെന്ന് ആ പക്ഷത്തപ്പെട്ടിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ല.

മി: ററി. കുമാരപിള്ള (ഇരണിയലും വിളവംകോടും) ഞാൻ അതു വിവരിക്കാം. കരക്കണക്കിലധികം കുറിപ്പുള്ള മിക്കവാറും ഉൽക്കണ്ഠയോടുകൂടിയവരായിരിക്കുന്നതിനാൽ ഒരു ശരിയായ കണക്കുണ്ടായിരിക്കുന്നതു നന്നായിരിക്കും.

അദ്ധ്യക്ഷൻ. കരകാരനും ശരിയെന്നും ഉള്ളതു് അഭിപ്രായത്തെ അസ്വദമാക്കിട്ടാണിരിക്കുന്നതു്

മി: ററി. കുമാരപിള്ള (ഇരണിയലും വിളവംകോടും) ഞാൻ സവിസ്തരമായി പറയുന്നതിനെ കേൾക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ. മാന്യമഹാ ശരിതന്നെ, നിങ്ങൾ വിവരിക്കണം എനിക്കൊന്നു വിരോധവുമില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ഈ ഉപരക്ഷപത്തിൻറെ മുഖ്യ ഉദ്ദേശം എന്താണെന്നു ഞാൻ അറിയാൻ അനുഗ്രഹിക്കണം.

അദ്ധ്യക്ഷൻ. ചെലവു വിഭാഗങ്ങളുടെ വകതിരിപ്പു ശരിയല്ലെന്ന് മി. കുമാരപിള്ള പറയുന്നു.

മി ററി. കുമാരപിള്ള (ഇരണിയലും വിളവംകോടു) ശരിയായിട്ടും, ചെലവുകളുടെ വകതിരിപ്പല്ല ഞാൻ അതിലധികം വരുന്നതെയുള്ളു.

ഠപുബഹദ്ദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറു നിയമിച്ചമംബർ—ഡിപ്പൂട്ടിപ്രസിഡൻറു്) ഗവണ്മെൻറു വാസ്തവത്തിൽ ചെലവാക്കീട്ടുള്ള മുഖ്യനത്തിൻറെ നാലോ അഞ്ചോ ശതമാനം കരം പിരിക്കുന്നതിൽ മി. കുമാരപിള്ളയ്ക്കു സമ്മതമാണോയെന്നറിഞ്ഞാൽ കൊള്ളാം.

മി: ററി. കുമാരപിള്ള (ഇരണിയലും വിളവംകോടും) അങ്ങനെയൊരു കരാറില്ലാത്തതാണ്.

റാവുബഹദ്ദൂർ സി. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറു നിയമിച്ച മംബർ—ഡിപ്പൂട്ടിപ്രസിഡൻറു) അങ്ങനെ വല്ലഫലവുമുണ്ടാകുമെന്നുണ്ടോ?

മി: ററി. കുമാരപിള്ള (ഇരണിയലും വിളവംകോടും) കോതയാർ പ്രോജക്ടിലുൾപ്പെട്ട കുളങ്ങളിൽ പലതിനേയും പലപ്പോൾ പരിപ്പിച്ചുകൊടുത്തിട്ടുണ്ടു. ഈ ഇനത്തിൽ കോതയാർ പ്രോജക്ടിൻറെ വരവിൽ വലുതായതൊന്നു വന്നിട്ടുണ്ടു. ഇതിനെ ഒരു ദൃഷ്ടാന്തത്താൽ തെളിയിക്കാം. ഇങ്ങപ്പുര എന്നറിൽപരം വിസ്താരമുള്ള ഒരു കുളത്തെ ഏകദേശം ഏക്കറാന്നിന ൬ ൪ ൦ രൂപയ്ക്കു പരിപ്പിച്ചുകൊടുത്തിരിക്കുന്നു. കുളത്തിൻ ഏക്കറിന ൬ ൪ ൦ രൂപാവച്ചു വേലത്തിൽ വിട്ടിടേപ്പാക്കാനും പരിപ്പുവാങ്ങാനും ആളുകൾ തയ്യാറുണ്ടായിരിക്കയും ആ വിവരം കാണിച്ചു ആ കാലത്തുതന്നെ ഗവണ്മെൻറിനു പലരും ഹർജികൾ കൊടുക്കയും ചെയ്തിട്ടുണ്ടു. ആ ഹർജികളെ വകവയ്ക്കാതെ ആ കുളത്തെ ഏക്കറിന ൬ ൪ ൦ രൂപാവച്ചു പരിപ്പിക്കുകൊടുക്കുകയാണു ചെയ്തിട്ടുള്ളതു്, അതിൻറെ ഫലമെന്തപ്പോറിയാണ് ഇന്നിനോടുകൂടിയതു്, ആ കുളത്തെ ഏക്കറിന് ൬ ൪ ൦ രൂപാ തരാൻ ജനങ്ങൾ തയാറുള്ളപ്പോൾ ൬ ൪ ൦ രൂപയ്ക്കു പരിപ്പിക്കുകൊടുത്തതിൽ ആ വകയിൽ ൨ ൫, ൦ ൦ ൦ രൂപാ കുറവു വരികയും ആ കുളം കോതയാർവേലകളിലെ ആയത്തുകയിൽനിന്നും കുറയ്ക്കാൻ സാധിക്കാതെവരികയും ചെയ്തിരിക്കുന്നു. അതിലേയ്ക്കു കൃഷിക്കാർ പലിശകൊടുക്കേണ്ടതായി വന്നിരിക്കുന്നു.

മി: എൻ. പത്മനാഭപിള്ള (കന്യാകുമാരിപ്പള്ളി) ഫാൻവു—ൽ കോതയാർ പ്രോജക്ടിൻറെ എത്ര രൂപാ വരവും ചെലവുംവന്നിട്ടുണ്ടെന്നു പറയാമോ?

മി: ററി. കുമാരപിള്ള (ഇരണിയലും വിളവംകോടും) ചീഫ് ഇഞ്ചിനീയരുടെ ഫാൻവു—ലെ രേഖയിൽനിന്നുപ്പോക്കിൽ ആകെക്കണക്കിൽ ഉള്ളതാണു. കോതയാർവേലകളുടെ കണക്കുകളിൽവന്നിട്ടുള്ള കുഴപ്പത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞുവരുന്നതു് അതു കഴിഞ്ഞിട്ടു പിന്നീടു തുടിയായിട്ടുള്ളതിൽ കൂട്ടുതൽ വിവരങ്ങളോടുകൂടി വീണ്ടും പറയാം.

കോതയാറണകെട്ടുന്നതിനു മുമ്പുമായി നിശ്ചയിച്ച സ്ഥലത്തു ഒട്ടുവളരെപണം ചെലവായതിൽ പിന്നീടു ആ സ്ഥലത്തുമാറ്റിയതിനാൽ വന്നിട്ടുള്ള ചെലവു, വലത്തെ കരക്കാൽവെട്ടുകയും പിന്നീടപേക്ഷിക്കയും ചെയ്തതിൽ വന്നിട്ടുള്ളചെലവു, ഇങ്ങനെയെ വിദഗ്ദ്ധാഭിപ്രായത്തിൻറെ ദോഷത്താൽ ഫാനുമ മുതൽ ഫാവു൪ വരെയുള്ള കണക്കിലായിട്ടുള്ള അനാവശ്യമായ ചെലവുകളെ കണക്കുനോക്കുന്നതായാൽ അതിനെന്നു ഫ, ൭ ൭, വു ൭ നു രൂപാവേണ്ടതാണ്. ഈ തുകയെ കോതയാർ വേലകളുടെ ആകെത്തുകയിൽ നിന്നും കുറയ്ക്കുന്നതിനപേക്ഷിക്കുന്നതിലധികം കൂടി കൃഷിക്കാർ പലിശകൊടുക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നു.

ഈ തുക കോതയാർ വേലകളിലെ ആകെത്തുകയിൽ നിന്നും കുറയ്ക്കുന്നതാണെന്നു എത്രയോമുമ്പുതന്നെ കരഫനാൽട്ടുൽ സെക്രട്ടറി ഗവണ്മെൻറിനെ അറിയിച്ചിട്ടുള്ളതാണ്.

പ്രസിഡൻറു. അതിനെ മുഖ്യനത്തിൽനിന്നും കുറച്ചുകൂടാ.

മി. ററി. കുമാരപിള്ള (ഇരണിയലും വിളവംകോടും): അതിനുള്ളിൽ ഞങ്ങൾ പലിശകൊടുക്കേണ്ടതാ.

അദ്ധ്യക്ഷൻ. ഇതരമതിനിയിലുള്ള വലിയപ്രശ്നതികളിൽ (സ്റ്റീമിൽ) ഇപ്രകാരമുള്ള അതറകൾ ഒഴിച്ചുവയ്ക്കാൻ നിവൃത്തിയില്ലാത്തതാകുന്നു. അനേഷണംസംബന്ധിച്ചുള്ള ചെലവിനെയും വേലച്ചിലവിനോടുകൂടി കൂട്ടുകയാണ് പതിവു. അതുകൊണ്ടു തൊഴിലാണെന്നുകണ്ടു അതിനെപിന്നീടു ശരിയാക്കുന്നപക്ഷം ആ ചെലവുകളുമുള്ളും മുഖ്യനത്തോടു ചേർക്കേണ്ടതാണ്.

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോടും): ഇനിഞാൻ വേറൊരു സംഗതിയെപ്പറ്റി പറയണ്ടേപോകുന്നു.

മി. തണ്ടുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): കോതയാറണ്ണയ്ക്കു വാസ്തവത്തിൽ ചെലവായിട്ടിട്ടുള്ളതു പോരായെന്നു കാണിക്കാനാണ് മി. കുമാരപിള്ള ഇതുകൊണ്ടുവന്നിട്ടുള്ളതു.

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോടും) അതു എന്റെ പ്രസംഗം മുഴുവൻ ശ്രദ്ധയോടുകൂടി കേട്ടാൽ മനസ്സിലാകുന്നതാണ്.

മി. തണ്ടുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): സമയം വെറുതെകളയുകയാണെങ്കിൽ സമയം കൊടുക്കരുതെന്നു പ്രസിഡന്റിനോടു അപേക്ഷിക്കുവാനാണ് ചോദിച്ചതു.

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോടും): തെക്കൻതിരുവിതാംകൂർകാർക്കു ഇതു വളരെയും പ്രധാനമായ ഒരു സംഗതിയാണ്.

മി. തണ്ടുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): ഞാനും തിരുവിതാംകൂറിലുള്ള ആളുതന്നെയാണെന്നറിയാമല്ലോ.

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോടും): മറ്റൊരുപ്രധാനമായസംഗതി എനിക്കുപറയാനുള്ളതു കൊല്ലങ്കോടു വേലത്തിൽ വിൽക്കുമ്പോൾ നിശ്ചയിച്ചിട്ടുള്ളതായ കരത്തെ അതിൽപിന്നീടു കൂടുത്തിട്ടുള്ള സംഗതിയെപ്പറ്റിയാണ്. കൊല്ലങ്കോടു വേലത്തിൽ വിൽക്കുമ്പോൾ ഏകദേശം ൨൦൦ രൂപാ കരമായി ശ്ശയിച്ചിരുന്നതെന്നുമിക്കവരും. അതിനെ വേലത്തിൽ പിന്നീടു ൩൦൦ രൂപായായി കൂടുതൽ കൊടുക്കണം. ഇതിനാൽ പ്രോജക്ടിന്റെ ആരായത്തിനെ രണ്ടുവിധമായ നഷ്ടംവരുന്നു. ഒന്നാമതെന്തെന്നാൽ പിന്നീടു കൂടുതലുള്ളതായകരം വേലത്തിനുമുൻപായിരുന്നതല്ലെങ്കിൽ വേലത്തിൽതന്നെ എതുപോലെയും കൂട്ടുതലായ ഒരു തുക കിട്ടുന്നതാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ടു ആകെത്തുകയിൽ നിന്നും കുറയ്ക്കുണ്ടേതുക വല്ലതും കുറഞ്ഞുപോകുന്നു. രണ്ടാമതെന്തെന്നാൽ കരത്തിൽ കിട്ടുന്നതായ തുക കോതയാർ പ്രോജക്ടിന്റെ വരവിൽ ചേർക്കേണ്ടതിൽ കുറഞ്ഞുപോകുന്നു.

മി. എൻ. രാമകൃഷ്ണപിള്ള (തൊഴുവൻകോടും ഏറനാടനുമതം): ആണ്ടുതോറും ചിലവാകുന്ന തുകയുടെപലിശ കൂടി ഈ കണക്കിൽ വകവയ്ക്കുന്നുണ്ടോ? അതായതു ആണ്ടുതോറും ഒരു ലക്ഷമോ രണ്ടുലക്ഷമോ രൂപാ ചിലവാകുന്നുണ്ടോ; ആ തുകയുടെ പലിശകൂടി ഈ കണക്കിൽ വകവയ്ക്കുന്നുണ്ടോ ?

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോടും): ഇങ്ങനെയുള്ള വലിയവേലകളിൽ അങ്ങനെ പലിശ കണക്കാക്കാറില്ല. എന്തുകൊണ്ടെന്നുവച്ചാൽ, ഇങ്ങനെയുള്ള വലിയവേലകളിൽ പലിശയേക്കാൾ ഏറ്റവും പ്രധാനമായി നോക്കേണ്ടതു അതിനാലുണ്ടാകുന്ന ജനങ്ങളുടെ അഭിവൃദ്ധിയെയാണ്. ഈ തവണത്തെ ക്ഷാമനിവാരണക്കമ്മറ്റിറിപ്പോർട്ടിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട്. സമയക്കുറവുകൊണ്ടു അതിനെ മി. രാമകൃഷ്ണപിള്ളയെ വായിച്ചു കേൾപ്പിക്കുവാൻ ഞാൻ ശ്രമിക്കുന്നില്ല. അതു എന്റെകയ്യിലുണ്ട്. പ്രസംഗം കഴിഞ്ഞിട്ടു മി. രാമകൃഷ്ണപിള്ളയെ അതു ഭാഗം കാണിച്ചുതരാം.

മി. ജി. പരമേശ്വരൻപിള്ള (തൊഴുവൻകോട്): കോതയാറിന്റെ മേലുള്ള തെക്കൻതിരുവിതാംകൂർകാർക്കു മാത്രമേ ഉപയോഗപ്പെടുന്നുള്ളോ? അതല്ല, തിരുവിതാംകൂറിൽ എല്ലാജനങ്ങൾക്കും ഉപകാരപ്പെടുന്നുണ്ടോ?

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോടും): നിങ്ങൾക്കു തുല്യമുപോലെ അറിയാവുന്ന സംഗതിയ്ക്കു മറുപടിപറയേണ്ട ആവശ്യമില്ലാത്തതാണ്. തെക്കൻതിരുവിതാംകൂറിൽ നിന്നും രാജ്യത്തിന്റെ മറ്റു സ്ഥലങ്ങൾക്കു കൊണ്ടുപോകാവുന്നോയെന്ന ചോദിച്ചിട്ടുള്ളതിനു മറുപടിപറയാൻ പ്രയാസമില്ലാത്തതാണ്. കഴിഞ്ഞ യുദ്ധകാലത്തു അരിക്കും നെല്ലിനും വലുതായ കുറവുണ്ടായപ്പോഴും തെക്കൻതിരുവിതാംകൂറിൽ നിന്നും രാജ്യത്തിന്റെ മറ്റുഭാഗങ്ങളിലേക്കു ധാരാളമായി അരിയും നെല്ലും കൊണ്ടുപോയിട്ടുണ്ട്. തെക്കൻതിരുവിതാംകൂറിൽ നിന്നും മറ്റുസ്ഥലങ്ങളിലേക്കു നെല്ലും അരിയും കൊണ്ടുപോകുന്നതിനു 'പാസ്' വച്ചിരുന്നതിനാൽ അതിന്റെ കണക്കുകൾ സൂക്ഷ്മമായി അറിയാവുന്നതാണ്. അതിന്റെ ആകെത്തുക ഇപ്പോഴുമിക്ക ഓർമ്മയിലുണ്ടുതാനും ഒരു വലുതായസംഖ്യ കൊണ്ടുപോയിട്ടുണ്ടെന്നു എനിക്കറിയാവുന്നതാണ്. ഇതിന്റെ സൂക്ഷ്മമായ കണക്കുകൾ അന്നത്തെസർക്കാരിൽ പരിശോധിച്ചു തിട്ടപ്പെടുത്തിയിട്ടുണ്ടായിരുന്നു.

മി. തണ്ടുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): ഉത്തരതിരുവിതാംകൂറിലേയ്ക്കു കൊണ്ടുപോയിട്ടുണ്ടോ.

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോടും): തിരുവിതാംകൂറിന്റെ പലസ്ഥലങ്ങളിലേയ്ക്കും കൊണ്ടുപോയിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നെല്ലുകൊണ്ടുപോയിട്ടുള്ള ഏതെങ്കിലും സ്ഥലത്തിന്റെ നാമധേയം പറയാമോ ?

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോടും): മി. പി. കെ. നാരായണപിള്ളയുടെ ചോദ്യംകേൾക്കാനിടയായില്ല. എന്താണെന്നറിഞ്ഞാൽ കൊള്ളാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശ്രീമാൻ കുമാരപിള്ള പറഞ്ഞതുപോലെ നെല്ല് ഉത്തരതിരുവിതാംകൂറിൽ കൊണ്ടുപോയിട്ടുള്ള താലൂക്കുകളുടെ നാമധേയം പറയാമോ ?

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോടും): മി. നാരായണപിള്ള ഉത്തരതിരുവിതാംകൂർ എന്നുദ്ദേശിക്കുന്നതു തിരുവിതാംകൂറിന്റെ ഏതു മുതൽ ഏതുവരെയുള്ള ഭാഗമാണെന്നു അറിയിച്ചാൽ പറയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശ്രീമാൻ കുമാരപിള്ള ഉത്തരതിരുവിതാംകൂർ എന്നു പറഞ്ഞസമയം എത്രതാലൂക്കിലേക്കും അതുമാത്രം.

മി. തണ്ടുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): മൂവാറ്റുപുഴ താലൂക്കിൽ കൊണ്ടുപോയിട്ടുണ്ടോ ?

മി. റ്റി. കുമാരപിള്ള (ഇരണിയലും വിളവംകോടും): അക്കാലത്തു നെല്ലുകൊണ്ടുപോകുന്ന അവസരങ്ങളിൽ എനിക്കു വേറെ ജോലികളും ധാരാളമുണ്ടായിരുന്നതിനാൽ അതിനെപ്പറ്റി അന്വേഷിക്കാൻ സാധിച്ചിട്ടില്ല.

മി. തണ്ടുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): പിന്നെ എങ്ങനെയാണു കുമാരപിള്ള അവർകൾ ഉത്തരതിരുവിതാംകൂറിൽ കൊണ്ടുപോയിട്ടുണ്ടെന്നറിഞ്ഞതു?

മി. എം. കെ. ഖാദർപിള്ള (ഗവണ്മെന്റ് നിയമിച്ചമെമ്പർ): എന്നുവരെയാണ് നെല്ലുകൊടുക്കുന്നതെന്നു പറയുമോ ?

മി. ററി. കുമാരപിള്ള (ഇരുന്നിയും വിളവങ്കോടും): എനിക്കു കച്ചവടമില്ലായിരുന്നു. കച്ചവടവുമായുള്ള അടുപ്പവുമില്ലായിരുന്നു. അതിനാൽ എനിക്കറിയാൻ പാടില്ല.

മി. ററി. കുമാരപിള്ള (ഇരുണിയും വിളവങ്കോടും): കോതയാർപ്രോജക്ടിന്റെ കണക്കുകൾ ശരിയായി വിവക്ഷിക്കുന്നതിനെപ്പറ്റിയുള്ള ആദ്യത്തെ ഇപ്പോഴുണ്ടായ ആവശ്യം എന്താണെന്നു പലതരം ആലോചിക്കുമായിരിക്കും. കോതയാർ വെള്ളപരിപാലനത്തെക്കുറിച്ചുള്ള ആലോചന ഗവണ്മെന്റിനു തന്നെ ഒരു കാലത്തുണ്ടായിരുന്നതുകൊണ്ടാണ് എനിക്കറിയാവുന്നതാണ്. താല്പര്യത്തിനായിരുന്നതിൽപ്പരം ത്രപാ ഗവണ്മെന്റിന്റെ കയ്യിൽനിന്നും ഉചിതമായിവരുന്നതായി കണക്കാക്കിയിരിക്കുന്നതിനെസംബന്ധിച്ചു് വീണ്ടും ആലോചനകൾ ഉണ്ടാവുകയും കണക്കുകൾ പരിശോധിക്കുകയും ചെയ്തപ്പോൾ മുൻകണക്കുകൾ തെറ്റാണെന്നും ഏറ്റവും ഒന്നരലക്ഷം പലിശനടക്കുമെന്ന് കാണുകയുംചെയ്തു. കുളങ്ങൾ പതിച്ചുകൊടുക്കുക, കുളങ്ങൾവിറ്റതിൽപിന്നീടു കരങ്ങൾ ഇളവുചെയ്തുകൊടുക്കുക മുതലായ പലേസംഗതികളിലും കോതയാർപ്രോജക്ടിന്റെ വരവിന് വലുതായനഷ്ടങ്ങൾ വരുത്തിയിട്ടുള്ളതാണ്. ഇന്നത്തെ ദിവാൻജിക്കു ഈ സംഗതികൾ അറിയാവുന്നതാണ്. ഈ കൌൺസിലിൽ ദിവാൻജിയും പ്രസിഡന്റും ഒരാളാകയാൽ ഈ സംഗതികളെപ്പറ്റിപ്പറയുമ്പോൾ അദ്ദേഹത്തിനു ധാരാളം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ദിവാൻപദം മറ്റൊരാളിൽ ഒരുകാലത്തുമോ കോതയാർപ്രോജക്ടിലെവരവിന് വന്നിട്ടുള്ള ശോഷണങ്ങളെപ്പറ്റി അറിയാൻ സായിക്കുകയില്ല. മേശപ്പുറത്തുകാണുന്ന കണക്കുകളെ അടിസ്ഥാനപ്പെടുത്തിപ്രവർത്തിക്കാനെ സാധിക്കുകയുള്ളു. ഇതിനെല്ലാംപുറമെ വിള കാത്തുനിന്നായിരുന്നാലും അതിപ്പോഴും ശരിയായ കണക്കുവരുത്തുന്നതിന് ആത്യാവശ്യമാരാണെന്നു ഞാൻ സമ്മതിക്കുന്നതാണ്. വിശേഷിച്ചും സർക്കാർ കണക്കുകൾ പരസ്പരവിരുദ്ധമായിരുന്നതു കണ്ടിട്ടുമുണ്ടു താനും. അതിനാൽ ആ കണക്കുകളെ ശരിയാക്കിവരുത്തുന്നതിന് ആത്യാവശ്യമെന്നാണ് ഞാൻ പറയുന്നതു്. അതിലേയ്ക്കു ഗവണ്മെന്റ് തയാറാക്കിയോ മേൽ വിവരിച്ച പലവിധരായ അഭിമതിച്ചിലവുകൾ ഗവണ്മെന്റിൻശ്രദ്ധയിൽവരേണ്ടതും അവ കോതയാർവേലകളുടെ ആകെത്തുകയിൽനിന്നും കുറയ്ക്കേണ്ടതുമാകുന്നു.

മി. ജി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെട്ടമങ്ങാടും): സർ, ഞാൻ മി. കുമാരപിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കാൻ എഴുന്നേൽക്കുന്നു. ഈ സംഗതിയുടെ ഇപ്പോഴുള്ള സംവേദനം എന്താണെന്നു വിവരിച്ചുകൊള്ളാം. പബ്ലിക്കുവൊർക്സ്ഡിപ്പാർട്ടുമെന്റിനാൽ തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലേയ്ക്കും പണം വീതിച്ചുകൊടുക്കപ്പെടുകയും അവസരംപോലെ ചില താലൂക്കുകളുടേയും ചില സ്ഥലങ്ങളുടേയും അവകാശങ്ങളെപ്പറ്റി പലപ്രാപ്തികളും ഉണ്ടാകുമെന്ന അർത്ഥത്തിൽ അതു സംബന്ധപ്പെട്ടതാണെന്നു് അല്പംമുന്നെ ഞാൻ വിവരമായി പറഞ്ഞുകൊള്ളുന്നു. വളരെക്കാലമായിട്ടു തിരുവിതാംകൂർപണം—എന്നു പറയപ്പെടുകയും അപ്രകാരംതന്നെയാണെന്ന് സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അദ്ധ്യക്ഷൻ: സഭാനിയമം പരിപാലിക്കുക.

മി. ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെട്ടമങ്ങാടും): ഞാൻ സഭയോടു പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഇവിടേയുള്ള എന്റെ സ്നേഹിതന്മാർ സംസാരിക്കുന്നപക്ഷം ഞാൻ സംസാരിക്കുന്നില്ല. എന്തെന്നാൽ എന്നെ സംസാരിക്കുന്നതിനു എന്റെ സ്നേഹിതന്മാർ സഭയെ അനുവദിക്കുന്നതപ്പക്ഷം എന്റെ സംഭാഷണമുള്ളവരെ കേൾപ്പിക്കാൻ എനിക്കു സാധ്യമാവുകയില്ല.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): അളേഹത്തിന്റെ പ്രസംഗം ശ്രദ്ധിക്കാൻ ഞങ്ങളോടു ആവശ്യപ്പെടുന്നതിനു അളേഹത്തിനു അവകാശമില്ലെന്നും. മി. വേലുപ്പിള്ളയ്ക്കു അറിയാമോയെന്നറിഞ്ഞാൽ കൊള്ളാം.

മി. ജി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെട്ടമങ്ങാടും): ഈ വാദപ്രതിവാദങ്ങൾകൊണ്ടു അവയ്ക്കു തമ്മിലുള്ളവ്യത്യാസവും ഉണ്ടാകാത്ത ആളുകളോടു ശ്രദ്ധിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. (ചിരി). എന്നാൽ ഈ സംഭാഷണങ്ങൾ എനിക്കു പറയാനുള്ളതിനെ ശ്രദ്ധിക്കുന്നതിനും ഞാൻ പറയുന്നതു് ശരിയോ തെറ്റോ എന്നു് അവർക്കുതന്നെ തോന്നുന്നതിനും ഞാൻ ആഗ്രഹിക്കുന്നു. ഒരു മെമ്പർ പ്രസംഗിക്കുമ്പോൾ അവകാശമുണ്ടെന്നും എന്നാൽ മാന്യമല്ലാത്തവിധം കേൾപ്പിക്കുമാറുവകാശമില്ലെന്നും പാർലമെന്റുസംബന്ധമായുള്ള റിപ്പോർട്ടുകളിൽ മി. പരമേശ്വരൻപിള്ള വായിച്ചിട്ടുണ്ടെന്നുതോന്നുന്നില്ല. അതിനേയും മി. ജി. പരമേശ്വരൻപിള്ളയേയും എനിക്കറിയാം.

അദ്ധ്യക്ഷൻ: ദയവുചെയ്തു സഭാനിയമം അനുസരിക്കുക.

മി. ജി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെട്ടമങ്ങാടും): കോതയാർപ്രോജക്ടിനെൽ തിരുവിതാംകൂർ ഗവണ്മെന്റു അനുവദിച്ചധനം ചിലവാക്കുന്നതവനു തിരുവിതാംകൂറിനെപ്പറ്റിമാത്രമെ അഭിപ്രായംഉണ്ടെന്നുതോന്നുന്നില്ല. മി. കുമാരപിള്ളയാൽ കാണിക്കപ്പെട്ട കണക്കുകളിൽനിന്ന് ജലനികുതിസംബന്ധിച്ചു അനേകം തെറ്റുകളുണ്ടായിട്ടുള്ളതിൽനിന്നും ഈ വിഷയം പ്രാധാന്യമുള്ളതായി കരുതപ്പെടേണ്ടതാണെന്നും വ്യക്തമാകുന്നു. സർ, എനിക്കു കോതയാറിനിടയ്ക്കു ഒരു വസ്തുപോലുമില്ല. ഒരിഞ്ചുസ്ഥലംപോലുമില്ല. തിരുവിതാംകൂറിലെ മറ്റൊരാളുകൾക്കുള്ള അവകാശങ്ങളോടു എതിർക്കാതെ വിരോധവുമില്ല. ജലസേചനസംബന്ധിച്ചുള്ള വേലകളുടെ നടത്തുന്നതിനെപ്പറ്റി ഒരുപക്ഷേപം ഞാൻ മഹാരാജകീയപ്പോലും തെക്കൻതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും വടക്കൻതിരുവിതാംകൂറിലേയും സഹായിക്കണമെന്നു ഞാൻ പറഞ്ഞുകൊണ്ടും അവരുടേ ജയവാഹനത്തിനുവേണ്ടി ഞാൻ ഒഴിച്ചിച്ചുകൊള്ളുന്നു. ഇടുങ്ങിയബുദ്ധിയോടും സ്വാർത്ഥപരതയോടുംകൂടിയല്ല ഞാനീയുപക്ഷേപത്തെ അനുകൂലിക്കുന്നതു. കോതയാർപ്രോജക്ടു് സംബന്ധിച്ചുള്ള ആദ്യത്തെകണക്കുകൾ തെറ്റാണെന്നു കണ്ടപ്പോൾ ഗവണ്മെന്റു അവരുടെ പരിശോധനയിൽനിന്നും വ്യതിചലിച്ചു. ഗവണ്മെന്റിനാൽ ചെയ്യപ്പെട്ട തെറ്റായ പ്രവർത്തിമൂലം ഈ കണക്കുകളെല്ലാം കള്ളമാണെന്നു തുറന്നിയിക്കപ്പെടുകയും കോതയാറ്റണ തന്നെ വേറെ ഒരുസ്ഥലത്തുള്ള കേട്ടപ്പെട്ടുകയുംചെയ്തു. കാലവുകൾ അധികമുണ്ടായിട്ടുണ്ട്.

അദ്ധ്യക്ഷൻ. കണക്കുകൾഎല്ലാം എങ്ങനെ കള്ളമായിതീർന്നുവെന്നു നിങ്ങൾക്കു ഒന്നു വിവരിച്ചു പറയുമോ?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും കൊടുമങ്ങാട്ടം): അതാണു മി. കുമാരപിള്ള കണക്കുകൾ മുഖംനോക്കിച്ചിട്ടുള്ളത്.

അദ്ധ്യക്ഷൻ. അതൊരു അനിശ്ചിതമായ സംഗതിയാണ്. അവ കളങ്ങളെ വിറ്റതിൽനിന്നോ രജിസ്റ്റർചെയ്തതിൽനിന്നോളള്ള വാസ്തവമായവസ്തുതിയല്ല. ആകപ്പാടെ അളേഹം പറഞ്ഞതെന്തെന്നാൽ ഒരു പ്രത്യേകകൃത്തിനു ഫ്ലക്കറിനു ൨,൫൧൦ രൂപാ വിലയുണ്ടായിരുന്നുവെന്നും, അത് ഫ്ലക്കറിനു ൩,൫൦൦ രൂപയായി രജിസ്റ്റർചെയ്തുപ്പെട്ടുവെന്നും അതുകൊണ്ടു ബാക്കിയുള്ള ഇകയെ മുതലിൽനിന്നും കുറയ്ക്കണമെന്നാണ്. അതിനിസ്സക്തമായ ഒരു സംഗതിയല്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും കൊടുമങ്ങാട്ടം). അദ്ധ്യക്ഷന്റെ അഭിപ്രായത്തോടു എതിർക്കേണ്ടതായിട്ടില്ലാത്തതിനാൽ മനസ്സാപിക്കുന്നു. എന്നാൽ എനിക്കു വ്യത്യസ്താഭിപ്രായമുണ്ട്. എന്തെന്നാൽ മി. കുമാരപിള്ളയുടെ പ്രസംഗം മുഴുവനും ശരിയാണെന്നതോന്നുന്നു.

അദ്ധ്യക്ഷൻ. താനതിനെപ്പറ്റിപറയുന്നില്ല. ആ കാര്യം തർക്കമുള്ളതാണ് എന്നു കാണിക്കുന്നതിനായിട്ടാണ്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും കൊടുമങ്ങാട്ടം): സർ, എനിക്കു കൊച്ചുട്ടി സവിസ്തരം പറയാനുണ്ടെന്നു വന്നതിനാൽ താൻ നിങ്ങളുടെ വിവരണത്തിനു നടുപിടാതിരുന്നുകൊള്ളുന്നു. ഗവണ്മെന്റു കൊടുപ്പണം കിട്ടുമെന്നുള്ളതിനെ ചിലർ ഗവണ്മെന്റുപറയുകയും ഇതുവരെ കിട്ടുണ്ടെന്ന് ഗവണ്മെന്റു കണക്കാക്കുകയുംചെയ്തു മുമ്പു തരിശായിട്ട കിടന്നിരുന്നസ്ഥലങ്ങളെ അണകെട്ടിയാൽ കൃഷിക്കുപയുക്തമാക്കിതീർക്കാമെന്നുള്ളതുകൊണ്ട് അതിൽനിന്നും ഇതുകൂട്ടുതൽ കരം കിട്ടുമെന്നും ചിലകൂട്ടർ വിലയ്ക്കുകൊട്ടത്താൽ വിലപകയിൽ ഇതുകിട്ടുമെന്നും തറവിലവകയിൽ ഇതു വരവുണ്ടാകുമെന്നും ഗവണ്മെന്റു ആ കാലത്തു കണക്കാക്കി. ഇപ്പോൾ ഗവണ്മെന്റു അവരുടെ പഴയനയത്തിനുവിപരീതമായി ഭൂമിപതിച്ചുകൊടുക്കുന്നതായാൽഗവൺമെന്റിനുവിഭാഗക്കുറിലെ ആളുകൾ ഉത്തരവാദികളായിത്തീരുകയില്ലെന്നു എനിക്കു പറയേണ്ടിയിരിക്കുന്നു.

അദ്ധ്യക്ഷൻ. വലിയവേലകളെ സംബന്ധിച്ചുള്ള കണക്കുകൾകൊണ്ട് അതിൽനിന്നുകിട്ടുമെന്നു ആശിക്കുന്നവരും ചിലപ്പോൾകിട്ടാതേപോകുമെന്നു മി. വേലുപ്പിള്ളയ്ക്കു അറിയുമോ?

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും കൊടുമങ്ങാട്ടം): സർ, അതു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

അദ്ധ്യക്ഷൻ. ഉദ്ദേശിച്ചതുകിട്ടും കിട്ടുന്നതുകിട്ടും വളരെ വ്യത്യാസമുണ്ടായിരിക്കും.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും കൊടുമങ്ങാട്ടം): സർ, അതു ഞാൻ നല്ലപോലെ മനസ്സിലാക്കുന്നു. എങ്കിലും ഉത്തരം ഇതുമാത്രമാണ്. ഗവണ്മെന്റുചിലരുടെ കിട്ടുന്നതിനും കൂടുതൽതുക അതിൽനിന്നുണ്ടാക്കുന്നതിനും കഴിയുന്നിടത്തോളം ശ്രമിച്ചുവെന്നു ഈ സഭയ്ക്കു ബോദ്ധ്യമാകത്തക്കവിധത്തിൽ രേഖപ്പെടുത്തിക്കുമെന്നു വരികിൽ ഞാൻപറഞ്ഞ ആക്ഷേപങ്ങളെ പിൻവലിച്ചുകൊള്ളുന്നു. എന്നാൽ മിസ്റ്റർ കുമാരപിള്ള വേറെ ചിലസംഗതികളുടെ സ്ഥിതിയെപ്പറ്റിപറഞ്ഞു. ഗവണ്മെന്റിൽനിന്നും വിലക്കിനു ഒരു ക്ലിപ്പുവിലനിശ്ചയിച്ചു പതിച്ചുകൊടുക്കുവാൻ നിശ്ചയിക്കുകയും ആ വില വളരെക്കുട്ടുതലായതിനാൽ ആ ഇകയ്ക്കു ഭൂമികരം വാങ്ങുവാൻ തയ്യാറില്ലാതെയായപ്പോൾ ഗവണ്മെന്റിൽനിന്നും വിലകുറച്ചുപതിച്ചുകൊടുത്തു കരം കുറയ്ക്കുകയും ചെയ്തിട്ടുള്ളതിൽ ഗവണ്മെന്റിലേയ്ക്കുണ്ടായിട്ടുള്ള നഷ്ടം ഗവണ്മെന്റുതന്നെ സഹിക്കുകയല്ലാതെ കോതയാർ ജലപ്രചരണംമൂലം ജനങ്ങൾക്കുവളരെ ആശ്വാസമുണ്ടെന്നുഗണിച്ചു ആ അളവിലായം അനുഭവിക്കുന്നവരുടമേൽചുമത്തുവാൻപാടില്ലാത്തതാകുന്നു.

അദ്ധ്യക്ഷൻ. അത് ഓരോസ്ഥലവും പതിച്ചുകൊടുത്തസംഗതിയിൽ പരിഗണിക്കേണ്ടതാകുന്നു.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും കൊടുമങ്ങാട്ടം): ഞാൻ മി. കുമാരപിള്ളയുടെ കണക്കുകളെ സ്വീകരിക്കുന്നു. കണക്കുകൾ ശരിയാണോയെന്നതിനെപ്പറ്റി ഞാൻ ചിലപ്പോൾ സംശയിക്കാറുണ്ടു. എന്നാൽ എനിക്കു കണക്കുകൾ തയ്യാറാക്കുന്നതിലുള്ള സാങ്കേതികപരിചയംകൊണ്ടും എന്റെ തൃപ്തിതോന്നിയിരിക്കുന്നു മി. കുമാരപിള്ളയുടെ കണക്കുകൾ തയ്യാറാക്കുന്നതിലുള്ള രീതിയേപ്പറ്റിള്ള പരിചയകൊണ്ടും ഞാൻ അളേഹത്തിന്റെകണക്കുകളെ സ്വീകരിക്കുവാൻ തയ്യാറുള്ളവനും ഈ സഭയിലെ മറ്റുള്ള മെമ്പരോടും ഈ കണക്കുകൾ തെറ്റാണെന്നു തെളിയിക്കുവാൻ ക്ഷണിക്കുന്നതിനും ഞാൻ തയ്യാറാണ്. മി. കുമാരപിള്ള കണക്കുകൾ തയ്യാറാക്കുന്നതിൽവളരെ സമർത്ഥനാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): (കേൾപ്പാൻ കേൾപ്പിൻ)

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും കൊടുമങ്ങാട്ടം): ഞാൻ ഇതിനെപ്പറ്റി പറയുന്നതു ഒരു പ്രത്യേകഉദ്ദേശത്തിനേലാകുന്നു. അവകൂടുതലായി അവഗണിച്ചിട്ട ലാഭം കണക്കാക്കിയതിലുണ്ടാകുന്ന നഷ്ടത്തിനു ആ സ്ഥലങ്ങളിലുള്ള ജനങ്ങൾ ഉത്തരവാദിയാകുന്നതല്ല. തെക്കൻതിരുവിതാംകൂറിനോടു പ്രത്യേകരീതിയിൽകടപ്പെടാറണമെന്നുഞാൻ ആവശ്യപ്പെടുന്നില്ല. തെക്കൻതിരുവിതാംകൂറിൽ കൊണ്ടധികം പണം ചിലവാക്കിയിട്ടുണ്ടെങ്കിൽ തിരുവിതാംകൂറിലെ മറ്റുഭാഗങ്ങളിലും അതിനതക്കതായകൂടുതൽ ചെലവാക്കേണ്ടതാണ്. എന്നാൽ ശരിയായ കണക്കുണ്ടെങ്കിൽ രാജ്യത്തിന്റെ താല്പര്യത്തിനു ഇതുമാതിരിവേലകൾ അവശ്യമുള്ളതാണെന്ന് ഗവണ്മെന്റിനുതോന്നുന്നപക്ഷം വലിയകൂടുകൂടുതൽ ചിലവിടേണ്ടതാണ്. ഈ കാര്യങ്ങളെല്ലാം യഥോചിതം പ്രവർത്തിക്കുകയാണെങ്കിൽ ഈ സഭയിലേ ഞാൻപറഞ്ഞ അനഭ്യുന്നതസ്ഥാനമെമ്പരന്മാർ യാതൊരുവാദവും പുറപ്പെടുവിക്കേണ്ട ആവശ്യം ഉണ്ടാകുന്നതല്ല.

അദ്ധ്യക്ഷൻ: കൈസംഗതികളുള്ളതു ധരിച്ചിട്ടുണ്ട്. ഇതൊരു പ്രാധാന്യമാണെന്നു നിങ്ങൾ മനസ്സിലാക്കേണ്ടതാണ്.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും കൊടുമങ്ങാട്ടം): അതെ, അതുകൊണ്ടു കോടതിയിൽപ്പോകുന്നതിന് എത്രപണം ചിലവാക്കിയിട്ടുണ്ടെന്നുള്ളതിനെ നാം മനസ്സിലാക്കേണ്ടതാണ്. നാം തെറ്റിദ്ധരിക്കേണ്ടാൻ പാടില്ലാ അതാണു ഞാൻപറഞ്ഞതു. മണ്ഡോമതായി മാന്യതയുള്ള മറുഭാഗക്കാരുള്ളിൽ പണം ആവശ്യപ്പെടുന്ന പക്ഷവും ഇതുമാതിരി ജനങ്ങൾക്കു ഉപകാരമായ വേലകൾ ആരംഭിക്കാതെങ്കിൽ ഗവണ്മെന്റു കഷ്ടപ്പെടുന്നിട

ത്തോളം പണം ചെലവാക്കേണ്ടതാണെന്ന ഞാൻ സമ്മതിക്കുന്നു. എന്നാൽ മി. കുമാരപിള്ളയുടെ ഉപക്ഷേപം നിഷ്പ്രയോജനമായും സാധുകരിക്കാവുന്നതാണ്. അതുമായി ഇതു തെക്കൻതിരുവിതാംകൂറിനുള്ള അവകാശങ്ങൾക്കും വടക്കൻതിരുവിതാംകൂറിനുള്ള അവകാശങ്ങൾക്കും തമ്മിലുണ്ടാകുന്ന തർക്കങ്ങളെക്കുറിച്ചും. തെക്കൻതിരുവിതാംകൂറിനും വടക്കൻതിരുവിതാംകൂറിനും ഉള്ള ആവശ്യങ്ങൾക്കും തമ്മിൽ പറയത്തക്ക വ്യത്യാസങ്ങളൊന്നുമില്ല. അതു മനോഗതിയെ ആസ്പദമാക്കിയിട്ടുള്ള ഒരു വിഷയമാണ്.

മി. ജെ. ജാൻസിധിയിരി (ചങ്ങനാശ്ശേരിയും മീനച്ചിലും): അനാവശ്യമായതിനേൽ അധിക്ഷേപം ചിലവാക്കിയിട്ടുണ്ടെന്നുകാണുന്നപക്ഷം തെക്കൻതിരുവിതാംകൂർകാർ ക്ലൂട്ടതൽകരത്തിന്റെ നിലയിൽ, ഈ തുകകൊടുക്കാൻ തയാറാണോ എന്നറിഞ്ഞാൽകൊള്ളാം.

അദ്ധ്യക്ഷൻ: ഖജനാവിലേക്കാണോ ?

മി. റാ. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈവിഷയത്തെസംബന്ധിച്ചു മി. നിധിയിരിക്കും എനിക്കും തമ്മിൽ ഒരു കരാർ ഉണ്ടാകുന്നപക്ഷം ആ കരാറിനെ കെട്ടപേട്ടുള്ള ഒരു കരാറായി ഗണിക്കാൻപാടില്ലാത്തതാകുന്നു. അതു തമ്മിലുള്ള ഒരു സംഗതിആകയാൽ ഈ ഭാഗത്തിലെ ചട്ടമനുസരിച്ചു സഭാംഗങ്ങൾ ഉത്തരംപറയേണ്ടതല്ല. അതുകൊണ്ടു എനിക്കു അദ്ദേഹത്തിനോടു മറുപടിപറയാൻ സാധിക്കയില്ല. എന്തിക്കൊണ്ടുസൌകര്യമുണ്ട്. മറ്റുള്ള ഉപക്ഷേപങ്ങളിലെന്നപോലെ മുമ്പിലത്തെ ഉപക്ഷേപത്തിലും ഡിപ്പാർട്ടുമെൻറുചാർജിലിരിക്കുന്ന മെംബർക്ക് അദ്ദേഹത്തിന്റെ സ്വന്തം നടത്തയുടെ സത്യം തെളിയിക്കേണ്ടിയിവന്നതിനാൽ അദ്ദേഹത്തിനു പൊതുജനങ്ങളോടുള്ള കർത്തവ്യത്തെ നടത്താൻ സാധിച്ചില്ല. അദ്ദേഹത്തിന് തന്റെ സ്വന്തംനടത്തയേയും ഉദ്യോഗനിലസംബന്ധിച്ചുള്ള പെരുമാറ്റത്തേയും ഒരേസമയത്തുതന്നെ കാത്തുരക്ഷിക്കുവാൻ സാധിക്കുന്നതല്ല. ഞാൻ ഈ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതു മി. തയ്യിൽ കുഞ്ഞിക്കണ്ണൻനായരുടേയും മി. നാരായണപിള്ളയുടേയും പ്രസംഗങ്ങൾ ഹേതുവായിട്ടാകുന്നു. അവർ ചീഫ് എഞ്ചിനീയരെ വിമർശകൻ എന്നിങ്ങനെ വിമോചിപ്പിച്ചിരിക്കുന്നുവെന്നു എടുത്തുപറയപ്പെട്ടു. അവർ ചീഫ് എഞ്ചിനീയരെ വിമർശനംചെയ്തിരിക്കുന്നുവെന്നു പറയുന്നതു അദ്ദേഹത്തിനു അപമാനംകൊടുക്കുന്നമാതിരിയിലാണ്. എങ്ങനെയായാലും ചീഫ് എഞ്ചിനീയരെപ്പറ്റിയുള്ള ഈ തർക്കത്തിൽ അദ്ദേഹത്തിന്റെഭാഗവും ജോലിയും വൈകുന്നേരമില്ലാത്തതായിത്തീർന്നിട്ടുണ്ടു. മി. കുമാരപിള്ളയുടെ ഉപക്ഷേപം എത്രമാത്രം അത്യാവശ്യമായിട്ടുള്ളതാണെന്നു കാണിക്കുവാൻഞാൻ ശ്രമിച്ചിട്ടുണ്ടു. ഗവണ്മെൻറു ഈ പ്രയത്നത്തെ സ്വീകരിക്കുന്നപക്ഷം അതു തെറ്റുകളേയും തെറ്റിദ്ധാരണകളേയും തെക്കൻതിരുവിതാംകൂർകാരും വടക്കൻതിരുവിതാംകൂർകാരും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെ തടയുന്നതും ഗവണ്മെൻറിന്റെ കർത്തവ്യത്തെചെയ്യുവാൻ സഹായിക്കുന്നതും ഈ കൌൺസിലിലെ ജോലിക്കുള്ള ഭാരം കുറയ്ക്കുതീർക്കുവാൻ സൌകര്യമുണ്ടാക്കുന്നതുമാകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതാനുംചില അഭിപ്രായങ്ങളോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. സർ, എന്റെനാട്ടുകാർക്കു പുതുതായി ഒരു റോഡ്കൂടിയേ തീരൂ എന്നു ഞാൻ മി. നടേശയ്യരെ എഴുതിയിട്ടുണ്ടു. അമ്പലപ്പുഴ തിരുവല്ലാ എണ്ണിതാമൂക്കുകളെ ഖണ്ഡിപ്പിക്കുവാൻ തക്കവണ്ണം ആ റോഡ് ഉടനെണമെന്നു അത്യാഗ്രഹം ആലോചിക്കപ്പെട്ടിരുന്നു. ആ റോഡ് അത്യാവശ്യമുണ്ടെന്ന് ഞാൻപറഞ്ഞിരുന്നു. ചീഫ് എഞ്ചിനീയർക്കു അതു തുടങ്ങുവാൻതക്ക ഭദ്രതയുണ്ടാകുന്നപക്ഷം പ്രത്യേകിച്ചു വെള്ളപ്പൊക്കം നിമിത്തം അതുകൊണ്ടു കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസരത്തിൽ അതു വളരെ ഉപയോഗപ്രദമായിരിക്കും. ഈ അഭിപ്രായങ്ങളോടുകൂടി ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. (ചിരി)—

മി. തരിയൻകുഞ്ഞിത്തേമൻ (മൂവാറ്റുപുഴ). ഞാൻ ഈപ്രമേയത്തെ അനുകൂലിക്കുന്നു. മി. കുമാരപിള്ള പറഞ്ഞുപോലെ കോതമംഗലത്തുനിന്നു പച്ചിട്ടുള്ളകണക്കിൽ ചെലവുചെയ്തിട്ടുള്ളപണത്തിന് ശരിയായിട്ടുള്ളകണക്കു വന്നിട്ടില്ലെന്നോ അല്ലാത്തപക്ഷം ക്ലൂടതലായികണക്കെഴുതിയെന്നോഉള്ളതു ശരിപ്പെടുത്തേണ്ടതു ആവശ്യമാണ്. ഈ രാജ്യത്തെ എല്ലാഅതുകളുടെയും—ഉത്തരതിരുവിതാംകൂർകാരുടെയും—പണമാണ് ചിലവുചെയ്തിട്ടുള്ളതു്. അതിനെറകണക്കു ശരിയല്ലെങ്കിൽ അതിനെശരിപ്പെടുത്തേണ്ടതെന്നുള്ളതിനു സംശയമില്ല. ഉത്തരതിരുവിതാംകൂറിൽ പല പ്രദേശങ്ങളിൽ പണം ചെലവുചെയ്യാനുണ്ടു. ആ ചെലവുകൾചെയ്തു അതിനെക്കുറിച്ചു ശരിയായ വിധത്തിൽ കണക്കു വയ്ക്കുന്നതിന് ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്. ഇതിനെക്കാൾ ക്ലൂടതൽ ആലോചന പ്രതിവത്സരം കിട്ടുന്ന പല ചെലവുകളും ഉത്തരതിരുവിതാംകൂറിൽ ചെയ്യാനുണ്ടു. ഒരു വലിയവേലക്കു ചെലവുചെയ്യുന്നതിൽ ഒട്ടെല്ലാം പാഴ്ചെലവായിട്ടിടവരാം. ഇപ്പോ ഇറിഗേഷൻവേലകൾക്കു വടക്കൻതിരുവിതാംകൂറിൽ ചെലവുചെയ്തുകഴിഞ്ഞതിനുമേൽ വേണം തെക്കൻതിരുവിതാംകൂറിൽ ചെലവുചെയ്യാൻ. അത്യാവശ്യമായ വേലകൾപോലും, ഉത്തരതിരുവിതാംകൂറിൽ ചെയ്യുന്നതായുണ്ടെന്നുള്ളതിനു സന്ദേഹമില്ല. തെക്കൻതിരുവിതാംകൂറിനിന്നും തെക്കു-വടക്കൻ തിരുവിതാംകൂറിലെയക്കുന്ന എന്ന എൻറെ മാന്യസ്നേഹിതൻ പറഞ്ഞതു ശരിയായിരിക്കുമെന്നു വിചാരിക്കുന്നു. എങ്കിലും എനിക്കു മറുവിധത്തിൽ ആ സംഗതി അറിവില്ല: ഉത്തരതിരുവിതാംകൂറിൽ നിന്നു നെല്ലു മദ്ധ്യതിരുവിതാംകൂറിലെ ആലപ്പുഴ തുടങ്ങിയ ചന്തകളിൽ വരുന്നുണ്ടു. ഉത്തരതിരുവിതാംകൂറിലെ ഉൾനാടുകളിൽ കൃഷിസേചനവേലകൾ നടത്തേണ്ടതിന്റെ ആവശ്യകതയെ കൌൺസിലിൽ ഞാൻ ചോദ്യങ്ങൾ മുഖേനയും മറ്റും അറിയിച്ചിട്ടുണ്ടു. ഉത്തരതിരുവിതാംകൂറിൽ മൂവാറ്റുപുഴ താലൂക്കിൽ പെരിയാറുതീരത്തു തരിശായി കിടക്കുന്ന ആയിരത്തിലധികം ഏക്കർ സ്ഥലങ്ങൾക്കു ഒരൻപതിനായിരമോ അറുപതിനായിരമോ രൂപാ ചെലവുചെയ്താൽ അവ ഒന്നാംതരം നിലങ്ങളാകും. ഇതുപോലെ ചുരുങ്ങിയ ഇരു ചെലവുചെയ്തു വളരെ സ്ഥലങ്ങളെ നെൽകൃഷിചെയ്യുന്നതാക്കാം. അങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറിന്റെ ശ്രദ്ധ പ്രത്യേകം പതിയേണ്ടതാണ്. കോടിക്കണക്കിന് കോതയാറൊന്നുകൊണ്ടും മറ്റും തെക്കൻതിരുവിതാംകൂറിൽ കൃഷിയുടെ അഭിവൃദ്ധിക്കായി ചെലവുചെയ്തിരിക്കെ ലക്ഷക്കണക്കിനുരൂപാ വടക്കും ചെലവു ചെയ്യേണ്ടതാണെന്ന് പ്രസ്താവിച്ചുകൊണ്ടു ഞാൻ മിസ്റ്റർ കുമാരപിള്ളയെ അനുകൂലിക്കുന്നു.

മി. സി. ശങ്കരമേനോൻ (കൊല്ലം): ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): മിസ്റ്റർ ശങ്കരമേനോൻ പറഞ്ഞതു ഞാൻ കേട്ടില്ല. കുമാരപിള്ളയുടെ പ്രമേയത്തിന്റെ വിഷയം ചീഫ്എൻജിനീയരുടെ ഡിപ്പാർട്ടുമെൻറിനെക്കാളും അക്കൌണ്ടു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചതാണ്. ഇതിനെപ്പറ്റി മിസ്റ്റർ ജാർജ്ജിനു പറയാനുള്ളതു് പറഞ്ഞാൽ നന്നായിരുക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ: നിങ്ങൾക്കതന്നെ വല്ലതും പറയാനുണ്ടോ ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ടിസ്റ്റർ കുമാരപിള്ള റിക്കാർഡുകൾ നോക്കിയതിനു ശേഷം കോതയാർപ്രോജക്ടിൽനിന്ന് ഇതേതാണ്ട് വരവും ഉണ്ടായിട്ടില്ലെന്ന് ഫൈനൽ മാപ്പ് മാസം മിസ്റ്റർ രത്നമയ്യർ പറഞ്ഞിട്ടുള്ളതായി പറഞ്ഞു. അതേ കൊല്ലത്തിൽതന്നെ ഗവണ്മെന്റിൽ നിയമിക്കപ്പെട്ട സ്പെഷ്യൽ കമ്മീഷണർ സുകാർ കോതയാർപ്രോജക്ടിന് ചെയ്യാൻകിടക്കുന്ന മൂലധനത്തിൽ ഈ ശതമാനം പലിശ നടക്കുന്നതിനേക്കുറിച്ച് ഒരു ഉത്തരവുണ്ടാക്കിയിട്ടുണ്ടെന്നും അതിനുശേഷം കഴിഞ്ഞൊരു കൊല്ലത്തെ ആദായം ഉണ്ടാകുമെന്നും നിർദ്ദേശിച്ചിട്ടുള്ളതായി പറഞ്ഞു.

മി. ടി. കുമാരപിള്ള (ഇരണിയലും-വിളവംകോടും): ഗവണ്മെന്റുപ്രോസീഡിംഗ്സ് ഇതായിരിക്കുന്നു. ഈ വിവരങ്ങളെല്ലാം നിങ്ങൾക്കുകിട്ടിയിട്ടുണ്ട്.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): അളവേഹം വരയിലുള്ള പല ഇനങ്ങളെപ്പറ്റിയും മുൻ കൊല്ലങ്ങളിൽ കൊടുത്തുവന്നിരുന്ന തുകകളിൽ മിച്ചം പിടിച്ചുവച്ചിരുന്ന ൪൫,൦൦൦ രൂപയെപ്പറ്റിയും പറഞ്ഞു. ഇതിനെ ഇപ്പോൾ ക്ഷണക്കിൽ കൊള്ളിക്കുന്നില്ല. അതുകൊണ്ടു ആ സംഗതിയെ ശരിയാണോ എന്നു അന്വേഷിക്കേണ്ടതാണ്. അപ്പോൾ തീർച്ചപ്പെടുത്തിയ മാതിരി കുളംവിഭാഗത്തിൽനിന്നും ഉള്ള വരവിനെ മതിലിൽനിന്നും തീർച്ചയായും കുറയ്ക്കേണ്ടതാണ്.

അളവേഹം പറഞ്ഞ വേർതിരിവ് ഇനം പ്രോജക്ടിനു മുമ്പുള്ളകാലത്തു നിശ്ചിതസ്ഥലത്തിൽ ചാനൽസംരക്ഷണത്തിനായി ചെലവാക്കിയിട്ടുള്ള സംഖ്യ,൦൦൦ രൂപയാകുന്നു.

അപ്പോൾ വരുംവർഷങ്ങളിൽ ചെലവുകൂടാതെ സംരക്ഷണത്തിനുള്ള ചെലവുകൂടാതെ ഇതാണ് മിസ്റ്റർ കുമാരപിള്ള പറഞ്ഞതു. എന്നാൽ പരിഷ്കരങ്ങൾക്കും പ്രത്യേകിച്ചറകൂറപ്പണികൾക്കും ഉള്ള തുകയെ ഇപ്പോൾ ചെയ്യുവരുന്ന മാതിരി ചെലവെഴുതണമെന്നതാണ്. ഫാൻവുൾ അപ്രകാരമുള്ള പരിഷ്കരണങ്ങൾക്കും പ്രത്യേക അറകൂറപ്പണികൾക്കും ഉള്ള ചെലവു കണക്കിലെടുക്കുമ്പോൾ നിമിത്തം ഉണ്ടായ റിപ്പയർകൾക്ക് ചെലവായ ൫൩,൭൬൫ രൂപയുംകൂടെ വൻ,൫൩൯ രൂപയായിരുന്നു.

വരുമാനം കിട്ടുപ്പെടുത്തുന്നതിന് വെള്ളപ്പൊക്കംനിമിത്തമുണ്ടായ കേടുപാടുകളും തീർക്കുവാനായി നിശ്ചയിച്ചിരുന്ന തുകയെ കുറച്ച് ഫാൻവു-ലെ കോതയാർ പ്രോജക്ട് വരവ് ൩൨൦൦൦ രൂപ മാത്രമായിരിക്കുമെന്ന് കാണിച്ചിട്ടുണ്ട്.

റാവുബഹദൂർ. കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റ് നിയമനിർമ്മാണസഭാംഗം) (ഡെപ്യൂട്ടിപ്രസിഡന്റ്) ചീഫ് എൻജിനീയരുടെ ആഫീസ് സ്ഥാപനത്തിലെ ചെലവിൽ വല്ലതുറവും കോതയാർ പ്രോജക്ട് ചിലവിൽ ചേർത്തിട്ടുണ്ടോഎന്ന് എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ഉണ്ട്. ശരാശരി കൊള്ളിച്ചിട്ടുണ്ട്. സ്പെഷ്യൽ അറകൂറപ്പണിയ്ക്കും പരിഷ്കരണങ്ങൾക്കുമുള്ള ചെലവു ക്രമേണ കുറച്ചുവരികയാണ്. ഫാൻ-ലെ ചെലവു ൩൩,൬൭൬ രൂപയായിരുന്നു. എന്നാൽ ൧൯൦൭-മാണ്ടത്തേയ്ക്കു ൩൩,൦൦൦ രൂപയെ അനുവദിച്ചിട്ടുള്ളൂ. ഈ ചെലവ് കുറഞ്ഞുവരുന്നതോടുകൂടെ അന്നുകിട്ടിൽനിന്നുണ്ടാകുന്ന വരവുകൂടിക്കുടിവരും. തിരിച്ചടയ്ക്കപ്പെട്ട തുകയായ ൫൫,൦൦൦ രൂപയെക്കുറിച്ചു കണക്കിലുപ്പെടുത്തുന്നപക്ഷം വരവ് മൂലധനത്തിൽ ഫാൻ മുതൽ ൨൫ ശതമാനംവരെ വഞ്ചിക്കുന്നതാണ്.

ഗവണ്മെന്റു വകയായുള്ള കെട്ടിടങ്ങളിൽനിന്നും പേരിനുമാത്രമേ ഒരു കരം ഈടാക്കുന്നുള്ളു എന്നും അവയുടെ സാക്ഷാൽ വിലയെ അവർ അവഗണിക്കുന്നു എന്നും മിസ്റ്റർ കുമാരപിള്ള പറഞ്ഞു. ഇവയെല്ലാം റവന്യൂഡിപ്പാർട്ടുമെൻറുകാർ അന്വേഷിക്കേണ്ടതാണെന്നു അഭിപ്രായമുണ്ട്.

അദ്ധ്യക്ഷൻ: അനുകൂലമായ കരം ഏർപ്പെടുത്തിട്ടുള്ളതായി നിങ്ങൾക്കവലു ഉദാഹരണവും അറിയാമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): അപ്രകാരമുള്ള സംഗതികളും ഉണ്ടായിട്ടുള്ളതായി ഈ ഡിപ്പാർട്ടുമെൻറിനെ യാതൊരറിവുമില്ല.

മി. ടി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കരംപിരിവുസംബന്ധമായ ഫർപ്പാടുകളെപ്പറ്റി റവന്യൂഡിപ്പാർട്ടുമെൻറ് വല്ല ഫർപ്പാടുകളും ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിക്കേണ്ടതു അളവേഹത്തിനാണെന്നു തോന്നുമല്ലയോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): കരുവിപ്പുനസംബന്ധിച്ചുള്ള കടത്തെപ്പറ്റിയുള്ള വിവരങ്ങളും ഇവിടെ അക്കൗണ്ടാഫീസർ അതിനർ കണക്കുകൾ ശരിപ്പെടുത്തുന്ന ഗവണ്മെന്റ് ആജ്ഞപ്പെടുന്നപക്ഷം ഞാൻ അവയെയോക്കാം. മി. കുമാരപിള്ളയുടെ നിർമാക്കുകളെ സംബന്ധിച്ച് അളവേഹത്തിനു ശരിയായ കണക്കുകളും ഉണ്ടായിരിക്കണമെന്നുള്ളതിൽ കൂടുതലായിട്ടു ഒന്നുംതന്നെ വേണമെന്ന് ഞാൻ വിചാരിക്കുന്നില്ല.

മി. എൻ. രാമകൃഷ്ണപിള്ള (വയ്യൂരും ഏറനാടുതാലൂക്കും): കോതയാർപ്രോജക്ടിനെ സംബന്ധിച്ചുള്ള കണക്കുകളെല്ലാം തീർത്തോയെന്ന് എനിക്കറിഞ്ഞാൽകൊള്ളാം?

അദ്ധ്യക്ഷൻ: അതുതീർത്തിരിക്കാനിടയില്ല.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഇപ്പോഴും ചില വേലകൾ ചെയ്തുവരികയും അതിലെ ചെലവുകളെ മൂലധനത്തോടുള്ളിടി വരികയും ചെയ്യുന്നു. കണക്കുകളൊന്നും ഇതേവർഷം മുഴുവനാക്കിട്ടില്ല. മി. പി. കെ. നാരായണപിള്ള, മി. കുമാരപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങുന്നതോടുള്ളിടി അന്വേഷിപ്പെടാറാഡിനെപ്പറ്റി പറഞ്ഞു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): ഈ പ്രമേയത്തിനും ആ സംഗതിക്കും തമ്മിൽ എന്തുസംബന്ധമാണുള്ളതെന്ന് അറിഞ്ഞാൽകൊള്ളാം:

അദ്ധ്യക്ഷൻ: അതും പൊതുസംഗതിയിലുൾപ്പെട്ടതാണ്.

മി. ജെ. ജാൺനിധീരി (ചങ്ങനാശേരിയും-മീനച്ചിലും) അതുമാതിരിയുള്ള സംഗതികളും ഒരു പ്രത്യേക പ്രമേയത്തിൽ വരേണ്ടതല്ലയോ ?

അദ്ധ്യക്ഷൻ: അപ്രകാരം പറയുന്നതു വളരെ ദൈർഘ്യമുള്ളതായിരിക്കും.

റാവു ബഹദൂർ കെ. എ. കുഞ്ഞുണ്ണിനായർ (ഗവണ്മെന്റ് നിയമിച്ച മെമ്പർ ഡിപ്പുട്ടി പ്രസിഡന്റ്): ഒരു മെമ്പർ ഒരു പ്രമേയം കൊണ്ടുവരുമ്പോൾ മറ്റുള്ള മെമ്പറന്മാർ ഡിപ്പാർട്ടുമെന്റിന്റെ പല സാധനങ്ങളെപ്പറ്റിയും ചോദിച്ചുതുടങ്ങിയാൽ ഉദ്യോഗസ്ഥമെമ്പറന്മാർക്ക് ഉത്തരം പറയുവാൻ പ്രയാസമുണ്ടാകും. വോട്ടു ചെയ്യുമ്പോൾ കാര്യത്തിലാകുമ്പോൾ അനുദ്യോഗമെമ്പറന്മാരെ സംബന്ധിച്ചിടത്തോളം ഒരുകാര്യത്തെപ്പറ്റിയും തീച്ചപ്പെടുത്തണമെന്നും എപ്രകാരം വോട്ടുചെയ്യണമെന്നും തീരുമാനിക്കുവാൻ ബുദ്ധിമുട്ടുണ്ടാകും.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): (ഹിയർ ഹിയർ)

റാവു ബഹദൂർ കെ. എ. കുഞ്ഞുണ്ണിനായർ (ഗവണ്മെന്റ് നിയമിച്ച മെമ്പർ, തുടർച്ച) അപ്പോഴത്തെ സ്ഥിതിയിലെ ആവശ്യങ്ങളെപ്പറ്റി അവസരംകിട്ടുമ്പോൾ ചീഫ് ഇഞ്ചിനീയരോടു പറയാൻ മിസ്റ്റർ പി. കെ. നാരായണപിള്ളയ്ക്കു അവകാശമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ അല്ല ചീഫ് ഇഞ്ചിനീയർ നിർബന്ധമായി ഉത്തരം പറയേണ്ട വിഷയമാണെന്നു പറയുന്നതു അത്ര ശരിയല്ല. ഇതും കൂട്ടിയായിട്ടുള്ള ഒരു സംഗതിതന്നെയാണ്.

അദ്ധ്യക്ഷൻ: ഞാൻ അതിനെപ്പറ്റി അത്ര ദൂരം ചിന്തിച്ചില്ല. ഈ പ്രമേയത്തിനുമേലുണ്ടായ വോട്ടു ചെയ്യുമ്പോൾ മറ്റേ സംഗതിയെയുംകൂടി വകയിൽ ഉൾപ്പെടേണ്ടതാണെന്നു ഞാൻ പറയുകയില്ല. അതിനെപ്പറ്റിയുള്ള തർക്കത്തെ എങ്ങനെ ഒഴിക്കാമെന്നു എനിക്കറിയാൻ പാടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഈ നിലയെ വിചാരിക്കട്ടെ. ഇതുകൂടാതെ മിസ്റ്റർ കുമാരപിള്ള പറഞ്ഞതു കോതയാർ വേലകളുടെ കണക്കുകൂടി ശരിപ്പെടുത്തണമെന്നാണ്. എനിക്കതിലധികം വിസമ്മതവുമില്ല. എതിരിടണമെന്നുള്ള ഉദ്ദേശംകൂടാതെയും സിദ്ധിക്കേണ്ട വിഷയമാണെന്നുള്ള നിലയിലും എന്റെ താലൂക്കിൽ ഒരു റോഡിന്റെ ആവശ്യത്തെപ്പറ്റി ഈ സഭ ആലോചിക്കേണ്ടതാണെന്നും ഇടയ്ക്കു പറഞ്ഞുവന്നയാളാണു ഞാൻ.

അദ്ധ്യക്ഷൻ: അതു അത്ര യോജിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പൊതുപ്രാധാന്യമായ ഒരു പ്രമേയമായതുകൊണ്ടു ഞാൻ അതിനെപ്പറ്റി പറഞ്ഞു.

അദ്ധ്യക്ഷൻ: ചീഫ് ഇഞ്ചിനീയർ ഇതിന്റെ ഉത്തരം പറയണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ പറയട്ടെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ, സഹപ്രവർത്തകന്മാർ സ്നേഹിതന്മാരുടെ സാധാരണ അഭിപ്രായം അപകടകരമാണെന്നു അവർ പറയുന്നതുകൊണ്ടു നേരിട്ടിതിനെ പക്ഷപാതംകൂടാതെ പറഞ്ഞതാണ്. അതുകൊണ്ടു ചീഫ് ഇഞ്ചിനീയർക്കു എന്റെ താലൂക്കിലുള്ള റോഡുകളെയും നന്നാക്കാം.

മി. ജി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) കോതയാർ വേലകളുസംബന്ധിച്ചു ചില തരത്തായ കണക്കുകളുകൂടെ ഉണ്ടായിരുന്നില്ലായെന്നും മിച്ചംപിടിക്കാൻ സാധിക്കുമെന്നുമിവിടെ പറഞ്ഞിരുന്നു. ചില അസൗകര്യങ്ങളുകൂടെ ഉണ്ടായിട്ടുള്ളതുകൊണ്ടായിരിക്കുന്നു ഞാൻ ചീഫ് ഇഞ്ചിനീയരോടു ചോദിക്കാനാഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ: ചോദ്യത്തെ ഒരിക്കൽകൂടി പറയണം.

മി. ജി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). കോതയാറണ്ണാം അതുസംബന്ധിച്ചുള്ള വേലകൾക്കുമായി ചെലവാക്കിയിട്ടുള്ള പണത്തെ മിച്ചംപിടിക്കുവാൻ സാധിക്കുമായിരുന്നില്ലയോയെന്നു ചീഫ് ഇഞ്ചിനീയർ പറയാൻ തയാറാകുമോ?

മി. കെ. വി. ശടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഈ ചോദ്യം ഇതുപത്തഞ്ചുകൊല്ലങ്ങൾക്കു മുമ്പ് മിസ്റ്റർ ഓഫിസർമാരുടെ നടത്തപ്പെട്ട വേലകളെ സംബന്ധിച്ചതാണ്. മിസ്റ്റർ കുമാരപിള്ള പറഞ്ഞതുപോലെ വിളവംകൊടു നെയ്യാറ്റിൻകര എന്നീ താലൂക്കുകൾക്കു മലബാർപോലെയാണെന്നുള്ള നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് ൧,൭൫,൦൦൦ രൂപാ ചെലവുചെയ്തു വലത്തേക്കരക്കാൽ വെട്ടിയതു്. എന്നാൽ വലത്തേക്കരക്കുവിനും ഇടത്തേക്കരക്കുവിനും ഈ ജലസമൃദ്ധിയിൽനിന്നും വെള്ളംപിടിപ്പാൻ സാധിക്കയില്ലെന്നു കാണപ്പെട്ടു. അതുകൊണ്ടു വലത്തേക്കരക്കാലിനെ ഉപേക്ഷിക്കയും നാഞ്ചനാട്ടു ഇടനാട്ടു എന്നീ പ്രദേശങ്ങൾക്കുള്ള കുടിവെള്ളം വെട്ടുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുകയുംചെയ്തു. വലത്തേക്കരക്കാൽ വെട്ടുന്നതിനു ചെലവാക്കിയിട്ടുള്ള പണത്തെ അണക്കെട്ടിയതിലേക്കുള്ള മൊത്തച്ചിലവിനോടു കൂട്ടുകയാണ്ചെയ്തതു്. അപ്രകാരം ചെയ്യുന്നതു ന്യായമാണെന്നും ഈ മാതിരിയുള്ള വലിയ കാര്യങ്ങളിൽ നഷ്ടം സംഭവിക്കാവുന്നതാണെന്നും പ്രഡിഡന്റു പറഞ്ഞുവല്ലോ. അതുകൊണ്ടു ഒഴിച്ചുകൂടാവുന്ന വേലചെയ്യുവാനാ പറയുന്നതു അത്ര ശരിയല്ല.

മി. ജി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). ഞാൻ വേറൊരു ചോദ്യം ചോദിക്കുന്നു. വലത്തേക്കരക്കാലിനുകൂടി ഒരു അസെസ്സർനിൽ എത്രവെള്ളം വിടുമെന്നാണ് വിചാരിക്കുന്നതു്.

അദ്ധ്യക്ഷൻ: ആ ചോദ്യത്തിന്റെ ഉത്തരവുമെങ്ങനെ?

മി. ജി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു് എങ്ങനെ ഇവിടെ യോജിപ്പുള്ളതായിത്തീരുമെന്നു ഞാൻ പറയാം. ഞാൻ ആദ്യം ആ ചോദ്യം ചെയ്തപ്പോൾ യോജിപ്പുള്ളതാണെന്നു വിചാരിച്ചു. അപ്രകാരമല്ലെന്നുവരുകിൽ അദ്ധ്യക്ഷൻ പറയുന്നതുപോലെ കേൾക്കാൻ ഞാൻ തയ്യാറാണു്.

മി. കെ. വി. ശടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഞാൻ ഓർക്കുന്നില്ല. മിസ്റ്റർ സ്മിത്തു് ചീഫ് ഇഞ്ചിനീയറായിരുന്നപ്പോൾ വലത്തേക്കരക്കാലിനെ ഉപേക്ഷിക്കണമോയെന്നുള്ള സംഗതിയെപ്പറ്റി ആലോചിക്കുകയുണ്ടായി. ഉപേക്ഷിക്കണമെന്നുകരുതിട്ടുതന്നെ ഉപകരപ്രദമെന്നു തോന്നിയിരുന്ന തോപ്പാളിക്കുവിനെ ആരംഭിക്കണമെന്നാണു് ശുപാർശചെയ്തു.

മി. ജി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). ഈ ചാനലുകളിൽ പരമാവധി വെള്ളംകയറിനോക്കിയിട്ടുണ്ടോ? അതിനേ വേറൊരുമാർഗ്ഗമുണ്ടായിരുന്നതിൽ ചോദിക്കുന്നുപക്ഷം ഈ ചാനലുകളിൽക്കൂടി വിട്ടിട്ടുള്ള വെള്ളം അവയിൽ കൊള്ളുകയുണ്ടായിരുന്നുവെന്നുള്ളതിനെക്കുറിച്ചും കൂട്ടുത്തരമുണ്ടോ?

മി. കെ. വി. ശടേശയ്യർ (ചീഫ് ഇഞ്ചിനീയർ): അവയിൽ കൊള്ളുന്നതിലധികം വിട്ടിട്ടുണ്ടു്. തിരുവല്ലാ അമ്പലപ്പുഴ റോഡിനെപ്പറ്റി മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ പ്രത്യേക നിർദ്ദേശത്തിനനുസരണമായിട്ട ആ റോഡ് അഞ്ചുവിരോധാഭാസമുള്ളതാണെന്നുപറയേണ്ടിവരികുന്നു. ഇവയിൽ ഒന്നാമത്തെത്ത വിരോധാഭാസമായ അമ്പലപ്പുഴ

ചുതൽ തകഴിവരെയുള്ള റോഡ് ഈയാണ്ടത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നു. ബഡ്ജറവതരിപ്പിച്ചസംഗതിയ യുള്ള ഞാൻ ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. തകഴിയിൽനിന്നും ഇടത്തുഭാഗത്തേയുള്ള ദൂരമെത്രയുണ്ടെന്നും അതി വർഷംമുഴുവനുള്ള വെള്ളപ്പൊക്കത്തെ തടയുന്നതിനുള്ള തിനാൽ അതിനെ അക്കൂട്ടത്തിൽ ചെയ്യുവാൻ സാധിക്കാത്തതും അതിപ്പോൾ-അമ്പലപ്പുഴ റോഡ് പണിയുന്നതിനുമുമ്പു ഇതിനെപ്പറ്റി ആലോചിക്കുന്നതു അവസരോചിതമായ കാര്യമല്ലാത്തതുമാകുന്നു. ഇടത്തുഭാഗത്തിൽനിന്നും നിരാട്ടപുരത്തേക്കുള്ള ദൂരം മെത്തയിലേറെ സാധാരണയായി ഉള്ളതും കാൽനടയ്ക്കുപോലും ഉപയോഗിച്ചുവരുന്നതുമായ ആറിൻകരമാർഗ്ഗത്തിൽ കൂടിപോകുന്നതും സാധാരണ പാഗ്രാന്റിനാൽ സംരക്ഷിക്കപ്പെട്ടുപോരുന്നതുമായ പാതയാകുന്നു. നീരാട്ടപുരത്തിനും ചമ്പക്കുളത്തിനും മദ്ധ്യേയുള്ള വിടവിലാണ് മദ്ധ്യനിലത്തിൽകൂടിപോകുന്നതാകയാൽ ജനങ്ങൾക്കു ആവശ്യമുള്ള ഭൂമി വിട്ടുതരുന്നതിനുപക്ഷം അതിൽ കൂടി റോഡിടുവാനുള്ളതാണ്. ആ ഭൂമിയെ വാങ്ങുന്നതിനു വേണ്ടഎഴുത്തുകുത്തുകൾ ചെയ്തുവരുന്നു. തിരുവല്ലാഅമ്പലപ്പുഴ ഡെവലപ്പുമെന്റ യൂണിയൻ സെക്രട്ടറിയോടു ഈ സ്ഥലംവിട്ടുകൊടുക്കുമോയെന്നു ചോദിക്കുന്നതിനായി ഞാൻസബ്ഡിവിഷനാഫീസിക്ക് എഴുതിചോദിച്ചിരിക്കുന്നു മറുപടിഇതേവരെകിട്ടിയില്ല. അവിടത്തെജനങ്ങൾ തന്നെത്താനെ ഈ റോഡ് വെട്ടുന്നതിനു തീർച്ചപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിൽന്യായമായിട്ടുള്ള വഴി അതിൽ താല്പര്യമുള്ള ആളുകൾ അന്യരുടെ സ്ഥലത്തെ ഉടമസ്ഥന്മാരോടു ചോദിച്ചുവാങ്ങിത്തരികയോ അല്ലാത്തപക്ഷം വെറുതെ വിട്ടുകൊടുക്കാൻ സമ്മതമില്ലാത്ത ആളുകൾക്ക്; മറവുള്ളവർ കൈയ്യിൽനിന്നുംപണംപിരിച്ചു കൊടുത്തു സ്ഥലത്തെ വാങ്ങിത്തരികയോ ചെയ്യുന്നതാണ്. അപ്രകാരംചെയ്യുന്നതായാൽ ഡിപ്പാർട്ടുമെൻറ് ഈ ജോലിയെ ചെയ്യുവിക്കുന്നതാണ്. ഒടുവിലത്തെവിളംബം തിരുവല്ലയിൽ നിന്നും ചമ്പക്കുളവരെയുള്ളതാകുന്നു. ഇപ്പോൾ അവിടെ പണിപ്പെടുത്തുക മാത്രമാണുള്ളത്. അതിനെപരിശ്രമിച്ചാൽ മാത്രം മതിയാകുന്നതും അപ്രകാരം ചെയ്യുന്നുമുണ്ട്.

ഇവയെപ്പറ്റിയെല്ലാം ഞാൻപൊതുപ്രസംഗത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. മി. കുമാരപിള്ളയെ പിൻതാങ്ങുന്ന അവസരത്തിൽ മി. കുഞ്ഞിത്തൊമ്മൻ വടക്കൻതിരുവിതാംകൂറിലെ കായ്ത്തിൽ കൂടുതൽ ശ്രദ്ധവയ്ക്കണമെന്നാവശ്യപ്പെട്ടു. അപ്രകാരമിപ്പോൾ ചെയ്യുവരുന്നതും ആവശ്യങ്ങൾ തെളിപ്പെടുത്തുന്നതുപോലെ അവരെയുപ്പറ്റി ആലോചിക്കുന്നതുമായിരിക്കും.

മി. ററി. കുമാരപിള്ള (ഇരണിയലും വിളവംകോട്ടും): ഞാൻ ഈ പ്രമേയംകൊണ്ടുവന്നതന്നെ കോതയാർ വേലകളിൽ വളരെകാലമായുള്ള എൻറെപരിചയത്താൽ പലവിധമായ അധികച്ചെലവുകളും അനാവശ്യചെലവുകളും വന്നു കൊണ്ടിരിക്കുന്നതായി എനിക്കു ബോദ്ധ്യമുള്ളതുകൊണ്ടാണ് ആ ചെലവുകളെ ക്രമീകരിക്കയും കോതയാർ വേലകൾക്ക് ശരിയായകണക്കുകൾ ഉണ്ടാക്കുകയും ചെയ്യേണ്ടതു അത്യാവശ്യമാണ്. കോതയാർപ്പാജക്ടിലുൾപ്പെട്ട കൂളങ്ങളെ വിൽക്കുമ്പോൾ അതിലെ ഇറിഗേഷൻ ഓഫീസുകൾക്കായി അനുവദിക്കുന്ന ഭൂമിയുടെ കയിൽനിന്നും നൂറിനു പത്തുവീതം ചിലവിക്കാൻ ഗവർണ്മെൻറ് അനുവദിച്ചിട്ടുള്ളതാണ്. ഇതിൽചെയ്തിട്ടുള്ള അഭിമതികാരിക്ക് ഒരു ഒഴിഞ്ഞാന്തം ഇവിടെപറയാം. ഇ ഒ ഒ രൂപയ്ക്ക് ഒരേക്കറും വേലത്തിൽവിറ്റ, അതിന്റെ കൃഷിസൗകര്യങ്ങൾക്കുവേണ്ടി മരുതുംമൂടുവെട്ടുന്നതിനു ഒ ഒ ഒ-ത്തിൽപരം രൂപാചെലവുവരുത്തിസ്ഥലമെടുത്തിരിക്കുന്നു. ഇതുകൊണ്ടു എന്തുപ്രയോജനമുണ്ടാകുന്നുയെന്നുള്ളതു, ഒരേക്കറും വിറ്റവകയിലുണ്ടാകാതെ അതിന്റെ ഉടകോതയാർ പ്രാജക്ടിന്റെ ആകെത്തുകയിൽനിന്നും കറയ്ക്കുകയില്ലാതെപോയി.

ഇതുപോലെയുള്ള മറ്റൊരുദൃഷ്ടാന്തംകൂടിപറയാം. കോതയാർ പ്രാജക്ടിലുൾപ്പെട്ട കൂളങ്ങളെ പതിനാസമുദായങ്ങൾക്കും മെമ്പർമാരിൽ ഇരുപതുപേരുടെ മെസറുന്നതിനായിൽ പതിച്ചുകൊടുത്തുവരുന്നു. ഈ കൂളങ്ങളെ ലേത്തിൽവിൽക്കുന്നപക്ഷം മെസർമാന്നിനെ എതുപ്രകാരത്തിലുള്ളതായ ഉടകിടുന്നതാണ്. ഇങ്ങനെമെസറുന്നതിനുശേഷം പതിനാസമുദായങ്ങൾക്കും പതിച്ചുകൊടുക്കുന്ന കൂളങ്ങളെ അവരിൽ ചിലർ എതുപ്രകാരത്തിലുള്ളതായ ഉകയ്ക്കു മറവുള്ളവർക്കു വിറ്റിട്ടുള്ള ഒഴിഞ്ഞാന്തങ്ങൾ ഉണ്ടെന്നാണ് ഞാനറിയുന്നതു. പതിനാസമുദായങ്ങൾക്കും ഇങ്ങനെയുള്ള സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതു ഗവണ്മെൻറിന്റെ കടമയാണ്. അതിനാൽ കോതയാർ പ്രാജക്ടിലെ കൃഷിക്കാർക്കു വന്നനഷ്ടത്തെപ്പറ്റി അധികം ഗണ്യമാക്കുന്നില്ല. അവർക്കുവേണ്ടി സൗജന്യനിരക്കുകളിൽ പതിച്ചുകൊടുക്കുന്നസ്ഥലം അവർക്കുപയോഗപ്പെടാതെ വരുന്നയുക്തമാണ്.

അദ്ധ്യക്ഷൻ: അവക്ക അവയെയില്ലാൻപാടില്ല. ഭേദഗതിചെയ്തുകൊടുക്കുന്നതിനെ സംബന്ധിച്ചുള്ള ഡിസ്കഷനിൽ അതിനെയുള്ള ചട്ടങ്ങൾ ഉണ്ടു.

മി. ററി കുമാരപിള്ള (ഇരണിയലും വിളവംകോട്ടും): ഇങ്ങനെയുള്ള ഒഴിഞ്ഞാന്തങ്ങളുണ്ടോയെന്ന് ഗവണ്മെൻറ് അന്വേഷിക്കേണ്ടതാണ്. കോതയാർ പ്രാജക്ടിലെ വരമ്പിൽ ഇനിയും കൂട്ടിച്ചേർക്കേണ്ടതായ ഇനങ്ങൾ ഉള്ളതാണ്. അതുപോലെതന്നെ ചെലവിലുൾപ്പെടുത്താൻ പാടില്ലാത്ത ചിലഇനങ്ങൾ അതിലുൾപ്പെടുത്തിക്കാണുകയും ചെയ്യുന്നു. ഇതുകളെ വേണ്ടപോലെ പഠിച്ചുനോക്കി കോതയാർ പ്രാജക്ടിന്റെ കണക്കുകൾ ശരിയാക്കേണ്ടതു എതുപ്രകാരമാണെന്ന് ഒന്നുകൂടി പരഞ്ഞുകൊള്ളുന്നു.

അദ്ധ്യക്ഷൻ: പക്ഷേ അവയെല്ലാം പഴയ ഒഴിഞ്ഞാന്തങ്ങളായിരിക്കാം.

നിങ്ങൾ പ്രമേയത്തെ പിൻവലിക്കുന്നുവോ?

മി. ററി. കുമാരപിള്ള (ഇരണിയലും വിളവംകോട്ടും): ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

അനന്തരം പ്രമേയം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നമ്പർ ൪.

മി. എസ്സ്. സുബ്രഹ്മണ്യകൈമൾ(പത്തനാപുരവും ചെങ്കോട്ടയും): സർ, പ്രധാനവകുപ്പാണ് നെൽകൃഷിയിൽനിന്നാണെന്നുള്ള എല്ലാപേർക്കും അറിയാവുന്ന സംഗതിയാണ്. നെൽകൃഷിയുടെ വിജയം ജലസേചനത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നുവെന്ന് ഞാൻ പറയേതതന്നെ അറിയാമല്ലോ. ചെങ്കോട്ടതാലൂക്കിൽ കെട്ടിടങ്ങൾ റോഡുകൾ ജലസേചനപ്രവൃത്തികൾ എന്നിവയിൽ മേൽനോട്ടം ചെയ്യുന്നതിനു ഒരു സൂപ്രണ്ടും ഉണ്ടായിരുന്നു. ഇപ്പോൾ ഒരു സൂപ്രണ്ടുമാത്രമേയുള്ളൂ. പുൻപു റോഡ്സംബന്ധമായുള്ള ജോലികൾക്ക് ഒരു മാസ്റ്റർസിയുടെ മ

ത്തിന് ഒരാളും ജഡ്ജിസംഖ്യ പ്രവൃത്തിചെയ്ക ഒരാളും ഇങ്ങനെ രണ്ട് ഓവർസിയർമാരെ നിയമിക്കണമെന്ന് അപേക്ഷിക്കുന്നതിനായിട്ടാണ് ഞാൻ ഈ സംഗതിയെക്കുറിച്ച് ചീഫ് എഞ്ചിനീയരോട് പറഞ്ഞപ്പോൾ അദ്ദേഹം ഈ സൂപ്പർവൈസരെക്കൊണ്ടുതന്നെ ഇപ്രകാരം ജഡ്ജിസംഖ്യ പ്രവൃത്തിയും നടത്തിക്കാമെന്ന് അഭിപ്രായപ്പെട്ടു. ഈ ഉറപ്പിന്മേൽ ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നു ഒരുകൊല്ലത്തേക്ക് കൂടുതലായിട്ടെങ്കിലും അതിനൊരു ഫലമുണ്ടായിരിക്കുമെന്ന് നോക്കാം.

മി. ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെക്കുമങ്ങാട്ടും): സർ, ഞാൻ ഒരു പരിസംഖ്യാനമായ ഒരുകാര്യം പ്രസ്താവിക്കുന്നതിനായി എഴുന്നേൽക്കുന്നു. അദ്ദേഹം പ്രമേയത്തെ ഹാജരാക്കിയിട്ടില്ലാത്തപക്ഷം അദ്ദേഹത്തിനു പ്രസംഗിക്കാൻ പാടില്ല.

അദ്ധ്യക്ഷൻ: അദ്ദേഹം പ്രമേയം ഹാജരാക്കുന്നില്ല. അദ്ദേഹത്തിന് അദ്ദേഹത്തിനെ പ്രസംഗത്തിനു പിൻവലിക്കാൻ സാധിക്കയില്ല. (ചിരി)

മി. ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെക്കുമങ്ങാട്ടും): ഒരുപക്ഷേപം ഹാജരാക്കുമ്പോഴല്ലാതെ പ്രസംഗിക്കാനവകാശമുള്ള. മി. കുരയാളർ, തന്റെ ഉപക്ഷേപത്തെപ്പറ്റി പ്രസംഗിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം ഉപക്ഷേപം ഹാജരാക്കിയെന്നുണ്ടായിരുന്നോ? അതുകൊണ്ട് ഈനിലയിൽ അദ്ദേഹത്തിനെ ഉപക്ഷേപം പിൻവലിക്കാനെന്നവരിക്കുന്നത് ഈസഭയുടെ ചട്ടങ്ങൾക്ക് വിരോധമായിട്ടുള്ളതാകുന്നു.

അദ്ധ്യക്ഷൻ: ഹാജരാക്കുന്നില്ലെന്നുള്ളത് പിൻവലിക്കുന്നതിനെ തുല്യമാകുന്നു.

മി. ജെ. ജാൺനിധിരി (ചങ്ങനാശ്ശേരി ചീനച്ചിലും): ഒരു മെമ്പറിന് പ്രസംഗത്തിനുശേഷം തന്റെ ഉപക്ഷേപം പിൻവലിക്കാൻ പാടില്ലയോ എന്നറിഞ്ഞാൽകൊള്ളാം.

മി. ററി. കെ. വേലുപ്പിള്ള (തിരുവനന്തപുരവും തെക്കുമങ്ങാട്ടും): അങ്ങനെ പാടില്ലെന്നാണ് ചീഫിന്റെ അഭിപ്രായം.

അദ്ധ്യക്ഷൻ: അദ്ദേഹത്തിനു സാധിക്കാത്തതാകുന്നു. എന്നാൽ ഇപ്പോൾ പ്രസംഗം കഴിയുന്നതിനുമുൻപായി അദ്ദേഹത്തിനെ പിൻവലിക്കാൻ അനുവദിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്.

അതിനാൽ താഴെ ചേർക്കുന്ന ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

മി. എസ്. സുബ്രഹ്മണ്യകുറയാളർ:

"സൂപ്രണ്ടുമാർ, സൂപ്പർവൈസർമാർക്ക് അനുവദിച്ചിട്ടുള്ള ശമ്പളത്തിൽ കുറഞ്ഞത് ഒരു രൂപയിൽ കുറയാതെ വർദ്ധനവു കൊടുക്കുന്നതിനും,

ഉപക്ഷേപം നമ്പർ 9.

മി. സി. ശങ്കരമേനോൻ (കൊല്ലം). താഴെ വിവരിക്കുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

"നമ്പർ 8. സൂപ്രണ്ടുമാരിൽ സൂപ്പർവൈസർമാർക്ക് അനുവദിച്ചിട്ടുള്ള 25, 27 രൂപയും ഉപേക്ഷിക്കണം.

സർ, ആവശ്യമില്ലാത്ത അവസരങ്ങളിൽ ഉദ്യോഗസ്ഥന്മാരെ ജോലിയിൽ സ്ഥിരമായി നിയമിക്കുന്നതിനെപ്പറ്റിയാണ് ഞാൻ ഇപ്പോൾ സംസാരിക്കുവാനാവശ്യപ്പെടുന്നത്. ഈ സൂപ്പർവൈസർമാരെ സൂപ്പർണ്ടുമാരിയായിട്ടവച്ചുകൊണ്ടിരിക്കുന്നു.

അദ്ധ്യക്ഷൻ: ഒരു തെറ്റിദ്ധാരണയുണ്ടെന്ന് ഞാൻ നിങ്ങളെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഈയിടെ കഴിഞ്ഞ പരിഷ്കാരത്തിനിടയിൽ ഈ സൂപ്പർണ്ടുമാരികളെ പുറത്തയയ്ക്കപ്പെട്ടു. അവരെ നിയമിക്കുന്നതിനു തക്കതായിവുണ്ടാകുന്നവരെ സൂപ്പർണ്ടുമാരികളായി വച്ചുകൊണ്ടിരിക്കുന്നു.

മി. സി. ശങ്കരമേനോൻ (കൊല്ലം): അതിൽ ഒരാളെ സംബന്ധിച്ചിടത്തോളം അയാളെ നിയമിച്ചുകൂടാൻ പാടില്ലാത്തതാകുന്നു.

അദ്ധ്യക്ഷൻ: അയാൾ ഇപ്പോൾതന്നെ സ്ഥിരമാവണക്കാരനാണല്ലോ.

മി. സി. ശങ്കരമേനോൻ (കൊല്ലം): അദ്ദേഹം ഇപ്പോഴും സ്ഥിരംജോലിയിലിരിക്കുകയാണ്. അദ്ദേഹത്തെ ജോലിയിൽ വച്ചുകൊണ്ടിരിക്കുവാൻ പാടില്ലാത്തതുതന്നെ ഈ പുതിയ്യ് അയാളുടെ ശമ്പളത്തെ വോട്ടുചെയ്യുകയും ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു. സൂപ്പർണ്ടുമാരിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് മി. എം. എ. നാരായണയ്യരാണെന്ന് സിവിൽലിസ്റ്റിൽ കാണുന്നു.

അദ്ധ്യക്ഷൻ: ഒരു വസ്തുവിനെ പ്രമേയത്തെപ്പറ്റി വാദം നടത്തുമ്പോൾ ഒരു വ്യക്തിയെ ജോലിയിൽ വച്ചുകൊണ്ടിരിക്കുമെന്നും പാടില്ലെന്നും തർക്കിക്കുന്നത് സഭയുടെ ചട്ടങ്ങൾക്ക് വിരോധമാണ്.

മി. സി. ശങ്കരമേനോൻ (കൊല്ലം): എന്റെ ഉപക്ഷേപം സൂപ്പർണ്ടുമാരിമാർക്ക് അനുവദിച്ചിട്ടുള്ള ഉയർത്തുകയെന്നുള്ളതാണ്. അതിനെപ്പറ്റി വോട്ടുചെയ്യുന്നതിന് ഈസഭയ്ക്ക് അവകാശമുള്ളതുമാകുന്നു.

അദ്ധ്യക്ഷൻ: ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ജോലിയിൽ വച്ചുകൊണ്ടിരിക്കുന്നത് ശരിയോ തെറ്റോ എന്ന് തർക്കിക്കുന്നത് ഈ സഭാനിയമങ്ങൾക്ക് യോജിക്കുന്നതല്ല. അതും വസ്തുവുമായിബന്ധമായുള്ള ഉപക്ഷേപത്തെപ്പറ്റി വിളിക്കുമ്പോൾ ഒരിക്കലും ശരിയാകുന്നതല്ല.

മി. സി. ശങ്കരമേനോൻ (കൊല്ലം): അങ്ങനെ കുറക്കാരുണ്ടെന്ന് കാണപ്പെടുമ്പോൾ—

അദ്ധ്യക്ഷൻ: അതുതന്നെയാണ് ഞാൻ പറയുന്നത്. വസ്തുവുമായിട്ട് അതിനെപ്പറ്റി തർക്കിക്കുന്നതു നിയമത്തിനു വിരോധമാണ്. ഒരു പ്രത്യേക ആളെയോ ഒരുകൂട്ടം ആളുകളേയോ ജോലിയിൽ വച്ചുകൊണ്ടിരിക്കാൻ പാടില്ലായെന്ന് നിങ്ങൾക്ക് പ്രമേയം ഹാജരാക്കാം. വസ്തുവിൽ ഒരു കൂറുചെയ്യുന്നസമയം നിങ്ങൾക്ക് അതിനെപ്പറ്റി സംസാരിക്കാനവകാശമില്ല. നിങ്ങൾ അയച്ച നിരുപക്ഷേപത്തെ ഞാൻ മുൻപുതന്നെ പ്രസിദ്ധപ്പെടുത്തിയതിൽ തള്ളിയിട്ടുണ്ട്.

മി. സി. ശങ്കരമേനോൻ (കൊല്ലം): ആ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുമാത്രമാണ് ഞാനിപ്പോൾ സംസാരിക്കുന്നത്. ആ ഉപക്ഷേപത്തിന്മേൽ അധികമൊന്നും പ്രയോഗിച്ചതിന്റെ ന്യായംനോക്കുമ്പോൾ ഞാൻ തർക്കിക്കുന്നില്ല. സൂപ്പർവൈസർമാരുടെ ശമ്പളത്തെപ്പറ്റിയാണ് ഇപ്പോഴും ഈസഭയിൽ വാദപ്രതിവാദം നടത്തുന്നത് അനുവദിച്ചിട്ടുള്ള ഈയുകയെ കുറയ്ക്കുന്നതിനുള്ള കാരണങ്ങളെ ഈസഭയ്ക്ക് കാണിച്ചുകൊടുക്കുന്നതിന് എനിക്ക് അവകാശമുണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

അദ്ധ്യക്ഷൻ: നിങ്ങൾ നിയമാനുസരണം പ്രവർത്തിക്കുന്നില്ലെന്ന് എനിക്കു പറയേണ്ടിയിരിക്കുന്നു. അതിനാൽ എന്റെ തീരുമാനത്തെ നിങ്ങൾ അനുസരിക്കണം.

മി. സി. ശങ്കരമേനോൻ (കൊല്ലം): അതാണ് നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നതെങ്കിൽ അതുവരിച്ചിരിക്കുന്ന ഈ തുക കുറയ്ക്കുന്നതിലേക്ക് വേറെകാരണങ്ങൾ കൊണ്ടുവരുവാൻ എനിക്കവകാശമുള്ളതാകുന്നു.

അദ്ധ്യക്ഷൻ: നിങ്ങൾക്ക് വേറെകാരണങ്ങൾ കൊണ്ടുവരാം. ഈ സൂപ്രണ്ടുമാരിൽ കുറച്ചുപേരെ, അല്ലാത്തപക്ഷം അവരിൽ ആരെങ്കിലുമൊ ഡിപ്പാർട്ടുമെൻറുജോലിക്ക് ആവശ്യമില്ലെന്നു കാണിക്കുന്നതിനായി നിങ്ങൾ വേറെകാരണങ്ങൾ കൊണ്ടുവരുന്നതിൽ എനിക്കു യാതൊരുവിരോധവുമില്ല.

മി. സി. ശങ്കരമേനോൻ (കൊല്ലം): ഡിപ്പാർട്ടുമെൻറു പരിഷ്കരിച്ചു കഴിക്കുമ്പോൾ എണ്ണം കുറച്ചുകളഞ്ഞതിനുശേഷം പിന്നീട് സൂപ്രണ്ടുമാരികുറച്ചു കുറെ ആളുകളെ വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ലെന്ന് ഞാൻ വേറൊരിപ്രാവശ്യമെടുത്തുപറയുന്നു.

അദ്ധ്യക്ഷൻ: ഈ ആളുകൾക്കവേണ്ട ജോലി ഒന്നുമില്ലെന്നു നിങ്ങൾ പറയുന്നതിൽ എനിക്കു വിരോധമില്ല. പക്ഷേ പരിഷ്കാരത്തിനിടയിൽ ഈ സ്ഥിതിക്കുറെ മാറ്റമുണ്ടാകുമെന്നുള്ള വസ്തുത നിങ്ങൾ കണ്ടറിയുമായിരിക്കാം. ഞാൻ ഈ സംഗതിയെപ്പറ്റി നിങ്ങളോടു പറയുകയും, വീണ്ടും ഈ വിഷയത്തെപ്പറ്റി വാഗ്വിവാദംചെയ്യുന്നതുകൊണ്ടു പ്രയോജനമുണ്ടാകുമോയെന്നു തീർച്ചപ്പെടുത്തിക്കൊള്ളുവാൻ നിങ്ങൾക്കു സന്ദർഭം തരികയും ചെയ്തുവല്ലോ. ഒരാളുമാത്രം ഈ ഡിപ്പാർട്ടുമെൻറിൽ വച്ചുകൊണ്ടിരിക്കുന്നതിനുള്ള സംഗതിയെപ്പറ്റി ഈ പ്രമേയത്തിൽ തർക്കിക്കാൻപോകുന്നതുകൊണ്ടാണ് നിങ്ങൾ അപ്പോൾ പറഞ്ഞതു. അപ്രകാരം ചെയ്യുവാൻ പാടില്ലെന്നു ഞാൻ പറയുന്നു.

മി. സി. ശങ്കരമേനോൻ (കൊല്ലം): ഈ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറു പരിഷ്കരിച്ചപ്പോൾ ഈ ഉദ്യോഗസ്ഥന്മാരെയെല്ലാം വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ലെന്നു ഞാൻ ബോധിപ്പിക്കുന്നു. അവരുടെഎണ്ണം കുറച്ചുകളഞ്ഞതുകൊണ്ടാണ്, അവർകൊണ്ടു ചെയ്തിരുന്ന ജോലികൾ ചിലതു ചുരുക്കുകയും, തങ്ങളാലായില്ലാതെയായിരിക്കേ ഈ ആളുകൾക്കു ശമ്പളംകൊടുക്കുവാൻ പാടില്ലാത്തതുമാകുന്നു.

അദ്ധ്യക്ഷൻ: അതുസംബന്ധിച്ചു ഒരു സമാധാനംപറയുന്നതായിരിക്കും.

റാവു ബഹദൂർ ടി. എ. കൃഷ്ണസ്വാമി അയ്യർ (ഗവണ്മെൻറു നിയമിച്ച മെമ്പരും ഉപാദ്ധ്യക്ഷനും): സാധാരണയായി ഒരു പരിഷ്കരണത്തിനുശേഷം എല്ലാ സൂപ്രണ്ടുമാരിമാരേയും വച്ചുകൊണ്ടിരിക്കുന്നതു പതിവാണെന്നു അറിയാമോയെന്നു ഞാൻ മി. ശങ്കരമേനോനോടു ചോദിക്കുന്നു.

മി. സി. ശങ്കരമേനോൻ (കൊല്ലം): പിരിച്ചുവിടപ്പെട്ട ആളുകളെപ്പറ്റിയും എനിക്കറിയാം.

അദ്ധ്യക്ഷൻ: അപ്രകാരം ഒരൊറ്റ ദൃഷ്ടാന്തംപോലുമില്ല.

മി. സി. ശങ്കരമേനോൻ (കൊല്ലം): അതിനാൽ ഈ ആളുകളെയെല്ലാം സൂപ്രണ്ടുമാരികളായി വച്ചുകൊണ്ടു അവർക്ക് തക്കതായ ജോലികൊടുക്കാതെ ശമ്പളംകൊടുക്കുന്ന പക്ഷത്തെ ഇതൽ തുടരാൻ പാടില്ലെന്നും അതിനാൽ അവരെയെല്ലാം പിരിച്ചയക്കണമെന്നും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി. ഇ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): സർ, ഞാനിപ്രകാരം പറഞ്ഞതായി ഓർക്കുന്നു. വളരെ ആളുകളെ കുറയ്ക്കുന്നതിനിടയാക്കിയ പരിഷ്കാരം നടത്തിയപ്പോൾ സ്ഥിരജോലിയിലിരുന്നവരും അതിനാൽ പിരിച്ചുവക്കാൻ പാടില്ലാത്തവരുമായ എട്ടു സൂപ്രൻറുദ്യോഗസ്ഥന്മാർ സൂപ്രൻറുദ്യോഗസർഗ്രേഡിൽ കൂട്ടത്തോടായി കാണപ്പെടുകയും അവരെ സൂപ്രണ്ടുമാരി സൂപ്രൻറുദ്യോഗസർമാരായി നിയമിക്കപ്പെടേണ്ടിവരികയും ചെയ്തു. എന്നാൽ ഈ സംഭവത്തിനുശേഷം ഈ എട്ടു സൂപ്രൻറുദ്യോഗസർമാരേയും അപ്പോഴുണ്ടായിരുന്ന ഒഴിവുകളിൽ ആക്കുകയും, ഫണ്ടു-ലെ ബഡ്ജറ്റിൽ ൪൫,൦൦൦ രൂപാ അനുവദിച്ചിരുന്നതുവണ്ണവരികിലും സൂപ്രൻറുമാരി സൂപ്രൻറുദ്യോഗസർമാർക്ക് അതിൽനിന്നു ഒരു കാര്യമുപോലും ശമ്പളത്തിൻറെ നിലയിൽ കൊടുത്തിട്ടില്ലാത്തതുമാകുന്നു. അതുപോലെ ഫണ്ടിൽ-ലും ൩൫,൦൦൦ രൂപാ അനുവദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിൽനിന്നും ഒന്നും ഉപയോഗിക്കേണ്ട ആവശ്യമില്ലായിരുന്നു. ഇപ്പോൾ, ൪൫൦൦-ലും ശരിയായ ബഡ്ജറ്റു തയാറാക്കുന്നതിലേക്കു അപ്രകാരം ഒരു ചെലവു ആവശ്യമായിരിക്കുന്നതിനാൽ ൪,൪൭൫ രൂപാ അനുവദിച്ചിട്ടുണ്ടു, എന്നാൽ ഞാൻ ഇപ്പോൾ അതിൽനിന്നും വല്ലതും എടുത്തു ചിലവാക്കണമെന്നു വിചാരിക്കുന്നില്ല. മുമ്പിലത്തെ രണ്ടു കൊല്ലങ്ങളിലെപ്പോലെ അനുവദിച്ചിട്ടുള്ള ഈ മുഴുവൻതുകയും ൪൫൦൦ അവസാനത്തിൽ മിച്ചമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എട്ടു സൂപ്രൻറുമാരി സൂപ്രൻറുദ്യോഗസർമാരിൽ മൂന്നുപേരേ മുന്നു സ്ഥിരഒഴിവുകളിൽ നിയമിച്ചുകഴിഞ്ഞിട്ടുണ്ടു. പെൻഷൻപറ്റാറായുള്ള വയസ്സുതികഞ്ഞതുകൊണ്ടു നാലുമതു ഒരു സൂപ്രൻറുദ്യോഗസർ സർവീസിൽനിന്നും പിന്മാറിയിരിക്കുന്നു. ഇപ്പോൾ നാലു സൂപ്രൻറുദ്യോഗസർമാരുള്ളതും മുമ്പു പറഞ്ഞിട്ടുള്ളതുപോലെ അനുവദിക്കപ്പെട്ട എണ്ണത്തിൽ സൂപ്രൻറുദ്യോഗസർമാരുടെനിലയിൽ ഒരവധി ഒഴിവുകളിൽ ആക്കിയിരിക്കുന്നതുമാകുന്നു. സൂപ്രൻറുദ്യോഗസർമാരെല്ലാവരും ഓരോ സെക്ഷൻ ചാർജ്ജിലിരിക്കുന്നതും അവർക്ക് ധാരാളം ജോലിയുള്ളതുമാകുന്നു. ഈ സമാധാനത്തോടുകൂടി മെമ്പർ അദ്ദേഹത്തിൻറെ ഉപക്ഷേപത്തെ പിൻവലിക്കണമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. സി. ശങ്കരമേനോൻ (കൊല്ലം): ഈ സമാധാനത്തിന്മേൽ ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നമ്പർ ൫.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടിട്ടില്ല.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

നമ്പർ ൫. സഞ്ചാരപ്പടിക്കു നിക്കിവച്ചിട്ടുള്ള ൭,൫൦൦ രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കുന്നതും.

ഉപക്ഷേപം നമ്പർ ൬.

മി. എൻ. രാമകൃഷ്ണപിള്ള (തെക്കുവും മദ്ധ്യതിരുവിതാംകൂറും): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നു.

നമ്പർ ൬. എക്സ്സൈസ്സിനു സ്ഥാപനത്തിലേക്കായി വിക്കിവച്ചിട്ടുള്ള ൨,൫൭,൦൦൦ രൂപായിൽ നിന്നും, ൫൦൦ രൂപാ കുറയ്ക്കുന്നതും. ഈ പ്രമേയത്തിൽ ജോലികളെപ്പറ്റി കൂടുതലായ ആലോചിക്കുന്നതിനു ഞങ്ങൾക്കു അവകാശമുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ. നിങ്ങൾ പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല.

മി. എൻ. രാമകൃഷ്ണപിള്ള (തെക്കുവും മദ്ധ്യതിരുവിതാംകൂറും): ഈ കോൺസിലിൻറെ ആലോചനയ്ക്കായി ഒരു ചട്ടമുണ്ടായിരുന്നു. അപ്പോൾ പൊതുമരാമത്തു സംബന്ധിച്ചുകാര്യത്തെപ്പറ്റി വാഗ്വിവാദം നടത്തപ്പെട്ട

അദ്ധ്യക്ഷൻ: അതു ഓരോ ഡിവിഷനിലേയും മോഡിഫൈഡ് നിഷ്പ്രയേക്നത്തെപ്പറ്റിയായിരുന്നോ?

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): ഡിപ്പാർട്ടുമെന്റിലെ എല്ലാ ജോലികളേയും സംബന്ധിച്ചായിരുന്നു.

അദ്ധ്യക്ഷൻ: അതു ഏതു ചട്ടമാണെന്നു എന്നൊടൊന്നു മയവുചെയ്തു പറയുമോ?

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): സർ, പറയാം.

അദ്ധ്യക്ഷൻ: നയത്തെപ്പറ്റി മാത്രമാണ് വാദപ്രതിവാദം നടത്തപ്പെട്ടതു.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): എന്നാൽ ചട്ടവുണ്ടല്ലോ.

അദ്ധ്യക്ഷൻ: മുൻപുണ്ടാക്കിയ ചട്ടത്തിലേക്കു പ്രസിഡൻറ തിരിയെ പോകേണ്ടതാണോയെന്നു ഞാൻ വിചാരിക്കുന്നു. ഏതായാലും ചട്ടം നിലനിന്നുണ്ടെന്നു ഞാൻ നോക്കട്ടെ.

മി. ജി. പരമേശ്വരൻപിള്ള (തൈയ്യാറിൻകര): ഈ സംഗതികളെപ്പറ്റി ആലോചിക്കുമ്പോൾ പ്രത്യേകം പ്രമേയങ്ങൾ കൊണ്ടുവരേണ്ടതാണ്.

അദ്ധ്യക്ഷൻ: ജോലികളേസംബന്ധിച്ചു ഹാജരാക്കാനുള്ള പ്രമേയങ്ങളുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): (അഞ്ചുമിനിട്ടുകഴിഞ്ഞതിനുശേഷം) മി. രാമകൃഷ്ണപിള്ള ആ ചട്ടംകണ്ടുപിടിക്കുന്നതിനുമുമ്പു നമുക്കു പേരാന്ത പ്രമേയത്തെപ്പറ്റി ആലോചിക്കാമോ? (ചിരി) അതിനെപ്പറ്റി പിന്നിടാലോചിച്ചുകൊള്ളാം.

അദ്ധ്യക്ഷൻ: കൊള്ളാം ഇപ്പോൾത്തന്നെ അഞ്ചുമിനിട്ടുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിനനുവദിച്ചിട്ടുള്ള മിനിട്ടു കഴിഞ്ഞുപോകുന്നതായാൽ അദ്ദേഹം പ്രമേയം ഹാജരാക്കുന്നില്ലെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. അല്ലയോ മിസ്റ്റർ രാമകൃഷ്ണപിള്ളേ? നിങ്ങൾ ഈ പ്രമേയം ഇപ്പോൾ ഹാജരാക്കേണ്ടതില്ലെന്നു ഞാൻ വിചാരിക്കുന്നു. നാം ജോലികളെപ്പറ്റി വാദപ്രതിവാദം നടത്തുമ്പോൾ നിങ്ങൾക്ക് ഇതിനൊരവസരമുണ്ടാകും

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും). സർ, അങ്ങയുടെ അനുവാദത്തോടുകൂടി ഈ പ്രമേയത്തിൽ അനേകം സംഗതികളെപ്പറ്റിപ്പറയാൻ ഞാനുദ്ദേശിക്കുന്നുവെന്നതിലേക്ക് ഞാൻ ഈ സമയത്തെ ശ്രദ്ധയെ ആകർഷിക്കുന്നു. ഇപ്പോൾ ചുരുക്കമായിട്ടെടുക്കുന്നു പറയാനുള്ളതു് ഓരോ താലൂക്കുകളിലെ ജോലികൾക്കും പണമനുവദിക്കുമ്പോൾ ആ താലൂക്കിലെ ജനസംഖ്യ, വരവു്, ഗതാഗത സൗകര്യങ്ങൾ എന്നിവയെക്കൂടി പരിഗണിക്കേണ്ടതാണ്.

എനിക്കു രണ്ടാമതായി പറയാനുള്ള സംഗതി വടക്കൻ തിരുവിതാംകൂറിലെ ഗതാഗതസൗകര്യം ജലസേചനം ഡ്രെയിനേജ് എന്നിവയ്ക്കു കൂടുതൽ പണം ചെലവുചെയ്യണമെന്നും കെട്ടിടങ്ങൾക്കായിട്ടു പണം കുറച്ചു ചിലവുചെയ്താൽ മതിയെന്നും ഉള്ളതാണ്.

മൂന്നാമതായി എനിക്കു പറയാനുള്ളതു് എസ്റ്റിമേറുകൾ തയാറാക്കുന്നതിനെപ്പറ്റിയാണ്. ഒട്ടുവിലത്തെ എസ്റ്റിമേറുകൾ അയക്കുന്നതിനു മുമ്പുതന്നെ അതിന്റെ ആവശ്യത്തെപ്പറ്റി നല്ലതുപോലെ ആലോചിക്കണം.

അദ്ധ്യക്ഷൻ: അതെന്താണ്.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കവും ഏറ്റുമാനൂരും): എസ്റ്റിമേറുകൾ തയാറാക്കുമ്പോൾ തന്നെ ആ വസ്തുതകളെ എല്ലാ സംഗതികളെപ്പറ്റിയും ആലോചിക്കേണ്ടതാണ്. എസ്റ്റിമേറുകൾ അനുവദിച്ചുതരുമ്പോൾ പിന്നീട് സാധാരണ നടത്തിവരുന്നതുപോലെ എക്സ്ക്യൂട്ടീവ് ഇഞ്ചിനിയർമാർ പ്ലാനുകളിൽ മാറ്റം വരുത്തരുതു്.

പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള പണം ചിലപ്പോൾ കൊടുക്കാതെ നിറുത്തിക്കളയുന്നു. അതുകൊണ്ടു ജോലികൾ നടത്തുവാൻ സാധിക്കാതെ വരുന്നു.

മരാമത്തു സംഗതി ഡിപ്പാർട്ടുമെൻറ് മുഖാന്തരം നടത്തിവരുന്ന വേലകൾ മുഴുവനാക്കുന്നതിനു വളരെ കാലതാമസം നേരിടുന്നുവെന്നുള്ളതാണ്. ഉദാഹരണമായിട്ടു വ്യത്യസ്തമായ ബഡ്ഡുറേറിലെ എ-ബി-സി എന്നീ നമ്പരുകളിലേക്കു ചീഫ് ഇഞ്ചിനിയരുടെ ശ്രദ്ധയെ ഞാൻ ആകർഷിക്കുന്നു. എൻ എൽ-ഉം എൻ എൽ-ഉം ആണ് ഈ വേലകൾ തുടങ്ങിയിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ വളരെ കൊല്ലങ്ങൾ കഴിഞ്ഞിട്ടും ജോലി നടത്തിക്കൊണ്ടിരിക്കുന്നതല്ലാതെ മുഴുവനാക്കിയിട്ടുള്ളതായി കാണുന്നില്ല. അനുവദിച്ചിട്ടുള്ള ജോലികളെ സംബന്ധിച്ചു്, ചില ജോലികൾക്കുമാത്രമായിട്ടുകൊടുത്തു വരുന്നതുകൊണ്ടു മുഴുവനായ ചില ജോലികൾ നടത്തുന്നതിനു തന്നെ വളരെ കാലതാമസം നേരിടുകയും അനുവദിക്കപ്പെട്ട മുഴുവൻ സ്കീം തുടങ്ങുവാൻ തന്നെ വളരെ കൊല്ലങ്ങൾ വേണ്ടിവരികയും ചെയ്യുന്നതു ദുർവ്യയങ്ങളുടെ തുടങ്ങിയ ജോലികളെ കഴിയുന്നതും വേഗത്തിൽ നടത്തുവാൻ വേണ്ട എർപ്പാടുകൾ ചെയ്യണം.

വേറെ ഒരു സംഗതി എനിക്കു പറയാനുള്ളതു് അനുവദിച്ചിട്ടുള്ള തുകയിൽ ദൂർച്ചെലവും അനാവശ്യനഷ്ടത്തിൽ ചിലവാക്കുന്നുവെന്നുള്ളതാണ്. എൻ ഉ-ലെ ബഡ്ഡുറേ പ്രസംഗസമയത്തു് ആ ചെല്ലത്തേയ്ക്കുള്ള സ്കീം അനുവദിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിന് ഒരു അഡ്വൈസറിക്കമ്മറി എർപ്പെടുത്തണമെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. അതിലെ ഒരംഗം മി: ജി പരമേശ്വരൻപിള്ളയാണെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ സംസ്ഥാനത്തിലുള്ള ഓരോ താലൂക്കുകളിലേക്കും അന്യായമായിട്ടുള്ള ജോലികൾ ഏതല്ലാമാണെന്നു നിശ്ചയിക്കുന്നതിനു് ഒരു സബ്കമ്മറി (ഉപസമിതി) കമ്മറിയിൽ എർപ്പെടുത്തേണ്ടതാണെന്നു നിർദ്ദേശിച്ചു. മി: മാത്തൻമാപ്പിള്ള വേലകളുടെ പ്രയോഗം ഉണ്ടായിരുന്നാൽ പ്രാധാന്യം കൊണ്ടു ജോലികൾക്കു മുമ്പേ അന്യായമായ ജോലികൾ ചെയ്തു തീർക്കുന്നതിനു എളുപ്പമായിരിക്കുമെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഈ സംഗതികളെല്ലാം ആലോചനയിലിരിക്കുകയാണെന്നു ഞാൻ വിശ്വസിക്കുന്നു. കൃഷിക്കാരുടെ റോഡ് സംബന്ധിച്ചു്, അവരുടെ ഒരു യോഗം വിളിച്ചുകൂട്ടുവാൻ വളരെ പ്രയാസമായിരുന്നുകൊണ്ടു് അതുസംബന്ധമായ ചട്ടങ്ങൾ മാറ്റം വരുത്തിയിട്ടു നടക്കുന്നില്ലെന്നും തന്നിമിത്തം ആ ചട്ടങ്ങൾകൊണ്ടു ജനങ്ങൾക്കു ഒരു പ്രയോജനവുമില്ലെന്നും കഴഞ്ഞ ശ്രീമൂലം പ്രജാസഭയിൽ ചൂണ്ടിക്കാണിക്കുകയും ദിവാൻജിയുടെ ആ ചട്ടങ്ങളെ ഭേദപ്പെടുത്താമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തുവെന്നു. ഈ വിഷയം വളരെ പ്രധാനമായിട്ടുള്ളതായതിനാൽ അതിനെ കഴിയുന്നതും വേഗത്തിൽ ആലോചിച്ചുചെയ്യേണ്ടതാണെന്നു ഞാൻ ബോധിപ്പിക്കുന്നു.

വേലകളെ കൺട്രാക്ട് കൊടുക്കുന്ന ഇപ്പോഴത്തെ രീതിയിലും, ആ പണം ഇപ്പോഴത്തേക്കാൾ, കൂടുതൽ ഉപകാരപ്രദമായി ചെലവിടത്തക്കവണ്ണം മെയിന്റനൻസ് വർക്സ് സംബന്ധമായുള്ള കൺട്രാക്ട് കളെ അതാതു

സ്ഥലത്തുള്ള ആളുകൾക്ക കൊടുക്കുന്നതു നന്നായിരിക്കുമെന്നു, ഫാൻ്റെ—ലെ ബഡ്ഡറർ പ്രസംഗസമയത്തു നിർദ്ദേശിക്കപ്പെട്ടു. അപ്പോൾ, കൺട്രാക്ടറന്മാർ അതുപോലെ വരുന്നില്ലെന്നും അതായതു സ്ഥലങ്ങളിലുള്ള ആളുകൾക്ക വേല കൺട്രാക്ട് എടുക്കുന്നതിനു തുപ്തിയില്ലെന്നും ചീഫ് ഇഞ്ചിനീയർ പറഞ്ഞു. ഈ സംഗതിയെപ്പറ്റി എനിക്ക പറയാനുള്ളതു് എന്തെന്നാൽ സ്ഥലത്തെ ആളുകൾക്ക് കൺട്രാക്ട് കൊടുക്കുമെന്നുള്ളതിനെ വേണ്ടവിധം പ്രസ്താവിക്കപ്പെടാത്തതുകൊണ്ടും മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ കൺട്രാക്ടന്മാരുടെ നേക്ക് അനുകമ്പയൊട്ടു കൂടി പെരുമാറാത്തതുകൊണ്ടും ആകുന്നു. അനേകം ജോലി നടത്തിപ്പുകളിൽ കൺട്രാക്ട് ജോലി ഏറ്റടുക്കുന്നതിന് തയാറായിരിക്കുന്നവർ ധാരാളമുള്ളതായി നാം കാണുന്നു. എന്നാൽ സൂപ്രൻഡൈസിംഗ് ഉദ്യോഗസ്ഥന്മാർ കാരണം ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും അവരുടെ കുറെക്കാരാക്കാൻ ശ്രമിക്കുന്നതുകൊണ്ടു് മാന്യന്മാരായ കൺട്രാക്ടന്മാർക്ക് അവരോടു പെരുമാറുന്നതിനു വളരെ പ്രയാസമായിരിക്കുന്നു. ഇതിനു വേറൊരു കാരണവും കൂടിയുണ്ട്. വേല തൃപ്തികരമാംവണ്ണം നടത്തിവന്നാലും ചെയ്തു തീർത്ത ജോലിയുടെ പണം ആവശ്യപ്പെട്ടാൽ കൊടുക്കുന്നില്ല. അനേകം തടസ്ഥങ്ങൾ പുറപ്പെടുവിക്കുന്നതുകൊണ്ടും കണക്ക പരിശോധിക്കുന്നതിനു വളരെ കാലതാമസം നേരിടുന്നതുകൊണ്ടും ഡിപ്പാർട്ടുമെൻറിൽ നിന്നും പണം കൈവാങ്ങിക്കുന്നതിന് വളരെ ബുദ്ധിമുട്ടായിത്തീരുന്നു. തന്നിമിത്തം അവരുടെ ജോലി തൃപ്തിവരുത്തിയാലും കൺട്രാക്ടന്മാർക്ക് പണം കിട്ടുന്നതിനു വളരെ പ്രയാസമായിത്തിന്നിരിക്കുന്നു. ഈ ബുദ്ധിമുട്ടുകൾ കൊണ്ടാണ് കൺട്രാക്ടർ എടുക്കാൻ അധികം ആളുകളും മടിക്കുന്നതു്.

കൃഷിസംബന്ധമായ പരിശ്രമത്തെപ്പറ്റി എനിക്ക പറവാനുള്ളതെന്തെന്നാൽ സംസ്ഥാനത്തെ വടക്കൻ താലൂക്കുകളിൽ ധാരാളം കയറി വിടുന്നതിനെക്കാൾ കെട്ടികിടക്കുന്ന ജലം പുറത്തുക്ക കൊണ്ടുപോകുന്ന സംഗതിയാണ് കുറച്ചുകൂടെ പ്രധാനമായിട്ടുള്ളതെന്നാണ്.

ഇവയിൽ അനേകം ദൃഷ്ടാന്തങ്ങളെപ്പറ്റി പ്രജാസഭയിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു ഗവർണ്മെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള ദൃഷ്ടാന്തങ്ങളെ ഞാൻ എടുത്തുപറയുന്നില്ല. ഇവയെയാണ് ഞാൻ ഇവിടെ ധരിപ്പിക്കണമെന്നാഗ്രഹിച്ചതു്. എനിക്ക ഇവയെപ്പറ്റി വിവരമായി പറയുന്നതിനു സമയമില്ലാത്തതുകൊണ്ടു ഞാൻ കൂട്ടത്തലായിട്ട പറയണമെന്നവിചാരിക്കുന്നില്ല.

മി. എ. ഹഗർഫ് (ഗവർണ്മെൻറ നിയമിച്ച മെമ്പർ): ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. വടക്കൻ തിരുവിതാംകൂറിൽ കുറെക്കൂടി യഥാർത്ഥമായ ശ്രദ്ധയും ഉണ്ടായിരിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഈ വിഷയത്തിൽ അദ്ദേഹത്തിൻറെ ശ്രദ്ധപതിഞ്ഞിരിക്കുന്നു എന്നു് ചീഫ് ഇഞ്ചിനീയരിൽനിന്നു കേൾക്കുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽ ഉയർന്നതരം ഉദ്യോഗസ്ഥന്മാരുടെ എണ്ണം കൂട്ടണമെന്നു ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ദൃഷ്ടാന്തമായി തിരുവനന്തപുരത്തെ എടുക്കാം. ഈ സ്ഥലത്തു് നമുക്കാകെ ചീഫ് ഇഞ്ചിനീയറും രണ്ടു എക്സിക്യൂട്ടീവ് ഇഞ്ചിനീയർമാരും ഉണ്ടു്.

ഞാൻ പി. ഡബ്ലിയു. ഡി. കമ്മറിയിലെ ഒരംഗമായിരുന്നതിനാൽ എനിക്കതിൻറെ ജോലിയെപ്പറ്റി നല്ലവണ്ണം അറിയാനിടയായിട്ടുണ്ടു്.

അദ്ധ്യക്ഷൻ.—പി. ഡബ്ലിയു. ഡി. കമ്മറിയോ?

മി. എ. ഹഗർഫ് (ഗവർണ്മെൻറ നിയമിച്ച മെമ്പർ): കവാക്ഷരപ്രകടനമറി.

അദ്ധ്യക്ഷൻ.—മി: രാമകൃഷ്ണപിള്ള അതിപ്പോഴും ചോദിച്ചുവെന്നും അതിനുത്തരം പറയപ്പെട്ടുവെന്നും ഞാൻ വിചാരിച്ചു.

മി. എ. ഹഗർഫ് (ഗവർണ്മെൻറ നിയമിച്ച മെമ്പർ): ഇതെല്ലാമായിട്ടും വേലകളെന്തെല്ലാമാണ്. രണ്ടു എക്സിക്യൂട്ടീവു എഞ്ചിനീയർമാരും രണ്ടു അസിസ്റ്റൻറ ഇഞ്ചിനീയർമാരും രണ്ടു സൂപ്രൻഡൈസർമാരും മാത്രമുണ്ട്. ഇതുപോരെങ്കിയിരുന്നിട്ടും എന്തുജോലിയാണ് നടക്കുന്നതു്. വേല എങ്ങനെ നടന്നുവരുന്നുവെന്നുള്ളതിന് ഞാനൊരു ദൃഷ്ടാന്തം പറയാം. സെൻറ് ജോസഫ്സ് ഇംഗ്ലീഷ് പള്ളിക്കുടത്തിനടുത്തു് ഒരു കലുങ്ക് ഇടിഞ്ഞുപോയിട്ടുണ്ടായിരുന്നു. അതു നന്നാക്കുകൊല്ലങ്ങൾക്കു മുമ്പായിരുന്നു. കലുങ്കിൻ ചുവരും ഒരു കൈയിയുമെല്ലാം കെട്ടുകയും വണ്ടികൾക്കു കടന്നുപോകാൻ പാകിയല്ലുന്ന കരുങ്കല്ലുപ്പിടുകയുംചെയ്തു. കുറെ കഴിഞ്ഞപ്പോൾ വേലിക്കാണാതെയും വണ്ടികൾക്കു കലുങ്കിൻറെ പുറത്തുള്ളിത്തന്നെ തെളിച്ചുപോകുകയുംചെയ്തു. കുറെകാലംകഴിഞ്ഞപ്പോൾ പേർ ഒരു വേലികെട്ടുകയും അതും കുറെകഴിഞ്ഞപ്പോൾ കാണാതാവുകയുംചെയ്തു. കലുങ്കു ഇപ്പോഴും റിപ്പയറിൽ ഇരിക്കുകയാണ്.

അതുപോലെ പാറക്കുന്നിലുള്ള ശവസംസ്കാരസ്ഥലത്തിനടുത്തുള്ള റോഡിലും ഇപ്രകാരംതന്നെയാണ്. ഡിപ്പാർട്ടുമെൻറുകാർ അതിൻറെ വീതിക്കുട്ടാൻശ്രമിച്ചു. അപ്രകാരം ചെയ്യുന്നതിന് വലിയകല്ലുകൾ വഴിനടയുന്നവിധത്തിൽ കൊണ്ടിട്ടിരുന്നു. ഒരു കൊല്ലത്തിനശേഷം അവർ ഈ കല്ലുകളെ മാറി. അതൊരു റോഡിൻറെ അപായകരമായ ഒരു ഭാഗമാകുന്നു. പലപ്പോഴും എൻറെമൽ വണ്ടികളും കാറുകളും കയറുമായിരുന്നു. ഇതിനു എൻറെ ജഡ്ക്കാരപാടിക്കുപോകുമായിരുന്നു. റോഡിൽ ഒരു അപായസൂചനപോലും നാട്ടിയിട്ടില്ലായിരുന്നു.

പേട്ടപോലീസുസ്റ്റേഷനടുത്തുള്ള ഗതാഗതത്തിനു തുലൽകരമായിരിക്കുന്നരോഡിനെ എടുക്കാം. അതിശയോക്തിയൊന്നും കൂടാതെ റോഡിൻറെ മുന്നിൽ ഒരുമൈലുള്ളതും കരിങ്കൽ ചില്ലികൊണ്ടു നിറഞ്ഞിരുന്നതുവെന്നുപറയാം. എല്ലും സഞ്ചാരയോഗ്യമായിരുന്നു. സർ, അവിടത്തെ മോട്ടോർകാരിൻറെ ടയറിൽ ഓരോ വീണിട്ടുണ്ടോയെന്നു ഗ്രഹിക്കുവാൻപോലും എനിക്കു സാധിച്ചില്ല. ഞാൻ എൻറെ പത്രത്തിൽ ഇതിനെപ്പറ്റി രണ്ടുപ്രാവശ്യം എഴുതിയിട്ടുണ്ട്. എന്നാൽ അതിനെപ്പറ്റി ആരുടെ ശ്രദ്ധയും പതിഞ്ഞിട്ടില്ല. അല്ല താരവിൻറെമേൽ കവളം ഒഴിക്കുന്നതുപോലെയാണ്. റോഡിൻറെ മരാമത്തു ഒരു കച്ചിക്കുണ്ടാണ്. അടുക്കുണ്ട് മോട്ടോർകാർ വരുമ്പോൾ ജനങ്ങൾക്ക കഴിയിൽചാടുകയോ അല്ലെങ്കിൽ കരിങ്കൽച്ചില്ലിയുടെ പുറത്തു കയറി രക്ഷപ്പെടുകയോ വേണം.

മി. ബാറ്റൺ ചീഫ് ഇഞ്ചിനീയറായിരുന്നകാലം എനിക്കറിയാം. ഇവിടെയും തൽക്കാലത്തേക്കായി രണ്ടു എക്സിക്യൂട്ടീവു ഇഞ്ചിനിയർമാരേ ഉണ്ടായിരുന്നുള്ളു. കുഴുങ്ങലുള്ളതും വളരെ ഭംഗിയായി നടന്നുവന്നിരുന്നു. ഞാൻ അന്നപ്രത്തുപോകുമ്പോൾ സർ. മാധവരായരുടെ പ്രതിമ അല്ലുകത്തേക്കിട്ടു നോക്കിക്കൊണ്ടു നിൽക്കുന്ന കെട്ടി

ടങ്ങളുണ്ടായിരുന്നു. കാഴ്ചവച്ചുവുകെട്ടിടവുമുണ്ടായിരുന്നു. ഇവയെല്ലാം തിരുവിതാംകൂർ യുദ്ധത്തിനുശേഷം നിർത്തലാക്കിയ അപ്പോവുപണ്ടിറ്റ് സൂപ്രണ്ടൻറ് ഓഫ് ഇന്ത്യൻ ചീഫ് ഇഞ്ചിനീയറുടെ മേൽനോട്ടത്തിൽ കേന്ദ്രപ്പെട്ടുപോയതാണ്.

അദ്ധ്യക്ഷൻ.—സമയമായി.

മി. എ. ഇഗ്നേഷ്യസ് (തിരുവനന്തപുരം സെൻട്രൽ): കൺസ്ട്രക്ഷനെ സംബന്ധിച്ചു എനിക്കു പറയാനുള്ളതു് സാധാരണയായി വലിയൊരംഗീകാരമാണ്. പക്ഷേ കൊച്ചുകുട്ടികൾക്കുപോലും കഴിയുന്നതാണ്. അനേകം കുഴപ്പങ്ങളോടുകൂടിയ ഒരു കൈപ്പുസ്തകത്തിൽപ്പോലും കഴിഞ്ഞുപോകുന്നു. വേനൽക്കാലത്തിലാണ് കലുങ്കുകളും പാലങ്ങളും കെട്ടേണ്ടതു്. ഓരോ വർഷത്തിലും മഴക്കാലത്തിനുശേഷം കഴിഞ്ഞതിൽപിന്നീടു വർഷകാലം തുടങ്ങുമ്പോഴാണ് ഇവർക്കു പിടികിട്ടുന്നതു്. ഒരുദ്യോഗസ്ഥനു വേലചെയ്തുകൊണ്ടിരിക്കുമ്പോൾ മറെറാരുദ്യോഗസ്ഥനു മഴ അതിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഞാൻ പറയുന്നതെന്തെന്നാൽ ഇഞ്ചിനീയറിങ്ങ് അല്ല പരിചയമുള്ള കൺട്രാക്ടന്മാരെ ഏർപ്പെടുത്തണമെന്നുള്ളതാകുന്നു. ഹാനിസൺക്രൂസേഡിൽഡ് ഇടങ്ങിയുള്ള കമ്പനിക്കാർ അപ്രകാരമുള്ള കൺട്രാക്ടർമാരെ എടുക്കുവാൻ സമ്മതമുള്ളവരായിരിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു്. അവരെ കൊണ്ടു ക്ലിപ്തമായ കണക്കുകളെടുക്കേണ്ടിവരും. എന്നാലും വേലതീരുന്നതിനു മുമ്പായി നടക്കും. നാം ചെലവാക്കുന്ന പണത്തിനു ശരിയായിട്ടുള്ള പ്രതിഫലം കിട്ടണം.

മി. എൻ. രാമകൃഷ്ണപിള്ള (വൈക്കം-പുറമാന്തുറ): സർ, ഞാനുമുകളുപിടിച്ചു. ട്രെന്റ്-ഓഫീസ് പുതിയതാണ് ആ വകുപ്പിനെപ്പറ്റി പറഞ്ഞിരിക്കുന്നതു്.

അധ്യക്ഷൻ.—അതു് നമ്മുടെത്തന്നെ സംബന്ധിച്ച ഒരു സംഗതിയാണ്. അതുപ്രത്യേകജോലിയും സംബന്ധിച്ചുള്ള വാഗ്വിവാദം നടത്തുന്നതിനു സന്ദർഭമില്ലെന്നതല്ല.

മി. തുപ്രകഞ്ഞിത്തൊമ്മൻ (മുവാറ്റുപുഴ). ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഉത്തരതിരുവിതാംകൂറിൽ ചില റോഡുകൾ വേട്ടുന്നതിനു ആലോചിച്ചിട്ടുള്ളതെല്ലാം കഴിഞ്ഞുപോയ വേനൽക്കാലത്തിൽ പൂർത്തിയാക്കേണ്ടതാണ്. അതുചെയ്യപ്പെടാതെ ഇനിയുംപല റോഡുകളും വെട്ടേണ്ടതുണ്ടു്. ഈ ഓഫീസുകളിലെപ്പോലെ തിരുവിതാംകൂറിലുംഗതാഗത സൌകര്യത്തിനുവേണ്ടി ഗവൺമെൻറിനെ ധനസഹായമൊന്നുമില്ലാ. ഇപ്പോൾ മൂവാറ്റുപുഴ തൊടുപുഴ മുതലായ താലൂക്കുകളിൽനിന്നും ഇവിടെ വരുന്നതിനു മദ്രാസിൽപോകുന്നതിലധികം ധനവ്യയവും താമസവുംവേണ്ടിയിരിക്കുന്നു. ക്ലേശത്തെ ഏറിയധികം വാഹനങ്ങളിലെ കയറ്റിയേ ഇവിടെ എത്തുന്നുള്ളൂ. കാർഷികന്തിരുവിതാംകൂർകാരായ ജനങ്ങൾക്കു അവിടെനിന്നും മിനിച്ചു ഈ രാജധാനിയിലെത്തി കാര്യങ്ങൾ തീർവഹിച്ചുശേഷം അന്നുതന്നെ തിരിക്കെ സ്വഭവനത്തിൽമടങ്ങി എത്തുവാൻവേണ്ട സൌകര്യങ്ങളില്ലെന്നുള്ളതു് ഞങ്ങൾക്കതിനു നിവൃത്തിയില്ല. ഇക്കാര്യം തിരുവിതാംകൂറിലെപ്പറ്റിയും മദ്ധ്യതിരുവിതാംകൂറിലെയും ഞങ്ങളുടെ മാന്യസ്നേഹിതന്മാർക്കും ഞങ്ങളുടെ കാര്യസൌകര്യത്തിലഭിനന്ദനമുണ്ടെന്നാണ് എൻറെ വിശ്വാസം. എന്നാൽ വടക്കോട്ടുള്ള റയിൽവെ മൂന്നു ഗേജുകളാണെന്നുള്ള പ്രത്യേകതകൊണ്ടു വന്ന അവയുടെ അനുകൂല്യം പ്രയോജനപ്പെടുവാൻ നിവൃത്തി അനുവദിക്കാത്തതു കഷ്ടമെന്നു തന്നെ. മെയിൻറോഡെങ്കിലും മെറിച്ചിട്ടു ബസ്സ് പോകത്തക്കവണ്ണം ഉടനെ നന്നാക്കിത്തരണം. മൂവാറ്റുപുഴ തൊടുപുഴ മുതലായ താലൂക്കു നിവാസികൾക്കു തലസ്ഥാനവുമായി ഇവിടെവന്നു ഓരാഴ്ചയിലധികം കഴിച്ചുകൂട്ടേണ്ടുന്നതുകൊണ്ടു് ഹൈക്കോടതിയിലേക്കുവന്നു കാര്യങ്ങൾ നടത്തുന്നതിനൊ ഗതാഗതസൌകര്യത്തിൻറെ അഭാവംനിമിത്തം ഉണ്ടാകുന്ന പ്രയാസങ്ങളെ ഗവണ്മെൻറ് പ്രത്യേകം സ്മരിക്കണം. നീതിന്യായപരമായും ഞങ്ങൾക്ക് ലഭിക്കുവാൻ പ്രയാസമായിരിക്കുന്നു. ഞാൻ പ്രതിനിധീകരിക്കുന്ന താലൂക്കിലെന്നല്ല റോഡുകൾ വളരെ കുറവാണ്. രണ്ടു പൊതു റോഡുകൾമാത്രമെ അവിടെ ആരംഭിച്ചിട്ടുള്ളൂ. ഞാൻ മദ്ധ്യതിരുവിതാംകൂറിലും തെക്കൻ തിരുവിതാംകൂറിലും ധാരാളം സഞ്ചരിച്ചിട്ടുണ്ടു്. മറെറപ്രദേശങ്ങളെ താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഞങ്ങളെ ഗവൺമെൻറ് തീരെ ഉപേക്ഷിച്ചിട്ടുള്ളതുപോലെ തോന്നുന്നു. ഉത്തരതിരുവിതാംകൂറിൽവിന്നും ഒരു വലിയസംഖ്യ നികുതി തരുന്നുണ്ടു്. റയിൽവെ ഉത്തരതിരുവിതാംകൂറിലുള്ള ഉദ്യോഗസ്ഥന്മാർക്കുള്ള താലൂക്കുകളിൽക്കൂടി ഉടനെ ഇറങ്ങുകയാണു്. ഈ പടങ്ങളിൽ കാണുന്നതുപോലെ മൂവാറ്റുപുഴ, തൊടുപുഴ, മീനച്ചിൽ മുതലായ താലൂക്കുകൾ കായലൊന്നുകൊണ്ടും വളരെ ദൂരത്തിലാണ് കിടക്കുന്നതു്. മദ്ധ്യത്തിലുള്ള ചെങ്കോട്ടതാലൂക്കും കായലൊന്നുകൊണ്ടും ചുറ്റപ്പെട്ടതാണു്. എന്നാൽ അവിടെ റയിൽവെയുണ്ടു്. അതിനാൽ അവിടെ ഗതാഗതവിഷയത്തിൽ അസൌകര്യമില്ല. പടിഞ്ഞാറൻ ദിക്കുകളിലെക്കു ഇനിയും അധികം അളുകൾ കുടിയേറാൻ നിവൃത്തിയില്ല. ഇനിയും സ്ഥലംവരിക്കണം. അതിനു സമുദ്രമാർഗമായാലെങ്കിൽ ഇനിയും പരശുരാമൻവന്നു സമുദ്രത്തിൽനിന്നുമേലെയുയർത്തിക്കരയായി വേണ്ടതുമല്ലൊ. ഇപ്പോൾ ആളുകൾ മലയോരങ്ങളിലേയ്ക്കാണ് തിക്കിത്തിരക്കിവരുന്നതു. ഡിസർവിങ്ങനിന്നും ഭൂമികളെ തൊഴഞ്ഞുകാൻ ഇപ്പോൾ ചുരുപുറ്റുകൾക്കുമാറിക്കും ഉത്സാഹിച്ചുകൊണ്ടിരിക്കുന്നു. തരിശുസ്ഥലങ്ങൾ പ്രതിവത്സരം പണിച്ചു ജനങ്ങൾക്കിടയിലേയ്ക്കു ഭേദപ്പെടുത്തുന്നു. ഇതെല്ലാമാലോചിക്കുമ്പോൾ രാജ്യത്തിൻറെ ഉദ്യോഗസ്ഥന്മാരുടെയാണ് റയിൽവെ ഉദ്യോഗസ്ഥന്മാരുടെയും വ്യക്തമാകുകയാൽ തിരുവിതാംകൂറിൽ ഒരു കെട്ടുറപ്പുള്ളതിൽ അൻപതു ടൺ ഭാരംകയറി ദിവസം ഒരു അണം ക്ലിപ്തമുള്ള കണ്ടോ രണ്ടോ ട്രിപ്പിക്കാർ ഉണ്ടാക്കിക്കൊണ്ടുപോകും, അതിനാൽ റയിൽവെ പണ്ടാൽ അവിടങ്ങളിൽ സാധനങ്ങൾ വളരെക്കുറഞ്ഞിരിക്കുന്നതിനെയെ കൊണ്ടുപോകുള്ളൂ. ഉദ്യോഗങ്ങളിൽ കാര്യമുണ്ടെങ്കിൽ അരടൺ ഭാരത്തിലധികം കയറാൻ പാടില്ല. എന്നുകൊണ്ടു അവിടെ റയിൽവെതന്നാൽ സാമാന്യങ്ങളെ റയിൽവഴിക്കുകൊണ്ടുപോകാനെ ഇടയുള്ളൂ. ഉദ്യോഗങ്ങളിൽ അതായതു മെയിൻറോഡിനടുത്തുകിടക്കുന്ന റയിൽവെ ഗുഡ്സിക്കണം. അതു ഉടനെവേണം ഉത്തരതിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെയും രാജ്യത്തെ ജനങ്ങളിലുംപ്പെട്ടവരാണെന്ന് ഗവൺമെൻറ് ഇനിയെങ്കിലും പ്രവൃത്തിക്കുന്നതു കണ്ടപോലെ കാണിക്കണം. നികുതിയും ഞങ്ങളിൽനിന്നു ഗവൺമെൻറ് നല്ലവണ്ണംസംഭരിക്കുന്നുണ്ടെന്നു് ഓർക്കണമെന്നു വീണ്ടും പ്രസ്താവിച്ചുകൊണ്ടു വിരമിക്കുന്നു.

റവറണ്ട് ഫാദർ കുര്യാക്കോസ് വെട്ടിക്കാപ്പള്ളി (തൊടുപുഴ-കന്നുമ്മൂടു): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. അപ്രകാരം ചെയ്യുന്നതിൽഞാൻ മി. കുഞ്ഞിത്തൊമ്മനോടു യോജിച്ചു ഉത്തരതിരുവിതാംകൂറിലെ ഗതാഗതസൌകര്യങ്ങളെ വർദ്ധിപ്പിക്കുന്നതിൽ അദ്ദേഹം എടുത്തിട്ടുള്ള താല്പര്യംകൊണ്ടു മി. നടേശയ്യർ അവിടത്തെ ജനങ്ങളുടെ നന്ദിക്കു പാത്രമായിത്തീർന്നിരിക്കുന്നുവെന്നുള്ളതു് വാസ്തവമാണെന്നു പറഞ്ഞുകൊള്ളുന്നു.

ഉത്തര തിരുവിതാംകൂറിലെ പ്രത്യേകിച്ചും ഞാൻ പ്രാതിനിധ്യം വഹിക്കുന്ന താലൂക്കുകളിലെ ഗതാഗത സൗകര്യത്തെപ്പറ്റി കൌൺസിലിലും അസംബ്ലിയിലും വളരെ ആവലാധികൾ പറയപ്പെട്ടിട്ടുണ്ട്. അന്വേഷണംകൊണ്ടിട്ടുള്ളതും എന്നാൽ ഉപേക്ഷകൂടാതെയും അല്ലെങ്കിൽ വല്ല നിസ്സാരകാരണത്തിലോ ഉപേക്ഷിക്കപ്പെട്ടിട്ടുള്ളതും വലയാരംഭിക്കപ്പെട്ടിട്ടില്ലാത്തതുമായ അനേകം റോഡുകൾ ഉണ്ടായിരുന്നു.

അദ്ധ്യക്ഷൻ നിങ്ങൾ ഇപ്പോൾ ചീഫ് ഇഞ്ചിനീയറെപ്പറ്റിയാണല്ലോ സംസാരിക്കുന്നതു.

ശവറണ്ട് ഹാൾ വെട്ടിക്കാപ്പള്ളി (തൊട്ടപ്പള്ള കുന്നുമ്മൂട്) അതേ, നാമിപ്പോൾ എക്സിക്യൂട്ടീവ്സ്റ്റാഫ്നെപ്പറ്റിയാണു സംസാരിക്കുന്നതു. ഇപ്പോൾ പല റോഡുകളിലും വേല ആരംഭിച്ചിട്ടുള്ളതിനെ ഉദ്ദേശം അങ്കമാലിമഞ്ഞപ്രറോഡ് മഞ്ഞപ്രകാലടിറോഡ്, പറവൂർഅങ്കമാലിറോഡ് പുളിക്കീഴ്പാലം (തൊട്ടപ്പള്ള) ഇവയാകുന്നു. ഈ അഭിവൃദ്ധിയെ വളർത്തിക്കൊണ്ടുവരുന്നതിനു ഞങ്ങൾക്കു ധാരാളം ഗതാഗതസൗകര്യങ്ങൾ ഉണ്ടെന്നു വിചാരിക്കാതെയിരിക്കുന്നതിനും ഞാൻ ചീഫ് ഇഞ്ചിനീയരോടുപേക്ഷിച്ചുകൊള്ളുന്നു. ഈ അഭിവൃദ്ധിയെ ഇതേ രീതിയിൽതന്നെ കൊണ്ടുവരുന്നപക്ഷം ഏതാനും കൊല്ലങ്ങൾക്കിടയിൽ ഏകദേശം കൊച്ചിൻതിരുവിതാംകൂറിലുള്ള കൌണ്ടിപോലെ കൊണ്ടുവരുവാൻ തിരുവിതാംകൂറിനുകഴിയുമെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ ഞാൻ പ്രാതിനിധ്യംവഹിക്കുന്ന താലൂക്കുകൾക്കുവേണ്ടി അല്പമായിട്ടുള്ള സംഗതികൾകൂടി അയിട്ടു എനിക്കുള്ളവിഷയത്തോടു നന്ദിപറയേണ്ടതായിട്ടുണ്ടു. അല്പം ഇപ്പോൾ നടന്നിക്കാണുവാനുള്ള അഭിവൃദ്ധിയെ ഇനിയും തുടരുന്നതിനും ഞാൻ അല്പമെത്തോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയും, അപ്രകാരം ചെയ്യുന്നതിൽ—

അദ്ധ്യക്ഷൻ. ഈ വാദപ്രതിവാദത്തിനുള്ള സമയത്തിന്നുപോയി. നിങ്ങളെ ഇനി സംസാരിക്കാൻ അനുവദിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ഞാൻ മനസ്സുപിടിക്കുന്നു.

ഇപ്പോൾ മന്ത്രി അഞ്ചടിച്ചിരിക്കുന്നു. ഡോ-ർ—(നു) അനുസരിച്ചു മറ്റുള്ള ഡിമാൻഡുകളെല്ലാം സമ്മതിക്കുകയും എനിക്കു വഴങ്ങുകയുമുണ്ടായിട്ടുണ്ടു. പൊതുമരാമത്തിനുള്ള ഡിമാൻറിനെ ഞാൻ നിങ്ങളുടെ മുമ്പാകെ വയ്ക്കുന്നു.

ഡിമാൻഡ് ന ൧ പൊതുമരാമത്തു് എന്ന ഇനത്തിൽ ന൨,൰൰ ലക്ഷം രൂപ അനുവദിക്കണമെന്നാണു പ്രശ്നം.

അനുമതിനൽകപ്പെട്ടു.

ഉപേക്ഷപങ്ങളേ ന൫ വു മുതൽ ന൨൨ വരെ.

ഡിമാൻഡുകൾക്കു വോട്ടുചെയ്യേണ്ടസമയം കഴിഞ്ഞുപോയതുകൊണ്ടു താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ നഷ്ടപ്പെട്ടുപോയി.

മി: ജെ. ജാൺ നിഡിരി.

ന൫ വു. എക്സിക്യൂട്ടീവ് സ്ഥാപനത്തിലേക്കു അനുവദിച്ചിട്ടുള്ള ൨,൫൫,൨൰൰ രൂപയിൽ ൫൰൰ രൂപ കുറയ്ക്കണം.

[ഈതിഥിമന്ദിരം (ഗസ്റ്റ്ഹൌസ്) സൂപ്രണ്ടായി നിയമിച്ചിട്ടുള്ള ഒരു സബ്എൻജിനീയരെ കുറയ്ക്കണമെന്നുള്ളതെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിലേക്കു,]

മി. സി. ശങ്കരമേനോൻ.

ന൫ ൯. മുജാപരിശോധ്യോയിൻറെ അറ്റകുറ്റപ്പണിക്കും സൂക്ഷണത്തിനുമായിട്ടു അനുവദിച്ചിട്ടുള്ള ൨൰,൫൨൰ രൂപയിൽ ൫൰൰ രൂപ കുറയ്ക്കണം.

മി: എൻ. രാമകൃഷ്ണപിള്ള.

ന൫ ൧൰. വിളക്കുകൊളുത്തുന്നവകയ്ക്കു അനുവദിച്ചിട്ടുള്ള ൫൫,൰൰൰ രൂപയിൽ ൫൰൰ രൂപ കുറയ്ക്കണം.

മി: എൻ. രാമകൃഷ്ണപിള്ള.

ന൫ ൧൫. സ്റ്റാമ്പു ആഫീസിലേയ്ക്കും കമ്പളത്തിനും ഒരു പുതിയ കെട്ടിടം (ഇനം-൨൫) തിരുവനന്തപുരത്തുകൊടുത്തതിനു അനുവദിച്ചിട്ടുള്ള ൫൪,൰൰൰ രൂപയിൽ ൫൰,൰൰൰ രൂപ കുറയ്ക്കണം.

മി: എൻ. രാമകൃഷ്ണപിള്ള.

ന൫൨. നാഗരകോവിൽ ഡിസ്ട്രിക്ട്കോർട്ടിലെ ഒരു ഏണിപ്പടി കെട്ടുന്നതിനും അതുത്തിമുഖമാക്കുന്നതിനും (ഇനം-൩൩) അനുവദിച്ചിട്ടുള്ള ൫,൫൨൰ രൂപയിൽ ൩൰൰ രൂപ കുറയ്ക്കണം.

മി: എൻ. രാമകൃഷ്ണപിള്ള.

ന൫൩. പൂളിംകുന്നിൽ ഒരു രണ്ടാംക്ലാസ്സ് പോലിസ്സ്റ്റേഷൻ കെട്ടുന്നതിനു (ഇനം ൩൫) അനുവദിച്ചിട്ടുള്ള ൪,൰൰൰ രൂപയിൽ ൫,൰൰൰ രൂപ കുറയ്ക്കണം.

മി: എൻ. രാമകൃഷ്ണപിള്ള.

ന൫൫. ഉടുമ്പൻചോലയിലെ പോലിസ് സബ്ഇൻസ്പെക്ടരുടെ താമസത്തിനായി കെട്ടിടം (ഇനം ൩൭) കെട്ടുന്നതിനു അനുവദിച്ചിട്ടുള്ള ൩൰൰൰ രൂപയെ വിട്ടുകളയണം.

മി: എൻ. രാമകൃഷ്ണപിള്ള.

ന൫൬. പോലിസ്സ് കമ്മിഷണർ ആഫീസിൽ കൂടുതൽ സ്ഥലസൗകര്യം (ഇനം ൩൭) ഉണ്ടാക്കിക്കൊടുക്കുന്നതിനു അനുവദിച്ചിട്ടുള്ള ൩൰൰൰ രൂപയെ വിട്ടുകളയണം.

മി: എൻ. രാമകൃഷ്ണപിള്ള.

ന൫൯. തിരുവനന്തപുരത്തു പുതുതായി ഒരു കാർഗ്രേജ്ഹോസ്പിൽ തിരിക്കുന്നതിനു (ഇനം ൫൫) അനുവദിച്ചിട്ടുള്ള ൩൰,൰൰൰ രൂപയിൽ ൫൰,൰൰൰ രൂപ കുറയ്ക്കണം.

മി: കെ. പരമേശ്വരൻപിള്ള.

ന൫൭. തിരുവനന്തപുരത്തു പുതുതായി ഒരു കാർഗ്രേജ്ഹോസ്പിൽ തിരിക്കുന്നതിനു (ഇനം ൫൫) അനുവദിച്ചിട്ടുള്ള ൩൰,൰൰൰ രൂപയിൽ ൫൰,൰൰൰ രൂപ കുറയ്ക്കണം.

മി: എൻ. രാമകൃഷ്ണപിള്ള:

നമ്പർ. രാജകീയഞർട്സ്കോളേജിൽ ഒരു സൂസൻസുഖാരോഗ്യനികേതനം കെട്ടുന്നതിനു അനുവദിച്ചിട്ടുള്ള (ഇനം ൪൨) ൨,൦൦൦ രൂപയിൽ ൫,൦൦൦ രൂപ കൂടെ കൊടുക്കുന്നു.

മി: എൻ. രാമകൃഷ്ണപിള്ള:

നമ്പർ. സൈൻസുകോളേജിൽ ചിലമാറ്റങ്ങളും വരുത്തുന്നതിനു (ഇനം ൪൩) അനുവദിച്ചിട്ടുള്ള ൫൦൦ രൂപയെ വിട്ടേയ്ക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ. സൈൻസുകോളേജിൽ കൂടുതൽ സ്ഥലസൗകര്യങ്ങളും ചെയ്യുകൊടുക്കുന്നതിനു വേണ്ടിയായി (ഇനം ൪൪) അനുവദിച്ചിട്ടുള്ള ൫,൫൦൦ രൂപയെ വിട്ടേയ്ക്കുന്നു.

മി: എൻ. രാമകൃഷ്ണപിള്ള;

നമ്പർ. നാഗരകോവിലിൽ ആൺകുട്ടികൾക്കു ഒരു ഇംഗ്ലീഷ്സ്കൂൾ കെട്ടുന്നതിനു (ഇനം ൪൫) അനുവദിച്ചിട്ടുള്ള ൩൦,൦൦൦ രൂപയിൽ ൨൦,൦൦൦ രൂപ കൂടെ കൊടുക്കുന്നു.

മി. കെ. പരമേശ്വരൻപിള്ള:

നമ്പർ. നാഗരകോവിലിൽ ആൺകുട്ടികൾക്കു ഒരു ഇംഗ്ലീഷ്സ്കൂൾ കെട്ടുന്നതിനു (ഇനം ൪൫) അനുവദിച്ചിട്ടുള്ള ൩൦,൦൦൦ രൂപയിൽ ൨൦,൦൦൦ രൂപ കൂടെ കൊടുക്കുന്നു.

മി. എ. ഡ്യൂപ്രെൻഫ്:

നമ്പർ. ആലപ്പുഴ ചേർത്തലതോട്ടിനു (ഇനം ൪൮) അനുവദിച്ചിട്ടുള്ള ൨൫,൦൦൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ. ലെജിസ്ലേറ്റിവുകൌൺസിലിലെ ഉദ്യോഗസ്ഥമേധാവിന്മാരുടേയും അന്യോദ്യോഗസ്ഥമേധാവിന്മാരുടേയും ഉപയോഗത്തിലേയ്ക്കായി താൽക്കാലികഷെഡ്കൾ കെട്ടുന്നതിനു (ഇനം ൫൨) അനുവദിച്ചിട്ടുള്ള ൪,൦൦൦ രൂപയെ വിട്ടേയ്ക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ. മരയൂരിലെ കെ. ഡി. എച്ച്. പി. കമ്പനിക്കാരുടെ തനല്ലകുത്തുയന്ത്രം വാങ്ങുന്നതിനു അനുവദിച്ചിട്ടുള്ള (ഇനം ൫൪) ൪,൨൦൦ രൂപയെ വേണ്ടെന്നുവയ്ക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ. തിരുവനന്തപുരം ഫ്രൻഡ്ഇൻനീഡ് സൊസൈറ്റി (Friend in Need Society) വക ഭൂമിയെ വാങ്ങുന്നതിനു അനുവദിച്ചിട്ടുള്ള (ഇനം ൫൭) ൫൫,൦൦൦ രൂപയെ വേണ്ടെന്നുവയ്ക്കുന്നു.

മി. കെ. പരമേശ്വരൻപിള്ള:

നമ്പർ. തിരുവനന്തപുരം ഫ്രൻഡ്ഇൻനീഡ് സൊസൈറ്റി (Friend in Need Society) വക ഭൂമിയെ വാങ്ങുന്നതിനു (ഇനം ൫൭) അനുവദിച്ചിട്ടുള്ള ൫൫,൦൦൦ രൂപയെ വേണ്ടെന്നുവയ്ക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ. കെട്ടിടംപൊക്കുന്നതിനു പുതുതായിട്ടുള്ള വേലക്കാർവക്കുന്നതിനു അനുവദിച്ചിട്ടുള്ള ൨,൭൫,൨൫൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ. പുതുതൻവേലക്കാർക്കും ഗതാഗതത്തിനും അനുവദിച്ചിട്ടുള്ള ൩,൨൫,൦൦൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. ജാൺ മാക്കി:

നമ്പർ. പുതുതൻവേലക്കാർക്കും ഗതാഗതത്തിനും അനുവദിച്ചിട്ടുള്ള ൩,൨൫,൦൦൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ. ഗതാഗതസൌകര്യസംരക്ഷണത്തിനും അറ്റകുറ്റം ചെയ്വിലേക്കുംഅനുവദിച്ചിട്ടുള്ള ൭,൫൫,൫൦൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. ഠവി. കുമാരപിള്ള:

നമ്പർ. ഗതാഗതത്തിനു അനുവദിച്ചിട്ടുള്ള ൫൫,൫൫,൭൫൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ. പലവക പൊതുപരിസ്ഥിതിരക്ഷണങ്ങൾക്കു അനുവദിച്ചിട്ടുള്ള ൯൨,൯൯൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. വി. കുഞ്ഞുകൃഷ്ണപിള്ള:

നമ്പർ. എക്സിക്യൂട്ടീവ് വേലക്കാർക്കു അനുവദിച്ചിട്ടുള്ള ൫൯,൫൫,൭൫൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. ഠവി. എം. ചിതംബരതാണുപിള്ള:

നമ്പർ. എക്സിക്യൂട്ടിവിന്റേയും അനുവദിച്ചിട്ടുള്ള ൨൨,൫൨,൭൫൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. എം. എൻ. പിള്ള:

നമ്പർ. എക്സിക്യൂട്ടിവിന്റേയും അനുവദിച്ചിട്ടുള്ള ൨൨,൫൨,൭൫൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. ഠവി. കുമാരപിള്ള:

നമ്പർ. എക്സിക്യൂട്ടീവിന്റേയും അനുവദിച്ചിട്ടുള്ള ൨൨,൫൨,൭൫൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കുന്നു.

മി. എം. ആർ. മാധവവാര്യർ:

നമ്പർ. അനുവദിച്ചിട്ടുള്ള ഡവ്വ·ഡ ലക്ഷം രൂപയിൽ കക്ക രൂപ കുറയ്ക്കണം.

മി. എം. എൻ. പിള്ള:

നമ്പർ. അനുവദിച്ചിട്ടുള്ള ഡവ്വ·ഡ ലക്ഷം രൂപയിൽ കക്ക രൂപ കുറയ്ക്കണം.

മി. തരിയൻ കുഞ്ഞിരാമൻ:

നമ്പർ. അനുവദിച്ചിട്ടുള്ള ഡവ്വ·ഡ ലക്ഷം രൂപയിൽ കക്ക രൂപ കുറയ്ക്കണം.

മി. ററി. കുമാരപിള്ള:

നമ്പർ. ജലസേചനാവശ്യത്തിന് അനുവദിച്ചിട്ടുള്ള കബ്ബ,കക്ക രൂപയിൽ കക്ക രൂപ കുറയ്ക്കണം.

മി. എം. ആർ. മാധവവാര്യർ:

നമ്പർ. ഡ കക—ാമത്തെ ഡിമാൻഡ്ന അനുവദിച്ചിട്ടുള്ള ന·ന·ള ലക്ഷം രൂപയിൽ കക്ക രൂപ കുറയ്ക്കണം.

മി. സി. ശങ്കരമേനോൻ.

നമ്പർ. ഡ കാമത്തെ ഡിമാൻഡിനു അനുവദിച്ചിട്ടുള്ള ന·ന·ള ലക്ഷം രൂപയിൽ കക്ക രൂപ കുറയ്ക്കണം.

മി. പി. കുഞ്ഞുകുട്ടിപിള്ള:

നമ്പർ. മദ്രാസ് ഫ്ലൈറ്റിന്റെ "ഓണറേറിയം" വകയ്ക്കു അനുവദിച്ചിട്ടുള്ള കള്ള രൂപയിൽ ള്ള രൂപ കുറയ്ക്കണം.

മി. പി. കുഞ്ഞുകുട്ടിപിള്ള:

നമ്പർ. തിരുനെല്ലേലി സർവ്വർ ഫ്ലൈജന്ററിനു അനുവദിച്ചിട്ടുള്ള നക്ക രൂപയിൽ കക്ക രൂപ കുറയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ. മൈയ്യഴം മുനിസിപ്പാലിറ്റിയ്ക്കു അനുവദിച്ചിട്ടുള്ള ഡക്ക രൂപയിൽ കക്ക രൂപ കുറയ്ക്കണം.

മി. സി. ശങ്കരമേനോൻ:

നമ്പർ. മുനിസിപ്പാലിറ്റികളുടെ ഗ്രാൻറിലേയ്ക്കു അനുവദിച്ചിട്ടുള്ള ഡവ,ൻ ക രൂപയിൽ ഡവ,ൻ ക രൂപ കുറയ്ക്കണം.

മി. എൻ. രാമകൃഷ്ണപിള്ള:

നമ്പർ. മുനിസിപ്പാലിറ്റികളുടെ ഗ്രാൻറിലേയ്ക്കു അനുവദിച്ചിട്ടുള്ള ഡവ,ൻ ക രൂപയിൽ കക്ക രൂപ കുറയ്ക്കണം.

ഡിമാൻഡ് ഡ കക—അഞ്ചൽ ഡിസ്ട്രിക്ട്മെൻറ്.

അദ്ധ്യക്ഷൻ: ഡിമാൻഡ് ഡ കക. അഞ്ചൽ എന്ന ഇനത്തിൽ ന·ന·ള ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണം എന്നാകുന്നു പ്രശ്നം.

ഗ്രാൻറ് അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ഡ ക—പലവക ഇനങ്ങൾ.

അദ്ധ്യക്ഷൻ: ഡിമാൻഡ് ഡ ക. പലവക എന്ന ഇനത്തിൽ ·ര വ്വ ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണം എന്നാകുന്നു പ്രശ്നം.

ഗ്രാൻറ് അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ഡ ന—വാസ്തുകം.

അദ്ധ്യക്ഷൻ: ഡിമാൻഡ് ഡ ന, കൃഷി വകവാസ്തു എന്ന ഇനത്തിൽ ള·ള ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണം എന്നാകുന്നു പ്രശ്നം.

ഗ്രാൻറ് അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ഡ ര—വാസ്തുകം.

അദ്ധ്യക്ഷൻ: ഡിമാൻഡ് ഡ ര, വാസ്തുകം എന്ന ഇനത്തിൽ ·ള ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണം എന്നാകുന്നു പ്രശ്നം.

ഗ്രാൻറ് അനുവദിക്കപ്പെട്ടു.

അദ്ധ്യക്ഷൻ: ഈ സഭയിലെ അനദ്ധ്യോഗസ്ഥമെംബർമാരെല്ലാം കഡപ്പയ്ക്കിപ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽകൂടി ഫൈനാൻസുകമ്മിറ്റിയിലേയ്ക്കു മെമ്പർമാരെ തിരഞ്ഞെടുക്കണം.

പിറ്റേദിവസം കൂടുന്നതിനായി സഭായോഗം ള അടിച്ചു ക മിനിട്ടായപ്പോൾ പിരിഞ്ഞു.

എസ്. പരമേശ്വരയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

TPD
STOCK VERIFIED
1995

1	ആഗസ്റ്റ് 4, 1924-ചോദ്യോത്തരങ്ങൾ
7	ആഗസ്റ്റ് 4, 1924-ബഡ്ജറ്റിനെ സംബന്ധിച്ചുള്ള വാദപ്രതിവാദം
151	ആഗസ്റ്റ് 5, 1924-ചോദ്യങ്ങളും മറുപടികളും
156	ആഗസ്റ്റ് 5, 1924-ഭ്രനികൃതി - ധനാഭ്യർത്ഥന
201	ആഗസ്റ്റ് 6, 1924-ചോദ്യങ്ങളും മറുപടികളും
202	ആഗസ്റ്റ് 6, 1924-ആദായനികുതി-ധനാഭ്യർത്ഥന
218	ആഗസ്റ്റ് 6, 1924-എക്സൈസ് ഡിപ്പാർട്ടുമെന്റ്
253	സെപ്തംബർ 22, 1924-പുത്തൻ മെമ്പർ
253	സെപ്തംബർ 22, 1924-ചോദ്യങ്ങളും മറുപടികളും
267	സെപ്തംബർ 22, 1924-വനം-വരുമാനം അനുവദിച്ചു കിട്ടുന്നതിനുള്ള ഡിമാന്റ്
294	സെപ്തംബർ 22, 1924-സ്റ്റാമ്പ്-പണം അനുവദിച്ചു കിട്ടുന്നതിനുള്ള ഡിമാന്റ്
297	സെപ്തംബർ 22, 1924-റെജിസ്ട്രേഷൻ-വരുമാനം അനുവദിച്ചു കിട്ടുന്നതിനുള്ള ഡിമാന്റ്
307	സെപ്തംബർ 23, 1924-ചോദ്യോത്തരങ്ങൾ
313	അനുബന്ധം
316	സെപ്തംബർ 23, 1924-രാജ്യഭരണം, പറ്റൂർക്കുന്നേരി മുതലായത് മുതൽ അനുവാദത്തിനുള്ള അപേക്ഷകൾ
335	സെപ്തംബർ 23, 1924-ജനറൽ അഡ്മിനിസ്ട്രേഷൻ അക്കൗണ്ടാപ്പീസ്
361	സെപ്തംബർ 24, 1924-ചോദ്യോത്തരങ്ങൾ
363	സെപ്തംബർ 24, 1924-നീതിന്യായഭരണം-ധനാഭ്യർത്ഥന
372	സെപ്തംബർ 24, 1924-സെൻട്രൽ ജയിൽ-ധനാഭ്യർത്ഥന
373	സെപ്തംബർ 24, 1924-പോലീസ്-ധനാഭ്യർത്ഥന
401	സെപ്തംബർ 24, 1924-വിദ്യാഭ്യാസം-ധനാഭ്യർത്ഥന
413	സെപ്തംബർ 25, 1924-പ്രശ്നോത്തരങ്ങൾ
416	സെപ്തംബർ 25, 1924-വിദ്യാഭ്യാസം-ധനാഭ്യർത്ഥന
451	സെപ്തംബർ 25, 1924-കൃഷിയും ഫിഷറിസും-ധനാഭ്യർത്ഥന
453	സെപ്തംബർ 25, 1924-വ്യവസായം-ധനാഭ്യർത്ഥന
455	സെപ്തംബർ 25, 1924-മെഡിക്കൽ ഡിപ്പാർട്ടുമെന്റ് -ധനാഭ്യർത്ഥന
463	സെപ്തംബർ 26, 1924-ചോദ്യങ്ങളും മറുപടികളും
466	സെപ്തംബർ 26, 1924-മെഡിക്കൽ വകുപ്പ്-ധനാഭ്യർത്ഥന
476	സെപ്തംബർ 26, 1924-കെമിക്കൽ എക്സാമിനർ , ആയുർവേദം, സനിട്ടേഷൻ
477	സെപ്തംബർ 26, 1924-സ്റ്റേഷനറിയും പ്രിൻറിങ്ങും
481	സെപ്തംബർ 26, 1924-ശാസ്ത്രീയവും മറ്റു പലവക ഡിപ്പാർട്ടുമെന്റുകളും
488	സെപ്തംബർ 26, 1924-പൊതുമരാമത്ത്